ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാപിതാവും മഹാമാതാവുമായ
മഹാദേവിയായി
മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

പരമശിവൻ
ഏകദാസൻ, മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
മഹാദേവൻ

PARAMASIVAN
SupremeServant
MohammedBADSHA
Rasool, Eesa
Cryst, SupremeOx
MAHAADEVAN

SUPREME SCIENCE മഹാവേദം (3 വേദങ്ങൾ)

Supreme Science @ the 3 True Vedas dissolved in Earth, Resurrected as per GOD's Fish-Avataar & OM entered into ParamaSivan.

Main Content including GODLY Punishments, Translated in English, is Available in Part 1.

The 3 VEDAS:
1. SUPREME SCIENCE OF JUSTICE
2. SCIENCE OF DUTIES & VIRTUES
3. PHYSICAL SCIENCE

ഓം ഓം ഓം
OM OM OM
മഹാലിംഗം

SUPREME MOTHER SUPREMELAUGHS OM 3 TO 33 YEARS. PEOPLE SHALL CARE TO LIVE AS PER THE SCIENCE OF DUTIES & VIRTUES CONTAINED IN THIS SUPREME E-BOOK.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ മഹാദേവി ഓം എന്ന് മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്നതോടെ,

ആത്മീയ ശാസ്ത്രം കൂടിയായ ഓംകാര നീതി ശാസ്ത്രം ഒന്നാമത്തെ വേദവും, മുമ്പ് ഒന്നാമത്തെ വേദമായിരുന്ന ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി മാറുന്നുണ്ട്.

The Ministries in States & Countries at that Time should continue, retrench the MLAs, MPs, etc and start correct everything as per the True Vedas detailed in this Supreme E-book No more Elections. True Vedic Kingly Rule begins. .. Godly Order.

സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും തത്സമയമുള്ള മന്ത്രിസഭകൾ തുടരേണ്ടതും നിയമസഭാ അംഗങ്ങളെ പിരിച്ചുവിടേണ്ടതുമാണ്... ഇലക്ഷൻ മേലിൽ ഇല്ല. ധർമ്മശാസ്ത്ര രാജഭരണം മാത്രം. ദൈവാജ്ഞ.

ദൈവ വിപ്ലവം, ദൈവ രാജ്യം, സംഹാരം എന്നിവ ഉൾക്കൊണ്ട് ജീവിക്കാൻ, ഭൂമിയിലെ എല്ലാ നാടുകളിലും അടിസ്ഥാന പരമായി ഇ-മഹാഗ്രന്ഥം മതിയാകും.

OPENING OF MAYA (OOM) : 01.01.0001

ദൈവത്തിന്റെ മഹാജ്ഞാനമാണ് മഹാശാസ്ത്രം/ മഹാവേദം. മൂന്ന് വേദങ്ങളായിട്ട് മഹാവേദത്തെ വിഭജിക്കാനാവും. വേദങ്ങൾ 3-ഉം സമ്പൂർണ്ണമായും മണ്ണിൽ മഹാലയിച്ചിട്ടുണ്ട്.

1. ഓംകാര നീതിശാസ്ത്രം
2. ധർമ്മ ശാസ്ത്രം
3. ഭൗതിക ശാസ്ത്രം.

ഏകദാസനും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ ഇമഹാഗ്രന്ഥമായി പ്രസിദ്ധീകരിക്കുമ്പോൾ സംഭവിക്കുന്ന നാമമാത്രമായ പിഴവുകൾ പോലും മണ്ണും ഭൂമിയുമായ ദൈവത്തിന്റേതല്ല. കാലാനുസൃതമായി പരമശിവനിലൂടെയോ, ശാസ്ത്ര സമൂഹത്തിന് അവസരങ്ങളെ നൽകിയോ, മണ്ണും ദേശങ്ങളും ഭൂമിയും മഹാശക്തിയും മഹാജ്ഞാനിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ **മഹാദേവി** മഹാശുദ്ധി ചെയ്യുന്നതാണ് ... ദൈവികമായ സ്നേഹത്തോടെ, **പരമശിവൻ.**

SUPREME SCIENCE മഹാവേദം (3 വേദങ്ങൾ)

Believe in Sathyam (Truth) & live by Sathyam. With Godly love, MahaaDaasan PARAMASIVAN.

EMERGENCIES അടിയന്തിര ആവശ്യങ്ങൾ

ALL HUMAN BEINGS IN ALL COUNTRIES ON/IN EARTH ARE GOD'S @ EARTH'S CHILDREN, BASICALLY WITH NO DIFFERENCES.	ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ മനുഷ്യരും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മക്കളാണ്, അടിസ്ഥാന പരമായി യാതൊരു വ്യത്യാസങ്ങളുമില്ലാത്തവരാണ്.
Mad Devotions attract Godly Punishments. People should live as per the Supreme Science of Duties & Virtues.	ഭക്തി ഭ്രാന്ത് പാടില്ല. ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ ശ്രദ്ധിക്കണം. വിപരീതമായി പ്രവർത്തിച്ചാൽ ദൈവ ശിക്ഷകൾ തീർച്ചയാണ്.

രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാനാവുന്നതോ
അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും
മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും
സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു
കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.
ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ
മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ
അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു
ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.

ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ രണ്ടാം-വേദമായ ധർമ്മ ശാസ്ത്രം വിശദീകരിക്കുന്നുണ്ട്.
GODLY ECONOMY IN.

ALL TAXES SHOULD BE ELIMINATED.	എല്ലാ നികുതികളും അവസാനിപ്പിക്കണം.
The main Portion or the Wealth in full that could not be carried by the Rich during Death, should be added to the Public Funds as per the Godly Economy. GOD care that the Deceased receive Right Wealth.	ധനികർക്ക്, മരണത്തോടെ കൂടെ കൊണ്ടു പോകാൻ കഴിയാത്ത സമ്പത്തു മാത്രം (!) പൂർണ്ണമായോ മുഖ്യഭാഗമോ, ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം പൊതു ഖജനാവിൽ ചേർക്കണം; അർഹിക്കുന്ന സമ്പത്ത് ദൈവം എത്തിച്ചുകൊടുക്കുന്നതാണ് !
Soil @ Places @ Nations @ Earth @ the solid form of GOD alone has Rights & Powers with regard to creating Contract in All matters of Soil. It is Crime to create Contract /Deed for Soil @ Lands & Building and hand over to one's beloved. Since Lands & Buildings can't be transferred to Heads & Hands, Deeds are not Godly. People avail Rights/Power to sell Land and/or Building only when there are No Government in the Society. The Ruler/ King/ Minister, being the Servant of each individual in the Society, should act as the Representative of Soil/GOD and buy the Land and/or Building of any /an Individual upon his Personal Requirements, using Public Fund, and acc to the Supreme Science of Duties & Virtues. Later, Govt sell those Properties.	മണ്ണിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ മണ്ണും സ്ഥലങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, ജനങ്ങളും ഭരണാധികാരികളും മറ്റും സ്ഥലങ്ങളുടെയും നാടുകളുടെയും പേരിൽ കരാറുകൾ ഉണ്ടാക്കുന്നതും ചുമന്ന് തലയിലോ കൈയ്യിലോ വച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളും കെട്ടിടങ്ങളും മക്കൾക്കും ഉറ്റവർക്കും മറ്റും പ്രമാണങ്ങളിലൂടെ ഏല്പിച്ചു കൊടുക്കുന്നതും അപരാധമാണ്. ! വ്യക്തികൾക്ക് സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ക്രയവിക്രയ-അവകാശം ലഭിക്കുന്നത് നാട്ടിൽ ഭരണകൂടം ഇല്ലാത്തപ്പോൾ മാത്രമാണ്. വ്യക്തികളുടെ ആവശ്യം അനുസരിച്ച് 'ദൈവത്തിന്റെ പ്രതിനിധി' യെന്നോണം, ഓരോ വ്യക്തിയുടെയും 'ദാസനായ ഭരണാധികാരി' പൊതു ഖജനാവിൽ നിന്നുമുള്ള ധനം കൊണ്ട് സ്ഥലങ്ങളും കെട്ടിടങ്ങളും ധർമ്മശാസ്ത്ര പ്രകാരം വാങ്ങണം; ശേഷം വിൽക്കണം.

All worship centres on Earth are Evilly. The present centres be converted into Inns, Refreshing Centres, Toilets, etc and the Wealth added into Public Funds. Few Centres like Trichur Temple and Mecca Mosque can be easily modified.	**ദൈവീകമായ ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല. തൃശൂർ വടക്കുംനാഥ ക്ഷേത്രം, മക്ക, തുടങ്ങിയ ഏതാനും ദേവാലയങ്ങളെ പരിഷ്ക്കരിക്കാൻ എളുപ്പമാണ്. ബാക്കിയെല്ലാം സത്രം, ശൗചാലയം എന്നിങ്ങനെ മാറ്റുക. ദേവാലയങ്ങളിലെ സമ്പത്ത് പൊതു ഖജനാവിൽ ചേർക്കുക.**
All people who claimed their Religious thoughts & Books recognise themselves that those Books were Wrong, they shall burn it; and end the religious customs & other nonsenses. All people can quite happily live following the Supreme Science of Duties and Virtues contained in this Electronic Supreme Book.	എല്ലാ മതഗ്രന്ഥങ്ങളെയും ശരിവെച്ചു ജീവിച്ചവർ തന്നെ അവയെല്ലാം പൈശാചികമാണെന്നു തിരിച്ചറിഞ്ഞ് ചുട്ടെരിക്കുക. എല്ലാ മതാചാരങ്ങളും മതാനുഷ്ഠാനങ്ങളും പൂജകളും മറ്റും സ്വയം അവസാനിപ്പിക്കുക. ഈ ഇ-മഹാഗ്രന്ഥത്തിലെ ധർമ്മശാസ്ത്ര പ്രകാരം ആനന്ദത്തോടെ മാത്രം ജീവിക്കാൻ കഴിയുന്നതാണ്.
Media should strictly follow Cleanliness, Necessity, Requirement & Hobby, in accordance with the Supreme Science of Duties and Virtues.	ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്ന ധർമ്മ ശാസ്ത്ര ക്രമം തൊഴിൽ കാര്യങ്ങളിൽ ഉറപ്പാക്കാൻ മാധ്യമങ്ങൾ ശ്രദ്ധിക്കണം.
Rulers/Ministers/King should be Public Servants in all respects & mind only PublicRequirements.	ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി മാത്രം ജനങ്ങളുടെ ദാസന്മാർ മാത്രമായ ഭരണാധികാരികൾ ശ്രദ്ധിക്കുക.
The Panchayats & Corporation shall appoint Required number of men in Police, Water, Transport etc and do pay for their Services. The Courts, Banks, Insurance, PSC, Employment Exchange, Tax dept, Legislative assemblies, etc are NOT Godly; hence should be ended..	ജലം, ഗതാഗതം, പോലീസ്, തുടങ്ങിയ പൊതു സേവനങ്ങളെ ധർമ്മശാസ്ത്ര പ്രകാരം നിശ്ചയിക്കേണ്ടതും ആവശ്യാനുസരണം നിയമിക്കേണ്ടതും വേതനം നൽകേണ്ടതും ഗ്രാമ പഞ്ചായത്തുകളാണ്. കോടതി, ബാങ്ക്, ഇൻഷ്വറൻസ്, പിഎസ്സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നികുതി കാര്യാലയം, നിയമസഭ തുടങ്ങിയ അധമസംവിധാനങ്ങളെ നിർത്തണം.

Public Funds should not be used for Hobbies: Sports, Games, Arts, Literature including Music. Ministers etc, if interested, may promote by paying from own earnings as per Godly Freedom.	വിനോദ കാര്യങ്ങൾക്ക് പൊതു ഖജനാവിൽ നിന്ന് ധനം ഉപയോഗിക്കാൻ പാടില്ല. മന്ത്രിമാർ ഉൾപ്പെടെ വിനോദിക്കുന്നവർക്ക് കായിക-കലാ -സംഗീതങ്ങളിൽ ഏർപ്പെടുന്നവരെ സ്വന്തം അദ്ധ്വാനത്തിൽ നിന്ന് സഹായിക്കാനും മറ്റും തീർച്ചയായും വ്യക്തിസ്വാതന്ത്ര്യമുണ്ട്.
Pensions are not Rights, but receiving Others' money, Equal to Begging. The financially sound governments may help poor people who live as per the Supreme Science of Duties and Virtues.	മറ്റുള്ളവരുടെ പണം കൊണ്ട് ജീവിക്കുന്ന ഭിക്ഷാടനത്തിനു തുല്ല്യമാണ് പെൻഷനുകൾ; അവ അവകാശമല്ല. സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന് ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ദരിദ്രരെ സഹായിക്കാവുന്നതാണ്.
All countries are part of Earth/GOD; and they don't fight in between. The ignorant & Evilly people do Wars. GOD's Children naming as Soldiers etc kill GOD's other Children. The Supreme Mother is quite unhappy. Retrench the Soldiers in all countries, except Police. Those Kings, Ministers, Prime Ministers, Presidents etc interested in Wars shall fight in person at own expenses and enjoy such Evilly Hobby, instead of persuading Soldiers @ GOD's Children, to kill each other.	ദൈവത്തിന്റെ കുഞ്ഞുങ്ങളെ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങൾ കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുന്ന യുദ്ധം എന്ന പൈശാചിക ചര്യകൾ അവസാനിപ്പിക്കണം. പോലീസ് ഒഴികെയുള്ള എല്ലാ സേനകളെയും എല്ലാ നാടുകളിലും പിരിച്ചു വിടുക. യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന വ്യത്യസ്ത ദേശങ്ങളിലെ രാജാക്കന്മാരും മന്ത്രിമാരും പ്രധാന മന്ത്രിമാരും പ്രസിഡണ്ടുമാരും, ദൈവത്തിന്റെ കുഞ്ഞുങ്ങളായ സൈനികരെ അന്യോന്യം കൊല്ലിക്കാത, സ്വന്തം ചെലവിൽ, ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം ആസ്വദിക്കാവുന്നതാണ് !

All people including Police shall live & do Service in accordance with the Supreme Science of Duties and Virtues contained in Soil/Earth, and in this Supreme E-Book. Obey only Science; NOT Human beings. No person is lesser than a King; and bigger than a Beggar. No Police escorts to King, Ministers, etc.

പോലീസ് ഉൾപ്പെടെയുള്ള സമസ്ത ജനങ്ങളും ജീവിക്കേണ്ടതും തൊഴിൽ ചെയ്യേണ്ടതും ഈ ഇലക്ട്രോണിക് മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതും മണ്ണായ ഭൂമിയിൽ മഹാലയിച്ചിട്ടുള്ളതുമായ രണ്ടാമത്തെ വേദമായ മഹാ-ധർമ്മശാസ്ത്രം പ്രകാരം മാത്രമാവണം. അനുസരിക്കേണ്ടത് ധർമ്മശാസ്ത്രത്തെ മാത്രമാവണം; മന്ത്രിമാർ ഉൾപ്പെടെയുള്ള മനുഷ്യരെയല്ല. യാതൊരു മനുഷ്യനും രാജാവിനേക്കാൾ ചെറുതുമല്ല; ഭിക്ഷക്കാരേക്കാൾ വലുതുമല്ല എന്ന തിരിച്ചറിവോടെ ഏവരും ജീവിക്കണം. രാജാവിനും മന്ത്രിമാർക്കും ഉൾപ്പെടെ ആർക്കും പോലീസ് അകമ്പടി പാടില്ല.

Human Rule should not extend to Forests, Rivers, and Seas/ Ocean. GOD's other Children/ Creatures should enjoy Free Living like Human beings.

ജനങ്ങളുടെ സാമൂഹ്യ ഭരണ സംവിധാനം വനം, നദി, കടൽ/സമുദ്രം എന്നിവയിലേക്ക് നീളാൻ പാടില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മറ്റുള്ള ജീവികൾക്ക് സ്വസ്ഥമായി ജീവിക്കാൻ കഴിയണം. (മനുഷ്യർ അവയെ ശല്യം ചെയ്യരുത്).

Production, Sale and Consumption of Tobacco, Alcoholic drinks, and Drugs should be strictly limited to Medicines. Violation endanger the Social Living upon Scientific Development bringing advanced features like Vehicles, TV, phone, etc. Properties of Violators should be seized, and they be sent to Forests/Islands with the Wearing Clothes alone for a minimum period of 3 months upto 10 years.

വൈദ്യ ശാസ്ത്ര സംബന്ധമായ ഉപയോഗങ്ങൾക്ക് അല്ലാതെ പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയവ നിർമ്മിക്കുകയോ വിപണനം ചെയ്യുകയോ, ശാരീരികമായി ഉപയോഗിക്കുകയോ ചെയ്യുന്നത് ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കുന്ന സമൂഹത്തിന് തടസ്സമാണ്. വിപരീതമായി പ്രവർത്തിക്കുന്നവരുടെ സമ്പത്ത് കണ്ടുകെട്ടുകയും, അവരെ ഉടുവസ്ത്രത്തോടെ 3 മാസം മുതൽ 10 വർഷം വരെ കാട്ടിലയച്ച് മറ്റുള്ള ജീവികളെപ്പോലെ ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കാൻ അവസരം നൽകണം.

People involved in Mad Devotions, Spreading Unscientific beliefs (superstitions) and similar Crimes shall be given Chance to enjoy Forest/Island life without carrying Properties. Musicians/ singers care to give Joy to GOD's children as per the Supreme Science of Duties and Virtues; Don't try to please GOD who blessed them with Music & is beyond all kinds of Pleasures.	ഭക്തി ഭ്രാന്ത്, അന്ധവിശ്വാസ പ്രചരണം തുടങ്ങിയ അപരാധങ്ങൾക്കും, സമ്പത്തില്ലാതെ വന-ദ്വീപ് വാസം അനുഭവിക്കാനുള്ള ഭാഗ്യത്തെ നൽകണം. സംഗീതത്തെ നൽകിയ, സർവ്വത്തിനും അതീതമായ ദൈവത്തെ പ്രീതിപ്പെടുത്താൻ ഗായകർ ശ്രമിക്കണ്ട. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ ധർമ്മശാസ്ത്രപരമായി മാത്രം ആനന്ദിപ്പിക്കാൻ ശ്രദ്ധിക്കുക.
The Human beings make Atomic Energy Plants, Chemical (engineering) factories, Bridges, Dams, etc availing Scientific factors and facilities. They are by People, not by GOD. The Human Rulers are obliged to maintain such factories in all possible ways and at all times, because, their negligence would endanger the Lives and Properties of Human and other beings.	ഭൗതിക ശാസ്ത്ര സംവിധാനങ്ങളെ ഉപയോഗിച്ച് ആണവോർജ്ജവും രാസവസ്തുക്കളും മറ്റും നിർമ്മിക്കുന്ന ശാലകളും, അണക്കെട്ടും ഒക്കെ ഉണ്ടാക്കുന്നത് മനുഷ്യരാണ്; ദൈവമല്ലാ; എന്നിരിക്കെ ഭരണാധികാരികൾ അവയെല്ലാം ജാഗ്രതയോടെ സംരക്ഷിക്കണം. വീഴ്ച്ച സംഭവിച്ചാൽ ജനങ്ങളുടെ ജീവനും സ്വത്തിനും മറ്റും വിനാശം ഉണ്ടാകുമെന്ന ബോധവും അവശ്യ നടപടികളും സദാ ഉണ്ടാവണം.

'മത്സ്യാവതാരം + ഓം' -ലൂടെ വേദങ്ങൾ വീണ്ടെടുത്തിരിക്കുന്നു.

GOD @ the Supreme Mother of the Universe has dissolved the complete Supreme Science into the Soil /Earth.

The GODLY matters, namely GOD, GOD's figure, Maya, OM, OMKARAM, OMKARA Science of Justice, BRAHMAM are Supreme /Transcending. GOD has merged them in the Soil/Earth thru OM, the Sound-Brahmam.

GOD @ MAHAADEVI informs Human beings about GODLY matters at the Supremely Right Time thru GOD's Siva-Part named ParamaSivan.

മഹാദേവിയുടെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്. എന്നാൽ മഹാപ്രപഞ്ചത്തിന് അതീതമാണ് ദൈവ കാര്യങ്ങൾ. ദൈവം, ദൈവ രൂപം, മായ, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, എന്നിവ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കുന്നത് ഓം എന്ന ശബ്ദ ബ്രഹ്മത്തിലൂടെയാണ്.

ഏകദൈവമായ മഹാദേവി, ദൈവകാര്യങ്ങളെ മഹാഉചിതമായ സമയത്ത് ദൈവത്തിന്റെ ശിവ-ഭാഗമായ പരമശിവനിലൂടെ വെളിപ്പെടുത്തുന്നു.

MAHAADEVI's Creational Portion enters into the SIVA Chakram developing as ParamaSivan.

The Brahma-division of MAHAADEVI writes the OM-script on/in the tongue of ParamaSivan, so that ParamaSivan could Resurrect the True Vedas @ Supreme Science. Done.

The GODLY matters relating Maya Powers should not be entrusted to Creatures.

മഹാശിവയായ മഹാദേവിയുടെ സൃഷ്ടി-അംശം മത്സ്യാവതാരം എടുത്ത് പരമശിവനായി അവതരിക്കുന്ന ശിവചക്രത്തിന്റെ മനുഷ്യാവതാരത്തിൽ പ്രവേശിക്കുന്നു. മഹാബ്രഹ്മമായ മഹാദേവി, ശിവചക്ര -മനുഷ്യ നാവിൽ അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിച്ച് യഥാർത്ഥമായ വേദങ്ങളെ വീണ്ടെടു(പ്പി)ക്കുന്നു. മഹാശക്തിയായ ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൃഷ്ടികളെ ഏല്പിച്ചു കൂടാ.

The OM script should be written on/in the tongue of Human beings too, as to understand the Supreme lessons of the Supreme Science.

GOD sends ParamaSivan, the Father of the Universe with the Supreme Half-Devi figure, to each individual/ Son, convincing that each Creature is Precious to GOD; created and Supreme Science awarded / imparted individually by writing OM on Tongue.. Further, let Known that GOD is neither Woman, nor Man, nor any Creature.

മായാശക്തികളുമായി ബന്ധപ്പെട്ട മഹാശാസ്ത്ര പാഠങ്ങളെ പഠിക്കാൻ മനുഷ്യർക്കു കഴിയണമെങ്കിലും ദൈവം മനുഷ്യരുടെ നാവിൽ അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിക്കേണ്ടതുണ്ട്.

ദൈവ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവിയുടെ രൂപത്തിൽ, ഓരോ മനുഷ്യന്റെയും അടുത്തേക്ക് പ്രത്യേകമായിട്ട് അയച്ച്, പ്രത്യേകം സൃഷ്ടിച്ച പൊന്നുമോനാണെന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, ഓരോ മനുഷ്യന്റെയും നാവിൽ ഓം കുറിക്കുമ്പോൾ; മഹാശാസ്ത്ര ജ്ഞാനത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം; പുരുഷനോ, സ്ത്രീയോ, ജീവിയോ അല്ലാ ദൈവം എന്നുകൂടി ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

Besides writing OM Brahmam-script, why did the Creational Portion of MAHAADEVI entered into ParamaSivan thru his Nostril ?

The Supreme Creation (of Creatures) had begun from Fish.

GOD bless ParamaSivan with the Supreme Maya Powers connected with the Supreme Creation, and Protection of the Universe in association with the Supreme Science thru the Fish Avatar of MAHAADEVI.

അക്ഷര ബ്രഹ്മം കൂടിയായ ഓം കുറിച്ചതു കൂടാതെ, മത്സ്യാവതാരമായി മഹാശിവയുടെ സൃഷ്ടി അംശം പരമശിവന്റെ നാസികയിലൂടെ ഉള്ളിലേക്കു പ്രവേശിച്ചത് എന്തിനാണ് ?

ജീവി സൃഷ്ടി ആരംഭിച്ചത് മത്സ്യത്തിൽ നിന്നാണ്. സൃഷ്ടി ജ്ഞാനത്തോടൊപ്പം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള മായാശക്തികളെ പരമശിവനിലേക്ക് പ്രവേശി(പ്പി)ച്ചിരിക്കുകയാണ്.

The Fish Avataar is the Creational Portion of MAHAADEVI for both Male+Female Creation, and occupies a Seat within the Forehead of ParamaSivan, and stay there until the Beginning of the Next Creation Cycle; and then move on to the Supreme Ocean again as same FISH Avataar.

The Human beings should not unnecessarily interfere in the GODLY matters, lying that GOD entrusted GODLY matters to them, their Evilly Spreading of Nonsenses accumulated in the form of Religions today.

പരമശിവന്റെ നെറുകയിൽ മായാപരമായി സ്ഥാനം ഉറപ്പിക്കുന്ന സ്ത്രീ പുരുഷസൃഷ്ടി കളെ രണ്ടും സൃഷ്ടിക്കുന്ന മഹാസൃഷ്ടി അംശം, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരം കഴിഞ്ഞ് അടുത്ത സൃഷ്ടിചക്രം ആരംഭിച്ച ശേഷം മത്സ്യാവതാരമായി തന്നെ മഹാസമുദ്രത്തിലേക്ക് മടങ്ങുന്നതാണ്.

മഹാ ഉചിതമായി ദൈവം ചെയ്യുന്ന കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ട് ദൈവം ചുമതലപ്പെടുത്തിയെന്നും ഏല്പിച്ചെന്നും അറിയിച്ചെന്നും കള്ളപ്രചരണം നടത്തിയതിന്റെ ഉല്പന്നങ്ങളാണ് മതങ്ങൾ എന്ന് ചുരുക്കി പറയാം.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ

മഹാദേവി, **ഓം** എന്നു മഹാചിരിച്ച്,

മായ പ്രത്യക്ഷമാക്കുന്നതോടെ,

ആത്മീയ ശാസ്ത്രം കൂടിയായ

ഓംകാര നീതി ശാസ്ത്രം

ഒന്നാമത്തെ വേദവും,

മുമ്പ് ഒന്നാമത്തെ വേദമായിരുന്ന

ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി പരിണമിച്ചിരിക്കുന്നു.

ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടന = രണ്ടാമത്തെ വേദമായ മഹാധർമ്മശാസ്ത്രം.

ഓം മഹാശക്തി മണ്ണടി
മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ
ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

3 മഹാഗ്രന്ഥങ്ങളാണ് 32 ദിവസങ്ങൾ കൊണ്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത്.
ഒന്നാമത്തെ (1) ഇ-മഹാഗ്രന്ഥം മറ്റു രണ്ടു ഗ്രന്ഥങ്ങളെയും പിന്തള്ളുന്നു.

1 28.09.2017	**ഇ-മഹാഗ്രന്ഥം** **മഹാവെളിപാടുകളോടെ 'പരിഷ്ക്കരിച്ച- ഇമഹാഗ്രന്ഥം' പ്രസിദ്ധീകരിച്ചിരിക്കുന്നു.**	പേജ് A4 size
ചുവടെയുള്ള 2, 3 ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെ പുതിയ മഹാ-വെളിപാടുകൾ ഭാഗികമായി തിരുത്തുന്നു ! ഉദാഹരണം :- (1) മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ ഗൂഢതയുടെ രഹസ്യം വെളിവാക്കുന്നു. (2) മഹാദേവി പരമശിവനെ മഹാദേവനായി മഹാഅനുഗ്രഹിക്കുന്നു.	**ഭൂമിയിലെങ്ങും ഓം മുഴങ്ങുന്നു...** **മഹാമാതാവായ മഹാദേവി, ഏകദാസനായ പരമശിവനിലൂടെ, കുഞ്ഞുങ്ങളായ മനുഷ്യർക്കു വേണ്ടി ഇമഹാഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു.**	2250

ചുവടെയുള്ള 2, 3 ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെ പുതിയ മഹാ-വെളിപാടുകൾ ഭാഗികമായി തിരുത്തുന്നു ! ഉദാഹരണം :- (1) മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ ഗൂഢതയുടെ രഹസ്യം വെളിവാക്കുന്നു. (2) 50 വർഷത്തിലെ ഒരു രാത്രി നേരം ശിവനെ മഹാദേവനാക്കുന്ന മഹാശിവരാത്രി മേലിൽ ഇല്ല. (3) മഹാദേവി പരമശിവനെ മഹാദേവനായി മഹാഅനുഗ്രഹിക്കുന്നു ... എന്നന്നേക്കുമായി !

2 12.09.2017	**ദൈവ മന്ത്രങ്ങൾ** **എന്ന പേരിൽ ലഘുവായ ഇ-ഗ്രന്ഥം പ്രസിദ്ധീകരിച്ചു.**	386

ദൈവ മന്ത്രങ്ങൾ മഹാഗൗരവ പാഠങ്ങളാണ്.
ഇ-മഹാഗ്രന്ഥം 1-ൽ പുതിയ മഹാവെളിപാടുകളുണ്ട്.

3 27.08.2017	**ദൈവ വിപ്ലവ വിളംബരം പ്രസിദ്ധീകരിച്ചു.** **ഇമഹാഗ്രന്ഥത്തിന്റെ കരട് പതിപ്പ്**	1515

2017 ആഗസ്റ്റ് മാസം 27 വരെ ലഭിച്ച മുഖ്യ വെളിപാടുകളും, ഓംസത്യം ഡോട് കോം www.omsathyam.com വെബ്സൈറ്റിൽ ചേർത്തിട്ടുള്ള മഹാഗ്രന്ഥത്തിലെ ഏതാനും അദ്ധ്യായങ്ങളും, ഏറെക്കുറെ 20 മാസങ്ങളിൽ വാട്സ് ആപ് വഴി പ്രസിദ്ധീകരിച്ച ദൈവ വിപ്ലവ വിശകലനങ്ങളിൽ ചിലതും ചേർത്താണ് മേല്പടി കരട് പതിപ്പ് തയ്യാറാക്കിയത്.

ഇ-മഹാഗ്രന്ഥം 1-ൽ പുതിയ മഹാവെളിപാടുകളുണ്ട്.

ഇമഹാഗ്രന്ഥം : കരട് പതിപ്പിന്റെ ഉള്ളടക്കം

ഓം



ദൈവ വിപ്ലവ വിളംബരം
GODLY Revolution NOTICE !

OM will soon Sound everywhere on/in Earth.
The Ministries in States & Countries at that Time should continue, retrench the MLAs, MPs, etc and start correct everything as per the True Vedas detailed in the attached Supreme E-book... This is a Godly Order.

ഭൂമിയിൽ ഉടനെ ഓം മുഴങ്ങുന്നതാണ്.
സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും തത്സമയമുള്ള മന്ത്രിസഭകൾ തുടരേണ്ടതും നിയമസഭാ അംഗങ്ങളെ പിരിച്ചുവിടേണ്ടതുമാണ്... ദൈവാജ്ഞയാണിത്.

No more Elections. True Vedic Kingly Rule begin.
മേലിൽ ഇലക്ഷൻ ഇല്ല. ധർമ്മശാസ്ത്ര രാജഭരണം മാത്രം.

GOD has Arrived, OM, OMKARAM, Omkara Science of Justice, Godly Economy, Woman, Cow, Calendar, Body, Soul, Prayer, Worship, and many topics are explained as per the Resurrected Supreme Science @ the True Vedas, in English..

True Vedas : ~~1~~. 3. Physical Science, 2. Science of Duties & Virtues, ~~3~~. 1. Supreme Science of Justice, ~~4. Forbidden Magical Science.~~

WHEN THE SUPREME MOTHER BEGINS THE CONTINUOUS SUPREME LAUGH FOR 3-33 YEARS, MESMERISM WOULD DEVELOP IN ALL PEOPLE ON EARTH, INCLUDING THE RULERS, JUDGES, POLICE, MILITARY, WORKERS, COMMON PEOPLE, ETC. IT WOULD ENDANGER THE FAMILY AND SOCIAL LIFE IN ALL COUNTRIES. THIS SUPREME E-BOOK IS TO CONTROL ALL PEOPLE ON EARTH IN ORDER THAT THE PANIC REDUCED, AND THEY CARE TO LIVE ACCORDING TO THE SCIENCE OF DUTIES & VIRTUES.

ദൈവത്തിന്റെ മഹാജ്ഞാനമാണ് മഹാശാസ്ത്രം/ വേദങ്ങൾ; യാതൊരു പിഴവുകളുമില്ലാതെ മണ്ണിലുണ്ട്. ഏകദാസനും - ലൂടെയുമായ പരമശിവനിലൂടെ ഗ്രന്ഥമായി പ്രസിദ്ധീകരിക്കുമ്പോൾ, അടിസ്ഥാന പരമായി സമ്പൂർണ്ണമായ വേദങ്ങളിലെ നാമമാത്രമായ പിഴവുകൾ പോലും ദൈവത്തിന്റേതല്ല.

കാലാനുസൃതമായി പരമശിവനിലൂടെയോ, ശാസ്ത്ര സമൂഹത്തിന് അവസരങ്ങളെ നൽകിയോ, മഹാശക്തിയും മഹാജ്ഞാനിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി വേദഗ്രന്ഥങ്ങളെ മഹാശുദ്ധി ചെയ്യുന്നതാണ്.. മഹാഗ്രന്ഥത്തിലെ ഏതാനും അദ്ധ്യായങ്ങളും, ഏതാനും ദൈവ വിപ്ലവ വിശകലനങ്ങളും ഏതാനും പുതിയ പാഠങ്ങളും പ്രധാനമായും മൊബൈൽ ഫോണിലൂടെ സംയോജിപ്പിച്ച് തയ്യാറാക്കിയതാണ് ഇ-മഹാഗ്രന്ഥം... അവസരം കിട്ടിയാൽ, കുറേക്കൂടി പരിഷ്ക്കരിച്ച് പുനപ്രസിദ്ധീകരിക്കുന്നതാണ്. എന്നാൽ കാത്തിരിക്കേണ്ട. .. പരമശിവൻ.

മലയാളം >MalayalaM< =യഥാർത്ഥ വേദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അവതരിപ്പിക്കുന്ന വേദഭാഷ= ദൈവ ഭാഷ. മലയാളഭാഷ=ദൈവഭാഷ.

മലയാളനാട് = ദൈവ നാട് = (സമസ്ത) ഭൂമി. മലയാളവും മലയാളനാടുംസൃഷ്ടിച്ചത് മലയാളികളല്ല. ശബ്ദ ബ്രഹ്മം ആയ ഓം ആണ് ഭൂമിയിലെ എല്ലാ ഭാഷകളും സൃഷ്ടിച്ചത്. അതിനർത്ഥം ഭൂമിയിലെ എല്ലാ ഭാഷകളും എല്ലാവരുടേതും ആണ്; എല്ലാ നാടുകളും എല്ലാവരുടേയും ആണ്; അതുകൊണ്ടുതന്നെയാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം ജലം വായു ജീവികൾ തുടങ്ങിയവ ഇണങ്ങുന്നത്.

ബ്രഹ്മകേന്ദ്രമായ മണ്ണടി, കേരളത്തിലാകയാൽ, കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്.

ദൈവ വിപ്ലവത്തോടു ചേർന്ന് കേരളത്തെ കടൽ വിഴുങ്ങുകയും പുതിയ സൃഷ്ടി ചക്രം ആരംഭിക്കും മുമ്പ് പുനർസൃഷ്ടിക്കുന്നതുമായ പ്രതിഭാസം എല്ലാ സൃഷ്ടി ചക്രങ്ങളിലും ഉണ്ട്. നേടിയ ജ്ഞാനം കൊണ്ട് അന്ധവിശ്വാസ പ്രചരണം, കടുത്ത അഹംഭാവം, അധമ വിനോദങ്ങൾ, മത്സരങ്ങൾ, സ്നേഹ ശൂന്യത തുടങ്ങിയവ വർദ്ധിച്ച ജീവാത്മാക്കളെ കേരളത്തിൽ കൂടുതലായി പുനർജ്ജനിപ്പിക്കുകയും കടൽ വിഴുങ്ങൽ മുമ്പ് ഒരു ദൈവശിക്ഷയായി പരിണമിപ്പിച്ചും പോന്നിരുന്നു. മാത്രമല്ല; കേരളത്തിന് അതിവിശിഷ്ടത ഉണ്ടെന്ന തെറ്റിദ്ധാരണ മാറ്റാനുള്ള പഴയകാല പദ്ധതിയും ആയിരുന്നു. എന്നാൽ മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി മഹാഅവതരിക്കുന്ന ഇത്തവണത്തെ മഹാസൃഷ്ടിചക്രം മുതൽ അത് ഒഴിവാക്കാൻ മഹാദേവി ഉദ്ദേശിച്ചു. എന്നാൽ ധർമ്മശാസ്ത്രപരമല്ലാത്ത മുല്ലപ്പെരിയാർ അണക്കെട്ട് കരാർ ഉണ്ടാക്കിക്കൊണ്ട് കേരളത്തെ കടലെടുക്കാൻ അജ്ഞാനികളും അവിവേകികളുമായ ഭരണാധികാരികൾ വഴിയുണ്ടാക്കിയിരിക്കുന്നു.

മലയാളനാടായ ഭൂമിയിലെയും, കേന്ദ്രമായ കേരളത്തിലെയും, സമസ്ത ജനങ്ങളെ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാദേവി സദാ രക്ഷിക്കുന്നുണ്ട്.! നാടിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ ഭൂമിയും നാടുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്.

ജനദ്രോഹികളായ ഭരണാധികാരികൾക്കും മറ്റും, കഴിയുമെങ്കിൽ നാട് സൃഷ്ടിക്കാനും വ്യക്തിസ്വാതന്ത്ര്യമുണ്ട് !

വേദങ്ങളുടെ മുഖ്യഭാഗങ്ങളെ അന്തർദേശീയ ഭാഷയായ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തിട്ടുണ്ട്; ഈ ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുമുണ്ട്.

ഭൂമിയിലെ എല്ലാ ജനങ്ങൾക്കും വേണ്ടി ഭൂമിയിൽ മുഴുവൻ ഓം മുഴക്കി ദൈവ വിപ്ലവം മഹാആരംഭിക്കുമ്പോൾ, ഭൂമിയിലെ എല്ലാ നാടുകളിലും ഇ-മഹാഗ്രന്ഥം മതിയാകും. ..

ഭൂമിയിൽ ഉടനെ തീർച്ചയായും മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തോടെ, മനുഷ്യരുടെ ആവശ്യവും ആനന്ദവും ആയ 'ജീവിതം, മഹാസമനീതി, സമാധാനം, പൊതുഭരണം, ഭക്തി' എന്നിങ്ങനെയുള്ള കാര്യങ്ങളിലെ പ്രധാന മാറ്റങ്ങളെ മഹാശാസ്ത്രപരമായി അറിയിക്കുന്നു. ..

ഓം എന്താണെന്നു വിശദീകരിക്കുവാൻ യോഗ്യത അത്യാവശ്യമാണ്.

മഹാശിവനും മഹാശിവയുമായ മഹാദേവിയുടെ മത്സ്യാവതാരവും അക്ഷരബ്രഹ്മവും മഹാദേവിയുടെ ഭാഗം കൂടിയായ പരമശിവന് പ്രത്യക്ഷമായി മഹാഅനുഗ്രഹിച്ചു നൽകി; ദൈവ വിപ്ലവ-മുന്നോടിയായി യഥാർത്ഥമായ 3 ~~+1~~ വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു:- ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം; ~~വർജ്ജ്യമായ മന്ത്ര ശാസ്ത്രം~~.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ മഹാദേവി ഓം എന്ന് മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്നതോടെ, ആത്മീയ ശാസ്ത്രം കൂടിയായ ഓംകാര നീതി ശാസ്ത്രം ഒന്നാമത്തെ വേദവും, മുമ്പ് ഒന്നാമത്തെ വേദമായിരുന്ന ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി മാറുന്നുണ്ട്.

Opening of Maya : Briefed in Pages ~~1368-1383.~~

ദൈവ മന്ത്രങ്ങൾ ~~: 1384 - 1396~~.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം .. പരമശിവൻ

ദൈവീകമായ മഹാ-അറിയിപ്പുകൾ

ഒന്നാമത്തെ വേദമായ ഓംകാരനീതിശാസ്ത്രത്തിൽ, 'ഓം, ഓംകാരം, ഓംകാര നീതി ശാസ്ത്രം,' .. 'ദൈവ മന്ത്രങ്ങൾ' എന്നീ പാഠങ്ങൾക്കു ശേഷം 'ദൈവീകമായ അറിയിപ്പുകൾ' ചേർത്തിരിക്കുന്നു : പേജ് 501-508

വേദം	ഉള്ളടക്കം : വിഷയം	പേജ് 22-26
1	ഓംകാര നീതി ശാസ്ത്രം	1 - 777
	.. ദൈവവും, ദൈവരൂപവും	27-148
	EMERGENCIES അടിയന്തിര ആവശ്യങ്ങൾ	1-13
	മുൻ ഗ്രന്ഥം: 'ദൈവ മന്ത്രങ്ങൾ / ദൈവ വിപ്ലവ ഭക്തിമാറ്റം'	458-486
	മുൻ ഗ്രന്ഥം: 'ഇമഹാഗ്രന്ഥം കരട് പതിപ്പ് : മുഖവുര	15-21
	.. ബ്രഹ്മം പരബ്രഹ്മം/ജഗത്ത്...48-65	39-65
	.. മഹാഖര രൂപമായ ഭൂമി	66-76
	.. മഹാഭദ്രകാളി	77-148
	.. മഹാഗോമാതാവ് / പശു : പാഠം 1	86-89

	.. ദിവ്യ മഹാ-മനുഷ്യ സ്ത്രീ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി - സ്വന്തം ഭാഗമായ പരമശിവനെ മഹാദേവനായി മഹാഅനുഗ്രഹിക്കുന്നു.	90-148 110-139
	പ്രപഞ്ച പിതാവായ പരമശിവൻ	99-148
	ആരാധന : പ്രീതി, നീതിക്ക് തടസ്സമാണ്.	95-97
	ആനന്ദ ശാസ്ത്രം	107-108
	ദൈവത്തിന്റെ ആനന്ദങ്ങൾ	109-110
	ഓം മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ ഗൂഢതയുടെ രഹസ്യം വെളിപ്പെടുത്തുന്നു.	140-148
	ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.	149-163
	.. അമ്മേ ശിവ !	159-160

	ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, മഹാലിംഗം	164-
	ഓം	168-203
	ഓംകാരം	220-244
	ഓംകാര നീതിശാസ്ത്രം (മഹാനീതി ശാസ്ത്രം)	245-777
	മഹാപുനർജ്ജന്മ സിദ്ധാന്തം	301-359
	പശു / പശുപതി : പാഠം 2 DIGNITY OF COW / OX : 1420-1446	366-379
	മോക്ഷം	380-432
	മഹാലിംഗം, പ്രാർത്ഥന, ദേവാലയം	433-454
	PUNISHMENTS DESCRIBED IN ENGLISH LANGUAGE.	327-359

	MAIN PORTIONS OF SUPREME SCIENCE IN ENGLISH LANGUAGE. GOD HAS ARRIVED, OM, OMKARAM, OMKARA SCIENCE OF JUSTICE, REINCARNATION THEORY, MAHAALINGHAM, ECONOMY, WOMAN, COW, OXYGEN, PRAYER, WORSHIP, WORLD CALENDAR, SPECIALITIES OF INDIA-TAMIL NADU-KERALA, AND LIKE SUPREME/SUPER TOPICS	1300-1589
	മഹാവേദ ഘടന	752-777
3/1	ഭൗതിക ശാസ്ത്രം : വേദം 3 (1)	773-777
2	**ധർമ്മ ശാസ്ത്രം : വേദം 2**	778-784
	.. തൊഴിൽ ശാസ്ത്രം	785-843
	..ന്യൂനശക്തികൾ	844-879
	.. സാമ്പത്തിക ശാസ്ത്രം **മുഖ്യ ഭാഗം** : 960-1026	880-1026
	ദൈവ വിപ്ലവ വിശകലനങ്ങൾ	1027-

	വെബ്സൈറ്റിലെ മഹാഗ്രന്ഥത്തെ പരിചയപ്പെടുത്തുന്നു.	1263-1299
	വെബ്സൈറ്റിലെ **മഹാഗ്രന്ഥത്തിന്റെ** അദ്ധ്യായങ്ങൾ പകർത്തിയിരിക്കുന്നു..	1591-2133
	കാലം : സൃഷ്ടി ചക്രം, .. ഇന്ത്യ, കേരളം .. ദൈവ വിപ്ലവം, സംഹാരം	2037-2063
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാഎഴുന്നെള്ളിയിട്ടുണ്ട്. 2215-2250		

	വർജ്ജ്യമായ പഴയകാല ചരിത്രം വേദം + സ്മൃതി +-പുരാണം	509-525, 1172-1187

ദൈവവും ദൈവരൂപവും

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തി = ദൈവം.

MAHAASHAKTHI

M13 A1 H8 A1 A1 S19 H8 A1 K11 T20 H8 I9 = 100

മഹാ + ശക്തി = മഹാശക്തി. ലളിതമായ നാമം. മഹാശക്തിയാണ് ദൈവം.

മനുഷ്യൻ കാണുന്നതും കാണാത്തതും, അറിയുന്നതും അറിയാത്തതുമായ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും, ആദിയും അന്തവുമില്ലാത്ത ഒരു മഹാശക്തിക്കു മാത്രമേ സാധിക്കൂ. ദൈവത്തിന്റെ മഹാശാസ്ത്രപരമായ നാമം മഹാശക്തി ആവുന്നത് അങ്ങനെയാണ്. മഹാശക്തി ഒന്നേയുള്ളൂ. കാരണം, മഹാപ്രപഞ്ചത്തിലെ ജീവികൾ, വസ്തുക്കൾ തുടങ്ങിയ സർവ്വവും സൃഷ്ടിച്ചിട്ടുള്ളത് അണു (atom)-ക്കൂട്ടം കൊണ്ടാണ്.

പ്രപഞ്ചത്തിലെ മഹാദ്രവ്യങ്ങളായ സൂര്യ-നക്ഷത്ര-ഗ്രഹ-ഉപഗ്രഹങ്ങളുടെയും ഭൂമിയിലെ സമസ്ത വസ്തുക്കളുടെയും ജീവികളുടെയും ഘടനകകളെയും പ്രവർത്തനങ്ങളെയും വിശകലനം ചെയ്യുമ്പോൾ ഏക ദൈവം / ഏകമഹാശക്തി മാത്രമേയുള്ളൂ എന്ന് ബോദ്ധ്യമാകുന്നതാണ്. ആദിയും അന്തവുമില്ലാത്ത ഒരു മഹാശക്തിക്ക് / ദൈവത്തിന് രണ്ടാമനോ സഹായിയോ ആവശ്യമില്ല.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തികളെ 'ശക്തി, മായ, മഹാമായ, മായാശക്തികൾ, മായാമഹാശക്തി' എന്നിങ്ങനെ സാമ്യമുള്ള വ്യത്യസ്ത പേരുകളിൽ പരാമർശിക്കേണ്ടുന്ന സന്ദർഭങ്ങൾ വേദങ്ങളിലുണ്ട്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെയും മഹാശാസ്ത്രത്തെയും വിശകലനം ചെയ്താൽ മഹാശക്തിയായ ദൈവത്തിന് ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് ഉള്ളതെന്നും സുവ്യക്തമാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനത്തെ 'മഹാശാസ്ത്രം' എന്ന പേരിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്ക് ആധാരമാക്കിയിരിക്കുകയാണ്.

അല്പം വിശദീകരിക്കാം :

മഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി ആവിഷ്ക്കരിച്ചിരിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം.

മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ ദൈവത്തിന്റെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.

മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്; മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരി മഹാപ്രപഞ്ചത്തിന് അതീതമാണ് എങ്കിലും മനുഷ്യർക്ക് അത് പ്രകടമല്ല. മഹാശക്തിയായ ദൈവം, തന്റെ മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുന്നതായി കണക്കാക്കുമ്പോൾ, മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ ദൈവവും എന്നു സുവ്യക്തമാണ്. (മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ ദൈവം സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !)

ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-

സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരവും മഹാശാസ്ത്ര പ്രകാരവും മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ ദൈവത്തിന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാശക്തിയായ ദൈവത്തിന്റെ മായയെ മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്. അങ്ങനെയാകുമ്പോൾ, സ്രഷ്ടാവും മഹാരക്ഷകയു(നു)മായ മഹാശക്തിയെയും സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ഉണ്ടാവേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ മഹാമായയെ അഥവാ ദൈവത്തെ മഹാപ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം. ശബ്ദ ബ്രഹ്മവും അക്ഷരബ്രഹ്മവും ആദിവചനവും സംഹാര കാഹളവും മഹാശാസ്ത്രമൂലവും മഹാസംഗീതവും ഒക്കെയായ ഓം സൃഷ്ടിക്കപ്പെടുന്നത് അങ്ങനെ കൂടിയാണ്.

മഹാശക്തിയായ ദൈവം മഹാനിശ്ചയിക്കുമ്പോലെ,
മഹായുക്തി എന്നു വിശേഷിപ്പിക്കാവുന്ന
മഹാജ്ഞാനത്തിൽ നിന്ന് ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. അതായത് ശാസ്ത്ര നിയമങ്ങളും വസ്തുക്കളിലെ നിയമങ്ങളും ഒന്നു തന്നെയാണ്. മായാശക്തി ഉപയോഗിച്ച് നിയമങ്ങളെ വസ്തുക്കളായി പരിവർത്തനം ചെയ്യാൻ കഴിയും
എന്നാണ് അതിന്റെ അർത്ഥം.

മഹാശക്തിയായ ദൈവത്തിന്റെ മാത്രം സ്വന്തമായ മായാശക്തികളെ ഉപയോഗിച്ച് ദൈവത്തിന്റെ മഹാജ്ഞാനമായ നിയമങ്ങളെ വസ്തുക്കളായി ദൈവം പരിവർത്തനം ചെയ്തു കഴിഞ്ഞു. മഹാപ്രപഞ്ചവും ജീവികളുമെല്ലാം അങ്ങനെ ഉണ്ടായതാണ്.

ജീവികളുടെ ശരീരം ഉൾപ്പെട്ട വസ്തുക്കളിൽ അവയുടെ നിയമങ്ങളെ മഹാലയി(പ്പി)ച്ചിട്ടുമുണ്ട്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മഹാഖരരൂപത്തിന്റെ അംശങ്ങളാണ് വസ്തുക്കളെല്ലാം എന്നാവുമ്പോൾ സമ്പൂർണ്ണമായ യോജിപ്പും ഉണ്ടാകുന്നു.

വസ്തുക്കളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ലഭിച്ച /ലഭിക്കുന്ന മനുഷ്യർക്ക്, നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും.

എന്തെന്നാൽ മായാശക്തികളെ ശാസ്ത്രനിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക വികസനത്തിന് മഹാശക്തിയായ ദൈവം അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങളെ മഹാശക്തിയായ ദൈവം വെളിപ്പെടുത്തുന്നത്.

ഭദ്രമാക്കുക എന്ന പദത്തിന് സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളമായി നിർവ്വഹിക്കുക എന്ന അർത്ഥമുണ്ട്. ദൈവത്തിന്റെ നേരിട്ടുള്ള പ്രവൃത്തികളെ 'മഹാ' ചേർത്ത് പറയുകയും എഴുതുകയും ചെയ്യുന്നത് കുഞ്ഞുങ്ങളുടെ - മനുഷ്യരുടെ - ഗ്രാഹ്യശക്തിയെ കൂടുതൽ ഉയർത്താനാണ്; ദൈവത്തിനു വേണ്ടിയല്ല. മഹാ-യുടെ ആവർത്തനം കൊണ്ട് പഠന മാധുര്യം കുറയുന്നതല്ലാ എന്ന് ബോദ്ധ്യപ്പെടുവാൻ മഹാ ഒഴിവാക്കിയ പദങ്ങളിൽ മഹാ ചേർത്തു വായിക്കുക.

മലയാളം ദൈവ<>ദേവ<>വേദ ഭാഷയാണ്.

മലയാളം >MalayalaM< = വേദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അവതരിപ്പിക്കുന്ന വേദഭാഷ = ദൈവ ഭാഷ. മലയാളഭാഷ = ദൈവഭാഷ. മലയാളനാട് = ദൈവ നാട് = (സമസ്ത) ഭൂമി. മണ്ണും ഭൂമിയുമായ ദൈവം സൃഷ്ടിച്ച സമസ്ത നാടുകളും ദൈവമാണ്; ദൈവത്തിന്റേതുമാണ്. ഭൂമിയിലെ സർവ്വവും - നാടുകളും, വസ്തുക്കളും, ജീവികളും, ഭാഷകളും - സർവ്വവും ഭൂമിയുടേതാണ്; എല്ലാ ജീവികൾക്കും വേണ്ടി ഭൂമി നൽകിയത് എല്ലാവരുടേതുമാണ്; അതുകൊണ്ടുതന്നെയാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം ജലം വായു ജീവികൾ തുടങ്ങിയവ ഇണങ്ങുന്നത്.

ബ്രഹ്മകേന്ദ്രമായ മണ്ണടി, കേരളത്തിലാകയാൽ, കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്; കടൽ കൊണ്ട് വിഴുങ്ങിയാലും / വിഴുങ്ങിച്ചാലും ഓംകാര നീതി ശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം കേരളത്തിനെ വീണ്ടും സൃഷ്ടിക്കുന്നതാണ്. അവ **ജനങ്ങളുടെ / മനുഷ്യരുടെ വിഷയങ്ങളല്ല. ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങൾക്ക് സംഹാര ആവശ്യങ്ങളെ മുൻനിർത്തി പ്രത്യേകമായ പദവികൾ ഉണ്ട്. അതിന്റെ പേരിൽ അവിടങ്ങളിൽ എന്നോണം ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യർക്ക് കേമത്തം കാട്ടാൻ അവകാശവും**

അധികാരവും ഇല്ല. മഹാശക്തിയും മഹാനീതിപതിയുമായ ദൈവം മഹാനിശ്ചയിക്കുകയും മഹാഭദ്രമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ എല്ലാ ജനങ്ങളെയും - ഓരോ വ്യക്തിയെയും - മഹാസമനീതിയുടെ ഭാഗമായി ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ 100 ജന്മങ്ങളിലായി വ്യത്യസ്ത ജന്മഗുണങ്ങളോടെ പുനർജ്ജനിപ്പിച്ചുകൊണ്ടിരിക്കും എന്നിരിക്കെ ദൈവത്തിന്റെ മാത്രം സ്വന്തവും, ദൈവവും കൂടിയായ ഭൂമിയിലെ നാടുകളുടെയും ദേശങ്ങളുടെയും പേരിൽ കേമത്തം കാട്ടുന്നതും മത്സരിക്കുന്നതും യുദ്ധം ചെയ്യുന്നതും നാടുകൾക്കും ദേശങ്ങൾക്കും ഒക്കെ ജയ് വിളിക്കുന്നതും കടുത്ത ദൈവനിന്ദയും ഭോഷത്തവുമാണ്.

ദൈവശിക്ഷകൾ പിടിച്ചു വാങ്ങാതെ കുഞ്ഞുങ്ങൾ/മനുഷ്യർ ധർമ്മശാസ്ത്രപരമായ ആനന്ദങ്ങളോടെ ജീവിക്കുക. വേദങ്ങളുടെ മുഖ്യഭാഗങ്ങളെ അന്തർദേശ ഭാഷയായ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തിട്ടുണ്ട്; ഈ ഇലക്ട്രോണിക് മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുമുണ്ട്. ഭൂമിയിലെ എല്ലാ ജനങ്ങൾക്കും വേണ്ടി ഭൂമിയിൽ മുഴുവൻ ഓം മുഴക്കി ദൈവ വിപ്ലവം മഹാആരംഭിക്കുമ്പോൾ, എല്ലാവർക്കും അടിസ്ഥാനപരമായി ഇ-മഹാഗ്രന്ഥം മതിയാകും.

മഹാശക്തിയായ ദൈവം, ഓം എന്ന് മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്നതോടെ പുതിയ കലണ്ടർ ആരംഭിക്കുന്നതാണ് : 01.01.0001.

OPENING OF MAYA (OOM **ഓം**) : 01.01.0001

സംസ്കൃതം ദേവഭാഷയല്ല; വേദഭാഷയുമല്ല. സംഹാരം പുരോഗമിക്കുമ്പോൾ ചുരുക്കെഴുത്ത് SHORTHAND **ഭാഷ എന്ന ഒരു ചെറിയ ലേബൽ ലഭിക്കുന്നുണ്ട്.**

തലതിരിഞ്ഞെന്ന പോലെ വലത്തു നിന്നും ഇടത്തോട്ട് എഴുതുന്ന 'അറബിക് ' അപൂർണ്ണ-ദ്വൈതവുമായി ബന്ധമുള്ള ഭാഷയാണ്; ആദ്യ മഹാകാലചക്രത്തിലെ ദുർദ്ദേവതകൾ സ്വാധീനം ചെലുത്തിയ മതവുമായി ബന്ധപ്പെട്ട് പോരായ്മകൾ ഏറെയുണ്ടായ ഭാഷയുമാണ്.

ഏതാനും ദൈവ നാമങ്ങളുടെ വിശകലനം :

മഹാശക്തിയാണ് ദൈവം എന്ന നിർവ്വചനത്തിൽ മഹാപ്രപഞ്ചം ഉൾപ്പെടണമെന്നില്ല.

മഹാജ്ഞാനത്തെയും, ജീവികളുടെ ഘടനകളെയും മറ്റും കണക്കാക്കുമ്പോൾ, ആദിയും അന്തവുമില്ലാത്ത ഏക മഹാശക്തിയായും, ഒരു മഹാജീവി പോലെയും, ദൈവത്തെ കണക്കാക്കണം.
ജീവികളുടെയെല്ലാം മഹാമാതാവും മഹാപിതാവും മഹാനീതിപതിയുമെല്ലാം ഏകദൈവം തന്നെയാകുമ്പോൾ, സ്ത്രീ പുരുഷ രൂപങ്ങളെ കുറിക്കുന്ന ലിംഗഭേദം പറയാനാവില്ല.

വിവേചനശക്തികളെ കുറിക്കുന്ന മഹാശാസ്ത്ര ജ്ഞാനം മനുഷ്യൻ എന്ന ജീവിക്ക് മാത്രം നൽകിയിരിക്കയാൽ മനുഷ്യനുമായി ഒരു സാമ്യം ഉണ്ട്. മനുഷ്യന് ഉപരിയായ അവസ്ഥയെ 'ദേവനും ദേവിയും' കുറിക്കുമ്പോൾ, 'ദേവനും ദേവിയും' ചേർന്നതായ 'ദൈവം' ആണും പെണ്ണും ചേർന്ന രൂപമുള്ളതെന്നോ, ആണും പെണ്ണും അല്ലാത്ത മഹാഅവസ്ഥയുള്ളതെന്നോ ഒക്കെ പറയണം.
ദേവൻ + ദേവി = ദൈവം എന്ന പദത്തിൽ ജീവിബന്ധം ഉള്ളതിനാൽ പ്രപഞ്ച-ജീവിക്ക് ചേരും.

പരിശുദ്ധമായ ആത്മാവ് = പരിശുദ്ധാത്മാവ് എന്ന പേരിന് പ്രപഞ്ചബന്ധമുണ്ട്; വ്യക്തത പോരാ.

മനുഷ്യാവസ്ഥയിൽ കുടുംബ-സമൂഹ ഭരണകാര്യങ്ങളെ പുരുഷൻ ഭരിക്കുകയാൽ, ആദിയും അന്തവുമില്ലാത്ത മഹാശക്തിക്ക് **അല്ലാഹു** എന്ന നാമം ഭാഗികമായി ചേരും; എന്നാൽ പ്രായേണ **പുല്ലിംഗം** വികസിക്കുന്നതും **'അവൻ**, He' എന്നിവ ഉറച്ച് **ദൈവം** '**പുരുഷൻ**' ആണെന്നും '**മഹാജീവി**' ആണെന്നുമുള്ള **പ്രതീതി** ഉണ്ടാകുന്നതാണ്. അതു പാടില്ല; ദൈവനിന്ദയാണ്. **അല്ലെന്നാൽ, ജീവി രൂപവും പുരുഷ രൂപവും ദൈവം സ്വീകരിക്കണം.** ഏതൊരു **ജീവിരൂപം സ്വീകരിച്ചും** (സ്വീകരിക്കാതെയും) മഹാപ്രപഞ്ചത്തിന്റെ **സൃഷ്ടിയും രക്ഷയും** ചെയ്യുവാൻ **ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയായ ദൈവത്തിനു ശക്തിയുണ്ട്.**

കാളി = സ്ത്രീ. മഹാപ്രപഞ്ചത്തെ പ്രസവിച്ച /സൃഷ്ടിച്ച സ്ത്രീ = മഹാമാതാവ് = മഹാജഗദംബ = മഹാഭദ്രകാളി എന്ന **നാമം** പ്രകാരം **മഹാജീവിയും മഹാ-സ്ത്രീ**യുമാണ്. **ഭദ്രമാക്കുവാൻ ശക്തിയുള്ള സ്ത്രീ = ഭദ്രകാളി.** മുകളിൽ കുറിച്ചതുപോലെ **ഏതൊരു ജീവിരൂപം സ്വീകരിച്ചും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയും മഹാപരിപാലനവും ചെയ്യുവാൻ ശക്തിയുള്ള ഏകദൈവം, ഒരു രൂപത്തെ സ്വീകരിക്കുന്നത് ദൈവത്തിന്റെ വിഷയവും ഇഷ്ടവുമാണ്.**

GOD എന്ന പദം അന്തർദ്ദേശീയ ഭാഷയായ ഇംഗ്ലീഷിൽ ദൈവം എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. GOOD = ' നല്ലത് ' എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്; ആകയാൽ രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്ര പ്രകാരം ഉചിതവും ലളിതവുമാണ്; കൂടുതൽ വിശദീകരണം സാദ്ധ്യവുമല്ല.

മഹാശക്തിയായ
ദൈവം രൂപത്തെ
സ്വീകരിക്കുന്നത്
മുഖ്യമായും 3
മഹാഅവസ്ഥകളെ
ആധാരമാക്കിയാണ്.

ദൈവവും ദൈവരൂപവും	
1	ബ്രഹ്മം
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തിയായ ദൈവത്തെപ്പറ്റി മനുഷ്യൻ ചിന്തിക്കുന്നതും പറയുന്നതും മഹാപ്രപഞ്ചത്തിൽ ജീവിച്ചുകൊണ്ടാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങൾക്കായി മഹാശക്തിയായ ദൈവം സൃഷ്ടിച്ചിരിക്കുന്നതും, ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രത്തിന്റെ ഏതാനും ശാഖകളിലുള്ള അറിവ് ദൈവം തന്നെ മനുഷ്യൻ എന്ന ജീവിയ്ക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതു കൊണ്ടുമാണ്.

മനുഷ്യൻ എന്ന ജീവി മാത്രം ഇല്ലാത്ത മഹാപ്രപഞ്ചത്തെയും, യാതൊരു ജീവികളുമില്ലാത്ത മഹാപ്രപഞ്ചത്തെയും മനുഷ്യൻ അറിയുന്ന ശാസ്ത്രങ്ങൾ അനുസരിച്ച് സങ്കല്പിക്കാൻ കഴിയുന്നതാണ്.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണെന്നു വിശ്വസിക്കുമ്പോൾ, ജീവികളെ സൃഷ്ടിക്കുന്നില്ല എങ്കിൽ മഹാപ്രപഞ്ചവും ദൈവവും മാത്രം !

ഇനി മഹാപ്രപഞ്ചം എന്നൊന്നില്ല എന്നതിനെപ്പറ്റി സങ്കല്പിക്കുവാൻ ശ്രമിക്കുക. മഹാപ്രപഞ്ചം ഇല്ലെങ്കിൽ മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം ഒരു ശൂന്യതയാണ് ഉണ്ടാവുക. മനുഷ്യന്റെ ചിന്തകളും ഭാവനകളും സ്വപ്നങ്ങളും പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളുമായും ജീവികളുമായും മഹാശാസ്ത്രവുമായും ബന്ധപ്പെട്ടിരിക്കുകയാൽ മഹാപ്രപഞ്ചം ഇല്ലാത്ത അവസ്ഥയെപ്പറ്റി ഭാവന ചെയ്യാൻ കഴിയുന്നതല്ല.*

മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാൻ ശക്തിയുള്ളതോ ശക്തിയില്ലാത്തതോ, ശക്തി ഉണ്ടെങ്കിലും തയ്യാറാവാത്തതോ ആയ എന്തോ ഒന്നായ ദൈവത്തെയാണ് മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ അനുസരിച്ച് സങ്കല്പിക്കാൻ കഴിയുക.

(* ആദിയും അന്തവും ഇല്ലാത്ത ശൂന്യം പോലെയുള്ള ആകാശത്തെ പരിചയിക്കുകയാൽ, മഹാപ്രപഞ്ചം ഇല്ലാത്ത അവസ്ഥയിൽ ആകാശത്തിന്റെ ഭാവന ഉണ്ടാകുന്നതാണ്. ആദിയും അന്തവും ഇല്ലാത്ത മഹാലിംഗമാണ് ആകാശം എന്നറിയുമ്പോൾ മഹാപ്രപഞ്ചം ഇല്ലെങ്കിലും മഹാശൂന്യത പോലെയുള്ള ബ്രഹ്മം ഉണ്ടെന്ന സൂചന ലഭിക്കുന്നു. ആകാശം എന്ന മഹാലിംഗത്തിന്റെ അകത്താണ് മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത്.

ബ്രഹ്മം എന്ന് സങ്കല്പിക്കാൻ കഷ്ടിച്ചു കഴിയുന്ന ആകാശം എന്ന മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന-നേത്രങ്ങൾ കൊണ്ട് കാണാനും മനസ്സിലാക്കാനും കഴിയുന്നതാണ്. ഭൂമി ഉൾപ്പെടെ എവിടെ നിന്നും മുകളിലേക്ക് നോക്കിയാൽ ഒരു മഹാ-കുട പോലെ അർദ്ധ-ഗോളാകൃതിയിൽ ആകാശം കാണാം. ആകാശത്തിലേക്ക് നോക്കുമ്പോൾ യഥാർത്ഥത്തിൽ അന്തമില്ലാത്ത മഹാ-കുടയാണ്; ആകാശം എന്ന മഹാലിംഗത്തിന് അന്തമില്ലാത്ത മുകൾഭാഗവും ചുറ്റുവട്ടവുമാണ്. ഭൂമിയിലെ കരപ്രദേശത്തെയോ സമുദ്രത്തെയോ മറ്റും ആധാരമാക്കി, ആകാശം എന്ന മഹാലിംഗത്തിന്റെ ചുവട്ടിലേക്ക് നോക്കിയാൽ ആദിയില്ലാത്ത മഹാലിംഗത്തെയും മനസ്സിലാക്കാനാവും !)

ശാസ്ത്രകാര്യങ്ങളെ ഉൾക്കൊള്ളാൻ മറ്റുള്ള ജീവികളെപ്പോലെ, മനുഷ്യൻ എന്ന ജീവിക്കും കഴിവില്ലാത്ത അവസ്ഥയാണെങ്കിലോ, മഹാശാസ്ത്രം എന്നൊന്ന് ഇല്ലെങ്കിലോ, ചിന്തകളും ഭാവനകളുമെല്ലാം ഏറ്റവും ചുരുങ്ങുകയോ ഇല്ലാതെ വരുകയോ ചെയ്യുന്നു.

മഹാപ്രപഞ്ചം ഇല്ലാത്തപ്പോഴും മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിയുന്ന ഒരു മഹാശക്തി ഉണ്ടെന്നു സങ്കല്പിക്കുമ്പോഴും, മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ വേണ്ടയോ, എപ്പോൾ വേണം ; സൃഷ്ടിച്ചശേഷം സംഹരിക്കുക, ശേഷം മഹാപ്രപഞ്ചം എന്നൊന്നില്ലാതെ തനിച്ചു കഴിയുക, ശേഷം ഇഷ്ടപ്രകാരം എപ്പോഴെങ്കിലും മനുഷ്യനു സങ്കല്പിക്കാൻ കഴിയാത്ത മറ്റ് മഹാശാസ്ത്രങ്ങളെ ആവിഷ്ക്കരിച്ചുകൊണ്ട് മനുഷ്യനു സങ്കല്പിക്കാൻ പോലും കഴിയാത്ത മറ്റു മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കുക, തുടങ്ങിയവ മഹാശക്തിയുടെ ഇഷ്ടത്തിൽ മാത്രം ഒതുങ്ങുന്നതാണ്.

ഈ വരികളെ / വാചകങ്ങളെ വായിക്കുന്ന വ്യക്തി ഇല്ലെങ്കിലും മറ്റു വ്യക്തികൾ ഉണ്ടെന്നതുപോലെ, മനുഷ്യർ അറിയുന്ന ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം ഇല്ലെങ്കിലും മറ്റു മഹാപ്രപഞ്ചങ്ങളും അവയെ സൃഷ്ടിക്കുന്ന മഹാശക്തിയും ഉണ്ടാവാം എന്നു ചിന്തിക്കുവാൻ മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം സാധിക്കുന്നതാണ്.

ഇനി, മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയും ജീവികളെയുമെല്ലാം സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെപ്പറ്റി പറയുമ്പോൾ, മഹാപ്രപഞ്ചത്തിലെ ജീവികളുമായി ബന്ധപ്പെടുത്തിയും ഇന്ദ്രിയങ്ങളുമായി ബന്ധപ്പെടുത്തിയും ഒരു മഹാജീവിയെപ്പോലെയുള്ള ദൈവത്തെയും, അതേപോലെ മഹാപ്രപഞ്ചത്തിൽ നിന്നും ഭിന്നമായ എന്തോ ഒരു മഹാശക്തി വിശേഷമായും ദൈവത്തെ സങ്കല്പിക്കാൻ കഴിയുന്നതാണ്.

മഹാപ്രപഞ്ചം ഇല്ലെങ്കിലും, യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ, അതാണ് ദൈവം എന്നു പറയുമ്പോൾ, ആയത് മനുഷ്യന്റെ ഭാവനകൾക്ക് അതീതമാണ്. സ്രഷ്ടാവ്, രക്ഷിതാവ്, മഹായജമാനൻ, മഹാദേവൻ, മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാശക്തി തുടങ്ങിയ പേരുകളൊന്നും പ്രസ്തുത എന്തോ ഒന്നിനു ചേരില്ല. മഹാസത്യം എന്ന് കഷ്ടിച്ച് പറയാനാവുന്ന എന്തോ ഒന്ന് സ്ഥിതിചെയ്യുന്നതായി മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം സങ്കല്പിക്കാൻ സാധിക്കുന്നതാണ്. മഹാസത്യം എന്ന പദം മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടിരിക്കുന്നതാണല്ലോ എന്നു ചിന്തിക്കുമ്പോൾ മഹാസത്യം എന്നുപോലും പേരിടാൻ കഴിയാനാവാത്ത അവസ്ഥയുണ്ടാകുന്നു. അതായത്, അത്തരമൊരു ശക്തിവിശേഷത്തിനു പേരിടാൻ മനുഷ്യനു കഴിയില്ല. മഹാപ്രപഞ്ചം ഉൾപ്പെടെ യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ എന്ന മഹാ-അവസ്ഥയ്ക്ക് ദൈവം കല്പിച്ചു നല്കിയിരിക്കുന്ന പേരാണ് ബ്രഹ്മം.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാസത്യമാണ് ബ്രഹ്മം.

മഹാശക്തിയായ ദൈവത്തെപ്പറ്റി പഠിക്കുമ്പോൾ ബ്രഹ്മം എന്ന മഹാ-അവസ്ഥയെ ഒഴിവാക്കിയാൽ ആദിയും അന്തവുമില്ലാത്ത മഹാശക്തിയെന്ന മഹാവിശേഷണം സാദ്ധ്യമല്ലാതെ വരുന്നതാണ്. ബ്രഹ്മം എന്താണെന്ന് വ്യക്തമാകുമ്പോഴും, ബ്രഹ്മം അനിർവ്വചനീയമാണ് എന്നുകൂടി സമ്മതിക്കേണ്ടി വരുന്നു !

ദൈവം മഹാആവിഷ്ക്കരിച്ചതായ എല്ലാ ശാസ്ത്രശാഖകളിലും മഹാപ്രപഞ്ചത്തിലും ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ സുവ്യക്തമാക്കുന്നതോടൊപ്പം ഓം എന്ന ശബ്ദബ്രഹ്മത്തെയും ദൈവം ലയിപ്പിച്ചിട്ടുണ്ട് ; വസ്തുക്കളുടെയും ജീവികളുടെയും ഓരോ ആറ്റത്തിലും ലയിപ്പിച്ചിട്ടുണ്ട്. അതോടുകൂടി മഹാപ്രപഞ്ചമെന്നത് മഹാശക്തിയുടെ മഹാരൂപമായും മാറുന്നുണ്ട്. ഓം എന്ന പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരണമുണ്ട്.

മുകളിൽ കൊടുത്ത കാര്യങ്ങളെ അല്പം കൂടി ലളിതമായ മറ്റൊരു രീതിയിൽ കൂടി വിശദീകരിക്കേണ്ടതുണ്ട് :-

മനുഷ്യർക്ക് ഒട്ടും അറിയാത്ത പ്രപഞ്ചങ്ങളുണ്ടെങ്കിൽ പോലും അവയും ദൈവ-നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മനുഷ്യന് സങ്കല്പിക്കാൻ കൂടി കഴിയാത്ത മറ്റു ശാസ്ത്രങ്ങളും മറ്റു പ്രപഞ്ചങ്ങളും സൃഷ്ടിക്കാനാവുന്ന 'മഹാശക്തി' മനുഷ്യ-സങ്കല്പങ്ങൾക്ക് അതീതമാണ്.

പ്രപഞ്ചത്തെ മാത്രം ആധാരമാക്കിക്കൊണ്ട് ഏക-മഹാശക്തിയായ ദൈവത്തെ മനസ്സിലാക്കുന്നതിൽ വലിയ പിഴവുണ്ട്.

എന്തെന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള പ്രപഞ്ചത്തെ സൃഷ്ടിക്കാതെയും മഹാശക്തിയായ ദൈവത്തിനു കഴിയാം. മഹാശക്തി മാത്രം. മഹാ..ശക്തി എന്ന വാക്കിന് പ്രപഞ്ചവുമായി ബന്ധമുണ്ട്. ആകയാൽ മഹാസത്യം എന്ന പദം താരതമ്യേന കൂടുതൽ ചേരും. മഹാസത്യം എന്ന പദവും മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടതാകയാൽ സമ്പൂർണ്ണമല്ല !

മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികൾ ചെയ്യുന്ന മഹാശക്തിയെ പ്രപഞ്ചത്തിന് അതീതമായ മഹാശക്തിയെന്നു തിരിച്ചറിഞ്ഞ് മഹാസത്യം എന്ന് കഷ്ടിച്ചു പേരിടാമെന്നല്ലാതെ, മഹാപ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യന്, മഹാപ്രപഞ്ചത്തിന് അതീതമായ പദം / പേര് ഉപയോഗിക്കാൻ കഴിവില്ല ! അതേസമയം മഹാപ്രപഞ്ചത്തിനും മനുഷ്യന്റെ ഭാവനയ്ക്കും അതീതമായ ദൈവത്തിന്റെ അവസ്ഥയെപ്പറ്റി മനുഷ്യന് ബോധമുണ്ടാവുകയും വേണം. അതിന്നായിട്ട് ദൈവത്തിന്റെ ഭാഗമായ ഏകദാസനിലൂടെ 1000 കോടി വർഷങ്ങൾക്കു മുമ്പ്, ആദ്യ മഹാകാലചക്രത്തിലെ, ആദ്യ സൃഷ്ടിചക്രത്തിൽ, ദൈവം അറിയിച്ചിട്ടുള്ള മഹാനാമമാണ് ബ്രഹ്മം.

ബ്രഹ്മം എന്താണെന്നു സുവ്യക്തമാക്കിയത്, വീണ്ടും പരിശോധിച്ചാൽ, ബ്രഹ്മം എന്താണെന്നു വിശദമാക്കാൻ കഴിയില്ല എന്ന് ബോദ്ധ്യമാകും.

ദൈവവും ദൈവരൂപവും

ബ്രഹ്മം സ്വയം ഓം എന്ന ശബ്ദബ്രഹ്മം ആയിക്കൊണ്ട് മഹാപൂർണ്ണതയോടെ ബ്രഹ്മത്തിന്റെ 'പരമായ' അഥവാ ശ്രേഷ്ഠമായ അവസ്ഥയായിട്ട് പരബ്രഹ്മം എന്ന മഹാപ്രപഞ്ചം എന്ന ജഗത്തിനെ സൃഷ്ടിക്കാതെ- സൃഷ്ടിച്ചിരിക്കുന്നു.

പരബ്രഹ്മം = മഹാപ്രപഞ്ചം

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാപ്രപഞ്ചം എന്ന ജഗത്തിനെ സൃഷ്ടിക്കാതെ- സൃഷ്ടിച്ചിരിക്കുന്നത് എങ്ങനെയെന്നു വിശദമാക്കാം.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ബ്രഹ്മം ആണോ എന്ന് ചോദിച്ചാൽ അല്ലാ എന്ന് ഉത്തരം പറയേണ്ടതായി വരും.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവ് ഏകദൈവമായ (മഹാ)ശക്തിചക്രം+ശിവചക്രം ആണെന്ന് പ്രസ്താവിച്ചാൽ ആശയ വിശദീകരണം ആവശ്യമാണ്.

ചുവടെ കൊടുക്കുന്ന കാര്യങ്ങളെ ശ്രദ്ധിക്കാനും പഠിക്കാനും മനസ്സിലാക്കാനും ദൈവം കനിയേണ്ടതുണ്ട്. അതേസമയം ആവക കാര്യങ്ങളെ സമ്പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുന്ന ഒരു ജന്മം ഓരോ മനുഷ്യനും തീർച്ചയായും ലഭിക്കുന്നതാണ്. ഓംസത്യം.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെ അല്പം വിശദീകരിക്കാം :-

സർവ്വത്തിനും - മഹാപ്രപഞ്ചത്തിനും - അതീതമായ ബ്രഹ്മം, സൃഷ്ടിക്കുന്നത് മഹാപ്രപഞ്ചത്തിനും അതീതമായ ശിവ ഗോളം, ശക്തി ഗോളം എന്ന രണ്ട് അഭൗമ പ്രതിഭാസങ്ങളെയാണ്.

ശിവചക്രം, ശക്തിചക്രം, എന്നിങ്ങനെ ചുരുക്കി പറയാം. ക്രമത്തിൽ പറയുമ്പോൾ ആദ്യം ശിവ ചക്രത്തെയും, രണ്ടാമത് ശക്തി ചക്രത്തെയും സൃഷ്ടിച്ചു. ശേഷം ശക്തി ചക്രത്തിലേക്കു മാത്രമായി, ഓം എന്ന ഏകമഹാശബ്ദമായി ബ്രഹ്മം പ്രവേശിക്കുകയും, അതോടെ മഹാശക്തിചക്രമായി ശക്തിചക്രം പരിണമിക്കുകയും ചെയ്തു.

ബ്രഹ്മം ശിവ-ശക്തി ചക്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് മഹാപ്രപഞ്ചത്തിനു മുമ്പും അതീതവുമാകയാൽ, ശിവചക്രത്തിനും ശക്തിചക്രത്തിനും ആദിയില്ലെന്ന് കണക്കാക്കേണ്ടതുണ്ട്. ആദിയില്ലാത്തവയെ (മറ്റൊന്ന്) സൃഷ്ടിച്ചതായി കണക്കാക്കാൻ കഴിയില്ല; സൃഷ്ടിയായും കണക്കാക്കാൻ കഴിയില്ല. ബ്രഹ്മത്തിനു മാത്രം സാധിക്കുന്ന

മഹാപ്രഭാവമാണത്.

സമസ്ത ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത്, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ *ശിവചക്രം+മഹാശക്തിചക്രം* എന്ന *പ്രപഞ്ചപിതാവും മഹാമാതാവുമാണ്* എന്ന് സുസ്ഥാപിതമാക്കുകയാണ് ബ്രഹ്മം. ആദിയില്ലാത്ത ദൈവം = *ശിവചക്രം+മഹാശക്തിചക്രം* തന്നെയാണ് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്നത് സത്യമായും ഭവിക്കുന്നു.

മഹാശക്തിചക്രം
മഹാനിശ്ചയിക്കുമ്പോലെ ശിവചക്രത്തെ ജീവമായും നിർജ്ജീവമായും പങ്കെടുപ്പിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നു.

ബ്രഹ്മം എന്ന വിശദമാക്കാൻ കഴിയാത്ത ഏകമഹാസത്യം സൃഷ്ടിച്ച രണ്ടു കുഞ്ഞുങ്ങളായി ശിവ ചക്രത്തെയും, ശക്തി ചക്രത്തെയും കണക്കാക്കുന്നത് ശരിയാണ്.
അതേസമയം രണ്ടു വ്യക്തികളായ (ഒരു) പിതാവിലൂടെയും (ഒരു) മാതാവിലൂടെയും സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങൾ അല്ലാ എന്നതിനാൽ സഹോദരങ്ങൾ അല്ല.
ശക്തിചക്രത്തിൽ ബ്രഹ്മം ചേർന്ന് മഹാശക്തിചക്രം ആകുന്നതോടെ *ശിവചക്രം+മഹാശക്തിചക്രം* മാത്രമാണ് ഏകമഹാസത്യം.

മഹാപ്രപഞ്ചത്തിനും അതീതമായ, ആദിയും അന്തവും ഇല്ലാത്ത സ്രഷ്ടാവായ *ശിവചക്രം+മഹാശക്തിചക്രം* മഹാപ്രവർത്തിക്കുന്ന മഹാകാര്യങ്ങളെ സൃഷ്ടി മാത്രമായ മനുഷ്യരുടെ മനോഭാവങ്ങൾ പോലെ, വിശകലനം ചെയ്യുന്നത്, അജ്ഞാനത്തിന്റെ അന്തമില്ലാത്ത കൊടുമുടി കയറലാണ്.

മഹാപ്രപഞ്ചത്തിന് അതീതമായ ഭാവനകൾ പോലും മനുഷ്യർക്ക് സാദ്ധ്യമല്ല എന്നിരിക്കെ, ഭൗതിക-വസ്തുപരമായ ആധാരം ഇല്ലാതെ മഹായുക്തിപരമായി *ശിവചക്രം+മഹാശക്തിചക്രം* എന്ന് പ്രസ്താവിച്ചതിനെയും ബന്ധപ്പെട്ട കാര്യങ്ങളെയും ഉൾക്കൊള്ളാൻ മനുഷ്യർക്ക് കഴിയുന്നതല്ല.

മഹാശക്തി-ശിവ ചക്രങ്ങളുടെ കൂട്ടായ്മയാണ് മഹാപ്രപഞ്ചം; മഹാ-പ്രവർത്തിക്കുന്നത് ഏകമഹാശക്തിയായ മഹാശക്തിചക്രം മാത്രവും.
മഹാശക്തിചക്രം = ഏകദൈവം.

സമസ്ത ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം മഹാശക്തി-ശിവ ചക്രങ്ങളുടെ കൂട്ടായ്മയാണ്. ജീവികളല്ലാത്ത മഹാസത്യത്തെ സ്ത്രീ, പുരുഷൻ എന്നിങ്ങനെ വേർതിരിക്കാൻ കഴിയില്ല. എങ്കിലും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുൻനിർത്തി മഹാശക്തി-ശിവ ചക്രങ്ങൾ രൂപപ്പെടുകയാൽ വസ്തുക്കളുടെയും ജീവികളുടെയും മാതാവും പിതാവുമാണെന്നും, ഭാര്യാ-ഭർത്തൃബന്ധത്തിന്റെ ആധാരമാണെന്നും, മനുഷ്യരെ അറിയിക്കുന്നതായി കണക്കാക്കാം.

പ്രപഞ്ചപിതാവായി ശിവചക്രം പ്രവർത്തിക്കുമ്പോൾ, ജീവമായും നിർജ്ജീവമായും ആവശ്യാനുസരണം സ്വന്തം ഭാഗമായ ശിവചക്രത്തെ, മഹാശക്തിചക്രം പ്രവർത്തിപ്പിക്കുകയാണ്. അതിന്റെ അർത്ഥം, ഏകമഹാശക്തിയായ മഹാശക്തിചക്രം മഹാമാതാവ് മാത്രമല്ല; മഹാപിതാവ് കൂടിയാണ് എന്നും മഹാദേവി തന്നെയാണ് മഹാദേവൻ എന്നുമാണ്. ബന്ധപ്പെട്ട ഗൗരവമായ പാഠം ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിലുണ്ട്.

ഓം എന്ന ശബ്ദബ്രഹ്മം മഹാപ്രപഞ്ചത്തിന് വിധേയമായിരിക്കുമ്പോഴും മഹാപ്രപഞ്ചത്തിന് അതീതമാണ് എന്ന് ഓം എന്താണെന്ന് വിശദീകരിക്കുന്ന പാഠങ്ങളിൽ ഉണ്ട്. അതിനർത്ഥം *ശിവശക്തി ചക്രങ്ങളിലൂടെ* മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ബ്രഹ്മം, മഹാപ്രപഞ്ചത്തിനും ... സർവ്വത്തിനും സദാ അതീതമാണെന്നാണ്.

ജീവാത്മാവിനെയും ഉറക്കത്തെയും സംബന്ധിക്കുന്ന പരമവിശിഷ്ട പാഠം മഹാശക്തിയായ ദൈവത്തിന്റെ ബ്രഹ്മാവസ്ഥയുമായി ബന്ധപ്പെട്ടുള്ളതാണ്.

മനുഷ്യന്റെ സ്വത്വബോധം, ഞാൻ-ബോധം, മനസ്സ്, എന്നെല്ലാം അറിയപ്പെടുന്ന ജീവാത്മാവ് താൽക്കാലികമായി ബോധം നഷ്ടപ്പെട്ട് ഉറങ്ങുമ്പോൾ, ജീവാത്മാവും, ജീവാത്മാവിനെ വഹിക്കുന്ന (ദൈവാംശമായ) ശരീരവും അവിടെയുണ്ട്. തന്റേതെന്ന് കരുതുന്നതും യഥാർത്ഥത്തിൽ വ്യക്തിക്ക് ഭാഗികമായി മാത്രം അവകാശം ഉള്ളതുമായ ശരീരം എവിടെയാണ് എന്നതുപോലും ഉറക്കത്തിൽ യാതൊരു വ്യക്തിയും/ജീവാത്മാവും അറിയുന്നില്ല. ഉറക്കത്തിനു ശേഷം മാത്രമാണ് ശരീര ബോധവും ഉണ്ടാകുന്നത്.

ജീവാത്മാവിന്റെ ഉറക്ക-പാഠത്തിൽ നിന്ന്, പ്രപഞ്ചം ഇല്ലെങ്കിലും പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം നിലനിൽക്കുമെന്ന് ലളിതമായി സുവ്യക്തമാക്കപ്പെടുന്നുണ്ട്.

മാത്രമല്ല, പ്രപഞ്ചത്തിലെ ആനന്ദങ്ങൾ, വസ്തുക്കൾ, ജീവികൾ, ശാസ്ത്ര നിയമങ്ങൾ തുടങ്ങിയവയെ ആധാരമാക്കി ബ്രഹ്മാവസ്ഥയിൽ ആനന്ദമില്ല, ആനന്ദമുണ്ട്, എന്തെങ്കിലും ഉണ്ട്, എന്തെങ്കിലും ഇല്ല, എന്നിങ്ങനെ യാതൊന്നും പറയാനാവില്ല. എല്ലാ ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം, എല്ലാ ആനന്ദങ്ങൾക്കും അതീതമാണ്. അതായത്,

ബ്രഹ്മം സ്വയം മഹാശക്തിയായി മാറിയോ, മാറാതെയോ, മഹാ-പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പോ പിമ്പോ എന്തെങ്കിലും ചെയ്തുവോ, ചെയ്യുന്നുവോ, ചെയ്യാതിരിക്കുന്നുവോ, ആനന്ദിച്ചുവോ, ആനന്ദിക്കുന്നുവോ എന്നത് എപ്പോഴും ബ്രഹ്മത്തെ സംബന്ധിച്ചും മനുഷ്യനെ സംബന്ധിച്ചും വിഷയമല്ലാതെ വരുന്നു.

പ്രപഞ്ചത്തെ സംബന്ധിച്ചവ മാത്രമാണ് കാലവും, കാലഗണനയായ പഞ്ചാംഗവും എന്നതിനാൽ, ബ്രഹ്മം കാലത്തിനും അതീതമാണ്.

ബ്രഹ്മം ഏകമാണ്. ബ്രഹ്മം മഹാപ്രപഞ്ചത്തിന് അതീതമാകയാലും എല്ലാ കുഞ്ഞുങ്ങളും / മനുഷ്യരും മഹാപ്രപഞ്ചത്തിലെ അംഗങ്ങളാകയാലും, മഹാപ്രപഞ്ചത്തിന്റെ ഭാഗമായി മാത്രം എക്കാലവും ജീവിക്കുകയാലും, യാതൊരു സൃഷ്ടികളും ബ്രഹ്മ-കാര്യങ്ങളെ കൂടുതൽ അറിയാൻ ആഗ്രഹിച്ചുകൂടാ. മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളെ ഉൾക്കൊള്ളാൻ മഹാപ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യനു സാധിക്കില്ല; ശക്തി നൽകിയിട്ടില്ല; എന്നതിനാൽ **വിപരീതമായി പ്രവർത്തിച്ചാൽ, ബുദ്ധിഭ്രമം ഉണ്ടാകുന്നതാണ്.**

മഹാപ്രപഞ്ചത്തിൽ വർത്തിക്കുന്ന മഹാശക്തിയായ ദൈവത്തെ അറിഞ്ഞും അറിയാതെയും പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരാണ് മതനേതാക്കന്മാരും രാഷ്ട്രീയ നേതാക്കന്മാരും ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും. മനുഷ്യരുടെ പ്രസ്തുത ഹീന പ്രവൃത്തികളെ മഹാമാതാവായ ദൈവം മഹാശാസ്ത്ര പ്രകാരം തിരുത്തുകയും കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യം നൽകുന്നതുമാണ്. **എന്നാൽ ബ്രഹ്മത്തെ പരിഹസിക്കേണ്ട കാര്യം മനുഷ്യനില്ല. ബ്രഹ്മം മനുഷ്യനുമായോ മഹാപ്രപഞ്ചവുമായോ ബന്ധപ്പെട്ടിരിക്കുന്നില്ല. അങ്ങനെയിരിക്കെ ഒരു കാര്യവുമില്ലാതെ മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളിൽ മനുഷ്യർ തലയിടുകയും പരിഹാസ രീതികൾ പുലർത്തുകയും ചെയ്താൽ, കുഞ്ഞുങ്ങളേ, ബ്രഹ്മമായിരിക്കുന്ന മഹാശക്തി ക്ഷമിച്ചെന്നു വരില്ല, ക്ഷമിക്കില്ല എന്ന രീതിയിൽ പ്രസ്തുത കടുത്ത പാപം നേടാതെ കുഞ്ഞുങ്ങൾ ശ്രദ്ധിക്കണം എന്ന് വാത്സല്യത്തോടെയും സ്നേഹത്തോടെയും ഉപദേശിക്കുന്നു, അഭ്യർത്ഥിക്കുന്നു, താക്കീതു ചെയ്യുന്നു.**

ബ്രഹ്മത്തെ അറിയാൻ യാതൊരാൾക്കും കഴിയുന്നതല്ല എന്നു സുവ്യക്തമായി വിശദീകരിച്ചുകഴിഞ്ഞു. ആകയാൽ, മഹാപ്രപഞ്ചത്തിലെ ജീവികൾ മാത്രമായ മനുഷ്യർ, മഹാപ്രപഞ്ചവുമായിട്ട് ബന്ധമില്ലാത്തതായ ബ്രഹ്മം എന്ന മഹാനാമത്തെ തങ്ങളുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തുന്നതും, മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മത്തെ ആരാധിക്കുന്നതും അർത്ഥശൂന്യതയാണ്; അനുവാദവും ഇല്ല; തീർച്ചയായും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്ന കാര്യമാണ്.

ബ്രഹ്മത്തോട് പ്രാർത്ഥിക്കാൻ പാടില്ല.

പ്രാർത്ഥന അത്യാവശ്യമോ ആവശ്യമോ അല്ലെങ്കിലും, പ്രാർത്ഥിക്കാതെ വയ്യാ എന്നുള്ളവർക്കും, പ്രാർത്ഥിക്കാൻ മുട്ടിനിൽക്കുന്ന അധമ-ജനങ്ങൾക്കും, അടുത്തൊരു അദ്ധ്യായത്തിൽ വ്യക്തമാക്കുന്നതു പോലെ ബ്രഹ്മത്തെ അഥവാ ബ്രഹ്മശക്തിയെ ഉൾക്കൊണ്ട് മനുഷ്യരൂപത്തിൽ വർത്തിക്കുന്ന മഹാജഗദംബയായ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയോടു

പ്രാർത്ഥിക്കാവുന്നതാണ്. ബ്രഹ്മവും പരബ്രഹ്മവും മഹാശക്തിയായ മഹാദേവി അഥവാ ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയാണെന്ന് മനസ്സിലാക്കുമ്പോൾ പാഠം ലളിതമാകുന്നു. ദേവി, മഹാദേവി, മണ്ണടി ദേവി, മഹാശിവ, ശിവ എന്നിങ്ങനെയും ഇഷ്ടം പോലെയും സൗകര്യം പോലെയും മഹാജഗദംബയോട്, (മഹാശാസ്ത്രം ലഭിക്കാത്തവരായ മഹാഭൂരിപക്ഷം ജനങ്ങൾ) പ്രാർത്ഥിച്ചു കൊള്ളുക. അറിയുക: ഭക്തിഭ്രാന്ത് പാടില്ല.

മനുഷ്യരുടെ പേരുകളോട് ചേർക്കുന്നതും, ബ്രഹ്മശ്രീ, ബ്രഹ്മ വിദ്വാൻ തുടങ്ങി ബ്രഹ്മം എന്ന പദത്തെ ചേർത്തുകൊണ്ടുള്ള യാതൊരു പേരുകളും മനുഷ്യർ ഉപയോഗിച്ചു കൂടാ. ഉപയോഗിച്ചു വരുന്ന അജ്ഞാനികളും അവിവേകികളുമായ മൂഢജനങ്ങൾ മഹാദേവിയോടു മാപ്പു പറഞ്ഞ് ദൈവീകമല്ലാത്ത അഥവാ ധർമ്മശാസ്ത്രപരമല്ലാത്ത പേരുകളെ ഉടനെ ഉപേക്ഷിച്ച് ആനന്ദത്തോടെ കഴിയുക.

മോക്ഷം എന്ന ആത്മീയ സാക്ഷാത്ക്കാരത്തിലും എല്ലാ മനുഷ്യരും (സൃഷ്ടികളും)

പരബ്രഹ്മം എന്ന മഹാപ്രപഞ്ചത്തിന്റെ ഭാഗമായ നക്ഷത്രപദവിയിലാണ് എത്തുന്നത്.



മരണത്തിലും, മോക്ഷത്തിലും മനുഷ്യൻ / ജീവാത്മാവ് ബ്രഹ്മത്തിൽ വിലയം പ്രാപിച്ചു എന്നിങ്ങനെ മനുഷ്യരുടെ ഇടയിലുള്ള മൂഢവിശ്വാസങ്ങൾ പാപസമ്പാദനം മാത്രമാണെന്ന് മുകളിലെ ബ്രഹ്മം എന്നാലെന്തെന്നുള്ള പാഠങ്ങളിൽ സുവ്യക്തമാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമാണ് ഓരോ ജീവിയും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം എന്നു പറയുമ്പോൾ, ഓരോ ജീവിയും ദൈവത്തിന്റെ അംശമാണെന്നു തോന്നും. അത് ഒട്ടും ശരിയല്ല. യഥാർത്ഥത്തിൽ ഭൂമിയെ മാത്രമാണ് ദൈവത്തിന്റെ മഹാഖരരൂപമായി സൃഷ്ടിച്ചിട്ടുള്ളത്. നക്ഷത്ര-കോടികൾ ജീവാത്മാക്കളുടെ മോക്ഷ-രൂപങ്ങളാണ്. മറ്റുള്ള ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും ദൈവം നേരിട്ട് സൃഷ്ടിച്ചതല്ല; വൈകാതെ അവയെല്ലാം പിൻവലിക്കുന്നതാണ്.

മഹാരൂപത്തിലെ ഒരു ഭാഗത്തെ നിർജ്ജീവമായി പങ്കെടുപ്പിച്ച്, അതിന്റെ അംശങ്ങളെ കൊണ്ടാണ് മഹാവിശിഷ്ടമായി ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. പിന്നീട് വിശദീകരിക്കുന്നുണ്ട്. മാത്രമല്ല;

അനന്തകോടി കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന മഹാമാതാവിനെ നോക്കി വളരെച്ചെറിയ അംശമായ കുഞ്ഞ് താൻ മഹാമാതാവാണെന്നു പറയുന്നത് ശരിയല്ല. മഹാസമുദ്രത്തിലെ ഒരു തുള്ളി ജലം, താൻ മഹാസമുദ്രമാണെന്നു പറഞ്ഞാൽ ഭോഷത്തമാണ്. സൃഷ്ടി മാത്രമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, താൻ ദൈവത്തിന്റെ അംശമാണ്, താൻ ദൈവമാണ് എന്നെല്ലാം കരുതുന്നത് ഭോഷത്തമാണ്. എല്ലാ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

ദൈവത്തിന്റെ അംശമെന്നപോലെ സൃഷ്ടിച്ചുകൊണ്ട് ദൈവം മനുഷ്യരെ ആനന്ദിപ്പിക്കുന്ന കാര്യങ്ങളെ ഉപയോഗിച്ച് മനുഷ്യർ ദൈവനിന്ദ ചെയ്യരുത് എന്നർത്ഥം.

പരബ്രഹ്മം അഥവാ മഹാപ്രപഞ്ചം ആയിരിക്കുന്ന ദൈവമാണ് കുഞ്ഞുങ്ങളായിട്ട് ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. പരബ്രഹ്മത്തിന്റെ ഭാഗമായി ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന കുഞ്ഞുങ്ങൾ, പരബ്രഹ്മത്തിലെ ധർമ്മശാസ്ത്രങ്ങൾ പ്രകാരം പരമായി അഥവാ ശ്രേഷ്ഠമായി ജീവിക്കണം. കാലമാനങ്ങൾ അറിയാതെയെന്നോണം മഹാആനന്ദങ്ങളെ അനുഭവിച്ച് ജീവിക്കുന്ന മഹാപദ്ധതിയാണ് ആത്മീയ സാക്ഷാത്ക്കാരത്തിൽ തന്റെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാപിതാവും മഹാമാതാവുമായ മഹാദേവി ഒരുക്കിയിരിക്കുന്നത്. പരബ്രഹ്മം ആയ ദൈവത്തിന്റെ അംശങ്ങളായി ദൈവം ജീവികളെ ഉയർത്തിയിരിക്കുന്നു എന്നതിനെയും ദൈവം മഹാവാത്സല്യത്തോടെ കുഞ്ഞുങ്ങൾക്ക് തന്റെ മേൽ അവകാശം നൽകിയിരിക്കുന്നതിനെയും അധികാരമായി തെറ്റിദ്ധരിക്കരുത്.

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപങ്ങളാണ് മഹാപ്രപഞ്ചമായ പരബ്രഹ്മം എന്ന അർത്ഥത്തിൽ, ദൈവം തന്റെ മഹാരൂപമായി മഹാപ്രപഞ്ചത്തെ സ്വീകരിക്കുമ്പോൾ മനുഷ്യൻ, പരബ്രഹ്മം ആയിരിക്കുന്ന ദൈവത്തിന്റെ അംശമായി മാറുന്നുവെന്ന് വ്യക്തമാക്കി. ഓം എന്ന ശബ്ദബ്രഹ്മത്തെയും അക്ഷരബ്രഹ്മത്തെയും മഹാശാസ്ത്രപ്രകാരം സൃഷ്ടിച്ചുകൊണ്ട് ബ്രഹ്മം നിർവ്വഹിക്കുന്ന മഹാശ്ചര്യം മാത്രമാണത്. യഥാർത്ഥത്തിൽ മനുഷ്യർ യാതൊരിക്കലും ബ്രഹ്മത്തിന്റെ അഥവാ ദൈവത്തിന്റെ അംശങ്ങളാകുന്നില്ല എന്നതാണ് മൂലസത്യം. മനുഷ്യരുടെയും മഹാപ്രപഞ്ചത്തിന്റെയും പിതാവായി ബ്രഹ്മമായ ദൈവം സൃഷ്ടിച്ചിട്ടുള്ള പരമശിവൻ പോലും ബ്രഹ്മത്തിന്റെ ഭാഗമല്ല. ഓം എന്ന ശബ്ദബ്രഹ്മത്തിന്റെയും അക്ഷരബ്രഹ്മത്തിന്റെയും മഹാശാസ്ത്ര വിശദീകരണങ്ങളിലേക്കു കടക്കുമ്പോൾ, നിശ്ചിത ഭാവവും രൂപവും ഉണ്ടെന്നും ഉള്ളതായും തോന്നിപ്പോകുന്ന മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യർ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥകളിൽ നിന്നും ഭിന്നമായി പ്രവർത്തിപ്പിക്കാനും അതീതമാക്കാനും ദൈവത്തിനു കഴിയുമെന്നു സുവ്യക്തമായി ബോദ്ധ്യമാകുന്നതാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹത്വത്തിൽ മനുഷ്യർ മഹാശ്ചര്യം അനുഭവിക്കുന്നതുമാണ്.

ബ്രഹ്മത്തിൽ നിന്ന് സമ്പൂർണ്ണമായും ഭിന്നമാണ് പരബ്രഹ്മമായ മഹാപ്രപഞ്ചം അഥവാ ജഗത്തെന്നും, ബ്രഹ്മത്തിനും പരബ്രഹ്മമായ ജഗത്തിനും തമ്മിൽ യാതൊരു ബന്ധങ്ങളുമില്ല എന്നും സുവ്യക്തമാകുമ്പോൾ തന്നെ, ബ്രഹ്മം പരബ്രഹ്മത്തെയും, പരബ്രഹ്മം ബ്രഹ്മത്തെയും ഉൾക്കൊള്ളുന്ന മഹാആവിഷ്ക്കാരം അറിഞ്ഞ് മനുഷ്യർ മഹാശ്ചര്യം അനുഭവിക്കുന്നതാണ്.

ഓം -വിശദീകരണ പാഠങ്ങളെ ഗ്രഹിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് മഹാശ്ചര്യം അനുഭവിക്കാൻ കഴിയുന്നതാണ്. ഓം എന്ന ശബ്ദബ്രഹ്മത്തെയും അക്ഷര ബ്രഹ്മത്തെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ ദൈവം മഹാശ്ചര്യമാക്കുന്ന മഹാപാഠങ്ങളെ പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും, ജീവികൾക്കും അവരുടെ പിതാവായ പരമശിവനും അഹംഭാവം ഒട്ടും ഉണ്ടാവാൻ പാടില്ല. ജീവികൾ ഇല്ലെങ്കിലും, മഹാപ്രപഞ്ചം ഇല്ലെങ്കിലും, ജീവികളുടെയും മഹാപ്രപഞ്ചത്തിന്റെയും പിതാവായ പരമശിവൻ ഇല്ലെങ്കിലും, മഹാശക്തിയായ ദൈവമുണ്ട്. ശിവനില്ലെങ്കിലും ശക്തി ഉണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദൈവവും ദൈവരൂപവും	
2	മഹാഖര രൂപമായ ഭൂമി
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും ഒരല്പം കൊണ്ടു മാത്രം മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്താൻ അഥവാ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാൻ ആദിയും അന്തവുമില്ലാത്ത മഹാശക്തിക്കു കഴിയും.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവം, അല്പം ശക്തിയും അല്പം ജ്ഞാനവും കൊണ്ടു മാത്ര മാണ് മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നതിൽ നിന്നും, മഹാപ്രപഞ്ചത്തിന് അതീതമായ ദൈവം മഹാ-മഹാ-ഭീമമാണെന്നും സുവ്യക്തമാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുവാൻ മഹാഉപയോഗിച്ച ശക്തിയുടെ ഓഹരിയെ ശക്തിചക്രം എന്നും ജ്ഞാനത്തിന്റെ ഓഹരിയെ ശാസ്ത്രം എന്നും തൽക്കാലം വിളിക്കാം.

മഹാപ്രപഞ്ചത്തിലെ ഉന്നത ജീവിയായിട്ട് സൃഷ്ടിച്ചിട്ടുള്ള മനുഷ്യന് മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കിയിട്ടുള്ള മഹാശാസ്ത്രത്തെയും അതിൻ പ്രകാരമുള്ള ശക്തികളെയും വസ്തുക്കളെയും ജീവികളെയും അടിസ്ഥാനമാക്കിയ ഭാവനകളും ചിന്തകളും സംഭാഷണങ്ങളും ചെയ്തികളും മാത്രമേ കഴിയൂ.

മഹാശക്തിയായ ദൈവം, മനുഷ്യന്റെ ഭാവനകൾക്ക് അതീതമായ ശാസ്ത്രങ്ങളെയും മറ്റു പ്രപഞ്ചങ്ങളെയും സൃഷ്ടിക്കുകയും, പരിപാലിക്കുകയും ചെയ്യുന്നതും, ചെയ്യാത്തതും ദൈവത്തിന്റെ ഇഷ്ടമാണ്.

മനുഷ്യർ അല്പസ്വല്പം അറിയുന്ന പ്രപഞ്ചം തന്നെ, മനുഷ്യർക്ക് അതിഭീമമാണ്. അങ്ങനെയിരിക്കെ അനന്തമായ മറ്റു ശാസ്ത്രങ്ങളെയും പ്രപഞ്ചങ്ങളെയും ജീവികളെയും ഒക്കെ ദൈവം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്താൽ; മനുഷ്യർക്കും, ഉന്നതമായ ജ്ഞാനത്തെ ലഭിക്കുന്ന മറ്റുള്ള സൃഷ്ടികൾക്കും "തങ്ങളുടെ മാത്രം ദൈവം" എന്നു പറയാൻ കഴിയാതെ വരുന്നതാണ്; അസുരക്ഷിതത്വ ചിന്തകൾ ഉണ്ടാകുന്നതാണ്.

ഉന്നതമായ ബുദ്ധിശക്തികളെ ലഭിച്ചിട്ടുള്ള മനുഷ്യരുടെയും, ദേവതകൾ / മലക്കുകൾ / മാലാഖമാർ തുടങ്ങിയ അവ്യക്ത-ജീവികളുടെയും അസുരക്ഷിതത്വം ഒഴിവാക്കിക്കൊണ്ട് ജീവികളുടെ ശരീരം എന്ന ഭാഗം ആയിക്കൊണ്ടും, സൃഷ്ടിക്കുന്ന ജീവികൾക്കെല്ലാം സദാ ജീവിക്കാൻ ആവശ്യമായ ഭക്ഷണം, (വസ്ത്രം), പാർപ്പിടം, ജ്ഞാനം, ആനന്ദങ്ങൾ, സമ്പത്ത്, സുരക്ഷ തുടങ്ങിയവയെല്ലാം ചേർന്നുള്ള ഭൂമി ആയിട്ട്

മഹാവാത്സല്ല്യത്തോടെ

ഏകമഹാശക്തിയായ ദൈവം മാറുമ്പോൾ, ഉന്നതമായ ബുദ്ധിശക്തികളെ ലഭിച്ചിട്ടുള്ള മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും അസുരക്ഷിത ചിന്തകൾക്ക് പരിഹാരമായി.

മണ്ണും ഭൂമിയും മഹാമാതാവും ആയിക്കൊണ്ട് ദൈവം മഹാവാത്സല്യം കാട്ടുമ്പോൾ, അതിനെ ഉൾക്കൊണ്ടു ജീവിക്കണം എന്ന സാമാന്യ മര്യാദ മനുഷ്യർ കാണിക്കണ്ടേ ?

ബുദ്ധി ശക്തിയും വർദ്ധിച്ച ജീവിത സൗകര്യങ്ങളും ജന്മഗുണങ്ങളായി ലഭിച്ചവർ സ്വയം ചോദിച്ചു കൊള്ളുക.

മഹാനീതിശാസ്ത്ര പ്രകാരം മണ്ണും ഭൂമിയുമായ മഹാഖരരൂപത്തെ ദൈവം സ്വീകരിക്കുമ്പോൾ, ദൈവം ശക്തിചക്രമാണ്. അതിസൂക്ഷ്മമായ വിശകലനത്തിൽ ഭൂമിയിലെ മൂലകങ്ങളായും (elements) അവയിലെ വൈവിധ്യമാർന്ന ആറ്റങ്ങളായും, ആറ്റങ്ങളിലെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ കണങ്ങളായും, മഹാഅവതരിച്ചു കൊണ്ട് ദൈവം ശക്തികളായും ശാസ്ത്രങ്ങളായും ജീവികൾക്ക് അനന്തമാം ആനന്ദങ്ങളെ നൽകുന്നതിന് അനന്തമായ ആവശ്യങ്ങളെയും പരിഹാരങ്ങളെയും ഒരുക്കുകയാണ്.

ദൈവവും മണ്ണുമായ ഭൂമിയിലെ കാർബൺ, കാത്സ്യം, ഇരുമ്പ്, സൾഫർ, സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം, ഫോസ്ഫറസ് തുടങ്ങിയ മൂലകങ്ങളെ ജീവികളുടെ ശരീരമായി മാറ്റുന്നു. മണ്ണിന്റെ അംശങ്ങളാണ് ജീവികളുടെയെല്ലാം ശരീരം ആയിരിക്കുന്നത് എന്നു വെച്ചാൽ മണ്ണ് തന്നെയാണ് നാടുകളും ഭൂമിയും എന്നറിയണം. ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നതും; ഭക്ഷണം, ജലം, വായു ജീവികൾ, തുടങ്ങിയവ യോജിക്കുന്നതും അതുകൊണ്ടാണ്.

മഹാഗൗരവമായ വിഷയമാണത്. ഫലത്തിൽ ദൈവാംശമായ ശരീരത്തെ (ഭാഗികമായി) ജീവികളുടെ സ്വന്തമെന്നോണം ജീവിതകാലം മുഴുവൻ സദാ ഉപയോഗിച്ച് ആനന്ദങ്ങളെ അനുഭവിക്കാനുള്ള മഹോത്തര ഉപാധിയായി പ്രവർത്തിപ്പിക്കുകയാണ്. മണ്ണും ശരീരവും നാടും ഭൂമിയുമായ ദൈവത്തിന്റെ അംശമാണ് ജീവികളുടെയെല്ലാം ശരീരം എന്നതിനാൽ, ജീവികളുടെ സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച് ശരീരം എല്ലായ്പ്പോഴും പ്രത്യക്ഷ ദൈവം കൂടിയാണ്. രോഗങ്ങളെ സ്വയം നൽകിയും ഭൗതിക ശാസ്ത്ര ശാഖയായ വൈദ്യ ശാസ്ത്ര പ്രകാരം സുഖപ്പെടുത്തിയും മറ്റും ജീവാത്മാവിനെ ഭരിക്കാനും, സ്വയം ശരീരത്തിലെ ഏതാനും /ചില അവയവങ്ങളെ ചലിപ്പിക്കാൻ അനുവാദം നൽകിക്കൊണ്ട് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും സദാ ജീവാത്മാവിന് അനുവദിക്കാനും, അനന്തമായ ആനന്ദങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എല്ലാ ജീവികൾക്കും നൽകാനും മറ്റും പ്രത്യക്ഷ ദൈവമായ ശരീരം ശ്രദ്ധിക്കുന്നുമുണ്ട്.

ദൈവം ഉന്നതമായ ബുദ്ധിശക്തികളെ പ്രത്യേകമായി ഓരോ വ്യക്തിക്കും മഹാഅനുഗ്രഹിച്ചു നൽകിയിട്ട്, അവയെ ഉപയോഗിക്കാതെ കൂട്ടം തിരിഞ്ഞ് പാപികളായി ആകാശത്തും മറ്റും ദൈവത്തെയും ദൈവങ്ങളെയും തേടിപ്പോകുന്നതും, അവരുടെ അധമ ചിന്തകളെ

'മതങ്ങൾ' എന്ന പേരോടെ മറ്റുള്ളവർ ചുമന്നു പോന്നതും മഹാശക്തിയായ ദൈവത്തിന്റെ കുറ്റമല്ല. ജീവിക്കാനും ആനന്ദിക്കാനും ആവശ്യമായ സർവ്വവും മണ്ണിലെ വസ്തുക്കളിലും **ജീവികളുടെ ശരീരത്തിലും ശക്തികളായിട്ടും ശാസ്ത്ര നിയമങ്ങളായിട്ടും ആനന്ദങ്ങളായിട്ടും മഹാലയിച്ചിട്ടുണ്ട്.** അതിനെ ഉപയോഗിച്ച് ജീവിക്കേണ്ടുന്ന മനുഷ്യർ മണ്ണും ശരീരവും ഭൂമിയുമായ ഏകദൈവത്തെയും, ഏകദൈവം നൽകിയ ഉന്നതമായ ബുദ്ധിശക്തിയെയും അവഗണിച്ച് തോന്നും പോലെ ദൈവ (വിശ്വാസ) കാര്യങ്ങളിൽ ആവശ്യം ഇല്ലാതെ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും, ഭൂമിയും മണ്ണും സ്വന്തം-ശരീരവുമായ ദൈവം ആവശ്യപ്പെട്ടല്ല.

മനുഷ്യരുടെയും മറ്റും അസുരക്ഷിതത്വം ഒഴിവാക്കുക മാത്രമല്ല; ഭൂമി ആയിക്കൊണ്ടും ഭൂമിയെ കേന്ദ്രീകരിച്ചും ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ സദാ മഹാമംഗളമാക്കുവാനും, അതോടൊപ്പം ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തികളെ സദാ പ്രകടമാക്കുവാനും, സൃഷ്ടികളായ ജീവികളോടുള്ള **മഹാവാത്സല്യത്തെ** തന്റെ മഹാആനന്ദമായിട്ട് മഹാനിശ്ചയിച്ചിട്ടുള്ള ദൈവത്തിനു സാധിക്കുന്നതാണ്. സൃഷ്ടികളായ ജീവികളെയെല്ലാം തന്റെ പൊന്നോമന കുഞ്ഞുങ്ങളായിട്ട് കരുതുന്ന മഹാവാത്സല്യമാണത്. സൃഷ്ടികളുടെ **മഹായജമാനനും മഹായജമാനയും എന്ന സ്ഥാനങ്ങളെ ഒട്ടും സ്വീകരിക്കാതിരിക്കുകയും, കുഞ്ഞുങ്ങൾക്കുവേണ്ടി, കുഞ്ഞുങ്ങളുടെയെല്ലാം ഏക മഹാപിതാവും - മഹാമാതാവും - മഹാവാത്സല്യവും ഭൂമിയും നാടുകളും മണ്ണും**

ശരീരവുമായി ദൈവം മാറുന്നു. മഹാഖരരൂപം മാത്രമല്ല ഭൂമി; സമുദ്ര-ജലം, പെട്രോളിയം, വാതകങ്ങൾ തുടങ്ങിയവ കൂടി ഉണ്ടെന്ന് പറയുമ്പോൾ സമുദ്രത്തെയും ദ്രാവകങ്ങളെയും വാതകങ്ങളെയും മറ്റും താങ്ങി നിർത്തുന്നത് മഹാഖരരൂപമായ മണ്ണ് തന്നെയാണ്.

മണ്ണിന്റെ / മണ്ണിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങൾക്ക് ഭൗതികമായ അസ്തിത്വം ഉണ്ട് എന്നു പറയുമ്പോൾ, നിയമങ്ങളുടെ ഭൗതികമായ അസ്തിത്വം ആണ് 'മൂലകങ്ങൾ'. ചുവടെ ബ്രാക്കറ്റിൽ വേറിട്ട് ചേർക്കുന്നുണ്ട്. ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവരും വിഷമിക്കുന്നരും ദൈവാനുഗ്രഹം തേടുന്നത് നല്ലതാണ്. അവയെ എല്ലാവരും വായിക്കേണ്ടതില്ല.

((*വാതകം, ദ്രാവകം, ഖരം, പ്ലാസ്മ എന്നിങ്ങനെ ദ്രവ്യങ്ങളെല്ലാം ശക്തികളുടെയും നിയമങ്ങളുടെയും ഭൗതികമായ ഒന്നിക്കലാണ്. വാതകം, ദ്രാവകം, ഖരം, പ്ലാസ്മ എന്നിങ്ങനെയുള്ള അവസ്ഥകളിൽ ദ്രവ്യം വ്യത്യസ്ത മൂലകങ്ങളാവുന്നതും അവയുടെയെല്ലാം ആറ്റങ്ങളിൽ 'ശബ്ദബ്രഹ്മം' ആയി 'ദൈവം' മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കുന്നതും സത്യമായ വസ്തുതയാണ്. ദൈവ വിപ്ലവത്തോടെ ശബ്ദബ്രഹ്മമായ **ഓം** ഉച്ചത്തിൽ മഹാസംഗീതമായി മുഴങ്ങുന്നതിനാൽ സംശയങ്ങൾ വൈകാതെ അവസാനിക്കുന്നതാണ്. 'ശബ്ദ ബ്രഹ്മത്തെ' മഹാഉപാധി ആക്കി ക്കൊണ്ട് ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളതും, ആറ്റങ്ങളിലെ ഇലക്ട്രോൺ,

പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ സൃഷ്ടി-സ്ഥിതി-സംഹാര നിയമങ്ങളു മാണ് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിങ്ങനെയുള്ള വേദങ്ങളുടെ മൂലാധാരം.

ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമി എന്ന മണ്ണിന്റെ അംശങ്ങളും മൂലകങ്ങളുമായ സോഡിയം, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, അയേൺ, സൾഫർ, കാർബൺ, ... തുടങ്ങിയവയെ പരിവർത്തനപ്പെടുത്തി ജീവാത്മാവിനെ വഹിക്കുന്ന ജീവിയുടെ ശരീരമാക്കുന്നതിന് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും ദ്രാവകരൂപമായ ജലവും മഹാപ്രവർത്തിക്കുന്നുണ്ട്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ എല്ലാ ജീവികളുടെയും ശരീരങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവാംശങ്ങളായ മണ്ണിലെ ഏതാനും മൂലകങ്ങളും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും, ദ്രാവകരൂപമായ ജലവുമാണ് എന്നതിനാൽ ജീവികളുടെയെല്ലാം ശരീരം എപ്പോഴും-സമ്പൂർണ്ണമായും- ദൈവാംശങ്ങളാണ്. ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം ജീവാത്മാവിനെ ഭരിക്കുന്ന പ്രത്യക്ഷദൈവം കൂടിയാണ് എന്നാണ് അതിന്നർത്ഥം.

ജീവാത്മാവിന് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ഭൗതിക അസ്തിത്വം ലഭിച്ച് ജീവി ആവണമെങ്കിൽ ദൈവത്തിന്റെ **നീതി-ഖര രൂപമായ മണ്ണിന്റെ** രൂപാന്തരമായ ശരീരത്തെ ആദ്യം ലഭിക്കണം. **ശരീരവും, പരമാത്മാവും, ജീവാത്മാവും** ഒന്നുചേർന്ന് '**ജീവി**' രൂപംകൊള്ളുമെങ്കിലും, ജീവിക്ക് **ജീവൻ**/ശക്തി ഉണ്ടാവണമെങ്കിൽ, ദൈവത്തിന്റെ **സൃഷ്ടി-വാതക**

രൂപമായ ഓക്സിജൻ/ജീവൻ /ശക്തി എല്ലായ്പ്പോഴും ജീവിയുടെ സ്വന്തമെന്നോണമുള്ള ഖരരൂപമായ ശരീരത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കണം. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വന്തമെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള ദൈവാംശമായ ശരീരത്തിൽ, 'ജീവികളുടെയെല്ലാം ജീവനും ദൈവത്തിന്റെ വാതക രൂപവുമായ ഓക്സിജൻ' എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത് ഓക്സിജന്റെ ഇഷ്ടപ്രകാരമാണ് എന്നതും, 'ശ്വാസോച്ഛ്വാസം എന്ന പ്രവൃത്തിയെ ചെയ്യുന്ന ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ' മനുഷ്യന്റെ ചിന്തകളെപ്പോലും ഭൗതികമായി അറിയുന്നു എന്നതും മനസ്സിലാക്കാൻ കഴിയുന്നത് ഭാഗ്യമാണ്. 'ദൈവത്തിന്റെ **സ്ഥിതി-ദ്രാവക രൂപമായ ജലമാണ്** ' ശരീരത്തെയും ജീവനെയും എപ്പോഴും ബന്ധിപ്പിക്കുന്നത്. പക്ഷി, മൃഗം, മനുഷ്യൻ എന്നീ അവസ്ഥകളിൽ ജലം പ്രവർത്തിക്കുന്നത് **രക്തത്തിലൂടെ**യാണ്.

ജീവിതത്തെ കുറിക്കുന്ന 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ **ജലത്തെ**' പ്പറ്റി വിവരിക്കേണ്ടത് അത്യാവശ്യമാണ്. 'ദൈവത്തിന്റെ സൃഷ്ടി-വാതക രൂപവും ജീവികളുടെ ജീവനുമായ ഓക്സിജൻ' സ്വയം മഹാനിശ്ചയിക്കുന്ന അളവ്, താപം, മർദ്ദം എന്നിങ്ങനെയുള്ള ഊർജ്ജ/ശക്തി മാനങ്ങളോടെ, സൂര്യനിൽ നിന്നും വരുന്ന പരമാത്മാവായ ഹൈഡ്രജനുമായി ഒന്നുചേർന്നാണ് ദൈവത്തിന്റെ സ്ഥിതി-ദ്രാവകരൂപമായ ആദ്യ-ജലം ഉണ്ടാകുന്നത്. ജലത്തിന്റെ ഭൗതിക ശാസ്ത്രം ആണത്. **ജലം ഉണ്ടാകുമ്പോൾ തന്നെ ജലത്തിന്റെ അനന്തമായ ഗുണങ്ങളെയും ഉപയോഗങ്ങളെയും നിശ്ചയിക്കുന്ന**

ധർമ്മ ശാസ്ത്ര നിയമങ്ങളും, മറ്റുള്ള വസ്തുക്കളെയും ജീവികളെയും ഭരിക്കുന്ന ആത്മീയ/ മഹാനീതി ശാസ്ത്ര നിയമങ്ങളും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജന്റെ പ്രഭാവം കൊണ്ട് ദൈവത്തിന്റെ ദ്രാവക രൂപമായ ജലത്തിൽ മഹാലയിക്കുന്നുണ്ട്. ജീവികൾക്കെല്ലാം ഭൂമിയിൽ ജീവിക്കണമെങ്കിൽ ദൈവത്തിന്റെ സ്ഥിതി- ദ്രാവകരൂപമായ ജലം കൂടിയേ കഴിയൂ.

ഖര രൂപവും മണ്ണുമായ ഭൂമിക്ക് ജീവികളുടെയെല്ലാം ശരീരമായും ജീവികൾക്കെല്ലാം ആവശ്യമായ മറ്റു വസ്തുക്കളായും പ്രവർത്തിക്കുന്നതിന് ദ്രാവകരൂപമായ ജലത്തെയും വാതക രൂപമായ ഓക്സിജനെയും ഉപയോഗിക്കുന്നു. ഖര രൂപവും മണ്ണുമായ ഭൂമി ജീവിസൃഷ്ടി നടത്തുമ്പോൾ, ഓക്സൈഡ്, നൈട്രേറ്റ്, സൾഫേറ്റ് തുടങ്ങിയവയിൽ നിന്നും വേർപെട്ട് 'വാതക രൂപമായ ഓക്സിജനായി' ഭൂമിയിൽ പരക്കെ സൃഷ്ടിക്കുന്ന അന്തരീക്ഷ വായുവിൽ സ്വയം നിലകൊള്ളുന്നു. അപ്പോൾ ജീവികൾക്കെല്ലാം അത്യാവശ്യമാകുന്നത് ജലം മാത്രമാണ്. ആകയാൽ ജനങ്ങൾക്കും പ്രത്യേകമായിട്ട് കൃഷിക്കാർക്കും വളർത്തു മൃഗങ്ങൾക്കും സസ്യങ്ങൾക്കും (കൃഷികൾക്കും) ആവശ്യമായ ജലത്തെ സൗജന്യമായി ലഭ്യമാക്കുക എന്ന ചുമതല ഭരണാധികാരികൾക്ക് ഉണ്ട്.)).

മണ്ണിലെ ഓരോ വസ്തുവും അതിന്റെ ഭൗതിക-ധർമ്മ-ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും അർത്ഥപുഷ്ടി യോടെ സൃഷ്ടിക്കപ്പെട്ടതും പരസ്പര പൂരകങ്ങളുമാണ്. അതേപോലെ (ഭൂമിയിലെ) എല്ലാ വസ്തുക്കളും അവയുടെ ഭൗതിക-ധർമ്മ-ആത്മീയ/ മഹാനീതി ശാസ്ത്ര നിയമങ്ങളും സമാനമായി മഹായോജിച്ചും ബന്ധിച്ചുമാണ് പ്രവർത്തിക്കുന്നത്. ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങൾ അവയിലോ അവയ്ക്കിടയിലോ ഇല്ല. യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഇല്ലാത്തതും, മഹാസമ്പൂർണ്ണവുമായ 'മഹാ-ധർമ്മ ശാസ്ത്ര നിയമങ്ങളെ' ധാർമ്മിക ശുദ്ധി ഉള്ളവർക്കും മറ്റും ക്രമാനുഗതമായി മഹാശക്തി / ദൈവം മഹാവെളിപ്പെടുത്തുന്നതാണ്. മനുഷ്യരിലെ ധാർമ്മിക അധഃപതനം വർദ്ധിച്ചാൽ ദൈവ-ഭാഗമായ **പരമശിവനെ** മനുഷ്യനായിട്ട് വ്യത്യസ്ത പ്രദേശങ്ങളിൽ അയച്ച് മണ്ണിലെ ധർമ്മ ശാസ്ത്ര നിയമങ്ങളെ മാനുഷികമായി കണ്ടെത്തുകയും വെളിവാക്കുകയും ചെയ്യുന്ന മഹാഅവസ്ഥയും **(മഹാനീതിപതിയായ ദൈവം)** ഉണ്ടാക്കുന്നതാണ്.

ദൈവവും ദൈവരൂപവും	
3	മഹാഭദ്രകാളി
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

ദൈവത്തിന്റെ ദിവ്യമഹാജീവി-രൂപങ്ങൾ

ദൈവത്തിനു ശരീരമുണ്ടെങ്കിൽ, രൂപവുമുണ്ട്; രൂപമുണ്ടെങ്കിൽ ശരീരവും. ദൈവത്തിനു ശരീരം ആവശ്യമുണ്ടെങ്കിൽ മാത്രമേ ദൈവം ഒരു ശരീരത്തെ സ്വീകരിക്കേണ്ടൂ.

ദൈവത്തിനു ശരീരം ആവശ്യമില്ല.

കുഞ്ഞുങ്ങളായ മനുഷ്യർക്ക് സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തെ കാണുവാനും മഹാസ്നേഹവാത്സല്യങ്ങളെ നേരിട്ട് അനുഭവിക്കാനും കഴിയണം.

കുഞ്ഞുങ്ങളായ സൃഷ്ടികളുടെ ന്യായമായ /ധർമ്മ ശാസ്ത്രപരമായ എല്ലാ ആഗ്രഹങ്ങളെയും സാധിച്ചുകൊടുക്കേണ്ടത് ദൈവത്തിന്റെ ചുമതലയാണ്.

അതായത് ദൈവം ഏതൊരു രൂപം സ്വീകരിക്കുന്നതും സ്വീകരിക്കേണ്ടതും സൃഷ്ടികളായ കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കിയാണ്. എന്തെങ്കിലും ഒരു രൂപത്തെ ദൈവം സ്വീകരിക്കുന്നത് ഉചിതമല്ല.

മഹാശക്തിയായ ദൈവം

സ്വീകരിക്കുന്ന രൂപം

മഹാപ്രപഞ്ചത്തിനും ജീവികളുടെ രൂപങ്ങൾക്കും ഇഷ്ടങ്ങൾക്കും നന്നായി ഇണങ്ങണം. മഹാശാസ്ത്ര പ്രകാരമുള്ള രൂപത്തെ ദൈവം സ്വീകരിക്കുന്നത് മഹാഉചിതമാണ്.

ദൈവ രൂപത്തെ വിശദീകരിക്കുന്നതിനു മുമ്പ്, സൃഷ്ടികളായ ജീവികളുടെ ശരീര പ്രാധാന്യത്തെ അല്പം വിശദീകരിക്കണം :-

ജീവികളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളത് രൂപത്തോടെയാണ്; ശരീരത്തോടെയാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വയം അറിയുന്നതും, അന്യോന്യം

അറിയുന്നതും, പ്രപഞ്ച-വസ്തുക്കളെയും പ്രപഞ്ച കാര്യങ്ങളെയും അറിയുന്നതും, അനുഭവിക്കുന്നതും, ആസ്വദിക്കുന്നതും, ആനന്ദിക്കുന്നതും എല്ലാം ഭൗതിക അസ്തിത്വമുള്ള ശരീരത്തിലൂടെയാണ്. ജീവിക്കാൻ ശരീരമുണ്ടെങ്കിലേ കഴിയൂ; ശരീരത്തിന് ശക്തി എന്ന ആരോഗ്യവും. ഉദാഹരണത്തിന് അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, നാട്ടുകാർ തുടങ്ങിയവരെ കാണാനും കേൾക്കാനും ഇടപഴകാനും ആഗ്രഹിക്കുന്നത് സദാ ശരീരത്തെ ആസ്പദമാക്കിയാണ്. ദൈവ- ദേവതാ -രൂപ സങ്കല്പങ്ങളും ശരീരത്തെ ആസ്പദമാക്കിയാണ്. ദൈവത്തെ കാണാനും കേൾക്കാനും മനുഷ്യർ ആഗ്രഹിക്കുന്നതും ശരീരത്തെ ആസ്പദമാക്കിയാണ്.

അദൃശ്യ വാതകമായ ജീവാത്മാവിന് അസ്തിത്വവും, ആനന്ദങ്ങളെ ആസ്വദിക്കാനുള്ള വിവിധ കഴിവുകളെയും ആനന്ദങ്ങളെയും (ദൈവം) നൽകുന്നത് എപ്പോഴും ശരീരത്തിലൂടെയാണ്. ജീവിതത്തിലെ നന്മതിന്മകളെ ചെയ്യാൻ കഴിയുന്നതും ശരീരത്തിലൂടെ ആകയാൽ, യഥാർത്ഥത്തിൽ ശരീരം തന്നെയാണ് ജീവികൾക്കെല്ലാം പ്രധാനം; ആത്മാവല്ല.

മരണാനന്തര ജീവിതം പ്രധാനമാണ്; എന്നാൽ മരണാനന്തര ജീവിതത്തിൽ ആനന്ദങ്ങളെ ലഭിക്കുന്നതിന് ഭൂമിയിലെ ജീവിതത്തിലുള്ള നന്മതിന്മകളാണ് ആധാരം. അതിന്റെ യഥാർത്ഥവും ലളിതവുമായ അർത്ഥങ്ങളെ മനസ്സിലാക്കണം. ഭൗതിക രൂപത്തിലുള്ള ഭൂമിയോ ഭൂമിയിലെ ജീവിതമോ ഇല്ലെങ്കിൽ, മരണാനന്തര ലോകങ്ങളും മരണാനന്തര ജീവിതങ്ങളും ഇല്ല; അതിനാൽ ജീവികൾക്കെല്ലാം ഭൂമിയും ഭൂമിയിലെ ജീവിതവുമാണ് യഥാർത്ഥത്തിൽ പ്രധാനം. എല്ലാ ജീവികളും മതപുരോഹിതരും മതക്കോടതികളും മറ്റുള്ള കോടതികളുമൊക്കെ വ്യക്തിയുടെ സ്വത്വമായ ആത്മാവിനെ ശിക്ഷിക്കുന്നതിനു പകരം ശരീരത്തെ ശിക്ഷിക്കുന്നത് യഥാർത്ഥത്തിൽ ശരീരമാണ് പ്രധാനം എന്നതുകൊണ്ടാണ്. ആത്മാവാണ് പ്രധാനമെന്ന് പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന മൂഢ-കേമന്മാർക്കെല്ലാം ശരീരത്തെ ഉപയോഗിക്കാതെ പ്രസംഗിക്കാനും എഴുതാനും ശരീരമില്ലാതെ ജീവിക്കാനും സാധിക്കാത്തത് ശരീരമാണ് പ്രധാനം എന്നതു കൊണ്ടാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപം കൂടിയായ ഭൂമിയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നവർ ഭൂമിയും ഭൂമിയിലെ ജീവിതവും പ്രധാനമല്ലെന്നുള്ള പ്രഭാഷണങ്ങളും സംഭാഷണങ്ങളും മറ്റും ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. പാപങ്ങളും ദൈവശിക്ഷകളും വാരിക്കൂട്ടുന്ന കടുത്ത മനോരോഗികളാണവർ.

മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.

ജനങ്ങളുടെ പണം പിടുങ്ങുന്ന മത-ജാതി-രാഷ്ട്രീയങ്ങളിലെ കടുത്ത മനോരോഗികൾ സമർത്ഥമായി അതുതന്നെ ചെയ്യുന്നുണ്ട്; **ആനന്ദിച്ചു** ജീവിക്കുന്നുണ്ട്. മനോരോഗികളും മണ്ടന്മാരുമായ പാവം ജനങ്ങൾ മത-ജാതി-രാഷ്ട്രീയങ്ങളിലെ കടുത്ത മനോരോഗികൾക്കും അവർ പഠിപ്പിച്ച വ്യത്യസ്ത മതദൈവങ്ങൾക്കും ജയ് കൂയ് ജയ് വിളിച്ച് ജീവിതം പാഴാക്കുന്നുമുണ്ട്.

അസംബന്ധങ്ങൾ പ്രചരിപ്പിച്ച് സാധാരണ ജനങ്ങളെ ചൂഷണംചെയ്യാതെ മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദത്തോടെയും ധർമ്മ ശാസ്ത്ര പരമായും ജീവിക്കുന്ന അവസ്ഥ ദൈവ വിപ്ലവത്തോടെ യാഥാർത്ഥ്യമാകുന്നതാണ്. ദൈവകാര്യങ്ങളെ മഹാഉചിതമായ സമയത്ത് ദൈവം (തന്റെ കുഞ്ഞുങ്ങളായ മനുഷ്യരെയെല്ലാം പ്രത്യേകം പ്രത്യേകമായി നേരിട്ട് പഠിപ്പിക്കുന്നതാണ്. മഹാശക്തിയായ ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു സൃഷ്ടികളുടെയും - മധ്യസ്ഥരുടെയും - യാതൊരു സഹായവും ആവശ്യമില്ല.

ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, ആദിയും അന്തവുമില്ലാത്ത മഹാശക്തിയും, മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും ആണെങ്കിലും, യാതൊന്നിലും ഒതുങ്ങാത്തതായ രൂപത്തെ രൂപമില്ലാത്ത ദൈവം, പരിശുദ്ധാത്മാവ്, അല്ലാഹു, മഹാസത്യം എന്നിങ്ങനെ വിശേഷിപ്പിക്കാമെങ്കിലും, മുമ്പ് വ്യക്തമാക്കിയതു പോലെ അങ്ങനെയുള്ള വിശേഷണം ഭാഗികമായ ശരി മാത്രമാണ്.

യാതൊരു രൂപങ്ങളിലും ഒതുങ്ങില്ലായെന്നതുപോലെ, ഒരു കല്ലിലോ കടുകിലോ എന്തിലുമോ (ജീവിയിലുമോ) പ്രവേശിച്ചുകൊണ്ടോ, ഒരു കല്ലോ, കടുകോ, കാറ്റോ, മൃഗമോ, മനുഷ്യനോ മറ്റും ആയിക്കൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാൻ മഹാശക്തിയായ ദൈവത്തിനു കഴിയും എന്നതും സുവ്യക്തമാണ്. എന്തും ചെയ്യാൻ ശക്തിയുള്ള, മഹാശക്തിയായ ദൈവത്തിന് ഒരു കടുകിലോ വിഗ്രഹത്തിലോ ജീവിയിലുമോ പ്രവേശിച്ചു കൊണ്ടോ ആയിക്കൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുവാൻ **ശക്തിയില്ലെന്ന്** വിശ്വസിക്കുന്നവർ ഉണ്ടെങ്കിൽ അവർ കടുത്ത ദൈവനിന്ദയാണ് ചെയ്യുന്നത്.

വിഗ്രഹത്തിൽ പ്രവേശിച്ചു കൊണ്ട് എന്തും ചെയ്യാൻ മഹാശക്തിയായ ദൈവത്തിനു കഴിയും എന്നതിന്, **വിഗ്രഹ** ആരാധന **ശരിയാണെന്നു** ധരിച്ചുപോവരുത്. വിഗ്രഹത്തിൽ നിന്ന് അഥവാ **എന്തിലെങ്കിലും** നിന്ന് ദൈവം പ്രത്യക്ഷമാവുകയും, മഹാ-അനുവദിക്കുകയും

ചെയ്യുകയാണെങ്കിൽ **പ്രത്യക്ഷമാവുന്ന ദൈവത്തെ ആരാധിക്കുകയോ** നമസ്ക്കരിക്കുകയോ **ചെയ്യുക** എന്നല്ലാതെ **വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല.** മാത്രമല്ല; പാൽ, പഴം, നെയ്യ്, എണ്ണ, ചന്ദനം തുടങ്ങിയ യാതൊരു സാധനങ്ങളെയും വിഗ്രഹം ഭക്ഷിക്കുന്നില്ലാ എന്നിരിക്കെ, അവയെ വിഗ്രഹത്തിൽ ഒഴുക്കുന്നതും കുശുകുശു മന്ത്രങ്ങൾ ജപിക്കുന്നതുമെല്ലാം കടുത്ത ദൈവനിന്ദയും കൊടുംകൊള്ളയുമാണ്. അല്ലെന്നാൽ, ഓരോ മനുഷ്യനെയും പ്രത്യേകമായി സൃഷ്ടിച്ചിട്ടുള്ള ദൈവം ഓരോ മനുഷ്യനെയും നേരിട്ട്/പ്രത്യേകമായി അനുവദിക്കണം. വിഗ്രഹത്തിൽ ആട-ആഭരണങ്ങളെ ചാർത്തുന്നതും ആവശ്യത്തിലധികം വിളക്കുകൾ കത്തിക്കുന്നതും അപരാധമാണ്. വെളിച്ചത്തെ സൃഷ്ടിക്കുന്ന ദൈവത്തിന് വിളക്ക് വേണ്ടാ. ഇരുട്ടിൽ കണ്ണുകാണാത്ത മനുഷ്യനാണ് വിളക്ക് വേണ്ടത്; ആവശ്യത്തിനു മാത്രം ഉപയോഗിക്കുകയും വേണം; പാഴാക്കരുത്. മഹാശാസ്ത്രപരമായിട്ട് ദേവാലയം നിർമ്മിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്ന പ്രത്യേകമായ അദ്ധ്യായം ഇ-മഹാഗ്രന്ഥത്തിലുണ്ട്.

ദൈവം എന്നാലെന്താണ് ? മലയാള ഭാഷയിൽ 'ദൈവം' എന്ന പദം ഉപയോഗിക്കുന്നത് എന്തുകൊണ്ടാണ് ?

മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം ഏകമഹാ-സൃഷ്ടി-സ്ഥിതി- സംഹാര കർത്താവും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ മഹാശക്തി,

സർവ്വതിനും അതീതമായ മഹാശക്തി മാത്രമാണെന്നും, **ജീവിയല്ലെന്ന് അറിയുമ്പോഴും, സൃഷ്ടികളായ ജീവികളുടെ സന്തോഷത്തെ കണക്കാക്കി ജീവിയപ്പോലെ പെരുമാറുകയാൽ ദൈവ-മഹാ-ജീവിയാണ്. സ്ത്രീയും പുരുഷനും** എന്ന 2 ഭാഗങ്ങളായിട്ടാണ് **മനുഷ്യൻ** അഥവാ ജീവി എന്നതു പ്രകാരം മഹാശക്തിയായ **ദൈവ**-ജീവിയെ **ദേവൻ** എന്നും **ദേവി** എന്നും വിളിക്കാനാവും. മഹാശക്തിയായ ദൈവത്തിനു മാത്രം അവകാശപ്പെട്ട **മഹാ** എന്ന പദം ചേരുമ്പോൾ **മഹാദേവൻ**, **മഹാദേവി** എന്നീ മഹാനാമങ്ങളെ ലഭിക്കുന്നതുമാണ്. സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങൾ ചേർന്നു മനുഷ്യൻ എന്നതുപോലെ **ദേവൻ**, **ദേവി** എന്നീ 2 പദങ്ങൾ ചേർത്ത് **ദൈവം** എന്നു വിശേഷിപ്പിക്കുന്നു.

ദൈവ രൂപ കാര്യങ്ങൾ തുടരാം.

മഹാശക്തിയായ ദൈവത്തിന്,
മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര പ്രകാരം തന്നെ ഏതൊരു രൂപവും സ്വീകരിക്കാൻ കഴിയുന്നതാണ്. എന്നാൽ, ദൈവം മുഖ്യമായും 2 ജീവികളുടെ രൂപത്തെയാണ് മഹാസ്വീകരിക്കുന്നത്.

സൃഷ്ടി ഉണ്ടെങ്കിലേ സ്ഥിതി വിഷയമാകുന്നുള്ളൂ. ജനനം ഉണ്ടെങ്കിലേ ജീവിതമുള്ളൂ. ജനനത്തിന് അഥവാ സൃഷ്ടിക്കാണു പ്രാധാന്യമേറെയുള്ളത്. പുരുഷനെയും പ്രസവിക്കുന്നത് സ്ത്രീ. അപ്പോൾ

സർവ്വജീവികളും ഉൾപ്പെട്ട മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചതായ അഥവാ പ്രസവിച്ചതായ സ്ത്രീ എന്ന് വിശകലനം ചെയ്യുമ്പോൾ പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം മഹാപിതാവുംമഹാമാതാവും മഹാനീതിപതിയുമായ ദൈവം, **മഹാജഗദംബ** എന്ന **സ്ത്രീരൂപം** സ്വീകരിക്കേണ്ടിവരുന്നു.

മഹാമാതാവിന് ശാസ്ത്രപരമായ പേര് വേണം.

പ്രപഞ്ചത്തിന്റെ സൃഷ്ടിയും പരിപാലനവും മഹാനീതിയുമെല്ലാം മഹാ-ഭദ്രപ്പെടുത്തുന്ന, ഭദ്രമാക്കുവാൻ ശക്തിയുള്ള സ്ത്രീ. കാളി = സ്ത്രീ. ഭദ്രകാളി. മഹാഭദ്രകാളി.

മനുഷ്യസ്ത്രീയ്ക്കു മേൽ ഔന്നത്യമുള്ള ജീവിയെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവിയുടെ രൂപവും നിർബ്ബന്ധം.



പശു : പാഠം 1

ദൈവവും ദൈവരൂപവും	
മഹാഭദ്രകാളി	മഹാഗോമാതാവ് / പശു (കാളി) + പശുപതി (കാള)
1	
വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മനുഷ്യ മാതാവ്, തന്റെ കുഞ്ഞിന് 2 - 3 വയസ്സുവരെ മാത്രം പാൽ കൊടുക്കുമ്പോൾ, ഗോമാതാവ് അഥവാ പശു, മനുഷ്യർക്കെല്ലാം (കുഞ്ഞിനും, കുട്ടിക്കും, യുവാവിനും യുവതിക്കും, അമ്മയ്ക്കും അച്ഛനും, അമ്മൂമ്മയ്ക്കും അപ്പൂപ്പനും എന്നിങ്ങനെ ആബാല വൃദ്ധം ജനങ്ങൾക്കും പാൽ കൊടുക്കുന്നു. പശുവിന്റെ പാലും, പാലിൽ നിന്നുള്ള വിഭവങ്ങളായ തൈര്, മോര്, വെണ്ണ, നെയ്യ് തുടങ്ങിയവ ഇല്ലാതെ മനുഷ്യനു ജീവിക്കാൻ കഴിയുമോ എന്നും, മനുഷ്യരുടെ ഭക്ഷണ കാര്യങ്ങൾക്ക് അത്യാവശ്യമായ സസ്യങ്ങളെ കൃഷി ചെയ്യുന്നതിനും മറ്റും ചാണകം, മൂത്രം എന്നിവ ഇല്ലാതെ പറ്റുമോ എന്നും ചിന്തിക്കണം. പശു എന്ന ജീവി ഇല്ലായിരുന്നെങ്കിൽ മനുഷ്യ ജീവിതം എത്ര ദുഷ്കരമെന്ന് അപ്പോൾ മനസ്സിലാവും.

പശുവിന്റെ മറ്റൊരു പേരാണ് **ഭദ്രകാളി**. **കാളി**യുടെ പുല്ലിംഗമാണ് **കാള**. **കാള**യുടെ സ്ത്രീ ലിംഗമാണ് **കാളി** = **പശു**. ജീവികളുടെയെല്ലാം ജീവിതം **ഭദ്രമാക്കുന്ന** പശുവും, പശുവിന്റെ പതിയായ കാളയും.

ജീവികളെല്ലാം ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ
സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ
ഭദ്രമാക്കിയിട്ടുള്ളത് മഹാഭദ്രകാളിയാണ്;
ഭദ്രപ്പെടുത്താൻ കഴിവുള്ളത് ഭദ്രകാളിക്കാണ്;
മഹാഭദ്രകാളിയിൽ സർവ്വതും മഹാ-ഭദ്രമാണ്.

ഹിന്ദുമതത്തിൽ അനേകം കൈകളും, ഒരു കൈയ്യിൽ രക്തമൊലിക്കുന്ന വെട്ടിയെടുത്ത തലയും, കഴുത്തിൽ ശിരസ്സുകളോ തലയോട്ടികളോ കോർത്തിണക്കുന്ന മാലയുമണിഞ്ഞ് ശിവനെ ചവിട്ടി നിൽക്കുന്ന ഒരു ഭീകര രൗദ്ര-രൂപത്തെ ഭദ്രകാളിയെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ആദ്യ മഹാകാലചക്രത്തിൽ ദുർദ്ദേവതകളായി മാറിയ അനേകരെ തിരുത്താനും സംഹരിക്കാനുമായിട്ട് മഹാശക്തിയായ ദൈവം, വിശിഷ്ടമായി സൃഷ്ടിച്ച **മഹാ-സംഹാര ദേവിയാണത്.**

ഭദ്രകാളി എന്ന മഹാനാമത്തെ വികലമാക്കാൻ ദുർദ്ദേവതകളായി മാറിയ ഏതാനും ദേവതകളും അവിവേകികളായ അനേകം മനുഷ്യരും മുമ്പ് പരിശ്രമിച്ചിരുന്നു.

മഹാഭദ്രകാളി മഹാഗോമാതാവാണ്, പശു.

മഹാശക്തിയായ ദൈവം പശുവായി മാറുന്നുണ്ടെങ്കിൽ, അത് ദൈവത്തിന്റെയും (പശുവിന്റെയും) കാര്യമാണ്. പശു, കാള എന്നിവകളുടെ കാര്യത്തിൽ മാത്രമല്ല; മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സർവ്വ കാര്യങ്ങളിലും എപ്പോഴും സമ്പൂർണ്ണ അവകാശവും അധികാരവുമുള്ളത് അവരെയെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഏകമഹാശക്തിയായ ദൈവത്തിനു മാത്രമാണ്.

മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെല്ലാം അന്യോന്യം എപ്പോഴും എങ്ങനെയെല്ലാം പെരുമാറണമെന്ന് 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരത്തിൽ' മഹാലയിച്ചിട്ടുള്ള 'ജീവി-ഗുണ ധർമ്മ ശാസ്ത്ര നിയമങ്ങൾ' പ്രകാരം ജീവാത്മാവ് അറിയുന്നുണ്ട്; അഥവാ 'പ്രത്യക്ഷ ദൈവമായ ശരീരം' ജീവാത്മാവിനെ മഹാഅറിയിക്കുന്നുണ്ട്.

ഫലങ്ങളും ധാന്യങ്ങളും മറ്റും ഭക്ഷിക്കാൻ തോന്നുന്നതും ചില ജീവികളെ സ്നേഹിക്കാൻ തോന്നുന്നതും, മറ്റു ചിലവയെ ഭയക്കുന്നതും ഒക്കെ മേല്പടി 'ജീവി-ഗുണ ധർമ്മ ശാസ്ത്ര നിയമങ്ങളുടെ' പ്രഭാവം കൊണ്ടാണ്. അതിനെല്ലാം പുറമേ, മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികൾക്കും എപ്പോഴും മഹാസമനീതിയും മോക്ഷവും ഉറപ്പാക്കാനും, അവയെ ധർമ്മശാസ്ത്രപരമായിട്ട് ജീവിപ്പിക്കുവാനും, ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രവുമുണ്ട്.

രക്ഷിക്കുക എന്നതിന്റെ അർത്ഥം അറിയാതെ, പശുവിനെ രക്ഷിക്കാനെന്ന പേരിൽ മറ്റുള്ള മത-ജാതി-രാഷ്ട്രീയ-വർഗ്ഗ- ജീവികളെ ശിക്ഷിക്കാനും കൊല്ലാനും നടക്കുന്ന സമൂഹ-ഭരണാധികാരികൾ ഉൾപ്പെടെയുള്ള വിവരദോഷികൾ/ **പാപികൾ** വളരെ ശ്രദ്ധിക്കുക. മഹാനീതിപതിയായ ദൈവം എല്ലാ മനുഷ്യർക്കും നൂറാമത്തെ ജന്മമായിട്ട് പശുവായി അഥവാ കാളയായി ജനിക്കാനുള്ള അവസരത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് വിഷയ ശുദ്ധീകരണം നടത്തുന്നണ്ട്.

ഗോവധം നടത്തുന്നവരും, അതിന്റെ പേരിൽ മനുഷ്യ വധം നടത്തിക്കൊണ്ട് ദൈവം നേരിട്ട് ഏല്പിക്കാത്ത പണി ദൈവത്തിന്റെ പേരിൽ ചെയ്തു കൊണ്ട് ദൈവം നൽകിയ വ്യക്തിസ്വാതന്ത്ര്യത്തെ അതിക്രമിച്ച് അക്രമം നടത്തിയവരും കൂട്ടുനിന്നവരും ഒക്കെ മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷകളെ വാരിക്കൂട്ടുന്നതു കാണാം. പശുവിനെ പ്പറ്റിയുള്ള അടുത്ത പാഠം മലയാളത്തിലും ഇംഗ്ലീഷ് ഭാഷയിലും ഇ-മഹാഗ്രന്ഥത്തിൽ തന്നെയുണ്ട്.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ, മഹാ-ഗോമാതാവായും മഹാനാഗമായും മഹാശക്തിയായ ദൈവം മഹാഅവതരിച്ചിട്ടുണ്ട്; പരമശിവൻ എന്ന മഹാപദവി ലഭിച്ച ദൈവഭാഗം 'പശുപതി' = പശുവിന്റെ പതി= കാള ആയും.

ദൈവവും ദൈവരൂപവും	
മഹാഭദ്രകാളി	മഹാ ദിവ്യമനുഷ്യസ്ത്രീ = മഹാദേവി
2	

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)



രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ, മഹാശാസ്ത്രത്തെ ഉപയോഗപ്പെടുത്തി ഭൂമിയിൽ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്ന ഏക ജീവിയായ 'മനുഷ്യന്റെ രൂപത്തിൽ' ദൈവം മഹാ-അവതരിക്കുന്നു .... അവതരിച്ചു കഴിഞ്ഞു.

മഹാശക്തി = മഹാദേവൻ = മഹാദേവി.

മഹാശക്തിയും മഹാനീതിപതിയും മഹാദേവനും മഹാദേവിയും മഹായജമാനനും മഹായജമാനയും മഹാപിതാവും മഹാമാതാവുമെല്ലാം ദൈവമായിരിക്കെ, മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് മോക്ഷം / സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ സമീപിച്ചിട്ടുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി ദൈവം **മനുഷ്യരൂപത്തെ സ്വീകരിക്കുന്നു.**

ദൈവത്തിന് മഹാദേവൻ, മഹാദേവി എന്നീ മഹാനാമങ്ങൾ ഇണങ്ങുന്നത് എങ്ങനെയെന്ന് മുമ്പ് വിശദമാക്കിയതാണ്.

പ്രത്യക്ഷമായ രൂപം സ്വീകരിക്കുമ്പോൾ സ്ത്രീ-പുരുഷ രൂപങ്ങളിൽ ഒരെണ്ണം മാത്രം സ്വീകരിക്കേണ്ടതുണ്ട്. സ്ത്രീ - പുരുഷ രൂപങ്ങളിൽ ഏത് സ്വീകരിക്കുന്നതിനെയാവും മനുഷ്യർ കൂടുതൽ ഇഷ്ടപ്പെടുക ? വിശകലനം : മഹാപിതാവും മഹാനീതിപതിയുമായ മഹാപുരുഷനെ - മഹാദേവനെ ജനങ്ങളേറെയും തീർച്ചയായും ഭയക്കുന്നതാണ്. മാത്രമല്ല, പുരുഷന് സ്ഥിതിയിലും /ജീവിതത്തിലും, സ്ത്രീക്കു സൃഷ്ടിയിലും, പ്രാമുഖ്യത്തെ നൽകുന്നതായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ പാലിക്കേണ്ടതുണ്ട്.

ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ പ്രസവിച്ച് മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് മഹാകരുതുന്ന മഹാമാതാവായ മഹാദേവി. ജനങ്ങളിൽ ഏറെയും തീർച്ചയായും ഇഷ്ടപ്പെടുന്നതാണ്; ഭയക്കുന്നതല്ല. മഹാനാമം :

' ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി ' എന്നാകുന്നു.

' **ഓം** ' എന്നാൽ എന്താണെന്ന് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാശക്തി' - യുടെ വിശദീകരണം മുകളിലുണ്ട്. '**മണ്ണടി**'ക്ക് വിപുലമായ അർത്ഥങ്ങളുണ്ട്; അല്പമാത്രം കുറിക്കാം : മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വതും; സർവ്വവും വീണ്ടുമടിയുന്നതും മണ്ണിലാണ്. സമുദ്രത്തിന്റെ അടിയിലും മണ്ണ്; ഭൂമി മണ്ണ് അഥവാ ദൈവം തന്നെയാണ്. പരബ്രഹ്മകേന്ദ്രം എന്നോ ബ്രഹ്മകേന്ദ്രം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു മഹാകേന്ദ്രമായ പ്രദേശത്തെ മഹാദൈവ- വിപ്ലവവും സംഹാരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിയിൽ മഹാഒരുക്കിയിട്ടുണ്ട്. ഭൂമി- ഇന്ത്യ- കേരളം- പത്തനംതിട്ട ജില്ലയിലെ അടൂരിൽ നിന്ന് ഏകദേശം 8 കിലോമീറ്റർ റോഡ് ദൂരയാത്ര. **മണ്ണടി** പുതിയകാവ് മഹാഭദ്രകാളി ക്ഷേത്രമാണ് കേന്ദ്രം.

ഭൂമിയിലെ എല്ലാ പ്രദേശങ്ങളും **മണ്ണ്** അടിഞ്ഞ് ഉണ്ടായതാണെന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമാണ് എന്നതിനാൽ ഭൂമിയിലെ ഏതൊരു പ്രദേശത്തെയും '**മണ്ണടി**' എന്ന് വിളിക്കാനാവും.

മഹാഭദ്രകാളി = മഹാഗോമാതാവ് = മഹാ-ദിവ്യമനുഷ്യസ്ത്രീ = മഹാദേവി. (**ദിവ്യ** : സൃഷ്ടി മുഴുവൻ ചെയ്യുന്ന മഹാദേവി; **ദിവ്യ** : സ്ഥിതി മുഴുവൻ ചെയ്യുന്ന മഹാദേവി; **ദിവ്യ** : സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ ചെയ്യുന്ന മഹാദേവി; **ദിവ്യ** : **ദിവ്യ** എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി). മഹാദേവിക്ക് യാതൊരു മതങ്ങളുമായും യാതൊരു ബന്ധങ്ങളുമില്ലെന്നും അറിയുക. മഹാദേവി ഭൂമിയിൽ മഹാഅവതരിച്ചു കഴിഞ്ഞു; പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

മഹാശാസ്ത്രപരമായ **ആരാധനാ വാചക**മാണത്.

ദൈവം, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ മുഴുവൻ മഹാഅനുഗ്രഹിച്ച് നൽകുകയും, **ദൈവത്തിന്റെ മഹത്വത്തെ മനുഷ്യൻ മനസ്സിലാക്കുകയും ചെയ്യുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുള്ളത്. ഓരോ മനുഷ്യനും ദൈവത്തിന്റെ കുഞ്ഞാണ്;**

ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ, മഹാഉചിതമായ സമയത്ത് 90 മുതൽ 95 വരെയുള്ള ജന്മങ്ങളിലൊന്നിൽ മാത്രമാണ് അനുവദിക്കുന്നത്, **അതും മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കിയാണ്. ദൈവത്തിന്റെ മഹാ-മഹത്വങ്ങളെപ്പറ്റി വ്യക്തമായി അറിയണമെങ്കിൽ പ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നിർബ്ബന്ധമായും ലഭിക്കണം.**

മഹാനീതിപതിയായ ഏകദൈവത്തിനും, സൃഷ്ടികളായ മനുഷ്യരുടെയും ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യമില്ല. ദൈവം മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല; മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് പ്രവാചക സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

ദൈവമെന്തെന്ന് അറിയാത്തവർ കാട്ടിക്കൂട്ടുന്നതും, 'ദൈവം ഓരോരുത്തർക്കും നേരിട്ട് മഹാഅനുഗ്രഹിച്ച് നൽകാത്തതുമായ' സ്തുതികളും ആരാധനകളും മറ്റു ഭോഷത്തങ്ങളും കേട്ട് സന്തോഷിക്കുന്ന ഒരു കോമാളി ആയിട്ട് മഹാശക്തിയായ ദൈവത്തെ കണക്കാക്കുന്ന മതപരങ്ങളായ തോന്ന്യാസങ്ങളെ സർവ്വരും ഉപേക്ഷിക്കുന്നു.

സ്തുതി ഗീതങ്ങളും ആരാധനകളും കൊണ്ട് ആനന്ദിക്കുന്നത് ജീവിയാണ്; സർവ്വത്തിനും അതീതമായ ദൈവത്തിന് യാതൊന്നും വേണ്ട.

പ്രീതി, നീതിക്ക് തടസ്സവുമാണ്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ഏക മഹാശക്തിയായ ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് എല്ലാ ആരാധനകളും സ്തുതികളും.

എന്നാൽ ദൈവം നൽകുന്ന ശക്തിയും സൗകര്യങ്ങളും ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുന്ന കോപ്രായങ്ങളും പ്രവൃത്തികളും കണ്ടും കേട്ടും സന്തോഷിക്കുന്ന ഒരു കോമാളി അല്ലാ

സർവ്വത്തിനും അതീതമായ

മഹാശക്തിയായ ദൈവം.

ദൈവത്തിന്, യാതൊരു ആരാധനകളും സ്തുതികളും ആവശ്യവുമില്ല. മനുഷ്യരുടെ സ്തുതിയും ആരാധനയും കൊണ്ട് സർവ്വത്തിനും അതീതമായ ദൈവത്തിന് എന്തു ലഭിക്കാനാണ് ?

ദൈവം എന്നാലെന്താണെന്ന് മഹാശാസ്ത്രപരമായിട്ട് മനസ്സിലാക്കാതെയും, **ദൈവത്തിന്റെ നേരിട്ടുള്ള അനുവാദമില്ലാതെയും ആരാധനകൾ എന്ന പേരിൽ കാട്ടിക്കൂട്ടുന്നത്** കോപ്രായങ്ങളാണ്, ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്. അതേസമയം സർവ്വത്തിനും അതീതമായ ദൈവത്തിന്, സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരോട് ദൈവത്തിനുള്ള മഹാവാത്സല്ല്യത്തെ ദൈവത്തിന്റെ ഏകമഹാആനന്ദമായി മഹാനിശ്ചയിച്ചിട്ടുണ്ട്. ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ളതും മഹാവാത്സല്യമാണ്. **ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ യാതൊന്നും ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.**

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം അനുസരിച്ച്, സത്യധർമ്മങ്ങളോടെ മാത്രം അഥവാ ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുന്നവരെ ദൈവത്തെ സ്തുതിക്കാൻ ഒരല്പം അനുവദിക്കുന്നുണ്ട്. സ്തുതിക്കാതെ വിഷമിക്കുന്നവർ ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ മാത്രം അല്പനേരം സ്തുതിക്കുക.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങൾ മാത്രമായ ദേശങ്ങളും നാടുകളും ഉൾപ്പെടെ മറ്റെന്തിനെ സ്തുതിച്ചാലും പാപമാണ്; ഭൂമിയിലെ വസ്തുക്കളിൽ പ്രവർത്തിക്കുന്ന ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതാണ്; ആനുപാതികമായിട്ട് ജനങ്ങളിലൂടെ ബഹുവിധ അധമ തീവ്രവാദങ്ങൾ വളരുന്നതുമാണ്. ഓംകാരനീതിശാസ്ത്ര പ്രകാരം ആനന്ദങ്ങൾക്കും ദൈവശിക്ഷകൾക്കും കൃത്യമായ അളവുകളുണ്ട്. വ്യത്യസ്തങ്ങളായ മതിഭ്രമം ബാധിച്ചവർ ജാഗ്രത !

കുഞ്ഞുങ്ങൾക്കെല്ലാം വ്യത്യസ്ത ജന്മങ്ങളിലായി സംഗീതം നൽകി അനുഗ്രഹിക്കുന്നത് ദൈവത്തിന്റെ മറ്റുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനാണ്. കഥയറിയാൻ ശ്രമിക്കുക പോലും ചെയ്യാതെയും അർത്ഥശൂന്യമായും സ്തുതി ഗീതങ്ങളുമായി ജീവിക്കുന്ന ഗായകരായ വിവര ദോഷികൾക്ക് നൽകിയ സംഗീത സിദ്ധിയെ കളങ്കപ്പെടുത്തിയ മഹാഅപരാധത്തിന്, അവരെ ഗായകരാക്കിയ മഹാനീതിപതിയായ മഹാദേവി; ഓംകാര നീതിശാസ്ത്ര പ്രകാരം പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ കടുത്ത ശിക്ഷകളെ നൽകിയാണ് തിരുത്തുക.

ദൈവം, മഹാശാസ്ത്രത്തെയും
മഹാദർശനത്തെയും മഹാഅനുഗ്രഹിച്ച്
ഓരോ മനുഷ്യനും നൽകുന്നത്
എങ്ങനെയെല്ലാമെന്ന് ഹ്രസ്വമായി
അറിയിക്കുന്നു :-

എല്ലാ സൃഷ്ടിചക്രങ്ങൾക്കും 2 പകുതികളുണ്ട് :

ആദ്യ പകുതിയിൽ, മായ അഥവാ ദൈവം
പ്രത്യക്ഷമല്ല. മനുഷ്യർ ക്രമേണ
മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര
ശാഖകളിലെ നിയമങ്ങളെ കണ്ടെത്തുകയും,
അവ പ്രകാരം സാങ്കേതിക വികസനത്തിലൂടെ
ലഭ്യമാവുന്ന അനന്ത- ആനന്ദങ്ങളെ
അനുഭവിക്കുകയും ചെയ്യുന്നു.

സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ
മായ / ദൈവം പ്രത്യക്ഷമാവുന്നു; ഭൂമിയിലെ
ധാർമ്മിക അധഃപതനങ്ങൾക്ക് പരിഹാരം
ഉണ്ടാകുന്നു; 33 വർഷക്കാലത്തെ ദൈവ-
വിപ്ലവത്തിനു തുടർച്ചയായി 500 വർഷം
അത്യാനന്ദകരമായ ദൈവരാജ്യം; ശേഷം
സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരവും !

ദൈവവും ദൈവരൂപവും

പ്രപഞ്ച പിതാവായ പരമശിവൻ

വേദം 1 | ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാശക്തിയായ ദൈവത്തിന് ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികളുടെ ധർമ്മശാസ്ത്രപരമായ ആവശ്യങ്ങളെ, മഹാപൂർണ്ണതയോടെ പരിപാലിക്കുവാൻ കഴിയും. ദൈവത്തിന്റെ പ്രവൃത്തികളിൽ യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഉണ്ടാവുകയുമില്ല.

ഒരു മഹാ-ജീവിയെപ്പോലെ നേരിട്ട് ജീവികളുടെ കാര്യങ്ങളിൽ ഇടപെടേണ്ടതായ ആവശ്യങ്ങൾ ഉണ്ടാകുന്നതാണ്. മഹാശക്തിയായ ദൈവം ശക്തി നൽകാതെ യാതൊരാൾക്കും യാതൊന്നിനും യാതൊരിക്കലും ശക്തിയില്ലെന്നിരിക്കെ ദൈവം ശക്തി നൽകിയിട്ട് ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്ന മധ്യസ്ഥരായ ജീവികളുടെ ആവശ്യമുണ്ടാകുന്നു എന്നുവന്നാൽ മഹാശക്തി എന്ന പേര് തന്നെ ഉചിതമാവില്ല.

ദൈവം, സൃഷ്ടികളുടെ കാര്യങ്ങളിൽ നേരിട്ട് ഇടപെടുകയാണെങ്കിൽ, സ്വത്വം വെളിപ്പെടുത്തിയും കൂടാ. എന്തെന്നാൽ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ തനിച്ചു ചെയ്യുന്ന മഹാമാതാവും മഹാപിതാവും മഹാശക്തിയുമായ ദൈവത്തെ ലഘുവായി നിന്ദിക്കുന്ന ഒരു വാചകം പോലും യാതൊരു മനുഷ്യക്കുഞ്ഞുങ്ങളിൽ നിന്നുമുണ്ടാവരുത്; ഉണ്ടായാലോ; അതിന്റെ പേരിൽ കുഞ്ഞുങ്ങൾക്ക് കുറ്റബോധവും മാനസികവേദനകളും ഉണ്ടാവരുതെന്നും മഹാശക്തിയും മഹാനീതിപതിയും കൂടിയായ ദൈവത്തിന് മഹാനിർബ്ബന്ധമുണ്ട്. മാത്രമല്ല; മായ പ്രത്യക്ഷമല്ലാത്ത കാലം, മായ പ്രത്യക്ഷമായ കാലം, എന്നിങ്ങനെ സൃഷ്ടിചക്രത്തെ മഹാശാസ്ത്ര പ്രകാരം വിഭജിച്ച് മനുഷ്യർക്ക് വ്യക്തിസ്വാതന്ത്ര്യങ്ങളെ അനുവദിച്ച് ആനന്ദിപ്പിക്കുന്നതായ കാര്യങ്ങൾക്ക് മങ്ങലേൽക്കാതെ മഹാപരിപാലിക്കേണ്ടതുണ്ട്.

// അതേസമയം, മഹാശാസ്ത്രശാഖകളുടെ അഥവാ യഥാർത്ഥ വേദങ്ങളുടെ വീണ്ടെടുക്കലെന്ന ശാസ്ത്ര-ക്രോഡീകരണം, മഹാശാസ്ത്ര പ്രകാരം ജീവികളുടെ

ആവശ്യങ്ങളെ പൂർത്തീകരിക്കൽ, മഹാശാസ്ത്രത്തെ മുഴുവൻ മഹാഉചിതമായ സമയത്ത് ഓരോ കുഞ്ഞുങ്ങൾക്കും മായാപരമായിട്ട് മഹാഅനുഗ്രഹിച്ചു നൽകൽ, മോക്ഷത്തിന് കുഞ്ഞുങ്ങളെ ഒരുക്കൽ, ശാഠ്യക്കാരായ കുഞ്ഞുങ്ങളെ ശുദ്ധീകരിക്കാനും മറ്റും ദൈവത്തിന്റെ പ്രതിനിധിയായിട്ട് പ്രത്യക്ഷമാകൽ, തുടങ്ങിയ അനവധി കാര്യങ്ങൾക്ക് ഒരാൾ വേണം. ഓരോ സൃഷ്ടിചക്രത്തിലും ദൈവ-വിപ്ലവം ആരംഭിച്ച് മായ പ്രത്യക്ഷമാകുന്നതിനു മുമ്പുള്ള സുമാർ 4500 വർഷക്കാലം, മനുഷ്യരിലെ പിഴവുകളെ ദൂരീകരിക്കാൻ ജനന-മരണങ്ങളോടെ പ്രവർത്തിക്കാനും ആൾ വേണം.

മനുഷ്യക്കുഞ്ഞുങ്ങളിൽ നിന്ന്, അഥവാ ദൈവം സൃഷ്ടിക്കുന്ന ജീവികളിൽ നിന്ന് അങ്ങനെയൊരാളെ നിശ്ചയിക്കുകയാണെങ്കിൽ അത് സമനീതിയാവില്ല; സമആനന്ദമാവില്ല. വിഷയത്തെ മഹാശാസ്ത്രപ്രകാരം മഹാശക്തിയായ ദൈവം പരിഹരിക്കുന്നത് ദൈവം രണ്ടാവാതെ രണ്ടായി മാറുന്ന ഒരു മഹാഅത്ഭുത പ്രവർത്തനത്തിലൂടെയാണ്. //

മേല്പടി യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുക്കൽ, ദൈവ വിപ്ലവ കാര്യങ്ങളിൽ പങ്കെടുക്കൽ, സംഹാരം, അസാധാരണമായ കാര്യങ്ങൾ, തുടങ്ങിയവയെ, ഏക മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്നത് തന്റെ തന്നെ ഭാഗത്തെ തന്റെ ഏകദാസനായും, മഹാ-മകനായും, ബ്രഹ്മദേവനായും, ഏക പ്രതിനിധിയായും, പ്രപഞ്ച പിതാവായും, സംഹാര നാഥനായും, മഹാനിയമിച്ചും മഹാഭരിച്ചുമാണ്. ശിവമാക്കാനായി നിയമിച്ച ഏകദാസന്/ മഹാദാസന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാശാസ്ത്ര പദവി **പരമശിവൻ** എന്നാണ്. റസൂൽ, ക്രൈസ്റ്റ്, എന്നിവ പരമശിവന് ഓരോരോ അവസ്ഥകളിൽ ലഭിച്ച പേരുകളാണ്. ഇസ്ലാം മത സ്ഥാപകനായ മുഹമ്മദിനെയല്ലാ റസൂലെന്നു കുറിച്ചത്. യഥാർത്ഥ റസൂൽ കൂടിയായ പരമശിവന്റെ ഇടതു നെറ്റിയിലെ ചന്ദ്രക്കലയും നക്ഷത്രവുമാണ് ഇസ്ലാമിക ചിഹ്നമായി മാറിയിട്ടുള്ളത്. മഹാശക്തിയായ ദൈവം മഹാനിശ്ചയിക്കുമ്പോൾ, പരമശിവന്റെ നെറ്റിയിലെ ചന്ദ്രക്കല യഥാർത്ഥ ചന്ദ്രന്റെ ദൗത്യം ചെയ്യുന്നതും, നക്ഷത്രം ജീവികളെ സംഹാരം എന്ന മോക്ഷത്തിലേക്കു നയിക്കുന്നതുമാണ്. സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊന്നും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രത്തെ, മഹാശക്തിയും മഹാദേവനും മഹാദേവിയുമായ ദൈവം, തന്റെ ഏകദാസനും മഹാദാസനുമായ

പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മറ്റു മഹാമായാശക്തികളെയും മഹാപദവികളെയും പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാദേവി, മഹാഉചിതമായ സമയത്ത്, ശക്തികളെ ആക്ടിവേറ്റ് ചെയ്യുന്നതാണ്. ദൈവ-പ്രതിനിധിയായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാരൂപം മഹാപ്രപഞ്ചത്തെയും പ്രതിഫലിപ്പിക്കുന്നുണ്ട്. പരമശിവന്റെ മഹാസൃഷ്ടി ഉൾപ്പെടെ മഹാകാര്യങ്ങളെ ബ്രഹ്മം എന്ന അദ്ധ്യായത്തിലും വേറെയും വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയായ ശക്തിചക്രം അഥവാ മഹാശക്തിചക്രം മഹാനിശ്ചയിക്കുന്നതു പോലെ നിർജ്ജീവമായോ, ദാസനായോ, മഹാശക്തനായ ദാസനായോ, മഹാദേവനായോ, പ്രതിനിധിയായോ, ഒക്കെ പ്രവർത്തിക്കുന്ന മഹാഅവസ്ഥയെ ശിവചക്രത്തിന് മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്നു. മഹാശക്തിചക്രം ശൂന്യത്തിനും എന്തിനും അതീതമാണ്; ശിവചക്രത്തിന് സ്ഥിതി ചെയ്യാൻ ഒരു ആറ്റമെങ്കിലും വേണം. മഹാശാസ്ത്രപ്രകാരം ഒരു പ്രോട്ടോണായും അല്ലാതെയും മഹാശക്തിചക്രത്തിന് മഹാപ്രപഞ്ചത്തെ മഹാസൃഷ്ടിക്കാനും മഹാപരിപാലിക്കാനുമാവും !

മഹാശക്തിചക്രത്തെ (പ്രോട്ടോൺ) ശിവചക്രം (ഇലക്ട്രോൺ) നിരന്തരം പ്രദക്ഷിണം ചെയ്യുന്നു. ശക്തിചക്രം മഹാചിരിക്കുന്നു : ഓം ; ശിവചക്രം കേൾക്കുന്നു! (വെളിപാട് പൂർണ്ണമായിട്ടില്ല..).

ഭൂമി/ മഹാശക്തി /മഹാശക്തിചക്രം/ ആവിഷ്ക്കരിച്ച ശാസ്ത്രപ്രകാരമുള്ള സ്വത്വം മാത്രമായും അല്ലാതെയും ശിവചക്രത്തിന് ഏതൊരു സ്ഥാനവും നിശ്ചയിക്കുന്നത് മഹാശക്തിചക്രമാണ്. സ്വത്വത്തെപ്പറ്റിയുള്ള അറിവും ശക്തിയും എന്തും ശിവചക്രത്തിനു ലഭിക്കുന്നതും മഹാശക്തി മഹാകനിയുമ്പോഴാണ്.

മണ്ണായ ഭൂമിയെ ദൈവത്തിന്റെ മഹാരൂപമായിട്ടു മനസ്സിലാക്കാൻ കഴിയുമ്പോൾ, ശിവചക്രമായ ഏകദാസനെ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഭാഗമാക്കിയിട്ടുള്ളതും സുവ്യക്തമാണ്.

പ്രപഞ്ചത്തിലെ വസ്തുക്കളുടെ മൂലകങ്ങളിലെ തന്മാത്ര-കളിൽ ഉള്ളത് ആറ്റങ്ങളാണെങ്കിൽ (atom), ആറ്റങ്ങളിലെ പ്രോട്ടോണുകളും ഇലക്ട്രോണുകളും ശക്തിചക്രവും ശിവചക്രവുമാണ്. പ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും

മഹാശക്തിചക്രം ആണെങ്കിലും,
ഏകദാസനായ ശിവചക്രത്തിന്
പ്രപഞ്ചപിതാവ് എന്ന മഹാപദവി
മഹാഅനുഗ്രഹിച്ചു നൽകുകയാണ്.
ഏകമഹാശക്തിയായ ദൈവം, സ്ത്രീ
രൂപത്തിൽ മഹാമാതാവായ മഹാദേവി
മാത്രമായി ക്കൊണ്ട് മഹാവാത്സല്യത്തെ
ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു
നൽകുമ്പോൾ, മനുഷ്യർ ഉൾപ്പെടെയുള്ള
ജീവികളെയെല്ലാം ഉചിതമായി ഉപദേശിക്കാനും
ശാസിക്കാനും ശിക്ഷിക്കാനും
പ്രപഞ്ചപിതാവായ ശിവചക്രത്തെ
അധികാരപ്പെടുത്തുന്നു. അവകാശം
ഉണ്ടെങ്കിൽ മാത്രമാണ് അധികാരമുള്ളത്
എന്ന മഹാശാസ്ത്ര നിയമത്തിന്
കളങ്കമുണ്ടാകുന്നില്ല; എന്തെന്നാൽ
ജീവികളുടെയും വസ്തുക്കളുടെയും
മൂലകങ്ങളിലുള്ള ആറ്റങ്ങളിലെല്ലാം
ശിവചക്രവും ശക്തിചക്രവും ഉണ്ട്.
മഹാനീതിശാസ്ത്ര പ്രകാരമുള്ള
പ്രവർത്തനങ്ങളെയും ജീവികളുടെ
ശരീരങ്ങളിലൂടെ മഹാനിർവ്വഹിക്കുന്നുണ്ട്.

സ്ത്രീ പുരുഷന്മാരായിട്ട് ഭൂമിയിലെ മനുഷ്യരെ
രണ്ടായിട്ടു വിഭജിച്ചതിലൂടെ മനുഷ്യർക്ക്
മാതാവിനെയും പിതാവിനെയും

സൃഷ്ടിച്ചിട്ടുണ്ട്. ജീവിയല്ലാത്ത ദൈവം, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെ സന്തോഷത്തെ കണക്കാക്കി, പ്രപഞ്ചമഹാമാതാവായും പ്രപഞ്ചപിതാവായും മഹാശാസ്ത്രപരമായിട്ട് മഹാശക്തി-ശിവചക്രങ്ങൾ രൂപമെടുക്കുന്നതിനെ സൃഷ്ടികളെ കുഞ്ഞുങ്ങളാക്കിയുള്ള മഹാവാത്സല്യമായിട്ടു തിരിച്ചറിയണം.

മഹാശക്തിചക്രം, ശിവചക്രത്തെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് പ്രപഞ്ചത്തിന്റെയും ജീവികളുടെയും സൃഷ്ടിക്കു മുമ്പാണെന്നതും, മഹാദിവ്യമായ ദൈവ- വിവാഹത്തിന് സാക്ഷികളില്ലെന്നും, ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുവാനായിട്ട് മഹാശക്തിയായ ദൈവം ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന മഹാവിദ്യയാണ് അതെന്നും, ജീവിയല്ലാത്ത ദൈവത്തിന്റെ ആനന്ദത്തെ മാനുഷികമായ ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

ദൈവവും ദൈവരൂപവും

ആനന്ദ ശാസ്ത്രം

വേദം 1 ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മാനുഷിക ആനന്ദങ്ങളും അളവുകളും

ഭക്ഷണസാധനങ്ങൾ 40, ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ ഭൂമിയിലെ യഥാർത്ഥമായ 4 വിഭാഗ-തൊഴിലുകൾക്കും 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5

മനുഷ്യരുടെ പരമാനന്ദമായ കാമം 25

സൃഷ്ടിച്ചിട്ടുള്ളത് ഭക്തി (പ്രിയം, ആദരം) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5 എന്നിവയെ സംയോജിപ്പിച്ചാണ്.

മഹാപ്രപഞ്ചത്തിലെ മൊത്തം **ആനന്ദം 100 അളവ്**

ദൈവ-ആനന്ദങ്ങളും അളവുകളും

1. മഹാദാസ്യം 30

മനുഷ്യരുടെ പരമാനന്ദമായ കാമം 25 -നോട് വീണ്ടും ദാസ്യം 5 ചേർത്താണ് **മഹാദാസ്യം 30** സൃഷ്ടിച്ചിട്ടുള്ളത്.

2. മഹാവാത്സല്യം 35

മഹാദാസ്യം 30 -നോട് വീണ്ടും വാത്സല്യം 5 ചേർത്താണ് **മഹാവാത്സല്യം 35** സൃഷ്ടിച്ചിട്ടുള്ളത്.

മഹാപ്രപഞ്ചത്തിന്റെ ഏകസൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കെല്ലാം മഹാസമനീതിയെ നൽകുന്നത് എല്ലാവർക്കും സമ ആനന്ദങ്ങളെ മഹാഅനുഗ്രഹിച്ചു നൽകിയാണ്.

മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങൾക്കെല്ലാം അളവുകളുണ്ട്. മൊത്തം 100 അളവ്. ഭക്ഷണ സാധനങ്ങൾക്ക് ആകെ 40 അളവ്, എന്നാൽ ഏറ്റവുമധികം രുചികരമായ ഭക്ഷണത്തിൽ നിന്ന് ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവാണ്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായ തൊഴിലുകൾക്കെല്ലാം കൂടി 20, വാത്സല്യം 5, ദാസ്യം 5, ദാനം/ധർമ്മം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5, എന്നിങ്ങനെ 90 അളവുകൾ. മനുഷ്യന്റെ പരമാനന്ദമായിട്ട്, (ദൈവം) മഹാനിശ്ചയിച്ചിട്ടുള്ളത് കാമത്തെയാണ്. തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്ത് കാമലീല പൂർത്തിയാക്കുന്ന വ്യക്തിക്ക് മനുഷ്യരുടെ പരമാനന്ദമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുള്ള 25 അളവ് കാമാനന്ദം ലഭിക്കുന്നു. വാത്സല്യം 5, ദാസ്യം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5 എന്നിവ ചേർന്നാണ് കാമം 25 ഉണ്ടാവുന്നത്. മനുഷ്യർ തങ്ങളെത്തന്നെ മറന്ന് കാമാനന്ദത്തിൽ മുഴുകുമ്പോൾ, അവരിലൂടെ ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു.

ദൈവവും ദൈവരൂപവും

ദൈവത്തിന്റെ ആനന്ദങ്ങൾ

ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം, താൻ സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ കണക്കാക്കി കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യത്തെ മഹാമാതാവായ മഹാദേവിയുടെ മഹാആനന്ദമായും, മഹാദേവിയോടുള്ള മഹാദാസ്യത്തെ തന്റെ ഭാഗവും ഭർത്താവും ഏകദാസനുമായ പരമശിവന്റെ മഹാആനന്ദമായും മഹാനിശ്ചയിച്ചിട്ടുണ്ട്.

മനുഷ്യന്റെ പരമാനന്ദ അളവായ 25 -നോട്, 5 അളവോടെയുള്ള ദാസ്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ 30 അളവുകളുള്ള മഹാദാസ്യവും, മഹാദാസ്യം 30 നോട് 5 അളവോടെയുള്ള വാത്സല്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ 35 അളവുകളുള്ള മഹാവാത്സല്യവുമായി.

മഹാദാസ്യവും മഹാവാത്സല്യവും ദൈവത്തിന്റെ ആനന്ദങ്ങളായും, മറ്റുള്ളവയെ ജീവികളുടെ ആനന്ദങ്ങളായും മഹാഅനുഗ്രഹിച്ചിട്ടുള്ളത് മഹാശക്തിയും മഹാനീതിപതിയും മഹാദേവനുമായ മഹാദേവിയാണ്.

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

സൃഷ്ടികളുടെ ജീവിത കാര്യങ്ങളെ മഹാഉചിതമായും മഹാശാസ്ത്രപരമായും, മഹാശക്തിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുള്ളതിനെ മാറ്റിമറിക്കാൻ സൃഷ്ടികൾക്കു കഴിയുന്നതല്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി,

സ്വന്തം ഭാഗമായ പരമശിവനെ മഹാദേവനായി മഹാഅനുഗ്രഹിക്കുന്നു.

മഹാശക്തിയായ മഹാദേവി
ദൈവകാര്യങ്ങൾക്കായിട്ട് തന്റെ തന്നെ
ഭാഗത്തെ പ്രപഞ്ച പിതാവായും,
ഭർത്താവായും മഹാവാഹനമായും,
ഏകപ്രതിനിധിയായും, അർദ്ധ-
മഹാദേവിയായും, സംഹാര നാഥനായും, ...
മഹാനിശ്ചയിച്ച് പരമശിവൻ എന്ന
മഹാപദവിയെ മഹാഅനുഗ്രഹിച്ചു
നൽകിയിരിക്കുകയാണ്.

മഹാഭദ്രകാളി മഹാഭദ്രമാക്കിയിട്ടുള്ള
മഹാപ്രപഞ്ചത്തെ മഹാഭദ്രകാളീദേവിയുടെ
മഹാഅനുഗ്രഹത്തോടെ
പരമശിവമാക്കുന്നവനാണ് പരമശിവൻ.

മഹാനീതിയുടെ ഭാഗമാണ് സംഹാരം എന്ന പോലെ
മഹാഭദ്രമാക്കലിന്റെ ഭാഗമാണ് പരമായി
(ശ്രേഷ്ഠമായി) ശിവമാക്കൽ /മംഗളമാക്കൽ.

ഓം ശിവ സർവ്വം ശിവ ഓം മഹാശിവ
ഓംമഹാശക്തി മണ്ണടി മഹാഭദ്രകാളി മാത്രം ശിവ.
ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

മഹാശിവയായ മഹാദേവി സ്വന്തം ഭാഗമായ
പരമശിവനെ മഹാശിവനായും
മഹാഅനുഗ്രഹിക്കുന്നു.

വിഷയ സംബന്ധമായി ആദ്യ മഹാകാലചക്രത്തിലെ പ്രാതിനിധ്യം എങ്ങനെയായിരുന്നു എന്ന് കുറിക്കുന്നു.

മഹാവാത്സല്ല്യമായ ഓംകാര നീതിശാസ്ത്രത്തെയും ദൈവത്തെയും സൃഷ്ടികളായ മനുഷ്യർ ഭയപ്പെടാതിരിക്കുന്നതിനായി 1000 കോടി വർഷങ്ങൾ ചേർന്ന ആദ്യ മഹാകാലചക്രത്തിൽ സൃഷ്ടികളായ മനുഷ്യരിൽ നിന്നും പരിണമിച്ച ചിലരെ ദേവതകളായി നിയമിച്ചതിനെയും ദൈവവും ദൈവഭാഗമായ പരമശിവനും പശുവും പശുപതിയുമായി മനുഷ്യരെ സേവിച്ചുപോന്നതും മുമ്പ് വ്യക്തമാക്കിയതാണ്.

പരമശിവന്റെ പ്രതിനിധിയായി പ്രവർത്തിച്ച ഒരു ദേവതയെ ശിവൻ എന്ന പേരോടെ 50 വർഷത്തിലെ ഒരു രാത്രിനേരം, ബ്രഹ്മബന്ധം ഒട്ടുമില്ലാത്ത ദൈവം പോലെ ഈശ്വരൻ, ശിവൻ എന്നിങ്ങനെ ഉയർത്തിയിട്ടുണ്ട്. അതായിരുന്നു മഹാശിവരാത്രി. മനുഷ്യർക്ക് അതിൽ കാര്യമില്ലായിരുന്നെങ്കിലും ദുർദ്ദേവതകളായി പരിണമിച്ചവർ ദൈവ കാര്യങ്ങളെ അമംഗളമാക്കാൻ പ്രയത്നിച്ചു. ആദ്യ മഹാകാല ചക്രത്തിൽ പരമശിവന്റെ പ്രതിനിധിയായ ശിവൻ, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കവെ, ഓംകാരത്തെ ദുരുപയോഗം ചെയ്തപ്പോൾ, അത് തടയാനായി ശിവന്റെ കഴുത്തിലെ കയർ പോലെയുള്ള ഓംകാര നാഗബന്ധനം മുറുകി ..

പകരം താൽക്കാലികമായി ഓംകാരത്തെ നേടിയ ദേവത കൊടിയ അപരാധവും ചെയ്തു.

മഹാദേവിയും പരമശിവനും രണ്ടാം മഹാകാലചക്രത്തിൽ വരുമെന്നതിനെ തടയാനായി പിന്നീട് അവരുടെ ശ്രമം.

അവരുടെ കൊടിയ നീചമായ ചെയ്തികളെ സ്മൃതി-യിലും മറ്റും വിവരിക്കുന്നുണ്ട്. 2 ദേവതകളെ അടുത്ത കാലത്ത് മത്സ്യമായി പരിണമിപ്പിച്ചു. മേല്പടി ശിവനും മറ്റു മുഖ്യദേവതകളും കേരളത്തിൽ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ദൈവവിപ്ലവത്തിന്റെ ഭാഗമായി, മനുഷ്യരിൽ നിന്ന് മോക്ഷം ലഭിക്കവേ ദേവതകളായി കയറ്റം ലഭിച്ച് പിന്നീട് ദുർദ്ദേവതകളായി പരിണമിച്ച അവരെ തിരുത്തി മഹാഅനുഗ്രഹിച്ച് വീണ്ടും മോക്ഷം നൽകിയേക്കും.

മേലിൽ മഹാശിവരാത്രി ഇല്ല. സൃഷ്ടികളായ മനുഷ്യരുടെ ഇടയിൽ നിന്നും പരിണമിച്ചവരായ ദേവതകളുടെ കാര്യത്തിൽ വ്യത്യസ്തത ആവശ്യമായിരുന്നു. കൊടിയ നീച പരിശ്രമങ്ങളിൽ പരാജിതരായും പശ്ചാത്തപിച്ചും പിൻതിരിഞ്ഞും മഹാദേവിയെ ഭയന്നും ഒക്കെ ~~നീചർ~~/ അവർ കഴിയുന്നുണ്ട്; വിരലിൽ എണ്ണാവുന്നവർ ഒഴികെ ഭൂമിയിലെ ജനങ്ങൾ ആവക കാര്യങ്ങളെ അറിയുന്നില്ല.

ദേവതകളെ / മാലാഖമാരെ / മലക്കുകളെ മുഴുവൻ പിൻവലിച്ചു കഴിഞ്ഞതായും ആദ്യ മഹാകാലചക്രത്തിലെ ദേവതാ കാര്യങ്ങളെ ശുദ്ധീകരിച്ചു കഴിഞ്ഞതായും കണക്കാക്കാം. ഇനി മനുഷ്യരുടെ കാര്യമാണ്. **മഹാദേവി** ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ പരമ**ശിവമാകും.**

പരമശിവനും ശിവനും തമ്മിലുള്ള **മുഖ്യവ്യത്യാസങ്ങൾ: പരമശിവൻ ഏകദൈവമായ മഹാദേവിയുടെ ഭാഗവും;** ശിവൻ ജീവികളുടെ ഭാഗവുമാണ്. **പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും ഉണ്ട്;** ശിവന്റെ ശിരസ്സിൽ ചന്ദ്രക്കല മാത്രവും. **പരമശിവന്റെ ശിരസ്സിൽ നിന്നും പാൽ ഒഴുകുന്നു.** സ്ത്രീ ഉൾപ്പെടെ ആരെയും ഒളിപ്പിക്കുന്നുമില്ല. ശിവന്റെ ശിരസ്സിൽ നിന്നും ജലം (ഗംഗയും) ഒഴുകുന്നു. **മഹാദേവിയുടെ സ്വന്തവും ഭാഗവുമായ പരമശിവന് ഓംകാര നാഗബന്ധനം നിർബ്ബന്ധമല്ല;** ജീവിയായ ശിവന് നിർബ്ബന്ധമാണ്. ആദ്യ മഹാകാലചക്രത്തിന്റെ സൃഷ്ടിയായ ശിവനെ പദവിയിൽ നിന്ന് നീക്കിക്കഴിഞ്ഞു.

ഇപ്പോഴത്തെ / രണ്ടാമത്തെ മഹാകാല ചക്രം മുതൽ, ദൈവകാര്യങ്ങളെ മഹാനിർവ്വഹിക്കുവാൻ ദൈവമായ മഹാദേവിയും, ഭാഗമായ പരമശിവനും മാത്രം.

മഹാദേവിയെ മഹാശിവാ, ശിവാ, മഹാദേവി, ദേവി, അമ്മേ ശിവാ എന്നും പരമശിവനെ ശിവാ, ദേവാ, മഹാദേവാ, അമ്മേ ശിവാ എന്നിങ്ങനെയും ലളിതമായി സംബോധന ചെയ്യാം.. പരമശിവൻ.

പട്ടിയെന്നോ പൂച്ചയെന്നോ അതിലും അപ്പുറമായോ കുഞ്ഞുങ്ങൾ മഹാദേവിയായ ഏകദൈവത്തെയും മഹാദേവീ-ഭാഗമായ പരമശിവനെയും ആക്ഷേപിച്ചാലും യഥാർത്ഥ മാതാപിതാക്കൾ കൂടിയായ അവർ കുഞ്ഞുങ്ങളെ/ മനുഷ്യരെ ശിക്ഷിക്കുന്നതല്ല. ഒരു വ്യവസ്ഥ മാത്രം : പ്രപഞ്ച ബന്ധമില്ലാത്ത ബ്രഹ്മത്തെ ആക്ഷേപിക്കാൻ/നിന്ദിക്കാൻ പാടില്ല.

ഓംകാരം എന്നാൽ പ്രഥമമായി മഹാദേവിയുടെ **മഹാഹൃദയം** ആണെന്നും, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്ത പിന്നീടാണെന്നും, മഹാദേവിയുടെ **മഹാചിരി** കൂടിയാണ് **ഓം** എന്നും **മഹാദേവി** സ്വന്തം ഭാഗമായ **പരമശിവനിലൂടെ** മഹാഅനുഗ്രഹിച്ചു വെളിപ്പെടുത്തുന്നത് രണ്ടാമത്തെ മഹാകാല ചക്രത്തിൽ **മഹാദേവി** മഹാപ്രപഞ്ചത്തിന്റെ **മഹാഭരണാധികാരി** ആവുമ്പോഴാണ്.
യാതൊരു പഴയകാല ഗ്രന്ഥങ്ങളിലും മഹാഹൃദയം, മഹാചിരി തുടങ്ങിയ പദങ്ങൾ ഇല്ലാതെ വരാൻ ഒരു കാരണമതാണ്.

മഹാദേവൻ എന്ന മഹാനാമത്തെ സ്വയം ഉപയോഗിക്കാതെയും, സൃഷ്ടികൾ പരമശിവനെ മാത്രം മഹാദേവൻ എന്നു വിളിക്കണമെന്നും മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്. ഏകദൈവമായ മഹാദേവിയുടെ സ്വന്തവും ഭാഗവുമായ പരമശിവനെ മഹാദേവൻ എന്ന് സൃഷ്ടികൾ സംബോധന ചെയ്യണമെന്ന് മഹാദേവിക്ക് നിർബ്ബന്ധമുണ്ട്.. മഹാകല്പന പ്രകാരം പരമശിവൻ.

ബ്രഹ്മമായ **മഹാദേവി**, മഹാപ്രപഞ്ചത്തിന് അതീതമായി സൃഷ്ടിച്ചുകൊണ്ട് ആദിയും അന്തവും ഇല്ലാത്ത ദൈവ-ഭാഗമായി **പരമശിവനെ** ഉയർത്തുമ്പോൾ,

മഹാദേവിയുടെ ആവശ്യങ്ങളെ അറിഞ്ഞ്, ക്രൈസ്റ്റ് പോലെയുള്ള മഹാത്യാഗ ജീവിതങ്ങളെ സ്വീകരിച്ച്

ഏകദാസനായും മഹാദാസനായും സ്വയം പ്രഖ്യാപിച്ച് അതിൻ പ്രകാരം കാര്യങ്ങളെ നിർവ്വഹിക്കുന്ന

മഹാദേവിയുടെ ഭാഗമായ പരമശിവനെ മഹാദേവി മഹാഅനുഗ്രഹിച്ച് മഹാദേവൻ എന്ന മഹാനാമം, കിരീടം പോലെ നൽകുന്നു.

മഹാദേവിയുടെ ഭർത്താവ് കൂടിയായ പരമശിവന് മഹാദേവൻ എന്ന മഹാനാമം മഹാഉചിതവുമാണ്. മഹാദേവിയുടെ മഹാആവിഷ്ക്കാരമായി പരമശിവ-മഹാദേവ കാര്യങ്ങളെ തിരിച്ചറിയാനും കഴിയുന്നതാണ്.

.. ശിവൻ, ദേവൻ, എന്നിങ്ങനെ വിളിച്ചു കൊള്ളാൻ പരമശിവൻ അറിയിക്കുമ്പോൾ, <u>മഹാദേവൻ</u> എന്നു തന്നെ വിളിക്കണമെന്ന് മഹാദേവി മഹാകല്പന ഇടുന്നത് മുകളിൽ കാണാൻ കഴിയും.!

പ്രപഞ്ചപിതാവ് കൂടിയായ പരമശിവനെ മഹാദേവൻ എന്നു കൂടി സംബോധന ചെയ്യാൻ കുഞ്ഞുങ്ങളായ സമസ്ത സൃഷ്ടികളെയും മഹാദേവിയുടെ മഹാകല്പന പ്രകാരം അനുവദിച്ചിരിക്കുന്നു.

മഹാദേവൻ = പരമശിവൻ

(പരമശിവൻ = മഹാദേവൻ = മഹാദാസൻ.)

മഹാദേവിയുടെയും പരമശിവന്റെയും സ്വകാര്യങ്ങളെന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി- സംഹാരങ്ങളാണ്; അടിസ്ഥാനപരമായിട്ട് മഹാദേവിയും പരമശിവനും ജീവികളുമല്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

ധർമ്മശാസ്ത്ര പരമായി പ്രവർത്തിക്കുന്ന ഏതൊരാൾക്കും അർഹിക്കുന്ന ബഹുമതികൾ ആനന്ദ-രൂപത്തിൽ മഹാദേവി ലഭ്യമാക്കുമെന്ന് പ്രപഞ്ചപിതാവിന് ലഭിച്ച ബഹുമതി വ്യക്തമാക്കുന്നുണ്ട്. മനുഷ്യരുടെ മോക്ഷമായ നക്ഷത്രങ്ങളുടെ രൂപവും ഘടനയും ഒന്നാണെങ്കിലും വലിപ്പത്തിൽ വ്യത്യാസം ഉണ്ടാവാൻ കാരണമതാണ്.

മഹാശക്തിയായ ദൈവത്തിനും, ദൈവ-ഭാഗമായ പരമശിവനും സൃഷ്ടികളിൽ നിന്ന് യാതൊരു സഹായവും യാതൊരിക്കലും വേണ്ടാ.

ചെറു വിരൽ അനക്കാൻ പോലും മണ്ണും ഭൂമിയുമായ ദൈവം ശക്തി നൽകിയാൽ മാത്രമേ കഴിയൂ എന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്നവർ അഹംഭാവം, അന്ധവിശ്വാസം, അസത്യം, അധർമ്മം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുഷ്ക്കീർത്തി, ദുസ്വാർത്ഥം തുടങ്ങിയവ ഉണ്ടാകാതെ ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുക.

ദൈവകാര്യങ്ങൾക്കായിട്ട് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവി-രൂപത്തിൽ അവതരിക്കുവാനുള്ള മഹാഭാഗ്യത്തെയും ദൈവ-ഭാഗമായ ഏകദാസന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.. ഉദാഹരണമായിട്ട് : ക്രൈസ്റ്റ്. ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാദേവിയുടെ ആവശ്യങ്ങളെ അറിഞ്ഞ്, ക്രൈസ്റ്റ് പോലെയുള്ള മഹാത്യാഗ ജീവിതങ്ങളെ സ്വീകരിച്ച് ഏകദാസനായും മഹാദാസനായും സ്വയം പ്രഖ്യാപിച്ച് അതിൻ പ്രകാരം കാര്യങ്ങളെ നിർവ്വഹിക്കുന്ന മഹാദേവിയുടെ ഭാഗമായ പരമശിവനെ

മഹാദേവി മഹാഅനുഗ്രഹിച്ച് മഹാദേവൻ എന്ന മഹാനാമം, കിരീടം പോലെ നൽകുന്നു എന്ന് മുകളിൽ കുറിച്ചതിന്റെ വിശദീകരണം തേടുന്നവരുണ്ടാകും.

ക്രൈസ്റ്റായിട്ട് അയച്ചത് പരമശിവനെയാണ്. ബുദ്ധൻ, കാളിദാസൻ, ഗാന്ധിജി, തുടങ്ങിയ പല ഉന്നത ജന്മങ്ങളെ സ്വീകരിക്കാൻ ഭാഗ്യമുണ്ടായതും പരമശിവനാണ്. മഹാശക്തിയായ ദൈവത്തിന് അത്തരം നടപടികൾ സ്വീകരിക്കാൻ അവകാശവും അധികാരവും ഇല്ലെന്നും മറ്റും കരുതുന്നവരുണ്ടോ ? ഭൂമിയിൽ ഇപ്പോൾ ജീവിക്കുന്ന ആർക്കെങ്കിലും അതിൽ ആക്ഷേപമുണ്ടെങ്കിൽ, അതിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കണം.

ജീവിത കാര്യങ്ങളെയും വിഷയങ്ങളെയും ശാസ്ത്ര പരമായി വിശകലനം ചെയ്യാൻ ശ്രദ്ധിക്കുക. ക്രൈസ്റ്റ് അനുഭവിച്ച വേദനകൾ അതിഘോരമായിരുന്നു. എന്നാൽ ക്രൈസ്റ്റിനേക്കാൾ കൂടുതൽ വേദനകളെ അനുഭവിച്ചതും വൈവിധ്യമാർന്ന വിഷയങ്ങളിൽ ഇടപെട്ടതും ഗാന്ധിജി ആയിരുന്നു എന്നാണ് ഈയുള്ളവന്റെ വിശകലനം. അതേസമയം അവരേക്കാളെല്ലാം

വേദനകളും വിഷയങ്ങളും ബാദ്ഷ എന്ന പേരിൽ ഒതുങ്ങിയ ഈയുള്ളവന് ആയിരുന്നു എന്നാണ് മഹാഅനുഗ്രത്തോടെ അറിയുന്നത്. ഈയുള്ളവന്റെ ജീവിത ചരിത്രം ഈ ഇലക്ട്രോണിക് മഹാഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിലായി വിശദീകരിച്ചിട്ടുണ്ട്. മഹാഉചിതമായ സമയത്ത് പരിശോധിക്കാനും പാഠമാക്കാനും കഴിയട്ടെ. ഈയുള്ളവൻ അനേകം വർഷങ്ങളായി അവകാശപ്പെടുമ്പോലെ പരമശിവനായി പരിണമിക്കുന്നതിൽ ആക്ഷേപമുണ്ടെങ്കിൽ, അതിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കണമായിരുന്നു. ആരും ചെയ്തില്ല. ഒരു നല്ല വർത്തമാനം പോലും പറഞ്ഞു കേട്ടില്ല. ഇനി ഈയുള്ളവന് അവസ്ഥാന്തരം ഉണ്ടാകുമ്പോൾ എങ്ങനെയാണ് പ്രകടിപ്പിക്കുക.

ഒരു മണ്ട ശിരോമണിയുടെ പരാജയ കഥ ആസ്വദിക്കാൻ ആഗ്രഹിച്ചവരും സ്വയം വിശകലനം ചെയ്യണം. ആരെയും കുറ്റപ്പെടുത്തുകയല്ല. ഭാവിയിൽ അവസരങ്ങളെ മെച്ചമായി ഉപയോഗിക്കണം എന്ന വിചാരം ഉണ്ടാവാനും ഉറയ്ക്കാനുമാണ്.

മഹാദേവിയുടെ വേദനകളെപ്പറ്റി അറിയണ്ടേ ?

ഇ-മഹാഗ്രന്ഥത്തിൽ പലേടങ്ങളിലുമായി
ഈയുള്ളവനുണ്ടായ മഹാഅനുഭവങ്ങളും
വേദനകളും വിവരിച്ചിട്ടുണ്ട്.

**മഹാശക്തിയായ മഹാദേവി,
മഹാആനന്ദമായി സ്വയം സ്വീകരിച്ചിട്ടുള്ള
മഹാവാത്സല്ല്യത്തെ മഹാപരിപാലിക്കാൻ
പുലർത്തുന്ന മഹാവേദനകളെ ഉൾക്കൊള്ളാൻ
ഈയുള്ളവൻ അശക്തനാണ്.
യാതൊരാൾക്കും സാധിക്കുന്നതല്ല. എന്നുവച്ച്
യാതൊരാളുടെയും സഹാനുഭൂതി വേണ്ട!**

**സഹാനുഭൂതിയും നന്ദിയും കടപ്പാടും
അറിയിക്കാൻ മുട്ടുന്നവർക്ക് അതിനുള്ള
ശക്തിയും മഹാദേവി തന്നെ നൽകണം
എന്നിരിക്കെ ദൈവ കാര്യങ്ങളിൽ തലയിടണ്ട;
വേണ്ടാത്ത / കഴിയാത്ത വേല ചെയ്യേണ്ട.**

ഒരു സംഭവ കഥ/ചരിത്രം കുറിക്കുന്നു. 2005-
ലോ മറ്റോ ആണ്. ഒരു ദിവസം രാവിലെ 9
**മണിയോടടുത്ത് ഈയുള്ളവനും 'സുഹൃത്ത്
പോലെയുള്ള** 2017-**ൽ** 60 **വയസ്സ് തികഞ്ഞ
വ്യക്തിയും' കൂടി മണ്ണടി പുതിയകാവ്
മഹാഭദ്രകാളി ക്ഷേത്രത്തിൽ ചെല്ലുന്നു.**

ഹിന്ദുമത വിശ്വാസികൾ ഏറെയും ആരാധിക്കുന്ന **ഒരു മുഖ്യദൈവത്തിന്റെ മനുഷ്യാവതാരം ആണ് സുഹൃത്തെന്ന് എനിക്കും, നിമിഷങ്ങൾ മാത്രം കഴിഞ്ഞ് അദ്ദേഹത്തിനും മഹാദേവിയിൽ നിന്നും വെളിപാട്** ലഭിച്ചതിനുശേഷം ഏതാനും ആഴ്ചകൾക്കുള്ളിൽ നടന്ന സംഭവമാണ്. **അദ്ദേഹത്തിന് ലഭിച്ച ഒരു വെളിപാടുമായി ബന്ധപ്പെട്ടാണ് ഞങ്ങൾ ക്ഷേത്രത്തിൽ എത്തിയത്. പെട്ടെന്ന് അന്തരീക്ഷത്തിന്റെ മട്ട് മാറി. ആകാശം ഇരുണ്ടു കൂടി. ദേവീ വിഗ്രഹത്തിലേക്ക് നോക്കിയ അദ്ദേഹം ദുഃഖത്തോടെ എന്നെ അറിയിച്ചത്, ദേവിയുടെ ഇടതു കണ്ണിൽ നിന്നും ചോര കുടുകുടാ ഒഴുകുന്നു. അല്പ സമയം കഴിഞ്ഞ് ചോര നിന്നെന്നും അദ്ദേഹം അറിയിച്ചു.** സുഹൃത്തിന് ലഭിച്ച വെളിപാടുമായി ബന്ധപ്പെട്ടാണ് ചോര ഒഴുകിയത്.

അക്കാലത്തും ഇന്നും അദ്ദേഹത്തിന് അങ്ങനെ ചില സിദ്ധികളും അനുഭവങ്ങളും ഉണ്ട്. വിഗ്രഹത്തിലെ ദേവതയെ അവ്യക്തമായും ചിലപ്പോൾ വ്യക്തമായും കാണാനും കേൾക്കാനും സംഭാഷണം ചെയ്യാനും കഴിയും. മറ്റൊരു ഉദാഹരണത്തിന് അദ്ദേഹവും ഞാനും കൂടി ഒരു വലിയ ദൈവീക കാര്യത്തിനു വേണ്ടിയുള്ള യാത്രയിൽ ചെങ്ങന്നൂരിനടുത്ത കല്ലിശ്ശേരിയിലെ ഒരു ദേവീക്ഷേത്രത്തിൽ ചെന്നപ്പോൾ അവിടം

കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദുർഗ്ഗ എന്ന അതിസുന്ദരിയായ ദേവത, കടും പച്ച നിറമുള്ള ബ്ലൗസും കസവു സെറ്റു സാരിയും ഉടുത്ത് ഞങ്ങളുടെ കൂടെ കൂടി; സുഹൃത്ത് മാത്രമാണ് കാണുന്നത്; ഈയുള്ളവൻ സാന്നിധ്യം അനുഭവിക്കുകയും. യാത്രയിൽ കൂടെ കൂടുമെന്ന് മുമ്പ് വെളിപാടിൽ അറിയിച്ച പ്രകാരമാണ് ഞങ്ങൾ ചെന്നത്.

2008-ൽ ആണെന്ന് തോന്നുന്നു, മുമ്പ് ദൈവീകമായി തോന്നിയ, കൂടെക്കൂടിയ **സുഹൃത്ത്** യഥാർത്ഥത്തിൽ **പിശാചുക്കളുടെ രാജാവെന്ന പോലെ അധഃപതിച്ച ദേവതയുടെ മനുഷ്യ ജന്മം ആണെന്നും,** ക്രൈസ്റ്റിൽ നിന്നും മഹാദേവിയുടെ സമ്മതത്തോടെ നേടിയെടുത്ത **കൊടിയ നിഷ്ഠൂരമായ ഒരു കരാർ പ്രകാരം ദൈവമാകാനുള്ള നീചശ്രമത്തിന്റെ ഭാഗമായി മനുഷ്യജന്മം എടുത്തിരിക്കുകയാണെന്നും** അറിഞ്ഞു.

മഹാദേവിയുടെ സ്വന്തമായ ഈയുള്ളവന്റെ ഹൃദയത്തിൽ നിന്ന് മറ്റാരും കേൾക്കാതെയും കാണാതെയും സുവ്യക്തമായി മലയാള ഭാഷയിൽ ക്രൈസ്റ്റിന്റെ പഴയ കാല ചരിത്രം മഹാദേവി പറഞ്ഞു തരികയായിരുന്നു. നാളിതുവരെ അത്തരം മഹാഅനുഭവം വേറെ ഉണ്ടായിട്ടില്ല.

ക്രൈസ്റ്റിനോട് കൊടിയ അപരാധം ചെയ്ത്, പുനർജ്ജനിച്ച് എന്നോടു കൂടിയ സുഹൃത്തിന്റെ ചരിത്രം കേട്ട് ഗദ്ഗദമാണ് ഉണ്ടായത്. പകയോ വിദ്വേഷമോ അക്കാര്യത്തിൽ നാളിതുവരെ ഉണ്ടായിട്ടില്ല. വിഷയ ചർച്ചകളിൽ ശാസ്ത്ര പരമായി ശാസിക്കുകയും ഉപദേശിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അദ്ദേഹത്തോടുള്ള ഈയുള്ളവന്റെ ഭാഷ എന്നും സ്നേഹ-വാത്സല്ല്യങ്ങൾ ആയിരുന്നു എന്ന് അദ്ദേഹത്തിന് അറിയാം. മറ്റുള്ളവരോടും അങ്ങനെ തന്നെ. അതായത് **ഈയുള്ളവനെ ശത്രുവായി കരുതാൻ മറ്റുള്ളവർക്ക് വ്യക്തിസ്വാതന്ത്ര്യം ഉണ്ട്; എന്നാൽ ശത്രുതയോടെ പ്രവർത്തിക്കുന്നവരെയും കുഞ്ഞുങ്ങളായി കരുതാനും സ്നേഹിക്കാനും സഹായിക്കാനും മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ഈയുള്ളവന് സാധിക്കുന്നു /വ്യക്തിസ്വാതന്ത്ര്യം ഉണ്ട്; കുഞ്ഞുങ്ങളോടുള്ള മഹാദേവിയുടെ മഹാവാത്സല്യം ഈയുള്ളവനിലേക്ക് മഹാഅനുഗ്രഹിച്ചു പകരുകയാണ് ചെയ്യുന്നത്.**

സുഹൃത്തായി എത്തിയിട്ടുള്ള വ്യക്തിയെ വിവരങ്ങൾ അറിയിച്ചു. അന്ന് ബാംഗ്ലൂരിലായിരുന്ന അദ്ദേഹത്തിന് മഹാഅനുഭവങ്ങൾ അവിടെയുണ്ടായി. വസ്തുതകളെ സത്യങ്ങളായി ബോദ്ധ്യപ്പെട്ട അദ്ദേഹം ശുദ്ധി ആഗ്രഹിച്ച് പ്രാർത്ഥിച്ചും ഈയുള്ളവനിലൂടെയുള്ള മഹാദേവിയുടെ ഉപദേശങ്ങളെയും സ്വീകരിച്ച് ജീവിക്കുന്നു. ഇന്ന് വളരെ നല്ല കുട്ടിയായി അദ്ദേഹം പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞു എന്ന് പറയാം. അടുത്ത കാലം വരെ പഴയ

ബന്ധങ്ങൾ പ്രകാരം ദുർദ്ദേവതകളുടെ വലിയൊരു കൂട്ടം പ്രത്യക്ഷമായി ത്തന്നെ അദ്ദേഹവുമായി ബന്ധപ്പെട്ടിരുന്നു. ആവക കാര്യങ്ങളെ വൈകാതെ അദ്ദേഹം തന്നെ വെളിപ്പെടുത്തുന്നതാണ്. വഴിതെറ്റിയ മേല്പടി കുഞ്ഞാടിന് ആദ്യം മോക്ഷം നേടിയെടുക്കാനുള്ള മഹാഅവസരത്തെയും മഹാദേവി ഈയുള്ളവനിലൂടെ മഹാഅനുഗ്രഹിച്ചു നൽകിയിരിക്കുന്നു!

സൃഷ്ടികളായ മനുഷ്യർക്ക് വേദനകളെ സഹിക്കാനും കുറ്റപ്പെടുത്തലുകളെ പൊറുക്കാനും വിഷമം ഏറും. അവർ ദുഷ്ക്കീർത്തിയെ ആഗ്രഹിച്ചെന്നും വരും.

മഹാദേവിക്കും, മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ദേവീഭാഗമായ പരമശിവനും, വേദനകൾ വിഷയമല്ല. എത്ര വലിയ വേദനയും, മഹാദേവിക്കുവേണ്ടി
(മഹാരൂപമായ മഹാപ്രപഞ്ചത്തിനും വേണ്ടിയും)
സഹിച്ചു കൊള്ളാമെന്ന് ഈയുള്ളവനെക്കൊണ്ട് മഹാദേവി സത്യപ്രതിജ്ഞ ചെയ്യിച്ചിട്ടുണ്ട് !

***ദൈവീകമായ ആനന്ദങ്ങൾ*,**
സൃഷ്ടികളുടേതിൽ നിന്നും തികച്ചും
വിഭിന്നമാണെന്ന് മുമ്പ് വ്യക്തമാക്കിയതാണ്.

ആവർത്തിക്കുന്നു :

മഹാദാസ്യവും മഹാവാത്സല്യവും
ദൈവത്തിന്റെ ആനന്ദങ്ങളായും,
മറ്റുള്ളവയെ ജീവികളുടെ ആനന്ദങ്ങളായും
മഹാഅനുഗ്രഹിച്ചിട്ടുള്ളത്
മഹാനീതിപതിയായ മഹാദേവിയാണ്.

സൃഷ്ടികളുടെ ജീവിത കാര്യങ്ങളെ
മഹാഉചിതമായും മഹാശാസ്ത്രപരമായും,
മഹാശക്തിയായ മഹാദേവി
മഹാനിശ്ചയിച്ചിട്ടുള്ളതിനെ മാറ്റിമറിക്കാൻ
സൃഷ്ടികൾക്കു കഴിയുന്നതുമല്ല.

ഏകദൈവത്തിന്റെ 2 ഭാഗങ്ങളായ മഹാശക്തിചക്രവും,
ശിവചക്രവും ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ,
ദൈവ വിപ്ലവ വുമായി ബന്ധപ്പെട്ട് മനുഷ്യാവതാരം
സ്വീകരിക്കുകയാണ്.

മഹാസംഭവങ്ങളെ ഏറ്റവും ഹ്രസ്വമായി കുറിക്കാം :-

ബ്രഹ്മവും അശരീരിയുമായ മഹാദേവി, ആദ്യം സൃഷ്ടിച്ച ശിവചക്രത്തെ ആദ്യം ഭൂമിയിൽ മനുഷ്യരൂപത്തിൽ സാധാരണ നിലയിൽ ജനിപ്പിക്കുന്നു. 1958 മെയ് മാസം 20 ചൊവ്വാഴ്ച. പുരുഷനായി പിറന്ന്, മുഹമ്മദ് ബാത്തിഷ - ബാദഷ - ഷാ - ബാദ്ഷ - തുടങ്ങിയ പേരുകളോടെ കടുത്ത ദാരിദ്ര്യത്തിലും ശാരീരിക ന്യൂനതകളോടെയും ജീവിതയാത്ര തുടരവെ, 13-ാം വയസ്സിൽ ബ്രഹ്മ-പരബ്രഹ്മ കേന്ദ്രമായ മണ്ണടി പുതിയകാവ് മഹാഭദ്രകാളി ക്ഷേത്രത്തിലേക്ക് അടുപ്പിക്കുന്നു.

ആദ്യ മഹാകാലചക്രത്തിലെ ദുർദ്ദേവതകൾ സൃഷ്ടിച്ച കൊടിയ വിപത്തുകളെ നേരിടുന്നു. തുടർച്ചയായി മാനുഷിക വിവാഹവും നടക്കുന്നു. ഇ-മഹാഗ്രന്ഥത്തിലെ ഏതാനും അദ്ധ്യായങ്ങളിലായി ജീവിത ചരിത്രം വിശദീകരിച്ചിട്ടുണ്ട്.

സൃഷ്ടി അംശമായ മത്സ്യാവതാരത്തെ 1989-ൽ ബ്രഹ്മ-മഹാദേവി ചേർക്കുന്നു; ജ്ഞാനം വർദ്ധിക്കുന്നു; 1991-ൽ വിജയദശമി എന്ന മഹാദശമിയിൽ അക്ഷരബ്രഹ്മത്തെ നാവിൽ കുറിക്കുന്നു. ജ്ഞാനം കൂടുതൽ വർദ്ധിക്കുന്നു. മഹാദേവി ഈയുള്ളവന് പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകുന്നു.

അസ്തിത്വ ജ്ഞാനം നേടിയതോടെ ഭർത്തൃകടമകളെ സമ്പൂർണ്ണമായി നിറവേറ്റിക്കൊണ്ട്; ഭാര്യയും മാതാവും ഉൾപ്പെടെ ഭൂമിയിലെ സമസ്ത ജനങ്ങളെയും കുഞ്ഞുങ്ങളായി (മക്കളായി) കണക്കാക്കുകയും സ്നേഹ-വാത്സല്ല്യങ്ങളെ നൽകുകയും ചെയ്യുന്ന, മഹാവിശിഷ്ട ശക്തി പ്രാപ്തമാകുന്നു.

2007/2008 ഡിസംബർ മാസത്തിലെ ഒരു ദിവസം അതിരാവിലെ മഹാസാന്നിദ്ധ്യം ഉണ്ടാകുന്നു. മഹാദേവി മനുഷ്യാവതാരം സ്വീകരിച്ചതായും അന്ന് 18-ാം പിറന്നാളെന്ന് അറിയിക്കുകയും ചെയ്യുന്നു. ഇന്ന് വിവാഹം കഴിഞ്ഞ് അമ്മയാണ്.

ഈയുള്ളവന്റെ മകളേക്കാൾ പ്രായം കുറഞ്ഞ കുട്ടിയെ, കുട്ടിയുടെ ചെറുപ്പകാലം മുതൽ അറിയാം. **ഓംമഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദേവി**, ഒരു മാസം പ്രായമുള്ള പിഞ്ചുകുഞ്ഞിനെയോ, ഒരു വയസ്സുള്ള കുട്ടിയെയോ പറ്റി മഹാദേവിയുടെ അവതാരം ആണെന്ന് അറിയിച്ചാൽ, ഈയുള്ളവൻ ആ കുട്ടിയുടെ കാൽ തൊട്ടു വന്ദിക്കും; ദൈവീകമായ ചുമതലയാണ്. മണ്ണടി ദേവി, പ്രസ്തുത കുട്ടിയെ പറ്റി അറിയിച്ച കാര്യങ്ങളെ കുട്ടിയുടെ മാതാപിതാക്കളോടും കുട്ടിയോടും ഈയുള്ളവൻ പറഞ്ഞിട്ടുള്ളതാണ്. സുഹൃത്ത് കൂടിയായ പിതാവ്, ഈയുള്ളവന് വട്ടാണെന്ന് തമാശയായി പറയും. ഈയുള്ളവനോട് എന്നും ബഹുമാനം കാട്ടിയിട്ടുള്ള മാതാവും, കുട്ടിയും വിഷയത്തിൽ നിശ്ശബ്ദത പാലിച്ചു. കുട്ടിയുടെ പിതാവ് ഈയുള്ളവനെ തരം താഴ്ന്ന നിലയിൽ കാണുന്നില്ല എന്നും കുറിക്കുന്നു. **പരസ്പരം ബഹുമാനിക്കുന്ന ഉറ്റ സുഹൃത്തുക്കളാണ് ഞങ്ങൾ.**

ഈയുള്ളവൻ അമ്മയെപ്പോലെ ബഹുമാനിക്കുകയും, ദൈവീകതലത്തിൽ മകളെപ്പോലെ സ്നേഹിക്കുകയും ചെയ്യുന്ന, അദ്ദേഹത്തിന്റെ പ്രിയപ്പെട്ട അമ്മയ്ക്ക് ഒരു ഹൃദയ ശസ്ത്രക്രിയ ആവശ്യമായി വന്നപ്പോൾ, പ്രിയപ്പെട്ട അമ്മയുടെ എല്ലാ പരിചരണകാര്യങ്ങളും പരിപാലിക്കാനുള്ള മഹാഭാഗ്യം അദ്ദേഹത്തിന് മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയപ്പോൾ,

മഹാദേവി ഈയുള്ളവനിലൂടെ അറിയിച്ച ഏതാനും മഹാശാസ്ത്ര വചനങ്ങൾ അദ്ദേഹത്തിന് അമ്മയുടെ കാര്യത്തിൽ അത്യാനന്ദം നൽകാൻ എന്നും കാരണമായിട്ടുണ്ട്. ഈയുള്ളവനോട് പ്രത്യേക സ്നേഹം കാട്ടാൻ ശ്രദ്ധിക്കുന്നുമുണ്ട്. ദേവീ മായ!

(ഭൂമിയിലെ സമസ്ത ജനങ്ങളെയും കുഞ്ഞുങ്ങളായി/ മക്കളായി കാണുന്ന മാനസിക അവസ്ഥയാണ് ഈയുള്ളവന് ഇന്നുള്ളത് എന്നതും അറിയണം).
ആദ്യമഹാകാലചക്രത്തിലെ ആദ്യ ഗജപാതി എന്ന ആദ്യ വിഘ്നേശ്വരനാണ് സുഹൃത്തും, കുട്ടിയുടെ പിതാവുമായി ജന്മമെടുത്തിട്ടുള്ളത് എന്ന് മഹാദേവി ഈയുള്ളവനെ മുമ്പ് അറിയിച്ചിരുന്നു.

ഈയുള്ളവന്റെ ഭാര്യയെ ആദ്യകാലം മുതൽ വിവരങ്ങൾ അറിയിച്ചിട്ടുള്ളതാണ്. മക്കൾക്കും, പലർക്കും അറിയാം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീദേവിയുടെ മനുഷ്യാവതാരം മഹാഎഴുന്നള്ളിയതാണെന്ന് മഹാഅനുഭവങ്ങളിലൂടെ ഈയുള്ളവന് ബോദ്ധ്യമായിട്ടുണ്ട്. കുട്ടിയുടെ ഫോട്ടോ ഇ-മഹാഗ്രന്ഥത്തിൽ ചേർക്കേണ്ടത് ദൈവീകമായ അത്യാവശ്യമാണ് എന്ന **വെളിപാട്** പ്രകാരം 2017 സെപ്തംബർ 20/21-നോ, കുട്ടിയെ ഈയുള്ളവൻ സമീപിച്ചപ്പോൾ ഫോട്ടോ ചേർത്തുകൊള്ളാനാണ് പറഞ്ഞത്. നിസ്സാരമായി **സമ്മതം** അറിയിച്ചപ്പോൾ **മണ്ണടി മഹാഭദ്രകാളി ദേവിയുടെ പ്രത്യക്ഷ മഹാപ്രവർത്തനം** എന്നാണ് തോന്നിയത്. വിഷയ സൂചനയുടെ ആവശ്യം മാത്രമേ ഉള്ളൂ എന്നതിനാലും, വിഷയ ഗൗരവം കണക്കിലെടുത്തും **നെഗറ്റീവ്** പോലെയുള്ള ഫോട്ടോ മാത്രമാണ് ചേർത്തിട്ടുള്ളത്. എന്നാലും അറിയിക്കുന്നു :
ദൈവീകമായ ചിത്രങ്ങളെ ദുർവ്വിനിയോഗം ചെയ്യരുത്.

2017 സെപ്തംബർ 21-ന് കുട്ടിക്കയച്ച സ്വകാര്യ സന്ദേശത്തെ **ഇവിടെ ചേർക്കുന്നത് വെളിപാട് പ്രകാരമാണ്. ഭാവിയിലെ ദൈവീക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുന്നതാണ്. യാതൊരു ദുസ്വാർത്ഥങ്ങളും ഇക്കാര്യത്തിൽ ഇല്ല.**

"ദിവ്യ മോളെ, ഇതോടൊപ്പമുള്ള pdf ഫയൽ വായിച്ചു നോക്കിയാൽ നന്നായിരുന്നു. ഏറ്റവും കുറഞ്ഞത് *14 മുതൽ 48 വരെയുള്ള പേജുകൾ വായിക്കണം.* (ബുക്കിലെ 82 മുതൽ 118 വരെ പേജുകൾ) മോളെ ഫോണിൽ കാണിക്കുകയും വാട്സ്ആപ് വഴി അയക്കുകയും ചെയ്ത ഫോട്ടോ നീക്കം ചെയ്യണമെങ്കിൽ ദയവായി അറിയിക്കണം; *പറ്റുമെങ്കിൽ നാളെ ... മടങ്ങും മുമ്പ്!*

ഞാൻ തിരക്കിട്ട പണികളിലാണ്. വിജയദശമി എന്ന മഹാദശമിയിലോ മുമ്പോ ഭൂമിയിൽ *ഓം* മുഴക്കി ക്കൊണ്ട് മഹാദേവി ദൈവ-വിപ്ലവം ആരംഭിക്കുമെന്നാണ് ഈയുള്ളവന് ലഭിക്കുന്ന മഹാവെളിപാടുകളിൽ നിന്ന് അനുമാനിക്കുന്നത്. കൃത്യമായി മഹാദേവിക്കു മാത്രമേ അറിയൂ. ഭർത്താവ്, അച്ഛൻ, അമ്മ എന്നിവരുമായി മോൾ ആലോചിക്കുന്നതിന് ഞാൻ എതിരല്ല. മഹാദേവിയുടെ പൊന്നുമോളായ ദിവ്യമോൾക്ക് ഞാൻ കാരണം ഒരു വിഷമവും ഉണ്ടാവരുത്. ഉണ്ടാവുമെന്ന് അണുവിട ഞാൻ കരുതുന്നില്ല.

പൊന്നുമോൾക്ക് പൊന്നുമ്മകൾ. *മണ്ണടി ശരണം ദേവീ ശരണം മണ്ണടി ദേവി മാത്രം ശരണം.* പരമശിവൻ / 21.09.2017

((*ദൈവീകമായ മേല്പടി സന്ദേശത്തെയും ദുർവ്വിനിയോഗം ചെയ്യാതെ ശ്രദ്ധിക്കുക.*))

മഹാദേവിയുടെ ദിവ്യമായ മഹാനാമത്തെപ്പറ്റിയുള്ള ദിവ്യ ചരിത്രം ആവർത്തിക്കുകയാണ് :-

2005-നു ശേഷം ആണെന്നു തോന്നുന്നു. കമ്പ്യൂട്ടറിൽ വെളിപാട് പ്രകാരം ഗ്രന്ഥരചന ഏറെക്കുറെ പൂർത്തിയാക്കിയ സമയത്ത് ഒരു അത്ഭുതം സംഭവിച്ചു. 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി *ദിവ്യ* മഹാദേവിക്കു മാത്രം മഹത്വം' എന്ന് ഈയുള്ളവൻ ഗ്രന്ഥത്തിൽ അനേകം ഇടങ്ങളിൽ കുറിച്ച വാചകങ്ങളെല്ലാം *ദിവ്യമായി* തിരുത്തപ്പെട്ടു. ഈയുള്ളവന്റെ സാന്നിദ്ധ്യത്തിൽ *ദിവ്യ* എന്നത് *ദിവ്യ ദിവ്യ ദിവ്യ ദിവ്യ* നാല് *ദിവ്യ*യായി ഭവിച്ചു. ഇംഗ്ലീഷ് ഭാഷയിൽ *Divya* എന്നെഴുതിയപ്പോഴാണോ സംഭവിച്ചത് എന്ന് തൽക്കാലം ഓർമ്മയില്ല. **കമ്പ്യൂട്ടറിനു മുന്നിൽ ദിവ്യാത്ഭുതത്തോടെ ഇരിക്കുമ്പോൾ ദിവ്യമായ വെളിപാടു കൂടി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകി. ഒന്നാമത്തെ *ദിവ്യ* സൃഷ്ടി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, രണ്ടാമത്തെ *ദിവ്യ* സ്ഥിതി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, മൂന്നാമത്തെ *ദിവ്യ* സംഹാരം ഉൾപ്പെട്ട മഹാനീതി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, നാലാമത്തെ *ദിവ്യ* ഭൂമിയിൽ മഹാമാതാവ് മനുഷ്യരൂപത്തിൽ മഹാഅവതരിക്കുമ്പോഴെല്ലാം *ദിവ്യ* എന്ന മഹാനാമത്തെ മഹാസ്വീകരിക്കുന്നതാണ് എന്നും ആയിരുന്നു മഹാ*ദിവ്യ*വെളിപാട്.**

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.



((ഈയുള്ളവന്റെ ഭാര്യയായി എത്തിയിട്ടുള്ളത് പഴയകാല ആദ്യ ശിവന്റെ ഭാര്യയും അന്നപൂർണ്ണേശ്വരിയും ആയിരുന്ന പാർവ്വതിയാണ്. ഈയുള്ളവന്റെ ഭാര്യ എന്നതിനെ എളുപ്പമാക്കാൻ മേലിൽ പാർവ്വതി എന്നു കുറിക്കുന്നതാണ്. മഹാദേവിയുടെ അവതാരമായ കുട്ടിയുടെ ഫോട്ടോ കാട്ടിയും കത്ത് വായിച്ചു കേൾപ്പിച്ചും പാർവ്വതിയെ വിഷയങ്ങൾ അറിയിച്ചിട്ടുണ്ട്. അന്നപൂർണ്ണേശ്വരിയും ആദ്യ ശിവന്റെ ഭാര്യയും ആയിരുന്ന പാർവ്വതിയെപ്പറ്റി മഹാദേവി മഹാഅനുഗ്രഹിച്ചു വെളിപ്പെടുത്തിയ ചില കാര്യങ്ങളെ കുറിക്കാം. പാർവ്വതിയെ കൂടുതൽ ശുദ്ധീകരിക്കാനും ശ്രേഷ്ഠപ്പെടുത്താനുമാണ് ഈയുള്ളവനോട് ചേർത്തതെങ്കിൽ, ദൈവമാകാൻ ശ്രമിച്ച മേല്പടി ദുർദ്ദേവത ക്രൈസ്റ്റിൽനിന്നും നേടിയെടുത്ത കൊടിയ നിഷ്ഠൂരമായ ഒരു കരാർ മുഖ്യകാരണമാണ്. ചുരുക്കുന്നു.

ഈയുള്ളവന്റെ മൂത്തചേട്ടനായി പുനർജ്ജനിച്ചിട്ടുള്ള ആദ്യ ശിവനും, ഈയുള്ളവന്റെ ഭാര്യയായി എത്തിയിട്ടുള്ള പാർവ്വതിയും, 3 ദശാബ്ദങ്ങൾക്കു മുമ്പ് ആദ്യ ദർശനത്തിൽ, സ്നേഹം പ്രകടിപ്പിച്ചത് പരസ്പരം ഗാഢമായി ആലിംഗനം ചെയ്താണ്; പാർവ്വതിയുടെ ഭവനത്തിൽ വച്ച് ഒരേസമയം യാദൃശ്ചികമായി പാർവ്വതിയുടെ പിതാവും ഈയുള്ളവനും അത് കാണുകയും ചെയ്തു. ആദ്യ ശിവനായിരുന്ന ചേട്ടൻ പിന്നീട് ആ സംഭവത്തിൽ ഖേദം പ്രകടിപ്പിച്ചുവെങ്കിലും നാളിതുവരെ രണ്ടു പേരെയും ഈയുള്ളവൻ കുറ്റപ്പെടുത്തിയിട്ടില്ല. <u>എക്കാലവും വിഷയങ്ങളെ ദൈവീകമായി കാണാൻ മഹാദേവി ഈയുള്ളവനെ മഹാഅനുഗ്രഹിട്ടുണ്ട് എന്നതാണ് പരമമായ സത്യം.</u>

ഈയുള്ളവന് അവസ്ഥാന്തരമോ താല്ക്കാലിക മരണമോ ഉടനെ സംഭവിച്ചാൽ, മനുഷ്യാവസ്ഥയിലുള്ള ആദ്യ ശിവന്റെ രംഗ പ്രവേശം ഉണ്ടാകുമെന്ന് സൂചനയുണ്ട്. മറ്റൊരു ചേട്ടൻ ഉരുക്കു മനുഷ്യൻ എന്നറിയപ്പെടുന്ന പട്ടേലിന്റെ പുനർജന്മം ആണ്. ആവക കാര്യങ്ങളെ മാറ്റിവെച്ച് മഹാശാസ്ത്ര പാഠങ്ങളിലേക്ക് മടങ്ങാം. മേൽ സൂചിപ്പിച്ച ആദ്യ ശിവൻ, പാർവ്വതി, പട്ടേൽ, ഗജപാതി എന്ന വിഘ്നേശ്വരൻ, ദുർദ്ദേവതകൾ, തുടങ്ങിയവർ മഹാശാസ്ത്രത്തിന്റെ ഭാഗമല്ലെന്നും മഹാശക്തി-ശിവ ചക്രങ്ങളുടെ കുഞ്ഞുങ്ങളാണെന്നും അറിയിക്കുന്നു.)).

ശക്തിചക്രമായി അറിയുന്ന കുട്ടിക്ക് മനുഷ്യരൂപം ലഭിച്ചെങ്കിലും; **സ്വത്വബോധം** ലഭിച്ചിട്ടില്ല. അതുവരെ സാധാരണ സ്ത്രീ മാത്രമാണ്. മഹാശക്തിചക്രമായ മഹാദേവി = ഏകമഹാശക്തിയായ ദൈവം ആയിത്തീരണമെങ്കിൽ ബ്രഹ്മം / മഹാലിംഗം/ ആകാശം ചേരണം. എങ്ങനെ എപ്പോൾ എന്നൊന്നും ഈയുള്ളവന് അറിയില്ല. ഭൂമിയിൽ **ഓം** മുഴങ്ങുമ്പോൾ ആവുമോ / **ഓം** മുഴക്കി ആവുമോ ?!

പരമശിവനും ശക്തിചക്രവും വൈകാതെ പുതിയ ഉന്നതിയിൽ എത്തുന്നതാണ്; ശക്തിചക്രത്തോട് ബ്രഹ്മം = ബ്രഹ്മ-മഹാദേവി ചേരുന്നതാണ്.

മഹാദേവി, പരമശിവനിൽ
മഹാപ്രവേശിപ്പിച്ചിട്ടുള്ള **ഓംകാരം, ഓം**
എന്ന **മഹാശബ്ദമായി മഹാചിരിക്കും**
എന്ന അവ്യക്തമായ വെളിപാട് ലഭിച്ചിട്ടുണ്ട്.

ലഘുഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ
ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം
എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കാനാണ്.

മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്.

ദൈവ-വിപ്ലവ കാലത്തും, തുടർന്നുള്ള സംഹാര കാലത്തും, മഹാദേവിയുടെ ഓംകാരം വഴിയുള്ള നിർദ്ദേശങ്ങളും ആജ്ഞകളും പ്രകാരം മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം മഹാഉചിതമായ മാർഗ്ഗദർശനം നൽകാനും, സ്നേഹവാത്സല്യങ്ങളോടെ ഉപദേശിക്കാനും ശാസിക്കാനും ശിക്ഷിക്കാനും പ്രപഞ്ചപിതാവും മഹാദാസനുമായ പരമശിവൻ സദാ ഉണ്ടാവും.

മഹാദർശനവും മഹാവാത്സല്യവും അനുഭവിക്കാനുള്ള മഹാഭാഗ്യം നിരന്തരം എല്ലാവർക്കും നേടാം. ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ജീവിച്ചാൽ; മഹാമാതാവായ മഹാദേവിയും, പിതാവായ പരമശിവനും, കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയും മഹാദാസനുമായി മഹാവാത്സല്യം നൽകി കൂടെയുണ്ടാവും.

മനുഷ്യമാതാവ് നൽകിപ്പോരുന്ന വാത്സല്യത്തിന്റെ കൃത്യം 100 മടങ്ങ് വാത്സല്യത്തെ മനുഷ്യജീവി ആയിരിക്കുന്ന 100 ജന്മങ്ങളിലും നൽകിപ്പോരുന്ന ദൈവം, മഹാശാസ്ത്രരൂപത്തോടെ കുഞ്ഞുങ്ങളുടെ മുന്നിൽ പ്രത്യക്ഷമായിക്കൊണ്ട് മഹാദർശനവും മഹാവാത്സല്യവും നേരിട്ടെത്തിക്കാൻ മഹാവരികയാണ്.

100 മനുഷ്യജന്മങ്ങളിലെ അവസാനത്തെ 10 ജന്മങ്ങളിലുള്ള സ്ത്രീജന്മങ്ങളിൽ, മഹാദേവിയുടെ മഹാമടിയിൽ തലചായ്ച്ചുകിടന്ന് മഹാആനന്ദത്തെ മഹാആസ്വദിക്കുവാനും കുഞ്ഞുങ്ങളായ മനുഷ്യർക്ക് മഹാഭാഗ്യമുണ്ടാകുന്നതാണ്.

മുകളിൽ വിശദീകരിച്ച കാര്യങ്ങൾക്കെല്ലാം ദൈവവുമായും, മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായും' മാത്രമാണ് ബന്ധം.

മഹാദേവിയുടെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്. എന്നാൽ മഹാപ്രപഞ്ചത്തിന് അതീതമാണ് ദൈവ കാര്യങ്ങൾ. ദൈവം, ദൈവ രൂപം, മായ, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, എന്നിവ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കുന്നത് ഓം എന്ന ശബ്ദ ബ്രഹ്മത്തിലൂടെയാണ്.

ദൈവ കാര്യങ്ങളെ മഹാഉചിതമായ സമയത്ത് ദൈവ-ഭാഗമായ പരമശിവനിലൂടെ ദൈവമായ മഹാദേവി വെളിപ്പെടുത്തുന്നു. മഹാശിവയായ മഹാദേവിയുടെ സൃഷ്ടി-അംശം മത്സ്യാവതാരം എടുത്ത് പരമശിവനായി അവതരിക്കുന്ന ശിവചക്രത്തിന്റെ മനുഷ്യാവതാരത്തിൽ പ്രവേശിക്കുന്നു. മഹാബ്രഹ്മമായ മഹാദേവി, ശിവചക്ര-മനുഷ്യ നാവിൽ അക്ഷരബ്രഹ്മവും

കൂടിയായ **ഓം** കുറിച്ച് യഥാർത്ഥമായ വേദങ്ങളെ വീണ്ടെടു(പ്പി)ക്കുന്നു. മഹാശക്തിയായ ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട മഹാകാര്യങ്ങൾ സൃഷ്ടികളെ ഏല്പിച്ചു കൂടാ.

മായാശക്തികളുമായി ബന്ധപ്പെട്ട മഹാശാസ്ത്ര പാഠങ്ങളെ പഠിക്കാൻ മനുഷ്യർക്കു കഴിയണമെങ്കിലും ദൈവം മനുഷ്യരുടെ നാവിൽ അക്ഷരബ്രഹ്മവും കൂടിയായ **ഓം** കുറിക്കേണ്ടതുണ്ട്.

ദൈവ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവിയുടെ രൂപത്തിൽ, ഓരോ മനുഷ്യന്റെയും അടുത്തേക്ക് പ്രത്യേകമായിട്ട് അയച്ച്, പ്രത്യേകം സൃഷ്ടിച്ച പൊന്നുമോനാണെന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, ഓരോ മനുഷ്യന്റെയും നാവിൽ ഓം കുറിക്കുന്നു.

മഹാശാസ്ത്ര ജ്ഞാനത്തെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ, ദൈവം പുരുഷനോ, സ്ത്രീയോ, ജീവിയോ അല്ലാ എന്നും മനുഷ്യന് ബോദ്ധ്യമുണ്ടാകുന്നതാണ്.

അക്ഷര ബ്രഹ്മം കൂടിയായ ഓം കുറിച്ചതു കൂടാതെ, മത്സ്യാവതാരമായി മഹാശിവയുടെ സൃഷ്ടി അംശം പരമശിവന്റെ നാസികയിലൂടെ ഉള്ളിലേക്കു പ്രവേശിച്ചത് എന്തിനാണ് ?

ജീവി സൃഷ്ടി ആരംഭിച്ചത് മത്സ്യത്തിൽ നിന്നാണ്. സൃഷ്ടി ജ്ഞാനത്തോടൊപ്പം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള മായാശക്തികളെ പരമശിവനിലേക്ക് പ്രവേശി(പ്പി)ച്ചിരിക്കുകയാണ്. പരമശിവന്റെ നെറുകയിൽ മായാപരമായി സ്ഥാനം ഉറപ്പിക്കുന്ന 'സ്ത്രീ പുരുഷസൃഷ്ടികളെ രണ്ടും സൃഷ്ടിക്കുന്ന മഹാസൃഷ്ടി അംശം', ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരം കഴിഞ്ഞ് അടുത്ത സൃഷ്ടിചക്രം ആരംഭിച്ച ശേഷം മത്സ്യാവതാരമായി തന്നെ മഹാസമുദ്രത്തിലേക്ക് മടങ്ങുന്നതാണ്.

സൃഷ്ടിയിൽ സ്ത്രീക്കും സ്ഥിതിയിൽ പുരുഷനും പ്രാധാന്യം നൽകുന്ന ഓംകാരനീതിശാസ്ത്ര പ്രകാരം, മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്ത് പരമശിവനെ മുന്നിൽ നിർത്തിയാണ് സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ പ്രത്യക്ഷമായി ചെയ്യുന്നത് ... സർവ്വം ചെയ്യുന്നത് പരമശിവനാണെന്ന് തോന്നുംപോലെയുള്ള മഹാസംവിധാനമാണത്.

മഹാദേവി പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാദേവനായി ഉയർത്തുമ്പോൾ, മഹാദേവിയോട് അതിലധികം ദാസനായിരിക്കുവാൻ പരമശിവൻ ശ്രദ്ധിക്കുന്നതാണ്.

ദൈവവും ദൈവരൂപവും

ഓം

മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ

ഗൂഢതയുടെ രഹസ്യം വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ മഹായുക്തി കൂടിയായ മഹാജ്ഞാനത്തെ മായാശക്തികൾ കൊണ്ട് ഭൗതിക അസ്തിത്വമുള്ള ജഗത്ത് അഥവാ മഹാപ്രപഞ്ചമായി പരിണമിപ്പിച്ചു കഴിയുമ്പോൾ ജഗത്ത് സത്യം അഥവാ യാഥാർത്ഥ്യം ആകുന്നു. ജഗത്ത് മായ ആണ്; എന്നാൽ മിഥ്യ അല്ല.

ജഗത്തിൽ ജീവിക്കുന്നവർക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയണമെങ്കിൽ, ജഗത്തിലെ സർവ്വ വസ്തുക്കളിലും ജീവികളിലും ആനന്ദങ്ങളെ ഭൗതിക അസ്തിത്വത്തോടെ ലയിപ്പിക്കേണ്ടതുണ്ട്. ആനന്ദങ്ങളെ ആസ്വദിച്ച് അനുഭവിക്കുവാൻ ഗൂഢത കൂടിയേ കഴിയൂ.

ഉദാഹരണത്തിന് മാമ്പഴത്തിൽ ഗൂഢമായിരിക്കുന്ന മാധുര്യവും പോഷകങ്ങളും ലഭിക്കുവാൻ മാമ്പഴം കഴിക്കണം. മാമ്പഴമോ മാമ്പഴച്ചാറോ കഴിക്കാതെ മാമ്പഴത്തിന്റെ മാധുര്യവും പോഷകങ്ങളും ലഭിച്ചാൽ

... പിന്നീട് മാമ്പഴം കഴിക്കുന്നത് എന്തിന് ? എല്ലാ ഭക്ഷണവും അങ്ങനെ തന്നെ. മറ്റുള്ള ആനന്ദങ്ങളുടെ കാര്യവും അങ്ങനെ തന്നെ. ഉദാഹരണത്തിന് പാട്ട് കേൾക്കാതെ പാട്ടിൽ ഗൂഢമാക്കിയിട്ടുള്ള വൈവിധ്യമാർന്ന ആനന്ദങ്ങളെ ലഭിച്ചാൽ കുഴച്ചിലാവും. ഇണയുമായി സങ്കല്പത്തിൽ പോലും സല്ലപിക്കാത സമ്പൂർണ്ണമായ കാമാനന്ദം ലഭിച്ചാൽ ഭാവി തലമുറയുടെ കാര്യവും കുഞ്ഞുങ്ങളും വാത്സല്യവും കുഴച്ചിലാവും.

ജനനം, രോഗം, രോഗ മുക്തി, രോഗ ശയ്യയിലെ അനുഭവങ്ങൾ, ജീവിത നേട്ടങ്ങൾ, വിനോദം, വിവാഹം, മരണം, ദൈവ ദർശനം, തുടങ്ങിയ എല്ലാ കാര്യങ്ങളിലും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങൾ ഉണ്ട്. **ഗൂഢമാക്കിയിട്ടുള്ള സുഖവും ദുഃഖവും കലർന്ന ആനന്ദങ്ങളെല്ലാം വിഷയ-വസ്തുത സംഭവിക്കാതെ മുൻകൂട്ടി അറിയാനും അനുഭവിക്കാനും കഴിയുമെന്ന് വന്നാൽ ജീവിതം ഇല്ല / സമ്പൂർണ്ണ കുഴച്ചിലാവും. അങ്ങനെയിരിക്കെ ദൈവം/മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് അപരാധം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ മനുഷ്യർ ചെയ്താൽ അത് അപരാധമാണ്.**

മറ്റൊരു തരം ഗൂഢതയെപ്പറ്റി ഇനി കുറിക്കാം :-

മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരമല്ലേ സർവ്വവും എന്നും, മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ, സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ചോദ്യങ്ങൾ 3 ഉണ്ട്; 3 ഉത്തരങ്ങളും പ്രത്യേകം വേണം.

(1) മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരം തന്നെയാണ് സർവ്വവും. മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് 'മായക്കളി' നടത്തി വിനോദിക്കുന്നതായി കണക്കാക്കിയാൽ അപരാധം ഉണ്ട്. ആനന്ദങ്ങളെ ഗൂഢമാക്കിയിട്ടുള്ളത് കുഞ്ഞുങ്ങളായ സൃഷ്ടികൾക്കു വേണ്ടിയുള്ള മഹാത്യാഗമായും മഹാവാത്സല്യമായും തിരിച്ചറിയാൻ കഴിഞ്ഞാൽ ശ്രേഷ്ഠം. സർവ്വത്തിനും അതീതമായ മഹാദേവി ക്രൂര വിനോദം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ ചെയ്യുന്നത് അപരാധമാണ്.

(2) മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ എന്നു ചോദിച്ചാൽ 'അതേ', എന്നാൽ ശിവ -ശക്തിചക്രങ്ങൾ മഹാപ്രപഞ്ചത്തിനും മുമ്പ്, ആദിയും അന്തവും ഇല്ലാത്ത അവസ്ഥയോടെ, സർവ്വത്തിനും അതീതമായ ബ്രഹ്മം കാരണമായി സൃഷ്ടിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും ദീർഘമായി വിവരിച്ചതാണ്.

ബ്രഹ്മം രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും !

കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകാൻ വേണ്ടി മാത്രം (മഹാജീവിയെപ്പോലെ ജീവിക്കുന്ന !) ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ മഹാസൂക്ഷ്മമാക്കിയിട്ടുള്ളതും കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ്.

മഹാ-ദൈവകാര്യങ്ങളെ ക്രൂരതമാശകൾ പോലെ സംസാരിക്കുന്നത് അപരാധമാണ്.
മഹാവാത്സല്യവും കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവുമായ മഹാദേവിയെ അപമാനിച്ചാൽ പതിയും, കുഞ്ഞുങ്ങളുടെയെല്ലാം പിതാവുമായ പരമശിവൻ ശിക്ഷിച്ചുതന്നെ തിരുത്തിയെന്നുവരും. പിതാവ് ശിക്ഷിക്കണ്ടേ, സ്വയം വിശകലനംചെയ്യുക.

(3) ദൈവത്തിന് സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, മുമ്പ് വ്യക്തമാക്കിയതാണ്.

കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദങ്ങളെയും

വ്യക്തിസ്വാതന്ത്ര്യത്തെയും കണക്കാക്കി മഹാദേവി മഹാമര്യാദ കാട്ടുന്നു.

മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്രത്തെ നിവർത്തിക്കുന്നത് ഓംകാരം തന്നെയാണ്. പരമശിവന്റെ ഹൃദയത്തെയും ഉൾക്കൊണ്ട് പരമശിവനിൽ പ്രവർത്തിക്കുമ്പോൾ വേറിട്ട ശരീരമുള്ള പരമശിവനെ ക്കൂടി ഏറ്റെടുക്കുകയാണ് മഹാദേവി. **സ്ഥിതി എന്ന ജീവിതത്തിൽ പുരുഷന് പ്രാധാന്യം എന്നത് ദൈവ കാര്യത്തിൽ വീഴ്ച്ച ഉണ്ടാവാൻ കാരണമായിക്കൂടാ.**

ഇനി മഹാദേവിയായി അവതരിക്കുന്ന ബ്രഹ്മം ചേർന്ന മഹാശക്തിചക്രത്തിന്റെ മഹാവിശേഷം കുറിക്കാം. മഹാഹൃദയമായ ഓംകാരത്തിന്റെ അഭാവത്തിൽ മഹാദാസനായ പരമശിവന്റെ പത്നിയും ദാസിയുമെന്നോണം പ്രവർത്തിക്കുകയാൽ നേരിട്ട് മഹാകാര്യങ്ങളിൽ ഇടപെടാൻ ശക്തിയില്ല. മഹാജ്ഞാനത്തെ ബ്രഹ്മ-മഹാദേവിയിൽ നിന്നും ഗ്രഹിച്ചിട്ടുള്ള പരമശിവൻ, പത്നിയായ മഹാദേവിയുടെ മഹാഅസാധാരണമായ സാധാരണത്തം അറിഞ്ഞും അനുഭവിച്ചും മഹാപാദ പൂജ ചെയ്തും മഹാവാഹനമായും ഒക്കെ മഹാദാസ്യ-സേവനം ചെയ്യാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കുന്നു. ആയതിന് മഹാഅനുഗ്രഹവും തേടുന്നു. പരമശിവന്റെ ഉള്ളിൽ കഴിയുന്ന മഹാഹൃദയമായ **ഓംകാരം** മഹാചിരിക്കുന്നു !

മഹാദാസനും മഹാദേവനുമായ പരമശിവന്റെ പത്നിയും സാധാരണ സ്ത്രീയുമായി കഴിയുന്ന മഹാദേവിക്ക്, പരമശിവനിൽ പ്രവേശിച്ചിട്ടുള്ള ഓംകാരം കനിയാതെ മായാശക്തികൾ ഇല്ല;
ആകയാൽ മായാശക്തികൾക്കുവേണ്ടി **മഹാദേവിയെ** സൃഷ്ടികൾ സമീപിച്ചിട്ടു കാര്യമില്ല. **മായാശക്തികളില്ലാതെ സാധാരണ സ്ത്രീയായി ജീവിക്കുന്ന ഏകദൈവത്തെ പാഠമാക്കണം.**
മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും എപ്പോഴും സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ സദാ മണ്ണിൽ മഹാലയിച്ചിരിക്കുകയാണ്. അവ പ്രകാരം ജീവിക്കാനാണ് മനുഷ്യർ ശ്രദ്ധിക്കേണ്ടത്.
മായാശക്തികളെ ആഗ്രഹിച്ചു കൂടാ.
മഹാദേവിയുടെ പ്രത്യക്ഷ സാന്നിദ്ധ്യവും മഹാശാസ്ത്ര പാഠങ്ങളും ഉൾക്കൊണ്ട് അത്യാനന്ദത്തോടെ ജീവിക്കാൻ സാധിക്കുന്നതാണ്.
വ്യക്തിസ്വാതന്ത്ര്യം ഒട്ടും ആഗ്രഹിക്കാതെ മഹാശക്തിയും മഹാനീതിപതിയുമായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ച് മാത്രം ജീവിക്കുന്നവനാക്കി എല്ലായ്പ്പോഴും മഹാഅനുഗ്രഹിക്കണമേ എന്ന് വിനീത വിധേയനായി പ്രാർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഓംകാരത്തെ പരമശിവനിൽ പ്രവേശിപ്പിച്ചതായി കണക്കാക്കിയാൽ പരമശിവന് സ്വന്തമായ ഇഷ്ടങ്ങളോ അഭിപ്രായങ്ങളോ പാടില്ല.
ഗ്രഹങ്ങളെപ്പോലും നിസ്സാരമായി സൃഷ്ടിക്കുവാൻ ശക്തിയുള്ള ഓംകാരം മഹാ-പ്രവർത്തിക്കുന്നത് ഓംകാര നീതി ശാസ്ത്രം പ്രകാരം മാത്രമാവുന്നതാണ് സമസ്ത പ്രപഞ്ചത്തിലെയും കുഞ്ഞുങ്ങൾക്കു നല്ലത്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാദേവനും ഭർത്താവുമായ പരമശിവന് മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കുന്ന അധികാരി എന്ന നിലയ്ക്ക് ഓംകാരത്തെ ദുരുപയോഗം ചെയ്യാനുള്ള പ്രവണത ഉണ്ടായാൽ, അത് തടയാനായി പരമശിവന്റെ കഴുത്തിലെ കയർ പോലെയുള്ള ഓംകാര നാഗബന്ധനം മുറുകുന്നതും, പരമശിവനെ മഹാസംശുദ്ധനായി സംരക്ഷിക്കുന്നതുമാണ്. അപ്പോഴും എപ്പോഴും പ്രപഞ്ചത്തിലെ സമസ്ത കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടിയാണ് മഹാദേവി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്.

ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണ്ടതായ സന്ദർഭങ്ങളിൽ പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ 'മഹാപ്രപഞ്ചത്തിന്റെ മൊത്തം ശക്തിയിൽ 10 അളവുകളോടെ ശക്തിയുള്ള **മഹാവലതുകൈ' അറിയാതെ-അറിഞ്ഞ് ഉയരുകയും മഹാഅനുഗ്രഹിക്കുന്നതുമാണ്.**

പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ ഇടതുകാലിന് 10 അളവ്, വലതു കാലിന് 5, മഹാഹൃദയമായ ഓംകാരത്തിന് 20 എന്നെല്ലാം അളവുകളുണ്ട്. മഹാപ്രപഞ്ചത്തിന് ആവശ്യമായ മൊത്തം അഗ്നിയെ വലതുകൈയ്യിലെ ചൂണ്ടുവിരലും, മൊത്തം ജലത്തെ ഇടതുകൈയ്യിലെ ചൂണ്ടുവിരലും വഹിക്കുന്നുണ്ട്. കൈകൾ മാറിയോ എന്നോർമ്മയില്ല. വായുവിന്റെ കാര്യം ഉൾപ്പെടെ ചിലതും ഈയുള്ളവൻ മറന്നു പോയി. മഹാഉചിതമായി മഹാദേവി ഓർമ്മിപ്പിക്കുന്നതാണ് !

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, **മഹാദേവി** മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുന്നതോടെ, മേലിൽ, സൃഷ്ടി ചക്രത്തിന്റെ **മായ** പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ മഹാശക്തിചക്രം കൂടിയായ മഹാദേവി, ഇടയ്ക്കെല്ലാം മായാശക്തികളെ പ്രകടിപ്പിച്ചു കൊണ്ട് പ്രത്യക്ഷമായേക്കാം ! മാത്രമല്ല; മഹാദേവിയുടെ ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിലെ ധാർമ്മിക അധഃപതനത്തെ സമ്പൂർണ്ണമായി തടയാനും മത-രാഷ്ട്രീയ പിശാചുക്കൾ ഇനിയൊരിക്കലും ഭൂമിയിൽ ഉണ്ടാവാതെ മഹാസംരക്ഷിക്കുവാനും ഉദ്ദേശിച്ചാണ്. ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും പിൻവലിക്കുന്നതാണ്. മഹാദേവി സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, ഓംകാര നീതി ശാസ്ത്രവും തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! **ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്. അല്പം കുറച്ചാലും വേണ്ടില്ല; മനുഷ്യരാണെന്നതു പോലും അവഗണിച്ച് മത-രാഷ്ട്രീയ-ദേശ പിശാചുക്കളുടെ കൊടിയും പിടിച്ച് കുഞ്ഞുങ്ങൾ തമ്മിൽ തല്ലി ചാകുന്നതു കാണുവാൻ മണ്ണും ഭൂമിയും മഹാവാത്സല്ല്യവുമായ മഹാമാതാവിന് വയ്യെന്നായിരിക്കുന്നു! ഓം ശാന്തി ! അമ്മേ ശിവ!**

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

ദൈവ കാര്യങ്ങളെ മാറ്റിവെച്ച് അല്പം മാനുഷിക കാര്യങ്ങൾ കുറിക്കാം :-

മഹാ ഉചിതമായി ദൈവം ചെയ്യുന്ന കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ട് ദൈവം ചുമതലപ്പെടുത്തിയെന്നും ഏല്പിച്ചെന്നും അറിയിച്ചെന്നും കള്ളപ്രചരണം നടത്തിയതിന്റെ ഉല്പന്നങ്ങളാണ് മതങ്ങൾ എന്ന് ചുരുക്കി പറയാം.

സർവ്വശക്തനായ ദൈവത്തിന് ശാസ്ത്രപരമായി രൂപമെടുക്കാൻ ശക്തിയില്ലെന്നു പറഞ്ഞ് പാപികളാവരുതേ കുഞ്ഞുങ്ങളെ.

മഹാശക്തിയായ ദൈവത്തിന്റെ മാത്രം സ്വന്തമായ കുഞ്ഞുങ്ങൾക്ക് മഹാദർശനം നൽകാനും മഹാവാത്സല്യത്തോടെ പുന്നരിക്കാനും മഹാശക്തിയായ ദൈവം മഹാശാസ്ത്രപരമായി മഹാമാതാവായി രൂപമെടുത്ത് മഹാഎഴുന്നെള്ളുമ്പോൾ കാണണ്ടെന്നു പറയാൻ കഴിയുമോ കുഞ്ഞുങ്ങളെ..

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

ഓം നമഃ ശിവായ

ഓം ശിവായ നമഃ

ദേവീ ശരണം

അമ്മേ ശിവ !

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവത്തിന്റെ മഹത്വത്തെയും മനുഷ്യൻ മനസ്സിലാക്കുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുള്ളത് എന്നും മഹാശാസ്ത്രപരമായ ആരാധനാ വാചകം എന്താണെന്നും മുകളിൽ വിശദീകരിച്ചിട്ടുണ്ട്.

ശിഷ്ടമുള്ള 99 ജന്മങ്ങളിൽ ദൈവത്തെ വിസ്മരിച്ച് ജീവിക്കാൻ മനുഷ്യർക്കു കഴിയില്ല.

ദൈവം മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർച്ചയായിട്ട് സംഹാരവും പുരോഗമിക്കുമ്പോൾ ദൈവത്തെ മഹാശാസ്ത്രപരമായിട്ട് അറിയാനും ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കാനും മനുഷ്യർ ഉത്സാഹിക്കുന്നതാണ്. ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നതല്ല എങ്കിലും ദൈവനാമം ജപിക്കാനും ദൈവത്തെയും ദൈവ ശാസ്ത്രത്തെയും വണങ്ങാനും മനുഷ്യർക്കു കഴിയണം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ലഭിക്കുവാനും അതാവശ്യമാണ്.

"മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ, മഹാശാസ്ത്ര പ്രകാരം, മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവിയെ നമിക്കുന്നു" എന്നത്, അർത്ഥം ശരിയാണ്; എന്നാൽ വാചകം വളരെ നീണ്ടതാണ്; കുഞ്ഞുങ്ങളായ മനുഷ്യർ ആയാസപ്പെടുന്നത് മഹാമാതാവായ മഹാദേവി ഇഷ്ടപ്പെടുന്നില്ല. കുഞ്ഞുങ്ങളുടെ ആവശ്യവും ആനന്ദവും കണക്കാക്കി മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാലളിതവും മഹാസുന്ദരവുമായ ദൈവനാമവും പ്രാർത്ഥനാ വാചകവുമാണ് "ഓം നമഃ ശിവായ."

"സർവ്വവും മംഗളമാക്കുന്ന മഹാദേവി" എന്ന അർത്ഥത്തെ **"ശിവായ /ശിവ"** എന്ന പദത്തിന് മഹാനിശ്ചയിക്കുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ ഭാരപ്പെടുത്താത്ത മഹാവാത്സല്യമാണത്.

ഓം എന്താണെന്ന് ചുവടെ മഹാശാസ്ത്രപരമായിട്ട് ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. '**മഹാ**' എന്ന അർത്ഥത്തെ തൽക്കാലം സ്വീകരിക്കുന്നു. **"ഓം നമഃ ശിവായ"** = **"നമിക്കുന്നു** (ഞാൻ) **മഹാശിവയെ** = (ഞാൻ) **മഹാദേവിയെ നമിക്കുന്നു**. **"ഓം"** ഒഴിവാക്കിക്കൊണ്ട് **"നമഃ ശിവായ"** എന്നും **"ശിവായ നമഃ** " എന്നും പറയാവുന്നതാണ്. **"ശിവായ നമഃ** " = "(ഞാൻ) **ശിവയെ** (**ദേവിയെ**) **നമിക്കുന്നു**" = **"നമഃ ശിവായ"**.

മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാപ്രപഞ്ചത്തിൽ ഒരു **ദേവി** മാത്രമേ ഉള്ളൂ. കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ **"ദേവി"** എന്നോ **"മഹാദേവി"** എന്ന് വിളിക്കുന്നതോ ദേവിയെ വിസ്മരിക്കുന്നതു പോലെ വിഷയമാക്കാത്തതോ **"ദേവിക്ക് " വിഷയമല്ല**.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന മുൻ അദ്ധ്യായത്തിൽ മഹാദാസനായ പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാദേവൻ എന്ന മഹാനാമം മഹാസമ്മാനമായി നൽകുന്നതിനെ വിവരിക്കുകയുണ്ടായി. അതിനോട് സാമ്യമുള്ള മറ്റൊരു മഹാആവിഷ്ക്കാരമാണ് **ഓം നമഃ ശിവായ** എന്ന പ്രാർത്ഥനാ-വാചകത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

ശിവയും ശിവനും **ഓം നമഃ ശിവായ** എന്ന വാചകത്തിൽ ഉണ്ട്. **ശിവാ** എന്ന് വിളിച്ചാൽ, **ശിവയെ** ആണ്; **ശിവനെയും** ആണ്. **മഹാദേവിയുടെ മഹാആവിഷ്ക്കാരമാണ്.**

ശിവ ചക്രം, പരമശിവൻ, ശിവൻ എന്നെല്ലാം തന്റെ രണ്ടാമത്തെ ഭാഗത്തിന് പേരിടുന്ന മഹാശക്തി, ശിവന്റെ **'ശിവ'** യെന്ന **ലളിത മനോഹര നാമം** സ്വീകരിച്ച് മഹാപ്രപഞ്ചത്തിലെ സൃഷ്ടികളുടെ അഹംഭാവങ്ങളെയും, പദവികൾക്കും കീർത്തികൾക്കും വേണ്ടിയുള്ള കോപ്രായങ്ങളെയും ലജ്ജിപ്പിക്കുന്നുണ്ട് !

ശിവ = മഹാദേവി = മഹാശക്തിയായ ദൈവം എന്ന ലളിത മനോഹര നാമത്തെ സ്വീകരിക്കാൻ മഹാദേവി തയ്യാറാകുമ്പോൾ ശിവൻ പോലും സ്വയം ലജ്ജിക്കുന്നു.

ശിവ എന്ന് മഹാദേവിയെ വിളിച്ചാൽ മതിയാകും എന്ന് മഹാദേവി പറയുമ്പോൾ, സ്വന്തം കൂച്ചൽ മാറാൻ **മഹാശിവ** എന്ന് പരമശിവൻ പേരുമാറ്റി വിളിക്കുന്നത് മനുഷ്യരെ ചിന്തിപ്പിക്കണം.

മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി ഒരു സംബോധനാ മന്ത്രത്തെ മഹാദേവി മഹാനിശ്ചയിക്കുമ്പോൾ അവിടെയും ശിവനെ മുന്നിൽ നിർത്തുന്നു. മാത്രമല്ല; കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം ഉണ്ടായത് എന്നപോലെയും പദത്തിന് ഉപരിയായും **ശിവ**യിൽ നിന്നുമാണ് **ശിവനു**ണ്ടായത് .. ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിച്ചാൽ മാത്രമേ ശിവനെ പോലും അത്തരം മഹാആവിഷ്ക്കാരത്തെ **ശിവ** അറിയിക്കുകയുള്ളൂ. മഹാപാഠങ്ങളെ ലഭിക്കാനും പഠിക്കാനും മനുഷ്യർ യോഗ്യത നേടണം എന്ന് സാരം.

ശിവനിൽ ശേഷിക്കുന്ന അഹംഭാവം നിമിത്തം ശിവനെ സ്തുതിക്കുന്നത് ശിവൻ ആസ്വദിക്കാൻ ഇടയായാൽ ശിവൻ ലജ്ജിക്കണം. മഹാദേവീ, ഈയുള്ളവന്റെ മേൽ ഓംകാര നാഗ ബന്ധനം കൂടി എല്ലായ്പ്പോഴും മഹാനിർവ്വഹിച്ച് എല്ലായ്പ്പോഴും ഈയുള്ളവനെ മഹാസംശുദ്ധനാക്കേണമേ ...

ശിവന്റെ ഹൃദയത്തോട്,
മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണം
സത്തയും, ശിവയുടെ മഹാഹൃദയവും
കൂടിയായ ഓംകാരത്തെ ചേർത്ത്
ശിവനിലൂടെ പ്രവർത്തിപ്പിക്കുമ്പോൾ, ശിവ
ശക്തി ബന്ധത്തെ നിർവ്വചിക്കാൻ
പരമശിവൻ തീർത്തും അപ്രാപ്തനാകുന്നു.

ഒരു പക്ഷേ, മഹാശിവയായ
മഹാദേവിയിൽ ശിവന് നൽകാതെ
ശേഷിക്കുന്നത് ആദിയും അന്തവുമില്ലാത്ത
ആകാശം എന്ന മഹാലിംഗം മാത്രമാവും !

ആകാശം എന്ന മഹാലിംഗം,
സർവ്വത്തിനും അതീതമായ ബ്രഹ്മം
പോലെയാണെന്ന് മുമ്പ് സൂചിപ്പിച്ചതിനെ
കണക്കാക്കുമ്പോൾ, പരമശിവൻ
മഹാപൂജ്യമായി മാറുന്നതാണ്.

അഹംഭാവം, ദുസ്വാർത്ഥം തുടങ്ങിയ
ദുർഗ്ഗുണങ്ങളിൽ പെട്ടിരിക്കുന്നവർ
മുകളിൽ കൊടുത്ത പാഠങ്ങളെ
ഉൾക്കൊണ്ട് ധർമ്മശാസ്ത്ര പരമായി
ആനന്ദിച്ച് ജീവിക്കണം.

മഹാദേവിയെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ,

മഹാപ്രപഞ്ചത്തിലെ അനന്തകോടി വസ്തുക്കളെയും അനന്തകോടി ജീവികളെയും സൃഷ്ടിക്കാനും സംരക്ഷിക്കാനും മഹാനീതി നൽകാനും,

ഒരു തുള്ളി ജലത്തിന്റെ ശക്തി പോലും മഹാദേവിക്ക് വേണ്ടതില്ല എന്നറിയണം.

മഹാദേവി മഹാഅനുഗ്രഹിച്ച് മഹാവാത്സല്ല്യം കൂടിയായ ഓംകാരനീതിശാസ്ത്ര പ്രകാരം നൽകുന്ന ശക്തികളെയും സംഗീതത്തെയും ഒക്കെ ഒക്കെ ദുരുപയോഗം ചെയ്യുന്ന കുഞ്ഞുങ്ങളുടെ പോഴത്തരങ്ങളിൽ / ഭോഷത്തങ്ങളിൽ മഹാശക്തിയായ മഹാദേവി ആനന്ദിക്കണമോ ? സംഗീതം ഉൾപ്പെടെ സർവ്വ ആനന്ദങ്ങളെയും സൃഷ്ടിച്ച ദൈവം സർവ്വ ആനന്ദങ്ങൾക്കും അതീതമാണ്.

ജനങ്ങളുടെ സന്തോഷത്തിനായി മഹാദേവി അനുവദിച്ച പ്രാർത്ഥനാ / ആരാധനാ വാചകം മഹാദേവിക്കു വേണ്ടിയാണെന്ന് കരുതരുത്.

കുഞ്ഞുങ്ങൾ സ്വയം വിശകലനം ചെയ്യുക.

മുകളിൽ, ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ, ആരാധനകളെയും സ്തുതി ഗീതങ്ങളെയും മഹാകല്പന പ്രകാരം വിശദീകരിച്ചിട്ടുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

= ഓം നമഃ ശിവായ

എന്ന അർത്ഥത്തിൽ ലഘുവായ സ്തുതി മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. ഭക്തിക്കും 5 അളവ് ആനന്ദത്തെ മഹാഅനുവദിച്ചിട്ടുണ്ട്.

"**ശിവൻ**" = **ശിവ** = **മംഗളമാക്കുന്നവൻ** = **മഹാദേവൻ** = **മഹാദേവി** എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്; ശിവയിൽ ശിവനുണ്ട്; ശിവനിൽ ശിവയും. ശിവനെ വേറിട്ട് കണക്കാക്കുമ്പോൾ **ശിവനില്ലെങ്കിലും ശിവയുണ്ട്**; **ശിവ** അഥവാ **മഹാശക്തിയായ മഹാദേവി എപ്പോഴുമുണ്ട്**. **എല്ലായ്പ്പോഴും ഉള്ളതായ മഹാശിവയ്ക്കു മാത്രമാണ് സർവ്വം മംഗളമാക്കാൻ കഴിയുക.**

പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും നൽകിക്കൊണ്ട് പരമശിവനിലൂടെ പ്രപഞ്ചകാര്യങ്ങളെ ശിവമാക്കുമ്പോഴും പരമശിവൻ 'ലൂടെ' മാത്രമാണെന്നും ശിവയായ മഹാദേവിയാണ് യഥാർത്ഥത്തിൽ സർവ്വതും മഹാ-ഭദ്രമാക്കുന്നത് എന്നും മനസ്സിലാക്കണം.

മഹാദേവിയും, മഹാദാസനായ പരമശിവനും മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർന്ന് സംഹാരവും പുരോഗമിക്കുമ്പോൾ, മഹാദേവിയായ മഹാശിവയാണ് ഏക-മഹാശക്തിയായ ദൈവം എന്നതും ജനങ്ങളെല്ലാം സുവ്യക്തമായി അറിയുന്ന കാര്യങ്ങളാണ്.

മഹാദേവിയെ നമിക്കുന്നതോടൊപ്പം, മഹാദേവിയുടെ ഭാഗമായ പരമശിവനെയും നമിക്കേണ്ടുന്നത് മനുഷ്യരുടെ ആവശ്യമാവുന്നതാണ്. മഹാദേവിയുടെ ഭാഗമായിട്ട് ഏകദാസനായ പരമശിവനെ സൃഷ്ടിച്ചിട്ടുള്ളത് പോലെ, "ഓം നമഃ ശിവായ" എന്ന വചനത്തിൽ മഹാശിവയായ മഹാദേവി, ശിവനെയും മഹാഅനുഗ്രഹിച്ചു മഹാഉചിതമായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാദേവിയുടെ ഭാഗമായ ഏകദാസനായും,

ഏക പ്രതിനിധിയായും, പ്രപഞ്ച പിതാവായും, സംഹാര നാഥനായും, പരമശിവനായും ഒക്കെ ശിവനെ മഹാസൃഷ്ടിച്ചിട്ടുള്ളത് ശിവയായ മഹാദേവിയുടെ മഹാകരുണയായും മഹാഭാഗ്യമായും മഹാഅനുഗ്രഹത്താൽ പരമശിവന് സുവ്യക്തമായിട്ട് അറിയാം. തന്റെ തെറ്റുകളെയും കുറ്റങ്ങളെയും കുറവുകളെയും പിഴവുകളെയുമൊക്കെ മഹാശിക്ഷിച്ചു തിരുത്തണമേ എന്ന് പ്രാർത്ഥിക്കുന്നതുമാണ്. ശിവന്റെ എല്ലാമായ - മഹായജമാനയായ മഹാശിവയെ മാത്രം കുഞ്ഞുങ്ങളെല്ലാം സ്തുതിക്കുന്നതും വണങ്ങുന്നതും തന്റെ ഇഷ്ടമാവാനും മഹാശിവയോട് പ്രാർത്ഥിക്കുന്നുണ്ട് പരമശിവൻ.

മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും പരമശിവന് നൽകിയിട്ടുള്ളതോടൊപ്പം, പരമശിവന്റെ കഴുത്തിൽ മഹാനാഗബന്ധനത്തെ നിർവ്വഹിച്ച് പരമശിവനെ മഹാനീതിശാസ്ത്രത്തിൽ ബന്ധിച്ചിട്ടുള്ളതും മഹാശിവ യുടെ മഹാകരുണയാണ്.

സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ പിതാവായ പരമശിവനി 'ലൂടെ' മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നതാണ് സംഹാരം. അതിനുശേഷം, പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ, മഹാപിതാവും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിപതിയും ഭൂമിയുമായ മഹാദേവി, മഹാഉചിതമായ സമയത്ത് 2 ശിവരൂപങ്ങളെയും പിൻവലിക്കുന്നതാണ്.

സ്ത്രീയും പുരുഷനും "തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന പരമാനന്ദമായ കാമാനന്ദം ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട് - അതിനാൽ കാമാനന്ദത്തെ ആസ്വദിച്ചു തുടങ്ങുമ്പോൾ "ഓം നമഃ ശിവായ" ഉൾപ്പെടെയുള്ള ദൈവനാമങ്ങൾ ഉരുവിട്ടുകൂടാ; ദൈവനിന്ദ വേണ്ട.

മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യാത്ര പറയുമ്പോഴും ഒക്കെ "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" "നമസ്ക്കാരം, വന്ദനം, അസ്സലാമു അലൈക്കും, ഗുഡ് ബൈ... " എന്നിങ്ങനെയെല്ലാം പറയുന്നത് മനുഷ്യരുടെ സ്വകാര്യമാണ്; വേഷം കെട്ടൽ അല്ലാത്ത ദൈവ -സ്മരണ നല്ലതാണ്.

ധർമ്മശാസ്ത്രപരമായ ജീവിതത്തിന് ആക്കം ലഭിക്കുന്നതാണ്. എന്നാൽ, ദൈവത്തിനു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ അപേക്ഷിക്കുകയോ ചെയ്താൽ ദൈവനിന്ദ ഉണ്ടാകുന്നതാണ്; പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതുമാണ്. "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നീ 4 വാചകങ്ങളിൽ വ്യക്തികൾക്ക് ചേരുന്നതും ലളിതമായതും സ്വയം സ്വീകരിച്ചു കൊള്ളുക. സാധാരണ ജനങ്ങൾക്ക് ഏറ്റവും ഉചിതമായത് "അമ്മേ ശിവാ" എന്നതാവും. വേറെയും കാരണങ്ങളുണ്ട്. 'അമ്മ' എന്ന പദം വാത്സല്യത്തെ കനപ്പെടുത്തുന്നതാണ്. മേല്പടി 4 വാചകങ്ങളും പഞ്ചാക്ഷരങ്ങൾ ചേർന്നതാണ്; എന്നാൽ "അമ്മേ ശിവാ" എന്ന വാചകം മാത്രം "മ്മ" എന്ന കൂട്ടക്ഷരം കൊണ്ടാണ് കഷ്ടിച്ച് പഞ്ചാക്ഷരങ്ങൾ ആവുന്നത്. ഒരു അക്ഷരം കുറയുമ്പോലെയും വാത്സല്യത്തെ വർദ്ധിപ്പിക്കുന്ന ആനന്ദം പോലെയും "അമ്മേ ശിവാ" ശ്രേഷ്ഠമാണ്.

"ഓം നമഃ ശിവായ", "ഓം ശിവായ നമഃ ",
"അമ്മേ ശിവാ", "ദേവീ ശരണം"
എന്നിങ്ങനെയെല്ലാം മനുഷ്യർ ജപിക്കുന്നത്
ദൈവത്തെ സന്തോഷിപ്പിക്കാനല്ല;
ദൈവത്തിനു വേണ്ടിയുമല്ലാ എന്നറിയുക.

ദൈവ സ്മരണയ്ക്ക് സ്വീകരിക്കാവുന്ന
മഹാശാസ്ത്ര പരവും ലളിതവുമായ
മഹാപദങ്ങളെ അനുഗ്രഹിച്ചു നൽകിയിട്ടുള്ളത്
മനുഷ്യരുടെ സന്തോഷത്തെ
കണക്കാക്കിയാണ്. ദൈവത്തിന്റെ
ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിയണം.

മഹാശക്തിയായ ദൈവം ശക്തികളെ
നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ
ഏതൊരു ജീവിക്കും ഏതൊരു കാര്യവും
ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ,
മനുഷ്യരോട് കേമത്തം കാട്ടിയിട്ട്
(മഹാശക്തിയായ ദൈവത്തിനു) യാതൊന്നും
നേടാനില്ല. അതേസമയം, സൃഷ്ടികളായ
മനുഷ്യരിൽ നിന്ന് ദേവതകളായിട്ട്
സ്ഥാനക്കയറ്റം ലഭിച്ചവർ ദുഷിച്ചപ്പോൾ, "ഓം
നമഃ ശിവായ" എന്നതിനെ അനുകരിച്ച്
അധമമായ നാമജപങ്ങളെ തട്ടിക്കൂട്ടാനും
ജനങ്ങളെക്കൊണ്ട് അവരെ
ആരാധിപ്പിക്കാനും പ്രവർത്തിച്ചിട്ടുണ്ട്. കടുത്ത
അപരാധമാണ് അവർ ചെയ്തത്. അധമ

ആരാധനകൾ ഇല്ലാതാകുകയായി.

ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ മന്ത്രശാസ്ത്രം വർജ്ജ്യമാണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഉത്തമം, ഉൽക്കൃഷ്ടം എന്നിങ്ങനെയെല്ലാം അനേകർ വിശ്വസിക്കുകയും ഉരുവിടുകയും ചെയ്യുന്ന 'ഗായത്രി മന്ത്രം' ഉൾപ്പെടെ എല്ലാ മതങ്ങളിലെയും എല്ലാ മന്ത്രങ്ങളും പൂജകളും യജ്ഞങ്ങളും ഹോമങ്ങളും വഴിപാടുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഗ്രന്ഥങ്ങളും പാരായണങ്ങളും അതുപോലെ ഉള്ളവയും അധമങ്ങളാണെന്നും, 'ശാസ്ത്രമല്ലാത്ത വർജ്ജ്യമായ മന്ത്രശാസ്ത്രത്തിന്റെ' അംശങ്ങൾ മാത്രമാണെന്നും സുവ്യക്തമായി അറിഞ്ഞു കൊള്ളണം.

'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.

ഓം അക്ഷര ബ്രഹ്മമാണ്; അക്ഷരമല്ല. **ഓം** എന്ന അടുത്ത അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഉച്ചരിക്കുമ്പോൾ, "ഓം" ശബ്ദബ്രഹ്മവും, എഴുതുമ്പോൾ അക്ഷരബ്രഹ്മവുമാണ്.

അക്ഷരബ്രഹ്മം, ശബ്ദബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "**ബ്രഹ്മം**" എന്ന പദത്തിനാണ്

പ്രാധാന്യം. 'ബ്രഹ്മം' എന്തെന്ന് മുകളിൽ വിശദീകരിച്ചിട്ടുണ്ട്. ശബ്ദബ്രഹ്മമായ ' **ഓം** ' ചേർത്താലും, ഇല്ലെങ്കിലും, **നമഃ ശിവായ** 5 അക്ഷരങ്ങളാണ് = **പഞ്ചാ**ക്ഷരങ്ങൾ.

ദൈവവിപ്ലവത്തോടെ അധമകാര്യങ്ങൾ ഏറെയും അവസാനിക്കുന്നതാണ്; ലാഭിക്കുന്ന ധനവും ഊർജ്ജവും സമയവും മറ്റും മണ്ണിൽ അദ്ധ്വാനിക്കാനും തങ്ങളുടെയും മറ്റുള്ളവരുടെയും നന്മകൾക്കായി ഉപയോഗിക്കാനും ജനങ്ങൾക്കെല്ലാം കഴിയട്ടെ !

ഓം നമഃ ശിവായ

ഓം ശിവായ നമഃ ദേവീ ശരണം

അമ്മേ ശിവ !

വേദം 1	ഓം, ഓംകാരം, ഓംകാര നീതി ശാസ്ത്രം, മഹാലിംഗം	പേജ് 165
	ഓം : ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്ര മൂലം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, മഹാശബ്ദം, ദൈവവിപ്ലവ ഗാനം, മഹാസംഗീതം, മഹാചിരി	
	ഓം : ശബ്ദ ബ്രഹ്മം	170-203
	ഓം : അക്ഷര ബ്രഹ്മം	204-
	ഓം നമഃ ശിവായ പഞ്ചാക്ഷരങ്ങളാണ്.	217-219
	ഓംകാരം	220-365

	ഓംകാര നീതി ശാസ്ത്രം (മഹാനീതിശാസ്ത്രം)	245-365
	മഹാപുനർജ്ജന്മസിദ്ധാന്തം	301-365
	ദൈവശിക്ഷകൾ Punishments from the Supreme Justice GOD	327-359
	പശു (കാളി), പശു-പതി (കാള) പശു പാഠം 2	366-379
	മോക്ഷം	380-432
	മഹാലിംഗം, പ്രാർത്ഥന, ദേവാലയം, ..	433-454
	ദൈവ മന്ത്രങ്ങൾ	458-500


ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാപിതാവും മഹാമാതാവുമായ
മഹാദേവിയായി
മഹാഎഴുന്നെള്ളിക്കഴിഞ്ഞു.



ഓം

ഓം : ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്ര മൂലം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, മഹാശബ്ദം, ദൈവവിപ്ലവ ഗാനം, മഹാസംഗീതം, ദൈവത്തിന്റെ മഹാചിരി

ഓം എന്താണെന്നു വിശദീകരിക്കുവാൻ **യോഗ്യത** അത്യാവശ്യമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി, മഹാദശമി രാത്രിയിൽ ഈയുള്ളവന്റെ നാവിൽ 'ഓം'-ന്റെ മൂലവും അക്ഷരബ്രഹ്മവുമായ ' 3 ' കുറിച്ചതാണെന്ന് മഹാഎളിമയോടെയും മഹാസന്തോഷത്തോടെയും അറിയിക്കുന്നു. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം എന്നാലെന്താണ് ?

"ശബ്ദബ്രഹ്മം" ആണ് "ഓം".

"അക്ഷരബ്രഹ്മം" ആണ് "ഓം".

"മഹാശാസ്ത്ര മൂലം" ആണ് "ഓം".

"ആദിവചനം" ആണ് "ഓം".

"സൃഷ്ടിമന്ത്രം" ആണ് "ഓം".

"സംഹാര കാഹളം" ആണ് "ഓം".

"ഏക മഹാശബ്ദം " ആണ് "ഓം".

"ദൈവ-വിപ്ലവ ഗാനം" ആണ് "ഓം".

"മഹാസംഗീതം" ആണ് "ഓം".

"ദൈവത്തിന്റെ മഹാചിരി" ആണ് "ഓം".

മഹാശക്തിയായ ദൈവം, ഓം എന്ന ദിവ്യമഹാശബ്ദം ഹിന്ദുമതത്തിലൂടെ ഭാഗികമായി സംരക്ഷിച്ചിട്ടുണ്ട്. മഹാശാസ്ത്രപരം മാത്രമാണ് ഓം എന്ന്, ഓം എന്ന അക്ഷരബ്രഹ്മത്തിന്റെ യഥാർത്ഥ ലിപി വ്യക്തമാക്കുന്നുണ്ട്. മതപരമല്ല ഓം എന്നും, മഹാശാസ്ത്രപരം മാത്രമാണ് ഓം എന്നും, മഹാപ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊണ്ടും അതീതമായും മഹാപ്രപഞ്ചത്തിലെങ്ങും ഓം വ്യാപരിക്കുന്നുവെന്നും ചുവടെ വിശദീകരിക്കുന്നു.



ബ്രഹ്മം എന്നാലെന്തെന്നും, ബ്രഹ്മം ശക്തിയെയും ശിവനെയും സൃഷ്ടിച്ചുകൊണ്ട് മഹാദേവിയായി വർത്തിക്കുന്നതെങ്ങനെയെന്നും വിശദീകരിക്കുന്ന മുൻ അദ്ധ്യായങ്ങളെ വ്യക്തമായി ഗ്രഹിച്ചു കൊണ്ട് **ഓം** എന്ന ദിവ്യമഹാശബ്ദത്തെപ്പറ്റി പഠിക്കുന്നതു നല്ലത്.

മഹാപ്രപഞ്ചത്തിലെ മനുഷ്യജീവിതത്തെയും, മഹാശാസ്ത്രത്തെയും, മഹാശക്തിയായ മഹാദേവിയുടെ മായാശക്തികളെയും ബന്ധിപ്പിക്കുന്ന 3 പ്രത്യേക കാര്യങ്ങളുണ്ട് :

(1) ജീവികളുടെ ശരീരമായിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഭൗതികഘടന, ശാസ്ത്രനിയമങ്ങളോടെ ദൈവം സൃഷ്ടിച്ചിട്ടുള്ളതു കൊണ്ടാണ് ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്.

അങ്ങനെ അല്ലെങ്കിൽ ജീവികൾക്ക് ജീവിക്കാൻ കഴിയുമോ എന്ന് അല്പം ചിന്തിക്കുക. ഭക്ഷണ പാനീയങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, ഭക്ഷണ പാനീയങ്ങളെ സ്വീകരിക്കുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, രോഗങ്ങൾക്കും മരുന്നുകൾക്കും വൈദ്യുതിക്കും ലോഹങ്ങൾക്കും ഊർജ്ജ-പ്രവർത്തനങ്ങൾക്കും യന്ത്രങ്ങൾക്കും... നിയമങ്ങൾ ഇല്ലാതിരിക്കുക, എന്നിങ്ങനെ ചിന്തിക്കുമ്പോൾ, ശാസ്ത്രനിയമങ്ങൾ മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഇല്ലെങ്കിൽ ഭക്ഷണമോ ശരീര പ്രവർത്തനങ്ങളോ മാത്രമല്ല; ജീവിതത്തിലെ എല്ലാ മേഖലകളും സ്തംഭിക്കുന്നതായി കാണാം.

(2) ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ ജീവിക്കാനുള്ള മായ എന്ന പേരിലുള്ള ശക്തി വാരിക്കോരി നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ഇനി അല്പം ചിന്തിക്കുക. ഒരാൾ പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ അതുകണ്ട്

പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, അയൽവാസിയായ ഒരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും അയൽവാസികൾ തോന്നുമ്പോലെ മാറിമാറി അടുത്ത മായാസൃഷ്ടി നടത്തുകയും തുടങ്ങിയ രീതിയിൽ ജീവികൾക്ക് മായാശക്തിയിലൂടെ പ്രവർത്തിക്കാമെന്നു വരുമ്പോൾ, ഒരു നിമിഷം പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ, ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം.

(3) മഹാശക്തിയായ ദൈവം, മായ എന്ന പേരിലുള്ള പ്രപഞ്ചത്തിന് അതീതമായ ശക്തികളെ മഹാശാസ്ത്രമായി ചുരുക്കുകയും, മഹാശാസ്ത്രപ്രകാരം മാത്രം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാശാസ്ത്രനിയമങ്ങളെ മനുഷ്യർക്കു വെളിവാക്കി ക്കൊടുക്കുകയും, ഇന്ന് അനുഭവിക്കുമ്പോലെ മനുഷ്യർ ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രപഞ്ചത്തിലെ

സുഖസൗകര്യങ്ങൾ കണ്ടെത്തിക്കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിക്കുക. എത്ര സുന്ദരമായിരിക്കുന്നു. മതവ്യവസ്ഥിതികളും, രാഷ്ട്രീയ വ്യവസ്ഥിതികളും ഒക്കെ ശാസ്ത്രപരമായി ശുദ്ധീകരിക്കുക കൂടി ചെയ്താൽ ജീവിതം പരമാനന്ദകരം എന്ന് ഒരുവിധപ്പെട്ട ജനങ്ങളെല്ലാം സമ്മതിക്കുന്നതാണ്.

മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി ആവിഷ്ക്കരിച്ചിരിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം. മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.

മഹാശക്തിയായ മഹാദേവിയുടെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്; മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരിയും മഹാപ്രപഞ്ചത്തിന് അതീതമാണ് എങ്കിലും മനുഷ്യർക്ക് അത് പ്രകടമല്ല. മഹാശക്തിയായ മഹാദേവി തന്റെ മഹാ-മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുമ്പോൾ മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ മഹാദേവിയും എന്നു സുവ്യക്തമാണ്. മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ മഹാദേവി സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് സദാ വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !

മഹാദേവി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ തന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ (മഹാശക്തിയായ മഹാദേവിയുടെ) മായയെ മഹാശാസ്ത്രത്തിലും പ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്.

സ്രഷ്ടാവും മഹാരക്ഷകയുമായ മഹാശക്തിയുടെ മായ-യെയും, സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും, ശാസ്ത്രത്തെയും, ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ആവശ്യമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദേവിയുടെ മഹാമായയെ അഥവാ മഹാദേവിയെ പ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം.

മുകളിലെ ഖണ്ഡികയിലെ ഉള്ളടക്കത്തെ ബന്ധപ്പെടുത്തിക്കൊണ്ട്, മനുഷ്യർ ചെയ്തുപോരുന്ന ഒരു വലിയ ദൈവനിന്ദയെപ്പറ്റി അല്പം സൂചിപ്പിക്കേണ്ടതുണ്ട്. ഭൂമിയിലെ അനവധി രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിന്റെ ഉല്പത്തി അന്വേഷിക്കുന്നതും അനേകർ ആറ്റത്തിനകത്ത് ടോപ് ക്വാർക്കുകളെ തേടുന്നതുമായ കാര്യങ്ങൾ ഒരു നിരർത്ഥക വ്യായാമമാണ്. എന്തെന്നാൽ എങ്ങനെയോ സൃഷ്ടിക്കപ്പെട്ട മഹാപ്രപഞ്ചത്തിന്റെ ആദിയെ അഥവാ ഉത്ഭവത്തെ ഭൗതികമായി തേടുന്നു എന്നല്ലാതെ, ദൈവം മഹാസൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചം എന്ന നിലയിലോ, സ്രഷ്ടാവിനെ ബഹുമാനിക്കുന്ന രീതികളിലോ അല്ല അവരുടെ അന്വേഷണം. (അവരെ അവമതിച്ചു കൊണ്ട് അവർ കണ്ടെത്തുന്ന ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിക്കുന്ന മതജാതി-പുരോഹിതപ്പിശാചുക്കളുടെ ദുഷ്ട പ്രവർത്തനം വലിയ ഒരു കാരണവുമാണ്.).

മഹാപ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ അഥവാ മഹാരഹസ്യത്തെ, മഹാശാസ്ത്രപരമായിത്തന്നെ, മഹാശക്തിയായ മഹാദേവി തന്റെ മഹാദാസനും ഏകപ്രതിനിധിയുമായ പരമശിവനിലൂടെ ചുവടെ

അറിയിക്കുകയാണ്. അതീവശ്രദ്ധയോടെ പഠിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിക്കട്ടെ.

ദൈവം മഹാപ്രപഞ്ചത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഒരു വസ്തു വായുവിൽ ചുറ്റുമ്പോഴുമൊക്കെ ശബ്ദം ഉണ്ടാകുന്നതാണ്. മില്ലുകളിൽ യന്ത്രം കറങ്ങുമ്പോഴും വാഹനങ്ങൾ ഓടുമ്പോഴുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത വസ്തുതയെ അഥവാ ശബ്ദത്തെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. മഹാപ്രപഞ്ചത്തിലെ സർവ്വതും ആറ്റങ്ങളുടെ അഥവാ അണുക്കളുടെ കൂട്ടമാണെന്നും, ആറ്റത്തിനകത്ത് പ്രോട്ടോണുകളെ സദാസമയവും ഇലക്ട്രോണുകൾ ചുറ്റിക്കൊണ്ടിരിക്കുകയാണെന്നും ശാസ്ത്രജ്ഞർക്ക് പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ വെളിവായിട്ടുണ്ട്. വസ്തു ചുറ്റുമ്പോഴും മോട്ടോർ ചുറ്റുമ്പോഴും ശബ്ദം ഉണ്ടാകുമ്പോലെ തന്നെ ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ തീർച്ചയായും ശബ്ദം ഉണ്ടാകുന്നുണ്ട് എന്ന് മനുഷ്യർക്ക് വെളിപ്പെട്ടുക്കഴിഞ്ഞ ശാസ്ത്രം പ്രകാരം സുവ്യക്തമാണ്. അതിസൂക്ഷ്മമായ പരമാണുവിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്. സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് മുഴുവൻ മനുഷ്യർ! അതിസൂക്ഷ്മമായ

ആറ്റത്തിനകത്ത് അത്യധികം സൂക്ഷ്മങ്ങളായ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് സുവ്യക്തമാണ്, ശാസ്ത്രജ്ഞന്മാർക്കും മറ്റും അതറിയാം. അതി-സൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നു പറയാൻ കഴിയുമെങ്കിലും ഒരു പരിധി കഴിഞ്ഞാൽ അത് പ്രാവർത്തികമല്ല. അതേസമയം, കാണാൻ കഴിയാത്ത അവസരത്തിൽ ദൈവമില്ലെന്നും കാണാൻ കഴിയുന്ന അവസരത്തിൽ മാത്രം ദൈവം ഉണ്ടെന്നും, ഇന്ദ്രിയങ്ങളുടെ ഭാഗിക ഉപയോഗം കൊണ്ട് മാത്രം നിശ്ചയിക്കുന്നതു പോലെയുള്ള അവസ്ഥ ഉണ്ടാവരുത്. തൽക്കാലം ശബ്ദം കേൾക്കാൻ കഴിയാത്തതുകൊണ്ട്, പരമാണുവിൽ ശബ്ദം ഉണ്ടാകുന്നില്ല എന്നു കരുതുന്നത് തെറ്റാണ്; ശാസ്ത്രപരമല്ല, ദൈവീകവുമല്ല.

ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് ഇലക്ട്രോണുകളോ, പ്രോട്ടോണുകളോ ഇലക്ട്രോണുകളും പ്രോട്ടോണുകളും ചേർന്നോ, ഉണ്ടാക്കുന്നതാവണം എന്നു മാത്രമേ ഇന്നത്തെ അപൂർണ്ണമായ ഭൗതികശാസ്ത്രം പ്രകാരം കരുതാനാവുകയുള്ളൂ. യന്ത്രങ്ങൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലാ എങ്കിൽ അഥവാ ചേർക്കപ്പെടുന്നില്ലാ എങ്കിൽ അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു. യന്ത്രം പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതിന്റെ ഉത്ഭവം ആറ്റത്തിൽ നിന്നാണ് എന്നു സുവ്യക്തമാണ്. അതായത് ശബ്ദം അതിസൂക്ഷ്മമായ ആറ്റത്തിൽ ഉണ്ട്

അഥവാ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ഉണ്ടാകുന്നു അഥവാ ചേർക്കപ്പെടുന്നു.

മഹാപ്രപഞ്ചം മുഴുവൻ ആറ്റങ്ങളെക്കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കയാലും, എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്ന പ്രവർത്തനം സദാ നടക്കുന്നതിനാലും, മഹാപ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലും ഉള്ളതോ ഉണ്ടാകുന്നതോ ആയ ശബ്ദം ഒന്നാണെന്ന് ശാസ്ത്രപരമായി ഏറെക്കുറെ വ്യക്തമാണ്. തൽക്കാലം കേൾക്കാൻ കഴിയാത്തതുകൊണ്ട്, പരമാണുവിൽ ശബ്ദം ഉണ്ടാകുന്നില്ലെന്നു കരുതുന്നത് ശാസ്ത്രീയ രീതിയല്ല, ദൈവീകമല്ല. മഹാശക്തിയായ ദൈവത്തിന്റെ മഹാമായ-യുമായി ബന്ധപ്പെട്ട ശബ്ദം എന്താണെന്നും എങ്ങനെയാണെന്നും ദൈവം വെളിപ്പെടുത്തേണ്ടത്, മഹാമായ-യുമായി ബന്ധപ്പെട്ട സംവിധാനത്തിലൂടെ വേണമോ, അതോ മഹാപ്രപഞ്ച സൃഷ്ടിയുടെ കാരണത്തെപ്പറ്റി എന്തോ ഏതോ പോലെയും ബഹുമാനമില്ലാതെയും അന്വേഷിക്കുന്ന അപൂർണ്ണമായ ഭൗതികശാസ്ത്ര സംവിധാനത്തിലൂടെ വേണമോ എന്ന് ഏതാനും നിമിഷങ്ങൾ ചിന്തിക്കുക. മഹാശക്തിയായ ദൈവം തന്റെ മഹാമായ കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതു കൊണ്ട് പ്രപഞ്ചത്തിന്റെ മഹാരഹസ്യം പോലെയുള്ള മഹാകാര്യങ്ങളെ വെളിപ്പെടുത്തേണ്ടത് മഹാമായ-യുമായി ബന്ധപ്പെട്ട മഹാസംവിധാനം പ്രകാരം തന്നെയാവണമെന്ന് മനുഷ്യർ തീർച്ചയായും ഉച്ചത്തിൽ പറയുന്നതാണ്, തലതാഴ്ത്തി സമ്മതിക്കുന്നതാണ്. പ്രപഞ്ചപിതാവും, മഹാദാസനും, ഭാഗവും, പ്രതിനിധിയുമായി മഹാദേവി നിശ്ചയിച്ചിട്ടുള്ള പരമശിവനിലൂടെ ആറ്റത്തിനുള്ളിലെ മൂല-ശബ്ദം

എന്നുകൂടി വിശേഷിപ്പിക്കാവുന്ന പ്രസ്തുത മഹാശബ്ദം എന്താണെന്ന് മഹാദേവി അറിയിക്കുന്നു : **ഓം** .

രണ്ടോ അതിലധികമോ വസ്തുക്കൾ പ്രതിപ്രവർത്തിക്കുമ്പോൾ ശബ്ദമുണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാശക്തിയായ ദൈവം, ഓം എന്ന ഏകമഹാശബ്ദമായി മാറിക്കൊണ്ട് ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്.

മഹാദേവിയായ സ്രഷ്ടാവിനെയും, മഹാശാസ്ത്ര പ്രകാരമുള്ള **മഹാപ്രപഞ്ചമെന്ന** സൃഷ്ടിയെയും, ബന്ധിപ്പിക്കുവാനായി **ഓം** എന്ന മഹാശബ്ദമായി **മായ** ഓരോ ആറ്റത്തിലേക്കും പ്രവേശിച്ചിരിക്കുകയാണ്. മഹാശാസ്ത്രപരമായി ഓരോ വ്യക്തിയുടെയും ശരീരം ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളിൽ നിന്നും **ഓം** മുഴങ്ങുകയും ബധിരർ ഉൾപ്പെടെ എല്ലാവരും **ഓം** എന്ന മഹാശബ്ദം കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നു. ഓരോ ആറ്റത്തിലേക്കും **ഓം** ആയിട്ട് **മായ** പ്രവേശിച്ചിരിക്കുന്നു എന്നു പറയുമ്പോൾ സ്രഷ്ടാവും രക്ഷകയുമായ **മഹാദേവി** തന്നെയാണ് പ്രവേശിച്ചിരിക്കുന്നത് എന്നും അറിയണം. ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്നു എന്നും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുവെന്നും വിലയിരുത്തിയത് അപൂർണ്ണമായ

ഭൗതികശാസ്ത്ര പ്രകാരം മാത്രമാണ്. ദൈവീകമായി, അഥവാ മഹാശാസ്ത്രം പ്രകാരം മഹാപ്രപഞ്ചത്തിലെ സൃഷ്ടികാര്യങ്ങൾ എങ്ങിനെയെന്ന് ഇനി വിവരിക്കാം :-

// മഹാശക്തിയായ മഹാദേവി തന്റെ മായ കൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാൻ തയ്യാറാകുന്നതായി കണക്കാക്കുക. സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവിസംവിധാനത്തിലെ സ്ത്രീയും പുരുഷനും എന്ന ഘടകങ്ങളെ ഉൾക്കൊണ്ട് അവയുടെയെല്ലാം മഹാമാതാവും പരമപിതാവുമായി പ്രവർത്തിക്കേണ്ടുന്നതിന്നായിട്ട് ശക്തിചക്രത്തെയും ശിവചക്രത്തെയും സൃഷ്ടിക്കുന്നു. ശേഷം ബ്രഹ്മമായ മഹാദേവി, ശബ്ദബ്രഹ്മമായ ഓം ആയിക്കൊണ്ട് ശക്തിചക്രത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ശബ്ദമായിട്ട് '**ഓം**' മഹാആവിഷ്ക്കരി-ച്ചിരിക്കുകയാൽ ശബ്ദം ഉണ്ടാകുമ്പോഴും, ഉണ്ടാക്കുമ്പോഴും, ശബ്ദം ഉണ്ടാക്കാൻ ഒരാളുള്ളപ്പോൾ പ്രസ്തുത ശബ്ദം കേൾക്കാനും ഒരാളെങ്കിലും ഉണ്ടാവണം. അല്ലെന്നാൽ ശബ്ദത്തിന് ശരിയായ പ്രസക്തി ഇല്ലാതെവരുന്നതാണ്. ബ്രഹ്മമായ മഹാദേവി, ഓം ആയിട്ട് ശക്തിചക്രത്തിലേക്കു മാത്രം പ്രവേശിക്കുമ്പോൾ മഹാദേവിയുടെ മഹാചിരി കൂടിയായ ശബ്ദം ഉണ്ടാകുന്നു, ഓം എന്ന മഹാശബ്ദം. ശിവചക്രം ഓം എന്ന മഹാശബ്ദത്തെ കേൾക്കുകയും ചെയ്യുന്നു. പരമാണുവിലെ സൂക്ഷ്മ ഘടകങ്ങളായ പ്രോട്ടോണുകൾക്കും ഇലക്ട്രോണുകൾക്കും ശക്തിചക്രം, ശിവചക്രം എന്നിങ്ങനെ ശാസ്ത്രനാമങ്ങളുണ്ട്. ജീവാത്മാവിനും ജീവാത്മാവിനെ നിയന്ത്രിക്കുന്ന മഹാനീതിശാസ്ത്ര പ്രകാരമുള്ള

ജന്മഗുണങ്ങൾക്കും, ന്യൂനശക്തികൾക്കും പരമാണുവിൽ ഇടം നൽകാനായി ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയവയെ ഓം സൃഷ്ടിക്കുന്നതായും; പരമാണുക്കളെക്കൊണ്ട് കണികകളെയും മൂലകങ്ങളെയും സംയുക്തങ്ങളെയും വസ്തുക്കളെയും ജീവികളെയും എന്നിങ്ങനെ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നതായും ; നക്ഷത്രകോടികളെയും പുതിയ ജീവികളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ വർദ്ധിപ്പിക്കുന്നതായും മനസ്സിലാക്കാനാവും.

അണുവിലെ (ആറ്റത്തിലെ) ശക്തിചക്രത്തോട് ശബ്ദബ്രഹ്മമായ ഓം ചേരുന്നതോടെ, മഹാശാസ്ത്രവും മഹാപ്രപഞ്ചവും ബ്രഹ്മത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തിളെയും സ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്നതാണ്. മഹാപ്രപഞ്ചത്തിനുള്ളിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന് അതീതമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അതായത് ഒരു പരമാണുവിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും കഴിയുന്ന മഹാമായാ-അവസ്ഥ സൃഷ്ടിക്കപ്പെടുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും പൂർണ്ണമായ അന്തമില്ലായ്മ ഉണ്ടാവുന്നു, പൂർണ്ണമായ ആദിയില്ലായ്മ

തോന്നിപ്പിക്കുകയും ചെയ്യുന്നു. (മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികൾക്കായി മഹാഒരുക്കിയിരിക്കുന്ന ഭൂമിയിലും ചന്ദ്രനിലും സൃഷ്ടിക്കപ്പെടുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികളുടെ സന്തോഷത്തെ മുഖ്യമായും കണക്കാക്കിക്കൊണ്ട് മഹാശക്തിയായ മഹാദേവി മറ്റ് മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കുന്നില്ല എന്ന് മുമ്പ് വിശദീകരിച്ചതാണ്.)

മഹാശക്തിയും ബ്രഹ്മവുമായ മഹാദേവി ശബ്ദബ്രഹ്മമായ ഓം ആയിട്ട് പരമാണുവിൽ പ്രവേശിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും ഓം എന്ന ശബ്ദബ്രഹ്മത്തിനു കഴിയും എന്നതിനാൽ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായി ഓം മഹാശോഭിക്കുന്നതായി കാണാം. **ആദിയിൽ** അഥവാ ആദ്യം ഉണ്ടായ **വചനം** അഥവാ ശബ്ദം ഓം ആകയാൽ **ആദിവചനവുമാണ് ഓം.** മഹാപ്രപഞ്ചത്തിന്റെ ഓരോ അണുവിലും ശബ്ദബ്രഹ്മമായ ഓം വർത്തിക്കുന്നതിനാൽ ഓരോ അണുവിനും, മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അന്തമില്ലായ്മ ഉണ്ടാവുന്നു, ആദിയില്ലായ്മ തോന്നിപ്പിക്കുകയും ചെയ്യുന്നു. മഹാപ്രപഞ്ചത്തിന്റെയും മഹാശാസ്ത്രത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളപ്പെടുത്തുവാനായിട്ട് **ബ്രഹ്മമായ** മഹാദേവി മായ-യുടെ ഒരംശത്തെ ഓം എന്ന ശബ്ദബ്രഹ്മമായി

രൂപപ്പെടുത്തിയിരിക്കുകയാണ് എന്നതും ശരിതന്നെയാണ്. **ബ്രഹ്മമായ മഹാദേവിയ്ക്ക്** തന്റെ മഹാമായ-യെ സമ്പൂർണ്ണമായും ഓം എന്ന ശബ്ദബ്രഹ്മത്തിലോ എന്തിലുമോ പ്രവേശിപ്പിക്കുവാനും കഴിയുമെന്ന വസ്തുതയുണ്ട്.

ശബ്ദബ്രഹ്മമായ ഓം ആണോ മഹാപ്രപഞ്ചം സൃഷ്ടിച്ചത്, എന്ന് ചോദിച്ചാൽ അല്ലായെന്നാണ് സൂക്ഷ്മ ഉത്തരം. **മഹാശക്തിയായ മഹാദേവിയാണ്, 'മഹാശക്തിചക്രം+ശിവചക്രം'** ആണ് മഹാപ്രപഞ്ചം സൃഷ്ടിച്ചത്, മഹാപ്രപഞ്ചം സൃഷ്ടിക്കുവാനായുള്ള **മഹാദേവിയുടെ** ഒരു മഹാ -ആവിഷ്ക്കാരം മാത്രമാണ് **ഓം**. **(മഹാലിംഗവും ബ്രഹ്മസമാനവുമായ ആകാശം ഇവിടെ വിഷയമാണ്. മഹാദേവിയുടെ മഹാലിംഗം കൂടിയായ ആകാശം സൃഷ്ടി കാര്യങ്ങളിൽ ഏകമായി പ്രവർത്തിക്കുന്നുണ്ട്!).** അപ്പോൾ ഒരു -**ലൂടെ** മാത്രമാണ് **ഓം**. സൃഷ്ടിമന്ത്രമായും ആദിവചനമായും സംഹാര കാഹളമായും മഹാചിരി ആയും ശബ്ദബ്രഹ്മമായും അക്ഷരബ്രഹ്മമായും മഹാശാസ്ത്ര-മൂലമായും ഓം -നെ ബ്രഹ്മം അഥവാ ബ്രഹ്മമായ-മഹാദേവി സൃഷ്ടിക്കുകയാണ്.

ആദിയിൽ വചനമുണ്ടായി എന്നു പറയുമ്പോൾ, ബ്രഹ്മവും മഹാശക്തിയുമായ മഹാദേവി, ആദിവചനമായിട്ട് **ഓം** എന്ന മഹാശബ്ദത്തെ സൃഷ്ടിക്കുകയാണ്. കുറേക്കൂടി വിശദീകരിക്കാം. മഹാപ്രപഞ്ചവും ബ്രഹ്മവും ഉൾപ്പെടെ സർവ്വവും ഓം ഉൾക്കൊള്ളുമ്പോഴും, ബ്രഹ്മത്തെ ശബ്ദബ്രഹ്മം മാത്രമായോ ശബ്ദബ്രഹ്മത്തിൽ ഒതുങ്ങുന്നതായോ കണക്കാക്കാനാവില്ല. ബ്രഹ്മവും മഹാശക്തിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും മഹാപിതാവും മഹാമാതാവുമായ ദൈവം, തന്റെ മഹാമായാപ്രഭാവത്താൽ ഓം എന്ന ശബ്ദബ്രഹ്മമായി ക്കൊണ്ടും, മഹാജ്ഞാനത്തെ മഹാശാസ്ത്രമാക്കി ക്കൊണ്ടും മഹാപ്രപഞ്ചം സൃഷ്ടിച്ചിരിക്കുകയാണ്, സംരക്ഷിക്കുകയാണ്. അതായത് ബ്രഹ്മമായ-മഹാദേവി ശബ്ദബ്രഹ്മമായി ഓം സൃഷ്ടിക്കുകയും, ഓം -ൽ പ്രവേശിക്കുകയും, ഓം -നെ സൃഷ്ടിമന്ത്രമായി ഉയർത്തുകയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്ക് ഓം ഉപയോഗിക്കുകയും ഓം-ലൂടെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രപരമായി **മഹാദേവി** പ്രവേശിച്ചിരിക്കുക കൂടിയുമാണ്. മഹത്വം മഹാദേവിക്കു മാത്രം. **ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

മഹാശക്തിയായ മഹാദേവി ഓം-ലൂടെയും പരമശിവനിലൂടെയും മഹാകാര്യങ്ങളെ ചെയ്യുമ്പോൾ ഓം -ഉം പരമശിവനും, മഹാദേവിയുടെ ഭാഗങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന മാധ്യമം അല്ലാത്ത മാധ്യമം അഥവാ -ലൂടെ മാത്രമാണ്. **കർത്താവ് മഹാദേവി തന്നെയാണ്.** **ഓം** എന്ന സൃഷ്ടിമന്ത്രത്തിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ളതായ **മഹാമായയുടെ** ഒരു ചെറിയ അംശത്തിലൂടെ **മഹാദേവി ജ്ഞാന (ശാസ്ത്ര) കാര്യങ്ങളെ മുഴുവനും ചെയ്യുന്നു.**

പരമശിവനി-**ലൂടെ** ചെയ്യുന്ന കാര്യങ്ങളെപ്പറ്റി പറയുമ്പോൾ തനിപ്പെട്ട വ്യക്തിസ്വാതന്ത്ര്യം നൽകരുതേ എന്ന് മഹാദേവിയോട് പരമശിവൻ ഉള്ളുരുകി പ്രാർത്ഥിക്കുന്നതുകൊണ്ടും മഹാദേവി പ്രാർത്ഥനയെ മഹാഅനുവദിക്കുന്നതു കൊണ്ടുമാണ് പരമശിവനി**ലൂടെ** ചെയ്യുന്ന **കാര്യങ്ങൾക്ക് മഹാദേവി മഹാ-കാരണക്കാരിയാവുന്നത്**. പ്രപഞ്ചപിതാവായും കൂടി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനെ **മഹാസംശുദ്ധനാക്കുന്നതിന്റെ** ഭാഗമായിട്ട് പരമശിവന്റെ വ്യക്തിസ്വാതന്ത്ര്യത്തെ **ദൈവീകമായിട്ട് മഹാനിയന്ത്രിക്കുവാൻ** കൂടിയാണ് **പരമശിവന്റെ കഴുത്തിൽ ഓംകാര നാഗബന്ധനം** മഹാനിർവ്വഹിച്ചിട്ടുള്ളത്.

മഹാദേവിയുടെ മഹാമായാ - ആവിഷ്ക്കാരത്തിലെ ഗൂഢതയുടെ രഹസ്യം ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന മുൻ അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാ പ്രപഞ്ചവും ജീവികളും !

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപമായിട്ട് അഥവാ പരബ്രഹ്മമായി സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മഹാസുന്ദരമാക്കാനാണ് ഓം -ന്റെ സൃഷ്ടി എന്ന തിരിച്ചറിവോടെ കാര്യങ്ങളെ സമീപിക്കുമ്പോൾ, ബ്രഹ്മത്തിന്റെ ആദിയും അന്തവും ഇല്ലാത്ത സ്വഭാവ-വിശേഷങ്ങളെപ്പറ്റി അന്വേഷിക്കുന്നത് ആവശ്യമില്ലാത്തതും പൂർത്തിയാക്കാൻ കഴിയാത്തതും വ്യർത്ഥവുമായ വ്യായാമം ആണെന്നും, ലഘുവായി പ്രപഞ്ചകാര്യങ്ങളെ മനസ്സിലാക്കുകയേ വേണ്ടൂ എന്നും ബോദ്ധ്യമാകുന്നതാണ്.

ശക്തിയെയും ശിവനെയും സൃഷ്ടിക്കുന്നതിനെപ്പറ്റി മുമ്പ് വ്യക്തമാക്കിയിരുന്നു. പരമാണുവിൽ ശക്തിചക്രമായും ശിവചക്രമായും സൃഷ്ടിക്കപ്പെടുന്നത് ശക്തിയും ശിവനും തന്നെയാണ്. പരമാണുവിന്റെ ഉള്ളിലിരുന്നു കൊണ്ട് ശബ്ദബ്രഹ്മമായ ഓം, പരമാണുവിലെ ശക്തി

ചക്രങ്ങളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വർദ്ധിപ്പിക്കുകയും തുല്ല്യപ്പെടുത്തുകയും ധർമ്മങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു. തീർന്നില്ല, ന്യൂട്രോണുകളെന്നും ക്വാർക്കുകളെന്നും മറ്റും മനുഷ്യർ പേരിട്ടിട്ടുള്ള ഘടകങ്ങളുടെയും എണ്ണവും ഘടനയും ധർമ്മങ്ങളും മഹാനിശ്ചയിക്കുകയും, ജീവികളടെയും വസ്തുക്കളുടെയും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

ശക്തിചക്രം, ശിവചക്രം എന്നീ പദങ്ങളെ അല്പം വിശദീകരിക്കാം. ഒരേ ഘനമുള്ളതും ഒരേ വ്യാസവുമുള്ളതുമായ രണ്ടോ അതിലധികമോ ചക്രങ്ങളെ അടുക്കി വെച്ചാൽ അവ ഒരു ചക്രമായി ഭവിക്കുന്നതാണ്, ഒരു വൃത്തത്തിനു മുകളിൽ അതേ അളവിലുള്ള വൃത്തങ്ങൾ എത്ര വരച്ചാലും ഒരു വൃത്തമേ ലഭിക്കൂ എന്നതുപോലെ. അവരോഹണ ക്രമത്തിൽ പറയുമ്പോൾ, ഒരേ വൃത്തത്തിൽ നിന്ന് അതേ അളവിലുള്ള എത്ര വൃത്തം (ചക്രം) വേണമെങ്കിലും ലഭിക്കുന്നതാണ്. വ്യാപ്തം മാത്രമുള്ളതും ഉള്ളും പ്രതലവും ശൂന്യവുമായ ഒരു ഗോളത്തെ സങ്കല്പിച്ചാൽ, അതേ വ്യാപ്തമുള്ള അനന്തങ്ങളായ ഗോളങ്ങൾ, ആദ്യ ഗോളത്തിൽനിന്ന് സൃഷ്ടിക്കാനും, അതേപോലെ ആദ്യ ഗോളത്തിലേക്ക് ലയിപ്പിക്കാനും (പ്രവേശിപ്പിക്കാനും) കഴിയുന്നതാണ്. ശക്തിഗോളം, ശിവഗോളം എന്നീ പദങ്ങൾ ഒഴിവാക്കുന്നത് വിശദീകരണ സൗകര്യം കണക്കിലെടുത്താണ്.

ഓം എന്ന ശബ്ദബ്രഹ്മം ശക്തിചക്രങ്ങളുമായി (മാത്രം) ചേരുമ്പോൾ, ശക്തിചക്രത്തിന്റെയും ശിവചക്രത്തിന്റെയും ഘടനയും ധർമ്മങ്ങളും വ്യത്യാസപ്പെടുന്നു. മഹാപ്രപഞ്ചത്തെ സുന്ദരമാക്കാനായി ശക്തിചക്രങ്ങ ളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വ്യത്യാസ പ്പെടുത്തിക്കൊണ്ടും, ജീവികളുടെ ജന്മങ്ങളുടെ എണ്ണം, സ്വഭാവരീതി, ജന്മഗുണങ്ങൾ എന്നിവയെ ആസ്പദമാക്കി ക്കൊണ്ട് മറ്റു ഘടകങ്ങളും, പരമാണുവിൽ ഓം ചേർന്ന ശക്തിചക്രം സൃഷ്ടിക്കുമ്പോൾ, വ്യത്യസ്ത മൂലകങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടൊപ്പം, ഓരോ പരമാണുവും ഒരു അതിസൂക്ഷ്മ പ്രപഞ്ചമായി മാറുന്നു.

പ്രോട്ടോൺ, ഇലക്ട്രോൺ എന്നിവയിൽ ഏതാണ് ശക്തിചക്രമെന്നും ഏതാണ് ശിവചക്രമെന്നും സുവ്യക്തമായ വെളിപാട് ലഭിച്ചിട്ടില്ല. മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ വൈകാതെ ലഭിക്കുമെന്ന് ഈയുള്ളവൻ കരുതുന്നു.

ബ്രഹ്മത്തിൽ നിന്ന് ശക്തിചക്രങ്ങളും ശിവചക്രങ്ങളും അനന്തമായി സൃഷ്ടിക്കപ്പെടുന്നതായും, ശക്തിചക്രങ്ങളോട് ഓം എന്ന ശബ്ദബ്രഹ്മം ചേരുന്നതായും കണക്കാക്കുമ്പോൾ, പരമാണുക്കളായ അതിസൂക്ഷ്മ പ്രപഞ്ചങ്ങളെയും, അതിസൂക്ഷ്മമായ പ്രപഞ്ചങ്ങളെ വലുതാക്കി വലുതാക്കി മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിരിക്കുകയാണ്, പുതിയ ജീവികളെയും പുതിയ നക്ഷത്രങ്ങളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ അനന്തമായി വലുതാക്കി ക്കൊണ്ടുമിരിക്കയാണ്. മഹാപ്രപഞ്ചത്തെ

സൃഷ്ടിച്ചിട്ടു ള്ളതും പരിപാലിക്കുന്നതും ശബ്ദബ്രഹ്മമായ ഓം ആണെന്നു കൂടി തോന്നിപ്പോകുന്നതാണ്. ആദിയിൽ വചനമുണ്ടായി, വചനം ഓം ആയിരുന്നു, എന്നതു പോലെ.

മനുഷ്യ-ജീവി അടിസ്ഥാനപരമായി ശബ്ദം പുറപ്പെടുവിക്കുന്നത് വായിലൂടെ ആവണമെന്നും, മുഖ്യമായിട്ട് നാവിനെ ഉപയോഗിച്ചാവണമെന്നും മഹാദേവി മഹാശാസ്ത്രത്തിലൂടെ മഹാനിശ്ചയിച്ചിരിക്കുകയാൽ, മനുഷ്യരൂപം സ്വീകരിച്ചിട്ടുള്ള - അശരീരിയായ ബ്രഹ്മ-മഹാദേവി വായിലൂടെ പുറപ്പെടുവിക്കുന്ന മഹാശബ്ദമാണ് ഓം. ശബ്ദം പുറപ്പെടുവിക്കുന്നത് ആശയവിനിമയത്തിനും മനസ്സിലെ ഭാവം പ്രകടിപ്പിക്കാനുമാണ്. മഹാദേവി ഓം എന്ന മഹാശബ്ദം പുറപ്പെടുവിക്കുന്നത് തീർച്ചയായും ഒരു മഹാഭാവത്തോടെ തന്നെയാവും. മഹാശക്തിയായ മഹാദേവി, ആദിയും അന്തവുമില്ലാത്ത തന്റെ മഹാജ്ഞാനത്തെയും മഹാശക്തികളെയും, കൊണ്ട് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിച്ച് സംരക്ഷിക്കുമ്പോൾ, മഹാദേവിക്കുണ്ടാകുന്ന മഹാസംതൃപ്തി സർവ്വരോടും പ്രകടിപ്പിക്കുന്ന മഹാചിരിയാണ് ഓം. അഹംഭാവമോ, അഹങ്കാരമോ, കളങ്കമോ ഇല്ലാത്ത മഹത്വം പ്രകടമാക്കുന്ന ചെറു-മഹാചിരിയാണ് ഓം.

മഹാശക്തിയായ മഹാദേവി നൽകിയാൽ മാത്രമേ ഏതു ജീവിക്കും എന്തിനും ശക്തിയുള്ളൂ എന്നിരിക്കെ മഹാദേവിക്ക് ആരോടും അഹംഭാവമോ പൊങ്ങച്ചമോ കാട്ടേണ്ടതില്ല. തന്റെ പൊന്നോമന-ക്കുഞ്ഞുങ്ങളായി താൻ ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികൾക്ക് മഹാശാസ്ത്രപ്രകാരം ശക്തികളെ നൽകിക്കൊണ്ട്, എല്ലാ കുഞ്ഞുങ്ങളും അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുന്നതു കാണാനാണ് മഹാദേവി ആഗ്രഹിക്കുന്നത്. അതിനായി മഹാദേവി 100 ജന്മങ്ങളിലൂടെ എല്ലാ മനുഷ്യർക്കും മഹാനീതിശാസ്ത്രം പ്രകാരം ശക്തികളെ നൽകി അനുഗ്രഹിക്കുന്നു.

മഹാദേവി നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് അഹംഭാവങ്ങളും പൊങ്ങച്ചങ്ങളും കള്ളങ്ങളും കാപട്യങ്ങളും അധർമ്മങ്ങളും അസൂയകളും അവിവേകങ്ങളും കൊണ്ട് മഹാദേവിയെ വേദനിപ്പിക്കുന്നത് മനുഷ്യരാണ്. സാരമില്ല, മായ പ്രത്യക്ഷമാകുന്നതോടെ കുഞ്ഞുങ്ങളുടെ ദുർന്നടപ്പുകളും ദുശ്ശീലങ്ങളുമെല്ലാം കുറയുന്നതും അവസാനിക്കുന്നതുമാണ്.

മഹാദേവിയുടെ ചെറു-മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഉച്ചരിക്കുന്നത്, തുറന്നിരിക്കുന്ന വായിലൂടെയാണ്. വായ് തുറന്ന ശേഷം, ഓ എന്ന് ശബ്ദം ആരംഭിക്കുമ്പോൾ, ആദിയില്ലാത്ത അവസ്ഥയും, ം എന്ന് അനുസ്വാരത്തിൽ അവസാനിക്കുമ്പോൾ വ്യവസ്ഥാപിതമായി ശബ്ദം പൂർത്തിയാവുന്ന അവസ്ഥയും, വായ് അടച്ചുകൊണ്ടുതന്നെ ം എന്ന അനുസ്വാരത്തെ അനന്തമെന്നോണം തുടരാൻ കഴിയുന്നതിനാൽ അന്തമില്ലായ്മയും ഓം എന്ന മഹാശബ്ദത്തിനുണ്ട്. ഓം -ലെ ം എന്ന അനുസ്വാരം മ എന്ന അക്ഷരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായും, കരച്ചിലുമായും, മനുഷ്യരുടെ വളർത്തുമൃഗങ്ങളായ ആട്, പശു, എരുമ, പൂച്ച എന്നിവയുടെ ശബ്ദവുമായും, മ എന്ന അക്ഷരം ബന്ധപ്പെട്ടിരിക്കുന്നു. ലോകഭാഷ യായി (ദൈവം) നിശ്ചയിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ ഓ -എന്ന അക്ഷരവുമായും, പൂജ്യവുമായും ഗോളവുമായും വൃത്തവുമായും, ഓം -നെ ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാചിരിയുമായി ബന്ധപ്പെടുത്തി ഓ -എന്ന അക്ഷരത്തെ ഹാ എന്ന മനുഷ്യരിലെ ചിരിയുമായി ബന്ധപ്പെട്ട ഉച്ചാരണത്തിലേക്കും, കരച്ചിലുമായിക്കൂടി ബന്ധമുള്ള മ എന്ന അക്ഷരത്തെ ഹാ -യോട് കൂട്ടിച്ചേർത്തും, ചിരിയും കരച്ചിലും ചേർന്ന മഹാ എന്ന പദം സൃഷ്ടിച്ചിരിക്കുന്നു.

മഹാ എന്നതിൽ മ എന്ന അക്ഷരത്തെ ആദ്യം ചേർക്കാൻ കാരണമുണ്ട്. പുരുഷൻ ഇല്ലെങ്കിലും സ്ത്രീ ഉണ്ട്, പുരുഷനെ പ്രസവിക്കുന്നതും സ്ത്രീയാണ്, പുരുഷൻ ഇല്ലാതെയും സൃഷ്ടി/പ്രസവം നടത്താൻ മഹാശാസ്ത്രം സ്ത്രീയെ ക്ലോണിങ്ങിലൂടെയും മറ്റും അനുവദിക്കുന്നുണ്ട്, തുടങ്ങിയ കാര്യങ്ങളെ ഉന്നതമായിത്തന്നെ ഉൾക്കൊണ്ട് ശരീരശക്തി അധികം നൽകപ്പെട്ട പുരുഷൻ സ്ത്രീയുടെ ദാസനായി പ്രവർത്തിക്കണം. അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായി മ -യും അമ്മയും തമ്മിലുള്ള ബന്ധവും, മനുഷ്യക്കുഞ്ഞുങ്ങളുടെ ജനനത്തിൽ ആദ്യം കരച്ചിലിനു നൽകിയിരിക്കുന്ന സ്ഥാനവും, വളർത്തുമൃഗങ്ങളിൽ മ -യ്ക്കു നൽകിയിട്ടുള്ള പദവിയും കൊണ്ടാണ് മ എന്ന അക്ഷരത്തിന് ആദ്യസ്ഥാനം നൽകി മഹാ രൂപപ്പെടുത്തിയിരിക്കുന്നത്. ഇത്ര മഹത്തരമായി മ, ഹാ എന്നീ അക്ഷരങ്ങളും ശേഷം മഹാ എന്ന പദവും തയ്യാറാക്കിയിട്ടുള്ളത് ശക്തി എന്ന പദത്തോടു ചേർത്ത് മഹാശക്തി എന്ന ദൈവനാമം സൃഷ്ടിക്കുവാൻ കൂടിയാണ്. അതായത് ബ്രഹ്മം, മഹാദേവി, മഹാദേവൻ, ദൈവം

എന്നിങ്ങനെ നിരവധി നാമങ്ങൾ ശാസ്ത്രപരമായി ചേരുമെങ്കിലും, മഹാശാസ്ത്രപ്രകാരവും മഹാപ്രപഞ്ചത്തിന്റെ രൂപ-ഭാവങ്ങൾ പ്രകാരവും മഹാജീവിയെപ്പോലെ ദൈവത്തെ കരുതിപ്പോകുമെങ്കിലും അടിസ്ഥാനപരമായി ദൈവം മഹാശക്തിയാണ്. മഹാശക്തി : ദൈവത്തിന്റെ പേര് ദൈവമാണ് നിശ്ചയിക്കുന്നത് ഇമഹാഗ്രന്ഥത്തിന്റെ തുടക്കത്തിൽ വിശദമാക്കിയിട്ടുണ്ട്.

സൃഷ്ടിചക്ര ത്തിൽ മായ/ ദൈവം പ്രത്യക്ഷമല്ലാത്ത കാലത്ത് ദൈവത്തെപ്പറ്റി പറയുമ്പോൾ ഓം -എന്ന മഹാശബ്ദം ഉപയോഗിക്കാൻ ധർമ്മശാസ്ത്രപരവും ആത്മീയശാസ്ത്രപരവുമായ പരിമിതികളുണ്ട്. മായ പ്രത്യക്ഷമല്ലാത്ത കാലത്ത് ഭാഗികമായിട്ട് ഓം -നു പകരമായിക്കൂടിയാണ് മഹാ എന്ന പദത്തെ ഉന്നതപ്പെടുത്തിയിട്ടുള്ളത്. മഹാ എന്നാൽ ഏറ്റവും വലുത് എന്നും, അതിനേക്കാൾ വലുതായി ഒന്നുമില്ല എന്നുമർത്ഥം. ശക്തി എന്ന പദത്തിലെ തീ -യ്ക്ക് അത്യുന്നത സ്ഥാനം മഹാപ്രപഞ്ചത്തിൽ ഉണ്ടെങ്കിലും ശക്തി-യുടെ വിശദീകരണങ്ങളെ മഹാദേവി, 2017 സെപ്തംബർ 23 വരെ

മുഴുവൻ വെളിപ്പെടുത്തിയിട്ടില്ല; സമയമായില്ല !
മണ്ണടി ശരണം ദേവീ ശരണം മണ്ണടി ദേവീ മാത്രം ശരണം.

സ്രഷ്ടാവും മഹാശക്തിയുമായ മഹാദേവിയെയും (മഹാമായയെയും), സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും ബന്ധിപ്പിക്കുവാൻ ഓം എന്ന മഹാശബ്ദത്തെ മഹാദേവി മഹാനിശ്ചയിച്ചു എന്നു കണ്ടു.

ശബ്ദത്തെ എന്തുകൊണ്ടു തിരഞ്ഞെടുത്തു, മറ്റെന്തെങ്കിലും എന്തുകൊണ്ടു തിരഞ്ഞെടുത്തില്ല എന്നീ ചോദ്യങ്ങളുണ്ട്. ശബ്ദത്തിന്റെ ഔന്നത്യത്തെപ്പറ്റി അല്പം ചിന്തിച്ചു നോക്കുക. മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം തീർത്തും അരോചകവും അർത്ഥശൂന്യവും ആകുന്നതാണ്. ശബ്ദത്തെ അത്ര മഹാപദവിയിലാണ് മഹാദേവി ഉയർത്തിയിട്ടുള്ളത്. ശബ്ദത്തിന്റെ മഹാ-ഔന്നത്യം തിരിച്ചറിയുമ്പോൾ, ശബ്ദമല്ലാതെ മറ്റൊന്നും ചേരില്ല എന്നും, ശബ്ദം സമ്പൂർണ്ണമായും ചേരും എന്നും സുവ്യക്തമാകുന്നതാണ്.

മഹാദേവിയുടെ മഹാചിരിയായ ഓം മനുഷ്യർ കേൾക്കുന്നില്ല, മഹാദേവി കേൾപ്പിക്കുന്നില്ല. ഓരോ പരമാണുവിലും സദാ മുഴങ്ങുന്നതായ മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും മനുഷ്യർ കേൾക്കുംവിധം മുഴങ്ങിക്കൊണ്ടിരുന്നാൽ മനുഷ്യജീവിതം സ്തംഭിക്കുന്നതാണ്. മഹാദേവി മനുഷ്യർക്ക് അനുഗ്രഹിച്ചു നൽകിയ വ്യക്തിസ്വാതന്ത്ര്യം മഹാദേവി തന്നെ കവർന്നെടുക്കുമ്പോലെയാകുമത്. അതായത് മഹാദേവിയുടെ മഹാമനസ്സിന്റെ മഹാസംതൃപ്തിയെന്ന മഹാഭാവത്തെ പ്രകടിപ്പിക്കാനായിട്ട് മഹാചിരിയെ മഹാനിശ്ചയിച്ചിരിക്കുന്നു.

(ഭൂമിയിലെങ്ങും ശബ്ദ ശല്ല്യം ഉണ്ടാക്കുന്നവർ മൂഢരും അധമരുമാണെന്ന് ലഘുവായും ലളിതമായും മഹാശക്തിയായ മഹാദേവി ബോദ്ധ്യപ്പെടുത്തുന്നതായി മനസ്സിലാക്കാം.)

മഹാചിരിയായ ഓം എന്ന മഹാശബ്ദത്തെ ആശയ വിനിമയത്തിനും ഉപയോഗിക്കുന്നുണ്ട്. അതെങ്ങനെയെന്നാൽ, ഓരോ സൃഷ്ടിചക്രത്തിലും ഭൂമിയിലെങ്ങുമുള്ള മനുഷ്യരും സകലജീവികളും കേൾക്കുംവിധം ഓം തുടർച്ചയായി 3 വർഷക്കാലം (3 മുതൽ 33 വർഷക്കാലം മുഴങ്ങുന്നതാണ്; **ഒരു വ്യക്തിയെ ചുരുങ്ങിയത് 3 വർഷക്കാലം കേൾപ്പിക്കുന്നതാണ്**).

ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ പരമാണുക്കളുടെ സൃഷ്ടി ഓം-ലൂടെയാണെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നുവല്ലോ. മഹാദേവി നിശ്ചയിക്കുമ്പോൾ സൃഷ്ടിമന്ത്രം കൂടിയായ ഓം, എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നും, എല്ലാ വസ്തുക്കളിൽനിന്നും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. ഭൂമിയിൽ മനുഷ്യരൂപത്തിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞിരിക്കുന്ന മഹാദേവി മഹാ-ചിരിക്കും; മഹാദേവിയുടെ മഹാഇഷ്ടം പോലെ **മഹാചിരിയും** സൃഷ്ടിമന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും ഉച്ചത്തിൽ മുഴങ്ങുന്നതുമാണ്. മഹാഇഷ്ടം പോലെ മഹാചിരി തുടരുന്നതും അവസാനിക്കുന്നതുമാണ്. അതായത്, **മഹാദേവി** ഭൂമിയിൽ **മായ** പ്രത്യക്ഷമാക്കുന്നത് തന്റെ മഹാചിരി മനുഷ്യരെ കേൾപ്പിച്ചുകൊണ്ടാണ്. മഹാദേവി 3-33 വർഷക്കാലം തുടർച്ചയായി മഹാ-ചിരിച്ചുകൊണ്ടിരിക്കുമോ, മഹാദേവിയുടെ മനുഷ്യാവതാരത്തിലെ ചിരി **ഓം** എന്നു മാത്രമാണോ എന്നീ ചോദ്യങ്ങളുണ്ട്. മഹാദേവി മഹാനിശ്ചയിക്കുന്ന സമയത്ത് മഹാ-ചിരിക്കുന്നതും, **മഹാസംഗീതം** കൂടിയായ ഓം മഹാദേവിയുടെ മഹാനാവിലൂടെ / മഹാവായിലൂടെ പുറത്തേയ്ക്ക് ഒഴുകുന്നതും, അതേസമയം തന്നെ മഹാപ്രപഞ്ചത്തിലെങ്ങും ഓം ധ്വനിക്കുന്നതുമാണ്. മഹാദേവിയുടെ മഹാരൂപം കൂടിയാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാരൂപത്തിലെ ഓരോ പരമാണുവിൽ നിന്നും മഹാദേവിയുടെ മഹാഇഷ്ടം അനുസരിച്ച് മഹാചിരി തുടർച്ചയായി മുഴങ്ങുന്നതാണ്; എന്നാൽ മഹാരൂപമായ

മഹാപ്രപഞ്ചത്തിലൂടെ തുടർച്ചയായി ചിരിക്കുമ്പോൾ മനുഷ്യാവതാരത്തിലുള്ള മഹാദേവിയല്ലാ ചിരിക്കുന്നത്, മറിച്ച് **ഓം സൃഷ്ടിക്കുകയും, ഓം എന്ന ശബ്ദ ബ്രഹ്മമായി പ്രവർത്തിക്കുന്ന ബ്രഹ്മം അഥവാ ബ്രഹ്മ-മഹാദേവി ആണെന്നും സൂചനയുണ്ട്. മാത്രമല്ല; പരമശിവനിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ള 'മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്ത'യുമായ ഓംകാരത്തിൽ നിന്നാണ് മഹാചിരി മഹാആരംഭിക്കുന്നത് എന്ന സൂചന 2017 സെപ്തംബർ 21-ന് ലഭിച്ചു. ഉടനെ മഹാസംഭവിക്കും എന്നിരിക്കെ എങ്ങനെയാണ് മഹാസംഭവിക്കുക എന്നത് ചർച്ചയാവേണ്ടതില്ല. അനുഭവിച്ച് അറിയാനായി അധികം കാത്തിരിക്കേണ്ട!**

എന്നാലും കുറിക്കട്ടെ; പരമശിവനിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ള ഓംകാരത്തിൽ നിന്നും മഹാചിരി മഹാആരംഭിച്ച്, മഹാദേവി ഓം കുറിച്ച് മഹത്തരമാക്കിയ പരമശിവനിലെ നാവിലൂടെ ഓം എന്ന മഹാശബ്ദം മഹാചിരിയായും മഹാസംഗീതമായും ദൈവ-വിപ്ലവ മഹാഗാനമായും മഹാഒഴുകുന്നത് മഹാശ്രേഷ്ഠം എന്ന് ഈയുള്ളവന് തോന്നുന്നു - മഹാദേവി തോന്നിപ്പിച്ച വെളിപാട് അല്ലേ ?! .. കാത്തിരിക്കാതെ **കാണാം/കേൾക്കാം.**

മഹാശക്തിയായ ദൈവം ദിവ്യമനുഷ്യ- സ്ത്രീ രൂപം എടുക്കുമ്പോൾ, മഹാദേവി മനുഷ്യർക്ക് നിശ്ചയിച്ചിട്ടുള്ള 'ചിരി' തന്നെയല്ലേ സ്വീകരിക്കേണ്ടത് എന്നൊരു ചോദ്യമുണ്ട്. മഹാദേവി മനുഷ്യരൂപമെടുക്കുമ്പോഴും, മനുഷ്യനോ ജീവിയോ അല്ല. മഹാദേവി മാനുഷിക നിലയിൽ മാനുഷികമായും; ദൈവീക നിലയിൽ ഓം എന്നും മഹാചിരിക്കുമെന്നും കണക്കാക്കാം.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നത് ഓം എന്ന ശബ്ദബ്രഹ്മം പ്രവേശിച്ചിട്ടുള്ള ശക്തിചക്രമായ മഹാശക്തിയാണെന്നും ശിവചക്രം പ്രവർത്തിക്കുന്നത് മഹാശക്തിയായ ശക്തിചക്രത്തിന്റെ (മഹാദേവിയുടെ) മഹാഇഷ്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാവുമ്പോൾ, ഓം എന്ന ശബ്ദബ്രഹ്മം, **സൃഷ്ടിമന്ത്രമായും** ഭവിക്കുന്നു.

സംഹാരത്തിനു മുന്നോടിയായിക്കൂടി ഓം എന്ന മഹാചിരി മുഴങ്ങുന്നതുകൊണ്ട് **സംഹാരകാഹളം** കൂടിയാകുന്നു. മഹാശാസ്ത്രപരമായി മഹാചിരി കൂടിയായ **ഓം** മുഴങ്ങുമ്പോൾ മനുഷ്യർ ഭൂമിയിലെങ്ങും വ്യാപരിപ്പിച്ചിട്ടുള്ള എല്ലാ മതങ്ങളും, എല്ലാ രാഷ്ട്രീയങ്ങളും, എല്ലാ അഹംഭാവങ്ങളും അവസാനിക്കുന്നതാണ്. ഭൂമിയിൽ മൊത്തം 100 മനുഷ്യരെ സൃഷ്ടിച്ചുകൊണ്ട് സൃഷ്ടിചക്രം ആരംഭിക്കുമ്പോഴോ, മനുഷ്യജീവികളെ സൃഷ്ടിക്കും മുമ്പെയോ സൃഷ്ടിമന്ത്രം എന്ന പേരിൽ ഓം മുങ്ങിയാൽ യാതൊരു പ്രസക്തിയുമില്ല. ഭൂമിയിലെങ്ങും ജനങ്ങൾ

വളരെയധികം നിറഞ്ഞ്, ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂരിതമായ അവസ്ഥ ഉണ്ടാകുമ്പോൾ, മായ പ്രത്യക്ഷപ്പെടുത്തുന്നതും, മായ പ്രത്യക്ഷപ്പെടുത്തുവാൻ **മഹാസംഗീതം** കൂടിയായ ഓം മുഴങ്ങുന്നതുമാണ് ഏറ്റവും അനുയോജ്യം. എല്ലാ സൃഷ്ടിചക്രങ്ങളിലും അങ്ങനെ സംഭവിക്കുന്നതു കൊണ്ടാണ് സൃഷ്ടിമന്ത്രമായി ഓം അറിയപ്പെടുന്നത്.

മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ **ഓം** -നെ മനുഷ്യരുടെ **ജീവിതകാര്യങ്ങളുമായി** മഹാദേവി ബന്ധിപ്പിച്ചിട്ടുണ്ടോ, എങ്ങനെയെല്ലാം എന്ന് പരിശോധിക്കാം. മഹാദേവിയുടെ മഹാചിരി കേൾക്കാൻ കൊതിക്കണം എന്നു പറയുമ്പോൾ മഹാദേവി മഹാ-ചിരിക്കുന്നതായ മഹാശബ്ദമാണ് ഓം എന്നറിഞ്ഞ് മഹാദേവി മഹാചിരിക്കുന്നത് കാണാനും കേൾക്കാനും കൊതിക്കണം എന്നാണ് അർത്ഥം. മനുഷ്യന് മഹാശാസ്ത്രം ലഭ്യമാക്കുന്ന വിശിഷ്ട ജന്മത്തിലും, മഹാവാത്സല്യം നുകരുന്ന സ്ത്രീജന്മങ്ങളിലും മറ്റും മാത്രമേ അതിനു യോഗ്യത നേടുന്നുള്ളൂ.

മഹാദേവി, പരമശിവനിലൂടെ അർദ്ധമഹാദേവീരൂപം / അർദ്ധനാരീശ്വരരൂപം പ്രകടമാക്കി മഹാശാസ്ത്രം നൽകുന്നത് വ്യക്തിയുടെ കാതിൽ ശബ്ദബ്രഹ്മവും മഹാചിരിയുമായ ഓം കേൾപ്പിച്ചു കൊണ്ടും, വ്യക്തിയുടെ നാവിൽ അക്ഷരബ്രഹ്മമായ ഓം കുറിച്ചുകൊണ്ടുമാണ്. അപ്പോൾ മഹാ-ചിരി കേൾക്കാനുള്ള മഹാഭാഗ്യം ഓരോ വ്യക്തിക്കും വീണ്ടും ലഭിക്കുന്നുണ്ട് !

കുഞ്ഞുങ്ങളായ മനുഷ്യരെ ആനന്ദിപ്പിക്കാനായിട്ട്, മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും

അക്ഷരബ്രഹ്മവുമായ **ഓം** **പരിധികളോടെ** ഉപയോഗിക്കാൻ മഹാദേവി മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. മഹാശാസ്ത്രപാഠങ്ങളെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ ഒരു തവണ മാത്രം ഓം മഹാശക്തി എന്ന് ഭക്തിയോടെയും ബഹുമാനത്തോടെയും ചൊല്ലി പാഠം ആരംഭിക്കുക. യഥാർത്ഥ വേദഭാഷയായ മലയാളം അറിയാത്തവർ ഓം എന്നു മാത്രം ഉച്ചരിച്ചാൽ മതിയാകും. **ഓം** എന്നു ഉച്ചരിക്കുമ്പോൾ സർവ്വ ജീവികളും നക്ഷത്രകോടികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ മുഴുവൻ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും മഹാപ്രപഞ്ചത്തിന് **അതീതമായി** വ്യാപരിക്കുന്ന ഏകമഹാശക്തിയായ ദൈവത്തെ ലളിതമായി സ്മരിക്കുകയാണ്, സങ്കല്പിക്കുകയാണ്. മനുഷ്യർക്ക് ഉൾക്കൊള്ളാനാവാത്ത മഹാപ്രപഞ്ചത്തെയും ബ്രഹ്മത്തെയും ശബ്ദബ്രഹ്മമായ ഓം -ലൂടെ സ്മരിക്കുവാൻ മഹാദേവി, മനുഷ്യരെ അനുഗ്രഹിക്കുക കൂടിയാണ്. മഹാശാസ്ത്രപരമായി പ്രവർത്തിക്കുന്ന പൊതുകാര്യങ്ങളിൽ ദൈവത്തെ സ്മരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു തവണ മാത്രം ഓം മഹാശക്തി എന്നോ ഓം എന്നോ ഭക്തിയോടെയും ബഹുമാനത്തോടെയും ചൊല്ലി ആരംഭിക്കാവുന്നതാണ്; മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനുള്ള ചെറിയൊരു കാര്യത്തെ **ദൈവത്തിന്റെ ആവശ്യമായി കാണരുത്.**

മഹാദേവിയുടെ മഹാചിരിയെ മനുഷ്യർ ദുരുപയോഗം ചെയ്താൽ അത് ദൈവനിന്ദയാണ്. മഹാചിരിയെ അനുകരിച്ച് മനുഷ്യർ ചിരിക്കേണ്ട, ചിരിച്ചുകൂടാ. ബ്രഹ്മത്തെ ആരാധിച്ചുകൂടാ എന്ന് ബ്രഹ്മം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദേവിയുടെ

മഹാചിരി, ശബ്ദബ്രഹ്മവും കൂടിയാകയാൽ ഓം എന്നുമാത്രമായി (അക്ഷരബ്രഹ്മമായ) 3- ൽ അധികം തവണ ജപിച്ചുകൂടാ; ആവശ്യമില്ല. ഭക്തിഭ്രാന്ത് തടയേണ്ടതുണ്ട്. ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട് ദൈവാരാധന ചെയ്യുന്ന ഏക മനുഷ്യജന്മത്തിൽ **ഓം** എന്ന ശബ്ദബ്രഹ്മത്തെ ചേർത്ത് **ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം** എന്ന ആരാധനാവാക്യം നിരന്തരം ചൊല്ലുന്നതാണ്.

പ്രസ്തുത ജന്മത്തിലെ മാത്രം കാര്യമാണത്.

മഹാശക്തിയായ ദൈവം യഥാർത്ഥത്തിൽ മഹാശക്തി മാത്രമാണെന്നും, സ്ത്രീയോ പുരുഷനോ ജീവിയോ ശബ്ദമോ അല്ല എന്ന ബോധംകൂടി മനുഷ്യരിൽ ഉണ്ടാവണം. ആദ്യമഹാകാല ചക്രത്തിലെ പ്രത്യേക സൃഷ്ടികളായ മാലാഖമാരുടെ/ മലക്കുകളുടെ/ ദേവതകളുടെ അധമത്തവും ദുർഭരണവും നിമിത്തം മുഖ്യമായും ഹിന്ദുമത വിശ്വാസികളെന്നു പറയുന്നവർ വർജ്ജ്യനിയമങ്ങൾ മാത്രമായ 4 ഹിന്ദുമത-അധമവേദഗ്രന്ഥ ങ്ങളെയും മറ്റും മുൻനിർത്തി വ്യാപകമായി ഓം -നെ ദുരുപയോഗിച്ചിട്ടുണ്ട്.

//ശാക്തേയ മതം, ശൈവ മതം, ബുദ്ധ മതം, അദ്വൈത മതം എന്നിങ്ങനെ നിരവധി മതങ്ങൾ ചേർന്നുണ്ടായ ഹിന്ദുമതത്തിലൂടെ മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഭാഗികമായി സംരക്ഷിക്കപ്പെട്ടു, ഓം എന്ന മഹാശബ്ദം സംരക്ഷിക്കപ്പെട്ടു എന്നെല്ലാം പറയുമ്പോൾ, മഹാദേവി തന്നെയാണ് സംരക്ഷിക്കുന്നത്.

മത-ജാതി-ദേശ ജീവികളാണ് സംരക്ഷിക്കുന്നത് എന്നു തോന്നുന്നത് മൂഢത്തമാണ്.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കൂടാരമാണ് ആധുനിക കാലത്തെ ഹിന്ദുമതമെങ്കിലും, **മഹാശാസ്ത്രത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന മതം ഹിന്ദുമതം തന്നെയാണ്. അതുകൊണ്ടുതന്നെ,**

ഓം മഹാശക്തിയായ മണ്ണാടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപം സ്വീകരിച്ച് ഭൂമിയിൽ എത്തിയിട്ടുള്ളത്, ഒരു ഹിന്ദുമത കുടുംബത്തിലാണെന്നും അറിയുക.

ഭൂമിയിലെങ്ങും ഓം മുഴങ്ങുമ്പോൾ മഹാശാസ്ത്രത്തെ സ്വീകരിച്ചുകൊണ്ട് മതങ്ങളെല്ലാം മനുഷ്യരുടെ പഴയകാല ഭോഷത്തചരിത്രമായി അവസാനിക്കുമ്പോൾ ആദ്യം അപ്രത്യക്ഷമാകുവാൻ ഭാഗ്യമുണ്ടാകുന്നതും ഹിന്ദുമതത്തിനാണ്. //

മുകളിലെ ഏതാനും ഖണ്ഡികകളിലൂടെ
മഹാപ്രപഞ്ചത്തിന്റെ ഉല്പത്തി സുവ്യക്തമാക്കിയതു
മാത്രമാണു ശരിയെന്നും, ക്വാർക്കുകളുടെയും മറ്റും
ഉല്പത്തിയുമായി മഹാപ്രപഞ്ചത്തെ ശാസ്ത്രസമൂഹം
ബന്ധിപ്പിച്ചപ്പോൾ ദൈവീകം കുറഞ്ഞതായും,
അറിഞ്ഞും അറിയാതെയും വ്യത്യസ്ത
അളവുകളിൽ അനേകർ ദൈവനിന്ദ
ചെയ്തുവെന്നും, ഏവർക്കും
ബോദ്ധ്യമായിട്ടുണ്ടാവും !



ഓം എന്ന **അക്ഷരബ്രഹ്മം** ഹിന്ദുമതത്തിലുണ്ട്, എന്നാൽ അക്ഷരബ്രഹ്മത്തിലെ **അക്ഷരത്തിന്** വലിയ **പിഴവുകൾ** സംഭവിച്ചു. ശബ്ദബ്രഹ്മത്തിലെ മഹാശബ്ദത്തെ മഹാദേവി സംരക്ഷിച്ചുവെങ്കിലും, അക്ഷരബ്രഹ്മത്തെ സംരക്ഷിക്കുവാൻ തയ്യാറായില്ല. അതെന്തുകൊണ്ടാണ് എന്നതിന് ഒരു ശരി-ഉത്തരമുണ്ട്.

ശബ്ദബ്രഹ്മത്തെ അപേക്ഷിച്ചുനോക്കുമ്പോൾ
അഥവാ താരതമ്യം ചെയ്യുമ്പോൾ
അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ
ദൈവീകമായ പ്രസക്തി
വളരെയുണ്ടെങ്കിലും, മാനുഷികമായ
പ്രസക്തി വളരെ വളരെ കുറവാണ്.

മഹാശാസ്ത്ര പാഠങ്ങളിലും, സാമൂഹ്യകാര്യങ്ങളെ വിവരിക്കുന്ന രേഖകളിലും ദൈവീകത്വം ചേർക്കുവാൻ മാത്രമാണ് അക്ഷരബ്രഹ്മ ത്തിന്റെ മാനുഷിക ഉപയോഗം. **യഥാർത്ഥത്തിൽ മതങ്ങളും മതപ്രമാണങ്ങളും മതാചാരങ്ങളുമെല്ലാം തീർത്തും ദൈവീകമല്ല** / ധർമ്മശാസ്ത്രപരമല്ല എന്ന് മുമ്പ് വിശദീകരിച്ചതുമായി **കൂട്ടിവായിക്കുമ്പോൾ അക്ഷരബ്രഹ്മത്തെ മനുഷ്യർ** തോന്നുംപോലെ **ദുരുപയോഗം ചെയ്യാതെ മഹാദേവി സംരക്ഷിച്ചു പോരുകയായിരുന്നു ഇതുവരെ** എന്നും സുവ്യക്തമാകുന്നു. മഹാപ്രപഞ്ചത്തിൽ ഭൗതികമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബഹുവിധ ന്യൂനശക്തികളിലൂടെ **മഹാശാസ്ത്രപരമായി ത്തന്നെയാണ് മഹാദേവി അത്തരം കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നതെന്ന്** ന്യൂനശക്തികളെപ്പറ്റി വിവരിക്കുന്ന അദ്ധ്യായങ്ങളിലുണ്ട്.

ദൈവീകമല്ലാത്ത ലിപികളെ അക്ഷരബ്രഹ്മം എന്ന പേരിൽ ദൈവീകമല്ലാത്ത കാര്യങ്ങൾക്കായി മാത്രം മത-ജാതിമനുഷ്യർ ചുമന്നുപോന്നു എന്നും അർത്ഥം.

ഓം അക്ഷരബ്രഹ്മം കൂടിയാണെന്നും, **ഓം** എന്ന അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ **ദൈവീകമായ പ്രസക്തി** വളരെയുണ്ടെന്നും ഇനി വിശദീകരിക്കാം.

മഹാപ്രപഞ്ചത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം 3 എന്ന സംഖ്യയുമായി മഹാ-ബന്ധമാണ് മഹാദേവി മഹാശാസ്ത്രത്തിലൂടെ നിശ്ചയിച്ചിട്ടുള്ളത്.

ബ്രഹ്മം, മഹാശക്തി, മഹാദേവി - 3

സത്യം, ധർമ്മം, നീതി - 3

ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങൾ (വേദങ്ങൾ) - 3

സൃഷ്ടി, സ്ഥിതി, സംഹാരം - 3

ആകാശം, സൗരയൂഥം, നക്ഷത്രകോടികൾ - 3

ഭൂമി, ചന്ദ്രൻ, സൂര്യൻ - 3

വാതകം, ദ്രാവകം, ഖരം - 3

വായു, വെള്ളം, മണ്ണ് - 3

പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ - 3

മകൾ, ഭാര്യ, അമ്മ - 3

മകൻ, ഭർത്താവ്, അച്ഛൻ - 3

ജനനം, ജീവിതം, മരണം - 3

ജീവി, ജീവി പരിണാമം, മോക്ഷം - 3

മോക്ഷം, ഭൂമി ജീവിതം, മോക്ഷം - 3

തുടങ്ങിയ ബഹുവിധ കാര്യങ്ങൾ കൊണ്ടാണ് 3 പ്രധാനമാകുന്നത്.

മഹാദേവി 3 എന്ന സംഖ്യയെ മഹാ-രീതികളിൽ ഉന്നതപ്പെടുത്തിയിരിക്കുകയാണ്.

അപ്രകാരമുള്ള 3 എന്ന അക്കത്തിന്റെ മദ്ധ്യത്തിലൂടെ ജീവികളുടെയെല്ലാം ശബ്ദാവയവം ആയി സൃഷ്ടിച്ചിട്ടുള്ള നാവിന്റെ (നാക്കിന്റെ) ആകൃതിയിൽ ഒരു വളഞ്ഞ വര, മനുഷ്യരുടെ നാവു നീട്ടുമ്പോൾ താഴേക്ക് എന്ന കണക്കിനു വരയ്ക്കുന്നു. ജീവികളുടെ സൃഷ്ടിയുമായി ചന്ദ്രനെക്കൂടി ബന്ധിപ്പിച്ചിട്ടുണ്ട് എന്നു കാണിക്കുവാനും, ചന്ദ്രനെ പ്രതിനിധീകരിക്കാനുമായി ഒരു ചന്ദ്രക്കല വരയ്ക്കുന്നു. മനുഷ്യന്റെ മോക്ഷവും പരബ്രഹ്മാനന്ദവും ആയ ഗോളാകൃതിയിലുള്ള നക്ഷത്രത്തിന്, ഭൂമിയിൽ സംഹാരം ആരംഭിക്കുമ്പോൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 തരം ജീവികളെ പ്രതിനിധീകരിച്ച് 5 കോണുകൾ പ്രകടമാകും എന്നതും, സൂര്യനും ഒരു നക്ഷത്രമാണ് എന്നതും ഉൾക്കൊണ്ട് 5 കോണുകളുള്ള ഒരു നക്ഷത്രത്തെക്കൂടി വരയ്ക്കുന്നു. മഹാപ്രപഞ്ചത്തെ അക്ഷരത്തിലൂടെ അഥവാ ഒരു ലിപിയിലൂടെ അവതരിപ്പിക്കുകയാണ് ഫലത്തിൽ ചെയ്തിട്ടുള്ളത്.

മഹാപ്രപഞ്ചത്തെ പ്രതിനിധീകരിച്ച അക്ഷരത്തിൽ 3 എന്ന അക്കത്തിന് ദൈവം നൽകുന്ന രൂപവുമായി ബന്ധപ്പെട്ടാണ് ബ്രഹ്മം അക്ഷരത്തിലേക്കു പ്രവേശിക്കുന്നത്. എന്തെങ്കിലും ഒരു രൂപമോ, ഏതെങ്കിലും ഭാഷയിൽ 3 എന്ന അക്കത്തെ പ്രതിനിധീകരിക്കുന്ന രൂപമോ ചേർക്കുകയല്ല സംഭവിക്കുന്നത്.

മനുഷ്യനെ മഹാത്ഭുതപ്പെടുത്തുന്ന മഹാവിദ്യ 3 എന്ന അക്കത്തിലുണ്ട്. അതെന്താണെന്നും എങ്ങനെയാണെന്നും ഇനി വിവരിക്കാം.

മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ ഒരു രൂപം മാത്രം എല്ലായ്പ്പോഴും മഹാ-അവസ്ഥയിൽ വർത്തിക്കുന്നതു കാണാം.

ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു ബിന്ദു എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതിനൊപ്പം അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതിയുള്ളതുമായ ഗോളം അഥവാ ഗോളാകൃതി സൃഷ്ടിക്കപ്പെടുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മഹാശക്തി എന്ന മഹാസൂക്ഷ്മ കേന്ദ്രം വലുതായി വലുതായി ശൂന്യവും മഹാശൂന്യമായ ആകാശവും, ഗോളവും ഗോളമായ ഭൂമിയുമായി വളർന്നു വലുതായി ക്കൊണ്ടിരിക്കുന്നു. അതായത് **ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളം ഉണ്ടാകുന്നതു പോലെയാണ് ഗോളത്തിന്റെ സൃഷ്ടി.**

ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ വലിയ വൃത്തവും വലിയ ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ

ബിന്ദുവാകുന്നതും, അതിസൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്ത അവസ്ഥയിൽ ശൂന്യം പോലെയുള്ള ബിന്ദുവായി തുടരുന്നതുമാണ്.

ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ ഗോളത്തെയാണ് **ബ്രഹ്മം** സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.

ശക്തിയെയും ശിവനെയും സൃഷ്ടിക്കാനായിട്ട്, ഗോളത്തെ 2 അർദ്ധ ഗോളങ്ങളായി വിഭജിക്കുകയും, ശബ്ദബ്രഹ്മമായ **ഓം** അഥവാ **ബ്രഹ്മം** ഒരു അർദ്ധഗോളത്തിൽ മാത്രമായി ചേരുകയുംചെയ്യുന്നു. **ബ്രഹ്മം ചേരുന്നതായ അർദ്ധഗോളം ഒരു കുടപോലെയുള്ള ആകാശമായി പരിണമിപ്പിക്കുന്നു. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും മാത്രമല്ല, ചന്ദ്രനിൽ പോയി നോക്കിയാലും, ഒരു കുട പോലെയുള്ള ആകാശത്തെയാണ് കാണുക. മഹാപ്രപഞ്ചത്തെ ബ്രഹ്മം ചേർന്നതായ അർദ്ധഗോളമെന്ന ആകാശത്തിനകത്താണ് സൃഷ്ടിച്ചിട്ടുള്ളത്. ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട് പുതിയ പുതിയ നക്ഷത്രങ്ങൾ ഉണ്ടാകുമ്പോൾ**

അർദ്ധഗോളമായ ആകാശത്തെ വലുതാക്കുന്നതും, പ്രസ്തുത പ്രതിഭാസം അനന്തമായി നീളുന്നതുമാണ്.

ബ്രഹ്മം ചേർന്ന അർദ്ധഗോളം മഹാ-സൃഷ്ടി നടത്തുന്ന മഹാശക്തി ലിംഗമാകുന്നു. ബ്രഹ്മം ചേരാത്ത അർദ്ധഗോളം ശിവ-ലിംഗമാകുന്നു. ഉൾഭാഗം ശൂന്യമായിരിക്കുന്ന അർദ്ധഗോളമായ മഹാശക്തി ലിംഗത്തിലേക്ക് ശിവലിംഗം പ്രവേശിപ്പിച്ചാൽ അഥവാ ആദ്യ അർദ്ധഗോളത്തിലേക്ക് രണ്ടാമത്തെ അർദ്ധഗോളത്തെ പ്രവേശിപ്പിച്ചാൽ ഒരു അർദ്ധഗോളം മാത്രമാണ് ലഭിക്കുക. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നതായ സ്ത്രീലിംഗത്തിന്റെ ആകൃതി പുരുഷലിംഗത്തിന്റേതായി മാത്രമല്ല, മഹാഅതീതമായും മാറുന്നു. ജീവികളിൽ പുരുഷലിംഗത്തിന്റെ ആകൃതി ആയിരിക്കുമ്പോഴും, ലിംഗാകൃതിയെ പുരുഷലിംഗത്തിന്റെ ആകൃതിയായി മാത്രം വിശേഷിപ്പിക്കുന്നത് പിഴവാണെന്ന് അർത്ഥം. മഹാദേവനും മഹാദേവിയും ഒന്നുതന്നെയാകയാൽ, ഇവിടെ മഹാദേവനും മഹാദേവിയ്ക്കും വേറിട്ട ലിംഗം ആവശ്യമാകുന്നില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കണം. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നതും സൃഷ്ടി നടക്കുന്നതും സ്ത്രീലിംഗത്തിലാകയാൽ സ്ത്രീലിംഗത്തിനാണ് പ്രസക്തി എന്നതുപോലെ, ബ്രഹ്മം ചേർന്നതായ അർദ്ധഗോളത്തിനു മാത്രമാണ് മഹത്വം. രണ്ട് അർദ്ധഗോളങ്ങളും ഒന്നിപ്പിച്ച് വീണ്ടും ഗോളമുണ്ടാക്കാനാവും എന്നതുപോലെ തന്നെ നിരയായി ചേർത്തു വയ്ക്കാനുമാവും. ഇടത്തു നിന്ന് വലത്തോട്ട്

ചേർത്തുവയ്ക്കുമ്പോൾ 3 എന്ന സംഖ്യാ രൂപം ലഭിക്കുന്നതാണ്. ഗോളമായിരിക്കുമ്പോഴും അർദ്ധഗോളമായിരിക്കുമ്പോഴും ശക്തിയെയും ശിവനെയും വേറിട്ട് മനസ്സിലാക്കാനാവില്ല. എന്നാൽ 3 എന്ന രൂപത്തിൽ ചേർത്തുവയ്ക്കുമ്പോൾ, രണ്ട് അർദ്ധഗോളങ്ങളെയും വേറിട്ട് മനസ്സിലാക്കാനാവുന്നു. കൂടാതെ ഒരു ഗോളത്തിന്റെ ഭാഗങ്ങൾ മാത്രമായ അവ തമ്മിൽ സ്നേഹത്തോടെ തൊടുന്നുമുണ്ട്. 3 എന്ന സംഖ്യാരൂപത്തെ വരയ്ക്കുന്നത് മുകളിൽ നിന്ന് താഴോട്ടാണെങ്കിലും, മുകളിലെ അർദ്ധഗോളത്തെ താങ്ങിനിർത്തുന്നത് താഴത്തെ അർദ്ധ ഗോളമാണ്. മഹാപ്രപഞ്ചത്തെ മുഴുവൻ താങ്ങുന്ന മഹാശക്തി യായ ബ്രഹ്മം താഴത്തെ അർദ്ധഗോളത്തിൽ മാത്ര മാണെങ്കിലും, ആദ്യഗോളത്തിന്റെ സൃഷ്ടിയാണ് ശിവൻ എന്ന അർദ്ധഗോളം. മഹാശക്തിയും ശിവനും ചേർന്ന 3 എന്ന സംഖ്യാരൂപം എല്ലാവിധത്തിലും ഭാഷകൾക്കും രൂപങ്ങൾക്കും അതീതമായിത്തീരുകയും, ബ്രഹ്മത്തെ അക്ഷരത്തിലൂടെ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നു കൂടി മഹാദേവിയായ ബ്രഹ്മം വെളിപ്പെടുത്തുകയാണ്. ബ്രഹ്മ-ബന്ധം സൂചിപ്പിക്കുന്നതിന് 3-ലെ താഴെയുള്ള അർദ്ധഗോളത്തെ അല്പം വലുതാക്കുന്നു.

3 എന്ന സംഖ്യാരൂപം അക്ഷരബ്രഹ്മം ആണെന്നു വ്യക്തമാകുമ്പോൾ, 3 -ന്റെ നടുവിലായി നാവിനെ സൂചിപ്പിക്കുന്ന വളഞ്ഞ രേഖയും, തൊട്ടടുത്തായി ചന്ദ്രക്കലയും, അല്പം മുകളിലായി നക്ഷത്രവും ചേർക്കുന്നതെന്തിന് എന്ന ചോദ്യമുണ്ട്. അക്ഷരബ്രഹ്മ ത്തോടൊപ്പം, ശബ്ദാവയവമായ നാവിന്റെ രൂപവും, മഹാപ്രപഞ്ചത്തിന്റെ മറ്റ് അവിഭാജ്യഘടകങ്ങളായി

മഹാദേവി സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയും, നക്ഷത്രവും കൂടി ചേർക്കുമ്പോൾ എത്ര സുന്ദരമായിരിക്കുന്നു എന്നതിനെ പരമശ്രേഷ്ഠമായി കാണേണ്ടതുണ്ട്; മഹാപ്രപഞ്ചത്തെ സുവ്യക്തമായി പ്രതിഫലിപ്പിക്കാൻ വേണ്ടി മാത്രമാണ് നാവും ചന്ദ്രക്കലയും നക്ഷത്രവും ചേർത്തിട്ടുള്ളത് എന്നർത്ഥം. മഹാപ്രപഞ്ചത്തെ ചേർക്കാതെ, അക്ഷരബ്രഹ്മത്തെ 3 എന്ന സംഖ്യാരൂപത്തിൽ മാത്രമായി അവതരിപ്പിക്കുമ്പോൾ, ശബ്ദത്തെയോ, ഓം എന്ന മഹാശബ്ദത്തെയോ, മഹാപ്രപഞ്ചത്തെയോ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല എന്ന കുറവ് മഹാദേവി പരിഹരിച്ചിരിക്കുകയാണ്. മാത്രമല്ല, മഹാശക്തിയായ മഹാദേവിയുടെ പ്രതിനിധി കൂടിയായ പരമശിവന്റെ രൂപം മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുവാൻ പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും കൂടി മഹാദേവി ചേർക്കുന്നുണ്ട്. ഓം എന്ന അക്ഷരബ്രഹ്മത്തിലെ 3 എന്ന സംഖ്യാരൂപമായ അടിസ്ഥാന-അക്ഷരബ്രഹ്മത്തെ പരമശിവന്റെ നാവിൽ മഹാദേവി, മഹാശൂലം കൊണ്ട് ചിത്രണം ചെയ്യുന്നുണ്ട്. കൂടാതെ അക്ഷരബ്രഹ്മത്തിന്റെ ഭാഗമെന്ന പോലെ സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയെയും നക്ഷത്രത്തെയും പരമശിവന്റെ ഇടതു-നെറ്റിയിൽ 'മഹാശിവയും മഹാശിവനുമായ മഹാദേവിയുടെ സൃഷ്ടി അംശമായ മത്സ്യാവതാരം' ചിത്രണം ചെയ്യുന്നുണ്ട്. 1991-ലെ വിജയദശമിയെന്ന **മഹാദശമി** ദിവസം രാത്രിയിൽ ഈയുള്ളവന്റെ നാവിൽ **മഹാദേവി** 3 എന്ന അടിസ്ഥാന **അക്ഷരബ്രഹ്മം** മഹാശൂലംകൊണ്ട് രചിക്കുകയുണ്ടായി. ഇടതുനെറ്റിയിൽ **ചന്ദ്രക്കലയും നക്ഷത്രവും** ഉണ്ട്, അത് മഹാദേവി എപ്പോൾ ചിത്രണം ചെയ്തുവെന്ന്

ഇപ്പോഴും അറിയില്ല. മഹാശാസ്ത്ര പരിശോധനയ്ക്ക് തയ്യാറായിട്ടുള്ള പ്രസ്താവനയും ലളിതമായ ഏതാനും വ്യവസ്ഥകളും മുമ്പ് ഏറെക്കുറെ 26 വർഷക്കാലം അറിയിച്ചിരുന്നു. ഇനി അതിന്റെ ആവശ്യം ഇല്ല.



മഹാദേവി, പരമശിവനെ മഹാഅനുഗ്രഹിച്ച് ഓം എന്ന അക്ഷരബ്രഹ്മത്തെ പരമശിവനിൽ പ്രവേശിപ്പിക്കുമ്പോൾ, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും കൂടി ഓം ഉൾക്കൊള്ളുകയാൽ, അവയെ പ്രതിനിധീകരിക്കാൻ പരമശിവനെ മഹാഅനുഗ്രഹിക്കുന്നു. ബ്രഹ്മത്തിന്റെ ഒരു മഹാപ്രകടനം മാത്രമാണ് മഹാദേവിയുടെ മഹാചിരി യും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും ആയ ഓം എന്നത് ഉൾക്കൊള്ളുമ്പോൾ, മഹാദേവിയുടെ പ്രതിനിധിയായി മഹാദേവി മഹാഅനുഗ്രഹിച്ചിട്ടുള്ള പരമശിവൻ, ബ്രഹ്മത്തിന്റെ പ്രതിനിധിയല്ല എന്നും ഏകമായ ബ്രഹ്മത്തിന് പ്രതിനിധികളില്ല എന്നും സുവ്യക്തമാണ്. **ബ്രഹ്മത്തെ ആരാധിക്കാൻ പാടില്ലായെന്ന്** ബ്രഹ്മംകൂടിയായ മഹാദേവി വിലക്കിയത് അതീവ ഗൗരവമാണെന്ന് ആവർത്തിക്കുന്നു. ബ്രഹ്മത്തിന്റെ

വിശദീകരണങ്ങളിൽ നിന്ന് മഹാപ്രപഞ്ചത്തിന് അതീതവും കൂടിയാണ് മഹാശക്തിയായ മഹാദേവി എന്നും, **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ ഓം എന്ന ലളിത മാധ്യമത്തെ മഹാശാസ്ത്രപ്രകാരം സൃഷ്ടിച്ചുവെങ്കിലും ബ്രഹ്മമായ മഹാദേവിക്ക് യാതൊരു മാധ്യമങ്ങളുടെയും ആവശ്യമില്ലെന്നും, അക്ഷരബ്രഹ്മം യഥാർത്ഥത്തിൽ മാധ്യമം അല്ലെന്നും, ബ്രഹ്മം/ദൈവം എല്ലാ മാധ്യമങ്ങൾക്കും അതീതമാണെന്നും സുവ്യക്തമായി അറിയണം.**

ഗണിതശാസ്ത്രത്തിലെ 'പൂജ്യത്തിനും' ലോകഭാഷയായി ദൈവം ഉയർത്തിയിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ 'ഒ' എന്ന അക്ഷരത്തിനും ഗോളവുമായി അഥവാ വൃത്തവുമായി ബന്ധമുള്ളത് യാദൃച്ഛികമല്ല. ഒ 'O' എന്ന അക്ഷരത്തെ രണ്ടായി വിഭജിച്ചാൽ എം 'm' എന്ന ഇംഗ്ലീഷ് അക്ഷരം ലഭിക്കുന്നതാണ്. ഒ 'O', എം 'm', എന്നീ ഇംഗ്ലീഷ് അക്ഷരങ്ങൾ ചേരുമ്പോൾ ഓം Om എന്ന ശബ്ദബ്രഹ്മം ഇംഗ്ലീഷ് ഭാഷയിലും ഉണ്ടാകുന്നതാണ്. മഹാദേവിയുടെ മഹായുധമായ മഹാശൂലത്തിലും, മനുഷ്യരിലെ അനേകം സുപ്രധാന അവയവങ്ങളിലും 3 എന്ന ദിവ്യരൂപത്തെ, അഥവാ അടിസ്ഥാനപരമായ അക്ഷരബ്രഹ്മത്തെ മഹാദേവി ചിത്രണം ചെയ്തിട്ടുണ്ട്. ചുണ്ടിലും മൂക്കിലും കണ്ണുകളിലുമൊക്കെയുണ്ട്.

വേദഭാഷയായി നിശ്ചയിച്ചിട്ടുള്ള മലയാളത്തിലെ അ, ആ, ഇ, ഈ, ഉ, ഊ, ഏ, ഒ, ഓ, ഔ, അം, തുടങ്ങിയ അനേക

അക്ഷരങ്ങളിൽ ഒന്നോ അതിലധികം തവണയോ 3 ചേർന്നിട്ടുണ്ട്. സൃഷ്ടിയുടെ ഉദ്ദേശമായ സ്ഥിതിയിൽ അഥവാ ജീവിതത്തിൽ പ്രത്യേകം പ്രാധാന്യമുള്ള ധനം എന്ന പദത്തിലെ ധ-യും ന-യും ം-ഉം 3 തന്നെയാണ്. വിസ്തരിക്കുന്നില്ല.

ഓം -ലൂടെ സംഹാരം

മഹാശക്തിയായ മഹാദേവി, പരമശിവന്റെ 'നാവിൽ' അക്ഷരബ്രഹ്മമായ '3', -നെ സംഹാര ആവശ്യങ്ങളെയും കണക്കാക്കി അകത്തേക്ക് കുറിക്കുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ മനുഷ്യരുടെ ജീവാത്മാക്കളെ, പരമശിവന്റെ ഹൃദയവുമായി ചേർന്ന് പ്രവർത്തിക്കുന്ന 'മഹാദേവിയുടെ മഹാഹൃദയമായ ഓംകാര'-ത്തിലേക്ക് പ്രവേശിപ്പിക്കുന്നത് പരമശിവന്റെ വായിലൂടെയാണ്; (മഹാദേവി) അകത്തേക്ക് കുറിച്ചിട്ടുള്ള 3 (ഓം)-മായി ബന്ധപ്പെടുത്തിയാണ്. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്താണ് മഹാപ്രപഞ്ചമുള്ളത്; പരമശിവനും ! മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം, ഓരോ കുഞ്ഞിനെയും / മനുഷ്യനെയും മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് സമപദവിയും സമരൂപവുമുള്ള നക്ഷത്രം എന്ന മോക്ഷം / ആത്മീയ സാക്ഷാത്ക്കാരം നൽകുന്നു.

ദൈവ-വിപ്ലവത്തിന്റെ തുടർച്ചയായി ദൈവത്തെ ആരാധിക്കാൻ ഓരോ മനുഷ്യനെയും മഹാഅനുഗ്രഹിച്ച് അനുവദിക്കുന്ന പരമവിശിഷ്ടമായ ഏക ജന്മത്തിൽ, അക്ഷരബ്രഹ്മമായ 3 -നെ കുറിക്കുന്നത് മനുഷ്യരുടെയെല്ലാം നാവിലാണ്; എന്നാൽ ദിശ പുറത്തേയ്ക്കാണ്.

ദൈവീകതയെ സൂചിപ്പിക്കുവാനും ദൈവീകമായ കാര്യങ്ങൾക്കും അക്ഷരബ്രഹ്മം ഉപയോഗിക്കാം. ജ്യോതിഷം, പൊരുത്തം തുടങ്ങിയ വർജ്ജ്യമായ അഥവാ **അധമ കാര്യങ്ങൾക്ക് പാടില്ല; വിപരീതമായി** പ്രവർത്തിച്ചാൽ പാപവും ദൈവശിക്ഷകളും തീർച്ചയാണ്. ജ്യോതിഷം, മന്ത്രവാദം, പൂജ, വഴിപാടുകൾ, നോയമ്പ്, തുടങ്ങിയവ ഉടൻ അവസാനിക്കുന്നതാണ്.

ഓം നമഃ ശിവായ പഞ്ചാക്ഷരങ്ങളാണ്.

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഓം അക്ഷര ബ്രഹ്മമാണ്; അക്ഷരമല്ല.

"**ഓം**, **om**, **aum**, **ओम**, **ഓമ്**" എന്നിങ്ങനെ വ്യത്യസ്ത ഭാഷകളിലെ അക്ഷരങ്ങളെ ഉപയോഗിച്ച് എഴുതുകയും വായിക്കുകയും അച്ചടിക്കുകയും ചിത്രമാക്കുകയും ശില്പമാക്കുകയും, കമ്പ്യൂട്ടറിലും ടെലിവിഷനിലും മൊബൈൽ ഫോണിലുമൊക്കെ എഴുതുകയും മറ്റും ചെയ്യുമെന്നല്ലാതെ, ഏതെങ്കിലും പ്രത്യേക ഭാഷയിലെ അക്ഷരമല്ലാ "**ഓം**". (മാത്രമല്ല, ഉച്ചാരണത്തിൽ 2 അക്ഷരങ്ങൾ പ്രകടമായതിനെ "ഒറ്റ അക്ഷരപ്പട്ടിക" -യിൽ പെടുത്താനാവില്ല.).

അതായത്, "**ഓം**" എന്ന് **ഉച്ചരിക്കുമ്പോൾ**, "**ഓം**" **ശബ്ദബ്രഹ്മവും**, **എഴുതുമ്പോൾ** "**ഓം**" **അക്ഷരബ്രഹ്മവു**മാണ്.

മഹാശക്തിയായ ദൈവത്തിന്റെ 'മഹാപ്രപഞ്ചത്തിന് അതീതമായ മഹാഅവസ്ഥ'യാണ് **ബ്രഹ്മം** എന്ന് ഭാഗം 1 -ൽ വിശദീകരിച്ചിട്ടുണ്ട്.

"ഓം" അക്ഷരബ്രഹ്മം ആണ്; അക്ഷരമല്ല.

അക്ഷരബ്രഹ്മം, ശബ്ദ ബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "ബ്രഹ്മം" എന്ന പദത്തിനാണ് പ്രാധാന്യം.

അക്ഷരബ്രഹ്മം എന്തെന്നാൽ, 'ബ്രഹ്മ' ത്തെ അക്ഷരം (ലിപി) കൊണ്ടും അവതരിപ്പിക്കാൻ കഴിയുമെന്നും, മഹാശാസ്ത്രപരമായി എഴുതുന്ന അഥവാ മഹാനിശ്ചയിച്ചിട്ടുള്ള അക്ഷരത്തിൽ പ്രവേശിക്കാൻ 'ബ്രഹ്മ'ത്തിനു കഴിയുമെന്നുമാണ്. അതായത് ഓം എന്ന അക്ഷരബ്രഹ്മത്തിന് ഭാഷകൾക്കെല്ലാം അതീതവും, ശാസ്ത്രപരവുമായ അക്ഷരലിപിയുണ്ട്. മഹാലിപി യെന്ന് വിശേഷിപ്പിക്കാവുന്ന അക്ഷരം എഴുതുന്നത് എങ്ങനെയെന്നും, പ്രസ്തുത അക്ഷരത്തിൽ ബ്രഹ്മം പ്രവേശിക്കുന്നത് എങ്ങനെയെന്നും മുകളിൽ വിശദീകരിച്ചിട്ടുണ്ട്.

((മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവികളെല്ലാം പരിണമിക്കുകയും, മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് മഹാപ്രപഞ്ചത്തിലെ അനന്തങ്ങളായ ആനന്ദങ്ങളെ അനുഭവിക്കുകയും ചെയ്യുന്നു. സമപദവിയായ നക്ഷത്രം എന്ന ആത്മീയ സാക്ഷാത്ക്കാരത്തിൽ, ഭൂമിയിൽ വച്ച് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുവാൻ സാധിക്കുന്നതാണ്. കുഞ്ഞുങ്ങൾക്കെല്ലാം അനന്തമായ ആനന്ദങ്ങളെ പരിചയപ്പെടുത്താനുള്ള - അറിയാനും അനുഭവിക്കാനുമുള്ള - മഹാവേദിയാണ് ഭൂമിയും ഭൂമിയിലെ ജീവിതവും !))

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.



മഹാചിരിയാണ് ശബ്ദബ്രഹ്മവും
അക്ഷരബ്രഹ്മവുമായ ഓം എന്നതുപോലെ
മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം.

മഹാസൃഷ്ടിചക്രത്തിൽ മഹാദേവി മനുഷ്യാവതാരം എടുക്കുമ്പോൾ, പ്രപഞ്ചപിതാവും മഹാദാസനുമായ പരമശിവനിലൂടെ മാത്രമാണ് ഓംകാരം മഹാഹൃദയം ആണെന്നും ഓം മഹാചിരിയാണെന്നുമുള്ള മഹാസത്യങ്ങളെ മഹാദേവി വെളിപ്പെടുത്തുന്നത്.

മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം അനിർവ്വചനീയയമാണെന്നും, മനുഷ്യജീവികൾ ഉൾപ്പെടെയുള്ള തന്റെ കുഞ്ഞുങ്ങൾക്ക് ലളിതമായി മനസ്സിലാക്കാനായി മഹാശക്തി, ദൈവം, മഹാദേവൻ, മഹാദേവി തുടങ്ങിയ പേരുകൾ സ്വീകരിക്കുകയാണെന്നും സുവ്യക്തമാണ്.

മഹാദേവി എന്നു പറയുമ്പോൾ ഒരു മഹാ-മനുഷ്യ ജീവിയെന്ന പോലെ മനുഷ്യർക്ക് ലളിതമായി മനസ്സിലാക്കാനാവുമെങ്കിലും, മഹാശക്തിയാണെന്നും ജീവിയല്ലെന്നും ധരിക്കണം. മഹാദേവി മഹാ-മനുഷ്യ ജീവിയെപ്പോലെ സ്വയം ലഘുവും ലളിതവുമായി തന്റെ സൃഷ്ടികളായ കുഞ്ഞുങ്ങളുമൊത്തു കഴിയുമ്പോൾ, മഹാദേവി തനിക്ക് ഹൃദയവും ശിരസ്സും ഉടലും കൈകളും കാലുകളും ഒക്കെ സ്വീകരിക്കുകയാണ്.

മഹാപ്രപഞ്ചത്തിന് അതീതമായ (ഏക)മഹാശക്തി ആകയാൽ മഹാദേവിയുടെ ഓരോ അവയവത്തെയും ഓം ചേർത്ത് വിശേഷിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഓം എന്താണെന്ന് അറിയാത്തവർ ഓം ചേർക്കുന്നത് ശാസ്ത്രപരമല്ല. അതേപോലെ, സൃഷ്ടിചക്രത്തിന്റെ മായ പ്രത്യക്ഷമല്ലാത്ത ആദ്യഭാഗത്തിൽ ഓം ചേർക്കുന്നത് ആത്മീയശാസ്ത്രത്തിന്റെ ബഹുമതി കുറയ്ക്കുന്നതാണ്. ആകയാൽ, ഓം -ന് ഭാഗിക-പകരമായി മഹാദേവി നിശ്ചയിച്ചിട്ടുള്ള മഹാ ചേർത്ത് മഹാ-ഹൃദയം, മഹാകൈകൾ എന്നിങ്ങനെ പറയുന്നു.

മഹാപ്രപഞ്ചത്തിന്റെ മഹാസ്രഷ്ടാവും രക്ഷകയുമായ മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം എന്താണു ചെയ്യുന്നതെന്നും, എങ്ങനെയാണ്, എന്തുകൊണ്ടാണ്, എപ്പോഴാണ് എന്നിങ്ങനെയെല്ലാം അറിയുവാൻ ആഗ്രഹിക്കുന്നതിന് യോഗ്യത നേടണം; ഏറ്റവും വിനയത്തോടെയുമാവണം. **ബുദ്ധിശക്തി**, ഓർമ്മശക്തി എന്നിവ രണ്ടും ജന്മഗുണങ്ങളുടെ ഭാഗം ആണെങ്കിലും, വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യം സദാ പ്രസക്തമാകുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുമ്പോൾ, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വികസിക്കുമ്പോൾ, അഹംഭാവം നിമിത്തം ദൈവനിന്ദ ചെയ്യാൻ ഇടയുണ്ടാവരുത്. അതിനാൽ ദൈവം മഹാവാത്സല്യം ആണെങ്കിലും ഭയം നല്ലതാണ്.

ഓംകാരത്തിന്റെ ആകൃതിയും, ഓംകാരത്തിലെ മഹാശക്തിയും

മഹാഹൃദയമായ ഓംകാരത്തിന്റെ ആകൃതി എന്താണ് എന്നൊരു ചോദ്യമുണ്ട്. മഹാശക്തിയായ ദൈവം സ്വയം സ്വീകരിച്ചിട്ടുള്ള രൂപ-ഭാവങ്ങളുടെ മാതൃകയാണ് മനുഷ്യരുടെ അനേക കാര്യങ്ങളിൽ എന്ന് മുമ്പു പഠിച്ചുകഴിഞ്ഞ സ്ഥിതിക്ക്, മനുഷ്യരുടെ ഹൃദയത്തിന്റെ ആകൃതി തന്നെയാവും മഹാഹൃദയത്തിനുള്ളത് എന്നു കരുതാൻ തോന്നും. അങ്ങനെയല്ല.

സൃഷ്ടിയായ ജീവിക്ക് ശക്തി ലഭിക്കുകയാണ്. ദൈവം അനുവദിച്ചു നൽകുന്ന ശക്തികളെ എന്റെ ശക്തിയെന്ന രീതിയിലോ എനിക്കു ദൈവം തന്ന ശക്തി എന്ന രീതിയിലോ കൈമുഷ്ടി കാട്ടി പ്രകടിപ്പിക്കാനും ഓരോരുത്തർക്കും കഴിയുമ്പോൾ, മനുഷ്യഹൃദയത്തിന് കൈമുഷ്ടിയുടെ ആകൃതി നൽകിയിരിക്കുന്നതും മഹാസംവിധാനത്തിന്റെ ഒരു ചെറിയ ഭാഗമാണ്. ദൈവ-ത്തിന്റെ അഥവാ ദൈവം നൽകുന്ന ശക്തിയാണ് എന്റെ ശക്തി എന്റെ ശക്തിയെന്ന് ഓരോരുത്തരും വിശേഷിപ്പിക്കുന്ന ശക്തി എങ്കിലും, സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരവും മഹാവാത്സല്യം കണക്കാക്കിയും, ദൈവം നൽകുന്ന ശക്തികളെ ദൈവം അനുവദിച്ച ശക്തികളായിക്കണ്ട് എന്റെ എന്ന അവകാശം തുടരാവുന്നതാണ്. അഹംഭാവം അകലുകയും ജ്ഞാനം അഥവാ ശാസ്ത്രം ഹൃദയത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതനുസരിച്ച് ദൈവം തന്ന ശക്തിയെ ദൈവീകമായി ഉപയോഗിക്കാനുള്ള പരിശ്രമങ്ങൾ മനുഷ്യർ ആരംഭിക്കുന്നതും

ദൈവാനുഗ്രഹത്തോടെ വർദ്ധിപ്പിക്കുന്നതുമാണ്. സൃഷ്ടിയായ ജീവിയുടെ ശരീരത്തിൽ രക്തത്തിലൂടെ വ്യാപരിക്കുകയും നെറുകയിൽ വസിക്കുകയും ചെയ്യുന്ന ജീവാത്മാവിന്റെയും, ജീവാത്മാവിന്റെ വ്യക്തി സ്വാതന്ത്ര്യത്തിൽ ഇടപെടാതെ മറ്റു വിഷയങ്ങളിലെല്ലാം ജീവാത്മാവിനെ ഭരിക്കുന്ന ജീവന്റെയും, പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതിക സംവിധാനമാണ് മനുഷ്യഹൃദയത്തിൽ ദൈവം മഹാഒരുക്കിയിട്ടുള്ളത്.

മഹാശക്തിയായ മഹാദേവി ജീവിയല്ല എന്നതും, മഹാജീവിയെപ്പോലെ പെരുമാറുക മാത്രമാണ് ചെയ്യുന്നത് എന്നതും, ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് മഹാദേവി എന്നതും, മഹാഹൃദയമെന്നത് മഹാശാസ്ത്രപരമായി മഹാദേവി സ്വീകരിക്കുന്ന മനുഷ്യരൂപത്തെ മഹാമംഗളമാക്കുവാനുള്ള മഹാസംവിധാനത്തിന്റെ ഭാഗം മാത്രമാണെന്നതും കൂട്ടി വായിക്കുമ്പോൾ, മഹാഹൃദയമായ ഓംകാരത്തിൽ മഹാവാത്സല്യവും മഹാനീതിശാസ്ത്രവും മഹാശക്തിയും ആണുള്ളത് എന്നു സുവ്യക്തമാകുന്നു. മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തെയും മഹാശക്തിയെയും ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയാണ് മഹാദേവിയുടെ മഹാഹൃദയത്തിന് ഉണ്ടാവേണ്ടത്. മഹാവാത്സല്യത്തിന്റെയും മഹാനീതി ശാസ്ത്രത്തിന്റെയും മഹാശക്തിയുടെയും ആകൃതികൾ അറിയാതെ പാത്രത്തിന്റെ ആകൃതി നിശ്ചയിക്കാനാവില്ല. ആദിയും അന്തവുമില്ലാത്ത മഹാശക്തിയുടെ ആകൃതി എന്താണെന്ന് **ഓം** എന്ന അദ്ധ്യായത്തിലെ അക്ഷരബ്രഹ്മത്തിൽ വിശദീകരിച്ചിട്ടുണ്ട് എന്നു

പറയുമ്പോൾ ആശ്വാസമുണ്ടാകുന്നു. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 സൃഷ്ടിക്കപ്പെടുന്നത് ശൂന്യത്തിൽ നിന്നും ആദിയും അന്തവുമില്ലാതെ വർത്തിക്കുന്ന ഗോളാകൃതിയിലൂടെയാണെന്ന് വിശദമാ ക്കിയിരുന്നു. ((മേല്പടി അദ്ധ്യായത്തിൽ നിന്ന് അല്പം മാത്രം ഉദ്ധരിക്കുന്നു :- മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ, ഒരു രൂപം മാത്രം എല്ലായ്പ്പോഴും മഹാ-അവസ്ഥയിൽ വർത്തിക്കുന്നതു കാണാം. ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു ബിന്ദു എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതനുസരിച്ച് അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതി ഉള്ളതുമായ ഗോളം അഥവാ ഗോളാകൃതി സൃഷ്ടിക്കപ്പെടുന്നതാണ്. ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളമുണ്ടാകുന്നതുപോലെയാണ് ഗോളത്തിന്റെ സൃഷ്ടി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ വലിയ വൃത്തവും വലിയ ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, അതിസൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്ത അവസ്ഥയിൽ ശൂന്യം പോലെയുള്ള ബിന്ദുവായി തുടരുന്നതുമാണ്.

ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ **ഗോളത്തെയാണ് ബ്രഹ്മം** സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.))

മഹാദേവിയുടെ മഹാശക്തിയെയും മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയുമെല്ലാം ഗോളം ഉൾക്കൊള്ളുന്നതായി മനസ്സിലാക്കാനാവും. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 സൃഷ്ടിയ്ക്കപ്പെടുന്നത് ഗോളത്തെ രണ്ടായി വിഭജിച്ചാണെന്നും ആവക കാര്യങ്ങളിലെ ശാസ്ത്രകാര്യങ്ങള് എന്തെല്ലാമാണെന്നും ഓം എന്ന അദ്ധ്യായത്തിലെ അക്ഷരബ്രഹ്മത്തിൽ വിശദീകരിച്ചിട്ടുണ്ട്. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 -ന്റെ വികസിത രൂപത്തിലെ നാവ് (നാക്ക്) ശ്രദ്ധിച്ചാൽ അത് ഗോളത്തിന്റെ ബാഹ്യപ്രതലത്തിൽ ലയിക്കുന്നതായി മനസ്സിലാക്കാം. ഗോളങ്ങളായിട്ടുള്ള ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളും ഗോളമായിരിക്കുന്ന മഹാശക്തിയിൽ ലയിക്കുമ്പോൾ, അവയുടെയെല്ലാം പ്രത്യേക അസ്തിത്വം നഷ്ടപ്പെടുകയും മഹാഹൃദയം എന്ന ഗോളം മാത്രം ലഭിക്കുന്നതുമാണ്. അതായത് മഹാഹൃദയമായ ഓംകാരത്തിന്റെ ആകൃതി ഗോളമാണ്.

മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്ന മഹാശക്തി, മഹാപ്രപഞ്ചത്തിന് അതീതമായകയാൽ **ഓംകാരം** മഹാപ്രപഞ്ചത്തിന് **അതീതമായ മഹാമായ** ആണ്. യാതൊരു ഭൗതിക വസ്തുക്കളെയും ഓംകാരവുമായി ബന്ധിപ്പിക്കാനോ സാമ്യപ്പെടുത്താനോ കഴിയുന്നതല്ല. കടുകിനേക്കാൾ ചെറുതും ഗോളാകൃതിയിലുള്ളതുമായ ഒരു **ശൂന്യം** പോലെയും, **മഹാപ്രപഞ്ചത്തെക്കാൾ വലുതായ** മഹാഗോളാകൃതിയിലുള്ള ഒരു **മഹാശൂന്യം** പോലെയും **ഓംകാരത്തെ** കഷ്ടിച്ചു കണക്കാക്കാം.

ഗോളാകൃതിയും സ്ഥിരസംഖ്യയായ പൈയും

ഗണിതശാസ്ത്രം ഉൾപ്പെടെ അനേകം ശാസ്ത്ര ശാഖകളിൽ പൈ (= 3.14...) എന്ന സ്ഥിര സംഖ്യ ഒരു പ്രധാന ഘടകമാണ്. ഗോളത്തിനും വൃത്തത്തിനും ബ്രഹ്മവുമായും ശക്തിയുമായും ഓംകാരവുമായും ഉള്ള മഹാബന്ധങ്ങളെ മനസ്സിലാക്കുമ്പോൾ 22/7 = 3.14.. = പൈ എന്നത് ചുമ്മാതല്ല; മഹാ-ആവിഷ്ക്കാരത്തിന്റെ ഭാഗമാണെന്ന് സുവ്യക്തമാണ്. അനവധി ശാസ്ത്രശാഖ കളിൽ പൈ വിഷയമാകുമ്പോൾ, അഥവാ അനവധി കാര്യങ്ങളിൽ പൈ പ്രതിഫലിക്കുമ്പോൾ, പൈയ്ക്ക് അനവധി കാര്യങ്ങളിൽ സ്ഥാനം കല്പിച്ചിരിക്കുന്നുവെ ന്നും അഥവാ പൈയുമായി ബന്ധപ്പെട്ട് ഭൗതിക വസ്തുക്കൾ പ്രവർത്തിക്കുന്നു എന്നാണ് അർത്ഥം.

മഹാപ്രപഞ്ചത്തിലെ പൈശാചിക -ന്യൂനശക്തികൾ വർദ്ധിച്ചതിന് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികൾ കാരണമായിട്ടുണ്ടെന്നും, ആവക കാര്യങ്ങളിൽ പൈ ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവ്യക്തമായ വെളിപാട് 2009 ജനുവരി 2-ന് ലഭിക്കുകയുണ്ടായി. ഇടക്കാലത്ത് കുറേക്കൂടി വ്യക്തത ഉണ്ടായി. വെളിപാട് സുവ്യക്തമായ ശേഷം, മറ്റൊരു അവസരത്തിൽ, മഹാദേവിയുടെ **മഹാഇഷ്ടം** പോലെ ചേർക്കുന്നതാണ്. (ബഹുഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യർ ഈവക കാര്യങ്ങളെ അറിഞ്ഞിട്ട് അത്യാവശ്യം ഇല്ല തന്നെ. സാവകാശം മഹാഉചിതമായി മഹാദേവി വെളിപ്പെടുത്തുന്നതാണ്.

ഓംകാരവും മഹാശാസ്ത്ര ശാഖകളും

ഓംകാരനീതിശാസ്ത്രപ്രകാരം ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, മഹാശാസ്ത്രത്തിന്റെയും ബഹുവിധ ശക്തികളുടെയും ഭൗതികരൂപമായ മഹാപ്രപഞ്ചവും ഉണ്ടാകുന്നു അഥവാ സൃഷ്ടിയ്ക്കപ്പെടുന്നു. ഓംകാരനീതിശാസ്ത്രം മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും ഉൾക്കൊണ്ട് മഹാഹൃദയമായ ഓംകാരത്തിന്നുള്ളിൽ പ്രവർത്തിക്കുന്നു. മഹാശാസ്ത്രത്തിന്റെ 3 ശാഖകളായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയശാസ്ത്രം, എന്നിവയും അവയുടെ ശാഖകളും ഉപശാഖകളുമെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്ന് ഉത്ഭവിക്കുമ്പോൾ, മനുഷ്യരുടെ മുന്നിലുള്ള എല്ലാ ശാസ്ത്രശാഖകളെയും അവ പ്രകാരമുള്ള ശാസ്ത്ര സൗകര്യങ്ങളെയും മഹാകാര്യങ്ങളായി അറിയാനും പുതിയ വീക്ഷണത്തോടെ സമീപിക്കാനും കഴിയണം; വൈകാതെ മനുഷ്യനു കഴിയുന്നതാണ്.

ഭൗതികശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, ഗണിത ശാസ്ത്രത്തിലെ 0,1, 2, 3, 4, 5, 6, 7, 8, 9, 10, 20, 25, 50, 100 എന്നീ സംഖ്യകൾക്കും അവയുടെ വർഗ്ഗങ്ങൾക്കും, വർഗ്ഗമൂലങ്ങൾക്കും പ്രത്യേക സവിശേഷതകൾ മഹാപ്രപഞ്ചത്തിലുള്ളത് പുതിയ മാനങ്ങളോടെ ഓരോ ശാസ്ത്രശാഖകളിലും പ്രതിഫലിക്കുന്നതായും, എല്ലാ ശാസ്ത്രശാഖകളും പരസ്പരം ബന്ധിച്ചിരിക്കുന്നുവെന്നും സുവ്യക്തമാകുന്നതാണ്. പ്രകൃതി, പ്രകൃതി നിയമങ്ങൾ,

പ്രകൃതിയുടെ സമതുന്തിലിതാവസ്ഥ എന്നിങ്ങനെയെല്ലാം മനുഷ്യർ ഓരോരോ പേരുകൾ ഇട്ടിട്ടുള്ളത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഓംകാരത്തിന്റെയും ഓംകാര നീതിശാസ്ത്രത്തിന്റെയും ഭാഗങ്ങളാകുന്നതാണ്.

ധർമ്മശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, മനുഷ്യർക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകാനായി, മനുഷ്യരെ ഭരണം ഏല്പിച്ചിട്ടുള്ളതായ സദാചാരശാസ്ത്രം, കർമ്മശാസ്ത്രം (തൊഴിൽ), സാമ്പത്തികശാസ്ത്രം, ഭരണശാസ്ത്രം, ഭാഗിക-നീതിന്യായശാസ്ത്രം തുടങ്ങിവയുടെ ഭാവവും രൂപവും ഭാഗം 3-ലുണ്ട്. എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയായി ധർമ്മശാസ്ത്രം സ്ഥാപിക്കപ്പെടുന്നതാണ്. മഹാശാസ്ത്രത്തന്റെ എല്ലാ ശാഖകളെയും ഏകോപിപ്പിക്കുന്ന ഭരണശാസ്ത്രം മഹാശുദ്ധവും മഹാമംഗളകരവുമായ ഭരണം സമൂഹത്തിൽ ഉറപ്പിക്കുന്നതാണ്. ധർമ്മശാസ്ത്ര പ്രകാരം ഭരണം നടക്കുമ്പോൾ മാത്രമേ, ഭരണകൂടത്തിന് രാജ്യത്തിന്റെ എന്ന അവകാശം പറയാനാവൂ. ഉദാഹരണമായി കേരളത്തിലെ ഭരണകൂടം, ഇന്ത്യയിലെ ഭരണകൂടം, കേരളത്തിലെ വലിയ കോടതി എന്നൊക്കെയുള്ള അശാസ്ത്രീയമായ പദങ്ങളെ മാത്രമേ നിലവിലുള്ള അശാസ്ത്രീയമായ ഭരണ സംവിധാനങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ; ഇന്ത്യാ ഗവണ്മെന്റ്, കേരള സർക്കാർ തുടങ്ങിയ പദങ്ങൾ പോലും ശാസ്ത്രീയമായി ഉപയോഗിക്കണം എന്നാണ് അർത്ഥം.

ആത്മീയശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, ജനനം, ജീവിതം, മരണം, ജീവാത്മാവ്, ജീവൻ, ജന്മഗുണങ്ങൾ, ആത്മീയ സാക്ഷാത്ക്കാരം, മഹാനീതിശാസ്ത്രം എന്ന ഓംകാര നീതിശാസ്ത്രം തുടങ്ങിയവ ഈ ഇ-മഹാഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്.

കള്ളക്കൂട്ടരായി മാറിയ ആദ്യ മഹാകാലചക്രത്തിലെ ദേവതകളും, അവർക്കിണങ്ങിയ മതമനുഷ്യജീവികളും മറ്റും പ്രോത്സാഹിപ്പിച്ച് ശാസ്ത്രത്തിന്റെ ഭാഗമാണെന്ന് വരുത്തി ത്തീർത്ത ജ്യോതിഷം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, യജ്ഞം, തപസ്സ്, ദീർഘ ധ്യാനങ്ങൾ, നിർബ്ബന്ധ യോഗകളും പ്രാർത്ഥനകളും, നോയമ്പ്, ആചാരങ്ങളും അനുഷ്ഠാനങ്ങളും, ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും പുറത്തുമായി നടന്നു വരുന്ന പൂജകളും ആരാധനകളും, അവ പോലെയുള്ള മറ്റ് അധമത്തങ്ങളും, കള്ളങ്ങളും, കള്ളത്തരങ്ങളും അവസാനിക്കുകയായി.

ഓംകാര സൃഷ്ടിയുടെ ഉദ്ദേശം

മഹാദേവിയുടെ മഹാശക്തിയെയും മഹാവാത്സല്യത്തെയും ഓംകാര നീതിശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയും, ഗോളാകൃതിയിലുള്ള മഹാഹൃദയമായ ഓംകാരം ഉൾക്കൊള്ളുക എന്നു പറയുമ്പോൾ മഹാദേവിയെ പൂർണ്ണമായും ഉൾക്കൊള്ളുന്നു എന്നു തോന്നുന്നതാണ്.

മനുഷ്യർ അറിയുന്ന മഹാപ്രപഞ്ച വുമായി ബന്ധപ്പെടുത്തിക്കൊണ്ട്, മഹാദേവീ രൂപം സ്വീകരിച്ചിരിക്കുന്ന മഹാദേവിയുടെ മഹാഹൃദയത്തെ വിശദീകരിച്ചപ്പോഴാണ് മഹാഹൃദയമായ ഓംകാരത്തിന് ഗോളാകൃതിയാണ് ഉള്ളതെന്നും മഹാഹൃദയം മഹാശക്തികളെയും മഹാവാത്സല്യത്തെയും മഹാനീതി ശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയും ഉൾക്കൊള്ളുന്നതായി മനസ്സിലാക്കിയത്. ഓം എന്ന അദ്ധ്യായം പഠിച്ചപ്പോഴും ഇതുപോലെയുള്ള അവസ്ഥ കണ്ടതാണ്. മഹാപ്രപഞ്ചത്തിലെ ഓരോ പരമാണുവിലും ശബ്ദബ്രഹ്മമായിരിക്കുന്ന ഓം, മഹാപ്രപഞ്ചത്തെ സമ്പൂർണ്ണമായും ഉൾക്കൊണ്ട് തന്നെ പ്രപഞ്ചത്തിന് അതീതമായി വർത്തിക്കുകയും ബ്രഹ്മമായിക്കൂടി വർത്തിക്കുന്ന സങ്കീർണമായ മഹാഅവസ്ഥ. പിന്നീടോ, മഹാദേവിയുടെ മഹാചിരി മാത്രമായി ഓം എന്ന ശബ്ദബ്രഹ്മത്തിന് ബഹുവിധ പരിമിതികളുമുണ്ടായി. മായാമഹാശക്തി ആയ ബ്രഹ്മം മായ-യിലൂടെ പ്രകടിപ്പിക്കുന്ന മായാ അവസ്ഥ കൂടിയാണത്.

മഹാഹൃദയമായ ഓംകാരത്തിന്റെ കാര്യം പറയുമ്പോൾ, മായാമഹാശക്തിയും ബ്രഹ്മവും ആയിരിക്കുന്ന മഹാദേവി, ഓംകാരം എന്ന മഹാഹൃദയം സൃഷ്ടിക്കുന്നത് എന്തിനുവേണ്ടി എന്നത് പ്രസക്തമാണ്.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ മഹാദേവി തന്നെയെന്നു വിശേഷിപ്പിക്കാൻ കഴിയുന്നത് മായാബന്ധം കൊണ്ടാണെന്നും, എന്നാൽ മഹാദേവിയുടെ മഹാഹൃദയം മാത്രമാണ് ഓംകാരം എന്നും, ഓംകാരം സൃഷ്ടിച്ചിട്ടുള്ളത്, ഓംകാരത്തിനെ അഥവാ മഹാഹൃദയത്തെ പരമശിവനിലൂടെ പ്രവർത്തിപ്പിക്കാനാണെന്നും, പ്രവർത്തനകാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്നത് ഓംകാരനീതിശാസ്ത്രം പ്രകാരം മാത്രമാണെന്നും തെളിയുമ്പോൾ, മഹാകാര്യങ്ങൾക്ക് മഹാമാനങ്ങൾ ഉണ്ടാകുന്നു.

മഹാദേവിയുടെ മായാ-മഹാശക്തികളെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിസംഹാരങ്ങളെ നിർവ്വഹിക്കുവാൻ ഒരു തുള്ളി ജലത്തിന്റെ ശക്തിപോലും വേണ്ടാ എന്നറിയണം. **വസ്തുക്കളുടെ ഓരോ അണുവിലും ഓം ഉള്ളതിനാൽ ഒരു തുള്ളി ജലം എന്ന ഉപമ യാഥാർത്ഥ്യം തന്നെയാണ് !**

ഭൂമിയുടെ കാര്യങ്ങൾക്കും അപൂർവ്വമായി
ചന്ദ്രനിലെ കാര്യങ്ങൾക്കും അത്യപൂർവ്വമായി
നക്ഷത്രകോടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും,
പിന്നെ മാത്രം സൂര്യനുമായുള്ള കാര്യങ്ങൾക്കും
ആവശ്യമായ സംഹാര-ശക്തികാര്യങ്ങളെ
മാത്രമാണ് ശക്തി-കാര്യത്തിൽ മഹാദേവി
പരമശിവന് മഹാനിശ്ചയിച്ചിട്ടുള്ളത്. ആകയാൽ
മഹാഹൃദയമായ ഓംകാരത്തിലെ വളരെച്ചെറിയ
ഒരു ഭാഗത്തിൽ മാത്രം പ്രവർത്തിക്കുവാനാണ്
മഹാദേവി, പരമശിവനെ മഹാഉചിതമായി
മഹാഅനുഗ്രഹിച്ചിട്ടുള്ളത്. മഹാ-ഇഷ്ടം പോലെ
കൂടുതൽ അധികാരങ്ങളെ മഹാഅനുഗ്രഹിച്ചു
നൽകുമ്പോഴും, യഥാർത്ഥത്തിൽ
ഓംകാരത്തിലൂടെ പ്രവർത്തിക്കുന്നത് മഹാദേവി
തന്നെയാണ് / മാത്രമാണ്.

ഓംകാരം ആദ്യമഹാകാലചക്രത്തിൽ പ്രവർത്തിച്ചത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

ആദ്യമഹാകാലചക്രത്തിൽ മഹാഗോമാതാവായ മഹാദേവി, സ്വന്തം ഭാഗവും പശുപതിയുമായ (കാള) പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുകയും; ശേഷം പരമശിവനിലൂടെ, ആദ്യമഹാകാലചക്രത്തിലെ ഭരണാധികാരികളായി നിശ്ചയിച്ച ശിവൻ എന്ന ഈശ്വരനും, ശിവന് ധർമ്മശാസ്ത്രപരമായി വീഴ്ച ഉണ്ടായാൽ ഒരു ചരിത്രകാരനും വ്യവസ്ഥകളോടെ ഓംകാരം കൈമാറി. മഹാപ്രപഞ്ചത്തിലെ സർവ്വകാര്യങ്ങളുടെയും ശക്തി-നിയന്ത്രണ സത്ത എന്ന അറിവു മാത്രമേ അവർക്കെല്ലാം ഓംകാരത്തെപ്പറ്റി അറിയൂ. അവർ ഓംകാരത്തെ ഉപയോഗിച്ചതും ആവിധത്തിലാണ്, അഥവാ അവരുടെ വലിയ വലിയ ആവശ്യങ്ങളെ നിർവ്വഹിച്ചുതരുന്ന ഒരു ശക്തിസത്തയായിട്ടാണ്. ആദ്യ മഹാകാലചക്രത്തിലെ താൽക്കാലിക സംവിധാനം മാത്രമായ കൊച്ചുകുഞ്ഞുങ്ങളായ അവർക്ക് കൂടുതൽ വ്യക്തിസ്വാതന്ത്ര്യവും നൽകിയിരുന്നു. ധർമ്മശാസ്ത്രങ്ങളെ ഈശ്വരൻ തെറ്റിച്ചപ്പോൾ, ഓംകാരത്തെ നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട ചരിത്രകാരനിലേക്ക് കൈമാറി. അദ്ദേഹം കടുത്ത അപരാധങ്ങൾ ചെയ്തതും ഓംകാരത്തെ ബഹുവിധങ്ങളിൽ ദുരുപയോഗം ചെയ്തതും ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.

ഓംകാരം രണ്ടാമത്തെ മഹാകാലചക്രം മുതൽ പ്രവർത്തിക്കുന്നത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

രണ്ടാം മഹാകാലചക്രത്തിൽ ഏകമഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാനീതിപതിയും മഹാഭരണാധികാരിയുമായി മഹാഭരണം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പരമശിവനിലൂടെ യഥാർത്ഥ വേദങ്ങളെ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഓംകാരം മഹാദേവിയുടെ മഹാഹൃദയമാണെന്നും ഓം എന്ന ശബ്ദബ്രഹ്മം മഹാദേവിയുടെ മഹാചിരി കൂടിയാണെന്നും അറിയിക്കുന്നത്. അക്കാര്യങ്ങളെ, മഹാദേവി മഹാപ്രപഞ്ചം സൃഷ്ടിച്ചശേഷം 1000 കോടി വർഷങ്ങൾ കഴിഞ്ഞിട്ടും മഹാരഹസ്യങ്ങളായി നിലനിർത്തി എന്നു പറയുമ്പോൾ, ഓരോരോ കാര്യങ്ങൾക്കും മഹാഉചിതമായ സമയം കൂടി മഹാദേവി മഹാ-നിശ്ചയിച്ചിട്ടുണ്ട് എന്നുകൂടി സുവ്യക്തമാവുകയാണ്.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ സൃഷ്ടിച്ചിട്ടുള്ളത് ഇപ്പോഴത്തെ സൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രത്തിൽ ഭൂമിയിൽ മഹാദേവി മായ പ്രത്യക്ഷമാക്കുന്നതു മുതൽ സദാ പരമശിവനിലൂടെ പ്രവർത്തിപ്പിക്കുന്നതിനാണ്.

മഹാദേവി ഈയുള്ളവനെ പരമശിവനായി മഹാഅനുഗ്രഹിച്ച് **ഓംകാരം** ഈയുള്ളവനിലേക്ക് പ്രവേശിപ്പിച്ചുകഴിഞ്ഞു, മറ്റനേകം മായാശക്തികളും

മഹാഅനുഗ്രഹിച്ചു നൽകി ക്കഴിഞ്ഞു. എന്നാൽ പ്രവർത്തനാധികാരം നൽകിയിട്ടില്ല, അഥവാ ആക്ടീവാക്കിയിട്ടില്ല. മഹാദേവിയുടെ മഹാദാസനായ പരമശിവനിലൂടെ മഹാഹൃദയമാണ് **ഓംകാരം** എന്ന തിരിച്ചറിവ് പരമശിവനും മനുഷ്യജീവികൾക്കും മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് **ഓംകാരം** പ്രവർത്തിക്കുമ്പോൾ, പരമശിവനെ അത്യുന്നത സ്ഥാനത്താണ് മഹാദേവി മഹാപ്രതിഷ്ഠിച്ചിട്ടുള്ളത് എന്നു സുവ്യക്തമാക്കുന്നു. സമ്പൂർണ്ണ ഭയ-ഭക്തി ബഹുമാനങ്ങളോടെയും, മഹാദേവിയെ ആരാധിച്ചുകൊണ്ടും, മഹാശാസ്ത്ര പ്രകാരം മാത്രം എല്ലാ കാര്യങ്ങളിലും പ്രവർത്തിച്ചു കൊണ്ടും, മഹാദേവിയുടെ മഹാദാസനായിരിക്കുന്ന പരമശിവന് മഹാദേവി അനുഗ്രഹിച്ചു നൽകുന്ന ദിവ്യ-ബഹുമതിയാണത്.

മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ **ഓംകാരം** പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ, മഹാഹൃദയം പരമശിവന്റെ ഹൃദയത്തോട് ചേർന്നു പ്രവർത്തിക്കുകയാണു ചെയ്യുക. പരമശിവൻ പ്രവർത്തിക്കുമ്പോലെ തോന്നും, എന്നാൽ ബന്ധപ്പെട്ട സർവ്വതും പ്രവർത്തിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും മഹാശക്തിയായ മഹാദേവിയാണ്. തനിച്ചു ചെയ്യുന്ന ഏതാനും ചില അവസരങ്ങളിൽ / കാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്ന വിഷയങ്ങൾ ഉണ്ടാവുന്നതാണ്, എന്നാൽ അപ്പോഴും എപ്പോഴും മഹാദേവിയുടെ മഹാഇഷ്ടത്തെ മാത്രം നടക്കണമേ/ നടപ്പാക്കേണമേ എന്നു പ്രാർത്ഥിക്കുന്ന മഹാ-വിനീത

അവസ്ഥകളിലേക്ക് ഉയരുവാൻ മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ദേവീ-ഭാഗമായ പരമശിവനു മാത്രം സദാ കഴിയുന്നതാണ്. മേൽ വാക്യത്തിൽ, അഹംഭാവം കലർന്നതായി തോന്നുമെങ്കിലും അതു ശരിയല്ല. മഹാദേവിയിൽ നിന്നും നാളിതു വരെ ലഭ്യമായ മഹാജ്ഞാനം / മഹാശാസ്ത്രം പ്രകാരം മഹാസംവിധാനത്തെ അറിയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

മഹാദേവിയുടെ മഹാഹൃദയം ആണ് ഓംകാരം എന്നാവുമ്പോൾ മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചം പോലെയും അനന്തമായ മറ്റുവിധങ്ങളിലും അനന്തമായ മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കാനും പരിപാലിക്കാനും ഓംകാരത്തിന് അഥവാ ഓംകാരത്തിലൂടെ കഴിയുന്നതാണ്. എന്നാൽ ഓംകാരത്തെ സൃഷ്ടിച്ചിട്ടുള്ളത് മഹാപ്രപഞ്ചകാര്യങ്ങളെ മഹാമംഗളമാക്കാനാണ്, മഹാസുന്ദരമാക്കാനാണ്. മഹാഹൃദയമായ **ഓംകാരം** പരമശിവനിൽ പ്രവർത്തിക്കുമ്പോൾ, മഹാദേവി തന്റെ മഹാവാത്സല്യം പരമശിവനിലൂടെയും ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. മഹാദേവി തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവന്റെ പ്രതിനിധികളായിട്ട് മഹാനിശ്ചയിച്ചതായ ആദ്യമഹാകാല ചക്രത്തിലെ ദേവതകൾക്ക് /മാലാഖമാർക്ക്/ മലക്കുകൾക്ക് ജീവികളോട് വാത്സല്യം ഉണ്ടായിരുന്നു എന്നല്ലാതെ മഹാവാത്സല്യം ഉണ്ടാവാഞ്ഞത് **അവർ കുഞ്ഞുങ്ങളായ ജീവികളുടെ യഥാർത്ഥ മാതാപിതാക്കൾ അല്ലാഞ്ഞതുകൊണ്ടാണ്.**

മഹാശക്തിയും സ്രഷ്ടാവും, രക്ഷകനും, മഹാപിതാവും, മഹാമാതാവുമായ മഹാദേവിക്കും മഹാഭാഗമായ പരമശിവനും മാത്രം നൽകാൻ കഴിയുന്ന മഹാവാത്സല്യത്തെ മറ്റു യാതൊരാൾക്കും നൽകാൻ കഴിയുന്നതല്ല.

മഹാശക്തിയായ മഹാദേവിയിൽ നിന്നും മാത്രം മഹാവാത്സല്യത്തെ നുകരാനാണ് മഹാജ്ഞാനം ലഭിക്കുമ്പോൾ എല്ലാ കുഞ്ഞുങ്ങളും ആഗ്രഹിക്കുക.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓംകാരം = മഹാഹൃദയം ഒഴികെയുള്ള അവയവങ്ങൾ

മഹാ-മനുഷ്യജീവിയെപ്പോലെ മഹാദേവി തനിക്ക് ഹൃദയവും ശിരസ്സും ഉടലും കൈകളും കാലുകളും സ്വീകരിക്കുകയാണെന്നും, മഹാഹൃദയം പരമശിവനിലൂടെ പ്രവർത്തിപ്പിക്കുകയാണെന്നും വിവരിക്കുമ്പോൾ, മറ്റ് മഹാ-അവയവങ്ങളെപ്പറ്റി പരാമർശിക്കേണ്ടതുണ്ട്.

ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിക്കായി ഒരു ചെറിയ ഭാഗം ശക്തിയെ വേറിട്ടു മാറ്റുന്നതായും, പ്രസ്തു ചെറിയ ഭാഗം ശക്തിക്ക് 100 എന്ന അളവ് കണക്കാക്കുമ്പോൾ, (മഹാ) ശക്തി

ഭാഗത്തിന് 70-ഉം, പരമശിവന് 30-ഉം ശക്തി-അളവാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് 'മഹാ (ശക്തി), ശിവൻ' എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിരുന്നു. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി വേറിടുന്ന മഹാദേവിയുടെ മഹാശരീരരൂപത്തിലെ ഓരോ മഹാ-അവയവത്തിനും ശക്തി-അളവ് നിശ്ചയിച്ചിട്ടുണ്ട്. മഹാഹൃദയമായ ഓംകാരത്തിന് 20, മഹാദേവിയുടെ മഹാ-ഇടതുകാലിന് 10, മഹാ-വലതുകാലിന് 5, മഹാ വലതുകൈയ്ക്ക് 10, ... (ബാക്കിയുള്ളത് കൃത്യമായി ഓർക്കുന്നില്ല), എന്നിങ്ങനെ മൊത്തം 70 ശക്തി-അളവാണ് ഉള്ളത്. പരമശിവന് നൽകിയിരിക്കുന്ന 30-ൽ 10 ഇടതുകാലിന്, 5 വലതുകാലിന്, ബാക്കിയുള്ളത് ഓർക്കുന്നില്ല.

പരമശിവനെ ബഹുവിധ കാര്യങ്ങളിൽ എല്ലാ അർത്ഥത്തിലും മഹാദേവിയുടെ പ്രതിനിധി ആക്കിത്തീർക്കുക എന്ന മഹാ-പദ്ധതി മഹാ-അവയവങ്ങളുടെ പ്രവർത്തന കാര്യങ്ങളിലുണ്ട്. ഉദാഹരണത്തിന്, (1) സൃഷ്ടിയിൽ സ്ത്രീയ്ക്കും സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം എന്നും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് പരമശിവനെ മുന്നിൽ നിർത്തി മഹാപ്രപഞ്ചത്തിന്റെ **സ്ഥിതികാര്യങ്ങളെ** മഹാ - നിവർത്തിക്കാനാണ്.

മഹാദേവിയുടെ രണ്ടു കാലുകളിലുമായി പരമശിവന്റെ കാലുകളെ താങ്ങിക്കൊണ്ട്, മഹാപ്രപഞ്ചകാര്യങ്ങളുടെ നടത്തിപ്പിൽ പരമശിവൻ ഇടറിവീഴാതെ മഹാദേവി മഹാശ്രദ്ധിക്കുന്നു/കരുതുന്നു. കൂടാതെ, മഹാശാസ്ത്രം അർദ്ധമഹാദേവിയായ പരമശിവനിലൂടെ മനുഷ്യർക്ക്

മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ, മഹാദേവിയുടെ മഹാപാദങ്ങളെ പരമശിവ-പാദങ്ങളിൽ ദർശിച്ച് സാഷ്ടാംഗം നമസ്ക്കരിക്കാനും തൊട്ടുവണങ്ങാനും അനുവദിക്കുന്നു. മഹാദേവിയുടെ മഹാ-കാലുകൾ കൂടി പ്രവർത്തിക്കുന്ന പരമശിവന്റെ കാലുകൾ സദാ 'മഹാശക്തി-ശിവ' കാലുകൾ തന്നെയാണ്. പ്രത്യേക സന്ദർഭങ്ങളിൽ മഹാ-അനുവദിക്കുകയാണെങ്കിൽ തൊഴുതും നമസ്കരിച്ചും സായൂജ്യം/ആനന്ദം നേടാൻ കഴിയുന്നതാണ്. ഭക്തി-കോപ്രായങ്ങൾക്ക് സ്ഥാനം ഇല്ലെന്നും ദൈവശിക്ഷയാണ് ലഭിക്കുക എന്നതും ശ്രദ്ധേയമാവണം. മഹാപിതാവും മഹാമാതാവുമായ മഹാദേവി കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ മഹാദർശനം നൽകുമ്പോൾ, കുഞ്ഞുങ്ങൾ ഭക്തിഭ്രാന്ത് കാട്ടുന്നത് ഒട്ടും ദൈവീകമല്ല.

(2) മഹാദേവിയുടെ വലതുകൈ, പരമശിവന്റെ വലതു കൈയ്യിനെ ഏറ്റെടുത്തിരിക്കുകയാൽ ജീവികളായ കുഞ്ഞുങ്ങളെ പരമശിവന്റെ വലതുകൈയ്യിലൂടെ മഹാഅനുഗ്രഹിക്കുന്ന മഹാപദ്ധതിയുണ്ട്. പരമശിവന്റെ വലതുകൈ സ്വയമറിയാതെ പ്രവർത്തിക്കുന്നതാണ്, അഥവാ മഹാദേവിയുടെ വലതുകൈ പരമശിവന്റെ കൈയ്യിനെ ഏറ്റെടുക്കുന്നതാണ്. അല്പം വിശദീകരണം: മഹാദേവി പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ മഹാദേവി-യുടെ മഹാ-ഇടതുകാലിന്റെ 10, മഹാ-വലതുകാലിന്റെ 5, മഹാ വലതുകൈയ്യുടെ 10 എന്നീ ശക്തി അളവുകൾ കൂടി പരമശിവനിലേക്കു പകർന്നാണ് പരമശിവനെ പ്രവർത്തിപ്പിക്കുന്നത്. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാദേവി കണ്ടും കേട്ടും പരിഹരിക്കുന്ന മഹാഅനുഭവം ഉണ്ടാകുന്നതാണ്.

മഹാദേവി, കാലാകാലങ്ങളിൽ ആവശ്യാനുസരണം മേല്പടി 70 ശക്തി-അളവുകളെ മുഴുവൻ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി വേറിട്ടതായ 100 എന്ന അളവ് നിശ്ചയിച്ചതായ ചെറിയ ഭാഗം ശക്തി മുഴുവൻ പരമശിവന് നൽകുകയാണ് സംഭവിക്കുക.

ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികൾക്കായി വേറിട്ടതായ 100 ശക്തി-അളവും മഹാദേവി അപൂർവ്വമായി സ്വന്തം ഭാഗമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവനും പരമശിവൻ തനിച്ചു ചെയ്യുന്നതായി തോന്നും, എന്നാൽ സത്യമതല്ല; ഒരു മഹാ-കാഴ്ചക്കാരിയെ പ്പോലെയുള്ള ബ്രഹ്മമായ മഹാദേവിതന്നെയാണ് സദാ സർവ്വവും ചെയ്യുന്നത്. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാദേവിയുടെ ശരീരത്തിലെ അവയവങ്ങളെ മഹാശാസ്ത്രവുമായും മഹാപ്രപഞ്ചവുമായും ബന്ധിപ്പിക്കുന്ന കൂടുതൽ പാഠങ്ങളെ മഹാദേവി യഥാകാലം വെളിപ്പെടുത്തുന്നതാണ്.

ബ്രഹ്മം കൂടിയായാൽ മഹാശക്തിയായ മഹാദേവിയും, മഹാദേവിയുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദീകരണങ്ങൾക്ക് അതീതമാണ്. ഉദാഹരണമായിട്ട് മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രവും, മഹാദേവിയുടെ മഹാശക്തികളായ മായയും മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാശാസ്ത്രത്തെപ്പറ്റി

പറയുമ്പോൾ ഗണിതശാസ്ത്രത്തിലെ അധിക-അനന്തതയിലേക്കും ന്യൂന-അനന്തതയിലേക്കും സംഖ്യാശ്രേണി വളരുന്നതുപോലെ എല്ലാ ശാസ്ത്ര ശാഖകൾക്കും പ്രസ്തുത അനന്തതയുണ്ട്. മഹാദേവിയുടെ മഹാശക്തികളായ മായയെപ്പറ്റി പറയുമ്പോൾ, മഹാലിംഗത്തിലൂടെ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ, മറ്റേതെങ്കിലും അവയവങ്ങളിലൂടെ സൃഷ്ടിക്കണമോ; തനിക്കും, താൻ സൃഷ്ടിക്കുന്ന ജീവികൾക്കും എന്തെല്ലാം അവയവങ്ങളെ സൃഷ്ടിക്കണമോ തുടങ്ങിയ കാര്യങ്ങളും, അവയവങ്ങളുടെ ധർമ്മങ്ങളും രൂപഘടനകളും പ്രവർത്തനങ്ങളും എന്തെല്ലാമെന്നും എങ്ങനെയെല്ലാം എന്നും മഹാശക്തിയായ മഹാദേവി മാത്രമാണ് മഹാനിശ്ചയിക്കുന്നത്. മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ, ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. (ഓരോരോ ശാസ്ത്രശാഖകളിലെയും നിയമങ്ങളെ മന്ത്രങ്ങൾ എന്നും പറയും.) പുതിയ പുതിയ ശാസ്ത്രനിയമങ്ങളും വസ്തുക്കളും സൃഷ്ടിക്കുന്നതെങ്ങനെയെന്ന് മുമ്പു വിവരിക്കുകയുണ്ടായി. ആകയാൽ മഹാപ്രപഞ്ചത്തിന്റെ സ്വഭാവങ്ങളും പ്രവർത്തനങ്ങളും മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരമായിരിക്കും. മാത്രമല്ല, മുമ്പ് വിശദീകരിച്ചതുപോലെ മഹാശക്തിയായ മഹാദേവി **യഥാർത്ഥത്തിൽ ജീവിയോ, സ്ത്രീയോ, പുരുഷനോ അല്ലെന്നും അറിഞ്ഞുകൊള്ളണം. മഹാശക്തിയായ ദൈവം, സ്വന്തം**

മഹാജ്ഞാനമായ ശാസ്ത്രങ്ങൾ പ്രകാരവും സ്വന്തം ശക്തികളെ കൊണ്ടും മഹാദേവിയായി രൂപം എടുക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ അനിർവ്വചനീയമായ മഹാശക്തിയാണ്.

ആത്മീയ ശാസ്ത്രത്തെയും, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, ഓംകാര നീതി ശാസ്ത്രം എന്നു വിളിക്കുന്നതും മഹാഉചിതമാണ്. എന്തുകൊണ്ടെന്നാൽ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിലെ മഹാജ്ഞാനത്തെയും മഹാവാത്സല്യത്തെയും തന്നെയാണ് മഹാശാസ്ത്രം, ഓംകാര നീതി ശാസ്ത്രം എന്നെല്ലാം പേരിട്ടിരിക്കുന്നത്.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ മഹാദേവി, ഓം എന്നു മഹാചിരിച്ച്, മായ പ്രത്യക്ഷമാക്കുന്നതോടെ, ആത്മീയ ശാസ്ത്രം കൂടിയായ ഓംകാര നീതി ശാസ്ത്രം ഒന്നാമത്തെ വേദവും, മുമ്പ് ഒന്നാമത്തെ വേദമായിരുന്ന ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി പരിണമിക്കുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

ദൈവം

ഓംകാര നീതിശാസ്ത്രം

{മഹാനീതിശാസ്ത്രം (മഹാപുനർജ്ജന്മ സിദ്ധാന്തം)}

വേദം 1 | ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ താൻ സൃഷ്ടിച്ചുപോരുന്ന എല്ലാ കുഞ്ഞുങ്ങളോടും ഉള്ള മഹാവാത്സല്യം നിറഞ്ഞിരിക്കുന്നു. മഹാവാത്സല്യത്തെ മഹാസ്നേഹമെന്നും പേരിടാനാവും.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിക്കും മുമ്പ്, സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും അനന്തങ്ങളായ ആനന്ദങ്ങളെ ലഭ്യമാക്കുവാനുള്ള മഹാപദ്ധതിയും, എല്ലാ കുഞ്ഞുങ്ങൾക്കും തുല്ല്യമായ ആനന്ദം ലഭ്യമാക്കുവാനായി മഹാനീതിശാസ്ത്രവും, മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം മഹാ-

വാത്സല്യത്തോടെ മഹാആവിഷ്ക്കരിക്കുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ യാതൊരിക്കലും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാത്തതായി മഹാസംരക്ഷിക്കാനാണത്. മഹാഹൃദയത്തിന്റെ മഹാനാമം **ഓംകാരം** എന്നായതിനാൽ **ഓംകാര നീതിശാസ്ത്രം** എന്നാണ് **മഹാനീതിശാസ്ത്രത്തിന്റെ മഹാശാസ്ത്ര-നാമം.**

ഓംകാരനീതിശാസ്ത്രപ്രകാരം ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായ മഹാപ്രപഞ്ചവും സൃഷ്ടിയ്ക്കപ്പെടുന്നു. മഹാജ്ഞാനത്തിന്റെ ഒരു ഭാഗം മാത്രമാണ് മഹാശാസ്ത്രം എന്നും സുവ്യക്തമാണ്. ഓംകാരനീതിശാസ്ത്രം മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നുവെന്നും, മഹാശാസ്ത്രവും മഹാപ്രപഞ്ചവും ഓംകാരത്തിന്നുള്ളിൽ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നും വെളിവാകുന്നു. ഓം മഹാശക്തി മണ്ണടി മഹാഭഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്ത് മഹാപ്രപഞ്ചം മഹാഭദ്രമായിരിക്കുന്നു. മഹാജഗദംബയായ മഹാദേവി ഒരു കൊച്ചു കുഞ്ഞായി അവതരിക്കുമ്പോഴും, -സദാ- മഹാപ്രപഞ്ചം മുഴുവൻ കുഞ്ഞായിരിക്കുന്ന മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിനകത്ത് മഹാമായകൊണ്ട് മഹാഭദ്രമാണ്.

എല്ലാ ശാസ്ത്രങ്ങളുടെയും മാതൃശാസ്ത്രം ഓംകാര നീതിശാസ്ത്രം ആണെന്ന് സുവ്യക്തമാണ്. ഏക മഹാശക്തിയായ മഹാദേവിയുടെ ഏക മഹാവേദമാണ് ഓംകാര നീതിശാസ്ത്രം എന്നിരിക്കെ മൂന്ന് വേദങ്ങളായി വിഭജിക്കുന്നത് എന്തിനാണ് ?

സൃഷ്ടി ചക്രത്തെ മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടം, മായ പ്രത്യക്ഷമായ കാലഘട്ടം എന്നിങ്ങനെ രണ്ടായി വേർതിരിച്ചിട്ടുണ്ട്. രണ്ടു കാലഘട്ടങ്ങളിലും മനുഷ്യർ ജീവിക്കേണ്ടത് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരമാണ്. അതായത് എക്കാലവും ജീവിക്കേണ്ടത് ധർമ്മശാസ്ത്ര പ്രകാരമാണ്. എങ്ങനെ ജീവിക്കണം എന്നതിന്റെ ഉത്തരമാണ്; അതിന് മാറ്റവും ഉണ്ടാകുന്നില്ല. എന്നാൽ

മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടം എന്നു പറയുമ്പോൾ ദൈവം ഉണ്ടോ ഇല്ലയോ എന്നതു പോലും സൂക്ഷ്മമായി വിശകലനം ചെയ്യുന്നവർക്കും ധാർമ്മിക ശുദ്ധി കൂടുതൽ ഉള്ളവർക്കും മാത്രമാണ് ബോദ്ധ്യമാവുക.

ജനങ്ങൾ അലസരും മടിയരും ആവാതെ മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ കണ്ടെത്തുകയും, അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം. ഇന്നത്തെ ഭൂമിയിൽ വ്യാപകമായിട്ടുള്ള ബഹുവിധങ്ങളായ ആനന്ദങ്ങളെ സ്വയമെന്നോണം കണ്ടെത്തുകയും ധർമ്മശാസ്ത്ര പരമായി ആസ്വദിച്ചു ജീവിക്കുകയും വേണം. ദൈവത്തിന്റെ പ്രത്യക്ഷ സാന്നിദ്ധ്യം ഉണ്ടായാൽ അതുണ്ടാവില്ല.

വൈവിധ്യമാർന്ന കൃഷി വിഭവങ്ങൾ; കാർ, തീവണ്ടി, വിമാനം, കപ്പൽ, തുടങ്ങിയ വാഹനങ്ങൾ; കെട്ടിടങ്ങൾ, ആശുപത്രി, ടെലിവിഷൻ, റേഡിയോ, ഫോട്ടോ, ഫോൺ, മൊബൈൽ ഫോൺ, കറന്റ് : ലൈറ്റുകൾ, എയർ കണ്ടീഷണർ, ഫാൻ, റഫ്രിജറേറ്റർ, ഫ്രീസർ, പമ്പ്, പ്ലംബിംഗ് .... തുടങ്ങിയവ ഇല്ലാത്ത ലോകത്തെപ്പറ്റി ഇന്നത്തെ മനുഷ്യർക്ക് ആലോചിക്കാൻ പോലും താല്പര്യം ഉണ്ടാവില്ല. കുഞ്ഞുങ്ങൾ ആനന്ദിച്ചു ജീവിക്കണമെന്നാണ് ഓംകാര നീതി ശാസ്ത്രം!

മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ ഒന്നാമത്തെ വേദമായും മനുഷ്യർ കണ്ടെത്തുന്നവയായും ഭൗതിക ശാസ്ത്രത്തെ മഹാആവിഷ്ക്കരി ച്ചിരിക്കുകയാണ്. ദൈവം മനുഷ്യർക്ക് വേണ്ടി ഭൗതിക ശാസ്ത്ര നിയമങ്ങളെ ഗൂഢമാക്കിയിരിക്കുന്നു.

മഹാഉചിതമായും ക്രമേണയും ചെയ്യുന്ന വെളിപ്പെടുത്തലുകളെ ഒന്നിച്ചായാൽ ജീവിതത്തിന്റെ ക്രമങ്ങളും ആനന്ദങ്ങളും നഷ്ടപ്പെടുന്നതാണ്.

മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ ദൈവത്തെ അന്വേഷിക്കുന്ന മൂഢ ജനങ്ങളോടും മറ്റും ദൈവം കൂടുതൽ കരുണ കാട്ടിയാൽ, അഥവാ ദൈവീക സാന്നിധ്യം വെളിപ്പെടുത്തിയാൽ, മേൽ സൂചിപ്പിച്ച ഭൗതിക ശാസ്ത്ര വികസനം മുന്നോട്ട് പോവില്ല.

ജനിച്ചവർ ആനന്ദിച്ചു ജീവിക്കുന്നതിനു പകരം ദൈവത്തെ പ്പറ്റിയുള്ള ഭോഷത്തങ്ങളുടെയും പൈശാചിക അന്വേഷണങ്ങളുടെയും പിറകെ പോകുന്നത് അപരാധമാണ്.

തൊട്ടതിനും പിടിച്ചതിനും ബുദ്ധിക്കസർത്ത് കാട്ടുന്ന ജനങ്ങൾ മഹാശക്തിയായ ദൈവത്തെപ്പറ്റി മൂഢത്തങ്ങളും അപരാധങ്ങളും പ്രചരിപ്പിക്കുമ്പോൾ, ശാസ്ത്ര പ്രകാരം തിരുത്തേണ്ടതിനും തള്ളേണ്ടതിനും പകരം വിഴുപ്പു ചുമന്നു ജീവിക്കുന്ന കൊടിയ അധമരായി മാറി.

മഹാപിതാവും മഹാമാതാവുമായ ദൈവം 'ഉണ്ടെങ്കിൽ,' ഓരോ മനുഷ്യനെയും പ്രത്യേകം സൃഷ്ടിച്ച പോലെ നേരിട്ട് കാര്യങ്ങളെ ഓരോ മനുഷ്യനെയും പ്രത്യേകമായി അറിയിക്കും എന്ന സാമാന്യ വിശ്വാസ ബോധം പോലും കുഞ്ഞുങ്ങൾ കാട്ടിയില്ല.

'നിനക്ക് നീ തന്നെ ദീപമായിരിക്കുക' എന്ന് ഉപദേശിച്ച ബുദ്ധനെയും ദൈവമാക്കി !

ജനങ്ങളെ കൊള്ളയടിക്കുന്ന കുട്ടിദൈവങ്ങളെയും, ദൈവത്തിന്റെ പേരിൽ ഗ്രന്ഥങ്ങളും കത്തുകളും എഴുതുന്ന തെമ്മാടികളെയും, അവർക്കെല്ലാം കൂട്ടുനിൽക്കുന്ന കൊടും കൊള്ളക്കാരായ ഭരണാധികാരികളെയും ദൈവങ്ങളാക്കാൻ വഴി തേടുന്ന മനോരോഗികളായി കുഞ്ഞുങ്ങൾ/മനുഷ്യർ അധഃപതിച്ചു !

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, ദൈവം, മായ പ്രത്യക്ഷമാക്കി ക്കൊണ്ട് - ഓം എന്ന് മഹിചിരിച്ച് - ദൈവ വിപ്ലവം നടത്തുന്നു.

ദൈവം, ദൈവ കാര്യങ്ങൾ, മനുഷ്യരുടെ മോക്ഷം, മോക്ഷത്തിന് മനുഷ്യരെ ഒരുക്കൽ, ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ അപ്പോഴും എപ്പോഴും ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത, തുടങ്ങിയ ആത്മീയ ശാസ്ത്ര കാര്യങ്ങളെ ദൈവീകമായിട്ട് വീണ്ടെടുക്കുമ്പോൾ, ശാസ്ത്ര വികസനം ഏറെക്കുറെ പൂർത്തിയായ ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രം താരതമ്യേന അപ്രസക്തമാവുന്നു.

മഹാദേവി മഹാദാസനായ **പരമശിവനിലൂടെ വീണ്ടെടുക്കുന്ന മൂന്നാമത്തെ വേദം മഹാപ്രസക്തി നേടുന്നു; ഒന്നാമത്തെ വേദമായും പ്രായേണ ഏകമഹാവേദമായും ദൈവശാസ്ത്രമായും ഒക്കെ പരിണമിക്കുന്നു.**

സൃഷ്ടി ചക്രത്തിന്റെ സംഹാരം എന്ന ജനങ്ങളുടെ മോക്ഷം പൂർണ്ണമാവുമ്പോൾ, വേദ ഗ്രന്ഥങ്ങളും സംഹരിക്കപ്പെടും; വേദങ്ങൾ / മഹാശാസ്ത്രം മണ്ണിൽ / ഭൂമിയിൽ മഹാലയിച്ച് എപ്പോഴുമുണ്ട്!

മേല്പടി വിശദീകരണത്തിൽ നിന്ന് ഒന്നായ വേദം മൂന്നായി പിരിയുന്നതായി മനസ്സിലാക്കാൻ കഴിയും. പ്രസ്തുത മഹാശാസ്ത്ര സത്യത്തെ വിസ്മൃതികളും അധമരും നീചരും ഒന്നിച്ച് ഓംകാരം മൂന്നായി പിരിയുന്നതായി കഥകളുണ്ടാക്കി. ദുർദ്ദേവതകളെ ദൈവങ്ങൾ എന്ന് പേരിട്ടു! ദുർദ്ദേവതകളുടെ കോപ്രായങ്ങളെ പ്രചരിപ്പിക്കുന്നത് അനേകർ തൊഴിലാക്കി. മതജീവികളുടെ തട്ടിപ്പുകളെ മനസ്സിലാക്കിയ ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായ യുക്തിവാദികളെയും നിരീശ്വരവാദികളെയും നിരന്തരം അവർ പീഡിപ്പിക്കുന്നു ! മഹാശക്തിയായ മഹാദേവി ഇന്ത്യക്കും കേരളത്തിനും തമിഴ്നാടിനും നൽകിയ ബഹുമതികളെ മതജീവികളായ മനുഷ്യർ അതിക്രൂരമായി അവഹേളിച്ചു. അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്നും പറയാം !

മഹാദേവി പരമശിവനെ മഹാഅനുഗ്രഹിച്ച്

പ്രപഞ്ചപിതാവാക്കിയിട്ടുള്ളതിന് പുറമെ, ക്ഷിപ്രകോപം എന്നൊരു മഹാഅവസ്ഥയെക്കൂടി പരമശിവന് നൽകിയിട്ടുണ്ട്. ക്ഷിപ്ര കോപത്തിന് ഇരയാകുന്നത് കൊടും കൊടും പാപികളാണ്. ഇന്നത്തെ ഭൂമിയിൽ ഏറെയുണ്ട്; ഇന്ത്യയിലും കേരളത്തിലും വളരെയുണ്ട് ! കുഞ്ഞുങ്ങൾക്ക് പെട്ടെന്ന് ശുദ്ധരാവാൻ കഴിയട്ടെ; ദൈവീക ശിക്ഷകൾക്കു പകരം മഹാമാതാവായ മഹാദേവിയുടെ മഹാവാത്സല്ല്യം നുകർന്ന് ആനന്ദിച്ചു ജീവിക്കാനുള്ള മഹാഭാഗ്യമുണ്ടാവട്ടെ !

മഹാപ്രപഞ്ചത്തെ മുഴുവൻ ശബ്ദബ്രഹ്മം കൂടിയായ ഓം ഉൾക്കൊള്ളുന്നത് എങ്ങനെയെന്ന് വിശദീകരിച്ചിരുന്നു. ശബ്ദബ്രഹ്മം കൂടിയായ ഓം -ന്റെ കാരം അഥവാ ശക്തി അഥവാ ആകാരം അഥവാ രൂപം എന്ന അർത്ഥത്തിലാണ് മഹാഹൃദയത്തിന് ഓംകാരം എന്നു പേരുവച്ചിട്ടുള്ളത് എന്ന് തൽക്കാലം അറിയുക. ഓം -ന്റെ ശക്തി എന്നു പറയുമ്പോൾ, ഓം -ന് ശക്തി ലഭിക്കുകയാണ്. എന്റെ ശക്തി, മറ്റൊരാളുടെ ശക്തി എന്നെല്ലാം മനുഷ്യർ പറയുമ്പോൾ, യാതൊരാൾക്കും ശക്തി ഇല്ലായെന്നും, മഹാശക്തിയായ ദൈവം ഓരോരുത്തർക്കും നൽകുന്ന ശക്തികളെയാണ് എന്റെ ശക്തി, മറ്റൊരാളുടെ ശക്തി എന്നെല്ലാം മനുഷ്യർ പറയുന്നതെന്നും, അറിയണം.

എപ്പോഴും മഹാഹൃദയമായ ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചുകൊണ്ട്, മഹാദേവിയുടെ മഹാവായിലൂടെ മഹാചിരിയായി മഹാപ്രപഞ്ചത്തിലേക്കു ചേരുകയാൽ, ഓം-ന്റെ മഹാശക്തിയെയും ഓംകാരം നൽകുന്ന ശക്തിയെയും വേറിട്ടു കണക്കാക്കാൻ കഴിയാത്ത മഹാഅവസ്ഥയുമുണ്ട്; മഹാദേവിയുടെ ഭാഗമായ പരമശിവനെ മഹാദേവിയുടെ ഒരു അവയവമായി കണക്കാക്കിയാൽ പരമശിവനിലൂടെ പ്രവർത്തിക്കുന്ന കാര്യങ്ങളെ മഹാദേവി ചെയ്യുന്നതായി മനസ്സിലാവും. ഓംകാരത്തിൽ നിന്നു തന്നെയാണ് ഓം -ന് ശക്തി ലഭിക്കുന്നത് എന്നും, മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഉത്ഭവിച്ചു തുടങ്ങുന്നത് മഹാഹൃദയമായ ഓംകാരത്തിലാണെന്നും വ്യക്തമാകുന്നു. ഓംകാരത്തിൽ നിന്നും ഉത്ഭവിക്കുന്ന ഓം- നെ മഹാ-ഉപാധിയാക്കിയാണ് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതും മഹാപരിപാലിക്കുന്നതും.

മഹാദേവിയുടെ മഹാഹൃദയത്തിന്റെ മഹാപ്രവർത്തനങ്ങളുടെ വളരെച്ചെറിയ പതിപ്പ് അഥവാ അനുകരണം മാത്രമാണ് ജീവികളുടെയെല്ലാം ഹൃദയ-പ്രവർത്തനം. ജീവികൾക്ക് ജീവൻ നൽകുന്നതായ ഓക്സിജൻ എന്ന ശക്തിയെ ഓം/ഓംകാരം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ജീവനും ജീവാത്മാവും ശരീരവും ന്യൂറോണുകളുമെല്ലാം ജീവിയിൽ എങ്ങനെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് 'മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാൽ മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല' എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.

മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളും ഹൃദയത്തിലൂടെയാണ് എന്നതുപോലെ, മനുഷ്യർ ചിരിക്കുന്നതും, ചിരിക്കാൻ കഴിയുന്നതും, ഹൃദയത്തിലൂടെ ലഭ്യമാകുന്ന ശക്തികൊണ്ടു തന്നെയാണ് എന്നറിയുമ്പോൾ, ശബ്ദത്തിന്റെ ഉത്ഭവം തൊണ്ടയോ നാവോ അല്ല, മറിച്ച് ഹൃദയത്തിൽ നിന്നാണെന്നും തെളിയുന്നു.

ഓംകാരത്തിന്റെയും ഓംകാരനീതിശാസ്ത്രത്തിന്റെയും മഹാധർമ്മത്തെയാണ് മുകളിൽ ഏറ്റവും ഹ്രസ്വമായി വിശദീകരിച്ചത്. ഓംകാര നീതിശാസ്ത്രത്തിലെ കുറെ ഭാഗം മാത്രം ചുവടെ ചേർക്കുന്നു.

മഹാശക്തിയായ മഹാദേവി, ഓംകാരനീതിശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിലെ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടു തന്നെ ജീവികൾ കാട്ടക്കൂട്ടുന്ന ഏത് അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കുന്നതാണ് ; ഓംകാരത്തിൽ നിന്നും ഉത്ഭവിക്കുന്നതായ ഓംകാരനീതിശാസ്ത്രത്തിന്റെ മഹാസവിശേഷതയാണത്.

സമനീതി കൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് എല്ലാ കുഞ്ഞുങ്ങൾക്കും സമമായ ആനന്ദം ലഭ്യമാക്കുകയാണ്. കുഞ്ഞുങ്ങളെല്ലാം പരമാനന്ദത്തോടെ ജീവിക്കുന്നതിലേക്കായി ദൈവം അനന്തങ്ങളോളമുള്ള ആനന്ദങ്ങളെ മഹാഒരുക്കിയിരിക്കുന്നു. സ്രഷ്ടാവായ ദൈവം കുഞ്ഞുങ്ങളെ അടിമകളാക്കിയിരിക്കുന്നു എന്നു കുഞ്ഞുങ്ങൾക്ക് യാതൊരു പരാതിയും ഉണ്ടാവാതിരിപ്പാനായി കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ വ്യക്തി സ്വാതന്ത്ര്യം നൽകിയിരിക്കുന്നു.

മഹാനീതിശാസ്ത്രം ദൈവത്തിന്റെ സൃഷ്ടികളായ കുഞ്ഞുങ്ങൾക്കെല്ലാം ആനന്ദങ്ങളെ സമമായി നൽകാനാണെന്നു കണ്ടു. കുഞ്ഞുങ്ങൾ വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിയെടുക്കുമ്പോഴും

തട്ടിത്തെറിപ്പിക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. സമനീതി എല്ലാ കുഞ്ഞുങ്ങൾക്കും നൽകേണ്ടതുണ്ട്. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുമുണ്ട്, ശുദ്ധിപ്പെടുത്താനായി ശിക്ഷ നൽകേണ്ടതുമുണ്ട്. എല്ലാ കുഞ്ഞുങ്ങൾക്കും ഭൂമിയിൽ സമ-കാല ജീവിതം ഉറപ്പാക്കേണ്ടത് സമനീതി യുടെ ഭാഗമാകയാൽ കാലഘട്ടത്തെ / സമയത്തെ ചിട്ടപ്പെടുത്തി സമനീതി ആവിഷ്ക്കരിക്കേണ്ടതുമുണ്ട്.

ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിച്ചു കൊണ്ടാണ് മഹാനീതിപതിയായ ദൈവം മഹാഭരിക്കുന്നത്.

ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യമുണ്ട്. മുമ്പു പറഞ്ഞതുപോലെ മനുഷ്യർക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകി ആനന്ദിപ്പിക്കാനാണ്, അടിമകളല്ലാതെയാക്കാനാണ്. ഏതാനും ചില മേഖല കളിലെ ഭരണം മാത്രം ഏല്പിച്ചാൽ വ്യക്തിസ്വാതന്ത്ര്യം നൽകാനാകുമോ എന്ന ചോദ്യമുണ്ട്. ദൈവീകതല ത്തിൽ ഭൂമിയിലെ മനുഷ്യരെ അടിമകളാക്കിയിട്ടില്ലാ എന്നതുകൊണ്ട് എക്കാലത്തും സമ്പൂർണ്ണ വ്യക്തി-സ്വാതന്ത്ര്യം അനുഭവിക്കുന്നവരായി മനുഷ്യർ കരുതുന്നത് പ്രത്യക്ഷ തെളിവാണെന്നും, ഏതാനും മേഖലകളിലൂടെ സർവ്വ മേഖലകളിലും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതി മനുഷ്യർക്ക് ഉണ്ടാകുന്നുണ്ട്. മഹാദേവിയുടെ ആവിഷ്ക്കാര മഹത്വമാണത്.

ഏതാനും മേഖലകളിലെ ഭരണം മനുഷ്യരാണ് നടത്തുന്നതെങ്കിലും, പ്രസ്തുത മേഖലകളെ മാറ്റിനിർത്തിക്കൊണ്ട് മഹാശക്തിയായ ദൈവം ഭരണം നടത്തുകയാൽ, ദൈവം മഹാഭരണാധികാരി ആകുന്നത് എങ്ങനെയെന്ന ചോദ്യമുണ്ട്. മനുഷ്യരുടെ ഭരണത്തിനായി മാറ്റിനിർത്തിയ ഏതാനും മേഖലകളിലൂടെ സർവ്വ മേഖലകളെയും ഭരിക്കുന്ന അവസ്ഥ മനുഷ്യർക്ക് നൽകുന്നതോടൊപ്പം, ഏതു മേഖലകളിലും മനുഷ്യരുടെ ഭരണം സൃഷ്ടിക്കുന്ന ഗുണങ്ങളെയും പിഴവുകളെയും മഹാ-ഉൾക്കൊള്ളുന്ന മഹാനീതിശാസ്ത്രം ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് എന്നതും, അതു പ്രകാരം ദൈവം മഹാനീതിപതി ആകുന്നുണ്ട് എന്നതും, ഭരണശാസ്ത്രത്തിനു മുകളിൽ നീതിശാസ്ത്രത്തെ പ്രതിഷ്ഠിച്ചിരിക്കുകയാൽ ദൈവം, മഹാഭരണാധികാരി കൂടിയാവുന്നു എന്നതുമാണ് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാ-ഉത്തരം.

മഹാനീതിശാസ്ത്രം കൊണ്ടു മാത്രം പ്രപഞ്ചത്തിലെ എല്ലാ ജീവിതമേഖലകളിലെയും കുറ്റങ്ങളെയും കുറവുകളെയും മായ പ്രത്യക്ഷമല്ലാത്ത കാലത്തും (നിലവിൽ) മഹാപരിഹരിക്കുന്നുണ്ട് എന്നതാണ് സത്യം.

മഹാപ്രപഞ്ചത്തിലെ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുതന്നെ ജീവികൾ മുഴുവൻ കാട്ടക്കൂട്ടുന്ന ഏത്

അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ ഓംകാര നീതിശാസ്ത്രപ്രകാരം മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ മഹാദേവി എല്ലായ്പ്പോഴും പരിഹരിക്കുന്നുണ്ട്. എല്ലാ സൃഷ്ടിചക്രങ്ങളുടെയും ആദ്യ പകുതിയിൽ മായ അഥവാ ദൈവസാന്നിദ്ധ്യം പ്രത്യക്ഷമല്ലാത്തതിനാൽ ജനങ്ങൾ തിരിച്ചറിയുന്നില്ലാ എന്നേയുള്ളൂ.

എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാം പകുതിയിൽ മായ പ്രത്യക്ഷമാകുന്നതോടെ, ജനങ്ങൾ മഹാസത്യങ്ങളെ തിരിച്ചറിഞ്ഞ് ധർമ്മശാസ്ത്രപ്രകാരം ജീവിക്കാൻ തയ്യാറെടുക്കുന്നതുമാണ്. ഭൂമിയിലെങ്ങും സ്വർഗ്ഗരാജ്യം സ്ഥാപിക്കപ്പെടാൻ അത് കാരണവുമാകും.

ജീവിതത്തിന്റെ എല്ലാ മേഖലകളെയും തങ്ങൾ ഭരിക്കുന്നതായി അനേകം/ ഭൂരിപക്ഷം മാനുഷിക-ഭരണാധികാരികൾ കരുതുന്നുണ്ട്. രാഷ്ട്രഭരണ കാര്യങ്ങളിൽ ഇടപെടുന്നതിൽനിന്ന് മതങ്ങളെയും മതനേതൃത്വങ്ങളെയും തടയുവാനും ഒതുക്കുവാനും ഇന്നത്തെ രാഷ്ട്രീയക്കാർക്ക് ഇന്ത്യ ഉൾപ്പെടെയുള്ള അനേകം രാഷ്ട്രങ്ങളിൽ കഴിയുന്നുമുണ്ട്.

ഭരണാധികാരി എന്നു പറയുമ്പോൾ, ജനങ്ങൾക്കെല്ലാം സമനീതി ലഭ്യമാക്കുന്നയാൾ ആയിരിക്കണം. രാഷ്ട്ര ഭരണഘടന എന്ന പേരിലുള്ള ഒന്നിന്റെ പേരിൽ മന്ത്രിമാരും മറ്റും സത്യപ്രതിജ്ഞ ചെയ്യുന്നത്

ജനങ്ങൾക്കെല്ലാം സമനീതി ലഭ്യമാക്കുമെന്ന് വാഗ്ദാനം നൽകിയുമാണ്. യഥാർത്ഥത്തിൽ രാഷ്ട്രങ്ങളിലെ ഭരണഘടനകൾ എന്ന പേരിലുള്ളവ അസംബന്ധമാണ്, അവ പ്രകാരം സത്യപ്രതിജ്ഞ ചെയ്യുന്നവർ സമനീതി നൽകുന്നുമില്ല, യാതൊരിക്കലും അവർക്ക് കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാൽ ജന്മഗുണങ്ങൾ എന്ന പേരിൽ വലിയൊരു വിഭാഗം കാര്യങ്ങളെ അഥവാ ജീവിതത്തിലെ ഏറ്റവും മുഖ്യമായ ഘടകങ്ങളെ മഹാനീതിപതിയായ ദൈവമാണ് മഹാ-ഭരിക്കുന്നത്. ദൈവം അന്യായം കാട്ടുന്നെന്നോ, ജന്മഗുണങ്ങളെന്നു പറയുന്നവയെ നിയന്ത്രിക്കാനുള്ള / ഭരിക്കാനുള്ള ശക്തികൂടി മനുഷ്യർക്കു നൽകണമെന്ന് ആഗ്രഹിച്ചാൽ, ദൈവം തയ്യാറായാൽ ജന്മഗുണങ്ങളിലൂടെ മഹാനീതി-പതിയായ ദൈവം നടപ്പാക്കുന്ന കാര്യങ്ങളുടെ മഹാ-ഭീമത്വം കണ്ട് മനുഷ്യർ ഞെട്ടിത്തെറിക്കുന്നതും, ജന്മഗുണങ്ങളിലെ മഹാഭരണം ദൈവംതന്നെ നടത്തേണമേ എന്ന് ഏറ്റവും വിനീതമായി കരഞ്ഞ് അപേക്ഷിക്കുന്നതുമാണ്.

ജന്മഗുണങ്ങൾ

സ്ത്രീപുരുഷ വ്യത്യാസം (ലിംഗം), ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ജന്മ ഗുണങ്ങൾ (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം), തുടങ്ങിയവയാണ് ജന്മഗുണങ്ങൾ.

ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാകുന്നതോടെ, മേല്പടി ഘടകങ്ങൾ ജന്മഗുണങ്ങളാണെന്നും, അവ വെറുതെ രൂപപ്പെടുന്നതല്ല എന്നും, അവയുടെ സൃഷ്ടിയുടെയും രക്ഷയുടെയും കാര്യവും കാരണവുമായി ദൈവമുണ്ട് എന്നും സുവ്യക്തമായി തെളിയുന്നതാണ്. സ്രഷ്ടാവായ ദൈവം സൃഷ്ടിപരമായ വിധിയെ മുൻനിർത്തി എല്ലാ കുഞ്ഞുങ്ങളിലും സ്ഥാപിച്ചിട്ടുള്ള ജന്മഗുണങ്ങളെ തമാശ പോലെ കണ്ട് കൂടുതൽ വിഡ്ഢികളാവരുത്. ബുദ്ധിജീവികളെന്നു കരുതുന്നവരും നിരീശ്വരവാദി കളും മതപുരോഹിതന്മാരും ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾ വിവാദങ്ങൾക്കായി സമയം കളഞ്ഞിട്ട് കാര്യമില്ല., ജന്മഗുണങ്ങളെ ഓരോന്നായി വിശകലനം ചെയ്തിരിക്കുന്നത് ജാഗ്രതയോടെ ശ്രദ്ധിക്കുക :-

(1) **സ്ത്രീപുരുഷ** വ്യത്യാസം (**ലിംഗം**). മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും സ്ത്രീ-പുരുഷ വ്യത്യാസങ്ങളെ സ്രഷ്ടാവും രക്ഷകയുമായ ദൈവം ക്രമപ്പെടുത്തിയിരി ക്കുകയാണ്. പ്രസ്തുത ചുമതല മനുഷ്യരെ ഏല്പിക്കാ

വുന്നതാണോ എന്നും, ഏല്പിക്കേണ്ടത് വ്യക്തികളെ യാണോ ഭരണകൂടത്തെയാണോ, എങ്ങനെ വേണം എന്നൊക്കെയും, കാര്യക്ഷമമായി ലിംഗവ്യത്യാസങ്ങളെ നിയന്ത്രിക്കാനും മനുഷ്യർക്കു കഴിയുമോ എന്നും ചിന്തിക്കുക. ഭൂമിയിലെ ജീവിതം ആകെ മുഴുവൻ തകരാറിലാകുന്നതാണ് എന്നും, മനുഷ്യകരങ്ങൾക്ക് ലിംഗവ്യത്യാസങ്ങളെ ഉചിതമായി ഭരിക്കാനാവില്ല എന്നും തെളിയുന്നതാണ്.

ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ലിംഗവ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയുന്നതിനെ പ്പറ്റി ചിന്തിച്ചാൽ, മണ്ണിലെ മൂലകങ്ങളിൽ അഥവാ ഭൂമിയിൽ ദൈവം മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ദുരുപയോഗം ചെയ്യുന്നത് ഭൂമിയിലെ ജീവിതം ആകെ തകരാറിലാക്കുമെന്നു കാണാം.

(2) **ആയുസ്സ്**. ഒരേ ആയുസ്സ് എല്ലാവർക്കും ലഭ്യമാക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രണ്ടാം വയസ്സിൽ പോളിയോ വന്ന് ശരീരം ആകെ തളർന്നാലും മരിക്കാതിരിക്കുക, വണ്ടി ഇടിച്ചോ അല്ലാതെയോ തലയറ്റുപോയാലും മരിക്കാതിരിക്കുക, ക്യാൻസർ, എയിഡ്സ് തുടങ്ങിയ മാരക രോഗങ്ങൾ പിടിപെട്ടാലും കിടന്നു നരകിക്കുകയല്ലാതെ മരിക്കാതി രിക്കുക, പാമ്പു കടിച്ചാലും പാറക്കൂട്ടത്തിൽ നിന്നു താഴെ വീണ് ശരീരം ഛന്നംപിന്നമായാലും മരിക്കാതിരിക്കുക, ഒരാളെ ആന കൊമ്പിൽ കോർത്ത് താഴെ ഇട്ട് ചവിട്ടി ശരീരത്തെ ചമ്മന്തിപോലെ ചതച്ചാലും കഷണങ്ങളായി മാറ്റിയാലും മരിക്കാതിരിക്കുക, ഒരാളെ സിംഹം ഭക്ഷിച്ചു

കഴിഞ്ഞാലും അയാൾ മരിക്കാതിരിക്കുക, തുടങ്ങിയ ബഹുവിധ കാര്യങ്ങളെ ക്രമപ്പെടുത്തിയാൽ മാത്രമേ തുല്ല്യമായ ആയുസ്സ് ലഭ്യമാക്കാൻ സാധിക്കൂ. അങ്ങനെയിരിക്കെ, വേദനകൊണ്ട് വിഷമിക്കുന്നവരെയും മറ്റും മരിക്കാൻ അനുവദിക്കാതെ, ഒരു നിശ്ചിത ആയുസ്സിൽ മാത്രം എല്ലാവരും മരിക്കുന്നതാണു നല്ലതെന്ന് വ്യക്തികളും ഭരണകൂടവും സമ്മതിക്കുമോ ? ഇല്ലേയില്ല.

ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആയുസ്സിലെ വ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയും എന്നതിനെപ്പറ്റി ചിന്തിച്ചാൽ, അപ്പോഴും, ഭൂമിയിലെ ജീവിതം ആകെ തകരാറിലാകുമെന്നു കാണാം.

(3) **ആരോഗ്യം**. ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും ഒരേ ആരോഗ്യം ലഭ്യമാക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രോഗങ്ങളും അപകടങ്ങളും വേണ്ടാ എന്നോ ഇല്ലാതാക്കുവാനോ കഴിയേണ്ടിവരും. രോഗങ്ങളുടെ കാര്യം മാറ്റിവച്ച്, അപകടങ്ങളുടെ കാര്യം എടുക്കുക. അപകടത്തിൽ കൈയ്യോ കാലോ നഷ്ടപ്പെട്ടാലും, ഒടിവുണ്ടായാലും, അങ്ങനെയൊന്നും സംഭവിക്കാത്തവരുടെ ആരോഗ്യം ഉണ്ടാകണമെന്നു ആഗ്രഹിക്കാമോ ? ഭൗതികശാസ്ത്രം അനുസരിച്ച് അപകടത്തിൽ പരിക്കുകളും, അംഗഭംഗങ്ങളും, മരണവുമൊക്കെ സംഭവിക്കാമെന്നും, സംഭവിക്കണമെന്നുമിരിക്കെ, അതു പാടില്ലായെന്ന് ആഗ്രഹിക്കുമോ ? ഇല്ലേയില്ല.

ആരോഗ്യകാര്യങ്ങൾ വൈദ്യശാസ്ത്രം എന്ന ശാസ്ത്രത്തിന്റെ ഭാഗമാകയാൽ മറ്റു ശാസ്ത്ര ശാഖകളിലെ വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആരോഗ്യവ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയുന്നതിനെപ്പറ്റി ചിന്തിക്കുന്നത് ഭോഷ്ക്കാണ്.

(4) **സൗന്ദര്യം**. ഒരു അദ്ധ്യായത്തിൽ സൗന്ദര്യത്തെപ്പറ്റി പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും തുല്ല്യ സൗന്ദര്യം നൽകുക എന്നു പറഞ്ഞാൽ, എല്ലാവരുടെയും ശരീര അവയവങ്ങളും, മുഖഛായയും, നിറവുമെല്ലാം ഒരുപോലെ ആകണം എന്നാണ് അർത്ഥം. ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 750 കോടി മനുഷ്യർക്ക് ഒരേ മുഖഛായ ആയാൽ യാതൊരാൾക്കും യാതൊരാളെയും തിരിച്ചറിയാൻ കഴിയുന്നതല്ല. (ശരീര അവയവങ്ങൾക്ക് സമ-സൗന്ദര്യം നൽകുന്നതായാൽ സ്ത്രീ-പുരുഷ വ്യത്യാസം പോലും സാധിക്കുന്നതല്ല !). മനുഷ്യ ഭരണാധികാരിക്ക് എല്ലാ മനുഷ്യരുടെയും മുഖഛായ ഒന്നാക്കാനുള്ള ദിവ്യത്വം അഥവാ വിദ്യ നൽകിയാൽ, മനുഷ്യ ഭരണാധികാരിക്ക് അതുപ്രകാരം ഭരണം നടത്താനാവുമോ ? മനുഷ്യരിൽ ഒരേ മുഖഛായയും ഒരേ ശരീരഘടനയുമുള്ള ഇരട്ട സഹോദരങ്ങളെ തിരിച്ചറിയാൻ മാതാപിതാക്കൾ പോലും വിഷമിക്കുമ്പോൾ, ഒരേ മുഖഛായയും ശരീര ഘടനയുമുള്ള 750 കോടി ജനങ്ങൾ ഭൂമിയിൽ ജീവിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. അയ്യോ ദൈവമേ, കുഴയ്ക്കല്ലേ, അവിടുന്ന് മുഖഛായയിലും ശരീര രൂപ ഘടനയിലും ഒക്കെ ചെയ്തു പോരുന്ന വ്യത്യാസങ്ങളെ നിലനിർത്തേണമേ എന്ന് ഭൂരിപക്ഷം മനുഷ്യരും കരഞ്ഞ് അപേക്ഷിക്കുന്നതാണ്.

(5) **ദേശം**. ഭൂമിയിലൊട്ടാകെ 200-ലധികം രാഷ്ട്രങ്ങളുണ്ട്. അതിൽ പത്തിൽ താഴെ രാജ്യങ്ങളിലെ ജനങ്ങളെ സമ്പത്തുകൊണ്ടും സംസ്ക്കാരം കൊണ്ടും സൗന്ദര്യം കൊണ്ടും ശ്രേഷ്ഠരായി കണക്കാക്കുകയും, ആ രാജ്യങ്ങളിൽ മാത്രമുള്ളവർക്ക് കുഞ്ഞുങ്ങൾ ജനിച്ചാൽ മതിയാകുമെന്നും ആഗ്രഹിക്കുമോ ? ഇല്ലേയില്ല. ശ്രേഷ്ഠമെന്ന് തങ്ങൾ കരുതുന്ന ഇന്ത്യയിൽ മാത്രം കുഞ്ഞുങ്ങളെ ജനിപ്പിക്കുന്ന വിദ്യ ഇന്ത്യയിലെ ഒരാൾക്കോ, ഒരു കൂട്ടം ജനങ്ങൾക്കോ, പ്രധാനമന്ത്രിക്കോ ദൈവം നൽകിയാൽ, ഇന്ത്യയിൽ മാത്രം കുഞ്ഞുങ്ങൾ ജനിക്കാനും, മറ്റു രാജ്യങ്ങളിൽ കുഞ്ഞുങ്ങൾ ജനിക്കേണ്ട എന്നും ആഗ്രഹിക്കുമോ ? മറ്റു രാജ്യങ്ങളിലെല്ലാം കൂടി ജനിക്കേണ്ടതായ കുഞ്ഞുങ്ങൾ ഇന്ത്യയിൽ മാത്രം വന്നു ജനിച്ചാൽ ഉണ്ടാകാവുന്ന വർദ്ധിച്ച ഭക്ഷണ -വസ്ത്ര-, പാർപ്പിട-ആവശ്യങ്ങളും, തൊഴിൽ പ്രശ്നങ്ങളും, ക്രമസമാധാന പ്രശ്നങ്ങളും ഒക്കെ ഒക്കെ അല്പനേരം ചിന്തിച്ചശേഷം ഉത്തരം നൽകിയാൽ മതിയാകും. ഇല്ലേയില്ല എന്നും വേണ്ടേ വേണ്ട എന്നും ജനങ്ങൾ പറയുന്നതാണ്.

ദൈവം സൃഷ്ടിച്ചതായ ഒരേ ഭൂമിയിലെ ഓരോരോ ഭാഗങ്ങൾ മാത്രമാണ് ഓരോ രാജ്യങ്ങളെന്നതും, ഭൂമിയിലുള്ള മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ ഒരേ ഭൂമിയിലെ സൃഷ്ടികളാണെന്നതും മറന്നും അവഗണിച്ചും കഴിയുന്നതിനെപ്പറ്റി 'ഭീകരവാദവും ദേശവ്യത്യാസങ്ങളും' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ജനിക്കാൻപോകുന്ന കുഞ്ഞുങ്ങളുടെ ആത്മാക്കൾക്ക് ദേശം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കാ

മെന്നുവച്ചാൽ, അവയും പ്രത്യേക ദേശത്തിൽ അഥവാ മേല്പടി 10-ൽ താഴെ ദേശങ്ങളിൽ മാത്രം ജനിക്കണമെന്ന് ആഗ്രഹിച്ചാൽ, അതനുവദിച്ചാൽ, അപ്പോഴും ജീവിതം തകരാറിലാവുന്നതാണ്.

ചുവടെ 'മഹാലിംഗം' എന്ന പാഠത്തിൽ യാതൊരു മനുഷ്യരും യാതൊരു രാജ്യത്തും ജനിക്കുന്നില്ല എന്ന് മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുള്ളത് അത്യധികം ഗൗരവമുള്ളതാണ്.

(6) **ഭാഷ**. ഭൂമിയിലൊക്കെയും ഒരു ഭാഷ മാത്രമായാൽ ജീവിതം എങ്ങനെയൊക്കെയാവും എന്നു ചിന്തിക്കുക. ഏത് ഭാഷയെ മാത്രം നിലനിർത്തണമെന്നതിനെപ്പറ്റി ചിന്തിക്കുക.

സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം. ഭൂമിയിൽ ഒരു പുഷ്പവും ഒരു മണവും മാത്രം മതിയാകും എന്നു ചിന്തിച്ചാൽ ജീവിതം ഒട്ടും ആനന്ദകരമാവില്ല എന്നു കാണാം. എല്ലാ ഭക്ഷണ സാധനങ്ങൾക്കും ഒരേ രുചിയും ഒരേ മണവുമായാലോ ഒരു തരം ഭക്ഷണം മാത്രമായാലോ ജീവിതം ഒട്ടും ആനന്ദകരമാവില്ല.. കൂടുതൽ വിശദീകരിക്കുന്നില്ല.

സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം എന്നു പറയുമ്പോൾ, **കാമകാര്യങ്ങളുമായി** അതിനെ കൂട്ടിക്കുഴയ്ക്കേണ്ട. ശാസ്ത്രവികസനത്തിന് കാമ കാര്യങ്ങളിലെ സദാചാരം നിർബ്ബന്ധമാകുന്നത് എങ്ങനെയെല്ലാമെന്ന് ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ്) എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.

കാമപരമായ സൗന്ദര്യ-ഭ്രാന്തർക്ക്, ശരീര ശുദ്ധിയോടും ശാസ്ത്രപരമായ സുഗന്ധതൈലങ്ങൾ ഉപയോഗിച്ചും മറ്റും ഇരുട്ടിൽ കാമലീലകളിൽ ഏർപ്പെടുമ്പോൾ സ്ത്രീയ്ക്കും പുരുഷനും മുഖസൗന്ദര്യമോ ശരീര-സൗന്ദര്യമോ വിഷയമാകില്ല എന്നതും, പരമാനന്ദം ആസ്വദിക്കുവാൻ കഴിയും എന്നതും, വൈവിധ്യത്തെ കാമകാര്യങ്ങളുമായി ബന്ധപ്പെടുത്തുന്നതിൽ നിന്ന് അധമരെയും മൂഢരെയും ഉറപ്പായും തടയുന്നതാണ്. ശരീരത്തിന്റെ ആരോഗ്യത്തിന് / ശക്തിക്ക് നിറം, സൗന്ദര്യം തുടങ്ങിയ ഗുണങ്ങളേക്കാൾ അത്യധികം ഉയർന്ന സ്ഥാനമുണ്ട്. നിത്യ ജീവിതത്തിൽ പ്രവൃത്തികൾ ചെയ്യാനും ആനന്ദങ്ങൾ നേടാനും ശരീരത്തിന്റെ ആരോഗ്യം തന്നെയാണ് പരമ പ്രധാനം. ചുവടെ മഹാപുനർജ്ജന്മ സിദ്ധാന്തം പഠിക്കുമ്പോൾ കാമ പരമായ വൈവിധ്യവും നിറവേറ്റുന്നത് കാണാം.

(7) **തൊഴിൽ അഭിരുചി**. ഭൂമിയിലൊക്കെയും ഇന്നുള്ള 750 കോടി ജനങ്ങളും അമേരിക്കയിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി അല്പം ചിന്തിക്കുക. സമ്പൂർണ്ണ സാച്ചരത (സാക്ഷരത) ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും കൂടുതലായി ചിന്തിക്കുക.

എല്ലാവരും കൃഷിക്കാരായാലോ, എല്ലാവരും നെയ്ത്തുകാരായാലോ, എല്ലാവരും തയ്യൽക്കാരായാലോ, എല്ലാവരും ആശാരിമാരായാലോ, എല്ലാവരും സംഗീതജ്ഞന്മാരായാലോ, എല്ലാവരും ശാസ്ത്ര ഗവേഷകന്മാരായാലോ, എല്ലാവരും വിമാന-പൈലറ്റന്മാരായാലോ എന്നിങ്ങനെ ചിന്തിക്കുക. എല്ലാവരും നെയ്ത്തുകാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും. ഭക്ഷണവും പാർപ്പിടവും വേണ്ടേ ? നെയ്ത തുണി തയ്ക്കാൻ ആളുവേണ്ടേ ? എല്ലാവരും തയ്യൽക്കാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും. എല്ലാവരും കൃഷിക്കാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും.... എന്നിരിക്കെയും, കൃഷി എന്ന ഏക തൊഴിലിനെ തുല്ല്യങ്ങളായ തൊഴിലുകളിൽ ഒന്നാമത്തേതായി ദൈവം സൃഷ്ടിച്ചിരിക്കയാൽ മറ്റുള്ള ജീവികളെപ്പോലെ തിന്നും കുടിച്ചും ജീവിക്കാൻ ജീവിക്കാൻ കൃഷി വേണം.

തൊഴിൽ അഭിരുചികൾ സൃഷ്ടിക്കുന്ന വിദ്യ, ഭൂമിയിലെ ജനങ്ങൾക്കോ, ഭരണാധികാരികൾക്കോ ദൈവം നൽകാൻ തയ്യാറായാൽ, തങ്ങളുടെയോ മറ്റുള്ളവരുടെയോ കുഞ്ഞുങ്ങളിലോ കുട്ടികളിലോ തൊഴിൽ അഭിരുചിയെ യഥോചിതം സ്ഥാപിക്കുവാൻ ജനങ്ങൾക്കു കഴിയുമോ എന്നു ചിന്തിക്കുക. കേരളത്തെപ്പോലെയുള്ള ഒരു നാട്ടിൽ എല്ലാവരും അഥവാ കൂടുതൽ പേരും തങ്ങളുടെ കുട്ടികളെ ഡോക്ടർ ആക്കിക്കളയും എന്നു വരുമ്പോൾ, കേരളത്തിലെ 3 കോടിയിലധികം ജനങ്ങൾ മുഴുവൻ ഡോക്ടർമാർ മാത്രമായി മാറുന്നതാണ്. ഡോക്ടർമാർ മറ്റെല്ലാ തൊഴിലുകളും ചെയ്യാൻ പോകേണ്ടി വരും !

മുതിർന്നവർക്ക്, കുട്ടികളുടെ മേൽ തൊഴിൽ അഭിരുചി സൃഷ്ടിക്കാനുള്ള വിദ്യ നൽകുന്നതിനെപ്പറ്റി മുകളിൽ പറഞ്ഞു. അതേപോലെ, കുട്ടികൾക്ക്, തങ്ങളുടെ മാതാപിതാക്കളുടെ തൊഴിൽ അഭിരുചി മാറ്റാൻ കഴിയുമെന്നു വന്നാലോ ? തീർന്നില്ല, കുട്ടികളും മുതിർന്നവരും, തൊഴിൽ അഭിരുചികളെ മാറ്റി മാറ്റിക്കൊണ്ടിരുന്നാലോ ? അത്യാവശ്യ പണിക്ക് ആശാരിയെ വിളിക്കാൻ പോയപ്പോൾ, ആശാരി കണ്ണു ഡോക്ടറായി മാറിയാലത്തെ അവസ്ഥ പോലെ ! കൂടുതൽ വിസ്തരിക്കുന്നില്ല.

തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്.

തൊഴിലുകളെയും വിനോദങ്ങളെയും വ്യക്തിക്ക് ലഭ്യമാവുന്ന ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്; അതേസമയം ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്.

കാരണം, മുമ്പ് വ്യക്തമാക്കിയതു പോലെ ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.

(8) **വിനോദ അഭിരുചി.** എല്ലാവർക്കും സംഗീതം മാത്രമാണ് വിനോദമെങ്കിൽ മറ്റു വിനോദങ്ങൾ ഇല്ലായെന്നും പാടില്ലായെന്നും വരും. ഭാഷയുടെ കാര്യം പറഞ്ഞപ്പോൾ സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം എന്നു വിശദീകരിച്ചത് കൂട്ടിവായിക്കുക. മുകളിൽ (7)-തൊഴിൽ അഭിരുചി -യിൽ വിശദീകരിച്ചതു പോലെ, തൊഴിൽ അഭിരുചി, **വിനോദ അഭിരുചി** എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്.

(9) **മാതാപിതാക്കളുടെയും** സഹോദരങ്ങളുടെയും ഉറ്റവരുടെയും **ജന്മ ഗുണ**ങ്ങൾ (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) തുടങ്ങിയവ ഓരോ കുട്ടിയെയും ബാധിക്കുന്ന ഘടകങ്ങളാണ്.

തങ്ങളുടെ മാതാപിതാക്കളുടെ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം, ബന്ധുജനങ്ങൾ, തുടങ്ങിയവയെ തിരഞ്ഞെടുക്കാൻ കുട്ടികളെ അനുവദിക്കുന്ന വിദ്യ; ജനിക്കും മുമ്പ് കുട്ടിയുടെ ആത്മാവിനോ, സമൂഹത്തിലെ ജനങ്ങൾക്കോ ഭരണാധികാരികൾക്കോ നൽകാൻ കഴിയുമെന്നു വന്നാൽ ജീവിതകാര്യങ്ങൾ ആകെ തകരാറിലാകും. നല്ല മാതാപിതാക്കളായി മനസ്സിലാക്കാവുന്നവരുടെ മകനോ മകളോ ആയി ജനിക്കാൻ കോടിക്കണക്കിനു

കുഞ്ഞുങ്ങൾ തയ്യാറായാൽ, ഏറ്റവും മോശമെന്നു കരുതുന്നവരുടെ കുടുംബങ്ങളിൽ കുഞ്ഞുങ്ങൾ ജനിക്കാൻ തയ്യാറാകാതെ വന്നാൽ, ഇന്നത്തെ നല്ലവർ നാളെ മോശമായാൽ, ഇന്നു മോശമായിരിക്കുന്നവർ നാളെ തിരുത്തി നല്ലവരായാൽ, എന്നിങ്ങനെയെല്ലാം അല്പനേരം ചിന്തിക്കുക.

ഇന്നത്തെ ലോകത്തിലെ കുഞ്ഞുങ്ങൾ സമ്പന്നരായ മാതാപിതാക്കളുടെ കുഞ്ഞായി മാത്രം ജനിക്കാൻ ഇഷ്ടപ്പെടുന്നതാണ് എന്ന അതിവിചിത്ര സംഗതിയുണ്ട്. ഇന്ത്യയിലെ സമ്പന്നരായ ഒരു ദമ്പതികളുടെ കുഞ്ഞുങ്ങളായി ജനിക്കാൻ കോടിക്കണക്കിന് കുഞ്ഞുങ്ങൾ തയ്യാറാവുന്നതിനെപ്പറ്റി ചിന്തിക്കുക. നല്ല ഗുണങ്ങളെക്കൊണ്ട് ദൈവത്തിനു വളരെ പ്രിയപ്പെട്ടവരായ ഒരു ദമ്പതികൾ, സാമ്പത്തിക ദാരിദ്ര്യത്തിലാണെന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ കുഞ്ഞായി ജനിക്കാൻ യാതൊരു കുഞ്ഞുങ്ങളും തയ്യാറാവാത്തിനെപ്പറ്റി ചിന്തിക്കുക.

മഹാനീതിപതിയായ ദൈവം, ജന്മഗുണങ്ങൾ എന്നറിയപ്പെടുന്ന മേല്പടി ഘടകങ്ങളെയെല്ലാം ഓംകാര നീതിശാസ്ത്രപ്രകാരം കൂട്ടിയിണക്കിയാണ് കുഞ്ഞുങ്ങളുടെ ജനനകാര്യങ്ങളെ നിശ്ചയിക്കുന്നത് എന്നതിനെപ്പറ്റിയും, ജനനകാര്യങ്ങൾ യാദൃച്ഛികമല്ല എന്നതിനെപ്പറ്റിയും അല്പം ചിന്തിക്കുക. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയെ വിവരിക്കുന്ന പ്രത്യേക അദ്ധ്യായത്തെ മുൻനിർത്തിക്കൊണ്ട്, പഠിക്കുമ്പോൾ ഓംകാരനീതിശാസ്ത്രത്തിലൂടെ എല്ലാ കുഞ്ഞുങ്ങളെയും മഹാദേവി മഹാപരിപാലിക്കുന്നത് ബോദ്ധ്യമാകുന്നതാണ്.

(10) **ജീവിതപങ്കാളിയുടെയും കുഞ്ഞുങ്ങളുടെയും ജന്മഗുണങ്ങൾ** (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) നിശ്ചയിക്കുവാൻ വ്യക്തികൾക്ക് കഴിയുമെന്നു വന്നാൽ ജീവിതം എത്ര അരോചകമായിരിക്കും എന്നതിനെപ്പറ്റി ചിന്തിക്കുക. ഭാര്യയെപ്പറ്റി ഭർത്താവിനുണ്ടാവുന്ന ജന്മഗുണ നിയന്ത്രണം, ഭാര്യക്കും ലഭ്യമാവുമ്പോൾ മാത്രമേ വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകുന്നുള്ളൂ. കുഞ്ഞുങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തെ മാതാപിതാക്കളോ, മാതാപിതാക്കളുടെ വ്യക്തിസ്വാതന്ത്ര്യത്തെ കുഞ്ഞുങ്ങളോ തട്ടിപ്പറിക്കുകയോ തട്ടിത്തെറിപ്പിക്കുകയോ ചെയ്യുന്ന അവസ്ഥ ഏറ്റവും ഹീനമാണ്. മഹാപ്രപഞ്ചത്തിൽ താൻ സൃഷ്ടിക്കുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികൾ ക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകി അനുഗ്രഹിക്കുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ മഹാരീതികളുമായി താരതമ്യം ചെയ്യാൻ ശ്രമിച്ചാൽ വിഷയങ്ങളെല്ലാം സുവ്യക്തമാകുന്നതാണ്, മനുഷ്യരിലെ അധമത്തം വെളിവാകുന്നതും, സദ്ചിന്ത ഉദിക്കുന്നതുമാണ്.

മഹാനീതിപതിയായ ദൈവം മഹാനീതി മഹാനിർവ്വഹിക്കുന്നത് ശരീരത്തിലൂടെ.

മഹാശക്തിയും മഹാനീതിപതിയുമായ ദൈവം തന്റെ കുഞ്ഞുങ്ങൾക്കെല്ലാം മഹാനീതി മഹാഅനുഗ്രഹിച്ചു നൽകുന്നത് ഓരോരോ കാലങ്ങളിലും അവയ്ക്ക് ലഭ്യമാക്കുന്ന ശരീരത്തിലൂടെയാണ്, ശരീരത്തിന്റെ ഘടകങ്ങളായി മഹാആവിഷ്ക്കരിച്ചിട്ടുള്ള മുമ്പു വിവരിച്ച ജന്മഗുണങ്ങളിലൂടെയാണ്. ജീവാത്മാവ് അപ്പോഴും എപ്പോഴും ഏറെക്കുറെ അപ്രധാനം തന്നെയാണ്. ശരീരത്തിന്റെ അപ്രധാന ഭാഗമായിരുന്നു കൊണ്ട് ജീവാത്മാവ് മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയാണു ചെയ്യുന്നത്; മറിച്ചല്ല; അഥവാ ജീവാത്മാവിന്റെ ഭാഗമായിട്ട് ശരീരം മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയല്ല ചെയ്യുന്നത്.

ജീവിയെ സൃഷ്ടിക്കുന്നതിന് അർത്ഥമുണ്ടാകണം, സമ്പൂർണ്ണമായ / കുറ്റങ്ങളും കുറവുകളുമില്ലാത്ത അർത്ഥങ്ങളോടെയാണ് ദൈവം ജീവിയെ/ വ്യക്തിയെ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതും. പ്രകടമായ ശരീരത്തോട്, പ്രകടമല്ലാത്ത ആത്മാവിനെ ചേർത്ത് തമ്മിൽ പിരിക്കാൻ സാധിക്കാത്തതു പോലെയാണ് ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. ജീവിയെ സൃഷ്ടിക്കുന്നത് ജീവിപ്പിക്കാനും ആനന്ദിപ്പിക്കാനുമാണ്. **ഓരോരോ** ജന്മങ്ങളിലും ജീവിക്ക് അഥവാ ജീവാത്മാവിന് പുതിയ **പുതിയ ശരീരങ്ങളെ** നൽകുമ്പോഴും **ജീവാത്മാവിന് അസ്തിത്വം ഉണ്ടാകുന്നതും ജീവിക്കുന്നതും ശരീരത്തിലൂടെയാണ്, അപ്പോഴും എപ്പോഴും ശരീരം**

തന്നെയാണ് പ്രധാനം എന്നു സാരം. 'മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാൽ മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല' എന്ന അദ്ധ്യായത്തിൽ വിശദമാക്കിയതു പോലെ വ്യക്തി ജീവാത്മാവിനെ (കാണുകയും) അനുഭവിക്കുകയും അറിയുകയും ഒക്കെ ചെയ്യുന്നത് ശരീരത്തിലൂടെയാണ്.

ദൈവത്തെ ഉൾപ്പെടെ ഏതൊരാളെയും വ്യക്തികൾ കാണുവാൻ ആഗ്രഹിക്കുമ്പോഴും അത് ദൈവ-ശരീരത്തെയാണ്, ശരീരരൂപത്തെയാണ്; സ്വന്ത-മെന്നോണമുള്ള ശരീരത്തിലെ കണ്ണുകൾ കൊണ്ടാണ്!

പ്രത്യക്ഷ ദൈവമാണ് ശരീരം. ദൈവ വിപ്ലവ വിശകലനം 7-ൽ നിന്നും ഏതാനും ഭാഗങ്ങളെ മാത്രം ചുവടെ ചേർത്തിരിക്കുന്നത് വസ്തുതകളെ ലളിതമായും നന്നായും മനസ്സിലാക്കാൻ ഉപകരിക്കുന്നതാണ്.

Quote: Quote: Quote:

ഭൂമിയും ഭൂമിയുടെ അംശമായ ശരീരവും, മനുഷ്യർ ഉൾപ്പെടെയുള്ള സകല ജീവാത്മാക്കളെയും സമ്പൂർണ്ണമായി മഹാഭരിക്കുന്നത് എങ്ങനെയെന്ന് മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു. ....

വിശദീകരണം :

.....

1. ശരീരവും ജീവാത്മാവും തീർത്തും വിഭിന്നങ്ങളായ *സ്രഷ്ടാവും സൃഷ്ടി*യുമായിട്ടു പ്രവർത്തിക്കുന്നതിനെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വത്വമാണ് അഥവാ വ്യക്തിത്വമാണ് *ജീവാത്മാവ്.* ജീവിയായിട്ട് അഥവാ മനുഷ്യനായിട്ട് ജീവാത്മാവിനെ ജനിപ്പിക്കുമ്പോൾ ശരീരം ലഭിക്കുന്നു. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം ജീവിക്കാനും ആനന്ദങ്ങളെയെല്ലാം അനുഭവിക്കാനും ശരീരം അത്യാവശ്യമാണ്.* ജീവാത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ ലഭിക്കുന്നത് ശരീരത്തിലൂടെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, *ജീവാത്മാവിന് ആനന്ദങ്ങളെ 'പ്രത്യക്ഷമായിത്തന്നെ' നൽകുന്നത് ശരീരമാണ്;* എന്നാൽ *ശരീരത്തിന്റെ നിർമ്മിതിയിലും പ്രവർത്തനങ്ങളിലും ജീവാത്മാവിന്റെ പങ്ക് നാമമാത്രമോ ശൂന്യമോ ആണ്.* അതായത് *ജീവാത്മാവിനെ അഥവാ ജീവികളെ സംബന്ധിച്ചിടത്തോളം ശരീരമെന്നത് (മുഖ്യമായും) ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനുള്ള ഉപാധി മാത്രമാണ്.

'ജീവാത്മാവ് എന്ന ജീവിയുടെ സ്വത്വത്തിന്റെ' സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള 'ശരീരം' യഥാർത്ഥത്തിൽ ജീവാത്മാവിനെ ഭരിക്കുന്ന 'മഹാശക്തിയായ ദൈവത്തിന്റെ അംശമാണ്.' ചുവടെയുള്ള (1) മുതൽ (3) വരെയുള്ള ലളിതമായ വിശദീകരണത്തിൽ നിന്ന് ബോദ്ധ്യമാകുന്നതാണ്.

(1). മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ഉത്ഭവം, ശരീരത്തിന്റെ രൂപം, അവയവ ഘടന, അവയവ പ്രവർത്തനങ്ങൾ, രോഗങ്ങൾ, രോഗസൗഖ്യം തുടങ്ങിയവയെ

വിശകലനം ചെയ്താൽ, ഏറെക്കുറെ മുഴുവൻ കാര്യങ്ങളിലും *ശരീരത്തിന്റെ ഉടമയെന്നും മറ്റും തെറ്റിദ്ധരിച്ചിട്ടുള്ള 'സ്വത്വമെന്ന ജീവാത്മാവിന് '* ശരീരത്തിന്മേൽ നാമമാത്രമായ അവകാശങ്ങളും അധികാരങ്ങളും മാത്രമേ ഉള്ളൂ എന്നും സുവ്യക്തമാകുന്നതാണ്.

'ശരീരത്തെ' സംബന്ധിച്ച്, മഹാനീതിശാസ്ത്ര പ്രകാരം 'ശരീരവും ജീവി-രൂപവും ഗുണങ്ങളും ജന്മഗുണങ്ങളും' നൽകി വേണം ജീവാത്മാവിനെ ജീവിയാക്കേണ്ടത്. ജീവാത്മാവിന് ആനന്ദങ്ങളെ ശരീരത്തിലൂടെ നൽകുന്നതോടൊപ്പം മറ്റുള്ള ജീവികളെയും 'ശരീരം' മഹാകരുതുന്നു എന്നതും ശ്രദ്ധേയമാണ്. ജീവികളുടെയെല്ലാം 'മുഖ്യ ആവശ്യമായ ഭക്ഷണത്തെ' സംവിധാനം ചെയ്തിട്ടുള്ളത് 'ശരീരത്തെ പരസ്പരം ഭക്ഷണമാക്കിയാണ്. ((ജീവികൾ മരിക്കുമ്പോഴും വധിക്കപ്പെടുമ്പോഴും, 'ശരീരം' ജീവാത്മാവിന്റെ ഭാഗമല്ലാതായി മാറുന്നു. പിന്നീട് ഭക്ഷണ സാധനം പോലെയുള്ള *'ഒരുതരം വസ്തുവാണ് ശരീരം'* എന്നും പറയാം. മത്സ്യം, സസ്യം, പക്ഷി, മൃഗം, എന്നിങ്ങനെ ചത്തതോ കൊന്നതോ ആയ എല്ലാ ജീവികളുടെയും *ശരീരത്തെ* "മാംസം, പഴങ്ങൾ, കായ്കൾ, കിഴങ്ങുകൾ, ഇലക്കറികൾ, പച്ചക്കറി," എന്നിങ്ങനെയെല്ലാം പേരുകളിട്ട് മനുഷ്യർ ഭക്ഷിക്കുന്നു.* മറ്റുള്ള ജീവികളുടെ ശരീരം ഭക്ഷണ വസ്തുക്കളാണെന്നത് 'മനുഷ്യന്റെ (ശവ)ശരീരത്തിനും' ബാധകമാണ്; ഉദാഹരണത്തിന് എറുമ്പുകളും എലികളും പട്ടികളും കടുവകളും പുലികളുമൊക്കെ മനുഷ്യ-ശരീരത്തെ ഭക്ഷിക്കുന്നുണ്ട്. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും ശരീരത്തിന്റെ അടുത്ത ഘട്ടം മണ്ണിലടിയുക അഥവാ മണ്ണിലേക്ക് 'മടങ്ങുക' എന്നതാണ്. ശരീരം ഭക്ഷിക്കപ്പെട്ട് വിസർജ്ജ്യമായി മാറുമ്പോഴും, ജീവനോടെയോ ശവമായോ തീയിൽ എരിക്കപ്പെട്ടാലും, നരകമെന്നോ തെമ്മാടിക്കുഴിയെന്നോ സ്വർഗ്ഗക്കുഴിയെന്നോ ഒക്കെയുള്ള പേരിൽ കുഷ്ഠരോഗികളോ രാഷ്ട്രങ്ങളിലെ പ്രധാന മന്ത്രിമാരോ മതങ്ങളിലെ ഏറ്റവും

വലിയ തമ്പുരാക്കന്മാർ തന്നെയോ 'കുശുകുശു മന്ത്രങ്ങൾ ചൊല്ലിയോ' മോശമായ വാക്കുകൾ പറഞ്ഞോ നേരിട്ടു കുഴിച്ചിട്ടാലും, ശരീരം മണ്ണിലേക്ക് മടങ്ങുന്നു ... അതാണ് സംഭവിക്കുന്നത്. ജീവാത്മാക്കളുടേതെന്നും ജീവികളുടേതെന്നും തെറ്റിദ്ധരിക്കുകയും, *യഥാർത്ഥത്തിൽ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളായിരുന്ന ശരീരങ്ങൾ വീണ്ടും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളായി പരിണമിക്കുന്നു* എന്നതാണ് വാസ്തവം.

"ഭക്ഷണ സാധനങ്ങൾ" എന്ന പരിവർത്തനത്തെ അടിസ്ഥാനപ്പെടുത്തി *ജീവികളുടെയെല്ലാം ശരീരത്തെ ഘടനയിലും ഘടകങ്ങളിലും രുചിയിലും നിറത്തിലും രൂപത്തിലും കാഴ്ചയിലും പ്രവർത്തനങ്ങളിലും വ്യത്യാസപ്പെടുത്തിക്കൊണ്ട് ഭക്ഷണ ആനന്ദത്തിലും, മരുന്നുകൾ പോഷകങ്ങൾ എന്നിങ്ങനെയുള്ള മറ്റ് ആവശ്യങ്ങളിലും ദൈവത്തിന്റെ ശക്തി ഭാവമായ അനന്തതയെ സുവ്യക്തമായി പ്രകടിപ്പിക്കുവാനും 'ശരീരം' പ്രത്യക്ഷമായി ശ്രദ്ധിക്കുന്നുണ്ട്.* മഹാശക്തിയായ ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായിട്ടു ബന്ധപ്പെട്ട മഹാകാര്യങ്ങളെ ശരീരം ചെയ്യുമ്പോൾ, ആവകാര്യങ്ങളിലൊന്നും ജീവാത്മാവിന് പങ്കില്ലെന്നതാണ് യാഥാർത്ഥ്യം.

(2). ജീവാത്മാവിന് ലഭിക്കുന്ന ശരീരത്തിൽ ജന്മഗുണങ്ങളായ 'ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി,' തുടങ്ങിയവയെ *'ഭൂമിയിലെങ്ങും' മഹാഉചിതമായി വ്യത്യാസപ്പെടുത്തിക്കൊണ്ട് 'പ്രത്യക്ഷമായി' സമ്മാനിക്കുന്നത് (ഭൂമിയുടെ അംശമായ) ശരീരം തന്നെയാണ്.* പ്രത്യക്ഷമായ സ്രഷ്ടാവാണ് ശരീരമെന്നും, സൃഷ്ടിയാണ് ജീവാത്മാവ് എന്നും വ്യക്തമാണ്.

(3). ഓരോരോ ജീവിക്കും, രൂപത്തിലും ഘടനയിലും പ്രവർത്തനങ്ങളിലും ജന്മഗുണങ്ങളിലും അനുയോജ്യമായ *വ്യക്തിസ്വാതന്ത്ര്യത്തെ 'പ്രത്യക്ഷമായി' മഹാഅനുഗ്രഹിച്ചു നൽകുന്നത് ശരീരമാണ്.*

ഓരോ ജീവിയുടെയും *സ്വത്വം* എന്ന വിശേഷണമുള്ള *ജീവാത്മാവിന്റെ ഇഷ്ടങ്ങൾക്കൊത്ത്* ജീവിയുടെ 'ശരീരം' നിർവ്വഹിക്കുന്ന 'പ്രത്യക്ഷമായ' പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ *'കുടിക്കുക, തിന്നുക, കരയുക, ചിരിക്കുക, നോക്കുക, കേൾക്കുക, രുചിക്കുക, മണക്കുക, കളിക്കുക, കൈകാലുകളെ ചലിപ്പിച്ചും ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തിയും തൊഴിലുകൾ ചെയ്യുക',* തുടങ്ങിയവയാണെന്നു കാണാം. *ചെയ്യുന്നത് ശരീരമാണ് എങ്കിലും ജീവാത്മാവിന്റെ ഇഷ്ടങ്ങളെ അനുസരിച്ചാണവ* എന്നത് സുവ്യക്തമാണ്. ഭക്ഷണം, മരുന്നുകൾ, യോഗ പോലെയുള്ള കായിക അഭ്യാസങ്ങൾ തുടങ്ങിയവയിലൂടെ ശരീരത്തെ പുഷ്ടിപ്പെടുത്താനും മെലിയിക്കാനും ശക്തിപ്പെടുത്താനും കൈകാലുകളെയും വിരലുകളെയും നാവിനെയുമൊക്ക 'ആവശ്യം പോലെയും ഇഷ്ടംപോലെയും ശക്തിക്കൊത്തും' ചലിപ്പിക്കുവാനും ജീവാത്മാവിനു കഴിയുന്നതാണ്.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് *ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നു.* അതായത് ലഭ്യമാവുന്ന അറിവിനും ശക്തിക്കുമൊത്ത് *'ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ആവശ്യമായ വിധത്തിൽ', ഏതാനും ശരീര-അവയവങ്ങളെ ചലിപ്പിക്കുവാൻ വ്യക്തിയുടെ സ്വത്വമായ ജീവാത്മാവിന് സാധിക്കുന്നതാണ്.*

ജീവാത്മാവിന് ശരീരത്തിനു മേൽ ഉള്ളതായ മേല്പടി സ്വാതന്ത്ര്യം അഥവാ 'അവകാശവും അധികാരവും' യഥാർത്ഥത്തിൽ *ശരീരം ജീവാത്മാവിന് നൽകുന്ന ദാനം മാത്രമാണ്.* ശരീരത്തിന്റെ അനന്തമായ പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, 'ജീവാത്മാവിനു നൽകുന്ന സ്വാതന്ത്ര്യങ്ങൾ' നാമമാത്രമാണെന്നു മനസ്സിലാകും. എന്നാൽ ഏവരുടെയും ജീവിത അനുഭവങ്ങളെ സാക്ഷ്യമാക്കുമ്പോൾ, *ജീവാത്മാവിന് ശരീരത്തിനു മേൽ ആവശ്യമായ സ്വാതന്ത്ര്യത്തെയും അവകാശത്തെയും തദ്വാരാ അധികാരത്തെയും ശരീരം നൽകിയിട്ടുണ്ട്* എന്നതും പ്രസ്തുത അളവുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തോടെ സ്വന്തം കാര്യങ്ങളിലും സമൂഹ കാര്യങ്ങളിലും പ്രവർത്തിക്കുവാൻ ജീവാത്മാവിനു കഴിയുമെന്നതും സത്യമാണ്.

ജീവാത്മാവിന് വ്യക്തിസ്വാതന്ത്ര്യത്തെ ശരീരം അനുവദിച്ചിരിക്കുകയാലും, ജീവാത്മാവിനെയും ശരീരത്തെയും മഹാലയിപ്പിച്ചു പ്രവർത്തിപ്പിക്കുകയാലും, 'മരണം വരെ', അഥവാ 'ശരീരത്തിൽ നിന്നും ജീവാത്മാവിനെ പുറത്താക്കും വരെ', "എന്റെ ശരീരം" എന്ന് പറയാനും പ്രസ്തുത ശരീരത്തിലൂടെ ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനും ജീവാത്മാവിന് സാധിക്കുന്നു. മഹാഅനുവാദമുണ്ട് എന്നും സാരം.

ഭക്ഷണം, മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്.

പനി, ചുമ, ഉളുക്ക്, ശരീര തളർച്ച, പക്ഷാഘാതം, ഹൃദ്രോഗം, എന്നിങ്ങനെ ചെറുതും വലുതുമായ രോഗങ്ങളിലൂടെയും മരുന്നുകളിലൂടെയും മറ്റും ജീവാത്മാവിനു നൽകിപ്പോരുന്ന സ്വാതന്ത്ര്യങ്ങളെ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ തിരിച്ചെടുക്കാൻ ശരീരത്തിനു കഴിയുന്നതാണ്.* മാത്രമല്ല, ശരീരത്തിലേക്ക് കടുത്ത വിഷത്തെ കുത്തിവയ്ക്കുകയോ, കുടിക്കുകയോ ചെയ്താൽ ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കിക്കൊണ്ട് ജീവിക്കു മരണത്തെ നൽകുവാനും ശരീരം തയ്യാറായെന്നു വരാം.

വിശകലനം ചെയ്യുമ്പോൾ ശരീരം മാത്രം 'കർത്താവും', ശരീരം നൽകിയ വ്യക്തിസ്വാതന്ത്ര്യങ്ങളെ ഉപയോഗിച്ചു ചെയ്ത പ്രവൃത്തികളുടെ ഫലങ്ങളെ അനുഭവിക്കുന്ന ജീവാത്മാവ് 'കർമ്മം' മാത്രവുമാണ്. അതായത്, *ജീവാത്മാവിന് ജീവി എന്ന അസ്തിത്വത്തെ നൽകുന്നത് ശരീരം ആണെങ്കിലും, ജീവാത്മാവും ശരീരവും തീർത്തും വിഭിന്നമാണ്.* അപ്പോൾ *'ശരീരത്തെ' മനസ്സിലാക്കാൻ മഹാനീതിശാസ്ത്ര പ്രകാരവും മഹാശാസ്ത്രപ്രകാരവും* തയ്യാറാവണം: *ജീവാത്മാവിന്റെ ഇഷ്ടങ്ങളെ വിഷയമാക്കാതെ അദൃശ്യ (വാതകമായ) ജീവാത്മാവിന് 'ശരീരം' നൽകുന്ന 'ശരീരത്തിൽ' മുമ്പു പറഞ്ഞ 'സ്ത്രീ-പുരുഷൻ, ആയുസ്സ്, സൗന്ദര്യം' തുടങ്ങിയ ജന്മഗുണങ്ങളെ സമ്മാനിക്കുകയും, ജീവി എന്ന അസ്തിത്വത്തെ 'പ്രത്യക്ഷമായി' നൽകുകയും ചെയ്യുന്നത് ശരീരമാണ്. മഹാനീതിശാസ്ത്ര പരമായിട്ടു വിശകലനം ചെയ്യുമ്പോൾ, ദൈവത്തിന്റെ അംശമായിട്ടോ, ഉപാധിയായിട്ടോ ശരീരം പ്രവർത്തിക്കുന്നു എന്ന് സാരം.* 'പ്രത്യക്ഷമായ' കർത്താവാണ് ശരീരം എന്നതിനാൽ 'ഉപാധി' എന്നതിന് ഉപരി, *'ദൈവത്തിന്റെ അംശമായിട്ടാണ് ' അഥവാ 'ദൈവമായിട്ടാണ് ' ശരീരം പ്രവർത്തിക്കുന്നത്* എന്ന് മനസ്സിലാക്കാം.

ഇനി മഹാശാസ്ത്രപരമായിട്ടു വിശകലനം ചെയ്യാം:- *'മണ്ണായ ഭൂമി'* എന്ന മഹാരൂപത്തെ 'ദൈവം' മഹാസ്വീകരിച്ചിരിക്കുകയാണ് എന്നതും മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ചാണ് എല്ലാ ജീവികളുടെയും ശരീര-അവയവങ്ങളെ അഥവാ ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും ചേർത്തു നോക്കുമ്പോൾ എല്ലാം സുവ്യക്തമാണ്. *ഭൂമിയിലെ അഥവാ മണ്ണിലെ മൂലകങ്ങളും സംയുക്തങ്ങളുമായ കാർബൺ, സോഡിയം, സൾഫർ, നൈട്രജൻ, ക്ലോറിൻ, ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ്, തുടങ്ങിയവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരവും ശരീരത്തിലെ-അവയവങ്ങളും 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളാണ്.'*

മണ്ണായ ഭൂമിയിലെ അനവധി മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും 'ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് ' എന്നു വ്യക്തമാകുമ്പോൾ, ശരീരത്തോടും പ്രത്യുതാ ഭൂമിയോടും ഓരോ ജീവാത്മാവിനും കടപ്പാട് ഉണ്ടാകുന്നു. *ശരീരമായിരിക്കുന്ന ദൈവാംശങ്ങൾ മഹാഅനുഗ്രഹിച്ചു നൽകുന്ന രൂപവും അറിവും ശക്തികളുമാണ് ജീവികളെ പോലും അന്യോന്യം വ്യത്യാസപ്പെടുത്തുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും !* ശരീരമായി രൂപാന്തരപ്പെടുന്ന മണ്ണിലെ വസ്തുക്കളുടെ സ്വഭാവങ്ങൾക്കും ഗുണദോഷങ്ങൾക്കും ജീവാത്മാവിനു മേൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നതിന് വ്യത്യസ്ത ഭക്ഷണ സാധനങ്ങളും മരുന്നുകളും മറ്റും സൃഷ്ടിക്കുന്ന പ്രഭാവം സാക്ഷ്യവുമാണ്. അതായത് പ്രത്യക്ഷമായി കർത്താവായിട്ടു പ്രവർത്തിച്ചത് ദൈവമാണ്; ഭൂമിയാണ്; ശരീരമാണ്. അതേസമയം മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത് ഭൂമിയുടെ ഭാഗമായല്ല. *'തത്ത്വമസി' ക്ക് യഥാർത്ഥത്തിൽ ശരീരവുമായാണ് ബന്ധം; ആത്മാവുമായല്ല;* എന്നാണ് അതിന്നർത്ഥം. ചുവടെ 2-ൽ വിശദീകരണം തുടരുന്നുണ്ട്.

2.* ഓരോ ജീവാത്മാവിന്റെയും സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള *ശരീരം, പ്രത്യക്ഷമായിട്ട് ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് എങ്ങനെയെന്ന് ഹ്രസ്വമായി വിശദീകരിക്കുന്നു.

മനുഷ്യ ജീവിതത്തിൽ അതിപ്രധാനങ്ങളായ *5* കാര്യങ്ങളെ മാത്രമാണ് ചുവടെ പരാമർശിക്കുന്നത്. (ഏതാനും ചെറിയ ആവർത്തനങ്ങൾ വിഷയ വിശദീകരണത്തിന് ആവശ്യമായിട്ടുണ്ട്.)

(1). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', *കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെ, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനന്തങ്ങളായ ആനന്ദങ്ങളെയും ജീവാത്മാക്കൾക്കു നൽകുകയും, അവരുടെ ശാരീരിക പ്രവർത്തനങ്ങളെ സ്വയം മഹാഭരിക്കുകയും ചെയ്യുന്നു.* ഉദാഹരണമായിട്ട് പാൽ, മുട്ട, പഴങ്ങൾ, പഴച്ചാറുകൾ, പായസം, കഞ്ഞി, ഊണ്, ബിരിയാണി, പിസാ, ഐസ് ക്രീം, തുടങ്ങിയ അനന്തങ്ങളായ *ഭക്ഷണ സാധനങ്ങളെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു.* എന്നാൽ ഭക്ഷണത്തെ ദഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശരീരത്തിലെ ബഹുവിധ കാര്യങ്ങളെ 'പ്രത്യക്ഷമായി ചെയ്യുന്നത് ശരീരമാണ്'; ജീവാത്മാവല്ല. കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെയുള്ള 'ദൈവാംശമായ ശരീരത്തിന്റെ മഹാവാത്സല്യമാണത്.' പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, വിസർജ്ജനങ്ങളും, നാഡീവ്യവസ്ഥയും, ശരീര വളർച്ചയും, ദഹന രസങ്ങളുടെയും നാഡീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം ബോധത്തോടെ ജീവാത്മാവ് ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും. അതായത്,

ജീവാത്മാവ് ഉറങ്ങുമ്പോഴും, ബോധം നഷ്ടപ്പെടുമ്പോഴും, ധാർമ്മികമോ അധാർമ്മികമോ ആയ ആനന്ദങ്ങളിൽ മുഴുകുമ്പോഴുമെല്ലാം ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം, ജീവാത്മാവിനു വേണ്ടി വളരെയധികം ശാരീരിക പ്രവർത്തനങ്ങളെ സ്വയം ചെയ്തു കൊണ്ടിരിക്കുകയാണ്. ജീവാത്മാക്കളുടെയെല്ലാം ജീവിതം മുഴു-നരകമാവാതെ ജീവാത്മാവിനെ ശരീരം സദാ സംരക്ഷിക്കുന്നു എന്ന് ചുരുക്കം. ശരീരം സ്വയം നിർവ്വഹിക്കുന്ന മഹാപ്രവർത്തനങ്ങൾക്ക് മഹാശാസ്ത്രപരമായ വിശദീകരണം നൽകാൻ മതജാതിജീവികൾക്കും നിരീശ്വരവാദികൾക്കും കഴിയുന്നതല്ല.

(2). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്കെല്ലാം, മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നു.

ജീവാത്മാവിന് മഹാനീതിശാസ്ത്ര പ്രകാരം, ഭക്ഷണം, തൊഴിൽ, സംഗീതം, ഭക്തി, കലകൾ, സാഹിത്യം, ദാനം, സ്നേഹം, പ്രേമം, കാമം, ദാസ്യം, വാത്സല്യം തുടങ്ങിയവയിലൂടെ അനന്തങ്ങളായ ആനന്ദങ്ങളെയും വേദനകളെയും നൽകുന്നത് ശരീരത്തെ ഉപാധിയാക്കിയാണ്. മന്ത്രിമാർ ഉൾപ്പെടെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും അഥവാ *ജീവാത്മാക്കളുടെ*യും, ശരീരത്തിലുണ്ടാവുന്ന ചൊറിച്ചിൽ, മുഖക്കുരു, പാണ്ഡ്, മുഴ, പനി, ജലദോഷം, ചുമ, പല്ലുവേദന, വയറ്റുവേദന, ഹെർണിയ, കിഡ്നി കല്ല് വേദന, വെരിക്കോസ് വെയ്ൻ, ശ്വാസംമുട്ടൽ, ക്ഷയം, മഞ്ഞപ്പിത്തം, വസൂരി, മലമ്പനി, കാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, തുടങ്ങിയ രോഗങ്ങളെയും; അപകടങ്ങളിലൂടെയും മറ്റും ശരീരത്തിന് സംഭവിക്കുന്ന മുറിവുകളെയും ക്ഷതങ്ങളെയും അംഗവൈകല്യങ്ങളെയും; മരുന്നുകളെയും, ജനനം മുതൽ മരണം വരെയുള്ള ശരീരത്തിന്റെ ക്രമേണയുള്ള വളർച്ചകളെയും; പ്രസവ വേദന ഉൾപ്പെടെയുള്ള അനന്തങ്ങളായ ജീവിതകാര്യങ്ങളിൽ ഓരോ മനുഷ്യനും

ലഭിക്കുന്ന വൈവിധ്യങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദങ്ങളെയും; മരണത്തെയും മഹാഭരിക്കുന്നത് ശരീരം തന്നെയാണ്. ജീവാത്മാവിന് ഇടപെടാൻ കഴിയുന്നത് നാമമാത്രമോ ശൂന്യമോ ആണ്.

മേല്പറഞ്ഞ വസ്തുതകളെ വിശകലനം ചെയ്യുമ്പോൾ, *ജനങ്ങളുടെ ജീവിത കാര്യങ്ങളിൽ സമനീതി നിർവ്വഹിക്കാൻ 'മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസും മറ്റും ഉൾപ്പെട്ട മനുഷ്യ- ഭരണാധികാരികൾക്കോ, സമൂഹത്തിലെ ഏതെങ്കിലും മനുഷ്യർക്കോ' കഴിയുന്നതല്ലാ എന്ന് സുവ്യക്തമാകുന്നതാണ്.*

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിപതിയുമായ ഏകദൈവം, *സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് അവരുടെ ശരീരത്തിൽ ഗുണങ്ങളെയും ജന്മഗുണങ്ങളെയും സൃഷ്ടിച്ചുകൊണ്ടാണ്.* മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ശരീരം സൃഷ്ടിക്കുന്നതായിട്ട് പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയുന്ന ഗുണങ്ങളും ജന്മഗുണങ്ങളുമാണ് അഥവാ *ശരീരമാണ് ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു* നൽകുന്നത്. *ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി,* തുടങ്ങിയവയാണ് *ജന്മഗുണങ്ങൾ* എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. ശരീരം മഹാനിർവ്വഹിക്കുന്ന മഹാനീതികാര്യങ്ങളെ ജീവാത്മാവിനു ചെയ്യാൻ കഴിയുന്നതല്ലാ എന്നതിന് *ഒരു ഉദാഹരണം* കുറിക്കാം : ഇന്നത്തെ ഭൂമിയിലെ സുമാർ 750 കോടി ജനങ്ങൾക്ക് 'തുല്യമായ സൗന്ദര്യം' നൽകിയാൽ മുഖഛായ, അവയവ രൂപം, നിറം, സ്ത്രീ-പുരുഷൻ എന്നിവയിലെ വ്യത്യാസങ്ങൾ അവസാനിക്കുന്നതും

അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങളെല്ലാം കഷ്ടപ്പെടുന്നതുമാണ്. *മുഖഛായ* പോലെയുള്ള കാര്യങ്ങളെ നിർവ്വഹിക്കാൻ ജനങ്ങളെയോ (ജനങ്ങളുടെ) ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും നിലവിളിക്കുന്നതാണ്. മറ്റു ജന്മഗുണങ്ങളായ സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തത കൂടി ജീവാത്മാക്കളെ ഏല്പിക്കാനാവുമോ എന്നതും ചിന്തിക്കണം ! ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ- പിൻജന്മങ്ങൾ, കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന ബഹുവിധ കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ജീവാത്മാവിനു ചെയ്യാൻ കഴിയാത്തതായ മഹാനീതികാര്യങ്ങളാണ്.

പശുവിനും കാളയ്ക്കും നീ കയറിടുന്നതുപോലെ, ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പായിട്ട് നീ പശു/കാള-ജന്മങ്ങൾ എടുക്കുമ്പോൾ, "മനുഷ്യാ നിന്റെ കഴുത്തിലും കയർ വീഴും" എന്നത് മനുഷ്യരെ ബോദ്ധ്യപ്പെടുത്താനുള്ള മഹാശാസ്ത്രസംവിധാനമാണ് 'പൂണൂൽ' എന്നറിയപ്പെടുന്ന ചൂണ്ടുപലക. ഇന്ത്യയിൽ അർത്ഥമറിയാതെ 'വിസ്ഡിനൂലായി' ഇന്ന് അനേകർ ഉപയോഗിക്കുന്നുവെങ്കിലും മനുഷ്യന്റെ പശു/കാള ജന്മങ്ങളെപ്പറ്റിയുള്ള ഗൗരവമായ ചൂണ്ടുപലകയാണത്. അതോർമ്മിപ്പിക്കുവാൻ ദൈവാരാധന ചെയ്യുമ്പോഴും ആത്മീയശാസ്ത്ര വിഷയങ്ങളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, ദൈവ-ആരാധനയ്ക്ക് ദൈവത്തിൽ നിന്ന് നേരിട്ട് യോഗ്യത നേടിയ ശേഷവും 'പൂണൂൽ' ധരിക്കുന്നതു നല്ലതാണ്.

ദൈവം 'മായ' പ്രത്യക്ഷമാക്കിയ ശേഷം, പ്രപഞ്ച പിതാവ് കൂടിയായ പരമശിവനിലൂടെ, ഓരോ മനുഷ്യനും 100 ജന്മങ്ങളിലെ 90 മുതലുള്ള ഒരു പുരുഷജന്മത്തിൽ, 50 വയസ്സോടടുത്ത്, മഹാശാസ്ത്രം ലഭ്യമാക്കിയ ശേഷം മാത്രമേ, ദൈവാരാധന ചെയ്യാൻ മനുഷ്യർ യോഗ്യത നേടുകയുള്ളൂ. മാത്രമല്ല; 'പൂണൂൽ' സ്ഥിരമായി ധരിക്കാനും അവകാശവും അധികാരവും ലഭിക്കുന്നത് അപ്പോഴാണ്. ആ ജന്മത്തിലെ ശിഷ്ടകാലത്തും, ശേഷമുള്ള ജന്മങ്ങളിൽ ദൈവ ദർശനം ലഭിക്കുമ്പോൾ മുതലുമാണ് ദൈവം അനുഗ്രഹിക്കട്ടെ തുടങ്ങിയ ആശംസകൾ നേരാൻ അവകാശവും അധികാരവും ഓരോ മനുഷ്യനും ലഭ്യമാവുന്നത്. ഭരണാധികാരികൾ ഉൾപ്പെടെ ഭൂമിയിലെങ്ങുമുള്ള യാതൊരാൾക്കും നിലവിൽ 'ആശംസകളെ നേരാൻ യോഗ്യതയില്ല'. ആശംസകളെ ലഭിക്കുന്ന വ്യക്തിക്ക് പ്രയോജനം ഉണ്ടായാൽ മാത്രമേ ആശംസയ്ക്ക് എന്തെങ്കിലും അർത്ഥമുള്ളൂ. അധമമായ രീതികളെ പിൻപറ്റി ആശംസകൾ നടത്തുന്നവർ അജ്ഞാനം കൊണ്ടായാലും, അഹംഭാവം, ദുർവ്യയം എന്നിവ ചേരുകയാൽ, വ്യത്യസ്ത അളവിൽ പാപം സമ്പാദിക്കുന്നുണ്ട്. ആത്മാർത്ഥമായി ആശംസിക്കുന്നവർക്ക് ദീർഘകാലം കൊണ്ടും അനേകം ജന്മങ്ങൾകൊണ്ടും നേടിയ പുണ്യത്തിൽ ശോഷണം ഉണ്ടാകുന്നതാണ്. പുണ്യം (ഉചിതമായത്) നൽകാൻ എല്ലാവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിപതിയും മഹാശക്തിയുമായ ദൈവം ഉണ്ട്. അദ്ധ്വാനിച്ചു മാത്രം നേടുന്ന പുണ്യത്തെ, അറിഞ്ഞും അറിയാതെയും അർഹിക്കാത്തവർ ഉൾപ്പെട്ട ജനങ്ങൾക്ക് ആശംസ

കളിലൂടെ നഷ്ടപ്പെടുത്തുന്നവർ ആവശ്യമില്ലാത്ത അബദ്ധമാണ് ചെയ്യുന്നത്. വേഷംകെട്ടലുകൾ നാടകത്തിൽ മതി, ജീവിതത്തിൽ വേണ്ട; ശാസ്ത്രത്തിൽ വേണ്ട; ദൈവത്തോടു വേണ്ട.

ആട്, കോഴി തുടങ്ങിയ ജീവികളെപ്പറ്റി പറയുമ്പോൾ, വീടുകളിൽ വളർത്തുന്നവയ്ക്ക് തങ്ങളുടെ കുട്ടികൾക്ക് നൽകുമ്പോലെ സ്നേഹപരിലാളനങ്ങൾ നൽകണം, സ്നേഹിച്ച് ജീവികളെ വളർത്തുന്നത് കൊല്ലാനും തിന്നാനും ആകാമോ, പാടില്ല. കുന്നുകളിലും മലകളിലും കാടുകളിലും വളരേണ്ടവയ്ക്ക് ആവിധ സൗകര്യങ്ങൾ നൽകാതെ അവയെ വീടുകളിൽ മാത്രമായി വളർത്തിക്കൂടാ. അവയുടെ ആദിസൃഷ്ടിക്ക് പൈശാചിക-ന്യൂനശക്തികളുടെ പ്രവർത്തനവുമായി ബന്ധമുണ്ട്. ദൈവം 'മായ' പ്രത്യക്ഷമാക്കിയശേഷം അനേകം ജീവികളെ പിൻവലിക്കുന്നതാണ്. ജലത്തിലെ ഓക്സിജൻ ആണ് മത്സ്യത്തെ ഭരിക്കുന്നത്, ആകയാൽ മത്സ്യത്തെ കരയിലേയ്ക്ക് മനുഷ്യൻ പ്രവേശിപ്പിക്കുമ്പോൾ അവ വേദനയില്ലാതെ മരിക്കുന്നതാണ്. മനുഷ്യൻ കൊന്നതായി പറയാനാവില്ല. മത്സ്യ ഭക്ഷണം, സസ്യഭക്ഷണത്തേക്കാൾ ശ്രേഷ്ഠമാണ്.. ചാതുർവർണ്ണ്യം എന്ന ജീർണ്ണത്തിന്റെ മൂലരൂപം ഭാഗം 4-ലെ 'തൊഴിലുകൾ' എന്ന അദ്ധ്യായത്തിൽ അറിയുക.

പശു : സംഹാര ശ്രേഷ്ഠത

ഓരോ മനഷ്യനും 100 ജന്മങ്ങളെയും, അവസാന ജന്മത്തിലോ ശേഷമോ ഒരു പശു / കാള ജന്മത്തെയും അനുഗ്രഹിച്ചു നൽകുന്നത് എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദങ്ങളെയും സമനീതിയെയും ലഭിക്കുന്നത് ഉറപ്പാക്കാനാണ്. അവസാന ജന്മത്തിൽ ഉന്നതരും ഒരുപക്ഷേ ഉറ്റവരുമായിരുന്നവരുടെ തൊഴുത്തിൽ പശുവായോ കാളയായോ എത്തിപ്പെടാനും വളരെ നല്ല പരിചരണങ്ങളെ ആസ്വദിക്കുവാനും കഴിയുന്നതാണ്. മാത്രമല്ല, മുജ്ജന്മ ഓർമ്മകളോടെ ചുറ്റുമുള്ള മനുഷ്യരുടെ ജീവിതകാര്യങ്ങളെ കാണാനും വിശകലനം ചെയ്യാനും കഴിയുന്നതും കൂടുതൽ ക്ഷമാശീലരാകാനും സാധിക്കുന്നു. പ്രസ്തുത അവസ്ഥയിൽ 'മോക്ഷം' എന്ന ആത്മീയസാക്ഷാത്ക്കാരം നേടുന്നതും വലിയ സൗഭാഗ്യമാണ്. പരമാനന്ദകരമായ അനുഭവങ്ങളാണ് ഉണ്ടാവുക. എന്നാൽ പശു-കാള ജന്മങ്ങൾ തീർച്ചയാണെന്നറിയുമ്പോൾ ജനങ്ങളെല്ലാം ഏതാനും ജന്മങ്ങളിൽ ഭയക്കുന്നതാണ്; ശുദ്ധീകരണത്തിന് ഭയം നല്ലതാണ്; ഏതാനും ജന്മങ്ങളിലെ ശുദ്ധീകരണം കൊണ്ട് വിഷയസംബന്ധമായ ഭയം ഓരോരുത്തർക്കും ഇല്ലാതെവരുന്നു. അതായത് വിഷയത്തിലെ ഭയവും, ജന്മങ്ങളിലെ ശുദ്ധീകരണം കൊണ്ട് നേടുന്ന ഭയമില്ലായ്മയും ജനസമൂഹത്തെ ശുദ്ധിചെയ്യുന്നതാണ്. (ഏതെങ്കിലും പ്രദേശത്തെ ജനങ്ങൾ സംഘടിച്ച് കൂട്ടത്തോടെ ഗോവധം ചെയ്ത് സ്ഥിതിപരമായ വിധിയെ അട്ടിമറിക്കാൻ തുനിഞ്ഞാൽ അവസാന ജന്മത്തിൽ എന്നതിനും ജന്മങ്ങളുടെ എണ്ണത്തിനും ജന്മഗുണമായ ജനനസ്ഥലത്തിൽ വർദ്ധിച്ച മാറ്റങ്ങളെ വരുത്തിയും മഹാ

-സമതുന്തിലാവസ്ഥ സ്ഥാപിക്കാൻ മഹാനീതിശാസ്ത്ര പ്രകാരം ഏകമഹാശക്തിയായ ദൈവത്തിനു സാധിക്കുന്നതാണ്.).

ദൈവം ഭൂമിയിൽ 'മായ' പ്രത്യക്ഷമാക്കുന്നതോടെ, മഹാശാസ്ത്രകാര്യങ്ങൾ സുവ്യക്തമായി സമൂഹത്തിൽ പ്രചരിക്കുന്നതും ജനങ്ങളെല്ലാം സ്വയം ഗോവധത്തിൽ നിന്ന് പിന്മാറുന്നതുമാണ്. ഗോസംരക്ഷകർ ആവാനുള്ള തത്രപ്പാടാണ് പിന്നെക്കാണുക. ഗോവധ നിരോധനം മാനുഷിക നിയമത്തിലൂടെ നടപ്പാക്കേണ്ടതായ ഒന്നല്ല എന്നുമർത്ഥം. ഗോസംരക്ഷണം ഉൾപ്പെടെയുള്ള സർവ്വ നിയമങ്ങളും മണ്ണിലുണ്ട്. ഗോവധ നിരോധനത്തിനായി മാനുഷിക- നിയമങ്ങളെ ഉണ്ടാക്കുന്നവരും, ഗോവധ നിരോധനത്തിനായി എന്തെങ്കിലും അക്രമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരും വലിയ പാപികളുടെ പട്ടികയിൽ പെടുന്നതാണ്. മണ്ണിലുള്ള മഹാശാസ്ത്രം മനസ്സിലാക്കി തങ്ങൾക്കുവേണ്ടി ഓരോ വ്യക്തിയും ജീവിതക്രമങ്ങളെ ചിട്ടപ്പെടുത്തുകയേ വേണ്ടൂ. ഗോസംരക്ഷണം ഉൾപ്പെടെ യാതൊരു വിഷയങ്ങളിലും, ദൈവത്തിന്റെ സൃഷ്ടി മാത്രമായ യാതൊരാളും ദൈവത്തിനു വേണ്ടി യാതൊന്നും യാതൊരിക്കലും പ്രവർത്തിക്കേണ്ടതില്ല; മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ തനിച്ചു നിർവ്വഹിക്കുന്ന മഹാശക്തിയായ ദൈവം നൽകിയാൽ മാത്രമേ മനുഷ്യന് അനങ്ങാൻ പോലും ശക്തി ലഭിക്കൂ എന്നിരിക്കെ യാതൊരു മനുഷ്യരുടെയും സഹായങ്ങൾ ദൈവത്തിന് ഒട്ടും ആവശ്യമില്ല തന്നെ. മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങൾ മഹാപ്രപഞ്ചത്തിന് ചേരുന്നതുമല്ല. മതങ്ങളിലെയും രാഷ്ട്രീയങ്ങളിലെയും പ്രമാണിമാർക്ക്, ദൈവത്തിന്റെ മഹാദാസനും പ്രപഞ്ച

പിതാവും, ഏകപ്രതിനിധിയുമായ പരമശിവനിലൂടെ, ദൈവം നൽകുന്ന താക്കീതായി മേൽവാക്യങ്ങളെ കണക്കാക്കുക. എല്ലാം ദൈവം തനിച്ചു ചെയ്യുന്നു. മഹാശാസ്ത്രകാര്യങ്ങൾ അറിയിക്കാനായും മനുഷ്യരെ സഹായിക്കാനുമായി ദൈവം മഹാദാസനായി തന്റെ തന്നെ ഒരു ഭാഗത്തെയാണ് പരമശിവൻ എന്ന പേരിൽ സൃഷ്ടിച്ചിട്ടുള്ളത്, അപ്പോഴും ഏകമഹാശക്തിയായ ദൈവത്തിന് മനുഷ്യർ ഉൾപ്പെടെ യാതൊരാളുടെയും സഹായങ്ങൾ യാതൊരു കാര്യത്തിനും ആവശ്യമില്ല എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളുക.

ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെടുന്നതോടെ പശു-കാള ജന്മങ്ങൾ അടുത്ത സൃഷ്ടിചക്രത്തിൽ ജീവിക്കുന്നവരെ ഓർമ്മപ്പെടുത്താനായും കൂടി തയ്യാറാക്കപ്പെട്ടതാണ് ക്ഷേത്രങ്ങളിലെയും മറ്റും കാളകെട്ടിന്റെ മൂലരൂപം. അറേബ്യയിൽ ഇസ്ലാം മതം സ്ഥാപിക്കപ്പെടുന്നതിനു മുമ്പ് കാളക്കുട്ടന്മാരുടെയും മറ്റും വിഗ്രഹങ്ങളെ ജനങ്ങൾ പരക്കെ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുവാനുള്ള ഒരു കാരണം അതാണ്. രണ്ടാമത്തേതും മുഖ്യവുമായ കാരണം മുഹമ്മദിന്റെ മൂഢത്വവും അമിതാവേശവുമാണ്. കിഷാണു എന്ന കൊടിയ പിശാചിന്റെ ചതിയിൽ മുഹമ്മദ് കുടുങ്ങി. ജീവികളിൽ വച്ച് മനുഷ്യനെയാണ് ഏറ്റവും ഉത്തമനായി സൃഷ്ടിച്ചിട്ടുള്ളതെന്നും, മനുഷ്യർക്കുവേണ്ടിയാണ് മറ്റുള്ള ജീവികളെ ദൈവം സൃഷ്ടിച്ചിട്ടുള്ളതെന്നും ഒക്കെ മുഹമ്മദ് തെറ്റിദ്ധരിച്ചു. ഇസ്ലാം മതത്തിലൂടെ ജന്തുബലി വർദ്ധിച്ചപ്പോൾ, കൊടിയ പിശാചായ കിഷാണുവിന്റെ മായാശക്തികൾ വർജ്ജ്യശാസ്ത്രപ്രകാരം വളരെയധികം വർദ്ധിക്കാൻ

കാരണമായി. ആവക കാര്യങ്ങളെ തൽക്കാലം ഇവിടെ വിസ്തരിക്കുന്നില്ല. ദൈവീകമായ ചില വെളിപാടുകൾ കിട്ടിയപ്പോൾ, അമിതാവേശത്തിൽ പെട്ട് ദൈവത്തിന്റെ പേരിൽ തനിക്കു ശരിയെന്നും നല്ലതെന്നും തോന്നിയ കാര്യങ്ങളെയെല്ലാം ദൈവം അറിയിച്ചതായ ദൈവീക നിയമങ്ങളാണെന്നു വരുത്തിത്തീർക്കുകയായിരുന്നു അദ്ദേഹം. കിണ്ണന്റെ ചതിക്കുഴികളിൽ സത്യസന്ധനായ അദ്ദേഹം വീണുപോയി എന്നതും ചില വെളിപാടുകൾ ലഭിച്ചു എന്നതും ശരിയാണ്. വർഷങ്ങൾക്കു മുമ്പ് പുനർജ്ജനിക്കുകയും ജോൺ പോൾ രണ്ടാമൻ എന്ന പോപ്പായിട്ട് പ്രസിദ്ധനാവുകയും, ബോധരഹിതനായിത്തന്നെ (വീണ്ടും) മരണമടയുകയും ചെയ്ത കാലത്തും ദൈവത്തിന്റെ പേരിൽ നിയമങ്ങളെ തട്ടിക്കൂട്ടുകയായിരുന്നു ഒരു മനുഷ്യസ്നേഹി കൂടിയായ മുഹമ്മദ്. ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തോടെ ഭൂമിയിലെ എല്ലാ മനുഷ്യർക്കും തീർച്ചയായും മതകാര്യങ്ങൾ ഉൾപ്പെടെയുള്ള സത്യങ്ങളെയെല്ലാം ഏറ്റവും ഭംഗിയായി മനസ്സിലാക്കാൻ കഴിയുന്നതാണ്.

പശു പാഠം 2-ന്റെ ഭാഗമായി കരുതാവുന്ന ഇംഗ്ലീഷ് ഭാഷയിലുള്ള വിശദീകരണമുണ്ട്. വളരെ വർഷങ്ങൾക്കു തയ്യാറാക്കിയതാണ് എങ്കിലും കൂടുതൽ ആഴമുള്ള വസ്തുതകളെ ലളിതമായി ചേർത്തിട്ടുണ്ട്. മറ്റ് വിഷയങ്ങളുടെ ഇംഗ്ലീഷ് പരിഭാഷയോടൊപ്പം ചേർത്തിട്ടുള്ളത് ജനങ്ങളുടെ ആവശ്യം അനുസരിച്ചാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രംമഹത്വം.

ദൈവം

മോക്ഷം

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

മണ്ണും ഭൂമിയുമായ ദൈവം മഹാചിരിച്ച് ഭൂമിയിലെ ജീവികളുടെയെല്ലാം ജീവിതത്തെ മഹാമംഗളമാക്കുന്ന ദൈവ-വിപ്ലവം ഉടനുണ്ട്. ഭൂമിയിലെ ഏതു പ്രദേശത്തും പരമാനന്ദത്തോടെ ജീവിക്കാനുള്ള മഹാഭാഗ്യത്തെ ഭൂമിയിലെ എല്ലാ മനുഷ്യർക്കും ലഭിക്കുന്നതാണ്. തുടർന്ന് ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ സംഹാരം ആരംഭിക്കുമ്പോൾ മനുഷ്യരെല്ലാം ക്രമാനുഗതം **'ആത്മീയ-സാക്ഷാത്ക്കാരം'** എന്ന **'മോക്ഷം'** നേടുന്നതാണ്. മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും മോക്ഷം അഥവാ മുക്തി നേടുന്നതിനു മുമ്പ്; ദൈവത്തോടും, ഉറ്റവരോടും, ചുറ്റുമുള്ളവരോടും, മറ്റുള്ള ജീവികളോടും ഒക്കെ ചെയ്ത പിഴവുകൾക്കും ദ്രോഹങ്ങൾക്കുമുള്ള പരിഹാരമുണ്ടാക്കണം : ദൈവശിക്ഷകളായിട്ട് അനുഭവിച്ചും, നന്മകളെ വർദ്ധിപ്പിച്ചും വേണം മുക്തി നേടേണ്ടത്.

മോക്ഷം/ആത്മീയ സാക്ഷാത്ക്കാരം

(ദൈവവിപ്ലവ വിശകലനം -4 ൽ നിന്നും ചേർക്കുന്നു.)

((1)) മണ്ണും ഭൂമിയുമായ ദൈവത്തിനു മാത്രമാണ്; ഭൂമിയിലെ എല്ലാ ജീവികളുടെയും വസ്തുക്കളുടെയും സമ്പത്തുകളുടെയും മേൽ സമ്പൂർണ്ണ അവകാശവും അധികാരവുമുള്ളത്.

((2)) മണ്ണായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും മണ്ണിലും സമ്പത്തിലും (മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള) അവകാശം നൽകുന്നുണ്ട് !

((3)) മോക്ഷം എങ്ങനെയെന്ന് മഹാശാസ്ത്രപരമായിട്ട് വിശദീകരിക്കുന്നു.

ദൈവത്തിൽ നിന്നും /ഭൂമിയിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും ജീവാത്മാവിന് മോക്ഷം അഥവാ മുക്തി ലഭിക്കാൻ, ദൈവീകമായ സാമ്പത്തിക കൈമാറ്റ നിരോധന നിയമവും, ദൈവീകമായ ഇഷ്ട ദാന നിയന്ത്രണ നിയമവും ഉൾപ്പെടെയുള്ള മണ്ണിന്റെ നിയമങ്ങളെ ഓരോ മനുഷ്യനും പാലിക്കേണ്ടതുണ്ട്.

((4)) ദൈവ-വിപ്ലവത്തോടെ, ഭൂമിയിലെങ്ങും മണ്ണിന്റെ നിയമങ്ങൾ നടപ്പാകുന്നതാണ്. മണ്ണിന്റെ നിയമങ്ങൾക്ക് ഭൗതിക അസ്തിത്വമുണ്ട്; അവ പ്രകാരം ജീവിച്ചാൽ ഗുണങ്ങൾ മാത്രം ലഭിക്കുന്നു. മാനുഷികമായ നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ല; അവ പ്രകാരം ജീവിച്ചാൽ ദോഷങ്ങൾ മാത്രമാണ് ലഭിക്കുക. മണ്ണിന്റെ നിയമങ്ങൾ മാത്രമേ മണ്ണിൽ ജീവിക്കുന്നവർക്ക് ചേരുകയുള്ളൂ. മണ്ണിന്റെ നിയമങ്ങളെ അനുസരിച്ച്

ജീവിക്കാത്തവരെ മണ്ണും ഭൂമിയുമായ ദൈവം അനുസരിപ്പിക്കുന്നതാണ്; ശേഷം മാത്രമേ മോക്ഷം നല്കൂ. ....

മണ്ണിന്റെ നിയമങ്ങളെ പാലിക്കേണ്ടത് മോക്ഷം ലഭിക്കാൻ, ഓരോ മനുഷ്യനും ആവശ്യമാകുന്നതാണ്. ..

((1)) മണ്ണും ഭൂമിയുമായ ദൈവത്തിനു മാത്രമാണ്; ഭൂമിയിലെ എല്ലാ ജീവികളുടെയും വസ്തുക്കളുടെയും സമ്പത്തുകളുടെയും മേൽ സമ്പൂർണ്ണ അവകാശവും അധികാരവുമുള്ളത്.

ദൈവം, ഭൂമിയെ തന്റെ മഹാരൂപമായിട്ട് മഹാആവിഷ്ക്കരിച്ചു കൊണ്ട്, മനുഷ്യരെയും മറ്റുള്ള ജീവികളെയും കുഞ്ഞുങ്ങളായിട്ട് സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഭൂമി അഥവാ മണ്ണ്, മണ്ണിലെ മൂലകങ്ങളെയും സംയുക്തങ്ങളെയും കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ശരീരത്തോടെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും മണ്ണിൽ ജനിക്കുകയും, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് വളരുകയും, മണ്ണിൽ ജീവിക്കുകയും, മരണത്തോടെ ശരീരത്തെ വീണ്ടും മണ്ണ് ഏറ്റെടുക്കുകയും ചെയ്യുന്നു. മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വതും; വീണ്ടുമടിയുന്നതും മണ്ണിലാണ്. സർവ്വം മണ്ണടി. മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും വസ്തുക്കളുടെയും അവകാശിയും അധികാരിയും മണ്ണ് അഥവാ ഭൂമി ആണെന്ന് സുവ്യക്തമാണ്. ബുദ്ധിശക്തി, ഓർമ്മശക്തി തുടങ്ങിയവ ഏറെ ലഭിച്ചിട്ടുള്ള മനുഷ്യർ

മനസ്സിലാക്കുന്നത് തലതിരിഞ്ഞാണ്; മനുഷ്യരാണ് മണ്ണിന്റെ അവകാശിയും അധികാരിയും എന്നാണ്.

ജീവികളുടെയെല്ലാം സൃഷ്ടി -സ്ഥിതി -സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എങ്ങനെയെല്ലാമെന്ന് വിശകലനം ചെയ്താൽ അവകാശ വിഷയത്തിലെ തർക്കം ഉണ്ടാകുന്നതല്ല.

സൃഷ്ടിപരം

ജീവികളുടെയെല്ലാം 4 ഘടകങ്ങളായ ശരീരം, ജീവൻ, പരമാത്മാവ്, ജീവാത്മാവ് എന്നിവയെ സൃഷ്ടിച്ചിട്ടുള്ളത് എങ്ങനെയെന്ന് ലളിതമായി മനസ്സിലാക്കാനാവും.

ശരീരം :

ദൈവത്തിന്റെ ഖര രൂപവും മഹാരൂപവുമായ ഭൂമിയിലെ അഥവാ മണ്ണിലെ മൂലകങ്ങളും സംയുക്തങ്ങളുമായ കാർബൺ, സോഡിയം, സൾഫർ, നൈട്രജൻ, ക്ലോറിൻ, ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ്, തുടങ്ങിയവയാണ് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീരമായിരിക്കുന്നത്. മണ്ണ്, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് ജീവികളുടെയെല്ലാം ശരീരത്തെ സൃഷ്ടിച്ചിരിക്കുകയാണ്.

ജീവൻ :

ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ആണ് ജീവികളുടെയെല്ലാം ജീവൻ അഥവാ ശക്തി. ഓക്സിജൻ എങ്ങനെയെല്ലാം പ്രവർത്തിക്കണമെന്നു മഹാനിശ്ചയിക്കുന്നത് ഓക്സിജൻ തന്നെയാണ്.

ജീവിയുടെ ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവിയുടെ സ്വത്വം എന്ന് വിശേഷിപ്പിക്കാവുന്ന ജീവാത്മാവാണ്; എന്നാൽ ജീവിയുടെ ശരീരത്തെ മഹാഭരിക്കുന്നത് ജീവനായ ഓക്സിജനാണ്. അതായത് ജീവികളുടെയെല്ലാം ശരീരത്തിലെ കോശങ്ങളുടെ നിർമ്മാണം, ശരീര വളർച്ച, രോഗം, രോഗമുക്തി, തുടങ്ങിയവയെ മഹാഭരിക്കുന്നത് ജീവനായ ഓക്സിജനാണ്.

പരമാത്മാവ് :

ദൈവത്തിന്റെ രണ്ടാം ഭാഗത്തെ കാലാകാലങ്ങളിൽ ശക്തിയോടെയും നിർജ്ജീവമായും പ്രവർത്തിപ്പിക്കുന്ന മഹാആവിഷ്ക്കാരമുണ്ട്. പ്രപഞ്ചത്തിലെ സർവ്വതും ആറ്റങ്ങളാണെങ്കിൽ, ദൈവത്തിന്റെ 2 ഭാഗങ്ങളായ ശക്തിചക്രവും ശിവചക്രവും എല്ലാ ആറ്റങ്ങളിലും പ്രോട്ടോൺ, ഇലക്ട്രോൺ എന്നീ പേരുകളിൽ പ്രവർ-ത്തിക്കുന്നുണ്ട്. ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ശക്തിചക്രത്തിന്റെ പുതിയ/മൂലക രൂപവും, ഹൈഡ്രജൻ, ശിവചക്രത്തിന്റെ പുതിയ/ മൂലക രൂപവുമാണ്. ദൈവ വിപ്ലവ വിശകലനം 7-ൽ കൂടുതൽ വിശദീകരണം ലഭ്യമാണ്.

ജീവാത്മാവ് :

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ, സൂര്യനിൽ പ്രവർത്തിക്കുന്ന "ഭൂമിയുടെ ദാസനും പരമാത്മാവുമായ വാതകരൂപത്തിലുള്ള ഹൈഡ്രജനുമായി" ചേർന്ന് ധർമ്മാവസ്ഥയിലുള്ള ജലത്തെ ഭൂമിയിൽ സൃഷ്ടിക്കുന്നു. ദൈവത്തിന്റെ ഖര രൂപമായ മണ്ണിന്റെ ഘടകങ്ങളെ മഹാഉചിതമായി

സംയോജിപ്പിച്ചുകൊണ്ട്, ജലത്തിലെ ജീവനായ ഓക്സിജൻ, ജലത്തിൽ വച്ച് ആദ്യ ജീവിയായിട്ട് മത്സ്യ-ശരീരത്തെ സൃഷ്ടിക്കുകയും, പരമാത്മാവായ ഹൈഡ്രജനെ നിർജ്ജീവമെന്നോണം പങ്കെടുപ്പിച്ചു കൊണ്ട്, പരമാത്മാവിൽ നിന്ന് ജീവാത്മാവായിട്ട് പുതിയൊരു ഹൈഡ്രജനെ മണ്ണിൽ തൊടീക്കാതെ സൃഷ്ടിച്ച് മത്സ്യ-ശരീരത്തിൽ ചേർക്കുകയും ചെയ്യുന്നു - അതോടെ ജീവിയായി. ....

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവികളെല്ലാം ക്രമേണ പരിണമിക്കുകയും, മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് നക്ഷത്രമായിട്ട് അഥവാ സ്വതന്ത്ര ഹൈഡ്രജനായിട്ട് ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ നേടുകയും ചെയ്യുമ്പോൾ, ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുവാൻ സാധിക്കുന്നതാണ്. മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന് വേറിട്ട ആകാശത്തിലെ സൂര്യനിൽ നിന്നു വന്ന പരമാത്മാവിൽ നിന്ന് സൃഷ്ടിച്ചിട്ടുള്ള ജീവാത്മാവിന് ഭൂമിയിലോ, ഭൂമിയിലെ വസ്തുക്കളിലോ അവകാശവും അധികാരവും ഇല്ല; മോക്ഷം ലഭിക്കുമ്പോഴും അങ്ങനെ തന്നെ. ...

ജീവികളുടെയെല്ലാം ശരീരങ്ങളെയും ജീവാത്മാക്കളെയും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണെന്നു സുവ്യക്തം.
മഹാപ്രപഞ്ചത്തിലെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും, വസ്തുക്കളുടെയും സൃഷ്ടിപരമായ അവകാശവും അധികാരവും ദൈവത്തിനു മാത്രം!

സ്ഥിതിപരം

മഹാപിതാവും മഹാമാതാവുമായ ഭൂമി, സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം, തന്റെ അംശമായ മണ്ണുകൊണ്ടുള്ള ശരീരത്തെ നൽകിയിട്ടുള്ളതു കൂടാതെ, എല്ലാ മനുഷ്യർക്കും അനന്തങ്ങളായ ആനന്ദങ്ങളെ ലഭ്യമാക്കുന്നതാണ് അടുത്ത ഘട്ടം.

കുഞ്ഞുങ്ങളായിട്ട് ജീവികളെയെല്ലാം ജനിപ്പിക്കുന്നത് ജീവികളെല്ലാം ജീവിക്കാനാണ്, ജീവികളെല്ലാം ജീവിക്കുകയാണ് ചെയ്യുന്നതും. ജീവിക്കുന്നത് ആനന്ദിക്കാനാണ്. ആനന്ദത്തെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്.

ഭൂമി, ജീവികളുടെയെല്ലാം ശരീരങ്ങളായിരിക്കുന്നതു കൂടാതെ, കുഞ്ഞുങ്ങൾക്കു വേണ്ടി, സ്വയം അനന്തങ്ങളായ ആനന്ദങ്ങളുടെ മഹാകലവറയായും മഹാപ്രവർത്തിക്കുന്നുണ്ട്. അതായത്, ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെയും ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെയും, ശാസ്ത്ര നിയമങ്ങളോടെ മഹാലയിപ്പിച്ചിട്ടുണ്ട്. മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും അനന്തങ്ങളായ ആനന്ദങ്ങളെ അനുഭവിക്കാൻ സാധിക്കുന്നത് ഭൂമിയിലെ ജീവികളിൽ നിന്നും വസ്തുക്കളിൽ നിന്നുമാണ്.

ജീവികളുടെയെല്ലാം ജീവിതത്തിന് ആവശ്യമായ ആനന്ദങ്ങളെയും
ലഭ്യമാക്കുന്നത് ഭൂമിയായ ദൈവമാണെന്നു സുവ്യക്തം.
മഹാപ്രപഞ്ചത്തിലെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും,
വസ്തുക്കളുടെയും സ്ഥിതിപരമായ അവകാശവും അധികാരവും
ദൈവത്തിനു മാത്രം!

സംഹാരപരം

മുമ്പ് വ്യക്തമാക്കിയതുപോലെ, മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും മണ്ണിൽ ജനിക്കുകയും, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് വളരുകയും, മണ്ണിൽ ജീവിക്കുകയും ചെയ്യുന്നു. ജീവികളുടെയെല്ലാം ആയുസ്സിനെ മഹാശാസ്ത്രപരമായിട്ട് നിശ്ചയിക്കുന്ന മണ്ണായ ദൈവം, ജീവികളുടെയെല്ലാം ശരീരത്തെ വീണ്ടും മണ്ണിൽ മഹാലയിപ്പിക്കുകയും ചെയ്യുന്നു. അനന്തങ്ങളായ ആനന്ദങ്ങളെ കുഞ്ഞുങ്ങളായ മനുഷ്യർക്കു ലഭ്യമാക്കുകയും പരിചയിപ്പിക്കുകയും ചെയ്ത ശേഷം, സംഹാരമായിട്ട് മോക്ഷം എന്ന ആത്മീയ സാക്ഷാത്ക്കാരത്ത മഹാഅനുഗ്രഹിച്ചു നൽകുന്നതും ഭൂമിയാണ്; ഭൂമിയിൽ വച്ചുമാണ്.

കുഞ്ഞുങ്ങളായ ജീവികളുടെയെല്ലാം ജീവിതത്തിന് ആവശ്യമായ ശരീരങ്ങളായും, ആനന്ദങ്ങളായും, ആനന്ദങ്ങളെ നേടാനുള്ള സമ്പത്തുകളായും, മഹാ-സമർപ്പണം ചെയ്യുന്നതു കൂടാതെ, മഹാസമനീതി യെയും മോക്ഷത്തെയും അനുഗ്രഹിച്ചു നൽകുന്നതും ഭൂമിയായ ദൈവമാണെന്നു സുവ്യക്തം. മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും, വസ്തുക്കളു ടെയും സംഹാരപരമായ അവകാശവും അധികാരവും ദൈവത്തിനു മാത്രം!

മഹാശാസ്ത്രപരമായ 'അവകാശം' ഉണ്ടെങ്കിൽ മാത്രമാണ് അധികാരമുള്ളത്.

മഹാശക്തിയും ഭൂമിയുമായ ദൈവമാണ് ജീവികളെല്ലാം ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ എല്ലാ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാനിർവ്വഹിക്കുന്നത്. അതായത് മഹാപ്രപഞ്ചത്തിലെ വസ്തുക്കളും ജീവികളുമെല്ലാം മണ്ണും ഭൂമിയുമായ ദൈവത്തിന്റേതാണ്; ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ്.

ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും ഭൂമിയുമായ ദൈവം, സൃഷ്ടികളെ ദാസരായിട്ടു കണക്കാക്കാതെ തന്റെ പൊന്നോമന-കുഞ്ഞുങ്ങളായിട്ട് അനുഗ്രഹിക്കുകയും, മഹാപിതാവും മഹാമാതാവുമായിക്കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം എപ്പോഴും കരുതുന്നത് ജീവികളുടെയെല്ലാം മഹാഭാഗ്യമാണ്.

വസ്തുതകളെ അറിയാതെയും അറിയാൻ ശ്രമിക്കാതെയും, ദുസ്വാർത്ഥങ്ങളെ നേടാനുള്ള സമ്പത്തായിട്ട് മാത്രം ഭൂമിയെ കണക്കാക്കി പോരുന്നത് മനുഷ്യ സമൂഹത്തിലെ ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമായിട്ടുണ്ട്. ദൈവീകമായ സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട മഹാശാസ്ത്രം പഠിക്കാനും പാലിക്കുവാനും തയ്യാറാകുമ്പോൾ, വിഷയ ശുദ്ധീകരണം ഉണ്ടാകുന്നതാണ്.

((2)) മണ്ണായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും മണ്ണിലും സമ്പത്തിലും (മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള) അവകാശം നൽകുന്നുണ്ട് !

മണ്ണായ ദൈവം, ജീവികൾക്കെല്ലാം (ദൈവമായ) മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണിൽ ജീവിക്കാൻ ജീവികൾക്കെല്ലാം സാധിക്കുന്നത്.

മണ്ണിന്റെ നിയമങ്ങളെ അഥവാ മഹാശാസ്ത്രത്തെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യർക്കെല്ലാം കൂടുതൽ അവകാശവും അധികാരവും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാക യാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, ആശാരിപ്പണി, മേശിരിപ്പണി, വൈദ്യം, ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിഫോൺ, ടെലിവിഷൻ, കമ്പ്യൂട്ടർ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ സ്ഥാനങ്ങളുണ്ടാകുന്നു. മഹാപിതാവും മഹാമാതാവു-മായ ഭൂമി, ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്യാനവു മായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണു ചെയ്തിട്ടുള്ളത്.

(മഹാപിതാവും മഹാമാതാവുമായ ദൈവം, കുഞ്ഞുങ്ങളായ) മനുഷ്യർ ആനന്ദകരമായിട്ട് ജീവിക്കേണ്ടുന്നതിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യവും, സമ്പത്തിൽ **അവകാശവും** നൽകുന്നുണ്ട്. സ്രഷ്ടാവായ ദൈവം യജമാനൻ ആവാതെയും, സൃഷ്ടികളായ മനുഷ്യരെ ആരുടെയും അടിമകളാക്കാതെയുമുള്ള മഹാസംവിധാന പ്രകാരമാണ് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിട്ടുള്ളത്. അതെങ്ങനെയെന്ന് ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നു:-

ദൈവം, മനുഷ്യ ജീവികൾക്കു മാത്രം ശാസ്ത്ര ജ്ഞാനത്തെ നൽകിയിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ നേടിത്തരുന്ന ആനന്ദങ്ങളും സാമ്പത്തിക ശേഖരണവും മനുഷ്യർക്കെല്ലാം വിഷയമാണ്.

തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെ സ്രഷ്ടാവായ ദൈവം മഹാലയിപ്പിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്, വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ക്രമാനുഗതമായി ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖങ്ങളെ ആസ്വദിക്കുവാനും (ദൈവം)

അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ശാസ്ത്രജ്ഞന്മാർ എന്ന പേരിലും ഗവേഷകർ എന്ന പേരിലും തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തങ്ങളെന്നോണമുള്ള വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ

സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. ഒന്നു കൂടി വിശദമാക്കിയാൽ, ശാസ്ത്ര പാഠങ്ങളും ശാസ്ത്ര സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്. മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാദേവനും

മഹാദേവിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്. മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമിയുമായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണായ ദൈവം എല്ലാ ആനന്ദങ്ങളെയും തന്റെ മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും, കുഞ്ഞുങ്ങൾക്കു നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് ആത്മീയ സാക്ഷാത്ക്കാരം എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള

ഉപാധികളുമാണ് സമ്പത്തെന്നും തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്. ആത്മീയ സാക്ഷാത്ക്കാരത്ത വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രയത്നിക്കുന്നത്.

വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല. മണ്ണായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിപതിയാവുകയുള്ളൂ എന്നതും, അതിൻപ്രകാരമുള്ള നിയമങ്ങളെയും മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ടാവും എന്നും ചിന്തിക്കുവാൻ മനുഷ്യർക്കു കഴിയുന്നതാണ്; ഉയർന്ന ബുദ്ധിശക്തികളെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് ഉപയോഗപ്പെടണം. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറാകുമ്പോൾ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്.

((3))

മോക്ഷം എങ്ങനെയെന്ന് മഹാശാസ്ത്രപരമായിട്ട് വിശദീകരിക്കുന്നു.

ദൈവത്തിൽ/ഭൂമിയിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും ജീവാത്മാവിന് മോക്ഷം അഥവാ മുക്തി ലഭിക്കാൻ, ദൈവീകമായ സാമ്പത്തിക കൈമാറ്റ നിരോധന നിയമവും, ദൈവീകമായ ഇഷ്ട ദാന നിയന്ത്രണ നിയമവും ഉൾപ്പെടെയുള്ള മണ്ണിന്റെ നിയമങ്ങളെ ഓരോ മനുഷ്യനും പാലിക്കേണ്ടതുണ്ട്.

മഹാനീതിശാസ്ത്ര പ്രകാരം 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം എല്ലാ മനുഷ്യർക്കും മഹാഅനുഗ്രഹിച്ചു നൽകാനും, ആനന്ദകാര്യങ്ങളിലും നീതിന്യായ കാര്യങ്ങളിലും മഹാസമത്വത്തെ പാലിക്കാനാണത്. മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവം, ഓരോ മനുഷ്യനും സമആനന്ദമെന്ന മഹാസമനീതിയെ അനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയ ജന്മഗുണങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് എല്ലാ മനുഷ്യർക്കും 100 മനുഷ്യ ജന്മങ്ങളിലൂടെ മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതിനാണ്. ശേഷം സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരത്തെ

ക്രമാനുഗതമായി നൽകുന്നു. മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെയും മറ്റുള്ള ധർമ്മ ശാസ്ത്ര ശാഖകളെയും പിൻപറ്റുന്ന എല്ലാവർക്കും, എല്ലാ ജന്മങ്ങളിലും പരമാനന്ദത്തോടെ ജീവിക്കാനുള്ള മഹാഭാഗ്യത്തെ ലഭിക്കുന്നതാണ്.

മോക്ഷം = ആത്മീയ സാക്ഷാത്ക്കാരം = ജീവാത്മാവിന്റെ മുക്തി = നക്ഷത്രം ☆

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ള ദൈവം, ഓരോ ജീവാത്മാവിനെയും മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ മഹാനയിക്കുകയും പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുകയും; ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രമായിട്ട്,



ആകാശത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

മോക്ഷം പ്രാപ്തമാക്കുന്നതോടെ; മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന് സമ്പൂർണ്ണ മുക്തിയും; ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുവാനും, ഓരോ ജീവാത്മാവിനും സാധിക്കുന്നതാണ്. (സ്വയം രണ്ടായിട്ടു വിഭജിച്ച് തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓര്ക്കുകയും ചെയ്യുന്ന കാമാനന്ദമായ പരമാനന്ദത്തെയും സ്വന്തമായ ഇഷ്ടപ്രകാരം അനന്തകാലം ആസ്വദിക്കുവാൻ സാധിക്കുന്നതാണ്). മഹാപ്രപഞ്ചവുമായി ബന്ധമില്ലാത്തതായ "ദൈവത്തിന്റെ ബ്രഹ്മം എന്ന അവസ്ഥയെപ്പോലെ" നിർഗ്ഗുണമായും മോക്ഷത്തിൽ - നക്ഷത്രമായിരിക്കെ - കഴിയാനാവും. സമസ്ത ആനന്ദങ്ങളെയും അനുഭവിച്ച് നക്ഷത്രങ്ങൾക്ക് ആകാശത്ത് സ്വതന്ത്രരായി അനന്തകാലം കഴിയാം.

ദൈവം, ജീവാത്മാവിനെ ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രമായിട്ട് ഉയർത്തുമ്പോൾ, ജീവാത്മാവിന്റെ മേൽ അതുവരെ മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിച്ചുപോന്ന മഹാനിയന്ത്രണങ്ങളും മഹാഭരണവും അവസാനിപ്പിച്ച് (മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന്) സമ്പൂർണ്ണ മുക്തിയെ മഹാഅനുഗ്രഹിച്ച് നൽകുകയാണ്. മോക്ഷം. മോക്ഷം പ്രാപിക്കുന്നതോടെ എല്ലാ ജീവികൾക്കും - ജീവാത്മാക്കൾക്കും - നക്ഷത്രം ☆ എന്ന സമ(ജീവി)രൂപത്തെ ലഭിക്കുന്നതുമാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ സഞ്ചരിച്ച ജീവാത്മാവ്,

അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും നക്ഷത്രം എന്ന മോക്ഷത്തെയും പ്രാപ്തമാക്കുന്നതു കൊണ്ടാണ് നക്ഷത്രത്തിന് 5 കോണുകളുള്ളത്. ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ നക്ഷത്രങ്ങൾക്ക് 5 കോണുകൾ ഉള്ളതായിട്ട് കാണാനും കഴിയുന്നതാണ്.

മണ്ണും ഭൂമിയുമായ ദൈവം, ഓരോ മനുഷ്യനും (ജീവാത്മാവിനും) മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടെ; ജീവാത്മാവിന് സമ്പൂർണ്ണ മുക്തി ഉണ്ടാവുന്നതും; ഓരോ ജീവാത്മാവിനും നക്ഷത്രം എന്ന സത്യവും നിത്യവും, അ-'നിശ്ചിത' മഹാസമരൂപമായ വാതകരൂപം ലഭിക്കുന്നതും ഓരോ ജീവാത്മാവും തന്റെ രണ്ടാമത്തെ പകുതിയോടു മാത്രം ചേര്ന്ന് ആനന്ദ ജീവിതം നയിക്കുന്നതുമാണ്. ((ഓരോ മനുഷ്യനെയും / ജീവിയെയും സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായിട്ടു വിഭജിച്ചാണ് സൃഷ്ടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ആത്മീയ സാക്ഷാത്ക്കാരം നേടുന്ന സമയത്ത്, രണ്ടായിട്ടു നിൽക്കുന്നവരെ വീണ്ടും ഒന്നിപ്പിക്കുന്നുണ്ട്. ഉൽക്കൃഷ്ടമായ പ്രസ്തുത വസ്തുത കാലാന്തരത്തിൽ ദുഷിക്കുകയും ജീർണ്ണിക്കുകയും ചെയ്താണ് ഭർത്താവിന്റെ ചിതയിൽ ജീവിച്ചിരിക്കുന്ന ഭാര്യയെ തള്ളിയിട്ടും ചാടിച്ചു കൊല്ലുകയും ദഹിപ്പിക്കുകയും ചെയ്യുന്ന "സതി" എന്ന ദുരാചാരം ഉണ്ടായത്.)).

മോക്ഷം പ്രാപിക്കുന്ന എല്ലാ മനുഷ്യർക്കും നക്ഷത്ര☆മായിരിക്കുമ്പോൾ, ഭൂമിയിലെ ജീവികളെയും ജീവിതങ്ങളെയും ആകാശത്ത് നിന്ന് കാണാനാവും

എന്നല്ലാതെ ഇടപെടാനാവില്ല. ഓസോൺ എന്ന മഹാനീതിശാസ്ത്ര ബന്ധനം അഥവാ ഓംകാര ബന്ധനം വഴി പരസ്പര-മുക്തി സ്ഥാപിച്ചിരിക്കുകയാണ്. ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ അഥവാ പരമായ അവസ്ഥ അഥവാ പരബ്രഹ്മം എന്നത് മഹാപ്രപഞ്ചമാണ് അഥവാ ജഗത്താണ് എന്ന് മോക്ഷത്തിൽ - നക്ഷത്രമായിരിക്കെ - തീർച്ചയായും ബോദ്ധ്യപ്പെടുന്നതാണ്. അതോടെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സന്തതിയായിട്ട് ഭൂമിയിൽ ജീവിക്കാൻ കാലക്രമേണ ആഗ്രഹിക്കുന്നതാണ്. മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവം, മഹാജ്ഞാനമാകുന്ന മഹാശാസ്ത്ര പ്രകാരം സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ജഗത്താണ് മഹാശ്രേഷ്ഠമെന്ന് നക്ഷത്രമായിരിക്കുന്ന ഓരോ കുഞ്ഞിനും ബോദ്ധ്യപ്പെടുന്നതാണ്. ഭൂമിയിലെ ജീവികളുടെയെല്ലാം ഇടയിൽ വീണ്ടും മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ സഞ്ചരിക്കാൻ നക്ഷത്രങ്ങൾ ആഗ്രഹിക്കുന്നതാണ്. മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളും നക്ഷത്രങ്ങളുമായ ജീവാത്മാക്കളെ മഹാഅനുഗ്രഹിക്കുകയും മനുഷ്യാവ-സ്ഥയിൽ വച്ച് വീണ്ടും മോക്ഷം നൽകുന്നതുമാണ്. കൂടാതെ, ദൈവത്തെ മകനും മകളുമായി ലഭിക്കുന്നതും പരിചരിക്കുന്നതും ഉൾപ്പെടെയുള്ള മഹാഭാഗ്യത്തെയും മഹാനീതിശാസ്ത്ര പ്രകാരം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

മോക്ഷത്തെ അഥവാ മുക്തിയെ ഓരോ മനുഷ്യനും/ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് ഭൂമിയിലെങ്ങുമുള്ള ഓരോ മനുഷ്യനെയും ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യുവാൻ ദൈവത്തിനു ബാദ്ധ്യതയുണ്ട്. മാത്രമല്ല,

ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ആത്മസംതൃപ്തിയോടെ വിരമിക്കാനും മുക്തി നേടാനുമുള്ള കുറ്റമില്ലാത്ത മഹാശാസ്ത്രപരമായ സംവിധാനങ്ങളെ മഹാഒരുക്കാനും ദൈവത്തിനു ബാദ്ധ്യതയുണ്ട്. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം മനുഷ്യർക്കെല്ലാം ബന്ധുക്കളും ബന്ധങ്ങളും ഉണ്ടായിട്ടുള്ളതിൽ മണ്ണും ഭൂമിയുമായ ദൈവത്തിനു പങ്കുള്ളതുകൊണ്ടാണത്.

ദൈവത്തിൽ നിന്നുള്ള മുക്തി

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാ-നീതിപതിയുമായ ദൈവം, മണ്ണും ഭൂമിയുമായിക്കൊണ്ട് ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളതിൽ മഹാശ്രേഷ്ഠമായ മഹാ - പദ്ധതികളുണ്ട്. "മണ്ണും ഭൂമിയുമായ ദൈവത്തിന്റെ" അംശമായ മണ്ണുകൊണ്ടാണ് ജീവികളുടെയെല്ലാം ശരീരത്തെ മഹാസൃഷ്ടിച്ചിട്ടുള്ളത്; ശരീരത്തെ ഉപാധിയാക്കിയാണ് ജീവികളുടെയെല്ലാം ജനന-ജീവിത-മരണങ്ങളെയും ആനന്ദങ്ങളെയും ഭദ്രമാക്കീട്ടുള്ളത്. ദൈവം, ഓരോ കുഞ്ഞിനും മഹാവാത്സല്യത്തോടെ

അനന്തങ്ങളെന്നോണമുള്ള ആനന്ദങ്ങളെ മണ്ണായ ശരീരത്തിലൂടെ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ദൈവം, കുഞ്ഞുങ്ങളുടെയെല്ലാം ശരീരങ്ങളായും, ആനന്ദങ്ങളായും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും മഹാവാത്സല്യത്തോടെ പ്രവർത്തിക്കുന്നത് സൃഷ്ടികളായ കുഞ്ഞുങ്ങൾക്കെല്ലാം വേണ്ടിയാണ്. കുഞ്ഞുങ്ങൾക്കെല്ലാം അനന്തങ്ങളെന്നോണമുള്ള ആനന്ദങ്ങളെ അറിയാനും അനന്തകാലം അവയെ അനുഭവിക്കാനും പ്രാപ്തരാക്കുകയാണ്. മുമ്പ് വ്യക്തമാക്കിയതുപോലെ, ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുവാൻ മോക്ഷത്തിൽ സാധിക്കുന്നതാണ്.

ജീവികളുടെയെല്ലാം സ്വത്വമായ ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത് "മണ്ണും ഭൂമിയുമായ ദൈവം തന്നെയാണെങ്കിലും", "മണ്ണ് ഉപയോഗിച്ചല്ലാ" സൃഷ്ടിച്ചിട്ടുള്ളത്. മണ്ണും ഭൂമിയുമായ ദൈവം, ആകാശത്തിലെ സൂര്യനിൽ നിന്ന് ഭൂമിയിൽ എത്തുന്ന "ഭൂമിയുടെ ദാസനും പരമാത്മാവുമായ ഹൈഡ്രജനിൽ നിന്ന് ജീവാത്മാവായിട്ട് പുതിയൊരു ഹൈഡ്രജനെ സൃഷ്ടിക്കുകയാണു ചെയ്യുന്നത്. ജീവാത്മാവിനെ മണ്ണിൽ തൊടീക്കാതെ സൃഷ്ടിച്ച് ആദ്യ ജീവിയായിട്ട് മഹാനിശ്ചയിച്ചിട്ടുള്ളതും മണ്ണുകൊണ്ട് സൃഷ്ടിച്ചിട്ടുള്ളതുമായ മത്സ്യ-ശരീരത്തിൽ ചേർക്കുന്നു.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള അവസ്ഥകളെ മഹാനീതിശാസ്ത്ര പ്രകാരം ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു

നൽകുന്നു. ജീവാത്മാവിനെ അഥവാ ജീവിയെ ക്രമേണ പരിണമിപ്പിക്കുകയും, മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്രമായിട്ട് അഥവാ സ്വതന്ത്ര ഹൈഡ്രജനായിട്ട് ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നു. മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിക്കുകയും, മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള ജീവിചക്രത്തിലൂടെ മഹാനീതി ശാസ്ത്ര പ്രകാരം മഹാപരിപാലിക്കുകയും മഹാപരിണമിപ്പിക്കുകയും ചെയ്യുമ്പോൾ ജീവാത്മാവിനെ യാതൊരിക്കലും നേരിട്ട് മണ്ണിൽ തൊടീക്കുന്നില്ല. അതായത് മഹാശക്തിയും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഭാഗമല്ലാത്ത സൃഷ്ടിയും കുഞ്ഞും മാത്രമാണ് ജീവാത്മാവ് അഥവാ ജീവി അഥവാ മനുഷ്യൻ. മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന് വേറിട്ട ആകാശത്തിൽ അഥവാ സൂര്യനിൽ നിന്നു വന്ന പരമാത്മാവിൽ നിന്ന് സൃഷ്ടിച്ചിട്ടുള്ള ജീവാത്മാവിന് ഭൂമിയിലോ, ഭൂമിയിലെ വസ്തുക്കളിലോ അവകാശവും അധികാരവും ഇല്ല. ദൈവത്തിന്റെ കുഞ്ഞായ ജീവാത്മാവിന് മോക്ഷത്തെ (നക്ഷത്രം) മഹാഅനുഗ്രഹിച്ചു നൽകി ആകാശത്തിലേക്ക് ഉയർത്തുമ്പോഴും ഭൂമിയിലോ, ഭൂമിയിലെ വസ്തുക്കളിലോ അവകാശവും അധികാരവും ഇല്ല തന്നെ. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ, ഭൂമിയിൽ വച്ച്, മനുഷ്യാവസ്ഥയിൽ ജീവാത്മാവിന് ലഭ്യമാവുന്നതിനാൽ; സ്വന്തമാണെന്നു തോന്നുന്നതായ ശരീരം പോലും സ്വന്തമല്ലെന്നും, മണ്ണും ഭൂമിയുമായ ദൈവം, (മണ്ണായ) ശരീരത്തെ മടക്കി വാങ്ങുന്നുവെന്നും നന്നായി പഠിക്കുന്നതാണ്. ഉറ്റവരും

ചുറ്റുമുള്ളവരും മറ്റും മരിച്ചു മണ്ണടിയുന്നതും യാതൊരു സമ്പത്തുകളെയും കൂടെക്കൊണ്ടു പോവാൻ യാതൊരാൾക്കും കഴില്ലെന്നതും കണ്ടും കേട്ടും, സ്വയം അനുഭവിച്ചെന്നപോലെ അറിയുന്നുണ്ട്.

മോക്ഷത്തെ അഥവാ മുക്തിയെ ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് ഭൂമിയിലെങ്ങുമുള്ള ഓരോ മനുഷ്യനും / ജീവാത്മാവിനും ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ആത്മസംതൃപ്തിയോടെ മുക്തി നേടാൻ കഴിയുന്നത് എങ്ങനെയെന്ന് മഹാശാസ്ത്രപരമായി ഇനി വിശദീകരിക്കാം :-

ഓരോ മനുഷ്യനും അവരവർക്കു ലഭിക്കുന്ന ശരീരവുമായി ബന്ധപ്പെട്ട ജീവിതം നയിക്കുന്നവരാണ്. (ശരീരത്തെ പ്രധാനമാക്കുന്ന) കുഞ്ഞായിട്ട് ഭൂമിയിലേക്കു പിറന്നു വീഴുമ്പോൾ അമ്മയുമായുള്ള പൊക്കിൾകൊടി ബന്ധം പോലും നീക്കംചെയ്ത് വെവ്വേറെയാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നതും, ശരീരം കൊണ്ട് ആനന്ദങ്ങളെയും വേദനകളെയും അനുഭവി ച്ചു ജീവിക്കുന്നതും അവരവരുടെ ലോകത്താണെന്ന തും, മനുഷ്യന്റെ ശരീരം മരിക്കുമ്പോൾ ജീവാത്മാവിന് മരണം സംഭവിക്കുന്നില്ലെങ്കിലും ജീവാത്മാവിന്റെ ഒരു മനുഷ്യ ജന്മത്തിന് മരണം സംഭവിക്കുന്നുണ്ട് എന്നതും, ശരീരത്തിന്റെ മരണത്തെ മാതാപിതാക്കളുടെ ഉൾപ്പെടെ യാതൊരു ജീവികളുടെയും ശരീരവുമായി ബന്ധിപ്പിച്ചിട്ടില്ലാ എന്നതും ഓരോ മനുഷ്യനും തനിപ്പെട്ട വ്യക്തിയാണെന്ന് സുവ്യക്തമാക്കുന്നുണ്ട്. എന്നാൽ

മനുഷ്യൻ എന്ന പദം ബഹുവചനമാണ് എന്നതും; സ്ത്രീ, പുരുഷൻ എന്നിങ്ങനെ 2 ഭാഗങ്ങളായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും, ഓരോ വ്യക്തിക്കും അറിയുന്നതോ അറിയാത്തതോ ആയ ഇണയുണ്ടെന്ന് സുവ്യക്തമാക്കുന്നുണ്ട്.

വിശദീകരിക്കാം :-

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവമാണ് ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ കാര്യങ്ങളെയും മഹാത്ഭുതകരമെന്നോണം മഹാഭരിക്കുന്നത്. ഓരോ മനുഷ്യന്റെയും എന്നതിൽ അമ്മ, അമ്മൂമ്മ, മുതുമുത്തശ്ശികൾ, അച്ഛൻ, അപ്പൂപ്പൻ, മുതുമുത്തച്ഛന്മാർ, തുടങ്ങിയ എല്ലാ മുൻഗാമികളും, മക്കളും കൊച്ചു മക്കളും കൊച്ചുകൊച്ചു കൊച്ചുമക്കളുമായ

വരും-തലമുറകളും കൂടി ഉൾപ്പെടുന്നു. ഓരോ മനുഷ്യന്റെയും ശരീരത്തിലെ അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും; ജന്മഗുണങ്ങളായ സ്ത്രീ, പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തതകളെയുമെല്ലാം സദാ മഹാഭരിക്കുന്നതും മഹാസമനീതിയെ നൽകുന്നതും, ഭൂമിയിലെ സർവ്വ ജനങ്ങളുടെയും മഹാപിതാവും മഹാമാതാവും ഭൂമിയുമായ ദൈവമാണ്. ഓരോ മനുഷ്യന്റെയും ശരീരത്തെ മഹാഭരിക്കുന്നത് മണ്ണും ഭൂമിയുമായ ദൈവമാണെന്നും മാതാപിതാക്കൾ

ഉൾപ്പെടെയുള്ള ഉറ്റവർക്ക് മനുഷ്യന്റെ ശരീര കാര്യങ്ങളിൽ പങ്കില്ലായെന്നുമാണ് സുവ്യക്തമാക്കിയത്. ജീവാത്മാവിനെ സൃഷ്ടിക്കുന്നതും ദൈവം മാത്രമാണ്. ഓരോ മനുഷ്യന്റെയും ജനനത്തിലും ശൈശവത്തിലും മറ്റും അമ്മയുടെയും അച്ഛന്റെയും ഉറ്റവരുടെയും സ്ഥാനങ്ങൾ അടിസ്ഥാനപരമായിട്ട് 'ലൂടെ' മാത്രമാണ്. കുടുംബ ജീവിതത്തിൽ വിഷയമാവുന്ന അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ തുടങ്ങിയ _ബന്ധങ്ങളെല്ലാം പുനർജ്ജന്മങ്ങളിൽ തന്നെ (ക്രമേണ) വ്യത്യാസപ്പെടുകയും,_ സ്വന്തമായ പകുതി (ഭാര്യ-ഭർത്താവ്) ഒഴികെയുള്ളവ മോക്ഷത്തിൽ സമ്പൂർണ്ണമായും അവസാനിക്കുന്നതുമാണ്. ശരീര നിർമ്മിതിയിൽ പങ്കില്ലെങ്കിലും, _മാതാപിതാക്കളും സഹോദരങ്ങളും മക്കളും ഉറ്റവരുമെല്ലാം അന്യോന്യം സ്നേഹിക്കാനും സന്തോഷിക്കാനും ഉറ്റവരുടെ സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, രോഗം, തുടങ്ങിയ ജന്മഗുണങ്ങളിൽ സാദൃശ്യങ്ങളെ സൃഷ്ടിക്കുവാൻ മണ്ണും ഭൂമിയുമായ ദൈവം മഹാകനിയുന്നുണ്ട്. ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള ശരീര സാദൃശ്യങ്ങളിൽ വ്യക്തിക്കോ മാതാപിതാക്കൾക്കോ യാതൊരു പങ്കുമില്ലായെന്നും മനുഷ്യക്കുഞ്ഞിനു പകരം ഓന്തിനെയോ ആമയെയോ പാമ്പിനെയോ പ്രസവിക്കുകയോ മുട്ട ഇടുകയോ ചെയ്താലും മാതാപിതാക്കൾക്ക് കാഴ്ചക്കാരെപ്പോലെ പ്രവർത്തിക്കാൻ മാത്രമേ കഴിയൂ.

ഓരോ മനുഷ്യന്റെയും ഏറ്റവും വലിയ സമ്പത്ത് മനുഷ്യന്റെ രണ്ടാമത്തെ പകുതിയാണ്; സ്ത്രീക്ക് പുരുഷനും പുരുഷന് സ്ത്രീയും. സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായിട്ടു വിഭജിച്ചാണ് ഓരോ മനുഷ്യന്റെയും സൃഷ്ടി ആരംഭിച്ചിട്ടുള്ളത് എന്നും ആത്മീയ സാക്ഷാത്ക്കാരത്തിൽ രണ്ടു ഭാഗങ്ങളും വീണ്ടും ഒന്നിച്ചു ചേരുമെന്നും മഹാനീതിശാസ്ത്രത്തിൽ പഠിക്കുന്നതാണ്. (സൂര്യനിലും നക്ഷത്രങ്ങളിലും, ഹൈഡ്രജനും ഹീലിയവും നിരന്തരം പ്രതിപ്രവർത്തിക്കുന്നതിന് ജീവാത്മാവിന്റെ സ്ത്രീ-പുരുഷ വിഭജനവുമായി ബന്ധമുണ്ട്. മഹാശക്തിയായ ദൈവം, മഹാഉചിതമായ സമയത്ത് സമ്പൂർണ്ണമായും വെളിപ്പെടുത്തുന്നതാണ്.). ധ്യാനത്തിൽ മുഴുകുമ്പോൾ വ്യക്തിയുടെ ബന്ധുജനങ്ങളും ദൈവവും മനസ്സിൽ നിന്ന് പുറത്താകുന്നതും, ശൂന്യത അവശേഷിക്കുന്നതുമാണ്. മഹാശാസ്ത്ര കാര്യങ്ങളെ കുറിച്ച് കൂടുതൽ പഠിക്കുമ്പോൾ, വ്യക്തിയുടെ മനസ്സിലുള്ള അവ്യക്തമായ ചിന്തകളും രൂപങ്ങളും ക്രമേണ ഉണ്ടാകുന്ന ശൂന്യതയും വ്യക്തിയുടെ രണ്ടാമത്തെ പകുതിയിൽ വിലയം പ്രാപിക്കുന്നതാണ്.

മനുഷ്യർക്ക് ബന്ധുക്കളില്ലേ, ബന്ധുക്കൾ വേണ്ടേ എന്നിങ്ങനെ ചോദിച്ചാൽ, ഉണ്ട്. മഹാപിതാവും മഹാമാതാവുമായ ദൈവവും, പ്രപഞ്ച പിതാവുകൂടിയായ ദൈവത്തിന്റെ ഏക ദാസനും മാത്രമാണ് ഓരോ മനുഷ്യന്റെയും നിത്യരായ യഥാർത്ഥ ബന്ധുക്കൾ; യഥാർത്ഥമായ അമ്മയും അച്ഛനും. മനുഷ്യരുടെ ശരീരങ്ങളുടെയും ആത്മാക്കളുടെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളിൽ എല്ലായ്പ്പോഴും അവകാശവും

അധികാരവുമുള്ളത് അവർക്ക് മാത്രമാണ്. എല്ലാ ആനന്ദങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്ന 'മഹാമാതാവും, ഭാഗമായ പ്രപഞ്ച പിതാവും ചേർന്ന ദൈവം' എല്ലാവരുടെയും ഏക ബന്ധുവാണ്; രണ്ടു ബന്ധുക്കളുമാണ്.

മനുഷ്യരെല്ലാം തങ്ങളുടെ ജീവിതത്തിലെ അമ്മ, അച്ഛൻ, സഹോദരങ്ങൾ, മക്കൾ, കൊച്ചുമക്കൾ തുടങ്ങിയവരെ അപ്രധാനമായി കാണാനല്ല; മറിച്ച് കൂടുതൽ ഉൽക്കൃഷ്ടമായി പെരുമാറാനാണ് ദൈവ-ബന്ധുജ്ഞാനം വഴിയൊരുക്കുക. അതെങ്ങനെയെന്ന് വിശദീകരിക്കാം :- (1) സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ അനന്തങ്ങളെന്നോണമുള്ള ആനന്ദങ്ങളെ പരിചയിപ്പിക്കുകയും മണ്ണും ഭൂമിയുമായ ദൈവം ഉൾപ്പെടെയുള്ള ബന്ധങ്ങളിൽ നിന്നും മോക്ഷം നൽകാനുമാണ് ദൈവം മഹാപ്രവർത്തിക്കുന്നത്; ബന്ധുക്കളെയും ബന്ധങ്ങളെയും സൃഷ്ടിക്കാനല്ല. ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും മാനുഷികമായ ബന്ധങ്ങളും കുടുംബ ജീവിതവും ലൂടെയായി പ്രവർത്തിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ടാണ്.

(2) മഹാശക്തിയായ ദൈവം, ഓരോ മനുഷ്യനെയും കുഞ്ഞായിട്ട് സൃഷ്ടിക്കുന്നതും, ഓരോ കുഞ്ഞിനും സമആനന്ദമെന്ന മഹാസമനീതിയെ നൽകുന്നതും മഹാപാഠമാണ്. അതായത് (ദൈവം) ഓരോ മനുഷ്യന്റെയും സമ്പത്തുകളായും ശക്തികളായും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായും മഹാദാസി-യായും മഹാപിതാവായും മഹാമാതാവായും മഹാനീതിപതിയായും മഹാഅവതരിച്ച്, ഓരോ

മനുഷ്യനെയും മഹാകരുതുന്നതിനെ മനസ്സിലാക്കാനും; മഹാനീതിശാസ്ത്ര പ്രകാരം ജീവിക്കാനും ഓരോ മനുഷ്യനും സ്വയം ബാദ്ധ്യസ്ഥമാകുന്നതാണ്.

(3) ഏകമഹാശക്തിയായ ദൈവം, രണ്ടായിട്ടു വിഭജിച്ച് മഹാശക്തിയായ മഹാശിവയായ മഹാമാതാവും, ഏകദാസനായ പരമശിവനായ പിതാവുമായിട്ട് മഹാഅവതരിച്ചിട്ടുള്ളതിനെ അനുകരിച്ച്; സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായിട്ടു വിഭജിച്ചാണ് ഓരോ മനുഷ്യന്റെയും സൃഷ്ടി ആരംഭിച്ചിട്ടുള്ളത് എന്നതും, ഓരോ മനുഷ്യന്റെയും ഏറ്റവും വലിയ സമ്പത്ത് അവരവരുടെ രണ്ടാമത്തെ പകുതിയാണെന്നതും, ആത്മീയ സാക്ഷാത്ക്കാരത്തിൽ ഓരോ മനുഷ്യന്റെയും രണ്ടു ഭാഗങ്ങളും വീണ്ടും ഒന്നിച്ചു ചേരുമെന്നതും മഹാവിപ്ലവമാണ്. തങ്ങളുടെ അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, ശത്രുക്കൾ, തുടങ്ങിയവരിൽ ഒരാൾ തന്റെ രണ്ടാമത്തെ പകുതിയാവാനുള്ള സാദ്ധ്യത ഏറെയാണെന്നത് മനുഷ്യരിലെ സ്നേഹവാത്സല്യ ങ്ങളെ വർദ്ധിപ്പിക്കുന്നതാണ്. അതാതു ജന്മത്തിലെ സ്ഥാനങ്ങളെ ഉൾക്കൊണ്ട്, അന്യോന്യം ഉചിതമായിട്ട് സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുക യും ശുശ്രൂഷിക്കുകയും ചെയ്യേണ്ടുന്നത് വ്യക്തിയുടെ ആവശ്യമാക്കുന്ന മഹാസംവിധാനം കൂടിയാണത്. ഓരോരുത്തരും ഇപ്പോഴത്തെ തങ്ങളുടെ ഇണയെ ധർമ്മശാസ്ത്രപരമായിട്ട് സദാ പരിചരിക്കുന്നതോടെ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം സംശുദ്ധമാവുന്നതാണ്; പരമാനന്ദകരവും.

(4) ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പ്, ഓരോ മനുഷ്യനും പശു, കാള ജന്മങ്ങളെ സ്വീകരിക്കേണ്ടതുണ്ട് എന്ന മഹാപാഠം പ്രകാരം, മറ്റുള്ള ജീവികളെയും സ്നേഹിക്കുവാൻ കാരണമുണ്ടാകുന്നു. തങ്ങളുടെ രണ്ടാമത്തെ പകുതി പശു, കാള ജന്മത്തിലാവാം എന്ന് ചിന്തിക്കുമ്പോൾ വിഷയത്തിന് ഗൗരവം കൂടുന്നു.

(5) മഹാനീതിപതിയായ ദൈവം, മനുഷ്യാവസ്ഥയിലെ പുനർജ്ജന്മങ്ങളിൽ പുണ്യം, പാപം തുടങ്ങിയവയിലെ മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നുണ്ട്. എന്നാൽ, കടുത്ത അപരാധങ്ങൾ ചെയ്യുന്ന മനുഷ്യർക്ക് പട്ടി, പൂച്ച, എലി, കുരങ്ങ്, കഴുത തുടങ്ങിയ ജീവികളായിട്ട് അനവധി ജന്മങ്ങളിൽ ദൈവ ശിക്ഷ അനുഭവിച്ച് ധാർമ്മിക ശുദ്ധി നേടണമെന്ന് മഹാനീതിശാസ്ത്രം വിധിക്കുന്നത് അതീവഗൗരവങ്ങളാണ്; എല്ലാ കുഞ്ഞുങ്ങളെയും ശുദ്ധിചെയ്ത് മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവത്തിന്റെ മഹാവാത്സല്യമാണ്.

മേൽ വിവരിച്ച കാര്യങ്ങളെ ചുരുക്കി പറയുമ്പോൾ, ശൂന്യതയിൽ നിന്നെന്നപോലെ, തന്റെ ഭാഗവും ഏകദാസനും പ്രപഞ്ച പിതാവുമായ പരമാത്മാവിൽ നിന്ന് ദൈവം "ജീവാത്മാവിനെ" സൃഷ്ടിക്കുന്നു. ദൈവത്തിന്റെ മണ്ണായ ശരീരവും ജീവനായ ഓക്സിജനും "ജീവാത്മാവിന്" മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് കുഞ്ഞായിട്ടാണ് ജീവിയെ സൃഷ്ടിക്കുന്നത്. ജീവി മനുഷ്യാവസ്ഥയിൽ എത്തുമ്പോൾ

അനന്തങ്ങളായ ആനന്ദങ്ങളെ മഹാഅനുഗ്രഹിച്ചു നൽകുന്ന മണ്ണും ഭൂമിയുമായ ദൈവം; ഓരോ ജീവാത്മാവിനും നക്ഷത്രം ☆ എന്ന മോക്ഷം നൽകുന്നു. അതിന്നായിട്ട്, ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ഓരോ ജീവാത്മാവിനും ആത്മസംതൃപ്തിയോടെ മുക്തി നേടാനുള്ള മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.

മോക്ഷത്തെ അഥവാ മുക്തിയെ ഓരോ മനുഷ്യനും/ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് മണ്ണും ഭൂമിയുമായ ദൈവത്തോടും, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളോടും കാട്ടിയിട്ടുള്ള തെറ്റുകുറ്റങ്ങൾക്കും ദ്രോഹങ്ങൾക്കും ഭൗതികമായിട്ട് പരിഹാരമുണ്ടാക്കാൻ ഭൂമിയിലെങ്ങുമുള്ള ഓരോ മനുഷ്യനും ധർമ്മശാസ്ത്രപരമായിട്ട് സ്വയം ബാദ്ധ്യതയുണ്ട്; കടമകളെയും കടപ്പാടുകളെയും നിറവേറ്റാത്തവരെ ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യുവാൻ ദൈവത്തിനും ബാദ്ധ്യതയുണ്ട്.

വളരെ വളരെ വലിയ വിഷയമാണത്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളെയെല്ലാം തങ്ങളുടെ ദുസ്വാർത്ഥങ്ങളും ദുർനടപടികളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് അനേകം നീചജന്മങ്ങളിലായിട്ട് അശുദ്ധപ്പെടുത്തിയവരെ അനേകം ജന്മങ്ങളിൽ ശിക്ഷിക്കുകയും എന്നാൽ 3 മുതൽ 33

വർഷം വരെ നീളുന്ന ദൈവത്തിന്റെ മഹാചിരി ക്കാലം കൊണ്ട് ഭൂമിയിലെങ്ങുമുള്ള അധമത്തങ്ങളെ അവസാനിപ്പിക്കുകയും ചെയ്യുന്ന മഹാവിദ്യയും മഹാവാത്സല്യവുമാണത്.

മഹാശക്തിയായ ദൈവം; ആദിവചനവും സൃഷ്ടിമന്ത്രവും, സംഹാര കാഹളവും, ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, മഹാശാസ്ത്ര മൂലവും, ഏക മഹാശബ്ദവും, മഹാസംഗീതവും, മഹാചിരിയുമായ ഓം ഭൂമിയിലെങ്ങും - മഹാപ്രപഞ്ചത്തിലെങ്ങും - മുഴക്കിക്കൊണ്ട് ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ വ്യത്യസ്ത ശാസ്ത്ര ശാഖകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാരും ഭരണാധികാരികളും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മത-ജാതി പ്രസ്ഥാനങ്ങളിലും ഒക്കെ പ്രവർത്തിക്കുന്നവരും ഞെട്ടിത്തെറിച്ച് ധാർമ്മിക ശുദ്ധിയുടെ അത്യാവശ്യകത മനസ്സിലാക്കുന്നതാണ്; ശുചിത്വ ജോലികളെ അതിശീഘ്രം ഏറ്റവുമധികം ഭംഗിയായി ചെയ്യുന്നതുമാണ്.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ജീവികളുടെയെല്ലാം ശരീരങ്ങളെയും ഭൂമിയിലെ വസ്തുക്കളെയും മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് ധർമ്മ ശാസ്ത്ര പാലനത്തെ ആധാരമാക്കിയാണ് എന്നതു കൂടാതെ, ധർമ്മ ശാസ്ത്ര നിയമങ്ങൾക്കെല്ലാം ഭൗതികമായ അസ്തിത്വമുണ്ട്. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ പ്രകാരം ജീവിച്ചാൽ മാത്രമേ ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം ആനന്ദകരമാവൂ.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെയും ജീവികളുടെയുമെല്ലാം മേലുള്ള അവകാശവും അധികാരവും ദൈവത്തിനു മാത്രമാണെന്നത് ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്ര പ്രകാരം മുമ്പ് വിശദീകരിച്ചിട്ടുണ്ട്. ദൈവത്തിന്റെ മഹാശക്തികളെയും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും മഹാലയിപ്പിച്ചാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നും മുമ്പ് വിശദമാക്കിയതാണ്. ഭൗതിക അസ്തിത്വമുള്ളതായ നിയമങ്ങൾ മാത്രമേ മഹാപ്രപഞ്ചത്തിന് ചേരുകയുള്ളൂ.

കാറും ബൈക്കും വിമാനവും ടെലിവിഷനും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ ഭൗതിക ശാസ്ത്ര നിയമങ്ങളുമായിട്ട് മഹാലയിപ്പിച്ചിട്ടുള്ളതുപോലെ; സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, യുക്തി ശാസ്ത്രം തുടങ്ങിയ ധർമ്മ ശാസ്ത്ര ശാഖകളുമായും മഹാലയിപ്പിച്ചിട്ടുണ്ട്. യഥോചിതം വിശകലനം ചെയ്താൽ ബോദ്ധ്യപ്പെടുന്നതാണ്. .... മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജനനം മുതൽ മരണം വരെയുള്ള ജീവിതകാലത്ത് ശരീരത്തിൽ അറിഞ്ഞും അറിയാതെയും ഒന്നു ചൊറിയുന്നതും, നഖവും മുടിയും മറ്റും വളരുന്നതും, ഉൾപ്പെടെയുള്ള ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും മഹാഭരിക്കുന്നത് മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിങ്ങനെയുള്ള യഥാർത്ഥമായ വേദങ്ങൾ പ്രകാരമാണ്.

മനുഷ്യൻ / വ്യക്തി വസ്തുതകളെ തിരിച്ചറിയുന്നതോടെ അഹംഭാവങ്ങളും അഹങ്കാരങ്ങളും പൊങ്ങച്ചങ്ങളും കാപട്യങ്ങളും അസത്യങ്ങളും അധർമ്മങ്ങളും അനീതികളും അവിവേകങ്ങളും പോലെയുള്ള ദുർഗ്ഗുണങ്ങൾ മനുഷ്യനിൽ നിന്ന് അപ്രത്യക്ഷമാവുന്നതാണ്.

ജനങ്ങളുടെ ദാസന്മാർ മാത്രമായ ഭരണാധികാരികളും മറ്റും ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജനങ്ങൾക്കു വേണ്ടി ധർമ്മ ശാസ്ത്ര നിയമങ്ങളെ ഉണ്ടാക്കേണ്ടതില്ല. സൃഷ്ടി-സ്ഥിതി-സംഹാരകർത്താവായ ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും വേണ്ടതായ ധർമ്മ ശാസ്ത്ര നിയമങ്ങളെ മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ട്. ഭൗതിക അസ്തിത്വമില്ലാത്തതായ നിയമങ്ങളെ തട്ടിക്കൂട്ടിയാൽ, ഭൂമിയിലെ ജീവികൾക്കു ചേരുന്നതല്ല. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്. മാത്രമല്ല; മനുഷ്യർ തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെ പുറന്തള്ളാനായിട്ട് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികൾ മനുഷ്യരിലൂടെ പ്രവർത്തിക്കുന്നതും, സത്യാവസ്ഥയും ധാർമ്മിക ശുദ്ധിയും പുനഃസ്ഥാപിക്കും വരെ സമൂഹത്തില് തീവ്രവാദം ഉൾപ്പെടെയുള്ള അധർമ്മങ്ങളെ ഉണ്ടാക്കുന്നതും വർദ്ധിപ്പിക്കുന്നതും "ജന്മങ്ങളിലൂടെ വർദ്ധിച്ച /ബഹുവിധ ശിക്ഷകൾക്ക് അർഹരായവർ" ശിക്ഷിക്കപ്പെടുന്നതുമാണ്. ....

മോക്ഷം നേടാൻ മണ്ണും ഭൂമിയുമായ ദൈവത്തോട്, മനുഷ്യരെല്ലാം അവശ്യം പുലർത്തേണ്ടതായ ഏതാനും സാമ്പത്തിക മര്യാദകളെപ്പറ്റി മാത്രം ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നു :-

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സമ്പത്തുകളാണ് ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം എന്നതുപോലെ, ദൈവം തന്നെയാണ് 'മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വന്തമായ പകുതി ഒഴികെയുള്ള' സമ്പത്തുകളായിരിക്കുന്നത് എന്നതിനെയും, അതീവ ഗൗരവത്തോടെ വിശകലനം ചെയ്യണം.

ഓരോ മനുഷ്യന്റെയും ആനന്ദങ്ങളായും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും പ്രവർത്തിക്കുന്ന സമ്പത്തുകളും (ദൈവവുമായ) ഭൂമിയിലെ പ്രദേശങ്ങളെയും ഭൂമിയിലെ വസ്തുക്കളെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും നേടാനാണ് മനുഷ്യർ അദ്ധ്വാനിക്കുന്നത്. ആനന്ദങ്ങളെ യഥാർത്ഥത്തിൽ നേടുന്നതും നേടാനായിട്ട് പ്രയത്നിക്കുന്നതും സ്വന്തമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനാണ്. ഇവിടെ ധർമ്മശാസ്ത്രപരമായ ക്രമപ്രശ്നമുണ്ട്. മക്കളുടെയും കൊച്ചു മക്കളുടെയും ഉറ്റവരുടെയും ആനന്ദങ്ങളെയും, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെയും അറിഞ്ഞും അറിയാതെയും ഭരിക്കാനും നയിക്കാനും നിശ്ചയിക്കാനും ഒക്കെ വ്യക്തിതയ്യാറാകുന്നത് മണ്ണിന്റെ നിയമങ്ങളെ ധിക്കരിച്ചാവരുത്.

സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്

എന്നതുപോലെ സമ്പത്തുകളെ ധർമ്മശാസ്ത്രപരമായി ഉപയോഗിക്കേണ്ടതുമുണ്ട്. **മോക്ഷത്തിൽ** / ആത്മീയ സാക്ഷാത്ക്കാരത്തിൽ **വിഷയമാണത്.**

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്ത മായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് ആത്മീയ സാക്ഷാത്ക്കാരം അഥവാ മോക്ഷം എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളു മാണ് സമ്പത്തെന്നും മുമ്പ് വ്യക്തമാക്കിയതാണ്.

ഭൂമിയിൽ വച്ച് ഓരോ ജന്മത്തിലും കുഞ്ഞായിട്ട് ജനിക്കുകയും, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് വളരുകയും, മണ്ണിൽ ജീവിക്കുകയും, മരണത്തോടെ (മണ്ണായ) ശരീരത്തെ വീണ്ടും മണ്ണ് ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ശരീരത്തെ പ്പോലും ഓരോ ജന്മത്തിലും മണ്ണായ ദൈവം മടക്കി വാങ്ങുമ്പോൾ യാതൊരു ജനങ്ങൾക്കും യാതൊരു സമ്പത്തുകളിലും അവകാശ മോ അധികാരമോ ഇല്ലെന്ന് തിരിച്ചറിഞ്ഞുകൊള്ളണം. മോക്ഷത്തെ നേടുമ്പോഴും മണ്ണായ ശരീരം ഉൾപ്പെടെയുള്ള സമ്പത്തുകളെ ഉപേക്ഷിക്കേണ്ടതുണ്ട്.

മഹാശക്തിയും ഭൂമിയും മണ്ണുമായ ദൈവം, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിലെ സമ്പത്തിനെ ഉപയോഗിക്കാനാണ് മണ്ണിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ മഹാഅനുഗ്രഹിച്ച് അനുവദിച്ചിട്ടുള്ളത്.

തങ്ങൾക്ക് ശരിയെന്നു തോന്നുമ്പോലെയോ ഇഷ്ടംപോലെയോ ജീവിക്കാൻ മനുഷ്യർ തയ്യാറാവരുത് എന്ന താക്കീതും അതിലുണ്ട്. കുഞ്ഞുങ്ങൾക്കെല്ലാം സമമായിട്ട് എല്ലാ ആനന്ദങ്ങളെയും ലഭ്യമാക്കേണ്ടത് ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യത്തെ യാഥാർത്ഥ്യമാക്കാൻ ആവശ്യമാണ്; ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള ചുമതലയാണ്.

മഹാശക്തിയും ഭൂമിയുമായ ദൈവം തന്നെയാണ് ജീവികളുടെയെല്ലാം സമ്പത്തുകളായിരിക്കുന്നതെന്ന് മുകളിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയെ സമ്പത്തായിട്ടോ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവമായിട്ടോ കണക്കാക്കുമ്പോൾ, ഭൂമിയുടെ (കുഞ്ഞുങ്ങളായ) ജീവികൾക്കെല്ലാം സമ അവകാശമാണ് ഉള്ളതെന്നും; മനുഷ്യരുടെ അദ്ധ്വാനത്തെ ആധാരമാക്കിക്കൊണ്ട് മനുഷ്യർക്ക് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിരിക്കുകയാണ് എന്നും സുവ്യക്തമാണ്. ദൈവത്തിന്റെ സമ്പത്തിൽ അവകാശവും അധികാരവും നേടാൻ (ദൈവം) മഹാ അനുവദിച്ചിട്ടുള്ളത് മണ്ണിൽ അദ്ധ്വാനിക്കുന്നവർക്കു മാത്രമാണ്.

സമ്പത്തുകൊണ്ട് എപ്പോഴും ആനന്ദിച്ചു ജീവിക്കുവാൻ ജനങ്ങൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യമുണ്ട്; എന്നാൽ ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ആനന്ദിക്കുവാൻ ഓരോ മനുഷ്യനും സ്വയം ബാദ്ധ്യതയുണ്ട്. മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ യാതൊരാൾക്കും അവകാശമില്ല; യാതൊരാളും

ആനന്ദിക്കുന്നത് മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ ആനന്ദത്തിന് തടസ്സമുണ്ടാക്കി ആവരുത്.

ഓരോ മനുഷ്യന്റെയും (ജീവിയുടെയും) ശരീരത്തെ മഹാഭരിക്കുന്നത് ജീവനും ശക്തിയും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജനാണെന്നും; എന്നാൽ ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവാത്മാവാണെന്നും മുമ്പ് വിശദമാക്കിയതാണ്.

മഹാപിതാവും മഹാമാതാവും മഹാവാത്സല്യവും മഹാനീതിപതിയുമായ ദൈവം, കുഞ്ഞുങ്ങൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന് കുഞ്ഞുങ്ങളായ മറ്റു മനുഷ്യർ തങ്ങളുടെ അധമമായ ആഗ്രഹങ്ങൾ കൊണ്ട് തടസ്സമുണ്ടാക്കരുത്.

ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെല്ലാം ധർമ്മ ശാസ്ത്ര പ്രകാരം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനുഭവിച്ച് ആനന്ദത്തോടെ ജീവിക്കുകയേ വേണ്ടൂ. ആനന്ദിക്കുന്നതിന്, തങ്ങൾ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെയും സൽപ്പേരിനെയും ഉപയോഗിച്ച് മക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ വളർത്തി വലുതാക്കാനും പഠന സൗകര്യങ്ങളെ നൽകാനും തൊഴിൽ നേടാനും ധർമ്മ ശാസ്ത്രപരമായിട്ടു മാത്രം പ്രവർത്തിക്കാവുന്നതാണ്, സഹായിക്കാവുന്നതാണ്; മാതാപിതാക്കളെയും സഹോദരങ്ങളെയും ഉറ്റവരെയും ധർമ്മശാസ്ത്രപരമായി മാത്രം പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യാനാവും. ജീവിച്ചിരിക്കുമ്പോൾ അന്യോന്യം ധർമ്മശാസ്ത്ര പരമായിട്ട് സ്നേഹിച്ചു കൊള്ളുക എന്നല്ലാതെ തങ്ങളുടെ മരണശേഷം മക്കളും കൊച്ചുമക്കളും ഉറ്റവരും ആനന്ദിച്ചു ജീവിക്കുന്നതിന്നു

വേണ്ടി സമ്പാദിക്കാൻ യാതൊരാൾക്കും അവകാശമില്ല. മാതാപിതാക്കളും സഹോദരങ്ങളും മക്കളും ഉറ്റവരുമെല്ലാം അന്യോന്യം സ്നേഹിക്കുകയും, പരിചരിക്കുകയും, യഥോചിതം ശുശ്രൂഷിക്കുകയും, സഹായിക്കുകയും ചെയ്യേണ്ടുന്നത് മണ്ണായ ദൈവം അഥവാ മണ്ണിന്റെ നിയമങ്ങൾ അത്യാവശ്യമാക്കുന്നതു മനസ്സിലാക്കാൻ_ ഉറ്റവരുടെ മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, രോഗം, തുടങ്ങിയ ജന്മഗുണങ്ങളിലെ സാദൃശ്യങ്ങൾ പ്രയോജനപ്പെടണം. അതേസമയം ഉറ്റവരുടെ ഉൾപ്പെടെ യാതൊരാളുടെയും ശാരീരിക സാദൃശ്യങ്ങളിൽ മറ്റുള്ള വർക്ക് പങ്കില്ലെന്നും, മഹാവാത്സല്യവും മഹാനീതിപതി യുമായ ദൈവത്തിന്റെ മഹാനീതിശാസ്ത്രമനുസരിച്ചു സംഭവിക്കുന്നതാണെന്നും സുവ്യക്തമായി അറിയണം. മനുഷ്യക്കുഞ്ഞിനു പകരം ഓന്തിനെയോ ആമയെയോ പാമ്പിനെയോ പ്രസവിക്കുകയോ മുട്ട ഇടുകയോ ചെയ്താലും മാതാപിതാക്കൾക്ക് കാഴ്ചക്കാരെപ്പോലെ പ്രവർത്തിക്കാനേ കഴിയൂ.

തങ്ങളോ മറ്റുള്ളവരോ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെ സ്വന്തമായ പകുതി (ഭാര്യ-ഭർത്താവ്) ഒഴികെയുള്ളവർക്ക് കൈമാറ്റം ചെയ്യാൻ തങ്ങൾക്ക് അവകാശമോ അധികാരമോ ഇല്ലെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തിന്റെ സമ്പത്തുകളെ ഓരോ മനുഷ്യനും - മക്കളും കൊച്ചു മക്കളും ഉറ്റവരുമെല്ലാം - ധർമ്മശാസ്ത്രപരമായിട്ട് അദ്ധ്വാനിച്ചു നേടേണ്ടതാണ്. മറ്റുള്ള ജീവികളുടെ കുഞ്ഞുങ്ങൾ വളരുന്നതും ജീവിക്കുന്നതും പാഠമാക്കാവുന്നതാണ്.

ഉറ്റവർ തമ്മിലുള്ള ശരീര സാദൃശ്യങ്ങൾക്ക് സാമ്പത്തിക ശാസ്ത്രത്തിൽ യാതൊരു സ്ഥാനങ്ങളും ഇല്ല.

ദൈവീകമായ സാമ്പത്തിക കൈമാറ്റ നിരോധന നിയമം ഉറപ്പാക്കുന്ന ഏതാനും കാര്യങ്ങളെ ചുവടെ അറിയിക്കുന്നു :-

(1) ധർമ്മശാസ്ത്രപരമായിട്ട് വ്യക്തി അദ്ധ്വാനിച്ചു നേടുന്ന സമ്പൂർണ്ണ സമ്പത്തിനെയും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തോടെ എപ്പോഴും അനുഭവിക്കാനും, യാതൊരു നികുതികളും ഭരണകൂടം ഉൾപ്പെടെയുള്ള യാതൊരാൾക്കും നൽകാതെ ജീവിക്കാനും, ഏതൊരാൾക്കും കഴിയുന്നതാണ്. (ദൈവ-വിപ്ലവത്തോടെ ഭൂമിയിലെങ്ങുമുള്ള എല്ലാ നികുതികളും അവസാനിക്കുന്നതാണ്.). സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ധർമ്മശാസ്ത്രപരമായിട്ട് അനുവദിക്കുന്ന ദൈവീകമായ സോഷ്യലിസമാണ് സാമ്പത്തിക കൈമാറ്റ നിരോധന നിയമം ഉറപ്പാക്കുന്നത്.

(2) വ്യക്തികളുടെ സമ്പാദ്യങ്ങൾ വാർദ്ധക്യ കാലത്ത് പരിരക്ഷ നൽകുന്നുണ്ട്. സ്വന്തമായ സമ്പാദ്യങ്ങളെ കൂടാതെ, ജീവിച്ചിരിക്കുന്ന ആൺമക്കളുടെയും, മരിച്ച ആൺമക്കളുടെയും സമ്പാദ്യങ്ങളിൽ നിന്ന് ധർമ്മ ശാസ്ത്ര പ്രകാരം വിഹിതം നേടാനാവും; കടുത്ത സാമ്പത്തിക ദാരിദ്ര്യം ഇല്ലെങ്കിൽ ഒഴിവാക്കുന്നതാവും ഉചിതം.

(3) മാതാപിതാക്കളുടെയും മറ്റുള്ളവരുടെയും സമ്പാദ്യങ്ങളെ ആൺമക്കളും ഉറ്റവരും ദുരുപയോഗം ചെയ്ത് മടിയന്മാരും അലസന്മാരുമാകാതെയും ക്രമേണ അവർക്കും കുടുംബത്തിനും ഉറ്റവർക്കും സമൂഹത്തിനും ദ്രോഹം ചെയ്യുന്നവരായിട്ട് പരിണമിക്കാതെയും ശ്രദ്ധിക്കുന്നു. ശുദ്ധികാര്യങ്ങൾ എളുപ്പമാവുന്നതാണ്.

സ്വന്തമായി അദ്ധ്വാനിച്ചു നേടിയ വാഹനങ്ങളെയും മൊബൈൽ ഫോണുകളെയും മറ്റും മാത്രമേ കുട്ടികളും യുവാക്കളും പുരുഷന്മാരും ഉപയോഗിക്കാൻ പാടുള്ളൂ. സ്ത്രീകളുടെയും പെൺകുട്ടികളുടെയും കാര്യങ്ങളിൽ പരക്കെ വ്യത്യാസമുണ്ട്. സ്ത്രീ ശക്തിയാണ്; ശക്തിയോടെ പുലരേണ്ടത് കുടുംബവും സമൂഹവും ശക്തമാവാൻ ആവശ്യവുമാണ്. മാത്രമല്ല, പുരുഷന്റെ യോഗ്യതകൾക്കൊത്തും മണ്ണിന്റെ നിയമങ്ങൾ പ്രകാരവും സ്ത്രീ, ശക്തികളെ പുരുഷന് നൽകുന്നതുമാണ്.

ദൈവ-വിപ്ലവത്തോടെ സാമ്പത്തിക ശുദ്ധീകരണം ഉണ്ടാകുന്നതാണ്. സ്വന്തമായി അദ്ധ്വാനിച്ചു നേടാത്ത വാഹനങ്ങളെയും മൊബൈൽ ഫോണുകളെയും മറ്റു സമ്പത്തുകളെയും കുട്ടികളിൽ നിന്നും മുതിർന്നവരിൽ നിന്നും കണ്ടുകെട്ടുന്നതാണ്.

വില, ഗൗരവം എന്നിവ ഏറെയുള്ള വസ്തുക്കളുടെ കാര്യങ്ങളിൽ കർശനമായ നയമാവണമത്. കുട്ടികളും യുവജനങ്ങളും സ്വാശ്രയ ശീലങ്ങളോടെ വളരട്ടെ. കുട്ടികളെല്ലാം ഉപരിപഠനങ്ങൾ നടത്തേണ്ടത്, സ്വന്തമായി അദ്ധ്വാനിച്ചു വേണം; തൊഴിൽ അഭിരുചി തുടങ്ങിയവ അനുസരിച്ച് സ്വയം ഉപരിപഠനങ്ങളെ നിശ്ചയിക്കുകയും,

അവ നേടാനായിട്ട് ഉറ്റവർ ഒഴികെയുള്ളവരുടെ കൂടെയോ / സ്ഥാപനങ്ങളിലോ സാത്വികമായിട്ട് ജോലി ചെയ്തു കൊണ്ട് പഠിക്കണം. ഗുരുകുല വിദ്യഭ്യാസത്തിലെ അടിസ്ഥാനപരമായ നടപടികൾ ഇങ്ങനെയാണ്. അദ്ധ്വാന മാഹാത്മ്യ ത്തെയും വിഷമങ്ങളെയും അവയിലൂടെയെല്ലാം ലഭ്യമാവുന്ന അനന്തങ്ങളായ ആനന്ദങ്ങളെയും അനുഭവിച്ചും ആസ്വദിച്ചുംകൊണ്ട് കുട്ടികൾ സാത്വികമായിട്ട് വളരാനുള്ള വഴിയാണത്. കുട്ടികളെ ഇന്ന് വഴിതെറ്റിച്ചുപോരുന്നത് മുഖ്യമായും മാതാപിതാക്കളും ഭരണാധികാരികളുമാണ്.

ധർമ്മശാസ്ത്രപരമായിട്ട് ബാലവേല ആവശ്യമായ സന്ദർഭങ്ങളിൽ അതാവാം എന്ന അർത്ഥം തീർച്ചയായും ഉണ്ട്; ഭൂമിയിലെങ്ങുമുള്ള എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ അധമങ്ങളായ ഭരണഘടനകളെയും അധമ-സംവിധാനങ്ങളെയും പിൻപറ്റുന്നതു കൊണ്ടാണ് ദുർവ്യാഖ്യാനങ്ങൾ ഉണ്ടാവുന്നത്. ദൈവ-വിപ്ലവത്തോടെ എല്ലാ രാജ്യങ്ങളിലെയും എല്ലാ ജീവികളുടെയും എല്ലാ വിഷയങ്ങൾക്കും ദൈവീകമായ പരിഹാരങ്ങൾ ഉണ്ടാകുന്നതാണ്. ഉടനെ എല്ലാം ശരിയാകും; എല്ലാം ശിവമാകും (മംഗളമാകും).

പ്രായപൂർത്തി, പ്രായപൂർത്തിയാവാത്ത, തുടങ്ങിയ പദങ്ങൾക്ക് മഹാശാസ്ത്രപരമായ വിശദീകരണമുണ്ട്. ജീവികളുടെ ജന്മഗുണങ്ങളായ സ്ത്രീ, പുരുഷൻ, ആയുസ്സ്, ആരോഗ്യം, ശരീര വളർച്ച, അവയവ വൈകല്യം, ഇന്ദ്രിയ വൈകല്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയെല്ലാം

മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവമാണ്. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്ന ജന്മഗുണങ്ങൾക്ക് സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം ജീവികളിലെല്ലാം ശാരീരികവും മാനസികവുമായ ഏറ്റക്കുറച്ചിലുകളെ ഉണ്ടാക്കാനാവും എന്നല്ലാതെ നിശ്ചിതമായ അളവുകൾ സാദ്ധ്യമല്ല. അക്കാരണത്താൽ പ്രായത്തിന് പൂർത്തിയില്ല. അതുകൊണ്ട് ദൈവശാസ്ത്രത്തിലും ദൈവത്തിനു മാത്രം അവകാശവും അധികാരവുമുള്ള കാര്യങ്ങളിലും മനുഷ്യൻ അർത്ഥമില്ലാത്ത നിയമങ്ങൾ ഉണ്ടാക്കുന്നത് അവസാനിപ്പിക്കണം. പ്രായത്തിന് പൂർത്തി ഉണ്ടെന്നും 35, 25, 21, 18, 16 തുടങ്ങിയ വയസ്സുകളിൽ പ്രായ പൂർത്തിയാവുന്നു എന്നും രാഷ്ട്രീയക്കാർക്കും മറ്റും തോന്നുമ്പോലെ തൊഴിൽ-പ്രായപരിധി നിശ്ചയിക്കു ന്നതും ഒക്കെ അവസാനിപ്പിക്കണം. ദൈവീകമല്ലാത്ത നിയമങ്ങൾ തട്ടിക്കൂട്ടുന്നതിന് തീർച്ചയായും ദൈവ ശിക്ഷയുണ്ട്. ...

പീഢനം, മോഷണം, കൊലപാതകം തുടങ്ങിയവയിൽ പ്രായം കുറഞ്ഞവർ പ്രതികളാവുമ്പോൾ, പ്രതികളുടെ ശാരീരിക മാനസിക വളർച്ചകളെ വിലയിരുത്താൻ ധർമ്മശാസ്ത്രത്തെ അറിയാവുന്ന സാധാരണ ജനങ്ങൾക്കും, മനശ്ശാസ്ത്രജ്ഞർക്കും കഴിയുന്നതാണ്; അതേസമയം ഭരണാധികാരികളും മറ്റും മൂലകാരണക്കാർ ആണെങ്കിൽ ഭരണാധികാരികളും ശിക്ഷിക്കപ്പെടണം. മത്സ്യം, സസ്യം, പക്ഷി, മൃഗം - പശു, കാള, കുതിര, ആന, പൂച്ച, തുടങ്ങിയ ജീവികളുടെയെല്ലാം പ്രായപൂർത്തിയെ മനുഷ്യർ നിശ്ചയിക്കുന്നത്

അവയെല്ലാം പ്രത്യുല്പാദനത്തിനുള്ള ശാരീരിക വളര്ച്ച നേടുന്നതിനെ ആസ്പദമാക്കിയാണ് എന്നതിന് മനുഷ്യരുടെ കാര്യങ്ങളിലും വലിയ പ്രസക്തിയുണ്ട്; സമ്പൂർണ്ണമല്ല എന്നേയുള്ളൂ. (ഓരോ രാജ്യത്തിലും ഭരണകൂടത്തിന്റെ ചുമതലയിൽ ശാസ്ത്ര സാങ്കേതിക മികവുള്ള ഒരു ടെലിഫോൺ സ്ഥാപനം മാത്രമാകുമ്പോൾ, പരസ്യ ആഭാസങ്ങൾ ഇല്ലാതാവുന്നതാണ്; ജനങ്ങളുടെ ചെലവ് വളരെ വളരെ കുറയുന്നതാണ്. അദ്ധ്യാന മാഹാത്മ്യത്തെപ്പറ്റി അറിയാത്ത കുട്ടികൾക്ക് 'സിം' കൊടുക്കാൻ പാടില്ല).

ദൈവ-വിപ്ലവത്തോടെ, ദൈവീകമായ സാമ്പത്തിക കൈമാറ്റ നിരോധന നിയമവും, ദൈവീകമായ ഇഷ്ട ദാന നിയന്ത്രണ നിയമവും പ്രകാരം ജീവിക്കേണ്ടുന്നത് ഓരോ മനുഷ്യന്റെയും ആവശ്യമാകുന്നതാണ്. ജനങ്ങളുടെ ദാസരായ ഭരണാധികാരികളും മണ്ണിന്റെ നിയമങ്ങളെ അനുസരിച്ച് ജീവിക്കേണ്ടുന്നത് അവരുടെ ആവശ്യമാകുന്നതാണ് എന്നല്ലാതെ ഒരാളും മറ്റൊരാളെ നിർബ്ബന്ധിക്കേണ്ടുന്നതിന്റെ ആവശ്യം ഉണ്ടാകുന്നതല്ല. ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, മനുഷ്യർക്കെല്ലാം ശ്വസോച്ഛ്വാസം നിർബ്ബന്ധമാക്കുമ്പോൾ മനുഷ്യരുടെ ചിന്തകളെപ്പോലും മഹാശാസ്ത്രപരമായിട്ട് അറിയുന്നുണ്ട് എന്നിരിക്കെ ദൈവത്തോടു കള്ളം കാട്ടാനാവില്ലെന്ന് സുവ്യക്തമാണ്.

കുടുംബ ജീവിതത്തിലും സമൂഹ ജീവിതത്തിലും
പുലർത്തുന്ന സാമ്പത്തിക അധമത്തങ്ങളെ
അവസാനിപ്പിക്കുവാനും; ദൈവീകമായ സാമ്പത്തിക
കൈമാറ്റ നിരോധന നിയമവും, ദൈവീകമായ ഇഷ്ട ദാന

നിയന്ത്രണ നിയമവും പാലിക്കുവാനും ഓരോ മനുഷ്യനും സ്വയം ബാദ്ധ്യസ്ഥമാകുന്നതാണ്. ഉടനെ ദൈവ-വിപ്ലവം ആരംഭിക്കുകയും, ശേഷം സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ മഹാശക്തിയായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിത്തുടങ്ങുന്നതോടെ സംശയങ്ങളെല്ലാം അകലുന്നതും, ധർമ്മശാസ്ത്രപരമായിട്ട് ജീവിച്ചേ മതിയാവൂ എന്ന അവസ്ഥ ഓരോ മനുഷ്യനും ഉണ്ടാകുന്നതുമാണ്.

ജീവിച്ചിരിക്കുമ്പോൾ ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ ഇഷ്ട ദാനമായിട്ട് സമ്പാദ്യങ്ങളെ കൈമാറ്റം ചെയ്യാൻ യാതൊരാൾക്കും അവകാശമോ അധികാരമോ ഇല്ലെന്ന് സാരം.

കുട്ടികളും യുവജനങ്ങളും സ്വാശ്രയ ശീലങ്ങളോടെ വളരട്ടെ. കുട്ടികളെല്ലാം ഉപരിപഠനങ്ങൾ നടത്തേണ്ടതും, ആനന്ദ ഉപാധികളെ നേടുന്നതും സ്വന്തമായി അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെ ചെലവഴിച്ച് ആനന്ദമായിട്ടു വേണം. ധർമ്മശാസ്ത്രപരമായിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദാ അനുഭവിക്കുന്നവരായിട്ട് ദൈവം ഓരോ മനുഷ്യനെയും അനുഗ്രഹിച്ചിട്ടുള്ളതിനെ മാതാപിതാക്കളുടെയും ഉറ്റവരുടെയും മറ്റും അധമ വാത്സല്യം കളങ്കപ്പെടുത്തുന്നതാണ് സമൂഹത്തിലെ ധാർമ്മിക അധഃപതനങ്ങൾക്ക് ഒരു മുഖ്യ കാരണം.

മഹാനീതിശാസ്ത്ര പ്രകാരമുള്ള പുനർജ്ജന്മങ്ങൾ സത്യമാണെന്ന് ബോദ്ധ്യപ്പെടുന്നതോടെ, മണ്ണായ ദൈവത്തിന്റെ നിയമങ്ങളെ അനുസരിക്കാതെ മക്കൾക്കും ഉറ്റവർക്കും സമ്പത്തിനെ ശേഖരിക്കുന്നത് തങ്ങൾക്കുതന്നെ വിനയാകുമെന്നും, മരണാനന്തരം കടുത്ത ദാരിദ്ര്യം ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ തങ്ങൾ പുനർജ്ജനിച്ച് മഹാനീതിശാസ്ത്ര പ്രകാരമുള്ള വിഷമങ്ങളെ അനുഭവിക്കാൻ ഇടവരുമെന്നും കൂടി സുവ്യക്തമാകുന്നതാണ്.

കടപ്പാടുകളും ധർമ്മശാസ്ത്രപരമായിട്ട് സംശുദ്ധമാവുന്നതാണ് :-

ഓരോ മനുഷ്യനും അമ്മയോടും അച്ഛനോടും ഉറ്റവരോടുമുള്ള കടമകളിൽ വളർത്തി വലുതാക്കിയതിന്റെ സാമ്പത്തിക കടപ്പാട് ചേർക്കുന്നതല്ല. അതിന് മുഖ്യമായും 2 കാരണങ്ങളുണ്ട്. (1) വളർത്തി വലുതാക്കിയതിന്റെ മുഖ്യ പങ്ക് ദൈവത്തിന് അവകാശപ്പെട്ടതാണ്. (2) ഓരോ മനുഷ്യനും കുഞ്ഞ് - അമ്മ /അച്ഛൻ - മുത്തശ്ശി / മുത്തച്ഛൻ എന്നിങ്ങനെ തലമുറകളുടെ ഭാഗമാകയാൽ സാമ്പത്തിക കടപ്പാട് ഇല്ല. അതേസമയം ഒരു അമ്മ, വളർത്തി വലുതാക്കിയതിലെ കടപ്പാടിനെ സമ്പത്തായിട്ട് മടക്കി ലഭിക്കണമെന്ന് മകനോട് ശഠിച്ചാൽ, വളർത്തി വലുതാക്കിയതിലെ കടപ്പാടിനെ അളക്കാൻ ശ്രമിച്ചുകൂടാ എന്നതുകൊണ്ട് നാളതുവരെ മകൻ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെ മുഴുവൻ അമ്മയ്ക്കു സമർപ്പിക്കാൻ ബാദ്ധ്യസ്ഥനാണ്. മകളുടെ കാര്യത്തിൽ, അമ്മയോടും യാതൊരാളോടും

ബാദ്ധ്യതയില്ല; എങ്ങനെയെന്നാൽ തജ്ജന്മത്തിൽ തന്നെ അമ്മയാവാനും വളർത്തി വലുതാക്കിയതിലെ കടപ്പാടിന് പകരം ചെയ്യാനും കഴിയുന്നതാണ്.

അതേസമയം ഒരു അച്ഛൻ, മകനെ വളർത്തി വലുതാക്കിയതിലെ കടപ്പാടിനെ സമ്പത്തായിട്ട് മടക്കി ലഭിക്കണമെന്ന് മകനോട് ശഠിച്ചാൽ, താൻ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളുടെ നാലിലൊന്ന് അച്ഛനു സമർപ്പിക്കാൻ ബാദ്ധ്യസ്ഥനാണ്.

((സൃഷ്ടി, സ്ഥിതി, സംഹാരം ഉൾപ്പെടെ മഹാനീതി : 3 കാര്യങ്ങളും സർവ്വതുമായി. സർവ്വത്തെയും സദാ മഹാഭദ്രമാക്കുന്നത് മഹാപിതാവും മഹാമാതാവുമായ ദൈവം ആകയാൽ, അതിനെ അനുകരിച്ചാണ് 'നാളതുവരെ മകൻ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെ മുഴുവൻ അമ്മയ്ക്കു സമർപ്പിക്കാൻ ബാദ്ധ്യസ്ഥനാണ് ' എന്നു കുറിച്ചത്. പ്രപഞ്ചപിതാവായ പരമശിവന് നാലാം സ്ഥാനമാണ്; അതിനെ അനുകരിച്ചാണ് നാളതുവരെ മകൻ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളുടെ നാലിലൊന്ന് അച്ഛനു സമർപ്പിക്കാൻ ബാദ്ധ്യസ്ഥനാണ് എന്നു കുറിച്ചത്. അതേസമയം മനുഷ്യരുടെ ദൈവീക സ്ഥാനം കൈപ്പത്തിയിലെ ബലം കുറഞ്ഞതും മറ്റു നാലു വിരലുകളിൽ നിന്ന് വേറിട്ട് നിൽക്കുന്ന അഞ്ചാം സ്ഥാനത്തുള്ള കുഞ്ഞുവിരലാണ്. വിരലുകളുടെ രൂപ ഘടന- പ്രവർത്തനം, പല്ലുകളുടെ എണ്ണം- രൂപ ഘടന- പ്രവർത്തനം, എന്നിങ്ങനെ ശരീരത്തിലെ എല്ലാ അവയവങ്ങളെയും പ്രത്യക്ഷ ദൈവമായ ശരീരം സ്വയം സൃഷ്ടിക്കുന്നതും മുഖ്യ-പരിപാലനം ചെയ്യുന്നതും മഹാ-ആവിഷ്ക്കാരത്തിന്റെ ഭാഗമാണെന്നും ചുമ്മാതെ രൂപം

കൊള്ളുന്നതല്ലെന്നും അറിയുക.)).

കടപ്പാട് തുടരുന്നു :- ഒരിക്കൽ കടപ്പാടിന് സാമ്പത്തിക നിവൃത്തി വരുത്തിയാൽ മാതാപിതാക്കളെന്ന അവകാശവും അധികാരവും അവസാനിക്കുന്നതാണ്. അമ്മയും (വളർത്തമ്മയും) അച്ഛനും (വളർത്തച്ഛനും) ഒഴികെയുള്ളവർക്ക് വളർത്തി വലുതാക്കിയതിലെ കടപ്പാടിനെ സമ്പത്തായിട്ട് മടക്കി ലഭിക്കണമെന്ന് ആവശ്യപ്പെടാൻ അവകാശമില്ല.

(സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം നേരിട്ട് ആവശ്യപ്പെടാതെ, വ്യക്തി ചെയ്ത പ്രവൃത്തികൾക്കുള്ള പുണ്യത്തിനും, "കടപ്പാടിനു കണക്കു പറഞ്ഞ പാപത്തിനുമെല്ലാം" മഹാനീതിപതിയായ ദൈവമാണ് കണക്കു തീർക്കേണ്ടത്; മഹാനീതിപതിയായ ദൈവം തീർച്ചയായും ചെയ്യുന്നുമുണ്ട്.)

വ്യക്തിയെ വളർത്തി വലുതാക്കിയ മാതാപിതാക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉറ്റവരെയും പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടുന്നത് വ്യക്തിയുടെ കടമയാണ്. കടമകളെ സ്വയം ഉൾക്കൊണ്ടു ചെയ്യുമ്പോഴാണ് ഔന്നത്യം. ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർ നിർബ്ബന്ധിച്ചു ചെയ്യിക്കുന്ന കാര്യമായിട്ട് കടമകളെ അധഃപതിപ്പിച്ചുകൂടാ. ഉടനെ ദൈവ-വിപ്ലവത്തോടെ, ദൈവീകമായ സാമ്പത്തിക കൈമാറ്റ നിരോധന നിയമവും, ദൈവീകമായ ഇഷ്ട ദാന നിയന്ത്രണ നിയമവും പ്രകാരം ജീവിക്കുമ്പോൾ, എല്ലാ ജനങ്ങൾക്കും വാർദ്ധക്യ കാലത്ത് ഉറ്റവരുടെ സ്നേഹവും പരിചരണവും ഉറപ്പാകുന്നതാണ്. വൃദ്ധ ഭവനങ്ങളുടെയും

അനാഥാലയങ്ങളുടെയും മറ്റും ആവശ്യം സമൂഹത്തിൽ ഉണ്ടാകുന്നതല്ല.

ധർമ്മശാസ്ത്രപരമല്ലാത്ത സമ്പത്തിനെ വ്യക്തികളിൽ നിന്ന് ഉചിതമായി കണ്ടുകെട്ടേണ്ടത് പോലീസ് സേനയെ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളാവണം; പോലീസ് സേനയിലെയും പഞ്ചായത്തിലെയും അംഗങ്ങൾക്ക് ഒരേപോലെ ബാധകമാവുന്നതുമാണ്. ദൈവ-വിപ്ലവത്തോടെ സാമ്പത്തിക മുക്തിയുടെ ഭാഗമായി ഭൂമിയിലെങ്ങും നടപ്പാകുന്നതാണ്.

ഭാര്യയും ഭർത്താവും മരണപ്പെട്ടു കഴിഞ്ഞാൽ, ധർമ്മശാസ്ത്രത്തെ രാജ്യത്തിലെ ഭരണഘടനയായിട്ട് സ്വീകരിച്ചിട്ടുള്ള ദാസന്മാരായ ഭരണാധികാരികൾ സമ്പത്ത് ഏറ്റെടുക്കേണ്ടതാണ്. മരിച്ചവരുടെ ആൺമക്കൾക്ക് പഠിക്കാനും തൊഴിൽ നേടാനും ധർമ്മശാസ്ത്രപരമായിട്ട് ആവശ്യമായ സമ്പത്ത് മാത്രം നൽകണം. പെൺമക്കളുടെ വിവാഹത്തിന് ധർമ്മശാസ്ത്രപരമായിട്ട് ആവശ്യമായ സമ്പത്തു നൽകുന്നതു കൂടാതെ സാധിക്കുമെങ്കിൽ അവരുടെ ഇഷ്ടത്തിന് സാത്വികമായിട്ട് എന്തും നൽകുക. ആൺകുട്ടികളോടും പെൺകുട്ടികളോടുമുള്ള മനോഭാവങ്ങളിലും പെരുമാറ്റത്തിലും പരക്കെ വ്യത്യാസമുണ്ട്. സ്ത്രീ ശക്തിയാണ്; ശക്തിയോടെ പുലരേണ്ടത് കുടുംബവും സമൂഹവും ശക്തമാവാൻ ആവശ്യവുമാണ്. മാത്രമല്ല, പുരുഷന്റെ യോഗ്യതകൾക്കൊത്തും മണ്ണിന്റെ നിയമങ്ങൾ പ്രകാരവും സ്ത്രീ, ലഭ്യമായ ശക്തികളെ പുരുഷന് നൽകുന്നതുമാണ്. കുട്ടികൾക്ക് വേണ്ടതായ സമ്പത്ത്

ഉറ്റവരായ ബന്ധുജനങ്ങളെ ഏല്പിക്കേണ്ടതും, ബാക്കി വരുന്ന സമ്പത്തിനെ പൊതുഖജനാവിൽ ചേർക്കേണ്ടതുമാണ്. (മക്കൾക്കും ഉറ്റവർക്കും അവയവ വൈകല്യങ്ങളും ഇന്ദ്രിയ വൈകല്യങ്ങളും കടുത്ത രോഗങ്ങളും മറ്റ് അസാധാരണമായ സാഹചര്യങ്ങളും ഉള്ളപ്പോൾ, വിവിധങ്ങളായ ആനുകൂല്യങ്ങളും ലഭ്യമാവണം.).

വീട്, പുരയിടം (പുര /വീട് സ്ഥിതിചെയ്യുന്നതും ഉൾപ്പെട്ടതുമായ ഇടം/സ്ഥലം) എന്നിവയെ ദാസന്മാരായ ഭരണാധികാരികളിൽ നിന്ന് പാട്ടത്തിന് അഥവാ വാടകയ്ക്ക് വാങ്ങാനുള്ള ആദ്യ അവകാശവും ധർമ്മശാസ്ത്രപരമായ സാവകാശവും തീർച്ചയായും മക്കൾക്കും ഉറ്റവർക്കും ലഭിക്കണം. മണ്ണായ ദൈവം സൃഷ്ടിച്ചിട്ടുള്ള മനുഷ്യന്, മണ്ണിനെ വിൽക്കാനോ വാങ്ങാനോ അവകാശമോ അധികാരമോ ഇല്ലെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. ആദിയും അന്തവുമില്ലാത്ത മണ്ണിനെ അഥവാ മണ്ണായ ദൈവത്തെ അളക്കാനും മനുഷ്യനു കഴിയുന്നതല്ല. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മുഴുവൻ നിർവ്വഹിക്കാനായിട്ട് ചുമതലയേറ്റവരായ ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികൾ മണ്ണിനെ സ്നേഹിക്കുന്നവർക്കും യഥാർത്ഥ ആവശ്യക്കാർക്കും, ആവശ്യമായ മണ്ണിനെ അഥവാ സ്ഥലത്തെ, ഉദാഹരണമായിട്ട് 25 സെന്റ് സ്ഥലം, പാട്ടത്തിന് നൽകുന്നു; നാട്ടിലെ ട്രെയിൻ പാളം പോലെയുള്ള അത്യാവശ്യങ്ങൾക്ക് പാട്ടത്തിന് നൽകിയ സ്ഥലങ്ങളെ തിരികെ നല്കേണ്ടതുമുണ്ട്. ധർമ്മശാസ്ത്രപരമായിട്ട് മാത്രമേ ഭൂമിയെ കൈവശം വയ്ക്കാൻ വ്യക്തികളെ

അനുവദിക്കാവൂ. ഉദാഹരണമായിട്ട് 2 ഏക്കർ ഭൂമിയിൽ സ്വയം കൃഷി ചെയ്യുന്ന ആരോഗ്യവാനെ 2 ഏക്കർ ഭൂമി ഏല്പിക്കാനാവും; ആരോഗ്യമില്ലാത്തവർക്ക് അധിക ഭൂമിയുടെ ആവശ്യമില്ല.

മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെയും മറ്റും അന്ത്യകാലം ഉൾപ്പെടെയുള്ള ജീവിതകാലത്ത് സ്നേഹിക്കയും സഹായിക്കുകയും ശുശ്രൂഷിക്കുകയും പരിചരിക്കുകയും ചെയ്ത മക്കൾ ഉൾപ്പെടെയുള്ള ഏതൊരാൾക്കും സേവനത്തിന് വേതനം എന്ന നിലയ്ക്കും സ്നേഹവായ്പ്പിന് ഉൽക്കൃഷ്ടമായ പാരിതോഷികം എന്ന നിലയ്ക്കും പുര, പുരയിടം, എന്നീ സമ്പത്തുകളുടെ ഒരു ഭാഗം ഇഷ്ട ദാനമായി നൽകാവുന്നതാണ്; എന്നാൽ മാതാപിതാക്കളുടെ മരണാനന്തരം, ഉറ്റവരും ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികളും ധർമ്മ ശാസ്ത്ര പ്രകാരം നിർവ്വഹിക്കേണ്ടുന്ന കാര്യങ്ങളാണവ. വലിയ കെട്ടിടങ്ങളെയും ആർഭാട മന്ദിരങ്ങളെയും കൊട്ടാരങ്ങളെയും ഒക്കെ പുരയായി കണക്കാക്കാൻ പാടില്ല.

മാതാപിതാക്കളെയും ഉറ്റവരെയും നഷ്ടപ്പെടുന്ന കുട്ടികളുടെ കാര്യത്തിലും ധർമ്മ ശാസ്ത്ര പ്രകാരം പ്രവർത്തിക്കുവാൻ ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

മക്കളെയും നാട്ടിലെ കുട്ടികളെയും ജനങ്ങളെയും ഉത്തമരായിട്ട് ഉയർത്താനാവണം ജനങ്ങളുടെ ദാസന്മാരായ രാജാവും മന്ത്രിമാരും പരിശ്രമിക്കേണ്ടത്.

സാമ്പത്തിക കൈമാറ്റ നിരോധന നിയമം സുവ്യക്തമായി മണ്ണിലുണ്ട്. മണ്ണും ഭൂമിയുമായ ദൈവം, മനുഷ്യർ ഉൾപ്പെടെയുള്ള യാതൊരു ജീവികൾക്കും അവർ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മണ്ണോ പ്രദേശമോ ജില്ലയോ സംസ്ഥാനമോ രാജ്യമോ പതിച്ചു നല്കിയിട്ടില്ല. (ദൈവവും) ദൈവത്തിനു മാത്രം സ്വന്തമായ മണ്ണോ പ്രദേശമോ ജില്ലയോ സംസ്ഥാനമോ രാജ്യമോ വിൽക്കാനോ വാങ്ങാനോ കൈമാറ്റം ചെയ്യാനോ തങ്ങളുടേതെന്ന് അവകാശപ്പെടാനോ അധികാരം ചെലുത്താനോ മനുഷ്യർ തയ്യാറായാൽ ഭോഷത്തമാണ്; അപരാധമാണ്; ദൈവനിന്ദയുമാണ്. ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവത്തിനു മാത്രം അവകാശവും അധികാരവുമുള്ള ഭൂമിയിൽ അദ്ധ്വാനിച്ച് അവകാശം നേടാൻ ഓരോ മനുഷ്യനെയും പ്രത്യേകമായി അനുവദിച്ചിട്ടുള്ളത് കൈമാറ്റംചെയ്യാൻ അവകാശമില്ല; അധികാരവുമില്ല.

2017 സെപ്തംബർ 23-ന് വസ്തു - കെട്ടിട വില്പന/വാങ്ങൽ സംബന്ധിച്ച് ലഭിച്ച ഏറ്റവും പുതിയ വെളിപാട് ചുവടെ ചേർത്തിരിക്കുന്നു.

മണ്ണിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ മണ്ണും സ്ഥലങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്.

ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, ജനങ്ങളും ഭരണാധികാരികളും മറ്റും സ്ഥലങ്ങളുടെയും നാടുകളുടെയും പേരിൽ കരാറുകൾ ഉണ്ടാക്കുന്നതും ചുമന്ന് തലയിലോ കൈയ്യിലോ വച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളും കെട്ടിടങ്ങളും മക്കൾക്കും ഉറ്റവർക്കും മറ്റും പ്രമാണങ്ങളിലൂടെ ഏല്പിച്ചു കൊടുക്കുന്നതും അപരാധമാണ്. !

വ്യക്തികൾക്ക് സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ക്രയവിക്രയ-അവകാശം ലഭിക്കുന്നത് നാട്ടിൽ ഭരണകൂടം ഇല്ലാത്തപ്പോൾ മാത്രമാണ്. വ്യക്തികളുടെ ആവശ്യം അനുസരിച്ച് 'ദൈവത്തിന്റെ പ്രതിനിധി' യെന്നോണം, ഓരോ വ്യക്തിയുടെയും 'ദാസനായ ഭരണാധികാരി' പൊതു ഖജനാവിൽ നിന്നുമുള്ള ധനം കൊണ്ട് സ്ഥലങ്ങളും കെട്ടിടങ്ങളും ധർമ്മശാസ്ത്ര പ്രകാരം വാങ്ങണം; ശേഷം വിൽക്കണം.

സമ്പന്നരായ വ്യക്തികൾ പ്രമാണങ്ങളിലൂടെ സൂക്ഷിക്കുന്ന അധിക സ്ഥലങ്ങളിൽ വ്യക്തികൾക്ക് അവകാശങ്ങളും അധികാരങ്ങളും ഇല്ല തന്നെ !
സൗകര്യം പോലെ പ്രമാണങ്ങളെ സ്വയം ചുട്ടെരിക്കാം !

സ്ഥലം കൂടിയായ ദൈവത്തെ ചുട്ടെരിക്കാൻ സൃഷ്ടികളായ മനുഷ്യർക്ക് കഴിയുന്നതല്ല !

പ്രമാണം, കറൻസി തുടങ്ങിയ കടലാസുകളും, ജീവികളുടെ ശരീരവും ദൈവാംശങ്ങൾ തന്നെയാവുമ്പോൾ, അവയെല്ലാം ചുട്ടെരിക്കാൻ കഴിയുമ്പോൾ ദൈവത്തെ ചുടുകയല്ലേ എന്ന ചോദ്യം ഉണ്ടാകും.

ചുട്ടെരിക്കുക എന്ന പദം കൊണ്ട് ഉദ്ദേശിച്ചത് അവസാനിപ്പിക്കുക എന്നാണ്.

ശൂന്യതയെ സൃഷ്ടിക്കുവാനോ, മഹാലിംഗം = ആകാശം കൂടിയായ ശൂന്യത യിൽ നിന്നും എന്തെങ്കിലും സൃഷ്ടിക്കുവാനോ, ഭൂമിയിലെ യാതൊരു വസ്തുക്കളെയും ശൂന്യമായി അവസാനിപ്പിക്കുവാനോ സൃഷ്ടികൾക്ക് കഴിയുന്നതല്ല.

ഭൂമിയിലെ വസ്തുക്കളിലും അവ കൊണ്ട് നിർമ്മിച്ചിരിക്കുന്ന ശരീരങ്ങളിലും മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങളെ ഉപയോഗിച്ച് രൂപാന്തരം ഉണ്ടാക്കാൻ ദൈവം തന്നെ അനുവദിച്ചിരിക്കുന്നു. ഊർജ്ജത്തെ മറ്റൊരു ഊർജ്ജമായി പരിവർത്തനം ചെയ്യാൻ അനുവദിച്ചിരിക്കുന്നു എന്നല്ലാതെ ഉണ്ടാക്കാനും നശിപ്പിക്കാനും മനുഷ്യന് കഴിയില്ല. ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തിനു മാത്രമാണ് അതിനു കഴിയുക. ധർമ്മശാസ്ത്ര പരമല്ലാതെ സൃഷ്ടിച്ചവ (മതഗ്രന്ഥങ്ങളെല്ലാം ഉൾപ്പെടെ) ചുമന്നു നടക്കുന്നവർക്ക് ചുട്ടെരിക്കാമെന്നും സാരം.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്ന് സൃഷ്ടിയും കുഞ്ഞുമായ ഓരോ മനുഷ്യനും / ജീവാത്മാവും സമ്പൂർണ്ണ മുക്തി നേടുന്നതും നേടേണ്ടതും എങ്ങനെയെല്ലാമെന്നാണ് മഹാശാസ്ത്രപരമായിട്ട് മോക്ഷ പാഠങ്ങളിൽ വിവരിച്ചിരിക്കുന്നു.

ദൈവവും ദൈവരൂപവും

മഹാലിംഗം = മഹാശക്തിലിംഗം = മഹാശിവലിംഗം = ശിവലിംഗം

വേദം 1	ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം)

***ശിവലിംഗം* മഹാശാസ്ത്രപരമാണ്. ശിവലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ല. മഹാശക്തിയായ ദൈവം ജീവിയല്ലെന്ന് ഗ്രഹിക്കാൻ കഴിയുന്നവർക്കും, ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കും, ദൈവത്തിന്റെ മഹാഅനുഗ്രഹം ലഭിക്കുന്നവർക്കും ഒന്നുതന്നെയായ മഹാലിംഗം, മഹാശിവലിംഗം, ശിവ ലിംഗം, ശക്തി ലിംഗം, മഹാശക്തി ലിംഗം, എന്നീ പദങ്ങളെ മനസ്സിലാക്കാൻ എളുപ്പമാണ്.**

ആകാശം എന്ന മഹാലിംഗം

ഭൂമിയിൽ നിന്നും ചന്ദ്രനിൽ നിന്നും മറ്റും നോക്കിയാൽ ഒരു വലിയ കുടകണക്കെ അർദ്ധ-ഗോളാവസ്ഥയുള്ളതും, സൂക്ഷ്മ നിരീക്ഷണത്തിൽ മഹാപ്രപഞ്ച- സൃഷ്ടിയുടെ പ്രതീകമെന്നു വിശേഷിപ്പിക്കാവുന്ന മഹാലിംഗ-രൂപമുള്ളതും, ആദിയും അന്തവും ഇല്ലാത്തതുമായ മഹാശൂന്യമാണ് ആകാശം.

ദൈവം മണ്ണായ ഭൂമിയായിട്ട് മഹാരൂപമെടുക്കുകയും ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ജീവികൾക്കെല്ലാം ശരീരങ്ങളെയും ശരീരങ്ങളിലൂടെ ആനന്ദങ്ങളെയും നൽകുന്നു. അതിനെ തിരിച്ചറിയുമ്പോൾ, ഭൂമിയിലെ ജീവികളുടെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്ര പ്പെടുത്തുന്നതിനുവേണ്ടി ഭൂമി, മഹാസൃഷ്ടിക്കുകയാണ് ആകാശത്തെ എന്ന് നിസ്സംശയം മനസ്സിലാക്കാനാവും. ഭൂമിയെ ഉൾക്കൊണ്ടു സ്ഥിതി ചെയ്യുന്ന ആകാശത്തെ ഭൂമിയാണ് സൃഷ്ടിക്കുന്നത്. സർവ്വ സൃഷ്ടികളെയും സൃഷ്ടിക്കുവാനുള്ള ഭൂമിയുടെ ആദിയും അന്തവുമില്ലാ ത്ത മഹാലിംഗമായിട്ട് ആകാശത്തെ മനസ്സിലാക്കണമെ ങ്കിൽ ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്ന് മനസ്സിലാവണം. ((1))-ൽ വിവരിച്ചതു പോലെ ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിന്റെ വളരെ ചെറിയതെന്നോ നിസ്സാര മെന്നോ വിശേഷിപ്പിക്കാവുന്ന ഒരംശം മാത്രമാണ് പ്രപഞ്ചത്തിന്റെ മഹാശാസ്ത്രം. ഇന്നറിയുന്ന ശാസ്ത്രം പോലെ അനന്തവും സമാനവും വ്യത്യസ്തങ്ങളുമായ ശാസ്ത്രങ്ങളെയും അവ പ്രകാരമോ അല്ലാതെയോ

അനന്തവും സമാനവും വ്യത്യസ്തങ്ങളുമായ പ്രപഞ്ചങ്ങളെയും സൃഷ്ടിക്കാൻ തന്റെ മഹാജ്ഞാനം കൊണ്ടും മഹാശക്തികളെ ക്കൊണ്ടും ദൈവത്തിനു കഴിയുമെന്ന് മനസ്സിലാവണം. ലളിതമായി ത്തന്നെ മനസ്സിലാക്കാനാവും; അതിന് മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തം' എന്ന് തെറ്റിദ്ധരിച്ചിട്ടുള്ളതോ തെറ്റിദ്ധാരണ ഇല്ലാത്തതോ ആയ ശരീരത്തിന്റെ പ്രവർത്തനങ്ങളെ കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞാൽ മതിയാകും !

ഭൂമിയും ചന്ദ്രനും സൂര്യനും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രകോടികളും ഉൾപ്പെട്ട പ്രപഞ്ചത്തെ ആകാശം എന്ന മഹാലിംഗം ഉൾക്കൊള്ളുന്നത് മനസ്സിലാക്കാൻ മനുഷ്യന് സ്വന്തം *കണ്ണുകൾ കൊണ്ട് കഴിയുന്നതാണ്.*

എവിടെ നിന്ന് ആകാശത്തേക്കു നോക്കിയാലും ഒരു കുട പോലെ അർദ്ധ-ഗോളാകൃതിയിലാണ് ആകാശത്തെ കാണുക. കുട പോലെയുള്ള അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്ര സമൂഹങ്ങളും ഉൾപ്പെടെയുള്ള പ്രപഞ്ചമുള്ളത്. കുട പോലെയുള്ള അർദ്ധ-ഗോളത്തിന് യഥാർത്ഥത്തിൽ അന്തമില്ല. മഹാപ്രപഞ്ചത്തിൽ പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നക്ഷത്ര കോടികൾക്കു സ്ഥിതി ചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും മനുഷ്യ ബുദ്ധികൊണ്ട് അളക്കാൻ കഴിയാത്തതും അന്തമില്ലാത്തതുമായ മഹാലിംഗത്തിന്റെ മുകൾ ഭാഗത്തേയ്ക്കാണ് യഥാർത്ഥത്തിൽ നോക്കിയതെന്നും വിശകലനത്തിൽ സ്വയം ബോദ്ധ്യമാവുന്നതാണ്.

ഇനി, മഹാലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും, നേടാനായ അറിവുകൊണ്ടും പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താൻ കഴിയാത്ത അവസ്ഥയിൽ മഹാലിംഗത്തെ അറിയുന്നു.. ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം മുമ്പുപറഞ്ഞ അർദ്ധ -ഗോളാകൃതിയുള്ള മഹാലിംഗത്തിനുള്ളിലാണ്.

യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല. എല്ലാ മനുഷ്യരും ജനിക്കുന്നത് മഹാശിവയും മഹാമാതാവുമായ ദൈവത്തിന്റെ മഹാലിംഗത്തിന് അകത്താണ്.

വിശദീകരണം: ഒരു കുട പോലെ വലുതായിക്കൊണ്ട് പുതിയതായി സൃഷ്ടിക്കപ്പെടുന്ന നക്ഷത്രങ്ങളെയെല്ലാം ഉൾക്കൊണ്ട് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന 'മഹാലിംഗം' വർത്തിക്കുന്നു. മഹാലിംഗത്തിന് 'മഹാശക്തി ലിംഗം, മഹാശിവ ലിംഗം, ശിവ ലിംഗം' എന്നീ പേരുകളുമുണ്ട്. (മഹാ) ശിവ ലിംഗവും ആകാശവും പുരുഷ ലിംഗത്തെയല്ലാ സൂചിപ്പിക്കുന്നത്. പുരുഷനും സ്ത്രീയും ജീവിയും അല്ലാത്ത മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെ 'ശൂന്യം' പോലെയുള്ള 'മഹാ സ്ത്രീലിംഗത്തെ'യാണ്. അതു മനസ്സിലാക്കാൻ 'ശിവലിംഗത്തിന്' അഭിമുഖമായിട്ട് നിൽക്കുന്നതായിട്ടോ ഇരിക്കുന്നതായിട്ടോ ഭാവന ചെയ്യുക. ദേവാലയത്തിലെ 'ശിവലിംഗ പ്രതിഷ്ഠ' സ്ത്രീ ലിംഗം ആണെങ്കിൽ മാത്രമേ കുത്തനെ അഭിമുഖമാവുകയുള്ളൂ. (*ഓം നമഃശിവായ*

എന്നാൽ ശിവയെ അഥവാ മഹാദേവിയെ നമിക്കുന്നു എന്ന യഥാർത്ഥ അർത്ഥം പോലെയാണത്.)

മഹാശിവലിംഗം എന്നത് ആകാശം പോലെ ആദിയും അന്തവുമില്ലാത്ത 'മഹാശൂന്യം' കൂടിയാണ്. ജീവികളിലെ സ്ത്രീകളുടെ യോനി എന്ന പേരുള്ള ലിംഗവും ശൂന്യമാണ് എന്നു പറയുമ്പോൾ, *സ്ത്രീകളിൽ ഒരു ശൂന്യഭാഗത്തെ സൃഷ്ടിച്ചിട്ടുണ്ട് എന്നല്ലാതെ അങ്ങനെ ഒരു അവയവം അവർക്കില്ല.* മണ്ണായ ഭൂമി എന്ന മഹാശരീരമായ മഹാശിവയുടെ 'മഹാലിംഗത്തിന്റെ അതിസൂക്ഷ്മമായ അംശങ്ങളാണ്,' ജീവികളിലെ സ്ത്രീകളുടെ ശരീരത്തിൽ ഉള്ളത്. മഹാശിവയുടെ മഹാശരീരമായ ഭൂമിയിലെ വളരെ സൂക്ഷ്മമായ ഏതാനും അംശങ്ങൾ മാത്രമാണ് സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്നവരുടെയും ഉൾപ്പടെ എല്ലാ ജീവികളുടെയും ശരീരം. *എല്ലാ ജീവാത്മാക്കളും ജനിക്കുന്നത് മഹാലിംഗത്തിന് അകത്താണെന്നു ചുരുക്കം. ഏവരും മാതാപിതാക്കളും മുതുമുത്തശ്ശന്മാരുമെല്ലാം മഹാലിംഗത്തിന്റെ അകത്ത് ജനിച്ചവരാകുമ്പോൾ, യാതൊരാൾക്കും *എന്റെ രാജ്യം, എന്റെ ദേശം* എന്നിങ്ങനെ പറയാൻ യാതൊരു യോഗ്യതകളും ഇല്ല തന്നെ.

ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്താണെന്ന് അറിയാത്തവരുണ്ടോ?

മനുഷ്യരും മറ്റുള്ള ജീവികളും കുഞ്ഞുങ്ങളെ പ്രസവിക്കുന്നതും മുട്ടയിടുന്നതും പഠന വിധേയമാക്കിയാൽ എത്ര ചെറിയ മഹാവിദഗ്ദ്ധ ശൂന്യതയി ലൂടെ എത്ര വലിയ കുഞ്ഞിനെ മനുഷ്യരും പശുക്കളു മെല്ലാം

പ്രസവിക്കുന്നുവെന്നും അതിലും വലിയ ലോകാത്ഭുതം ഇല്ലെന്നും, മഹാലിംഗം ഓരോ സ്ത്രീയിലും പ്രവർത്തിക്കുന്നതു കൊണ്ടു മാത്രമാണ് സാദ്ധ്യമാവുന്നതെന്നും ബോദ്ധ്യമാകും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്വന്തം ജനനം തന്നെയാണ് എല്ലാ ജന്മങ്ങളിലും ഓരോരുത്തർക്കും ഏറ്റവും വലിയ ലോകാത്ഭുതം.!

(മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെല്ലാം സ്വയം മറന്ന് ഇണയെ മാത്രം ഓർക്കുന്നതായ പരമാനന്ദമായ കാമാനന്ദത്തിൽ മുഴുകുമ്പോൾ, ശരീരമാകുന്ന ദൈവത്തിന്റെ അംശം അഥവാ ദൈവം സന്താന സൃഷ്ടിയെ ആരംഭിക്കുന്നു. ബീജ-അണ്ഡ നിർമ്മാണങ്ങളെയും, സ്ത്രീ-പുരുഷൻ, മുഖഛായ, നിറം .... തുടങ്ങിയ ജന്മഗുണങ്ങളെയും സമ്മാനിക്കുന്നത് മണ്ണും ഭൂമിയും ശരീരവും മഹാപിതാവും മഹാമാതാവുമായ ഏകദൈവമാണ്.

((മണ്ണായ ഭൂമിയുടെ അംശങ്ങൾ മാത്രമാണ് രാജ്യവും പ്രദേശങ്ങളും 'ജീവികളുടെ ശരീരങ്ങളും.'*

ശരീരത്തെ പ്രാദേശികമാക്കാനോ മതപരമാക്കാനോ ജീവികൾക്ക് കഴിയുന്നതല്ല.

ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്നതു കൊണ്ടാണ് ജീവികളുടെയെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ,

തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവുമായ ദൈവാംശം മഹാനിശ്ചയിക്കുന്ന കാര്യങ്ങളാണ്. അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ ഒരു പഴം കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ മനുഷ്യന്റെ ശരീരത്തിന് ജീവാത്മാവ് അവകാശപ്പെടുന്ന പ്രാദേശിക-മൂഢത്വം നഷ്ടപ്പെടും. രാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ കാര്യമാണ് .....

ഒരു പ്രദേശത്ത് ജനിച്ചവർ, മറ്റുള്ള രാജ്യങ്ങളിലെ വ്യത്യസ്തങ്ങളായ പ്രദേശങ്ങളിൽ ജീവിക്കുമ്പോൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് ഭൂമിയിലെങ്ങും ഉള്ളത് എന്നതുകൊണ്ടാണ് ജീവാത്മാക്കൾക്ക് ജീവിക്കാൻ കഴിയുന്നത്. അവരറിയാതെ അഥവാ അവർ പ്രവർത്തിക്കാതെ മണ്ണും ഭൂമിയുമായ ശരീരത്തിലെ കോശങ്ങളെ ആവശ്യാനുസൃതമായിട്ട് സ്വയം മാറ്റുന്നതു പോലെ പുതിയ പ്രദേശങ്ങളിലെ മണ്ണും ഭൂമിയുമായ ശരീരങ്ങൾ മാറ്റിനിർമ്മിക്കുന്നു.

ജീവികൾ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' മഹാശാസ്ത്ര പ്രകാരവും, മഹാനീതിശാസ്ത്ര പ്രകാരവും, സ്വയം വഹിച്ചു കൊണ്ടിരുന്ന ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കുകയാണു ചെയ്യുന്നതെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു.

മരിക്കുമ്പോൾ, ദൈവത്തിന്റെ വാതക രൂപവും ജീവനുമായ ഓക്സിജൻ, അദൃശ്യ വാതകങ്ങളായ ജീവാത്മാവിനെയും പുണ്യപാപങ്ങളെയും മഹാനീതി ശാസ്ത്ര പ്രകാരം നയിക്കുന്നതാണ്. **മരിക്കുമ്പോഴും വധിക്കപ്പെടുമ്പോഴും, മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട് പരിണമിച്ചാലും ഇല്ലെങ്കിലും, ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവാംശവുമായ ശരീരം വീണ്ടും മണ്ണിലേക്ക് മടങ്ങുന്നു. സർവ്വം മണ്ണടി.**

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് *ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യ ത്തെയും ലഭിക്കുന്നുണ്ട്.* പ്രസ്തുത സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ

ദൈവത്തിന്റെ കാര്യങ്ങളിൽ ഇടപെടാൻ സൃഷ്ടികൾ ക്കു കഴിയുന്നതല്ല. *പ്രാദേശികത്വത്തെ നിർവ്വചി ക്കാനോ പ്രാദേശികത്വം അവകാശപ്പെടാനോ കഴിയുന്നവർ ഭൂമിയിൽ ഇല്ല.* 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശത്തെ' നിർവ്വചിക്കാൻ ദൈവത്തിനു മാത്രമാണ് കഴിയുക. ദൈവത്തിനു മാത്രം മഹത്വം.

മനുഷ്യർക്ക് 'ലഭ്യമായ ബുദ്ധിശക്തി കൊണ്ട് ' ശരിയല്ലാത്ത കാര്യങ്ങളെന്ന് മനസ്സിലാക്കുന്നവയെ ശരിവെച്ചു കൂടാ. ശരിയായ കാര്യങ്ങളെ ശരിവെക്കുകയും വേണം.

കുറച്ചു ചകിരി കൈയ്യിലെടുത്ത് "ഇതാണ് തെങ്ങ്", ഒരു ചക്കക്കുരു കൈയ്യിലെടുത്ത് "ഇതാണ് പ്ലാവ്", വാഴപ്പഴത്തിന്റെ അല്പം തൊലി കൈയ്യിലെടുത്ത് "ഇതാണ് പ്ലാവ്/തെങ്ങ്", മുറിച്ചെടുത്ത അല്പം മുടി കൈയ്യിലെടുത്ത് "ഇതാണ് മനുഷ്യന്റെ തല /മനുഷ്യൻ", എന്നിങ്ങനെ പറഞ്ഞാൽ മനുഷ്യൻ അംഗീകരിക്കില്ല.

ഇനി ദൈവത്തിന്റെ മഹാരൂപമായ *ഭൂമിയോട് അഥവാ മണ്ണും ഭൂമിയുമായ ദൈവത്തോട്* മനുഷ്യർ കാട്ടുന്ന ഏറ്റവും കൊടിയ അപരാധത്തെ മനുഷ്യർക്ക് ലഭ്യമായ ബുദ്ധിശക്തി കൊണ്ട് വിശകലനം ചെയ്ത് ശരിയും തെറ്റും മനസ്സിലാക്കണം :

ഭൂമിയിലാണ് മനുഷ്യരും മറ്റുള്ള ജീവികളുമെല്ലാം ജീവിക്കുന്നതെന്നും; ഭൂമിയുടെ ഭാഗങ്ങൾ മാത്രമാണ് ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ബംഗ്ലാദേശ്, മ്യാൻമർ/ബർമ്മ, ചൈന, ശ്രീലങ്ക/ സിലോൺ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക, ഇംഗ്ലണ്ട്

തുടങ്ങിയ 200-ൽ പരം രാജ്യങ്ങളെന്നും ഒരുവിധപ്പെട്ട ജനങ്ങൾക്കെല്ലാം അറിയാം. കാലാകാലങ്ങളിൽ ഭൂമിയിൽ ജീവിച്ചുപോരുന്ന അനേകം ജീവികളിൽ ഒന്നു മാത്രമായ *മനുഷ്യ ജീവികൾ തങ്ങൾക്ക് ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, തങ്ങളുടെ ഇഷ്ടംപോലെ ഭൂപ്രദേശങ്ങൾക്ക് അതിർത്തികളെ നിശ്ചയിക്കുകയും, വിവിധ പേരുകൾ നൽകി വ്യത്യസ്ത രാജ്യങ്ങളായിട്ട് പ്രഖ്യാപിച്ചതുകൊണ്ട്, ഭൂപ്രദേശങ്ങൾ വ്യത്യസ്ത രാജ്യങ്ങളായിട്ട് മാറുന്നതല്ല.*

ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, ഭൂമി എന്ന മഹാരൂപത്തെ സ്വീകരിക്കുക യും ചെയ്തിട്ടുള്ള ദൈവത്തിനു മാത്രമാണ് ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ അവകാശവും അധികാരവുമുള്ളത്. ഉദാഹരണമായിട്ട് മനുഷ്യ ജീവികൾക്കു തോന്നുമ്പോലെയെല്ലാം *(1)* ബർമ്മ / മ്യാൻമർ, സിലോൺ / ശ്രീലങ്ക, മദിരാശി / മദ്രാസ് / ചെന്നൈ, ബോംബെ / മുംബൈ എന്നിങ്ങനെ പേരുകൾ ഇടുന്നതുകൊണ്ടോ, പേരുകൾ മാറ്റുന്നതു കൊണ്ടോ; *(2)* കന്യാകുമാരിയെ തമിഴ്നാടിന്റെ യോ കേരളത്തിന്റെയോ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; കാശ്മീരിനെ ഭാഗികമായോ പൂർണ്ണമായോ ഇന്ത്യയുടെ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; *(3)* ഇന്ത്യയെയും പാകിസ്താനെയും ബംഗ്ലാദേശിനെ യും മൂന്നായിട്ടോ ഒന്നായിട്ടോ കണക്കാക്കുന്നതു കൊണ്ടോ; ഭൂപ്രദേശങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല. അതേസമയം ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, വെയിൽ, മഴ,

വെള്ളപ്പൊക്കം, തുടങ്ങിയവ കൊണ്ട് മഹാശാസ്ത്രപര മായിട്ടു തന്നെ ഭൂമിയിലെ പ്രദേശങ്ങളുടെ അതിർത്തികളെ മാറ്റിമറിക്കാനും, പഴയ പ്രദേശങ്ങളെ ഭാഗികമായോ പൂർണ്ണമായോ സമുദ്രങ്ങളെ ഉപയോഗിച്ചും മറ്റും പിൻവലിക്കാനും *പുതിയ പ്രദേശങ്ങളെ സൃഷ്ടിക്കാനും ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവുമായ ദൈവത്തിനു കഴിയുന്നതാണ്; *ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ ദൈവത്തിനു മാത്രമാണ് എല്ലായ്പ്പോഴും അവകാശവും അധികാരവു മുള്ളതെന്ന് സുവ്യക്തമായി ബോദ്ധ്യമാവുന്നതാണ്.* ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന പ്രദേശത്തെ സർവ്വ ശ്രേഷ്ഠം എന്നും മറ്റുള്ള നാടുകളെയും അവിടങ്ങളിലെ ജനങ്ങളെയും ശത്രുക്കളോ മോശക്കാരോ കേമരോ ഒക്കെയായി കണക്കാക്കുന്ന മൂഢജനങ്ങളുടെ ഇഷ്ടം നോക്കിയിട്ടല്ലാ ഓംകാര നീതി ശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം മണ്ണും ദേശങ്ങളും ഭൂമിയുമായ ദൈവം ഭൂകമ്പം, സുനാമി, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, വെയിൽ, മഴ, വെള്ളപ്പൊക്കം, തുടങ്ങിയവ സൃഷ്ടിക്കുന്നത്... ഏതെല്ലാം പ്രദേശങ്ങളിൽ എന്തു ചെയ്യണം എന്ന് പ്രദേശം കൂടിയായ ഭൂമി മഹാനിശ്ചയിക്കുന്നതാണ്.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവം, വൈവിധ്യങ്ങളായ ഭൂപ്രദേശങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം വേണ്ടിയാണ്. തന്റെ മഹാആനന്ദമായിട്ട് സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെ മഹാനിശ്ചയിച്ചു കൊണ്ട് സൃഷ്ടികളെയെല്ലാം തന്റെ

പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം മഹാപിതാവും മഹാമാതാവുമായി ക്കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം മഹാകരുതുകയും ചെയ്യുന്നു. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ കുഞ്ഞുങ്ങളെയെല്ലാം മഹാനയിക്കുക യും പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും; മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും *മോക്ഷത്തെ* മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്നു. (ഭൂമിയിൽ വച്ച് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ *മോക്ഷത്തിൽ* അനന്തമായിട്ട് ആസ്വദിക്കുവാൻ സാധിക്കുന്നതാണ്.

100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതി യോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് *ജന്മഗുണങ്ങളെ* സൃഷ്ടിച്ചുകൊണ്ടാണ്. യാതൊരു വ്യക്തികൾക്കും അവരുടെ ഉറ്റവർക്കും / മാതാപിതാക്കൾക്കും ജന്മഗുണങ്ങളിൽ പങ്കില്ല. *സ്വന്തമായ ഇഷ്ടപ്രകാരം സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം*, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, *സാമ്പത്തിക* ഭദ്രത, *ജനനസ്ഥലം* തുടങ്ങിയവയെ നിശ്ചയിച്ചു കൊണ്ട് ജനിക്കാൻ യാതൊരു മനുഷ്യർക്കും സാധിക്കുന്നതല്ല എന്നതിൽ നിന്നും അവയെല്ലാം ജന്മഗുണങ്ങളാണെന്നു സുവ്യക്തമാണ്.

മണ്ണും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്രമനു സരിച്ച് മഹാനിർവ്വഹിക്കുന്ന *ജനനസ്ഥലം* ഉൾപ്പെടെ യുള്ള ജന്മഗുണങ്ങളുടെ പേരിലും; *ദൈവത്തിനു മാത്രം

എക്കാലവും സ്വന്തമായ ഭൂപ്രദേശങ്ങളുടെ പേരിലും*; കേമത്തം കാട്ടുന്നതും, കലഹിക്കുന്നതും, ഒളിപ്പോരു നടത്തുന്നതും, യുദ്ധം ചെയ്യുന്നതും എത്ര വലിയ ഭോഷത്തവും നീചത്തവുമാണെന്ന് സ്വയം വിശകലനം ചെയ്തു നോക്കുക. ദൈവം മഹാഅനു ഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, ഭൂപ്രദേശങ്ങളെ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വേർതിരിച്ച ശേഷം രാജ്യ-സ്നേഹം, രാജ്യദ്രോഹം, എന്നിങ്ങനെ പറഞ്ഞ് വാക്കേറ്റ ങ്ങളും അടിപിടിയും യുദ്ധങ്ങളും ഉണ്ടാക്കുന്നത് ഒരുപക്ഷേ ഭൂമിയിലെ ഏറ്റവും വലിയ ഭോഷത്തമാവാം.

ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തെ, മനുഷ്യരൂപിയായി ട്ടോ ഈ സന്ദേശത്തെ വായിക്കുന്ന വ്യക്തിയായിട്ടോ മനസ്സിലാക്കാനും സങ്കല്പിക്കാനും കഴിയുന്നവർക്ക്, ദൈവത്തിന്റെ അഥവാ താങ്കളുടെ ശരീരത്തിലെ പാദം, വിരല്, നഖം, രോമം, തലമുടി, കണ്ണ്, മൂക്ക്, ചെവി, നാവ്, കയ്യ്, ആമാശയം, പൃഷ്ഠം, ഹൃദയം, തുടങ്ങിയ അനേക ശതകം/ ലക്ഷം/കോടി അവയവങ്ങളിൽ / കോശങ്ങ ളിൽ ചിലതായിട്ട് രാജ്യങ്ങളെയും അവയിലെ സംസ്ഥാ നങ്ങളെയും ജില്ലകളെയും പഞ്ചായത്തുകളെയും പട്ടണങ്ങളെയും കുന്നുകളെയും മലകളെയും പർവ്വത ങ്ങളെയും വനങ്ങളെയും സമുദ്രങ്ങളെയും നദികളെ യും തോടുകളെയുമൊക്കെ മനസ്സിലാക്കാൻ കഴിയുന്ന താണ്.

ഒരു മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും ആരോഗ്യം ഉണ്ടായിരിക്കുമ്പോഴും, ജീവാത്മാവിന്റെ ആഗ്രഹങ്ങൾ സാധിക്കുമ്പോഴും വ്യക്തി ആനന്ദിക്കുന്നു. ആഗ്രഹ

ങ്ങൾക്ക് വിപരീത പരിസ്ഥിതി ഉണ്ടാകുമ്പോഴും; *അവയവങ്ങൾക്ക് ആരോഗ്യം കുറയുകയും യോജിച്ചു പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴും അവയവ ങ്ങൾക്കും വ്യക്തിക്കും മഹാനീതി ശാസ്ത്രപരമായ വിനാശം ഉണ്ടാകുന്നതാണ്.* വ്യക്തിയുടെ ശരീര ഭാഗങ്ങളും അവയവങ്ങളുമായ കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, തലമുടി, കിഡ്നി, വിരലുകൾ, കൈകാലുകൾ, തുടങ്ങിയവയ്ക്ക് മഹാശാസ്ത്രപര മായിട്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാവുകയോ, അവയവങ്ങൾ നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ *വ്യക്തിയുടെ ജീവിത-വേദന* വർദ്ധിക്കുന്നതാണ്; ഒരു അവയവം നഷ്ടപ്പെടുന്നതും വേദനിക്കുന്നതും മറ്റുള്ള അവയവങ്ങളെ ആനന്ദിപ്പിക്കുന്നതല്ല; അവയവങ്ങൾ അന്യോന്യം ആക്രമിക്കുന്നതുമല്ല; ജീവനും ദൈവത്തി ന്റെ വാതകരൂപവുമായ ഓക്സിജൻ മഹാഭരിക്കുന്നതു പ്രകാരം വ്യക്തിയാണു വേദനിക്കുന്നത്. *വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ഒരേ ജീവാത്മാവാണ്.* അതേപോലെ, ഭൂമിയുടെ എല്ലാ ഭൂപ്രദേശ ങ്ങളിലും, രാജ്യങ്ങളിലും, സംസ്ഥാനങ്ങളിലും, ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമ ങ്ങളിലും, കുന്നുകളിലും, മലകളിലും, പർവ്വതങ്ങളിലും, വനങ്ങളിലും, സമുദ്രങ്ങളിലും, നദികളിലും, തോടുകളി ലും ഒക്കെ മഹാലയിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിസംഹാരങ്ങളെ നിർവ്വഹിക്കുന്നത് മഹാശക്തി യും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും ഭൂമിയുമായ ദൈവമാണ്.

ഭൂമിക്കും ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും മറ്റും ജയ് വിളിക്കാൻ മണ്ണും ഭൂമിയുമായ ദൈവമോ ആരോടും ആവശ്യപ്പെടുന്നില്ല. ഭൂമിക്ക് / ദൈവത്തിന് ജയ് വിളിയുടെ ആവശ്യവുമില്ല. അജ്ഞാനികളും അധമരുമായ (?) ജനങ്ങൾ, ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും മറ്റും ജയ് വിളിക്കുകയും ദേശീയ ഗാനങ്ങളെന്ന പേരിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുമ്പോൾ ശാസ്ത്രീയത ഇല്ലാതാവുന്നു. അതോടെ മത്സരം, തമ്മിലടി, കൊലപാതകം, യുദ്ധം തുടങ്ങിയ പൈശാചിക കാര്യങ്ങൾ സംഭവിക്കുന്നു.

നേതാക്കന്മാരും പട്ടാളക്കാരും മറ്റും മരിക്കുമ്പോൾ *രാഷ്ട്രം അവരെ നമിക്കുന്നതായിട്ട് മന്ത്രിമാരും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവനിന്ദയാണ്.* ആരെയും ആദരിക്കാനും ആദരിക്കാതിരിക്കാനും വ്യക്തികളെന്ന നിലയ്ക്ക് ഭരണാധികാരികൾക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ അവർക്ക് അവകാശം ഇല്ല, അധികാരവുമില്ല. *ഭൂമി അഥവാ ദൈവം അനുവദിക്കുകകൂടി ചെയ്യുമ്പോഴാണ് ഏതൊരാളും മരിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും കൂടിയായ ഭൂമി കുഞ്ഞുങ്ങളെ നമിക്കുന്നതായിട്ട് പ്രസ്താവിക്കുന്നതി ലെ മൗഢ്യത* വെളിവാകുന്നു.

ആയുധങ്ങൾക്കും മറ്റും പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളുമെല്ലാം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടണം, ഉപകരിക്കണം.

ആയുധങ്ങൾക്കും ആയുധവാഹിനികൾക്കും കര-വായു-നാവിക സേനകൾക്കും വാഹനങ്ങൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായിട്ട് ഭൂമിയിലെ രാജ്യങ്ങളിലെല്ലാം പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ലാഭിക്കുമ്പോൾ തന്നെ ഭൂമിയിലെങ്ങും സ്വർഗ്ഗസുഖങ്ങളെ ഒരുക്കാൻ കഴിയും.

അധമ സംസ്കാരം കൊണ്ട് രൂപപ്പെട്ടതായ *രാജ്യരക്ഷ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ട തൊഴിൽ ചെയ്യുന്ന സൈനികരേക്കാൾ അധമരായിട്ടുള്ളത്, അന്താരാഷ്ട്രപരമായ തിരുത്തൽ നടപടികൾക്ക് പരിശ്രമിക്കാതെ പട്ടാളക്കാരെക്കൊണ്ട് നികൃഷ്ടജോലികളെ ചെയ്യിക്കുന്ന ഭരണാധികാരികളാണ്.*

ഒരു ജന്മത്ത് *ഏറ്റവുമധികം പുണ്യം നേടാൻ കഴിയുന്നത് ഭരണാധികാരിയുടെ അഥവാ രാജാവിന്റെ അഥവാ മന്ത്രിയുടെ ജോലി ചെയ്യുമ്പോഴാണ്, ധാർമ്മികമായിട്ട് അധഃപതിച്ചാൽ ഏറ്റവുമധികം പാപവും.* മഹാനീതിശാസ്ത്ര പ്രകാരം 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നതും, രാജാവ് ഉൾപ്പെടെയുള്ള തൊഴിലുകൾ ചെയ്യാൻ ഭൂമിയിലെ എല്ലാ മനുഷ്യർക്കും അവസരം ലഭിക്കുന്നതുമാണ്. ജീവികളുടെയെല്ലാം മഹാഭരണാധികാരിയും മഹാനീതിപതിയും ഏകമഹാശക്തിയും മഹാപിതാവും മഹാമാതാവുമായ ദൈവം എല്ലാ ജീവികളുടെയും മഹാദാസനും മഹാദാസിയുമായിട്ട് പ്രവർത്തിക്കുന്ന തിനെ അനുകരിക്കാൻ, ജനങ്ങളുടെ ദാസന്മാരായ മനുഷ്യ-ഭരണാധികാരികൾ ധർമ്മ ശാസ്ത്ര

പ്രകാരം പരിശ്രമിക്കണം.* യഥാർത്ഥമായും, ജനങ്ങളുടെ ദാസരാവണം ഭരണാധികാരികൾ.

രാജ്യത്തെ തങ്ങൾ രക്ഷിക്കുന്നുവെന്ന് ഭരണാധികാരികളും പട്ടാളക്കാരും മറ്റും ചിന്തിച്ചുപോരുന്നത് കടുത്ത അജ്ഞാനവും അവിവേകവും നിമിത്തമാണ്, ദൈവനിന്ദയുമാണ്. രാജ്യവും ഭൂമിയുമായ ദൈവം, ജനങ്ങളെയും മറ്റുള്ള ജീവികളെയും സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് യഥാർത്ഥമായും ചെയ്യുന്നത്.

മത-ജാതി-രാഷ്ട്രീയങ്ങൾക്കും തൊട്ടുതീണ്ടലുകൾക്കും മറ്റും യാതൊരു സ്ഥാനങ്ങളുമില്ലെന്നു സുവ്യക്തമാക്കിക്കൊണ്ട്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ഭൂമിയിലെ എല്ലാ ജീവികളുടെയും നാസികയിലൂടെയും ശ്വാസകോശങ്ങളിലൂടെയും രക്തത്തിലൂടെയും (കയറി ഇറങ്ങി) പ്രവർത്തിച്ച് ജീവികൾക്കെല്ലാം ജീവൻ അഥവാ ശക്തി നൽകുന്നത് തന്റെ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യമാണ്.

എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും സമ്പത്തുകളെയും ആനന്ദങ്ങളെയും ഒക്കെ സൃഷ്ടിച്ചത് മണ്ണും ഭൂമിയുമായ ദൈവം ആകയാൽ സർവ്വതിന്റെയും അവകാശവും അധികാരവും എക്കാലവും ദൈവത്തിനു മാത്രമാണ്. മണ്ണിന്റെ സ്വന്തമായ ശരീരത്തെ മണ്ണ് മടക്കി വാങ്ങുന്നതാണ്; മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായ മറ്റൊരു ഭൂപ്രദേശത്ത് - ഒരു പക്ഷെ ഇന്ന് ശത്രു രാജ്യമായിട്ടു കണക്കാക്കുന്ന പ്രദേശത്ത് - ഇന്നലെകളിൽ ദ്രോഹിച്ചു വധിച്ച് പുനർജ്ജനിച്ചിട്ടുള്ള ഒരു വ്യക്തിയുടെ മകനോ മകളോ ആയി ഇന്നത്തെ പ്രധാനമന്ത്രിയോ, പട്ടാളക്കാരനോ, ഒക്കെ പുനർജ്ജനിച്ചേക്കാം.))

മഹാലിംഗത്തിന്റെ ഉള്ളിൽ, ജീവികളെ സൃഷ്ടിക്കാൻ വേറെയും കാരണങ്ങളുണ്ട് :-

ദൈവത്തിന്റെ ഭാഗമല്ലാത്തതായ ജീവാത്മാവിനെ മത്സ്യമായിട്ട് ആദ്യം ജലത്തിൽ സൃഷ്ടിക്കുകയും, ശേഷം 'മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ' എന്ന ജീവിചക്രത്തിലൂടെ പരിണമിച്ചു മോക്ഷത്തെ നേടുകയും ചെയ്യുന്നത് 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരത്തെ ആധാരമാക്കിയാണ്; എങ്കിലും, *'യാതൊരിക്കലും സൃഷ്ടിയായ ജീവാത്മാവിനെ മണ്ണിന്റെ ഭാഗമാക്കുകയോ മണ്ണിൽ തൊടുവിക്കുകയോ ചെയ്യുന്നില്ല.'* ഖരാവസ്ഥയിലുള്ള മണ്ണായ ഭൂമി നീതിയാണ്, മഹാനീതിയാണ്, മഹാനീതിപതിയായ ദൈവമാണ്. *നീതി കാര്യങ്ങളെ വിധിക്കുവാൻ ജീവിയെ / ജീവാത്മാവിനെ അനുവദിച്ചിട്ടില്ല.* മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ജീവികളുടെയും ശരീരം എന്നതുകൊണ്ട്, ദൈവാംശമായ ശരീരങ്ങളെ നല്ലതിന് ഉപയോഗപ്പെടു ത്തുക എന്നല്ലാതെ (അന്യോന്യം) ശിക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്തുമ്പോൾ ഗൗരവമായ ക്രമ പ്രശ്നം ഉണ്ടാകുന്നതാണ്. *ജീവാത്മാവിനെ ശിക്ഷിക്കുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' സൃഷ്ടിച്ചിട്ടുള്ള 'ശരീരത്തെയോ അവയവങ്ങളെയോ' കളങ്കപ്പെടുത്തുന്നു; അന്യായം കാട്ടുന്നു. ദൈവത്തിന്റെ ഇഷ്ടം എന്ന മഹാനീതിയെ വിഷയമാക്കാതെ പ്രവർത്തിച്ചാൽ പാപം ഉണ്ടാകുന്നതാണ്.* അതായത് *ശരീരവും മണ്ണുമായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുക എന്നല്ലാതെ ശരീരമായ ദൈവാംശത്തെ ശിക്ഷിക്കാൻ യാതൊരാൾ ക്കും അവകാശമില്ല എന്ന്

ചുരുക്കം. *മഹാത്മാ ഗാന്ധിക്ക്* പിൻപറ്റാൻ കഴിഞ്ഞതും ഗാന്ധി ആഹ്വാനം ചെയ്തതുമായ അഹിംസയും സത്യാഗ്രഹ സമരങ്ങളും ദൈവീകമാകുന്നത് അങ്ങനെയാണ്. ധർമ്മശാസ്ത്ര പരമായി ജീവിക്കാത്തവരോട് നിസ്സഹകരിക്കാനും, കടുത്ത അപരാധങ്ങൾക്ക് ഉടുതുണിയോടെ (മാത്രം) കാട്ടിലേക്കും, ഒറ്റപ്പെട്ട ദ്വീപിലേക്കും നിശ്ചിത കാലത്തേക്ക് നാടുകടത്തുക എന്ന ശിക്ഷയുടെ കാഠിന്യം ഏറ്റവും ഭീകരമാണ്!

കുഞ്ഞുങ്ങളെ, പ്രപഞ്ചപിതാവായ പരമശിവനു പോലും മഹാനീതിശാസ്ത്ര പ്രകാരം പ്രവർത്തിക്കുക എന്നത് കഠിനമാണ്. ഓം മഹാശക്തിയായ മഹാദേവി, മഹാശക്തികളെ അനുഗ്രഹിച്ചു നൽകുന്നതോടൊപ്പം പരമശിവന്റെ കഴുത്തിൽ ഓംകാര നാഗബന്ധനത്തെ മഹാനിർവ്വഹിച്ചിട്ടുള്ളത് വെറുതെയല്ല. സ്വന്തം കാര്യങ്ങളിലും, കുഞ്ഞുങ്ങളായ ഭൂമിയിലെ സമസ്ത മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും കാര്യങ്ങളിലും, പരമശിവന് പിഴവുകൾ ഉണ്ടാവാതെ മഹാസംശുദ്ധ മാക്കാനാണത്. പരമശിവന് 'ക്ഷിപ്ര കോപത്തെ' മഹാ അനുഗ്രഹിച്ചു നൽകിയിട്ടുള്ളതും മഹാനീതിശാസ്ത്ര ത്തിന് കളങ്കം ഉണ്ടാവാതെ മഹാസംരക്ഷിക്കാനാണ്. ..

മഹാലിംഗം ബഹുവിധത്തിൽ മഹാപ്രപഞ്ചത്തെയും, ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവ ത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. ആകയാൽ, ദൈവ -വിപ്ലവം ആരംഭിക്കുമ്പോൾ, ഭൂമിയിലെങ്ങുമുള്ള ദേവാലയങ്ങളെ (ആവശ്യമുള്ള ജനങ്ങൾ), ശാസ്ത്ര പരമായിട്ട് ശുദ്ധീകരിക്കേണ്ടതുണ്ട് :

മഹാലിംഗ പ്രതിഷ്ഠ മാത്രമേ ഏതൊരു ദേവാലയത്തിലും പാടുള്ളൂ.

ഓം നമഃ ശിവായ, ഓം ശിവായ നമഃ, ദേവീ ശരണം, അമ്മേ ശിവാ, എന്നിവ മാത്രം ജപിക്കാം. അവയിൽ ഒന്ന് സൗകര്യം പോലെ ജപിക്കുക എന്നല്ലാതെ അവയിലേതെന്ന് മണ്ണ് വ്യവസ്ഥ ചെയ്യുന്നില്ല.

പ്രാർത്ഥനകൾ നിർബ്ബന്ധമല്ല. പ്രാർത്ഥിക്കാതെ മനസ്സുഖം കിട്ടാത്തവർക്ക് പ്രാർത്ഥിക്കാം. വ്യക്തിയുടെ സ്വകാര്യമാണത്; ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. പ്രാർത്ഥിക്കാൻ പ്രതിഷ്ഠയുടെ ആവശ്യമില്ല. എന്നാൽ പ്രതിഷ്ഠയുടെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്ന സഞ്ചാരികൾ ഉൾപ്പെടെ ഏതൊരാളും പ്രതിഷ്ഠ തേടി നടക്കേണ്ടതില്ല. ദൈവീകമായ ഏക പ്രതിഷ്ഠയായ 'മഹാലിംഗ പ്രതിഷ്ഠ' ലളിതമാണ്; കുഞ്ഞുങ്ങളായ മനുഷ്യർ ഭാരപ്പെടുന്നത് മഹാമാതാവും മഹാവാത്സല്യവുമായ മഹാശിവയ്ക്ക് ഇഷ്ടമല്ല. കുന്നുകളെയും മലകളെയും പർവ്വതങ്ങളെയും വൃക്ഷങ്ങളെയുമൊക്കെ മഹാലിംഗമായിട്ട് സങ്കല്പിക്കാം. പോരാത്തവർക്ക് ഒരു കല്ലോ, യാത്രയിൽ ഉപയോഗിക്കുന്ന സഞ്ചിയോ ഭാണ്ഡക്കെട്ടോ മുന്നിൽ വച്ച് മഹാലിംഗമായിട്ട് സങ്കല്പിക്കാം. തങ്ങളുടെ രണ്ടു കൈപ്പത്തികളും ചേർത്ത് ഒരു തവണ വാരിയടുക്കുന്ന മണ്ണിനെ കൂനയാക്കി മഹാലിംഗമായിട്ട് സങ്കല്പിക്കാം. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനകൾ ധർമ്മ ശാസ്ത്ര പ്രകാരമാവണം എന്നതു മാത്രമാണ് പ്രധാനം.

പൂജാരികളെയോ കുശുകുശു മന്ത്രങ്ങളെയോ ഒട്ടും തന്നെ അനുവദിക്കുന്നതല്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും പാടില്ല. വെളിച്ചത്തെ സൃഷ്ടിച്ചിട്ടുള്ള ദൈവത്തിന് വിളക്ക് വേണ്ട. ഇരുട്ടത്ത് വെളിച്ചം ആവശ്യമാകുന്നത് മനുഷ്യർക്കാണ്; ആവശ്യമായത്ര വിളക്കുകൾ മാത്രം കത്തിക്കുക. മഹാശാസ്ത്രപരമായിട്ട് അഥവാ ദൈവീകമായിട്ട് ദേവാലയങ്ങളെ നിർമ്മിക്കുന്നത് എങ്ങനെയെല്ലാമെന്ന് ഭാഗം 4-ൽ വിശദീകരിച്ചിട്ടുണ്ട്.

പരമശിവൻ, മഹാദേവിയുടെ ഏക ദാസനും പ്രപഞ്ചപിതാവും പ്രതിനിധിയും ആണെന്നതു പോലെ, പരമശിവന്റെ രൂപത്തിന്, ജനങ്ങൾ അറിയുന്ന രൂപത്തിൽ നിന്ന് ഏതാനും മഹാവ്യത്യാസങ്ങളുമുണ്ട്. ((2)), ((4)) എന്നിവയിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവന്റെ തലമുടിക്കെട്ടിൽ നിന്ന് മഹാമാതാവായ മഹാദേവി പാൽ ഒഴുക്കുന്നതും, കുഞ്ഞുങ്ങൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുന്നതുമാണ്. പരമശിവന്റെ മുടിക്കെട്ടിൽ ചന്ദ്രക്കല മാത്രമല്ല; നക്ഷത്രം ഉണ്ട്. മഹാശക്തിയായ മഹാദേവി, സംഹാര ദേവനായിട്ട് മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലൂടെ, മനുഷ്യരുടെ ആത്മീയ സാക്ഷാത്ക്കാരം /മോക്ഷം എന്താണെന്ന് സുവ്യക്തമാക്കുന്നു. (ദേവാലയത്തിലെ മഹാലിംഗ ത്തിന്റെ മുകളിൽ നിന്ന് താഴേക്ക് പാൽ ഒഴുകുകയും ചുവട്ടിലെ ചാലിലൂടെ വരുമ്പോൾ ഭക്തരും മറ്റും കുടിക്കുന്നതുമായ സന്ദർഭങ്ങൾ ഉണ്ടാകുന്നതാണ്. പാൽ കൂടാതെ ഫലങ്ങളും, പലഹാരങ്ങളും, പരിഹാരങ്ങളും മഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്ന സന്ദർഭങ്ങളും!!

മഹാലിംഗം ഒഴികെയുള്ള പ്രതിഷ്ഠകൾ പാടില്ല. പ്രതിഷ്ഠയിൽ നിന്ന് മനുഷ്യർക്കു പ്രസാദങ്ങൾ ലഭിക്കുന്നുവെങ്കിൽ, പ്രതിഷ്ഠയല്ല നൽകുന്നത്, ദൈവമാണ് എന്നറിയണം. പ്രതിഷ്ഠയ്ക്ക് മഹത്വം കൊടുക്കരുത്. (ദൈവത്തിനു മാത്രം മഹത്വം.).

മഹാശക്തിയായ ദൈവം, കുഞ്ഞുങ്ങൾക്കെല്ലാമായിട്ട് ദൈവം നൽകിയിട്ടുള്ള വസ്തുക്കളെ ദൈവത്തിനെന്ന പേരിൽ അശുഭപ്പെടുത്തരുത്. അതായത് പാൽ, പഴം, നെയ്യ്, ചന്ദനം, പൂക്കൾ തുടങ്ങിയവ വിഗ്രഹത്തിൽ ഒഴുക്കുന്നതും കുശുകുശു മന്ത്രങ്ങൾ ജപിക്കുന്നതുമെല്ലാം അവസാനിപ്പിക്കണം. ബന്ധപ്പെട്ടവർ (കടുത്ത) പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുന്നതിന്റെ ആഴത്തെ ദൈവ-വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ്; അവസാനിക്കുന്നതാണ്.

ശാസ്ത്രീയമായ ആരാധന, ദേവാലയം, മഹാലിംഗം, മഹാദശമി, ശിവരാത്രി, ...

തുടങ്ങിയവ വിവരിക്കുന്ന അദ്ധ്യായത്തെ ചുവടെ ചേർക്കുന്നതിനു മുമ്പ്

ദൈവമന്ത്രങ്ങൾ

ഉൾപ്പെടുത്തുന്നു.

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി

GOD has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാപിതാവും മഹാമാതാവുമായ
മഹാദേവിയായി
മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

പരമശിവൻ
ഏകദാസൻ, മഹാദാസൻ
മുഹമ്മദ് ബാദ്ഷ
രസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി

PARAMASIVAN
SupremeServant
MohammedBADSHA
Rasool, Eesa, Cryst,
SupremeOx
MAHAADEVAN

ദൈവ മന്ത്രങ്ങൾ

ഏകദൈവമായ മഹാദേവിയുടെ 2 ഭാഗങ്ങളിൽ ആദ്യത്തേത് മഹാദേവിയും രണ്ടാമത്തേത് പരമശിവനുമാണ്. മഹാദേവിയുടെയും പരമശിവന്റെയും മദ്ധ്യേയുള്ള കൂട്ടുകെട്ടാണ് ഭൂമിയും ആകാശവും ജീവികളും സർവ്വതും ഉൾപ്പെട്ട മഹാപ്രപഞ്ചം. ദൈവഭാഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിനെ മഹാഭദ്രമാക്കുന്ന 2 കരാറുകളെ ദൈവ മന്ത്രങ്ങൾ എന്ന് പേരിട്ടിരിക്കുന്നു. മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം; സ്വകാര്യമാണ്; ആകയാൽ ഓംകാര മന്ത്രം ഗൂഢമാണ്. ഏകദൈവമായ മഹാദേവി, ദൈവ ഭാഗമായ പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മലയാള ഭാഷയിലുള്ള ലളിതമായ ഓംകാര മന്ത്രം ചൊല്ലി കൊടുക്കുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്നു. ഒരു വാക്ക് പോലും ഓർമ്മയില്ല. മഹാദേവിയുടെ സ്വകാര്യമായ ഓംകാര മന്ത്രം മഹാദേവിക്ക് ആവശ്യമുള്ളപ്പോൾ ഓർമ്മിപ്പിക്കും! ലഘു ഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കുനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.... പരമശിവൻ.

OM will soon Sound everywhere on/in Earth.

ഭൂമിയിൽ ഉടനെ ഓം മുഴങ്ങുന്നതാണ്.

WHEN THE SUPREME MOTHER BEGINS THE CONTINUOUS SUPREME LAUGH FOR 3-33 YEARS, MESMERISM WOULD DEVELOP IN ALL PEOPLE ON EARTH, INCLUDING THE RULERS, JUDGES, POLICE, MILITARY, WORKERS, COMMON PEOPLE, ETC. IT WOULD ENDANGER THE FAMILY AND SOCIAL LIFE IN ALL COUNTRIES. THIS SUPREME SHORT E-BOOK IS TO CONTROL ALL PEOPLE ON EARTH IN ORDER THAT THE PANIC REDUCED, AND THEY CARE TO LIVE ACCORDING TO THE SCIENCE OF DUTIES & VIRTUES... PARAMASIVAN 12 SEPTEMBER 2017, TUESDAY.

ഈ ലഘുവായ ഇ-ഗ്രന്ഥം ഭൂമിയിൽ ഉടനെ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തോടെ, മനുഷ്യരുടെ പൊതു-ആവശ്യവും ആനന്ദവും ആയ 'ദൈവ ഭക്തി, പ്രാർത്ഥന, ദൈവ മന്ത്രങ്ങൾ, ആരാധന, ദേവാലയം, -നിർമ്മാണം, എന്നിങ്ങനെയുള്ള ഭക്തി-കാര്യങ്ങളിലെ പ്രധാന മാറ്റങ്ങളെ മഹാശാസ്ത്രപരമായി അറിയിക്കുന്നു.

മഹാലിംഗം

മഹാശാസ്ത്രപരമാണ്. മഹാലിംഗം=ശിവലിംഗം. ശിവലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ല. മഹാലിംഗം =ആകാശം. യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല. എല്ലാവരും ജനിക്കുന്നത് മഹാശിവയും മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ മഹാലിംഗമായ ആകാശത്തിനകത്താണ്. ഭാഗം 3-ൽ വിശദീകരിച്ചിട്ടുണ്ട്. മലയാളം >MalayalaM< =യഥാർത്ഥ വേദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അവതരിപ്പിക്കുന്ന വേദഭാഷ= ദൈവ ഭാഷ. മലയാളഭാഷ=ദൈവഭാഷ. മലയാളനാട് = ദൈവ നാട് = (സമസ്ത) ഭൂമി. മണ്ണും ഭൂമിയുമായ ദൈവം സൃഷ്ടിച്ച ഭൂമിയിലെ സർവ്വവും- നാടുകളും, ജീവികളും, ഭാഷകളും -സർവ്വവും- ഭൂമിയുടേതാണ്. എല്ലാ ജീവികൾക്കും വേണ്ടി ഭൂമി നൽകിയത് എല്ലാവരുടേതുമാണ്; അതുകൊണ്ടുതന്നെയാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം ജലം വായു ജീവികൾ തുടങ്ങിയവ ഇണങ്ങുന്നത്. ബ്രഹ്മകേന്ദ്രമായ മണ്ണടി, കേരളത്തിലാകയാൽ, കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്; കടൽ വിഴുങ്ങിയാലും കേരളത്തിനെ വീണ്ടും സൃഷ്ടിക്കുന്നതാണ്; അവ ജനങ്ങളുടെ വിഷയങ്ങളുമല്ല.

ദൈവ-വിപ്ലവത്തോടെ, മനുഷ്യരുടെ ആവശ്യവും ആനന്ദവുമായ 'ഭക്തി, പ്രാർത്ഥന...' എന്നിവയിലെ പ്രധാന മാറ്റങ്ങൾ

ഭൂമിയിൽ ഉടനെ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തോടെ, മനുഷ്യരുടെ പൊതു-ആവശ്യവും ആനന്ദവും ആയ 'ദൈവ ഭക്തി, പ്രാർത്ഥന, ദൈവ മന്ത്രങ്ങൾ, ആരാധന, ദേവാലയം, -നിർമ്മാണം, എന്നിങ്ങനെയുള്ള ഭക്തി-കാര്യങ്ങളിലെ പ്രധാന മാറ്റങ്ങളെ മഹാശാസ്ത്രപരമായി അറിയിക്കുന്നു.

ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മഹാപ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളും മഹാശാസ്ത്രപരം മാത്രമാണ്.

ദൈവീക കാര്യങ്ങളെ വിശദീകരിക്കുവാൻ യോഗ്യത അത്യാവശ്യമാണ്. മഹാദേവി, മഹാദശമി രാത്രിയിൽ ഈയുള്ളവന്റെ നാവിൽ 'ഓം'-ന്റെ മൂലവും അക്ഷരബ്രഹ്മവുമായ ' 3 ' കുറിച്ചതാണെന്ന് മഹാഎളിമയോടെയും മഹാസന്തോഷത്തോടെയും അറിയിക്കുന്നു. മഹാശിവനും മഹാശിവയുമായ മഹാദേവി യുടെ മത്സ്യാവതാരവും അക്ഷരബ്രഹ്മവും മഹാദേവിയുടെ ഭാഗം കൂടിയായ പരമശിവന് പ്രത്യക്ഷമായി മഹാഅനുഗ്രഹിച്ചു നൽകി; ദൈവ വിപ്ലവ-മുന്നോടിയായി യഥാർത്ഥമായ 3+1 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു: ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, ~~ഖർജ്ജുമായ മന്ത്ര ശാസ്ത്രം.~~

നാടിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ മണ്ണും ഭൂമിയും നാടുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, ജനദ്രോഹികളായ ഭരണാധികാരികളും മറ്റും, നാടുകളുടെ പേരിൽ കരാറുകൾ ഉണ്ടാക്കുന്നത് കടുത്ത അപരാധമാണ്; കഴിയുമെങ്കിൽ, നാടുകളെ സൃഷ്ടിച്ച് കേമത്തം കാട്ടുകയാണു വേണ്ടത് ! ഭൗതിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങളെ ഉപയോഗിച്ച് ആണവോർജ സ്ഥാപനങ്ങൾ, രാസവസ്തു നിർമ്മാണം, അണക്കെട്ട്, തുടങ്ങിയവ സ്ഥാപിക്കുമ്പോൾ, അവയെ ജാഗ്രതയോടെ സംരക്ഷിക്കുവാൻ വേണ്ട നടപടികളാണ് ആദ്യം വേണ്ടത്. എന്തെന്നാൽ വീഴ്ച്ച സംഭവിച്ചാൽ ജനങ്ങളുടെ ജീവനും സ്വത്തിനും വിനാശം ഉണ്ടാകുന്നതാണ്. ഉദാഹരണത്തിന് മുല്ലപ്പെരിയാർ അണക്കെട്ടിന് കടുത്ത-അപകടം സംഭവിച്ചാൽ ദശലക്ഷക്കണക്കിന് ജനങ്ങൾ വധിക്കപ്പെടുമെന്ന് വേഗം ഭൗതിക ശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയുന്നതിനെ അവഗണിക്കുന്ന ഇന്നത്തെ ഭരണാധികാരികളും മറ്റും കടുത്ത അപരാധമാണ് ചെയ്യുന്നത്. അണക്കെട്ടുണ്ടാക്കിയത് ദൈവമല്ല; മനുഷ്യരാണ്; പരിഹാരവും മനുഷ്യർ ഉണ്ടാക്കണം. ധർമ്മശാസ്ത്ര പ്രകാരമല്ലാത്ത കരാർ ഉണ്ടാക്കി കേരളത്തെ കടലെടുക്കാൻ കൊടുംപാപികളായ ഭരണാധികാരികൾ കാരണമാകുന്നു. ജാഗ്രത നല്ലത് ..!

ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെ സർവ്വ ജീവികളെയും ഓംകാരനീതിശാസ്ത്ര പ്രകാരം സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാദേവി സദാ സംരക്ഷിക്കുന്നുണ്ട് ! ദൈവത്തിന്റെ മഹാചിരി കൂടിയായ ഓം ഭൂമിയിൽ മുഴുവൻ ഉടനെ മുഴങ്ങും !

ഉള്ളടക്കം	പേജ് -നമ്പർ
ഭക്തി കാര്യ അറിയിപ്പ് (ദൈവ വിപ്ലവ ശേഷം !)	455-456
മന്ത്രങ്ങൾ, ദൈവ മന്ത്രങ്ങൾ ...	458-486
മന്ത്രിയുടെ ഇരട്ടപ്പേരാണ് മന്ത്രവാദി; തിരിച്ചും !	485-486
വർജ്ജ്യമായ ~~നാലാമത്തെ വേദം:മന്ത്ര ശാസ്ത്രം~~	487-500
~~ആയുർവ്വേദം~~	497-498
സ്മൃതി, പുരാണം	501-518
കാമ-വ്യവസ്ഥിതി, മോക്ഷം, ശരീരം ..	582-607
പരമശിവന് ക്ഷിപ്രകോപം നൽകുന്നു! +ശക്തി	726-735
ദൈവ വിപ്ലവം, .. സംഹാരം	736-751.. 2101-2117

മന്ത്രങ്ങൾ

മന്ത്രിക്കുന്നതാണ് മന്ത്രം. ശബ്ദമില്ലാതെപോലെയും (മനസ്സിൽ), ശബ്ദത്തോടെയും മന്ത്രിക്കാനാവും. ദൈവത്തിന്റെ മഹായുക്തിയായ മഹാജ്ഞാനത്തെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കു വേണ്ടി മഹാശാസ്ത്ര - നിയമങ്ങളായി പരിവർത്തനം ചെയ്യുന്നത് ശബ്ദമില്ലാതെപോലെയും ശബ്ദത്തോടെയുമാണ്. അപ്പോൾ ശാസ്ത്രനിയമങ്ങൾ മന്ത്രങ്ങളാണ്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ വസ്തുക്കളിൽ ശബ്ദമില്ലാതെയും ശബ്ദത്തോടെയും മഹാലയി ച്ചിരിക്കുകയാണ് എന്നു പറയുമ്പോൾ വേദഭാഷയായ മലയാളത്തിൽ ചിരിക്കുകയാണ് എന്ന പദം ഉപയോഗിച്ചത് ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.

ദൈവത്തിന്റെ മഹാചിരി കൂടിയായ ഓം എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ സദാ മഹാലയി-ച്ചിരിക്കുകയാണ്. മഹാചിരി കൂടിയായ ഓം എന്ന മഹാമന്ത്രത്തിൽ നിന്നാണ് ഗൂഢവും പരസ്യവുമായി എല്ലാ മന്ത്രങ്ങളും ശബ്ദങ്ങളും ജനിക്കുന്നത് !

ദൈവ മന്ത്രങ്ങൾ

ഏകദൈവമായ മഹാദേവിയുടെ 2 ഭാഗങ്ങളിൽ ആദ്യത്തേത് മഹാദേവിയും രണ്ടാമത്തേത് പരമശിവനുമാണ്. മഹാദേവിയുടെയും പരമശിവന്റെയും മദ്ധ്യേയുള്ള കൂട്ടുകെട്ടാണ് ഭൂമിയും ആകാശവും ജീവികളും സർവ്വതും ഉൾപ്പെട്ട മഹാപ്രപഞ്ചം. ദൈവഭാഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിനെ മഹാഭദ്രമാക്കുന്ന 2 കരാറുകളെ ദൈവ മന്ത്രങ്ങൾ എന്ന് പേരിട്ടിരിക്കുന്നു. മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം; സ്വകാര്യമാണ്; ആകയാൽ ഓംകാര മന്ത്രം ഗൂഢമാണ്. ഏകദൈവമായ മഹാദേവി, ദൈവ ഭാഗമായ പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മലയാള ഭാഷയിലുള്ള ലളിതമായ ഓംകാര മന്ത്രം ചൊല്ലി കൊടുക്കുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്നു. ഒരു വാക്ക് പോലും ഓർമ്മയില്ല. മഹാദേവിയുടെ സ്വകാര്യമായ ഓംകാര മന്ത്രം മഹാദേവിക്ക് ആവശ്യമുള്ളപ്പോൾ ഓർമ്മിപ്പിക്കും!

ഇ-മഹാഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്.

ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

മഹാപ്രപഞ്ച സൃഷ്ടിയും
ദൈവ സംബോധനകളും

പരമശിവൻ എന്നത് സമസ്ത ആറ്റങ്ങളിലും ശിവചക്രമായി പ്രവർത്തിപ്പിക്കുന്നതായ സ്വന്തം ഭാഗത്തിന് ഏകദൈവമായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാപദവിയാണ്. പ്രപഞ്ചപിതാവ്, ദൈവത്തിന്റെ ഏക പ്രതിനിധി, തുടങ്ങിയ മഹാപദവികളും മഹാപ്രവർത്തനങ്ങളുമാണ് പരമശിവന്റേത്. ഏകദാസൻ, മഹാദാസൻ, മഹാവാഹനമായ മഹാനരസിംഹം എന്നീ മഹാനിലകളിലും പ്രവർത്തിക്കേണ്ടുന്ന ധർമ്മശാസ്ത്ര പരമായ ആവശ്യത്തെ മഹാആനന്ദത്തോടെ പരമശിവൻ ഉൾക്കൊള്ളുന്നു.

ബ്രഹ്മം ഒന്നാമതായി ശിവചക്രം, രണ്ടാമതായി ശക്തിചക്രം, എന്നീ 2 കുഞ്ഞുങ്ങളെ സൃഷ്ടിച്ച ശേഷം, ശക്തിചക്രത്തോടു മാത്രം ചേർന്നപ്പോൾ, ശക്തിചക്രം മഹാശക്തിചക്രമായി / ഏകദൈവമായി / മഹാദേവിയായി. ശിവചക്രത്തെ ഉൾപ്പെടുത്തി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ഏകമായി മഹാനിർവ്വഹിക്കുന്നത് ബ്രഹ്മം കൂടിയായ മഹാദേവിയാണ്. ശിവചക്രത്തെ സൃഷ്ടിച്ചത് മഹാപ്രപഞ്ചത്തിനും മുമ്പാകയാൽ, പ്രപഞ്ചത്തിലെ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളെ സംബന്ധിച്ച് പ്രപഞ്ചപിതാവായ ശിവന് ആദിയും അന്തവും ഇല്ല.

ദൈവ സംബോധനകൾ

ഏകമഹാശക്തിയായ മഹാദേവി അനുവദിക്കാതെ മഹാദേവിയെ പോലും ആരാധിക്കാൻ പാടില്ല; എന്നിരിക്കെ, സൃഷ്ടികളായ മനുഷ്യർ, മൂഢത്തം നിമിത്തം പരമശിവനെ ആരാധിക്കുന്ന അധമ അവസ്ഥ ഉണ്ടായിക്കൂടാ; ആയതിന് പരമശിവൻ മഹാഅനുഗ്രഹത്തോടെ സ്വയം സ്വീകരിച്ചിട്ടുള്ള മഹാനാമങ്ങൾ കൂടിയാണ് ഏകദാസൻ, മഹാദാസൻ എന്നിവ. സൃഷ്ടികൾക്ക്, അവർ ഉൾപ്പെട്ട പ്രപഞ്ചത്തിന്റെ പിതാവാണ് പരമശിവൻ. 'മഹാദേവിയും പരമശിവനും' ഒന്നിച്ചും, തനിച്ചും നിൽക്കുമ്പോൾ, സൃഷ്ടികളായ മനുഷ്യരും മറ്റും അമ്മേ ശിവാ എന്നു സംബോധന ചെയ്യുന്നത് മഹാഉചിതം.

ഏകദേവിയും *ബ്രഹ്മവുമായ മഹാദേവിയെ*, ഏകദേവനായ പരമശിവൻ സംബോധന ചെയ്യുന്നത് *മഹാദേവീ*, *ദേവീ*, *മണ്ണടി ദേവീ* എന്നിങ്ങനെയാണ്; പരമശിവനെ മഹാദേവി സംബോധന ചെയ്യുന്നത് *ദേവാ* എന്നുമാണ്. മഹാദേവിയുടെ മഹാദാസനാണ് പരമശിവൻ. പരമശിവന്റെ മഹായജമാനയും ഭാര്യയും മഹാദാസിയും എല്ലാം എല്ലാമാണ് മഹാദേവി. ദൈവീകമായ ആനന്ദങ്ങൾ, സൃഷ്ടികളുടേതിൽ നിന്നും തികച്ചും വിഭിന്നമാണ്.

പരമശിവന്റെ മഹാആനന്ദം മഹാദേവിയോടുള്ള മഹാദാസ്യവും, മഹാദേവിയുടെ മഹാആനന്ദം മനുഷ്യരും ജീവികളും ഉൾപ്പെട്ട മഹാപ്രപഞ്ചത്തിലെ സമസ്ത കുഞ്ഞുങ്ങളോടുമുള്ള മഹാവാത്സല്യവുമാണ്.

ആത്മീയശാസ്ത്ര - മന്ത്രങ്ങൾ

സ്തുതി ഗീതം, ജപം, തുടങ്ങിയവ ദൈവത്തിന് ആവശ്യമില്ല. കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കണം. ദൈവത്തിന് അത്രയേ വേണ്ടൂ. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാഉചിതമായി അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി നിറവേറ്റുന്നതാണ്. ഉദാഹരണത്തിന് യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും ജീവിത ആവശ്യങ്ങളെ മത-അന്ധവിശ്വാസികളേക്കാൾ ഉപരിയായി ദൈവം മഹാവാത്സല്യത്തോടെ മഹാകരുതുന്നുണ്ട്.

മാനുഷിക ദൈവ സംബോധനാ മന്ത്രങ്ങൾ.

മനുഷ്യർക്ക് അന്യോന്യം വിളിക്കാനും, ദൈവത്തെ വിളിക്കാനും സംബോധന ചെയ്യാനും, നാമങ്ങൾ ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ സന്തോഷവും വ്യക്തിസ്വാതന്ത്ര്യവും കണക്കിലെടുത്ത് ഹ്രസ്വ-പ്രാർത്ഥന, ഹ്രസ്വ-സ്തുതി ഗീതം, ഹ്രസ്വ-ജപം എന്നിവ അനുവദിക്കാൻ ദൈവം ബാദ്ധ്യസ്ഥമാണ്. 4 ലളിതമായ ശാസ്ത്ര-വാചകങ്ങളെ പ്രപഞ്ചപിതാവായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നു. 1. ഓം നമഃ ശിവായ, 2. ഓം ശിവായ നമഃ, 3. ദേവീ ശരണം, 4. അമ്മേ ശിവ! (അക്ഷര ബ്രഹ്മമായ ഓം അക്ഷരമോ പദമോ അല്ല). ലളിതവും ശാസ്ത്രപരവുമായ മേല്പടി 4 'രണ്ടു പദ-വാചകങ്ങൾ' യഥാർത്ഥത്തിൽ സംബോധനകൾ മാത്രമാണ്; മന്ത്രങ്ങളല്ല. ഏതാനും സെക്കന്റുകളോ മിനുട്ടുകളോ മാത്രമായി സ്തുതികളെ ചുരുക്കി ക്കൊള്ളണം. ദൈവത്തിന്റെയും മനുഷ്യരുടെയും ജീവികളുടെയും ശരീര-വർണ്ണനകൾ പാടില്ല. അവ സ്വകാര്യതയിലും മഹാനീതികാര്യങ്ങളിലുമുള്ള കടന്നുകയറ്റമാണ്. കടുത്ത ശിക്ഷകളുണ്ട്. സ്തുതിയും പ്രീതിയും മഹാനീതിക്ക് തടസ്സമാണ്. ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.

ദൈവത്തെ ആരാധിക്കാൻ ദൈവം അനുവദിക്കുന്നത് 100 സ്ത്രീ-പുരുഷ മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിൽ ഒരേയൊരു പുരുഷ ജന്മത്തിൽ, ദൈവം നേരിട്ട് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയ ശേഷം മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്ന മഹാവിശിഷ്ടമായ ആരാധനാ മന്ത്രത്തെ ചൊല്ലാൻ ദൈവം അവകാശവും അധികാരവും നൽകണം. വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷ തീർച്ചയാണ്. ആകയാൽ മേല്പടി കഠിന വാചകത്തെ ദൈവീക മന്ത്രമായി കൂട്ടേണ്ട.

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മന്ത്രങ്ങളുടെ ആവശ്യമില്ല.

ദൈവത്തിനും മനുഷ്യനും തമ്മിൽ നേരിട്ട് കൂട്ടുകെട്ടില്ല; ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമിയുമായാണ് മനുഷ്യന്റെ കൂട്ടുകെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക് മണ്ണിന്റെ നിയമങ്ങൾ മാത്രമാവണം ജീവിത മന്ത്രങ്ങൾ എന്ന് മഹാനീതിപതിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്.

ആവർത്തിക്കുന്നു : ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.

മഹാ പ്രപഞ്ച - സൃഷ്ടി മന്ത്രം



ഓം ഇമഹാഗ്രന്ഥത്തിന്റെ 1, 2, 3 എന്നീ ഭാഗങ്ങളിൽ മലയാളത്തിലും ഭാഗം 4-ൽ ഇംഗ്ലീഷ് ഭാഷയിലും വിശദമാക്കിയിരുന്നു.

ദൈവ മന്ത്രങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഓം ആവർത്തിക്കുക തന്നെ വേണം. മാത്രമല്ല; ആത്മീയ ശാസ്ത്രവുമായി ബന്ധപ്പെട്ട് പുതിയ ഒരു പാഠം/ വ്യാഖ്യാനം ചേർക്കുന്നുമുണ്ട്.

സൃഷ്ടികളായ മനുഷ്യരുടെ ജീവിതത്തെയും, മഹാശക്തിയായ മഹാദേവിയുടെ മായാശക്തികളെയും, മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും, ബന്ധിപ്പിക്കുന്ന 3 മഹാകാര്യങ്ങളുണ്ട് :

(1) ജീവികളുടെ ശരീരമായിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഭൗതികഘടന, മഹാശാസ്ത്രനിയമങ്ങളോടെ ദൈവം സൃഷ്ടിച്ചിട്ടുള്ളതു കൊണ്ടാണ് ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്. അങ്ങനെ അല്ലെങ്കിൽ ജീവികൾക്ക് ജീവിക്കാൻ കഴിയുമോ എന്ന് അല്പം ചിന്തിക്കുക. ഭക്ഷണ പാനീയങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, ഭക്ഷണ പാനീയങ്ങളെ സ്വീകരിക്കുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, രോഗങ്ങൾക്കും മരുന്നുകൾക്കും വൈദ്യുതിക്കും ലോഹങ്ങൾക്കും ഊർജ്ജ-പ്രവർത്തനങ്ങൾക്കും യന്ത്രങ്ങൾക്കും... നിയമങ്ങൾ ഇല്ലാതിരിക്കുക, എന്നിങ്ങനെ ചിന്തിക്കുമ്പോൾ, ശാസ്ത്രനിയമങ്ങൾ മഹാപ്രപഞ്ചത്തിൽ അഥവാ വസ്തുക്കളിലും ജീവികളിലും ഇല്ലെങ്കിൽ ഭക്ഷണമോ ശരീര പ്രവർത്തനങ്ങളോ മാത്രമല്ല; ജീവിതത്തിലെ എല്ലാ മേഖലകളും സ്തംഭിക്കുന്നതായി കാണാം.

(2) ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ ജീവിക്കാനുള്ള മായ എന്ന പേരിലുള്ള ശക്തി വാരിക്കോരി നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ഇനി അല്പം ചിന്തിക്കുക.

ഒരാൾ പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ അതുകണ്ട് പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, അയൽവാസിയായ ഒരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും അയൽവാസികൾ തോന്നുമ്പോലെ മാറിമാറി അടുത്ത മായാസൃഷ്ടി നടത്തുകയും തുടങ്ങിയ രീതിയിൽ ജീവികൾക്ക് മായാശക്തിയിലൂടെ പ്രവർത്തിക്കാമെന്നു വരുമ്പോൾ, ഒരു നിമിഷം പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ, ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം.

(3) മഹാശക്തിയായ ദൈവം, മായ എന്ന പേരിലുള്ള പ്രപഞ്ചത്തിന് അതീതമായ ശക്തികളെ മഹാശാസ്ത്രമായി ചുരുക്കുകയും, മഹാശാസ്ത്രപ്രകാരം മാത്രം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാശാസ്ത്രനിയമങ്ങളെ മനുഷ്യർക്കു വെളിവാക്കി ക്കൊടുക്കുകയും, ഇന്ന് അനുഭവിക്കുമ്പോലെ മനുഷ്യർ ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രപഞ്ചത്തിലെ സുഖസൗകര്യങ്ങൾ കണ്ടെത്തിക്കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിക്കുക. എത്ര സുന്ദരമായിരിക്കുന്നു. മതവ്യവസ്ഥിതികളും, രാഷ്ട്രീയ വ്യവസ്ഥിതികളും ഒക്കെ ശാസ്ത്രപരമായി ശുദ്ധീകരിക്കുക കൂടി ചെയ്താൽ ജീവിതം പരമാനന്ദകരം എന്ന് ഒരുവിധപ്പെട്ട ജനങ്ങളെല്ലാം സമ്മതിക്കുന്നതാണ്.

മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി ആവിഷ്ക്കരിച്ചിരിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം. മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ

പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.

മഹാശക്തിയായ മഹാദേവിയുടെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്; മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരിയും മഹാപ്രപഞ്ചത്തിന് അതീതമാണ് എങ്കിലും മനുഷ്യർക്ക് അത് പ്രകടമല്ല. മഹാശക്തിയായ മഹാദേവി തന്റെ മഹാ-മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുമ്പോൾ മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ മഹാദേവിയും എന്നു സുവ്യക്തമാണ്.

മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ മഹാദേവി സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് സദാ വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !

മഹാദേവി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ തന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.

മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ (മഹാശക്തിയായ മഹാദേവിയുടെ) മായയെ മഹാശാസ്ത്രത്തിലും പ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്. സ്രഷ്ടാവും മഹാരക്ഷകയുമായ മഹാശക്തിയുടെ മായ-യെയും, സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും, ശാസ്ത്രത്തെയും, ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ആവശ്യമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദേവിയുടെ മഹാമായയെ അഥവാ മഹാദേവിയെ പ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം.

ശബ്ദ ബ്രഹ്മവും അക്ഷരബ്രഹ്മവും ആദിവചനവും സംഹാര കാഹളവും മഹാശാസ്ത്രമൂലവും ഒക്കെയായ ഓം സൃഷ്ടിക്കപ്പെടുന്നത് അങ്ങനെ കൂടിയാണ്. ഇ-മഹാഗ്രന്ഥത്തിലെ ഭാഗം 1ൽ വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ, മഹായുക്തി എന്നു വിശേഷിപ്പിക്കാവുന്ന മഹാജ്ഞാനത്തിൽ നിന്ന് ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. ശാസ്ത്ര നിയമങ്ങളും വസ്തുക്കളിലെ നിയമങ്ങളും ഒന്നു തന്നെയാണ് എന്നും വ്യക്തം.

മായാശക്തി ഉപയോഗിച്ച് നിയമങ്ങളെ വസ്തുക്കളായി പരിവർത്തനം ചെയ്യാൻ കഴിയും എന്നാണ് അതിന്റെ അർത്ഥം. നിയമങ്ങളുടെ മറ്റൊരു പേരാണ് മന്ത്രങ്ങൾ.

മഹാശക്തിയായ മഹാദേവിയുടെ മാത്രം സ്വന്തമായ മായാശക്തികളെ ഉപയോഗിച്ച് മഹാദേവിയുടെ മഹാജ്ഞാനമായ നിയമങ്ങളെ വസ്തുക്കളായി മഹാദേവി പരിവർത്തനം ചെയ്തു കഴിഞ്ഞു. മഹാപ്രപഞ്ചവും ജീവികളുമെല്ലാം അങ്ങനെ ഉണ്ടായതാണ്. ജീവികളുടെ ശരീരം ഉൾപ്പെട്ട വസ്തുക്കളിൽ അവയുടെ നിയമങ്ങളെ മഹാലയി(പ്പി)ച്ചിട്ടുമുണ്ട്.

മഹാദേവിയുടെ മഹാഖരരൂപമായ മണ്ണായ ഭൂമിയുടെ അംശങ്ങളാണ് വസ്തുക്കളെല്ലാം എന്നാവുമ്പോൾ സമ്പൂർണ്ണമായ യോജിപ്പും ഉണ്ടാകുന്നു.

വസ്തുക്കളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ലഭിച്ച /ലഭിക്കുന്ന മനുഷ്യർക്ക്, പ്രസ്തുത ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ ശാസ്ത്ര നിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക വികസനത്തിന് സ്രഷ്ടാവ് അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള നിയമങ്ങൾ വെളിപ്പെടു(ത്തു)ന്നത്.

മനുഷ്യർക്ക് മായാശക്തികളുടെ ആവശ്യം ഇല്ലാതെ, അനന്തമായ ആനന്ദങ്ങളെ വസ്തുക്കളിൽ നിന്നും ലഭിക്കുന്ന സുന്ദരമായ അവസ്ഥയാണിത്. വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും ... ടെലിവിഷനും കമ്പ്യൂട്ടറും സ്മാർട്ട് ഫോണുകളും, ഉദാഹരണങ്ങൾ ആണെങ്കിൽ, ഇനിയും വെളിപ്പെടാനുള്ള മറ്റ് അതികേമ ആനന്ദങ്ങളുണ്ട്! യാതൊരാളും മായാശക്തികളെ ദുരുപയോഗം ചെയ്യുന്നുമില്ല !

സൃഷ്ടി-സ്ഥിതി- സംഹാര കർത്താവായ ദൈവത്തിന്റെ സാന്നിധ്യം ബോദ്ധ്യമാവുമ്പോൾ, വസ്തുക്കളുടെ സൃഷ്ടി നിർവ്വഹിക്കുന്നത് 'മായാശക്തികളും മന്ത്രങ്ങളും' കൊണ്ടാണ് എന്നും, ദൈവം വിഷയമല്ലാത്തപ്പോൾ എങ്ങനെയോ ഉണ്ടായ പ്രപഞ്ചത്തിലെ വസ്തുക്കളെയും അവയിൽ എങ്ങനെയോ ഉണ്ടായ നിയമങ്ങളെയും മനുഷ്യർ കണ്ടുപിടിച്ച്, നിയമങ്ങളെ ഉപയോഗപ്പെടുത്തി പുതിയ പുതിയ വസ്തുക്കളെ ഉണ്ടാക്കി എന്നൊക്കെ പറയും.

മനുഷ്യർക്ക് സങ്കല്പിക്കാൻ പോലും സാധിക്കാത്ത ഭൂമിയെയും - വസ്തുക്കളെയും, ജീവികളെയും, ശാസ്ത്ര നിയമങ്ങളെയും, വൈദ്യുതി-എണ്ണ തുടങ്ങിയ ഊർജ്ജങ്ങളെയും, അനന്തമായ ആനന്ദങ്ങങ്ങളെയുമെല്ലാം മണ്ണും 'ദൈവത്തിന്റെ ഖര മഹാരൂപവുമായ' ഭൂമിയിൽ നിന്ന് സൗജന്യമായി ലഭിക്കുകയാണ്. വസ്തുക്കളിൽ മായാശക്തികളെ (ദൈവം) ചേർത്തു കഴിഞ്ഞിരിക്കുകയാൽ പുതിയ പുതിയ വസ്തുക്കളെ ഉണ്ടാക്കുവാനും മനുഷ്യർക്ക് കഴിയുന്നതാണ്. അപ്പോൾ പിന്നെ മായാശക്തികളെ വേറിട്ട് ലഭിക്കേണ്ടുന്ന ആവശ്യം ഉണ്ടാകുന്നില്ല.

മായാശക്തികളെ തോന്നും പോലെ ഉപയോഗിക്കാൻ മനുഷ്യർക്ക് സാധിച്ചാൽ പ്രപഞ്ച ജീവിതം ഒട്ടും സാദ്ധ്യമാവില്ല എന്ന് മുകളിലെ (2)-ൽ വിശദീകരിച്ചതാണ്.

മഹാപ്രപഞ്ചത്തിലെ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ മുഴുവൻ നിയമങ്ങൾ എന്നോ മന്ത്രങ്ങൾ എന്നോ പേരിടുന്നതിന് അനർഹമായ പ്രസക്തി കൊടുത്തു കൂടാ എന്നും സുവ്യക്തമാകുന്നുണ്ട്.

മഹാശക്തിയായ മഹാദേവിയുടെ മഹാജ്ഞാനത്തിന്റെ അംശമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെ കുഞ്ഞുങ്ങളായി കണക്കാക്കി ക്കൊണ്ട് കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ മഹാകരുതുന്ന മഹാദേവിയുടെ മഹാവാത്സല്യത്തെയും മനുഷ്യർ മനസ്സിലാക്കുന്നുവെങ്കിൽ അതാണ് സർവ്വശ്രേഷ്ഠമായ തിരിച്ചറിവ്.

മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുന്ന മഹാശാസ്ത്രങ്ങൾ പ്രകാരമായിരിക്കും മഹാപ്രപഞ്ചത്തിന്റെ അടിസ്ഥാനപരമായ സ്വഭാവങ്ങളും പ്രവർത്തനങ്ങളും എന്നും വ്യക്തമാണ്.

ദൈവത്തെ വിഷയമാക്കാതെ എങ്ങനെയോ ഉണ്ടായ പ്രപഞ്ചത്തിലെ വസ്തുക്കളെയും അവയിൽ എങ്ങനെയോ ഉണ്ടായ നിയമങ്ങളെയും മനുഷ്യർ കണ്ടുപിടിച്ച്, നിയമങ്ങളെക്കൊണ്ട് പുതിയ പുതിയ വസ്തുക്കളെ ഉണ്ടാക്കി എന്നൊക്കെ പറയുമ്പോൾ മഹാശക്തിയായ ദൈവം കുഞ്ഞുങ്ങളുടെ അജ്ഞാനത്തെയും ചിലരുടെ അഹങ്കാരത്തെയും ക്ഷമിക്കുന്നുണ്ട് ! ശേഷം, ആറ്റങ്ങളുടെ ഉള്ളിൽ ഓം എന്ന് മഹാചിരിച്ച് അടുത്ത നിയമങ്ങളെ മഹാവാത്സല്യത്തോടെ വെളിവാക്കുന്നു !

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി മന്ത്രമായും മഹാശാസ്ത്ര മൂലമായും സർവ്വ ആറ്റങ്ങളിലും ഓം സദാ മുഴങ്ങുന്ന ശക്തിയിൽ നിന്നാണ് പ്രപഞ്ചത്തിലെ സർവ്വതിനും പ്രവർത്തന ശക്തി ലഭിക്കുന്നതെന്ന് മഹാശാസ്ത്ര പരമായി അനുമാനിക്കാൻ കഴിയും.

കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ ആനന്ദ ജീവിതം കൂടുതൽ ശിവ സുന്ദരം ആക്കുന്നതിനായി മഹാപ്രപഞ്ചത്തിലെ സർവ്വതിലും സത്യം ആയിരിക്കുന്ന ഓം എന്ന മഹാമന്ത്രം മാത്രം മഹാഗൂഢമായിരിക്കുന്നു. സംഹാരകാഹളം അറിയിക്കാൻ കൂടിയാണ് പതിനായിരം വർഷങ്ങൾ എന്നറിയുന്ന ഒരു സൃഷ്ടി ചക്രത്തിലെ ഏതാനും വർഷങ്ങളിൽ മാത്രമായി മഹാദേവിയുടെ മഹാസംഗീതം കൂടിയായ മഹാചിരി ഗൂഢത കളഞ്ഞ് കുഞ്ഞുങ്ങളെ ആനന്ദിപ്പിച്ച് മഹാഅനുഗ്രഹിക്കുന്നത് !

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മുകളിലുള്ള ഏതാനും വാക്യങ്ങൾ ആവർത്തിക്കുന്നു :-

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മന്ത്രങ്ങളുടെ ആവശ്യമില്ല.

ദൈവത്തിനും മനുഷ്യനും തമ്മിൽ നേരിട്ട് കൂട്ടുകെട്ടില്ല; ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമിയുമായാണ് മനുഷ്യന്റെ കൂട്ടുകെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക് മണ്ണിന്റെ നിയമങ്ങൾ മാത്രമാവണം ജീവിത മന്ത്രങ്ങൾ എന്ന് മഹാനീതിപതിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്.

ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ മന്ത്രജപം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, മൃഗ ബലി, നരബലി, ഭക്ഷണ നോമ്പുകൾ, ആചാരം, അനുഷ്ഠാനം, മത-തീർത്ഥയാത്ര, മത-ധ്യാനം, ജ്യോതിഷം, യജ്ഞം, യാഗം, തപസ്സ്, ദൈവം നേരിട്ട് അനുവദിക്കാത്ത ദൈവാരാധന, തുടങ്ങിയ എല്ലാവിധ ഭക്തിഭ്രാന്തുകളും ദുസ്വാർത്ഥങ്ങളും എന്നന്നേയ്ക്കുമായി അവസാനിക്കുന്നതാണ്.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം ദൈവത്തിന്റെ മായാശക്തികൾ ആയതുകൊണ്ട് വർജ്യമെങ്കിലും, മന്ത്രശാസ്ത്രത്തെ വ്യവസ്ഥാപിതമായി നിലനിർത്തുകയാണു ചെയ്തത്. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമാണ് ഇപ്പോഴത്തേത്. ഓംമഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചു കഴിഞ്ഞിട്ടുണ്ട്. 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നിർവ്വഹിച്ചത് മനുഷ്യരിൽ നിന്ന് മോക്ഷം നേടിയ മാലാഖമാർ, മലക്കുകൾ എന്നിങ്ങനെയെല്ലാം പേരുകളുള്ള ദേവതകളിലൂടെ ആയിരുന്നു. കാര്യകാരണങ്ങളെ ചുവടെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. ദേവതകൾക്ക് ധാർമ്മികത നഷ്ടപ്പെട്ടപ്പോൾ വർജ്ജ്യമായ മന്ത്രശാസ്ത്രം വ്യാപകമായി; ദൈവീക പരിവേഷവും നേടി.

ദൈവത്തിന്റെ മായാശക്തി ഉപയോഗിച്ച് യുക്തികളെ നിയമങ്ങളായും, നിയമങ്ങളെ വസ്തുക്കളായും പരിവർത്തനം ചെയ്യാൻ കഴിയുന്നതാണ്. മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം സാക്ഷ്യമാണ്.

വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ (ശാസ്ത്ര) നിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക വികസനത്തിന് സ്രഷ്ടാവ് അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങളെ മണ്ണും ഭൂമിയുമായ ദൈവം വെളിപ്പെടുത്തുന്നത്.

മുമ്പ് വ്യക്തമാക്കിയതു പോലെ, മനുഷ്യർക്ക് മായാശക്തികളുടെ ആവശ്യം ഇല്ലാതെ, അനന്തമായ ആനന്ദങ്ങളെ വസ്തുക്കളിൽ നിന്നും ലഭിക്കുന്ന സുന്ദരമായ അവസ്ഥയാണത്. വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും ... ടെലിവിഷനും കമ്പ്യൂട്ടറും സ്മാർട്ട് ഫോണുകളും, ഉദാഹരണങ്ങൾ ആണെങ്കിൽ, ഇനിയും വെളിപ്പെടാനുള്ള മറ്റ് അതികേമ ആനന്ദങ്ങളുണ്ട് ! യാതൊരാളും മായാശക്തികളെ ദുരുപയോഗം ചെയ്യുന്നുമില്ല !

ഓംകാര നീതി ശാസ്ത്ര പ്രകാരം എല്ലാ ജീവികൾക്കും / മനുഷ്യർക്കും സമആനന്ദം എന്ന മഹാസമനീതി തീർച്ചയായും ലഭിക്കുന്നതാണ്. മക്കൾ മാത്രമാണ് സൃഷ്ടികൾ എന്നിരിക്കെ, മക്കളുടെ നല്ലതിന് വേണ്ടത് മാത്രമേ മഹാപിതാവും മഹാമാതാവുമായ ദൈവം ചെയ്യുകയുള്ളൂ എന്നത് ദൈവം മഹാകനിഞ്ഞു നൽകിയ ബുദ്ധിജീവികളെ യഥോചിതം ഉപയോഗിക്കലാണ്. ദൈവത്തിന്റെ ഇഷ്ടം പോലെ നടക്കട്ടെ എന്ന പ്രാർത്ഥനയിൽ അറിഞ്ഞും അറിയാതെയും അവർ സ്രഷ്ടാവിനെ ആദരിക്കുന്നുണ്ട്. മറിച്ച്, സർവ്വം സൃഷ്ടിച്ച, സർവ്വത്തിനും അതീതമായ ദൈവത്തെ, ദൈവം സൃഷ്ടിച്ച പ്രപഞ്ചവസ്തുക്കളെ വഴിപാടുകളായി സ്വീകരിച്ച് ഒരു കോമാളിയെപ്പോലെ ആനന്ദിക്കുന്ന വിചിത്ര ജീവിയായി കണക്കാക്കുന്നത് മഹാശക്തിയായ ദൈവത്തെ അപമാനിക്കലാണ്. മക്കളായ മനുഷ്യർ കാട്ടുന്ന ദൈവനിന്ദയെ മഹാപിതാവും മഹാമാതാവുമായ ദൈവം വളരെയധികം ക്ഷമിക്കുന്നുണ്ട്. എന്നാൽ മഹാനീതിപതി കൂടിയായ ദൈവം ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്താൻ ബാദ്ധ്യസ്ഥമാകുന്നു.

ധർമ്മശാസ്ത്ര പ്രകാരം മനുഷ്യർ ജീവിച്ചാൽ മഹാആനന്ദം സർവ്വ ജീവികൾക്കും ലഭിക്കുന്നതാണ്. ഓംകാര നീതി ശാസ്ത്രത്തെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് അത്ര മഹത്തരമായാണ്.

വ്യക്തിയുടെ പ്രാർത്ഥന അടിസ്ഥാനപരമായി വിഷയമല്ല. പ്രാർത്ഥന പോലും നിർബ്ബന്ധമല്ല/ ആവശ്യമില്ല. ദൈവ

വിശ്വാസിയാണോ, മതവിശ്വാസിയാണോ, നിരീശ്വരവാദിയാണോ എന്നതും വിഷയമല്ല. അതായത് വാക്കും പ്രവൃത്തിയും മാത്രമാണ് മാനദണ്ഡം. ഉദാഹരണത്തിന്, മത-അന്ധവിശ്വാസം, അനാചാരങ്ങളും അനുഷ്ഠാനങ്ങളും, തുടങ്ങിയ അധമത്തങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന നിരീശ്വരവാദികൾ പുണ്യത്തെ ഏറെ നേടുന്നതാണ്. അവർ ചെയ്തിട്ടുള്ള മത-ദൈവ നിന്ദയ്ക്കും അവർക്ക് പുണ്യം തന്നെയാണ് ലഭിക്കുക. ദൈവം എന്താണ് എന്ന് അറിയാത്ത നിരീശ്വരവാദികൾ ചെയ്യുന്നത് ദൈവ നിന്ദയല്ല. അവർ നിമിത്തം സമൂഹത്തിലെ ജനങ്ങൾക്ക് നഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് മാത്രമല്ല; നഷ്ടങ്ങൾ കുറയുന്നു; ബഹുവിധ ലാഭങ്ങൾ ഉണ്ടാകുന്നുമുണ്ട്.

രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാനാവുന്നതോ
അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും
മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും
സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു
കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.
ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ
മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ
അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു
ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.

എല്ലാ മതങ്ങളിലുമുള്ള എല്ലാ മന്ത്രങ്ങളും വർജ്ജ്യമാണ്. "നൂറായിരം *മന്ത്രങ്ങളെ* പടച്ച് ദൈവം എന്തു നേടാനാണ് ഹേ" എന്നു ചോദിക്കാൻ നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള ഏതാനും പേർക്കു മാത്രമേ ഊറ്റമുള്ളൂ. ദൈവത്തിന് അഭിമാനിക്കാൻ അങ്ങനെയെങ്കിലും കുറേ കുഞ്ഞുങ്ങളുണ്ട് എന്നത് വളരെ സന്തോഷകരമാണ്.

മന്ത്രങ്ങൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള അപശബ്ദങ്ങൾ പ്രമുഖ മതങ്ങളിൽ ധാരാളമായുണ്ട്. അവയ്ക്ക് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളുമായി യാതൊരു ബന്ധവുമില്ല. എളുപ്പത്തിൽ അധമ മാർഗ്ഗങ്ങളിലൂടെ ദൈവത്തിന്റെ മായാശക്തികൾ നേടാനും അവ കൊണ്ട് വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കാനും ഭരിക്കാനും ദുർവൃത്തരായ മനുഷ്യർ തയ്യാറാവുന്നതിന്റെ പരിണാമം ആണത്. നീചരായ ജനങ്ങൾ ദുസ്വാർത്ഥങ്ങളെ നേടാൻ ഉപയോഗിച്ച മാർഗ്ഗത്തെ പിൻപറ്റണമോ എന്ന് മറ്റു-ജനങ്ങൾ സ്വയം വിശകലനം ചെയ്ത് തീരുമാനിക്കണം.

അആഇഈഉഊഋഎഏഐഒഓഔഅം
കഖഗഘങചഛജഝഞടഠഡഢണതഥദധനപഫബഭമയരലവശഷസ
ഹളഴറ ....

... മൊബൈൽ ഫോണിൽ കണ്ട അക്ഷരങ്ങളെ തൊട്ടപ്പോൾ കിട്ടിയ ഒരു വലിയ മന്ത്രമാണ് മുകളിൽ കൊടുത്തത്. ഭാഷയിലെ കൂട്ടക്ഷരങ്ങൾ, ചില്ലുകൾ എന്നിവ കൂടി ചേർത്ത് വലത്തു നിന്നും ഇടത്തോട്ടും വായിച്ചു നോക്കുക. തോന്നും പോലെ യെല്ലാം അക്ഷരങ്ങളെ കൂട്ടിവയ്ക്കുക. ശേഷം എവിടെയെങ്കിലും വായിച്ചതോ കേട്ടതോ ആയ ദുർദ്ദേവതകളുടെ പേരുകളും ഇരട്ടപ്പേരുകളും ആദ്യത്തെ രസായനത്തിൽ തോന്നുന്നിടത്തെല്ലാം ചേർക്കുക. നിർമ്മാതാവ്, സഹായികൾ തുടങ്ങിയവരുടെ പേരുകളും മറ്റും ചേർക്കാവുന്നതാണ്. എല്ലാംകൂടി കാണാപ്പാഠമാക്കുക.

മന്ത്രങ്ങളെ തയ്യാറാക്കി കഴിഞ്ഞു.

ആർക്കും മനസ്സിലാകാത്ത വാചക കസർത്തുകളെ സാധാരണ ജനങ്ങളുടെ ചെവിയിലേക്ക് ശബ്ദം കുറച്ചും ഇടയ്ക്കിടെ കൂട്ടിയും ഒഴിച്ചു കൊടുക്കുക.

ജനങ്ങളുടെ അദ്ധ്വാനത്തെ/പണത്തെ വിവരദോഷികൾ ചൂഷണം ചെയ്യുന്നത് /പിടുങ്ങുന്നത് ഇങ്ങനെയൊക്കെയാണ്.

കൊടും കൊള്ളക്കാരായ ഭരണാധികാരികൾ = തെമ്മാടികൾ = എമ്പോക്കികൾ കൂടി ഒത്താശ ചെയ്താൽ കുശാലായി. മതപുരോഹിതന്മാരും മന്ത്രവാദികളും തുടങ്ങിയ വ്യത്യസ്ത എമ്പോക്കികൾ കാട്ടുന്ന കുതന്ത്രക്കസർത്തുകൾക്ക് ശിക്ഷകളുണ്ട്. മഹാവാത്സല്ല്യമായ ദൈവം നൽകുന്ന ബുദ്ധിശക്തി ഉപയോഗിക്കാതെ, വായും പൊളിച്ച് എമ്പോക്കികളെ കേട്ടതിനും അവരെ അനുസരിച്ച കുറ്റത്തിനും ശിക്ഷകൾ വേണ്ടേ ?

ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥന്മാർക്ക് യാതൊരു സ്ഥാനവുമില്ല.

മന്ത്രം എന്നാൽ എന്താണെന്ന് ആദ്യം വിശദമാക്കിയതാണ്.

മനുഷ്യർ തട്ടിക്കൂട്ടിയ അപശബ്ദങ്ങൾക്ക് മന്ത്രങ്ങൾ എന്ന് പേരിടുന്നത് മറ്റൊരു അപരാധമാണ്.

മഹാശക്തിയും മണ്ണും ഭൂമിയുമായ ദൈവം മഹാശാസ്ത്രത്തെ അഥവാ യഥാർത്ഥ വേദങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കെ;

കള്ളക്കൂട്ടങ്ങൾ തട്ടിക്കൂട്ടുന്ന മതങ്ങൾക്ക് ദൈവശാസ്ത്രം എന്ന (കള്ള)പ്പേര് ഇടുന്നപോലെ ഹീനമാണത്.

യഥാർത്ഥമായ വേദങ്ങൾ അക്ഷരബ്രഹ്മം സുവ്യക്തമാക്കുന്ന 3 എണ്ണം മാത്രമാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവവിപ്ലവത്തിന്റെ മുന്നോടിയായി ദൈവഭാഗമായ പരമശിവനിലൂടെ യഥാർത്ഥമായ വേദങ്ങൾ വീണ്ടെടുക്കുംവരെ ~~നാല്~~ **(4)** വേദങ്ങൾ എന്ന തെറ്റായി പ്രചരിക്കുവാൻ കാരണം മനുഷ്യർ തട്ടിക്കൂട്ടിയ അധമ-മന്ത്രങ്ങളാണ്.

മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്ര പ്രകാരം ജന്മഗുണങ്ങളായി ബുദ്ധിശക്തിയും ജീവിത സൗകര്യങ്ങളും അധികം ലഭിച്ചവർ വർജ്ജ്യമായ മന്ത്രശാസ്ത്രത്തെ ഉപയോഗിച്ച് മായാശക്തികളെ നേടുമ്പോൾ, അതിന്റെ ദോഷഫലങ്ങളെ അനുഭവിക്കാൻ 'ഭൂരിപക്ഷം വരുന്ന താരതമ്യേന ബുദ്ധി കുറഞ്ഞ സാധാരണ ജനങ്ങൾ' ബലിമൃഗങ്ങളെപ്പോലെ തയ്യാറാവണം എന്ന അഭിപ്രായം ഉണ്ടെങ്കിൽ; സാധാരണ ജനങ്ങളിൽ ഒരാളായി കഷ്ടം അനുഭവിക്കാൻ സ്വയം തയ്യാറാകുമോ എന്നും അത്തരം തീരുമാനം ശരിയാണോ എന്നും സ്വയം വിശകലനം ചെയ്യണം.

മൂഢരും ദുസ്വാർത്ഥരുമായ ജനങ്ങളെക്കൊണ്ട് ആനന്ദിക്കുന്നവരായ ദുർദ്ദേവതകൾ മാത്രമാണ് മന്ത്രങ്ങളെയും മന്ത്രജപങ്ങളെയും ബന്ധപ്പെട്ട ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കുക. ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ മന്ത്രജപം, മന്ത്രവാദം, യാഗം, തപസ്സ്, തുടങ്ങിയ കുറുക്കുവഴികൾ തേടുന്ന ദുസ്വാർത്ഥരായ മൂഢർക്ക് മന്ത്രങ്ങൾ എന്ന പേരിൽ അപശബ്ദങ്ങളെയും അനാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഉണ്ടാക്കാൻ സഹായിക്കുകയും പ്രതിഫലം പറ്റുകയും ചെയ്യുന്നത് ദുർദ്ദേവതകളാണ്.

ദുർവൃത്തരായ മനുഷ്യരും ദുർദ്ദേവതകളും ഏർപ്പെടുന്ന മന്ത്രകാര്യങ്ങളെ ശരിവയ്ക്കുന്നില്ലാ എങ്കിലും ഭാഗികമായി വഴങ്ങാൻ ആദ്യ മഹാകാലചക്രത്തിൽ ദൈവം ബാദ്ധ്യസ്ഥമാകുന്നുണ്ട്. ദൈവ വിപ്ലവം ഉടനെ

ആരംഭിക്കുന്നതോടെ ബാദ്ധ്യത തീരുന്നതാണ് !

ദൈവം എന്താണ് എന്ന് അറിയാത്ത മത-ദൈവ വിശ്വാസികൾ, ദൈവത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കടുത്ത ദൈവ നിന്ദയാണ്; അപരാധമാണ്; ദൈവ ശിക്ഷകളുമുണ്ട്. അറിഞ്ഞും അറിയാതെയും അവർ ഉണ്ടാക്കുന്ന ഊർജ്ജ നഷ്ടം, വസ്തു നഷ്ടം, സമയ നഷ്ടം, ദൈവനിന്ദ, ശബ്ദ ശല്ല്യം, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ അശാന്തി, തുടങ്ങിയവ അതിഭീമമാണ്.

മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള മന്ത്രങ്ങളെല്ലാം മഹാശാസ്ത്ര നിയമങ്ങൾ ആണെന്നിരിക്കെ അവയിൽ വാദങ്ങൾ ആവശ്യമില്ല; അവ സത്യങ്ങൾ മാത്രമാണ്.

ദുർമന്ത്രം കൊണ്ട് ചെയ്യുന്ന വാദമാണ് മന്ത്രവാദം. ആചാരങ്ങളും അനുഷ്ഠാനങ്ങളും ചേർത്ത് കൂടുതൽ ദുർവൃത്തമാക്കുമ്പോൾ കൊടിയ ദുർമന്ത്രവാദം ആയി. സന്മന്ത്രവാദം എന്നൊന്നില്ല എന്നും അർത്ഥം. ശരീരം ഉള്ളവർക്കെല്ലാം ശരീര രോഗങ്ങളും മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ മന്ത്രവാദികൾക്ക് മനോരോഗങ്ങളെ മറയ്ക്കാമെന്നു മാത്രം !

മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ. ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല.

സംസ്ഥാന-കേന്ദ്ര നിയമസഭകൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടുന്ന കാര്യാലയങ്ങളും ബന്ധപ്പെട്ട തൊഴിലുകളും നിയമങ്ങളെയല്ല; മറിച്ച്, മുകളിൽ വിവരിച്ച ദുർമന്ത്രങ്ങളെ തട്ടിക്കൂട്ടുന്ന അധമസങ്കേതങ്ങൾ മാത്രമാണെന്ന് സുവ്യക്തമായി! ഭരണാധികാരികൾ ചമയുന്ന കൊള്ളസംഘം നിയമങ്ങൾ എന്ന കള്ളപ്പേരിൽ പടച്ചുവിടുന്ന കള്ള-ക്കൊള്ള-കപടതന്ത്രങ്ങളെ കൊണ്ട് ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയാത്തത് അതുകൊണ്ടാണ്.

ഭൂമിയിലെ മന്ത്രിമാർ ഉൾപ്പെട്ട ജനങ്ങൾക്ക് അറിയാത്ത സത്യമായ ഒരു തമാശ പറയാം :-

മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ എന്നിരിക്കെയും; ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല എന്നിരിക്കെയും;

മന്ത്രങ്ങളായ നിയമങ്ങളുടെ പേരിൽ വാദിക്കുന്ന മന്ത്രിയുടെ ഇരട്ടപ്പേരാണ് മന്ത്രവാദി; തിരിച്ചും ! ദൈവീകം നഷ്ടപ്പെട്ട നീചരെന്ന് ലളിതമായി വിളിക്കാം !

മന്ത്രിമാരാവാൻ മുട്ടിനിൽക്കുന്നവർ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള യഥാർത്ഥ മന്ത്രങ്ങൾ പഠിക്കുക.

ഒരു പ്രദേശത്തെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനങ്ങൾ ചെല്ലും ചെലവും കൊടുത്ത് നിയമിച്ചിട്ടുള്ള ജനങ്ങളുടെ സേവകർ മാത്രമാണ് രാജാവ്, മന്ത്രി, കളക്ടർ, പോലീസ് തുടങ്ങിയ എല്ലാ ഭരണാധികാരികളും. രാജാവും

മന്ത്രിമാരും ഉൾപ്പെടെയുള്ള ഉന്നത അധികാരികളെയല്ലാ പോലീസുകാരും മറ്റു ജനസേവകരും അനുസരിക്കേണ്ടത്; മറിച്ച് ധർമ്മശാസ്ത്രങ്ങളെ മാത്രം അനുസരിച്ച് തൊഴിൽ ചെയ്യണം. ധർമ്മശാസ്ത്രങ്ങളെ തെറ്റിക്കുന്ന രാജാവും മന്ത്രിയും ഉൾപ്പെടെ ഏതൊരാളെയും ചോദ്യം ചെയ്യാനും പിരിച്ചുവിടാനും ഏതൊരു പൗരനും തനിച്ചു പ്രവർത്തിക്കാൻ പോലീസ് ഉൾപ്പെടെയുള്ളവർ ഊട്ടുന്ന ജനങ്ങളെ ധർമ്മശാസ്ത്ര പരമായി തുണയ്ക്കുമ്പോൾ സാധിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഇ-മഹാഗ്രന്ഥത്തിൽ ലഭ്യമായ ദൈവ വിപ്ലവ വിശകലനങ്ങൾ പഠിച്ചാൽ മതിയാകും.

മുകളിൽ കൊടുത്ത 2 വാക്യങ്ങളെ ചുവടെ ആവർത്തിച്ച ശേഷം, പേരു കൊണ്ട് പോലും നാലാമത്തെ വേദമായിട്ട്, കള്ള-പ്രചാരം നേടിയ മന്ത്രശാസ്ത്രത്തെ വിശദീകരിക്കുന്നു.

[യഥാർത്ഥമായ വേദങ്ങൾ അക്ഷരബ്രഹ്മം സുവ്യക്തമാക്കുന്ന 3 എണ്ണം മാത്രമാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവവിപ്ലവത്തിന്റെ മുന്നോടിയായി ദൈവഭാഗമായ പരമശിവനിലൂടെ യഥാർത്ഥമായ വേദങ്ങൾ വീണ്ടെടുക്കുംവരെ; നാല്(4) വേദങ്ങൾ എന്ന തെറ്റായി പ്രചരിക്കുവാൻ കാരണം മനുഷ്യർ തട്ടിക്കൂട്ടിയ അധമ-മന്ത്രങ്ങളാണ്.]

(അദ്ധ്യായം 77)

മഹാശാസ്ത്രം : നാലാമത്തെ ശാഖ/ നാലാമത്തെ വേദം : മന്ത്രശാസ്ത്രം

മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി- സംഹാര കാര്യങ്ങളെ മഹാസുന്ദരമായി നിർവ്വഹിക്കുവാൻ മുമ്പ് വിശദീകരിച്ചു കഴിഞ്ഞ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയശാസ്ത്രം എന്നീ 3 വേദങ്ങൾ മതിയാകും. ഭൂമിയിൽ വച്ചും, മോക്ഷം നേടുമ്പോഴും, മനുഷ്യർക്കു മഹാആനന്ദകരമായി ജീവിക്കുവാൻ ആവശ്യമായ മഹാപദ്ധതികളെ മേല്പടി മൂന്ന് (3) വേദങ്ങളിലൂടെയും ദൈവം ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാനുള്ള ബുദ്ധിശക്തികളെ, ദൈവം ഭൂരിപക്ഷം ജനങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

അപ്പോൾ പിന്നെ നാലാമത്തെ വേദം എന്താണ് ? എന്തിനാണ് ? ആവശ്യമില്ലാത്തതും, അനാവശ്യം മാത്രവുമായ വേദമാണ് മഹാശാസ്ത്രത്തിന്റെ നാലാമത്തെ ശാഖയായ മന്ത്രശാസ്ത്രം എന്നതു കൊണ്ടു തന്നെയാണ് അത് വർജ്ജ്യമാണെന്ന് പ്രസ്താവിക്കുന്നത്.

ദൈവത്തിന്റെ അഥവാ ദൈവത്തിന്റെ മഹാരൂപമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി സംഹാരങ്ങൾക്ക് ആവശ്യമില്ലാത്തതും അനാവശ്യം മാത്രവുമായ മന്ത്രശാസ്ത്രത്തെ ദൈവം എന്തിന് സൃഷ്ടിച്ചു എന്ന് വിശദമാവണം.

ദൈവം നേരിട്ട് സൃഷ്ടിച്ചതല്ല. അർത്ഥപുഷ്ടമായ സൃഷ്ടി മാത്രമാണ് ദൈവം നേരിട്ട് ചെയ്യുക.

~~നാലാമത്തെ വേദത്തെ~~ ആര് / എങ്ങനെ / എന്തിന് സൃഷ്ടിച്ചു ?

ദൈവത്തിന്റെ മഹാഇഷ്ട പ്രകാരം അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം ദൈവം നേരിട്ട് നടത്തുന്ന സൃഷ്ടി ദൈവത്തിന്റേതാണ്.

ധർമ്മശാസ്ത്ര പ്രകാരം മാത്രം ഉപയോഗിക്കണം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ദൈവം ഏല്പിച്ച ശക്തികളെ, സത്യപ്രതിജ്ഞ ചെയ്തു സ്വീകരിച്ചിട്ട് ധർമ്മശാസ്ത്ര പ്രകാരമല്ലാത്ത വസ്തുക്കളെയും ജീവി-രൂപങ്ങളെയും രണ്ടാം കക്ഷി സൃഷ്ടിച്ചാൽ, അധമ-മായ പുതിയ സൃഷ്ടികളുടെ സ്രഷ്ടാവ് രണ്ടാം കക്ഷിയാണ്; ഒന്നാം കക്ഷി അല്ല; ശക്തിക്ക് ആധാരം ഒന്നാം കക്ഷിയുമാണ്.

ഓംകാരം മഹാപ്രപഞ്ചത്തിന്റെ ശക്തി-നിയന്ത്രണ സത്തയാണ്. എന്നുവച്ചാൽ മഹാപ്രപഞ്ചത്തിന്റെ അകത്ത് പുതിയ വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കാൻ ഓംകാരം ഉപയോഗിച്ച് കഴിയും ! ഒരായിരം ടൺ സ്വർണം, സ്വർണ്ണം കൊണ്ടൊരു കൊട്ടാരം, ആയിരം മടങ്ങ് വലിപ്പം ഉള്ള മനുഷ്യൻ/ ആന / എലി തുടങ്ങിയവ സാധാരണ മനുഷ്യരുടെ ഭാവനയിൽ

വരുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ അകത്ത്, ആദിയും അന്തവും ഇല്ലാത്ത ആകാശം എന്ന മഹാലിംഗത്തിന്റെ അകത്ത്, ഭൂമിയേക്കാൾ വലുതും ചെറുതുമായ നിരവധി ദ്രവ്യക്കട്ടകളെ - ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും സൃഷ്ടിച്ചാലോ? അരുതാത്തത് സംഭവിച്ചു.

{ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ (മഹാഹൃദയമായ) ഓംകാരം കൊണ്ട് മഹാപ്രപഞ്ചത്തിന്റെ അകത്ത് മാത്രമേ സൃഷ്ടി നടത്താൻ സാധിക്കുകയുള്ളോ എന്ന ചോദ്യമുണ്ട്. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം വേണ്ടി ദൈവം സ്വയം പരിമിതപ്പെടുത്തിയതാണ്. മനുഷ്യർ അറിയുന്നതോ അറിയാത്തതോ ആയ അനന്തമായ ഭൂമികളെയും ജീവികളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തെ മനുഷ്യർ കൂടുതൽ ഭയക്കുന്നതും അസുരക്ഷിത ബോധം മനുഷ്യർക്ക് ഉണ്ടാകുന്നതുമാണ്. ഭൂമിയിലെ മനുഷ്യരുടെയും ജീവികളുടെയും മാത്രം ദൈവം ആകുമ്പോൾ മനുഷ്യരുടെ ആശങ്കകൾ മാറി സന്തോഷിക്കുന്നതാണ്. മാത്രമല്ല, ഭൂമിയും ഭൂമി ഉൾപ്പെട്ട മഹാപ്രപഞ്ചവും ക്രമേണ കാലാനുസൃതമായി വളരുമ്പോൾ, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ പ്രകടമാക്കാൻ കഴിയുന്നതുമാണ്.}.

ഓംകാരത്തെ പശുപതിയായ പരമശിവനിലൂടെ ദേവതകളെ ഏല്പിച്ചപ്പോൾ, കുരങ്ങിന്റെ കൈയ്യിൽ പൂമാല കിട്ടിയാലുള്ളതിന് സമാനമായ ദുരവസ്ഥ ഉണ്ടായി.

ഇങ്ങനെ രണ്ടാം കക്ഷി ചെയ്യുമെന്ന് മഹാശക്തിയായ ഒന്നാം

കക്ഷിക്ക് മുൻകൂട്ടി അറിയാൻ കഴിയില്ലേ ? കഴിയും; എന്നാൽ കഴിയില്ല ! സൃഷ്ടിയായ രണ്ടാമത്തെ കക്ഷിയുടെ ചിന്തകളെ പോലും ഒന്നാം കക്ഷിക്ക് അറിയാമെങ്കിലും, രണ്ടാമത്തെ കക്ഷിക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ മഹാഅനുവദിച്ചിരിക്കുകയാൽ, രണ്ടാം കക്ഷിയുടെ പ്രവർത്തനങ്ങളെ മുൻകൂട്ടി നിശ്ചയിക്കുവാനോ നിയന്ത്രിക്കുവാനോ ഒന്നാം കക്ഷി തയ്യാറായിക്കൂടാ എന്നതും രണ്ടാം കക്ഷിയെ സൃഷ്ടിച്ച മഹാപിതാവും മഹാമാതാവും ഒന്നാംകക്ഷി ആകയാൽ മഹാവാത്സല്യം കൊണ്ട് രണ്ടാം കക്ഷിയെ തിരുത്തുക എന്നതാണ് ഒന്നാമത്തെ കക്ഷിയുടെ നയം /മഹാഇഷ്ടം എന്നതും കാരണങ്ങളാണ്.

ഒന്നാമത്തെ കക്ഷി : മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാദേവനുമായ മഹാദേവി + മഹാദേവിയുടെ ഭാഗവും മഹാദാസനുമായ പരമശിവൻ.

രണ്ടാമത്തെ കക്ഷി : സൃഷ്ടിയും കുഞ്ഞുങ്ങളുമായ ദേവതകൾ.

ഒന്നാമത്തെ കക്ഷിയുടെ ആദ്യ ഭാഗമായ മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാദേവനുമായ മഹാദേവി, രണ്ടാം ഭാഗമായ പരമശിവനി-ലൂടെ മാത്രമേ കുഞ്ഞുങ്ങളുടെ കാര്യങ്ങളിൽ ഇടപെടുകയുള്ളൂ. മഹാദേവിയുടെ ഏകഭർത്താവ്, പ്രപഞ്ചപിതാവ്, ഏകപ്രതിനിധി, മഹാവാഹനം, മഹാദാസൻ, ഏകദാസൻ തുടങ്ങിയ അവകാശങ്ങളും അധികാരങ്ങളും പരമശിവന് മഹാഅനുഗ്രിച്ചു നൽകാനാണത്.

പശുപതിയായ പരമശിവനിലൂടെ നിയമിക്കപ്പെട്ട ശിവന് സംഭവിച്ച പിഴവുകളെ മറ്റുള്ള ദേവതകൾ

ദുസ്വാർത്ഥങ്ങൾക്കും മറ്റും ഉപയോഗിച്ചപ്പോൾ മന്ത്ര ശാസ്ത്രം ഉണ്ടായി.

സ്മൃതി, പുരാണം എന്നിവ 'മന്ത്ര ശാസ്ത്ര'വുമായി കൂടിക്കലർന്ന് ഇതിഹാസങ്ങളായി മാറിയ മേല്പടി ദേവതകളുടെയും, ദുർദ്ദേവതകളുടെയും, ഉൾപ്പെട്ട മനുഷ്യരുടെയും പഴയ കാല ദീർഘ ചരിത്രമാണ്. മന്ത്ര ശാസ്ത്രത്തെ കുറേക്കൂടി വിശദീകരിച്ച ശേഷം സ്മൃതി, പുരാണങ്ങളിലേക്കു കടക്കാം.

'ദൈവീക മന്ത്രങ്ങളെ' വിശദീകരിച്ചതിലെ 2 ഖണ്ഡികകൾ ചുവടെ ആവർത്തിക്കുന്നു.

[(2) ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ ജീവിക്കാനുള്ള മായ എന്ന പേരിലുള്ള ശക്തി വാരിക്കോരി നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ഇനി അല്പം ചിന്തിക്കുക. ഒരാൾ പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ അതുകണ്ട് പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, അയൽവാസിയായ ഒരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും അയൽവാസികൾ തോന്നുമ്പോലെ മാറിമാറി അടുത്ത മായാസൃഷ്ടി നടത്തുകയും തുടങ്ങിയ രീതിയിൽ ജീവികൾക്ക് മായാശക്തിയിലൂടെ പ്രവർത്തിക്കാമെന്നു വരുമ്പോൾ, ഒരു നിമിഷം പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ,

ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം.

(3) മഹാശക്തിയായ ദൈവം, മായ എന്ന പേരിലുള്ള പ്രപഞ്ചത്തിന് അതീതമായ ശക്തികളെ മഹാശാസ്ത്രമായി ചുരുക്കുകയും, മഹാശാസ്ത്രപ്രകാരം മാത്രം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാശാസ്ത്രനിയമങ്ങളെ മനുഷ്യർക്കു വെളിവാക്കി ക്കൊടുക്കുകയും, ഇന്ന് അനുഭവിക്കുമ്പോലെ മനുഷ്യർ ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രപഞ്ചത്തിലെ സുഖസൗകര്യങ്ങൾ കണ്ടെത്തിക്കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിക്കുക. എത്ര സുന്ദരമായിരിക്കുന്നു. മതവ്യവസ്ഥിതികളും, രാഷ്ട്രീയ വ്യവസ്ഥിതികളും ഒക്കെ ശാസ്ത്രപരമായി ശുദ്ധീകരിക്കുക കൂടി ചെയ്താൽ ജീവിതം പരമാനന്ദകരം എന്ന് ഒരുവിധപ്പെട്ട ജനങ്ങളെല്ലാം സമ്മതിക്കുന്നതാണ്.

മായാശക്തികളെ തോന്നും പോലെ ഉപയോഗിക്കാൻ മനുഷ്യർക്ക് സാധിച്ചാൽ പ്രപഞ്ച ജീവിതം ഒട്ടും സാദ്ധ്യമാവില്ല എന്ന് മുകളിലെ (2)-ൽ വിശദീകരിച്ചതാണ്.

മഹാശക്തിയായ മഹാദേവിയുടെ മഹാജ്ഞാനത്തിന്റെ അംശമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെ കുഞ്ഞുങ്ങളായി കണക്കാക്കി ക്കൊണ്ട് കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ മഹാകരുതുന്ന മഹാദേവിയുടെ മഹാവാത്സല്യത്തെയും മനുഷ്യർ മനസ്സിലാക്കുന്നുവെങ്കിൽ അതാണ് സർവ്വശ്രേഷ്ഠമായ തിരിച്ചറിവ്.]

മറ്റു ചില കാര്യങ്ങളെ കുറിക്കാം.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി നടത്തിയിട്ടുള്ളത് മഹാശക്തിയായ ദൈവത്തിന്റെ മായ എന്നറിയപ്പെടുന്ന മഹാശക്തികൾ കൊണ്ടാണ് എന്നത് വസ്തുതയാണ്. പ്രസ്തുത വസ്തുതയെ മുന്നിര്ത്തിക്കൊണ്ട്, മേല്പടി 3 വേദങ്ങൾ പ്രകാരം മാത്രം ജീവിതകാര്യങ്ങള് നടത്തേണ്ടുന്നതിനു പകരം ദൈവത്തിന്റെ മായാശക്തികളെ ലഭിക്കുവാനായി അനേകർ പരിശ്രമിക്കുകയുണ്ടായി, അങ്ങനെയുള്ളവർ ഇന്നും ഏറെയുണ്ട്. മഹാശക്തിയായ ദൈവം ഭൂമിയിൽ മനുഷ്യരൂപത്തിൽ അവതരിക്കുന്നതിനു മുമ്പുള്ള കാലഘട്ടത്തിലും എപ്പോഴും മഹാഭരണവും മഹാനീതിയും നിർവ്വഹിക്കുന്നത് ദൈവം മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്രങ്ങൾ പ്രകാരം തന്നെയാണ് എങ്കിലും മായ പ്രത്യക്ഷമായിരിക്കുന്ന സൃഷ്ടി ചക്രത്തിലെ രണ്ടാമത്തെ പകുതിയിൽ ദൈവീക സാന്നിധ്യം നിർവ്വഹിച്ചത് നേരിട്ടായിരുന്നില്ല. ദേവതകളിലൂടെ ആയിരുന്നുവെന്ന് പ്രസ്താവിച്ചുവല്ലോ.

ആദ്യമഹാകാലചക്രത്തിലെ 'ദേവതകൾ' എന്ന് പേരുവെച്ച പ്രത്യേക ഭരണാധികാരികളുടെ ദുർന്നടപടികൾ നിമിത്തമോ അല്ലാതെയോ, മായാശക്തികളെ സ്വന്തമാക്കാനായി പ്രവര്ത്തിച്ചവരും പ്രവർത്തിക്കുന്നവരുമായ ഏതൊരാളുടെയും ആവശ്യങ്ങളെ ഭാഗികമായെങ്കിലും തൃപ്തിപ്പെടുത്തുവാൻ ദൈവത്തിന് തയ്യാറാകേണ്ടിവന്നു. കരയുന്ന കുഞ്ഞിന് പാലുകൊടുക്കേണ്ടി വരുന്നതുപോലെ മഹാമാതാവായ സൃഷ്ടികർത്താവിന് ചെയ്യേണ്ടിവരുന്നതായ ഒരു ബാദ്ധ്യതയാണത്.

മഹാശക്തിയായ ദൈവത്തിന്റെ മായാശക്തികൾ കൊണ്ടാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്നതും ദൈവത്തെ ഭാഗികമായി ബാദ്ധ്യസ്ഥമാക്കുന്നു.

വർജ്ജ്യമായ മന്ത്രശാസ്ത്ര -ഉല്പത്തിയുടെ മറ്റു രണ്ടു കാരണങ്ങളാണ് മുകളിൽ കൊടുത്തത്.

~~നാലാമത്തെ വേദമായ~~ മന്ത്ര ശാസ്ത്രം വർജ്ജ്യമാണ്. മന്ത്ര പൂജാ സിദ്ധി ശാസ്ത്രം, ആയുർവ്വേദം, യുക്തി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

എല്ലാ മതങ്ങളിലുമുള്ള മന്ത്രവാദം, മാനുഷിക-മന്ത്രങ്ങൾ, ജ്യോതിഷം, ഹോമം, യജ്ഞം, യാഗം, നിർബ്ബന്ധ യോഗയും ധ്യാനവും, തപസ്സ്, പൂജ, വഴിപാട്, പ്രസാദം, തുടങ്ങിയവ മന്ത്രപൂജാ സിദ്ധി ശാസ്ത്രത്തിന്റെ ഭാഗമാണ്.

മതങ്ങളെല്ലാം വർജ്ജ്യ വേദമായ മന്ത്രശാസ്ത്രത്തിൽ പെടുന്നു.

രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്റെ ഉപശാഖയായ സദാചാര ശാസ്ത്രത്തെയും, മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രത്തിന്റെ ഉപശാഖയായ മരണത്തെയും, ~~നാലാമത്തേതും~~ വർജ്ജ്യവുമായ മന്ത്ര ശാസ്ത്രത്തിന്റെ ഉപശാഖയായ മന്ത്ര പൂജാ സിദ്ധി ശാസ്ത്രത്തെയും + ആയുർവ്വേദത്തെയും വ്യത്യസ്ത അളവുകളിൽ സംയോജിപ്പിച്ചാണ് വ്യത്യസ്ത മതങ്ങളെ തട്ടിക്കൂട്ടിയിട്ടുള്ളതെന്ന് ചുരുക്കി പറയാം.

ആത്മീയ അന്വേഷകരുടെ ധാർമ്മിക ഉയർച്ച അനുസരിച്ച് ഉന്നതമായ സദാചാര ശാസ്ത്ര കാര്യങ്ങൾ ചില മതങ്ങളിൽ പ്രതിഫലിക്കുന്നുണ്ട് എന്നതു ശരിയാണ്.

ഏതാനും നല്ല കാര്യങ്ങളുണ്ട് എന്നതു മാത്രം പരിഗണിച്ചുപോന്നത് ഏറ്റവും വലിയ അപകടവും ദുരന്തവും പൈശാചികത്വവുമായിരിക്കയാണ്. എന്തെന്നാൽ മതങ്ങളിലെല്ലാം അധികമായുള്ളത് (ഏറെക്കുറെ മുഴുവനോളം) അബദ്ധങ്ങളും കടുത്ത ദൈവനിന്ദയും കൊടിയ തീവ്രവാദങ്ങളും കൊടുംകൊള്ളയുമാണ്.

ഭൂമിയിലെ രാജ്യങ്ങളിലെല്ലാം ഇന്നലെകളിൽ ജീവിച്ചവരും ഇന്നുകളിൽ ജീവിക്കുന്നവരും നൂറ്റാണ്ടുകളായിട്ട് കണ്ടും കേട്ടും അനുഭവിച്ചും പോരുന്ന യാഥാർത്ഥ്യങ്ങളാണവ. ഇന്ന് വളരെയേറെ വർദ്ധിച്ചിട്ടുമുണ്ട് ..... മത-ജാതി-ഉപജാതി ജീവികളും അവരുടെ നേതാക്കളും, ദുർദ്ദേവതകളായി മാറിയ ഏതാനും ദേവതകളുമാണ് മുഖ്യ കാരണക്കാർ.

ഒരു ഉദാഹരണം പറയാം :-

മുമ്പ് സൂചിപ്പിച്ചതുപോലെ സൃഷ്ടി ചക്രത്തിലെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ലാത്തപ്പോഴും ദൈവം വിഷയമല്ലാത്തപ്പോഴും, എങ്ങനെയോ ഉണ്ടായ പ്രപഞ്ചത്തിലെ വസ്തുക്കളെയും അവയിൽ എങ്ങനെയോ ഉണ്ടായ നിയമങ്ങളെയും മനുഷ്യർ (ശാസ്ത്രജ്ഞന്മാർ) കണ്ടുപിടിച്ച്, പ്രസ്തുത നിയമങ്ങളെ ഉപയോഗപ്പെടുത്തി പുതിയ പുതിയ വസ്തുക്കളെ ഉണ്ടാക്കി എന്നൊക്കെ പറയും.

അത്തരം വിഡ്ഢിത്തം അവർ പറയുമ്പോൾ, ദൈവം നേരിട്ട് നിയമിക്കാതെ ദൈവത്തിന്റെ മധ്യസ്ഥന്മാരായി വേഷം കെട്ടി ജീവിക്കുന്ന കള്ള-ക്കൊള്ള -തീവ്രവാദ-ക്കൂട്ടങ്ങളുടെ മനോഭാവവും പ്രവർത്തനവും എന്താണ് ?

ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ളതും / മഹാലയിപ്പിച്ചിട്ടുള്ളതുമായ മഹാശാസ്ത്ര നിയമങ്ങളെ പാവം ദൈവം വെളിപ്പെടുത്തുന്നതാവും എന്ന് ചിന്തിക്കുന്നവർ മതജാതി-കൊള്ളസംഘങ്ങളിലും കുറവാണ് !

ദൈവത്തിന്റെ മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതു പോലും മനസ്സിലാക്കാൻ കഴിയാതെ, ശാസ്ത്രത്തെയും ശാസ്ത്രജ്ഞാരെയും യുക്തിവാദികളെയും കുറ്റപ്പെടുത്തിയും, ശാസ്ത്ര സൗകര്യങ്ങളെല്ലാം അന്യരുടെ പണം കൊണ്ട് സ്വന്തമാക്കി അനുഭവിച്ചും, മതഗ്രന്ഥങ്ങളുടെയും മതവ്യാഖ്യാന ഗ്രന്ഥങ്ങളുടെയും ചുവട്ടിൽ അടിക്കുറിപ്പുകളായി ശാസ്ത്ര നിയമങ്ങളെ കൂട്ടിപ്പിടിപ്പിച്ച് ചപ്പുചവറുകളെ വിശുദ്ധമാക്കാനും ജനങ്ങളെ കൊള്ളയടിക്കാൻ പുതിയ തലമുറയിലെ പുതിയ തരം തീവ്രവാദങ്ങളെ ഒരുക്കൂട്ടാനുമുള്ള പണികളിലാണവർ. കള്ളന്മാരുടെ എണ്ണം എല്ലാ മതങ്ങളിലും ധാരാളമുണ്ട് എന്നതിനാൽ ജോലി ഭാരവും തിരക്കും ഇല്ലാതെ സുഖിച്ചും പറ്റിച്ചും കഴിയാം; തിരക്കുകൾ ഉണ്ടെന്ന് അഭിനയിച്ചാൽ മതി ! ദൈവത്തിനും നന്മ നേരുന്ന വിരുതന്മാർ കള്ളക്കൂട്ടത്തിൽ ഏറെയുണ്ട്. കള്ളന്മാരുടെ കെണിയിൽ വീണുപോയ വിഡ്ഢികളായ കുറെ ബുദ്ധിജീവികളും തീർച്ചയായും ഉണ്ട് !

ആയുർവ്വേദം

വർജ്യവേദമായ മന്ത്രശാസ്ത്രത്തിന്റെ ഭാഗം ആകുന്നതെങ്ങനെ എന്ന് അറിയിക്കുന്നു.

ഹിന്ദുമതത്തിലെ നാലാമത്തെ വേദമായ അഥർവ്വം വർജ്യമാണെന്നും, അതിന്റെ ഭാഗമാണ് ആയുർവ്വേദം എന്നും കേട്ടവരും പഠിച്ചവരും ഉണ്ടാകും; കാരണം അറിയാവുന്നവർ ഉണ്ടാവാൻ ഇടയില്ല.

ആയുർവ്വേദം എന്നാൽ ആയുസ്സിനെ നിയന്ത്രിക്കാൻ പ്രാപ്തിയുള്ള വേദം എന്നാണ് യഥാർത്ഥ അർത്ഥം എന്നതിൽ ആയുർവ്വേദം വർജ്യമാവാനുള്ള കാരണമുണ്ട്.

സ്ത്രീ പുരുഷ നിർണ്ണയം, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, ജനന മരണ പ്രദേശങ്ങൾ, തുടങ്ങിയവ സൃഷ്ടി പരമായ വിധി പ്രകാരമുള്ള ജന്മഗുണങ്ങളാണ്. മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാഭരണാധികാരിയും മഹാനീതിപതിയുമായ മഹാദേവി, സൃഷ്ടി പരമായ വിധിയെ മാറ്റുവാൻ സ്ഥിതി പരമായ വിധിയെ അനുവദിച്ചിട്ടുള്ളത് പ്രത്യേക സാഹചര്യത്തിൽ മാത്രമാണ്. എന്നാൽ സസ്യങ്ങളിലും മറ്റും മന്ത്രസിദ്ധി ഉപയോഗിച്ച് ആയുസ്സിനെ നിയന്ത്രിക്കാൻ മനുഷ്യർ പ്രയത്നിക്കുകയും (താൽക്കാലിക) ഫലപ്രാപ്തി (വരസിദ്ധിയിലൂടെ) നേടുകയും ചെയ്തു. അധമ കാര്യമാണ്. ദീർഘകാല സംവിധാനത്തിൽ ഫലം നൽകാത്തതും താൽക്കാലിക ഫലപ്രാപ്തി മാത്രം നൽകുന്നതും അഹംഭാവം ഉൾപ്പെടെ നിരവധി തെറ്റുകൾക്കും കുറ്റങ്ങൾക്കും കാരണമായ ആയുർവ്വേദം വർജ്യമാകുന്നത് അങ്ങനെയാണ്.

ഭൂമിയിലെ സമസ്ത തൊഴിലുകളും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ യഥാർത്ഥമായ തൊഴിൽ വിഭജനം പ്രകാരം 4 വിഭാഗങ്ങളാണ് എന്നത് സൃഷ്ടി ചക്രം

മാറിയപ്പോൾ ക്രമേണ ദുഷിച്ചാണ് ഇന്ത്യയിൽ അർത്ഥ ശോഷണം സംഭവിച്ച ചാതുർവർണ്യം എന്ന ജീർണ്ണം നിലനിൽക്കുന്നത്. നൂറിലധികം മതങ്ങൾ ഉള്ളതിൽ ശാസ്ത്രവുമായി ഏറ്റവും കൂടുതൽ അടുത്തു നിൽക്കുന്നത് ഹിന്ദു മതം ആയതിനാൽ, ദൈവ വിപ്ലവം മഹാആരംഭിക്കുമ്പോൾ ആദ്യം മഹാശാസ്ത്രത്തിൽ ലയിച്ച് ഇല്ലാതാവാനുള്ള ഭാഗ്യം ഹിന്ദുമതത്തിനാണ്; മറ്റൊരു വിധത്തിൽ പറഞ്ഞാൽ മതം കളഞ്ഞ് ദൈവത്തോട് ഏറ്റവും കൂടുതൽ അടുക്കാനുള്ള മഹാഭാഗ്യം ഹിന്ദുക്കൾക്കാണ്.

ജ്യോതിഷം, പൊരുത്തം തുടങ്ങിയ വർജ്ജ്യമായ മന്ത്ര പൂജാ സിദ്ധി ശാസ്ത്രവുമായി ബന്ധപ്പെട്ട അധമ കാര്യങ്ങൾക്ക് ശബ്ദ ബ്രഹ്മവും അക്ഷരബ്രഹ്മവും കൂടിയായ ഓം ഉപയോഗിച്ചാൽ പാപവും കടുത്ത ദൈവശിക്ഷകളും ലഭിക്കുന്നതാണ്.

ജാഗ്രത.

ദൈവത്തെ അപസക്തമാക്കിക്കൊണ്ട് പ്രവർത്തിക്കുവാൻ ദൈവം തന്നെ അനുവദിച്ചിട്ടുള്ളതായ ഭൗതികശാസ്ത്ര ശാഖകളിലെ വികസനത്തിന് മേല്പടി അവസ്ഥ ഉണ്ടാകുന്നില്ല.
കാലഘട്ടത്തിനൊത്ത് ഭൗതികശാസ്ത്ര വികസനം മുന്നേറുമ്പോൾ മായാശക്തികളെയും അവയെ ചിട്ടപ്പെടുത്തുവാൻ ഉപയോഗിക്കുന്ന മന്ത്രശാസ്ത്രത്തെയും ദൈവം അനുക്രമമായി അപ്രധാനമാക്കുന്നതാണ്.
ഭൗതികശാസ്ത്രപരമായ വെല്ലുവിളികളെ മന്ത്രവാദികൾക്ക് നേരിടാനാവാത്തത് അതുകൊണ്ടാണ്.

'ദൈവ മന്ത്രങ്ങളെ'
വിശദീകരിച്ചിട്ടുള്ളത് വിഷയ
ഗൗരവത്തോടെ പഠിക്കുമ്പോൾ,

ഇന്ന് ദേവാലയങ്ങളിൽ
മൂലമന്ത്രങ്ങളെന്നും മറ്റേ മന്ത്രങ്ങളെന്നും
ഗായത്രി മന്ത്രം എന്നും ഒക്കെ
പ്രചരിപ്പിക്കുന്നവ യഥാർത്ഥത്തിൽ
വർജ്ജ്യമായ മന്ത്ര ശാസ്ത്രം പ്രകാരമുള്ള
തട്ടിപ്പും ഭോഷത്തങ്ങളും മാത്രമാണെന്ന്
വ്യക്തമാകുന്നതാണ്.

മുമ്പ് വ്യക്തമാക്കിയതു പോലെ,

എല്ലാ മതങ്ങളിലുമുള്ള എല്ലാ മന്ത്രങ്ങളും
വർജ്ജ്യമാണ്. മന്ത്രങ്ങളെ പടച്ച് ദൈവം
എന്തു നേടാനാണ് ഹേ എന്നു ചോദിക്കാൻ
നിരീശ്വരവാദികൾ ഉൾപ്പെടെ ഏതാനും
പേർക്കു മാത്രമേ ഊറ്റമുള്ളൂ. ദൈവത്തിന്
അഭിമാനിക്കാൻ അങ്ങനെയെങ്കിലും
കുറേ കുഞ്ഞുങ്ങളുണ്ട് ഭൂമിയിൽ എന്നത്
വളരെ സന്തോഷകരമാണ്.

ദൈവീകമായ
മഹാ-അറിയിപ്പുകൾ

തുടർന്നുള്ള ഏതാനും പേജുകളിൽ
ചോദ്യോത്തരങ്ങളായി കൊടുത്തിരിക്കുന്നു.

1	മഹാശിവരാത്രി മേലിൽ ഇല്ലെന്നു കുറിച്ചത് ശരിയോ ?

വിഷയ സംബന്ധമായി ആദ്യ മഹാകാലചക്രത്തിലെ പ്രാതിനിധ്യം എങ്ങനെയായിരുന്നു എന്ന് ചുവടെ മഹാഭദ്രകാളി എന്ന അദ്ധ്യായത്തിൽ നിന്നും പകർത്തുന്നു.

മഹാവാത്സല്ല്യമായ ഓംകാര നീതിശാസ്ത്രത്തെയും ദൈവത്തെയും സൃഷ്ടികളായ മനുഷ്യർ ഭയപ്പെടാതിരിക്കുന്നതിനായി 1000 കോടി വർഷങ്ങൾ ചേർന്ന ആദ്യ മഹാകാലചക്രത്തിൽ സൃഷ്ടികളായ മനുഷ്യരിൽ നിന്നും പരിണമിച്ച ചിലരെ ദേവതകളായി നിയമിച്ചിരുന്നു. ദൈവവും ദൈവഭാഗമായ പരമശിവനും പശുവും പശുപതിയുമായി മനുഷ്യരെ സേവിച്ചുംപോന്നു.

പരമശിവന്റെ പ്രതിനിധിയായി പ്രവർത്തിച്ച ഒരു ദേവതയെ ശിവൻ എന്ന പേരോടെ 50 വർഷത്തിലെ ഒരു രാത്രിനേരം, ബ്രഹ്മബന്ധം ഒട്ടുമില്ലാത്ത ദൈവം പോലെ ഈശ്വരൻ, ശിവൻ എന്നിങ്ങനെ ഉയർത്തിയിട്ടുണ്ട്. അതായിരുന്നു മഹാശിവരാത്രി. മനുഷ്യർക്ക് അതിൽ കാര്യമില്ലായിരുന്നെങ്കിലും ദുർദ്ദേവതകളായി പരിണമിച്ചവർ ദൈവ കാര്യങ്ങളെ അമംഗളമാക്കാൻ പ്രയത്നിച്ചു. ആദ്യ മഹാകാല ചക്രത്തിൽ പരമശിവന്റെ പ്രതിനിധിയായ ശിവൻ, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കവെ, ഓംകാരത്തെ ദുരുപയോഗം ചെയ്തപ്പോൾ, അത് തടയാനായി ശിവന്റെ കഴുത്തിലെ കയർ പോലെയുള്ള ഓംകാര

നാഗബന്ധനം മുറുകി .. പകരം താൽക്കാലികമായി ഓംകാരത്തെ നേടിയ ദേവത കൊടിയ അപരാധവും ചെയ്തു.

മഹാദേവിയും പരമശിവനും രണ്ടാം മഹാകാലചക്രത്തിൽ വരുമെന്നതിനെ തടയാനായി പിന്നീട് അവരുടെ ശ്രമം.

അവരുടെ കൊടിയ നീചമായ ചെയ്തികളെ ചുവടെ സ്മൃതിയിലും മറ്റും വിവരിക്കുന്നുണ്ട്. 2 ദേവതകളെ അടുത്ത കാലത്ത് മത്സ്യമായി പരിണമിപ്പിച്ചു. മേല്പടി ശിവനും മറ്റു മുഖ്യദേവതകളും കേരളത്തിൽ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ദൈവവിപ്ലവത്തിന്റെ ഭാഗമായി, മനുഷ്യരിൽ നിന്ന് മോക്ഷം ലഭിക്കവേ ദേവതകളായി കയറ്റം ലഭിച്ച് പിന്നീട് ദുർദ്ദേവതകളായി പരിണമിച്ച അവരെ തിരുത്തി മഹാഅനുഗ്രഹിച്ച് വീണ്ടും മോക്ഷം നൽകിയേക്കും.

മേലിൽ മഹാശിവരാത്രി ഇല്ല. സൃഷ്ടികളായ മനുഷ്യരുടെ ഇടയിൽ നിന്നും പരിണമിച്ചവരായ ദേവതകളുടെ കാര്യത്തിൽ വ്യത്യസ്തത ആവശ്യമായിരുന്നു.

ദേവതകളെ / മാലാഖമാരെ / മലക്കുകളെ മുഴുവൻ പിൻവലിച്ചു കഴിഞ്ഞതായും ആദ്യ മഹാകാലചക്രത്തിലെ ദേവതാ കാര്യങ്ങളെ ശുദ്ധീകരിച്ചു കഴിഞ്ഞതായും കണക്കാക്കാം. ഇനി മനുഷ്യരുടെ കാര്യമാണ്.

മഹാശിവരാത്രിയെ സംബന്ധിച്ച മുൻ പാഠത്തെ, കൊടിയ കരാർ പ്രകാരം ദുർദ്ദേവത മറച്ചു. മഹാദേവി മഹാശാസ്ത്ര പ്രകാരം കരാറിലെ ദുർവ്യവസ്ഥയെ മറികടന്ന്, ഈയുള്ളവനെ മഹാസത്യം മഹാഅനുഗ്രഹിച്ച് അറിയിക്കുന്നത് 2017 സെപ്തംബർ 25-നു മാത്രമാണ്.

പരമശിവനും ശിവനും തമ്മിലുള്ള മുഖ്യവ്യത്യാസങ്ങൾ: പരമശിവൻ ഏകദൈവമായ മഹാദേവിയുടെ ഭാഗവും; ശിവൻ ജീവികളുടെ ഭാഗവുമാണ്. പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും ഉണ്ട്; ശിവന്റെ ശിരസ്സിൽ ചന്ദ്രക്കല മാത്രവും. പരമശിവന്റെ ശിരസ്സിൽ നിന്നും പാൽ ഒഴുകുന്നു. സ്ത്രീ ഉൾപ്പെടെ ആരെയും ഒളിപ്പിക്കുന്നുമില്ല. ശിവന്റെ ശിരസ്സിൽ നിന്നും ജലം (ഗംഗയും) ഒഴുകുന്നു. മഹാദേവിയുടെ സ്വന്തവും ഭാഗവുമായ പരമശിവന് ഓംകാര നാഗബന്ധനം നിർബ്ബന്ധമല്ല; ജീവിയായ ശിവന് നിർബ്ബന്ധമാണ്. ആദ്യ മഹാകാലചക്രത്തിന്റെ സൃഷ്ടിയായ ശിവനെ പദവിയിൽ നിന്ന് നീക്കിക്കഴിഞ്ഞു.

മേലിൽ പഴയ ശിവനില്ല. പരമശിവനെ ശിവാ എന്ന് സംബോധന ചെയ്യാവുന്നതാണ് !

2	മഹാദേവിയുടെ ഭാഗവും ഏകദാസനുമായ പരമശിവനിലൂടെ വേദങ്ങളെ വീണ്ടെടുക്കുമ്പോൾ പരിഷ്ക്കാരങ്ങൾ ഉണ്ടാകുന്നത് നല്ലതാണെങ്കിലും എന്തുകൊണ്ടാണ് സംഭവിക്കുന്നത് ?

സൃഷ്ടി ചക്രത്തിൽ മായ പ്രത്യക്ഷമാകുമ്പോൾ, ആദ്യം ദൈവരാജ്യം, പിന്നീട് സംഹാരം എന്ന മോക്ഷം, ഓരോ മനുഷ്യനും മഹാഅനുഗ്രഹത്തോടെ പ്രത്യേകമായി നേടുന്നു. മുൻ സൃഷ്ടി ചക്രങ്ങളും അവയിലെ കാര്യങ്ങളും വിഷയമല്ല. എന്നാൽ, മനുഷ്യരോട് സ്നേഹ-വാത്സല്ല്യങ്ങൾ കൂടിയിട്ട് മഹാമാതാവായ ദൈവം, 1000 കോടി വർഷങ്ങൾ ചേർന്ന ആദ്യ മഹാകാലചക്രത്തിലെ ദൈവീക ഭരണ കാര്യങ്ങളെ ചെയ്യുവാൻ മനുഷ്യരിൽ നിന്നും മോക്ഷം നേടിയവരെ ചുമതലപ്പെടുത്തിയതിന്റെ ദോഷഫലങ്ങളാണ് വേദങ്ങളെ വീണ്ടെടുക്കുമ്പോൾ ബഹുവിധ തടസ്സങ്ങൾ ഉണ്ടാകുന്നത്.

അതേസമയം മായ പ്രത്യക്ഷമാകുന്നതിനു മുമ്പ് മുഖ്യ തടസ്സങ്ങൾ ഒഴിവാകുന്നതു കൊണ്ട് മനുഷ്യരെ ബാധിക്കുന്നില്ല. മഹാദേവിക്കും മഹാദാസനും 70 : 30 എന്ന ശക്തി-ശിവ അനുപാതത്തിൽ വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്.

ഭൂമിയിൽ മുഴുവൻ ഓം ധ്വനിക്കുമ്പോഴാണ് യഥാർത്ഥമായ വേദങ്ങൾ ആവശ്യമാകുന്നത്. ഈ ഇ-മഹാഗ്രന്ഥത്തിലെ ആദ്യ പേജിൽ തന്നെ വിഷയപ്പൊരുത്തവും മഹാവേദത്തിന്റെ മഹാഗാംഭീര്യവും സുവ്യക്തമാണ്. മഹാദേവിയുടെ വചനങ്ങൾ മഹാ സത്യം ശിവം സുന്ദരമാണ് !

വർഷങ്ങൾക്കു മുമ്പ് സൂര്യനിൽ പ്രതിപ്രവർത്തിക്കുന്ന ഹൈഡ്രജൻ, ഹീലിയം എന്നീ മൂലകങ്ങൾക്ക് ജീവാത്മാവുമായി ബന്ധമുണ്ട് എന്ന അവ്യക്തമായ വെളിപാട് ലഭിച്ചു. പിന്നീട് ആ വിഷയത്തിൽ വ്യക്തത ലഭിച്ചിട്ടില്ല. ദൈവ വിപ്ലവ വിശകലനങ്ങളിൽ ഹൈഡ്രജൻ എന്ന മൂലകത്തെ ജീവാത്മാവായി വിശേഷിപ്പിക്കുമ്പോൾ വിശദീകരണ / ഗ്രാഹ്യ സൗകര്യങ്ങളെ കണക്കിലെടുത്തിരുന്നു. മാത്രമല്ല; ഉടൻ മഹാദേവി വെളിപ്പെടുത്തുമെന്ന പ്രതീക്ഷയും ഉണ്ടായി. തീർച്ചയായും ഹൈഡ്രജൻ, ഹീലിയം എന്നീ മൂലകങ്ങൾക്ക് ജീവാത്മാവുമായി ബന്ധമുണ്ട്. സമ്പൂർണ്ണമായി വെളിപ്പെടുത്താനുള്ള മഹാഉചിതമായ സമയം ആയിട്ടില്ല എന്നു വേണം കരുതാൻ. അവയെ അത്യാവശ്യമായി തിരുത്തിയിട്ട് മനുഷ്യർക്ക് യാതൊന്നും നേടാനില്ല. ദൈവ വിപ്ലവ കാലത്ത് പരമശിവനിലൂടെയോ ശാസ്ത്ര സമൂഹത്തിലൂടെയോ മഹാദേവി മഹാഉചിതമായി തിരുത്തുന്നതാണ്.

ദൈവ വിപ്ലവ കാലത്ത് ആറ്റത്തിന്റെ ഉള്ളിൽ പരിവർത്തനം ഉണ്ടാകും എന്നും, ഭൂമിയിൽ മുഴുവൻ ഓം മുഴങ്ങുന്ന ദൈവ വിപ്ലവ കാലത്ത് മാത്രമോ, സൃഷ്ടി ചക്രത്തിന്റെ സംഹാരം പൂർണ്ണമാകും വരെയോ, പ്രോട്ടോണുകൾ, ഇലക്ട്രോണുകളെ ചുറ്റിയേക്കും ! (മായ പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്നതിനു പകരമായി!). ശിവ-ശക്തിചക്രങ്ങളുടെ അവസ്ഥാന്തരമാണ് ചിന്തക്ക് / അവ്യക്തമായ വെളിപാടിന് ആധാരം. ശാസ്ത്ര ശ്രദ്ധ വിഷയത്തിൽ ഉണ്ടാവണം.

മുൻ ഗ്രന്ഥങ്ങളിലെ തെറ്റായ വാചകങ്ങളെ, കോപ്പി ചെയ്ത് ഈ ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് മഹാകല്പന പ്രകാരം തിരുത്തിയതായി പ്രസ്താവിക്കുന്നു. ഓംസത്യം ഡോട് കോം വെബ്സൈറ്റിൽ ചേർത്തിട്ടുള്ള മഹാഗ്രന്ഥത്തെ ഡൗൺലോഡ് ചെയ്യേണ്ടത് ഇനിയും അത്യാവശ്യമോ ആവശ്യമോ അല്ല. ആവിധത്തിൽ ഓംസത്യം ഡോട് കോം വെബ്സൈറ്റിനെയും മഹാഗ്രന്ഥത്തെയും സൂചിപ്പിക്കുന്ന വാചകങ്ങൾ ഇ-മഹാഗ്രന്ഥത്തിലെ ദൈവ വിപ്ലവ വിശകലനങ്ങളിലും മറ്റു പാഠങ്ങളിലും ഉണ്ട്; അവയെല്ലാം പിൻവലിച്ചതായി കണക്കാക്കണം.

ഈ ഇ-മഹാഗ്രന്ഥത്തിൽ ഒന്നാമത്തെ വേദമായ ഓംകാരനീതിശാസ്ത്രത്തിൽ, 'ഓം, ഓംകാരം, ഓംകാര നീതി ശാസ്ത്രം,' എന്നീ പാഠങ്ങൾക്കു ശേഷം 'ദൈവ മന്ത്രങ്ങളെ' മഹാഅനുഗ്രഹത്തോടെ വിശദീകരിച്ചിട്ടുണ്ട്.

അതിനു ശേഷമുള്ള പാഠങ്ങളിലാണ് നാമമാത്രമായ പിഴവുകൾ ഉള്ളത്. കുറെ അക്ഷരത്തെറ്റുകളും ഉണ്ട്. Unicode ഭാഷയിലേക്ക് പരിവർത്തനം ചെയ്തപ്പോൾ വ്യാപകമായി അക്ഷരത്തെറ്റുകൾ ഉണ്ടായി. കുറെ തിരുത്തി. ഈ ഇ-മഹാഗ്രന്ഥത്തിലെ ദൈവ മന്ത്രങ്ങൾ വരെയുള്ള പാഠങ്ങളും, ദൈവ വിപ്ലവ വിശകലനങ്ങളും ഉൾക്കൊള്ളുന്ന കുഞ്ഞുങ്ങൾക്ക് സ്വയം തിരുത്താൻ കഴിയുന്നതാണ്.

അവയെ അത്യാവശ്യമായി തിരുത്തിയിട്ട് മനുഷ്യർക്ക് യാതൊന്നും നേടാനില്ല.

ദൈവ വിപ്ലവ കാലത്ത് പരമശിവനിലൂടെയോ ശാസ്ത്ര സമൂഹത്തിലൂടെയോ മഹാദേവി മഹാഉചിതമായി തിരുത്തുന്നതാണ്. മതഭ്രാന്തിനുള്ള ചികിത്സയുടെ ഭാഗമായി സ്വയം തിരുത്തുകയും ആവാം !

അല്പ സ്വല്പം ആവർത്തനങ്ങൾ ഇ-മഹാഗ്രന്ഥത്തിൽ തീർച്ചയായും ഉണ്ട്; തിരുത്താനും കഴിയും. എന്നാൽ, ഒരു ദിവസം കൊണ്ടോ, ഒറ്റ ഇരുപ്പിലോ വായിക്കാൻ സാധിക്കുന്നതല്ല; പഠിക്കാനും മനസ്സിലാക്കാനും അനേകം ദിവസങ്ങൾ സാധാരണ ഗതിയിൽ വേണമെന്നിരിക്കെ, ചില ആവർത്തനങ്ങൾ വിഷയങ്ങളെ മനസ്സിലാക്കാൻ നല്ലതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഭാഗം ((6)) എന്ന തലക്കെട്ടോടെ ഇ-മഹാഗ്രന്ഥത്തിൽ ചേർക്കാൻ ഉദ്ദേശിച്ച

സ്മൃതി, പുരാണം

എന്നിവയെ വർജ്യമായ മന്ത്രശാസ്ത്രത്തിൽ പ്രവേശിപ്പിക്കുകയാണ്.

ഉദ്ദേശം :

ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ, സ്മൃതി, പുരാണം, മന്ത്ര ശാസ്ത്രം എന്നിവ മൂന്നും, അവസാനിപ്പിക്കുകയാണ്.

മഹാദേവിയുടെ മഹാകല്പന പ്രകാരം, പരമശിവൻ

സ്മൃതി, പുരാണം എന്നിവയുമായി ബന്ധപ്പെട്ട അല്പം പഴയകാല ചരിത്രം കുറിക്കാം :-

സൃഷ്ടി ചക്രത്തിലെ രണ്ടാമത്തെ പകുതിയിൽ മായ പ്രത്യക്ഷമാവണം. മഹാദേവിയുടെ മഹാആവിഷ്ക്കാരം!

ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രം മഹാസമനീതിയെ ഉറപ്പാക്കുമെന്ന് പഠിക്കുന്ന കുഞ്ഞുങ്ങൾക്കെല്ലാം ബോദ്ധ്യം വരുമെങ്കിലും ദൈവത്തെ ഭയപ്പെടുന്ന അവസ്ഥ തീർച്ചയാണ്. മഹാനീതിപതിയും മഹാപിതാവും മഹാമാതാവും കൂടിയായ മഹാദേവി മഹാവാത്സല്യമാണ് എന്ന് സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി 1000 കോടി വർഷം ചേർന്ന ആദ്യ മഹാകാലചക്രത്തിൽ മനുഷ്യരൂപം സ്വീകരിക്കാതെ ഗോമാതാവ്, പശുപതി, എന്നീ ജീവികളായി മഹാദാസ്യ സേവനം അനുഷ്ഠിച്ചു.

ആദ്യ മഹാകാലചക്രത്തിൽ ഏകമഹാശക്തിയായ ദൈവവും (മഹാദേവിയും), ഏകപ്രതിനിധിയായ പരമശിവനും മനുഷ്യരൂപത്തിൽ അവതരിച്ചിട്ടില്ല. പശുപതിയായ പരമശിവനിലൂടെ മനുഷ്യരിൽ നിന്നും മോക്ഷത്തിന് അർഹരായ ഏതാനും കുഞ്ഞുങ്ങളെ ശിവൻ, പാർവ്വതി (അന്നപൂർണ്ണേശ്വരി), നാരായണൻ, ലക്ഷ്മി, ഈശ്വരൻ, ദുർഗ്ഗ, ഗജപാതി (വിഘ്നേശ്വരൻ, മുരുകൻ (സുബ്രഹ്മണ്യൻ), അയ്യപ്പൻ, തുടങ്ങിയ പേരുകളോടെ തെരഞ്ഞെടുത്ത് നിയമിച്ചു. ദേവതകൾ എന്ന പൊതു നാമവും നൽകി.

ദേവതകളിൽ ഏറെയും കാലക്രമേണ അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുഷ്ക്കീർത്തി, തുടങ്ങിയ ദുസ്വാർത്ഥങ്ങൾക്ക് അടിമപ്പെട്ട് ദുർദ്ദേവതകളായി മാറി. ദുർഗ്ഗയും, നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട നാരായണനും ദൈവം ആകാൻ ആഗ്രഹിക്കുകയും കൊടിയ പാതകങ്ങൾ ചെയ്തു. ദുർദ്ദേവതകളിലൂടെ സ്ഥാനം നേടിയ ഇന്ദ്രന്മാർ, അഗ്നിദേവൻ, സൂര്യദേവൻ, വായുദേവൻ, തുടങ്ങിയവർ ധർമ്മശാസ്ത്ര പ്രകാരമല്ലാത്ത പേരുകൾ സ്വീകരിച്ച് ചുമതലകൾ സ്വീകരിച്ചവരും, അവരുടെ ശിക്ഷകളെ സ്വീകരിച്ച് യക്ഷി, ഗന്ധർവ്വൻ, മാടൻ, മറുത തുടങ്ങിയ പൈശാചിക ശക്തികളായി പരിണമിച്ചവരും ഉണ്ടായി. രണ്ടാമത്തെ കക്ഷിയുടെ പൈശാചിക പടയും പ്രവർത്തനങ്ങളും പ്രത്യക്ഷമായും ഗൂഢമായും അതി-നിഗൂഢമായും വലുതായിക്കൊണ്ടിരുന്നു.

രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമാണ് ഇപ്പോഴത്തേത്. ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ ക്രൈസ്റ്റായിട്ട് പരമശിവനെ അയച്ച് പിശാചുക്കളുടെ രാജാവെന്നപോലെ അധഃപതിച്ച നാരായണനുമായി അതിവിചിത്രമായ കരാർ ഉണ്ടാക്കി. കരാർ ജയിച്ച് ദൈവമാകാമെന്ന് നാരായണന് 100% വിശ്വാസം ഉണ്ടായിരുന്നു. ദൈവത്തിന്റെ ബ്രഹ്മം എന്ന മഹാഅവസ്ഥയുടെ മഹാസത്ത അറിയാത്ത അയാൾ ഭയന്നത് ബ്രഹ്മത്തെ മാത്രമാണ്. ദൈവ വിപ്ലവത്തോടെ ഭൂമിയിൽ മായ പ്രത്യക്ഷമാകുമ്പോൾ ദൈവമാകാൻ നാരായണൻ ആദ്യം മനുഷ്യരൂപത്തിൽ എത്തി. അയാളെ തുണയ്ക്കാനും പഴയകാല ഓർമ്മകളെയും ശക്തികളെയും ഒന്നൊന്നായും കൂട്ടമായും നൽകുമെന്ന കരാറുമായി പരമശിവനെയും മഹാദേവി മണ്ണടി എന്ന പ്രദേശത്തിന്റെ അടുത്ത് 'ആടുന്ന ഊരായ' ആടൂരിൽ (അടൂർ) എത്തിച്ചു.

മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെ പ്രവർത്തിച്ച ഈയുള്ളവന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനും അനവധി അനവധി പ്രത്യക്ഷവും പരോക്ഷവുമായ ആക്രമണങ്ങൾ ഉണ്ടായി. ആവക കാര്യങ്ങളെ ഇമഹാഗ്രന്ഥത്തിൽ ലഭ്യമായ ദൈവ വിപ്ലവ വിശകലനം 12-ൽ ചേർത്തിട്ടുണ്ട്. ഭാഗം 4-ലെ ധർമ്മശാസ്ത്ര വിശദീകരണത്തിന്റെ തുടർച്ചയായി ലഭ്യമാണ്.

നാരായണൻ ഉണ്ടാക്കിയ അതിഘോരമായ കരാറിൽ നാരായണനും ചുറ്റുമുള്ള പൈശാചിക പടയും പരാജയപ്പെട്ടു. കപട നാടക സൂത്രശാലി, കൊടും അധമ പിശാച്, എന്നിങ്ങനെയുള്ള വിശേഷണം അർഹിക്കുന്ന കിഷാണു (കള്ളക്കൃഷ്ണൻ) എന്ന വിഷാണുവിന്റെ അവതാരവും അടുത്തിടെ പരാജയം ഏറ്റുവാങ്ങി.

മഹാദേവിയുടെ മഹാഹൃദയം കൂടിയാണ് ഓംകാരം
എന്നതിനെ ആദ്യ മഹാകാലചക്രത്തിൽ
വെളിപ്പെടുത്താഞ്ഞത്, മഹാഹൃദയത്തോട് അറിഞ്ഞോ
അറിയാതെയോ അനാദരവ് കാണിച്ച് കുഞ്ഞുങ്ങൾക്ക്
പശ്ചാത്താപം ഉണ്ടാവാൻ ഇടയാവാതെ
മഹാകരുതിയാണെന്ന് മുമ്പ് സുവ്യക്തമാക്കിയതാണ്.
മഹാപ്രപഞ്ച നിയന്ത്രണസത്ത എന്ന വീക്ഷണത്തോടെ
ഓംകാരത്തെ പരമശിവന്റെ പ്രതിനിധിയായ ശിവനും
അതിസൂത്രശാലിയായ നാരായണനും
ദുർവ്വിനിയോഗിച്ചത് ഇ-മഹാഗ്രന്ഥത്തിൽ
വിശദീകരിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കിയിട്ടുള്ള, മഹാഭദ്രകാളി എന്ന മഹാനാമത്തെയും, അമ്മേ ശിവ! എന്ന മഹാസംബോധനയെയും വികലമാക്കുവാൻ,

ദുർദ്ദേവതകളായി പരിണമിച്ച ഏതാനും ദേവതകൾ പരിശ്രമിച്ചതു പോലെ പരമശിവ കാര്യങ്ങളെയും വികലപ്പെടുത്താൻ വ്യാപകമായും അതിഗൂഢമായും, അതിഭീകരമായും ശ്രമങ്ങൾ ഏറെയുണ്ടായി.

ഗജപാതി (വിഘ്നേശ്വരൻ), വിഷാണുവായി മാറിയ നാരായണൻ, കിഷാണു, തുടങ്ങിയ ദുർദ്ദേവതകളായി അധഃപതിച്ചവരുടെ വിവരങ്ങൾ ഏതാനും ദൈവ വിപ്ലവ വിശകലനങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു; ഈ ഇമഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്; ഭാഗം 4-ൽ ധർമ്മശാസ്ത്ര വിശദീകരണത്തിന്റെ തുടർച്ചയായി 'മഹാലിംഗം', 'ദൈവ വിപ്ലവത്തോടെ ഇന്ത്യയിൽ ഉണ്ടാകുന്ന വലിയ മാറ്റങ്ങൾ' എന്നിവയിൽ കാണാം.

വീണ്ടും മനുഷ്യനായി മാറിയിട്ടുള്ള നാരായണൻ ഇപ്പോൾ നല്ല കുട്ടിയാണ്; കൂടുതൽ ശ്രേഷ്ഠനാവാൻ പരിശ്രമിക്കുന്നുണ്ട്. മംഗളം ഭവിക്കട്ടെ!

ദുർഗ്ഗ ദൈവമാകാൻ ശ്രമിക്കുകയും മഹാദേവിയാണ് താൻ എന്ന് കുപ്രചരണം നടത്തുകയും ചെയ്തുവെങ്കിലും മഹാദേവിക്ക് പ്രിയപ്പെട്ട പൊന്നുമോളായിരുന്നു. 2006-ലോ മറ്റോ ആണ്, മഹാദേവിയുടെയും ഈയുള്ളവന്റെയും,

കൂടാതെ ദുർഗ്ഗയുടെ പരാക്രമത്താൽ -മൂകാംബിക ആയി മാറിയ കൊല്ലൂർ പ്രേമാംബിക, -പേരു പോലും മറന്നും ഭൂമിയുമായുള്ള ബന്ധവും നഷ്ടപ്പെട്ട് മഹാപുരുഷ ഭാവത്തോടെ ആകാശത്തു പ്രവർത്തിച്ചു കൊണ്ട് അല്ലാഹു ആയി മാറിയ പാലക്കാട് അടുത്തുള്ള ധർമ്മാംബിക, കൊടുങ്ങല്ലൂർ ചക്രാംബിക, പട്ടാഴി പട്ടിക്കുട്ടി എന്നിവരുടെ സാന്നിധ്യത്തിൽ,

മഹാദേവി, ഈയുള്ളവനിലൂടെ വിജ്ഞാനം കൊണ്ട് ദുർഗ്ഗയെ പരാജയപ്പെടുത്തി. പിന്നീട്, ദുർഗ്ഗയുടെ ആഗ്രഹ പ്രകാരം മഹാദേവി ദുർഗ്ഗയെ പിൻവലിച്ചു.

ദുർഗ്ഗയുടെയും നാരായണന്റെയും ക്രൂരതകളുടെ ഏതാനും ചരിത്ര ഏടുകൾ മഹാഗ്രന്ഥത്തിലുണ്ട്. അവയെല്ലാം ദൈവ വിപ്ലവത്തോടെ മഹാപിൻവലിക്കുകയാണ്. ജനങ്ങളുടെ ആനന്ദത്തെ കുറയ്ക്കുന്ന ചരിത്രങ്ങൾ സമൂഹത്തിൽ വേണ്ടായെന്ന് മഹാദേവി മഹാനിശ്ചയിച്ചിരിക്കുന്നു. മഹാദേവിക്ക്, ദുർദ്ദേവതകളായി മാറിയ കുഞ്ഞുങ്ങൾ ഉണ്ടാക്കിയ വേദനകളെ വിസ്തരിക്കുന്നില്ല. അതേസമയം ഓംകാരനീതി ശാസ്ത്ര പ്രകാരം, ശിക്ഷകളെ അളവുകളോടെ കുഞ്ഞുങ്ങൾ അനുഭവിക്കുക തന്നെ വേണം.

പരമശിവൻ, ശിവൻ എന്നീ പേരുകളിലെ ആശയക്കുഴപ്പം തീർക്കാം.

മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും സർവ്വ ആറ്റങ്ങളിലെയും ശക്തി ചക്രമായി വർത്തിക്കുമ്പോഴും മഹാദേവിക്ക് ഓക്സിജൻ എന്ന വേറിട്ട വാതകരൂപം ഉള്ളതു പോലെ, മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും സർവ്വ ആറ്റങ്ങളിലെയും ശിവ ചക്രമായി വർത്തിക്കുമ്പോഴും പരമശിവന് മഹാദേവി ഹൈഡ്രജൻ എന്ന വേറിട്ട വാതകരൂപത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. (വെളിപാട് പൂർണ്ണമായിട്ടില്ല എന്നും അറിയുക.)

ശിവ ചക്രത്തിന് മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്ന /നൽകിയ മഹാപദവിയാണ് പരമശിവൻ.

ആദ്യ മഹാകാലചക്രത്തിലെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ മഹാദേവിയും പരമശിവനും യഥാക്രമം ഗോമാതാവ് (പശു=കാളി), പശുപതി (കാള) എന്നീ ജീവികളായി അവതരിച്ചിരുന്നു.

ആദ്യമഹാകാലചക്രത്തിലെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ പശുപതിയായ പരമശിവൻ, പരമശിവനെ പ്രതിനിധീകരിക്കുന്ന മനുഷ്യ-ദേവതയ്ക്ക് ശിവൻ എന്ന പേര് ചാർത്തി ക്കൊടുത്തതും ഓംകാരത്തെ നൽകിയതും സത്യപ്രതിജ്ഞ ചെയ്യിച്ചാണ്.

(ഏറെക്കുറെ 1000 കോടി വർഷങ്ങളിൽ മഹാഭദ്രകാളി, മഹാശിവ, പരമശിവൻ, അമ്മേ ശിവ, ശിവൻ തുടങ്ങിയ നാമങ്ങൾ ഉറയ്ക്കാനും രണ്ടാമത്തെ മഹാകാലചക്രം

മുതൽ മഹാദേവിയും പരമശിവനും ഉണ്ടാകും എന്ന് അറിയിക്കാനുമാണ്. പ്രതിഫലം നൽകിയാണ് നിയമനങ്ങൾ നടത്തിയത്. എങ്കിലും കുട്ടികൾ സത്യപ്രതിജ്ഞ ലംഘിച്ചു; അപരാധം ചെയ്തു.)

പരമശിവന് മഹാദേവി മഹാഅനുഗ്രഹിച്ച് മഹാനിശ്ചയിച്ചിട്ടുള്ള രൂപത്തിൽ നിന്നും ഭാഗികമായി വ്യത്യാസത്തോടെയാണ് ശിവന് രൂപം നൽകിയിട്ടുള്ളത്.

ഉദാഹരണത്തിന്, (1) പരമശിവന്റെ മുടിക്കെട്ടിൽ നിന്ന് കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം കുടിക്കാനായിട്ട് മഹാദേവി ഒഴുക്കുന്നത് പാലാണ്. (ശിവകാര്യങ്ങളായി പ്രചരിച്ചിട്ടുള്ള വെള്ളമോ, ഗംഗാനദിയോ അല്ല.) .

(2) പരമശിവന്റെ ശിരസ്സിൽ ചന്ദ്രൻ മാത്രമല്ല; മനുഷ്യരുടെ ആത്മീയ സാക്ഷാത്കാരം അറിയിക്കുന്ന നക്ഷത്രവും മഹാതിളങ്ങി ഉണ്ടാവും.

...

മഹാപിതാവും മഹാമാതാവുമായ മഹാദേവി,
പരമാത്മാവും ശിവ ചക്രവുമായ ഹൈഡ്രജന്റെ*
അംശങ്ങളായിട്ട് ജീവാത്മാക്കളെ സൃഷ്ടിക്കുമ്പോൾ,
ഓരോ ജീവാത്മാവും ഓരോ ഹൈഡ്രജൻ ആറ്റമാണ്.
ഭൗതിക-വാതക അസ്തിത്വം ഉള്ളതായ ഗുണങ്ങൾ,
ദോഷങ്ങൾ, പുണ്യങ്ങൾ, പാപങ്ങൾ എന്നിവ
ജീവാത്മാവിന്റെ ഭൗതികഘടനയെ വലുതാക്കുന്നു.
ശിവചക്രത്തിന്റെ കൂടി അംശവും കുഞ്ഞുമായ
ജീവാത്മാവ് മത്സ്യം സസ്യം പക്ഷി മൃഗം എന്നീ
അവസ്ഥകൾ കടന്ന് മനുഷ്യനായി മാറുന്നു.

100 മനുഷ്യജന്മങ്ങളെ പൂർത്തിയാക്കി ക്കൊണ്ട്
ആത്മീയ സാക്ഷാത്കാരം അഥവാ മോക്ഷം നേടുമ്പോൾ
ശിവാംശത്തിന് ശിവ പദവിയാണ് ലഭിക്കുന്നത്. നക്ഷത്രം.

ഭൂമിയിൽ വച്ച് അറിഞ്ഞും അനുഭവിച്ചതുമായ
ആനന്ദങ്ങളെ അനന്തമായി ആസ്വദിച്ചു ജീവിക്കാനുള്ള
അനന്തകാല അവസരമാണ് ഓരോ ജീവാത്മാവിനും
ലഭിക്കുന്നത്. ശിവൻ എന്ന നാമം ചേരുന്നതുമാണ്.

...

(*ദൈവീകമായ മഹാഅറിയിപ്പുകളിൽ ഹൈഡ്രജനെ
പ്പറ്റി കൂടുതൽ പരാമർശമുണ്ട്.)

ദൈവത്തെ ആരാധിക്കുന്നു / പൂജിക്കുന്നു എന്ന പേരിൽ കല്ല്, മരം, ലോഹം തുടങ്ങിയവകൊണ്ടു നിർമ്മിച്ച വിഗ്രഹത്തെ വിളക്കുകൊണ്ട് ഉഴിയുകയും, വിഗ്രഹത്തിൽ പുഷ്പാർച്ചന നടത്തുകയും, വിഗ്രഹത്തിൽ പാലും നെയ്യുമൊക്കെ ഒഴിച്ചുകളയുകയും, അവയെല്ലാം ചെയ്യുമ്പോൾ ജപങ്ങളും മന്ത്രോച്ചരണങ്ങൾ എന്ന പേരിലുള്ള അധര-വ്യായാമങ്ങളും നടത്തുമ്പോൾ, വിഗ്രഹത്തെക്കൂടി ആരാധിക്കുകയാണ്. ദൈവത്തെ സങ്കല്പിച്ചാണു ചെയ്യുന്നതെന്നു പറയുന്നത് ധർമ്മശാസ്ത്രപരമല്ല. ദൈവം സൃഷ്ടിച്ച കുഞ്ഞുങ്ങളുടെ ആനന്ദം വർദ്ധിപ്പിക്കാൻ ദൈവം സൃഷ്ടിച്ച വസ്തുക്കളെ ദൈവത്തിനെന്ന പേരിൽ പാഴാക്കുന്നത് കടുത്ത ദൈവ നിന്ദയാണ്; ദൈവ ശിക്ഷകളും തീർച്ചയാണ്.

മത-മനുഷ്യർക്കു തോന്നുമ്പോലെയൊക്കെ സങ്കല്പിച്ചു ചെയ്യാനുള്ളതല്ല ദൈവകാര്യങ്ങൾ. മനുഷ്യർക്ക് വ്യക്തിസ്വാതന്ത്ര്യം നൽകിയിരിക്കെ, ദൈവത്തിന്റെ കാര്യത്തിൽ ദൈവത്തിനും മഹാശാസ്ത്രപരമായ സ്വാതന്ത്ര്യമുണ്ട്. ദൈവത്തിന്റെ സ്വാതന്ത്ര്യത്തിനു മേൽ കൈവെയ്ക്കാൻ മനുഷ്യന് എന്തവകാശം ? മാത്രമല്ല, വിഗ്രഹത്തെ ഉഴിയുന്ന വിളക്കിലും പുരോഹിതന്റെ കൈയ്യിലും തറയിലും ഒക്കെ മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശമായ പരമാണുക്കൾ തന്നെയാണുള്ളത്, അഥവാ അവയിലെല്ലാം ദൈവത്തിന്റെ മഹാശക്തി തന്നെയാണുള്ളത്. ദൈവത്തെ ദൈവം ഉഴിയുക എന്നു പറയുന്നതും ചെയ്യുന്നതും മ്ലേച്ഛമാണ്.

കുറച്ചുകൂടി വിശദീകരിക്കാം. മനസ്സിലാക്കുവാൻ മഹാദേവി മഹാഅനുഗ്രഹിക്കട്ടെ.

//വിഗ്രഹത്തിൽ ദൈവം വർത്തിക്കുന്നതായി സങ്കല്പിക്കുമ്പോൾ, മനുഷ്യർക്ക് അത് സങ്കല്പമാണെങ്കിലും, യഥാർത്ഥത്തിൽ അത് സങ്കല്പമല്ല.

ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഭൗതികരൂപത്തിൽ ശക്തിചക്രമായിരിക്കുന്നതു കൂടാതെ ഓം എന്ന ശബ്ദബ്രഹ്മമായും അക്ഷരബ്രഹ്മമായും വർത്തിക്കുന്നുണ്ട്. ഓം എന്ന അദ്ധ്യായത്തിൽ അത് വിശദീകരിച്ചിട്ടുണ്ട്. വിഗ്രഹത്തിലും, വിളക്കിലും, ഉഴിയുന്ന കൈകളിലും, അത് കാണുന്ന ഭക്തരുടെ കണ്ണുകൾ ഉൾപ്പെടെ എല്ലാ ശരീര അവയവങ്ങളിലും ദൈവം ഉണ്ട്. ഭൂമിയിലുണ്ട്, വായുവിലുണ്ട്, ആകാശത്തുണ്ട്, ശൂന്യത്തിലുമുണ്ട്. അങ്ങനെയിരിക്കെ ശാസ്ത്രപരമായ വിഗ്രഹപ്രതിഷ്ഠ നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല. വിഗ്രഹത്തിൽ നിന്ന് മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോള്, അഥവാ പ്രത്യക്ഷപ്പെടുമ്പോൾ, മഹാദേവിയെ ആണ് ആരാധിക്കേണ്ടത് ; കല്ലുകൊണ്ടോ മരംകൊണ്ടോ ലോഹംകൊണ്ടോ ഒക്കെ നിർമ്മിച്ച വിഗ്രഹരൂപത്തിലുള്ള ദൈവത്തെയല്ല.

ഏകമഹാശക്തിയായ, മഹാദേവിയും മഹാദേവനുമായ, മഹാപിതാവും മഹാമാതാവുമായ, മഹായജമാനയും മഹാനീതിപതിയുമായ ദൈവത്തെ മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാശക്തിയായ മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയവർക്കു മാത്രമാണ് ദൈവത്തെ ആരാധിക്കുവാൻ യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ. അതായത് വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചും പ്രതിഷ്ഠിക്കാതെയും എല്ലാ മത-ദേവാലയങ്ങളിലും കാട്ടിക്കൂട്ടുന്നത് ദൈവീകമല്ലാത്ത ആരാധനകളാണ്. അഥവാ ഇന്നത്തെ ആരാധനകളെല്ലാം തീർത്തും അധമവും, ദൈവനിന്ദയുമാണ്. //

ഇന്ത്യയിലെ ഹിന്ദു മതങ്ങളെ ഈ ഘട്ടത്തിൽ കൂടുതൽ വിമർശിച്ചിരിക്കുന്നു എന്ന് ആക്ഷേപം ഉള്ളവർ അറിയുക. മുമ്പ് വ്യക്തമാക്കിയതു പോലെ നൂറിലധികം മതങ്ങൾ ഉള്ളതിൽ ശാസ്ത്രവുമായി ഏറ്റവും കൂടുതൽ അടുത്തു നിൽക്കുന്നത് ഹിന്ദു- മതങ്ങൾ ആയതിനാൽ, കുറെ വിമർശിക്കാനും എളുപ്പം തിരുത്താനും മഹാശാസ്ത്രത്തിലേക്ക് ലയിപ്പിക്കാനും അല്പമുള്ളത് ഹിന്ദു-മതങ്ങളിൽ മാത്രമാണ്. ബാക്കിയെല്ലാം ചപ്പും ചവറുകളുമാണ്.

മതം കളഞ്ഞ് മനുഷ്യരായി ദൈവത്തോട് ഏറ്റവും കൂടുതൽ വേഗത്തിൽ അടുക്കാനുള്ള മഹാഭാഗ്യം ഹിന്ദുക്കൾക്കാണ് എന്ന് പറയുമ്പോൾ ഇനിയും അനവധി ജന്മങ്ങൾ ഓരോരുത്തർക്കും ബാക്കിയുണ്ടെന്നും അനവധി ദേശങ്ങളിൽ അനവധി അവസ്ഥകളിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യേണ്ടതുണ്ടെന്നും അറിയണം. ജന്മഗുണങ്ങളായി ലഭിച്ച ദേശത്തിന്റെ പേരിലും ജന്മദോഷങ്ങളായി ലഭിക്കുന്ന മതങ്ങളുടെ പേരിലും ഊറ്റം കൊണ്ട് പാപങ്ങളും ദൈവശിക്ഷകളും വർദ്ധിപ്പിക്കാതെ കുട്ടികൾ ശ്രദ്ധിക്കുന്നത് നന്ന്.

*മതങ്ങളിലെ മന്ത്രങ്ങളും പ്രാർത്ഥനകളും അവയെ ഉണ്ടാക്കിയ വ്യക്തിയുടെ അതാത് അവസ്ഥകളിലെ മനോഭാവത്തെ ആശ്രയിച്ചാണ് ശരിയാവുന്നത്. സ്വകാര്യമാണത്. അയാളുടെ മനോനില കൈവരിക്കുന്ന മറ്റൊരാൾക്ക് അത് ശരിയാണ്. ഇന്ന് ശരിവെച്ചതിനെ നാളെയും ശരിവയ്ക്കണമെന്നില്ല. ഭൗതികമായ അസ്തിത്വമുള്ളത് മണ്ണിനും മണ്ണിന്റെ അംശങ്ങളായ ശരീരത്തിനും മാത്രമാകയാൽ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാതെ മറ്റുള്ളവർ ഉണ്ടാക്കിയ (മതങ്ങളിലെ) മന്ത്രങ്ങളും പ്രാർത്ഥനകളും ഏറ്റുപാടുന്നതും പിൻപറ്റുന്നതും *കടുത്ത മനോരോഗമാണ്.* പ്രാർത്ഥനകൾക്ക് പൊതു സ്വഭാവവും നിശ്ചിത സമയങ്ങളും കല്പിക്കുന്നവരും പാലിക്കുന്നവരും മനോരോഗികളാണ്. ദൈവകാര്യങ്ങൾക്ക് ദൈവത്തിനു സമയം കല്പിക്കാൻ ശ്രമിക്കുന്ന കടുത്ത മനോരോഗികൾ !. *മേല്പടി മനോരോഗികൾ ഒരേ സമയത്ത് നിശ്ചിത സമയം

കൊണ്ടു മാത്രം വിസർജ്ജനങ്ങൾ ചെയ്യുവാനും ഛർദ്ദിക്കാനും ഭക്ഷിക്കാനും വിശ്രമിക്കാനും, രോഗങ്ങൾ വരാനും സുഖപ്പെടാനും ഒക്കെ ഒക്കെ പരിശീലിച്ചാൽ മനോരോഗം കുറയുന്നതാണ്!*

മതപ്പരിഷകളെ ശുദ്ധീകരിക്കാതെ, ധാർമ്മിക അധഃപതനങ്ങൾ അവസാനിക്കില്ല. എന്തെന്നാൽ കൊടും പാപികളായ അവർ, അസത്യങ്ങളെയും അന്ധവിശ്വാസങ്ങളെയും ജനങ്ങളുടെ / ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിൽ വ്യാപകമായി കുത്തിനിറച്ചിരിക്കുകയാണ്. മണ്ണിന്റെ നിയമങ്ങളെയോ, *സ്വന്തമെന്നു കരുതുന്ന ശരീരത്തെയോ സ്വയം വിശകലനം ചെയ്യുന്നവരായി ഓരോ മനുഷ്യനെയും ഉയർത്തുകയാണ് ആദ്യ ആവശ്യം.* ദൈവ-വിപ്ലവത്തോടെ മാത്രമേ മഹാഉചിതമായി മഹാശുദ്ധി ആരംഭിക്കുവാൻ കഴിയൂ.

ശിക്ഷയുടെ ഭാഗമായി ദ്വീപുകളിലേക്ക് *ഉടുവസ്ത്രത്തോടെ* നാടുകടത്തപ്പെടുന്ന ജനങ്ങൾക്ക് സമ്പൂർണ്ണ വ്യക്തി സ്വാതന്ത്ര്യം അനുഭവിക്കാനും, (ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ) ഇഷ്ടംപോലെ ജീവിക്കാനും; വർജ്യമായ മന്ത്രശാസ്ത്രത്തെ ദുരുപയോഗിച്ച് ദുർദ്ദേവതകളെ സൃഷ്ടിക്കാനും സങ്കല്പിക്കാനും പൂജിക്കാനും, സ്വയം ദുർദ്ദേവതയായി മാറാനും, "പ്രസ്തുത ദ്വിപിൽ മാത്രം ഒതുങ്ങി പ്രവർത്തിക്കുന്നതാണ്* എന്ന മഹാനിബന്ധനയോടെ സാധിക്കുന്നതാണ്. *മഹാപ്രപഞ്ചത്തിന് മഹാആധാരമായിട്ടുള്ളത് മഹാശക്തിയായ ദൈവത്തിന്റെ 'മായാ-മഹാശക്തി' ആകയാലാണ് വർജ്യമാണെങ്കിലും മന്ത്രശാസ്ത്രത്തെ മഹാനിലനിർത്തിയിട്ടുള്ളത്.*

ശിവ നാമങ്ങൾ അല്ലാതെയുള്ള മന്ത്രങ്ങൾ ഇന്ന് വ്യാപകമാണ്. മഹാശിവയുടെ നാമങ്ങൾ യഥാർത്ഥത്തിൽ മന്ത്രങ്ങളല്ലാ, ദൈവീക സംബോധനകൾ മാത്രമാണെന്ന് മുമ്പ് വ്യക്തമാക്കിയതാണ്. ശിവ നാമങ്ങൾ അല്ലാതെയുള്ള മന്ത്രങ്ങളെല്ലാം വർജ്യമാണ്. ശിവ നാമങ്ങൾ എന്തുകൊണ്ട് ശ്രേഷ്ഠമാണെന്ന് ചുവടെ വേറിട്ടു വിശദമാക്കുന്നുണ്ട്. അല്പം ആവർത്തിക്കാം.

1. സൃഷ്ടികളുടെ പേരുകളോ ചരിത്രങ്ങളോ മഹാശാസ്ത്രത്തിൽ ആവശ്യമില്ല / ഉണ്ടാവുകയുമില്ല.

2. മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും സൃഷ്ടി-സ്ഥിതി-സംഹാര നിയമങ്ങൾ മാത്രമാണ് മഹാശാസ്ത്രത്തിലുള്ളത്; മുമ്പ് വ്യക്തമാക്കിയതു പോലെ വേദങ്ങളുടെ ഉല്പത്തി ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെ, വേദങ്ങളിൽ / മഹാശാസ്ത്രത്തിൽ / ദൈവ ശാസ്ത്രത്തിൽ ചേർത്താൽ മാത്രമാണ് വിഷയങ്ങൾക്ക് സമ്പൂർണ്ണത ഉണ്ടാവുക എന്നതിനാൽ മാത്രം, ശാസ്ത്ര നിയമങ്ങളോടൊപ്പം സ്രഷ്ടാവായ ദൈവത്തിന്റെയും, ദൈവഭാഗമായ ഏകദാസന്റെയും കാര്യങ്ങൾ വേദങ്ങളോട് ചേർക്കുന്നതാണ്.

മഹാജഗദംബയായ മഹാദേവി, രണ്ടാമത്തെ മഹാകാലചക്രത്തില് മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാണെന്ന് മുമ്പ് വിശദീകരിച്ചിരുന്നു. അതിന്റെ ഭാഗമായിട്ട്, എല്ലാ പൈശാചിക ദേവതകളെയും സംഹരിച്ചു

കഴിഞ്ഞെന്നു പറയാം. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യസൃഷ്ടിചക്രമാണ് ഇപ്പോഴത്തേത്. മഹാശക്തിയായ ദൈവം മനുഷ്യരൂപത്തിൽ അവതരിക്കുകയാൽ മഹാസൃഷ്ടിചക്രം കൂടിയാകുന്നു.

ദൈവം ഉടനെ മായ പ്രത്യക്ഷമാക്കുന്നതാണ്, അതോടെ ജ്യോത്സ്യം, മന്ത്രവാദം, യജ്ഞം, ഹോമം, ആയുർവ്വേദത്തിലെ മന്ത്രഭാഗമായ ആയുർഭാഗം, തുടങ്ങിയവയെല്ലാം ശാഖകളായിട്ടുള്ള മന്ത്രശാസ്ത്രം, എന്നത്തേക്കുമായി പിൻവലിക്കുന്നതാണ്. തുച്ഛമായ ചിലവ ഒഴികെ ഏറെക്കുറെ മുഴുവൻ മന്ത്രകാര്യങ്ങളും പിൻവലിച്ചുകഴിഞ്ഞു. കൂടാതെ സൗരയൂഥത്തിലെ ഭൂമിയും ചന്ദ്രനും സൂര്യനും ഒഴികെയുള്ള ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും മഹാദേവി, പരമശിവനി-ലൂടെ സംഹരിക്കുന്നതാണ്.

തീർത്തും അധമവും അപ്രധാനവുമാകയാൽ, ശാസ്ത്രം അല്ലെങ്കിലും, കള്ളപ്പേരോടെയുള്ള മന്ത്രശാസ്ത്ര-ത്തിലെ ~~മന്ത്രങ്ങളെ~~ ഇവിടെ ചേർത്തുകൂടാ.

പ്രാർത്ഥന, സ്തുതി, തുടങ്ങിയ കാര്യങ്ങൾ കുറയ്ക്കുകയോ ഒഴിവാക്കുകയോ വേണം. കുഞ്ഞുങ്ങൾക്ക് ആവശ്യമില്ലാത്ത യാതൊന്നും പ്രത്യക്ഷമായി ദൈവം നൽകുന്നില്ല എന്നതിനെ ഉൾക്കൊണ്ടു ജീവിക്കണം.

വഴിപാടുകളും പൂജകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാടില്ല.

ജീവിത സമയങ്ങളെയും പാഴാക്കാൻ പാടില്ല. തെറ്റുകളും കുറ്റങ്ങളും കുറച്ച് പുണ്യം കൂട്ടണം.

മഹാദേവി ഓം എന്ന് മഹാചിരിച്ച് ഉടനെതന്നെ മായ പ്രത്യക്ഷമാക്കുന്നതാണ്.

ധർമ്മശാസ്ത്ര പരമായി തൊഴിൽ ചെയ്ത് ആനന്ദത്തോടെ ജീവിക്കുന്നതിനു പകരം ഭക്തി-കോപ്രായങ്ങളെ നടത്തുന്നവരെയും, ദിവ്യമായ സംഗീതത്തെ അപമാനിക്കുന്ന കീടങ്ങളെയും, കുട്ടിദൈവങ്ങളായും സൂപ്പർ ദൈവങ്ങളായും വേഷം കെട്ടുന്നവരെയുമാണ് ആദ്യം ശിക്ഷിക്കുക ! - ഒരു പക്ഷേ, പ്രത്യക്ഷമായി !

ദേവീ ശരണം, മഹാദേവീ ശരണം, മണ്ണടി ദേവി മാത്രം ശരണം എന്നിങ്ങനെ മണ്ണടിയിലേക്ക് ശരണമന്ത്രങ്ങളുമായി പോകാനും പ്രാർത്ഥിക്കാനും ആരാധിക്കാനും എല്ലാ കുഞ്ഞുങ്ങൾക്കും യഥാകാലം - മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്ന ഏകജന്മത്തിൽ കഴിയുന്നതാണ്.

മുമ്പ് വിശദീകരിച്ചതുപോലെ മഹാശക്തിയായ മഹാദേവി യഥാർത്ഥത്തിൽ ജീവിയോ, സ്ത്രീയോ, പുരുഷനോ അല്ലെന്നും അറിഞ്ഞുകൊള്ളണം. മഹാശക്തിയായ ദൈവം, സ്വന്തം മഹാജ്ഞാനമായ ശാസ്ത്രങ്ങൾ പ്രകാരവും സ്വന്തം ശക്തികളെ കൊണ്ടും മഹാദേവിയായി രൂപം എടുക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ അനിർവ്വചനീയമായ

മഹാശക്തിയാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

(അദ്ധ്യായം 72)

ശാസ്ത്രീയമായ ആരാധന, ദേവാലയം, മഹാലിംഗം, മഹാദശമി, ശിവരാത്രി, ~~മഹാശിവരാത്രി~~

ദൈവത്തെ ആരാധിക്കുക എന്നു പറയുമ്പോൾ , ദൈവം എന്നാലെന്തെന്നും, ദൈവത്തിന്റെ സ്വഭാവങ്ങള് എന്തെല്ലാമാണെന്നും, ദൈവത്തെ ആരാധിക്കുന്നതു കൊണ്ട് ദൈവത്തിന് എന്തെങ്കിലും സന്തോഷം ഉണ്ടാകുന്നുണ്ടോ എന്നും, ആരാധിക്കുന്നത് ദൈവത്തിന് ഇഷ്ടമാണോ എന്നും, ആരാധിക്കുന്നതിന് മനുഷ്യർ എന്തെങ്കിലും യോഗ്യത നേടേണ്ടതുണ്ടോ എന്നും, ഉണ്ടെങ്കിൽ എന്തെല്ലാം യോഗ്യതകളാണ് നേടേണ്ടതെന്നും, യോഗ്യതകളെ നേടുന്നത് എങ്ങനെയെന്നും, ആരാധിക്കുന്ന മനുഷ്യരുടെ നേട്ടം എന്താണെന്നും, അത്തരമൊരു നേട്ടമോ ആരാധനയോ ധർമ്മശാസ്ത്രപ്രകാരം അത്യാവശ്യമോ ആവശ്യമോ ആണോ എന്നും, ഒക്കെയുള്ള അനവധി കാര്യങ്ങൾ വിഷയങ്ങളാണ്. ...

ആരാധിക്കപ്പെടുവാനുള്ള യോഗ്യത ഏകദൈവത്തിനു മാത്രമാണുള്ളതെന്നും, മഹാദേവിയായി രൂപമെടുത്ത ഏകദൈവത്തെ മാത്രം ധർമ്മ-ശാസ്ത്രപരമായി ആരാധിക്കണമെന്നും തെളിയുന്നു. മനുഷ്യന് 100 ജന്മങ്ങള് ഉള്ളതില് 90 ജന്മങ്ങളോട് അടുക്കുമ്പോഴേക്കും ഉന്നതമായ മൂല്ല്യങ്ങള് മനുഷ്യനില് വളരെയധികം വർദ്ധിക്കുന്നതാണ്. പുണ്യ വർദ്ധനവനുസരിച്ച് മഹാശക്തിയായ മഹാദേവിയുടെ മഹാഭാവമായ സത്യ -

ധര് മ്മ - നീതികള് മനുഷ്യനിലും വര് ദ്ധിക്കുന്നു. എന്നാല് ദൈവത്തെ ആരാധിക്കാനുള്ള അവസരം ദൈവം മഹാഅനുഗ്രഹിച്ചു നല് കുന്നത് 100 ജന്മങ്ങളിൽ ഒരു ജന്മത്തിൽ മാത്രമാണ്. മഹാശക്തിയായ മഹാദേവി, പ്രതിനിധിയായ പരമശിവനിലൂടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും പുരുഷജന്മത്തിലുള്ള മനുഷ്യന് മഹാഅനു ഗ്രഹിച്ചു നല്കുന്നു. മനുഷ്യന്റെ ശിരസ്സിലുള്ള / തലച്ചോറിലെ ന്യൂറോണുകളെ മുഴുവൻ ആക്ടീവാക്കു മ്പോൾ ഭൗതികശാസ്ത്രപരമായി ക്കൂടിയാണ് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല് കുന്നത്. മണ്ണടി എന്ന സ്ഥലത്തുനിന്ന് 10 കിലോമീറ്റർ ദൂരത്തിനുള്ളില് ജനിക്കുകയോ താമസിക്കുകയോ ചെയ്യുന്ന അവസ്ഥ ദൈവത്തെ ആരാധിക്കാനുള്ള അവസരം ദൈവം മഹാഅനുഗ്രഹിച്ചു നല് കുന്നതായ ജന്മത്തില് മനുഷ്യര് ക്ക് ഉണ്ടാകുന്നതാണ്. ശിവരാത്രി ദിവസമാണ് മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുക. ശിവരാത്രി, മഹാശിവരാത്രി എന്നൊക്കെ പറയുമ്പോള് , ഇന്ത്യയില് രാത്രി ആയിരിക്കുമ്പോള് , അനേക രാജ്യങ്ങളില് പകലായിരിക്കുമല്ലോ എന്നു ചിന്തിക്കേണ്ട. ഇത്തരം മഹാകാര്യങ്ങളില് ബ്രഹ്മകേന്ദ്രമായ മണ്ണടിയെ മാത്രമാണ് ബന്ധിപ്പിക്കുക.

മഹാശാസ്ത്രം മനസ്സിലാക്കുകയും മഹാശക്തിയായ മഹാദേവിയുടെ മഹാവാത്സല്യം അറിയുകയും ചെയ്ത് മനുഷ്യൻ വിതുമ്പിക്കരയുന്നതാണ്. ഈയുള്ളവന് അങ്ങനെ വിതുമ്പിക്കരയാനുള്ള മഹാഭാഗ്യം വളരെയധികം ഉണ്ടായിട്ടുണ്ട്. മഹാദേവി, മഹാശാസ്ത്രം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മനുഷ്യന് സുമാര് **50**

വയസ്സുണ്ടാവും. ശിഷ്ടകാലം മാത്രമാണ്, ദൈവാരാധനയിൽ മുഴുകുന്നത്. മഹാശാസ്ത്രം ലഭിച്ച അവർ മഹാദേവിയെ മാത്രം ആരാധിക്കുന്നതായിരിക്കും. ആരാധനാകാര്യങ്ങളിൽ പരമശിവന്റെ നാമം അവർ ചേർക്കുന്നതല്ല. എങ്ങനെ പ്രാർത്ഥിക്കണമെന്ന് അവരെ ആരും പഠിപ്പിക്കേണ്ടതില്ല. എന്നിരിക്കെയും അറിവിന്നായി പറയാം : ഏക മഹാശക്തിയും ഏകമഹാദൈവവുമായ, ബ്രഹ്മമായ, മഹായജമാനനായ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, മഹാനീതിപതിയുമായ, മഹാപിതാവും മഹാമാതാവുമായ, മഹാദേവനും, മഹാദേവിയുമായ ഓംമഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയെ മാത്രമാണ് അവർ ആരാധിക്കുക. ആരാധനയ്ക്ക് ഒരേയൊരു ശാസ്ത്രവാചകം മാത്രമേയുള്ളൂ :ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം. ഇന്ന് ദേവാലയങ്ങളിൽ മൂലമന്ത്രങ്ങളെന്നും മറ്റേ മന്ത്രങ്ങളെന്നും ഗായത്രി മന്ത്രം എന്നും ഒക്കെ അറിയപ്പെടുന്നവ വർജ്ജ്യശാസ്ത്രമായ മന്ത്രശാസ്ത്രം പ്രകാരമുള്ള തട്ടിപ്പുവിദ്യകൾ മാത്രമാണെന്ന് വ്യക്തമായിരിക്കുമല്ലോ. എല്ലാ മതങ്ങളിലുമുള്ള എല്ലാ മന്ത്രങ്ങളും വർജ്ജ്യമാണ്. നൂറായിരം മന്ത്രങ്ങള് പടച്ച് ദൈവം എന്തു നേടാനാണ് ഹേ എന്നു ചോദിക്കാൻ നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള ഏതാനും പേർ ക്കു മാത്രമേ ഊറ്റമുള്ളൂ. ദൈവത്തിന് അഭിമാനിക്കാന് അങ്ങനെയെങ്കിലും കുറേ കുഞ്ഞുങ്ങളുണ്ട് എന്നത് വളരെ സന്തോഷകരമാണ്. മഹാശാസ്ത്രം ലഭിക്കുന്നവർ ശിഷ്ടകാലത്ത് അതിരാവിലെ ബ്രഹ്മ മുഹൂർത്തമായ

പൈ-സമയത്ത് (3 മണി കഴിഞ്ഞ്) എണീൽക്കുന്നതും ശരീര ശുചിത്വം നിർവ്വഹിച്ചുകൊണ്ട് 4 മണിക്കു മുമ്പ് ദൈവാരാധന ആരംഭിക്കുന്നതുമാണ്. സുമാർ 15 മിനുട്ട് അഥവാ സെക്കന്റ് നേരം - മനതൃപ്തി പോലെ- ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം എന്നു ജപിച്ചുകൊണ്ടിരിക്കും. അതു തന്നെ ആരാധന. വിളക്കു കത്തിക്കുന്നത് വ്യക്തിക്ക് വെളിച്ചം വേണമെങ്കില് മതിയാകും. ദേവാലയങ്ങളിലും അതേ കാര്യമാണുള്ളത്, വെളിച്ചത്തെ സൃഷ്ടിക്കുന്ന ദൈവത്തിന് വെളിച്ചം വേണ്ടാ. വെളിച്ചവും വിളക്കും ആവശ്യമാകുന്നത് ദേവാലയത്തിൽ കഴിയുന്നവരോ പ്രവേശിക്കുന്നവരോ ആയ മനുഷ്യര് ക്കാണ്.വ്യക്തിപരമല്ലാത്ത കാര്യങ്ങളില്, പൊതുജനങ്ങള് ക്കു വേണ്ടി, അഥവാ ധർമ്മശാസ്ത്രപരമായ പൊതുകാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഏതൊരാൾക്കും അവകാശമുണ്ട്. വേഷം കെട്ടലില്ലാതെ ചെയ്യുമ്പോൾ നന്മയുടെ ഒരു പ്രകടനമായി ദൈവം അതിനെ കാണുന്നതാണ്. ദൈവ-നിന്ദയായി കണക്കാക്കുന്നതല്ല. വേറെയും കാര്യങ്ങളുണ്ട്: ദൈവത്തെ ആരാധിക്കുവാനുള്ള മഹായോഗ്യതകളെ നേടിക്കൊണ്ട് സമൂഹത്തില് സാധാരണക്കാരായി ജീവിക്കുന്നവര് ക്ക് സമൂഹകാര്യങ്ങളിലും ഭരണകൂടത്തി ലുമുള്ള അധമകാര്യങ്ങളെ തിരുത്തുന്നതിലേക്കായി അവസരങ്ങളെ സൃഷ്ടിക്കപ്പെടുന്നതാണ്. മഹാ-വിളയാടലുകളിലൂടെ സമൂഹത്തെ ഉദ്ധരിക്കുക, അവയിലൂടെ മുമ്പറഞ്ഞ യോഗ്യരെ സമൂഹത്തില് ഉയർത്തിക്കാട്ടുക, തുടങ്ങിയവയെ മഹാരചനയെന്നും വിശേഷിപ്പിക്കാവുന്നതാണ്. ശ്രദ്ധിക്കേണ്ടതായ ഒരു

കാര്യം, മഹാദേവിയോട് നേരിട്ടു പ്രാർത്ഥിക്കുക എന്നല്ലാതെ, പരമശിവനെ ഉൾപ്പെടെ യാതൊരാളെയും ഇടനിലക്കാരായി ഉപയോഗിച്ചുകൂടാ. പരമശിവനെ ഉൾപ്പെടെയുള്ള ഇടനിലക്കാരെ മനുഷ്യർ ഒഴിവാക്കണമെന്ന് ആവർത്തിക്കുമ്പോള് , മഹാശാസ്ത്രത്തെ പരമശിവനിലൂടെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന്റെ പ്രസക്തി അറിയാൻ ആഗ്രഹിക്കുന്നവരുണ്ടാകും. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിലും മറ്റു ചില അദ്ധ്യായങ്ങളിലും വിശദീകരിച്ചതായ വസ്തുതകളെ ഹ്രസ്വമായി ആവർത്തിക്കുന്നു : മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയും, സ്ഥിതിയും, ജീവികളുടെ സൃഷ്ടിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സംഹാരം ഉൾപ്പെടെ എല്ലാ പ്രപഞ്ചകാര്യങ്ങളിലെയും മഹാനീതിയും, മഹാശക്തിയായ മഹാദേവി തന്നെയാണ് മഹാ-നിർവ്വഹിക്കുന്നത്. സൃഷ്ടികളായ മനുഷ്യര് തങ്ങളുടെ സൃഷ്ടികർത്താവും രക്ഷകർത്താവും, മഹാ-നീതിപതിയും, മഹാപിതാവും മഹാമാതാവുമായ, മഹാദേവിയോട് നേരിട്ടു പ്രാർത്ഥിക്കുക മാത്രമേ പാടുള്ളൂ. വളരെ വളരെ വളരെ തുച്ഛമെന്നു വിശേഷിപ്പിക്കാവുന്നതായ തന്റെ തന്നെ ഒരു ഭാഗത്തെ മഹാശാസ്ത്രപ്രകാരമുള്ള ഒരു ഉപകരണമെന്നപോലെ മഹാദേവി സൃഷ്ടിച്ചതാണ് പരമശിവൻ . (മഹാ)ശക്തി, ശിവൻ , തുടങ്ങിയ ഏതാനും അദ്ധ്യായങ്ങളില് വിശദീകരിച്ചിട്ടുണ്ട്. മഹാദേവിയുടെ പ്രതിനിധിയായും മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും പിതാവായും പരമശിവനെ ഉയർത്തിയിട്ടുണ്ട്. മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുക, ആത്മീയ സാക്ഷാത്ക്കാരം

നൽകുക തുടങ്ങിയവ മനുഷ്യരുടെ പിതാവുകൂടിയായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലൂടെയാണ് മഹാദേവി മഹാനിർവ്വഹിക്കുന്നത്. പരമശിവനെ ഉയർത്തി ബഹുമാനിക്കുന്ന ഒരു മഹാസംവിധാനമാണത് എന്നല്ലാതെ യഥാർത്ഥത്തിൽ മഹാദേവി തന്നെയാണ് മഹാഅനുഗ്രഹിച്ചു നൽകുന്നത്, പരമശിവൻ ലൂടെ മാത്രമാണ്. **മഹാദേവിയുടെ പ്രതിനിധിയും മഹാദാസനുമായ പരമശിവൻ മനുഷ്യരുടെ പ്രതിനിധിയല്ല.** മനുഷ്യരുടെ പ്രതിനിധിയായിട്ട് ദൈവം നിശ്ചയിച്ചിട്ടില്ലാത്ത ഒരാളെ തങ്ങളുടെ പ്രതിനിധിയാക്കാൻ മനുഷ്യരും ശ്രമിച്ചുകൂടാ. മാത്രമല്ല, മഹാദേവി, മഹാപ്രപഞ്ചത്തിലെ സംഹാരദേവനായിക്കൂടി ഉയർത്തിയിട്ടുള്ള പരമശിവനെ കുഞ്ഞുങ്ങളായ മനുഷ്യരെ ഉപദേശിക്കാനും ശിക്ഷിച്ചു-തിരുത്താനുമൊക്കെയുള്ള പ്രപഞ്ചപിതാവായുംകൂടി മഹാ-നിശ്ചയിച്ചിരിക്കുകയാണ്. അടിക്കല്ലേ, ശിക്ഷിക്കല്ലേ, പൊറുക്കണേ, മാപ്പാക്കണേ തുടങ്ങി യാതൊന്നും പരമശിവനോടു പ്രാർത്ഥിച്ചിട്ട് യാതൊരു കാര്യവുമില്ല. ഇടിനിലക്കാരനായി പരമശിവനെ വിളിച്ചാല് അതിനുകൂടി ശിക്ഷയുണ്ട്. പ്രാർത്ഥനകളും ആരാധനകളുമെല്ലാം നേരിട്ട് തങ്ങളുടെ ഏകദൈവത്തോടു ചെയ്യണം. മഹാമാതാവും മഹാപിതാവുമായ ദൈവം മഹാമാതാവു മാത്രമായി ക്കൊണ്ട് രൂപമെടുക്കുകയും മഹാവാത്സല്യം മാത്രം നൽകുകയും ചെയ്യുന്നു. മഹാവാത്സല്യമായ ദൈവത്തെ, കുഞ്ഞുങ്ങളായ മനുഷ്യർ ഭയക്കാതിരിക്കാനുള്ള മഹാസംവിധാനം കൂടിയാണത്.

മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്ന ഏക ജന്മത്തിൽ മാത്രമാണ് ദൈവാരാധന ചെയ്യുന്നതെന്നും, ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം എന്ന ശാസ്ത്രവചനം ഉരുവിടുക മാത്രമാണ് ചെയ്യുന്നതെന്നും വിശദീകരിച്ചു. ആരാധിക്കാൻ യോഗ്യത നേടിയ പുരുഷന് ആരാധനാലയം നിര് ബ്ബന്ധമല്ല എന്നിരിക്കെയും, സാമൂഹ്യ ഉത്തരവാദിത്തത്തിന്റെ ഭാഗമായി അദ്ദേഹം ആരാധനാലയത്തിൽ പോയും മഹാദേവിയെ ആരാധിക്കുന്നതാണ് :

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദേവാലയം

മലയാള ഭാഷയിലെ ദേവാലയം എന്ന പേര് കൂടുതൽ നന്ന്. ദേവനും ദേവിയുമായ ദൈവത്തിന്റെ ആലയം അഥവാ വീട് എന്നു പേരിടുന്നത്, മനുഷ്യർക്കുവേണ്ടിത്തന്നെയാണ്. ദേവാലയം എന്ന പേരിൽ ഒരു ആലയം ദൈവത്തിന് നല്കിക്കഴിഞ്ഞാൽ പിന്നെയത് ദൈവത്തിന്റേതാണ്; അതിനെ പരിപാലിക്കേണ്ടത് ധര്മ്മശാസ്ത്ര പ്രകാരമായിരിക്കണം. (മഹാപ്രപഞ്ചം മുഴുവനും ദൈവത്തിന്റെ സ്വത്താണ്. സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.). ദേവാലയത്തില് എന്തെല്ലാം ഉണ്ടായിരിക്കണം എന്നു നോക്കാം. ദൈവത്തോട് പ്രാര്ത്ഥിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നതിനുവേണ്ടി മനുഷ്യർ നിർമ്മിച്ച് ദേവാലയം എന്ന പേരിട്ടിരിക്കുന്നതായ ദൈവത്തിന്റെ വീട്ടിലേക്ക്

ഏതൊരു മനുഷ്യര്ക്കും ഏതൊരു സമയത്തും കയറിവരാനും പ്രാര്ത്ഥിക്കാനും ആരാധിക്കാനുമുള്ള സൗകര്യം ദേവാലയത്തിൽ ഉണ്ടാവണം. ദേവാലയത്തിലേക്ക് വരുന്നവരെ തടസ്സപ്പെടുത്തുന്ന വാതിലുകളും അടപ്പുകളും (കതകുകളും) ഉണ്ടായിരിക്കാൻ പാടില്ല.

ദൂരെ സ്ഥലത്തുനിന്നും ദേവാലയത്തിൽ വരുന്നവർ ക്ക് തങ്ങളുടെ ശരീരവും വസ്ത്രവും ശുചിയാക്കാനുള്ള സംവിധാനങ്ങളായ കിണർ അഥവാ കുളം, കുളിക്കാനും മല-മൂത്ര വിസര്ജ്ജനങ്ങള്ക്കുമായി ശൗചാലയം എന്നിവ ഉണ്ടാവണം. ദൈവത്തെ ആരാധിക്കാനും ദൈവത്തോട് പ്രാര് ത്ഥിക്കാനും വരുന്ന പുരുഷന്മാർ ശൗചാലയത്തെ ശുദ്ധമായി സംരക്ഷിക്കുന്നുവോ എന്ന് അത്യാവശ്യമായും അറിയു-കയും, തോന്നിയാൽ നേരിട്ട് പരിശോധിക്കുകയും /ആവശ്യമെങ്കിൽ സ്വയം ശുചിയാക്കുകയും വേണം. സാമ്പത്തിക ശക്തി കുറവുള്ള ഒരു ജനതയാണ് നാട്ടിലുള്ളതെങ്കിൽ , മനുഷ്യരുടെ ശരീര-ശുദ്ധിക്ക് ഉതകുന്നതായ നല്ല ശൗചാലയം ഉണ്ടാക്കുകയും സംരക്ഷിക്കുകയും ചെയ്യുക. സമൂഹത്തിന് ഏറ്റവും അത്യാവശ്യമായ ശൗചാലയം തന്നെയാണ് ആദ്യ-ദേവാലയം. ശരീരത്തെ ശുദ്ധമാക്കുകയും, മല-വിസർജ്ജനങ്ങളെ നിർവ്വഹിച്ച് ആശ്വസിക്കുകയും ചെയ്യുമ്പോൾ ഒരു നിമിഷം ദൈവത്തെയും ഓര് ത്തുകൊള്ളും. മഹാശക്തിയായ ദൈവത്തെ ഒരു ജീവിയെന്ന പോലെ മഹാദേവിയായി കണക്കാക്കുമ്പോൾ, ജീവിയായ മഹാദേവിക്ക് ജീവിക്കാൻ ഏറ്റവും അത്യാവശ്യമായ ശുദ്ധിയുള്ള ശൗചാലയം നിര് മ്മിക്കുന്നതായി കണക്കാക്കിയാൽ

മതിയാകും. കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം കക്കൂസുകൾ വേണ്ടാ എന്നതുപോലെ മഹാമാതാവിനും മക്കളായ മനുഷ്യർക്കും പ്രത്യേകം കക്കൂസുകൾ വേണ്ട.

സാമ്പത്തിക ശക്തി മെച്ചമായുള്ള ഒരു ജനതയാണ് നാട്ടിലുള്ളതെങ്കിൽ, ചുവടെ ശാസ്ത്രപരമായി വിവരിക്കും പോലെയുള്ള താമസ സൗകര്യം മഹാദേവിക്ക് ഉണ്ടാക്കിക്കൊടുക്കുക.

മഴയും വെയിലും ഏല്ക്കാന് കഴിയുന്നതും സൂര്യപ്രകാശം ലഭിക്കുന്നതുമായ പരമാവധി 100 ഏക്കര് വരെ സ്ഥലം ദേവാലയത്തിനു നല് കുക. വൃത്താകൃതിയില് , ഒരു ചെറിയ കുന്നിന് പുറം പോലെ. കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രത്തിന് റെയും സൗദി അറേബ്യയിലെ മക്കാ-പള്ളിയുടെയും പരിഷ്ക്കരിച്ച ഒരു ശാസ്ത്ര രൂപമാണ് ചുവടെ വിവരിക്കുന്നതെന്നു പറയുമ്പോള്, നിര്മ്മാണ കാര്യങ്ങള്ക്ക് എളുപ്പവും സുവ്യക്തതയും ഉണ്ടാകുന്നതാണ്. സ്ഥല വിസ്തീര് ണ്ണം 100 ഏക്കറില് കൂടരുത്, എത്ര വേണമെങ്കിലും കുറയാം. 10 ഏക്കറാവാം. 1 ഏക്കറാവാം. അതിലും കുറയാം. പുര അഥവാ വീട് വയ്ക്കാനുള്ള ഇടമാകയാല് പുരയിടം എന്നു പറയുന്നു.100 ഏക്കറുള്ള സ്ഥലത്തെപ്പറ്റി പറയുമ്പോള് , വാഹനത്തിന് ചുറ്റിക്കറങ്ങാവുന്ന റിംഗ് റോഡ് ഉണ്ടാക്കുക. പുരയിടത്തിന് റെ കേന്ദ്രത്തില് സുമാര് 1 ഏക്കര് വരുന്ന സ്ഥലം നിരപ്പാക്കുക. 4 ദിക്കുകളില്

കൂടിയും പുരയിടത്തിന് റെ കേന്ദ്രത്തിലേക്ക്, പരമാവധി 10 പേര് ക്ക് നിരന്ന് നടന്നു പോകാവുന്ന തരത്തില് നടപ്പാത നിര് ണ്ണയിക്കുക. അതായത് 4 ദിക്കുകളില് കൂടിയും മഹാദേവിക്ക് നിര് മ്മിക്കുന്ന വീട്ടിലേക്ക് പോകാന് കഴിയണം. 4 നടപ്പാതകള് . മദ്ധ്യത്തിലായിട്ട് വൃത്താകൃതിയില് 1 ഏക്കര് സ്ഥലമോ, 10 സെന് റ് സ്ഥലമോ, മഹാദേവിയുടെ മഹാ-പുരയ്ക്കായി മാറ്റിവയ്ക്കുന്നു. മഹാപുര എന്ന ഇരിപ്പിടത്തെപ്പറ്റി പിന്നീട് വിസ്തരിക്കാം. 4 നടപ്പാതകളും ചെന്നു ചേരുന്നത് മേല് ക്കൂരയുള്ളതും കല്ലുപാകിയിട്ടുള്ള തുമായ ഒരു നടപ്പന്തലിന് ഇടയിലൂടെ മഹാവിഗ്രഹ-പ്രതിഷ്ഠയുടെ ചുറ്റുമുള്ള മണ്ണുകൊണ്ടുള്ള റിംഗ് പാതയിലേക്കാണ്. നടപ്പന്തലിനുള്ളിലൂടെ നടപ്പാത പോകുമ്പോഴും മൺപാത തന്നെ ആയിരിക്കണം. പന്തലിനെപ്പറ്റി പിന്നീട് വിസ്തരിക്കാം.പുരയിടത്തിന്റെ എല്ലാ വശങ്ങളിലും, അഥവാ സ്ഥലത്തിനു ചുറ്റും ഒരു വേലിയെന്നപോലെ പ്ലാവ്, മാവ്, തെങ്ങ്, തുടങ്ങിയ ഫല വൃക്ഷങ്ങള് മാത്രം നട്ടുവളര് ത്തുക. വൃക്ഷങ്ങൾ വളരുമ്പോൾ ഉള്ളിലേക്കുള്ള നടപ്പാതയെ മറയ്ക്കരുത് എന്നതു കരുതി മരം നടുക. മഹാദേവിയുടെ മഹാ-പുരയിലേക്കുള്ള 4 നടപ്പാതകളുടെയും ഒരുവശത്ത് സുഗന്ധപുഷ്പങ്ങളെ നല് കുന്ന ചെടികളും മറുവശത്ത് ഇന്നത്തെ ആയുര് വ്വേദവുമായി ബന്ധപ്പെട്ട പച്ചമരുന്നുചെടികളും, പിന്നെ ചെന്തെങ്ങും വാഴയും നടുക. ജീവിയായിരിക്കുന്ന മഹാദേവിക്ക് ജീവിക്കാൻ അത്യാവശ്യമായ ഫലങ്ങളും, രോഗം വന്നാൽ അവശ്യം ചികിത്സിക്കാൻ പച്ചമരുന്നുകളും ഒരുക്കുകയാണു ചെയ്യുന്നത്. കരിക്കായി, വാഴപ്പഴമായി. പോരല്ലോ, പാൽ

വേണ്ടേ ?അമ്മ കുഞ്ഞുങ്ങള് ക്ക് ആദ്യം നല് കുന്നത് പാലാണ്. മനുഷ്യരിലെ കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ പശുവിന്റെ പാൽ കുടിക്കുന്നുണ്ട്. അങ്ങനെയിരിക്കെ ജീവിയായ മഹാദേവിക്ക് കുടിക്കാൻ പാൽ വേണം. ഒരു പശുവിനെയും പശുപതിയെയും (കാള) ദാനമായി നൽകാൻ പൊങ്ങച്ചമില്ലാത്തവർ തയ്യാറുണ്ടെങ്കിൽ സ്വീകരിക്കുക. ദാനമായി നൽകാൻ ആരും തയ്യാറല്ലെങ്കിൽ, തയ്യാറായ ശേഷമാണ് മഹാദേവിക്ക് മഹാ-പുര പണിയുക. എന്നാല് അതിന് റെ പേരില് മറ്റു പണികള് തല്ക്കാലം മുടങ്ങണ്ട. 4 നടപ്പാതകൾ ചേര്ന്ന് 4 ഭൂമി-ഭാഗങ്ങളെ ഉണ്ടാക്കുന്നുണ്ട്. അതിലൊന്നില് പശുവിനും പശുപതിക്കും തിന്നാനുള്ള പുല്ല് വളരാൻ അനുവദിക്കുക. പുല്ലിന് റെ കൂടെ മനുഷ്യനും പശുവിനും ഭക്ഷിക്കാവുന്ന, കപ്പ പോലെയുള്ള കൃഷികളുമാവാം. പുല്ല് വളരുംവരെ, മഹാമാതാവിനെ കാണാൻ വരുന്ന മക്കളായ മനുഷ്യർ പശുവിനും പശുപതിക്കുമുള്ള പുല്ല് കൊണ്ടുവരണം. പശുവിനും പശുപതിക്കും മഴ നനയാതെയും വെയിലുകൊള്ളാ തെയും ഒരു ഓലപ്പുര (പശുപ്പുര) കൂടി പ്രസ്തുത ഒന്നാം തുണ്ടു ഭൂമിയില് നിര് മ്മിക്കണം. അത്യാവശ്യമുള്ളപ്പോള് മാത്രം പശുവിനെയും പശുപതിയെയും ബന്ധിക്കുക എന്നതാവണം രീതി. രണ്ടാമത്തെ തുണ്ടു ഭൂമിയുടെ 1/3 ഭാഗത്ത് സുഗന്ധ പുഷ്പ ചെടികള് നട്ടുള്ള പൂന്തോട്ടം ഉണ്ടാക്കുക. ബാക്കി 2/3 ഭാഗത്തും കപ്പ, വാഴ, കാച്ചില് , ചേന, ചേമ്പ്, പയര് തുടങ്ങിയവ കൃഷി ചെയ്യുക. പശുവിന് റെയും പശുപതിയുടെയും ചാണകവും, കുളത്തില് നിന്നുള്ള വെള്ളവും ഫലവൃക്ഷങ്ങള് ക്ക് കൃഷിവിളകള് ക്കും നല് കേണ്ടതുണ്ട്. പശുവിനെ കറന്നു പാലെടുക്കാനും, അത്

പാത്രത്തില് എടുത്ത് മഹാപുരയില് വയ്ക്കാനുമുള്ളതാണ്. ആവക കാര്യങ്ങള് പിന്നീട് വിസ്തരിക്കാം. മഹാദേവിയെ കാണാൻവരുന്ന മക്കളായ മനുഷ്യര് ക്കും മഹാമാതാവിന് റെ ഭവനമായ ദേവാലയ-പുരയിടത്തിലുള്ള ഫലങ്ങള് ഭക്ഷിക്കാം. വിശപ്പും ദാഹവും ഉണ്ടെങ്കില്, അഥവാ ആവശ്യമെങ്കില്, കരിക്കിട്ടു കുടിക്കാം. കൊച്ചു കുഞ്ഞുങ്ങള് ക്ക് മഹാപുരയില് കരുതിയിട്ടുള്ള പാലും കുടിക്കാം. അത്യാവശ്യമെങ്കില് മുതിര് ന്നവര് ക്കും പാൽ കുടിക്കാവുന്നതാണ്. പാൽ ചൂടാക്കാതെ കുടിക്കാം കുഞ്ഞുങ്ങളെ, നിങ്ങളെല്ലാം അമ്മയുടെ മുലപ്പാൽ കുടിച്ചത് നേരിട്ടാണ്, അടുപ്പിൽ വച്ച് ചൂടാക്കിയ ശേഷമല്ല. മൂന്നാമത്തെ തുണ്ടു ഭൂമിയില്, കിണർ, കുളം, കുളിമുറി, കക്കൂസ്, സ്റ്റോർ, കഞ്ഞിസദ്യക്കുള്ള പാചകപ്പുര, അഴുക്കുതുണികളും മറ്റും കത്തിച്ചുകളയുവാനുള്ള സൗകര്യം, തുടങ്ങിയവ ഒതുക്കമായി പുരയിടത്തിന് റെ അതിര് ത്തിയോടടുത്തായി വിഭാവന ചെയ്യണം. ചെറിയ അഴുക്കുവെള്ളത്തെ ഭൂമിയിലേക്കും വൃക്ഷച്ചുവട്ടിലേക്കുമൊക്കെ കടത്തിവിടാനുള്ള കുഴികളും ചാലുകളും ഉണ്ടാവണം. വീടുകളില് ബാത്ത് അറ്റാച്ച്ഡ് ബെഡ് റൂമുകളെ ഉണ്ടാക്കുന്നവർ, ദേവാലയ വളപ്പിനുള്ളില് കുളിമുറിയും കക്കൂസുമൊക്കെ പാടുണ്ടോ എന്നു ചോദിക്കരുത്. ജീവിയായി വന്നിരിക്കുന്ന ദേവിക്ക് ജീവി-പരമായ സൗകര്യങ്ങള് നിഷേധിച്ചുകൂടാ. മഹാമാതാവായ ദേവിക്കുവേണ്ടി ഉണ്ടാക്കുന്ന ശൗചാലയങ്ങള് ആവശ്യക്കാരായ മക്കൾക്കെല്ലാം ഉപയോഗിക്കാൻ കഴിയണം. സംഹാരം പുരോഗമിക്കുമ്പോള്, കുളിമുറിയും കക്കൂസുമൊക്കെ ഇരിക്കുന്ന പ്രദേശം ചെറിയ കാട്

അഥവാ കാവായി രൂപാന്തരപ്പെടുന്നതാണ് എന്നു മാത്രം തല്ക്കാലം അറിയുക. കൂടുതൽ വിസ്തരിക്കുന്നില്ല.

നാലാമത്തെ തുണ്ട് ഭൂമിയില് സംഗീത സദസ്സ്, സ്ത്രീകള്ക്കായുള്ള ശാസ്ത്ര വിദ്യാഭ്യാസം, ആഘോഷകാര്യങ്ങൾ തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്.

മഹാശക്തിയായ, മഹായജമാനയായ; മഹാദേവനും മഹാദേവിയുമായ; മഹാപിതാവും, മഹാമാതാവുമായ; മഹാനീതിപതിയായ ദൈവത്തിന് റെ വീട്ടിലേക്ക് വരുന്നവര്ക്ക് അവരുടെ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള കുറേ ശാസ്ത്ര സംവിധാനങ്ങളുണ്ട്. കൂടാതെ, ഒരു നാട്ടിലെ മനുഷ്യജീവിതം സുന്ദരമായിരിക്കുന്നുവോ, അധഃപതിച്ചിരിക്കുന്നുവോ, ഏത് അവസ്ഥയിലാണ് എന്നിവ മനസ്സിലാക്കുവാനും, പരിഹാരം കാണാനുമെല്ലാം ദൈവത്തിനു തയ്യാറാക്കുന്ന വീടും പരിസരവും കണ്ടാല് ബോദ്ധ്യമാകണം. അതിനുള്ള കാര്യങ്ങളെപ്പറ്റി ഇനി പറയാം :-ഒരു വലിയ വൃത്താകൃതിയിലുള്ള ഭൂമിയെ 4 ആയി വിഭജിക്കുകയും മദ്ധ്യഭാഗം മഹാ-പുരയ്ക്കായി മാറ്റിവയ്ക്കുകയുമാണു ഇതുവരെ ചെയ്തത്. മേല്പടി 4 വിഭജനങ്ങള് ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ശാസ്ത്രീയമായ തൊഴില് വിഭജനങ്ങളെയാണ് കുറിക്കുന്നത്. മഹാദേവിയുടെ മഹാ-പുരയിലേക്കുള്ള 4 നടപ്പാതകളും ധർമ്മശാസ്ത്രപരമാണ്. (1) പൊതുപാതയില് നിന്ന് ദേവാലയത്തിലേക്കുള്ള ആദ്യനടപ്പാതയിലൂടെ ശുചിത്വ-വിഭാഗത്തിലുള്ള തൊഴിലുകള് ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. സംഗീതജ്ഞന്മാര് , ശാസ്ത്രജ്ഞന്മാര് , അദ്ധ്യാപകര് തുടങ്ങിയവര് പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക്

ശുചിത്വ-പാത എന്നു പേരുവയ്ക്കുന്നു. (2) ശുചിത്വ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ അത്യാവശ്യ-വിഭാഗത്തിലുള്ള തൊഴിലുകള് ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. കൃഷിക്കാര്, നെയ്ത്തുകാര്, ആശാരി, മേശിരി, കൂലിപ്പണിക്കാര് , തുടങ്ങിയവര് പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് അത്യാവശ്യ-പാത എന്നു പേരുവയ്ക്കുന്നു. (3) അത്യാവശ്യ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ ആവശ്യ-വിഭാഗത്തിലുള്ള തൊഴിലുകള് ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. രാജാവ്, മന്ത്രിമാര് , തുടങ്ങിയവര് പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് ആവശ്യ-പാത എന്നു പേരുവയ്ക്കുന്നു. (4) ആവശ്യ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ വിനോദ-വിഭാഗത്തിലുള്ള തൊഴിലുകള് ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. ചിത്രകാരന്മാര് , ശില്പികള് , സാഹിത്യകാരന്മാര് തുടങ്ങിയവര് പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് വിനോദ-പാത എന്നു പേരുവയ്ക്കുന്നു. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ശാസ്ത്രീയമായ തൊഴില് വിഭജനത്തെ പ്രത്യേകം അദ്ധ്യായങ്ങളില് വിശദീകരിച്ചിട്ടുണ്ട്. സംഗീതം ഉള്പ്പെടെ ഓരോ തൊഴിലും മറ്റു വിഭാഗങ്ങളില് പ്രവര് ത്തിക്കുന്നതെങ്ങനെയെന്നും വിവരിച്ചിട്ടുണ്ട്.

ശുചിത്വ-പാത, അത്യാവശ്യ-പാത, ആവശ്യ-പാത, വിനോദ-പാത എന്നീ 4 നടപ്പാതകളിലൂടെയും എത്തുന്നവര് മേല്ക്കൂരയില്ലാത്തതായ മഹാദേവിയുടെ മഹാപുരയിലാണ് എത്തുക. ചുറ്റോടുചുറ്റും ഒരുപോലെ എല്ലാവരെയും ദര്ശിച്ചുകൊണ്ടിരിക്കുന്ന മഹാദേവിയുടെ മഹാശാസ്ത്ര-പ്രതിഷ്ഠ അവിടെ വളരെ ലളിതമായി

നിർമ്മിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുംമുമ്പ് മേല്പടി പാതകളുമായും മറ്റും ബന്ധപ്പെട്ട ചില കാര്യങ്ങള്കൂടി വിസ്തരിക്കാനുണ്ട്.(1) മേല്പടി 4 പാതകളും മനുഷ്യരെയും മനുഷ്യജീവിതത്തെയും ശ്രേഷ്ഠപ്പെടു ത്താൻ ഉള്ളതാണ്, മോശപ്പെടുത്താനുള്ളതല്ല. മഹാ-പുരയിലേക്ക് വന്നു മടങ്ങുമ്പോള്, തങ്ങൾക്കിഷ്ടമുള്ള പാതയിലൂടെ മടങ്ങാന് വ്യക്തിസ്വാതന്ത്ര്യമുണ്ട്. മഹാ-പുരയിലേക്ക് വരുമ്പോള്, അവര് ആരാണെന്നും അവരുടെ തൊഴിലെന്താണെന്നും അവരോര്ക്കണം. ആകയാല് പാത-തെറ്റി പ്രവേശിക്കുന്നത് ദൈവീകമല്ല, അഥവാ ധർമ്മശാസ്ത്രപരമല്ല. എന്നിരിക്കിലും അധമമായ വ്യക്തിസ്വാതന്ത്ര്യത്തിലൂടെ പാപം സമ്പാദിക്കാന് അവർക്കു സാധിക്കുന്നതാണ്. (അങ്ങനെ പാപം സമ്പാദിക്കുന്നതിനേക്കാള് നല്ലത് ദേവാലയത്തില് വരാത്തതാണ്!). ആവശ്യ-പാതയിലൂടെ വരുന്നവര്, ശുചിത്വ-പാതയിലൂടെ മടങ്ങണം. ശുചിത്വ-പാതയിലൂടെ വരുന്നവര് ആവശ്യ-പാതയിലൂടെയും. മേല്പ്പടി നാലു പാതകളുടെയും തുടക്കത്തിലും അവസാനത്തിലും പാതകളുടെ പേരും ദിശാ-ചിഹ്നവും (ചൂണ്ടു-ചിഹ്നവും) വലിപ്പത്തില് പ്രദര്ശിപ്പിക്കണം. (ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നിങ്ങനെ Clockwise ആയി പാതകളെ രചിക്കുകയാൽ പാതകളുടെ പേരും ബോർഡുകളും അത്യാവശ്യം അല്ലെന്നും അറിയുക).ഭിക്ഷാടനം ചെയ്യുന്നവര്ക്കും, സാമ്പത്തിക ആവശ്യങ്ങള് ഉള്ളവര്ക്കും ആവശ്യ-പാതയില്, ഒരു വരിയായി ആരോഗ്യത്തിനെ ആസ്പദമാക്കി നില് ക്കുകയോ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യാം.

ഭരണകാര്യങ്ങൾ ചെയ്യുന്നവരായ ആവശ്യം-വിഭാഗത്തിലുള്ളവര് തങ്ങളുടെ ധര്മ്മം കാര്യക്ഷമമായി നിറവേറ്റിയാല് ആവശ്യ-പാതയില് ഭിക്ഷക്കാരുണ്ടാവില്ല. മായ പ്രത്യക്ഷമാക്കുന്നതോടെ, ഭിക്ഷാടനം ചെയ്യുവാന് സംഗീതജ്ഞന്മാരെ മാത്രമേ ദൈവം അനുവദിച്ചിട്ടുള്ളൂ എന്നു തെളിയുന്നതാണ്. പിന്നെയും, ഭിക്ഷയെടുക്കുന്നവരെയും അതിനു കാരണക്കാരായ ഭരണാധികാരികളെയും അധമരായി കണക്കാക്കുന്നതാണ്, കണക്കാക്കേണ്ടതാണ്. ആവശ്യ-പാതയില് നില്ക്കുന്ന പാവങ്ങളോടും ഭിക്ഷക്കാരോടും അവരുടെ വിവരങ്ങള് ചോദിച്ചറിയേണ്ടത്, ആവശ്യ-പാതയിലൂടെ ദേവാലയത്തിൽ പ്രവേശിക്കുന്നവരുടെ സ്വയം ബാദ്ധ്യതയാണ്. അവര് അതു ചെയ്യാതിരുന്നാല് അവർക്ക് പാപം ഉണ്ടാകുന്നതാണ്. ആവശ്യം-വിഭാഗത്തില് പ്രവര്ത്തിക്കുന്ന ഭരണവര്ഗ്ഗം ചോദിക്കാതെ തങ്ങളുടെ പ്രശ്നങ്ങള് പറഞ്ഞുകൂടാ, എന്നിരുന്നാലും പറയാന് പാവങ്ങൾ തയ്യാറാവുന്നത് പറയുന്നവരുടെ വ്യക്തിസ്വാതന്ത്ര്യവും, അതിനെ നിഷേധിക്കുന്നത് ഭരണവർഗ്ഗത്തിന്റെ അധമമായ വ്യക്തിസ്വാതന്ത്ര്യവുമാണ്. ധർമ്മശാസ്ത്രപരമായ തിരുത്ത് ഏതൊരാൾ ചൂണ്ടിക്കാട്ടിയാലും, ശാസ്ത്രം ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്നതുകൊണ്ട്, ചൂണ്ടിക്കാട്ടിത്തന്നയാള്ക്കും അയാളെ അയച്ച ദൈവത്തിനും നന്ദി പറഞ്ഞുകൊണ്ട് പ്രവർത്തിക്കുവാൻ ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർക്ക് ബാധ്യതയുണ്ട്.

ശുചിത്വം വിഭാഗത്തിലുള്ള സംഗീതജ്ഞന്മാർക്ക് ദേവാലയത്തില് വച്ച് സ്തുതി ഗീതങ്ങൾ പാടാനും ജനങ്ങളെ ആനന്ദിപ്പിക്കാനും കഴിയുന്നതാണ്.

ആനന്ദിപ്പിക്കുന്നതിന് പ്രതിഫലമെന്നോണം ദേവാലയത്തിനുള്ളിൽ വച്ച് ഭിക്ഷയെടുക്കാൻ അവര്ക്ക് ദൈവീകമായ അവകാശമുണ്ട്. തങ്ങളുടെ അന്നന്നുള്ള ജീവിതാവശ്യങ്ങള്ക്കുള്ള ധനത്തെ മാറ്റിവച്ച്, ബാക്കിയുള്ളത്, ആവശ്യ-പാതയില് ഭിക്ഷാടനം നടത്തുന്ന പാവങ്ങള്ക്ക് തുല്ല്യമായോ, തങ്ങളുടെ മനസ്സിൽ തോന്നുമ്പോലെയോ വീതിച്ചു നൽകാം! ശുചിത്വ-പാതയിൽ, ശാസ്ത്ര വിഷയങ്ങളിൽ സംശയങ്ങൾ ഉള്ളവർക്കും, സമൂഹത്തിലെ അധമകാര്യങ്ങളെപ്പറ്റി പരാതികള് ഉള്ളവര്ക്കും ഒരുവരിയില് ക്യൂ-ആയിട്ട് നിൽക്കുകയോ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യാവുന്നതാണ്. ദേവാലയത്തില് വരുന്ന ശുചിത്വ-വിഭാഗക്കാരോട് സംശയം ചോദിക്കാനും പരിഹാരം തേടാനും ശ്രമിക്കാവുന്നതാണ്. ശുചിത്വ-വിഭാഗക്കാര് സ്വയം ബാദ്ധ്യതയായി അവരുടെ പ്രശ്നങ്ങളെ ചോദിച്ചറിയാനും പരിഹാരം ഉണ്ടാക്കാനും പരിശ്രമിക്കേണ്ടതാണ്. ആവശ്യം വിഭാഗത്തിലെ തൊഴിലുകള് ചെയ്യുന്നവര് മടങ്ങുന്നത് ശുചിത്വ-പാതയിലൂടെയാവണം, മാത്രമല്ല, ശുചിത്വ-പാതയില് നില്ക്കുന്നവരുടെ ആക്ഷേപങ്ങളെയും പരാതികളെയും അഭിപ്രായങ്ങളെയും കേൾക്കുകയോ, അവരെ രാജമന്ദിരത്തിലേക്ക് കൂട്ടിക്കൊണ്ടു പോയിട്ട് ആദരിച്ച് അവരുടെ പ്രശ്നങ്ങളെ ചോദിച്ചറിയുകയും പരിഹാരമുണ്ടാക്കുകയും വേണം. അത്യാവശ്യം, വിനോദം എന്നീ പാതകളില് ഭിക്ഷക്കാര് ഉൾപ്പെടെയാതൊരാളും പരാതികളോ പ്രശ്നങ്ങളോ ആയി നിന്നുകൂടാ. പ്രഥമമായി, സ്ത്രീകൾക്കും കുട്ടികൾക്കും സ്വസ്ഥമായും ആനന്ദത്തോടെയും ദേവാലയത്തിൽ

വന്നുപോകുവാനുള്ള വഴികളാണവ. കൂടാതെ അത്യാവശ്യം വിഭാഗത്തിലും വിനോദം വിഭാഗത്തിലും പ്രവർത്തിക്കുന്ന കൃഷിക്കാർക്കും കലാകാരന്മാർക്കു മൊക്കെ ഒക്കെ സ്വസ്ഥമായും ആനന്ദത്തോടെയും ദേവാലയത്തിൽ വന്നുപോകുവാ നുള്ള വഴികളാണവ. എന്നിരിക്കിലും അവർക്ക് മടങ്ങുമ്പോൾ, തങ്ങൾക്ക് ഇഷ്ടമുള്ള പാത തിരഞ്ഞെടുക്കാം. (2) മഹാശക്തിയായ മഹാദേവി, മഹാനീതിപതി കൂടിയാണെന്നിരിക്കെ, സമൂഹത്തിലുള്ള ജനങ്ങള്ക്ക്, തങ്ങളുടെ നീതിപരമായ ആവശ്യങ്ങൾക്ക് പരിഹാരം തേടാനുള്ള മഹാ-സംവിധാനം മഹാദേവിയുടെ ഭവനത്തിലുണ്ടാവണം. ഒട്ടും യോഗ്യതയില്ലാത്തവർ മഹാനീതിപതിയുടെ ഭവനത്തിലേക്ക് വന്നുകൂടാ, അല്ലെന്നാൽ ശിക്ഷ വാങ്ങാനും തയ്യാറാവണം, എന്നുകൂടിയുള്ള സന്ദേശം അതിലുണ്ട്. ഇന്നത്തെ കാലഘട്ടത്തെ ഉദാഹരണമായി എടുത്താല് ആവശ്യ-പാതയിൽ ഭിക്ഷക്കാരും പാവങ്ങളുമൊക്ക ഏറെയുണ്ടാവും. ശുചിത്വ-പാതയില് സമൂഹത്തിലെ ബഹുവിധ അധമകാര്യങ്ങളെപ്പറ്റി ആക്ഷേപങ്ങളും പരാതികളും അഭിപ്രായങ്ങളും ഉള്ളവരുടെ വളരെ വലിയ കൂട്ടം ഉണ്ടാകും. ദൈവത്തിന്റെ വീടിന് പോലീസിന്റെയും പട്ടാളത്തിന്റെയും ഒക്കെ കാവൽ പാടില്ലാ എന്നിരിക്കെ രാഷ്ട്ര-രാഷ്ട്രീയ-മത വ്യവസ്ഥിതികളിൽ ഭരണാധികാരികൾ ആയവർക്ക് ദേവാലയങ്ങളിൽ പ്രവേശിക്കാൻ കഴിയാതെ വന്നേക്കാം.

(3) മഹാപിതാവും മഹാമാതാവുമായ മഹാദേവി മഹാവാത്സല്യം കൂടിയാണെന്നറിയാമല്ലോ. മഹാനീതി പതിയായ മഹാദേവിയുടെ ഭവനത്തിൽ പോകാൻ യോഗ്യതയില്ലാത്തവരെ മഹാമാതാവായ മഹാദേവി

ആശ്വസിപ്പിക്കുന്നുണ്ട്. കുഞ്ഞുങ്ങളേ, നിങ്ങൾ സ്വന്തം ഭവനങ്ങളിലിരുന്ന് പ്രാര്ത്ഥിച്ചുകൊള്ളൂ. മഹാദേവി യുടെ വാതകരൂപമായ ഓക്സിജൻ എല്ലാവരുടെയും പ്രാര് ത്ഥനകളെയും ചിന്തകളെയും അറിയുകയും കേള് ക്കുകയും കാണുകയും ചെയ്യുന്നുണ്ട്. യോഗ്യതയില്ലാത്തവർക്ക് മഹാനീതിപതിയുടെ ഭവന ത്തിലേക്ക് വരാൻ തടസ്സമുണ്ട്. യോഗ്യതയില്ലാത്ത വർക്ക് മഹാമാതാവിന് റെ ഭവനത്തില് ഒളിച്ചുവരാനുള്ള മാര് ഗ്ഗമാണ് വേഷപ്രച്ഛന്നരായി വരിക എന്നുള്ളത്. ഭരണാധികാരികൾ ഉൾപ്പെടെയുള്ള കള്ളന്മാർക്ക്, കള്ളവേഷത്തിൽ വന്നു പോകാം. മഹാനീതിപതിയായ മഹാദേവി, മഹാമാതാവുകൂടി ആകയാൽ കണ്ണടച്ചെന്നു വരും.

(4) മഹാദേവിയുടെ ഭവനത്തിലേക്കു വരുന്നവർ, മഹാദേവിക്ക് പണമോ സമ്മാനങ്ങളോ നല്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തങ്ങള്ക്കാവുമ്പോലെയുള്ള ഉപഹാരങ്ങള് മാത്രം കൊണ്ടുവരികയും, ആവശ്യ-പാതയില് ഒരു വരിയായി നില്ക്കുന്ന മഹാദേവിയുടെ കുഞ്ഞുങ്ങള്ക്ക് തങ്ങള്ക്കു തോന്നുമ്പോലെ വിതരണം ചെയ്യുകയും, ശേഷം മാത്രം, മഹാദേവിയുടെ ഭവനത്തിലേക്ക് വരികയും ചെയ്യുക. മഹാദേവിയുടെ ഭവനത്തിലേക്ക് പൂക്കള്, പൂമാല, വിളക്ക്, പണം, തുടങ്ങി യാതൊന്നും കൊണ്ടുവന്നുകൂടാ. മഹാദേവിയുടെ പുരയിടത്തില് നിന്ന് പൂപറിച്ച് തലയില് ചൂടാമെന്നല്ലാതെ വീട്ടിലെ മറ്റാവശ്യങ്ങള്ക്കായി കൊണ്ടുപോയിക്കൂടാ. വിശപ്പും ദാഹവും ഉള്ളവര്ക്ക് മഹാദേവിയുടെ പുരയിടത്തിലെ ഫലങ്ങള് പറിച്ചുതിന്നാം, എന്നല്ലാതെ അത്യാവശ്യമല്ലെങ്കിൽ വീട്ടിലുള്ളവര്ക്കായി

കൊണ്ടുപോയിക്കൂടാ. അത്തരം ആവശ്യങ്ങൾക്ക്, ആവശ്യ-പാതയിൽ നിന്ന് ഭിക്ഷയെടുക്കുക. അതായത്, മഹാശക്തിയായ മഹാദേവി കൊടുക്കുന്നു, എന്നല്ലാതെ യാതൊരാളില് നിന്നും യാതൊന്നും വാങ്ങുന്നില്ല.

(5) മഹാമാതാവായ മഹാദേവിയുടെ ഭവനത്തില് സ്ഥിര ജോലിക്കാരോ പൂജാരികളോ പുരോഹിതന്മാരോ ഉണ്ടായിരിക്കുന്നതല്ല. ഏതൊരാള് ക്കും മഹാമാതാവിനു വേണ്ടതായ ജോലികള് ചെയ്യാം. പുരയിടത്തില് കൃഷി ചെയ്യാന് തയ്യാറാകുന്നവര് ക്ക് അവിടെയുള്ള ഭക്ഷണസാധനങ്ങളെ ഭക്ഷിക്കാം. മഹാമാതാവായ മഹാദേവിക്ക് ഇഷ്ടമില്ലാത്തവ ചെയ്താൽ മഹാനീതിപതിയായ മഹാദേവി കോപിക്കുന്നതാണ്. ധർമ്മശാസ്ത്രവിരുദ്ധമായവ ചെയ്യരുതെന്ന് സാരം. വെളിച്ചത്തെ സൃഷ്ടിക്കുന്ന/സൃഷ്ടിച്ച മഹാശക്തിയായ മഹാദേവിക്ക് വെളിച്ചം വേണ്ട. വെട്ടം അഥവാ വെളിച്ചം വേണ്ടവര് അവര് ക്കുവേണ്ടി കൊണ്ടുവരികയും, അവരുടെ ആവശ്യം കഴിഞ്ഞ് മടക്കിക്കൊണ്ടു പോവുകയും ചെയ്യുക. മഹാനീതിപതിയുടെ ഭവനത്തിലും പുരയിടത്തിലും ധര് മ്മശാസ്ത്രപര മല്ലാത്ത യാതൊരു വസ്തുക്കളും സൂക്ഷിക്കാൻ പാടില്ല.

(6) മഹാമാതാവായ മഹാദേവിയുടെ ഭവനത്തില് കള്ളൻ കയറിയാല് , മഹാശക്തിയും മഹാനീതിപതി യുമായ മഹാദേവി മൗനം പാലിച്ചെന്നു വരും. ഒരുവനെ കള്ളനാക്കിയത് പെരുങ്കള്ളനായ ഭരണാധികാരിയാ ണെങ്കില് , അവരെയാണല്ലോ ആദ്യം ശിക്ഷിക്കേണ്ടത്. മഹാദേവിയുടെ ഭവനവും പുരയിടവും വലുതാണെങ്കിലും, മോഷണത്തിനു പറ്റിയവ കുറവായിരിക്കും.

പശുവിനെയും പശുപതിയെയും കള്ളൻ കൊണ്ടുപോയാലോ ? മഹാമാതാവായ മഹാദേവിക്ക് പശുവിനെയും പശുപതിയെയും ദാനം ചെയ്യാനുള്ള മഹാഭാഗ്യം മറ്റാര്ക്കെങ്കിലും വീണ്ടും ലഭിക്കുന്നു. ആകയാൽ ആവശ്യക്കാർ പരസ്യമായി എന്തും ഏതും എടുത്തുകൊണ്ടുപോയിക്കൊള്ളുക എന്നല്ലാതെ മോഷ്ടിക്കേണ്ടതില്ല.പശുവിനെയും പശുപതിയെയും ദാനം ചെയ്യാന് ആഗ്രഹിക്കുന്നവര്ക്കും ദാനം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും സൗകര്യമുണ്ടാക്കേണ്ടത് ഭരണകൂടമാണ് ദേവാലയത്തിന്റെ ഭാഗമായല്ല അതു ചെയ്യേണ്ടത്. ദേവാലയത്തില് ഒരു പശു, പശുപതി, അവയുടെ കുട്ടികള് എന്നതിനപ്പുറം വേണ്ട. പശുക്കുടുംബം വളരുമ്പോള്, ദേവാലയത്തില് നിന്നും ദാനം നല്കുക എന്നല്ലാതെ തിരിച്ചുവേണ്ട. ആദ്യം ദാനം നല്കേണ്ടത്, ദേവാലയത്തിന് ആദ്യ പശുവിനെയും പശുപതിയെയും ദാനം ചെയ്തവർക്കോ അവർക്കു വേണ്ടി മറ്റൊരാള്ക്കോ ആവണം.

(7) മേല്പറഞ്ഞ കാര്യങ്ങളെ ആരെല്ലാമാണ് ചെയ്യേണ്ടത് എന്ന ചോദ്യമുണ്ട്. ലഘുവായ ഉത്തരം പറയാം. നാട്ടിൽ ആർക്കെല്ലാമാണോ, ദേവാലയം അത്യാവശ്യമായിട്ടുള്ളത് / തോന്നിയത് അവരെല്ലാമാണ് ചെയ്യേണ്ടത്. സമൂഹത്തിലെ മുഴുവൻ ജനങ്ങള്ക്കും ദേവാലയത്തിന്റെ ആവശ്യകത ഉണ്ടെന്നറിഞ്ഞ് ഭരണാധികാരികളുടെ മേൽനോട്ടത്തിലാണ് ദേവാലയം നിർമ്മിക്കേണ്ടതെന്ന് ധർമ്മശാസ്ത്രപരമായി അറിയിക്കുന്നു. ഭരണാധികാരിയുടെ സൗജന്യമോ കേമത്തമോ അല്ല, മറിച്ച് ഭരണപരമായ ഉത്തരവാദിത്തം മാത്രമാണത്.

മേല്പറഞ്ഞ കാര്യങ്ങളെ ചെയ്യാന് ഒരുക്കമല്ലെങ്കില്, ശൗചാലയം എന്ന ആദ്യ ഭാഗത്തിൽ ദേവാലയത്തെ ഒതുക്കുക. അതിനും തയ്യാറല്ലെങ്കില് ദേവാലയം എന്ന പദ്ധതി ഉപേക്ഷിച്ചേക്കുക.

ദൈവത്തിന് വീടുണ്ടാക്കിത്തരണമെന്ന് ദൈവം ആരോടും ആവശ്യപ്പെട്ടില്ല. ദൈവത്തിന് താമസിക്കാൻ ഒരു വീടു വേണമെന്ന് മനുഷ്യർ ആഗ്രഹിക്കുന്നത് നല്ലതാണെങ്കിൽ, ദൈവം ഇഷ്ടപ്പെടുന്ന രീതിയിൽ, അഥവാ മഹാശാസ്ത്രപരമായി മാത്രമുള്ള വീട് ഉണ്ടാക്കി നല്കണം.

പകരം മനുഷ്യര് തങ്ങള്ക്കു തോന്നുമ്പോലെയുള്ള ഒരു വീട് ഉണ്ടാക്കിയിട്ട്, അവിടെ വന്നു താമസിക്കാന് മഹാശക്തിയായ മഹാദേവിയോട് കല്പിക്കുന്നതോ, ക്ഷണിക്കുന്നതോ, അധമമാണ് കുഞ്ഞുങ്ങളെ. മഹാപ്രപഞ്ചത്തെ മുഴുവന് ചെറിയൊരു പന്തു പോലെ തന്റെ ചെറുവിരലില് കറക്കുകയും, മഹാ-ഹൃദയത്തിലൊതുക്കുകയും ചെയ്യുന്ന മഹാദേവി, ധര്മ്മശാസ്ത്രപരമല്ലാത്ത ഭവനത്തില് താമസിക്കണമോ ?

മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്ര-പ്രതിഷ്ഠ

ദൈവം എന്നാലെന്താണെന്ന് ഭാഗം 1-ൽ ഹ്വസ്വമായി വിശദീകരിച്ചിട്ടുണ്ട്. വിശേഷമായ ജന്മങ്ങളിൽ മാത്രമാണ് ദൈവം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുക. ഏക മഹാപ്രപഞ്ചത്തിൽ ഏക ദൈവമേയുള്ളൂ. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ ഒരു ഭൂമി, ഒരു ചന്ദ്രൻ, ഒരു സൂര്യൻ, ഒരു ദൈവം.

മഹാലിംഗത്തെ വിശദീകരിച്ച് തുടങ്ങിയ ഏതാനും വാചകങ്ങളെ അടിവരയിട്ടു ചുവടെ ചേർത്തിരിക്കുന്നു.

ശിവലിംഗം മഹാശാസ്ത്രപരമാണ്. ശിവലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ല. മഹാശക്തിയായ ദൈവം ജീവിയല്ലെന്ന് ഗ്രഹിക്കാൻ കഴിയുന്നവർക്കും, ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കും, ദൈവത്തിന്റെ മഹാഅനുഗ്രഹം ലഭിക്കുന്നവർക്കും ഒന്നുതന്നെയായ മഹാലിംഗം, മഹാശിവലിംഗം, ശിവ ലിംഗം, ശക്തി ലിംഗം, മഹാശക്തി ലിംഗം, എന്നീ പദങ്ങളെ മനസ്സിലാക്കാൻ എളുപ്പമാണ്.

ആകാശം എന്ന മഹാലിംഗം

ഭൂമിയിൽ നിന്നും ചന്ദ്രനിൽ നിന്നും മറ്റും നോക്കിയാൽ ഒരു വലിയ കുടകണക്കെ അർദ്ധ-ഗോളാവസ്ഥയുള്ളതും, സൂക്ഷ്മ നിരീക്ഷണത്തിൽ മഹാപ്രപഞ്ച- സൃഷ്ടിയുടെ പ്രതീകമെന്നു വിശേഷിപ്പിക്കാവുന്ന മഹാലിംഗ-രൂപമൂള്ളതും, ആദിയും അന്തവും ഇല്ലാത്തതുമായ മഹാശൂന്യമാണ് ആകാശം.

മഹാലിംഗമായ ആകാശത്തെ മനുഷ്യ-ശരീരവുമായി ബന്ധിപ്പിച്ചു കൊണ്ട് വിഗ്രഹ നിർമ്മാണത്തെ വിശദീകരിക്കുമ്പോൾ, ഭാവനകളിലും ചിന്തകളിലും വാക്കുകളിലും ശൈലിയിലും ഭാവത്തിലും അധമത്തം ഒട്ടും ഉണ്ടാവാതെ ശ്രദ്ധിക്കണം.

മഹാശക്തി, ബ്രഹ്മം, പരിശുദ്ധാത്മാവ്, സ്രഷ്ടാവ്, രക്ഷിതാവ്, മഹായജമാനന് , മഹാദേവന് , മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാനീതിപതി, എന്നിങ്ങനെയുള്ള പേരുകളോടൊപ്പം ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന സുദീര് ഘമായ പേരുകൂടി ഉണ്ടെന്നും കണ്ടതാണ്. സുദീർഘമായ പേര് ദൈവത്തെ ആരാധിക്കാന് യോഗ്യത നേടുന്ന ജന്മത്തില് മാത്രമുള്ള ഉപയോഗത്തിനാണെന്നും കണ്ടതാണ്.

ദൈവത്തിന്റെ ശാസ്ത്ര നാമം മഹാശക്തി എന്നു മാത്രമാണെന്ന് മുമ്പ് വിശദീകരിച്ചിരുന്നു. ഒരു മനുഷ്യ-സ്ത്രീയുടെ രൂപത്തിലും, കടുകിലും, കല്ലിലും,

കല്ലുകൊണ്ടോ എന്തുകൊണ്ടോ ഉള്ള വിഗ്രഹത്തിലും, എന്തിലും എങ്ങനെയുമിരുന്നുകൊണ്ടും, മഹാപ്രപഞ്ചം ഉൾപ്പെടെയുള്ള എന്തും ഏതും സൃഷ്ടിക്കാനും രക്ഷിക്കാനും കഴിവുണ്ടെങ്കിൽ മാത്രമേ ദൈവത്തെ മഹാശക്തി അഥവാ ആദിയും അന്തവുമല്ലാത്ത ശക്തി എന്നു വിളിക്കാൻ കഴിയൂ. മുമ്പും വിശദീകരിച്ചിരുന്നു. ദൈവം വിഗ്രഹത്തിനുള്ളിൽ വർത്തിക്കുന്നതും, വിഗ്രഹാരാധനയും രണ്ടാണ്. മഹാശക്തിയായ ദൈവത്തിന് മഹാശാസ്ത്രപരമായ ഒരു വിഗ്രഹ-പ്രതിഷ്ഠ അഥവാ മഹാപ്രതിഷ്ഠ സ്വീകരിക്കുവാന് കഴിയുന്നതാണ്. എന്തിനുവേണ്ടിയാണിത് എന്നു ചോദിച്ചാല് ദൈവത്തിന് റെ കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷത്തിനുവേണ്ടിയാണ്. മഹാപ്രതിഷ്ഠയെപ്പറ്റി വിശദീകരിച്ചു കഴിയുമ്പോള് കുഞ്ഞുങ്ങള്ക്ക് സന്തോഷമുണ്ടാകുന്നതാണ്. അതിനു മുമ്പ് വിഗ്രഹാരാധന ശരിയാണോ എന്ന് ശാസ്ത്രപരമായി പരിശോധിക്കാം :വിഗ്രഹത്തെ ആരാധിക്കുന്നതിനെ വിഗ്രഹാരാധന എന്നു പറയുന്നു. ദൈവത്തെയാണോ വിഗ്രഹത്തെയാണോ ആരാധിക്കേണ്ടത് ? ദൈവത്തെയാണ് ആരാധിക്കേണ്ടത്. അതായത് ഏകമഹാശക്തിയായ മഹാദേവിയെ അല്ലാതെ മറ്റൊന്നിനെയും ആരാധിക്കുന്നതിനെപ്പറ്റി ചിന്തിക്കുക പോലും അരുത്. വിഗ്രഹത്തെ ആരാധിക്കാന് പാടില്ലായെന്ന് സുവ്യക്തമായി. വിഗ്രഹത്തെ ആരാധിക്കാതെ, പകരം വിഗ്രഹത്തിനുള്ളിലും എന്തിലും വര് ത്തിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെയാണ് ആരാധിക്കുന്നതെങ്കില് അത് വിഗ്രഹാരാധനയല്ല. എന്നാല് ദൈവത്തെ ആരാധിക്കുന്നു എന്ന പേരിൽ കല്ല്, മരം, ലോഹം തുടങ്ങിയവകൊണ്ടു നിര് മ്മിച്ച വിഗ്രഹത്തെ വിളക്കുകൊണ്ട് ഉഴിയുകയും, വിഗ്രഹത്തില് പുഷ്പാര് ച്ചന നടത്തുകയും, വിഗ്രഹത്തില് പാലും നെയ്യുമൊക്കെ ഒഴിച്ചുകളയുകയും, അവയെല്ലാം ചെയ്യുമ്പോള്

ജപങ്ങളും മന്ത്രോച്ചരണങ്ങള് എന്ന പേരിലുള്ള അധര-വ്യായാമങ്ങളും നടത്തുമ്പോള് , വിഗ്രഹത്തെക്കൂടി ആരാധിക്കുകയാണ്. ദൈവത്തെ സങ്കല്പിച്ചാണു ചെയ്യുന്നതെന്നു പറയുന്നത് ധര്മ്മശാസ്ത്രപരമല്ല. മനുഷ്യര്ക്കു തോന്നുമ്പോലെ യൊക്കെ സങ്കല്പിച്ചു ചെയ്യാനുള്ളതല്ല ദൈവകാര്യങ്ങൾ. മനുഷ്യര് ക്ക് വ്യക്തിസ്വാതന്ത്ര്യം നല് കിയിരിക്കെ, ദൈവത്തിന് റെ കാര്യത്തില് ദൈവത്തിനും മഹാശാസ്ത്രപരമായ സ്വാതന്ത്ര്യമുണ്ട്. ദൈവത്തിന് റെ സ്വാതന്ത്ര്യത്തിനു മേല് കൈവെയ്ക്കാന് മനുഷ്യന് എന്തവകാശം ? മാത്രമല്ല, വിഗ്രഹത്തെ ഉഴിയുന്ന വിളക്കിലും പുരോഹിതന് റെ കൈയ്യിലും തറയിലും ഒക്കെ മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശമായ പരമാണുക്കൾ തന്നെയാണുള്ളത്, അഥവാ അവയിലെല്ലാം ദൈവത്തിന് റെ മഹാശക്തി തന്നെയാണുള്ളത്. ദൈവം, ദൈവത്തെ ഉഴിയുക എന്നു പറയുന്നതും ചെയ്യുന്നതും മ്ലേച്ഛവുമാണ്. കുറച്ചുകൂടി വിശദീകരിക്കാം. മനസ്സിലാക്കുവാന് മഹാദേവി മഹാഅനുഗ്രഹിക്കട്ടെ.

// വിഗ്രഹത്തിൽ ദൈവം വര്ത്തിക്കുന്നതായി സങ്കല്പിക്കുമ്പോള്, മനുഷ്യര്ക്ക് അത് സങ്കല്പമാണെങ്കിലും, യഥാര്ത്ഥത്തില് അത് സങ്കല്പമല്ല. ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഭൗതികരൂപത്തില് ഓം എന്ന ശബ്ദബ്രഹ്മമായും അക്ഷരബ്രഹ്മമായും വര് ത്തിക്കുന്നുണ്ട്. ഓം എന്ന അദ്ധ്യായത്തില് അത് വിശദീകരിച്ചിട്ടുണ്ട്. വിഗ്രഹത്തിലും, വിളക്കിലും, ഉഴിയുന്ന കൈകളിലും, അത് കാണുന്ന ഭക്തരുടെ കണ്ണുകള് ഉള് പ്പെടെ എല്ലാ ശരീര അവയവങ്ങളിലും ദൈവം ഉണ്ട്. ഭൂമിയിലുണ്ട്, വായുവിലുണ്ട്, ആകാശത്തുണ്ട്, ശൂന്യത്തിലുമുണ്ട്. അങ്ങനെയിരിക്കെ ശാസ്ത്രപരമായ വിഗ്രഹപ്രതിഷ്ഠ നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാന് പാടില്ല. വിഗ്രഹത്തിൽ നിന്ന് മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോള് , അഥവാ പ്രത്യക്ഷപ്പെടുമ്പോള്, മഹാദേവിയെ ആണ് ആരാധിക്കേണ്ടത് ;

കല്ലുകൊണ്ടോ മരംകൊണ്ടോ ലോഹംകൊണ്ടോ ഒക്കെ നിര് മ്മിച്ച വിഗ്രഹത്തെയല്ല. ഏകമഹാശക്തിയായ, മഹാദേവിയും മഹാദേവനുമായ, മഹാപിതാവും മഹാമാതാവുമായ, മഹായജമാനയും മഹാനീതിപതിയുമായ ദൈവത്തെ മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാശക്തിയായ മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല് കിയവര് ക്കു മാത്രമാണ് ദൈവത്തെ ആരാധിക്കുവാൻ യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ. അതായത് വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചും പ്രതിഷ്ഠിക്കാതെയും എല്ലാ മത-ദേവാലയങ്ങളിലും കാട്ടിക്കൂട്ടുന്നത് ദൈവീകമല്ലാത്ത ആരാധനകളാണ്. അഥവാ ഇന്നത്തെ ആരാധനകളെല്ലാം തീര്ത്തും അധമവും, ദൈവനിന്ദയുമാണ്. //മഹാശാസ്ത്രപരവും ലളിതവുമായ വിഗ്രഹ-പ്രതിഷ്ഠയെപ്പറ്റി ഇനി വിശദീകരിക്കാം:

മഹാശാസ്ത്രപരമായ പ്രതിഷ്ഠയെന്നു പറയുമ്പോള് , മഹാശക്തിയുടെ മഹാഭാവങ്ങളായ സത്യ- ധര് മ്മ-നീതികളെയും, മഹാജ്ഞാനമായ മഹാശാസ്ത്ര ത്തെയും, മഹാകര് മ്മമായ മഹാപ്രപഞ്ചത്തിന് റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെയും ശരിവയെക്കുന്ന പ്രതിഷ്ഠ എന്നാണ് അര് ത്ഥമാക്കേണ്ടത്.കഥ പോലെ പറയാം. തെങ്ങ് ബ്രഹ്മവൃക്ഷമാണ്. എന്നുവച്ചാല് ബ്രഹ്മത്തിന് റെ അനേകം ഗുണങ്ങളെ അഥവാ സ്വഭാവങ്ങളെ പ്രകടിപ്പിക്കുന്ന വൃക്ഷം എന്ന് തല് ക്കാലം മനസ്സിലാക്കുക. കമുക് പൈശാചിക വൃക്ഷമാണ്. ആവക വിവരങ്ങള് മറ്റൊരിക്കല് വിസ്തരിക്കാം. ജന്തുക്കളില് നാഗത്തിനുമുണ്ട് ഇതേ പോലെ ബ്രഹ്മ ബന്ധം. ദൈവീകമായ നാഗ സംവിധാനങ്ങളും പൈശാചികമായവയും ഉണ്ട്. നാഗത്തെപ്പോലെ കൈകാലുകളില്ലാതെ ദൈവത്തിന്റെ ഖരരൂപമായ മണ്ണുമായി ഇത്രമാത്രം ഗാഢബന്ധം പുലര് ത്തുന്ന ജീവി മറ്റൊന്നില്ല. തെങ്ങിന്റെ കാര്യം തുടരാം. തെങ്ങിൻചുവട്ടിലുള്ള നൂറുകണക്കിനുള്ള ചെറുവേരുകള്

മണ്ണിനെ എത്രശക്തമായി ചേര് ത്തുപിടിച്ചിരിക്കുന്നു ! ശേഷം, ആകാശത്തേക്ക് അനന്തമായെന്നോണം വളരുന്ന ഒറ്റത്തടി വൃക്ഷമായ പടുകൂറ്റന് തെങ്ങിനെ മണ്ണ് അഥവാ ഭൂമി എങ്ങനെ താങ്ങുന്നു എന്നും അല്പം ചിന്തിക്കുക. അത്യപൂര്വ്വമായി രണ്ടോ അതിലധികമോ തലകളും തടിയുമായിരിക്കുന്ന തെങ്ങുകളുണ്ട്. അങ്ങനെയും സൃഷ്ടി നടത്താന് കഴിയും, പക്ഷേ അങ്ങനെ ദൈവം ചെയ്യുന്നില്ല എന്നറിയിക്കുന്ന സന്ദേശമായി അതിനെ കാണാനാവും. മുഖഛായ ഉള് പ്പെടെയുള്ള ശരീരഅവയവങ്ങള് ഒരുപോലെയുള്ള ഇരട്ടക്കുട്ടികളെ സൃഷ്ടിക്കുന്നതിലൂടെ മനുഷ്യര് ക്കും അത്തരം പാഠങ്ങള് ദൈവം നല് കുന്നുണ്ട്. ഭൂമിയിലുള്ള സകലരെയും ഒരേ മുഖഛായയോടെ, അഥവാ സിംഹങ്ങള് ക്കും പുലികള് ക്കും ഒക്കെയുള്ളതായ കടുത്ത സാമ്യത്തോടെ സൃഷ്ടിക്കാനും ദൈവത്തിനു കഴിയും, എന്നാല് ഒരേ മുഖഛായയുള്ള 600 കോടിയിലധികം ജനങ്ങള് ഭൂമിയിലുണ്ടായാല് മനുഷ്യജീവിതം തകരാറിലാവും എന്നതുകൊണ്ട് ദൈവം അതു ചെയ്യുന്നില്ലാ എന്ന സന്ദേശം മഹാഗൗരവമുള്ളതാണ്. തെങ്ങിന്റെ കാര്യം തുടരാം. തെങ്ങിന്റെ ഉപയോഗങ്ങള് അനന്തമാണ്. തെങ്ങിന് തടി പുരയുടെ ഉത്തരത്തിന്, കഴുക്കോലിന്, പട്ടികയ്ക്ക്..., തെങ്ങോലകള് പുര മേയാന് , വെളിച്ചം കാട്ടാന് ചൂട്ടിന്, അടുപ്പില് തീയ്ക്ക്, മുറ്റമടിക്കാന് ചൂലിന്, ചിരട്ട തവിയ്ക്ക്, തീകത്തിക്കാന് , ഇസ്തിരിയിടാന് കനലുണ്ടാക്കാന് , തേങ്ങാ എണ്ണ, തേങ്ങാ, തേങ്ങാവെള്ളം, തൊണ്ട്, കയര് , ചവിട്ടുമെത്ത, വിറക്, ... എന്നിങ്ങനെ അനന്തമായിത്തന്നെ പട്ടിക നീളുന്നതാണ്. ദാഹം ശമിപ്പിക്കാനും ലഘുഭക്ഷണമായിരിക്കാനും, ശരീരസുഖത്തിനും, ബഹുവിധ രോഗങ്ങള്ക്ക് പ്രതിവിധിയായും കരിക്കിനെപ്പോലെയൊരു ഫലത്തെ നൽകുന്ന വൃക്ഷം വേറെയില്ല. അമൃതായ ദാഹശമനിയെ കരിക്ക് എന്ന പേരോടെ മനുഷ്യര് ക്കായി മഹാസംരക്ഷിച്ചു വച്ചിരിക്കുകയാണ്. സൂര്യപ്രകാശം ലഭിക്കുന്നതിനു തടസ്സമുണ്ടായാല് , ആരോടും പരിഭവമില്ലാതെ വളഞ്ഞു വളരും എന്നല്ലാതെ പൊതുവെ തെങ്ങു വളരുന്നത് നേരെയുള്ള ഒറ്റത്തടിയായാണ്. രണ്ടു

ബിന്ദുക്കളെ തമ്മില് ബന്ധിപ്പിക്കുന്ന നേര് രേഖ ഒന്നേ ഉണ്ടാവുകയുള്ളൂ എന്നതുപോലെ സൃഷ്ടിയെയും സ്രഷ്ടാവിനെയും ബന്ധിപ്പിക്കുന്ന സത്യമായ ശാസ്ത്രം ഒന്നേ ഉണ്ടാവുകയുള്ളൂ, എന്നതിനെ തെങ്ങിന്റെ തടി ശരിവെയ്ക്കുന്നുണ്ട്. തെങ്ങിന്റെ ചുവട്ടിനെയും, മണ്ടയെയും ബന്ധിപ്പിക്കുമ്പോള് വളരെ നീളമുള്ള ഒരു നേര് രേഖ 1 എന്ന അക്കത്തെ സൂചിപ്പിക്കുന്ന സിലിണ്ടര് രൂപത്തില് കിട്ടുന്നു. സിലിണ്ടര് ആകൃതിയുള്ള തടിയെ നിരവധി കഷണങ്ങള് ആക്കിയാല് അനവധി സിലിണ്ടര് -തടിക്കഷണങ്ങള് ലഭിക്കുന്നതാണ്. ഓരോ തടിക്കഷണത്തെയും കുത്തിനിര് ത്തിയാല് വൃത്താകൃതിയിലുള്ള 2 അറ്റങ്ങളെ നേര് രേഖയില് ബന്ധിപ്പിക്കുന്ന 1 എന്ന ആകൃതിയിലുള്ള ഒരു സിലിണ്ടർ-തടിക്കഷണമാണ്. ചുറ്റോടു ചുറ്റും നടന്നു നോക്കിയാലും, ഗോളത്തില് വൃത്തം കാണുമ്പോലെ, 1 തെളിഞ്ഞു നില് ക്കും. രണ്ടറ്റവും വൃത്താകൃതിയിലുള്ള സിലിണ്ടര് -തടിക്കഷണങ്ങളെ ചേർത്തുവയ്ക്കുമ്പോള് വളരെ വലിയ 1 കിട്ടും. ചുവട്ടിലെ തടിക്കഷണത്തില് വേരുകളുടെ കൂട്ടമാണുള്ളതെങ്കില് , മണ്ടയിലെ ഓലകള് നീക്കം ചെയ്താല് ഒരു അര് ദ്ധഗോളവുമായി സാമ്യമുള്ള ഒരു ഭാഗം മുകളിലത്തെ വൃത്താകൃതിയില് ചേര് ത്തുവച്ചപോലെ കാണാം. ഓലകള് നീക്കംചെയ്യാതിരുന്നാലോ, കുടപോലെയുള്ള ഒരു വലിയ ഗോളത്തെയോ മുക്കാല് -ഗോളത്തെയോ ഇലകള് ആകാശത്തില് അഥവാ അന്തരീക്ഷത്തില് സൃഷ്ടിക്കുന്നതായി കാണാം. ഗോളാകൃതിയും ബ്രഹ്മവും തമ്മിലുള്ള ബന്ധത്തെ ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. അർദ്ധഗോളാകൃതി യിൽ ഒരു കുടപോലെയുള്ള ആകാശത്തിലാണ് ദൈവം മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നും, ദൈവം കുടപോലെയുള്ള ആകാശത്തിന്റെ വ്യാസം വർദ്ധിപ്പിച്ചുകൊണ്ട് നക്ഷത്രകോടികളെ എത്രവേണമെങ്കിലും മഹാപ്രപഞ്ചത്തില് കൂട്ടിച്ചേർക്കുന്നതാണെന്നും വിസ്തരിച്ചിരുന്നു. തെങ്ങിന് റെ കാര്യത്തില് , പുതിയ പുതിയ ഫലങ്ങളും, ഇലകളും, ചൂട്ടും, കൊതുമ്പുമൊക്കെ നൽകിക്കൊണ്ട്, തെങ്ങ്

അനന്തമെന്നോണം ഉയരങ്ങളിലേക്ക് വളരുകയാണ്. തെങ്ങിന്റെ ആയുസ്സ് മനുഷ്യന്റെ ആയുസ്സു പോലെയുമാണ് !

ഉയരം കൂടിയ തെങ്ങിനെ മറന്നു കൊണ്ട്, ഉയരം കുറഞ്ഞ തെങ്ങിലേക്ക് വരുമ്പോള് , തടിയുടെ ഉയരം കുറയുന്നതൊഴിച്ചാല് ചുവടിന് റെയും തടിയുടെയും മണ്ടയുടെയും ആകൃതികള് ക്ക് ഒരു മാറ്റവും ഉണ്ടാകുന്നില്ല. തെങ്ങിന്റെ ഓലകള് നീക്കംചെയ്തിട്ട് കിട്ടുന്ന ആകൃതി, മുമ്പറഞ്ഞതുപോലെ സിലിണ്ടര് - ആകൃതിയിലുള്ള ഒരു തടിക്കഷണത്തിന് റെ ചുവട്ടില് നൂറുകണക്കിന് ചെറുവേരുകളും, മണ്ടയില് ഒരു അര് ദ്ധഗോളം കമഴ്ത്തിയതുപോലെയുമാണ്. ജീവികളില് , പ്രത്യേകിച്ചും മനുഷ്യരിലെ പുരുഷന്മാരുടെ ലിംഗത്തിന് മേല്പടി ആകൃതിയല്ലേ ഉള്ളത് എന്നു ചിന്തിച്ചുനോക്കുക. അയ്യേ, ലിംഗമോ എന്നൊരു രീതി അനേകർക്കുണ്ട്. അതിനുള്ള വിശദീകരണം ആനന്ദം, പരമാനന്ദം, മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തിലുണ്ട്.

മഹാലിംഗത്തെപ്പറ്റി പഠിക്കുമ്പോഴും, സൃഷ്ടി നടത്തുന്നത് ദൈവമാണെന്ന് സുവ്യക്തമാകുന്നു. മഹാശക്തി, ബ്രഹ്മം, പരിശുദ്ധാത്മാവ്, സ്രഷ്ടാവ്, രക്ഷിതാവ്, മഹായജമാനൻ, മഹാദേവൻ, മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാനീതിപതി, എന്നിങ്ങനെയുള്ള ദൈവത്തെ ഒരു മഹാജീവിയെ പ്പോലെയും മനുഷ്യരൂപത്തിലും കരുതുമ്പോള് മഹാദേവനും മഹാദേവിയുമാണ് ദൈവം. (മഹാദേവൻ എന്നത് പരമശിവനല്ല എന്ന് മുമ്പ് സുവ്യക്തമാക്കിയിരുന്നു.).

മഹാദേവനായ മഹാപുരുഷനും മഹാപിതാവുമാണ് ദൈവം. മഹാദേവിയായ മഹാസ്ത്രീയും

മഹാമാതാവുമാണ് ദൈവം. മഹാദേവനും മഹാദേവിയും ഒന്നു തന്നെയാകയാലും മനുഷ്യരൂപത്തിലാകയാലും പുരുഷലിംഗവും സ്ത്രീലിംഗവും ചേർന്നുള്ള രൂപമാണ് മഹാ-ലിംഗത്തിന് ഉണ്ടാവുക. പുരുഷലിംഗവും സ്ത്രീലിംഗവും ചേര്ന്നുള്ള രൂപമെന്താണ് ? പുരുഷലിംഗം സ്ത്രീലിംഗത്തിലേക്കു പ്രവേശിക്കുമ്പോൾ സ്ത്രീലിംഗത്തില് ചേര്ന്നിരിക്കുമ്പോള്, സ്ത്രീലിംഗത്തിന്റെ ആകൃതി, പുരുഷലിംഗത്തിന്റേതു തന്നെയാണ്. അതായത് സൃഷ്ടി നടത്തുന്നത് ദൈവത്തിന്റെ മഹാലിംഗമാണ്. ദൈവം ഏകമാകയാലും, മഹാദേവിയും മഹാദേവനും, മഹാപിതാവും മഹാമാതാവും, ഒന്നുതന്നെയാകയാലും, മഹാലിംഗം സ്ത്രീ-പുരുഷ ബന്ധങ്ങള്ക്ക് അതീതമാണ്.

സൃഷ്ടി നടത്തുന്നത് മഹാപിതാവും മഹാമാതാവുമായ ദൈവം അഥവാ മഹാദേവി തനിച്ചാണ്. പരമശിവനു പോലും യഥാർത്ഥത്തിൽ പങ്കില്ല എന്നും മഹാലിംഗം സൃഷ്ടിയുടെ പ്രതീകമാണെന്നും വ്യക്തമായി. മഹാപിതാവും മഹാമാതാവുമായ ദൈവം, മഹാ-മാതാവായ മഹാദേവി മാത്രമായി മനുഷ്യസ്ത്രീ രൂപത്തിൽ വര്ത്തിക്കുന്നത് എങ്ങനെയെന്നു നോക്കാം.

മനുഷ്യരുടെ ലിംഗവുമായി ബന്ധിപ്പിച്ചു തന്നെ വിഷയത്തെ വിശകലനംചെയ്യുന്നു. നൂറുകണക്കിനു വേരുകളുള്ള തെങ്ങിൻ ചുവട്ടിൽ നിന്ന് ഒരു സിലിണ്ടർ പോലെ മേലോട്ട് തെങ്ങിന്റെ തടി വളര്ന്നു നില്ക്കുന്നതുപോലെ, രോമക്കൂട്ടങ്ങളായ വേരുകളുടെ ചുവട്ടില് നിന്ന് ഒരു സിലിണ്ടർ പോലെ പുരുഷലിംഗം, ഇലയില്ലാത്ത തെങ്ങിന് മണ്ടയുമായി സാദൃശ്യമുള്ള

മുകള്ഭാഗത്തോടെ കാണാം. ഒരു വ്യത്യാസമുള്ളത്, പുരുഷൻ നില്ക്കുമ്പോഴും, ഇരിക്കുമ്പോഴും, ഭൂമിക്ക് സമാന്തരമായിട്ടല്ലാതെ മേലോട്ട് അഥവാ കുത്തനെ കാണില്ല. അതു വേണമെങ്കില് പുരുഷന് മലര്ന്നു കിടക്കുകയും കാമചിന്തകള് ഉണ്ടാവുകയും വേണം. കാമബന്ധത്തില്, പുരുഷന് കമഴ്ന്നാലാണ് മംഗളമാകുക. അപ്പോഴും പുരുഷലിംഗം മേലോട്ടാവുന്നില്ല. ദൈവത്തിന്റെ വീട്ടില് മഹാവാത്സല്യം തേടിയെത്തുമ്പോള്, കാമകാര്യങ്ങള്ക്ക് സ്ഥാനമില്ല. പുരുഷലിംഗത്തിന്റെ ആകൃതി തന്നെയാണ് സ്ത്രീയുടെ ലിംഗത്തിനും എന്നു വ്യക്തമാക്കിയിരിക്കെ, സ്ത്രീലിംഗത്തിന്റെ ദിശ നോക്കാം. സ്ത്രീ നില്ക്കുമ്പോഴും, ഇരിക്കുമ്പോഴും, ലിംഗം ഭൂമിക്ക് കുത്തനെ അഥവാ ഭൂമിയില് തെങ്ങ് നില്ക്കുമ്പോലെ ആയിരിക്കും. വീണ്ടും ദൈവീകതലത്തിലേക്ക് വരിക. മഹാമാതാവായ മഹാദേവി, ഭൂമിയില് നില്ക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോള്, മഹാദേവിയുടെ മഹാലിംഗം ഭൂമിക്ക് കുത്തനെ അഥവാ ഭൂമിയില് തെങ്ങ് നില്ക്കുമ്പോലെ ആയിരിക്കും. ദേവാലയത്തില് മഹാലിംഗം പ്രതിഷ്ഠിച്ചാല്, ഇരിക്കുകയോ നില്ക്കുകയോ ചെയ്തുകൊണ്ട്, മഹാലിംഗം ഒഴികെയുള്ള ശരീരഭാഗങ്ങളെ അപ്രത്യക്ഷമാക്കിയിരിക്കുന്ന മഹാദേവിയുടെ മഹാലിംഗമായി പരിണമിക്കുന്നു. ദേവാലയത്തില് എത്തുന്നവര് മഹാലിംഗത്തിനു മുന്നില് അഭിമുഖമായി നില്ക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോള്, മഹാദേവിയും നില്ക്കുകയോ ഇരിക്കുകയോ ചെയ്യുന്നതായി കരുതാനാവുന്നു.ഇതുവരെയുള്ള കാര്യങ്ങളെ ചുരുക്കി പറയുമ്പോള്, മഹാശക്തിയായ

മഹാദേവി ബ്രഹ്മവൃക്ഷമായി തെങ്ങിനെ സൃഷ്ടിച്ചു. ഓലകള് മാറ്റിയ തെങ്ങിന്റെ രൂപത്തില് സ്ത്രീലിംഗവും പുരുഷലിംഗവുമുണ്ടാക്കി. ദൈവീകതലത്തില് പറയുമ്പോള്, മഹാലിംഗം സൃഷ്ടിച്ചു. സൃഷ്ടിച്ചുവോ, എന്നു ചോദിച്ചാൽ കല്ലുകൊണ്ടോ, ലോഹം കൊണ്ടോ, എന്തുകൊണ്ടുമോ, സിലിണ്ടര് ആകൃതിയിലും, ഒരറ്റത്തെ അര്ദ്ധഗോളാകൃതിയിലും ഒരു രൂപമുണ്ടാക്കി അതിനെ ഭൂമിക്ക് ലംബമാക്കി നിര്ത്തിയാൽ മഹാലിംഗത്തിന്റെ പ്രതീകമായി. ചുറ്റി നടന്നു നോക്കുമ്പോഴും ഒരേ ആകൃതി മാത്രം. മനുഷ്യര് തങ്ങളുടെ നാവ് പുറത്തേക്കു നീട്ടിയാൽ ലഭിക്കുന്ന നാവിന്റെ ആകൃതിയാണ് മഹാലിംഗത്തെ എങ്ങനെ ചുറ്റിയാലും കാണുക. സൃഷ്ടിയുടെ പ്രതീകമായി മഹാലിംഗത്തെ സ്വീകരിക്കുമ്പോള്, സത്യം അഥവാ ഭൗതികരൂപം മാത്രമേ ആയുള്ളൂ. ധര്മ്മകാര്യങ്ങളും നീതികാര്യങ്ങളും ബാക്കിയുണ്ട്. അഥവാ സ്ഥിതി, സംഹാരം എന്നിവയ്ക്ക് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം. ഈ അദ്ധ്യായത്തില് ചേര്ത്താല് ഭംഗി കുറയും എന്നതുകൊണ്ട് പ്രസ്തുത വിശദീകരണം ആനന്ദം, പരമാനന്ദം, മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തില് സുവ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. സ്ഥിതിയിൽ, അഥവാ ജീവിതത്തിൽ, അഥവാ ജീവിതത്തിന്റെ ധര്മ്മങ്ങളില് ലിംഗത്തിനുള്ള പദവിയും വിശേഷതകളുമാണ് വിവരിച്ചത്. അച്ഛനും അമ്മയ്ക്കും. മകനും മകള്ക്കും ഒക്കെ പരമാനന്ദമായിരിക്കുന്ന കാമാനന്ദത്തെ അവരവരുടെ ലിംഗത്തിലൂടെ മഹാമാതാവായ മഹാദേവിയുടെ മഹാലിംഗം ലഭ്യമാക്കിയിരിക്കുകയാണ്. ആകയാല് സ്ഥിതിയുടെ അഥവാ ധര്മ്മത്തിന്റെ പ്രതീകമായി

മഹാലിംഗത്തെ സ്വീകരിക്കേണ്ടതുണ്ട്. ഇനിയുള്ളത് നീതികാര്യങ്ങളാണ്. അതായത്, സംഹാരം എന്ന ആത്മീയസാക്ഷാത്ക്കാരത്തിന് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം : സംഹാരമെന്നതുകൊണ്ട് ജീവികളുടെ അഥവാ മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരത്തെയാണ് ഉദ്ദേശിക്കുന്നത്. സംഹാരത്തിലും പരമാനന്ദമായ കാമാനന്ദം തന്നെയാണ് മുഖ്യം എന്നത്, സംഹാരത്തെയും ലിംഗവുമായി ബന്ധിപ്പിക്കുന്നു. ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രത്തിലെ ഹൈഡ്രജന്-ഹീലിയം ബന്ധം പരമാനന്ദമായ കാമാനന്ദത്തെ കുറിക്കുന്നു. മറ്റുള്ള ജീവികളെപ്പറ്റി പറയുമ്പോള്, ആദി സൃഷ്ടിയായ മത്സ്യം മാത്രം നേരിട്ടും, പിന്നെയുള്ള മത്സ്യങ്ങളും മറ്റുള്ള ജീവികളും പരിണാമത്തിലൂടെയും നടത്തപ്പെടുന്നു. കൂടുതല് വിസ്തരിക്കുന്നില്ല, മാത്രമല്ല ബന്ധപ്പെട്ട ശാസ്ത്രപാഠങ്ങള് ഇനിയും പൂര്ണ്ണമായി വെളിപ്പെട്ടിട്ടില്ല. സംഹാരദേവനായി പരമശിവനെ നിയമിച്ചിട്ടുണ്ടല്ലോ എന്ന് ചിന്തിക്കേണ്ട. പരമശിവനിലൂടെ സംഹാരം നിര്വ്വഹിക്കുന്നു എന്നേയുള്ളൂ. ബന്ധപ്പെട്ട എല്ലാ ശക്തികളും മഹാശക്തിയായ മഹാദേവിയുടെ മഹാലിംഗത്തില് കുടികൊള്ളുന്നു. മനുഷ്യരിൽ പ്രസവം എന്ന സൃഷ്ടി നടത്തുന്നത്, മഹാലിംഗത്തിൽ നിന്നും ഉത്ഭവിക്കുന്നതായി കണക്കാക്കുമ്പോള്, ദൈവീകതലമാവുന്നു. പ്രസവത്തോടെ മറുപിള്ള എന്ന പേരിലുള്ള ഗര്ഭ-ആവരണം പുറത്തുപോകുമ്പോള്, മഹാലിംഗത്തിലൂടെയുള്ള സൃഷ്ടിപ്രക്രിയ പൂര്ത്തിയാവുക കൂടിയാണ്. മുട്ടയിലൂടെ കുഞ്ഞുങ്ങളെ സൃഷ്ടിക്കാന് മഹാനിശ്ചയിച്ചിട്ടുള്ള ജീവികളിൽ അത് മുട്ടകളുടെ

തോടാണ്. മഹാദേവി, തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നല് കുന്നതായ മഹാഹൃദയം എന്ന ഓംകാരത്തെ പ്രവര് ത്തിപ്പിക്കുന്നത് മഹാശക്തി ലിംഗം എന്നുകൂടി വിശേഷിപ്പിക്കാവുന്ന മഹാലിംഗമാണ്, എന്നും തെളിയുകയാണ്. അങ്ങനെയാകുമ്പോള്, മഹാദേവിയെ അഥവാ മഹാശക്തിയായ ദൈവത്തെ മഹാലിംഗ പ്രതിഷ്ഠ കൊണ്ട് പ്രതീകമാക്കുന്നത് മഹാശാസ്ത്രപരമാണെന്ന് തെളിയുന്നു. ബ്രഹ്മവുമായി ബന്ധപ്പെടുത്തുകയാലാണ് ഓം, ഓംകാരം, മഹാലിംഗം എന്നിവയെ വിശദീകരിക്കുമ്പോള്, അവ ഓരോന്നും മഹാദേവിയാണെന്ന് തോന്നിപ്പോകുന്നത്. ബ്രഹ്മത്തിന്റെ മായാ-പ്രകടനത്തില് മനുഷ്യന്റെ ചിന്തകളെ താലോലിക്കേണ്ടതില്ല. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മുഴുവനും മഹാശക്തിയും, മഹായജമാനനും, മഹാപിതാവും, മഹാനീതിപതിയും, മഹാദേവനും മഹാദേവിയുമായ മഹാജഗദംബ മാത്രമാണ് നിര്വ്വഹിക്കുന്നത് എന്നു മനസ്സിലാക്കിയാൽ കാര്യങ്ങൾ ലളിതമാകുന്നു. ലളിതമായ മഹാലിംഗത്തെ അഥവാ മഹാശക്തി-ലിംഗത്തെ മഹാശക്തിയായ ദൈവത്തെ പ്രതീക മാക്കുന്ന വിഗ്രഹമായി പ്രതിഷ്ഠിക്കാന് കഴിയുമെന്ന് മഹാശാസ്ത്രപരമായി തെളിയിച്ചുകഴിഞ്ഞു.// മഹാദേവിയുടെ മഹാസാന്നിദ്ധ്യം, മഹാലിംഗ നിര്മ്മാണം, മഹാലിംഗത്തോടുള്ള മനുഷ്യരുടെ പെരുമാറ്റം, മഹാലിംഗത്തെ മുന്നിര്ത്തിയുള്ള പ്രാര്ത്ഥന, മഹാലിംഗത്തെ മുന്നിര്ത്തിയുള്ള ആരാധന, മഹാലിംഗത്തില് പരമശിവനെ പ്രത്യക്ഷമാക്കല്,

മഹാദേവി മഹാലിംഗത്തില് പ്രത്യക്ഷമാകുന്നത് തുടങ്ങിയ കാര്യങ്ങളെ ഇനി വിശദീകരിക്കാം // :

മഹാദേവിയുടെ മഹാസാന്നിദ്ധ്യം

മഹാപ്രപഞ്ചത്തിലെ ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഉണ്ട്. എന്നാല് , മഹാശാസ്ത്രപ്രകാരമുള്ള ഭവനം കുഞ്ഞുങ്ങള് മഹാദേവിക്ക് നിര് മ്മിച്ചു നല് കുമ്പോള് , കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കുന്നതിനായിട്ട് മഹാമാതാവായും, മഹാശക്തിയായും, മഹാനീതിപതിയായും മഹാദേവി മഹാഎഴുന്നെള്ളുന്നതാണ്. ധര് മ്മശാസ്ത്രപരമായിട്ട് മഹാദേവിയുടെ വീടിനോടും മഹാദേവിയോടും പെരുമാറുമ്പോള് മഹാദേവിയുടെ പ്രത്യേക മഹാ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. ധര് മ്മശാസ്ത്രപര മായിട്ട് പെരുമാറിയില്ലെങ്കിൽ മഹാദേവിയുടെ പ്രത്യേക മഹാസാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതുമല്ല.



മഹാലിംഗ പ്രതിഷ്ഠ നിർമ്മാണം

മഹാലിംഗത്തിന്റെ ആകൃതി വേണമെന്നല്ലാതെ കല്ലുകൊണ്ടോ, ലോഹം കൊണ്ടോ, മനുഷ്യരുടെ സൗകര്യം പോലെ നിര്മ്മിക്കുകയേ വേണ്ടൂ. മഹാദേവിയെയോ മഹാലിംഗത്തെയോ അല്ല, വെറുമൊരു പ്രതീക-പ്രതിഷ്ഠയാണ് നിര്മ്മിക്കുന്നതെന്നും, മഹാശാസ്ത്രപ്രകാരം അറിയിച്ച സൗകര്യങ്ങളെ ചെയ്തുകൊണ്ടല്ലാതെ മഹാദേവിയോട് വന്നു താമസിക്കുന്നതിന് അഭ്യര്ത്ഥിക്കുവാൻ മനുഷ്യന് യോഗ്യതയില്ലെന്നും അറിയണം ....

1 അടി മുതൽ മേലോട്ട് എത്ര അടിവരെ ഉയരത്തിലും മഹാലിംഗപ്രതിഷ്ഠ നിര്മ്മിക്കാവുന്നതാണ്. വലിയ വീടാണ് നിര്മ്മിക്കുന്നതെങ്കില് പ്രതിഷ്ഠയ്ക്ക് 5 അടി ഉയരം നല്ലത്. എന്നാൽ, ഉയരം കൂട്ടിയാൽ, മാനുഷികമായി കഴുകാൻ സാധിക്കുന്നതല്ല, ഏണി

പോലെയുള്ളവ പാടില്ലാ എന്നറിയണം. തെങ്ങിന്റെ ചുറ്റളവ് മഹാലിംഗത്തിനു സ്വീകരിക്കാവുന്നതാണ് എന്നല്ലാതെ ആവക കാര്യങ്ങളില് കണക്കുകളുണ്ടാക്കി വിഷയത്തിന്റെ സത്തയെ മോശപ്പെടുത്തരുത്. മഹാലിംഗത്തെ മണ്ണ് മാന്തി പ്രതിഷ്ഠിക്കുക എന്നല്ലാതെ പീഠം വേണ്ടതില്ല. മനുഷ്യര്ക്ക് തൊടാൻ സാധിക്കാത്ത ദൂരത്തില് വേലിപോലെ ഒരു തടസ്സം സൃഷ്ടിക്കേണ്ടതുണ്ട്. മനുഷ്യര്ക്ക് ഇഷ്ടമുള്ള സുഗന്ധ പുഷ്പച്ചെടികളെക്കൊണ്ട് ഒരു റിംഗ് പോലെയുണ്ടാക്കാവുന്നതാണ്. 2 അടിയിൽ കൂടുതൽ ഉയരമില്ലാത്ത കുറ്റിച്ചെടികൾ മതിയാകും. മഹാലിംഗം ശുദ്ധിപ്പെടുത്തുന്ന ജലം കൊണ്ട് അവ നനഞ്ഞുകൊള്ളും, പ്രത്യേകം നനയ്ക്കേണ്ടതില്ല. ചെടിക്കുവെളിയില് ചുറ്റോടു ചുറ്റും മണ്ണുകൊണ്ടുതന്നെയുള്ള റിംഗാകൃതിയിലുള്ള നടപ്പാത. നടപ്പാതയുടെ വീതി എത്രവേണമെങ്കിലും ആകാം. എന്നിരിക്കിലും 10 അടിയിൽ കുറയരുത്. നടപ്പാതയ്ക്കു വെളിയില് വീണ്ടും റിംഗ്പോലെ നടപ്പന്തല്. നടപ്പന്തലിലേയ്ക്കാണ് പുരയിടത്തിനു വെളിയില് നിന്നുമുള്ള 4 പാതകളും എത്തിച്ചേരുന്നത്. 4 പാതകളും ഒഴികെയുള്ള ഭാഗത്താണ് പന്തല് അഥവാ മേല്ക്കൂര കെട്ടേണ്ടത്. നടപ്പന്തലിന്റെ വീതി 20 അടിയില് കുറയരുത്. നടപ്പാത ഒഴികെയുള്ള തറയില് കരിങ്കല്ലുപാകി സുന്ദരമാക്കാം. മഴയത്തും വെയിലത്തും ദേവാലയത്തില് വരുന്നവര്ക്ക് കയറി നില്ക്കാനും, ഇരിക്കാനും കിടക്കാനും, വിശ്രമിക്കാനുമായാണ് പന്തല് കെട്ടുന്നത്. തെങ്ങോലകൊണ്ടോ, അതാതു കാലങ്ങളില് ലഭ്യമാകുന്ന മെച്ചമായ മറ്റു വസ്തുക്കള്കൊണ്ടോ മേല്

ക്കൂരയാകാം. പന്തലിനു മുമ്പിലുള്ള പ്രാര്ത്ഥനയ്ക്കുള്ള നടപ്പാതയിലും, പന്തലിലും ഒക്കെ വെള്ളം കെട്ടിനില് ക്കാതെ പുറത്തേയ്ക്ക് ഒഴുകി വൃക്ഷങ്ങള്ക്ക് ലഭിക്കും വണ്ണം വെള്ളച്ചാല് ഉണ്ടാക്കണം.മഴവെള്ളം മണ്ണില് ഒഴുകുക എന്നല്ലാതെ കല്ലുകള് തറയില് പാകി മണ്ണിനോട് അനീതി കാട്ടണ്ട. മഹാശക്തിയായ മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കിയവര്ക്കു മാത്രമാണ് ദൈവത്തെ ആരാധിക്കുവാന് യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ.

മഹാലിംഗ പ്രതിഷ്ഠയോടുള്ള മനുഷ്യരുടെ പെരുമാറ്റം

മഹാലിംഗത്തെ പ്രതിഷ്ഠിച്ചുകൊണ്ട് ശാസ്ത്രപരമായ വിഗ്രഹപ്രതിഷ്ഠ നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ലായെന്നും; വിഗ്രഹത്തിൽ നിന്നോ എന്തിലും നിന്നോ മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോൾ / പ്രത്യക്ഷപ്പെടുമ്പോൾ, മഹാദേവി അനുവദിക്കുന്നുവെങ്കിൽ മഹാദേവിയെ ആണ് ആരാധിക്കേണ്ടത് എന്നും; കല്ലുകൊണ്ടോ മരംകൊണ്ടോ ലോഹംകൊണ്ടോ ഒക്കെ നിര് മ്മിച്ച വിഗ്രഹത്തെ ആരാധിക്കാന് പാടില്ല എന്നും ഈ അദ്ധ്യായത്തിന് റെ ആരംഭത്തില് വിശദീകരിച്ചിരുന്നു. മഹാഗൗരവമായതു കൊണ്ടാണ് ആവര് ത്തിച്ചത്. വിഗ്രഹം എന്നു വിശേഷിപ്പിക്കുന്നത് മഹാലിംഗത്തെ യാണ് എന്നറിയുക. മഹാശക്തിയും, മഹാദേവിയും, മഹാദേവനും, മഹാപിതാവും, മഹാമാതാവും, മഹായജമാനയും, മഹാനീതിപതിയുമായ ദൈവത്തെ

മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാപ്രപഞ്ചത്തെ പ്രസവിച്ച മഹാലിംഗമായി കരുതുമ്പോൾ, ദൈവീക തലത്തിലാണ് മനുഷ്യന്റെ ചിന്തകൾ പ്രവർത്തിക്കുക. അതേ സമയം, മനുഷ്യ-മഹാമാതാവായി എഴുന്നെള്ളുകയാൽ മാനുഷിക തലങ്ങളെയും ചേര് ക്കേണ്ടതുണ്ട്. അന്യരുടെ ലിംഗത്തിൽ തൊടാനും, തങ്ങളുടെ ലിംഗത്തിൽ അന്യരെക്കൊണ്ട് തൊടീക്കാനും, ലിംഗത്തിൽ പുഷ്പങ്ങൾ വിതറാനും മനുഷ്യർ തയ്യാറായിക്കൂടാ എന്നതുപോലെ, മഹാദേവിയുടെ മഹാലിംഗത്തെ മനുഷ്യർ തൊടുന്നത് സഭ്യമല്ല*. പൂവിട്ട് അഭിഷേകം ചെയ്യുന്നതും അഥവാ പൂജിക്കുന്നതും സഭ്യമല്ല. മാത്രമോ, മഹാദേവി മഹാപ്രപഞ്ചത്തിൽ സൃഷ്ടിച്ചിട്ടുള്ള പൂക്കളോ വസ്തുക്കളോ കൊണ്ടല്ലാതെ മനുഷ്യർക്ക് പൂജിക്കാൻ കഴിയില്ലെന്നിരിക്കെ, മഹാദേവി സൃഷ്ടിക്കുന്ന പൂക്കളെക്കൊണ്ട് മഹാദേവിക്കുതന്നെ പൂജ ചെയ്യുന്നത് ഭോഷ്ക്കാണ്. തന്റെ കുഞ്ഞുങ്ങളുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി ദൈവം നൽകിയവയെ, ദൈവത്തിനെന്ന പേരിൽ തിരിച്ചു നൽകുന്നത്, ദൈവത്തെ നിന്ദിക്കുകയാണ്. ദൈവം നല് കിയ ഭൗതിക വസ്തുക്കളെ ദൈവത്തിനു തന്നെ തിരിച്ചു നല് കണമെന്ന് വല്ലാത്ത മോഹമാണെങ്കിൽ, ഓരോരുത്തരും തങ്ങളുടെ സർവ്വ സമ്പത്തുകളെയും, ഭക്ഷണം, ഉടുത്തിരിക്കുന്ന വസ്ത്രം ഉൾപ്പെടെ ഉള്ളവയെയും, പോരാ ശരീരത്തെയും ആത്മാവിനെയും ദൈവത്തിനു തിരിച്ചു നല് കേണ്ടിവരും. ദൈവത്തെ നേരിൽ കാണുവാൻ ഭാഗ്യമുണ്ടാകുമ്പോള് , അത്തരം സമര് പ്പണത്തെപ്പറ്റി ചിന്തിക്കാന് കഴിയുന്നുവെങ്കില് അത്

അപ്പോഴത്തെ കാര്യമാണെന്നല്ലാതെ കല്ലുകൊണ്ടോ ലോഹം കൊണ്ടോ ഒക്കെയുള്ള ഒരു പ്രതിഷ്ഠയ്ക്കു മുമ്പിലല്ല അത്തരം അഭ്യാസങ്ങള് നടത്തേണ്ടത്.മഴയും വെയിലും മനുഷ്യർക്കുവേണം എന്നതുപോലെ മഹാദേവിക്കും വേണം (ഭാവന!). മഹാലിംഗത്തിന് (പ്രതിഷ്ഠയ്ക്ക്) മേൽക്കൂര പാടില്ല. ഭൂമിയിലൊക്കെയുമുള്ള തന്റെ അനേകം കുഞ്ഞുങ്ങള് മഴയും വെയിലുമേറ്റു കഴിയുമ്പോള് , മഹാദേവിയും അവയെ ഏല്ക്കണം. ഇനിയൊന്ന് മഴയെയും വെയിലിനെയും ആനന്ദമായി കാണണം എന്നതാണ്. മാത്രമല്ല, യോഗ്യതയില്ലാത്തവർ മഹാലിംഗത്തെ ശുദ്ധിചെയ്യുന്നത് മഹാദേവിക്ക് ഇഷ്ടമല്ല. മഴയും വെയിലും കാറ്റും കൊണ്ട് ശുദ്ധമാകുന്നെങ്കിൽ ശുദ്ധമായാൽ മതി. ഒരു ചില സ്ത്രീകള് ക്ക് സഹിക്കാന് വയ്യാതെ മഹാലിംഗത്തെ വെള്ളമൊഴിച്ച് ശുദ്ധി ചെയ്യാൻ തോന്നിയാൽ, അവർ ആദ്യം മഹാദേവിയുടെ പശുപ്പുരയിൽ ചെല്ലുകയും, അവിടം വൃത്തിയാക്കിയ ശേഷം മാത്രം, മഹാലിംഗത്തെ വെള്ളം മാത്രമൊഴിച്ച് കഴുകുകയും ചെയ്യുക. മഹാദേവിയെ സ്മരിക്കാം, ദേവീ ശരണം, ഓം ശിവായ നമഃ, ഓം നമഃ ശിവായ, അമ്മേ ശിവാ എന്നിവയിൽ ഒന്ന് വേണമെങ്കിൽ ഉച്ചരിക്കാമെന്നല്ലാതെ മന്ത്രങ്ങൾ എന്ന പേരിൽ വേഷംകെട്ടലുകൾ പാടില്ല. ഒരു ചില പുരുഷന്മാർക്ക് മഹാലിംഗത്തെ (പ്രതിഷ്ഠയെ) വെള്ളമൊഴിച്ച് ശുദ്ധി ചെയ്യാൻ തോന്നിയാൽ അവർ ആദ്യം മഹാദേവിയുടെ വീട്ടിലെയും സ്വന്തം വീട്ടിലെയും കക്കൂസ്, കുളിമുറി എന്നിവ കാണണം, അവയെ വൃത്തിയാക്കിയശേഷം മാത്രം, മഹാലിംഗത്തെ വെള്ളം മാത്രമൊഴിച്ച് കഴുകുകയും ചെയ്യുക. മഹാദേവിയെ സ്മരിക്കാം, ദേവീ

ശരണം, ഓം ശിവായ നമഃ, ഓം നമഃ ശിവായ, അമ്മേ ശിവാ എന്നിവയിൽ ഒന്ന് ഉച്ചരിക്കാം. മന്ത്രങ്ങൾ എന്ന പേരിൽ വേഷംകെട്ടലുകൾ പാടില്ലായെന്ന് ആവർ ത്തിക്കുന്നു.മനുഷ്യർ തങ്ങളുടെ ലിംഗത്തിന്റെ അടുത്ത് വിളക്കു വെയ്ക്കില്ല എന്നതുപോലെ, മഹാലിംഗത്തിന്റെ അടുത്ത് യാതൊരു വിളക്കുകളും പാടില്ല. രാത്രിയിൽ മഹാലിംഗത്തിനു വളരെ ദൂരത്തായിട്ട്, മനുഷ്യരുടെ ആവശ്യത്തിന് വിളക്കു വെയ്ക്കാം. ദേവാലയത്തിൽ വരുന്നവര് ചെരുപ്പ് ദേവാലയ-പ്പുരയിടത്തിനു വെളിയില് ഉപേക്ഷിച്ച്, നഗ്നപാദരായി നടപ്പാതയിലൂടെ വരുന്നത് നല്ലത് എന്നല്ലാതെ ചെരുപ്പ് ഉപയോഗി ക്കുന്നവരെ വിലക്കിക്കൂടാ. വസ്ത്രധാരണ ത്തെപ്പറ്റി പറയുമ്പോൾ, ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാര ശാസ്ത്രം:കാമാനന്ദം /സെക്സ്) എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശരീര അവയവങ്ങളെ ധർമ്മശാ സ്ത്രപരമായി മറയ്ക്കുക എന്നല്ലാതെ വസ്ത്രകാര്യ ങ്ങളില് മറ്റ് നിബന്ധനകളില്ല. പുരുഷന്മാർ പൊക്കിളും കാൽ മുട്ടും മറച്ചുള്ള വസ്ത്രം ധരിക്കണം. ഷർ ട്ട്/ഉടുപ്പ് നിർബ്ബന്ധമല്ല. ഷര് ട്ടില്ലാതെയും പ്രവേശിക്കാമെന്നും, വ്യക്തിക്ക് അസൗകര്യമില്ലെങ്കിൽ ഷർട്ട് ഇടണം എന്നുമാണ്; പൊങ്ങച്ചം കാട്ടാൻ പാടില്ല എന്നേയുള്ളൂ.മഹാദേവിക്കായി ഉണ്ടാക്കിയ വീട്ടിൽ(ദേവാലയത്തിൽ) മഹാലിംഗം പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ എല്ലാമായി. സൗദി അറേബ്യയിലുള്ള മക്കയിലെ പള്ളിയിലുള്ള കഅ്ബയെ ചുറ്റുമ്പോലെ, ഒരു തവണ ചുറ്റിനടന്ന് കാണാം. മഹാലിംഗത്തിനു മുന്നിൽ സാഷ്ടാംഗം നമസ്ക്കരിക്കാൻ മഹാദേവി മഹാഅനുവദിച്ചിട്ടുള്ളത് ദൈവത്തെ ആരാധിക്കാനുള്ള

പ്രത്യേക ജന്മത്തിൽ, യോഗ്യത നേടിയ ശേഷം മാത്രമാണ്.

മഹാലിംഗം കൊണ്ടുമാത്രം മഹാദേവിക്ക് മഹാപുര / വീട് ഉണ്ടാക്കാൻ കഴിയുമെങ്കിലും, മഹാദേവി അത് അനുവദിക്കുന്നില്ല. മഹാശക്തിയായ ദൈവത്തെ, മഹാദേവിയെന്ന രീതിയിൽ കാണുമ്പോൾ , മാനുഷിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കണം. മഹാദേവിയെ കാണാനെന്ന പോലെ, മഹാലിംഗത്തെ ദർ ശിക്കാനും പ്രാർ ത്ഥിക്കാനും എത്തുന്നവർ ക്ക് മനുഷ്യരിലൂടെ തന്നെ പരിഹാരം ഉണ്ടാവണം. സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആശ്രയമുണ്ടാവണം. പാവപ്പെട്ടവര് ദേവാലയ ഭൂമി കൈയ്യേറിയാല് , അവരെ തടഞ്ഞുകൂടാ. ദേവാലയത്തെ പരസ്യമായി അവർ നശിപ്പിച്ചാലും അവരെ തടഞ്ഞുകൂടാ. പാവപ്പെട്ടവരുടെ പ്രശ്നങ്ങളെ പരിഹരിക്കാത്ത ഭരണാധികാരികളും ജനങ്ങളും വസിക്കുന്ന നാട്ടിൽ മഹാദേവിക്ക് വസിക്കാനാവില്ല. സഞ്ചാരികള് ക്ക് യാത്രയ്ക്കിടെ വിഗ്രഹ പ്രതിഷ്ഠ നടത്തിത്തന്നെ പ്രാര് ത്ഥിക്കാന് കൊതി തോന്നിയാല്, 2 കൈക്കുമ്പിളിലുമായി പച്ചമണ്ണെടുത്ത് 10 സെക്കന് റില് താഴെ സമയംകൊണ്ട് കൈകള് കൊണ്ടു തന്നെ അമര് ത്തി ഭൂമിയില് വച്ചാല് അത് മഹാലിംഗമായി. പ്രാര് ത്ഥന കഴിഞ്ഞ് മഹാലിംഗപ്രതിഷ്ഠയെ കൈകള് കൊണ്ടു തന്നെ ഉടച്ചുകളയുക. ഭൂമിയിലെങ്ങും തെങ്ങുകളുടെയും കുന്നുകളുടെയും മലകളുടെയും പര് വ്വതങ്ങളുടെയും രൂപത്തില് മഹാലിംഗം നിറഞ്ഞിരിക്കുകയാണ്. തീര്ന്നില്ല, മനുഷ്യര് നിര് മ്മിക്കുന്ന മിക്ക യന്ത്രഭാഗങ്ങളിലും മഹാലിംഗമുണ്ട്. കൂടുതല് വിസ്തരിക്കുന്നില്ല.

മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള പ്രാർത്ഥന

പ്രാർത്ഥനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന അദ്ധ്യായത്തില് പ്രാര്ത്ഥനയെപ്പറ്റി സുദീര്ഘമായി വിശദീകരിച്ചിട്ടുണ്ട്. മഹാദേവിയെ പ്രത്യക്ഷമായി കാണാന് കഴിയുന്നില്ലെങ്കില് പോലും മഹാലിംഗ പ്രതിഷ്ഠയുടെ മുമ്പില് വന്ന് പ്രാര്ത്ഥിക്കുമ്പോള് മനുഷ്യര്ക്ക് ഒരു പ്രത്യേക മനസ്സുഖം ലഭിക്കുന്നതാണ്.മഹാദേവിയുടെ ഭവനത്തിലെത്തുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ള ഭരണകാര്യാലയത്തിലെ ജോലിക്കാരിലൂടെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് ഉടനെ ഭൗതിക പരിഹാരം ഉണ്ടാക്കുന്നു. ശുചിത്വം വിഭാഗത്തിൽ പ്രവർത്തിക്കുന്നവരെ സാമൂഹ്യ പ്രശ്നങ്ങളിൽ ജാഗരൂകരാക്കുന്നു. കൂടുതല് വിസ്തരിക്കുന്നില്ല.

മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള ആരാധന

ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായത്തില് സുദീര്ഘമായി വിശദീകരിച്ചിരുന്നു. മുകളിൽ പലയിടങ്ങളിലും പരാമർശിച്ചിരുന്നു. ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട്, ആരാധനയ്ക്ക് എത്തുന്നവര്ക്ക്, മഹാദേവിയെ പ്രത്യക്ഷമായി കാണാന് കഴിയുന്നില്ലെങ്കില് പോലും, മഹാലിംഗ പ്രതിഷ്ഠയുടെ മുമ്പില് വന്ന് ആരാധിക്കുവാനും പ്രാര്ത്ഥിക്കുവാനും കഴിയുമ്പോള് ഒരു പ്രത്യേക മനസ്സുഖം ലഭിക്കുന്നതാണ്. മഹാലിംഗ

പ്രതിഷ്ഠയുടെ മുന്നിൽ മണ്ണിൽ 10 നിമിഷങ്ങളെങ്കിലും കിടന്ന് അവര് നിര്ബ്ബന്ധമായും സാഷ്ടാംഗം നമസ്ക്കരിക്കണം, എന്നാല് മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവരെ അത്തരം കാര്യങ്ങള് ഉപദേശിക്കേണ്ടതില്ല. അവര്ക്കറിയാം, എന്തു വേണം, എങ്ങനെ വേണമെന്ന്. പൊതുജനങ്ങളുടെ അറിവിലേക്കായി പറയുമ്പോള് ശാസ്ത്രീയമായ ആരാധനാ വാചകം, 1 തവണ മുതല് 3 തവണവരെ ചൊല്ലുകയാണ് അവര് ചെയ്യുന്നത്. ദേവാലയത്തില് തിരക്കില്ലെങ്കില് സാഷ്ടാംഗം കിടന്നുകൊണ്ട് 3 തവണ ചൊല്ലണം, തിരക്കുണ്ടെങ്കില് ഒരു തവണയും. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്നാണ് ചൊല്ലുക. മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവര്ക്ക് മഹാദേവിയുടെ ഭവനം ശുചിയാക്കാനും മഹാലിംഗത്തെ വെള്ളംകൊണ്ട് കഴുകുവാനും അവകാശവും അധികാരവുമുണ്ട്. അവര് സ്വയം ചെയ്യുന്നതുമാണ്. മാത്രമല്ല, ശുചിത്വ പാതയിലും, ആവശ്യ-പാതയിലും നില്ക്കുന്നവരെ കാണുകയും കേള്ക്കുകയും ചെയ്ത് പരിഹാരമെടുക്കാന് അവര് ഭരണാധികാരികളോട് മഹാശാസ്ത്രപ്രകാരം ആജ്ഞാപിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. ദേവാലയത്തിൽ സ്വയം പൂജാരികളോ പുരോഹിതരോ ആവാൻ ശ്രമിക്കില്ലാ എന്നതുപോലെ, പുരോഹിത-രീതികൾ ഉണ്ടാവാതെ കാക്കാൻ അവർ ശ്രദ്ധിക്കുന്നതുമാണ്. ധർമ്മശാസ്ത്രപരമായ സ്വയം ബാദ്ധ്യതയാണത്. കൂടുതൽ വിസ്തരിക്കുന്നില്ല.

മഹാദേവി, മഹാലിംഗ പ്രതിഷ്ഠയിൽ മഹാപ്രത്യക്ഷമാകും !

മഹാദേവിയുടെ മഹാഇഷ്ടം പോലെയെല്ലാം മഹാലിംഗത്തിൽ പ്രത്യക്ഷമാകുന്നതാണ്. മഹാഇഷ്ടമെന്നത് വ്യക്തികളുടെ ധര്മ്മശാസ്ത്ര പാലനത്തെ ആശ്രയിച്ചിരിക്കുന്നു.

പരമശിവനെ മഹാവാഹനമായ മഹാനരസിംഹമായി മഹാ-അനുഗ്രഹിക്കുകയും, മഹാനരസിംഹത്തിന്റെ ചുമലിൽ മഹാദേവി മഹാപ്രത്യക്ഷമാകുന്നതുമാണ്.

മഹാദേവി പ്രസ്തുത മഹാഭാഗ്യം എല്ലായ്പ്പോഴും പരമശിവനു മാത്രം മഹാ-അനുഗ്രഹിച്ചു നല്കുന്നതാണ്. ... വൈകാതെ പ്രസ്തുത മഹാഭാഗ്യം ഈയുള്ളവനു ലഭിക്കുമെന്നും അറിയുന്നു. മഹാനരസിംഹത്തെപ്പറ്റി പറയുമ്പോള്, ചിത്രങ്ങളിലും സിനിമയിലും ഒക്കെ ഈയുള്ളവനും കണ്ടിട്ടുള്ളതായ രൂപത്തിന് ഉപരിയായിട്ടുള്ള മഹാരൂപമാണെന്നാണ് അറിഞ്ഞിട്ടുള്ളത്. എന്നാൽ മഹാദേവി പൂർണ്ണമായും വെളിപ്പെടുത്തിയിട്ടില്ല. ആകയാൽ കൂടുതൽ വിശദീകരണങ്ങൾ നൽകാൻ തൽക്കാലം കഴിവില്ല. ഈയുള്ളവനെ മഹാനരസിംഹമായ അവിടുത്തെ വാഹനമാക്കുവാൻ എല്ലായ്പ്പോഴും കനിയേണമേ.... ഈയുള്ളവൻ അറിഞ്ഞും അറിയാതെയും കാട്ടിയിട്ടുള്ള പിഴവുകള്ക്ക്, അല്ലയോ മഹാദേവി, മനുഷ്യരെല്ലാം കാൺകെ ഈയുള്ളവന്റെ ചെവിക്കു പിടിച്ചും ശരീരത്തിൽ ചവിട്ടി മെതിച്ചും മഹാശിക്ഷിച്ച്

ഈയുള്ളവനെ എല്ലായ്പ്പോഴും മഹാസംശുദ്ധനാക്കി കരുതണമേ ... ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, പരമശിവനും പ്രാർത്ഥിക്കുന്നുണ്ട്; പ്രാർത്ഥനകൾ വേറെയുമുണ്ട്; പ്രാർത്ഥന അടിസ്ഥാന പരമായി പരമശിവന്റെ സ്വകാര്യമാണ്; മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരിഷ്ക്കരിക്കുന്നതുമാണ്. പ്രാർത്ഥനകൾ കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് മാറണമെന്നത് എല്ലാവർക്കും, ... എല്ലാ മനുഷ്യർക്കും ബാധകമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാലിംഗ പ്രതിഷ്ഠയിൽ, പരമശിവനെ പ്രത്യക്ഷമാക്കുന്നതാണ് !

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ പ്രതിനിധിയും മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനെ, മഹാദേവിയുടെ മഹാ-ഇഷ്ട പ്രകാരം, മഹാലിംഗത്തിൽ പ്രത്യക്ഷമാക്കപ്പെടുന്ന സന്ദർഭങ്ങൾ ഏറെ ഉണ്ടാകുന്നതാണ്. മഹാശക്തിയായ മഹാദേവി, തന്റെ ഭാഗവും മഹാദാസനുമായ പരമശിവന് നൽകുന്ന മറ്റൊരു ബഹുമതിയാണത്.

മഹാദേവനും മഹാദേവിയും മഹാശക്തിയായ മഹാജഗദംബ തന്നെയാണ്. എന്നിരിക്കിലും 50 വര്ഷത്തിൽ ഒരിക്കലുള്ള മഹാശിവരാത്രിയിൽ, മഹാദേവി, പരമശിവനെ മഹാശിവനും, മഹാദേവനും മഹാദേവിയുമാക്കുന്നുണ്ട്. മഹാലിംഗത്തിൽ മഹാശാസ്ത്രപരമായി പ്രത്യക്ഷമാക്കുവാനുള്ള യോഗ്യത പരമശിവനു നല്കുന്നതിന്റെ ഭാഗം കൂടിയാണത്. മഹാദേവിയുടെ മഹാവാഹനമായ മഹാനരസിംഹത്തിന്റെ രൂപത്തിലും, മഹാദേവി നിശ്ചയിക്കുന്ന മറ്റു രൂപങ്ങളിലും, മഹാപ്രപഞ്ചത്തിലെ ആവശ്യങ്ങള്ക്കായി മഹാദേവി മഹാലിംഗത്തിൽ പരമശിവനെ പ്രത്യക്ഷമാക്കുന്നതാണ്.

പരമശിവന് 4-ാമത്തെ സ്ഥാനമാണ് മഹാശക്തിചക്രത്തിലുള്ളത്. ആദ്യ 3 സ്ഥാനങ്ങളിലൂടെ മഹാദേവി മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും, രക്ഷകയും മഹാനീതിപതിയുമായിരിക്കുന്നു. പരമശിവൻ ചേരുമ്പോൾ സത്യം ശിവം സുന്ദരം ആകുന്നതിന് വീട്, മുറി, ഭിത്തി, എന്നിങ്ങനെ പ്രപഞ്ച കാര്യങ്ങളിലെല്ലാം മഹാദേവി 4-നെ ഉയർത്തിയിട്ടുണ്ട്; മഹാനീതിയുടെ വളരെച്ചെറിയ ഒരു ഭാഗത്തെയാണ് പരമശിവനിലൂടെ മഹാദേവി ചെയ്യുന്നതെങ്കിലും.

മനുഷ്യരുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി മഹാദേവി മഹാ-രചനകളെ നാടകങ്ങൾ പോലെ ആവിഷ്ക്കരിക്കുന്നതും, മഹാദേവിയുടെ മഹാ-

ഇഷ്ടങ്ങൾ പ്രകാരം, പരമശിവൻ മഹാരചനകളിലെ ഏകനായകനായും, മഹാദേവി മഹാനായികയായും അവതരിക്കുന്നതാണ്. കൂടുതല് വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദേവാലയങ്ങൾ എന്ന പേരിൽ ഭൂമിയിലെങ്ങും ഇന്നുള്ളവ ദേവാലയങ്ങളല്ല.

മഹാശക്തിയായും ബ്രഹ്മമായും മഹായജമാനയായും മഹാഭരണാധികാരിയായും മഹാനീതിപതിയായും മഹാമാതാവായും മഹാപിതാവായും മഹാദേവനായും മഹാദേവിയായും സൃഷ്ടി - സ്ഥിതി - സംഹാര കർത്താവായ ദൈവത്തെ കരുതാനാവുമെന്നും, ശാസ്ത്രീയമായ പ്രാർത്ഥനകളും പ്രാർത്ഥനാ രീതികളും ആരാധനാ കാര്യങ്ങളും എന്തൊക്കെയാണെന്നും എങ്ങനെയൊക്കെയാണെന്നും അടിസ്ഥാനപരമായി വിശദീകരിച്ചു കഴിഞ്ഞു.

മഹാശക്തിയായ മഹാദേവി, വൈകാതെ ഭൂമിയില് മായ പ്രത്യക്ഷമാക്കുമ്പോൾ മഹാശാസ്ത്രപരമായ ദേവാലയങ്ങൾ നിർമ്മിക്കപ്പെടുന്നതാണ്. ഭൂമിയിലെങ്ങും ഇന്നുള്ള യാതൊരു ദേവാലയങ്ങളും ധർമ്മശാസ്ത്രപരമായല്ല അഥവാ ദൈവീകമായല്ല പ്രവർത്തിക്കുന്നതെന്ന് സുവ്യക്തമാക്കിക്കഴിഞ്ഞു. ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും വീട്/ആലയം ഉണ്ടാക്കുകയും, മത-മനുഷ്യരുടെ

തോന്നിയവാസങ്ങള് കാട്ടാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുകയുമാണ്. കടുത്ത കടുത്ത കടുത്ത ദൈവനിന്ദയാണ് നടന്നുകൊണ്ടിരിക്കുന്നത്. പൈശാചികത്വം മൂത്ത്, ദൈവത്തിന് റെ മറ്റു കുഞ്ഞുങ്ങളെ കൊല്ലാനുള്ള ബോംബുകളും മറ്റ് ആയുധങ്ങളും സൂക്ഷിക്കാനും പരിശീലിപ്പിക്കാനുമുള്ള കേന്ദ്രങ്ങളാക്കി അനേകം ആലയങ്ങളെ മാറ്റിയിട്ടുമുണ്ട്. പൈശാചിക-ആലയങ്ങളാകയാല് അവയ്ക്കെല്ലാം ജനങ്ങളുടെ ചിലവിൽ പോലീസ് സംരക്ഷണം എന്ന സംരക്ഷണമില്ലാത്ത സംരക്ഷണവും നടത്തുകയാണ്. പോലീസിനെ സംരക്ഷിക്കാൻ മറ്റൊരുകൂട്ടാം പോലീസിനെയും, അവരെ സംരക്ഷിക്കാൻ വേറൊരു കൂട്ടം പോലീസിനെയും എന്നിങ്ങനെ ആവശ്യമാക്കുന്ന വ്യവസ്ഥിതികളാണ് ഇന്നുള്ളത്. ചുരുക്കത്തിൽ ധർമ്മശാസ്ത്രപരമായിട്ട് ഒരു സമ്പൂർണ്ണ അഴിച്ചുപണി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആവശ്യമുണ്ട്. ദേവാലയം എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെപ്പറ്റി തുടരുമ്പോൾ കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രം, സൗദി അറേബ്യയിലെ മക്കയിലുള്ള പള്ളി എന്നിങ്ങനെ നാമ-മാത്രമായ ദേവാലയങ്ങളെ മാത്രമാണ് ധർമ്മശാസ്ത്രപരമായിട്ട് പരിഷ്ക്കരിക്കാൻ കഴിയുക. അല്ലാത്തവയെ പൊളിച്ചുതന്നെ കളയേണ്ടി വരും, എന്നാൽ പൊളിച്ചു കളയുന്നതും ധർമ്മശാസ്ത്രപര മായിത്തന്നെ വേണം. കേരളത്തിലെ മൂന്നാറില് നല്ല കെട്ടിടങ്ങളെ പിശാചുക്കളായവർ പൊളിച്ചു കളഞ്ഞതുപോലെ ആവരുത്. ദേവാലയങ്ങള് എന്ന കള്ളപ്പേരില് പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെ ഭരണകൂടം

ഏറ്റെടുത്ത് സത്രം, ആഡിറ്റോറിയം, ശൗചാലയം, എന്നിങ്ങനെ ജനങ്ങളുടെ മറ്റു പൊതു ആവശ്യങ്ങള് ക്കായി ഉപയോഗിക്കുകയാണു വേണ്ടത്. ഇന്ത്യയിലെ ഹൈന്ദവ/ഹിന്ദുമത ദേവാലയങ്ങളെപ്പറ്റി പറയുമ്പോൾ, ആദ്യമഹാകാലചക്രത്തിലെ ഭരണാധി കാരികളുമായാണ് അവയ്ക്ക് മുഖ്യബന്ധം. പുതിയ മഹാകാലചക്രത്തില് മഹാശക്തിയായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നേരിട്ട് ഏറ്റെടുക്കുന്നതോടെ, ക്ഷേത്രങ്ങളിലെ ദേവതകളും-ഉപദേവതകളുമെല്ലാം പിൻവലിക്കപ്പെട്ട് ഏകമഹാശക്തിയായ മഹാദേവിയെ മാത്രം യഥാകാലം ആരാധിക്കുന്നവരായും, മഹാദേവിയോടു മാത്രം പ്രാർത്ഥിക്കുന്നവരായും മാറുന്നതാണ്.

ഭൂമിയിലുള്ളവരെല്ലാം മത-ജാതികളെ ഉപേക്ഷിച്ച് മനുഷ്യരാകുന്നതാണ്. കുതന്ത്രങ്ങളിലൂടെയും കടുത്ത നീചവൃത്തികളിലൂടെയും ദൈവമാകാന് ശ്രമിച്ച പൈശാചിക-രാജാവിനെ നൂറ്റാണ്ടുകളായിട്ട് അനുക്രമമായി വര്ദ്ധിച്ച രീതിയില് പൂജിച്ചും ആരാധിച്ചും വരുന്ന ഹിന്ദുമത-നേതൃത്വങ്ങളെല്ലാം തങ്ങൾ ചെയ്തുപോരുന്ന കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത അധമത്തങ്ങളുടെ ആഴം മനസ്സിലാക്കണം. മഹാദേവിയോട്, പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച നീചന് ചെയ്ത പ്രവൃത്തികള് ക്ക് എങ്ങനെ ശിക്ഷിക്കണം എന്നു ചിന്തിക്കുമ്പോള് , കുട്ടത്തില് മുമ്പ് പറഞ്ഞതുപോലെ, മഹാശാസ്ത്രം നേടിത്തരുന്ന എല്ലാ സുഖസൗഭാഗ്യങ്ങളും ആസ്വദിച്ചു ജീവിച്ചുകൊണ്ട്, ദൈവകാര്യത്തിൽ ശാസ്ത്രപരമായ സമീപനം പുലർത്താഞ്ഞതിനും കടുത്ത അധമത്തങ്ങള് തങ്ങള്

കാട്ടിയതിനും തങ്ങളെ എങ്ങനെ ശിക്ഷിക്കണം എന്നുകൂടി ചിന്തിക്കണം. കുഞ്ഞുങ്ങളെ, വിഷമിക്കേണ്ട. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം നിറയെ മഹാവാത്സല്യമാണ്. മഹാമാതാവ് വളരെ ക്ഷമിക്കുന്നതുമാണ്. സന്തോഷമായിരിക്കുവിൻ. ദേവീ ശരണം, മഹാദേവീ ശരണം, മണ്ണടി ദേവി മാത്രം ശരണം എന്നിങ്ങനെ മണ്ണടിയിലേക്ക് ശരണമന്ത്രങ്ങളു മായി പോകാനും പ്രാര് ത്ഥിക്കാനും ആരാധിക്കാനും എല്ലാ കുഞ്ഞുങ്ങൾക്കും യഥാകാലം കഴിയുന്നതാണ്.

ഒരു നാട്ടില് ഒരു ദേവാലയം മാത്രമേ വേണ്ടൂ. നാടിന്റെ അതിരുകളെ നിശ്ചയിക്കുന്നത് നാടും ഭൂമിയുമായ ദൈവം തന്നെയാണ്. ഒരു പ്രത്യേക നാട്ടുകാർ എന്ന് ജനങ്ങൾ കരുതുന്നത് അജ്ഞാനം കൊണ്ടാണ്. ഭൂമിയുടെ അംശമായ നാടും ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചവും മുഴുവൻ ദൈവത്തിന്റെ നാടാണ്.

മഹാശക്തിയായ മഹാദേവി, വൈകാതെ ഭൂമിയില് മായ പ്രത്യക്ഷമാക്കുമ്പോള് നാട്ടിലെ ഏതെങ്കിലും ദേവാലയത്തെ ധർമ്മശാസ്ത്രപരമായി പരിഷ്ക്കരി ക്കാൻ എളുപ്പമാണ്, നല്ലതാണ് എന്നു തോന്നിയാല് പരിഷ്ക്കരിക്കുക. മതപരമായ എല്ലാ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളയുക. ദേവാലയങ്ങള് എന്ന കള്ളപ്പേരിലുള്ള മറ്റ് പൈശാചികാലയങ്ങളിലെ മതപരമായ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളഞ്ഞുകൊണ്ട്, പൊതു ആവശ്യങ്ങളായ ആഡിറ്റോറിയം, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായി പരിണമിപ്പിക്കുക. സമൂഹത്തിൽ ഇന്നുള്ള ഭരണകാര്യാലയങ്ങളിലെ പിശാചുക്കള് ക്കും,

മതപ്പിശാചുക്കൾക്കും, രാഷ്ട്രീയപ്പിശാചുക്കൾക്കും ഒക്കെ തങ്ങളിലെ പിശാചുക്കളെ പുറന്തള്ളിക്കൊണ്ട് ധർമ്മശാസ്ത്രപരമായി സംശുദ്ധരാവാനുള്ള ആർജ്ജവം ഉണ്ടെങ്കിൽ നല്ലതാണ്. പ്രവൃത്തിയിൽ കാണിക്കുക. മഹാമാതാവായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളെപ്പറ്റി അഭിമാനിക്കാൻ കഴിയട്ടെ.

നാട്ടിലുള്ള അനേകം ഭരണ കാര്യാലയങ്ങള് തീര് ത്തും അശാസ്ത്രീയമാണ്. തൊഴിലുകളെപ്പറ്റിയുള്ള 5 അദ്ധ്യായങ്ങളിലും ഗ്രന്ഥത്തിലെ 4-ാം ഭാഗത്തും ആവക കാര്യങ്ങളെ വ്യക്തമാക്കിയിട്ടുണ്ട്. അവ പിരിച്ചുവിട്ടു കൊണ്ട് സാമൂഹ്യമായ ആവശ്യങ്ങൾക്കും, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായും പരിണമിപ്പിക്കണം. കൂടുതല് വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാദശമി, ശിവരാത്രി, ~~മഹാശിവരാത്രി~~

ആഘോഷങ്ങൾ ധര്മ്മശാസ്ത്രപരമായിരിക്കണം, അഥവാ ദൈവീകമായിരിക്കണം. പോരാ, ദൈവത്തിന്റെ പേരില് ആഘോഷങ്ങള് നടത്തുന്നുവെങ്കില്, നീതിശാസ്ത്രപരം കൂടിയാവണം, അഥവാ ദൈവത്തിന്റെ ഇഷ്ടംപ്രകാരംകൂടിയാവണം. ഭൂമിയിലൊക്കെയുമുള്ള മനുഷ്യര് ഒരേ കാലത്ത്/സമയത്ത് ഒരേപോലെയുള്ള ചടങ്ങുകള് നടത്തിക്കൊണ്ട് ആനന്ദിക്കുന്നുവെങ്കില് അത് ഒരു ആഘോഷമാണ്. വിവാഹത്തെ ആഘോഷമാക്കാം, എന്നാല് ഏതാനും വ്യക്തികളില്

മാത്രം ഒതുങ്ങുന്ന പ്രാദേശികമോ, കുടുംബപരമോ ആയ ആഘോഷമാണത്. ചടങ്ങുകള് : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായം പഠിക്കുമ്പോള്, ഒരു വിവാഹത്തില് പങ്കെടുക്കുന്നവരുടെ എണ്ണത്തിന് ധര്മ്മശാസ്ത്രപ്രകാരമുള്ള പരമാവധി 100 ആണെന്നു കാണാം.ഭൂമിയിലൊക്കെയുമുള്ള ജനങ്ങള്ക്ക് പൊതുവായ ആനന്ദത്തെ നല്കുന്ന ആഘോഷത്തെ മഹാആവിഷ്ക്കരിക്കണമെങ്കില്, അത് ഭൂമിയിലെങ്ങും (മഹാപ്രപഞ്ചത്തിലെങ്ങും, അതീതമായും) മഹാവ്യാപരിക്കുന്ന മഹാശക്തിയായ മഹാദേവിയെ ഉള്പ്പെടുത്തിക്കൊണ്ടു മാത്രമേ കഴിയൂ.ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള മഹാദേവി, ആനന്ദങ്ങള്ക്ക് അതീതമാണ്. എന്നാൽ താൻ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതുമായ ഭൂമിയിലെങ്ങുമുള്ള കുഞ്ഞുങ്ങള് ധര്മ്മശാസ്ത്ര പരമായിട്ട് ആനന്ദിക്കുമ്പോള്, മഹാദേവിയും ആനന്ദിക്കുന്നു.ഗ്രന്ഥത്തിലെ 2-ാം ഭാഗത്തില് കാലഗണനകളെ വിശദമാക്കിയിട്ടുണ്ട്. 28 ദിവസം വച്ചുള്ള 13 മാസങ്ങള് ചേര്ന്നതായ 1 വര്ഷത്തില്, 28+1 =29 ദിവസങ്ങളുള്ള ഏക മാസം ആഹ്ലാദത്തിനായും ആഘോഷത്തിനായും ഉപയോഗിക്കാനുള്ളതാണ്. മാനുഷിക ആഘോഷങ്ങളെ ധര്മ്മശാസ്ത്രവുമായാണ് ബന്ധിപ്പിക്കേണ്ടത്. അതായത് വസന്തകാലം, വിളവെടുപ്പ് തുടങ്ങിയവയുമായി. ദൈവീകതലത്തില്, വര്ഷത്തില് 1 ദിവസം മാത്രമാണ് ദേവാലയത്തില് ആഘോഷം അനുവദിച്ചിട്ടുള്ളത്. ദേവാലയത്തിനു വെളിയില് ധര്മ്മശാസ്ത്രപരമായി വിനോദിക്കുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനെ ദേവാലയവുമായി ബന്ധിപ്പിച്ച് ദേവാലയത്തിന്റെ പവിത്രത കളഞ്ഞുകൂടാ. ദേവിയുടെ ആലയമായി നല്കിക്കഴിഞ്ഞാല്, പിന്നീട് മനുഷ്യരുടെ തോന്നിയവാസങ്ങള് നടത്താനുള്ള കേന്ദ്രമാക്കിക്കൂടാ. 28 ദിവസം വച്ചുള്ള കണക്കനുസരിച്ച്

എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. വര്ഷത്തിലെ 1 അധിക ദിവസത്തെയും, 4 വർഷത്തിലൊരിക്കലുള്ള 2 അധിക ദിവസങ്ങളെയും പ്രാര്ത്ഥനാ ദിവസങ്ങളായി നിശ്ചയിച്ചിരിക്കുകയാണ്. അപ്പോഴും എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. 4 വര്ഷങ്ങത്തില് ഒരിക്കലുള്ള രണ്ടാമത്തെ അധിക ദിവസമാണ് ശിവരാത്രി. ശിവരാത്രി എന്നാൽ ശിവന്റെ രാത്രി എന്നും, ശിവന് പ്രത്യേക ധർ മ്മങ്ങളെ ചെയ്യാനുള്ള രാത്രിയെന്നുമാണ് മനസ്സിലാക്കേണ്ടത്. ഭൂമിയിലിള്ള മനുഷ്യര്ക്കെല്ലാമുള്ള രാത്രിയല്ല എന്നും സുവ്യക്തമാണ്. മനുഷ്യന് 100 ജന്മങ്ങളുള്ളതില് 90 മുതല് 95 വരെയുള്ള ഒരു ജന്മത്തിൽ മാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും മഹാശക്തിയായ മഹാദേവി, പ്രതിനിധിയും മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നല്കുന്നുണ്ട്. ശിവരാത്രിയിലാണത്. ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട് എന്ന് മുമ്പ് ഭാഗം 1-ലും മറ്റും വിശദീകരിച്ചതാണ്. ശിവരാത്രിയില് യാതൊരു ആഘോഷങ്ങളും പാടില്ലായെന്നും, ദൈവത്തെ ആരാധിക്കാൻ യോഗ്യത നേടുന്നവരുമായി ബന്ധപ്പെട്ട ചടങ്ങുകളാണുള്ളതെന്നും, മനുഷ്യരിൽ അവർക്കു മാത്രമാണ് കാര്യമെന്നും അറിയുക.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാഗ്രന്ഥത്തിലെ ചില പ്രധാന അദ്ധ്യായങ്ങളെക്കൂടി ഉദ്ധരിക്കുന്നു.

www.omsathyam.com വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന *മഹാഗ്രന്ഥത്തിലെ* 4 അദ്ധ്യായങ്ങളെ മാത്രം ചുവടെ ചേർത്തിരിക്കുന്നു.

വെളിപാടുകളെ ലഭിക്കുന്ന മുറയ്ക്ക് മഹാഗ്രന്ഥത്തിൽ മഹാഉചിതമായ പരിഷ്ക്കാരങ്ങളും തിരുത്തലുകളും ചെയ്തു കൊണ്ടിരിക്കുമെന്നും അടുത്ത ഏതാനും ദശാബ്ദങ്ങളിൽ / നൂറ്റാണ്ടുകളിൽ വെളിപ്പെടുന്നവയും കാലാനുസൃതമായി കൂട്ടിച്ചേർക്കേണ്ടതാണ് എന്നും മുമ്പ് വ്യക്തമാക്കിയതാണ്. അതായത് അടിസ്ഥാന പരമായി 3 ~~+1 = 4~~ വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു എങ്കിലും മഹാദേവിയുടെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രം / വേദങ്ങൾ ആദിയും അന്തവും ഇല്ലാതെ മഹാശിവമാകുന്നതാണ്.

മനുഷ്യരും മറ്റുള്ള ജീവികളും തമ്മിൽ കാമകാര്യങ്ങളിലുള്ള വ്യത്യാസങ്ങൾക്ക് ശാസ്ത്ര വികസനവുമായും മോക്ഷവുമായും തീവ്രബന്ധമുണ്ട്.

(അദ്ധ്യായം 4 -ഭാഗികമായി ഉദ്ധരിച്ചിരിക്കുന്നു.)

*മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം ദൈവം വെളിവാക്കുന്നതും മനുഷ്യന് കൂടുതൽ ആനന്ദം നല്കുന്നതും വ്യക്തമായ

ഉദ്ദേശത്തോടെയാണ്. ആനന്ദത്തിന്റെ കലവറകൾ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുവാനും ആത്മീയ സാക്ഷാത്ക്കാരത്തിൽ എല്ലാ ആനന്ദങ്ങളും അനന്തങ്ങളായി അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കാനുമാണത്.*

മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രകാര്യങ്ങളെ ഉൾക്കൊള്ളാനാവുന്ന ബുദ്ധിശക്തികളും ഓർമ്മശക്തികളും മനുഷ്യൻ എന്ന ഒരു ജീവിക്കു നൽകിയതും, മറ്റുള്ള ജീവികൾക്ക് അത് നൽകാതെ മനുഷ്യനു മാത്രമായി പരിമിതപ്പെടുത്തിയതും മനുഷ്യൻ എന്ന ജീവിയല്ല, സ്രഷ്ടാവായ ദൈവമാണെന്നതും മറ്റുള്ള ജീവികൾക്കെല്ലാം പ്രസ്തുത ശാസ്ത്രബുദ്ധികളെ ലഭിച്ചിരുന്നുവെങ്കിൽ പ്രപഞ്ചഗതി മാറ്റപ്പെടുമായിരുന്നല്ലോ എന്നതുംകൂടി ഏതാനും നിമിഷം ചിന്തിച്ചശേഷം തുടരുക.

// മഹാശാസ്ത്രകാര്യങ്ങളെ മനുഷ്യനെ അറിയിക്കണമെങ്കിൽ, മനുഷ്യനെ മറ്റുള്ള ജീവികളുടെ ജീവിതരീതിയിൽ നിന്നും അകറ്റി പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ ജനസമൂഹവും രാഷ്ട്രവും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ ശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്. മഹാപ്രപഞ്ചത്തിൽ ലഭ്യമാക്കിയിട്ടുള്ള അനന്തങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദകാര്യങ്ങളും, ആനന്ദ കാര്യങ്ങളെ

ബന്ധിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്രവികസനവും, മനുഷ്യരും മറ്റുള്ള ജീവികളിലും തമ്മിലുള്ള മുഖ്യവ്യത്യാസങ്ങളും, സൃഷ്ടിയിൽ സ്ത്രീയ്ക്കു മാത്രമുള്ള അധികാരവും, ദൈവം മനുഷ്യനു നല്കുന്ന മോക്ഷവും ബന്ധിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രപരമായ ജീവിതപദ്ധതിയാണത്. //

മഹാശാസ്ത്രത്തിന്റെ അനന്തമായ ശാഖകളിൽ വികസനം നടക്കണമെങ്കിൽ അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കിൽ ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്. മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തിലൂടെ മാത്രമേ മനുഷ്യൻ എന്ന ജീവിയെ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കാനാവൂ. മനുഷ്യരുടെ ചുറ്റുമുള്ള പശു, ആട്, പൂച്ച, മുയൽ, പട്ടി, എരുമ, പുലി, സിംഹം തുടങ്ങിയ ജീവികളെല്ലാം രക്തബന്ധങ്ങൾ വിഷയമല്ലാതെ കാമബന്ധങ്ങളിൽ ഏർപ്പെടുമ്പോലെ മനുഷ്യജീവിയും ഏർപ്പെടുകയാണെങ്കിൽ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികൾ സാധ്യമല്ലാതെ വരും. അതു കണക്കാക്കിക്കൊണ്ട് മഹാശക്തിയായ ദൈവം മനുഷ്യരുടെ ജനന- ജീവിത- മരണങ്ങളിലെ എല്ലാ അവസ്ഥകളും മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നമായി സംവിധാനം ചെയ്തിരിക്കയാണ്.

രണ്ട് ഉദാഹരണങ്ങൾ പറയാം. 1) ഒരു ആട് 2-3 കുട്ടികളെ പ്രസവിക്കുമ്പോൾ ഏതാനും മിനുട്ടുകൾ

കൊണ്ടുതന്നെ ആട്ടിൻകുട്ടികൾ എണീറ്റ് ചാടുകയും ഓടുകയും ചെയ്യുന്നു, ആടിന്റെ പാൽ ഉൾപ്പെടെയുള്ള പരിചരണം ആട്ടിൻകുട്ടികൾക്ക് കുറഞ്ഞ നാളുകളിലേക്ക് മതിയാകുന്നു,

ഏതാനും ആഴ്ചകൾകൊണ്ട് ആട്ടിൻകുട്ടികളും പൂച്ചക്കുഞ്ഞുങ്ങളും മറ്റും പ്രായപൂർത്തിയാകുന്നു. അവയുടെ ഇണകളായി സഹോദരങ്ങളും മാതാവും പിതാവുമൊക്കെ പരിണമിക്കുന്നുണ്ട്; എന്നാൽ മനുഷ്യരുടേതു പോലെയുള്ള രക്തബന്ധ രതിനിയന്ത്രണബോധം മറ്റുള്ള ജീവികൾക്ക് വേണമെന്ന് മതനേതൃത്വങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യർ പറയില്ല, മനുഷ്യർക്ക് നിയന്ത്രിക്കാനാവുന്ന കാര്യങ്ങളുമല്ല അവ. നിയന്ത്രിക്കേണ്ടതായ ആവശ്യവും ഉണ്ടാകുന്നില്ല. അതേസമയം, അവയുടെ സ്രഷ്ടാവും രക്ഷകനും മഹാനീതിപതിയുമായ ദൈവം അത്തരം കാമബന്ധങ്ങളെ മറ്റുള്ള ജീവികൾക്ക് അനുവദിച്ചിരിക്കുന്നു എന്ന് പ്രകടമായും വെളിപ്പെടുന്നുണ്ട്.

2) മനുഷ്യക്കുഞ്ഞിനെ പ്രസവിക്കുമ്പോൾ കുഞ്ഞിന് ചരിഞ്ഞുകിടക്കുവാൻ പോലും പരസഹായം ആവശ്യമാക്കിക്കൊണ്ട് പരസ്പര സഹകരണം എന്ന അടിസ്ഥാനഘടകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, കുഞ്ഞ് കുട്ടിയാവാനും കുട്ടി കുമാരനോ കുമാരിയോ ആവാനും യുവാവോ

യുവതിയോ ആവാനും വൃദ്ധനോ വൃദ്ധയോ ആവാനും .... നീണ്ട വർഷങ്ങൾതന്നെ ആവശ്യമാക്കിയിരിക്കുന്നു, *പ്രായേണ ശാസ്ത്രജ്ഞാനം ഉണ്ടാകുംവിധം ശാരീരിക വളർച്ച ഉൾപ്പെടെയുള്ള കാര്യങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു; അങ്ങനെയല്ലാതെ മനുഷ്യക്കുഞ്ഞുങ്ങൾ ഒരുവർഷക്കാലം കൊണ്ട് യുവാവോ യുവതിയോ ഒക്കെയായി വളർന്നിരുന്നെങ്കിൽ മനുഷ്യരുടെ ജീവിതം മറ്റുള്ള ജീവികളുടേതുപോലെ തന്നെ ആകുമായിരുന്നു എന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്.

മറ്റുള്ള ജീവികളിലെ കാമബന്ധങ്ങളെപ്പറ്റി അനേകർ മുമ്പ് ചിന്തിച്ചിട്ടുണ്ടാവില്ല. ദൈവം അരുതാത്തത് എന്തോ ചെയ്യുന്നുവെന്ന തോന്നൽ ഉണ്ടാകുന്നുവെങ്കിൽ അത് സൃഷ്ടിയെപ്പറ്റിയുള്ള അജ്ഞാനം കൊണ്ടാണ്. സൃഷ്ടിഹേതുവായ ഇത്ര അണ്ഡം താൻ സൃഷ്ടിച്ചുവെന്ന് സ്ത്രീയ്ക്കോ, ഇത്ര ബീജങ്ങൾ സൃഷ്ടിച്ചവെന്ന് പുരുഷനോ അവകാശപ്പെടാനാവില്ല എന്നതുപോലെ, ഏതുവിധത്തിൽ ജീവിയെ അഥവാ കുഞ്ഞിനെ സൃഷ്ടിക്കുന്നുവെന്ന കാര്യവും കാമബന്ധത്തിൽ ഏർപ്പെടുന്നവർക്ക് അജ്ഞാതമാണ്. എല്ലാ ജീവികൾക്കും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നത് ദൈവത്തിന്റെ സൃഷ്ടി സംവിധാനമാണ്. ജീവികൾ കാമാനന്ദത്തിൽ ഏർപ്പെടുന്നു; ദൈവം സൃഷ്ടി നടത്തുന്നു. ഭ്രൂണത്തിന് ഹേതുവാകുന്ന യാതൊരു കാര്യങ്ങളും തങ്ങളിലെ 'ഞാൻ ബോധം' അഥവാ

ജീവാത്മാവ് സൃഷ്ടിച്ചുവെന്ന് സ്ത്രീയ്ക്കും പുരുഷനും അവകാശപ്പെടാനാവില്ല. ഭ്രൂണത്തിന്റെ അവയവങ്ങൾ സൃഷ്ടിക്കപ്പെടുന്നതും വളരുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിശ്ചയിക്കുന്നതും മാതാപിതാക്കളല്ല; മനുഷ്യസ്ത്രീ ഓന്തിനെ പ്രസവിച്ചാലും മുയലിനെയോ മാങ്ങയെയോ പ്രസവിച്ചാലും വായ്പിളർന്ന് നോക്കിനിൽക്കാൻ മാത്രമേ മനുഷ്യർക്കു കഴിയൂ.

കുഞ്ഞുങ്ങളുടെ ശരീരകാര്യത്തിൽ മാത്രമല്ല, കുഞ്ഞുങ്ങളിലെ സ്വത്വബോധമായും കൂടി കണക്കാക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ ആത്മാവിനെ ശരീരത്തിൽ പ്രവേശിപ്പിച്ചിട്ടുള്ളതും മനുഷ്യ-മാതാപിതാക്കളുടെ അറിവുകൾക്കും നിയന്ത്രണങ്ങൾക്കും അതീതമായാണ്. മാതാപിതാക്കളല്ല സൃഷ്ടി നടത്തുന്നത്, ദൈവമാണെന്നു ചുരുക്കം.

മേൽ ഖണ്ഡികയിലെ വിശദീകരണങ്ങളിൽ നിന്ന് കുഞ്ഞുങ്ങളും മാതാപിതാക്കളും, മുത്തച്ഛന്മാരും മുത്തശ്ശിമാരും, അങ്ങനെ സമസ്ത ജീവികളും യഥാർത്ഥത്തിൽ ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്നും വ്യക്തമാകുന്നുണ്ട്. ഒരു ജീവിയും മറ്റു ജീവികളുടെ ആരുമല്ല, എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രം എന്ന മഹാസത്യമാണ് വെളിപ്പെടുന്നത്. മാത്രമല്ല, ദൈവവും ദൈവത്തിന്റെ മഹാദാസനായ പരമശിവനും മനുഷ്യക്കുഞ്ഞങ്ങളായി ജനിച്ച് മനുഷ്യാവതാരം എടുക്കുമ്പോൾ അവരുടെ മാതാപിതാക്കളായി തോന്നുന്ന മനുഷ്യർ യഥാർത്ഥത്തിൽ ദൈവത്തിന്റെയോ ദൈവ ഭാഗം മാത്രമായ പരമശിവന്റെയോ

മാതാപിതാക്കൾ ആകുന്നില്ലെന്നും, മനുഷ്യ-ദമ്പതികളുടെ കുഞ്ഞായി ദൈവം അവതരിക്കുമ്പോൾ, കുഞ്ഞിന് മാതാപിതാക്കളുടെ മാതാവും പിതാവും സ്രഷ്ടാവും ആകാനാവുമെന്നും തെളിയിക്കപ്പെടുന്നുണ്ട്.

മനുഷ്യരെ കാമാനന്ദത്തിൽ നിന്നും അകറ്റുകയല്ല; മറിച്ച് ശാസ്ത്രീയമായി ഉയർത്തുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്; സംഭവിക്കുന്നത്. അല്പം വിശദീകരിക്കാം: മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതത്തെ തലമുറകളിലൂടെ മുന്നോട്ടു നയിക്കുന്ന പരമാനന്ദമായി ദൈവം മഹാനിശ്ചയിച്ചിട്ടുള്ളത് കാമാനന്ദത്തെയാണ്. പ്രായം, ആരോഗ്യം, തൊഴിൽ തുടങ്ങിയവയിലെ വ്യത്യാസങ്ങൾക്കൊത്ത് മനുഷ്യരുടെ ആനന്ദകാര്യങ്ങൾ വ്യത്യസ്തമായിരിക്കുമ്പോഴും, ഊർജ്ജസ്വലമായ യൗവ്വനകാലത്തിൽ പ്രേമവും കാമവും തന്നെയാണ് പരമാനന്ദം. ഒരു പ്രത്യേക മാനം കൂടി മനുഷ്യരുടെ കാര്യത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് : മറ്റുള്ള ജീവികളിൽ നിന്നും വളരെ വ്യത്യസ്തമായി, നഖവും തലമുടിയും ഉൾപ്പെടെയുള്ള ബാഹ്യ ശരീരഭാഗങ്ങളിലെല്ലാം കാമാനന്ദം ഉണ്ടാകും വിധം ശരീരവും മനസ്സും ക്രമീകരിക്കപ്പെട്ടിരിക്കുകയാണ്. ആകയാൽ മനുഷ്യജീവികൾക്കു മാത്രം സ്വന്തമായിരിക്കുന്ന ശാസ്ത്ര വികസനത്തിലൂടെ മനുഷ്യരുടെ ആനന്ദകാര്യങ്ങൾ വർദ്ധിക്കുമ്പോഴും കാമാനന്ദം പിന്നിലാവുന്നില്ല. മാത്രമല്ല കാമാനന്ദം വർദ്ധിതമായി ലഭിക്കാനുള്ള ശാസ്ത്ര സൗകര്യങ്ങളും ലഭ്യമാകുന്നു. അതുപോലെ, ശാസ്ത്രവികസനത്തിലൂടെ ആനന്ദകാര്യങ്ങൾ വർദ്ധിക്കുമ്പോഴും മനുഷ്യർ ഉൾപ്പെടെയുള്ള ജീവി-വർഗ്ഗത്തിന്റെ അടിസ്ഥാന ആനന്ദം

ജീവികൾ തമ്മിലുള്ള വാത്സല്യം, സ്നേഹം, പ്രേമം, കാമം, തുടങ്ങിയവയിലാണ്. കാരണം ജീവികളുടെ 'നിർമ്മാണം അഥവാ ഘടന' വാത്സല്യം, സ്നേഹം, പ്രേമം, കാമം, തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോ ജീവിവർഗ്ഗത്തെയും സ്ത്രീയും പുരുഷനും എന്ന രണ്ടുജാതികളാക്കുകയും ശാസ്ത്രപരമായി കൂട്ടിയിണക്കുകയും ചെയ്തിരിക്കുക യാണ്.

ജീവികളുടെ ആനന്ദമാണ് പ്രധാനമെന്നും എല്ലാ ജീവികളുടെയും യഥാർത്ഥ മാതാവും-പിതാവും ദൈവമാണെന്നും, ജീവിബന്ധങ്ങൾക്ക് കാമകാര്യങ്ങളിൽ സ്ഥാനമില്ലെന്നും വ്യക്തമാക്കപ്പെടുന്നു വെങ്കിലും,

മറ്റുള്ള ജീവികളിലെ കാമാവസ്ഥ മനുഷ്യരുടെ കാര്യത്തിൽ സ്രഷ്ടാവ് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യരോടുള്ള പ്രത്യേക സ്നേഹവാത്സല്യങ്ങളെയും ശാസ്ത്ര വികസനത്തെയും മോക്ഷത്തെയും മുൻനിർത്തി *മനുഷ്യർക്കായി പുതിയൊരു കാമവ്യവസ്ഥ ദൈവം മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്.* മനുഷ്യജീവിതത്തെ *കുടുംബം, സമൂഹം, നാട്, രാജ്യം എന്നിങ്ങനെ ക്രമീകരിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളെ മനുഷ്യന്

വിശദമാക്കാനാവൂ* എന്ന് മഹാശാസ്ത്രപ്രകാരം തന്നെ മഹാനിശ്ചയിച്ചിരിക്കുകയാണ്. മാത്രമല്ല, ഭ്രൂണത്തെ പോഷണം നല്കി കുഞ്ഞാക്കുവാനും, മഹാശാസ്ത്ര പ്രകാരമുള്ള അവയവ വളർച്ച പൂർത്തിയാക്കി ക്കൊണ്ട് കുഞ്ഞാകുംവരെ തന്റെ ശരീരത്തിൽ വഹിക്കുവാനും പ്രസവിക്കുവാനും, പാലൂട്ടാനും, കരുതി വളർത്താനുമൊക്കെ ചുമതലപ്പെടുത്തിയിട്ടുള്ള അമ്മയെ /സ്ത്രീയെ ദൈവം പ്രത്യേക അധികാരം നൽകി ഉയർത്തുന്നുമുണ്ട്. സ്ത്രീയുടെ ദാസനായി പുരുഷനെ ശാസ്ത്രപരമായി പരിമിതിപ്പെടുത്തുന്ന കാര്യങ്ങൾ അറിയുമ്പോൾ പുരുഷന്റെ എല്ലാ അഹംഭാവങ്ങളും അഹങ്കാരങ്ങളും അനീതികളും അസ്തമിക്കുന്നതാണ്, കുടുംബം ആനന്ദകരമാവുന്നതാണ്. ..

മനുഷ്യർക്കായി ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേകമായ കാമവ്യവസ്ഥ : മുഖ്യമായും 4 കാര്യങ്ങളിൽ അധിഷ്ഠിതമാണ് :

1) ഏറ്റവും പ്രധാനവും ആദ്യത്തേതും കാമലീലകൾ സ്വകാര്യമാവണം, പരസ്യമാവരുത് എന്നതാണ്. കാമലീലകളിൽ സ്ത്രീയും പുരുഷനും ഏർപ്പെടുന്നത് മറ്റുള്ളവരെ കാണിച്ചാവരുത് എന്ന് ശാസ്ത്രം വിധിക്കുന്നു. സ്വകാര്യത പാടില്ലെന്നു കരുതുന്നവർ തങ്ങളുടെ കുട്ടികളും സഹോദരങ്ങളും മാതാപിതാക്കളും അയൽവാസികളും സമൂഹത്തിലെ ഏതൊരാളും കാൺകെ എവിടെവച്ചും തങ്ങൾക്കും അവർക്കും കാമകാര്യങ്ങൾ ആവാം എന്ന് സമ്മതിക്കേണ്ടി വരും.

മാത്രമല്ല, സ്ത്രീപുരുഷന്മാർക്ക് യാതൊരു ബന്ധങ്ങളും വിഷയമല്ലാതെ എവിടെവച്ചും പരസ്യമായും കൂട്ടമായും കാമലീലകൾ ആവാമെന്നത് സമൂഹത്തിൽ വസ്ത്രത്തിന്റെ ആവശ്യം ഇല്ലാതാക്കുന്നതാണ്; അനേകം ഇണകളെ ആഗ്രഹിക്കുന്ന കാമവൈവിധ്യം സാർവ്വത്രികമാകുന്നതും സമൂഹം മൊത്തത്തിൽ കലഹങ്ങളിലും നാശത്തിലും പതിക്കുന്നതുമാണ്.

ദമ്പതികളുടെ സ്വകാര്യമായിരിക്കേണ്ടതായ കാമകാര്യങ്ങളെ പരസ്യമാക്കുന്ന വിഷച്ചെടികൾ ഭൂമിയിലെങ്ങും വളർന്നുകൊണ്ടിരിക്കുന്നുണ്ട്. ബ്ലൂഫിലിമുകൾ, സെക്സ് ഡാൻസുകൾ, അവിശുദ്ധ ചുംബനങ്ങൾ, മറ്റ് സെക്സ് കോപ്രായങ്ങൾ, വസ്ത്രമുറയില്ലായ്മ, തുടങ്ങിയവ ഉദാഹരണങ്ങളാണ്. സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവയെ വഴിപിഴപ്പിച്ച് കാട്ടിക്കൂട്ടുന്ന പരസ്യമായ കാമലീലകളിലൂടെയും മേല്പടി വിഷച്ചെടികളാണ് വളർന്നു കൊണ്ടിരിക്കുന്നത്.
സ്വകാര്യമായിരിക്കേണ്ടതിനെ പരസ്യമാക്കുന്നതിലൂടെ സമൂഹത്തിന്റെ ധാർമ്മിക അധഃപതനവും നാശവും വർദ്ധിച്ചിരിക്കുകയാണ്.

2) സ്വകാര്യതയെ ശ്രേഷ്ഠപ്പെടുത്തിക്കൊണ്ട് ഒരു ഇണയെ മാത്രം കാമപരമായി സമീപിക്കുവാനും *മറ്റുള്ളവരെ കാമവിഷയത്തിൽ അന്യരുടെ മാത്രം സ്വത്തായി മനസ്സിലാക്കാൻ ഉതകുന്ന ഏക പത്നി അഥവാ ഏക ഭർത്തൃബന്ധം എന്നത് മനുഷ്യനു നിർബ്ബന്ധമാണ്;* അസാധാരണ സാഹചര്യങ്ങളിൽ അല്ലാതെ ഒന്നിലധികം ബന്ധം പാടില്ല.

3) മാനുഷിക ബന്ധങ്ങളെ ശ്രേഷ്ഠപ്പെടുത്തിക്കൊണ്ട് മാതാപിതാക്കൾ, മാതാപിതാക്കളുടെ സ്ഥാനത്തുള്ളവർ, സഹോദരങ്ങൾ, സഹോദരങ്ങളുടെ സ്ഥാനത്തുള്ളവർ, മക്കൾ, മക്കളുടെ സ്ഥാനത്തുള്ളവർ എന്നിവരുമായി കാമബന്ധങ്ങളും വിവാഹബന്ധങ്ങളും പാടില്ലായെന്ന് ശാസ്ത്രം വിധിക്കുമ്പോൾ കുടുംബങ്ങൾ തമ്മിൽ വിവാഹബന്ധങ്ങളിലൂടെ സഹകരിച്ചും സന്തോഷിച്ചും ജീവിക്കാനുള്ള പദ്ധതിക്ക് സമൂഹത്തിൽ അടിത്തറയുണ്ടാകുന്നു.

ശാസ്ത്രം വിധിക്കുമ്പോൾ എന്ന് പ്രസ്താവിച്ചതിനെ ശാസ്ത്രപരമായി വിശദീകരിക്കേണ്ടത് ശാസ്ത്ര പരമായ ആവശ്യമാണ്.

ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിവയിൽ രണ്ടാമത്തേതായ ധർമ്മശാസ്ത്രമാണ് മുഖ്യമായും വിധിക്കുന്നത്.

മുകളിൽ വ്യക്തമാക്കിയ 3 മുഖ്യ കാര്യങ്ങളെ ആവർത്തിക്കുന്നു:- // (1) മഹാശാസ്ത്രകാര്യങ്ങളെ മനുഷ്യനെ അറിയിക്കണമെങ്കിൽ, മനുഷ്യനെ മറ്റുള്ള ജീവികളുടെ ജീവിതരീതിയിൽ നിന്നും അകറ്റി പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ ജനസമൂഹവും രാഷ്ട്രവും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ ശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്. മഹാപ്രപഞ്ചത്തിൽ ലഭ്യമാക്കിയിട്ടുള്ള അനന്തങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദകാര്യങ്ങളും, ആനന്ദ കാര്യങ്ങളെ ബന്ധിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്രവികസനവും, മനുഷ്യരും മറ്റുള്ള ജീവികളിലും തമ്മിലുള്ള മുഖ്യവ്യത്യാസങ്ങളും, സൃഷ്ടിയിൽ സ്ത്രീയ്ക്കു മാത്രമുള്ള അധികാരവും, ദൈവം മനുഷ്യനു നല്കുന്ന മോക്ഷവും ബന്ധിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രപരമായ ജീവിതപദ്ധതിയാണത്.

മഹാശാസ്ത്രത്തിന്റെ അനന്തമായ ശാഖകളിൽ വികസനം നടക്കണമെങ്കിൽ അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കിൽ ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്. മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തിലൂടെ മാത്രമേ മനുഷ്യൻ എന്ന ജീവിയെ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കാനാവൂ. ..

(2) ഒരു ഇണയെ മാത്രം കാമപരമായി സമീപിക്കുവാനും *മറ്റുള്ളവരെ കാമവിഷയത്തിൽ അന്യരുടെ മാത്രം സ്വത്തായി മനസ്സിലാക്കാൻ ഉതകുന്ന ഏക പത്നി അഥവാ ഏക ഭർത്തൃബന്ധം എന്നത് മനുഷ്യനു നിർബ്ബന്ധമാണ്;* അസാധാരണ സാഹചര്യങ്ങളിൽ അല്ലാതെ ഒന്നിലധികം ബന്ധം പാടില്ല.

// മേൽപ്പറഞ്ഞ 2 കാര്യങ്ങളെയും വിശകലനം ചെയ്യുമ്പോൾ

ധർമ്മശാസ്ത്ര വിശദീകരണത്തിന്റെ മുഖ്യഭാഗമായി. ബാക്കി ഭാഗം, *സഹോദര ബന്ധത്തിന്റെ* അതിവിശാലവും അതിവിശിഷ്ടവുമായ മഹാഉന്നതിയെ കുറിക്കുന്നതാണ്. മുകളിൽ വ്യക്തമാക്കിയ (3)-ാമത്തെ വസ്തുത സമസ്ത ജീവികളും യഥാർത്ഥത്തിൽ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്; ഒരു ജീവിയും മറ്റു ജീവികളുടെ ആരുമല്ല; വിഷയത്തിലെ മഹാസത്യം എന്തെന്നാൽ എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമാണ്.* സഹോദര ബന്ധത്തിന്റെ മഹാവിശിഷ്ടത ഇവിടെ വിഷയമാകുന്നു. ഏകപത്നി, ഏകഭർത്താവ്, മാനുഷിക ബന്ധങ്ങളിലെ കാമനിയന്ത്രണം എന്നിവ യഥാർത്ഥത്തിൽ *സഹോദര ബന്ധം* ഒഴികെയുള്ള മാനുഷിക ബന്ധങ്ങളിൽ മാത്രമാണ് പ്രസക്തമാകുന്നത് എന്ന് കാണാം. (1) സമസ്ത ജനങ്ങളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്; (2) മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്; (3) ഇന്ത്യ, ചൈന, പാകിസ്ഥാൻ, റഷ്യ, എന്നിങ്ങനെ ഓരോ ദേശത്തിന്റെയും കുഞ്ഞുങ്ങളാണ്; (4) ... ഇന്ത്യക്കാരെല്ലാം സഹോദരീ-സഹോദരന്മാരാണ്... എന്നിങ്ങനെ മനുഷ്യർ തന്നെ പാടിയും പ്രസംഗിച്ചും

മിടുക്കരാവുന്നുണ്ട്. വാചകങ്ങളിൽ സത്യസന്ധത പുലർത്തുന്നില്ല എങ്കിൽ ജനങ്ങൾ .. ഒരു പക്ഷെ ഭൂമിയിലെ സർവ്വ ജനങ്ങളും കള്ളക്കൂട്ടങ്ങളായി മാറുന്നതാണ്. ഉദാഹരണത്തിന് ഇന്ത്യക്കാരെല്ലാം സഹോദരീ-സഹോദരന്മാരാണ് എന്ന് പ്രസംഗിക്കുന്നവർ വിവാഹം കഴിക്കുന്നത് സഹോദരീ-സഹോദരന്മാരെയാണ് എന്നാണ് അർത്ഥം. ഭൂമിയിലെ സർവ്വ ജനങ്ങളും (ഭൂമിയായ) ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്ന മഹാസത്യം മനസ്സിലാക്കുമ്പോൾ, വിവാഹ ബന്ധവും കാമബന്ധവും സഹോദരീ-സഹോദരന്മാർ തമ്മിലാണെന്ന് സുവ്യക്തമാണ്. കൂടുതൽ ശ്രദ്ധിക്കേണ്ടത് സഹോദരീ-സഹോദരന്മാർ വിവാഹം കഴിച്ചിട്ടു മാത്രം കാമബന്ധത്തിൽ ഏർപ്പെടണം എന്നതാണ്; അല്ലെങ്കിൽ മുമ്പ് വ്യക്തമാക്കിയ ഏകപത്നി, ഏകഭർത്താവ്, സമൂഹത്തിൽ ആവശ്യമായ കാമാനന്ദ-സദാചാരം എന്നിവ പിഴയ്ക്കുന്നതാണ്.

സഹോദരീ-സഹോദരന്മാർക്ക് വിവാഹം കഴിക്കാമെന്നാണോ; കഴിക്കണമെന്നാണോ തുടങ്ങിയ ചോദ്യങ്ങൾ ഉണ്ടാകുന്നതാണ്.

ഭൂമിയിൽ ജനങ്ങൾ വർദ്ധിക്കുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നത് സമൂഹത്തിലെ കൂട്ടായ്മക്കും, കൂട്ടായ പ്രവർത്തനത്തിനും, സമൂഹത്തിലെ ജനങ്ങളുടെ വളർച്ചയ്ക്കും, സമസ്ത ജീവിത മേഖലകളിലെ വികസനത്തിനും, തദ്വാരാ ആനന്ദ വർദ്ധനവിനും ആവശ്യമാണെന്നതിനെ

കുടുംബത്തിലെ സഹോദരീ-സഹോദരന്മാർ വിവാഹം കഴിച്ചു തുടങ്ങിയാൽ പ്രതികൂലമായി ബാധിക്കുന്നതാണ്. അതായത് ധർമ്മശാസ്ത്ര ശാഖയായ സദാചാര ശാസ്ത്രത്തിന് വിരുദ്ധമല്ലെങ്കിലും ഭൗതിക ശാസ്ത്ര വികസനത്തിന് തടസ്സമാകുന്നതാണ്.

ഭൗതിക ശാസ്ത്രം ഉൾപ്പെടെ ഏത് ശാസ്ത്ര വികസനത്തിനും, പരിപാലനത്തിനും തടസ്സമുണ്ടാക്കുന്ന കാര്യങ്ങളെ തടയാൻ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ പ്രവർത്തിക്കുന്നതാണ്. ഉദാഹരണത്തിന് സഹോദരീ-സഹോദരന്മാർ തമ്മിലുള്ള വിവാഹം അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ വ്യാപകമായാൽ, സമൂഹത്തിൽ (പുതിയ) ആരോഗ്യ-രോഗ പ്രശ്നങ്ങൾ ഉണ്ടാകുന്നതും, കാരണം തേടിപ്പോകുമ്പോൾ, സഹോദര വിവാഹവുമായി ബന്ധപ്പെട്ട ഒരു വൈദ്യശാസ്ത്ര കാരണം വെളിപ്പെട്ടെന്നും വരാം. കാരണം തേടി പോയില്ലെങ്കിൽ, യുക്തിയും ചരിത്രവും വിശ്വാസവും വിഷയത്തെ മാന്തിയെടുത്തെന്നു വരാം. വസ്തുക്കളുടെയെല്ലാം ആറ്റങ്ങളിൽ മഹാഗൂഢമായി ഓം എന്ന് അപ്പോഴും എപ്പോഴും മഹാചിരിക്കുന്നത് ജനങ്ങൾ കേൾക്കുന്നുമില്ല; കാണുന്നുമില്ല !

കുടുംബത്തിനു വെളിയിൽ സമൂഹത്തിലെ വ്യക്തികൾ തമ്മിലുള്ള സ്നേഹബന്ധങ്ങളെ കൂട്ടിച്ചേർക്കാനും വർദ്ധിപ്പിക്കാനും, അതായത് ജനപ്പെരുപ്പം ഉൾപ്പെടെ സമൂഹം വളരുമ്പോൾ, വ്യത്യസ്ത കുടുംബങ്ങളിലെ ആൺകുട്ടിയും പെൺകുട്ടിയും വിവാഹം കഴിക്കുകയാണ് മാർഗ്ഗമെന്ന് മണ്ണിൽ ജീവിക്കുന്ന മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ധർമ്മശാസ്ത്രം അറിയിക്കുന്നതായി മനസ്സിലാക്കണം. മാത്രമല്ല; അസാധാരണമായ സാഹചര്യത്തിൽ സഹോദരീ-സഹോദരന്മാർ വിവാഹം കഴിക്കേണ്ടതായ ആവശ്യം ഉണ്ടാവുകയാണെങ്കിൽ അതും ശരിയാണ്; തെറ്റല്ല എന്നറിയണം. ഒരു ദൈവത്തിന്റെ കഞ്ഞുങ്ങളായ സഹോദരീ-സഹോദരന്മാർ കുടുംബത്തിനു വെളിയിൽ നിന്ന് വിവാഹം കഴിച്ചിരുന്നത് കുടുംബത്തിന് അകത്തായി എന്നേയുള്ളൂ. ആട്, പൂച്ച, മുയൽ എന്നിങ്ങനെ മറ്റുള്ള ജീവികൾക്ക് വിവാഹ ബന്ധം ഇല്ലെങ്കിലും അവയിലെ സഹോദരീ-സഹോദരന്മാർ കാമബന്ധത്തിൽ ഏർപ്പെടുന്നത് ശരിവെക്കപ്പെടുന്നതായും കാണാം.

ജനപ്പെരുപ്പം വർദ്ധിച്ച ആധുനിക സമൂഹത്തിൽ മനുഷ്യരിലെ സഹോദരീ-സഹോദരന്മാർ വിവാഹം കഴിക്കേണ്ടി വരുന്നത് മുമ്പ് വ്യക്തമാക്കിയതു പോലെ അസാധാരണമായ സാഹചര്യത്തിൽ മാത്രമാണ്.

ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി സംഹാരം ആരംഭിച്ചു പുരോഗമിക്കുമ്പോൾ മോക്ഷം നേടുന്നതിന് അനുസരിച്ച് ജനസംഖ്യ കുറയുന്നതാണ്. ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങളായ സഹോദരീ-സഹോദരന്മാർ സമൂഹത്തിൽ

ഇന്ന് വിവാഹം കഴിക്കുന്നത് അന്ന് കുടുംബത്തിലേക്ക് അല്പസ്വല്പമായി വ്യവസ്ഥിതിയുടെ ഭാഗമാകുന്നതാണ്.

സൃഷ്ടി ചക്രത്തിന്റെ ആരംഭത്തിൽ ഒരു പുരുഷൻ, ഒരു സ്ത്രീ എന്നിങ്ങനെ സൃഷ്ടിച്ചപ്പോൾ, ആണും പെണ്ണുമായി ജനിച്ച കുട്ടികൾ സഹോദരനും സഹോദരിയും ആയിരുന്നു; അവർ വിവാഹബന്ധത്തിൽ ഏർപ്പെട്ടാണ് സമൂഹത്തിൽ ക്രമേണ ക്രമേണ ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് ഇന്ന് ഏറെക്കുറെ 750 കോടി ജനങ്ങളായിട്ട് ഓംകാരനീതിശാസ്ത്ര പ്രകാരം പെരുകിയിട്ടുള്ളത് എന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും.

ഉന്നതമായ ധർമ്മശാസ്ത്ര വ്യാഖ്യാനങ്ങളെ ദുരുപയോഗം ചെയ്തും അല്ലാതെയും പവിത്രമായ കാമാനന്ദത്തെ പലപ്പോഴും പീഢനങ്ങളായി പരിണമിപ്പിക്കുന്ന മദ്യപാനികളെയും മറ്റും എന്തു ചെയ്യണം എന്ന ചോദ്യമുണ്ട്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി നിയമിക്കപ്പെട്ട ജനസേവകർ ധർമ്മം തെറ്റിച്ച് മദ്യനിർമ്മാണം, മദ്യക്കച്ചവടം, മദ്യപാനം എന്നിവയിൽ ഏർപ്പെട്ട് തെമ്മാടികൾ = എമ്പോക്കികൾ ആയി പരിണമിക്കയാൽ, മൂലകാരണം അവരാകയാൽ, എമ്പോക്കികളെ ശിക്ഷിച്ചു തിരുത്തുകയാണ് ആദ്യം വേണ്ടത്.

അമ്മായിയമ്മപ്പോര്, നാത്തൂൻ പോര്, സ്ത്രീധനപ്പോരും അരുംകൊലകളും, വിവാഹധൂർത്ത്, സ്വർണ്ണ ഭ്രാന്ത്, തുടങ്ങിയ അനവധി പൈശാചിക സംവിധാനങ്ങൾ അവസാനിക്കുവാനും കുടുംബത്തിൽ സ്നേഹവായ്പുകൾ വർദ്ധിക്കാനും

ഒരു മാതാവിന്റെയും ഒരു പിതാവിന്റെയും മക്കളും, സഹോദരീ-സഹോദരന്മാരായ സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹം കൊണ്ട് സാധിക്കും എന്ന വാദം അനേകർക്ക് തീർച്ചയായും ഉണ്ടാകും. എന്നാൽ ഹൃദയ വിശാലത കൊണ്ടും ദൈവത്തിന്റെ മഹാഅനുഗ്രഹം കൊണ്ടും പരിഹരിക്കാവുന്നതും താരതമ്യേന നിസ്സാരങ്ങളുമായ കാര്യങ്ങൾ മാത്രമാണവ.

അതേസമയം ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങളായ സഹോദരീ-സഹോദരന്മാർ ഒരു കുടുംബത്തിൽ, ഒരു മാതാവിന്റെയും ഒരു പിതാവിന്റെയും മക്കളായി ജനിച്ചു വളരുമ്പോൾ, പരസ്പരം അറിയുന്നതും, മാതാപിതാക്കളെ പോലും അറിയുന്നതും, മനസ്സിലാക്കുന്നതും, ജനിച്ച് അനവധി വർഷങ്ങൾക്കു ശേഷമാണ്. ജീവാത്മാവിന് ലഭ്യമായ ശരീരത്തിന്റെയും സ്ത്രീ പുരുഷ ലിംഗവ്യത്യാസം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, ആരോഗ്യം തുടങ്ങിയ ജന്മഗുണങ്ങളുടെയും കാര്യത്തിൽ ജീവാത്മാവിനും മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും, ബന്ധുക്കൾക്കും എന്നിങ്ങനെ യാതൊരാൾക്കും സ്ഥാനമില്ല എന്ന് അറിയണം. ലഘുവായ സ്ഥാനങ്ങളെ നൽകി മാതാപിതാക്കളെയും മറ്റും മഹാപിതാവും മഹാമാതാവും മണ്ണും ഭൂമിയുമായ ദൈവം ആനന്ദിപ്പിക്കുകയാണു ചെയ്യുന്നതെന്നും മിന്നായം പോലെയെങ്കിലും അറിയണം. ഭൂമിയുടെ കുഞ്ഞുങ്ങൾ മാത്രമായ മനുഷ്യർ ബന്ധങ്ങൾക്കും, ബന്ധങ്ങളിലെ വ്യക്തികളുടെ പെരുമാറ്റ വ്യവസ്ഥിതികൾക്കും മണ്ണും ഭൂമിയുമായ ദൈവം നൽകാത്ത നിർവ്വചനങ്ങളും നിയമങ്ങളും മനുഷ്യർ

തട്ടിക്കൂട്ടുന്നത് അപകടമുണ്ടാക്കുമെന്നും സമൂഹത്തിലെ സമാധാനവും സന്തോഷവും കെടുത്തുമെന്നും അറിയണം. അത്തരം കാര്യങ്ങളെ അറിയുന്ന ഭരണാധികാരികൾക്ക് തങ്ങൾ എല്ലാ അർത്ഥത്തിലും ജനങ്ങളുടെ ദാസന്മാർ മാത്രമാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ്; മദ്യപാനത്തിനായുള്ള മദ്യനിർമ്മാണവും മദ്യവ്യാപാരവും മദ്യപാനവും അവസാനിപ്പിക്കുന്നതാണ്; രാജ്യത്തിലെ എല്ലാ നികുതികളും അവസാനിപ്പിക്കുന്നതും, നാളതുവരെ നികുതികൾ പിരിച്ചതിന് മാപ്പ് പറയുന്നതും, കഴിയുമെങ്കിൽ പിരിച്ചെടുത്ത പണം തിരിച്ചു നൽകുന്നതുമാണ്; മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ നാട്ടിലെ ഭരണഘടനയായി പുനഃസ്ഥാപിക്കുന്നതാണ്; ധർമ്മശാസ്ത്ര പ്രകാരം മാത്രം ജനങ്ങളെ സേവിക്കുന്നതാണ്.

ഏകദൈവമായ *മഹാശക്തിചക്രം+ശിവ ചക്രം* തമ്മിലുള്ള മഹാപ്രപഞ്ചത്തിന് അതീതമായ മഹാ-ദൈവബന്ധത്തെ മാനുഷിക രീതിയിൽ കാണരുത്. വ്യാഖ്യാനിക്കാൻ ആഗ്രഹിക്കുന്ന ബുദ്ധിശാലികൾ, മുകളിൽ ഇ-ചെറുഗ്രന്ഥത്തിന്റെ ഭാഗം 2-ലെ ബ്രഹ്മം എന്താണെന്ന വിശദീകരണവും, ബ്രഹ്മം നിർവ്വഹിക്കുന്ന സൃഷ്ടിയും പഠിച്ചശേഷം മാത്രമേ അരുതാത്തത് ആഗ്രഹിക്കാവൂ. **ഏകമായ ബ്രഹ്മമാണ്** ശിവ-ശക്തി ചക്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്, മാതാപിതാക്കളല്ല. മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ ഏകദൈവത്തെ നിന്ദിച്ച് പാപം വാങ്ങിക്കൂട്ടരുത്.

സഹോദരങ്ങൾ തമ്മിൽ അസാധാരണമായ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള വിവാഹബന്ധം അത്യപൂർവമായ സാഹചര്യത്തിൽ മറ്റു ബന്ധങ്ങളെയും ബാധിക്കുന്നതാണ്. ഉദാഹരണത്തിന് ബൈബിൾ എന്ന മതഗ്രന്ഥത്തിൽ, ജനങ്ങൾ ഇല്ലാത്ത ഒരു പ്രദേശത്ത് ലോത്ത് എന്ന വൃദ്ധനും 2 പെൺമക്കളും എത്തിപ്പെടുമ്പോൾ, നാട്ടിൽ മറ്റ് പുരുഷന്മാർ ഇല്ലാത്തതിനാൽ, വൃദ്ധന് മദ്യം നൽകി മയക്കിക്കൊണ്ട്, കൂടെ ശയിച്ച്, പുതിയ തലമുറയെ ഒരുക്കാൻ പെൺമക്കൾ തയ്യാറാകുന്നത് വായിക്കാൻ കഴിയും. ചരിത്രത്തിൽ മായം ചേർക്കപ്പെട്ടെങ്കിലും, ഇവിടെ വിസ്തരിക്കേണ്ടത് അത്യാവശ്യമല്ലെങ്കിലും, വിഷയസത്തയെ പരാമർശിക്കേണ്ടതുണ്ട്. അസാധാരണമോ അത്യപൂർവമോ ആയ സാഹചര്യത്തിൽ, പൊതുവെ അല്ലാതെ ചിലരുടെ മാത്രം കാര്യത്തിൽ, സ്ഥിതി പരമായ വിധി പ്രകാരം, സദാചാര ശാസ്ത്ര നിയമങ്ങളിൽ മാറ്റം ആവശ്യമാകുമ്പോൾ, അതിനെയും ധർമ്മശാസ്ത്ര ഭാഗമായി അറിയണം. മാത്രമല്ല, സഹോദരങ്ങൾ എന്ന് ജനങ്ങൾ വിളിക്കുന്നവർ മാത്രമല്ല സഹോദരങ്ങൾ. കുഞ്ഞും കുട്ടികളും യുവജനങ്ങളും മാതാപിതാക്കളും മുതിർന്നവരും വൃദ്ധരും ഉൾപ്പെടെ ഭൂമിയിലെ സമസ്ത ജനങ്ങളും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്നതിനാൽ അവരെല്ലാം സഹോദരങ്ങൾ കൂടിയാണ് !

അതേസമയം, പ്രപഞ്ചപിതാവും മഹാമാതാവുമായ ശിവചക്രവും മഹാശക്തിചക്രവും സൃഷ്ടിച്ച സമസ്ത ജനങ്ങളെയും കുഞ്ഞുങ്ങളായി കണക്കാക്കുന്നതിനെ അനുകരിച്ച്, തങ്ങളിലൂടെ (ദൈവം) സൃഷ്ടിച്ചവരെ കുഞ്ഞുങ്ങളായി വളർത്താനും വാത്സല്യം നൽകാനും ബാദ്ധ്യസ്ഥരാണ്, മറ്റുള്ള ജനങ്ങളുമായി ഇടപെടുമ്പോൾ, അനുക്രമം അനുസരിച്ച് ഉന്നതമായ പെരുമാറ്റ രീതികൾ ഉൾപ്പെട്ട സദാചാര ശാസ്ത്രത്തെ പാലിക്കുവാനും ബാദ്ധ്യസ്ഥരാണ്. സ്വന്തമെന്ന് കരുതുന്ന ശരീരം മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമാകയാൽ, ജീവികളുടെയെല്ലാം ശരീരത്തിൽ കുഞ്ഞുങ്ങളോടുള്ള വാത്സല്യം ലയിച്ചിട്ടുണ്ട്; അത് ബോദ്ധ്യമാവാൻ മനുഷ്യ മാതാവും പശുവും ആടും കോഴിയും പുലിയും ആനയും പക്ഷികളും ഒക്കെ ആരും പഠിപ്പിക്കാതെ കുഞ്ഞുങ്ങളോടു പ്രകടിപ്പിക്കുന്ന സ്നേഹ-വാത്സല്ല്യങ്ങളെ ശ്രദ്ധിച്ചാൽ മതിയാകും.

മറ്റു കാര്യങ്ങളെ ചുവടെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.

4) സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടു ജാതികളിലായി ജീവികളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണെന്നും, മനുഷ്യാവസ്ഥയിൽ പരമാനന്ദം നല്കി മഹാഅനുഗ്രഹിച്ചിരിക്കുക യാണെന്നും, ആത്മീയസാക്ഷാത്ക്കാരത്തിലും കാമാനന്ദം തന്നെയാണ് പരമാനന്ദമെന്നും, ആനന്ദങ്ങളും ശാസ്ത്രങ്ങളും അറിയാനും അനുഭവിക്കാനുമുള്ള മഹാപദ്ധതിയാണ് മനുഷ്യർക്കായുള്ള പ്രത്യേക കാമവ്യവസ്ഥയെന്നും, സ്ത്രീയും പുരുഷനുമെന്നത് മനുഷ്യൻ എന്ന ഒരേ ജീവിയുടെ രണ്ട് ഭാഗങ്ങൾ മാത്രമാണെന്ന് തിരിച്ചറിയണമെന്നും, മഹാശക്തിയായ ദൈവത്തെപ്പറ്റി ശാസ്ത്രപരമായി അറിയാനും മഹാവാത്സല്യങ്ങളെ നുകരാനും മനുഷ്യർക്കായുള്ള പ്രത്യേക-കാമവ്യവസ്ഥ പാലിക്കേണ്ടതുണ്ടെന്നും സുവ്യക്തമാവുന്നു. സ്ത്രീയും പുരുഷനുമായി രണ്ടായിട്ട് കഴിയുന്ന ഒരേ ജീവി ആത്മീയ സാക്ഷാത്ക്കാരത്തിൽ വീണ്ടും ഒന്നിക്കുന്നതിനെപ്പറ്റി മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളത് അതീവ തീവ്രമാണെന്നും കാണാം.

മണ്ണിലെ ശാസ്ത്രങ്ങളിലും പദ്ധതികളിലും കുറ്റങ്ങളും കുറവുകളും ഉണ്ടാവില്ല എന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് വിഷയം തുടരേണ്ടതുണ്ട്. അതിനായി മനുഷ്യരുടെ ഓരോരോ ശരീര അവയവങ്ങളുടെയും പ്രവർത്തനം അല്പമൊന്നു വിലയിരുത്തിയാൽ മതിയാകും. കണ്ണും കാതും മൂക്കും വായും പല്ലും നെറ്റിയും തലമുടിയും ഒക്കെ എങ്ങനെ നിർമ്മിച്ചിരിക്കുന്നു എന്നതും, ശിരസ്സിൽ ഭംഗിയായും ശാസ്ത്രപ്രകാരവും അവയെല്ലാം ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്നതും പ്രവർത്തിക്കുന്നു എന്നതും അല്പമൊന്നു ചിന്തിക്കുക. ശരീര

അവയവങ്ങളുടെ നിർമ്മിതിയിലും പ്രവർത്തനത്തിലും ക്രമസംവിധാനത്തിലും യാതൊരു താല്പര്യങ്ങളും അധികാരങ്ങളും ചെലുത്താൻ കഴിവില്ലാത്ത ജീവാത്മാക്കളാണ് ഓരോ വ്യക്തിയും എന്നതോർത്തുകൊണ്ട് തങ്ങളുടേതെന്ന് കരുതുന്ന കണ്ണുകളും കാതുകളും നെഞ്ചിലോ വയറ്റിലോ കാലിലോ പാദത്തിലോ ആണ് മുളച്ചിരുന്നതെങ്കിലുള്ള മനുഷ്യരുടെ അവസ്ഥ ചിന്തിക്കുക. കൈകളിലെ സന്ധികളും വിരലുകളും എത്രയെല്ലാം തന്മയത്വമായി പ്രവർത്തിക്കുന്നു എന്നതും, ഭ്രൂണാവസ്ഥ മുതലുള്ള അവയുടെയെല്ലാം വളർച്ചാ-ഘട്ടങ്ങളിലെ മഹിമയും അല്പമൊന്നു ചിന്തിക്കുക. വിരലുകൾ മടക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ..... എന്നിങ്ങനെയെല്ലാം ചിന്തിക്കുക. കടുകിനേക്കാൾ വലിപ്പം കുറഞ്ഞ ഭ്രൂണമാണ് മനുഷ്യസ്ത്രീയിലും കോഴിമുട്ടയിലും താറാമുട്ടയിലും ആഞ്ഞിലിക്കുരുവിലും ഒക്കെ ഉള്ളതെന്നും, നിശ്ചിത അളവിലുള്ള ചൂട് സ്വീകരിച്ച് നിശ്ചിത സമയംകൊണ്ട് മനുഷ്യഭ്രൂണം മനുഷ്യക്കുഞ്ഞായും കോഴിമുട്ട കോഴിക്കുഞ്ഞായും താറാവുമുട്ട താറാവു കുഞ്ഞായും വിരിയുമ്പോൾ, അവയുടെ ഓരോരോ ശരീര അവയവങ്ങളും അവയുടെ വളർച്ചാ ഘട്ടങ്ങളും നിറവും ജീവിതക്രമവും ലിംഗവ്യത്യാസങ്ങളും പ്രജനനക്രമവുമെല്ലാം മുമ്പറഞ്ഞ കടുകിനേക്കാൾ ചെറുതായ ഭ്രൂണത്തിൽ പ്രോഗ്രാംചെയ്തുവച്ച മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രത്തിൽ പിഴവുണ്ടാകില്ലെന്ന് മനസ്സിലാക്കണം. ഇന്ന് നാം കാണുന്ന ആഞ്ഞിലിക്കുരുവിൽ നാളത്തെ മഹാവൃക്ഷമായ

ആഞ്ഞിലിമരവും വേര്, തടി, ഇലകൾ, ശാഖകൾ, അവയുടെയെല്ലാം കാലാകാലങ്ങളിലുള്ള നിറങ്ങളും ഘടനകളും വളർച്ചകളും വംശവർദ്ധനവും തുടങ്ങി മറ്റുള്ള ജീവികൾക്ക് ആഞ്ഞിലിവൃക്ഷം എങ്ങനെയെല്ലാം ഉപകാരപ്പെടുന്നു തുടങ്ങി ഓരോരോ ജീവികളുടെയും ജീവിതക്രമങ്ങൾ പ്രോഗ്രാം ചെയ്തിരിക്കുന്ന മഹാശക്തിയായ ദൈവത്തെപ്പറ്റി മനുഷ്യര്ക്ക് വളരെക്കുറച്ചു മാത്രമേ അറിയുകയുള്ളൂ. അപൂർണ്ണവും അബദ്ധങ്ങൾ ഏറെയുള്ളതുമായ ഇന്നത്തെ (മനുഷ്യർ അറിയുന്ന) ശാസ്ത്രം ആദ്യ ജനുസ്സിനെ തേടുമ്പോൾ ആഞ്ഞിലിക്കുരുവും കോഴിമുട്ടയും ഉൾപ്പെടെ സർവ്വജീവികളുടെയും വസ്തുക്കളുടെയും പ്രോഗ്രാമും പ്രോഗ്രാമറുമായ മഹാശക്തിയായ ദൈവം അവയുടെയെല്ലാം ഓരോ ആറ്റത്തിലും ഭൗതികരൂപത്തോടെയും, മഹാചിരിയായും മഹാശാസ്ത്രമായും ശാസ്ത്രത്തിനതീതമായ മഹാശക്തിയായും കുടികൊള്ളുന്നുണ്ട്; ആയവ ഓം എന്ന അദ്ധ്യായത്തിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

ഇനി മറ്റുള്ള ജീവികളുമായി മനുഷ്യശരീരത്തെ അല്പം താരതമ്യം ചെയ്യണം. മനുഷ്യജീവിക്ക് മാത്രമായി ദൈവം നൽകുന്ന മഹാശാസ്ത്രജ്ഞാനം ഒഴികെയുള്ള കാര്യങ്ങളിലും മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങൾ മറ്റുള്ള ജീവികളുടേതിൽ നിന്ന് അത്യത്ഭുതകരമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നു വെന്നും മനുഷ്യനെ മാത്രം പ്രത്യേകമായി സൃഷ്ടി - സ്ഥിതി - സംഹാര കർത്താവായ ദൈവം ഉയർത്തിയിരിക്കുന്നുവെന്നും കാണാം. വിസ്തരിക്കുവാൻ പോയാൽ അതിനു മാത്രം ഗ്രന്ഥങ്ങൾ

വേണ്ടി വന്നേക്കും. കൈവിരലുകളുടെ പ്രവർത്തനത്തെ മാത്രം അല്പമൊന്നു വിലയിരുത്തിയാൽ അത് ബോദ്ധ്യമാകുന്നതാണ്. മനുഷ്യൻ അനായാസമായി കൈവിരലുകൾ കൊണ്ട് ഭക്ഷണത്തെ വായിലേക്ക് പ്രവേശിപ്പിക്കുന്നതിനെയും, കൈക്കുമ്പിളിലും പാത്രത്തിലുമൊക്കെ പകർന്ന് വെള്ളം കുടിക്കുന്നതും മാത്രം മറ്റുള്ള ഏതാനും ജീവികളുമായി താരതമ്യംചെയ്യുമ്പോൾ മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രത്യേക സ്നേഹം മനസ്സിലാകുന്നതാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതിന്റെ ഉദ്ദേശം അറിയുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും മനുഷ്യന്, അഥവാ വ്യക്തിക്ക് ബാദ്ധ്യതയുണ്ട്.

സമൂഹം എന്നത് വ്യക്തികളുടെ കൂട്ടമാണ്. മറ്റുള്ള ജീവികളെയും മനുഷ്യരെയും വ്യത്യാസപ്പെടുത്തുന്ന കാമപരമായ സദാചാര ശാസ്ത്രത്തിൽ നിന്നും വ്യതിചലിച്ച് മറ്റുള്ള ജീവികളുടെ കാമരീതി മനുഷ്യർ പിൻപറ്റുകയാണെങ്കിൽ വ്യക്തികൾക്ക് കുടുംബം, സമൂഹം, രാഷ്ട്രം എന്നിങ്ങനെ ഒന്നിക്കാനും ശാസ്ത്രഗവേഷണവും വികസനവും നടത്താനും കഴിയാതെ വരും. സമൂഹത്തിലെ ഓരോ വ്യക്തിയും ധർമ്മ ശാസ്ത്രപരമായി ജീവിക്കേണ്ടതുണ്ട്. മറ്റുള്ള ജീവികളുടെ കാമരീതി ആഗ്രഹിക്കുന്ന മനുഷ്യർ ദൈവീക സംവിധാനത്തെ പാലിക്കാത്തവരാണ്, ശാസ്ത്രവികസനം നേടിത്തരുന്ന സുഖങ്ങളെ അനുഭവിച്ചുകൊണ്ട് ജീവിക്കുവാൻ അവർക്ക് യോഗ്യതയില്ല; പശ്ചാത്തപിച്ച് തിരുത്തും വരെയും നാട്ടിലെ രാജാവ് അഥവാ ഭരണകൂടം ധർമ്മശാസ്ത്ര

പ്രകാരം തിരുത്തലുകളെ അംഗീകരിക്കും വരെയും
യാതൊരു ശാസ്ത്രവികസന-സുഖങ്ങളും ഇല്ലാതെ
അവർ കാട്ടിൽ ജീവിക്കേണ്ടതുണ്ട്. ഒരു
തീപ്പെട്ടിപോലുമോ, ഉടുത്തിരിക്കുന്നതല്ലാതെ
രണ്ടാമതൊരു വസ്ത്രംപോലുമോ ഇല്ലാതെ കാട്ടിൽ
ജീവിക്കുക യെന്നത് കടുത്ത ശിക്ഷതന്നെയാണ്. മറ്റുള്ള
ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര
ശാസ്ത്രത്തിലൂടെ *മനുഷ്യനെ കുടുംബം, സമൂഹം
എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കുകയും,
അതിലൂടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം
മനുഷ്യനു മാത്രം ദൈവം വെളിവാക്കിക്കൊടുക്കുകയും,
അതിലൂടെ ആനന്ദത്തിന്റെ അനന്തമായ കലവറകൾ
മനുഷ്യന് നല്കുകയും, 100 ജന്മങ്ങളിലൂടെ
ആനന്ദങ്ങളെല്ലാം അനുഭവിപ്പിക്കുകയും, ആത്മീയ
സാക്ഷാത്ക്കാരത്തിൽ എല്ലാ ആനന്ദങ്ങളും
അനന്തമായി അനുഭവിക്കാൻ
മഹാഅനുഗ്രഹിക്കുകയുമാണ് ചെയ്യുന്നത്.*
മഹാശക്തിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളായ
എല്ലാ ജീവികളോടുള്ള മഹാവാത്സല്യമാണ് ഫലത്തിൽ
വെളിപ്പെടുന്നത്.

(5.2). ആനന്ദ നിന്ദ (സദാചാരശാസ്ത്രം: കാമാനന്ദം/ സെക്സ്). (അദ്ധ്യായം 30 ഭാഗികമായി ഉദ്ധരിച്ചിരിക്കുന്നു.)

ജീവികളുടേതിൽ നിന്നും വിഭിന്നവും അത്യന്തം ശ്രേഷ്ഠവുമായാണ് മനുഷ്യന്റെ കാമകാര്യങ്ങളെ ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളത്. മനുഷ്യജീവി കുടുംബം, ബന്ധം, സമൂഹജീവിതം, ശാസ്ത്രവികസനം, ശാസ്ത്രസൗകര്യ ആസ്വാദനം എന്നിങ്ങനെ നാട്ടുവാസി മാത്രമാകുന്നത് കാമസദാചാരം നിർബ്ബന്ധമാവുമ്പോൾ മാത്രമാണ്. മറ്റുള്ള ജീവികളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയും പുരുഷനും കുടുംബ ബന്ധത്തിനുള്ളിൽ ലഭ്യമായ ശാസ്ത്രസൗകര്യങ്ങളോടെ സ്വകാര്യമായിട്ട് ആസ്വദിക്കേണ്ടതായ അത്യുന്നതമായ ആനന്ദമായാണ് സെക്സിനെ ധർമ്മശാസ്ത്രം അഥവാ ദൈവം വിധിച്ചിട്ടുള്ളത്.

ധർമ്മശാസ്ത്ര വിധി പഠിക്കാനോ ഉൾക്കൊള്ളാനോ ശ്രമിക്കാതെ സിനിമ, ടെലിവിഷൻ, മോഡലിംഗ്, റേഡിയോ, പത്രപ്പരസ്യം, പോസ്റ്റർപരസ്യം, ഉല്പന്നപരസ്യം, വാർത്ത, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, പുസ്തകം, ചിത്രകല, ശില്പകല, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയിലൂടെയും ധർമ്മശാസ്ത്ര പ്രകാരമല്ലാത്ത മറ്റ് വ്യവസ്ഥിതികളിലൂടെയും ദൈവീകമായ സെക്സിനെ വ്യക്തികൾ ഇന്ന് വഴിപിഴപ്പിച്ചിരിക്കുകയാണ്. സ്വകാര്യമായതിനെ പരസ്യമാക്കി ക്കൊണ്ട് ജന്തുജീവിതത്തെക്കാൾ അധമമാക്കിയിരിക്കുന്നു. വ്യക്തികളെ ഭരിക്കുന്ന കോടതി ഉൾപ്പെടെയുള്ള

ഭരണകൂടവും രാഷ്ട്രീയപാർട്ടികളും മതവ്യവസ്ഥിതികളും അതുതന്നെചെയ്യുന്നു. തങ്ങളുടെ അമ്മയുടെയും ഭാര്യയുടെയും സഹോദരിയുടെയും മകളുടെയും നഗ്നത കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹം മേല്പറഞ്ഞ മാധ്യമങ്ങളിലൂടെ ആസ്വദിക്കുന്നതിനെ അംഗീകരിക്കാത്ത പുരുഷന്മാർ പരസ്ത്രീകളുടെ നഗ്നത കാണാൻ ആഗ്രഹിച്ചുപോലും കൂടാ. സ്ത്രീകൾ തിരിച്ചും.

ഇന്നത്തെ സമൂഹത്തെ ഞെട്ടിക്കുന്നതു പോലെയുള്ള ഒരു ഉദാഹരണം കുറിക്കാം : നൃത്തം അഥവാ ഡാൻസിന്റെ അധിപനായി ദൈവം മഹാനിശ്ചയിച്ചിരിക്കുന്നത് നടരാജനെയാണ്, ശിവനെയാണ്, ശിവപത്നിയെയല്ല; നൃത്തശാലകളിലും മറ്റും നടരാജവിഗ്രഹം കണ്ടിരിക്കുമല്ലോ; സ്ത്രീ തന്റെ ഭർത്താവിന്റെ മുമ്പിലും ഭർത്താവിനോടൊത്തും മാത്രം സ്വകാര്യമായി നൃത്തംചെയ്യുക, ആനന്ദിക്കുക എന്നതിനുപരി കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹത്തെ കാമപരമായി ദുഷിപ്പിക്കുന്ന ഇന്നത്തെ നൃത്തസമ്പ്രദായങ്ങൾ ധർമ്മശാസ്ത്രം അഥവാ ദൈവം അനുവദിക്കുന്നില്ല. ഇന്ന് സമൂഹത്തിൽ വ്യാപകമായിരിക്കുന്ന സംഗീത - നൃത്ത - ആഭാസങ്ങൾ പ്രദർശനമായിട്ടായാലും മത്സരമായിട്ടായാലും ധർമ്മശാസ്ത്രപരമല്ല. ധർമ്മശാസ്ത്രപരമല്ല എന്നതിന് ദൈവീകമല്ലാ എന്നാണർത്ഥം. വ്യക്തി അഥവാ ഏതാനും വ്യക്തികൾ ചിലവ നേടുമ്പോൾ സമൂഹത്തെ അഥവാ സമൂഹജീവിതത്തെ ധർമ്മശാസ്ത്രപരമായി വളരെയധികം ദുഷിപ്പിക്കുന്നുണ്ട്. വ്യക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന് നല്ല സന്ദേശങ്ങളെ നൽകുന്നവ അല്ലെങ്കിൽ, അത്തരം പ്രവർത്തനങ്ങളെ

സമൂഹത്തിൽ അഥവാ പൊതുസഭകളിൽ
അവതരിപ്പിച്ചുകൂടാ. വ്യക്തിയുടെ സ്വകാര്യ
ആനന്ദങ്ങളായി പരിണമിക്കേണ്ടവ പരസ്യമാക്കിക്കൂടാ.

നൃത്തം കാണുന്ന കുട്ടികൾ /കുമാരന്മാർ ഉൾപ്പെടെയുള്ള
പുരുഷന്മാരുടെ/സ്ത്രീകളുടെ കണ്ണുകൾ നർത്തകിയുടെ/
നർത്തകന്റെ ശരീരഭാഗങ്ങൾ ഉഴിയുമ്പോൾ മിക്കപ്പോഴും
കണ്ണുകൾ കൊണ്ടുള്ള ബലാത്സംഗം ആയി അത്
പരിണമിക്കുന്നുണ്ട്. ബഹുഭൂരിപക്ഷം
സിനിമാനടികളെയും, അറിയുന്നതും കണ്ടിട്ടുള്ളതുമായ
അനേകം സ്ത്രീകളെയും പെൺകുട്ടികളെയും മറ്റും
സങ്കല്പിച്ച് രതിക്രീഡ നടത്താത്ത കുമാരന്മാരും
യുവാക്കളും വിവാഹിതരായ മുതിർന്നവരും
സമൂഹത്തിൽ വളരെ കുറവായിരിക്കും. മതങ്ങളുടെയും
രാഷ്ട്രീയ-ഇസങ്ങളുടെയും ഭാഗമായിക്കൊണ്ട്
ജീവിക്കുന്നവരിൽ ഭൂരിപക്ഷവും അത്തരം
കാമകാര്യങ്ങൾ ചെയ്യുമ്പോൾ, മതവിശ്വാസികളായും
രാഷ്ട്രീയക്കാരായും ജീവിക്കുന്നത് എത്ര
നീചമായിരിക്കുന്നു ! മേല്പടി ശരീരസങ്കല്പങ്ങളിലൂടെ
കാമനിവൃത്തി നേടുന്ന പുരുഷന്മാരെ ഏകപക്ഷീയമായി
കുറ്റപ്പെടുത്താനാവില്ല. ശരീരഭാഗങ്ങളെ വളരെയധികം
പരിധിവിട്ട് പ്രദർശിപ്പിച്ചുകൊണ്ടും സ്വകാര്യമായ
സെക്സിനെ പരസ്യമാക്കി ക്കൊണ്ടുമുള്ള കടുത്ത
അധാർമ്മിക പ്രവൃത്തികളും പ്രവർത്തനങ്ങളുമാണ്
നടന്നുകൊണ്ടിരിക്കുന്നത്. സെക്സിനെ പവിത്രമായി
സംരക്ഷിക്കാത്ത നടികളും മറ്റുമായ യുവതികളും
സ്ത്രീകളും അവരുടെ ബന്ധുജനങ്ങളും ഫിലിം
വ്യവസായികളും പരസ്യക്കാരും ഭരണാധികാരികളും
ജഡ്ജിമാരും ഒക്കെ മേല്പടി അധമ അവസ്ഥയ്ക്ക്

കാരണക്കാരാണ്. ഭരണാധികാരികളും ജഡ്ജിമാരും വരെ സ്വകാര്യമായോ രഹസ്യമായോ സാത്വികമല്ലാത്ത കാമജ്വരത്തിൽ പെട്ടിരിക്കുന്നവരാണ്. തങ്ങളുടെ ഭാര്യ/ഭർത്താവ്, സഹോദരൻ/സഹോദരി, അമ്മ/അച്ഛൻ തുടങ്ങിയവർ മറ്റുള്ളവരുടെ കാമസങ്കല്പങ്ങളായി പരിണമിക്കുന്നത് തങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അന്യരെ കാമസങ്കല്പങ്ങളിൽ പെടുത്താൻ തങ്ങൾക്ക് യുക്തിപരമായിപ്പോലും അവകാശമില്ല എന്നത് വ്യക്തികൾ മറന്നിരിക്കുന്നു!

മുമ്പ് വ്യക്തമാക്കിയതുപോലെ, സമൂഹത്തിന്റെ മൊത്തത്തിലുള്ള ആനന്ദകരമായ ജീവിതത്തിന് വിരുദ്ധമായതിനെ നാട്ടിൽ അനുവദിച്ചുകൂടാ എന്നാണ് സദാചാരശാസ്ത്രം അനുശാസിക്കുന്നത്. *സദാചാരശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കു മാത്രമേ നാട്ടിൽ താമസിക്കുവാനും ശാസ്ത്രവികസനം നേടിത്തരുന്ന സുഖസൗകര്യങ്ങളെ ആസ്വദിക്കുവാനും അവകാശമുള്ളൂ.* ജന്തുക്കൾക്ക് മഹാഅനുവദിച്ചിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർക്ക് കാട്ടിൽ ജീവിക്കാനാണ് ശാസ്ത്രവിധി. *ഇന്നത്തെ ഭൂമിയിലെ വലിയൊരു വിഭാഗം ജനങ്ങളെ ഉടുതുണി മാത്രം നല്കി കാട്ടിലയക്കേണ്ടതായ അവസ്ഥയാണുള്ളത്.* കാമകാര്യങ്ങളിലെ സദാചാരം അധഃപതിക്കുവാൻ ദുർദ്ദേവതകളായി പരിണമിച്ച ദേവതകളും ഒരു മുഖ്യകാരണമാണ്. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഉടൻ തിരുത്തുവിൻ.

സെക്സ്-പരമായ കാര്യങ്ങളെ കൂടുതലായി വിശകലനം

ചെയ്യുമ്പോൾ, സ്ത്രീയുടെയോ പുരുഷന്റെയോ രണ്ടുപേരുടെയുമോ നഗ്നത പ്രദർശിപ്പിക്കാത്ത പരസ്യങ്ങൾ ഇന്ന് വളരെ കുറവായിരിക്കുന്നു. ചിലർ കുട്ടികളെയും പരസ്യത്തിൽ പെടുത്തുന്നുണ്ട്. ഇന്നത്തെ ഡാൻസുകളും മോഡലിങ്ങുകളും പരസ്യങ്ങളും അധമങ്ങളാണ്. അതുപോലെ പ്രശസ്തരായ നടന്മാരും നടികളുമൊക്കെ ഉല്പന്നങ്ങളുടെ പരസ്യങ്ങളുമായി നടക്കുമ്പോൾ അവരും ഉല്പന്ന വ്യവസായികളും കച്ചവടക്കാരും ഭരണാധികാരികളും ഒക്കെ പാപം സമ്പാദിക്കുന്നുണ്ട്. വ്യക്തി തൊഴിൽ ധർമ്മങ്ങളെയും (ശാസ്ത്രത്തെയും) പിൻപറ്റേണ്ടതുണ്ട്. പരസ്യങ്ങൾക്ക് ശാസ്ത്രപരമായ ശോഭ നൽകുമ്പോൾ, ഇന്നത്തെ ഉല്പന്ന പരസ്യങ്ങളിൽ ഏറെക്കുറെ 100 ശതമാനവും അധമങ്ങളും ആവശ്യമില്ലാത്തവയുമാണ്. ആവക വിവരങ്ങൾ ഇവിടെ വിസ്തരിക്കുന്നില്ല. ജീവിക്കുവാൻ ധനവും വേണം എന്നല്ലാതെ ധനത്തിനുവേണ്ടി ജീവിക്കുന്ന അവസ്ഥ ഉണ്ടായിക്കൂടാ.

ഉന്നതമായ സെക്സിനെ ഏറ്റവും മോശമായി അധഃപതിപ്പിച്ചു കൊണ്ടിരിക്കുന്നതിന്റെ സാമൂഹിക ഉത്തരവാദിത്തം മുഖ്യമായും ഭരണാധികാരികൾക്കും മത-ജാതി-രാഷ്ട്രീയ-നേതൃത്വങ്ങൾക്കും കോടതികൾക്കുമാണ്. സെക്സ് വിഷയങ്ങളെ ശുദ്ധിപ്പെടുത്തുവാൻ അവർ ഒന്നും ചെയ്തില്ല, കൂടുതൽ വഷളാക്കുവാൻ വളരെയധികം ചെയ്തു, ചെയ്യുന്നുമുണ്ട്. മൊബൈൽ ഫോണുകളിലൂടെയും ഇന്റർനെറ്റിലൂടെയും മറ്റും സ്വകാര്യമായ സെക്സിനെ പരസ്യമാക്കുന്നതും, മോർഫിങ്ങിലൂടെയും അധമ രീതികളിലൂടെയും വ്യക്തികളെ അപമാനിക്കുന്നതും വഞ്ചിക്കുന്നതും

സാമ്പത്തിക ചൂഷണങ്ങൾ ചെയ്യുന്നതും സാർവ്വത്രികമായിരിക്കുമ്പോൾ, അവയെ നിയന്ത്രിക്കാൻ ഭരണകൂടത്തിന് കഴിയുന്നില്ലെന്നു മാത്രമല്ല, പൊതുജനങ്ങളെ വിവരസാങ്കേതികവിദ്യയിൽ സംഭവിച്ച *അപചയങ്ങളെ* അറിയിക്കുന്നതിലും ബോദ്ധ്യപ്പെടുത്തുന്നതിലും പോലും ശ്രദ്ധയില്ലാത്തവർ ആയിരിക്കുകയാണ്. ശാസ്ത്രപരമായി ഭരിക്കാൻ കഴിവില്ലാത്തവർ വേറെ പണി നോക്കെടോ, ഞങ്ങളെ ഒന്നു ഭരിച്ചു രക്ഷിക്കണേ എന്നു ജനങ്ങൾ ആവശ്യപ്പെട്ടില്ലല്ലോ ..... എന്നെല്ലാം പറയാൻ ജനങ്ങൾ ആഗ്രഹിച്ചാലും, കുറ്റങ്ങളും കുറവുകളുമില്ലാത്ത ഭരണം ആഗ്രഹിച്ചാലും തൽക്കാലം സാധിക്കില്ല. ബഹുവിധ രാഷ്ട്രീയപ്പാർട്ടികളുടെയും മത-ജാതികളുടെയും മറ്റും നീരാളിപ്പിടുത്തങ്ങളിൽ പെട്ടു കിടക്കുന്ന മനുഷ്യരല്ലാത്ത മത-രാഷ്ട്രീയ ഇസ ജീവികളുടെ നിസ്സഹായ അവസ്ഥ അങ്ങനെയെല്ലാമാണ്.

വഷളായിക്കൊണ്ടിരിക്കുന്ന സെക്സ് വിഷയങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു ശ്രമം ഭൂമിയിലൊക്കെയും വ്യാപിച്ചുകൊണ്ടിരിക്കുന്ന ചില ഇസ്ലാമിക തീവ്രവാദ സംഘടനകളിൽ ഉണ്ടെന്നു ദുർവാദിക്കുമ്പോൾ, തീവ്രവാദം രൂപപ്പെടാൻ അതും ഒരു കാരണമായി എന്നർത്ഥമുണ്ട്; ഇസ്ലാം ശാസ്ത്രീയമല്ല, സെക്സ് വിഷയങ്ങളിലുള്ള ഇസ്ലാം മതക്കാരുടെയോ തീവ്രവാദികളുടെയോ കാഴ്ചപ്പാടുകൾ ധർമ്മശാസ്ത്രപരവുമല്ല, അവർ നടത്തുന്ന ഭീകരപ്രവർത്തനങ്ങളും ധർമ്മശാസ്ത്രപരമല്ല, അഥവാ ദൈവീകമല്ല എന്നിരിക്കിലും; അവരിൽ പെട്ടവരും കാമവെറികളുടെ ഭാഗമാകുന്നുണ്ടെങ്കിലും,

അശാസ്ത്രീയമായ ഒരുതരം (വളരെച്ചെറിയ) സംരക്ഷണം അവർ ലക്ഷ്യമിടുന്നുണ്ട്.

മുമ്പ് സൂചിപ്പിച്ചതുപോലെ **90 %**-ലധികം ജനങ്ങളും മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളുടെ ഭാഗമായിരിക്കെ, തെറ്റുകൾ ചെയ്യുന്നത് അവരിൽ പെട്ടവരാണ്, അവരാണ്. ശാസ്ത്രം അറിയാത്തവരുടെയും പഠിക്കാത്തവരുടെയും ധർമ്മശാസ്ത്രപരമായി ഭരിക്കാൻ തയ്യാറാകാത്ത വരുടെയും ലോകം ഉരുത്തിരിഞ്ഞിരിക്കുകയാണ്. സത്യം പറയാനോ, ധര്മ്മം പ്രവര്ത്തിക്കാനോ നീതി നടപ്പാക്കാനോ ഉള്ളതല്ല, മറിച്ച് അവയെല്ലാം വേഷംകെട്ടലുകളായി പുലർത്തിയാൽ മതിയാകും എന്നായിരിക്കുന്നു. കാമകാര്യങ്ങൾ ഉൾപ്പെടെ യാതൊരു കാര്യങ്ങളിലും വേഷംകെട്ടലുകൾ ദൈവത്തോടു വേണ്ട. മനുഷ്യൻ ചിന്തിക്കുന്നതുപോലും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ അറിയുന്നുണ്ട്. അതേസമയം തെറ്റുകളുടെയും കുറ്റങ്ങളുടെയും കാര്യത്തിൽ വിഷമിച്ചു കൊണ്ടിരിക്കേണ്ടതില്ല. പശ്ചാത്തപിച്ചു കൊണ്ടും ദൈവത്തോടു മാപ്പിരന്നുകൊണ്ടും തിരുത്തലുകൾ നടത്തുക. വ്യക്തികളുടെ അധഃപതനം സമൂഹത്തെ വഴിതെറ്റിക്കുന്നതു മനസ്സിലാക്കി സാത്വികമായ തിരുത്തലുകൾക്ക് തയ്യാറാവുക. പെൺകുട്ടികൾ ശരീര വളർച്ചയെ മാനദണ്ഡമാക്കി സുമാർ **10** വയസ്സുവരെ മാത്രമേ പരസ്യമായി നൃത്തംചെയ്യാൻ പാടുള്ളൂ. വസ്ത്രധാരണത്തിൽ, അടിസ്ഥാനപരമായി പാലിക്കേണ്ടതായ കാര്യം മാത്രം പറയാം. തല ഒഴികെയുള്ള ശരീരഭാഗങ്ങളെ പ്രദർശിപ്പിക്കുന്നതിന് സ്ത്രീകൾക്ക് ധര്മ്മശാസ്ത്രപരമായി കൂടുതൽ നിയന്ത്രണങ്ങളുണ്ട്. കണ്ഠാഭരണത്തോട് അഥവാ

മാലയോടുചേർന്നും ഏറെക്കുറെ കൈമുട്ടുകളോളം നീണ്ടും, വയർ പ്രദർശിപ്പിക്കാത്തതുമായ രണ്ടാംവസ്ത്രവും (ബ്ലൗസ്), ശരീര വളർച്ചയ്ക്കൊത്ത് സാരി പോലെയുള്ള മേൽ വസ്ത്രവും, പൊക്കിൾക്കൊടിയും കാൽവണ്ണയും മറയ്ക്കുന്ന ഒന്നാം വ്സത്രവും സ്ത്രീയ്ക്ക് സദാചാരശാസ്ത്രം നിര്ബ്ബന്ധമായി നിർദ്ദേശിക്കുന്നു.

മണ്ണുമായി കൂടുതൽ ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്ന പുരുഷന്മാർക്ക് ഷർട്ട് നിർബ്ബന്ധമല്ല, എന്നാൽ കാൽമുട്ടും പൊക്കിൾകൊടിയും മറയുന്ന ഒന്നാംവസ്ത്രം ഏതുതൊഴിൽ ചെയ്യുമ്പോഴും പുരുഷന് നിർബ്ബന്ധമാണ്.

വസ്ത്രത്തെ കുറച്ചും ശരീരത്തെ പ്രദർശനവസ്തുവാക്കിയും ജീവിക്കുന്നവരും ആഢ്യത്വം അഭിനയിക്കുന്നവരുമായ പെൺകുട്ടികളും സ്ത്രീകളും വർദ്ധിച്ചിരിക്കുന്നു, അവരുടെ ഇടയിൽ നിന്ന് രസിക്കുന്ന പുരുഷന്മാരും നേതാക്കന്മാരും വർദ്ധിച്ചിരിക്കുന്നു. വ്യക്തിയുടെ ഏതു പ്രവൃത്തിയും ധർമ്മശാസ്ത്ര പരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. വ്യക്തി വസ്ത്രമില്ലാതെയോ ഉപേക്ഷിച്ചോ, പരസ്യമായിട്ട് ഭാഗികമായോ മുഴുവനായോ നഗ്നമായിരിക്കുമ്പോൾ, വ്യക്തിയുടെ മനോഭാവത്തിലാണ് ദൈവീകനീതി നടപ്പാവുന്നത്; അതേസമയം വസ്ത്രമുറ പരസ്യമായി തെറ്റിച്ച് നാട്ടിൽ ജീവിക്കാൻ അവകാശമില്ല. വസ്ത്രമുറ പരസ്യമായി തെറ്റിച്ചും, വസ്ത്രം പൂർണ്ണമായി ഉപേക്ഷിച്ചും, (വസ്ത്രമില്ലാതെയും) മറ്റുള്ള ജീവികളെപ്പോലെ ജീവിക്കാൻ കാടുള്ളപ്പോൾ, നാട്ടിൽത്തന്നെ വസ്ത്രമുറ

തെറ്റിച്ചു ജീവിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റുതന്നെയാണ്. ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായം പഠിക്കുമ്പോൾ മറ്റുള്ളവരുടെ നഗ്നതയോട് ഓരോരുത്തരും പുലർത്തുന്ന മനോഭാവങ്ങളും പ്രവൃത്തികളുമെല്ലാം ഉൾപ്പെടെ മനുഷ്യരുടെ ചിന്തകളെപ്പോലും ദൈവം ഭൗതിക ശാസ്ത്രപരമായിട്ടു തന്നെ അറിയുന്നുണ്ട് എന്നും അവരുടെമേൽ മഹാനീതി നടപ്പാവുന്നുമുണ്ട് എന്നുകൂടി തിരിച്ചറിയണം.

ഓരോ വ്യക്തിയും സദാചാരങ്ങൾ അഥവാ സദാചാരശാസ്ത്രം പിൻപറ്റേണ്ടതുണ്ട്. സ്ത്രീ പീഡനങ്ങളും സ്ത്രീധനങ്ങളും മദ്യവും അഴിമതികളും ഒക്കെ ഒക്കെ അവസാനിക്കുവാനും ഓരോ വ്യക്തികളുടെയും ജീവിതം സംശുദ്ധമാവാനും, അങ്ങനെ സമൂഹം മൊത്തത്തിൽ സംശുദ്ധമാവാനും ധർമ്മശാസ്ത്രങ്ങൾ പ്രകാരം തന്നെ ജീവിക്കേണ്ടതുണ്ട്. സമൂഹത്തിലെ അധമ വൃത്തികളെല്ലാം ഒന്നിനൊന്നോട് ബന്ധപ്പെട്ടിരിക്കുന്നവയാണ്. എല്ലാ ശാസ്ത്രങ്ങളും എല്ലാ വസ്തുക്കളും പരസ്പര ബന്ധങ്ങളോടെയാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആകയാൽ സൂത്രപ്പണി കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതല്ല.

സ്വകാര്യവും ദൈവീകവുമായ സെക്സിനെ ഏറ്റവും അധമമായി വഴിപിഴപ്പിക്കുവാൻ രാഷ്ട്രീയ വ്യവസ്ഥിതികൾ കൂട്ടുനിൽക്കുന്ന തിനാൽ കുടുംബജീവിതവും സമൂഹജീവിതവും കെട്ടുറപ്പില്ലാതെ ഇന്ന് ആടിയുലയുകയാണ്.

മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര പ്രകാരം
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ
മഹാനിർവ്വഹിക്കുന്ന ദൈവത്തെയും
ധർമ്മശാസ്ത്രങ്ങളെയും മറന്നും അവഗണിച്ചും
സുഖലോലുപതയുടെ അധമ മാനങ്ങളിലേക്ക്
കുതിക്കുന്ന ഒന്നായി ടൂറിസത്തെ കയറൂരി
വിട്ടിരിക്കുകയാണ് ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും.
വായിച്ചു മറിക്കുന്ന വാചകങ്ങൾക്കുപരിയായി തന്റെ
അമ്മയ്ക്കും ഭാര്യക്കും സഹോദരിക്കും
മകൾക്കുമൊക്കെ ലൈംഗികതൊഴിലും ചൂഷണവും
അപമാനവും ഉണ്ടാകുവാനും ജീവിതം താറുമാറാകാനും,
പുരുഷന്മാരും ഇന്നത്തെ വ്യവസ്ഥിതികളും
കാരണമാകുന്നത് ഭാവന ചെയ്യാനെങ്കിലും
വ്യക്തികൾക്കു കഴിയണം.

കാമകാര്യങ്ങളിൽ മനുഷ്യർ ദിവസം തോറും കൂടുതൽ
കൂടുതൽ അധഃപതിച്ചു കൊണ്ടിരിക്കുകയാണ്.
അല്ലെന്നു പറയുവാൻ രാഷ്ട്രീയ
ഭരണാധികാരികൾക്കോ, മതഭരണാധികൾക്കോ, മറ്റു
നേതാക്കന്മാർക്കോ, ബുദ്ധിജീവികൾക്കോ, സാധാരണ
ജനങ്ങൾക്കോ സാധാരണ ഗതിയിൽ കഴിയുന്നതല്ല.
കാമപരമായ അധമത്തങ്ങളെ സ്വന്ത കാര്യത്തിൽ
ആസ്വദിക്കുവാനും, മറ്റുള്ളവർ കാട്ടുന്നത്
സമൂഹജീവിതത്തിന് ദോഷം ചെയ്യുമെന്നും
പറയുന്നവരും കരുതുന്നവരുമായ ഒരു വലിയ ജനത
തന്നെ ഉണ്ടായിരിക്കുകയാണ്. നൂറ്റാണ്ടുകളായി
മതങ്ങളും രാഷ്ട്രീയ-ഇസങ്ങളുമൊക്കെ
പ്രവർത്തിച്ചുകൂട്ടിയ പദ്ധതികളുടെ വലിയ നേട്ടമെന്നത്,
അനുദിനം വർദ്ധിക്കുന്നതും, അവരെക്കൊണ്ട്

നിയന്ത്രിക്കാൻ കഴിയാതെ സമൂഹത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നതുമായ കാമവെറികളാണ്. രോഗ കാരണം മനസ്സിലാക്കി ചികിത്സിക്കുവാൻ യോഗ്യനായ ഡോക്ടർക്കേ കഴിയൂ. രോഗലക്ഷണങ്ങൾക്കു ചികിത്സിക്കുന്ന മുറിവൈദ്യന്മാർ മാത്രമാണ് മതങ്ങളിലും രാഷ്ട്രീയങ്ങളിലുമൊക്കെ ഉള്ളത്. രോഗം അതീവ അപകടാവസ്ഥയിലേക്കു നീങ്ങുകയാണ്. ഓരോ രോഗിയും ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും അനേകർക്ക് രോഗം പകർന്നു നൽകയാൽ രോഗികളുടെ എണ്ണം മാനുഷിക നിയന്ത്രണങ്ങളെ എന്നേ കടന്നിരിക്കുന്നു. വാഹന അപകടങ്ങൾ കൂടിയിരിക്കുന്നു എന്ന് മനുഷ്യർ വിലയിരുത്തുമ്പോൾ, മനുഷ്യ-ഡ്രൈവറന്മാരെ സഹായിക്കാൻ ദൈവം കൂടി വാഹനം ഓടിക്കുന്നതുകൊണ്ടാണ് എത്രയോ മടങ്ങായി വർദ്ധിക്കുമായിരുന്ന വാഹന അപകടങ്ങൾ കുറഞ്ഞിരിക്കുന്നത് എന്നതാണ് വസ്തുത. അതുപോലെ, കാമവെറികൾ കൂടിയിരിക്കുന്നു എന്ന് മനുഷ്യർ വിലയിരുത്തുമ്പോൾ, ദൈവം വളരെ വളരെ വളരെ വളരെ വളരെ ഇടപെടുന്നതു കൊണ്ടുമാത്രമാണ് എത്രയോ മടങ്ങായി വർദ്ധിക്കുമായിരുന്ന കാമവെറികൾ കുറഞ്ഞിട്ടുള്ളതെന്ന് ബുദ്ധിജീവികളായി തങ്ങളെ കണക്കാക്കുന്നവർ പോലും മനസ്സിലാക്കുന്നില്ല. ദൈവീകത്വം കുറഞ്ഞിരിക്കുന്നതു കൊണ്ടാണ് സത്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്തത്. ധർമ്മശാസ്ത്രത്തിന്റെ ഉപശാഖയായ സദാചാര ശാസ്ത്ര പ്രകാരം കാമകാര്യങ്ങളിൽ നിയന്ത്രണങ്ങൾ പാലിച്ചില്ലെങ്കിൽ, ദൈവം ഇടപെട്ടില്ലെങ്കിൽ, ഭൂമിയിലെ മനുഷ്യജീവിതം കുടുതൽ അധഃപതിച്ച് എങ്ങനെ

ആയിത്തീരുമെന്ന് ബുദ്ധിശക്തികളെ അധികമായി ലഭിച്ചവർ ചിന്തിക്കണം. ദൈവീകമായി ചിന്തിക്കണം. അപ്പോൾ മനുഷ്യർ നടത്തിപ്പോരുന്ന ആനന്ദനിന്ദയും ദൈവനിന്ദയും അവസാനിപ്പിക്കാനായി ധർമ്മശാസ്ത്ര കാര്യങ്ങളെ സമ്പൂർണ്ണമായി അംഗീകരിക്കാൻ കഴിയുന്നതാണ്. മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

(5.3). ദൈവ നിന്ദ: മത്സരങ്ങൾ പാടില്ല. (അദ്ധ്യായം 31)

മഹാനീതിശാസ്ത്ര പാഠങ്ങളും, ശാസ്ത്രീയമായ തൊഴിൽ വിഭജനങ്ങളും വിവരിക്കുന്ന അദ്ധ്യായങ്ങളും പഠിക്കുമ്പോൾ, സൗന്ദര്യം, നിറം, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, ദേശീയത, തുടങ്ങിയവയെല്ലാം ജന്മഗുണങ്ങളാണെന്ന് സുവ്യക്തമാകുന്നുണ്ട്. അങ്ങനെയിരിക്കെ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടെ യാതൊരു ജീവിത കാര്യങ്ങളിലും മനുഷ്യരുടെ ഇടയിൽ മത്സരം പാടില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങൾ തമ്മിൽ മത്സരിക്കുന്നതും ഒരാൾ മറ്റൊരാളേക്കാൾ കേമരാവാൻ ശ്രമിക്കുന്നതും വേദനാജനകമാണ്. യാതൊരാളും കേമരല്ല, ദൈവം നൽകുന്നവ അറിവുകളെയും ശക്തികളെയും കൊണ്ട് കേമത്തങ്ങൾ കാട്ടുന്നത് തെറ്റാണ്; ധർമ്മശാസ്ത്രപരമായിട്ട് കർമ്മങ്ങൾ ചെയ്തും ആനന്ദിച്ചും ജീവിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. ആനന്ദങ്ങളുടെ അനന്തമായ കലവറ ആസ്വദിച്ചു ജീവിക്കാൻ അതോടെ എല്ലാ മനുഷ്യർക്കും കഴിയുന്നതാണ്. പകരം ചുറ്റുമുള്ളവരെ വേദനിപ്പിക്കുന്ന കാര്യങ്ങൾ ചെയ്താൽ പാപം ഉണ്ടാകുന്നതാണ്.

ഇന്നത്തെ ലോകത്ത് വ്യക്തികൾ മത്സര രംഗത്താണ്. ദൈവത്തെ അടിസ്ഥാനപരമായി മറന്നതുകൊണ്ടും, ദൈവത്തിന്റെ പേരിൽ കപടവേഷമാടുന്ന വ്യത്യസ്ത മതനേതൃത്വങ്ങൾക്ക് ദൈവമെന്തെന്നും ശാസ്ത്രം എന്തെന്നും ഒക്കെ അറിയാതെ പോയതുകൊണ്ടു സംഭവിച്ച ഒരു പിഴവാണത്.

കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ മത്സരം നടത്തുന്ന

മാതാപിതാക്കളും, വിദ്യാലയങ്ങളും, ഭരണകൂടവും ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ പറയാം :- സമൂഹത്തിലെ ചിലരെയോ അനേകരെയോ ഭാഗ്യം കുറഞ്ഞവരായും തങ്ങളേക്കാൾ ബുദ്ധി കുറഞ്ഞവരായും ഒരു ചിലരെ മന്ദബുദ്ധികളായും മനസ്സിലാക്കുമ്പോൾ, അത്തരം വിവേചനങ്ങളെ മത്സരത്തിനും പരിഹാസത്തിനും അവജ്ഞയ്ക്കും ഉപയോഗപ്പെടുത്തിക്കൂടാ.

ഉദാഹരണമായിട്ട്, ശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം നടത്തുവാനുള്ള ബുദ്ധിശക്തികളെ ഒരു കുട്ടിക്കും, ആശാരി പ്പണിയിലുള്ള വാസന മറ്റൊരു കുട്ടിക്കും, കൃഷിവാസന മൂന്നാമതൊരു കുട്ടിക്കും, എന്നിങ്ങനെ നൽകുമ്പോൾ, അവരിൽ കേമനായിട്ട് ശാസ്ത്രജ്ഞനെ കരുതുന്ന ഇന്നത്തെ രീതികൾ തീർത്തും തെറ്റാണ്. എല്ലാ തൊഴിലുകളും ചെയ്യാൻ സമൂഹത്തിൽ ആളുണ്ടാവണം. അല്ലെങ്കിൽ ജനങ്ങളെല്ലാം വളരെയധികം വിഷമിക്കുന്നതാണ്; സമൂഹ ജീവിതം സ്തംഭിക്കുന്നതാണ്; സാദ്ധ്യമല്ലാതെ വരുന്നതാണ്. സമൂഹ ജീവിതത്തെ സുന്ദരമാക്കാനായിട്ട് മഹാനീതിശാസ്ത്ര പ്രകാരം തൊഴിൽ അഭിരുചി ഉൾപ്പെടെയുള്ള ജന്മഗുണങ്ങളെ മഹാഭരിക്കുമ്പോൾ, അത് തിരിച്ചറിയാൻ കഴിയാത്തത് ദൈവീകത കുറയുന്നതു കൊണ്ടാണ്. അഹംഭാവങ്ങളും പാപങ്ങളും കുറയ്ക്കാൻ പരിശ്രമിക്കുക. ആവക കാര്യങ്ങൾ മഹാഗ്രന്ഥത്തിലെ തൊഴിലുകളെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഇന്നത്തെ ശാസ്ത്രജ്ഞൻ മഹാനീതിശാസ്ത്ര പ്രകാരം അടുത്ത ജന്മത്തിൽ മന്ദബുദ്ധിയായി ജനിച്ചേക്കാം ! മറിച്ചും !

ബുദ്ധിശക്തി-വ്യത്യാസങ്ങൾ മഹാനീതിശാസ്ത്രത്തിന്റെ ഭാഗം മാത്രമാണ്. സ്രഷ്ടാവും രക്ഷിതാവുമായ ദൈവം മഹാനീതി നടപ്പാക്കുവാനായി മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം മഹാനിശ്ചയിക്കുന്നതും മഹാനിർവ്വഹിക്കുന്നതുമായ ഗുണങ്ങളാണവ. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയുമായും അവ ബന്ധപ്പെട്ടിരിക്കുന്നു. മന്ദബുദ്ധിയെന്ന് ഒരാളെ പരിഹാസത്തോടെയോ അവജ്ഞയോടെയോ വിളിച്ചാൽ മന്ദബുദ്ധിയായി സൃഷ്ടിച്ച ദൈവത്തെയാണ് പരിഹസിക്കുന്നത്. വാക്കുകൾ ഉപയോഗിക്കുന്നതും ജാഗ്രതയോടെ വേണം.

വിദ്യാർത്ഥികൾക്ക് മാർക്കിടുന്നതും ഗ്രേഡ് നിശ്ചയിക്കുന്നതുമെല്ലാം തെറ്റാണ്. സൃഷ്ടിപരമായ വിധി പ്രകാരം ദൈവം കുട്ടികളിൽ സ്ഥാപിക്കുന്ന ജന്മഗുണങ്ങളെയും ദൈവത്തിന്റെ പ്രവർത്തനത്തെയും അവഗണിച്ചുള്ള രീതികളെ മാതാപിതാക്കളും അദ്ധ്യാപകരും ഭരണകൂടവും പുലർത്തിക്കൂടാ. പുലർത്തിയാലും, മഹാനീതിശാസ്ത്രപ്രകാരം മാത്രമേ കാര്യങ്ങൾ ഉരുത്തിരിയുകയുള്ളൂ. *ഉദാഹരണത്തിന് വക്കീൽ-വിദ്യാഭ്യാസത്തിൽ ലഭിച്ച മാർക്കുമായി ഗാന്ധിയുടെ ജീവിതത്തിന് വലിയ ബന്ധമില്ല. ഈയുള്ളവന് പ്രീഡിഗ്രി വിദ്യാഭ്യാസത്തിലൂടെ ലഭിച്ച അറിവ് തുച്ഛമാണ്. മഹാഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിൽ വിവരിച്ചിട്ടുള്ളതുപോലെ, മഹാദേവി ഈയുള്ളവനിലേക്ക് മത്സ്യാവതാരത്തെ പ്രവേശിപ്പിച്ചതും, ഈയുള്ളവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ *ഓം* മഹാ-കുറിച്ചതും, ഓംകാരം മഹാഅനുഗ്രഹിച്ചു നൽകിയതും പോലെയുള്ള മഹാകാര്യങ്ങൾക്ക്

അദ്ധ്യാപകരുടെയോ ഭരണാധികാരികളുടെയോ മാർക്കുകളുമായോ ഗ്രേഡുകളുമായോ ബന്ധമില്ല. യാതൊരു തെറ്റുകളുമില്ലാതെ ഗ്രേഡുകൾ നിശ്ചയിക്കാനും മാർക്കിടാനും മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ എന്നും സ്രഷ്ടാവ് എന്ന നിലയ്ക്കും രക്ഷകൻ എന്ന നിലയ്ക്കും മഹാ-അവകാശവും മഹാ-അധികാരവും ദൈവത്തിനു മാത്രമേ ഉള്ളൂ എന്നും അറിയണം.* വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിയിലെങ്ങുമുള്ള വിജയം-തോൽവി സമ്പ്രദായങ്ങളും, ബിരുദങ്ങളും, തൊഴിൽ മികവിന്റെ പേരിൽ വ്യക്തികളെ ആദരിക്കുന്നതിന് സ്ഥാപനങ്ങളും ഭരണകൂടങ്ങളും നൽകുന്ന ബിരുദങ്ങളും ഒക്കെ അധമമാണ് എന്നർത്ഥം. ഭൂമിയിലൊക്കെയുമുള്ള ബിരുദങ്ങൾക്കോ, ബിരുദം നേടുന്ന വിദ്യാർത്ഥികൾക്കോ, ബിരുദം നൽകുന്ന വ്യക്തികൾക്കോ, യാതൊരിക്കലും തുല്ല്യത ഉണ്ടാവില്ലെന്ന് മഹാഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം എന്ന ഭാഗം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്. ബി.എ., ബി.എസ്.സി., ഡിപ്ലോമ, എം.എ., എം.കോം., ബി.എഡ്., എം.ബി.എ., ബി.ടെക്., സി.എ., പി.എച്ച്.ഡി., എം.ബി.ബി.എസ്., എം.ഡി., തുടങ്ങിയ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും, ഡോക്ടറേറ്റ്, പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, ഭാരതരത്നം, ജ്ഞാനപീഠം, ഓസ്ക്കാർ, തുടങ്ങിയവയും ദൈവീകമല്ല എന്നാണ് അറിയിച്ചത്. പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, എന്നിങ്ങനെ താമരപ്പൂവുമായി ബന്ധപ്പെട്ട നീച-ബഹുമതികളുടെ കാര്യത്തിൽ കുതന്ത്രങ്ങളിലൂടെ ദൈവമാകാൻ ശ്രമിച്ച - പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച- നാരായണന്റെ

പ്രവർത്തനങ്ങൾ ഉണ്ടെന്നതും വസ്തുതയാണ്. ഭരണാധികാരികളും മറ്റും നൽകുന്ന ബഹുമതികളെ സ്വീകരിച്ച് കേമരായി കഴിയുന്നവരേക്കാൾ വളരെയധികം ശ്രേഷ്ഠരായ അനേകർ സാധാരണക്കാരായിട്ട് സമൂഹത്തിൽ ജീവിക്കുന്നതിനെപ്പറ്റി മഹാനീതിശാസ്ത്രത്തിലൂടെ പഠിക്കുമ്പോൾ മാനുഷിക-ബഹുമതികളുടെ തുച്ഛത്വം ബോദ്ധ്യമാകുന്നതാണ്. മഹാപ്രപഞ്ചത്തിൽ മൂല്ല്യമുള്ള ഒരു ബിരുദം മാത്രമേ ഉള്ളൂ. ഓം. ദൈവം തന്റെ ഏകദാസനും, ജീവികളുടെയെല്ലാം പിതാവുമായ പരമശിവനിലൂടെ, മനുഷ്യന്റെ **90** മുതൽ **95** വരെയുള്ള ജന്മങ്ങളിലൊന്നിൽ ഓരോരുത്തരുടെയും നാവിൽ *ഓം* കുറിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവൻ മനുഷ്യൻ ഗ്രഹിക്കുന്നു. ഏവർക്കും തുല്ല്യജ്ഞാനം പകർന്നുനൽകുന്ന ഏകമഹാബിരുദമാണത്.

വിജയം-തോൽവി സമ്പ്രദായങ്ങളും, ബിരുദ-സമ്പ്രദായങ്ങളും, മനുഷ്യരിൽ ഉച്ചനീചത്തങ്ങളെ സൃഷ്ടിക്കുന്നതാണ്, ഇന്ന് അതു സംഭവിച്ചിരിക്കുകയാണ്. ഉയർന്ന വിദ്യാഭ്യാസം നേടാത്ത എത്രയോ പേർ രാഷ്ട്രങ്ങളിലെ മുഖ്യഭരണാധികാരികളും, ശാസ്ത്രജ്ഞന്മാരും ഒക്കെ ആയിരിക്കുന്നു എന്നതിൽ നിന്നുതന്നെ ഇന്നത്തെ ഭൂമിയിലെങ്ങുമുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളെയും, തൊഴിലുകളെയും, തൊഴിൽ നിയമന രീതികളെയും സമ്പൂർണ്ണമായും അഴിച്ചു പണിയേണ്ടതുണ്ട് എന്നു സുവ്യക്തമാകുന്നുണ്ട്. സൃഷ്ടിപരവും സ്ഥിതിപരവുമായ വിധികൾ പ്രകാരം കുട്ടികളിൽ വികസിക്കുന്ന സാമർത്ഥ്യങ്ങളെ

തിരിച്ചറിയാൻ കഴിയുന്ന അദ്ധ്യാപകരും മാതാപിതാക്കളും ഉണ്ടാകണം. കുട്ടികളുടെ പഠന കാര്യങ്ങളെയും തൊഴിൽ കാര്യങ്ങളെയും ശാസ്ത്രീയമായി നയിക്കുക മാത്രമേ വേണ്ടൂ. തൊഴിലുകൾ: ശുചിത്വം എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരണമുണ്ട്.

തൊഴിലുകളെപ്പറ്റിയുള്ള അദ്ധ്യായം പഠിക്കുമ്പോൾ, *തൊഴിൽ പരമായുള്ള മത്സരങ്ങളും ധർമ്മശാസ്ത്രപരമല്ല* എന്നു വെളിവാകുന്നതാണ്. ഉദാഹരണം:- *നാട്ടിലെ സർക്കാർ ആഫീസിൽ ഉൾപ്പെടെ ഏതൊരു കാര്യാലയത്തിലും ഒരു ഗുമസ്ത ജോലിക്കോ, ടെക്നിക്കൽ ജോലിക്കോ, അന്തർദ്ദേശീയ കാര്യങ്ങളെ മുഴുവൻ ചോദ്യാവലിയാക്കുന്ന പരീക്ഷാ മത്സരങ്ങളെ നടത്തുന്ന ഇന്നത്തെ രീതികൾ അതിനീചമാണ്. അല്പം വിദ്യാഭ്യാസമുള്ള ഒരാൾക്ക് ഏതാനും ദിവസങ്ങൾ കൊണ്ട് നല്ലൊരു ഗുമസ്തനാവാൻ കഴിയുമെന്നതാണ് വാസ്തവം.* ശാസ്ത്രപരമല്ലാത്ത വേതനങ്ങളും ആനുകൂല്യങ്ങളും നല്കിപ്പോരുന്നതു കൊണ്ടാണ് സർക്കാർ ജോലിക്കായിട്ട് ഉദ്യോഗാർത്ഥികൾ ഉത്സാഹിക്കുന്നതെന്നും, അത്തരം ജോലികൾ ചെയ്യാനും ഭരണകൂടത്തെ മെച്ചപ്പെടുത്തുവാനുമുള്ള ഉത്സാഹമല്ല അതെന്നും വ്യക്തമാണ്. *ശാസ്ത്രപരമല്ലാത്ത തൊഴിലുകളും, ശാസ്ത്രപരമല്ലാത്ത വേതനങ്ങളും അവസാനിപ്പിക്കുമ്പോൾ ശാസ്ത്രപരമല്ലാത്ത ഇന്നത്തെ തൊഴിൽ പരീക്ഷകളും അവസാനിക്കുന്നതാണ്. ദൈവ-വിപ്ലവത്തോടെ സാദ്ധ്യമാകുന്നതാണ്.* ഒരു മണിക്കൂറോ ഒരു ദിവസമോ ഒരു ഉദ്യോഗാർത്ഥിയെ ക്കൊണ്ട് ഒരു തൊഴിൽ ചെയ്യിക്കുമ്പോൾ, അയാളെ പണിക്കു പറ്റുമോ

എന്നറിയാം. നന്നായിട്ട് വാഹനം ഓടിക്കുന്നയാളെ ഡ്രൈവറായി നിയമിക്കുക എന്നതിനു പകരം അന്തർദ്ദേശീയ ചോദ്യാവലിയോടെ മത്സരപരീക്ഷ നടത്തുന്നവരും, അതിനെ അനുകൂലിക്കുന്ന ഭരണാധികാരികളും കോടതികളും ഉൾപ്പെട്ട സംവിധാനമാണ് ബുദ്ധിപരമായി മന്ദാവസ്ഥയിലുള്ളത്.

വിനോദങ്ങളിലും മത്സരം പാടില്ല തന്നെ. തൊഴിലുകൾ : വിനോദം എന്ന മഹാഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ ധർമ്മശാസ്ത്രപരമായിട്ട് *'നല്ലതും മോശവും'* എന്നിങ്ങനെ വിനോദങ്ങളെ തരംതിരിക്കുന്നുണ്ട്. സ്വകാര്യമായ വിനോദങ്ങളെ പരസ്യമാക്കുമ്പോൾ ധർമ്മശാസ്ത്രത്തിന് കളങ്കമുണ്ടാകുന്നതാണ്. സിനിമകളിലെയും മറ്റും നൃത്തം, റിയാലിറ്റി ഷോകൾ എന്നിവ ഉദാഹരണം. *മത്സരങ്ങളിൽ വിജയിക്കാത്തവർക്കും സഹായികൾക്കും വേദനയും അസൂയയും പകയും മറ്റും ഉണ്ടാകുവാൻ മത്സരം ഇടയാക്കുന്നുവെങ്കിൽ, അതിനു കാരണമായ ഒന്നിനെ വിനോദം എന്നു വിളിക്കുന്നത് ദൈവീകമല്ല.* മഹാപ്രപഞ്ചത്തെ ഒരു വീടായും, ദൈവത്തെ മാതാപിതാക്കളായും കണക്കാക്കിയാൽ, വീട്ടിലുള്ള കുഞ്ഞുങ്ങളിൽ ചിലർ ജയിച്ചു സന്തോഷിക്കുകയും, മറ്റു ചിലർ തോറ്റു വിഷമിക്കുകയും ചെയ്താൽ, മാതാപിതാക്കൾക്ക് ആനന്ദിക്കാനാകുമോ എന്ന രീതിയിൽ കാര്യങ്ങളെ ഉൾക്കൊള്ളണം.

ഇന്നു നടത്തിപ്പോരുന്ന മത്സരങ്ങളിൽ ഏറ്റവും അധമം ഏതെന്നുകൂടി നോക്കാം. സ്ത്രീകൾ വസ്ത്രം ഏറെക്കുറെ മുഴുവനായും ഉപേക്ഷിച്ചുകൊണ്ടു

നടത്തുന്ന *സൗന്ദര്യ മത്സരങ്ങളാണ്* ഏറ്റവും അധമമായ മത്സരം. ദൈവമാണ് ഏതൊരാൾക്കും അടിസ്ഥാനപരമായ സൗന്ദര്യം നൽകുന്നത് എന്നതു മനസ്സിലാക്കാൻ പ്രത്യേക പാഠങ്ങളൊന്നും വേണ്ടതില്ല. അത്ര ലളിതമായി മനസ്സിലാക്കാവുന്ന പാഠമാണത്. അങ്ങനെയിരിക്കെ പരസ്യമായിട്ട് വസ്ത്രത്തോടെയോ, വസ്ത്രമില്ലാതെയോ, വസ്ത്രമുടുത്തതായി തോന്നിപ്പിച്ചോ നടത്തുന്ന ഏതൊരു സൗന്ദര്യമത്സരവും ഏറ്റവും അധമമാണ്. തങ്ങളുടെ പെൺമക്കൾ തുണിയുടുക്കാതെ ശരീരപ്രദർശനം നടത്തുന്നതും മത്സരിച്ച് സമ്മാനങ്ങളും എന്തോ ചില (ദുഷ്)ക്കീർത്തികളും നേടുന്നതും അഭിമാനകരമായിട്ട്, മാതാപിതാക്കളും, ഇന്ത്യ ഉൾപ്പെടെയുള്ള അനേകം രാജ്യങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങളും കൂടി കണക്കാക്കുമ്പോൾ, പൈശാചിക ശക്തികൾ ഏറ്റവും അധമ-പരിധികളോടെ വലുതായിരിക്കുന്നു എന്നുകൂടിയാണ് അർത്ഥം. സാമൂഹ്യ അധഃപതനം മൂർച്ഛിക്കുമ്പോൾ, ധർമ്മ സംസ്ഥാപനത്തിനായിട്ട് ദൈവീക നടപടികൾ ഉടനുണ്ടാകും എന്നൊരു സൂചനയും അതു നൽകുന്നുണ്ട്. ഇന്ത്യയുടെ ശ്രേഷ്ഠതയെ എടുത്തു പറയുവാനുള്ള കാരണം മഹാഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തിലുണ്ട്. അജ്ഞാനികളായ സ്ത്രീകളെ അധമ കാര്യങ്ങളിലേക്ക് നയിച്ചവരായ ഭരണാധികാരികളും കുടുംബാംഗങ്ങളും ഉൾപ്പെടെയുള്ളവർ തീർച്ചയായും മത്സരിച്ച സ്ത്രീകളേക്കാൾ കൂടുതൽ പാപം നേടിയെന്നുവരാം. സെക്സിലെ സ്വകാര്യതയും, ശാസ്ത്ര വികസനത്തിന് മനുഷ്യരിലെ പ്രത്യേകമായ കാമവ്യവസ്ഥിതിയുടെ നിർബ്ബന്ധവും, മുൻ

അദ്ധ്യായത്തിലും മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും കാമകാര്യങ്ങളിലെ വ്യത്യാസങ്ങൾ എന്ന അദ്ധ്യായത്തിലും വിശദീകരിച്ചിരുന്നു. സൗന്ദര്യം കുറച്ചുമാത്രവും ശരാശരി ബുദ്ധിശക്തികളുമുള്ള സ്ത്രീകൾ മേല്പടി കാര്യങ്ങളോട് പെട്ടെന്നു യോജിക്കുന്നതാണ്. മഹാനീതിശാസ്ത്ര പ്രകാരം എല്ലാ മനുഷ്യർക്കും **50** പുരുഷജന്മങ്ങൾ, **50** സ്ത്രീ ജന്മങ്ങൾ എന്നിവയുണ്ടെന്നും, സ്ത്രീജന്മങ്ങളിൽ സൗന്ദര്യമില്ലാത്ത ജന്മവും എല്ലാവർക്കും ഉണ്ടെന്നതും, ജീവിതത്തിന്റെ അർത്ഥങ്ങളും, മനസ്സിലാക്കിയാൽ മത്സരങ്ങളെ ഒഴിവാക്കണമെന്നു വാദിക്കുന്നതാണ്.

സുഖ-ഉപകരണം നേടുന്ന ലാഘവത്തോടെ *സ്ത്രീയെ മത്സര-സമ്മാനമായി രാമായണത്തിലും മഹാഭാരതത്തിലും, വിഷ്ണു* എന്ന നാരാണൻ *അവതരിപ്പിച്ചിട്ടുള്ളതിനെ ശരിയെന്ന് കരുതിപ്പോകരുത്.* ദൈവീകമല്ലാത്ത നടപടി ആണത്.

പിശാചുക്കളുടെ രാജാവെന്നോണം നാരായണൻ എന്ന ദേവത അധഃപതിച്ചതു കൊണ്ടാണ് *സീതയെയും ദ്രൗപദിയെയും ഒക്കെ മത്സര സമ്മാനമായും മോഹ-വസ്തുക്കളായും അവതരിപ്പിച്ചുകൊണ്ടുള്ള ഏറ്റവും അധമമായ മത്സരങ്ങൾ ഉണ്ടായതെന്ന്* ഭീകരവാദവും മതങ്ങളും എന്ന മഹാഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ വ്യക്തമാക്കിയിരുന്നു. (രാമാവതാരത്തിൽ പാപം വർദ്ധിക്കുകയാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. രാമനേക്കാൾ ശ്രേഷ്ഠനായ ഹനുമാനെ ദാസനാക്കിയതും, ഒളിയമ്പിലൂടെ ബാലിയെ വധിച്ചതും,

ബഹുശ്രേഷ്ഠയായ സീതയോട് കൊടിയ അപരാധങ്ങൾ ചെയ്തതും, മനുഷ്യസമൂഹത്തിനും മണ്ണിന്റെ നിയമങ്ങൾക്കും വേണ്ടി നിലകൊള്ളുന്നതിനു പകരം രാജവംശത്തിന്റെ പഴയകാല അധമ ആചാരങ്ങൾക്കും അധമ-പാരമ്പര്യ സമ്പ്രദായങ്ങൾക്കും വേണ്ടി നിലകൊണ്ടതും, സ്വന്തം അധമ ആവശ്യങ്ങളെ നിറവേറ്റാൻ ലക്ഷ്മണനെ നിർബ്ബന്ധിച്ചതും, വനവാസക്കാലത്ത് രാമന്റെ മെതിയടികളെ രാജസിംഹാസനത്തിൽ പ്രതിഷ്ഠിക്കാനും പൂജിക്കാനും ഭരതനെ അനുവദിച്ചതും, മരിച്ചുപോയ പിതൃക്കൾക്കു വേണ്ടി ബലി കർമ്മങ്ങൾ അനുഷ്ഠിച്ചതും വിഗ്രഹ-*പൂജ* നടത്തിയതുമൊക്കെ കൊടിയ പാപങ്ങളാണ്. പാപജന്മമായി പരിണമിച്ച രാമാവതാരം മരണത്തോടെ മൂലദേവതയിലേക്കു മടങ്ങി. പിന്നെ രാമനില്ല. രാമക്ഷേത്രങ്ങളുടെയും രാമപൂജകളുടെയും പേരിൽ മുഖ്യമായ ശിക്ഷകളെ ഏറ്റുവാങ്ങിയത് 'രാമനെന്നും വിളിക്കാവുന്ന രാമന്റെ മൂലദേവത തന്നെയാണ്.'

(5.4). വ്യക്തിസ്വാതന്ത്ര്യവും നീതിശാസ്ത്രവും : സ്ത്രീ-പുരുഷ സമത്വം. (അദ്ധ്യായം 32 ഭാഗികം മാത്രം).

സ്ത്രീയ്ക്ക് സമസ്വാതന്ത്ര്യം എന്നു വാദിക്കുന്നവർ, ദൈവത്തെ മറന്നിരിക്കുന്നു, ദൈവീകനീതി എന്തെന്ന് അറിയാൻ ആഗ്രഹിക്കാത്തവരോ അന്വേഷിക്കാത്തവരോ ആയിരിക്കുന്നു.

സ്ത്രീയെ പുരുഷന്റെ യജമാനയായിട്ടാണ് ദൈവം മഹാഉയർത്തിയിട്ടുള്ളത്, സമമായിട്ടോ താഴെയായിട്ടോ അല്ല. ദൈവ-വിപ്ലവത്തോടെ ഉടൻ ഭൂമിയിലെങ്ങും *ജീവിതത്തിൽ സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്ന മഹാഅവസ്ഥ* ഉണ്ടാകുന്നതുമാണ്. അങ്ങനയിരിക്കെ സ്ത്രീ-പുരുഷ സമത്വ വാദങ്ങൾ, ശാസ്ത്രങ്ങളറിയാതെ പുലമ്പുന്ന വാഗ്ധോരണികളും ഭോഷത്തങ്ങളും മാത്രമാണ്. *(2)*-ൽ വിശദമാക്കിയിരുന്നു. അല്പം ആവർത്തിക്കുന്നു. മാനുഷിക-ജന്മഗുണങ്ങളിൽ ആദ്യത്തേതാണ് സ്ത്രീ-പുരുഷ വ്യത്യാസമെന്നും, അവയിൽ നീതി നടപ്പാക്കാൻ മാനുഷിക ഭരണസമ്പ്രദായങ്ങൾക്ക് കഴിയില്ല/കഴിവില്ല എന്നുമറിയണം. മനുഷ്യരുടെ കാര്യത്തിൽ, *സ്ത്രീയ്ക്ക് സൃഷ്ടിയിൽ ദൈവം ചില പ്രത്യേക അവകാശങ്ങൾ നൽകിയിരിക്കുന്നതിനെ* പ്പറ്റി ഇനി കുറിക്കാം. മഹാശക്തിയായ ദൈവം *സ്ത്രീയെ സൃഷ്ടിയുടെ സമ്പൂർണ്ണ അധികാരിയാക്കിരിക്കുകയാണ്. സ്ത്രീയ്ക്ക് 100%. പുരുഷന് 0 %.* ... ശാസ്ത്ര വികസനത്തോടെ, പുരുഷബീജമില്ലാതെയും ഭ്രൂണം സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാകുമ്പോഴും, ഗർഭവും പ്രസവവും സ്ത്രീയുടെ സ്വന്തമാണ്. തന്റെ ശരീരം സ്വീകരിക്കുന്ന

ഭക്ഷണത്തിന്റെ ഓഹരി സ്ത്രീയുടെ ശരീരാവയവങ്ങളിലൂടെ കുഞ്ഞിന് നൽകപ്പെടുകയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. പ്രസവിച്ചു കഴിയുമ്പോൾ മുലയൂട്ടുന്നതും സ്ത്രീയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. കുഞ്ഞിനെ പരിചരിക്കുന്നതിലും മുഖ്യപങ്ക് സ്ത്രീയ്ക്കാണ്. പുരുഷന് ഒരു കുട്ടിയുടെ മേൽ അവകാശമുണ്ടാകുന്നത് പുരുഷൻ സ്ത്രീയോടും കുട്ടിയോടും ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോഴാണ്, അവരെ യഥോചിതം പരിചരിക്കുമ്പോൾ മാത്രമാണ്. ഭാവി തലമുറയെക്കൂടി സംരക്ഷിക്കുന്ന സ്ത്രീയുടെ ദാസനായിട്ട് പുരുഷൻ വർത്തിക്കേണ്ടതുണ്ട്. ഏറ്റവും നന്നായി സ്ത്രീയെ പരിചരിക്കുന്ന പുരുഷന് കുട്ടിയുടെ മേല് **30%** മാത്രമാണ് ശക്തിശാസ്ത്രമനുസരിച്ച് അവകാശമുണ്ടാവുക. ..പുരുഷന്മാർക്ക് യാതൊരു അവകാശങ്ങളും സൃഷ്ടികാര്യത്തിൽ ദൈവം നൽകുന്നില്ലായെന്നത് വ്യക്തമായ ഉദ്ദേശത്തോടെയാണ്. തന്റെ ശുദ്ധവൃത്തി കൊണ്ട് പുരുഷൻ കുട്ടികളുടെ മേൽ അവകാശം സമ്പാദിക്കണമെന്നാണ് ധർമ്മശാസ്ത്രം.

ഭാര്യയിൽ മാത്രം കാമാനന്ദം ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് പുരുഷനെ നയിക്കുക കൂടിയാണത്. സമൂഹത്തിലെ വ്യക്തികളുടെ ജീവിതം മംഗളമാകുവാൻ അതാവശ്യമാണ്. പകരം പരസ്ത്രീകളെയും പരപുരുഷന്മാരെയും ആഗ്രഹിക്കുകയും പ്രാപിക്കുകയുമൊക്കെ ചെയ്യുന്ന അവസ്ഥ വ്യക്തികൾക്ക് ഉണ്ടായാൽ മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തെ ദൈവം മഹാആവിഷ്ക്കരിച്ചതിന്റെയും മനുഷ്യന്റെ സൃഷ്ടി

വ്യത്യാസപ്പെടുത്തിയതിന്റെയും ഉദ്ദേശം പാളിപ്പോകുന്നതാണ്. (ഇന്നത്തെ സമൂഹത്തിൽ വളരെയധികം പാളിച്ച സംഭവിച്ചുകഴിഞ്ഞു.).

സ്ത്രീയുടെ സമ്മതമില്ലാതെ പുരുഷൻ സ്ത്രീയെ പ്രാപിച്ചാലും സ്ത്രീ ഗർഭവതിയായെന്നു വരും; ലൈംഗികബന്ധമില്ലാതെ പുരുഷബീജങ്ങളെ പ്രവേശിപ്പിച്ചും, കൂടാതെ ക്ലോണിങ്ങിലൂടെയും മറ്റും സ്ത്രീയ്ക്ക് ഗർഭവതിയാവാനും പ്രസവിക്കാനും കഴിഞ്ഞെന്നു വരും; എന്നതെല്ലാം സ്രഷ്ടാവ് ദൈവമാണെന്ന് സ്ത്രീയെയും സമൂഹത്തെയും ഓർമ്മിപ്പിക്കുന്നുണ്ട്. മുൻ അദ്ധ്യായത്തിൽ വ്യക്തമാക്കിയതുപോലെ ഭ്രൂണത്തിന് കാരണമാകുന്ന അണ്ഡത്തെ സ്ത്രീയിൽ സൃഷ്ടിക്കുന്നത് സ്ത്രീയല്ല എന്നതും, സ്ത്രീയുടെ ശരീരത്തിൽ ഭ്രൂണം സൃഷ്ടിക്കപ്പെടുമ്പോഴും വളരുമ്പോഴുമുള്ള പ്രവർത്തനങ്ങളും സ്ത്രീയുടെ നിയന്ത്രണത്തിലല്ല എന്നതും സ്രഷ്ടാവ് ദൈവമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ കുഞ്ഞിനെ പ്രസവിക്കുന്നത് അഥവാ സൃഷ്ടി നടത്തുന്നത് സ്ത്രീയിലൂടെ ആകയാൽ ദൈവം സ്ത്രീയെ ആശ്രയിക്കുന്നതു പോലെയുള്ള ഒരവസ്ഥ ഉണ്ടാക്കപ്പെടുന്നുണ്ട് ; *സ്ത്രീയെ ഉയർത്തുവാൻ ദൈവം തന്നെ മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാപദ്ധതിയാണത്,* മഹാശാസ്ത്രത്തെ ആവിധത്തിൽ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം തന്നെയാണ്. ദൈവത്തിന് ആശ്രയം വേണ്ടതന്നെ. സൃഷ്ടിയുടെ മഹാഅധികാരി ദൈവമാണെങ്കിലും സ്ത്രീയോട് പ്രത്യേക വാത്സല്യം കാട്ടിക്കൊണ്ട് സ്ത്രീയെ അധികാരിയാക്കിയിരിക്കുകയാണ്. സൃഷ്ടിയുമായി

ബന്ധപ്പെട്ട മേല്പടി അധികാരം സ്ത്രീയ്ക്ക് ദൈവം നൽകിയില്ലെങ്കിൽ സ്ത്രീയുടെ സ്ഥാനവും പുരുഷനെപ്പോലെ മറ്റൊരു പൂജ്യമാകുന്നതാണ്.

സ്ത്രീയെയും കുഞ്ഞിനെയും പുരുഷൻ പരിചരിച്ചില്ലെങ്കിൽ ഗർഭം ഉപേക്ഷിക്കുവാനും, അതേപോലെ കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ച് തന്റെ ഗർഭം നിലനിർത്തുവാനും ദൈവം സ്ത്രീയ്ക്ക് സമ്പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. പുരുഷനോ സമൂഹ ഭരണകൂടത്തിനോ അത്തരം വ്യക്തിസ്വാതന്ത്ര്യ-കാര്യങ്ങളിൽ കൈകടത്താൻ അവകാശമില്ല. നിരാലംബയായ സ്ത്രീയ്ക്ക് ഏതു മാർഗ്ഗത്തിലൂടെയും ഗർഭം നിലനിർത്തുവാനും കുഞ്ഞിനെ വളർത്തുവാനും അധികാരമുണ്ടെന്നു പറയുമ്പോൾ കാമാനന്ദം ആഗ്രഹിക്കുന്ന പുരുഷന്മാരോട് മുൻകൂട്ടി വേതനം അറിയിച്ചും വാങ്ങിക്കൊണ്ടും ചെയ്യുന്ന കാമസേവനം എന്ന വേശ്യാവൃത്തിയും ഉൾപ്പെടുന്നതാണ്. സ്ത്രീയ്ക്ക് തന്റെ ശരീരഭാഗങ്ങളെ കാമപരമായി പ്രദർശിപ്പിക്കാതെയും, പരസ്യമായല്ലാതെയും, കാമസേവനം സ്വകാര്യതയോടെ നടത്തുവാനും കാട്ടിൽ പോകാതെ നാട്ടിൽതന്നെ ജീവിക്കുവാനും ധർമ്മശാസ്ത്രം അനുവദിക്കുന്നു എന്നാണർത്ഥം. നിരാലംബയായ സ്ത്രീയെ സംരക്ഷിക്കുന്നതിൽ സമൂഹവും ഭരണകൂടവും പരാജയപ്പെടുമ്പോൾ മാത്രമാണ് മേല്പറഞ്ഞ കാമസേവന-വൃത്തി സ്ത്രീ ചെയ്യേണ്ടി വരുന്നത് എന്നത് സമൂഹത്തിലെ വ്യക്തികളെയും ഭരണകൂടത്തെയുമാണ് ലജ്ജിപ്പിക്കുന്നത്. *നിരാലംബരായ സ്ത്രീകൾ കാമസേവനത്തിന് തയ്യാറാവുന്ന നാട്ടിൽ

ഭരണാധികാരികൾ/ന്യായാധിപന്മാർ ഉണ്ടെന്നു പറയുന്നത് ദൈവീകമല്ല.* അവരെ ഭരണാധികാരി എന്നു വിളിച്ചുകൂടാ. *ഭരണാധികാരികളുടെ ഭരണപരമായ വീഴ്ചകൊണ്ട് സ്ത്രീയ്ക്ക് നീചമാർഗ്ഗം സ്വീകരിക്കേണ്ടി വന്നതിനാൽ ഭരണാധികാരിയെ കൂട്ടിക്കൊടുപ്പുകാരൻ എന്നുതന്നെയാണ് വിളിക്കേണ്ടത്. ഭൂമിയിൽ ഇന്നുള്ള ജഡ്ജിമാർ ഉൾപ്പെടെയുള്ള ഭരണാധികാരികളെല്ലാം പ്രസ്തുത അപരനാമത്തിന് അർഹരാണ്.*
നിരാലംബരായ സ്ത്രീകൾ മറ്റുള്ളവർക്ക് വലിയ ശല്ല്യമുണ്ടാക്കാതെ കാമകാര്യങ്ങളിലെ സ്വകാര്യത സൂക്ഷിച്ച് കാമസേവനം നടത്തി ജീവിക്കുമ്പോൾ, അവരെയും ഇടപാടുകാരെയും പീഡിപ്പിക്കുവാൻ ഇന്നത്തെ ഭരണകൂടങ്ങൾ തയ്യാറാവുന്നത് ധർമ്മശാസ്ത്രപരമല്ല എന്നുമർത്ഥം. സിനിമകളും ടെലിവിഷനും ഇന്റർനെറ്റും മറ്റ് മാധ്യമങ്ങളുമൊക്കെയാണ് യഥാർത്ഥത്തിൽ കടുത്ത-അധമങ്ങളായിരിക്കുന്നത്. അവയിലെ പ്രവർത്തകരും അവയെ അനുവദിച്ചിരിക്കുന്ന ഭരണകൂടവുമാണ് ഏറ്റവും വലിയ കാമപരമായ-അധമർ. ധർമ്മശാസ്ത്ര പരമായിട്ട് മുഖ്യമായി ഭരിക്കേണ്ടതും തിരുത്തേണ്ടതും ഭരണകൂടത്തിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ള മേല്പടി അധമരെയാണ്. സ്ത്രീ കാമാനന്ദത്തിനായി കാമസേവനത്തിന് തയ്യാറാവുമ്പോൾ അതിന്റെ ഭാഷ്യം മാറുന്നതാണ്, അങ്ങനെ വരുമ്പോൾ, തെറ്റു തിരുത്തുവാൻ സ്ത്രീ സ്വമേധയാ തയ്യാറാവുകയോ, അല്ലാത്തപക്ഷം, കാട്ടിലേക്കു പോവുകയോ വേണം. *ജന്തു-കാമവ്യവസ്ഥിതി കാട്ടിലാകാം, നാട്ടിൽ പാടില്ല.*
അതേസമയം, സ്ത്രീ സ്വമേധയാ കാട്ടിൽ പോകാൻ

തയ്യാറായില്ലെങ്കിൽ മഹാഉചിതമായി
മഹാഭരണാധികാരിയായ ദൈവം ഇടപെടുന്നതാണ്
എന്നല്ലാതെ *നാട്ടിലെ മനുഷ്യ-ഭരണകൂടമോ,
നാട്ടുകാരോ തങ്ങൾക്കു തോന്നുമ്പോലെ നീതി
നടത്താൻ പാടില്ല.*

പരസ്ത്രീ-പുരുഷ ഗമനങ്ങൾ
അസാദ്ധ്യമാകുന്നതോടെയും, വ്യക്തികൾ സ്വയം
ദുരാചാരങ്ങളെ വെറുക്കുന്നതോടെയും, സെക്സ്-
കോപ്രായങ്ങളും അസ്തമിക്കുന്നതാണ്.

ദൈവദത്തമായ സൗന്ദര്യത്തിൽ സ്ത്രീകൾ
മത്സരിക്കുന്നത് ഉൾപ്പെടെയുള്ള മത്സരകോപ്രായങ്ങളും
അശാസ്ത്രീയമായ സൗന്ദര്യവർദ്ധന സമ്പ്രദായങ്ങളും
അവസാനിക്കുന്നതാണ്. ഭർത്താവ് ഒഴികെയുള്ളവർക്ക്
തങ്ങൾ അമ്മയെപ്പോലെയാവണം എന്ന രീതിയിൽ
വസ്ത്രധാരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ
ശ്രദ്ധിക്കുവാനും ശരീരത്തെ പ്രദർശന വസ്തുവാക്കാതെ
സൂക്ഷിക്കുവാനും സ്ത്രീയ്ക്ക് ഉത്തരവാദിത്തമുണ്ട്.
എന്നാൽ ശരീരത്തിന്റെ സ്വകാര്യത കാക്കാതെ
ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന സ്ത്രീകളെ
ശിക്ഷിക്കുവാൻ ഭർത്താവ് ഉൾപ്പെടെ യാതൊരു
വ്യക്തികളെയും സമൂഹത്തെയും/ഭരണകൂടത്തെയും
ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. യഥാർത്ഥമായും
തെറ്റുചെയ്തവർക്ക് കനത്ത ശിക്ഷ
മഹാനീതിശാസ്ത്രപ്രകാരം ദൈവം നേരിട്ടു
നല്കുന്നതാണ്. പുരുഷന്മാർ കല്ലെറിയാൻ
നടക്കേണ്ടെന്നും സാരം. ഇന്നത്തെ പുരുഷൻ
നാളത്തെ/അടുത്ത ജന്മത്തിലെ സ്ത്രീയാവാം എന്നതും

ഓർക്കാവുന്നതാണ്. ദാമ്പത്യ ജീവിതത്തിൽ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന പുരുഷനോട് എങ്ങനെ പെരുമാറണമെന്നതും സ്ത്രീ നിശ്ചയിക്കുക, സ്ത്രീയും കുട്ടികളും കൂടി നിശ്ചയിക്കുക, സ്ത്രീയ്ക്ക് ഉപദേശമോ സഹായമോ ആവശ്യമുണ്ടെങ്കിൽ ഭരണകൂടം സഹായിക്കുക എന്നിങ്ങനെയാണ് ധർമ്മശാസ്ത്രം.

സ്ത്രീയെ ലൈംഗികമായി പീഡിപ്പിക്കുന്ന പുരുഷന്റെ/പുരുഷന്മാരുടെ മേൽ നീതി ന്യായം വിധിക്കുവാൻ കോടിതികൾക്കും ഭരണകൂടത്തിനുമല്ല അവകാശവും അധികാരവും, മറിച്ച് (എപ്പോഴും) പീഡിപ്പിക്കപ്പെട്ട സ്ത്രീയ്ക്കു തന്നെയാണ് ; പീഡിപ്പിച്ച പുരുഷനെ/പുരുഷന്മാരെ വധിക്കുവാൻ പോലുമുള്ള തീരുമാനം പീഡിപ്പിക്കപ്പെട്ട സ്ത്രീ തനിച്ചോ ബന്ധുജനങ്ങളുടെ ഉപദേശങ്ങളോടെയോ സ്വീകരിക്കുന്നതാണ്. സ്ത്രീയ്ക്ക് ശാസ്ത്രീയമായ ഉപദേശം ആവശ്യമുണ്ടെങ്കിൽ നൽകുക, കുറ്റവാളിയെ പിടിച്ചുകെട്ടി സ്ത്രീയുടെ മുന്നിൽ ഹാജരാക്കുക, ശിക്ഷ വിധിക്കാനും നടപ്പാക്കാനും സ്ത്രീയെ ധർമ്മശാസ്ത്രപരമായി സഹായിക്കുക, സ്ത്രീയ്ക്ക് മാനസികമായോ ശാരീരികമായോ ആരോഗ്യമില്ലെങ്കിൽ ധർമ്മശാസ്ത്രങ്ങൾ അറിയാവുന്നവരും ദൈവാനുഭവങ്ങൾ ഉള്ളവരുമായ വ്യക്തികളെക്കൊണ്ട് ന്യായവിധി നടത്തിക്കുക, പീഡിപ്പിക്കപ്പെട്ട സ്ത്രീ വധിക്കപ്പെടുകയാണെങ്കിൽ കുറ്റവാളിയെ ഒറ്റപ്പെട്ട ദ്വീപിലേക്ക് **10-15** വർഷം എന്നിങ്ങനെ നിശ്ചിതമായ കാലത്തേക്ക് നാടുകടത്തുക തുടങ്ങിയവ മാത്രമാണ് ഭരണകൂടത്തിന്റെ കടമ.

ആധുനിക കാലത്ത് മൊബൈൽ ഫോണുകളിലൂടെയും, ഇന്റർനെറ്റിലൂടെയും, ടെലിവിഷൻ പത്രം മാഗസിനുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെയും, സ്ത്രീയുടെ സ്വകാര്യ ശരീരത്തെ, (സ്ത്രീയുടെ സമ്മതമില്ലാതെയും സമ്മതത്തോടെയും) അശ്ലീലപരമായി പ്രദർശിപ്പിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സ്ത്രീ-പീഢനത്തിൽ പെടുന്നു. ആവിധത്തിൽ പീഢിപ്പിക്കുന്നവരെയും സ്ത്രീയുടെ ഇച്ഛപോലെ ശിക്ഷിക്കുവാൻ മേല്പറഞ്ഞതുപോലെ ഭരണകൂടം ഇടപെടേണ്ടതുണ്ട്. സ്ത്രീ സമ്മതിച്ചാൽ പോലും സ്ത്രീ ശരീരത്തെ അശ്ലീലപരമായി പൊതുസമൂഹത്തിൽ പ്രദർശിപ്പിക്കുവാനും, ചിത്രങ്ങളും ശില്പങ്ങളും വരയ്ക്കുവാനും/നിർമ്മിക്കുവാനും പ്രസിദ്ധീകരിക്കുവാനും/പ്രദർശിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും യാതൊരാൾക്കും അവകാശമില്ല. അധമമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഥവാ ധർമ്മശാസ്ത്രപരമല്ലാത്ത ആനന്ദങ്ങൾ പുലർത്തുവാൻ വ്യക്തികൾക്ക് നാട് ഉപേക്ഷിച്ച് കാട്ടിലെ ജീവിതം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ആദ്യ മഹാകാലചക്രത്തിലെ കാമപരം ഉൾപ്പെടെയുള്ള പിഴവുകൾക്ക് വിഷ്ണു എന്ന നാരായണന്റെയും മറ്റ് അനവധി ദേവതകളുടെയും അധമത്തം കൂടി കാരണമായിട്ടുണ്ട്.

മഹാശാസ്ത്രം അഥവാ ദൈവം, കുഞ്ഞുങ്ങളുടെ സൃഷ്ടിയിലൂടെ സ്ത്രീയെ സൃഷ്ടിയുടെ അധികാരിയാക്കുമ്പോഴും, സ്ത്രീയ്ക്ക് പ്രത്യേക സ്നേഹവാത്സല്യങ്ങളും അധികാരങ്ങളും നൽകുമ്പോഴും, സ്ത്രീയ്ക്ക് കുഞ്ഞുങ്ങളുടെ കാര്യത്തിൽ വർദ്ധിച്ച

ഉത്തരവാദിത്തങ്ങൾ ഉണ്ട്. സമൂഹത്തിൽ ധാർമ്മികശുദ്ധി പൂർത്തിയാവുന്നത് സ്ത്രീകൾ കുടുംബകാര്യങ്ങളിൽ ശ്രേഷ്ഠമാവുമ്പോഴാണ്; ഗൃഹജോലികൾ ഉൾപ്പെട്ട കുടുംബഭരണം സ്ത്രീയെ ഏല്പിച്ചുകൊണ്ട് കുടുംബത്തിന്റെ യജമാനയായി ദൈവം സ്ത്രീയെ മഹാഉയർത്തിയിരിക്കയാണ്. ഭാവി തലമുറയുടെ സൃഷ്ടിയും ധാർമ്മിക ശുദ്ധിയോടെയുള്ള വളർച്ചയും ശ്രദ്ധിക്കേണ്ടതും സ്ത്രീ തന്നെ. (നൂറ്റാണ്ടുകളായി ഇക്കാര്യത്തിൽ സംഭവിച്ച പിഴവുകൾ സമൂഹത്തിൽ ഇന്നുള്ള ധാർമ്മിക അധഃപതനത്തിന് ഒരു മുഖ്യ കാരണമാണ്.). കൂടാതെ സ്ത്രീകൾക്കായുള്ള വൈദ്യം, അദ്ധ്യാപനം, വസ്ത്രം തുന്നൽ തുടങ്ങിയ ഏതാനും തൊഴിലുകളും സ്ത്രീകൾക്കായുണ്ട്. പശുക്കളെ വളർത്തുക എന്നുള്ളതും സ്ത്രീയുടെ മുഖ്യമായ ഗൃഹജോലികളിൽ പെടുന്നുണ്ട്. സ്ത്രീയെ പശുപാലനത്തിൽ പുരുഷൻ സഹായിക്കേണ്ടതുണ്ട്. (സ്ത്രീയുടെ ഔന്നത്യത്തെപ്പറ്റി ദീർഘമായി വിവരിക്കുന്ന പ്രത്യേക പേജ് ഓംസത്യം ഡോട്ട്കോം വെബ്സൈറ്റിലുണ്ട്.).

ശക്തി-ശാസ്ത്രപ്രകാരം സ്ത്രീയ്ക്ക് കുടുംബത്തിൽ **70** ശതമാനം അധികാരവും പുരുഷന് **30** ശതമാനം മാത്രം അധികാരവുമാണ് ദൈവം വിധിച്ചിട്ടുള്ളത്. സ്ത്രീയുടെയും കുടുംബത്തിന്റെയും ആനന്ദത്തിനു വേണ്ടി പുരുഷനെ കുടുംബത്തിന്റെ നായകനാക്കേണ്ടതും നായകസ്ഥാനം പിൻവലിക്കണമോ എന്നു നിശ്ചയിക്കേണ്ടതും സ്ത്രീയാണ്. ആനന്ദകരമായ പ്രസ്തുത അധികാരങ്ങൾ മായ പ്രത്യക്ഷമാകുന്നതോടെ സ്ത്രീയ്ക്ക്

സമ്പൂർണ്ണമായും ലഭിക്കുന്നതുമാണ്. സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്നതാണ്; അത്യാനന്ദകരമായ ദാസത്വമാണ് ഉരുത്തിരിയുന്നത്, അഹംപരമല്ല. സദാചാരശാസ്ത്രത്തിന്റെ മികവ് വിശകലനം ചെയ്യുമ്പോൾ ആയത് ഏവർക്കും ബോധ്യമാകുന്നതാണ്. ഗൃഹത്തെയും കുടുംബത്തെയും ഭാവിതലമുറയെയും മംഗളമായി സംരക്ഷിക്കുവാനുള്ള ഉന്നത കടമകളെ നിവർത്തിക്കേണ്ട സ്ത്രീ ആഫീസുകളിലും വയൽ പാടങ്ങളിലും മറ്റുമല്ല ജോലിചെയ്യേണ്ടത്.

// അച്ഛന് പ്രാധാന്യം കൊടുക്കുന്ന സാമൂഹ്യരീതി തെറ്റാണെന്നും മുകളിലെ വിശദീകരണങ്ങളിൽ നിന്നും സുവ്യക്തമാണ്. മാത്രമല്ല, *അമ്മയ്ക്ക് ഏതൊരു കുട്ടിയെയും കാമസേവനം ചെയ്തുപോലും വളർത്താൻ ധർമ്മശാസ്ത്രം അഥവാ ദൈവം മഹാഅനുവദിച്ചിരിക്കുകയാണ്. വളർന്നുവരുമ്പോഴും വളർന്നശേഷവും അമ്മമാരുടെ സ്വഭാവശുദ്ധിയെ ചോദ്യംചെയ്യുന്ന ചില കുട്ടികളുടെ രീതി തെറ്റാണ്. തള്ളക്കിളി ചുണ്ടിൽ ഭക്ഷണവുമായി വരുന്നത് പലപ്പോഴും അനവധി പ്രയാസങ്ങൾ തരണംചെയ്താണ്, എന്നാൽ വായ് പിളർന്ന് ഭക്ഷണത്തിനായി ആർത്തിയോടെ കാത്തിരിക്കുന്ന കുഞ്ഞുകിളികൾ, തള്ളക്കിളി കൊണ്ടുവരുന്ന ഭക്ഷണം വെട്ടിവിഴുങ്ങുന്നതല്ലാതെ അതെങ്ങനെ കിട്ടി, തള്ളക്കിളി ഭക്ഷിച്ചോ എന്നതൊന്നും വിഷയമാക്കുന്നില്ല. ഹേയ് മനുഷ്യക്കുഞ്ഞുങ്ങളെ, കുഞ്ഞായിരിക്കെ ഭക്ഷണത്തിന് ആർത്തി കാണിച്ചതല്ലാതെ അമ്മയെങ്ങനെ ഭക്ഷണം നൽകിയെന്നതോ, അമ്മ ഭക്ഷിച്ചോ എന്നതും നിങ്ങൾക്കും വിഷയമല്ലായിരുന്നു. നിങ്ങളുടെ അമ്മ

/വളർത്തമ്മ വഴിവിട്ട് സഞ്ചരിച്ചുവെങ്കിൽ അതിനു കാരണം അമ്മയല്ല, സമൂഹ-ഭരണകൂടമാണ്. അവർ ലജ്ജിക്കട്ടെ. കുഞ്ഞിനെ വളർത്തുവാൻ ത്യാഗങ്ങൾ സഹിച്ച അമ്മയുടെ /വളർത്തമ്മയുടെ പേരിൽ അഭിമാനിക്കുന്നവരായി മാത്രം തല ഉയർത്തുവിൻ. കാമസേവന വൃത്തി ചെയ്ത് മക്കളെ പരിപാലിക്കുന്ന ഒരമ്മയുടെ ശ്രേഷ്ഠത, ഇന്നത്തെ ഭരണ കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കില്ല എന്നു തന്നെയാണ് വ്യക്തമാക്കിയത്. ജീവിതകാര്യങ്ങളിൽ പ്രയാസമുണ്ടാകുമ്പോൾ കാമസേവന-വൃത്തിയെ കുറുക്കുവഴിയായിട്ടു സ്വീകരിക്കുന്ന സ്ത്രീയ്ക്ക് തീർച്ചയായും ശിക്ഷയുണ്ട് എന്നതും അറിഞ്ഞു കൊള്ളണം. അമ്മയെ കൂടുതൽ സ്നേഹിക്കണം എന്നു പറയുമ്പോൾ, ധർമ്മശാസ്ത്ര പരമായിട്ട് തങ്ങളുടെ ധർമ്മങ്ങൾ നിവർത്തിക്കുന്ന അച്ഛനെയും സ്നേഹിക്കുക തന്നെ വേണം. //

മനുഷ്യന് 50 സ്ത്രീജന്മങ്ങൾ, 50 പുരുഷജന്മങ്ങൾ, എന്നിവ ചേർന്ന 100 ജന്മങ്ങൾ ഉള്ളത് ശാസ്ത്രപരമായി ബോധ്യപ്പെടുന്നതോടെ സ്ത്രീപുരുഷ സമത്വം എന്ന അധമ-വാദം അസ്തമിക്കുന്നതാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം, സംഹാരത്തിൽ ഇരുവരും തുല്യർ എന്നിങ്ങനെ സ്ത്രീയ്ക്കും പുരുഷനും സമത്വം നല്കുന്ന ദൈവത്തിന്റെ മഹാനീതി, മഹാഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള മഹാകാര്യങ്ങളെ പഠിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് പെട്ടെന്നു മനസ്സിലാകുന്നതാണ്. 90 മുതലുള്ള ജന്മങ്ങളിലൊന്നിൽ പുരുഷന് അർദ്ധനാരീശ്വരനും അർദ്ധനാരീശ്വരിയുമായ അഥവാ

അർദ്ധമഹാദേവിയായ പരമശിവനിലൂടെ ദൈവം മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുകയും ദൈവാരാധനയ്ക്ക് യോഗ്യനാക്കുകയും ചെയ്യുമ്പോൾ തന്റെ ഭാര്യയായി വർത്തിക്കുന്ന സ്ത്രീ, തന്നെക്കാൾ ശ്രേഷ്ഠയാണെന്നും, കൂടാതെ തന്റെ ഭാര്യയുടെ ഒരു ഭാഗമാണ് താനെന്നുകൂടി തിരിച്ചറിയുന്നതാണ്. *ഒരു സ്ത്രീയ്ക്ക് പുരുഷനായി ജനിക്കാനും ജീവിക്കാനും കഴിയുകയും, പുരുഷന് സ്ത്രീയായി ജനിക്കാനും ജീവിക്കാനും കഴിയുമ്പോൾ മാത്രമേ ഭൗതികശരീരരൂപം കൊണ്ടു പോലും സമത്വം സാദ്ധ്യമാകൂ എന്നിരിക്കെ, സ്രഷ്ടാവ് മഹാനിശ്ചയിക്കുകയും മഹാനിർവ്വഹിക്കുകയും ചെയ്യുന്ന സമത്വം എന്തെന്ന് ധർമ്മശാസ്ത്രപരമായി അന്വേഷിക്കാൻ പരിശ്രമിക്കാതെ സമത്വത്തിന്റെ പേരിൽ കോപ്രായങ്ങൾ കാട്ടുന്നത് ധർമ്മശാസ്ത്രപരമല്ല, അഥവാ ദൈവീകമല്ല.* അജ്ഞാനം കൊണ്ടും അവിവേകം കൊണ്ടുമുള്ള ദൈവനിന്ദയാണ്.

പുരുഷജന്മത്തിൽ ദൈവത്തിന്റെ പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനുമുള്ള യോഗ്യത നേടിക്കൊണ്ട് ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സ്ത്രീജന്മത്തിലാണ് വ്യക്തിക്ക് ദൈവത്തെ മഹാജഗദംബയായി ദർശിക്കാൻ കഴിയുന്നതും, മഹാദേവിയുടെ മടിയിൽ തലവെച്ചുകിടന്ന് സ്നേഹവാത്സല്യങ്ങൾ നുകരാൻ കഴിയുന്നതും. സ്ത്രീജന്മത്തിൽ അതുണ്ടാവുമ്പോൾ കാമകാര്യങ്ങളിലെ മഹാ-ഔന്നത്യം പാലിക്കപ്പെടുക കൂടിയാണ്. കാമപരമായ പവിത്രത സംരക്ഷിക്കപ്പെടണമെന്ന്

മനുഷ്യരെയെല്ലാം ഉദ്ബോധിപ്പിക്കുന്ന ചൂണ്ടുപലകയാണത്. ദൈവം പോലും സ്ത്രീരൂപമെടുക്കുമ്പോൾ, വാത്സല്യ പ്രകടനത്തിന് താൻ മനുഷ്യർക്കായി മഹാനിശ്ചയിച്ചിട്ടുള്ള സദാചാരശാസ്ത്ര കാര്യങ്ങളെ ഉന്നതപ്പെടുത്തുന്നതായും, മനുഷ്യരും അത് പിൻപറ്റണമെന്നും മനസ്സിലാക്കണം. മഹാമാതാവ് നേരിട്ട് കുഞ്ഞുങ്ങളെ പ്രസവിക്കുന്നില്ലാ എന്നതും മനുഷ്യമാതാവിനെ അക്കാര്യത്തിൽ ഉയർത്തിയിരിക്കുകയാണ് എന്നതും മനുഷ്യമാതാവിന് ദൈവം മഹാ അനുഗ്രഹിച്ചു നൽകുന്ന പ്രത്യേക ബഹുമതിയാണ്. മനുഷ്യമാതാവ് ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ഓരോ അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും മഹാമാതാവായ ദൈവമാണെന്നതും കൂടി തിരിച്ചറിയേണ്ടതുണ്ട്.

മനുഷ്യൻ, വ്യക്തി എന്നീ സമീപനത്തെ മാറ്റിനിർത്തിക്കൊണ്ട്, സ്ത്രീയെ സംബന്ധിച്ച് മാത്രം പറയുമ്പോൾ, മഹാദേവിയുടെ മടിയിൽ കിടക്കാൻ കഴിയുന്നതും മഹാവാത്സല്യങ്ങളെ നുകരാൻ കഴിയുന്നതും സ്ത്രീയ്ക്കു ലഭിക്കുന്ന അഥവാ സ്ത്രീജന്മത്തിൽ മാത്രം ഓരോ വ്യക്തിക്കും ലഭിക്കുന്ന മഹാ-ബഹുമതിയാണ്, മഹാഭാഗ്യമാണ്, മഹാആനന്ദമാണ്. പുരുഷന് ലഭിക്കാത്ത മഹാ ബഹുമതിയാണത് എന്ന വ്യാഖ്യാനത്തിൽ സ്ത്രീ-പുരുഷ സമത്വമില്ല എന്നു വാദിക്കുന്നത് എത്ര മൗഢ്യമാണെന്ന് പുരുഷന് മഹാശാസ്ത്രം ലഭിക്കുമ്പോഴും, *സ്ത്രീജന്മമെടുക്കുമ്പോഴും* തെളിയുന്നു. ദൈവം മഹാ-സമത്വത്തെ മഹാനിർവ്വഹിക്കുന്നു ! മഹാനീതിപതിയാണ് ദൈവം. മഹത്വം ദൈവത്തിനു മാത്രം...

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

" *ദൈവ-വിപ്ലവം ഉടൻ* " Published on 12 April 2017.

ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും, മനുഷ്യർ ഉൾപ്പെടെയുള്ള സകല ജീവാത്മാക്കളെയും സമ്പൂർണ്ണമായി മഹാഭരിക്കുന്നത് എങ്ങനെയെന്ന് മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

ദൈവ-വിപ്ലവ വിശകലനം -7 *Extracted* from : *http://omsathyam.blogspot.in/?m=1*

വിശദീകരണം :

1. ശരീരവും ജീവാത്മാവും തീർത്തും വിഭിന്നങ്ങളായ *സ്രഷ്ടാവും സൃഷ്ടിയുമായിട്ടു* പ്രവർത്തിക്കുന്നതിനെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു. *'തത്ത്വമസി'ക്ക് യഥാർത്ഥത്തിൽ ശരീരവുമായാണ് ബന്ധം; ആത്മാവുമായല്ല.*

2. ഓരോ ജീവാത്മാവിന്റെയും സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള *ശരീരം, പ്രത്യക്ഷമായിട്ട് ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം സമ്പൂർണ്ണമായി മഹാഭരിക്കുന്നത് എങ്ങനെയെന്ന് ഹ്രസ്വമായി വിശദീകരിക്കുന്നു.*

3. ജീവികളുടെ സൃഷ്ടിയും സംഹാരവും. ജീവൻ, പരമാത്മാവ്, ജീവാത്മാവ്, ശരീരം, എന്നിവയെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

4. "എന്റെ രാജ്യം" എന്ന് യാതൊരു രാജ്യത്തെപ്പറ്റിയും പറയാൻ യോഗ്യതകൾ ഉള്ളവർ ഭൂമിയിൽ ഇല്ല !.

1. ശരീരവും ജീവാത്മാവും തീർത്തും വിഭിന്നങ്ങളായ *സ്രഷ്ടാവും സൃഷ്ടി*യുമായിട്ടു പ്രവർത്തിക്കുന്നതിനെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വത്വമാണ് അഥവാ വ്യക്തിത്വമാണ് *ജീവാത്മാവ്.* ജീവിയായിട്ട് അഥവാ മനുഷ്യനായിട്ട് ജീവാത്മാവിനെ ജനിപ്പിക്കുമ്പോൾ ശരീരം ലഭിക്കുന്നു. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം ജീവിക്കാനും ആനന്ദങ്ങളെയെല്ലാം അനുഭവിക്കാനും ശരീരം അത്യാവശ്യമാണ്.* ജീവാത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ ലഭിക്കുന്നത് ശരീരത്തിലൂടെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, *ജീവാത്മാവിന് ആനന്ദങ്ങളെ 'പ്രത്യക്ഷമായിത്തന്നെ' നൽകുന്നത് ശരീരമാണ്;* എന്നാൽ *ശരീരത്തിന്റെ നിർമ്മിതിയിലും പ്രവർത്തനങ്ങളിലും ജീവാത്മാവിന്റെ പങ്ക് നാമമാത്രമോ ശൂന്യമോ ആണ്.* അതായത് *ജീവാത്മാവിനെ അഥവാ ജീവികളെ സംബന്ധിച്ചിടത്തോളം ശരീരമെന്നത് (മുഖ്യമായും) ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനുള്ള ഉപാധി മാത്രമാണ്.

'ജീവാത്മാവ് എന്ന ജീവിയുടെ സ്വത്വത്തിന്റെ' സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള 'ശരീരം' യഥാർത്ഥത്തിൽ ജീവാത്മാവിനെ ഭരിക്കുന്ന 'മഹാശക്തിയായ ദൈവത്തിന്റെ അംശമാണ്.' ചുവടെയുള്ള (1) മുതൽ (3) വരെയുള്ള ലളിതമായ വിശദീകരണത്തിൽ നിന്ന് ബോദ്ധ്യമാകുന്നതാണ്.

(1). മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ഉത്ഭവം, ശരീരത്തിന്റെ രൂപം, അവയവ ഘടന, അവയവ പ്രവർത്തനങ്ങൾ, രോഗങ്ങൾ, രോഗസൗഖ്യം തുടങ്ങിയവയെ വിശകലനം ചെയ്താൽ, ഏറെക്കുറെ മുഴുവൻ കാര്യങ്ങളിലും

ശരീരത്തിന്റെ ഉടമയെന്നും മറ്റും തെറ്റിദ്ധരിച്ചിട്ടുള്ള 'സ്വത്വമെന്ന ജീവാത്മാവിന് ' ശരീരത്തിന്മേൽ നാമമാത്രമായ അവകാശങ്ങളും അധികാരങ്ങളും മാത്രമേ ഉള്ളൂ എന്നും സുവ്യക്തമാകുന്നതാണ്.

'ശരീരത്തെ' സംബന്ധിച്ച്, മഹാനീതിശാസ്ത്ര പ്രകാരം 'ശരീരവും ജീവി-രൂപവും ഗുണങ്ങളും ജന്മഗുണങ്ങളും' നൽകി വേണം ജീവാത്മാവിനെ ജീവിയാക്കേണ്ടത്. ജീവാത്മാവിന് ആനന്ദങ്ങളെ ശരീരത്തിലൂടെ നൽകുന്നതോടൊപ്പം മറ്റുള്ള ജീവികളെയും 'ശരീരം' മഹാകരുതുന്നു എന്നതും ശ്രദ്ധേയമാണ്. ജീവികളുടെയെല്ലാം 'മുഖ്യ ആവശ്യമായ ഭക്ഷണത്തെ' സംവിധാനം ചെയ്തിട്ടുള്ളത് 'ശരീരത്തെ പരസ്പരം ഭക്ഷണമാക്കിയാണ്. ((ജീവികൾ മരിക്കുമ്പോഴും വധിക്കപ്പെടുമ്പോഴും, 'ശരീരം' ജീവാത്മാവിന്റെ ഭാഗമല്ലാതായി മാറുന്നു. പിന്നീട് ഭക്ഷണ സാധനം പോലെയുള്ള *'ഒരുതരം വസ്തുവാണ് ശരീരം'* എന്നും പറയാം. മത്സ്യം, സസ്യം, പക്ഷി, മൃഗം, എന്നിങ്ങനെ ചത്തതോ കൊന്നതോ ആയ എല്ലാ ജീവികളുടെയും *ശരീരത്തെ* "മാംസം, പഴങ്ങൾ, കായ്കൾ, കിഴങ്ങുകൾ, ഇലക്കറികൾ, പച്ചക്കറി," എന്നിങ്ങനെയെല്ലാം പേരുകളിട്ട് മനുഷ്യർ ഭക്ഷിക്കുന്നു.* മറ്റുള്ള ജീവികളുടെ ശരീരം ഭക്ഷണ വസ്തുക്കളാണെന്നത് 'മനുഷ്യന്റെ (ശവ)ശരീരത്തിനും' ബാധകമാണ്; ഉദാഹരണത്തിന് എറുമ്പുകളും എലികളും പട്ടികളും കടുവകളും പുലികളുമൊക്കെ മനുഷ്യ-ശരീരത്തെ ഭക്ഷിക്കുന്നുണ്ട്. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും ശരീരത്തിന്റെ അടുത്ത ഘട്ടം മണ്ണിലടിയുക അഥവാ മണ്ണിലേക്ക് 'മടങ്ങുക' എന്നതാണ്. ശരീരം ഭക്ഷിക്കപ്പെട്ട് വിസർജ്ജ്യമായി മാറുമ്പോഴും, ജീവനോടെയോ ശവമായോ തീയിൽ എരിക്കപ്പെട്ടാലും, തെമ്മാടിക്കുഴിയെന്നോ സ്വർഗ്ഗക്കുഴി യെന്നോ ഒക്കെയുള്ള പേരിൽ കുഷ്ഠരോഗികളോ രാഷ്ട്രങ്ങളിലെ പ്രധാന

മന്ത്രിമാരോ മതങ്ങളിലെ ഏറ്റവും വലിയ തമ്പുരാക്കന്മാർ തന്നെയോ 'കുശുകുശു മന്ത്രങ്ങൾ ചൊല്ലിയോ' മോശമായ വാക്കുകൾ പറഞ്ഞോ നേരിട്ടു കുഴിച്ചിട്ടാലും, ശരീരം മണ്ണിലേക്ക് മടങ്ങുന്നു ... അതാണ് സംഭവിക്കുന്നത്. ജീവാത്മാക്കളുടേതെന്നും ജീവികളുടേ തെന്നും തെറ്റിദ്ധരിക്കുകയും, *യഥാർത്ഥത്തിൽ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളായിരുന്ന ശരീരങ്ങൾ വീണ്ടും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളായി പരിണമിക്കുന്നു* എന്നതാണ് വാസ്തവം.

"ഭക്ഷണ സാധനങ്ങൾ" എന്ന പരിവർത്തനത്തെ അടിസ്ഥാനപ്പെടുത്തി *ജീവികളുടെയെല്ലാം ശരീരത്തെ ഘടനയിലും ഘടകങ്ങളിലും രുചിയിലും നിറത്തിലും രൂപത്തിലും കാഴ്ചയിലും പ്രവർത്തനങ്ങളിലും വ്യത്യാസപ്പെടുത്തിക്കൊണ്ട് ഭക്ഷണ ആനന്ദത്തിലും, മരുന്നുകൾ പോഷകങ്ങൾ എന്നിങ്ങനെയുള്ള മറ്റ് ആവശ്യങ്ങളിലും ദൈവത്തിന്റെ ശക്തി ഭാവമായ അനന്തതയെ സുവ്യക്തമായി പ്രകടിപ്പിക്കുവാനും 'ശരീരം' പ്രത്യക്ഷമായി ശ്രദ്ധിക്കുന്നുണ്ട്.* മഹാശക്തിയായ ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായിട്ടു ബന്ധപ്പെട്ട മഹാകാര്യങ്ങളെ ശരീരം ചെയ്യുമ്പോൾ, ആവകാര്യങ്ങളിലൊന്നും ജീവാത്മാവിന് പങ്കില്ലെന്നതാണ് യാഥാർത്ഥ്യം.

(2). ജീവാത്മാവിന് ലഭിക്കുന്ന ശരീരത്തിൽ ജന്മഗുണങ്ങളായ 'ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി,' തുടങ്ങിയവയെ *'ഭൂമിയിലെങ്ങും' മഹാഉചിതമായി വ്യത്യാസപ്പെടുത്തിക്കൊണ്ട് 'പ്രത്യക്ഷമായി' സമ്മാനിക്കു

ന്നത് (ഭൂമിയുടെ അംശമായ) ശരീരം തന്നെയാണ്.* പ്രത്യക്ഷമായ സ്രഷ്ടാവാണ് ശരീരമെന്നും, സൃഷ്ടിയാണ് ജീവാത്മാവ് എന്നും വ്യക്തമാണ്.

(3). ഓരോരോ ജീവിക്കും, രൂപത്തിലും ഘടനയിലും പ്രവർത്തനങ്ങളിലും ജന്മഗുണങ്ങളിലും അനുയോജ്യമായ *വ്യക്തിസ്വാതന്ത്ര്യത്തെ 'പ്രത്യക്ഷമായി' മഹാഅനുഗ്രഹിച്ചു നൽകുന്നത് ശരീരമാണ്.*

ഓരോ ജീവിയുടെയും *സ്വത്വം* എന്ന വിശേഷണമുള്ള *ജീവാത്മാവിന്റെ ഇഷ്ടങ്ങൾക്കൊത്ത്* ജീവിയുടെ 'ശരീരം' നിർവ്വഹിക്കുന്ന 'പ്രത്യക്ഷമായ' പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ *'കുടിക്കുക, തിന്നുക, കരയുക, ചിരിക്കുക, നോക്കുക, കേൾക്കുക, രുചിക്കുക, മണക്കുക, കളിക്കുക, കൈകാലുകളെ ചലിപ്പിച്ചും ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തിയും തൊഴിലുകൾ ചെയ്യുക',* തുടങ്ങിയവയാണെന്നു കാണാം. *ചെയ്യുന്നത് ശരീരമാണ് എങ്കിലും ജീവാത്മാവിന്റെ ഇഷ്ടങ്ങളെ അനുസരിച്ചാണവ* എന്നത് സുവ്യക്തമാണ്. ഭക്ഷണം, മരുന്നുകൾ, യോഗ പോലെയുള്ള കായിക അഭ്യാസങ്ങൾ തുടങ്ങിയവയിലൂടെ ശരീരത്തെ പുഷ്ടിപ്പെടുത്താനും മെലിയിക്കാനും ശക്തിപ്പെടുത്താനും കൈകാലുകളെയും വിരലുകളെയും നാവിനെയുമൊക്ക 'ആവശ്യം പോലെയും ഇഷ്ടംപോലെയും ശക്തിക്കൊത്തും' ചലിപ്പിക്കുവാനും ജീവാത്മാവിനു കഴിയുന്നതാണ്.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് *ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നു.* അതായത് ലഭ്യമാവുന്ന അറിവിനും ശക്തിക്കുമൊത്ത് *'ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും

സംസാരിക്കാനും പ്രവർത്തിക്കാനും ആവശ്യമായ വിധത്തിൽ', ഏതാനും ശരീര-അവയവങ്ങളെ ചലിപ്പിക്കുവാൻ വ്യക്തിയുടെ സ്വത്വമായ ജീവാത്മാവിന് സാധിക്കുന്നതാണ്.*

ജീവാത്മാവിന് ശരീരത്തിനു മേൽ ഉള്ളതായ മേല്പടി സ്വാതന്ത്ര്യം അഥവാ 'അവകാശവും അധികാരവും' യഥാർത്ഥത്തിൽ *ശരീരം ജീവാത്മാവിന് നൽകുന്ന ദാനം മാത്രമാണ്.* ശരീരത്തിന്റെ അനന്തമായ പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, 'ജീവാത്മാവിനു നൽകുന്ന സ്വാതന്ത്ര്യങ്ങൾ' നാമമാത്രമാണെന്നു മനസ്സിലാകും. എന്നാൽ ഏവരുടെയും ജീവിത അനുഭവങ്ങളെ സാക്ഷ്യമാക്കുമ്പോൾ, *ജീവാത്മാവിന് ശരീരത്തിനു മേൽ ആവശ്യമായ സ്വാതന്ത്ര്യത്തെയും അവകാശത്തെയും തദ്വാരാ അധികാരത്തെയും ശരീരം നൽകിയിട്ടുണ്ട്* എന്നതും പ്രസ്തുത അളവുകൊണ്ട് വ്യക്തിസ്വാതന്ത്ര്യ ത്തോടെ സ്വന്തം കാര്യങ്ങളിലും സമൂഹ കാര്യങ്ങളിലും പ്രവർത്തിക്കുവാൻ ജീവാത്മാവിനു കഴിയുമെന്നതും സത്യമാണ്.

ജീവാത്മാവിന് വ്യക്തിസ്വാതന്ത്ര്യത്തെ ശരീരം അനുവദിച്ചിരിക്കുകയാലും, ജീവാത്മാവിനെയും ശരീരത്തെയും മഹാലയിപ്പിച്ചു പ്രവർത്തിപ്പിക്കുകയാലും, 'മരണം വരെ', അഥവാ 'ശരീരത്തിൽ നിന്നും ജീവാത്മാവിനെ പുറത്താക്കും വരെ', "എന്റെ ശരീരം" എന്ന് പറയാനും പ്രസ്തുത ശരീരത്തിലൂടെ ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനും ജീവാത്മാവിന് സാധിക്കുന്നു. മഹാഅനുവാദമുണ്ട് എന്നും സാരം.

ഭക്ഷണം, മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ

പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്.

പനി, ചുമ, ഉളുക്ക്, ശരീര തളർച്ച, പക്ഷാഘാതം, ഹൃദ്രോഗം, എന്നിങ്ങനെ ചെറുതും വലുതുമായ രോഗങ്ങളിലൂടെയും മരുന്നുകളിലൂടെയും മറ്റും ജീവാത്മാവിനു നൽകിപ്പോരുന്ന സ്വാതന്ത്ര്യങ്ങളെ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ തിരിച്ചെടുക്കാൻ ശരീരത്തിനു കഴിയുന്നതാണ്.* മാത്രമല്ല, ശരീരത്തിലേക്ക് കടുത്ത വിഷത്തെ കുത്തിവയ്ക്കുകയോ, കുടിക്കുകയോ ചെയ്താൽ ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കിക്കൊണ്ട് ജീവിക്കു മരണത്തെ നൽകുവാനും ശരീരം തയ്യാറായെന്നു വരാം.

വിശകലനം ചെയ്യുമ്പോൾ ശരീരം മാത്രം 'കർത്താവും', ശരീരം നൽകിയ വ്യക്തിസ്വാതന്ത്ര്യങ്ങളെ ഉപയോഗിച്ചു ചെയ്ത പ്രവൃത്തികളുടെ ഫലങ്ങളെ അനുഭവിക്കുന്ന ജീവാത്മാവ് 'കർമ്മം' മാത്രവുമാണ്. അതായത്, *ജീവാത്മാവിന് ജീവി എന്ന അസ്തിത്വത്തെ നൽകുന്നത് ശരീരം ആണെങ്കിലും, ജീവാത്മാവും ശരീരവും തീർത്തും വിഭിന്നമാണ്.* അപ്പോൾ *'ശരീരത്തെ' മനസ്സിലാക്കാൻ മഹാനീതിശാസ്ത്ര പ്രകാരവും മഹാശാസ്ത്രപ്രകാരവും* തയ്യാറാവണം: *ജീവാത്മാവിന്റെ ഇഷ്ടങ്ങളെ വിഷയമാക്കാതെ അദൃശ്യ (വാതകമായ) ജീവാത്മാവിന് 'ശരീരം' നൽകുന്ന 'ശരീരത്തിൽ' മുമ്പു പറഞ്ഞ 'സ്ത്രീ-പുരുഷൻ, ആയുസ്സ്, സൗന്ദര്യം' തുടങ്ങിയ ജന്മഗുണങ്ങളെ സമ്മാനിക്കുകയും, ജീവി എന്ന അസ്തിത്വത്തെ 'പ്രത്യക്ഷമായി' നൽകുകയും ചെയ്യുന്നത് ശരീരമാണ്. മഹാനീതിശാസ്ത്ര പരമായിട്ടു വിശകലനം ചെയ്യുമ്പോൾ, ദൈവത്തിന്റെ അംശമായിട്ടോ, ഉപാധിയായിട്ടോ ശരീരം പ്രവർത്തിക്കുന്നു എന്ന് സാരം.* 'പ്രത്യക്ഷമായ'

കർത്താവാണ് ശരീരം എന്നതിനാൽ 'ഉപാധി' എന്നതിന് ഉപരി, *'ദൈവത്തിന്റെ അംശമായിട്ടാണ് ' അഥവാ 'ദൈവമായിട്ടാണ് ' ശരീരം പ്രവർത്തിക്കുന്നത്* എന്ന് മനസ്സിലാക്കാം.

ഇനി മഹാശാസ്ത്രപരമായിട്ടു വിശകലനം ചെയ്യാം:- *'മണ്ണായ ഭൂമി'* എന്ന മഹാരൂപത്തെ 'ദൈവം' മഹാസ്വീകരിച്ചിരിക്കുകയാണ് എന്നതും മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ചാണ് എല്ലാ ജീവികളുടെയും ശരീര-അവയവങ്ങളെ അഥവാ ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും ചേർത്തു നോക്കുമ്പോൾ എല്ലാം സുവ്യക്തമാണ്. *ഭൂമിയിലെ അഥവാ മണ്ണിലെ മൂലകങ്ങളും സംയുക്തങ്ങളുമായ കാർബൺ, സോഡിയം, സൾഫർ, നൈട്രജൻ, ക്ലോറിൻ, ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ്, തുടങ്ങിയവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരവും ശരീരത്തിലെ-അവയവങ്ങളും 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളാണ്.'*

മണ്ണായ ഭൂമിയിലെ അനവധി മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും 'ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് ' എന്നു വ്യക്തമാകുമ്പോൾ, ശരീരത്തോടും പ്രത്യുതാ ഭൂമിയോടും ഓരോ ജീവാത്മാവിനും കടപ്പാട് ഉണ്ടാകുന്നു. *ശരീരമായിരിക്കുന്ന ദൈവാംശങ്ങൾ മഹാഅനുഗ്രഹിച്ചു നൽകുന്ന രൂപവും അറിവും ശക്തികളുമാണ് ജീവികളെ പോലും അന്യോന്യം വ്യത്യാസപ്പെടുത്തുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കു ന്നതും !* ശരീരമായി രൂപാന്തരപ്പെടുന്ന മണ്ണിലെ വസ്തുക്കളുടെ സ്വഭാവങ്ങൾക്കും ഗുണദോഷങ്ങൾക്കും ജീവാത്മാവിനു മേൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നതിന് വ്യത്യസ്ത ഭക്ഷണ സാധനങ്ങളും മരുന്നുകളും മറ്റും സൃഷ്ടിക്കുന്ന പ്രഭാവം സാക്ഷ്യവുമാണ്. അതായത് പ്രത്യക്ഷമായി കർത്താവായിട്ടു പ്രവർത്തിച്ചത് ദൈവമാണ്; ഭൂമിയാണ്; ശരീരമാണ്.

അതേസമയം മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത് ഭൂമിയുടെ ഭാഗമായല്ല. *'തത്ത്വമസി' ക്ക് യഥാർത്ഥത്തിൽ ശരീരവുമായാണ് ബന്ധം; ആത്മാവുമായല്ല;* എന്നാണ് അതിന്നർത്ഥം. ചുവടെ 2-ൽ വിശദീകരണം തുടരുന്നുണ്ട്.

2. ഓരോ ജീവാത്മാവിന്റെയും സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള *ശരീരം, പ്രത്യക്ഷമായിട്ട് ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് എങ്ങനെയെന്ന് ഹ്രസ്വമായി വിശദീകരിക്കുന്നു.*

മനുഷ്യ ജീവിതത്തിൽ അതിപ്രധാനങ്ങളായ 5 കാര്യങ്ങളെ മാത്രമാണ് ചുവടെ പരാമർശിക്കുന്നത്. (ഏതാനും ചെറിയ ആവർത്തനങ്ങൾ വിഷയ വിശദീകരണത്തിന് ആവശ്യമായിട്ടുണ്ട്.)

(1). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', *കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെ, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനന്തങ്ങളായ ആനന്ദങ്ങളെയും ജീവാത്മാക്കൾക്കു നൽകുകയും, അവരുടെ ശാരീരിക പ്രവർത്തനങ്ങളെ സ്വയം മഹാഭരിക്കുകയും ചെയ്യുന്നു.* ഉദാഹരണമായിട്ട് പാൽ, മുട്ട, പഴങ്ങൾ, പഴച്ചാറുകൾ, പായസം, കഞ്ഞി, ഊൺ, ബിരിയാണി, പിസാ, ഐസ് ക്രീം, തുടങ്ങിയ അനന്തങ്ങളായ *ഭക്ഷണ സാധനങ്ങളെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു.* എന്നാൽ ഭക്ഷണത്തെ ദഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശരീരത്തിലെ ബഹുവിധ കാര്യങ്ങളെ 'പ്രത്യക്ഷമായി ചെയ്യുന്നത് ശരീരമാണ്'; ജീവാത്മാവല്ല. കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെയുള്ള 'ദൈവാംശമായ ശരീരത്തിന്റെ

മഹാവാത്സല്യമാണത്.' പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, വിസർജ്ജനങ്ങളും, നാഡീവ്യവസ്ഥയും, ശരീര വളർച്ചയും, ദഹന രസങ്ങളുടെയും നാഡീഞരമ്പുക ളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം ബോധത്തോടെ ജീവാത്മാവ് ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും. അതായത്, ജീവാത്മാവ് ഉറങ്ങുമ്പോഴും, ബോധം നഷ്ടപ്പെടുമ്പോഴും, ധാർമ്മികമോ അധാർമ്മി കമോ ആയ ആനന്ദങ്ങളിൽ മുഴുകുമ്പോഴുമെല്ലാം ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം, ജീവാത്മാവിനു വേണ്ടി വളരെയധികം ശാരീരിക പ്രവർത്തനങ്ങളെ സ്വയം ചെയ്തു കൊണ്ടിരിക്കുകയാണ്. ജീവാത്മാക്കളുടെയെല്ലാം ജീവിതം മുഴു-നരകമാവാതെ ജീവാത്മാവിനെ ശരീരം സദാ സംരക്ഷിക്കുന്നു എന്ന് ചുരുക്കം. ശരീരം സ്വയം നിർവ്വഹിക്കുന്ന മഹാപ്രവർത്തനങ്ങൾക്ക് മഹാശാസ്ത്ര പരമായ വിശദീകരണം നൽകാൻ മതജാതിജീവികൾക്കും നിരീശ്വരവാദികൾക്കും കഴിയുന്നതല്ല.

***(2)*. 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്കെല്ലാം, മഹാനീതിശാസ്ത്രപ്രകാരം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നു.**

ജീവാത്മാവിന് മഹാനീതിശാസ്ത്ര പ്രകാരം, ഭക്ഷണം, തൊഴിൽ, സംഗീതം, ഭക്തി, കലകൾ, സാഹിത്യം, ദാനം, സ്നേഹം, പ്രേമം, കാമം, ദാസ്യം, വാത്സല്യം തുടങ്ങിയവയിലൂടെ അനന്തങ്ങളായ ആനന്ദങ്ങളെയും വേദനകളെയും നൽകുന്നത് ശരീരത്തെ ഉപാധിയാക്കിയാണ്. മന്ത്രിമാർ ഉൾപ്പെടെ എല്ലാ ജനങ്ങളുടെയും മറ്റുള്ള

ജീവികളുടെയും അഥവാ *ജീവാത്മാക്കളുടെ*യും, ശരീരത്തിലുണ്ടാവുന്ന ചൊറിച്ചിൽ, മുഖക്കുരു, പാണ്ഡ്, മുഴ, പനി, ജലദോഷം, ചുമ, പല്ലുവേദന, വയറ്റുവേദന, ഹെർണിയ, കിഡ്നി കല്ല് വേദന, വെരിക്കോസ് വെയ്ൻ, ശ്വാസംമുട്ടൽ, ക്ഷയം, മഞ്ഞപ്പിത്തം, വസൂരി, മലമ്പനി, കാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, തുടങ്ങിയ രോഗങ്ങളെയും; അപകടങ്ങളിലൂടെയും മറ്റും ശരീരത്തിന് സംഭവിക്കുന്ന മുറിവുകളെയും ക്ഷതങ്ങളെയും അംഗവൈകല്യങ്ങളെയും; മരുന്നുകളെയും, ജനനം മുതൽ മരണം വരെയുള്ള ശരീരത്തിന്റെ ക്രമേണയുള്ള വളർച്ചകളെയും; പ്രസവ വേദന ഉൾപ്പെടെയുള്ള അനന്തങ്ങളായ ജീവിതകാര്യങ്ങളിൽ ഓരോ മനുഷ്യനും ലഭിക്കുന്ന വൈവിധ്യങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദങ്ങളെയും; മരണത്തെയും മഹാഭരിക്കുന്നത് ശരീരം തന്നെയാണ്. ജീവാത്മാവിന് ഇടപെടാൻ കഴിയുന്നത് നാമമാത്രമോ ശൂന്യമോ ആണ്.

മേല്പറഞ്ഞ വസ്തുതകളെ വിശകലനം ചെയ്യുമ്പോൾ, *ജനങ്ങളുടെ ജീവിത കാര്യങ്ങളിൽ സമനീതി നിർവ്വഹിക്കാൻ 'മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസും മറ്റും ഉൾപ്പെട്ട മനുഷ്യ- ഭരണാധികാരികൾക്കോ, സമൂഹത്തിലെ ഏതെങ്കിലും മനുഷ്യർക്കോ' കഴിയുന്നതല്ലാ എന്ന് സുവ്യക്തമാകുന്ന താണ്.*

മഹാശക്തിയും മഹാപിതാവും മഹാമാതാവും
മഹാഭരണാധികാരിയും മഹാനീതിപതിയുമായ ദൈവം,
*സൃഷ്ടികളും കുഞ്ഞുങ്ങളുമായ
ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ
മഹാഅനുഗ്രഹിച്ചു നൽകുന്നത് അവരുടെ
ശരീരത്തിൽ ഗുണങ്ങളെയും ജന്മഗുണങ്ങ ളെയും
സൃഷ്ടിച്ചുകൊണ്ടാണ്.* മറ്റൊരു വിധത്തിൽ
പറഞ്ഞാൽ, ശരീരം സൃഷ്ടിക്കുന്നതായിട്ട്

പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയുന്ന ഗുണങ്ങളും ജന്മഗുണങ്ങളു മാണ് അഥവാ *ശരീരമാണ് ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു* നൽകുന്നത്. *ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി,* തുടങ്ങിയവയാണ് *ജന്മഗുണങ്ങൾ* എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. ശരീരം മഹാനിർവ്വഹിക്കുന്ന മഹാനീതികാര്യങ്ങളെ ജീവാത്മാവിനു ചെയ്യാൻ കഴിയുന്നതല്ലാ എന്നതിന് *ഒരു ഉദാഹരണം* കുറിക്കാം : ഇന്നത്തെ ഭൂമിയിലെ സുമാർ 750 കോടി ജനങ്ങൾക്ക് 'തുല്യമായ സൗന്ദര്യം' നൽകിയാൽ മുഖഛായ, അവയവ രൂപം, നിറം, സ്ത്രീ-പുരുഷൻ എന്നിവയിലെ വ്യത്യാസങ്ങൾ അവസാനിക്കുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങളെല്ലാം കഷ്ടപ്പെടുന്നതുമാണ്. *മുഖഛായ* പോലെയുള്ള കാര്യങ്ങളെ നിർവ്വഹിക്കാൻ ജനങ്ങളെയോ (ജനങ്ങളുടെ) ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും നിലവിളിക്കുന്നതാണ്. മറ്റു ജന്മഗുണങ്ങളായ സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തത കൂടി ജീവാത്മാക്കളെ ഏല്പിക്കാനാവുമോ

എന്നതും ചിന്തിക്കണം ! ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ- പിൻജന്മങ്ങൾ, കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന ബഹുവിധ കാര്യങ്ങൾ, തുടങ്ങിയവ യെല്ലാം ജീവാത്മാവിനു ചെയ്യാൻ കഴിയാത്തതായ മഹാനീതികാര്യങ്ങളാണ്.

കൂടാതെ ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ഉൾപ്പെട്ട സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ജീവാത്മാവോ മറ്റുള്ള ജീവികളോ അല്ലാ എന്നത് വളരെ പ്രധാനമാണ്. ഓരോ പ്രദേശങ്ങളിലെയും കാലാവസ്ഥ അല്പമൊന്ന് വ്യത്യാസപ്പെടുമ്പോൾ, ഉദാഹരണമായിട്ട് സൂര്യന്റെ ചൂട് കൂടുകയും നദികളും തോടുകളുമെല്ലാം വറ്റിവരളുകയും ജലക്ഷാമം രൂക്ഷമാവു കയും ചെയ്യുന്നത് തുടർന്നാൽ ഭരണാധികാരികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്കും മറ്റു ജീവികൾക്കും നാടും കാടും ഉപേക്ഷിക്കുകയോ ദാഹിച്ചു മരിക്കുകയോ വേണ്ടിവന്നേക്കും!

ജനങ്ങളുടെ ഏതാനും പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ഭരണകൂടം, ധർമ്മശാസ്ത്രപരമായോ ധർമ്മശാസ്ത്രപരമായിട്ടല്ലാതെയോ പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയോ പീഢിപ്പിക്കുകയോ ചെയ്യുന്നതാണ് ഭരണമെന്ന് ധരിച്ചിട്ടുള്ള കുഞ്ഞുങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചാലും. 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', ഓരോ മനുഷ്യനെയും വെവ്വേറെയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഓരോ മനുഷ്യന്റെയും മേലുള്ള മഹാനീതിയെന്നത് ജീവിതകാലത്ത് മുഴുവൻ ചിന്തിച്ചതും സംസാരിച്ചതും ചെയ്തതുമായ മുഴുവൻ കാര്യങ്ങളെയും;

സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയാണ്. അതായത് ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ ചെയ്തികളെയും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയുള്ള നീതി നിർവ്വഹണം മാത്രമേ സമ്പൂർണ്ണമാവുകയുള്ളൂ. ഓരോ മനുഷ്യന്റെയും തനതു ജന്മത്തിലെ സമ്പൂർണ്ണ ജീവിതകാര്യങ്ങളുടെയും കണക്കുകളെ പോലും ഭൂരിപക്ഷം ജനങ്ങൾക്കും അറിയില്ല; അറിയണമെങ്കിൽ ദൈവാനുഗ്രഹം വേണം; ദൈവാനുഗ്രഹം വേണമെങ്കിൽ, ആത്മപരിശോധനകൾ ക്കും തിരുത്തലുകൾക്കും തയ്യാറാവുന്ന മനസ്സ് മനുഷ്യർക്കുണ്ടാവണം. *കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ, മുജ്ജന്മ- തജ്ജന്മ- പിൻജന്മകാര്യങ്ങളുടെയെല്ലാം കണക്കുകളെ 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', മഹാസൂക്ഷിക്കുന്നുണ്ട്.

(*ധർമ്മശാസ്ത്രപരമായി വ്യക്തിസ്വാതന്ത്ര്യത്തെ ഏവരും ഉപയോഗപ്പെടുത്തുമ്പോൾ മാത്രമാണ്* അനന്തമായ ആനന്ദ കാര്യങ്ങളിലെല്ലാം സമൂഹത്തിൽ സമത്വവും സമാധാനവും ഉണ്ടാവുക.)

(3). ***എല്ലാ ജീവാത്മാക്കൾക്കും നിശ്ചിതമായ സമരൂപത്തെ ലഭിക്കുന്നത് മനുഷ്യാവസ്ഥയിൽ മോക്ഷം നേടുമ്പോൾ മാത്രമാണ്.***

ജീവാത്മാവ് സുഖദുഃഖങ്ങളെ അനുഭവിക്കുമ്പോൾ, ജീവാത്മാവിനെ വഹിക്കുന്ന ജീവി-ശരീരവും, ശരീരത്തിന്റെ ഭക്ഷണ രൂപത്തിലുള്ള 'പഴങ്ങൾ, പച്ചക്കറി, മാംസം തുടങ്ങിയ ജീവി-ശരീരങ്ങളും' പ്രധാനമാണ് എന്നല്ലാതെ ജീവാത്മാവിന്റെ രൂപമല്ലാ വിഷയമാകുന്നത്. കാരണം ആനന്ദങ്ങളിലും ആനന്ദങ്ങളുടെ അളവുകളിലുമാണ്

മഹാസമനീതിയെ മഹാഭദ്രമാക്കിയിട്ടുള്ളത്; ശരീരത്തെ ഉപയോഗപ്പെടുത്തി ശരീരം തന്നെ ചെയ്യുന്ന കാര്യങ്ങളാണ്!. മഹാനീതിശാസ്ത്ര പാഠങ്ങൾ പഠിക്കുമ്പോൾ, മുകളിൽ ഹ്രസ്വമായി വിശദീകരിച്ചതുപോലെ,ജീവാത്മാവിന് ശരീരത്തിലൂടെ സമഅനന്ദങ്ങളെയും വേദനകളെയും 'പ്രത്യക്ഷമായി' സമ്മാനിക്കുന്നത് ശരീരം തന്നെയാണെന്ന് ബോദ്ധ്യമാകുന്നതാണ്.

ശരീരമാണ് പ്രധാനം; ആത്മാവല്ല.

വ്യക്തിപരമായ അസ്തിത്വങ്ങളെയും അഥവാ ജനനത്തെയും ജീവിതത്തെയും മരണത്തെയും, ആനന്ദങ്ങളെയും മഹാആവിഷ്ക്കരിച്ചിട്ടുള്ളത് ശരീരത്തെ ആസ്പദമാക്കിയാണ്. അതായത് മനുഷ്യരെല്ലാം സ്വയം അറിയുന്നതും അന്യോന്യം അറിയുന്നതും സ്നേഹിക്കുന്നതും പ്രണയിക്കുന്നതും പരിചരിക്കുന്നതും ശുശ്രൂഷിക്കുന്നതും സഹായിക്കുന്നതും ശിക്ഷിക്കുന്നതും ഭരിക്കുന്നതും പ്രാർത്ഥിക്കുന്നതും വിനോദിക്കുന്നതും വേദനിക്കുന്നതും ആനന്ദിക്കുന്നതുമെല്ലാം ശരീരത്തെ ആധാരമാക്കിയാണ്. ചുറ്റുമുള്ളവരോടു നല്ലതു ചെയ്ത് ആനന്ദങ്ങളെയും പുണ്യത്തെയും നേടുന്നതും, അധർമ്മങ്ങളെ ചെയ്ത് അധാർമ്മികമായ ആനന്ദങ്ങളോടൊപ്പം പാപവും മാനുഷികമായ ശിക്ഷകളും ദൈവശിക്ഷകളും നേടുന്നതും, ശരീരത്തെ ആധാരമാക്കിയാണ്. മഹാനീതിശാസ്ത്ര പ്രകാരം ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലും ശരീരമാണ് പ്രധാനം; ആത്മാവല്ല; ശരീരത്തിന്റെ പ്രവർത്തനങ്ങളെ ആധാരമാക്കിയാണ് ആനന്ദങ്ങളെയും, മാനുഷികമായ ശിക്ഷകളെയും

ദൈവശിക്ഷകളെയും അനുഭവിക്കുന്നത്.

മനുഷ്യൻ സ്വന്തം ശരീരത്തെ ധർമ്മശാസ്ത്രപര മായിട്ട് സ്നേഹിച്ചാൽ ഭൂമിയിലെങ്ങും ധർമ്മ സംസ്ഥാപനം ഉണ്ടാകുന്നതാണ്; സ്വന്തമായ ശരീരത്തിൽ, ഇണയുടെ ശരീരവും ഉൾപ്പെടുന്നു; എങ്ങനെയെന്നാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ്; ഓരോ മനുഷ്യനും 2 ശരീരമുണ്ട്; സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങളായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. ഓരോ മനുഷ്യനും അവരവരുടെ രണ്ടാമത്തെ പകുതിയോട് - സ്ത്രീയോട് പുരുഷനും; പുരഷനോട് സ്ത്രീയും - പുലർത്തേണ്ടതായ സ്നേഹത്തെയും പരസ്പര മര്യാദകളെയും വിശകലനം ചെയ്യുമ്പോൾ, ധർമ്മ ശാസ്ത്രത്തിന്റെ ഉന്നതമായ പാഠങ്ങളെ ലഭിക്കുന്നതാണ്. ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തെ സൃഷ്ടിച്ചിരിക്കുകയാൽ, സ്വന്തമെന്നോണ മുള്ള ശരീരത്തെ ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിക്കുന്നവർ*, തങ്ങളറിയാതെ ഭൂമിയെ സ്നേഹിക്കുന്നവരായി മാറുന്നുണ്ട്. ആകയാൽ സ്വന്തമെന്നോണമുള്ള ശരീരത്തെ *ധർമ്മശാസ്ത്രപ രമായിട്ട്* സ്നേഹിക്കുന്നതോടെ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം സംശുദ്ധമാവുന്നതാണ്; ആനന്ദകരവും. അതേസമയം ഓരോ മനുഷ്യനും, ശരീരം കൊണ്ട് ആനന്ദങ്ങളെയും വേദനകളെയും അനുഭവിച്ചു ജീവിക്കുന്നത് അവരവരുടെ ലോകത്താണെന്നതും, *മരിക്കുമ്പോൾ ജീവാത്മാ വിന് മരണം സംഭവിക്കുന്നില്ലെങ്കിലും ജീവാത്മാവിന്റെ ഒരു

മനുഷ്യജന്മത്തിന് മരണം സംഭവിക്കുന്നുണ്ട്* എന്നതും, മരണത്തെ മാതാപിതാക്കളുടെ ഉൾപ്പെടെ യാതൊരു ജീവികളുടെയും ശരീരവുമായി ബന്ധിപ്പിച്ചിട്ടില്ലാ എന്നതും ഓരോ മനുഷ്യനും തനിപ്പെട്ട വ്യക്തിയാണെന്ന് സുവ്യക്തമാക്കുന്നുണ്ട്; സ്വന്തമായ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടാൻ മനുഷ്യനിലെ സ്ത്രീ - പുരുഷ സമ്മേളനത്തെ ഉപയോഗിക്കാനാവില്ലാ എന്നു ചുരുക്കി പറയാം.

മനുഷ്യാവസ്ഥയിൽ എത്തുന്ന ജീവാത്മാവ് 100 മനുഷ്യജന്മങ്ങളിലൂടെ (+ഒരു പശു/കാള ജന്മം) അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചും ധർമ്മശാസ്ത്രപരമായി ജീവിച്ചും മോക്ഷത്തെ നേടുന്ന വിധത്തിലാണ് ജീവിതകാര്യങ്ങളെ മഹാഒരുക്കിയിട്ടുള്ളത്; ദൈവം നൽകുന്ന വിധത്തിലല്ല. മഹാവാത്സല്യമായ ദൈവം മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്ന് കാലക്രമേണ മാത്രം ജീവാത്മാവ് തിരിച്ചറിയുന്ന വിധത്തിലാണ് മഹാസംവിധാനം ചെയ്തിട്ടുള്ളത്.

മോക്ഷം നേടും വരെയും ജീവാത്മാവിനു ലഭ്യമാവുന്ന ശരീരം, നിശ്ചിതമല്ലെന്നു പറയുമ്പോൾ അപ്രധാനമാണ് ശരീരം എന്ന് തെറ്റിദ്ധരിക്കരുത്. *പുനർജ്ജന്മങ്ങൾ

ഉൾപ്പെടെ ഓരോരോ ജന്മത്തിലും, മുകളിൽ വ്യക്തമാക്കിയതു പോലെ ജീവാത്മാവിന്റെ അസ്തിത്വവും ജീവിതവും അതാതു ജന്മങ്ങളിൽ ലഭ്യമാവുന്ന ശരീരത്തെ ആധാരമാക്കിയാണ്.*

ജീവാത്മാവിന്റെ ആനന്ദം എന്നത് ശരീരത്തെ ആശ്രയിച്ചാണ് എന്ന് പറയുമ്പോൾ, ശരീരത്തിന് അംഗഭംഗമോ അംഗവൈകല്യമോ സംഭവിച്ചാൽ, ജീവാത്മാവിനെയും ബാധിക്കുന്നു എന്നതാണ് വാസ്തവം. ഒരാളെ അന്ധൻ, കോങ്കണ്ണൻ, പൊട്ടൻ, ബധിരൻ, ഊമ, മുടന്തൻ, ഒറ്റക്കൈയ്യൻ, ഒറ്റക്കാലൻ എന്നിങ്ങനെയെല്ലാം വിളിക്കുമ്പോൾ ജീവാത്മാവ് എന്ന സ്വത്വത്തെയാണ് യഥാർത്ഥത്തിൽ വിളിക്കുന്നത്. *ജീവാത്മാവിന് അംഗവൈകല്യം സംഭവിക്കുന്നു എന്നല്ലാ അതിന്നർത്ഥം.* ശരീരത്തിന്റെ പ്രാധാന്യമാണ് വെളിവാക്കുന്നത്.

സമസ്ത ജീവികളുടെയും സ്വത്വങ്ങളായ ജീവാത്മാക്കൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 ജീവിരൂപങ്ങളിലൂടെയും മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാപരിണാമത്തെ സ്വീകരിക്കുന്നുണ്ട്. മനുഷ്യാവസ്ഥയിൽ 100 മനുഷ്യ ജന്മങ്ങളെ ജന്മഗുണങ്ങളിലെ വ്യത്യാസങ്ങളോടെ ഭൂമിയിലെ ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും 'ജനിക്കുകയോ ജീവിക്കുകയോ ചെയ്ത്' അനുഭവിക്കുക തന്നെ വേണം. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്കെല്ലാം മനുഷ്യാവസ്ഥ യിൽ മോക്ഷത്തെ

മഹാഅനുഗ്രഹിച്ചു നൽകുന്നത് ഓരോ ജീവിക്കും/ജീവാത്മാവിനും ഭൂമിയിലെ സർവ്വ ആനന്ദങ്ങളെയും മഹാസമമായിട്ട് അനുഭവിപ്പിച്ച ശേഷം മാത്രമാണ്; മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ ദൈവം, മഹാനീതിപതിയാവുന്നത് അങ്ങനെയാണ്. മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്ത പ്രകാരം ജീവാത്മാവിനെ പുനർജ്ജനിപ്പിക്കുമ്പോൾ, എല്ലാ ജന്മങ്ങളിലും സമസ്ത ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കുന്നത് ശരീരത്തിലൂടെയാണ് എന്നത് 'ശരീരമാണ് പ്രധാനം, ആത്മാവല്ല' എന്നു സുവ്യക്തമാക്കുന്നുണ്ട്. ജീവാത്മാവിനു പോലും പ്രധാനമായത് ശരീരമാണ്, ആത്മാവല്ലാ എന്നു തന്നെയാണ് അതിന്നർത്ഥം. *ഇണ, മാതാപിതാക്കൾ, മക്കൾ, കൊച്ചുമക്കൾ, ഉറ്റവർ, കൂട്ടുകാർ, നാട്ടുകാർ, മറ്റുള്ള ജീവികൾ എന്നിങ്ങനെ സർവ്വരും അന്യോന്യം അറിയുന്നതു പോലും ശരീരത്തെ ആധാരമാക്കിയാണ്. ജീവാത്മാവിന് അസ്തിത്വവും ആനന്ദങ്ങളും വേദനകളുമെല്ലാം നൽകുന്ന ശരീരത്തെ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായും തദ്വാരാ ദൈവമായും തിരിച്ചറിയാൻ കഴിയുമ്പോൾ, ശരീരം എന്ന സ്രഷ്ടാവിനു മുന്നിൽ ജീവാത്മാവ് എന്ന സൃഷ്ടി ഒന്നുമല്ലാ എന്നും, ഒന്നുമില്ലാ എന്നും ബോദ്ധ്യമാകും.*

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ മോക്ഷത്തിന് മുമ്പുള്ള ജീവിരൂപങ്ങളെല്ലാം, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവാത്മാക്കൾക്ക് മോക്ഷത്തെ നേടാനുള്ള ഉപാധികളാണെന്നതും ജഗത്തിന്റെ മഹാ

ഔന്നത്യത്തെ ബോദ്ധ്യം വരുന്നവർക്ക് ജീവിലോകത്തേക്കു മടങ്ങാൻ മഹാനീതിശാസ്ത്ര പ്രകാരം അവസരമുണ്ട് എന്നതും വിശിഷ്ടമാണ്. ജീവാത്മാവിനു ലഭ്യമാവുന്ന നിശ്ചിത സമരൂപത്തെപ്പറ്റിയും ഭൗതികമായ അസ്തിത്വത്തെ സംബന്ധിച്ചും മോക്ഷത്തെപ്പറ്റിയും ചുവടെ 3.(5)-ൽ വിശദമാക്കുന്നുണ്ട്.

(4). ദൈവത്തിന്റെ പ്രത്യക്ഷമായ അംശമാണ് ശരീരം എന്നും, 'തത്ത്വമസി'ക്ക് ശരീരവുമായി മാത്രമാണ് ബന്ധമെന്നും, ജീവാത്മാവുമായിട്ട് ബന്ധമില്ലെന്നും മഹാശാസ്ത്രപരമായിട്ട് മുകളിൽ വിശദീകരിച്ചു കഴിഞ്ഞു.*

ഭാരതത്തിലെ മുഖ്യ ആത്മീയ ദർശനമായ തത്ത്വമസിയുടെ യഥാർത്ഥമായ അർത്ഥത്തെ പുനഃസ്ഥാപിച്ചു കൊണ്ട് ഭൂമിയിലെ സമസ്ത മതങ്ങളുടെയും സംഹാരം ഉടൻ മഹാആരംഭിക്കുന്ന ദൈവവിപ്ലവത്തോടെ പൂർത്തിയാകുന്നതാണ്.

3. ജീവികളുടെ സൃഷ്ടിയും സംഹാരവും. ജീവൻ, പരമാത്മാവ്, ജീവാത്മാവ്, ശരീരം, എന്നിവയെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

ആദിയും അന്തവുമില്ലാത്ത *ഏകമഹാശക്തിയായ ദൈവം, തന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാലയിപ്പിച്ചും മഹാപരിമിതപ്പെടുത്തിയും, മഹാപ്രപഞ്ചത്തെയും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയും സൃഷ്ടിച്ചിട്ടുള്ളത് എങ്ങനെയെന്നും മഹാപരിപാലനം നിർവ്വഹിക്കുന്നത് എങ്ങനെയെന്നും* മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഏകദൈവം സ്വയം രണ്ടായി വിഭജിച്ച് ഒന്നായി വർത്തിക്കുന്നു.

സ്ത്രീ, പുരുഷൻ എന്നിങ്ങനെ 2 ഭാഗങ്ങളെ ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ജീവികളുടെ ആനന്ദങ്ങളെയും മഹാനീതിയെയും മഹാമംഗളമാക്കുമ്പോൾ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം, ഒന്നാണെങ്കിലും രണ്ടായി വർത്തിക്കേണ്ടുന്ന ആവശ്യമുണ്ട്. അതിനാൽ *മണ്ണായ ഭൂമിയെന്ന മഹാരൂപത്തെ ദൈവം സ്വീകരിക്കുമ്പോൾ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ മൂലരൂപമായ ആറ്റങ്ങളിലെല്ലാം ഇലക്ട്രോൺ, പ്രോട്ടോൺ എന്നീ പേരുകളോടെ അതിസൂക്ഷ്മമായ രൂപങ്ങളിൽ ഏകദൈവം സ്വയം രണ്ടായി വിഭജിച്ച് വർത്തിക്കുന്നു.*

രണ്ടായി വിഭജിക്കുമ്പോഴും ദൈവം ഒന്നേയുള്ളൂ എന്ന് സുവ്യക്തമാക്കുന്ന അത്ഭുത പ്രതിഭാസത്തെ മുൻ വിശകലനങ്ങളിലും മഹാഗ്രന്ഥത്തിലും വിശദീകരിച്ചിട്ടുണ്ട്.

ശരീരവും ശവശരീരവും മണ്ണും കല്ലും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിലെ സർവ്വവും സൂക്ഷ്മരൂപത്തിൽ അണുസഞ്ചയങ്ങളാണ്; അവയുടെയെല്ലാം ഓരോ ആറ്റത്തിലേയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റിക്കൊണ്ടിരിക്കുകയാണ്. അതായത് പ്രപഞ്ചത്തിലെ സർവ്വവും ജീവനുള്ളവയാണ്, അഥവാ പ്രവർത്തിക്കുന്നവയാണ്. അംശങ്ങളെ ഭൂഗുരുത്വാകർഷണത്തിലൂടെ ഭൂമിയോടു സദാ ചേർത്തുനിർത്തുവാൻ ഭൂമി ശ്രദ്ധിക്കുന്നുമുണ്ട്.

ഹൈഡ്രജൻ ഒഴികെയുള്ള പ്രപഞ്ച മൂലകങ്ങളിലെ ആറ്റങ്ങളുടെ മൂന്നാമത്തെ മുഖ്യ ഘടകമായ ന്യൂട്രോണിന്റെയും മറ്റു വളരെ ചെറിയ കണങ്ങളുടെയും ഉല്പത്തിക്ക് ജീവാത്മാവിന്റെ പ്രവർത്തനങ്ങളുമായും, ഇന്ദ്രിയങ്ങളുമായും, ജന്മഗുണങ്ങളുമായും പുണ്യങ്ങളുമായും പാപങ്ങളുമായും ബന്ധപ്പെട്ട ഭൗതിക അസ്തിത്വവും പ്രവർത്തനവും ഉണ്ടാവും. പ്രധാനമായും ഓക്സിജനുമായും ഹൈഡ്രജനുമായും മറ്റെല്ലാ വാതകങ്ങൾക്കുമുള്ള രാസബന്ധങ്ങളെ പുതിയ കാഴ്ച്ചപ്പാടിൽ പഠിക്കണം. ആവക ശാസ്ത്ര വസ്തുതകളെ (ദൈവം) വെളിപ്പെടുത്തുവാൻ അധികം വൈകില്ല. മാത്രമല്ല, ഭൗതിക തന്ത്രം, രസതന്ത്രം

തുടങ്ങിയ ശാസ്ത്ര ശാഖകളിൽ പ്രവർത്തിക്കുന്നവർ വഴി വെളിപ്പെടുത്തുന്നതാണ് ഒരു പക്ഷെ കൂടുതൽ ഭംഗിയാവുക !

ദൈവത്തിന്റെ മഹാരൂപവും മണ്ണുമായ ഭൂമിക്ക് സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായി ബന്ധപ്പെട്ട് 3 ഘടകങ്ങളാണ് ഉള്ളത്. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനും, ദ്രാവകരൂപമായ ജലവും, ഖരരൂപമായ മണ്ണും. *മണ്ണായ ഭൂമിയാണ് ജീവികളെല്ലാം ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് എന്ന് പറയുമ്പോൾ, ഓക്സിജനും ജലവും മണ്ണും ഒന്നു ചേർന്ന ഭൂമി (മണ്ണ്) ചെയ്യുന്നു എന്നാണ്.*

ഒന്നായ ദൈവത്തിന്റെ 2 ഭാഗങ്ങളിൽ ആദ്യഭാഗത്തിന് വാതക രൂപം ഉണ്ടെന്നും പ്രസ്തുത വാതകമാണ് ഓക്സിജൻ അഥവാ സത്യശക്തി അഥവാ ജീവൻ അഥവാ പ്രാണൻ എന്നും; ദൈവത്തിന്റെ രണ്ടാമത്തെ ഭാഗത്തിനും വാതക രൂപം ഉണ്ടെന്നും പ്രസ്തുത വാതകമാണ് ഹൈഡ്രജൻ അഥവാ *പരമാത്മാവ് * എന്നും തൽക്കാലം അറിയുക. ഹീലിയം എന്ന വാതകത്തിന് ഹൈഡ്രജന്റെ തനിപ്പെട്ട ഉല്പത്തിയിൽ പ്രത്യേക സ്ഥാനമുണ്ട്; വിശദമായി വെളിപ്പെട്ടിട്ടില്ല.

നിറങ്ങളെയും ഗുണങ്ങളെയും ഓരോരോ വസ്തുക്കളിലും മഹാലയിപ്പിച്ചിട്ടുള്ളതു പോലെ സത്യം, സൃഷ്ടി എന്നിവയ്ക്ക് ഓക്സിജനുമായും; ധർമ്മം, സ്ഥിതി എന്നിവയ്ക്ക് ജലവുമായും; നീതി, സംഹാരം എന്നിവയ്ക്ക് മണ്ണുമായും മഹാലയനവും മഹാപ്രവർത്തനങ്ങളും ഉണ്ട്. ദൈവത്തിന്റെ

മഹാഭാവങ്ങളായ സത്യം ധർമ്മം നീതി എന്നിവയും; (ദൈവവും മണ്ണും ശരീരവുമായ) ഭൂമിയുടെ 3 ഘടകങ്ങളായ വാതക രൂപത്തിലുള്ള ഓക്സിജൻ, ദ്രാവക രൂപത്തിലുള്ള ജലം, ഖര രൂപത്തിലുള്ള മണ്ണ് എന്നിവയും; മഹാലയിച്ച് ഭൗതികമായ അസ്തിത്വത്തോടെ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.

പരമാത്മാവിനെയും, പ്രപഞ്ചത്തിന്റെ സൃഷ്ടി കാര്യങ്ങളെയും അല്പംകൂടി വിശദീകരിക്കാം :

മണ്ണിലെ മൂലകങ്ങളുമായി ചേർന്ന് ഓക്സൈഡ്, സൾഫേറ്റ്, നൈട്രേറ്റ് തുടങ്ങിയ സംയുക്തങ്ങളായിട്ട് ജീവിസൃഷ്ടിയെ നയിക്കേണ്ടുന്ന ഓക്സിജൻ മണ്ണായ ഭൂമിയിലെങ്ങുമുണ്ട്. ഭൂമിയിൽ ജീവിസൃഷ്ടിയെ ചെയ്യണമെങ്കിൽ, ധർമ്മം, സ്ഥിതി എന്നിവയെ നയിക്കേണ്ടുന്ന ജലം ആവശ്യമാണ്. *സൃഷ്ടിയുടെ ധർമ്മമായ സ്ഥിതിയെ നിർവ്വഹിക്കാൻ രണ്ടായിട്ടു നിൽക്കുന്ന ഭൂമിയുടെ ശക്തിയും ജീവനുമായ ഓക്സിജൻ, പരമാത്മാവായ ഹൈഡ്രജൻ എന്നീ രണ്ടു സത്യങ്ങളും കൂടിച്ചേരണം* എന്നാണ് അതിന്നർത്ഥം. അതിന്നായി മഹാഇഷ്ടം പോലെ അഥവാ മഹാനീതിശാസ്ത്ര പ്രകാരം *ഭൂമിയിലെ വസ്തുക്കളിൽ നിന്നും അന്തരീക്ഷ വായുവായിട്ട് ഓക്സിജൻ* രൂപം കൊള്ളുന്നു. സൂര്യനിൽ നിന്നും, പ്രപഞ്ചപിതാവും പരമാത്മാവുമായി പ്രവർത്തിക്കുന്ന ഹൈഡ്രജനെ' ഭൂമിയിലേക്കു നയിക്കുന്നു.* ദൈവത്തിന്റെ വാതക രൂപവും സത്യവും സൃഷ്ടി-ശക്തിയുമായ ഓക്സിജൻ, ദൈവത്തിന്റെ വേറിട്ട

ഭാഗമായി സൃഷ്ടിച്ചിട്ടുള്ള പരമാത്മാവായ ഹൈഡ്രജനുമായി ചേർന്ന് മഹാഉചിതമായ അളവിൽ ജലമായി മാറുന്നു. ജീവനായ ഓക്സിജന്റെയും, പരമാത്മാവായ ഹൈഡ്രജന്റെയും കൂടിച്ചേരലിൽ നിന്ന് ദ്രാവകമായി ജലം ഉണ്ടാകുന്നതു കൊണ്ട് ധർമ്മം പൂർത്തിയാകുന്നില്ല. *ജലം എന്ന ധർമ്മത്തെ അർത്ഥപുഷ്ടമാക്കുവാൻ, ഏകദൈവ ത്തിന്റെ കുഞ്ഞായിട്ടും ആദ്യസൃഷ്ടിയായും മത്സ്യത്തെ (ജലത്തിൽ) സൃഷ്ടിക്കുന്നു.*

ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിൽ 'ജീവികളായും ശരീരമില്ലാതെ നിർജ്ജീവമായും പരിമിതമായ സ്വാതന്ത്ര്യത്തോടെയുമെല്ലാം കഴിയുന്ന സമസ്ത ജീവാത്മാക്കളെയും', ജീവാത്മാക്കളുടെയെല്ലാം അനന്ത ഗുണങ്ങളോടെയും വ്യത്യാസങ്ങളോടെയും ഉള്ള 'മത്സ്യ-സസ്യ-പക്ഷ-മൃഗ-മനുഷ്യാവസ്ഥകളിലെ ശരീരങ്ങളെയും,' മഹാപ്രപഞ്ചത്തിലെ സമസ്ത മൂലകങ്ങളെയും സംയുക്തങ്ങളെയുമെല്ലാം ഭൗതികമായ അസ്തിത്വത്തോടെ മഹാഭരിക്കുന്നതും, ദൈവത്തിന്റെ വാതകരൂപവും, ജീവികൾക്കെല്ലാം ശക്തി നൽകുന്നതും ഓക്സിജൻ അഥവാ പ്രാണൻ അഥവാ ജീവൻ ആണ്. മണ്ണു കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലെ നാസികയിലൂടെ ദൈവം തന്റെ ശ്വാസത്തെ ഊതിയാണ് മനുഷ്യന് ജീവൻ നൽകിയതെന്ന വചനം സത്യമാകുന്നത് അങ്ങനെയാണ്.

സൂര്യനിൽ ഹൈഡ്രജൻ-ഹീലിയം വാതകങ്ങൾ പ്രവർത്തിക്കുന്നതിന്റെ ആത്മീയ കാര്യങ്ങളെ

ഓംസത്യം ഡോട് കോം വെബ്സൈറ്റിലും ഓംസത്യം omsathyam ബ്ലോഗിലും മുമ്പ് അല്പം വിശദീകരിച്ചതാണ്. സൂര്യനിൽ നിന്നും ദൈവത്തിന്റെ ഏകദാസനും പ്രപഞ്ചപിതാവും പരമാത്മാവുമായ ഹൈഡ്രജനെ ഭൂമിയിലേക്ക് വരുത്തുന്നതും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനിൽ ലയിച്ച് ദൈവത്തിന്റെ ദ്രാവകരൂപ മായ ജലം ഉണ്ടാകുന്നതും, ധർമ്മാവസ്ഥയും ദ്രാവകവുമായ ജലത്തെയും ജീവനായ ഓക്സിജന്റെയും കൂടിച്ചേരലിനെ അർത്ഥപുഷ്ടമാ ക്കിക്കൊണ്ട് മഹാശക്തിയായ ഏകദൈവത്തിന്റെ കുഞ്ഞായിട്ട് ആദ്യസൃഷ്ടിയായിട്ട് മത്സ്യത്തെ സൃഷ്ടിക്കുന്നു.

ദൈവം പ്രത്യക്ഷമല്ലാത്തതായ സൃഷ്ടിചക്രത്തിന്റെ
ആദ്യ പകുതിയിലും, ദൈവം പ്രത്യക്ഷമായ
രണ്ടാമത്തെ പകുതിയിലും, ഭൂമിയിലെ ജീവികളുടെ
ആനന്ദങ്ങളെയും മഹാനീതിയെയും
മഹാമംഗളമാക്കാനായിട്ട്

പരമാത്മാവായ രണ്ടാം ഭാഗത്തെ ശക്തിപ്പെടുത്താനും
നിർജ്ജീവമാക്കാനും ജീവിയാക്കാനും
മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാപദ്ധതികളെ
മണ്ണും ഭൂമിയുമായ ഏകദൈവം
മഹാആവിഷ്ക്കരിച്ചിട്ടുമുണ്ട്. ദൈവം പ്രത്യക്ഷമായ
സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ,
ജീവികളുടെയെല്ലാം ജീവിതത്തെ
മഹാമംഗളമാക്കുകയും, 'സത്യം ശിവം സുന്ദരം' എന്ന
മഹാപദ്ധതിയിലൂടെ മനുഷ്യർക്കെല്ലാം മോക്ഷത്തെ

മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുമ്പോൾ, പരമാത്മാവായ രണ്ടാം ഭാഗത്തെ പ്രപഞ്ച പിതാവ്, ഏകദാസൻ, മഹാദാസൻ, ശാസ്ത്രായുധൻ, ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ള ഏക ദേവൻ (ബ്രഹ്മദേവൻ), ദൈവത്തിന്റെ ഏകപ്രതിനിധി, സംഹാര നാഥൻ, നീലകണ്ഠൻ, ദൈവത്തിന്റെ മഹാവാഹനം, പശുപതി (മഹാകാള), ഭർത്താവ്, എന്നീ നിലകളിൽ 'മഹാശക്തികളും *പരമശിവൻ* എന്ന മഹാപദവിയും മഹാനാമവും' മഹാഅനുഗ്രഹിച്ചു നൽകി പ്രവർത്തിപ്പിക്കുന്നുണ്ട്. ഉടൻ ദൈവ-വിപ്ലവം മഹാആരംഭിക്കുന്നതിന്റെ മുന്നോടിയായി ആവക കാര്യങ്ങൾ പൂർത്തിയായി വരുന്നു; മുൻ വിശകലനങ്ങളിലും മഹാഗ്രന്ഥത്തിലും വിശദമാക്കിയിരുന്നു.

മത്സ്യം ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും 4 ഘടകങ്ങളാണ് ഉള്ളത്:

(1). ജീവികൾക്കെല്ലാം പ്രവർത്തന ശക്തി നൽകുന്നതായ *മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതക രൂപവും ശക്തിയും ജീവനുമായ ഓക്സിജൻ.*

ദൈവം *ജീവികളുടെ ഭാഗമല്ലാത്തതിനാലും, ജീവികൾക്ക് സദാ ശക്തി ആവശ്യമായതിനാലും, ശ്വാസോച്ഛ്വാസം എന്ന പ്രക്രിയ സ്വയം സൃഷ്ടിച്ച് ഓക്സിജൻ ജീവികളെയെല്ലാം പ്രവർത്തിപ്പിക്കുന്നു.* അതായത് *ജീവികൾക്കെല്ലാം പ്രവർത്തന ശക്തി നൽകുന്നതായ ഓക്സിജൻ ജീവികളിൽ പ്രവർത്തിക്കുന്നത് ഓക്സിജന്റെ ഇഷ്ടപ്രകാരമാണ്; ജീവികളുടെ ഇഷ്ടപ്രകാരമല്ല.* ജീവിയുടെ സ്വത്വം

എന്ന ജീവാത്മാവ് ഉറങ്ങുമ്പോഴും ബോധം നഷ്ടപ്പെടുമ്പോഴും എല്ലാമെല്ലാം ശരീരത്തിൽ ഓക്സിജൻ സ്വന്ത ഇഷ്ടപ്രകാരം സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനെ വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്. ആദ്യസൃഷ്ടിയായ മത്സ്യത്തെ സൃഷ്ടിച്ചിട്ടുള്ളത് ജലത്തിൽ വച്ചാകയാൽ, മത്സ്യത്തിന് ശ്വാസോച്ഛ്വാസം ചെയ്യുവാൻ ജലത്തിലും ഓക്സിജൻ രൂപം കൊള്ളുന്നു.

(2). മണ്ണും ഭൂമിയുമായ ഏകദൈവം, രണ്ടാം ഭാഗമായി സൃഷ്ടിച്ചിട്ടുള്ള *ഹൈഡ്രജനും *, മഹാപ്രപഞ്ചത്തിലെ ആറ്റങ്ങളിലെല്ലാം ഇലക്ട്രോൺ, പ്രോട്ടോൺ ഇവയിലൊന്നായും അസ്തിത്വമുള്ള *പ്രപഞ്ചപിതാവ്.*

മഹാനീതിശാസ്ത്ര പ്രകാരം നിർജ്ജീവമായും സജീവമായും ദൈവത്തിന്റെ ഇഷ്ടം പോലെയെല്ലാം പ്രവർത്തിപ്പിക്കുന്ന ഘടകം. *ആറ്റത്തിൽ ഒരു ഇലക്ട്രോണും ഒരു പ്രോട്ടോണും മാത്രമുള്ളതും, ന്യൂട്രോൺ ഇല്ലാത്തതുമായ ഏക മൂലകവും അദൃശ്യ വാതകവുമായ ഹൈഡ്രജന് പരമാത്മാവിന്റെ പദവിയും ഉണ്ട് എന്നാണറിവ്.*

(3). ജീവിയുടെ *സ്വത്വമായ ജീവാത്മാവ്.*

മോക്ഷത്തോടെ സർവ്വ ജീവാത്മാക്കൾക്കും നിശ്ചിത രൂപം ലഭിക്കും വരെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം മഹാനീതിശാസ്ത്ര പ്രകാരം നൽകുന്ന ജീവിരൂപമാണ് ആത്മാവിന് ചേരുക.

ജീവിയുടെ മരണത്തിൽ, ശരീരം സ്വതന്ത്രമാക്കുന്ന ജീവാത്മാവ് ദൃശ്യമാണെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ജീവിതം അവതാളത്തിലാകുന്നതാണ്. ജീവാത്മാവ് അദൃശ്യമാവേണ്ടത് അത്യാവശ്യമാണെന്ന് ലഭ്യമായ ബുദ്ധിശക്തി കൊണ്ട് അല്പം വിശകലനം ചെയ്താൽ ബോദ്ധ്യമാകും. *അദൃശ്യമാണെങ്കിലും സത്യമാവുമ്പോൾ ജീവാത്മാവിന് ഭൗതികമായ അസ്തിത്വം ഉണ്ട് എന്നാണർത്ഥം.* അദൃശ്യമായ വാതകമായിട്ടാണ് ജീവാത്മാവിനെ മഹാഭരിക്കുന്നത് എന്ന് ലളിതമായി മനസ്സിലാക്കാനാവും. അതായത് ജനനത്തോടെ ശരീരത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുകയും, മരണത്തോടെ ശരീരത്തിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്യുന്ന അദൃശ്യമായ ജീവാത്മാവ് വാതകമാണെന്ന് സുവ്യക്തമാകുന്നുണ്ട്.

ജീവാത്മാവായ വാതകം, ജീവികളുടെ ശരീരത്തിൽ ഹൈഡ് ചെയ്തു പ്രവർത്തിക്കുന്നതായ ഹൈഡ്രജൻ ആണെന്നറിയുമ്പോൾ, ജീവിയായിട്ട് ശരീരത്തിൽ/ഉള്ളിൽ പ്രവർത്തിക്കുമ്പോഴും, ജീവിയുടെ ഭാഗമല്ലാതെ, ഭൂമിയിലെ വസ്തുക്കളുമായി ചേർന്ന് ശരീരത്തിന് വെളിയിലായിരിക്കുമ്പോഴും, ജീവാത്മാവായ ഹൈഡ്രജനെ മഹാനീതിശാസ്ത്ര പ്രകാരം ഭരിക്കുവാനും കരുതുവാനും എപ്പോഴും ദൈവവും ഭൂമിയും മണ്ണുമായ ശരീരമുണ്ട് അഥവാ *ശരീരവും മണ്ണും ഭൂമിയുമായ ദൈവമുണ്ട്* എന്നും അറിയണം. *ആറ്റത്തിൽ ന്യൂട്രോൺ ഇല്ലാത്ത ഏക മൂലകവും അദൃശ്യ വാതകവുമായ ഹൈഡ്രജൻ എന്ന പരമാത്മാവിന്റെ അംശമായിട്ട് ജീവാത്മാവിനെ

സൃഷ്ടിക്കുന്നു എന്നാണറിവ്. വെളിപാട് പൂർണ്ണമായിട്ടില്ല. പരമാത്മാവിനെയും ജീവാത്മാവിനെയും ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വത്തെയും മഹാഭരിക്കുന്നത് മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനാണ്.*

ജീവാത്മാവിന്റെ ആഗ്രഹങ്ങളെ ഭരിക്കുന്നത് സ്വയം ജീവാത്മാവു തന്നെയാണ്. എന്നാൽ, ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തെ മഹാഭരിക്കുന്നത് ജീവികളുടെയെല്ലാം ജീവനും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ വാതക രൂപവുമായ ഓക്സിജനാണ്. ഭൂമിയുടെയും ഭൂമിയുടെ അംശമായ ശരീരത്തിന്റെയും, 'ഭാഗമായും ശക്തിയായും ജീവികളുടെയെല്ലാം ജീവനായും' സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കുന്ന ഓക്സിജന്റെ പ്രവർത്തനങ്ങളെ പരിമിതമായല്ലാതെ നിയന്ത്രിക്കുവാൻ ജീവാത്മാവിന് കഴിയുന്നതല്ല; ഓക്സിജൻ അനുവദിക്കില്ല. ഒരു മിനുട്ടിൽ 18 തവണ മനഷ്യർ ശ്വാസോച്ഛ്വാസം ചെയ്യുന്നു എന്ന് പറയുമ്പോൾ, *മനുഷ്യന്റെ ചിന്തകളെപ്പോലും ദൈവത്തിന്റെ വാതകരൂപവും ഭൗതികമായ ശക്തിയുമായ ഓക്സിജൻ അറിഞ്ഞു കൊണ്ടിരിക്കുന്നു എന്ന് ലളിതമായി മനസ്സിലാക്കാനാവും.* കടലിന്റെ അഗാധതയിലോ ചന്ദ്രനിലോ പോയാൽ ഓക്സിജനെ കൂടെക്കൊണ്ടുപോണം, ശ്വാസോച്ഛ്വാസം ചെയ്യാതെ ജീവിക്കാനാവില്ല, എന്നത് ഭൗതിക പ്രപഞ്ചത്തെ ഭൗതികമായ മണ്ണിന്റെ നിയമങ്ങളെ കൊണ്ട് മഹാഭരിക്കുന്നതിനെ സുവ്യക്തമാക്കുന്നുണ്ട്.

പരമാത്മാവും ജീവാത്മാവും ഹൈഡ്രജൻ ആവുമ്പോൾ, പരമാത്മാവും ജീവാത്മാവും ഒന്നാണോ എന്നു ചോദിച്ചാൽ; ഒരിക്കലും അല്ല; *പരമാത്മാവിന്റെ അനന്തകോടി അംശങ്ങളിൽ ഒരു അംശം മാത്രമാണ് ജീവാത്മാവ്.* കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ മഹാപ്രപഞ്ചത്തിലെ ഒരു ഹൈഡ്രജൻ-ആറ്റം മാത്രമാണ് ജീവാത്മാവ്. വെളിപാട് പൂർണ്ണമായിട്ടില്ല.

(4). ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം.

ജീവാത്മാവിന്റെ ആഗ്രഹങ്ങൾക്കൊത്ത് ശരീരത്തെ ഒരുക്കുന്നതിനും, ആവശ്യമെങ്കിൽ ആഗ്രഹങ്ങളെ നിരാകരിക്കുന്നതിനും, മഹാനീതിശാസ്ത്ര പ്രകാരം ജീവാത്മാവിന്റെ കാര്യങ്ങളിൽ ഇടപെടുന്നതിനും, ഭൗതികമായ മഹാസംവിധാനത്തെയാണ് മഹാഒരുക്കിയിട്ടുള്ളത്.

ജീവിയുടെ സ്വത്വമായ *ജീവാത്മാവിനെ ജീവിയാക്കുന്നത്, യഥാർത്ഥത്തിൽ ജീവാത്മാവിനു സ്വന്തമല്ലാത്തതായ ശരീരമാണ്.* മനുഷ്യരെല്ലാം പ്രത്യക്ഷമായിട്ട് അനുഭവിച്ച് അറിയുന്ന കാര്യമാണ്. ശരീരം നിശ്ചയിക്കുന്ന ജീവിരൂപത്തിൽ പ്രവേശിക്കപ്പെടുകയും, ശരീരം നിശ്ചയിക്കുമ്പോൾ പുറത്താക്കപ്പെടുകയും ചെയ്യുന്ന *ജീവിയുടെ സ്വത്വമായ ജീവാത്മാവിന്, 'ഖരാവസ്ഥയിലുള്ള മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' എങ്ങനെയെല്ലാമാണ് ആനന്ദങ്ങളും നീതിയും വ്യക്തിസ്വാതന്ത്ര്യവും നൽകുന്നതെന്ന്* മുകളിൽ വിശദീകരിച്ചു കഴിഞ്ഞതാണ്.

ജീവനും ജീവാത്മാവും പരമാത്മാവും, 'ജീവിയെ വഹിക്കുന്ന ശരീരത്തിൽ' മഹാനിർവ്വഹിക്കുന്ന ആന്തരിക പ്രവർത്തനങ്ങൾ :

വാതക രൂപത്തിലുള്ള ജീവാത്മാവിന് ആനന്ദങ്ങളെ ലഭിക്കണമെങ്കിൽ ശരീരത്തിൽ മുഴുവൻ എത്തിച്ചേരാൻ സാധിക്കണം. ശരീരത്തിലെ മുഴുവൻ അവയവങ്ങളിലും (കോശങ്ങളിലും) ശക്തി ലഭിക്കണമെങ്കിൽ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനും ശരീരത്തിൽ മുഴുവൻ എത്തിച്ചേരാൻ സാധിക്കണം. സ്വതന്ത്ര സൃഷ്ടി ശക്തിയായി ശ്വാസോച്ഛ്വാസം വഴി ശരീരത്തിൽ പ്രവേശിക്കുന്ന ഓക്സിജനെയും, ജീവാത്മാവിനെയും ശരീരത്തിൽ മുഴുവൻ എത്തിക്കുന്നത് 'ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും, പരമാത്മാവായ ഹൈഡ്രജനും ഒന്നായിച്ചേർന്ന ധർമ്മ-ദ്രാവകരൂപമായ ജലമാണ് '. ആനന്ദഘടകങ്ങൾ ജലത്തോടു ചേരുമ്പോൾ, ജലത്തിന് രക്തം പോലെയുള്ള പരിണാമം ഉണ്ടാകുന്നു. ജീവികളിലെ രക്തവും, രക്തം പോലെയുള്ള മാദ്ധ്യമങ്ങളും ജലത്തെയും ആനന്ദ-നീതി-ഘടകങ്ങളെയും വഹിക്കുന്നു. ശരീരത്തിലെ ഏതെങ്കിലും അവയവത്തിന്റെ കോശങ്ങളിൽ രക്ത ഓട്ടം തടസ്സപ്പെട്ടാൽ പ്രസ്തുത അവയവത്തിന്റെ പ്രവർത്തനവും തടസ്സപ്പെടുന്നത് ലളിതമായ മഹാസംവിധാനമാണ്! സത്യശക്തി കൂടിയായ ഓക്സിജന്റെ പ്രവർത്തനത്തിൽ അഗ്നിശക്തി ഒരു ഘടകവും ആവശ്യവുമാണ്. ജീവാത്മാവ് എന്ന സ്വത്വം അറിയുകയോ അനുഭവിക്കുകയോ ചെയ്യാതെ,

ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിൽ, ജീവനും സത്യശക്തിയുമായ ഓക്സിജന്റെ പങ്കോടെ അഗ്നിശക്തി ഉണ്ടാകുന്നുണ്ട്, പ്രവർത്തിക്കുന്നുണ്ട്.

ജീവന്റെ കേന്ദ്രമായ ഹൃദയത്തിലും, ജീവൻ മഹാനിശ്ചയിക്കുന്ന (ശരീരത്തിലെ) ഏതൊരു സ്ഥാനത്തും അഗ്നിശക്തി ഉണ്ടാകുന്നതാണ്. അഗ്നിശക്തിക്ക് ബ്രഹ്മവുമായാണ് ബന്ധം എന്നാണ് മനസ്സിലാക്കുന്നത്. മഹാഉചിതമായ സമയത്ത് (ദൈവം) വെളിപ്പെടുത്തുന്നതാണ്.

പഞ്ചഭൂതങ്ങളുടെ യാഥാർത്ഥ്യത്തെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു:-

ദൈവം പ്രപഞ്ചത്തെയും ജീവികളെയും സൃഷ്ടിച്ചിട്ടുള്ളത് *ഭൂമി, ആകാശം, വായു, വെള്ളം, അഗ്നി, എന്നീ പഞ്ചഭൂതങ്ങൾ* കൊണ്ടാണെന്ന ഭാരതത്തിലെ ആത്മീയ ദർശനത്തിലും ചില കടുത്ത പിഴവുകൾ സംഭവിച്ചിട്ടുണ്ട്.* ഹ്രസ്വമായി ചുവടെ വിശദമാക്കുന്നു. (ഓംസത്യം ഡോട് കോം എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന മഹാഗ്രന്ഥത്തിലെ *മണ്ണടി* എന്ന വിഭാഗത്തിൽ കൂടുതൽ വിശദീകരണങ്ങൾ ലഭ്യമാണ്. മണ്ണിൽ നിന്നും അടിഞ്ഞതാണ് സർവ്വവും... വീണ്ടും മണ്ണിൽ അടിയുന്നതുമാണ് എന്നിങ്ങനെയെല്ലാം അർത്ഥങ്ങളുള്ള മണ്ണടി എന്നൊരു പ്രദേശത്തെ കേരളത്തിൽ മഹാഒരുക്കിയിട്ടുമുണ്ട്.)

'മണ്ണും ഭൂമിയുമായ ദൈവം' തന്നെയാണ് ആകാശം, വായു, വെള്ളം, അഗ്നി, എന്നിവയും മഹാസൃഷ്ടിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

പഞ്ചഭൂതങ്ങൾ ഭൂമിയിൽ ലയിക്കുന്നു. മണ്ണിലെ ജീവികൾക്ക് ആവശ്യമായ വായുവും ജലവും ഭക്ഷണവും അഗ്നിയും സൂര്യപ്രകാശവും ലഭ്യമാക്കുന്നത് ജീവികൾ സ്വയമല്ല. മണ്ണിൽ ജീവിക്കുന്നവർക്ക് അവയെല്ലാം ലഭ്യമാവുമ്പോൾ, മണ്ണ് /ഭൂമി ലഭ്യമാക്കുകയാണ്; മഹാഅനുഗ്രഹിച്ചു നൽകുകയാണ്. ആകാശം, ഭൂമി, വായു, വെള്ളം, അഗ്നി, എന്നിവയെ പഞ്ചഭൂതങ്ങളെന്ന് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവയെല്ലാം മണ്ണുമായി ബന്ധപ്പെട്ടിരിക്കുകയാണ് എന്നും അവയുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് ഭൂമി അഥവാ മണ്ണ് തന്നെയാണെന്നും ഹ്രസ്വമായി വിശദീകരിക്കുമ്പോൾ പഞ്ചഭൂതങ്ങളെന്ന പേരുതന്നെ ശരിയല്ലെന്നു മനസ്സിലാക്കാനാവും.

ആകാശം എന്ന മഹാലിംഗം :

ഭൂമിയിൽ നിന്നും ചന്ദ്രനിൽ നിന്നും മറ്റും നോക്കിയാൽ ഒരു വലിയ കുടകണക്കെ അർദ്ധ-ഗോളാവസ്ഥയുള്ളതും, സൂക്ഷ്മ നിരീക്ഷണത്തിൽ മഹാപ്രപഞ്ച- സൃഷ്ടിയുടെ പ്രതീകമെന്നു വിശേഷിപ്പിക്കാവുന്ന മഹാലിംഗ-രൂപമുള്ളതും, ആദിയും അന്തവും ഇല്ലാത്തതുമായ മഹാശൂന്യമാണ് ആകാശം. ദൈവം മണ്ണായിട്ട് അഥവാ ഭൂമിയായിട്ട് മഹാരൂപമെടുക്കുകയും ഭൂമിയുടെ അംശങ്ങളെക്കൊണ്ട് ജീവികൾക്കെല്ലാം ശരീരങ്ങളെയും അതിലൂടെ ആനന്ദങ്ങളെയും നൽകുന്നതിനെ തിരിച്ചറിയുമ്പോൾ, ഭൂമിയിലെ ജീവികളുടെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്നതിനു വേണ്ടി ഭൂമി, മഹാസൃഷ്ടിക്കുകയാണ് ആകാശത്തെ എന്ന് നിസ്സംശയം മനസ്സിലാക്കാനാവും. ഭൂമിയെ ഉൾക്കൊണ്ടു സ്ഥിതി ചെയ്യുന്ന ആകാശത്തെ ഭൂമി സൃഷ്ടിക്കുന്നതായും, സർവ്വ സൃഷ്ടികളെയും മഹാസൃഷ്ടിക്കുവാനുള്ള ഭൂമിയുടെ ആദിയും അന്തവുമില്ലാത്ത മഹാലിംഗമാണ് ആകാശമെന്നും വിസ്തരിക്കുന്നതിനെ മനസ്സിലാക്കണമെങ്കിൽ ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്ന് ആദ്യം മനസ്സിലാവണം. അതിനു കഴിയണമെങ്കിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം എന്നത് മഹാശക്തിയായ ഏകദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിന്റെ വളരെ വളരെ വളരെ ചെറിയതെന്നോ നിസ്സാരമെന്നോ വിശേഷിപ്പിക്കാവുന്ന ഒരംശം മാത്രമാണ് എന്നും മനുഷ്യർ ഇന്നറിയുന്ന ശാസ്ത്രം പോലെ അനന്തവും സമാനവും വ്യത്യസ്തങ്ങളുമായ ശാസ്ത്രങ്ങളെയും അവ പ്രകാരമോ അല്ലാതെയോ അനന്തവും സമാനവും വ്യത്യസ്തങ്ങളുമായ പ്രപഞ്ചങ്ങളെയും സൃഷ്ടിക്കാൻ മഹാജ്ഞാനം കൊണ്ടും മഹാശക്തികളെക്കൊണ്ടും കഴിയുമെന്ന് മനസ്സിലാവണം. ലളിതമായി മനസ്സിലാക്കാനാവും; അതിന് മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തം' എന്ന് തെറ്റിദ്ധരിച്ചിട്ടുള്ളതോ തെറ്റിദ്ധാരണ ഇല്ലാത്തതോ ആയ ശരീരത്തിന്റെ പ്രവർത്തനങ്ങളെ കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞാൽ മതിയാകും!

ഭൂമിയും ചന്ദ്രനും സൂര്യനും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രകോടികളും ഉൾപ്പെട്ട മഹാപ്രപഞ്ചത്തെ ആകാശം എന്ന മഹാലിംഗം ഉൾക്കൊള്ളുന്നതിനെ മനസ്സിലാക്കാൻ മനുഷ്യന് സ്വന്തം *കണ്ണുകൾ കൊണ്ട് കഴിയുന്നതാണ്.* ഭൂമിയിൽ എവിടെ നിന്ന് ആകാശത്തേക്കു നോക്കിയാലും ഒരു കുട പോലെ *അർദ്ധ-ഗോളാകൃതിയിലാണ് ആകാശത്തെ കാണുക. കുട പോലെയുള്ള അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്രസമൂഹങ്ങളും ഉൾപ്പെടെയുള്ള പ്രപഞ്ചമുള്ളത്. കുട പോലെയുള്ള അർദ്ധ-ഗോളത്തിന് യഥാര് ത്ഥത്തിൽ അന്തമില്ല. മഹാപ്രപഞ്ചത്തിൽ പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നക്ഷത്ര കോടികൾക്കു സ്ഥിതിചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും മനുഷ്യ ബുദ്ധികൊണ്ട് അളക്കാൻ കഴിയാത്തതും അന്തമില്ലാത്തതുമായ മഹാലിംഗത്തിന്റെ മുകൾഭാഗത്തേയ്ക്കാണ് യഥാര് ത്ഥത്തിൽ

നോക്കിയതെന്നും വിശകലനത്തിൽ സ്വയം ബോദ്ധ്യമാവുന്നതാണ്. ഇനി, നാമറിഞ്ഞ മഹാലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും നേടാനായ അറിവുകൊണ്ടും പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താനാവാത്ത അവസ്ഥയിൽ മഹാലിംഗത്തെ മനസ്സിലാക്കുമ്പോഴും, ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം മുമ്പറഞ്ഞ അർദ്ധ-ഗോളാകൃതിയിലെ കുടയ്ക്ക് അഥവാ മഹാലിംഗത്തിനുള്ളിലാണ്.*

മഹാലിംഗം ബഹുവിധങ്ങളിലായിട്ട് മഹാപ്രപഞ്ചത്തെയും, ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. ആകയാൽ, ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ദേവാലയങ്ങളെ (ആവശ്യമുള്ള ജനങ്ങൾ), അവയെല്ലാം മഹാശാസ്ത്രപരമായിട്ട് ശുദ്ധീകരിക്കേണ്ടതുണ്ട്. മഹാലിംഗ പ്രതിഷ്ഠ മാത്രമേ പാടുള്ളൂ.

വായു, ജലം, അഗ്നി :

ദൈവത്തിന്റെ വാതക രൂപത്തിലുള്ള വായു എന്ന പ്രാണൻ/ജീവൻ/ശക്തി, ദൈവത്തിന്റെ ദ്രാവക രൂപത്തിലുള്ള ധർമ്മശക്തിയായ ജലം, ദൈവത്തിന്റെ പ്ലാസ്മ രൂപത്തിലുള്ളതെന്നു കഷ്ടിച്ചു വിശേഷിപ്പിക്കാവുന്ന അഗ്നി എന്ന പ്രകാശവും ഊഷ്മാവും ശബ്ദവും ചേർന്ന പ്രത്യക്ഷവും അപ്രത്യക്ഷവുമായ അഗ്നിശക്തി എന്നിവയെ ഒന്നിച്ചു വിശദീകരിക്കാം.

ഓക്സൈഡുകൾ, സൾഫേറ്റുകൾ, നൈട്രേറ്റുകൾ, ക്ലോറേറ്റുകൾ, എന്നിങ്ങനെ മണ്ണിലെ മൂലകങ്ങളിലും സംയുക്തങ്ങളിലുമായിട്ട് അന്തരീക്ഷ വായുവിലെ ഓക്സിജൻ, നൈട്രജൻ, കാർബൺ ഡൈഓക്സൈഡ് തുടങ്ങിയ എല്ലാ വാതകങ്ങളും മഹാഭദ്രമാക്കപ്പെട്ടിരിക്കുന്നുവെന്നും മഹാഉചിതമായ സമയങ്ങളിൽ മണ്ണും ഭൂമിയുമായ ദൈവം, അന്തരീക്ഷവായു എന്നറിയപ്പെടുന്ന ദൈവത്തിന്റെ വാതകരൂപത്തെയും ജലത്തെയും അഗ്നിയെയും ഒക്കെ സൃഷ്ടിക്കുന്നുവെന്നും അറിയണം. മഹാഗോള രൂപത്തിൽ 'ശബ്ദബ്രഹ്മം' ഭൂമിയായി മാറുന്നതും, ഭൂമി എന്ന മഹാരൂപത്തെ ദൈവം സ്വീകരിക്കുമ്പോൾ 'സത്യ അഗ്നിശക്തി കൂടിയായ ശബ്ദബ്രഹ്മം' ഭൂമിയുടെ ഓരോ ആറ്റത്തിലേക്കും പ്രവേശിക്കുന്നതുമെല്ലാം ആദ്യമേതെന്ന് പരിമിതമായ പ്രപഞ്ചശാസ്ത്ര പ്രകാരമുള്ള വാക്കുകൾ കൊണ്ട് വിശദീകരിക്കാൻ കഴിയാത്ത വിധം ഒരേസമയം മഹാസംഭവിച്ചിട്ടുള്ള മഹാദൈവകാര്യങ്ങളാണ്. ഓരോ മനുഷ്യനും 100 മനുഷ്യജന്മങ്ങൾ ഉള്ളതിലെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിലൊന്നിൽ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം മഹാശാസ്ത്രത്തെ മുഴുവൻ അർദ്ധമഹാദേവീ രൂപത്തിലുള്ള പ്രപഞ്ചപിതാവിലൂടെ നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ഉൾപ്പെടെയുള്ള എല്ലാ ദൈവകാര്യങ്ങളും ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകം ലഭിക്കുകയും ദൈവമഹത്വത്തെ മനസ്സിലാക്കി വിതുമ്പുകയും ചെയ്യുന്നതാണ്. (ഓരോ മനുഷ്യനും ലഭിക്കുന്ന

പ്രസ്തുത ഏക ജന്മത്തിൽ മാത്രമാണ് ദൈവത്തെ ആരാധിക്കാൻ മനുഷ്യരെ അനുവദിച്ചിട്ടുള്ളത്. ദൈവം പ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവം ഉടൻ മഹാആരംഭിക്കുമ്പോൾ സംശയങ്ങളെല്ലാം സമ്പൂർണ്ണമായും അവസാനിക്കുന്നതാണ്.)

ഭൂമിയുടെ ആവരണമായിട്ട് വായുവിനെ സൃഷ്ടിച്ചിട്ടുള്ളതും സംരക്ഷിക്കുന്നതും ഭൂമി അഥവാ മണ്ണ് തന്നെയാണ്. ഭൂമി, ചൊവ്വ, വ്യാഴം, ശനി, തുടങ്ങിയ ഗ്രഹങ്ങളെ വെറും പിണ്ഡങ്ങളായും പ്രപഞ്ചത്തിൽ എങ്ങനെയൊക്കെയോ സംഭവിച്ച സ്ഫോടനങ്ങളുടെ ഭാഗമായി രൂപപ്പെട്ടവയെന്നും മറ്റും കണക്കാക്കാതെ മണ്ണായ ദൈവത്തിന്റെ ഖരരൂപ-ഭാഗങ്ങളായും ഭൂമി/മണ്ണ് മഹാനിശ്ചയിക്കുമ്പോൾ അവിടങ്ങളിലെ വസ്തുക്കളിൽ നിന്ന് വെള്ളവും വായുവും അഗ്നിയും സൃഷ്ടിക്കപ്പെടുമെന്നും മനസ്സിലാവുന്ന മുറയ്ക്ക് ആധുനികശാസ്ത്രം കൂടുതൽ സത്യങ്ങളെ കണ്ടെത്തുന്നതാണ്. (വൈകാതെ ഭൂമിയിൽ ദൈവ-വിപ്ലവം ആരംഭിക്കുമ്പോൾ ഭൂമി ഒഴികെയുള്ള ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും മറ്റനവധി ഖരസൃഷ്ടികളെയും മണ്ണായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസംഹരിക്കുന്നതാണ്. കാരണങ്ങളും വിശദീകരണങ്ങളും മഹാഗ്രന്ഥത്തിലുണ്ട്).

മണ്ണിലെ മൂലകങ്ങളുമായും സംയുക്തങ്ങളുമായെല്ലാം ചേർന്ന് മണ്ണായ ദൈവത്തിന്റെ വാതകരൂപവും, ജീവികളുടെ ജീവനുമായ ഓക്സിജൻ മഹാഉചിതമായി പ്രവർത്തിക്കുന്നു . സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന ഹൈഡ്രജനുമായിട്ട് ഓക്സിജൻ ചേർന്നാൽ ജലമായി. നീരാവി, മഴ എന്നിവയുടെ പ്രവർത്തനത്തെ ഭൗതികമായ ചില പ്രതിഭാസങ്ങൾ എന്ന് വിലയിരുത്തുന്ന മാനുഷിക രീതികൾ മാറുന്നതാണ്. ഭൂമിയുടെ അകത്തും പുറത്തുമായിട്ട് ജലാശയങ്ങളായ കിണറുകളും തോടുകളും നദികളും കായലുകളും തടാകങ്ങളും സമുദ്രവും സ്ഥിതിചെയ്യുമ്പോൾ അവയിലെ ജലത്തെയും മഴയെയും മഞ്ഞുകട്ടകളെയും മഞ്ഞിനെയുമെല്ലാം സൃഷ്ടിച്ചിട്ടുള്ളതും സംരക്ഷിക്കുന്നതും മണ്ണ് അഥവാ ഭൂമി തന്നെയാണ്. ഭൂഗർഭ ജലം കൊണ്ട് മനുഷ്യരെ പ്രത്യേകമായി കരുതുന്ന മഹാവാത്സല്യത്തെയോ, ദൈവത്തിനു മാത്രമാണ് മഹത്വമെന്നോ, ഉചിതമായ രീതിയിൽ തിരിച്ചറിയാൻ പോലും മനുഷ്യർക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം.

ആകാശവും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം മണ്ണുമായിട്ട് അഥവാ ഭൂമിയിലെ ജീവി-ജീവിതവുമായിട്ട് ബന്ധപ്പെട്ടിരിക്കുകയാണ്. അങ്ങനെയല്ലെന്നു വാദിക്കുന്നവരുണ്ടാവില്ല. *ഭൂമിയിലെ ജീവികൾക്ക് അഥവാ ജീവാത്മാക്കൾക്ക് സൂര്യനിൽ നിന്നും പ്രകാശവും ചൂടുമൊക്കെ ലഭിക്കുകയാണ്; ജീവികൾ സൂര്യനിൽ പോയി കൊണ്ടുവരികയല്ല.* ശരീരവും മണ്ണും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ ജീവികൾക്ക് പ്രകാശവും ചൂടുമൊക്കെ ലഭ്യമാക്കുന്നതിനു വേണ്ടി സൂര്യനെയും ചന്ദ്രനെയും ഒക്കെ സൃഷ്ടിച്ചതായി മനസ്സിലാക്കാൻ എന്താണ് പ്രയാസം? *ഓരോ ജീവിയുടെയും ജനനം മുതൽ മരണം വരെയുള്ള സർവ്വ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും

സാധിച്ചു തരികയും, സാധിച്ചു തരാൻ ശക്തിയുള്ളതുമായ ഭൂമിയായ ദൈവത്തെ മനസ്സിലാക്കാനാൻ, ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് കഴിയാത്തത് കഷ്ടത്തിൽ കഷ്ടമാണ്.*

ഭൂമിയായ ദൈവത്തിന്റെ അംശങ്ങളായ ഓക്സിജൻ, ജലം, ശരീരം എന്നിവയുടെ മഹാവാത്സല്യത്തെയും മഹാനീതിയെയും അനുഭവിച്ച്, ഭൂമിയിൽ ജീവിച്ചു കൊണ്ട്, ആകാശത്തിലെ ദൈവത്തെ അന്വേഷിക്കുന്നവർ ചെറുതും വലുതുമായ ദൈവനിന്ദ തന്നെയാണ് ചെയ്യുന്നത്.

ഭൂമിയിലെ ജീവിതം താല്ക്കാലികമാണെന്നും അപ്രധാനമാണെന്നും, സ്വർഗ്ഗത്തിലെ സുഖങ്ങൾ നിരന്തരമാണെന്നും, സ്വർഗ്ഗത്തെ നേടണമെങ്കിൽ വ്യത്യസ്ത മതങ്ങളിൽ പറയുന്നതു പോലെ (വ്യത്യസ്തമായി !?) ജീവിക്കണമെന്നും ആവശ്യപ്പെടുന്നവർ വിട്ടുപോയ ഒരു വലിയ സത്യമുണ്ട്. *ഭൂമിയിലെ ജീവിതത്തെയും നന്മതിന്മകളെയും ആധാരമാക്കിയാണ്* സ്വർഗ്ഗനരകങ്ങളെ നിശ്ചയിക്കുന്നതെന്നു പറയുമ്പോൾ *ഭൂമിയും ഭൂമിയിലെ ജീവിതവും ഇല്ലെങ്കിൽ* സൃഷ്ടികളും സ്വർഗ്ഗനരകങ്ങളും അവിടുത്തെ പൂച്ചാണ്ടി-ദൈവവും ഇല്ലെന്ന് അവർ തന്നെ സുവ്യക്തമാക്കുകയാണ്. ലജ്ജിക്കാനും പശ്ചാത്തപിക്കാനും, മഹാപിതാവും മഹാമാതാവുമായ ഭൂമിയെയും ഭൂമിയുടെ അംശമായ ശരീരത്തെയും ബഹുമാനിക്കാനും, ധർമ്മശാസ്ത്രപരമായി ജീവിക്കാനും മനുഷ്യരുടെയെല്ലാം സ്വത്വമായ ജീവാത്മാക്കൾക്ക് ശ്രദ്ധിക്കാവുന്നതാണ്. മടിക്കുന്നവരെയും അഹംഭാവികളെയും സ്വയം തിരുത്തിപ്പിക്കാൻ പോന്ന കുറ്റമറ്റ പദ്ധതികൾ മഹാനീതിശാസ്ത്രത്തിലുണ്ട്; മുകളിൽ 1-ലും 2-ലും വിശദീകരിച്ചിട്ടുണ്ട്.

മണ്ണായ ദൈവം, സൂര്യചന്ദ്രന്മാരെയും നക്ഷത്രങ്ങളെയും മറ്റും മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് മഹാപ്രപഞ്ചസൃഷ്ടിയുടെ ഭാഗമായിട്ടാണെന്ന് മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിൽ ഉടൻതന്നെ ദൈവവിപ്ലവവും തുടർന്ന് സംഹാരവും ആരംഭിക്കുമ്പോൾ, ഭൂമിയിലെ ജീവികളുടെ പുനർജ്ജനനത്തെ ചന്ദ്രനിലാണ് മഹാനിർവ്വഹിക്കുക. നക്ഷത്രങ്ങളുടെ സൃഷ്ടിക്ക് ജീവികളുടെ ആത്മീയ സാക്ഷാത്ക്കാരവുമായാണ് ബന്ധമുള്ളത്; ചുവടെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

***(5)*. *'ജീവാത്മാവായ ഹൈഡ്രജൻ എന്ന വാതകം' മോക്ഷം നേടുമ്പോൾ നിശ്ചിതമായ സമരൂപം ലഭിക്കുന്നതാണ്.**

മണ്ണിലെ ഏതെങ്കിലും ഒരു ജീവിയുടെ ശരീരത്തിൽ പ്രവേശിക്കുകയും, മണ്ണിൽ ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ജീവാത്മാവിന് ജീവിയാകാൻ കഴിയുന്നുള്ളൂ. മുമ്പ് വിസ്തരിച്ചതാണ്. മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെല്ലാം മരിക്കുമ്പോൾ, ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും,

ദ്രാവക രൂപമായ ജലവും, ഖരരൂപമായ മണ്ണിന്റെ അംശമായ ശരീരവും *ജീവാത്മാവിനെ ശരീരത്തിൽ നിന്നും വേർപെടുത്തുകയാണു ചെയ്യുന്നത്.* മണ്ണിന്റെ അംശമായ ശരീരം വീണ്ടും മണ്ണിൽ ലയിച്ചു ചേരുകയാണ്. മണ്ണിൽ അടിയുകയാണ്. സർവ്വം മണ്ണടി.

മണ്ണായ ശരീരത്തിൽ ജനിക്കുകയും, ജീവികളുടെയെല്ലാം മണ്ണായ ശരീരത്തിൽ നിന്നും ഭക്ഷണം ഉൾപ്പെടെയുള്ള സർവ്വ ആനന്ദങ്ങളെയും പ്രത്യക്ഷമായി സ്വീകരിച്ചു കൊണ്ട് മണ്ണായ ശരീരത്തോടെ (മണ്ണിൽ) ജീവിക്കുകയും, മണ്ണായ ശരീരം നിശ്ചയിക്കുന്ന പോലെ മരണത്തോടെ മണ്ണായ ശരീരത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെടുകയും ചെയ്യുന്ന ജീവാത്മാവിന് മഹാനീതി ലഭിക്കേണ്ടത് മണ്ണിൽ നിന്നു തന്നെ വേണ്ടേ? *മണ്ണിനല്ലാതെ മറ്റാർക്കാണ് ജീവികൾക്ക് മഹാനീതി നൽകാനുള്ള അവകാശവും അധികാരവും ഉള്ളത് ?* മണ്ണിൽനിന്നു തന്നെ ജീവികൾക്ക് മഹാനീതി ലഭിച്ചാൽ മാത്രമേ ജീവി-സൃഷ്ടി മഹാഭംഗിയാവുകയുള്ളൂ എന്നും, മഹാനീതി ലഭിക്കുന്നത് മണ്ണിൽ നിന്നുതന്നെയാണെന്നും ഓരോ ജീവിയുടെയും/ജീവാത്മാവിന്റെയും സൃഷ്ടി പാഠത്തിൽ നിന്നും സുവ്യക്തമാണ്.

ആദിസൃഷ്ടി മത്സ്യം മാത്രമാണെന്നും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെല്ലാം പുനർജ്ജനനങ്ങൾ മാത്രമാണെന്നും, എല്ലാ ജീവികൾക്കും സമനീതി നൽകുമ്പോൾ മാത്രമാണ് ജീവികളുടെയെല്ലാം സൃഷ്ടികർത്താവായ ദൈവം മഹാനീതിപതിയാവുക എന്നും ലളിതമായി മനസ്സിലാക്കാനാവും. വൈകാതെ മഹാപ്രപഞ്ചത്തിലെങ്ങും സൃഷ്ടിമന്ത്രവും ആദിവചനവും മഹാശാസ്ത്രമൂലവും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും സംഹാരകാഹളവുമായ ദൈവത്തിന്റെ മഹാചിരി തുടർച്ചയായി 3 മുതൽ 33 വർഷം മുഴങ്ങുന്നതോടെ ദൈവത്തിന്റെ ഏകദാസനായ പ്രതിനിധിയിലൂടെ (ദൈവം) വീണ്ടെടുത്തിട്ടുള്ള മണ്ണിന്റെ നിയമങ്ങളായ യഥാർത്ഥമായ വേദങ്ങളെ ഭൂമിയിലെങ്ങുമുള്ള ജനങ്ങളുടെ ഭരണഘടനയായിട്ട് വീണ്ടും സ്വീകരിക്കപ്പെടുന്നതുമാണ്. (എല്ലാ സൃഷ്ടിചക്രങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ/ സമാനമായി സംഭവിക്കുന്നുണ്ട്.).

ഓരോ ജീവിയുടെയും ആദ്യസൃഷ്ടിയായിട്ട് ആദ്യമത്സ്യത്തെ സൃഷ്ടിക്കുമ്പോൾ മാത്രമേ ജീവാത്മാവിനെ പുതിയതായി സൃഷ്ടിക്കേണ്ടതുള്ളൂ. ശേഷമുള്ളവ പുനഃസൃഷ്ടികളാണ്, അവയ്ക്കെല്ലാം ജീവാത്മാവുണ്ട്; ശരീരം മാത്രമേ വേണ്ടൂ. അതായത് മത്സ്യ- സസ്യ- പക്ഷി -മൃഗ - മനുഷ്യൻ എന്നീ 5 ജീവി-അവസ്ഥകളിലൂടെയും, (ജീവികളായ) മാതാപിതാക്കളിലൂടെയും പുനർജ്ജനിക്കുകയും പുനർജ്ജീവിക്കുകയും പുനർമരിക്കുകയും, പുനർജ്ജനനങ്ങളും പുനർജ്ജീവിതങ്ങളും ആവർത്തിക്കുകയും ചെയ്യുന്ന ജീവാത്മാക്കൾക്കെല്ലാം മണ്ണായ ദൈവം, ശരീരം മാത്രമേ കൊടുക്കേണ്ടതുള്ളൂ. വിരലുകളിലും, നക്ഷത്രത്തിലും 5 എന്ന സംഖ്യയെ സ്ഥാപിച്ചിട്ടുള്ളതും രാഷ്ട്രങ്ങളിലെ പതാകകളിൽ 5 കോണുകളോടെയുള്ള നക്ഷത്രം ഇടം തേടിയിട്ടുള്ളതും ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്. എല്ലാ

ജീവികൾക്കും സമആനന്ദം ലഭ്യമാക്കുവാൻ മഹാനീതിപതി കൂടിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാശ്രദ്ധിക്കുന്നുണ്ട്. ഓരോ ജീവി-രൂപങ്ങളിലും 100 പുനർജ്ജന്മങ്ങൾ വീതമുണ്ട്. യാതൊരു മതങ്ങളിലെയും ഭോഷത്തങ്ങളുമായിട്ട് ബന്ധമില്ലാത്തതും മഹാശാസ്ത്രപരം മാത്രവുമായ ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ മഹാഗ്രന്ഥത്തിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. മഹാപുനർജ്ജന്മ സിദ്ധാന്തത്തെ പഠിക്കുന്ന നിരീശ്വരവാദികളും അവിശ്വാസികളുമെല്ലാം ദൈവം മഹാഭദ്രപ്പെടുത്തുന്ന മഹാസമനീതി വൈഭവത്തിൽ അത്യുത്ഭതപ്പെടുന്നതും, വളരെപ്പേർ ഭയക്കുന്നതും, മുജ്ജന്മഓർമ്മകളുടെ കാര്യത്തിൽ യാതൊരാൾക്കും മുജ്ജന്മഓർമ്മകളെ ലഭിക്കരുതേ എന്ന് ദൈവത്തോടു പ്രാർത്ഥിക്കുകപോലും ചെയ്യുന്നതുമാണ്. *ജീവിരൂപത്തിലെ അഞ്ചാമത്തേതും അവസാനത്തേതുമായ മനുഷ്യരൂപം സ്വീകരിക്കുന്ന ജീവാത്മാവ് 100 ജന്മങ്ങളിലൂടെ* ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം അറിയുകയും അനുഭവിക്കുകയും; മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ ഭാഗമല്ലാതെയെന്നവണ്ണം *സമജീവിരൂപമായ നക്ഷത്രപദവി എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ നേടുകയും ചെയ്യുന്നു.*

ദൈവത്തിന്റെ ഏകദാസൻ ദൈവത്തിന്റെ പ്രത്യേക ഭാഗമാണെന്നു കണ്ടു. എന്നാൽ യാതൊരു ജീവികളും ദൈവത്തിന്റെ ഭാഗമല്ല; കുഞ്ഞുങ്ങളും സൃഷ്ടികളും മാത്രമാണെന്ന് സുവ്യക്തമാക്കപ്പെടുന്നു. ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രപദവിയിൽ ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം അനന്തമായി നുകർന്നുകൊണ്ട് ജീവിക്കാൻ കഴിയുന്നത് വിശദമാക്കിയിരുന്നു. മാത്രമല്ല, ഭൂമിയിലേക്കു മടങ്ങിവന്ന് വീണ്ടും ജനന- ജീവിതസൗഭാഗ്യങ്ങളെ ആസ്വദിക്കുവാനും അത്യുന്നതമായ ജഗത്-കാര്യങ്ങളിൽ പങ്കാളിയാവാനും ഒക്കെയുള്ള മഹാഭാഗ്യങ്ങളെ നക്ഷത്ര പദവിയിലെത്തുന്ന ജീവാത്മാക്കൾക്ക് ലഭിക്കുന്നുമുണ്ട്. വൈകാതെ ദൈവവിപ്ലവവും തുടർന്ന് ആത്മീയ സാക്ഷാത്ക്കാരം എന്ന സംഹാരവും ആരംഭിക്കുമ്പോൾ ചന്ദ്രനിലും സൃഷ്ടി ഉണ്ടാകുന്നതാണ്; ആവക വിവരങ്ങളും മഹാഗ്രന്ഥത്തിലുണ്ട്.

ആയിരം കോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെപ്പറ്റി വളരെ അറിയാനും മനസ്സിലാക്കാനും അനുഭവിക്കാനും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ* ഏതാനും നൂറ്റാണ്ടുകളിലുള്ള ശാസ്ത്രവളർച്ച കൊണ്ട് മനുഷ്യന് ഇന്നു സാദ്ധ്യമായിട്ടുണ്ട്. അങ്ങനെയിരിക്കെ, മണ്ണിൽ മാത്രം ജനിക്കുകയും മണ്ണിൽ ജീവിക്കുകയും മണ്ണിൽ അടിയുകയും ചെയ്യുന്ന മനുഷ്യർ മണ്ണിലെ ശാസ്ത്രംകൊണ്ടു സാദ്ധ്യമായ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചുകൊണ്ട് മണ്ണായ ദൈവത്തെ നിന്ദിക്കരുത്. ചിന്തിക്കുക. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ഏതാനും നൂറ്റാണ്ടുകളായുള്ള കാലഘട്ടത്തിലെ നല്ലവരും കെട്ടവരും, ദീർഘദർശനം ഇല്ലാത്തവരും മൂഢരും അല്പായുസ്സുകളും ഒക്കെയായ ചില ആത്മീയാന്വേഷകർ; ആയിരംകോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെ

പ്പറ്റിയും ദൈവത്തെപ്പറ്റിയും തട്ടിക്കൂട്ടിയ അബദ്ധ-വിഴുപ്പുകളെ ചുമന്നും അവയിലെ വ്യത്യാസങ്ങളുടെ പേരിൽ പരസ്പരം കലഹിച്ചും കൊന്നും കഴിയുന്ന വിഡ്ഢിക്കൂട്ടങ്ങളായിട്ട് തുടരാനാണോ ദൈവം ബുദ്ധിശക്തികളെയും വിവേചന ശക്തികളെയും മനുഷ്യർക്ക് വർദ്ധിച്ചുനൽകിയത് .... ചിന്തിക്കുക. (*സൃഷ്ടിചക്രം, കാലചക്രം, മഹാകാലചക്രം, മഹാസൃഷ്ടിചക്രം തുടങ്ങിയ കാലഗണനകളെ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.).

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ *ദൈവത്തിൽ നിന്ന്* സൃഷ്ടിയും കുഞ്ഞുമായ ഓരോ ജീവാത്മാവും *സമ്പൂർണ്ണ മുക്തി* നേടേണ്ടതുണ്ട്.

മോക്ഷത്തെ അഥവാ *മുക്തിയെ* ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് ഭൂമിയിലെങ്ങുമുള്ള *ഓരോ മനുഷ്യനും / ജീവാത്മാവിനും ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ആത്മസംതൃപ്തിയോടെ മുക്തി നേടാൻ കഴിയുന്നത് എങ്ങനെയെല്ലാമെന്ന് 'മോക്ഷം' എന്ന ദൈവ-വിപ്ലവ വിശകലനം **4**-ൽ മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. omsathyam എന്ന blog-ൽ ലഭിക്കുന്നതാണ്.

സൃഷ്ടി, സ്ഥിതി, മഹാനീതി എന്നിവയെ മഹാനിർവ്വഹിക്കുന്നത് ഏകമഹാശക്തിയായ മണ്ണും ഭൂമിയുമായ ദൈവം തന്നെയാണ്. സൃഷ്ടി, സ്ഥിതി എന്നിവയിൽ പ്രപഞ്ചപിതാവായിട്ടുള്ള പരമാത്മാവിനെ ഉൾപ്പെടുത്തിയിട്ടുണ്ട് ; എന്നാൽ നിർജ്ജീവമായിട്ടാണ്. മഹാനീതിയുടെ വളരെ ചെറിയ ഒരു ഭാഗം മാത്രമായ സംഹാരത്തെ ചെയ്യുന്നത് ഏകമഹാശക്തിയായ മണ്ണും ഭൂമിയുമായ ദൈവം തന്നെയാണെങ്കിലും, പ്രപഞ്ചപിതാവായിട്ട് മഹാഉയർത്തിയിട്ടുള്ള പരമശിവനിലൂടെയാണ്. പരമശിവനെ തന്നെയാണ് ക്രൈസ്റ്റായിട്ട് അയച്ചത്. അവനിലൂടെ മാത്രമേ മോചനമുള്ളൂ അഥവാ മോക്ഷം ലഭിക്കൂ എന്ന് ക്രൈസ്റ്റിനെ കുറിച്ച് പറയുമ്പോൾ ക്രൈസ്റ്റ് *ലൂടെ* അഥവാ മാധ്യമം മാത്രമാണ്; മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത് മണ്ണും ഭൂമിയുമായ ദൈവമാണ്. മഹത്വം മണ്ണും ഭൂമിയുമായ ഏകദൈവത്തിനു മാത്രം.
..

((ഏതാനും വിഷയങ്ങളെ മുമ്പ് ചേർത്തിട്ടുണ്ട്. എന്നിരുന്നാലും ആവർത്തിക്കുന്നത് (മുഖ്യമായും) പ്രസ്തുത ഭാഗങ്ങളെ ഓടിച്ച് പുതിയ പാഠങ്ങളിലേക്ക് കടക്കുമ്പോൾ, സത്തയെ പൂർണ്ണമായി മനസ്സിലാക്കാൻ എളുപ്പമാകാനാണ്. പരമശിവനിലൂടെ സമ്പൂർണ്ണമല്ലാത്ത സമ്പൂർണ്ണ വേദങ്ങൾ വീണ്ടെടുക്കുമ്പോൾ, സമ്പൂർണ്ണമായ വേദങ്ങൾ മണ്ണിൽ മഹാലയിച്ചിരിക്കുകയാണ് !)).

മഹാലിംഗത്തിന് അകത്ത്, ജീവികളെ സൃഷ്ടിക്കാൻ വേറെയും കാരണങ്ങളുണ്ട്. അല്പം കുറിക്കാം:-

ദൈവത്തിന്റെ ഭാഗമല്ലാത്തതായ ജീവാത്മാവിനെ മത്സ്യമായിട്ട് ആദ്യം ജലത്തിൽ സൃഷ്ടിക്കുകയും, ശേഷം 'മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ' എന്ന ജീവിചക്രത്തിലൂടെ പരിണമിച്ചു മോക്ഷത്തെ നേടുകയും ചെയ്യുന്നത് 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരത്തെ ആധാരമാക്കിയാണ്; എങ്കിലും, *'യാതൊരിക്കലും സൃഷ്ടിയായ ജീവാത്മാവിനെ മണ്ണിന്റെ ഭാഗമാക്കുകയോ മണ്ണിൽ തൊടുവിക്കുകയോ ചെയ്യുന്നില്ല.'* ഖരാവസ്ഥയിലുള്ള മണ്ണായ ഭൂമി നീതിയാണ്, മഹാനീതിയാണ്, മഹാനീതിപതിയായ ദൈവമാണ്. *നീതി കാര്യങ്ങളെ വിധിക്കുവാൻ ജീവിയെ അഥവാ ജീവാത്മാവിനെ അനുവദിച്ചിട്ടില്ല.* മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ജീവികളുടെയും ശരീരം എന്നതുകൊണ്ട്, ദൈവാംശമായ ശരീരങ്ങളെ നല്ലതിന് ഉപയോഗപ്പെടുത്തുക എന്നല്ലാതെ (അന്യോന്യം) ശിക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്തുമ്പോൾ ഗൗരവമായ ക്രമ പ്രശ്നം ഉണ്ടാകുന്നതാണ്. *ജീവാത്മാവിനെ ശിക്ഷിക്കുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' സൃഷ്ടിച്ചിട്ടുള്ള 'ശരീരത്തെയോ അവയവങ്ങളെയോ' കളങ്കപ്പെടുത്തുന്നു; അന്യായം കാട്ടുന്നു. *ദൈവത്തിന്റെ ഇഷ്ടം എന്ന മഹാ നീതിയെ വിഷയമാക്കാതെ പ്രവർത്തിച്ചാൽ പാപം ഉണ്ടാകുന്നതാണ്.* അതായത് *ശരീരവും മണ്ണുമായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മശാസ്ത്രപരമായി ജീവിക്കുക എന്നല്ലാതെ ശരീരമായ ദൈവാംശത്തെ ശിക്ഷിക്കാൻ യാതൊരാൾക്കും അവകാശമില്ല എന്ന് ചുരുക്കം. മഹാത്മാഗാന്ധിക്ക് പിൻപറ്റാൻ കഴിഞ്ഞതും ഗാന്ധി ആഹ്വാനം ചെയ്തതുമായ അഹിംസയും സത്യാഗ്രഹ സമരങ്ങളും ദൈവീകമാകുന്നത് അങ്ങനെയാണ്. ധർമ്മശാസ്ത്രപരമായി ജീവിക്കാത്തവരോട് നിസ്സഹകരിക്കാനും, കടുത്ത അപരാധങ്ങൾക്ക് ഉടുതുണിയോടെ (മാത്രം) കാട്ടിലേക്കും, ഒറ്റപ്പെട്ട ദ്വീപിലേക്കും നിശ്ചിത കാലത്തേക്ക് നാടുകടത്തുക എന്ന ശിക്ഷയുടെ കാഠിന്യം ഏറ്റവും ഭീകരമാണ്!

കുഞ്ഞുങ്ങളെ, പ്രപഞ്ചപിതാവായ പരമശിവനു പോലും മഹാനീതിശാസ്ത്ര പ്രകാരം പ്രവർത്തിക്കുക എന്നത് കഠിനമാണ്. ഓം മഹാശക്തിയായ മഹാദേവി, മഹാശക്തികളെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം പരമശിവന്റെ കഴുത്തിൽ ഓംകാര നാഗബന്ധനത്തെ മഹാനിർവ്വഹിച്ചിട്ടുള്ളത് വെറുതെയല്ല. സ്വന്തം കാര്യങ്ങളിലും, കുഞ്ഞുങ്ങളായ ഭൂമിയിലെ സമസ്ത മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും കാര്യങ്ങളിലും, പരമശിവന് പിഴവുകൾ ഉണ്ടാവാതെ മഹാസംശുദ്ധമാക്കാനാണത്. പരമശിവന് 'ക്ഷിപ്ര കോപത്തെ' മഹാ അനുഗ്രഹിച്ചു നൽകിയിട്ടുള്ളതും മഹാനീതിശാസ്ത്രത്തിന് കളങ്കം ഉണ്ടാവാതെ മഹാസംരക്ഷിക്കാനാണ്. ആവക കാര്യങ്ങളെ സൂചിത വെബ്സൈറ്റിലെ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

(3). മണ്ണായ ഭൂമിയുടെ മക്കളാവാൻ പ്രയത്നിച്ചു പുണ്യം നേടുക.

ഭൂമിയെന്ന ഏക മഹാരാജ്യത്തെ സ്നേഹിക്കുകയും, ഭൂപ്രദേശങ്ങൾ മാത്രമായ രാജ്യങ്ങളുടെ പേരിൽ കേമത്തം ഭാവിക്കാത്തവരുമായ കൃഷിക്കാർക്കും, ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന എല്ലാ ജനങ്ങൾക്കും, മഹാശക്തിയായ ദൈവത്തിന്റെ ഏകദാസനും മഹാദാസനുമായ ഈയുള്ളവൻ ദാസനായിരിക്കുമെന്ന് മഹാവിനയത്തോടെയും മഹാവാത്സല്യത്തോടെയും അറിയിക്കുന്നു. പൊന്നുമ്മകൾ.

മണ്ണും പ്രദേശവും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ *ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ* പ്രാദേശികത്വം അവകാശപ്പെടില്ലെന്നും *ഭൂമിയുടെ കുഞ്ഞ്* എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും ചുരുക്കം. ലഭ്യമായ ശക്തിക്ക് അനുസരിച്ച് പ്രയത്നിക്കുന്നവർക്കെല്ലാം തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്.

മണ്ണിന്റെ നിയമങ്ങൾ *ധർമ്മശാസ്ത്രപരമായ* സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ഓരോ മനുഷ്യനും നൽകിയിട്ടുള്ളത് യഥാർത്ഥത്തിൽ *യാതൊരാളുടെയും സ്വാതന്ത്ര്യങ്ങളെ കുറയ്ക്കുന്നതല്ല.* എന്തുകൊണ്ടെന്നാൽ എല്ലാ രാജ്യങ്ങളിലുമുള്ള *ഓരോ മനുഷ്യനും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും സമ്പൂർണ്ണ ആനന്ദമെന്ന മഹാസമനീതിയെയും പ്രത്യേകം പ്രത്യേകമായിട്ട് മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാആവിഷ്ക്കാരം കൂടിയാണ് ധർമ്മ ശാസ്ത്രം*. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ പ്രപഞ്ച ജീവിതത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്നു.

മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങളെല്ലാം ഭൗതിക അസ്തിത്വമില്ലാത്തവയും, മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമാകുന്നവയുമാണ്.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, *പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്.* എല്ലാ വിഷയങ്ങളെയും ധർമ്മശാസ്ത്രപരമായിട്ട് *സ്വയം വിശകലനം ചെയ്ത്

ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക എന്ന് സുവ്യക്തമായി തിരിച്ചറിയുന്നതാണ്.* അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് *അധമരായ ഭരണാധികാരികളുടെ അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത്* എന്നതും പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്. *അനേകായിരം വർഷങ്ങളായിട്ട് സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ട് തൊഴിൽ നേടിയവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നകിക്കൊണ്ട് സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ അനേകായിരം വർഷങ്ങളായിട്ട് പ്രവർത്തിച്ചുപോരുന്നത് കടുത്ത ദൈവനിന്ദയും അപരാധവുമാണ് : വിഷയങ്ങളെ *ധർമ്മശാസ്ത്രപരമായിട്ട് വിശകലനം ചെയ്യുന്നതിൽ നിന്നും പട്ടാളക്കാരെ തടഞ്ഞു.* ധർമ്മശാസ്ത്രപരമായിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിവില്ലാത്തവരും, ഭരണാധികാരികളുടെ അടിമകളുമാക്കി. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. ഒരു രാജ്യത്തിലെ പട്ടാളക്കാരെയും ജനങ്ങളെയും മറ്റൊരു രാജ്യത്തിലെ പട്ടാളക്കാരും ജനങ്ങളും ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമങ്ങളായ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളാക്കി. മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും ജനങ്ങളുമെന്നത് അറിയണം. 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഡിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. വധിക്കാൻ

കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്കും, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം. ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു ദൈവമാണെന്നു പറഞ്ഞു നടക്കുന്ന മതഭരണാധികാരികളും മതപുരോഹിത-പ്പരിശകളും ദൈവത്തിന്റെ കുഞ്ഞുങ്ങൾ യുദ്ധം ചെയ്യുന്നതും വധിക്കപ്പെടുന്നതും, ആയുധങ്ങളെയും പട്ടാളക്കാരെയും മറ്റും ഒരുക്കുന്നത് അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാഞ്ഞതിനും കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്. മറക്കുകയോ, മറയ്ക്കുകയോ, അറിയാതെ പോവുകയോ ചെയ്തതാണെങ്കിൽ; സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവൻ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം എന്നു പ്രസംഗിച്ചുകൊണ്ട്, ദൈവം നേരിട്ട് ഏല്പിക്കാത്ത പണികളെ ചെയ്ത് ദൈവത്തെ കബളിപ്പിക്കാൻ ശ്രമിച്ചതിനും, ദൈവത്തിന്റെ പേരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധമ-നീച അനുഷ്ഠാനങ്ങളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് ജനങ്ങളെ ചൂഷണംചെയ്ത് ജീവിക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്.

ദൈവത്തിന്റെ പാവം കുഞ്ഞുങ്ങൾ കൂടിയായ ഇന്നത്തെ പട്ടാളക്കാരും പോലീസുകാരും ആരുടെയും അടിമകളല്ലെന്നും, മറിച്ച് *പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവും, ജനങ്ങളുടെയും രാജ്യങ്ങളുടെയും പൊൻകിരീടമാണെന്നും മാങ്ങാക്കുലയാണെന്നും മറ്റും പറഞ്ഞു പറ്റിക്കാൻ,* ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ അധമ -ഭരണാധികാരികളും മറ്റും ശ്രദ്ധിച്ചിരുന്നു. നീചത്തങ്ങളെ ശരിവയ്ക്കുന്ന എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റുമാരും /രാജാക്കന്മാരും പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മന്ത്രിമാരും ന്യായാധിപന്മാരും തോക്കുകളും മറ്റ് ആയുധങ്ങളുമായിട്ട് അതിർത്തികളെ സംരക്ഷിക്കട്ടെ. അവരുടെ പൊൻകിരീടവും 'രക്തസാക്ഷികളും ബലിമൃഗങ്ങളുമായ' പട്ടാളക്കാർ കുടുംബാംഗങ്ങളെയും ഉറ്റവരെയും സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തും സ്നേഹ-പരിചരണങ്ങളെ മടക്കി വാങ്ങിയും പട്ടാള ജോലിക്കാലത്ത് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ ഏതെങ്കിലും പട്ടാളക്കാരെയോ ജനങ്ങളെയോ വധിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉചിതമായിട്ട് പശ്ചാത്തപിച്ചും,

പാപങ്ങളുടെ ബാക്കിപത്രമായ കീർത്തിമുദ്രകളെയും മദ്യപാനത്തെയും ഉപേക്ഷിച്ച് സംശുദ്ധരാവാൻ പരിശ്രമിക്കണം; സംശുദ്ധരാവണം. *ഉടൻ ഭൂമിയിലെങ്ങും ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാർ സ്വീകരിക്കേണ്ടതായ നടപടികളെയാണ് " അറിയിച്ചത്. *ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണന്നും, യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.*

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.

ഉടനെ തന്നെ ഭൂമിയിലെങ്ങും ദൈവത്തിന്റെ *മഹാചിരിയും, സൃഷ്ടിമന്ത്രം, സംഹാര കാഹളം, ദൈവ-വിപ്ലവ ഗാനം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്ര മൂലം, മഹാശബ്ദം, മഹാസംഗീതം, മുഴങ്ങുന്നതാണ്; ദൈവ-വിപ്ലവം മഹാആരംഭിക്കുന്നതാണ്.* എന്നാൽ തീയതിയെപ്പറ്റി ഈയുള്ളവന് വ്യക്തമായി അറിയില്ല; മഹാഉചിതമായ സമയത്ത് മഹാവെളിപ്പെടുത്തുമെന്നു മാത്രം അറിയാം. ...

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മണ്ണിന്റെ നിയമങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള ഭരണഘടനകളായി മാറുന്നതും, അതോടെ നിയമസഭകൾ അവസാനിക്കുന്നതുമാണ്. മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള അഥവാ മഹാശാസ്ത്രപരമായ രാജഭരണ സംവിധാനങ്ങൾ ഉണ്ടാവുന്നതും ജനങ്ങൾക്ക് സാമൂഹിക നീതി ഉറപ്പായും ലഭിക്കുന്നതുമാണ്. രാജാവും മന്ത്രിമാരും *നീതിന്യായങ്ങളെ ചെയ്യുന്നതോടെ*

ഇന്നത്തെ പൂച്ചാണ്ടിക്കോടതികൾ ഇല്ലാതാവുന്നതുമാണ്.

ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു മനുഷ്യരുടെയും യാതൊരു സഹായങ്ങളും യാതൊരിക്കലും ആവശ്യമില്ലാ എന്നറിയുക. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !

എന്ന്, മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഏകദാസനായ പരമശിവൻ C/o **www.omsathyam.com** 2017 ഏപ്രിൽ 12 ബുധനാഴ്ച. ...

ഏകമഹാശക്തിയും ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനുംമഹാദേവിയും മണ്ണും ശരീരവും ഭൂമിയുമായ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം = ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിനുമാത്രം മഹത്വം. ദൈവത്തിനുമാത്രം മഹത്വം.





(അദ്ധ്യായം 10)
ഭീകരവാദങ്ങളും ദേശവ്യത്യാസങ്ങളും

ദൈവം സൃഷ്ടിച്ചതായ ഒരേ ഭൂമിയിലെ മനുഷ്യർ ഒഴികെയുള്ള യാതൊരു ജീവികളും ദേശങ്ങളുടെ അഥവാ രാജ്യങ്ങളുടെ പേരില് കലഹിക്കുന്നില്ല. ദൈവം സൃഷ്ടിച്ച ഒരേ ഭൂമിയിലാണ് ദൈവത്തിന്റെ സൃഷ്ടികളും മക്കളുമായ മനുഷ്യരും മറ്റുള്ള ജീവികളും ജീവിക്കുന്നത് എന്നത് സത്യമാണ്. എന്നാല് ആ സത്യത്തെ അവഗണിച്ചുകൊണ്ടു ജീവിക്കുകയും, തങ്ങള് ദൈവ-വിശ്വാസികളാണെന്നു കരുതുകയും പറയുകയും ചെയ്താല് ദൈവ-വിശ്വാസി ആവില്ല. ഭൂമിയില് മത-ദൈവ വിശ്വാസികള് അഥവാ മതവിശ്വാസികള് മാത്രമാണല്ലോ ഉള്ളത് എന്നതു കണക്കാക്കുമ്പോള്, മത-ദൈവം സൃഷ്ടിച്ച ഭൂമിയില് മത-ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യരും മറ്റുള്ള ജീവികളും ജീവിക്കുന്നു എന്ന വിശ്വാസം മതവിശ്വാസി എന്നു കരുതുന്ന ഏതൊരാൾക്കും ഉണ്ടാവണം. ഇല്ലെന്നാല് മതവിശ്വാസി ആവില്ല. ഭൂമിയിലുള്ള ഏറെക്കുറെ മുഴുവന് ജനങ്ങളും (വ്യത്യസ്ത) മതവിശ്വാസികളായിരിക്കെ ഭൂമിയിലെ വിവിധ പ്രദേശങ്ങളില് ജീവിക്കുന്നവർ, ദേശങ്ങളുടെയും പ്രദേശങ്ങളുടെയും പേരില് കലഹിക്കുകയും യുദ്ധങ്ങള് ചെയ്യുകയും ചെയ്താല് അത് ദൈവനിന്ദയാണ്, മതനിന്ദയാണ്. ഒരു ദേശത്തിലെ പട്ടാളക്കാര് തങ്ങള് അറിയുക പോലുമില്ലാത്ത മറ്റൊരു ദേശത്തിലെ പട്ടാളക്കാരെ ശത്രുക്കളായി കണക്കാക്കിക്കൊണ്ട് കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുമ്പോൾ

ദൈവത്തിന്റെ കുഞ്ഞുങ്ങൾ അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയുമാണു ചെയ്യുന്നത്. ദൈവത്തെ വേദനിപ്പിക്കുന്ന കാര്യങ്ങൾ അഥവാ ധർമ്മശാസ്ത്ര പരമല്ലാത്ത കാര്യങ്ങളെ ചെയ്യുന്നത് ദൈവനിന്ദ കൂടിയാണ്.

മതവിശ്വാസങ്ങൾ പ്രകാരം സ്വർഗ്ഗ-നരകങ്ങളെ മനുഷ്യര്ക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഭൂമിയിലെ ജീവിതം. സ്വര്ഗ്ഗ-നരകങ്ങള് നേടാനുള്ള പ്രവർത്തനങ്ങളിൽ അന്യദേശക്കാരെ ശത്രുക്കളായി കണക്കാക്കണമെന്ന് മതങ്ങൾ പറയുന്നില്ല, സ്നേഹിക്കണമെന്നു പറയുന്നുമുണ്ട്. സ്നേഹിക്കണം സ്നേഹിക്കണം എന്നു പറയുന്നവര് , ഒരേ ഭൂമിയിലാണ് തങ്ങളെല്ലാം ജീവിക്കുന്നത് എന്നതും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണെന്നതും അവഗണിച്ചി രിക്കുന്നു.

നൂറ്റാണ്ടുകളായി ഒരേ ഭൂമിയില് പ്രവർത്തിച്ചിട്ടും ഒരേ ഭൂമിയിലെ ജനങ്ങൾ എന്ന വിശ്വാസവും സമീപനവും ജനങ്ങളിൽ സൃഷ്ടിക്കുവാൻ യാതൊരു മതനേതൃത്വ ങ്ങൾക്കും കഴിഞ്ഞിട്ടില്ല. മാത്രമല്ല, രാഷ്ട്രങ്ങളിലെ പ്രശ്നങ്ങളുടെ പേരിലോ, ഭരണാധികാരികൾ ഉണ്ടാക്കുന്ന പ്രശ്നങ്ങള് കാരണമോ, യുദ്ധം എന്ന പേരോടെ ഒരു/ചില രാഷ്ട്രങ്ങളിലെ ജനങ്ങളെ മറ്റു ചില രാഷ്ട്രങ്ങളിലെ ജനങ്ങൾ ആക്രമിക്കുമ്പോഴും, ആക്രമിക്കപ്പെടുമ്പോഴും, മതനേതൃത്വങ്ങള് കളം മാറ്റിച്ചവിട്ടുന്നുമുണ്ട്. തങ്ങൾക്ക് ദേശീയതയാണ് പ്രഥമ കാര്യം; ദേശസ്നേഹം കഴിഞ്ഞുമാത്രമേ മറ്റെന്തും ഉള്ളൂ;

എന്നിങ്ങനെയുള്ള വേഷംകെട്ടലുകള് യുദ്ധവേളകളില് നടത്തുന്നു. വേഷംകെട്ടലുകൾ അല്ലെന്നാൽ, ദൈവം സൃഷ്ടിച്ച ഭൂമിയിലെ ജനങ്ങള് എന്ന സത്യത്തെ അവഗണിക്കുന്നു എന്നാണര്ത്ഥം. ഭൂമിയെയും ഭൂമിയിലെ ദേശങ്ങളെയും ദൈവം സൃഷ്ടിച്ചത് ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളില് ജനങ്ങള്ക്കു തമ്മില് ത്തമ്മില് യുദ്ധം ചെയ്യുവാന് കൂടിയാണെന്നു തോന്നിപ്പോകുന്ന രീതിയില് ആധുനികരെന്ന് അവകാശപ്പെടുന്ന ജനങ്ങൾ ജീവിക്കുന്നു; മനുഷ്യജീവിതം അധഃപതിച്ചിരിക്കുന്നു.
അന്യരാഷ്ട്രം എന്നും ശത്രുരാഷ്ട്രം എന്നും ജനങ്ങൾ പേരിട്ടിരിക്കുന്ന (ഒരേ ഭൂമിയിലെ) മറ്റൊരു പ്രദേശത്തില് ജീവിക്കുന്നവരും തങ്ങള് അറിയുകപോലും ഇല്ലാത്തവരുമായ പട്ടാളക്കാരെയും മറ്റു ജനങ്ങളെയും കൊന്നവരായ തന്നാട്ടിലെ പട്ടാളക്കാരെ ധീരപുത്രന്മാരെന്നും മറ്റും പേരിട്ട് സമ്മാനങ്ങളെ നൽകുന്നു. അതുപോലെ കൊല്ലാൻ പോയപ്പോൾ വധിക്കപ്പെട്ടവരും മരണമടഞ്ഞവരുമായ പട്ടാളക്കാർ വീരചരമം പ്രാപിച്ചെന്നും സ്വർഗ്ഗം നേടിയെന്നും രാജ്യത്തിനുവേണ്ടി മരിച്ചെന്നുമൊക്കെ പ്രഖ്യാപിക്കുന്നു. മരിച്ചവരുടെ ആശ്രിതര് ക്ക് സമ്മാനങ്ങളും സാമ്പത്തിക സഹായങ്ങളും നല്കുന്നു. ഭൂമിയിലെങ്ങുമുള്ള ദൈവത്തിന്റെ കുഞ്ഞുങ്ങളിലെ ഒരു കൂട്ടരെ മറ്റൊരുകൂട്ടം കുഞ്ഞുങ്ങള് കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഏറ്റവും വേദനാജനകമായ അവസ്ഥയാണ് ഇന്നുള്ളത്.

സ്രഷ്ടാവ് ദൈവമാകുമ്പോൾ, ദൈവത്തിന്റെ ഭൂമിയും,
ദൈവത്തിന്റെ രാഷ്ട്രങ്ങളും, ദൈവത്തിന്റെ
കുഞ്ഞുങ്ങളുമാണ് എല്ലാ രാഷ്ട്രങ്ങളിലുമുള്ളത്.

(ദൈവത്തിന്റെ മഹാഖരരൂപമാണ് ഭൂമി!
അങ്ങനെയിരിക്കെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ
അനേകം കുഞ്ഞുങ്ങളെ യുദ്ധങ്ങളുടെ പേരിൽ
കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്ത ഏതൊരു
രാഷ്ട്രത്തിലെയും പട്ടാളക്കാരെയും, അവരെ നിയോഗിച്ച
രാഷ്ട്രത്തിലെ ഭരണാധികാരികള് ഉൾപ്പെടെയുള്ള
മേലധികാരികളെയും മഹാനീതിശാസ്ത്രപ്രകാരം ദൈവം
ശിക്ഷിക്കാന് തയ്യാറാകുമ്പോള്, രാജ്യത്തിലെ
ഭരണാധികാരികളും ജനങ്ങളിലെ ഒരു വിഭാഗവും മേല്പടി
പട്ടാളക്കാര്ക്ക് സമ്മാനങ്ങള് നല്കാനും ധീരപുത്രരായി
വിശേഷിപ്പിക്കാനും യുദ്ധവിജയങ്ങൾ
ആഘോഷിക്കാനും തയ്യാറാകുന്നതിലെ
വൈരുദ്ധ്യത്തെപ്പറ്റി അല്പം ചിന്തിച്ചുനോക്കുക.

ദേശാഭിമാനത്തെപ്പറ്റി കേമത്തം പറയുന്നവരും മറ്റു
രാഷ്ട്രങ്ങളെയും അവിടങ്ങളിലെ ജനങ്ങളെയും
പുച്ഛിക്കുകയോ തരംതാണവരായോ കേമരായോ
കണക്കാക്കുന്നവരും നിശ്ചയമായും
ജാഗ്രതപ്പെടേണ്ടതായ ഒരു കാര്യം പറയാം : യാതൊരു
മനുഷ്യരും സ്വന്ത ഇഷ്ടപ്രകാരം ഏതെങ്കിലും ദേശത്ത്
ജനിച്ചവരല്ല. മുജ്ജന്മങ്ങള് ഏതു നാട്ടിലായിരുന്നു എന്നും,
അത് ഒരു പക്ഷേ തങ്ങള് വെറുക്കുന്ന നാട്ടില്,
വെറുക്കുന്ന നേതാവായിട്ടു തന്നെയായിരുന്നോ എന്നും,
അടുത്ത ജന്മം ഏതു നാട്ടിലായിരിക്കുമെന്നും ദൈവം
തങ്ങളെ അറിയിച്ചാല്, ബോദ്ധ്യപ്പെടുത്തിയാല്, ഇപ്പോള്
തങ്ങളുടെ വീരത്തങ്ങള് കേട്ടിരിക്കുന്ന
ചുറ്റുമുള്ളവരെയും ബോദ്ധ്യപ്പെടുത്തിയാല്, പട്ടാളക്കാര്
ഉൾപ്പെടെയുള്ളവരുടെ അവസ്ഥ സ്വയം
ചിന്തിച്ചുനോക്കുക.

പട്ടാളക്കാരെ പ്രത്യേകം പരാമർശിക്കുന്നത് കാരണമുണ്ടായിട്ടാണ്. ദേശരക്ഷ, ജനരക്ഷ എന്നിവയക്കുവേണ്ടിയെന്നു കരുതപ്പെടുന്ന തൊഴിലുകളില് ഏര്പ്പെടുന്നവരായ പട്ടാളക്കാര് തങ്ങള്ക്ക് ഏറ്റവുമധികം ഉത്തരവാദിത്തമുള്ളത് ഏതു മേലധികാരിയോട് അഥവാ ഭരണാധികാരിയോട് ആണെന്നു വ്യക്തമായി അറിഞ്ഞിരിക്കണം. രാജ്യത്തിലെ ഭരണാധികാരിക്കു വളരെ വളരെ മുകളില് മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായ മഹാശക്തി എന്നു പേരുള്ള ദൈവം എല്ലാ മനുഷ്യരുടെയും ചിന്തകളെപ്പോലും, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനിലൂടെ അപ്പപ്പോള് ഭൗതികശാസ്ത്രപരമായിത്തന്നെ അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നറിയണം. ഏതൊരാളെയും ഭൂമിയിലേക്ക് (തനിച്ച്) അയച്ചതും മഹാഭരണാധികാരിയായ ദൈവമാണ്. മരണത്തോടെ (തനിച്ച്) മടങ്ങുന്നതും മഹാഭരണാധികാരിയും മഹാനീതിപതിയുമായ ദൈവത്തിന്റെ അടുക്കലേയ്ക്കാണ്. അങ്ങനെയിരിക്കെ ധർമ്മശാസ്ത്രപരമായി മാത്രം തൊഴിൽ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഏതൊരു നാട്ടിലും ജനങ്ങളെ ആരു ഭരിക്കുന്നു എന്നത് പ്രധാനമല്ല, എങ്ങനെ ഭരിക്കുന്നു, ധര്മ്മശാസ്ത്രപരമായിട്ട് അഥവാ ദൈവീകമായിട്ടാണോ ഭരിക്കുന്നത് എന്നതു മാത്രമാണ് പ്രധാനം. ഏതു നാട്ടിലെ വ്യക്തി ഭരിച്ചാലും, മഹാഭരണാധികാരിയായി ദൈവമുണ്ട് എന്നത് ഉള്ക്കൊള്ളണം; മാത്രമല്ല, നല്ല വ്യക്തിക്കു മാത്രമേ നല്ല ഭരണം നല്കാനാവൂ.

ദൈവം ഭൂമി സൃഷ്ടിച്ചിട്ടുള്ളത് എല്ലാ ജീവികള്ക്കും വേണ്ടി ആയതുകൊണ്ടാണ് എല്ലാ ജീവികളും ഭൂമിയില് ജീവിക്കുന്നത്. ഒരേ ഭൂമിയില് വ്യത്യസ്തങ്ങളായ കാലാവസ്ഥകളും ഭൂപ്രകൃതിയും ഒരേ സമയത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഭൂമിയെ എത്ര സുന്ദരമാക്കിയിരിക്കുന്നു എന്നത് മനുഷ്യന് ചിന്തിക്കണം. കുന്നുകളും മലകളും വനങ്ങളും കടലും നദികളും ദ്വീപുകളും ഇല്ലാതെ സമനിരപ്പിലുള്ള പ്രദേശങ്ങളാണ് ഭൂമിയില് ഉള്ളതെങ്കില് ഭൂമി എത്ര അസുന്ദരമാകുമായിരുന്നു എന്നും ജീവിതം എത്ര വിഷമകരമാകുമായിരുന്നു എന്നും അസാദ്ധ്യമാകുമായിരുന്നു എന്നും ചിന്തിക്കണം. അനന്തമായ മഹാശക്തികളുടെ ഉടമയാണ് ദൈവം എന്നതിനെ മനുഷ്യന് അറിയുവാനും അനുഭവിക്കുവാനും കഴിയുന്നതുപോലും ഭൂമിയുടെ വൈവിധ്യമായ ഘടനകൊണ്ടു കൂടിയാണ്. മറ്റുള്ള ജീവികള് ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് മനുഷ്യന്റെ അവസ്ഥ വളരെ ശോച്യമാകുമായിരുന്നു. മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് ഭൂമിയും ഭൂമിയിലെ ജീവിതവും വളരെയധികം അസുന്ദരമാകുമായിരുന്നു, ക്ലേശകരമാകുമായിരുന്നു. വായു, വെള്ളം, മണ്ണ് ഇവ കഴിഞ്ഞാല് ഭക്ഷണകാര്യമാണ് മനുഷ്യന് ഏറ്റവും പ്രധാനം എന്നതുകൊണ്ടു മാത്രമല്ല അത്. കൂടുതലായി ഭാഗം 4-ൽ വിശദീകരിച്ചിട്ടുണ്ട്. മനുഷ്യര്ക്ക് ദൈവം ശാസ്ത്രജ്ഞാനം കൂടുതൽ നല്കിയപ്പോള്, ഭൂമിയിലെ വിവിധ പ്രദേശങ്ങളിലെ വ്യത്യാസങ്ങളെ ശാസ്ത്രപരമായിതന്നെ വിശകലനം

ചെയ്യുവാന് മനുഷ്യര് ബാദ്ധ്യസ്ഥരാണ്. ജനന സ്ഥലം ഉള്പ്പെടെയുള്ള ജനനകാര്യങ്ങള് ദൈവീക-മഹാനീതിയുടെ ഭാഗമായ ജന്മഗുണങ്ങളില് പെട്ടിരിക്കെ ദേശവ്യത്യാസങ്ങളുടെ പേരില് ശാസ്ത്രജ്ഞാനം കൂടുതല് ലഭിച്ച മനുഷ്യര് ഊറ്റം കൊള്ളുന്നതും, അഹന്ത പുലര്ത്തുന്നതും, അവജ്ഞ കാട്ടുന്നതും, പരസ്പരം കലഹിക്കുന്നതും, യുദ്ധങ്ങള് ചെയ്യുന്നതും, യുദ്ധകാര്യങ്ങള്ക്കായി വസ്തുക്കളും ഊര്ജ്ജവും സമയവും ജീവനും സദാനന്ദങ്ങളും സമാധാനവും നഷ്ടപ്പെടുത്തുന്നതും പാഴാക്കുന്നതും, സഞ്ചാരസ്വാതന്ത്ര്യം ഉള്പ്പെടെയുള്ള കാര്യങ്ങളില് വിലക്കുകള് ഏര്പ്പെടുത്തുന്നതും, ഉചിതമായി സഹായിക്കാത്തതും സഹകരിക്കാത്തതും, ഒക്കെ ഏറ്റവും അധമമാണ്.

ഭൂമിയെയും ഭൂമിയിലെ ജീവികളെയും ഭൂമിയുടെ ശാസ്ത്രത്തെയും അതിലൂടെ ഭൂമിയെയും ശാസ്ത്രത്തെയും സൃഷ്ടിച്ച ദൈവത്തെയും സ്നേഹിക്കുന്നവരാണ് രാജ്യസ്നേഹികള്. യഥാര്ത്ഥമായ രാജ്യസ്നേഹികള് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ മാത്രമാണ് അനുസരിക്കുക, അജ്ഞാനികളായ ഭരണാധികാരികള് മുന്നോട്ടുവയ്ക്കുന്ന അശാസ്ത്രീയമായ യുദ്ധങ്ങളെ അവര് പിന്തുണക്കില്ല. ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് പട്ടാളക്കാരും പോലീസും ഉള്പ്പെടെയുള്ള സേനകളെപ്പറ്റി കൂടുതല് വിസ്തരിച്ചിട്ടുണ്ട്.
രാജ്യങ്ങളെന്നത് ദൈവം സൃഷ്ടിച്ച ഭൂമിയുടെ ഓരോരോ ഭാഗങ്ങള് മാത്രമാണ്. തന്റെ നാട്, തന്റെ ജില്ല, തന്റെ

സംസ്ഥാനം, തന്റെ രാജ്യം എന്നിങ്ങനെ മനുഷ്യര് പുലര്ത്തുന്ന കാഴ്ചപ്പാട് തന്റെ ഭൂമി /ഭൂലോകം എന്നതിലേക്ക് വളരണം. ഇന്നലെകളില് നാട്ടുരാജ്യങ്ങളായിരുന്ന ചെറിയ ചെറിയ പ്രദേശങ്ങള് ഇന്ന് രാജ്യങ്ങളുടെയോ രാജ്യങ്ങളിലെ സംസ്ഥാനങ്ങളുടെയോ ഭാഗം ആയിരിക്കുന്നതുപോലെ, ഓരോ രാജ്യവും ഭൂമിയുടെ അഥവാ ഭൂലോകത്തിന്റെ ഭാഗം ആവണം. തന്റെ ഭൂമി /ഭൂലോകം എന്ന ഉള്ക്കാഴ്ച ഉണ്ടാവുമ്പോള് ഒരേ ഭൂമിയിലെ ജനങ്ങള്/പട്ടാളക്കാര് രാജ്യങ്ങളുടെ പേരില് പരസ്പരം കൊല്ലുന്നത് രാജ്യത്തെയോ ഭൂമിയെയോ ദൈവത്തെയോ സ്നേഹിക്കലല്ല എന്ന ശാസ്ത്രസത്യം ബോദ്ധ്യമാകുന്നതാണ്. ഒരു ഭൂമിയില് ജീവിക്കുന്ന ഒരേ ദൈവത്തിന്റെ മക്കളായ മനുഷ്യകുടുംബത്തിലെ അംഗങ്ങള് ആണ് ഓരോ രാജ്യത്തിലെയും ജനങ്ങള് എന്ന തിരിച്ചറിവ് മനുഷ്യമനസ്സുകളില് ഉണ്ടാവണം, ഉറയ്ക്കണം.

ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്ര പാഠങ്ങള് പഠിക്കുമ്പോള്, ഭൂമിയിലുള്ള എല്ലാ രാജ്യങ്ങളിലും മനുഷ്യരെല്ലാം മാറി മാറി പുനര് ജ്ജനിക്കുന്നുണ്ട് എന്നു വ്യക്തമാകുന്നുണ്ട്. ഭൂമിയിലുള്ള വ്യത്യസ്തങ്ങളായ ആനന്ദങ്ങള് ഏവര്ക്കും ലഭ്യമാക്കാനുള്ള മഹാപദ്ധതിയാണത്. പാപികളായിട്ടുള്ളവരെ ശിക്ഷിക്കാനും അത് വഴിയൊരുക്കുന്നുണ്ട്. മുമ്പ് വ്യക്തമാക്കിയതുപോലെ യാതൊരു മനുഷ്യരും സ്വന്ത ഇഷ്ടപ്രകാരം ഏതെങ്കിലും ദേശത്ത് ജനിച്ചവരല്ല എന്നതിനെ ശരിക്കും ഉള്ക്കൊണ്ട് ജീവിക്കണം. പ്രദേശത്തിന്റെ പേരില് എന്നതിനു പകരം

ഭൂമിയുടെ പേരില് ഊറ്റം കൊള്ളുക, ദൈവ മഹത്വം മനസ്സിലാക്കി ആനന്ദിക്കുക, ഭൂമിയിലെ ആനന്ദങ്ങള് ധര്മ്മശാസ്ത്രപരമായി അനുഭവിക്കുക എന്നല്ലാതെ ദേശങ്ങളുടെ അഥവാ രാജ്യങ്ങളുടെ പേരില് കേമത്തം കാട്ടിയിട്ട് യാതൊരു കാര്യവുമില്ല എന്ന് അറിയുക. ഭൂമി ദൈവത്തിന്റെ ഖര-രൂപമാണെന്ന് വിവരിക്കുന്ന അദ്ധ്യായം ഗ്രന്ഥത്തിലുണ്ട്. അതിനർത്ഥം എല്ലാ രാജ്യങ്ങളും ചേര്ന്നതായ ഭൂമിയെ ദൈവത്തിന്റെ ഖര-രൂപമാണെന്നു മനസ്സിലാക്കി മനുഷ്യര് ജീവിക്കണമെന്നാണ്. ഭൂമിയെന്ന ദൈവത്തെ ഒരു മനുഷ്യരൂപമായി കണക്കാക്കിയാല്, ഓരോരോ രാജ്യങ്ങളും ദൈവ-രൂപത്തിന്റെ ഓരോരോ അവയവങ്ങളാണ്. എല്ലാ അവയവങ്ങളും ചേര്ന്നതായ ഭൂമിയെ വാഴ്ത്തുക എന്നല്ലാതെ ഓരോരോ രാജ്യങ്ങളെയും വാഴ്ത്തുന്നതും, ഒരു രാജ്യത്തെ മറ്റൊരു രാജ്യം ശത്രുവായി കാണുന്നതും ദൈവനിന്ദയാണ്. തങ്ങളുടെ ശരീരത്തിലെ അവയവങ്ങള്ക്ക് ഭംഗമുണ്ടാകുന്നതു പോലെയാണ് ഭൂമിയിലെ ഏതൊരു രാജ്യത്തിലും ബോംബുകളും ആയുധങ്ങളും വര്ഷിക്കുമ്പോള് ദൈവത്തിനു സംഭവിക്കുന്നത്. പട്ടാളക്കാരും ഭരണാധികാരികളും ബോംബിടുന്നത് ദൈവത്തിന്റെയും ദൈവത്തിന്റെ കുഞ്ഞുങ്ങളുടെ മേലുമാണ്. ഏതെങ്കിലും ഒരു രാജ്യത്തിനു ജയ് വിളിക്കുമ്പോള് മനുഷ്യരിലെ സങ്കുചിതത്വവും, പൈശാചികത്വവും വര്ദ്ധിക്കുന്നുവെന്നും വര്ദ്ധിപ്പിക്കുന്നുവെന്നും അറിയണം.

പട്ടാളക്കാരെപ്പറ്റി തുടരാം : - മെച്ചമായ വേതനവും സൗകര്യങ്ങളും ലഭിക്കുന്ന തൊഴില് എന്ന നിലയ്ക്ക്

പട്ടാള-ജോലിക്ക് ഉദ്യോഗാര്ത്ഥികള് ഇന്ന് ഉത്സാഹിക്കുന്നു എന്നല്ലാതെ രാജ്യസ്നേഹം തുടിച്ചിട്ടല്ല. രാജ്യസ്നേഹം എന്നാലെന്താണ് എന്നു പോലും പട്ടാളക്കാര് ഉള്പ്പെടെയുള്ള ഭൂരിപക്ഷം ജനങ്ങള്ക്കും അറിയില്ല എന്നതാണ് വാസ്തവം. പൊതുസമ്പത്തില് നിന്നാണ് പട്ടാളക്കാര്ക്ക് വേതനവും സുഖസൗകര്യങ്ങളും ലഭ്യമാക്കുന്നതെങ്കിലും, അവര് അനുസരിക്കുന്നത് ഭരണാധികാരിളെയാണ്, പ്രവര്ത്തിക്കുന്നത് ഭരണാധികാരികള്ക്കു വേണ്ടിയാണ്. ജനങ്ങളെയോ മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രത്തെയോ അവര് അനുസരിക്കുന്നില്ല. മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രത്തെ അവര് അറിയുന്നുപോലുമില്ല. ഒരു പ്രദേശത്തിലെ ജനങ്ങള്ക്കെതിരെ വെടിവെയ്ക്കുവാനോ, പ്രാദേശിക ഭരണകൂടത്തെ അട്ടിമറിയ്ക്കുവാനോ ഭരണാധികാരികള് ആവശ്യപ്പെട്ടാല് പട്ടാളക്കാരും പോലീസുമൊക്കെ തങ്ങള്ക്ക് വേതനം നല്കുന്ന ജനങ്ങളെയും വെടിവെയ്ക്കുന്നവരാണ്. എല്ലാ രാജ്യങ്ങളിലും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന യാഥാര്ത്ഥ്യമാണത്. കൊല്ലാനും ചാകാനുമായി പട്ടാളക്കാരെന്ന പേരില് യുദ്ധത്തൊഴിലാളികളെ സൃഷ്ടിക്കുകയും ഉയര്ന്ന വേതനവും പെന്ഷനുകളും മറ്റും ജനങ്ങളുടെ ചിലവില് നല്കുകയും ചെയ്യുന്നു. മദ്യം നല്കി അവരുടെ പ്രജ്ഞയെ നശിപ്പിക്കുന്നു. തങ്ങള് എന്താണ് പ്രവര്ത്തിക്കുന്നതെന്ന് ചിന്തിക്കാതെ പ്രവര്ത്തിക്കുന്നവരാക്കുന്നു. വ്യക്തിസ്വാതന്ത്ര്യം നഷ്ടപ്പെട്ട അടിമകളെ സൃഷ്ടിക്കുകയും അവരെ ദേശരക്ഷകരെന്നു പേരിടുകയും കൊല്ലാനും ചാകാനും നിയോഗിക്കുകയും ചെയ്യുന്നു.

യുദ്ധത്തൊഴിലാളികളായ അന്യനാട്ടിലെ പട്ടാളക്കാരെ വധിക്കുമ്പോള്, പ്രസ്തുത പട്ടാളക്കാരുടെയും കുടുംബാംഗങ്ങളുടെയും വേദനയില് പങ്കുചേരുവാന് കഴിയാത്തവര് മനുഷ്യരും ഭരണാധികാരികളും ആകുന്നതെങ്ങനെ ? ഇന്നാട്ടിലെ പട്ടാളക്കാര് വധിക്കപ്പെടുമ്പോള്, അവരുടെ കുടുംബാംഗങ്ങളുടെ വേദനയില് മാത്രം പങ്കുചേരുവാനോ പങ്കു ചേരുന്നതായി വേഷംകെട്ടുവാനോ ആണ് ഭരണാധികാരികള്ക്കും, പട്ടാളക്കാരുടെ കുടുംബാംഗങ്ങള്ക്കും, മറ്റു പട്ടാളക്കാര്ക്കും പൊതുജനങ്ങള്ക്കും കഴിയുന്നതെങ്കില്, അവരെല്ലാം മനുഷ്യത്വമില്ലാത്തവരായി അധഃപതിച്ചിരിക്കുന്നു എന്നാണര്ത്ഥം.

അന്യനാട്ടിലെ പട്ടാളക്കാരെയും ജനങ്ങളെയും കൊല്ലുവാനും പീഡിപ്പിക്കുവാനും തയ്യാറാകുന്നവര് വധിക്കപ്പെടുവാനും പീഡിപ്പിക്കപ്പെടാനും തയ്യാറാകണമെന്നത് ജന്തു-നീതിയാണ്.** ജന്തു-നീതിയെ അംഗീകരിച്ചിരിക്കെ, പട്ടാളക്കാര് വധിക്കപ്പെടുമ്പോള് കുടുംബാംഗങ്ങളോ മറ്റു പട്ടാളക്കാരോ ഭരണാധികാരികളോ ഒക്കെ വിഷമിക്കുകയോ സന്തോഷിക്കുകയോ ചെയ്തിട്ടു കാര്യമില്ല. സ്രഷ്ടാവായ ദൈവത്തിന്റെ ഒരു നാട്ടിലുള്ള മക്കളെ കൊല്ലാനും പീഡിപ്പിക്കാനും സ്രഷ്ടാവായ ദൈവത്തിന്റെ മറ്റൊരു നാട്ടിലുള്ള മക്കളെ പ്രോത്സാഹിപ്പിച്ചവരാണ് പട്ടാളക്കാരുടെ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളുമങ്കില്, ദൈവം മഹാനീതിശാസ്ത്ര പ്രകാരം അവരെ ശിക്ഷിക്കുകയാണു ചെയ്യുക എന്നറിയണം. ദൈവം ശിക്ഷിച്ചവരെയും

ശിക്ഷിക്കുന്നവരെയും, ഭരണാധികാരികളുടെയോ മറ്റുള്ളവരുടെയോ ആശ്വാസ വചനങ്ങളോ സാമ്പത്തിക സഹായങ്ങളോ കൊണ്ടു രക്ഷിക്കാമെന്ന് വ്യാമോഹിക്കേണ്ടതില്ല, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള മഹാനീതിശാസ്ത്ര പാഠങ്ങള് അതു വ്യക്തമാക്കുന്നതാണ്.

പട്ടാളക്കാരുടെ കാര്യത്തില് ഉള്പ്പെടെ ഏതൊരു കാര്യത്തിനും പൊതുജനങ്ങളുടെ സമ്പത്ത് ദുര്വ്യയം ചെയ്യുന്നതിന് ഭരണാധികാരികള്ക്ക് മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷയുണ്ടെന്നും അറിയണം. വധിക്കപ്പെട്ട പട്ടാളക്കാരുടെ പേരില് രാജ്യം വിതുമ്പുന്നു, രാഷ്ട്രത്തിലെ ജനങ്ങള് മുഴുവന് കരയുന്നു തുടങ്ങിയ വചനങ്ങള് ഭരണാധികാരികളോ മാധ്യമങ്ങളോ പറയുന്നതും എഴുതുന്നതും കേട്ട് കുടുംബാംഗങ്ങള് സന്തോഷിക്കുകയോ വിഷമിക്കുകയോ ചെയ്തിട്ടു കാര്യമില്ല. തങ്ങള്ക്ക് പറയാനോ ചെയ്യാനോ അവകാശമോ അധികാരമോ ഇല്ലാത്ത കാര്യങ്ങള് മനുഷ്യ -ഭരണാധികാരികളും മാധ്യമങ്ങളും മറ്റും പറയുന്നതും ചെയ്യുന്നതും അവസാനിപ്പിക്കണം. രാജ്യത്തിനു വേണ്ടി മരിച്ചുവോ എന്നത് രാജ്യം പറയേണ്ടതാണ്, രാജ്യത്തിന്റെ അഥവാ മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രം പറയേണ്ടതാണ്. രാജ്യം ദൈവത്തിന്റെ ഖര-രൂപമായ ഭൂമിയുടെ ഭാഗമായിരിക്കെ, പട്ടാളക്കാര് ഉള്പ്പെടെ ഏതൊരാളും രാജ്യത്തിനു വേണ്ടി മരിച്ചെന്നു പറയുന്നത് ശാസ്ത്രജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. ദൈവത്തിന്റെ അഥവാ രാജ്യത്തിന്റെ ശാസ്ത്രം പഠിക്കാന് തയ്യാറാവാതെ പ്രവര്ത്തിക്കുന്നവരായ അധമരായ

ഭരണാധികൾക്കു വേണ്ടി മരിച്ചു എന്നു പറഞ്ഞാല് കുറെ ശരിയുണ്ട്. പട്ടാളക്കാർ വധിക്കപ്പെട്ട വിവരം വലിയൊരു വിഭാഗം ജനങ്ങൾ അറിയുന്നതു പോലുമില്ല എന്നതാണു വാസ്തവം. തങ്ങളുടെ ഉറ്റവർ മരിക്കുമ്പോള് പോലുമുള്ള വേദനയെ അവരുടെ കൂടി പിതാവും മാതാവും കാലവുമായിരിക്കുന്ന ദൈവം മറപ്പിച്ചും ഓര്മ്മിപ്പിച്ചും സ്നേഹിക്കുന്നതും ശിക്ഷിക്കുന്നതുമാണ്.

ധർമ്മശാസ്ത്രപ്രകാരമുള്ള ഭരണാധികാരികള് ഭൂമിയിൽ ഇല്ല എന്നിരിക്കെ, അവര്ക്കും മരിച്ചവരുടെ ഉറ്റവരല്ലാത്തവര്ക്കും പട്ടാളക്കാര് വധിക്കപ്പെടുമ്പോൾ വലിയ വേദന യഥാര്ത്ഥത്തില് ഉണ്ടാവുന്നില്ല എന്നതാണ് വാസ്തവം. അങ്ങനെയിരിക്കെ വധങ്ങളുടെയും മരണങ്ങളുടെയും പേരില് ഭരണാധികാരികളും മാധ്യമങ്ങളും മറ്റും വേഷംകെട്ടലുകള് നടത്തുന്നത് ദൈവീകമല്ല എന്നറിയണം. ദൈവത്തിന്റെ കുഞ്ഞുങ്ങള് ശാസ്ത്രത്തെയും അതിലൂടെ ദൈവത്തെയും നിന്ദിച്ചുകൊണ്ട് വധിക്കപ്പെടുകയും വധിക്കുകയും ചെയ്യുമ്പോള്, യഥാര്ത്ഥത്തിൽ വേദനിക്കുന്നത് മഹാപിതാവും മഹാമാതാവും കൂടിയായ ദൈവമാണ്. അതുപോലെ, മഹാനീതിപതി കൂടിയായ ദൈവം തങ്ങള്ക്ക് നല്കിയ ശിക്ഷ കൂടിയാണെന്ന് കാര്യങ്ങളെ തിരിച്ചറിയുന്നതിനു പകരം, വധിക്കപ്പെടുന്നവരുടെ ഉറ്റവരായി അറിയപ്പെടുന്നവര് ഭരണാധികാരികളുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും ഒക്കെ സാന്നിദ്ധ്യവും സര്ട്ടിഫിക്കറ്റുകളും ആഗ്രഹിക്കുന്ന അവസ്ഥയിലേക്കുകൂടി ഇന്ന് കാര്യങ്ങൾ തരംതാണിട്ടുണ്ട്. ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ മനുഷ്യന്റെ ചിന്തകള് പോലും

ശാസ്ത്രപരമായി അറിഞ്ഞുകൊണ്ടിരിക്കുന്നതിനെപ്പറ്റി മറ്റൊരു അദ്ധ്യായത്തില് വിസ്തരിച്ചിട്ടുള്ളത് പഠിക്കുമ്പോള്, ബഹുവിധ വേഷംകെട്ടലുകള് നടത്തുന്ന ഏവര്ക്കും മഹാനീതിശാസ്ത്ര പ്രകാരം ചെറുതും വലുതുമായ ശിക്ഷകളുണ്ട് എന്നറിയണം.

മരിച്ച പട്ടാളക്കാര് സ്വര്ഗ്ഗത്തില് പോയി എന്ന് ഭരണാധികാരികളായ മന്ത്രിമാരും മാധ്യമങ്ങളും മറ്റും പ്രസ്താവന ഇറക്കിയാല് പട്ടാളക്കാര് സ്വര്ഗ്ഗത്തില് പോവുകയില്ല ; സ്വര്ഗ്ഗം എന്നാലെന്താണെന്നു പോലും അറിയാത്തവര് കാട്ടിക്കൂട്ടുന്ന കോപ്രായങ്ങള് മാത്രം. യുദ്ധങ്ങളിലും അല്ലാതെയും മരിക്കുന്നവര് സ്വര്ഗ്ഗം നേടുന്നോ നരകത്തില് പോകുന്നോ തുടങ്ങിയവ മനുഷ്യ-ഭരണാധികാരികളും മതനേതൃത്വങ്ങളും പൊതുജനങ്ങളുമല്ല നിശ്ചയിക്കുന്നത്; ദൈവമാണ്.

ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളില് മനുഷ്യര്ക്ക് ഇടപെടാന് കഴിയുമെന്ന രീതിയില് വേഷംകെട്ടുന്നതിന് ശിക്ഷയുണ്ട്. സ്വന്തം ശരീരകാര്യങ്ങള്ക്കുപോലും ദൈവത്തെ ആശ്രയിക്കുന്ന ക്രിസ്തുമത പോപ്പന്മാര്, മനുഷ്യരെ വാഴ്ത്തുന്ന അഭ്യാസങ്ങള് നടത്തി ശിക്ഷ ഇരന്നു വാങ്ങുമ്പോലെയാണത്.
രാജ്യങ്ങളുടെ പേരില് ശത്രുക്കളായിരിക്കുന്നവര്, ഭരണാധികാരികളുടെ മനംമാറ്റങ്ങൾക്കൊത്ത് മിത്രങ്ങളാകുന്നതും, മിത്രങ്ങളായിരിക്കെ വീണ്ടും എന്തെങ്കിലുമൊക്കെ കാരണത്താൽ ശത്രുക്കളാകുന്നതും, വീണ്ടും മിത്രങ്ങളാകുന്നതും, വീണ്ടും ശത്രുക്കളാകുന്നതും ഒക്കെ ഭൂമിയിലെങ്ങും

നൂറ്റാണ്ടുകളായി നടന്നുപോരുന്ന യാഥാര്ത്ഥ്യങ്ങളാണ്. അങ്ങനെയിരിക്കെ അയല് രാജ്യങ്ങളിലെയോ അന്യരാജ്യങ്ങളിലെയോ ജനങ്ങള് തമ്മിലാണോ ഭരണാധികാരികള് തമ്മിലാണോ ശത്രുത എന്നത് ശാസ്ത്രപരമായി തിരിച്ചറിയണം.

ഭരണാധികാരികള് തമ്മിലുള്ള വ്യക്തിപരമായ ശത്രുതയ്ക്ക് ഭരണാധികാരികളായ വ്യക്തികള് (മാത്രം) തമ്മിൽ യുദ്ധംചെയ്യുകയാണു വേണ്ടത്.

പൊതുജനങ്ങളുടെ സമ്പത്ത് ഉപയോഗിച്ച് ആയുധങ്ങള് ഉണ്ടാക്കുകയും പട്ടാളക്കാരെന്ന പേരില് യുദ്ധത്തൊഴിലാളികളെ സൃഷ്ടിക്കുകയും, രാജ്യത്തിനകത്തും പുറത്തും ഓരോരോ കാരണങ്ങളുടെ പേരില് ജനങ്ങളെയും പട്ടാളക്കാരെയും തമ്മിലടിപ്പിക്കുകയും കൊല്ലിക്കുകയും ചെയ്യുന്നത് ദൈവീകമാണെന്നു കരുതുന്നുവെങ്കില്, കുഞ്ഞുങ്ങളെ നിങ്ങള്ക്കു തെറ്റിയിരിക്കുന്നു.

ദൈവം മനുഷ്യര്ക്ക് ശാസ്ത്രജ്ഞാനം കൂടുതലായി നല്കിയത് ഇങ്ങനെയൊക്കെ ജീവിക്കാനല്ല. വിഷയങ്ങളെ ശാസ്ത്രപരമായി വിശകലനം ചെയ്യുവാന് മനുഷ്യന് തീര്ച്ചയായും ബാദ്ധ്യതയുണ്ട് :-

രാജ്യഭരണം, ഭൂലോകഭരണത്തിലേക്ക് വഴിമാറുമ്പോള് ഭൂമിയില് ആനന്ദം വര്ദ്ധിക്കുന്നതാണ്. യുദ്ധങ്ങളും ഭീകരപ്രവര്ത്തനങ്ങളുമില്ലാത്ത സുന്ദര ലോകമായി

ഭൂലോകം മാറുന്നതാണ്. പേറ്റന്റ് നിയമങ്ങളും അതുപോലുള്ളവയും പൈശാചികപട്ടികയില് പെടുന്നതാണ്. ഭൂമിയിലെ ജനങ്ങള് എല്ലാം തങ്ങള് ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവോടെ സന്തോഷിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കുന്നതാണ്.

യഥാര്ത്ഥമായ അഥവാ ദൈവീകമായ അഥവാ ശാസ്ത്രീയമായ ഭരണസമ്പ്രദായത്തില് ഗ്രാമ പഞ്ചായത്തിന് അഥവാ പ്രാദേശിക ഭരണകൂടത്തിന് ദൈവീകമായ സാമ്പത്തികശാസ്ത്രപ്രകാരം ജനങ്ങള് സാമ്പത്തികശക്തി നല്കുന്നു എന്നല്ലാതെ സംസ്ഥാന ഭരണകൂടത്തിനോ കേന്ദ്രഭരണകൂടത്തിനോ നാളെ യാഥാര്ത്ഥ്യമാകുന്ന ഭൂലോകഭരണകൂടത്തിനോ യാതൊരു നികുതികളും നല്കുന്നതല്ല, അവയ്ക്ക് അത്തരം നികുതികള് ആവശ്യമില്ല. മാത്രമല്ല, പ്രാദേശിക ഭരണകൂടം സമൂഹത്തിന്റെ സമ്പൂര്ണ്ണ ആവശ്യങ്ങളും നിറവേറ്റുന്ന അവസ്ഥയിലേക്ക് ഉയരുന്നതാണ്. ഭരണാധികാരിയുടെ മേലെയാണ് ഓരോ വ്യക്തിയുടെയും സ്ഥാനം എന്നത് സ്ഥാപിക്കപ്പെടുന്നതുമാണ്. ഭരണാധികാരി അഥവാ രാജാവ്, വ്യക്തിയെ അഥവാ പ്രജയെ ധർമ്മശാസ്ത്രപരമായി സഹായിക്കുകയും വ്യക്തിയുടെ ദാസനായി പ്രവര്ത്തിക്കുകയും, പ്രസ്തുത അവസരം ലഭിച്ചത് ഏറ്റവുമധികം പുണ്യം നേടാനുള്ള അവസരമായി കണക്കാക്കുകയും ചെയ്യുന്നു.

വ്യക്തികളും ഭരണാധികാരിയും ധർമ്മശാസ്ത്രപരമായി ആനന്ദിച്ച് ജീവിക്കുക എന്നല്ലാതെ വ്യക്തികള്ക്ക് അഥവാ പൊതുജനങ്ങൾക്ക് നാട്ടിലെ ഭരണാധികാരി ആരെന്നത് വിഷയമാകുന്നതല്ല.

നല്ല ഭരണം നടത്തുന്നയാള് നല്ല ഭരണാധികാരി, നല്ല ഭരണാധികാരി ആവേണ്ടത് പ്രഥമമായി ഭരണാധികാരിയുടെ ആവശ്യമാണ്. ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യവും അതുപോലെ പാപവും സമ്പാദിക്കാന് ഇടയാക്കുന്ന മനുഷ്യജന്മമാണ് ഭരണാധികാരിയുടേത്. ജനങ്ങളേക്കാള് വളരെക്കൂടുതല് കരുതി ജീവിക്കേണ്ടത് എപ്പോഴും ഭരണാധികാരിയാണ്. അയാള്ക്കു വേണ്ടിത്തന്നെയാണ് കരുതേണ്ടത്, തന്റെ വിശേഷപ്പെട്ട രാജ-ജന്മത്തിലെ പ്രവൃത്തികള് കൊണ്ട് പുണ്യം നേടാനായില്ലെങ്കിലും പാപമുണ്ടാകാതെ എങ്കിലും നോക്കണം. ഭരണാധികാരിയെപ്പറ്റി അഥവാ ഭരണകൂടത്തെപ്പറ്റി അഥവാ രാജാവും മന്ത്രിമാരും ഉള്പ്പെട്ട ഭരണകാര്യാലയങ്ങളെപ്പറ്റി പറയുകയാല്, അവർ ഭരിക്കുന്ന ജനങ്ങൾ വസിക്കുന്ന നാടിനെപ്പറ്റി അഥവാ ദേശത്തെപ്പറ്റി ഹ്രസ്വമായെങ്കിലും വിസ്തരിക്കേണ്ടതുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ കുന്നുകളും മലകളും പര്വ്വതങ്ങളും വനങ്ങളും തോടുകളും നദികളും കായലുകളും കടലുകളും ദ്വീപുകളും കൊണ്ട് പ്രദേശങ്ങളെ ദൈവം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

കാലാവസ്ഥാ വ്യത്യാസങ്ങള് കൊണ്ടും അഗ്നിപര്വ്വതങ്ങള് കൊണ്ടും മഞ്ഞുമലകള് കൊണ്ടും മഹാനീതിശാസ്ത്രകാര്യങ്ങള് കൂടുതല് ഹൃദ്യമാക്കിയിട്ടുണ്ട്. ദൈവം ഭൂമിയില് സൃഷ്ടിക്കുന്ന എല്ലാ ജീവികളുടെയും ആനന്ദകരമായ ജീവിതത്തെ കണക്കാക്കിയുള്ള സൃഷ്ടി - സംവിധാനമാണത്. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയെ വിവരിക്കുന്ന പ്രത്യേക അദ്ധ്യായം ഇമഹാഗ്രന്ഥത്തിലുണ്ട്.

വനങ്ങളും സമുദ്രവും മുഖ്യമായും മറ്റുള്ള ജീവികള്ക്കായി ദൈവം സൃഷ്ടിച്ചതാണെന്ന് അവയുടെ പ്രകൃതിയില് നിന്ന് മനുഷ്യന് മനസ്സിലാക്കാന് കഴിയുന്നു.

ധര്മ്മശാസ്ത്രപരമായ ജീവിതത്തിന് തയ്യാറാകാത്ത മനുഷ്യരെ, മനുഷ്യഭരണകൂടങ്ങള്ക്ക് ശിക്ഷിക്കുവാനുള്ള ദൈവീക-ജയിലുകളായിക്കൂടി വനങ്ങളെയും ദ്വീപുകളെയും ദൈവം ഒരുക്കിയിരിക്കുകയാണ്. പ്രദേശങ്ങള്ക്ക് അഥവാ ദേശങ്ങള്ക്ക് സൃഷ്ടിപരമായ വിധിപ്രകാരം അതിരുകളുണ്ട്. ഉദാഹരണമായി കേരളത്തിന്റെ അതിരുകള് കന്യാകുമാരി, ഗോകര്ണ്ണം, സഹ്യപര്വ്വതം, സമുദ്രം എന്നിവയാണ്. സ്ഥിതിപരമായ വിധിക്കും, ജനപ്പെരുപ്പത്തിനും, ശാസ്ത്രവികസനങ്ങള്ക്കും അനുസരിച്ച് മായ പ്രത്യക്ഷമാകും മുമ്പ് ദേശങ്ങള് രൂപപ്പെടുന്നു. ശാസ്ത്രങ്ങള്ക്കും ജീവിതകാര്യങ്ങള്ക്കും മഹാശാസ്ത്രം അഥവാ വേദങ്ങള് വീണ്ടെടുക്കപ്പെടുന്നതോടെയും മായ പ്രത്യക്ഷമാകുന്നതോടെയും സുവ്യക്തത ഉണ്ടാകുന്നതിനാല് ദേശങ്ങളുടെ അതിര്ത്തികള് ശാസ്ത്രീയമായി രൂപപ്പെടുന്നതാണ്. മാത്രമല്ല, ഭൂമിയിലെ

എല്ലാ ദേശങ്ങളുടെയും ഭരണഘടന മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധര്മ്മശാസ്ത്രം മാത്രമാകയാലും, എവിടെ എങ്ങനെ ജീവിച്ചാലും സമനീതി എല്ലാവര്ക്കും ജന്മങ്ങളിലൂടെ ലഭിക്കുമെന്നതിനാലും, സംഹാരം പൂര്ത്തിയാകുംവരെ മായ പ്രത്യക്ഷമായി തുടരുകയാലും ദേശങ്ങളുടെ അതിരുകളോ, ദേശങ്ങളിലെ ഭരണവ്യത്യാസങ്ങളോ ജനങ്ങളെ അലട്ടുന്നതല്ല.

ഒരു നാട്ടിലെ ജനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജീവിതകാര്യങ്ങൾ എന്തെല്ലാമാണെന്ന് ഹ്രസ്വമായി പറയാം:-

(1) ഭൂമിയിലൊക്കെയുമുള്ള വായു, വെള്ളം, മണ്ണ് എന്നീ അടിസ്ഥാന ഘടകങ്ങളെ പരിശുദ്ധമായാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആയവ രാജാവ് ഭരിക്കുന്ന ജനങ്ങള് വസിക്കുന്ന നാട്ടില് പരിശുദ്ധമായി സംരക്ഷിക്കുവാന് രാജാവിനും ജനങ്ങൾക്കും കഴിയണം. കഴിവില്ലാത്ത വ്യക്തി രാജാവായിക്കൂടാ, പരാജയപ്പെടുന്ന രാജാവ് ഭരണം തുടര്ന്നുകൂടാ.

(2) രാജ്യത്തിലെ ജനങ്ങള്ക്കു വേണ്ടതായ ഭക്ഷണസാധനങ്ങളെല്ലാം രാജ്യത്ത് ഉല്പ്പാദിപ്പിക്കണം. കഴിവില്ലാത്ത വ്യക്തി രാജാവായിക്കൂടാ, പരാജയപ്പെടുന്ന രാജാവ് ഭരണം തുടര്ന്നുകൂടാ.

(3) രാജ്യത്തിലെ ജനങ്ങള്ക്കു വേണ്ടതായ ഭക്ഷണസാധനങ്ങളുടെ ആവശ്യവും കഴിഞ്ഞ് അധികമായിട്ട്, രാജ്യത്തിന്റെ അതിര്ത്തിയിലുള്ള ഏറ്റവും വലിയ രാജ്യത്തിലെയോ ഏറ്റവും ചെറിയ

രാജ്യത്തിലെയോ ജനങ്ങള്ക്കു വേണ്ടതായ ഭക്ഷണസാധനങ്ങളുടെ പകുതി ഭാഗം കൂടി രാജ്യത്ത് ഉല്പ്പാദിപ്പിക്കണം. രാജ്യങ്ങളില് ക്ഷാമങ്ങള് ഉണ്ടാകുമ്പോള് പരസ്പരം സഹകരിക്കാനും സഹായിക്കാനും ഭക്ഷ്യപ്രശ്നം പരിഹരിക്കാനും, ജനജീവിതം അത്യാനന്ദകരമാവാനും കൂടിയുള്ള ശാസ്ത്ര പദ്ധതിയാണ് അധിക ഭക്ഷ്യ ഉല്പാദനം. കേരളം പോലെയുള്ള നാട്ടിലെ ജനങ്ങള്ക്ക് രാജ്യപദവിക്ക് അഥവാ സംസ്ഥാന പദവിക്ക് അവകാശമില്ലെന്നും, ഭരണാധികാരികള്ക്ക് ഭരണം നടത്താന് അവകാശമില്ലെന്നും കൂടിയാണ് മേല്പ്പറഞ്ഞതിന് അര്ത്ഥം. കഴിവില്ലാത്ത വ്യക്തി രാജാവായിക്കൂടാ, പരാജയപ്പെടുന്ന രാജാവ് ഭരണം തുടര്ന്നുകൂടാ. എന്നതാണ് വിഷയത്തിലുള്ള ധര്മ്മശാസ്ത്ര ഉപദേശം. മായ പ്രത്യക്ഷമാകുന്നതോടെ കേരളത്തിലെ ജനങ്ങളും അവരുടെ ദാസനായ രാജാവും വീണ്ടു വിചാരത്തോടെ പ്രവര്ത്തിക്കുന്നതാണ്.

മായ പ്രത്യക്ഷമായ ശേഷം. സംഹാരം ആരംഭിക്കുകയും പുരോഗമിക്കുകയും ചെയ്യുമ്പോള്, ദമ്പതികള്ക്ക് കുട്ടികള് കുറയുന്നതും ഇല്ലാതെ വരുന്നതുമായ അവസ്ഥ, മറ്റുള്ള ജീവികള് കുറയുന്ന അവസ്ഥ, ശാസ്ത്രസൗകര്യങ്ങള് പിന്നോട്ട് സഞ്ചരിക്കുന്ന അവസ്ഥ, ഗതാഗത സൗകര്യങ്ങള് കാളവണ്ടിയിലേക്ക് ചുരുങ്ങുന്ന അവസ്ഥ എന്നിങ്ങനെ ബഹുവിധ കാര്യങ്ങളുണ്ട്.

ഏതെങ്കിലും രാജ്യത്തിലെ ജനങ്ങളും രാജാവും

ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുമ്പോള്, അവരെ ഉപദേശിക്കേണ്ടത് രാജ്യത്തിലെ യഥാര്ത്ഥ അദ്ധ്യാപകരുടെ കടമയാണ്. ഉപദേശങ്ങള് ഫലിച്ചില്ലെങ്കില്, മായ പ്രത്യക്ഷമല്ലാത്ത കാലത്ത്, അഥവാ മുമ്പ് വിസ്തരിച്ചിട്ടുള്ളതുപോലെ സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയില്, ഗുരുകുല - വിദ്യാര്ത്ഥികളെ ഭരണാധികാരികള്ക്കെതിരെ തിരിക്കുകയും ഭരണകൂടത്തെ മാറ്റിമറിച്ച് ധര്മ്മശാസ്ത്രം പ്രകാരം ശുദ്ധിചെയ്യേണ്ടതുണ്ട്. അദ്ധ്യാപകരുടെ ഉത്തരവാദിത്തമാണത്. ഇന്ത്യയുടെ ചരിത്രത്തിലെ ചാണക്യന് ആവിഷ്ക്കരിക്കാന് കഴിഞ്ഞതുപോലെയുള്ള ഭരണതന്ത്രമാണത്. ധര്മ്മശാസ്ത്ര പരമായി ഭരണം നടക്കുന്ന അയൽ രാജ്യങ്ങളുണ്ടെങ്കിൽ അവിടെയുള്ള രാജാവിനോട് തന്നാട്ടിലെ ജനങ്ങളെ ഭരിക്കാനും/സേവിക്കാനും, അയല് രാജ്യത്തോട് തങ്ങളുടെ രാജ്യത്തെ ചേര്ക്കാനും അഭ്യർത്ഥിക്കാവുന്നതുമാണ്.

ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കാത്ത രാജാവിനോട് അഥവാ ഭരണാധികാരിയോട് കൂറു പുലർത്തുക എന്നത് അസംബന്ധമാണ്.

ധർമ്മശാസ്ത്രപരമല്ല എങ്കിൽ വ്യക്തിഗത താല്പര്യങ്ങൾ തീർത്തും അപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാ-ഭരണാധികാരിയായ ദൈവത്തോടും, മഹാപ്രപഞ്ചം ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തോടും, മഹാശാസ്ത്രം പ്രകാരം ജീവിക്കുന്ന വ്യക്തികളോടുമാണ് കൂറ് പുലർത്തേണ്ടത്. എല്ലാ ജനങ്ങളും മഹാശാസ്ത്രത്തത്തെ പാലിക്കുന്നതിലൂടെ ദൈവത്തിന്

റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായി മാറുകയാണ്.
(4) റോഡ്, വാഹനം, തുടങ്ങിയ സൗകര്യങ്ങള് ഓരോ രാജ്യത്തും ഉണ്ടാവണം. ഉദാഹരണമായി കേരളത്തെ ഒരു രാജ്യമായി അഥവാ സംസ്ഥാനമായി കണക്കാക്കണമെങ്കില്, കേരളത്തിലെ ഗതാഗത ആവശ്യങ്ങള് സ്വയം പരിഹരിക്കുവാന് കേരളത്തിലെ ജനങ്ങള്ക്കും ഭരണകൂടത്തിനും കഴിയണം. കേരളത്തില് വേണ്ടതായ റെയില്വെ ആവശ്യങ്ങള്ക്ക് കേന്ദ്ര ഭരണകൂടം എന്നൊരു കൂടത്തിനു മുമ്പില് തെണ്ടുന്നവരായി കേരളത്തിലെ ജനങ്ങളും രാജാവും അധഃപതിച്ചുകൂടാ. ഒരു കുടുംബത്തില് ടെലിവിഷനും കമ്പ്യൂട്ടറും കാറുമൊക്കെ വാങ്ങുന്നതും ഉപയോഗിക്കുന്നതും കുടുംബാംഗങ്ങളുടെ സ്വകാര്യമായിരിക്കുന്നതുപോലെ കേരളത്തില് റെയില്വെ സൗകര്യങ്ങള് കൂടുതല് ആവശ്യമുള്ളതായി ജനങ്ങള്ക്കും രാജാവിനും (ഭരണകൂടത്തിനും) ബോദ്ധ്യപ്പെട്ടാല്, അതിനുള്ള വിഭവവും സ്വയം കണ്ടെത്തിക്കൊണ്ട് റെയില്വെ കാര്യങ്ങള് സ്വയം ചെയ്യുക എന്നല്ലാതെ കേരളം എന്ന ദേശത്തിലെ ജനങ്ങള്ക്കും ഭരണശാസ്ത്രത്തിനും അപമാനകരമായ തെണ്ടല്പ്പണിയുമായി കേരളത്തിലെ ഭരണാധികാരികള് പ്രവര്ത്തിക്കരുത്. അതായത് സംസ്ഥാനത്തിന്റെ എല്ലാ അടിസ്ഥാന ആവശ്യങ്ങളും പൊതു ആവശ്യങ്ങളും സംസ്ഥാനത്തിനകത്ത് നിറവേറ്റുവാന് കഴിയണം. അന്യ സംസ്ഥാനങ്ങളുമായും കേന്ദ്രീകൃതമായും, വിദേശപരമായും ഉള്ള ആവശ്യങ്ങള്ക്ക് മാത്രമായി സംസ്ഥാനങ്ങള് രൂപപ്പെടുത്തുന്ന കേന്ദ്രഭരണകൂടത്തിന്റെ ചിലവുകള് വഹിക്കുന്നത് സംസ്ഥാനങ്ങളാവണം എന്നല്ലാതെ കേന്ദ്രഭരണകൂടം

സംസ്ഥാനങ്ങളിലെ ജനങ്ങളില് നിന്ന് നികുതി പിരിക്കുന്ന അവസ്ഥയും കേന്ദ്രം സംസ്ഥാനങ്ങളെ സഹായിക്കുന്ന മിഥ്യാവസ്ഥയും ഉണ്ടായിക്കൂടാ. ഭരണകൂടം സംബന്ധിച്ചുള്ള കൂടുതല് വിശദീകരണങ്ങളും, കുറ്റങ്ങളും കുറവുകളുമില്ലാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രവും, ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് ലഭ്യമാക്കിയിട്ടുണ്ട്.

ഓരോ സൃഷ്ടിചക്രത്തിലും മായ പ്രത്യക്ഷമാകുന്നതോടെ മാത്രമാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിക്കാനാകുക. മാത്രമല്ല, മായ പ്രത്യക്ഷമായ ശേഷം സുമാര് 500 വര്ഷക്കാലം ഭൂമിയില് സ്വര്ഗ്ഗരാജ്യം അഥവാ സ്വര്ഗ്ഗസുഖങ്ങള് നടമാടുന്നതും ശേഷം സംഹാരം ആരംഭിക്കുന്നതോടെ വ്യത്യസ്ത രാജ്യങ്ങളിലെ ജനങ്ങള് തമ്മിലുള്ള സഹകരണം തുടരുമെങ്കിലും ഏകീകൃത ഭരണം അസ്തമിക്കുന്നതാണ്. വ്യത്യസ്ത രാജ്യങ്ങളിലായി ജനങ്ങള് ജീവിക്കുമ്പോഴും, ഒരേ ധർമ്മശാസ്ത്രപ്രകാരം പരസ്പര സഹകരണത്തോടെ ആനന്ദിച്ചു ജീവിക്കാന് കഴിയുന്നതാണ്. മുന്കാലങ്ങളില് ഏക ഭൂലോക ജീവിതം യാഥാര്ത്ഥ്യമാകാഞ്ഞത് അക്കാരണം കൊണ്ടുകൂടിയാണ് എന്നര്ത്ഥം. ഗാന്ധിയെപ്പോലെ വിശ്വപൗരനായി അറിയപ്പെടാന് കഴിഞ്ഞ മനുഷ്യന് വിശ്വകാര്യങ്ങള്ക്കായി കൂടുതല് പ്രവര്ത്തിക്കാന് കഴിയാഞ്ഞതിന്റെ ഒരു കാരണംകൂടിയാണ് സൂചിപ്പിച്ചത്. ക്രൈസ്റ്റിനെപ്പോലെ പ്രത്യേക നിയോഗങ്ങളോടെ ഭൂമിയിലേക്ക് ദൈവം അയച്ചവരാണ് ഗാന്ധിയും ചാണക്യനും. കാലഘട്ടത്തിനൊത്ത് ഇന്ത്യക്കുവേണ്ടി കൂടുതലായി പ്രവര്ത്തിക്കുവാന് നിയോഗിക്കപ്പെട്ടവരാണവർ. ഇന്ത്യന് രാഷ്ട്രീയത്തില്

ആഴ്ന്നിറങ്ങുമ്പോഴും, ശുചിത്വം ഉള്പ്പെടെയുള്ള സാമൂഹ്യപ്രശ്നങ്ങളിലും ജാതിപരമായ അയിത്ത പ്രശ്നങ്ങളിലും ശാസ്ത്രപരമായി പ്രവര്ത്തിക്കുവാനും മാര്ഗ്ഗനിര്ദ്ദേശങ്ങൾ നല്കാനും കൂടി ഗാന്ധിക്കു കഴിഞ്ഞത് ദൈവം നല്കിയ അത്ഭുതശക്തി കൊണ്ടുതന്നെയാണ്.

ഭൂമിയിലെ മനുഷ്യരില് സംഭവിച്ച ധര്മ്മശാസ്ത്ര ശോഷണങ്ങള്ക്ക്, മനുഷ്യരുടെ ധാര്മ്മിക അധഃപതനങ്ങള്ക്കു പുറമെ, ഗ്രന്ഥത്തിലെ 2-ാം ഭാഗത്തില് വിശദീകരിച്ചിട്ടുള്ള സൃഷ്ടിചക്ര വിശേഷവുമായും, അടുത്ത അദ്ധ്യായത്തിലും, 7-ാം ഭാഗമായ സ്മൃതിയിലും വിശദീകരിച്ചിട്ടുള്ള ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളായ ദേവതകളുടെ (മാലാഖമാരുടെ/മലക്കുകളുടെ) കടുത്ത പിഴവുകളുമായും ബന്ധമുണ്ട്. വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.

ശാസ്ത്രജ്ഞാനം മനുഷ്യന് സമ്പൂര്ണ്ണമായി നല്കിയത് ഭൂമിയില് ആനന്ദകരമായി ജീവിക്കാനും ഏറ്റവും മിടുക്കരാക്കാനും കൂടിയാണ്. തന്റെ കുഞ്ഞുങ്ങള്ക്ക് നല്കിയ സാമര്ത്ഥ്യത്തെ പ്രവൃത്തിയില് എത്തിക്കുവാനും, ആവിധത്തിലും അവര്ക്ക് സന്തോഷിക്കുവാനുമായി ജനങ്ങളിലൂടെ തന്നെ ഭൂമിയിലെ കാര്യങ്ങള് ദൈവം ഏറ്റവും സുന്ദരമാക്കുന്നതാണ്.

ഭൂമിയെ അഥവാ മണ്ണിനെ സ്വന്തമാക്കാന് തനിപ്പെട്ട മനുഷ്യനോ, രാജ്യത്തിലെ മുഴുവന് ജനങ്ങള്ക്കുമോ, ഭൂമിയിലുള്ള മുഴുവന് ജനങ്ങള്ക്കുമോ യാതൊരിക്കലും സാധിക്കുന്നതല്ല എന്ന തിരിച്ചറിവ് എപ്പോഴും ഉണ്ടാവണം. വ്യക്തിയുടെ ശരീരം മരിക്കുന്നു, എന്നാല് ഭൂമിയ്ക്ക് മരണമില്ല. മായ പ്രത്യക്ഷമാക്കുന്നതിന് മുമ്പ് മഹാനീതിശാസ്ത്രം മനുഷ്യനെ ദൈവം സുവ്യക്തമായി അറിയിക്കുന്നുണ്ടെങ്കിലും, മഹാനീതിപതി ദൈവമാണെന്നതും അനന്തമായ ആനന്ദങ്ങളും ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് ജീവിക്കുന്നവര്ക്ക് ശിക്ഷകളും ദൈവം മഹാനീതിശാസ്ത്രം പ്രകാരം നൽകുന്നുണ്ട് എന്ന തിരിച്ചറിവും എപ്പോഴും ഉണ്ടാവണം. ദേശങ്ങളുടെ പേരില് വ്യക്തികള് ഊറ്റം കൊള്ളാന് പാടില്ലായെന്നു പ്രസ്താവിക്കുമ്പോഴും മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട് ഇന്ത്യ, കേരളം, തമിഴ്നാട്, കാശ്മീര്, തുടങ്ങിയ ഏതാനും പ്രദേശങ്ങള്ക്ക് ചില പ്രത്യേകതകളുണ്ട്. ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തില് അത് വിസ്തരിക്കുന്നുണ്ട്. ചില പ്രദേശങ്ങളോ ദേശങ്ങളോ പ്രത്യേകമായി സംവിധാനം ചെയ്തിട്ടുള്ളത് മഹാനീതിശാസ്ത്രവുമായി സമ്പൂര്ണ്ണമായി യോജിപ്പിച്ചുകൊണ്ടാണ്. മഹാനീതിശാസ്ത്രപ്രകാരം ഭൂമിയിലെങ്ങുമുള്ള പ്രദേശങ്ങളിലായി/രാജ്യങ്ങളിലായി 100 ജന്മങ്ങളിലൂടെ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന വ്യക്തികൾ പ്രദേശങ്ങളുടെ പ്രത്യേകതകളില് ഊറ്റം കൊള്ളുന്നതിൽ അര്ത്ഥമില്ല. മാത്രമല്ല, ഊറ്റം കൊണ്ടാല്, അഹന്തയ്ക്ക് ചേരുംവിധം പുണ്യശോഷണം സംഭവിക്കുന്നതുമാണ്. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണെന്നതും, എല്ലാ കുഞ്ഞുങ്ങള്ക്കും ദൈവം

സമനീതി നല്കുമ്പോള് മാത്രമാണ് ദൈവം മഹാനീതിപതിയാവുക എന്നതും, തന്റെ എല്ലാ കുഞ്ഞുങ്ങളെയും മഹാമാതാവും മഹാപിതാവുമായ ദൈവം ഒരുപോലെ സ്നേഹിക്കുന്നു എന്നതും, അതെങ്ങനെ എന്നതും, ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രപാഠങ്ങളില് സുവ്യക്തമായി വിവരിച്ചിട്ടുണ്ട്.
ഭരണാധികാരികൾക്ക് യാതൊരാളെയും മാത്രമല്ല, സ്വയവും രക്ഷിക്കാനാവില്ല, ദൈവത്തിനു മാത്രമേ കഴിയൂ.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 46)

ദൈവം

ഭീകരവാദത്തെ ഇല്ലാതാക്കുന്നു.

ജീവിചക്രത്തിലെ മനുഷ്യൻ ഒഴികെയുള്ള ജീവികള്ക്കെല്ലാം സാധാരണ എല്ലാക്കാലങ്ങളിലും അടിസ്ഥാനപരമായി ഒരേ ജീവിതക്രമമാണുള്ളത്. ഭക്ഷണ സമ്പാദനം, മറ്റു ജീവികളില് നിന്ന് സുരക്ഷ, ഉറക്കം, രതി എന്നിങ്ങനെ ഏതാനും കാര്യങ്ങളാണ് എല്ലാക്കാലങ്ങളിലും അവയ്ക്കുള്ളത്. മറ്റുള്ള ജീവികള് ദേശങ്ങളുടെ പേരില് അടിപിടി കൂടുന്നില്ല. അവർ/അവ ഇന്ത്യക്കാരോ കേരളക്കാരോ അല്ല. അവയ്ക്ക് ആനന്ദം നല്കുന്ന പ്രദേശങ്ങളിൽ ജീവിക്കണം എന്നേയുള്ളൂ.

മനുഷ്യരെയും മറ്റുള്ള ജീവികളെയും വേറിട്ടുനിര്ത്തുന്നത് ദൈവം മനുഷ്യനു മാത്രം നല്കുന്ന ശാസ്ത്രജ്ഞാനമാണ്. ദൈവം അനുഗ്രഹിച്ചുനല്കിയിട്ടുള്ള ശാസ്ത്രജ്ഞാനത്തെ അനേകം മനുഷ്യർ തങ്ങൾ സൃഷ്ടിക്കുന്ന ശക്തി എന്നപോലെ കണക്കാക്കുകയും വിവേചനശക്തി എന്നു പേരിടുകയുമൊക്കെ ചെയ്യുന്നുണ്ട്. അക്കാര്യം ഇവിടെ വിസ്തരിക്കുന്നില്ല.

കാലഘട്ടത്തിനൊത്ത് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രപാഠങ്ങളെ ഒന്നൊന്നായി വെളിവായിക്കിട്ടുന്ന മനുഷ്യൻ മാത്രമാണ് മഹാശാസ്ത്രത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അനന്തങ്ങളെന്നോണമുള്ള ഭൗതിക സുഖങ്ങള് നേടുന്നത്. വര്ദ്ധിച്ച ഭൗതികസുഖങ്ങള് നേടുന്ന മനുഷ്യരുടെ ഇടയില് മാത്രമാണ് ദേശീയത, വംശം, വര്ണ്ണം, സൗന്ദര്യം, ഭാഷ, ആരോഗ്യം, ബുദ്ധിശക്തി, തൊഴില്, മത-ദൈവ വിശ്വാസകാര്യങ്ങള് തുടങ്ങിയവയുടെ പേരില് മത്സരങ്ങളും മദ്യക്കൂത്തുകളും കലഹങ്ങളും ലഹളകളും യുദ്ധങ്ങളും ജീവിതത്തെ അസമാധാനപ്പെടുത്തുകയും ദുരിതപ്പെടുത്തുകയും ചെയ്യുന്ന മറ്റു ഭീകരപ്രവര്ത്തനങ്ങളുമുള്ളത്.

കാലഘട്ടത്തിനൊത്തും മഹാശാസ്ത്രപാഠങ്ങൾ വെളിപ്പെടുന്ന മുറയ്ക്കും മനുഷ്യൻ ധര്മ്മശാസ്ത്രപരമായി ജീവിച്ചാൽ എന്താണ് സംഭവിക്കുക ? മോട്ടോര് വാഹനങ്ങള്, ട്രെയിന്, കപ്പല്, വിമാനം, യന്ത്രങ്ങള്, സിനിമ, ടെലിവിഷന്, കമ്പ്യൂട്ടര്, തുടങ്ങിയവ ഒരേ ശാസ്ത്രപ്രകാരം ഭൂമിയിലെങ്ങും പ്രവര്ത്തിക്കുമ്പോലെ, ദൈവ-വിശ്വാസകാര്യങ്ങള്, സാമ്പത്തികം, വിഷയജ്ഞാനം തുടങ്ങിയ കാര്യങ്ങളെയെല്ലാം ശാസ്ത്രപരമായി വിശകലനം ചെയ്യുകയും, ശാസ്ത്രപരമായി വിശ്വസിക്കുകയും, ഒരേ ദൈവത്തിന്റെ

കുഞ്ഞുങ്ങളാണ് ഭൂമിയിലുള്ള എല്ലാവരും എന്ന തിരിച്ചറിവോടെ സഹായിക്കുകയും സഹകരിക്കുകയും സ്നേഹിക്കുകയും ചെയ്ത് സമാധാനപരമായും സന്തോഷത്തോടെയും ജീവിക്കുകയും ചെയ്യുമായിരുന്നു.
വെളിവായിക്കിട്ടുന്ന ശാസ്ത്രപാഠങ്ങളെ ഒരേ ഭൂമിയിലുള്ള ഒരേ ദൈവത്തിന്റെ മക്കള് എന്ന തിരിച്ചറിവോടെ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളവർ പങ്കുവയ്ക്കുമ്പോൾ, ലഭിച്ചു കഴിഞ്ഞ ശാസ്ത്രപാഠം അന്വേഷിച്ച് മറ്റുള്ളവര് (മറ്റു രാജ്യക്കാര്) വീണ്ടും ഗവേഷണം നടത്തേണ്ടി വരില്ല; ആയുധ നിര്മ്മാണം, യുദ്ധം തുടങ്ങിയ നീചകാര്യങ്ങളും ആവശ്യമാവില്ല. നേട്ടങ്ങളുടെ മാത്രം പട്ടികയാണ് ലഭിക്കുക, വളരെ നീണ്ട പട്ടിക. ശാസ്ത്ര പാഠങ്ങള് വര്ദ്ധിച്ചു ലഭ്യമായ മുറയ്ക്ക് മത -ദൈവ വിശ്വാസ കാര്യങ്ങളിലും ദേശീയത, വംശം, വര്ണ്ണം, സൗന്ദര്യം, ഭാഷ, ആരോഗ്യം, ബുദ്ധിശക്തി, തൊഴില്, തുടങ്ങിയ കാര്യങ്ങളിലും മനുഷ്യര് അന്തര്ദ്ദേശീയരാവേണ്ടിയിരുന്നു അഥവാ ഭൂമിയുടെ സന്തതി എന്ന നിലയ്ക്ക് ഓരോരുത്തരും ഭൂമ്യൻ ആവേണ്ടിയിരുന്നു അഥവാ ആവണം എന്നതാണ് ചുരുക്കം. ബുദ്ധിശക്തി, സാമ്പത്തികശക്തി തുടങ്ങിയവ മഹാനീതിശാസ്ത്രപ്രകാരം വര്ദ്ധിച്ച അളവില് ലഭിച്ച മനുഷ്യര് മുന്കൈയ്യെടുത്ത് ഒരേ ഭൂമിയിലുള്ള ഒരേ ദൈവത്തിന്റെ മക്കള് എന്ന അവസ്ഥ സൃഷ്ടിച്ചില്ലെങ്കില്,

എങ്ങനെയെങ്കിലുമൊക്കെ മനുഷ്യര് ജീവിച്ചുകൊള്ളട്ടെ എന്നതല്ല ദൈവത്തിന്റെ നിലപാട്. മഹാശാസ്ത്ര പ്രകാരം, ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാക്കുകയും ഒരേ ഭൂമിയിലുള്ള ഒരേ ദൈവത്തിന്റെ മക്കൾ എന്ന അവസ്ഥ ദൈവം തന്നെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ ഇടയിൽ സൃഷ്ടിക്കുകയും, കാലം, ശാസ്ത്രം, അന്തര്ദ്ദേശീയത എന്നിവയെ കൂട്ടിയിണക്കിക്കൊണ്ട് ഭീകരവാദത്തെ ദൈവം ഇല്ലാതാക്കുകയും ചെയ്യുന്നതാണ്.

ദൈവം ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാക്കുമ്പോള് ഉണ്ടാകുന്ന മാറ്റങ്ങളെപ്പറ്റി ഗ്രന്ഥത്തിന്റെ മറ്റു ഭാഗങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് പുണ്യം, പാപം എന്നിവകളുടെ ഗൗരവം നിമിത്തം ഭരണച്ചുമതല അഥവാ രാജപദവി ഏറ്റെടുക്കാൻ മടിക്കുന്നവരും ഭയക്കുന്നവരുമായ ആളുകളിൽ നിന്ന് ഏറ്റവും യോഗ്യമായവരെ തിരഞ്ഞെടുക്കുവാൻ ദൈവം സഹായിക്കുന്നതാണ്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തിലെ ഉള്ളടക്കം മനുഷ്യരെ ദേശസീമകൾക്ക് അതീതമായി ബന്ധിപ്പിക്കുന്നതാണ്. നാട്ടിലെ ജനങ്ങള്ക്ക് നല്ലതു ചെയ്യുന്നയാളാണ് നല്ല ഭരണാധികാരി എന്നതുകൂടി

വെളിവാക്കപ്പെടുന്നുണ്ട്. അതായത്,
ജനനകാര്യങ്ങളെ ആസ്പദമാക്കി
തമിഴ്നാട്ടുകാരനെയോ മറ്റു ദേശക്കാരനെയോ
അന്യനായി കാണുന്നതും, അയാൾ ദേശത്തിലെ
ഭരണാധികാരിയാകുന്നത് പൊങ്ങച്ച-അധമ
നയങ്ങൾ പ്രകാരം മോശമെന്നു
കണക്കാക്കുന്നതുമായ രീതികൾ
അസ്തമിക്കുന്നതാണ്.

നല്ലതു ചെയ്യുന്നവൻ നല്ലവൻ.

ഉദാഹരണത്തിന്, കേരളത്തിലെ ജനങ്ങളുടെ
ജീവിതത്തെ കഷ്ടപ്പെടുത്തുന്ന കേരളക്കാരനെന്നു
കരുതപ്പെടുന്ന ഭരണാധികാരിയെ കശ്മലൻ എന്നു
മനസ്സിലാക്കി മാറ്റി നിര്ത്തേണ്ടതുണ്ട്
എന്നിങ്ങനെയാണ് വിഷയത്തെ വ്യാഖ്യാനിക്കേണ്ടത്.
മറ്റൊരുവിധത്തിൽ പറഞ്ഞാൽ, മനുഷ്യരെല്ലാം
ഗാന്ധിയെപ്പോലെ **തങ്ങളുടെ നാട്**
ഭൂമിയാണെന്ന് മനസ്സിലാക്കണം.
ഇന്ത്യക്കാരനാവുന്നതും,
തമിഴ്നാട്ടുകാരനാവുന്നതും,
കേരളക്കാരനാകുന്നതും പിന്നീട് മാത്രമാണ്. ജനിച്ച
കുഞ്ഞുങ്ങളെല്ലാം തന്നെ തങ്ങളുടെ
മാതാവിനെയും പിതാവിനെയും ഭാഷയെയും
ദേശത്തിനെയും ഒക്കെ തിരിച്ചറിയുന്നത്, ജനിച്ചിട്ട്

എത്രയോ ദിവസങ്ങളും മാസങ്ങളും വര്ഷങ്ങളും കഴിഞ്ഞു മാത്രമാണെന്നത് തിരിച്ചറിയണം. താൻ കേരളം എന്ന പേരുള്ള ഒരു പ്രദേശത്തിലാണെന്നോ, കേരളമെന്നത് ഇന്ത്യ എന്ന ഒരു വലിയ രാജ്യത്തിന്റെ ഭാഗമാണെന്നോ ഒക്കെ ഒരു കുഞ്ഞ് - കുട്ടി തിരിച്ചറിയുന്നത് എത്രയോ കാലം കഴിഞ്ഞാണ്. കുട്ടികളിൽ ദേശ-വിഷം കുത്തിവെയ്ക്കുന്നതും മുതിര്ന്നവരാണ് എന്നാണ് അതിന്നര്ത്ഥം.

ദേശഭക്തി ഗാനങ്ങൾക്കു പകരം

ഭൂമി-ഭക്തി ഗാനങ്ങൾ ഉണ്ടാവുന്നതാണ്. രാജ്യങ്ങളിലെല്ലാം ഇന്നുള്ള ദേശഭക്തി ഗാനങ്ങളെല്ലാം അധമങ്ങളാണ്.

തമിഴ് സംസാരിക്കുന്നവരെല്ലാം തമിഴ്നാട്ടുകാരല്ല ; മലയാളം സംസാരിക്കുന്നവരെല്ലാം മലയാളികളോ കേരളീയരോ അല്ല ; ഇംഗ്ലീഷ് സംസാരിക്കുന്നവരെല്ലാം ഇംഗ്ലണ്ടുകാരല്ല എന്നതുമായി ബന്ധപ്പെട്ട ചില വിശദീകരണങ്ങള് കൂടി നല്കാം. ഭൂമിയിലെ മനുഷ്യരെല്ലാം യോജിക്കേണ്ടതും അന്യോന്യം സ്നേഹിക്കേണ്ടതും

സഹായിക്കേണ്ടതും സഹകരിക്കേണ്ടതും ഭൂമിയിലെ ഏതെങ്കിലും (പ്രത്യേക) പ്രദേശത്തിൽ ജീവിക്കുന്നവർ എന്ന പ്രകാരമായിക്കൂടാ. ശരീരനിറം, സൗന്ദര്യം, ഉയരം, വണ്ണം, ആരോഗ്യം, തൊഴിൽ, വിനോദം, വംശം, ഭാഷ, ശാസ്ത്രജ്ഞാനം തുടങ്ങിയവയുടെ അടിസ്ഥാനത്തിലും അരുത്.

ഭൂമി എന്ന ദൈവത്തിന്റെ മക്കളെന്ന കണക്കിനാവണം. അഥവാ ഒരേ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ഒരേ ഭൂമിയിൽ ജീവിക്കുന്നവരായ ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്ന കണക്കിനാവണം.

നൂറ്റാണ്ടുകള്ക്കു മുമ്പു ജീവിച്ചിരുന്നവരുടെ പിന്ഗാമികളാണ് ഇന്നു ജീവിക്കുന്നവർ എന്ന അശാസ്ത്രീയ ചിന്താരീതികള് വിഷയത്തില് കലര്ത്തുമ്പോൾ, **ദൈവത്തിന്റെ കുഞ്ഞുങ്ങൾ** എന്ന പരമസത്യത്തിൽ നിന്നും മനുഷ്യർ അകലുകയാണ്. പാടില്ല.

ഓംകാര നീതി ശാസ്ത്ര പ്രകാരം ദേശവും ഭാഷയും ശൈലിയും സാമ്പത്തിക അവസ്ഥയും മറ്റും സമ്പൂർണ്ണമായി ഓരോ മനുഷ്യന്റെയും കാര്യത്തിൽ വ്യത്യാസപ്പെടുമ്പോൾ, പിൻഗാമി വാദം അസംബന്ധമാണെന്ന് തിരിച്ചറിയുക.

ഉടൻ തിരുത്തേണ്ടത് സ്വന്തം ആവശ്യമാണെന്ന് തിരിച്ചറിയണം. ഗ്രന്ഥത്തിൽ പ്രത്യേകം അദ്ധ്യായമായി വിശദീകരിച്ചിട്ടുള്ള ഓംകാര നീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, വംശങ്ങളുടെ പേരിലും പ്രദേശങ്ങളുടെ പേരിലും മറ്റും ഇന്നു കാട്ടിക്കൂട്ടുന്ന പ്രവൃത്തികളുടെ ഹീനത്വം എത്ര ഭീമമാണെന്ന് ബോദ്ധ്യമാകുന്നതാണ്.

ഒരു ചിലര്ക്ക് വിഷയങ്ങളില് ധാര്മ്മിക അപചയം സംഭവിക്കുമ്പോള്, അവരെ ധാര്മ്മികമായി തിരുത്തുവാൻ ബാദ്ധ്യതയുള്ളവർ പോലും അതുചെയ്യാതെ പകരം കൂടുതൽ വിഷം കലര്ത്തുകയും പ്രശ്നത്തെ കൂടുതല് സങ്കീര്ണ്ണമാക്കുകയും ചെയ്യുന്ന രീതി ഭൂമിയിലെങ്ങും ഇന്നു വ്യാപിച്ചിരിക്കുകയാണ്.

ദൈവം മനുഷ്യന് അറിവുകള് കൂടുതല് നല്കിയപ്പോള്, അവകൊണ്ട് എങ്ങനെ അപകടങ്ങളുണ്ടാക്കാം, ജീവിതത്തെ ദുസ്വാര്ത്ഥമാക്കാം എന്നൊക്കെയാണ് ചിന്തിച്ചുകൂട്ടിയതും പ്രവര്ത്തിച്ചുകൂട്ടിയതും. മാത്രമല്ല, അടിസ്ഥാനപരമായി യാതൊരാള്ക്കും ഭൂമിയുടെ യാതൊരു പ്രദേശത്തിന്മേലും അഥവാ

അംശത്തിന്മേലും യാതൊരു അവകാശവുമില്ല. തന്റേതെന്ന് കരുതുന്ന ശരീരത്തെപ്പോലും മരണത്തോടെ ഉപേക്ഷിച്ച് യാത്ര തുടരേണ്ടവരായ ജീവാത്മാക്കള് യാതൊരു കാര്യവുമില്ലാതെ പ്രദേശങ്ങളുടെ പേരിൽ ഊറ്റം കൊള്ളരുത്. ഭൂമിയെ സൃഷ്ടിച്ചിട്ടുള്ള ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് ദൈവത്തിന്റെ ഖര-രൂപം കൂടിയായ ഭൂമി. മഹത്വം എപ്പോഴും ദൈവത്തിനു മാത്രമാണ്. ദൈവത്തിന്റെ ഖര-രൂപമെന്ന നിലയില് ഭൂമിക്കു മുഴുവനും മഹത്വം ഉണ്ടെന്നിരിക്കെ പ്രദേശങ്ങളുടെ പേരിൽ അവിശുദ്ധമായ വിചാരങ്ങളും സംഭാഷണങ്ങളും പ്രവൃത്തികളും അരുത്. ..

പ്രദേശികത, ദേശീയത തുടങ്ങിയവ മാറിക്കൊണ്ട്, മനുഷ്യരില് അന്തര്ദ്ദേശീയത വരുമ്പോള്, തങ്ങൾ താമസിക്കുന്ന ദേശത്തോട് സ്നേഹം കുറയുന്ന അവസ്ഥ ഉണ്ടാകുന്നതല്ല, ഉണ്ടാവരുത്. ദൈവത്തിന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും അനന്തമായ ആനന്ദങ്ങളെ നല്കുന്നതായ, ദൈവത്തിന്റെ മഹാ-ഖരരൂപമായ ഭൂമിയെ സ്നേഹിക്കുക. ഭൂമിയാണ് എല്ലാ ആനന്ദങ്ങളും നല്കുന്നത്. മനുഷ്യരുടെ ശരീരവും ഭൂമി തന്നെ. ശരീരത്തിലുള്ള സമസ്ത മൂലകങ്ങളും, സംയുക്തങ്ങളുമെല്ലാം ഭൂമിയിലുള്ളവ തന്നെയെന്ന്

മുമ്പ് വ്യക്തമാക്കിയിരുന്നു. മരിക്കുമ്പോള്, ഭൂമി, ജീവാത്മാവിന് മറ്റൊരു ശരീരത്തെ നല്കുന്നത് ഭൂമിയിലെ മറ്റൊരു ദേശത്താകാം. ഭൂമി ദൈവത്തിന്റെ മഹാ-ശരീരം ആണെന്നിരിക്കെ മഹാ -ശരീരത്തിന്റെ ഒരു ഭാഗത്തെ നല്ലതെന്നും മറ്റൊരു ഭാഗത്തെ മോശമെന്നും കരുതരുത്.

മുഖ സൗന്ദര്യമാണ് ഏറ്റവും പ്രധാനം, ശരി തന്നെ. പാസ്പോര്ട്ട് ഉള്പ്പെടെയുള്ള അനേകം രേഖകളില് മുഖത്തിന്റെ ഫോട്ടോ മാത്രമാണ് ഉപയോഗിക്കുന്നത്; കാല്പ്പാദങ്ങളുടെയോ കൈപ്പത്തിയുടെയോ അല്ല. എന്നാല് കാല്പ്പാദമോ, കാലുകളോ, പൃഷ്ഠമോ മോശമാണെന്നോ, വേണ്ടായെന്നോ മനുഷ്യര് പറയുമോ .... ചന്തി എന്നു പറയുന്ന കുണ്ടി ഇല്ലാതെ ജീവിക്കാന് കഴിയുമോ. തറയില് ഇരിക്കുമ്പോഴും, കസേരയില് ഇരിക്കുമ്പോഴും, കട്ടിലിൽ കിടക്കുമ്പോഴും, ആദ്യം കുണ്ടി ഉറപ്പിക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങളേ, ഓരോ ശരീര ഭാഗങ്ങളും ഓരോരോ തരത്തില് സുപ്രധാനങ്ങള് തന്നെയാണ്. ദൈവത്തിന്റെ മഹാശരീരമായി ഭൂമിയെയും മഹാപ്രപഞ്ചത്തെയും തിരിച്ചറിയണം. യാതൊരു ദേശത്തെയും മോശമെന്നോ, ചിലവയെ മാത്രം ശ്രേഷ്ഠമെന്നോ കരുതരുത്. ദൈവനിന്ദ ചെയ്യരുത്. എല്ലാ ദേശങ്ങളെയും സ്നേഹിക്കുന്നവരായി, പോരാ, എല്ലാ ദേശങ്ങളെയും ഒരുപോലെ സ്നേഹിക്കുന്നവരായി ഉയരുവിൻ.

പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നല്കിയിരിക്കുന്നു.

ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തങ്ങളായ കടമകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ട്.

സ്ത്രീ അമ്മയാവുമ്പോൾ കൂടുതൽ സ്നേഹവും വാത്സല്യവും കുട്ടികൾക്കു നല്കും. കുട്ടികൾ തിരിച്ചും. പുരുഷൻ അച്ഛനാവുമ്പോൾ കുട്ടികളുടെ കുറ്റങ്ങളും കുറവുകളും തിരുത്തുന്നതും, തിരുത്തുവാൻ ശകാരങ്ങളും ശിക്ഷകളും സ്വീകരിക്കുന്നതുമാണ്. അമ്മയെ കൂടുതൽ സ്നേഹിക്കുക, അച്ഛനെ കൂടുതൽ അനുസരിക്കുക എന്നിങ്ങനെ കൂടിയാണ് ദൈവത്തിന്റെ മഹാആവിഷ്ക്കാരം.

കുട്ടികൾ മുതിരുന്നതനുസരിച്ച് അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും തെറ്റുകളും കുറ്റങ്ങളും കുറയേണ്ടതിനു പകരം വർദ്ധിച്ചാൽ അവർക്കും കുടുംബത്തിനും സമുഹത്തിനും അതു ശോഭയുണ്ടാക്കില്ല, നാശംചെയ്യുന്നതുമാണ്. കുട്ടികളോടുള്ള സ്നേഹവും വാത്സല്യവും അവരുടെ മാതാവിൽ കൂടുതലായി ലയിപ്പിക്കുകയും പിതാവിൽ നിന്നും മിക്കപ്പോഴും മറയ്ക്കുന്നതുമായ മഹാസംവിധാനം മഹാദേവി മഹാസ്ഥാപിച്ചിട്ടുണ്ട്.

കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പിതാവ് പിന്നീട് കുട്ടിയെ ശിക്ഷിച്ചതിൽ അല്പം വേദനിക്കുകയും, കുട്ടിയുടെ നല്ലതിനാണല്ലോ എന്ന് ആശ്വസിക്കുകയും, ശിക്ഷിച്ച കാര്യങ്ങളെ തന്നെ പിന്നീട്

മറക്കുകയും കൂടി ചെയ്യുന്ന മഹാസംവിധാനമാണത്.

മഹാപിതാവും മഹാമാതാവുമായ മഹാദേവി, മഹാമാതാവായി മാത്രം മഹാശാസ്ത്രപ്രകാരം മനുഷ്യ-സ്ത്രീ-ശരീരരൂപത്തെ സ്വീകരിച്ചുകൊണ്ട്, കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്യം മാത്രം നൽകാനും, കുഞ്ഞുങ്ങൾക്ക് ഏതുസമയത്തും എന്തും മഹാമാതാവിനോട് ആവശ്യപ്പെടാനും, മഹാമാതാവിനോട് കൊഞ്ചാനും, കെഞ്ചാനും, തെറ്റുകളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കാനും, ക്ഷമിക്കണമേ എന്നു കേഴാനും, ആത്മീയ സാക്ഷാത്ക്കാരം നേടിയാലും മഹാമാതാവായ മഹാദേവിയെ ഓർക്കാനും, മഹാദേവിയെ ദർശിക്കാനുള്ള മഹാഭാഗ്യം കൂടുതലായി നൽകണമേ എന്നു പ്രാർത്ഥിക്കാനുമൊക്കെ മഹാസൗകര്യങ്ങളെ മഹാഒരുക്കിയിരിക്കുകയാണ്.

കുഞ്ഞുങ്ങളെ ശിക്ഷിക്കാത്ത മഹാമാതാവായ മഹാദേവിയായി കഴിയാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്. കുഞ്ഞുങ്ങൾ നല്ലവരായി ജീവിച്ചാൽ കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടതായി വരില്ല എന്നതും കുഞ്ഞുങ്ങളുടെ മാതാവ് അപ്പോൾ സന്തോഷിക്കുമെന്നതും മനുഷ്യരുടെ ഇടയിൽതന്നെ വ്യക്തമാണ്. അങ്ങനെയിരിക്കെ മനുഷ്യമാതാവിനേക്കാൾ കൃത്യമായി 100 മടങ്ങ് സ്നേഹത്തെ മഹാവാത്സല്യമെന്ന പേരോടെ നൽകുന്ന സ്രഷ്ടാവായ മഹാമാതാവ് തന്റെ കുഞ്ഞുങ്ങളെ യാതൊരു കാര്യത്തിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല, ശിക്ഷിക്കുകയില്ല.

കുഞ്ഞുങ്ങൾ തെറ്റുകൾ ചെയ്താൽ തിരുത്താതെ പറ്റില്ല. അപ്പോൾ ശിക്ഷയും ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയിൽ പ്രവർത്തിപ്പിക്കുന്ന ജീവനായിക്കൊണ്ട് ദൈവത്തിന്റെ വാതക രൂപവും പരമാത്മാവുമായ ഓക്സിജൻ പ്രവർത്തിക്കുന്നതിനെപ്പറ്റി മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല, ഓക്സിജൻ = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം എന്നീ അദ്ധ്യായങ്ങളിലും, ഭാഗം 1-2-3-ലും വിശദമാക്കിയിരുന്നു. മഹാമാതാവ് എന്ന ജീവി -രൂപത്തിൽ തന്റെ കുഞ്ഞുങ്ങളെ തിരുത്തുവാനും ശിക്ഷിക്കുവാനും ദൈവം തയ്യാറാകുന്നില്ല. മഹാശാസ്ത്രത്തിലൂടെ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ന്യൂനശക്തികളിലൂടെ കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാസംവിധാനമാണുള്ളത്.

സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ദൈവം പ്രത്യക്ഷമായിരിക്കുമ്പോൾ, പ്രത്യക്ഷമായി ശിക്ഷിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. അതിനായി, മഹാപ്രപഞ്ചത്തിലെ മുഴുവൻ ജീവികളെയും അവരുടെ തെറ്റുകൾക്ക് ധർമ്മശാസ്ത്രപരമായും മഹാനീതിശാസ്ത്രപരമായും ശകാരിക്കാനും

ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മഹാമാതാവായ മഹാദേവി, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലേക്ക് മഹാകോപഭാവങ്ങളെ പ്രവേശിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിനെ അനുകരിച്ചാണ് മനുഷ്യജീവിതത്തിൽ കുഞ്ഞുങ്ങളെ ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മുഖ്യമായും പിതാവിനെ അഥവാ പുരുഷനെ നിശ്ചയിച്ചിട്ടുള്ളത്.

പ്രപഞ്ചപിതാവ് കൂടിയായ പരമശിവന്, മഹാദേവിയിൽനിന്ന് മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുകയാണ്, ജീവികളോടെല്ലാം മഹാ കാരുണ്യം ഉണ്ടാകുന്നതാണ്. അതായത് എത്ര കടുത്ത തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കാൻ തോന്നുന്നതാണ്. അറിവില്ലാതെ ചെയ്തതാണല്ലോ എന്നുള്ള ചിന്ത പ്രബലമാകുന്നതാണ്. എന്നാൽ മഹാനീതി നടപ്പാവാനും പ്രപഞ്ചജീവിതം മംഗളമാവാനും ശിക്ഷാരീതികൾ ആവശ്യവുമാണ്. കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, മഹാജ്ഞാനവും നിമിത്തം പരമശിവന് കുഞ്ഞുങ്ങളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. പരമശിവന്റെ പ്രസ്തുത ദുർബ്ബലാവസ്ഥയെ മഹാശക്തിയായ മഹാദേവി പരിഹരിക്കുന്നത് പരമശിവന് ക്ഷിപ്രകോപം എന്ന മഹാ-അനുഗ്രഹം നൽകിയാണ്.

ശാന്തനായിരിക്കുന്ന പരമശിവൻ പെട്ടെന്ന് കോപിഷ്ഠനാകുകയും തെറ്റുകള് ചെയ്യുന്ന കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്ന അവസ്ഥയാണത്.

മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.

മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നല്കി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.

കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതുകൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതുകൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.

കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.

ശിക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ ശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ എത്രമാത്രം മഹാദേവി കരുതുന്നു എന്നതാണ് തെളിയുന്നത്.

ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :-

മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി മഹാനിശ്ചയിച്ചിട്ടുള്ളത് **30** എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ഭാഗം **2**-ൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ **5** അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം തന്റെ കുഞ്ഞുങ്ങളായി കരുതുംവിധം പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്നതായ പ്രസ്തുത **5** അളവിലുള്ള വാത്സല്യത്തെയാണ് പരമശിവനെ ക്ഷിപ്രകോപിയാക്കുന്നതിനു വേണ്ടി മഹാദേവി പിൻവലിക്കുന്നത്.

30 എന്ന മഹാദാസ്യ-അളവിൽ നിന്ന് 5 കുറയുമ്പോൾ 25 എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ 25 എന്ന അളവ് സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.

മഹാദേവിയുടെ മഹാദാസനായിരുന്നുകൊണ്ട് മഹാനീതിശാസ്ത്രം പ്രകാരം മഹാപുരുഷ-ഭാവരൂപങ്ങളോടെ പരമശിവൻ പരമകോപത്തോടെ കത്തിജ്വലിക്കുന്നതാണ്.

മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ അങ്ങനെയല്ലാ എന്നും വ്യക്തമായിരിക്കുമല്ലോ.

മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യരിലെ കോപത്തിന് പരമാവധി 20-ൽ താഴെ അളവാണുള്ളത്.

മഹാദേവി, ക്ഷിപ്രകോപത്തെപ്പറ്റിയുള്ള പാഠങ്ങളെ ഈയുള്ളവനെ അറിയിച്ചു തുടങ്ങിയ കാലഘട്ടത്തിൽ -2008-ലെ ആദ്യത്തെ 2 മാസങ്ങളിൽ ക്ഷിപ്രകോപത്തെ ഈയുള്ളവനിൽ സന്നിവേശിപ്പിച്ച് ക്ഷിപ്രകോപം എന്നാലെന്തെന്ന് ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അമ്പോ, ഭയങ്കരം എന്ന് അന്ന് ബോദ്ധ്യപ്പെട്ടതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാശക്തിയായ മഹാദേവി,

ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്,

2015 ഒക്ടോബര് 13-ാം തീയതിവരെ പരമശിവനെ മഹാ-അനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :

മഹാശക്തിയായ മഹാജഗദംബയുടെ മഹാ-ഹൃദയമായ ഓംകാരം, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര നിയന്ത്രണ സത്ത കൂടിയാണ് മഹാഹൃദയമായ ഓംകാരം. ഓംകാരം പ്രവർത്തിക്കുന്നതെങ്ങനെയെന്ന് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. മഹാജഗദംബയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും വലതുപാദം പകുതിയും, മഹാശരീരത്തിന്റെ പകുതിഭാഗം, മഹാ വലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും

സൃഷ്ടിക്കാൻകഴിയുന്ന
മൂന്നാം നേത്രം, ശിരസ്സിൽ ചന്ദ്രക്കലയും
നക്ഷത്രവും,
മഹാശാസ്ത്രം അഥവാ മഹാവേദം
വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള
മഹാശാസ്ത്രപരമായ മത്സ്യാവതാരം,
മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ,
നാവിൽ അക്ഷരബ്രഹ്മമായ ഓം,
മഹാശക്തിയുടെ മഹാനീതിശാസ്ത്ര പ്രകാരം
മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ **5**
തലയുള്ള ഓംകാരനാഗബന്ധനം,
മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും
സംരക്ഷണത്തിനായി
മഹാശക്തി **10** തലയുള്ള മഹാനാഗമാതാവായി
ശിരസ്സിനു മുകളിൽ, ശിരസ്സിലെ മുടിക്കെട്ടിൽ
നിന്ന് കുഞ്ഞുങ്ങൾക്കെല്ലാം കുടിക്കാനായിട്ട്,
മഹാദേവി പാൽ ഒഴുക്കുന്നതാണ്,
തുടങ്ങിയ മഹാദാനങ്ങളായ മഹാശക്തികളെ
മഹാ-അനുഗ്രഹിച്ചു നൽകിക്കഴിഞ്ഞു.
മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ
പ്രതീകാത്മകമായും ചിലവ
അജ്ഞാതമായുമാണ് മഹാഅനുഗ്രഹിച്ചു
നൽകിയത്.

മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ
മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ
മഹാശക്തിയുടെ മഹാദാസനായ
പരമശിവനിൽ
പൂര്ണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല;
മഹാജ്ഞാനഭാഗം
മാത്രമാണ് നിലവിൽ
പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് !
മഹാശക്തിയായ മഹാദേവിയുടെ
മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചുമാത്രം
പ്രവർത്തിക്കുന്നതാണ് ; അതോടെ
പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക്
കാതലായ മാറ്റങ്ങൾ ഉണ്ടാവുന്നതാണ് !
മഹാശാസ്ത്രപരമായി
പരിശോധിക്കാവുന്നതാണ് !

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ദൈവ വിപ്ലവം

ഓം

മഹാശാസ്ത്ര-മൂലമാണ്

സൃഷ്ടി മന്ത്രമാണ് ആദിവചനമാണ്

ശബ്ദ ബ്രഹ്മമാണ് അക്ഷര ബ്രഹ്മമാണ്

ദൈവത്തിന്റെ മഹാചിരിയാണ്

സംഹാര കാഹളമാണ്

ഭൂമിയിലെങ്ങും ഉടനെ 3- 33 വർഷക്കാലം മുഴങ്ങുന്നതാണ്.

ദൈവ-വിപ്ലവത്തിൽ ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും, മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ പിൻപറ്റുന്നവർക്ക് ഓം , മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ

തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വർഷങ്ങൾ/മാസങ്ങൾ വിഷമിക്കുകയുംചെയ്യും.

ദൈവവിപ്ലവം

മഹാശാസ്ത്രപരം മാത്രമാണ്; മതപരമല്ല.

ക്രിസ്തുമതത്തിലെ നക്ഷത്രവും,
ഇസ്ലാംമതത്തിലെ ചന്ദ്രക്കലയും നക്ഷത്രവും,
ഹിന്ദുമതത്തിലെ ഓം മഹാശബ്ദവും -
അക്ഷരബ്രഹ്മം കൂടിയായ ഓം-ൽ
സമ്മേളിച്ചിട്ടുള്ളത് ദൈവത്തിന്റെ
മഹാസംവിധാനത്തിന്റെ ഭാഗമാണ്.

യഥാർത്ഥമായ ജനാധിപത്യസമ്പ്രദായം,
ധർമ്മശാസ്ത്രപരമായ (ദൈവീകമായ)
രാജഭരണത്തിലൂടെ ഭൂമിയിലെങ്ങും
സംസ്ഥാപിതമാകുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ
ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

സംഹാരം

മഹാശക്തിയായ മഹാദേവി,

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം

എന്ന സംഹാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവനെ സംഹാരദേവനായി മഹാനിയമിക്കുന്നു. ഗ്രന്ഥകാരനെ മഹാനിയമിച്ചു കഴിഞ്ഞു.

മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാഅനുഗ്രഹിച്ച പരമശിവന്റെ നാവിൽ കുറിച്ചിട്ടുള്ള അടിസ്ഥാന അക്ഷരബ്രഹ്മമായ 3, നാവിന്റെ ഉള്ളിലേക്കായാണ് മഹാ-കുറിച്ചിട്ടുള്ളത്. സംഹാരം നടക്കുമ്പോൾ പരമശിവന്റെ വായിലേക്കാണ്

ഓരോ മനുഷ്യന്റെയും ജീവാത്മാവ് ആദ്യം പ്രവേശിക്കുന്നത്.

പരമശിവന്റെ നാവിലുള്ള 3 എന്ന
അക്ഷരബ്രഹ്മമായ ഓം

ജീവാത്മാവിനെ പരമശിവന്റെ ഹൃദയത്തോടു
ചേർന്നു പ്രവർത്തിക്കുന്നതായ

മഹാദേവിയുടെ മഹാഹൃദയമായ
ഓംകാരത്തിലേക്ക് നയിക്കുന്നു.

ഓംകാരം കൂടിയായ മഹാദേവി,
ഓംകാരനീതിശാസ്ത്ര പ്രകാരം,

മനുഷ്യന്റെ ജീവാത്മാവിന് നക്ഷത്രപദവിയായ

ആത്മീയ-സാക്ഷാത്ക്കാരം എന്ന
പരബ്രഹ്മാനന്ദം എന്ന മോക്ഷം
മഹാഅനുഗ്രഹിച്ചു നൽകുന്നു.

(ആദ്യമഹാകാലചക്രത്തിൽ സംഹാര കാര്യങ്ങൾക്കായി **സംഹാരദേവി** എന്ന പേരിൽ, മഹാദേവിയുടെ ഒരു ഭാഗം വേർതിരിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. നാവ് പുറത്തേയ്ക്കിട്ടും അനേകം കൈകളോടെയും കൈകളിൽ ആയുധങ്ങളോടെയും ശിവന്റെ നെഞ്ചിൽ ഒരു കാൽ ചവിട്ടിയും നിൽക്കുന്ന ഭദ്രകാളിയെന്ന് അറിയപ്പെടുന്ന മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയുടെ ചിത്രങ്ങളും വിഗ്രഹങ്ങളും ഏറെയുണ്ട്. സംഹാരദേവി പുറത്തേയ്ക്കിടുന്ന നാവ് സംഹാരത്തിനുള്ളതാണ്.

മഹാസൃഷ്ടിചക്രം മുതൽ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായി മഹാശോഭിക്കുമ്പോൾ, മഹാനീതിനിർവ്വഹണത്തിലെ വളരെച്ചെറിയൊരു ഭാഗം മാത്രമായ സംഹാര കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നത് പരമശിവനിലൂടെയാണ്. സംഹാരദേവിയെ പരമശിവനിലേക്ക് ചേർക്കുകയാൽ മേലിൽ സംഹാരദേവി ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല, സംഹാരം ചെയ്യുമ്പോഴും മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ചും, പരമശിവന്റെ നാവും പുറത്തേയ്ക്ക് നീളുന്നതാണ്. അറിയുക: സംഹാരദേവി മഹാഭദ്രകാളിയല്ല. മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ആരാണോ, ആരിൽ ഭദ്രമായിരിക്കുന്നുവോ, ഭദ്രമാക്കാൻ കഴിവുള്ളതാരോ, ആ മഹാശക്തിയാണ് മഹാഭദ്രകാളി. മഹാദേവിയാണ് മഹാഭദ്രകാളി.)

ഗ്രന്ഥത്തിലെ പേജുകളെ സശ്രദ്ധം വായിച്ചുവന്ന കുഞ്ഞുങ്ങളോട് ഇനി ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. മഹാമാതാവായിക്കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും മഹാആവിഷ്കരിച്ച് ജീവികളെയെല്ലാം സൃഷ്ടിക്കുകയും, തന്റെ കുഞ്ഞുങ്ങളായി ജീവികളെയെല്ലാം **മഹാകരുതുകയും,** ഒരു മഹാജീവിയായിക്കൊണ്ട് കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിക്കുകയും, കുഞ്ഞുങ്ങൾക്ക് താൻ നൽകുന്ന മഹാവാത്സല്യത്തെ തന്റെ മഹാആനന്ദമായിട്ട് മഹാനിശ്ചയിക്കുകയും, മഹാനീതിപതി കൂടിയായിക്കൊണ്ട് എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമനീതി നൽകുകയും, അനന്തമായ മഹാ-ആനന്ദങ്ങളെ ഭൂമിയിൽ വച്ച് കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്തുകയും, ആത്മീയ-സാക്ഷാത്ക്കാരത്തിൽ കുഞ്ഞുങ്ങൾക്കെല്ലാം അനന്തമായ മഹാ-ആനന്ദങ്ങളെ അനന്തകാലത്തേയ്ക്ക് മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടമനുസരിച്ച് ജീവിക്കേണ്ടേ ?

കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്രപ്രകാരം പരമാനന്ദത്തോടെ ജീവിച്ചുകാണാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്.

(കുഞ്ഞുങ്ങളുടെ ആഗ്രഹത്തിനു വഴങ്ങി, മഹാദേവിയെ ആരാധിച്ച് സ്നേഹവും നന്ദിയും പ്രകാശിപ്പിക്കാൻ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്ന ഏകജന്മത്തിൽ 50 വയസ്സിനു മേൽ മാത്രം കുഞ്ഞുങ്ങൾക്കെല്ലാം മഹാഅനുവാദമുണ്ട്.)

മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാദേവനുമായ മഹാദേവി, മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും മഹാസൃഷ്ടിക്കുകയും മഹാവാത്സല്യത്തെ നൽകി മഹാപരിപാലിക്കുകയും ചെയ്യുന്നത് ആർക്കു വേണ്ടിയാണ് ?

മഹാപിതാവും മഹാമാതാവുമായ മഹാദേവി സർവ്വതും ചെയ്യുന്നത് കുഞ്ഞുങ്ങളായ നിങ്ങൾ ഓരോരുത്തർക്കും വേണ്ടിയാണ്.

കുഞ്ഞുങ്ങൾ ചെയ്യേണ്ടതോ ?

ധർമ്മശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കണം എന്നതു മാത്രം.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.

പരമശിവനും, ക്രൈസ്റ്റും, യഥാർത്ഥ മുഹമ്മദും ഒരാൾ തന്നെയാണെന്ന് ഇ-മഹാഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാനിയമിച്ചിട്ടുള്ള പരമശിവനിലൂടെ ജീവികൾക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം നൽകുമ്പോൾ, അവനിലൂടെ മാത്രമേ മനുഷ്യർക്കു മോചനമുള്ളൂ എന്ന ക്രൈസ്തവ-വചനം ശരിവെയ്ക്കപ്പെടുന്നുണ്ട്. അതേ സമയം, അവനിലൂടെ അഥവാ പരമശിവനിലൂടെ, എന്നു പറയുമ്പോൾ, പരമശിവനാണ് ആത്മീയ സാക്ഷാത്ക്കാരം നൽകുന്നത് എന്ന അർത്ഥമില്ലായെന്നും, പരമശിവനല്ല നൽകുന്നതെന്നും, പരമശിവൻ -ലൂടെ മാത്രമാണെന്നും അറിഞ്ഞുകൊള്ളണം.

മഹാശക്തിയായ മഹാദേവി, എന്തിന് പരമശിവനിലൂടെ ആത്മീയ സാക്ഷാത്ക്കാരം നൽകുന്നു എന്നതും, പരമശിവനെ എന്തിന് മദ്ധ്യത്തിൽ കൊണ്ടുവന്നിരിക്കുന്നു എന്നതും അറിയിക്കേണ്ടതുണ്ട്. ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട്.

മഹാശക്തിയായ മഹാദേവി, തന്റെ മഹാദാസനായ പരമശിവന് അർദ്ധമഹാദേവീ രൂപം നൽകിക്കൊണ്ട് പരമശിവനിലൂടെ എല്ലാ മനുഷ്യർക്കും മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന്റെ വിശദീകരണമാണ് ഇവിടെയും പ്രസക്തമാവുന്നത്.

പരമശിവൻ -ലൂടെ മാത്രമാണെന്നു പറയുമ്പോൾ അത് മഹാദാസനായ പരമശിവൻ തന്നെപ്പറ്റി പുലർത്തുന്നതും പുലർത്തേണ്ടുന്നതുമായ മഹാദാസ-ഭാവം മാത്രമാണ്. എന്തുകൊണ്ടെന്നാൽ തന്റെ ഏകദാസനും മഹാദാസനുമായ പരമശിവന് മഹാശക്തിയായ മഹാദേവി മഹാകല്പിച്ചിരിക്കുന്നത് മഹാപദവിയും മഹാപങ്കാളിത്തവുമാണ്. വിശദീകരിക്കാം:-

ബ്രഹ്മത്തെ ഉൾക്കൊണ്ട് പരബ്രഹ്മരൂപത്തോടെ അഥവാ മഹാപ്രപഞ്ചരൂപത്തോടെ ദൈവം സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ ചെയ്യുമ്പോൾ ഓരോ അണുവിലും സ്ത്രീ-പുരുഷഭാവരൂപങ്ങളെ പ്രകടമാക്കുന്ന മാതൃഘടകവും പിതൃഘടകവും സൃഷ്ടിക്കുന്നുണ്ട്. എന്തും ഏതും തനിച്ചുചെയ്യുന്ന ദൈവം, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്, കുറ്റവും കുറവുമില്ലാത്ത മഹാപദ്ധതിയോടെയുമാണ്. പിതൃഘടകമായി പരമശിവനെ പരബ്രഹ്മമായ മഹാപ്രപഞ്ചത്തിൽ ഉൾപ്പെടുത്തുകയാലും, പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച് മഹാപദവിയും മഹാപങ്കാളിത്തവും നൽകിയിരിക്കുകയാലും, കുഞ്ഞുങ്ങളായ മനുഷ്യർക്ക് ആത്മീയ സാക്ഷാത്ക്കാരം നൽകാനായിട്ട്

ഏകമഹാദൈവമായ മഹാദേവി തയ്യാറാകുമ്പോൾ, ജീവികളുടെയും പ്രപഞ്ചത്തിന്റെയും പിതാവായ പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്കും, സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം നൽകിക്കൊണ്ട് മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം, സ്ഥിതിയുടെ ഭാഗമായുള്ള ആത്മീയസാക്ഷാത്ക്കാരത്തിൽ ജീവികളുടെയെല്ലാം പിതാവുകൂടിയായ പരമശിവനെ ഉൾപ്പെടുത്തേണമെന്നത് മഹാദേവിയുടെ മഹാപദ്ധതിയുടെ ഭാഗവുമാണ്. ദൈവത്തിന്റെ ഏകദാസനും മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ ദൈവകാര്യങ്ങളുടെ ദൈവീക നടത്തിപ്പിനായിട്ട് മഹാപ്രവർത്തിക്കുന്ന ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാദേവിയുടെ മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും മഹാദേവിയെത്തന്നെയും പ്രതിനിധീകരിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവൻ, പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുന്ന മഹാവേളയിൽ ഏകമഹാശക്തിയായ മഹാദേവി മഹാപദവിയും മഹാപങ്കാളിത്തവും മഹാആനന്ദവും മഹാഅനുഗ്രഹിച്ചു നൽകുകയും, പരമശിവനിലൂടെ ഏകമഹാശക്തിയായ മഹാദേവി, ജീവികൾക്കെല്ലാം ആത്മീയസാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുകയും ചെയ്യുന്നു.

ഏകമഹാശക്തിയായ മഹാദേവിയാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി, സ്ഥിതി, മഹാനീതി എന്നിവ മഹാനിർവ്വഹിക്കുന്നത്. മഹാദേവി മഹാനീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുന്ന മഹാനീതിയുടെ ഒരംശം മാത്രമാണ് പരമശിവനിലൂടെ മഹാദേവി തന്നെ മഹാനിർ വ്വഹിക്കുന്ന സംഹാരം എന്ന ആത്മീയസാക്ഷാത്ക്കാരം എന്ന പരബ്രഹ്മാനന്ദം എന്നറിയുമ്പോൾ,

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർ ത്ഥത്തിൽ ചെയ്യുന്നത് മഹാശക്തിയായ മഹാദേവി തന്നെയാണ്.

മഹാദേവിക്കു മാത്രമേ ശക്തിയുള്ളൂ.

മഹാദേവി ശക്തി നൽകിയില്ലെങ്കിൽ പരമശിവൻ ഉൾപ്പെടെ യാതൊരാൾക്കും ഒരു പുൽക്കൊടി ഉയർത്താൻ പോലും കഴിയുന്നതല്ല.

മോക്ഷത്തെ ഈ ലഘുവായ ഇ-ഗ്രന്ഥത്തിലും വിശദമാക്കിയിട്ടുണ്ട്. മോക്ഷം എന്ന ആത്മീയ സാക്ഷാത്ക്കാരം എന്ന പരബ്രഹ്മാനന്ദം നേടുമ്പോൾ ജീവിയുടെ രൂപം നക്ഷത്രമാണെന്നും

കൂടി വിശദീകരിച്ചിരുന്നു. ആത്മീയ സാക്ഷാത്ക്കാരം എന്ന സംഹാരത്തെ മഹാശക്തിയായ മഹാദേവി, ഏകദാസനായ പരമശിവനിലൂടെ മഹാ-നിർവ്വഹിക്കുന്നത് എങ്ങനെയെന്നും അറിയിച്ചിരിക്കുന്നു.

മഹാദേവി ഭൂമിയിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

മഹാശക്തിയായ മഹാദേവി ഉടനെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതും ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുന്നതുമാണ്.

സംഹാരത്തിൽ ഭൂമിയിലെ മനുഷ്യജീവിതത്തിൽ എന്തെല്ലാമാണ് നടക്കുന്നതെന്ന് ഗ്രന്ഥത്തിൽ സൂചിപ്പിക്കുകയുണ്ടായി.

മായ പ്രത്യക്ഷമാക്കിയിട്ട് **500** വർഷങ്ങൾക്കു ശേഷം മാത്രം ആരംഭിക്കുന്ന സംഹാരത്തെപ്പറ്റി കൂടുതൽ വിശദീകരിക്കേണ്ടതില്ല.

മഹാദേവി ഏതാനും മഹാപാഠങ്ങളെ വൈകാതെ വെളിപ്പെടുത്തുന്നതാണ്. ആദിയും അന്തവും

ഇല്ലാത്ത മഹാജ്ഞാനം എന്ന മഹാശാസ്ത്രം പുതിയ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു തുടരുന്നതാണ്. ശേഷം ദൈവശാസ്ത്ര ഗ്രന്ഥങ്ങളെയും അഥവാ വേദങ്ങളെയും കൂടി പ്രായേണ മഹാശക്തിയായ മഹാദേവി സംഹരിക്കുന്നതാണെന്നും കുഞ്ഞുങ്ങളെല്ലാം അറിഞ്ഞുകൊള്ളണം.

എന്ന്, മഹാദേവിക്കുവേണ്ടി,
മഹാകല്പനപ്രകാരം, മഹാദാസനായ പരമശിവൻ

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.

പരമശിവൻ



ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മായ പ്രത്യക്ഷമാകുന്നതിനു മുമ്പുള്ള മഹാശാസ്ത്രം (മഹാവേദം) ഘടന

മഹാശക്തിയായ മഹാദേവിയുടെ
മഹാഹൃദയമായ ഓംകാരത്തിൽ
മഹാപ്രപഞ്ചത്തിന്റെ മഹാരചന മഹാ-ഉദിക്കുന്നു.
സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന മഹാപ്രപഞ്ചത്തിലെ
ജീവികളെ കുഞ്ഞുങ്ങളായിട്ട്
മഹാനിശ്ചയിക്കുന്നു. കുഞ്ഞുങ്ങൾക്കെല്ലാം മഹാ-
സമനീതി ലഭ്യമാക്കുവാനായി
ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രം
മഹാ-രചിക്കുന്നു. ഓംകാരനീതിശാസ്ത്രപ്രകാരം
ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം
അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള
മഹാപദ്ധതിയായ മഹാശാസ്ത്രവും,
മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായ
മഹാപ്രപഞ്ചവും മഹാസൃഷ്ടിക്കുന്നു.

മഹാപ്രപഞ്ചത്തിന്റെ ആരംഭത്തിൽ ഭൂമിയും ആകാശവും സൂര്യനും ചന്ദ്രനും മാത്രം. മത്സ്യ-സസ്യ-പക്ഷി-മൃഗ-മനുഷ്യൻ എന്നിങ്ങനെ 5 ജീവി-പരിണാമങ്ങൾക്കു ശേഷം മോക്ഷം ആയിട്ട് നക്ഷത്രങ്ങളെ സൃഷ്ടിച്ചു തുടങ്ങുന്നു..... അതിനാൽ ആദ്യത്തെ 5 സൃഷ്ടി- ചക്രങ്ങളിൽ നക്ഷത്രങ്ങൾ ഇല്ല. സമനീതിയെ സമആനന്ദവുമായി ബന്ധിപ്പിക്കുകയാൽ ഓംകാര നീതിശാസ്ത്രത്തിന് കളങ്കമുണ്ടാവില്ല. മണ്ണും ഭൂമിയുമായ ദൈവത്തിനു മാത്രം മഹത്വം.

3 (യഥാർത്ഥമായ) വേദങ്ങൾ.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികൾക്കായിട്ട് മാറ്റിവയ്ക്കുന്ന മഹാജ്ഞാനത്തെ **ദൈവം** എന്ന പദത്തിലെ **ദ, വ** എന്നീ 2 അക്ഷരങ്ങൾ കൊണ്ട് ഉന്നതപ്പെടുത്തുമ്പോൾ **വേദം** എന്ന പദം ലഭിക്കുന്നു. ദൈവത്തിനു മാത്രം അവകാശപ്പെട്ട **മഹാ** എന്ന പദം ചേരുമ്പോൾ **മഹാവേദം** ആയി മാറുന്നു.

മഹാവേദത്തിന് 3 ശാഖകളുണ്ട്. 3വേദങ്ങൾ. ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം. അവയെല്ലാം മണ്ണിൽ അഥവാ ഭൂമിയിൽ അഥവാ ഭൂമിയിലെ മൂലകങ്ങളിൽ മഹാലയിപ്പിച്ചിരിക്കുകയാണ്.

കാലമാറ്റത്തിനൊത്തും, ഭൂമിയിലെ ജനപ്പെരുപ്പത്തിനൊത്തും, അന്വേഷകരുടെ ധാർമ്മിക യോഗ്യതകൾക്കൊത്തും മണ്ണിന്റെ നിയമങ്ങളെ അഥവാ വേദങ്ങളെ ക്രമേണ അന്വേഷകർക്ക് അഥവാ ശാസ്ത്രജ്ഞന്മാർക്ക് മണ്ണായ ദൈവം വെളിപ്പെടുത്തി ക്കൊടുക്കുന്നു. ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെട്ട് പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ യഥാർത്ഥമായ വേദങ്ങൾ വിസ്മൃതിയിലാവുന്നതാണ്.

മായ പ്രത്യക്ഷമാകുന്നതിനു മുമ്പ്

മൂന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രം ഒന്നാമത്തെ വേദമായി മാറുന്നു.

വേദങ്ങൾക്കും ശാഖകളും ഉപശാഖകളുമുണ്ട്.

മൂന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രത്തിന് ഭൗതിക തന്ത്രം, രസ തന്ത്രം, സസ്യ ശാസ്ത്രം, ജന്തു ശാസ്ത്രം, വൈദ്യ ശാസ്ത്രം, ഗണിത ശാസ്ത്രം, ജ്യോതി ശാസ്ത്രം, യുക്തി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, ജീവികളുടെയെല്ലാം ശരീരത്തെ നിർമ്മിക്കുന്നതും മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലുള്ള മൂലകങ്ങൾ കൊണ്ടാണ്.

വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള ഭൗതിക ശാസ്ത്രനിയമങ്ങൾ പ്രകാരമാണ് വസ്തുക്കളും, ജീവികളുടെയെല്ലാം ശരീരവും പ്രവർത്തിക്കുന്നത്.
ഭൗതിക ശാസ്ത്രം.

മണ്ണിലെ അഥവാ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ മാത്രമേ മഹാപ്രപഞ്ചത്തിന് അഥവാ ജീവികളുടെയെല്ലാം ജീവിതത്തിന് ചേരുകയുള്ളൂ. ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം ജീവിച്ചാൽ എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെ ലഭിക്കാതെ വരുന്നതാണ്, സമൂഹ ജീവിതം മുഴു-നരകമാവുന്നതാണ്. ഏക പരിഹാരം : മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉള്ക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറാകുന്നതാണ്.
ധർമ്മശാസ്ത്രം.

രണ്ടാമത്തെ വേദമായ **ധർമ്മ ശാസ്ത്രത്തിന്** സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ഭരണ തന്ത്രം, നീതിന്യായ ശാസ്ത്രം, യുക്തി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

1. സൃഷ്ടികളുടെ പേരുകളോ ചരിത്രങ്ങളോ മഹാശാസ്ത്രത്തിൽ ആവശ്യമില്ല / ഉണ്ടാവുകയുമില്ല.

2. മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും സൃഷ്ടി-സ്ഥിതി-സംഹാര നിയമങ്ങൾ മാത്രമാണ് മഹാശാസ്ത്രത്തിലുള്ളത്; മുമ്പ് വ്യക്തമാക്കിയതു പോലെ വേദങ്ങളുടെ ഉല്പത്തി ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെ, വേദങ്ങളിൽ / മഹാശാസ്ത്രത്തിൽ / ദൈവ ശാസ്ത്രത്തിൽ ചേർത്താൽ മാത്രമാണ് വിഷയങ്ങൾക്ക് സമ്പൂർണ്ണത ഉണ്ടാവുക എന്നതിനാൽ മാത്രം, ശാസ്ത്ര നിയമങ്ങളോടൊപ്പം **സ്രഷ്ടാവായ ദൈവത്തിന്റെയും, ദൈവഭാഗമായ ഏകദാസന്റെയും കാര്യങ്ങൾ വേദങ്ങളോട് ചേർക്കുന്നതാണ്.**

ഒന്നാമത്തെ / മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രത്തിന് ജനനം, ജീവിതം, മരണം, **ഓംകാര നീതി ശാസ്ത്രം** എന്ന മഹാനീതി ശാസ്ത്രം, സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം (മോക്ഷം), യുക്തി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.

മഹാശക്തിയായ ദൈവത്തിന്റെ മഹാഹൃദയമായ ഓംകാര ത്തിൽ നിന്നാണ് എല്ലാ വേദങ്ങളും / ശാസ്ത്രങ്ങളും അവയുടെ ശാഖകളും ഉപശാഖകളും ഉത്ഭവിക്കുന്നത് എന്നതിനാൽ മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രത്തെ മഹാശാസ്ത്രം, ഓംകാര നീതി ശാസ്ത്രം, മഹാനീതി ശാസ്ത്രം, നീതി ശാസ്ത്രം, ദൈവശാസ്ത്രം എന്നിങ്ങനെയെല്ലാം വിശേഷിപ്പിക്കാൻ സാധിക്കുന്നതാണ്. പിന്നീട് വിശദീകരിക്കുന്നുണ്ട്.

സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ
മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാപിതാവും
മഹാമാതാവുമായ ദൈവം മാത്രമാണ്
മഹാപ്രപഞ്ചത്തിന്റെ മഹാഅവകാശിയും
മഹാഭരണാധികാരിയും മഹാനീതിപതിയും.
മഹാനീതിപതിയായ ദൈവം "ഓംകാര നീതി ശാസ്ത്രം"
എന്ന മഹാനാമമുള്ള "മഹാനീതിശാസ്ത്ര" പ്രകാരം
കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള
സൃഷ്ടികളെയെല്ലാം മഹാഅനുഗ്രഹിച്ച്
മഹാസമനീതിയെന്ന മഹാസമഅനന്ദങ്ങളെ നൽകുന്നു.

മേൽ പ്രസ്താവിച്ച കാര്യങ്ങൾ ലളിതമാണെന്ന് തോന്നുമെങ്കിലും **മഹാഭീമമാണ്**. അക്കാരണത്താൽ മൊത്തമായി മഹാശാസ്ത്രം എന്നും മഹാവേദം എന്നും പേരിടുന്നു, ശേഷം ശാസ്ത്രങ്ങളും, ഉപശാഖകളും, ഉപ-ഉപശാഖകളും എന്നിങ്ങനെ പിരിച്ച് വിശദീകരിക്കുന്നു. ഏറ്റവും ഹ്രസ്വമായി ചുവടെ ചേർക്കുന്നു.

ജീവികളെല്ലാം മണ്ണിൽ അഥവാ ഭൂമിയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നു. ജനിക്കുന്നത് ജീവിക്കാനാണ്, ജീവികളെല്ലാം ജീവിക്കുകയാണ് ചെയ്യുന്നതും. ജീവിക്കുന്നത് ആനന്ദിക്കാനാണ്. അന്തമില്ലാതെയെന്നോണം ആനന്ദങ്ങളുടെ മഹാകലവറയെ ഭൂമിയിൽ മഹാഒരുക്കിയിരിക്കുന്നു. ഭൂമിയിലെ വസ്തുക്കളിലെ മൂലകങ്ങളിലും സംയുക്തങ്ങളിലുമുള്ള ശാസ്ത്രനിയമങ്ങളെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

മഹാശക്തിയും മഹാനീതിപതിയുമായ ദൈവം, ധർമ്മ ശാസ്ത്ര പരിമിതികളോടെ, മനുഷ്യർക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും നൽകുന്നുണ്ട്.

മഹാശക്തിയായ ദൈവത്തിന് യാതൊരു സൃഷ്ടികളുടെയും സഹായം യാതൊരു കാര്യങ്ങൾക്കും ആവശ്യമില്ല.

ദൈവം ശക്തികളെ നല്കിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ ഏതൊരു ജീവിക്കും ഏതൊരു കാര്യവും ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ, ജനങ്ങളെ ദൈവശാസ്ത്രം പഠിപ്പിക്കാനും മറ്റുമായിട്ട് പ്രവാചകന്മാരുടെയും യോഗികളുടെയും മറ്റും ആവശ്യം ദൈവത്തിന് ഉണ്ടെന്നും, നിയോഗിച്ചുവെന്നും മതങ്ങളിലൂടെയും മറ്റും പ്രചരിപ്പിച്ചു പോരുന്നത് കടുത്ത ദൈവനിന്ദയാണ്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-കർത്താവായ ദൈവം മഹാശാസ്ത്രത്തെ മുഴുവൻ ദൈവത്തിന്റെ മഹാരൂപമായ മണ്ണിൽ അഥവാ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുണ്ട്.

മഹാഉചിതമായ സമയത്ത് ദൈവം തന്റെ കുഞ്ഞുങ്ങൾക്കെല്ലാം നേരിട്ട് മഹാശാസ്ത്രത്തെ മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ഏകദൈവത്തിന്റെ രണ്ടാം ഭാഗവും പ്രതിനിധിയും പ്രപഞ്ചപിതാവുമായിട്ട് ഏകദാസനായ പരമശിവനെ സൃഷ്ടിക്കുകയും, പരമശിവനിലൂടെ ദൈവശാസ്ത്ര കാര്യങ്ങളെ, കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാഉചിതമായ സമയത്ത് നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്നു.

ദൈവ ശാസ്ത്രം എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ടങ്ങളായ മതവിഴുപ്പുകളെ പഠിപ്പിക്കുവാൻ ദൈവം യാതൊരു മദ്ധ്യസ്ഥന്മാരെയും ചുമതലപ്പെടുത്തിയിട്ടില്ല; ആവർത്തിക്കുന്നു : ദൈവത്തിനു യാതൊരു സൃഷ്ടികളുടെയും സഹായം യാതൊരു കാര്യങ്ങൾക്കും ആവശ്യമില്ല. യാതൊരു ആരാധനകളും കേട്ട് സന്തോഷിക്കുന്ന ഒരു കോമാളിയല്ലാ ദൈവമെന്നും, ആരാധനകളെ ദൈവത്തിനു വേണ്ടെന്നും, ദൈവം നേരിട്ട് ഓരോ വ്യക്തിയെയും അനുവദിക്കാതെ ദൈവാരാധന എന്ന കള്ളപ്പേരിൽ

കോപ്രായങ്ങൾ നടത്തുന്നവർക്കെല്ലാം ദൈവശിക്ഷ ഉണ്ടെന്നും അറിഞ്ഞുകൊള്ളണം.

ധർമ്മശാസ്ത്രം പ്രകാരം മനുഷ്യരെല്ലാം ജീവിക്കുകയേ വേണ്ടൂ. സാത്വികമായിട്ട് ആനന്ദങ്ങളെ ആസ്വദിച്ചുകൊള്ളുക, മറ്റുള്ളവരെ സാത്വികമായിട്ട് സ്നേഹിക്കുകയും സഹായിക്കുകയും ആവാം.

കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ ദൈവത്തെ വിസ്മരിക്കുന്നതും വിസ്മരിക്കാത്തതും, മഹാശക്തിയും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ ദൈവത്തിന് വിഷയമല്ല.

സത്യം ശിവം സുന്ദരം.

ന്യൂറോണുകൾ

മനുഷ്യാവസ്ഥയിലെത്തുന്ന ജീവിക്ക് മഹാശാസ്ത്രം മുഴുവൻ ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനുഷ്യരുടെ തലയിലെ ന്യൂറോണുകളിൽ മഹാശാസ്ത്രം മുഴുവൻ സ്ഥാപിച്ചിട്ടുണ്ട്.

മറ്റൊരു വിധത്തില് പറഞ്ഞാൽ ഓരോ മനുഷ്യരുടെയും തലയിലെ ന്യൂറോണുകളിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും ഉൾക്കൊള്ളാനുള്ള ഇടമുണ്ട്. മനുഷ്യന്റെ 100 ജന്മങ്ങളിൽ, ഒരു ജന്മത്തിൽ മാത്രം മഹാശാസ്ത്രം മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുന്നതും, പ്രസ്തുത ജന്മത്തിൽ മാത്രം മനുഷ്യൻ ദൈവത്തെ മഹാശാസ്ത്രപരമായി ആരാധിക്കുന്നതും, ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും സുവ്യക്തമായി അറിയുന്നതുമാണ്. മറ്റു ജന്മങ്ങളിലെ ജീവിതത്തിന് മനുഷ്യരുടെ ശിരസ്സിലുള്ള ന്യൂറോണുകളിൽ സുമാർ **പൈ** (= 3.14..)* അളവിലുള്ള ന്യൂറോണുകൾ മാത്രമേ വേണ്ടതുള്ളൂ, ആകയാൽ അങ്ങനെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ, ബാക്കിയത്രയും നിർജ്ജീവം പോലെയുള്ള അവസ്ഥയിൽ ആണെന്നതിന്റെ കാരണമാണ് വിശദമാക്കിയത്. (* പൈ = 3.14 : ഗണിതശാസ്ത്രത്തിലും, ജ്യോതിശ്ശാസ്ത്രത്തിലും മറ്റ് അനവധി ശാസ്ത്രശാഖകളിലും അത്ഭുതമായിരിക്കുന്ന പൈ-യുടെ ആവിഷ്ക്കാരത്തെപ്പറ്റി/ സൃഷ്ടിയെപ്പറ്റി മഹാപ്രപഞ്ചത്തിലെ ന്യൂനശക്തിൾ എന്ന അദ്ധ്യായത്തിൽ ഭാഗികമായി വിശദീകരിച്ചിട്ടുണ്ട്.).

തലച്ചോറിലെ ന്യൂറോണുകൾ കമ്പ്യൂട്ടറിലെ വിവരങ്ങൾ സൂക്ഷിക്കുന്ന ഹാർഡ് ഡിസ്ക് പോലെയാണ്. ചുരുക്കി പറയുമ്പോൾ, ഒരു ഭാഗത്ത് നിർജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങൾ; മറ്റൊരു ഭാഗത്ത് മനുഷ്യർ മുജ്ജന്മങ്ങളിലൂടെ നേടിയ പുണ്യങ്ങളും പാപങ്ങളും; ഇനിയുമൊരു ഭാഗത്ത് തജ്ജന്മത്തിലെ ചെയ്തികളും, അവയുടെ പുണ്യങ്ങളും പാപങ്ങളും. തലയിലെ ഒരു ഭാഗത്ത് ന്യൂറോണുകളിലായി സൂക്ഷിച്ചിട്ടുള്ള നിർജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങളെപ്പറ്റി പറയുമ്പോൾ അവയെ 90 ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ഓരോരോ ജന്മങ്ങളിലും ഓരോ ഭാഗം മാത്രം പ്രവർത്തിക്കുന്നു. മനുഷ്യന് നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗം ചെയ്താൽ ഓരോ ഭാഗങ്ങളെയും മംഗളമായി പൂർത്തിയാക്കാന് കഴിയുന്നതാണ്. ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴില് അഭിരുചി, വിനോദ അഭിരുചി തുടങ്ങിയവയെ ജന്മഗുണങ്ങളായി നിശ്ചയിച്ചുകൊണ്ടുള്ള മഹാനീതിശാസ്ത്രം സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും മനുഷ്യജന്മങ്ങളെ നിയന്ത്രിക്കുന്നു. മഹാശക്തിയായ ദൈവം മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴില്, വിനോദം, ആനന്ദം തുടങ്ങിയവയിൽ എല്ലാവർക്കും സമനീതി നൽകുന്നു. എല്ലാവർക്കും എല്ലാ തൊഴിലുകളും ചെയ്യാനുള്ള അവസരവും, ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം മഹാസമമായി ആസ്വദിക്കാനുള്ള അവസരവും അതിൽപെടുന്നു.

ബുദ്ധിശക്തി, ഓർമ്മശക്തി

ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ മുമ്പറഞ്ഞ 90 ഭാഗങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. **കൃഷിക്കാരനും ചിത്രകാരനും തങ്ങളുടെ തൊഴിൽ മംഗളമായി ചെയ്യുന്നതിന് അണുശാസ്ത്രജ്ഞന്റെയോ ജ്യോതിശ്ശാസ്ത്രജ്ഞന്റെയോ കണക്കപ്പിള്ളയുടെയോ ബുദ്ധിശക്തികള് ആവശ്യമില്ല. ആവശ്യമില്ലെന്നു മാത്രമല്ല, അവരുടെ ആനന്ദം കുറയാനും നഷ്ടപ്പെടാനും അവർക്കാവശ്യമില്ലാത്ത ബുദ്ധിശക്തികൾ കാരണമാകുന്നതാണ്.** ഇത്തരം അടിസ്ഥാന കാര്യങ്ങളെ മനുഷ്യർ വ്യക്തമായി ഉൾക്കൊള്ളേണ്ടതുണ്ട്. ബുദ്ധിശക്തികളിലും ഓർമ്മശക്തികളിലും അഹങ്കരിച്ചുകൂടാ. ബുദ്ധി, ഓർമ്മ എന്നിവയോടുകൂടി ശക്തി അഥവാ ഓക്സിജൻ പ്രവർത്തിക്കുന്നതിന് അനുസരിച്ചുമാത്രമേ ഏതൊരാളും മന്ദബുദ്ധിയും, ബുദ്ധിശാലിയും, ബുദ്ധിജീവിയുമൊക്കെയാകുള്ളൂ എന്ന പരമസത്യം അറിയണം. കൊച്ചുകുട്ടികൾ പോലും മുതിർന്നവരായ ബുദ്ധിശാലികളെ പലപ്പോഴും ഉത്തരം മുട്ടിക്കുമ്പോഴും, തങ്ങൾക്ക് അറിയാവുന്ന വസ്തുത കൃത്യസമയത്ത് പറഞ്ഞ് മറ്റൊരാളെ വാക്കുകൊണ്ട് പരാജയപ്പെടുത്താൻ കഴിയാഞ്ഞതിലും, മറ്റൊരാൾ ജയിക്കുമ്പോഴും, മനസ്സിലാക്കേണ്ടത് ശക്തിയുടെ അഥവാ ഓക്സിജന്റെ മഹാനീതിശാസ്ത്രപരമായ മഹാപ്രവർത്തനമാണ് കാര്യങ്ങളെ മഹാനിശ്ചയിക്കുന്നത് എന്നാണ്.

തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ടെന്ന് മുമ്പ് വ്യക്തമാക്കിയത് ഗ്രാഹ്യ-സൗകര്യം കണക്കാക്കി ആവർത്തിക്കുന്നു :- തൊഴിലുകളെയും വിനോദങ്ങളെയും വ്യക്തിക്ക് ലഭ്യമാവുന്ന ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്; അതേസമയം **ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചി യെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം, മുമ്പ് വ്യക്തമാക്കിയതു പോലെ ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.**

സാധാരണ മനുഷ്യജീവിതം നയിക്കുന്ന വ്യക്തിയെ സാധാരണക്കാരായും തങ്ങളേക്കാൾ താണവരായും രാജാവും പണ്ഡിതന്മാരും മറ്റും കരുതിക്കൂടാ.

ജന്മങ്ങളുടെ എണ്ണംകൊണ്ടും പുണ്യക്കൂടുതൽ കൊണ്ടും, ധർമ്മശാസ്ത്രപരമായ മറ്റു ഘടകങ്ങൾ കൊണ്ടും യോഗ്യത കൂടുതൽ ഉള്ളവരെങ്കിൽ, അവരിലെ ന്യൂറോണുകളെ മഹാനീതിശാസ്ത്രപ്രകാരം ദൈവം ശക്തിപ്പെടുത്തുമ്പോൾ, അവർ മഹാജ്ഞാനികളായി മാറുന്നതാണ്. മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനും മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായം പഠിക്കുമ്പോൾ ആവക കാര്യങ്ങൾ സുവ്യക്തമാകുന്നതാണ്.

യാതൊരു മത്സരങ്ങളും ദൈവീകമല്ല / ധർമ്മശാസ്ത്രപരമല്ലാ എന്നുകൂടിയാണ് വ്യക്തമാക്കിയത്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. **മത്സരിക്കുന്നവർ ജയിച്ചാലും തോറ്റാലും നേടുന്നത് നഷ്ടങ്ങളാണ്.**

എല്ലാ കുഞ്ഞുങ്ങളും സമ-ആനന്ദത്തോടെ മോക്ഷം നേടാനുള്ള മഹാപദ്ധതികളാണ് എല്ലാവരുടെയും മഹാപിതാവും മഹാമാതാവുമായ ഏകദൈവം മഹാഒരുക്കിയിട്ടുള്ളത്.

യാതൊരാളും മറ്റാരെയുംകാൾ കേമരോ മോശക്കാരോ അല്ല. യാതൊരാളും ഭൂമിയിലെ ഏറ്റവും കേമനായ രാജാവിനേക്കാൾ ചെറിയവരുമല്ല; ഭിക്ഷക്കാരേക്കാൾ വലിയവരുമല്ല. ദൈവത്തിനു മാത്രം മഹത്വം.

മഹാശാസ്ത്രത്തിന്റെ 3 ശാഖകളായ ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയശാസ്ത്രം, എന്നിവയും അവയുടെ ശാഖകളും ഉപശാഖകളുമെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്ന് മഹാഉത്ഭവിക്കുമ്പോള്, മനുഷ്യരുടെ മുന്നിലുള്ള എല്ലാ ശാസ്ത്രശാഖകളെയും അവ പ്രകാരമുള്ള ശാസ്ത്ര സൗകര്യങ്ങളെയും മഹാകാര്യങ്ങളായി മനസ്സിലാക്കാനും, പുതിയ വീക്ഷണത്തോടെ സമീപിക്കാനും വൈകാതെ മനുഷ്യര്ക്കു കഴിയുന്നതാണ്. ഓരോ ജീവികളുടെയും ആദ്യസൃഷ്ടിയായ മത്സ്യത്തെ, ദൈവം സൃഷ്ടി എന്നതിന് ഉപരിയായി കുഞ്ഞായിട്ടാണ് കണക്കാക്കുന്നത് എന്നു ബോദ്ധ്യമാകും.

മഹാശക്തിയുടെ മഹാഭാവങ്ങളായ സത്യ-ധര്മ്മ-നീതികളെയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും, മഹാനീതിശാസ്ത്രത്തെയും അടിസ്ഥാനപ്പെടുത്തിയാണ് മഹാശാസ്ത്രത്തെ മുമ്പറഞ്ഞ 3 ശാഖകളായി അഥവാ 3 വേദങ്ങളായി മഹാവിഭജിച്ചിട്ടുള്ളത്. മഹാനീതിയുമായി ബന്ധപ്പെട്ടിരിക്കുകയാല് മഹാപ്രപഞ്ചത്തിന്റെ ആത്മീയ ഭാഗത്തിന് ഗൂഢത കൂടുതലുണ്ട്. മഹാദേവി തന്റെ തന്നെ ഭാഗമായ പരമശിവനെ കാലാകാലങ്ങളില് ഭൂമിയിലയച്ച് ആത്മീയശാസ്ത്ര കാര്യങ്ങളെയും ധര്മ്മശാസ്ത്രകാര്യങ്ങളെയും ക്രമപ്പെടുത്തുന്നുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് സ്ഥാപിച്ചിട്ടുള്ള ധര്മ്മശാസ്ത്ര നിയമങ്ങളും അവ പ്രകാരമുള്ള വസ്തുക്കളുടെ പ്രവര്ത്തനങ്ങളും മനസ്സിലാക്കുമ്പോള്,

മഹാപ്രപഞ്ചത്തിന്റെ ധര്മ്മം വെളിപ്പെടുകയാണ്. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ധര്മ്മശാസ്ത്ര പാഠങ്ങളെ കണ്ടെത്താനും ഉന്നതമായ പാഠങ്ങള് കണ്ടെത്തി ആനന്ദിക്കാനും മനുഷ്യന് അവസരങ്ങളെയും വ്യക്തിസ്വാതന്ത്ര്യത്തെയും ദൈവം നല്കിയിരിക്കയാണ്. ഖേദകരമെന്നു പറയട്ടെ ശരിയായ ധര്മ്മശാസ്ത്ര പാഠങ്ങളെ കണ്ടെത്തുന്നതിലും കണ്ടെത്തുന്നവയെ പരിപാലിക്കുന്നതിലും മനുഷ്യന് കടുത്ത വീഴ്ച പറ്റി. ഈ-മഹാഗ്രന്ഥം പഠിക്കുമ്പോള് അത് ബോദ്ധ്യമാകുന്നതാണ്; അനുഭവിച്ച് അറിയുന്ന വസ്തുതയുമാണ്.

മനുഷ്യ ഭരണകൂടിത്തിന് നീതിന്യായം നടത്തുവാൻ നിയമസംഹിത ആവശ്യമുള്ളതു പോലെ, മാനുഷിക കാര്യങ്ങളിൽ ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ സർവ്വ കാര്യങ്ങളിലെയും ധർമ്മശാസ്ത്രങ്ങളെ നിശ്ചയിക്കുന്നത് ദൈവമാണെങ്കിൽ മാത്രമേ ദൈവത്തിന് നീതി നടത്താനാവൂ എന്നത് അല്പം ചിന്തിച്ചാൽ വ്യക്തമാവുന്ന കാര്യമാണ്.

ബ്രഹ്മമായിരിക്കുന്ന മഹാദേവിക്ക് ആദിയില്ലെങ്കിലും, മഹാദേവി സൃഷ്ടിക്കുന്നതായ മഹാപ്രപഞ്ചത്തിന് ആദിയുണ്ട്.

എന്നാൽ അന്തമില്ലായ്മയും നിശ്ചലത്വവും ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ ഗുണങ്ങളെ എന്തും മഹാദേവി മാത്രമാണ് എപ്പോഴും നിശ്ചയിക്കുന്നത്..

പ്രകൃതിയെയും പ്രകൃതിയിലെ ആകർഷണങ്ങളെയും മഹാ-സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു പോരുന്ന ദൈവം ഓരോരോ വിഷയങ്ങളിലും മഹാനിശ്ചയിച്ചിട്ടുള്ള നീതിയെന്തെന്ന് അറിയാൻ പോലും ശ്രമിക്കാതെ ദൈവത്തെത്തന്നെ മറന്ന രീതിയിൽ പ്രമാണങ്ങളും ഗ്രന്ഥങ്ങളും ചമയ്ക്കുവാൻ മനുഷ്യർ തയ്യാറായി. ദൈവീകനിയമങ്ങള് കണ്ടെത്തുവാന് ദൈവീകശുദ്ധിയോടെ പരിശ്രമിക്കേണ്ടതിനു പകരം തങ്ങള്ക്കു തോന്നുമ്പോലെയെല്ലാം നിയമങ്ങളുണ്ടാക്കാനും പരിഷ്ക്കാരങ്ങള് നിര്ദ്ദേശിക്കാനും മനുഷ്യര് തയ്യാറായി, ഭൂമിയിലെങ്ങുമുള്ള ധാര്മ്മിക അധഃപതനത്തിന് അത് മുഖ്യ കാരണവുമായി.... മതങ്ങളിലെ മനുഷ്യക്കഥകൾ ശാസ്ത്രനിയമങ്ങളല്ല, മതങ്ങളിൽ ശാസ്ത്രനിയമങ്ങൾ കുറച്ചുമാത്രമാണുള്ളത് എന്നതിൽനിന്ന് അര്ത്ഥമാക്കേണ്ടത് അവയിൽ ബാക്കിയുള്ളതൊന്നും ശാസ്ത്രങ്ങളല്ല എന്നുതന്നെയാണ്.

ദൈവശാസ്ത്രം 'ശാസ്ത്രം' മാത്രമാണ്. മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം അനന്തമാണ്, മഹാലളിതവുമാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം www.omsathyam.com എന്ന വെബ്സൈറ്റിലൂടെയും, മൊബൈൽ ഫോണിലൂടെയും ഒക്കെ വളരെ നീണ്ട ഒരു കാലഘട്ടം മഹാഗ്രന്ഥം മഹാപ്രചരിക്കുന്നതാണ്. മഹാഗ്രന്ഥത്തെ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനെ പ്പറ്റി മുമ്പ് സൂചിപ്പിച്ചിരുന്നു എങ്കിലും അച്ചടിക്കേണ്ടതായ ആവശ്യമില്ലെന്നാണ് വിഷയ വിശകലനം വ്യക്തമാക്കുന്നത്.

ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതിനാൽ, മഹാശാസ്ത്രത്തെ വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ, ഇ-ബുക്ക്, ഇത് കുറിക്കുന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷൻ, PDF **ഫയൽ, വെബ് സൈറ്റ്, തുടങ്ങിയവയ്ക്കെല്ലാം അടിസ്ഥാനപരമായിട്ട് ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ ഉണ്ടെന്നും, പേപ്പറുകളിലോ എഴുത്തോലകളിലോ മഹാശാസ്ത്രത്തെ പരിമിതപ്പെടുത്താൻ ഒട്ടും സാധിക്കില്ലെന്നും അറിയണം.** ഭൂമിയിലെങ്ങും ഉടൻ **മായ** പ്രത്യക്ഷമാക്കി ക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുമ്പോൾ **ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, എന്നിങ്ങനെ** 3 **വേദങ്ങളായിട്ട് മഹാവേദം എന്ന പേരിൽ മഹാശാസ്ത്രത്തെ അവതരിപ്പിച്ചേക്കാം. അപ്പോഴും ലിഖിത പ്രമാണങ്ങള്ക്ക് പ്രസക്തിയില്ല. മതങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും വിസ്മൃതിയിൽ ആവുന്നതോടെ മത-രാഷ്ട്രീയ വിമർശനങ്ങളും**

അവസാനിക്കും. നീണ്ട ഒരു കാലഘട്ടത്തിനു ശേഷം മഹാശാസ്ത്ര ഗ്രന്ഥങ്ങളും പ്രായേണ മഹാ-സംഹരിക്കപ്പെടുന്നതാണ്. മഹാവേദം എന്ന മഹാശാസ്ത്രം എല്ലായ്പ്പോഴും മണ്ണിലടിഞ്ഞ് മഹാഭദ്രമാണ്. സർവ്വം മണ്ണടി.

2015 അവസാനം മുതൽ മൊബൈൽ ഫോണിലെ വാട്സ്ആപ് വഴിയും മറ്റും പ്രസിദ്ധീകരിച്ചു വരുന്ന ദൈവ-വിപ്ലവ വിശകലനങ്ങൾ മഹാപ്രധാനങ്ങളാണ്.

2015 അവസാനം മുതൽ പ്രസിദ്ധീകരിച്ച ദൈവ-വിപ്ലവ വിശകലനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തിരുത്തലുകളും പരിഷ്ക്കാരങ്ങളും, കൂടാതെ അടുത്ത ഏതാനും നൂറ്റാണ്ടുകൾ കൊണ്ട് വെളിപ്പെടുന്ന ശാസ്ത്ര പാഠങ്ങളെയും ഭാവിയിൽ മഹാഗ്രന്ഥത്തിൽ ചേർക്കേണ്ടതാണ്.

മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം ആദിയും അന്തവും ഇല്ലാതെ മഹാശിവമാകുന്നതാണ്..
പരമശിവൻ.

(അദ്ധ്യായം 74)

മഹാശാസ്ത്രം :

ഒന്നാമത്തെ /മൂന്നാമത്തെ വേദം : ഭൗതികശാസ്ത്രം

മഹാശാസ്ത്രത്തിന്റെ 3 ശാഖകളിൽ മുഖ്യ ശാഖ ഭൗതികശാസ്ത്രമാണ്. മഹാശക്തിയായ ദൈവം (തന്നെ), മഹാപ്രപഞ്ചത്തിന്റെ മഹാഭരണവും മഹാനീതിയും മഹാനിർവ്വഹിക്കേണം എന്നതുകൊണ്ട്, മഹാപ്രപഞ്ചത്തിലെ സൂക്ഷ്മമായ ആറ്റങ്ങളിൽ അതിസൂക്ഷ്മമായി സ്ഥാപിച്ചിട്ടുള്ള ഭൗതിക ഘടകങ്ങളുടെ മഹാനീതിപരമായ പ്രവർത്തനകാര്യങ്ങൾ ഒഴികെ, മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങൾ സർവ്വതും സുതാര്യമാണ്. ....

യുക്തിശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിങ്ങനെയുള്ള ശാഖകളും അവയുടെയെല്ലാം ഉപശാഖകളും ചേർന്ന മഹാശാസ്ത്രശാഖയാണ് ഭൗതികശാസ്ത്രം.

മഹാപ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളുടെയും, എല്ലാ വസ്തുക്കളുടെയും ഘടനകളും പ്രവര്ത്തനകാര്യങ്ങളും ദൈവം മനുഷ്യര്ക്ക് യഥാകാലം തുറന്നുകൊടുക്കുന്നുണ്ട്. എല്ലാ മൂലകങ്ങളുടെയും / വസ്തുക്കളുടെയും ഘടനകളും പ്രവര്ത്തനകാര്യങ്ങളും തന്നെയാണ് വ്യത്യസ്ത ഭൗതിക ശാസ്ത്രശാഖകളും ഉപശാഖകളുമായി അറിയപ്പെടുന്നത്.

മഹാപ്രപഞ്ചത്തിലെ യാതൊരു ശാസ്ത്രനിയമങ്ങളെയും മനുഷ്യര് സൃഷ്ടിക്കുന്നില്ല; മനുഷ്യര് അവയെ കണ്ടെത്തുക മാത്രമാണ്, അഥവാ കാലാകാലങ്ങളില് ദൈവം വെളിപ്പെടുത്തുകയാണ്. ഇന്ന് മനുഷ്യർ ഉപയോഗിക്കുന്ന ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഒക്കെ ശാസ്ത്രനിയമങ്ങൾ അവ കണ്ടെത്തുന്നതിന് നൂറ്റാണ്ടുകള്ക്കും (അനേക കോടിവര്ഷങ്ങള്ക്കുമുമ്പും) പ്രപഞ്ചത്തിൽ അന്തര്ലീനമായിരുന്നു. നാളെ കണ്ടെത്തുന്ന നിയമം ഇന്നും പ്രപഞ്ചത്തിൽ അന്തര്ലീനമാണ്. നാളെ വെളിപ്പെടുത്താനായി ദൈവം മഹാനിശ്ചയിച്ചിട്ടുള്ള ശാസ്ത്രനിയമം ശാസ്ത്രജ്ഞന് ഇന്നു വെളിപ്പെട്ടുകിട്ടില്ല എന്നിങ്ങനെയുള്ള മഹാനീതികാര്യങ്ങൾ മഹാപ്രപഞ്ചത്തിന്റെ മഹാസൃഷ്ടിശാസ്ത്രമായ ഭൗതികശാസ്ത്രത്തെ ഭരിക്കുന്നുണ്ട്.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും ഒരല്പം കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ജഗത്ത് അഥവാ **മഹാപ്രപഞ്ചം സത്യമാണ്; മിഥ്യയല്ല; മിഥ്യകളെ സൃഷ്ടിക്കുന്ന ഒന്നല്ല ദൈവം. മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും "സത്യം" മാത്രമാണ്.**

മഹാപ്രപഞ്ചത്തിലെ ജീവികളുടെയും വസ്തുക്കളുടെയും കാര്യങ്ങളിൽ സംഭവിച്ചവയും (സത്യം), സംഭവിച്ചുകൊണ്ടിരിക്കുന്നതും (ധർമ്മം), സംഭവിക്കാനാരിക്കുന്നതും (നീതി) എല്ലാം "സത്യം"-ന്റെ 3 അവസ്ഥകൾ മാത്രമാണ്.

വാതകാവസ്ഥ സത്യത്തിന്റെ ഒന്നാമത്തെ അവസ്ഥയായ സത്യത്തെയും, ദ്രാവകാവസ്ഥ സത്യത്തിന്റെ രണ്ടാമത്തെ അവസ്ഥയായ ധർമ്മത്തെയും, ഖരാവസ്ഥ (മണ്ണ്) സത്യത്തിന്റെ മൂന്നാമത്തെ അവസ്ഥയായ നീതിയെയും കുറിക്കുന്നു. വാതകം, ദ്രാവകം, ഖരം എന്നീ 3 രൂപങ്ങളിലുമുള്ള വസ്തുക്കളും ജീവികളിലുണ്ട്. ജീവികളുടെയെല്ലാം രൂപത്തെയും അസ്തിത്വത്തെയും നിർണ്ണയിക്കുന്നത് മേല്പടി വസ്തുക്കളെ ഉപയോഗിച്ചാണ്.

ജീവാത്മാവ്, പരമാത്മാവ്, ശരീരം, ജീവൻ എന്നീ 4 ഘടകങ്ങളാണ് ജീവിയിൽ സമന്വയിച്ചു പ്രവർത്തിക്കുന്നത്.

ജീവാത്മാവിന് വാതകാവസ്ഥയാണ് ഉണ്ടാവുക എന്ന് സുവ്യക്തമായി മനസ്സിലാക്കാനാവും. ആറ്റത്തിൽ ന്യൂട്രോൺ ഇല്ലാത്ത ഏക മൂലകമായ ഹൈഡ്രജൻ തന്നെയാണ് ജീവാത്മാവ്.

പരമാത്മാവിന്റെ അംശമാണ് ജീവാത്മാവ്. അതായത് മഹാപ്രപഞ്ചത്തിലെങ്ങും മഹാവ്യാപിച്ചിട്ടുള്ള പരമാത്മാവായ ഹൈഡ്രജന്റെ ഒരംശം മാത്രമാണ് ഓരോ ജീവികളുടെയും സ്വത്വമായ ജീവാത്മാവ്.

ജീവനാണ് അഥവാ ശക്തിയാണ് മഹാപ്രപഞ്ചത്തിലെ വസ്തുക്കൾക്കും ജീവികൾക്കുമെല്ലാം പ്രവർത്തിക്കാനുള്ള ശക്തികളെ, (ദൈവം മഹാഅനുഗ്രഹിച്ചു) നൽകുന്നത് . ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ആണ് "ജീവൻ".

ജീവിയുടെ ശരീരത്തിലെ ജീവന്റെ കേന്ദ്രം ഹൃദയം. പരമാത്മാവിന്റെയും ജീവാത്മാവിന്റെയും കേന്ദ്രം നെറുക/ ബ്രെയിന്റെ മുൻഭാഗം.

ജീവൻ അഥവാ ശക്തി അഥവാ ഓക്സിജൻ ശരീരത്തിൽ പ്രവർത്തിക്കുന്നത് ജീവന്റെ മഹാ ഇഷ്ടപ്രകാരമാണ്; മഹാനീതിശാസ്ത്ര പ്രകാരമാണ്. ജീവൻ അഥവാ ഓക്സിജൻ, ദൈവത്തിന്റെ ദ്രാവക രൂപമായ ജലമടങ്ങിയ രക്തത്തിലൂടെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്നു. പരമാത്മാവായ ഹൈഡ്രജനും പ്രത്യക്ഷദൈവമായ ശരീരത്തിന്റെ അഥവാ ജീവനായ ഓക്സിജന്റെ ജീവൻപ്രകാരം

പങ്കെടുക്കുന്നുണ്ട്. ജീവൻ തന്നെയാണ് രക്തത്തിലൂടെ ജീവാത്മാവായ ഹൈഡ്രജനെ ശരീരത്തിലെങ്ങും വ്യാപരിപ്പിക്കുന്നത്. അതിലൂടെ ജീവാത്മാവിന് ആനന്ദങ്ങളെയും (വേദനകളെയും) അനുഭവിക്കാൻ സാധിക്കുന്നു.

ഭൗതികശാസ്ത്രജ്ഞന്മാര്ക്ക് വെളിപ്പെടുത്താന് കഴിഞ്ഞിട്ടില്ലാത്തതും, ദൈവം തന്റെ പ്രതിനിധിയിലൂടെ മാത്രം വെളിപ്പെടുത്താന് മഹാനിശ്ചയിച്ചിട്ടുള്ളതുമായ എല്ലാ ശാസ്ത്രശാഖകളുടെയും അടിസ്ഥാന ഘടനയും ഉത്ഭവവും മഹാഗ്രന്ഥത്തിന്റെയും, മഹാഗ്രന്ഥത്തിന്റെ ഭാഗമായി കണക്കാക്കേണ്ടുന്ന ഈ PDF ഫയലിലും വിശദമാക്കിയിട്ടുണ്ട്. പ്രകൃതി, പ്രകൃതി നിയമങ്ങള്, പ്രകൃതിയുടെ സമതുന്തിലിതാവസ്ഥ എന്നിങ്ങനെയെല്ലാം മനുഷ്യര് ഓരോരോ പേരുകൾ ഇട്ടിട്ടുള്ളത് ഉള്പ്പെടെയുള്ള കാര്യങ്ങൾ ഓംകാരത്തിന്റെയും ഓംകാര നീതിശാസ്ത്രത്തിന്റെയും ഭാഗങ്ങളാണെന്നും വെളിപ്പെടുത്തിയിരിക്കുന്നു.

അനന്തമായ ഭൗതികശാസ്ത്ര ശാഖകളുടെ അല്പം വിശദീകരണം ഇ-മഹാഗ്രന്ഥത്തിൽ ഉടനീളമുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 75)

മഹാശാസ്ത്രം : രണ്ടാമത്തെ ശാഖ /

രണ്ടാമത്തെ വേദം : ധർമ്മശാസ്ത്രം

മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖ ധർമ്മ ശാസ്ത്രമാണ്. പ്രപഞ്ചത്തിലെ എല്ലാ ജീവികൾക്കും വസ്തുക്കൾക്കും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം മഹാനിശ്ചയിച്ചിട്ടുള്ള ധർമ്മങ്ങളെയാണ് ധർമ്മ ശാസ്ത്രം എന്നു പറയുന്നത്. ജീവികളുടെ ജീവിതരീതികളും പൊതു സ്വഭാവങ്ങളും ധർമ്മ ശാസ്ത്രത്തിന്റെ ഭാഗമാണ്. ജീവികളെയെല്ലാം അന്യോന്യം പരിചയപ്പെടുത്തുന്നതും ജീവികളുടെ ധര്മ്മശാസ്ത്രമാണ്. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ഘടനകളും പ്രവര്ത്തനകാര്യങ്ങളും ദൈവം മനുഷ്യര്ക്ക് യഥാകാലം വെളിപ്പെടുത്തുമ്പോൾ ഭൗതികശാസ്ത്ര പാഠങ്ങൾ മാത്രമല്ല വെളിപ്പെടുന്നത്, അവയുടെയെല്ലാം ധര്മ്മങ്ങൾ കൂടി വെളിപ്പെടുന്നുണ്ട്. മഹാപ്രപഞ്ചത്തില് മനുഷ്യര്ക്കെല്ലാം ഒരുപോലെ വ്യക്തിസ്വാതന്ത്ര്യവും പരമാനന്ദകരമായ ജീവിതവും ആസ്വദിക്കുവാന് ഉതകുന്നതായ ധര്മ്മശാസ്ത്രങ്ങളെ മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ലളിതമായും പ്രത്യക്ഷമായും പ്രകടമായും മഹാശക്തിയായ ദൈവം മഹാസ്ഥാപിച്ചിരിക്കുകയാണ്. മഹാപ്രപഞ്ചത്തിലെ യാതൊരു ധര്മ്മശാസ്ത്ര നിയമങ്ങളെയും ദൈവം

സൂക്ഷ്മങ്ങളാക്കിയിട്ടില്ല. മഹാപ്രപഞ്ചത്തിലെ സ്ഥിതി കാര്യങ്ങളെ അഥവാ ജീവിത-ധര്മ്മകാര്യങ്ങളെ സര്വ്വതും ദൈവം സുതാര്യമാക്കിയിരിക്കുകയാണ്. മനുഷ്യരുടെ ആനന്ദങ്ങളെ വര്ദ്ധിപ്പിക്കുന്നതിനു വേണ്ടി അവരുടെ മഹാമാതാവായ ദൈവം കാട്ടിയിട്ടുള്ള മഹാകരുണയായും അതിനെ കണക്കാക്കണം.

യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, കര്മ്മശാസ്ത്രം (തൊഴില്), സാമ്പത്തികശാസ്ത്രം, ഭരണതന്ത്രം, നീതിന്യായശാസ്ത്രം, എന്നിങ്ങനെയുള്ള ശാഖകളും അവയുടെയെല്ലാം ഉപശാഖകളും ചേര്ന്ന മഹാശാസ്ത്രശാഖയാണ് ധര്മ്മശാസ്ത്രം.

ധര്മ്മശാസ്ത്രത്തിന്റെ വ്യത്യസ്ത ശാഖകളിലെയെല്ലാം നിയമങ്ങളെ ദൈവം ലളിതമായും പ്രത്യക്ഷമായും പ്രകടമായും മഹാസ്ഥാപിച്ചിരിക്കുന്നു, സൂക്ഷ്മങ്ങളാ ക്കിയിട്ടില്ല, സുതാര്യമാക്കിയിരിക്കുന്നു എന്നതിന് ഏതാനും ഉദാഹരണങ്ങള് പറയാം :-

(1) സത്യം പറയണം. ഭൂമിയില് കാണുന്നതും കേള്ക്കുന്നതും അറിയുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങളെ മായം ചേര്ക്കാതെ പറയുകയും പ്രവര്ത്തിക്കുകയും വേണം. പകരം എല്ലാവരും കള്ളങ്ങൾ മാത്രം പറയുകയാണെങ്കില് ജീവിക്കാനാവില്ല.

(2) പ്രകൃതിയിലെ ജീവി-വര്ഗ്ഗങ്ങളുടെയെല്ലാം പൊതുസ്വഭാവങ്ങളെയും ഓരോരോ ജീവികളുടെയും തനിപ്പെട്ട സ്വഭാവങ്ങളെയും അവയുമായി ഇടപഴകുമ്പോള് വളരെയധികം മനസ്സിലാകുന്നതാണ്.

(3) കാറ്റടിക്കുമ്പോൾ വായുവിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയും, പ്രവർത്തനങ്ങളെപ്പറ്റിയും വളരെയധികം അറിവ് ലഭിക്കുന്നു.

(4) പ്രകൃതിയിലെ വെള്ളം, മണ്ണ് എന്നിവയുടെ സ്വഭാവങ്ങളെ മനസ്സിലാക്കാനും ഉപയോഗപ്പെടുത്താനും കഴിയുന്നു.

(5) സ്വര്ണ്ണം, ഇരുമ്പ്, യുറേനിയം തുടങ്ങിയ മൂലകങ്ങളുടെയും, ഉപ്പ്, പെട്രോള്, മദ്യം, ആസിഡുകൾ, ആൽക്കലികൾ തുടങ്ങിയ സംയുക്തങ്ങളിലെയും, പ്രകാശം, ചൂട്, ഇലക്ട്രിസിറ്റി, തുടങ്ങിയ ഊര്ജ്ജങ്ങളുടെയും നിയമങ്ങളെ മനസ്സിലാക്കാൻ കഴിയുമ്പോൾ, അവയെ എന്തിനെല്ലാം ഉപയോഗിക്കാമെന്നും, എന്തിനെല്ലാം മാത്രം ഉപയോഗിക്കണമെന്നും, എന്തിനെല്ലാം ഉപയോഗിച്ചു കൂടെന്നും കൂടി വെളിപ്പെടുന്നുണ്ട്.

ധര്മ്മശാസ്ത്രത്തിന്റെ ശാഖകളായ സദാചാരശാസ്ത്രം, തൊഴില് (കര്മ്മശാസ്ത്രം), സാമ്പത്തിക ശാസ്ത്രം എന്നിവകളിലെ നിയമങ്ങളും ലളിതവും സുതാര്യവും ആണെങ്കിലും, അവയെ യഥോചിതം ഉള്ക്കൊള്ളാന് മനുഷ്യര്ക്ക് സാധിച്ചില്ല. മതങ്ങളും, രാഷ്ട്രീയ പാര്ട്ടികളുമൊക്കെച്ചേര്ന്ന് ധര്മ്മശാസ്ത്ര കാര്യങ്ങളെ അവയുടെ സ്വത്താക്കാന് ശ്രമിച്ചതാണ് മുഖ്യ കാരണം. മഹാ-ഭാവത്തെയും പ്രപഞ്ചത്തെയും ശാസ്ത്രത്തെയും മനുഷ്യര് നിന്ദിക്കുന്നു.; ശരീര നിന്ദ (സദാചാരശാസ്ത്രം: മദ്യം, മയക്കുമരുന്ന് ...); ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം/സെക്സ്); മത്സരങ്ങള് പാടില്ല; വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും ; കപടദൈവങ്ങളെയും കുട്ടിദൈവങ്ങളെയും ആരാധിച്ചുകൂടാ തുടങ്ങിയ അദ്ധ്യായങ്ങളില് വിശദീകരണമുണ്ട്. ചുരുക്കിപ്പറയുമ്പോള്, ധര്മ്മശാസ്ത്രജ്ഞരെന്നും സാമൂഹ്യപ്രവര്ത്തകരെന്നും പേരിടാവുന്ന ക്രൈസ്റ്റിലൂടെയും ഗാന്ധിയിലൂടെയും, ദൈവം വെളിപ്പെടുത്തിയ ധര്മ്മശാസ്ത്ര കാര്യങ്ങളെയും നീതിശാസ്ത്ര കാര്യങ്ങളെയും, ശാസ്ത്രപരമായി സംരക്ഷിക്കുവാന് മനുഷ്യര്ക്കു സാധിച്ചില്ല. ദൈവം, ഭൗതികശാസ്ത്രജ്ഞരിലൂടെ വെളിവാക്കിയ ഭൗതികശാസ്ത്ര നിയമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്രസാങ്കേതിക വികസനം നടത്തുകയും (മതപരമായല്ലാതെ), ജീവിതസുഖ സൗകര്യങ്ങള് വര്ദ്ധിപ്പിക്കുന്ന ഭൗതികവസ്തുക്കള് സൃഷ്ടിച്ച് മാനവജാതിക്കു മുഴുവനായി പ്രയോജനപ്പെടുത്തുന്നതു പോലെ; ദൈവം ക്രൈസ്റ്റിലൂടെയും ഗാന്ധിയിലൂടെയും വെളിവാക്കിയ

സത്യങ്ങളെയും ധര്മ്മങ്ങളെയും ശാസ്ത്രപരമായി
ഉയര്ത്താനും മാനവജാതിക്കു മുഴുവനായി
പ്രയോജനപ്പെടുത്താനുമുള്ള ശ്രമങ്ങളാണു
വേണ്ടിയിരുന്നത്. പകരം ക്രൈസ്റ്റിലൂടെ വെളിപ്പെട്ടതായ
അത്യുന്നതങ്ങളായ ധര്മ്മശാസ്ത്രപാഠങ്ങളെ
മതപരമായി പരിമിതപ്പെടുത്തുവാന്
മതപുരോഹിതന്മാരുടെ അധമപ്രവര്ത്തനങ്ങള്
കാരണമായി. ഗാന്ധിയിലൂടെ വെളിപ്പെട്ടവയെ
ഭരണാധികാരികളും, രാഷ്ട്രീയപാര്ട്ടി നേതാക്കളും
ചേര്ന്ന് ഗാന്ധിസം എന്ന പേരിലുള്ള ഒരു ഇസമാക്കി
പരിമിതപ്പെടുത്തി. രാഷ്ട്രത്തിലെ ഭരണഘടനയുടെ
ഭാഗമായിട്ടുപോലും ദൈവ-വചനങ്ങള്ക്ക് വികസിക്കാന്
കഴിയാതെവന്നു. ദൈവം ക്രൈസ്റ്റിലൂടെയും
ഗാന്ധിയിലൂടെയും വെളിപ്പെടുത്തിയ ദൈവവചനങ്ങളെ
ദേവാലയങ്ങളിലും വീടുകളിലും വായിക്കാനുള്ള
സൂത്രങ്ങളായി പരിണമിപ്പിച്ചു. അതായത്,
മതപുരോഹിതന്മാരുടെ ദുര്ന്നടപടികളാല് ക്രൈസ്റ്റിലൂടെ
വെളിവാക്കപ്പെട്ട ശാസ്ത്രസത്യങ്ങള്
ഭൂമിയിലൊക്കെയുമുള്ള മനുഷ്യരിലേക്ക്
ശാസ്ത്രപരമായി വ്യാപരിക്കുന്നതിന് തടസ്സമുണ്ടായി,
ഇന്നും അവര് തങ്ങള് ചെയ്ത ഘോരപാപം
തിരിച്ചറിയുന്നില്ല. ക്രൈസ്റ്റിലൂടെയും ഗാന്ധിയിലൂടെയും
വെളിപ്പെടുത്തിയ ദൈവവചനങ്ങളെ മായ
പ്രത്യക്ഷമാക്കുമ്പോള് ദൈവം സംരക്ഷിക്കുന്നതായിട്ട്
ബോദ്ധ്യമാവുന്നതാണ്. സത്യമായ ഏതാനും
ദൈവകാര്യങ്ങളെ മാറ്റിവച്ചാല് മതങ്ങളിലെ ബാക്കി
കാര്യങ്ങള് മുഴുവനും അസത്യങ്ങളും അധര്മ്മങ്ങളും
അനീതികളും ആവുകയാല് അവയെല്ലാം അഥവാ

മതങ്ങളെയെല്ലാം, അവയെ ചുമന്നുനടന്ന
മതപുരോഹിതന്മാരും മതവിശ്വാസികളും തന്നെ
നശിപ്പിക്കുന്നതാണ്.

ധര്മ്മശാസ്ത്രത്തെപ്പറ്റി തുടര്ന്നു പറയുമ്പോള്,
മനുഷ്യര്ക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കാനായി,
മനുഷ്യരെ ഭരണം ഏല്പിച്ചിട്ടുള്ളതായ സദാചാരശാസ്ത്രം,
കര്മ്മശാസ്ത്രം (തൊഴില്), സാമ്പത്തികശാസ്ത്രം,
ഭരണശാസ്ത്രം, ഭാഗിക-നീതിന്യായശാസ്ത്രം
തുടങ്ങിയവയെ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തില്
പ്രത്യേകം പ്രത്യേകം അദ്ധ്യായങ്ങളിലായും പരക്കെയും
വിശദീകരിച്ചിട്ടുണ്ട്. ... ഏതാനും അദ്ധ്യായങ്ങളെ
/ഭാഗങ്ങളെ ചുവടെ ചേർക്കുന്നുണ്ട്.. എന്നിരിക്കിലും,
സാമ്പത്തികശാസ്ത്രം, ധര്മ്മശാസ്ത്രത്തിലെയും
നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം എന്നിവയെ
വിഷയഗൗരവം കണക്കാക്കി പ്രത്യേകം
അദ്ധ്യായങ്ങളിലായി ചുവടെ 4-ാം ഭാഗത്തിൽ തന്നെ
വിവരിക്കുന്നുണ്ട്.

മഹാശക്തിയായ മഹാദേവി ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതോടെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയായി ധര്മ്മശാസ്ത്രം സ്ഥാപിക്കപ്പെടുന്നതാണ്. മഹാശാസ്ത്രത്തന്റെ എല്ലാ ശാഖകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഭരണശാസ്ത്രം മഹാശുദ്ധവും മഹാമംഗളകരവുമായ ഭരണം സമൂഹത്തില് ഉറപ്പിക്കുന്നതാണ്. ധര്മ്മശാസ്ത്രപ്രകാരം ഭരണം നടക്കുമ്പോള് മാത്രമേ, ഭരണകൂടത്തിനെ **രാജ്യത്തിന്റെ** എന്ന അവകാശം പറയാനാവൂ. ഉദാഹരണമായി കേരളത്തിലെ ഭരണകൂടം, ഇന്ത്യയിലെ ഭരണകൂടം, കേരളത്തിലെ വലിയ കോടതി എന്നൊക്കെയുള്ള ധര്മ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത പദങ്ങള് മാത്രമേ നിലവിലുള്ള ധര്മ്മശാസ്ത്രപരമല്ലാത്ത ഭരണ സംവിധാനങ്ങള്ക്ക് ഉപയോഗിക്കാന് പാടുള്ളൂ. ഇന്ത്യാ ഗവണ്മെന്റ്, കേരള സര്ക്കാര് തുടങ്ങിയവ ധര്മ്മശാസ്ത്രത്തെ ഭരണഘടനയായി സ്വീകരിക്കുകയും ധര്മ്മശാസ്ത്രം പ്രകാരം പ്രവര്ത്തിക്കുകയും ചെയ്യുമ്പോള് മാത്രം ഉപയോഗിക്കാനുള്ളതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 34)

തൊഴിലുകൾ :
ദൈവീകമായ/ശാസ്ത്രപരമായ വിഭജനം

രണ്ടാമത്തെ വേദമായ ധര്മ്മശാസ്ത്രത്തിന്റെ ഒരു ശാഖയായ കര്മ്മശാസ്ത്രത്തെ അഥവാ തൊഴിലിനെ 4 വിഭാഗങ്ങളായി ദൈവം വിഭജിച്ചിട്ടുണ്ട്.

ഭൂമിയിലെ എല്ലാ തൊഴിലുകളും എപ്പോഴും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 ശാസ്ത്രവിഭാഗങ്ങളിൽ പെടുന്നതാണ്. തൊഴിലുകളെ മാത്രമല്ല, മനുഷ്യരുടെ എല്ലാ ജീവിതകാര്യങ്ങളെയും മേല്പടി 4 ശാസ്ത്രവിഭാഗങ്ങളായി വിഭജിക്കാൻ കഴിയുന്നതാണ്.

സമൂഹത്തിലെ ഭരണകൂടം പ്രവര്ത്തിക്കേണ്ടുന്നത് തൊഴിൽ വിഭജനങ്ങളെ ആധാരമാക്കിയാണെന്നും, ധര്മ്മശാസ്ത്രങ്ങളെ ആധാരമാക്കിയാണെന്നും വ്യാഖ്യാനിച്ചാൽ രണ്ടും ശരിയാണ്. തൊഴിൽ വിഭജനങ്ങള്ക്ക് ധര്മ്മശാസ്ത്രങ്ങളുമായി ലയ-ബന്ധമാണുള്ളത്.

മനുഷ്യര് അറിയുന്നതും അനുഭവിക്കുന്നതും പോലെ ശാസ്ത്രസാങ്കേതിക രംഗങ്ങളിലെല്ലാം പുതിയ പുതിയ തൊഴിൽ വിഭാഗങ്ങൾ രൂപംകൊള്ളുന്നുണ്ട്. ഉദാഹരണത്തിന് വിമാനത്തിന്റെ പ്രവര്ത്തനം സംബന്ധിച്ച ശാസ്ത്രനിയമം വെളിപ്പെട്ട് വിമാനം ഒരു യാഥാര്ത്ഥ്യമായപ്പോള് വിമാനവുമായി ബന്ധപ്പെട്ട നിരവധി തൊഴിലുകളും, കമ്പ്യൂട്ടർ വികസനത്തോടെ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട നിരവധി തൊഴിലുകളും ഉണ്ടായി. എന്നാൽ, **എത്രയെല്ലാം പുതിയ തൊഴിലുകള് ഉണ്ടായാലും ഭൂമിയിലെ എല്ലാ തൊഴിലുകളും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 ശാസ്ത്രവിഭാഗങ്ങളില് പെടുന്നതാണ്. വായനക്കാര്ക്ക് ഓരോ തൊഴിലുകളെയും വിശകലനംചെയ്ത് ശാസ്ത്രപരമായ വിഭജനം സ്വയം ബോദ്ധ്യപ്പെടാവുന്നതാണ്.**

മുൻ സൃഷ്ടിചക്രത്തില് സംഹാരം തുടങ്ങുംമുമ്പ് മഹാശാസ്ത്രം അഥവാ യഥാര്ത്ഥമായ വേദങ്ങള് വീണ്ടെടുത്തപ്പോള് ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 തൊഴിൽ വിഭജനങ്ങളും സ്ഥാപിക്കപ്പെടുകയുണ്ടായി. ആയവ കാലാന്തരത്തില് ജീര്ണ്ണിച്ച് കോലംകെട്ടതാണ് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശുദ്രൻ എന്നിങ്ങനെ ഭാരതത്തിൽ / ഹിന്ദുമതത്തിൽ ഇന്നുമുള്ള ചാതുർവര്ണ്ണ്യം. ഹിന്ദുമതത്തിലെ ചാതുർവര്ണ്ണ്യം ദൈവീകമല്ല അഥവാ ധര്മ്മശാസ്ത്രപരമല്ല എന്നര്ത്ഥം. ദൈവീകമായ അഥവാ ധര്മ്മശാസ്ത്രപരമായ 4 തൊഴില് വിഭജനങ്ങളുണ്ട് എന്നതിനെപ്പറ്റിയുള്ള ഒരു

പേക്കോലമെങ്കിലും ഹിന്ദുമതത്തില് ഉണ്ടെന്നും, മറ്റു മതങ്ങളിൽ അതുമില്ല എന്നു വ്യാഖ്യാനിക്കുമ്പോഴും, **ശാസ്ത്രവുമായി** കൂടുതൽ അടുപ്പമുള്ള മതം ഹിന്ദുമതമാണെന്ന് തെളിയുന്നുണ്ട്.

സ്ത്രീകളുടെ തൊഴിലുകള് ഇവിടെ വിശകലനം ചെയ്യുന്നില്ല. എന്തെന്നാല് സ്ത്രീകള്ക്ക് ഉന്നത സ്ഥാനമാണ് ദൈവം കല്പിച്ചിരിക്കുന്നതെന്നും, കുടുംബത്തിലും സമൂഹത്തിലും ധാര്മ്മികശുദ്ധി സൃഷ്ടിക്കപ്പെടുന്നതും പൂര്ത്തിയാവുന്നതും സ്ത്രീകളിലൂടെയാണെന്ന് ദൈവ നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന അദ്ധ്യായത്തില് വിസ്തരിച്ചിരുന്നു.

സ്ത്രീകളിലൂടെ നിര്വ്വഹിക്കപ്പെടുന്ന പ്രസവം, കുഞ്ഞുങ്ങളുടെയും കുട്ടികളുടെയും പരിചരണം, തുടങ്ങിയവയുടെ മുമ്പിൽ പുരുഷന്റെ എല്ലാ തൊഴിലുകളും നിസ്സാരങ്ങൾ മാത്രമാണെന്നും വിസ്തരിച്ചിരുന്നു.

തൊഴിലുകളെപ്പറ്റി പൊതുവെയുള്ള ഏതാനും കാര്യങ്ങളും ഭരണശാസ്ത്രം കൈയ്യാളുന്ന ഭരണകൂടത്തിന്റെ ഏതാനും പിഴവുകളും ഇനി പറയാം.

ദൈവം നല്കിയ തൊഴിൽ അഭിരുചികള്ക്കൊത്ത് ഇഷ്ടമുള്ള തൊഴിലുകൾ ചെയ്യാൻ വ്യക്തിക്ക് അവകാശമുണ്ട്.

സമൂഹത്തിലെ വ്യക്തികള്ക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന ഭരണകൂടത്തിന്റെ പ്രഥമ കര്ത്തവ്യം വ്യക്തികള്ക്ക് അവരുടെയും എല്ലാവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഉറപ്പാക്കുക എന്നതാണ്, നിയന്ത്രിക്കുകയോ കവര്ന്നെടുക്കുകയോ അല്ല.

കൃഷി ചെയ്യാനും, വസ്ത്രം നെയ്യാനും, ചുമട് എടുക്കാനും, വൈദ്യം പഠിക്കാനും, പഠിപ്പിക്കാനുമൊക്കെ ഓരോ വ്യക്തിക്കും സ്രഷ്ടാവ് നല്കിയിട്ടുള്ള സ്വാതന്ത്ര്യം ഇന്ന് തൊഴിലാളി യൂണിയനുകളും ഭരണാധികാരികളും മതനേതൃത്വങ്ങളുമൊക്കെ കവര്ന്നെടുത്തിരിക്കുകയാണ്.

വൈദ്യൻ അഥവാ ഡോക്ടർ ആകാൻ കുട്ടിക്കും, ഒരു കുട്ടിയെ വൈദ്യം പഠിപ്പിക്കാൻ ഒരു ഡോക്ടര്ക്കും വ്യക്തിസ്വാതന്ത്ര്യം ഉണ്ട് എന്നു വ്യക്തമാവുമ്പോള് ഇന്നത്തെ മെഡിക്കല് ഉള്പ്പെടെയുള്ള വിദ്യാഭ്യാസമേഖലകളിലെ അധമത്വം അവസാനിക്കുന്നതാണ്.

// ഇഷ്ടമുള്ള തൊഴില് ചെയ്യാന് വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട് എന്നു പറയുമ്പോള്, ഭരണാധികാരിയാവാനും അഥവാ രാജാവാകാനും സ്വാതന്ത്ര്യമുണ്ടോ എന്നു സംശയമുള്ളവര് ഉണ്ടാകും. സ്വാതന്ത്ര്യം ഉണ്ടെന്നു മാത്രമല്ല, അവസരവും ലഭിക്കുന്നതാണ്. മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോൾ വ്യക്തമാകുന്നതാണ്.

മറ്റൊന്ന്, ജീവിതത്തില് തൊഴിലിന്നുള്ള പ്രാധാന്യവും പദവിയും യഥാര്ത്ഥത്തില് എത്ര ചെറുതാണെന്ന് വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ജനങ്ങള്, പ്രത്യേകിച്ചും ഭരണാധികാരികള് തിരിച്ചറിയുന്നതാണ്. വ്യാഖ്യാനിക്കുമ്പോള്, ജീവിക്കാന് പണം വേണം എന്നല്ലാതെ പണത്തിനു വേണ്ടിയല്ല ജീവിക്കുന്നത് ; ജീവിക്കാന് തൊഴില് വേണം എന്നല്ലാതെ, തൊഴില് ചെയ്യാനല്ല ജീവിക്കുന്നത്.

ജീവിക്കുന്നത് എന്തിനുവേണ്ടിയാണ് എന്ന ചോദ്യത്തിന് അനന്തങ്ങളായ ആനന്ദങ്ങളെ അനുഭവിക്കാനും പരമാനന്ദം നുകരാനുമാണെന്ന് ബോദ്ധ്യമാകുന്നതാണ്. മുകളിൽ മോക്ഷം എന്ന അദ്ധ്യായത്തിൽ വിശദീകരണമുണ്ട്.

മാത്രമല്ല, **രാജാവിന്റെ പണിയെ ഒരു തൊഴിലായി കണക്കാക്കേണ്ട. ഒരു ദാസ്യ-വൃത്തിയാണത്.** അടിസ്ഥാനപരമായിട്ട്, ജനങ്ങള് നിര്ബ്ബന്ധിക്കുന്നതുകൊണ്ട് മാത്രം ഒരു വ്യക്തി, തന്റെ ജീവിതത്തെ ജനങ്ങള്ക്കുവേണ്ടി സമര്പ്പിക്കുകയാണ്. (ഇന്നത്തെ ജനാധിപത്യം എന്ന അധമ സമ്പ്രദായത്തില് തങ്ങളെ തിരഞ്ഞെടുക്കണമെന്ന് ജനങ്ങളെ നിര്ബ്ബന്ധിക്കുന്നതും, ജനങ്ങള്ക്ക് രാഷ്ട്രീയക്കാര് അണിനിരത്തുന്ന ആരെയെങ്കിലും തിരഞ്ഞെടുക്കാതെ മറ്റു വഴികളില്ലാ എന്നതും ശാസ്ത്രപരമായ-ജനാധിപത്യത്തില് ഇല്ല തന്നെ. **ഏറ്റവുമധികം പുണ്യവും, അതേപോലെ പാപവും സമ്പാദിക്കാന് ഉപാധിയാകുന്ന ഒന്നാണ് ഭരണം എന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു. സമൂഹത്തിലെ ഏതെങ്കിലും വ്യക്തി (കള്) ഗാന്ധിയെപ്പോലെ ശുചിത്വ-ജോലികള്ക്കായി ജീവിതം സമര്പ്പിക്കുമ്പോള്, അത്തരം വ്യക്തിയെ നിലവിലെ ഭരണാധികാരികൾ**

ഉള്പ്പെടെയുള്ള ജനങ്ങൾ, നിര്ബ്ബന്ധിച്ച് ഭരണം ഏല്പിക്കുകയാണു ചെയ്യുന്നത്. മാത്രമല്ല, രാജമന്ദിരത്തിലെ സേനകളും മറ്റ് ഉദ്യോഗസ്ഥരും ഉള്പ്പെടെ രാജ്യത്തിലെ ജനങ്ങൾ അനുസരിക്കേണ്ടത്, രാജാവിനെയോ മന്ത്രിമാരെയോ അല്ല; മഹാശാസ്ത്രത്തെ മാത്രമാണ്.

രാജാവ്/പ്രധാനമന്ത്രി /മുഖ്യമന്ത്രി/മന്ത്രി പുറപ്പെടുവിക്കുന്ന ധര്മ്മശാസ്ത്രപരമല്ലാത്ത ആജ്ഞയെ അനുസരിക്കാതിരിക്കുക എന്നതും ആവശ്യമെങ്കിൽ അവരെ പുറത്താക്കേണ്ടതും സേനയുടെയും ഉദ്യോഗസ്ഥരുടെയും പ്രജകളുടെയും കര്ത്തവ്യമാണ്. രാജാവിന്റെ പ്രവൃത്തികളെ ധര്മ്മശാസ്ത്രപരമായി വിശകലനം ചെയ്യാൻ ധര്മ്മശാസ്ത്രം നിശ്ചയമുള്ള രാജഗുരു ഉണ്ടായിരിക്കുന്നതാണ്. //

സര്വ്വതൊഴിലുകള്ക്കും സമപദവിയും സമവേതനവുമാണ് ദൈവം അഥവാ മഹാശാസ്ത്രം നിശ്ചയിച്ചിട്ടുള്ളത് ; തുല്ല്യങ്ങളായ തൊഴിലുകളില് ഒന്നാമത്തേതായി **കൃഷിയെയും** നിശ്ചയിച്ചിട്ടുണ്ട് ; ആകയാൽ സമൂഹവും ഭരണകൂടവും അടിസ്ഥാനപരമായി അത് പിന്പറ്റണം. മണ്ണിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ പാലിക്കാതിരിക്കാനും ദുരുപയോഗം ചെയ്യാനും പാടില്ല. മണ്ണിലെ

ന്യൂനശക്തികൾ വ്യക്തികളെ തീർച്ചയായും ശിക്ഷിച്ചു തിരുത്തുന്നതാണ്.

സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ സ്രഷ്ടാവായ ദൈവം എല്ലാ വ്യക്തികള്ക്കും നല്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യക്തിക്ക് തന്റെ വേതനം നിശ്ചയിക്കാന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്. ലിംഗം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, തുടങ്ങിയവ കൂടാതെ ബുദ്ധിശക്തി, ഓർമ്മശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ ജന്മഗുണങ്ങളായി ദൈവം നല്കുന്നവയാണെന്നത് മറന്നുകൊണ്ടും അവഗണിച്ചുകൊണ്ടും, വ്യക്തി അധികവേതനം ആവശ്യപ്പെടുന്ന സന്ദർഭങ്ങളില് വ്യക്തിയുടെ സേവനം ആവശ്യമുള്ളവർ വ്യക്തി ആവശ്യപ്പെടുന്ന വേതനം നല്കണം. സാധാരണയിൽ ക്കവിഞ്ഞ വേതനം ആവശ്യമുള്ള വ്യക്തി തന്റെ വേതനം തൊഴില്ദായകനെ മുന്കൂട്ടി അറിയിക്കുവാൻ ബാധ്യസ്ഥനുമാണ്.

വ്യക്തിയുടെ മരണത്തോടെ പിന്ഗാമികള്ക്ക് ധനം കൈമാറപ്പെടുന്ന ഇന്നത്തെ രീതി ദൈവീകമായ സാമ്പത്തികശാസ്ത്രം മാറ്റിമറിക്കുന്നുവെന്നത് വ്യക്തി ദുരുപയോഗംചെയ്ത അശാസ്ത്രീയവും അധാർമ്മികവുമായ സ്വാതന്ത്ര്യങ്ങളെ പിഴുതെറിയുന്നതോടെ ഭൗതികശുദ്ധീകരണവും, ആത്മാവിന്റെ മേല് മഹാനീതിപതിയായ ദൈവം

നടപ്പാക്കുന്ന മഹാനീതി ആത്മീയശുദ്ധീകരണവും നടത്തുന്നു. കുറ്റങ്ങളും കുറവുകളുമില്ലാത്ത ദൈവീകമായ സാമ്പത്തികശാസ്ത്രം ചുവടെ വിശദമായും, ഭാഗികമായി മുകളിൽ '**മോക്ഷ**'ത്തിലും ചേർത്തിട്ടുണ്ട്.

രാജാവും മന്ത്രിയും പട്ടാളവും ആത്മീയാചാര്യനുമെല്ലാം ഭക്ഷണം മുട്ടിയാൽ ദൈവത്തെയും തള്ളിമാറ്റിക്കൊണ്ട്, കൃഷിക്കാരന്റെ പിന്നാലെ ഓടുംവിധമാണ്, ഭക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്ന കൃഷിയെ ഉയർത്തിക്കൊണ്ട് ദൈവം മഹാശാസ്ത്രവും ജീവിതവും ആവിഷ്ക്കരിച്ചിട്ടുള്ളത്.

തങ്ങൾ കേമരാണെന്നും ഉന്നതരാണെന്നും ധരിക്കുന്നവരുടെ അഹങ്കാരങ്ങളും അജ്ഞാനങ്ങളും അകലുവാൻ ഭക്ഷണത്തിന് മുട്ടുണ്ടായാൽ മതിയാകും. ദൈവീകമായ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തില് കുട്ടികള് കൃഷി കാര്യങ്ങള് ചെയ്യുന്നതും കൃഷിയുടെ ഔന്നത്യം മനസ്സിലാക്കുന്നതുമാണ്. ഭക്ഷണകാര്യത്തില് സമ്പന്നമല്ലാത്ത ഒരു നാട്, മറ്റെന്തുണ്ടായാലും സമ്പന്നമേ അല്ല എന്നതാണു ശാസ്ത്രസത്യം; നാടിനെ അഥവാ ഭൂമിയെ ആവിധത്തില് അധഃപതിപ്പിച്ചിട്ടുള്ള സമൂഹത്തിലെ വ്യക്തികളും ഭരണാധികാരികളും അധമരാണ് എന്നും, ശാസ്ത്രീയമായ ഭരണമാറ്റം

നിര്ബ്ബന്ധമാണെന്നും തിരിച്ചറിയണം. ഏറ്റവും വലിയ ഉദാഹരണമായി **കേരളത്തെ** ചൂണ്ടിക്കാട്ടാം. വീടുകളോടു ചേര്ന്നുള്ള പുരയിടങ്ങളില് ഭക്ഷണത്തിന് ഉപയോഗിക്കാവുന്ന കൃഷികള് മാത്രമേ പാടുള്ളൂ എന്നതും, റബ്ബർ പോലെയുള്ളവ ഒട്ടും പാടില്ലാ എന്നതും (പോലും) തിരിച്ചറിയാന് സാധിക്കാത്ത ജനങ്ങളും ഭരണാധികാരികളും പൈശാചിക തലങ്ങളിലാണ് ജീവിക്കുന്നത്.

സ്രഷ്ടാവ് നല്കുന്ന തൊഴില് അഭിരുചികള്ക്കൊത്ത് വിദ്യാഭ്യാസം ചെയ്യുവാന് സമൂഹത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭരണരീതികളും അധമ വ്യവസ്ഥിതികളിലൂടെ തടസ്സമുണ്ടാക്കുമ്പോള്, അത്തരം അധമരീതികള്ക്ക് മഹാശക്തിയുടെ മഹാശാസ്ത്രത്തെ അട്ടിമറിക്കാന് കഴിയുന്നു എന്നു ധരിച്ചുപോവരുത്. സൃഷ്ടിപരമായ വിധിയെ അശാസ്ത്രീയതയിലൂടെ ഭരണകൂടം ഉള്പ്പെടെയുള്ള സമൂഹം മലിനപ്പെടുത്തുകയും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുകയുംചെയ്യുന്നത് കടുത്ത കുറ്റവും അനീതിയും ആണെങ്കിലും അവയിലൂടെ രൂപപ്പെടുന്ന സ്ഥിതി അഥവാ സ്ഥിതിപരമായ വിധി സംശുദ്ധപ്പെടുത്തുവാന് മഹാനീതിപതിയായ ദൈവത്തിന്റെ മഹാനീതിശാസ്ത്രത്തില് കുറ്റങ്ങളും കുറവുകളുമില്ലാത്ത പദ്ധതിയുണ്ട്. ഈ ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള മഹാനീതിശാസ്ത്രപാഠത്തിലും, ഓംസത്യംഡോട്ട് കോം വെബ്സൈറ്റിലും വിശദീകരിച്ചിട്ടുണ്ട്,

സ്ഥിരജോലി എന്നൊന്നില്ല.

വീടുപണിക്ക് വിളിക്കുന്ന/വരുന്ന ആശാരിക്കും മേശിരിക്കും മറ്റു ജോലിക്കാര്ക്കും സ്ഥിരജോലി നല്കുവാൻ വീട്ടുകാര്ക്ക് കഴിയുന്നതല്ല, ആവശ്യംകഴിഞ്ഞ് ശാസ്ത്രശുദ്ധിയോടെ പിരിയുന്നു, ജനന-ജീവിത-മരണങ്ങളിലെല്ലാമുള്ള ലളിതമായ ഈ ശാസ്ത്രതത്വത്തെ വഴിപിഴപ്പിക്കുകയാണ് ഇന്നത്തെ തൊഴിലാളിയൂണിയനുകളും ഭരണകൂടവുമൊക്കെ ചെയ്തിട്ടുള്ളത്.

സര്ക്കാർ ആഫീസുകളിലെ തൊഴിൽ സ്ഥിരത തൊഴിലാളികളുടെ അവകാശമായിക്കൂടാ.

സര്ക്കാര് ജോലിക്കാര് തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളില്/കുടുംബകാര്യങ്ങളില് എങ്ങനെ തങ്ങളുടെ ആവശ്യം കഴിഞ്ഞോ അല്ലാതെയോ വ്യക്തിസ്വാതന്ത്ര്യപ്രകാരം ആശാരിയെയും മേശിരിയെയും ഒക്കെ തിരികെ അയക്കുന്നുവോ അതേപ്രകാരം സമൂഹഭരണം കൈയ്യാളുന്ന ജനസഭയ്ക്ക് അഥവാ ചെറു-രാജാവിന് സമൂഹത്തിൽ ആവശ്യമില്ലാത്ത (സര്ക്കാര്) തൊഴിലാളിയെ ഒരു നിമിഷംകൊണ്ട് തിരികെ അയക്കുവാനും, വീണ്ടും ആവശ്യംവന്നാല് ഒരു നിമിഷംകൊണ്ട് പുതിയതോ പഴയതോ ആയൊരു തൊഴിലാളിയെ നിശ്ചയിക്കാനും കഴിയണം, കഴിയുന്നതാണ്. സര്ക്കാർ ജോലിക്കാര്ക്ക് കാര്യക്ഷമതയില്ല എന്നു പറഞ്ഞ് അവരെയും തൊഴിലിനെയും അവമതിക്കുന്ന ഇന്നത്തെ അധമ ഭരണസംവിധാനങ്ങള് അതോടെ മാറുന്നതും കാര്യങ്ങൾ

മംഗളമാകുന്നതുമാണ്. കൂടാതെ **സര്ക്കാർ ജോലിയെന്നും സ്വകാര്യജോലിയെന്നുമൊക്കെ വേര്തിരിച്ചുള്ള ഇന്നത്തെ അധമരീതികളും അതോടെ അവസാനിക്കുന്നതാണ്.**

സാമ്പത്തിക ക്ഷീണങ്ങളുള്ളവര്ക്ക്, സാമ്പത്തികസഹായം നല്കുവാൻ സാമ്പത്തികഭദ്രതയുള്ള ഭരണകൂടം തയ്യാറാവുക എന്നതിനപ്പുറം, ജനപ്രതിനിധികള്ക്കും സര്ക്കാര് ജീവനക്കാര്ക്കും മറ്റും പെന്ഷൻ എന്ന പേരിൽ ഇല്ലാത്ത സേവനത്തിന് വേതനം നല്കുന്നത് ദൈവീകമല്ല /ശാസ്ത്രീയമല്ല.

പൊതുഖജനാവ് ദുരുപയോഗം ചെയ്യാൻ ഭരണകൂടത്തിന് അധികാരമില്ല.

സര്ക്കാര് ജീവനക്കാരെന്നോ സ്വാകാര്യ ജീവനക്കാരെന്നോ വ്യത്യാസമില്ലാതെ, എല്ലാവരും തൊഴിലാളികളാണ് എന്നതിന്റെ അടിസ്ഥാനത്തില്, എല്ലാ തൊഴിലാളികള്ക്കും അഥവാ എല്ലാ പ്രജകള്ക്കും, തുല്യ്മായ പെന്ഷന് കൊടുക്കുവാനാണ്, സാമ്പത്തിക ഭദ്രതയുള്ള ഒരു ഭരണകൂടം തയ്യാറാവേണ്ടത്. എന്നാല് സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന്റെ പ്രവര്ത്തനത്തില് അതു പെടുന്നു എന്നല്ലാതെ, **തൊഴിലാളികളുടെ സാമ്പത്തികഭദ്രതയ്ക്കായി പ്രവര്ത്തിക്കേണ്ടുന്നത് തൊഴിലാളികൾ തന്നെയാണെന്നും, തൊഴിലാളികളുടെ സ്വകാര്യ ആവശ്യങ്ങള് ഭരണകൂടത്തിന്റെ ഭാഗമല്ലെന്നും**

തിരിച്ചറിയണം. എല്ലാ ജനങ്ങളുടെയും പൊതു ആവശ്യങ്ങള്ക്കായുള്ളതാണ് ഭരണകൂടം. ചുരുക്കിപ്പറഞ്ഞാല്, ആദ്യം പറഞ്ഞതുപോലെ, സാമ്പത്തിക ക്ഷീണങ്ങളുള്ളവര്ക്ക്, സാമ്പത്തികസഹായം നല്കുവാന്, സാമ്പത്തികഭദ്രതയുള്ള ഭരണകൂടം തയ്യാറാവുക എന്നതിനപ്പുറമുള്ള കസര്ത്തുകളിലേക്ക് ഭരണകൂടം പ്രവര്ത്തനമേഖല വര്ദ്ധിപ്പിക്കരുത്. **ശാസ്ത്രപരമായി ഭരിക്കാൻ കഴിയാത്തവർ വേറെ പണിനോക്കണം എന്നും അര്ത്ഥം.**

മത-ജാതി-ദേശ വ്യത്യാസങ്ങള് ദൈവീകമല്ല എന്ന് തെളിയുന്നതോടെ എല്ലാവിധ സാമുദായിക -/പ്രാദേശിക/ ദേശീയ റിസര്വ്വേഷനുകളും അധമവും അശാസ്ത്രീയവും ആണെന്നുകൂടി തെളിയുന്നു. സമൂഹത്തിലെ ഓരോരോ മേഖലകളിലും അശാസ്ത്രീയത അഥവാ അധമത്തം ബാധിച്ചും വ്യാപിച്ചുമാണ് ഭൂമിയിലെ ജനസമൂഹങ്ങൾ മൊത്തത്തിൽ ധാര്മ്മികമായി അധഃപതിച്ചിട്ടുള്ളത്.

പഞ്ചായത്തുകള് അഥവാ ജനസഭ ഓരോ പ്രദേശത്തും ഉണ്ടാവണം, ജനസഭയല്ലാതെ ജനങ്ങളെ **നേരിട്ട് സംരക്ഷിക്കുന്ന/ഭരിക്കുന്ന മറ്റൊരു സംരക്ഷണകൂടം/ഭരണകൂടം നാട്ടിലുണ്ടാവില്ല.** ഇന്നത്തെ ബഹുവിധ തൊഴിലാളി യൂണിയനുകൾ അസ്തമിക്കുന്നതാണ്. പഞ്ചായത്തു ഭരണം, ബ്ലോക്കു ഭരണം, ജില്ലാ ഭരണം, സംസ്ഥാനഭരണം, കേന്ദ്രഗവണ്മെന്റ് ഭരണം, രാഷ്ട്രീയപ്പാര്ട്ടി ഭരണം, തൊഴിലാളി വര്ഗ്ഗ ഭരണം, മത ഭരണം, ജാതി ഭരണം,

ദേവാലയ ഭരണം, വ്യത്യസ്ത ക്ലബ്ബുകളുടെ ഭരണം എന്നിങ്ങനെ ജനങ്ങളെ വീര്പ്പുമുട്ടിക്കുന്ന സമ്പ്രദായങ്ങളെല്ലാം അസ്തമിക്കുന്നതാണ്. ദൈവം **മായ** പ്രത്യക്ഷമാക്കുന്നതോടെ മത്സരമില്ലാത്ത തെരഞ്ഞെടുപ്പുകൾ നടപ്പാവുന്നതാണ്. സമാധാനപരമായും ശാസ്ത്രീയമായും നടപ്പാക്കുവാന് **മായ** പ്രത്യക്ഷമാകുന്നതിനു മുമ്പ് സാധിക്കണമെങ്കില് ജനങ്ങള്ക്ക് ധര്മ്മശാസ്ത്രപരമായ ആര്ജ്ജവം വര്ദ്ധിക്കേണ്ടതുണ്ട്. ജനസഭകളെ തെരഞ്ഞെടുക്കുന്നവര് ജനസഭകളില്നിന്ന് വേതനം നല്കി ജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന-കേന്ദ്രഭരണകൂടങ്ങളെ നിശ്ചയിക്കുന്നതാണ് എന്നല്ലാതെ അത്തരം ഭരണകൂടങ്ങള്ക്ക് ജനങ്ങളുടെ മേൽ നികുതികൾ ഉള്പ്പെടെ യാതൊരു നിയമങ്ങളും നേരിട്ട് ചെലുത്താനാവുന്നതല്ല ; ഭൂമിയിലൊക്കെയും സംഭവിക്കുന്ന കാര്യങ്ങളാണവ; **ദൈവീകമായ** അഥവാ **ധര്മ്മശാസ്ത്രപരമായ സാമ്പത്തികശാസ്ത്രത്തിൽ നികുതികളില്ല** എന്നും അറിയുക. സാമ്പത്തികശാസ്ത്രം പ്രത്യേക അദ്ധ്യായത്തില് വിവരിക്കുന്നുണ്ട്. ജനസഭയെന്നത് രാജാവും മന്ത്രിമാരുമാണ്. ധര്മ്മശാസ്ത്രപ്രകാരം മാത്രം അവര് ജനങ്ങളുടെ യഥാര്ത്ഥമായ പൊതു ആവശ്യങ്ങള് നിര്വ്വഹിക്കുകയാണു ചെയ്യുന്നത്. **ചെറുപ്പക്കാർ ഉള്പ്പെടെയുള്ള ജനങ്ങള്ക്ക് തൊഴിൽ നല്കുന്നത് ഭരണകൂടത്തിന്റെ പണിയല്ല.**

നീതിന്യായം നടത്തുന്നതും ജനസഭയാണ് അഥവാ രാജ സഭയാണ്. കോടതിയും നിയമസഭയും ധർമ്മശാസ്ത്രപരമായ ആവശ്യമില്ല.

ഭൂമിയിലെങ്ങുമുള്ള കോടതികള്, രാഷ്ട്രീയപാര്ട്ടികള്, രാഷ്ട്രീയപാര്ട്ടികളുടെ കാര്യാലയങ്ങള്, മത-വ്യവസ്ഥിതികള്, മത-വ്യവസ്ഥിതികളുടെ കാര്യാലയങ്ങള്, ഇലക്ഷന് കമ്മീഷനുകള്, നികുതി കാര്യാലയങ്ങള്, ബാങ്കുകള്, ഇന്ഷ്വറന്സ് സ്ഥാപനങ്ങള്, ലോട്ടറി, തുടങ്ങിയ അനേകം വ്യവസ്ഥിതികളും ഭരണസംവിധാനങ്ങളും സമ്പൂര്ണ്ണമായും അധമങ്ങളാണ് അഥവാ ധര്മ്മശാസ്ത്രപരമല്ല എന്നും; വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, ഉള്പ്പെടെയുള്ള അനേകം സംവിധാനങ്ങളില് ഭാഗികമായ അധമത്തങ്ങള് വളരെയുണ്ടെന്നും ഗ്രന്ഥത്തിലുണ്ട്.
ധര്മ്മശാസ്ത്രപരമല്ലാത്തവ സമൂഹത്തില് രൂപപ്പെട്ടത് എന്തുകൊണ്ട്, എങ്ങനെ എന്നീ ചോദ്യങ്ങള്ക്കുള്ള ഉത്തരം മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തില് വിശദമായുണ്ട്.
വ്യക്തികൾ ധര്മ്മശാസ്ത്രത്തെ അവഗണിച്ച് ജീവിക്കുമ്പോള് ധര്മ്മശാസ്ത്രപരമല്ലാത്ത തൊഴിലുകളും വ്യവസ്ഥിതികളും ജീവിതകാര്യങ്ങളും സമൂഹത്തില് ഉണ്ടാകുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഭൗതികമായിത്തന്നെ ദൈവം സൃഷ്ടിച്ചിട്ടുള്ള ന്യൂനശക്തികളുടെ പ്രവര്ത്തനം വ്യക്തികളുടെ പ്രവര്ത്തനങ്ങളുമായി ഇടകലരുന്നു.

തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്ന ന്യൂനശക്തികൾ ഇന്നത്തെ ഭൂമിയിൽ പൈശാചിക-ശക്തികളായി അഥവാ വിരുദ്ധശക്തികളായി മാറിയിട്ടുണ്ട്. അതിനു കാരണം മനുഷ്യരുടെ ധർമ്മശാസ്ത്രപരമല്ലാത്ത ജീവിതവും, പിന്നെ ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ പിഴവുകളുമാണ്.
ഭൂമിയിലൊക്കെയും എല്ലാ ജീവിതമേഖലകളിലുമുള്ള ധാർമ്മിക അധഃപതനങ്ങൾക്കും ഭീകരവാദങ്ങൾക്കും അടിസ്ഥാനപരമായ കാരണമതാണ്. അവ പരിഹരിക്കുവാന് ധർമ്മശാസ്ത്രപരമായ തിരുത്തലുകൾക്ക് തയ്യാറാകേണ്ടതുണ്ട്.
ധർമ്മശാസ്ത്രപരമായ ജീവിതം മാത്രമേ മഹാപ്രപഞ്ചത്തിലെ ജീവികൾക്ക് ചേരുകയുള്ളൂ.

കുറ്റങ്ങളും കുറവുകളുമില്ലാതെ **രാജഭരണം** ദൈവീകമായി സാധിക്കുന്നതാണ് ; അതിനെ ഉദാഹരിക്കുന്ന മാവേലി ചക്രവർത്തിയുടെ ചരിത്രകഥ കേരളത്തില് പ്രസിദ്ധമാണ്. **മാവേലി** കെട്ടുകഥയല്ല, മുന് സൃഷ്ടിചക്രവുമായി ബന്ധപ്പെട്ട സത്യമാണ്. മാത്രമല്ല, മാവേലി കേരളത്തിലെ കൊല്ലം ജില്ലയിലെ ഒരു ഹൈന്ദവ കുടുംബത്തിലെ പണ്ഡിതനായ ഒരു കൊച്ചുനേതാവായും നല്ല വ്യക്തിയായും ഇന്നു ജീവിക്കുന്നുമുണ്ട്.

നാട്ടുവാസി, കാട്ടുവാസി എന്നീ വിഭജനങ്ങളിലൂടെ സധര്മ്മങ്ങളും അധര്മ്മങ്ങളും പ്രകാരമുള്ള വ്യക്തിസ്വാതന്ത്ര്യം ദൈവം മനുഷ്യര്ക്ക് അനുവദിക്കുന്നതിനെപ്പറ്റി ഇനി വിസ്തരിക്കാം.

ധര്മ്മശാസ്ത്രം പ്രകാരമുള്ള (മാനുഷിക) നിയമങ്ങള് അനുസരിച്ച്, ശാസ്ത്രസൗകര്യങ്ങള് ആസ്വദിച്ച് നാട്ടില് സന്തോഷമായി ജീവിക്കുന്നവര്, ധര്മ്മശാസ്ത്രം പ്രകാരം അല്ലാതെ, കാട്ടില് ജന്തുക്കളെപ്പോലെ (സന്തോഷമായി) ജീവിക്കുന്നവര് എന്നിങ്ങനെ മനുഷ്യര് വിഭജിക്കപ്പെടുന്നതാണ്. സദാചാരശാസ്ത്രപ്രകാരം, നാട്ടുവാസത്തിന് ചേരാത്ത മദ്യം പോലെയുള്ളവ ഉപയോഗിക്കുന്നവരെയും, മറ്റുള്ള ജീവികളുടേതു പോലെയുള്ള സെക്സ് ആഗ്രഹിക്കുന്നവരെയും, നിശ്ചിതകാലങ്ങളിലേയ്ക്ക് കാട്ടിലേക്ക് അയക്കുന്നതാണ്. കള്ളം പറഞ്ഞും, അധര്മ്മം ചെയ്തും, ധർമ്മശാസ്ത്രത്തെ തെറ്റിക്കുന്നവരെയും കാട്ടിലയച്ചെന്നുവരാം. തെറ്റിച്ച് നാട്ടിലേക്കു വന്നാല് അവരെ പരസ്യമായി (കെട്ടിയിട്ട്) ജനമധ്യത്തിൽ വെച്ച് പൃഷ്ടത്തിലോ കാൽ വണ്ണയിലോ ചൂരൽ പ്രയോഗം നടത്തി, ആവശ്യമെങ്കിൽ വീണ്ടും നാടുകടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നു. ധർമ്മശാസ്ത്രപ്രകാരം, അത്യാവശ്യമെന്നാല് അധര്മ്മികളെ ശാസ്ത്രസൗകര്യങ്ങള് നിഷേധിക്കുന്ന ദ്വീപുകളിലേക്ക് താല്ക്കാലികമായോ സ്ഥിരമായോ കടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നുണ്ട്.

ശിക്ഷയെന്നതിന് ഉപരിയായി, ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങള് ഇല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ ജീവിക്കാന് ആഗ്രഹിക്കുന്നവര്ക്ക്, അതിനുള്ള സൗകര്യം തരപ്പെടുത്തിക്കൊടുക്കുവാന് ധര്മ്മശാസ്ത്രത്തെ പിന്പറ്റുന്നവര് ദൈവീകമായ വിശാലമനസ്സും സ്നേഹവും കാട്ടുന്നു എന്നു കണക്കാക്കണം. അതായത് **അവരെ സ്നേഹിക്കുന്നതുകൊണ്ട്, അവര്ക്കാവശ്യമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്ന അവസ്ഥകളിലേക്ക് അവരെ അയക്കുന്നു.** നാട്ടില് നിന്നും യാത്രയാക്കപ്പെടുന്നവരുടേതെന്ന് കരുതപ്പെടുന്ന സ്വത്തുക്കള് താല്ക്കാലികമായോ സ്ഥിരമായോ പൊതുഖജനാവില് ചേര്ക്കാനും ശാസ്ത്രം വിധിക്കുന്നു ; **മഹാപ്രപഞ്ചത്തിലെ എല്ലാ സമ്പത്തുകളും മഹാശക്തിയായ ദൈവത്തിന്റേതാണ്, മനുഷ്യന് അവയില് ശാസ്ത്രപരമായി എത്രത്തോളം അവകാശം ദൈവം നല്കിയിരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദമായും മുകളിൽ ഭാഗികമായും ലഭ്യമാണ്.**

അധമകാര്യങ്ങളെ നിയന്ത്രിക്കുവാനും തടയുവാനും കൂടി ചുമതലയുള്ള ഭരണാധികാരികൾ മദ്യനിര്മ്മാതാക്കളായും കച്ചവടക്കാരായും സെക്സ് ഉള്പ്പെടുത്തിയുള്ള പരസ്യങ്ങള് ചെയ്യുന്നവരായും മറ്റും ഇന്ന് അധഃപതിച്ചിരിക്കുകയാണ്. ഭൂമിയില് വൈകാതെ **മായ** പ്രത്യക്ഷമാകുന്നതോടെ ദൈവീകനിയമങ്ങൾ സ്ഥാപിക്കപ്പെടുന്നതാണ്.

കാട് കയ്യേറുവാനോ കാട് ഭരിക്കുവാനോ നാട്ടിലെ ഭരണാധികാരികള്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല. നാട്ടില്, സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടകളോടെ കൃഷി ചെയ്യുന്നു ; കാട്ടിൽ (അത്തരം) കൃഷി പൊതുവെ ഇല്ല ; സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടയില്ലാതെ ഇടതൂര്ന്നു വളരുന്നു, കാടിന്റെ സൃഷ്ടി അങ്ങനെയാണ് ; ജീവിതകാര്യങ്ങളില് ചിട്ടകള് അഥവാ ശാസ്ത്രം ഇല്ലാതെ ജീവിക്കുന്ന ജന്തുക്കള്ക്കൊപ്പം ജീവിക്കുവാന് നാട്ടിലെ ചിട്ടകള് (ശാസ്ത്രം) തെറ്റിച്ചു ജീവിക്കുന്നവരെ കാട്ടിലയക്കുകയാണ് ചെയ്യുന്നത്. കാട്ടുവാസികൾ നാട്ടുവാസികളെ ഉപദ്രവിച്ചാല് കാട്ടിലേക്ക് സേനയെ അയച്ച് ശിക്ഷിക്കാവുന്നതുമാണ്.

ധര്മ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുന്നവര്ക്ക് ഭൗതികശാസ്ത്ര സൗകര്യങ്ങള് യാതൊന്നും കാട്ടില് അനുവദിച്ചുംകൂടാ. ഉടുവസ്ത്രത്തോടെ മാത്രമാണ് കാട്ടിലേക്ക് യാത്ര അയക്കേണ്ടത്. അധമനായ രാജാവിനോടും അങ്ങനെ തന്നെ.

മത-രാഷ്ട്രീയ നേതാക്കൾ ഉള്പ്പെടെ ഭൂമിയിലെ ജനങ്ങളിൽ വലിയൊരു വിഭാഗം കാട്ടുവാസത്തിന് യോഗ്യരായിരിക്കുന്നു എന്ന് പെട്ടെന്ന് മനസ്സിലാക്കാം. എന്നാല് ദശാബ്ദങ്ങളോ ശതാബ്ദങ്ങളോ കൊണ്ട് ദുഷിച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥിതികളുടെ ഭാഗമായിരിക്കയാലും, മഹാപ്രപഞ്ചത്തിലെ മഹാസത്യങ്ങള് അറിയാതെ അജ്ഞാനം നിമിത്തം സംഭവിച്ച പിഴവുകളാകയാലും, ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിവരിച്ചതായ നാരായണപ്പിശാച്, ദുർഗ്ഗ തുടങ്ങിയവരും കാരണക്കാരാവുകയാലും, **മായ** പ്രത്യക്ഷമാകുന്നതോടെ പെട്ടെന്ന് മാനസികപരിവർത്തനം ഉണ്ടാകുമെന്നതിനാലും, ഇന്നത്തെ നാട്ടുവാസികളെ കാട്ടിൽ അയക്കേണ്ടിവരില്ല.

(അദ്ധ്യായം 35)

തൊഴിലുകൾ : ശുചിത്വം

മഹാപ്രപഞ്ചത്തിന്റെ ധർമ്മശാസ്ത്രപ്രകാരം മനുഷ്യര് ജീവിച്ചാല് ഭൂമി സ്വര്ഗ്ഗമാകുന്നതാണ്. ഭൂമിയിലെ ആനന്ദജീവിതം ഉറപ്പിക്കാനായിട്ട്, സമൂഹത്തിലെ എല്ലാ വ്യക്തികളെയും വസ്തുക്കളെയും വ്യവസ്ഥിതികളെയും പ്രശ്നങ്ങളെയും പദ്ധതികളെയും ധര്മ്മശാസ്ത്രപരമായി ശുചിയാക്കേണ്ടതുണ്ട്. **ധര്മ്മശാസ്ത്രപരമായി ശുചിയാക്കുന്ന തൊഴിലുകളെല്ലാം ശുചിത്വ വിഭാഗത്തില് പെടുന്നു.** സംഗീതം, സാമൂഹ്യപ്രവര്ത്തനം, ശാസ്ത്രവികസനം, അദ്ധ്യാപനം, റോഡുകളും തെരുവുകളുമെല്ലാം ശുചിയാക്കല്, തുടങ്ങിയവകളില് പ്രവര്ത്തിക്കുന്നവര് ശുചിത്വ വിഭാഗത്തിലാണ്.

ശുചിത്വ വിഭാഗത്തിലും മറ്റു വിഭാഗങ്ങളിലും മുഖ്യധാരയായി പ്രവര്ത്തിക്കുവാൻ എല്ലാ ജനങ്ങള്ക്കും മഹാനീതിശാസ്ത്രപ്രകാരം അവസരം കിട്ടുന്നുണ്ട്. ഒരേ ജന്മത്തില് നാലു വിഭാഗങ്ങളിലും പ്രവര്ത്തിക്കാനും കഴിയുമെന്നതിന് ഏറ്റവും വലിയ തെളിവായി ഗാന്ധിജിയുടെ ജീവചരിത്രം ലഭ്യമാണ്.

ഒരു വിഭാഗത്തിൽ പ്രവര്ത്തിക്കുന്നവർ മറ്റു

വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരേക്കാൾ അടിസ്ഥാനപരമായി ശ്രേഷ്ഠരാകുന്നുമില്ല.

സംഗീതം ശുചിത്വത്തിലെ ആദ്യത്തെ ഇനമാണ്, സംഗീതത്തെ (ദൈവ) സിദ്ധിയാണെന്ന് തിരിച്ചറിയിക്കുന്നതാണ് അതിനു മുഖ്യ കാരണം.

സംഗീതം ഉള്പ്പെടെ ഏതൊരു തൊഴിലും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം, എന്നിങ്ങനെ നാലു വിഭാഗങ്ങളിലും പ്രവർത്തിക്കുന്നതാണ്.

ഓരോ വിഭാഗത്തിലും സംഗീതം എങ്ങനെയെല്ലാം പ്രവർത്തിക്കുന്നു / പ്രവർത്തിക്കണം എന്നു വിശദീകരിക്കാം.

സംഗീതം ശുചിത്വത്തിൽ :

ദൈവസിദ്ധിയാണ് സംഗീതം എന്ന് പ്രത്യക്ഷമായി ബോധ്യപ്പെടുത്തുമ്പോള്, പ്രസ്തുത സിദ്ധി നല്കിയതിന് ദൈവത്തിന് വ്യക്തമായ ഉദ്ദേശമുണ്ട് എന്നോർക്കണം. അതിന്റെ അർത്ഥം വ്യക്തിസ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങളുണ്ട് എന്നുകൂടിയാണ്. മനുഷ്യരെ തമ്മില് സ്നേഹം കൊണ്ട് ബന്ധിപ്പിക്കുവാനും ദൈവത്തിലേക്ക് സർവ്വരെയും ചേർത്തുനിർത്തുവാനും സംഗീതം പ്രഥമമായി ഉപകരിക്കണം.

ആരാധനാപരമായി അഥവാ സ്തുതിപരമായി

സംഗീതം ആലപിക്കുമ്പോള്, ദൈവത്തെ മാത്രം ആരാധിക്കുന്ന സംഗീതമാണ് ഉയരേണ്ടത്. ഏകമഹാശക്തിയായ ദൈവത്തെ അല്ലാതെയുള്ളവരെ സ്തുതിക്കുന്ന ഗീതങ്ങൾ ദൈവീകമല്ല അഥവാ ശാസ്ത്രീയമല്ല. (ദൈവ നിന്ദ : കപടദൈവങ്ങളെയും കുട്ടിദൈവങ്ങളെയും ആരാധിച്ചുകൂടാ എന്ന അദ്ധ്യായത്തില് കൂടുതല് വിശദീകരിച്ചിട്ടുണ്ട്.)

സംഗീതം അത്യാവശ്യത്തിൽ :

ദൈവസിദ്ധിയാണെന്ന് തിരിച്ചറിയുന്നതായ സംഗീതത്തെ ജീവിത-തൊഴിലായി സ്വീകരിക്കുമ്പോള്, ദൈവസിദ്ധിയാണെന്ന തിരിച്ചറിവ് പുലര്ത്തേണ്ടതുണ്ട്. സംഗീത ആലാപനത്തിന് പണം സ്വീകരിക്കാന് പാടില്ല. സമൂഹത്തില് ഭിക്ഷയാചിക്കുവാന് ദൈവം അഥവാ ശാസ്ത്രം അവകാശം നല്കി ഉന്നതപ്പെടുത്തിയിരിക്കുന്നത് സംഗീതജ്ഞരെ മാത്രമാണ്. ഇന്നു നടപ്പുള്ളതുപോലെ സംഗീതജ്ഞര്ക്ക് മത്സരിക്കാനും ധനം സമ്മാനമായോ വേതനമായോ വാങ്ങാനും അവകാശമില്ല. ആരാധനാലയങ്ങളില് ദൈവസ്തുതികള് പാടുകയും, പാത്രത്തില് ഭിക്ഷ സ്വീകരിക്കുകയും തനിക്ക് വേണ്ടതിന്റെ ബാക്കി ആരാധനാലയത്തില് വച്ചുതന്നെ പാവങ്ങള്ക്കും ആരാധനാലയത്തില് അന്നദാനം നടത്തുന്നതിനും, പാവങ്ങൾക്കും നല്കുന്ന ശാസ്ത്രരീതിയാണ് പിന്പറ്റേണ്ടത്.

സംഗീതം ആവശ്യത്തിൽ :

ജനസഭകളിലെ അഥവാ സമൂഹത്തിലെ സമ്മേളനങ്ങളിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ചെയ്യുന്ന മഹാശക്തിയായ ദൈവത്തെ നാലുവരി കവിതയിലൂടെ ഓർമ്മിപ്പിച്ചുകൊണ്ടുള്ള ശുദ്ധസംഗീതം ആലപിക്കണം.

സംഗീതം വിനോദത്തിൽ :

സംഗീതസിദ്ധി ലഭിച്ചിട്ടുള്ളവർക്ക് വീടുകളിലും സമൂഹത്തിലും സംഗീതം ആലപിച്ച് വിനോദിക്കാം. മറ്റുള്ളവർക്ക് ശബ്ദശല്ല്യമുണ്ടാക്കുകയും അരുത്. ചുറ്റുമുള്ളവർക്കു വേണ്ടി ശബ്ദംവെച്ച് പാടാവുന്നതാണ്. അതുപോലെ ആഘോഷവേളകളിൽ വിനോദത്തിന്റെ ഭാഗമായി സംഗീത ആലാപനം നിർബ്ബന്ധമാവണം. സാമ്പത്തിക ഭദ്രതയില്ലാത്തവർക്കു മാത്രം അവർ ആവശ്യപ്പെടുന്ന സാമ്പത്തിക ഭിക്ഷ നല്കുവാന് ആഘോഷ നടത്തിപ്പുകാർ തയ്യാറാവണം.

സംഗീതം വിനോദമാക്കുമ്പോള് കൂടുതല് ശ്രദ്ധിക്കണം. ധർമ്മശാസ്ത്രപ്രകാരം മാത്രം വിനോദിക്കണം. ശാസ്ത്രപരമല്ലാത്ത സംഗീതം പൈശാചിക കോപ്രായങ്ങള് സൃഷ്ടിക്കുന്നതാണ്, ചില പാട്ടുകള് കേള്ക്കുമ്പോള് നൃത്തമറിയാത്തവർ തങ്ങള് വലിയ നൃത്തംചെയ്യുകയാണ് എന്ന ധാരണയോടെയും മറ്റും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങള് അതു ബോധ്യമാക്കുന്നതാണ്.

അദ്ധ്യാപനം : ഓരോരോ ശാസ്ത്രങ്ങളിലും പാണ്ഡിത്യമുള്ളവരും തൊഴിലുകളില് പരിചയമുള്ളവരും 50 വയസ്സിനു മുകളില് പ്രായമുള്ളവരും അദ്ധ്യാപന അഭിരുചി ഉള്ളവരും മാത്രമാണ് അദ്ധ്യാപനം നടത്തുവാൻ യോഗ്യതയുള്ളവർ.

ജീവിതത്തിന്റെ അര്ത്ഥമറിയാത്തവരെ അദ്ധ്യാപകരായി ഭരണകൂടം/സമൂഹം നിയമിച്ചുകൂടാ.

അദ്ധ്യാപനം എന്നത് വേതനമില്ലാത്ത തൊഴിലാണ്. ജീവിതാനന്ദങ്ങളെ അനുഭവിച്ചറിഞ്ഞ ശേഷം ഭാവി തലമുറയെ ശ്രേഷ്ഠപ്പെടുത്താനുള്ള കര്മ്മംചെയ്ത് പുണ്യം വര്ദ്ധിപ്പിക്കുവാനുള്ള ഒരു മാര്ഗ്ഗമാണ് അദ്ധ്യാപനം.

കാട്ടുവാസികളായുള്ളവരെ ശുദ്ധിപ്പെടുത്താന്കൂടി ഉപകരിക്കുംവിധം പാഠശാലകള് നദീതീരങ്ങളിലും വനപ്രാന്തങ്ങളിലും സ്ഥാപിക്കുന്നതാണ് കൂടുതല് ദൈവീകം. കുട്ടികളെ സ്വാശ്രയശീലത്തോടെ പഠിപ്പിക്കുന്ന ഗുരുകുല സമ്പ്രദായങ്ങള് ഉരുത്തിരിയുന്നതാണ്. കുട്ടികള് അഥവാ വിദ്യാര്ത്ഥികള് നിലവില് സമര്ത്ഥരായിരിക്കുന്ന വിഷയങ്ങളെ സാക്ഷ്യപ്പെടുത്തുക എന്നതിനപ്പുറം അവര്ക്ക് മാര്ക്കു നിശ്ചയിക്കാനോ വിജയ-പരാജയങ്ങള് കുറിക്കാനോ, ചില വിഷയങ്ങളില് കൊള്ളില്ല എന്നു നിശ്ചയിക്കുവാനോ അദ്ധ്യാപകന് അവകാശമില്ല. കാലം അഥവാ ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളില് അദ്ധ്യാപകര് ഉള്പ്പെടെ യാതൊരാളും ഇടപെട്ടുകൂടാ. (ദൈവനിന്ദ : മത്സരങ്ങള്

പാടില്ല എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു.)
പ്രത്യക്ഷമായും പരോക്ഷമായും മണ്ണില് അദ്ധ്വാനിച്ച് മണ്ണില്നിന്നും ധനമുണ്ടാക്കി ജീവിക്കുക എന്ന ശാസ്ത്രത്തെ പിന്പറ്റുവാനും പാലിക്കാനും അദ്ധ്യാപകര്ക്കും ശിഷ്യന്മാര്ക്കും കഴിയണം. കുട്ടികൾ സമ്പാദിച്ചതല്ലാത്ത ധനം കൊണ്ട് അഥവാ മാതാപിതാക്കളുടെയും മറ്റും സമ്പത്തുകൊണ്ട് മൊബൈൽ ഫോൺ വാങ്ങാനും, വാഹനം വാങ്ങുവാനും, മദ്യം കഴിക്കാനും ഇന്നു കഴിയുന്നതുകൊണ്ടു കൂടിയാണ് ഭാവി തലമുറ ധാര്മ്മികമായി അധഃപതിക്കുന്നത്. ആവക വിവരങ്ങളെ സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

കാമപരങ്ങളായ കാര്യങ്ങള് ധര്മ്മശാസ്ത്രപരമായി വിശദീകരിക്കുന്ന ഗുരുവായി ഒരു പുരുഷന് / പിതാവിന് പെരുമാറാന് കഴിയുന്നത് പുരുഷ-വിദ്യാര്ത്ഥികളോട് മാത്രമാണ്. ആവക കാര്യങ്ങള് പുരുഷനായ ഗുരു, സ്ത്രീകളെ/പെണ്കുട്ടികളെ പഠിപ്പിക്കുന്നതും, അതുപോലെ പുരുഷ-വിദ്യാര്ത്ഥികളെ ഒരു സ്ത്രീ അഥവാ മാതാവ് കാമകാര്യങ്ങള് പഠിപ്പിക്കുന്നതും സദാചാര ശാസ്ത്രപ്രകാരം സഭ്യമല്ല.
പെണ്കുട്ടികള്ക്കായി സ്ത്രീകള് നടത്തുന്ന സ്ത്രീസഭ എന്ന ലളിതമായ പാഠശാല ദേവാലയത്തോടു ചേര്ന്ന് ഉണ്ടാവുന്നതാണ്.

പാഠ്യവിഷയങ്ങളെപ്പറ്റി പറയുമ്പോള് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാണ് വിദ്യാര്ത്ഥികള്ക്ക് പകരുക. 100 മനുഷ്യജന്മങ്ങൾ

ഉള്ളതില് പകുതിയിലേറെ പിന്നിട്ടവര്ക്കും പുണ്യം ഏറെ സമ്പാദിച്ചിട്ടുള്ളവര്ക്കും മാത്രമേ സുഗമമായി ശാസ്ത്രപാഠങ്ങള് ഗ്രഹിക്കാനാവുകയുള്ളൂ എന്ന മുഖവുരയോടെ തുടരട്ടെ. കാലാനുസൃതം സംഹാരം ആരംഭിക്കുന്നതോടെ ശാസ്ത്രവിഷയങ്ങളും ശാസ്ത്രവികസനവും ശോഷിക്കുന്നതാണ്, ആവക വിവരങ്ങൾ സംഹാരം എന്ന അദ്ധ്യായത്തിലുണ്ട്.

ഭൂമിയിലെങ്ങും കുട്ടിദൈവങ്ങളായും സൂപ്പര്ദൈവങ്ങളായും പ്രവര്ത്തിക്കുന്നവർ ശുചിത്വ വിഭാഗത്തിലാണെന്ന് ധരിച്ചുപോവരുത്. അവർ കാട്ടിക്കൂട്ടുന്ന അധമ കാര്യങ്ങളെ ദൈവ നിന്ദ : കപടദൈവങ്ങളെയും കുട്ടിദൈവങ്ങളെയും ആരാധിച്ചുകൂടാ എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്. **ആവശ്യം** എന്ന വിഭാഗം **ദുഷിച്ചുണ്ടായതാണ് കുട്ടിദൈവങ്ങൾ.**

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് ഗ്രന്ഥത്തിലെ ഒരു ഭാഗമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

(അദ്ധ്യായം 36)

തൊഴിലുകൾ : അത്യാവശ്യം

വ്യക്തിക്ക് ജീവിക്കുവാൻ അടിസ്ഥാനപരമായി അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാര്പ്പിടം എന്നിവയുമായി ബന്ധപ്പെട്ട തൊഴിലുകൾ ഈ വിഭാഗത്തില് പെടുന്നു.

ആധുനികജീവിതത്തില് അത്യാവശ്യങ്ങളുടെ അനന്തമായ നിരയുണ്ട്, എന്നാൽ അവയെല്ലാം കാലവ്യത്യാസമനുസരിച്ചും, ശാസ്ത്രപുരോഗതി അനുസരിച്ചും, ജനപ്പെരുപ്പം അനുസരിച്ചും രൂപപ്പെട്ടവ മാത്രമാണ്. മഹാശാസ്ത്രപ്രകാരം സംഹാരം ആരംഭിക്കുന്നതോടെ ശാസ്ത്രസൗകര്യങ്ങള് കുറയുന്നതിനെപ്പറ്റിയും ജനങ്ങള് ആത്മീയസാക്ഷാത്ക്കാരം നേടുന്നതിനൊപ്പിച്ച് സന്താനങ്ങള് ജനിക്കുന്നത് വളരെ കുറയുന്നതിനെപ്പറ്റിയും സന്താനസൗഭാഗ്യം വ്യക്തിപരമായും സാമൂഹ്യപരമായും ഒരു പ്രധാന പ്രശ്നമായും രൂപപ്പെടുന്നതിനെപ്പറ്റിയും, സമൂഹത്തിൽ അഥവാ രാജ്യത്തിൽ ഏതാനും വ്യക്തികൾ മാത്രമാകുന്നതിനെ പ്പറ്റിയും ചിന്തിക്കാനായാൽ അത്യാവശ്യമായ തൊഴിലുകളെപ്പറ്റി ബോധ്യമുണ്ടാകുന്നതാണ്.

ഏതാനും വ്യക്തികൾ മാത്രമുള്ള സമൂഹത്തിൽ ഭരണകൂടമോ പൂച്ചാണ്ടിക്കോടതികളോ ആഫീസുകളോ വാർത്താവിനിമയസൗകര്യങ്ങളോ വിഷയങ്ങളല്ല. ഇന്ന് അത്യാവശ്യ തൊഴിലുകളായിരിക്കുന്നവ തീർച്ചയായും ഇന്നിന്റെ അത്യാവശ്യമാണ്, ഇന്നിന്റെ മാത്രം.

സംഹാരം പുരോഗമിക്കുമ്പോൾ, ഉരുത്തിരിയുന്ന അവസ്ഥകൾക്ക് അനുസരിച്ച്, **നാളെ വിമാനസൗകര്യങ്ങൾ പിൻവലിക്കപ്പെടുമ്പോൾ വിമാനവുമായി ബന്ധപ്പെട്ട് ഇന്ന് അത്യാവശ്യമെന്നു കരുതുന്ന തൊഴിലുകൾ ആവശ്യങ്ങൾ പോലുമാവാതെ, വിമാനം കണ്ടെത്തും മുമ്പുള്ള അവസ്ഥപോലെ അപ്രത്യക്ഷമാകുന്നതാണ്.**

തൊഴിലുകള്ക്കെല്ലാം തുല്യപദവിയാണ് ശാസ്ത്രം അഥവാ ദൈവം നല്കുന്നത്, എന്നാല് തുല്യങ്ങളില് ഒന്നാമതായി കൃഷിയെ ഉന്നതപ്പെടുത്തിയിട്ടുണ്ട്. കൃഷി സ്തംഭിച്ചാല് / കൃഷിക്കാരൻ പണിമുടക്കിയാല് ഭക്ഷണം സ്തംഭിക്കും ; മുമ്പ് വിശദമാക്കിയിരുന്നു. ശരീരത്തിന് കേൾവി ശക്തിയോ സംസാര ശക്തിയോ ഇല്ലെന്നാൽ മൊബൈല്ഫോണ് ആവശ്യമില്ല, ഇന്നലത്തെ പ്രമുഖ നേതാവായിരുന്നു ഒരാള് എന്നതിനും ഇന്നു പ്രസക്തിയില്ല ; ഇന്നലത്തെ മത-ജാതിനേതാവായി അറിയപ്പെട്ടയാളെ, അനുയായികളെന്ന് സ്വയം അവകാശപ്പെടുന്നവര് ഇന്ന് പ്രതിമകള് വച്ചും ചിത്രങ്ങള് വച്ചും പൂജിച്ചും, മുദ്രാവാക്യങ്ങള് മുഴക്കി കീർത്തിച്ചും

കഴിയുമ്പോള്, അദ്ദേഹം പുനര്ജ്ജനിച്ച് മറ്റൊരു രാജ്യത്തിലെ മറ്റൊരു മതക്കാരന്റെ വെപ്പാട്ടിയെന്നോണമുള്ള രണ്ടാം ഭാര്യയായി കഴിയുന്നതിനെപ്പറ്റി ചിന്തിക്കുമ്പോള്, മനുഷ്യര് കാട്ടിക്കൂട്ടുന്ന കസര്ത്തുകളുടെ കഥയില്ലായ്മ വ്യക്തമാണ്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് ഗ്രന്ഥത്തിലെ ഒരു ഭാഗമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

(അദ്ധ്യായം 37)

തൊഴിലുകൾ : ആവശ്യം

കാലഘട്ടത്തിനൊത്തുള്ള ശാസ്ത്രസൗകര്യങ്ങളോടെ വ്യക്തിക്ക് ജീവിക്കുവാൻ അത്യാവശ്യവും **ആവശ്യവുമായ വസ്തുക്കളെല്ലാം ആവശ്യം എന്ന വിഭാഗത്തിൽ പെടുന്നു, അതുമായി ബന്ധപ്പെട്ട തൊഴിലുകളും ആവശ്യം എന്ന വിഭാഗത്തിലാണ്.**

ഇന്നലെയുടെ വിനോദം ഇന്നത്തെ ആവശ്യവും നാളത്തെ അത്യാവശ്യവും .... കുറേക്കഴിഞ്ഞ്, സംഹാരം പുരോഗമിക്കുമ്പോൾ, പിൻവാങ്ങിയുമുള്ള അവസ്ഥയാണ് മഹാപ്രപഞ്ചത്തിലുള്ളത്. ഇന്ന് മൊബൈല് ഫോണ് അത്യാവശ്യമായിരിക്കുന്നു, ഇന്നലെ ആവശ്യം മാത്രമായിരുന്നു അത്, മിനിഞ്ഞാന്ന് വിനോദവും.

ആവശ്യം, വിനോദം എന്നീ വിഭാഗങ്ങളിലുള്ളവരാണ് ശുചിത്വകാര്യങ്ങളെ കൂടുതലായി മറക്കുന്നതും അവഗണിക്കുന്നതും. ശുചിത്വ കാര്യങ്ങളെ അവഗണിക്കുന്നു എന്നു പറയുമ്പോള് ധര്മ്മശാസ്ത്രത്തെ അവഗണിക്കുന്നു എന്നാകയാല് സമൂഹത്തില് **ധാര്മ്മിക അധഃപതനം** ഉണ്ടാവുകയും വര്ദ്ധിക്കുകയും ചെയ്യുന്നു. **കാലഘട്ടത്തിനൊത്ത് സമൂഹത്തില് ആവശ്യമായ തൊഴിലുകളില് മിക്കതും ഇന്ന് ധാര്മ്മികമൂല്ല്യം നഷ്ടപ്പെട്ടു പ്രവര്ത്തിക്കുകയാണ്.**

ഒരാൾക്ക് ചെയ്യാനാവുന്ന ജോലി അഥവാ ഒരാളുടെ ജോലി, ആവശ്യമില്ലാത്ത പേപ്പർ വർക്കുകളിലുടെയും അധമനിയമങ്ങളിലൂടെയും വലിച്ചുനീട്ടി 25 -പേരെക്കൊണ്ടോ അതിലധികമോ പേരെക്കൊണ്ട് ചെയ്യിക്കുന്ന സംവിധാനം ഭരണകാര്യാലയങ്ങളില് വ്യാപിച്ചിരിക്കുന്നു. തൊഴിലിനുണ്ടായ ധാർമ്മികഭ്രംശം നിമിത്തം, തൊഴിൽ ചെയ്യുമ്പോൾ ലഭിക്കുന്നതായ ധർമ്മശാസ്ത്രപരമായ ആനന്ദത്തെ ഇല്ലാതാക്കിയിരിക്കുന്നു. സേവനത്തിന് വേതനം എന്നത് അവഗണിക്കപ്പെടാനും, സേവനമില്ലെങ്കിലും വേതനം വേണം എന്നിങ്ങനെ അധമരീതി വികസിക്കാനും ഇടയായിട്ടുണ്ട്. തൊഴിൽ ലഭിക്കാനും തൊഴിലിലുള്ള ആനന്ദം ലഭിക്കാനും ഉദ്യോഗാർത്ഥികൾ ആഗ്രഹിക്കാത്ത അവസ്ഥ പോലും ഉണ്ടായിരിക്കുന്നു. തൊഴിലുകളുടെ ലക്ഷ്യം വേതനങ്ങളും വേതന-വർദ്ധനവുകളും, സേവനം ഒഴിവാക്കിയുള്ള വേതന-ലഭ്യതയുമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. കൈക്കൂലി തുടങ്ങിയ അഴിമതികള്കൊണ്ട് തൊഴിലുകളിൽ വിനോദം കൂടി കൃത്രിമമായി ഉണ്ടാക്കപ്പെടുന്നു എന്നതും വസ്തുതയാണ്.

വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുമ്പോ, ധർമ്മശാസ്ത്രപ്രകാരം ഇന്നത്തെ തൊഴിൽ സംവിധാനങ്ങളെ പരിഷ്ക്കരിക്കപ്പെടുന്നതാണ്. ഏതാനും ഉദാഹരണങ്ങള് പറയാം :

ധർമ്മശാസ്ത്രപ്രകാരമല്ലാത്ത ഇന്നത്തെ

ഭരണകൂടത്തെ
ധർമ്മശാസ്ത്രപരമാക്കുമ്പോഉള്പ്പെടെയുള്ളപെടെയുള്ള
അനവധി ഭരണകാര്യാലയങ്ങൾ
അധമസംവിധാനങ്ങളുടെ പട്ടികയിൽ ഉള്പ്പെടുന്നതും
വര്ജ്ജിക്കപ്പെടുന്നതുമാണ്. ആവശ്യമില്ലാത്ത
റിപ്പോര്ട്ടുകളും സാക്ഷ്യങ്ങളും സാക്ഷികളും, കൂടാതെ
കള്ള റിപ്പോര്ട്ടുകളും കള്ള സാക്ഷികളും, ഒക്കെച്ചേര്ന്ന്
ഇന്നത്തെ കോടതികൾ പത്തോ പതിനഞ്ചോ വര്ഷത്തെ
അധമവ്യായാമം നടത്തുന്ന കേസ്, ധര്മ്മശാസ്ത്രങ്ങളെ
അറിയാവുന്ന പഞ്ചായത്ത് ഭരണാധികാരി എന്ന
കൊച്ചുരാജാവും സഹകാരികളും ഏതാനും
മിനുട്ടുകള്കൊണ്ട് തീര്പ്പാക്കുന്നതാണ്.

പോലീസ് സേന ഉള്പ്പെടെയുള്ളവയെ
തിരഞ്ഞെടുക്കുന്നതും നിയമിക്കുന്നതും
പിരിച്ചുവിടുന്നതുമൊക്കെ പഞ്ചായത്ത് അഥവാ
ജനസഭയ്ക്കു വേണ്ടി ജനസഭയുടെ രാജാവും (5
മന്ത്രിമാരും) തന്നെ ആയിരിക്കും. എംപ്ലോയ്മെന്റ്
എക്സ്ചേഞ്ച്, പി.എസ്.സി., ബാങ്കുകൾ, ഓഹരി-
വിപണികൾ, ഇലക്ഷൻ കമ്മീഷനുകൾ,
(ദുർ)ഭരണകൂടങ്ങൾ തുടങ്ങിയ അനവധി
കാര്യാലയങ്ങൾ അസ്തമിക്കുന്നതാണ്. ഇന്നത്തെ
ബാങ്കുകളെപ്പറ്റി എടുത്തു പറയുമ്പോള്, ഒരു കാര്യം
എടുത്തു പറയാതെ വയ്യ. അക്കൗണ്ടില് ഏറ്റവും
കുറഞ്ഞത് ഇത്ര തുക ഉണ്ടാവണമെന്ന് ബാങ്കിന്റെ
ഭരണകൂടും തീരുമാനിക്കുകയും, കുറഞ്ഞ തുക
സൂക്ഷിക്കാന് കഴിയാത്തവരുടെ നിക്ഷേപത്തില് നിന്നും

500, 1000, എന്നിങ്ങനെയെല്ലാം പിഴകളെന്ന പേരില് അഥവാ നിക്ഷേപകർ കുറ്റംചെയ്തെന്ന പേരിൽ **നിക്ഷേപകരുടെ അനുവാദം പോലും ചോദിക്കാതെ പണം തട്ടിയെടുക്കുന്നത്, പിടിച്ചുപറിക്കാരെക്കാൾ അധമരീതിയാണ്.** ബാങ്ക് ഭരണം നടത്തുന്ന ഉന്നതാധികാരികളെ മോഷ്ടാക്കളും മറ്റു തട്ടിപ്പുകാരും ആക്രമിച്ച് പണം തട്ടിയെടുത്തിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ, പ്രസ്തുത ബാങ്ക് അധികാരിയുടെ കുറ്റംകൊണ്ടാണ് പണം തട്ടിയെടുക്കുന്നതെന്ന് പിടിച്ചുപറിക്കാർ പറഞ്ഞിട്ടുണ്ടാവില്ല, കുറ്റപ്പെടുത്തിയിട്ടും ഉണ്ടാവില്ല. **കൊടുംനീചക്കൂട്ടങ്ങളായിരിക്കുന്നു ബാങ്കുകൾ.** അതേസമയം, അധമ നിയമങ്ങളിലൂടെയുള്ള ഇതിലും വലിയ വന്കൊള്ളകള് സംസ്ഥാന ഭരണകൂടങ്ങളും കേന്ദ്രഭരണകൂടവും; രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി യൂണിയനുകൾ, മതസംഘടനകൾ എന്നിവകളും ചെയ്യുമ്പോൾ, ബാങ്കുകള്ക്കും മറ്റും നാണംവേണ്ടതില്ല. സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിൽ ബാങ്കുകളുടെ സൃഷ്ടിതന്നെ അശാസ്ത്രീയം ആയിരിക്കുന്നത് എന്തുകൊണ്ടാണെന്നും, ശാസ്ത്രീയമായി പൻവലിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നുണ്ട്.

ഇന്ഷ്വറന്സ് പോലെയുള്ള ദൈവത്തെ നിന്ദിക്കുന്ന സ്ഥാപനങ്ങളും അസ്തമിക്കുന്നതാണ് (ഇന്ഷ്വറന്സ് പോലെയുള്ളവ കടുത്ത ദൈവനിന്ദയാണു ചെയ്യുന്നതെന്ന് വിവിധ മതനേതൃത്വങ്ങള്ക്ക് ബോദ്ധ്യമാകാഞ്ഞതിന്റെ മൂലകാരണം മതദൈവ-

വിശ്വാസികളായ അവർ
മതവിശ്വാസികളല്ലാത്തതുകൊണ്ടും മതങ്ങൾ
ദൈവശാസ്ത്രമല്ലാത്തതുകൊണ്ടുമാണ്. ലൈഫ്
ഇന്ഷ്വറന്സ് എടുത്തിട്ടുള്ളവരിലും ഭൂരിപക്ഷം പേർ
മതവിശ്വാസികൾ തന്നെയാവും !). ലോട്ടറി പോലെയുള്ള
അധമവൃത്തികളും **മായ** പ്രത്യക്ഷമാകുന്നതോടെ
അവസാനിക്കുന്നതാണ്.

ഭരണാധികാരികൾ **ആവശ്യം** വിഭാഗത്തിലാണ്.
സാമൂഹ്യ /സംസ്ഥാന/ രാഷ്ട്ര ഭരണകൂടത്തിലെ
ഭരണാധികാരികളെയാണ് ഉദ്ദേശിച്ചത്. മത-രാഷ്ട്രീയ-
വര്ഗ്ഗ സംഘടനകളിലെ ഭരണാധികാളും
നേതാക്കളുമൊക്കെ ആവശ്യം എന്ന വിഭാഗം ജീര്ണ്ണിച്ച്
ഉണ്ടായവയാണെന്നും, ഭൗതിക അസ്തിത്വം ഇല്ലാത്ത
അത്തരം അതിനീച സംഘടനകളെ ശൂന്യതയിൽ മറവു
ചെയ്യേണ്ട കാലം എന്നേ കഴിഞ്ഞുവെന്നും
ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ
വിശദീകരിച്ചിരുന്നു.

ധർമ്മ ശാസ്ത്രപരമായ രാജഭരണസമ്പ്രദായം
ജനസഭകളിലൂടെ ഉരുത്തിരിയുന്നതും, ജനങ്ങളുടെ
ദാസരായി പ്രവര്ത്തിക്കുന്ന രാജാവും മന്ത്രിമാരും
സേനയും ധർമ്മശാസ്ത്രപരമായി
സൃഷ്ടിക്കപ്പെടുന്നതുമാണ്. ഓരോ വ്യക്തിക്കും
ധർമ്മശാസ്ത്രപരമായ ആധിപത്യം ഉറപ്പാക്കുന്ന
ജനാധിപത്യം ആണ് നടപ്പിലാവുക. ആഫീസുകളും
ആഫീസുകളിലെ പേപ്പര് വര്ക്കുകളും വളരെ
തുച്ഛമാകുന്നതാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ, ആവശ്യം

വിഭാഗത്തിലുള്ള ഭരണാധികാരി അഥവാ രാജാവ് ആകാനും എല്ലാ ജനങ്ങള്ക്കും മഹാനീതിശാസ്ത്രപ്രകാരം അവസരം ലഭിക്കുന്നതാണ്,

ഇന്നത്തെ ഭരണകൂടങ്ങള് നിര്വ്വഹിക്കുന്ന നീതിന്യായ സംവിധാനത്തിലെ അധമ കാര്യങ്ങളെപ്പറ്റി അല്പം വിസ്തരിക്കാം :-

1) സമൂഹത്തിലെ ഭരണകൂടത്തിന് തങ്ങളുടെ സാമൂഹ്യ സ്ഥാനമെന്തെന്നോ തങ്ങള് ആരെന്നോ അറിയില്ല. ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ തൊഴിൽ വിഭജനത്തിൽ ആവശ്യം എന്ന മൂന്നാം വിഭാഗത്തിലാണ് ഭരണകൂടം പെടുന്നത് എന്നതുപോലെ തന്നെ, സമൂഹത്തിലെ (വ്യക്തികളുടെ) നീതി-ന്യായ ആവശ്യങ്ങളിലും ഭരണകൂടം മൂന്നാം കക്ഷി മാത്രമാണെന്നത് അറിഞ്ഞും അറിയാതെയും ഇന്ന് പ്രവർത്തിക്കുകയാണ്.

ഭരണകൂടമെന്നത് സമൂഹത്തിന്റെ മൊത്തത്തിലുള്ള **പൊതു ആവശ്യങ്ങളില് ഓരോ വ്യക്തിയെയും ധർമ്മശാസ്ത്രപരമായി സഹായിക്കാനുള്ള സംവിധാനമാണ്; ഉപദ്രവിക്കാനുള്ളതല്ല.**
ഉദാഹരണത്തിന് വ്യക്തികളുടെ നീതി-ന്യായ ആവശ്യങ്ങളില്, വ്യക്തികളെ സഹായിക്കുക മാത്രമാണ് ഭരണകൂടത്തിന്റെ കടമ അഥവാ ഉത്തരവാദിത്തമെന്നത് ഭരണകൂടം ഒട്ടുംതന്നെ അറിയാതെ പോയിരിക്കുകയാണ്. മൂന്നാം കക്ഷിയായ ഭരണകൂടം നിശ്ചയിക്കുന്ന നീതിന്യായ സംവിധാനങ്ങളല്ല നീതിന്യായം നടത്തേണ്ടത്.

ഏതാനും **ഉദാഹരണങ്ങളോടെ** വിശദമാക്കാം :

ഒരു വ്യക്തിയോടോ, വ്യക്തിയുടെ മാതാപിതാക്കളോടോ, ഭാര്യയോടോ/ഭര്ത്താവിനോടോ കുട്ടികളോടോ, സഹോദരങ്ങളോടോ, മറ്റുള്ള **ഉറ്റവരോടോ, ഏതൊരാളോടോ അക്രമം കാട്ടുന്നവരെ ധര്മ്മശാസ്ത്രപരമായി ശിക്ഷിക്കുവാൻ വ്യക്തിക്ക് കഴിയാതെ വരുമ്പോൾ മാത്രമാണ് ഭരണകൂടത്തിന്റെ സഹായം ആവശ്യമുള്ളത്.**

കള്ളനെ കണ്ടാലും പിടിക്കാൻ കഴിഞ്ഞാലും അതുചെയ്യാതെ പകരം കക്കാൻ അനുവദിക്കണമെന്നും പോലീസ് സേനയെ വിവരം അറിയിച്ചാൽ മാത്രം മതിയെന്നും പറഞ്ഞാൽ എങ്ങനെയിരിക്കും ?

ഭാര്യയോടും സഹോദരിയോടും മാതാവിനോടും കടുത്ത അക്രമം കാട്ടുന്നവരെ തടയാനുള്ള **പ്രാപ്തി** ഉണ്ടെങ്കിൽ പോലും, അക്രമിയെ തുരത്താനോ ശിക്ഷിക്കാനോ ശ്രമിക്കാതെ പകരം അക്രമം നടത്താൻ അനുവദിച്ചുകൊണ്ട് പോലീസ് സേനയെ തേടിപ്പോകണമെന്നു പറഞ്ഞാൽ എങ്ങനെയിരിക്കും ?

പട്ടി കുരച്ചുകൊണ്ട് (കടിക്കാനായിട്ടാവാം) ഓടിവരുമ്പോള്, കല്ലെടുത്തോ, വടിയെടുത്തോ, ചെരുപ്പൂരിയോ, അല്ലാതെയോ പട്ടിയെ ഭയപ്പെടുത്താനോ, അതുമല്ലെങ്കില് സ്വയം ഓടി രക്ഷപെടാനോ ഒക്കെ, ശ്രമിക്കാതെ പകരം മൊബൈൽ ഫോണെടുത്ത് പോലീസിനെ വിളിക്കണമെന്നു പറഞ്ഞാൽ

എങ്ങനെയിരിക്കും ?

രണ്ടോ അതിലധികമോ വ്യക്തികൾ എതിരാളികളായി ചേരിതിരിയുമ്പോൾ, അധര്മ്മം പ്രവര്ത്തിച്ചവരെ ധര്മ്മശാസ്ത്രപരമായി ശിക്ഷിക്കുവാൻ അവര്ക്കു തന്നെ സാധിക്കുന്നുവെങ്കിൽ അവിടെ ഭരണാധികാരിയുടെ ആവശ്യമില്ല എന്നാണര്ത്ഥം.

ഒരാളുടെ ഭാര്യയെയോ ഏതെങ്കിലും പെണ്കുട്ടിയെയോ കടന്നുപിടിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്ന അക്രമിയെ വധിക്കേണ്ടുന്ന സാഹചര്യം ഭാര്യയ്ക്കോ ഭർത്താവിനോ ഏതെങ്കിലുമൊരു വ്യക്തിക്കോ ഉണ്ടായാൽ,

അക്രമിയെ വധിച്ചുവെന്നു വരും.

വധിക്കപ്പെട്ടയാളെ ശവമടക്കുക എന്ന ജോലി മാത്രമാണ് ഭരണകൂടത്തിനുള്ളത്. പകരം വധിച്ചയാളെ കൊലയാളിയെന്നു മുദ്രകുത്താനും വിചാരണചെയ്യാനും ജയിലിലടയ്ക്കാനും ഭരണകൂടത്തിന് അവകാശമോ അധികാരമോ ഇല്ല. നീച കാര്യങ്ങള്ക്കായി ഊർജ്ജവും സമയവും പൊതുസമ്പത്തും പാഴാക്കാനും ഭരണകൂടം തയ്യാറായിക്കൂടാ. പോലീസ് സേന ഉള്പ്പെടെയുള്ള ഭരണാധികാരികളുടെ ഭരണവൈകല്യം കൊണ്ടാണ് നാട്ടില് അക്രമങ്ങള് ഉണ്ടാവുന്നതെങ്കില്, കാര്യക്ഷമതയില്ലാത്തവർ സ്വയം പിരിഞ്ഞുപോവുകയും,

അല്ലാത്തവരെ പിരിച്ചുവിടുകയും മാറ്റിസ്ഥാപിക്കുകയും ഒക്കെയാണ് ചെയ്യേണ്ടത്. ലഭ്യമായ ചരിത്രത്തിൽ രാജഭരണകാലത്ത് രാജാക്കന്മാരും ഭടന്മാരും സാധാരണജനങ്ങളുമൊക്കെ ധര്മ്മശാസ്ത്രപരമായിട്ട് അധര്മ്മികളെ ശിക്ഷിച്ചിട്ടുള്ള സംഭവങ്ങളുണ്ട്.

ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും അറിയാവുന്നവരും അതനുസരിച്ചു ജീവിക്കുന്നവരുമായ ജനങ്ങളാണ് നിയമവും നീതിയും കൈയ്യിലെടുക്കേണ്ടത്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. ജനങ്ങള് നിയമം കൈയ്യിലെടുക്കുകയാണെങ്കില് പോലീസെന്തിന് എന്ന ചോദ്യമുണ്ട്. അന്യായമായി ഒരാള് മറ്റൊരാളെ പീഡിപ്പിക്കുമ്പോള്, ആരോഗ്യവും സൗകര്യങ്ങളും കുറഞ്ഞ വ്യക്തിയുടെ പക്ഷമാണ് ന്യായമെങ്കില്, അയാളെ സഹായിക്കാനായും, പൊതു വിചാരണ ആവശ്യമുള്ള കാര്യങ്ങളില് അതുചെയ്യാനും പോലീസും ജനസഭയിലെ അംഗങ്ങളും ആവശ്യമാണ്. കൊലയും കൊള്ളകളും നടക്കുമ്പോള്, പലപ്പോഴും പ്രതികളാരെന്ന് അറിയാത്ത സന്ദര്ഭങ്ങളില് പോലീസ് സേനയെ ആവശ്യമുണ്ട്. മായ പ്രത്യക്ഷമായ ശേഷം കൊലയും കൊള്ളകളും അത്യപൂര്വ്വമായിരിക്കും എന്നുമറിയുക. പോലീസിനെക്കൊണ്ട് ആവശ്യമായ കാര്യങ്ങള് സമൂഹത്തിലുണ്ട് എന്നതിന് സമൂഹത്തിലെ എല്ലാ ക്രമപ്രശ്നങ്ങള്ക്കും പോലീസാണ് പരിഹാരമുണ്ടാക്കേണ്ടത് എന്നു കരുതുമ്പോഴാണ് ധർമ്മശാസ്ത്രവിരുദ്ധമാകുന്നത്.

ജനങ്ങൾ നന്നായി അഥവാ ധര്മ്മശാസ്ത്രപരമായി ജീവിക്കുന്ന നാട്ടിലെ ഭരണകൂടത്തിൽ ഭരണാധികാരിയും പോലീസ് സേനയും മുഖ്യമായും നിരീക്ഷക ജോലി മാത്രമാണു ചെയ്യേണ്ടത്.

സമൂഹത്തിലെ പൊതുആവശ്യങ്ങള്ക്കും, ക്രമപ്രശ്നങ്ങള്ക്കും ധര്മ്മശാസ്ത്രപരമായ പരിഹാരം ഉണ്ടാക്കുക എന്നതാണ് ആവശ്യം എന്നതു തിരിച്ചറിയുമ്പോൾ ആരുചെയ്യണം എന്നത് അപ്രസക്തമാകുന്നു.

രാജാവിനും പോലീസ് സേനയക്കും സാധാരണ പ്രജയ്ക്കുമെല്ലാം ഏതൊരു സമയത്തും തുല്ല്യഅധികാരങ്ങൾ മാത്രമാണ് ഉള്ളതെന്ന് അറിയണം. പ്രശ്നങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ജനങ്ങള്ക്കാണ് ഏറ്റവും ഉചിതമായ പരിഹാരം ആദ്യം ഉണ്ടാക്കാൻ കഴിയുക എന്നതിന്റെ അടിസ്ഥാനത്തിൽ, ജനങ്ങൾ അഥവാ വ്യക്തി ധര്മ്മശാസ്ത്രപരമായിട്ട് ഒരു സാമൂഹ്യപ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നുവെങ്കിൽ അതിനെ അംഗീകരിക്കുകയും അനുമോദിക്കുകയുമാണ് രാജാവും സേനയും ഉള്പ്പെടെയുള്ളവർ ചെയ്യേണ്ടത്. സമൂഹത്തെ യഥാര്ത്ഥത്തിൽ ഭരിക്കുന്നത് ധര്മ്മശാസ്ത്രം ആവുകയും, രാജാവ്, മന്ത്രി, സായുധസേന, പ്രജകൾ തുടങ്ങിയവരെല്ലാം ധര്മ്മശാസ്ത്രത്തെ പരിപാലിക്കുന്ന ഉപകരണങ്ങൾ മാത്രമാവുകയും ചെയ്യുമ്പോൾ, തെറ്റുകള് ചെയ്യുന്ന രാജാവിനെയും മന്ത്രിയെയും ഉള്പ്പെടെ ഏതൊരാളെയും ഏതൊരു സമയത്തും തിരുത്താനും ശിക്ഷിക്കാനും ആവശ്യമെങ്കിൽ കാട്ടിലേക്ക് തുരത്താനും നാട്ടിലെ ഏതൊരു വ്യക്തിക്കും ധര്മ്മശാസ്ത്രപ്രകാരം അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

സൂത്രത്തിൽ നൂറ്റാണ്ടുകളിലൂടെ ജനങ്ങളെ ഭരണകാര്യങ്ങളിൽ നിന്നും നീതിന്യായ കാര്യ ങ്ങളില്നിന്നും ഭരണാധികാരികളും അവരുടെ ഭാഗമായ പോലീസും കോടതികളും അകറ്റു കയുണ്ടായി. ഇന്നത്തെ ഭരണാധികാരികളും പരിചയിച്ചിട്ടുള്ളത് ശാസ്ത്രപരമല്ലാത്ത പോലീസ് സംവിധാനത്തെയും ഭരണകൂട ത്തെയുമാണ്. പോലീസ് സേനയെ നവീകരിക്കണമെന്നു പറയുമ്പോഴും, നിലവി ലുള്ള ചട്ടക്കൂടുകള്ക്കകത്തു നിന്നുള്ള പരിഷ്ക്കരണങ്ങള് മാത്രമേ അവരുടെ മനസ്സിൽ തെളിയുകയുള്ളൂ. അതെന്തുകൊ ണ്ടെന്നാൽ, നൂറ്റാണ്ടുകളായിട്ട് ഭരണകൂടം ദൈവീകമല്ല അഥവാ ധര്മ്മശാസ്ത്രപരമല്ല. ഭരണാധികാരികൾ കൊടുംപാപികളാണെ ന്നും, അശാസ്ത്രീയമാണെന്നും ദൈവീകമ ല്ലെന്നും ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ വ്യക്തമായി വിസ്തരിച്ചി ട്ടുണ്ട്. പ്രശ്നങ്ങളെ അറിയുകയും അനുഭവി ക്കുകയും ചെയ്യുന്ന ജനങ്ങളല്ല, മറിച്ച് ജനങ്ങള്ക്കുവേണ്ടി എന്നപേരില്, ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്നവരായ ഭരണാധികാരികൾ എന്നൊരു വര്ഗ്ഗം, വീണ്ടും ജനങ്ങളുടെ സമ്പത്തുകൊണ്ട് തീറ്റിപ്പോറ്റുന്ന പോലീസ് സേനയെക്കൊണ്ട് നീതി നടത്തണമെന്ന രീതി ദൈവീകമല്ല. ജനങ്ങ

ളുടെ ഒരു ഭാഗം മാത്രമായ പോലീസ്, ഇന്ന് ജനങ്ങളുടെ ഭാഗമല്ലാതെയെന്നോണം പ്രവര്ത്തിക്കുകയും, ജനങ്ങൾ തീറ്റിപ്പോറ്റുന്ന പോലീസുകാർ മഹാധർമ്മശാസ്ത്രത്തെ അനുസരിക്കേണ്ടുന്നതിനു പകരം ഭരണാധികാരികളെ അനുസരിക്കുന്നവർ ആയിരിക്കുകയുമാണ്.

ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്നവരായ ഭരണാധികാരികൾ ആവശ്യപ്പെട്ടാൽ, ജനങ്ങളുടെ സമ്പത്തുകൊണ്ട് തീറ്റിപ്പോറ്റുന്ന പോലീസ് സേന, ജനങ്ങളെ തല്ലുകയും വെടിവെയ്ക്കുകയും കൊല്ലുകയും ചെയ്യുമെന്നായിരിക്കുന്നു. ജനങ്ങളും പോലീസും തമ്മിൽ ശത്രുക്കളെപ്പോലെയുള്ള രീതികൾ ഉണ്ടായിരിക്കുന്നു.

ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും അറിയുകയും പുലർത്തുകയും ചെയ്യുന്ന ജനങ്ങളെ നിയമവും നീതിയും കൈയ്യിലെടുക്കുന്നതിൽ നിന്ന് തടയുകയും, അവ അറിയുകയോ സ്വയം പുലര്ത്തുകയോ ചെയ്യാത്തവരെ പോലീസ് സേനയിൽ ഉള്പ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. അറിഞ്ഞും അറിയാതെയും ഭരണകൂടം പുലര്ത്തിപ്പോന്ന നീച നിയമങ്ങളെ

പൊളിച്ചെഴുതിയ ദൈവീകമായ ഗാന്ധിയൻ രീതിയെ ഭരണകൂടങ്ങൾ ഉപേക്ഷിക്കുകയും നീച നിയമങ്ങളെ അധമ-ഭരണഘടനയിലൂടെ ഭാരത-ഭൂലോക പുനഃപ്രതിഷ്ഠിച്ചിരിക്കുകയുമാണ്. **

മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളുടെയും ഒന്നാം കക്ഷി മഹാനീതിപതിയായ ദൈവമാണെന്നു കാണാം. സമൂഹത്തിലെ ഏതെല്ലാം വ്യക്തികള് തമ്മില് പോരിട്ടാലും, വാദിയും പ്രതിയും ഉള്പ്പെടെയുള്ളവരെല്ലാം രണ്ടാം കക്ഷികള് മാത്രമാണ്. സ്രഷ്ടാവായ ദൈവം ഒന്നാം കക്ഷിയാണ്. മഹാനീതി വിധിക്കുന്ന മഹാനീതിപതിയുമാണ്. ഒരാള് വേദനിക്കപ്പെട്ടതിന് മനുഷ്യര് അറിയാത്ത കാരണങ്ങളുണ്ടാകും. തന്നെയോ കുടുംബത്തെയോ ഭൗതികമായോ അല്ലാതെയോ ആക്രമിച്ചവരോട് ക്ഷമ കാട്ടുവാന് അഥവാ മാപ്പു കൊടുക്കുവാന് വ്യക്തി നിശ്ചയിക്കുമ്പോഴും ഭരണകൂടം അപ്രസക്തമാണ്. **മൂന്നാം കക്ഷി മാത്രമായ ഭരണകൂടം ആവശ്യമില്ലാത്ത കാര്യങ്ങളെ ഇന്നു ചെയ്യുന്നു എന്നാണ് വ്യക്തമാക്കിയത്.**

ജയിൽശിക്ഷാ സംവിധാനം ശാസ്ത്രീയമല്ല. സമൂഹത്തിൽ ധർമ്മശാസ്ത്രപരമായി ജീവിക്കുവാൻ തയ്യാറാകാത്തവർക്ക് ശാസ്ത്രപരമായ സൗകര്യങ്ങളെ നിഷേധിച്ചുകൊണ്ട് കാട്ടിൽ ജീവിക്കുവാനും ദ്വീപിൽ ജീവിക്കുവാനും ശിക്ഷിക്കുന്നതിനെപ്പറ്റി മുമ്പ് വിസ്തരിച്ചിരുന്നു.

മേല്പ്പറഞ്ഞ കാര്യങ്ങളെല്ലാം, ഇനി ഭൂമിയില് സാദ്ധ്യമാകണമെങ്കില്, ദൈവം മായ പ്രത്യക്ഷമാക്കുന്നതിലൂടെ മാത്രമേ കഴിയൂ. മതങ്ങളും, രാഷ്ട്രീയ പാർട്ടികളും, മത-ജാതി സംഘടനകളും, വർഗ്ഗ സംഘടനകളുമെല്ലാം ഏറ്റവും അധമമായി മാറിയിരിക്കെ ദൈവീക നടപടികളിലൂടെ മാത്രമേ കഴിയുകയുള്ളൂ. ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വിശദീകരണമുണ്ട്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് ഗ്രന്ഥത്തിലെ ഒരു ഭാഗമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

** മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല എന്നു ബോദ്ധ്യമാകുന്നതാണ്. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങള്ക്കും അവയെ ഉറപ്പുവരുത്തുവാന് ധര്മ്മശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തില്, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാന് മഹാശക്തിയും മഹാപിതാവും മഹാമാതാവും കൂടിയായ ദൈവം മഹാഅനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും കീര്ത്തികളുടെയും സ്മാരക-നിർമ്മാണങ്ങളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 38)

തൊഴിലുകൾ : വിനോദം

ജീവിക്കുന്നവരാണ് ജീവികൾ; ജീവികളെല്ലാം ജീവിക്കുകയാണു ചെയ്യുന്നത്; ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുന്നത് ആനന്ദിച്ചാവണം.

തൊഴിൽ അഭിരുചിയും വിനോദ അഭിരുചിയും മഹാനീതിശാസ്ത്രപ്രകാരം മനുഷ്യന് ലഭിക്കുന്ന ജന്മഗുണങ്ങളാണ്. തൊഴിൽ അഭിരുചി എന്നതിലെ അഭിരുചിയിൽ വിനോദം ഉള്പ്പെട്ടിട്ടുണ്ട്. അതായത് തൊഴില്ചെയ്യുമ്പോള് വിനോദിക്കുകകൂടി ചെയ്യുന്നുണ്ട്; ചെയ്യണം. തൊഴിലുകളിൽ ധാര്മ്മികച്യുതി ഉണ്ടാവുമ്പോൾ വിനോദം നഷ്ടമാകുന്നതിനെപ്പറ്റി മുകളില് ആവശ്യം എന്ന തൊഴിൽ വിഭാഗത്തിൽ സൂചിപ്പിച്ചിരുന്നു.

ജീവിക്കുവാൻ വിനോദവും വേണം, എന്നല്ലാതെ വിനോദത്തിനായി ജീവിക്കരുത്.

വിനോദം അഥവാ വിനോദ കാര്യങ്ങള് തൊഴിലായി സ്വീകരിക്കുന്നവര് ഏറ്റവുമധികം ശ്രദ്ധിക്കേണ്ടതുണ്ട്. ധാര്മ്മിക അധഃപതനം സമൂഹത്തിലുണ്ടാവുമ്പോള്, വിനോദ കലകളിലും സാഹിത്യകാര്യങ്ങളിലും മറ്റും പ്രവര്ത്തിക്കുന്നവര്ക്ക് വിനോദകാര്യങ്ങളെ

മാറ്റിവയ്ക്കുവാനോ അവയെ സാമൂഹ്യ ഉയർച്ചയെ മുന്നിർത്തി ശുചിത്വ വിഭാഗമായി പ്രവർത്തിപ്പിക്കുവാനോ ബാധ്യതയുണ്ട്. സ്വയം ബാധ്യതയെന്ന പേരിലുള്ള ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ ഉത്തരവാദിത്വമാണത്. ഇന്നത്തേതുപോലെയുള്ള കാലഘട്ടത്തില് എല്ലാ രാഷ്ട്രങ്ങളിലെയും സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും വിനോദകാര്യങ്ങളെ ശുചിത്വ വിഭാഗങ്ങളിലേക്ക് നയിക്കുവാൻ ബാധ്യതയുണ്ട്.

വിനോദങ്ങൾ എല്ലാവിധത്തിലും ധാർമ്മികമാവണം. ഒരു വീട്ടിലെ ഒരു മുറിയിൽ അമ്മയോ അച്ഛനോ രോഗാവസ്ഥയിൽ വേദനകൊണ്ട് കരയുകയും പരസഹായം തേടുകയുംചെയ്യുമ്പോൾ അതു ശ്രദ്ധിക്കാതെ അടുത്ത മുറിയിൽ മക്കളും കൊച്ചുമക്കളും ടെലിവിഷനിലെ മിമിക്രി കണ്ട് പൊട്ടിച്ചിരിക്കുകയോ ക്രിക്കറ്റ് കളി ആസ്വദിക്കുകയോ ചെയ്താൽ അത് ശരിയല്ല എന്നതും, തൊട്ടടുത്ത വീട്ടിൽ മരണം നടന്ന് ശവസംസ്ക്കാരം നടത്തിക്കൊണ്ടിരിക്കെ തന്റെ വീട്ടിന്റെ മുറ്റത്ത് കൈകൊട്ടിക്കളി നടത്തുന്നത് ശരിയല്ല എന്നതും അതുപോലെയുള്ള കാര്യങ്ങളും ഉള്ക്കൊള്ളാൻ മനുഷ്യനു കഴിയണം. പലേടങ്ങളിലും ഇന്ന് മറിച്ചുള്ള അവസ്ഥ ഉണ്ടായിരിക്കുന്നു !

ശുചിത്വകാര്യങ്ങളും അത്യാവശ്യകാര്യങ്ങളും തകരാറിലായിരിക്കുന്ന ഒരു സമൂഹത്തില് വിനോദങ്ങളെന്ന പേരില് അധമകാര്യങ്ങള് നടത്തുന്നതും ഭരണാധികാരികള് കൂട്ടുനില്ക്കുന്നതും അതിന് പൊതുഖജനാവ് ദുരുപയോഗപ്പെടുത്തുന്നതും കടുത്ത തെറ്റാണ്. സമൂഹത്തെ പ്രദേശം, ജില്ല, സംസ്ഥാനം, ദേശം, അന്തര്ദ്ദേശീയം എന്നിങ്ങനെ വിലയിരുത്തുമ്പോള്, പ്രസ്തുത ധാര്മ്മിക മാനദണ്ഡം പാലിക്കുവാന് ഓരോ ഭരണാധികാരിക്കും കഴിയണം. പ്രാദേശിക തലത്തില് പോലും കലാമേളകള് നടത്താന് ധാര്മ്മികമായി യോഗ്യതയില്ലാത്തവര് ഇന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദേശീയതലത്തിലും അന്തര്ദ്ദേശീയതലത്തിലും മറ്റും കായിക- കലാമേളകളും മറ്റും നടത്തുന്നത് കടുത്ത പൈശാചികത്വമാണ്. ഉദാഹരണം പറയുമ്പോള് ആഫ്രിക്കയിലും ഏഷ്യയിലും ലാറ്റിന് അമേരിക്കയിലും മറ്റുമായി ഭൂമിയിലെ 50-ലധികം രാജ്യങ്ങള് ഭക്ഷണദാരിദ്ര്യത്തില് കഴിയുമ്പോള്, അതില് തന്നെ 30-ലധികം രാജ്യങ്ങളില് കടുത്ത ദാരിദ്ര്യം ബാധിച്ചിരിക്കുമ്പോള്, ഒളിമ്പിക്സ് പോലെയുള്ള അന്താരാഷ്ട്ര വിനോദങ്ങള് നടത്തുന്നത് കടുത്ത പൈശാചികത്വമാണ്.

ഭരണാധികാരികളും ബഹുവിധനേതാക്കന്മാരും ഉള്പ്പെടെ ബുദ്ധിശക്തികളെ അധികമായി ലഭിച്ചിട്ടുള്ളവർ തങ്ങളെ ഈ പ്രപഞ്ചത്തിന്റെ മാതാവായി ഒന്നു ഭാവന ചെയ്യുക :

തന്റെ വളരെയധികം മക്കൾ ഭക്ഷണം ഉള്പ്പെടെയുള്ള ദാരിദ്ര്യത്തിൽ പെട്ടിരിക്കുമ്പോൾ, വിഷമാവസ്ഥയിലുള്ള സഹോദരങ്ങളെ രക്ഷിക്കുക എന്ന ആദ്യ ഉത്തരവാദിത്വം മറന്നുകൊണ്ട് കുറേ മക്കൾ സ്വാര്ത്ഥസുഖങ്ങള്ക്കും അധമവിനോദങ്ങള്ക്കുമായി പായുന്നതു ശരിയല്ല എന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

ധാര്മ്മികമായി ജീവിച്ചുകൊണ്ട് ദൈവം നല്കിയ ശക്തിക്കൊത്ത് അന്യരായി കഴിയുന്ന സഹോദരങ്ങള്ക്കുവേണ്ടി പ്രവര്ത്തിക്കുകയാണ് അത്യാവശ്യം. തനിക്കും കുടുംബത്തിലെ അംഗങ്ങള്ക്കുംവേണ്ടി പ്രവര്ത്തിച്ചുകൊണ്ട്, സമൂഹകാര്യങ്ങളിലേക്ക് കടക്കുകയാണ് അത്യാവശ്യം. സമൂഹത്തിലെ പാപികളെ കുറ്റം പറയാന് നടക്കാതെ, സ്വയം തിരുത്തിയശേഷം അവരെ തിരുത്തുവാനും ശാസ്ത്രപരമായി മാത്രം ശിക്ഷിച്ചു-സ്നേഹിക്കുവാനും ശക്തിക്കൊത്ത് പ്രവര്ത്തിക്കുകയുമാണ് അത്യാവശ്യം. വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് ഏതാനും വ്യക്തികൾ സമൂഹത്തിൽ അധാര്മ്മിക വിനോദങ്ങളുമായി മുന്നോട്ടു പോകുമ്പോള്, അധമരായ അവരെ പിന്തുണയ്ക്കുന്നവരായി ഭരണാധികാരികളും മറ്റും അധഃപതിക്കരുത്. തെറ്റുകള്ക്ക് തീര്ച്ചയായും പാപവും ശിക്ഷയും മഹാഭരണാധികാരിയായ ദൈവത്തില്നിന്ന് ലഭിക്കുമെന്നറിയണം.

ദീപശിഖ എന്ന പേരില് കുറെ കളിക്കാരും ഭരണാധികാരികളും പന്തവും കൊളുത്തി ഓടുന്നതും

അതിന് ഭരണാധികാരികൾ കൊടിവീശുന്നതും പോലീസ് സേനയുടെ വര്ദ്ധിച്ച സംരക്ഷണം കൊടുക്കുന്നതും അവയ്ക്കെല്ലാം പൊതുഖജനാവിൽ നിന്ന് ചെലവു ചെയ്യുന്നതും പൈശാചികം മാത്രമാണ്. നാട്ടില് വൻ പ്രശ്നങ്ങളുള്ളപ്പോൾ മെഡലുകൾ എന്ന അധമസൂത്രങ്ങളുടെ എണ്ണംകൂട്ടാൻ ആഗ്രഹിക്കുന്ന ഭരണാധികാരികൾ ഉള്പ്പെടെയുള്ളവർ പാപം സമ്പാദിക്കുകയാണ്. കുഞ്ഞുങ്ങളേ, ഇത്ര അധമരാകുവാൻ നിങ്ങള്ക്ക് എങ്ങനെ കഴിയുന്നു ?

ധര്മ്മശാസ്ത്രപരമായി, പ്രാദേശികതലത്തിനപ്പുറമായി വിനോദങ്ങള്ക്ക്, യാതൊരു വികസനങ്ങളും അത്യാവശ്യമോ ആവശ്യമോ അല്ല. ഓരോരോ പ്രദേശങ്ങളിലെയും ജനങ്ങൾ കുറേ വിനോദിക്കുക എന്നതിനപ്പുറം വിനോദത്തിനുവേണ്ടി ജീവിക്കുന്ന അധമാവസ്ഥ ഉണ്ടാവാൻ പാടില്ല. മനുഷ്യൻ എന്ന വ്യക്തിയാണ് ജീവിക്കുന്നത്. സമൂഹത്തിന്റെ മൊത്തത്തിലുള്ള ധാര്മ്മിക നിലവാരമെന്നത് വ്യക്തിയല്ല. വ്യക്തി എന്തു നേടുന്നു, മഹാനീതിശാസ്ത്രപ്രകാരം മാത്രം വിനോദിക്കുന്നുവോ എന്നതാണ് പ്രധാനം.

വിനോദത്തെ തൊഴിലായി സ്വീകരിക്കുന്ന വ്യക്തിയെ സന്തോഷിപ്പിക്കുവാൻ സമൂഹഭരണകൂടം തയ്യാറാവുന്നതിന് ധർമ്മശാസ്ത്രനിബന്ധനകളുണ്ട്.

വിനോദത്തെ തൊഴിലാക്കുന്ന വ്യക്തിക്ക് സമൂഹത്തിലെ ഓരോരോ വ്യക്തിയെയും സന്തോഷിപ്പിക്കുവാൻ /വിനോദിപ്പിക്കുവാൻ കഴിയുമ്പോൾ മാത്രമേ പൊതുഖജനാവ് വിനോദ ആവശ്യങ്ങള്ക്കു ചിലവിടുവാൻ ഭരണകൂടത്തിന് അവകാശമുള്ളൂ. അതായത് 120 കോടി ജനങ്ങൾ ഉണ്ടെങ്കിൽ, അവരെ മുഴുവൻ വിനോദിപ്പിക്കുന്ന കാര്യങ്ങള്ക്കു മാത്രമേ പൊതുഖജനാവ് ഉപയോഗിക്കാൻ പാടുള്ളൂ. രോഗികള്ക്കും, ഓപ്പറേഷൻ തിയേറ്ററിലുള്ള രോഗികള്ക്കും ഡോക്ടര്ക്കും മറ്റും മറ്റും വിനോദം നല്കാൻ സാദ്ധ്യമല്ലെന്നിരിക്കെ സ്പോര്ട്സുകള്ക്കും കലകള്ക്കും മറ്റും പൊതുഖജനാവില്നിന്ന് ധനവും സമ്മാനങ്ങളും നല്കുന്ന ഇന്നത്തെ രീതി അധമമാണ്.

വ്യക്തികളുടെ അഥവാ പൗരന്മാരുടെ സ്പോര്ട്സ് മികവുകളും കലാമികവുകളുമൊക്കെ രാജാവിനെയോ മന്ത്രിയെയോ പൗരന്മാരെയോ ഒക്കെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുവാൻ സ്വന്തം സമ്പാദ്യങ്ങളില്നിന്ന് ധനവും സമ്മാനങ്ങളും നല്കാൻ അവര്ക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട് എന്നല്ലാതെ പൊതുഖജനാവില്നിന്ന് അത്തരം സമ്മാനങ്ങൾ പാടില്ല.

(ദൈവ നിന്ദ : മത്സരങ്ങൾ പാടില്ല എന്ന അദ്ധ്യായം കാര്യങ്ങളെ കുറേക്കൂടി വിശദീകരിക്കുന്നുണ്ട്. പഠിക്കുക.)

പൗരന്മാർ അഥവാ വ്യക്തികൾ നടത്തുന്ന ജയങ്ങളെയും പരാജയങ്ങളെയും മറ്റും അടിസ്ഥാനപ്പെടുത്തി നാടിനെ അഥവാ രാജ്യത്തെ അവമതിക്കുന്ന ഇന്നത്തെ രീതി ഉടൻ അവസാനിപ്പിക്കേണ്ടതുണ്ട്. ഇന്ത്യ ജയിച്ചു, ഇന്ത്യ തോറ്റു, കേരളം തോറ്റു എന്നിങ്ങനെയുള്ള ഭാഷാപ്രയോഗങ്ങൾ കടുത്ത ദൈവനിന്ദയാണ്.

മണ്ണ് അഥവാ നാട് മഹാശക്തിയായ ദൈവത്തിന്റെ നീതി-രൂപമാണ്. ദൈവം ഒരിക്കലും എവിടെയും തോല്ക്കുന്നില്ല. യഥാർത്ഥത്തിൽ ഭൂമിയിലെ സമസ്ത ജീവികളും മഹാലിംഗത്തിന്റെ അകത്താണ് ജനിച്ചിട്ടുള്ളത് എന്നതറിയാതെ, ഇന്ത്യയിൽ അഥവാ പ്രത്യേക ദേശത്തിൽ ജനിക്കുകയും/ജീവിക്കുകയും ചെയ്യുന്നവരായി കണക്കാക്കുകയും, ചില വ്യക്തികൾ കലാകായിക-സാഹിത്യ-മത്സരങ്ങൾ എന്ന അധമപരിപാടികളിൽ തോറ്റു, ജയിച്ചു എന്നിവയെ ഇന്ത്യ / ദേശം തോറ്റതായോ ജയിച്ചതായോ പ്രസ്താവിക്കുന്ന രീതികൾ പാടേ അവസാനിക്കണം.

അതുപോലെ **മരിച്ച/വധിക്കപ്പെട്ട /ജീവിച്ചിരിക്കുന്ന സൈനികനെ ആദരിക്കുന്നതിന്റെ ഭാഗമായി രാജാവിനും മന്ത്രിമാർക്കുമൊക്കെ സൈനികന്റെ മൃതശരീരത്തെയോ ബന്ധുജനങ്ങളെയോ ഒക്കെ ആദരിക്കുകയോ അനാദരിക്കുകയോ ചെയ്യാനുള്ള വ്യക്തിസ്വാതന്ത്ര്യം ഉണ്ട്,** അതിനെ **രാഷ്ട്രം സൈനികനെ നമിക്കുന്നു എന്നിങ്ങനെ പ്രസ്താവനകളെ നടത്തി ദൈവത്തെ**

അവമതിക്കരുത്. രാഷ്ട്രത്തെ മനുഷ്യർ നമിക്കുക എന്നതാവണം രീതി. ദൈവത്തെ ബഹുമാനിക്കാൻ ദൈവം ആവശ്യപ്പെടുന്നില്ല. അപമാനിക്കാതിരുന്നു കൂടേ ? മഹാമാതാവായ ഭൂമിയെ നിന്ദിക്കുന്ന പാപത്തിന് ശിക്ഷയുണ്ട്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തിൽ കുറ്റങ്ങളും, ഭാഗം മൂന്നിലെ ഓംകാര നീതി ശാസ്ത്രത്തിൽ ദൈവ ശിക്ഷകളും വിശദീകരിച്ചിട്ടുണ്ട്.

ശുചിത്വ വിഭാഗത്തിലെ ആദ്യ ഇനമായ സംഗീതം തന്നെയാണ് വിനോദ- വിഭാഗത്തിലെയും ആദ്യ ഇനം. സംഗീതത്തെപ്പറ്റി ശുചിത്വ വിഭാഗത്തില് വിസ്തരിച്ചുവല്ലോ. ജലമേള ഉള്പ്പെടെ കേരളത്തിലെ ഓണക്കളി-കളിൽ പലതും വിനോദപരങ്ങളാണ്. എന്നാൽ വിനോദം ഉള്പ്പെടെ യാതൊരു കാര്യങ്ങളിലും മനുഷ്യർ മത്സരിക്കാൻ പാടില്ല എന്ന് ആവര്ത്തിക്കുന്നു. **മഹാശക്തി നല്കുന്ന ശക്തികൊണ്ടാണ് ഏതൊന്നും ചെയ്യുന്നത് എന്നിരിക്കെ മത്സരം ദൈവീകമല്ല. അഹംഭാവവും അഹങ്കാരവും അധര്മ്മങ്ങളും വളരാൻ മത്സരം കാരണമാകുന്നതാണ്.**

മത്സരം നല്ലതെന്നു തോന്നുന്നത് മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികൾ, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചതായ ന്യൂനവസ്തുക്കളുടെ അഥവാ ന്യൂനശക്തികളുടെ ദുരുപയോഗംകൊണ്ടാണ്. ഈ അദ്ധ്യായത്തിനു ശേഷം പ്രസ്തുത അദ്ധ്യായം ചേർക്കുന്നുണ്ട്.

ഏതാനും അധമ വിനോദങ്ങളെപ്പറ്റി പറയാം :- ശീട്ടുകളി, ബോക്സിംഗ്, ക്രിക്കറ്റ്, കോഴിപ്പോര്, ആടുപോര്, കാളപ്പോര്, മരമടി, മൃഗങ്ങളെ ഉപയോഗിച്ചുള്ള സര്ക്കസ് തുടങ്ങിയവയെല്ലാം അധമ വിനോദങ്ങളില് പെടുന്നു. അവ അനുവദിക്കുന്ന വ്യക്തികളും ഭരണകൂടവും അധമം തന്നെ. ഇന്ന് ഇത്ര സെക്കന്റുകൊണ്ട് ഒരാള് ഇത്രദൂരം ഓടി പുതിയ റെക്കാര്ഡിട്ടു എന്നു പറയുമ്പോള്, ഓടിയവരും കൂട്ടുനിന്നവരുമായ അനേകം വ്യക്തികളിൽ ദൈവനിന്ദ വര്ദ്ധിച്ചിരിക്കുന്നുവെന്നാണ് അര്ത്ഥം. വര്ദ്ധിതമായ ന്യൂനശക്തിക്ക് പൈശാചികശക്തിയായി പരിണാമം ഉണ്ടാവുമ്പോള് പുതിയ പുതിയ റെക്കോര്ഡുകൾ അവതരിക്കുന്നതാണ്. ഇത്തരം ന്യൂനനേട്ടങ്ങള്കൊണ്ട് വ്യക്തിക്കോ സമൂഹത്തിനോ ദോഷമല്ലാതെ യാതൊരു ഗുണങ്ങളും യഥാര്ത്ഥത്തിൽ ഉണ്ടാകുന്നില്ല. ചെറുപ്പത്തില് ഓടിയെത്തിയ റെക്കോര്ഡിന്റെ ഒരംശം വാര്ദ്ധക്യകാലത്തോ രോഗാവസ്ഥയിലോ അപകടാവസ്ഥയിലോ സാധിക്കുന്നതല്ല എന്ന തിരിച്ചറിവും അധമവിനോദങ്ങളെ വിവേചിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. **ദൈവീകമല്ലാത്ത ഓട്ട-മത്സരത്തിൽ പങ്കെടുക്കുന്നവർ ദൈവത്തിന്റെ അടുക്കല്നിന്നു കൂടിയാണ് ഓടി അകലുന്നത്; ഫിനിഷിംഗ് പോയിന്റിൽ അവർ പിശാചിന്റെ അടുക്കലേക്കാണ് ഓടിയെത്തുന്നത്.**

ക്രിക്കറ്റ് കളിക്കുകയോ കണ്ടുകൊണ്ടിരിക്കുകയോ ചെയ്യുന്ന ചെറുപ്പക്കാരനോട്, ഓടിവാ നിന്റെ അമ്മ കിണറ്റില് വീണു എന്നു പറഞ്ഞാല്, (കളിയിലെ) 2 ഓവര്കൂടി **കഴിഞ്ഞുവരാം** എന്നുള്ള മറുപടി കിട്ടും. 2 ഓവര് കഴിയുമ്പോഴേക്കും അയാളുടെ അമ്മ ഓവറായിട്ടുണ്ടാവും (മരിച്ചിട്ടുണ്ടാവും). മാത്രമല്ല, 1 ഓവറില്തന്നെ അയാള് തന്റെ അമ്മ കിണറ്റില് വീണതറിഞ്ഞ വിവരം മറക്കുകയും ചെയ്യും.

ഇന്നലെ ഉന്നത സ്കോറുകള് നേടിയ ഒരാളെ ഇന്നലെ വാനോളം പുകഴ്ത്തിയ അധമ സമൂഹം, സ്കോറുകളെ നേടാൻ അയാള്ക്ക് ഇന്നു കഴിഞ്ഞില്ലെങ്കിൽ കൂവുന്നതാണ്. ന്യൂനശക്തി അഥവാ പിശാചിന്റെ പ്രവര്ത്തനം ബാധിക്കുന്ന വിനോദം എന്ന പേരിലുള്ള അധമകോപ്രായങ്ങള്ക്കെല്ലാം കൂടിയും കുറഞ്ഞും പ്രസ്തുത അവസ്ഥയുണ്ടാവും.

ധർമ്മ ശാസ്ത്രപരമായ അഥവാ ദൈവീകമായ വിനോദങ്ങള്ക്ക് മേല്പറഞ്ഞ ദുരവസ്ഥ യാതൊരുകാലത്തും ഉണ്ടാവുന്നതല്ല.

ജീവിത പ്രവൃത്തികള് മാറ്റിവെച്ച് ക്രിക്കറ്റ് കളി കാണാനും അതേപ്പറ്റി സംസാരിക്കാനും ജനങ്ങൾ പാഴാക്കുന്ന ഊർജ്ജവും സമ്പത്തും സമയവും കണക്കാക്കാൻ ശ്രമിക്കാതെ അതിലൂം വോട്ടുബാങ്ക് ലക്ഷ്യം വെച്ച് പ്രവർത്തിക്കുകയും പൊതുഖജനാവിൽ നിന്ന് അധമവിനോദങ്ങൾക്ക് സമ്മാനങ്ങളെ നല്കുകയും ചെയ്യുന്ന അധമ ഭരണകൂടങ്ങളും മറ്റു പ്രസ്ഥാനങ്ങളുമാണ് എല്ലാ രാജ്യങ്ങളിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്.

സഹോദരനെന്നോ സുഹൃത്തെന്നോ ചിന്തിക്കാതെ കളിയുടെ ലഹരിയിലുള്ള വൈരാഗ്യത്തിൽ കത്തികയറ്റി കൊല്ലുന്ന കളിയാണ് ശീട്ടുകളി, കൊലയ്ക്കോ അടിപിടിയ്ക്കോ ശേഷമാണ് കാട്ടിയതോർത്ത് വ്യക്തി കുണ്ഠിതപ്പെടുക.

മിമിക്രി പരേഡുകള് ഉള്പ്പെടെയുള്ള മാധ്യമങ്ങള് വഴി വ്യക്തികളെ തേജോവധം ചെയ്യുന്നതും അശ്ലീല-ആഭാസങ്ങള് നടത്തുന്നതും ശാസ്ത്രപരമല്ല.

സംഗീത-ഡാന്സ് മത്സരപോഗ്രാമുകള് നടത്തി ധാർമ്മികച്യൂതി വർദ്ധിപ്പിക്കുന്നതും മറ്റ് അധമകാര്യങ്ങളെ ആസ്വദിക്കുന്നതും ആസ്വദിപ്പിക്കുന്നതും ഉടന് തിരുത്തേണ്ടതുണ്ട്.

നൃത്ത-കാര്യത്തിലൂള്ള ശാസ്ത്ര- നിബന്ധനകള് ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം/സെക്സ്) എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

ജനസഭയുടെ ജനസംരക്ഷണസേന കാര്യക്ഷമമാക്കുവാൻ ഗുസ്തി, അടിതട, ഓട്ടം, ചാട്ടം, തുടങ്ങിയവ പരിശീലിപ്പിക്കുന്നത് ജനകീയ ആവശ്യമാണ്. സേനാംഗങ്ങളെ വിനോദപരമായിക്കൂടി മിടുക്കരാക്കുക എന്നല്ലാതെ അവ വിനോദമല്ല, മത്സരവും പാടില്ല.

ഒരു ഭരണകൂടത്തിന് സാമ്പത്തികശേഖരണം ആവശ്യമുള്ളപ്പോള് **വിനോദ** വിഭാഗങ്ങളില് **നികുതി** ഏര്പ്പെടുത്താനോ വര്ദ്ധിപ്പിക്കാനോ, ശാസ്ത്രം അനുവദിക്കുന്നു, എന്നാൽ, **ദൈവീകമായ സാമ്പത്തികശാസ്ത്രം ഉത്തമമായി പരിപാലിച്ചാൽ ഭരണകൂടത്തിന് സാമ്പത്തിക ആവശ്യങ്ങൾ ഉണ്ടാകുന്നതല്ല.** ആവശ്യം എന്ന വിഭാഗത്തിൽ ഭരണകൂടം ചെയ്യുന്ന സേവനത്തിന് ന്യായമായ വേതനം വാങ്ങണം, ഉദാഹരണം : ഇലക്ട്രിസിറ്റി, ട്രാന്സ്പോര്ട്ട്, പെട്രോള് പോലെയുള്ള ഇന്ധന വിതരണം. സേവനത്തിന് വേതനം വാങ്ങുക എന്നതിന് 20 രൂപയ്ക്ക് വാങ്ങുന്ന പെട്രോള് 50 രൂപയ്ക്കു വിറ്റ് ജനങ്ങളെ കൊള്ളയടിക്കുക എന്നര്ത്ഥമില്ല. അത്യാവശ്യം എന്ന വിഭാഗത്തില് ഭരണകൂടം ചെയ്യുന്ന സേവനം സൗജന്യമോ, കുറഞ്ഞ വേതനം വാങ്ങിയോ ചെയ്യണം, ഉദാഹരണം : പൊതുജനങ്ങള്ക്ക് നല്കുന്ന വെള്ളത്തിന് പണം വാങ്ങിക്കൂടാ, വൈദ്യകാര്യങ്ങള്ക്ക് ജനങ്ങളുടെ സാമ്പത്തികശക്തി കണക്കാക്കി സൗജന്യമായും അല്ലാതെയും ആനുപാതികമായി ചെയ്യണം.

ശുചിത്വം എന്ന വിഭാഗത്തില് ഭരണകൂടം ജനങ്ങളെക്കൊണ്ടു തന്നെ ശുചിത്വകാര്യങ്ങള്

ചെയ്യിക്കുകയാണ്. ആരോഗ്യം, ജീവിത സാഹചര്യം തുടങ്ങിയവ നിമിത്തം ചിലർക്ക് സാധിക്കാതെ വരുമ്പോൾ തീർച്ചയായും സേവനം ആവശ്യമുണ്ട്. ജനങ്ങളില് ചിലര് ചെയ്യുന്ന അധിക സേവനത്തിന് അധികമായ വേതനം നല്കുകയും വേണം. ഉദാഹരണം : പൊതുനിരത്തുകള് ശുചിയായി സൂക്ഷിക്കൽ. വൃത്തികേടാക്കുന്ന വ്യക്തിയെക്കൊണ്ട് പരസ്യമായി വൃത്തിയാക്കിക്കുക, അധിക വേതനത്തിൽ അന്യരെക്കൊണ്ട് ശുചിയാക്കുക, ആരോഗ്യഹീനരോട് ദയവുകാട്ടുക, തുടങ്ങിയവ, ശാസ്ത്രപരമായും ദൈവീകസ്നേഹത്തോടെയും ചെയ്യിക്കേണ്ടത് രാജാവിന്റെ ചുമതലയാണ്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് ഗ്രന്ഥത്തിലെ ഒരു ഭാഗമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

(അദ്ധ്യായം 21)

മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികൾ, പിശാച് തുടങ്ങിയവ

ദൈവം സ്വയം സ്വീകരിച്ചിട്ടുള്ള മഹാഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ് മഹാശാസ്ത്രം ആവിഷ്ക്കരിച്ചിട്ടുള്ളത്. മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികൾ, മഹാശാസ്ത്രം പ്രകാരം തന്നെ എപ്പോഴും എവിടെയും എന്തിലും പ്രകടമാവേണ്ടതുണ്ട്.

വ്യക്തിസ്വാതന്ത്ര്യം : മണ്ണിന്റെ ശാസ്ത്രങ്ങളെ പാലിച്ചുകൊണ്ട് ദൈവം നല്കുന്ന ശക്തിക്കൊത്ത് പ്രവര്ത്തിക്കുകയാണ് മനുഷ്യന്റെ ധര്മ്മം എന്നും പ്രതിഫലമെന്നോണം അഥവാ നീതിയായിട്ട് ആനന്ദങ്ങളുടെ അനന്തമായ കലവറ ദൈവം മനുഷ്യര്ക്കു സമ്മാനിക്കുന്നു എന്നും മുൻ അദ്ധ്യായത്തില് പ്രസ്താവിക്കുമ്പോള്, മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കുന്ന അടിമത്തരീതിയും അതിലുണ്ട്.

നീതി പ്രശ്നം : ആനന്ദം എന്ന നീതി, ജീവിതത്തില് വിഷയമാകുവാനും എല്ലാ വസ്തുക്കള്ക്കും ഗുണങ്ങളും ദോഷങ്ങളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. കൃഷിചെയ്യുമ്പോഴും, വസ്ത്രം നെയ്യുമ്പോഴും, മീൻ പിടിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, രതിലീല ഉള്പ്പെടെയുള്ള

ആനന്ദകാര്യങ്ങളിൽ ഏര്പ്പെടുമ്പോഴും, കുഞ്ഞുങ്ങളെ പുന്നരിക്കുമ്പോഴുമൊക്കെ **ക്ഷീണം** എന്ന ഒരവസ്ഥ കൂടി സൃഷ്ടിക്കപ്പെടുന്നില്ലായെങ്കിൽ, ആരംഭിക്കുന്ന പ്രവൃത്തി നിര്ത്തില്ലാതെ തുടുര്ന്നെന്നിരിക്കും.

ധാര്മ്മിക പ്രശ്നം : ഒരു പ്രവൃത്തി ശരിയോ തെറ്റോ എന്നു നിശ്ചയിക്കുവാൻ, ഒരു വസ്തു ഭക്ഷണയോഗ്യമോ അല്ലയോ എന്നു നിശ്ചയിക്കുവാൻ, വസ്ത്രം ഉടുക്കണമോ ഉടുക്കണ്ടയോ എന്നു നിശ്ചയിക്കുവാൻ, ചുറ്റുമുള്ള മനുഷ്യരോടും മറ്റുള്ള ജീവികളോടും എങ്ങനെ പെരുമാറണം എന്നു നിശ്ചയിക്കുവാൻ, എന്നിങ്ങനെ അനന്തമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ മനുഷ്യരെ പ്രാപ്തമാക്കണമെങ്കിൽ, അഥവാ വ്യക്തിസ്വാതന്ത്ര്യം നല്കണമെങ്കിൽ, മഹാസത്യമായ മഹാപ്രപഞ്ചത്തിൽ ന്യൂനശക്തികളെ ക്കൂടി സൃഷ്ടിക്കേണ്ടതുണ്ട്.

അതായത് **മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കള്ക്കും, വസ്തുക്കളിലൂടെ ജീവികളുടെ ശരീരത്തിനും, ഗുണവും ദോഷങ്ങളും സൃഷ്ടിക്കപ്പെട്ടെങ്കിൽ മാത്രമേ, നല്ലതും നല്ലതല്ലാത്തതും സൃഷ്ടിക്കപ്പെട്ടെങ്കിൽ മാത്രമേ,**

വ്യക്തിസ്വാതന്ത്ര്യം വിഷയമാകുകയുള്ളൂ.

ധര്മ്മം, അധര്മ്മം എന്നിവ വേര്തിരിക്കപ്പെടാനും ; വ്യക്തിയുടെ ജീവിതത്തിൽ വ്യക്തിസ്വാതന്ത്ര്യം ഉള്പ്പെടെയുള്ളവ പ്രവര്ത്തിക്കുവാനും മാധ്യമം സൃഷ്ടിക്കപ്പെടണം ; ഇല്ലെങ്കില് ജീവിതം അര്ത്ഥശൂന്യമാകും. മാത്രമല്ല, മധുരം സൃഷ്ടിക്കാനും സുഖം സൃഷ്ടിക്കാനും മാത്രം അറിയാവുന്ന ദൈവം എന്നും, കൈയ്പ്പും ദുഃഖവും സൃഷ്ടിക്കാനറിയാത്ത ദൈവമെന്നും, നിശ്ചിത അളവോടെ മാത്രം സൃഷ്ടിക്കാന് കഴിവുള്ള ദൈവമെന്നും ഒക്കെയുള്ള വിശേഷണങ്ങള്ക്ക് അതീതമായി ശോഭിച്ചാല് മാത്രമേ ദൈവം മഹാശക്തിയാകുള്ളൂ.

മനുഷ്യന് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കുന്നതിന്നായും, മനുഷ്യർ ഉള്പ്പെടെയുള്ള എല്ലാ ജീവികള്ക്കും ആനന്ദകരമായി ജീവിക്കുന്നതിനുവേണ്ടിയും, വൈവിധ്യങ്ങളായ ആനന്ദങ്ങളെ (നീതിയെ) അനുഭവിക്കാനായും, ആനന്ദങ്ങള്ക്ക് അളവുകളെ നിശ്ചയിക്കാനായും, മഹാസത്യമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കാര്യങ്ങളിലെല്ലാം ന്യൂനശക്തികളെ അഥവാ വിരുദ്ധശക്തികളെക്കൂടി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. മഹാശാസ്ത്രത്തിന്റെ

ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തില് ന്യൂനശക്തികളെ ഉള്ക്കൊള്ളുന്ന ശാസ്ത്രം ഉള്പ്പെട്ടിരിക്കുന്നു എന്നുകൂടിയാണ് അര്ത്ഥം. ജീവികളുടെ ശരീരം ഉള്പ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്രപ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചില്-ചിരി, തുടങ്ങിയ അധികാവസ്ഥയും ന്യൂനാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

ന്യൂനാവസ്ഥയെ സത്യമാക്കുന്ന യുക്തിശാസ്ത്രവും ഗണിതശാസ്ത്രവും ഫിസിക്സും രസതന്ത്രവും വൈദ്യശാസ്ത്രവുമൊക്കെ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് ; കൂടാതെ പ്രസ്തുത ശാസ്ത്രങ്ങള് പ്രകാരമുള്ള ഭൗതിക വസ്തുക്കള് സൃഷ്ടിക്കപ്പെട്ടിട്ടുമുണ്ട്. ഭൗതികപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഭൗതികശാസ്ത്രപരമായാണ് ദൈവം മഹാനിര്വ്വഹിക്കുന്നത്. 100-ല് 50 ന്യൂനം എന്നത് ഗണിതശാസ്ത്രപരമായി ശരിയാണെങ്കിലും മഹാകാരുണ്യമൂര്ത്തിയായ ദൈവം 14.29% മുതല് 17.43% / 19.44%* വരെ മാത്രം ന്യൂനവസ്തുക്കള് സൃഷ്ടിച്ചുകൊണ്ട് ജീവികളെ സ്നേഹിക്കുകയും, അര്ദ്ധന്യൂനഭാവം പ്രപഞ്ചത്തിന്റെ ഗണിതശാസ്ത്രത്തില് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരിക്കയാണ്. 14.29% മുതല് 17.43% / 19.44%* വരെയുള്ള ന്യൂനവസ്തുക്കളിലെ വ്യത്യാസമായ 3.14% / 5.19%

വ്യക്തിസ്വാതന്ത്ര്യ ഉപയോഗങ്ങളുടെ തോത് നിശ്ചയിക്കുന്നു. മഹാപ്രപഞ്ച സൃഷ്ടിയ്ക്ക് 100 **എന്ന മഹാ-അളവ് നല്കുകയും,** 7 **എന്ന ആഴ്ച-ക്കാലത്തെ** 100**-മായി കൂട്ടിയിണക്കിക്കൊണ്ട്** 100**-നെ** 7**-കൊണ്ട് ഭാഗിച്ചാണ്** 14.29 **മഹാനിശ്ചയിച്ചിട്ടുള്ളത്.** 14.29%**-ത്തോട് പൈ-യുടെ മൂല്ല്യമായ** 3.14 **ചേര്ക്കുമ്പോഴാണ്** 17.43 **കിട്ടുന്നത്. (ശതമാനക്കണക്കുകളിലെ വെളിപാട് ഇനിയും പൂര്ണ്ണമായിട്ടില്ല എന്നുകൂടി അറിയിക്കുന്നു, എന്നാല് വസ്തുക്കളുടെയും വസ്തുതകളുടെയും പ്രവര്ത്തനം ബോദ്ധ്യമാകുന്നതിന് ന്യൂനശക്തികളെ സംബന്ധിച്ച വെളിപ്പെടുത്തലുകള് ഉപയോഗപ്പെടുന്നു എന്നതും, കൃത്യമായ ശതമാനക്കണക്കുകള് തല്ക്കാലം അത്യാവശ്യമല്ല എന്നതും അറിയണം.** *ന്യൂനവസ്തുക്കളുടെ വര്ദ്ധിച്ച അളവിനെ 17.43% / 19.44% എന്നു കാണിക്കുവാന് കാരണം ഒന്നാം മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ ദുര്ന്നടപടികളാണ്. ന്യൂനശക്തികളുടെ തുടര്ച്ച എന്ന പേരില് ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് ആവക കാര്യങ്ങളുടെ വിശദീകരണം ചേര്ത്തിട്ടുണ്ട്.).

ന്യൂനാവസ്ഥയ്ക്കു ശേഷം മാത്രമാണ് അധികാവസ്ഥയ്ക്ക് സ്ഥാനമുള്ളത്. ആയത് ലളിതമായി മനസ്സിലാക്കുവാൻ -അനന്തത, -.., -100, -99, ..-, -10, -9, ..-, -1, 0, +1, ..+, +9, +10, ..+, +99, +100, ..+, **+അനന്തത എന്നിങ്ങനെയുള്ള ഗണിതശാസ്ത്ര പാഠം ശ്രദ്ധിച്ചാൽ മതിയാകും.**

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലുള്ള ന്യൂനാവസ്ഥ അത്യാനന്ദകരമാണെന്നും ജീവിതത്തില് അത്യാനന്ദം സൃഷ്ടിക്കുന്നുവെന്നും, വസ്തുവിന്റെ ഗുണദോഷങ്ങൾ ധര്മ്മശാസ്ത്രം കൂടിയാണെന്നും ബോദ്ധ്യമാക്കുന്ന 10 ഉദാഹരണങ്ങള് ചുവടെ കാണുക :-

(1) കുഞ്ഞുങ്ങളുടെ സൃഷ്ടിയുമായി ബന്ധപ്പെടുത്തിയുള്ള സ്ത്രീയുടെ **പ്രസവം** : സ്ത്രീയ്ക്ക് യാതൊരു വേദനകളും ഇല്ലാതെയും, അടിവയർ വീര്ക്കുന്നതുപോലുള്ള പ്രത്യേകതകൾ ഇല്ലാതെയും കുഞ്ഞ് വളരുകയും, ഒരു നിമിഷംകൊണ്ട് വേദനകളില്ലാതെ ചെയ്യാവുന്ന ഒരു കര്മ്മമായി പ്രസവത്തെ ആവിഷ്ക്കരിച്ചിരുന്നുവെങ്കിൽ പെണ്കുട്ടികളും ആണ്കുട്ടികളും കാമകാര്യങ്ങളിൽ വഴിപിഴയ്ക്കുന്നത് സര്വ്വസാധാരണമാകുമായിരുന്നു. യൗവ്വനത്തിലുള്ള സ്ത്രീകളും പുരുഷന്മാരും മാത്രമല്ല, മുതിര്ന്നവരും ഇക്കാര്യത്തിന്റെ വിവിധ തലങ്ങളെ അല്പനേരം ചിന്തിക്കണം.

വേദനകൾ ഉണ്ടായിട്ടും വ്യത്യസ്ത അളവുകളിൽ ഭൂമിയിലെങ്ങും സെക്സ് ഏറ്റവുമധികം വഴിപിഴച്ചിട്ടുള്ളതിനെ വിശകലനം ചെയ്യണം.

കുട്ടികൾ മുതിര്ന്നവരാകുമ്പോൾ പോലും അവരുടെ അമ്മയ്ക്ക് കുട്ടികളുടെ മേൽ പുലര്ത്താനാകുന്ന പ്രത്യേക അധികാരം കുട്ടികളെ ഉദരത്തിൽ വഹിച്ചതും

പ്രസവവേദന ഉള്ള്പ്പെടെയുള്ള വേദനകളെ
അനുഭവിച്ചതും പാലൂട്ടിയും തൂറിവാരിയും
വളര്ത്തിയതുമൊക്കെ മുൻനിർത്തിയാണ് എന്നിരിക്കെ
പ്രസ്തുത അധികാരവും അവകാശവും ഇല്ലാതെ വരാൻ
വേദനയില്ലാത്ത പ്രസവം വഴിവെയ്ക്കുന്നതാണ്.
കൂടുതൽ വിസ്തരിക്കുന്നില്ല.

(2) **മലം** : മാമ്പഴത്തിന്റെയോ മറ്റ് ഇഷ്ട
ഭോജ്യങ്ങളുടെയോ മണവും രുചിയുമാണ് തങ്ങളുടെയോ
മറ്റുള്ള ജീവികളുടെയോ മലത്തിനുള്ളതെങ്കിൽ മനുഷ്യർ
മലം ഭക്ഷിക്കുമായിരുന്നു. ചന്ദനത്തൈലത്തിന്റെ
സുഗന്ധം ഉണ്ടായിരുന്നുവെങ്കില് ശരീരത്തിലും
വസ്ത്രത്തിലും മലം പുരട്ടി നടക്കുമായിരുന്നു. എല്ലാ
വസ്തുക്കളുടെയും മണം, രുചി, നിറം, തുടങ്ങിയ
ഗുണങ്ങളെ ഭൗതികമായി
വ്യത്യാസപ്പെടുത്തിയിരിക്കുന്നത് അഥവാ
ന്യൂനശക്തികളെ സ്ഥാപിച്ചിട്ടുള്ളത് ജീവികളുടെ
ആനന്ദത്തിനു വേണ്ടിത്തന്നെയാണ്. തർക്കം ഉള്ളവർ
സ്വയം അല്പം വിശകലനം ചെയ്താൽ മതിയാകും.

(മനുഷ്യരുടെ മലത്തില് നിന്നാണ് ദൈവം
ചന്ദനവൃക്ഷത്തെ സൃഷ്ടിക്കുന്നത് ; മനുഷ്യമൂത്രത്തില്
നിന്ന് ദാഹശമനിയായി ഉപയോഗിക്കുന്ന നാരങ്ങ,
പശുവിന്റെ (പശു+കാള=പശു) മൂത്രത്തില് നിന്ന് ഓറഞ്ച്,
ചാണകത്തിൽ നിന്ന് ആപ്പിൾ എന്നിങ്ങനെയെല്ലാം
സൃഷ്ടി നടത്തുന്നുണ്ട്. ആയത് പൊന്നോമന
കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ മനുഷ്യരെയും
ചിന്തിപ്പിക്കാനും മിടുക്കാരാക്കാനും കൂടിയാണ്.)

റംസാൻ നോമ്പു പോലെ എല്ലാ മതങ്ങളിലെയും ഭക്ഷണ-നിയന്ത്രണ അനുഷ്ഠാനങ്ങൾ ദൈവീകമാണോ അഥവാ ശാസ്ത്രപരമാണോ അല്ലയോ എന്ന് തിരിച്ചറിയുവാനും ന്യൂനശക്തികളുടെ പ്രവർത്തനം വിലയിരുത്തിയാൽ മതിയാകും. നോമ്പു പിടിക്കുന്ന വ്യക്തിയില് നിന്ന് പുറപ്പെടുന്ന കടുത്ത വായ്നാറ്റം നോയമ്പ് ദൈവീകമല്ല എന്നു വിളിച്ചറിയിക്കുകയാണ്. ചന്ദനത്തെലത്തിന്റെ പോലെയുള്ള മണം നല്കി പ്രോത്സാഹിപ്പിക്കുവാൻ ദൈവം തയ്യാറാവാഞ്ഞത് അവ വിശുദ്ധമല്ലാത്തതുകൊണ്ടാണ്, അഥവാ പൈശാചികമായതുകൊണ്ടാണ്. ഭക്ഷണം കഴിച്ച് ആനന്ദിക്കുവാന് വിശപ്പ് ഉള്പ്പെടെയുള്ള ശാസ്ത്രചിട്ടകളെ നല്കി ദൈവം അനുഗ്രഹിച്ചപ്പോള്, ഭക്ഷണം കഴിക്കുന്നതിന് മനുഷ്യച്ചിട്ടകള് ഉണ്ടാക്കി ദൈവനിന്ദ ചെയ്യുന്നവയാണ് എല്ലാ മതങ്ങളിലുമുള്ള ഭക്ഷണവ്രതങ്ങൾ. യോഗാഭ്യാസങ്ങൾ പോലെ ദൈവീകമല്ലാത്ത മറ്റൊരു മുറയാണത്. മുഹമ്മദ് ഉള്പ്പെടെയുള്ള വ്യത്യസ്ത മതാചാര്യന്മാർക്ക് വ്യക്തിജീവിതത്തിൽ - കാമകാര്യങ്ങളിലും മറ്റും - ധാർമ്മികച്യുതികൾ ഉണ്ടായപ്പോൾ 'ഭീകരവാദവും മതങ്ങളും' എന്ന അദ്ധ്യായത്തിലും, സ്മൃതി-പുരാണങ്ങളിലും വിശദീകരിച്ചിട്ടുള്ള പൈശാചിക ശക്തികൾക്ക് മതാചാര്യന്മാരുടെ മേൽ നേടാനായ വിജയങ്ങളും ഭക്ഷണവ്രതങ്ങൾ പോലെയുള്ള അശാസ്ത്രീയമായ അഥവാ ദൈവീകമല്ലാത്ത കാര്യങ്ങളെ മതങ്ങളിൽ കൂട്ടിച്ചേർക്കപ്പെടാൻ കാരണമായിട്ടുണ്ട്.

(3) **ശുചിത്വം**, മാലിന്യങ്ങള്, ജീര്ണ്ണാവസ്ഥ, തുടങ്ങിയവ : ശരീരത്തിലെ മുറിവ് ഉണങ്ങുന്നതു കൂടാതെ, ദുര്ഗ്ഗന്ധം വമിച്ചുകൊണ്ട് പഴുക്കുക തുടങ്ങിയവ കൂടി ഉണ്ടെങ്കില് മാത്രമേ നീതി നിര്വ്വഹണം സാദ്ധ്യമാകുകയുള്ളൂ. മാലിന്യങ്ങൾ ഇല്ലെന്നാൽ മടിയന്മാരാകും. കൂടുതൽ വിസ്തരിക്കുന്നില്ല.

ജീര്ണ്ണാവസ്ഥ : ദുര്ഗ്ഗന്ധം വമിക്കുന്ന ജീര്ണ്ണാവസ്ഥ ഇല്ലെന്നാൽ ശവശരീരം മറവുചെയ്യുന്നതില് ശ്രദ്ധയില്ലാതെ വരും. ..... ശവശരീരങ്ങളെ മറവുചെയ്തില്ലെങ്കിൽ അവയെ ഭക്ഷിക്കുവാൻ വലുതും ചെറുതും സൂക്ഷ്മവുമൊക്കെയായ അനവധി ജീവികളെ ദൈവം സൃഷ്ടിച്ചിട്ടുള്ളതും, ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ നേരിട്ട് വായുവിലൂടെ പ്രവര്ത്തിക്കുന്നതും, ശരീരത്തിലെ ഭൗതികവസ്തുക്കൾ വിഘടിച്ച് പുതിയ അവസ്ഥകളെ പ്രാപിക്കുന്നതുമായ നീതിശാസ്ത്ര നിയമങ്ങളും ദൈവം സ്ഥാപിച്ചിരിക്കുന്നു എന്നത് ഉള്ക്കൊള്ളാനായാൽ മഹാശാസ്ത്രത്തെയും ദൈവത്തെയും പറ്റി ചിന്തിച്ച് മഹാആനന്ദം അനുഭവിക്കുവാൻ മനുഷ്യര്ക്ക് കഴിയുന്നതാണ്.

ഭക്ഷണം, മരുന്നുകള് തുടങ്ങി എല്ലാ വസ്തുക്കള്ക്കും കാലവുമായി ബന്ധപ്പെട്ട് ജീര്ണ്ണാവസ്ഥ അഥവാ സംഹാരനിയമങ്ങളെ (നീതിശാസ്ത്രം / ആത്മീയശാസ്ത്രം) കൂടി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ജീര്ണ്ണാവസ്ഥ ഇല്ലെന്നാൽ ജീവി-ജീവിതം എങ്ങനെയിരിക്കും എന്ന് ചിന്തിക്കാനുള്ള ബുദ്ധിശക്തികളും ദൈവം മനുഷ്യന് നല്കിയിട്ടുണ്ട്. വിസ്തരിക്കുന്നില്ല.

(4) രാത്രി എന്ന അവസ്ഥയ്ക്ക് കാരണമാകുന്ന ഇരുട്ട് അഥവാ പ്രകാശമില്ലായ്മ ഭൂമിയിലെ ജീവിതത്തില് ഇല്ലെങ്കില് ജീവിതം സുന്ദരമാവില്ല. ഇരുട്ടിനെ മൊത്തത്തില് നിയന്ത്രിക്കുന്ന ചന്ദ്രബിംബം കൂടി സൃഷ്ടിച്ചുകൊണ്ട് രാത്രിയെ ദൈവം അതിസുന്ദരവും അത്യാനന്ദകരവും കൂടിയാക്കിയിട്ടുണ്ട്. രാത്രിയും, ചന്ദ്രനിലൂടെ രാത്രിവെളിച്ചത്തിന് സൃഷ്ടിച്ചിട്ടുള്ള മാനങ്ങളും ഒക്കെ ഇല്ലാത്ത ജീവിതത്തെപ്പറ്റി അല്പം ചിന്തിച്ചാല് രാത്രിയും പകലും തീര്ച്ചയായും വേണം എന്ന് അന്ധരും ബുദ്ധിമാന്ദ്യരിലെ ചിലരും ഒഴികെയുള്ള എല്ലാവരും പറയുന്നതാണ്. (സംഹാരവുമായി ബന്ധപ്പെട്ട് ഉന്നതമായ കാര്യങ്ങള്ക്കായാണ് ചന്ദ്രനെ സൃഷ്ടിച്ചിട്ടുള്ളത് എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു, 3-ാം ഭാഗത്തിൽ കൂടുതല് വിസ്തരിക്കുന്നുണ്ട്.)

രാത്രി എന്ന അവസ്ഥ കൂടുതല് നീളുകയാണെങ്കില്, ഉദാഹരണത്തിന് പകലും രാത്രിയും ഏറെക്കുറെ തുല്യ ദൈര്ഘ്യത്തില് അനുഭവിച്ചുപോരുന്നവര്ക്ക് സ്ഥിരമായി 16 മണിക്കൂര് നേരം രാത്രിയും 8 മണിക്കൂര് നേരം പകലുമായാല് ജീവിത ആനന്ദം കുറയുന്നതാണ്. രാത്രി കുറഞ്ഞാലും ജീവിത ആനന്ദം കുറയുന്നതാണ്. രാത്രി കുറയുക എന്നാല് പകല് കൂടുക എന്നാണ്. അപ്പോള് രാത്രി മാത്രമല്ല, പകല് കൂടിയാലും, പകല് കുറഞ്ഞാലും ആനന്ദം കുറയുന്നതാണ്.

(5) **ഉപ്പ്**, **മധുരം**, **കൈപ്പ്**, **എരിവ്**, **പുളി** തുടങ്ങിയവ, ഭക്ഷണ സാധനങ്ങള്ക്ക് കൂടുകയും കുറയുകയും ചെയ്താല് ആനന്ദത്തോടെ ഭക്ഷണം കഴിക്കാനാവില്ല.

(6) **ദുര്ഗ്ഗന്ധം** ഏറെയുള്ളിടത്ത് കൂടുതല് സമയം ചിലവഴിക്കാന് പ്രയാസമാണ്. **മണം** അഥവാ നല്ല ഗന്ധം **അധികമായാലും** അങ്ങനെതന്നെ.

(7) **വൈവിധ്യം** :- ഭക്ഷണം, തൊഴില്, വിനോദം തുടങ്ങിയവകളിലെ ഇനങ്ങളിൽ ഇഷ്ടങ്ങൾ കൂടുതലുള്ളവരും കുറവുള്ളവരും ഉണ്ട്. ഭക്ഷണകാര്യത്തെ ഉദാഹരണമായെടുത്താൽ, കൂടുതൽ ആളുകൾക്ക് മാമ്പഴം ഇഷ്ടമാണെങ്കിൽ, മാമ്പഴം ഇഷ്ടമല്ലാത്തവരുമുണ്ട്, മാമ്പഴത്തില് തന്നെ ചില ഇനങ്ങളോട് ഇഷ്ടം കുടുതലുള്ളവരും, ചില ഇനങ്ങൾ മാത്രം കഴിക്കുന്നവരും, അങ്ങനെ ജീവിത കാര്യങ്ങളിലെല്ലാം വൈവിധ്യങ്ങളുടെ അനന്ത നിരയാണുള്ളത്.

(8) **ക്ഷീണവും വിശപ്പും ആഗ്രഹങ്ങളും** മറ്റും ഉണ്ടായില്ലെങ്കിൽ, ജോലിയിൽ മുഴുകിയിരിക്കുന്ന വ്യക്തി, (കൃഷിക്കാരനായാലും, ശാസ്ത്രജ്ഞനായാലും), ഇടയ്ക്ക് ഭക്ഷണം കഴിക്കാൻ പോലും തയ്യാറായെന്നു വരില്ല.

(9) പ്രത്യക്ഷ ദൈവം കൂടിയായ ശരീരത്തിൽ പ്രവർത്തിക്കുന്ന ശക്തികൾ പ്രേരിപ്പിച്ചില്ലെങ്കിൽ മലമൂത്ര വിസർജ്ജനങ്ങളെ നടത്തുന്നതിലും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ മടികാണിക്കുന്നതാണ്. മല-മൂത്ര വിസർജ്ജനങ്ങൾ അതീവ ഗൗരവതരങ്ങളായ കാര്യങ്ങളാണ്. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുതകളെയും മഹാശാസ്ത്രത്തിലൂടെ ദൈവം ഏകോപിപ്പിക്കുന്നുണ്ട്. മനുഷ്യർ ഉപേക്ഷിക്കുന്ന പഴത്തൊലികളും പഴകിയ ഭക്ഷണസാധനങ്ങളും ഉച്ഛിഷ്ടങ്ങളും ഭക്ഷിക്കാൻ യഥാക്രമം പശുക്കളും, കാക്കകളും പന്നികളും ഒക്കെയുണ്ട്. മനുഷ്യന്റെ മലം സ്വാദിഷ്ടമായി ഭക്ഷിക്കുന്ന പട്ടികളുമുണ്ട്.

വസ്തുക്കളുടെ ദോഷമായി വിലയിരുത്തപ്പെടുന്ന ഗുണങ്ങൾ അഥവാ ന്യൂനശക്തികൾ ജീവി-ജീവിതത്തിന് ഗുണം അഥവാ ആനന്ദം നല്കുന്നുവെന്ന് ബോദ്ധ്യമായിരിക്കുമല്ലോ.

(10) **അമിത മധുരം**, അമിത ഉപ്പ്, അമിത സന്തോഷം, അമിത വാത്സല്യം തുടങ്ങിയവ : സന്തോഷം അഥവാ ആനന്ദം നല്കുന്ന കാര്യങ്ങളും അധികമായാൽ ആനന്ദം നല്കാതെയും പകരം ദോഷം ചെയ്തുമുള്ള അവസ്ഥ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. **നീതി നിശ്ചിതമായിരിക്കണം, ധർമ്മശാസ്ത്ര പ്രകാരവുമായിരിക്കണം. നീതിക്ക് നിശ്ചിത അളവില്ലെന്നു വന്നാല് ധർമ്മവും, അതിലൂടെ സ്ഥിതിയും, സൃഷ്ടിയും, സത്യവും പിഴയ്ക്കുന്നതാണ്; അങ്ങനെ സംഭവിച്ചുകൂടല്ലോ.**

ഉദാഹരണമായി ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോള്, സമ്പത്ത് കുട്ടികള്ക്ക് കൈമാറുവാന് ദൈവം അനുവദിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളും കുട്ടികളും അവരുടെ കുട്ടികളും എല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

മാതാപിതാക്കളുടെ അമിതവാത്സല്യം കുട്ടികളെ ധര്മ്മശാസ്ത്രം തെറ്റിയുള്ള ജീവിതത്തിന് വഴിയൊരുക്കിയാൽ, കുട്ടികൾ പാപം ചെയ്യുന്നതിന് മാതാപിതാക്കളും കാരണക്കാരാവുകയാണ്. കുട്ടികളും അവരെ വഴിതെറ്റിക്കുവാൻ പ്രേരകമായതിന് മാതാപിതാക്കളും (ബന്ധുജനങ്ങളുമൊക്കെ) പാപങ്ങള്ക്കുള്ള ശിക്ഷ ഏറ്റെടുക്കേണ്ടതായി വരും.

കുട്ടികളുടെ നല്ലത് കരുതുവാൻ, എല്ലാവരെയും കരുതുന്ന മഹാപിതാവും മഹാമാതാവുമായ സ്രഷ്ടാവുണ്ട്.

ന്യൂനശക്തികളും ധര്മ്മശാസ്ത്രബന്ധനവും

മുകളില് കൊടുത്തിട്ടുള്ള ഉദാഹരണങ്ങളെ ഗൗരവമായി വിശകലനം ചെയ്യുമ്പോൾ, ന്യൂനശക്തികളുടെ സൃഷ്ടിയും ധര്മ്മവും എത്ര മഹത്തരമാണെന്നും തങ്ങൾക്ക് ഇഷ്ടപ്പെട്ടവയെ നല്ലതെന്നും ഇഷ്ടപ്പെടാത്തതിനെ ചീത്തയെന്നും പേരിടാൻ മനുഷ്യന് അവകാശമില്ല എന്നും സുവ്യക്തമാകുന്നു.

മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഓരോരോ വിധങ്ങളില് നല്ലതാണ്. നല്ലതല്ലാത്തത് യാതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നര്ത്ഥം.

ഓരോരോ ജീവി-ഇനങ്ങള്ക്കും ഓരോരോ ജീവിതരീതി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, ഭക്ഷണ സമ്പാദനം, കാഴ്ച, രാത്രിക്കാഴ്ച, പാര്പ്പിടരീതി, ഇണചേരല്, ഇണയെ ആകര്ഷിക്കുന്ന രീതി, ഭയപ്പാടുകളിലെ പ്രത്യേകത, ആക്രമണ രീതികളിലെ പ്രത്യേകത, പെരുമാറ്റം, തുടങ്ങിയ അനേകം കാര്യങ്ങള് ചേര്ന്നതാണ് ഓരോ ജീവികളുടെയും ജീവിതരീതി. മനുഷ്യരുടേതും അങ്ങനെ തന്നെ.

മറ്റുള്ള ജീവികളെ തങ്ങളുടെ ജീവിതാവശ്യങ്ങള്ക്ക് ഏറെ പ്രയോജനപ്പെടുത്തുകയും ഏറ്റവുമധികം ഉപദ്രവിക്കുന്നതും മനുഷ്യന് തന്നെയാണ്. മറ്റുള്ള ജീവികള് മനുഷ്യരെ ഏറ്റവും കുറച്ചുമാത്രമാണ് ഉപദ്രവിക്കുന്നത് എന്നതും വസ്തുതയാണ്.

നല്ലതു മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എങ്കിൽ, ഭൂമിയിലൊക്കെയുമുള്ള കലാപങ്ങളും പീഡനങ്ങളും അഴിമതികളും ഭീകരവാദങ്ങളും നല്ലതാണോ, അവയെ സൃഷ്ടിച്ചത് മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവം തന്നെയല്ലേ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പെട്ടെന്ന് അനേകരിൽ ഉണ്ടാകുന്നതാണ്.

ചുവടെ ന്യൂനശക്തികളുടെ വിശദീകരണത്തിലേക്കു കടക്കുമ്പോള് ജീവികള്ക്ക്, പ്രത്യേകിച്ചു മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നല്കാനായി ഒരു നിശ്ചിത ശതമാനം ശക്തികളെ മാറ്റിവച്ചിട്ടുണ്ട് എന്നു കാണാം.

വ്യക്തിസ്വാതന്ത്ര്യം നല്കിയില്ലെങ്കില് മനുഷ്യരെ ദൈവം അടിമകളാക്കുന്നതായി വരും. വ്യക്തികൾ സ്വയം നല്ലതും കെട്ടതും തിരിച്ചറിഞ്ഞു ജീവിക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്. മനുഷ്യരും, ഭാഗം 6-ൽ സൂചിപ്പിച്ചതായ ഒന്നാം മഹാകാലചക്രത്തിലെ ഭരണത്തിനായി സൃഷ്ടിച്ചതായ മാലാഖമാരും/മലക്കുകളും/ദേവതകളും തങ്ങള്ക്കു ലഭിച്ച വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തതുകൊണ്ടും, അതിലൂടെ ന്യൂനശക്തികൾ സൃഷ്ടിക്കപ്പെട്ടതുകൊണ്ടുമാണ് ഭൂമിയിലാകെ കലാപങ്ങളും പീഡനങ്ങളും അഴിമതികളും ഭീകരവാദങ്ങളും ഒക്കെ ഉണ്ടായിരിക്കുന്നത്. വൈകാതെ **മായ** പ്രത്യക്ഷമാകുന്നതോടെ, മഹാശക്തിയായ മഹാജഗദംബ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം സമ്പൂർണ്ണമായി ഏറ്റെടുക്കുന്നതോടെ, മനുഷ്യരുടെ ജീവിതകാര്യങ്ങൾ ഉള്പ്പെടെ എല്ലാ കാര്യങ്ങളും

മഹാമംഗളമാകുന്നതാണ്.

ന്യൂനശക്തികളെപ്പറ്റി തുടരാം :

സദാചാരം എങ്ങനെ ശാസ്ത്രമാകും, ഭൗതിക ശാസ്ത്ര നിയമങ്ങളുമായി എങ്ങനെ പൊരുത്തപ്പെടും, നല്ലതും നല്ലതല്ലാത്തതും വേർതിരിക്കുന്നതിന്റെ അളവുകോലെന്ത്, ദൈവം നല്ലത് മാത്രം സൃഷ്ടിക്കാതെ നല്ലതല്ലാത്തും സൃഷ്ടിച്ചതെന്തിന്, നല്ലതല്ലാത്തത് സൃഷ്ടിക്കുന്ന ദൈവത്തിന്റെ ഭാവം സത്യ - ധർമ്മ - നീതികളാണെന്ന് എങ്ങനെ പറയാനാവും, തുടങ്ങിയ ചോദ്യങ്ങളെല്ലാം നിഷ്പ്രഭമാകുന്നതും നിരർത്ഥകമാകുന്നതും എങ്ങനെയെന്നും കൂടിയാണ് ന്യൂനശക്തികളുടെ സൃഷ്ടിയും സ്ഥിതിയും സംബന്ധിച്ച കാര്യങ്ങൾ ശാസ്ത്രപരമായി വിശദമാക്കുന്നത്. ജീവികളുടെ ആനന്ദം സ്രഷ്ടാവിന് പരമപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവും മഹാപിതാവും കൂടിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാഇഷ്ടമാണത്. അങ്ങനെ ആയത് ജീവികളുടെ മഹാഭാഗ്യം ; അല്ലായിരുന്നെങ്കിലോ.... എന്നു ചിന്തിച്ചാല്, തന്റെ മഹാശക്തികളെ കൊണ്ട് സൃഷ്ടിക്കുന്ന **ജീവികള്ക്ക് നരകയാതനകളെ നല്കി കഷ്ടപ്പെടുത്തുകയും അവയുടെ കഷ്ടതകളെ കണ്ട് വിനോദിക്കുകയും ചെയ്യുന്ന സ്രഷ്ടാവായിരുന്നെങ്കിലോ എന്നു ചിന്തിച്ചാൽ, മനുഷ്യരുടെ എത്രയോ ചോദ്യങ്ങളും സംശയങ്ങളും വിവേകശൂന്യങ്ങളാണെന്ന് ബോദ്ധ്യമാകും.**

കാർബൺ (കരി) ഉള്പ്പെടെയുള്ള ഏതാനും മൂലകങ്ങളുമായും കറുപ്പുനിറം, ഇരുട്ട്, രാത്രി തുടങ്ങിയവയുമായും ബന്ധപ്പെട്ടാണ് ന്യൂനശക്തികള് പ്രവര്ത്തിക്കുന്നത്. കരിക്കട്ടയും, കറുത്തമഷിയുമൊക്കെ എഴുതാനും അച്ചടികാര്യങ്ങള്ക്കും പ്രയോജനപ്പെടുന്നതും, ജീവികളിലെ ഊര്ജ്ജകാര്യങ്ങളില് ഉള്പ്പെടെ അനന്തങ്ങളോളം മഹാപ്രപഞ്ച കാര്യങ്ങളിൽ കാർബൺ ഉന്നത സ്ഥാനം വഹിക്കുന്നതും ദൈവം കാര്ബണെ ഉന്നതപ്പെടുത്തിയിട്ടുള്ളതു കൊണ്ടുതന്നെയാണ്. വെളിപാട് പൂര്ണ്ണമായിട്ടില്ല എങ്കിലും, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ **ഓം** എന്ന അദ്ധ്യായത്തിൽ കൂടുതല് വിസ്തരിക്കുന്നുണ്ട്.

ഭൂമിയിലെ എല്ലാ വസ്തുക്കളിലും ദൈവം സ്ഥാപിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങൾ പ്രകാരമാണ് എല്ലാ വസ്തുക്കളും പ്രവര്ത്തിക്കുന്നത്. വസ്തുക്കളും ജീവികളും ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ ഏതൊന്നിന്റെ മേലും മനുഷ്യര്ക്ക് പ്രവര്ത്തിക്കാനാകുന്നത് മേല്പ്പടി ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്.

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കള് 14.29% മുതല് 19.44% വരെ മാത്രമാണെന്നും, കാലാനുസൃതം ശാസ്ത്രവികസനത്തിനും ജനപ്പെരുപ്പത്തിനും ഒപ്പം 14.29% മാത്രം ന്യൂനവസ്തുക്കള് സ്ഥിരമായി ഉള്പ്പെടുമ്പോള് മാത്രമേ ജീവിതം സമ്പൂര്ണ്ണമായും ആനന്ദകരമാവുകയുള്ളൂ എന്നും വിശദീകരിക്കുകയുണ്ടായി. ന്യൂനവസ്തുക്കളുടെ ഏറ്റവും

കുറഞ്ഞ അളവ് ധര്മ്മശാസ്ത്രപ്രകാരം ആണെന്നും അത് മഹാശക്തിയായ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ജീവിതക്രമമാണെന്നും കൂടിയാണ് അര്ത്ഥം. ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവ് ധര്മ്മശാസ്ത്രപ്രകാരം വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ബന്ധിക്കുന്നുണ്ട് ; അതേ സമയം പ്രസ്തുത മഹാ ധര്മ്മശാസ്ത്ര ബന്ധനം സര്വ്വ ജീവികളുടെയും മംഗളത്തിനായുള്ള മഹാ പദ്ധതിയാണ്. മഹാധര്മ്മശാസ്ത്ര ബന്ധനത്തെ / ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവിനെ /ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവിനെ അവഗണിച്ചു കൊണ്ട് വ്യക്തി(കള്) ജീവിക്കുമ്പോള്, ന്യൂനവസ്തുക്കളുടെ അളവ് വര്ദ്ധിക്കുന്നു. പുതിയ വസ്തുക്കള് ഉണ്ടാക്കാനാവുന്നതും ഒരു എനര്ജിയെ മറ്റൊരു എനര്ജിയായി മാറ്റാമെന്നുമുള്ള വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങള് പ്രകാരമാണ് ഇത് സംഭവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടപ്രകാരം അല്ലാത്ത സ്വാതന്ത്ര്യം വ്യക്തി ഉപയോഗിക്കുന്നതു കൊണ്ട് സംഭവിക്കുന്നതാണത്. പ്രസ്തുത അവസ്ഥ ദൈവം അനുവദിച്ചില്ലെങ്കില് ദൈവം സൃഷ്ടികളെ അടിമയാക്കുന്നു എന്ന വസ്തുതയും ആരോപണവും ഉണ്ടാകുന്നതാണ്. മഹാപ്രപഞ്ചത്തില് 14.29% മുതല് 17.43% /19.44% വരെ അളവിലെ വ്യത്യാസമായ 3.14% / 5.15% അളവ് മാത്രം ന്യൂനവസ്തുക്കളെക്കൊണ്ട് , വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ ഉണ്ടാവുന്നതാണ്. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്ന മഹാമനസ്ക്കത ദൈവം കാണിക്കുമ്പോഴും, മഹാനീതിപതി കൂടിയാണ്

ദൈവമെന്നും ; വ്യക്തിയുടെ ആരോഗ്യം, ആയുസ്സ് തുടങ്ങിയ ഘടകങ്ങള് ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നും വ്യക്തി ഓര്ക്കേണ്ടതും, ദൈവം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ദുര്വ്വിനിയോഗം ചെയ്യാതെ, എല്ലാ ജീവികളുടെയും ആനന്ദ-ജീവിതത്തിനായി ദൈവത്തിന്റെ ഇഷ്ടപ്രകാരം അഥവാ ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാൻ പരിശ്രമിക്കേണ്ടതുമാണ്.

മഹാപ്രപഞ്ചത്തിലെ നക്ഷത്രകോടികളും സൂര്യനും ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കയാല് ന്യൂന വസ്തുക്കൾ അവയെ ബാധിക്കുന്നില്ല. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളും അവയുടെ ചന്ദ്രന്മാരും താല്ക്കാലിക സൃഷ്ടിയാണെന്നും വൈകാതെ പിൻവലിക്കപ്പെടുമെന്നും മുമ്പ് വിസ്തരിച്ചിരുന്നു. അപ്പോള് പിന്നെ ഭൂമിയെയും ചന്ദ്രനെയും മാത്രമാണ് ന്യൂനവസ്തുക്കൾ ബാധിക്കുക.
//

ന്യൂനവസ്തുക്കളുടെ സാന്നിദ്ധ്യത്തെപ്പറ്റിയും അളവിനെപ്പറ്റിയും മേല് വിവരിച്ചത് ഉള്ക്കൊള്ളുവാൻ ദൈവം പ്രത്യേകം കനിയേണ്ടതുണ്ട്. ഉന്നതമായ പ്രപഞ്ചരഹസ്യങ്ങളുടെ അടിസ്ഥാന ഘടനയിലെ ഒരു മുഖ്യ ഭാഗമാണ് മുകളില് വിവരിച്ചത്. ഈ ഭാഗം കമ്പ്യൂട്ടറിൽ ടൈപ്പു ചെയ്യാൻ ആരംഭിച്ചതോടെ, ഏഴോളം ദിവസങ്ങളില് മഹാദാസനും പരമശിവനും ആയി

അനുഗ്രഹം നേടാന് മഹാഭാഗ്യമുണ്ടായിട്ടുള്ള ഈയുള്ളവന് കടുത്ത ക്ഷീണം, ചെറിയ തലചുറ്റൽ എന്നിവ ഉണ്ടാവുകയും, വെളിപാടുകള്ക്ക് തുടര്ച്ച നഷ്ടപ്പെടുകയും വെളിപാടുകൾ താല്ക്കാലികമായി സ്തംഭിക്കുകയും ചെയ്തു. മഹാകാരുണ്യമയിയായ ദൈവത്തിൽ നിന്നും വെളിപാട് ലഭിക്കുന്ന ഈയുള്ളവനും വിഷയത്തിന്റെ ഗൗരവം ഉള്ക്കൊള്ളുവാനായി ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള ന്യൂനശക്തി സംവിധാനമാണത്. 2008 നവംബര് 4-ാം തീയതി അതിരാവിലെ 2 മണിയോടെ മാത്രമാണ് വെളിപാടുകൾ പുനരാരംഭിച്ചതും, ശരീരസുഖം കുറെ ലഭിച്ചതും. ലളിതവും കടുത്തതുമായ വളരെയധികം ധര്മ്മശാസ്ത്ര പരീക്ഷണങ്ങൾ മുമ്പ് ഈയുള്ളവന്റെ മേല് നടത്തപ്പെട്ടിട്ടുണ്ട്. കുറേയൊക്കെ പരീക്ഷണങ്ങൾ ഇപ്പോഴുമുണ്ട്. ന്യൂനശക്തികളുടെ പ്രവര്ത്തനം ഗൗരവമാണെന്ന് ചുരുക്കം.

ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാന് ആഗ്രഹിക്കുകയും, അതിന്നായി പ്രാര്ത്ഥിക്കുകയും ചെയ്യുമ്പോള്, സുഖദുഃഖങ്ങളെ സമനിലയിൽ ആസ്വദിച്ചുകൊണ്ട് ജീവിക്കുവാൻ വ്യക്തിക്ക് സാധിക്കുന്നതാണ്. വ്യക്തിയുടെ ജീവിതക്രമങ്ങളെ ആവിഷ്ക്കരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം പോലെ, അഥവാ ധര്മ്മശാസ്ത്രപ്രകാരമമായി മാറുന്നു. ധര്മ്മശാസ്ത്രപരമായി ജീവിക്കുക മാത്രമേ വ്യക്തി ചെയ്യേണ്ടതുള്ളൂ. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം താൻ അനുഭവിക്കുന്നതായി ബോദ്ധ്യപ്പെടുന്നതും സമ്പൂര്ണ്ണ മനസ്സുഖം ലഭിക്കുന്നതുമാണ്. ജീവിതകാര്യങ്ങളെല്ലാം

അനായാസമായും ഒഴുക്കോടെയും നടക്കുന്നതാണ്. ഞാനെന്ന ഭാവം തീണ്ടാതെ വ്യക്തിക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയുന്നതുമാണ്. എന്നാൽ വ്യക്തിയുടെ ഇഷ്ടങ്ങൾ അഥവാ സ്വാതന്ത്ര്യങ്ങൾ പ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ജീവിതക്രമം കൂടി വ്യക്തി ആവിഷ്ക്കരിക്കുകയാണ്. ധര്മ്മശാസ്ത്ര പ്രകാരമല്ലാത്ത ജീവിതമാണത്. ഉദാഹരണമായി, കുട്ടികള്ക്കുവേണ്ടി വ്യക്തി കരുതുന്നതും അവര്ക്കുവേണ്ടി കെട്ടിടം വെയ്ക്കുന്നതുമൊക്കെ ദൈവത്തെയും ദൈവീകമായ സാമ്പത്തികശാസ്ത്രത്തെയും അവഗണിച്ചുകൊണ്ടുള്ള പ്രവൃത്തികളാണ്.

സമ്പൂര്ണ്ണമായും ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുമ്പോള്, കുട്ടികളും മുതിര്ന്നവരുമെല്ലാം അതാതു പ്രായത്തിലും അവസ്ഥകളിലും ഉണ്ടാവേണ്ടതായ ധര്മ്മങ്ങളെ കൃത്യമായി പുലര്ത്തുന്നവരായി മാറുന്നതാണ്. പ്രസ്തുത അവസ്ഥ കള്ളങ്ങളും ചതിയും കൊള്ളയും മത്സരങ്ങളും പോലെയുള്ള കാര്യങ്ങൾ സമൂഹത്തിൽ ഇല്ലാതെ വരികയും, ഒരു ശാസന പോലും യാതൊരാള്ക്കും ആവശ്യമില്ലാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നതാണ്. കുറേക്കാലം ഈ നില തുടര്ന്നാൽ ചെറിയ വിരസത സമൂഹകാര്യങ്ങളിൽ ഉണ്ടാവുന്നതാണ്. വിരസത അകറ്റാനും സമൂഹം ഊര്ജ്ജസ്വലമാകാനും പൈശാചിക ന്യൂനശക്തികളുടെ ചെറിയ സാന്നിദ്ധ്യം നല്ലതെന്നു തോന്നുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരല്പം വ്യക്തിസ്വാതന്ത്ര്യം നല്ലതായിരിക്കുന്ന അവസ്ഥയാണത്. ഒരല്പം നല്ലതെന്നു തോന്നുന്നത്

പ്രായേണ വളര്ന്ന് മദ്യവും മദിരാക്ഷിയും ഭീകരവാദവുമൊക്കെ ആയാൽ വളരെക്കാലമായി ഭൂമിയിലൊക്കെയും സംഭവിച്ചിട്ടുള്ളതുപോലെ കാര്യങ്ങൾ പിടിവിട്ടു പോകുന്നതാണ്. **പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരമായി ദൈവം ഒരു വൃത്ത-പരിധി-സംരക്ഷണം സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യന് ലഭ്യമാകുന്ന ശാസ്ത്രജ്ഞാനത്തിനും സമ്പത്തിനും മറ്റു ശക്തികള്ക്കും അനുസരിച്ച് അവന്റെ പ്രവര്ത്തനമേഖല ഒരു വൃത്തംപോലെ ചെറുതും വലുതുമൊക്കെയായി മാറുമ്പോള്, വൃത്തത്തിനുള്ളിലെ ഏറ്റവും വലിയ രേഖയായ വ്യാസവും വൃത്തപരിധിയും തമ്മില് ഒരു നിശ്ചിതബന്ധം ഉണ്ടാക്കിയിരിക്കുന്നു. വൃത്തപരിധി = വ്യാസം : 3.14... (പൈ).**

ഒരു കേന്ദ്രത്തില് നിന്നും ശക്തിയും, ശിവനും ചേര്ന്നതായ ഒരു കാലിന് അഥവാ ആരത്തിന് (റേഡിയസ്) സഞ്ചരിക്കാവുന്ന പരമാവധി അളവ് വൃത്തവും ഗോളവും ആണ്. വ്യക്തികൾ ഉപയോഗപ്പെടുത്തുന്ന വ്യക്തിസ്വാതന്ത്ര്യം പൈ എന്ന നിശ്ചിതസംഖ്യയുടെ അളവായ 3.14.. % ൽ താഴെയായിരുന്നാല്, വ്യക്തികള്ക്ക് അഥവാ സമൂഹത്തിലെ ഭരണകൂടത്തിന് പ്രശ്ന പരിഹാരം സാദ്ധ്യമാകുന്നതാണ്. 0% മുതല് പരമാവധി പൈ% വരെയുള്ള വ്യക്തിസ്വാതന്ത്ര്യം അപകടകാരിയല്ല എന്നര്ത്ഥം. മദിര (മദ്യം), മദിരാക്ഷി (ദുഷ്ക്കാമം) എന്നിവയിലേക്ക് സമൂഹത്തിലെ ഭരണകൂടം പ്രവേശിച്ചാൽ പൈ%-നു മുകളില് വ്യക്തിസ്വാതന്ത്ര്യം പ്രവേശിച്ചിരിക്കുന്നു എന്നു കണക്കാക്കണം.

ദൈവത്തിന്റെ പ്രത്യേകമായ ഇടപെടല്കൊണ്ടു മാത്രമേ പൈ%-നു മുകളിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുകയുള്ളൂ. ഭൂമിയിലെങ്ങും ഇന്നുള്ള സങ്കീര്ണ്ണ പ്രശ്നങ്ങളെ പരിഹരിക്കാൻ ദൈവം പ്രത്യേകമായി ഇടപെടേണ്ടതുണ്ടെന്നും അര്ത്ഥമുണ്ടാകുന്നു. എന്നാല്, മുഖ്യമായും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച നിമിത്തമാണ് പൈ%-നു മുകളില് വ്യക്തിസ്വാതന്ത്ര്യം വര്ദ്ധിക്കാനും സമൂഹജീവിതം കൊടിയ ദുരന്തങ്ങളില് പെടാനും കാരണമായത്. അതേ സമയം, മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള്, എല്ലാവിധ പ്രശ്നങ്ങളും ഇപ്പോഴും എപ്പോഴും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കപ്പെടുന്നുണ്ടെന്നും, എല്ലാവര്ക്കും സമ-നീതി ലഭിക്കുന്നുണ്ടെന്നും ബോദ്ധ്യമാകുന്നതാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, ഒരു ചിലർ കാട്ടിക്കൂട്ടിയ അധമത്തങ്ങളും ദുഷ്ക്കീര്ത്തികളും നിസ്സാരമായി പരിഹരിക്കുന്നതുമാണ്. ന്യൂനശക്തികള്.... തുടര്ച്ച എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരണമുണ്ട്.

മനുഷ്യർ ഒഴികെയുള്ള ജീവികളിൽ വ്യക്തിസ്വാതന്ത്ര്യം 1%-ൽ താഴെ മാത്രമാണ് പ്രവര്ത്തിക്കുന്നത് എന്നും അറിയുക.

22/7 = പൈ എന്ന ദൃഢസംഖ്യ ഭൗതികശാസ്ത്രത്തിന്റെ അനവധി ശാഖകളില് വിവിധ സംവിധാനങ്ങളുടെ ഭാഗമായി ഉള്പ്പെടുന്നതാണ്. ന്യൂനശക്തികള് മഹാപ്രപഞ്ചത്തിന്റെ ഭൗതിക സൃഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണത്.

22 എന്ന സംഖ്യയെ 7 കൊണ്ടു ഹരിക്കുമ്പോഴാണ് പൈ =

3.1428..... എന്നു ലഭിക്കുന്നത്. മഹാപ്രപഞ്ചത്തെ 100 എന്നു കണക്കാക്കുമ്പോള്, 100-നെ 6 ഘട്ടങ്ങളായി സൃഷ്ടിച്ചിട്ടുള്ളതും, ജീവി-ധര്മ്മത്തെ 6-മായി ബന്ധിപ്പിക്കുന്നതും, 6-നെ കാലവുമായി ബന്ധിപ്പിച്ച് 6 ദിവസമാക്കുന്നതും, എപ്പോഴുമുള്ള ആനന്ദം കൂടാതെ അധിക ആനന്ദം ജീവികള്ക്ക് നല്കാനായും വ്യക്തിസ്വാതന്ത്ര്യം ഉറപ്പിക്കാനായും 1 ദിവസം 6-നോട് ചേര്ത്ത് 7 ദിവസമെന്ന ആഴ്ച സൃഷ്ടിക്കുന്നതും, ഒക്കെ ന്യൂനശക്തികളുടെ ഭൗതിക-സൃഷ്ടിയുമായിക്കൂടി ദൈവം ബന്ധിപ്പിച്ചിരിക്കുകയാണ്. ശക്തിയും ശിവനും എന്ന 2 കാലുകളില് നിന്നുകൊണ്ട് മഹാപ്രപഞ്ചത്തെ 20 കൈകള്കൊണ്ടു പ്രവര്ത്തിപ്പിക്കുന്ന മഹാദിവ്യരൂപം മഹാശക്തി സ്വീകരിക്കുമ്പോള് 22 അംശങ്ങള് ചേര്ന്ന മഹാദിവ്യചക്രം ഉണ്ടാകുന്നുണ്ട്. മഹാ-ദിവ്യചക്രവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിലെ വെളിപാട് പൂര്ണ്ണമായിട്ടില്ല. ദൈവാനുഗ്രഹത്താല് വൈകാതെ പൂര്ണ്ണമാകുന്നതാണ് എന്നറിക.

ദൈവത്തിന്റെ മഹാഭാവങ്ങളായ സത്യ-ധര്മ്മ-നീതികളെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പുലര്ത്തുവാന് ശ്രദ്ധിക്കുമ്പോൾ മാത്രമേ, ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാൻ ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് വ്യക്തി ഉയരുകയുള്ളൂ എന്നും ന്യൂനശക്തികളുടെ സൃഷ്ടിയിലൂടെയും അവയ്ക്ക് കല്പിച്ചിരിക്കുന്ന ഔന്നത്യത്തിലൂടെയുമാണ് ജീവിതം ആനന്ദകരമാക്കിയിട്ടുള്ളത് എന്നും സുവ്യക്തമായിരിക്കുമല്ലോ.

<u>ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു.</u>

ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും എന്ന അദ്ധ്യായത്തില് ന്യൂനശക്തികള് തിരുത്തല് ശക്തികളായി പ്രവർത്തിക്കുന്നതിനെപ്പറ്റി വിസ്തരിച്ചിരുന്നു. ദൈവത്തിന്റെ ഭാവമായ സത്യ-ധർമ്മ-നീതികളെ അഥവാ മഹാശാസ്ത്രത്തെ പിന്പറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാൽ അവയെ തിരുത്താനായി തിരുത്തൽ ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും മേല്പടി ന്യൂനശക്തികൾ രൂപം പ്രാപിക്കുന്നതാണ്.

ന്യൂനശക്തികൾ നിശ്ചിതമായ ചെറിയ അളവിൽ വർത്തിക്കുമ്പോൾ സമൂഹജീവിതം മഹാആനന്ദകരമാണ്. എന്നാൽ വ്യക്തികൾ ധർമ്മശാസ്ത്രപരമായല്ലാതെ ജീവിക്കുമ്പോൾ, അഥവാ വ്യക്തിസ്വാതന്ത്ര്യത്തെ ദുർവ്വിനിയോഗിക്കുമ്പോൾ, ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതും, അക്കാരണത്താൽ ഭീകര പ്രവർത്തനങ്ങൾ ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. അതായത് ധർമ്മശാസ്ത്രപരമായല്ലാതെ വ്യക്തികൾ ജീവിക്കുമ്പോൾ, തിരുത്തൽ ശക്തികളായും വിരുദ്ധശക്തികളായും ന്യൂനശക്തികൾ രൂപം പ്രാപിക്കുന്നതാണ്. ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും സമൂഹത്തിൽ വ്യാപിക്കുമ്പോൾ, തിരുത്തൽ ശക്തികൾ എന്നതിന്റെ പരിധിവിട്ട് വിരുദ്ധശക്തികളായി ന്യൂനശക്തികൾ രൂപം പ്രാപിച്ചിരിക്കുന്നു എന്നാണർത്ഥം. ആനന്ദകരമായവയെ

പ്രശ്നകാരികളാക്കുന്നത് മനുഷ്യരാണെന്നും അര്ത്ഥം.

ഇന്നത്തെ ഭീകരവാദങ്ങളെ മാനുഷികമായി മാത്രം കാണേണ്ടതില്ല. അവയ്ക്ക് മുമ്പറഞ്ഞതുപോലെ ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച കാരണമായിട്ടുണ്ട്.

ന്യൂനശക്തികളും പൈശാചിക ശക്തികളും

ദൈവം, മനുഷ്യന് സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യം നല്കുന്നുണ്ട്; എല്ലാവരുടെയും സമഅനന്ദമെന്ന മഹാസമനീതിയെ കണക്കാക്കി വ്യക്തിസ്വാതന്ത്ര്യത്തെ ധര്മ്മശാസ്ത്രപ്രകാരം മാത്രം ഉപയോഗിക്കണം എന്ന് മനുഷ്യർ മണ്ണിലെ നിയമങ്ങളെ വിശകലനം ചെയ്ത് മനസ്സിലാക്കി ജീവിക്കണം.

ധര്മ്മശാസ്ത്രപ്രകാരം അല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യങ്ങളെ സമൂഹം അഥവാ സമൂഹത്തിലെ വ്യക്തികൾ പുലര്ത്തുമ്പോൾ, മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ്/പ്രവര്ത്തനം 14.29% -ല് നിന്ന് ക്രമാനുഗതം ഉയരുകയും ധാര്മ്മിക അധഃപതനം ഉണ്ടാവുകയും ചെയ്യുന്നു. മനുഷ്യര് കാട്ടുന്ന ദൈവനിന്ദ, ശാസ്ത്രപരമായ തൊഴില് വിഭജനം, മഹാനീതിശാസ്ത്രം തുടങ്ങിയ അദ്ധ്യായങ്ങളില്നിന്ന് ആവക കാര്യങ്ങള് മനസ്സിലാക്കാനാവും. ധര്മ്മശാസ്ത്ര പ്രകാരം അല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യങ്ങൾ അഹിംസയുടേതല്ല. അവ ഹിംസ ഉള്പ്പെടെയുള്ള അധമ കാര്യങ്ങളെ സൃഷ്ടിക്കുന്നതാണ്. മാംസ ഭോജികളായ

അനേകം ജീവികളെ ദൈവം സൃഷ്ടിക്കുവാന് കാരണം മനുഷ്യരാണെന്നത് ഭക്ഷണശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

ഭൂമിയിലെ ഭൂരിപക്ഷം ജനങ്ങളും വ്യക്തിസ്വാതന്ത്ര്യത്തെ പരക്കെ /കുറെ ദുരുപയോഗം ചെയ്യുമ്പോഴും; ന്യൂനപക്ഷം ജനങ്ങൾ വ്യക്തിസ്വാതന്ത്ര്യത്തെ **വളരെയധികം** ദുരുപയോഗം ചെയ്യുമ്പോഴും; ന്യൂനവസ്തുക്കൾ 14.29% -ല് നിന്ന് ക്രമാനുഗതം ഉയരുകയും ഭൂമിയിലൊക്കെയും അധര്മ്മങ്ങൾ പെരുകുകയും ചെയ്യുന്നു. എന്നാൽ 17.43% എന്ന അളവില് മാത്രം വര്ദ്ധിക്കുമ്പോള് ഇന്നുള്ളതുപോലെ പൈശാചികത്വം ഉണ്ടാകുമായിരുന്നില്ല. പൈ%-ൽ നിന്ന് വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗപ്പെടുവാൻ മുമ്പറഞ്ഞതുപോലെ ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച കാരണമായിട്ടുണ്ട്. ന്യൂനശക്തികൾ.... തുടര്ച്ച എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇന്നുള്ള ന്യൂനവസ്തുക്കളുടെ വര്ദ്ധിച്ച അളവ് മായ പ്രത്യക്ഷമാക്കിക്കൊണ്ട്, മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുന്നതോടെ അവസാനിക്കുന്നതും മഹാസുന്ദരമായ ജീവിതം ഉണ്ടാകുന്നതുമാണ്.

നിലവിലുള്ള വര്ദ്ധിതമായ 19.44%-നോട് അടുക്കുമ്പോള് ഇന്ന് കാണുകയും കേള്ക്കുകയും അനുഭവിക്കുകയും ചെയ്യുന്ന അധര്മ്മങ്ങൾ ഭൂമിയിലൊക്കെയും പരക്കുന്നു. ന്യൂനവസ്തുക്കളിലൂടെ

അഥവാ ന്യൂന ശക്തികളിലൂടെ സമൂഹത്തെ അഥവാ സമൂഹത്തിലെ വ്യക്തികളെ ധര്മ്മശാസ്ത്രപ്രകാരമല്ലാതെ വേദനിപ്പിക്കുന്ന/പീഡിപ്പിക്കുന്ന പൈശാചിക ശക്തികൾ രൂപം കൊള്ളുന്നു. മേല്പടി ന്യൂനവസ്തുക്കൾ അഥവാ വിരുദ്ധശക്തികൾ അഥവാ പിശാച് മദ്യം, മയക്കുമരുന്ന്, വ്യഭിചാരം, അധിക സ്നേഹം, അധിക വാത്സല്യം, പണഭ്രാന്ത്, കീര്ത്തിഭ്രാന്ത്, അധാര്മ്മികമായ കളികൾ (സ്പോര്ട്സ്), അധാര്മ്മികമായ മത-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥിതികൾ തുടങ്ങിയവയിലൂടെ സമ്മേളിക്കുമ്പോൾ സമൂഹത്തിന് അധാര്മ്മിക ഭാവ-രൂപങ്ങൾ ഉണ്ടാകുന്നതാണ്. അതേ സമയം ന്യൂനവസ്തുക്കളിലെ 14.29% ജീവിതാവശ്യമാണെന്നതും, 3.14% മാത്രമാണ് പ്രശ്നകാരിയാവുന്നതെന്നും, 5.19% മാത്രമാണ് ഇന്നുള്ളതുപോലെ കടുത്ത പ്രശ്നകാരിയാവുന്നതെന്നും മനസ്സിലാക്കണം.

മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാനീതി-നിര്വ്വഹണത്തിന്റെ ഒരു ഭാഗമായിട്ട് കൊടുംപാപികളിലൂടെ പാപികളെ തിരുത്തുന്ന പദ്ധതികൂടി ഉണ്ടെന്ന് ഭീകരവാദത്തെ വിസ്തരിക്കുന്ന അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. ആത്മാവിനെ ബന്ധപ്പെടുത്തിയുള്ള ഒരു നീതിവശം കൂടി ഉണ്ട്. മനുഷ്യന്റെ ശരാശരി ആയുസ്സായി നിശ്ചയിച്ചിട്ടുള്ളതിൽ ഒരു വര്ഷം ശരീരം വിട്ടുള്ള ആത്മാവിന്റെ പ്രവര്ത്തനത്തെ സംബന്ധിച്ചുള്ളതാണ്. താൻ ഉറ്റവരായി കരുതിയിരുന്നവരെ ശ്രദ്ധിക്കാനും ജീവിതകാര്യങ്ങളെ കുറേക്കൂടി മനസ്സിലാക്കാനും, ചിലരെ സഹായിക്കാനും, മറ്റു ചിലരെ ഉപദ്രവിക്കാനും ഭൗതിക ശരീരമില്ലാത്ത

ജീവാത്മാവിന് പരിധികളോടെ പ്രവര്ത്തിക്കാൻ സൗകര്യമൊരുക്കുന്ന ഒരു പദ്ധതിയാണത്. വാതക രൂപത്തോടെ ജീവാത്മാവ് പ്രവര്ത്തിക്കുന്ന കാലഘട്ടത്തെ സ്ഥിതിപരമായ വിധി പ്രകാരം ഒരു വര്ഷത്തിൽ കുറയ്ക്കാനും കൂടുതലാക്കാനും പദ്ധതികളുണ്ട്. നല്ല ആത്മാക്കൾ, പിശാചുക്കൾ എന്നിങ്ങനെ വേര്തിരിവും ഉണ്ടാകുന്നുണ്ട്. കൊടുംപാപികളായി ജീവിച്ചവര്ക്ക് പാപം കുറയ്ക്കാനായിട്ട് ഒരു സന്ദര്ഭം ഒരുക്കുന്നുണ്ട്. ഭീകരവാദം പോലെയുള്ളവ ചെയ്യുന്ന ഒരു ചില മനുഷ്യരിലേക്ക് തിരുത്തല് ശക്തികളായി പ്രവേശിക്കുവാനും, അവരുടെ ശരീരത്തിന്റെ ഭാഗമായിരുന്നുകൊണ്ട്, പീഢന-ശിക്ഷകളെ അനുഭവിക്കുവാനും, ആവിധത്തിൽ മുമ്പ് സമ്പാദിച്ച ശിക്ഷകളുടെ അളവു കുറയാനും സൗകര്യം ഒരുക്കുന്നുണ്ട്. സ്വന്തമായി ശരീരമില്ലാതെയും, വാതകരൂപത്തോടെയുമുള്ള ജീവാത്മാവിനെ, വാതകമായി മാത്രം ധരിച്ച് ഭൗതികശാസ്ത്ര പരീക്ഷണങ്ങള്ക്ക് ശാസ്ത്രജ്ഞന്മാർ വിധേയമാക്കുമ്പോഴും, ശിക്ഷകളെ നേടാനും പാപം കുറയാനുമുള്ള സന്ദര്ഭം ജീവാത്മാവിന് ലഭിക്കുന്നുണ്ട്. വെളിപാട് പൂര്ണ്ണമായിട്ടില്ല...

ന്യൂനശക്തികള്ക്ക് പൈശാചികശക്തികളായി രൂപാന്തരമുണ്ടാകുന്നതിന് മാനുഷിക കാര്യങ്ങള്കൂടാതെ ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചതായ ഏതാനും ദുർദ്ദേവതകളും കാരണങ്ങളായിട്ടുണ്ട്. ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങള് കൈകാര്യം ചെയ്ത മാലാഖമാര്/ മലക്കുകള് /ദേവതമാര്, വര്ജ്ജ്യമായ മന്ത്രശാസ്ത്രത്തെ ന്യൂനശക്തികളുടെ പ്രവര്ത്തനത്തിൽ ഇടപെടുത്തുകയുണ്ടായി. വര്ജ്ജ്യമായ മന്ത്രശാസ്ത്രപ്രകാരം യക്ഷി, ഗന്ധര്വ്വൻ, ഭൂതം, മാടൻ, മറുത, കുട്ടിച്ചാത്തൻ, ജിന്ന്, തുടങ്ങിയ ബഹുവിധ പേരുകളില് മരണശേഷമുള്ള ജീവാത്മാക്കള്ക്ക് മുകളിലെ ഖണ്ഡികയിൽ വ്യക്തമാക്കിയതുപോലെ താല്ക്കാലിക പരിണാമം ഉണ്ടായി. 14.29%-ല് കൂടുതലായുള്ള ന്യൂനവസ്തുക്കളുടെ അധികാരികളായി രൂപംകൊണ്ട മേല്പ്പടി പിശാചുക്കളിൽ ഭൂരിപക്ഷവും പിൻവലിക്കപ്പെട്ടു കഴിഞ്ഞു എങ്കിലും ന്യൂനശക്തികൾ/ന്യൂന വസ്തുക്കൾ നിലനില്ക്കുകയാണ്. ....

ഭൂമിയില് മായ പ്രത്യക്ഷമാകുന്നതോടെ, മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ ഇസക്കാരുമായവർ, മനുഷ്യരായി പരിണമിക്കുന്നതോടെയും, ധര്മ്മശാസ്ത്രപരമായ ജീവിതം ആരംഭിക്കുന്നതോടെയും,

വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു നിമിത്തം ഭൗതികമായി സൃഷ്ടിക്കപ്പെട്ട മേല്പടി പൈശാചിക-ന്യൂനശക്തികൾ ഒരു **അത്യുഗ്ര വിഷമായി കടലിൽ രൂപപ്പെടുന്നതും,** സംഹാരം അന്ത്യത്തോടടുത്ത്, പുതിയ സൃഷ്ടിചക്രം ആരംഭിക്കുന്നതിനു മുമ്പായി, പ്രസ്തുത അത്യുഗ്ര **വിഷത്തെ** പാനം ചെയ്യുവാനും **വിഷം, കണ്ഠത്തിൽ** ഉറയ്ക്കുവാനും **പരമശിവനെ മഹാശക്തിയായ മഹാദേവി** അനുഗ്രഹിക്കുന്നതും, വിഷപാനം ചെയ്യുന്ന പരമശിവൻ **നീലകണ്ഠനായി** മാറുന്നതുമാണ്.

14.29% വരെയുള്ള ന്യൂനശക്തികളെ ഉന്നത ദൈവീക ശക്തികളായും, അതിനു മുകളിൽ പൈ-% കൂട്ടി ലഭിക്കുന്നതായ 17.43% വരെയുള്ള ന്യൂനശക്തികളെ തിരുത്തല് ശക്തികളായും, അഥവാ 17.43%നു മുകളില് 19.44% വരെയുള്ള ന്യൂനശക്തികളെ മനുഷ്യരുടെയും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെയും കടുത്ത അശാസ്ത്രീയ ജീവിതം അഥവാ ധര്മ്മശാസ്ത്രപരമല്ലാത്ത കടുത്ത ദുസ്വാതന്ത്ര്യങ്ങള് സൃഷ്ടിച്ച പൈശാചികശക്തികള് അഥവാ പിശാച് എന്നും വിളിക്കേണ്ടതുണ്ട്. പൈശാചികശക്തികളുടെ അധികാരികളായ അനേകരെയും പൈശാചിക ശക്തികളായി പരിണമിച്ച അനേകരെയും ദൈവങ്ങളായി കണക്കാക്കി പൂജകളും ആരാധനകളും നടത്തുന്ന അവസ്ഥ മതങ്ങളിൽ നിലനില്ക്കുന്നുണ്ട്. .....

സമൂഹത്തിൽ പിശാചുക്കൾ അഥവാ പൈശാചിക ശക്തികൾ ആരെയെല്ലാമാണ് മുഖ്യമായും പിടികൂടിയിട്ടുള്ളതെന്നും പിടികൂടുന്നതെന്നും കുറച്ചുകൂടി വിസ്തരിക്കാം. ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ മത-പുരോഹിതരും, മതനേതൃത്വങ്ങളും, രാഷ്ട്ര ഭരണാധികാരികളും ജഡ്ജിമാരുമൊക്കെയാണ് സമൂഹത്തിലെ കൊടും ഭീകരർ എന്നും അതെന്തുകൊണ്ടാണെന്നും വിശദീകരിച്ചിരുന്നു.

ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവരിലാണ് പൈശാചിക ശക്തികൾ കൂടുതലായും പ്രവർത്തിക്കുന്നത് എന്നർത്ഥം. അതിൽ ഒന്നാമത് മതനേതൃത്വങ്ങളും മത-ജാതി നേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും തന്നെയാണ്. ദൈവത്തെപ്പറ്റി അന്വേഷിച്ചവർ **തങ്ങളുടെ അന്വേഷണങ്ങൾക്കും, തങ്ങൾ കണ്ടെത്തിയ ശരിയും തെറ്റും കലർന്ന ഏതാനും കാര്യങ്ങൾക്ക് ദൈവത്തിന്റെ ശാസ്ത്രം അഥവാ ദൈവശാസ്ത്രം എന്നും സമ്പൂർണ്ണ ദൈവശാസ്ത്രം എന്നും കള്ളപ്പേരിട്ടു. ദൈവം സൃഷ്ടിച്ച മനുഷ്യരെ മതസ്ഥരും ജാതിസ്ഥരുമാക്കി, ഭൂമിയിൽ മനുഷ്യരില്ലാതാക്കി.** ദൈവം, എല്ലാ മനുഷ്യരും ഉൾപ്പെട്ട എല്ലാ ജീവികളെയും ദൈവത്തിന്റെയും പ്രതിനിധിയായ പരമശിവന്റെയും യജമാനരായി ഉയർത്തിയിരിക്കുകയാണ്. ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും യജമാനരാക്കാനാണ്, ദാസരാക്കാനല്ല.** ദൈവത്തിന്റെ പേരിലായാലും എന്തിന്റെ **പേരിലായാലും തങ്ങൾക്ക് തോന്നുമ്പോലെയുള്ള ആചാരങ്ങളും**

അനുഷ്ഠാനങ്ങളും നിയമങ്ങളും ഉണ്ടാക്കുന്നത് പിശാചുക്കളുടെ പണിയാണ്. മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ ചെയ്തുപോരുന്നത് പിശാചുക്കളുടെ പണിതന്നെയാണ്. ചുവടെ മനുഷ്യര് നടത്തിപ്പോരുന്ന ദൈവനിന്ദയെപ്പറ്റിയുള്ള അദ്ധ്യായങ്ങളില് പ്രസ്തുത പിശാചുക്കളുടെ പ്രവര്ത്തനം വിശദീകരിച്ചിട്ടുണ്ട്.

മഹാനീതിശാസ്ത്ര പ്രകാരം ചില കാലങ്ങളില് ചില പ്രദേശങ്ങളില് വളരെയധികം പാപങ്ങളെ ചെയ്തവരെ മാത്രമായി പുനര്ജ്ജനിപ്പിക്കുന്നതും അവര്ക്കായി ശിക്ഷാപദ്ധതികളെ ഒരുക്കുകയും ചെയ്യുന്നുണ്ട്. പുണ്യം കൂടുതല് ചെയ്തവര്ക്കായുള്ള മേഖല, അഹംഭാവം കൂടുതലുള്ളവര്ക്കായുള്ള മേഖല എന്നിങ്ങനെയുള്ള തിരിവുകള് ചില പ്രദേശങ്ങളില് സ്ഥിരമായും ചിലേടങ്ങളിൽ താല്ക്കാലികമായും മഹാനീതിശാസ്ത്ര പ്രകാരം ഒരുക്കുന്നുണ്ട്.

മനുഷ്യരെ അന്യോന്യം കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവര്ക്കായി നിശ്ചയിച്ചിട്ടുള്ള മേഖലയാണ് തമിഴ്നാട്. തമിഴ്നാട്ടിലുള്ളവരെല്ലാം ഏറ്റവും യോഗ്യരെന്നോ നല്ലവരെന്നോ അല്ല അതിന്നര്ത്ഥം. **ജന്മങ്ങളുടെ എണ്ണവും പുണ്യവും പ്രകാരം ദൈവം ഏറ്റവും കൂടുതല് സ്നേഹിക്കുന്നവരുടെയും, ഏറ്റവും കൂടുതൽ അഹംഭാവം ഉള്ളവരുടെയും മേഖലയാണ് കേരളം.** ....

പൈശാചിക ന്യൂന വസ്തുക്കള് ഏതൊക്കെയെന്നു തിരിച്ചറിച്ചറിയാനാവുമോ എന്നും തിരിച്ചറിഞ്ഞ് നശിപ്പിച്ചാൽ സമൂഹം ശുദ്ധമാവുമോ എന്നും നോക്കാം. ജീവാത്മാവിന്റെ പ്രവര്ത്തനവുമായി അഥവാ നന്മതിന്മകളുമായി അഥവാ വ്യക്തിസ്വാതന്ത്ര്യ ദുരുപയോഗവുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്നവയാണ് പൈശാചിക ന്യൂന വസ്തുക്കള് എന്നതുകൊണ്ട് ജീവാത്മാവിനുമേൽ നടപ്പാക്കേണ്ടതായ മഹാനീതിശാസ്ത്രവുമായിക്കൂടി ബന്ധപ്പെട്ടിരിക്കുന്നു. മഹാനീതി ശാസ്ത്രം നടപ്പാക്കേണ്ടതും നടപ്പാക്കുന്നതും മഹാനീതിപതിയായ ദൈവമാകയാല്, മാനുഷിക നിയന്ത്രണ പരിധിയിൽ വരുന്നില്ല. ചുവടെ ഓക്സിജനെപ്പറ്റി പറയുമ്പോൾ, നിഗൂഢമല്ലാത്ത ഓക്സിജന്റെ പ്രവര്ത്തനങ്ങളെ നിയന്ത്രിക്കുവാൻ മനുഷ്യന് കഴിയില്ല എന്ന് സുവ്യക്തമാക്കുന്നുണ്ട്. അതുപോലെയാണ് പൈശാചിക ന്യൂന വസ്തുക്കളെയും സൃഷ്ടിപരമായ വിധിയെയും

ജന്മഗുണങ്ങളെയും ജീവാത്മാവിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള മഹാനീതിശാസ്ത്ര പ്രവര്ത്തനങ്ങൾ നടക്കുന്നത്. കാര്ബണുമായും, അന്തരീക്ഷത്തിലെ അപൂര്വ്വ വാതകങ്ങളുമായും ഒക്കെ അതിനു ബന്ധമുണ്ട്. പൈശാചികമായ ന്യൂനവസ്തുക്കളെ പിൻവലിക്കുന്നതിനെപ്പറ്റി ഗ്രന്ഥത്തിലെ മഹാകാര്യങ്ങൾ വിവരിക്കാനായി മാത്രമുള്ള 3-ാം ഭാഗത്തിലെ ന്യൂനശക്തികൾ.... തുടര്ച്ച എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

** ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാകാര്യങ്ങള് പഠിക്കുമ്പോള്, **ദൈവം എല്ലാ കുഞ്ഞുങ്ങളെയും മിടുക്കരും യജമാനരുമാക്കാനാണ് പ്രവര്ത്തിക്കുന്നതെന്നും ബോദ്ധ്യമാകുന്നതാണ്. താൻ നല്കിയാൽ മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന തന്റെ കുഞ്ഞുങ്ങളോട് മഹാശക്തിയായ ദൈവത്തിന് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ദൈവം പരമശിവന് മഹാശാസ്ത്രവും മഹാശക്തികളും അനുഗ്രഹിച്ചു നല്കുമ്പോൾ, മഹാപ്രപഞ്ചകാര്യങ്ങളെ ബോദ്ധ്യമാകുന്ന ദൈവത്തിന്റെ പ്രതിനിധിയായ പരമശിവന്, അദ്ദേഹത്തിന്റെ കൂടി കുഞ്ഞുങ്ങളായ ജീവികളോട് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല.**

ഉദാഹരണത്തിന്, **ഗാന്ധിയുടെ കൈയ്യില് ഭൂമിയിലൊക്കെയുമുള്ള അണുബോംബുകളും മാരകായുധങ്ങളും ലഭിച്ചാൽ യാതൊരാള്ക്കും യാതൊരു അപകടവും ഉണ്ടാക്കാതെ അണുബോംബുകളെയും മാരകായുധങ്ങളെയും എങ്ങനെ നിര്വ്വീര്യമാക്കാം എന്നായിരിക്കും ചിന്തിക്കുക.** ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികൾ മായാശക്തികളെ ദുരുപയോഗം ചെയ്യാതിരിക്കാൻ കൂടിയാണ് മായാശക്തികളെ മഹാശാസ്ത്രനിയമങ്ങളാക്കുകയും അവയുടെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും. .... രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങള്ക്കും അവയെ ഉറപ്പു വരുത്തുവാൻ ധര്മ്മശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാൻ മഹാശക്തിയും മഹാപിതാവും മഹാമാതാവും കൂടിയായ ദൈവം അനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും കീര്ത്തികളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

സാമ്പത്തിക ശാസ്ത്രം

എല്ലാ ജീവികള്ക്കും അവയുടെ ആനന്ദത്തിനു കാരണമാകുന്നവയെല്ലാം അവയെ സംബന്ധിച്ച് സമ്പത്തുകളാണ്. .....

ഒരാള്ക്ക് ഏറ്റവും വലിയ ആനന്ദം നല്കുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത്. അതായത് സമ്പത്ത് ആനന്ദവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.

മനുഷ്യര്ക്ക് കാമാനന്ദത്തെയാണ് പരമാനന്ദമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ആദ്യഭാഗമായ സ്ത്രീയും, രണ്ടാം ഭാഗമായ പുരുഷനും തങ്ങളെ ത്തന്നെ മറന്ന് പരമാനന്ദത്തില് മുഴുകുമ്പോള്, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു തെളിയുന്നു.

പ്രപഞ്ച പിതാവായ പരമശിവന് മഹാദേവിയോടുള്ള മഹാദാസ്യമാണ് പരമാനന്ദവും മഹാആനന്ദവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് മഹാദേവി തന്നെയാണ് പരമശിവന്റെ മഹാസമ്പത്ത്.

മഹാമാതാവായ മഹാദേവിക്ക് മഹാപ്രപഞ്ചത്തിലുള്ള എല്ലാ ജീവികളോടുമുള്ള മഹാവാത്സല്യമാണ് മഹാആനന്ദമായി മഹാദേവി (സ്വയം) മഹാനിശ്ചയിച്ചിട്ടുള്ളത്. അതായത് എല്ലാ ജീവികളും ഉള്പ്പെടെയുള്ള മഹാപ്രപഞ്ചമാണ് മഹാദേവിയുടെ മഹാ-സമ്പത്ത്.

മഹാഗ്രന്ഥത്തിൽ ഏതാനും അദ്ധ്യായങ്ങളിലായി

ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ അഥവാ കുറ്റങ്ങളും കുറവുകളും ഇല്ലാത്തതായ സാമ്പത്തിക ശാസ്ത്രത്തെ വിശദീകരിച്ചിട്ടുണ്ട്. മുകളിലെ ഭാഗം 3-ൽ മോക്ഷം എന്ന അദ്ധ്യായത്തിൽ മഹാഗ്രന്ഥത്തിലെ 79-ാം അദ്ധ്യായത്തിന്റെ മുഖ്യമായ ചില കാര്യങ്ങളെ ചേർത്തിട്ടുണ്ട്. ബാക്കിയുള്ളവ ഏറെക്കുറെ മുഴുവനും ചുവടെ ചേർക്കുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 79)

സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തിൽ

മഹാശക്തിയായ മഹാദേവി, വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, ഭൂമിയിലെങ്ങും ദൈവീകമായ സാമ്പത്തികശാസ്ത്രം സ്ഥാപിക്കപ്പെടുന്നതാണ് എന്ന മുഖവുരയോടെ തുടങ്ങട്ടെ.

മഹാശക്തിയായ മഹാദേവി, ആനന്ദങ്ങളുടെ അനന്തമായ കലവറ, തന്റെ കുഞ്ഞുങ്ങളായ ജീവികള്ക്കു വേണ്ടി മഹാഒരുക്കിയിട്ടുണ്ട്. കാമാനന്ദം പരമാനന്ദമാണെങ്കിലും മറ്റ് ആനന്ദങ്ങളുമുണ്ട്. ഓരോരോ ആനന്ദങ്ങളെയും നല്കുന്നവയായ വസ്തുക്കളും വസ്തുതകളും സമ്പത്തുകളാണ്. ചില സമ്പത്തുകള് പെട്ടെന്നു നശിക്കുന്നവയും, ചിലവ ദീര്ഘനാള് നിലനില്ക്കുന്നവയുമാണ്. വ്യത്യസ്ത കാലാവധികളോടെ നിലനില്ക്കുന്ന സമ്പത്തുകളെ മനുഷ്യര് കരുതിവയ്ക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി, തങ്ങള് ഉപയോഗിച്ച വീടും പുരയിടവും വാഹനങ്ങളും തങ്ങളുടെ (?) കുട്ടികള്ക്കും മറ്റും കൈമാറുമ്പോള്, ആനന്ദങ്ങളുടെ കൈമാറ്റം കൂടിയാണ് മനുഷ്യര് ചെയ്യുന്നത്. മനുഷ്യര് നേടുന്നതായ സമ്പത്തുകളും, കൈമാറ്റം ചെയ്യുന്ന സമ്പത്തുകളും, ധര്മ്മശാസ്ത്രപരമായിട്ടു മാത്രം നിര്വ്വഹിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ ചെയ്തില്ലെങ്കില് സമൂഹത്തില് സാമ്പത്തിക അസമത്വം ഉണ്ടാകുകയും

വര്ദ്ധിക്കുകയും ചെയ്യും. മഹാനീതി ശാസ്ത്രത്തിലൂടെ, മഹാനീതിപതിയായ ദൈവം മനുഷ്യര് കാട്ടുന്ന പോരായ്മകളെ തിരുത്തുമ്പോള്, ദൈവീക തലത്തില് സംശുദ്ധി ഉണ്ടാവുന്നു. എന്നാല് മാനുഷിക തലത്തില് ഭൂമിയിലെ ജീവിത കാര്യങ്ങളിൽ അസമത്വങ്ങൾ നടമാടുന്നതായി തോന്നും. മഹാനീതിശാസ്ത്രം അറിയാത്തതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. അതേസമയം, മനുഷ്യര്ക്ക് ധര്മ്മശാസ്ത്രപരമായി സാമ്പത്തിക കാര്യങ്ങളെ ക്രമീകരിക്കാന് കഴിഞ്ഞാല്, ഭൂമിയില് പ്രകടമായി തോന്നുന്ന സാമ്പത്തിക അസമത്വം ഇല്ലാതാക്കാന് കഴിയും. ദൈവീകമായ സാമ്പത്തിക ശാസ്ത്രം അതിനുള്ളതാണ്. മനുഷ്യര് അവയെ പിന്പറ്റുമ്പോള് ഭൂമിയിലെ ജീവിതം സ്വര്ഗ്ഗ സുന്ദരമായി തോന്നുന്നതാണ്. പിന്പറ്റിയില്ലെങ്കിലും മഹാശക്തിയായ മഹാദേവി മഹാനീതിശാസ്ത്രത്തിലൂടെ മഹാനീതി ലഭ്യമാക്കുന്നതാണ് എന്നും എല്ലാക്കാലങ്ങളിലും എല്ലായ്പ്പോഴും മഹാനീതി ലഭ്യമാക്കി ക്കൊണ്ടേയിരിക്കുന്നു എന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളുക.

മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധര്മ്മശാസ്ത്രത്തിന്റെ ഒരു സുപ്രധാന ശാഖയാണ്

സാമ്പത്തിക ശാസ്ത്രം. അതിന്റെ **മൂലരൂപം** മഹാദേവി തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവനെ **ക്രൈസ്റ്റായിട്ട്** അയച്ചപ്പോള്, അറിയിച്ചതാണ്. പ്രസ്തുത മൂലരൂപത്തെ **മഹാരൂപമായി വികസിപ്പിക്കുവാന് ശ്രദ്ധയുണ്ടായില്ല**, ശ്രദ്ധിച്ചില്ല. ഈയുള്ളവനിലൂടെ തന്നെ പൂര്ത്തിയാക്കുന്നതാണ് മഹായോഗ്യമെന്ന് മഹാദേവി മഹാനിശ്ചയിച്ചത് യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, കര്മ്മശാസ്ത്രം (തൊഴില്), ഭരണശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ധര്മ്മശാസ്ത്ര ശാഖകളില് മനുഷ്യര് വരുത്തിയ പിഴവു കൊണ്ടുതന്നെയാണ്.

സാമ്പത്തികശാസ്ത്രം യഥാര്ത്ഥത്തില് ലളിതമാണ്. മനുഷ്യരുടെ ദുസ്വാര്ത്ഥം അതിനെ സങ്കീര്ണ്ണമാക്കിയിരിക്കുകയാണ്. മഹാശക്തിയായ മഹാദേവി, വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, എല്ലാ ശാസ്ത്രശാഖകളും ചിട്ടപ്പെടുമ്പോള്, സാമ്പത്തികശാസ്ത്രവും ചിട്ടപ്പെടുകയാണ് സംഭവിക്കുക.

ഈ അദ്ധ്യായത്തെ 20 മുഖ്യ കാര്യങ്ങളായും ഏതാനും ഉപ-കാര്യങ്ങളായും വിഭജിച്ച് ലളിതമാക്കാം :

(1) ദൈവത്തിന്റെ മഹാരൂപവുമായി ബന്ധപ്പെട്ടുള്ള സമ്പത്തുകള്, (2) സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാന് കഴിയണം, (3) ദൈവം മനുഷ്യര്ക്കായിട്ട് പ്രത്യേക-സമ്പത്ത് സൃഷ്ടിച്ചിരിക്കുന്നു, (4) പേപ്പര് കറന്സി ധര്മ്മശാസ്ത്രപരമല്ല (ദൈവീകമല്ല), (5) സമ്പത്തും മൂല്ല്യവും, (6) സ്വര്ണ്ണം, വെള്ളി, ചെമ്പ്, രത്നങ്ങള് (7) ധര്മ്മശാസ്ത്രപരമായി സമ്പത്ത് വര്ദ്ധിപ്പിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം, (8) സമ്പത്ത് ചിലവു ചെയ്യാന് വ്യക്തിക്ക് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുണ്ട്, (9) മരിക്കുമ്പോള്, സാധിക്കുമെങ്കില് സമ്പത്ത് കൂടെ കൊണ്ടുപോകാനും; മരിക്കാതിരിക്കാന് ശ്രമിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യം (10) സമ്പത്തുകൊണ്ട് കുട്ടികള് ഉള്പ്പെടെയുള്ള അന്യരെ ദ്രോഹിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം, (11) മറ്റുള്ള ജീവികള് സമ്പത്തില് ശ്രദ്ധിക്കുന്നില്ല, (12) മറ്റുള്ള ജീവികള് അവയുടെ കുട്ടികള് മുതരുമ്പോള് അവയ്ക്ക് ഉപയോഗിക്കാനായി സമ്പത്ത് ചേര്ക്കുന്നില്ല, (13) ഭൂമിയും മഹാപ്രപഞ്ചവും മനുഷ്യരും മറ്റുള്ള ജീവികളും ദൈവത്തിന്റെ സമ്പത്ത്, (14) സാമ്പത്തിക ശാസ്ത്രം : ദൈവം തന്റെ സമ്പത്തിലെ പകുതിയുടെ മേല് അവകാശം ഉന്നയിക്കാന് മനുഷ്യനെ അനുവദിക്കുന്നു. (14.1)

ദൈവം തന്റെ സമ്പത്തിലെ ഒരോഹരി കുട്ടികള്ക്കുവേണ്ടി നിക്ഷേപിക്കുന്നു, (14.2) ദമ്പതികളും സമ്പത്തും, (14.3) മഹാ-പുനര്ജ്ജന്മ സിദ്ധാന്തവും സമ്പത്തും, (14.4) മാതാപിതാക്കളുടെ സമ്പത്തില് കുട്ടികള്ക്ക് കുട്ടി-ഓഹരി മാത്രം, (14.5) വില്പ്പത്രങ്ങള് അസാധുവാക്കപ്പെടുന്നു, (14.6) രാഷ്ട്രങ്ങള് തമ്മിലുള്ള കരാര്, (14.7) വ്യക്തികളുടെ സമ്പത്തും ഭരണകൂടവും, (14.8) ഭരണകൂടവും പൊതുഖജനാവും, (14.9) സക്കാത്ത്, (15) ബാങ്കിംഗ്, ലോട്ടറി (16) ഇന്ഷ്വറന്സ്, (17) ഓഹരികള്, (18) സംഹാരവും സമ്പത്തും, (19) സാമ്പത്തികശാസ്ത്രവും ന്യൂനശക്തികളും, (20) സാമ്പത്തികശാസ്ത്രം അടുത്ത സൃഷ്ടിചക്രത്തിൽ.

മേല്കൊടുത്തതു പോലെയുള്ള വിഭജനങ്ങള് ഇനിയുമാകാം. പുതിയ വിഭജനങ്ങളെ വ്യാഖ്യാനിക്കുവാന്, മറ്റുള്ള വിഭജനങ്ങളിലെ വിശദീകരണങ്ങള് കൊണ്ടു സാധിക്കുന്നതാണ്.

(1) ദൈവത്തിന്റെ മഹാരൂപവുമായി ബന്ധപ്പെട്ടുള്ള സമ്പത്തുകൾ

വായു, വെള്ളം, മണ്ണ് (ഭൂമി) എന്നിവ യഥാക്രമം, മഹാശക്തിയായ ദൈവത്തിന്റെ വാതകരൂപം, ദ്രാവകരൂപം, ഖരരൂപം എന്നിങ്ങനെയാണെന്ന് സത്യരൂപം = വാതകരൂപം, ധര്മ്മരൂപം = ദ്രാവകരൂപം, നീതിരൂപം =

ഖരരൂപം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. വായു, വെള്ളം, മണ്ണ് എന്നിവ മനുഷ്യന്റെ ആത്മാവും ശക്തിയും, ശരീരവുമായിക്കൂടി പ്രവര്ത്തിക്കുന്നുണ്ട്. അവയെ ഭൂമിയിലെങ്ങും പരക്കെ ലഭ്യമാക്കിയിരിക്കുകയാണ്.

വായു, വെള്ളം, മണ്ണ് എന്നിവ മനുഷ്യന് ജീവിക്കാനാവശ്യമായ അടിസ്ഥാന ഘടകങ്ങളാണ്. അവയെ ദൈവം തന്നെയാണ് മഹാഭരിക്കുന്നത്. (1) ഭൂമിയില് ജീവിക്കുമ്പോള് **വായു** കരുതേണ്ടതില്ല. അങ്ങനെയല്ലായിരുന്നുവെങ്കില്, അയൽവാസിയുടെ വീട്ടില് പോകുമ്പോള്, ശ്വസിക്കുവാനുള്ള വായുവിനെ കൂടെ കരുതേണ്ടി വരുമായിരുന്നു ! ജീവിക്കാനായല്ലാതെ തീര്ത്ഥയാത്രകള്ക്കും, ഗവേഷണങ്ങള്ക്കും മറ്റുമായി പര്വ്വതം കയറുമ്പോഴും, ശൂന്യാകാശത്തില് പോകുമ്പോഴും, സമുദ്രജലത്തിനുള്ളില് പോകുമ്പോഴും വായു കരുതേണ്ടി വരുന്നത്, ആവക കാര്യങ്ങള്ക്ക് ഇറങ്ങിത്തിരിക്കുന്നവരുടെ മാത്രം ആവശ്യമാണ്.

(2) ഭൂമിയില് ജീവിക്കുമ്പോള്, **വെള്ളം** കരുതേണ്ടതില്ല. യാത്രയില് വെള്ളം കരുതുന്നത്, യാത്രക്കാരുടെ ആവശ്യമാണ്. കുപ്പിയില് വെള്ളം കൊണ്ടുപോവാനും തോടുവെട്ടാനും സാധിക്കുമെങ്കിലും വലിയ നദിയുടെ മേലോ, **സമുദ്രത്തിന്റെ മേലോ അധികാരം ചെലുത്താന് മനുഷ്യര്ക്കു കഴിയുന്നതല്ല.**

(3) നീതി നിശ്ചിതമാണെന്നതുപോലെ നീതിയുടെ പ്രതീകവും ഖര-രൂപവുമായ മണ്ണില് അഥവാ ഭൂമിയിൽ താമസിക്കാനും, ഭൂമിയിലെ വസ്തുക്കള് ഉപയോഗിക്കാനും കഴിയുമെന്നല്ലാതെ ഭൂമിയെ അഥവാ ഒരു പ്രദേശത്തെ മറ്റൊരു പ്രദേശത്തിലേക്ക് കൊണ്ടു പോകാന് കഴിയുന്നതല്ല. **കേരളത്തെ ചുമന്നും മറ്റും ആഫ്രിക്കയിലോ അമേരിക്കയിലോ എത്തിക്കാനാവില്ല; മറ്റൊരു ദേശത്തെ ചുമന്ന് കേരളത്തിലോട്ടും എത്തിക്കാനാവില്ല.**

മഹാശക്തിയുടെ മഹാരൂപത്തിന്റെ 3 ഭാഗങ്ങളായ വായു, വെള്ളം, മണ്ണ് എന്നിവയെ ബഹുമതിച്ച് ഉപയോഗിക്കുക എന്നല്ലാതെ അവയെ യാതൊരാളുടെയും സമ്പത്തുകളായി കരുതാന് പാടില്ല. നദിയിലെ വെള്ളത്തിന്റെ പേരില് കലഹിക്കുന്നവര്ക്ക് ദൈവം മഴയും ഭൂഗര്ഭജലവും നല്കിയില്ലെങ്കില്, ... എന്ന രീതിയില് ചിന്തിക്കാനുള്ള ബുദ്ധിശക്തികള് നല്കിയിട്ടും മനുഷ്യര് കലഹിക്കുന്നത് മനുഷ്യരിലെ പൈശാചികത വര്ദ്ധിച്ചിരിക്കുന്നതു കൊണ്ടാണ്.

ദൈവത്തിന്റെ ഖര-രൂപമായ ഭൂമിയെ താമസിക്കാന് ഉപയോഗിക്കുക, പാട്ടത്തിന് ലഭ്യമാക്കുക, താല്ക്കാലികമായ കൈവശാവകാശം നല്കുക എന്നല്ലാതെ യാതൊരാള്ക്കും സ്ഥിരമായി ഉപയോഗിക്കാനാവില്ല.

ഭൂമി കൈവശം വച്ചിരിക്കുന്ന ഒരാള്ക്ക്, തങ്ങള്ക്കു തോന്നിയതുപോലെ ഭൂമി കൈമാറാന് അവകാശമില്ല, ധര്മ്മശാസ്ത്രപരമായി മാത്രം

ചെയ്യേണ്ട കാര്യമാണത്. ഭരണകൂടം അറിഞ്ഞുചെയ്യണം എന്നു പറയുമ്പോള്, ഭരണകൂടത്തിന് നികുതി ഏര്പ്പെടുത്തിക്കൊണ്ട് വ്യക്തികളെ കൊള്ളയടിക്കാനുള്ള സൗകര്യം ഉണ്ടാക്കുക എന്നല്ല അര്ത്ഥമാക്കേണ്ടത്. വസ്തുനികുതി, കെട്ടിട നികുതി, തുടങ്ങി യാതൊരു നികുതികളും ശാസ്ത്രപരമല്ല എന്നും ഭരണകൂടത്തിന്റെ പ്രവര്ത്തനങ്ങള്ക്ക് ആവശ്യമായ ധനം ധര്മ്മശാസ്ത്രപരമായി ദൈവം നല്കുന്നുണ്ടെന്നും/ വകയിരുത്തുന്നുണ്ടെന്നും ഈ അദ്ധ്യായത്തിൽ തന്നെ വിവരിക്കുന്നുണ്ട്.

ഭൂമിയിൽ മറ്റുള്ള ജീവികള്ക്കും അവകാശമുണ്ട്.

ദൈവം ഭൂമി സൃഷ്ടിച്ചിട്ടുള്ളത് എല്ലാ ജീവികള്ക്കും വേണ്ടി ആയതുകൊണ്ടാണ് എല്ലാ ജീവികളും ഭൂമിയില് ജീവിക്കുന്നത്. മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് മനുഷ്യന്റെ അവസ്ഥ വളരെ ശോച്യമാകുമായിരുന്നു. വായു, വെള്ളം, മണ്ണ് ഇവ കഴിഞ്ഞാല് ഭക്ഷണകാര്യമാണ് മനുഷ്യന് ഏറ്റവും പ്രധാനം എന്നതുകൊണ്ടു മാത്രമല്ല, മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയില്

ഇല്ലായിരുന്നെങ്കില് ഭൂമി അസുന്ദരമാകുമായിരുന്നു.

മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും കാമകാര്യങ്ങളിലെ വ്യത്യാസങ്ങള് എന്ന അദ്ധ്യായത്തിലെ ഏതാനും വാക്യങ്ങൾ ഉദ്ധരിക്കുന്നു. :-

// മനുഷ്യൻ എന്ന ഒരേ ഒരു ജീവിക്കുമാത്രം ദൈവം ശാസ്ത്രജ്ഞാനം നല്കുകയും ശാസ്ത്രജ്ഞാനത്തിലൂടെ പ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങള് വളരെയധികം ഏല്പിക്കുകയും ചെയ്തപ്പോള്, ഉത്തരവാദിത്തത്തോടെ പെരുമാറേണ്ടത് മനുഷ്യരുടെ ബാദ്ധ്യതയാണ്. മറ്റുള്ള ജീവികളെക്കൊണ്ട് പ്രപഞ്ചത്തെ മഹാസുന്ദരമാക്കിയതു കൂടാതെ അവയെ വളരെയധികം ഭരിക്കുവാനും മനുഷ്യനെ ശാസ്ത്രജ്ഞാനത്തിലൂടെ അനുവദിച്ചിട്ടുള്ളത് അവയെ പീഡിപ്പിക്കുവാനല്ല, മറിച്ച് അവയോടെല്ലാമൊത്ത് വളരെയധികം ആനന്ദിച്ചു ജീവിക്കുവാനാണ് എന്നറിയണം. സ്വാർത്ഥസുഖ ത്തിനായല്ലാതെ മറ്റുള്ള ജീവികളെ കരുതുവാൻ മനുഷ്യർക്കു കഴിയുന്നുണ്ടോ എന്നു ചിന്തിക്കണം.

മറ്റുള്ള ജീവികൾ പൊതുവെ മനുഷ്യനെ ഉപദ്രവിക്കുന്നില്ല എന്നതാണ് വാസ്തവം. ശാസ്ത്രജ്ഞാനവും അധികാരവും കൂടുതല് ലഭിച്ച മനുഷ്യർ മറ്റുള്ള ജീവികളെ പീഡിപ്പിക്കുന്നുണ്ട്. മറ്റുള്ള ജീവികളെ പീഡിപ്പിക്കുന്നവർ തീർച്ചയായും അവ തങ്ങളെ പീഡിപ്പിച്ചിരുന്നുവെങ്കില് എന്നത് ചിന്തിക്കണം. മനുഷ്യന് പശു-ജന്മം നല്കുന്നതിന്റെ ഒരു കാരണവും ജീവി-പീഡനത്തില്നിന്ന് മനുഷ്യൻ പിന്തിരിയാനാണ്.

ഭൂമിയെ അഥവാ മണ്ണിനെ സ്വന്തമാക്കാൻ മനുഷ്യന് സാധിക്കുമോ, അവകാശമുണ്ടോ എന്നെല്ലാം ചിന്തിക്കണം. മണ്ണ് അഥവാ സ്ഥലം സ്വന്തമാക്കാനായി മനുഷ്യൻ തത്രപ്പെടുമ്പോള്, മറ്റുള്ള ജീവികളെ കരുതുവാൻ കഴിയുന്നുണ്ടോ എന്നു ചിന്തിക്കണം. ഭൂമിയില് അഥവാ മണ്ണില് ജീവിക്കാനും മറ്റുള്ള ജീവികളെ ഭാഗീകമായി ഭരിച്ചു ജീവിക്കാനും, അവസരം കിട്ടിയവർ, ഭൂമിയിൽ ജീവിക്കാൻ അവസരം കിട്ടിയിട്ടുള്ള മറ്റുള്ള ജീവികളെ കരുതുവാൻ ബാദ്ധ്യസ്ഥരാണ്. അവയോട് എങ്ങനെ പെരുമാറണം എന്നതിനെപ്പറ്റി ധര്മ്മശാസ്ത്രപരമായി ചിന്തിക്കാനും ബാദ്ധ്യസ്ഥരാണ്.

മനുഷ്യരുടെ വീട്ടിലും പുരയിടത്തിലും ഒക്കെ ജീവിക്കുന്ന എറുമ്പുകളും ചിലന്തികളും പൂച്ചകളും പാമ്പുകളും പക്ഷികളുമൊക്കെ മനുഷ്യരുണ്ടാക്കിയിട്ടുള്ള ഭൂമി-ആധാരങ്ങളെയും കെട്ടിട-ഉടമസ്ഥതകളെയും വിലയില്ലാത്തവയെന്ന് തെളിയിക്കുന്നുണ്ട്.

മനുഷ്യന് ബുദ്ധിശക്തികള് കൂടുതല് ലഭിച്ചിരിക്കെ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രജ്ഞാനം ലഭിക്കുന്നതനുസരിച്ച് അവയെ ഉള്ക്കൊണ്ട് ജീവിക്കേണ്ടതുണ്ട്.

ഭൂമിയും അതിലെ വസ്തുക്കളും മറ്റുള്ള

ജീവികളും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യരല്ല, മറ്റുള്ള ജീവികളെപ്പോലെ മനുഷ്യരും ഭൂമിയിൽ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു എന്നല്ലാതെ ഞാൻ ഞാൻ എന്നവകാശപ്പെടുന്ന ശരീരത്തെപ്പോലും മരണത്തിൽ ഉപേക്ഷിക്കേണ്ടവരാണ് എന്ന ബോധം ഉള്ക്കൊള്ളേണ്ടതുണ്ട്. ഭൂമിയും ഭൂമിയിലെ വസ്തുക്കളും മറ്റുള്ള ജീവികളും ഏതാനും മനുഷ്യരുടെയോ മുഴുവന് മനുഷ്യരുടെയോ മാത്രം ഉപയോഗത്തിനുള്ളതല്ല എന്നറിയാമെങ്കിലും, അതു മറന്നുകൊണ്ടു തന്നെയാണ് പൊതുവെ മനുഷ്യർ ജീവിക്കുന്നത്.

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം ദൈവം വെളിവാക്കുന്നതും മനുഷ്യന് കൂടുതൽ ആനന്ദം നല്കുന്നതും വ്യക്തമായ ഉദ്ദേശത്തോടെയാണ്. ആനന്ദത്തിന്റെ കലവറകളെ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുവാനും ആത്മീയ സാക്ഷാത്ക്കാരത്തില് എല്ലാ ആനന്ദങ്ങളും അനന്തങ്ങളായി അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കാനുമാണത്.

മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രകാര്യങ്ങളെ

ഉള്ക്കൊള്ളാനാവുന്ന ബുദ്ധിശക്തികളും ഓര്മ്മശക്തികളും മനുഷ്യൻ എന്ന ഒരു ജീവിക്കു നല്കിയതും, മറ്റുള്ള ജീവികള്ക്ക് അത് നല്കാതെ മനുഷ്യനു മാത്രമായി പരിമിതപ്പെടുത്തിയതും മനുഷ്യൻ എന്ന ജീവിയല്ല, സ്രഷ്ടാവായ **ദൈവമാണെന്നതും** മറ്റുള്ള ജീവികള്ക്കെല്ലാം പ്രസ്തുത ശാസ്ത്രബുദ്ധികൾ ലഭിച്ചിരുന്നുവെങ്കിൽ പ്രപഞ്ചഗതി മാറ്റപ്പെടുമായിരുന്നല്ലോ എന്നതുംകൂടി ഏതാനും നിമിഷം ചിന്തിച്ചശേഷം തുടരുക.

... മഹാശാസ്ത്രകാര്യങ്ങള് മനുഷ്യനെ അറിയിക്കണമെങ്കില്, മനുഷ്യനെ മറ്റുള്ള ജീവികളുടെ ജീവിതരീതിയില്നിന്നും അകറ്റി പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ ജനസമൂഹവും രാഷ്ട്രവും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ ശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്. മഹാപ്രപഞ്ചത്തില് ലഭ്യമാക്കിയിട്ടുള്ള അനന്തങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദകാര്യങ്ങള്, ആനന്ദ കാര്യങ്ങളെ ബന്ധിപ്പിക്കുകയും വര്ദ്ധിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്രവികസനം, മനുഷ്യരും മറ്റുള്ള ജീവികളിലും തമ്മിലുള്ള മുഖ്യ വ്യത്യാസങ്ങൾ,

സൃഷ്ടിയിൽ സ്ത്രീയ്ക്കു മാത്രമുള്ള അധികാരം, ദൈവം മനുഷ്യനു നല്കുന്ന പരമപദം അഥവാ ആത്മീയ സാക്ഷാത്ക്കാരം തുടങ്ങിയവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രപരമായ ജീവിതപദ്ധതിയാണത്.

മഹാശാസ്ത്രത്തിന്റെ അനന്തമായ ശാഖകളിൽ വികസനം നടക്കണമെങ്കില് അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കില് ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളില്നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്. //

കര്ത്താവായ ദൈവം കൂടുതല് ബുദ്ധിശക്തികള് മനുഷ്യര്ക്കു നല്കിയിരിക്കെ, ഭൂമിയില് എന്തെല്ലാം അവകാശങ്ങളും അധികാരങ്ങളും മനുഷ്യര്ക്ക് കൂടുതലായുണ്ടെന്നും, അവയുടെ ഉദ്ദേശമെന്തെന്നും അഥവാ മനുഷ്യന്റെ ധര്മ്മങ്ങളെന്തെല്ലാം എന്നും ശാസ്ത്രപ്രകാരം വിശകലനം ചെയ്യുവാൻ മനുഷ്യന് ബാദ്ധ്യതയുണ്ട്. ജീവി-സൃഷ്ടിയിലെ അഞ്ചാമത്തേതും അവസാനത്തേതുമായ അവസ്ഥയാണ് മനുഷ്യാവസ്ഥയെന്നും, മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ലഭ്യമാവുകയും മഹാശക്തിയായ ദൈവത്തെ അറിയുകയും മഹാപ്രപഞ്ചത്തിലുള്ള അനന്തമായ ആനന്ദങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുവെന്നും വ്യക്തമാക്കി; കൂടാതെ, മഹാശാസ്ത്രം ലഭ്യമാകുവാൻ ധര്മ്മശാസ്ത്രപ്രകാരമുള്ള കുടുംബജീവിതം

ആവശ്യമാകുന്നുവെന്നും സമൂഹത്തിലെ വ്യക്തികളെല്ലാം കുടുംബജീവിതത്തെ ശ്രേഷ്ഠപ്പെടുത്തണമെന്നും വ്യക്തമാക്കി.

കുടുംബജീവിതം നയിക്കണമെങ്കിൽ വ്യക്തികള്ക്ക് തങ്ങളുടെ സ്വകാര്യ ഉടമസ്ഥതയിലെന്ന പോലെയോ പൊതു ഉടമസ്ഥതയിലെന്നപോലെയോ സ്ഥലവും വീടും കെട്ടിടങ്ങളും വാഹനങ്ങളും ഒക്കെ ആവശ്യമുണ്ട്.

ദൈവം മനുഷ്യര്ക്ക് ശാസ്ത്രജ്ഞാനം നല്കുന്നു, മനുഷ്യരിലൂടെ ശാസ്ത്രവികസനം നടത്തുന്നു എന്നതിനെ മനുഷ്യന് ദൈവം ഉദ്ദേശിച്ചിട്ടുള്ള **ധര്മ്മങ്ങളുമായി കൂട്ടിവായിക്കുമ്പോള് സ്ഥലവും വീടും കെട്ടിടങ്ങളും വാഹനങ്ങളും ഒക്കെ ദൈവം അനുവദിക്കുന്നു, അനുഗ്രഹിച്ചിരിക്കുന്നു** എന്നാണര്ത്ഥം. അതേസമയം ശാസ്ത്ര വികസനത്തിലൂടെ മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അറിയുവാനും അനുഭവിക്കുവാനും ഭാഗ്യം ലഭിക്കുന്ന മനുഷ്യർ, **മറ്റുള്ള ജീവികളെ പീഡിപ്പിക്കാതിരിക്കുവാനും പകരം അവയെ കരുതുവാനും അഥവാ അവയുടെ സന്തോഷത്തെ കരുതുവാനും കൂടി ശ്രദ്ധിക്കണമെന്ന് ധര്മ്മശാസ്ത്രം സുവ്യക്തമാക്കുന്നു.**

ഭൂമിയിലെ കരപ്രദേശങ്ങളെ നാടും കാടുമായി രണ്ടായി തിരിച്ചാൽ മുഖ്യമായും നാട് മനുഷ്യര്ക്കായും, കാട് മറ്റുള്ള ജീവികള്ക്കായും കണക്കാക്കണം. കാടുകളായിരുന്ന കുന്നുകളെയും മലകളെയും മനുഷ്യർ വെട്ടിത്തെളിച്ച് കൃഷി ചെയ്യുമ്പോഴും, അവയുടെ പ്രകൃതി തന്നെ അവ കാടുകൾ ആയിരിക്കേണ്ടവയാണെന്ന് വ്യക്തമാക്കുന്നു. അതുപോലെ ഓരോ പ്രദേശങ്ങളിലുമുള്ള കന്നുകാലികള്ക്കു മേഞ്ഞുനടക്കുവാന് പച്ചപ്പുല്ല് സമൃദ്ധമായ താഴ്വരകളും കുന്നുകളോടു ചേര്ന്നുണ്ട്.

തങ്ങളുടെ ആനന്ദ ജീവിതത്തിനായി കൃഷിസ്ഥലങ്ങളും കെട്ടിടങ്ങളും മനുഷ്യർ ഒരുക്കുമ്പോൾ, പുരയിടങ്ങളുടെ ഇടയിൽ കാവുകൾ എന്ന പേരിൽ ചെറിയ കാടുകൾ ഉണ്ടാവുന്നതിനെ മനുഷ്യർ തടയരുത്. മറ്റുള്ള ജീവികളെ കരുതുന്നതിന്നു തങ്ങള്ക്കു ലഭിച്ച അധിക ബുദ്ധിശക്തികളെ പ്രയോജനപ്പെടുത്തിയെന്ന് അഭിമാനിക്കാന് മനുഷ്യനു കഴിയണം.

കാട് മറ്റുള്ള ജീവികള്ക്കു മാത്രമുള്ളതല്ല. കര-പ്രദേശങ്ങളെ കുന്നുകളും മലകളും പര്വ്വതങ്ങളും തോടുകളും നദികളും കായലുകളും കടലും കൊണ്ട് ദൈവം വേര്തിരിച്ചിട്ടുള്ളതും, കടലില് ചെറുതും വലുതുമായ ദ്വീപുകളെ സൃഷ്ടിച്ചിട്ടുള്ളതും വ്യക്തമായ ഉദ്ദേശത്തോടെയാണ്, അഥവാ ധര്മ്മശാസ്ത്രപ്രകാരമാണെന്ന് തിരിച്ചറിയണം.

ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാത്തവര്ക്ക് നാട്ടില് ജീവിക്കാന് അവകാശമില്ല, മറ്റുള്ള ജീവികളോടൊത്ത് ശാസ്ത്രസൗകര്യങ്ങളില്ലാതെ അവർ കാട്ടിലാണ് ജീവിക്കേണ്ടത്. കൂടുതൽ ശല്ല്യക്കാരായാൽ അവരെ നാടും കാടും കടത്താനായിട്ടാണ് വന്കരകളോട് അടുത്തായും അകലെയായും ദ്വീപുകളെ സൃഷ്ടിച്ചിട്ടുള്ളത് എന്നെല്ലാം വസ്തുക്കളുടെയും പ്രദേശത്തിന്റെയും ധര്മ്മങ്ങളെ വിശകലനം ചെയ്യുമ്പോൾ വ്യക്തമാവുന്നതാണ്. കൂടുതല് വിസ്തരിക്കുന്നില്ല.

ജീവികള്ക്ക് ജീവിക്കണമെങ്കിൽ ശുദ്ധമായ വായുവും, വെള്ളവും, മണ്ണും / ഭക്ഷണവും ലഭിക്കണം. മറ്റുള്ള ജീവികള്ക്കും മനുഷ്യര്ക്കും വേണ്ടി <u>നല്ലത്</u> മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ.

മറ്റുള്ള ജീവികള്ക്ക് മനുഷ്യൻ ഭക്ഷണം കരുതണ്ട. **എന്നാൽ ദൈവം അവയ്ക്ക് കരുതിയിട്ടുള്ള വായുവും, വെള്ളവും, മണ്ണും / ഭക്ഷണവും നിഷേധിക്കരുത്.**

ശാസ്ത്രജ്ഞാനം ലഭിച്ച മനുഷ്യരുടെ അശ്രദ്ധമൂലം അഥവാ വ്യക്തി- സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം മൂലം വായുവും ജലവും മണ്ണും അശുദ്ധമായി ക്കൊണ്ടിരിക്കുന്നു. ഫലത്തില്, മറ്റുള്ള ജീവികളുടെ ഓഹരിയിൽ മനുഷ്യർ അധര്മ്മവും അനീതിയും കാട്ടുന്നു.

മഹാശാസ്ത്ര പ്രകാരം മഴയിലൂടെയും തീയിലൂടെയും ഒക്കെ ദൈവം പ്രകൃതിയെ ശുദ്ധിപ്പെടുത്തുമ്പോഴും മനുഷ്യര് സൃഷ്ടിക്കുന്ന പൈശാചിക ന്യൂനശക്തികള് നിമിത്തം പ്രകൃതി വളരെയധികം അശുദ്ധമാകുന്നുണ്ട്.

ദൈവത്തിന്റെ ധര്മ്മരൂപവും ദ്രാവകരൂപവുമായ ജലത്തോട് മാലിന്യങ്ങളെ ചേര്ക്കുവാൻ പാടില്ല. തോടുകളിലും നദികളിലും മറ്റ് ജലാശയങ്ങളിലുമല്ലാതെ കുളിക്കുന്ന ജലം അഥവാ കുളിമുറികളില് ശരീരം ശുചിചെയ്യുന്ന ജലം പോലും അധികമായുണ്ടെങ്കില് ഭൂമി കുഴിച്ച്-മണ്ണിലേക്ക് പ്രവേശിപ്പിക്കുക എന്നല്ലാതെ ഓടകളിലേക്കും തോടുകളിലേക്കും നദികളിലേക്കും കായലുകളിലേക്കും കടലിലേക്കും തള്ളാന് പാടില്ല. മനുഷ്യർ ഒഴികെയുള്ള ജീവികളെ ശ്രദ്ധിച്ചാൽ, അവയൊന്നും ചെയ്യാത്ത പാതകമാണ് മനുഷ്യർ ചെയ്യുന്നതെന്ന് മനസ്സിലാക്കാം. മറ്റു മനുഷ്യര്ക്കും, അന്യജീവികള്ക്കും കുടിവെള്ളമായി ഉപകരിക്കുന്ന ജലത്തെ മലിനപ്പെടുത്താൻ പാടില്ല. പ്രകൃതിക്ക് ദോഷമുണ്ടാക്കാത്ത ചില മാലിന്യങ്ങളെ കത്തിച്ചുകളയാവുന്നതാണ്.

മാലിന്യങ്ങളുടെ മേലും നീതി നിര്വ്വഹിക്കേണ്ടത് ദൈവത്തിന്റെ നീതിരൂപവും ഖരരൂപവുമായ മണ്ണിലൂടെയാവണം. ശവശരീരങ്ങളെ മണ്ണില് കുഴിച്ചിടുമ്പോലെ മാലിന്യങ്ങളെയും മണ്ണില് കുഴിച്ചുമൂടുക. മനുഷ്യന്റെ ഭക്ഷണ അവശിഷ്ടം കാക്ക, പന്നി തുടങ്ങിയ ജീവികള്ക്ക് ഭക്ഷണമാകുമ്പോള്, മനുഷ്യര്ക്ക് മാലിന്യമായി തോന്നിയതുകൊണ്ട് യാതൊന്നും മാലിന്യം ആകുന്നില്ല എന്നര്ത്ഥമാകുന്നു.

മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ധര്മ്മങ്ങളെ കോര്ത്തിണക്കുന്ന ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും ഉണ്ട്. ശാസ്ത്ര ജ്ഞാനം വളരെ നല്കിയിട്ടും, ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കാതെ, പകരം തങ്ങളുടെയും ചുറ്റുമുള്ളവരുടെയും ശുചിത്വ ജീവിതത്തിന് വിനയാകും വണ്ണം മാലിന്യങ്ങളെ മനുഷ്യര് തോടുകളിലും നദികളിലും കായലുകളിലും കടലിലും തള്ളരുത് എന്നാണ് വ്യക്തമാക്കിയത്.

(2) സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാന് കഴിയണം.

ഏതൊരാള്ക്കും തന്റെ സമ്പത്ത് ഭൂമിയിലെങ്ങും കൂടെ കൊണ്ടു പോകാന് കഴിയണം. പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു വിശദീകരിച്ചപ്പോള് ഏറ്റവും വലിയ സമ്പത്തിനെ കൂടെ കൊണ്ടുപോകാന് സ്ത്രീയ്ക്കും പുരുഷനും കഴിയുന്നു, അഥവാ ദൈവം അതിനെ ഏറ്റവും എളുപ്പമാക്കിയിരിക്കുന്നു എന്നു വ്യക്തമാണ്. അങ്ങനെയിരിക്കെ ചെറിയവ മാത്രമായ മറ്റു സമ്പത്തുകളെ ഭൂമിയിലെങ്ങും കൂടെ കൊണ്ടു പോകാനും കഴിയണം. ധര്മ്മശാസ്ത്രപരമായ ഒരു വലിയ സന്ദേശത്തെ ദൈവം അക്കൂടെ നല്കുന്നുമുണ്ട്. അസാധാരണ സാഹചര്യങ്ങളില് മാത്രമേ തങ്ങളുടെ ഏറ്റവും വലിയ സമ്പത്തിനെ പുരുഷനും സ്ത്രീയും ചുമക്കേണ്ടതായി വരുന്നുള്ളൂ. ഭാരങ്ങള് വഹിക്കാതെ നടന്നും, വാഹനങ്ങളെ ഉപയോഗിച്ചും പുരുഷനും

സ്ത്രീയ്ക്കും സഞ്ചരിക്കാൻ കഴിയുന്നു. എന്നാൽ മറ്റു സമ്പത്തുകളെയെല്ലാം അവ ചെറിയവ ആണെങ്കില് പോലും, മനുഷ്യന് ചുമന്നു കൊണ്ടുപോവേണ്ടതുണ്ട്; പ്രത്യേകം കരുതേണ്ടതുമുണ്ട്. സമ്പത്തുകളെല്ലാം ആനന്ദങ്ങളുടെ ഭാഗമാണെന്നറിയുമ്പോള്, സമ്പത്തുകളെ കരുതുന്നതും, കൂടെകൊണ്ടു പോകുന്നതും ആവശ്യങ്ങളായി കണക്കാക്കണം. അവയെയും മിഥ്യകളായി വിശേഷിപ്പിക്കുന്ന ആത്മീയകാര്യങ്ങള് എന്ന കള്ളപ്പേരില് അറിയപ്പെടുന്ന മത-ചിന്തകളെയും മതവ്യാഖ്യാനങ്ങളെയും അനാവശ്യങ്ങളായും അസത്യങ്ങളായും അധര്മ്മങ്ങളായും തിരിച്ചറിയണം. മത-വ്യവസ്ഥിതിയുടെ ഭാഗങ്ങളായി സംരക്ഷിക്കപ്പെടുന്ന ദേവാലയങ്ങള് എന്നറിയപ്പെടുന്ന പൈശാചിക-ആലയങ്ങള്ക്കും മറ്റ് മത -സ്ഥാപനങ്ങള്ക്കും സമ്പത്തിനെ കരുതാം ! സാധാരണ ജനങ്ങള് അഥവാ വ്യക്തികൾ സമ്പത്തിനെ കരുതിക്കൂടാ ! കള്ളന്മാരുടെ സൂത്രത്തിൽ വീണ് ദൈവം നില്കിയ ആനന്ദങ്ങളെ വ്യക്തികൾ നഷ്ടപ്പെടുത്തരുത്.

വളര്ത്തു മൃഗങ്ങൾ, വീട്, ഫര്ണിച്ചർ, തുടങ്ങിയവ തങ്ങളുടെ സമ്പത്തുകളാണെങ്കിലും, അതേ-വളര്ത്തു മൃഗങ്ങൾ ഒഴികെയുള്ളവയെ മറുനാട്ടില് നിര്മ്മിക്കാനും വാങ്ങാനും കഴിയുമെന്നിരിക്കെ യാത്രയ്ക്കിടയില്, കൂടെ കൊണ്ടുപോകേണ്ടതില്ല. വളര്ത്തുമൃഗങ്ങളെ നല്ല കരങ്ങളില് ഏല്പിക്കാമെന്നിരിക്കെ, അവയെയും കൂടെ കൊണ്ടു പോകുന്നത് അത്യാവശ്യമല്ല. (പശു, കാള എന്നീ മൃഗങ്ങളെയും മനുഷ്യരെയും സമ്പത്തുകൊണ്ട് വില നിശ്ചയിച്ചുകൂടാ. വില്ക്കാനും കൊടുക്കാനും പാടില്ല. ദാനമായി നല്കാം. പശു, കാള എന്നിവ

മനുഷ്യാവസ്ഥയുടെ ഭാഗമായതുകൊണ്ടാണ് അവയെ വില്ക്കാനും വാങ്ങാനും പാടില്ലാത്തത്. എല്ലാ മനുഷ്യരും അടിസ്ഥാനപരമായി 1 അഥവാ 2 ജന്മങ്ങൾ പശു, കാള എന്നിങ്ങനെ എടുക്കേണ്ടതുണ്ട്. 100 ജന്മം പശുവായും കാളയായും ജനിക്കുന്ന പ്രത്യേക അവസ്ഥയുമുണ്ട്, ദൈവാനുഗ്രഹത്തോടെ മറ്റൊരിക്കല് വിശദീകരിക്കാം.).

സാമ്പത്തിക ശാസ്ത്രം തുടരാം :-

അപ്പോൾ പണക്കാരനും പാവപ്പെട്ടവനും, ഉള്പ്പെടെയുള്ള ജനങ്ങൾ തങ്ങളുടെ സമ്പത്തിനെ എങ്ങനെയാണ് കൊണ്ടുപോകേണ്ടത് ?

(3) ദൈവം മനുഷ്യര്ക്കായിട്ട് പ്രത്യേക-സമ്പത്ത് സൃഷ്ടിച്ചിരിക്കുന്നു.

മനുഷ്യര്ക്ക് അനായാസേന തങ്ങളുടെ സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാനുള്ള മാര്ഗ്ഗം ദൈവം സൃഷ്ടിച്ചിട്ടുണ്ട്. അനേകം വലിയ ഗ്രന്ഥങ്ങളെ ഒരു കമ്പ്യൂട്ടര് സിഡിയിലോ പെന്-ഡ്രൈവിലോ ചുരുക്കി സൂക്ഷിക്കുന്നതുമായി കഷ്ടിച്ച് സാമ്യപ്പെടുത്താം. സ്വര്ണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ ലോഹങ്ങളെ ഈ അദ്ധ്യായത്തില് പ്രത്യേകം വിവരിച്ചിട്ടുള്ളത് പഠിക്കുമ്പോള് വ്യക്തമാകുന്നതാണ്.

(4) പേപ്പർ കറൻസി ധർമ്മശാസ്ത്രപരമല്ല (ദൈവികമല്ല).

സാമ്പത്തിക ക്രയ-വിക്രയ ഉപാധിയായി നിശ്ചയിക്കുന്ന ഒരു വസ്തുവിന് ധർമ്മശാസ്ത്രപരമായ യോഗ്യതകൾ ഉണ്ടാവണം.

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, നിരവധി രോഗാണുക്കളെ നിരന്തരം കൈമാറ്റംചെയ്ത് ചെറുതും വലുതുമായ രോഗങ്ങളെ ജനങ്ങൾക്കെല്ലാം നൽകുന്നവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന ഭരണാധികാരികളും ഏതൊരാളും കള്ളന്മാരാണ്. 'ഭരണാധികാരികളായ വലിയ കള്ളന്മാരുടെ കെടുകാര്യസ്ഥത കൊണ്ടാണ്' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടു കൂട്ടരും ചെയ്യുന്നത് അധർമ്മങ്ങളാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക.

ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. **ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് ഇല്ലാത്തതുകൊണ്ടാണ്.**

അനേകം നൂറ്റാണ്ടുകളിലെ അപചയങ്ങളുടെ തുടർച്ചയായ കാര്യങ്ങൾക്ക് ഇന്നലെയോ ഇന്നോ ഭരണാധികാരികളായവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് ശരിയല്ല. ഈയുള്ളവനിലൂടെയല്ലാതെ യാതൊരു മനുഷ്യർക്കും അറിയാത്തതും ദൈവ-വിപ്ലവത്തോടെ ബോദ്ധ്യപ്പെടുന്നതുമായ വേറെയും വസ്തുതകളുണ്ട്. ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമാണ്. മഹാസൃഷ്ടി ചക്രം. അനേകം അനേകം സൃഷ്ടിചക്രങ്ങളിലായിട്ട് ഏതാനും ദേവതകൾ വരുത്തി വെച്ച അധമ-നീച പ്രവർത്തനങ്ങൾ മനുഷ്യർ കാട്ടിയ നീചത്തങ്ങളേക്കാൾ അതിഘോരങ്ങളാണ്. ദേവതകളുടെ നീചത്തങ്ങൾക്ക് താരതമ്യേന കുറഞ്ഞ അളവുകളിൽ ധർമ്മ ശാസ്ത്ര വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ മനുഷ്യരെ ഭൂമിയിലെങ്ങും ഉപകരണമാക്കിയിട്ടുമുണ്ട്; കഥയറിയാതെയും അറിയാൻ ശ്രമിക്കാതെയും നീചദേവതകളെ ദൈവങ്ങളായിട്ട് ആരാധിച്ചു പോരുന്നത് അവസാനിക്കുന്നതും മഹാസൃഷ്ടിചക്രത്തിൽ ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തോടെയാണ്.

ആവക കാര്യങ്ങളെ ഇമഹാഗ്രന്ഥത്തിൽ
മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്.
അതേസമയം, ഭരണാധികാരികളുടെയും മറ്റും
അധമത്തങ്ങൾക്കെല്ലാം കാരണം അധമ-നീചരായി
മാറിയ ദേവതകളാണെന്നു ധരിച്ചു പോവരുത്.

ധര്മ്മശാസ്ത്രപരമായ യോഗ്യതകളോ മൂല്ല്യങ്ങളോ
ഇല്ലാത്തതായ പേപ്പർ കറന്സി നഷ്ടപ്പെട്ടാൽ പകരം
പേപ്പർ കറന്സി നല്കാൻ പോലും
തയ്യാറാകാത്തവരാണ് ഇന്നത്തെ ഭരണാധികാരികൾ
എന്നു പറയുമ്പോൾ സമൂഹത്തിൽ അഴിമതിയും
അക്രമവും വളരെയധികം വര്ദ്ധിച്ചിരിക്കുന്നു
എന്നുകൂടിയാണ് വ്യക്തമാകുന്നത്.

ഭൗതികശാസ്ത വികസനത്തിലൂടെ, ഭരണകൂടം
അച്ചടിച്ചിറക്കുന്ന കറന്സിയുടെ ഓഫ്സെറ്റ് പ്രിന്റുകളും,
കമ്പ്യൂട്ടർ-പ്രിന്റുകളും യാതൊരു വ്യത്യാസവുമില്ലാതെ
അച്ചടിച്ചിറക്കാന് വ്യക്തികള്ക്ക് കഴിയുമെന്ന് കാലം
അഥവാ ദൈവം തെളിയിച്ചുകൊണ്ടേയിരിക്കുകയാണ്.

ന്യൂനശക്തികളുടെ പ്രവര്ത്തനത്തിലൂടെ പേപ്പർ
കറന്സി ധര്മ്മശാസ്ത്രപരമല്ല എന്ന് ദൈവം
വെളിവാക്കിത്തരുമ്പോൾ, കള്ളനോട്ടുകള്
അച്ചടിക്കുന്നവരെ മാത്രം കുറ്റവാളികളായി കാണുന്ന
ഇന്നത്തെ നിലപാടാണ് കുറ്റകരം എന്നും,
**ഭരണാധികാരികളെയും അവര്ക്കു കൂട്ടുനില്ക്കുന്ന
ജഡ്ജിമാരെയുമൊക്കെ ശിക്ഷിക്കേണ്ടതുണ്ടെന്നും
വെളിവാകുകയാണ്. ധര്മ്മശാസ്ത്രപരമല്ലാത്ത
അഥവാ ദൈവീകമല്ലാത്ത, അഥവാ
കള്ളത്തരത്തിലുള്ള സാമ്പത്തിക ക്രയ-വിക്രയ**

ഉപാധിയെ അഥവാ കള്ളനോട്ടിനെ ആദ്യം സൃഷ്ടിച്ചത് തങ്ങളാണെന്നത് തിരിച്ചറിഞ്ഞു തിരുത്താനും പേപ്പർ കറന്സിയുടെ നഷ്ടത്തിലൂടെ തങ്ങളുടെ സമ്പത്തു നഷ്ടപ്പെട്ടവരുടെ നഷ്ടം നികത്താനും മാപ്പു പറയാനും ഭരണാധികാരികൾ തയ്യാറാവണം.!

ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ "പണമായിട്ട്" മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ് അവയെ ഉപയോഗിക്കുമ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്.

(5) സമ്പത്തും മൂല്ല്യവും

വ്യക്തിയുടെ സമ്പത്തിന് ഭൂമിയിലെവിടെയും ഒരേ മൂല്ല്യം ലഭിക്കണം. മുമ്പറഞ്ഞതുപോലെ വ്യക്തികള്ക്ക് അനായാസേന തങ്ങളുടെ സമ്പത്തിനെ ഭൂമിയിലെങ്ങും കൂടെ കൊണ്ടുപോകാനും കഴിയണം.

തന്റെ കുഞ്ഞുങ്ങളായ ജീവികള്ക്കുവേണ്ടി ദൈവം ഭൂമിയില് എല്ലാം ഒരുക്കിയിട്ടുണ്ട്. പേപ്പര് കറന്സിയില് എന്ന പോലെ മനുഷ്യന്റെ കണ്ണുകളെ അഥവാ കാഴ്ചശക്തിയെ ആണ് ദൈവം അതിന്നായി സൂചകമാക്കിയിട്ടുള്ളത്. നശിപ്പിക്കുവാനും നശിപ്പിക്കപ്പെടുവാനും എളുപ്പമാണെന്നതു കൂടാതെ, പേപ്പര് കറന്സി മുഷിയുമ്പോള്, കാഴ്ചയ്ക്ക് അരോചകവും കൈയ്യിലെടുക്കാന് മടിയുമുണ്ടാകുന്നതാണ്. എന്നാല് ദൈവം സാമ്പത്തിക ക്രയവിക്രയത്തിനായി ഒരുക്കിയിട്ടുള്ള ഉപാധികള് ധര്മ്മശാസ്ത്രപരമായി യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാത്തവയാണ്. പേപ്പര് കറന്സി ധര്മ്മശാസ്ത്ര വിരുദ്ധമായതിനാൽ, ധര്മ്മരൂപമായ ജലം കൊണ്ട് ശുദ്ധി ചെയ്യാൻ കഴിയുന്നതല്ല, എന്നാൽ ധര്മ്മശാസ്ത്രപരമായി ദൈവം ഒരുക്കിയിട്ടുള്ളവ ജലം കൊണ്ട് ശുദ്ധിചെയ്യാനും കഴിയുന്നതാണ്.

സ്വര്ണ്ണം, വെള്ളി, ചെമ്പ് എന്നീ മൂന്നു ലോഹങ്ങളെയും അമൂല്ല്യങ്ങളെന്നു വിശേഷിപ്പിക്കാവുന്ന രത്നങ്ങളെയുമാണ് സമ്പത്തായിട്ട് ദൈവം മഹാ- ഒരുക്കിയിട്ടുള്ളത്. പേപ്പര് കറന്സി പോലെയല്ല അവയുടെ നിര്മ്മാണം. സ്വര്ണ്ണം, വെള്ളി, ചെമ്പ്, എന്നിവ ലഭിക്കാനുള്ള അദ്ധ്വാനമൂല്ല്യത്തെ ദൈവം, അവയിലൂടെ വാങ്ങാനാവുന്ന വസ്തുക്കളുടെ മൂല്ല്യവുമായി തുല്ല്യപ്പെടുത്തിയിരിക്കുകയാണ്. എല്ലാം മഹാശാസ്ത്രപരമാണ് കുഞ്ഞുങ്ങളെ. ചെമ്പിനു ക്ലാവ് കൊടുത്തിരിക്കുന്നത് മങ്ങിക്കാൻ തന്നെയാണ്. മൂല്ല്യം കുറഞ്ഞ നാണയം അധികം ഞെളിയണ്ട. അതേ സമയം ചെമ്പിനെ തങ്കത്തോടും സ്വര്ണ്ണത്തോടും ചേര്ത്ത് ലയിപ്പിച്ച് നാണയത്തിനും പകിട്ടിനുമുള്ള ബഹുമതി നല്കുകയും ചെയ്തിരിക്കുന്നു. വളരെ ചെറിയ ക്രയ വിക്രയങ്ങള്ക്ക് മൂല്ല്യം താരതമ്യേന കുറഞ്ഞ ചെമ്പു നാണയവും, കൂറേക്കൂടി മൂല്ല്യം കൂടിയവയ്ക്ക് വെള്ളി നാണയവും, വളരെയധികം മൂല്ല്യം ഉള്ളവയ്ക്ക് സ്വര്ണ്ണ നാണയവും നിശ്ചയിച്ചിരിക്കുന്നു. രത്നങ്ങൾ അപൂര്വ്വമാണെന്നതുപോലെ തന്നെ അപൂര്വ്വമായ ഉപയോഗത്തിനുള്ളതാണ്. രത്നങ്ങളെ ഉപയോഗിക്കേണ്ടത് രത്നങ്ങളുടെ മൂല്ല്യങ്ങൾ അറിയുന്നവരും ആവശ്യക്കാരുടെ ആവണം. സാധാരണ ജനങ്ങൾക്ക് ആവശ്യമാകുന്നില്ല. ഭരണകൂടത്തിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും മാത്രമാണ് കൂടുതൽ ആവശ്യം ഉണ്ടാവുക. രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങള് തമ്മിലുള്ള ക്രയവിക്രയ കാര്യങ്ങള്ക്കാണ് രത്നങ്ങളെ ഉപയോഗിക്കുന്നത്. രാഷ്ട്ര ഭരണകൂടങ്ങള്ക്ക് മെച്ചമായ ഭൗതികശാസ്ത്ര സംവിധാനങ്ങള്കൂടി

ഉണ്ടാകുമെന്നതിനാല് രത്നങ്ങളുടെ ശുദ്ധി മനസ്സിലാക്കുവാനും കഴിയുന്നതാണ്.

അദ്ധ്വാന മൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ പണമായിട്ട് ഉപയോഗിക്കാം; ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല.

എന്നാൽ ഭരണാധികാരികൾ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരു കാര്യവും ചെയ്യുന്നത് യജമാനന്മാരായ ജനങ്ങളുടെ സമ്മതത്തോടെയും ബോദ്ധ്യപ്പെടുത്തിയും ആവണം.

ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികളെ യഥാർത്ഥമായ ദാസരാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ "പണമായിട്ട്" നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും" സ്വയമോ പൊതുജനാവിലോ സൂക്ഷിക്കുന്നതുമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യമാണ് സാമ്പത്തിക ക്രയവിക്രയ മാധ്യമമായ 'പണം' എന്നിരിക്കെ എപ്പോഴും ജനങ്ങളുടെ ദാസന്മാർ മാത്രമായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടുന്നതും ജനങ്ങളെ പീഡിപ്പിക്കുന്നതും കടുത്ത അപരാധമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ

ഭരണാധികാരികൾക്ക് അധികാരമില്ലെന്നിരിക്കെ
ഇന്ത്യയെപോലെയുള്ള രാജ്യങ്ങളിൽ 100 കോടിയിലേറെ
ജനങ്ങളെ കഷ്ടപ്പെടുത്തുന്നതിന് അനേകം ജന്മങ്ങളിൽ
ഭരണാധികാരികളെയും ഭരണ സംവിധാനങ്ങളിൽ
പെട്ടവരെയും മഹാനീതിശാസ്ത്ര പ്രകാരം
ബഹുവിധങ്ങളിലായിട്ട് മഹാശിക്ഷിക്കുന്നതാണ്.
അതേസമയം മഹാപിതാവും മഹാമാതാവും
മഹാനീതിപതിയുമായ ദൈവം ഏതൊരു കുഞ്ഞിനെയും
മഹാശിക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ട്
ശുദ്ധിചെയ്യാനാണെന്നും എല്ലാ കുഞ്ഞുങ്ങൾക്കും
സമആനന്ദമെന്ന മഹാസമനീതിയെയും മോക്ഷത്തെയും
മഹാഅനുഗ്രഹിച്ചു നൽകാനാണ് എന്നും അറിയണം.

വ്യക്തികളുടെ ആനന്ദങ്ങള് രത്നങ്ങളിലേക്ക് വളരരുത്.
മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സമ്പത്തിനോട്
ആര്ത്തി അഥവാ അമിതഭ്രമം ഉള്ളവരായി വ്യക്തികൾ
മാറിക്കൂടാ. അതേ സമയം രത്നങ്ങളെ,
രാജസമ്മതത്തോടെ, സമ്പാദിക്കുവാൻ വ്യക്തിക്കും
സ്വാതന്ത്ര്യമുണ്ട്. എന്നാല് ചുവടെ
വിശദീകരിച്ചിട്ടുള്ളതുപോലെ രത്നങ്ങളെ തങ്ങളുടെ
ഉറ്റവര്ക്ക് കൈമാറുവാന് കഴിയുന്നതല്ല. വ്യക്തി
ജീവിച്ചിരിക്കെ രത്നത്തെ രാജസമ്മതത്തോടെ,
വില്ക്കുവാന് വ്യക്തിക്ക് അവകാശവും
അധികാരവുമുണ്ട്. വ്യക്തിയുടെയും
ജീവിതപങ്കാളിയുടെയും മരണത്തോടെ, വ്യക്തി
സമ്പാദിച്ച രത്നത്തെ ദൈവത്തിന്റെ സമ്പത്തായി
കണ്ടുകെട്ടിക്കൊണ്ട്, സമൂഹത്തിന്റെ

ഭരണാധികാരിയായ രാജാവിന്റെ സൂക്ഷിപ്പിലുള്ള ജനങ്ങളുടെ പൊതുഖജനാവിൽ ചേര്ക്കുന്നതാണ്, ചേര്ക്കേണ്ടതാണ്.

(6) സ്വര്ണ്ണം, വെള്ളി, ചെമ്പ്, രത്നങ്ങൾ

സ്വര്ണ്ണത്തെ പ്രത്യേകമായി വിവരിക്കുന്നത് ക്രയവിക്രയ ഉപാധി മാത്രമായിട്ടല്ല സ്വര്ണ്ണത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നും, ധര്മ്മശാസ്ത്ര നിയമങ്ങള് രൂപപ്പെടുത്തുന്നത് എങ്ങനെയെന്ന് സുവ്യക്തമാക്കാനും കൂടിയാണ്.

സ്വര്ണ്ണം-ആഭരണം : സ്വര്ണ്ണത്തിന്റെ സൗന്ദര്യവും (പൊലിമയും), ആഭരണമാക്കുമ്പോള് മനുഷ്യര്ക്ക് ലഭ്യമാവുന്ന വര്ദ്ധിച്ച സൗന്ദര്യവും, ആഭരണമാക്കി മാറ്റാന് കഴിയുന്ന പ്രത്യേകമായ ഭൗതികഘടനയും അഥവാ സ്വര്ണ്ണത്തിന്റെ ഭൗതികശാസ്ത്രവും, സാമ്പത്തിക ക്രയവിക്രയങ്ങള്ക്കുള്ള ഒരു ഉപാധിയാക്കാന് കഴിയുന്ന അവസ്ഥയും, ഒക്കെ സ്വര്ണ്ണത്തെ ഒരു അസുലഭ വസ്തുവാക്കുന്നതാണു നല്ലതെന്ന് ബോധിപ്പിക്കുന്നു. ധാരാളമായും എവിടെയും ലഭിക്കുന്ന ഒരു വസ്തുവാക്കിയാല് സ്വര്ണ്ണത്തിന്റെ ഉപയോഗത്തിന് അഥവാ ധര്മ്മത്തിന് മാറ്റു കുറയുന്നതാണ്. മനുഷ്യര് അറിയുന്ന ഗുണങ്ങളോടെയുള്ള സ്വര്ണ്ണത്തെപ്പറ്റിയുള്ള ഒരു വിലയിരുത്തലാണ് കണ്ടത്. അത്തരം ഗുണങ്ങളുള്ള

അഥവാ ധര്മ്മങ്ങളുള്ള ഒരു ലോഹത്തെ ദൈവം സൃഷ്ടിച്ചു എന്ന് മനസ്സിലാക്കുമ്പോഴാണ് മനുഷ്യന്റെ ചിന്ത ദൈവീകമാകുന്നത് അഥവാ ധര്മ്മശാസ്ത്രപരമാകുന്നത്.

ദൈവത്തിന്റെ കുഞ്ഞുങ്ങളായ മറ്റുള്ള ജീവികള്ക്ക് സ്വര്ണ്ണത്തിന്റെ ഉപയോഗം ഇല്ല എന്നുതന്നെ പറയാം. അപ്പോൾ മനുഷ്യക്കുഞ്ഞുങ്ങളുടെ മാത്രം ഉപയോഗത്തിനുള്ളതാണ് ഭൂമിയിലെ പല പ്രദേശങ്ങളിലായി നിക്ഷേപിക്കപ്പെട്ടിട്ടുള്ള സ്വര്ണ്ണം. ഒരേ ഭൂമിയില് ഒരേ വായു ശ്വസിച്ചു ജീവിക്കുന്നവരായ ദൈവത്തിന്റെ കുഞ്ഞുങ്ങള് അന്യോന്യം സഹകരിച്ചും സന്തോഷിച്ചും ജീവിക്കുവാനുള്ള ഒരു പദ്ധതിയായി ക്കൂടി അതിനെ മനസ്സിലാക്കാനുള്ള ബുദ്ധിശക്തികളെ ദൈവം മനുഷ്യര്ക്കു നല്കിയിട്ടുണ്ട്.

സ്ത്രീയെ ഉന്നതപ്പെടുത്താനും സന്തോഷിപ്പിക്കാനും ശ്രമിക്കേണ്ടവരാണ് പുരുഷന്മാർ. സ്വര്ണ്ണാഭരണം കണ്ടും അണിഞ്ഞും സ്ത്രീ ആനന്ദിക്കണം, സ്വര്ണ്ണാഭരണം അണിഞ്ഞ് സന്തോഷവതിയായിരിക്കുന്ന സ്ത്രീയെക്കണ്ട് പുരുഷന്മാർ ആനന്ദിക്കണം. പുരുഷൻ സ്വര്ണ്ണം ഉപയോഗിച്ചാൽ അത് പല ജോലികളുടെയും മാറ്റ് കുറയ്ക്കുന്നതാണ്. പുരുഷന്മാരിലെ സമത്വവും സ്വര്ണ്ണത്തിന്റെ സാമ്പത്തിക ക്രയവിക്രയ ഉപാധിയായുള്ള ഉപയോഗവും തടസ്സപ്പെട്ടുകൂടാ. അതായത് പുരുഷന്മാർ സ്വര്ണ്ണം ഉപയോഗിക്കുന്നതു തെറ്റാണെന്ന് സ്വര്ണ്ണത്തിന്റെയും പുരുഷന്റെയും

ധര്മ്മങ്ങള് തന്നെ അറിയിക്കുന്നു , അഥവാ സ്വര്ണ്ണത്തിലും ജീവിയിലും സ്ഥാപിച്ചിട്ടുള്ള ധര്മ്മശാസ്ത്രങ്ങളിലൂടെ ദൈവം അറിയിക്കുന്നു.

സൗന്ദര്യവര്ദ്ധനയ്ക്കായി സ്ത്രീയ്ക്ക് സ്വര്ണ്ണം ഉപയോഗിക്കാമെന്നും, ഉപയോഗിക്കണമെന്നും ധര്മ്മശാസ്ത്രം ആവശ്യപ്പെടുമ്പോള്, ശരീരം മുഴുവന് സ്വര്ണ്ണംകൊണ്ടു പൊതിയുകയല്ല വേണ്ടത്. 2 കാതുകള്ക്കുമായി 2 കമ്മല്, 1 മാല, 1 കൈയ്യില് 2 വള അഥവാ 2 കൈകളിലും ഓരോ വള, എന്നതിനപ്പുറം സ്ത്രീകൾ സ്വര്ണ്ണാഭരണം ഉപയോഗിച്ചാൽ സ്ത്രീകള്ക്ക് ജോലികാര്യങ്ങള് തടസ്സപ്പെടുന്നതാണ്. പുറമേ കാണിക്കാന് കഴിയാത്തത് ആഭരണമല്ല എന്നതിനാല് അരഞ്ഞാണവും, പാദങ്ങളില് ഉപയോഗിക്കുന്നത് സ്വര്ണ്ണത്തോടുള്ള അനാദരവാകയാല് പാദസരവും (കാല്ത്തള) സ്വര്ണ്ണംകൊണ്ടു പാടില്ല, സ്വര്ണ്ണത്തെയും, സ്വര്ണ്ണം സൃഷ്ടിച്ച ദൈവത്തെയും നിന്ദിച്ചുകൂടാ. അരഞ്ഞാണവും, പാദസരവും വെള്ളി കൊണ്ടാകാം, അങ്ങനെ വെള്ളിയെയും ആദരിച്ച് ഉപയോഗിക്കുക. സ്വര്ണ്ണ മോതിരങ്ങൾ അനാവശ്യമാണ്, ധര്മ്മഭ്രംശമാണ്.

പരമാവധി എത്ര തൂക്കം സ്വര്ണ്ണം ഒരു സ്ത്രീയ്ക്ക് ഉപയോഗിക്കാം എന്ന ചോദ്യത്തിന്, 50 മുതല് 100 വരെ എന്നാണുത്തരം. 100 എന്ന സംഖ്യയ്ക്ക് മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും പ്രത്യേക പ്രാധാന്യം കല്പിച്ചു നല്കിയിരിക്കുകയാണ്. 50 സ്ത്രീ ജന്മം, 50 പുരുഷ ജന്മം, മൊത്തം 100, പുരുഷന് സ്വര്ണ്ണം ഉപയോഗിക്കാത്തതുകൊണ്ട് പുരുഷന്റെ ഭാഗം കൂടി ചേര്ത്ത് സ്ത്രീയ്ക്ക് പരമാവധി 100 തൂക്കം സ്വര്ണ്ണം

സൂക്ഷിക്കുകയോ ദേഹത്തണിയുകയോ ചെയ്യാം. വെള്ളിയും അത്രതന്നെ ഉപയോഗിക്കാവുന്നതാണ്.

(100 തൂക്കം എന്നതിലെ തൂക്കത്തിന്റെ അളവിനെപ്പറ്റി ഇനി പറയാം. പ്രായപൂര്ത്തിയായ ഒരു സ്ത്രീയുടെയും പുരുഷന്റെയും വായില് സാധാരണനിലയില് കൊള്ളുന്ന ജലത്തിന്റെ അഥവാ 2 കവിള് നിറയെ ജലത്തിന്റെ ഭാരത്തിലുള്ള സ്വര്ണ്ണമാണ് 100 തൂക്കം. തല്ക്കാലം 100 ഗ്രാം എന്നു വയ്ക്കുക. ധര്മ്മത്തെ പ്രതിനിധീകരിക്കുന്നത് ജലം ആകയാലാണ് ജലത്തെ ആധാരമാക്കുന്നത്. ഭക്ഷണവുമായി ബന്ധിപ്പിച്ചാണ് കവിള് നിറയെ എന്നു നിശ്ചയിച്ചത്.).

മേല് വിസ്തരിച്ചതിലധികം സ്വര്ണ്ണം ഉപയോഗിക്കുന്നവരും, സൂക്ഷിക്കുന്നവരും സ്വര്ണ്ണവിഷയത്തില് പാപികളാണ്. കൂടുതല് ഉപയോഗിക്കുന്നവര് മറ്റ് സ്ത്രീകളുടെ അവസരം തട്ടിത്തെറിപ്പിക്കുന്നു. ധര്മ്മശാസ്ത്രങ്ങളെ നിന്ദിക്കുന്നവരെ ധര്മ്മശാസ്ത്രപ്രകാരം തന്നെ ദൈവം ശിക്ഷിച്ച്, തിരുത്തി, സ്നേഹിക്കുന്നതാണ്. മരണം, പുനര്ജ്ജനനം തുടങ്ങിയവ മഹാനിശ്ചയിക്കുന്ന ദൈവം മഹാനീതി നടത്തുന്നത് എങ്ങനെയെന്ന് മഹാനീതിശാസ്ത്ര പാഠങ്ങളില് വിശദമാക്കിയിട്ടുണ്ട്.

സ്വര്ണ്ണത്തെ ഉപയോഗിച്ചുള്ള ദൈവനിന്ദ :

മനുഷ്യരുടെ ഉപയോഗത്തിനായി ദൈവം നല്കിയ വസ്തുക്കളെ മതദൈവങ്ങളുടെ പേരിലുള്ള പ്രാര്ത്ഥനാ കേന്ദ്രങ്ങളിലും ആരാധനാലയങ്ങളിലും ഉപയോഗിക്കുന്നത് ദൈവീകമല്ല, ദൈവനിന്ദയാണ്. സ്വര്ണ്ണക്കുരിശും, സ്വര്ണ്ണവിഗ്രഹങ്ങളും, സ്വര്ണ്ണക്കൊടിമരങ്ങളുമൊക്കെ നിര്മ്മിച്ച് ആരാധനാലയങ്ങളെ ധനാലയങ്ങളായും കച്ചവടകേന്ദ്രങ്ങളായും പരിണമിപ്പിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. ആയവ ചെയ്യുന്നവര്ക്കും കൂട്ടുനില്ക്കുന്നവര്ക്കുമുള്ള ദൈവീകശിക്ഷകളെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രപാഠങ്ങളില് വിശദീകരിച്ചിട്ടുണ്ട്.

സ്വര്ണ്ണത്തിന്റെ കാര്യത്തിലെന്നപോലെ എല്ലാ വസ്തുക്കളുടെയും ധര്മ്മശാസ്ത്രം ലളിതമായും വ്യക്തമായും അവയില്ത്തന്നെ ഉണ്ട്. കൂടുതൽ വിസ്തരിക്കുന്നില്ല.

ക്രയ വിക്രയ ഉപാധി : സ്വര്ണ്ണം, വെള്ളി, ചെമ്പ് എന്നിവയെ സാമ്പത്തിക ക്രയവിക്രയ ഉപാധികളായിക്കൂടി ദൈവം മഹാനിശ്ചയിച്ചിട്ടുണ്ട്. പേപ്പര് കറന്സി നിസ്സാരമായി നിര്മ്മിക്കാവുന്ന അവസ്ഥ വര്ദ്ധിക്കുന്നതോടെ അധാര്മ്മികമായ പേപ്പര് കറന്സി പിൻവലിക്കപ്പെടുന്നതാണ്.

സ്വര്ണ്ണം, വെള്ളി, ചെമ്പ് എന്നിവയുടെ യഥാര്ത്ഥ

മൂല്ല്യത്തില് സത്യസന്ധരായ വ്യക്തികള്ക്കു തന്നെ നാണയങ്ങള് തയ്യാർ ചെയ്യാവുന്നതാണ്. പേപ്പർ കറന്സി അച്ചടിക്കാനും സൂക്ഷിക്കാനും ഭരണകൂടം ചെലുത്തുന്ന സാഹസപ്പണികൾ സാമ്പത്തിക ക്രയവിക്രയത്തിന് ചെയ്യേണ്ടതില്ല എന്ന് നാണയ നിര്മ്മാണം തെളിയിക്കുന്നുണ്ട്.

ഭരണാധികാരികൾ തയ്യാറാക്കുന്ന നാണയങ്ങളിൽ ശാസ്ത്രീയ മുദ്രയും നാടും രേഖപ്പെടുത്താവുന്നതാണ്, എന്നാൽ രാജാവ് ഉള്പ്പെടെയുള്ള വ്യക്തികളുടെ ചിത്രങ്ങൾ പാടില്ല. വീണയും നെല്ക്കതിരുമാണ് ദൈവീക മുദ്ര. അതോടൊപ്പമോ തനിച്ചോ നക്ഷത്രം മാത്രം നാണയത്തില് മുദ്രണം ചെയ്യാവുന്നതാണ്, എന്നാൽ നക്ഷത്രത്തെ മുദ്രണം ചെയ്യുന്നവര് നാണയത്തിന്റെ അളവിലോ പരിശുദ്ധിയിലോ കൃത്രിമം കാട്ടിയാല് കടുത്ത പാപം ഉണ്ടാകുന്നതാണ്.

(7) ധര്മ്മശാസ്ത്രപരമായി സമ്പത്ത് വര്ദ്ധിപ്പിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം

ഏതൊരു വ്യക്തിക്കും ധര്മ്മശാസ്ത്രപരമായി സമ്പത്ത് വര്ദ്ധിപ്പിക്കുവാനുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദൈവം നല്കിയിട്ടുണ്ട്. പ്രത്യേകം അറിയേണ്ടത്, ഭരണകൂടം എന്നൊരു സംവിധാനത്തിന് വ്യക്തിയുടെ മേല് യാതൊരു വിധമായ നികുതികളും ചുമത്താന് അവകാശമോ അധികാരമോ ഇല്ല. കെട്ടിടനികുതി, വസ്തു നികുതി, സേവന നികുതി, വ്യാപാര നികുതി, ആദായ നികുതി, തുടങ്ങി യാതൊരു നികുതികളും ചുമത്താന് ഭരണകൂടത്തിന് അധികാരമില്ല. ഭരണകൂടത്തിന്റെ ചിലവുകള്ക്കുള്ള മാര്ഗ്ഗവും സാമ്പത്തികശാസ്ത്രത്തില് ഉണ്ട് എന്നറിയുക.

വ്യക്തി ഏത് തൊഴിൽ ചെയ്താലും, സ്ഥാപനത്തിന്റെ ഉടമയായിരുന്നാലും കൂടി, അയാള് ചെയ്യുന്നത് സേവനമാണ്. കൃഷിക്കാരൻ വിളവ് വില്ക്കുമ്പോഴും, വ്യവസായ ഉടമ ഉല്പന്നത്തിന് വില നിശ്ചയിക്കുമ്പോഴും, കച്ചവടക്കാരൻ താൻ വില്ക്കുന്ന വസ്തുവിന്മേൽ ലാഭമെടുക്കുമ്പോഴും, തൊഴിലാളി താൻ ചെയ്യുന്ന തൊഴിലിന് കൂലി വാങ്ങുമ്പോഴും, അവയെ എല്ലാം സേവനത്തിനുള്ള വേതനമായി കണക്കാക്കാൻ കഴിയും.

(മോഷണം, പിടിച്ചുപറി, കൊള്ള, സ്ത്രീ പീഡനം, തുടങ്ങിയ **ധര്മ്മശാസ്ത്രപരമല്ലാത്ത** പ്രവൃത്തികൾ **തൊഴിൽ** അല്ല; ചെയ്യാൻ വ്യക്തിസ്വാതന്ത്ര്യവുമില്ല.)

ധര്മ്മശാസ്ത്രത്തെ തെറ്റിച്ചും വ്യക്തിസ്വാതന്ത്ര്യത്തിന്റെ ദുരുപയോഗത്തിലൂടെയും തന്റെ സേവനത്തിന് വേതനം നിശ്ചയിക്കുന്ന കാര്യത്തില് വ്യക്തിക്ക് സമ്പൂര്ണ്ണ സ്വാതന്ത്ര്യം ഉണ്ട്. അതെന്തുകൊണ്ടെന്നാല്, **ധര്മ്മശാസ്ത്രത്തെ ഉള്ക്കൊണ്ട് തന്റെ വേതനം നിശ്ചയിക്കേണ്ടത് വ്യക്തിയുടെ സ്വയം ബാദ്ധ്യതയാണ്. വേതനം നിശ്ചയിക്കുന്ന കാര്യത്തിൽ ദൈവം അഥവാ ധര്മ്മശാസ്ത്രം ഇടപെട്ടാൽ വ്യക്തിക്ക് സ്വാതന്ത്ര്യത്തെ നല്കാതെ അടിമയാക്കുന്നു എന്നാണര്ത്ഥം.**

ധര്മ്മങ്ങളിൽ ചിലതോ, മുഴുവനുമോ തെറ്റിച്ച് അധിക വേതനം നേടുന്ന വ്യവസായികളും, കച്ചവടക്കാരും, വ്യവസ്യായ സ്ഥാപനങ്ങളിലെയും കച്ചവടസ്ഥാപനങ്ങളിലെയും ഭരണ കാര്യാലയങ്ങളിലെയും തൊഴിലാളികള് മേല്പ്പടി വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. ലിംഗം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, തുടങ്ങിയവ കൂടാതെ ബുദ്ധിശക്തി, ഓര്മ്മശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ ജന്മഗുണങ്ങളായി ദൈവം നല്കുന്നവയാണെന്നത് മറന്നുകൊണ്ടും അവഗണിച്ചുകൊണ്ടും , വ്യക്തി അധികവേതനം ആവശ്യപ്പെടുന്ന സന്ദര്ഭങ്ങളില് വ്യക്തിയുടെ സേവനം ആവശ്യമുള്ളവര് വ്യക്തി ആവശ്യപ്പെടുന്ന വേതനം നല്കണം.

സാധാരണയില്ക്കവിഞ്ഞ വേതനം ആവശ്യമുള്ള വ്യക്തി തന്റെ വേതനം തൊഴില്ദായകനെ/സമൂഹത്തെ മുന്കൂര് അറിയിക്കുവാന് ബാധ്യസ്ഥനുമാണ്. ദൈവത്തിന് കൃഷിക്കാരുടെ കാര്യത്തില് പ്രത്യേക വാത്സല്യവും കരുതലും ഉള്ളതുകൊണ്ട്, ധര്മ്മശാസ്ത്രപരമായ കൃഷികള് ചെയ്യുന്നവര്ക്ക് സാധാരണഗതിയില് ന്യായമായ വേതനം മാത്രമാണ് ലഭിക്കുക. ഭരണകൂടം തുടങ്ങിയവരുടെ അധാര്മ്മിക ഇടപെടീല്കൊണ്ട് കൃഷിക്കാര് കഷ്ടപ്പെടുന്നത് മറ്റൊരു വിഷയമാണ്. ഭക്ഷണം, വസ്ത്രം, പാര്പ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങള്ക്കുള്ള കൃഷിയെ ആണ് ധര്മ്മശാസ്ത്രപരമായ കൃഷി എന്നു പറയുന്നത്. റബ്ബര് വ്യവസായ കൃഷി ആകയാല്, ധര്മ്മശാസ്ത്രപരമല്ല. മത്സ്യം വളര്ത്തല്, മാംസക്കച്ചവടത്തിനായി മൃഗങ്ങളെ വളര്ത്തല് തുടങ്ങിയവ കൃഷിയേ അല്ല.

വ്യക്തിയുടെ മരണത്തോടെ പിന്ഗാമികള്ക്ക് ധനം കൈമാറപ്പെടുന്ന ഇന്നത്തെ രീതിയെ ദൈവീകമായ സാമ്പത്തികശാസ്ത്രം മാറ്റിമറിക്കുന്നുവെന്നത് വ്യക്തി ദുരുപയോഗംചെയ്ത ധര്മ്മശാസ്ത്രവിരുദ്ധമായ അഥവാ അധാര്മ്മികവുമായ സ്വാതന്ത്ര്യങ്ങളെ പിഴുതെറിയുന്നതോടെ ഭൗതികശുദ്ധീകരണവും, ആത്മാവിന്റെ മേല് മഹാനീതിപതിയായ ദൈവം നടപ്പാക്കുന്ന മഹാനീതി ആത്മീയശുദ്ധീകരണവും നടത്തുന്നു. ആവക കാര്യങ്ങള് ചുവടെയുള്ള ഭാഗങ്ങളില് വിശദീകരിക്കുന്നുണ്ട്.

(8) സമ്പത്ത് ചിലവു ചെയ്യാൻ വ്യക്തിക്ക് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുണ്ട്.

വ്യക്തിക്ക് താന് ചെയ്യുന്ന സേവനങ്ങള്ക്ക് അധിക വേതനം വാങ്ങിക്കൊണ്ട് അധിക സമ്പത്ത് ഉണ്ടാക്കാനാവുമെങ്കിലും, സമ്പത്ത് ചിലവു ചെയ്യുന്ന കാര്യത്തിൽ വ്യക്തിക്ക് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുണ്ട്. വ്യക്തിക്ക് ധര്മ്മശാസ്ത്രപരമല്ലാത്ത വേതനത്തിലൂടെ അധിക സമ്പത്തുകള് ഉണ്ടാക്കാമെന്നല്ലാതെ, തോന്നിയതുപോലെ ചിലവുകൾ ചെയ്യാനാവില്ല എന്നര്ത്ഥം.

സ്വന്തം കുടുംബാംഗങ്ങളുടെ ഭക്ഷണ ആവശ്യങ്ങള്ക്കും, തന്റെയും തന്നോടൊത്ത് താമസിക്കുന്നവരുടെയും വസ്ത്ര ആവശ്യങ്ങള്ക്കും, തങ്ങള്ക്ക് താമസിക്കുന്ന ഏക-ഭവനം നിര്മ്മിക്കുന്ന കാര്യത്തിലും, രോഗത്തിന് ചികിത്സിക്കുന്നതിലും, വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യമാണുള്ളത്. വ്യക്തിക്ക് തന്റെയും ഭാര്യയുടെയും മാതാപിതാക്കളുടെയും ജീവിതാവശ്യങ്ങള്ക്ക് കാർ മാത്രമല്ല, വിമാനവും വാങ്ങാൻ സ്വാതന്ത്ര്യമുണ്ട്. വിമാനം വാങ്ങുമ്പോഴും ഭരണകൂടം എന്നൊരു സംവിധാനത്തിന് വ്യക്തിയുടെ മേല് യാതൊരു വിധമായ നികുതികളും ചുമത്താൻ അവകാശമോ അധികാരമോ ഇല്ലായെന്നത് ആവര്ത്തിക്കുന്നു. **വിമാനം വാങ്ങുന്നതിനും മറ്റും**

സ്വത്തുണ്ടാക്കിയത് എങ്ങനെയെന്ന് ഭരണകൂടത്തെ ബോധിപ്പിക്കേണ്ടതായ കാര്യവുമില്ല; വ്യക്തികള്ക്ക് ധര്മ്മശാസ്ത്രപര മായല്ലാതെ വേതനം വാങ്ങുവാൻ വ്യക്തിസ്വാതന്ത്ര്യം ഉണ്ടെങ്കിലും ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികൾ ചെയ്യാൻ വ്യക്തിസ്വാതന്ത്ര്യമില്ല എന്നിരിക്കെ, ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികൾ വ്യക്തി ചെയ്താൽ അതു തടയേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്; തടയാൻ കഴിയാഞ്ഞതിന്റെ പേരില് വ്യക്തി അധികസമ്പത്ത് ഉണ്ടാക്കിയെങ്കിൽ, ഭരണാധികാരികൾ വരുത്തിയ വീഴ്ചയ്ക്ക് അവരെ ആദ്യം ശിക്ഷിച്ചശേഷം, ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികൾ ചെയ്തതിന് ധര്മ്മശാസ്ത്രപരമായി മാത്രം ശിക്ഷിക്കണം.

വ്യക്തിക്ക് തന്റെയും ഭാര്യയുടെയും മാതാപിതാക്കളുടെയും ജീവിതാവശ്യങ്ങള്ക്ക് കാർ വാങ്ങാൻ സ്വാതന്ത്ര്യം ഉണ്ട് എന്നതിൽ കുട്ടികളെ ചേര്ക്കാഞ്ഞത് മനഃപ്പൂര്വ്വമാണ്. വ്യക്തിക്ക് കുട്ടികളെയും സഹോദരങ്ങളെയും ബന്ധുജനങ്ങളെയും സുഹൃത്തുക്കളെയും നാട്ടുകാരെയും, താൻ ക്ഷണിക്കുമ്പോള് വരാൻ തയ്യാറാകുന്ന മറ്റുള്ളവരെയും കാറില് കയറ്റാം; എന്നാല് അവര്ക്കെല്ലാം കാറുകളും വാഹനങ്ങളും മൊബൈൽ ഫോണുകളും പോലെയുള്ളവ വാങ്ങിക്കൊടുക്കാൻ വ്യക്തിസ്വാതന്ത്ര്യമില്ല. കുട്ടികളെ ധര്മ്മകാര്യങ്ങള് പഠിപ്പിക്കാനും മിടുക്കരാക്കാനും മാതാപിതാക്കള്ക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട്. കുട്ടികൾ മുതിരുമ്പോൾ,

അവര്ക്ക് അദ്ധ്വാനിച്ച് സമ്പത്തുണ്ടാക്കുവാനും
മാതാപിതാക്കളും മറ്റും ചെയ്യുന്നതുപോലെ
ധര്മ്മശാസ്ത്രപരമായി തങ്ങളുടെ ആവശ്യങ്ങള്ക്ക്
പണം ചിലവാക്കാനും കാർ വാങ്ങാനുമൊക്കെ
സ്വാതന്ത്ര്യമുണ്ട്.

കുട്ടികളുടെ ലിംഗം, സൗന്ദര്യം, നിറം, തൊഴില്
അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, ബുദ്ധിശക്തി,
ഓര്മ്മശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ
ജന്മഗുണങ്ങളോടെ കുട്ടികളെ സൃഷ്ടിച്ചിട്ടുള്ളത്
ദൈവമാണെന്നും, മഹാപിതാവും മഹാമാതാവും
മഹാശക്തിയും മഹാനീതിപതിയുമായ ദൈവത്തിന്
തന്റെ കുട്ടികളുടെ മേല് മഹാപദ്ധതികളുണ്ടെന്നും, അവ
മനസ്സിലാക്കാതെയും, കുട്ടികള്ക്ക് ദൈവം
നല്കിയിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യങ്ങളെ നിഷേധിച്ചും,
കുട്ടികളുടെ കാര്യത്തില് ദൈവത്തിനുള്ള പദ്ധതികള്ക്ക്
വിഘ്നമുണ്ടാക്കുന്ന രീതിയിൽ പ്രവര്ത്തിക്കുവാൻ
മനുഷ്യ-മാതാപിതാക്കള്ക്ക് അവകാശമോ
അധികാരമോ ഇല്ലായെന്നര്ത്ഥം. കുട്ടികള്ക്ക് ഭക്ഷണം,
വസ്ത്രം, ധര്മ്മശാസ്ത്രപരമായ വിദ്യാഭ്യാസം
തുടങ്ങിയവയ്ക്ക് സൗകര്യം ചെയ്തുകൊടുത്തുകൊണ്ടും,
രോഗത്തിന് ചികിത്സിക്കുന്നതില് സഹായിച്ചുമൊക്കെ
മാതാപിതാക്കളുടെ വാത്സല്യത്തെ
പരിമിതപ്പെടുത്തേണ്ടിവരും ! ഉദാഹരണത്തിന്
കുട്ടികള്ക്ക് വാഹനം വാങ്ങിക്കൊടുക്കുമ്പോള്,
അവര്ക്ക് നടന്നു പോകാനും നടത്തയുടെ സുഖങ്ങളെ
ആസ്വദിക്കുവാനും, പ്രകൃതി ഭംഗി ആസ്വദിക്കാനും,

പ്രകൃതിയുമായി പൊരുത്തപ്പെടാനുമുള്ള അവകാശത്തെ മാതാപിതാക്കള് നിഷേധിക്കുന്നു. തീര്ന്നില്ല, മാതാപിതാക്കളുടെ ദുര്ന്നടപടി അവരെ മടിയന്മാരും അലസന്മാരും ആക്കിയേക്കാം, സ്വഭാവ ദൂഷ്യങ്ങളുണ്ടാക്കിയേക്കാം. തീര്ന്നില്ല, സമൂഹത്തിൽ ഒരു കാര്യവുമില്ലാതെ വാഹനവര്ദ്ധനവും, അധിക ഇന്ധനച്ചിലവും, അധിക വാഹന അപകടങ്ങളും ഉണ്ടാകുന്നു. റോഡുകളിൽ അധിക തിരക്കുണ്ടാകുന്നു. ആവശ്യമില്ലാത്ത പാതകളും വാഹനങ്ങളും ഭൂമിയെയും വസ്തുക്കളെയും ഊർജ്ജത്തെയും മറ്റും ദുരുപയോഗം ചെയ്യലാണ്. ഭൂമിയിലെങ്ങും ഈ ദുരവസ്ഥ വര്ദ്ധിച്ചിരിക്കുകയാണ്.

കുട്ടികള്ക്ക് അഭിരുചിക്കൊത്ത് സ്വയം തൊഴിൽ കണ്ടെത്താനും സ്വയം സമ്പാദിക്കാനുമുള്ള മാര്ഗ്ഗങ്ങളെ തടസ്സപ്പെടുത്തുന്നത് മാതാപിതാക്കളുടെ അധമ വാത്സല്യം കൂടിയാണ്. കുട്ടികള്ക്ക് പണം കൊടുത്ത് അവരെ മദ്യപിപ്പിക്കുന്നതും മാതാപിതാക്കളാണ്.... കൊടും ഭീകരരായ ഭരണാധികാരികളുമാണ്. കുട്ടികൾ തമ്മിലുള്ള അസമത്വവും കുട്ടികളുടെയും കുട്ടികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മുതിര്ന്നവരുടെയും മത്സരചിന്തകളും സാമൂഹ്യജീവിതത്തെ ഏറ്റവും അധമമാക്കിയിരിക്കുന്നു. ഭൂമിയിലെങ്ങും മേല്പ്പടി ദുരവസ്ഥകള്ക്ക് വിത്തു പാകുകയും വളര്ത്തുകയും ചെയ്യുന്ന മാതാപിതാക്കളെയും രക്ഷകര്ത്താക്കളെന്നു കരുതുന്നവരെയും, അവയെല്ലാം കണ്ട് കോമാളികളെപ്പോലെ വര്ത്തിക്കുന്ന ഭരണാധികാരികളെയും ശിക്ഷിക്കേണ്ടേ ?

മക്കള്ക്ക് ഫാക്ടറി ഉണ്ടാക്കിക്കൊടുക്കാനും, കച്ചവട സ്ഥാപനം ഉണ്ടാക്കി നല്കാനും, അവര്ക്കു താമസിക്കാന് പ്രത്യേകം വീടുണ്ടാക്കി നല്കാനും മാതാപിതാക്കള്ക്കും രക്ഷകര്ത്താക്കള്ക്കും അവകാശമോ അധികാരമോ ഇല്ലായെന്നാണ് വ്യക്തമാക്കിയത്. അധിക ധനത്തെ മാതാപിതാക്കൾ എന്തു ചെയ്യണം ?

(9) മരിക്കുമ്പോൾ സാധിക്കുമെങ്കിൽ സമ്പത്ത് കൂടെ കൊണ്ടുപോകാനും ; മരിക്കാതിരിക്കാൻ ശ്രമിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യം

ഏതൊരു വ്യക്തിക്കും, അവര് മരിക്കുമ്പോള്, സാധിക്കുമെങ്കില് സമ്പത്ത് കൂടെ കൊണ്ടുപോകാനുള്ള വ്യക്തിസ്വാതന്ത്ര്യം ദൈവം നല്കിയിട്ടുണ്ട്. കുട്ടികള്ക്കും ബന്ധുക്കള്ക്കും താൻ ആഗ്രഹിക്കുംപോലെ സമ്പത്ത് നല്കണമെന്ന് ആഗ്രഹിക്കുന്നവര്ക്ക് ഒരേ വഴി മരിക്കാതിരിക്കുക എന്നതാണ്. മരിക്കാതിരിക്കാൻ ശ്രമിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യവും അവര്ക്കുണ്ട് !

മരിക്കാതിരിക്കാൻ സാധിക്കില്ല എന്നു പറയുമ്പോൾ, തങ്ങളാരും കേമരല്ലാ എന്നും, മഹാശക്തിയായ ദൈവം നല്കിയാൽ മാത്രമേ ഏതൊരാള്ക്കും എന്തിനും ഏതിനും ശക്തി ഉണ്ടാവുന്നുള്ളൂ എന്ന സത്യം അംഗീകരിക്കാനും തയ്യാറാവണം; ദൈവത്തിന്റെ പദ്ധതികളെ അറിയാനും അതനുസരിച്ച് ജീവിക്കാനും തയ്യാറാവുകയും വേണം.

ഞാൻ ഞാൻ എന്ന് തന്റെ ശരീരത്തെയും ചേര്ത്ത് പറഞ്ഞുകൊണ്ടിരിക്കുന്ന വ്യക്തിക്ക് മരണത്തില് ശരീരം പോലും ഉപേക്ഷിക്കാതെ തരമില്ല. മരണത്തോടെ കൂടെ കൊണ്ടുപോകാൻ കഴിയാത്തവയുടെ പേരില് അവകാശങ്ങൾ ഉന്നയിക്കാൻ വ്യക്തിക്ക് അവകാശമില്ല. എന്നാൽ ഏതൊരാളുടെയും മരണശേഷം അയാളുടെ സമ്പത്തിലെ ചെറിയൊരു ഭാഗത്തിന് പിന്ഗാമികള്ക്ക് ദൈവം /ശാസ്ത്രം അവകാശം നല്കുന്നുണ്ട്. അത് പിന്നീട് വിസ്തരിക്കുന്നുണ്ട്.

മറ്റൊരാളുടേത് എന്നു നിങ്ങൾ കരുതുന്ന ഭൂമി, അയാളുടേതല്ല എന്ന് അയാൾ മരിക്കുന്നതോടെയങ്കിലും നിങ്ങള്ക്കു മനസ്സിലാകുന്നു. നിങ്ങളുടേതെന്ന് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന കെട്ടിടവും സമ്പത്തുകളുമൊക്കെ നിങ്ങളുടേതായിരുന്നില്ലെന്ന് നിങ്ങളുടെ മരണത്തോടെ മറ്റുള്ളവര്ക്കു മനസ്സിലാകുന്നു.

ഞാൻ ഞാൻ എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ശരീരം പോലും സ്വന്തമല്ലെന്ന് മരണത്തോടെ വ്യക്തമാകുന്നു. അങ്ങനെയിരിക്കെ, എല്ലാവരുടെയും സുഖത്തിനായും സന്തോഷത്തിനായും ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ധനത്തെ ദുർവിനിയോഗം ചെയ്യുകയോ, ചൂഷണം ചെയ്യുകയോ, പൂഴ്ത്തി വയ്ക്കുകയോ ചെയ്താൽ കൊടും ദാരിദ്ര്യവും രോഗങ്ങളുമുള്ള മറുജന്മങ്ങളെ ദൈവം ശിക്ഷയായി നല്കിയാലോ ?

ധര്മ്മശാസ്ത്രപരമല്ലാത്ത വാത്സല്യം കുട്ടികള്ക്കു നല്കിയതിന്റെ പേരിലും മറ്റും നിങ്ങൾ ശിക്ഷിക്കപ്പെടുമ്പോള്, കുട്ടികൾ ഉള്പ്പെടെ യാതൊരാള്ക്കും നിങ്ങളെ രക്ഷിക്കാന് കഴിയുന്നതല്ല. മഹാനീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരണമുണ്ട്.

(10) സമ്പത്തുകൊണ്ട് കുട്ടികൾ ഉള്പ്പെടെയുള്ള അന്യരെ ദ്രോഹിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം

ജീവിതമെന്നത് ഒരു ചക്രം കൂടിയാണ്. ജനിക്കും, ജീവിക്കും, മരിക്കും, പുനര്ജ്ജനിക്കും, ... എന്നിങ്ങനെ ഓരോ ജീവാത്മാവും 100 തവണ പുതിയ പുതിയ ജന്മങ്ങളെ എടുത്തുകൊണ്ട് വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങളെ അറിയുകയും

അനുഭവിക്കുകയും വേണം. അടിസ്ഥാനപരമായി യാതൊരു ജീവാത്മാവിനും അഥവാ യാതൊരു മനുഷ്യനും തങ്ങളുടെ മാതാപിതാക്കളുമായോ സഹോദരങ്ങളുമായോ കുട്ടികളുമായോ ബന്ധങ്ങളില്ല. ജീവിത ചക്രത്തിൽ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ മഹാദേവിയുടെ മഹാനീതിശാസ്ത്രമനുസരിച്ച് ജനനങ്ങളും പുനര്ജ്ജനനങ്ങളും നടക്കുന്നു. തങ്ങളുടെ കുഞ്ഞായിട്ട് ദൈവം സൃഷ്ടിച്ചിട്ടുള്ള ജീവാത്മാവിന് ആനന്ദം നല്കാനുള്ള ശ്രദ്ധയ്ക്കിടയിൽ, തങ്ങളുടെ മാതാപിതാക്കളും, തങ്ങളും തങ്ങളുടെ കുഞ്ഞും, തങ്ങളുടെ കുഞ്ഞ് വളര്ന്ന് യൗവ്വനത്തിൽ എത്തുമ്പോൾ വിവാഹം കഴിക്കുകയും കുഞ്ഞുണ്ടാവുകയും ചെയ്താൽ തങ്ങളുടെ കുഞ്ഞിന്റെ കുഞ്ഞുമെല്ലാം യഥാര്ത്ഥത്തിൽ മഹാമാതാവായ മഹാദേവിയുടെ മാത്രം കുഞ്ഞുങ്ങളാണെന്ന മൂലസത്യം തിരിച്ചറിയണം. കുഞ്ഞിനെ മഹാദേവി മരിപ്പിക്കുമ്പോൾ, മഹാനീതി നിര്വ്വഹണത്തിന്റെ ഭാഗമായി പുതിയൊരു ശരീരം നല്കാനുള്ള പുറപ്പാടാണ് അഥവാ പദ്ധതിയാണെന്ന് തിരിച്ചറിയണം.

ഈയുള്ളവന്റെ അച്ഛന്, തന്റെ മക്കളില് ഈയുള്ളവനോട് പ്രത്യേക സ്നേഹവും വാത്സല്യവും ഉണ്ടായിരുന്നു. അങ്ങനെ പാടുണ്ടോ എന്നു ചോദിച്ചാല്, മഹാനീതിപതിയായ ദൈവം അത്തരം അടുപ്പം മാതാപിതാക്കളിലും കുട്ടികളിലും മഹാനീതി നടത്തിപ്പിന്റെ ഭാഗമായി ജനിപ്പിക്കുന്നുണ്ട്.

ചിലേടങ്ങളില് മൂത്ത കുട്ടികള്ക്ക് കൂടുതല് കുടുംബ ഉത്തരവാദിത്തങ്ങള് ഏറ്റെടുക്കേണ്ടി വരുന്നത് പ്രസ്തുത മഹാനീതി നടത്തിപ്പിന്റെ ഭാഗമാണ്. മഹാസമത്വം ആനന്ദ കാര്യത്തില് എല്ലാ മനുഷ്യര്ക്കും 100 ജന്മങ്ങളിലൂടെ ലഭ്യമാവുക എന്നതിലാണ് കാര്യമുള്ളത്. ഇന്നത്തെ ജന്മത്തിലെ മൂത്ത കുട്ടി, അടുത്ത ജന്മത്തില് മറ്റൊരു കുടുംബത്തിലെ മദ്ധ്യ-കുട്ടിയോ ഇളയ കുട്ടിയോ ആയെന്നു വരും.

മുസ്ലീം മതത്തിൽ പെട്ട് ജീവിച്ച അച്ഛൻ, മരിച്ചു കഴിഞ്ഞ് പുനര്ജ്ജനിച്ചത് അടുത്തുള്ള ഒരു ഹിന്ദു-നായർ കുടുംബത്തിലാണ്, 2009 ജനുവരിയില് സുമാര് 25 വയസ്സുള്ള ചെറുപ്പക്കാരനായിരിക്കുന്നു. ഓംകാരനീതിശാസ്ത്ര കാര്യങ്ങള് ഈയുള്ളവനെ പഠിപ്പിക്കുന്നതിന്റെ ഭാഗമായും, എന്നിലൂടെ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന്റെ ഭാഗമായും ഏതാനും പേരുടെ മുജ്ജന്മങ്ങളെ മഹാദേവി അറിയിച്ചതില് ഒന്നാണത്. എന്നോട് പ്രത്യേക സ്നേഹ ബഹുമാനങ്ങളുണ്ടായിരുന്ന എന്റെ സുഹൃത്തിന്റെ പിതാവ് മരിച്ച്, പുനര്ജ്ജനിച്ചത് സുഹൃത്തിന്റെ തന്നെ മകളായാണ്. ജവഹര്ലാലിനെ (നെഹ്രു) ഒരു അറബിയായി അബുദാബിയില് വച്ചു കണ്ടു. ഈഴവരുടെ നേതാവായിട്ട് ഈഴവരും മറ്റുള്ളവരും അധഃപതിപ്പിച്ച നാരായണഗുരു കേരളത്തില് തന്നെ മുസ്ലീം ചെറുപ്പക്കാരനായി ജീവിക്കുന്നു. ഹിന്ദു-നായർ നേതാവായ മന്നം, ലിബിയ എന്ന ആഫ്രിക്കന് രാജ്യത്ത് ഒരു മുസ്ലീമിന്റെ വെപ്പാട്ടി പോലെ ജീവിക്കുന്നു (അടുത്ത കാലത്ത് മരിച്ചു; പുതിയ അവസ്ഥ തൽക്കാലം അറിയില്ല. ഇഎംഎസ്, കാറൽ മാർക്സിന്റെ പുനര്ജ്ജനനമായിരുന്നു. മാർക്സിന്റെ സഹകാരിയായ

ഏംഗല്സ്, ഇതാ കേരളത്തില് ബഹുഭാര്യത്വത്തെയും, ദയാവധത്തെയും, ക്രൈസ്തവ സഭകളുടെ സമ്പത്തിനെയുമൊക്കെ നിയമത്തിലൂടെ നിയന്ത്രിക്കാനാവുമെന്നു കരുതിക്കൊണ്ട് വയസ്സുകാലത്തും തനിക്കാവുമ്പോലെയെല്ലാം ഊറ്റം കാട്ടിയിരിക്കുന്നു. എന്തുകൊണ്ട് ദയാവധം അനുവദിക്കാം എന്നതിനെ ശാസ്ത്രീയമായി വിശദീകരിക്കാന് അദ്ദേഹത്തിനും അദ്ദേഹത്തിനു ജയ് വിളിക്കുന്നവര്ക്കും കഴിഞ്ഞിട്ടില്ല. (വി.ആർ.കൃഷ്ണയ്യരായ പുനർജ്ജനിച്ച എംഗൽസ് അടുത്ത കാലത്ത് മരിച്ചു.). ദയാവധത്തെ ദൈവം അനുവദിക്കുന്നുണ്ട് എന്നതിനെ ധര്മ്മശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം എന്ന അദ്ധ്യായത്തില് ഈയുള്ളവൻ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ദയാവധത്തെപ്പറ്റി പതിവുപോലെ ക്രിസ്തുമതവും ഇസ്ലാം മതവും മറ്റും എതിര്ക്കുന്നതാണ്. ദയാവധം, സ്വയം ഭോഗം പോലേയുള്ള കാര്യങ്ങളില് മതങ്ങളും മതനേതാക്കളും അങ്ങനെ പറയുന്നല്ലോ ഇങ്ങനെ പറയുന്നല്ലോ എന്ന് ഗ്രന്ഥം വായിക്കുന്നവര് ചോദിക്കരുത്. അവ മതങ്ങൾ മാത്രമാണ്, ശാസ്ത്രമല്ല. **മതങ്ങളിലെ ഭോഷ്ക്കുകളുമായി ശാസ്ത്രത്തെ താരതമ്യം ചെയ്യരുത്**. മതനേതാക്കൾ സ്വയം ഭോഗം ചെയ്യുന്നില്ലെങ്കിൽ അതിന്റെ അര്ത്ഥം സദാചാരശാസ്ത്രം തെറ്റിച്ച് അവരിലെ ഒരു വലിയകൂട്ടർ സ്ത്രീകളുമായി ബന്ധപ്പെടുന്നുവെന്നാണ്. **പിതാവായ ക്രൈസ്റ്റിന്റെ** മണവാട്ടികളാകാൻ നടക്കുന്ന പാവങ്ങളെ ശരിവെയ്ക്കുന്നവരാണ് പുരോഹിതർ. അത്തരം

കാര്യങ്ങള് മാറ്റിവച്ച് പറഞ്ഞുവന്നതു തുടരാം.
മുന്സൃഷ്ടിചക്രങ്ങളില് വിഘ്നേശ്വര-പദവി വഹിച്ച
ഏതാനും പേര് സമാന ശരീരികളായ ബുദ്ധിജീവികളും
ഇടതുപക്ഷ നേതാക്കളും സമുദായ
നേതാവുമൊക്കെയായി കേരളത്തില് തന്നെയുണ്ട്.
തല്ക്കാലം അവരുടെ പേര് വെളിപ്പെടുത്തുന്നില്ല.
മുജ്ജന്മങ്ങളെ സംബന്ധിച്ച വലിയ വെളിപ്പെടുത്തലുകള്
ഗ്രന്ഥത്തില് വേറെയുമുണ്ട്. പുനര്ജ്ജനിച്ചു
ജീവിക്കുന്നവരായ വല്ലഭായ് പട്ടേലിനെയും,
ആദിശങ്കരനെയും, പലപ്പോഴും കാണുന്നുവെങ്കില്
ബുദ്ധന്റെ ശിഷ്യനായ ആനന്ദനെയും, ലെനിനെയും
ഈയുള്ളവന് മിക്കപ്പോഴും കാണുന്നു. പുനര്ജ്ജന്മ-
കാര്യങ്ങളെ ശാസ്ത്രീയമായി തെളിയിക്കാന്, ഈ
ഗ്രന്ഥത്തിലെ ശാസ്ത്രീയത്വം മാത്രം മനസ്സിലാക്കിയാല്
മതിയാകും. മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ
മഹാപുനര്ജ്ജന്മസിദ്ധാന്തത്തെ വിശദീകരിച്ചിട്ടുമുണ്ട്.
വൈകാതെ മായ പ്രത്യക്ഷമാകും എന്നിരിക്കെ,
നാക്കിട്ടടിച്ച് യാതൊരാളും വെറുതെ പാപം
വര്ദ്ധിപ്പിക്കേണ്ട.

ഒരു നീണ്ട മുഖവുര കൊടുത്തത് മാനുഷിക ബന്ധങ്ങളെ
ശരിയായി മനസ്സിലാക്കാൻ മുതിർന്നവർ
ശ്രമിക്കേണ്ടുന്നതിന്നാണ്. ആനന്ദം, പരമാനന്ദം,
മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായം
പഠിക്കുമ്പോള്, കുട്ടികളുടെ സൃഷ്ടിയില്
മാതാപിതാക്കള്ക്ക് യാതൊരു പങ്കുമില്ലെന്ന്
സുവ്യക്തമാകുന്നതാണ്. ദൈവത്തിന്റെ
കുഞ്ഞുങ്ങളായവരെ പരിചരിക്കാൻ ദൈവത്തിന്റെ
തന്നെ കുഞ്ഞുങ്ങളായവര്ക്ക് അവസരം കിട്ടുമ്പോള്,

പരിചരിക്കേണ്ടത് ധര്മ്മശാസ്ത്രപരമായിട്ടാവണം. തങ്ങള്ക്കു തോന്നിയതുപോലെ പരിചരിച്ചാൽ, അത് കുഞ്ഞുങ്ങളുടെ മഹാസ്രഷ്ടാവും മഹാരക്ഷകയും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തോടു കാട്ടുന്ന അക്രമം ആയി ഭവിക്കുന്നതാണ്. അനേകർ അത്തരം അക്രമം കാട്ടുന്നു; പാപങ്ങളും ദൈവ ശിക്ഷകളും പിടിച്ചു വാങ്ങുന്നുണ്ട്. അതിന് മാറ്റമുണ്ടാവണം.

വിദ്യ തന്നെ മഹാധനം എന്നും, വിദ്യ കൊടുക്കുന്തോറും ഏറിടുന്നതാണ് എന്നും പറയുമ്പോൾ, മാതാപിതാക്കളും അദ്ധ്യാപകരും സമൂഹവും ഇന്നു കൊടുക്കുന്ന (**അ**)വിദ്യകളെല്ലാം ചേര്ന്ന് ഭീകരവാദങ്ങളെ വര്ദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ് ! **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായും മനുഷ്യരുടെ ജീവിതാനന്ദത്തിനായും ദൈവം ആവിഷ്ക്കരിച്ചതായ മഹാശാസ്ത്രം മാത്രമാണ് വിദ്യ, അതു മാത്രമാണ് മഹാധനം. വസ്തുക്കളിലെ ശക്തികളുടെ പ്രവര്ത്തനത്തെ നിശ്ചയിക്കുന്ന ശാസ്ത്രപാഠങ്ങളെയാണ് വിദ്യ കൊണ്ട് അര്ത്ഥമാക്കുന്നത്. ശാസ്ത്ര പാഠങ്ങള് പഠിക്കുമ്പോള്, തങ്ങളുടെ ജീവിതത്തിന് ആവശ്യമായ ധനവും ആനന്ദങ്ങളും അദ്ധ്വാനിച്ചു നേടുവാന് കുട്ടികള്ക്കു കഴിയുന്നു. വിദ്യ കൂടുതൽ ലഭിക്കുന്തോറും, കൊടുക്കുന്തോറും ശാസ്ത്രസൗകര്യങ്ങളും ആനന്ദകാര്യങ്ങളും സമാധാനവും ജീവിതത്തിൽ ഏറുന്നതാണ്.**

കുട്ടികള്ക്കും മറ്റുള്ളവര്ക്കും വിദ്യ കൊടുത്ത് സഹായിക്കുക എന്നതിനപ്പുറം ധനം കൊടുത്തു സഹായിക്കുക എന്നത് മാതാപിതാക്കള് ഉള്പ്പെടെയുള്ള വ്യക്തിയുടെ ഉത്തരവാദിത്തമല്ല.

കുട്ടികളെ സ്വയം അദ്ധ്വാനിച്ച് ധനം നേടിക്കൊണ്ട്, ആത്മസംതൃപ്തിയോടെയും ഊര്ജ്ജസ്വലതയോടെയും ജീവിക്കാൻ അനുവദിക്കുക. അവരെ ദ്രോഹിക്കാതിരിക്കുക. ദൈവം അവര്ക്കായി ഒരുക്കിയിരിക്കുന്ന പദ്ധതികള്ക്ക് തടസ്സം ഉണ്ടാക്കാതിരിക്കുക. മാതാപിതാക്കാളും മറ്റും തടസ്സമുണ്ടാക്കുമ്പോള് ഓംകാരനീതിശാസ്ത്ര പ്രകാരം മറുജന്മങ്ങളില് അവര്ക്ക് വിപരീത പരിതസ്ഥിതികളെ ദൈവം നല്കുമ്പോള്, അവരെ ദ്രോഹിക്കുന്നത് മാതാപിതാക്കളാണ്, അശ്രദ്ധയും അമിതവാത്സല്യവുമാണ്. വ്യക്തിയുടെ സ്വഭാവങ്ങളും ജീവിത പ്രവര്ത്തനങ്ങളും മോശമാവാൻ മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും മറ്റും നടപടികൾ കാരണമായാൽ, കാരണക്കാരായ മാതാപിതാക്കളെ ദൈവം ശിക്ഷിക്കുന്നതാണ്. ഞങ്ങൾ അതു ചെയ്തു, ഇതു ചെയ്തു, എന്നിട്ടും കുട്ടികൾ ഉത്തരവാദിത്തം ഇല്ലാത്തവരായി എന്നു പറഞ്ഞ് കുട്ടികളെ ശാസിക്കുകയും, കുട്ടികൾ കുറ്റം ചെയ്തതായി മാതാപിതാക്കൾ കണക്കാക്കുകയും ചെയ്യുമ്പോൾ, യഥാര്ത്ഥത്തില് അതു ചെയ്തും ഇതു ചെയ്തും കുട്ടികളെ മോശപ്പെടുത്തിയതും മോശപ്പെടുത്തുന്നതും മാതാപിതാക്കളും ബന്ധുജനങ്ങളും സമൂഹവുമാണ്.

ഭിക്ഷക്കാർ നാട്ടിലുണ്ടാവുന്നത് നാട്ടുകാര്ക്ക് അപമാനമാണ് എന്നതുപോലെ, ഭിക്ഷക്കാർ വീട്ടിലുണ്ടാവുന്നത് വീട്ടുകാര്ക്കും അപമാനമാണ്.
ഇന്നത്തെ മാതാപിതാക്കളില് ഏറെയും അമിത വാത്സല്യത്തിലൂടെ, കുട്ടികളെ തങ്ങളുടേതെന്ന് തെറ്റിദ്ധരിക്കുകയും, കുട്ടികളെ ഭിക്ഷക്കാരാക്കുകയുമാണു ചെയ്യുന്നത്.

തനിക്ക് ദൈവം നല്കിയ ബഹു-വൈവിധ്യ കാര്യങ്ങളുടെ ഇടയിലും കുട്ടികളോട് പെരുമാറേണ്ടത് എങ്ങനെയെന്ന് ബോദ്ധ്യപ്പെടുത്തിയ ഒരു ഭൂമ്യൻ, ഭൂമിയിൽ ജീവിച്ചിരുന്നത് അടുത്ത കാലത്താണ്. എം.കെ.ഗാന്ധി. അദ്ദേഹം തന്റെ കുട്ടികളെ പ്രധാനമന്ത്രിയാക്കാനും പ്രസിഡന്റാക്കാനും നടന്നില്ല. ദക്ഷിണാഫ്രിക്കയിൽ വച്ച് കുട്ടികളെ ധര്മ്മശാസ്ത്രപരമായി വിദ്യാഭ്യാസം ചെയ്യിക്കാൻ ആ പിതാവ് പാടുപെട്ടത് ചില്ലറയല്ല. മാതാവായ കസ്തൂര്ബയും അതേപോലെയോ അതിലേറെയോ ചെയ്തു. ഗാന്ധിയുടെ മക്കളായി അറിയപ്പെട്ടവർ ഭരണകൂടത്തിന്റെ സാരഥികളായി മാറിയിരുന്നുവെങ്കിൽ, ഗാന്ധിയുടെ പേരിന് ദോഷം കൂടി ഭവിക്കുമായിരുന്നു; അതേ സമയം തനിക്ക് പേരുദോഷം ഉണ്ടാവാതിരിക്കാൻ അദ്ദേഹം മനപ്പൂര്വ്വം പ്രവര്ത്തിച്ചതുമല്ല. അദ്ദേഹത്തെ പ്രത്യേക ചുമതലകളോടെ ഭൂമിയിലേക്കയച്ച ദൈവം, അദ്ദേഹവും യാതൊരാളുമറിയാതെ അദ്ദേഹത്തെ നിയന്ത്രിച്ചു പോന്നു, ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിന്റെ മഹത്വം തിരിച്ചറിയുവാനും ദൈവീകമായി ജീവിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

ഗാന്ധിയെപ്പോലെയും കസ്തൂര്ബയെപ്പോലെയും മാതൃകകളായി ജീവിക്കുവാന് സമൂഹത്തിലെ ഓരോ മാതാപിതാക്കള്ക്കും കഴിയണം. കസ്തൂര്ബയെയും, ഗാന്ധിയെയും ഉദാഹരണത്തിലൂടെ ചൂണ്ടിക്കാട്ടുവാൻ ഈയുള്ളവന് കഴിഞ്ഞത് അവർ അന്ന് ഉന്നതമൂല്യങ്ങളോടെ ജീവിച്ചതുകൊണ്ടാണ്, വ്യക്തിസ്വാതന്ത്ര്യത്തെയും, സൃഷ്ടിപരമായ വിധിയെയും സ്ഥിതിപരമായ വിധിയെയും അടിസ്ഥാനമാക്കി ദൈവം അങ്ങനെ ജീവിപ്പിച്ചതുകൊണ്ടാണ്. ദൈവത്തിന്റെ മഹാ -ആവിഷ്ക്കാരമാണതെന്ന് ഈയുള്ളവന് ഇതെഴുതുമ്പോള് മാത്രം ഓര്ക്കുന്നു, അറിയുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

തങ്ങളുടെ കുട്ടികളായി ദൈവം ജനിപ്പിച്ചവരെ ഏറ്റവും ഉത്തമരായി വളര്ത്തുന്ന ഒരു കാര്യത്തിൽ മാതാപിതാക്കള്ക്ക് ദിവസവും തങ്ങളോടു തന്നെ മത്സരിക്കാം. അടുത്ത വീട്ടുകാരെ താരതമ്യം ചെയ്ത് മത്സരിക്കരുത്. മാതാവിന്റെയും പിതാവിന്റെയും ഉത്തരവാദിത്തങ്ങള് എന്തെല്ലാമാണെന്ന് ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്. കുട്ടികള് ഉത്തമരാവുമ്പോള്, തങ്ങള്ക്കും സമൂഹത്തിനും അവരെല്ലാം പ്രിയപ്പെട്ടവരായി മാറുന്നു. അതാണ് ദൈവം ഇഷ്ടപ്പെടുന്നത്.

കുട്ടികളിൽ സ്വാശ്രയ ശീലം വളര്ത്തുന്നതിനു പകരം പണം കൊടുത്തും സുഖവസ്തുക്കളെ കൊടുത്തും അവരെ മോശപ്പെടുത്തുമ്പോൾ, സമൂഹത്തിൽ വൃദ്ധഭവനങ്ങൾ ആവശ്യമായി വരുന്നു. കൂടുതൽ കൂടുതൽ വൃദ്ധഭവനങ്ങൾ ആവശ്യമായി വരുന്നു. അടിസ്ഥാനപരമായി, തെറ്റു ചെയ്തത് കുട്ടികളുമല്ല .!

കുട്ടികളിൽ മത ചിന്തകളും രാഷ്ട്രീയ ചിന്തകളുമൊക്കെ ചെലുത്തി പാപം വര്ദ്ധിപ്പിച്ചതിൽ മാതാപിതാക്കളേക്കാള് പാപം ചെയ്തത് മതനേതൃത്വങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളുമാണ്. ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ വിസ്തരിച്ചിരുന്നു. വൈകാതെ മായ പ്രത്യക്ഷമാകും എന്നിരിക്കെ അത്തരം കാര്യങ്ങളില് പുതിയ കുണ്ഠിതങ്ങള് വേണ്ടതില്ല.

ധര്മ്മശാസ്ത്രവിരുദ്ധമായി കുട്ടികളെ മാതാപിതാക്കള് വളര്ത്തുന്നതിനെ തടയാന് കൂടിയുള്ളതാണ് ദൈവീകമായ ഗുരുകുല സമ്പ്രദായം. ആൺകുട്ടികളെ ഗുരുകുലത്തില് അയച്ച് അവിടെ കൃഷിചെയ്തും തൊഴിലുകള് ചെയ്തും പരിശീലിക്കുകയും കൂട്ടത്തിൽ ശാസ്ത്രപാഠങ്ങൾ പഠിക്കുകയും ചെയ്യുന്ന രീതിയാണത്. **ബാല വേലയല്ല അത്. ബാലന്മാരെ വേലകൾ/തൊഴിൽ പഠിപ്പിച്ച് ഏറ്റവും യോഗ്യരാക്കുന്ന മഹാവേലയാണ്.** സമ്പത്തുകൊണ്ട് കുട്ടികൾ ഉള്പ്പെടെയുള്ള അന്യരെ ദ്രോഹിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യത്തെ, ദൈവം, മാതാപിതാക്കള് ഉള്പ്പെടെയുള്ള എല്ലാവര്ക്കും നല്കിയിട്ടുണ്ട്. മാതാപിതാക്കള് ഉള്പ്പെടെ ഏതൊരാളും ധര്മ്മശാസ്ത്രപരമായി മാത്രം സമ്പത്ത് ഉപയോഗിക്കേണ്ടതുണ്ട്, എന്തെന്നാൽ നിങ്ങളുടേതെന്ന് ധരിച്ച് നിങ്ങളുടെ പക്കല് സൂക്ഷിച്ചിട്ടുള്ള സമ്പത്തിന്റെ

യഥാര്ത്ഥ അവകാശി ദൈവമാണ്. ഈ അദ്ധ്യായത്തിലെ (8)-ാം വിഭാഗത്തില് വിസ്തരിച്ചിട്ടുണ്ട്. ദൈവത്തിന്റെ സമ്പത്ത്, യാതൊരാള്ക്കും തങ്ങള്ക്കു തോന്നിയതുപോലെ ചിലവഴിക്കാനുള്ളതല്ല, ധര്മ്മശാസ്ത്രപരമായിട്ടു മാത്രം ചിലവഴിക്കാനുള്ളതാണ്.

ധര്മ്മശാസ്ത്ര വിരുദ്ധമായി ദൈവത്തിന്റെ കുഞ്ഞുങ്ങളെ വളര്ത്തുന്നവരെ ദൈവം ശിക്ഷിക്കുന്നതാണ്. മുമ്പ് വ്യക്തികളുടെ പുനര്ജ്ജന്മങ്ങളെപ്പറ്റി വിസ്തരിക്കുകയുണ്ടായി. കുട്ടികളെ വളര്ത്തുന്ന മാതാപിതാക്കള്ക്ക് മരിക്കാതിരിക്കാനുള്ള വഴികള് അറിയില്ലാ എന്നിരിക്കെയും, (ശരീരം) മരിക്കുമെന്നത് മനുഷ്യശരീരം സ്വീകരിക്കുന്ന പരമശിവനും, മഹാശക്തിയായ മഹാദേവിക്കും കൂടി ബാധകമാണെന്നിരിക്കെ, മാതാപിതാക്കൾ ജാഗരൂകരാവണം. മോക്ഷം എന്ന അദ്ധ്യായം ഒരാവര്ത്തി കൂടി വായിക്കുന്നതു നല്ലതാണ്. ധര്മ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന മാതാപിതാക്കളെയും ഏതൊരാളെയും മഹാനീതിപതിയായ ദൈവം വെറുതെ വിടില്ല. മഹാ-പുനര്ജ്ജന്മസിദ്ധാന്തം പ്രകാരം ലഘുവോ മധ്യമമോ കടുത്തതോ ആയ വിപരീത പരിസ്ഥിതികളിൽ പുനര്ജ്ജനിക്കേണ്ടി വരുന്നതാണ്. നമുക്കു നാമേ പണിവതു നാകം, നരകവും അതുപോലെ എന്ന വരികൾ സത്യമാകുന്നതാണ്.

ആവര്ത്തിക്കുന്നു.... എത്ര കടുത്ത പാപിയും
ദൈവത്തിനു തന്റെ കുഞ്ഞാണ്.

മഹാനീതിപതിയായ മഹാദേവി, പരമശിവനിലൂടെ
ശിക്ഷകൾ നല്കിയും പാപികളെ തിരുത്തുന്നതാണ്.
മഹാവാത്സല്യവും മഹാമാതാവുമായ മഹാദേവി
കുഞ്ഞുങ്ങളെ വാരിപ്പുണരുന്നതുമാണ്.
മഹാനീതിപതിയായ മഹാദേവി, ശിക്ഷിച്ചതിനു ശേഷവും,
പാപം ചെയ്ത വ്യക്തികൾ ശിക്ഷകളെ അനുഭവിച്ച്
യോഗ്യരായ ശേഷവും മാത്രമാണ് മഹാമാതാവായ
മഹാദേവി മഹാവാത്സല്യം നല്കുന്നത് എന്നതറിയണം.

**ദൈവത്തിന്റെ കുഞ്ഞുങ്ങളായ കുട്ടികൾ
ഈയുള്ളവനോട് പിണങ്ങിയോ ?**

ഞാൻ പാവമാണ്. ശാസ്ത്രം ദൈവത്തിന്റേതാണ്.

**അതു കേട്ട് ദൈവത്തിനോട് പിണങ്ങരുത്,
അങ്ങനെ ചെയ്താൽ, നിങ്ങളോടു ഞാൻ
പിണങ്ങും. നിങ്ങളുടെ നല്ലതിനു വേണ്ടി മാത്രമാണ്
ദൈവം സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട ധർമ്മ
ശാസ്ത്രത്തെയും മഹാനീതിശാസ്ത്രത്തെയും
ഒരുക്കിയിട്ടുള്ളത്.**

ഇന്നത്തെ ലോകത്തിൽ ദരിദ്ര ഭവനങ്ങളിൽ ജനിച്ച
കുഞ്ഞുങ്ങളിൽ വളരെപ്പേർ, തങ്ങൾ സമ്പന്നരായ

മാതാപിതാക്കളുടെ കുഞ്ഞുങ്ങളായി ജനിച്ചിരുന്നെങ്കിൽ എന്നു ചിന്തിച്ച അവസരങ്ങൾ ഉണ്ടായിരിക്കും. ഇന്ത്യയിലെ സമ്പന്നരായ ഒരു ദമ്പതികളുടെ കുഞ്ഞുങ്ങളായി ജനിക്കാൻ കോടിക്കണക്കിന് കുഞ്ഞുങ്ങൾ തയ്യാറാവുന്നതിനെപ്പറ്റി ചിന്തിക്കുക.

നല്ല ഗുണങ്ങളെക്കൊണ്ട് ദൈവത്തിനു വളരെ പ്രിയപ്പെട്ടവരായ ഒരു ദമ്പതികൾ, സാമ്പത്തിക - ദാരിദ്ര്യത്തിലാണെന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ കുഞ്ഞായിട്ട് ജനിക്കാൻ യാതൊരു കുഞ്ഞുങ്ങളും തയ്യാറാവാത്തിനെപ്പറ്റി ചിന്തിക്കുക...

കടുത്ത ദാരിദ്ര്യത്തിൽ ജനിച്ചവരും വിപരീത പരിസ്ഥിതികളിൽ ജീവിച്ചവരുമായ അനേകർ കഠിനമായ അദ്ധ്വാനം കൊണ്ടാണ് സമ്പന്നരായത് എന്ന വസ്തുതയെ ഗൗരവമായി കാണണം.

വലിയ സമ്പന്നരുടെ കുട്ടികളായി ജനിച്ചവര്ക്ക് ദരിദ്രരായ മാതാപിതാക്കളുടെ കുട്ടികളായി ജനിച്ചവരില് നിന്നും ശാരീരികമായി അവയവങ്ങൾ കൂടുതലോ കുറവോ ഇല്ല. ലിംഗം, സൗന്ദര്യം, നിറം, ബുദ്ധിശക്തി, തുടങ്ങിയ ജന്മഗുണങ്ങളില് സമ്പന്നരുടെ കുട്ടികളും ദരിദ്രരുടെ കുട്ടികളും തമ്മില് അടിസ്ഥാനപരമായി വ്യത്യാസമില്ല. സമ്പന്നരുടെ കുട്ടികളോട് അസൂയപ്പെടുന്നവര് വളരെയുണ്ട്. യഥാര്ത്ഥത്തില് ആ കുട്ടികളോട് സഹതാപവും കരുണയുമാണ് വേണ്ടത്. അവരുടെ മാതാപിതാക്കളും സമൂഹ-ഭരണകൂടവും അവരോട് കടുത്ത അനീതി കാട്ടിയിരിക്കുകയാണ്. സ്വാശ്രയ ശീലത്തിലൂടെ സ്വന്തമായി അദ്ധ്വാനിച്ച് ധനം സമ്പാദിക്കുന്നവരുടെ യോഗ്യത മേല്പടി കുട്ടികള്ക്കില്ല.

അവരും അവരുടെ മാതാപിതാക്കളും ഓംകാരനീതിശാസ്ത്രപ്രകാരം ശിക്ഷിക്കപ്പെടുമ്പോൾ, അവർ നേടിയിട്ടുള്ള പുണ്യത്തെ മാറ്റിനിര്ത്തിയാൽ, മറ്റുള്ളവരുടെ അസൂയയും ശാപവചനങ്ങളും മാത്രമാണ് അന്നവര്ക്ക് കടുത്ത ശിക്ഷകളിൽ ഇളവു നല്കുന്നത്. സഹതാപവും കരുണയും ധര്മ്മശാസ്ത്ര ഉപദേശങ്ങളും നല്കി തിരുത്താൻ പ്രവര്ത്തിക്കാൻ കഴിയുമായിരുന്ന പലരും അതു ചെയ്യാതെ, സ്വകാര്യമായോ പരസ്യമായോ അസൂയകളും ശാപവചനങ്ങളും പുലര്ത്തി, ഒരു ചിലർ സൂത്രത്തിൽ ധനം തട്ടിയെടുക്കാനും. അവരറിയാതെ അവർ പൊതുസമൂഹത്തില് നിന്നും ഒറ്റപ്പെട്ടു. സമ്പന്നർ എന്നൊരു വര്ഗ്ഗമായി മാറുന്നു. സമ്പന്നരായ മാതാപിതാക്കളുടെ അശ്രദ്ധമായ പെരുമാറ്റം കൊണ്ട് അവരുടെ കുട്ടികൾ ക്ലേശങ്ങളിൽ പെടുന്നു. ഒരു ദിവസ-സമയമെന്നത് സമ്പന്നര്ക്കും പാവപ്പെട്ടവര്ക്കും ഒരുപോലെയാണ്. സമ്പന്നരുടെ ഒരു ദിവസം 30 മണിക്കൂറും, പാവപ്പെട്ടവരുടേത് 20 മണിക്കൂറും ആകുന്നില്ല. ഭക്ഷണം കഴിക്കാനും, ശരീരശുദ്ധി വരുത്താനും (കുളിക്കാനും കക്കൂസില് പോകാനും...) ഉറങ്ങാനും എല്ലാവര്ക്കും ഏറെക്കുറെ ഒരേ സമയം വേണ്ടതുമുണ്ട്. സമ്പന്നർ ആയതുകൊണ്ടോ, പ്രധാനമന്ത്രി ആയതുകൊണ്ടോ, കക്കൂസിൽ പോകാതിരിക്കാനാവില്ല. ഒട്ടുമിക്ക സമ്പന്നരും തിരക്കോടു തിരക്കിലാണ്. ഒരു നല്ല ഗ്രന്ഥം വായിക്കാനോ, നല്ലവരോടൊത്ത് സ്ഥിരമായി കുറേ സമയം ചിലവഴിക്കാനോ അവര്ക്കു കഴിയുന്നില്ല. അവരെ സമീപിക്കുന്ന രാഷ്ട്രീയക്കാര്ക്കും മതപ്പിശാചുക്കള്ക്കുമൊക്കെ എങ്ങനെ കുറേ പണം

തട്ടിയെടുക്കാനൊക്കും എന്നതാണ് മുഖ്യ ചിന്ത. പ്രത്യുപകാരങ്ങള് വാഗ്ദാനം ചെയ്ത് അവരെ സദാചാര ശാസ്ത്രത്തിൽ നിന്നും കര്മ്മശാസ്ത്രത്തിൽ നിന്നും കൂടുതല് കൂടുതല് അകറ്റും. വൈവിധ്യമാര്ന്ന പ്രലോഭനങ്ങൾ. അവസാനം മൂരാച്ചികളെന്നും സമൂഹദ്രോഹികളെന്നും വര്ഗ്ഗശത്രുക്കളെന്നും ഒക്കെയുള്ള ചില ലേബലുകള്. പാവപ്പെട്ടവര്ക്ക് ഈ പാടൊന്നുമില്ല. ചില മറുവശങ്ങൾ തീര്ച്ചയായും ഉണ്ട്. കൂടുതൽ വിസ്തരിക്കുന്നില്ല.

ഇന്നത്തെ കുട്ടികള്, നാളത്തെ മുതിര്ന്നവരാണ്. ജീവിക്കാന് പണം വേണം എന്നല്ലാതെ ജീവിക്കുന്നത് പണത്തിനു വേണ്ടിയല്ല. മറിച്ച് ആനന്ദത്തിനു വേണ്ടിയാണ്, ആനന്ദിക്കാനാണ്. മഹാ-പാഠങ്ങൾ കുട്ടികളെല്ലാം സശ്രദ്ധം പഠിക്കേണ്ടവയാണ്, അദ്ധ്യാപകർ പഠിപ്പിക്കേണ്ടവയാണ്.

സമ്പന്നരെയും സമ്പന്നരുടെ കുട്ടികളെയും അസൂയയോടെയും മറ്റും നോക്കുന്ന കുട്ടികള്, തങ്ങളേക്കാള് ദരിദ്രരായ കുട്ടികളോട് എങ്ങനെയാണ് തങ്ങള് പെരുമാറിക്കൊണ്ടിരിക്കുന്നത് എന്നതിനെപ്പറ്റി അല്പം ചിന്തിക്കുക. അവരെയും അവരുടെ കുടുംബാംഗങ്ങളെയും തങ്ങള്ക്കു തുല്യരായി കണക്കാക്കുന്നുണ്ടോ ? ഇനി, തങ്ങളെ മുമ്പറഞ്ഞ സമ്പന്നരുടെ മക്കളായി ഒന്നു സങ്കല്പിച്ചുനോക്കുക. തങ്ങള് വൻ-സമ്പന്ന കുടുംബങ്ങളില് ജനിച്ചു

വളര്ന്നിരുന്നുവെങ്കില് സാമൂഹ്യമായ സാമ്പത്തിക-മാറ്റങ്ങള്ക്കു വേണ്ടി പ്രവര്ത്തിക്കുമായിരുന്നോ എന്നു ചിന്തിക്കുക. തീര്ന്നില്ല, ഇന്ന് സമ്പത്തു നേടണമെന്ന് വ്യഗ്രതയുള്ളവര്, സമൂഹത്തിൽ സാമ്പത്തിക-സമത്വം വേണമെന്നു കരുതുന്നുണ്ടെങ്കില് അതിനു വേണ്ടി എന്താണു ചെയ്യുക, എന്തു ത്യാഗമാണു ചെയ്യുക.... ചിന്തിക്കുക.

എല്ലാ ജീവികള്ക്കുമായി ദൈവം സൃഷ്ടിച്ചിട്ടുള്ള സമ്പത്തിനെ അധികചൂഷണംചെയ്യുന്ന ധനവാൻ സാധാരണജനങ്ങളുടെ ധനം കൊള്ളയടിക്കുക കൂടിയാണ്.

ഹേയ് പണക്കാരാ, നിന്റെ സ്വര്ഗ്ഗപ്രവേശമെന്നത് ഒട്ടകത്തിന് ചെറിയ സൂചിക്കുഴയിലൂടെ പ്രവേശിക്കാന് സാധിക്കുന്നതിലും വിഷമമേറിയതാണ് !

ക്രൈസ്റ്റിലൂടെ അവതരിച്ച ദൈവ-വചനമാണത്. മനുഷ്യസമൂഹത്തിന് മുഴുവന് പ്രയോജനം ചെയ്യേണ്ടതായ ദൈവ-വചനത്തെ ഒരു മതത്തിന്റെ ഭാഗമായി പരിമിതപ്പെടുത്തുവാൻ താല്ക്കാലികമായി ക്രൈസ്തവര് എന്നറിയപ്പെടുന്ന മത-മനുഷ്യര്ക്കു സാധിച്ചു. ശരി, ക്രൈസ്തവ-മതത്തിന്റെ ഭാഗമാക്കിയ ദൈവ-വചനത്തെ ക്രൈസ്തവര് എന്നറിയപ്പെടുന്നവര് പരിപാലിക്കുന്നുണ്ടോ, അവരെക്കൊണ്ട് പരിപാലിപ്പിക്കാൻ മതനേതൃത്വങ്ങള്ക്കു കഴിഞ്ഞോ ? കുഞ്ഞുങ്ങളേ, നിങ്ങളെന്തെല്ലാമാണ് ദൈവത്തിന്റെ പേരില് കാട്ടിക്കൂട്ടുന്നത് ? ഇത്ര കടുത്ത ദൈവനിന്ദ

ചെയ്യാന് നിങ്ങള്ക്കെങ്ങനെ കഴിയുന്നു ? മുഖ്യമായും മതനേതാക്കളെ ഉന്നംവെച്ചുള്ളതാണെങ്കിലും, ചോദിക്കുന്നില്ല. അവരുടെ ഉത്തരം ഈയുള്ളവനു വേണ്ട. തന്റെ എല്ലാ മക്കളും സുഖമായി ജീവിക്കുന്നതു കാണാനാണ് ഒരു മാതാവ് ആഗ്രഹിക്കുക എന്നതുപോലെ തന്റെ മക്കളായ ഭൂമിയിലെ എല്ലാ മനുഷ്യരും സന്തോഷിച്ചു ജീവിക്കുന്നതു കാണാനാണ് മഹാപിതാവും മഹാമാതാവുമായ ദൈവം ആഗ്രഹിക്കുന്നത്.

വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ധാരണകളും മാറണം. ധര്മ്മശാസ്ത്രപരമായി ശുദ്ധിയാകാൻ സാധിച്ചില്ലെങ്കില്, മറ്റെന്തെല്ലാം അറിവുകളോ തൊഴില് പരിചയങ്ങളോ ഉണ്ടായിട്ട് യാതൊരു കാര്യവുമില്ല. ഇന്നത്തെ വിദ്യാഭ്യാസ കേന്ദ്രങ്ങളെല്ലാം അടിസ്ഥാനപരമായി അധമാവസ്ഥയിലാണ്. അവര് ചെയ്യുന്നതെന്തെന്ന് അവര് അറിയുന്നില്ല. വിസ്തരിക്കുന്നില്ല.

അദ്ധ്യാപകരോടും വിദ്യാര്ത്ഥികളോടും ഈയുള്ളവന് ഒരു ചോദ്യവും അതിനെ ആശ്രയിച്ചുള്ള മറ്റുചില ചോദ്യങ്ങളും ചോദിക്കട്ടെ. ഭൂമിയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ യോഗ്യത എന്താണ്, അഥവാ ഏറ്റവും വലിയ ബിരുദം അഥവാ ഏറ്റവും വലിയ ബിരുദാനന്തര ബിരുദം എന്താണ് ? ഏത് യൂണിവേഴ്സിറ്റിയില് നിന്നു കിട്ടും എന്ന്

രണ്ടാമതൊരു ചോദ്യം ചോദിക്കുന്നതിനു മുമ്പ്
രാഷ്ട്രീയക്കാരും മതനേതാക്കന്മാരും
ബുദ്ധിജീവികളുമൊക്കെ സാമൂഹ്യജീവിതത്തെയും
ധര്മ്മകാര്യങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട്
ജനങ്ങളെ മയക്കിമാറ്റുന്ന ഉത്തരങ്ങള് നല്കി
വിഷയത്തെ അപ്രസക്തമാക്കുന്നതാണ്.

ഒരു ചിലര് ചോദ്യോത്തരങ്ങള് അറിയാവുന്നവരായോ,
അറിവുള്ളവരോട് ചോദിച്ച് ഉത്തരങ്ങള് നേടിയവരായോ
മുന്നോട്ടു വരുമ്പോള്, ബന്ധപ്പെട്ട ഏതാനും ചോദ്യങ്ങള്
കൂടിയുണ്ടാവുന്നു. അതേ ബിരുദത്തിന് ഭൂമിയിലുള്ള
വ്യത്യസ്ത സര്വ്വകാലാശാലകളിലും വ്യത്യസ്ത
വിദ്യാഭ്യാസ കേന്ദ്രങ്ങളിലും, ഒരേ മാനമാണോ ഉള്ളത്...
അല്ലായെന്നു വരുമ്പോള്, ബിരുദത്തിന്റെ മൂല്യം
വ്യത്യാസമാകുന്നതാണ്. ഒരേ യോഗ്യതയുള്ളവരാണോ
പഠിപ്പിക്കുന്നത്, ഒരേ അദ്ധ്യാപകന് ഭൂമിയിലുള്ള എല്ലാ
കുട്ടികള്ക്കും മാര്ക്കുകളിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ
നിലവാരത്തെ നിശ്ചയിക്കാന് തയ്യാറാവുന്നതായി
സങ്കല്പിച്ചാല് പോലും പ്രസ്തുത അദ്ധ്യാപകന് ഒരേ
മാനസിക അവസ്ഥ പുലര്ത്താന് കഴിയുമോ,
കഴിയില്ലായെന്നു വരുമ്പോള്, ബിരുദത്തിന്റെ മൂല്യം
വ്യത്യാസമാകുന്നതാണ് ... ആവശ്യമുള്ളതു പഠിക്കുകയും,
ആവശ്യമില്ലാത്തതു പഠിക്കാതിരിക്കുകയും
ചെയ്യണമെന്നത് കൂടി വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്.
ചിത്രകലയില് അഭിരുചി ഏറെയുള്ളയാള് അതുമായി
ബന്ധപ്പെട്ട കാര്യങ്ങള് പഠിക്കേണ്ടതിനു പകരം ഇന്നത്തെ
പൂച്ചാണ്ടി രാഷ്ട്രീയ-പാര്ട്ടികളുടെ കോപ്രായങ്ങള്

പഠിക്കാനും, അവയെപ്പറ്റി അഭിപ്രായം പറയാനും നടന്നാല്, അയാള് നേടിയ വിദ്യാഭ്യാസത്തില് അപാകത ഉണ്ടായി എന്നാണര്ത്ഥം.

പ്രീഡിഗ്രി വരെ ഈയുള്ളവന് കോളേജില് പഠിച്ചിട്ടുണ്ട്. അതാണോ ഏറ്റവും വലിയ വിദ്യാഭ്യാസ യോഗ്യത, തീര്ച്ചയായും അല്ല. 1991-ല് ഈയുള്ളവന്റെ നാവില് മഹാശക്തിയായ മഹാദേവി മഹാശൂലം കൊണ്ട് ശബ്ദബ്രഹ്മമായ ഓം -ന്റെ അടിസ്ഥാന അക്ഷരബ്രഹ്മമായ 3 ചിത്രണംചെയ്തു. മഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നല്കുന്ന ഓം ആണ് മഹാപ്രപഞ്ചത്തിലെ ഏറ്റവും വലിയ ബിരുദം അഥവാ മഹാബിരുദം. എല്ലാ മനുഷ്യര്ക്കും മഹാഅനുഗ്രഹിച്ച് അനുവദിച്ചിട്ടുള്ള 100 ജന്മങ്ങളിലെ 90 -നടുത്ത ഒരു ജന്മത്തില്, അടിസ്ഥാന അക്ഷരബ്രഹ്മമായ ഓം -നെ ദൈവം തന്റെ മഹാദാസനും പ്രതിനിധിയുമായ പരമശിവനിലൂടെ, മഹാശൂലം ഉപയോഗിച്ച് കുഞ്ഞുങ്ങളുടെ നാവില് കുറിക്കുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവന് കുഞ്ഞുങ്ങളെല്ലാവരും നേടുന്നതുമാണ്. **ദൈവം മഹാ-സമനീതി എല്ലാ കുഞ്ഞുങ്ങള്ക്കും നല്കുന്നുണ്ട്. കുഞ്ഞെന്നു വിളിക്കുന്നതിൽ രോഷമോ അപ്രീതിയോ ഉള്ളവരുണ്ടോ.... മുതിര്ന്ന മനുഷ്യരും മഹാമാതാവായ മഹാദേവിയുടെ കുഞ്ഞാണ്. ദൈവത്തോട് അടുക്കുമ്പോള്, കുഞ്ഞ് എന്നു തന്നെ വിളിക്കണമേ എന്നു മനുഷ്യർ കേഴുന്നതുമാണ്.**

മഹാശക്തിയായ ദൈവം (തന്റെ മഹാദാസനും പ്രതിനിധിയുമായ പരമശിവനിലൂടെ) മഹാശാസ്ത്രം അനുഗ്രഹിച്ചു നല്കുമ്പോള്, മനുഷ്യന് ഒരു മഹാ-ഊറ്റമുണ്ടാകും. മഹാശാസ്ത്രപ്രകാരം മാത്രമേ താൻ പ്രവര്ത്തിക്കുകയുള്ളൂ എന്നതാണത്. മഹാശാസ്ത്രത്തിന്റെ മഹാ-ഔന്നത്യം അത്ര വലുതാണ്. മാതാ-പിതാ-ഗുരു-ദൈവം എന്ന വചനത്തിന്റെ യഥാര്ത്ഥ അര്ത്ഥം മാതാവിലൂടെയും പിതാവിലൂടെയും ഗുരുവിലൂടെയും മനുഷ്യന് ദൈവത്തെയും ദൈവശാസ്ത്രത്തെയും മനസ്സിലാക്കണമെന്നും, മനസ്സിലാക്കിക്കഴിഞ്ഞാല്, ദൈവശാസ്ത്രം എന്ന മഹാശാസ്ത്രത്തെ ഉള്ക്കൊണ്ട് ജീവിക്കണം എന്നുമാണ്. ഗുരു എന്നു പറയുമ്പോള് മഹാഗുരു മഹാശക്തിയായ ദൈവം മാത്രമാണെന്ന് അറിയണം. മനുഷ്യ-ഗുരുക്കന്മാരുടെ തെറ്റായ വചനങ്ങളെ ചുമക്കുന്നവരാകരുത്. എറുമ്പും പൂച്ചയും പട്ടിയും കാക്കയുമൊക്കെ ഓരോരോ കാര്യങ്ങളില് ഗുരുക്കന്മാരാണ്. മഹാപ്രപഞ്ചത്തിലെ **ശാസ്ത്രസത്യങ്ങള് പ്രകാരം ഏതൊരു ഗുരുക്കന്മാരുടെയും വചനങ്ങളെ വ്യാഖ്യാനിച്ച് തെറ്റുകളെയും ശരികളെയും മനസ്സിലാക്കേണ്ടത് സ്വയം ബാദ്ധ്യതയാണ്, ബുദ്ധിശക്തികളെ മഹാഅനുഗ്രഹിച്ചു നല്കിയ ദൈവത്തോടുമുള്ള ബാദ്ധ്യതയാണ്. ഭൂമിയിലുള്ള എല്ലാവരും മഹാശാസ്ത്രം പ്രകാരം ജീവിക്കുമ്പോള് ഭൂമിയിലെ എല്ലാ കാര്യങ്ങള്ക്കും ഏക മഹാഭാവം കൈവരുന്നതാണ്, ജീവിതം മഹാ-സുന്ദരമാകുന്നതാണ്, ഭൂമിയിൽ സ്വര്ഗ്ഗം**

സൃഷ്ടിക്കപ്പെടുന്നതാണ്.

മഹാശാസ്ത്രം ലഭിക്കുമ്പോള് വ്യക്തിക്ക് മഹാ-ഊറ്റമുണ്ടാകുമെന്നു പറഞ്ഞപ്പോള്, ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കുവാനുള്ള ഊറ്റത്തെയാണ് ഉദ്ദേശിച്ചത്. അതത്ര നിസ്സാരമല്ല. **എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ** എന്ന പേരിലാണെന്നു തോന്നുന്നു, ഗാന്ധിയുടെ ജീവചരിത്രത്തില് സ്വീകരിക്കുമ്പോലെയുള്ള നടപടികള്ക്ക് വ്യക്തികള് തയ്യാറാവേണ്ടതുണ്ട്. 3 ഉദാഹരണങ്ങള് പറയാം : (1) 2007-ല് കേരളത്തിലെ പഞ്ചായത്തുകള് കെട്ടിട നികുതി പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട്, ഈയുള്ളവൻ വസിക്കുന്ന അടൂരിനടുത്തുള്ള ഏഴംകുളം പഞ്ചായത്ത് അധികാരികള്, നികുതി വര്ദ്ധനവിനെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ളവര്, 30 ദിവസത്തിനകം പഞ്ചായത്ത് ആഫീസില് രേഖാമൂലം ആക്ഷേപം സമര്പ്പിക്കണമെന്ന് സെക്രട്ടറിയുടെ പേരിൽ, കരട് വിജ്ഞാപനത്തിന്റെ ഭാഗമായിട്ട് ആവശ്യപ്പെട്ടു. യാദൃച്ഛികമായി നോട്ടീസ് ലഭിച്ചപ്പോള്, ശക്തിക്കൊത്ത് പ്രതികരിക്കുവാൻ ഈയുള്ളവൻ ബാദ്ധ്യസ്ഥനാണ്. മാസികയിലൂടെയും പുസ്തകത്തിലൂടെയും ഈയുള്ളവൻ പ്രതികരിച്ച വിഷയമാണ്, വെബ്സൈറ്റില് ചേര്ത്തിട്ടുള്ളതുമാണ്. 2006-ല് മഹാദേവി, പരമശിവനായി പ്രഖ്യാപിച്ചിരിക്കെ, അതിനെക്കൂടി ബന്ധപ്പെടുത്തി പ്രതികരിക്കേണ്ടതായ ബാദ്ധ്യത വന്നു. മൂന്നോ നാലോ പേജുകളുള്ള കത്തും, ചില അനുബന്ധ രേഖകളും ഉടനെ പഞ്ചായത്തില് സമര്പ്പിച്ചു. കെട്ടിട നികുതി, വസ്തുനികുതി തുടങ്ങിയവ ശാസ്ത്രീയമല്ല

എന്നും, പിന്തിരിയണമെന്നും, നിലവില് പഞ്ചായത്ത് അധികാരികളുടെ പരിധികളില് ഒതുങ്ങാത്ത വിഷയമാകയാല് ഈയുള്ളവന്റെ കത്ത് സംസ്ഥാന ഭരണകൂടത്തിനയച്ചുകൊടുക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. കത്തിന്റെ ആധികാരികത്വം ഉറപ്പിക്കാനായിട്ട്, ഈയുള്ളവനെ പരമശിവനായിട്ടു പരിചയപ്പെടുത്തേണ്ടതും ഈയുള്ളവന്റെ ബാദ്ധ്യതയാണ്. കത്തിലെ ഉള്ളടക്കത്തിന്റെ **ധര്മ്മശാസ്ത്ര** ഔന്നത്യത്തെ വിഷയമാക്കാതെ, പകരം പരമശിവൻ എന്ന പരിചയപ്പെടുത്തൽ കത്ത് വായിച്ചവരെ ഏതെല്ലാം രീതികളിൽ രസിപ്പിച്ചിരിക്കുമെന്ന് മഹാദേവിക്കും അവർക്കുമേ അറിയൂ. എന്നാൽ ആവക പ്രതികരണങ്ങളെ മനസ്സിലാക്കാൻ ദൈവാനുഗ്രഹത്താല് മുന്കൂട്ടി കഴിയുമെങ്കിൽ പോലും, കത്ത് അഥവാ ആക്ഷേപം അറിയിക്കുവാൻ ഈയുള്ളവന് അപ്പോഴത്തെ ശക്തിക്കനുസരിച്ച് ഒരു ബാദ്ധ്യത ഉണ്ടായിരുന്നു. പഞ്ചായത്ത് അധികാരികളുടെ പ്രതികരണമോ, വിഷയത്തിന്റെ ഉള്ളടക്കം ഇന്ത്യയിലെ ഉള്പ്പെടെ എല്ലാ രാഷ്ട്രങ്ങളിലുമുള്ള അധമ ഭരണഘടനകളെ ചവിട്ടിമെതിക്കും എന്നതിന്റെ പേരില് വിഷയം വളർന്നാല് ജയില് വാസമുണ്ടാകുമെന്നത്, ഈയുള്ളവൻ വിഷയമാക്കിക്കൂടാ. ധര്മ്മശാസ്ത്രപരമായ സ്വയം ബാദ്ധ്യതയാണത്. പരമശിവൻ എന്ന പരിചയപ്പെടുത്തലിന്റെ പേരില് മതക്കാര് പ്രശ്നമുണ്ടാക്കിയേക്കാമെന്നതോ, ഭ്രാന്തനായി മുദ്രകുത്തപ്പെടുന്നതോ ഈയുള്ളവൻ വിഷയമാക്കിക്കൂടാ എന്നത് ധര്മ്മശാസ്ത്രപരമായ

മറ്റൊരു സ്വയം ബാദ്ധ്യതയാണ്. പഞ്ചായത്തിന്റെ പ്രതികരണം അറിയാൻ ആഗ്രഹിക്കുന്നവര്ക്കായി എഴുതാം. ഒരു കത്തിലൂടെ ഒരു തീയതിയും സമയവും തരികയും, അന്നേ ദിവസം ഓഫീസില് ഹാജരാകുവാന് അറിയിച്ചുകൊണ്ടുമുള്ള അച്ചടിച്ച പൊതു-മറുപടിക്കത്ത്, കൂടിക്കാഴ്ചയ്ക്കു നിശ്ചയിച്ച ദിവസത്തിനു ശേഷം അനവധി ദിവസങ്ങൾ കഴിഞ്ഞ് തപാലിലൂടെ ലഭിച്ചു. വീണ്ടും പ്രതികരിക്കാൻ സമയമോ സാഹചര്യമോ ശക്തിയോ ഉണ്ടായില്ല.

(2) **ഗാന്ധി** തന്റെ തെറ്റുകളെയും കുറ്റങ്ങളെയും മനസ്സിലാക്കി പശ്ചാത്തപിച്ചു തിരുത്തുന്നത് മേല്പടി ഗ്രന്ഥത്തില് വായിച്ചിരിക്കും. ഗാന്ധിയുടെ അഥവാ ഗാന്ധിയിലൂടെ വെളിപ്പെട്ട പുസ്തകം വായിക്കുംമുമ്പുതന്നെ അത്തരം തിരുത്തലുകള് നടത്താന് ദൈവാനുഗ്രഹത്താല് ഈയുള്ളവനു കഴിഞ്ഞിരുന്നു. അതിനുള്ള ഉദാഹരണം പറയാം. 12 -നും 17 -നും ഇടയില് പ്രായമുള്ളപ്പോഴത്തെ കാര്യമാണ്, കൃത്യമായി ഓര്ക്കുന്നില്ല. ചെറുപ്പത്തില് വീട്ടിലെ കടുത്ത ദാരിദ്ര്യം കൊണ്ട്, വിശപ്പുകൊണ്ട്, റേഷൻ കടയിൽ സാധനങ്ങള് വാങ്ങാൻ പോയപ്പോള് മൂന്നോ നാലോ തവണ സുമാര് 10-രൂപയ്ക്കും 20 രൂപയ്ക്കുമിടയിൽ വാങ്ങിയ സാധനങ്ങള്ക്ക് കാശുകൊടുക്കാതെ സൂത്രത്തിൽ പറ്റിച്ചിട്ടുണ്ട്. ഒരു തവണ പിടിച്ചപ്പോൾ, ബുദ്ധിക്കസര്ത്തു കാട്ടി രക്ഷപെടുകയും ചെയ്തു. 2005-ലോ, 2006-ലോ സുമാർ 70 വയസ്സിനടുത്ത് പ്രായമുള്ള പഴയ റേഷൻ കട മുതലാളിയെ ക്ഷേത്രത്തിൽ വച്ചു

കണ്ടപ്പോൾ, അന്ന് 50 വയസ്സിനടുത്ത് പ്രായമുള്ള ഈയുള്ളവൻ, അദ്ദേഹത്തോട് പഴയ അപരാധം അറിയിക്കുകയും, സാമ്പത്തികമായി തിരിച്ചടയ്ക്കണമോ എന്നു ചോദിക്കുകയും ചെയ്തു. വേണ്ടാ എന്ന് അദ്ദേഹം അറിയിച്ചു. 500-ഓ 1000-മോ 5000-മോ മറ്റോ രൂപ കൊടുക്കാനാണ് അന്നാഗ്രഹിച്ചത്. എന്നാൽ അത് പറയുന്നത് തെറ്റാണെന്നു തോന്നി. മാത്രമല്ല, ദൈവാനുഗ്രഹത്താൽ സൗദി അറേബ്യയിൽ വച്ചും അല്ലാത്തപ്പോഴും അനേകര്ക്ക് ധനസഹായം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളതിനാൽ ചെറുപ്പത്തിലെ ദാരിദ്ര്യംകൂടി സൃഷ്ടിച്ചതായ പ്രസ്തുത പ്രശ്നത്തിൽ വലിയ കുറ്റബോധം ഉണ്ടായില്ല. എന്നിരിക്കെയും മഹാദേവിയുടെ മുമ്പിൽ അത്തരം അപരാധങ്ങള്ക്ക് മാപ്പുചോദിക്കുകയുണ്ടായി. **വെളിപാട്** ലഭിച്ചത് വിചിത്രമായിരുന്നു. അത്തരം അനുഭവങ്ങളും അപരാധങ്ങളും ഈ ജന്മത്ത് ഉണ്ടായതിൽ **മഹാദേവിക്ക് പങ്കുണ്ടായിരുന്നു**, നിന്നെ മിടുക്കനാക്കാനാണ്. ശരിയാണ്, ദാരിദ്ര്യം കൊണ്ട് അപ്പം മോഷ്ടിക്കുന്നവന്റെ മാനസിക അവസ്ഥകളും പ്രശ്നങ്ങളും മനസ്സിലാക്കി പ്രതികരിക്കുവാനും പ്രവര്ത്തിക്കുവാനും അത്തരം അനുഭവങ്ങൾ ആവശ്യമാണ്. 2009 ജനുവരിയില് ഒരു സുഹൃത്തിനോട് സന്ദര്ഭവശാൽ അവ്യക്തമായി അക്കഥ അറിയിക്കുകയുണ്ടായി. എന്നാല് അറിയിച്ച ശേഷം, അതേദിവസം മേല്പടി റേഷൻ കടക്കാരന്റെ മകൻ ബൈക്ക് അപകടത്തില് മരിച്ചപ്പോള്, പഴയ കഥ അടുത്ത സുഹൃത്തിനോട് അടുത്ത ദിവസം സുവ്യക്തമായി പറയുകയുണ്ടായി, അതും യാദൃച്ഛികമായിട്ടായിരുന്നു.

ഇതാ മഹാ-ശാസ്ത്ര ഗ്രന്ഥത്തില്, പരമശിവൻ എന്ന പ്രപഞ്ചപിതാവായിക്കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം അറിയിച്ചിരിക്കുന്നു. ചെറുതും അത്ര വലുതല്ലാത്തതുമായ അപരാധങ്ങൾ ഏറെ ചെയ്തിട്ടുണ്ട്. നമ്മുടെ സ്വഭാവത്തെ സംശുദ്ധീകരിക്കുവാൻ അപരാധങ്ങളെ ഉപയോഗപ്പെടുത്തണം. ഭാവിയിൽ, പരമശിവനിലൂടെ ശിക്ഷകളെ നടപ്പാക്കുന്ന സന്ദര്ഭങ്ങളിൽ തെറ്റുകളും കുറ്റങ്ങളും ചെയ്തവരെ കടുത്ത രീതിയിൽ ശിക്ഷിക്കുന്നതില് നിന്ന് പരമശിവനെ തടയാനും, തെറ്റുകളുടെയും കുറ്റങ്ങളുടെയും മാനസികാവസ്ഥകളെ തിരിച്ചറിയാനും പരമശിവനെ മാനുഷികതലത്തില് ധര്മ്മശാസ്ത്രപരമായിത്തന്നെ യോഗ്യനാക്കാനുള്ള മഹാശക്തിയും മഹാമാതാവും മഹാനീതിപതിയുമായ മഹാദേവിയുടെ മഹാ-ആവിഷ്ക്കാരമായിരുന്നു അവയെന്ന് മഹാദേവി അറിയിക്കുമ്പോള്, ഈയുള്ളവന് തല ഉയര്ത്താനും, മഹാദേവിയുടെ **മഹാപാദങ്ങളിൽ** സ്വയം അര്പ്പിക്കുവാനും വിതുമ്പിക്കരയാനും കഴിയുന്നു.

(3) മുമ്പ് 4 ഗ്രന്ഥങ്ങള് പ്രസിദ്ധീകരിച്ചിരുന്നു. അവയിലെ ഉള്ളടക്കം മതങ്ങളെ ചവിട്ടിയിട്ടുള്ളത്ര മറ്റൊരു ഗ്രന്ഥവും ചെയ്തിട്ടുണ്ടാവില്ല. സത്യം ശിവം സുന്ദരം എന്ന പേരില് മിനി മാസിക 6 ലക്കങ്ങളോ മറ്റോ (സൗജന്യമായി) പ്രസിദ്ധീകരിച്ചു. സത്യം ഗ്രാഫിക്സ് എന്ന പേരില് ഡി.ടി.പി.സെന്ററ് നടത്തവെ, ടെലിഫോണ് ഡയറക്ടറികള് അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോള് അവയിലും ദൈവശാസ്ത്രം ചേര്ത്തു. 2001-മുതലാണെന്നു തോന്നുന്നു, കമ്പ്യൂട്ടര് വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്ത ഞാന്, ദൈവാനുഗ്രഹത്തോടെ

അത്യാവശ്യ വെബ് ഡിസൈനിംഗ് സ്വയം പഠിച്ച്, വെബ്സൈറ്റിലൂടെ ദൈവശാസ്ത്രം പ്രചരിപ്പിക്കുന്നു. പള്ളിക്കാര്ക്കും പട്ടക്കാര്ക്കുമൊക്കെ കുറെയെങ്കിലും അറിയാം.

1991-ൽ പരസ്യമായി മതം ഉപേക്ഷിച്ചുകൊണ്ട് പരസ്യമായി നടത്തുന്ന പ്രവര്ത്തനങ്ങളാണ്. മതഭീകരര് തല്ലുന്നതോ കൊല്ലുന്നതോ വിഷയമാക്കാതെ, വധിക്കപ്പെടാൻ തയ്യാറായിക്കൊണ്ടാണ് പ്രവര്ത്തിച്ചത്, പ്രവര്ത്തിച്ചുപോരുന്നത്.

... മഹാശക്തിയായ മഹാദേവിയുടെ മഹാഅനുഗ്രഹം കൊണ്ടുമാത്രമാണ് ഇതുപോലെയൊരു ഇ-ഗ്രന്ഥം, യാതൊരു മായാശക്തികളും ഇല്ലാത്ത ഒരു മനുഷ്യന് തയ്യാറാക്കാൻ കഴിയുന്നത് എന്നു ചിന്തിക്കുമ്പോഴും, അത്തരമൊരു മനുഷ്യൻ മതങ്ങളെയും രാഷ്ട്രീയങ്ങളെയും മറ്റ് അധമത്തങ്ങളെയും പിച്ചിച്ചീന്തുവാൻ തയ്യാറാകുന്നത് മഹാ-ഊറ്റമാണ്. തനിക്കോ കുടുംബാംഗങ്ങള്ക്കോ ഏറ്റവും ക്രൂരമായ വധം ഉള്പ്പെടെ എന്തുതന്നെ സംഭവിച്ചാലും മഹാശക്തിയായ മഹാദേവിയുടെ കാര്യങ്ങള്ക്കായി പ്രവര്ത്തിക്കുമെന്നത് മഹാ-ഊറ്റമാണ്. വട്ടാണെന്നു വിശേഷിപ്പിക്കാൻ എളുപ്പമുണ്ട്, എന്നാല് മായ പ്രത്യക്ഷമാകുന്നതോടെ, ആക്ഷേപിക്കുന്നവർ വല്ലാതെ തല താഴ്ത്തേണ്ടതായിവരും.

കുട്ടികളേ, ഗാന്ധിയ്ക്കുള്ള നിയോഗം മറ്റൊന്നായിരുന്നു, പ്രസ്തുത നിയോഗത്തിനു ചേര്ന്നതായ മാനസിക ഊറ്റം ഗാന്ധിയും പ്രകടിപ്പിച്ചിരുന്നു. നിങ്ങളും ഏവരും അങ്ങനെയാവണം. ദൈവത്തിന്റെ കുഞ്ഞുങ്ങൾ സത്യസന്ധര് മാത്രമാവണം. താല്ക്കാലിക നേട്ടങ്ങള്ക്കായി കള്ളവും കപടവും കാട്ടുന്നവരാവരുത്.

ഭൂമിയിലെങ്ങും അക്രമവും അനീതിയും കൊടികുത്തി വാഴുന്നു. മതഭ്രാന്ത്, രാഷ്ട്രീയ ഭ്രാന്ത്, ദേശ ഭ്രാന്ത്, മറ്റ് അധമത്തങ്ങള് എന്നിവ നിമിത്തം ദിവസവും ആയിരത്തിലേറെ ജനങ്ങള് ഈ ഭൂമിയില് കൊലചെയ്യപ്പെടുന്നു. കൊല്ലപ്പെടുന്നതായ അവര്ക്കു വേദനയില്ലേ ? നാളെ, നിങ്ങളും ഏതൊരാളും വധിക്കപ്പെട്ടേക്കാം. വധിക്കപ്പെട്ടില്ലെങ്കിലും, അപകട മരണം സംഭവിക്കുന്നില്ലെങ്കിലും, സ്വാഭാവികമായ മരണത്തിന് കീഴ്പ്പെടേണ്ടവരാണ്. മരണം മനുഷ്യന്റെ ശക്തികൂടിയാണ്. ഈയുള്ളവനെ ഏതൊരാള്ക്കും വേദനിപ്പിക്കാന് കഴിയുന്നത്, ദൈവം അനുവദിച്ചാല് മാത്രവും, ഈയുള്ളവന്റെ മരണം വരെ മാത്രവുമാണ്. അങ്ങനെയിരിക്കെ ദൈവം തരുന്ന ശക്തിക്കൊത്ത് അധമത്തങ്ങള്ക്കെതിരെ പോരാടേണ്ടത് ഏതൊരു മനുഷ്യന്റെയും സ്വയം ബാദ്ധ്യതയാണ്, ദൈവത്തോടുള്ള ബാദ്ധ്യതയാണ്. പടുവൃദ്ധനായിട്ടും ഗാന്ധി അതു ചെയ്തു. ഈയുള്ളവനും മഹാഅനുഗ്രഹം തേടിക്കൊണ്ടും, ഏറ്റവും ക്രൂരമായിത്തന്നെ വധിക്കപ്പെടാന് തയ്യാറായിക്കൊണ്ടും പ്രവര്ത്തിക്കുന്നു.

ഈയുള്ളവന് ആഗ്രഹങ്ങളില്ലേ എന്നു ചോദിക്കുന്നവരുണ്ടാകാം. ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുടെ മഹാ-ഇഷ്ടങ്ങളനുസരിച്ചു മാത്രം ജീവിക്കുന്നവനാക്കി എല്ലായ്പ്പോഴും ഈയുള്ളവനെ മഹാഅനുഗ്രഹിക്കണമേ എന്നു പ്രാര്ത്ഥിക്കുന്നുണ്ട്. അടുത്ത കാലത്തായി ഒരാഗ്രഹം കൂടിക്കൂടി വരുന്നുണ്ട് : മഹാശക്തിയായ മഹാദേവിയുടെ മഹാവാഹനമായിക്കൊണ്ട്, മഹാദേവി അറിയിച്ചതായ മഹാ-നരസിംഹമായിക്കൊണ്ട്, മഹാദേവിയെ ചുമന്നുകൊണ്ട് നടക്കാനുള്ള മഹാഭാഗ്യം എല്ലായ്പ്പോഴും ഈയുള്ളവനു (മാത്രം) നല്കണമേ എന്നാണത്. മാത്രം എന്നു ചേര്ത്തതില് യാതൊരാള്ക്കും പരിഭവം വേണ്ടാ. (മഹാ) ശക്തി, ശിവന് എന്ന അദ്ധ്യായം പഠിക്കുമ്പോള്, ശിവനെ സൃഷ്ടിച്ചിട്ടുള്ളത് മഹാദേവിയുടെ മഹാശാസ്ത്രപരമായ ആവശ്യങ്ങള്ക്കാണെന്നും. മഹാദേവിയുടെ ഭാഗം മാത്രമാണ് പരമശിവന് എന്നും കാണാം. ഈയുള്ളവന്റെ ചില കഥകള് വിസ്തരിച്ചത് കുഞ്ഞുങ്ങളെ മിടുക്കരും യോഗ്യരുമാക്കാനാണ്. ഗാന്ധിയുടെയോ ക്രൈസ്റ്റിന്റെയോ ചരിത്രം വായിച്ച് രസിക്കുകയോ, പാതിരിമാര് ചെയ്യുന്നപോലെ ദൈവശാസ്ത്രമെന്ന കള്ളപ്പേരോടെ മതകാര്യങ്ങളെ വിറ്റ് പണവും പദവിയും മറ്റ് ദുസ്വാര്ത്ഥ സുഖങ്ങളും നേടുന്ന രീതികളോ അല്ലാ വേണ്ടത്. ഗാന്ധിയെയും ക്രൈസ്റ്റിനെയും പോലെ സത്യസന്ധരായിരുന്നു കൊണ്ട്, സമൂഹത്തിലെ അധര്മ്മങ്ങളെ ശക്തിക്കൊത്ത് എതിര്ക്കുകയാണു വേണ്ടത്.

കുട്ടികളേ, നിങ്ങൾ മത്സരിക്കരുത്. മത്സരങ്ങൾ ദൈവീകമല്ല. അങ്ങനെയിരിക്കെ ദൈവീകമല്ലാത്ത മത്സരങ്ങളില് പങ്കെടുത്തുകൊണ്ട് നിങ്ങള് നേടുന്ന സമ്മാനങ്ങളില് സന്തോഷിക്കുമ്പോള്, നിങ്ങള് അധമരാവുകയാണ്. എല്ലാ മത്സരങ്ങളും മത്സരസമ്മാനങ്ങളും അധമങ്ങളാണെന്നിരിക്കെ അവയെ കുടുംബാംഗങ്ങള്ക്കും, അന്യവ്യക്തികള്ക്കും, താന് താമസിക്കുന്ന സംസ്ഥാനത്തിനും, ദേശത്തിനും ഒക്കെ സമര്പ്പിക്കുന്നതായി നിങ്ങള് പ്രഖ്യാപിക്കുകയോ കരുതുകയോ ചെയ്യുമ്പോള് നിങ്ങള് പാപമാണു ചെയ്യുന്നത്. എന്തെന്നാല്, കുടുംബാംഗങ്ങള് ഉള്പ്പെടെയുള്ളവര്ക്ക് നിങ്ങളുടെ അധമ-സമ്മാനം നല്കാന് നിങ്ങള്ക്കു കഴിഞ്ഞെന്നു വരും, അവര് സ്വീകരിച്ചെന്നു വരും. സംസ്ഥാനത്തിനും ദേശത്തിനും നിങ്ങള് എങ്ങനെയാണ് നല്കുന്നത് ? വേഷംകെട്ടലുകള് ദൈവത്തോടു വേണ്ടാ. ഭൂമി അഥവാ മണ്ണ് മുഴുവന് ദൈവത്തിന്റെ ഖര-രൂപമാണ്, ജലം ദ്രാവക-രൂപമാണ്, വായു-വാതക രൂപമാണ്. ഭൂമിയ്ക്ക് / ദൈവത്തിന് യാതൊരാളുടെയും യാതൊന്നും വേണ്ടാ. **ഭൂമി, അഥവാ ദൈവം കുഞ്ഞുങ്ങള്ക്ക് കൊടുക്കുക മാത്രമാണു ചെയ്യുന്നത്, വാങ്ങില്ല. മഹാശക്തിയായ ദൈവം നല്കിയാൽ മാത്രം എന്തിനും ഏതിനും ശക്തിയുള്ള മനുഷ്യർ ദൈവത്തിന് എന്തു കൊടുക്കാനാണ് ? ദേശത്തിന് കൊടുക്കുന്നു, സമർപ്പിക്കുന്നു തുടങ്ങിയ വചനങ്ങളിലൂടെ ദൈവത്തെ നിന്ദിക്കുന്നവർക്ക് ദൈവം കൊടുക്കുന്നത് ശിക്ഷയാണ്. ശ്രദ്ധിക്കണം.**

ദേശത്തിന്റെ പേരു പറഞ്ഞ് ദൈവത്തിന്റെ അന്യനാട്ടിലുള്ള കുഞ്ഞുങ്ങളെ കൊല്ലാന് നടക്കുന്ന പട്ടാളക്കാര് പ്രത്യേകം ശ്രദ്ധിക്കണം. ഭൂമിയിലൊക്കെയുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. അതു മനസ്സിലാക്കാന് പോലും കഴിവില്ലാത്തവരായ രാഷ്ട്ര ഭരണാധികാരികളും മത-നേതൃത്വങ്ങളും, സ്വയം പോയി യുദ്ധം ചെയ്യട്ടെ, എന്നല്ലാതെ കൊടും ഭീകരരായ അവര്ക്കുവേണ്ടി യുദ്ധംചെയ്ത് നിങ്ങളുടെ ജീവിതത്തല് പാപം സമ്പാദിക്കരുത്. നിങ്ങളെ ഭൂമിയിലേക്കയച്ചത് മേല്പടി ഭരണാധികാരികളല്ല. മടങ്ങുന്നതും മേല്പടി ഭരണാധികാരികളുടെ അടുത്തേയ്ക്കല്ല. യാതൊരു ഭരണാധികാരിക്കും യാതൊരു വ്യക്തിയെയും രക്ഷിക്കാനാവില്ല. രക്ഷയും ശിക്ഷയും പിന്നീടുള്ള രക്ഷയും മഹാനീതിപതിയായ മഹാദേവി മഹാനീതിശാസ്ത്രപ്രകാരം മഹാനിര്വ്വഹിക്കുന്നതാണ്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. മഹാശാസ്ത്രത്തെ അനുസരിക്കുവാനും മഹാശാസ്ത്രത്തെ മാത്രം സല്യൂട്ടു ചെയ്യുവാനും പോലീസും പട്ടാളക്കാരും പഠിക്കേണ്ടിയിരിക്കുന്നു, പോരാ എല്ലാ ഭരണാധികാരികളും പഠിക്കേണ്ടിയിരിക്കുന്നു, പോരാ പോലീസും പട്ടാളവും ഭരണാധികാരികളും ഉള്പ്പെടെയുള്ള ഭൂമിയിലെ സമസ്ത ജനങ്ങളും പഠിക്കേണ്ടിയിരിക്കുന്നു, ചെയ്യേണ്ടിയുമിരിക്കുന്നു.

കുട്ടികളേ, ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ, നിങ്ങളെയെന്നല്ല, എല്ലാവരെയു അലട്ടുന്നതായ പ്രശ്നങ്ങള്ക്ക് പരിഹാരം ഉണ്ടാകുന്നതാണ്. സിനിമ, സ്പോര്ട്സ്, തുടങ്ങിയ വിനോദ മേഖലകളിലും, ഭരണകാര്യാലയങ്ങള്, കോടതി, ബാങ്കിംഗ്, ഇന്ഷ്വറന്സ്, മതകാര്യാലയങ്ങള് തുടങ്ങിയ ആവശ്യ-മേഖലകളിലും, പ്രവര്ത്തിക്കുന്നവര് നെട്ടോട്ടമോടുന്നത് കാണാനാവും. മഹാനീതിപതിയായ മഹാദേവി, പരമശിവനിലൂടെ ശിക്ഷകള് നല്കി പാപികളെ തിരുത്തുന്നതാണ്. മഹാവാത്സല്യവും മഹാമാതാവുമായ മഹാദേവി കുഞ്ഞുങ്ങളെ വാരിപ്പുണരുന്നതുമാണ്. മഹാനീതിപതിയായ മഹാദേവി, ശിക്ഷിച്ചതിനു ശേഷവും, പാപം ചെയ്ത വ്യക്തികള് ശിക്ഷ അനുഭവിച്ച് യോഗ്യരായ ശേഷവും മാത്രമാണ് മഹാമാതാവായ മഹാദേവി മഹാവാത്സല്യം നല്കുന്നത് എന്നതറിയണം. കുട്ടികള്ക്ക് മഹാനീതിശാസ്ത്രം പഠിക്കുവാന് കഴിയുമാറാകട്ടെ എന്ന് ഈയുള്ളവന് ആഗ്രഹിക്കുമ്പോള്, മഹാനീതിശാസ്ത്ര പ്രകാരം മാത്രം മഹാനീതിപതിയായ മഹാദേവിയാണ്, സഫലമാക്കി തരേണ്ടത്. സാമ്പത്തിക സമത്വം ജീവിതകാര്യങ്ങളില് പുലര്ത്തേണ്ടുന്നതിന്റെയും, സമൂഹത്തില് സ്ഥാപിക്കപ്പെടേണ്ടതിന്റെയും ആവശ്യകത അപ്പോള് സ്വയം ബോദ്ധ്യമാകുന്നതാണ്.

(11) മറ്റുള്ള ജീവികൾ സമ്പത്തിൽ ശ്രദ്ധിക്കുന്നില്ല,

(12) മറ്റുള്ള ജീവികൾ അവയുടെ കുട്ടികൾ മുതരുമ്പോള് അവയ്ക്ക് ഉപയോഗിക്കാനായി സമ്പത്ത് ചേര്ക്കുന്നില്ല,

ഭൂമിയില് മനുഷ്യര് കൂടാതെ വേറെയും ജീവികളുണ്ട്. മനുഷ്യര് വളര്ത്തുന്ന ജീവികള്ക്ക് ശാസ്ത്രവികസനത്തിലൂടെ മനുഷ്യന് ലഭ്യമാവുന്ന സുഖങ്ങളുടെയും ദുഃഖങ്ങളുടെയും ഒരു പങ്ക് ലഭിക്കുന്നുണ്ടെങ്കിലും മറ്റ് ഭൂരിപക്ഷം ജീവികള്ക്കും അത് ലഭിക്കുന്നില്ല. മനുഷ്യര് വളര്ത്തുന്നവയ്ക്ക് മനുഷ്യരില് നിന്നും കിട്ടുന്ന പീഢനങ്ങളെപ്പറ്റി ചിന്തിക്കുമ്പോള്, മറ്റുള്ള ജീവികൾ ഭാഗ്യവാന്മാർ എന്ന് സുവ്യക്തമാണ്. അപൂര്വ്വം ചിലവ ഭാഗ്യപ്പട്ടികയിലുണ്ട് എന്നതു വിസ്മരിക്കുന്നില്ല.

ദൈവം, മഹാനീതിശാസ്ത്രം പ്രകാരം എല്ലാ ജീവികള്ക്കും സമനീതി നല്കുന്നുണ്ട്. ദൈവനിന്ദയെപ്പറ്റിയും തൊഴിലുകളെപ്പറ്റിയും, ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും വിവരിക്കുന്ന അദ്ധ്യായങ്ങളില് മറ്റുള്ള ജീവികളെപ്പറ്റിയും, അവയ്ക്ക് ദൈവം, മഹാ-സമനീതി നല്കുന്നത് എങ്ങനെയാണെന്നും വിശദീകരിച്ചിരുന്നു.

ഇനി വിഷയത്തിലേക്കു കടക്കാം.

മനുഷ്യർ ഒഴികെയുള്ള യാതൊരു ജീവിയും ഭൂമി, കെട്ടിടം, സ്വർണ്ണം, ഫർണിച്ചർ, വാഹനങ്ങള്, തുടങ്ങിയ മാനുഷിക സമ്പത്തുകളെ ശേഖരിക്കുന്നില്ല. ജനിക്കുന്നു, ജീവിക്കുന്നു എന്നല്ലാതെ സമ്പത്ത് അവയുടെ വിഷയമല്ല. അവയിലെ മാതാപിതാക്കള്ക്കും വിഷയമല്ല, അവയുടെ കുട്ടികള്ക്ക് വിഷയമല്ല, മാതാപിതാക്കള് കുട്ടികള്ക്കുവേണ്ടി സമ്പത്തുകളെ ശേഖരിക്കുന്നുമില്ല, കൊടുക്കുന്നുമില്ല.

തീർച്ചയായും മറ്റുള്ള ജീവികളും ഭക്ഷണം, പാർപ്പിടം, ഇണ, കാമാനന്ദം, കുട്ടികൾ, വാത്സല്യം, പരിമിത-മറ്റ് ആനന്ദങ്ങൾ തുടങ്ങിയ സമ്പത്തുകളിൽ ശ്രദ്ധിക്കുന്നുണ്ട്. ശാസ്ത്ര കാര്യങ്ങളുമായി ബന്ധപ്പെട്ട സമ്പത്തുകളല്ല അവ. മനുഷ്യർ ഏർപ്പെടുത്തുന്ന കൊള്ളകളും ഇല്ല. കൂടുതൽ വിസ്തരിക്കുന്നില്ല.

(13) ഭൂമിയും മഹാപ്രപഞ്ചവും മനുഷ്യരും മറ്റുള്ള ജീവികളും ദൈവത്തിന്റെ സമ്പത്താണ്.

ദൈവം സൃഷ്ടിച്ചിട്ടുള്ളവയാണ് മനുഷ്യരും മറ്റുള്ള ജീവികളും ഭൂമിയും ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം എന്നതുകൊണ്ട്, സര്വ്വവും ദൈവത്തിന്റെ സമ്പത്താകുന്നു.

ദൈവത്തിന്റെ ഇഷ്ടമനുസരിച്ചു മാത്രമേ ഏതൊരാള്ക്കും ദൈവത്തിന്റെ സമ്പത്ത് ഉപയോഗിക്കുവാന് അവകാശമുള്ളൂ. ദൈവം പ്രത്യക്ഷമല്ലെന്ന പേരില് ദൈവത്തിന്റെ സമ്പത്തിനെ ദുരുപയോഗം ചെയ്യാന് യാതൊരാള്ക്കും അവകാശമോ അധികാരമോ ഇല്ല. ദൈവത്തിന്റെ ഇഷ്ടത്തെ ധര്മ്മശാസ്ത്രം എന്ന പേരില് മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളിലും വസ്തുക്കളിലും പ്രത്യക്ഷമായും പ്രകടമായും മഹാലളിതമായും മഹാശക്തിയായ ദൈവം മഹാസ്ഥാപിച്ചിട്ടുണ്ട്. അതായത് ധര്മ്മശാസ്ത്രപ്രകാരം ദൈവത്തിന്റെ സമ്പത്തിനെ ഉപയോഗിക്കുവാന് എല്ലാ കുഞ്ഞുങ്ങളെയും മഹാമാതാവായ ദൈവം മഹാഅനുവദിച്ചിട്ടുണ്ട്, ഏതൊരാള്ക്കും ധര്മ്മശാസ്ത്രപ്രകാരം ദൈവത്തിന്റെ സമ്പത്തിനെ ഉപയോഗിക്കാനുള്ള അവകാശവും അധികാരവും മഹാവാത്സല്യമായ മഹാദേവി മഹാഅനുഗ്രഹിച്ചു നല്കിയിരിക്കുകയാണ്.

(14) സാമ്പത്തിക ശാസ്ത്രം :

ഈ അദ്ധ്യായത്തിലെ മഹാഗൗരവമായ ഭാഗത്തിലേക്ക് കടക്കുകയാണ്.

(14) സാമ്പത്തിക ശാസ്ത്രം : ദൈവം തന്റെ സമ്പത്തിലെ പകുതിയുടെ മേല് അവകാശം ഉന്നയിക്കാന് മനുഷ്യനെ അനുവദിക്കുന്നു. (14.1) ദൈവം തന്റെ സമ്പത്തിലെ ഒരോഹരി കുട്ടികള്ക്കുവേണ്ടി നിക്ഷേപിക്കുന്നു, (14.2) ദമ്പതികളും സമ്പത്തും, (14.3) മഹാ-പുനര്ജ്ജന്മ സിദ്ധാന്തവും സമ്പത്തും, (14.4) മാതാപിതാക്കളുടെ സമ്പത്തില് കുട്ടികള്ക്ക് കുട്ടി-ഓഹരി മാത്രം, (14.5) വില്പ്പത്രങ്ങള് അസാധുവാക്കപ്പെടുന്നു, (14.6) വ്യക്തികളുടെ സമ്പത്തും ഭരണകൂടവും, (14.7) ഭരണകൂടവും പൊതുഖജനാവും, (14.8) സക്കാത്ത്, (14.9) രാഷ്ട്രങ്ങള് തമ്മിലുള്ള കരാര്, എന്നിങ്ങനെ (14) മുതല് (14.9) വരെയുള്ള ഭാഗങ്ങളെ ഒന്നിച്ചാണ് വിശദീകരിക്കുന്നത്.

മഹാശക്തിയായ ദൈവത്തിന്റെ മഹാകരുണ, ദൈവത്തിന്റെ സമ്പത്തില് മനുഷ്യന് അവകാശം നല്കി മഹാഅനുഗ്രഹിക്കുന്നുണ്ട്. അതെങ്ങനെയെന്നു വിശദീകരിക്കാം.

മറ്റുള്ള ജീവികളും ജീവിക്കുന്നു, എന്നാൽ
മഹാശക്തിയായ ദൈവം, മനുഷ്യനുമാത്രം
മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം നല്കി
മഹാഅനുഗ്രഹിക്കുന്നു. മഹാശാസ്ത്രത്തിന്റെ
ഭൗതികരൂപമായാണ് മഹാപ്രപഞ്ചത്തെ
സൃഷ്ടിച്ചിട്ടുള്ളതെന്ന് മഹാശാസ്ത്രത്തിന്റെ
ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ്
മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്,
വസ്തുക്കളില് ദൈവം ഉള്ളടക്കംചെയ്തിരിക്കുന്ന
ശക്തികളെ പ്രവര്ത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന്
ദൈവം ശാസ്ത്രപാഠങ്ങള് ക്രമാനുഗതം
വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ
ശക്തികളെ പ്രവര്ത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന
സുഖ സൗകര്യങ്ങള് ആസ്വദിക്കുവാനും
അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങള് വെളിപ്പെട്ടു
കിട്ടാന് ഒരുകൂട്ടം മനുഷ്യര് ശാസ്ത്രജ്ഞന്മാരെന്ന
പേരിലും ഗവേഷകര് എന്ന പേരിലും കര്മ്മം അഥവാ
തൊഴില് ചെയ്യേണ്ടതുണ്ട്. ശാസ്ത്രപാഠങ്ങള് പ്രകാരം
ശാസ്ത്രസൗകര്യങ്ങള് കണ്ടെത്താനും അവയെ
ഏതൊരാള്ക്കും പൊതുജനങ്ങള്ക്കും
ലഭ്യമാക്കുന്നതിനും വീണ്ടും കര്മ്മം ചെയ്യേണ്ടതുണ്ട്.
മനുഷ്യന്റെ എല്ലാ ജീവിതമേഖലകളെയും എല്ലാ ശാസ്ത്ര
ശാഖകളുമായി ബന്ധിപ്പിച്ചിരിക്കുകയാല്, എല്ലാ
മേഖലകളിലും ശാസ്ത്രസാങ്കേതിക വികസനങ്ങളും
അവ പ്രകാരമുള്ള അനന്തങ്ങളോളമുള്ള

വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖസൗകര്യങ്ങള് ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കര്മ്മം ചെയ്യിച്ചുകൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. ഒന്നുകൂടി വിശദമാക്കിയാല്, ശാസ്ത്രപാഠങ്ങളും ശാസ്ത്രസൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യര്ക്കു നല്കുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവര് അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവര് അറിയാതെ പോകുന്നു. ദൈവം അദ്ധ്വാനിപ്പിച്ചു എന്നത് സത്യമാണെന്നതുപോലെ, മനുഷ്യര് അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്. മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരമാണത്. മനുഷ്യര്ക്ക് ഭൂമിയിലെ വസ്തുക്കളില് അവകാശം ഉന്നയിക്കാനുള്ള അധികാരം ദൈവം തന്നെ മനുഷ്യര്ക്ക് നല്കുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാല്, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ച് ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാ-ആവിഷ്ക്കാരമാണത്.

ഇനിയുള്ളത്, ദൈവം തന്റെ സമ്പത്തില് എത്രമാത്രം അവകാശമാണ് മനുഷ്യര്ക്കു നല്കുന്നത് എന്നതാണ്. മഹാശക്തിയായ, മഹാമാതാവായ, മഹാനീതിപതിയായ മഹാദേവി ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങള്ക്കുമായി നല്കിയ സമ്പത്ത് സമമായി വീതിച്ച് ആനന്ദിക്കുവാന് കുഞ്ഞുങ്ങള് ശ്രദ്ധിക്കാത്തതിന്റെ പേരിലാണ്, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യം കാരണവും, മഹാനീതി കാരണവും മഹാദേവി കണക്കുകള് നല്കുന്നത്. കുഞ്ഞുങ്ങള് യോഗ്യരാണെങ്കില് ചുവടെയുള്ള കണക്കുകള് ആവശ്യമാകുമായിരുന്നില്ല എന്ന മുഖവുരയോടെ കണക്കുകള് ആരംഭിക്കുന്നു :-

മഹാശാസ്ത്രത്തെ സൃഷ്ടിച്ചിട്ടുള്ളത് ദൈവം. മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് ദൈവം. അതായത് മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് ദൈവം. മഹാശാസ്ത്ര പ്രകാരം, മഹാപ്രപഞ്ചവസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശക്തികളെ പ്രവര്ത്തിപ്പിക്കാനുള്ള മഹാപദ്ധതി തയ്യാറാക്കിയിട്ടുള്ളത് ദൈവം. മനുഷ്യര്ക്ക് എന്തും ഏതും ചെയ്യാനുള്ള ശക്തി നല്കുന്നത് ദൈവം. മഹാശാസ്ത്ര നിയമങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം കാലാകാലങ്ങളില് മനുഷ്യര്ക്കു തുറന്നു കൊടുക്കുവാന് മഹാപദ്ധതി മഹാ-രചിച്ചിട്ടുള്ളത് ദൈവം, മഹാശാസ്ത്ര നിയമങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം കാലാകാലങ്ങളില് മനുഷ്യര്ക്കു തുറന്നു കൊടുക്കുന്നത്

അഥവാ വെളിപ്പെടുത്തുന്നത് ദൈവം,
മഹാശാസ്ത്രപാഠങ്ങളെയും വസ്തുക്കളിലെ
ശക്തികളെയും ദൈവത്തിന്റെ വാതകരൂപമായ
ഓക്സിജനെ കൊണ്ട് മഹാനിയന്ത്രിക്കുന്നത് ദൈവം,
മനുഷ്യരുടെ പ്രവര്ത്തനങ്ങളില് വലിയ
അപകടങ്ങളുണ്ടാകാതെ പരിരക്ഷിക്കുന്നത് ദൈവം,
മഹാശാസ്ത്രം പ്രകാരം എന്തെല്ലാം സുഖസൗകര്യങ്ങള്
സാദ്ധ്യമാകുമെന്ന് യുക്തിശാസ്ത്രത്തിലൂടെ മനുഷ്യരെ
ചിന്തിപ്പിക്കുന്നത് ദൈവം, മഹാശാസ്ത്രം പ്രകാരം
സുഖസൗകര്യങ്ങള് സൃഷ്ടിക്കുവാന് മനുഷ്യരെ
സഹായിക്കുന്നത് ദൈവം, മനുഷ്യന്റെ എല്ലാ
അദ്ധ്വാനങ്ങളുടെയും മേല്നോട്ടം അഥവാ മഹാഭരണം
നടത്തുന്നത് ദൈവം, വെളിവായിക്കിട്ടുന്ന
സുഖസൗകര്യങ്ങളെ ഭൂമിയിലുള്ള ദൈവത്തിന്റെ എല്ലാ
മക്കള്ക്കും സമമായി വീതിക്കുന്നതില്
മനുഷ്യഭരണകൂടങ്ങള്ക്കു കഴിവില്ലാത്തതുകൊണ്ട്
ഓംകാരനീതിശാസ്ത്രത്തിന്റെ മുഖ്യഘടകമായ മഹാ
പുനര്ജ്ജന്മസിദ്ധാന്തത്തിലൂടെ മഹാനീതി
നിര്വ്വഹിക്കുന്നത് ദൈവം.

..... മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം അഥവാ മഹാദേവി മഹാ-നിര്വ്വഹിക്കുന്ന മേല്പടി മഹാകാര്യങ്ങളെപ്പറ്റി എത്ര മനുഷ്യര്ക്ക് ചിന്തിക്കാന് കഴിഞ്ഞിട്ടുണ്ട് എന്നും എത്രത്തോളം ചിന്തിച്ചിട്ടുണ്ടെന്നും സത്യസന്ധമായി അല്പനേരം വിലയിരുത്തുക. മഹാമാതാവായ മഹാദേവി മേല് കൊടുത്ത മഹാകാര്യങ്ങളെല്ലാം ചെയ്തിട്ട് അതിന്റെ ഉല്പന്നങ്ങളായ സുഖസൗകര്യങ്ങളെ മുഴുവന് മനുഷ്യര്ക്കു കൊടുക്കുന്നു. മഹാദേവിക്ക് യാതൊന്നും വേണ്ട.

മേല്പടി ഉല്പന്നങ്ങളുടെ സൃഷ്ടിയില് മനുഷ്യരുടെ പങ്കെന്താണ്. ദൈവം മനുഷ്യര്ക്കു നല്കിയ ശക്തികളും ബുദ്ധിയും ഉപയോഗിച്ചു. അഥവാ അദ്ധ്വാനിച്ചു. അത്രമാത്രം.

എല്ലാ ഫലങ്ങളും മനുഷ്യനു മാത്രം. ഇതു നീതിയാണോ ? മാനുഷിക കാഴ്ചപ്പാടില് അല്ലേയല്ല. എന്നാല് ദൈവം സര്വ്വവും സൃഷ്ടിച്ചിട്ടുള്ളത് കുഞ്ഞുങ്ങള്ക്കുവേണ്ടിയാണ് എന്നിരിക്കെ പിന്നെന്തു പറയാൻ ? അല്ലാ, പറയാനുണ്ട്. എല്ലാ കുഞ്ഞുങ്ങള്ക്കുമായി സൃഷ്ടിച്ചത് എല്ലാ കുഞ്ഞുങ്ങള്ക്കും കിട്ടണ്ടേ ?

അതായത് മഹാനീതി വിഷയമാകുന്നു. ഭൂമിയിലുള്ള എല്ലാ മനുഷ്യരും മഹാമാതാവായ മഹാദേവിയുടെ കുഞ്ഞുങ്ങളാണ്. ഒരു മനുഷ്യമാതാവിന് തന്റെ എല്ലാ കുഞ്ഞുങ്ങളും സുഖമായിരിക്കുന്നതാണ് സന്തോഷം, 10 കുട്ടികളുള്ള മാതാവിന്റെ 2-3 കുട്ടികള് സുഖസമൃദ്ധിയില് കഴിയുകയും, ബാക്കിയുള്ള കുട്ടികള് കൊടുംദാരിദ്ര്യത്തിലോ ദാരിദ്ര്യത്തിലോ കഴിയുകയും വിഷമങ്ങള് അനുഭവിക്കുകയും, സുഖസമൃദ്ധിയിൽ കഴിയുന്നവര് ദാരിദ്ര്യത്തിലും വിഷമങ്ങളിലും കഴിയുന്ന സഹോദരങ്ങളെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്താല് മനുഷ്യമാതാവിന് ഒട്ടും സന്തോഷിക്കാനാവില്ല. വളരെയധികം ദുഃഖിക്കുകയും ചെയ്യുന്നതാണ്.

മനുഷ്യമാതാവ് നിസ്സഹായ ആയിരിക്കാം, മഹാശക്തിയായ മഹാമാതാവ് അങ്ങനെയല്ല. എല്ലാ കുഞ്ഞുങ്ങള്ക്കും സമമായി സുഖസൗകര്യങ്ങള് ലഭ്യമാക്കാന് മാനുഷിക ഭരണകൂടങ്ങള്ക്കു കഴിഞ്ഞില്ലെങ്കില്, മഹാനീതിശാസ്ത്രത്തിലൂടെ മഹാനീതിപതികൂടിയായ മഹാമാതാവിനു കഴിയുന്നതാണ്. മഹാനീതിശാസ്ത്രം മായ-യുമായി ബന്ധപ്പെട്ടതാണ്, ഗൂഢമാവേണ്ടതുണ്ട്. മാനുഷിക ഭരണകൂടങ്ങള്ക്കു കഴിഞ്ഞില്ലെങ്കില്, എന്നു പറയുമ്പോള്, എങ്ങനെയാണ് ചെയ്യേണ്ടതെന്ന് അഥവാ എങ്ങനെ ചെയ്താലാണ് എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി ലഭ്യമാക്കാന് കഴിയുകയെന്ന് മഹാമാതാവായ ദൈവം മനുഷ്യര്ക്കു വിശദീകരിക്കേണ്ടതുണ്ട്. ദൈവീകമായ അഥവാ കുറ്റങ്ങളും കുറവുകളുമില്ലാത്തതായ

സാമ്പത്തികശാസ്ത്രം മഹാദേവി അവതരിപ്പിക്കേണ്ടതുണ്ട് എന്നാണതിന്നര്ത്ഥം. ദൈവം ക്രൈസ്റ്റിലൂടെ മൂലതത്വം നല്കിയത് ധര്മ്മശാസ്ത്രപരമായി വികസിപ്പിക്കുവാന് ശ്രദ്ധിക്കാഞ്ഞത് മനുഷ്യരാവുമ്പോള്, അപരാധം ചെയ്തത് ദൈവമല്ല, മനുഷ്യര് തന്നെയാണ്.

ദൈവം സ്വന്തം സമ്പത്തിന്റെ പകുതിയിൽ അവകാശം ഉന്നയിക്കാൻ മനുഷ്യനെ മഹാഅനുഗ്രഹിക്കുന്നു.

മഹാനീതിപതിയായ മഹാദേവി, തന്റെ അദ്ധ്വാനത്തിന് പ്രതിഫലം നിശ്ചയിക്കുന്നു. ഏതൊരു ഉല്പന്നത്തിന്റെയും സൃഷ്ടിയില് ദൈവത്തിന്റെ അദ്ധ്വാനം എന്താണെന്നും, മനുഷ്യരുടെ അദ്ധ്വാനം എത്രമാത്രമാണെന്നും മുകളില് വിശദീകരിച്ചുവല്ലോ. ഉല്പന്നങ്ങളുടെ അളവിനെ 100 എന്നു നിശ്ചയിക്കുമ്പോള്, മഹാ-അദ്ധ്വാനം ചെയ്ത ദൈവത്തിന് 99-ഉം അവകാശപ്പെടാമെങ്കിലും അതു ചെയ്യാതെ, ദൈവത്തിന് 50 ഭാഗമെന്നും, മനുഷ്യന് 50 ഭാഗമെന്നും മഹാ-നിശ്ചയിക്കുന്നു. അതായത് 100 രൂപയുടെ വരുമാനം മനുഷ്യന് ഉണ്ടെങ്കില് 50 രൂപ ദൈവത്തിനുള്ളതാണെന്നു കൂടിയാണ് അര്ത്ഥം. പതിനായിരം കോടി രൂപയുടെ സമ്പത്ത് നേടുന്നയാള്, അയ്യായിരം കോടി രൂപ ദൈവത്തിന് നല്കണമെന്നും ! പുരുഷൻ മാത്രമാണ് അദ്ധ്വാനിച്ച് സമ്പാദിക്കുക. സ്ത്രീ മുഖ്യമായും കുടുംബകാര്യങ്ങളാവും ചെയ്യുക. ദൈവ

നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പുരുഷന് ലഭ്യമാവുന്ന വരുമാനത്തിന്റെ അഥവാ ഉല്പന്നത്തിന്റെ നേര്-പകുതി അവകാശി സ്ത്രീയ്ക്കായി നിശ്ചയിച്ചിരിക്കുന്നു. സ്ത്രീയുടെ ഓഹരി ഉടൻ കൊടുക്കണമെന്ന് അര്ത്ഥമില്ല. സ്ത്രീയെ മൊത്തമുള്ള 50-ഉം ഏല്പിക്കാം എന്ന അര്ത്ഥവുമുണ്ട്.

ഇനി ദൈവത്തിന്റെ 50-നെപ്പറ്റി പറയാം. ദൈവം തന്റെ ഓഹരിയായ 50-ല് 10, കുടുംബത്തിലെ 10 വയസ്സിനു താഴെയുള്ള കുട്ടികളുടെ ചിലവുകള്ക്കായി നിക്ഷേപിക്കുന്നു. അതായത് കുടുംബത്തിലെ 10 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ചിലവ് മഹാമാതാവായ ദൈവം ഏല്ക്കുന്നു. കുഞ്ഞുങ്ങളുടെ ലിംഗം, നിറം, സൗന്ദര്യം, ശരീര-അവയവങ്ങള്, ആരോഗ്യം, ബുദ്ധിശക്തി, തുടങ്ങിയ എല്ലാ കാര്യങ്ങളെയും മഹാനിശ്ചയിക്കുകയും മഹാസൃഷ്ടിക്കുകയും ചെയ്ത മഹാമാതാവ് കുഞ്ഞുങ്ങളുടെ ചിലവ് വഹിക്കാൻ തയ്യാറാവുമ്പോള്, മനുഷ്യ-മാതാപിതാക്കള്ക്ക് മറുത്തു പറയാൻ അവകാശമില്ല. ചുറ്റുമുള്ള മനുഷ്യരെ സഹായിക്കാനും, സമൂഹത്തിന്റെ പൊതു ആവശ്യങ്ങള് നിറവേറ്റാനും ഉപയോഗിക്കണം എന്ന വ്യവസ്ഥയോടെ, ദൈവത്തിന്റെ ബാക്കി 40-ഭാഗത്തെയും പുരുഷനെത്തന്നെ ഏല്പിക്കുന്നു.

ഇനി, പുരുഷനും സ്ത്രീയ്ക്കും കൂടി അവകാശപ്പെട്ട 50-നെപ്പറ്റി പറയാം. 10 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ചിലവുകള് ദൈവം നോക്കുന്നതായി അറിയിച്ചുവല്ലോ. 10 വയസ്സിനു മുകളിലുള്ള ആണ്കുട്ടികളെ ഗുരുകുലത്തിലയക്കണം. സ്വാശ്രയ ശീലത്തോടെ കൃഷി തുടങ്ങിയവ ചെയ്തും ശാസ്ത്ര പാഠങ്ങള് പഠിച്ചും അവര് ജീവിത കാര്യങ്ങള് നേടണം. അപ്പോള് ആണ്കുട്ടികള്ക്ക് മാതാപിതാക്കള് യാതൊരു സാമ്പത്തികച്ചിലവുകളും ചെയ്യേണ്ടതില്ല എന്നു വരുന്നു. 10 വയസ്സിനു മുകളില് പെണ്കുട്ടികളെ ഗാര്ഹിക-കാര്യങ്ങളില് പരിശീലിപ്പിക്കണം. ധര്മ്മശാസ്ത്രത്തിലെ പാഠങ്ങള് മാതാവു നല്കുന്നതുകൂടാതെ, ദേവാലയത്തില് പെണ്കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരുക്കിയിട്ടുള്ള കേന്ദ്രത്തില്, പ്രായവും പക്വതയുമുള്ള സ്ത്രീകള് പെണ്കുട്ടികളെ ശരീര ശാസ്ത്രം ഉള്പ്പെടെയുള്ള കാര്യങ്ങള് പഠിപ്പിക്കണം. പെണ്കുട്ടികള് കുടുംബത്തില് അധികമായി ചെയ്യുന്ന ജോലികള്ക്കും, അവള് മാതാവിനും പിതാവിനും നല്കുന്ന വാത്സല്യത്തിനും പകരമായി അവളുടെ വിവാഹ വേളയില് മാതാവിന്റെ ഓഹരിയില് പകുതി അവള്ക്കു നല്കണം. പെൺകുട്ടികൾ ഒന്നിലധികമുള്ളപ്പോൾ വീതിച്ചു നല്കണം. ദാരിദ്ര്യ അവസ്ഥയുണ്ടെങ്കില് ഉമ്മ/വാത്സല്യ-ചുംബനം മാത്രം നല്കണം. ഈ ഖണ്ഡികയിലെ കണക്കില് തെറ്റുണ്ടോ എന്നു പരിശോധിക്കുക.

കുടുംബച്ചിലവുകളുടെ കണക്കുകള് സൂക്ഷിക്കേണ്ടത് ഭാര്യയും ഭര്ത്താവും ചേര്ന്നാവണം. പുരുഷന് തന്റെ സ്വകാര്യ ആനന്ദങ്ങള് വേണമെന്ന് തോന്നിയാല്, ഉദാഹരണത്തിന് കാർ വാങ്ങുക, തീര്ത്ഥയാത്ര തുടങ്ങിയവയ്ക്ക് ധനം കണ്ടെത്തേണ്ടത് മുമ്പറഞ്ഞ 50-ല് വീട്ടുചിലവുകള്ക്ക് ഉപയോഗിച്ചതിന്റെ ബാക്കി കൊണ്ടാവണം.

ദൈവത്തിന്റെ ഓഹരിയായ 50-ല് കുട്ടികള്ക്കുള്ള 10 കഴിച്ചുള്ള 40 പുരുഷനും സ്ത്രീയും തങ്ങള്ക്കു തോന്നിയതുപോലെ ചിലവു ചെയ്താല് ഓംകാരനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകള് തജ്ജന്മത്തിലോ, മഹാപുനര്ജ്ജന്മസിദ്ധാന്ത പ്രകാരം വരും ജന്മങ്ങളിലോ മഹാനീതിപതിയായ മഹാദേവി നല്കുന്നതാണ്. സമൂഹത്തിലെ പൊതു ആവശ്യങ്ങള്ക്കായിട്ട് ഭരണകൂടത്തെ ദൈവത്തിന്റെ ഓഹരിയായ 40-ല് പകുതി ഏല്പ്പിക്കാവുന്നതാണ്.

ഗുരുകുലത്തില് വിദ്യാഭ്യാസത്തിനു പോയ കുട്ടി 15 വയസ്സുവരെ മാത്രമാണ് അവിടെ പഠിക്കുക. അതിന്റെ അര്ത്ഥം 10 വയസ്സിനു മുമ്പുള്ള പ്രായത്തില്, കുടുംബത്തിലുള്ള മാതാവും മുത്തച്ഛനും മുത്തശ്ശിയും മറ്റു ബന്ധുജനങ്ങളും കുട്ടികളെ കഥകളിലൂടെയും മറ്റും ധര്മ്മശാസ്ത്ര പാഠങ്ങള് പഠിപ്പിക്കണമെന്നാണ്. ഗുരുകുലത്തില്, ശരിയായ അദ്ധ്യാപകര് കുട്ടികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കിക്കൊണ്ട് കുട്ടികള്ക്ക്

തൊഴിൽ പരീശീലനം നല്കുന്നു. 15 വയസ്സിനു ശേഷം 3 മാസക്കാലം ഗുരുവിനും, 3 വര്ഷക്കാലം മാതാപിതാക്കള്ക്കും വേണ്ടി ആൺകുട്ടി സേവനം ചെയ്യണം. അതായത് തൊഴില് ചെയ്തു കിട്ടുന്ന വേതനം അവര്ക്കു നല്കണം. ഗുരു ചെയ്ത സേവനത്തിന് ഗുരുവിന് 3 മാസത്തെ വേതനം, മാതാപിതാക്കള് നല്കിയ പരിചരണത്തിന് 3 വര്ഷക്കാലത്തെ വേതനം. (ഈ ഖണ്ഡികയിലും, ചുവടെയുള്ള ഏതാനും ഖണ്ഡികകളിലുമുള്ള 3 മാസം, 3 വര്ഷം, 15 വയസ്സ്, തുടങ്ങിയ കാലഘട്ടങ്ങളെപ്പറ്റിയുള്ള വെളിപാട് പൂര്ണ്ണമായിട്ടില്ല. പ്രസ്താവിച്ചിട്ടുള്ള കണക്കുകള് ഏകദേശ ധാരണയ്ക്ക് മാത്രം പ്രയോജനപ്പെടുത്തുക.).

15 വയസ്സിനു മുകളില് പഠിക്കണ്ടേ എന്നൊരു ചോദ്യമുണ്ട്. ആവശ്യമുള്ളതെല്ലാം, ആവശ്യമുള്ളതായി തോന്നുന്നതെല്ലാം ജീവിതാവസാനം വരെ പഠിക്കാനും, താൻ ചെയ്യുന്ന ജോലിയെ പുഷ്ടിപ്പെടുത്തുവാൻ കൂടുതല് കൂടുതല് പഠിക്കുവാനുമുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ കുട്ടികള്ക്കുമുണ്ട്. തൊഴിലില് ഏര്പ്പെട്ടുകൊണ്ടു ചെയ്യാവുന്ന കാര്യമാണത്. ദൈവീകമായ വിദ്യാഭ്യാസത്തില് എന്ട്രന്സ് പരീക്ഷകളും മത്സരപരീക്ഷകളും ഇല്ലായെന്നത് കുട്ടികളുടെ ഊര്ജ്ജവും സമയവും പാഴാക്കാതെ സംരക്ഷിക്കുന്നു. കൂടാതെ കുട്ടികളെ ഊര്ജ്ജസ്വലരാക്കുന്നു. അതായത് ആവശ്യമായ പാഠങ്ങള് മാത്രം പഠിക്കുകയും, പഠിക്കുന്നവ 100 ശതമാനവും മനസ്സിലാക്കി മുന്നോട്ടു പോവുകയുമാണു ചെയ്യുക. 40 മാര്ക്കുകൊണ്ടോ 90

മാര്ക്കുകൊണ്ടോ ജയിക്കുന്നില്ല. ഒരു മാര്ക്കുമില്ലാതെ 100 ശതമാനവും ഉള്ക്കൊണ്ട് ഓരോ പാഠത്തെയും ജയിക്കുകയാണ്. ആയിരം വാക്കുകളുടെ സ്പെല്ലിംഗ് ഉച്ചരിച്ചു പഠിക്കാനായി 10 ദിവസം ചിലവിടുകയും പരീക്ഷയിട്ടപ്പോള് 1000-ല് 10 വാക്കുകള് മാത്രം ശരിയായി എന്ന രീതിയെ തീര്ത്തും മാറ്റിക്കൊണ്ട്, 10 വാക്കുകള് മാത്രം ഒരു ദിവസം പഠിക്കുകയും, പഠിക്കുന്ന 10 വാക്കുകളുടെയും അര്ത്ഥവും സ്പെല്ലിംഗും ഉള്ക്കൊണ്ടു മുന്നോട്ടു പോകുന്നതുമായ രീതിയാണത്. എന്നാല് കുട്ടികളും മുതിര്ന്നവരും വിട്ടുപോകാൻ പാടില്ലാത്ത ഒരു വസ്തുതയുണ്ട്. ജീവിക്കുന്നതിന്റെ ഭാഗമാണ് പഠനം. അഥവാ ജീവിക്കുവാൻ പഠിത്തം വേണമെന്നല്ലാതെ പഠിക്കാനായി ജീവിക്കരുത്. ജീവിക്കുന്നത് പഠിക്കാനല്ല. ആനന്ദിക്കാനാണ്. ആനന്ദം, പരമാനന്ദം, മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

18 വയസ്സിനു ശേഷം, യുവാവായ ആണ്കുട്ടിക്ക് ലഭിക്കുന്ന വേതനം അയാളുടേതാണ്. അയാള്ക്ക് വധുവിനെ കണ്ടെത്താം. മാതാപിതാക്കളുടെയും മറ്റും സഹായം തീര്ച്ചയായും ഉണ്ടാവും.
ധര്മ്മശാസ്ത്രപരമായി വിവാഹം ചെയ്യുന്നു. ചടങ്ങുകള് : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്. വിവാഹത്തില് അവര്ക്കു കുട്ടികള് ഉണ്ടാവുമ്പോള്, മഹാനീതിപതിയായ ദൈവം പഴയ കടം പിരിക്കാനെത്തുന്നു. നവദമ്പതികള് അവരുടെ ചെറുപ്പത്തില് കുഞ്ഞുങ്ങളും കുട്ടികളുമായിരിക്കെ

ദൈവം അവര്ക്കുവേണ്ടി ചിലവുചെയ്ത 10 ഭാഗം മടക്കി നല്കണം. നവദമ്പതികളുടെ കുഞ്ഞുങ്ങള്ക്കുവേണ്ടി ചിലവഴിച്ചാൽ മതിയാകും. എല്ലാക്കാലത്തും എല്ലാ കുഞ്ഞുങ്ങളുടെയും ചിലവുകളെ അടിസ്ഥാനപരമായി ഏല്ക്കുന്നത് മഹാമാതാവായ മഹാദേവിയാണെന്ന് സാരം.

പുരുഷന്റെ മരണം ആദ്യം സംഭവിക്കുന്നുവെങ്കില് സമ്പത്തു മുഴുവന് സ്ത്രീയ്ക്കും, സ്ത്രീയാണ് ആദ്യം മരിക്കുന്നതെങ്കില് സമ്പത്തു മുഴുവന് പുരുഷനും ഉപയോഗിക്കുന്നു. രണ്ടു പേരുടെയും മരണശേഷം, അവരുടെ കൈവശമുണ്ടായിരുന്നതില് ദൈവത്തിന്റെ സമ്പത്താവും കൂടുതല് എന്നിരിക്കെ, ദൈവത്തിന്റെ സമ്പത്ത് തിരിച്ചെടുത്ത് പൊതു ഖജനാവിലേക്ക് ചേര്ക്കേണ്ടതുണ്ട്. മാതാപിതാക്കളുടെ രണ്ടുപേരുടെയും മരണശേഷം മാത്രമാണ് സമ്പത്ത് വിഭജിക്കേണ്ടത്. (മാതാപിതാക്കളെ ശുശ്രൂഷിക്കുവാന് കുട്ടികള് ധനത്തിന്റെ പേരില് തയ്യാറാവരുത് !). മരണം നടന്ന് 3 മാസങ്ങള്ക്കു ശേഷവും, ഒരു വര്ഷത്തിനകവും സമ്പത്ത് വിഭജിക്കണം. കുട്ടികള് ആഗ്രഹിക്കുന്നുവെങ്കില് 3 മാസത്തിനു മുമ്പും ആകാം. ഏറ്റവുമടുത്ത ബന്ധുക്കളും പ്രാദേശിക ഭരണാധികാരിയും രാജഗുരുവായ അദ്ധ്യാപകനും ചേര്ന്നാവണം സമ്പത്ത് വിഭജിക്കേണ്ടത്. സമ്പത്ത് മുഴുവൻ അടിസ്ഥാനപരമായി ദൈവത്തിനുള്ളതാണ്. ദൈവത്തിന്റെ സമ്പത്ത് പൊതുകാര്യങ്ങള്ക്ക് ചിലവു ചെയ്യാനുള്ളതാണ്. എന്നാല്, ആ സമയത്ത് മഹാമാതാവായ മഹാദേവി, മക്കളുടെ

ആവശ്യങ്ങളെ മുന്നിര്ത്തി ചില നീക്കുപോക്കുകള്ക്ക് തയ്യാറാവുന്നു. മാതാപിതാക്കളുടെ ആണ്മക്കള് സമ്പാദിച്ച സമ്പത്ത് അതിലുണ്ടാവും, അത് അവര്ക്കു നല്കുന്നു. അവരും മാതാപിതാക്കളും താമസിച്ചുവന്ന ഭവനവും പുരയിടവും വിലയ്ക്കു വാങ്ങാന് അവര്ക്ക് അവകാശമുണ്ട്. താമസിച്ചുവന്ന ഭവനവും പുരയിടവും മക്കള് വിലയ്ക്കു വാങ്ങുമ്പോള് ധര്മ്മശാസ്ത്രപരമായ ഇളവുകള് മക്കള്ക്കു നല്കണം. വിലയ്ക്കു വാങ്ങാനുള്ള പണം തികയാതെ വരുന്നുവെങ്കില്, അഥവാ ആണ്മക്കള് സമ്പാദിച്ച ധനം ഇല്ലായെന്നുണ്ടെങ്കില്, ആണ്മക്കള്ക്ക് സാമ്പത്തിക സഹായം ആവശ്യമുണ്ടെന്ന് ഭരണാധികാരികള്ക്ക് ധര്മ്മശാസ്ത്രപ്രകാരം ബോദ്ധ്യപ്പെടുന്നപക്ഷം, കടങ്ങള് അനുവദിക്കാനും, അതുപോലെ ഭവനവും പുരയിടവും വിറ്റുകിട്ടുന്നതിലെ ഓഹരി ആണ്മക്കളുടെ അത്യാവശ്യ ചിലവുകള്ക്കായിട്ട്, ആണ്കുട്ടികള്ക്ക് കടമായി നല്കുകയും വേണം. പെണ്കുട്ടികളെ വിവാഹം കഴിക്കുന്ന പുരുഷന്മാര്ക്കും അവസ്ഥയ്ക്കൊത്ത ഇളവുകള് നല്കാം. ഉദാഹരണത്തിന്, പൊതുഖജനാവിലേക്ക് ചെലുത്തേണ്ടതായ മാതാപിതാക്കളുടെ ധനം വളരെ കുറച്ചു മാത്രമാണ് ഉള്ളതെങ്കില്, ഉദാഹരണത്തിന്, വീടും 10 സെന്റ് പുരയിടവുമാണ് ശേഷിക്കുന്നതെങ്കില്, അതു വാങ്ങാനുള്ള ധനം മക്കളുടെ പക്കല് തികയാതെ വന്നാലോ, ഇല്ലെങ്കിലോ, വീടിനും പുരയിടത്തിനും വില നിശ്ചയിച്ച് അവിടെ വാടകയ്ക്ക് താമസിക്കാൻ ആണ്കുട്ടികളെ /മക്കളെ അനുവദിക്കാം. ആണ്കുട്ടികള്ക്കും അവരുടെ ഭാര്യമാര്ക്കും കുട്ടികള്ക്കും, പെണ്കുട്ടികള്ക്കും അവരുടെ

ഭര്ത്താക്കന്മാര്ക്കും കുട്ടികള്ക്കും ഒക്കെ ഒന്നിച്ചും താമസിക്കാം. അണുകുടുംബമായല്ലാതെ ഒത്തൊരുമിച്ചു ജീവിക്കാന് കഴിയുന്നത് കൂടുതല് ശ്രേഷ്ഠം. *

വിഷയത്തെ മറ്റൊരു വിധത്തില് പറയുമ്പോള്, ഒരു മകന്റെ പക്കലുണ്ടായിരുന്നതായ മാതാപിതാക്കളുടെ ധനം പിടിച്ചെടുത്തപ്പോള്, മകന് സാമ്പത്തികമായി തകരുമെങ്കില്, ഭരണകൂടം പ്രജയെ സംരക്ഷിക്കുവാനുള്ള ധര്മ്മശാസ്ത്രപരമായ നടപടികള് എടുക്കുക തന്നെ വേണം. അത് ജീവിത പ്രശ്നമാണ്. അതേ സമയം കടമായിട്ടാണ് നല്കേണ്ടത്. അയാള് ഉള്പ്പെടെയുള്ള എല്ലാവരുടെയും നല്ലതിനു വേണ്ടി പ്രവര്ത്തിക്കുകയാണ് ഭരണകൂടം ചെയ്യുന്നതും, ചെയ്യേണ്ടതും.

ഇനി പെണ്മക്കള്ക്കു നല്കേണ്ടുന്ന ധനത്തെപ്പറ്റി പറയാം: തങ്ങള് ജീവിച്ചിരിക്കെ ഓരോ പെണ്മക്കള്ക്കും പരമാവധി 100 ഗ്രാം സ്വര്ണ്ണം മാത്രം നല്കാനാണ് മാതാപിതാക്കളെ ധര്മ്മശാസ്ത്രം അനുവദിക്കുന്നത്. മാതാപിതാക്കള് മരിക്കുമ്പോള്, അവരുടെയും സമൂഹത്തിലെ മരണപ്പെടുന്ന മറ്റുള്ളവരുടെയും ധനത്തെ പൊതുഖജനാവിലേക്ക് ചേര്ക്കുന്നതായ ഭരണാധികാരികള്, മരണപ്പെടുന്നവരുടെ ഓരോ പെണ്മക്കള്ക്കും 100 ഗ്രാം സ്വര്ണ്ണം നല്കേണ്ടുന്നത് ഭരണകൂടത്തിന്റെ ചുമതലയാവണം. സ്ത്രീധനം എന്ന പേരില് ഇന്ത്യയിലും അതുപോലെയുള്ള രാജ്യങ്ങളിലും ഇന്നുള്ള നീചസമ്പ്രദായങ്ങളെ അവസാനിപ്പിച്ചുകൊണ്ട് എല്ലാ പെണ്കുട്ടികള്ക്കും ലഭ്യമാവുന്ന സാമ്പത്തിക

സഹായത്തെ തുല്ല്യപ്പെടുത്തുക കൂടിയാണ് സംഭവിക്കുന്നത്. വിവാഹത്തോടൊപ്പമോ ശേഷമോ മേല്പടി 100 ഗ്രം സ്വര്ണ്ണം കൂടാതെ; വാഹനം, ഫര്ണിച്ചര്, വസ്ത്രം, തുടങ്ങിയ യാതൊന്നും പെണ്കുട്ടിക്കോ, വരനോ, വരന്റെ കുടുംബത്തിനോ നല്കിക്കൂടാ. (വെളിപാട് പൂര്ണ്ണമായിട്ടില്ല എന്നും അറിയുക.).

ഭരണാധികാരികള്, രാഷ്ട്രീയപാര്ട്ടി നേതാക്കള്, മതപുരോഹിതന്മാര് തുടങ്ങിയവര് കൊടുംഭീകരരായി അധഃപതിച്ചിരിക്കുന്ന ഇന്നത്തെ ലോകത്ത് സാമ്പത്തികശാസ്ത്ര നടപടികള് സ്ഥാപിക്കാന് കഴിയുന്നത് വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ മാത്രമാണ്.

വ്യക്തികള് ജീവിച്ചിരിക്കുമ്പോഴും സമ്പത്ത് കൈമാറ്റത്തിന് മുകളില് കൊടുത്തിട്ടുള്ള ധര്മ്മശാസ്ത്രപരമായ / സാമ്പത്തികശാസ്ത്രപരമോയ കണക്കുകള് പ്രകാരമുള്ള നിബന്ധനകള് ഉണ്ടാവുന്നതാണ്. (ഈയുള്ളവന്റെ വ്യക്തിപരമായ വിഷയത്തിൽ സാമ്പത്തിക വിൽപ്പത്രം 2017-ൽ തയ്യാറാക്കുകയും ദൈവ വിപ്ലവ വിശകലനം 12-ന്റെ ഭാഗമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.).

* ഭൂമിയില് സംഹാരം പുരോഗമിക്കുമ്പോള്, ജനങ്ങളുടെ എണ്ണം കുറയുന്നതും അനേകം ദമ്പതിമാര്ക്ക് കുട്ടികള് ഉണ്ടാവാതെ വരുന്നതും സാമ്പത്തികശാസ്ത്രത്തില് വിഷയമാകുന്നുണ്ട്. ആവക കാര്യങ്ങളെ ദൈവാനുഗ്രഹത്തോടെ മറ്റൊരിക്കല് വിശദീകരിക്കാം.

// കണക്കുകളിലെ പിഴവുകളെപ്പറ്റി പറയാം. കുട്ടികളുടെ

വിവാഹം വരെയും അവര്ക്ക് വസ്ത്രങ്ങളും സമ്മാനങ്ങളുമൊക്കെ നല്കുകയും അവരെ സന്തോഷിപ്പിക്കുകയുമൊക്കെ ചെയ്യുന്ന മാതാപിതാക്കളുടെ വ്യക്തിപരമായ എല്ലാ കാര്യങ്ങളുടെയും സാമ്പത്തിക കണക്കുകള് അറിയാനോ സൂക്ഷിക്കുവാനോ ഉള്പ്പെട്ട വ്യക്തികള്ക്കു തന്നെ പ്രയാസമാണ്. അങ്ങനെയിരിക്കെ സമൂഹ-ഭരണാധികാരികള് കണക്കെടുപ്പുമായി നടക്കരുത്. അതിന്നായിട്ട് ധര്മ്മശാസ്ത്രപരമല്ലാത്ത പുതിയ തൊഴിലുകളെ സൃഷ്ടിക്കുകയും അരുത്. വ്യക്തികള് ധാര്മ്മിക ശുദ്ധിയോടെ സമൂഹത്തില് ജീവിക്കുമ്പോള്, ദൈവീകമായ സാമ്പത്തികശാസ്ത്രവും ഏറ്റവും ഭംഗിയായി പുലരുന്നതാണ്.

മഹാനീതിപതിയായ ദൈവം ഒഴികെ യാതൊരാള്ക്കും സാമ്പത്തികം ഉള്പ്പെടെയുള്ള ജീവിതകാര്യങ്ങളില് നീതി നടത്താനാവുന്നതല്ല. തനിപ്പെട്ട വിഷയങ്ങളില് നീതി നല്കുക, മൊത്തത്തില് എല്ലാവര്ക്കും സമനീതി നല്കുക എന്നിവ ദൈവത്തിന്റെ മാത്രം ചുമതലയില് പെട്ടതും ദൈവത്തിനു മാത്രം മഹാനിര്വ്വഹിക്കുവാന് കഴിയുന്നതുമായ കാര്യങ്ങളാണ്. ആകയാൽ **മനുഷ്യർ കണക്കുകളെ കണ്ടമാനം താലോലിക്കേണ്ട. കണക്കുകളുടെ കൃത്യതയെപ്പറ്റി സംവാദവും വിവാദവും നടത്തുന്ന അവസ്ഥയിലേക്ക് കൂപ്പുകുത്തരുത്.** മഹാദേവിയുടേതായി കണക്കുകള് നിരത്തിയത് മനുഷ്യര് നിര്ബ്ബന്ധിച്ചതുകൊണ്ടു മാത്രമാണ്, എന്നാൽ അവ പൂര്ണ്ണമാകണമെങ്കില് ഈ ഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം ചേര്ക്കേണ്ടതുണ്ട്. സത്യം ശിവം സുന്ദരം എന്ന ഭാഗത്ത് മുമ്പു നല്കിയ വ്യാഖ്യാനങ്ങളെ നിഷ്പ്രഭമാക്കുന്നതായ മഹാദേവിയുടെ മഹാപ്രഭാവം കാണാനാവും.

കണക്കുകളുമായി വഴക്കടിക്കുമ്പോള്, കണക്കുകളില് സത്യം ശിവം സുന്ദരം ചേര്ക്കണം. കുറ്റങ്ങളോടും കറവുകളോടുമുള്ള ഏതൊരു കണക്കുകളെയും പ്രശ്നങ്ങളെയും സത്യം ശിവം സുന്ദരം മഹാസംശുദ്ധപ്പെടുത്തുകയും മഹാസുന്ദരമാക്കുകയും ചെയ്യുന്നതാണ്. //

വ്യക്തികാര്യങ്ങളുമായി ബന്ധപ്പെട്ട കരാറുകള്ക്ക് മരണാനന്തര പ്രാബല്യം ഉണ്ടാവുന്നതല്ല ; ധര്മ്മശാസ്ത്രപരമായ അഥവാ സാമ്പത്തികശാസ്ത്രപരമോയ വില്പത്രങ്ങള് മാത്രമേ അനുവദിക്കുകയുള്ളൂ. അത്തരം കരാറുകളില് ഏര്പ്പെടുന്നവര്ക്ക് കരാറിലേര്പ്പെടുന്നവരില് ഒരാളുടെ മരണംകൊണ്ട് ഉണ്ടാകുന്ന നഷ്ടത്തെ സാമ്പത്തിക ശാസ്ത്രപരമായി വിലയിരുത്തേണ്ടതും ആവശ്യമെന്നാല് മറ്റംഗങ്ങളുടെ നഷ്ടം മുഴുവനുമോ ഭാഗികമോ നികത്തേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്.

രാഷ്ട്രങ്ങളുടെ പേരില് ഒരു ഭരണാധികാരി കരാറില് ഏര്പ്പെടുകയാണെങ്കില്, കരാര് ധര്മ്മശാസ്ത്രപരമായിരിക്കണം അഥവാ ദൈവീകമായിരിക്കണം എന്ന് നിര്ബ്ബന്ധമുണ്ട്, എന്തെന്നാല് രാഷ്ട്രം അഥവാ ദേശം അഥവാ മണ്ണ് ദൈവത്തിന്റെ ഖര രൂപമാണ്, മണ്ണിന്റെ നിയമങ്ങള് നിശ്ചയിക്കുന്നത് മണ്ണാണ്/ഭൂമിയാണ് ; ഭൂചലനങ്ങള് കൊണ്ട് മനുഷ്യനെ വിറപ്പിക്കുവാനും വിരട്ടുവാനും നിയന്ത്രിക്കുവാനും സംഹരിക്കുവാനും ഇന്നും എന്നും ഭൂമിക്ക് ഭൗതികശാസ്ത്രപരമായിത്തന്നെ കഴിയുമെന്നത് ചെറിയൊരു ഉദാഹരണം മാത്രം. തുച്ഛമായ മനുഷ്യായുസ്സുമായി ജീവിക്കുന്ന ഭരണാധികാരികള് സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പേരില് 100 വര്ഷത്തെയും 1000 വര്ഷത്തെയുമൊക്കെ കരാറില് ഏര്പ്പെടുന്നത് കടുത്ത ദൈവനിന്ദയാണ്. കരാറില് ഏര്പ്പെടുന്ന ഭരണാധികാരി, ഭരണത്തില് തുടരുന്ന കാലം വരെപ്പോലും യാതൊരു കരാറുകള്ക്കും പ്രാബല്യം ഉണ്ടാകുന്നതല്ല. ധര്മ്മശാസ്ത്രപരമായ കരാറിനെ

സംരക്ഷിക്കേണ്ടത് തുടര്ന്നുവരുന്ന ഭരണാധികാരിയുടെ കര്ത്തവ്യത്തില് പെടുന്നു. അതുപോലെ ധര്മ്മശാസ്ത്രപരമല്ലാത്ത കരാറിനെ ധര്മ്മശാസ്ത്രപരമായി പരിഷ്ക്കരിക്കാനാകുമോ എന്നു പരിശോധിക്കേണ്ടതും, സാദ്ധ്യമല്ലെങ്കില് ധര്മ്മശാസ്ത്രപരമല്ലാത്ത കരാറിനെ ഏകപക്ഷീയമായിത്തന്നെ കത്തിച്ചു കളയേണ്ടതും, പുതിയ ഭരണാധികാരിയുടെ ഉത്തരവാദിത്തമാണ്. തീര്ന്നില്ല, കരാറില് ഏര്പ്പെടുന്ന ഭരണാധികാരി ഭരണത്തില് തുടരുമ്പോള് തന്നെ, അദ്ദേഹത്തിന്റെ ചെയ്തികള് ധര്മ്മശാസ്ത്രപരമല്ലെങ്കില് അദ്ദേഹത്തെ അനുസരിക്കാതിരിക്കാനും, ആവശ്യമെങ്കില് പുറന്തള്ളാനുമുള്ള ഉത്തരവാദിത്തം ജനങ്ങളുടെ ചിലവില് ജീവിക്കുന്ന മന്ത്രിമാര്ക്കും മറ്റ് ഉദ്യോഗസ്ഥര്ക്കുമുണ്ട്. മുമ്പ് വിശദീകരിച്ചതുപോലെ, വ്യക്തികളെയല്ല അനുസരിക്കേണ്ടത്;

ധര്മ്മശാസ്ത്രത്തെ മാത്രം അനുസരിക്കുന്നവരാകണം. ധര്മ്മശാസ്ത്രത്തെ മാത്രം അനുസരിക്കുമ്പോള് അവര് ദൈവത്തെ മാത്രം അനുസരിക്കുന്നവരായി മാറുന്നു. ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുന്നവരാകുന്നു. മാത്രമല്ല, ധര്മ്മശാസ്ത്രപ്രകാരം പ്രവര്ത്തിക്കുന്ന ഏതൊരു വ്യക്തികളെയുംകൂടി അനുസരിക്കുന്നവരായി മാറുന്നു.

വ്യക്തികള് ധര്മ്മംതെറ്റാതെ ജീവിക്കുന്നതിന് ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രയോജനപ്പെടുന്നതാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെ ഏകദേശ ധാരണ കിട്ടിയിരിക്കുമല്ലോ. മഹാനീതിപതിയായ ദൈവം അദ്ധ്വാനത്തിന്റെ പങ്ക് യഥാര്ത്ഥത്തില് വാങ്ങുന്നുണ്ടോ ? ഇല്ലേയില്ല. മഹാമാതാവായ മഹാദേവിയെ, മഹാനീതിപതിയായിക്കൊണ്ട് കണക്കുകള് നല്കുവാന് മനുഷ്യക്കുഞ്ഞുങ്ങള് നിര്ബ്ബന്ധിക്കുകയാണ്. എല്ലാ കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടി സാമ്പത്തിക ശാസ്ത്രത്തെ മഹാരചിക്കുക മാത്രമാണു ചെയ്യുന്നത്.

വ്യക്തികളുടെ സമ്പത്തും ഭരണകൂടവും, ഭരണകൂടവും പൊതുഖജനാവും എന്നിവയെപ്പറ്റി ഇനി വിശദീകരിക്കാം : ജനങ്ങള് പൊതുഖജനാവിന് നല്കേണ്ടതായ ദൈവത്തിന്റെ ഓഹരി പിടിച്ചുവാങ്ങുവാന് ഭരണാധികാരിക്ക് അവകാശമില്ല. ദൈവത്തിനുള്ള ഓഹരിയാണത്. തന്റെ കുഞ്ഞുങ്ങളെയെല്ലാം സ്നേഹിച്ച് അവര്ക്കെല്ലാം സമനീതി നല്കുന്ന ദൈവത്തിന്റെ മഹാപദ്ധതികളെ ഉള്ക്കൊണ്ട്, ധര്മ്മശാസ്ത്രപ്രകാരം മാത്രം പ്രവര്ത്തിക്കുന്ന ഭരണാധികാരി സമ്പത്ത് പിടിച്ചുവാങ്ങുന്നത് അവരെ സ്നേഹിക്കാനാവണം. ധര്മ്മശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം എന്ന അദ്ധ്യായത്തിലും ഭീകരവാദവും ഭരണകൂടങ്ങളും എന്ന അദ്ധ്യായത്തിലും വളരെയധികം വിശദീകരിച്ചിട്ടുണ്ട്.

ഭരണാധികാരികള്, ജനങ്ങളുടെ മേൽ യാതൊരു നികുതികളും ചുമത്താൻ പാടില്ല. ജനങ്ങളുടെ സമ്പത്ത് ധൂര്ത്തടിക്കാന് പാടില്ല. പൊതു ജനങ്ങളുടെ നല്ലതിന്നായിത്തന്നെ ഉപയോഗിക്കണം. ധര്മ്മശാസ്ത്രപരമായല്ലാതെ ജനങ്ങളുടെ സമ്പത്ത് ചിലവു ചെയ്തു കൂടാ. ഉദാഹരണത്തിന് ഒരു കുട്ടിക്ക് നില്ക്കാനും നടക്കാനും ഓടാനും ഒക്കെ കഴിയണമെങ്കില് ദൈവം ശക്തി നല്കാതെ പറ്റില്ല. ഓടുന്നതും കൂടുതല് വേഗത്തില് ഓടുന്നതും കേമത്തരമായി ഒരു കുട്ടി കണക്കാക്കുമ്പോള് കുട്ടി ദൈവത്തില് നിന്നും അഥവാ ധര്മ്മശാസ്ത്രത്തില് നിന്നും കൂടുതല് കൂടതല് അകലങ്ങളിലേയ്ക്കാണ് ഓടുന്നത്. മത്സരം ദൈവീകമല്ലാത്തതിനാല്, ഫിനിഷിംഗ് പോയിന്റില് നില്ക്കുന്നത് പിശാചാണ്. കുട്ടി ഓടിയടുക്കുന്നത് പിശാചിന്റെ അടുത്തേയ്ക്കാണ്.

കൂടുതൽ ഓടുകയോ, കൂടുതൽ വേഗത്തിൽ ഓടുകയോ ചെയ്ത കുട്ടിയുടെ അറിവില്ലായ്മയെയും അഹംഭാവത്തെയുമൊക്കെ കേമത്തമായി കാണുന്നവർ ഭരണാധികാരിയായിരിക്കാന് ഒട്ടും യോഗ്യതയില്ലാത്തവരാണ്.

അങ്ങനെയിരിക്കെ തനിക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ കൂടുതൽ വഷളാക്കിക്കൊണ്ട് പൊതുഖജനാവിൽ നിന്ന് കുട്ടിക്ക് സമ്മാനങ്ങള് നല്കുമ്പോൾ ഭരണാധികാരി കൊടും ഭീകരവാദിയായി മാറുന്നു. അജ്ഞാനിയോ അഹംഭാവിയോ ഒക്കെ ആയ കുട്ടിയെ തിരുത്താനും അയാള്ക്കായില്ല എന്നതു

കൂടാതെ, സമൂഹത്തിലെ ജനങ്ങള്ക്ക് ധര്മ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത ഒരു സന്ദേശമാണ് ഭരണാധികാരിയായ അയാള് നല്കുന്നത്. ഭരണാധികാരി ഉള്പ്പെടെ ഏതൊരു പ്രജയ്ക്കും തങ്ങളെ ആനന്ദിപ്പിക്കുന്നവര്ക്ക് സമ്മാനങ്ങള് നൽകാൻ വ്യക്തിസ്വാതന്ത്ര്യമുണ്ട്, എന്നാല് അത് തങ്ങളുടെ സ്വകാര്യ സമ്പത്തില് നിന്നാകണം.

പൊതുഖജനാവിൽ നിന്ന് വിനോദ കാര്യങ്ങൾക്ക് ധനം ചിലവു ചെയ്യാൻ പാടില്ല.

വ്യക്തിയാണ് ആനന്ദിക്കുന്നത്. സമൂഹമല്ല. സമൂഹത്തില് 100 കോടി പേരുണ്ടെങ്കില് ഒരാള്പോലും കുറയാതെ 100 കോടി പേരും ആനന്ദിക്കുമ്പോള് മാത്രമേ സമൂഹമോ, രാഷ്ട്രമോ ആനന്ദിക്കുന്നതായോ വേദനിക്കുന്നതായോ അവകാശപ്പെടാന് പാടുള്ളൂ. അനേകര് രോഗങ്ങളുമായി മല്ലിടുമ്പോഴും, അപകടങ്ങളില് പെട്ടും അല്ലാതെയും ഓരോ നിമിഷവും സമൂഹത്തില് വേദനിച്ചുകഴിയുന്നുണ്ട് എന്നിരിക്കെ 100 കോടി പേര്ക്കും ഒരുപോലെ ആനന്ദിക്കാനാവില്ല.

വിനോദ ആനന്ദം വ്യക്തിയുടെ സ്വകാര്യമാണ്. അതിനെ സമൂഹഭരണവുമായി ബന്ധിപ്പിക്കരുത്.

ശുചിത്വം, അത്യാവശ്യം, ആവശ്യം എന്നിങ്ങനെയുള്ള ജനങ്ങളുടെ പൊതുആവശ്യങ്ങള്ക്കു മാത്രമേ പൊതുഖജനാവ് ഉപയോഗിക്കാൻ പാടുള്ളൂ; വിനോദത്തിന് പാടില്ല.

ഭരണകൂടത്തെ സൃഷ്ടിക്കുന്നത് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനാണ്; കുറെപ്പേരുടെയോ മുഴുവൻ ആളുകളുടെയോ വിനോദങ്ങളെ പരിഹരിക്കാനല്ല.

വിനോദങ്ങളിൽ ഏർപ്പെടുന്നവർ സംഘടിക്കുന്നതും വിനോദിക്കുന്നതും അവരുടെ സ്വകാര്യമാണ്. വ്യക്തി സ്വാതന്ത്ര്യത്തെ ധർമ്മ ശാസ്ത്രപരമായി അവർ ഉപയോഗിക്കുന്നുവോ എന്ന് അവരുടെ ചിലവിൽ നിരീക്ഷിക്കാനും തെറ്റിച്ചാൽ നടപടി സ്വീകരിക്കാനും മാത്രമാണ് ഭരണകൂടം ശ്രദ്ധിക്കേണ്ടത്.

അധമമായ നികുതിയെയും അധമമായ പിഴയെയും വിവരിക്കുന്ന ഒരു ഉദാഹരണം ഇനി പറയാം : (1) വാഹനങ്ങളുടെ പുക നിയന്ത്രിക്കേണ്ടത് പൊതു ആവശ്യമാണ്. പുക നിയന്ത്രണത്തെ വാഹന നിര്മ്മാണത്തില് കര്ക്കശമാക്കണം. എന്നാല് വാഹനം ഉപയോഗിക്കുന്ന വ്യക്തിയല്ല വാഹനം ഉണ്ടാക്കിയത് എന്നിരിക്കെ വാഹനത്തിന് പുക അധികമായാല്, വാഹനനിര്മ്മാതാവും ഭരണകൂടവും, വാഹന-വര്ക്ക്ഷോപ്പുകളും ഭരണകൂടവും, തമ്മിലുള്ള പ്രശ്നങ്ങളാണ്. വ്യക്തികളുടെ ആരോഗ്യത്തെ കരുതി പ്രവര്ത്തിക്കാഞ്ഞതിന് ഭരണാധികാരി സമൂഹത്തിലെ പ്രജകളോട് മാപ്പിരക്കണം. പകരം വ്യക്തി ഉപയോഗിക്കുന്ന വാഹനത്തിന്റെ പുക-കാര്യങ്ങള് വ്യക്തിതന്നെ പരിശോധിപ്പിക്കണമെന്നും, അതിന്നായി **വ്യക്തി ധനവും ഊര്ജ്ജവും സമയവും പാഴാക്കണമെന്നും ഭരണാധികാരി ആവശ്യപ്പെടുമ്പോള്, ഭരണാധികാരി അധമനായ ഭീകരവാദിയായി മാറുന്നു. മനഃപ്പൂര്വ്വമോ അല്ലാതെയോ വാഹന-പ്പുക സര്ട്ടിഫിക്കറ്റ് സൂക്ഷിക്കാഞ്ഞതിന്റെ പേരില് വ്യക്തിക്ക് പിഴ വിധിക്കാന് ഭരണാധികാരി തയ്യാറാവുമ്പോള്, ഭരണാധികാരിയും അയാളുടെ കൂട്ടാളികളായ ന്യായാധിപന്മാര് എന്ന അതിനീചവര്ഗ്ഗവും മറ്റ് ഭരണതല-ഉദ്യോഗസ്ഥരും കൊടുംഭീകരവാദികളായിക്കഴിഞ്ഞു** എന്നാണര്ത്ഥം. ഭരിക്കാനറിയാത്തവര് വേറെ പണി നോക്കെടോ, ഞങ്ങളെ ഒന്നു ഭരിച്ച് രക്ഷിക്കണേ

എന്നു ജനങ്ങള് ആവശ്യപ്പെട്ടില്ലല്ലോ. നീച-ജനാധിപത്യത്തിലൂടെ അഥവാ അധാര്മ്മികമായി ഭരണത്തിലേറിയവന് തങ്ങള്ക്കു തോന്നിയതുപോലെ ജനങ്ങളെ ഭരിക്കാൻ അവകാശമുണ്ടെന്നു കരുതിപ്പോകരുത്. അവന്റെ നീചനിയമങ്ങളെ അനുസരിക്കാതിരിക്കാനും ധര്മ്മശാസ്ത്രത്തെ തിരിച്ചറിയാനും പരിശ്രമിക്കേണ്ടവരായ, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ഉദ്യോഗസ്ഥർ ജനങ്ങളെ പീഡിപ്പിക്കാനും പിഴകളെ ചുമത്താനും ഇറങ്ങുമ്പോൾ അവരും ഭീകരരോ കൊടുംഭീകരരോ ആയി മാറുന്നു.

തങ്ങളുടെ പൊതു ആവശ്യങ്ങള്ക്കായിട്ട് ഒരു ഭരണകൂടത്തെ വേണമോ എന്ന് ഓരോ പ്രദേശങ്ങളിലെയും ജനങ്ങളാണ് നിശ്ചയിക്കേണ്ടത്. ഭരണകൂടത്തെ നിശ്ചയിക്കുന്നതും നിലനിര്ത്തുന്നതും പിരിച്ചുവിടുന്നതും ജനങ്ങളാണ്.

പ്രാദേശികമായി ജനങ്ങള് നിശ്ചയിക്കുന്ന പ്രാദേശിക നേതാവിന്റെ അഥവാ കുട്ടി-രാജാവിന്റെ ധര്മ്മം ജനങ്ങള്ക്കു ദാസ്യസേവനം ചെയ്യുക എന്നതാണ്. പകരം ജനങ്ങളെ തങ്ങള്ക്കു തോന്നിയതുപോലെ ഭരിക്കാന് അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല. ജനങ്ങളും രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും അനുസരിക്കുന്നതും സല്യൂട്ട് ചെയ്യുന്നതും മഹാശാസ്ത്രത്തെ മാത്രമായിരിക്കും. **രാജാവു പറയുന്ന കാര്യങ്ങൾ ധര്മ്മശാസ്ത്രപരമല്ല എങ്കില്**

മന്ത്രിമാരോ ഉദ്യോഗസ്ഥരോ രാജാവിനെ അനുസരിക്കരുത് എന്നര്ത്ഥം. ക്രൈസ്റ്റിലൂടെയും ഗാന്ധിയിലൂടെയും ദൈവം അത് വെളിപ്പെടുത്തിയതാണ്. ശാസ്ത്രവും ലോക-രാജ്യ-കൂട്ടുകെട്ടും ഇന്നത്തേതുപോലെ വികസിച്ചിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ, അഹിംസയിലൂടെ തന്നെ നിസ്സഹകരിക്കാൻ കഴിയുന്നത് എങ്ങനെയെന്ന് ഗാന്ധിയിലൂടെയും അനുയായികളിലൂടെയും പ്രായോഗികമായി തെളിയിച്ചതാണ്.

സമൂഹത്തിലെ ധര്മ്മശാസ്ത്ര ബദ്ധത പരിശോധിക്കേണ്ടത് അദ്ധ്യാപകരാണ്, ഭരണകൂടത്തെ ഉപദേശിക്കേണ്ടത് അവരുടെ കര്ത്തവ്യമാണ്. തൊഴിലുകള് : ശുചിത്വം എന്ന അദ്ധ്യായത്തില് വിശദമാക്കിയതുപോലെ ഓരോരോ തൊഴിലുകളിലും പ്രാവീണ്യമുള്ളവരും 50 വയസ്സിനു മുകളില് പ്രായമുള്ളവരും പുണ്യസമ്പാദനത്തിന്റെ ഭാഗമായി കുട്ടികള്ക്ക് ഗുരുകുല വിദ്യാഭ്യാസത്തിലൂടെ ജ്ഞാനം പകരുകയാണ് ചെയ്യുന്നത്. സ്വയം ബാദ്ധ്യതയുടെ ഭാഗമായി അവര് ചെയ്യുന്ന കര്മ്മത്തിന് അവര് വേതനം വാങ്ങുന്നില്ല. പുണ്യം അഥവാ ആനന്ദങ്ങള് തജ്ജന്മത്തിലും വരും ജന്മങ്ങളിലും ദൈവം നല്കുന്നു.

സാമ്പത്തികശാസ്ത്രത്തെ പരിശുദ്ധമാക്കുന്നതിന്നായും മഹാപ്രപഞ്ചത്തില് ദൈവം സ്ഥാപിച്ചിട്ടുള്ള ന്യൂനശക്തികള് പ്രവര്ത്തിക്കുന്നുണ്ട്. ഭരണാധികാരികളായവര്ക്ക് കടുത്ത വിഷമം വേണ്ടാ. മഹാ-ധര്മ്മശാസ്ത്രപ്രകാരം സ്വയം തിരുത്തിക്കൊള്ളുക. ഇന്നത്തെ ഭരണാധികാരികളില് വലിയൊരൂ കൂട്ടര് ജന്മങ്ങളുടെ എണ്ണം കൊണ്ട് ബാല്യാവസ്ഥയിലാണ്.

പട്ടാളക്കാര് : ഏറ്റുമുട്ടലിലോ അല്ലാതെയോ മരിക്കുന്ന/വധിക്കപ്പെടുന്ന പട്ടാളക്കാരുടെ കുടുംബാംഗങ്ങള്ക്കും പൊതുഖജനാവില് നിന്ന് ധനം നല്കിക്കൂടാ. ഭൂമിയിലൊക്കെയുമുള്ളവര് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്നരിക്കെ, **ദൈവത്തിന്റെ കുഞ്ഞുങ്ങളെ കൊടുംഭീകരരായ ഭരണാധികാരികള്ക്കുവേണ്ടി കൊല്ലാൻ നടന്ന പട്ടാളക്കാരുടെ കുടുംബങ്ങളെ സാമ്പത്തികമായും അല്ലാതെയും സഹായിക്കേണ്ടത് കൊടുംഭീകരരായ ഭരണാധികാരികളുടെയും മതനേതൃത്വങ്ങളുടെയും സ്വകാര്യ ഉത്തരവാദിത്തമാണ്.**

ബോംബെ എന്ന മുംബൈയില് 2008-ല് നടന്ന ഭീകരാക്രമണത്തെ വിശകലനം ചെയ്യാന് ആഗ്രഹിക്കുന്നവരുണ്ടാകും. **മത-തീവ്രവാദം വിഷയമാകയാല്, ഇന്ത്യയിലുള്ള മതപ്പിശാചുക്കളും (എല്ലാ മതങ്ങളിലെയും), അവരെ സംരക്ഷിച്ച രാഷ്ട്രീയ പാർട്ടികളും, ഭരണാധികാരികളും തങ്ങളുടെ സ്വകാര്യ സ്വത്തുക്കളില് നിന്ന്**

പട്ടാളക്കാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക. അത്രമാത്രം. ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങള് സശ്രദ്ധം പഠിക്കുമ്പോള്, സുവ്യക്തമാകുന്നതാണ്. ഭൂമിയിലൊക്കെയുമുള്ള കൊടും ഭീകരവാദികളായ ഭരണാധികാരികളെയും മതനേതാക്കന്മാരെയും കൂടി മഹാമാതാവായ ദൈവം സ്നേഹിക്കുന്നുണ്ട് എന്നുമറിയുക.

പട്ടാളക്കാരും പോലീസും ഖേദിക്കേണ്ട. നിങ്ങളും ദൈവത്തിനു പ്രിയപ്പെട്ടവര് തന്നെ. മഹാദേവി വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള പട്ടാളക്കാര് പണി ഉപേക്ഷിക്കുന്നതാണ്. ഭരണാധികാരികൾ പദവിയിലിരുന്ന് ധര്മ്മശാസ്ത്രപരമായി ഭരിച്ചുതന്നെ പാപം തീര്ക്കേണ്ടതുമുണ്ട്.

(14.9) സക്കാത്ത്

എന്റെ മോൻ അഥവാ മോൾ ഡോക്ടറോ എഞ്ചിനീയറോ ആയിത്തീരണമെന്നു പറയുന്ന മാതാപിതാക്കളെയും എനിക്ക് ഡോക്ടര്.... എന്നിങ്ങനെയെല്ലാം ആയിത്തീരാനാണു മോഹം എന്നു പറയുന്ന കുട്ടികളെയും കണ്ടിട്ടുള്ളവരുണ്ടാകും. സ്വയവും അങ്ങനെയൊക്കെയാണ്. എന്നാൽ,

തങ്ങളുടെ കുഞ്ഞുങ്ങൾ തെണ്ടികളാകുന്നതാണ് ഇഷ്ടമെന്നു പറയുന്ന എത്ര മാതാപിതാക്കൾ ഭൂമിയിലുണ്ടാവുമെന്നും, തെണ്ടികളല്ലാത്തവരുടെ എത്ര കുട്ടികൾ തങ്ങള്ക്കു തെണ്ടികളാകുന്നതാണ് ഇഷ്ടമെന്നു പറയുമെന്നും ..... അല്പം ചിന്തിക്കുക.

ഒരു അതിന്യൂനപക്ഷം പേർ അവരുടെ അജ്ഞാനം കൊണ്ടും അവർ എത്തിപ്പെട്ടിരിക്കുന്ന ജീവിതസാഹചര്യങ്ങൾ കൊണ്ടും പറഞ്ഞെന്നിരിക്കും. **ബഹുഭൂരിപക്ഷവും തെണ്ടികളാവാൻ ആഗ്രഹിക്കില്ല.**

തങ്ങളുടെ കുഞ്ഞുങ്ങൾ തെണ്ടികളാവാൻ മനുഷ്യമാതാവു പോലും ആഗ്രഹിക്കില്ലാ എന്നിരിക്കെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും **മഹാമാതാവുമായ മഹാദേവിക്ക് മക്കൾ തെണ്ടുന്നത് ഒരിക്കലും ഇഷ്ടമാകില്ല. മാത്രമല്ലാ, മഹാമാതാവിന് കടുത്ത വേദന ഉണ്ടാകുന്നതാണ്.**

ദൈവീകമായ സാമ്പത്തികശാസ്ത്രം കുഞ്ഞുങ്ങള്ക്കെല്ലാം സാമ്പത്തികമായി സമനീതി നല്കുന്നു, നല്കാനുള്ളതാണ്. അതു മനസ്സിലാക്കി പ്രവര്ത്തിക്കേണ്ടത് ഭരണാധികാരികളുടെ ഉത്തരവാദിത്തമാണ്. ഭരണകൂടം ശരിയല്ലാത്തതു കൊണ്ടുകൂടിയാണ് ജനങ്ങള് തെണ്ടികളാവുന്നത് എന്നു സാരം.

തെണ്ടാൻ, അഥവാ ഭിക്ഷ യാചിക്കുവാൻ, ദൈവം യോഗ്യത നല്കിയിട്ടുള്ളത് പാട്ടുകാർക്കു മാത്രമാണ്. **സംഗീതം (ദൈവ) സിദ്ധി**യാണെന്നു സുവ്യക്തമാണ്. ഗായകർ തങ്ങള്ക്ക് സാമ്പത്തിക ക്ഷീണം ഉള്ളപ്പോഴും, പാവങ്ങളെ സഹായിക്കാനായും ദേവാലയങ്ങളിൽ ഗാനാമൃതം പകര്ന്ന്, അതിനു പ്രതിഫലമെന്നോണം കൈ നീട്ടണം അഥവാ പാത്രം നീട്ടണം. ലഭിക്കുന്ന ഭിക്ഷയില് അന്നത്തേയ്ക്ക് തന്റെയും കുടുംബത്തിന്റെയും ചിലവിനു വേണ്ടതായ ഓഹരിയെടുക്കുകയും, ബാക്കി ദേവാലയത്തിന്റെ 4 പാതകളില് ഒന്നായ ആവശ്യ-പാതയില് സ്ഥാനം ഉറപ്പിക്കുന്ന ദരിദ്രര്ക്ക് നല്കുകയും വേണം. ഭാഗം 3-ലെ ശാസ്ത്രീയമായ ആരാധന എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.

മനുഷ്യന്റെ അപ്പപ്പോഴുള്ള **ധർമ്മ**ശാസ്ത്രപരമായ സാമ്പത്തിക ആവശ്യങ്ങളെ പരിഹരിക്കുവാന് ഭരണകൂടത്തിന് കഴിയണം, അതിന് നിശ്ചിത ദിവസം തെണ്ടാന് അനുവദിക്കുക എന്നത് കൊടുംക്രൂരതയാണ്. ധനവാന്മാരുടെ അധിക സമ്പത്ത് പാവങ്ങളുടേതാണ്. അവര് തെണ്ടിനടന്നു ചോദിക്കുമ്പോഴല്ല അവരുടെ സമ്പത്ത് തിരിച്ചുകൊടുക്കേണ്ടത്. പാവങ്ങളുടെ അടുത്തേയ്ക്ക് ധനവാന്മാര് സ്വയം പോവുകയും കൊണ്ടുക്കൊടുക്കുകയും വേണം. തങ്ങൾ സമൂഹത്തിലെ ജനങ്ങളോട് പൊതുവായി ചെയ്ത അപരാധം കൊണ്ടുകൂടിയാണ് പാവങ്ങള്ക്ക് വിഷമങ്ങള് ഉണ്ടായതെന്ന് ഏറ്റുപറയാന് ധനവാന്മാര്ക്ക് കൂച്ചലുണ്ടാവും. കൂച്ചൽ പരിഹരിക്കുന്നതിന് സാമ്പത്തികശാസ്ത്രം പ്രകാരം, ദൈവത്തിന് അര്ഹതപ്പെട്ട സമ്പത്ത് ഭരണകൂടത്തെ ഏല്പിക്കാവുന്നതാണ്. എന്നാൽ ഭരണാധികാരികൾ, പാവപ്പെട്ടവര്ക്കു നല്കിയോ എന്ന് നേരിട്ട് അന്വേഷിക്കുകയും ബോദ്ധ്യപ്പെടുകയും ചെയ്യുന്നതോടെ മാത്രമേ സമ്പന്നന്റെ പാപം മോചിക്കപ്പെടുള്ളൂ. അല്ലെന്നാൽ **നേരിട്ട് വിതരണം ചെയ്ത് മാപ്പു പറയണം.** ഇസ്ലാം മത പുരോഹിതര്ക്കും സക്കാത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായ വാദങ്ങളുടെ പേരിൽ ദൈവത്തോടും സമൂഹത്തിലെ പാവപ്പെട്ടവരോടും മാപ്പുപറഞ്ഞ് സാമ്പത്തിക കാര്യത്തിലുള്ള പാപത്തിൽ നിന്ന് മോചനം നേടാവുന്നതാണ്.

(15) ബാങ്കിംഗ്, ലോട്ടറി

നാണയങ്ങളും അദ്ധ്വാന മൂല്ല്യങ്ങളും ധര്മ്മശാസ്ത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതും, സ്വര്ണ്ണത്തിന്റെ മികവും ഈ അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളത് ഒരാവര്ത്തികൂടി വായിച്ചിട്ടു തുടരുന്നത് അനേകരുടെ കാര്യത്തില് നല്ലതാണ്.

പൊതുജനങ്ങളെ വളരെയധികം സേവിക്കുന്ന ഒരു മേഖല **പോലെ** ബാങ്കിംഗ് വളര്ന്നിട്ടുണ്ട്. ബാങ്കുകൾ ഇല്ലാതെ ഇന്നത്തെ ലോകത്ത് ജീവിക്കാനാവില്ല എന്നും തോന്നിപ്പോകുന്നതാണ്. യഥാര്ത്ഥത്തിൽ അങ്ങനെയല്ല.

സ്വകാര്യ ബാങ്കുകൾ പൊട്ടുമ്പോഴും, ഉടമകൾ ജനങ്ങളുടെ പണവും തട്ടിയെടുത്ത് മുങ്ങുമ്പോഴും എന്താണ് യഥാര്ത്ഥത്തിൽ സംഭവിച്ചത് ? സംഭവിക്കുന്നത് ? പൊതുജനങ്ങളുടെ പൊതുആവശ്യങ്ങള് നിറവേറ്റേണ്ടത് ഭരണകൂടത്തിന്റെ സംവിധാനത്തിലൂടെ തന്നെയാവണം എന്നത് തിരിച്ചറിഞ്ഞ് സ്വകാര്യ ബാങ്കുകള് ഉണ്ടാവാതെ നോക്കുവാന് ഭരണകൂടത്തിന് കഴിഞ്ഞില്ല. ഭരണകൂടത്തിന് വീഴ്ച പറ്റി. വ്യക്തികൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണത്തെ എങ്ങനെ സംരക്ഷിക്കണമെന്ന് വിദ്യാലയങ്ങളിലോ പഞ്ചായത്തുകളിലോ പഠിപ്പിക്കുന്നില്ല. മതപ്പിശാചുക്കൾ, പണമെല്ലാം മതപ്പിശാചുക്കള്ക്കു കൊടുത്തേക്കാൻ

പറഞ്ഞെന്നിരിക്കും, മാത്രമല്ല പണ്ട് **ഒരു പോപ്പു ചെയ്തതുപോലെ സ്വർഗ്ഗത്തിലേക്ക് ഒരു ടിക്കറ്റ് കൊടുത്തെന്നുമിരിക്കും.**

കേരളം പോലെയുള്ള പ്രദേശങ്ങളിലെ വലിയൊരു കൂട്ടം ജനങ്ങള്ക്ക് അദ്ധ്വാനത്തിന്റെ മൂല്ല്യത്തെപ്പറ്റി യാതൊന്നും അറിയില്ല. പാടത്തില് നെല്ല് കൃഷി ചെയ്യുമ്പോള്, വെള്ളവും ചെളിയും ഒരുക്കുന്നതും, ഞാറു നടുന്നതും, കള പറിക്കുന്നതും, ബഹുവിധങ്ങളില് ശുശ്രൂഷിക്കുന്നതും, കൊയ്യുന്നതും, ചുമക്കുന്നതു, സംഭരിക്കുന്നതും, കറ്റ ചവിട്ടി മെതിക്കുന്നതും, നെല്ല് പുഴുങ്ങുന്നതും, ഉണക്കുന്നതും, കുത്തുന്നതും, പാറ്റുന്നതും, അരിയും തവിടും ഉമിയും വേര്തിരിക്കുന്നതും, അരി പായ്ക്ക് ചെയ്യുന്നതും, അറിയാവുന്ന കുട്ടികള് അപൂര്വ്വമാണ്. അരി അഥവാ നെല്ലരി എന്നു പറയുന്നത് കടയില് പോയി കിലോയ്ക്ക് സുമാര് 20 രൂപാ കൊടുത്തു വാങ്ങുന്ന ഒരു സാധനമാണ്. രൂപ അഥവാ പണം എന്ന ഉപാധി, അരിയെ സൃഷ്ടിക്കുന്നു എന്നതുപോലെയുള്ള സമീപനവും അറിവുമാണ് ഓരോരോ വസ്തുക്കളുടെ കാര്യത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പണമെന്നത് രൂപ പോലെയുള്ള പേപ്പര് കറന്സികൾ ആകുമ്പോള് മൂല്ല്യമില്ല. പണമെന്നത് ധനം എന്ന സ്വര്ണ്ണം, കൃഷി വിഭവങ്ങള്, ഫര്ണിച്ചര് തുടങ്ങിയവ ആകുമ്പോള് മൂല്ല്യമുണ്ട്.

മണ്ണില് അദ്ധ്വാനിക്കാതെയുള്ള, ബാങ്കിംഗ് പോലെയുള്ള ജോലികള്ക്ക് പേപ്പർ കറന്സിയെപ്പോലെയുള്ള അപാകതകളുണ്ട്. മൂല്ല്യമില്ല. ജനങ്ങളുടെ പണത്തെക്കൊണ്ട് ഒരുതരം വ്യാപാരം ചെയ്യുകയാണ് ബാങ്കുകാര്. ഉയര്ന്ന വേതനങ്ങളും, ഉയര്ന്ന ആഫീസ് സൗകര്യങ്ങളും ഉണ്ടാക്കിയ ശേഷവും ബാങ്കുകള്ക്ക് അനേക കോടികള് ലാഭം ഉണ്ടാവുമ്പോള്, ഒരുപാട് മനുഷ്യര്ക്ക് നഷ്ടമുണ്ടാവുന്നുണ്ട് എന്നാണ് മനസ്സിലാക്കേണ്ടത്. ഇന്ത്യയില് അവിടെയും ഇവിടെയും ബാങ്ക് ലോണെടുത്ത അനേകം കര്ഷകര് ആത്മഹത്യ ചെയ്യുന്നത് ബാങ്കുകാര് കൊടുംഭീകരവാദികളായി പരിണമിച്ചതുകൊണ്ടാണ്. കസേരപ്പണി മാത്രം ചെയ്യുമ്പോള് മൂല്ല്യങ്ങള് അറിയാതെ പോകുന്നു. ഭൂമിയില് അദ്ധ്വാനിച്ച്, ഭൂമിയിലെ വസ്തുക്കളില് നിന്ന് ധനം ഉല്പാദിപ്പിക്കുന്ന ജോലികളിലാണ് മനുഷ്യര് ഏര്പ്പെടേണ്ടത്. മധ്യസ്ഥരെ വച്ചുള്ള പ്രവര്ത്തനങ്ങള് കൂടുന്തോറും ധര്മ്മശാസ്ത്രം അഥവാ ദൈവം അകലുന്നതാണ്. സ്രഷ്ടാവായ ദൈവത്തിനും, സൃഷ്ടിയായ മനുഷ്യനും ഇടയില് അഥവാ മഹാമാതാവായ മഹാദേവിക്കും, കുഞ്ഞായ മനുഷ്യനും ഇടയില് ഒരു പുരോഹിതന് വേണ്ടാ എന്നതുപോലെ മനുഷ്യന് തന്റെ സാമ്പത്തികാവശ്യങ്ങള് നിറവേറ്റാന് ഒരു ബാങ്ക് വേണ്ട. ചില പൊതു ആവശ്യങ്ങള് തീര്ച്ചയായും ഉണ്ട്, അത് നിവര്ത്തിക്കേണ്ടത് ഭരണകൂടം നേരിട്ടാവണം.

മധ്യസ്ഥരെ വച്ചുള്ള പ്രവര്ത്തനങ്ങൾ കൂടുന്തോറും ധര്മ്മശാസ്ത്രം അഥവാ ദൈവം അകലുന്നതാണ് എന്നതിനെ അല്പം വിശദീകരിക്കാം :

ദൈവത്തിന്റ ഖര-രൂപമാകയാല് മണ്ണിന് അഥവാ ഭൂമിയ്ക്ക് അനന്തമായ ശക്തികളാണുള്ളത്. മണ്ണിൽ അദ്ധ്വാനിക്കുമ്പോള്, അഥവാ മണ്ണുമായി ബന്ധപ്പെട്ട (ധര്മ്മശാസ്ത്രപരമായ) വ്യവസായങ്ങള് നടത്തുമ്പോള്, ഉന്നതമായ ഉല്പന്നങ്ങള് അനന്തമായി ലഭിക്കുന്നു, ധര്മ്മശാസ്ത്രപരമായിട്ട് ലഭിക്കുന്നു. ഭരണകൂടം പോലെയുള്ളവ വ്യവസായികളെ ഉപദ്രവിക്കുന്നു എന്നതാണ് യാഥാര്ത്ഥ്യം. അതു മാറ്റിവച്ച് വിഷയം തുടരുമ്പോള്, ബാങ്കിംഗ് പോലെയുള്ള ഒരു **മദ്ധ്യവര്ത്തിയുടെ വികസനമെന്നത് ഓരോരോ കാര്യങ്ങള്ക്കായി അവരെ സമീപിക്കുന്നവരെ ചൂഷണം ചെയ്താല് മാത്രമേ സാധിക്കുള്ളൂ.** ബാങ്കിന് കൂടുതല് വികസിക്കണമെങ്കില് കൂടുതല് ഇരകളെ ചൂഷണം ചെയ്യുകയോ, ഉള്ള ഇരകളെ അധികചൂഷണം ചെയ്യുകയോ വേണം. ബാങ്കുകൾ ബഹുശതം കോടിരൂപ ആദായമുണ്ടാക്കിയെന്നു പറയുമ്പോൾ ഇരകളെ കൊല്ലാതെ കൊല്ലുംവണ്ണം ചൂഷണം ചെയ്യുന്നുവെന്നാണ് അർത്ഥം.

മതപുരോഹിതന്മാരുടെയും മറ്റ് അനേകരുടെയും മധ്യസ്ഥതയും ചൂഷണം തന്നെയാണെന്ന് തിരിച്ചറിഞ്ഞ് അവരെയെല്ലാം ഒഴിവാക്കുന്നവർ ഭാഗ്യവാന്മാർ!

മുകളിൽ കൊടുത്ത കാര്യങ്ങളെ ധര്മ്മശാസ്തപരമായ പദങ്ങളെ ഉപയോഗിച്ച് ഇനി പറയാം: ഭക്ഷണം, വസ്ത്രം,

പാര്പ്പിടം എന്നീ അത്യാവശ്യ ജീവിതഘടകങ്ങളുമായി ബന്ധപ്പെടാത്തതായ ഭരണകൂടം ഉള്പ്പെടെയുള്ള എല്ലാ സേവന മേഖലകളും, തൊഴില് വിഭജനത്തിലെ സമൂഹത്തിലെ ആവശ്യം വിഭാഗത്തില് പെടുന്നതിനാൽ, പ്രസ്തുത വിഭാഗങ്ങളിൽ പ്രവര്ത്തിക്കുന്നവരുടെ സാമ്പത്തിക ഉയര്ച്ച അത്യാവശ്യം എന്ന വിഭാഗത്തിൽ പ്രവര്ത്തിക്കുന്നവരായ കൃഷിക്കാർ, ഭക്ഷണ സാമഗ്രികളുടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, വസ്ത്രസാമഗ്രികളുടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, പാര്പ്പിട സാമഗ്രികളുടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ടവർ, എന്നിവരുടെ സാമ്പത്തിക ഉയര്ച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു. **അത്യാവശ്യ വിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ലാതെ സമൂഹത്തിന് വികസിക്കാനാവില്ല. അത്യാവശ്യ മേഖലകൾ ഉയരുമ്പോൾ, അക്കൂടെ മാത്രമേ ധര്മ്മശാസ്ത്രപരമായി അവര്ക്ക് ഉയരാൻ കഴിയൂ. അതല്ലാതെ ആവശ്യം വിഭാഗത്തിലുള്ള സേവന മേഖലകൾ വികസിക്കുന്നുവെങ്കില് അതിനര്ത്ഥം അവർ അത്യാവശ്യം വിഭാഗത്തിലുള്ളവരെ ചൂഷണം ചെയ്യുന്നുവെന്നാണ്.** അതായത് ഭരണകൂടം, ബാങ്കിംഗ്, ടെലഫോണ്, പോലീസ് തുടങ്ങിയ എല്ലാ സേവന മേഖലകളും അത്യാവശ്യ വിഭാഗങ്ങളെ ആശ്രയിച്ചാണ് തങ്ങൾ നിലകൊള്ളുന്നത് എന്നതു മറന്നും അവഗണിച്ചും തനതായ മാര്ഗ്ഗങ്ങളിലൂടെ അവരവരുടെ മേഖലകളിലെ ഉയര്ച്ചയ്ക്കായി പ്രവര്ത്തിച്ചാൽ, അത്യാവശ്യ മേഖലയ്ക്ക് ക്ഷീണമുണ്ടാകുന്നതാണ്, പ്രായേണ തകരുന്നതാണ്.

അത്യാവശ്യ മേഖല തകർന്നാല്, ഭക്ഷിക്കാന് ഭക്ഷണം വേണ്ടേ... ഉടുക്കാന് വസ്ത്രം വേണ്ടേ ..... താമസിക്കാന് വീടു വേണ്ടേ .... അവയ്ക്കെല്ലാം വില ഉയരും. അവയുമായി ബന്ധപ്പെട്ടവയ്ക്കെല്ലാം വില ഉയരും. പാറ, മണല്, ഇഷ്ടിക, സിമന്റ്, കമ്പി, ഇലക്ട്രിക്കല് സാധനങ്ങള്, പ്ലംബിംഗ് സാധനങ്ങള് തൊഴിലാളികളുടെ വേതനം, തുടങ്ങിയവ വീടുമായി ബന്ധപ്പെട്ട അടിസ്ഥാന വ്യവസായങ്ങള് ആണെന്നതുപോലെ, വസ്ത്രം, ഭക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് ഒരു വലിയ നിര വ്യവസായങ്ങളുണ്ട്. അവയില് പലതിലും പിശാചിന്റെ സന്തതികളായ അധമ പരസ്യസമ്പ്രദായങ്ങള് കയറിപ്പറ്റിയിട്ടുണ്ട് എന്നത് മറ്റൊരു കാര്യമാണ്. അടിസ്ഥാന ആവശ്യങ്ങളില് തന്നെ ഭക്ഷണം കഴിഞ്ഞു മാത്രമേ മറ്റെന്തിനും സ്ഥാനമുള്ളൂ. ഭക്ഷണത്തിന് ദൗർലഭ്യം ഉണ്ടാകുമ്പോള്, വില ഉയരുമെന്നതു മാത്രമല്ല ദൗർലഭ്യം വർദ്ധിച്ചാൽ ഭക്ഷണമില്ലാതെ മരിക്കേണ്ടി വരും. സാധാരണ ജനങ്ങള് മാത്രമല്ല, കമ്പ്യൂട്ടറിന്റെ മുന്നിലിരുന്ന് **ചാന്ദ്രയാൻ** ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞനും, അമേരിക്കന് പ്രസിഡന്റും, ഇന്ത്യന് **പ്രധാനമന്ത്രിയുമൊക്കെ** ഭക്ഷണമില്ലാതെ മരിക്കേണ്ടിവരും .... സമൂഹത്തിലെ എല്ലാ മേഖലകളിലും വർത്തിക്കുന്ന കേമന്മാരെ ചുമക്കുന്നത് കൃഷിക്കാരാണ് കുഞ്ഞുങ്ങളേ. മന്ത്രി കളിച്ചും നേതാവു കളിച്ചും ആഫീസർ കളിച്ചും കേമത്ത ചർച്ചകളുമായി നിങ്ങള് നടക്കുന്നത് കൃഷിക്കാരന്റെ അദ്ധ്വാനത്തിന്റെ മൂല്ല്യം കൊണ്ടാണ്. കേരളം പോലെയുള്ളവയില്, അന്യനാട്ടിലെ കൃഷിക്കാരുടെ അദ്ധ്വാന മൂല്ല്യം കൊണ്ടും !

2008-ല് അന്യസംസ്ഥാനങ്ങളില് നിന്ന് കേരളത്തിലേക്ക് അരി വരാതായപ്പോള് കേരളത്തിലെ ജനങ്ങള്ക്കുണ്ടായ വിഷമങ്ങളെ മാത്രം ചിന്തിച്ചാല് വിഷയം മനസ്സിലാകുന്നതാണ്. ഒരു സംസ്ഥാനത്തിന് ഒരു ഭരണകൂട-പദവി ഉണ്ടാവണമെങ്കില് പ്രസ്തുത സംസ്ഥാനത്തിലെ ജനങ്ങള്ക്കു വേണ്ടതായ എല്ലാ ഭക്ഷണസാധനങ്ങളും സംസ്ഥാനത്ത് ഉല്പ്പാദിപ്പിക്കാൻ കഴിയണം, പോരാ തൊട്ടടുത്തുള്ള ഏറ്റവും വലുതോ ചെറുതോ ആയ സംസ്ഥാനത്തിലെ പകുതി ജനസംഖ്യയെ പോറ്റാനുള്ള ഭക്ഷണം കൂടി അധികം ഉല്പ്പാദിപ്പിക്കണം. ക്ഷാമം വരുമ്പോള് പരസ്പരം സഹായിക്കാനാണത്. മറ്റു സംസ്ഥാനങ്ങളിൽ ഭക്ഷണസാധനങ്ങൾ അധികം ഉല്പാദിപ്പിക്കുന്നതുകൊണ്ടു മാത്രമാണ് അവര്ക്ക് കേരളം പോലെയുള്ളവയ്ക്കും ഏതൊരാള്ക്കും വില്ക്കാന് കഴിയുന്നതും കേരളത്തിലെ ജനങ്ങൾക്ക് വാങ്ങാൻ കഴിയുന്നതും. അവരുടെ പക്കൽ ഭക്ഷണസാധനങ്ങൾ അധികമായി ഇല്ലെങ്കിൽ, ... ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഇല്ലെങ്കിലോ .... അയലത്തെ രാജ്യങ്ങളിലോ മറ്റു രാജ്യങ്ങളിലോ ഇല്ലാതിരിക്കുകയോ നല്കാതിരിക്കുകയോ ചെയ്താൽ.! എല്ലാക്കാലത്തും ഭക്ഷണക്ഷാമം വരുത്തിയിരിക്കുന്ന കേരളം പോലെയുള്ളവയ്ക്ക് സംസ്ഥാന പദവി പാടില്ല, യോഗ്യതയില്ല. ഭക്ഷണകാര്യത്തില് യോഗ്യതയുള്ള മറ്റേതെങ്കിലും സംസ്ഥാനത്തിലെ ജനങ്ങൾ കരുണ കാട്ടി കേരള രാജ്യത്തെയും കേരളത്തിലെ ജനങ്ങളെയും അവരോടു ചേര്ത്തില്ലെങ്കില്, നാടന് ഭാഷയില് പറഞ്ഞാല്, കേരളത്തിലെ ജനങ്ങളുടെ കാര്യം

പോക്കാണ്, മനുഷ്യർ അന്യോന്യം ഭക്ഷിക്കുന്നതു കാണേണ്ടി വരും! വൈകാതെ മായ പ്രത്യക്ഷമാകുമ്പോള്, മഹാശക്തിയായ മഹാദേവി മഹാകരുണ കാട്ടിക്കൊണ്ട്, വിഷയത്തില് ഇടപെടുന്നതും, കേരളത്തെ ദൈവീകമായിട്ട് തമിഴ്നാടിനോടു ചേര്ക്കുന്നതുമാണ്. ആവിധ വിവരങ്ങളെ ഗ്രന്ഥത്തിലെ 2-ാം ഭാഗത്തില്, മഹാശാസ്ത്രപ്രകാരം കേരളത്തിനുള്ള പ്രത്യേകത : ദൈവത്തിന്റെ സ്വന്തം നാട് എന്ന അദ്ധ്യായത്തിലും, മഹാശാസ്ത്രപ്രകാരം തമിഴ്നാടിനുള്ള പ്രത്യേകത എന്ന അദ്ധ്യായത്തിലും വിവരിച്ചിട്ടുണ്ട്, ചുവടെ ഭാഗം 5-ൽ ചേർക്കുന്നുമുണ്ട്. വയനാട്ടിലും, ആന്ധ്രയിലും മറ്റും കൃഷിക്കാരെ കൊല്ലുന്ന ബാങ്കുകാർ, അവര് ചെയ്യുന്നതെന്താണെന്ന് അറിയുന്നില്ല. അന്യരുടെ അദ്ധ്വാനം കൊണ്ട് ചൂതുകളിക്കുന്നത് അദ്ധ്വാനമല്ല കുഞ്ഞുങ്ങളേ.

ചില പൊതുജന സാമ്പത്തിക ആവശ്യങ്ങളെ നിവര്ത്തിക്കുവാൻ ഒരു ഇടനിലക്കാരന്റെ ആവശ്യം ഇന്നത്തെ വ്യക്തികള്ക്ക് തീര്ച്ചയായും ഉണ്ട്. എന്നാല് അത് നിവര്ത്തിക്കേണ്ടത് ഭരണകൂടമാണ്, ബാങ്കുകൾ എന്ന പേരിലുള്ള തട്ടിപ്പുസംഘങ്ങളല്ല. ദൗര്ഭാഗ്യമെന്നു പറയട്ടെ, ബാങ്കുകാരെക്കാള് ഭീകരർ ആണ് ഭരണാധികാരികൾ. കൊടും ഭീകരരായ ഭരണാധികാരികളെ ആശ്രയിക്കാനാവില്ല ! അപ്പോള് പിന്നെ, ദൈവത്തെ മാത്രമേ ആശ്രയിക്കാനാവൂ. അങ്ങനെ ചെയ്യുക. വൈകാതെ മായ പ്രത്യക്ഷമാകുന്നതാണ്. മായ പ്രത്യക്ഷമാകുമ്പോള് ബാങ്കുകള്ക്കുണ്ടാകുന്ന പരിണാമത്തെപ്പറ്റി പറയാം.

(1) വ്യക്തികള് തങ്ങളുടെ സമ്പത്തിനെ, സ്വര്ണ്ണ നാണയങ്ങളായും വെള്ളി നാണയങ്ങളായും ചെമ്പു നാണയങ്ങളായും ഭവനങ്ങളില് സൂക്ഷിക്കുന്നു. വ്യക്തികള് തമ്മിലുള്ള അടുപ്പം വര്ദ്ധിക്കുന്നതാണ്. (ഇന്നത്തെ ബാങ്കുകൾ നിമിത്തം വ്യക്തികള്ക്ക് പരസ്പരമുള്ള വിശ്വാസത്തിന് കടുത്ത ചോര്ച്ച ഉണ്ടായിരിക്കുകയാണ്, വ്യക്തികള് അന്യോന്യം സഹായിച്ചും സഹകരിച്ചും ജീവിക്കുന്ന അവസ്ഥ മാറിയിരിക്കുന്നു, ദുസ്വാര്ത്ഥം നിമിത്തം സ്വന്തം കാര്യം സിന്ദാബാദ് എന്നായിരിക്കുന്നു. കൂടാതെ പൊങ്ങച്ചക്കാരും കാപട്യക്കാരുമായിരിക്കുന്നു. കൂടുതൽ വിസ്തരിക്കുന്നില്ല.). അവനവന്റെ പണം അവനവനാണ് സൂക്ഷിക്കേണ്ടത്. മദ്ധ്യസ്ഥനല്ല. ഇടയ്ക്ക് തങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ പണം കണ്ട് ഒന്നു സന്തോഷിക്കുക. കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾക്ക് / ധർമ്മശാസ്ത്ര പരമായിട്ട് വിനിയോഗിക്കാൻ കഴിഞ്ഞെന്നു വരും.

(2) വ്യക്തികള്ക്ക് കൂട്ടുസംരംഭങ്ങളെ നടത്താൻ എളുപ്പമാകുന്നു. ദൈവീകത്വം ഉള്ളവര് അധികപ്പണം കൊണ്ട് ഒറ്റയ്ക്കോ കൂട്ടായോ സംരംഭങ്ങള് തുടങ്ങും. അവര്ക്കും പുതിയ തലമുറയ്ക്കും അത് ഗുണവും ചെയ്യും. കള്ളന്മാരെ ഭയക്കുന്നില്ല. അവര്ക്ക് പലിശയും വേണ്ട.

(3) അധികപ്പണം സൂക്ഷിക്കുന്നവര്ക്ക് ഉറക്കം കുറയുന്നു. കള്ളന്മാരെ ഭയക്കുന്നു. അങ്ങനെ വേണം. അപ്പോള് കൂട്ടുകുടുംബത്തിന്റെ ആവശ്യകതയും ശക്തിപ്പെടുന്നതാണ്. ദൈവീകമായ സാമ്പത്തികശാസ്ത്രത്തെപ്പറ്റി ചിന്തിക്കാനും തിരുത്താനും ന്യൂനശക്തികളെ ദൈവം സൃഷ്ടിച്ചിരിക്കുകയാണ്, മനുഷ്യരുടെ നല്ലതിനു വേണ്ടിക്കൂടിയാണത്.

(4) അധികപ്പണം സൂക്ഷിക്കുവാൻ ഭരണാധികാരിയെ സമീപിക്കാനാവുന്നു. ജനങ്ങളുടെ അധികപ്പണം സൂക്ഷിക്കുന്ന ഭരണാധികാരി അതിലെ ഒരോഹരി കൊണ്ട് ഉന്നതങ്ങളായ പൊതുജനസേവനങ്ങളെ ജനങ്ങള്ക്ക് ചെയ്യുന്നു, സേവനത്തിന് ന്യായമായ വേതനം മാത്രം വാങ്ങിക്കൊണ്ട്. ഉദാ: റെയില്വെ. കേരളം പോലെയുള്ള സംസ്ഥാനങ്ങളിലെ ഭരണാധികാരികൾ കേന്ദ്രം എന്നൊരു കൂടത്തിനു മുമ്പിൽ തെണ്ടികളായി നടക്കുന്ന അവസ്ഥ ലജ്ജാകരമാണ്. അവനവന്റെ വീട്ടില് ടിവി വാങ്ങുന്നതും കട്ടില് വാങ്ങുന്നതും സ്വകാര്യ ആവശ്യങ്ങളാണെന്നതുപോലെ, കേരളത്തില് റെയില്വെ അധികമായി ആവശ്യമുണ്ടെങ്കില് അതിനുള്ള വിഭവം സ്വയം കണ്ടെത്തണം. എംഎൽഎ-മാരെന്നും എംപി-മാരെന്നും സംസ്ഥാന-മന്ത്രിമാരെന്നും ഒക്കെ പേരുള്ള ഭരണാധികാരികൾ കേന്ദ്ര-ഭരണകൂടം എന്നൊരു കൂടത്തിനു മുമ്പിൽ തെണ്ടികളായി നടക്കരുത്.

(5) വ്യക്തികളുടെ മരണത്തോടെ, വ്യക്തികളുടെ പക്കലുള്ള ദൈവത്തിന്റെ സമ്പത്ത് തിരിച്ചു നല്കുന്ന കാര്യത്തില്, ധര്മ്മശാസ്ത്രപരമായ ഭരണകൂടത്തെ അധികപ്പണം ഏല്പ്പിക്കുന്ന സമ്പ്രദായം, വ്യക്തിക്കും ഭരണകൂടത്തിനും പൊതുസമൂഹത്തിനും ധര്മ്മശാസ്ത്രപരമായിട്ട് വളരെയധികം ഗുണംചെയ്യുന്നതാണ്.

.... (6) ബാങ്കുകളെ പിരിച്ചുവിടുകയും, താല്ക്കാലികമായി മാത്രമുള്ള ഏതാനും ബാങ്കിംഗ് ആവശ്യങ്ങളെ ഭരണകൂടം നിവര്ത്തിക്കുന്നതുമാണ്. കുടൂതല് വിസ്തരിക്കുന്നില്ല.

ലോട്ടറിയെപ്പറ്റി പറയുമ്പോൾ, ഏറ്റവും അധമമാണ്. ഭരണകൂടങ്ങൾ വരെ ലോട്ടറി - നടത്തിപ്പുകാരായിരിക്കുന്നു ! അദ്ധ്വാനത്തിന്റെ മൂല്ല്യത്തെപ്പറ്റി അറിയാത്ത വിവരദോഷികൾ ഭരണാധികാരികളായാൽ ലോട്ടറിയും, മദ്യവ്യാപാരവും ഒക്കെയുണ്ടാവും.

(16) ഇൻഷ്വറൻസ്

ദൈവത്തെ വിശ്വസിക്കുന്നവൻ ഇന്ഷ്വറന്സ് പദ്ധതിയില് ചേരില്ല. സ്രഷ്ടാവിന് ഓരോ സൃഷ്ടിയെപ്പറ്റിയും

പദ്ധതികളുണ്ട്. അങ്ങനെയിരിക്കെ ഇന്ഷ്വറന്സ് പദ്ധതികൾ കടുത്ത ദൈവനിന്ദയാണ്. അത് അനുവദിച്ചിരിക്കുന്ന ഭരണാധികാരികൾ കൊടും ഭീകരരുമാണ്. ഒരാവശ്യവുമല്ലാത്ത പേപ്പർ വര്ക്കുകളിലൂടെ ജനങ്ങളുടെ പണം തട്ടിയെടുത്ത് വലിയൊരു സംഘം അഭ്യസ്തവിദ്യരായ വിവരദോഷികൾ ജീവിക്കുന്നു. ... മണ്ണില് അദ്ധ്വാനിച്ചു പഠിക്കുവിൻ.

നാട്ടില് അപകടങ്ങള് ഉണ്ടാകുമ്പോള്, അപകടത്തില് പെടുന്നവര്ക്കും ആശ്രിതര്ക്കും ധനസഹായവും വൈദ്യസഹായവും എത്തിക്കുക എന്നത് സമൂഹത്തിന്റെ പൊതു ആവശ്യമാണ്. അത്തരം പൊതു ആവശ്യങ്ങള് നിറവേറ്റാനുള്ളതാണ് ഭരണകൂടം. അതായത് അപകടത്തിലും മറ്റും പെട്ട് ശാരീരിക അവശതകളും മരണവും ഒക്കെ സംഭവിക്കുമ്പോള് പ്രാദേശിക ഭരണകൂടം ഇടപെടുകയും അപകടത്തില് പെട്ടവരെയും ആശ്രിതരെയും ധര്മ്മശാസ്ത്രപരമായി സഹായിക്കുകയും വേണം. അതിന്റെ പേരില് അധമസ്ഥാപനങ്ങള് രൂപംകൊണ്ടപ്പോള്, അവയെ തടയാന് കഴിയാഞ്ഞതും, അധമത്തങ്ങളെ മനസ്സിലാക്കാതെ ഭരണകൂടം പ്രവര്ത്തിക്കുന്നതും ഭരണകൂടം കൊടുംഭീകരവാദികളായതുകൊണ്ടാണ്. പൊതുകാര്യങ്ങള് ചെയ്യാന് വയ്യാത്തവരും കഴിവില്ലാത്തവരും ഭരണാധികാരികളായി തുടരരുത്. ധര്മ്മശാസ്ത്രം പ്രകാരമുള്ള യോഗ്യതകള് ഇല്ലാത്തവര് ഭൂമിയിലെങ്ങും ഭരണാധികാരികള് ആയിരിക്കുകയാണ് .! വിസ്തരിക്കുന്നില്ല.

(17) ഓഹരികൾ

ഏതൊരു പ്രസ്ഥാനവും ധര്മ്മശാസ്ത്രപരമാവണം. ദൈവത്തിന്റെ ഖരരൂപവും നീതിരൂപവുമായ മണ്ണില് നിന്നും ധനം ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാവണം. കൃഷി, നെയ്ത്ത്, കൂടാതെ യന്ത്രങ്ങളെല്ലാം മണ്ണിന്റെ ഭാഗമായി വരുന്നതാണ് എന്നറിയുക. ബാങ്കുകളിലും മറ്റുമുള്ള പേപ്പര് വര്ക്കുകള് അധമം ആണെന്നറിയിച്ചുവല്ലോ.

ഒരു പ്രസ്ഥാനത്തിലെ പങ്കാളികള് പരസ്പരം അറിയണം. ഒരു പ്രസ്ഥാനത്തില് പങ്കാളികളാകുന്നവര്ക്ക് ശാസ്ത്രീയമായ പരിധി ഉണ്ട്. ദൈവം അനുവദിച്ചിട്ടുള്ളത് ഒരു കൈയ്യിലെ വിരലുകളുടെ എണ്ണമായ 5 ആണ്. വളരെ വലിയ പ്രസ്ഥാനങ്ങള്ക്ക് 100 വരെയാകാം. മഹാപ്രപഞ്ചത്തിലെ അനവധി കാര്യങ്ങള്ക്കും സ്വീകരിച്ചിട്ടുള്ള പരമാവധിയായ 100 പേരിൽ കവിയരുത്. അതിലും അധികം ആകുമ്പോൾ **ധർമ്മശാസ്ത്രം** അകലുകയാണ്. **ഓഹരി ഉടമകൾ പ്രസ്ഥാനത്തിന്റെ യഥാർത്ഥ പ്രവർത്തകൾ തന്നെയാവണം, അഥവാ പ്രസ്ഥാനത്തെ നയിക്കുന്നവർ തന്നെയാകണം. അങ്ങനെയല്ലാതെയുള്ള ഇന്നത്തെ രീതികള് അധമമാണ്. ചൂതുകളിക്ക് സമാനവുമാണ്.**

അനേകായിരം ഓഹരികളുള്ള ഇന്ത്യയിലെ ഒരു സ്ഥാപനത്തെത്തന്നെ ഉദാഹരണമായി എടുത്താല്, ഓഹരി ഉടമകളുടെ ഉന്നം ലാഭം മാത്രമാണ്. ധര്മ്മശാസ്ത്രം വിഷയമല്ലാതെ വരുന്നു.

ഇനി നൂറിലധികം തൊഴിലാളികളുള്ള ഒരു വ്യവസായ സ്ഥാപനത്തിന്റെയോ വാണിജ്യ സ്ഥാപനത്തിന്റെയോ കാര്യമെടുത്താല്, അതിന്റെ മുതലാളിക്ക് തന്റെ സ്ഥാപനത്തിലെ പല തൊഴിലാളികളെയും അറിയുകപോലുമില്ല. അനേക ശതം തൊഴിലാളികളുള്ള വലിയൊരു സ്ഥാപനത്തിന്റെ കാര്യത്തെ കുറിക്കുമ്പോള്, മുതലാളിക്ക് തന്റെ സ്ഥാപനത്തിലെ തൊഴിലാളികളിലെ ഏതാനും മാനേജര്മാരെ മാത്രമേ അറിയൂ എന്നതുപോലെ അനേകം തൊഴിലാളികള്ക്ക് തങ്ങളുടെ മുതലാളിയെ അറിയാമായിരിക്കില്ല; കണ്ടിട്ടുപോലുമുണ്ടാവില്ല. ഇത്തരം അധമ അവസ്ഥകള്ക്കു കാരണമായിട്ടുള്ളത് ദൈവീകമായ സാമ്പത്തികശാസ്ത്രം പുലരാത്തതുകൊണ്ടാണ്. പൊതുജനങ്ങളുടെ പൊതുആവശ്യങ്ങള് നിറവേറ്റേണ്ടത് ഭരണകൂടത്തിന്റെ സംവിധാനത്തിലൂടെ തന്നെയാവണം. വിസ്തരിക്കുന്നില്ല.

(18) സംഹാരവും സമ്പത്തും

ഭൂമിയിൽ സംഹാരം പുരോഗമിക്കുമ്പോള്, ജനങ്ങളുടെ എണ്ണം കുറയുന്നതും സ്വര്ണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ ജീര്ണ്ണിക്കാത്തതായ സമ്പത്തുകൾ കുമിഞ്ഞുകൂടുന്നതുമാണ്. അദ്ധ്വാന മൂല്ല്യത്തിനു പകരം നില്ക്കാൻ അവ പറ്റാതെ വരും. അപ്പോൾ ചരിത്രത്തില് കാണുമ്പോലെ, ജനങ്ങള് വസ്തുക്കളും സാമാനങ്ങളും വെച്ചുമാറുന്നതായ രീതി പുനഃസ്ഥാപിക്കപ്പെടുന്നതുമാണ്. കൂടുതൽ വിസ്തരിക്കുന്നില്ല. ചുവടെ ഭാഗം 6-ലെ സംഹാരം പഠിക്കുക.

(19) സാമ്പത്തികശാസ്ത്രവും, ന്യൂനശക്തികളും

ന്യൂനശക്തികളെ വ്യത്യസ്ത തലങ്ങളില് വിവരിക്കുന്ന അദ്ധ്യായങ്ങള് ഗ്രന്ഥത്തിലുള്ളത് ഒരാവര്ത്തി കൂടി വായിക്കുകയോ സ്മരിക്കുകയോ ചെയ്താല് ചുവടെയുള്ള ഭാഗം എളുപ്പമായി.

മനുഷ്യന് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കുന്നതിന്നായും, മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികള്ക്കും ആനന്ദകരമായി ജീവിക്കുന്നതിനുവേണ്ടിയും, വൈവിധ്യങ്ങളായ ആനന്ദങ്ങളെ (നീതിയെ) അനുഭവിക്കാനായും ആനന്ദങ്ങള്ക്ക് അളവുകള് നിശ്ചയിക്കാനായും മഹാസത്യമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കാര്യങ്ങളിലെല്ലാം ന്യൂനശക്തികളെ അഥവാ വിരുദ്ധശക്തികളെക്കൂടി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തില് ന്യൂനശക്തികളെ ഉള്ക്കൊള്ളുന്ന ശാസ്ത്രം ഉള്പ്പെട്ടിരിക്കുന്നു. ജീവികളുടെ ശരീരം ഉള്പ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്രപ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചില്-ചിരി, തുടങ്ങിയ അധികാവസ്ഥയും ന്യൂനാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

കള്ളനും കൊള്ളക്കാരനും

സമൂഹത്തിൽ (ദൈവീകമായ) സാമ്പത്തികശാസ്ത്രം നടപ്പാവുമ്പോള്, കള്ളവുമില്ല ചതിയുമില്ല, എള്ളോളമില്ല പൊളിവചനം എന്ന അവസ്ഥ ഉണ്ടാകുന്നതാണ്. ജനജീവിതം വളരെ സന്തുഷ്ടമായിരിക്കും. എന്നാല് സാമ്പത്തികശാസ്ത്രത്തെ അവമതിക്കുകയും ജനങ്ങളില് സാമ്പത്തിക അസമത്വം ഉണ്ടാവുകയും ചെയ്യുമ്പോള്, ക്രമാനുഗതമായി മഹാപ്രപഞ്ചത്തിലെ വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ന്യൂനശക്തികൾ പ്രവര്ത്തിക്കുന്നതാണ്. അതിന്റെ ഫലമായി കള്ളനും കള്ളിയും, കൊള്ളക്കാരനും കൊള്ളക്കാരിയും ഉണ്ടാകുന്നതാണ്. കള്ളനും കള്ളിയും തങ്ങള്ക്കുവേണ്ടി മാത്രം മോഷ്ടിക്കുന്നവരാണ്. അവര് അതു ചെയ്യുന്നത് ഒളിച്ചും പതുങ്ങിയുമാണ്. കൊള്ളക്കാര് തങ്ങള് ഉള്പ്പെടെയുള്ള പാവങ്ങള്ക്കുവേണ്ടിയോ, തങ്ങള്ക്ക് ശരിയെന്നു തോന്നുന്നതായ സ്വാര്ത്ഥങ്ങള്ക്കുവേണ്ടിയോ പരസ്യമായി സമ്പത്ത് പിടിച്ചെടുക്കുന്നവരാണ്. സമ്പത്തെന്നു പറയുമ്പോള് അത് ആനന്ദങ്ങളെ നല്കുന്ന ഏതുതരത്തിലുള്ള സമ്പത്തുമാവാം. പരസ്യമായി ചെയ്യുകയാല് കൊള്ളക്കാര് ആയുധങ്ങളും ഉപയോഗിക്കുന്നതാണ്. എതിര്ക്കാന് വരുന്നവരെ അമര്ച്ച ചെയ്യാന് അവര്ക്ക് അതാവശ്യമാണ്. എതിരാളികളെ അവര് വധിച്ചെന്നും വരും. എതിരാളികളെ ക്രൂരമായി കൊല്ലുന്നതില് ആനന്ദം അനുഭവിക്കുന്ന അതിനീചരായ കൊള്ളക്കാരുമുണ്ട്. പാവപ്പെട്ടവരായ അനേകര്ക്ക് ചില കൊള്ളക്കാര്

ദൈവത്തെപ്പോലെ സഹായികളായി മാറുന്നു. നാട്ടിലെ രാജാവ് ചെയ്യേണ്ടിയിരുന്നതായ സഹായങ്ങളെ രാജാവ് ചെയ്യാതിരിക്കുകയും, ആവശ്യപ്പെടാതെ തന്നെ കൊള്ളക്കാർ ചെയ്യുകയുമാവുമ്പോള് അവരെ സംബന്ധിച്ച് രാജാവ് അധമനാണ്, സത്യമായ വസ്തുതയാണ്. വിഷയത്തിന്റെ പ്രത്യേക അംശത്തില് അത് ശരിയാണ്. അതുപോലെ അനേകം അംശങ്ങളില് രാജാവ് പിഴയ്ക്കുകയും, കൊള്ളക്കാർ യോഗ്യരാവുകയും ചെയ്യുമ്പോൾ, ഭരണാധികാരിയായ കൊടും ഭീകരവാദിയെ മാറ്റിക്കൊണ്ട് ഭീകരവാദിയായ കൊള്ളക്കാരുടെ നേതാവിനെ ഭരണാധികാരിയാക്കുന്നതു തന്നെയാണ് തമ്മില് മെച്ചം.

വസ്തുക്കളിലെ ന്യൂനശക്തികൾ സൃഷ്ടിക്കുന്നതായ തിരുത്തൽ ശക്തികളാണ് കൊള്ളക്കാർ. ആകയാൽ സമൂഹത്തില് കള്ളനും കൊള്ളക്കാരും ഉണ്ടായാൽ, അതിന്റെയർത്ഥം ഭരണകൂടം പിഴച്ചു തുടങ്ങിയിരിക്കുന്നു എന്നാണ്.

ന്യൂനശക്തികൾ സൃഷ്ടിക്കുന്ന മറ്റൊരു കൂട്ടം ജനവിഭാഗങ്ങളുണ്ട്. കാവല്ക്കാർ ഉള്പ്പെടെയുള്ള വീട്ടുവേലക്കാർ ! അനേകർക്ക് അവരില്ലാതെ പറ്റില്ലെന്നായിട്ടുണ്ട്. വേലക്കാർ എന്ന പേരിൽ സമൂഹത്തിലെ ഒരു കൂട്ടരെ തരം താഴ്ത്തുന്ന അവസ്ഥ അത്യാവശ്യമായിട്ടുള്ളത് കൂട്ടുകുടുംബങ്ങളുടെ മഹാ-ശ്രേഷ്ഠതയെ ഒഴിവാക്കിക്കൊണ്ട്

അണുകുടുംബത്തിന്റെ ശ്രേഷ്ഠതയെ
സ്വീകരിക്കുന്നതുകൊണ്ടാണ്. വിസ്തരിക്കുന്നില്ല.
മനുഷ്യർ അന്യോന്യം സഹായിക്കുക എന്നതിനപ്പുറം
ഒരാൾ മറ്റൊരാളുടെ ദാസ്യരാവുന്നത് ദൈവീകമല്ല.
**അതേ സമയം, ഭരണകാര്യാലയങ്ങളിൽ
പ്രവർത്തിക്കുന്നവരായ രാജാവ് ഉള്പ്പെടെയുള്ളവർ
ജനങ്ങളുടെ ദാസരാണ്. പൊതുജനങ്ങൾ
പരാതിയുമായി സഭയിലെത്തിയാൽ, രാജാവിന്റെ
യജമാനന്മാർ കൂടിയായ പൊതുജനങ്ങളെ ആദ്യം
എഴുന്നേറ്റ് ബഹുമാനിക്കുവാനും മുന്തിയ ഇരിപ്പിടം
നല്കാനും രാജാവും മന്ത്രിമാരും ഉള്പ്പെടെയുള്ളവർ
ബാദ്ധ്യസ്ഥരാണ്. അതുപോലെ രാജമന്ദിരത്തിൽ
നീതിന്യായ വിചാരണ നടത്തുമ്പോള്, രാജാവും
മന്ത്രിമാരും സ്നേഹമുള്ള യജമാനരും
ദാസരുമാവണം.**

ന്യൂനശക്തികളെ സൃഷ്ടിച്ചുകൊണ്ട്, ധർമ്മശാസ്ത്രത്തെ
സംരക്ഷിക്കുന്നതായ മഹാശക്തിയുടെ
മഹാസംവിധാനത്തില് കുറ്റങ്ങള് കണ്ടെത്താന്
കഴിയുന്നവരുണ്ടെങ്കില്, ഈ ഗ്രന്ഥം സശ്രദ്ധം
പഠിക്കാത്തതിന്റെ തകരാറാണ് ; അല്ലെന്നാല് നിങ്ങള്
ഒട്ടും യോഗ്യരല്ലാ എന്ന് ന്യൂനശക്തികളിലൂടെ ദൈവം
നിങ്ങളെ അറിയിക്കുന്നു എന്നാണർത്ഥം.

(20) സാമ്പത്തികശാസ്ത്രം അടുത്ത സൃഷ്ടിചക്രത്തിൽ

പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോള് മായ അഥവാ ദൈവ സാന്നിദ്ധ്യം വീണ്ടും അപ്രത്യക്ഷമാകുന്നതാണ്. പുതിയ കുഞ്ഞുങ്ങള് വീണ്ടും മഹാപ്രപഞ്ചത്തിന്റെ ഭൗതിക ശാസ്ത്രത്തെയും, ദൈവത്തെയും അന്വേഷിക്കും. സാമ്പത്തിക ശാസ്ത്രവും ജീവികളുടെ കൈമാറ്റത്തില് നിന്ന് കുറേശ്ശെയായി വികസിച്ചുവരുന്നതാണ്. എന്നാല് യാതൊരു ന്യൂനശക്തികളും പൈ (3.14..) എന്ന മഹാശാസ്ത്ര പരിധി മേലിൽ കടക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണത്തിൽ നിന്ന് ദേവതകളെ ഒഴിവാക്കി ക്കൊണ്ട്, സമ്പൂർണ്ണമായും സ്വയം ഏറ്റെടുത്തു കഴിഞ്ഞു .....

ദൈവീകമായ സാമ്പത്തികശാസ്ത്രത്തിന്റെ വിശ്വരൂപം മനസ്സിലാക്കാനായാല് ഇന്നത്തെ സാമ്പത്തികശാസ്ത്രജ്ഞർ മഹത്വം ദൈവത്തിനു മാത്രം എന്ന് ഉച്ചത്തിൽ ആരാധിക്കാൻ ഒരുമ്പെട്ടെന്നു വരും; അറിയുക: യോഗ്യത നേടാതെ ആരാധിക്കാൻ അവകാശമില്ല, മറിച്ച് ചെയ്താൽ അതിനു ശിക്ഷയുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 80)

സാമ്പത്തികശാസ്ത്രം : ആത്മീയ സാക്ഷാത്ക്കാരത്തിൽ

ആത്മീയ സാക്ഷാത്ക്കാരത്തില്, നീതിയുടെ രൂപമായ മണ്ണില്ല. നീതികാര്യങ്ങള് കഴിഞ്ഞ് യോഗ്യത നേടിക്കഴിഞ്ഞവരാണ്. ദൈവീകമായി പറയുമ്പോള്, ദൈവം മഹാഅനുഗ്രഹിച്ച് വ്യത്യസ്തമായ ആനന്ദങ്ങളെ അനന്തമായി ആസ്വദിച്ചു ജീവിക്കാനുള്ള മഹാഭാഗ്യം ലഭിച്ചു ജീവിക്കുന്നവരാണ്.

മണ്ണിൽ വച്ച് അഥവാ ഭൂമിയില് വച്ച് മണ്ണിനെ ശരീരമാക്കിക്കൊണ്ട് ജീവിക്കുവാനും അനന്തങ്ങളായ സുഖങ്ങളെ മനസ്സിലാക്കാനും പരബ്രഹ്മാനന്ദം എന്ന ആത്മീയസാക്ഷാത്ക്കാരം നേടിയ മനുഷ്യര്ക്കു കഴിഞ്ഞിട്ടുണ്ട്. മറ്റുള്ള ജീവികളായിരിക്കെ; ഭക്ഷണം സമ്പാദിക്കുക, ഭക്ഷിക്കുക, വിസര്ജ്ജിക്കുക, ഉറങ്ങുക, കളിക്കുക, രതിക്രീഡ നടത്തുക, തുടങ്ങിയ ഏതാനും കാര്യങ്ങളില് മാത്രം ഒതുങ്ങുന്ന ജീവിതവും ആനന്ദങ്ങളുമാണ് ഒരു ആത്മാവിന് അഥവാ വ്യക്തിക്ക് അനുഭവിക്കാന് കഴിയുക. മനുഷ്യാവസ്ഥയിലാണ് അനന്തങ്ങളായ സുഖങ്ങളെ അറിയുന്നതും ആസ്വദിക്കുന്നതും. അനന്തങ്ങളായ സുഖങ്ങളെ ആത്മീയസാക്ഷാത്ക്കാരത്തില് തുടര്ന്ന് ആസ്വദിക്കുവാന് അവര്ക്ക് ശരീരം വേണ്ടായെന്നത് ദൈവീകമായ അവസ്ഥയാണ്. ബ്രഹ്മാവസ്ഥയാണ്. ആഗ്രഹിക്കുന്ന സുഖങ്ങളെ അനുഭവിക്കുന്ന അവസ്ഥ.

സത്യാവസ്ഥയുടെ രൂപം വാതകമാണ്. സത്യരൂപം = വാതകരൂപം, ധര്മ്മരൂപം = ദ്രാവകരൂപം, നീതിരൂപം = ഖരരൂപം എന്ന അദ്ധ്യായത്തില് വിസ്തരിച്ചിട്ടുണ്ട്. ആഗ്രഹിക്കുന്ന ആനന്ദങ്ങളെ സൃഷ്ടിക്കാനും അനുഭവിക്കാനും കഴിയുമ്പോള്, മഹാ-ആനന്ദ അവസ്ഥയാണ്. ഭൂമിയിലെ സാമ്പത്തികശാസ്ത്രം സത്യാവസ്ഥയിൽ ആവശ്യമാകുന്നില്ല.

ഒരാള്ക്ക് ഏറ്റവും വലിയ ആനന്ദം നല്കുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത് എന്നതും, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നതും പരബ്രഹ്മാനന്ദം എന്ന ആത്മീയസാക്ഷാത്ക്കാരത്തിൽ പുതിയ മാനത്തോടെയാണ് വര്ത്തിക്കുന്നത്. ഏക ജീവിയെ ഭൂമിയില് വച്ച് സ്ത്രീയും പുരുഷനുമായി വിഭജിച്ചുവെങ്കില്, ആത്മീയ സാക്ഷാത്ക്കാരത്തില് അവരെ വീണ്ടും ഒന്നിപ്പിക്കുന്നു. സ്ത്രീയും പുരുഷനുമായി സ്വയം രണ്ടായി വിഭജിച്ചുകൊണ്ട് പരമാനന്ദമായ കാമാനന്ദത്തെ തങ്ങളെത്തന്നെ മറന്ന് ആസ്വദിക്കുവാനും ആത്മീയ സാക്ഷാത്ക്കാരത്തിൽ കഴിയുന്നുണ്ട്. നക്ഷത്രത്തിലെ ഹൈഡ്രജൻ-ഹീലിയം ബന്ധത്തെ മുമ്പ് ഹ്വസ്വമായി വിശദീകരിച്ചിരുന്നു.

ജീവിക്കാൻ പണം വേണം, എന്നാൽ പണത്തിനു വേണ്ടി ജീവിക്കരുത് എന്നു പറയുമ്പോള് പണം അനവധി സുഖങ്ങളെ നേടിത്തരുന്ന മാധ്യമം ആകയാൽ, **ഭൂമിയിലെ** ജീവിതത്തില് പണത്തിന് അഥവാ **സമ്പത്തിന്** തീര്ച്ചയായും വലിയ **പ്രാധാന്യമുണ്ട്**.

എന്നാൽ,

ആത്മീയ സാക്ഷാത്ക്കാരത്തിൽ, സാമ്പത്തികശാസ്ത്രം ഉള്പ്പെടെയുള്ള എല്ലാ ശാസ്ത്രങ്ങളും അപ്രത്യക്ഷമാകുകയാണ്. അവിടെ ഒരു ശാസ്ത്രമേയുള്ളൂ ആനന്ദശാസ്ത്രം.

ആനന്ദത്തിന്റെ ഭാഗമായിട്ട് മഹാദേവീ ദർശനം അവര് ആഗ്രഹിച്ചാല്, നീതി വിഷയമാകുന്നതാണ്. അപ്പോള് അവര് നീതിരൂപമായ, ധരരൂപമായ, മണ്ണിലേക്ക് അഥവാ ഭൂമിയിലേക്ക് വരേണ്ടതുണ്ട്. മണ്ണില്, മണ്ണിന്റെ മഹാശാസ്ത്രം അനുസരിച്ചു മാത്രമാണ് നീതിയും മഹാനീതിയും ലഭിക്കുക. അവരുടെയും ഏവരുടെയും സ്രഷ്ടാവും മഹാപിതാവും മഹാമാതാവുമായ മഹാദേവിയെ ദർശിക്കുവാനും മഹാവാത്സല്യം നുകരാനും, മഹാദേവി നിശ്ചയിക്കുന്നതായ മനുഷ്യജന്മങ്ങള് എടുക്കേണ്ടതായി വരും, പശു-കാള ജന്മങ്ങളും. മാത്രമല്ല, ഏകജീവിയായവര് വീണ്ടും സ്ത്രീയും പുരുഷനുമായി വിഘടിക്കപ്പെടുന്നതുമാണ്. സ്ത്രീ-ഭാഗത്തെ പവിത്രയായി അപ്പോഴും മഹാദേവി സംരക്ഷിക്കുന്നതുമാണ്. ജീവിസൃഷ്ടിയും ധർമ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.

മഹാദേവിയെ കുഞ്ഞായിട്ട് ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് മത്സ്യം മുതല് വീണ്ടും ജീവി-ജീവിതം ആരംഭിക്കേണ്ടതുണ്ട്. മഹാപ്രപഞ്ചത്തിലെ ജീവിതത്തെ മഹത്തരമായി മനസ്സിലാക്കിയ അവർക്ക്

അത് വിഷയമാകുന്നില്ല. എന്നാല് പരമാനന്ദങ്ങളെ മാറ്റിവച്ച് മഹാദേവിയെ കുഞ്ഞായി ലഭിക്കുവാൻ ആഗ്രഹിക്കുന്നത് മഹാ-വിശിഷ്ഠത തന്നെയാണ്. അങ്ങനെയുള്ളവരെ മഹാദേവി നിരാശപ്പെടുത്തില്ല. എന്നാൽ അത് പ്രോത്സാഹിപ്പിക്കില്ല. ഭക്തി-ഭ്രാന്ത് അനാവശ്യമാണ്. മഹാദേവിക്ക് മാത്രം മഹത്വം എന്ന് മനുഷ്യര് ആരാധിച്ചതുകൊണ്ട് ആനന്ദിക്കുന്ന ഒന്നല്ല മഹാദേവി. അടിസ്ഥാനപരമായിട്ട് മഹാദേവി ജീവിയല്ല, അനന്ത മഹാശാസ്ത്രവും അനന്തമഹാശക്തികളും ചേര്ന്നതായ, വിശദീകരണങ്ങള്ക്ക് അതീതമായ മഹാശക്തി മാത്രമാണ്.

ആത്മീയസാക്ഷാത്ക്കാരത്തില് നിന്നും മടങ്ങി വീണ്ടും ഭൂമിയിലെ കാര്യങ്ങളിലേക്കു വരാം :-

സാമ്പത്തികശാസ്ത്രവും സാമ്പത്തിക കാര്യങ്ങളും പരമ പ്രധാനമാണ്. മനുഷ്യന്റെ ജീവിത-ആനന്ദങ്ങളെ ദൈവം മഹാരീതികളിലാണ് സമ്പത്തുമായി കൂട്ടിയിണക്കിയിട്ടുള്ളത്.

മനുഷ്യര്ക്ക് ഭൂമിയിലെ വസ്തുക്കളില് അവകാശം ഉന്നയിക്കാനുള്ള അധികാരം ദൈവം തന്നെ മനുഷ്യര്ക്ക് നല്കുന്നത് എങ്ങനെയെന്നും വിസ്തരിച്ചുവല്ലോ. ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള സാമ്പത്തികശാസ്ത്ര പാഠങ്ങളെ അനുസരിച്ചു ജീവിക്കാതെ യാതൊരാള്ക്കും മുന്നോട്ടു

പോകാന് കഴിയില്ല. ദൈവം നല്കുന്ന സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ, 100 ജന്മങ്ങളിലായിട്ട്, സ്ഥിതിപരമായ വിധിയെയും ചേര്ത്ത് ചിട്ടപ്പെടുത്തുന്ന ജന്മഗുണങ്ങളിലൂടെ ദൈവം നിയന്ത്രിക്കുന്നുണ്ട് എന്നു മനസ്സിലാക്കുമ്പോള്, തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും ഭൂമിയില് എല്ലാ ആനന്ദങ്ങളും ലഭ്യമാക്കുന്നതോടൊപ്പം, ഭൂമിയില് വച്ചും സമനീതി നല്കുന്നുണ്ട് എന്നുകൂടി തെളിയുന്നു.

ദൈവം തന്റെ ഭാഗവും ഏകദാസനുമായ പരമശിവനെ സാമ്പത്തിക പരാധീനതകളില് പെടുത്തിയിരിക്കുന്നു ..

ദൈവത്തിന്റെ സമ്പത്താണ് ഭൂമിയെന്നും, പരമമായി ദൈവത്തിന്റെ സമ്പത്തായിത്തന്നെ തുടരുമെന്നും, ജനിച്ചും ജീവിച്ചും മരിച്ചും പുനര്ജ്ജനിച്ചും പുനര്ജ്ജീവിച്ചും പരബ്രഹ്മാനന്ദത്തിലേക്കു പ്രവേശിക്കുന്നതോടെ മനുഷ്യന് സമ്പത്തോ, സാമ്പത്തികശാസ്ത്രമോ ഒട്ടും വിഷയമല്ലാതെ വരുമെന്നും തെളിഞ്ഞുകഴിഞ്ഞു. അനേകര് സാമ്പത്തിക ദാരിദ്ര്യത്തില്പെട്ടു ജീവിക്കുന്നതിന് ഭരണാധികാരികളും മതപുരോഹിതന്മാരും ഉള്പ്പെടെയുള്ളവരുടെ അറിഞ്ഞും അറിയാതെയുമുള്ള കൊടുംഭീകരപ്രവര്ത്തനങ്ങള് കാരണമാകുന്നുവെന്നും കണ്ടു.

ശക്തി-സംഖ്യാശാസ്ത്ര പ്രകാരം ദൈവത്തിന്റെ സമ്പത്തായ ഭൂമിയുടെ 30% പരമശിവന് അവകാശപ്പെട്ടതാണ്; ദൈവത്തിന്റെ പ്രതിനിധിയായിരിക്കുമ്പോള്, മുഴുവന് ഭൂമിയിലും

പരമശിവന് അവകാശവും അധികാരവുമുണ്ട്. ദൈവം പരമശിവനായിട്ട് നിയോഗിച്ചിട്ടുള്ള ഗ്രന്ഥകാരന്, മാനുഷിക അവസ്ഥയിലുള്ള കടങ്ങള് വീട്ടാനും, കടമകള് പൂര്ത്തിയാക്കാനും, ദൈവശാസ്ത്ര പ്രവര്ത്തനങ്ങളെ മുന്നോട്ടു നയിക്കാനും പണമില്ലാതെ അനവധി വര്ഷങ്ങളായിട്ട് വിഷമിച്ചുപോരുന്നു. ദൈവത്തിന്റെ ഏകദാസനായ പരമശിവനുണ്ടായിട്ടുള്ള ഈ അവസ്ഥയ്ക്ക് ആരാണ് കാരണക്കാര് ? ധര്മ്മശാസ്ത്രത്തെ തെറ്റിച്ചു ജീവിക്കുന്നവരെല്ലാം കാരണക്കാരാണ് എന്നത് പൊതുവായുള്ള ശരിയാണെങ്കില്, പരമശിവൻ ഉള്പ്പെട്ടു ജീവിക്കുന്ന ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും ഭരണകൂടങ്ങള്ക്ക് കൂടുതല് ഉത്തരവാദിത്തങ്ങളുണ്ട്.

നാട്ടിലെ വിവരങ്ങള് അറിയാനും അന്വേഷിക്കാനും പഞ്ചായത്ത് മുതല് മേലോട്ടുള്ള എല്ലാ ഭരണാധികാരികള്ക്കും ബാദ്ധ്യതയുണ്ട്. എന്നിരിക്കിലും, അതു വിഷയമാക്കാതെ പഞ്ചായത്ത് ഉള്പ്പെടെ മേലോട്ടുള്ള അധികാരികളെയെല്ലാം ഈയുള്ളവന് നടത്തിപ്പോരുന്ന മഹാശാസ്ത്ര പ്രവര്ത്തനങ്ങള് കാലാകാലങ്ങളില് അറിയിച്ചുപോന്നിട്ടുണ്ട്. 1990-ല് ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചതു മുതല് ഗ്രന്ഥങ്ങളുടെ കോപ്പികളും, ലേഖനങ്ങളുടെ കോപ്പികളുമൊക്കെ രാഷ്ട്രപതി, കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും ഏതാനും മന്ത്രിമാര്, കേരളത്തിലെ ഹൈക്കോടതിയിലെ ഏതാനും ജഡ്ജിമാര്, മുഖ്യ രാഷ്ട്രീയ പാര്ട്ടികളിലെ ചില പ്രമുഖര്, ഏതാനും നിരീശ്വരവാദികള്, പത്രങ്ങള്, ടെലിവിഷന്, ഏതാനും ദേവാലയങ്ങള്, സമൂഹത്തിലെ അനേകം പ്രമുഖര്, കേരളത്തിലെയും ഡല്ഹിയിലെയും

കല്ക്കട്ടയിലെയുമൊക്കെ മുഖ്യ ലൈബ്രറികള്, കേരളത്തിലെ സര്വ്വകലാശാലകള് എന്നിങ്ങനെ അനേകര്ക്ക് പോസ്റ്റല് മെയിലായി അയച്ചുകൊടുത്തിട്ടുണ്ട്. ഈയുള്ളവന് അയച്ചുകൊടുത്തവ കിട്ടിയെന്ന് ഇന്ത്യയിലെ ഭരണകൂടത്തിന്റെ നായകനായ രാഷ്ട്രപതിയുടെ ആഫീസില് നിന്ന് ഒരിക്കല് ഒരു കത്ത് ലഭിച്ചു; അതിലറിയിച്ചത്, ഇന്ത്യയിലെ പ്രധാനമന്ത്രിയുടെ ആഫീസിലെ സെക്രട്ടറിയ്ക്ക് അവ അയച്ചുകൊടുത്തുവെന്നാണ്. രാഷ്ട്രപതിയുടെ ആഫീസില് നിന്നു ലഭിച്ച കത്ത് ഓംസത്യം ഡോട്ട്കോം എന്ന വെബ്സൈറ്റില് ചേര്ത്തിട്ടുണ്ട്. സുപ്രീം കോടതി എന്ന തെറ്റായ പേരു സ്വീകരിച്ചിരിക്കുന്ന ഡല്ഹിയിലെ കോടതിയില് നിന്നും ഒരിക്കല് ഒരു കത്ത് ലഭിച്ചു; അയച്ചുകൊടുത്തവ കിട്ടിയെന്നും അത്തരം കാര്യങ്ങള് അവര് പരിഗണിക്കില്ലെന്നോ മറ്റോകൂടി അറിയിക്കുകയുണ്ടായി. മൂന്നാമത്തെ ഗ്രന്ഥം വായിച്ചിട്ട് രാധാമാധവത്തിലെ രാധ (മാധവിക്കുട്ടി) ഫോൺ വിളിക്കുകയും ഗ്രന്ഥകാരൻ പ്രവാചകനാണോ എന്ന് സംശയിച്ചതായും, അവര് ബഹുവിധ അത്ഭുതങ്ങളില് പെട്ടിരിക്കുന്നതായും അറിയിച്ചു. സ്നേഹമുള്ള പാവം കുട്ടി. കോഴിക്കോട്ടുള്ള ഒരു മുസ്ലീംമാസികയുടെ പത്രാധിപര്ക്ക് ഉടന് മതം ഉപേക്ഷിക്കണമെന്നും ഗ്രന്ഥം വിഭാവന ചെയ്യുന്ന സത്യമനുഷ്യ പ്രസ്ഥാനത്തില് ചേരണമെന്നും അറിയിച്ചു (1991/1992). സത്യമനുഷ്യ പ്രസ്ഥാനം പ്രവര്ത്തിച്ചു തുടങ്ങിയിട്ടില്ലെന്നും അതിനു സമയമായില്ലെന്നും മറ്റും മറുപടി നല്കി.

2001 മുതല് ചിലവുകുറഞ്ഞ ഇ-മെയിലിനെയാണ് കൂടുതല് ആശ്രയിച്ചിട്ടുള്ളത്. കേന്ദ്രഭരണകൂടത്തിലെയും കേരളത്തിലെ ഭരണകൂടത്തിലെയും തമിഴ്നാട് ഭരണകൂടത്തിലെയും ഏതാനും മന്ത്രിമാര്, ഭരണകൂടത്തിലെ സെക്രട്ടറിമാര്, കളക്ടര്മാര്, പോലീസ് സേനയിലെ ഉന്നതാധികാരികള്, തുടങ്ങി അനേകര്ക്ക് അനവധി ഇ-മെയിലുകള് അയക്കുകയുണ്ടായി. 2009 -ല് അവര്ക്കും മറ്റനേകര്ക്കും മൊബൈല് ഫോണിലൂടെ sms -ഉം അയക്കുകയുണ്ടായി. ഇപ്പോഴും, ദൈവത്തിന്റെ ഇഷ്ടംപോലെ, വല്ലപ്പോഴുമൊക്കെ ചെയ്യുന്നുമുണ്ട്.

ഭരണകൂടത്തിനും പ്രജകള്ക്കും ആവശ്യമായതും, അവരുടെയെല്ലാം ജീവിതങ്ങളെ കൂടുതല് ആനന്ദങ്ങളിലേക്ക് നയിക്കുന്നതുമായ കാര്യങ്ങളാണ് ശാസ്ത്രജ്ഞന്മാരിലൂടെ ദൈവം വെളിപ്പെടുത്തുന്നത് എന്നതുകൊണ്ട് ശാസ്ത്രജ്ഞന്റെ പ്രവര്ത്തനങ്ങള്ക്കും ജീവിതാവശ്യങ്ങള്ക്കും ആവശ്യമായ സമ്പത്ത് നല്കുവാന് ഭരണകൂടത്തിന് ബാദ്ധ്യതയുണ്ട്. ശാസ്ത്രജ്ഞന് എന്ന സ്ഥാനത്തോടെ സമൂഹത്തിന് ആവശ്യമായ ശാസ്ത്രപാഠങ്ങളെ കണ്ടെത്തുവാന് ഗവേഷണംചെയ്യുന്നവരെ സാമ്പത്തികമായി സഹായിക്കുക എന്നതും ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. ഈയുള്ളവൻ ഗവേഷണം മാത്രമല്ല ചെയ്തത്. മഹാപ്രപഞ്ചത്തിന്റെ അത്യുന്നതങ്ങളും അതിഗൂഢങ്ങളുമായ അനവധി മഹാശാസ്ത്രപാഠങ്ങളെ ദൈവം ഈയുള്ളവനിലൂടെ വെളിപ്പെടുത്തി. കുറ്റങ്ങളും കുറവുകളുമില്ലാത്ത

സാമ്പത്തിക ശാസ്ത്രം അതിലൊന്നു മാത്രമാണ്. ശാസ്ത്രജ്ഞനായ പരമശിവന് സാമ്പത്തിക സഹായം ചെയ്യുവാന് ഭരണകൂടത്തിന് ബാദ്ധ്യതയുണ്ടെന്നര്ത്ഥം. മുന് ഗ്രന്ഥങ്ങളിലൂടെയും ഓംസത്യം ഡോട്ട്കോം എന്ന വെബ്സൈറ്റിലൂടെയും പ്രസ്തുത വിവരം ഭരണകൂടത്തെയും കോടതികളെയുമൊക്കെ അറിയിച്ചതാണ്. 1990 മുതൽ അഭ്യര്ത്ഥിച്ചിട്ടും, ഈ വരികള് എഴുതുന്ന 2009 ജൂണ് 21 വരെ ഒരു പൈസ പോലും യാതൊരാളും ശാസ്ത്രജ്ഞനായ ഈയുള്ളവന് നല്കുകയുണ്ടായില്ല; ഇനി വേണ്ടതില്ലായെങ്കിലും ചില കാര്യങ്ങൾ അറിയിക്കുന്നു:-

ഗ്രന്ഥകാരന് ഉള്പ്പെടെ ഏതൊരു ശാസ്ത്രജ്ഞന്റെയും മാനുഷിക അവസ്ഥയിലെ ധര്മ്മശാസ്ത്രപരമായ ആവശ്യങ്ങളെ നിറവേറ്റുവാനും കടങ്ങള് വീട്ടാനും, കുടുംബപരമായ കടമകളെയും ചുമതലകളെയും പൂര്ത്തിയാക്കാനും, ധനത്തിന്റെ ആവശ്യം ഉണ്ട്. കടങ്ങളും കടമകളും പൂര്ത്തിയാക്കാന് ഈയുള്ളവന് ജീവിതകാലത്ത് സമ്പാദിക്കാനായ 25 സെന്റ് സ്ഥലവും കെട്ടിടവും മതിയാകുമെന്ന് ഇന്നു തോന്നുന്നു - ദൈവത്തിന്റെ ഇഷ്ടംപോലെ നടക്കട്ടെ. ഗ്രന്ഥകാരന്റെ കാര്യത്തില്, മഹാശാസ്ത്ര പ്രവര്ത്തനങ്ങളെ മുന്നോട്ടു നയിക്കാനും ഗവേഷണം തുടരാനും ധന-ആവശ്യം ഉണ്ടോയെന്നും, എങ്ങനെ വേണമെന്നും നിശ്ചയിക്കുന്നത് സമ്പൂര്ണ്ണമായും ദൈവം തന്നെയാണ്, ഈയുള്ളവൻ -ലൂടെ മാത്രമാണെന്ന് മുമ്പും വ്യക്തമാക്കിയിരുന്നതാണ്. സാമ്പത്തികശാസ്ത്രം അനുസരിച്ച് കടലാസ് കറന്സി അധമമാണ്, മൂല്ല്യമുള്ള സ്വര്ണ്ണമായിട്ട് ഗ്രന്ഥകാരനെ സഹായിക്കേണ്ടിയിരുന്നു.

ദൈവം മായ പ്രത്യക്ഷമാക്കുമ്പോഴേ അത്തരം പാഠങ്ങളെ ഉള്ക്കൊണ്ട് സമൂഹവും ഭരണകൂടവും പ്രവര്ത്തിക്കുകയുള്ളൂ എന്നതുകൊണ്ട് പ്രസക്തിയില്ലെങ്കിലും, ഗ്രന്ഥകാരന് ഇനി ആവശ്യമില്ലെങ്കിലും ഭരണകൂടങ്ങൾ ചെയ്യേണ്ടിയിരുന്നതായ സാമ്പത്തികചുമതലയെപ്പറ്റി തുടര്ന്നു വിശദീകരിക്കാം. അടൂര് പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ ഭരണകൂടംഈയുള്ളവന് പൈ-കിലോഗ്രം സ്വര്ണ്ണമോ തത്തുല്യമായ സമ്പത്തോ നല്കണമായിരുന്നു; (22 / 7 = പൈ = 3.14..); കേരളത്തിലെ ഭരണകൂടമാണെങ്കില് പഞ്ചായത്ത് നല്കേണ്ടതിന്റെ 100 ഇരട്ടിയും, ഇന്ത്യയിലെ ഭരണകൂടമാണ് നല്കുന്നതെങ്കില് കേരളത്തിലെ ഭരണകൂടം നല്കേണ്ടതിന്റെ 100 ഇരട്ടിയും നല്കേണ്ടിയിരുന്നു. തല്ക്കാലം കൂടുതല് വിസ്തരിക്കുന്നില്ല ! മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളും പൈ-യുമായുള്ള ബന്ധം, കേരളത്തിനുള്ള പ്രത്യേകത, സൃഷ്ടിപരമായ വിധി പ്രകാരമുള്ള ജനസംഖ്യ തുടങ്ങിയ ശാസ്ത്ര വ്യവസ്ഥകള് പ്രകാരമുള്ള സമ്പത്താണത് (സ്ഥിതിപരമായ വിധി പ്രകാരം കാര്യങ്ങള് വ്യത്യാസപ്പെടുന്നതിനെപ്പറ്റി ഗ്രന്ഥത്തിലുണ്ട്). ഓരോ വ്യക്തികള്ക്കും ഈയുള്ളവന്റെ ഇതുവരെയുള്ള മഹാശാസ്ത്ര പ്രവര്ത്തനങ്ങള്ക്കുള്ള പ്രതിഫലമായിട്ട് സഹായിക്കുവാൻ മുമ്പ് ശ്രമിക്കാമായിരുന്നു. അടൂരിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവന്കൂറിലെ ബാദ്ഷ എന്ന പേരിലുള്ള ഈയുള്ളവന്റെ സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് (57067741519) ഭൂമിയിലെവിടെ നിന്നും

നേരിട്ട് പണമയയ്ക്കാൻ സൗകര്യമുണ്ടാക്കിയിരുന്നു; എന്നാല് ഇനി വേണ്ടതില്ലാ. വിഷയസംബന്ധമായുള്ള ധര്മ്മശാസ്ത്ര വിശകലനം നടത്തിയിരിക്കുന്നു എന്നല്ലാതെ, യാതൊരാളും ഈയുള്ളവന് പണം അയച്ചുകൂടാ. ഈയുള്ളവന്റെ എല്ലാ കാര്യങ്ങളും ദൈവത്തിന്റെ ഇഷ്ടംപോലെ നടക്കണമേ എന്നിങ്ങനെയാണ് പ്രാര്ത്ഥന. ഭരണകൂടവും വ്യക്തികളും ഈയുള്ളവനെ സാമ്പത്തികമായി സഹായിക്കാന് തയ്യാറാവേണ്ടിയിരുന്നതും മറ്റു ശാസ്ത്രജ്ഞരെ സഹായിക്കുവാന് മേലില് തയ്യാറാവേണ്ടതും ശാസ്ത്രപാഠങ്ങളെ സമ്മാനിച്ച ശാസ്ത്രജ്ഞനെയാവണം. ശാസ്ത്രത്തെ ആയുധമാക്കി പ്രവര്ത്തിക്കുന്ന ശാസ്ത്രായുധനായ പരമശിവൻ ഭരണകൂടത്തിന്റെയും ജനങ്ങളുടെയും ചുമതലകളെ ധര്മ്മശാസ്ത്രപരമായി അറിയിക്കുക മാത്രമാണു ചെയ്തത്. ദൈവാനുഗ്രഹത്താല്, ദൈവദാസനായ പരമശിവന് സമ്പത്ത് ആവശ്യമില്ലെന്നു വ്യക്തമായല്ലോ. ദൈവത്തെയോ ദൈവദാസനെയോ സഹായിക്കുന്നു എന്ന ചിന്താഗതിയോടെ മുമ്പ് ആരെങ്കിലും പണം നല്കിയിരുന്നുവെങ്കില്, പുണ്യം ലഭിക്കുന്നതിനു പകരം പാപം ലഭിക്കുമായിരുന്നു, ദൈവാനുഗ്രഹത്താൽ അതൊഴിവാകുകയും ചെയ്തു.

ഭരണാധികാരികൾ ഉള്പ്പെടെയുള്ളവർ അവരുടെ ചുമതലകളെ നിറവേറ്റുന്നതും നിറവേറ്റാത്തതും പുണ്യം നേടുന്നതും പാപം നേടുന്നതും ധര്മ്മശാസ്ത്രപരമായി പറയുമ്പോള് അവരുടെ കാര്യമാണ്.

വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗവും ദുരുപയോഗവും ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ ദൈവം എല്ലാവര്ക്കും മഹാഅനുഗ്രഹിച്ചു നല്കിയിട്ടുണ്ട്.

പരമശിവനിലൂടെയുള്ള മഹാശാസ്ത്ര പ്രവര്ത്തനങ്ങളെ ഇതുവരെ മുന്നോട്ടു നയിച്ചത് മഹാശക്തിയായ മഹാദേവി തന്നെയാണ്. മഹാദേവിയുടെ മഹാഇഷ്ടങ്ങളനുസരിച്ചുള്ള പ്രവര്ത്തനങ്ങളെ മനുഷ്യര്ക്കു നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തിന്റെ ദുര്വ്വിനിയോഗത്തിലൂടെ അഥവാ അങ്ങനെ ഉരുവാകുന്ന സ്ഥിതിപരമായ വിധിയിലൂടെ കുറെ അസുന്ദരമാക്കുവാന് അനേകര്ക്കു കഴിഞ്ഞാല് പോലും, പരമമായി സൃഷ്ടിപരമായ വിധി പ്രകാരവും മഹാനീതിശാസ്ത്രപ്രകാരവും, മഹാശാസ്ത്ര പ്രവര്ത്തനങ്ങള് മഹാമംഗളമാകുന്നതാണ്. ശാസ്ത്രജ്ഞനല്ല വലുത്, ശാസ്ത്രമാണ് വലുത്. ശാസ്ത്രജ്ഞന്മാര് ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതാണ്, ശാസ്ത്രമോ എന്നും നിലനില്ക്കുന്നു. മനുഷ്യന് കാലോചിതമായി മാത്രം വെളിപ്പെട്ടുകൊണ്ട് ശാസ്ത്രം എന്നും മഹാപ്രപഞ്ചത്തില് അന്തര്ലീനമായിരിക്കുന്നു. (മതങ്ങളും രാഷ്ട്രീയങ്ങളുമൊക്കെ ധര്മ്മശാസ്ത്രപരമല്ലാത്തതിനാല് അവയും നശിക്കുന്നതാണ്). ദൈവത്തെ പ്രതിനിധീകരിക്കുന്ന ശാസ്ത്രത്തെ സംരക്ഷിക്കുവാന് ദൈവത്തിന് മഹാപദ്ധതിയുണ്ട്. ശാസ്ത്രജ്ഞനായ പരമശിവന്, ദൈവത്തിന്റെ പ്രതിനിധി കൂടിയാകയാല്, പരമശിവനെ

സംരക്ഷിക്കുവാനും ദൈവം ശ്രദ്ധിക്കുന്നതാണ്. മുമ്പ് സുവ്യക്തമാക്കിയതുപോലെ മതങ്ങള്ക്കും രാഷ്ട്രീയങ്ങള്ക്കും മറ്റും മാറ്റിമറിക്കാനാവുന്ന ഒന്നല്ല മഹാശാസ്ത്രം. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തില് നിന്ന് മഹാശാസ്ത്രവും മഹാപ്രപഞ്ചവും ഉത്ഭവിക്കുന്നത് എങ്ങനെയെന്നു വിവരിക്കുന്ന ഏതാനും വാചകങ്ങൾ ആവര്ത്തിക്കുന്നു :

// മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തില് താന് സൃഷ്ടിച്ചുപോരുന്ന തന്റെ എല്ലാ കുഞ്ഞുങ്ങളോടുമുള്ള മഹാവാത്സല്യം നിറഞ്ഞിരിക്കുന്നു. ... മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിക്കും മുമ്പ്, സൃഷ്ടിക്കാന് ഉദ്ദേശിക്കുന്ന തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും അനന്തങ്ങളായ ആനന്ദങ്ങള് ലഭ്യമാക്കുവാനുള്ള പദ്ധതിയും, അതോടൊപ്പം, എല്ലാ കുഞ്ഞുങ്ങള്ക്കും തുല്ല്യമായ ആനന്ദം ലഭ്യമാക്കുവാനായി മഹാനീതിശാസ്ത്രവും മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം ആവിഷ്ക്കരിക്കുന്നു. ... മഹാഹൃദയമായ ഓംകാരത്തില് നിന്ന് ജീവികള്ക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങള് നല്കാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായ മഹാപ്രപഞ്ചവും സൃഷ്ടിയ്ക്കപ്പെടുന്നു. ഓംകാരനീതിശാസ്ത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും ഉള്ക്കൊള്ളുന്നുവെന്നും, മഹാശാസ്ത്രവും മഹാപ്രപഞ്ചവും മഹാഹൃദയമായ ഓംകാരത്തിന്നുള്ളിൽ മാത്രമാണ് പ്രവര്ത്തിക്കുന്നത് എന്നും സുവ്യക്തമാകുന്നു. ... //

സാമ്പത്തിക ശാസ്ത്രത്തെപ്പറ്റി തുടരാം.
ഭൂമിയിലെങ്ങുമുള്ള രാജ്യങ്ങളില് കടുത്ത സാമ്പത്തിക ദാരിദ്ര്യത്തില് പെട്ടിരിക്കുന്നവരെ ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം ഉദ്ധരിക്കേണ്ടത് പ്രത്യക്ഷമായി ഭരണകൂടത്തിന്റെ ചുമതലയാണ്. പരോക്ഷമായി ഓംകാരനീതി ശാസ്ത്രത്തിലൂടെ ദൈവം എല്ലാവര്ക്കും മഹാനീതി നല്കുന്നുണ്ട്. ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ജനങ്ങള്ക്ക് അത് ബോദ്ധ്യമാകുന്നതുമാണ്. വ്യക്തികളും ഭരണകൂടവും സ്വയം ബാദ്ധ്യതയോടെ ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം വൈകാതെ പ്രവര്ത്തിച്ചുതുടങ്ങുന്നതോടെ, സമൂഹത്തിലെ എല്ലാ ജനങ്ങള്ക്കും അടിസ്ഥാനപരമായ സാമ്പത്തിക സമത്വം ഉണ്ടാകുന്നതാണ്. ദൈവത്തിന്റെ മഹാചിരിയും മഹാസംഗീതവും കൂടിയായ ഓം 3-33 വർഷക്കാലം ഭൂമിയിലെങ്ങും തുടര്ച്ചയായി മുഴക്കിക്കൊണ്ട് ദൈവം മായ പ്രത്യക്ഷമാക്കുമ്പോള്, സാമ്പത്തിക അസമത്വങ്ങള് ഉള്പ്പെടെയുള്ള എല്ലാ ഭീകരവാദങ്ങളും അവസാനിക്കുവാന് ഓം കാരണമാകുന്നതും, മഹാചിരികൊണ്ടുമാത്രം ഭൂമിയില് സ്വര്ഗ്ഗരാജ്യം രൂപപ്പെടാന് വഴിതുറപ്പിക്കുന്നതുമാണ്.

ഭൂമിയിലെ വ്യത്യസ്ത മേഖലകളിലെ വ്യത്യസ്ത വിഷയങ്ങളെ ചൂണ്ടിക്കാട്ടുകയും ദൈവീകമായ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്ന ദൈവ വിപ്ലവ വിശകലനം നമ്പർ 12, www.omsathyam.com **വെബ്സൈറ്റിൽ ലഭ്യമാണ്. ചുവടെ ചേർക്കുന്നു :**

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി

ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

Published on 24 June 2017, Saturday.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ട്; ശരീരം ഉള്ളവർക്കെല്ലാം ശരീര-രോഗങ്ങളും ഉണ്ട്. *ദൈവ-വിപ്ലവം ഉടൻ*

മഹാവിപ്ലവകാരി,* എക്കാലത്തും, ഏകദൈവവും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയും മഹാദേവനുമായ *മഹാദേവി മാത്രമാണ്.

മഹാദേവിയുടെ മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനി *ലൂടെ* കാലഘട്ടങ്ങളിലെ ആവശ്യങ്ങളെ മഹാഭദ്രമാക്കുന്നു. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ *ബുദ്ധൻ,* കാളിദാസൻ, ഷേക്സ്പിയർ, *ക്രൈസ്റ്റ്, എം.കെ. ഗാന്ധി,* തുടങ്ങിയ മനുഷ്യരായിട്ട് *മഹാദേവി* അയച്ചത് സ്വന്തം ഭാഗമായ പരമശിവനെയാണെന്നു പ്രസ്താവിച്ചാൽ മനോരോഗമാണോ ?!

ദൈവ-വിപ്ലവ വിശകലനം -12 : *മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ട്.* + അതീവ ഹ്രസ്വമായ ജീവചരിത്രം + സാമ്പത്തിക വിൽപ്പത്രം + ശാസ്ത്രീയമായി ശവമടക്കുന്നത് എങ്ങനെ : വിവരിക്കുന്നു.

(PDF- ഫയലുകളും മുൻ വിശകലനങ്ങളും **www.omsathyam.com** എന്ന വെബ്സൈറ്റിൽ ഇപ്പോൾ ലഭ്യമാണ്.)

ആമുഖം.

ജീവാത്മാവിന് ആനന്ദങ്ങളെ നൽകുന്നതും ശിക്ഷിക്കുന്നതും, 'ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം' തന്നെയാണ്. 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' ജീവാത്മാവിന് ചലിപ്പിക്കാൻ അനുവാദം ഉള്ളതായ ശരീര- അവയങ്ങളെ ഉൾപ്പെടെ ശരീരത്തെ മുഴുവൻ സ്വയം മഹാഭരിക്കുന്നുണ്ട്. 'ശരീരം' ജീവിയുടെ പ്രത്യക്ഷ സ്രഷ്ടാവായി പ്രവർത്തിക്കുന്നതും, ജീവാത്മാവിന് ആനന്ദങ്ങളെ നൽകുന്നതും, ജന്മഗുണങ്ങളെ മഹാനിശ്ചയി ക്കുന്നതും, മഹാനീതിശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ പ്രവേശിപ്പിച്ചും സുഖപ്പെടുത്തിയും ജീവാത്മാവിനെ മഹാഭരിക്കു ന്നതും എങ്ങനെയെല്ലാമെന്ന് ദൈവ-വിപ്ലവ വിശകലനം 7-ൽ വിശദമാക്കിയിരുന്നു. **www.omsathyam.com** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ണിലും ശരീരത്തിലും മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ, ശരീരത്തിനു മാത്രമല്ല; *ജീവാത്മാവ് എന്നും ജീവാത്മാവിന്റെ ജ്ഞാനബോധം* എന്നും വിശേഷിപ്പിക്കുന്ന *മനസ്സിനും* രോഗങ്ങളെ നൽകുകയും സുഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

വിശദീകരണം :-

(1). ശരീര രോഗങ്ങളുടെയും മനോരോഗങ്ങളുടെയും പൊതു സ്വഭാവവും, പൊതു കാരണങ്ങളും.

ഇന്നത്തെ ഭൂമിയിൽ 750 കോടി ജനങ്ങളാണ് ഉള്ളതെങ്കിൽ, അവരെല്ലാം *ശരീരത്തിലും മനസ്സിലും*, ചെറുതും വലുതും വ്യത്യസ്തങ്ങളുമായ രോഗങ്ങൾ ഉള്ളവരാണ്.

പനി, ജലദോഷം, ചുമ, തലവേദന, പല്ലുവേദന, വയറ്റുവേദന, വയറിളക്കം, ഉളുക്ക്, ചൊറിച്ചിൽ, വൈകല്യങ്ങൾ, തുടങ്ങിയ സാധാരണ *ശരീര-രോഗങ്ങളെ അനുഭവിക്കുന്ന ഏതൊരു രോഗിയും അവ സ്വയം അറിയുന്നുണ്ട്.* മേല്പടി ശരീര-രോഗങ്ങളെ പ്പറ്റി രോഗി അറിയിച്ചില്ലെങ്കിലും, ചുറ്റുമുള്ളവരുടെ ശ്രദ്ധയിൽ പെടുന്നതാണ്.

മനുഷ്യന്റെ സ്ത്രീ പുരുഷ വ്യത്യാസം, സൗന്ദര്യം, നിറം, ഉയരം, ആയുസ്സ്, ആരോഗ്യം, ദേശം, തൊഴിൽഅഭിരുചി, ബുദ്ധി ശക്തി, തുടങ്ങിയ ജന്മഗുണങ്ങളെയും ജീവിതത്തെയും 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ സ്വന്തം ശരീരം' മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുമ്പോൾ രൂപം കൊള്ളുന്ന അനുഗ്രഹങ്ങളായും, ശിക്ഷകളായും, 'അനുഗ്രഹങ്ങളുടെയും ശിക്ഷകളുടെയും മിശ്രിതമായും,' വ്യക്തികളുടെ മനോഭാവം പോലെ ശരീര രോഗങ്ങളെ കണക്കാക്കാം. യഥാർത്ഥത്തിൽ അനുഗ്രഹങ്ങൾ മാത്രമാണു സർവ്വതും എന്ന് പില്ക്കാലത്ത് മഹാജ്ഞാനം ലഭിക്കുമ്പോൾ ബോദ്ധ്യപ്പെടുന്നതാണ്. (അതേസമയം ദൈവവും ദൈവ ഭാഗമായ പരമശിവനും 'മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളായി' മഹാഅവതരിക്കുമ്പോൾ, 'ജീവികളെല്ലാം സൃഷ്ടികളും കുഞ്ഞുങ്ങളും ആകയാൽ,' മഹാനീതിശാസ്ത്ര പ്രകാരം കുഞ്ഞുങ്ങളുടെ വേദനകളെയും കഷ്ടപ്പാടുകളെയും ഏറ്റെടുത്തു കൊണ്ട് കുഞ്ഞുങ്ങൾക്ക് ആശ്വാസം നൽകുന്നതാണ്.).

മനോരോഗത്തിന്റെ മുഖ്യമായ പൊതു സ്വഭാവമെന്നത് മിക്കപ്പോഴും *രോഗി സ്വയം അറിയില്ല; മനോരോഗങ്ങൾ മൂർച്ഛിക്കുമ്പോൾ മാത്രം ചുറ്റുമുള്ളവരുടെ ശ്രദ്ധയിൽ പെടുന്നതാണ്.*

'ജീവാത്മാവിനെ/മനസ്സിനെ വഹിക്കുന്നത് ശരീരം' ആകയാൽ, മനസ്സിന് രോഗങ്ങളെ ഉണ്ടാക്കുന്നതിലും ശരീരത്തിനു പങ്കുണ്ട്.

മുഖ്യമായും രണ്ടു വിധത്തിലുള്ള മനോരോഗങ്ങളുണ്ട്.

മനുഷ്യന്റെ രണ്ടു മുഖ്യഘടകങ്ങളായ ശരീരവും ജീവാത്മാവും ഒന്നുചേർന്ന് പ്രവർത്തിക്കുന്നതിനാൽ ചില ശരീര രോഗങ്ങളും മനോരോഗങ്ങളെ ഉണ്ടാക്കുന്നതാണ്. തിരിച്ചും. *ഭൂമിയിലെ വസ്തുക്കളുടെ ഗുണങ്ങളും ദോഷങ്ങളും മനസ്സിലാക്കാൻ എളുപ്പമാണ് എന്നിരിക്കെ അവയെ ദുരുപയോഗിക്കുന്നത് ശരീര രോഗങ്ങളോടൊപ്പം മനോരോഗങ്ങളെയും ഉണ്ടാക്കുന്നതാണ്. ഉദാഹരണത്തിന്, മദ്യം, മയക്കുമരുന്നുകൾ, പാൻ-പരാഗുകൾ, പുകയില, വിഷം തുടങ്ങിയവയുടെ ദുരുപയോഗം കൊണ്ട് ശരീരത്തിൽ മഹാമംഗളമായി ക്രമപ്പെടുത്തിയിരിക്കുന്ന നാഡീ വ്യവസ്ഥയും പല അവയവങ്ങളുടെ പ്രവർത്തനങ്ങളും താളം തെറ്റുന്നതും അപകടപ്പെടുന്നതുമാണ്.

യഥാർത്ഥത്തിൽ 'ദൈവത്തിന്റെ അംശമായ ശരീരം' ഇഷ്ടപ്പെടാത്തതും ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കു

വിരുദ്ധവുമായ മദ്യം, മയക്കുമരുന്നുകൾ പാൻ-പരാഗുകൾ, പുകയില, വിഷം തുടങ്ങിയ ഭൗതിക വസ്തുക്കളെ ശരീരത്തിലേക്ക് അറിഞ്ഞും അറിയാതെയും വ്യക്തി/ ജീവാത്മാവ്/ മറ്റുള്ളവർ പ്രവേശിപ്പിച്ചാൽ; ശരീര രോഗങ്ങളെയും മനോരോഗങ്ങളെയും ശരീരം ഉണ്ടാക്കുന്നതാണ്. ആന, കാള തുടങ്ങിയ മൃഗങ്ങളെ മദ്യം കുടിപ്പിച്ച് മനോനില തെറ്റിക്കുന്നതും ഉദാഹരണങ്ങളാണ്. പ്രത്യക്ഷ ദൈവമായ ശരീരം, ജീവാത്മാവിനെ തിരുത്താനും മംഗളപ്പെടു ത്താനുമായി ശരീരത്തിനും മനസ്സിനും രോഗങ്ങളെ ഉണ്ടാക്കു കയാണു ചെയ്യുന്നത്.

രണ്ടാമത്തേത്, മണ്ണിന്റെ നിയമങ്ങളെ സംബന്ധിച്ചാണ്. 'മണ്ണിന്റെ അംശമായ ശരീരത്തോടെ' മണ്ണിൽ ജീവിക്കുന്നവർക്ക് മണ്ണിന്റെ നിയമങ്ങൾ മാത്രമേ ചേരുകയുള്ളൂ. അങ്ങനെയിരിക്കെ, ജനങ്ങളെ ഭരിക്കുന്നവർ, മണ്ണുമായി ബന്ധമില്ലാത്ത കാര്യങ്ങളെ 'വ്യക്തികൾ പാലിക്കേണ്ടതായ നിയമങ്ങളും നിയന്ത്രണങ്ങളും' ആക്കിയാൽ *മണ്ണു കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ശരീരത്തിൽ* മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതാണ്. 'മണ്ണായ ശരീരം' വഹിക്കുന്നതായ ജീവാത്മാവിനെ 'മണ്ണായ ശരീരം' പ്രകോപിപ്പിക്കുന്നതാണ്. മനോരോഗങ്ങളെ ഉണ്ടാക്കുന്നതാണ്.

മണ്ണിന്റെ അഥവാ മണ്ണിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങൾക്ക് ഭൗതികമായ അസ്തിത്വം ഉണ്ട്. *ചുവടെ ബ്രാക്കറ്റിൽ വേറിട്ട് ചേർക്കുന്നുണ്ട്. ഗ്രഹിക്കാൻ വിഷമിക്കുന്നരും ആഗ്രഹിക്കുന്നവരും ദൈവാനുഗ്രഹം തേടുന്നത് നല്ലതാണ്. ബ്രാക്കറ്റിലെ വാചകങ്ങളെ എല്ലാവരും വായിക്കേണ്ടതില്ല.

((* വാതകം, ദ്രാവകം, ഖരം, പ്ലാസ്മ എന്നിങ്ങനെയുള്ള ദ്രവ്യങ്ങളെല്ലാം ശക്തികളുടെയും നിയമങ്ങളുടെയും ഭൗതികമായ ഒന്നിക്കലാണ്. വാതകം, ദ്രാവകം, ഖരം, പ്ലാസ്മ എന്നിങ്ങനെയുള്ള അവസ്ഥകളിൽ ദ്രവ്യം വ്യത്യസ്തങ്ങളായ മൂലകങ്ങളാവുന്നതും അവയുടെയെല്ലാം ആറ്റങ്ങളിൽ 'ശബ്ദബ്രഹ്മം' ആയിക്കൊണ്ട് ദൈവം മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കുന്നതും സത്യമായ വസ്തുതയാണ്.

ഉടനെ ദൈവ വിപ്ലവത്തോടെ ശബ്ദബ്രഹ്മമായ ഓം ഉച്ചത്തിൽ മഹാചിരിച്ച് മഹാസംഗീതമായി മുഴങ്ങുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്. 'ശബ്ദബ്രഹ്മം' ആയ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളതും ആറ്റങ്ങളിലെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ സൃഷ്ടി-സ്ഥിതി-സംഹാര നിയമങ്ങളുമാണ് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിങ്ങനെയുള്ള വേദങ്ങളുടെ മൂലാധാരം.

ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമി എന്ന മണ്ണിന്റെ അംശങ്ങളും മൂലകങ്ങളുമായ സോഡിയം, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, അയേൺ, കാർബൺ തുടങ്ങിയവയെ പരിവർത്തനപ്പെടുത്തി ജീവാത്മാവിനെ വഹിക്കുന്നതായ ശരീരമാക്കുന്നതിന് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും ദ്രാവകരൂപമായ ജലവും മഹാപ്രവർത്തിക്കുന്നുണ്ട്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ എല്ലാ ജീവികളുടെയും ശരീരങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവാംശങ്ങളായ മണ്ണിലെ മൂലകങ്ങളും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും ദൈവത്തിന്റെ ദ്രാവകരൂപമായ ജലവുമാണ് എന്നതിനാൽ ജീവികളുടെയെല്ലാം ശരീരം സമ്പൂർണ്ണമായും ദൈവാംശങ്ങളാണ്. ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം ജീവാത്മാവിനെ മഹാഭരിക്കുന്ന പ്രത്യക്ഷദൈവം കൂടിയാണ് എന്നാണ് അതിന്നർത്ഥം. ശരീരത്തിലെ ഏതാനും അവയവങ്ങളെ ചലിപ്പിക്കാൻ അനുവാദം നൽകിക്കൊണ്ട് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ജീവാത്മാവിന് അനുവദിക്കാനും, അനന്തമായ ആനന്ദങ്ങളെ നൽകാനും പ്രത്യക്ഷദൈവമായ ശരീരം ശ്രദ്ധിക്കുന്നുമുണ്ട്.

ജീവാത്മാവിന് ജീവി എന്ന ഭൗതികമായ അസ്തിത്വം ഉണ്ടാവണമെങ്കിൽ ദൈവത്തിന്റെ നീതി-ഖര രൂപമായ മണ്ണിന്റെ രൂപാന്തരമായ ശരീരത്തെ ലഭിക്കേണ്ടതുണ്ട്. ശരീരവും ജീവാത്മാവും ഒന്നുചേർന്ന് 'ജീവി' രൂപംകൊള്ളുമെങ്കിലും, ജീവിക്ക് ജീവൻ/ശക്തി ഉണ്ടാവണമെങ്കിൽ, ദൈവത്തിന്റെ സൃഷ്ടി-വാതക രൂപമായ ഓക്സിജൻ/ജീവൻ /ശക്തി എല്ലായ്പ്പോഴും ജീവിയുടെ സ്വന്തമെന്നോണമുള്ള ഖരരൂപമായ ശരീരത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കണം. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വന്തമെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള ദൈവാംശമായ ശരീരത്തിൽ, 'ജീവികളുടെയെല്ലാം ജീവനും ദൈവത്തിന്റെ

വാതക രൂപവുമായ ഓക്സിജൻ' പ്രവർത്തിക്കുന്നത് ഓക്സിജന്റെ ഇഷ്ടപ്രകാരമാണ് എന്നതും, 'ശ്വാസോച്ഛ്വാസം എന്ന പ്രവൃത്തിയെ ചെയ്യുന്ന ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ' മനുഷ്യന്റെ ചിന്തകളെപ്പോലും ഭൗതികമായി അറിയുന്നു എന്നതും മനസ്സിലാക്കാൻ കഴിയുന്നത് ഭാഗ്യമാണ്. 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ ജലമാണ് ' ശരീരത്തെയും ജീവനെയും ബന്ധിപ്പിക്കുന്നത്. പക്ഷി, മൃഗം, മനുഷ്യൻ എന്നീ അവസ്ഥകളിൽ ജലം പ്രവർത്തിക്കുന്നത് രക്തത്തിലൂടെ യാണ്.

ജീവിതത്തെ കുറിക്കുന്ന 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ ജലത്തെ' പ്പറ്റി കൂടുതൽ പറയേണ്ടത് അത്യാവശ്യമാണ്. 'ദൈവത്തിന്റെ സൃഷ്ടി-വാതക രൂപവും ജീവികളുടെ ജീവനുമായ ഓക്സിജൻ' സ്വയം മഹാനിശ്ചയിക്കുന്ന അളവ്, താപം, മർദ്ദം എന്നിങ്ങനെയുള്ള ഊർജ്ജ/ശക്തി മാനങ്ങളോടെ, പരമാത്മാവായ ഹൈഡ്രജനുമായി ഒന്നുചേർന്നാണ് ദൈവത്തിന്റെ സ്ഥിതി-ദ്രാവകരൂപമായ ജലം ഉണ്ടാകുന്നത്. ജലത്തിന്റെ ഭൗതിക ശാസ്ത്രം ആണത്. ജലം ഉണ്ടാകുമ്പോൾ തന്നെ ജലത്തിന്റെ അനന്തമായ ഗുണങ്ങളെയും ഉപയോഗങ്ങളെയും മഹാനിശ്ചയിക്കുന്നതായ ധർമ്മ ശാസ്ത്ര നിയമങ്ങളും, മറ്റുള്ള വസ്തുക്കളെയും ജീവികളെയും മഹാഭരിക്കുന്നതായ ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും ജലത്തിൽ സ്വയം മഹാലയിക്കുന്നുണ്ട്. ജീവികൾക്കെല്ലാം ജീവിക്കണമെങ്കിൽ ദൈവത്തിന്റെ സ്ഥിതി- ദ്രാവകരൂപമായ ജലം കൂടിയേ കഴിയൂ. ഖര രൂപവും മണ്ണുമായ ഭൂമിക്ക് ജീവികളുടെ യെല്ലാം ശരീരമായും ജീവികൾക്കെല്ലാം ആവശ്യമായ മറ്റു വസ്തുക്കളായും പ്രവർത്തിക്കുന്നതിന് ദ്രാവകരൂപമായ ജലത്തെയും വാതക രൂപമായ ഓക്സിജനെയും മഹാഉപയോഗിക്കുന്നു. ഖര രൂപവും മണ്ണുമായ ഭൂമി ജീവിസൃഷ്ടി നടത്തുമ്പോൾ, ഓക്സൈഡ്, സൾഫേറ്റ് തുടങ്ങിയവയിൽ നിന്നും വേർപെട്ട് 'വാതക രൂപമായ ഓക്സിജനായി' ഭൂമിയിൽ പരക്കെ സൃഷ്ടിക്കുന്ന അന്തരീക്ഷ വായുവിൽ സ്വയം നിലകൊള്ളുന്നു. അപ്പോൾ ജീവികൾക്കെല്ലാം അത്യാവശ്യമാകുന്നത് ജലം മാത്രമാണ്. ആകയാൽ ജനങ്ങൾക്കും വളർത്തു മൃഗങ്ങൾക്കും വളർത്തു-സസ്യങ്ങൾക്കും(കൃഷിക്കും) ആവശ്യമായ ജലത്തെ സൗജന്യമായി ലഭ്യമാക്കുക എന്ന ചുമതല ഭരണാധികാരികൾക്ക് ഉണ്ട്. //.

മണ്ണിലെ ഓരോ വസ്തുവും അതിന്റെ ഭൗതിക-ധർമ്മ-ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും അർത്ഥപുഷ്ടിയോടെ ഉണ്ടായിട്ടുള്ളതും

(സൃഷ്ടിക്കപ്പെട്ടതും) പരസ്പര പൂരകങ്ങളുമാണ്. അതേപോലെ (ഭൂമിയിലെ) എല്ലാ വസ്തുക്കളും അവയുടെ ഭൗതിക-ധർമ്മ-ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും സമാനമായി യോജിച്ചും ബന്ധിച്ചുമാണ് പ്രവർത്തിക്കുന്നത്. ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങൾ അവയിലോ അവയ്ക്കിടയിലോ ഇല്ല. യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും, മഹാസമ്പൂർണ്ണവുമായ 'വസ്തുക്കളുടെ ധർമ്മ ശാസ്ത്ര നിയമങ്ങളെ' ധാർമ്മിക ശുദ്ധിയോടെ ജീവിക്കുന്നവർക്ക് ക്രമാനുഗതമായി (ദൈവം) മഹാവെളിപ്പെടുത്തുന്നതാണ്. പിഴവ് വർദ്ധിച്ചാൽ ദൈവ-ഭാഗമായ പരമശിവനെ മനുഷ്യനായി അയച്ച് മണ്ണിന്റെ നിയമങ്ങളെ മാനുഷികമായി കണ്ടെത്തുന്ന അവസ്ഥയും (മഹാനീതിപതിയായ ദൈവം) ഉണ്ടാക്കുന്നതാണ്.

(2). ഭൂമിയിലെ എല്ലാ ജനങ്ങൾക്കും മനോരോഗങ്ങൾ ഉണ്ടെന്ന് ലളിതമായി തെളിയിക്കാൻ കഴിയുന്നതാണ്.*

മറ്റുള്ള ജീവികളിൽ നിന്നും മനുഷ്യന്റെ സ്വഭാവം വ്യത്യാസപ്പെടുത്തിയിരിക്കുന്നതിനെ ആദ്യം അറിയണം.

സിംഹം, പുലി, ആന, ഒട്ടകം, മാൻ, പശു, പട്ടി, പൂച്ച, എലി, കീരി, പാമ്പ്, കോഴി, കാക്ക, തത്ത, പ്രാവ്, കഴുകൻ, തെങ്ങ്, വാഴ, കപ്പ, നെല്ല്, മത്തി, അയല, ഡോൾഫിൻ, തിമിംഗലം, തുടങ്ങിയ ഏതാനും ജീവികളുടെ സ്വഭാവ വിശേഷങ്ങൾ, ഭക്ഷണ രീതികൾ, എന്നിവ വിശകലനം ചെയ്താൽ വ്യത്യസ്തങ്ങളായ പൊതു സ്വഭാവങ്ങളോടെ ഓരോ ജീവിയെയും സൃഷ്ടിച്ചിരിക്കുകയാണ് എന്ന് സുവ്യക്തമാണ്. അവയുടെ ഗുണദോഷങ്ങൾക്ക് ദൈവവും കാരണമാകുന്നു എന്നാണ് അതിന്നർത്ഥം.

എന്നാൽ *മനുഷ്യന്റെ കാര്യത്തിൽ മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി, സ്വഭാവങ്ങളെ മനുഷ്യനിലെ ജീവാത്മാവ് സ്വയം നിശ്ചയിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഉന്നതമായ അവസ്ഥയുണ്ട്.* വ്യത്യസ്ത തൊഴിലുകൾ ചെയ്യുന്ന മനുഷ്യർക്ക് വ്യത്യസ്തങ്ങളായ തൊഴിൽ- അഭിരുചികളും ബുദ്ധിശക്തികളും ഉണ്ടാവുമെങ്കിലും, സ്വഭാവങ്ങളെ അവർ

സ്വയം നിശ്ചയിക്കുകയും സ്വീകരിക്കുകയും തന്നെയാണ്.

മനുഷ്യൻ എന്ന ജീവിക്കു മാത്രം ലഭ്യമാക്കിയ വർദ്ധിച്ച ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, മോക്ഷത്തെയും, മഹാസംയോജിപ്പിക്കുകയാണ് വേറിട്ട സ്വഭാവത്തിന്റെ ഉദ്ദേശം. മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്.

സ്വഭാവങ്ങളെ സ്വയം നിശ്ചയിക്കുവാനും സ്വീകരിക്കുവാനും മനുഷ്യനെ മാത്രം മഹാഅനുഗ്രഹിച്ചിരിക്കുന്നു എന്നാവുമ്പോൾ, *നല്ലതും ചീത്തയുമായ സ്വഭാവങ്ങളും, പ്രവൃത്തികളും, ഫലങ്ങളും, അഥവാ പുണ്യങ്ങളും പാപങ്ങളും *ജീവാത്മാവിനും കാരണക്കാരായ മറ്റുള്ളവർക്കും അവകാശപ്പെട്ടതാണ്.* മനുഷ്യരുടെ വർദ്ധിച്ച കോപം, പെരുമാറ്റ ദൂഷ്യങ്ങൾ, അക്രമം, തീവെപ്പ്, കൊള്ള, ബന്ദ്, ഹർത്താൽ, തീവ്രവാദ പ്രവർത്തനങ്ങൾ, ദുഷ്ക്കാമം, മറ്റു ദുശ്ശീലങ്ങൾ, അന്ധവിശ്വാസങ്ങൾ, അധമ വിനോദങ്ങൾ, എന്നിവയ്ക്ക് *മനുഷ്യന്റെ സ്വത്വമായ ജീവാത്മാവും സ്വാധീനം ചെലുത്തിയ മറ്റുള്ളവരും സമ്പൂർണ്ണ ഉത്തരവാദികളാണ് എന്നർത്ഥം.*

ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നത് മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ അഥവാ *മനസ്സിനെ* രോഗങ്ങളിൽ പെടുത്തുന്നു എന്ന് സുവ്യക്തമാകുന്നു. ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിനല്ലാ; മറിച്ച് *ജീവാത്മാവിന്റെ സ്വത്വ ബോധമായ മനസ്സിനാണ് രോഗം* എന്നതിനാൽ *മനോരോഗം* ആണ്. *ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നതും ജീവിക്കുന്നതും മനുഷ്യൻ മാത്രമാകയാൽ മറ്റുള്ള ജീവികൾക്ക് മനോരോഗങ്ങൾ ഇല്ല /കുറവാണ്.* സമൂഹത്തിലെ അഥവാ *ഭൂമിയിലെ എല്ലാ മനുഷ്യരും അറിഞ്ഞും അറിയാതെയും, വ്യത്യസ്തമായ അനുപാതത്തിൽ ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നവരും അതിൻ പ്രകാരം ജീവിക്കുന്നവരും ആകയാൽ എല്ലാ മനുഷ്യരും ചെറുതും വലുതും വ്യത്യസ്തങ്ങളുമായ മനോരോഗികൾ ആണ്.*

ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും മനുഷ്യൻ എന്ന ജീവിക്കു മാത്രം നൽകിയപ്പോൾ, അവയൊന്നും ലഭിക്കാഞ്ഞ മറ്റുള്ള ജീവികൾക്കാണ് കൂടുതൽ ശ്രേഷ്ഠത എന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തും വിധം മനുഷ്യർ അധഃപതിച്ചു! കടമകളെ മറന്നും അവഗണിച്ചും പ്രവർത്തിക്കുന്നത് മനോരോഗം കൂടിയാണ് ... എല്ലാ മനുഷ്യർക്കും - മനസ്സ് ഉള്ളവർക്കെല്ലാം ചെറുതും വലുതും വ്യത്യസ്തങ്ങളുമായ മനോരോഗം ഉണ്ടെന്ന് സാരം.

(3.1). മനോരോഗ ചികിത്സയുടെ ഒന്നാം ഭാഗം : പൊതു വിജ്ഞാനം.

വ്യക്തിയുടെ ശരീരം ഇഷ്ടപ്പെടാത്തതും ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കു വിരുദ്ധവുമായ മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ ദുരുപയോഗം കൊണ്ട് ഉണ്ടാ(ക്കി)യ മനോരോഗങ്ങളെ ചികിത്സിക്കാൻ മണ്ണിലെ മറ്റു വസ്തുക്കൾ കൊണ്ട് തയ്യാറാക്കിയ മരുന്നുകളും, ഒപ്പം ധർമ്മശാസ്ത്ര പരമായ ഉപദേശങ്ങളും വേണം. (വർജ്ജ്യമായ മന്ത്രശാസ്ത്രവുമായി ബന്ധപ്പെട്ട താരതമ്യേന നിസ്സാരമായ മറ്റു ചില മനോരോഗങ്ങൾ ഉണ്ട് ... വൈകാതെ സമ്പൂർണ്ണമായും പിൻവലിക്കപ്പെടുന്ന അവയെ ഇവിടെ പരാമർശിക്കേണ്ടതില്ല.). ശരീരത്തിന് അനുയോജ്യമായതും അനുയോജ്യം അല്ലാത്തതുമായ ഭക്ഷണങ്ങളും പാനീയങ്ങളും മരുന്നുകളും മറ്റും കഴിക്കുമ്പോൾ *പ്രവൃത്തികൾ ചെയ്യാനും, രോഗങ്ങൾക്കും രോഗ പ്രതിരോധങ്ങൾക്കും, ശരീര വളർച്ചയ്ക്കും മറ്റും ആവശ്യമായ ശക്തികളെ* 'ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിനും, ജീവാത്മാവിനും' ലഭിക്കുന്നതാണ്.

ജ്ഞാനവുമായി ബന്ധപ്പെട്ട പെരുമാറ്റ ദൂഷ്യങ്ങൾ, അക്രമം, ഹർത്താൽ, തീവ്രവാദ പ്രവർത്തനങ്ങൾ, ദുശ്ശീലങ്ങൾ, അന്ധവിശ്വാസങ്ങൾ, തുടങ്ങിയ സ്വഭാവ വ്യത്യാസങ്ങളുടെയും, ധാർമ്മിക അധഃപതനങ്ങളുടെയും മനോരോഗങ്ങളുടെയും മറ്റും കാരണം ശരീരമാണോ എന്നു (സ്വയം) പരിശോധിക്കാൻ കഴിയും. എന്നുവച്ചാൽ, 'മണ്ണിലെ മൂലകങ്ങളായ ദൈവാംശങ്ങൾ' ജീവാത്മാവിനു വേണ്ടി

നിർമ്മിക്കുന്ന 'ദൈവാംശമായ ശരീരത്തിലെ' കോശങ്ങളുടെയും അവയവങ്ങളുടെയും നിർമ്മാണവും വളർച്ചകളും പ്രവർത്തനങ്ങളുമാണോ എന്ന് മണ്ണിലെ ശാസ്ത്ര നിയമങ്ങൾ പ്രകാരം സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയും. അല്ലെന്ന് ലളിതമായി സ്വയം ബോദ്ധ്യപ്പെടുന്നതാണ്. എന്തെന്നാൽ, *ജ്ഞാനവുമായി ബന്ധപ്പെട്ട രോഗങ്ങൾ ബാധിക്കുന്നത് ജീവാത്മാവിനെയാണ്; അഥവാ ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിനെ യാണ്.* മനുഷ്യന്റെ അഥവാ മനുഷ്യൻ എന്ന ജീവിയുടെ സ്വത്വം, സ്വത്വ ബോധം, ജ്ഞാന ബോധം, *മനസ്സ്* എന്നെല്ലാം വിശേഷിപ്പിക്കുന്നത് യഥാർത്ഥത്തിൽ ജീവാത്മാവിനെ തന്നെയാണ്.

'മണ്ണിലെ മൂലകങ്ങൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതായ ശരീരത്തിൽ' മഹാലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വമുള്ളതായ ധർമ്മ ശാസ്ത്ര നിയമങ്ങളെ പിൻപറ്റിയാൽ മാത്രമേ മനോരോഗങ്ങളെ അവസാനിപ്പിക്കുവാൻ കഴിയൂ. മനോരോഗങ്ങളെ അവസാനിപ്പിക്കുവാൻ ധർമ്മ ശാസ്ത്ര നിയമങ്ങളെ അറിയണം അഥവാ ശരിയായ ജ്ഞാനം മാത്രം മതിയാകും എന്നു കുറിക്കുമ്പോൾ, *മനോരോഗങ്ങൾക്ക്* മുഖ്യമായും ജീവിയുടെ ജീവാത്മാവുമായിട്ടാണ് ബന്ധം. ആകയാൽ മനോരോഗത്തിന് *മനസ്സിലാക്കുക* എന്ന പദവുമായി വലിയ ബന്ധമാണുള്ളത്. *മനസ്സിൽ ആക്കുക = മനസ്സിലാക്കുക* എന്നുവച്ചാൽ 'ജീവാത്മാവിന്റെ സ്വത്വ ബോധമായ മനസ്സ് ' അറിവ് നേടുക/നേടുന്നു എന്നാണ്. അതായത്, ബന്ധപ്പെട്ട വിഷയത്തിൽ *ജീവാത്മാവ് ശരിയായ അറിവ് നേടുക/നേടുന്നു* എന്നാണ് അർത്ഥം.

മണ്ണായ ഭൂമിയിൽ ജീവിക്കുന്നവർക്ക് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ളതും ഭൗതിക അസ്തിത്വം ഉള്ളതുമായ നിയമങ്ങൾ മാത്രമേ ചേരുകയുള്ളൂ എന്ന് ആദ്യം മനസ്സിലാക്കണം. (ബുദ്ധിശക്തി കുറഞ്ഞ) മറ്റുള്ള ജീവികൾ അറിഞ്ഞും അറിയാതെയും അപ്രകാരമാണ് ജീവിക്കുന്നത്.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ കാലാനുസൃതമായി മഹാനിശ്ചയിക്കുന്നതും പരിഹരിക്കുന്നതുമെല്ലാം മണ്ണിന്റെ/മണ്ണിലെ നിയമങ്ങളാണ്. മണ്ണിലെ നിയമങ്ങൾ പ്രകാരം, ന്യായാന്യായങ്ങൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ

നിവർത്തിക്കുക മാത്രമാണ് ജനങ്ങൾ ഊട്ടുന്നവരും ജനങ്ങളുടെ സേവകരുമായ ഭരണാധികാരികളുടെ ധർമ്മം. ജനങ്ങളുടെ ധർമ്മ ശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യങ്ങളെ ഭരിച്ചു പീഡിപ്പിക്കുമ്പോൾ, മനോരോഗികളായ ഭരണാധികാരികൾ ജനങ്ങൾക്കെല്ലാം മനോരോഗങ്ങളെ പകർന്നു നൽകുന്ന കൊടിയ നീചരായി മാറുന്നതാണ്. ഇന്ന് ഭൂമിയിലെങ്ങും അതുണ്ട്.

നിയമസഭകളും കോടതികളും അനാവശ്യമാണെന്ന് മനസ്സിലാക്കാനും തിരുത്താനും കഴിയുന്നതുവരെ മനോരോഗങ്ങൾ തുടരുകയും വർദ്ധിക്കുകയും ചെയ്യുന്നതാണ്. ആത്മീയ ശാസ്ത്രത്തിൽ ഗവേഷണങ്ങൾ മുരടിച്ച്, സമ്പൂർണ്ണങ്ങളെന്ന് അവകാശപ്പെടുന്ന വ്യത്യസ്തങ്ങളായ അനേകം മതങ്ങൾ ഉണ്ടായതോടെ ആത്മീയ കാര്യങ്ങളിലും ജനങ്ങളുടെ ഇടയിൽ മനോരോഗങ്ങൾ വ്യാപകമായി. മതങ്ങളും രാഷ്ട്രീയങ്ങളും തീവ്രതപ്പെടുമ്പോൾ ഇന്ന് കാണുകയും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതു പോലെ തീവ്രവാദ പ്രവർത്തനങ്ങളായി പരിണമിക്കുന്നതാണ്.

വ്യക്തിയുടെ ചുറ്റുമുള്ള മാതാപിതാക്കളും ഉറ്റവരും ഗുരുക്കന്മാരും മറ്റുള്ളവരും ചേർന്നാണ് വ്യക്തിയെ/ വ്യക്തികളെ ധാർമ്മിക അധഃപതനങ്ങളിലേക്ക് നയിച്ചതെങ്കിൽ അവരെല്ലാം വ്യത്യസ്തമായ അനുപാതത്തിൽ ഉത്തരവാദികളാണ്.

ജ്ഞാനവുമായി ബന്ധപ്പെട്ട മനോരോഗങ്ങൾ ഉണ്ടാകുന്നത് എങ്ങനെയെന്ന് (1)-ൽ നൽകിയ വിശദീകരണം ചികിത്സയെ അറിയിക്കുന്നുണ്ട്. മണ്ണിലെ ധർമ്മ ശാസ്ത്ര നിയമങ്ങളെ പാലിച്ച് ജീവിക്കണം. അത്രതന്നെ. മറിച്ച്, *ശരിയല്ലാത്ത അറിവുകളെ ശരിയെന്നു കരുതി സ്വീകരിക്കുകയും അവ പ്രകാരം ജീവിക്കുകയും ചെയ്യുമ്പോൾ, *അവയെ തിരുത്താനായിട്ട്* മണ്ണിലും തദ്വാരാ ശരീരത്തിലും മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ പ്രവർത്തിക്കുന്നതാണ്; മനോരോഗങ്ങൾ ഉണ്ടാകുന്നതുമാണ്.

*മനുഷ്യന് ലഭ്യമാക്കിയ ബുദ്ധിശക്തികളെയും, മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളെയും, ഭൗതിക ശാസ്ത്ര - സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാവുന്ന അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, ഉൾക്കൊണ്ടു ജീവിക്കാനുള്ള ധർമ്മശാസ്ത്ര പരമായ

അവകാശവും അധികാരവും ഉണ്ടെന്നതു പോലെ കടമയും മനുഷ്യർക്ക് ഉണ്ട്. മനുഷ്യർ കടമകളെ തെറ്റിക്കുമ്പോൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുക യാണ് യഥാർത്ഥത്തിൽ ന്യൂനശക്തികൾ ചെയ്യുന്നത്.* വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ഒന്നടങ്കം ദോഷകരമായി ബാധിക്കുന്ന സ്വഭാവങ്ങൾ അഥവാ മനോരോഗങ്ങൾ രൂപപ്പെടുമ്പോൾ കാരണങ്ങൾ കണ്ടെത്താനുള്ള വഴികളും, പരിഹാരങ്ങളും, മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

ന്യൂനശക്തികളുടെ ബഹുവിധ പ്രവർത്തനങ്ങളെ ഏതാനും അദ്ധ്യായങ്ങളിലായി ചുവടെ വിവരിച്ചിട്ടുണ്ട്.

(3.2). മനോരോഗ ചികിത്സയുടെ രണ്ടാം ഭാഗം : വ്യക്തിയെ ആണ് ചികിത്സിക്കേണ്ടത്; മിഥ്യയായ പ്രസ്ഥാനത്തെയല്ല.

ഓരോ വ്യക്തിക്കും ബാധിച്ചിട്ടുള്ള മനോരോഗങ്ങൾക്ക് അനുസരിച്ച് ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമാണു ചികിത്സിക്കേണ്ടത്. അതിനാൽ സമൂഹത്തെ അഥവാ ഭൂമിയിലെ എല്ലാ മനുഷ്യരേയും ബാധിച്ചിട്ടുള്ള ബഹുവിധ മനോരോഗങ്ങൾക്കു ചികിത്സിക്കേണ്ടത് ഒറ്റയ്ക്ക് ഒറ്റയ്ക്കാണ്. എന്നിരുന്നാലും മഹാവൈദ്യനായ ദൈവം മനോരോഗങ്ങളുടെ ചികിത്സ മഹാഎളുപ്പമാക്കിയിട്ടുണ്ട്. *ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നതും ജീവിക്കുന്നതും* ശരിയാക്കാൻ ശരിയായ ജ്ഞാനം അഥവാ ശാസ്ത്രം മാത്രം മതിയാകും. മാത്രമല്ല; ജ്ഞാനത്തെ വെളിയിൽ അന്വേഷിച്ച് നടക്കേണ്ടതില്ല, സ്വത്വമായ ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തം' ശരീരത്തിൽ മഹാലയി(പ്പി)ച്ചിട്ടുള്ളത് *മനസ്സിലാക്കിയാൽ മതിയാകും.* ശരിയല്ലാത്തതും അധമങ്ങളുമായ വിശ്വാസങ്ങൾക്ക് ഭൗതികമായ അസ്തിത്വം ഇല്ലാത്തതിനാൽ അവ യഥാർത്ഥമായും ഇല്ലാത്തവ തന്നെയാണ് അഥവാ മിഥ്യ മാത്രമാണ് എന്നതിനാൽ അടിസ്ഥാന

പരമായി ചികിത്സ എളുപ്പമാണ്.

ഭൂമിയിലെ ജീവിത കാര്യങ്ങളെ തോന്നിയതു പോലെ വിശ്വസിച്ചും, തോന്നിയതു പോലെ നിയമങ്ങളെ ഉണ്ടാക്കിയും, *തോന്നിയതു പോലെ ജീവിക്കാൻ മനുഷ്യർക്ക് അവകാശമില്ല; അധികാരവും ഇല്ല; സ്വയം ജനിക്കുമ്പോഴും സ്വന്തമായി എന്തെങ്കിലും സൃഷ്ടിക്കുമ്പോഴും മാത്രമാണ് അതിനെല്ലാമുള്ള അവകാശവും അധികാരവും ഉണ്ടാവുക.* ലളിതമായ പ്രസ്തുത പാഠങ്ങളെ പഠിക്കാതെയും അവഗണിച്ചും മനുഷ്യർ പ്രവർത്തിക്കുന്നത് മനോരോഗമാണ്. മതങ്ങളിലെയും രാഷ്ട്രീയ പാർട്ടികളിലെയും നിയമങ്ങളെല്ലാം ഒന്നാവാത്തതിനും വ്യത്യാസപ്പെടുന്നതിനും കാരണം (1)-ൽ വ്യക്തമാക്കി യതുപോലെ അവയ്ക്കൊന്നും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുകൊണ്ടാണ്. മനോരോഗങ്ങൾ തന്നെയാണ് കാരണം! **ഭാര്യയും ഭർത്താവും ഉൾപ്പെടെ, സമൂഹ ജീവികളായി കഴിയുന്ന ജനങ്ങളെല്ലാം അന്യോന്യം പൊരുത്തപ്പെടാൻ അവരുടെ ഇടയിലെ വിശ്വാസങ്ങളും പ്രവർത്തനങ്ങളും സമാനമാവണം എന്നതിന് ഉപരിയായി വിശ്വാസങ്ങളെല്ലാം *ശരി അഥവാ സത്യം ആയിരിക്കണം.* ശരി അഥവാ *സത്യം മണ്ണിലാണ്; മണ്ണായ ഭൂമിയിലാണ്; മണ്ണും ഭൂമിയുമായ ദൈവത്തിലാണ്; മണ്ണിന്റെ അംശങ്ങളെ കൊണ്ട് നിർമ്മിച്ചിട്ടുള്ളതായ ശരീരത്തിലാണ്.** ഓരോ ജീവാത്മാവിനെയും വഹിക്കുന്നതായ *ശരീരം എന്ന ദൈവത്തിന്റെ അംശം, ജീവാത്മാവിന് (ശരീരത്തിനു മേൽ) അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യങ്ങളെയും അവകാശങ്ങളെയും അധികാരങ്ങളെയും ധർമ്മശാസ്ത്ര പരമായി മാത്രം ആസ്വദിക്കേണ്ടതുണ്ട്. മറ്റുള്ളവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്ന തിരിച്ചറിവോടെ മറ്റുള്ളവരുടെ അവകാശങ്ങളെയും അധികാരങ്ങളെയും അംഗീകരിച്ചു ജീവിക്കു മ്പോഴാണ് ഭാര്യയും ഭർത്താവും ഉൾപ്പെടെ, ജനങ്ങൾക്കെല്ലാം ആനന്ദത്തോടെ ജീവിക്കാൻ കഴിയുക.* ധർമ്മശാസ്ത്ര പരമായ പെരുമാറ്റ മര്യാദകൾ പൂർണമായി പാലിച്ചു ജീവിക്കണം. *അങ്ങനെയല്ലാതെ പ്രവർത്തിക്കുന്ന മനുഷ്യർ സാധാരണക്കാരൻ ആയാലും, മതാചാര്യൻ ആയാലും, ഭരണാധികാരി ആയാലും, ആരായാലും മനോരോഗികൾ ആണ്.* ധർമ്മ ശാസ്ത്രത്തിന് വിരുദ്ധമായവയെ അവർ സ്വീകരിക്കുമ്പോൾ അവരുടെ ജീവാത്മാവിനെ വഹിക്കുന്നതായ 'മണ്ണായ ശരീരത്തിലെ ന്യൂനശക്തികൾ' *നീതി നിർവ്വഹണത്തിന്റെ ഭാഗമായി* അവരുടെ ജീവാത്മാവിനെ പ്രകോപിപ്പിക്കുന്നതും 'ധനഭ്രാന്ത്, കീർത്തി ഭ്രാന്ത്,

വിനോദ ഭ്രാന്ത്, പ്രതികാര ഭ്രാന്ത്, തീവ്രവാദ ഭ്രാന്ത്, വിനാശ ഭ്രാന്ത് തുടങ്ങിയ ബഹുവിധ മനോരോഗങ്ങളെ ഉണ്ടാക്കുന്നതും വ്യാപിപ്പിക്കുന്നതും തിരിച്ചറിയാതെ ജീവിക്കുന്ന കടുത്ത മനോരോഗികൾ അവരാണ്.

ആവർത്തിക്കുന്നു :- ഓരോ വ്യക്തിക്കും ബാധിച്ചിട്ടുള്ള മനോരോഗങ്ങൾക്ക് അനുസരിച്ച് ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമാണു ചികിത്സിക്കേണ്ടത്.

പ്രസ്ഥാനങ്ങളിലെ അനുയായി/ നേതാവ് മാത്രമാണ്, പ്രസ്ഥാനങ്ങളുടെ തെറ്റുകൾക്ക് തങ്ങൾ ഉത്തരവാദിയല്ല എന്നിങ്ങനെ ചിന്തിക്കുന്ന മനോരോഗികൾ ഉണ്ട്. അറിയുക: വ്യക്തിയാണ് വലുത്, പ്രസ്ഥാനമല്ല. (ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്.)

ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, *ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും അറിയുക. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ 'പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ഒന്നിച്ചു ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും; 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും', യഥാർത്ഥത്തിൽ ഭൗതിക അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും വൈകിയാണെങ്കിലും തിരിച്ചറിയുന്നതാണ്. പ്രസ്ഥാനത്തെ പ്പറ്റി ചുവടെ (3.3)-ൽ കൂടുതൽ വിശദീകരിക്കുന്നുണ്ട്.

(3.3). മനോരോഗ ചികിത്സയുടെ മൂന്നാം ഭാഗം :- *സമൂഹത്തിലെ ഭരണ സംവിധാനങ്ങൾ ചെറുതും വലുതും ബഹുവിധങ്ങളുമായ മനോരോഗങ്ങളെ ഉണ്ടാക്കുന്നുണ്ട്.*

സമൂഹത്തിൽ സമനീതി ഉണ്ടാവണം എന്ന ഭരണകൂടങ്ങളുടെ ലക്ഷ്യം ശരിയാണ്; എന്നാൽ മാർഗ്ഗം മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെ പിൻപറ്റുക മാത്രമാണ്. ഭൂമിയിലെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ സാങ്കേതിക വികസനങ്ങളിലൂടെ അനന്തമായ ആനന്ദങ്ങളായി പരിവർത്തനം ചെയ്യാൻ കഴിഞ്ഞതിനെ മനുഷ്യർ സദാ മാതൃകയാക്കണമായിരുന്നു. ഭൂമിയിലെ മൂലകങ്ങളിലുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ശാസ്ത്രജ്ഞന്മാർ സൃഷ്ടിച്ചതല്ലാ എന്നും, കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ച്, (ദൈവം) മഹാവെളിപ്പെടുത്തുകയാണെന്നും ഉൾക്കൊണ്ടു ജീവിക്കണമായിരുന്നു. അതേപോലെ മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെയും കണ്ടെത്താൻ പരിശ്രമിക്കണമായിരുന്നു. പകരം തങ്ങൾക്ക് തോന്നുമ്പോലെ സാമൂഹിക നിയമങ്ങളെ തട്ടിക്കൂട്ടാൻ മതാചാര്യന്മാരും രാഷ്ട്രീയക്കാരും തയ്യാറായത് വിനയായി.

ഭരണ ശാസ്ത്രവും അതിൻ പ്രകാരമുള്ള സംവിധാനങ്ങളും എന്തെല്ലാമാവണമെന്ന് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്യുമ്പോൾ ലഭിക്കുന്നതാണ്. പകരം മണ്ണും ഭൂമിയുമായ ദൈവവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് അവയെന്ന മൂഢ വിശ്വാസത്തിൽ, ഭൗതികമായ അസ്തിത്വം ഇല്ലാത്തതും തോന്നുമ്പോലെയുമുള്ള നിയമങ്ങളെ തട്ടിക്കൂട്ടിക്കൊണ്ട് രാഷ്ട്രീയ നേതൃത്വങ്ങൾ ജനങ്ങളെ ഭരിച്ചുപോരുന്നത് വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ധാർമ്മികമായി അധഃപതിപ്പിച്ചു. കടുത്ത മനോരോഗികൾ, ജനങ്ങൾക്കെല്ലാം മനോരോഗം പകർന്നു നൽകി. *ഇന്ന് നിയമങ്ങളെ തട്ടിക്കൂട്ടുന്നവർക്കും പാലിക്കുന്നവർക്കും ശരിയും തെറ്റും തിരിച്ചറിയാൻ കഴിയുന്നതല്ല.* എന്തെന്നാൽ അവയ്ക്ക്

ഭൗതികമായ അസ്തിത്വം ഇല്ല; അഥവാ മണ്ണുമായി ബന്ധമില്ല. നികുതികളെ വേണമെന്ന് നിശ്ചയിക്കുമ്പോഴും, നികുതി നിരക്കുകൾ നിശ്ചയിക്കുമ്പോഴും, അവയെ നാൾവഴി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുമ്പോഴും, അങ്ങനെ തന്നെയാണ്; ഭൗതികമായ അസ്തിത്വം ഇല്ല; മണ്ണുമായി ബന്ധമില്ല; തോന്നുംപോലെ തോന്നിയവാസം ചെയ്യുന്നു! ശരിയും തെറ്റും വ്യക്തിയോ സമൂഹമോ തിരിച്ചറിഞ്ഞാൽ പോലും ഭരണകൂടങ്ങളെയും സംവിധാനങ്ങളെയും ഒറ്റയ്ക്ക് ജ്ഞാനം നൽകി തിരുത്താൻ സാധിക്കാതെയും വന്നു.

ജനങ്ങളുടെ ധനം കൊണ്ട് ജീവിക്കുന്നവരും ജനങ്ങളുടെ പൊതു ആവശ്യങ്ങളെ നിറവേറ്റാൻ ബാദ്ധ്യസ്ഥരുമായ ജനങ്ങളുടെ ദാസന്മാർ, തങ്ങളെ ജനങ്ങളുടെ ഭരണാധികാരികളായി തെറ്റിദ്ധരിച്ച്, മണ്ണുമായി ബന്ധമില്ലാത്ത കാര്യങ്ങളെ 'വ്യക്തികൾ പാലിക്കേണ്ടതായ നിയമങ്ങളും നിയന്ത്രണങ്ങളും' ആക്കിയാൽ *മണ്ണിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരത്തിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായി മാറുന്നതാണ്.

*ഏതാനും ഉദാഹരണങ്ങൾ കുറിക്കാം.

(1) : യാതൊരു നികുതികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല.*

അധർമ്മികളും അവിവേകികളുമായ ഭരണാധികാരികൾ ഏർപ്പെടുത്തുന്ന കെട്ടിട നികുതി ഉൾപ്പെടെയുള്ള യാതൊരു നികുതികളും ധർമ്മശാസ്ത്രപരമല്ല എന്നും പാടില്ല എന്നും മണ്ണിലെ നിയമങ്ങളെ വിശകലനം ചെയ്താൽ സ്വയം ബോദ്ധ്യമാകുന്നതാണ് : സമൂഹത്തിലെ ഭരണാധികാരികൾ സ്വന്തമായും (വ്യക്തിപരമായും) ധർമ്മ ശാസ്ത്രപരമായും അദ്ധ്വാനിച്ചു നേടിയ സമ്പത്തുകളെ ഉപയോഗിച്ച് വ്യക്തികൾക്ക് വീട്/കെട്ടിടം ഉണ്ടാക്കി നൽകുകയാണ് എങ്കിൽ അത്തരം ഔദാര്യ വീടുകളെ സ്വീകരിച്ചവർ (മാത്രം) വാടക, നികുതി എന്നീ പേരുകളിൽ പണം തിരികെ നൽകണം. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിലെ നിയമം ആണത്. അതേസമയം *വ്യക്തി സ്വന്തമായി അദ്ധ്വാനിച്ചു നേടിയ സമ്പത്തുകളെ

ഉപയോഗിച്ച് ജീവിക്കാൻ അടിസ്ഥാന ആവശ്യമായ വീട്/കെട്ടിടം എന്നിവയെ വ്യക്തി ഉണ്ടാക്കുമ്പോൾ വാടക, കെട്ടിട നികുതി എന്നിങ്ങനെയുള്ള പേരിൽ പിടിച്ചുപറിക്കാർക്കും ഗുണ്ടകൾക്കും കൊള്ളക്കാർക്കും എന്നതുപോലെ ഭരണാധികാരികൾക്ക് പണം നൽകണം എന്നു വന്നാൽ, ജനങ്ങൾക്ക് എതിർപ്പും വെറുപ്പും ഉണ്ടാകുന്നതാണ്. പ്രത്യക്ഷ സ്രഷ്ടാവും അവകാശിയുമായ സ്വന്തം ശരീരം, ജീവാത്മാവിനെ പ്രകോപിപ്പിക്കുന്നതാണ് / മനോരോഗികളാക്കി മാറ്റുന്നതാണ്. ജീവിക്കാൻ അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മൂന്ന് അടിസ്ഥാന ആവശ്യങ്ങളിൽ കൂടുതൽ തീവ്രമായിരിക്കും. ഭക്ഷണം, പാർപ്പിടം എന്നിവയുടെ കാര്യത്തിൽ മറ്റുള്ള ജീവികളും അങ്ങനെ തന്നെയാണ്. (വസ്ത്രവും വസ്ത്രമുറയും മനുഷ്യർക്കു മാത്രം മറ്റുള്ള ജീവികളിൽ നിന്നും അധികം ആവുന്നത് കുടുംബം, ശാസ്ത്രജ്ഞനം, അനന്തമായ ആനന്ദങ്ങൾ, മോക്ഷം എന്നിവയുമായി സംബന്ധപ്പെട്ടാണെന്ന് മുമ്പ് ദൈവ വിപ്ലവ വിശകലനം-11 ലും മറ്റും വിശദീകരിച്ചിട്ടുണ്ട്.).

പൊതു ആവശ്യങ്ങളല്ലാത്ത കാര്യങ്ങളെ നിർവ്വഹിക്കുക, ധർമ്മശാസ്ത്രപരമായ പൊതു ആവശ്യങ്ങളെ അവഗണിക്കുകയോ ഉചിതമായി ശ്രദ്ധിക്കാതിരിക്കുകയോ ചെയ്യുക, ഭരണകാര്യങ്ങൾക്ക് നികുതികളെ ഏർപ്പെടുത്തുക, തുടങ്ങിയ സന്ദർഭങ്ങളിലാണ് *ഭരണാധികാരികൾ മുഖേന, ജനങ്ങൾക്കെല്ലാം മനോരോഗങ്ങൾ ഉണ്ടാകുന്നത്* എന്നു പറയാം. ഉദാഹരണത്തിന് *നികുതി കാര്യങ്ങളെ അല്പംകൂടി വിശദമായി വിശകലനം ചെയ്താൽ മതിയാകും :*

തൊഴിലുകളെല്ലാം ഭൂമിയുമായിട്ട് / മണ്ണുമായിട്ട് / മണ്ണു കൊണ്ട് ഉണ്ടാക്കിയ ശരീരം എന്ന പ്രത്യക്ഷ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു. **മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്ത പ്രവൃത്തികൾ "തൊഴിലുകൾ" എന്ന**

പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം "അധമ ചെയ്തികൾ" മാത്രമാണ്; "തൊഴിലുകൾ അല്ല".

കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് *അടിപിടി-കൊലപാതകം*, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല. ***മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഡനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല.***

മണ്ണിൽ ജോലി ചെയ്തും അല്ലാതെയും ***ജനങ്ങൾ നേടുന്ന സമ്പത്തിനെ നികുതി / നികുതികൾ എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്. അധമ പ്രവൃത്തിയാണത്; തൊഴിൽ അല്ല. യാതൊരു നികുതികളും ധർമ്മശാസ്ത്രപരമല്ല അഥവാ ദൈവീകമല്ലാ* എന്നു ചുരുക്കം.**

ജനാധിപത്യ ഭരണം, സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ *കള്ളപ്പേരുകളോടെ* ജനങ്ങളെ പറ്റിച്ച് *ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും! ***അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നു.*** മണ്ണിന്റെ നിയമങ്ങളെ

അവഗണിച്ചു കൊണ്ടുള്ള ദൈവീകമല്ലാത്ത ജീവിതം! മണ്ണിന്റെ നിയമങ്ങളുമായി ബന്ധമില്ലാത്ത കാര്യങ്ങളാകയാൽ നികുതികളെ 1%, 10%, 100%, 1000%, ...% എന്നിങ്ങനെ എത്രയെത്ര കൂട്ടിയും കുറച്ചും നിശ്ചയിക്കാൻ വിവരദോഷികളും കൊടും കൊള്ളക്കാരുമായ ഭരണാധികാരികൾക്കു കഴിയുന്നതാണ്. *അതിനതിന് നികുതികളെ ക്കൊണ്ടും നികുതി ക്കണക്കുകളെ സൂക്ഷിക്കുക എന്ന അധമ പ്രവൃത്തികൾ കൊണ്ടും, ഉദ്യോഗസ്ഥർ എന്ന് തെറ്റിദ്ധരിച്ചു ജീവിക്കുന്ന നികുതി കാര്യാലയങ്ങളിലെ അധമരെക്കൊണ്ടും പൊറുതിമുട്ടുന്ന ജനങ്ങളെല്ലാം മനോരോഗങ്ങൾ കൊണ്ട് അരിശത്തിലാവുന്നത് സ്വാഭാവികം മാത്രം.* ജനങ്ങളെ *ഭിന്നിപ്പിച്ചു ഭരിക്കുക (Divide and Rule)* എന്ന കുടില തന്ത്രത്തിനു സമാനമായി ജനങ്ങളുടെ പൊതു ആവശ്യങ്ങളായ വസ്തുക്കളെയും സേവനങ്ങളെയും ഭിന്നിച്ച് ഭിന്നങ്ങളായ നികുതികളെ ഏർപ്പെടുത്തുകയും അവയെത്തന്നെ വീണ്ടും ഭിന്നിക്കുകയും *'സ്ഥിരതയില്ലാതെ'* നികുതികളെ തുടരെത്തുടരെ വർദ്ധിപ്പിക്കുകയുമാണ് *കൊടിയ കൊള്ളക്കാരും മനോരോഗികളുമായ ഭരണാധികാരികൾ* ചെയ്തു പോരുന്നത്.

സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കുവാൻ ബാദ്ധ്യസ്ഥരായ ഭരണിധികാരികളുടെ സാമ്പത്തിക ആവശ്യങ്ങളെ മണ്ണിൽ മഹാലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം മഹാമംഗളമായി പരിഹരിക്കാൻ കഴിയുന്നതാണ്; മണ്ണിന്റെ സാമ്പത്തിക ശാസ്ത്രം വിശദമായി ഓംസത്യം ഡോട് കോം-വെബ്സൈറ്റിൽ ലഭ്യമാണ്. *മണ്ണിലെ നിയമങ്ങളെ അറിയാനും പാലിക്കാനും ശ്രദ്ധിക്കാതെ, ജനങ്ങൾ ഊട്ടുന്നവരും ജനങ്ങളുടെ ദാസരുമായ ഭരണാധികാരികൾ സ്വന്തം സ്ഥാനം പോലും മനസ്സിലാക്കാതെ തങ്ങൾക്കു തോന്നുമ്പോലെ പ്രവർത്തിച്ചു. മണ്ണിലെ നിയമങ്ങളിൽ നിന്ന് അകന്നപ്പോൾ അവർക്കും

മനോരോഗങ്ങൾ പിടിപെട്ടു.*

ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ, നികുതികൾ ചുമത്താതിരുന്നാൽ സർവ്വ സാധനങ്ങളും സേവനങ്ങളും വളരെ ചെറിയ ചെലവിൽ *എല്ലാ ജനങ്ങൾക്കും* ലഭിക്കുന്നതാണ്. ഓയിൽ കമ്പനികളുടെ അധമ ഭരണവും, നികുതികളും ഒഴിവാക്കിയാൽ ഒരു ലിറ്റർ പെട്രോളിന് 20 രൂപയിൽ താഴെയായി കുറയും; ബസ്സുകളുടെയും മറ്റു വാഹനങ്ങളുടെയും യാത്രാ നിരക്കുകൾ കുത്തനെ കുറയുന്നതാണ്; ഉദാഹരണത്തിന് ഒരു രൂപയ്ക്ക് ചെറിയ ദൂരം യാത്ര ചെയ്ത് മടങ്ങാനാവും. ജനങ്ങളുടെ പണം കൊണ്ട് ജീവിക്കുന്ന സേവകരായ ഭരണാധികാരികൾ യജമാനന്മാരായ ജനങ്ങൾക്ക് സബ്സിഡി എന്ന ഭിക്ഷ നൽകുന്നതായി ഭാവിക്കുന്നതിലെ ഭോഷത്തം കഠോരമാണ്. പാചകവാതക സിലിണ്ടറുകളുടെ വില ഏകദേശം 200 രൂപ മാത്രമുള്ളപ്പോൾ യജമാനരായ ജനങ്ങളുടെ പണത്തെ ദുരുപയോഗിച്ച് സേവകൻ കച്ചവടക്കാരൻ ആവുന്നതും 400 രൂപ നികുതി എന്ന കൊള്ളലാഭം ചേർത്ത് 600 രൂപയായി വില നിശ്ചയിക്കുന്നതും, ശേഷം 250 രൂപ സബ്സിഡി നൽകുന്നതും ജനങ്ങളുടെ ആവശ്യമാണെന്നു കരുതുന്നത് ഗുണ്ടകളും കൊള്ളക്കാരുമായ ഭരണാധികാരികളുടെ കടുത്ത മനോരോഗത്തെ വെളിപ്പെടുത്തുന്നുണ്ട്. ജനങ്ങളുടെ പണം കൊണ്ട് ജീവിക്കുന്ന വോട്ടുതെണ്ടികൾ നൽകുന്ന സബ്സിഡി വാങ്ങാനായി ആധാർ, പാൻ കാർഡ്, KYC തുടങ്ങിയ കോനാംപീച്ചകളുമായി ഗ്യാസ് കേന്ദ്രം, അക്ഷയ കേന്ദ്രം, ബാങ്ക്, തുടങ്ങിയവ കയറിയിറങ്ങി ഊർജ്ജ നഷ്ടം, ധന നഷ്ടം, മാന നഷ്ടം, ആരോഗ്യ നഷ്ടം, സമയ നഷ്ടം, വിഷയ നഷ്ടം, ആനന്ദ നഷ്ടം, തുടങ്ങിയവയെ അംഗീകരിച്ചും സ്വീകരിച്ചും പോരുന്നത് ജനങ്ങളുടെ മനോരോഗത്തെയും വെളിവാക്കുന്നു; വർദ്ധിപ്പിക്കുന്നു.

മദ്യവും മയക്കുമരുന്നും മറ്റും ഉപയോഗിക്കുന്നവർക്കും ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുന്നവർക്കും യാതൊരു നികുതികളെയും നൽകാതെ ഉടുതുണിയോട നിശ്ചിത കാലത്തേക്ക് നാടു വിട്ടു കാട്ടിൽ വസിക്കാനും, മദ്യം മയക്കുമരുന്നുകൾ തുടങ്ങിയവയെ ഉണ്ടാക്കുവാനും ഉപയോഗിക്കുവാനും, വസ്ത്രം ഇല്ലാതെ മൃഗസമാനമായ ജീവിതം നയിക്കുവാനും, നാട്ടിലേക്ക് മടങ്ങുന്നുവെങ്കിൽ ശുദ്ധരായ ശേഷം മാത്രം മടങ്ങിവരാനും സാധിക്കുന്നതാണ്. "ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം" എന്ന ധർമ്മ ശാസ്ത്രപരമായ ജീവിത ക്രമത്തിൽ, "ശുചിത്വം" പാലിക്കുവാൻ തയ്യാറാകാത്തവരെയാണ് കാട്ടിലേക്ക് അയക്കുന്നത്. കാട്ടിലെ ജീവികൾ വിനോദത്തിനായി മറ്റുള്ള ജീവികളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നില്ല എന്നതിനെ പാലിച്ച് കാട്ടിലെ ജീവിതത്തിന് അത്യാവശ്യം അല്ലെങ്കിൽ മരങ്ങളെയും വെട്ടാതെ (കൊല്ലാതെ) ജീവിച്ചാൽ നല്ലത്. കാട് വെളുപ്പിക്കുന്നവരെ തിരികെ നാട്ടിലേക്ക് വരാൻ അനുവദിക്കുന്നതല്ലാ എന്നും അറിയണം. ((പശു, കാള, എരുമ, പോത്ത് തുടങ്ങിയവയെ വളർത്താൻ (മണ്ണായ ദൈവം) അനുവദിച്ചിട്ടുണ്ട് എന്ന് അവയുടെ സ്വഭാവം, ഗുണങ്ങൾ, ഉപയോഗങ്ങൾ എന്നിവ പ്രകാരം മനസ്സിലാക്കുന്ന മനുഷ്യർക്ക് അവയെ മഹാഉചിതമായി സംരക്ഷിക്കാൻ കൂടി ചുമതലയുണ്ട്. പ്രസ്തുത കടമയെ മറന്നും അവഗണിച്ചും, വയസ്സാകുന്ന നാല്കാലികളെ സംരക്ഷിക്കുന്നത് പ്രയാസമാണ് എന്നതിന്റെ പേരിൽ അവയെ കൊല്ലണമെന്നില്ല. നദിക്ക് അക്കരെയുള്ള വനത്തിൽ കയറുകളും വളയങ്ങളും ഉൾപ്പെടെ യാതൊന്നും ഇല്ലാതെ സ്വതന്ത്രമായി വിടാവുന്നതാണ്. അവിടെ അവ ജീവിക്കുന്നതും മരിക്കുന്നതും ക്രൂരമൃഗങ്ങളുടെ ഇരയാവുന്നതും, അവയുടെ ആരോഗ്യ കാലത്തെ ചൂഷണം ചെയ്ത

കൊടും ക്രൂരരായ മനുഷ്യരുടെ വിഷയം ആവേണ്ടതില്ല. അവയെ സൃഷ്ടിച്ച ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായി പരിപാലിച്ചു കൊള്ളും. പശു, കാള, എരുമ, പോത്ത്, ആട് എന്നിവയെ കൊല്ലാനും തിന്നാനും മനുഷ്യർക്കെല്ലാം മഹാഅനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ തടയാൻ മറ്റുള്ളവർക്ക് അവകാശവും അധികാരവും ഇല്ല. മോക്ഷം നേടുന്നതിനു മുമ്പ് എല്ലാ മനുഷ്യർക്കും പശു, കാള ജന്മം സ്വീകരിക്കേണ്ടതുണ്ട്; മഹാനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷകളെ ദൈവം തന്നെ നൽകുന്നുണ്ട് എന്നിരിക്കെ ഗോവധം നിരോധിക്കുക തുടങ്ങിയ മനോരോഗങ്ങളുമായി മനുഷ്യർ ആയാസപ്പെടേ ണ്ടതില്ല. വളർത്തുമൃഗങ്ങളെ വിൽക്കാനും വാങ്ങാനും പാടില്ല; ദാനമായി നൽകുകയും ദാനമായി വാങ്ങുകയും ആവാം; മണ്ണിൽ ഈ നിയമവും സൂക്ഷ്മമായി അന്തർലീനമാണ്.)).

മറ്റുള്ള ജീവികൾക്കും കൂടി അവകാശപ്പെട്ടതാണ് ഭൂമി എന്നതിനാൽ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം നാട്ടിലെ ഭരണാധികാരികൾക്ക് കാട്ടിൽ അധികാരം ചെലുത്താൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. വളരെയധികം ജനങ്ങൾ മാത്രമല്ല; ധർമ്മ ശാസ്ത്ര വിരുദ്ധമായി മദ്യനിർമ്മാണവും വില്പനയും നടത്തിക്കൊണ്ട് മദ്യം കുടിക്കുന്നത് ആരോഗ്യത്തിന് ഹാനികരം എന്ന് പ്രചരിപ്പിക്കുന്ന ഭരണാധികാരികളും ന്യായാധിപന്മാരും ഉദ്യോഗസ്ഥരുമെല്ലാം കാട്ടിൽ ജീവിക്കാൻ യോഗ്യത നേടിയവരാണ്. ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ അവരെല്ലാം സ്വയം തിരുത്തുന്നതാണ്.

ഏറ്റവും മോശമായ ഇന്നത്തെ ധാർമ്മിക അധഃപതനങ്ങളെയെല്ലാം വളരെയധികം കുറയ്ക്കാൻ നികുതികളെ ഒഴിവാക്കിയാൽ മാത്രം മതിയാകും. കെട്ടിട നികുതി ഉൾപ്പെടെ എല്ലാ നികുതികളും, അവ പ്രകാരമുള്ള അന്യൈരതകളും അവസാനിച്ചാൽ ജനങ്ങളെല്ലാം സ്വാഗതം ചെയ്യും; നികുതി വാങ്ങുന്നവരും സൗജന്യങ്ങളെ അനുഭവിക്കുന്നവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരും യോജിച്ചില്ലെന്നു വരാം.

നികുതികളും നികുതി മാറ്റങ്ങളും നികുതി വകുപ്പു ജോലികളും മണ്ണിന്റെ നിയമങ്ങളുടെ ഭാഗമല്ല. അതു കൊണ്ട് തന്നെ അവയെ പൊതുജനങ്ങൾക്ക് ഇഷ്ടമല്ല. *നികുതികൾ പാടില്ല എന്ന ജനങ്ങളുടെ പൊതുവായ ഇഷ്ടം പ്രത്യക്ഷ സ്രഷ്ടാവായ ശരീരത്തിൽ നിന്നും മനസ്സിലേക്ക് പകർന്നതാണ്. ഇഷ്ടത്തിനു വിരുദ്ധമായത് മനോരോഗത്തെ ഉണ്ടാക്കുന്നതാണ്.*

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലെയും എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.

"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി പോലീസ് സേന ജീവൻ കളഞ്ഞും ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, യജമാനന്മാരായ ജനങ്ങളെ മറന്നുകൊണ്ട് പിഴച്ചവരായ ഭരണാധികാരികളെ അനുസരിക്കുന്ന മറ്റൊരു അധമ-നീച സങ്കേതമായിരിക്കുന്നു. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്.

ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം എപ്പോഴുമുണ്ട് : ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ധർമ്മശാസ്ത്ര പരമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം കടമകളെയും കടപ്പാടുകളെയും നിറവേറ്റണം. ധർമ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും മറ്റും തട്ടിക്കൂട്ടുന്ന അധമരായ മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും മറ്റും ഉൾപ്പെട്ട മനുഷ്യ - ഭരണാധികാരികളെ ധിക്കരിക്കാനും, അത്യാവശ്യമെങ്കിൽ നീചരെ പരസ്യമായി കെട്ടിയിടാനും, വേണ്ടിവന്നാൽ പരസ്യമായി തല്ലാനും, ജനങ്ങളുടെ ദാസന്മാരും സംരക്ഷകരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയ്ക്ക്

ധർമ്മശാസ്ത്ര പരമായ ചുമതലയുള്ളത് നിറവേറ്റണം. അപ്പോഴാണ് പോലീസ് സേന, ജനങ്ങളുടെ ഭാഗമാവുന്നതും, സഹായികളാവുന്നതും.ധർമ്മ ശാസ്ത്ര പ്രകാരം, പോലീസ് സേന ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായാണ് പ്രവർത്തിക്കേണ്ടത്. സംശുദ്ധമായിട്ട് പ്രവർത്തിക്കാനും ജനങ്ങൾക്കെല്ലാം ആവശ്യമായ നിരവധി സഹായങ്ങൾ ചെയ്തു കൊണ്ട് പുണ്യം വാരിക്കൂട്ടാനും പോലീസ് സേനയ്ക്ക് കഴിയുന്നതാണ്. ഭരണാധികാരികളെയും ഉദ്യോഗസ്ഥ മേധാവികൾ ഉൾപ്പെടെയുള്ള വരെയും അനുസരിക്കാൻ പോലീസ് സേനയ്ക്ക് ബാദ്ധ്യതയില്ല. .....

*ഉദാഹരണം (2) : *ഹെൽമെറ്റ്, ആധാർ തുടങ്ങിയവ നിർബ്ബന്ധമാക്കാൻ ഭരണാധികാരികൾക്ക് അവകാശവും അധികാരവും ഇല്ല.*

മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതത്തിന് നിർബ്ബന്ധമായിട്ടുള്ളതെല്ലാം ശരീരത്തിലെ അവയവങ്ങളായിട്ട് ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഹെൽമെറ്റ്, ആധാർ, കുട, വടി, ഷൂസ്, തോക്ക്, തുടങ്ങിയവ അവയവങ്ങൾ അല്ലാ; (മനുഷ്യനു) ജീവിക്കാൻ നിർബ്ബന്ധവുമല്ലാ.

സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ *ദൈവം, മനുഷ്യർക്കെല്ലാം ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെ* മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. *ആഗ്രഹങ്ങളെയും ജീവിതകാര്യങ്ങളെയും ഭരിക്കുന്നത് ഓരോ വ്യക്തിയുമാണ്.* ഉൾപ്പെട്ട സമൂഹത്തിലെ അംഗങ്ങളുടെ *ധർമ്മശാസ്ത്രപരമായ* ജീവിതത്തിന് തടസ്സമുണ്ടാക്കാതെ, *ഇഷ്ടമുള്ള കാര്യങ്ങളെ ചെയ്യാനും, ഇഷ്ടമുള്ളതെല്ലാം ഉപയോഗിക്കാനും, ഇഷ്ടമില്ലാത്ത കാര്യങ്ങളെ ഒഴിവാക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ* (ദൈവം) ഓരോ മനുഷ്യനും നൽകിയിട്ടുണ്ട്.*ജനങ്ങളുടെ പൊതുവായ ഏതാനും ആവശ്യങ്ങളെ മാത്രമേ ഭരണാധികാരികൾ ചെയ്യേണ്ടൂ.* ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ജനങ്ങളാണ്; ആവണം. ഒരു എറുമ്പിനെപ്പോലും സൃഷ്ടിക്കാനോ

രക്ഷിക്കാനോ കഴിവില്ലാത്തവരായ മനുഷ്യ-ഭരണാധികാരികൾ, തങ്ങളുടെ ധർമ്മം മറന്നും തെറ്റിച്ചും, തങ്ങളെ ഊട്ടുന്നവരും ദൈവ-സൃഷ്ടികളുമായ ജനങ്ങളുടെ *ധർമ്മശാസ്ത്രപരമായ സ്വാതന്ത്ര്യങ്ങളെയും സാത്വികമായ ഇഷ്ടങ്ങളെയും തടയാനോ, തടയാൻ ശ്രമിക്കാനോ പാടില്ല.* ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന കുറ്റത്തിന് ഒറ്റപ്പെട്ട കുറ്റങ്ങളേക്കാൾ അനേകം അനേകം മടങ്ങ് പാപവും ദൈവശിക്ഷകളും ഉണ്ട്.* എങ്ങനെയെന്നാൽ, മോഷണം, പീഢനം തുടങ്ങിയ കുറ്റങ്ങൾക്ക് കടുത്ത ശിക്ഷയുണ്ടെങ്കിലും വാദികളും പ്രതികളും ഏതാനും പേർ മാത്രമാവും. അതേസമയം, *ദൈവം*, എല്ലാ മനുഷ്യർക്കും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെ തടയുന്നതായ 'ഹെൽമെറ്റ്, ആധാർ, തുടങ്ങിയവ നിർബ്ബന്ധമാക്കുന്ന നിയമങ്ങളെ'* നടപ്പാക്കുന്ന രാജ്യങ്ങളിലെ പോലീസ് സേന ഉൾപ്പെടെയുള്ള ഭരണാധികാരികൾക്ക് വളരെ വളരെ വലിയ ശിക്ഷകളാണുള്ളത്.

ഹെൽമെറ്റിന്റെ *ആവശ്യം ജനങ്ങൾക്കാണെങ്കിൽ അത് ഓരോ വ്യക്തിയുടെയും സ്വകാര്യ വിഷയമാണ്.* ആവശ്യക്കാരായ വ്യക്തികൾക്ക് ഹെൽമെറ്റ് ഉപയോഗിക്കാം. *എന്തും ധർമ്മശാസ്ത്രപരമായിട്ട് ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെയാണ് ദൈവം ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത്.* തലയിലെ താടിഭാഗം മറയ്ക്കുന്നതോടെ *മുഖംമൂടിയായിട്ട്* ഹെൽമെറ്റിന് പരിവർത്തനം ഉണ്ടാവുന്നതിനാൽ ധർമ്മ ശാസ്ത്രത്തെ തെറ്റിച്ച് മുഖംമൂടി ധരിക്കുന്നവർക്കും കാരണമായവർക്കും *ശിക്ഷകൾ* വേറെയുമുണ്ട്. വാഹനപ്പുക പരിശോധനയും പരിഹാരങ്ങളും ആവശ്യമാകുന്നത് അധികമായി പുക തള്ളുന്ന വാഹനങ്ങൾക്കു മാത്രമാണ്. വേഗത കൂട്ടി യാത്ര ചെയ്യേണ്ടുന്ന ആവശ്യം സാധാരണ ജനങ്ങൾക്കും ഉണ്ടാവുന്നതാണ്. പിഴച്ചു ജീവിക്കുന്നവർക്ക് മാത്രമേ, ഊട്ടുന്ന ജനങ്ങൾക്ക് പിഴകളെ ചുമത്താനാവൂ.

മഹാനീതിപതിയായ ദൈവം, *ഹെൽമെറ്റ്* തുടങ്ങിയ വിഷയങ്ങളിൽ വാദിയുടെ സ്ഥാനത്ത് എത്തുകയാൽ, മഹാനീതിശാസ്ത്രമനുസരിച്ച് *ദൈവം പക്ഷം ചേർന്ന ഭാഗം മാത്രമാണ് മഹാശരി*.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ദൈവം, സൃഷ്ടികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിച്ച - ഇളവില്ലാത്ത - കടുത്ത കുറ്റത്തിന് പ്രതികളെല്ലാം കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്*. മന്ത്രിമാരും ഉദ്യോഗസ്ഥരുമെല്ലാം പ്രതികളാവുമെങ്കിലും, *നേരിട്ട് ജനങ്ങളെ വേദനിപ്പിക്കാനും പിഴകളെ ഈടാക്കാനും മറ്റും പ്രവർത്തിക്കുന്ന പോലീസ് സേനാംഗങ്ങളും, ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരും മറ്റുമാണ് മുഖ്യപ്രതികൾ.* ജനങ്ങളെ ഭയപ്പെടുത്തിയതിനും ശാരീരികമായും മാനസികമായും വേദനിപ്പിച്ചതിനും, ധന നഷ്ടം മാനനഷ്ടം ഊർജ്ജ നഷ്ടം സമയനഷ്ടം തുടങ്ങിയ നഷ്ടങ്ങളും കഷ്ടപ്പാടുകളും ഉണ്ടാക്കിയതിനും ശിക്ഷകളുണ്ട്. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ മാത്രം എല്ലായ്പ്പോഴും അനുസരിച്ച് *ജനങ്ങളെയെല്ലാം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ് പോലീസിന്റെയും പട്ടാളക്കാരു ടെയും മറ്റും തൊഴിൽ.* ... പോലീസ് സേനയ്ക്കും മറ്റും പാപത്തിൽ നിന്ന് മുക്തിയും, പുണ്യം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗവും ഉണ്ട്; മുകളിൽ നികുതികളെ വിശകലനം ചെയ്തതിന്റെ അവസാനത്തിൽ ചേർത്തിരുന്നു.....

മന്ത്രിമാർ, കോടതികൾ, ഉദ്യോഗസ്ഥർ, പോലീസ് സേന, തുടങ്ങിയ ഭരണാധികാരികൾക്ക് ഹെൽമറ്റ് പോലെയുള്ള വിഷയങ്ങളിൽ കടുത്ത മനോരോഗങ്ങൾ ബാധിച്ചതുകൊണ്ട് എത്രയെത്ര ചെറുപ്പക്കാരെ പോലീസുകാർ കൊന്നു, പൊതു ജനങ്ങൾക്ക് എന്തുമാത്രം കഷ്ടപ്പാടുകളും ഭീതിയും ഉണ്ടാക്കി? ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം നിർവ്വഹിക്കാൻ ചുമതലപ്പെട്ടവർ കടുത്ത മനോരോഗികളായി മാറിയിട്ടുണ്ട്.

ഹെൽമറ്റ് പരിശോധന പോലെയുള്ള പൂച്ചാണ്ടിക്കാര്യങ്ങളുടെ പിന്നാലെ പോകാതെയും 'ഹെൽമറ്റ് വേട്ടയിൽ ഉൾപ്പെട്ട മഹാഗൗരവമായ വ്യക്തിസ്വാതന്ത്ര്യത്തെ അവമതിക്കാതെയും, ഭരണാധികാരികളും ബന്ധപ്പെട്ടവരും ശ്രദ്ധിക്കേണ്ടത് ഗൗരവമുള്ള യഥാർത്ഥമായ സമൂഹ കാര്യങ്ങളിലാണ്. ഉദാഹരണത്തിന്, മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തെ വിശകലനം ചെയ്യുമ്പോൾ, ദൈവീകമായ *സാമ്പത്തിക ശാസ്ത്രത്തെ ലഭിക്കുന്നതാണ്.* തൽഫലമായി, *സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ധാർമ്മികശുദ്ധി

യോടെയുള്ള സുന്ദര ജീവിതം സാദ്ധ്യമാവുന്ന സമ്പത്ത് സ്വരൂപിക്കാൻ, യാതൊരു നികുതികളെയും ചുമത്താതെ സാധിക്കുന്നതാണ്.* www.omsathyam.com വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്. ....

ഉദാഹരണം (3) : പണം / കനകം

സമ്പത്തിനെയോ, സമ്പത്തിനെ പ്രതിനിധീകരിക്കുന്ന പണത്തെയോ ആക്ഷേപിക്കാൻ പാടില്ല. എന്നാൽ ഇന്ത്യയിലേത് ഉൾപ്പെടെ ഭൂമിയിലെങ്ങുമുള്ള ഭരണകൂടങ്ങൾ അത് പതിവാക്കിയിരിക്കുകയാണ്.

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, നിരവധി രോഗാണുക്കളെ നിരന്തരം കൈമാറ്റംചെയ്ത് ചെറുതും വലുതുമായ രോഗങ്ങളെ ജനങ്ങൾക്കെല്ലാം നൽകുന്നവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന ഭരണാധികാരികളും ഏതൊരാളും കള്ളന്മാരാണ്.
'ഭരണാധികാരികളായ വലിയ കള്ളന്മാരുടെ കെടുകാര്യസ്ഥത കൊണ്ടാണ്' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടു കൂട്ടരും ചെയ്യുന്നത് അധർമ്മങ്ങളാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക.ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ

തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് ഇല്ലാത്തതുകൊണ്ടാണ്.ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ "പണമായിട്ട്" മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ് അവയെ ഉപയോഗിക്കു മ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്.

അദ്ധ്വാന മൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ പണമായിട്ട് ഉപയോഗിക്കാം; ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല. എന്നാൽ ഭരണാധികാരികൾ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരു കാര്യവും ചെയ്യുന്നത് യജമാനന്മാരായ ജനങ്ങളുടെ സമ്മതത്തോടെയും ബോദ്ധ്യപ്പെടുത്തിയും ആവണം.ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികളെ യഥാർത്ഥമായ ദാസരാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ "പണമായിട്ട് " (സ്വയം) നിർമ്മിക്കുന്നതും ഉപയോഗി ക്കുന്നതും" സ്വയമോ പൊതുഖജനാവിലോ സൂക്ഷിക്കുന്നതു മാണ്. ജനങ്ങളുടെ പൊതുവായ ആവശ്യമാണ് സാമ്പത്തിക ക്രയവിക്രയ മാധ്യമമായ 'പണം' എന്നിരിക്കെ എപ്പോഴും ജനങ്ങളുടെ ദാസന്മാർ മാത്രമായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടുന്നതും ജനങ്ങളെ പീഡിപ്പിക്കുന്നതും കടുത്ത അപരാധമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും - അല്പനേരം പോലും- തടയാൻ ഭരണാധികാരികൾക്ക് അധികാരമില്ലെന്നിരിക്കെ ഇന്ത്യയെപോലെ യുള്ള രാജ്യങ്ങളിൽ 120 കോടിയിലേറെ ജനങ്ങളെ കഷ്ടപ്പെടു ത്തുന്നതിന്

അനേകം ജന്മങ്ങളിൽ ഭരണാധികാരി കളെയും ഭരണ സംവിധാനങ്ങളിൽ പെട്ടവരെയും മഹാനീതിശാസ്ത്ര പ്രകാരം ബഹുവിധങ്ങളിലായിട്ട് മഹാശിക്ഷിക്കുന്നതാണ്. അതേസമയം മഹാപിതാവും മഹാമാതാവും മഹാനീതിപതി യുമായ ദൈവം ഏതൊരു കുഞ്ഞിനെയും മഹാശിക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യാ നാണെന്നും എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകാനാണ് എന്നും അറിയണം.

*ഉദാഹരണം (4) : *ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തിലെ ഉന്നതമായ ചില കാര്യങ്ങൾ :-*

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സമ്പത്തുകളാണ് ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം എന്നതുപോലെ, *ദൈവം തന്നെയാണ്* 'മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സമ്പത്തുകളാ യിരിക്കുന്നത് 'എന്നതിനെയും, അതീവ ഗൗരവത്തോടെ വിശകലനം ചെയ്യണം :-

ഓരോ മനുഷ്യന്റെയും *ആനന്ദങ്ങളായും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും* പ്രവർത്തിക്കുന്ന *സമ്പത്തുകളും (ദൈവവുമായ) ഭൂമിയിലെ പ്രദേശങ്ങളെയും ഭൂമിയിലെ വസ്തുക്കളെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും* നേടാനാണ് മനുഷ്യരെല്ലാം അദ്ധ്വാനിക്കുന്നത്. ആനന്ദങ്ങളെയെല്ലാം യഥാർത്ഥത്തിൽ നേടുന്നതും നേടാനായിട്ട് പ്രയത്നിക്കുന്നതും സ്വന്തമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനാണ്. ഇവിടെ *ധർമ്മശാസ്ത്രപരമായ ക്രമപ്രശ്നമുണ്ട്.* മക്കളുടെയും കൊച്ചു മക്കളുടെയും ഉറ്റവരുടെയും ആനന്ദങ്ങളെയും, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെയും *അറിഞ്ഞും അറിയാതെയും ഭരിക്കാനും നയിക്കാനും നിശ്ചയിക്കാനും ഒക്കെ വ്യക്തി തയ്യാറാകുന്നത് മണ്ണിന്റെ

നിയമങ്ങളെ ധിക്കരിച്ചാവരുത്.* സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട് എന്നതുപോലെ *സമ്പത്തുകളെ ധർമ്മശാസ്ത്രപരമായിട്ട് ഉപയോഗിക്കേണ്ടതുമുണ്ട്.*

ഭൂമിയിൽ വച്ച് ഓരോ ജന്മത്തിലും കുഞ്ഞായിട്ട് ജനിക്കുകയും, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് വളരുകയും, മണ്ണിൽ ജീവിക്കുകയും, മരണത്തോടെ (മണ്ണായ) ശരീരത്തെ വീണ്ടും മണ്ണ് ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ശരീരത്തെപ്പോലും ഓരോ ജന്മത്തിലും മണ്ണായ ദൈവം മടക്കി വാങ്ങുമ്പോൾ യാതൊരു ജനങ്ങൾക്കും യാതൊരു സമ്പത്തുകളിലും അവകാശമോ അധികാരമോ ഇല്ലെന്ന് തിരിച്ചറിഞ്ഞുകൊള്ളണം. ആത്മീയ സാക്ഷാത്ക്കാരത്തിലേക്കു ഉയർത്തപ്പെടുമ്പോഴും മണ്ണായ ശരീരം ഉൾപ്പെടെയുള്ള സമ്പത്തുകളെ ഉപേക്ഷിക്കേണ്ടതുണ്ട്.

മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിലെ സമ്പത്തിനെ ഉപയോഗിക്കാനാണ് മണ്ണിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ മഹാഅനുഗ്രഹിച്ച് അനുവദിച്ചിട്ടുള്ളത്. തങ്ങൾക്ക് ശരിയെന്നു തോന്നുമ്പോലെയോ ഇഷ്ടംപോലെയോ ജീവിക്കാൻ മനുഷ്യർ തയ്യാറാവരുത് എന്ന താക്കീതും അതിലുണ്ട്. കുഞ്ഞുങ്ങൾക്കെല്ലാം സമമായിട്ട് എല്ലാ ആനന്ദങ്ങളെയും ലഭ്യമാക്കേണ്ടത് ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യത്തെ യാഥാർത്ഥ്യമാക്കാൻ ആവശ്യമാണ്; കുഞ്ഞുങ്ങളോടുള്ള ചുമതലയാണ്.

ഭൂമിയെ സമ്പത്തായിട്ടോ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവമായിട്ടോ കണക്കാക്കുമ്പോൾ, ഭൂമിയുടെ (കുഞ്ഞുങ്ങളായ) ജീവികൾക്കെല്ലാം സമ അവകാശമാണ് ഉള്ളതെന്നും; മനുഷ്യരുടെ അദ്ധ്വാനത്തെ ആധാരമാക്കിക്കൊണ്ട് മനുഷ്യർക്ക് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിരിക്കുകയാണെന്നും സുവ്യക്തമാണ്. ദൈവത്തിന്റെ സമ്പത്തിൽ അവകാശവും അധികാരവും നേടാൻ (ദൈവം) മഹാ അനുവദിച്ചിട്ടുള്ളത് മണ്ണിൽ അദ്ധ്വാനിക്കുന്നവർക്കു മാത്രമാണ്.

മണ്ണായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും മണ്ണിലും സമ്പത്തിലും (മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള) അവകാശം നൽകുന്നുണ്ട് ! മണ്ണായ ദൈവം, ജീവികൾക്കെല്ലാം (ദൈവമായ) മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണിൽ ജീവിക്കാൻ ജീവികൾക്കെല്ലാം സാധിക്കുന്നത്. മണ്ണിന്റെ

നിയമങ്ങളെ അഥവാ മഹാശാസ്ത്രത്തെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യർക്കെല്ലാം കൂടുതൽ അവകാശവും അധികാരവും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, ആശാരിപ്പണി, മേശിരിപ്പണി, വൈദ്യം, ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിഫോൺ, ടെലിവിഷൻ, കമ്പ്യൂട്ടർ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ സ്ഥാനങ്ങളുണ്ടാകുന്നു. മഹാപിതാവും മഹാമാതാവുമായ ഭൂമി, ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്യാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കു കയാണു ചെയ്തിട്ടുള്ളത്.

(മഹാപിതാവും മഹാമാതാവുമായ ദൈവം, കുഞ്ഞുങ്ങളായ) *മനുഷ്യർ ആനന്ദകരമായിട്ട് ജീവിക്കേണ്ടുന്നതിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യവും, സമ്പത്തിൽ അവകാശവും നൽകുന്നുണ്ട്. സ്രഷ്ടാവായ ദൈവം യജമാനൻ ആവാതെയും, സൃഷ്ടികളായ മനുഷ്യരെ ആരുടെയും അടിമകളാക്കാതെയുമുള്ള മഹാസംവിധാന പ്രകാരമാണ് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിട്ടുള്ളത്.* അതെങ്ങനെയെന്ന് ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നു :-

ദൈവം, മനുഷ്യ ജീവികൾക്കു മാത്രം ശാസ്ത്ര ജ്ഞാനത്തെ നൽകിയിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ നേടിത്തരുന്ന ആനന്ദങ്ങളും സാമ്പത്തിക ശേഖരണവും മനുഷ്യർക്കെല്ലാം വിഷയമാണ്. തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെ സ്രഷ്ടാവായ ദൈവം മഹാലയിപ്പിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്, വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന്

ക്രമാനുഗതമായി ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖങ്ങളെ ആസ്വദിക്കുവാനും (ദൈവം) അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ശാസ്ത്രജ്ഞന്മാർ എന്ന പേരിലും ഗവേഷകർ എന്ന പേരിലും തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തങ്ങളായ വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. ഒന്നു കൂടി വിശദമാക്കിയാൽ, ശാസ്ത്ര പാഠങ്ങളും ശാസ്ത്ര സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. *ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്.* മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാദേവനും മഹാദേവിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ *മഹാആവിഷ്ക്കാരമാണത്.* മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമിയുമായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ

അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണായ ദൈവം എല്ലാ ആനന്ദങ്ങളെയും തന്റെ മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും, കുഞ്ഞുങ്ങൾക്കു നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് ആത്മീയ സാക്ഷാത്ക്കാരം (മോക്ഷം) എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്. മോക്ഷത്തെ വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രയത്നിക്കുന്നത്.

വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല. മണ്ണായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിപതിയാവുകയുള്ളൂ എന്നതും, അതിൻപ്രകാരമുള്ള നിയമങ്ങളെയും മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ടാവും എന്നും ചിന്തിക്കുവാൻ മനുഷ്യർക്കു കഴിയുന്നതാണ്; ഉയർന്ന ബുദ്ധിശക്തികളെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് ഉപയോഗപ്പെടണം. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറാകുമ്പോൾ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്.

സമ്പത്തുകൊണ്ട് ആനന്ദിച്ചു ജീവിക്കുവാൻ ജനങ്ങൾക്കെല്ലാം സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യമുണ്ട്; എന്നാൽ *ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ആനന്ദിക്കുവാൻ ഓരോ മനുഷ്യനും സ്വയം ബാദ്ധ്യതയുണ്ട്.* മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ യാതൊരാൾക്കും അവകാശമില്ല; *യാതൊരാളും ആനന്ദിക്കുന്നത് മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ ആനന്ദത്തിന് തടസ്സമുണ്ടാക്കി ആവരുത്.*

ഓരോ മനുഷ്യന്റെയും (ജീവിയുടെയും) ജീവാത്മാവിനെ മഹാഭരിക്കുന്നത് പ്രത്യക്ഷദൈവം കൂടിയായ സ്വന്തമെന്നോണമുള്ള ശരീരം തന്നെയാണ് എന്നും, ജീവനും ദൈവത്തിന്റെ വാതകരൂപ വുമായ ഓക്സിജനാണ് ശരീരത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതെന്നും, *ഓരോ മനുഷ്യന്റെയും ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവാത്മാവാണെന്നും* ദൈവ വിപ്ലവ വിശകലനം 7-ൽ വിശദമാക്കിയതാണ്. (മഹാപിതാവും മഹാമാതാവും മഹാവാത്സല്യവും മഹാനീതിപതിയുമായ) ദൈവം, കുഞ്ഞുങ്ങൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന് അധമമായ ആഗ്രഹങ്ങൾ കൊണ്ട് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കണം. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെല്ലാം ധർമ്മ ശാസ്ത്ര പ്രകാരം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനുഭവിച്ച് ആനന്ദത്തോടെ ജീവിക്കുകയേ വേണ്ടൂ. ആനന്ദിക്കുന്നതിന്, തങ്ങൾ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെയും സൽപ്പേരിനെയും ഉപയോഗിച്ച് മക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ വളർത്തി വലുതാക്കാനും പഠന സൗകര്യങ്ങളെ നൽകാനും തൊഴിൽ നേടാനും ധർമ്മശാസ്ത്രപരമായിട്ടു മാത്രം പ്രവർത്തിക്കാവുന്നതാണ്, സഹായിക്കാവുന്നതാണ്; മാതാപിതാക്കളെയും സഹോദരങ്ങളെയും ഉറ്റവരെയും ധർമ്മശാസ്ത്രപരമായിട്ട് പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യാവുന്നതാണ്. ജീവിച്ചിരിക്കുമ്പോൾ അന്യോന്യം ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ തങ്ങളുടെ മരണശേഷം മക്കളും കൊച്ചു മക്കളും ഉറ്റവരുമെല്ലാം ആനന്ദിച്ചു ജീവിക്കുന്നതിന്നു വേണ്ടി സമ്പാദിക്കാൻ യാതൊരാൾക്കും അവകാശമില്ല.

ആൺകുട്ടികൾ സ്വാശ്രയ ശീലം വളർത്തണം. ആൺകുട്ടികൾ സ്വന്തമായി അദ്ധ്വാനിച്ച് ബൈക്ക്, കാർ, ബസ്, ഹെലികോപ്റ്റർ, ഭവനം എന്നിവ നേടണമെന്ന് ധർമ്മ ശാസ്ത്രത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രം വിധിക്കുന്നുണ്ട്. പകരം മാതാപിതാക്കളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്ന അതിനീചവും അതിലജ്ജാകരവുമായ അവസ്ഥയിലേക്ക് കൂപ്പുകുത്താനും ധർമ്മഭ്രംശം ഉണ്ടാവാനും പ്രോത്സാഹിപ്പിക്കരുത്; തടയണം. ...

ജനങ്ങളുടെ പൊതുവായ ഖജനാവിൽ നിന്ന് സാമ്പത്തിക സഹായങ്ങൾ നൽകേണ്ടത് ധർമ്മ ശാസ്ത്ര പരമായി യോഗ്യതകൾ ഉള്ളവർക്ക് മാത്രമേ പാടുള്ളൂ. ഇന്നത്തെ പെൻഷൻ സമ്പ്രദായങ്ങളെയും വിനോദ- സമ്മാനകാര്യങ്ങളെയും മറ്റും ധർമ്മശാസ്ത്രപരമായി പരിഷ്ക്കരിക്കേണ്ടത് എങ്ങനെയെന്നും **www.omsathyam.com** വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്.

ധർമ്മ ശാസ്ത്രപരമായ കാര്യങ്ങളിൽ വ്യക്തികളുടെ ശ്രദ്ധ വർദ്ധിപ്പിക്കാനാണ് ഉത്തമരും ജനങ്ങളുടെ സേവകരുമായ ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടത്. ഭരണാധികാരികളുടെ മനോരോഗങ്ങൾ കുറയാനും ഇല്ലാതാവാനുമുള്ള മാർഗ്ഗം കൂടിയാണത്. പകരം പൂച്ചാണ്ടി-ക്കാര്യങ്ങളുടെയും കോപ്രായങ്ങളുടെയും പിറകെ പോയി അവരുടെയും ജനങ്ങളുടെയും മനോരോഗങ്ങൾ വർദ്ധിപ്പിക്കരുത്. ...

മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തെ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും മഹാഭരണഘടനയായിട്ട് മഹാപ്രതിഷ്ഠിക്കുകയും അതിൻ പ്രകാരം ജനങ്ങളെ സേവിക്കാൻ ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികൾ തയ്യാറാവുകയും ചെയ്യുമ്പോൾ മാത്രമേ ജനാധിപത്യം ആവുകയുള്ളൂ. മണ്ണിന്റെ നിയമങ്ങളെ പാലിക്കുമ്പോൾ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ *മാത്രം* നിർവ്വഹിക്കാൻ ജനങ്ങളോ, ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ഒരു വ്യക്തിയോ, ചുമതല പ്പെടുത്തിയിട്ടുള്ളവരും (ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്നവരും ജനങ്ങളുടെ ദാസന്മാരുമായ) *'മന്ത്രിമാരെയും മുഖ്യമന്ത്രി മാരെയും

പ്രധാനമന്ത്രിമാരെയും പ്രസിഡന്റ്മാരെയും /രാജാക്കന്മാരെയും' ധർമ്മശാസ്ത്രപരമായിട്ട് തിരുത്താനും, ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് പ്രവർത്തിക്കുന്നവരെ ആവശ്യമെങ്കിൽ ശിക്ഷിക്കാനും പുറത്താക്കാനും ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ഏതൊരു വ്യക്തിക്കും തനിച്ചു കഴിയുന്നതാണ്.* ദൈവീകമായ ഭരണകൂട തെരഞ്ഞെടുപ്പ് സമ്പ്രദായം ഉൾപ്പെടെയുള്ള ധർമ്മശാസ്ത്ര വിഷയങ്ങളെ ഇമഹാഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള 'ദൈവ-വിപ്ലവ വിശകലനം 2, 3 എന്നിവയിൽ വിശദീകരിച്ചിട്ടുണ്ട്. ആവർത്തിക്കുന്നില്ല. ...

മത്സരം ദൈവീകമല്ല. ഇന്നത്തെ വോട്ടിംഗ് സമ്പ്രദായങ്ങളും തെറ്റാണ്. ഭൂമിയിലെ ഇപ്പോഴത്തെ മത-ജാതി- രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം കാലാവധി ത്തീയതി കഴിഞ്ഞവയാണ്.*

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് നല്ലവരായ വ്യക്തികളോട് അപേക്ഷിക്കേണ്ടത് ജനങ്ങളാണ്. പകരം; കുറെ വ്യക്തികളും അനുചരന്മാരും ജനങ്ങളോട് വോട്ട് യാചിക്കുമ്പോൾ, ആവശ്യം അവർക്കാണെന്നും ലക്ഷ്യം അധികാരങ്ങളും അവരുടെയെല്ലാം സ്വാർത്ഥങ്ങളുമാണെന്നും സുവ്യക്തമാകുന്നു. അതായത് ഇന്ത്യയെപോലെയുള്ള രാജ്യങ്ങളിൽ ജനങ്ങളുടെ നികുതിപ്പണവും ഊർജ്ജവും സ്വസ്ഥതയും സമാധാനവും (ജീവിതവും ആയുസ്സും !) സമയങ്ങളുമെല്ലാം നഷ്ടപ്പെടുത്തിക്കൊണ്ട് പൊതുതെരഞ്ഞടുപ്പുകൾ നടത്തുന്നത് യഥാർത്ഥത്തിൽ ജനങ്ങൾക്കു വേണ്ടിയല്ല. അധമ സംവിധാനങ്ങൾ മാത്രമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മത-ജാതി പ്രസ്ഥാനങ്ങളിലും ഒക്കെ പ്രവർത്തിക്കുന്നവർക്ക് മന്ത്രിമാരാവാനും അവരുടെ ഇഷ്ടത്തിന് അധമ നിയമങ്ങളെ തട്ടിക്കൂട്ടാനും ജനങ്ങളെ ഭരിച്ചു-കൊള്ളയടിക്കാനും പീഡിപ്പിക്കാനും മറ്റുമാണ്. സമ്മതി, ദാനം, അവകാശം, എന്നീ വാക്കുകളെ സമ്മതി ദാനം, സമ്മതി ദാന അവകാശം എന്നിങ്ങനെ ചേർത്തതു പോലും തെറ്റാണ്. അധമമായ തട്ടിക്കൂട്ടലാണത് ! ദാനമായി കൊടുക്കുന്ന ഒന്നല്ല സമ്മതി. അജ്ഞാനം കാരണമാണ് ജനങ്ങൾ സമ്മതിയെ ദാനമായി കൊടുക്കുന്നത് എന്നതിനാൽ ജനങ്ങൾക്ക് നിസ്സാരമായ

പാപമുണ്ടാകുന്നതാണ്. വഞ്ചനയും ദുസ്വാർത്ഥങ്ങളും അധികാര മോഹങ്ങളും വോട്ടു വാങ്ങുന്നവരുടെ മുഖമുദ്ര ആണെന്നതും, വോട്ട് തെണ്ടലെന്നത് അധികാരങ്ങളെ കൈക്കലാക്കാനുള്ള വേഷംകെട്ടലുകൾ ആണെന്നതും വോട്ട് വാങ്ങുന്നവർക്ക് മഹാനീതിശാസ്ത്ര പ്രകാരം സാരമായ പാപം ലഭിക്കുന്നതാണ്; അതേസമയം അധികാരങ്ങളെ നേടിയ ശേഷം, സാത്വികമായിട്ടുള്ള പൊതുജന സേവനത്തെ ലക്ഷ്യമാക്കുകയും, അതിന്നായിട്ട് ശക്തിക്കൊത്ത് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, പാപം കുറയാനും പുണ്യം വർദ്ധിക്കാനും ഇടവരുന്നു. (വോട്ട് ചെയ്തുപോരുന്ന എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളും പാപം വാങ്ങുന്നത് ഭരണാധികാരികളെപ്പറ്റിയുള്ള അവരുടെ പരാതികളിൽ പ്രകടമാണ്.).

പ്രസ്ഥാനങ്ങൾക്കും കാലാവധി തീയതി ബാധകമാണ്.

വ്യക്തിയോ, ഏതാനും വ്യക്തികളോ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങൾക്ക് മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള കാലാവധി തീയതി ബാധകമാണെന്നത് നേതാക്കളും ഭരണാധികാരികളും ഉൾപ്പെടെയുള്ള ജനങ്ങളേറെയും അറിയാതെ ജീവിച്ചുപോരുന്നതാണ് ഭൂമിയിലെങ്ങുമുള്ള ഏറ്റവും വലിയ ഒരു ദുരന്തം.

വിശദീകരിക്കാം :- ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായിട്ട് ജനങ്ങൾ നിയമിക്കുകയും ഊട്ടുകയും ചെയ്യുന്ന ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാരും സർക്കാർ-ജീവനക്കാരും പോലീസുകാരും ഉൾപ്പെടെയുള്ള *ഭരണാധികാരികൾ ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോൾ, സമൂഹത്തിൽ യാതൊരു പ്രസ്ഥാനങ്ങളുടെയും ആവശ്യം ഉണ്ടാവുന്നതല്ല.*

ഇന്നത്തെ പ്പോലെ ഭൂമിയിലെങ്ങും ധാർമ്മികമായ അധഃപതനങ്ങൾ ഭരണകൂടം ഉൾപ്പെടെയുള്ള ജീവിത മേഖലകളെയെല്ലാം ബാധിക്കുമ്പോൾ, *ഭരണാധികാരികളേക്കാൾ ധാർമ്മിക യോഗ്യതകൾ കൂടുതലുള്ള വ്യക്തികൾക്ക് പ്രസ്ഥാനങ്ങളെ ത്യാഗങ്ങൾ സഹിച്ച് നിർമ്മിക്കാനും വളർത്താനും, കുറഞ്ഞവർക്ക് കള്ളത്തരങ്ങൾ കൊണ്ട് തട്ടിക്കൂട്ടാനും കഴിയുന്നു. *ഉത്തമരായവർ ജനങ്ങൾക്കു വേണ്ടി ചെയ്യുമ്പോഴും, അവർക്ക് ആനന്ദത്തെ നൽകുന്ന പ്രവൃത്തി ആയതുകൊണ്ട് സ്വയം സ്വീകരിക്കുകയായിരുന്നു എന്നറിയണം.

സാത്വികമായിട്ടുള്ള സേവനങ്ങൾക്ക് പുണ്യത്തെ വാരിക്കൂട്ടാനുമാവും.* തീവ്രവാദങ്ങളും യുദ്ധങ്ങളും മറ്റും ഉണ്ടാവാൻ മൂലകാരണങ്ങളായ *മത -ജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളെ തട്ടിക്കൂട്ടുന്നവർക്ക് അടിസ്ഥാനപരമായിട്ട് പാപങ്ങളെയാണ് വാരിക്കൂട്ടാനാവുക. (സ്ഥിതിപരമായ വിധി കൊണ്ട് ഏതാനും പേർക്ക് പുണ്യത്തെ നേടാൻ കഴിയുന്നതാണ്.). വ്യക്തികൾക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിച്ച് തങ്ങൾക്ക് ശരിയെന്നു തോന്നുമ്പോലെയോ ഇഷ്ടംപോലെയോ, വ്യക്തിയോ ഏതാനും വ്യക്തികളോ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങൾക്ക് കാലാവധി തീയതി ബാധകമാണെന്നത് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. സ്ഥാപക നേതാവോ, സ്ഥാപക നേതാക്കളോ മരിക്കുമ്പോൾ, സാധിക്കുമെങ്കിൽ പ്രസ്ഥാനത്തെ കൂടെക്കൊണ്ടു പോകുക എന്നല്ലാതെ പ്രസ്ഥാനത്തെ തുടർച്ചയായിട്ട് നടത്തിക്കൊണ്ട് പോവാൻ അനുചരന്മാർക്കും മറ്റും അവകാശമോ അധികാരമോ ഇല്ല. *ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം സ്രഷ്ടാവായ ദൈവത്തിന്റേതാണ്; അവയുടെ മേൽ ഭാഗികമായ അധികാരത്തെ കുഞ്ഞുങ്ങളായ ഓരോരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് കൈമാറ്റംചെയ്യാൻ അവകാശവും അധികാരവും ഇല്ല.* പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കൾ മരിക്കുമ്പോഴും ജീവിച്ചിരിക്കുമ്പോഴും ഒക്കെ അവരവർക്ക് ശരിയെന്നു തോന്നിയ ആശയങ്ങളെ ചുമന്നുനടക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം അനുചര ന്മാർക്ക് തീർച്ചയായും ഉണ്ട്. എന്നാൽ നേതാക്കൾ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങളിലെ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സമ്പത്തിനെ കൈവശം വയ്ക്കാൻ അവകാശമോ അധികാരമോ ഇല്ല. ദൈവീകമായ സാമ്പത്തിക ശാസ്ത്രം, കുടുംബങ്ങളിലേക്കും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളുടെയും ജീവിതകാര്യങ്ങളിലേക്കും നീളുന്നതോടെ ഇന്നത്തെ സോഷ്യലിസം മഹാശുദ്ധീകരണത്തിന് വഴിപ്പെടുന്നതു കാണാം. ദൈവ-വിപ്ലവത്തോടെ, ദൈവീകമായ സാമ്പത്തിക ശാസ്ത്രം, മഹാവിപ്ലവത്തെ ഉണ്ടാക്കുന്നതാണ്. ദൈവീക തലത്തിൽ, മുദ്രപ്പത്രങ്ങൾക്കും മറ്റും യാതൊരു വിലയുമില്ല.

ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, *ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും അറിയുക.* ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ 'പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ഒന്നിച്ചു ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും; 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും', യഥാർത്ഥത്തിൽ ഭൗതിക അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്ന തെന്നും വൈകിയാണെങ്കിലും തിരിച്ചറിയുന്നതാണ്. .....

ഭൂമിയിലെങ്ങും മനുഷ്യർ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കൾ മരിക്കുമ്പോൾ, പ്രസ്ഥാനത്തെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് ചുമതലപ്പെടുത്തിയിട്ടുള്ള ജനങ്ങളുടെ ദാസന്മാരായ ഭരണകൂടം ഏൽക്കുകയും, ധർമ്മ ശാസ്ത്ര പ്രകാരം നടത്തിക്കൊണ്ട് പോവുകയോ അവസാനിപ്പിക്കുകയോ വേണം. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള രാഷ്ട്രീയ മത-ജാതി പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രസ്ഥാനങ്ങളുടെയും കാലാവധി തീയതി കഴിഞ്ഞിട്ടുള്ള കാലമേറെയായി. അവയുടെ ശവങ്ങൾ ജീർണ്ണിച്ച് ദുർഗ്ഗന്ധത്തെ ചുറ്റും (ഭൂമിയിലെങ്ങും) പരത്തിയിട്ടും, പകർച്ചവ്യാധികൾ ഉണ്ടായിട്ടും, പൊട്ടിയൊലിക്കുന്ന ശവങ്ങളെ (മണ്ണിൽ) മറവു ചെയ്യാതെ ചുമന്നുനടക്കുകയാണ് ബുദ്ധി കൂടുതലുണ്ടെന്ന് അവകാശപ്പെടുന്ന മനുഷ്യർ!

വ്യക്തിയാണ് വലുത്, പ്രസ്ഥാനമല്ലാ എന്ന് തെളിയിക്കുന്ന ഉദാഹരണങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുണ്ട്. ഉദാഹരണത്തിന് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ അവസാനിപ്പിക്കുവാനും ഇന്ത്യയിലെ ജനങ്ങളുടെ സ്വാതന്ത്ര്യങ്ങളെ വർദ്ധിപ്പിക്കുവാനും, ഇന്ത്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ ഉപകരണമാക്കിയ പ്രസ്ഥാനത്തോട് ജനങ്ങൾക്കെല്ലാം ഉണ്ടായിരുന്നതായ സ്നേഹമെന്നത് യഥാർത്ഥത്തിൽ ഏതാനും നേതാക്കളോടുള്ള സ്നേഹമായിരുന്നു; പ്രത്യേകിച്ചും ധാർമ്മികമായിട്ട് അത്യുന്നതനാവാനുള്ള മഹാഭാഗ്യത്തെ ലഭിച്ച "ഗാന്ധിജി " യോടുള്ള സ്നേഹാദരങ്ങളായിരുന്നു. ഗാന്ധിജി അധികാര സ്ഥാനങ്ങളെ മോഹിച്ചില്ല; ഭരണാധികാരി ആയിരുന്നില്ല; സ്രഷ്ടാവായ ദൈവം, സൃഷ്ടികളായ മനുഷ്യർക്ക് നൽകുന്ന അവകാശങ്ങൾക്കുവേണ്ടി ജീവിതകാലത്ത് മുഴുവൻ പ്രവർത്തിക്കുകയാണ് അദ്ദേഹം ചെയ്തത്. അക്കാലത്ത് ഉണ്ടായിരുന്നതായ പ്രസ്ഥാനത്തെ ധാർമ്മികമായിട്ട് ഉപയോഗിച്ചു എന്നല്ലാതെ അദ്ദേഹം പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നില്ല. ... ഭൂമിയിലെ ഏറ്റവും എളിയവനായിക്കൊണ്ടും സാധാരണ മനുഷ്യനായിക്കൊണ്ടും, ഏറ്റവുമധികം കഠിനവും പരമശ്രേഷ്ഠവുമായ കർമ്മങ്ങളെ ചെയ്യുവാൻ ഗാന്ധിജിക്ക് മാത്രമേ കഴിയൂ എന്നതിന് ഇന്നോളമുള്ള മാനവചരിത്രം സാക്ഷ്യമാണ്. സൃഷ്ടിപരമായ വിധിയുടെയും സ്ഥിതിപരമായ വിധിയുടെയും മഹാലയനം ഗാന്ധിജിയുടെ കാര്യത്തിലുണ്ട്. രാഷ്ട്രപതി, രാഷ്ട്ര പിതാവ് എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകൾ ദൈവീകമല്ല; എന്നാൽ ഗാന്ധിജിയുടെ കാര്യത്തിൽ രാഷ്ട്ര പിതാവ് എന്ന പദവിക്കും മേലെയാണ് അദ്ദേഹം; മാത്രമല്ല ഗാന്ധിജിയെ മഹാഉയർത്തിയിട്ടുള്ളത് മഹാശക്തിയായ ദൈവം നേരിട്ടാണ്; മാനുഷികമല്ല. ദൈവ വിപ്ലവ വിശകലനം 12-ന്റെ ആദ്യ പേജിൽ സൂചിപ്പിച്ചതുപോലെ പ്രപഞ്ചപിതാവു കൂടിയായ പരമശിവനെയാണ് ഗാന്ധിയായി മഹാശക്തിയായ മഹാദേവി അയച്ചത്. ഗാന്ധിജിയുടെ ഏതാനും മഹാപ്രവർത്തനങ്ങളെ

സൂക്ഷ്മമായി പരിശോധിച്ചാൽ സ്വയം മനസ്സിലാകുന്നതാണ്.

ഗാന്ധിജിയെയും ബ്രിട്ടീഷുകാരുടെ ഭരണത്തെയും പരാമർശിക്കേണ്ടത് ദൈവീകമായ ആവശ്യമാണ്. ഇന്ത്യയിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് ഇന്ത്യയിലെ ജനങ്ങളുടെ ദാസരായിട്ട് ബ്രിട്ടീഷുകാർ സേവനം ചെയ്യുകയായിരുന്നില്ല. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയിലെ സമ്പത്തുകളെ കൊള്ളയടിക്കുക എന്നത് ലക്ഷ്യമാക്കുകയും ധർമ്മശാസ്ത്രത്തെ തെറ്റിച്ചു ജനങ്ങളെ ഭരിക്കുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണാധികാരികൾ ജനങ്ങളുടെ ദാസരായിക്കൊണ്ട്, ഇന്ത്യയിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ധർമ്മശാസ്ത്രപരമായിട്ട് നിർവ്വഹിച്ചിരുന്നുവെങ്കിൽ, ഗാന്ധിജി ഉൾപ്പെടെയുള്ളവർ ബ്രിട്ടീഷ് ഭരണാധികാരികളെ എതിർക്കുമായിരുന്നില്ല. അതായത് ആരാണ് ഭരിക്കുന്നത് എന്നത് വിഷയമേ അല്ല; എങ്ങനെ ഭരിക്കണം : ധർമ്മശാസ്ത്രപരമായിട്ട് ഭരിക്കണം എന്നതാണ് ആവശ്യം.

ഉദാഹരണത്തിന് ഉപ്പിന് നികുതി ചുമത്തിയ ബ്രിട്ടീഷ് ഭരണാധികാരികളുടെ നടപടിയെ അധാർമ്മികമെന്ന് പ്രഖ്യാപിച്ച് ഗാന്ധിജിയും കൂട്ടരും ദീർഘ ദൂരം നടന്ന് ദണ്ഡി കടൽതീരത്തു ചെന്ന് കടൽവെള്ളം കുറുക്കി ഉപ്പുണ്ടാക്കുകയും ഉപ്പ് നികുതിയെ അവഗണിക്കുകയും ചെയ്തു. ഗാന്ധിജിയെയും ഉപ്പു സത്യാഗ്രഹത്തെയും പുകഴ്ത്തി സംസാരിക്കുന്ന ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാരും ഇന്ത്യക്കാരായ ഭരണാധികാരികളും ഉപ്പിനും ഏറെക്കുറെ സകലമാന വസ്തുക്കൾക്കും, ഗാന്ധിജിയുടെ ചിത്രത്തിന്റെ ചുവട്ടിലിരുന്ന്, നികുതി ചുമത്തിയിട്ടുള്ളത് എത്ര കടുത്ത ദൈവനിന്ദയാണെന്ന് പാപികളായ ഭരണാധികാരികൾ അറിയുന്നില്ല! സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ദൈവം, മനുഷ്യർക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഭൂമിയിലെങ്ങുമുള്ള ഭരണാധികാരികൾ അട്ടിമറിച്ചിരിക്കുകയാണ്. ജനങ്ങളുടെ വ്യക്തിപരവും

പൊതുവുമായ ആവശ്യങ്ങളെ ജനങ്ങളുടെ ഇഷ്ടംപോലെയും ധർമ്മ ശാസ്ത്ര പ്രകാരവും നിശ്ചയിക്കാൻ ജനങ്ങളെ അനുവദിക്കാതെ, പകരം ജനങ്ങൾ ഊട്ടുന്നവരും ജനങ്ങളുടെ ദാസന്മാരുമായ മന്ത്രിമാരും സർക്കാർ-ജീവനക്കാരും പോലീസുകാരും ഉൾപ്പെടെയുള്ള ഭരണാധികാരികൾ നിശ്ചയിക്കുന്നതുമായ അതിനീചമായ നടപടികളെ ഗാന്ധിജി എതിർക്കുമായിരുന്നു എന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും. തീവ്രവാദങ്ങളെയും തീവ്രവാദികളെയും അധമരെയും സൃഷ്ടിക്കുന്ന കൊടുംതീവ്രവാദികളായിട്ട് ഭരണാധികാരികൾ രൂപാന്തര പ്പെടുന്നത് എങ്ങനെയെല്ലാമെന്ന് ചുവടെ വിശദീകരിച്ചിട്ടുണ്ട്.

ഉപ്പ് സത്യാഗ്രഹത്തെപ്പറ്റി ഇന്നത്തെ ജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാർക്കും മറ്റും, ഗാന്ധിജിയെയും കൂട്ടരെയും പട്ടാളക്കാരും കുതിരകളും അടിക്കുകയും ചവിട്ടിമെതിക്കുകയും ചെയ്തതിന്റെ തീഷ്ണത അറിയില്ല; അനുഭവിച്ച് അറിയേണ്ടുന്നതാണത്. തീഷ്ണത അനുഭവിച്ച് അറിഞ്ഞവർ പുനർജ്ജനിച്ച് ഇന്നത്തെ ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലുണ്ട്; ഏറെപ്പേരും ഇന്ത്യയിൽ തന്നെ! (ഈയുള്ളവനും അവരിൽ ഒരാളാവാനുള്ള മഹാഭാഗ്യത്തെ മഹാനീതിപതിയും ഭൂമിയുമായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിരുന്നു.). ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, അനേകം ഉന്നതർക്ക് മുജ്ജന്മകാര്യ ങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. മരിച്ചു മണ്ണടിഞ്ഞ ഉന്നതരുടെ ശവകുടീരങ്ങളിൽ വേഷംകെട്ടലു കളോടെയും ദുസ്വാർത്ഥങ്ങളോടെയും പൂമാലകളിടാനും പ്രാർത്ഥനകൾ നടത്താനും പൊതുജനങ്ങളുടെ ധനവും ഊർജ്ജവും സ്വസ്ഥതയും സമയങ്ങളുമെല്ലാം പാഴാക്കുന്ന കേമന്മാർ, മഹാപ്രപഞ്ചത്തിന്റെ മഹാനീതിശാസ്ത്രത്തെ അല്പം പഠിച്ചാൽ നല്ലത്; ജീവിച്ചിരിക്കുന്ന തങ്ങളുടെ ഉറ്റവരെയും ചുറ്റുമുള്ളവരെയും ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും വേഷംകെട്ടലു കളില്ലാതെ ആദരിക്കാനും

ദൈവത്തിന്റെ മക്കളായിട്ട് മനസ്സിലാക്കാനും സ്നേഹിക്കാനും സഹായിക്കാനും ശ്രദ്ധിക്കുവാനുമുള്ള മര്യാദ കാട്ടുന്നുവെങ്കിൽ (നിങ്ങൾക്ക്) ഏറ്റവും നല്ലത്; പാപവും ദൈവശിക്ഷകളും കുറയുന്നതാണ്.

ബ്രിട്ടീഷ് ഭരണാധികാരികൾ ഉൾപ്പെടെ യാതൊരു രാജ്യങ്ങളിലുമുള്ള യാതൊരാളെയും ശത്രുവായി കാണരുതെന്ന് ഗാന്ധിജി പറഞ്ഞത് ദൈവ വചനമാണ്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

"ആര് ഭരിക്കണം എന്നതല്ല, എങ്ങനെ ഭരിക്കണം : ധർമ്മശാസ്ത്രപരമായിട്ട് ഭരിക്കണം എന്നതാണ് ജനങ്ങളുടെ യഥാർത്ഥമായ ആവശ്യം."

ധർമ്മശാസ്ത്രപരമായിട്ട് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാരും സർക്കാർ-ജീവനക്കാരും പോലീസുകാരും ഉൾപ്പെടെയുള്ള ഭരണാധികാരികൾ തയ്യാറാകുമ്പോൾ, ജനങ്ങളുടെയെല്ലാം സ്നേഹവും ആദരവും ഭരണാധികാരികൾക്കു ലഭിക്കുന്നതാണ്. പ്രസ്ഥാനങ്ങളുടെ പേരിലുള്ള പ്രകടന പത്രിക, നയരേഖ, പ്രവർത്തന പദ്ധതി തുടങ്ങിയ പൂച്ചാണ്ടിക്കാര്യങ്ങളെയും രാഷ്ട്രങ്ങളുടെ പേരിൽ അജ്ഞാനികളും അവിവേകികളുമായ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള ഭരണഘടനകളെയും തള്ളിക്കളഞ്ഞുകൊണ്ട്, മണ്ണിന്റെ നിയമങ്ങളെ സ്വീകരിക്കാനും അവ പ്രകാരം മാത്രം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ശ്രദ്ധിക്കണം. വലിയ അഴിച്ചുപണിയും ആവശ്യമാവും. ദൈവീകമായ സാമ്പത്തിക ശാസ്ത്രം, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, യഥാർത്ഥമായ സോഷ്യലിസത്തെയും

ഒന്നിച്ചു സാദ്ധ്യമാക്കുന്നത് മഹാവിപ്ലവമാണ്; ധാർമ്മിക ശുദ്ധിയും ആത്മാർത്ഥതയും ഏറെയുള്ളവർക്കു മാത്രമേ നടപ്പാക്കാൻ കഴിയൂ. മണ്ണിന്റെ നിയമങ്ങളെ അറിയുകയും അനുസരിക്കുകയും ചെയ്യുമ്പോൾ, മണ്ണിന്റെ അഥവാ ദൈവത്തിന്റെ മഹാഅനുഗ്രഹം ഉണ്ടാകുന്നതാണ്. **www.omsathyam.com** വെബ്സൈറ്റിൽ മഹാശാസ്ത്രപര മായി വിശദീകരിച്ചിട്ടുള്ളതിനെ ഉൾക്കൊണ്ട്; ദൈവ-വിപ്ലവം ആരംഭിക്കുന്നത് കാത്തിരിക്കാതെ എല്ലാ പ്രസ്ഥാനങ്ങളിലു മുള്ള നേതാക്കന്മാർക്കും അനുചരന്മാർക്കും (ദൈവത്തിന്റെ കുഞ്ഞുങ്ങൾക്കെല്ലാം) പ്രവർത്തിക്കാവുന്നതാണ്; ആർജ്ജവവും ധർമ്മശാസ്ത്രപരമായ യോഗ്യതകളും ഉള്ളവർ ഉണ്ടായാൽ എല്ലാം ശരിയാകും. ഇല്ലെങ്കിലും വിഷമം വേണ്ട; ദൈവ-വിപ്ലവത്തോടെ ദൈവം എല്ലാം ശരിയാക്കും. "എല്ലാം ശരിയാകും" എന്ന ദൈവീക-വചനം ലഭിച്ച ഭാഗ്യശാലികൾ ക്കും അല്പമെങ്കിലും ശരിയാക്കാനാവുമോ എന്നും നോക്കാം.

കോപ്രായങ്ങൾ കാട്ടുന്നതോ, അവ കണ്ടും കേട്ടും പാവങ്ങളോ വിഡ്ഢികളോ ആയ ജനങ്ങൾ കൈയ്യടിക്കുന്നതോ അല്ല സമൂഹ ഭരണം. പൊതുവെ വൃദ്ധർക്കു മനസ്സിലാകു മെങ്കിലും, വൃദ്ധരായ ഭരണാധികാരികൾക്കു മനസ്സിലാകണ മെങ്കിൽ ദൈവീകം വർദ്ധിക്കണം; അഹംഭാവം വെടിഞ്ഞ് സാത്വികമായിട്ട് ജീവിക്കുമ്പോൾ, ധർമ്മ ശാസ്ത്ര പ്രഭാവം വ്യക്തിയുടെ ശരീരത്തിലും മനസ്സിലും വർദ്ധിക്കുന്നതാണ്. .... ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും ആദരിക്കാനും ദൈവത്തിന്റെ മക്കളായിട്ട് മനസ്സിലാക്കാനും സ്നേഹിക്കാനും സഹായിക്കാനും ശ്രദ്ധിക്കുവാനുമുള്ള താല്പര്യങ്ങൾ വർദ്ധിക്കുന്നതോടെയും ശക്തിക്കൊത്ത് പ്രവർത്തിക്കുന്നതോടെയും ദൈവീക പ്രഭാവം ഉയരുന്നു.

ദൈവ-വിപ്ലവത്തോടെ ജനങ്ങളുടെ അജ്ഞാനവും അവിവേകവും അകലുന്നതും, വ്യക്തിയാണ് വലുതെന്നും, അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളുടെ പേരിലാണ് (അന്യോന്യം സ്നേഹിക്കുകയും

പരിചരിക്കുകയും ശുശ്രൂഷി ക്കുകയും ചെയ്യേണ്ടുന്നതിനു പകരം) വഴക്കും ബഹളവുമായിട്ട് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജനങ്ങളെല്ലാം കഴിഞ്ഞുപോന്നതെന്നും മനസ്സിലാക്കുന്നതാണ്. തീർച്ചയായും എല്ലാം ശരിയാകും.

മാറ്റത്തെ സൂചിപ്പിക്കുന്നതിന് മനുഷ്യരുടെ അത്യാവശ്യമായ ഭക്ഷണ കാര്യത്തെ ഉദാഹരണമാക്കാം :- ആധുനിക കാലത്ത് എല്ലാ ജനങ്ങൾക്കും ആശ്രയിക്കേണ്ടി വരുന്ന ഒരു സ്ഥാപനമാണ് ഹോട്ടൽ. ഭക്ഷണത്തിന് അമിത വില കൊടുക്കേണ്ടി വരുന്നത് മിക്കപ്പോഴും ഹോട്ടലുകളെ നടത്തുന്നവരുടെ കുഴപ്പം കൊണ്ടല്ല. വോട്ടു തെണ്ടികൾ അവരെയും മാന്യമായി തൊഴിൽ ചെയ്യാൻ സമ്മതിക്കില്ല. മാത്രമല്ല; ഒടുക്കത്തെ നികുതികളുമായി അവരെയും ഭക്ഷണം കഴിക്കാൻ പോകുന്ന ജനങ്ങളെയും കൊല്ലാക്കൊല ചെയ്യും. പൊതു സ്ഥലങ്ങളിൽ മൂത്രം ഒഴിക്കരുത് എന്നു പറഞ്ഞു കൊണ്ട് അതിനും ആളെ വച്ച് പണം പിടുങ്ങുന്ന വോട്ടു തെണ്ടികൾ അറിയുക: ഭൂമിയിൽ ഉടൻ ദൈവവിപ്ലവം മഹാആരംഭിക്കുമ്പോൾ സൗജന്യ സത്രങ്ങളും ശൗചാലയങ്ങളും പരക്കെ ഉണ്ടാകുന്നതാണ്. യാത്രക്കാർ ഉൾപ്പെടെ യുള്ള നാട്ടിലെ സാധാരണ ജനങ്ങൾക്ക് ശുചിത്വകാര്യ ങ്ങൾക്കും (വിസർജ്ജന ആവശ്യങ്ങൾക്കും), ഒരല്പം വിശ്രമിക്കാനും, ഒന്ന് ഉറങ്ങാനും, ഭക്ഷണത്തോടെ ഒരു രാത്രി സൗജന്യമായിട്ട് താമസിക്കാനുമൊക്കെയുള്ള പൊതുസങ്കേതങ്ങൾ ഓരോ നാട്ടിലും ഉണ്ടാകേണ്ടത് പൊതു ആവശ്യമാണ്. സത്രം എന്ന പേരിൽ രാജഭരണകാലത്ത് പ്രസ്തുത സൗകര്യം ഉണ്ടായിരുന്നു. വഴിയോരങ്ങളിൽ സമൃദ്ധമായി ഫലവൃക്ഷങ്ങളും. ഇന്നത്തെ മന്ത്രിമാർക്കും ശിങ്കിടികൾക്കും, കുടുംബാംഗങ്ങൾക്കുമെല്ലാം, ജനങ്ങളുടെ ചിലവിൽ കോടികൾ മുടക്കി സ്വദേശത്തും വിദേശത്തുമുള്ള വിശ്രമസങ്കേതങ്ങളിൽ ദിവസങ്ങളോ ആഴ്ചകളോ ഒക്കെ വിശ്രമങ്ങളും കൂത്താട്ടങ്ങളും ആകാമെങ്കിൽ അവരെയെല്ലാം തീറ്റിപ്പോറ്റുന്ന സാധാരണ

ജനങ്ങൾക്ക് അത്യാവശ്യത്തിന് ഒരു രാത്രിനേരം സൗജന്യമായിട്ട് ഭക്ഷിക്കാനും തങ്ങാനും വിശ്രമിക്കാനും, സത്രങ്ങൾ ഉൾപ്പെട്ട പൊതുസങ്കേതങ്ങൾ വേണ്ടേ ? കടുത്ത മനോരോഗികളായ വോട്ടു തെണ്ടികൾക്ക് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ എന്തൊക്കെ എന്ന് അറിയില്ല!

മറ്റൊരു ഉദാഹരണം കൂടി കുറിക്കാം. കേരളത്തിലും, ഭൂമിയിലെ അനേകം പ്രദേശങ്ങളിലുമുള്ള, നാട്ടുകാരുടെ പ്രാദേശികവും വിഷയ ബഹുലവുമായ ഒരു അത്യാവശ്യമാണ് **ട്രെയിൻ**. ഉദാഹരണത്തിന് അടൂർ, മണ്ണടി, നൂറനാട്, കായംകുളം, പന്തളം, കോഴഞ്ചേരി, പത്തനംതിട്ട, റാന്നി, പമ്പ, കാഞ്ഞിരപ്പള്ളി, തേക്കടി, കോന്നി, പത്തനാപുരം, പുനലൂർ, കൊട്ടാരക്കര, തിരുവനന്തപുരം, തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ട്രെയിനുകൾക്കു വേണ്ടി പതിറ്റാണ്ടുകളായി നാട്ടുകാർ സംസ്ഥാനങ്ങളിലെ വോട്ടു തെണ്ടികളോടു കെഞ്ചുന്നു. അവർ കേന്ദ്രത്തിലെ വോട്ടു തെണ്ടികളോട് കെഞ്ചുന്നു. അങ്ങനെ അങ്ങനെ.. കേന്ദ്ര ഭരണകൂടവും മറ്റും ഗൗനിക്കാത്തത് യഥാർത്ഥത്തിൽ അവരുടെ കുറ്റമല്ല. വ്യക്തിയും (സമൂഹവും/നാട്ടുകാരും) അവരവരുടെ രോഗങ്ങൾക്കും ആവശ്യങ്ങൾക്കും സ്വയം വഴി കണ്ടെത്തുന്നതിനെ ട്രെയിൻ ഉൾപ്പെടെ എല്ലാ വിഷയത്തിലും സ്വീകരിക്കണമെന്നത് ലളിതമായ ധർമ്മ ശാസ്ത്ര പാഠമാണ്. പകരം വോട്ടു തെണ്ടികളെ അനുകരിച്ച് അവരോടും മറ്റുള്ളവരോടും തെണ്ടുന്നത് മനോരോഗമാണ്. പ്രദേശങ്ങളെയും, പ്രദേശങ്ങളിലെ ജനങ്ങളെയും, ജനങ്ങളുടെ അത്യാവശ്യങ്ങളെയും ആവശ്യങ്ങളെയും അറിയാത്തവരും ധർമ്മ ശാസ്ത്ര പ്രകാരം അറിയേണ്ടതായ ആവശ്യമില്ലാത്തവരുമായ കേന്ദ്രഗവൺമെന്റ് മന്ത്രിമാരെയും മറ്റും പ്രദേശവാസികളുടെ ആവശ്യങ്ങളെയും അത്യാവശ്യങ്ങളെയും അറിയിക്കാനും, വിഷയ ബന്ധമില്ലാത്ത മേല്പടിയാന്മാരുടെ സമ്മതത്തിനായി തെണ്ടി നടക്കുന്നതും, ...

ലക്ഷം പേരുടെ ഒപ്പുശേഖരണം നടത്തുന്നതും, ധർണ്ണയും മറ്റു സമരമുറകളും പയറ്റുന്നതും ആവശ്യക്കാരായ നാട്ടുകാർക്കും, നാലാമൻ മാത്രമായ മധ്യസ്ഥനും (കേന്ദ്ര ഭരണാധികാരികൾക്കും) കടുത്ത മനോരോഗം ബാധിച്ചതുകൊണ്ടാണ്. കടുത്ത മനോരോഗികൾ മാത്രമായ വോട്ടു തെണ്ടികൾക്ക് യാതൊരു സ്ഥാനവും കൊടുക്കാതെ ഗ്രാമപ്പഞ്ചായത്തിലൂടെ ട്രെയിൻ ഗതാഗത ആവശ്യത്തെ പരിഹരിക്കാൻ കഴിയുന്നതാണ്; കഴിയണം. ആവശ്യമില്ലാത്ത മധ്യസ്ഥനെ ജനങ്ങൾ ഉപയോഗിക്കുമ്പോൾ ജനങ്ങളുടെ മനോരോഗം വർദ്ധിക്കുന്നതാണ്. വ്യക്തിയുടെ ഇഷ്ടങ്ങൾക്കൊത്ത് വീടും വാഹനവും ഫോണും മറ്റും നിർമ്മിക്കാനും വാങ്ങാനും വ്യക്തിസ്വാതന്ത്ര്യം ഉള്ളതു പോലെ, ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ പരിഹരിക്കാൻ ധർമ്മ ശാസ്ത്ര പ്രകാരം ധനം കണ്ടെത്തണം; സ്വയം പരിഹരിക്കണം. ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം സ്വയം സമ്പാദിച്ചല്ലാതെ അധിക സമ്പത്തിനെ ലഭിച്ച പുരുഷന്മാരുടെയും / സൂക്ഷിക്കുന്നവരുടെയും അധിക സമ്പത്തിനെ പിടിച്ചെടുക്കുകയും, പൊതുവായ ആവശ്യങ്ങൾ പരിഹരിക്കാൻ 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്ന ക്രമത്തിൽ പ്രവർത്തിക്കേണ്ടതും ഗ്രാമപ്പഞ്ചായത്ത് ആണ്. (ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം, ജീവിച്ചിരിക്കുമ്പോൾ അന്യോന്യം ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ തങ്ങളുടെ മരണശേഷം മക്കളും കൊച്ചു മക്കളും ഉറ്റവരുമെല്ലാം ആനന്ദിച്ചു ജീവിക്കുന്നതിന്നു വേണ്ടി സമ്പാദിക്കാൻ യാതൊരാൾക്കും അവകാശമില്ല. **വ്യക്തി മരിക്കുമ്പോൾ സാധിക്കുമെങ്കിൽ സമ്പത്തിനെ കൂടെ കൊണ്ടു പോകാം!** ഭൂമിയും ഭൂമിയിലെ സമ്പത്തുകളും ദൈവത്തിന്റേതാണ്. തോന്നും പോലെ ഉപയോഗിക്കാൻ ശൂന്യത്തെയോ ശൂന്യതയിൽ നിന്നും എന്തെങ്കിലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യന് അവകാശവും അധികാരവും ഇല്ല.).

മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം, **ഗാന്ധിജി യിലൂടെ** തുടക്കമിട്ട യഥാർത്ഥമായ ഗ്രാമ പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത് എങ്ങനെ എന്നു കൂടിയാണ് സുവ്യക്ത മാക്കിയത്. പോലീസ് സേന ഉൾപ്പെടെ എല്ലാ പൊതു സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തിന്റെ ഭാഗമായി പ്രവർത്തി ക്കുന്നതാണ്; സേവനത്തിന് വേതനവും നൽകുന്നതാണ്. യാതൊരു നികുതികളും ചുമത്താതെ പൊതു ആവശ്യങ്ങളെ പരിഹരിക്കാനുള്ള ധനം ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭിക്കുന്നതാണ്. മേൽ സൂചിപ്പിച്ച പാഠത്തെ ലളിതമായി സ്വയം വിശകലനം ചെയ്താൽ മതിയാകും. പോരെങ്കിൽ, ഇ-ദൈവ വിപ്ലവ വിശകലനം 2-ലും 3-ലും ഭരണകാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. വോട്ടു തെണ്ടികൾ എന്നതിനോട് **കാശ്-തെണ്ടികൾ** എന്നു കൂടി ചേർക്കണം എന്ന് ആവശ്യപ്പടുന്നവർ ക്ഷമിക്കുക. പിടിച്ചു പറിക്കാനുള്ള തുക നിശ്ചയിച്ച്, രശീത് അച്ചടിച്ചു കൊണ്ട് സംഘമായി വരുന്ന മതജാതി-രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെയും മറ്റും അംഗങ്ങളെ **തെണ്ടികൾ** എന്ന് എങ്ങനെ വിളിക്കാൻ കഴിയും? **ഗുണ്ടകൾക്കും മേലെ !**

കാവലാൾ / സംരക്ഷകൻ

കർത്താവായ ദൈവം എന്നതിന്റെ പൂർണ്ണ രൂപം "സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെ കർത്താവായ ദൈവം" എന്നാണ്. മഹാഭരണാധികാരിയും മഹാനീതിപതിയും മഹാശക്തിയായ ദൈവം മാത്രമാണ്.

നാട് അഥവാ ഭൂമി അഥവാ ദൈവം, ജീവികളുടെയെല്ലാം കാവലാൾ കൂടിയാണ്. "സ്ഥിതി കർത്താവായ ദൈവം " എന്നതിന്റെ പര്യായ പദങ്ങൾ മാത്രമാണ് "കാവലാൾ, സംരക്ഷകൻ" തുടങ്ങിയവ. **കാവലാൾ**, സംരക്ഷകൻ എന്നിങ്ങനെയുള്ള പദങ്ങളെ സ്വയം വിശകലനം ചെയ്താൽ, ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ 1000 കോടിയിലേറെ വർഷങ്ങളായിട്ട് ഒരു സെക്കന്റ് സമയത്തെ പോലും ഒഴിവാക്കാതെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാത്ഭുത മഹാധർമ്മമാണ് എന്നു ബോദ്ധ്യമാകുന്നതാണ്. ദൈവത്തിനു മാത്രം ചേരുന്ന അത്തരം പദങ്ങളെ അഹംഭാവികളും വിവരദോഷികളും ദുരുപയോഗം ചെയ്യുന്നത് ഭൂമിയിലെങ്ങും സാധാരണമായിട്ടുണ്ട്. ബുദ്ധിശക്തി, ഓർമ്മശക്തി തുടങ്ങിയവ അധികം ലഭിച്ച മനുഷ്യർക്ക് കൂടുതൽ ശ്രദ്ധിക്കുവാൻ സ്വയം ബാദ്ധ്യതയുണ്ട്. ശ്രദ്ധിക്കണം; സ്നേഹ വാത്സല്യങ്ങളോടെ ഉപദേശിക്കുന്നു.

***കുരങ്ങ്, സിംഹം** എന്നീ ജീവികൾക്കും ഉന്നതമായ ബുദ്ധിശക്തികളെ ലഭിക്കുന്നു.**

ഇ-മഹാഗ്രന്ഥത്തിലെ മഹാനീതിശാസ്ത്രത്തെ പഠിക്കുമ്പോൾ, മഹാപിതാവും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിപതിയും ഭൂമിയുമായ ദൈവം, മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കെല്ലാം എല്ലായ്പ്പോഴും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട് എന്ന് മഹാശാസ്ത്രപരമായിട്ട്

ബോദ്ധ്യപ്പെടുന്നതാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള 5 വിഭാഗത്തിലെ ജീവികളും ക്രമേണ പരിണമിച്ചാണ് മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് ആത്മീയ സാക്ഷാത്ക്കാരത്തെ നേടുന്നത്. മനുഷ്യാവസ്ഥയിൽ 100 ജന്മങ്ങളെ ഓരോ ജീവാത്മാവും സ്വീകരിക്കേണ്ടതുണ്ട്. മനുഷ്യാവസ്ഥയിൽ കടുത്ത അപരാധങ്ങളെ ചെയ്താൽ ജന്തു ശിക്ഷകളുണ്ട്.

ദൈവം എന്ന പദത്തിൽ നിന്ന് വൈദ്യം എന്ന പദത്തെ നിർമ്മിക്കുന്നതും, ജീവരക്ഷയുമായി ബന്ധപ്പെട്ട ഉന്നതമായ വൈദ്യത്തെ തൊഴിലായിട്ട് സ്വീകരിക്കുന്നവർ കടുത്ത അപരാധങ്ങളെ ചെയ്താലുള്ള ജന്തു ശിക്ഷയെ "ഡോക്ടർ" എന്ന ഇംഗ്ലീഷ് പദത്തിൽ ഒളിപ്പിച്ചിട്ടുണ്ട്.

കൂടാതെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് ജനങ്ങൾ നിശ്ചയിക്കുകയും നിയമിക്കുകയും ഊട്ടുകയും ചെയ്യുന്ന ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാരുടെ അഥവാ രാജാവിന്റെ അഥവാ ന്യായാധിപന്മാരുടെ തൊഴിൽ, സമൂഹത്തിലെ ***"key" role*** (താക്കോൽ പോലെ പ്രധാനമാണ്) എന്നും കടുത്ത അപരാധങ്ങളെ ചെയ്താൽ **key** എന്ന പദം ചേരുന്ന കുരങ്ങ് ***mon'key',*** കഴുത ***don'key'*** എന്നീ ജന്തുക്കളായിട്ട് പുനർജ്ജനിപ്പിക്കാനും, ഇടയ്ക്കിടെ മനുഷ്യാവസ്ഥയിലെ മുജ്ജന്മങ്ങളെ ഓർമ്മിച്ച് ശിക്ഷകളെ വർദ്ധിപ്പിക്കാനും മഹാനീതിപതിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

ദൈവ-വിപ്ലവത്തോടെ, മഹാനീതിപതിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിശ്ചയിച്ചിക്കുന്ന "കുറച്ചു കാലം" കുരങ്ങ്, സിംഹം എന്നീ ജീവികൾക്കും മനുഷ്യർക്കു നൽകിപ്പോന്ന ബുദ്ധിശക്തികളെയും ഓർമ്മശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകുന്നതും സിലോൺ എന്ന ദ്വീപിലെ ഉന്നത ജീവികളായിട്ട് അവർ ജീവിക്കുന്നതും, മനുഷ്യരുടെ അഹംഭാവങ്ങളും ഭോഷത്തങ്ങളും കുറയ്ക്കാനുള്ള ദൈവീകമായ നടപടിയായി പരിണമിക്കുന്നതുമാണ്.

ജനങ്ങളുടെ *പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ*, ജനങ്ങൾ ചുമതലപ്പെടുത്തുന്ന ദാസന്മാരുടെ സേവനം അഥവാ ഭരണം ആവശ്യമാണ്; *ധർമ്മശാസ്ത്രപരമായിട്ട് ഭരിക്കണം എന്നല്ലാതെ ദാസന്മാരായ ഭരണാധികാരികൾ സ്വദേശികളാണോ വിദേശികളാണോ, "കുരങ്ങ് ഉൾപ്പെടെയുള്ള മറ്റേതെങ്കിലും ജീവികളാണോ" എന്നതും വിഷയമല്ലായെന്നു മനസ്സിലാക്കണം. ഒരേ ഭൂമിയുടെ അഥവാ ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന ഉൾക്കാഴ്ചയോടെ, പരസ്പരം സാത്വികമായിട്ട് സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത് ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്നതിൽ ജനങ്ങളുടെ ശ്രദ്ധ വർദ്ധിക്കണം.

(3.4). മനോരോഗ ചികിത്സയുടെ നാലാം ഭാഗം :-
മത-ജാതി-ജീവികൾ കടുത്ത മനോരോഗികളാണ്; മറ്റുള്ളവർക്ക് മനോരോഗങ്ങളെ ഉണ്ടാക്കുന്നുമുണ്ട്.

ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യൻ എന്ന ജീവിയിലെ ചെറുപ്പക്കാർക്ക്, വിശാലമായും സ്വതന്ത്രമായും മനുഷ്യരിൽ നിന്നും ഇണയെ കണ്ടെത്താനും മോഹിക്കാനും വിവാഹം കഴിക്കാനും തടസ്സമുണ്ടാക്കുകയും; വളർത്തി വലുതാക്കിയ മാതാപിതാക്കളെയും ഉറ്റവരെയും മറികടന്ന് അധികാരം ചെലുത്തുകയും, മധ്യസ്ഥത നിർബ്ബന്ധമാക്കുകയും, സാമ്പത്തികമായി കൊള്ളയടിക്കുകയും, മതജാതി-നിയമങ്ങളെ അടിച്ചേൽപ്പിക്കുകയും, മണ്ണിൽ ജീവിച്ചു കൊണ്ട് മണ്ണിന്റെ നിയമങ്ങളെ അവഗണിക്കുകയും ചെയ്യുന്ന, കൊടിയ നീചരായ മതജാതി പുരോഹിതന്മാരെയും കിങ്കരന്മാരെയും മറ്റും എന്താണ് വിളിക്കേണ്ടത് ? എങ്ങനെയാണ് പ്രതികരിക്കേണ്ടത്?

*വളർത്തി വലുതാക്കിയ തങ്ങളുടെ പൊന്നോമന മക്കളുടെ ഇഷ്ടങ്ങൾക്കൊത്ത് ഇണകളെ കണ്ടെത്താൻ, മറ്റു മാതാപിതാക്കളുമായി വിശാലമായും സ്വതന്ത്രമായും മനുഷ്യരായി ആലോചിച്ചു- നീങ്ങുന്നതിനു തടസ്സമുണ്ടാക്കു കയും, മധ്യസ്ഥത നിർബ്ബന്ധമാക്കുകയും, സാമ്പത്തികമായി കൊള്ളയടിക്കുകയും, യജമാനന്മാരെപ്പോല ഭരിക്കുകയും, മതജാതി-നിയമങ്ങളെ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന, കൊടിയ നീചരായ

മതജാതി-പുരോഹിതന്മാരെയും കിങ്കരന്മാരെയും മറ്റും എന്താണ് വിളിക്കേണ്ടത് ?* എങ്ങനെയാണ് പ്രതികരിക്കേണ്ടത്?

ദൈവം സൃഷ്ടിച്ചിട്ടുള്ള പശുവിന് പശുക്കുട്ടി, പട്ടിക്ക് പട്ടിക്കുട്ടി, ... ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യർക്ക് മാത്രം മത-ജാതിക്കുട്ടി. ഛെ, കഷ്ടം. ദൈവം 750 കോടി മനുഷ്യരെ സൃഷ്ടിച്ചെങ്കിലും ഭൂമിയിൽ മനുഷ്യരില്ല; പരിണമിച്ച് മത-ജാതി-രാഷ്ട്രീയ-നിരീശ്വര ജീവികളായിരിക്കുന്നു!

*മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള *ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.* പെരുമാറ്റങ്ങളും പ്രതികരണങ്ങളും പ്രതിഷേധങ്ങളും ... സർവ്വതും ധർമ്മ ശാസ്ത്രപരമായിരിക്കണം.

മനുഷ്യന് മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. വിഷയമാക്കണമെന്ന് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങൾ അഥവാ ദൈവശാസ്ത്രം അഥവാ ദൈവം ആവശ്യപ്പെടുന്നുമില്ല. ബുദ്ധിശക്തി കുറഞ്ഞ മറ്റുള്ള ജീവികൾക്കാണ് ശ്രേഷ്ഠത എന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തും വിധം, *ദൈവത്തിന്റെ കാര്യമായ വിഷയങ്ങളെ അലങ്കോലപ്പെടുത്താൻ മനുഷ്യക്കോലത്തിൽ ജീവിക്കുന്ന മതജാതി ജീവികൾ* പ്രവർത്തിച്ചു. മതാചാര്യന്മാരും മതപണ്ഡിതന്മാരും മതപുരോഹിതരും മത-അനുയായികളും മതഭ്രാന്തരും ഉണ്ടാക്കിയതും പ്രചരിപ്പിക്കുന്നതുമായ *അബദ്ധ ഭണ്ഡാരങ്ങളായ മതങ്ങളിലൂടെ മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മനുഷ്യരുടെ വിഷയമാക്കിയതാണ് കൊടിയ വിപത്തായത്.*

മത-ജാതി-ജീവികളെ *കടുത്ത മനോരോഗികളെന്നും തീവ്രവാദ-മനോരോഗികളെന്നും* മാത്രം വിളിച്ചാൽ മതിയോ?

പിടിച്ചു പറിക്കാർക്കും കൊള്ളക്കാർക്കും 'ജനാധിപത്യ ഭരണാധികാരികൾ' എന്നും മറ്റും പേരിട്ടതു കൊണ്ട് മനുഷ്യരുടെ പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം അടങ്ങുന്നതല്ല.

മനുഷ്യചരിത്രം പഠിച്ചാൽ, മതജാതിപ്പരിശകൾ നൂറ്റാണ്ടുകളായും സഹസ്രാബ്ദങ്ങളായും ഉണ്ടാക്കി പ്പോരുന്ന മതജാതി യുദ്ധങ്ങളുടെ കൊടും നീച ചരിത്രം മാത്രമേ ഉള്ളൂ എന്ന് തോന്നിപ്പോകും!

മണ്ണിലെ നിയമങ്ങളുമായിട്ട് അഥവാ ദൈവശാസ്ത്രവുമായിട്ട് *'ഭരണശാസ്ത്രത്തിന് '* യാതൊരു ബന്ധവുമില്ല എന്നു സ്വയം കരുതുകയും മൂഢരായ രാഷ്ട്രീയ നേതാക്കളുടെ അത്തരം വാദങ്ങളെ ശരിവെച്ചു കൊണ്ട് *ഭരണാധികാരികളെയും ജനങ്ങളെയും വഴിപിഴപ്പിക്കുകയും ചെയ്യുന്ന കൊടിയ നീചരും വഞ്ചകരുമായ മതജാതി ജീവികളും അവരുടെ നേതാക്കളും അറിഞ്ഞും അറിയാതെയും നല്ലപിള്ളകളായി സമൂഹത്തിൽ ജീവിക്കുകയാണ്. അവർക്ക് കൂടുതൽ ഉചിതമായ പേര് വേണ്ടേ? ***ധൂർത്തൻ, വഞ്ചകൻ, നാടോടി, തെണ്ടി,* എന്നിവയാണ് *'എമ്പോക്കി'* എന്ന പദത്തിന്റെ അർത്ഥം.** എമ്പോക്കികൾ എന്നു വിളിക്കുമ്പോൾ ശബ്ദത്തിന് സൗന്ദര്യം വർദ്ധിക്കുന്ന പ്രതീതി ഉണ്ട്.

***പിശാചിന്റെ പ്രവൃത്തി ചെയ്യുന്ന വഴിതെറ്റിയ കുഞ്ഞാടുകളും ദൈവത്തിന് സ്വന്തം കുഞ്ഞുങ്ങളാണ് .... ആകയാൽ ദൈവവും, ഈയുള്ളവനും കുഞ്ഞുങ്ങളെ വേദനിപ്പിക്കുന്ന പേരുകൾ കൊണ്ട് അവരെ വിളിക്കില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങൾ അന്യോന്യവും അങ്ങനെ വിളിച്ചുകൂടാ ... അപ്പോൾ പിന്നെ ... അവർ സ്വയം പേരുകൾ മാറ്റി വിളിച്ചു ലജ്ജിക്കട്ടെ, തിരുത്തട്ടെ!** അവരെ വളർത്തുകയും അനുസരിക്കുകയും ചെയ്യുന്ന മനോരോഗികളായ ഭരണാധികാരികളും, ഭരണാധികാരികളെ ഊട്ടുന്ന (മനോരോഗികളായ) ജനങ്ങളും സ്വയം ലജ്ജിക്കട്ടെ, തിരുത്തട്ടെ! **മനുഷ്യൻ എന്ന ജീവിയാണെന്ന തിരിച്ചറിവ് പോലും ഇല്ലാതെ മത-ജാതി-മനോരോഗികൾക്കു ജയ്**

വിളിച്ചു- ജീവിച്ചു കൊണ്ട് മത-ജാതിയിലെ ഇണയെ തേടുന്ന ആണും പെണ്ണും കെട്ട *യുവാക്കൾ* സ്വയം ലജ്ജിക്കട്ടെ, തിരുത്തട്ടെ! ഭൂമിയിലെങ്ങും വ്യാപകമായ മത-ജാതി-മനോരോഗങ്ങൾ അവസാനിച്ച് സർവ്വരും ദൈവം സൃഷ്ടിച്ചിട്ടുള്ള മനുഷ്യരായി മാറട്ടെ!*

(*യുവാക്കൾ* ക്കു പകരം *യുവജനങ്ങൾ* എന്നല്ലേ വേണ്ടത് എന്നു കരുതുന്നവർ അറിയുക : സാമൂഹ്യ കാര്യങ്ങൾ 'സ്ഥിതി' പരമാണ്; പുരുഷന്റെ മാത്രം ചുമതലയാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം സംഹാരത്തിൽ സമ പ്രാമുഖ്യം എന്നത് മണ്ണിലെ നിയമം ആണ്; പുരുഷ ജന്മത്തിലെ 'കുറവും കൂടുതലും' പരിഹരിക്കാൻ സ്ത്രീജന്മവും സ്ത്രീജന്മത്തിലെ 'കുറവും കൂടുതലും' പരിഹരിക്കാൻ പുരുഷ ജന്മവും ലഭിക്കുന്നതാണ്. അങ്ങനെയല്ലാതെ സ്ത്രീ-പുരുഷ സമത്വം സാദ്ധ്യമാണെന്നു വാദിക്കുന്നവർ ആദ്യം 'ഗർഭം, പ്രസവം, മുലയൂട്ടൽ' എന്നിവ വച്ചുമാറിയ ശേഷം വാദം തുടരണം.).

മതാചാര്യന്മാർ, മതപണ്ഡിതന്മാർ, മതപുരോഹിതന്മാർ, മത-അനുയായികൾ, മതഭ്രാന്തർ എന്നിങ്ങനെ നൂറ്റാണ്ടുകളായി മനോ രോഗങ്ങളെ തലമുറകളിലൂടെ കൈമാറി കൈമാറി ഭൂമിയിൽ മനുഷ്യൻ എന്ന ജീവി ഇല്ലാതെ വന്നു. മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായ മനോരോഗികളെല്ലാം കൂടി അടിപിടിയും കടിപിടിയും അറുംകൊലകളുമാണ്. പ്രമുഖ മതജാതി-മനോരോഗികളുടെ 2017-ലെ ജനസംഖ്യാ സെൻസസ് ചുവടെ ചേർക്കുന്നു : *ഭൂമിയിലെ മൊത്തം ജനസംഖ്യ 2017-ൽ ഏറെക്കുറെ 750 കോടി ആണ്.*

230 കോടി ആളുകൾ ക്രിസ്ത്യാനികളാണ്. *ക്രിസ്ത്യാനികൾ അല്ലാത്തവർ 520 കോടി!*

മുസ്ലീങ്ങൾ 180 കോടി. *മുസ്ലീങ്ങൾ അല്ലാത്തവർ 570 കോടി!*

ഹിന്ദുക്കൾ 110 കോടി. *ഹിന്ദുക്കൾ അല്ലാത്തവർ 640 കോടി!*

ജനിച്ചപ്പോൾ മാതാപിതാക്കൾ വഴി ലഭിച്ച മത-ലേബൽ വിശ്വാസികളെ മതവിശ്വാസികളായി കണക്കാക്കുന്നത് തെറ്റാണ് എന്ന യാഥാർത്ഥ്യം പ്രകാരം മതവിശ്വാസികളുടെ എണ്ണം എത്രയോ താഴെയാണ്. പ്രസ്തുത മാനദണ്ഡം അനുസരിച്ച്, മൊത്തം ജനസംഖ്യയായ 750കോടിയിൽ *230 കോടി മത-ലേബൽ ക്രിസ്ത്യാനികളിൽ*, ക്രിസ്തുമത വിശ്വാസികൾ *10 കോടിയിൽ താഴെ* മാത്രമാണ് ഉണ്ടാവുക എന്ന് *ദുഷിച്ചു വികൃതമായ പാശ്ചാത്യ സംസ്കാരം* വ്യക്തമാക്കുന്നു. *180 കോടി മത-ലേബൽ മുസ്ലീങ്ങളിൽ*, ഇസ്ലാംമത വിശ്വാസികൾ *10 കോടിയിൽ താഴെ* മാത്രമാണ് ഉണ്ടാവുക എന്ന് 5 നേരത്തെ നിർബന്ധ നമസ്കാരത്തെ 'വെള്ളിയാഴ്ചകളിലെ ജുമാ' മാത്രമായി ഭൂരിപക്ഷം മുസ്ലീങ്ങളും ചുരുക്കിയതിൽ നിന്നും, വർദ്ധിച്ചുവരുന്ന ഭീകരവാദ പ്രവർത്തനങ്ങളിൽ നിന്നും അനുമാനിക്കാം. 110 കോടി മത-ലേബൽ ഹിന്ദുക്കളിൽ, ഹിന്ദുമത വിശ്വാസികൾ *10 കോടിയിൽ താഴെ* മാത്രമാണ് ഉണ്ടാവുക എന്ന് പറയുമ്പോൾ, താരതമ്യത്തിൽ മുന്നേറ്റമുണ്ട്; അനേകം മതങ്ങളുടെ സംഗമമായ 'ഹിന്ദു മതങ്ങളിൽ' ശാക്തേയ മതം, ശൈവമതം, അദ്വൈത മതം, ബുദ്ധമതം' എന്നിവ സൃഷ്ടിച്ച ഉന്നതമായ പ്രഭാവവും, ഇന്ത്യ എന്ന ഭൂപ്രദേശത്തിന് (ദൈവം) മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വൈശിഷ്ട്യവുമാണ് അതിനു കാരണം. *കുറച്ചു കൂടി ആഴത്തിൽ വിശകലനം ചെയ്താൽ മേല്പടി 3 മതങ്ങളിലെയും 10 × 3 = 30 കോടി എന്നത് വെറും 30 ആയോ ശൂന്യമായോ ചുരുങ്ങുന്നതാണ്. എല്ലാ വിധത്തിലും ശൂന്യമായാൽ മതമനോരോഗികൾക്ക് മനുഷ്യരായി പരിണാമം ഉണ്ടായെന്നും മതങ്ങളും മതമനോരോഗങ്ങളും അവസാനിച്ചതായി കണക്കാക്കാം.*

..... ബുദ്ധമതം, ജൈനമതം, യഹൂദ മതം, തുടങ്ങിയ 100-ൽ അധികം മതങ്ങളിലും നിരീശ്വരവാദങ്ങളിലും പെടുന്നവരുടെ കണക്ക് ഇവിടെ ആവശ്യമില്ല.

മതപരമായ മനോരോഗം കൂടുതൽ ഉള്ളവർ മേല്പറഞ്ഞ മതപരമായ ജനസംഖ്യയും, ചുവടെ വിശദീകരിക്കുന്ന സത്യങ്ങളെയും കൂടി ചുമന്നാൽ തലക്കനം കുറഞ്ഞു കിട്ടും!

***മതവിശ്വാസി*: 'മതത്തിലും, മതം പ്രകാരമുള്ള മതദൈവത്തിലും (മതദൈവങ്ങളിലും) വിശ്വസിക്കുന്നു'; മതങ്ങൾക്കെല്ലാം അതീതമായ ദൈവത്തിൽ വിശ്വസിക്കുന്നില്ല.**

ദൈവ-വിശ്വാസി*: ഓം എന്ന മഹാസത്യത്തെ മഹാസ്വീകരിച്ചിട്ടുള്ളതു പോലെ, എല്ലാ മതങ്ങളും ഉൾപ്പെടെ *ഏതിലുമുള്ള സത്യങ്ങളെ മാത്രം ഉൾക്കൊണ്ട്, 'മതങ്ങൾക്കെല്ലാം അതീതവും ശാസ്ത്രപരവുമായ ദൈവത്തിൽ വിശ്വസിക്കുന്നു'*. മേല്പടി വസ്തുത പ്രകാരം, *ഭൂമിയിലെങ്ങും മതവിശ്വാസികളാണ് അഥവാ മതമനോരോഗികൾ ആണുള്ളത്; ദൈവ-വിശ്വാസികൾ ഇല്ല.
മതപരമായ വിശ്വാസങ്ങളെയും മതങ്ങളെയും *സമ്പൂർണ്ണമായി* ഉപേക്ഷിക്കാതെ, യാതൊരാൾക്കും ദൈവ-വിശ്വാസിയാവാൻ കഴിയുന്നതല്ല; ദൈവ കാര്യങ്ങളിൽ അഭിപ്രായം പറയാൻ പോലും യോഗ്യതയില്ല; നീക്കുപോക്കുകൾ സാദ്ധ്യമല്ല. ലളിതവും സത്യവുമായ വ്യാഖ്യാനമാണ്. *ഏതൊരാൾക്കും സ്വയം വിശകലനം ചെയ്ത് തങ്ങൾ മതവിശ്വാസി /മതമനോരോഗി ആണോ ദൈവ- വിശ്വാസി ആണോ എന്ന് കണ്ടെത്താം.* വിശകലനത്തിന് ചുവടെയുള്ള ഖണ്ഡിക ഉപയോഗപ്പെടുത്താം.

((*മറ്റു മത-ജാതി പ്രസ്ഥാനങ്ങളുടെ അഥവാ തങ്ങൾക്ക് ഏറ്റവുമധികം അനിഷ്ടമായ മത-ജാതി /രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗമായ കുടുംബത്തിൽ ജനിക്കുകയും വളരുകയും ചെയ്തിരുന്നുവെങ്കിൽ* എപ്രകാരമുള്ള മത-ജാതി /രാഷ്ട്രീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മറ്റും പുലർത്തുമായിരുന്നു, ശരിവയ്ക്കുമായിരുന്നു എന്നിങ്ങനെ ചിന്തിക്കുവാൻ പോലും ഭൂരിപക്ഷം വരുന്ന മത-ജാതി- ഉപജാതി- രാഷ്ട്രീയ-വർഗ്ഗ ജീവികൾ തയ്യാറല്ല; തല്പരരല്ല.* ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ബുദ്ധിശക്തികളെ നന്നായി ഉപയോഗിക്കാൻ ധാർമ്മിക ശുദ്ധിയും പരിശ്രമവും വേണം; അധമ-നീച കോപ്രായങ്ങളെ വിശകലനം ചെയ്യാനും തിരുത്താനും നടന്നാൽ ജീവിക്കാൻ സമയം കിട്ടില്ല തുടങ്ങിയ വസ്തുതകളുമുണ്ട്.

അതേസമയം, *1)* ഒരു മതം 100% ശരിയായാൽ മറ്റു യാതൊരു മതങ്ങളും 100% ശരിയല്ല എന്നാണർത്ഥം; *2)* മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും ബലികളും പ്രസാദ-വിതരണങ്ങളും പൂച്ചാണ്ടി നിയമങ്ങളും 50% പോലും അന്യോന്യം യോജിക്കുന്നില്ല, പലപ്പോഴും പരസ്പര വിരുദ്ധങ്ങളുമാണ്; *3)* രണ്ടു ബിന്ദുക്കളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേർരേഖ ഒരെണ്ണമേ ഉണ്ടാവുകയുള്ളൂ, വളഞ്ഞ രേഖകൾ എത്ര വേണമെങ്കിലും വരയ്ക്കാം; എന്നതുപോലെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവത്തെയും, സൃഷ്ടികളായ ജീവികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന നേർരേഖ അഥവാ സത്യമായ ദൈവശാസ്ത്രം ഒരെണ്ണമേ ഉണ്ടാവുകയുള്ളൂ. ദൈവത്തെയും ജീവികളെയും ബന്ധിപ്പിക്കാൻ ശ്രമിച്ച വളഞ്ഞ രേഖകൾ മാത്രമാണ് മതങ്ങൾ. വളഞ്ഞ രേഖകൾ എത്ര വേണമെങ്കിലും വരയ്ക്കാം എന്നതുപോലെ മതങ്ങൾ എത്ര വേണമെങ്കിലും തട്ടിക്കൂട്ടാനാവും; നൂറ്റാണ്ടുകളായിട്ട് ചെയ്തു പോരുന്നുമുണ്ട്. *4)* മഹാശാസ്ത്രത്തിൽ അഥവാ *ദൈവശാസ്ത്രത്തിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ള നിയമങ്ങളെയും ദൈവത്തെയും മാത്രമേ വിവരിക്കുകയുള്ളൂ; ശാസ്ത്ര നിയമങ്ങൾ മാത്രം. ദൈവശാസ്ത്രത്തിൽ പ്രപഞ്ച നിയമങ്ങൾ മാത്രമാണ് ഉള്ളതെന്നും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ വ്യക്തിഗത ജീവിതകാര്യങ്ങളും ചരിത്രങ്ങളും ശാസ്ത്ര നിയമങ്ങളുടെ ഭാഗമല്ലെന്നും മനസ്സിലാക്കണം.* ഏകമഹാഗുരു കൂടിയായ ദൈവം, *മഹാ ഉചിതമായ സമയത്ത് ഓരോ മനുഷ്യനും മഹാദർശനവും മഹാശാസ്ത്രവും നേരിട്ട് മഹാ അനുഗ്രഹിച്ചു നൽകുന്നതാണ്.*

ആവേശപ്പെട്ടും തെറ്റിദ്ധരിക്കപ്പെട്ടും, മതജാതിജീവികളും മറ്റും തട്ടിക്കൂട്ടിയ അബദ്ധഭണ്ഡാരങ്ങളായ ഗ്രന്ഥങ്ങളെയും, മനുഷ്യഗുരുവിനെയും പിൻപറ്റുന്നവർക്ക്, അജ്ഞാനത്തെയും സ്വീകരിക്കേണ്ടതായി വരും. അജ്ഞാനത്തെ പകരുന്ന പഴയ ഗുരുക്കന്മാരും, ... ഭാവിയിലെ ഗുരുക്കന്മാരും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്നവരാണ്. എന്തെന്നാൽ ദൈവം നേരിട്ട് ചുമതലപ്പെടുത്താതെ ഗൗരവമായ ദൈവ കാര്യങ്ങളിൽ ഇടപെടുന്നതും ജനങ്ങളെ വഴിതെറ്റിക്കുന്നതും കടുത്ത ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്. ഏകമായ ദൈവശാസ്ത്രത്തിന്റെ പേരിൽ നൂറിലധികം മതങ്ങൾ

ഉണ്ടായതിന്റെയും, മതങ്ങളുടെ പേരിൽ മതജാതി-മനോരോഗ-ജീവികളായി പരിണമിച്ച മനുഷ്യർ തമ്മിലടിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്നതിന്റെ പൊരുൾ മനസ്സിലായാൽ നന്ന്. ***ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് *ഭൂമിയിലെ സമസ്ത ജനങ്ങളും* എന്നു തിരിച്ചറിഞ്ഞ് ജനങ്ങളെല്ലാം *മനുഷ്യരായിട്ട് ജീവിക്കുന്ന കാലം* ഉടനെ ദൈവ-വിപ്ലവത്തോടെ ആരംഭിക്കുന്നതാണ്.)).**

ജനിക്കുന്നത് ജീവിക്കാനാണ്; ജീവികളെല്ലാം ജീവിക്കുകയാണ് ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ് ഓരോരുത്തരും പരിശ്രമിക്കുന്നത്. 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്രം പ്രകാരമുള്ള സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാക്കിയിട്ടുള്ള അനന്തമായ ആനന്ദങ്ങളെ മേല്പടി മതഭ്രാന്തരെല്ലാം ഉൾപ്പെടെയുള്ള എല്ലാ ജനങ്ങളും ആസ്വദിച്ചു ജീവിക്കുന്നത് അതുകൊണ്ടു തന്നെയാണ്.

സ്വഭാവങ്ങളെ സ്വയം നിശ്ചയിക്കുവാനും സ്വീകരിക്കുവാനും മനുഷ്യനെ മാത്രം മഹാഅനുഗ്രഹിച്ചിരിക്കുന്നു എന്നാവുമ്പോൾ, *നല്ലതും ചീത്തയുമായ സ്വഭാവങ്ങളും, പ്രവൃത്തികളും, ഫലങ്ങളും, അഥവാ പുണ്യങ്ങളും പാപങ്ങളും *ജീവാത്മാവിനും കാരണക്കാരായ മറ്റുള്ളവർക്കും അവകാശപ്പെട്ടതാണ്.* മനുഷ്യരുടെ വർദ്ധിച്ച കോപം, പെരുമാറ്റ ദൂഷ്യങ്ങൾ, അക്രമം, തീവെപ്പ്, കൊള്ള, ബന്ദ്, ഹർത്താൽ, തീവ്രവാദ പ്രവർത്തനങ്ങൾ, ദുഷ്ക്കാമം, മറ്റു ദുശ്ശീലങ്ങൾ, അന്ധവിശ്വാസങ്ങൾ, അധമ വിനോദങ്ങൾ, എന്നിവയ്ക്ക് *മനുഷ്യന്റെ സ്വത്വമായ ജീവാത്മാവും സ്വാധീനം ചെലുത്തിയ മറ്റുള്ളവരും കൂടി ഉത്തരവാദികളാണ് എന്നർത്ഥം.*

***ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നത്* മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ അഥവാ *മനസ്സിനെ* രോഗങ്ങളിൽ പെടുത്തുന്നു എന്ന് സുവ്യക്തമാകുന്നു. ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിനല്ലാ; മറിച്ച് *ജീവാത്മാവിന്റെ സ്വത്വ ബോധമായ മനസ്സിനാണ് രോഗം* എന്നതിനാൽ *മനോരോഗം* ആണ്. ബുദ്ധിശക്തികളെയും ശാസ്ത്ര**

ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും മനുഷ്യൻ എന്ന ജീവിക്കു മാത്രം നൽകിയപ്പോൾ, അവയൊന്നും ലഭിക്കാഞ്ഞ മറ്റുള്ള ജീവികൾക്കാണ് കൂടുതൽ ശ്രേഷ്ഠത എന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തും വിധം മനുഷ്യർ അധഃപതിച്ചു! കടമകളെ മറന്നും അവഗണിച്ചും പ്രവർത്തിക്കുന്നത് മനോരോഗം കൂടിയാണ് ... എല്ലാ മനുഷ്യർക്കും - മനസ്സ് ഉള്ളവർക്കെല്ലാം ചെറുതും വലുതും വ്യത്യസ്തങ്ങളുമായ മനോരോഗം ഉണ്ടെന്ന് സാരം.

ആവർത്തിക്കുന്നു :-*മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള *ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.*

ഓരോ മനുഷ്യനെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന (ദൈവം), മഹാഉചിതമായ സമയത്ത് മനുഷ്യരുടെ മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും ഉൾപ്പെടെയുള്ള മഹാകാര്യങ്ങളെ ഓരോ മനുഷ്യനെയും നേരിട്ട് അറിയിക്കുന്നതാണ് / ബോദ്ധ്യപ്പെടുത്തുന്നതാണ്. സൃഷ്ടി സ്ഥിതി സംഹാര *കർത്താവായ ദൈവത്തിനും*, സൃഷ്ടിയായ *മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥന്റെ ആവശ്യം ദൈവത്തിന് ഇല്ല.* എല്ലാ സൃഷ്ടി ചക്രങ്ങളിലും *'മായ /ദൈവം' പ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവം* ആരംഭിക്കുന്നതിനു മുമ്പ് *ദൈവത്തിന്റെ ഭാഗവും പ്രതിനിധിയുമായ ഏകദാസനിലൂടെ 'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം' എന്നീ യഥാർത്ഥമായ 4 വേദങ്ങളെയും 'മണ്ണിൽ നിന്നും' വീണ്ടെടുക്കുന്നതാണ്.* ഏതാനും വർഷങ്ങളായി ഈയുള്ളവനിലൂടെ മഹാ നിർവ്വഹിക്കുന്നത് യഥാർത്ഥമായ 4 വേദങ്ങളുടെയും വീണ്ടെടുക്കൽ തന്നെയാണ്. സൃഷ്ടി മന്ത്രം, മഹാശാസ്ത്രമൂലം, സംഹാര കാഹളം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, മഹാ സംഗീതം, ദൈവത്തിന്റെ മഹാചിരി എന്നിങ്ങനെയെല്ലാം മഹാ വിശേഷണങ്ങൾ ഉള്ള ഓം എന്ന മഹാശബ്ദം മഹാശാസ്ത്രപരമായിട്ട് ഭൂമിയിലെങ്ങും മൂന്നു മുതൽ 33 വർഷക്കാലം തുടർച്ചയായിട്ട് ഉടൻ മുഴങ്ങുകയും ദൈവവിപ്ലവം മഹാആരംഭിക്കുകയും ചെയ്യുന്നതോടെ

ഈയുള്ളവനിലൂടെ മഹാ വീണ്ടെടുത്തിട്ടുള്ള യഥാർത്ഥമായ 4 വേദങ്ങളെ ഭൂമിയിലെങ്ങും ബോദ്ധ്യപ്പെടുന്നതാണ്. ശേഷം മഹാ ഉചിതമായ സമയത്ത് മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം നേരിട്ട് പ്രത്യേകം പ്രത്യേകം സൃഷ്ടിച്ചിട്ടുള്ള കുഞ്ഞുങ്ങൾക്കെല്ലാം, അവരുടെ ധർമ്മ ശാസ്ത്രപരമായ യോഗ്യതകൾക്ക് അനുസരിച്ച് മഹാദർശനവും പ്രത്യേകം പ്രത്യേകമായി മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര ത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. www.omsathyam.com വെബ്സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്.

മണ്ണിലും തദ്വാരാ ശരീരത്തിലും അടങ്ങിയിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതും മനോരോഗങ്ങളെ ഉണ്ടാക്കുന്നതും അവസാനിപ്പിക്കുവാൻ മണ്ണിന്റെ നിയമങ്ങളെ സ്വീകരിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഇല്ല.

മതാചാര്യന്മാരും മതപണ്ഡിതന്മാരും മതപുരോഹിതരും മത-അനുയായികളും മതഭ്രാന്തരും ഉണ്ടാക്കിയത് കൊടിയ വിപത്താണ്. അവരുടേത് മനോരോഗം ആണെന്നത് തിരിച്ചറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ ജീവിക്കുന്ന ആധുനിക കാലത്തെ മനോരോഗികളെ ചികിത്സിക്കാനും ദൈവ വിപ്ലവം മാത്രമാണ് ആശ്രയം.

പഴയ കാലത്തിലെയും ആധുനിക കാലത്തെയും ഏതാനും മനോരോഗങ്ങളെ ചൂണ്ടിക്കാട്ടുന്നു :

1) ഓരോ മതങ്ങളുടെയും ഉത്ഭവ കാലത്ത് ദേശങ്ങളിൽ ഉണ്ടായിട്ടുള്ള യുദ്ധങ്ങളും ജനങ്ങളുടെ അറുംകൊലകളും മറ്റ് പീഡനങ്ങളും; 2) ക്രിസ്തു മതത്തിന്റെയും ഇസ്ലാം മതത്തിന്റെയും പേരിൽ നൂറ്റാണ്ടുകളായി നടന്ന കുരിശുയുദ്ധങ്ങളും ദശലക്ഷക്കണക്കിന് ജനങ്ങളുടെ അറുംകൊലകളും മറ്റ് പീഡനങ്ങളും വിനാശങ്ങളും; 3) ഏതാനും നൂറ്റാണ്ടുകൾ മുമ്പ് ഇന്ത്യയിൽ ശൂലമേന്തിയ ശിവ ഭക്തരും, കുന്തം ഏന്തിയ നാരായണ ഭക്തരും തമ്മിൽ നടന്ന പോരുകളും അറുംകൊലകളും മറ്റ് പീഡനങ്ങളും; 4) എക്കാലത്തും ഭൂമിയുടെ അംശങ്ങൾ മാത്രമായ പ്രദേശങ്ങളെ ഇറാൻ, പാക്കിസ്ഥാൻ എന്നിങ്ങനെയെല്ലാം മത-ദേശങ്ങളായിട്ട് കണക്കാക്കുകയും ശേഷം സുന്നി, ഷിയാ, തുടങ്ങിയ ജാതികളുടെ പേരിൽ ഇന്നും നടന്നുപോരുന്ന അറുംകൊലകളും, മറ്റ് പീഡനങ്ങളും വിനാശങ്ങളും .... 5) ഇസ്ലാം മതത്തിന്റെയും ഹിന്ദു മതത്തിന്റെയും പേരിൽ 1947-ൽ നടന്ന ഇന്ത്യാ പാക് വിഭജനവും ദശലക്ഷക്കണക്കിന് ജനങ്ങളുടെ അറുംകൊലകളും, മറ്റ് പീഡനങ്ങളും വിനാശങ്ങളും; 6) വ്യക്തിസ്വാതന്ത്ര്യം, ദേശീയ സ്വാതന്ത്ര്യം, രാഷ്ട്രീയം, മതം എന്നിവയുടെ ദൈവീകമായ / ധർമ്മ ശാസ്ത്രപരമായ അർത്ഥം പോലും അറിയാതെ അയർലണ്ട്, സോവിയറ്റ് യൂണിയൻ, റഷ്യ, ചൈന, കാശ്മീർ, തുർക്കി, സൗദി അറേബ്യ, യെമൻ, കൊറിയ, അമേരിക്ക, പാക്കിസ്ഥാൻ, ഇന്ത്യ, തുടങ്ങിയ ഭൂമിയിലെ നിരവധി പ്രദേശങ്ങളിൽ ഇന്നും നടന്നുപോരുന്ന അറുംകൊലകളും, മറ്റ് പീഡനങ്ങളും വിനാശങ്ങളും ....; 7) ഭൂമിയിലെങ്ങുമുള്ള ഭരണാധികാരികളെയും കടത്തി വെട്ടുന്ന തരത്തിലാണ് *ക്രിസ്ത്യൻ-മുസ്ലീം-ഹിന്ദു ..പുരോഹിതരും ശിഷ്യന്മാരും അനുയായികളും* സ്ത്രീപീഡനം ചെയ്തു പോരുന്നത്; കൊച്ചു പെൺകുട്ടികളെയും ആൺകുട്ടികളെയും പീഡിപ്പിക്കുന്ന വില്ലന്മാരെ സംരക്ഷിക്കാൻ പരക്കം പായുന്ന മത-രാഷ്ട്രീയ-പണ പ്രമാണികൾ ...

1) മുതൽ 7) വരെയുള്ള കാര്യങ്ങളെ *വിശകലനം ചെയ്താൽ മത-ജാതി-രാഷ്ട്രീയ നേതാക്കൾക്കും പ്രമാണിമാർക്കും മറ്റും സംഭവിച്ചുപോരുന്ന മനോരോഗങ്ങളാണ് മൂല കാരണം എന്ന് ബോദ്ധ്യമാകുന്നതാണ്.* ദൈവീക കാര്യങ്ങളെ, മത-മനോരോഗങ്ങളായി പരിണമിപ്പിച്ചു. ..... മതപണ്ഡിതന്മാർ, പുരോഹിതന്മാർ തുടങ്ങിയ മനോരോഗികളെ ചികിത്സിക്കാൻ

മനോരോഗികളെ മാത്രമേ ലഭിക്കുകയുള്ളൂ എന്നതാണ് ഭൂമിയിലെ അവസ്ഥ.

നിനക്ക് നീ തന്നെ ദീപമായിരിക്കുക, അഹിംസ, മോഹങ്ങളുടെ നിയന്ത്രണം, തുടങ്ങിയ ഉന്നത കാര്യങ്ങളെ പഠിപ്പിച്ച ബുദ്ധനെയും ദൈവമാക്കി! പഴയ രീതിയിൽ ബുദ്ധൻ മടങ്ങി വന്നാൽ !

സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ധർമ്മശാസ്ത്രത്തിന്റെ ശാഖകളെ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് വ്യാഖ്യാനിച്ചു നൽകിയ ക്രൈസ്റ്റിനെ ദൈവം ഭൂമിയിലേക്ക് അയച്ചത് മുഖ്യമായും ഒരു കൊടിയ പിശാചിനെ തളയ്ക്കാനും നിയന്ത്രിക്കാനും ആയിരുന്നു. സത്യം മാത്രം പറയുന്ന ക്രൈസ്റ്റിനെയും, അദ്ദേഹം പഠിപ്പിച്ച ധർമ്മ ശാസ്ത്ര കാര്യങ്ങളെയും ശാസ്ത്രീയമായി വിശ്വസിക്കുകയും അനുകരിക്കുകയും ചെയ്യേണ്ടതതിനു പകരം അദ്ദേഹത്തിന്റെ പേരിൽ മതം ഉണ്ടാക്കി. ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മധ്യസ്ഥന്മാർ ഇല്ല/ പാടില്ല എന്ന് ക്രൈസ്റ്റ് സുവ്യക്തമാക്കിയതാണ്. അദ്ദേഹത്തെ കൊല്ലാക്കൊല ചെയ്തു; ശേഷം ദൈവമാക്കി! എന്നിട്ടോ, പോപ്പ് മുതൽ കൊച്ചച്ചനും കപ്യാരും വരെ മധ്യസ്ഥന്മാരുടെ വളരെ വലിയ നിര! കടുത്ത മതമനോരോഗികൾ പാവപ്പെട്ട ജനങ്ങളെയും മതമനോരോഗികളാക്കുന്നു ... ശേഷം തൊട്ടതിനും പിടിച്ചതിനും അവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നു.

ജനങ്ങൾ മരിച്ചാലും, മതമനോരോഗികളായ കച്ചവടക്കാർ വെറുതെ വിടില്ല. ശവശരീരത്തെ കുഴിച്ചിടുന്നതിന്റെ പേരിലും പണം തട്ടാൻ മിടുക്കരാണ് ഓരോരോ മതങ്ങളുടെയും കച്ചവടക്കാർ.

ആധുനിക കാലത്തെ ആണും പെണ്ണും കെട്ട മത-ജാതി-രാഷ്ട്രീയ മനോരോഗികളായ യുവാക്കളുടെയും മുതിർന്നവരുടെയും ഏതാനും മനോരോഗങ്ങളെ ചൂണ്ടിക്കാട്ടുന്നത് അവരോടുള്ള ദൈവീകമായ സ്നേഹവാത്സല്യങ്ങൾ കൊണ്ട് മാത്രമാണ്.

വ്യത്യസ്തങ്ങളായ ഏതാനും മനോരോഗങ്ങളെ ഒന്നൊന്നായി വിശകലനം ചെയ്യാം :-

1. ഈ സന്ദേശത്തെ അയക്കാൻ ഉപയോഗിച്ച ആധുനിക കാലത്തെ സ്മാർട്ട് മൊബൈൽ ഫോണുകളിലെ വാട്സ്ആപ് സന്ദേശങ്ങളിൽ തന്നെ ആരംഭിക്കുന്നതാണ് മഹാഉചിതം. ഒരു കൂട്ടം ആളുകൾ അതിരാവിലെ മുതൽ ഇഷ്ട ദേവതകളുടെ ചിത്രങ്ങളും വീഡിയോകളും, മത്സര ബുദ്ധിയോടെ മറ്റുള്ളവർക്കും ഗ്രൂപ്പുകളിലും അയച്ചു കൊടുക്കുന്നത് പതിവാക്കിയിട്ടുണ്ട്. പ്രമുഖരുടെയും ഗ്രന്ഥങ്ങളിലെയും മതപരമല്ലാത്ത ധർമ്മ കാര്യങ്ങളെയും സന്ദേശങ്ങളെയും സൂത്രത്തിൽ മതജാതിപരമാക്കുകയും മതത്തിലൂടെ പ്രചരിപ്പിച്ച് മതങ്ങളെ ശരിവെക്കുന്ന കുതന്ത്രം എല്ലാ മതങ്ങളും (പ്രമുഖ പുരോഹിതരും പണ്ഡിതരും ഉൾപ്പെടെയുള്ളവർ) പയറ്റുന്നുണ്ട്.

മതങ്ങളുടെയും അവയിലെ ദേവതകളുടെയും
യാഥാർത്ഥ്യങ്ങളെ നേരിട്ട് അറിയാതെയും,
അന്വേഷിക്കാതെയും, തങ്ങളുടെ ബന്ധുക്കളല്ലാത്ത
ദേവതകളുടെയും മറ്റും ചിത്രങ്ങൾ പ്രചരിപ്പിക്കാനും
പൂജിക്കാനും ആരാധിക്കാനും ഇറങ്ങി പുറപ്പെട്ടിരിക്കുന്ന
ആധുനിക കാലത്തെ വിവരദോഷികളെ എങ്ങനെ
ശിക്ഷിക്കണമെന്ന് സ്വയം വിശകലനം ചെയ്തു പറയട്ടെ;
മഹാനീതിപതിയായ ദൈവം കേൾക്കട്ടെ ....!

മത ദേവതകൾ പലരും കൊടിയ ദുർദ്ദേവതകളാണ്, അവരുടെ പലതരത്തിലുള്ള ഫോട്ടോകൾ വാട്സ്ആപ് ഗ്രൂപ്പുകളിലും, തനിച്ചും മറ്റും പ്രസിദ്ധപ്പെടുത്തുന്നവർ എന്ത് ഉദ്ദേശത്തോടെയാണ് അങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കണം. ദൈവമായും ദേവതയായും അനേകർ തെറ്റിദ്ധരിച്ചിരിക്കുന്നത് ദുർദ്ദേവതകളെയാണെന്ന് ദുഷ്പ്രചരണം നടത്തിയിട്ട് ഈയുള്ളവന് യാതൊന്നും നേടാനുമില്ല; നേടുകയുമില്ല എന്നത് കൂട്ടിവായിക്കണം. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യരുടെ പരസ്യങ്ങളും കോപ്രായങ്ങളും കണ്ടും കേട്ടും സന്തോഷിക്കുന്ന കോമാളിയല്ല.

പോലീസ് സ്റ്റേഷനുകളിലും ജയിലുകളിലും ചില പൊതു നോട്ടീസ് ബോർഡുകളിലും ഒക്കെ വലിയ/സ്ഥിരം കള്ളന്മാരുടെ ഫോട്ടോ പതിക്കാറുണ്ട്. അപകടകാരിയാണ്; സൂക്ഷിക്കണം; *സ്ത്രീകൾ

പ്രത്യേകം സൂക്ഷിക്കണം, പെണ്ണുപിടിയൻ നാട്ടിൽ ഇറങ്ങിയിട്ടുണ്ട്*; .....എന്നിങ്ങനെയോ, *കാണ്മാനില്ല, കണ്ടുകിട്ടുന്നവർ അറിയിക്കണം; അന്തരിച്ചു* എന്നിങ്ങനെയോ അറിയിക്കാനാണ് ഫോട്ടോ പ്രസിദ്ധീകരിക്കുന്നതെങ്കിൽ,... ഉദ്ദേശം വെളിപ്പെടുത്തണം.

അശ്ളീലങ്ങളും ആഭാസങ്ങളുമായ ചിത്രങ്ങളും വിഗ്രഹങ്ങളും പാട്ടുകളും ഒക്കെ ഏതു തരത്തിലുള്ള ആനന്ദവും സന്ദേശവുമാണു നൽകുന്നതെന്നും അറിയിക്കണം. സ്വയം വിശകലനം ചെയ്തു പറയുക; മഹാനീതിപതിയായ ദൈവം കേൾക്കട്ടെ!

മറ്റൊരു കൂട്ടർ പ്രാദേശികമായും ദേശീയമായും അന്തർദ്ദേശീയ മായുമുള്ള കളിക്കാര്യങ്ങളാവും വാട്സ്ആപ് വഴിയും മറ്റും കൈമാറുക. ഏകമഹാശരി എന്തെന്ന് അറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ സ്വന്തം ഇഷ്ടപ്രകാരം, ശരിയെന്നു തോന്നുന്നതും സന്തോഷം ലഭിക്കുന്നതുമായ കാര്യങ്ങൾ ഇതുപോലെ ചെയ്യുന്നു ....

കുട്ടികളെ ... കുറച്ചു കൂടി ഗൗരവമുള്ളതും, നിങ്ങൾക്കും ചുറ്റുമുള്ളവർക്കും പ്രയോജനകരവുമായ കാര്യങ്ങളിൽ ഏർപ്പെട്ടാൽ .... *ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ മഹാഉചിതമായി ഉപയോഗിച്ചാൽ തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്. അവസരങ്ങളെ നഷ്ടപ്പെടുത്തുന്നത് ഭാഗികമായി ശിക്ഷകളുടെ ശേഖരണവുമാണ്.

ഏറ്റവും കുറഞ്ഞത് ചുറ്റുമുള്ളവരെ ഉപദ്രവിക്കാതെ ... അവരുടെ ഊർജ്ജവും സമയവും മറ്റും പാഴാക്കാൻ പ്രേരിപ്പിക്കാതെ കഴിയാൻ ശ്രദ്ധിക്കണം. *അധിക സമയം ഉള്ളവർ, മാതാപിതാക്കളോടും ഇണയോടും കുട്ടികളോടും മറ്റ് ഉറ്റവരോടുമുള്ള കടമകളെ പൂർത്തിയാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കണം; വീഴ്ചകളെയും പോരായ്മകളെയും ശക്തിക്കൊത്ത് പരിഹരിക്കണം. വൃദ്ധരായ മാതാപിതാക്കളെയും മറ്റ് ഉറ്റവരെയും ശുശ്രൂഷിക്കാനും പരിചരിക്കാനും, അമ്മയ്ക്കും അച്ഛനും പതിവായി ഒരു ഉമ്മയെങ്കിലും ആത്മാർത്ഥമായി കൊടുക്കാനും, ശ്രദ്ധിക്കുക. ഉറ്റവർ ജീവിച്ചിരിക്കുമ്പോൾ

സ്നേഹിക്കുകയും ബഹുമാനിക്കുകയും പരിചരിക്കുകയും (സഹായിക്കുകയും) ചെയ്യുക ... തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരായി എല്ലാവരും ഉയരട്ടെ.* കള്ളമതങ്ങൾ പ്രകാരം മരിച്ചുകഴിഞ്ഞ് കെങ്കേമമായി അടിയന്തിര കർമ്മങ്ങൾ നടത്തി കൂടുതൽ പാപങ്ങളെ നേടാതെ .... *ജീവിച്ചിരിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സ്നേഹിക്കുക.*

കുഞ്ഞു മുതൽ കുട്ടി-യുവജനങ്ങൾ-വൃദ്ധർ വരെയുള്ള വരുടെ ഇടയിൽ 'മക്കളും മാതാപിതാക്കളും' എന്ന മാനുഷിക ബന്ധം ഉണ്ടെങ്കിലും അവരെല്ലാം തന്നെ മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് - മഹാസത്യത്തിലെ ഒരു പ്രധാന ഘടകമാണത്. അതേസമയം പലപ്പോഴും മാതാപിതാക്കളുടെയും ഉറ്റവരുടെയും മുഖഛായ, നിറം, ഉയരം, ചില സ്വഭാവങ്ങൾ തുടങ്ങിയവ മക്കൾക്ക് മഹാഅനുഗ്രഹിച്ചു നൽകി ക്കൊണ്ട് മാതാപിതാക്കളെയും മക്കളെയും ഉറ്റവരെയും ദൈവം കൂടുതൽ ആനന്ദിപ്പിക്കാറുണ്ട്. അപൂർവ്വമായി വേദനിപ്പിക്കാറുമുണ്ട്. ജീവാത്മാവ് നേടിയിട്ടുള്ള പുണ്യത്തിന്റെ അളവ്, സമാനത, മഹാനീതിശാസ്ത്രപരമായ ആവശ്യം എന്നിവയാണ് സ്വഭാവം പകരുന്നതായി തോന്നുന്നതിന്റെ രഹസ്യം. ചെറുപ്പത്തിൽ മക്കളെ കൂടുതൽ കൂടുതൽ സ്നേഹിക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന ഒരു ഘടകം തന്നെയാണത്. മാതാപിതാക്കൾക്ക് വയസ്സാകുമ്പോൾ, അവരെ സ്നേഹിക്കാനും പരിചരിക്കാനും ശുശ്രൂഷിക്കാനും മക്കൾക്ക് ഉത്തേജക മരുന്നുപോലെ പ്രയോജനപ്പെടണം; ഉറ്റവർക്ക് ചൂണ്ടിക്കാട്ടാനും; പുതിയ തലമുറകൾക്ക് പാഠമാവാനും.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നതാവണം ജീവിത ക്രമം. മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോട് ചെയ്യേണ്ടതായ കടമകളെയും കടപ്പാടുകളെയും മറന്നും അവഗണിച്ചും കൊണ്ട് വാട്സ്ആപ്, ഫെയ്സ്ബുക്ക്, തുടങ്ങിയവയിൽ ദേവതകളുടെയും ദുർദ്ദേവതകളുടെയും കളിക്കാരുടെയും ഫോട്ടോകളും സന്ദേശങ്ങളും പ്രസിദ്ധീകരി ക്കാൻ നടന്നാൽ, ദൈവത്തിന്റെ കുഞ്ഞുങ്ങളായ മുതിർന്നവർക്കും ചെറുപ്പക്കാർക്കും പാപം

വർദ്ധിക്കുമെന്ന് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം. *അത്യാവശ്യമോ ആവശ്യമോ അല്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതും അവയ്ക്ക് മുൻഗണന നൽകുന്നതും പലപ്പോഴും പാപം പിടിച്ചു വാങ്ങാൻ ഇടയാക്കും എന്നറിഞ്ഞാൽ നന്ന്.*

ദൈവീക കാര്യങ്ങളെ സുവ്യക്തമായി അറിയാതെ *അവിടെയും ഇവിടെയും കാണുന്നതും കേൾക്കുന്നതും ശരിയെന്നു കരുതി പ്രചരിപ്പിക്കരുത്.* മുൻകാല പാപികൾ അങ്ങനെ ചെയ്തതു കൊണ്ടുകൂടിയാണ് പാവം ദൈവത്തിന്റെ പേരിൽ *അനേകശതം മതങ്ങളുണ്ടായത്.*

ആദ്യ മഹാകാലചക്രത്തിലെ ദേവതകളുടെ ആവശ്യം, സൃഷ്ടി, സ്ഥാനം, പ്രവർത്തനം, തുടങ്ങിയ കാര്യങ്ങളെ ദൈവ-വിപ്ലവ വിശകലനം 8-ൽ വിശദീകരിച്ചിട്ടുണ്ട്. (*www.omsathyam.com* എന്ന വെബ്സൈറ്റിലും *omsathyam* എന്ന ബ്ലോഗിലും ലഭ്യമാണ്.).

2. അതിരാവിലെ മുതൽ ദേവാലയം എന്നറിയപ്പെടുന്ന ക്ഷേത്രങ്ങളിലും പള്ളികളിലും, മറ്റും, മൈക്കുകളിലൂടെ ആരംഭിക്കുകയും രാത്രി വരെ തുടരുകയും ചെയ്യുന്ന സ്തുതി ഗീതങ്ങൾ, ബാങ്ക് വിളി, മത-ജാതി-രാഷ്ട്രീയ പ്രഭാഷണം, തുടങ്ങിയ മത പ്രവർത്തനങ്ങളെ/ കോപ്രായങ്ങളെ സ്വയം വിശകലനം ചെയ്യുക. മറ്റൊരു മതത്തിലെ ഗാനങ്ങളെയും പ്രഭാഷണങ്ങളെയും മറ്റും യഥാർത്ഥമായും വ്യക്തി ഇഷ്ടപ്പെടുന്നുണ്ടോ ? ഒരു ബോംബ് ലഭിക്കുകയും ആരും അറിയില്ലെന്ന് ഉറപ്പാവുകയും ചെയ്താൽ ഇഷ്ടമില്ലാത്ത ദേവാലയത്തിനു നേരെ വലിച്ചെറിയുന്നവരാവും കൂടുതൽ. ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും ചെയ്യാതെ ജീവിക്കുന്നവരായ മനോരോഗികൾ ശക്തി നേടും വരെയും ഒതുങ്ങി ജീവിക്കുകയും സഹിക്കുകയും ചെയ്യുന്നു എന്നേയുള്ളൂ. ചിലർ എപ്പോഴും ശക്തികൾക്കൊത്ത് ഇഷ്ടമില്ലാത്തവയെ തോന്നിയപോലെ എതിർത്തു

കൊണ്ടിരിക്കും. മിക്ക രാജ്യങ്ങളിലെയും തീവ്രവാദ പ്രവർത്തനങ്ങളുടെ പിന്നിലെ പരസ്യമായ രഹസ്യം അതാണ്.

ശബ്ദശല്ല്യം ഉണ്ടാക്കുന്ന മത-രാഷ്ട്രീയ-മനോരോഗികളെ ഉപദേശിക്കാൻ ശ്രമിച്ചാലോ :- "മണ്ണായ ഭൂമിയിൽ സമസ്ത ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളെയും അധികാരങ്ങളെയും നൽകിയിട്ടുള്ളത് ഭൂമി (ദൈവം) തന്നെയാണ്. *ഭൂമിയിലെ വസ്തുക്കളെ തോന്നുമ്പോലെ ഉപയോഗിക്കാൻ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളും അധികാരങ്ങളും ഇല്ല. പക്ഷികൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും *വായിലൂടെയും മൂക്കിലൂടെയും,* കൈകാലുകൾ കൂട്ടിയടിച്ചും മറ്റും ശബ്ദം ഉണ്ടാക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്. ആനയ്ക്കും സിംഹത്തിനും മറ്റും വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്; എലിക്കും പൂച്ചയ്ക്കും പോത്തിനും നീർക്കുതിരക്കും മറ്റും താരതമ്യേന കുറവാണ്. ആവശ്യത്തിനു മാത്രം ശബ്ദം വെയ്ക്കാനും, അനാവശ്യമായി ഉച്ചത്തിൽ ശബ്ദം വെയ്ക്കാതിരിക്കാനും മറ്റുള്ള ജീവികൾ ശ്രദ്ധിക്കുന്നുണ്ട്. ഹോറൺ, മൈക്ക്, സ്പീക്കർ തുടങ്ങിയ *മാധ്യമങ്ങളെ അഥവാ വസ്തുക്കളെ ഉപയോഗിച്ച് വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുന്നത് മനുഷ്യർ മാത്രമാണ്.* മണ്ണിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങളെ മനുഷ്യർക്കു വെളിപ്പെടുത്തു മ്പോൾ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാക്കിയിട്ടുള്ള വസ്തുക്കൾ, ഭക്ഷണം, വസ്ത്രം, വാഹനങ്ങൾ, മൊബൈൽ ഫോൺ തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ ഉപയോഗിക്കുമ്പോൾ, ധർമ്മ ശാസ്ത്രപരമായ നിബന്ധനകളും മണ്ണ് നൽകുന്നുണ്ട്. അതായത് മണ്ണിലെ വസ്തുക്കളെ എങ്ങനെയെല്ലാം ഉപയോഗിക്കണം, എങ്ങനെയെല്ലാം ഉപയോഗിച്ചു കൂടാ

എന്നിങ്ങനെയുള്ള നിയമങ്ങളും മണ്ണിലുണ്ട്; മണ്ണിലെ വസ്തുക്കളെ ഉപയോഗിക്കുന്നവർക്ക് മണ്ണിന്റെ നിയമങ്ങളെ പാലിക്കുവാനുള്ള ബാദ്ധ്യതകളുമുണ്ട്."

"ഭൂമിയിലെ ജീവിത കാര്യങ്ങളെ തോന്നിയതു പോലെ വിശ്വസിച്ചും, തോന്നിയതു പോലെ നിയമങ്ങളെ ഉണ്ടാക്കിയും, *തോന്നിയതു പോലെ ജീവിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവും ഇല്ല. സ്വയം ജനിക്കുമ്പോഴും സ്വന്തമായി എന്തെങ്കിലും സൃഷ്ടിക്കുമ്പോഴും മാത്രമാണ് അതിനെല്ലാമുള്ള അവകാശവും അധികാരവും ഉണ്ടാവുക."*

മനുഷ്യനും ദൈവത്തിനും ഇടയിൽ മധ്യസ്ഥരെ വെയ്ക്കാൻ പാടില്ല; കുഞ്ഞുങ്ങളോട് ഇടപെടാൻ ദൈവത്തിന് മധ്യസ്ഥരെ വേണ്ട; മാതാപിതാക്കളേക്കാൾ 100 മടങ്ങ് സ്നേഹ വാത്സല്യങ്ങൾ നൽകുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോട് ഇടപെടാൻ കുഞ്ഞുങ്ങൾക്ക് (മനുഷ്യർക്ക്) മധ്യസ്ഥരെ വേണമെന്ന് പറയുന്നത് ലജ്ജാകരമാണ്; മഹാപിതാവും മഹാമാതാവുമായ ദൈവത്തെ അപമാനിക്കലാണ്. *'ദൈവകാര്യങ്ങളെന്ന പേരിൽ ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന മൈക്ക് മാധ്യമം /മധ്യസ്ഥൻ ആണ്; ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. പുരോഹിതൻ, വഴിപാട്, പ്രസാദം, ആചാരങ്ങളും അനുഷ്ഠാനങ്ങളും, യജ്ഞം, മതഗ്രന്ഥ പാരായണം, മതപ്രഭാഷണം, വാട്സ്ആപ് വഴിയും മറ്റുമുള്ള മതമനോരോഗ-പ്രചരണം, തുടങ്ങിയവയും മാധ്യമം /മധ്യസ്ഥൻ ആണെന്ന് തിരിച്ചറിയണം.'* ദേവാലയം എന്ന പേരിൽ മനുഷ്യർ നിർമ്മിക്കുന്ന മന്ദിരങ്ങളും ഭാഗികമായി മാധ്യമം/മധ്യസ്ഥൻ ആണ്. മാത്രമല്ല; മനുഷ്യരുടെ ദൈവീകമായ ആവശ്യങ്ങൾക്കു വേണ്ടി ദൈവത്തിന്റെ വീട് എന്ന അർത്ഥത്തിലുള്ള ദേവാലയത്തെ, ദൈവത്തിന്റെ ഇഷ്ടമായ *'മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം നിർമ്മിക്കേണ്ടതുണ്ട്. ധർമ്മ ശാസ്ത്ര പ്രകാരം നിർമ്മിച്ചിട്ടുള്ള ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല.'* ചുവടെ ദൈവ വിപ്ലവ വിശകലനം - 8 ൽ വിശദീകരിച്ചിട്ടുണ്ട്.

3. ദേവാലയങ്ങളിൽ, മനുഷ്യർക്ക് മാത്രമല്ല; ദൈവത്തിനും പ്രവേശനം നിഷേധിക്കുന്ന മതജാതി -രാഷ്ട്രീയ-ദേശ-മനോരോഗികൾ ഉണ്ട്.

അനേകം ദേവാലയങ്ങളിലും പ്രദേശങ്ങളിലും അന്യമതസ്ഥർക്കു പ്രവേശനം ഇല്ലെന്ന് മതമനോരോഗികൾ പൈശാചിക നിയമങ്ങളെ ഉണ്ടാക്കിയിട്ടുള്ളതിനെ മണ്ണിന്റെ നിയമങ്ങൾ 'അഥവാ മണ്ണായ ദൈവം' പുച്ഛിക്കുന്നത് മത-ജാതി-രാഷ്ട്രീയ മനോരോഗികൾ മനസ്സിലാക്കുന്നത് നല്ലതാണ്. ദൈവത്തിന്റെ അംശം കൂടിയായ ശരീരത്തെ ധർമ്മ ശാസ്ത്ര വിരുദ്ധമായി മതമനോരോഗികൾ തടയുമ്പോൾ, ദൈവത്തിന് പ്രവേശനം നിഷേധിക്കുന്ന ഏറ്റവും കൊടിയ കുറ്റങ്ങളിൽ ഒന്നാണ് നീചർ ചെയ്യുന്നത് ... അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല. ലളിതമായ ഉദാഹരണം :- മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ വ്യത്യസ്ത മതജാതി-ദേവാലയങ്ങളുടെ ഉള്ളിലോ പുറത്തോ കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ്, മണ്ണോടു ചേരുന്നതാണ്. അതേസമയം ദൈവാംശങ്ങളെയും തദ്വാരാ ദൈവത്തെയും നിന്ദിക്കുന്ന അത്തരം പൈശാചിക സ്ഥാനങ്ങളിൽ പൈശാചികത ഏറെയുള്ളവർ മാത്രമോ കൂടുതലായോ വിരാജിക്കുന്ന വിധം മഹാവിളയാടൽ മഹാഒരുക്കിയിട്ടുണ്ട്. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട മഹാകാര്യങ്ങളെയും മത -ജാതി-രാഷ്ട്രീയ മനോരോഗികൾ അറിയുന്നില്ല. പൈശാചിക സ്ഥാനങ്ങളിൽ നിരന്തരം നടക്കുന്ന അപകടങ്ങളും കലഹങ്ങളും അരുംകൊലകളും സാക്ഷ്യപ്പെടുത്തുന്ന സത്യമാണത്. ഫലത്തിൽ, മനോരോഗികൾക്ക് മഹാഅനുവദിച്ചിട്ടുള്ള ശിക്ഷാലയങ്ങളാണ് പ്രശസ്ത ദേവാലയങ്ങൾ !

4. *ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതു പോലും തിരിച്ചറിയാതെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ മനോരോഗികൾ ജീവിക്കുന്നു.*

ഏറ്റവും ഹ്വസ്വമായി കുറിക്കാം :- ജനനം, മരണം എന്നിവ വ്യക്തി ചെയ്യുന്ന കാര്യങ്ങളല്ല. വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാനങ്ങളായ രണ്ട് സംഭവങ്ങളാണവ. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ ഏക ചടങ്ങ് *വിവാഹമാണ്.* (പെൺകുട്ടിയുടെ മുഖ്യ രക്ഷകർത്താവ് വരന്റെ കൈകളിലേക്ക് വധുവിന്റെ കൈകളെ ചേർത്തുവയ്ക്കുന്ന ലളിതമായ ചടങ്ങാണത്).

ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമവും വ്യക്തമാണ്. മാത്രമല്ല, *മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി പുരോഹിതന്മാർക്കുള്ള താക്കീതും അതിലുണ്ട്.* ജനിച്ചിട്ടുള്ളത് ജീവിക്കാൻ ആണെന്നും, ജീവിക്കുകയാണ് ചെയ്യുന്നതെന്നും, സാത്വികമായിട്ട് ജീവിക്കുകയേ വേണ്ടൂ എന്നും *മരിക്കുന്നതും ശവമടക്കലും വ്യക്തിയുടെ വിഷയമല്ലായെന്നുമുള്ള പാഠം മണ്ണ് തരുന്നുണ്ട്.* മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ) ശരീരങ്ങളെ മണ്ണിന് മടക്കി നൽകുകയേ വേണ്ടൂ. *ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്.* ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. *മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്,* അധമങ്ങളും അസംബന്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, *മതങ്ങൾക്കെല്ലാം അതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്*.

ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേ താണോ, നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ *മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മരിപ്പിക്കുകയും ചെയ്ത ശരീരത്തെ മണ്ണിൽ ലയിപ്പിക്കുന്നു. ശവശരീരത്തെ മണ്ണിന് മടക്കി നൽകിയില്ലെങ്കിൽ, മണ്ണിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്, മണ്ണിന്റെ നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല.* മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ ശീതീകരിച്ച് സൂക്ഷിക്കുമ്പോലെ ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു പറയുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നത്.

ഏതൊരു ജീവിയുടെയും പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം, സ്വയം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണിലെ മൂലകങ്ങൾ കൊണ്ടാണ്. മണ്ണ് മണ്ണോടു ചേരുന്നു. മണ്ണ് അഥവാ മണ്ണായ ശരീരം, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് സ്വയം ശരീരത്തെ സൃഷ്ടിക്കുന്നു. പാലും പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും ഇലക്കറികളും മത്സ്യമാംസാദികളും മുട്ടയും ഉൾപ്പെടെ എല്ലാ ഭക്ഷണ സാധനങ്ങളും എല്ലാ ജീവികളും ഭക്ഷിക്കുമ്പോഴും ശരീരമെന്ന മണ്ണ് ശരീരമെന്ന മണ്ണോടു ചേരുക തന്നെയാണു സംഭവിക്കുന്നത്. മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ശരീരങ്ങളും. അതുകൊണ്ട് ഭൂമിയിൽ എവിടെയും (എല്ലാ മണ്ണിലും) ശരീരവും ശവശരീരവും ലയിച്ചു ചേരുന്നതാണ്.

ജീവിച്ചിരിക്കുന്നവർ മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതു പോലെയും മുമ്പ് വ്യക്തമാക്കിയതു പോലെയും; മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും

ശവശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും; ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും; കത്തിച്ചാലും; തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചാലും; വ്യത്യസ്ത മതജാതി-ജീവികളുടെ ഭവനങ്ങളിലോ ദേവാലയങ്ങളിലോ -ഉള്ളിലോ പുറത്തോ -കുഴിച്ചിട്ടാലും; **ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ് (ശരീരമെന്ന) മണ്ണോടു ചേരുന്നതാണ്.**

ലളിതമായ മേല്പടി പാഠങ്ങളെ അവഗണിച്ചു ജീവിക്കുന്ന മത-ജാതി-രാഷ്ട്രീയ ജീവികൾക്ക് മനോരോഗമല്ലേ ... തീർച്ചയായും ആണ്.

5. ***ഭക്ഷണ നോയമ്പുകൾ അധമമാണ്,* മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.** (Extracted from ദൈവ-വിപ്ലവ വിശകലനം -2, available @ *www.omsathyam.com*)

നോയമ്പ് എന്ന പേരിലും മറ്റും ഭക്ഷണം കഴിക്കുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇന്നത്തെ മതങ്ങളിലെല്ലാം ഉണ്ട്. അവയൊന്നും യഥാർത്ഥത്തിൽ ദൈവീകമല്ല.

വിശദീകരിക്കാം :- മഹാശക്തിയായ ദൈവം, കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കിയും, ആനന്ദിച്ചു ജീവിക്കുവാൻ മഹാഅനുഗ്രഹിച്ചിട്ടുണ്ട്. ഭക്ഷണ ആനന്ദമെന്നത് പ്രഥമവും ആനന്ദങ്ങളിൽ സർവ്വ പ്രധാനവുമാണ്. ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാലഘട്ടത്തിലും എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്. ഭക്ഷണ സാധനങ്ങളെ പാകംചെയ്ത് ഭക്ഷണ ആനന്ദത്തെ വർദ്ധിപ്പിക്കാൻ മനുഷ്യരെ മഹാഅനുഗ്രഹിച്ചിട്ടുണ്ട്.

ബഹുവിധ ഭക്ഷണങ്ങളെ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് മനുഷ്യരാണെങ്കിലും,

ഭക്ഷണവുമായി ബന്ധപ്പെട്ട അതിപ്രധാനങ്ങളായ ശാരീരിക പ്രവർത്തനങ്ങൾ ചെയ്യുന്നത് ദൈവമാണ്. ഭക്ഷണ സാധനങ്ങളെയും മരുന്നുകളെയും മറ്റും ദഹിപ്പിക്കുകയും, മനുഷ്യന് ആവശ്യമായ ശക്തികളെ നൽകുകയും ശരീരത്തിലെ കോശങ്ങളെയും അസ്ഥികളെയും മറ്റും നിർമ്മിക്കുകയും ചെയ്യുന്നത് ദൈവമാണ്; രോഗമുക്തിയും പ്രതിരോധങ്ങളുമെല്ലാം ദൈവത്തിന്റെ പ്രവർത്തനം കൊണ്ടാണ്.

വിസർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ദൈവം തന്നെയാണ് ചെയ്യുന്നത്. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതകാലം മുഴുവൻ -സദാസമയവും - ശ്വസനത്തെയും ഹൃദയ പ്രവർത്തനങ്ങളെയും കൂട്ടിയിണക്കി ക്കൊണ്ട് ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിക്കുകയാണ്. തന്റെ കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയുള്ള മഹാവാത്സല്യ മാണത്. പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് അല്പം ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ദഹന രസങ്ങളുടെയും നാഡീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം സ്വത്വബോധ ത്തോടെ മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും; അങ്ങനെയായാൽ, ജീവികളുടെ യെല്ലാം ജീവിതം മുഴു-നരകമാവുന്നതാണ്.

മഹാശക്തിയായ ദൈവം, മനുഷ്യന്റെ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും എല്ലായ്പ്പോഴും മഹാനിർവ്വഹിക്കു മ്പോഴും, അനന്തങ്ങളായ ഭക്ഷണ രുചികളിലൂടെയും ദഹന സംതൃപ്തികളിലൂടെയും മനുഷ്യർക്കെല്ലാം ആനന്ദങ്ങളെ ലോഭമില്ലാതെ നൽകുന്നുണ്ട്. വിശപ്പുണ്ടാക്കുക, ദാഹിപ്പിക്കുക, ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും തോന്നിപ്പിക്കുക, വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതുപോലെയുള്ള ആശ്വാസം കൊടുക്കുക,

തുടങ്ങിയ കാര്യങ്ങളെ മഹാശക്തിയായ ദൈവം ചെയ്യുന്നത് മനുഷ്യർക്കു വേണ്ടിയാണ്; മഹാനീതിശാസ്ത്ര പ്രകാരം, മനുഷ്യ ശരീരത്തിന്റെ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ്. ദൈവ വിപ്ലവ വിശകലനം 7-ൽ ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം പ്രത്യക്ഷ-ദൈവമായി പ്രവർത്തിക്കുന്നതും ജീവാത്മാവിനെ മഹാഭരിക്കുന്നതും ഉൾപ്പെടെയുള്ള ബഹുവിധ കാര്യങ്ങളെ വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയായ ദൈവം, മഹാവാത്സല്യത്തോടെയും മഹാനീതിശാസ്ത്ര പ്രകാരവും, 'മനുഷ്യർക്കു വേണ്ടി', മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിച്ചില്ലെങ്കിലും, ഭാരപ്പെടുത്തിയെന്ന് ശാസ്ത്ര പരമായി വാദിക്കുവാൻ യാതൊരാൾക്കും കഴിയുന്നതല്ല.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവത്തിന് മനുഷ്യരുടെ നന്ദി പ്രകടനങ്ങളെ ആവശ്യമില്ല. എന്നാൽ *ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട്.* അനന്തമായ ഭക്ഷണ രുചി /ആനന്ദത്തെ നൽകുന്നതിനാൽ, ദൈവം മനുഷ്യരെ ഭാരപ്പെടുത്താതെ, മഹാവാത്സല്യത്തോടെ മഹാ-കരുതുകയാണ്. ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ശക്തികളെ സാത്വികമായിട്ട് ഉപയോഗിച്ച് ഭക്ഷണത്തെ നേടുകയും ഭക്ഷിക്കുകയും വേണം; ഭക്ഷണ ആനന്ദത്തെ ശ്രദ്ധിക്കാതെ ഭക്ഷിക്കുന്നവർക്കും ഭക്ഷണ ആനന്ദത്തെ നൽകുവാൻ മഹാവാത്സല്യവുമായ ദൈവം മഹാശ്രദ്ധിക്കുന്നുണ്ട്. ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ശരീര വളർച്ചയും ഒക്കെ തനിയെ പ്രവർത്തിക്കുമെന്ന് വാദിക്കുവാൻ നിരീശ്വരവാദിക്കും, മഹാശാസ്ത്രപരമായി വിശദീകരിക്കാൻ മതവിഴുപ്പുകളെ കൊണ്ട് ജീവിക്കുന്ന തട്ടിപ്പുകാർക്കും (മത പുരോഹിതന്മാർക്കും) കഴിയുന്നതല്ല.

((ദൈവം വിശപ്പുണ്ടാക്കുമ്പോൾ, മനുഷ്യന് വിശക്കുന്നു, വിശക്കുമ്പോൾ തിന്നണം. വിശപ്പ് ഉണ്ടാക്കുന്നത് ദൈവം ആകയാൽ, ഒരാൾ വിശന്നിട്ട് ഭക്ഷണത്തിനു വേണ്ടി മറ്റുള്ളവരോട് യാചിച്ചാൽ, ദൈവവും കാരണക്കാരനും കാരണക്കാരിയും ആവുന്നതാണ്. അന്നദാനം മഹാദാനം ആവുന്നത് അങ്ങനെയാണ്. ഭക്ഷണത്തിനു വേണ്ടി യാചിക്കുന്ന മുതിർന്നവർക്ക് പാകം ചെയ്ത ഭക്ഷണത്തെ ഭിക്ഷയായിട്ടു നൽകുമ്പോൾ, സാധിക്കുമെങ്കിൽ ധർമ്മ ശാസ്ത്ര വിശകലനം ചെയ്യണം; നിർബ്ബന്ധമല്ല. ഭിക്ഷ കൊടുക്കുന്നയാൾക്ക് പാപം ഉണ്ടാകുന്നില്ല; എന്നാൽ ഭിക്ഷ യാചിക്കുന്നയാൾക്ക് പാപം ഉണ്ടാവാതിരിക്കാനോ, പാപം കുറയാനോ പ്രവർത്തിക്കുമ്പോൾ ഭിക്ഷ കൊടുക്കുന്നയാൾക്ക് പുണ്യം വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന്, ആരോഗ്യവും, ഭക്ഷണം പാകംചെയ്യാനുള്ള സൗകര്യങ്ങളും ഉള്ളവർ ഭിക്ഷ യാചിച്ചാൽ അരി കൊടുക്കുക, ചോറ് കൊടുക്കരുത്; വിശപ്പിനു ഭക്ഷണം യാചിക്കുമ്പോൾ "പാകംചെയ്ത ഭക്ഷണം" കൊടുക്കുക. ഭിക്ഷ കൊടുക്കുന്നതും കൊടുക്കാതെ യിരിക്കുന്നതും ഏതൊരാളുടെയും വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന വിഷയമാണ്; ഭരണകൂടം വ്യക്തിയെ ഭാരപ്പെടുത്തരുത്. യാചകരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ടുള്ള ദൈവത്തിന്റെ മഹാവാത്സല്യത്തെ, സാത്വികമായിട്ട് ചെയ്യേണ്ടതുണ്ട്; ക്രൂരമായ വചനങ്ങളെക്കൊണ്ട് യാചകരെ വേദനിപ്പിച്ചാൽ പാപം കിട്ടുന്നത് യാചകാവസ്ഥ ഉണ്ടാവാൻ ഒരു കാരണക്കാരായ (ജനങ്ങളുടെ ദാസരായ) ഭരണാധികാരികൾക്കാണ്. വിശപ്പിനല്ലാതെ യാചിക്കുന്നവരെ, അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ജനങ്ങളെല്ലാം അവഗണിക്കുകയോ, ഓടിക്കുകയോ വേണം; അത്തരം യാചകരെ പരിഗണിക്കേണ്ടുന്നത് (ജനങ്ങളുടെ ദാസരായ) ഭരണാധികാരികളാണ്. എന്നാൽ ധർമ്മശാസ്ത്രപരമായ ഭരണസമ്പ്രദായങ്ങൾ സമൂഹത്തിൽ ഇല്ലാത്ത സ്ഥിതിക്ക്, ദൈവ-വിപ്ലവം വരെ കാത്തിരിക്കുകയേ നിർവ്വാഹമുള്ളൂ; അല്ലെന്നാൽ മാനുഷികമായ ഊറ്റത്തെ ധർമ്മശാസ്ത്രപരമായിട്ട് പ്രകടിപ്പിക്കാൻ ജനങ്ങൾക്ക് കഴിയണം.))

മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട് എന്ന വിശദീകരണം തുടരുന്നു. (ദൈവം) വിശപ്പും ദാഹവും ഉണ്ടാക്കുമ്പോൾ, മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തോടെ ഭക്ഷണ പാനീയങ്ങളെ രുചിച്ച് ആസ്വദിച്ചുകൊണ്ട് വിശപ്പിനും ദാഹത്തിനും ആനന്ദകരമായ പരിഹാരമുണ്ടാക്കാൻ, ശാസ്ത്ര നിയമങ്ങൾ പ്രകാരം ദൈവം ആവശ്യപ്പെടുകയാണ്. ജീവിക്കുന്നത് ആനന്ദിക്കാനാണ്; തങ്ങളുടെ ആനന്ദത്തിന്നായിട്ട് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും അവർക്കെല്ലാം വേണ്ടി ഭക്ഷണ പാനീയങ്ങളെ കഴിക്കുകയും ചെയ്യുന്നു. മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സവുമില്ല; തടസ്സമുണ്ടാക്കിയാൽ ദൈവനിന്ദയാണ്. പൊതുവായ വസ്തുതയാണ്; എല്ലാ മനുഷ്യരും ജനനം മുതൽ മരണം വരെ നിരന്തരം പാലിക്കേണ്ടതുമുണ്ട്.

സർജറി, രോഗം, ചികിത്സ തുടങ്ങിയ അവസരങ്ങളിൽ വായിലൂടെ ഭക്ഷണം കഴിക്കുന്നതിന് സാധിക്കാതെ വരുമ്പോൾ, മൂക്കിലൂടെയും മറ്റും കുഴലിട്ട് ഭക്ഷണത്തെ ദ്രാവക രൂപത്തിൽ കൊടുക്കുന്നത് എല്ലാവരുടെയും ആവശ്യമല്ല; അഥവാ പൊതുവായ വസ്തുതയല്ല. ഒരു ചിലർക്ക് മാത്രം ഭൗതിക ശാസ്ത്ര പരമായി ആവശ്യമാക്കുന്ന സ്വകാര്യമാണത്.

ഭൗതിക ശാസ്ത്ര /വൈദ്യ ശാസ്ത്രപരമായ കാരണങ്ങളാൽ 'സ്വകാര്യമായ ഭക്ഷണ നിയന്ത്രണം' ചെയ്യുമ്പോൾ ദൈവനിന്ദയില്ല; എന്തെന്നാൽ ഭൗതിക ശാസ്ത്രമെന്നത്, "ദൈവത്തിന്റെ മഹാജ്ഞാന മാകുന്ന മഹാശാസ്ത്രിന്റെ അംശവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ശാസ്ത്രവും, ഒന്നാമത്തെ വേദവുമാണ്."

ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് ജീവികളെല്ലാം ഭക്ഷണം കഴിക്കണം എന്നിരിക്കെ, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവ അധികമായി ലഭിച്ച മനുഷ്യ ജീവി

മാത്രം ഒരു ചിലരുടെ അധമമായ മത-ആത്മീയ ചിന്താഗതികളെ ശരിയെന്നു തെറ്റിദ്ധരിച്ച് ദൈവത്തിന്റെ പേരിൽ ഭക്ഷണ നിയന്ത്രണം ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്.

മതഭ്രാന്തുകളെയും മറ്റും വിഷയമാക്കാതെ, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം 'സ്വന്തമായ (സ്വകാര്യമായ)' ഭക്ഷണ നിയന്ത്രണം ചെയ്യുമ്പോഴും ദൈവനിന്ദയുണ്ട്, കടുത്തത് അല്ലെന്നേയുള്ളൂ. എന്നാൽ, സ്വകാര്യമായതിനെ നല്ലതെന്നു വിശേഷിപ്പിക്കുകയോ, മറ്റുള്ളവരും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ ഒക്കെ ചെയ്താൽ ദൈവനിന്ദയുടെയും പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതാണ്. മത പുരോഹിതന്മാരും മറ്റും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുന്നുണ്ട്.

അജ്ഞാനവും അവിവേകവും ദുസ്വാർത്ഥങ്ങളും മറ്റും നിമിത്തമാണ് വളരെ പേർ പടുകുഴിയിൽ പെട്ടിരിക്കുന്നത്. "അജ്ഞാനം കാരണമായ ദൈവ ശിക്ഷകളുടെ" കാര്യത്തിൽ, ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാവുകയും ദൈവ-വിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതു വരെ മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം "മഹാനീതിശാസ്ത്ര പ്രകാരമുള്ള പ്രത്യേകമായ ഇളവുകളെ" അനുവദിക്കുന്നതാണ്.

പകൽ സമയത്ത് ഭക്ഷണ പാനീയങ്ങളെ കഴിക്കാതെ നോയമ്പ് എന്ന പേരിലും മറ്റുമുള്ള അനുഷ്ഠാനങ്ങളെ പിൻപറ്റുകയും, അത് ദൈവീകമാണെന്നു തെറ്റിദ്ധരിക്കുകയും ചെയ്യുന്ന മൂഢരെ തിരുത്താനായിട്ട് *കടുത്ത വായ്നാറ്റത്തെ* നൽകി ദൈവം ശിക്ഷിക്കുന്നുണ്ട്. *വായ്നാറ്റത്തിനു പകരം റോസാപ്പൂവ്, മുല്ലപ്പൂവ് എന്നിവകളുടെ സുഗന്ധത്തെ നൽകിയിരുന്നു വെങ്കിൽ,* നോയമ്പ് ദൈവീകമാണെന്നു പ്രചരിപ്പിക്കാൻ മൂഢന്മാർ കൂടുതൽ ആവേശപ്പെടുമായിരുന്നു !

മണ്ണിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തി കളിലൂടെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാശുദ്ധീകരണ ത്തെപ്പറ്റി ഗ്രാഹ്യം ഉണ്ടാകുന്നതോടെ അനേകം മൂഢവിശ്വാസങ്ങൾ മണ്ണടിയുന്നതാണ്. ഉദാഹരണത്തിന്; മലം, മൂത്രം, തുടങ്ങിയ മനുഷ്യ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെ മണവും രുചിയും (ദൈവം) നൽകിയാൽ, മനുഷ്യർ കക്കൂസുകളെ ഉണ്ടാക്കുന്നതല്ല; തങ്ങളുടെയും മറ്റുള്ളവരുടെയും മലത്തെ ഭക്ഷിക്കുന്നതാണ്! വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള അന്യ ജീവികളുടെ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെയും മറ്റും മണവും രുചിയും (ദൈവം) നൽകിയാൽ, അവയുടെ വിസർജ്ജ്യങ്ങൾക്ക് വേണ്ടി അവയെ മനുഷ്യർ വധിക്കുകയും, നേടാനായിട്ട് മനുഷ്യർ മത്സരിക്കുകയോ തമ്മിലടിക്കുകയോ ചെയ്യും!

ഭക്ഷണ നിയന്ത്രണത്തെപ്പറ്റി ഭോഷത്തങ്ങളോടെ വാചാലരാകുന്നവർ, *ശരീരത്തിലെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്ന ദൈവം, വിശപ്പും ദാഹവും മാത്രമല്ല;* *ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും (ദൈവം) തോന്നിപ്പിക്കുന്നുണ്ടെന്നതും* വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതു പോലെയുള്ള ആശ്വാസത്തെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും (ദൈവം) കൊടുക്കുന്നതും സ്വയം വിചാരണ ചെയ്യണം.* ഭക്ഷണത്തെ നിയന്ത്രിക്കാൻ തയ്യാറാകുന്നതുപോലെ വിസർജ്ജനങ്ങളെ നിയന്ത്രിക്കുന്നതിലും കേമത്തം കാട്ടണം. ലളിതമായി പറഞ്ഞാൽ, *(ദൈവം) പകൽ സമയത്ത് വിശപ്പ് ഉണ്ടാക്കുമ്പോൾ / തിന്നാൻ മുട്ടുമ്പോൾ തിന്നാത്തവർ, തൂറാൻ മുട്ടുമ്പോൾ തൂറരുത്; മൂത്രം ഒഴിക്കരുത്, തുമ്മരുത്, ഛർദ്ദിക്കരുത്, ചുമയ്ക്കരുത്.*. ...

* 6. തഴമ്പിലെ ദൈവീകതയും പൈശാചികതയും.*

ഏതാനും വർഷങ്ങൾക്കു മുമ്പ്, മുസ്ലീം ലേബലിനെ പൊക്കിപ്പറയുന്ന സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഈയുള്ളവനോട് രഹസ്യമായി ഒരു ഉപദേശം ചോദിച്ചു. *'നമസ്കാരം നിമിത്തം'* ആ വെളുത്ത കുട്ടിയുടെ നെറ്റിയിൽ വർദ്ധിച്ചുവരുന്ന *"കറുത്ത തഴമ്പ് സൗന്ദര്യത്തെ കുറയ്ക്കുന്നു ... നമസ്കാരം ഒഴിവാക്കാതെ, തഴമ്പ് ഇല്ലാതാവാൻ ഒരു മാർഗ്ഗം ഉപദേശിക്കാൻ കഴിയുമോ?"* നമസ്കാരം ചെയ്യാതെ, തഴമ്പ് ലഭിക്കാനും, കൃത്രിമമായി തഴമ്പ് ഉണ്ടാക്കാനും വേഷം കെട്ടുന്നവരുടെ ഇടയിലെ മറ്റൊരു മത-മനോരോഗി ആയിരുന്നു അത്!

ഈയുള്ളവൻ നൽകിയ മറുപടി : *"കുഞ്ഞേ, പതിവായി കൂന്താലിയും തൂമ്പയും പിടിക്കുന്ന കൃഷിക്കാരന്റെ കൈയ്യിലെ തഴമ്പ് കണ്ടിട്ടുണ്ടോ? പതിവായി കോടാലി പിടിക്കുന്നവർക്കും വാഹനത്തിന്റെ സ്റ്റിയറിംഗ് പിടിക്കുന്നവർക്കും ഒക്കെ കൈപ്പത്തികളിൽ തഴമ്പ് സൃഷ്ടിക്കുന്നത് മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യമാണ്; വീണ്ടും പണിയെടുക്കുമ്പോൾ കൈപ്പത്തികൾ വേദനിക്കാതിരിക്കാനുള്ള മഹാസംരക്ഷണമാണ്. ഇനി, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാതെ ദൈവത്തിനു വേണ്ടിയും മരണാനന്തര ജീവിതത്തിനു വേണ്ടിയുമെന്നു പറഞ്ഞു പാഴാക്കുന്ന മൂഢ ജനങ്ങൾക്ക് ശിക്ഷകൾ വേണ്ടേ? നെറ്റിയിൽ നൽകുന്ന തഴമ്പിന്റെ ഉപയോഗങ്ങൾ എന്തെല്ലാമാണ് എന്ന് ചിന്തിച്ചു നോക്കൂ. വലിയ ഒരു പൂജ്യം എന്നതാണ് സത്യം. കൃഷിക്കാരന്റെ കൈപ്പത്തികളിൽ മഹാഅനുഗ്രഹിച്ചു നൽകുന്ന തഴമ്പുകളുടെ ഉപയോഗങ്ങൾ അനന്തമാണ്; ദൈവീകമാണ്."* ഈയുള്ളവന്റെ വാക്കുകളെ കേട്ട ചെറുപ്പക്കാരന് അനേകരെപ്പോലെ, ദൈവീകമായ ഊറ്റമില്ലാത്തതിനാൽ, അറിഞ്ഞു കൊണ്ട് മൂഢവിശ്വാസങ്ങളെ ഇന്നും ചുമന്നു പോരുന്നതായാണ് അറിവ്.

7. സ്വകാര്യതയും, വസ്ത്രവും, വസ്ത്രധാരണവും.

2017 ജൂൺ 12-ന് രാത്രി 10 മണിയോടെ, ഗൾഫിൽ എവിടെയോ ജോലി ചെയ്യുന്ന ഒരു ചെറുപ്പക്കാരൻ വാട്സ്ആപ് വഴി അക്ഷരത്തെറ്റുള്ള സന്ദേശവുമായി സമീപിച്ചു.

" വളരെ വില പെട്ട ഒരു അറിയിപ്പ് എല്ലാവരോടുമായി ഒരു പ്രധാന കാര്യം പറയാനുണ്ട്. IMO വീഡിയോ call ഭാര്യമാരുമായും മറ്റും ചെയ്യുന്നവർ വളരെ അധികം സൂക്ഷിക്കുക.പ്രത്യേകിച്ച് ഭാര്യമാരുമായുള്ള വിളികളിൽ സ്വകാര്യത അത് അവസാനിപ്പിക്കുക..

എന്തെന്നാൽ യു ട്യൂബിൽ പോയി imo വീഡിയോ കാൾ എന്നടിക്കുക.കാര്യം മനസ്സിലാകും.പക്കാ ചീറ്റിങ്ങ് ആണ് അവിടം.

നിങ്ങൾ വിളിച്ച വീഡിയോ കാൾ അവർ you tubeil എല്ലാവര്ക്കും കാണാൻ് സാധിക്കും വിധം ഇട്ടിട്ടുണ്ട്. ..... സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട ... കളിയല്ല കാര്യമാണ്. *എല്ലാവരിലും share ചെയ്യണേ"*. ....

*2017 ജൂൺ 13-ന് രാവിലെ തന്നെ മേല്പടി ചെറുപ്പക്കാരന് ചുവടെയുള്ള സന്ദേശത്തെ വാട്സ്ആപ് വഴി അയച്ചു കൊടുത്തു.

"തിരക്കിലാണെങ്കിലും YouTube അല്പം പരിശോധിച്ചു. IMO-യുടെ കുഴപ്പമാണെന്നു തോന്നിയില്ല; *ഏതോ xxx-കാരുടെ സൂത്രപ്പണിയോ കടന്നുകയറ്റമോ ആണെന്നാണ് കരുതുന്നത്.* ആരോഗ്യം ധനം ജ്ഞാനം അവസരം സമയം തുടങ്ങിയവയെ ദൈവം തരുന്ന മുറയ്ക്ക് 'ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം' പ്രകാരം തീർച്ചയായും വീണ്ടും ഇടപെടുന്നതാണ്.

.. മറ്റുള്ളവരെ നന്നാക്കാൻ ശ്രമിക്കേണ്ടുന്നത് രണ്ടാമതാണ്; സ്വയം ശുദ്ധമാവാൻ ആദ്യം ശ്രദ്ധിക്കണം.

വസ്ത്രവും വസ്ത്ര മുറയും ശ്രദ്ധിക്കാത്തത് സ്വന്തം അപരാധമാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യാസപ്പെടുത്തി ക്കൊണ്ട് *മനുഷ്യൻ എന്ന ജീവിക്കു മാത്രം ലഭ്യമാക്കുന്ന വർദ്ധിച്ച ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും,

അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, മോക്ഷത്തെയും, (മഹാവാത്സല്ല്യ മായ ദൈവം) മഹാസംയോജിപ്പിക്കുന്നത് 'സ്ത്രീയും പുരുഷനും ചേർന്ന മനുഷ്യൻ എന്ന ജീവിയുടെ തിരിച്ചറിവ് ', കുടുംബം, സമൂഹം, ദേശം, ഭൂമി എന്നീ ബന്ധങ്ങളിലൂടെയാണ്.

മനുഷ്യരും മറ്റുള്ള ജീവികളും തമ്മിലുള്ള കാമാനന്ദ കാര്യങ്ങളിലെ വ്യത്യാസങ്ങളെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് മഹാപ്രധാനമായിട്ടാണ്. അതിന് ഉപാധി ആക്കിയിട്ടുള്ളത് *വസ്ത്രത്തെയാണ്.*

വസ്ത്രവും വസ്ത്ര മുറയും :

മനുഷ്യൻ എന്ന ജീവി മാത്രം വസ്ത്രം ധരിക്കുന്നതും, മറ്റുള്ള ജീവികളെ പ്പോലെ മനുഷ്യരും വസ്ത്രം ധരിക്കാതെ ജീവിച്ചാൽ എങ്ങനെയുണ്ടാവുമെന്ന് അല്പം ഭാവന ചെയ്താൽ വിഷയ ഗൗരവം ബോദ്ധ്യമാകുന്നതാണ്. (സമൂഹ ജീവിതം, കുടുംബ ജീവിതം, വീട്, വസ്ത്രം, വൈവിധ്യമാർന്ന പാചകം/ഭക്ഷണം, ശാസ്ത്ര സാങ്കേതിക വികസനവും അനന്തമായ ആനന്ദങ്ങളും മനുഷ്യർക്ക് സാദ്ധ്യമാകുന്നതല്ല. മറ്റൊരു മൃഗം, അത്രമാത്രം. അതായത് മഹാശാസ്ത്രത്തിന്റെ ശാഖകളിലും ഉപ-ഉപ ശാഖകളിലും വികസനം നടക്കണമെങ്കിൽ അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കിൽ ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്. അതിലൂടെ മാത്രമേ മനുഷ്യൻ എന്ന ജീവിയെ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കാനാവൂ. മനുഷ്യരുടെ ചുറ്റുമുള്ള പശു, ആട്, പൂച്ച, മുയൽ, പട്ടി, എരുമ, പുലി, സിംഹം തുടങ്ങിയ ജീവികളെല്ലാം രക്തബന്ധങ്ങൾ വിഷയമല്ലാതെ കാമബന്ധങ്ങളിൽ ഏർപ്പെടുമ്പോലെ മനുഷ്യജീവിയും ഏർപ്പെടുകയാണെങ്കിൽ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികൾ സാധ്യമല്ലാതെ വരും. അതു കണക്കാക്കിക്കൊണ്ട് മഹാശക്തിയായ ദൈവം മനുഷ്യരുടെ ജനന- ജീവിത- മരണങ്ങളിലെ എല്ലാ അവസ്ഥകളും മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നമായി സംവിധാനം ചെയ്തിരിക്കയാണ്.

എല്ലാ മനുഷ്യർക്കും 50 പുരുഷജന്മങ്ങൾ, 50 സ്ത്രീ ജന്മങ്ങൾ ഉണ്ട്; മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതുമാണ്. അങ്ങനെയിരിക്കെ, ദുർവ്വാദങ്ങൾക്കും ദുർവ്യാഖ്യാനങ്ങൾക്കും അനാവശ്യമായ കുറ്റപ്പെടുത്തലുകൾക്കും തയ്യാറാവാതെ, സ്ത്രീകളും പുരുഷന്മാരും ധർമ്മശാസ്ത്രത്തിന്റെ ഒന്നാം ശാഖയായ സദാചാര ശാസ്ത്ര പരമായ *വസ്ത്രമുറ* പാലിക്കണം. *അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ വസ്ത്രമുറ തെറ്റിച്ചു കൂടാ.* ഉദാഹരണത്തിന്, വസ്ത്രധാരണത്തിൽ, അടിസ്ഥാനപരമായി പാലിക്കേണ്ടതായ കാര്യം മാത്രം പറയാം. മനുഷ്യന്റെ 2 ഭാഗങ്ങളിൽ കൂടുതൽ ശ്രഷ്ഠവും സൃഷ്ടിയുമായി മഹാബന്ധിപ്പിച്ചിട്ടുള്ള സ്ത്രീയെ ആദ്യം പരാമർശിക്കാൻ ബാദ്ധ്യസ്ഥമാണ്. തല ഒഴികെയുള്ള ശരീരഭാഗങ്ങളെ പ്രദർശിപ്പിക്കുന്നതിന് സ്ത്രീകൾക്ക് ധർമ്മശാസ്ത്ര പരമായി *ലളിതം തന്നെയായ* കൂടുതൽ നിയന്ത്രണങ്ങളുണ്ട്. കണ്ഠാഭരണത്തോട് അഥവാ മാലയോടുചേർന്നും ഏറെക്കുറെ കൈമുട്ടുകളോളം നീണ്ടും, വയർ പ്രദർശിപ്പിക്കാത്തതുമായ രണ്ടാംവസ്ത്രവും (ബ്ലൗസ്), ശരീര വളർച്ചയ്ക്കൊത്ത് സാരി പോലെയുള്ള മേൽ വസ്ത്രവും, പൊക്കിൾക്കൊടിയും കാൽവണ്ണയും മറയ്ക്കുന്ന ഒന്നാം വ്സത്രവും സ്ത്രീയ്ക്ക് സദാചാരശാസ്ത്രം നിർബ്ബന്ധമായി നിർദ്ദേശിക്കുന്നു.

മണ്ണുമായി കൂടുതൽ ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്ന പുരുഷന്മാർക്ക് ഷർട്ട് നിർബ്ബന്ധമല്ല, എന്നാൽ കാൽമുട്ടും പൊക്കിൾകൊടിയും മറയുന്ന ഒന്നാംവസ്ത്രം ഏതുതൊഴിൽ ചെയ്യുമ്പോഴും പുരുഷന് നിർബ്ബന്ധമാണ്.

വസ്ത്രത്തെ കുറച്ചും ശരീരത്തെ പ്രദർശനവസ്തുവാക്കിയും ജീവിക്കുന്നവരും ആധ്യത്വം അഭിനയിക്കുന്നവരുമായ പെൺകുട്ടികളും സ്ത്രീകളും വർദ്ധിച്ചിരിക്കുന്നു, അവരുടെ ഇടയിൽ നിന്ന് രസിക്കുന്ന പുരുഷന്മാരും നേതാക്കന്മാരും വർദ്ധിച്ചിരിക്കുന്നു. വ്യക്തിയുടെ ഏതു പ്രവൃത്തിയും ധർമ്മശാസ്ത്ര പരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. വ്യക്തി വസ്ത്രമില്ലാതെയോ ഉപേക്ഷിച്ചോ, പരസ്യമായിട്ട് ഭാഗികമായോ മുഴുവനായോ നഗ്നമായിരിക്കുമ്പോൾ, വ്യക്തിയുടെ മനോഭാവത്തിലാണ് തീർച്ചയായും ദൈവീകനീതി നടപ്പാവുന്നത്; അതേസമയം

വസ്ത്രമുറ പരസ്യമായി തെറ്റിച്ച് നാട്ടിൽ ജീവിക്കാൻ അവകാശമില്ല. വസ്ത്രമുറ പരസ്യമായി തെറ്റിച്ചും, വസ്ത്രം പൂർണ്ണമായി ഉപേക്ഷിച്ചും, (വസ്ത്രമില്ലാതെയും) മറ്റുള്ള ജീവികളെപ്പോലെ ജീവിക്കാൻ കാടുള്ളപ്പോൾ, നാട്ടിൽത്തന്നെ വസ്ത്രമുറ തെറ്റിച്ചു ജീവിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റുതന്നെയാണ്. ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായം പഠിക്കുമ്പോൾ മറ്റുള്ളവരുടെ നഗ്നതയോട് ഓരോരുത്തരും പുലർത്തുന്ന മനോഭാവങ്ങളും പ്രവൃത്തികളു മെല്ലാം ഉൾപ്പെടെ മനുഷ്യരുടെ ചിന്തകളെപ്പോലും ദൈവം ഭൗതിക ശാസ്ത്രപരമായിട്ടു തന്നെ അറിയുന്നുണ്ട് എന്നും അവരുടെമേൽ മഹാനീതി നടപ്പാവുന്നുമുണ്ട് എന്നുകൂടി തിരിച്ചറിയണം.

ഓരോ വ്യക്തിയും സദാചാരങ്ങൾ അഥവാ സദാചാര ശാസ്ത്രം പിൻപറ്റേണ്ടതുണ്ട്. സ്ത്രീ പീഢനങ്ങളും സ്ത്രീധനങ്ങളും മദ്യവും അഴിമതികളും ഒക്കെ ഒക്കെ അവസാനിക്കുവാനും ഓരോ വ്യക്തികളുടെയും ജീവിതം സംശുദ്ധമാവാനും, അങ്ങനെ സമൂഹം മൊത്തത്തിൽ സംശുദ്ധമാവാനും ധർമ്മശാസ്ത്രങ്ങൾ പ്രകാരം തന്നെ ജീവിക്കേണ്ടതുണ്ട്. സമൂഹത്തിലെ അധമ വൃത്തികളെല്ലാം ഒന്നിനൊന്നോട് ബന്ധപ്പെട്ടിരിക്കുന്നവയാണ്. എല്ലാ ശാസ്ത്രങ്ങളും എല്ലാ വസ്തുക്കളും പരസ്പര ബന്ധങ്ങളോടെയാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആകയാൽ സൂത്രപ്പണി കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതല്ല.

സ്വകാര്യവും ദൈവീകവുമായ സെക്സിനെ ഏറ്റവും അധമമായി വഴിപിഴപ്പിക്കുവാൻ രാഷ്ട്രീയ വ്യവസ്ഥിതികൾ കൂട്ടുനിൽക്കുന്നതിനാൽ കുടുംബജീവിതവും സമൂഹജീവിതവും കെട്ടുറപ്പില്ലാതെ ഇന്ന് ആടിയുലയുകയാണ്.

ഓരോ സ്ത്രീയും സ്വയം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ സ്വയം ശ്രദ്ധിക്കണം. സ്ത്രീകൾ വസ്ത്രമുറ തെറ്റിക്കുന്നതും,

രാത്രിയിൽ തനിച്ചു യാത്ര ചെയ്യുന്നതും തനിച്ചു താമസിക്കുന്നതും, കാമചിന്തകളെ പലപ്പോഴും പലർക്കും വർദ്ധിപ്പിക്കും ..... ഒഴിവാക്കാവുന്ന കാര്യങ്ങളെ ഒഴിവാക്കണം. പകരം ധാർമ്മിക അധഃപതനങ്ങൾ നിറഞ്ഞ സമൂഹത്തിൽ, ധർമ്മശാസ്ത്രപരമായി പുരുഷന്മാരെ ഉയർത്താൻ സ്ത്രീകൾ പരിശ്രമിക്കുന്നത് മനോരോഗികളെ ചികിത്സിക്കാൻ മനോരോഗികൾ തയ്യാറാവുന്നതു പോലെയാണ്. ഓരോ പുരുഷനും അവരവരുടെ കാര്യങ്ങളും ശ്രദ്ധിക്കട്ടെ എന്നതാണ് ഒരു ശരീരത്തെ ലഭിച്ച ജീവാത്മാവ് നിർബന്ധമായും അറിയേണ്ടത്. ഇന്നലെകളിലെ ആൺകുട്ടികളാണ് ഇന്നത്തെ പുരുഷന്മാരെന്നതും ഒരു/മറ്റൊരു കുടുംബത്തിലെ അംഗമാണ് ഓരോ പുരുഷനും എന്നത് ഉൾക്കൊള്ളണം.

കുട്ടികളെ ഉചിതമായി വളർത്താനുള്ള ഉത്തരവാദിത്വം (ദൈവം) പ്രഥമമായി ചുമതലപ്പെടുത്തിയിട്ടുള്ളത് മാതാവായ സ്ത്രീയെ ആണെന്നതും, പ്രസ്തുത ദൈവീകമായ കടമയിൽ നിന്നും അകന്നു മാറാനും സ്ത്രീജന്മത്തിൽ പറഞ്ഞിട്ടില്ലാത്തതായ ജോലികൾ ചെയ്യാനും, വളരെയധികം അമ്മമാർ തയ്യാറായതാണ് ആൺകുട്ടികൾ വളർന്ന് പുരുഷന്മാരായി മാറുമ്പോൾ അനവധി സ്വഭാവദൂഷ്യങ്ങളും തദ്വാരാ ധാർമ്മിക അധഃപതനങ്ങളും ഉണ്ടാവാൻ കാരണമായതെന്ന് തിരിച്ചറിഞ്ഞ് തിരുത്തുന്നത് ദൈവീകമാണ്. വീട്ടിൽ/ കുടുംബത്തിനുള്ളിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കാര്യങ്ങളെ കൂടുതൽ ശ്രദ്ധിക്കേണ്ടത് മാതാവും, നാട്ടിൽ/ സമൂഹത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് പിതാവുമാണന്ന് ധർമ്മശാസ്ത്ര പരമായി മനസ്സിലാക്കണം. ടെലിവിഷൻ ചാനലുകളിലെ ചർച്ചകളിൽ ബുദ്ധിക്കസർത്തുകൾ കാട്ടിയതു കൊണ്ട് പരിഹാരം ഉണ്ടാകുന്നതല്ല. *ദൈവം ഭൂമിയിൽ സൃഷ്ടിച്ച മനുഷ്യരെല്ലാം വ്യത്യസ്തങ്ങളും ചെറുതും വലുതുമായ മനോരോഗങ്ങൾ പിടിച്ച് മത-ജാതി-രാഷ്ട്രീയ ജീവികളായി അധഃപതിച്ചതാണ്

മൂലകാരണം എന്ന് തിരിച്ചറിഞ്ഞ് ഓരോരുത്തരും ധർമ്മ ശാസ്ത്രപരമായി ചികിത്സിച്ചാൽ മാത്രമേ പൂർണമായും സുഖപ്പെടുകയുള്ളൂ.* ...സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നതിന് ഉപരി ധർമ്മ ശാസ്ത്രപരമായി ജീവിച്ചാൽ ജീവിതം അത്യാനന്ദകമാകും. തീർച്ച.

8. മതമനോരോഗികളുടെ പ്രഭാഷണ ത്തട്ടിപ്പ് :-

എല്ലാ മതങ്ങളും ഒരു ദൈവത്തിലേക്കുള്ള പല വഴികൾ മാത്രമാണെന്ന് മതസൗഹാർദ്ദ സമ്മേളനങ്ങളിലും മറ്റും പ്രസംഗിക്കുന്നവർ മറ്റുള്ള മതങ്ങൾ പ്രകാരം പ്രാർത്ഥിക്കുവാൻ സ്വയം തയ്യാറാവുകയും അനുയായികളെ പ്രേരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യില്ല. അതേസമയം മറ്റുള്ള മതങ്ങളിലെ വാചകങ്ങളെ പ്രസംഗങ്ങളിൽ കലർത്തി ക്കൊണ്ട് തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കാനും മതജാതി-മനോരോഗികളുടെ കൈയ്യടി വാങ്ങാനും, പ്രഭാഷണ-മിടുക്കിന് സംഘാടകരിൽ നിന്ന് കൂടുതൽ പണം പിടുങ്ങാനും ശ്രദ്ധിക്കുന്നതാണ്. ചില മനോരോഗികൾ തങ്ങൾക്കു പോലും അറിയാത്ത മറ്റു ഭാഷകളിലെ വാചകങ്ങളെയും മന്ത്രങ്ങളെയും പ്രാർത്ഥനകളെയും മനപ്പാഠമാക്കുകയും പ്രസംഗങ്ങളിലും പ്രാർത്ഥനകളിലും കൂട്ടിച്ചേർക്കുകയും ചെയ്യും. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ക്രിസ്ത്യൻ പുരോഹിതർ സുറിയാനി ഭാഷയും, മുസ്ലിം പുരോഹിതർ അറബി ഭാഷയും, ഹിന്ദു പുരോഹിതർ സംസ്കൃത ഭാഷയും തട്ടിവിടുന്നത് ഉദാഹരണങ്ങളാണ്. ഭാഷകൾ കൂടുതൽ പഠിച്ച് മറ്റു മതങ്ങളിലെ വാചകങ്ങളെ മറ്റു മതഭാഷയിൽ താരതമ്യങ്ങളും സൂത്രവിമർശനങ്ങളും ചെയ്യുന്ന പുരോഹിത- പണ്ഡിത വിരുതന്മാരും ഇന്ന് ഏറെയുണ്ട്. ഇന്ത്യയിലെ മുസ്ലീം മത-മനോരോഗികളിൽ ഭൂരിപക്ഷവും അറബി ഭാഷയിലെ പ്രാർത്ഥനകളെ അർത്ഥം അറിയാതെ തട്ടിവിടുന്നവരാണ്. അതു പറയുമ്പോൾ അദ്വൈത മതത്തെ

ശക്തമാക്കുകയും ഹിന്ദുമതത്തിൽ ലയിപ്പിക്കുവാൻ ഒരു കാരണക്കാരനുമായ ആദിശങ്കരന്റെ ഇന്നത്തെ പുനർജന്മത്തെ പ്പറ്റി അല്പം കുറിക്കാം. ബ്രഹ്മം എന്ന മഹാ സത്യത്തെ സംബന്ധിച്ച വെളിപാടുകൾ ലഭിക്കവേ, അമിതാവേശം കാട്ടിയ ആദിശങ്കരൻ *'ജഗത് മിഥ്യാ വാദം'* പ്രചരിപ്പിച്ച് കടുത്ത പാപം ചെയ്തു. മിഥ്യയായ യാതൊന്നും മഹാശക്തിയും മഹാജ്ഞാനിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം സൃഷ്ടിച്ചിട്ടില്ല. മഹാശാസ്ത്ര പ്രകാരം സർവ്വതും സൃഷ്ടിച്ചിരിക്കെ, ജഗത്തിനെ - മഹാപ്രപഞ്ചത്തെ മിഥ്യ എന്നു വിശേഷിപ്പിച്ചതും വൈവാഹിക ജീവിതത്തെ ഉപേക്ഷിച്ചതും, കടുത്ത അപരാധമായി. മഹാപിതാവും മഹാമാതാവുമായ മഹാദേവിയുടെ സംഹാര അംശമായ *സംഹാര ദേവി*യുടെ കരങ്ങളാൽ വധിക്കപ്പെട്ട അദ്ദേഹം തന്നെയാണ് വിവേകാനന്ദനായി വന്നത്. ബഹുഭൂരിപക്ഷം ജനങ്ങളെ പ്പോലെ ദൈവം എന്താണെന്ന് അറിയാതെ പ്രാർത്ഥനകളും പൂജകളും തട്ടിപ്പുകളുമായി അദ്ദേഹം ജീവിച്ചിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് ക്ഷേത്രത്തിലെ മൈക്കിലൂടെ ആണെന്നു തോന്നുന്നു, അദ്ദേഹം സംസ്കൃത ശ്ലോകങ്ങൾ ചൊല്ലുന്നത് ഈയുള്ളവൻ കേൾക്കാൻ ഇടയായി. "ചൊല്ലിയ സംസ്കൃത ശ്ലോകങ്ങളുടെ അർത്ഥം താങ്കൾക്ക് അറിയാമോ" എന്നു ചോദിച്ചു. "വലിയ അർത്ഥങ്ങൾ ഉള്ള ശ്ലോകങ്ങൾ ആണ്" അദ്ദേഹം മറുപടി നൽകി. വിട്ടില്ല : "താങ്കൾക്ക് ആ വലിയ അർത്ഥങ്ങൾ അറിയാമോ ?" "ഉംംംം. അറിഞ്ഞു കൂടാ. സംസ്കൃതം പഠിക്കാൻ പറ്റിയിട്ടില്ല ..... ഉടനെ പഠിക്കുന്നുണ്ട്." 2017-ലും അദ്ദേഹത്തെ കണ്ടിരുന്നു. വൈകാതെ അദ്ദേഹത്തിന്റെ മേലുള്ള 'പഴയ ദൈവശിക്ഷ' അവസാനിക്കും; എന്നാൽ പുതിയവ ഉണ്ടെന്ന് മഹാഅനുഗ്രഹത്താൽ അറിയുന്നു.

ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ എല്ലാ മതാചാര്യന്മാരും പല മതങ്ങളിലും പല രാജ്യങ്ങളിലും പെട്ട് പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്, ശിക്ഷകൾ അനുഭവിക്കുന്നുണ്ട്, സംഹാരം ആരംഭിച്ച് മോക്ഷം ലഭിക്കും വരെയും ഏവരും ഭൂമിയിൽ പുനർജ്ജനിച്ചു കൊണ്ടിരിക്കും.

*മതങ്ങളിലെ മന്ത്രങ്ങളും പ്രാർത്ഥനകളും അവയെ ഉണ്ടാക്കിയ വ്യക്തിയുടെ അതാത് അവസ്ഥകളിലെ മനോഭാവത്തെ ആശ്രയിച്ചാണ് ശരിയാവുന്നത്. സ്വകാര്യമാണത്. അയാളുടെ മനോനില കൈവരിക്കുന്ന മറ്റൊരാൾക്ക് അത് ശരിയാണ്. ഇന്ന് ശരിവെച്ചതിനെ നാളെയും ശരിവയ്ക്കണമെന്നില്ല. ഭൗതികമായ അസ്തിത്വമുള്ളത് മണ്ണിനും മണ്ണിന്റെ അംശങ്ങളായ ശരീരത്തിനും മാത്രമാകയാൽ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാതെ മറ്റുള്ളവർ ഉണ്ടാക്കിയ (മതങ്ങളിലെ) മന്ത്രങ്ങളും പ്രാർത്ഥനകളും ഏറ്റുപാടുന്നതും പിൻപറ്റുന്നതും *കടുത്ത മനോരോഗമാണ്.* പ്രാർത്ഥനകൾക്ക് പൊതു സ്വഭാവവും നിശ്ചിത സമയങ്ങളും കല്പിക്കുന്നവരും പാലിക്കുന്നവരും മനോരോഗികളാണ്. ദൈവകാര്യങ്ങൾക്ക് ദൈവത്തിനു സമയം കല്പിക്കാൻ ശ്രമിക്കുന്ന കടുത്ത മനോരോഗികൾ !. *മേല്പടി മനോരോഗികൾ ഒരേ സമയത്ത് നിശ്ചിത സമയം കൊണ്ടു മാത്രം വിസർജ്ജനങ്ങൾ ചെയ്യുവാനും ഛർദ്ദിക്കാനും ഭക്ഷിക്കാനും വിശ്രമിക്കാനും, രോഗങ്ങൾ വരാനും സുഖപ്പെടാനും ഒക്കെ ഒക്കെ പരിശീലിച്ചാൽ മനോരോഗം കുറയുന്നതാണ്!*

മതപ്പരിഷകളെ ശുദ്ധീകരിക്കാതെ, ധാർമ്മിക അധഃപതനങ്ങൾ അവസാനിക്കില്ല. എന്തെന്നാൽ കൊടും പാപികളായ അവർ, അസത്യങ്ങളെയും അന്ധവിശ്വാസങ്ങളെയും ജനങ്ങളുടെ / ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിൽ വ്യാപകമായി കുത്തിനിറച്ചിരിക്കുകയാണ്. മണ്ണിന്റെ നിയമങ്ങളെയോ, *സ്വന്തമെന്നു കരുതുന്ന ശരീരത്തെയോ സ്വയം വിശകലനം ചെയ്യുന്നവരായി ഓരോ മനുഷ്യനെയും ഉയർത്തുകയാണ് ആദ്യ ആവശ്യം.* ദൈവ-വിപ്ലവത്തോടെ മാത്രമേ മഹാഉചിതമായി മഹാശുദ്ധി ആരംഭിക്കുവാൻ കഴിയൂ.

(3.5). മനോരോഗ ചികിത്സയുടെ അഞ്ചാം ഭാഗം :-

അസത്യ ദേശീയത

യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല; ഏതെങ്കിലും ദേശത്ത് ജനിക്കാനോ ജനിപ്പിക്കാനോ യാതൊരു ജീവികൾക്കും കഴിയുന്നതല്ല. (യഥാർത്ഥത്തിൽ എല്ലാ ജീവികളും ജനിക്കുന്നത് ആകാശം എന്ന മഹാലിംഗത്തിന്റെ അകത്താണ്; യാതൊരു ദേശങ്ങളിലും അല്ല. ദൈവ വിപ്ലവ വിശകലനം -8ലും 9ലും വിശദീകരിച്ചിട്ടുണ്ട്.).

മഹാനീതിശാസ്ത്ര പ്രകാരം എല്ലാ മനുഷ്യരെയും 100 തവണ പുനർജ്ജനിപ്പിക്കുമ്പോൾ ദേശങ്ങളും മതങ്ങളും ജാതികളും വർഗ്ഗങ്ങളും ലിംഗങ്ങളും സൗന്ദര്യവും ആരോഗ്യവും നിറവും തൊഴിലുകളും വിനോദങ്ങളും ബുദ്ധിശക്തിയും ഒക്കെ വ്യത്യാസപ്പെടുന്നുണ്ട്. പ്രസ്തുത പരമ സത്യത്തെ ഉൾക്കൊണ്ട് ഭൂമി എന്ന മഹാദേശത്തിലെ മനുഷ്യർ എന്ന തിരിച്ചറിവോടെ ജീവിക്കാൻ കഴിയണം. മണ്ണും പ്രദേശവും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ *ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ* പ്രാദേശികത്വം അവകാശപ്പെടില്ലെന്നും *ഭൂമിയുടെ കുഞ്ഞ്* എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും അറിയണം.

മണ്ണായ ഭൂമിയുടെ അംശങ്ങൾ മാത്രമാണ് രാജ്യവും പ്രദേശങ്ങളും 'ജീവികളുടെ ശരീരങ്ങളും.' *ശരീരത്തെ പ്രാദേശികമാക്കാനോ മതപരമാക്കാനോ ജീവികൾക്ക് കഴിയുന്നതല്ല.* ദേശീയ ഗാനങ്ങളും സംസ്ഥാന ഗാനങ്ങളും ഒക്കെ 'അധമ കാര്യങ്ങളായതു കൊണ്ടാണ്' അവയുടെ പേരിൽ ഒരു കൂട്ടം മനോരോഗികൾ മറ്റൊരു കൂട്ടം മനോരോഗികളുമായി കടിപിടി കൂടുന്നത്.

ഭൂമിയിലെ ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കു ന്നതു കൊണ്ടാണ് ജീവികളുടെയെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ സൗഖ്യം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ, തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവുമായ ദൈവാംശം മഹാനിശ്ചയിക്കുന്ന കാര്യങ്ങളാണ്. അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ ഒരു പഴം കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ മനുഷ്യന്റെ ശരീരത്തിന് ജീവാത്മാവ് അവകാശപ്പെടുന്ന പ്രാദേശിക-മൂഢത്വം നഷ്ടപ്പെടുന്നതാണ്. രാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ കാര്യമാണ് .....

ഒരു പ്രദേശത്ത് ജനിച്ചവർ, മറ്റുള്ള രാജ്യങ്ങളിലെ വ്യത്യസ്തങ്ങളായ പ്രദേശങ്ങളിൽ ജീവിക്കുമ്പോൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് ഭൂമിയിലെങ്ങും ഉള്ളത് എന്നതുകൊണ്ടാണ് ജീവാത്മാക്കൾക്ക് ജീവിക്കാൻ കഴിയുന്നത്. അവരറിയാതെയും പ്രവർത്തിക്കാതെയും മണ്ണും ഭൂമിയുമായ ശരീരത്തിലെ കോശങ്ങളെ നിരന്തരം -ആവശ്യാനുസൃതമായിട്ട്- സ്വയം മാറ്റുന്ന പ്രക്രിയ പുതിയ പ്രദേശങ്ങളിലും മണ്ണും ഭൂമിയുമായ ശരീരങ്ങൾ മഹാനിർവ്വഹിക്കുന്നു.

ജീവികൾ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' മഹാശാസ്ത്ര പ്രകാരവും, മഹാനീതിശാസ്ത്ര പ്രകാരവും, സ്വയം വഹിച്ചു കൊണ്ടിരുന്ന ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കുക യാണു ചെയ്യുന്നത്. മരിക്കുമ്പോൾ, ദൈവത്തിന്റെ വാതക രൂപവും ജീവനുമായ ഓക്സിജൻ, അദൃശ്യ വാതകങ്ങളായ ജീവാത്മാവിനെയും പുണ്യപാപങ്ങ ളെയും മഹാനീതിശാസ്ത്ര പ്രകാരം നയിക്കുന്നതാണ്. മരിക്കുമ്പോഴും വധിക്കപ്പെടുമ്പോഴും, മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട് പരിണമിച്ചാലും ഇല്ലെങ്കിലും, ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവാംശവുമായ ശരീരം വീണ്ടും മണ്ണിലേക്ക് മടങ്ങുന്നു. സർവ്വം മണ്ണടി.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് *ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തി-സ്വാതന്ത്ര്യത്തെയും ലഭിക്കുന്നുണ്ട്.* പ്രസ്തുത സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ ദൈവത്തിന്റെ കാര്യങ്ങളിൽ ഇടപെടാൻ സൃഷ്ടികൾക്കു കഴിയുന്നതല്ല.

പ്രാദേശികത്വത്തെ നിർവ്വചിക്കാനോ പ്രാദേശികത്വം അവകാശ പ്പെടാനോ കഴിയുന്നവർ ഭൂമിയിൽ ഇല്ല. 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശത്തെ' നിർവ്വചിക്കാൻ ദൈവത്തിനു മാത്രമാണ് കഴിയുക. ദൈവത്തിനു മാത്രം മഹത്വം.

*ഏകമഹാശക്തിയായ ദൈവത്തെയോ, ദൈവത്തിന്റെ

മഹാരൂപമായ ഭൂമിയെയോ അല്ലാതെ മറ്റെന്തിനെ സ്തുതിച്ചാലും പാപമാണ് പാപമാണ് പാപമാണ്; ദൈവശിക്ഷകളുമുണ്ട്.* പ്രപഞ്ചത്തിന്റെ *സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുന്നത് യേശുവാണ്, അല്ലാഹു വാണ്, ബ്രഹ്മമാണ്, ദേവിയാണ്, ശിവനാണ്, ഗണപതിയാണ്, അയ്യപ്പനാണ്, കിണ്ണനാണ്, മാങ്ങാത്തൊലിയാണ്,* എന്നിങ്ങനെ *വ്യത്യസ്ത മതദൈവങ്ങളെ/ദേവതകളെ ഒരേ സ്റ്റേജിൽ വച്ചുതന്നെ പാട്ടുകളിലൂടെ സ്തുതിക്കുന്ന യാതൊരു ഉളുപ്പുമില്ലാത്ത ഗായകരും പ്രചാരകരും ആസ്വാദകരുമാണ് ഏറെക്കുറെ എല്ലായിടങ്ങളിലും ഉള്ളത്. കുഞ്ഞുങ്ങൾ ദൈവശിക്ഷകളെ പിടിച്ചു വാങ്ങുന്നത് മഹാമാതാവായ മഹാദേവിക്ക് സന്തോഷം നൽകുന്നില്ല; മഹാനീതിപതി കൂടിയായ മഹാദേവിക്ക് മഹാനീതിശാസ്ത്ര പ്രകാരം പാപികളെ ശിക്ഷിക്കാതിരിക്കാനും കഴിയില്ല.*

പ്രാർത്ഥന, സ്തുതി ഗീതം, ജപം, തുടങ്ങിയവ ദൈവത്തിന് ആവശ്യമില്ല എന്ന് മുമ്പ് വ്യക്തമാക്കിയതാണ്. കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കണം. ദൈവത്തിന് അത്രയേ വേണ്ടൂ. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാഉചിതമായി അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി നിറവേറ്റുന്നതാണ്. ഉദാഹരണത്തിന് യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും ജീവിത ആവശ്യങ്ങളെ മത-അന്ധവിശ്വാസികളേക്കാൾ ഉപരിയായി ദൈവം മഹാവാത്സല്യത്തോടെ മഹാകരുതുന്നുണ്ട്.

മാനുഷിക ദൈവ സംബോധനാ മന്ത്രങ്ങൾ. മനുഷ്യർക്ക് അന്യോന്യം വിളിക്കാനും, ദൈവത്തെ വിളിക്കാനും സംബോധന ചെയ്യാനും, നാമങ്ങൾ ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ സന്തോഷവും വ്യക്തിസ്വാതന്ത്ര്യവും കണക്കിലെടുത്ത് ഹ്രസ്വപ്രാർത്ഥന, ഹ്രസ്വസ്തുതി ഗീതം, ഹ്രസ്വജപം എന്നിവ അനുവദിക്കാൻ ദൈവം ബാദ്ധ്യസ്ഥമാണ്. ഭാഗം 2-ൽ വിശദീകരിച്ച ഏതാനും ലളിതമായ ശാസ്ത്ര-വാചകങ്ങളെ പിതാവായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നു. 1. ഓം നമഃ ശിവായ, 2. ഓം ശിവായ നമഃ, 3. ദേവീ ശരണം, 4. അമ്മേ ശിവ! (അക്ഷര ബ്രഹ്മമായ ഓം അക്ഷരമോ പദമോ അല്ലെന്ന് ഭാഗം 2-ൽ വിശദമാക്കിയിരുന്നു.). ലളിതവും ശാസ്ത്ര പരവുമായ 4 'രണ്ടു പദ-വാചകങ്ങൾ' യഥാർത്ഥത്തിൽ സംബോധനകൾ മാത്രമാണ്; മന്ത്രങ്ങളല്ല. ഏതാനും സെക്കന്റുകളോ മിനുട്ടുകളോ മാത്രമായി സ്തുതി ഗീതങ്ങളെ ചുരുക്കികൊള്ളണം. ദൈവത്തിന്റെയും മനുഷ്യരുടെയും ജീവികളുടെയും ശരീരവർണ്ണനകൾ പാടില്ല. സ്വകാര്യത, മഹാനീതി എന്നിവയിലേക്കുള്ള അധമ കടന്നുകയറ്റമാണ്. കടുത്ത ശിക്ഷകളുണ്ട്. സ്തുതിയും പ്രീതിയും മഹാനീതിക്ക് തടസ്സമാണ്. ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷ തീർച്ചയാണ്.

മഹാപിതാവും മഹാമാതാവും *മഹാവാത്സല്യവുമായ* ദൈവം, *സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു.

*(4). ഭൂമി നമഃ *

ഭൂമിയിലെ എക്കാലത്തെയും **മഹാവിപ്ലവകാരി** ഭൂമി തന്നെയാണ്. ഒരിക്കലും മാറ്റമുണ്ടാകാത്ത മഹാസത്യമാണത്. സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ മനുഷ്യർക്കെല്ലാം ബുദ്ധി ശക്തി, ഓർമ്മ ശക്തി, സമയം, അവസരങ്ങൾ തുടങ്ങിയവയെ വേണ്ടുവോളം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

മണ്ണായ ഭൂമി, ദൈവത്തിന്റെ മഹാരൂപമാണ്. മണ്ണും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ഏകദൈവം, മഹാദേവനായ മഹാദേവി, മഹാദാസനും പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവൻ എന്നിങ്ങനെ രണ്ടായി വിഭജിച്ച്, മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തുന്നത് എങ്ങനെയെന്നും, ഒന്നായ മഹാദേവി മാത്രം ദൈവമായി മഹാഅവതരിക്കുന്നത് എങ്ങനെയെന്നും എന്തിനാണെന്നും **www.omsathyam.com** വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്; ഇമഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം / മായ പ്രത്യക്ഷമല്ല. അക്കാലത്ത് ധർമ്മ ശാസ്ത്രത്തെ മഹാസംരക്ഷിക്കുവാൻ ഏകമഹാവിപ്ലവകാരിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാദേവനുമായ മഹാദേവി, ഭാഗമായ പരമശിവനെ

മനുഷ്യനായി മഹാഅനുഗ്രഹിച്ച് അയക്കുന്നുണ്ട്. കാളിദാസൻ, ബുദ്ധൻ, ഗാന്ധിജി തുടങ്ങിയവർ പരമശിവന്റെ അവതാരങ്ങളായിരുന്നു എന്ന് ഈയുള്ളവനെ 20 വർഷങ്ങൾക്കെങ്കിലും മുമ്പ് മഹാവെളിപാടായി അറിയിച്ചിരുന്നു. 10 വർഷങ്ങൾക്കെങ്കിലും മുമ്പ് ക്രൈസ്റ്റിന്റെ പേര് കൂട്ടിച്ചേർത്തു. ക്രൈസ്റ്റിനെ അയച്ചതും അദ്ദേഹം അതിവേദനകളെ സഹിക്കേണ്ടി വന്നതും, ആദ്യ മഹാകാലചക്രവുമായി ബന്ധപ്പെട്ടതും ചരിത്രത്തിൽ ഒട്ടും ഇല്ലാത്തതുമായ കാരണങ്ങൾ കൊണ്ടാണെന്ന് വിശദീകരിച്ചത് മഹാശക്തിയായ മഹാദേവി ഈയുള്ളവന്റെ ഹൃദയത്തിൽ മഹാപ്രവേശിച്ച് സുവ്യക്തമായി കേൾപ്പിച്ച മഹാ-ഭാഷണത്തിലാണ്. ഇന്ത്യയിലും മറ്റുമുള്ള അനേകർ ദൈവമായി തെറ്റിദ്ധരിച്ചിരിക്കുന്നത് പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച ഒരു ദേവതയെ ആണെന്നതും 'വഴി തെറ്റിയ ആ കുഞ്ഞാടിനെ' തിരുത്താനും രക്ഷിക്കാനും, ജനങ്ങളെ കുഞ്ഞാടിൽ നിന്നും ഉണ്ടാകുമായിരുന്ന വലിയ പരിക്കുകളിൽ നിന്നും മഹാസംരക്ഷിക്കുവാനും ആണ് ക്രൈസ്റ്റിനെ അയച്ചത് എന്നത് തികച്ചും പുതിയ അറിവായിരുന്നു. വിഷയീഭവിച്ച കുഞ്ഞാടിനെ തിരുത്തിക്കഴിഞ്ഞു. ദൈവ വിപ്ലവത്തോടെ ജനങ്ങളെയും.

ഈയുള്ളവന്റെ മുജ്ജന്മങ്ങൾക്ക് തൽക്കാലം യാതൊരു പ്രസക്തിയും ഇല്ല. വായിക്കുന്നവരുടെ മനോരോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശവുമില്ല. അതേസമയം മറ്റൊരു ഗൗരവമുള്ള വിഷയം ഉണ്ട്. മുമ്പ് വ്യക്തമാക്കിയതു പോലെ *ദൈവത്തിന് മനുഷ്യരുടെ സ്തുതികളും ആരാധനകളും കൊണ്ട് യാതൊന്നും നേടാനില്ല. ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ സർവ്വതും തന്നിരിക്കെ ആനന്ദിച്ചു ജീവിക്കുക; മറ്റുള്ളവരും ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കാൻ അവകാശമുള്ളവരാണ്; അവരെ ശല്ല്യം ചെയ്യരുത്*. ആരാധനയിലെ രണ്ടാം കക്ഷിയും ആരാധനയെ സ്വീകരിക്കേണ്ടതുമായ ദൈവം, മഹാഅനുവദിക്കാതെ ആരാധനകളും മറ്റു കോപ്രായങ്ങളും പാടില്ല. സ്തുതികളെപ്പറ്റി പറയുമ്പോൾ, ഏകമഹാശക്തിയായ ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ അല്ലാതെ മറ്റെന്തിനെ സ്തുതിച്ചാലും പാപമാണ് പാപമാണ് പാപമാണ്; ദൈവശിക്ഷകളുമുണ്ട്.

ഉപസംഹാരം :-

ആയിരം കോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെപ്പറ്റി വളരെ അറിയാനും മനസ്സിലാക്കാനും അനുഭവിക്കാനും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ* ഏതാനും നൂറ്റാണ്ടുകളിലുള്ള ശാസ്ത്രവളർച്ച കൊണ്ട് മനുഷ്യന് ഇന്നു സാദ്ധ്യമായിട്ടുണ്ട്. അങ്ങനെയിരിക്കെ, മണ്ണിൽ മാത്രം ജനിക്കുകയും മണ്ണിൽ ജീവിക്കുകയും മണ്ണിൽ അടിയുകയും ചെയ്യുന്ന മനുഷ്യർ മണ്ണിലെ ശാസ്ത്രംകൊണ്ടു സാദ്ധ്യമായ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചുകൊണ്ട് മണ്ണായ ദൈവത്തെ നിന്ദിക്കരുത്. ചിന്തിക്കുക. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ഏതാനും നൂറ്റാണ്ടുകളായുള്ള കാലഘട്ടത്തിലെ നല്ലവരും കെട്ടവരും, ദീർഘദർശനം ഇല്ലാത്തവരും മൂഢരും അല്പായുസ്സുകളും ഒക്കെയായ ചില ആത്മീയാന്വേഷകർ; ആയിരംകോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും തട്ടിക്കൂട്ടിയ അബദ്ധ-വിഴുപ്പുകളെ ചുമന്നും അവയിലെ വ്യത്യാസങ്ങളുടെ പേരിൽ പരസ്പരം കലഹിച്ചും കൊന്നും കഴിയുന്ന വിഡ്ഢിക്കൂട്ടങ്ങളായിട്ട് തുടരാനാണോ ദൈവം ബുദ്ധിശക്തികളെയും വിവേചന ശക്തികളെയും മനുഷ്യർക്ക് വർദ്ധിച്ചുനൽകിയത് .... ചിന്തിക്കുക. (*സൃഷ്ടിചക്രം, കാലചക്രം, മഹാകാലചക്രം, മഹാസൃഷ്ടിചക്രം തുടങ്ങിയ കാലഗണനകളെ ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.). മുകളിൽ പറഞ്ഞവയും, കാലങ്ങളായിട്ടു ചുമന്നു പോരുന്നതുമായ 'പഴയകാല അശാസ്ത്രീയ കഥകളും യുക്തിഭദ്രമാണോ' എന്ന് സ്വയം വിശകലനം ചെയ്യണം. പകരം, നേരിട്ട് കാണുകയോ കേൾക്കുകയോ അനുഭവിക്കുകയോ ചെയ്യാത്ത ദൈവകാര്യങ്ങളിൽ ആവേശപ്പെട്ടു പാപം വർദ്ധിപ്പിക്കരുത് എന്ന് സ്നേഹ വാത്സല്യങ്ങളോടെ ഈയുള്ളവൻ ഉപദേശിക്കുന്നു.

മനുഷ്യന് അഥവാ ജീവാത്മാവിന് ശക്തികളെ (കൂടുതൽ) ലഭിക്കുമ്പോൾ ധർമ്മ ശാസ്ത്രപരമായി വിനിയോഗിക്കാൻ, ശക്തികളെ നൽകിയ/ നൽകുന്ന ദൈവത്തോട് അഥവാ 'പ്രത്യക്ഷ ദൈവാംശമായ ശരീരത്തോട് ' കടപ്പാട് ഉണ്ട്. പകരം ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും ചെയ്യാതെ ജീവിച്ചാൽ കടുത്ത ദൈവനിന്ദയാകും; അപകടവും.

മദ്യം, പാൻ, മയക്കുമരുന്നുകൾ, തുടങ്ങിയവയെ ലഹരിക്കായും

ഉത്തേജക മരുന്നുകളായും മറ്റും ഉപയോഗിക്കുന്നവർക്ക് ഉണ്ടാകുന്ന മനോരോഗത്തിന് ചികിത്സിക്കാൻ തീർച്ചയായും വൈദ്യന്മാർക്ക് / ഡോക്ടർമാർക്ക് സാധിക്കും; എന്നാൽ അവ ഉപയോഗിക്കാൻ കാരണമായത് മത-ജാതി-രാഷ്ട്രീയങ്ങളിലെയും വിനോദങ്ങളിലെയും മറ്റും വ്യത്യാസങ്ങളും മത്സരങ്ങളും കൊണ്ടാണെങ്കിലോ ? മത-ജാതി-രാഷ്ട്രീയങ്ങൾ കൊണ്ടും മറ്റും ഉണ്ടാകുന്ന മനോരോഗങ്ങൾക്ക് ഉചിതമായി ചികിത്സിക്കാൻ ഡോക്ടർമാർ ഞരമ്പുകളെ മന്ദീഭവിപ്പിക്കുന്നതും ഉറക്കം വർദ്ധിപ്പിക്കുന്നതുമായ മരുന്നുകളെ നൽകിയാൽ, ഭൂമിയിലെ വലിയൊരു വിഭാഗത്തെ മന്ദീഭവിപ്പിക്കേണ്ടി വരും; ഒരു പക്ഷേ, അനേകം ഡോക്ടർമാരെയും!

മനുഷ്യർ തട്ടിക്കൂട്ടുന്ന മത-ജാതി-രാഷ്ട്രീയ/ഭരണകൂട നിയമങ്ങളെല്ലാം ഭൗതികമായ അസ്തിത്വം ഇല്ലാത്തവയും, മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് വഴിയൊരുക്കുന്നവയും ആണ്.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, *പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്. എല്ലാ വിഷയങ്ങളെയും വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക എന്ന് സുവ്യക്തമായി തിരിച്ചറിയുന്നതാണ്.* അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് *അധമരായ ഭരണാധികാരികളുടെ അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത്* എന്നതും പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്. നികുതി കാര്യാലയങ്ങൾ, കോടതി, നിയമസഭ, തെരഞ്ഞെടുപ്പ് കാര്യാലയങ്ങൾ, ബാങ്ക്, ഇൻഷ്വറൻസ്, വാഹന ലൈസൻസ്, പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, രാഷ്ട്രീയ

പാർട്ടികളും ആഫീസുകളും, ദേവാലയ-കാര്യാലയങ്ങൾ, തുടങ്ങിയ അനവധി പൈശാചിക സ്ഥാപനങ്ങൾ ദൈവ വിപ്ലവത്തോടെ അവസാനിക്കുന്നതാണ്.

ആത്മപരിശോധനയും സ്വയം തിരുത്തലും നിർബ്ബന്ധമായും തുടർച്ചയായും ചെയ്യുന്ന കാലം ഉടൻ വരുന്നു.

മാതാപിതാക്കൾ, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായ മനോരോഗികൾ തുടങ്ങിയവർ ഉൾപ്പെട്ട സമൂഹത്തിൽ ജീവിക്കുകയാൽ, നല്ലതായാലും മോശമായാലും, *ഏതൊരു വിശേഷണങ്ങളും സാക്ഷ്യപത്രങ്ങളും ഭാഗികമായി മാത്രമേ വ്യക്തിക്ക് അവകാശപ്പെട്ടത് ആവുന്നുള്ളൂ.* അഥവാ ജീവിക്ക് സമ്പൂർണ്ണമായും സ്വന്തമല്ല എന്നു തെളിയുന്നു. *ഏറ്റവും അധമൻ* എന്ന് ഭൂമിയിലെ ജനങ്ങൾ കണക്കാക്കുന്ന മനുഷ്യനും ഏറ്റക്കുറച്ചിലുകളോടെ ബാധകമാണ്. വഴിതെറ്റിയ കുഞ്ഞാടും ദൈവത്തിന്റെ കുഞ്ഞാണ്; ദൈവം ഉപേക്ഷിക്കുന്നതല്ല. മഹാവാത്സല്ല്യത്തോടെ മഹാശിക്ഷിച്ചു തിരുത്തുന്നതും എല്ലാ ജീവികൾക്കും മനുഷ്യർക്കും സമഅനന്ദമെന്ന 'മോക്ഷംത്തെ' / മഹാഅനുഗ്രഹിച്ചു നൽകുന്നതുമാണ്.

സമൂഹത്തിൽ മനോരോഗങ്ങൾ കുറയുമ്പോൾ ശരീര-രോഗങ്ങളും കുറയുന്നതാണ്. സമൂഹത്തിൽ മനോരോഗങ്ങൾ കൂടിയതു കൊണ്ടാണ് ശരീര-രോഗങ്ങളും കൂടിയിട്ടുള്ളത്.

മണ്ണിലെ നിയമങ്ങളെ അറിയാനും പാലിക്കാനും ശ്രദ്ധിക്കാതെ മനുഷ്യൻ/ജീവാത്മാവ് ജീവിക്കുമ്പോൾ, പ്രത്യക്ഷ ദൈവമായിട്ട് സ്വന്തം ശരീരം, മഹാനീതിശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ സൃഷ്ടിക്കുകയും ശരീരത്തിലൂടെ ആനന്ദങ്ങളെ അനുഭവിക്കാൻ ജീവാത്മാവ് ക്ലേശിക്കുന്നതുമാണ്. ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിനെയും രോഗിയാക്കുന്നതാണ്. ഭൂമിയിലെങ്ങുമുള്ള മനുഷ്യ-ജീവികളിൽ അത് സംഭവിച്ചിരിക്കുന്നു; മത-ജാതി-രാഷ്ട്രീയ ജീവികൾ വീണ്ടും മനുഷ്യരാകണം. മറ്റു മരുന്ന് ഇല്ല.

വിമർശനമോ കുറ്റപ്പെടുത്തലോ ആയി കാണാതെ, *കുട്ടികളെ കൂടുതൽ കൂടുതൽ ശ്രേഷ്ഠരാക്കാൻ ആഗ്രഹിക്കുന്ന ദൈവീക മനോഭാവത്തെ* തിരിച്ചറിയാൻ ശ്രമിക്കുക.

ദൈവ-വിപ്ലവത്തോടെ, *ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ*, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതുകൊണ്ട് മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും *ചുമന്നുനടന്നവർ തന്നെ അവയെ (എല്ലാ മതങ്ങളെയും രാഷ്ട്രീയങ്ങളെയും) ചുട്ടെരിക്കുന്നതുമാണ്*. എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

മണ്ണിന്റെ നിയമങ്ങളെ പാലിക്കേണ്ടത് *മോക്ഷം* ലഭിക്കാൻ, (ഓരോ മനുഷ്യന്റെയും) ആവശ്യമാകുന്നതാണ്.

മണ്ണും ഭൂമിയുമായ ദൈവം *മഹാചിരിച്ച്* ഭൂമിയിലെ ജീവികളുടെയെല്ലാം ജീവിതത്തെ മഹാമംഗളമാക്കുന്ന ദൈവ-വിപ്ലവം ഉടനുണ്ട്. പരമാനന്ദത്തോടെ ജീവിക്കാനുള്ള മഹാഭാഗ്യത്തെ ഭൂമിയിലെ എല്ലാ മനുഷ്യർക്കും ലഭിക്കുന്നതാണ്. തുടർന്ന് ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ സംഹാരം ആരംഭിക്കുമ്പോൾ മനുഷ്യരെല്ലാം ക്രമാനുഗതം "ആത്മീയ സാക്ഷാത്ക്കാരം" എന്ന *മോക്ഷം* നേടുന്നതാണ്. മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും *മോക്ഷം* അഥവാ *മുക്തി*

നേടുന്നതിനു മുമ്പ്; ദൈവത്തോടും, ഉറ്റവരോടും, ചുറ്റുമുള്ളവരോടും, മറ്റുള്ള ജീവികളോടും ഒക്കെ ചെയ്ത പിഴവുകൾക്കും ദ്രോഹങ്ങൾക്കുമുള്ള പരിഹാരമുണ്ടാക്കണം : ദൈവശിക്ഷകളായിട്ട് അനുഭവിച്ചും, നന്മകളെ വർദ്ധിപ്പിച്ചും വേണം *മുക്തി* നേടേണ്ടത്.

മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !

എന്ന്, മണ്ണും ഭൂമിയുമായ *മഹാദേവിയുടെ* ഏകദാസനായ *പരമശിവൻ* C/o *www.omsathyam.com* /2017 ജൂൺ 24 ശനിയാഴ്ച.

*മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാപദവിയാണ് പരമശിവൻ. പദവിയും അർത്ഥവും പേരുകളിൽ ഉണ്ട്. ഓരോ മനുഷ്യക്കുഞ്ഞിനും മഹാഉചിതമായ പേര് ഇടുന്നത് യഥാർത്ഥത്തിൽ ദൈവമാണ്. ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ദൈവത്തിനു വേണ്ടിയോ, ഏക ദൈവദാസനായ ഈയുള്ളവനു വേണ്ടിയോ, സന്ദേശം പോലെ തയ്യാറാക്കിയിട്ടുള്ള 'ദൈവശാസ്ത്ര കാര്യങ്ങളെ' ഷെയർ ചെയ്യരുത്. *ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു സൃഷ്ടികളുടെയും യാതൊരു സഹായവും ആവശ്യമില്ല.* സന്ദേശത്തെ ഷെയർ ചെയ്യാൻ *ഏതൊരാൾക്കും

വ്യക്തിസ്വാതന്ത്ര്യമുണ്ട്.* വ്യക്തികൾക്ക് ധർമ്മശാസ്ത്രപരമായ ആനന്ദം ലഭിക്കുന്നുവെങ്കിൽ, ഷെയർ ചെയ്യാവുന്നതാണ്. *സ്വന്ത ചുമതലയായി ഷെയർ ചെയ്താൽ പുണ്യം ലഭിക്കുന്നതാണ്.* പുണ്യത്തെ ആഗ്രഹിച്ചു ഷെയർ ചെയ്താൽ, പുണ്യം ലഭിക്കുന്നതുമല്ല.

ഏകമഹാശക്തിയും ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും മണ്ണും ശരീരവും ഭൂമിയുമായ *ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം* = ദൈവത്തിനു മാത്രം മഹത്വം.



സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

മഹാപിതാവും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിപതിയും മഹാദേവനുമായ *മഹാദേവി*, ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തിന്റെ മുന്നോടിയായി മഹാഎഴുന്നെള്ളിയിട്ടുണ്ട്. മഹാധർമ്മ സംസ്ഥാപനം മഹാഭദ്രമാക്കുന്നതാണ്. ദൈവ ഭാഗം കൂടിയായ പരമശിവ-അവതാരത്തെ മുമ്പേ അയച്ച് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം എന്നീ യഥാർത്ഥമായ 4 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു. പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികൾക്ക് പ്രവർത്തനാരംഭം നൽകി പരമശിവ അവതാരത്തെ ഉടൻ മഹാസമ്പൂർണ്ണമാക്കുന്നതാണ്. വിശദീകരണങ്ങൾക്ക് : *www.omsathyam.com*.

2017 ജൂൺ-13ാം തീയതി തയ്യാറാക്കിയ അതീവ ഹ്രസ്വമായ ഈജന്മ-ചരിത്രവും, സാമ്പത്തിക വിൽപ്പത്രവും. *Brief Profile cum Financial Will, created on 13.06.2017* for future references.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാദേവനുമായ *മഹാദേവി* ഈയുള്ളവന് *പരമശിവൻ* എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ആകയാൽ ദൈവത്തിന്റെ ഏകദാസനായ ഈയുള്ളവന്റെ മഹാനാമം *പരമശിവൻ* എന്നാണ്.

ഈ ജന്മത്തിൽ ആദ്യം ലഭിച്ച മാനുഷികമായ ഒരു നാമം 'മുഹമ്മദ് ബാദ്ഷ'. വിശദീകരണങ്ങൾക്ക് : www.omsathyam.com

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവി, ഈ വരികൾ കുറിക്കുന്ന 2017 ജൂൺ-13ാം തീയതി രാവിലെ വരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ :

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി (= ബ്രഹ്മം = അല്ലാഹു = മഹാദേവൻ = മഹാദേവി = ദൈവം), പരമശിവൻ എന്ന മഹാനാമം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകി.* ക്രൈസ്റ്റ്, റസൂൽ, പ്രപഞ്ച പിതാവ്, ദൈവത്തിന്റെ ഏക പ്രതിനിധി, വ്യവസ്ഥാപിതമായ അർദ്ധ-മഹാദേവി, ബ്രഹ്മദേവൻ, സംഹാര ദേവൻ, പശുപതി (കാള), നീലകണ്ഠൻ, മഹാദാസൻ, 50 വർഷത്തിലൊരിക്കൽ ഒരു രാത്രിനേരം മഹാദേവൻ, തുടങ്ങിയ മഹാനാമങ്ങളെയും മഹാപദവികളെയും മഹാശക്തികളെയും ഏകദാസന് മഹാശക്തിയായ ദൈവം, ഓരോ കാലഘട്ടത്തിലെയും ആവശ്യങ്ങളെ അനുസരിച്ച് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്, ഈയുള്ളവന് പണ്ടേ മഹാഅനുഗ്രഹിച്ചു നൽകിക്കഴിഞ്ഞ കാര്യങ്ങളാണവ. മഹാദേവിയുടെ *മഹാ-ഹൃദയവും* മഹാപ്രപഞ്ചത്തിന്റെ *ശക്തിനിയന്ത്രണ സത്ത*യുമായ *ഓംകാരം*, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു. *മഹാജഗദംബയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും വലതുപാദം പകുതിയും, മഹാശരീരത്തിന്റെ ഇടതുഭാഗത്തിന്റെ പകുതി, മഹാ വലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രം, ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും, മഹാശാസ്ത്രം/വേദങ്ങൾ വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, ഏതൊരു ഉപകരണത്തെയും ആയുധത്തെയും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, നാവിൽ അക്ഷരബ്രഹ്മമായ 'ഓം', മഹാശക്തിയുടെ മഹാനീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം, മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും മഹാസംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി ശിരസ്സിനു മുകളിൽ,* തുടങ്ങിയ മഹാദാനങ്ങളായ മഹാശക്തികളെ പരമശിവന് മഹാ-അനുഗ്രഹിച്ചു നൽകിക്കഴിഞ്ഞു.

മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും, ചിലവ പ്രതീകാത്മകമായും, ചിലവ അജ്ഞാതമായുമാണ് മഹാഅനുഗ്രഹിച്ചു നൽകിയത്.

നാവിലുള്ള അക്ഷരബ്രഹ്മമായ 'ഓം', ഇടതുനെറ്റിയിലുള്ള ചന്ദ്രക്കലയും നക്ഷത്രവും, നെറ്റിമദ്ധ്യത്തിൽ താഴെയുള്ള മഹാസൂര്യനേത്രകല, എന്നിവ മഹാശാസ്ത്ര പരിശോധനയ്ക്ക് വിധേയമാക്കാമെന്ന് മുമ്പ് അറിയിച്ചിരുന്നതാണ്.

മഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല ; *മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്* എന്നു കഷ്ടിച്ചുപറയാം; മഹാശക്തിയുടെ മഹാശാസ്ത്രങ്ങൾക്കും മഹാഇഷ്ടങ്ങൾക്കും അനുസരിച്ചുമാത്രം മറ്റ് മഹാശക്തികൾ പ്രവർത്തിച്ചു തുടങ്ങുന്നതാണ് ; അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാകുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഈജന്മ-ചരിത്രം

അനവധി തവണ മഹാദേവിയുടെ പ്രത്യക്ഷമായ മഹാദർശനവും, ദൈവീകമായ വളരെയധികം അനുഭവങ്ങളും അറിവുകളും ലഭിച്ച മഹാഭാഗ്യവാനാണ്, ഭൂമിയിൽ ഏറ്റവും കൂടുതൽ ആനന്ദിക്കുന്നത് ഈയുള്ളവൻ തന്നെയാണ്. ഒരു പക്ഷെ, ക്രൈസ്റ്റിനേക്കാൾ കൂടുതൽ മാനസിക-ശാരീരിക വേദനകളെ ഇതിനോടകം അനുഭവിച്ച് വേദനകളുടെ കാര്യത്തിലും മഹാഭാഗ്യവാൻ ഈയുള്ളവൻ തന്നെയാവും .... അളവുകളുടെ കൃത്യത മഹാദേവിക്കേ അറിയൂ.

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ചെറുപ്പത്തിൽ തന്നെ സത്യധർമ്മനീതികളെ മുറുകെപ്പിടിച്ചു കൊണ്ട് ജീവിതം!

ചെറുപ്പകാലം :

സാമ്പത്തിക ദാരിദ്ര്യത്തോടെ ജനിക്കാനും വളരാനുമുള്ള ഭാഗ്യം വളരെയധികം ലഭിച്ചു. മാനുഷിക വിദ്യാഭ്യാസം **PDC** + അനേകം ഗ്രന്ഥങ്ങൾ, **etc.** ഏറെക്കുറെ **13** പതിമൂന്ന് വയസ്സ് മുതൽ ദൈവാന്വേഷണം മുഖ്യ ജീവിത വിഷയമായി. **SSLC** ഫസ്റ്റ് ക്ലാസ് + മലയാളം മീഡിയത്തിൽ പഠിച്ച ഈയുള്ളവന് **SSLC** ഇംഗ്ലീഷ്

മീഡിയത്തിൽ വരെയുള്ള കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും ട്യൂഷൻ എടുത്തുള്ള അറിവ് + *ദൈവീകമായി ലഭിച്ച സാമർത്ഥ്യം* കൊണ്ട് 1980-ൽ സ്റ്റേറ്റ് ബാങ്കിൽ ക്ലറിക്കൽ ജോലി ലഭിച്ചു .... സമർത്ഥനായ ഉദ്യോഗസ്ഥൻ. ബാങ്കിലെ ജോലികൾക്കിടയിൽ ആഴ്ച്ചയിൽ പരമാവധി ഒരു മണിക്കൂർ നേരം സ്വയം പഠിച്ച് ബി.എ.എഴുതി. ആദ്യ വർഷം നല്ല മാർക്ക് ലഭിച്ചെങ്കിലും ഗൾഫ് യാത്ര പഠനം മുടക്കി. ദൈവാന്വേഷണം കാരണമായി 2 1/2 രണ്ടര വർഷം കഴിഞ്ഞ് ജോലി രാജിവെച്ച് 1982 ഡിസംബർ അവസാനം ജ്യേഷ്ഠന്റെ സഹായത്തോടെയും പ്രോത്സാഹനത്തോടെയും സൗദി അറേബ്യയിൽ പോയി. ജർമ്മൻ കമ്പനിയിൽ എക്സിക്യൂട്ടീവ് സെക്രട്ടറി കം ഡെപ്യൂട്ടി അഡ്മിനിസ്ട്രേഷൻ മാനേജർ. സമർത്ഥനായ ഉദ്യോഗസ്ഥൻ. ധ്യാന കാര്യങ്ങൾക്ക് വലിയ സൗകര്യം. അതിനിടെ 25 സെന്റ് സ്ഥലം വാങ്ങുകയും അതിൽ ഏറെക്കുറെ 1000 ചതുരശ്ര അടി വിസ്തീർണമുള്ള വീട് വെയ്ക്കുകയും ചെയ്തു. ദൈവാന്വേഷണം പൂർത്തിയായ പ്രതീതി ഉണ്ടായി, ഭാഗികമായി ശരിയും. 4 1/2 നാലര വർഷം കഴിഞ്ഞ്, കമ്പനിയുടെ ഒരു പ്രോജക്ട് പൂർത്തിയായപ്പോൾ മറ്റൊരു പ്രോജക്ടിലേക്ക് കമ്പനി ക്ഷണിച്ചു. മുഖ്യമായും ദൈവകാര്യങ്ങളാൽ, ഗ്രന്ഥരചന എന്ന മോഹവുമായി 1987 അവസാനം ഇന്ത്യയിലേക്ക് മടങ്ങി. 1989-ൽ 'ഗ്രന്ഥരചന' മുഴുമിക്കവേ ദുർദ്ദേവതകളിൽ നിന്നുള്ള പ്രത്യക്ഷമായ കടുത്ത ആക്രമണം കാരണമായി മനോരോഗവും, *'**മത്സ്യാവതാരം**'* ഉൾപ്പെടെ *ദൈവീകമായ മഹാഅനുഭവങ്ങളും* ഉണ്ടാകുന്നു. ഉറ്റവർ ഗ്രന്ഥത്തെ തീയിലിട്ടു. മനോരോഗ ചികിത്സ പുരോഗമിക്കവെ, 1990-ൽ ചെയ്യാത്ത കള്ളക്കടത്ത് കുറ്റത്തിന് ഒരു വർഷത്തെ കോഫേപോസാ പൂജപ്പുരയിൽ ജയിൽ വാസം (1990)! *ദൈവീകമായ മഹാഅനുഭവങ്ങളുടെ* അടിസ്ഥാനത്തിൽ പൂജപ്പുര ജയിലിൽ വെച്ച് വീണ്ടും ഗ്രന്ഥരചന. കോഫേപോസാ ജയിൽ വാസം ഒരു വർഷം പൂർത്തിയാകുന്നതിന് ഒരാഴ്ച്ച മുമ്പ് കോഫേപോസാ ദൽഹി ഹൈക്കോടതി റദ്ദാക്കി. (1991-ൽ ജയിലിൽ നിന്ന് പുറത്തുവന്നപ്പോൾ ഗ്രന്ഥം സ്വന്തമായി പ്രസിദ്ധീകരിച്ചു: *നമുക്കു മനുഷ്യരാകാം*, 340 പേജ് : 1991). 1991-ലെ വിജയദശമി എന്ന മഹാദശമി ദിവസം മഹാദേവി ഈയുള്ളവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ **ഓം** കുറിച്ചു. *മഹാദേവി ഈയുള്ളവന് പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകി. പദവിയും അർത്ഥവും പേരിൽ ഉണ്ട്. പിന്നീട്, *ദൈവീകമായ മഹാഅനുഭവങ്ങളുടെ* നീണ്ട നിരയും,

മനോരോഗ ചികിത്സയും. ശേഷം *മനുഷ്യനു ദൈവമാകാം - ഒന്നാം ഭാഗം, രണ്ടാം ഭാഗം*, എന്നീ ഗ്രന്ഥങ്ങളുടെ രചനയും പ്രസിദ്ധീകരണവും. സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറാൻ 1995 -ൽ മറ്റൊരു ജ്യേഷ്ഠന്റെ സഹായത്തോടെയും പ്രോത്സാഹനത്തോടെയും അബുദാബിയിലേക്ക് യാത്ര. ഏകാംഗ ട്രേഡിംഗ് Est. മാനേജർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ശിപായി എല്ലാം ഈയുള്ളവൻ തന്നെ. താമസവും സ്ഥാപനത്തിൽ തന്നെ. ദൈവീകമായ ധ്യാനവും ദിവ്യമഹാഅനുഭവങ്ങളും തുടരുന്നു. ഒരു വിധം നല്ല വ്യാപാരം നടത്തിപ്പോന്നു. ഏറെക്കുറെ 2 വർഷം പൂർത്തിയായപ്പോൾ പഴയ കസ്റ്റംസ് കേസിന്റെ വിചാരണ ആരംഭിക്കുന്നതിന് ഉടൻ നാട്ടിലെ എറണാകുളം സാമ്പത്തികക്കുറ്റ ക്കോടതിയിൽ ഹാജരാകാൻ ജപ്തി നടപടികളോടെ ഭീഷണി. അബുദാബിയിലെ ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക്. 1990-ലെ കേസ് 1997-ൽ വിചാരണ ആരംഭിച്ച് വിധി പറയുന്നത് 2001 ജനുവരി 15-ന്, കൃത്യം 11 വർഷം പൂർത്തിയായപ്പോൾ. വിചാരണക്കു മുമ്പ് കോടതിയിലേക്ക് ഈയുള്ളവൻ 'കുറ്റാരോപിതന്റെ മറുപടി-വിശദീകരണം' എന്ന പേരിൽ നൽകിയ കത്തു വായിച്ച് മജിസ്ട്രേട്ട്, "മലയാള ഭാഷയെ ഇത്ര ശക്തമായി ഉപയോഗിക്കാൻ കഴിയുമോ" എന്ന് അതിശയിച്ചതായി കോടതി സൂപ്രണ്ട് അറിയിക്കുകയുണ്ടായി; മഹാദേവിയുടെ വാക്കുകളെ എഴുതി അയച്ച ഈയുള്ളവൻ വെറും ഉപകരണം മാത്രമാണ് എന്നത് അവർ അറിയുന്നില്ലല്ലോ. കേസ് വെറുതേ വിട്ടു. അതിനിടെ *മനുഷ്യനു ദൈവമാകാം -മൂന്നാം ഭാഗം*, എന്ന ഗ്രന്ഥത്തിന്റെ രചനയും പ്രസിദ്ധീകരണവും പൂർത്തിയാക്കി.

2000 ജനുവരി ഒന്നിനോ മറ്റോ ആരംഭിച്ച 'സത്യം ഗ്രാഫിക്സ് ' എന്ന ഡിടിപി സ്ഥാപനം നന്നായി പ്രവർത്തിച്ചു. *സത്യം ശിവം സുന്ദരം* എന്ന പേരിൽ മാസിക ഏതാനും ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. അടൂർ ഡയറി, തിരുവല്ല ഡയറി, പത്തനംതിട്ട ജില്ല ഡയറക്ടറി, തുടങ്ങിയ പേരുകളിൽ ടെലിഫോൺ ഡയറക്ടറികളെ ദൈവശാസ്ത്ര സന്ദേശങ്ങളെ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു. 2005-ലോ മറ്റോ തകർച്ച ആരംഭിച്ചു. വർദ്ധിച്ച ദൈവകാര്യങ്ങളും കുടുംബ കാര്യങ്ങളും വിഷയമാണ്. *2006-ൽ തികച്ചും അവിചാരിതമായി **മഹാദേവിയുടെ പ്രത്യക്ഷ മഹാദർശനം ലഭിച്ചു.*** ദൈവശാസ്ത്ര കാര്യങ്ങൾ അതീവ തീവ്രമായി.

ജീവിതചരിത്രത്തെ കൂടുതൽ ചുരുക്കുമ്പോൾ, മാനുഷിക അവസ്ഥയിൽ *ജന്മം കൊണ്ട് ലഭിച്ച മതത്തെ 26 വർഷങ്ങൾക്കുമുമ്പ് (1991-ൽ) പരസ്യമായി ഉപേക്ഷിച്ചു കൊണ്ട്* ശക്തിക്കൊത്ത് മതരാഷ്ട്രീയങ്ങൾക്കും മറ്റും എതിരെയുള്ള ഏകാംഗ പ്രവർത്തനമാണ്. ദേവാലയത്തിൽ നിന്നും മറ്റും വധഭീഷണി ഉണ്ടായിരുന്നു.

അനവധി ഗ്രന്ഥങ്ങളുടെ രചനയും പ്രസിദ്ധീകരണവും! ദൈവാനുഗ്രഹത്തോടെ സ്വന്തമായ കമ്പ്യൂട്ടർ പഠനവും വെബ്സൈറ്റ് നിർമ്മാണവും! ഓംസത്യം ഡോട് കോം- വെബ്സൈറ്റിലും (www.omsathyam.com) വാട്സ്ആപ്പിലും ബ്ലോഗിലും ഒക്കെ മഹാശാസ്ത്രത്തെ പ്രസിദ്ധീകരിക്കുന്നു. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മലയാള ഭാഷയിലെ മഹാഗ്രന്ഥത്തിന് മാത്രം 600 എ-4 പേജ് വലിപ്പം!

ദൈവകാര്യങ്ങളായ യഥാർത്ഥ വേദങ്ങളെ എഴുതുമ്പോഴും പ്രസിദ്ധീകരിക്കുമ്പോഴും അടുത്ത കാലം വരെ ഏതാനും ദുർദ്ദേവതകളിൽ നിന്നുമുള്ള പ്രത്യക്ഷവും പരോക്ഷവുമായ കടുത്ത ആക്രമണങ്ങളും, മതജാതിരാഷ്ട്രീയ-ജീവികളായ മനുഷ്യരിൽ നിന്നുമുള്ള ചെറിയ പീഢനങ്ങളും! കുടുംബ ജീവിതം നയിച്ചു കൊണ്ട് ദൈവകാര്യങ്ങൾ ചെയ്യണമെന്ന ശാസ്ത്ര നിബന്ധനകളെ പാലിക്കുമ്പോൾ ഉണ്ടാകുന്ന ബഹുവിധ കുടുംബ പ്രശ്നങ്ങൾ!

കുടുംബം :

ഇപ്പോഴത്തെ മനുഷ്യ ജന്മത്തിലെ മാതാപിതാക്കളുടെ 6 മക്കളിൽ, അവരുടെ ഇഷ്ടപുത്രൻ. 21-ം വയസ്സിൽ (18/05/1979) അച്ഛൻ മരിച്ചു. 2012 മെയ് 13-ന് അമ്മയും. അച്ഛൻ പെട്ടെന്ന് മരിച്ചു. അവസാന കാലത്ത് അമ്മ ഏറെക്കുറെ 2 വർഷം കിടപ്പിലായിരുന്നു. *മഹാശാസ്ത്ര പ്രകാരം ഈയുള്ളവന്റെ മകൾ കൂടിയായ* അമ്മയുടെ ഇഷ്ടങ്ങളെ കഴിയുന്നത്ര സാധിച്ചു കൊടുത്തുകൊണ്ട് 50-ലധികം വർഷങ്ങൾ *അമ്മയെ* സ്നേഹിക്കുവാനും പരിചരിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. മതത്തെ ഉപേക്ഷിച്ചു കൊണ്ടുള്ള ഈയുള്ളവന്റെ ജീവിതവും സാമൂഹ്യ

പ്രശ്നങ്ങളും വല്ലപ്പോഴുമെങ്കിലും അമ്മയെ വേദനിപ്പിച്ചിരുന്നു. അമ്മയെ മാത്രമല്ല; *സ്നേഹനിധിയായ ഭാര്യയെയും രണ്ടു മക്കളെയും മറ്റ് ഉറ്റവരെയും.* രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രപരമായ കാര്യങ്ങളിലും, മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രപരമായ കാര്യങ്ങളിലും വിട്ടുവീഴ്ച ഉണ്ടാവാതെ കുടുംബ ജീവിതത്തെയും ബന്ധങ്ങളെയും ചേർത്തുനിർത്താൻ വളരെയധികം കഷ്ടപ്പാടുകളെ ഈയുള്ളവനും ഭാര്യയും മക്കളും മറ്റ് ഉറ്റവരും സഹിക്കേണ്ടി വന്നിട്ടുണ്ട്. 2010 ഡിസംബർ 23-ന് മകളും, 2013 ജനുവരി 23-ന് മകനും വിവാഹിതരായി. രണ്ടു പേരെയും ഉചിതമായ പങ്കാളികളുമായി ചേർത്തത് ദൈവം തന്നെ. 2017-ൽ മകളുടെ മകൾക്ക് 5 വയസ്സ് കഴിഞ്ഞു (24.11.2011); മകന്റെ മകൾക്ക് 3-ഉം (05.10.2013).

ഈയുള്ളവന്റെ ഉറ്റവരായി ഇപ്പോൾ മനുഷ്യാവസ്ഥയിൽ ഉള്ളവരും, നേരിട്ട് ഈ സന്ദേശത്തെ ലഭിക്കുന്നവരും, ഭൂമിയിലെങ്ങുമുള്ള അനേകരും ഉന്നതമായ മുജ്ജന്മങ്ങൾ ഉള്ളവരാണ്. **www.omsathyam.com** എന്ന വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, അബുദാബിയിൽ വച്ച് ഈയുള്ളവനുമായി ചങ്ങാത്തമുണ്ടായ ചെറുപ്പക്കാരനായ ഒരു അറബിയെ പറ്റി 1996-ൽ അവിചാരിതമായി വെളിപാട് ലഭിച്ചത് അദ്ദേഹം ജവഹറിന്റെ പുനർജന്മം ആണെന്നാണ്. അതിനുശേഷം ഒരു ദിവസം ഞങ്ങൾ വർത്തമാനം പറഞ്ഞിരിക്കെ ഇന്ത്യയിലെ പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റുവിന്റെ പല കാര്യങ്ങളും അദ്ദേഹം ഇങ്ങോട്ട് വാചാലമായി സംസാരിച്ചപ്പോൾ ഈയുള്ളവനെ (മഹാദേവി) മഹാവിളയാടലിലൂടെ മഹാപ്രബുദ്ധനാക്കുന്നതിന്റെ ഭാഗമാണെന്ന് മനസ്സിലായി.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ബഹുവിധ സ്വകാര്യ തൊഴിലുകളിൽ നിന്ന് ബഹുവിധ രോഗങ്ങളാലും മറ്റും 2016 നവംബർ മാസത്തിൽ സ്വയം രാജിയും, സാമ്പത്തിക വരുമാനമില്ലാത്ത ഇപ്പോഴത്തെ അവസ്ഥയും കണക്കാക്കി ഒരു വിൽപ്പത്രമായും ഈ

ദൈവശാസ്ത്ര ലേഖനം ശോഭിക്കട്ടെ. അതേസമയം ഈയുള്ളവന്റെ സാമ്പത്തിക വിഷമതകൾക്ക് സഹായിച്ചു കളയാമെന്ന് ദയവായി ചിന്തിക്കരുത്. സഹായിക്കാൻ മുട്ടിനില്ക്കുന്നവർ :

1) സ്വന്തമായി അദ്ധ്വാനിച്ചു നേടിയ സമ്പത്തു കൊണ്ട് അമ്മ, അച്ഛൻ, ഉറ്റവർ, തുടങ്ങിയവരെ ധർമ്മ ശാസ്ത്രപരമായി പരിചരിക്കാനും ശുശ്രൂഷിക്കാനും സഹായിക്കാനും ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക;

2) സ്വന്തമായി അദ്ധ്വാനിക്കാതെ ലഭ്യമായ സമ്പത്തിനെ സമൂഹത്തിലെ (ഒരുവിധം) നല്ലവരായ പാവങ്ങൾക്ക് വിതരണം ചെയ്യുക. ദൈവഭാഗം കൂടിയായ ഈയുള്ളവന്റെ കാര്യങ്ങളിൽ മഹാദേവി യുടെ മഹാവിളയാടലുകൾ ഉൾപ്പെട്ടിട്ടുണ്ട്. മാനുഷികമായ മക്കൾ, മരുമക്കൾ, സഹോദരങ്ങൾ തുടങ്ങിയവർക്ക് ഈയുള്ളവന്റെ വിഷയങ്ങളിലും വിഷമങ്ങളിലും ഇടപെടാൻ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *സഹായം അല്ലാത്ത സഹായം ചെയ്യാനുള്ള* അവസരങ്ങൾ പോലും മഹാവിളയാടലിന്റെ ഭാഗമാണ്.

സാമ്പത്തിക വിൽപ്പത്രം

അമ്മയെയും അച്ഛനെയും മഹാഉചിതമായി പരിചരിച്ചിട്ടുണ്ട്. അമ്മ പണം ആവശ്യപ്പെട്ടാൽ ഇരട്ടി നൽകാനും കണക്ക് ചോദിക്കാതിരിക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. ഈയുള്ളവന്റെ മുഴുവൻ സമ്പത്തും അമ്മയ്ക്ക് അവകാശപ്പെട്ടതാണെന്നും പ്രമാണം ചെയ്തു നൽകാമെന്നും സാമ്പത്തികകാര്യങ്ങളിൽ അമ്മ വിഷമിക്കരുതെന്നും ആത്മാർത്ഥമായി അനേകം തവണ അറിയിച്ചിട്ടുണ്ട്. അവസാന കാലത്ത് സാമ്പത്തിക തള്ളുകൊണ്ടുമാത്രം ആനന്ദിക്കാനാവില്ല എന്ന തിരിച്ചറിവോടെയാണ് അമ്മ മരിച്ചത്. മുതിർന്ന ശേഷം സാമ്പത്തിക ആവശ്യങ്ങൾക്കായി മറ്റുള്ളവരോട് നാളിതുവരെ

കൈകൾ നീട്ടേണ്ടി വന്നിട്ടില്ല. 25 സെന്റ് സ്ഥലത്തിൽ 9 സെന്റ് അടുത്തകാലത്ത് മോൾക്കും മരുമകനും വേണ്ടി വിറ്റു. ചോദിക്കാതെ തന്നെ അടൂർ സ്റ്റേറ്റ് ബാങ്കിലെ ബാദ്ഷ, SB Account 57067741519 ലേക്ക് മകൻ അല്പസ്വല്പം പണം അയക്കുന്നുണ്ട്. മകനോട് നാളിതു വരെ പറ്റിയിട്ടുള്ള ഏറെക്കുറെ 25 ലക്ഷം രൂപ കണക്കു പറഞ്ഞിട്ടുണ്ട്; 16 സെന്റ് സ്ഥലം + വീട് വില്ക്കുമ്പോൾ മേല്പടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, മകനോടുള്ള കടം മടക്കി നൽകേണ്ടതുമാണ്. മകളുടെ വിവാഹത്തിന് ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരും സഹായിച്ച ഇനത്തിൽ ഏറെക്കുറെ 5 ലക്ഷം രൂപ ഇനി കടം ബാക്കിയുണ്ട്. വലിയ കാർ അപകടത്തിൽ പെട്ട മകനെ ചികിത്സിക്കാൻ ബന്ധുക്കൾ ചിലവാക്കിയ ഏറെക്കുറെ 3 ലക്ഷം രൂപ, ഈയുള്ളവന്റെ അക്കൗണ്ടിൽ നിന്നും തിരികെ നൽകണം. ആൺകുട്ടികൾക്ക് അധിക ധനസഹായം ചെയ്യാൻ ധർമ്മ ശാസ്ത്രം അനുവദിക്കുന്നില്ല; മകനെ അറിയിച്ചിട്ടുണ്ട്. പണ്ട് ഇക്കാര്യത്തിൽ മുഷിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോൾ (2017) മകൻ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് അംഗീകരിച്ചിട്ടുണ്ട്. അച്ഛനായ ഈയുള്ളവന്റെ രോഗങ്ങളെ മാത്രം പരിഗണിച്ചല്ലാ എന്നും മകൻ സാംസ്കാരിക മായി പഴയതിലും വളരെ ഉയർന്നുവെന്നും കരുതുന്നു. മകൾക്ക് സാമ്പത്തിക തകർച്ച ഇനിയുമുണ്ടെങ്കിൽ 10 ലക്ഷം രൂപയെങ്കിലും ഇനിയും നൽകണം. സ്ഥലവും വീടും വിറ്റ് കിട്ടുന്നതിന്റെ ബാക്കി ഭാര്യയുടെ ശിഷ്ടകാല ഉപജീവനത്തിന് നൽകണം. 10-15 ലക്ഷം രൂപയെങ്കിലും ബാക്കി ഉണ്ടാകും എന്നും അത് മതിയാകും എന്നും കരുതുന്നു; ഭാര്യ ഈയുള്ളവനോട് പലതവണ ആവശ്യപ്പെട്ട തുകയും അതാണ്. ഈയുള്ളവന്റെ ഭാര്യാപദത്തിൽ എത്തിയ ദൈവത്തിന്റെ മകളോട് പിഴവുകൾ കാട്ടിയത് അപൂർവ്വമാണ്; തിരിച്ചും ... മഹാപ്രപഞ്ചത്തിലെ മഹാകണക്കുകളുടെ ഇടയിൽ ഏതാനും ലക്ഷം രൂപയുടെ കണക്ക് പൂച്ചാണ്ടിക്കാര്യങ്ങളാണ്... സർവ്വതിനും ഓംകാര

നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം അളവുകളുണ്ട്; മഹാനീതിപതിയായ മഹാദേവി മഹാവിധിക്കുന്നതുമാണ് എന്ന് ഭൂമിയിലെ എല്ലാ മനുഷ്യരെയും ബോദ്ധ്യപ്പെടുത്താനുള്ള മഹാവിളയാടലായി തിരിച്ചറിയുന്നവർ ഭാഗ്യവാന്മാർ!

(ഒരു പക്ഷേ, വിറ്റ 9 സെന്റ് സ്ഥലത്തെ മകൾ തിരികെ വാങ്ങിയേക്കാം. ഇപ്പോഴത്തെ വലിയ ഗേറ്റ്, പൊതു ഗേറ്റാവും. 9 സെന്റിനെ 10 ആയി മാറ്റിക്കൊണ്ട് പുതിയ വീടു വയ്ക്കാവുന്നതാണ്. മകനും മകളുമെല്ലാം ചേർന്ന് ഒരു കൂട്ടുകുടുംബത്തെ ഒരുക്കാനും കഴിയും. ഇപ്പോഴത്തെ കെട്ടിടത്തിന്റെ തെക്കു ഭാഗത്ത് രണ്ടു മുറികളും ഒരു ടൊയിലെറ്റും കൂട്ടിച്ചേർക്കാനും അടുക്കളയുമായി ബന്ധിപ്പിക്കാനും ഒക്കെ എളുപ്പമാണ്. ഇങ്ങനെ കുറിക്കാൻ കാരണം, മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവന് മനുഷ്യ-അവതാരത്തെ മഹാഅനുഗ്രഹിച്ചു നൽകിയതിന്റെ തുടർച്ചയായി, മഹാദർശനങ്ങളും മഹാവെളിപാടുകളും മഹാദിവ്യാ-നുഭവങ്ങളും ഉണ്ടായ മഹാഭവനത്തെ മഹാഉയർത്തുമെന്ന് മുമ്പു ലഭിച്ചിട്ടുള്ള സൂചനയാണ്. ഇന്ത്യയിലെ ഭരണ കാര്യങ്ങളുമായി ബന്ധപ്പെട്ട്, മകന്റെയും മകളുടെയും പുതിയ ദാസ-സേവനത്തിന്, 16+9 = 25 സെന്റിനു തെക്കുള്ള പുരയിടവുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു ദൈവീക പദ്ധതിയെപ്പറ്റി മുമ്പ് സൂചന ലഭിച്ചിരുന്നു. ആവക കാര്യങ്ങളെ ഇപ്പോൾ കൂടുതൽ വിവരിക്കുന്നത് ദൈവീകമല്ല. എന്തുകൊണ്ടെന്നാൽ സൃഷ്ടി പരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയുടെ പ്രഭാവം നിമിത്തം പദ്ധതികൾ മാറി മറിഞ്ഞുവെന്നു വരാം.).

ഉപസംഹാരം

ഈയുള്ളവന്റെ അവസാനം വളരെ അടുത്തിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. മരണം/വധം എന്നിവ സംഭവിച്ചാൽ എങ്ങനെ ചെയ്യണം എന്ന് മുമ്പ് സുവ്യക്തമാക്കിയതാണ്; വാട്സ്ആപ് വഴിയും **www.omsathyam.com** വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുവടെ വീണ്ടും ചേർക്കുന്നുണ്ട്.

ഗുരുതരമായ ഹൃദയത്തകരാർ ഉൾപ്പെടെയുള്ള 4-5 രോഗങ്ങളും, 9 പല്ലുകളും, ഒരു കണ്ണിനു മാത്രം പകുതി കാഴ്ച ശക്തിയും, ഇപ്പോഴത്തെ

മനുഷ്യജന്മത്തിൽ 59+ വയസ്സും (20.05.1958) (സർട്ടിഫിക്കറ്റ് പ്രകാരമുള്ള 20.03.1959 തെറ്റാണെന്ന് പിതാവ് അറിയിച്ചിട്ടുണ്ട്.), മഹാശാസ്ത്ര പ്രകാരം 1000 കോടി വർഷങ്ങളിലധികം പ്രായവുമുള്ള (പടുവൃദ്ധനായ!) 40%കഷണ്ടിക്കാരൻ, ഒരു സ്മാർട്ട് ഫോണിലൂടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവകാര്യങ്ങളെയും മഹാആനന്ദത്തോടെ കുത്തിക്കുറിക്കുകയും പ്രസിദ്ധീകരിക്കുകയും ഒക്കെ ചെയ്യുന്നത് സ്വയം വിശകലനം ചെയ്ത് ആസ്വദിക്കുവാൻ മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ഈയുള്ളവന് കഴിയുന്നുണ്ട്.

പകലും രാത്രിയും സ്മാർട്ട് ഫോണിൽ കുത്തിക്കുറിച്ചാണ് സന്ദേശങ്ങളെ തയ്യാറാക്കുന്നത്; *എവിടെയും നോക്കി എഴുതുകയല്ല; മഹാദേവി ഈയുള്ളവന്റെ ഹൃദയത്തിലും കരങ്ങളിലും ഒക്കെ മഹാപ്രവർത്തിക്കുകയാണ്.* അതിനിടെ വാട്സ്ആപ്പിലെ രണ്ടു ഗ്രൂപ്പിലെ മത-മനോരോഗികളും മറ്റുമായ കുഞ്ഞുങ്ങളുടെ വികൃതികൾക്ക് മരുന്ന് കൊടുത്ത് അവരെ കൂടുതൽ ശ്രേഷ്ഠരാക്കാനും, കുടുംബ കാര്യങ്ങളെ ശ്രദ്ധിക്കാനും മഹാഅനുഗ്രഹത്തോടെ സാധിക്കുന്നുണ്ട്. 2 വർഷങ്ങളായിട്ട് ഫോണിലൂടെ *ബഹുശതം പേജുകൾ കുത്തിക്കുറിച്ചതിന്റെ ആഴം വളരെ വളരെ വലുതാണ്!*

ദൈവ-വിപ്ലവം മഹാആരംഭിക്കുന്നതുവരെ മാത്രമാണ് ഈയുള്ളവന്റെ പ്രവർത്തനങ്ങളെ *വട്ട്, ഭ്രാന്ത് എന്നെല്ലാം വിളിക്കാനാവുക.*

'ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെ' ഭാഗമാകയാൽ പരമശിവന് മഹാഉന്നതമായ മഹാവിശിഷ്ട സ്വഭാവ ഗുണങ്ങളെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് മഹാസംശുദ്ധനായിട്ട് മഹാസംരക്ഷിക്കുകയാണെന്നും, സൃഷ്ടികളായ മനുഷ്യർ അസൂയപ്പെടുന്നതും, പരമശിവൻ അഹംഭാവം കൊള്ളുന്നതും ഭോഷത്തമാണെന്നും അറിയണം. മാത്രമല്ല, പരമശിവന് ദോഷങ്ങളുണ്ടെന്നു തോന്നുന്ന അത്യപൂർവ്വമായ വസ്തുതകൾക്ക് നാരായണനും കിഷാണുവും ഉൾപ്പെടെയുള്ള

ദുർദ്ദേവതകളും ന്യൂനശക്തികളും കാരണങ്ങളാ ണെന്നും, പുണ്യ പാപങ്ങൾ പരമശിവന് ബാധകമല്ലെന്നും അറിയണം. മഹാദേവി, തന്റെ ഭാഗമായ പരമശിവനി*ലൂടെ*യാണ് മനുഷ്യർക്കെല്ലാം മോക്ഷത്തെ യഥാകാലം മഹാഅനുഗ്രഹിച്ചു നൽകുന്നതെന്നും സ്നേഹ വാത്സല്യങ്ങളോടെ അറിയിക്കുന്നു. (ക്രൈസ്റ്റ് കൂടിയായ അവനി*ലൂടെ* മാത്രമേ മോചനമുള്ളൂ.). കുഞ്ഞുങ്ങൾ നൽകുന്ന കൊടും വേദനകളെയും *കുഞ്ഞുങ്ങൾക്കു വേണ്ടി* ആനന്ദത്തോടെ സഹിക്കുവാൻ മനുഷ്യാവതാരം എടുക്കുമ്പോൾ മഹാശിവയായ മഹാദേവിയും, മഹാദേവി അയക്കുന്ന പരമ ശിവനും ബാദ്ധ്യസ്ഥരാണ്; തയ്യാറാകുന്നതാണ്. ഏതൊരു വേദനകളെയും സ്വീകരിച്ചു കൊള്ളാമെന്ന് മഹാദേവിയോട് ഈയുള്ളവൻ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്; ഇമഹാഗ്രന്ഥത്തിലെ 'മഹാദേവി ഭൂമിയിൽ അവതരിച്ചു കഴിഞ്ഞു' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. *അടുത്ത കാലത്ത് തുടർച്ചയായി പ്രസിദ്ധീകരിച്ചു പോരുന്ന ദൈവ വിപ്ലവ വിശകലനങ്ങളെ പരിശോധിച്ചാൽ, മഹാചിരിയോടെയുള്ള ദൈവ വിപ്ലവം ഉടൻ ഭൂമിയിലെങ്ങും മഹാആരംഭിക്കുമെന്ന് ഉറപ്പാക്കാം. കൃത്യമായ സമയം മഹാദേവിക്കു മാത്രമേ അറിയൂ.*

മഹാദേവി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ദിവ്യ-മഹാശക്തികളെ വൈകാതെ മഹാഇഷ്ടം പോലെ പ്രവർത്തന ക്ഷമമാക്കുമ്പോൾ, *കുഞ്ഞുങ്ങൾക്കെല്ലാം (മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും) വളരെയധികം ആനന്ദം വർദ്ധിക്കും വിധമാണ് മഹാമാതാവായ മഹാദേവി മഹാപ്രപഞ്ച കാര്യങ്ങളെ മുഴുവൻ മഹാഭദ്രമാക്കുക.* ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

ഒരു സംഭവകഥ കുറിക്കാം :

2005-നു ശേഷം ആണെന്നു തോന്നുന്നു. കമ്പ്യൂട്ടറിൽ വെളിപാട് പ്രകാരം ഗ്രന്ഥരചന ഏറെക്കുറെ പൂർത്തിയാക്കിയ സമയത്ത് ഒരു അത്ഭുതം സംഭവിച്ചു. 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി *ദിവ്യ* മഹാദേവിക്കു മാത്രം മഹത്വം' എന്ന് ഈയുള്ളവൻ ഗ്രന്ഥത്തിൽ അനേകം ഇടങ്ങളിൽ കുറിച്ച വാചകങ്ങളെല്ലാം *ദിവ്യമായി* തിരുത്തപ്പെട്ടു. ഈയുള്ളവന്റെ സാന്നിദ്ധ്യത്തിൽ *ദിവ്യ* എന്നത് *ദിവ്യ ദിവ്യ ദിവ്യ ദിവ്യ* നാല് *ദിവ്യ*യായി ഭവിച്ചു. ഇംഗ്ലീഷ് ഭാഷയിൽ ***Divya*** എന്നെഴുതിയപ്പോഴാണോ സംഭവിച്ചത് എന്ന് തൽക്കാലം ഓർമ്മയില്ല. കമ്പ്യൂട്ടറിനു മുന്നിൽ ദിവ്യാത്ഭുതത്തോടെ ഇരിക്കുമ്പോൾ ദിവ്യമായ വെളിപാടു കൂടി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകി. ഒന്നാമത്തെ *ദിവ്യ* സൃഷ്ടി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, രണ്ടാമത്തെ *ദിവ്യ* സ്ഥിതി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, മൂന്നാമത്തെ *ദിവ്യ* സംഹാരം ഉൾപ്പെട്ട മഹാനീതി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, നാലാമത്തെ *ദിവ്യ* ഭൂമിയിൽ മഹാമാതാവ് മനുഷ്യരൂപത്തിൽ മഹാഅവതരിക്കു മ്പോഴെല്ലാം *ദിവ്യ* എന്ന മഹാനാമത്തെ മഹാസ്വീകരിക്കുന്നതാണ് എന്നും ആയിരുന്നു മഹാ*ദിവ്യ*വെളിപാട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാഎഴുന്നെള്ളിയിട്ടുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.







ശവശരീരത്തെ എന്തു ചെയ്യണം ?

യാതൊരു മതങ്ങളും പ്രകാരം ശേഷക്രിയ ചെയ്യരുത്. ഒക്ടോബർ 08, ശനിയാഴ്ച 2016

Extracted from : *http://omsathyam.blogspot.in/?m=1*
ദൈവ-വിപ്ലവം ഉടൻ

മഹാശക്തിയായ ദൈവം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അറിവ് പ്രകാരം, 1990-ൽ (26 വർഷങ്ങൾക്കു മുമ്പ്) പരസ്യമായിട്ട് ജനനം കൊണ്ട് ലഭിച്ച മതത്തെ ഉപേക്ഷിച്ചതാണ്. ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന അറിവിനും ശക്തിക്കുമൊത്ത് എല്ലാ മതങ്ങളെയും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും എല്ലാ അധർമ്മങ്ങളെയും എതിർത്തു പോരുന്ന *ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ; ശവശരീരത്തെ എന്തു ചെയ്യണമെന്ന് ഉറ്റവരായ ബന്ധുജനങ്ങൾ ഉൾപ്പെടെ അനേകർ ചോദിച്ചിട്ടുണ്ട്.*

വൃദ്ധനായ ഈയുള്ളവന്റെ *ഹൃദയത്തിന് കാര്യമായ തകരാറുണ്ടെന്ന്* ഹൃദ്രോഗ വിദഗ്ധനും, ഫിസിഷ്യനും ഒരാഴ്ച മുമ്പ് (30.09.2016ന്) അറിയിക്കുകയുണ്ടായി. ഹൃദയ കാര്യത്തിൽ മഹാശാസ്ത്ര പ്രകാരമുള്ള വിശകലനം സന്ദേശത്തിലെ അവസാന ഭാഗത്തുണ്ട്. തൽക്കാലം മറ്റു കാര്യങ്ങളെ കുറിക്കാം :

ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ; ശവശരീരത്തെ മറവു ചെയ്യുന്നതിന്റെ പേരിൽ, മതസ്ഥാപനങ്ങളെ ഒട്ടി ജീവിക്കുന്ന ഉറ്റവർക്ക്, മത സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ ജോലിഭാരം വർദ്ധിപ്പിക്കുമെന്നു വിശ്വസിച്ചിട്ട് *പരിഹാരം നിർദ്ദേശിച്ച ശേഷം മരിക്കണമെന്ന്* ആവശ്യപ്പെടുകയാണ് ഉറ്റവർ ചെയ്തത്.

ഉറ്റവരുടെ ജോലി ഭാരം കുറയ്ക്കാനും, *ഭൂമിയിലെങ്ങുമുള്ള ജനങ്ങൾക്ക്* പ്രായേണ പ്രയോജനപ്പെടുമെന്നു വിശ്വസിച്ചും *ധർമ്മശാസ്ത്രപരമായ നിർദ്ദേശങ്ങളെ 'വാട്സ്ആപ്, ഫെയ്സ് ബുക്ക്, ബ്ലോഗ്'* എന്നിവയിൽ പ്രസിദ്ധീകരിക്കുകയാണ്. ദൈവത്തിന്റെ ഇഷ്ടംപോലെ ശിഷ്ട കാര്യങ്ങൾ നടക്കട്ടെ!

ജനനം, മരണം എന്നിവ വ്യക്തി ചെയ്യുന്ന കാര്യങ്ങളല്ല.

വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാനങ്ങളായ രണ്ട് സംഭവങ്ങളാണവ. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ അഥവാ ദൈവീകമായ ഏക ചടങ്ങ് *വിവാഹം* മാത്രമാണ്.

ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമവും വ്യക്തമാണ്. മാത്രമല്ല, *മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി പുരോഹിതന്മാർക്കുള്ള താക്കീതും അതിലുണ്ട്.* ജനിച്ചിട്ടുള്ളത് ജീവിക്കാൻ ആണെന്നും, ജീവിക്കുകയാണ് ചെയ്യുന്നതെന്നും, സാത്വികമായിട്ട് ജീവിക്കുകയേ വേണ്ടൂ എന്നും *മരിക്കുന്നതും ശവമടക്കലും വ്യക്തിയുടെ വിഷയമല്ലായെന്നുമുള്ള പാഠം മണ്ണ് തരുന്നുണ്ട്.* മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ) ശരീരങ്ങളെ മണ്ണിന് മടക്കി നൽകുകയേ വേണ്ടൂ.

ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്. ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. *മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്,* അധമങ്ങളും അസംബന്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, *മതങ്ങൾക്കെല്ലാം അതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്*.

ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേ താണോ,

നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ *മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മരിപ്പിക്കുകയും ചെയ്ത ശരീരത്തെ മണ്ണിൽ ലയിപ്പിക്കുന്നു. ശവശരീരത്തെ മണ്ണിന് മടക്കി നൽകിയില്ലെങ്കിൽ, മണ്ണിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്, മണ്ണിന്റെ നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല.* മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ ശീതീകരിച്ച് സൂക്ഷിക്കുമ്പോലെ ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു പറയുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നത്.

ഏതൊരു ജീവിയുടെയും പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം, സ്വയം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണിലെ മൂലകങ്ങൾ കൊണ്ടാണ്. മണ്ണ് മണ്ണോടു ചേരുന്നു. മണ്ണ് അഥവാ മണ്ണായ ശരീരം, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് സ്വയം ശരീരത്തെ സൃഷ്ടിക്കുന്നു. പാലും പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും ഇലക്കറികളും മത്സ്യമാംസാദികളും മുട്ടയും ഉൾപ്പെടെ എല്ലാ ഭക്ഷണ സാധനങ്ങളും എല്ലാ ജീവികളും ഭക്ഷിക്കുമ്പോഴും ശരീരമെന്ന മണ്ണ് ശരീരമെന്ന മണ്ണോടു ചേരുക തന്നെയാണു സംഭവിക്കുന്നത്. മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ശരീരങ്ങളും. അതുകൊണ്ട് ഭൂമിയിൽ എവിടെയും (എല്ലാ മണ്ണിലും) ശരീരവും ശവശരീരവും ലയിച്ചു ചേരുന്നതാണ്.

ജീവിച്ചിരിക്കുന്നവർ മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതു പോലെ; മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും; ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും; കത്തിച്ചാലും; തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചാലും; വ്യത്യസ്ത മതജാതി-

ജീവികളുടെ ഭവനങ്ങളിലോ ദേവാലയങ്ങളിലോ - ഉള്ളിലോ പുറത്തോ -കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ് (ശരീരമെന്ന) മണ്ണോടു ചേരുന്നതാണ്.

അനേകം ദേവാലയങ്ങളിലും പ്രദേശങ്ങളിലും അന്യമതസ്ഥർക്കു പ്രവേശനം ഇല്ലെന്ന് മതമനോരോഗികൾ പൈശാചിക നിയമങ്ങളെ ഉണ്ടാക്കിയിട്ടുള്ളതിനെ മേല്പടി മണ്ണിന്റെ നിയമങ്ങൾ 'അഥവാ മണ്ണായ ദൈവം' പുച്ഛിക്കുന്നത് മത-ജാതി-രാഷ്ട്രീയ മനോരോഗികൾ മനസ്സിലാക്കുന്നത് നല്ലതാണ്; എന്നിരിക്കിലും വളരെയധികം വൈകിയിരിക്കുന്നു.
ദൈവത്തിന്റെ അംശം കൂടിയായ ശരീരത്തെ ധർമ്മ ശാസ്ത്ര വിരുദ്ധമായി മതമനോരോഗികൾ തടയുമ്പോൾ, ദൈവത്തിന് പ്രവേശനം നിഷേധിക്കുന്ന ഏറ്റവും കൊടിയ കുറ്റങ്ങളിൽ ഒന്നാണ് നീചർ ചെയ്യുന്നത് ... അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല.
അതേസമയം ദൈവാംശങ്ങളെയും തദ്വാരാ ദൈവത്തെയും നിന്ദിക്കുന്ന അത്തരം പൈശാചിക സ്ഥാനങ്ങളിൽ പൈശാചികത ഏറെയുള്ളവർ മാത്രമോ കൂടുതലായോ വിരാജിക്കുന്ന വിധം മഹാവിളയാടൽ മഹാഒരുക്കിയിട്ടുണ്ട്. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട മഹാ കാര്യങ്ങളെയും മത-ജാതി-രാഷ്ട്രീയ മനോരോഗികൾ അറിയുന്നില്ല. പൈശാചിക സ്ഥാനങ്ങളിൽ നിരന്തരം നടക്കുന്ന അപകടങ്ങളും കലഹങ്ങളും അരുംകൊലകളും സാക്ഷ്യപ്പെടുത്തുന്ന സത്യമാണത്. ഫലത്തിൽ, മനോരോഗികൾക്ക് മഹാഅനുവദിച്ചിട്ടുള്ള ശിക്ഷാലയങ്ങളാണ് പ്രശസ്ത ദേവാലയങ്ങൾ !

ശവശരീരത്തെ ഭൂമിയിൽ അഥവാ മണ്ണിൽ കുഴിച്ചിടുന്നത് നല്ലത്.
*പുരയിടങ്ങളിൽ കുഴിച്ചിട്ടാൽ ഉറ്റവർക്ക് 4 തേങ്ങ കൂടുതൽ തിന്നാൻ

കഴിഞ്ഞേക്കും!* ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും വ്യത്യസ്തമാകയാൽ ഏറ്റവും ഉചിതമായ രീതിയിൽ ശവമടക്കണം. ശവശരീരത്തിന്റെ ഉയരം, വണ്ണം എന്നിവയും, ശവമടക്കുന്ന ഭൂമിയുടെ പ്രകൃതത്തെ കണക്കാക്കിയും കുഴിയെടുക്കുക. ശവത്തെ കുഴിയിൽ ഇറക്കി വയ്ക്കുക. മണ്ണിട്ട് കുഴി മൂടുക. ശവമടക്കുമ്പോൾ ഒരു തവണയോ മൂന്നു തവണയോ ദൈവം ശരണം എന്നോ ദേവീ ശരണം എന്നോ, ഉറ്റവർക്കു വേണമെങ്കിൽ പറഞ്ഞുകൊള്ളുക, ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. ശവമടക്കൽ കഴിഞ്ഞു.

മത ദേവാലയങ്ങളുമായി ബന്ധപ്പെട്ട പറമ്പുകളിലും കല്ലറകളിലും മാത്രമേ ശവശരീരത്തെ മറവു ചെയ്യാവൂ എന്ന് ശഠിച്ചാൽ പാപമുണ്ടാകുന്നതാണ്. (ഭൂമിയെ സൃഷ്ടിച്ചിട്ടുള്ള) *ദൈവത്തിനു മാത്രം അവകാശവും അധികാരവുമുള്ള ഭൂമിയിൽ*, കല്ലറകളും സ്മാരകങ്ങളും ഉണ്ടാക്കാനും, ഭൂമിയും ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ദുരുപയോഗം ചെയ്യാനും, യാതൊരു മനുഷ്യർക്കും യാതൊരു അവകാശങ്ങളും അധികാരങ്ങളും ഇല്ലെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മണ്ണിന്റെ പുതുസന്താനങ്ങൾക്ക് ജീവിക്കാൻ ആവശ്യമായ മണ്ണിനോട് അനാദരവ് പാടില്ല.

ശവമടക്കുമ്പോൾ ശരീരത്തെ കുളിപ്പിക്കുക പോലും പാടില്ല. ജീവിച്ചിരുന്നപ്പോൾ വ്യക്തിയുടെ ശരീരത്തെ അഥവാ നഗ്നതയെ അവകാശത്തോടെ കണ്ടിട്ടുള്ളവർക്ക്, അത്യാവശ്യമെങ്കിൽ മാത്രം ശവശരീരത്തിൽ അല്പം വെള്ളമൊഴിച്ച് തുടയ്ക്കാം.

പുതിയ വസ്ത്രങ്ങളെ ധരിപ്പിക്കേണ്ടതില്ല.

ശവശരീരത്തിൽ സുഗന്ധ തൈലങ്ങളെ പുരട്ടുന്നവർ, ആർക്കാണ് സുഗന്ധം ആവശ്യമായിരിക്കുന്നത് എന്നതറിയണം. ശവശരീരത്തിന് സുഗന്ധത്തെ ആസ്വദിക്കുവാൻ കഴിയില്ല. (ഒരു പക്ഷേ ജീവിതകാലത്ത് സുഗന്ധ തൈലങ്ങളെ അകറ്റിനിർത്തിയ മനുഷ്യനുമാവാം !). *ശവശരീരത്തിന് ചുറ്റുംനിൽക്കുന്നവരാണ് (സു)ഗന്ധത്തെ ആസ്വദിക്കുന്നത്.* അങ്ങനെ ഒരു ആസ്വാദനത്തെ ആവശ്യമില്ലെങ്കിൽ ഒഴിവാക്കുക. ശവശരീരത്തിന് നാറ്റമുണ്ടെങ്കിൽ

ചുറ്റുംനിൽക്കുന്നവർക്ക് ആവശ്യമായത്ര സുഗന്ധ തൈലങ്ങളെ ഉപയോഗിക്കുക. അധമന്മാർ, പള്ളികളിലെ കല്ലറകൾ തുറന്ന് ശവശരീരത്തിൽ അധമ ആനന്ദത്തെ ആസ്വദിച്ച സംഭവങ്ങൾ നിരവധിയാണ്; അനാവശ്യമായിട്ട് സുഗന്ധ തൈലങ്ങളെ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയോ സാക്ഷിയാവുകയോ ചെയ്ത മതപുരോഹിതന്മാരും മറ്റും പ്രതികളാണ്. മോർച്ചറി പ്രവർത്തിക്കുന്നതും മണ്ണിന്റെ നിയമങ്ങളെ അനുസരിച്ചാണെന്നു മനസ്സിലാക്കാനും അത്യാവശ്യം അല്ലെങ്കിൽ ശവശരീരത്തെ ആശുപത്രികളിലെ മോർച്ചറികളിൽ സൂക്ഷിക്കാതെയും ശ്രദ്ധിക്കുക. അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ഒരു ദിവസത്തിനകം ശവശരീരത്തെ മണ്ണിൽ മറവു ചെയ്യണമെന്ന് മണ്ണിന്റെ നിയമങ്ങളിലുള്ള ശവശരീര-ചീയൽ നിയമം ആവശ്യപ്പെടുന്നതിനെ അനുസരിക്കുക; മറ്റ് ധർമ്മ ശാസ്ത്രപരമായ കാര്യങ്ങളെയും.

മതപുരോഹിതന്മാരുടെയും ഉറ്റവരുടെയും മതഗ്രന്ഥ പാരായണവും കുശുകുശു മന്ത്രങ്ങളും ശവശരീരത്തിനോ ശരീരത്തെ ഉപേക്ഷിച്ച ജീവാത്മാവിനോ, മഹാശക്തിയായ ദൈവത്തിനോ ആവശ്യമില്ല. ശബ്ദശല്യം മാത്രമല്ല; ശവശരീരത്തെ മറവു ചെയ്യുന്നതിനിടയിലും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർവ്വഹിച്ചുള്ള സാമ്പത്തിക ചൂഷണവും ബഹുവിധ തട്ടിപ്പുകളുമുണ്ട്. *അറിയുക:* മേല്പടി തട്ടിപ്പുകാരും വേഷംകെട്ടലുകളോടെ- സ്നേഹം പ്രകടിപ്പിക്കുന്നവരും മറ്റും ചെയ്യുന്നത് *ദൈവനിന്ദയാണ്*; ദൈവശിക്ഷകളും ഉണ്ട്. *മരിച്ച വ്യക്തിക്കു പുണ്യം ലഭിക്കുന്നതിന് മരിക്കുന്നതിനു മുമ്പ് അഥവാ ജീവിതകാലത്ത് കഴിയുന്നത്ര ധർമ്മ ശാസ്ത്രപരമായിട്ട് ജീവിച്ചുകൊള്ളുക.* അതായത്, ജീവിതകാലത്ത്, മണ്ണായ ശരീരം കൊണ്ട് മണ്ണിൽ ജീവിക്കുന്നവരെല്ലാം മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവിക്കുക.

ശവശരീരത്തെ മണ്ണിൽ മറവു ചെയ്യുന്നതാണ് ശരിയെന്നും അഗ്നിയിൽ ദഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ളവ തെറ്റാണെന്നും ധരിക്കരുത്. ഭൂമിയിൽ ദൈവ-വിപ്ലവത്തെ തുടർന്ന് *സംഹാരം* ആരംഭിക്കുന്നതോടെ, ക്രമേണ ശവശരീരങ്ങളും മറ്റും മണ്ണിൽ ലയിച്ചു ചേരാത്ത അവസ്ഥ ഉണ്ടാവുന്നതാണ്. പ്രസ്തുത അവസ്ഥയിൽ ശവശരീരത്തെ അഗ്നിയിൽ ദഹിപ്പിക്കുന്നതാണു നല്ലത്. സംഹാരം വീണ്ടും പുരോഗമിക്കുമ്പോൾ സസ്യങ്ങൾ വളരെ കുറയുകയും വിറകിന് ക്ഷാമമുണ്ടാവുന്നതും ശവശരീരങ്ങളെ മലകളിലും കുന്നുകളിലും

താഴ്വരകളിലും മറ്റും ഉപേക്ഷിച്ച് കഴുകനെ പോലെയുള്ള പക്ഷികൾക്കും വന്യമൃഗങ്ങൾക്കും ആഹാരമായി നൽകും. ഓരോരോ കാലഘട്ടത്തിലെ അവസ്ഥകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ചാണ് അഥവാ മണ്ണിന്റെ നിയമങ്ങളെ അനുസരിച്ചാണ് മനുഷ്യർ പ്രവർത്തിക്കേണ്ടത് എന്നു സാരം.

ശവമടക്കലിനു ശേഷവും, മരിച്ച വ്യക്തിക്കു വേണ്ടി പ്രാർത്ഥനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും പാടില്ല. ജീവിച്ചിരിക്കുമ്പോൾ സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ മരണശേഷം സ്നേഹിക്കാൻ നടക്കരുത്, പാടില്ല, ഫലിക്കുകയുമില്ല. ഇന്നത്തെ സർക്കാർ ആഫീസുകളിലും മറ്റുമുള്ള ശുപാര്ശകളും അഴിമതികളും മഹാനീതിപതിയായ ദൈവത്തോടും ആവാമെന്നു തോന്നുന്നതു തന്നെ കടുത്ത ദൈവനിന്ദയാണ്. ശവമടക്കലുമായി ബന്ധപ്പെടുത്തിക്കൊണ്ട് വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും സദ്യകളും അനേകം കുടുംബങ്ങ ളെയും വ്യക്തികളെയും സാമ്പത്തികമായിട്ടു തകർക്കുന്നുണ്ട്. ജീവിച്ചിരിക്കുന്നവരെ പെട്ടെന്ന് മരിപ്പിക്കാനും കൊല്ലാനും മതപുരോഹിത-പ്പരിശകളും മറ്റു തട്ടിപ്പുകാരും കാരണമാകുന്നുണ്ട്. മതപുരോഹിതന്മാരും മറ്റും ദൈവീക ശിക്ഷകളെ വാരിക്കൂട്ടുകയാണ്. വിവാഹ ധൂർത്തുകളും ദൈവ-വിപ്ലവത്തോടെ അവസാനിക്കുന്ന താണ്; വിശകലനം -1 ൽ വിശദീകരിച്ചിട്ടുണ്ട്.

മോക്ഷം എന്താണെന്നും എങ്ങനെയെല്ലാമെന്നും ദൈവ-വിപ്ലവ വിശകലനം - 4 ൽ മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. **Ref: http://omsathyam.blogspot.in/?m=1** മത-ജാതി -രാഷ്ട്രീയ ജീവികൾക്കെല്ലാം പുതിയ മതങ്ങളെ തട്ടിക്കൂട്ടാനും, സാധാരണക്കാരായ ജനങ്ങളെ കബളിപ്പിക്കാനും, ബഹുവിധങ്ങളായ ചൂഷണങ്ങളെ ചെയ്യാനും, ദൈവ-വിപ്ലവം ആരംഭിക്കുന്നതിനു മുമ്പുവരെ സാധിക്കുന്നതാണ്! വ്യത്യസ്ത മതഗ്രന്ഥങ്ങൾക്കോ പോപ്പന്മാർ ഉൾപ്പെടെയുള്ള മതപുരോഹിതന്മാർക്കോ അവരെയും മതവിശ്വാസികളെന്ന് അവകാശപ്പെടുന്ന (മനുഷ്യരല്ലാത്ത) മത-ജാതി ജീവികളെയും, ജീവിച്ചിരിക്കുമ്പോഴോ മരണശേഷമോ സ്വർഗ്ഗത്തിലേക്ക് കയറ്റി വിടാനാവില്ലെന്ന് സുവ്യക്തമാണ്. ചരിത്രവും ശാസ്ത്രവും സാക്ഷ്യമാണ്. ജന്മങ്ങളുടെയും നന്മ-തിന്മകൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഏതൊരു വ്യക്തിയു ടെയും ജീവിതകാര്യങ്ങളെയും മരണാനന്തര കാര്യങ്ങളെയും

മഹാനിശ്ചയിക്കുന്നതും മഹാഭരിക്കുന്നതും മഹാശക്തിയും മഹാനീതിപതിയുമായ ദൈവം മാത്രമാണ്. *ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളിൽ ഇടപെടുവാൻ മനുഷ്യന് അവകാശവും അധികാരവും ഇല്ല* എന്ന തിരിച്ചറിവ് പോലും ഇല്ലാതെ ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വാഴ്ത്തുകയും വിശുദ്ധരാക്കുകയും ചെയ്യുന്ന മതപുരോഹിതന്മാരും അതിനെ വാഴ്ത്തുന്ന ഭരണാധികാരികളും ബുദ്ധിജീവികളും ഒക്കെയാണ് ആധുനിക കാലത്തും ജനങ്ങളെ നയിക്കുന്നത്. ദൈവം സൃഷ്ടിക്കുന്നത് മനുഷ്യരെ ആണെങ്കിലും അങ്ങനെയൊരു ജീവി ഭൂമിയിൽ ഇല്ല; മത-ജാതി-ഉപജാതി -രാഷ്ട്ര - രാഷ്ട്രീയ -വർഗ്ഗ -വർണ്ണ- നിരീശ്വര ജീവികളാണ് ഭൂമിയിലുള്ളത്.

ദൈവം നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളെ ദൈവനാമത്തിൽ ചെയ്യുന്ന മതപുരോഹിതന്മാർ ഉൾപ്പെടെ ഏതൊരാൾക്കും പാപവും ദൈവശിക്ഷകളും ഉണ്ടാകുന്നതാണ്. ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള യാതൊരു ആരാധനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും ബലികളും പ്രസാദ-വിതരണങ്ങളും ധർമ്മ ശാസ്ത്രപരമല്ല / ദൈവീകമല്ല. ആഘോഷങ്ങളെയും മറ്റും ആശംസിക്കുമ്പോൾ, അളവോടെയുള്ള പുണ്യ ശോഷണം വ്യക്തിക്ക് ഉണ്ടാവാതെ സ്വീകരിക്കുന്നയാൾക്ക് ലഭിക്കുന്നതല്ല എന്നു തിരിച്ചറിഞ്ഞ് വേഷംകെട്ടലുകളും മറ്റും അവസാനിപ്പിക്കണം. *ധർമ്മശാസ്ത്ര പരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത* ആശംസകൾക്ക് ദൈവ ശിക്ഷകളും കൂടുതലാണ്.

ഈയുള്ളവന്റെ മരണ കാര്യം തുടരാം : സാധാരണ മനുഷ്യരിൽ നിന്ന് വ്യത്യസ്തമായ അനേകം ദിവ്യമായ മഹാഅനുഭവങ്ങൾ ഈയുള്ളവന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ളതിനും - അവകാശ പ്പെടുന്നതിനും, " *ദൈവത്തിന്റെ ശാസ്ത്രമാണ് ഈയുള്ളവനിലൂടെ വെളിപ്പെട്ടു പോരുന്നത്, ദൈവ-വിപ്ലവം ഉടൻ" തുടങ്ങിയ പ്രഖ്യാപനങ്ങൾക്കും സാധൂകരണം ഉണ്ടാവണം.*

ഈയുള്ളവൻ അറിയിക്കുകയും അവകാശപ്പെടുകയും ചെയ്തിട്ടുള്ള ദിവ്യമായ മഹാഅനുഭവങ്ങളിൽ ചിലതെങ്കിലും ആവർത്തിക്കുവാൻ ബാദ്ധ്യസ്ഥനാണ് : "ഹിന്ദു മതം ഉൾപ്പെടെ യാതൊരു മതങ്ങളുടെയും

ഭാഗമല്ലാത്ത *ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവി*, മഹാദശമി (വിജയദശമി) രാത്രിയിൽ ഈയുള്ളവന്റെ നാവിൽ *ഓം* കുറിച്ചതാണെന്ന് മഹാഎളിമയോടെയും മഹാസന്തോഷത്തോടെയും അറിയിക്കുന്നു. മഹാശാസ്ത്രപരമായ *മത്സ്യാവതാരം* ഈയുള്ളവനിൽ മഹാപ്രവേശിപ്പിച്ചിട്ടുണ്ട്; ഇമഹാഗ്രന്ഥത്തിലെ 'മഹാദേവി ഭൂമിയിൽ അവതരിച്ചു കഴിഞ്ഞു' എന്ന അദ്ധ്യായത്തിൽ മത്സ്യാവതാരത്തെപ്പറ്റി മഹാശാസ്ത്ര പരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. *മഹാദർശനം* അനേകം തവണ ലഭിച്ചിട്ടുണ്ട്. മഹാദേവി ഈയുള്ളവന് *പരമശിവൻ* എന്ന മഹാഅർത്ഥങ്ങളുള്ള മഹാപദവിയെയും മഹാനാമത്തെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ ഏകദാസൻ, ക്രൈസ്റ്റ്, റസൂൽ, പ്രപഞ്ച പിതാവ്, ദൈവത്തിന്റെ ഏക പ്രതിനിധി, വ്യവസ്ഥാപിതമായ അർദ്ധ-മഹാദേവി, ബ്രഹ്മദേവൻ, സംഹാരദേവൻ, ശാസ്ത്രായുധൻ, മഹാദാസൻ, 50 വർഷത്തിലൊരിക്കൽ ഒരു രാത്രിനേരം മഹാദേവൻ, തുടങ്ങിയ നാമങ്ങളെയും പദവികളെയും മഹാശക്തിയായ ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്, ഈയുള്ളവന് പണ്ടേ മഹാഅനുഗ്രഹിച്ചു നൽകി ക്കഴിഞ്ഞ കാര്യങ്ങളാണവ. മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന *ശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്, മഹാഉചിതമായ സമയത്ത് ശക്തികളെ (ദൈവം) ആക്ടിവേറ്റ് ചെയ്യുന്നതാണ്.

മഹാശക്തിയായ ദൈവത്തിന്റെ *മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തി - നിയന്ത്രണ സത്തയുമായ ഓംകാരം*, മഹാദാസനായ പരമശിവനായിട്ട് മഹാദേവി മഹാഅനുഗ്രഹിച്ചിട്ടുള്ള ഈയുള്ളവന്റെ ഹൃദയത്തെ ഉൾക്കൊണ്ട്, ദൈവ-വിപ്ലവത്തോടെ പ്രവർത്തിച്ചു തുടങ്ങുന്നതിനെ സംബന്ധിച്ച് ഇ-മഹാഗ്രന്ഥത്തിലും മഹാശാസ്ത്ര പരമായ വിശകലനങ്ങളിലും സൂചിപ്പിച്ചിരുന്നതുമായിട്ട് ഈയുള്ളവന് സംഭവിക്കുന്ന ഹൃദയ രോഗങ്ങൾക്കു ബന്ധമുണ്ടോ എന്ന് തൽക്കാലം അറിയില്ല. ഏതായാലും വാട്സ്ആപ്, ഫെയ്സ് ബുക്ക്, ബ്ലോഗ്, www.omsathyam.com വെബ്സൈറ്റ് എന്നിവകളിലൂടെ പ്രസിദ്ധീകരിച്ചു പോരുന്ന ദൈവ ശാസ്ത്ര പ്രവർത്തനങ്ങൾക്ക്

താൽക്കാലികമായിട്ട് വിരാമം ഉണ്ടാകുന്നതാണ്; 2016 - ലെ മഹാദശമി (വിജയദശമി) -ക്കു മുമ്പ് മഹാഅനുഗ്രഹത്തോടെ ഒരു സന്ദേശം കൂടി പ്രസിദ്ധീകരിച്ചേക്കാം !

ഈയുള്ളവനെ വധിക്കാൻ ശ്രമിക്കാനും, സാധിക്കുമെങ്കിൽ വധിക്കാനും, ശരീരത്തോട് ഇഷ്ടംപോലെ അനീതി കാട്ടാനുമുള്ള അധമമായ വ്യക്തിസ്വാതന്ത്ര്യം മറ്റുള്ളവർക്ക് ഉണ്ട് / ഉണ്ടാവാം; തൽക്കാലം അറിയില്ല.

ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ; കണ്ണ്, കിഡ്നി തുടങ്ങിയവ ആവശ്യക്കാർക്കു നൽകിയ ശേഷം ബാക്കി വരുന്ന ശരീരത്തെ പുരയിടത്തിൽ കുഴിച്ചിടണമെന്ന് മുമ്പ് വെബ്സൈറ്റിലൂടെയും മറ്റും ആവശ്യപ്പെട്ടിരുന്നതിനെ, *അടുത്ത കാലത്ത് ദൈവ-വിപ്ലവ വിശകലനത്തിലൂടെ ദൈവനാമത്തിൽ പിൻവലിച്ചിരുന്നു*. കാരണം : മഹാശക്തിയായ മഹാദേവി, ഈയുള്ളവന് ദൈവഭാഗമെന്നോണമുള്ള പ്രത്യേകമായ സ്ഥാനത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിനാൽ, മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്ത് ശവമടക്കിയാലും, തീർച്ചയായും ഉയർത്തെഴുന്നേൽപ്പിക്കുന്നതാണ്. (അത്ഭുത കാര്യങ്ങളെ പ്രതീക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമല്ല; ആകയാൽ പുരയിടം ഉൾപ്പെടെ എവിടെയെങ്കിലും ശവമടക്കുകയേ വേണ്ടൂ, ശ്രമിക്കുകയേ വേണ്ടൂ). ദൈവം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാജ്ഞാനവും, മഹാദർശനങ്ങളും, മഹാഅനുഭവങ്ങളും ദിവ്യമായ *പ്രഖ്യാപനത്തിന്* ആധാരമാണ്.

ഇപ്പോഴത്തെ മനുഷ്യ ജന്മത്തിലെ ജനനത്തീയതി 1958 മെയ് 20, 'രോഹിണി നക്ഷത്രം' ആണെങ്കിലും; സാംഗത്യം തൽക്കാലം അറിയില്ല. മഹാശക്തിയായ ദൈവം, ഈയുള്ളവനെ അറിയിച്ചിട്ടുള്ള (ഈയുള്ളവന്റെ) 'പ്രായ സൂചന' 1000 കോടിയിലേറെ വർഷങ്ങളാണ്.

ദൈവ-വിപ്ലവത്തോടെ, *ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ*, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. _മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം

ഇല്ലാത്തതുകൊണ്ട് മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന_ തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും *ചുമന്നുനടന്നവർ തന്നെ അവയെ ചുട്ടെരിക്കുന്നതുമാണ്*. എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. ഈ ഇമഹാഗ്രന്ഥത്തിൽ, മഹാപ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളെയും മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. *മണ്ണിന്റെ നിയമങ്ങളെ* പാലിക്കേണ്ടത് *മോക്ഷം* ലഭിക്കാൻ, (ഓരോ മനുഷ്യന്റെയും) ആവശ്യമാകുന്നതാണ്.

ഏകമഹാശക്തിയും ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും മണ്ണും ഭൂമിയുമായ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.



എന്ന്,

മഹാനീതിപതിയും മണ്ണും ഭൂമിയുമായ *മഹാദേവിയുടെ* ഏകദാസനായ *പരമശിവൻ* C/o www.omsathyam.com 2017 ജൂൺ 13 ചൊവ്വാഴ്ച.

ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിനു മാത്രം മഹത്വം.





2017 ജൂൺ മാസം 24-ാം തീയതി വാട്സ്ആപ് വഴി പ്രസിദ്ധീകരിച്ച മേല്പടി ദൈവ വിപ്ലവ വിശകലനം 12-നെ പിന്നീട് രണ്ടായിട്ട് വിഭജിക്കുകയുണ്ടായി. ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിവ പ്രകാരമാണ് വിഭജിച്ചത്.

2017 -ൽ പ്രസിദ്ധീകരിച്ച ഏതാനും ദൈവ വിപ്ലവ വിശകലനങ്ങളെ ചുവടെ ചേർക്കുന്നു :

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

Published on 05 May 2017, 00.55 a.m.

ദൈവത്തിന്റെ മഹാചിരി കൂടിയായ *ഓം* ഉടൻ മഹാആരംഭിക്കുന്ന *ദൈവ-വിപ്ലവത്തിന്റെ ഭാഗമായി ഭൂമിയിലെങ്ങും മഹാധ്വനിക്കുമ്പോൾ,* ഇന്ത്യയിലെ ജനങ്ങളെയാണ് ഏറ്റവുമധികം ബാധിക്കുന്നത്. *അതിഗൗരവമായ മാറ്റങ്ങളാണ് ഇന്ത്യയിലെ ദേവാലയങ്ങളിലും മറ്റും മഹാസംഭവിക്കുന്നത്.*

" *ദൈവ-വിപ്ലവം ഉടൻ* "

ദൈവ-വിപ്ലവ വിശകലനം -9 (PDF- ഫയലും മുൻ വിശകലനങ്ങളും *omsathyam* എന്ന ബ്ലോഗിലും, *www.omsathyam.com* എന്ന വെബ്സൈറ്റിലും ലഭ്യമാണ്.)

(1.) *സൃഷ്ടിമന്ത്രവും,* ആദിവചനവും, *ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, മഹാശാസ്ത്രമൂലവും,* സംഹാരകാഹളവും, *മഹാസംഗീതവും*, ദൈവത്തിന്റെ *മഹാചിരി* യുമായ *ഓം* തുടർച്ചയായി *3 മുതൽ 33 വർഷങ്ങളിൽ ഭൂമിയിലെങ്ങും* മഹാധ്വനിക്കുന്നതാണ്. *മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമാണ് ജീവികളുടെ ശരീരം* എന്നതിനാൽ, *മണ്ണ്, കല്ല്, മനുഷ്യരുടെ ശരീരം,* മത്സ്യം-സസ്യം-പക്ഷി-മൃഗം എന്നിവയുടെ ശരീരം, ഭക്ഷണ സാധനങ്ങൾ, തുടങ്ങിയഭൂമിയിലെ സർവ്വ ഖരവസ്തുക്കളിൽ നിന്നും, *മഹാസംഗീതം* കൂടിയായ *ഓം* മഹാപാടുന്നതാണ്. ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ ഞെട്ടുന്നതും, അതിശയിക്കുന്നതും, ഭയക്കുന്നതും, സന്തോഷിക്കുന്നതുമാണ്.

മഹാദൈവ-വിപ്ലവം മഹാസംഭവിക്കുവാൻ *ദൈവത്തിന്റെ മഹാചിരി* കൂടിയായ *ഓം* മഹാഅനുഗ്രഹമായി പ്രവർത്തിക്കുന്നതാണ്. *'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം'* എന്നീ *യഥാർത്ഥമായ 4 വേദങ്ങൾ* പ്രകാരം *ധർമ്മ സംസ്ഥാപനത്തെ* സ്വയം നിർവ്വഹിക്കുവാൻ, ധാർമ്മിക അധഃപതനങ്ങൾക്കു കാരണക്കാരായ മതജാതിരാഷ്ട്രീയക്കാരും ദേവാലയ നടത്തിപ്പുകാരും മറ്റ് അധർമ്മികളും വിരണ്ടും പശ്ചാത്തപിച്ചും സന്തോഷിച്ചും ഉത്സാഹിക്കുന്നതാണ്.

(2.) *ഓം* മഹാധ്വനിക്കുന്നത് മഹാശാസ്ത്ര പ്രകാരം മാത്രമാണ്. മഹാശാസ്ത്രമൂലമാണ് *ഓം*. മഹാപ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളുടെയും ആറ്റങ്ങളിലെ പ്രോട്ടോണിനെ ഇലക്ട്രോൺ ചുറ്റുമ്പോൾ ഉണ്ടാകുന്ന അതിസൂക്ഷ്മമായ ശബ്ദം ബധിരർ ഉൾപ്പെടെ സർവ്വർക്കും ഉച്ചത്തിൽ കേൾക്കാനും അനുഭവിക്കാനും കഴിയും വിധം പരിണമിക്കുന്നു എന്നതാണ് മുഖ്യ വസ്തുത. *രണ്ടു വസ്തുക്കൾ തമ്മിലോ, ഒരു വസ്തുവിനെ സാക്ഷിയാക്കി മറ്റൊരു വസ്തുവോ പ്രവർത്തിക്കുമ്പോൾ* അഥവാ 'ആറ്റങ്ങളിലെല്ലാം മഹാസൂക്ഷ്മരൂപത്തിൽ *ഇലക്ട്രോൺ പ്രോട്ടോണിനെ' ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ്* എന്ന *ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട്,* മഹാപ്രപഞ്ചത്തിന് അതീതമായ *മഹാബ്രഹ്മം, ഓം എന്ന ശബ്ദബ്രഹ്മമായിട്ട്* മഹാപ്രപഞ്ചത്തിലേക്ക് മഹാപ്രവേശിക്കുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. ആറ്റങ്ങളിലെല്ലാം മഹാസൂക്ഷ്മമായിട്ട് മഹാചിരിച്ചു കൊണ്ടിരിക്കുന്ന ശക്തിചക്രം മഹാഉച്ചത്തിൽ മഹാചിരിക്കുന്നു. *ഓം* മഹാപ്രകടമാവുന്നു; ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ *മഹാശാസ്ത്രത്തിന്റെ-മൂലം* കൂടിയാണ് *ഓം* എന്നും ലളിതമായി മനസ്സിലാക്കാൻ കഴിയുന്നു. (ഉദാഹരണത്തിന് 2 കൈകൾ കൂട്ടിയടിക്കുമ്പോഴും, ഫാൻ കറങ്ങുമ്പോഴും ഒക്കെ ശബ്ദം ഉണ്ടാകുന്നു.).

മേൽ വിവരിച്ചപോലെ, *ഓം* മഹാധ്വനിക്കുന്നത് *മതങ്ങൾ പ്രകാരമല്ലാ* എങ്കിലും, ഹിന്ദു മതങ്ങളിലെ സൃഷ്ടിമന്ത്രവും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും ആണെന്നും; ഇസ്ലാം മതം പ്രകാരമുള്ള *സംഹാര കാഹളം* ആണെന്നും; ക്രിസ്തു -യഹൂദ മതങ്ങൾ പ്രകാരമുള്ള *ആദിവചനം* ആണെന്നും; *പ്രമുഖ മതങ്ങളിലെ അബദ്ധ-ഭണ്ഡാരങ്ങളുടെ ഇടയിൽ ഒരല്പം ശരി കൂടി ഉണ്ടെന്നും*; മതവിശ്വാസികൾക്ക് അല്പം ആശ്വസിക്കാൻ കഴിയുന്നു.

(3.) ഉടൻ മഹാആരംഭിക്കുന്ന *ദൈവ-വിപ്ലവം* ഇന്ത്യയിലെ ജനങ്ങളെയാണ് ഏറ്റവുമധികം ബാധിക്കുന്നത്.

മഹാശബ്ദം *ഓം* എന്നാകയാൽ, ഇന്ത്യ മഹാവിഷയമാകുന്നതാണ്. ദൈവം ശരിവച്ചിരിക്കുന്നത് ഹിന്ദുമതങ്ങളെ മാത്രമാണ് എന്നും, ഇന്ത്യയിലെ ഹിന്ദു മതങ്ങൾ മാത്രമാണ് ശരിയെന്നും, ഇന്ത്യയിലെയും മറ്റു രാജ്യങ്ങളിലെയും വളരെ ജനങ്ങൾ *അല്പനേരം* തെറ്റിദ്ധരിക്കുന്നതാണ്. ആയതിനെ ദൈവം മഹാഅനുവദിക്കുന്നത് ഇന്ത്യൻ പ്രദേശങ്ങൾക്ക് ദൈവം മഹാനിശ്ചയിച്ചിട്ടുള്ള ആത്മീയ വൈശിഷ്ട്യവും സംഹാര ബന്ധവും പ്രകാരമാണ്.

ഇന്ത്യൻ പ്രദേശങ്ങൾക്കും, ഇന്ത്യയിലെ തമിഴ്നാടിനും, അതിന്നും ഉപരിയായി കേരളത്തിനും, മഹാപ്രാധാന്യമാണ് മഹാനിശ്ചയിച്ചിട്ടുള്ളത്. സൃഷ്ടിചക്രത്തിലെ ജനങ്ങളുടെ *മോക്ഷം* എന്ന സംഹാരത്തിന് ആവശ്യമായ ബ്രഹ്മകേന്ദ്രമായ *മണ്ണടി* എന്ന സ്ഥലത്തെയും, 'മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാദേവനുമായ *മഹാദേവിയുടെയും;'* മഹാദാസനും പ്രപഞ്ചപിതാവുമായ *പരമശിവന്റെയും* മനുഷ്യ-അവതാരങ്ങൾക്ക് ആവശ്യമായ സ്ഥലങ്ങളെയും മഹാഒരുക്കിയിട്ടുള്ളത് *കേരളത്തിൽ* ആണ്; *ദൈവത്തിന്റെ സ്വന്തം നാട്* എന്നു വിശേഷിപ്പിക്കാൻ യഥാർത്ഥ കാരണവും അതാണ്; ദേവ/വേദ ഭാഷ മലയാളവുമാണ്. (ദൈവീകമായ ചുരുക്കെഴുത്ത് shorthand മാത്രമാണ് സംസ്കൃതം.)

മഹാനീതിശാസ്ത്രമായ *ഓംകാര നീതിശാസ്ത്രം* പ്രകാരം ജനങ്ങളെല്ലാം ഭൂമിയുടെ വ്യത്യസ്ത ദേശങ്ങളിലും പ്രദേശങ്ങളിലും പുനർജ്ജനിച്ചു കൊണ്ടിരിക്കും എന്നതിനാൽ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഒരു പ്രധാന അംശമായ ഇന്ത്യയുടെയോ, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെയോ *അടൂരിന്റെയോ മണ്ണടിയുടെയോ* മാഹാത്മ്യത്തിൽ *കേമത്തം ഭാവിക്കാൻ* ഇന്ത്യയിലെയോ കേരളത്തിലെയോ ജനങ്ങൾക്ക് അവകാശമില്ല. *വലിയ അഹങ്കാരികളെ അനവധി ജന്മങ്ങളിൽ ഇന്ത്യക്കു വെളിയിൽ ജനിപ്പിച്ചെന്നും വരാം.* മഹാലിംഗത്തിന് ഉള്ളിലാണ് എല്ലാവരും യഥാർത്ഥത്തിൽ ജനിക്കുന്നത് എന്നതിനാലും, ദൈവത്തിന്റെ മഹാരൂപമാണ് ഭൂമി എന്നതിനാലും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളെ ക്കൊണ്ടാണ് ജീവികളുടെയെല്ലാം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നതിനാലും, യാതൊരു പ്രദേശത്തെയും തങ്ങളുടെ രാജ്യം എന്നു വിശേഷിപ്പിക്കാൻ യാതൊരാൾക്കും യോഗ്യതയില്ല എന്ന് ദൈവ-വിപ്ലവ വിശകലനം -7, 8 എന്നിവയിൽ വിശദീകരിച്ചിരുന്നു.

(4.) *ദൈവ-വിപ്ലവം* ഉടൻ മഹാആരംഭിക്കുമ്പോൾ, *ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലെയും എല്ലാ ദേവാലയങ്ങളെയും ധർമ്മശാസ്ത്ര പ്രകാരം ശുദ്ധീകരിക്കാൻ ജനങ്ങളെല്ലാം ഉത്സാഹിക്കുന്നതാണ്.*

ഭൂമിയും, ഭൂമി ഉൾപ്പെടെയുള്ള - ആദിയും അന്തവുമില്ലാത്ത മഹാപ്രപഞ്ചവും - ദൈവത്തിന്റെ മഹാരൂപമാകുമ്പോൾ, *ദൈവത്തിനു (വേണ്ടി) വീട് /ആലയം വേണമെന്ന ചിന്ത ഭോഷത്തമാണ്.* സഞ്ചാരികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് വിശ്രമിക്കാനും, ശരീരശുദ്ധി വരുത്താനും, മനക്ലേശങ്ങളെ അകറ്റാനും, ദൈവചിന്തകൾ മുട്ടി നിൽക്കുന്നവർക്ക് പ്രാർത്ഥിക്കാനും, ദൈവീകമായ യോഗ്യതകൾ ഉള്ളവർക്ക് 'മഹാദേവനും മഹാദേവിയുമായ ഏകദൈവത്തെ ആരാധിക്കാനും', ഓരോ പ്രദേശങ്ങളിലും വലിയ വീട് (ആലയം) പോലെ 'പൊതുവായ കേന്ദ്രങ്ങൾ' വേണമെന്നത് ജനങ്ങളുടെ ആവശ്യമാണ്.

ജനങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി പണികഴിപ്പിക്കുന്ന ആലയങ്ങളെയും അവയിലെ സൗകര്യങ്ങളെയും, 'ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രസാദ-വിപ്ലനയും മറ്റും ഉൾപ്പെടുന്ന മതജാതി സമ്പ്രദായങ്ങളെ ആധാരമാക്കിയും അല്ലാതെയും', തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വ്യവസ്ഥപ്പെടുത്തുന്നത് നേതാക്കളുടെയും ജനങ്ങളുടെയും തെറ്റാണ്. അവരുടെ തെറ്റിനെ ശാസ്ത്രപരമായി തിരുത്താൻ ഗുരുക്കന്മാർ (അദ്ധ്യാപകർ) ശക്തിക്കൊത്ത് ശ്രമിച്ചിട്ടില്ലെങ്കിൽ അത് ഗുരുതരമായ തെറ്റാണ്; നാട്ടിൽ ഏതൊരു സാമൂഹ്യകാര്യവും ധർമ്മശാസ്ത്രപരമായി മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്താൻ ബാദ്ധ്യസ്ഥരായ ഭരണാധികാരികൾ ഉറപ്പായും തെറ്റുകാരാണ്.

ഏതൊരു കാര്യവും ദൈവത്തിന്റെ ഇഷ്ടമാകണമെങ്കിൽ, രണ്ടാമത്തെ വേദമായ ധർമ്മശാസ്ത്രപ്രകാരം ആവണം. വ്യത്യസ്ത ജനസമൂഹങ്ങളുടെ ഇഷ്ടമനുസരിച്ചു നിർമ്മിച്ച മതമനുഷ്യ-സങ്കേതങ്ങൾക്ക് 'ദൈവത്തിന്റെ, ദേവന്റെ, ദേവിയുടെ വീട് ' എന്ന അർത്ഥത്തിൽ *ദേവാലയം* എന്നു പേരിടുകയും ദൈവീകല്ലാത്ത അഥവാ ധർമ്മശാസ്ത്രപരമല്ലാത്ത ആരാധനാ സമ്പ്രദായങ്ങളെ പിൻപറ്റുകയും ചെയ്യുമ്പോൾ കടുത്ത ദൈവനിന്ദയും പാപവും ദൈവശിക്ഷകളും ഉണ്ടാകുന്നതാണ്. അവയെല്ലാം ദേവാലയങ്ങളായല്ലാ, *വ്യത്യസ്ത മതവിശ്വാസികളുടെ മത-ദേവാലയങ്ങളായിട്ടാണ്* യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്. *ഭിക്ഷാടനം ദൈവീകമല്ല* എന്നിരിക്കെ, കാണിക്കവഞ്ചികൾ സ്ഥാപിച്ച് *ദൈവത്തെ ഏറ്റവും മോശപ്പെട്ട ഭിക്ഷക്കാരനായി* അവതരിപ്പിക്കുന്നതിന് ശിക്ഷ വേണ്ടെന്ന അഭിപ്രായം ഉള്ളവർ വിഷയത്തെ ധർമ്മശാസ്ത്രപരമായി വിശകലനം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. അല്ലെങ്കിൽ, അവർക്കും ദൈവശിക്ഷ തീർച്ചയാണ്.

സ്വന്തം വീടിന്റെ കാര്യത്തിൽ, സ്വന്തം ഇഷ്ടങ്ങൾക്ക് അനുസരിച്ച് വീടും മുറികളും മുറ്റവും സൗകര്യങ്ങളും നിശ്ചയിക്കുന്ന മനുഷ്യർ, ദൈവത്തിനെന്ന പേരിൽ വീട്

നിർമ്മിക്കുമ്പോൾ ദൈവത്തിന്റെ ഇഷ്ടം നോക്കാൻ ബാദ്ധ്യസ്ഥരാണ്. *ദൈവത്തിന്റെ ഇഷ്ടം, ഏതൊരു കാര്യവും എപ്പോഴും ധർമ്മശാസ്ത്രപരമായി യോജിക്കണം എന്നതു മാത്രമാണ്.* ദൈവം മഹാവാത്സല്യത്തോടെ നൽകിയിട്ടുള്ള ബുദ്ധിശക്തി, ഊർജ്ജം/ശക്തി, ധനം, സമയം, തുടങ്ങിയവ ദുരുപയോഗിക്കുന്നതിനും സമൂഹത്തെയും തലമുറകളെയും വഴിതെറ്റിക്കുന്നതിനും, പാപവും ദൈവശിക്ഷകളും ഉണ്ടാകുന്നതാണ്. ചുരുക്കത്തിൽ ദേവാലയം എന്നാൽ ദൈവത്തെ പ്രാർത്ഥിക്കാനും, ആരാധിക്കാനും, എന്നതിനുപരി ദൈവത്തിന്റെ പേരിൽ മത-ജാതി-ഉപജാതി-രാഷ്ട്രീയ ജീവികൾക്കും മറ്റും തട്ടിപ്പുകൾ നടത്താനുള്ള ഒരു *അധമ സങ്കേതം,* ആയിരിക്കുന്നു.

മനുഷ്യരും മൃഗങ്ങളും പക്ഷികളും മറ്റും തങ്ങളുടെ ഇഷ്ടംപോലെയുള്ള വീടുകളെ നിർമ്മിക്കുകയും താമസിക്കുകയും ചെയ്യുന്നു. വ്യക്തിസ്വാതന്ത്ര്യത്തെയും ആനന്ദങ്ങളെയും ആസ്വദിക്കുന്നു.

മഹാശക്തിയായ ദൈവത്തിനു വേണ്ടിയോ പേരിലോ, വീട് നിർമ്മിക്കുവാൻ അവകാശവും അധികാരവും വേണം. മണ്ണായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുള്ള 4 വേദങ്ങളിൽ രണ്ടാമത്തേതായ ധർമ്മശാസ്ത്രത്തെ വിശകലനം ചെയ്താൽ, ദേവാലയത്തിന്റെ ആവശ്യകതയും, അവകാശവും അധികാരവും വെളിവാകുന്നതാണ്. പകരം വ്യത്യസ്ത മത-ജാതി പ്രസ്ഥാനങ്ങളിലെ ജീവികൾക്കും മറ്റും തോന്നുമ്പോലെ, ദൈവത്തിനെന്ന പേരിൽ വീട് നിർമ്മിച്ചാൽ കടുത്ത ദൈവനിന്ദയും അപരാധവുമാണ്.

മൂലനായ വിഷ്ണു, ക്രൈസ്തവ കുടുംബത്തിലെ സാധാരണക്കാരനായിട്ടാണ് ജനിച്ചിട്ടുള്ളതെങ്കിലും, സ്വന്തം കൊടിയ അപരാധങ്ങളെക്കുറിച്ച് പൂർണ്ണമായും ബോധവാനാണ്. പ്രത്യക്ഷമായ മായാഅനുഭവങ്ങൾ ഈയുള്ളവന് ഉണ്ടായിട്ടുള്ളതിലും അനേകം അനേകം മടങ്ങ് അദ്ദേഹത്തിന് ഈ ജന്മത്ത് ഉണ്ടായിട്ടുണ്ട്; മുമ്പ് സൂചിപ്പിച്ച ക്രൈസ്റ്റ്-വിഷ്ണു കരാറും അനന്തര ഫലങ്ങളുമാണ് കാരണം. പഴയകാല ചെയ്തികളിൽ പശ്ചാത്തപിക്കുന്ന അവസ്ഥയിലാണ് അദ്ദേഹമെങ്കിലും, ദൈവമാകാനായി ന്യൂനശക്തികളെ കൊണ്ട് അതിഘോരമായും കൊടിയ കൗശലത്തോടെയും ഒരുക്കിയ വൻസംവിധാനങ്ങളെല്ലാം ഈ ജന്മത്തിൽ അദ്ദേഹത്തെ പിടികൂടിയിട്ടുണ്ട്. മഹാവാത്സല്യമായ മഹാദേവി, മുമ്പ് സൂചിപ്പിച്ച കരാറിനെ ആദരിച്ചു കൊണ്ട് മേല്പറഞ്ഞ ന്യൂനശക്തികളെയും പൈശാചിക ശക്തികളെയും ഒറ്റയായും കൂട്ടമായും അയാളിൽ നിന്നും മോചിപ്പിച്ചു വരികയാണ്; 'ലൂടെ' ആയിട്ട് പലപ്പോഴും ഈയുള്ളവനെ പങ്കെടുപ്പിക്കുന്നുമുണ്ട്. അദ്ദേഹത്തിന്റെ മേലുള്ള ശുദ്ധീകരണ പ്രക്രിയ 2016-ൽ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഉടൻ *ദൈവ-വിപ്ലവം മഹാആരംഭിക്കുന്നതോടെ* വസ്തുതകളെ സുവ്യക്തമായി വിശദീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കും. വഴിതെറ്റിയ മേല്പടി കുഞ്ഞാടിനാവും, ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ സംഹാരം ആരംഭിക്കുമ്പോൾ ആദ്യം മോക്ഷം നൽകുക; ഭിക്ഷയായിട്ടു വാങ്ങാതെ *ഉന്നതമായ സദ്പ്രവൃത്തികൾ കൊണ്ട് മോക്ഷത്തെ നേടാൻ* അദ്ദേഹത്തിന് കഴിയുമാറാവട്ടെ!

കൃഷ്ണൻ കുത്സിത ശ്രമങ്ങളെ കൊണ്ട് മനുഷ്യജന്മം നേടിയിരിക്കുന്നത് ബ്രാഹ്മണ കുടുംബത്തിൽ അതിസുന്ദരനായ ഡോക്ടർ ആയിട്ടാണ്. അനേകമനേകം മായാശക്തികളോടെ കൊടിയ പിശാചായ മായാകൃഷ്ണൻ സ്ഥിതിപരമായ ഖര-ശരീരമില്ലാതെ വാതക-രൂപത്തിൽ വെളിയിലുണ്ട്. താവളം ഗുരുവായൂർ, അമ്പലപ്പുഴ, ആറന്മുള. മേല്പറഞ്ഞ സുന്ദരനിൽ പ്രവേശിച്ചു കൊണ്ട് മൂലദേവതയുടെ മനുഷ്യജന്മത്തെ അട്ടിമറിച്ച് ദൈവമാകാനായിരുന്നു കൊടിയ പിശാചായ മായാകൃഷ്ണന്റെ ശ്രമം. വളരെയധികം ജീവാത്മാക്കളെ കഷ്ടപ്പെടുത്തിക്കൊണ്ടാണ് മൂലനായ വിഷ്ണു അനേകം പഴയകാല സൃഷ്ടിചക്രങ്ങളിൽ പ്രവർത്തിച്ചതെങ്കിൽ, അതിലുമധികം പേരെ കഷ്ടപ്പെടുത്തിക്കൊണ്ടാണ് മായാകൃഷ്ണൻ അടുത്തകാലങ്ങളിൽ പ്രവർത്തിച്ചത്; ക്ലിപ്തമായ കാലം സംബന്ധിച്ച വെളിപാട് മഹാഉചിതമായ സമയത്ത് ലഭിക്കുന്നതാണ്. ആധുനിക മനുഷ്യർക്ക് ജീവിത കാര്യങ്ങൾക്ക് തൽക്കാലം അത്യാവശ്യമല്ലാത്തവ എന്ന് ഏതായാലും ഉറപ്പിക്കാം.

ഈയുള്ളവന്റെ (ഇപ്പോഴത്തെ) മനുഷ്യജന്മത്തിൽ അനുഭവിച്ച കൊടിയ പീഡനങ്ങൾക്ക് മുമ്പ് സൂചിപ്പിച്ച കരാറും, പൈശാചിക ശക്തികളുടെ പ്രവർത്തനങ്ങളും കാരണങ്ങളായിട്ടുണ്ട്.

ഏതാനും ആഴ്ചകൾക്ക് മുമ്പുവരെ മായാകൃഷ്ണന്റെ കടുത്ത ഉപദ്രവങ്ങൾ ബാഹ്യമായും ശാരീരികമായും സാമ്പത്തികമായും ഒക്കെ അനുഭവിച്ചതാണ്.

ദൈവമാകാനുള്ള ശ്രമത്തിൽ, 'നാരായണനും, കൃഷ്ണനും മായാകൃഷ്ണും പരാജയപ്പെട്ടു കഴിഞ്ഞു'. കൂടുതൽ വിശദീകരണങ്ങൾ അത്യാവശ്യം അല്ലെങ്കിലും വൈകാതെ ലഭിച്ചേക്കാം.

((((((മഹാശക്തിയായ ദൈവത്തിന്റെ ശക്തികളെ ഒരു കോടി അളവുകൾ മാത്രമായിട്ട് ആദിയും അന്തവുമില്ലാത്ത സങ്കല്പിച്ചാൽ, അതിൽനിന്ന് 1 (ഒരു അളവ്) എടുത്താൽ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നതിന് 1 (ഒരു അളവ്) അധികമാണ്. അങ്ങനെയിരിക്കെ *'മണ്ണും ഭൂമിയുമായ മഹാരൂപത്തെ മഹാസ്വീകരിച്ചിട്ടുള്ളതായ ദൈവത്തിന്റെ '* എതിരാളികളോ മത്സരാർത്ഥികളോ ആവാനുള്ള യോഗ്യത 'സൃഷ്ടികൾക്ക് ' ഇല്ല; വിഷ്ണുവും കിഷ്ണുവും ഉൾപ്പെടെ യാതൊരാൾക്കും ഇല്ല. *മണ്ണും ഭൂമിയുമായ ദൈവം ശക്തികളെ നൽകിയാൽ മാത്രമേ ഏതൊന്നും ചെയ്യാൻ സൃഷ്ടികൾക്കു കഴിയൂ.*

'മഹാശക്തിയായ മണ്ണും ഭൂമിയുമായ ദൈവം' മഹാശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നതിൽ നിന്ന് 'വാക്കുകളും കരാറുകളും പാലിക്കുമെന്ന വിശ്വാസം കൊണ്ടാണ്' വിഷ്ണുവും അയാളുടെ കിഷ്ണ അവതാരവും കൊടിയ കൊടിയ പദ്ധതിയിൽ വിജയിക്കുമെന്ന് ഉറപ്പിച്ചത്.

'മണ്ണും ഭൂമിയുമായ ദൈവത്തെ അടിമയാക്കിക്കൊണ്ട് സ്വയം ദൈവമാകാമെന്ന് അവർ വ്യാമോഹിച്ചു! വ്യക്തിസ്വാതന്ത്ര്യം നിഷേധിച്ചു കൊണ്ട് എല്ലാ മനുഷ്യരെയും അവർ അടിമകളാക്കുമായിരുന്നു! എല്ലാ മനുഷ്യർക്കും 50 സ്ത്രീ ജന്മങ്ങൾ, 50 പുരുഷ ജന്മങ്ങൾ എന്നിങ്ങനെ മൊത്തം 100 ജന്മങ്ങൾ ഉള്ളതിൽ ഒരു സ്ത്രീ ജന്മം അതിസുന്ദരിയാണ്; പ്രസ്തുത 'സുന്ദരീ-ജന്മങ്ങളെ' മുഴുവൻ 'പെണ്ണുപിടിയന്മാരായ അവർ' കാമപരമായി കീഴ്പ്പെടുത്തുമായിരുന്നു ! അവർക്ക് തോന്നും പോലെയെല്ലാം ഏതൊരു സ്ത്രീയെയും കാമപരമായി പീഡിപ്പിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുമായിരുന്നു ! ആവശ്യം കഴിഞ്ഞാൽ വലിച്ചെറിഞ്ഞു രസിക്കുമായിരുന്നു! ഭാര്യയും മകളും അമ്മയും സഹോദരിയും മറ്റും അപഹരിക്കപ്പെടുന്നതും പീഢനം അനുഭവിക്കുന്നതും കണ്ടും കേട്ടും അനുഭവിച്ചും നിലവിളിക്കുന്ന നിസ്സഹായരായ പുരുഷപ്പടയെ കണ്ട് കൊടിയ പിശാചുക്കൾ, പ്രത്യേകിച്ചും രണ്ടാമൻ ആർത്തുചിരിക്കുമായിരുന്നു ! ലോകത്തെവിടെയുമുള്ള ജനങ്ങൾ, കൊടിയ പിശാചിന്റെ ഇഷ്ടം പോലെ അവനെ മാത്രം ആരാധിക്കുകയും കുമ്പിടുകയും അവനെ

ഭയന്നു-ജീവിക്കുകയും ചെയ്യുമായിരുന്നു ! അവന് /അവർക്ക് തോന്നും പോലെയെല്ലാം മനുഷ്യരെയും മറ്റുള്ള ജീവികളെയും ശിക്ഷിക്കുമായിരുന്നു ! ജീവികൾക്ക് പിന്നെ മോക്ഷം/മുക്തി ഇല്ല. അവരുടെ കാലടിയിലെ ചവിട്ടും തൂപ്പും തുപ്പും മാത്രം ശരണം! ..... യാഥാർത്ഥ്യങ്ങൾ അറിയാതെയും അന്വേഷിക്കുകയും ചെയ്യാതെ, തങ്ങളുടെ ബന്ധുക്കളല്ലാത്ത കിഷാണുവിന്റെയും മറ്റും പ്രണയ-കാമ ചിത്രങ്ങളെയും മറ്റും പ്രചരിപ്പിക്കാനും പൂജിക്കാനും ആരാധിക്കാനും ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ആധുനിക കാലത്തെ വിവരദോഷികളെ എങ്ങനെ ശിക്ഷിക്കണമെന്ന് സ്വയം വിശകലനം ചെയ്തു പറയട്ടെ; മഹാനീതിപതിയായ മഹാദേവി കേൾക്കട്ടെ ....!)))))) .....

കൂടുതൽ വിസ്തരിക്കുന്നില്ല. സ്വയം വിശകലനം ചെയ്യാനുള്ള ബുദ്ധിശക്തിയും ഓർമ്മശക്തിയും മനുഷ്യർക്ക് മഹാമാതാവായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

മറ്റുദേവതകളെയെല്ലാം വരുതിയിൽ വരുത്തുവാനും ദൈവമാകാനും പ്രവർത്തിച്ച ദുർഗ്ഗയ്ക്കും, വിഷാണുവിനും അയാളുടെ കൃഷ്ണാവതാരത്തിനും, മറ്റു ദേവതകൾക്കും 'മനുഷ്യരുടെ ആരാധനകളെയും പ്രാർത്ഥനകളെയും ധർമ്മശാസ്ത്രപരം അല്ലാതാക്കേണ്ടത്' അവരുടെ ആവശ്യമായിരുന്നു. ഭൂമിയിലെ മുഴുവൻ ജനങ്ങൾക്കും ആരാധനാ സംബന്ധമായ കാര്യങ്ങളിൽ പാപം കുറയാനും, ഇല്ലാതിരിക്കാനും ദുർദ്ദേവതകൾ ഉപകരിച്ചിട്ടുണ്ട് ! വ്യത്യസ്ത മതങ്ങൾ പ്രകാരവും മറ്റും അധർമ്മം വളരാനും, അസമാധാനവും അസന്തോഷവും വ്യാപകമാവാനും ദുർദ്ദേവതകൾ കാരണമായിട്ടുണ്ട്; ജനങ്ങളുടെ പാപം കുറയാനും!

പിശാചിനെ സ്തുതിക്കുന്നവർക്ക് പിശാചിന്റെ ഗുണങ്ങൾ കിട്ടുമെന്നതുപോലെ, അനേകരിൽ അഹംഭാവവും അഹങ്കാരവും കള്ളങ്ങളും കാപട്യങ്ങളും വർദ്ധിക്കാൻ ദുർദ്ദേവതകളെ പൂജിച്ചത് കാരണമായിട്ടുണ്ട്.

അയ്യപ്പൻ, മുരുകൻ തുടങ്ങിയ അനേകം ദേവതകളെ അടിസ്ഥാനപരമായിട്ട് വളരെ മുമ്പേ പിൻവലിച്ചുകഴിഞ്ഞു. ആവക കാര്യങ്ങളെല്ലാം ഓംസത്യം ഡോട് കോം വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന മഹാഗ്രന്ഥത്തിൽ ലഭ്യമാണ്.

മഹാശക്തിയായ ദൈവം, ഏകദാസനിലൂടെ ഏതാനും ദേവതകളെ മഹാപ്രപഞ്ചത്തിലെ ഭൂമി, സൂര്യൻ, ചന്ദ്രൻ, അഗ്നി, വായു, സമുദ്രം, നദി, മല, മരണം, ചരിത്രമെഴുത്ത്, തുടങ്ങിയവയുടെ ഭരണകാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയെങ്കിലും, 1000 കോടി വർഷങ്ങളുള്ള ആദ്യ മഹാകാലചക്രത്തിലെ മഹാഭരണാധികാരിയും മഹാനീതിപതിയും യഥാർത്ഥത്തിൽ മഹാശക്തിയായ ദൈവം തന്നെ ആയിരുന്നു.

അതെങ്ങനെയെന്നാൽ, *മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിലെ മൂലകങ്ങളിലും സംയുക്തങ്ങളിലും സൃഷ്ടിച്ചിട്ടുള്ളതായ ശാസ്ത്രനിയമങ്ങളെ അനുസരിച്ച് മാത്രമേ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ അടിസ്ഥാനപരമായിട്ട് നിർവ്വഹിക്കുവാൻ എപ്പോഴും ഏതൊരാൾക്കും കഴിയുകയുള്ളൂ.*

ദേവതകൾക്കും മനുഷ്യർക്കുമെല്ലാം ലഭ്യമാക്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗം ചെയ്താലും ദുരുപയോഗം ചെയ്താലും, വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികൾ ഉപയോഗിച്ച് 'പൈ (3.1416..)' അളവിനകത്തുള്ള ധാർമ്മിക വ്യതിയാനങ്ങളാണ് സാധാരണ രീതിയിൽ സാദ്ധ്യമാവുക എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതേസമയം, അസാധാരണമായിട്ട് ഓംകാരത്തെ ലഭിച്ച വിഷ്ണു, ധാർമ്മിക വ്യതിയാനത്തെ (ഓംകാരത്തെ ഉപയോഗിച്ച്) ' പൈ (3.1416..)' അളവിൽനിന്ന് അല്പം ഉയർത്തുകയും ചെയ്തു. അത് അപകടമുണ്ടാക്കി; ഭൂമിയിലെങ്ങും ധാർമ്മിക അധഃപതനം മൂർച്ഛിക്കാൻ കാരണമായി.

ജ്യോതിഷം. മന്ത്രവാദം തുടങ്ങിയവയും വർജ്ജ്യമാണ്. ജ്യോതിഷത്തില് ശരിയുണ്ട്, എന്നാൽ വർജ്ജ്യമായതിനെ പിൻപറ്റിക്കൂടാ. വിവാഹപ്പൊരുത്തങ്ങള് പോലെയുള്ള അധമ കാര്യങ്ങളെല്ലാം ജ്യോതിഷികൾക്ക് കടുത്ത പാപവും ശിക്ഷയും നൽകുന്നുണ്ട്. മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം ചെയ്യുന്നതെല്ലാം മനുഷ്യരുടെ നല്ലതിനു വേണ്ടതെല്ലാം മാത്രമാണ്. മായ കൊണ്ട് മറച്ചിട്ടുള്ളതായ *നാളെയിലെ കാര്യങ്ങളെ ഇന്നറിയാൻ ആഗ്രഹിക്കുന്നതും സൃഷ്ടിപരവും സ്ഥിതിപരവുമായ വിധികളെ മാറ്റാൻ പ്രയത്നിക്കുന്നതും പാപമാണ്.* ജ്യോതിഷം പോലെയുള്ളവയും മന്ത്രവാദങ്ങളും യജ്ഞങ്ങളും പിന്പറ്റുന്നവർക്കും മഹാനീതിശാസ്ത്രപ്രകാരം ശിക്ഷയുണ്ട് എന്നറിയുക. ദൈവീകമല്ലാത്ത ആരാധനകളുടെയും പ്രാർത്ഥനകളുടെയും വളരെനീണ്ട നിരയാണ് മിക്ക മതങ്ങളിലുമുള്ളത്. പ്രാർത്ഥനകളും ആരാധനകളും മഹാശാസ്ത്രപരമായി നിർവ്വഹിക്കേണ്ടത് എങ്ങനെയെന്ന് മേല്പടി വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്.

മായ/ദൈവം ഉടൻ ഭൂമിയിൽ പ്രത്യക്ഷമാകുന്നതോടെ, വർജ്ജ്യശാസ്ത്രമായ മന്ത്രശാസ്ത്രവും, ആദ്യമഹാകാലചക്രത്തിലെ ദേവതകളും എന്നന്നേയ്ക്കുമായി പിൻവലിക്കപ്പെടുന്നതാണ്. ഭൂരിപക്ഷവും ഇതിനോടകം പിൻവലിക്കപ്പെട്ടുകഴിഞ്ഞു. രണ്ടാം മഹാകാലചക്രത്തിലെ, മഹാസൃഷ്ടിചക്രത്തിൽ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ *മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവി* മഹാപ്രപഞ്ചത്തിന്റെ മഹാഭരണം (സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ) ഏറ്റെടുക്കുകയാണ്, നേരിട്ട് നിർവ്വഹിക്കുന്നതാണ്, മഹാദേവിയുടെ ഭാഗമായ പരമശിവൻ മഹാഇഷ്ടങ്ങളനുസരിച്ച് മഹാദേവിയോടൊപ്പം മഹാദാസനായിട്ട് ഉണ്ടാവും. എല്ലാ ജീവികളുടെയും പിതാവായ പരമശിവനിലൂടെയാണ് മഹാശക്തി മഹാശാസ്ത്രം പഠിപ്പിക്കുകയും, മഹാനീതിയിലെ ശിക്ഷാകാര്യങ്ങളും സംഹാരവും നിർവ്വഹിക്കുക എന്നതുകൊണ്ട് പരമശിവനിലൂടെയുള്ള മഹാശക്തിയുടെ

പ്രവർത്തനകാര്യങ്ങൾ ഗൗരവതരങ്ങളെങ്കിലും മഹാശക്തിയായ മഹാദേവിയുടെ മഹാദാസനായ പരമശിവൻ മഹാദേവിയുടെ പ്രത്യേക ഭാഗമാകയാൽ വേറിട്ടു കാണേണ്ടതില്ല. പരമശിവൻ സ്വയം മഹാശക്തിയെ ആരാധിക്കുകയും യോഗ്യത നേടുന്ന മനുഷ്യരെക്കൊണ്ട് മഹാശക്തിയെ മാത്രം ആരാധിപ്പിക്കുവാൻ ശ്രദ്ധിക്കുന്നതുമാണ്....

മഹാ-ശക്തി/ശിവ ബന്ധം

മഹാശക്തി = ദൈവം.

MAHAASHAKTHI

M13 A1 H8 A1 A1 S19 H8 A1 K11 T20 H8 I9 = 100

മഹാ + ശക്തി = മഹാശക്തി. ലളിതമായ നാമം.
മഹാശക്തിയാണ് ദൈവം.

മഹാശക്തി = മഹാദേവി.

പരമശിവൻ എന്ന മഹാപദവിയും മഹാനാമവും മഹാദാനമായും മഹാഅനുഗ്രഹമായും ലഭിച്ചിട്ടുള്ള ദേവീ-ഭാഗം മഹാദേവനല്ല; മഹാദാസനാണ്; ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ള ഏക ദേവനാണ്, യഥാർത്ഥമായ ബ്രഹ്മദേവൻ. 50 വർഷത്തിലൊരിക്കൽ ഒരു രാത്രി മാത്രം പരമശിവനെ മഹാദേവനാക്കുന്നുണ്ട്. മഹാശിവരാത്രി. മനുഷ്യർക്ക് അതിൽ കാര്യങ്ങളില്ല; ദൈവ കാര്യങ്ങളാണവ.

പരമശിവൻ എന്നത് സമസ്ത ആറ്റങ്ങളിലും ശിവചക്രമായി പ്രവർത്തിപ്പിക്കുന്നതായ സ്വന്തം ഭാഗത്തിന് ഏകദൈവമായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാപദവിയാണ്. *ഏകദാസൻ, മഹാദാസൻ എന്നീ നിലയിലും പ്രവർത്തിക്കേണ്ടുന്നതായ ധർമ്മശാസ്ത്രപരമായ ആവശ്യത്തെ മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെ പരമശിവൻ ഉൾക്കൊള്ളുന്നു* എന്നല്ലാതെ യഥാർത്ഥത്തിൽ ദാസനായല്ലാ സൃഷ്ടിച്ചിട്ടുള്ളത്. പ്രപഞ്ചപിതാവ്, ദൈവത്തിന്റെ ഏക പ്രതിനിധി, തുടങ്ങിയ മഹാസ്ഥാനങ്ങളാണ് പരമശിവന്റേത്. സൃഷ്ടികളായ മനുഷ്യർ, മൂഢത്തം നിമിത്തം പരമശിവനെ ആരാധിക്കുന്ന അധമ അവസ്ഥ ഉണ്ടായിക്കൂടാ; ആയതിന് പരമശിവൻ മഹാഅനുഗ്രഹത്തോടെ സ്വയം സ്വീകരിച്ചിട്ടുള്ള നാമങ്ങൾ മാത്രമാണ് ഏകദാസൻ, മഹാദാസൻ എന്നിവ. ..മനുഷ്യർ, പ്രപഞ്ചപിതാവിനെ ദാസൻ എന്നു വിളിച്ചാൽ അപരാധമാണ്.

ഏകദേവിയും *ബ്രഹ്മവുമായ മഹാദേവിയെ*, ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ളതായ ഏകദേവനായ **പരമശിവൻ** സംബോധന ചെയ്യുന്നത് ***മഹാദേവീ*** എന്നും ***ദേവീ*** എന്നും ***മണ്ണടി ദേവീ*** എന്നുമാണ്; **പരമശിവനെ മഹാദേവി** സംബോധന ചെയ്യുന്നത് ***ദേവാ*** എന്നുമാണ്. സൃഷ്ടികളായ **മനുഷ്യർക്ക്** മഹാദേവിയും പരമശിവനും **ഒന്നിച്ചു** നിൽക്കുമ്പോഴും, **തനിച്ചു** നിൽക്കുമ്പോഴും, ***അമ്മേ ശിവാ*** എന്നു സംബോധന ചെയ്യുന്നത് **മഹാഉചിതം**. മഹാദേവിയുടെ ദാസനായി പ്രവർത്തിക്കുന്ന പരമശിവൻ മഹാദാസനാണ്. മഹാദാസന്റെ ഭാര്യയും ദാസിയും എല്ലാം എല്ലാം കൂടിയാണ് മഹാശക്തിയായ മഹാദേവി എന്നു പറയുമ്പോൾ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടികളുടെയും ആനന്ദങ്ങൾ വ്യത്യസ്തമാണ് എന്നതും പ്രത്യേകം അറിയണം. ദൈവീക വിവാഹം മഹാസംഭവിച്ചത് മണ്ണും ഭൂമിയുമായ ദൈവമായിട്ട് മഹാരൂപത്തെ ബ്രഹ്മമായ മഹാദേവി മഹാസ്വീകരിച്ചപ്പോഴാണ്; 1000 കോടിയിലധികം വർഷങ്ങൾക്കുമുമ്പ്. മാതാപിതാക്കളുടെ വിവാഹത്തിൽ മക്കൾക്ക് പങ്കെടുക്കാനാവില്ലല്ലോ /കാര്യമില്ലല്ലോ. മഹാമാതാവായ മഹാദേവിയുടെയും പ്രപഞ്ചപിതാവായ പരമശിവന്റെയും സ്വകാര്യങ്ങളെന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളാണ്; അവർ അടിസ്ഥാനപരമായിട്ട് ജീവികളുമല്ല; *ദൈവീകമായ ആനന്ദങ്ങളും വിഭിന്നമാണ്.* മുൻ വിശകലനങ്ങളിലും മഹാഗ്രന്ഥത്തിലും വിശദീകരിച്ചിട്ടുണ്ട്. ഇവിടെ അല്പം മാത്രം കുറിക്കുന്നു:- *മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം, താൻ സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും,* ഒരു മഹാജീവിയെന്നോണം മഹാപ്രപഞ്ചത്തിലെ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ കണക്കാക്കി തനിക്കും ഒരു ആനന്ദത്തെ മഹാനിശ്ചയിച്ചിട്ടുണ്ട്; തന്റെ ഏകദാസനായ പരമശിവനും ഒരു ആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. *പരമശിവന്റെ മഹാആനന്ദമെന്നത് ഏകദൈവമായ മഹാദേവിയോടുള്ള **മഹാദാസ്യമാണ്**.* മനുഷ്യന്റെ പരമാനന്ദ അളവോട് 5 അളവോടെയുള്ള ദാസ്യത്തെ ഒരിക്കൽകൂടി കൂട്ടിയാൽ 30 അളവുകളുള്ള മഹാദാസ്യമാവും. *മഹാശക്തിയും മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെ മഹാആനന്ദമെന്നത് കുഞ്ഞുങ്ങളായ ജീവികളോടുള്ള **മഹാവാത്സല്യമാണ്**.* മഹാവാത്സല്യത്തിന്റെ അളവ് 35 ആണ്. തന്റെ ഭാഗവും ഏകദാസനുമായ പരമശിവന്റെ മഹാആനന്ദമായ മഹാദാസ്യം 30നോട് 5 അളവുള്ള വാത്സല്യത്തെ ഒരിക്കൽകൂടി കൂട്ടിയാൽ 35 അളവുകളുള്ള മഹാവാത്സല്യമാവും. മഹാദാസ്യത്തയും മഹാവാത്സല്യത്തെയും ദൈവത്തിന്റെ ആനന്ദങ്ങളായും മറ്റുള്ളവയെ ജീവികളുടെ ആനന്ദങ്ങളായും മഹാഅനുഗ്രഹിച്ചിട്ടുള്ളത് മഹാശക്തിയും മഹാനീതിപതിയും മഹാദേവനുമായ മഹാദേവിയാണ്.

((മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങൾക്കെല്ലാം അളവുകളുണ്ട്. മൊത്തം 100 അളവ്. ഭക്ഷണ സാധനങ്ങൾക്ക് ആകെ 40 അളവ്, എന്നാൽ ഏറ്റവുമധികം രുചികരമായ ഭക്ഷണത്തിൽ നിന്ന് ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവാണ്.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായ തൊഴിലുകൾക്കെല്ലാം കൂടി 20, വാത്സല്യം 5, ദാസ്യം 5, ദാനം/ധർമ്മം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5, എന്നിങ്ങനെ 90 അളവുകൾ. മനുഷ്യന്റെ പരമാനന്ദമായിട്ട്, (ദൈവം) മഹാനിശ്ചയിച്ചിട്ടുള്ളത് കാമത്തെയാണ്. തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്ത് കാമലീല പൂർത്തിയാക്കുന്ന വ്യക്തിക്ക് മനുഷ്യരുടെ പരമാനന്ദമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുള്ള 25 അളവ് കാമാനന്ദം ലഭിക്കുന്നു. വാത്സല്യം 5, ദാസ്യം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5 എന്നിവ ചേർന്നാണ് കാമം 25 ഉണ്ടാവുന്നത്. മനുഷ്യർ തങ്ങളെ ത്തന്നെ മറന്ന് കാമാനന്ദത്തിൽ മുഴുകുമ്പോൾ, അവരിലൂടെ ദൈവം കുഞ്ഞുങ്ങളെ

. മഹാഉചിതമായ ആനന്ദ കാര്യങ്ങളെ മഹാശാസ്ത്രപരമായിട്ട് മഹാനിശ്ചയിച്ചിട്ടുള്ളതിനെ മാറ്റിമറിക്കാൻ മനുഷ്യർക്കു കഴിയുന്നതല്ല.))

മഹാലിംഗം/മഹാശക്തി ലിംഗം /മഹാശിവലിംഗം /ശിവലിംഗം

ശിവലിംഗം മഹാശാസ്ത്രപരമാണ്. ശിവലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ല.

ആകാശം എന്ന മഹാലിംഗം

ഭൂമിയിൽ നിന്നും ചന്ദ്രനിൽ നിന്നും മറ്റും നോക്കിയാൽ ഒരു വലിയ കുടകണക്കെ അർദ്ധ-ഗോളാവസ്ഥയുള്ളതും, സൂക്ഷ്മ നിരീക്ഷണത്തിൽ മഹാപ്രപഞ്ച- സൃഷ്ടിയുടെ പ്രതീകമെന്നു വിശേഷിപ്പിക്കാവുന്ന മഹാലിംഗ-രൂപമൂള്ളതും, ആദിയും അന്തവും ഇല്ലാത്തതുമായ മഹാശൂന്യമാണ് ആകാശം.

ദൈവം മണ്ണായിട്ട് അഥവാ ഭൂമിയായിട്ട് മഹാരൂപമെടുക്കുകയും ഭൂമിയുടെ അംശങ്ങളെക്കൊണ്ട് ജീവികൾക്കെല്ലാം ശരീരങ്ങളെയും അതിലൂടെ ആനന്ദങ്ങളെയും നൽകുന്നതിനെ തിരിച്ചറിയുമ്പോൾ, ഭൂമിയിലെ ജീവികളുടെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്നതിനുവേണ്ടി ഭൂമി, മഹാസൃഷ്ടിക്കുകയാണ് ആകാശത്തെ എന്ന് നിസ്സംശയം മനസ്സിലാക്കാനാവും. ഭൂമിയെ ഉൾക്കൊണ്ടു സ്ഥിതി ചെയ്യുന്ന ആകാശത്തെ ഭൂമി സൃഷ്ടിക്കുന്നതായും, സർവ്വ സൃഷ്ടികളെയും മഹാസൃഷ്ടിക്കുവാനുള്ള ഭൂമിയുടെ ആദിയും അന്തവുമില്ലാത്ത മഹാലിംഗമാണ് ആകാശമെന്നും

വിസ്തരിക്കുന്നതിനെ മനസ്സിലാക്കണമെങ്കിൽ ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്ന് ആദ്യം മനസ്സിലാവണം. അതിനു കഴിയണമെങ്കിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം എന്നത് മഹാശക്തിയായ ഏകദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിന്റെ വളരെ വളരെ വളരെ ചെറിയതെന്നോ നിസ്സാരമെന്നോ വിശേഷിപ്പിക്കാവുന്ന ഒരംശം മാത്രമാണ് എന്നും മനുഷ്യർ ഇന്നറിയുന്ന ശാസ്ത്രം പോലെ അനന്തവും സമാനവും വ്യത്യസ്തങ്ങളുമായ ശാസ്ത്രങ്ങളെയും അവ പ്രകാരമോ അല്ലാതെയോ അനന്തവും സമാനവും വ്യത്യസ്തങ്ങളുമായ പ്രപഞ്ചങ്ങളെയും സൃഷ്ടിക്കാൻ മഹാജ്ഞാനം കൊണ്ടും മഹാശക്തികളെക്കൊണ്ടും കഴിയുമെന്ന് മനസ്സിലാവണം. ലളിതമായി മനസ്സിലാക്കാനാവും; അതിന് മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തം' എന്ന് തെറ്റിദ്ധരിച്ചിട്ടുള്ളതോ തെറ്റിദ്ധാരണ ഇല്ലാത്തതോ ആയ ശരീരത്തിന്റെ പ്രവർത്തനങ്ങളെ കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞാൽ മതിയാകും!

ഭൂമിയും ചന്ദ്രനും സൂര്യനും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രകോടികളും ഉൾപ്പെട്ട മഹാപ്രപഞ്ചത്തെ ആകാശം എന്ന മഹാലിംഗം ഉൾക്കൊള്ളുന്നതിനെ മനസ്സിലാക്കാൻ മനുഷ്യന് സ്വന്തം *കണ്ണുകൾ കൊണ്ട് കഴിയുന്നതാണ്.* ഭൂമിയിൽ എവിടെ നിന്ന് ആകാശത്തേക്കു നോക്കിയാലും ഒരു കുട പോലെ *അർദ്ധ-ഗോളാകൃതിയിലാണ് ആകാശത്തെ കാണുക. കുട പോലെയുള്ള അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്രസമൂഹങ്ങളും ഉൾപ്പെടെയുള്ള പ്രപഞ്ചമുള്ളത്. കുട പോലെയുള്ള അർദ്ധ-ഗോളത്തിന് യഥാർത്ഥത്തിൽ അന്തമില്ല. മഹാപ്രപഞ്ചത്തിൽ പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നക്ഷത്ര കോടികൾക്കു സ്ഥിതിചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും മനുഷ്യ ബുദ്ധികൊണ്ട് അളക്കാൻ കഴിയാത്തതും അന്തമില്ലാത്തതുമായ മഹാലിംഗത്തിന്റെ മുകൾഭാഗത്തേയ്ക്കാണ് യഥാർത്ഥത്തിൽ നോക്കിയതെന്നും വിശകലനത്തിൽ സ്വയം ബോദ്ധ്യമാവുന്നതാണ്.

ഇനി, നാമറിഞ്ഞ മഹാലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും നേടാനായ അറിവുകൊണ്ടും പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താനാവാത്ത അവസ്ഥയിൽ മഹാലിംഗത്തെ മനസ്സിലാക്കുമ്പോഴും, ഭൂമി ഉൾപ്പെടെയുള്ള

മഹാപ്രപഞ്ചം മുമ്പുപറഞ്ഞ അർദ്ധ-ഗോളാകൃതിയിലെ കുടയ്ക്ക് അഥവാ മഹാലിംഗത്തിനുള്ളിലാണ്.*

യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല. എല്ലാവരും ജനിക്കുന്നത് മഹാശിവയും മഹാമാതാവുമായ ദൈവത്തിന്റെ മഹാലിംഗത്തിന് അകത്താണ്.

വിശദീകരണം: ഒരു കുട പോലെ വലുതായിക്കൊണ്ട് പുതിയതായി സൃഷ്ടിക്കപ്പെടുന്ന നക്ഷത്രങ്ങളെയെല്ലാം ഉൾക്കൊണ്ട് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന 'മഹാലിംഗം' വർത്തിക്കുന്നു. മഹാലിംഗത്തിന് 'മഹാശക്തി ലിംഗം, മഹാശിവ ലിംഗം, ശിവ ലിംഗം' എന്നീ പേരുകളുമുണ്ട്. (മഹാ) ശിവ ലിംഗവും ആകാശവും പുരുഷ ലിംഗത്തെയല്ലാ സൂചിപ്പിക്കുന്നത്. പുരുഷനും സ്ത്രീയും ജീവിയും അല്ലാത്ത മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെ 'ശൂന്യം' പോലെയുള്ള 'മഹാ സ്ത്രീലിംഗത്തെ'യാണ്. അതു മനസ്സിലാക്കാൻ 'ശിവലിംഗത്തിന് ' അഭിമുഖമായിട്ട് നിൽക്കുന്നതായിട്ടോ ഇരിക്കുന്നതായിട്ടോ ഭാവന ചെയ്യുക. ദേവാലയത്തിലെ 'ശിവലിംഗ പ്രതിഷ്ഠ' സ്ത്രീ ലിംഗം ആണെങ്കിൽ മാത്രമേ കുത്തനെ അഭിമുഖമാവുകയുള്ളൂ. ((*ഓം നമഃശിവായ* എന്നാൽ ശിവയെ അഥവാ മഹാദേവിയെ നമിക്കുന്നു എന്ന യഥാർത്ഥമായ അർത്ഥം പോലെയാണത്. ശിവയിൽ ശിവനും ഉണ്ട് എന്നതുപോലെ ശിവലിംഗത്തിൽ നിന്നും 'മഹാദേവനും മഹാദേവിയും ഏകദൈവവുമായ മഹാശിവയും, മഹാദാസനായ ശിവനും പ്രത്യക്ഷമാകുന്ന സന്ദർഭങ്ങൾ ദൈവവിപ്ലവത്തോടെ ഉണ്ടാകുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ, മഹാശിവയോ, ശിവനോ അനുവദിക്കുകയാണെങ്കിൽ മാത്രം മഹാശിവയെ ആരാധിക്കാമെന്നല്ലാതെ, വിഗ്രഹത്തെ പൂജിക്കാനോ ആരാധിക്കാനോ കുശുകുശു മന്ത്രങ്ങൾ ജപിക്കാനോ പാടില്ല. ദൈവീകമായിട്ട് ദേവാലയങ്ങളെ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും എങ്ങനെയെന്ന് മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.))

മഹാശിവലിംഗം എന്നത് ആകാശം പോലെ ആദിയും അന്തവുമില്ലാത്ത 'മഹാശൂന്യം' കൂടിയാണ്. ജീവികളിലെ സ്ത്രീകളുടെ യോനി എന്ന പേരുള്ള ലിംഗവും ശൂന്യമാണ് എന്നു പറയുമ്പോൾ, *സ്ത്രീകളിൽ ഒരു ശൂന്യഭാഗത്തെ സൃഷ്ടിച്ചിട്ടുണ്ട് എന്നല്ലാതെ അങ്ങനെ ഒരു അവയവം അവർക്കില്ല.* മണ്ണായ ഭൂമി എന്ന മഹാശരീരമായ മഹാശിവയുടെ 'മഹാലിംഗത്തിന്റെ അതിസൂക്ഷ്മമായ അംശങ്ങളാണ്,' ജീവികളിലെ സ്ത്രീകളുടെ ശരീരത്തിൽ ഉള്ളത്. മഹാശിവയുടെ മഹാശരീരമായ ഭൂമിയുടെ അതിസൂക്ഷ്മമായ ഏതാനും അംശങ്ങൾ മാത്രമാണ് സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്നവരുടെയും ഉൾപ്പടെ എല്ലാ ജീവികളുടെയും ശരീരം. *എല്ലാ ജീവികളും/ജീവാത്മാക്കളും ജനിക്കുന്നത് മഹാലിംഗത്തിന് അകത്താണെന്നു ചുരുക്കം.* *മനുഷ്യരും മാതാപിതാക്കളും

മുതുമുത്തശ്ശന്മാരുമെല്ലാം മഹാലിംഗത്തിനകത്ത് ജനിച്ചവരാകുമ്പോൾ, യാതൊരാൾക്കും *എന്റെ രാജ്യം, എന്റെ ദേശം* എന്നിങ്ങനെ പറയാൻ യാതൊരു യോഗ്യതകളും ഇല്ല തന്നെ.

ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്താണെന്ന് അറിയാത്തവരുണ്ടോ?

മനുഷ്യരും മറ്റുള്ള ജീവികളും കുഞ്ഞുങ്ങളെ പ്രസവിക്കുന്നതും മുട്ടയിടുന്നതും പഠന വിധേയമാക്കിയാൽ എത്ര ചെറിയ മഹാവിദഗ്ദ്ധ ശൂന്യതയിലൂടെ എത്ര വലിയ കുഞ്ഞിനെ മനുഷ്യരും പശുക്കളുമെല്ലാം പ്രസവിക്കുന്നുവെന്നും അതിലും വലിയ ലോകാത്ഭുതം ഇല്ലെന്നും, മഹാലിംഗം ഓരോ സ്ത്രീയിലും പ്രവർത്തിക്കുന്നതു കൊണ്ടു മാത്രമാണ് സാദ്ധ്യമാവുന്നതെന്നും ബോദ്ധ്യമാകും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്വന്തം ജനനം തന്നെയാണ് എല്ലാ ജന്മങ്ങളിലും ഓരോരുത്തർക്കും ഏറ്റവും വലിയ ലോകാത്ഭുതം.! ((മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെല്ലാം തന്നെത്തന്നെ മറന്ന് ഇണയെ മാത്രം ഓർക്കുന്നതായ പരമാനന്ദമായ കാമാനന്ദത്തിൽ മുഴുകുമ്പോൾ, ശരീരമാകുന്ന ദൈവത്തിന്റെ അംശം അഥവാ ദൈവം സന്താന സൃഷ്ടിയെ ആരംഭിക്കുന്നു. ബീജ-അണ്ഡ നിർമ്മാണങ്ങളെയും, സ്ത്രീ-പുരുഷൻ മുഖഛായ നിറം .... തുടങ്ങിയ ജന്മഗുണങ്ങളെയും സമ്മാനിക്കുന്നത് മണ്ണും ഭൂമിയും ശരീരവും മഹാപിതാവും മഹാമാതാവുമായ ഏകദൈവമാണ്.

മഹാലിംഗത്തിന് അകത്ത്, ജീവികളെ സൃഷ്ടിക്കാൻ വേറെയും കാരണങ്ങളുണ്ട്. അല്പം കുറിക്കാം:-

ദൈവത്തിന്റെ ഭാഗമല്ലാത്തതായ ജീവാത്മാവിനെ മത്സ്യമായിട്ട് ആദ്യം ജലത്തിൽ സൃഷ്ടിക്കുകയും, ശേഷം 'മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ' എന്ന ജീവിചക്രത്തിലൂടെ പരിണമിച്ചു മോക്ഷത്തെ നേടുകയും ചെയ്യുന്നത് 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരത്തെ ആധാരമാക്കിയാണ്; എങ്കിലും, *'യാതൊരിക്കലും സൃഷ്ടിയായ ജീവാത്മാവിനെ മണ്ണിന്റെ ഭാഗമാക്കുകയോ മണ്ണിൽ തൊടുവിക്കുകയോ ചെയ്യുന്നില്ല.'* ഖരാവസ്ഥയിലുള്ള മണ്ണായ ഭൂമി നീതിയാണ്, മഹാനീതിയാണ്, മഹാനീതിപതിയായ ദൈവമാണ്. *നീതി കാര്യങ്ങളെ വിധിക്കുവാൻ ജീവിയെ അഥവാ ജീവാത്മാവിനെ അനുവദിച്ചിട്ടില്ല.* മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ജീവികളുടെയും ശരീരം എന്നതുകൊണ്ട്, ദൈവാംശമായ ശരീരങ്ങളെ നല്ലതിന് ഉപയോഗപ്പെടുത്തുക എന്നല്ലാതെ (അന്യോന്യം) ശിക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്തുമ്പോൾ ഗൗരവമായ ക്രമ പ്രശ്നം ഉണ്ടാകുന്നതാണ്. *ജീവാത്മാവിനെ ശിക്ഷിക്കുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' സൃഷ്ടിച്ചിട്ടുള്ള 'ശരീരത്തെയോ അവയവങ്ങളെയോ' കളങ്കപ്പെടുത്തുന്നു; അന്യായം കാട്ടുന്നു. *ദൈവത്തിന്റെ ഇഷ്ടം എന്ന മഹാ നീതിയെ വിഷയമാക്കാതെ പ്രവർത്തിച്ചാൽ പാപം ഉണ്ടാകുന്നതാണ്.* അതായത് *ശരീരവും മണ്ണുമായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുക എന്നല്ലാതെ ശരീരമായ

ദൈവാംശത്തെ ശിക്ഷിക്കാൻ യാതൊരാൾക്കും അവകാശമില്ല എന്ന് ചുരുക്കം. *മഹാത്മാഗാന്ധിക്ക്* പിൻപറ്റാൻ കഴിഞ്ഞതും ഗാന്ധി ആഹ്വാനം ചെയ്തതുമായ അഹിംസയും സത്യാഗ്രഹ സമരങ്ങളും ദൈവീകമാകുന്നത് അങ്ങനെയാണ്. ധർമ്മശാസ്ത്രപരമായി ജീവിക്കാത്തവരോട് നിസ്സഹകരിക്കാനും, കടുത്ത അപരാധങ്ങൾക്ക് ഉടുതുണിയോടെ (മാത്രം) കാട്ടിലേക്കും, ഒറ്റപ്പെട്ട ദ്വീപിലേക്കും നിശ്ചിത കാലത്തേക്ക് നാടുകടത്തുക എന്ന ശിക്ഷയുടെ കാഠിന്യം ഏറ്റവും ഭീകരമാണ്!

കുഞ്ഞുങ്ങളെ, പ്രപഞ്ചപിതാവായ **പരമശിവനു** പോലും മഹാനീതിശാസ്ത്ര പ്രകാരം പ്രവർത്തിക്കുക എന്നത് കഠിനമാണ്. ഓം മഹാശക്തിയായ മഹാദേവി, മഹാശക്തികളെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം **പരമശിവന്റെ** കഴുത്തിൽ ഓംകാര നാഗബന്ധനത്തെ മഹാനിർവ്വഹിച്ചിട്ടുള്ളത് വെറുതെയല്ല. സ്വന്തം കാര്യങ്ങളിലും, കുഞ്ഞുങ്ങളായ ഭൂമിയിലെ സമസ്ത മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും കാര്യങ്ങളിലും, പരമശിവന് പിഴവുകൾ ഉണ്ടാവാതെ മഹാസംശുദ്ധമാക്കാനാണത്. പരമശിവന് 'ക്ഷിപ്ര കോപത്തെ' മഹാ അനുഗ്രഹിച്ചു നൽകിയിട്ടുള്ളതും മഹാനീതിശാസ്ത്രത്തിന് കളങ്കം ഉണ്ടാവാതെ മഹാസംരക്ഷിക്കാനാണ്. ആവക കാര്യങ്ങളെ ഓംസത്യം ഡോട് കോം-വെബ്സൈറ്റിലെ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാലിംഗം ബഹുവിധങ്ങളിലായിട്ട് മഹാപ്രപഞ്ചത്തെയും, ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. ആകയാൽ,

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ദേവാലയങ്ങളെ (ആവശ്യമുള്ള ജനങ്ങൾ), അവയെല്ലാം മഹാശാസ്ത്രപരമായിട്ട് ശുദ്ധീകരിക്കേണ്ടതുണ്ട് :

മഹാലിംഗ പ്രതിഷ്ഠ മാത്രമേ ഏതൊരു ദേവാലയത്തിലും പാടുള്ളൂ.

(4). ദൈവ-വിപ്ലവം ഉടൻ

മണ്ണായ ഭൂമിയുടെ മക്കളാവാൻ പ്രയത്നിച്ചു പുണ്യം നേടുക.

ഭൂമിയെന്ന ഏക മഹാരാജ്യത്തെ സ്നേഹിക്കുകയും, ഭൂപ്രദേശങ്ങൾ മാത്രമായ രാജ്യങ്ങളുടെ പേരിൽ കേമത്തം ഭാവിക്കാത്തവരുമായ കൃഷിക്കാർക്കും, ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന എല്ലാ ജനങ്ങൾക്കും, മഹാശക്തിയായ ദൈവത്തിന്റെ ഏകദാസനും മഹാദാസനുമായ ഈയുള്ളവൻ ദാസനായിരിക്കുമെന്ന് മഹാവിനയത്തോടെയും മഹാവാത്സല്യത്തോടെയും അറിയിക്കുന്നു. പൊന്നുമ്മകൾ.

മണ്ണും പ്രദേശവും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ *ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ* പ്രാദേശികത്വം അവകാശപ്പെടില്ലെന്നും *ഭൂമിയുടെ കുഞ്ഞ്* എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും ചുരുക്കം. ലഭ്യമായ ശക്തിക്ക് അനുസരിച്ച് പ്രയത്നിക്കുന്നവർക്കെല്ലാം തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്.

മണ്ണിന്റെ നിയമങ്ങൾ *ധർമ്മശാസ്ത്രപരമായ* സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ഓരോ മനുഷ്യനും നൽകിയിട്ടുള്ളത് യഥാർത്ഥത്തിൽ യാതൊരാളുടെയും സ്വാതന്ത്ര്യങ്ങളെ കുറയ്ക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ എല്ലാ രാജ്യങ്ങളിലുമുള്ള *ഓരോ മനുഷ്യനും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും സമഅനന്ദമെന്ന മഹാസമനീതിയെയും പ്രത്യേകം പ്രത്യേകമായിട്ട് മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാആവിഷ്ക്കാരം കൂടിയാണ് ധർമ്മ ശാസ്ത്രം*. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ പ്രപഞ്ച ജീവിതത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്നു.

മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങളെല്ലാം ഭൗതിക അസ്തിത്വമില്ലാത്തവയും, മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമാകുന്നവയുമാണ്.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, *പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്.* എല്ലാ വിഷയങ്ങളെയും ധർമ്മശാസ്ത്രപരമായിട്ട് *സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക എന്ന് സുവ്യക്തമായി തിരിച്ചറിയുന്നതാണ്.* അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് *അധമരായ ഭരണാധികാരികളുടെ

അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത്* എന്നതും പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്.

((ഉദാഹരണത്തിന് : കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല. *മോഷണം*, കൊലപാതകം, കൊള്ള, സ്ത്രീപീഢനം, മദ്യപാനം, പുകവലി, തുടങ്ങിയവ *അധമ പ്രവൃത്തികൾ/ ചെയ്തികൾ* ആണ്; *തൊഴിൽ അല്ല*. മണ്ണിൽ ജോലി ചെയ്തും അല്ലാതെയും ജനങ്ങൾ നേടുന്ന സമ്പത്തിനെ *നികുതി / നികുതികൾ* എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് *മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്.* അധമ പ്രവൃത്തിയാണത്; തൊഴിൽ അല്ല. *യാതൊരു നികുതികളും ദൈവീകമല്ല.*

ജനാധിപത്യ ഭരണം, സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ കള്ളപ്പേരുകളോടെ ജനങ്ങളെ പറ്റിച്ച് ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും! അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ *നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ* എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. *കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നതും ദൈവീകമല്ല*. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെ *എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.*

"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി *പോലീസ് സേന* ജീവൻ കളഞ്ഞും, അവരെ ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. *ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും* ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, *യജമാനന്മാരായ ജനങ്ങളെ* മറന്നുകൊണ്ട് *പിഴച്ചവരായ ഭരണാധികാരികളെ* അനുസരിക്കുന്ന മറ്റൊരു *അധമ-നീച സങ്കേതമായിരിക്കുന്നു*. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്. *ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം* എപ്പോഴുമുണ്ട് : ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം കടമകളെയും കടപ്പാടുകളെയും നിറവേറ്റണം. ധർമ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും മറ്റും തട്ടിക്കൂട്ടുന്ന അധമരായ മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും മറ്റും ഉൾപ്പെട്ട മനുഷ്യ - ഭരണാധികാരികളെ ധിക്കരിക്കാനും, അത്യാവശ്യമെങ്കിൽ നീചരെ പരസ്യമായി കെട്ടിയിടാനും, വേണ്ടിവന്നാൽ പരസ്യമായി തല്ലാനും,

ജനങ്ങളുടെ ദാസന്മാരും സംരക്ഷകരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയ്ക്ക് ധർമ്മശാസ്ത്രപരമായ ചുമതലയുള്ളത് നിറവേറ്റണം.* അപ്പോഴാണ് പോലീസ് സേന, ജനങ്ങളുടെ ഭാഗമാവുന്നതും, സഹായികളാവുന്നതും. ഭൗതിക ശാസ്ത്രം പോലെ ഭൗതിക അസ്തിത്വം ഉള്ളതായ *ധർമ്മശാസ്ത്രത്തെയും* മണ്ണായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുണ്ട്. അവ പ്രകാരം എല്ലാ ജനങ്ങളും ജീവിക്കുകയേ വേണ്ടൂ.*

ധർമ്മ ശാസ്ത്ര പ്രകാരം, പോലീസ് സേന ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായാണ് പ്രവർത്തിക്കേണ്ടുന്നത്. സംശുദ്ധമായിട്ട് പ്രവർത്തിക്കാനും ജനങ്ങൾക്കെല്ലാം ആവശ്യമായ നിരവധി സഹായങ്ങൾ ചെയ്തു കൊണ്ട് പുണ്യം വാരിക്കൂട്ടാനും പോലീസ് സേനയ്ക്ക് കഴിയുന്നതാണ്. ഭരണാധികാരികളെയും *ഉദ്യോഗസ്ഥ മേധാവികൾ ഉൾപ്പെടെയുള്ളവരെയും അനുസരിക്കാൻ പോലീസ് സേനയ്ക്ക് ബാദ്ധ്യതയില്ല.*

മഹാശക്തിയായ ദൈവം, *തൊഴിലുകൾക്കെല്ലാം തുല്ല്യപദവിയാണ് മഹാശാസ്ത്ര പ്രകാരം മഹാനിശ്ചയിച്ചിട്ടുള്ളത് എന്നതും തുല്യങ്ങളിൽ ഒന്നാമത്തേതായിട്ട് കൃഷിയെയും കൃഷിക്കാരെയും മഹാഉയർത്തുന്നു* എന്നതും മഹനീയമാണ്. ആധുനിക കാലത്ത്, "ആവശ്യം" വിഭാഗത്തിലെ *മന്ത്രിമാരെയും* ന്യായാധിപന്മാരെയും മറ്റും "അത്യാവശ്യം" വിഭാഗമാക്കാനും, സമൂഹത്തിലെ *പ്രധാനികളാക്കാനും* ശ്രമങ്ങളുണ്ട്. അധമ സംവിധാനങ്ങളെ ഉപയോഗിച്ചും, ജനങ്ങളുടെ പണത്തെ പിടിച്ചുപറിച്ചും മറ്റും ഭരണാധികാരികൾ കാട്ടിക്കൂട്ടുന്ന ശ്രമങ്ങൾക്ക് മണ്ണിൽ അഥവാ ഭൂമിയിൽ സ്ഥാനം പിടിക്കാൻ കഴിയുന്നതല്ല. ഏതു കാലത്തും, എവിടെയും കൃഷിക്കാർ പണിമുടക്കിയാൽ സമൂഹത്തിൽ ഭക്ഷണത്തിനു വേണ്ടിയുള്ള പരാക്രമങ്ങൾ ഉണ്ടാകുന്നതാണ്. രാജാവും മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസുകാരും പട്ടാളക്കാരും ഉൾപ്പെടെയുള്ള ജനങ്ങളെല്ലാം സർവ്വതും ഉപേക്ഷിച്ചുകൊണ്ട് ഭക്ഷണത്തിനു വേണ്ടി പായുന്നതാണ്. ഭൂമിയിലെങ്ങുമുള്ള എല്ലാ ജനങ്ങളെയും (ദൈവം) തീറ്റിപ്പോറ്റുന്നത് കൃഷിക്കാരിലൂടെയാണ്. *ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണന്നും, യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ /പ്രസിഡന്റ് പ്രധാനമന്ത്രി എന്നിവരേക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം. *)) *അനേകായിരം വർഷങ്ങളായിട്ട് സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ട് തൊഴിൽ നേടിയവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകിക്കൊണ്ട് സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ അനേകായിരം വർഷങ്ങളായിട്ട് പ്രവർത്തിച്ചുപോരുന്നത് കടുത്ത ദൈവനിന്ദയും അപരാധവുമാണ് : വിഷയങ്ങളെ *ധർമ്മശാസ്ത്രപരമായിട്ട് വിശകലനം ചെയ്യുന്നതിൽ നിന്നും പട്ടാളക്കാരെ തടഞ്ഞു.* ധർമ്മശാസ്ത്ര പരമായിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും

കഴിവില്ലാത്തവരും, ഭരണാധികാരികളുടെ അടിമകളുമാക്കി. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. ഒരു രാജ്യത്തിലെ പട്ടാളക്കാരെയും ജനങ്ങളെയും മറ്റൊരു രാജ്യത്തിലെ പട്ടാളക്കാരും ജനങ്ങളും ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമങ്ങളായ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളാക്കി. മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും ജനങ്ങളുമെന്നത് അറിയണം. 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഢിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. വധിക്കാൻ കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്കും, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം. ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു ദൈവമാണെന്നു പറഞ്ഞു നടക്കുന്ന മതഭരണാധികാരികളും മതപുരോഹിത-പ്പരിശകളും ദൈവത്തിന്റെ കുഞ്ഞുങ്ങൾ യുദ്ധം ചെയ്യുന്നതും വധിക്കപ്പെടുന്നതും, ആയുധങ്ങളെയും പട്ടാളക്കാരെയും മറ്റും ഒരുക്കുന്നത് അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാഞ്ഞതിനും കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്. മറക്കുകയോ, മറയ്ക്കുകയോ, അറിയാതെ പോവുകയോ ചെയ്തതാണെങ്കിൽ; സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവൻ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം എന്നു പ്രസംഗിച്ചുകൊണ്ട്, ദൈവം നേരിട്ട് ഏല്പിക്കാത്ത പണികളെ ചെയ്ത് ദൈവത്തെ കബളിപ്പിക്കാൻ ശ്രമിച്ചതിനും, ദൈവത്തിന്റെ പേരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധമ-നീച അനുഷ്ഠാനങ്ങളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് ജനങ്ങളെ ചൂഷണംചെയ്ത് ജീവിക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്.

ദൈവത്തിന്റെ പാവം കുഞ്ഞുങ്ങൾ കൂടിയായ ഇന്നത്തെ പട്ടാളക്കാരും പോലീസുകാരും ആരുടെയും അടിമകളല്ലെന്നും, മറിച്ച് *പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവും, ജനങ്ങളുടെയും രാജ്യങ്ങളുടെയും പൊൻകിരീടമാണെന്നും മാങ്ങാക്കുലയാണെന്നും മറ്റും പറഞ്ഞു പറ്റിക്കാൻ,* ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ അധമ -ഭരണാധികാരികളും മറ്റും ശ്രദ്ധിച്ചിരുന്നു. നീചത്തങ്ങളെ ശരിവയ്ക്കുന്ന എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റുമാരും /രാജാക്കന്മാരും പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മന്ത്രിമാരും ന്യായാധിപന്മാരും തോക്കുകളും മറ്റ് ആയുധങ്ങളുമായിട്ട് അതിർത്തികളെ സംരക്ഷിക്കട്ടെ. അവരുടെ പൊൻകിരീടവും 'രക്തസാക്ഷികളും ബലിമൃഗങ്ങളുമായ' പട്ടാളക്കാർ കുടുംബാംഗങ്ങളെയും ഉറ്റവരെയും സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തും സ്നേഹ-പരിചരണങ്ങളെ മടക്കി വാങ്ങിയും പട്ടാള ജോലിക്കാലത്ത് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ ഏതെങ്കിലും പട്ടാളക്കാരെയോ ജനങ്ങളെയോ വധിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉചിതമായിട്ട് പശ്ചാത്തപിച്ചും,

പാപങ്ങളുടെ ബാക്കിപത്രമായ കീർത്തിമുദ്രകളെയും മദ്യപാനത്തെയും ഉപേക്ഷിച്ച് സംശുദ്ധരാവാൻ പരിശ്രമിക്കണം; സംശുദ്ധരാവണം. *ഉടൻ ഭൂമിയിലെങ്ങും ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാർ സ്വീകരിക്കേണ്ടതായ നടപടികളെയാണ് "അറിയിച്ചത്.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ 'പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.

മോക്ഷം എന്താണെന്നും എങ്ങനെയാണ് നേടേണ്ടത് എന്നും മുമ്പ് വിശദീകരിച്ചതാണ്. ഹ്രസ്വമായി കുറിക്കുന്നു:-

ഓരോ ജീവിയുടെയും ആദ്യസൃഷ്ടിയായിട്ട് ആദ്യമത്സ്യത്തെ സൃഷ്ടിക്കുമ്പോൾ മാത്രമേ ജീവാത്മാവിനെ പുതിയതായി സൃഷ്ടിക്കേണ്ടതുള്ളൂ. ശേഷമുള്ളവ പുനഃസൃഷ്ടികളാണ്, അവയ്ക്കെല്ലാം ജീവാത്മാവുണ്ട്; ശരീരം മാത്രമേ വേണ്ടൂ. അതായത് മത്സ്യ- സസ്യ- പക്ഷി -മൃഗ - മനുഷ്യൻ എന്നീ 5 ജീവി-അവസ്ഥകളിലൂടെയും, (ജീവികളായ) മാതാപിതാക്കളിലൂടെയും പുനർജ്ജനിക്കുകയും പുനർജ്ജീവിക്കുകയും പുനർമരിക്കുകയും, പുനർജ്ജനനങ്ങളും പുനർജ്ജീവിതങ്ങളും ആവർത്തിക്കുകയും ചെയ്യുന്ന ജീവാത്മാക്കൾക്കെല്ലാം മണ്ണായ ദൈവം, ശരീരം മാത്രമേ കൊടുക്കേണ്ടതുള്ളൂ. വിരലുകളിലും, നക്ഷത്രത്തിലും 5 എന്ന സംഖ്യയെ സ്ഥാപിച്ചിട്ടുള്ളതും രാഷ്ട്രങ്ങളിലെ പതാകകളിൽ 5 കോണുകളോടെയുള്ള നക്ഷത്രം ഇടം തേടിയിട്ടുള്ളതും ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്. എല്ലാ ജീവികൾക്കും സമആനന്ദം ലഭ്യമാക്കുവാൻ മഹാനീതിപതി കൂടിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാശ്രദ്ധിക്കുന്നുണ്ട്. ഓരോ ജീവി-രൂപങ്ങളിലും 100 പുനർജ്ജന്മങ്ങൾ വീതമുണ്ട്. യാതൊരു മതങ്ങളിലെയും ഭോഷത്തങ്ങളുമായിട്ട്

ബന്ധമില്ലാത്തതും മഹാശാസ്ത്രപരം മാത്രവുമായ ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ മഹാഗ്രന്ഥത്തിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. മഹാപുനർജ്ജന്മ സിദ്ധാന്തത്തെ പഠിക്കുന്ന നിരീശ്വരവാദികളും അവിശ്വാസികളുമെല്ലാം ദൈവം മഹാഭദ്രപ്പെടുത്തുന്ന മഹാസമനീതിവൈഭവത്തിൽ അത്യുത്ഭതപ്പെടുന്നതും, ഭൂരിപക്ഷം ജനങ്ങളും ആനന്ദിക്കുന്നതും, വളരെപ്പേർ ഭയക്കുന്നതും, മുജ്ജന്മഓർമ്മകളുടെ കാര്യത്തിൽ യാതൊരാൾക്കും മുജ്ജന്മഓർമ്മകളെ ലഭിക്കരുതേ എന്ന് ദൈവത്തോടു പ്രാർത്ഥിക്കുകപോലും ചെയ്യുന്നതുമാണ്.

ജീവിരൂപത്തിലെ അഞ്ചാമത്തേതും അവസാനത്തേതുമായ മനുഷ്യരൂപം സ്വീകരിക്കുന്ന ജീവാത്മാവ് 100 ജന്മങ്ങളിലൂടെ ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം അറിയുകയും അനുഭവിക്കുകയും; മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ ഭാഗമല്ലാതെയെന്നവണ്ണം *സമജീവിരൂപമായ നക്ഷത്രപദവി എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ നേടുകയും ചെയ്യുന്നു.*

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ *ദൈവത്തിൽ നിന്ന്* സൃഷ്ടിയും കുഞ്ഞുമായ ഓരോ ജീവാത്മാവും *സമ്പൂർണ്ണ മുക്തി* നേടേണ്ടതുണ്ട്. *മോക്ഷത്തെ* അഥവാ *മുക്തിയെ* ഓരോ ജീവാത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നതിനു മുമ്പ് ഭൂമിയിലെങ്ങുമുള്ള *ഓരോ മനുഷ്യനും / ജീവാത്മാവിനും ഭൂമിയിലെ ബന്ധുക്കളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ആത്മസംതൃപ്തിയോടെ മുക്തി നേടാൻ കഴിയുന്നത് എങ്ങനെയെല്ലാമെന്ന് 'മോക്ഷം' എന്ന ദൈവ-വിപ്ലവ വിശകലനം 4-ൽ മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. omsathyam എന്ന blog-ലും ഓംസത്യം ഡോട് കോം- എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ദൈവത്തിന്റെ ഏകദാസൻ ദൈവത്തിന്റെ പ്രത്യേക ഭാഗമാണെന്നു കണ്ടു. എന്നാൽ യാതൊരു ജീവികളും ദൈവത്തിന്റെ പ്രത്യക്ഷ ഭാഗമല്ല; കുഞ്ഞുങ്ങളും സൃഷ്ടികളും മാത്രമാണെന്ന് സുവ്യക്തമാക്കപ്പെടുന്നു. ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രപദവിയിൽ ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം അനന്തമായി നുകർന്നുകൊണ്ട് ജീവിക്കാൻ കഴിയുന്നത് വിശദമാക്കിയിരുന്നു. മാത്രമല്ല, ഭൂമിയിലേക്കു മടങ്ങിവന്ന് വീണ്ടും ജനന- ജീവിതസൗഭാഗ്യങ്ങളെ ആസ്വദിക്കുവാനും അത്യുന്നതമായ ജഗത്-കാര്യങ്ങളിൽ പങ്കാളിയാവാനും ഒക്കെയുള്ള മഹാഭാഗ്യങ്ങളെ നക്ഷത്ര പദവിയിലെത്തുന്ന ജീവാത്മാക്കൾക്ക് ലഭിക്കുന്നുമുണ്ട്. വൈകാതെ ദൈവവിപ്ലവവും തുടർന്ന് ആത്മീയ സാക്ഷാത്ക്കാരം എന്ന സംഹാരവും ആരംഭിക്കുമ്പോൾ ചന്ദ്രനിലും സൃഷ്ടി ഉണ്ടാകുന്നതാണ്; ആവക വിവരങ്ങളും മഹാഗ്രന്ഥത്തിലുണ്ട്.

ആയിരം കോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെപ്പറ്റി വളരെ അറിയാനും മനസ്സിലാക്കാനും അനുഭവിക്കാനും, ഇപ്പോഴത്തെ

സൃഷ്ടിചക്രത്തിലെ* ഏതാനും നൂറ്റാണ്ടുകളിലുള്ള ശാസ്ത്രവളർച്ച കൊണ്ട് മനുഷ്യന് ഇന്നു സാദ്ധ്യമായിട്ടുണ്ട്. അങ്ങനെയിരിക്കെ, മണ്ണിൽ മാത്രം ജനിക്കുകയും മണ്ണിൽ ജീവിക്കുകയും മണ്ണിൽ അടിയുകയും ചെയ്യുന്ന മനുഷ്യർ മണ്ണിലെ ശാസ്ത്രംകൊണ്ടു സാദ്ധ്യമായ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചുകൊണ്ട് മണ്ണായ ദൈവത്തെ നിന്ദിക്കരുത്.

ചിന്തിക്കുക. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ഏതാനും നൂറ്റാണ്ടുകളായുള്ള കാലഘട്ടത്തിലെ നല്ലവരും കെട്ടവരും, ദീർഘദർശനം ഇല്ലാത്തവരും മൂഢരും അല്പായുസ്സുകളും ഒക്കെയായ ചില ആത്മീയാന്വേഷകർ; ആയിരംകോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും തട്ടിക്കൂട്ടിയ അബദ്ധ-വിഴുപ്പുകളെ ചുമന്നും അവയിലെ വ്യത്യാസങ്ങളുടെ പേരിൽ പരസ്പരം കലഹിച്ചും കൊന്നും കഴിയുന്ന വിഡ്ഢിക്കൂട്ടങ്ങളായിട്ട് തുടരാനാണോ ദൈവം ബുദ്ധിശക്തികളെയും വിവേചന ശക്തികളെയും മനുഷ്യർക്ക് വർദ്ധിച്ചുനൽകിയത് .... ചിന്തിക്കുക. (*സൃഷ്ടിചക്രം, കാലചക്രം, മഹാകാലചക്രം, മഹാസൃഷ്ടിചക്രം തുടങ്ങിയ കാലഗണനകളെ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.). മുകളിൽ പറഞ്ഞവയും, കാലങ്ങളായിട്ടു ചുമന്നു പോരുന്ന 'പഴയകാല അശാസ്ത്രീയ കഥകളും യുക്തിഭദ്രമാണോ' എന്ന് സ്വയം വിശകലനം ചെയ്യണം. പകരം, നേരിട്ട് കാണുകയോ കേൾക്കുകയോ അനുഭവിക്കുകയോ ചെയ്യാത്ത ദൈവകാര്യങ്ങളിൽ ആവേശപ്പെട്ടു പാപം വർദ്ധിപ്പിക്കരുത് എന്ന് സ്നേഹ വാത്സല്യങ്ങളോടെ ഈയുള്ളവൻ ഉപദേശിക്കുന്നു. .....

മുമ്പ് വ്യക്തമാക്കിയതു പോലെ, ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു മനുഷ്യരുടെയും യാതൊരു സഹായങ്ങളും യാതൊരിക്കലും ആവശ്യമില്ലാ എന്നറിയുക. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതുകൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു.

ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !

എന്ന്, മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഏകദാസനായ *പരമശിവൻ* C/o www.omsathyam.com /2017 മെയ് 18 വ്യാഴാഴ്ച.

സന്ദേശത്തെ ഷെയർ ചെയ്യാൻ ഏതൊരാൾക്കും വ്യക്തിസ്വാതന്ത്ര്യമുണ്ട്. വ്യക്തികൾക്ക് ധർമ്മശാസ്ത്രപരമായ ആനന്ദം ലഭിക്കുന്നുവെങ്കിൽ, ഷെയർ ചെയ്യുക. *സ്വന്ത ചുമതലയായി ഷെയർ ചെയ്താൽ പുണ്യം ലഭിക്കുന്നതാണ്.* പുണ്യത്തെ ആഗ്രഹിച്ചു ഷെയർ ചെയ്താൽ, പുണ്യം ലഭിക്കുന്നതുമല്ല.

ഏകമഹാശക്തിയും, ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും, മഹാമാതാവും, മഹാനീതിപതിയും, മഹായജമാനനും, മഹായജമാനയും, മഹാദാസിയും, മഹാദേവനും, മഹാദേവിയും, മണ്ണും ശരീരവും ഭൂമിയുമായ ദൈവത്തിനു മാത്രം മഹത്വം.



സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

Published on 29 April 2017.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

"എന്റെ രാജ്യം" എന്നു ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലെ *കടുത്ത ദൈവനിന്ദയെ* വിശദമാക്കുന്നു:-

(1). മണ്ണായ ഭൂമിയുടെ അംശങ്ങൾ മാത്രമാണ് രാജ്യവും പ്രദേശങ്ങളും 'ജീവികളുടെ ശരീരങ്ങളും.'

ശരീരത്തെ പ്രാദേശികമാക്കാനോ മതപരമാക്കാനോ ജീവികൾക്ക് കഴിയുന്നതല്ല.

ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്നതു കൊണ്ടാണ് ജീവികളുടെ യെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ, തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവുമായ ദൈവാംശം മഹാനിശ്ചയിക്കുന്ന കാര്യങ്ങളാണ്. അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ ഒരു പഴം കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ മനുഷ്യന്റെ ശരീരത്തിന് ജീവാത്മാവ് അവകാശ പ്പെടുന്ന പ്രാദേശിക-മൂഢത്വം നഷ്ടപ്പെടുന്നതാണ്. രാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ കാര്യമാണ് .....

ഒരു പ്രദേശത്ത് ജനിച്ചവർ, മറ്റുള്ള രാജ്യങ്ങളിലെ വ്യത്യസ്തങ്ങളായ പ്രദേശങ്ങളിൽ ജീവിക്കുമ്പോൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് ഭൂമിയിലെങ്ങും ഉള്ളത് എന്നതുകൊണ്ടാണ് ജീവാത്മാക്കൾക്ക് ജീവിക്കാൻ കഴിയുന്നത്. അവരറിയാതെ അഥവാ അവർ പ്രവർത്തിക്കാതെ മണ്ണും ഭൂമിയുമായ ശരീരത്തിലെ കോശങ്ങളെ ആവശ്യാനുസൃതമായിട്ട് സ്വയം മാറ്റുന്നതു പോലെ പുതിയ പ്രദേശങ്ങളിലെ മണ്ണും ഭൂമിയുമായ ശരീരങ്ങൾ മാറ്റിനിർമ്മിക്കുന്നു.

ജീവികൾ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' മഹാശാസ്ത്ര പ്രകാരവും, മഹാനീതിശാസ്ത്ര പ്രകാരവും, സ്വയം വഹിച്ചു കൊണ്ടിരുന്ന ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കു കയാണു ചെയ്യുന്നതെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു. മരിക്കുമ്പോൾ, ദൈവത്തിന്റെ വാതക രൂപവും ജീവനുമായ ഓക്സിജൻ, അദൃശ്യ വാതകങ്ങളായ ജീവാത്മാവിനെയും പുണ്യപാപങ്ങളെയും മഹാനീതി ശാസ്ത്ര പ്രകാരം നയിക്കുന്നതാണ്. മരിക്കുമ്പോഴും വധിക്കപ്പെടു മ്പോഴും, മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട് പരിണമിച്ചാലും ഇല്ലെങ്കിലും, ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവാംശവുമായ ശരീരം വീണ്ടും മണ്ണിലേക്ക് മടങ്ങുന്നു. സർവ്വം മണ്ണടി.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് *ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നുണ്ട്.* പ്രസ്തുത സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ ദൈവത്തിന്റെ കാര്യങ്ങളിൽ ഇടപെടാൻ സൃഷ്ടികൾക്കു കഴിയുന്നതല്ല.

പ്രാദേശികത്വത്തെ നിർവ്വചിക്കാനോ പ്രാദേശികത്വം അവകാശപ്പെടാനോ കഴിയുന്നവർ ഭൂമിയിൽ ഇല്ല.

'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശത്തെ' നിർവ്വചിക്കാൻ ദൈവത്തിനു മാത്രമാണ് കഴിയുക.
ദൈവത്തിനു മാത്രം മഹത്വം.

*മനുഷ്യർക്ക് 'ലഭ്യമായ ബുദ്ധിശക്തി കൊണ്ട് ' ശരിയല്ലാത്ത കാര്യങ്ങളെന്ന് മനസ്സിലാക്കുന്നവയെ ശരിവെച്ചു കൂടാ.
ശരിയായ കാര്യങ്ങളെ ശരിവെക്കുകയും വേണം.*

കുറച്ചു ചകിരി കൈയ്യിലെടുത്ത് "ഇതാണ് തെങ്ങ്", ഒരു ചക്കക്കുരു കൈയ്യിലെടുത്ത് "ഇതാണ് പ്ലാവ്", വാഴപ്പഴത്തിന്റെ അല്പം തൊലി കൈയ്യിലെടുത്ത് "ഇതാണ് പ്ലാവ്/തെങ്ങ്", മുറിച്ചെടുത്ത അല്പം മുടി കൈയ്യിലെടുത്ത് "ഇതാണ് മനുഷ്യന്റെ തല /മനുഷ്യൻ", എന്നിങ്ങനെയെല്ലാം പറഞ്ഞാൽ മനുഷ്യൻ അംഗീകരിക്കില്ല.

ഇനി ദൈവത്തിന്റെ മഹാരൂപമായ *ഭൂമിയോട് അഥവാ മണ്ണും ഭൂമിയുമായ ദൈവത്തോട്* മനുഷ്യർ കാട്ടുന്ന ഏറ്റവും കൊടിയ അപരാധത്തെ മനുഷ്യർക്ക് ലഭ്യമായ ബുദ്ധിശക്തി കൊണ്ട് വിശകലനം ചെയ്ത് ശരിയും തെറ്റും മനസ്സിലാക്കണം :

ഭൂമിയിലാണ് മനുഷ്യരും മറ്റുള്ള ജീവികളുമെല്ലാം ജീവിക്കുന്നതെന്നും; ഭൂമിയുടെ ഭാഗങ്ങൾ മാത്രമാണ് ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ബംഗ്ലാദേശ്, മ്യാൻമർ/ബർമ്മ, ചൈന, ശ്രീലങ്ക/സിലോൺ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ 200-ൽ പരം രാജ്യങ്ങളെന്നും ഒരുവിധപ്പെട്ട ജനങ്ങൾക്കെല്ലാം അറിയാം. കാലാകാലങ്ങളിൽ ഭൂമിയിൽ ജീവിച്ചുപോരുന്ന അനേകം ജീവികളിൽ ഒന്നു മാത്രമായ *മനുഷ്യ ജീവികൾ തങ്ങൾക്ക് ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, തങ്ങളുടെ ഇഷ്ടംപോലെ ഭൂപ്രദേശങ്ങൾക്ക് അതിർത്തികളെ നിശ്ചയിക്കുകയും, വിവിധ പേരുകൾ നൽകി വ്യത്യസ്ത രാജ്യങ്ങളായിട്ട് പ്രഖ്യാപിച്ചതുകൊണ്ട്, ഭൂപ്രദേശങ്ങൾ വ്യത്യസ്ത രാജ്യങ്ങളായിട്ട് മാറുന്നതല്ല.*

ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, ഭൂമി എന്ന മഹാരൂപത്തെ സ്വീകരിക്കുകയും ചെയ്തിട്ടുള്ള ദൈവത്തിനു മാത്രമാണ് ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ അവകാശവും അധികാരവുമുള്ളത്. ഉദാഹരണമായിട്ട് മനുഷ്യ ജീവികൾക്കു തോന്നുമ്പോലെയെല്ലാം *(1)* ബർമ്മ / മ്യാൻമർ, സിലോൺ / ശ്രീലങ്ക, മദിരാശി / മദ്രാസ് / ചെന്നൈ, ബോംബെ / മുംബൈ

എന്നിങ്ങനെ പേരുകൾ ഇടുന്നതുകൊണ്ടോ, പേരുകൾ മാറ്റുന്നതു കൊണ്ടോ; *(2)* കന്യാകുമാരിയെ തമിഴ്നാടിന്റെയോ കേരളത്തിന്റെയോ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; കാശ്മീരിനെ ഭാഗികമായോ പൂർണ്ണമായോ ഇന്ത്യയുടെ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; *(3)* ഇന്ത്യയെയും പാകിസ്താനെയും ബംഗ്ലാദേശിനെയും മൂന്നായിട്ടോ ഒന്നായിട്ടോ കണക്കാക്കുന്നതു കൊണ്ടോ; ഭൂപ്രദേശങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല. അതേസമയം ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, വെയിൽ, മഴ, വെള്ളപ്പൊക്കം, തുടങ്ങിയവ കൊണ്ട് മഹാശാസ്ത്രപരമായിട്ടു തന്നെ ഭൂമിയിലെ പ്രദേശങ്ങളുടെ *അതിർത്തികളെ മാറ്റിമറിക്കാനും,* പഴയ പ്രദേശങ്ങളെ ഭാഗികമായോ പൂർണ്ണമായോ സമുദ്രങ്ങളെ ഉപയോഗിച്ചും മറ്റും പിൻവലിക്കാനും *പുതിയ പ്രദേശങ്ങളെ സൃഷ്ടിക്കാനും ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവുമായ ദൈവത്തിനു കഴിയുന്നതാണ്; *ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ ദൈവത്തിനു മാത്രമാണ് എല്ലായ്പ്പോഴും അവകാശവും അധികാരവുമുള്ളതെന്ന് സുവ്യക്തമായി ബോദ്ധ്യമാവുന്നതാണ്.*

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും ഭൂമിയുമായ ദൈവം, വൈവിധ്യങ്ങളായ ഭൂപ്രദേശങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം വേണ്ടിയാണ്. തന്റെ മഹാആനന്ദമായിട്ട് സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെ മഹാനിശ്ചയിച്ചു കൊണ്ട് സൃഷ്ടികളെയെല്ലാം തന്റെ പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം മഹാപിതാവും മഹാമാതാവുമായിക്കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം മഹാകരുതുകയും ചെയ്യുന്നു. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ കുഞ്ഞുങ്ങളെയെല്ലാം മഹാനയിക്കുകയും പരിണമിപ്പിക്കുകയും അഞ്ചാമത്തെ

മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും; മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും *മോക്ഷത്തെ* മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്നു. (ഭൂമിയിൽ വച്ച് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ *മോക്ഷത്തിൽ* അനന്തമായിട്ട് ആസ്വദിക്കുവാൻ സാധിക്കുന്നതാണ്.)

100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതിയോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് *ജന്മഗുണങ്ങളെ* സൃഷ്ടിച്ചുകൊണ്ടാണ്. യാതൊരു വ്യക്തികൾക്കും അവരുടെ മാതാപിതാക്കൾക്കും ജന്മഗുണങ്ങളിൽ പങ്കില്ല. *സ്വന്തമായ ഇഷ്ടപ്രകാരം സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം*, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, *സാമ്പത്തിക* ഭദ്രത, *ജനനസ്ഥലം* തുടങ്ങിയവയെ നിശ്ചയിച്ചു കൊണ്ട് ജനിക്കാൻ യാതൊരു മനുഷ്യർക്കും സാധിക്കുന്നതല്ല എന്നതിൽ നിന്നും അവയെല്ലാം ജന്മഗുണങ്ങളാണെന്നു സുവ്യക്തമാണ്.

മണ്ണും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്രമനുസരിച്ച് മഹാനിർവ്വഹിക്കുന്ന *ജനനസ്ഥലം* ഉൾപ്പെടെയുള്ള ജന്മഗുണങ്ങളുടെ പേരിലും; *ദൈവത്തിനു മാത്രം എക്കാലവും സ്വന്തമായ ഭൂപ്രദേശങ്ങളുടെ പേരിലും*; കേമത്തം കാട്ടുന്നതും, കലഹിക്കുന്നതും, ഒളിപ്പോരു നടത്തുന്നതും, യുദ്ധം ചെയ്യുന്നതും എത്ര വലിയ ഭോഷത്തവും നീചത്തവുമാണെന്ന് സ്വയം വിശകലനം ചെയ്തു നോക്കുക. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, ഭൂപ്രദേശങ്ങളെ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വേർതിരിച്ച ശേഷം രാജ്യസ്നേഹം, രാജ്യദ്രോഹം, എന്നിങ്ങനെ പറഞ്ഞ് വാക്കേറ്റങ്ങളും അടിപിടിയും യുദ്ധങ്ങളും ഉണ്ടാക്കുന്നത് ഒരുപക്ഷേ ഭൂമിയിലെ

ഏറ്റവും വലിയ ഭോഷത്തമാവാം.

ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തെ, മനുഷ്യരൂപിയായിട്ടോ ഈ സന്ദേശത്തെ വായിക്കുന്ന വ്യക്തിയായിട്ടോ മനസ്സിലാക്കാനും സങ്കല്പിക്കാനും കഴിയുന്നവർക്ക്, ദൈവത്തിന്റെ അഥവാ താങ്കളുടെ ശരീരത്തിലെ പാദം, വിരല്, നഖം, രോമം, തലമുടി, കണ്ണ്, മൂക്ക്, ചെവി, നാവ്, കയ്യ്, ആമാശയം, പൃഷ്ഠം, ഹൃദയം, തുടങ്ങിയ അനേക ശതകം/ ലക്ഷം/കോടി അവയവങ്ങളിൽ /കോശങ്ങളിൽ ചിലതായിട്ട് രാജ്യങ്ങളെയും അവയിലെ സംസ്ഥാനങ്ങളെയും ജില്ലകളെയും പഞ്ചായത്തുകളെയും പട്ടണങ്ങളെയും കുന്നുകളെയും മലകളെയും പർവ്വതങ്ങളെയും വനങ്ങളെയും സമുദ്രങ്ങളെയും നദികളെയും തോടുകളെയുമൊക്കെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒരു മനുഷ്യന്റെ എല്ലാ അവയവങ്ങളും ആരോഗ്യത്തോടെയിരിക്കുമ്പോഴും, ജീവാത്മാവിന്റെ ആഗ്രഹങ്ങൾ സാധിക്കുമ്പോഴും വ്യക്തി ആനന്ദിക്കുന്നു. ആഗ്രഹങ്ങൾക്ക് വിപരീത പരിസ്ഥിതി ഉണ്ടാകുമ്പോഴും; *അവയവങ്ങൾക്ക് ആരോഗ്യം കുറയുകയും യോജിച്ചു പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴും അവയവങ്ങൾക്കും വ്യക്തിക്കും മഹാനീതി ശാസ്ത്രപരമായ വിനാശം ഉണ്ടാകുന്നതാണ്.* വ്യക്തിയുടെ ശരീര ഭാഗങ്ങളും അവയവങ്ങളുമായ കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, തലമുടി, കിഡ്നി, വിരലുകൾ, കൈകാലുകൾ, തുടങ്ങിയവയ്ക്ക് മഹാശാസ്ത്രപരമായിട്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാവുകയോ, അവയവങ്ങൾ നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ *വ്യക്തിയുടെ ജീവിത-വേദന* വർദ്ധിക്കുന്നതാണ്; ഒരു അവയവം നഷ്ടപ്പെടുന്നതും വേദനിക്കുന്നതും മറ്റുള്ള അവയവങ്ങളെ ആനന്ദിപ്പിക്കുന്നതല്ല; അവയവങ്ങൾ അന്യോന്യം ആക്രമിക്കുന്നതുമല്ല; ജീവനും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജൻ മഹാഭരിക്കുന്നതു പ്രകാരം

വ്യക്തിയാണു വേദനിക്കുന്നത്. *വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ഒരേ ജീവാത്മാവാണ്.* അതേപോലെ, ഭൂമിയുടെ എല്ലാ ഭൂപ്രദേശങ്ങളിലും, രാജ്യങ്ങളിലും, സംസ്ഥാനങ്ങളിലും, ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, കുന്നുകളിലും, മലകളിലും, പർവ്വതങ്ങളിലും, വനങ്ങളിലും, സമുദ്രങ്ങളിലും, നദികളിലും, തോടുകളിലും ഒക്കെ മഹാലയിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നത് മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും മണ്ണും ഭൂമിയുമായ ദൈവമാണ്.

ഭൂമിക്കും ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും മറ്റും ജയ് വിളിക്കാൻ മണ്ണും ഭൂമിയുമായ ദൈവമോ ആരോടും ആവശ്യപ്പെടുന്നില്ല. ഭൂമിക്ക് / ദൈവത്തിന് ജയ് വിളിയുടെ ആവശ്യവുമില്ല. അജ്ഞാനികളും അധമരുമായ (?) ജനങ്ങൾ, ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും മറ്റും ജയ് വിളിക്കുകയും ദേശീയ ഗാനങ്ങളെന്ന പേരിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുമ്പോൾ ശാസ്ത്രീയത ഇല്ലാതാവുന്നു. അതോടെ മത്സരം, തമ്മിലടി, കൊലപാതകം, യുദ്ധം തുടങ്ങിയ പൈശാചിക കാര്യങ്ങൾ സംഭവിക്കുന്നു.

നേതാക്കന്മാരും പട്ടാളക്കാരും മറ്റും മരിക്കുമ്പോൾ *രാഷ്ട്രം അവരെ നമിക്കുന്നതായിട്ട് മന്ത്രിമാരും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവനിന്ദയാണ്.* ആരെയും ആദരിക്കാനും ആദരിക്കാതിരിക്കാനും വ്യക്തികളെന്ന നിലയ്ക്ക് ഭരണാധികാരികൾക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ അവർക്ക് അവകാശമില്ല, അധികാരവുമില്ല. *ഭൂമി അഥവാ ദൈവം അനുവദിക്കുകകൂടി ചെയ്യുമ്പോഴാണ് ഏതൊരാളും മരിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മഹാപിതാവും മഹാമാതാവും

മഹാനീതിപതിയും കൂടിയായ ഭൂമി കുഞ്ഞുങ്ങളെ നമിക്കുന്നതായിട്ട് പ്രസ്താവിക്കുന്നതിലെ മൗഢ്യത* വെളിവാകുന്നു.

ആയുധങ്ങൾക്കും മറ്റും പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളുമെല്ലാം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടണം, ഉപകരിക്കണം. ആയുധങ്ങൾക്കും ആയുധവാഹിനികൾക്കും കര-വായു-നാവിക സേനകൾക്കും അവരുടെയെല്ലാം വാഹനങ്ങൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായിട്ട് ഭൂമിയിലെ രാജ്യങ്ങളിലെല്ലാം പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ലാഭിക്കുമ്പോൾ തന്നെ ഭൂമിയിലെങ്ങും സ്വർഗ്ഗ സുഖങ്ങളെ ഒരുക്കാൻ കഴിയുന്നതാണ്. അധമ സംസ്കാരം കൊണ്ട് രൂപപ്പെട്ടതായ *രാജ്യരക്ഷ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ട തൊഴിൽ ചെയ്യുന്ന സൈനികരേക്കാൾ അധമരായിട്ടുള്ളത്, അന്താരാഷ്ട്രപരമായ തിരുത്തൽ നടപടികൾക്ക് പരിശ്രമിക്കാതെ പട്ടാളക്കാരെക്കൊണ്ട് നികൃഷ്ടജോലികളെ ചെയ്യിക്കുന്ന ഭരണാധികാരികളാണ്.*

ഒരു ജന്മത്ത് *ഏറ്റവുമധികം പുണ്യം നേടാൻ കഴിയുന്നത് ഭരണാധികാരിയുടെ അഥവാ രാജാവിന്റെ അഥവാ മന്ത്രിയുടെ ജോലി ചെയ്യുമ്പോഴാണ്, ധാർമ്മികമായിട്ട് അധഃപതിച്ചാൽ ഏറ്റവുമധികം പാപവും.* മഹാനീതിശാസ്ത്ര പ്രകാരം 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നതും, രാജാവ് ഉൾപ്പെടെയുള്ള തൊഴിലുകൾ ചെയ്യാൻ ഭൂമിയിലെ എല്ലാ മനുഷ്യർക്കും അവസരം ലഭിക്കുന്നതുമാണ്. ജീവികളുടെയെല്ലാം *മഹാഭരണാധികാരിയും മഹാനീതിപതിയും മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ ദൈവം എല്ലാ ജീവികളു ടെയും മഹാദാസനും മഹാദാസിയുമായിട്ട് പ്രവർത്തിക്കുന്ന തിനെ അനുകരിക്കാൻ, ജനങ്ങളുടെ ദാസന്മാരായ മനുഷ്യ - ഭരണാധികാരികൾ പരിശ്രമിക്കണം.* യഥാർത്ഥമായും,

ജനങ്ങളുടെയെല്ലാം ദാസരാവണം ഭരണാധികാരികൾ.

രാജ്യത്തെ തങ്ങൾ രക്ഷിക്കുന്നുവെന്ന് ഭരണാധികാരികളും പട്ടാളക്കാരും മറ്റും ചിന്തിച്ചുപോരുന്നത് കടുത്ത അജ്ഞാനവും അവിവേകവും നിമിത്തമാണ്, ദൈവനിന്ദയുമാണ്. രാജ്യം അഥവാ ഭൂമി അഥവാ ദൈവം, ജനങ്ങളെയും മറ്റുള്ള ജീവികളെയും സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.*

മത-ജാതി-രാഷ്ട്രീയങ്ങൾക്കും തൊട്ടുതീണ്ടലുകൾക്കും മറ്റും യാതൊരു സ്ഥാനങ്ങളുമില്ലെന്നു സുവ്യക്തമാക്കിക്കൊണ്ട്,* ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ഭൂമിയിലെ *എല്ലാ ജീവികളുടെയും നാസികയിലൂടെയും ശ്വാസകോശങ്ങളിലൂടെയും രക്തത്തിലൂടെയും (കയറി ഇറങ്ങി) പ്രവർത്തിച്ച് ജീവികൾക്കെല്ലാം ജീവൻ അഥവാ ശക്തി നൽകുന്നത് തന്റെ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യമാണ്.

എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും വസ്തുക്കളെയും സമ്പത്തുകളെയും ആനന്ദങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് മണ്ണും ഭൂമിയുമായ ദൈവം ആകയാൽ സർവ്വതിന്റെയും അവകാശവും അധികാരവും എക്കാലവും ദൈവത്തിനു മാത്രമാണ്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സ്വന്തമായ ശരീരത്തെ മണ്ണ് മടക്കി വാങ്ങുന്നതാണ്; മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായ മറ്റൊരു ഭൂപ്രദേശത്ത് - ഒരു പക്ഷെ ഇന്ന് ശത്രു രാജ്യമായിട്ടു കണക്കാക്കുന്ന പ്രദേശത്ത് - ഇന്നലെകളിൽ ദ്രോഹിച്ചു വധിച്ച് പുനർജ്ജനിച്ചിട്ടുള്ള ഒരു വ്യക്തിയുടെ മകനോ മകളോ ആയി ഇന്നത്തെ പ്രധാനമന്ത്രിയോ പട്ടാളക്കാരനോ പുനർജ്ജനിച്ചേക്കാം. ...

(2). യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല; ഏതെങ്കിലും ദേശത്ത് ജനിക്കാനോ ജനിപ്പിക്കാനോ യാതൊരു ജീവികൾക്കും കഴിയുന്നതല്ല.

മുകളിൽ കൊടുത്ത വിശദീകരണങ്ങളെയും
അവഗണിക്കുന്നവർ അറിയുക:-

യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല.
എല്ലാവരും ജനിക്കുന്നത് മഹാശിവയും മഹാമാതാവുമായ
ദൈവത്തിന്റെ മഹാലിംഗത്തിന് അകത്താണ്.

വിശദീകരണം: ഒരു കുട പോലെ വലുതായിക്കൊണ്ട് പുതിയതായി സൃഷ്ടിക്കപ്പെടുന്ന നക്ഷത്രങ്ങളെയെല്ലാം ഉൾക്കൊണ്ട് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന 'മഹാലിംഗം' വർത്തിക്കുന്നു. മഹാലിംഗത്തിന് 'മഹാശക്തി ലിംഗം, മഹാശിവ ലിംഗം, ശിവ ലിംഗം' എന്നീ പേരുകളുമുണ്ട്. (മഹാ) ശിവ ലിംഗവും ആകാശവും പുരുഷ ലിംഗത്തെയല്ലാ സൂചിപ്പിക്കുന്നത്. പുരുഷനും സ്ത്രീയും ജീവിയും അല്ലാത്ത മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെ 'ശൂന്യം' പോലെയുള്ള 'മഹാ സ്ത്രീലിംഗത്തെ' യാണ്. അതു മനസ്സിലാക്കാൻ 'ശിവലിംഗത്തിന് ' അഭിമുഖ മായിട്ട് നിൽക്കുന്നതായിട്ടോ ഇരിക്കുന്നതായിട്ടോ ഭാവന ചെയ്യുക. ദേവാലയത്തിലെ 'ശിവലിംഗ പ്രതിഷ്ഠ' സ്ത്രീ ലിംഗം ആണെങ്കിൽ മാത്രമേ കുത്തനെ അഭിമുഖമാവുകയുള്ളൂ. ((*ഓം നമഃശിവായ* എന്നാൽ ശിവയെ അഥവാ മഹാദേവിയെ നമിക്കുന്നു എന്ന യഥാർത്ഥമായ അർത്ഥം പോലെയാണത്. ശിവയിൽ ശിവനും ഉണ്ട് എന്നതുപോലെ ശിവലിംഗത്തിൽ നിന്നും 'മഹാദേവനും മഹാദേവിയും

ഏകദൈവവുമായ മഹാശിവയും, മഹാദാസനായ ശിവനും പ്രത്യക്ഷമാകുന്ന സന്ദർഭങ്ങൾ ദൈവവിപ്ലവത്തോടെ ഉണ്ടാകുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ, മഹാശിവയോ, ശിവനോ അനുവദിക്കുകയാണെങ്കിൽ മാത്രം മഹാശിവയെ ആരാധിക്കാമെന്നല്ലാതെ, വിഗ്രഹത്തെ പൂജിക്കാനോ ആരാധിക്കാനോ കുശുകുശു മന്ത്രങ്ങൾ ജപിക്കാനോ പാടില്ല. ദൈവീകമായിട്ട് ദേവാലയങ്ങളെ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും എങ്ങനെയെന്ന് മഹാഗ്രന്ഥത്തിൽ വവിശദീകരിച്ചിട്ടുണ്ട.))

മഹാശിവലിംഗം എന്നത് ആകാശം പോലെ ആദിയും അന്തവുമില്ലാത്ത 'മഹാശൂന്യം' കൂടിയാണ്. ജീവികളിലെ സ്ത്രീകളുടെ യോനി എന്ന പേരുള്ള ലിംഗവും ശൂന്യമാണ് എന്നു പറയുമ്പോൾ, സ്ത്രീകളിൽ ഒരു ശൂന്യഭാഗത്തെ സൃഷ്ടിച്ചിട്ടുണ്ട് എന്നല്ലാതെ അങ്ങനെ ഒരു അവയവം അവർക്കില്ല. മണ്ണായ ഭൂമി എന്ന മഹാശരീരമായ മഹാശിവയുടെ 'മഹാലിംഗത്തിന്റെ അതിസൂക്ഷ്മമായ അംശങ്ങളാണ്,' ജീവികളിലെ സ്ത്രീകളുടെ ശരീരത്തിൽ ഉള്ളത്. മഹാശിവയുടെ മഹാശരീരമായ ഭൂമിയുടെ അതിസൂക്ഷ്മമായ ഏതാനും അംശങ്ങൾ മാത്രമാണ് സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്നവരുടെയും ഉൾപ്പടെ എല്ലാ ജീവികളുടെയും ശരീരം. *എല്ലാ ജീവികളും/ജീവാത്മാക്കളും ജനിക്കുന്നത് മഹാലിംഗത്തിന് അകത്താണെന്നു ചുരുക്കം.* മനുഷ്യരും മാതാപിതാക്കളും മുതുമുത്തശ്ശന്മാരുമെല്ലാം മഹാലിംഗത്തിനകത്ത് ജനിച്ചവ രാകുമ്പോൾ, യാതൊരാൾക്കും *എന്റെ രാജ്യം, എന്റെ ദേശം* എന്നിങ്ങനെ പറയാൻ യാതൊരു യോഗ്യതകളും ഇല്ലെന്ന് സുവ്യക്തമാണ്.

ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്താണെന്ന് അറിയാത്തവരുണ്ടോ?

...

(3). മണ്ണായ ഭൂമിയുടെ മക്കളാവാൻ പ്രയത്നിച്ചു പുണ്യം നേടുക.

ഭൂമിയെന്ന ഏക മഹാരാജ്യത്തെ സ്നേഹിക്കുകയും, ഭൂപ്രദേശങ്ങൾ മാത്രമായ രാജ്യങ്ങളുടെ പേരിൽ കേമത്തം ഭാവിക്കാത്തവരുമായ കൃഷിക്കാർക്കും, ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന എല്ലാ ജനങ്ങൾക്കും, മഹാശക്തിയായ ദൈവത്തിന്റെ ഏകദാസനും മഹാദാസനുമായ ഈയുള്ളവൻ ദാസനായിരിക്കുമെന്ന് മഹാവിനയത്തോടെയും മഹാവാത്സല്യത്തോടെയും അറിയിക്കുന്നു. പൊന്നുമ്മകൾ.

മണ്ണും പ്രദേശവും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ *ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ* പ്രാദേശികത്വം അവകാശപ്പെടില്ലെന്നും *ഭൂമിയുടെ കുഞ്ഞ്* എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും ചുരുക്കം. ലഭ്യമായ ശക്തിക്ക് അനുസരിച്ച് ആവിധം പ്രയത്നിക്കുന്നവർക്കെല്ലാം തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്.

മണ്ണിന്റെ നിയമങ്ങൾ *ധർമ്മശാസ്ത്രപരമായ* സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ഓരോ മനുഷ്യനും നൽകിയിട്ടുള്ളത് യഥാർത്ഥത്തിൽ *യാതൊരാളുടെയും സ്വാതന്ത്ര്യങ്ങളെ കുറയ്ക്കുന്നതല്ല.* എന്തുകൊണ്ടെന്നാൽ എല്ലാ രാജ്യങ്ങളിലുമുള്ള *ഓരോ മനുഷ്യനും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യ

ത്തെയും സമഅനന്ദമെന്ന മഹാസമനീതിയെയും പ്രത്യേകം പ്രത്യേകമായിട്ട് മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാആവിഷ്ക്കാരം കൂടിയാണ് ധർമ്മ ശാസ്ത്രം*. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ പ്രപഞ്ച ജീവിതത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്നു.

മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങളെല്ലാം ഭൗതിക അസ്തിത്വമില്ലാത്തവയും, മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമാകുന്നവയുമാണ്.

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്.* എല്ലാ വിഷയങ്ങളെയും ധർമ്മശാസ്ത്രപരമായിട്ട് *സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക എന്ന് സുവ്യക്തമായി തിരിച്ചറിയുന്നതാണ്.* അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് *അധമരായ ഭരണാധികാരികളുടെ അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത്* എന്നതും പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്. *അനേകായിരം വർഷങ്ങളായിട്ട് സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ട് തൊഴിൽ നേടിയവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നകിക്കൊണ്ട് സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും

ഭരണാധികാരികൾ അനേകായിരം വർഷങ്ങളായിട്ട് പ്രവർത്തിച്ചുപോരുന്നത് കടുത്ത ദൈവനിന്ദയും അപരാധവുമാണ് : വിഷയങ്ങളെ *ധർമ്മശാസ്ത്രപരമായിട്ട് വിശകലനം ചെയ്യുന്നതിൽ നിന്നും പട്ടാളക്കാരെ തടഞ്ഞു.* ധർമ്മശാസ്ത്രപരമായിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിവില്ലാത്തവരും, ഭരണാധികാരികളുടെ അടിമകളുമാക്കി. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. ഒരു രാജ്യത്തിലെ പട്ടാളക്കാരെയും ജനങ്ങളെയും മറ്റൊരു രാജ്യത്തിലെ പട്ടാളക്കാരും ജനങ്ങളും ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമങ്ങളായ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളാക്കി. മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും ജനങ്ങളുമെന്നത് അറിയണം. 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഡിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. വധിക്കാൻ കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്കും, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം. ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു ദൈവമാണെന്നു പറഞ്ഞുനടക്കുന്ന മതഭരണാധികാരികളും മതപുരോഹിത-പ്പരിഷകളും ദൈവത്തിന്റെ കുഞ്ഞുങ്ങൾ യുദ്ധം ചെയ്യുന്നതും വധിക്കപ്പെടുന്നതും, ആയുധങ്ങളെയും പട്ടാളക്കാരെയും മറ്റും ഒരുക്കുന്നത് അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാഞ്ഞതിനും കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്. മറക്കുകയോ, മറയ്ക്കുകയോ,

അറിയാതെ പോവുകയോ ചെയ്തതാണെങ്കിൽ; സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവൻ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം എന്നു പ്രസംഗിച്ചുകൊണ്ട്, ദൈവം നേരിട്ട് ഏല്പിക്കാത്ത പണികളെ ചെയ്ത് ദൈവത്തെ കബളിപ്പിക്കാൻ ശ്രമിച്ചതിനും, ദൈവത്തിന്റെ പേരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധമ-നീച അനുഷ്ഠാനങ്ങളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് ജനങ്ങളെ ചൂഷണംചെയ്ത് ജീവിക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്.

ദൈവത്തിന്റെ പാവം കുഞ്ഞുങ്ങൾ കൂടിയായ ഇന്നത്തെ പട്ടാളക്കാരും പോലീസുകാരും ആരുടെയും അടിമകളല്ലെന്നും, മറിച്ച് *പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവും, ജനങ്ങളുടെയും രാജ്യങ്ങളുടെയും പൊൻകിരീടമാണെന്നും മാങ്ങാക്കുലയാണെന്നും മറ്റും പറഞ്ഞു പറ്റിക്കാൻ,* ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ അധമ - ഭരണാധികാരികളും മറ്റും ശ്രദ്ധിച്ചിരുന്നു. നീചത്തങ്ങളെ ശരിവയ്ക്കുന്ന എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റുമാരും /രാജാക്കന്മാരും പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മന്ത്രിമാരും ന്യായാധിപന്മാരും തോക്കുകളും മറ്റ് ആയുധങ്ങളുമായിട്ട് അതിർത്തികളെ സംരക്ഷിക്കട്ടെ. രാജാക്കന്മാർ നേരിട്ട് യുദ്ധങ്ങളെ ചെയ്തതും നയിച്ചതുമായ ചരിത്രം ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും ഉണ്ട്. അവരുടെ പൊൻകിരീടവും 'രക്തസാക്ഷികളും ബലിമൃഗങ്ങളുമായ' പട്ടാളക്കാർ കുടുംബാംഗങ്ങളെയും ഉറ്റവരെയും സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തും സ്നേഹ-പരിചരണങ്ങളെ മടക്കി വാങ്ങിയും പട്ടാള ജോലിക്കാലത്ത്

ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ ഏതെങ്കിലും പട്ടാളക്കാരെയോ ജനങ്ങളെയോ വധിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉചിതമായിട്ട് പശ്ചാത്തപിച്ചും, പാപങ്ങളുടെ ബാക്കിപത്രമായ കീർത്തിമുദ്രകളെയും മദ്യപാനത്തെയും ഉപേക്ഷിച്ച് സംശുദ്ധരാവാൻ പരിശ്രമിക്കണം; സംശുദ്ധരാവണം. *ഉടൻ ഭൂമിയിലെങ്ങും ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാർ സ്വീകരിക്കേണ്ടതായ നടപടികളെയാണ് " അറിയിച്ചത്. *ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണെന്നും, <u>യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.*</u>

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലു മുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥ

ത്തിൽ അസ്തിത്വമില്ലാത്തതായ മത-ജാതി-രാഷ്ട്രീയ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്. മണ്ണിന്റെ നിയമങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടനയായി മാറുന്നതും, അതോടെ നിയമസഭകൾ അവസാനിക്കുന്നതുമാണ്. മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള അഥവാ മഹാശാസ്ത്രപരമായ രാജഭരണ സംവിധാനങ്ങൾ ഉണ്ടാവുന്നതും ജനങ്ങൾക്ക് സാമൂഹിക നീതി ഉറപ്പായും ലഭിക്കുന്നതുമാണ്. രാജാവും മന്ത്രിമാരും *നീതിന്യായങ്ങളെ ചെയ്യുന്നതോടെ* ഇന്നത്തെ പൂച്ചാണ്ടിക്കോടതികൾ ഇല്ലാതാവുന്നതുമാണ്.

ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു മനുഷ്യരുടെയും യാതൊരു സഹായങ്ങളും യാതൊരിക്കലും ആവശ്യമില്ലാ എന്നറിയുക. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു.

ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !

എന്ന്,

മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മഹാദാസനായ പരമശിവൻ **www.omsathyam.com / 2017** ഏപ്രിൽ **20** വ്യാഴാഴ്ച.

ദൈവത്തിനു വേണ്ടിയോ, ഏക ദൈവദാസനായ ഈയുള്ളവനു വേണ്ടിയോ, 'ദൈവശാസ്ത്ര കാര്യങ്ങളെ' ഷെയർ ചെയ്യരുത്. ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു സൃഷ്ടികളുടെയും യാതൊരു സഹായവും ആവശ്യമില്ല.

സന്ദേശത്തെ ഷെയർ ചെയ്യാൻ *ഏതൊരാൾക്കും വ്യക്തിസ്വാതന്ത്ര്യമുണ്ട്.* വ്യക്തികൾക്ക് ധർമ്മശാസ്ത്രപരമായ ആനന്ദം ലഭിക്കുന്നുവെങ്കിൽ, ഷെയർ ചെയ്യാവുന്നതാണ്. *സ്വന്ത ചുമതലയായി ഷെയർ ചെയ്താൽ പുണ്യം ലഭിക്കുന്നതാണ്.* പുണ്യത്തെ ആഗ്രഹിച്ചു ഷെയർ ചെയ്താൽ, പുണ്യം ലഭിക്കുന്നതുമല്ല.

ഏകമഹാശക്തിയും ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും മണ്ണും ശരീരവും ഭൂമിയുമായ *ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം* = *ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിനുമാത്രം മഹത്വം. ദൈവത്തിനുമാത്രം മഹത്വം.*



സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

Published on 18 May 2017.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

***മാതാ പിതാ ഗുരു ദൈവം* മഹത്തായ വചനമാണ്. അർത്ഥം അറിയാമെന്ന് കരുതുന്നവർക്ക് തങ്ങളുടെ *ധാരണ തിരുത്താനും, ദൈവീകമായി ഉയരാനും,** ചുവടെയുള്ള വിശദീകരണത്തെ* സ്വയം വിശകലനം ചെയ്താൽ മതിയാകും.

" *ദൈവ-വിപ്ലവം ഉടൻ* "

ദൈവ-വിപ്ലവ വിശകലനം -10 (PDF- ഫയലും മുൻ വിശകലനങ്ങളും *www.omsathyam.com* എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.)

സ്ഥാനം, ഇഷ്ടം, അഭിപ്രായം, തീരുമാനം, അനുസരണം, തുടങ്ങിയവ പാലിക്കേണ്ടത് *മാതാവ്, പിതാവ്, ഗുരു, (ദൈവം)* എന്നീ ക്രമത്തിലാവണം എന്ന *തെറ്റായ അർത്ഥമാണ്* ഏറെക്കുറെ എല്ലാവരും പഠിച്ചിട്ടുള്ളത്. തെറ്റായതുകൊണ്ടു കൂടിയാണ് അനേകർ ആഗ്രഹിച്ചാൽ പോലും പാലിക്കുവാൻ സാധിക്കാത്തത്. *പാലിക്കുവാൻ സാധിച്ചാൽ, കടുത്ത പാപത്തെ ലഭിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ് !*

മേല്പടി തെറ്റായ അർത്ഥത്തിൽ ദൈവത്തെ കക്ഷി ചേർക്കുന്നത് ഉചിതമല്ല; തൽക്കാലത്തേക്ക് ഒഴിവാക്കാം. *മാതാ പിതാ ഗുരു (ദൈവം)* എന്നതിനെ ശരിവെക്കുന്ന ചെറുപ്പക്കാരും, 'അവരുടെ മാതാപിതാക്കളും, മുത്തശ്ശിമാരും മുത്തച്ഛന്മാരും' മറ്റുള്ളവരും *മാതാവ്, പിതാവ്, ഗുരു,* എന്നിവരുടെ വാക്കുകളെ സമ്പൂർണ്ണമായും അനുസരിച്ച് ജീവിക്കുന്നവരാണോ തങ്ങളെന്ന് സ്വയം വിശകലനം ചെയ്യണം. സ്വഭാവ ദൂഷ്യങ്ങൾ ഉള്ളവരും അജ്ഞാനികളും അപൂർണ്ണരും പെരുമാറ്റമര്യാദകളെ തെറ്റിച്ചു ജീവിക്കുന്നവരുമായ മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും അജ്ഞാനവും അബദ്ധങ്ങളും ഓരോരുത്തരും അനുസരിക്കണം എന്നുവച്ചാൽ വ്യക്തികളെയും സമൂഹത്തെയും അത് അപകടപ്പെടുത്തുന്നതാണ്.

ജീവിതം നയിക്കുന്ന മനുഷ്യരുടെ പൊതുവായ ആവശ്യങ്ങളും പരിഹാരങ്ങളും ഒന്നുതന്നെ ആവണം. മേൽ കൊടുത്ത വ്യത്യസ്ത അഭിപ്രായങ്ങളെയും തീരുമാനങ്ങളെയും മാറ്റിവച്ച്; മഹാശക്തിയും മഹാനീതിപതിയും മഹാഗുരുവുമായ ദൈവം മഹാനിശ്ചയിച്ചിട്ടുള്ള *ഏക മഹാശരി /സത്യം* എന്താണെന്നു മനസ്സിലാക്കാനും സ്വീകരിച്ചു നടപ്പാക്കാനും തയ്യാറാവണം. അതായത് *മാതാവ്, പിതാവ്, ഗുരു,* എന്നിവരിലൂടെ ദൈവത്തെയും ദൈവത്തിന്റെ ഇഷ്ടമായ നിയമങ്ങളെയും കണ്ടെത്തുകയും മനസ്സിലാക്കുകയും യഥോചിതം അനുസരിക്കുകയും വേണം. *മാതാ പിതാ ഗുരു ദൈവം* എന്നതിന്റെ ചുരുക്കമാണിത്; *സുവ്യക്തമായി മനസ്സിലാക്കുവാൻ ചുവടെയുള്ള വിശദീകരണം നിർബ്ബന്ധമായും വിശകലനം* ചെയ്യണം.

മാതാ പിതാ ഗുരു ദൈവം - വിശദീകരണം :

മാതാ പിതാ ഗുരു ദൈവം എന്നതിന്റെ ശരിയായ അർത്ഥം പുനഃസ്ഥാപിക്കുക മാത്രമാണ് ഭൂമിയിലെങ്ങുമുള്ള ധാർമ്മിക അധഃപതനങ്ങളെ അവസാനിപ്പിക്കുവാനുള്ള ഏക മാർഗ്ഗം. *യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുക്കുക എന്നാണ് അതിന്നർത്ഥം.* വിശദീകരിക്കാം:- സൃഷ്ടി, സ്ഥിതി, സംഹാരം എന്നതാണ് ക്രമം എങ്കിലും വിഷയം ധർമ്മ ശാസ്ത്രവുമായി ബന്ധപ്പെട്ടതാകയാലും, ഗ്രാഹ്യലാളിത്യം കണക്കാക്കിയും ആദ്യം സ്ഥിതിപരമായി വിശദീകരിക്കുന്നു.

(1). സ്ഥിതിപരം.

'മാതാവ്, പിതാവ്, ഗുരു, ദൈവം' എന്നിവരെ *രണ്ടായിട്ടു തരം തിരിക്കാൻ പറഞ്ഞാൽ* എങ്ങനെ ചെയ്യുമെന്നും, ശാസ്ത്രപരമായ ആധാരം എന്താണെന്നും ചിന്തിച്ചാൽ : *'മാതാവ്, പിതാവ്, ഗുരു,'* എന്നീ 3 പേരും സൃഷ്ടിയായ ജീവികളും; *'ദൈവം'* സ്രഷ്ടാവുമാണ്, അഥവാ ജീവിയല്ലാത്ത മഹാശക്തിയുമാണ്.

പഠിക്കുന്നത് ഗുരുവിൽ നിന്നാണ് എന്നു പറയുമ്പോൾ, സമ്പൂർണ്ണമായും ശരിയായ ജ്ഞാനം നൽകുവാൻ *മഹാഗുരു* കൂടിയായ *(മണ്ണും ഭൂമിയുമായ) ദൈവത്തിനു മാത്രമേ കഴിയൂ.*

ഗുരു എന്ന പേര് ഉപയോഗിച്ചും ഉപയോഗിക്കാതെയും മറ്റുള്ളവരെ പഠിപ്പിക്കുന്ന *(മനുഷ്യ)ഗുരു, സമ്പൂർണ്ണ ജ്ഞാനിയല്ലാ * എന്നതും, *കുഞ്ഞുങ്ങളായിട്ടു ജനിക്കുമ്പോൾ മുതൽ മരണം വരെയുള്ള കാലഘട്ടത്തിൽ,* സുബോധമുള്ളപ്പോഴെല്ലാം പുതിയ പുതിയ അറിവ് നേടുന്നവരാണ് എല്ലാ മനുഷ്യരും എന്നതും വാസ്തവമാണ്. *ഭൂമിയിലെ സമസ്ത ജീവികളും വസ്തുക്കളും ഓരോരുത്തർക്കും ഗുരുക്കന്മാരാണ്. കുഞ്ഞായിരിക്കുമ്പോൾ മാതാവും, പിതാവും, ഉറ്റവരായ ബന്ധുക്കളും, അയൽവാസികളും മറ്റും സ്വയം അറിയാതെയും അറിഞ്ഞും 'ഗുരു' - വായിട്ട് പ്രവർത്തിക്കുന്നു.* കുഞ്ഞ് വളരുന്നതിനൊപ്പം ഗുരുക്കന്മാരും വർദ്ധിക്കുന്നു. *'മാതാവും പിതാവും, ഉറ്റവരും ബന്ധുക്കളും സുഹൃത്തുക്കളും, കൂടാതെ കള്ളനും കള്ളുകുടിയനും പോലീസും മന്ത്രിയും രാജാവും ഉൾപ്പെടെയുള്ള നാട്ടുകാരും, കുട്ടികളും, എറുമ്പുകളും തേനീച്ചകളും പശുവും കാളയും പട്ടിയും പൂച്ചയും കോഴിയും തെങ്ങും വാഴയും കപ്പയും മീനും, ഭക്ഷണ സാധനങ്ങളും, പുസ്തകങ്ങളും പത്രങ്ങളും സിനിമയും ടെലിവിഷനും സ്മാർട്ട്ഫോണും, സൈക്കിളും ബൈക്കും കാറും ബസ്സും, കല്ലും, മണ്ണും, ജീവാത്മാവിനെ വഹിക്കുന്നതായ ശരീരവും, മഹാപ്രപഞ്ചത്തിലെ സർവ്വവും' വ്യത്യസ്തങ്ങളായ അളവുകളിൽ *ഗുരുക്കന്മാരായി* പ്രവർത്തിക്കുന്നു. (പാഠശാലകളിലെ അദ്ധ്യാപകർക്കും ബാധകമാണവ.).

മഹാശാസ്ത്രം മഹാഭീമമാണ്. മായാപരമായ മഹാഅനുഗ്രഹം കൊണ്ടല്ലാതെ ഒരു ജന്മം കൊണ്ട് പഠിക്കാനാവില്ല. ജീവിക്കുന്നത് പഠിക്കാനല്ല; ആനന്ദിക്കാനാണ്; ആനന്ദിക്കുന്നതിന് അല്പസ്വല്പം പഠിപ്പ് വേണം / നല്ലതാണ് എന്നേയുള്ളൂ. മഹാനീതിശാസ്ത്ര പ്രകാരം ലഭിക്കുന്ന ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ ജന്മഗുണങ്ങളിലെ വ്യത്യാസങ്ങളനുസരിച്ച് *'എല്ലാവർക്കും എല്ലാം പഠിക്കാൻ കഴിയുന്നതല്ലാ, ആവശ്യവുമല്ലാ'. എല്ലാവരും ഒരേ പോലെ പഠിച്ചാൽ 'തൊഴിലും മനുഷ്യജീവിതവും തകരാറിലാകും.'

ഏറെക്കുറെ എല്ലാ ജനങ്ങൾക്കും ആവശ്യമായതും, പഠിക്കേണ്ടതും, ഉൾക്കൊണ്ടു ജീവിക്കേണ്ടതുമായ *ലളിതമായ പൊതുനിയമങ്ങളെ,* ഭൗതികമായ അസ്തിത്വത്തോടെയും മഹാവാത്സല്യത്തോടെയും ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പാഠങ്ങളാണ് *ധർമ്മ ശാസ്ത്രം*. 'സത്യം മാത്രം പറയണം, കള്ളം പറയരുത്, പരസ്പരം ബഹുമാനിച്ചും വിനയത്തോടെയും പെരുമാറണം, 'മദ്യം, മയക്കു മരുന്നുകൾ, വിഷം എന്നിവ ഉപയോഗിക്കാൻ പാടില്ല' തുടങ്ങിയവ.

ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുമ്പോൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും സ്ഥിരമായ ആനന്ദം ലഭിക്കുന്നതാണ്. യഥാർത്ഥമായ വേദങ്ങളിൽ രണ്ടാമത്തേതാണ് ധർമ്മ ശാസ്ത്രം. *ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുകയാണ് എല്ലാ ജീവികളും ചെയ്യുന്നത്* എന്നു പറയുമ്പോൾ *എങ്ങനെ ജീവിക്കണം എന്നതിന് ധർമ്മ ശാസ്ത്ര പ്രകാരം എന്നാണ് ഉത്തരം. ദൈവത്തിന്റെ ഇഷ്ടം കൂടിയാണത്.* മനുഷ്യരായി സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങൾ *ദൈവത്തെ അനുസരിക്കുക എന്നുവച്ചാൽ ദൈവത്തിന്റെ ഇഷ്ടമായ (മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള) ധർമ്മശാസ്ത്രത്തെ അനുസരിക്കുക* എന്നാണ് അർത്ഥം.

മാതാവ്, പിതാവ്, ഉറ്റവർ, ബന്ധുക്കൾ, അദ്ധ്യാപകർ, പശു, എറുമ്പ് തുടങ്ങിയ എണ്ണിയാൽ തീരാത്ത ഗുരുക്കന്മാരിലൂടെ അല്പസ്വല്പമായി ദൈവത്തെ അറിയുകയും, *ദൈവത്തിന്റെ ഇഷ്ടമായ ധർമ്മ ശാസ്ത്രത്തെ അനുസരിക്കുകയുംചെയ്യുക* എന്നു പറയുമ്പോൾ *ദൈവത്തെ അനുസരിക്കുക* എന്നുതന്നെയാണ് അർത്ഥം.

ഇനി ഭൗതിക തന്ത്രം, രസതന്ത്രം, ജന്തു ശാസ്ത്രം, സസ്യശാസ്ത്രം, ഗണിത ശാസ്ത്രം, വൈദ്യ ശാസ്ത്രം, തുടങ്ങിയ അനവധി ശാഖകളും ഉപശാഖകളും ഉപഉപശാഖകളും ഉള്ളതായ *ഭൗതികശാസ്ത്രം* എന്ന മഹാഭീമമായ ഒന്നാം വേദത്തെ പ്പറ്റി കുറിക്കാം:-

മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള അനന്തമായ ഭൗതിക ശാസ്ത്ര നിയമങ്ങളെ വെളിപ്പെട്ടു കിട്ടുമ്പോൾ, ദൈവത്തിന്റെ *ആദിയും അന്തവുമില്ലായ്മ* വസ്തുക്കളിലും അവയുടെ ഗുണങ്ങളിലും ദോഷങ്ങളിലും* മഹാപ്രകടമാകുന്നതാണ്. വസ്തുക്കളിൽ ന്യൂനശക്തികളെയും അധിക ശക്തികളെയും മഹാലയിപ്പിച്ചാണ് *ഗുണങ്ങളെ* സൃഷ്ടിക്കുന്നത്. മധുരം സൃഷ്ടിക്കുവാൻ ആദ്യം കയ്പ് സൃഷ്ടിക്കേണ്ടതുണ്ട്. മാത്രമല്ല, ഏതൊന്നും ഗുണമാവുന്നതും ദോഷമാവുന്നതും ധർമ്മത്തെ ആധാരമാക്കിയാണ്. ഉദാഹരണത്തിന് കടുത്ത വേദനകളെ കുറയ്ക്കാനും അവയവങ്ങളെ ഭാഗികമായോ പൂർണമായോ മരവിപ്പിക്കാനും ദയാവധം അനുവദിക്കാനും ഒക്കെ മദ്യം മയക്കുമരുന്നുകൾ വിഷം തുടങ്ങിയവ ആവശ്യമാണ്; അപ്പോൾ അവ ഗുണങ്ങളാണ്, ദോഷങ്ങളല്ല. അതേസമയം, മദ്യവും മയക്കുമരുന്നും മറ്റും ജനങ്ങളുടെ *സാധാരണ ആവശ്യമല്ല.* 'ദൈവത്തിന്റെ അംശമായ ജീവികളുടെ ശരീരം' മഹാഉചിതമായി പ്രവർത്തിപ്പിക്കുന്ന നാഡീവ്യവസ്ഥയെയും മറ്റും മറ്റും മറ്റും താളം തെറ്റിക്കുന്നവയാണവ. *ജീവിത കാര്യങ്ങളിൽ അധർമ്മം ഉണ്ടാക്കുന്നവയെ സാധാരണമായി ഉപയോഗിക്കാൻ പാടില്ല; ഒഴിവാക്കണം* എന്നത് ഭൗതികമായ അസ്തിത്വത്തോടെയുള്ള ധർമ്മശാസ്ത്ര നിയമങ്ങളാണ്.

യഥാർത്ഥത്തിൽ, ഭൗതികശാസ്ത്ര നിയമങ്ങളുടെയും അവ പ്രകാരമുള്ള ശക്തികളുടെയും അടിസ്ഥാനത്തിൽ ഭൗതികമായ അസ്തിത്വമുള്ള വസ്തുക്കൾ, മണ്ണിന്റെ അംശം തന്നെയായ ജീവികളുടെ ശരീരത്തിൽ മഹാപ്രവർത്തിക്കുകയാണു ചെയ്യുന്നത്. അവയെ എങ്ങനെയും ഉപയോഗിക്കാനും പ്രവർത്തിപ്പിക്കുവാനും ഉള്ള സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രം നൽകുന്നുണ്ട്. ഭൂമിയിലെ സമസ്ത ജീവികളുടെയും ആനന്ദങ്ങളെ മൊത്തത്തിൽ മഹാപരിപാലിക്കുന്നതാണ് മഹാനീതിശാസ്ത്രം എന്നതിനെ ഉൾക്കൊണ്ടും, ലഭ്യമായ വിവേചന ശക്തികളെ ഉപയോഗിച്ചും ഓരോരുത്തരും അവരവർക്കും, ചുറ്റുമുള്ളവർക്കും,

നല്ലതു മാത്രം ചെയ്യണം. ദൈവത്തിന്റെ ഇഷ്ടമായ ധർമ്മ ശാസ്ത്രത്തെ അങ്ങനെയും ചുരുക്കി പറയാം.

ഭൗതികശാസ്ത്ര -സാങ്കേതിക വികസനങ്ങളിലൂടെ *ജീവിത സൗകര്യങ്ങളെയും തദ്വാരാ ആനന്ദങ്ങളെയും വർദ്ധിപ്പിക്കാൻ* സാധിക്കുന്നതാണ്. *രുചികരമായ ബഹുവിധ ഭക്ഷണം, നല്ല വസ്ത്രം, അത്യാധുനിക പാർപ്പിടങ്ങൾ, ബൈക്ക് കാർ ബസ് കപ്പൽ വിമാനം തുടങ്ങിയ വാഹനങ്ങൾ, ആധുനിക ആശുപത്രികൾ, ടെലിവിഷൻ-കമ്പ്യൂട്ടർ-സ്മാർട്ട്ഫോൺ, വാട്സ്ആപ്പ് തുടങ്ങിയവ* ഉദാഹരണങ്ങളാണ്. ആവശ്യത്തിൽ അധികം ആവുന്നത് പലപ്പോഴും ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. തോക്ക്, ആറ്റം ബോംബ് തുടങ്ങിയ അധമ ആയുധങ്ങളെ നിർമ്മിക്കുന്നതും ധർമ്മ ശാസ്ത്ര വിരുദ്ധമാണ്.

ധർമ്മ ശാസ്ത്രം, ഭൗതിക ശാസ്ത്രം, എന്നിവ മാത്രമേ ആനന്ദത്തോടെ ജീവിക്കാനും ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും അത്യാശ്യമാകുന്നുള്ളൂ. എന്നാൽ *മഹാപ്രപഞ്ചത്തെയും, ആധാരമായ ദൈവത്തെയും, മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെയും, മഹാനീതി-കാര്യങ്ങളെയും, മരണത്തെയും, മരണാനന്തര ജീവിതത്തെയും, മോക്ഷത്തെയും പറ്റി അറിഞ്ഞാൽ മാത്രമേ, ആനന്ദങ്ങളെയെല്ലാം അനുഭവിക്കുന്ന ജീവാത്മാവിന് സമ്പൂർണ്ണ സംതൃപ്തി ലഭിക്കുകയുള്ളൂ.* ആവക കാര്യങ്ങളെ വിവരിക്കുന്നത് മൂന്നാമത്തെ വേദമായ *ആത്മീയ ശാസ്ത്രം* അഥവാ *നീതി ശാസ്ത്രം* ആണ്.

നാലാമത്തെ വേദം വർജ്ജ്യമായ *മന്ത്രശാസ്ത്രം* ആണ്. ജ്യോതിഷം, മന്ത്രവാദം, വ്രതം/നോയമ്പ്, യജ്ഞം, യാഗം, തപസ്സ്, ആയുർവ്വേദം തുടങ്ങിയവ വർജ്ജ്യമായ മന്ത്രശാസ്ത്രത്തിൽ പെടുന്നു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്ക് ആധാരമായിട്ടുള്ളത് മഹാശക്തിയായ ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മായാശക്തികൾ ആകയാൽ മന്ത്രശാസ്ത്രത്തെ നിലനിർത്താൻ ബാദ്ധ്യസ്ഥമാണ്. എന്നാൽ ഭൗതിക ശാസ്ത്ര- സാങ്കേതിക വികസനങ്ങൾക്കൊത്ത് മന്ത്രശാസ്ത്രത്തെ ഏറെക്കുറെ ശൂന്യമാക്കും വിധമാണ് മഹാആവിഷ്ക്കരിച്ചിട്ടുള്ളത്.

*ഓരോ മനുഷ്യനും ദൈവത്തിന്റെ സൃഷ്ടിയും കുഞ്ഞുമാണ്. മഹാസമനീതിയാണ് ഓരോ കുഞ്ഞിനോടും മഹാനീതിപതിയും

മഹാപിതാവും മഹാമാതാവുമായ ദൈവം കാട്ടുക.* പ്രത്യേകം പ്രത്യേകം സൃഷ്ടിച്ചിട്ടുള്ളതായ ഓരോ കുഞ്ഞിനും/ മനുഷ്യനും *മഹാഉചിതമായ സമയത്ത്* ദൈവം പ്രത്യേകം പ്രത്യേകമായും നേരിട്ടും *'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം' എന്നീ 3 ~~+1~~=4 യഥാർത്ഥമായ വേദങ്ങളെ* അഥവാ *മഹാശാസ്ത്രത്തെ* മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. മഹാനീതിശാസ്ത്രമായ *ഓംകാര നീതിശാസ്ത്രം* പ്രകാരം ഭൂമിയുടെ വ്യത്യസ്ത ദേശങ്ങളിലും പ്രദേശങ്ങളിലും 100 തവണ പുനർജ്ജനിച്ചു പോരുന്ന മനുഷ്യർ, 90 മുതൽ 95 വരെയുള്ള ജന്മങ്ങളിലൊന്നിൽ (മഹാദൈവ-വിപ്ലവം ഉടൻ മഹാആരംഭിച്ചതിനു ശേഷം), മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സുപ്രധാന അംശമായ കേരളത്തിലെ *മണ്ണടി* എന്ന പ്രദേശത്ത് ഏറെക്കുറെ 10 കിലോമീറ്റർ റേഡിയസ്സിനുള്ളിൽ പുനർജ്ജനിക്കുന്ന വേളയിലാണ് വേദങ്ങളെ മഹാഅനുഗ്രഹിച്ചു നൽകുന്നത്.

ദൈവം മഹാവാത്സല്യത്തോടെ 'ദൈവത്തിന്റെ മഹാജ്ഞാനവും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായ മഹാവേദങ്ങളെ' മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവത്തിന്റെ മഹത്വം മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുന്നത്. മുജ്ജന്മ ഓർമ്മകളെയും ലഭിക്കുന്നതാണ്. *അനന്തമായ ആനന്ദങ്ങളും മഹാകരുതലും* എന്ന *മഹാവാത്സല്യത്തെ എല്ലാ ജന്മങ്ങളിലും അനുഭവിച്ചു പോരുന്ന* മനുഷ്യൻ വിതുമ്പി കരയുന്നതാണ്. ദൈവം എന്താണ് എന്ന് സുവ്യക്തമായി മനസ്സിലാക്കുന്ന പ്രസ്തുത ഏക ജന്മത്തിൽ മാത്രമാണ് ദൈവത്തെ ആരാധിക്കാൻ (മനുഷ്യന്) അനുവാദം ലഭിക്കുന്നത്. മഹാവേദങ്ങളെ ദൈവീകമായി ലഭിക്കുന്ന ഏക ജന്മത്തിൽ *മാതാ പിതാ ഗുരു ദൈവം* എന്ന മഹത്തായ വചനത്തിന്റെ അർത്ഥം മനുഷ്യരുടെ (സ്വന്തം) ഹൃദയങ്ങളിൽ നിന്ന് മഹാവെളിപാടായിട്ട് ലഭിക്കുന്നതാണ്.

ഒന്നായ ദൈവം രണ്ടായി വിഭജിക്കുമ്പോഴും, ഒന്നായിത്തന്നെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നതും; *ആനന്ദങ്ങൾക്കെല്ലാം അതീതമായ* ദൈവം, *സൃഷ്ടികളായ ജീവികളെ കുഞ്ഞുങ്ങളായും അവരോടുള്ള മഹാവാത്സല്യത്തെ സ്വന്തം മഹാആനന്ദമായിട്ട് മഹാകരുതുന്നതും,* ഓരോ ജീവാത്മാവിനെയും സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായി സൃഷ്ടിച്ചും വിഭജിച്ചും *ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയെല്ലാം അനുഭവിക്കാൻ മഹാഅനുവദിച്ചിട്ടുള്ളതും

ദൈവകാര്യമെങ്കിൽ ....* ആനന്ദങ്ങളെയെല്ലാം അനുഭവിക്കുന്നതു മാത്രമാണ് ജീവി-കാര്യം. സ്ത്രീയും പുരുഷനും ചേർന്നുള്ള മനുഷ്യൻ എന്ന ജീവിക്ക് യഥാർത്ഥത്തിൽ മറ്റു ബന്ധുക്കൾ ഇല്ലെന്നും, എല്ലാ കടപ്പാടും ദൈവത്തോടു മാത്രമാണ് എന്നും തിരിച്ചറിയുന്നു. *മാതാവ്, പിതാവ്, ഗുരു എന്നിവയിലൂടെ ദൈവത്തെ അറിയുകയാണ്* ഫലത്തിൽ സംഭവിക്കുന്നത്. *ദൈവത്തെ അറിയുമ്പോൾ, ദൈവത്തെ മാത്രമാണ് അനുസരിക്കേണ്ടത് എന്ന് സ്വയം ബോദ്ധ്യമാകുന്നതാണ്.*

പ്രത്യക്ഷമല്ലാത്ത ദൈവത്തെ അനുസരിക്കുക എന്നത് സാദ്ധ്യമല്ലെങ്കിലും *ദൈവത്തിന്റെ ഇഷ്ടമായ ധർമ്മ ശാസ്ത്രത്തെ അനുസരിക്കുവാൻ സാധിക്കുന്നതാണ്.* മുമ്പ് വ്യക്തമാക്കിയതു പോലെ *ദൈവത്തിന്റെ ഇഷ്ടമായ ധർമ്മശാസ്ത്രത്തെ* അനുസരിക്കുമ്പോൾ *ദൈവത്തെ അനുസരിക്കുന്നു* എന്നുതന്നെയാണ് അർത്ഥം.

കുട്ടികളും മാതാവും പിതാവും ഗുരുവും ശിഷ്യനും പണ്ഡിതനും പോലീസും മന്ത്രിയും രാജാവും ഉൾപ്പെടെ *ഭൂമിയിലെ എല്ലാ ജനങ്ങളും, എപ്പോഴും, എല്ലാ കാര്യങ്ങളിലും, ധർമ്മ ശാസ്ത്രത്തെ മാത്രം അനുസരിച്ചു ജീവിക്കണം. ഭൂമിയിലെ സമസ്ത രാജ്യങ്ങളിലെയും മഹാഭരണഘടനയായിട്ട് ധർമ്മ ശാസ്ത്രം മഹാശോഭിക്കണം.* ഉടൻ ദൈവവിപ്ലവം മഹാആരംഭിക്കുമ്പോൾ സത്യമായി ഭവിക്കുന്നതാണ്. രാഷ്ട്രങ്ങളിലെ കേന്ദ്ര-സംസ്ഥാന-നിയമസഭകളും അതുപോലെയുള്ള മാനുഷിക സംവിധാനങ്ങളും പൈശാചികമാണെന്നു തെളിയുന്നു.

ഭൂമിയിലെ മുഴുവൻ ജനങ്ങളും മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ളതും ദൈവത്തിന്റെ ഇഷ്ടവുമായ ധർമ്മ ശാസ്ത്രത്തെ അനുസരിക്കുമ്പോൾ, ഓരോരോ മനുഷ്യന്റെയും പ്രത്യേകം പ്രത്യേകമായ ഇഷ്ടങ്ങളും താല്പര്യങ്ങളും ആവശ്യങ്ങളും അവസാനിക്കുന്നതാണ്. സർവ്വം മംഗളം. മാത്രമല്ല, ഓരോ

മനുഷ്യനും ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയെല്ലാം ശാന്തിയോടെയും സമാധാനത്തോടെയും സന്തോഷത്തോടെയും സംതൃപ്തിയോടെയും അനുഭവിക്കാൻ സാധിക്കുന്നതാണ്.

(2). സൃഷ്ടി പരം.

'മാതാ പിതാ ഗുരു ദൈവം' എന്ന മഹാ വചനത്തിന്റെ മൂല അർത്ഥം *ദൈവം* എന്നാണ്. അതായത് എല്ലാ ജീവികളുടയും *യഥാർത്ഥമായ മാതാവും പിതാവും ഗുരുവും ദൈവം തന്നെയാണ്.*

മഹാശൂന്യതയായ ആകാശം എന്ന *മഹാലിംഗം* മഹാശാസ്ത്രപരം മാത്രമാണെന്നും, മഹാലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ലെന്നും ദൈവ-വിപ്ലവ വിശകലനം -9ൽ വിശദീകരിച്ചിരുന്നു.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ 'മഹാലിംഗ'മായ ആകാശം എന്ന മഹാശൂന്യതയുടെ 'അതിസൂക്ഷ്മമായ അംശങ്ങളാണ്,' ജീവികളിലെ സ്ത്രീകളുടെ ശരീരത്തിൽ ഉള്ളതെന്നും, ലിംഗത്തെ കുറിക്കുന്ന അവയവം യഥാർത്ഥത്തിൽ അവർക്കില്ലെന്നും, *എല്ലാ ജീവികളും/ജീവാത്മാക്കളും ജനിക്കുന്നത് മഹാലിംഗത്തിന് അകത്താണെന്നും മനുഷ്യരും മാതാപിതാക്കളും മുതുമുത്തശ്ശന്മാരുമെല്ലാം മഹാലിംഗത്തിനകത്ത് ജനിച്ചവരാകുമ്പോൾ, യാതൊരാൾക്കും *എന്റെ രാജ്യം, എന്റെ ദേശം* എന്നിങ്ങനെ പറയാൻ യാതൊരു യോഗ്യതകളും ഇല്ലെന്നും വിശദീകരിച്ചിരുന്നു.

സ്ത്രീയുടെയും പുരുഷന്റെയും അണ്ഡബീജങ്ങളെ സൃഷ്ടിക്കുന്നതിൽ ഇരുവരുടെയും സ്വത്വമായ ജീവാത്മാവിന് യാതൊരു പങ്കുമില്ല എന്നതും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരമാണ് അവയെ സൃഷ്ടിക്കുന്നതും മഹാഭരിക്കുന്നതും എന്നതും വസ്തുതയാണ്. ((ജീവാത്മാവിന് ലഭിക്കുന്ന ശരീരത്തിൽ ജന്മഗുണങ്ങളായ 'ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം,

ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം,ബുദ്ധിശക്തി, ഓർമ്മശക്തി,' തുടങ്ങിയവയെ* 'ഭൂമിയിലെങ്ങും' മഹാഉചിതമായി വ്യത്യാസപ്പെടുത്തിക്കൊണ്ട് 'പ്രത്യക്ഷമായി' സമ്മാനിക്കുന്നത് (ഭൂമിയുടെ അംശമായ) ശരീരം തന്നെയാണ്.* പ്രത്യക്ഷമായ സ്രഷ്ടാവാണ് ശരീരമെന്നും, സൃഷ്ടിയാണ് ജീവാത്മാവ് എന്നും വ്യക്തമാണ്.)).

മഹാപിതാവും മഹാമാതാവുമായ ദൈവം, മനുഷ്യ-മാതാപിതാക്കളിലൂടെ ജനിപ്പിക്കുന്ന കുഞ്ഞുങ്ങളുടെ *ആദ്യ കാലത്തെ ഭക്ഷണമായ പാലിന്റെ സ്രഷ്ടാവും അവകാശിയും മഹാമാതാവായ ദൈവം മാത്രമാണ്.* അതായത് *'പാൽ' മഹാമാതാവായ ദൈവത്തിന്റേതാണ്; മാതാവായ സ്ത്രീയുടേതല്ല.* വിശദീകരിക്കാം:- ദൈവവും മണ്ണുമായ ഭൂമിയുടെ അംശമാണ് ശരീരം. ജീവാത്മാവിന് ആനന്ദങ്ങളെല്ലാം ലഭിക്കുന്നത് ശരീരത്തിലൂടെയാണ്. ജീവാത്മാവിനു വേണ്ടി, ശരീരം മഹാനിർവ്വഹിക്കുന്ന ശരീര-പ്രവർത്തനങ്ങളിൽ ജീവാത്മാവിന്റെ പങ്ക് വളരെ തുച്ഛമാണ്. ഉദാഹരണത്തിന് ശ്വാസോച്ഛ്വാസം, ദഹനം, പാൽ-ഉല്പാദനം, വിസർജ്ജനം, ശരീരത്തിലെ അവയവങ്ങളുടെ സൃഷ്ടിയും പ്രവർത്തനങ്ങളും, ശരീര- അവയവ വളർച്ച, രോഗങ്ങൾ, രോഗസൗഖ്യം, ഉറക്കം, ബോധക്ഷയം, ജനനം, മരണം, തുടങ്ങിയ കാര്യങ്ങളെ മഹാഭരിക്കുന്നത് (ദൈവത്തിന്റെ അംശമായ) ശരീരമാണ്. (**www.omsathyam.com** വെബ്സൈറ്റിൽ ലഭ്യമായ ദൈവ-വിപ്ലവ വിശകലനം-7ൽ വിശദീകരിച്ചിട്ടുണ്ട്.). *പാൽ കുടിക്കുന്ന കുഞ്ഞുങ്ങളെ* സംബന്ധിച്ച് അമ്മ ഉൾപ്പെടെയുള്ള ഏതൊരു സ്ത്രീയുടെയും മുലകൾ എന്നത് *വിശപ്പ്* മാറ്റാനുള്ള *ഭക്ഷണ-ഖജനാവ് മാത്രമാണ്.* ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിലെ *അവയവങ്ങളുടെ സൃഷ്ടി, പ്രവർത്തനം,* ആരോഗ്യം, സൗന്ദര്യം തുടങ്ങിയ കാര്യങ്ങളിൽ, യാതൊരു ജീവിക്കും അഥവാ ജീവാത്മാവിനും അടിസ്ഥാനപരമായി യാതൊരു സ്ഥാനവും മഹാനീതിശാസ്ത്രം നൽകുന്നില്ല. ജീവികളുടെ കാമാനന്ദ-ഭാഗമായി മുലകളെ കാണുന്ന മുതിർന്നവരും, കുഞ്ഞുങ്ങളായി ജനിച്ചവരാണ്; *അമ്മയുടെയും മറ്റും പാൽ-ഖജനാവിൽ നിന്നുള്ള പാലിനുവേണ്ടി കരഞ്ഞിട്ടുള്ളവരാണ്.* മഹാപിതാവും *മഹാമാതാവുമായ ദൈവം

തന്റെ കൊച്ചു-കുഞ്ഞുങ്ങളുടെ ശരീരവളർച്ചയും രോഗപ്രതിരോധവും എല്ലാം എല്ലാം കണക്കാക്കി 'പാൽ-ഖജനാവും, മഹാസമ്പുഷ്ടമായ പാലും' സ്ത്രീകളിൽ/ 'മാതാക്കളിൽ' മഹാസൃഷ്ടിച്ചിരിക്കുകയാണ്, മഹാപരിപാലിക്കുകയാണ്.* മനുഷ്യൻ, പശു, ആട്, എരുമ, ആന, കുതിര, കഴുത, സിംഹം, പുലി, ഒട്ടകം, പൂച്ച, പട്ടി തുടങ്ങിയ *ഓരോ ജീവിയുടെയും പാലും-പോഷകങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നതും അതാതിന്റെ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും ആരോഗ്യത്തിനും സൗന്ദര്യത്തിനും എല്ലാം എല്ലാം മഹാഅനുയോജ്യമായിരിക്കുന്നതും; ആവിധ കാര്യങ്ങളിലൊന്നും യാതൊരു ജീവി-മാതാക്കൾക്കും യാതൊരു പങ്കുമില്ല എന്നതും മഹാആവിഷ്ക്കാരമാണ്.* മഹാമാതാവായ ദൈവത്തിന്റെ *പുതിയ കുഞ്ഞുങ്ങൾക്ക്,* 'ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ മാതാക്കളിലൂടെ' *മഹാമാതാവായ ദൈവം പാലൂട്ടുകയാണ്!* മഹാമാതാവായ ദൈവം സർവ്വവും മഹാനിശ്ചയിച്ച് മഹാഭദ്രമാക്കുന്നു; അത്രമാത്രം. കുഞ്ഞുങ്ങൾക്ക് പാൽ ഊട്ടുന്ന മനുഷ്യ-മാതാവും, മറ്റുള്ള ജീവികളും തങ്ങളുടെ ശരീരത്തിന്റെ ഈവിധ പ്രവൃത്തികളിലും മഹാമാതാവിന്റെ മഹാസാന്നിദ്ധ്യം തിരിച്ചറിയാത്തത് അവരുടെയും ഏവരുടെയും മഹാമാതാവായ ദൈവം, മനുഷ്യ-മാതാവിന്റെ ആനന്ദത്തെ കരുതി (മഹാവാത്സല്യം നിമിത്തം) *മായ* കൊണ്ട് മറയ്ക്കുന്നതിനാലാണ്. ((പശു, എരുമ, ആട് തുടങ്ങിയ മൃഗങ്ങളെ യഥോചിതം വളർത്താൻ ദൈവം മഹാഅനുഗ്രഹിച്ചിട്ടുണ്ടെന്ന് മണ്ണിലും, മണ്ണിന്റെ അംശമായ ജീവികളുടെ ശരീരത്തിലും മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ സുവ്യക്തമാക്കുന്നുണ്ട്. അവയിലൂടെ ലഭ്യമാക്കുന്ന *ദൈവത്തിന്റെ പാലിൽ* വെള്ളം ചേർത്ത് കള്ളവും വഞ്ചനയും കാട്ടാൻ ധർമ്മ ശാസ്ത്രം അനുവദിക്കുന്നുമില്ല. ആകയാൽ പാലിൽ വെള്ളം ചേർത്ത് കള്ളവും വഞ്ചനയും കാട്ടുന്നവർക്കെല്ലാം കടുത്ത ദൈവശിക്ഷകളുണ്ട്. ദൈവ-വിശ്വാസികളായി വേഷം കെട്ടുന്നവർ പാപം ചെയ്യുമ്പോൾ, ശിക്ഷകൾ വർദ്ധിക്കുന്നതുമാണ്.)).

പക്ഷികൾ, പാമ്പുകൾ, ആമ, പല്ലി, തുടങ്ങിയ മുട്ടയിടുന്ന ജീവികളുടെ കാര്യമെടുത്താൽ, *മുട്ടയിൽ* അതാതിന്റെ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും ആരോഗ്യത്തിനും സൗന്ദര്യത്തിനും എല്ലാം എല്ലാം മഹാഅനുയോജ്യമായിട്ട് കുഞ്ഞുങ്ങൾ വിരിഞ്ഞ് വെളിയിൽ വരും വരെയുള്ള ഭക്ഷണത്തെ മഹാകരുതിയിരിക്കുന്നതും മഹാമാതാവായ

ദൈവമാണ്. അതേപോലെ നെല്ല്, ഗോതമ്പ്, നെല്ലിക്ക, മാങ്ങ(യണ്ടി) തുടങ്ങിയവയിലും തൈക്ക് കിളിർക്കാനുള്ള മഹാഅനുയോജ്യമായ ഭക്ഷണം മഹാകരുതിയിട്ടുണ്ട്. കപ്പയുടെ കമ്പ് മുറിച്ചു നടുമ്പോൾ, കമ്പിൽ നിന്നും വേര് കിളിർക്കാനുള്ള ഭക്ഷണം കമ്പിൽ മഹാകരുതിയിട്ടുണ്ട്. അങ്ങനെ ഓരോന്നും. കൂടാതെ, മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്ക് വൈവിധ്യമാർന്ന ഭക്ഷണം നൽകാനുള്ള മഹാസംവിധാനത്തെ ധാന്യങ്ങളിലും കിഴങ്ങുകളിലും പഴങ്ങളിലും മുട്ടകളിലുമെല്ലാം മഹാഒരുക്കിയിട്ടുമുണ്ട്.

ദൈവത്തിന്റെ മഹാവാത്സല്യത്തെ തിരിച്ചറിഞ്ഞാൽ മനുഷ്യർ വിതുമ്പി കരയുന്നതാണ്. അതു തടയാൻ *മായ* കൊണ്ട് മറച്ചിരിക്കുന്നു. (കുഞ്ഞുങ്ങളായ മനുഷ്യർ ധർമ്മശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം, ദൈവ മഹത്വത്തെ പ്പറ്റി ചിന്തിച്ച് കരയുന്നതും, ധനം-ഊർജ്ജം-സമയം-ആനന്ദം എന്നിവ നഷ്ടപ്പെടുത്തുന്നതും ദൈവത്തിന് ഇഷ്ടമല്ലെന്ന് ധർമ്മ ശാസ്ത്രം സുവ്യക്തമാക്കുന്നുണ്ട്. ഫലത്തിൽ, അറിഞ്ഞും അറിയാതെയും ദൈവനിന്ദ ഉണ്ടാകുന്നു. ഉപദേശിമാരും, വ്യത്യസ്ത മതപണ്ഡിതന്മാരും ശിഷ്യന്മാരും പുരോഹിതരും അനുയായികളും അങ്ങനെയും ദൈവശിക്ഷകളെ വാരിക്കൂട്ടുന്നുണ്ട്.)

മഹാപിതാവും മഹാമാതാവുമായ ദൈവം തന്നെയാണ് ജീവികളുടെയെല്ലാം യഥാർത്ഥമായ മാതാവും പിതാവും എന്നാണ് *മുകളിൽ* വിശദീകരിച്ചത്.

(മഹാ)ഗുരുവായിട്ട് മണ്ണും ഭൂമിയും ശരീരവുമായ ദൈവം *പ്രത്യക്ഷമായി* മഹാപ്രവർത്തിക്കുന്നുണ്ട്. അതു മനസ്സിലാക്കാൻ മാർഗ്ഗമുണ്ട്. ജീവാത്മാവിന് ചലിപ്പിക്കുവാൻ കഴിയുന്ന (സ്വന്തം) ശരീരത്തിലെ അവയവങ്ങളെയും മറ്റുള്ള ജീവികളെയും അല്പം ശ്രദ്ധിക്കുക:- അവയവങ്ങളും, അവയവങ്ങളുടെ ചലനസ്വാതന്ത്ര്യവും, ചലനസ്വാതന്ത്ര്യ-പരിധികളും, ചലനങ്ങളും ഓരോ ജീവിക്കും/ജീവാത്മാവിനും അനന്തമായ മഹാപാഠങ്ങളെയാണ് ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിൽ നൽകുന്നത്. പ്രസവിച്ച

അമ്മയിലൂടെയും മറ്റും നൽകുന്ന *ദൈവത്തിന്റെ പാൽ* കുഞ്ഞുങ്ങൾ ചപ്പിക്കുടിക്കുന്നത് അമ്മ/ പശു/ പിടിയാന/ എരുമ/ പെൺപൂച്ച പഠിപ്പിച്ചിട്ടല്ല. *കുഞ്ഞ്* കൈകാലുകൾ ചലിപ്പിക്കുന്നതും, കമഴ്ന്നു വീഴുന്നതും, നീന്തുന്നതും, മുട്ടുകാലിൽ നടക്കുന്നതും, ഇരിക്കുന്നതും, എണീറ്റു നിൽക്കുന്നതും, നടക്കുന്നതും, ഭക്ഷണം കൈയ്യിലെടുത്ത് വായിൽ വച്ച് ഭക്ഷിക്കുന്നതും, ആവശ്യങ്ങളെ സാധിച്ചു കിട്ടാൻ നിർത്താതെ കരയുന്നതും, കൂട്ടുകാരുമായി കളിക്കുന്നതും, വളർച്ചയ്ക്കിടെ എതിർലിംഗത്തോടും മറ്റും ഇഷ്ടം തോന്നുന്നതും, ഇണയെ മോഹിക്കുന്നതും, ഉറ്റവരുടെ വേർപാടിൽ വേദനിക്കുന്നതും, ആപത്തിൽ ഏർപ്പെടുന്നവരെ സഹായിക്കുന്നതും മറ്റും ആരും പഠിപ്പിച്ചിട്ടല്ല; പഠിപ്പിക്കേണ്ടതില്ല. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം, കുഞ്ഞിന്റെ സ്വത്വമായ ജീവാത്മാവിനെ ഒന്നൊന്നായി പഠിപ്പിച്ചു കൊടുക്കുന്നതാണ്.

ദൈവത്തിന്റെ അംശമായ 'ശരീരം എന്ന ഗുരു' പ്രത്യക്ഷമായിത്തന്നെ നൽകുന്ന മേൽ കൊടുത്ത മഹാപാഠങ്ങളെ ബുദ്ധിശക്തിയും ഓർമ്മശക്തിയും കൂടുതലായി ലഭിച്ചിട്ടുള്ള ജീവിയായ മനുഷ്യൻ എന്ന ജീവാത്മാവ് അറിയാതെയും അവഗണിച്ചും ജീവിക്കുകയാണ് !

പശുക്കിടാവും പൂച്ചക്കുട്ടിയും സിംഹക്കുട്ടിയും കിളിക്കുഞ്ഞും എന്നിങ്ങനെ എല്ലാ ജീവികളുടെയും കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും *ജീവിക്കാൻ അത്യാവശ്യമായ പാഠങ്ങളെ മഹാഗുരുവായ ദൈവം പരോക്ഷമായും പഠിപ്പിക്കുന്നുണ്ട്.* ഭൂമിയിലെ *സമസ്ത ജീവികളെയും വസ്തുക്കളെയും അന്യോന്യം ഗുരുക്കന്മാരായി മഹാപ്രവർത്തിപ്പിക്കുന്നതിനെ മുമ്പ് വ്യക്തമാക്കിയതാണ്.*

മനുഷ്യ-ഗുരുക്കന്മാർ വേണ്ടേ എന്ന ചോദ്യമുണ്ട്. വേണം. മനുഷ്യന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വിശേഷ ബുദ്ധിശക്തികളെയും,

ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാവുന്ന അനന്തങ്ങളായ ആനന്ദങ്ങളെയും, ജീവികൾക്കെല്ലാം മനുഷ്യാവസ്ഥയിൽ ലഭ്യമാക്കുന്ന 'മോക്ഷത്തെയും' വിശകലനം ചെയ്യുമ്പോൾ, മനുഷ്യരുടെ കാര്യത്തിൽ വിദ്യാഭ്യാസ പദ്ധതികളും സ്ഥാപനങ്ങളും തീർച്ചയായും ആവശ്യമാണ്. എന്നാൽ അത് ധർമ്മശാസ്ത്ര പ്രകാരമാവണം. *സേവനത്തിന് വേതനം എന്ന വ്യവസ്ഥ പ്രകാരമുള്ള തൊഴിലല്ലാ അദ്ധ്യാപനം എന്നതു പോലും അറിയാത്ത ഗുരുക്കന്മാരും, ഭരണാധികാരികളും,* ജനങ്ങളുമാണ് ഭൂമിയിലെങ്ങും ഇന്ന് ഏറെയുള്ളത്. *കുട്ടികൾ അദ്ധ്വാനിച്ച് പഠിക്കുന്നതും, അദ്ധ്യാപനത്തിന് ഭരണകൂടം വേതനം നൽകാത്തതും, ദിവ്യമായ വെളിപാടുകളും അനുഭൂതികളും ഗുരുവിന് ലഭിക്കുന്നതുമായ ശുചിത്വ-ആനന്ദപദ്ധതിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അഥവാ ഗുരുകുലം.* ഉദാഹരണത്തിന്, ഗുരുകുല സമ്പ്രദായത്തിൽ ഉത്തമനായ ഒരു ഡോക്ടർ ഏറെക്കുറെ 50 വയസ്സിനു മുകളിൽ, ദൈവീകമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം ഗുരുവാകാൻ തീരുമാനിക്കുമ്പോൾ, ധർമ്മനിഷ്ഠകളും സാമർത്ഥ്യവും ഉള്ള കുട്ടികളെ തെരഞ്ഞെടുക്കുവാനും പഠിപ്പിക്കുവാനും കൂടി അദ്ദേഹത്തിന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം* പരിഹരിക്കാൻ ചുമതലയുള്ളവരും ജനങ്ങളുടെ ദാസരും മാത്രമായ സമൂഹത്തിലെ ഭരണാധികാരികൾ, ഗുരുവായ ഡോക്ടറുടെയും വിദ്യാർത്ഥികളുടെയും ഏതൊരാളിന്റെയും *(ദൈവീകമായ) വ്യക്തിസ്വാതന്ത്ര്യത്തിൽ ഇടപെട്ടു കൂടാ. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പദ്ധതികളും ലളിതമായി മാറുന്നു. ഓരോരുത്തരുടെയും ധർമ്മശാസ്ത്രപരമായ ആവശ്യങ്ങൾക്കും ആനന്ദങ്ങൾക്കും യോജിച്ച പഠനങ്ങളും പദ്ധതികളും ഗവേഷണങ്ങളും പരീക്ഷണങ്ങളും മാത്രം. സമസ്ത വിദ്യാഭ്യാസ മേഖലകളിലും മനുഷ്യഗുരുവിന് തുച്ഛമായ പ്രാധാന്യം മാത്രമാണ് ഉള്ളതെന്നും, സമസ്ത ശാസ്ത്രങ്ങളുടെയും സ്രഷ്ടാവായ ദൈവം മാത്രമാണ് മഹാഗുരു എന്ന തിരിച്ചറിവോടെ, അഹംഭാവം, അജ്ഞാനം, ദുശ്ശീലം, ദുഷ്ചെയ്തി, ദുസ്വാർത്ഥം തുടങ്ങിയവയെ പരാജയപ്പെടുത്തുവാനും ഉൽക്കൃഷ്ടമായ ജനസമൂഹത്തെ സൃഷ്ടിക്കാനും നിലനിർത്താനും പരിശ്രമിക്കുന്ന ഗുരുക്കന്മാരാണ് ഉണ്ടാവുക.

ഇന്നത്തെ *മനുഷ്യ-ഗുരുക്കന്മാർ* കുട്ടികൾക്കും മുതിർന്നവർക്കും *ജ്ഞാനം നൽകുന്നില്ലേ എന്ന ചോദ്യമുണ്ട്. തീർച്ചയായും ഉണ്ട്; അല്പം ജ്ഞാനവും *അതിലേറെ അജ്ഞാനവും* നൽകുന്നുണ്ട്. അതായത് അതിഗൗരവമായ പിഴവ് സംഭവിച്ചു പോരുന്നു. അല്പം കുറിക്കാം:-

ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രത്തെ - ഏറെക്കുറെ-ദൈവവുമായി ബന്ധമില്ലെന്നതു പോലെയും തികച്ചും മാനുഷികമായത് എന്ന പോലെയാണ് അഭ്യസിപ്പിച്ചു പോരുന്നത്. മഹാമാതാവായ ദൈവത്തിന്റെ 'കുഞ്ഞുങ്ങളായ' മനുഷ്യ-മാതാപിതാക്കളിലൂടെ ജനിപ്പിക്കുകയും ദിവ്യഭക്ഷണമായ ദൈവത്തിന്റെ- പാൽ കൊടുക്കുകയും ചെയ്യുന്ന ദൈവത്തിന്റെ 'മനുഷ്യ-ക്കുഞ്ഞുങ്ങളെ' അറിഞ്ഞും അറിയാതെയും മത-ജാതി-രാഷ്ട്രീയ-ദേശ-തീവ്രവാദികളായിട്ടാണ് വളർത്തുന്നത്. അത് കടുത്ത അപരാധമാണ്; ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്റെ ശാഖകളായ സദാചാര ശാസ്ത്രം, തൊഴിൽ, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായശാസ്ത്രം തുടങ്ങിയവ അടിസ്ഥാനപരമായി വളരെ ലളിതമാണെങ്കിലും, അവയെ ദൈവീകമായി പഠിച്ചിട്ടുള്ളവരും, കുട്ടികളെ പഠിപ്പിക്കാൻ യോഗ്യതയുള്ളവരുമായ അദ്ധ്യാപകർ ഇന്നത്തെ ഭൂമിയിൽ ഇല്ല. ദൈവം സൃഷ്ടിച്ച മനുഷ്യരായി ജീവിക്കേണ്ടതിനു പകരം മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശ-ജീവികളായും മറ്റും ജീവിക്കുന്നവർക്ക് ധർമ്മ ശാസ്ത്രത്തെ പറ്റി സംസാരിക്കാനും പഠിപ്പിക്കാനുമുള്ള യോഗ്യതയില്ല.

ദൈവത്തിന്റെ ഇഷ്ടമാണ് ധർമ്മ ശാസ്ത്രമെന്ന് മുമ്പ് വ്യക്തമാക്കിയതു പ്രകാരം *ദൈവത്തിന്റെ ഇഷ്ടമായ ധർമ്മശാസ്ത്രത്തെ* പറ്റി സംസാരിക്കാനും പഠിപ്പിക്കാനുമുള്ള യോഗ്യതയില്ലാത്തവർക്ക് *ദൈവത്തെപ്പറ്റി സംസാരിക്കാനും യാതൊന്നും പഠിപ്പിക്കാനുമുള്ള യോഗ്യതയില്ലാ എന്നും സുവ്യക്തമാണ്. ആകയാൽ മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രത്തെ മനസ്സിലാക്കാൻ കഴിയാതെ *സമ്പൂർണ്ണ

ദൈവശാസ്ത്രം* എന്ന കള്ളപ്പേരോടെ സമൂഹത്തെ ദുഷിപ്പിച്ചു കൊണ്ടിരിക്കുന്ന മതങ്ങളെയും മതപണ്ഡിതന്മാരും പുരോഹിതരും എന്ന മതപ്പിശാചുക്കളെയും അനുബന്ധമായ രാഷ്ട്രീയങ്ങളെയും പറ്റി വിശദീകരണം ആവശ്യമാകുന്നില്ല. മേല്പടി മതപ്പിശാചുക്കൾക്ക് പൈശാചിക കാര്യങ്ങൾ ചെയ്യാൻ യോഗ്യതകളുണ്ട്, അവർ ചെയ്യുന്നുമുണ്ട്. നാലാമത്തെ വേദമായ മന്ത്ര ശാസ്ത്രം, വർജ്യമാണ്. വർജ്യമായതിനെയും കൈകാര്യം ചെയ്യാൻ മേല്പടി പിശാചുക്കൾക്ക് യോഗ്യതയുണ്ട് എന്ന ധാരണയിൽ അക്കൂട്ടർ അതും ചെയ്യുന്നുണ്ട് ! ..

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മണ്ണും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് ഭൂമിയുടെയും ഭൂമിയിലെ ജീവികളുടെയും വസ്തുക്കളുടെയും മേൽ അവകാശവും അധികാരവുമുള്ളത് ... യഥാർത്ഥമായ മാതാവും പിതാവും ഗുരുവും ദൈവം തന്നെയാണ് എന്നു സുവ്യക്തമായി മനസ്സിലാക്കുവാൻ മേൽ വിവരിച്ച കാര്യങ്ങൾ ധാരാളമാണ്; മനസ്സിലാക്കാൻ *ധർമ്മശാസ്ത്രപരമായ ജീവിതം കൊണ്ട് 'ദൈവീകമായ യോഗ്യതകൾ/പുണ്യം' സമ്പാദിച്ചിട്ടുണ്ടാവണം* എന്നു മാത്രം. സർവ്വരും ദൈവത്തെ / ധർമ്മശാസ്ത്രത്തെ അനുസരിച്ച് ജീവിക്കുമ്പോൾ, ഓരോ മനുഷ്യനും ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയെല്ലാം സമാധാനത്തോടെയും സംതൃപ്തിയോടെയും അനുഭവിക്കാൻ സാധിക്കുന്നതാണ്.

(3). സംഹാര പരം.

സ്ഥിതിയുടെ അവസാന അവസ്ഥയെന്ന് സംഹാരത്തെ വിശേഷിപ്പിക്കാം. പശു അഥവാ കാള ഉൾപ്പെടെയുള്ള **100** മനുഷ്യജന്മങ്ങൾ പൂർത്തിയാക്കുന്ന ജീവാത്മാവ് **മോക്ഷം** അഥവാ മുക്തി നേടുന്നു. ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെയെല്ലാം സ്വന്തം ഇഷ്ടപ്രകാരം സ്വതന്ത്രമായും പരിധികളില്ലാതെയും അനന്തകാലം ആസ്വദിക്കാൻ 'മോക്ഷത്തിൽ' സാധിക്കുന്നതാണ്. *'മാതാവ് പിതാവ് ഗുരു

ദൈവം' തുടങ്ങിയ എല്ലാ ബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നുമുള്ള മോചനം കൂടിയാണ് മോക്ഷം.* (ഓംസത്യം ഡോട് കോം-വെബ്സൈറ്റിൽ ലഭ്യമായ 'ദൈവ-വിപ്ലവ വിശകലനം-4'ൽ 'മോക്ഷം' മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.). ((മണ്ണായ ശരീരത്തോടെ ജനിക്കുകയും, ജീവികളുടെയെല്ലാം മണ്ണായ ശരീരത്തിൽ നിന്നും ഭക്ഷണം ഉൾപ്പെടെയുള്ള സർവ്വ ആനന്ദങ്ങളെയും പ്രത്യക്ഷമായി സ്വീകരിച്ചു കൊണ്ട് മണ്ണായ ശരീരത്തോടെ (മണ്ണിൽ) ജീവിക്കുകയും, മണ്ണായ ശരീരം നിശ്ചയിക്കുന്നതു പോലെ മരണത്തോടെ മണ്ണായ ശരീരത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെടുകയും ചെയ്യുന്ന ജീവാത്മാവിന് മഹാനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതും മണ്ണും ശരീരവും ഭൂമിയുമായ ദൈവം തന്നെയാണ്. *മണ്ണും ശരീരവും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് ജീവികൾക്കെല്ലാം മഹാനീതി നൽകാനുള്ള അവകാശവും അധികാരവും ഉള്ളത്.* മണ്ണിൽനിന്നു തന്നെ ജീവികൾക്ക് മഹാനീതി ലഭിച്ചാൽ മാത്രമേ ജീവി-സൃഷ്ടി മഹാഭംഗിയാവുകയുള്ളൂ എന്നും, മഹാനീതി ലഭിക്കുന്നത് മണ്ണിൽ നിന്നുതന്നെയാണെന്നും ഓരോ ജീവിയുടെയും/ജീവാത്മാവിന്റെയും സൃഷ്ടി പാഠത്തിൽ നിന്നും സുവ്യക്തമാണ്. ആദിസൃഷ്ടി മത്സ്യം മാത്രമാണെന്നും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെല്ലാം പുനർജ്ജനനങ്ങൾ മാത്രമാണെന്നും, എല്ലാ ജീവികൾക്കും സമനീതി നൽകുമ്പോൾ മാത്രമാണ് ജീവികളുടെയെല്ലാം സൃഷ്ടികർത്താവായ ദൈവം മഹാനീതിപതിയാവുക എന്നും ലളിതമായി മനസ്സിലാക്കാനാവും. ഉടനെ മഹാപ്രപഞ്ചത്തിലെങ്ങും സൃഷ്ടിമന്ത്രവും ആദിവചനവും മഹാശാസ്ത്രമൂലവും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും സംഹാരകാഹളവുമായ ദൈവത്തിന്റെ മഹാചിരി തുടർച്ചയായി 3 മുതൽ 33 വർഷം മുഴങ്ങുന്നതോടെ ദൈവത്തിന്റെ ഏകദാസനായ പ്രതിനിധിയിലൂടെ (ദൈവം) വീണ്ടെടുത്തിട്ടുള്ള മണ്ണിന്റെ നിയമങ്ങളായ യഥാർത്ഥമായ വേദങ്ങളെ ഭൂമിയിലെങ്ങുമുള്ള ജനങ്ങളുടെ ഭരണഘടനയായിട്ട് വീണ്ടും സ്വീകരിക്കുന്നതാണ്. (എല്ലാ സൃഷ്ടിചക്രങ്ങളിലും സമാനമായി സംഭവിക്കുന്നുണ്ട്.). മഹാചിരിയോടെ ദൈവവിപ്ലവം മഹാആരംഭിക്കുന്ന തീയതിയെപ്പറ്റി ഈയുള്ളവന് വ്യക്തമായി

അറിയില്ല; മഹാഉചിതമായ സമയത്ത് മഹാവെളിപ്പെടുത്തുന്നതാണ്.))

മണ്ണിന്റെ നിയമങ്ങളെ പാലിക്കേണ്ടത് *മോക്ഷം* ലഭിക്കാൻ, (ഓരോ മനുഷ്യന്റെയും) ആവശ്യമാകുന്നതാണ്. മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും *മോക്ഷം* അഥവാ *മുക്തി* നേടുന്നതിനു മുമ്പ്; ദൈവത്തോടും, ഉറ്റവരോടും, ചുറ്റുമുള്ളവരോടും, മറ്റുള്ള ജീവികളോടും ഒക്കെ ചെയ്ത പിഴവുകൾക്കും ദ്രോഹങ്ങൾക്കും പരിഹാരമുണ്ടാക്കണം : ദൈവശിക്ഷകളായിട്ട് അനുഭവിച്ചും, നന്മകളെ വർദ്ധിപ്പിച്ചും വേണം *മുക്തി* നേടേണ്ടത്.

മഹാപിതാവും മഹാമാതാവും *മഹാവാത്സല്യവുമായ* ദൈവം, *സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളും നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു.*

ചുവടെയുള്ള കാര്യങ്ങളെ സ്വയം വിശകലനം ചെയ്യുന്നത് ആത്മശുദ്ധീകരണത്തിന് നല്ലതാണ്.

1.

ഫോട്ടോ, പ്രതിമ/വിഗ്രഹം, സ്മാരകം തുടങ്ങിയവ പ്രചരിപ്പിക്കുന്നതിലൂടെ മരണം വരെ (ദുഷ്)ക്കീർത്തി നേടാൻ കഴിയുമെങ്കിലും, അവ പാടില്ല. എല്ലാ ബന്ധങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നുമുള്ള മോചനം കൂടിയാണ് മോക്ഷം എന്നു പറയുമ്പോൾ, മണ്ണായ ഭൂമിയിൽ യാതൊരു ബന്ധങ്ങളും സ്മാരകങ്ങളും അവശേഷിപ്പിക്കാൻ പാടില്ല എന്നത് നിർബന്ധമാണ്.

'മണ്ണും ഭൂമിയുമായ ദൈവം' മഹാഭദ്രമാക്കിയിട്ടുള്ള അഥവാ 'സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്ന നിയമങ്ങളെയും ശക്തികളെയും' വിശദമാക്കുന്ന മഹാശാസ്ത്രത്തിൽ (വേദങ്ങളിൽ),

മഹാ പ്രപഞ്ചത്തിന് അതീതമായ *ഏകദൈവത്തെയും ദൈവ-ഭാഗവും പ്രതിനിധിയുമായ ഏകദാസനെയും പരാമർശിക്കണം* എന്നത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാപ്രപഞ്ചത്തിലെ മൂലകങ്ങളുടെയെല്ലാം ആറ്റങ്ങളിൽ 'ഇലക്ട്രോൺ, പ്രോട്ടോൺ' എന്നിങ്ങനെ ഭൗതികമായ അസ്തിത്വത്തോടെ 'ഒന്നായ ദൈവത്തിന്റെ രണ്ടു ഭാഗങ്ങളും ഉണ്ടെങ്കിലും, ദൈവത്തിന്റെയും ഏകദാസന്റെയും ചിത്രങ്ങളോ വിഗ്രഹങ്ങളോ പ്രചരിപ്പിക്കാനും പ്രതിഷ്ഠിക്കാനും മറ്റും മഹാഅനുവദിക്കുന്നതല്ല. ഭൂമിയിലെങ്ങും ദൈവവിപ്ലവം മഹാആരംഭിക്കുമ്പോൾ, എല്ലാ ദേവാലയങ്ങളിലും മഹാലിംഗ പ്രതിഷ്ഠ മാത്രമാണ് മഹാഅനുവദിക്കുക.

മഹാമാതാവും മഹാപിതാവും മഹാഗുരുവുമായ ദൈവത്തെ അനുസരിക്കുക = *ധർമ്മശാസ്ത്രപരമായി ജീവിക്കുക മാത്രമാണ് ഏക മോക്ഷ-മാർഗ്ഗം.* ഭക്തി കൊണ്ട് ദൈവത്തെ പ്രീണിപ്പിക്കാൻ കഴിയുമെന്ന് വളരെയധികം ജനങ്ങൾ തെറ്റിദ്ധരിച്ചിട്ടുണ്ട്. ഏതാനും ദുർദ്ദേവതകളും മതങ്ങളും മറ്റും കാരണവുമായിട്ടുണ്ട്. 'ധർമ്മശാസ്ത്രപരമല്ലാത്ത ഭക്തി' ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതാണ്; അതിനാൽ *ഓരോ മനുഷ്യനും അവനവന്റെ കാര്യം നോക്കി ജീവിക്കുക എന്ന ശക്തമായ താക്കീതാണ് ദൈവം നൽകുന്നത്.*

ഏറെക്കുറെ 27 വർഷങ്ങളായിട്ട് ഗ്രന്ഥങ്ങൾ, മാസികകൾ, തുടങ്ങിയ അച്ചടി മാധ്യമങ്ങൾ വഴിയും, 16 വർഷങ്ങളായിട്ട് വെബ്സൈറ്റ്, ഇമെയിൽ എന്നിവയിലൂടെയും, 2 വർഷങ്ങളായിട്ട് സ്മാർട്ട്ഫോണുകൾ വഴിയും, 'മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രത്തെ അഥവാ യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുത്ത് പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന' ഈയുള്ളവന്റെ ഒരു ഫോട്ടോ പോലും പ്രസിദ്ധീകരണങ്ങളിൽ ചേർത്തിട്ടില്ല. ആയതിനെ പാഠമാക്കിയാൽ നല്ലത്. കുട്ടിദൈവങ്ങളായും സൂപ്പർ ദൈവങ്ങളായും സമൂഹത്തിൽ വേഷം കെട്ടുന്നവരും മതപണ്ഡിതന്മാരും രാഷ്ട്രീയ നേതാക്കളും ഒക്കെ എത്രയും പെട്ടെന്ന് സത്യത്തെ

ഉൾക്കൊണ്ട് ജീവിക്കുന്നുവോ അത്രയും അവർക്കു നല്ലത്.

2.

ദൈവശാസ്ത്രം, ആദ്ധ്യാത്മിക ശാസ്ത്രം, എന്നെല്ലാം പഴമക്കാർ തെറ്റിദ്ധരിച്ചത് മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രത്തെയാണ്. ആത്മീയ അന്വേഷകർ കണ്ടെത്തിയ ശരികളും അതിലേറെ തെറ്റുകളും, രണ്ടാമത്തെ വേദമായ ധർമ്മശാസ്ത്രത്തിൽ കൂട്ടിക്കലർത്തിയാണ് അടിസ്ഥാനപരമായി മതങ്ങളെ തട്ടിക്കൂട്ടിയത്. ആത്മീയ ശാസ്ത്ര ഗവേഷണ പാഠങ്ങൾ മാത്രമായ ഓരോ മതത്തെയും സമ്പൂർണ്ണ ദൈവശാസ്ത്രം എന്ന കള്ളപ്പേരിൽ സമൂഹത്തിൽ നിലയുറപ്പിക്കണമെങ്കിൽ മതങ്ങളുണ്ടായ കാലങ്ങളിൽ പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെപ്പറ്റി പുലർത്തിയ (മൂഢ)വിശ്വാസങ്ങളെയും ശരിവയ്ക്കണമായിരുന്നു. മഹാഅനുഗ്രഹം മഹാഉചിതമായി ലഭിക്കാൻ യോഗ്യത നേടാഞ്ഞവർക്ക് ഒന്നാമത്തെ മഹാവേദമായ ഭൗതിക ശാസ്ത്രത്തിന്റെ മഹാപ്രാധാന്യത്തെ മനസ്സിലാക്കാൻ കഴിഞ്ഞില്ല; ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമായ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം അനുഭവിക്കുന്നവർക്ക് ഒന്നാമത്തെ മഹാവേദമാണ് ഭൗതിക ശാസ്ത്രം എന്നറിയില്ല; കൂട്ടിച്ചേർക്കാനും കഴിയില്ല. പിന്നെ സാധിക്കുന്നത് മതങ്ങളിലെ ഭോഷത്തങ്ങൾക്ക് ദുർവ്യാഖ്യാനം കൊടുത്തു കൊണ്ട് ദുസ്വാർത്ഥങ്ങളോടെയും കൊടിയ കൗശലത്തോടെയും ആധുനിക കാലത്ത് വെളിപ്പെടുന്ന ഭൗതിക ശാസ്ത്ര പാഠങ്ങളെ, വിശദീകരണം, അടിക്കുറിപ്പ് തുടങ്ങിയ പേരുകളോടെ മതങ്ങളിൽ തുന്നിച്ചേർക്കലാണ്. എല്ലാ മതങ്ങളിലെയും എല്ലാ മതപണ്ഡിതന്മാരും പ്രസ്തുത ഹീന വൃത്തി ചെയ്യുന്നുമുണ്ട്.

ദുരാത്മാക്കളും ദുർദ്ദേവതകളും കൂട്ടുചേർന്ന് തട്ടിക്കൂട്ടിയ അബദ്ധഭണ്ഡാരങ്ങളായ മതങ്ങൾ ഇല്ലാതിരുന്നെങ്കിൽ, മണ്ണായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെയും ശാസ്ത്രസാങ്കേതിക വികസനങ്ങളെയും അവയ്ക്കെല്ലാം മൂലാധാരമായ ദൈവത്തെയും ശരിയാംവണ്ണം മനസ്സിലാക്കാൻ ജനങ്ങൾക്ക് സാധിക്കുമായിരുന്നു. *രുചികരമായ ഭക്ഷണം, നല്ല വസ്ത്രം, അത്യാധുനിക പാർപ്പിടങ്ങളും വാഹനങ്ങളും സ്മാർട്ട്ഫോൺ വാട്സ്ആപ്പ് തുടങ്ങിയ അനന്തമായ ശാസ്ത്രസാങ്കേതിക വികസനങ്ങളെയും ഉപയോഗിച്ചുകൊണ്ട്, മണ്ടത്തരങ്ങളുടെ ഭണ്ഡാരമായ മതങ്ങളെയും രാഷ്ട്രീയങ്ങളെയും ചുമന്ന് ശാസ്ത്രസാങ്കേതിക വികസനങ്ങളെ അവമതിക്കുന്ന കടുത്ത ദൈവനിന്ദയാണ് ഭൂമിയിലെങ്ങും വ്യാപകമായിരിക്കുന്നത്.

വർജ്യമായ തപസ്സ്, യാഗം, തുടങ്ങിയവ കൊണ്ട് ദീർഘകാലം (ജീവിക്കാൻ ആവശ്യമില്ലാത്ത) അറിവുകളെ തേടിപ്പോയ പുരാണങ്ങളിലെ ഋഷിമാരുടെ പടയും സമ്പൂർണ്ണരായിരുന്നില്ലാ എന്നതിന് അവർ തട്ടിക്കൂട്ടിയതും, മനുഷ്യരെ ഭ്രാന്തരാക്കാൻ ഉപകരിക്കുന്നതുമായ *ഉപനിഷത്തുകൾ* ഉദാഹരണമാണ്.

മഹാശാസ്ത്രം മഹാഭീമം മാത്രമല്ല; മഹാലളിതവുമാണ്. അത് മനസ്സിലാക്കാൻ സാധിക്കാഞ്ഞ ഗവേഷകർ, മതങ്ങളിലൂടെയും മറ്റും വികലവും വികൃതവുമാക്കാൻ പരിശ്രമിച്ചുവെന്നും പറയാനാവും. 'സൃഷ്ടിസ്ഥിതിസംഹാര കർത്താവും മഹാപിതാവും മഹാമാതാവുമായ *ദൈവത്തിന്റെയും', 'സൃഷ്ടികളായ മനുഷ്യരുടെയും', ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യം ദൈവത്തിനില്ല; ദൈവം മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല.* മഹാഗുരു കൂടിയായ ദൈവത്തിനു മാത്രമാണ് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുവാൻ അഥവാ പഠിപ്പിക്കുവാൻ കഴിയുക എന്നതും സുവ്യക്തമാണ്. മതങ്ങളിലെയും, രാഷ്ട്രീയങ്ങളിലെയും, നിയമസഭകളിലെയും മറ്റും ഭൗതിക-അസ്തിത്വമില്ലാത്തതായ പൈശാചിക നിയമങ്ങളെയും, കുട്ടിദൈവങ്ങളായും സൂപ്പർ ദൈവങ്ങളായും സമൂഹത്തിൽ വേഷം കെട്ടുന്ന നീചരുടെ ഭോഷത്തങ്ങളെയും, അന്ധമായി ചുമന്നുപോരുന്ന പാപരീതി പാടില്ല.

*തങ്ങൾക്കു വേണ്ടതെല്ലാം നൽകുന്ന മണ്ണിനെയും, മണ്ണിന്റെ നിയമങ്ങളെയും അവഗണിച്ചു കൊണ്ട് മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് മതങ്ങളിലെയെല്ലാം പ്രവാചക /ഗുരു സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

*ദൈവമെന്തെന്ന് അറിയാത്തവർ കാട്ടിക്കൂട്ടുന്നതും, 'ദൈവം ഓരോരുത്തർക്കും നേരിട്ട് മഹാഅനുഗ്രഹിച്ച് നൽകിയിട്ടില്ലാത്തതുമായ' സ്തുതികളും മതഗ്രന്ഥ-പാരായണങ്ങളും ആരാധനകളും മറ്റു ഭോഷത്തങ്ങളും കണ്ടും കേട്ടും സന്തോഷിക്കുന്ന ഒരു കോമാളി ആയിട്ട് മഹാശക്തിയായ ദൈവത്തെ കണക്കാക്കുന്ന മതപരങ്ങളായ തോന്ന്യാസങ്ങളെ മഹാ*ദൈവ-വിപ്ലവം* മഹാആരംഭിക്കുന്നതോടെ സർവ്വരും ഉപേക്ഷിക്കുന്നതാണ്.*

3.

ഭൂമിയിലെ ജനങ്ങളെ മുഴുവൻ വ്യത്യസ്തമായ ജന്മഗുണങ്ങളോടെ പ്രത്യേകം പ്രത്യേകം സൃഷ്ടിച്ചിട്ടുള്ളതാണ്, അവരുടെ *വ്യക്തിഗത* ഇഷ്ടങ്ങൾ അഥവാ ആവശ്യങ്ങൾ പ്രത്യേകം പ്രത്യേകം ആയിരിക്കുകയും ചെയ്യും. എന്നാൽ സമൂഹ ജീവികളായ അവരുടെ പൊതുവായ ആവശ്യങ്ങളെല്ലാം സമാനമാണ് അഥവാ ഒന്നാണ്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ, വൈദ്യം, ഗതാഗതം, വിനോദം, ദേവാലയം, പ്രാർത്ഥന, വിവാഹം, ശവസംസ്കാരം തുടങ്ങിയവ വ്യക്തിഗതം മാത്രമല്ല, പൊതുവായ ആവശ്യങ്ങൾ കൂടിയാണ്. അവയിൽ *ദേവാലയം, പ്രാർത്ഥന, വിവാഹം, ശവസംസ്കാരം* എന്നിവയെ ആണ് മനുഷ്യർ, ദൈവവുമായി കൂടുതൽ ബന്ധപ്പെടുത്തുന്നത്. ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ മനുഷ്യരുടെ ദൈവീകമായ പ്രസ്തുത ആവശ്യങ്ങൾക്കെല്ലാം ഭൂമിയിലൊട്ടാകെ ധർമ്മശാസ്ത്ര പരമായ ഓരോ പദ്ധതി മാത്രമാണ് ഉണ്ടാവുക എന്ന് ലളിതമായി മനസ്സിലാക്കാനാവും.

സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവത്തെ കാണാനും കേൾക്കാനും സാധാരണ ഗതിയിൽ ജനങ്ങൾക്ക് സാദ്ധ്യമല്ല, എന്നതിനാൽ ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ മനുഷ്യർക്ക്, വസ്തുതകൾ മനസ്സിലാക്കാനും *ശരിയായ അർത്ഥം* പഠിക്കുവാനുമുള്ള ബുദ്ധിശക്തിയും ഓർമ്മശക്തിയും മറ്റു സൗഭാഗ്യങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അവസരങ്ങളെയും ദൈവീകമായി മഹാഒരുക്കിയിട്ടുണ്ട്. ലഭ്യമാവുന്ന പാഠങ്ങളെ സ്വയം വിശകലനം ചെയ്ത് സ്വീകരിക്കുന്ന സ്വഭാവം ശീലിക്കണം. പകരം അന്ധവിശ്വാസികളും അലസരും മടിയരുമാവാൻ അന്യോന്യം മത്സരിക്കുന്ന നീച അവസ്ഥ ഉണ്ടായത് മനുഷ്യരുടെ അപരാധമാണ്. പിതാവും ഉറ്റവരും ബന്ധുക്കളും സുഹൃത്തുക്കളും അദ്ധ്യാപകരും വിദ്യാർത്ഥികളും എറുമ്പുകളും തേനീച്ചകളും പശുവും കാളയും കോഴിയും പട്ടിയും പൂച്ചയും തെങ്ങും വാഴയും ..... എന്നിങ്ങനെയുള്ള ഗുരുക്കന്മാരിലൂടെ നൽകുന്ന അറിവുകളെയും, ജന്മങ്ങളിലൂടെ നേടുന്ന പുണ്യത്തെയും കോർത്തിണക്കി കൊണ്ട് ശാസ്ത്രപ്രകാരം ദൈവത്തെ അല്പസ്വല്പമായി അറിയുവാൻ എല്ലാവരെയും മഹാഅനുഗ്രഹിക്കുന്നുണ്ട്. അത്രയും മതി. കൂടുതൽ അറിഞ്ഞും ചിന്തിച്ചും ഭക്തപ്പരിശകളായി ക്കൊണ്ട് ഭക്തിഭ്രാന്തുകളെ കാട്ടണ്ട. പകരം ധർമ്മശാസ്ത്രപരമായി ജീവിക്കുക.

ബുദ്ധിശക്തിയും ഓർമ്മശക്തിയും മറ്റു ശക്തികളും മനുഷ്യരേക്കാൾ കുറവായി ലഭിച്ച മൃഗങ്ങളും പക്ഷികളും സസ്യങ്ങളും മത്സ്യങ്ങളും അവനവന്റെ കാര്യം നോക്കി ജീവിക്കുമ്പോൾ, കൂടുതൽ ലഭിച്ചിട്ടുള്ള മനുഷ്യൻ മാത്രമാണ് ദൈവം നേരിട്ട് ഏല്പിച്ചിട്ടില്ലാത്ത ദൈവകാര്യങ്ങളുടെ പേരിൽ അന്യോന്യം കടിപിടി കൂടുന്നത്. *ദൈവം കാട്ടിയ അപരാധമല്ല* അതെന്ന് സുവ്യക്തമാണ്. *ജീവിക്കാൻ ആവശ്യമില്ലാത്ത കാര്യങ്ങളുടെ പേരിൽ,* മതജാതിരാഷ്ട്രീയ-ജീവികളും മറ്റും, ഭൂമിയിലെ ജീവികളുടെയെല്ലാം ജീവിതത്തിൽ അസന്തോഷവും, അസമാധാനവും, ധാർമ്മിക അധഃപതനങ്ങളും സൃഷ്ടിക്കുന്നത് മഹാപിതാവും മഹാമാതാവുമായ ദൈവത്തിന് അസന്തോഷത്തെ നൽകുന്നുണ്ട്. എത്രയും പെട്ടെന്ന് തെറ്റുകളെ തിരുത്തിയും, സത്യത്തെ ഉൾക്കൊണ്ടും ജീവിക്കുന്നുവോ അത്രയും നല്ലത്.

4.

കുട്ടികളെയും മുതിർന്നവരെയും ഉൾപ്പെടെ മറ്റുള്ളവരെ പ്രത്യക്ഷമായി പഠിപ്പിക്കുന്നതും, ഇഷ്ടം പ്രകടിപ്പിക്കുന്നതും, അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നതും പ്രധാനമായി *മാതാവും പിതാവും ഗുരുവും ഉറ്റവരും* മാത്രമാണ്. അവർ തങ്ങളുടെ അറിവും ആവശ്യങ്ങളും ആഗ്രഹങ്ങളും പ്രകാരം വ്യത്യസ്തമായ ഉപദേശങ്ങളെ നൽകുന്നതിനെ പാലിക്കുവാൻ സാധിക്കുന്നതല്ല. അക്കൂടെ വ്യത്യസ്തമായ മതങ്ങളും രാഷ്ട്രീയങ്ങളും മറ്റു വിശ്വാസങ്ങളും പ്രകാരം, വ്യത്യസ്തങ്ങളായ ഉപദേശങ്ങൾ വേണ്ടിവരുന്നതും, കൂട്ടിക്കലർത്തുന്നതും സ്വാഭാവികമാണ്. മിക്കതും അന്യോന്യം ചേരില്ല. സ്വയം അറിയാതെ എല്ലാം കൂടി അവഗണിച്ച് തങ്ങൾക്കു തോന്നുമ്പോലെ ജീവിക്കുന്നവരാണ് ഏറെയും. പ്രസ്തുത ദുരവസ്ഥയ്ക്ക് മഹാപരിഹാരം ഉണ്ടാകുന്നത് എല്ലാ ജനങ്ങളും ധർമ്മ ശാസ്ത്രത്തെയും അതിലൂടെ ദൈവത്തെയും അനുസരിച്ച് ജീവിക്കുമ്പോഴാണ്.

മഹാശക്തിയായ ദൈവം, ഉടൻ മഹാആരംഭിക്കുന്ന *ദൈവ-വിപ്ലവത്തിലൂടെ* ഭൂമിയിലെങ്ങും *മഹാധർമ്മ സംസ്ഥാപനം* ഉണ്ടാകുന്നതാണ്. അതിനു മുന്നോടിയായി തന്റെ ഭാഗമായ ഏകദാസനിലൂടെ, *'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം'* എന്നീ യഥാർത്ഥമായ 4 വേദങ്ങളെയും വീണ്ടെടുത്ത് കുഞ്ഞുങ്ങളുടെ *ദൈവീക ആവശ്യത്തെ* മഹാഭദ്രമാക്കുന്നു. ഈയുള്ളവനിലൂടെ മഹാവെളിപ്പെടുത്തുന്ന സന്ദേശങ്ങളും ***www.omsathyam.com*** എന്ന വെബ്സൈറ്റും, ***omsathyam*** എന്ന ബ്ലോഗും, മഹാവേദങ്ങളുടെ ഭാഗങ്ങളും അനുബന്ധങ്ങളും മാത്രമാണ്.

മുമ്പ് വ്യക്തമാക്കിയതു പോലെ, ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു മനുഷ്യരുടെയും യാതൊരു

സഹായങ്ങളും യാതൊരിക്കലും ആവശ്യമില്ലാ എന്നറിയുക. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതുകൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു.

ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !

എന്ന്, മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ഏകദാസനായ *പരമശിവൻ* C/o www.omsathyam.com /2017 മെയ് 18 വ്യാഴാഴ്ച.

സന്ദേശത്തെ ഷെയർ ചെയ്യാൻ ഏതൊരാൾക്കും വ്യക്തിസ്വാതന്ത്ര്യമുണ്ട്. വ്യക്തികൾക്ക് ധർമ്മശാസ്ത്രപരമായ ആനന്ദം ലഭിക്കുന്നുവെങ്കിൽ, ഷെയർ ചെയ്യുക. *സ്വന്ത ചുമതലയായി ഷെയർ ചെയ്താൽ പുണ്യം ലഭിക്കുന്നതാണ്.* പുണ്യത്തെ ആഗ്രഹിച്ചു ഷെയർ ചെയ്താൽ, പുണ്യം ലഭിക്കുന്നതുമല്ല.

ഏകമഹാശക്തിയും, ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും, മഹാമാതാവും, മഹാനീതിപതിയും, മഹായജമാനനും, മഹായജമാനയും, മഹാദാസിയും, മഹാദേവനും, മഹാദേവിയും, മണ്ണും ശരീരവും ഭൂമിയുമായ ദൈവത്തിനു മാത്രം മഹത്വം.



സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി



ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

Published on 26 May 2017.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

ഭാര്യാ-ഭർത്തൃ ബന്ധം = മാതാ-പിതാ ബന്ധം ഒന്നാമത് എത്തുന്നു.

ബന്ധങ്ങളും പെരുമാറ്റ മര്യാദകളും.

" *ദൈവ-വിപ്ലവം ഉടൻ* "

ദൈവ-വിപ്ലവ വിശകലനം -11 (PDF- ഫയലും മുൻ വിശകലനങ്ങളും www.omsathyam.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.)

വ്യക്തി, കുടുംബം, സമൂഹം, മറ്റുള്ള ജീവികൾ എന്നിവരുടെ ബന്ധങ്ങളെയും പെരുമാറ്റ മര്യാദകളെയും വിശകലനം ചെയ്യുന്നു.

(1). അമ്മയും മക്കളും

(2). ഭാര്യാ-ഭർത്താവ് = മാതാ-പിതാവ്

*(3).*ജീവികളും, സൃഷ്ടി പരമായ വിധിയും, സ്ഥിതിപരമായ വിധിയും

(4). ആനന്ദങ്ങളും അളവുകളും

(5) മഹാഗ്രന്ഥത്തിലെ 4 കുടുംബ-അദ്ധ്യായങ്ങളെ ഉദ്ധരിക്കുന്നു.

(5.1). മനുഷ്യരിലെ കാമവ്യത്യാസങ്ങൾക്ക് മോക്ഷവുമായി തീവ്രബന്ധമുണ്ട്.

(5.2). ആനന്ദ നിന്ദ (സദാചാരം: കാമാനന്ദം)

(5.3). ദൈവ നിന്ദ: മത്സരങ്ങൾ പാടില്ല.

(5.4). സ്ത്രീ-പുരുഷ സമത്വം

(6). (മഹാ) മാതാവും (മഹാ) പിതാവും (മഹാ) ഗുരുവും *ദൈവം തന്നെയാണ്.*

(7). ഉപസംഹാരം

അതിഗൗരവങ്ങളായ ഏതാനും മാനുഷിക ബന്ധങ്ങളെ പ്പറ്റി ചുരുങ്ങിയ ലഘുവായും ലളിതമായും ആഴമായും വിശകലനം ചെയ്യുകയാണ്.

***(1).* മനുഷ്യരിലെ അമ്മയും മക്കളും തമ്മിലുള്ള ബന്ധത്തിന്റെ ആഴം ഏറ്റവും ഹ്രസ്വമായി വിശദീകരിക്കുന്നു.**

പ്രത്യക്ഷം 1 :

മാതാപിതാക്കളുടെ പ്രത്യക്ഷമായ *ഭാഗവും ഭാഗ്യവുമെന്നോണം കുഞ്ഞ് ജനിക്കുന്നു.* ഭ്രൂണമായിട്ട് ഗർഭാശയത്തിൽ രൂപം കൊണ്ട് ക്രമേണ വളരുന്ന കുഞ്ഞിനെ ചുമന്നു പോരുന്നതിന്റെ കഷ്ടപ്പാടുകളും ആനന്ദവും മാതാവ് സ്വയം അനുഭവിക്കണം; മറ്റുള്ളവരുമായി പങ്കുവെക്കാൻ കഴിയുന്നതല്ല. പ്രസവിക്കുന്നതു വരെ കുഞ്ഞിന്റെ പ്രത്യക്ഷമായ അവകാശി(കൾ) മാതാവും (പിതാവും) മാത്രമാണ്.

പ്രസവിച്ചു കഴിഞ്ഞും വർഷങ്ങളോളം കുഞ്ഞുങ്ങൾക്ക് മാതാവിന്റെ/പിതാവിന്റെ/രക്ഷകർത്താക്കളുടെ ശുശ്രൂഷകളും പരിചരണവും ആവശ്യമാണ്. 'ഏറെക്കുറെ 5 വയസ്സുവരെയുള്ള *സ്വന്തം* ശൈശവ കാലത്തെ', ഇന്നത്തെ മാതാവ് ഉൾപ്പെടെയാതൊരാൾക്കും ഒട്ടും ഓർമ്മയുണ്ടാവില്ല; എന്നാൽ മക്കളുടെയും കൊച്ചുമക്കളുടെയും ശൈശവ കാലത്തെ മാതാപിതാക്കൾക്കും മുത്തശ്ശൻക്കും മറ്റ് ഉറ്റവർക്കും ഓർമ്മിക്കാനും, ഒരു പക്ഷെ അഭിമാനിക്കാനും കഴിയുന്നതാണ്. (അമ്മയുടെ ശൈശവ കാലത്തെ അമ്മയ്ക്ക് ഓർമ്മയില്ല; എന്നാൽ അമ്മൂമ്മയ്ക്ക് ഓർമ്മയുണ്ടെന്നത് അമ്മൂമ്മയുടെ അധിക ഔന്നത്യത്തെയും അറിയിക്കുന്നുണ്ട്.)

മാതാവ് കുഞ്ഞുങ്ങളെ പരിചരിക്കുന്നതിനെ 'പറഞ്ഞും എഴുതിയും' സമ്പൂർണ്ണമായി വിവരിക്കാൻ സാദ്ധ്യമല്ല; ആവശ്യവുമല്ല. എന്നാൽ കണ്ടും കേട്ടും അനുഭവിച്ചും മനസ്സിലാക്കാൻ എളുപ്പമാണ്. *ലോകത്തിലെ ഏറ്റവും കഠിനമായ ജോലി, കുഞ്ഞുങ്ങളെ വളർത്തുന്നതാണ്.* അതിന്റെ പേരിൽ അഭിമാനിക്കാനും, ഭാവിയിൽ അയവിറക്കി ആനന്ദിക്കാനും കഴിയുന്നത് കുഞ്ഞുങ്ങളെ സ്വയം വളർത്തുന്നവർക്കു മാത്രമാണ്. *അത്യത്യാവശ്യമല്ലാത്ത* കാര്യങ്ങൾക്കുവേണ്ടി, അത്യാവശ്യമായും മാതാവ് സ്വയം ചെയ്യേണ്ടതായ കുട്ടികളോടുള്ള കടമകളെ ഒഴിവാക്കിയാൽ മാതാവും പിതാവും (ഗുരുവും) ഒക്കെ ഭാവിയിൽ പരിതപിക്കേണ്ടി വരും. *ഏറ്റവും കഠിനമായ ജോലി ചെയ്യുന്നവർക്കാണ് ഏറ്റവുമധികം ആനന്ദവും ലഭിക്കുക.* കുഞ്ഞുങ്ങളുമായും കുട്ടികളുമായും സമയം കഴിക്കുന്നവർക്ക് അനുഭവം കൊണ്ട് അതും അറിയാം.

കുഞ്ഞുങ്ങളെയും കുട്ടികളെയും വളർത്തുന്നതിലൂടെ, അമ്മയ്ക്കും മക്കൾക്കും അച്ഛനും മുത്തച്ഛനും മുത്തശ്ശിക്കും മറ്റ് ഉറ്റവർക്കും ജീവിത കാലം മുഴുവൻ ആനന്ദിക്കാനുള്ള അവസരങ്ങളുള്ള മഹാപദ്ധതിയെ (ദൈവം) മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്. (അതു തിരിച്ചറിയാൻ കഴിയുന്നത് ദൈവീകമാണ്.). അതായത് ഏതൊരു മനുഷ്യന്റെയും ജീവിത കാലം മുഴുവൻ മാതാപിതാക്കളുമായും, ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പെട്ട ഉറ്റവരുമായും, അധ്യാപകരുമായും ഒക്കെയുള്ള വ്യക്തിബന്ധങ്ങൾ ഉൽക്കൃഷ്ടമായി തുടരും വിധമാണ് മഹാആവിഷ്ക്കാരം. മഹാശക്തിയായ ദൈവത്തിൽ നിന്ന് മഹാജ്ഞാനം നേരിട്ട് ലഭിക്കുന്ന *മഹാജന്മത്തിൽ പോലും,* മാതാപിതാക്കളിലൂടെ തന്നെയാണ് ജീവാത്മാവിനെ മനുഷ്യനാക്കുന്നത്! കുടുംബ ജീവിതത്തെ *മാത്രമാണ്* ദൈവം എപ്പോഴും മഹാഉയർത്തുന്നത്.

കുഞ്ഞുങ്ങൾക്കും കുട്ടികൾക്കും ആപത്ത് ഉണ്ടായാൽ സ്വന്തം മക്കളെന്നോ കൊച്ചുമക്കളെന്നോ കണക്കാക്കാതെ ഏതൊരു കുട്ടിയെയും രക്ഷിക്കാൻ ഉത്തമരായ മാതാപിതാക്കളും ഏതൊരാളും തയ്യാറാകുന്നതാണ്. ബന്ധപ്പെട്ട ഒരു ക്രമപ്രശ്നം ഈയവസരത്തിൽ കുറിക്കാം. ആറ്റിലെ വെള്ളത്തിൽ ഒരു കുട്ടി പെടുന്നു. കൂടാതെ കുട്ടിയുടെ അമ്മ, അച്ഛൻ, അമ്മൂമ്മ, അപ്പൂപ്പൻ, എന്നീ 4 പേരിൽ 3 പേരും പെടുന്നു. അവശേഷിക്കുന്ന ഒരാളും പെട്ടുപോയ മുതിർന്നവരും സ്വന്തം രക്ഷ വിഷയമാക്കാതെ ആദ്യം രക്ഷിക്കാൻ ശ്രമിക്കുന്നത്

കുട്ടിയെ ആയിരിക്കും. ധാർമ്മിക ഉയർച്ചയുള്ള എവിടെയും കുഞ്ഞുങ്ങൾക്കും *വാത്സല്യത്തിനും* എപ്പോഴും മുൻതൂക്കം ഉണ്ടാകുന്നതാണ്.

വളരുമ്പോൾ, *കുട്ടികളുടെ മനസ്സിൽ പതിയുന്ന മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ചിത്രങ്ങളും ചെയ്തികളും പ്രധാനമാണ്.* ചുറ്റുമുള്ള ഇഷ്ടജനങ്ങളെയും മറ്റും പറ്റി കുട്ടികളിൽ രൂപം കൊള്ളുന്ന മനോഭാവം നല്ലതും മോശവും ആവാം. കുട്ടികൾക്ക് പരിചരണവും ശ്രദ്ധയും വാത്സല്ല്യവും യഥോചിതം നൽകാൻ, അമ്മയ്ക്കും അച്ഛനും മറ്റും കഴിഞ്ഞില്ലെങ്കിൽ, അവരോടുള്ള കുട്ടികളുടെ മനോഭാവം നല്ലതാവില്ല. അമ്മയുടെ ചിത്രം പതിയേണ്ട സ്ഥാനത്ത് വേലക്കാരിയുടെയോ മറ്റുള്ളവരുടെയോ ചിത്രങ്ങൾ പതിഞ്ഞാൽ, സാധാരണ ഗതിയിൽ കുട്ടികളുടെ (മാത്രം) തെറ്റല്ല. മഹാമാതാവായ ദൈവം മഹാകനിഞ്ഞു നൽകുന്ന അവസരങ്ങളെ മുതിർന്നവർ മംഗളമായി പ്രയോജനപ്പെടുത്തണം. കുട്ടികളുടെ മനസ്സിൽ പതിയുന്ന മാതാപിതാക്കളുടെയും ഉറ്റവരുടെയും ഗുരുക്കന്മാരുടെയും ചിത്രങ്ങൾ ആരും നിർബ്ബന്ധിച്ചു പതിപ്പിക്കുന്നതല്ല; സ്വയം പതിയുന്നതാണ്. (ദൈവത്തിന്റെ ചിത്രങ്ങൾ പതിപ്പിക്കുവാൻ ദൈവം പ്രത്യക്ഷമായും പരോക്ഷമായും ശ്രമിക്കുന്നില്ല; പ്രചരിപ്പിക്കുന്നവരെ മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിക്കുന്നുമുണ്ട്.).

ഗർഭകാലത്തും എക്കാലത്തും ശക്തികൾക്കൊത്ത് കുഞ്ഞിനെയും മാതാവിനെയും ധർമ്മശാസ്ത്രപരമായി സംരക്ഷിക്കുന്ന പുരുഷനും/സ്ത്രീക്കും/ഉറ്റവർക്കും/ഏതൊരാൾക്കും, ഇരുവരുടെയും *രക്ഷകർത്താവ്* എന്ന സ്ഥാനമുണ്ട്. കുഞ്ഞിന്റെ പിതാവ് തന്നെയാണ് രക്ഷകർത്താവെങ്കിൽ കുട്ടിക്കും മാതാവിനും പിതാവിനും കൂടുതൽ സന്തോഷിക്കാൻ കഴിയുന്നതാണ്. മൂല്യങ്ങളെ അളക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ.

പ്രത്യക്ഷം 2 : (മഹാ) മാതാവും (മഹാ) പിതാവും (മഹാ) ഗുരുവും *ദൈവം തന്നെയാണ്* എന്നത് മഹായാഥാർത്ഥ്യമാണ്; ചുവടെ (6)-ൽ വിശദീകരിക്കുന്നതാണ്.

(2). ഭാര്യാ-ഭർത്തൃ ബന്ധം = മാതാ-പിതാ ബന്ധം ഒന്നാമത് എത്തുന്നു.

കുട്ടികൾ വളർന്ന് യൗവ്വനം, വാർദ്ധക്യം എന്നീ ഘട്ടങ്ങളിൽ ജീവിക്കുമ്പോഴും അവരുടെ ജീവിതത്തിൽ മാതാപിതാക്കൾക്കും മുത്തശ്ശർക്കും മറ്റ് ഉറ്റവർക്കും ഉന്നതമായ സ്ഥാനമുണ്ട്. പൊതുവെ വയസ്സർ മരിക്കുന്നു; അതിലേറെ കുഞ്ഞുങ്ങൾ ജനിക്കുകയും ചെയ്യുന്നു. ഒരു ചക്രം പോലെ ബന്ധങ്ങളും തലമുറകളും ഉരുണ്ടു കൊണ്ടിരിക്കുന്നു.

കുഞ്ഞ്, കുട്ടി, യുവതി/യുവാവ്; ഭാര്യ/ഭർത്താവ്, അമ്മ/അച്ഛൻ, അമ്മൂമ്മ/അപ്പൂപ്പൻ തുടങ്ങിയ ഓരോ ഘട്ടത്തിലും വൈവിധ്യമാർന്ന ആനന്ദങ്ങളെ ഓരോരുത്തരും അനുഭവിക്കുന്നുണ്ട്. എന്നാൽ കൗമാരം, യൗവ്വനം എന്നീ ഘട്ടങ്ങളിൽ മനുഷ്യ മനസ്സിൽ സ്ഥാനം കൂടുതൽ നേടുന്നത് *ഇണ* ആണ്. ഏറെക്കുറെ *എല്ലാ സ്ത്രീകളും പുരുഷന്മാരും അനുഭവിച്ച് അറിഞ്ഞിട്ടുള്ള വസ്തുതയാണ്.* എന്നാൽ പോലും 'ഭാര്യ'യായ പെൺകുട്ടി, അമ്മയും അമ്മായി-അമ്മയും ആയിട്ട് പരിവർത്തനപ്പെടുമ്പോൾ "അമ്മ"യാണ് 'മുകളിൽ /ഒന്നാമത്' എന്ന വാദം സാധാരണമാണ്. ഇന്ത്യപോലുള്ള രാജ്യങ്ങളിൽ മക്കൾ, പ്രത്യേകിച്ചും ആൺകുട്ടികൾ, വിവാഹിതരാകുമ്പോൾ, ഇന്നലെകളിൽ മകൾ, പെൺകുട്ടി, യുവതി, മരുമകൾ എന്നീ സ്ഥാനങ്ങൾ കടന്നാണ് ഇന്ന് അമ്മായിയമ്മ ആയിട്ടുള്ളത് എന്നത് മറന്നും അവഗണിച്ചും മരുമകളോടും ബന്ധുക്കളോടും മകനോടും, കൂടിയും കുറഞ്ഞും ഈർച്ച പുലർത്തുന്ന സ്ത്രീകളുണ്ട്. *'ഭാര്യയും ഭർത്താവും'* തന്നെയാണ് *'മാതാവും പിതാവുമായിട്ട്'* പരിണമിക്കുന്നത് എന്നത് അറിയാമെങ്കിലും ഉൾക്കൊണ്ടു ജീവിക്കാനുള്ള വിഷമത്തിന് മുഖ്യ കാരണം *സമൂഹത്തിലെ ധാർമ്മിക അധഃപതനങ്ങളാണ്.* വാർദ്ധക്യത്തിലെ സുരക്ഷാ ജീവിതം ഉറപ്പാക്കാൻ, കുട്ടികളുടെ മേൽ തങ്ങളുടെ താല്പര്യങ്ങളും ആവശ്യങ്ങളും അടിച്ചേൽപ്പിക്കാൻ മാതാവ് (അപൂർവ്വമായി പിതാവും) ശ്രമിക്കുന്നതാണ് മിക്കപ്പോഴും അശാന്തി ഉണ്ടാക്കുന്നത്. പരസ്പര സ്നേഹവും വിശ്വാസവും നഷ്ടപ്പെടുകയും കുടുംബത്തിൽ അശാന്തി വളരുകയും ചെയ്യുന്നു. സമൂഹത്തിന്റെ അഥവാ ദേശത്തിന്റെ ഭരണഘടനയായിട്ട് മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ സ്വീകരിക്കുമ്പോൾ പരിഹരിക്കപ്പെടുന്ന കാര്യങ്ങൾ മാത്രമാണ് ഏറെയും.

"അമ്മയാണ് ഒന്നാമത് " എന്ന വാദം ശരിയാണോ എന്ന് ലളിതമായും ശാസ്ത്രപരമായും പരിശോധിക്കാൻ കഴിയും.

സൃഷ്ടിയാണ് സർവ്വ പ്രധാനം. ദൈവമാണ് കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നത്. സ്ത്രീയി*ലൂടെ* കുഞ്ഞുങ്ങളെ *പ്രസവിപ്പിച്ച്* സ്ത്രീയെ അമ്മയാക്കി മാറ്റുന്നു എന്നല്ലാതെ സ്ത്രീക്ക് (അമ്മയ്ക്ക്) യാതൊന്നും സൃഷ്ടിക്കാനുള്ള കഴിവില്ല.

അമ്മയാണ് കുഞ്ഞുങ്ങളെ പ്രസവിക്കുന്നത് എന്നതിനാൽ അമ്മയ്ക്ക് കുട്ടികളുടെ അനവധി ജീവിത കാര്യങ്ങളിൽ മുൻഗണന ലഭിക്കുമ്പോൾ, അച്ഛനും ഒരു സ്ഥാനം ഉണ്ടെന്നതും, അമ്മയിലൂടെ *മാത്രമല്ലാ* കുഞ്ഞുങ്ങളെ (ദൈവം) സൃഷ്ടിക്കുന്നത് എന്നതും പ്രധാനമാണ്. അണ്ഡബീജങ്ങളെ സൃഷ്ടിക്കുന്നതിൽ യാതൊരു സ്ഥാനവും ഇല്ലാത്തവരായ ജീവികളുടെ ശരീര ബന്ധത്തിൽ, സ്ത്രീയിലെ അണ്ഡവുമായി പുരുഷനിലെ ബീജത്തെ ചേർത്താണ് (ദൈവം) കുഞ്ഞിന്റെ ഭ്രൂണത്തെ സൃഷ്ടിക്കുന്നത്.

അമ്മയും അച്ഛനും ചേർന്നുള്ള കുടുംബ ബന്ധമാണ് ജീവികളെ നിലനിർത്തുന്നതും ജീവിതചക്രത്തെ മുന്നോട്ട് നയിക്കുന്നതും എന്നതിൽ നിന്ന് *സ്ത്രീയോ പുരുഷനോ തനിച്ച് പൂർണ്ണരല്ലാ* എന്നും *തനിച്ചു ജീവിച്ചാൽ കുഞ്ഞുങ്ങൾ ഉണ്ടാവാതെ ജീവികളെല്ലാം ഉടൻ അവസാനിക്കുമെന്നും ഉറപ്പാണ്.* ഇനി, (ദൈവത്തിന്റെ) സൃഷ്ടിയിലെ മറ്റു ചില സത്യങ്ങൾ അറിയണം. വ്യത്യസ്തങ്ങളായ ജീവിതധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും ഉള്ള *സ്ത്രീയും പുരുഷനും എന്ന രണ്ടു വ്യക്തികൾ ചേരുന്നതാണ് മനുഷ്യൻ* എന്ന ജീവി. രണ്ടു വ്യക്തികളാകയാൽ *മനുഷ്യൻ* എന്ന പദം *ബഹുവചനവുമാണ്*. ആൺപെൺ-കുഞ്ഞുങ്ങളെ രണ്ടിനെയും പ്രസവിക്കുന്നത് സ്ത്രീ ആകയാൽ *'സൃഷ്ടിയിൽ സ്ത്രീക്കാണ് പ്രാധാന്യം.'* സ്ത്രീകളും കുട്ടികളും ഉൾപ്പെടെ കുടുംബത്തെയും സമൂഹത്തെയും സംരക്ഷിക്കുന്നത് പുരുഷൻ ആകയാൽ *'സ്ഥിതിയിൽ പുരുഷനാണ് പ്രാധാന്യം.'* മനുഷ്യൻ എന്ന ജീവിയുടെ ഓരോ *പകുതി* മാത്രമാണ് തങ്ങളെന്ന് സ്ത്രീയും പുരുഷനും മനസ്സിലാക്കുകയും, സ്നേഹം,

സഹകരണം, പരസ്പര വിശ്വാസം, ധർമ്മം, എന്നിവയെ അടിസ്ഥാനമാക്കി ഒത്തൊരുമിച്ചു ജീവിക്കുകയും വേണം.

(മഹാനീതിശാസ്ത്ര പ്രകാരം, സ്ത്രീ പുരുഷൻ എന്നിങ്ങനെ മനുഷ്യൻ എന്ന ജീവിയെ രണ്ടായിട്ടു വിഭജിച്ചിട്ടുള്ളത് യഥാർത്ഥമാണ്; ജീവാത്മാവിനെയും രണ്ടായിട്ടു വിഭജിച്ചാണ് ജീവി-സൃഷ്ടി ആരംഭിച്ചിട്ടുള്ളത്. ഏകമഹാശക്തിയായ ദൈവം, ജീവിസൃഷ്ടിയെ സുന്ദരമാക്കാൻ, സ്വയം രണ്ടു ഭാഗങ്ങളായി പ്രവർത്തിക്കുന്നത് ഏകദേശ മാതൃകയാണ്. **www.omsathyam.com** ൽ ലഭ്യമാക്കിയിട്ടുള്ള **1, 4, 5** എന്നീ ദൈവ-വിപ്ലവ വിശകലനങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്).

മകനെ / മകളെ / മക്കളെ പ്രസവിച്ചതും വളർത്തിയതും ഞങ്ങളാണെന്ന് പ്രസ്താവിക്കുന്ന അമ്മയുടെയും അച്ഛന്റെയും ഒക്കെ അവകാശവും അധികാരവും അഭിമാനവും സത്യമാണ്; എന്നാൽ *ദൈവം പ്രസവിപ്പിക്കുകയും വളർത്തിപ്പിക്കുകയും ചെയ്തു* എന്ന മഹാ സത്യമുണ്ട്. മാത്രമല്ല, *മകന്റെ അഥവാ മകളുടെ പകുതിഭാഗത്തെ മാത്രമേ (അവർ) പ്രസവിക്കുകയും വളർത്തുകയും ചെയ്തിട്ടുള്ളൂ എന്ന വേറിട്ട സത്യവുമുണ്ട്.* മകന്റെ / മകളുടെ *രണ്ടാമത്തെ പകുതിയായ മരുമകളെ / മരുമകനെ മറ്റേതോ മാതാപിതാക്കൾ പ്രസവിക്കുകയും വളർത്തുകയും ചെയ്തിട്ടുണ്ട്; പ്രസ്തുത പകുതിഭാഗത്തെ മകനോട് / മകളോട് ചേർക്കുമ്പോൾ മാത്രമേ തങ്ങൾ പ്രസവിച്ചതും വളർത്തിയതുമായ മകൻ / മകൾ പൂർണ്ണജീവിയായ മനുഷ്യൻ ആവുകയുള്ളൂ.* തീർന്നില്ല; മനുഷ്യ ജീവിതത്തിലെ ഏക ചടങ്ങായ വിവാഹത്തിൽ സ്ത്രീയും പുരുഷനും 'ഭാര്യാഭർത്താക്കന്മാർ' എന്ന പവിത്രമായ കൂട്ടുകൂടലിലൂടെ ഒന്നിക്കുമ്പോൾ മുതലാണ് മകന്റെ / മകളുടെ രണ്ടാമത്തെ പകുതിയായ മരുമകളെ / മരുമകനെ മാതാപിതാക്കൾക്കു ലഭിക്കുന്നത്. മകനെ / മകളെ 'പൂർണ്ണജീവിയായ മനുഷ്യൻ' ആക്കുന്ന മരുമകളോട് / മരുമകനോട് നന്ദി പ്രകാശനം വേണ്ടതില്ല; വിവാഹത്തോടെ മകന്റെ/മകളുടെ രണ്ടാമത്തെ പകുതിക്ക് സ്നേഹ വാത്സല്യങ്ങളെ പകർന്നു നൽകാൻ സാധിച്ചുതുടങ്ങിയതിനെ സുന്ദരമാക്കിയാൽ മതിയാകും. മകന്റെ / മകളുടെ രണ്ടാമത്തെ പകുതി ആകയാൽ, മകളെന്ന്

മരുമകളെയും മകനെന്ന് മരുമകനെയും വിളിക്കുന്നതും, പെരുമാറുന്നതുമാണ് ഏറ്റവും ഉചിതം; മൂന്നാമനോട് പരാമർശിക്കുമ്പോൾ 'മരു' ചേർക്കാം **(Reported Speech)**. മരുമകൾക്ക് അഥവാ സ്ത്രീക്ക് തന്റെ രണ്ടാമത്തെ പകുതിയായ ഭർത്താവിനെ ലഭിക്കുമ്പോൾ, ഭർത്താവിന്റെ മാതാപിതാക്കൾ തന്റെയും മാതാപിതാക്കളായി മാറുന്നു. മകൾക്ക് ലഭിക്കുന്ന ഭർത്താവിന്റെ കാര്യത്തിലും സമാന അവസ്ഥയാണ്. മനുഷ്യൻ എന്ന ജീവി സ്ത്രീയും പുരുഷനും ചേർന്ന ബഹുവചനം ആവുമ്പോൾ, *ഓരോ സ്ത്രീക്കും ഓരോ പുരുഷനും ഈരണ്ട് മാതാപിതാക്കൾ ഉണ്ടെന്ന പരമ-യാഥാർത്ഥ്യം കൂടിയാണ് വെളിവാകുന്നത്.*

വിവാഹ ബന്ധത്തിലൂടെ തങ്ങളുടെ രണ്ടാമത്തെ മാതാപിതാക്കളെ കണ്ടെത്തുന്ന ദമ്പതികൾ, മുമ്പ് കൊടുക്കാൻ സാധിക്കാഞ്ഞ സ്നേഹ വാത്സല്യങ്ങളെ പുതിയ മാതാപിതാക്കൾക്കു നൽകാൻ ഉത്സാഹം കാണിക്കണം. മാതാപിതാക്കൾ തിരിച്ചും ശ്രദ്ധിക്കണം.

(മരു) മകൾ ഒരു കുഞ്ഞിനെ പ്രസവിക്കുന്നതോടെ 'അമ്മ' ആയും ..... കാലക്രമേണ 'അമ്മായിയമ്മ' ആയും മുത്തശ്ശി ആയും മാറുമ്പോൾ മേൽ വിവരിച്ച കാര്യങ്ങൾ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതാണ്.

കുഞ്ഞിനെ പ്രസവിച്ചപ്പോൾ, മാതാപിതാക്കൾക്കും ഉറ്റവർക്കും ലഭിച്ച ഭാഗ്യം, കുഞ്ഞ് വളർന്ന് വിവാഹം കഴിക്കുമ്പോൾ, ഇരട്ട ഭാഗ്യമായി മാറുവാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും ഉറ്റവർക്കും പരമഭാഗ്യം ഉണ്ടാവട്ടെ!

ഭാര്യാ-ഭർത്തൃ ബന്ധത്തിലെ മറ്റു ചില പ്രധാന കാര്യങ്ങൾ ഇനി കുറിക്കാം :-

സ്ത്രീയെ പുരുഷന്റെ യജമാനയായിട്ടാണ് ദൈവം മഹാഉയർത്തിയിട്ടുള്ളത്, സമമായിട്ടോ താഴെയായിട്ടോ അല്ല. ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തോടെ *സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്ന മഹാഅവസ്ഥ* ഉണ്ടാകുന്നതാണ്. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വ വാദങ്ങൾ ശാസ്ത്രങ്ങളറിയാതെ പുലമ്പുന്ന വാഗ്ധോരണികളും ഭോഷത്തങ്ങളും മാത്രമാണ്. മനുഷ്യർക്ക് നടപ്പാക്കാനാകുന്ന നീതിക്ക് പരിധികളും പരിമിതികളും ഏറെയുണ്ടെന്നും ലിംഗ വ്യത്യാസം, ആയുസ്സ്, ആരോഗ്യം,

സൗന്ദര്യം, നിറം, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി തുടങ്ങിയ മാനുഷിക-ജന്മഗുണങ്ങളിൽ ആദ്യത്തേതാണ് സ്ത്രീ-പുരുഷ വ്യത്യാസമെന്നും, അവയിൽ നീതി നടപ്പാക്കാൻ മാനുഷിക ഭരണ സമ്പ്രദായങ്ങൾക്ക് കഴിയില്ല/കഴിവില്ല എന്നുമറിയണം. ആവക കാര്യങ്ങൾ വ്യക്തികളെ ബോധ്യപ്പെടുത്തുവാൻ പ്രാപ്തമായ മതവ്യവസ്ഥിതികളോ രാഷ്ട്രീയ വ്യവസ്ഥിതികളോ വിദ്യാഭ്യാസ സമ്പ്രദായങ്ങളോ സമൂഹത്തിലില്ല; യാതൊരു രാഷ്ട്രങ്ങളിലും ഇല്ല. ഭൗതിക ശാസ്ത്ര വികസനം ദൈവീകമായ രീതിയിൽ ഉണ്ടായില്ല, അഥവാ ദൈവത്തിന് സ്ഥാനം കൊടുത്തുകൊണ്ട് ഉണ്ടായില്ല. (മനുഷ്യരുടെ സ്വയം ബാദ്ധ്യതയെ അവർ മറന്നു എന്നു മാത്രമാണ് സൂചിപ്പിച്ചത്; ദൈവത്തിന് സ്ഥാനമാനങ്ങൾ നൽകാൻ യാതൊരു മനുഷ്യർക്കും കഴിയുന്നതല്ല, ദൈവത്തിന് അതിന്റെ ആവശ്യവുമില്ല).

മനുഷ്യരുടെ കാര്യത്തിൽ, *സ്ത്രീയ്ക്ക് സൃഷ്ടിയിൽ ദൈവം ചില പ്രത്യേക അവകാശങ്ങൾ നൽകിയിരിക്കുന്നതിനെ* പ്പറ്റി ഇനി കുറിക്കാം. മഹാശക്തിയായ ദൈവം *സ്ത്രീയെ സൃഷ്ടിയുടെ സമ്പൂർണ്ണ അധികാരിയാക്കിരിക്കുകയാണ്. സ്ത്രീയ്ക്ക് **100%.** പുരുഷന് **0 %.*** പുരുഷന് കാമം ഉണ്ടാവാതെ എല്ലില്ലാത്ത ലിംഗം നിവരില്ല എന്നത് കുഞ്ഞിനെ സൃഷ്ടിക്കാനായിട്ട് താൻ പ്രവർത്തിച്ചു എന്ന നേരിയ അവകാശവാദം പോലും പുരുഷന് നിഷേധിക്കുന്നു. ശാസ്ത്ര വികസനത്തോടെ, പുരുഷബീജമില്ലാതെയും ക്ലോണിങ്ങിലൂടെയും മറ്റും ഭ്രൂണം സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാകുമ്പോഴും, ഗർഭവും പ്രസവവും സ്ത്രീയുടെ സ്വന്തമാണ്. തന്റെ ശരീരം സ്വീകരിക്കുന്ന ഭക്ഷണത്തിന്റെ ഓഹരി സ്ത്രീയുടെ ശരീരാവയവങ്ങളിലൂടെ കുഞ്ഞിന് നൽകപ്പെടുകയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. പ്രസവിച്ചു കഴിയുമ്പോൾ മുലയൂട്ടുന്നതും സ്ത്രീയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. കുഞ്ഞിനെ പരിചരിക്കുന്നതിലും മുഖ്യപങ്ക് സ്ത്രീയ്ക്കാണ്. പുരുഷന് ഒരു കുട്ടിയുടെ മേൽ അവകാശമുണ്ടാകുന്നത് പുരുഷൻ സ്ത്രീയോടും കുട്ടിയോടും ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോഴാണ്, അവരെ യഥോചിതം പരിചരിക്കുമ്പോൾ മാത്രമാണ്. ഭാവി തലമുറയെക്കൂടി സംരക്ഷിക്കുന്ന സ്ത്രീയുടെ ദാസനായിട്ട് പുരുഷൻ വർത്തിക്കേണ്ടതുണ്ട്. ഏറ്റവും നന്നായി സ്ത്രീയെ പരിചരിക്കുന്ന പുരുഷന് കുട്ടിയുടെ മേൽ **30%** മാത്രമാണ് ശക്തിശാസ്ത്രമനുസരിച്ച്

അവകാശമുണ്ടാവുക. പ്രസ്തുത കണക്കിന്റെ ശാസ്ത്ര വിശദീകരണം മഹാഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലെ '(മഹാ) ശക്തി, ശിവൻ' എന്ന അദ്ധ്യായത്തിലുണ്ട്. അതായത് മാതാവിനെ മാത്രമോ, പിതാവിനേക്കാൾ കൂടുതലായോ, മാതാവിനെ മക്കൾ സ്നേഹിക്കുന്ന അവസ്ഥ എപ്പോഴും ഉണ്ടായിരിക്കുന്നതാണ്. *പുരുഷന്മാർക്ക് യാതൊരു അവകാശങ്ങളും സൃഷ്ടികാര്യത്തിൽ ദൈവം നൽകുന്നില്ലായെന്നത് ഉദ്ദേശത്തോടെയാണ്. തന്റെ ശുദ്ധവൃത്തി കൊണ്ട് പുരുഷൻ കുട്ടികളുടെ മേൽ അവകാശം സമ്പാദിക്കണമെന്നാണ് ധർമ്മശാസ്ത്രം.* (മര്യാദാ പുരുഷോത്തമൻ എന്ന *കപടവേഷമാടിയ* രാമന് പുത്രന്മാരെ പ്രാപ്തമായത് *ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഉപേക്ഷിച്ച ഭാര്യയുടെ അധിക-കാരുണ്യം കൊണ്ടാണ്* എന്നറിയണം.)

(3). ജീവികളുടെ വ്യത്യസ്ത സ്വഭാവ സവിശേഷതകൾക്ക് ജീവികൾ മാത്രമല്ലാ കാരണമെന്ന് ഏറ്റവും ഹ്രസ്വമായി വിശദീകരിക്കുന്നു.

സ്വഭാവം, പെരുമാറ്റം, ശീലങ്ങൾ, ബുദ്ധി (ശക്തി), ഓർമ്മ (ശക്തി), കുടുംബം, മാതാപിതാക്കൾ, ജോലി, സൗന്ദര്യം, ആരോഗ്യം, എന്നിവയെ അടിസ്ഥാനമാക്കി വ്യക്തികളെ വിശേഷിപ്പിക്കുന്നതും, അവ പ്രകാരമുള്ള ഇഷ്ടങ്ങളെയും അനിഷ്ടങ്ങളെയും പ്രകടിപ്പിക്കുന്നത് സമൂഹത്തിൽ സാധാരണമാണ്.

നല്ലതായാലും മോശമായാലും, ഏതൊരു വിശേഷണങ്ങളും സാക്ഷ്യപത്രങ്ങളും ഭാഗികമായി മാത്രമേ വ്യക്തിക്ക് അവകാശപ്പെട്ടതാവുന്നുള്ളൂ; അഥവാ വ്യക്തിക്ക് സമ്പൂർണ്ണമായും സ്വന്തമല്ല. പെട്ടെന്ന് മനസ്സിലാക്കാൻ വ്യത്യസ്ത തൊഴിലുകൾ ചെയ്യുന്ന ഏതാനും മനുഷ്യരുടെയും; സിംഹം, പുലി, ആന, ഒട്ടകം, മാൻ, പശു, പട്ടി, പൂച്ച, എലി, എറുമ്പ്, കോഴി, കാക്ക, തത്ത, പ്രാവ്, പരുന്ത്, കഴുകൻ, തെങ്ങ്, വാഴ, കപ്പ, നെല്ല്, മത്തി, അയല, ഡോൾഫിൻ, തിമിംഗലം, തുടങ്ങിയ ഏതാനും ജീവികളുടെയും സ്വഭാവ വിശേഷങ്ങൾ, ഭക്ഷണ രീതികൾ, എന്നിവ വിശകലനം ചെയ്താൽ മതിയാകും.

1. *സൃഷ്ടിപരമായ വിധി*

വ്യത്യസ്ത തൊഴിലുകൾ ചെയ്യുന്ന ഓരോ മനുഷ്യന്റെയും, വ്യത്യസ്ത ജീവികളുടെയും ജീവാത്മാവിന് ലഭിക്കുന്ന ശരീരത്തിൽ ജന്മഗുണങ്ങളായ 'ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബുദ്ധിശക്തി, ഓർമ്മശക്തി, ജനനസ്ഥലം, ഭക്ഷണ ലഭ്യത' തുടങ്ങിയവയെ *'ഭൂമിയിലെങ്ങും' മഹാഉചിതമായി വ്യത്യാസപ്പെടുത്തി ക്കൊണ്ട് 'പ്രത്യക്ഷമായി' സമ്മാനിക്കുന്നത് പ്രത്യക്ഷ സ്രഷ്ടാവും, ഭൂമിയുടെ അംശവുമായ ശരീരമാണ്.* 'ശരീരം മഹാഅനുവദിച്ചു നൽകുന്ന' ജീവിരൂപവും മറ്റു ജന്മഗുണങ്ങളും നിർബ്ബന്ധമായും സ്വീകരിക്കേണ്ടുന്ന ജീവാത്മാവിന് അനേകം ജീവിത കാര്യങ്ങളിൽ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം ഉണ്ടെങ്കിലും, അടിസ്ഥാനപരമായി *സൃഷ്ടിയും കർമ്മവും* മാത്രമാണ്. സിംഹം, ആന, മാൻ, പശു, പട്ടി, കോഴി, കാക്ക, കഴുകൻ, തെങ്ങ്, വാഴ, മത്തി, ഡോൾഫിൻ, തിമിംഗലം, തുടങ്ങിയ *ഓരോ ജീവിരൂപങ്ങൾക്കും ബാധകമായ പൊതു സ്വഭാവങ്ങളെ നിർബ്ബന്ധമായും സ്വീകരിക്കാൻ ജീവാത്മാവ് ബാദ്ധ്യസ്ഥമാണ്. മനുഷ്യാവസ്ഥയിൽ പോലും ജീവാത്മാവിന്റെ അസ്തിത്വത്തെ ശരീരത്തിൽ നിന്നും അഥവാ വ്യക്തിയിൽ നിന്നും വേറിട്ട് കാണാൻ ആവില്ല എന്നതിനാൽ ജീവാത്മാവിനു മേലുള്ള ബന്ധനം അറിയുന്നില്ലാ എന്നേയുള്ളൂ. *'സൃഷ്ടിപരമായ വിധി'* വിഷയമാണ്.

ഒരു സൃഷ്ടിചക്രത്തിൽ പതിനായിരം വര്ഷങ്ങൾ, മനുഷ്യനു **100** ജന്മങ്ങൾ: **50** പുരുഷ ജന്മങ്ങളും **50** സ്ത്രീജന്മങ്ങളും, **100** ജന്മങ്ങളിലൂടെ തുല്ല്യ സൗന്ദര്യം ഏവർക്കും ലഭ്യമാകുന്നു, എല്ലാ തൊഴിലുകളും ചെയ്യാൻ എല്ലാവർക്കും അവസരം, തുല്ല്യ ആനന്ദം, എന്നിങ്ങനെയെല്ലാം സൃഷ്ടിചക്രത്തെ നിശ്ചിതപ്പെടുത്തിയിട്ടുണ്ട്. ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, തൊഴിൽ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളെ ഒന്നിച്ചു മഹാനിശ്ചയിച്ചിരിക്കുകയാണ്, എല്ലാ വ്യക്തികൾക്കും (എല്ലാ കുഞ്ഞുങ്ങൾക്കും സമനീതി നൽകാനുള്ള മഹാമാതാവും മഹാപിതാവും സ്രഷ്ടാവുമായ ദൈവത്തിന്റെ മഹാസംവിധാനമാണത്. വ്യക്തിയെ ജനിപ്പിക്കുമ്പോൾ വ്യക്തിയുടെ ആയുസ്സ് ഉൾപ്പെടെയുള്ള കാര്യങ്ങളെ മേല്പടി ഘടകങ്ങളുമായി കൂട്ടിയിണക്കിയും, വ്യക്തിസ്വാതന്ത്ര്യത്തെ അനുവദിച്ചും കൊണ്ടുള്ള ഏകദേശമായ ഒരു മഹാപദ്ധതി ഓരോ

സൃഷ്ടിക്കും / ജീവിക്കും ഒരുക്കുന്നു. ജന്മഗുണങ്ങളെയും മഹാനീതിശാസ്ത്രത്തെയും കോർത്തിണക്കുന്ന പ്രസ്തുത മഹാപദ്ധതിയിലെ കാര്യങ്ങളാണ് *സൃഷ്ടിപരമായ വിധി.*

2. *'സ്ഥിതിപരമായ വിധി'*

സ്ഥിതിപരമായ വിധി, ജീവികളുടെ ജീവിതത്തെ കുറിക്കുന്നു. ജനിക്കുന്നത് ജീവിക്കാനാണ്. ധർമ്മശാസ്ത്രപരമായി കർമ്മം ചെയ്തും ആനന്ദിച്ചും ജീവിക്കുക.

ഏതൊരു ജീവിയുടെയും പ്രവൃത്തികളെയും, പ്രവൃത്തികളുടെ പരിണാമത്തെയും ദൈവം മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്നു എന്ന തെറ്റായ അർത്ഥമാണ് നിലവിൽ വിധിക്കുള്ളത്. എന്തും ഏതും മുൻകൂട്ടി നിശ്ചയിച്ചു പ്രവർത്തിക്കാനുള്ള ശക്തികൾ മഹാശക്തിയായ ദൈവത്തിനുണ്ടെങ്കിലും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം നല്കി മഹാഅനുഗ്രഹിച്ചിട്ടുള്ളതിനെ ദൈവം സമ്പൂർണ്ണമായും പാലിക്കുന്നുണ്ട്.

ജീവിതത്തിലെ എല്ലാ കാര്യങ്ങളും വിധിയനുസരിച്ചാണ് എന്നു വന്നാൽ മനുഷ്യർ കാട്ടുന്ന തെറ്റുകളുടെയും പീഢനങ്ങളുടെയും ഭീകരവാദങ്ങളുടെയും മറ്റു പാപങ്ങളുടെയും കാരണം ദൈവമാണെന്നും ദൈവം ചെയ്യിക്കുന്നതാണെന്നും അർത്ഥമാകുന്നതാണ്. ദൈവത്തിന്റെ ഭാവങ്ങൾ സത്യ-ധർമ്മ-നീതികൾ മാത്രമാണ് എന്നതിനെ പോലും കളങ്കപ്പെടുത്തുന്ന മൂഢ വിശ്വാസമാണത്. ചുവടെ വിശദീകരിക്കുന്നവ അതീവ ശ്രദ്ധയോടെ മനസ്സിലാക്കാൻ ദൈവം മഹാഅനുഗ്രഹിക്കട്ടെ.

മനുഷ്യരും മറ്റുള്ള ജീവികളും ശ്വാസോച്ഛ്വാസം ചെയ്യുന്നതിലൂടെ, അവരുടെ ചിന്തകളെയും പ്രവർത്തനങ്ങളെയുമെല്ലാം ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ അപ്പപ്പോൾ അറിയുന്നുണ്ടെങ്കിലും, വ്യക്തിയുടെ പ്രവൃത്തികളിൽ ഇടപെടുന്നില്ല; വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും ആഗ്രഹങ്ങളെയും പ്രവൃത്തികളെയും, മഹാശാസ്ത്ര പ്രകാരമുള്ള സൃഷ്ടിപരമായ വിധിയെയും കോർത്തിണക്കി മാത്രമാണ് ഓക്സിജൻ പ്രവർത്തിക്കുക. അതായത്

വ്യക്തിയുടെ ഏതൊരു പ്രവൃത്തിയുടെയും, ഗുണമായാലും ദോഷമായാലും, ഗുണവും ദോഷവും ചേർന്നതായാലും, സമ്പൂർണ്ണ ഉത്തരവാദിത്തവും, പുണ്യപാപങ്ങളും വ്യക്തിക്ക് മാത്രം അവകാശപ്പെട്ടതാക്കുന്നു. *സ്വാതന്ത്ര്യവും നന്മതിന്മകളും ആനന്ദങ്ങളുമെല്ലാം ആസ്വദിക്കുന്നത് വ്യക്തിയാണ്, ദൈവമല്ല.* (തന്റെ കുഞ്ഞുങ്ങളായ ജീവികൾ ധർമ്മശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കുമ്പോൾ ദൈവം ആനന്ദിക്കുന്നു എന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ട കാര്യമാണ്.).

ധർമ്മശാസ്ത്രങ്ങളെ വളരെയധികം ഉൾക്കൊണ്ടു ജീവിക്കാനും പുണ്യം വർദ്ധിപ്പിക്കാനും വ്യക്തിക്ക് അവസരമുണ്ട്. വ്യക്തിയുടെ പ്രവൃത്തികൾക്കൊത്ത് ജീവിതത്തിൽ ആനന്ദങ്ങളും പുണ്യങ്ങളും പാപങ്ങളും രൂപം കൊള്ളുന്നു. സൃഷ്ടിപരമായ വിധിയെ വ്യത്യാസപ്പെടുത്തിയോ അല്ലാതെയോ ജീവിതത്തിൽ രൂപം കൊള്ളുന്ന വിധിയാണ് സ്ഥിതിപരമായ വിധി. ഉദാഹരണത്തിന് തല വെട്ടിയാൽ മരിക്കണം എന്ന ഭൗതികശാസ്ത്ര നിയമത്തെ ആദരിക്കുമ്പോൾ സൃഷ്ടിപരമായ വിധി പ്രകാരം ആയുസ്സ് ഏറെയുള്ള വ്യക്തിക്ക് ആയുസ്സെത്തും മുമ്പേ മരണം സംഭവിക്കാം; അതേസമയം ഭൗതിക ശാസ്ത്രത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ തല വെട്ടാൻ ഒരുങ്ങുന്നവരുടെ കൈയ്യിൽ നിന്ന് വാൾ വഴുതിപ്പോകാനും, അയാൾക്ക് ഹൃദയസ്തംഭനം ഉൾപ്പെടെയുള്ള കാര്യങ്ങളിലൂടെ മാറ്റങ്ങളുണ്ടാക്കാനും, ഭൂമി കുലുക്കമുണ്ടാക്കാനും, പാമ്പ് പോലെയുള്ള ജീവികളെക്കൊണ്ട് സഭയെ വിരട്ടാനും, രക്ഷിക്കാൻ ഒരു സംഘത്തെത്തന്നെ കൊണ്ടുവരാനും, ഒക്കെ ഒക്കെ ഓക്സിജന് അഥവാ ദൈവത്തിന്റെ വാതകരൂപത്തിന് കഴിയുന്നതാണ്. മഹാപ്രപഞ്ചത്തിലെ ഏതൊരു കാര്യവും ഭൗതികശാസ്ത്ര പരമായിത്തന്നെ പരിഹരിക്കാൻ ദൈവത്തിനു നിസ്സാരമായി കഴിയുന്നതാണ് എന്നർത്ഥം. ആധുനിക ലോകത്തിൽ വാഹന അപകടങ്ങളും, കലഹങ്ങളും, കൊലകളും, പീഢനങ്ങളും, യുദ്ധങ്ങളും മറ്റും എത്രയോ അധികമായി ഉണ്ടാവേണ്ടത് ദൈവത്തിന്റെ കൃപകൊണ്ടു മാത്രമാണ് കുറയുന്നതെന്നും അറിയണം.

മഹാ പ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളെയും മഹാഭദ്രമാക്കി ക്കൊണ്ട് സർവ്വ ജീവികൾക്കും 'സമ ആനന്ദം' എന്ന 'മഹാസമനീതിയെ' നൽകുന്ന മഹാനീതിശാസ്ത്ര പാഠങ്ങളെ അല്പമെങ്കിലും പഠിക്കാൻ കഴിയുന്ന ജന്മങ്ങളിൽ സംശയങ്ങൾ തീർച്ചയായും അകലുന്നതാണ്.

(4). ആനന്ദങ്ങളും അളവുകളും. ആനന്ദിക്കാനാണ് ജീവിക്കുന്നത്; എല്ലാ ബന്ധങ്ങളിലും ആനന്ദങ്ങൾ ഉൾപ്പെടുന്നുണ്ട്.

മണ്ണായ ഭൂമിയുടെ അംശമായ ശരീരത്തിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരം മനുഷ്യരിലെ അമ്മയും അച്ഛനും മക്കളും മരുമക്കളും തമ്മിലുള്ള സ്നേഹബന്ധത്തെ (2)-ൽ പരാമർശിച്ചത് കുടുംബ ജീവിതത്തെ ഭദ്രമാക്കാനാണ്; കൂടുതൽ ആനന്ദകരമാക്കാനാണ്.

ഭൂമിയുടെ അംശമായ ശരീരത്തോടു കൂടി ഒരേ ഭൂമിയിൽ, ജീവിക്കുന്നവർക്ക് സമമായ ആനന്ദങ്ങളെ ലഭിക്കണം എന്നതിനെ ഓരോരോ ജീവിത കാര്യങ്ങളിലും വിഷയമാക്കുമ്പോൾ, മനുഷ്യരും മറ്റുള്ള ജീവികളും അന്യോന്യം പുലർത്തേണ്ടതായ പെരുമാറ്റ മര്യാദകളെ മണ്ണിൽ നിന്നും (സ്വന്തം ശരീരത്തിൽ നിന്നും) ലഭിക്കുന്നതാണ്. മണ്ണും ഭൂമിയുമായ ദൈവം, എല്ലാ ശക്തികളെയും ശാസ്ത്രങ്ങളെയും മണ്ണിലെ മൂലകങ്ങളിലും അവ കൊണ്ട് നിർമ്മിച്ചതായ ജീവികളുടെയെല്ലാം ശരീരങ്ങളിലും മഹാലയിപ്പിച്ചിട്ടുണ്ട്. (www.omsathyam.com വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന ദൈവ-വിപ്ലവ വിശകലനം-7ൽ വിശദീകരിച്ചിട്ടുണ്ട്).

എല്ലാ ബന്ധങ്ങളും ആനന്ദങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്. ഭാര്യാ-ഭർത്തൃ ബന്ധം എന്ന മാതാ-പിതാ ബന്ധവും അങ്ങനെ തന്നെയാണ്. ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുകയാണ് ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെല്ലാം പരിശ്രമിക്കുന്നത് എന്നത് മണ്ണിന്റെ നിയമമാണ്. മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള നിയമങ്ങൾ പ്രകാരം മാത്രമേ മണ്ണിൽ ജീവിക്കാൻ കഴിയൂ.

((മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങൾക്കെല്ലാം അളവുകളുണ്ട്. മൊത്തം 100 അളവ്. ഭക്ഷണ സാധനങ്ങൾക്ക് ആകെ 40 അളവ്, എന്നാൽ ഏറ്റവുമധികം രുചികരമായ ഭക്ഷണത്തിൽ നിന്ന് ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവാണ്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായ

തൊഴിലുകൾക്കെല്ലാം കൂടി 20, വാത്സല്യം 5, ദാസ്യം 5, ദാനം/ധർമ്മം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5, എന്നിങ്ങനെ 90 അളവുകൾ. മനുഷ്യന്റെ പരമാനന്ദമായിട്ട്, (ദൈവം) മഹാനിശ്ചയിച്ചിട്ടുള്ളത് കാമത്തെയാണ്. തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്ത് കാമലീല പൂർത്തിയാക്കുന്ന വ്യക്തിക്ക് മനുഷ്യരുടെ പരമാനന്ദമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുള്ള 25 അളവ് കാമാനന്ദം ലഭിക്കുന്നു. വാത്സല്യം 5, ദാസ്യം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5 എന്നിവ ചേർന്നാണ് കാമം 25 ഉണ്ടാവുന്നത്. മനുഷ്യർ തങ്ങളെ ത്തന്നെ മറന്ന് കാമാനന്ദത്തിൽ മുഴുകുമ്പോൾ, അവരിലൂടെ ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു. മഹാഉചിതമായ ആനന്ദ കാര്യങ്ങളെ മഹാശാസ്ത്രപരമായിട്ട് മഹാനിശ്ചയിച്ചിട്ടുള്ള തിനെ മാറ്റിമറിക്കാൻ മനുഷ്യർക്കു കഴിയുന്നതല്ല.

മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം, താൻ സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും, ഒരു മഹാജീവിയെന്നോണം മഹാപ്രപഞ്ചത്തിലെ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ കണക്കാക്കി തനിക്കും ഒരു ആനന്ദത്തെ മഹാനിശ്ചയിച്ചിട്ടുണ്ട്; തന്റെ ഏകദാസനും ഒരു ആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. *ഏകദാസന്റെ ആനന്ദമെന്നത് ദൈവത്തോടുള്ള മഹാദാസ്യമാണ്.* മനുഷ്യന്റെ പരമാനന്ദ അളവോട് 5 അളവോടെയുള്ള ദാസ്യത്തെ ഒരിക്കൽകൂടി കൂട്ടിയാൽ 30 അളവുകളുള്ള മഹാദാസ്യമാവും.

മഹാശക്തിയും മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെ മഹാആനന്ദമെന്നത് കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യമാണ്. മഹാവാത്സല്യത്തിന്റെ അളവ് 35 ആണ്. തന്റെ ഭാഗമായ ഏകദാസന്റെ മഹാആനന്ദമായ മഹാദാസ്യം 30 നോട് 5 അളവോടെയുള്ള വാത്സല്യത്തെ ഒരിക്കൽകൂടി കൂട്ടിയാൽ 35 അളവുകളുള്ള മഹാവാത്സല്യമാവും. മഹാദാസ്യത്തയും മഹാവാത്സല്യത്തെയും ദൈവത്തിന്റെ ആനന്ദങ്ങളായും മറ്റുള്ളവയെ ജീവികളുടെ ആനന്ദങ്ങളായും മഹാഅനുഗ്രഹിച്ചിട്ടുള്ളത് മഹാശക്തിയും മഹാനീതിപതിയും മഹാദേവനുമായ മഹാദേവിയാണ്. *ദൈവത്തിന്റെ ആനന്ദങ്ങൾ,

ജീവികളുടേതിൽ നിന്നും വിഭിന്നമാണെന്നും ചുരുക്കം.))

മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങളുടെ മൊത്തം അളവ് 100 ആണെങ്കിലും, മനുഷ്യാവസ്ഥയിൽ ലഭിക്കുന്നത് മൊത്തം 90 അളവുകളാണെന്ന് മുകളിൽ വ്യക്തമാണ്. മൃഗം, പക്ഷി, സസ്യം, മത്സ്യം എന്നിങ്ങനെ സ്വാതന്ത്ര്യം ക്രമേണ കുറഞ്ഞുള്ള അവസ്ഥകളിൽ ജീവാത്മാവിന് ലഭിക്കുന്ന ആനന്ദങ്ങളുടെ അളവിലും മഹാനീതിശാസ്ത്ര പ്രകാരമുള്ള കുറവുകളുണ്ടെന്ന് സുവ്യക്തമാണ്. മൃഗാവസ്ഥയിൽ തൊഴിലുകളുമായി ബന്ധപ്പെട്ട 20 അളവ് കുറഞ്ഞ് മൊത്തം 70 അളവുകളാവും എന്ന് അനുമാനിക്കാം. എന്നിരുന്നാലും ആവക കാര്യങ്ങളുടെ ക്ലിപ്തമായ കണക്കുകൾ തൽക്കാലം അറിയില്ല. മഹാ ഉചിതമായ സമയത്ത് (ദൈവം) മഹാവെളിപ്പെടുത്തുന്നതാണ്.

2010 -ന് അടുപ്പിച്ച് ഓംസത്യം ഡോട് കോം (www.omsathyam.com) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തെ പരിചയപ്പെടുത്തുന്നു.

വെളിപാടുകളെ ലഭിക്കുന്ന മുറയ്ക്ക് മഹാഗ്രന്ഥത്തിൽ മഹാഉചിതമായ പരിഷ്ക്കാരങ്ങളും തിരുത്തലുകളും ചെയ്തു കൊണ്ടിരിക്കുമെന്നും അടുത്ത ഏതാനും ദശാബ്ദങ്ങളിൽ / നൂറ്റാണ്ടുകളിൽ വെളിപ്പെടുന്നവയും കാലാനുസൃതമായി കൂട്ടിച്ചേർക്കേണ്ടതാണ് എന്നും മുമ്പ് വ്യക്തമാക്കിയതാണ്. അതായത് അടിസ്ഥാന പരമായി 3 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു എങ്കിലും മഹാദേവിയുടെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രം / വേദങ്ങൾ ആദിയും അന്തവും ഇല്ലാതെ മഹാശിവമാകുന്നതാണ്.

ഭൗതികശാസ്ത്രം, ധർമ്മ ശാസ്ത്രം,
എന്നിവയിലെ പാഠങ്ങളെ പോലെ, ദൈവം
കാലാനുസൃതം തന്നെയാണ് ആത്മീയശാസ്ത്ര
പാഠങ്ങളെയും മനുഷ്യർക്ക് വെളിപ്പെടുത്തുന്നത്.
ഭാഗം മൂന്നിൽ ആത്മീയ ശാസ്ത്രത്തിലെ
രണ്ടാം ഭാഗമെന്നു വിശേഷിപ്പിച്ചിട്ടുള്ളതായ
മഹാഗൗരവങ്ങളായ ദൈവകാര്യങ്ങളെ
വെളിപ്പെടുത്തിയിട്ടുണ്ട്. അതുപോലെ
ആത്മീയ ശാസ്ത്രത്തിലെ ഒന്നാം ഭാഗമെന്നു
വിശേഷിപ്പിച്ചിട്ടുള്ളതായ ആത്മാവ്,
പരമാത്മാവ്, ജീവൻ, ശരീരം, ജനനം, ജീവിതം,
മരണം, പുനഃസൃഷ്ടി, പുനഃസ്ഥിതി,
പുനഃമരണം, വെളിപാട്, നീതി,
ആത്മീയസാക്ഷാത്ക്കാരം, തുടങ്ങിയ
അതിഗൗരവങ്ങളായ കാര്യങ്ങളെ
ഗ്രന്ഥത്തിലുടനീളമായി വിശദീകരിച്ചിട്ടുണ്ട്.

ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിലെത്തുന്ന അവസരത്തിൽ, മഹാപ്രപഞ്ചത്തിന്റെ ഔന്നത്യം സ്പഷ്ടമായി വിശദീകരിച്ചുകൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തുമാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രം അഥവാ മഹാശാസ്ത്രം അവതരിക്കുകയുള്ളൂ.. പരമശിവൻ.

ആത്മീയശാസ്ത്ര കാര്യങ്ങളെ അറിയുന്നതിലേക്ക് മനുഷ്യര് സ്വീകരിച്ച മാര്ഗ്ഗങ്ങള് പിഴയ്ക്കുകയുണ്ടായി. മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാൽ മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല തുടങ്ങിയ അനേകം ഗൗരവമായ കാര്യങ്ങളെ വിപരീതമായി വ്യാഖ്യാനിച്ചു കൊണ്ട് വ്യത്യസ്ത മതങ്ങളിലൂടെ ആത്മീയശാസ്ത്രം വളർച്ച മുരടിച്ചും ജീർണ്ണിച്ചും കടുത്ത പൈശാചിക രൂപം പ്രാപിച്ചിരിക്കയാണ്. ആവക കാര്യങ്ങളെയെല്ലാം ഗ്രന്ഥത്തിലെ ഒന്നും മൂന്നും ഭാഗങ്ങളെ പഠിക്കുവാന് കഴിയുന്നവര്ക്ക് /മഹാഭാഗ്യമുണ്ടാകുന്നവര്ക്ക് മനസ്സിലാകുന്നതാണ്.

മഹാശക്തിയായ മഹാദേവി വൈകാതെ ഭൂമിയിലെങ്ങും
മായ പ്രത്യക്ഷമാക്കുന്നതോടെ,
മഹാശുദ്ധികര്മ്മത്തിന്റെ ഭാഗമായി മതങ്ങളെയും
രാഷ്ട്രീയ പാർട്ടികളെയുമെല്ലാം മതജാതിരാഷ്ട്രീയ
ജീവികളായി ജീവിക്കുന്ന മനുഷ്യർ തന്നെ സ്വയം
ഉപേക്ഷിക്കുന്നതും കുറ്റബോധത്തോടെയും
പശ്ചാത്തപിച്ചും സാമൂഹിക ശുദ്ധീകരണത്തെ
സുന്ദരമാക്കുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

2010 -ന് അടുപ്പിച്ച് ഓംസത്യം ഡോട് കോം (www.omsathyam.com) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തിലെ ആദ്യ പേജുകളിലെ പ്രസ്താവന, ആമുഖം, ഉള്ളടക്ക-വിവരം എന്നിവ മാത്രം ചുവടെ ചേർക്കുന്നു.





MAHAASHAKTHI
GOD
ദൈവം
മഹാശക്തി

ശബ്ദബ്രഹ്മമാണ് ഓം. അക്ഷരബ്രഹ്മമാണ് ഓം .
സൃഷ്ടിമന്ത്രമാണ് ഓം. ആദിവചനമാണ് ഓം.
മഹാശാസ്ത്രമൂലമാണ് ഓം. സംഹാരകാഹളമാണ് ഓം.

മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരകർത്താവും,
മഹായജമാനനായ അല്ലാഹുവും, പരിശുദ്ധാത്മാവും,
ഏകമഹാശക്തിയും മഹാനീതിപതിയും, മഹാപിതാവും
മഹാമാതാവും മഹാദേവനും
മഹാദേവിയുമായ ദൈവത്തിന്റെ മഹാചിരിയാണ് ഓം .
ഭൂമിയിലെങ്ങും ഉടനെ ഓം മുഴങ്ങുന്നതാണ്.

മഹാശക്തിയായ ദൈവം ഭൂമിയിൽ, മനുഷ്യരൂപത്തിൽ, മഹാജഗദംബയായ മഹാദേവിയായി മഹാഎഴുന്നള്ളിക്കഴിഞ്ഞു.

മഹാദേവിയുടെ മഹാചിരിയും
ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, ആദിവചനവും,
സൃഷ്ടിമന്ത്രവും, മഹാശാസ്ത്ര-മൂലവും,
സംഹാരകാഹളവുമായ
ഓം ഉടനെ ഭൂമിയിലെങ്ങും മുഴങ്ങുന്നതാണ്.

മഹാപ്രപഞ്ചത്തിന്റെ ഉല്പത്തി എങ്ങനെയെന്ന് ശാസ്ത്രപരമായി അറിയിക്കുന്നു.

അസത്യങ്ങളും അധര്മ്മങ്ങളും അനീതികളും ഉടന് അവസാനിക്കുന്നതാണ്. ഭൂമിയിലെങ്ങുമുള്ള ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ എല്ലാ സങ്കീര്ണ്ണപ്രശ്നങ്ങളും ദൈവീകമായും (ശാസ്ത്രീയമായും) ലളിതമായും ഉടനെ പരിഹരിക്കപ്പെടുന്നതാണ്.

ദൈവ-വിപ്ലവം ഉള്പ്പെടെയുള്ള മഹാശാസ്ത്രകാര്യങ്ങളെ മഹാശക്തിയുടെ ഏകദാസനും മഹാദാസനും, ദൈവപ്രതിനിധിയും, പ്രപഞ്ചപിതാവും, ജീവികളുടെയെല്ലാം പിതാവും ദാസനും, സംഹാരനാഥനുമായ പരമശിവൻ വിശദീകരിക്കുന്നു.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിർവ്വഹിക്കുവാൻ മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികള്ക്കു ലഭിക്കുവാനും മഹാശക്തിയായ ദൈവം മഹാകനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.

പരമശിവൻ

**രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ
തകരാറിലാക്കാനാവുന്നതോ അട്ടിമറിക്കാൻ കഴിയുന്നതോ
ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും
മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും,
മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാൻ
സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു
വേണമെന്നു കരുതുന്നതും,
ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.**

**ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ
മഹാശക്തി മഹാആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ
മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ
മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല
എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം മഹാകനിയേണ്ടതുണ്ട് എന്നും
സുവ്യക്തമാക്കുന്നു.**

**തങ്ങളുടെ സൃഷ്ടിയെപ്പറ്റിയും ഭൂമിയിലെ ജീവിതത്തെപ്പറ്റിയും
മരണാനന്തര- ജീവിതത്തെപ്പറ്റിയും മഹാപ്രപഞ്ചത്തെപ്പറ്റിയും
മഹാശക്തിയായ ദൈവത്തെപ്പറ്റിയും ദൈവീക മഹാനീതിയെപ്പറ്റിയും
ശാസ്ത്രപരമായും സുവ്യക്തമായും അറിയുകയും മനസ്സിലാക്കുകയും
മണ്ണിന്റെ നിയമങ്ങളെ അഥവാ ദൈവശാസ്ത്രത്തെ അനുസരിച്ചു
ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഭീകരവാദങ്ങളും ഭീകരപ്രവർ
ത്തനങ്ങളും അവസാനിക്കുകയുള്ളൂ. അറിയിക്കുക എന്ന ധർമ്മത്തിന്റെ
ഒരു ഭാഗമാണ് ഈ മഹാഗ്രന്ഥത്തിലൂടെ നിർവ്വഹിക്കുന്നത്.
അംഗീകരിക്കുക എന്നതിനെ തിരുത്തി അംഗീകരിപ്പിക്കുക കൂടി ചെയ്യുന്ന
മഹാപ്രതിഭാസം വൈകാതെ മഹാപ്രപഞ്ചത്തിലെങ്ങും മായ
പ്രത്യക്ഷമാകുന്നതോടെ സംഭവിക്കുന്നതാണ്. ഭീകരവാദികളും
മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഉള്പ്പെടെയുള്ളവർ
ഞെട്ടിത്തെറിച്ച് തിരുത്തലുകൾക്ക് തയ്യാറാകുന്ന മഹാസംഭവങ്ങൾ ഉടൻ
ഉണ്ടാകുന്നതാണ്.**

പ്രസ്താവന - 1 .. പരമശിവൻ

മഹാശക്തിയായ ദൈവം ഭൂമിയിൽ, മനുഷ്യരൂപത്തിൽ, മഹാജഗദംബയായ മഹാദേവിയായി മഹാഎഴുന്നള്ളിക്കഴിഞ്ഞു.

ദൈവത്തെപ്പറ്റി അറിയുന്നതും ചിന്തിക്കുന്നതും,
വ്യക്തി ജനിച്ച് വളരെക്കഴിഞ്ഞ്, വളർച്ചയ്ക്കിടയിൽ മാത്രമാണ്.
ആനന്ദവും സ്വാതന്ത്ര്യവും വ്യക്തിയ്ക്ക് പ്രധാനമായിരിക്കുന്നത്
ദൈവത്തിന്റെ മഹാആവിഷ്ക്കാരം അങ്ങനെയായതുകൊണ്ടാണ്.
വ്യക്തിസ്വാതന്ത്ര്യം എന്ന വിപുലമായ ഭാഗത്തിനു
ശേഷം മാത്രം ദൈവം മഹാഎഴുന്നള്ളിയിരിക്കുന്ന
വിവരങ്ങൾ മഹാഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.
ദൈവം സ്വീകരിച്ചിട്ടുള്ള മനുഷ്യരൂപത്തിൽ,
ദൈവത്തിന്റെ ബ്രഹ്മശക്തി പ്രവേശിച്ചുകഴിഞ്ഞുവോ
എന്ന് ദൈവത്തിന്റെ ഏകദാസനും മഹാദാസനുമായ ഗ്രന്ഥകാരന്
ഒട്ടും അറിയില്ല. മഹായജമാനനും മഹായജമാനയുമായ ദൈവം
അറിയിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ മഹാദാസനാവാൻ മഹാഭാഗ്യം
ലഭിച്ചിട്ടുള്ള പരമശിവൻ അറിയുന്നുള്ളൂ.
2008 മുതൽ ബ്രഹ്മമായ-മഹാദേവി, മഹാഇഷ്ടം
പ്രകാരം മഹാദാസനായ പരമശിവനെ
മഹാഅനുഗ്രഹിച്ച് മഹാദർശനം
നൽകിപ്പോരുന്നുണ്ട്...

പ്രസ്താവന - 2 .. പരമശിവൻ

മഹാശക്തിയാണ് ദൈവം.
ആദിയും അന്തവുമില്ലാത്ത മായാമഹാശക്തിയാണ്,
വിശദീകരണങ്ങൾക്ക് അതീതമായ മഹാബ്രഹ്മമാണ്,
പരിശുദ്ധാത്മാവാണ്, അല്ലാഹു എന്ന മഹായജമാനനും
മഹാപുരുഷനുമാണ്, മഹാദേവനാണ്, മണ്ണാണ്, ഭൂമിയാണ്, സ്രഷ്ടാവാണ്,
പരിപാലകനാണ്, മഹാനീതിപതിയാണ്, മഹാപിതാവാണ്,
മഹാമാതാവായ മഹാദേവിയാണ്. ഓരോന്നും
മഹാശാസ്ത്രപരമാകുന്നതെങ്ങനെയെന്ന് ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.
മഹാപ്രപഞ്ചത്തെ ഇടതുകൈയ്യിലെ ചെറുവിരലിൽ ഒരു ചെറിയ പന്തു
പോലെ താങ്ങിനിർത്തുകയും ചുറ്റിക്കറക്കുകയും ചെയ്യുന്ന
മഹാജഗദംബയായിട്ട് ദൈവം രൂപമെടുക്കുമ്പോൾ ആയത്
മഹാശാസ്ത്രപരമായാണ്, മതപരമായല്ല.

മഹാസത്യങ്ങൾ മഹാശാസ്ത്രപരം ആകുന്നതെങ്ങനെയെന്നും,
മതങ്ങളുമായി ബന്ധമില്ലാത്തതെങ്ങനെയെന്നും, മതങ്ങളിലെ സത്യങ്ങൾ
മാത്രം മഹാശാസ്ത്രത്തിന്റെ /മഹാവേദ -ഭാഗങ്ങൾ
ആകുന്നതെങ്ങനെയെന്നും മഹാഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്.
മഹാശക്തിയായ ദൈവം മഹാദാസനായും, വീണ്ടും അയച്ച ക്രൈസ്റ്റ് *
ആയും, യഥാർത്ഥ മുഹമ്മദ് ആയും, പ്രതീക്ഷിക്കപ്പെട്ടവനായും,
പരമശിവൻ ആയും, സംഹാരദേവൻ ആയും, മഹാപ്രപഞ്ചത്തിന്റെ
പിതാവായും, ശാസ്ത്രായുധനായും, മഹാബ്രഹ്മം സൃഷ്ടിച്ചിട്ടുള്ള
ഏകദേവനായും** മഹാഅനുഗ്രഹിച്ചിട്ടുള്ള, ദൈവത്തിന്റെ മഹാ-
ഏകപ്രതിനിധിയാണ് ദൈവാനുഗ്രഹത്തോടെ മഹാഗ്രന്ഥം
അവതരിപ്പിക്കുന്നത്. മഹാപ്രപഞ്ചത്തിൽ ഏകദൈവത്തിന്റെ ഒരു
പ്രത്യേക ഭാഗമായിട്ട് പരമശിവനെ സൃഷ്ടിച്ചിരിക്കുന്നത് എങ്ങനെയെന്നും,
എന്തിനെന്നും, ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തിൽ
ദൈവത്തിന്റെ പേരിനോടൊപ്പം ദൈവപ്രതിനിധിയും മഹാദാസനും
ഏകദാസനുമായ പരമശിവന്റെ പേര് ചേർക്കപ്പെടുന്നത്
എങ്ങനെയാണെന്നും എന്തുകൊണ്ടാണെന്നും മഹാനാമമായ പരമശിവൻ
മഹാശാസ്ത്രപരം മാത്രമാകുന്നത് എങ്ങനെയെന്നും, മഹാഗ്രന്ഥത്തിൽ
വിശദീകരിച്ചിട്ടുണ്ട്. മഹാശാസ്ത്രത്തിൽ നിയമങ്ങൾ മാത്രമാണുള്ളത്;
അതിനാലാണ് മഹാശാസ്ത്രത്തിന്റെ ഭാഗമല്ലാതെ സ്മൃതിയും,
പുരാണങ്ങളും വേറിട്ടുനില്ക്കുന്നതെന്നും, അവ എന്താണെന്നും, ചില
പുരാതന മനുഷ്യരുടെ ചരിത്രങ്ങൾ പുരാണങ്ങളാകുന്നത് എങ്ങനെയെന്നും
മഹാഗ്രന്ഥത്തിലുണ്ട്.

പ്രസ്താവന - 3 .. പരമശിവൻ

* ക്രൈസ്റ്റ് വീണ്ടും വരുമെന്ന് പറയുന്നവർ, ക്രൈസ്റ്റ് വീണ്ടും വന്നതറിഞ്ഞില്ല, അറിയിച്ചിട്ടും ഉള്ക്കൊണ്ടില്ല, വീണ്ടും വന്ന ക്രൈസ്റ്റ് മരണപ്പെട്ടതും അഥവാ വീണ്ടും വധിക്കപ്പെട്ടതും അറിഞ്ഞില്ല, വീണ്ടും ഉയർത്തെഴുന്നേറ്റതും അറിഞ്ഞില്ല, പരമശിവനായി മാറിയതും അറിഞ്ഞില്ല. ആവക വിവരങ്ങള് മഹാഗ്രന്ഥത്തിലെ ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് ചേർത്തിട്ടുണ്ട്.

** ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ളത് മഹാശക്തിയെയും പരമശിവനെയും മാത്രമാണ്. ബ്രഹ്മം മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ സൃഷ്ടിക്കുന്നു - എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയായ മഹാദേവി,

ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്,
മഹാഅനുഗ്രഹിച്ച് പരമശിവനായി മഹാനിയമിച്ചിട്ടുള്ളത് ഗ്രന്ഥകാരനെയാണ്.
2015 ഒക്ടോബർ 13-ാം തീയതിവരെ പരമശിവനെ മഹാ-അനുഗ്രഹിച്ച്
ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :

മഹാശക്തിയായ മഹാജഗദംബയുടെ മഹാ-ഹൃദയമായ ഓംകാരം,
പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി
-സംഹാര നിയന്ത്രണ സത്ത കൂടിയാണ് മഹാഹൃദയമായ ഓംകാരം. ഓംകാരം പ്രവർ
ത്തിക്കുന്നതെങ്ങനെയെന്ന് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.
മഹാജഗദംബയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും വലതുപാദം പകുതിയും,
മഹാശരീരത്തിന്റെ പകുതിഭാഗം, മഹാ വലതുകൈ,
സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻകഴിയുന്ന
മൂന്നാം നേത്രം, ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും,
മഹാശാസ്ത്രം അഥവാ മഹാവേദം വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള
മഹാശാസ്ത്രപരമായ മത്സ്യാവതാരം, മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ,
നാവിൽ അക്ഷരബ്രഹ്മമായ ഓം, മഹാശക്തിയുടെ മഹാനീതിശാസ്ത്ര പ്രകാരം മാത്രം
പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം,
മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും സംരക്ഷണത്തിനായി
മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി ശിരസ്സിനു മുകളിൽ,
തുടങ്ങിയ മഹാദാനങ്ങളായ മഹാശക്തികളെ മഹാ-അനുഗ്രഹിച്ചു നല്കിക്കഴിഞ്ഞു.
മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ
അജ്ഞാതമായുമാണ് മഹാഅനുഗ്രഹിച്ചു നൽകിയത്.
മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ
മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ
മഹാശക്തിയുടെ മഹാദാസനായ പരമശിവനിൽ
പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; മഹാജ്ഞാനഭാഗം
മാത്രമാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ! മഹാശക്തിയായ
മഹാദേവിയുടെ മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചുമാത്രം മഹാശക്തിഭാഗങ്ങൾ
പ്രവർത്തിക്കുന്നതാണ് ; അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ
മാറ്റങ്ങൾ ഉണ്ടാവുന്നതാണ് ! മഹാഗ്രന്ഥത്തിന്റെ 1-ഉം 3-ഉം ഭാഗങ്ങളിൽ
വിശദീകരണമുണ്ട്; മഹാശാസ്ത്രപരമായി പരിശോധിക്കാവുന്നതാണ് !

പ്രസ്താവന - 4 .. പരമശിവൻ

മനുഷ്യന്റെ ആത്മീയസാക്ഷാത്ക്കാരം
എന്താണെന്ന് മഹാഗ്രന്ഥത്തില് വിശദീകരിക്കുന്നുണ്ട്.
ഏകമഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തെ
മഹാഭദ്രപ്പെടുത്താനായിട്ട് മഹാആവിഷ്ക്കരിച്ചതായ
മഹാശാസ്ത്രപ്രകാരം രണ്ടെന്നപോലെ വിഘടിച്ച് * ഏകമഹാശക്തിയും
മഹാപിതാവും മഹാമാതാവുമായ മഹാദേവിയും, മഹാദേവിയുടെ
ഏകദാസനും മഹാദാസനുമായ പരമശിവനും എന്ന മഹാദിവ്യരൂപങ്ങളെ
സൃഷ്ടിച്ചിട്ടുണ്ടെങ്കിലും മഹാപ്രപഞ്ചത്തിന്റെ
സൃഷ്ടി-സ്ഥിതികളെയും സംഹാരം ഉൾപ്പെട്ട മഹാനീതിയെയും
മഹാശാസ്ത്രപ്രകാരം മഹാനിർവ്വഹിക്കുന്നത് ഏകദൈവമാണ്,
ഏകമഹാശക്തിയും മഹാദേവനും കൂടിയായ മഹാദേവിയാണ്.
മഹാദാസനായ പരമശിവനെ, 50 വര്ഷത്തിലൊരിക്കൽ വച്ച്
ഒരു രാത്രിനേരം മഹാദേവനാക്കുന്നുണ്ട്; മഹാശിവരാത്രി.
പ്രപഞ്ചപിതാവ് എന്ന മഹാദിവ്യസ്ഥാനത്തെക്കൂടി ഏകദാസനായ
പരമശിവന് മഹാഅനുഗ്രഹിച്ച് നൽകിയിരിക്കയാൽ, മഹാനീതിയുടെ
ഭാഗമായ സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ മഹാശക്തിയും
മഹാനീതിപതിയുമായ മഹാദേവി മഹാനിർവ്വഹിക്കുമ്പോള് പരമശിവന് -
ലൂടെ എന്ന മഹാസ്ഥാനം/ മഹാബഹുമതിയെ മഹാഅനുഗ്രഹിച്ചു
നൽകുന്നു. ഏകമഹാശക്തിയും മഹാദേവനും കൂടിയായ മഹാദേവി
തന്നെയാണ് സംഹാരത്തെയും മഹാനിർവ്വഹിക്കുന്നതെങ്കിലും, നേരിട്ടല്ല,
പരമശിവനിലൂടെയാണ്.
അവനിലൂടെയേ മോചനമുള്ളൂ-ദൈവീകസത്യമാണ്.
മോക്ഷം എന്ന ആത്മീയസാക്ഷാത്ക്കാരത്തിൽ
ആനന്ദകാര്യത്തിൽ മനുഷ്യനു ദൈവമാകാൻ കഴിയുന്നു ;
അഥവാ ദൈവത്തിന് ലഭ്യമാകുന്ന എല്ലാ അനന്തങ്ങളായ ആനന്ദങ്ങളും
ദൈവം മനുഷ്യന് മഹാഅനുഗ്രഹിച്ചു നല്കിയിരിക്കുന്നു.

പ്രസ്താവന - 5 .. പരമശിവൻ

* മഹാശക്തിയായ ദൈവം സ്വയം രണ്ടായി
വിഘടിക്കുമ്പോഴും ഏകമഹാശക്തിയായി
വർത്തിക്കുന്നതെങ്ങനെയെന്ന് ബ്രഹ്മം എന്ന
അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ആമുഖം

മഹാശക്തിയായ ദൈവം ഭൂമിയിൽ മനുഷ്യരൂപത്തിൽ മഹാദേവിയായി മഹാഎഴുന്നള്ളിക്കഴിഞ്ഞു.

ബ്രഹ്മം അഥവാ ബ്രഹ്മശക്തി മനുഷ്യരൂപത്തിൽ പ്രവേശിച്ചു കഴിഞ്ഞുവോ എന്ന് ഗ്രന്ഥകാരന് ഈ വരികൾ കുറിക്കുന്ന 2017 ആഗസ്റ്റ് 15 വരെയും അറിയില്ല. മഹാഉചിതമായ സമയത്ത് ദൈവം അറിയിക്കുമ്പോൾ അറിയുക എന്നല്ലാതെ അറിയാൻ ആഗ്രഹിച്ചുകൂടാ; ശ്രമിച്ചുകൂടാ.

മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്; ആദി സൃഷ്ടിപാഠം സുവ്യക്തമാക്കുന്ന കാര്യമാണത്. ദൈവത്തെപ്പറ്റി അറിയിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതും, ദൈവം വ്യക്തിയെ മാതാപിതാക്കളിലൂടെ ജനിപ്പിച്ച് വളർച്ചയ്ക്കിടയിൽ മാത്രമാണ്. ആനന്ദവും സ്വാതന്ത്ര്യവും വ്യക്തിക്ക് പ്രധാനമായിരിക്കുന്നത് ദൈവത്തിന്റെ മഹാആവിഷ്ക്കാരം അങ്ങനെയായതു കൊണ്ടാണ്. ആകയാൽ വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റി വിശദീകരിച്ചശേഷം മാത്രം ദൈവം മഹാഎഴുന്നള്ളിയിരിക്കുന്ന വിവരങ്ങളെ മഹാഗ്രന്ഥത്തില് ചേർത്തിരിക്കുന്നു.

ജ്ഞാനം സ്വീകരിക്കാൻ മനസ്സിനെ ഒരുക്കൽ :
ദൈവം മഹാശാസ്ത്രത്തെ മഹാആവിഷ്ക്കരിച്ചുകൊണ്ടാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മഹാനിര്വ്വഹിക്കുന്നതെന്ന് വിശ്വസിക്കുന്നുണ്ടോ ? അതേ എങ്കില്, രാഷ്ട്രഭരണാധികാരികളോ മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാൻ കഴിയുന്നതോ അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രമെന്നും

മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും,
മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാൻ
സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു
വേണമെന്നു കരുതുന്നതും, ദൈവമഹത്വമറിയാതെ
കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ
നിർവ്വഹിക്കുവാൻ മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന
മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ
അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ
എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും,
ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം മഹാകനിയേണ്ടതുണ്ട്
എന്നുമറിയുന്നതാണ് ദൈവീകം.

മഹാശാസ്ത്രം ആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം അല്ല എന്നാണ്
മതനേതാക്കളും ഭീകരവാദികളും രാഷ്ട്രീയനേതാക്കളും
നിരീശ്വരവാദികളും ഒക്കെ വിശ്വസിക്കുന്നതെങ്കിൽ, ഈ
മഹാഗ്രന്ഥത്തിലെ മഹാശാസ്ത്രകാര്യങ്ങളെ പഠിക്കാൻ
കഴിയുന്നവര്ക്ക് മറിച്ചു വിശ്വസിക്കുവാൻ കഴിയുന്നതാണ്.
ദൈവനിന്ദ ചെയ്യാതെ ദൈവശാസ്ത്രം പഠിക്കുക.

മഹാപ്രപഞ്ചത്തിന്റെ മഹാസത്യങ്ങളെ അറിയുമ്പോൾ
അജ്ഞാനികൾ ഞെട്ടിത്തെറിച്ച് പശ്ചാത്തപിക്കുന്നതും
ഉൾക്കൊണ്ടു ജീവിക്കുന്നതുമാണ്. ദൈവത്തിന്റെ പ്രിയപ്പെട്ട
കുഞ്ഞുങ്ങളേ, ഉടനെ ദൈവം ഭൂമിയിൽ മായ
പ്രത്യക്ഷമാക്കുമെന്നും, ദൈവരാജ്യം സ്ഥാപിക്കുമെന്നും
അറിയുക. ഭീകരപ്രവര്ത്തനങ്ങൾ ഉൾപ്പെടെ സമസ്ത
ജീവിതമേഖലകളിലുമുള്ള എല്ലാ വൈകല്യങ്ങളും
തിരുത്തപ്പെടുന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-
സംഹാരങ്ങളെ മഹാനിര്വ്വഹിക്കുവാനായിട്ട് ദൈവം
മഹാആവിഷ്ക്കരിച്ച മഹാശാസ്ത്രപ്രകാരമാണ്. ആകയാൽ
മഹാശാസ്ത്രം/മഹാജ്ഞാനം സ്വീകരിക്കാനായി മനസ്സിനെ
ഒരുക്കേണ്ടതുണ്ട്.

// ഒരു മനുഷ്യായുസ്സിൽ മഹാപ്രപഞ്ചകാര്യങ്ങളെപ്പറ്റി ചിന്തിക്കാൻ കഴിയുന്നത് ബുദ്ധിജീവികൾക്കുപോലും ഏതാനും മാസങ്ങളോ വർഷങ്ങളോ മാത്രമായിരിക്കും. ഏതാനും നൂറ്റാണ്ടുകളിലെ ചരിത്രത്തെയും തങ്ങളുടെ ചിന്തകളെയും ഇടകലർത്തി, തങ്ങൾ പ്രവർത്തിച്ചിട്ടില്ലാത്ത പഴയകാല പ്രസ്ഥാനങ്ങളെയും വ്യവസ്ഥിതികളെയും പറ്റി ആധികാരികതയോടെ സംസാരിക്കാനും അവയിലെ നന്മയുടെ മാത്രം പങ്ക് പറ്റാനും ഇന്നത്തെ ജനതയ്ക്ക് അവകാശമില്ല. ഏതാനും നൂറ്റാണ്ടുകളിലെ മാത്രം അപൂർണ്ണചരിത്രം അറിയുന്നവരാണ് തങ്ങളെന്നതും, ഏതാനും നൂറ്റാണ്ടുകളുടെ/ദശാബ്ദങ്ങളുടെ ആയുസ്സുമാത്രമാണ് മതങ്ങൾക്കും രാഷ്ട്രീയ ഇസങ്ങൾക്കും ഉള്ളതെന്നും, എന്നാൽ മഹാപ്രപഞ്ചത്തിനും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തിനും 1000 കോടിയിലേറെ വർഷം പഴക്കമുണ്ടെന്നതും, തങ്ങൾക്കറിയാത്ത അനവധി അനവധി കാര്യങ്ങൾ ഈ ഭൂമിയിലും മഹാപ്രപഞ്ചത്തിലും ഉണ്ടെന്നതും ഉൾക്കൊണ്ട് മനുഷ്യർ ജീവിക്കേണ്ടതുണ്ട്. //

മഹാശക്തിയായ ദൈവം എന്നതിനെ ദൈവം എന്നും, സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം എന്നതിനെ കർത്താവായ ദൈവം എന്നും, മഹാശക്തിയായ മഹാദേവി അഥവാ ദൈവം എന്നതിനെ മഹാദേവി എന്നും, മഹാഗ്രന്ഥത്തിൽ ചുരുക്കി എഴുതുന്നതാണ്. അടിസ്ഥാനപരമായുള്ള യഥാർത്ഥ വേദഗ്രന്ഥം ആകയാല് മഹാഗ്രന്ഥം എന്നും പരാമർശിക്കുന്നു.

തങ്ങളുടേതു കൂടതല് ശരിയെന്നും
തങ്ങളുടേതുമാത്രമാണ് ശരിയെന്നും വാദിക്കുന്ന
ബഹുവിധ മത-ജാതി-വ്യവസ്ഥിതികളുടെയും രാഷ്ട്രീയ-
വ്യവസ്ഥിതികളുടെയും വര്ഗ്ഗ- വ്യവസ്ഥിതികളുടെയും
രാഷ്ട്രഭരണഘടനാ-വ്യവസ്ഥിതികളുടെയും പ്രാദേശിക-
വ്യവസ്ഥിതികളുടെയും ഒക്കെ ഇടയിലാണ് ഇന്നത്തെ
മനുഷ്യർ വളരുന്നതും ജീവിക്കുന്നതും. മഹാപ്രപഞ്ചത്തിന്
റെ ശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തി
രൂപംകൊണ്ടവയല്ല മേല്പടി വ്യവസ്ഥിതികൾ.
കാലാകാലങ്ങളിൽ രൂപപ്പെട്ട പ്രസ്തുത വ്യവസ്ഥിതികള്
ക്ക് നേതൃത്വം കൊടുക്കുന്ന ജനവിഭാഗങ്ങൾ തന്നെ
പിൽക്കാലങ്ങളിൽ ഉണ്ടാവുകയും അവര്
വ്യവസ്ഥിതികളെ തങ്ങളുടെ സ്വാർത്ഥങ്ങള് നേടാനുള്ള
ഉപകരണമാക്കുകയും ചെയ്തു. അതോടെ വ്യവസ്ഥിതി
നിലനിര്ത്താനും ശക്തമാക്കാനുമായിട്ട് വ്യക്തികളെ
വ്യവസ്ഥിതികളില് കൂടുതല് കൂടുതല് തളയ്ക്കേണ്ടത്
നേതാക്കന്മാരുടെ ആവശ്യമായിത്തീരുകയും
വ്യവസ്ഥിതികള് മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളില്
നിന്നും കൂടുതല് കൂടുതല് അകലുകയും ചെയ്തു,
ചെയ്തുപോരുന്നു. ഭൂരിപക്ഷമായ സാധാരണജനങ്ങൾ
വ്യവസ്ഥിതികളുടെ സത്തയിൽ വിശ്വാസമില്ലാത്തവരും
സംശയമുള്ളവരും ഒക്കെയാണെങ്കിലും
വ്യവസ്ഥിതികളുടെ ഭാഗമാവാതെ സമൂഹത്തിൽ
അവർക്ക് ജീവിക്കാൻ കഴിയാതെ വന്നിരിക്കുന്നു.
വ്യത്യസ്തങ്ങളായ അനവധി വ്യവസ്ഥിതികളുടെ
ഭാഗമായിരിക്കാൻ ഒരേ സമയം വിധിക്കപ്പെട്ടതോടെയും,
ഒരേ കാര്യത്തിൽ വ്യത്യസ്ത വ്യവസ്ഥിതികൾ
വ്യത്യസ്തങ്ങളായ നിയമങ്ങളും ചിട്ടകളും വിധിക്കുകയും
അവയെല്ലാം പാലിക്കുവാൻ വ്യക്തികൾ
ബാദ്ധ്യസ്ഥരാവുകയും ചെയ്തതോടെ വ്യക്തികൾക്ക്
സത്യ-ധർമ്മ-നീതികളെ പുലർത്താൻ സാധിക്കാത്ത
അവസ്ഥയും ഉണ്ടായിരിക്കുന്നു.

വ്യവസ്ഥിതികളിൽ അധമത്വം വർദ്ധിച്ചപ്പോൾ ഭീകരവാദങ്ങൾ ഉടലെടുത്തു, പ്രായേണ ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും സമസ്ത മേഖലകളിലും വർദ്ധിച്ചു. അവ വർദ്ധിപ്പിക്കാനല്ലാതെ, കുറയ്ക്കുവാനോ ഇല്ലാതാക്കുവാനോ ഭരണ വ്യവസ്ഥിതികൾക്കും രാഷ്ട്രീയപ്പാർട്ടികൾക്കും മതനേതൃത്വങ്ങൾക്കും കഴിയുന്നില്ല, കഴിയില്ല. മുമ്പ് വ്യക്തമാക്കിയതു പോലെ തങ്ങളുടെ സൃഷ്ടിയെപ്പറ്റിയും ഭൂമിയിലെ ജീവിതത്തെപ്പറ്റിയും മരണാനന്തര- ജീവിതത്തെപ്പറ്റിയും മഹാപ്രപഞ്ചത്തെപ്പറ്റിയും മഹാശക്തിയായ ദൈവത്തെപ്പറ്റിയും ദൈവീക മഹാനീതിയെപ്പറ്റിയും ശാസ്ത്രപരമായും സുവ്യക്തമായും അറിയുകയും മനസ്സിലാക്കുകയും മണ്ണിന്റെ നിയമങ്ങളെ അഥവാ ദൈവശാസ്ത്രത്തെ അനുസരിച്ചു ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും അവസാനിക്കുകയുള്ളൂ. മഹാപ്രപഞ്ചത്തിലെങ്ങും ഉടനെ മായ പ്രത്യക്ഷമാകുന്നതോടെ തിരുത്തലുകൾക്ക് തയ്യാറാകുന്ന മഹാസംഭവങ്ങൾ ഉണ്ടാകുന്നതാണ്. മായ പ്രത്യക്ഷമായ ശേഷം ജ്ഞാനം പോരേ എന്നു ചോദിക്കുന്നവരും ആഗ്രഹിക്കുന്നവരും ഉണ്ടാകും.

മഹാശാസ്ത്രം (യഥാർത്ഥ വേദങ്ങൾ) വീണ്ടെടുത്തുകൊണ്ടല്ലാതെ മായ പ്രത്യക്ഷമായാൽ ഭൂമിയിൽ അധമഭക്തി ഉൾപ്പെടെയുള്ള അധമകാര്യങ്ങൾ ഉണ്ടാകുന്നതാണ്. ദൈവത്തെ മതപരമാക്കാൻ ശ്രമിക്കാനും തങ്ങളുടെ മതം ശരിയാണെന്ന് വാദിക്കുവാനുമുള്ള പരിശ്രമങ്ങൾ നടത്താൻ എല്ലാ മതനേതൃത്വങ്ങളും തയ്യാറായെന്നുവരും. മതഭ്രാന്തുകളും മറ്റും ആവർത്തിക്കാനും വർദ്ധിക്കാനും ഇടയാകാതെ അവയെല്ലാം അവസാനിപ്പിക്കേണ്ടതുണ്ട്.

ദൈവം ശാസ്ത്രപരമാണ്, മതപരമല്ല. മതങ്ങളിൽ ശാസ്ത്രമുണ്ടോ എന്നതും എത്രമാത്രം ഉണ്ടെന്നതും മഹാഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. മഹാശക്തിയായ ദൈവം, തന്റെ ഭാഗമായ ഏകദാസനിലൂടെ ഭൗതികശാസ്ത്രപരമായിട്ട്, ദൈവകാര്യങ്ങളെയും മഹാശാസ്ത്രത്തെയും ഭൂമിയിലൊട്ടാകെ സുവ്യക്തമായി വെളിപ്പെടുത്തിയ ശേഷമാണ് മായ പ്രത്യക്ഷമാകുന്നത്, അതോടെ വെളിപ്പെട്ടവ വിശ്വസിക്കുവാനും മഹാശാസ്ത്രങ്ങൾ പ്രകാരം ജീവിക്കാനും മനുഷ്യർ ബാദ്ധ്യസ്ഥരാകുന്നതാണ്.

ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിലെത്തിയ അവസരത്തിൽ, മഹാപ്രപഞ്ചത്തിന്റെ ഔന്നത്യം സ്പഷ്ടമായി വിശദീകരിച്ചുകൊണ്ടും, ദൈവശാസ്ത്രം എന്നറിയപ്പെടുന്ന മഹാശാസ്ത്രത്തിൽ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ 3 ശാസ്ത്രങ്ങളെയും, വർജ്ജ്യമായ മന്ത്രശാസ്ത്രത്തെയും യഥാവിധി ചിട്ടപ്പെടുത്തി ക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തും, മഹാശക്തിയായ ദൈവത്തിന്റെ മഹാസംവിധാനങ്ങൾക്ക് അനുസരിച്ചും, യഥാർത്ഥവും സമ്പൂർണ്ണവുമായ മഹാശാസ്ത്രം മത്സ്യാവതാരം എന്ന ശാസ്ത്രപദ്ധതി പ്രകാരം അവതരിക്കുകയാണെന്നും, മഹാശക്തിയായ ദൈവം തന്റെ ഭാഗംകൂടിയായ ഏകദാസനിലൂടെ യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുക്കുകയാണെന്നും അറിയിച്ചുകൊള്ളുന്നു.

മത്സ്യാവതാരം എന്ന ശാസ്ത്രപദ്ധതിയെപ്പറ്റി മഹാഗ്രന്ഥത്തിലെ 3-ാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. എല്ലാ ജീവിതമേഖലകളിലുമുള്ള എല്ലാ വൈകല്യങ്ങളും തിരുത്തപ്പെടുന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാനായി ദൈവം മഹാആവിഷ്ക്കരിച്ച മഹാശാസ്ത്രപ്രകാരമാണ്. ദൈവം സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിന് ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രം മാത്രമേ ചേരുകയുള്ളൂ.

ഓം സത്യം ഡോട്ട് കോം www.omsathyam.com എന്ന വെബ്സൈറ്റിലൂടെ 2001 മുതലോ മറ്റോ മഹാശാസ്ത്രകാര്യങ്ങളുടെ പ്രസിദ്ധീകരണം ആരംഭിച്ചു. 2009 മുതൽ മഹാഗ്രന്ഥത്തെ മലയാള ഭാഷയിൽ ഭൂമിയിലെങ്ങും പ്രസിദ്ധീകരിച്ചുപോരുന്നു; സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്; ഫീസില്ല.

മഹാപ്രപഞ്ചത്തിലെ സമസ്ത വിഷയങ്ങളെയും മഹാശാസ്ത്രപരമായി വിശദീകരിക്കുന്ന മഹാഗ്രന്ഥം അടിസ്ഥാനപരമായിട്ട് പൂർണ്ണമാണ്. എന്നാൽ, ഈ വരികൾ കുറിക്കുന്നതായ 2015 ഒക്ടോബർ 16-ലും വെളിപാടുകൾ തുടരുകയാലും, ചില വസ്തുതകൾ ഇനിയും വെളിപ്പെടാനുണ്ട് എന്നതിനാലും, മഹാഗ്രന്ഥം സമ്പൂർണ്ണമായിട്ടില്ല. ദിവ്യാത്ഭുതങ്ങളെന്നും അതിഭീകരങ്ങളെന്നുമെല്ലാം വിശേഷിപ്പിക്കത്തക്ക കാര്യങ്ങൾ ഗ്രന്ഥകാരന്റെ ജീവിതത്തിൽ 1989 മുതൽ സംഭവിച്ചുപോരുന്നു. 2006 മുതൽ വർദ്ധിച്ചു. ഉടനെ **മായ** പ്രത്യക്ഷമാകുമെന്നുള്ള ദൈവീക വെളിപാടിനെയും ദൈവീകശക്തികളെയും എതിർക്കാനാവാം 2015-ൽ പൈശാചികശക്തികളും ന്യൂനശക്തികളുമായി ബന്ധപ്പെട്ട അനേകം വിഷയങ്ങൾ തുടർച്ചായി

ഉണ്ടാവുന്നു. ആവക കാര്യങ്ങൾക്ക് മായാപരമായ ബന്ധത്തിന് ഉപരിയായിട്ട് ശാസ്ത്രബന്ധമുണ്ടെന്ന് ബോദ്ധ്യമാവാൻ മൊബൈൽ ഫോണിലെ വാട്സ് ആപ് ഉപയോഗിച്ച് 2015 മെയ് മാസത്തോടെയോ മറ്റോ ആരംഭിച്ചതായ ദൈവശാസ്ത്ര പ്രവർത്തനങ്ങളെ വിശകലനം ചെയ്താല് മതിയാകും.

ഓം സത്യം ഡോട്ട് കോം www.omsathyam.com എന്ന വെബ്സൈറ്റിലുള്ള ഇംഗ്ലീഷ് ഭാഷയിലെ തർജ്ജമ പൂർണ്ണമാക്കാനോ അനവധി വെളിപാടുകളെ ചേർക്കാനോ കഴിഞ്ഞിട്ടില്ല. ഗ്രന്ഥകാരനു നിലവിലുള്ള സമയക്കുറവ്, ശക്തിക്കുറവ് തുടങ്ങിയ സാങ്കേതിക പ്രശ്നങ്ങൾ വലിയ വിഷയങ്ങളേ അല്ല. അല്പം ഇംഗ്ലീഷ് ഭാഷയും ധാർമ്മിക ശുദ്ധിയുമുള്ളവർക്ക് തർജ്ജമ ചെയ്യാവുന്നതേയുള്ളൂ.

മഹാഗ്രന്ഥത്തിന്റെ കൂടുതൽ കോപ്പികൾ അച്ചടിച്ചു വിതരണംചെയ്യാനും മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്താനും, അതുപോലെ വെബ്സൈറ്റിന്റെ ഉള്ളടക്കം ഗ്രന്ഥമായി പ്രസിദ്ധീകരിക്കാനും (പരിഭാഷപ്പെടുത്താനും) ഒക്കെ ഏതൊരാൾക്കും സ്വാതന്ത്ര്യം ഉണ്ട്; മഹാഗ്രന്ഥത്തിന്റെ ഉള്ളടക്കത്തോട് അഥവാ ദൈവത്തോട് സത്യധർമ്മനീതികളെ പുലർത്തുക എന്നല്ലാതെ, ആവക ആവശ്യങ്ങൾക്കായി പ്രത്യേക അനുവാദങ്ങൾ ചോദിക്കേണ്ടതില്ല. സദുദ്ദേശത്തോടെ ചെയ്യുന്നവർക്ക് പുണ്യം ലഭിക്കുന്നതാണ്; എന്നാല് വ്യക്തി തനിക്കുവേണ്ടി മാത്രമാണ് ചെയ്യേണ്ടത്, അന്യർക്കായി പാടില്ല.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയാൽ മാത്രമേ എല്ലാ സൃഷ്ടികള്ക്കും ഏതൊന്നിനും ശക്തിയുണ്ടാവൂ എന്നിരിക്കെ, ദൈവത്തിന്, യാതൊരാളുടെയും സഹായങ്ങൾ യാതൊരു കാര്യത്തിനും ആവശ്യമില്ലാ എന്നുമറിയണം.

മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം www.omsathyam.com വെബ്സൈറ്റിലൂടെയും, മൊബൈൽ ഫോണിലൂടെയുമൊക്കെ മഹാഗ്രന്ഥം മഹാപ്രചരിക്കുമെങ്കിലും, മഹാഗ്രന്ഥത്തെ അച്ചടിച്ച് പ്രസിദ്ധീകരിക്കുമെന്ന് ഗ്രന്ഥകാരൻ കരുതുന്നില്ല.

ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് മഹാശാസ്ത്രമെന്നതിനാൽ, മഹാശാസ്ത്രത്തെ വിശദീകരിക്കുന്ന മഹാഗ്രന്ഥത്തിനും അടിസ്ഥാനപരമായിട്ട് ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ ഉണ്ടെന്നും, പേപ്പറുകളിലോ എഴുത്തോലകളിലോ മഹാഗ്രന്ഥത്തെ പരിമിതപ്പെടുത്താൻ സാധിക്കില്ലെന്നും അറിയണം.

ഭൂമിയിലെങ്ങും ഉടനെ മായ പ്രത്യക്ഷമാക്കിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുമ്പോൾ, ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയശാസ്ത്രം, മന്ത്രശാസ്ത്രം എന്നിങ്ങനെ 3 +1=4 വേദങ്ങളായിട്ട് മഹാവേദം എന്ന പേരിൽ മഹാശാസ്ത്രത്തെ അവതരിപ്പിക്കുന്നതാണ്. മഹാഗ്രന്ഥത്തെപ്പോലെ, അപ്പോഴും ലിഖിത പ്രമാണങ്ങൾക്ക് പ്രസക്തിയുണ്ടാവുന്നതല്ല.

മഹാഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിൽ ദൈവം മനുഷ്യർക്ക് നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ വിപുലമായി വിശദീകരിച്ചിരിക്കുന്നു. മനുഷ്യർ അത്യാനന്ദകരമായിട്ട് ജീവിക്കുവാനായിട്ട് നൽകപ്പെട്ടിട്ടുള്ള വ്യക്തിസ്വാതന്ത്ര്യങ്ങളെ ഇന്ന് മനുഷ്യർക്ക് ലഭിക്കുന്നില്ല. കാര്യകാരണങ്ങളെ വിശദീകരിക്കുകയും, വ്യക്തിക്ക് സ്വാതന്ത്ര്യം ഉടനെ തിരികെ ലഭിക്കുമെന്ന് ശാസ്ത്രപരമായി അറിയിക്കുകയും ചെയ്തിരിക്കുന്നു.
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി - സംഹാരങ്ങൾക്കായി ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തിന്റെ 3 ~~+1 =4~~ ശാഖകളിൽ യഥാക്രമം 2-ഉം 3-ഉം ശാഖകളായ ധർമ്മശാസ്ത്രത്തിലെയും ആത്മീയശാസ്ത്രത്തിലെയും ഏതാനും പാഠങ്ങളെ ഒന്നാം ഭാഗത്തിൽ ചേർത്തിട്ടുണ്ട്. മറ്റ് ഭാഗങ്ങളിലും ദൈവം മനുഷ്യർക്ക് നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ പരാമർശിക്കുന്നുണ്ട്.

മനുഷ്യന് ദൈവം നിശ്ചയിച്ചിരിക്കുന്ന 100 ജന്മങ്ങളിൽ ഒരേയൊരു ജന്മത്തിൽ മാത്രമേ ദൈവത്തെ ആരാധിക്കുവാൻ ദൈവം മനുഷ്യരെ അനുവദിക്കുന്നുള്ളൂ എന്നത് വിവരിക്കുന്ന അദ്ധ്യായം സുപ്രധാനമാണ്.

മനുഷ്യന്റെ പരമാവസ്ഥയായ മോക്ഷം അഥവാ ആത്മീയസാക്ഷാത്ക്കാരം എന്തെന്നും പരമാനന്ദം, മഹാആനന്ദം എന്നിവ എന്തെന്നും സുവ്യക്തമായി അറിയിക്കുന്നുണ്ട്.
മഹാശക്തിയായ ദൈവം എങ്ങനെയാണ് മഹാപ്രപഞ്ചം സൃഷ്ടിച്ചിട്ടുള്ളതെന്ന് ഒന്നാം ഭാഗത്തിൽ

വിശദീകരിക്കുമ്പോൾ, അതിലെ ഒരു ഭാഗവും, എന്തിനാണ് സൃഷ്ടി നടത്തിയിട്ടുള്ളത് എന്നതിന്റെ ഉത്തരവും മറ്റു ചില അത്യുന്നത പാഠങ്ങളും ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിൽ ചേർത്തുകൊണ്ട് യോഗ്യത നേടും മുമ്പ് മഹാപാഠങ്ങളെ പഠിച്ചുകൂടാ എന്ന് ഉപദേശിച്ചിട്ടുണ്ട്. ദൈവം ഒന്നേയുള്ളൂ, ദൈവത്തെ മാത്രം ആരാധിക്കുക, ദൈവം ഓരോരോ ചുമതലകൾക്കായി നിയോഗിച്ചവരെ ആദരിക്കുക മാത്രമേ പാടുള്ളൂ എന്ന് വ്യക്തമാക്കുന്നു.

പ്രമുഖ മതങ്ങളായ ക്രിസ്തുമതം, ഇസ്ലാം മതം, ഹിന്ദുമതം, ബുദ്ധമതം തുടങ്ങിയവ ദൈവീകമാകുന്നത് എത്രത്തോളം മാത്രമാണെന്ന് വിശദീകരിച്ചിരിക്കുന്നു. മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ന്യൂനശക്തികള് സുഖവും ദുഃഖവും, കൈയ്പും മധുരവും ഒക്കെ സൃഷ്ടിക്കുന്നതും, മനുഷ്യർ പിഴവുകളെ കാട്ടുമ്പോൾ തിരുത്തൽ ശക്തികളായും വിരുദ്ധശക്തികളായും പ്രവർത്തിക്കുന്നതും, ശാസ്ത്രലോകത്തിനും മറ്റും പുതിയ അറിവുകളാണ്. മണ്ണിന്റെ നിയമങ്ങളെ അഥവാ ദൈവശാസ്ത്രത്തെ സ്വീകരിച്ചാൽ മാത്രമേ, മതഭ്രാന്തരും/പുരോഹിതരും രാഷ്ട്രീയക്കാരും മറ്റും സൃഷ്ടിക്കുന്നതും എല്ലാ ജീവിതമേഖലകളിലും രൂപപ്പെടുന്നതുമായ ഭീകരവാദങ്ങള്ക്കും ഭീകരപ്രവർത്തനങ്ങള്ക്കും പരിഹാരമുണ്ടാവുകയുള്ളൂ. ന്യൂനശക്തികളുടെ പ്രവർത്തനങ്ങളെ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

മനുഷ്യർ ചെയ്തുപോരുന്ന അനവധി ദൈവനിന്ദകളെപ്പറ്റി മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഭൂമിയിലുള്ള എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രപരവുമായ 4 വിഭാഗങ്ങളാക്കുന്നതും, തൊഴിൽ ധർമ്മങ്ങളെ വിശദീകരിക്കുന്നതും സുപ്രധാനങ്ങളാണ്.

രണ്ടാം ഭാഗത്തിൽ ദിവസം, ആഴ്ച, മാസം, വർഷം, സൃഷ്ടിചക്രം, കാലചക്രം, പരമകാലചക്രം, മഹാകാലചക്രം എന്നിങ്ങനെ ശാസ്ത്രപരമായ കാലഗണനയും ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയവയുടെ പ്രത്യേകതകളും വിസ്തരിച്ചിരിക്കുന്നു. മഹാശക്തിയായ ദൈവം മഹാജഗദംബയായി എഴുന്നള്ളുകയാൽ ഇപ്പോഴത്തേത് മഹാസൃഷ്ടിചക്രം ആകുന്നു.

മൂന്നാം ഭാഗത്തിൽ ഓം എന്നാലെന്തെന്ന് മഹാശാസ്ത്രപരമായി വിശദീകരിച്ചിരിക്കുന്നു. ഓം മഹാശാസ്ത്രപരം മാത്രമാണ്, മതപരമല്ല. മഹാദേവിയുടെ മഹാചിരിയാണ് ഓം. ശബ്ദബ്രഹ്മമാണ് ഓം. അക്ഷരബ്രഹ്മമാണ് ഓം. സൃഷ്ടിമന്ത്രമാണ് ഓം. ആദിവചനമാണ് ഓം. മഹാശാസ്ത്രമൂലമാണ് ഓം.

സംഹാര കാഹളം കൂടിയായ ഓം വൈകാതെ ഭൂമിയിലൊക്കെയും ദീർഘകാലം മുഴക്കിക്കൊണ്ട്, മഹാദേവി മായയെ പ്രത്യക്ഷമാക്കുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി നടത്തുവാനുള്ള മൂലകാരണം ഉള്പ്പെടെയുള്ള മഹാശാസ്ത്രത്തിലെ അതിമഹത്തായ പാഠങ്ങളെയും, മഹാദേവിയുടെ മഹാ-ഹൃദയമായ ഓംകാരത്തെയും, ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രത്തെയും, മഹാലിംഗത്തെയും

സംഹാരകാര്യങ്ങളെയും മഹാശാസ്ത്രപരമായിവിശദീകരിച്ചിട്ടുണ്ട്. മായ പ്രത്യക്ഷമല്ലാത്തപ്പോഴും മായ പ്രത്യക്ഷമായിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുമ്പോഴും ദൈവം മഹാനീതിശാസ്ത്രപ്രകാരം എല്ലാ മനുഷ്യർക്കും, എല്ലാ ജീവികൾക്കും മഹാസമനീതിയെ മഹാലഭ്യമാക്കുന്നുണ്ടെന്ന് സുവ്യക്തമാക്കുന്നു; ദൈവ വിപ്ലവത്തോടെ ജനങ്ങൾക്ക് പ്രകടമായും ബോദ്ധ്യപ്പെടുന്നതാണ്.

മഹാശക്തിയായ ദൈവം ഭൂമിയിൽ മനുഷ്യരൂപത്തിൽ മഹാദേവിയായി മഹാഎഴുന്നള്ളിക്കഴിഞ്ഞിരിക്കുന്നു എന്നതും അറിയിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ മഹാശാസ്ത്രപ്രകാരം രൂപപ്പെടുത്തുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നു. പ്രാർത്ഥന, ദൈവാരാധന തുടങ്ങിയ നിരവധി കാര്യങ്ങളും ഈ അദ്ധ്യായത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ബ്രഹ്മം, മഹാദേവി, പരിശുദ്ധാത്മാവ്, അല്ലാഹു, ക്രൈസ്റ്റ്, യഥാർത്ഥ മുഹമ്മദ്, പരമശിവൻ എന്നീ പദങ്ങൾ ശാസ്ത്രപരമാകുന്നത് എങ്ങനെയെന്നും വിവരിക്കുന്നു.

നാലാം ഭാഗത്തിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായിട്ട് മഹാശക്തിയായ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തെ അഥവാ യഥാർത്ഥമായ വേദങ്ങളെ വിശദീകരിക്കുന്നു. ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയശാസ്ത്രം, മന്ത്രശാസ്ത്രം എന്നീ 3 + 1 = 4 വേദങ്ങളിലും നിയമങ്ങളാണുള്ളത്, യാതൊരു മനുഷ്യനാമങ്ങളും ഇല്ല തന്നെ. ദൈവത്തിന്റെ പ്രത്യേക ഭാഗവും ഏകദാസനുമായ പരമശിവന്റെ നാമം മഹാശാസ്ത്രഭാഗമാകുന്നത് എങ്ങനെയെന്ന് മഹാശാസ്ത്രപരമായി വിശദമാക്കുന്നു. ദൈവീകമായ സാമ്പത്തികശാസ്ത്രം വിശദമാക്കുന്നു. ധർമ്മശാസ്ത്രം നീതിശാസ്ത്രം, എന്നിവയിലെ നിയമ നിർമ്മാണം എങ്ങനെയെന്നും, ദയാവധം ശാസ്ത്രപരമാകുന്നത് എങ്ങനെയെന്നും ഒക്കെ വിശദീകരിച്ചിരിക്കുന്നു.

ദൈവത്തിന്റെ മഹാജ്ഞാനം തന്നെയാണ് മഹാശാസ്ത്രം, മഹാവേദം, ദൈവശാസ്ത്രം, എന്നീ പേരുകളിലുള്ളത്. മണ്ണായ ദൈവത്തിന്റെ നിയമങ്ങളെ മണ്ണിൽ തന്നെ മഹാലയിപ്പിച്ചിരിക്കുന്നു എന്നും മണ്ണായ ദൈവത്തിന്റെ മഹാജ്ഞാനം, ദൈവം തന്നെയായ മണ്ണിൽ വർത്തിക്കുന്നു എന്നും പറയാം.

അഞ്ചാം ഭാഗത്തിൽ മഹാശക്തിയായ മഹാദേവി ഓം എന്ന് മഹാചിരിക്കുമ്പോൾ, വൈകാതെ ഭൂമിയിലെങ്ങും മഹാസംഗീതമായിട്ട് ദൈവ വിപ്ലവം മഹാആരംഭിക്കുന്നതാണ്. ദൈവം മഹാചിരികൊണ്ടു മാത്രം ഭൂമിയിലെ എല്ലാ പ്രശ്നങ്ങളും പരിഹാരമുണ്ടാക്കുന്നു !

ആറാം ഭാഗത്തിൽ സംഹാരം എന്ന മഹാപ്രക്രിയ നടത്തുന്നതെങ്ങനെയെന്നു മാത്രം അറിയിക്കുന്നു. മായ പ്രത്യക്ഷമാകുന്നതോടെ ഭൂമിയിൽ 500 വർഷക്കാലം ദൈവരാജ്യം അഥവാ ധർമ്മരാജ്യം നിലനില്ക്കുന്നതും ശേഷം സൃഷ്ടിചക്രം സംഹരിക്കപ്പെടുന്നതുമാണ്.

ഏഴാം ഭാഗം സ്മൃതിയാണ്. ഓർക്കുന്നവ, ഓർമ്മിപ്പിക്കുന്നവ. രണ്ടാം മഹാകാലചക്രം മുതൽ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുന്നതിനുമുമ്പ് മഹാശക്തിയായ ദൈവം മഹാസ്നേഹമാണെന്ന് സാക്ഷ്യപ്പെടുത്താനായിട്ട് ആദ്യ മഹാകാലചക്രത്തിൽ, മോക്ഷത്തെ നേടിയ ഏതാനും മനുഷ്യരെ നിയമിച്ചതിനെയും ഇപ്പോൾ പിൻവലിച്ചു കൊണ്ടിരിക്കുന്നതിനെയും മറ്റും വിശദീകരിച്ചിരിക്കുന്നു.

എട്ടാം ഭാഗമായ പുരാണം പഴയകാല മനുഷ്യചരിത്രത്തെ കുറിക്കുന്നു.

ഒമ്പതാം ഭാഗം സത്യം ശിവം സുന്ദരം ആണ്. മനുഷ്യർക്ക് ധർമ്മശാസ്ത്ര കാര്യങ്ങളും നീതിശാസ്ത്ര കാര്യങ്ങളും വിശദീകരിക്കുന്നതിന് പരിധികളുണ്ടെന്ന് അറിയിക്കുന്നു. ഭ്രൂണ ഹത്യ, ബഹുഭാര്യത്വം എന്നിവയെ സുവ്യക്തമായി വിശദീകരിച്ചിരിക്കുന്നു.

പത്താം ഭാഗത്തില് ഓംസത്യം ഡോട്ട് കോം എന്ന വെബ്സൈറ്റിനെ സൂചിപ്പിച്ചിരിക്കുന്നു.

~~മണ്ണടി എന്ന മഹാശാസ്ത്ര മഹാസംഗ്രഹത്തെ 2015 അവസാനം മഹാഗ്രന്ഥത്തിലെ പത്താം ഭാഗത്തിന്റെ അനുബന്ധമെന്നോണം ആരംഭിച്ചെങ്കിലും തുടരണമെന്ന് തൽക്കാലം അഭിപ്രായമില്ല.~~

മരണാനന്തരജീവിതത്തില് സുഖങ്ങളുടെ നിത്യകേന്ദ്രമെന്ന് വിശേഷിപ്പിക്കുന്ന സ്വര്ഗ്ഗത്തിലേക്കും ദുഃഖങ്ങളുടെ നിത്യകേന്ദ്രമെന്ന് വിശേഷിപ്പിക്കുന്ന നരകത്തിലേക്കും വ്യക്തികളെയും ജീവാത്മാക്കളെയും കടത്തിവിടുന്നതിന് അളവുകോലാക്കുന്ന ഇടത്താവളമായി പ്രപഞ്ചത്തെ അഥവാ ജഗത്തിനെ മിക്ക മതങ്ങളും വിശേഷിപ്പിക്കുന്നുണ്ട്. യാഥാര്ത്ഥ്യവുമായി യാതൊരു ബന്ധങ്ങളുമില്ലാത്തതും, അഭിപ്രായ പ്രകടനങ്ങള് മാത്രവുമായ മത-വ്യാഖ്യാനങ്ങളെ ശരിവെച്ചാല് പോലും, മരണാനന്തര ജീവിതത്തിലെ സുഖദുഃഖങ്ങള്ക്കും ദൈവീക നീതികാര്യങ്ങള്ക്കും പ്രപഞ്ചത്തിലെ ജീവിതം നിദാനമാകുന്നുണ്ടെന്നും പ്രപഞ്ചത്തിന് ഔന്നത്യം ഉണ്ടെന്നും വ്യക്തമാകുന്നുണ്ട്. അതായത്, പ്രപഞ്ചത്തെയും പ്രപഞ്ചജീവിതത്തെയും മോശമായി വിശേഷിപ്പിക്കുന്നതിലാണ് മതപുരോഹിതന്മാര്ക്ക് കൂടുതല് താല്പര്യമെങ്കിലും, ദൈവത്തിന്റെ എന്തെങ്കിലും നേട്ടത്തിനല്ല, മറിച്ച് ജീവികളുടെ (ആനന്ദങ്ങള്ക്കും) നീതികാര്യങ്ങള്ക്കുമാണ് പ്രപഞ്ചജീവിതമെന്നും, മരണാനന്തരജീവിതത്തിലെ സുഖദുഃഖങ്ങളെ നിശ്ചയിക്കുന്ന പ്രപഞ്ചജീവിതം സുപ്രധാനമാണെന്നും പുരോഹിതന്മാര് തന്നെ സമ്മതിക്കുന്നുണ്ട്. ജനിക്കും മുമ്പു മരിച്ച കുഞ്ഞിനും, ജനിച്ച് ഏതാനും ദിവസങ്ങളോ മാസങ്ങളോ വര്ഷങ്ങളോ മാത്രം ജീവിച്ചശേഷമ മരിച്ച കുഞ്ഞിനും, 100 വയസ്സുവരെ ജീവിച്ച വ്യക്തിക്കും മരണാനന്തരജീവിതത്തില് സുഖദുഃഖങ്ങളെ നിശ്ചയിക്കുന്നതിന്റെ അളവുകോല് വിവരിക്കുവാന് അപ്പോഴും മതങ്ങള്ക്കു കഴിയുന്നില്ല. മാത്രമല്ല, ലിംഗം, ആരോഗ്യം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ദേശം, തുടങ്ങിയവകളിലെ വ്യത്യാസങ്ങള് ജന്മഗുണങ്ങളാവുകയാല് ആവക കാര്യങ്ങളിലെ

ദൈവീകനീതികാര്യങ്ങളെ വിവരിക്കുവാനും മതങ്ങള്ക്കു കഴിയുന്നില്ല, കഴിയുന്നതുമല്ല.
മനുഷ്യന്റെ അഥവാ ജീവികളുടെ ആത്മീയ സാക്ഷാത്ക്കാരം എന്താണെന്ന് ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുള്ളതു പഠിക്കുമ്പോള്, ജീവിതത്തില് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അനന്തമായ ആനന്ദങ്ങളെ (ശരീരത്തിലൂടെ) അനന്തമായി അനുഭവിക്കുവാന് തന്റെ കുഞ്ഞുങ്ങളായ ജീവികള്ക്ക് ദൈവം നല്കുന്ന മഹാപദ്ധതി കൂടിയാണ് മഹാപ്രപഞ്ചത്തിലെ ജീവിതമെന്ന് വ്യക്തമാകുന്നതാണ്.
മനുഷ്യ ജീവിതത്തില് (ശരീരത്തിലൂടെ) അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അനന്തമായ ആനന്ദങ്ങളെ ആത്മീയ സാക്ഷാത്ക്കാരത്തില് അനന്തമായി അനുഭവിക്കുമ്പോഴും എല്ലാ ജീവികള്ക്കും ശരീരവുമുണ്ട് എന്നറിയണം. ആത്മീയ സാക്ഷാത്ക്കാരത്തില് എല്ലാ ജീവികള്ക്കും മഹാആനന്ദങ്ങള് സമമായി അനുഭവിക്കുവാന് കഴിയുന്ന സമ-രൂപത്തോടെയുള്ള ശരീരം ലഭിക്കുന്നുണ്ട് എന്നത് വേറെ വിവരിച്ചിട്ടുണ്ട്.
മഹാശക്തിയായ ദൈവം, മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ടും മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായിട്ടുമാണ് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നും ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്. മതങ്ങള് ചെയ്യുമ്പോലെ, മഹാശാസ്ത്രത്തെ മറന്നും അറിയാതെയും പ്രസ്താവങ്ങള് നടത്തുമ്പോഴും, ഭൂമിയും സൂര്യനും ചന്ദ്രനും ഒക്കെയുള്ള മഹാപ്രപഞ്ചം സൃഷ്ടിക്കാതെ എങ്ങനെയാണ് ദൈവം ജീവി സൃഷ്ടി നടത്തുക. ജീവികള്ക്ക് ജനിക്കുവാനും ജീവിക്കുവാനും ഭൂമി വേണ്ടേ ?
ഭൂമിയെപ്പറ്റി മഹാശാസ്ത്രപരമായി വിശദീകരിക്കുവാന് തന്നെ അനവധി ഗ്രന്ഥങ്ങള് വേണമെന്നിരിക്കെ ഭൂമിയുടെ ഔന്നത്യത്തെ അറിയാതെയും മനസ്സിലാക്കാന് ശ്രമിക്കാതെയും കൂടിയാണ് മതാചാര്യന്മാരും മതപുരോഹിതന്മാരുമൊക്കെ തങ്ങള് ജീവിക്കുന്ന പ്രപഞ്ചത്തെ നിരാകരിക്കുന്ന മിഥ്യാവാദങ്ങള് പ്രചരിപ്പിച്ചുപോന്നത്. കടുത്ത ദൈവനിന്ദയാണ് അവര് ചെയ്തുകൂട്ടിയത്.
ഏതാനും നൂറ്റാണ്ടുകളിലെ മാത്രം (അപൂര്ണ്ണ)ചരിത്രം അറിയുന്നവരാണ് മനുഷ്യരെന്നതും, ഏതാനും നൂറ്റാണ്ടുകളുടെയോ ദശാബ്ദങ്ങളുടെയോ ആയുസ്സുമാത്രമാണ് മതങ്ങള്ക്കും രാഷ്ട്രീയ ഇസങ്ങള്ക്കും ഉള്ളതെന്നും, മനുഷ്യര്ക്കറിയാത്ത അനവധി കാര്യങ്ങള് മഹാപ്രപഞ്ചത്തില് ഉണ്ടെന്നും ഉള്ക്കൊണ്ട് മനുഷ്യര് പെരുമാറേണ്ടതുണ്ട്. ഇന്നത്തെ മനുഷ്യരറിയുന്ന ഏറ്റവും പഴക്കമുള്ള മതത്തിനും ഏതാനും ആയിരം വര്ഷങ്ങളുടെ ആയുസ്സാണ് ഉള്ളതെന്നതിനെ മഹാപ്രപഞ്ചത്തിന്റെ ആയുസ്സുമായി ചേര്ത്തു

വായിക്കുമ്പോള്, ജീവി-ജീവിതങ്ങളുമായി ബന്ധപ്പെട്ട അനവധി സൃഷ്ടിചക്രങ്ങള് കഴിഞ്ഞിട്ടുണ്ടാവുമെന്ന് മനസ്സിലാക്കാന് എളുപ്പമാണ്. 10000 വര്ഷം = 1 സൃഷ്ടിചക്രം, 100 സൃഷ്ടിചക്രം = 1 കാലചക്രം, 100 കാലചക്രം =1 പരമകാലചക്രം, 100 പരമകാലചക്രം = 1 മഹാകാലചക്രം = ആയിരം കോടി വര്ഷം എന്ന ഒരു മഹാ-കണക്ക് ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തില് ലഭ്യമാണ്. രണ്ടാം മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമാണ് ഇപ്പോഴത്തേതെന്നും, പ്രമുഖ മതങ്ങളില് മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നും പേരുകളില് അറിയപ്പെടുന്നവരെയെല്ലാം പിന്വലിച്ചുകൊണ്ട് മഹാപ്രപഞ്ചത്തിന്റെ മഹാഭരണം മുഴുവന് ദൈവം തനിച്ച് ഏറ്റെടുക്കുകയും മനുഷ്യരൂപത്തോടെ അവതരിക്കുകയും ചെയ്യുന്നതായ മഹാസൃഷ്ടിചക്രം കൂടിയാണ് ഇപ്പോഴത്തേതെന്നും, വൈകാതെ ഭൂമിയിലെങ്ങും ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ മഹാപ്രപഞ്ചത്തെ മഹാസത്യമായിട്ടാണ് ദൈവം നിലനിര്ത്തുന്നത് എന്നതുള്പ്പെടെയുള്ള എല്ലാക്കാര്യങ്ങളും സുവ്യക്തമാകുമെന്നും ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയും, സൃഷ്ടി - സ്ഥിതി - സംഹാര കര്ത്താവും, മഹായജമാനനും, മഹാനീതിപതിയും, മഹാപിതാവും, മഹാമാതാവുമായ ദൈവം യഥാര്ത്ഥത്തില് ജീവിയോ പുരുഷനോ സ്ത്രീയോ അല്ല. മഹാദേവന് എന്ന മഹാപുരുഷരൂപവും മഹാദേവി എന്ന മഹാസ്ത്രീരൂപവും ദൈവത്തിനുമാത്രം അവകാശപ്പെട്ടതാണെങ്കിലും, മഹായജമാനനും മഹാനീതിപതിയും കൂടിയായ മഹാപുരുഷരൂപത്തിലുള്ള ദൈവത്തെ മനുഷ്യര് ഭയക്കും എന്നുള്ളതുകൊണ്ട് ദൈവം മഹാപുരുഷരൂപം സ്വീകരിക്കുന്നില്ല. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം മഹാപ്രപഞ്ചത്തെ പ്രസവിച്ചിട്ടുള്ള മഹാജഗദംബ എന്ന സ്ത്രീരൂപം മാത്രം സ്വീകരിച്ചുകൊണ്ട്, തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം മഹാവാത്സല്യം നല്കുന്ന മഹാമാതാവായ മഹാദേവി ആയിട്ട് ഏകദൈവം അവതരിക്കുന്നു. ദൈവകാര്യങ്ങളെ മനുഷ്യരെ അറിയിക്കുന്നത് ഉള്പ്പെടെ ദൈവം മഹാനിശ്ചയിച്ച് ഏല്പിക്കുന്ന ഏതാനും കാര്യങ്ങളെ ചെയ്യുവാനായി തന്റെ ഒരു ഭാഗമെന്നോണം പരമശിവന് എന്നപേരില് (മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം) ഏകദാസനെയും സൃഷ്ടിച്ചിട്ടുണ്ട്. ഏകദൈവവും, ദൈവത്തിന്റെ ഒരു ഭാഗമെന്നോണമുള്ള ഏകദാസനും എന്ന മഹാആവിഷ്ക്കാരത്തിന് ഹിന്ദുമതത്തിലെ ശക്തി-ശിവന് എന്നിവയുമായും; ഇസ്ലാം മതത്തിലെ ഏകദൈവവും മഹായജമാനനുമായ അല്ലാഹുവും ഏകദാസനായ യഥാര്ത്ഥ

മുഹമ്മദുമായും; ക്രിസ്തുമതത്തിലെ പരിശുദ്ധാത്മാവും ഏകപുത്രനായ ക്രൈസ്റ്റുമായും; ബന്ധമുണ്ട്. ആവക കാര്യങ്ങള് ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദമാക്കിയിട്ടുണ്ട്. ഏകദൈവമായിരുന്നുകൊണ്ടു തന്നെ തന്റെ ഒരുഭാഗമായി ഏകദൈവദാസനെ ശാസ്ത്രപരമായി സൃഷ്ടിക്കുന്നതെങ്ങനെയെന്ന് ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിലുണ്ട്. മഹാദേവി തന്നെയാണ് മഹാദേവന് എന്നതറിയാതെ, അനേകര് ദൈവദാസനായ പരമശിവനെ മഹാദേവനായി തെറ്റിദ്ധരിച്ചിട്ടുണ്ട്. മഹാദേവിയുടെ മഹാചിരി കൂടിയാണ് ഓം എന്നും, മഹാപ്രപഞ്ചത്തിന്റെ മഹാനിയന്ത്രണ ശക്തിസത്തയായി അനേകര് മനസ്സിലാക്കിപ്പോരുന്ന ഓംകാരം യഥാര്ത്ഥത്തില് മഹാദേവിയുടെ മഹാഹൃദയം കൂടിയാണെന്നും തന്റെ ഏകദാസനായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നതും മഹാസൃഷ്ടിചക്രം മുതലാണ്. ആവക കാര്യങ്ങളുടെ വിശദവിവരങ്ങള് ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിലുണ്ട്.
മഹാശക്തിയായ ദൈവം എന്നതിനെ ദൈവം എന്നും, സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവം എന്നതിനെ കര്ത്താവായ ദൈവം എന്നും, മഹാശക്തിയായ മഹാദേവി അഥവാ ദൈവം എന്നതിനെ മഹാദേവി എന്നും, ഗ്രന്ഥത്തില് ചുരുക്കി എഴുതുന്നതാണ്.

ശരീരം

ഓരോ ജീവിയുടെയും പ്രത്യക്ഷവും പ്രകടവുമായ ശരീരരൂപത്തെയാണ് ജീവിയുടെ രൂപമായി കണക്കാക്കുന്നത്. ശരീരമെന്നു പറയുമ്പോള് അനവധി അവയവങ്ങളും അവയ്ക്കെല്ലാം പ്രവര്ത്തനപദ്ധതികളുമുണ്ട്. ഉദാഹരണത്തിന് കൈയ്യ് എന്ന അവയവം എടുക്കുകയാണെങ്കില്, കൈയ്യുടെ ചലനശക്തികളും, കൈയ്യിലെ വിരലുകളും, വിരലുകളുടെ വ്യത്യസ്തതകളും, വിരലുകളുടെ വ്യത്യസ്തതകള് പ്രസ്തുത ജീവിയുടെ ജീവിതകാര്യങ്ങള്ക്ക് പ്രയോജനപ്പെടുന്ന പ്രവര്ത്തനപദ്ധതികളും തുടങ്ങി ബഹുവിധ കാര്യങ്ങള് ഉള്പ്പെടും. മറ്റൊരു ഉദാഹരണമായിട്ട് മനുഷ്യന്റെ തലയെപ്പറ്റി പറയുമ്പോള്, കണ്ണുകള്, ചെവികള്, മൂക്ക്, വായ്, പല്ല്, നാവ്, തുടങ്ങിയ അനേകം അവയവങ്ങളെ മഹാവിദഗ്ദ്ധമായും മഹാസുന്ദരമായും മുഖത്തില് ക്രമീകരിച്ചുകൊണ്ട്, നെറ്റി, മുടി, തലയോട്ടി, തലച്ചോര് തുടങ്ങിയ അനേകം അവയവങ്ങളെ മുഖത്തോട് കോര്ത്തിണക്കിയിരിക്കുന്നു. ഹൃദയം, ശ്വാസകോശം, കരള്, ദഹനഗ്രന്ഥികള്, നട്ടെല്ല്, മജ്ജ, വാരിയെല്ല്, ആമാശയം, വയര്, ചെറുകുടല്, വന്കുടല്, കിഡ്നി, മറ്റ് വിസര്ജ്ജന-അവയവങ്ങള്,

ലൈംഗിക അവയവങ്ങള്, പ്രത്യുല്പാദനത്തിന് ആവശ്യമായ ശരീര അവയവങ്ങള്, കൈകാലുകള്, വിരലുകള്, ഉള്ളംകൈ, കാല്പ്പാദം, ശരീരത്തിലെ വ്യത്യസ്ത അവയവങ്ങളിലെ വ്യത്യസ്തങ്ങളായ ചര്മ്മങ്ങള്, ചര്മ്മരോമങ്ങള്, നഖം, മീശ, താടി, തുടങ്ങിയവയെല്ലാം തന്നെ മഹാവിദഗ്ദ്ധമായും മഹാസുന്ദരമായും കോര്ത്തിണക്കിയതാണ് ശരീരം. ശരീരത്തിലെ കോശങ്ങള് രൂപപ്പെട്ടിട്ടുള്ളത് അഥവാ ഉണ്ടാക്കിയിട്ടുള്ളത് ഭൂമിയുടെ അഥവാ മഹാപ്രപഞ്ചത്തിലെ മൂലകങ്ങളും സംയുക്തങ്ങളുമായ കാര്ബണ്, കാല്സ്യം, ഫോസ്ഫറസ്, ഇരുമ്പ്, ഓക്സൈഡുകള്, വെള്ളം, തുടങ്ങിയവകൊണ്ടാണ്. ശരീരത്തിലെ അഥവാ ജീവിയിലെ ദഹന വ്യവസ്ഥിതി, ഭക്ഷണ വ്യവസ്ഥിതി, വിസര്ജ്ജന വ്യവസ്ഥിതി, ശരീര വളര്ച്ചാ വ്യവസ്ഥിതി, ആരോഗ്യ വ്യവസ്ഥിതി, പ്രത്യുല്പാദന വ്യവസ്ഥിതി, നാഡീ വ്യവസ്ഥിതി, ആനന്ദ വ്യവസ്ഥിതി, തുടങ്ങിയവയെല്ലാം പ്രവര്ത്തിക്കുന്നത് ശാസ്ത്രം പ്രകാരമാണ്, ഒന്നുകൂടി വിശദമാക്കിയാല് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരമാണ്.

ഓരോ ജീവിയും അഥവാ ഓരോ വ്യക്തിയും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം പ്രവര്ത്തിക്കുന്ന ശരീരത്തെ വഹിക്കുന്നവര് കൂടിയാണെന്നത് സത്യമാണ്, മിഥ്യയല്ല. മനുഷ്യര് ഉള്പ്പെടെയുള്ള ജീവികള്ക്ക് ശരീരം ലഭിക്കുകയാണെന്നതും, അവരിലെ സ്വത്വബോധമോ മാതാപിതാക്കളുടെ സ്വത്വബോധമോ സൃഷ്ടിക്കുന്ന ഒന്നല്ല ശരീരമെന്നതും അതിഗൗരവമാണ്. കരയിലും കടലിലും ആകാശത്തും ജീവിക്കുന്ന ഭൂമിയിലെ അനന്തങ്ങളായ ജീവികളുടെ ശരീരങ്ങള് അവയുടെ ജീവിതത്തിന് എത്രമാത്രം പൊരുത്തമായിരിക്കുന്നു എന്നതിനെ അവയുടെയെല്ലാം ശരീരങ്ങളെ സൃഷ്ടിച്ചത് അവയുടെയോ മാതാപിതാക്കളുടെയോ സ്വത്വബോധമല്ലാ എന്നതുമായി ചേര്ത്തു ചിന്തിക്കുമ്പോഴുണ്ടാകുന്ന തിരിച്ചറിവുകൊണ്ടുമാത്രം നിരീശ്വരവാദം പൊളിയുന്നതാണ്. തങ്ങളുടേതെന്ന് അവകാശപ്പെടുന്ന ശരീരത്തിന്റെ വളര്ച്ച, രോഗങ്ങള്, നര, തുടങ്ങിയ കാര്യങ്ങള് മാത്രമല്ല, ഒരു മുഖക്കുരു ഉണ്ടാകുന്നതുപോലും അടിസ്ഥാനപരമായിട്ട് വ്യക്തിയുടെ നിയന്ത്രണത്തിലല്ല. ഓരോരുത്തരുടെയും ശരീരത്തിന് ബാല്യം, കൗമാരം, യൗവ്വനം, വാര്ദ്ധക്യം എന്നീ ദശകളില് ഉണ്ടാവുന്ന മാറ്റങ്ങളെയും, മനുഷ്യരുടെയെല്ലാം ശരീരങ്ങള് അടിസ്ഥാനപരമായി ഒരുപോലെയെന്നു പറയുമ്പോഴും, സൗന്ദര്യം, ആരോഗ്യം, നിറം, തുടങ്ങിയ ജന്മഗുണങ്ങളില് വ്യത്യാസപ്പെട്ടിരിക്കുന്നതിനെയും വിശകലനംചെയ്യുമ്പോള്, ശരീരം പ്രധാനമാണെന്നും, ശരീരത്തിന്

വ്യത്യാസങ്ങള് സൃഷ്ടിച്ചുകൊണ്ട് ദൈവം മഹാനീതി നടത്തുന്നുണ്ട് എന്നും തെളിയുന്നു. മനുഷ്യര്ക്കു നല്കുന്ന ഭൗതികശരീരത്തിലൂടെ ധര്മ്മങ്ങളെയും നീതിയെയും കൂടി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായ ദൈവം മഹാനിര്വ്വഹിക്കുന്നു എന്നു സാരം. ശരീരത്തിന്റെ പ്രാധാന്യങ്ങളെപ്പറ്റി ഇനി അല്പം വിസ്തരിക്കാം.

ശരീരമാണ് പ്രധാനം; ആത്മാവല്ല.

ദൈവം ഭൗതികപ്രപഞ്ചത്തെ സൃഷ്ടിക്കുന്നില്ലായെന്നും, (അതിനാല്) ഭൗതിക പ്രപഞ്ചം ഇല്ലായെന്നും സങ്കല്പിക്കുക. അങ്ങനെയാകുമ്പോള്, ആത്മാവുകള് എന്ന പേരോടെ എന്തിനെയെങ്കിലും ദൈവം സൃഷ്ടിക്കുകയാണെങ്കില് ശരീരമില്ലാത്ത അവയ്ക്ക് ഏതെങ്കിലും ഗുണങ്ങളോ രൂപങ്ങളോ ഉണ്ടാവുന്നതെങ്ങനെയെന്ന് ചിന്തിക്കുക. ഭൗതിക പ്രപഞ്ചത്തെയും ഭൗതികശരീരത്തെയും ആധാരമാക്കിയാണ് ജീവികള്ക്ക് ഗുണങ്ങളും ആനന്ദങ്ങളും ഉണ്ടാവുന്നത് എന്നിരിക്കെ, അവയില്ലെന്നാല് ആത്മാവുകള് എന്താണ് ചെയ്യേണ്ടതെന്നും, ആത്മാവുകള് എന്തിലാണ് സന്തോഷം കണ്ടെത്തുകയെന്നും അല്പം ചിന്തിക്കുക. യാതൊരു ഗുണങ്ങളും ഇല്ലാത്തതായ അവസ്ഥയില് യാതൊരു അര്ത്ഥങ്ങളുമില്ലാത്തതായ സൃഷ്ടികളായി ആത്മാവുകള് വര്ത്തിക്കേണ്ടിവരുമെന്നു കാണാം. ഇന്ദ്രിയങ്ങളോ ഇന്ദ്രിയ സംബന്ധികളായ കേഴ്വി, കാഴ്ച, സ്പര്ശം, രുചി, ഗന്ധം തുടങ്ങിയവയോ ഇല്ലാത്ത അവസ്ഥയും, പ്രസ്തുത അവസ്ഥയിലുള്ള ആത്മാക്കളുടെ സൃഷ്ടിയും വ്യര്ത്ഥമാണ്. അതായത് ഭൗതിക പ്രപഞ്ചവും, ഭൗതിക പ്രപഞ്ചത്തില് നിന്ന് രൂപപ്പെടുന്ന ഇന്ദ്രിയ സുഖങ്ങളോടെയുള്ള ഭൗതിക ശരീരവുമാണ് അര്ത്ഥപുഷ്ടമെന്ന തിരിച്ചറിവ് ചിന്താശക്തിയും ബുദ്ധിശക്തിയുമുള്ളവരില് ഉണ്ടാവുന്നതാണ്.

ശരീരം ഇല്ലാതെയും, ശൂന്യംപോലെ നിഗൂഢ-വാതകരൂപമായ അസ്തിത്വത്തോടെയും ജീവികളെന്ന പേരില് ആത്മാക്കളെ സൃഷ്ടിച്ചാല്, അവയ്ക്ക് ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും കഴിയുന്നതല്ല. യാതൊരു അര്ത്ഥപുഷ്ടിയുമില്ലാത്ത സൃഷ്ടിയാവുന്നതാണ്. അതായത്, പ്രകടമായ ഭൗതിക അസ്തിത്വമില്ലാതെ അഥവാ ശരീരമില്ലാതെ ജീവാത്മാവ് എന്നപേരില് വ്യക്തിയെ സൃഷ്ടിക്കുക എന്നത് വ്യര്ത്ഥമാണ്, വ്യര്ത്ഥ സൃഷ്ടിയാണ്. വ്യക്തിക്ക് ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ശരീരം വേണം. അതിനാല് ശരീരം തന്നെയാണ് ജീവിക്കു പ്രധാനം.

പുരോഹിതനും കൃഷിക്കാരനും കച്ചവടക്കാരനും മേശിരിയും

ആശാരിയും കൂലിവേലക്കാരനും ശാസ്ത്രജ്ഞനുമൊക്കെ ഭക്ഷിക്കുകയും കുടിക്കുകയും ആനന്ദിക്കുകയും ദുഃഖിക്കുകയും ഉറങ്ങുകയും ഒക്കെ ചെയ്യുന്നത് ശരീരംകൊണ്ടാണ്. കുഞ്ഞായി ജനിക്കുന്നതു മുതല് മരണംവരെയുമുള്ള ജീവികളുടെ എല്ലാ ആനന്ദങ്ങളും, എല്ലാ ദുഃഖങ്ങളും ഉള്പ്പെടെയുള്ള എല്ലാ കാര്യങ്ങളെയും ജീവികളുടെ ശരീരത്തെ മുന്നില്നിര്ത്തിയും ആത്മാവിനെ പിന്നില് നിര്ത്തിയുമാണ് ദൈവം സംവിധാനം ചെയ്തിട്ടുള്ളത്. ഞാന് പ്രാര്ത്ഥിക്കുന്നു എന്നു പറയുന്ന പുരോഹിതന് തന്റെ ശരീരം ഉള്പ്പെടെയുള്ള ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്; പറയാനും പ്രവര്ത്തിക്കാനുമൊക്കെ അദ്ദേഹത്തിന് ശരീരം കൂടിയേ കഴിയൂ, മാത്രമല്ല, ശരീരത്തിന് ആവശ്യമായ ഊര്ജ്ജ ഘടകങ്ങളെയും മറ്റു പോഷക ഘടകങ്ങളെയും അദ്ദേഹത്തിന്റെ ശരീരത്തിനു നല്കിയേ കഴിയൂ. ദൈവത്തിന്റെ ഏറ്റവും അടുത്തവരെന്ന് വേഷംകെട്ടുന്നവരായ എല്ലാ മതങ്ങളിലെയും പുരോഹിതന്മാര് ശരീരത്തിലൂടെ ദൈവം നല്കുന്ന ആനന്ദങ്ങളും ദുഃഖങ്ങളും രോഗങ്ങളും ചികിത്സകളും ഒക്കെ അറിഞ്ഞും അനുഭവിച്ചും തന്നെയാണ് ജീവിച്ചുപോരുന്നത്. ആത്മാവല്ല, ശരീരമാണ് ഭക്ഷിക്കുന്നതെന്നും, ശരീരമാണ് ഭക്ഷണരുചി ആസ്വദിക്കുന്നതെന്നും, രോഗവേദനകളും അപകട-വേദനകളുമൊക്കെ അനുഭവിക്കുന്നത് ശരീരം മാത്രമാണെന്നും, വ്യക്തികള്ക്കോ ആത്മാവിനോ വേദനകളില്ലെന്നും പറയുകയും വാദിക്കുകയും ചെയ്യുന്നുവെങ്കില് അവര് മൂഢരാണ്, പാപികളുമാണ്. മിഠായി നുണയുന്ന കുട്ടിയും, ഉരുണ്ടുവീണു കരയുന്ന കുട്ടിയും തിരിച്ചറിയുന്ന ആനന്ദവും ദുഃഖവും തിരിച്ചറിയാന് കഴിയാത്തവര്, മാനസികമായി കുട്ടികളുടെയത്ര പോലും മുതിര്ന്നിട്ടില്ല !
പാസ്പോര്ട്ട് പോലെയുള്ള അനേകം കാര്യങ്ങള്ക്ക് തങ്ങളുടെ മുഖം ഉള്പ്പെടെയുള്ള ശരീര-ഫോട്ടോകളാണ് മതപണ്ഡിതന്മാരും മത-ഭരണാധികാരികളും ഉള്പ്പെടെയുള്ളവര് ഉപയോഗിക്കുന്നത് എന്നതും ശരീരത്തിന്റെ ഔന്നത്യത്തെ എടുത്തുകാട്ടുന്നു. ആത്മാവിന് പ്രാധാന്യം കൊടുക്കുന്നവര് ആത്മാവിന്റെ ഫോട്ടോ ഉപയോഗിക്കാനാണ് പ്രയത്നിക്കേണ്ടത് !
ദൈവം, ജീവിയെ അഥവാ വ്യക്തിയെ സൃഷ്ടിക്കുന്നതിന് അര്ത്ഥമുണ്ടാകണം, സമ്പൂര്ണ്ണമായ അഥവാ കുറ്റങ്ങളും കുറവുകളുമില്ലാത്ത അര്ത്ഥങ്ങളോടെയാണ് ദൈവം വ്യക്തിയെ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതും. പ്രകടമായ ശരീരത്തോട്, പ്രകടമല്ലാത്ത ആത്മാവിനെ ചേര്ത്ത് തമ്മില് പിരിക്കാന് സാധിക്കാത്തതു പോലെയാണ് ദൈവം ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്.

ജീവിയെ സൃഷ്ടിക്കുന്നത് ജീവിയെ ആനന്ദിപ്പിക്കാനാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളായിട്ടാണ് ദൈവം ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. പ്രപഞ്ച സൃഷ്ടിയുടെ കാരണം അറിയിക്കുന്നു എന്ന അദ്ധ്യായത്തില് അക്കാര്യം വിശദീകരിച്ചിട്ടുണ്ട്. തന്റെ കുഞ്ഞുങ്ങളായി സൃഷ്ടിച്ചിട്ടുള്ളവരായ ജീവികള്ക്കെല്ലാം സമനീതി അഥവാ സമ-ആനന്ദത്തെ ലഭ്യമാക്കുവാന് മഹാനീതിപതി കൂടിയായ ദൈവത്തിനു ബാദ്ധ്യതയുണ്ട്. ദൈവം മഹാനീതി നല്കുന്നത് മഹാനീതിശാസ്ത്രത്തിലൂടെയാണ്. മഹാനീതി നല്കാനായി ആവിഷ്ക്കരിച്ചിട്ടുള്ളതായ മഹാനീതിശാസ്ത്രമനുസരിച്ച് വ്യക്തിയുടെ അഥവാ ജീവിയുടെ ശരീരത്തെ മരിപ്പിക്കുകയും, വ്യക്തിയുടെ ജീവാത്മാവിന്റെ പുതിയ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുമ്പോള്, അത് ശരീരത്തിലൂടെ വ്യക്തിക്ക് കൂടുതല് കൂടുതല് ആനന്ദങ്ങളെ നല്കുവാനും സമനീതി നിര്വ്വഹിക്കുവാനുമാണ്. സ്ത്രീ-പുരുഷ വ്യത്യാസം, നിറം, സൗന്ദര്യം, ആരോഗ്യം, ആയുസ്സ്, തൊഴില് (അഭിരുചി), വിനോദം (അഭിരുചി), തുടങ്ങിയ ജന്മഗുണങ്ങളില് വ്യത്യാസപ്പെടുത്തിക്കൊണ്ട് ദൈവം സമ-ആനന്ദങ്ങളെ എല്ലാ മനുഷ്യര്ക്കും ലഭ്യമാക്കുകയാണ്. അങ്ങനെയിരിക്കെ, ജീവികള്ക്ക് മഹാആനന്ദങ്ങളെ ലഭ്യമാക്കുവാനും, മഹാആനന്ദങ്ങളെ എല്ലാ ജീവികള്ക്കും സമമായി ലഭ്യമാക്കിക്കൊണ്ട് സമനീതി നിര്വ്വഹിക്കാനായും ദൈവം ജീവികള്ക്ക് മഹാശാസ്ത്രപരമായി സൃഷ്ടിച്ചിട്ടുള്ള ശരീരത്തെ തള്ളിപ്പറയുന്നത് കടുത്ത ദൈവനിന്ദയാണ്, കടുത്ത അപരാധമാണ്. അതായത്, പുനര് ജ്ജനനങ്ങളിലൂടെ ജീവികള്ക്കെല്ലാം അനന്തമായ ആനന്ദങ്ങളും, ജന്മഗുണങ്ങളായ സ്ത്രീ-പുരുഷ ലിംഗം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, പ്രദേശം, തൊഴില് അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയവ ക്രമപ്പെടുത്തിക്കൊണ്ട് സമനീതിയും സമ-ആനന്ദങ്ങളും, നല്കുവാനും, ധര്മ്മശാസ്ത്രത്തെ തെറ്റിക്കുന്ന ജീവികള്ക്ക് മഹാനീതിശാസ്ത്രം പ്രകാരമുള്ള ശിക്ഷകള് നല്കിക്കൊണ്ട് അവര്ക്കും സമനീതി നല്കുവാനും, ജീവികള്ക്ക് ശരീരം അത്യാവശ്യമാണ്. ഓരോ ജന്മങ്ങളിലും ജീവിയ്ക്ക് അഥവാ ജീവാത്മാവിന് പുതിയ പുതിയ ശരീരങ്ങള് നല്കുമ്പോഴും ജീവാത്മാവ് പ്രകടമാകുന്നതും ജീവിക്കുന്നതും ശരീരത്തിലൂടെയാണ്, അപ്പോഴും എപ്പോഴും ശരീരം തന്നെയാണ് പ്രധാനം എന്നു സാരം. ജീവാത്മാവിനെ കാണുകയും കേള്ക്കുകയും അനുഭവിക്കുകയും അറിയുകയും ഒക്കെ ചെയ്യുന്നത് ശരീരത്തിലൂടെയാണ്. ദൈവത്തെ ഉള്പ്പെടെ ഏതൊരാളെയും വ്യക്തികള് കാണുവാന് ആഗ്രഹിക്കുമ്പോഴും അത് ശരീരത്തെയാണ്, ശരീരരൂപത്തെയാണ്.

മനുഷ്യാവസ്ഥയിലുള്ള തന്റെ കുഞ്ഞുങ്ങള്ക്ക് അനന്തമായ ആനന്ദങ്ങളെ ദൈവം പരിചയപ്പെടുത്തുന്നതും നല്കുന്നതും അവയുടെ ശരീരത്തിലൂടെയാണ്. 100 ജന്മങ്ങളിലൂടെ അനന്തമായ ബഹുവിധ ആനന്ദങ്ങളെ അറിയുകയും ആസ്വദിക്കുകയും ചെയ്ത മനുഷ്യരെയെല്ലാം, ആത്മീയസാക്ഷാത്ക്കാരത്തില് പ്രസ്തുത ആനന്ദങ്ങളെയെല്ലാം സ്വന്തം ആഗ്രഹപ്രകാരം അനന്തമായി അനുഭവിക്കുവാന് അവരുടെ മഹാപിതാവും മഹാമാതാവുമായ ഏകദൈവം മഹാ- അനുഗ്രഹിക്കുന്നു. ഒപ്പം ഭൂമിയിലെ ജീവിതത്തില് ആനന്ദങ്ങളെ സമമായി മാത്രം നല്കുവാന് മഹാനീതിപതി കൂടിയായ ദൈവം മഹാനീതിശാസ്ത്രം പ്രകാരം മഹാശ്രദ്ധിക്കുന്നുമുണ്ട്.

ജീവാത്മാവിന്റെ ഗൂഢാവസ്ഥ ദൈവാനുഗ്രഹമാണ്. ആത്മീയസാക്ഷാത്ക്കാരം ലഭിക്കുമ്പോള് പ്രത്യക്ഷവും പ്രകടവുമായ വാതകരൂപം ഉണ്ടായിരിക്കുകയും, ജീവികളില് വര്ത്തിക്കുമ്പോഴും ജീവികളില് നിന്ന് വേറിട്ട് വര്ത്തിക്കുമ്പോഴും ഗൂഢാവസ്ഥയിലുള്ളതുമായ ദൈവത്തിന്റെ കുഞ്ഞാണ് ആത്മാവ് അഥവാ ജീവാത്മാവ്. ജീവിയുടെ ശരീരത്തിലായിരിക്കുമ്പോള്, ആത്മാവ് ജീവിയുടെ ശരീരത്തില് ലയിച്ച് ശരീരത്തിന്റെ ഭാഗമെന്നപോലെയും ശരീരവും ജീവിയുമായിത്തന്നെ പ്രവര്ത്തിക്കുകയും ചെയ്യുന്നു. ജീവിയുടെ ശരീരത്തില്നിന്നു വേറിട്ടുനില്ക്കുമ്പോള് ഗൂഢമായ വാതക അസ്തിത്വം മാത്രമാണുള്ളത്. ജീവാത്മാവിന്റെ ഭൗതിക അസ്തിത്വം ഹൈഡ്രജന്, ഹീലിയം എന്നീ രണ്ട് വാതകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേപ്പറ്റിയും, നക്ഷത്രങ്ങളില് ഹൈഡ്രജന് വാതകം ഹീലിയമായും, ഹീലിയം വാതകം ഹൈഡ്രജനായും മാറുന്നത് എന്തുകൊണ്ട് എന്നതിനെപ്പറ്റിയും, ജീവിയുടെ ശരീരത്തില്നിന്നു വേറിട്ടുനില്ക്കുമ്പോള് ആത്മാവിന്റെ പ്രവര്ത്തനം എങ്ങനെയാണ് എന്നതിനെപ്പറ്റിയും, ഈ അദ്ധ്യായത്തില് തന്നെ പിന്നീട് വിശദീകരിക്കുന്നുണ്ട്.
ജീവികളില് വര്ത്തിക്കുന്നതായ ആത്മാവിനെ അഥവാ ജീവാത്മാവിനെ കാണാനോ മനസ്സിലാക്കാനോ പൊതുവെ കഴിയുന്നില്ല എന്നതിന്റെ പേരില് ജീവാത്മാവ് എന്നൊന്നില്ല എന്നു കരുതുന്നവര് പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ചില ഗൗരവമായ കാര്യങ്ങള് പറയാം. വ്യക്തിയുടെ മരണത്തോടെ, ശരീരത്തില് ഗൂഢമായി വര്ത്തിച്ചിരുന്ന ആത്മാവിനെ ദൈവം വേര്പെടുത്തുന്നത് കാണാന് കഴിയാത്തത് ദൈവം ജീവികള്ക്ക് നല്കിയിട്ടുള്ള ഒരു മഹാഅനുഗ്രഹമാണ്. അല്പം വിശദീകരിക്കാം :-
ജീവാത്മാവിന്റെ ഗൂഢാവസ്ഥ മാറിയാല് എന്തു സംഭവിക്കും എന്ന്

അല്പം ചിന്തിക്കുക. സാധാരണരീതിയിലും, രോഗങ്ങള്വന്നും, അപകടത്തില്പെട്ടും, കൊല്ലപ്പെട്ടും ഒക്കെ മരിച്ചവരുടെയും മരിക്കുന്നവരുടെയും ഒക്കെ ശരീരംവിട്ട് ആത്മാവ് അകലുന്നതും, ജീവിക്കുന്നവരുടെയും ഗര്ഭവതികളുടെയും ഒക്കെ ശരീരത്തില് അന്യ-ആത്മാവ് പ്രവേശിക്കുന്നതും സ്ഥിതിചെയ്യുന്നതുമൊക്കെ വ്യക്തമായി കാണാനും കേള്ക്കാനും കഴിയുന്ന അവസ്ഥ ഉണ്ടായാല് മനുഷ്യര്ക്ക് സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാന് കഴിയുന്നതല്ല. വീടുകളിലും പറമ്പുകളിലും റോഡുകളിലുമൊക്കെ തങ്ങള് അറിയുന്നവരുടെയും അറിയാത്തവരുടെയും ഇഷ്ടമുള്ളവരുടെയും ഇഷ്ടമില്ലാത്തവരുടെയും നല്ലവരുടെയും ക്രൂരന്മാരുടെയും ഒക്കെ ആത്മാക്കളെ കുഞ്ഞുങ്ങളും കുട്ടികളും മുതിര്ന്നവരും രോഗികളുമൊക്കെ കാണുകയും കേള്ക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായാല് അജ്ഞാനംകൊണ്ട് ആത്മാവില്ലെന്ന് ഇന്നു വാദിക്കുന്നവരും ആത്മാവ് നിഗൂഢമായിത്തന്നെ വേണമേ എന്ന് ദൈവത്തോടു കേഴുന്നതാണ്. മഹാനീതിയുമായി ബന്ധപ്പെട്ടുള്ള വ്യക്തിയുടെ ആത്മാവിന്റെയും ശരീരത്തിന്റെയും കാര്യങ്ങള് മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിവരിക്കുന്നുണ്ട്.

ഇനി മറ്റൊരു വിചിന്തനത്തിലേക്കു കടക്കാം. തീര്ത്തും രണ്ടായിരിക്കുന്ന ശരീരത്തെയും ജീവാത്മാവിനെയും ദൈവം ഒന്നായിട്ട് വ്യക്തിയില് സംയോജിപ്പിച്ചിട്ടുള്ളത് യഥാര്ത്ഥത്തില് വ്യക്തികളെ ആനന്ദിപ്പിക്കുകയാണു ചെയ്യുന്നത്. ശരീരത്തില് നിന്നും വേറിട്ടു പ്രവര്ത്തിക്കാന് ജീവാത്മാവിനെ അനുവദിച്ചാല് ജീവിതം ക്ലേശകരമാകുന്നതാണ്. മരണത്തിലൂടെയല്ലാതെ ജീവാത്മാവിനെ ശരീരത്തില്നിന്നും സ്വതന്ത്രമാക്കാനുള്ള മാര്ഗ്ഗങ്ങള് വ്യക്തിക്ക് / മനുഷ്യര്ക്ക് ലഭ്യമാക്കുന്നത് ശരിയാണോ എന്നു ചിന്തിച്ചുനോക്കുക. വ്യക്തിയുടെ മരണത്തിലൂടെയല്ലാതെ ജീവാത്മാവിനെ ശരീരത്തില് നിന്നും സ്വതന്ത്രമാക്കാനുള്ള മാര്ഗ്ഗങ്ങള് വ്യക്തിക്ക് ലഭ്യമാക്കിയാല്, ഭൂമിയിലുള്ള വലിയൊരു വിഭാഗം വ്യക്തികള് അങ്ങനെ ചെയ്താല് ജീവാത്മാവുകള് ശരീരമില്ലാതെ പ്രവര്ത്തിക്കാന് തയ്യാറാവുന്ന അവസ്ഥയുണ്ടാവുന്നതാണ്, ആത്മാക്കളുടെ ലോകവും പ്രവര്ത്തനവും കൂടി ഭൂമിയിലുണ്ടാവുന്നത് നന്നായിരിക്കുമോ എന്നു ചിന്തിക്കുക. ശരീരത്തില് നിന്നും വേറിട്ടു പ്രവര്ത്തിക്കുവാന് ജീവാത്മാവിനെ അനുവദിച്ചാല്, എപ്പോഴും മായ പ്രത്യക്ഷമായിരിക്കുക കൂടിയാണത്. ജീവിതത്തിന്റെ അര്ത്ഥങ്ങളും മാനങ്ങളും എല്ലാം അപകടത്തിലാകുന്നതാണ്. ചുരുക്കത്തില് ശരീരത്തെയും ജീവാത്മാവിനെയും അഭിന്നമായി പ്രവര്ത്തിപ്പിക്കുന്ന മഹായോഗ്യമായ

ദൈവീക-സംവിധാനത്തെ പഠിക്കാനും മനസ്സിലാക്കാനും അനുഗ്രഹിക്കണമേ എന്ന് ദൈവത്തോടു പ്രാര്ത്ഥിക്കുന്നതിനു പകരം മുന്വിധികളോടെ സമീപിച്ച് ദൈവനിന്ദ ചെയ്യരുത്. ദൗര്ഭാഗ്യവശാല് അനേകംപേര് ദൈവനിന്ദ തന്നെ ചെയ്യുന്നു.
മനുഷ്യരുടെ ജനനവും ജീവിതവും മരണവുമെല്ലാം ശരീരത്തെ ആസ്പദമാക്കിയിരിക്കെ മനുഷ്യരുടെ ആനന്ദത്തിനുവേണ്ടി ദൈവം നിഗൂഢമാക്കിയിരിക്കുന്ന ജീവാത്മാവിനെപ്പറ്റി പരിധികള്ക്കപ്പുറമായി ചിന്തിച്ച് സ്വയം ദൈവനിന്ദ ചെയ്യുകയും സമൂഹത്തെ വഴിപിഴപ്പിക്കുകയും ചെയ്യരുത്. മനുഷ്യരുടെ നല്ലതിനുവേണ്ടതായ കാര്യങ്ങളാണ് ദൈവം ചെയ്യുക എന്നതുപോലും ഉള്ക്കൊള്ളാതെ, വ്യത്യസ്ത മതങ്ങള് പ്രകാരം ജീവിക്കുന്നവരായ ആത്മീയപണ്ഡിതന്മാര് എന്നവകാശപ്പെടുന്ന വലിയൊരു വിഭാഗം ജനങ്ങള്, ദൈവം അപ്രധാനമാക്കിയിട്ടുള്ള ആത്മാവിനെ തങ്ങളുടെ പ്രഭാഷണങ്ങളിലൂടെ പ്രധാനമാക്കാന് ശ്രമിച്ച് എല്ലാ കാലഘട്ടങ്ങളിലും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവം നിര്വ്വഹിക്കുന്നതായ മഹാനീതിയുമായി ബന്ധപ്പെട്ട്, മനുഷ്യരുടെ നല്ലതിനുവേണ്ടി ദൈവം ഗൂഢമാക്കിയിട്ടുള്ള ആത്മാവിന്റെ കാര്യങ്ങള് മനുഷ്യജീവിതത്തില് അപ്രധാനമാണെന്നിരിക്കെ ആത്മാവിനെ പ്രധാനമെന്നും ശരീരത്തെ മിഥ്യയെന്നും വിശേഷിപ്പിച്ചുപോരുന്നത് കടുത്ത ദൈവനിന്ദയാണ്. ദൈവം പ്രധാനമാക്കിയിട്ടുള്ള ശരീരം, യാതൊരാളുടെയും പ്രഭാഷണങ്ങള്കൊണ്ട് അപ്രധാനമാകുന്നില്ല എന്നതാണ് യാഥാര്ത്ഥ്യം. തന്റെ കുഞ്ഞുങ്ങളായി താന് സൃഷ്ടിച്ചിട്ടുള്ള ജീവികളോട് ഒളിച്ചുകളി നടത്തിയിട്ട് ദൈവത്തിന് യാതൊന്നും നേടാനില്ലായെന്നും, തന്റെ കുഞ്ഞുങ്ങളുടെ ആനന്ദം വര്ദ്ധിപ്പിക്കുന്ന കാര്യങ്ങള് മാത്രമാണ് ദൈവം ചെയ്യുന്നതെന്നും അറിയുകയും മനസ്സിലാക്കുകയും ചെയ്യേണ്ടിയിരുന്നു, ചെയ്യണം. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലുമൊക്കെ ഉള്ളടക്കം ചെയ്തിട്ടുള്ള ഭൗതികശാസ്ത്രപാഠങ്ങള് കാലാകാലങ്ങളില് ചിട്ടയോടെ ദൈവം മനുഷ്യരിലൂടെ വെളിപ്പെടുത്തിക്കൊടുക്കുന്നതുപോലെ ആത്മാവിന്റെ ഭൗതിക അസ്തിത്വം സംബന്ധിച്ച പാഠങ്ങളും യഥാകാലം ദൈവം വെളിപ്പെടുത്തിക്കൊടുക്കുമെന്നും കരുതേണ്ടിയിരുന്നു.
മനുഷ്യരിലെ ഞാന്-ബോധം എന്നുകൂടി കഷ്ടിച്ച് വിശേഷിപ്പിക്കാവുന്ന ആത്മാവിന്, ആത്മാവിനെപ്പറ്റിയും ദൈവത്തെപ്പറ്റിയും ഒക്കെ ചിന്തിക്കാന് കഴിയുന്നതുതന്നെ ശരീരമുള്ള കുഞ്ഞായി ജനിച്ച് പരസഹായത്തോടെ വളര്ന്ന് എത്രയോ വര്ഷങ്ങള് പിന്നിട്ടശേഷമാണെന്നത് വളരെ ഗൗരവമായെടുക്കണം. ഒരേ

കാലഘട്ടത്തില് ജീവിക്കുന്നവര്ക്ക് ദൈവത്തെപ്പറ്റി ഗൗരവമായി ചിന്തിക്കാനുള്ള ബുദ്ധിശക്തികളും ഓര്മ്മശക്തികളും ഒരുപോലെയല്ലാ നല്കുന്നതെന്നതും അവയെ ജന്മഗുണങ്ങളായി മഹാനിശ്ചയിച്ചുകൊണ്ട് മഹാനീതിശാസ്ത്രപ്രകാരം മാത്രമാണ് നല് കുന്നതെന്നും മനസ്സിലാക്കുമ്പോള്, ധര്മ്മശാസ്ത്രപ്രകാരം ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം ആത്മാവിനെയും ദൈവത്തെയും അന്വേഷിക്കുവാന് സമയവും ഊര്ജ്ജവും വസ്തുക്കളും ഒക്കെ നഷ്ടപ്പെടുത്തുന്നത് തെറ്റാണെന്നും ദൈവനിന്ദയാണെന്നും കൂടി തെളിയുകയാണ്. ശരീരമുള്ളവര്, ശരീരമുള്ളവരുമായി സഹകരിച്ചുകൊണ്ട്, ഭക്ഷണം ഉള്പ്പെടെ (ശരീര) രൂപങ്ങളുള്ള എല്ലാ സുഖങ്ങളെയും ആസ്വദിച്ചുകൊണ്ട് ജീവിക്കയും, ശേഷം ആത്മാവിനെപ്പറ്റിയും പ്രപഞ്ചജീവിതത്തെപ്പറ്റിയും ഭോഷ്ക്കുകള് പറഞ്ഞുപരത്തുന്നത് കടുത്ത ദൈവനിന്ദയാണ്.

ഓരോ മനുഷ്യജീവിയും ഓരോ വ്യക്തിയാണ്. വ്യക്തി എന്നത് പ്രകടമായ ശരീരവും ഗൂഢമായ ആത്മാവും ചേര്ന്നതാണെന്ന് പറഞ്ഞുവല്ലോ. വ്യക്തിയായി ജനിക്കുന്നു. സുഖവും ദുഃഖവും വ്യക്തി അനുഭവിക്കുന്നു. വ്യക്തിയുടെ ശരീരം മരിക്കുന്നു; ആത്മാവ് മരിക്കുന്നുമില്ല. വ്യക്തിയുടെ ശരീരം ദൃശ്യമാണ്, ശരീരത്തിന്റെ ഘടനയും പ്രവര്ത്തനങ്ങളും ഏറെക്കുറെ വ്യക്തവുമാണ്. സുഖദുഃഖങ്ങള് വ്യക്തി അനുഭവിക്കുന്നു എന്നു പറയുമ്പോള്, ഓരോ വ്യക്തിയിലുമുള്ള ശരീരവും ആത്മാവും ഒന്നുചേര്ന്നുള്ള ഞാന്-ബോധത്തെയാണ് കുറിക്കുന്നത്. ജീവാത്മാവിന്റെ ഭൗതികാവസ്ഥ ഗൂഢമാണെങ്കിലും ആത്മാവ് അനുഭവിക്കുന്ന സുഖദുഃഖങ്ങള്ക്ക് വിഷയമാകുന്ന എല്ലാ കാര്യങ്ങളും ഭൗതികമായി വ്യക്തമാണ്, ഭൗതികമാണ്.

ഏതൊരു വ്യക്തിയുടെയും ആത്മാവിന്റെ രൂപമായി വിശദീകരിക്കാനാവുന്നത് ശരീരത്തിന്റെ രൂപത്തെയാണ്. മഹാദേവിയുടെയും ക്രൈസ്റ്റിന്റെയും ശിവന്റെയും ബുദ്ധന്റെയും ഗാന്ധിജിയുടെയുമൊക്കെ ശരീര രൂപങ്ങള് അവരുടെ ആത്മാവിനെയും പ്രതിനിധീകരിക്കുന്നു. മഹാദേവിയെയോ ക്രൈസ്റ്റിനെയോ ശിവനെയോ ഒക്കെ കാണാന് ആഗ്രഹിക്കുന്നവര് അവരറിയുന്ന ശരീര-രൂപത്തെയാണ് കാണാന് ആഗ്രഹിക്കുന്നത്. (ദൈവത്തിന് രൂപമില്ലെന്ന് വിശ്വസിക്കുന്നവരും ശരീര-രൂപങ്ങളോടെ ജീവിക്കുന്നവരാണ് !).

ശാസ്ത്രപരം മാത്രമായ രൂപം ദൈവം സ്വീകരിക്കുന്നുണ്ടെങ്കിലും, മനുഷ്യരുടെ പരമാനന്ദകരമായ ജീവിതത്തെ മുന്നിര്ത്തി ദൈവത്തിന്റെ മഹാനീതിനിര്വ്വഹണം പൊതുവെ ഗൂഢമായിട്ടാണ്. ദൈവത്തിന്റെ വാതകരൂപവും, ജീവികളുടെ ജീവനുമായ ഓക്സിജനെപ്പറ്റിയുള്ള

വിവരണങ്ങളില് നിന്ന് ആവക കാര്യങ്ങള് സുവ്യക്തമാക്കിയിട്ടുണ്ട്. ജീവികളുടെ സൃഷ്ടി, ജീവിതം, ആത്മീയസാക്ഷാത്ക്കാരം എന്നിവയെപ്പറ്റി അനവധി അസത്യ-വിശ്വാസങ്ങള് സമൂഹത്തില് വ്യാപിച്ചിട്ടുണ്ട്. അവ വൈകാതെ തിരുത്തപ്പെടുന്നതോടെ മനുഷ്യജീവിതം പ്രത്യക്ഷമായും ആനന്ദകരമാകുന്നതാണ്. ജീവിതത്തിന്റെ ഉദ്ദേശം ആനന്ദമാണ്. ദൈവം തന്റെ കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കുന്നതും അവയെ ജീവിപ്പിക്കുന്നതും എന്തിനുവേണ്ടി എന്ന ചോദ്യത്തിന് അടിസ്ഥാനപരമായി ഒരു ഉത്തരമേ ഉള്ളൂ. ആനന്ദിപ്പിക്കുവാന്. സൃഷ്ടിക്കുന്ന ജീവികള്ക്കെല്ലാം അനന്തമായ ബഹുവിധ ആനന്ദങ്ങളെ അവരുടെ മഹാമാതാവും മഹാപിതാവുമായ ദൈവം മഹാഅനുഗ്രഹിച്ചു നല്കുന്നു. അപ്പോള് ജീവികള് ജീവിക്കുന്നത് എന്തിനുവേണ്ടി എന്ന ചോദ്യത്തിന് അടിസ്ഥാനപരമായി ഒരു ഉത്തരമേ ഉള്ളൂ. ആനന്ദിക്കുവാന്. മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങളെപ്പറ്റി പറയുമ്പോള്, ആനന്ദങ്ങളുടെ സൃഷ്ടിയെപ്പറ്റിയും, ആനന്ദങ്ങളുടെ സ്ഥിതിയെപ്പറ്റിയും, ആനന്ദങ്ങളുടെ മഹാനീതിപരമായ വിതരണത്തെപ്പറ്റിയും പ്രത്യേകം പ്രത്യേകമായി വിശദീകരിക്കേണ്ടതുണ്ട്. ആനന്ദം, പരമാനന്ദം, മഹാആനന്ദം, ലിംഗം, മഹാലിംഗം; മഹാനീതിശാസ്ത്രം എന്നീ അദ്ധ്യായങ്ങളിലെ ഏതാനും ഭാഗങ്ങള് ചുവടെ ചുരുക്കി വിവരിക്കുന്നു.

ആനന്ദങ്ങളുടെ സൃഷ്ടി

ആനന്ദങ്ങളെ അറിയുകയും ആസ്വദിക്കുകയും ചെയ്യേണ്ടുന്നതിന്നായി, ഭൂമിയില് ആനന്ദങ്ങളെ സൃഷ്ടിക്കേണ്ടതുണ്ട്. ദൈവം, മഹാപ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളിലും (വസ്തുക്കളിലും) ആനന്ദങ്ങളെ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ആനന്ദങ്ങളെ ചിട്ടപ്പെടുത്തിയിട്ടുള്ളത് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം കൊണ്ടുതന്നെയാണ്. മനുഷ്യന് ഇന്നലെ കണ്ടെത്തിയതും ഇന്നു കണ്ടെത്തുന്നതും നാളെ കണ്ടെത്താനിരിക്കുന്നതുമായ ശാസ്ത്രപാഠങ്ങളെല്ലാം തന്നെ എന്നും മഹാപ്രപഞ്ചത്തില് അന്തര്ലീനമാണ്. ദൈവം കാലഘട്ടത്തിനനുസരിച്ച് അവയെല്ലാം വെളിപ്പെടുത്തുകയാണു ചെയ്യുന്നത്. മഹാപ്രപഞ്ചത്തില് ഉള്ളടക്കം ചെയ്തിട്ടുള്ള മഹാശാസ്ത്രം പ്രകാരം മാത്രമാണ് മനുഷ്യന് ഏതൊന്നും സൃഷ്ടിക്കാനും പ്രവര്ത്തിപ്പിക്കാനും കഴിയുക. മഹാശാസ്ത്രത്തിന്റെ ആദ്യശാഖയായ ഭൗതികശാസ്ത്ര പാഠങ്ങള് ദൈവം വെളിപ്പെടുത്തുന്ന മുറയ്ക്ക് അവ പ്രകാരമുള്ള സുഖസൗകര്യങ്ങളെ മനുഷ്യര്ക്ക് ലഭ്യമാക്കുകയും മനുഷ്യരുടെ ആനന്ദങ്ങളെ ദൈവം വര്ദ്ധിപ്പിക്കുകയും

ചെയ്യുന്നു. അനന്തമായ ആനന്ദങ്ങളെ മനുഷ്യര് അറിയുകയും അനുഭവിക്കുകയും ചെയ്യുന്നു.

ആനന്ദങ്ങളുടെ സ്ഥിതി/നിര്വ്വഹണം

ആനന്ദങ്ങളെ ആസ്വദിക്കേണ്ടുന്നതിന്റെ ക്രമങ്ങള് അഥവാ ധര്മ്മശാസ്ത്രം എന്താവണം എന്നുകൂടി പ്രസ്തുത ഭൗതികശാസ്ത്രനിയമങ്ങളോടൊപ്പം വസ്തുക്കളിലും ജീവികളിലും ദൈവം ഉള്പ്പെടുത്തിയിട്ടുണ്ട്. ധര്മ്മത്തെ അഥവാ ധര്മ്മശാസ്ത്രങ്ങളെ തെറ്റിച്ച് തങ്ങള്ക്കു തോന്നിയതുപോലെ പ്രവര്ത്തിച്ചാല് അത് മറ്റുള്ളവരുടെ ആനന്ദത്തെ നശിപ്പിക്കുന്നതാണ്. ധര്മ്മശാസ്ത്രപരമായ നടപടികള് മാത്രമേ മഹാപ്രപഞ്ചത്തിനു ചേരുകയുള്ളൂ.

ധര്മ്മശാസ്ത്രപരമായ നിയന്ത്രണത്തോടെയുള്ള കാര്യങ്ങളെയാണ് ദൈവീകമായത് അഥവാ ദൈവത്തിന് ഇഷ്ടമായത് എന്നുപറയുന്നത്. ദൈവം ജീവിസൃഷ്ടി നടത്തുമ്പോള് ജീവികള്ക്കെല്ലാം ആനന്ദകാര്യത്തില് ദൈവമാകാം എന്ന അവസ്ഥ ഉണ്ടാവണമെങ്കില്, ദൈവത്തിന് ലഭ്യമാകുന്ന സ്വാതന്ത്ര്യങ്ങളും ആനന്ദങ്ങളും ജീവികള്ക്കെല്ലാം ലഭിക്കണം. അതായത് ജീവികള്ക്കു മാത്രമല്ല, ദൈവത്തിന്റെ സ്വാതന്ത്ര്യത്തിനും ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങള് ആവശ്യമായി വരുന്നു. ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളെ സ്വയം പാലിക്കുവാന് തയ്യാറായിക്കൊണ്ടാണ് ദൈവം ജീവിസൃഷ്ടി ഉള്പ്പെടെയുള്ള മഹാപ്രപഞ്ച- സൃഷ്ടി നടത്തുന്നത് എന്നര്ത്ഥം. മറ്റൊന്ന് സത്യധര്മ്മനീതികളെ തന്റെ ഭാവമായി സ്വീകരിച്ചിരിക്കുന്ന അഥവാ ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളെ സ്വയം പാലിക്കുവാന് തയ്യാറായിട്ടുള്ള ദൈവത്തിന് ഓരോ ജീവിക്കും സമനീതി ലഭ്യമാക്കാന് ബാദ്ധ്യതയുണ്ട്. സൃഷ്ടികര്ത്താവായ ദൈവത്തിന് എല്ലാ ജീവികളുടെയും മഹാഭരണാധികാരിയും മഹാനീതിപതിയും എന്ന ചുമതല കൂടി സ്വീകരിക്കേണ്ടി വരുന്നു. എല്ലാ ജീവികളുടെയും എന്നു പറയുമ്പോള്, ഓരോ വ്യക്തിയും ഓരോരോ വര്ഗ്ഗമായിട്ട് വ്യത്യസ്തങ്ങളും ബഹുവിധങ്ങളുമായ പ്രശ്നങ്ങളോടെയും വിഷയങ്ങളോടെയും ജീവിക്കുന്നവരാകയാല്, ഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം പ്രകാരം ഓരോരോ വ്യക്തികളെയും പ്രത്യേകം പ്രത്യേകം കരുതേണ്ടിവരുന്നു. മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും കൂടിയായ ദൈവം ഓരോരോ വ്യക്തികളുടെയും ദാസന് അഥവാ ദാസിയായും പ്രവര്ത്തിക്കേണ്ടി വരുന്നു എന്നുകൂടിയാണ് അതിന്നര്ത്ഥം. ദൈവത്തിന്റെ വാതകരൂപമായിട്ടു പ്രവര്ത്തിക്കുന്ന ഓക്സിജനെപ്പറ്റിയും, ദ്രാവകരൂപമായിട്ടു പ്രവര്

ത്തിക്കുന്ന വെള്ളത്തെപ്പറ്റിയും, ഖരരൂപമായിട്ട് പ്രവര്ത്തിക്കുന്ന മണ്ണിനെപ്പറ്റിയും പഠിക്കുമ്പോള്, മഹാഭരണവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്യവുമെല്ലാം പ്രത്യക്ഷമായും ഗൂഢമായും നിര്വ്വഹിക്കുവാന് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം കൊണ്ട് മഹാപദ്ധതികള് ഒരുക്കിയിരിക്കുന്നു എന്നു മനസ്സിലാക്കാനാവും. (ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചിട്ടുള്ളതും ജീവികളെ കരുതുന്നതും, ദൈവത്തെ സ്തുതിച്ചുകൊണ്ടും ഭയപ്പെട്ടുംകഴിയുന്ന മനുഷ്യ-അടിമകളെ സൃഷ്ടിക്കാനല്ല എന്നും വെളിപ്പെടുന്നു.). ജീവികളുടെ ആനന്ദകരമായ ജീവിതത്തെയും ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെയും ഉറപ്പാക്കാനായിട്ട് ദൈവം മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് 14.29% മുതല് 17.43 / 19.44% വരെ ന്യൂനശക്തികളെ സൃഷ്ടിച്ചിട്ടുണ്ട്. ദൈവഭാവമായ സത്യ-ധര്മ്മ-നീതികളെ മഹാപ്രപഞ്ചത്തില് ഭൗതികമായി സൃഷ്ടിക്കുകയും സംരക്ഷിക്കുകയുമാണ് ന്യൂനശക്തികള് അടിസ്ഥാനപരമായി ചെയ്യുന്നത്. ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത ശക്തിപ്രഭാവത്തെ മഹാപ്രപഞ്ചത്തിലെ ഓരോ അണുവിലുംകൂടി ദൈവം ഭൗതികമായി പ്രകടമാക്കുന്നുണ്ട്. അതോടൊപ്പം, ജീവികള്ക്കെല്ലാം അനന്തമായ ആനന്ദങ്ങളും സമആനന്ദങ്ങളും നല്കുകയെന്ന മഹാപ്രപഞ്ചത്തിന്റെ ധര്മ്മത്തെ പ്രകടമാക്കിക്കൊണ്ട് ഭൗതികവസ്തുക്കളില് കൈയ്പും മധുരവും ഉള്പ്പെടെയുള്ള രസങ്ങളും അവയിലൂടെ വ്യത്യസ്തങ്ങളായ സുഖങ്ങളും ദുഃഖങ്ങളും സൃഷ്ടിക്കുകയും, വേര്തിരിച്ചും വേര്തിരിക്കാതെയും അവയെ സംരക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളെ അഥവാ ധര്മ്മശാസ്ത്രത്തെ പിന്പറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാല് അവയെ തിരുത്താനായി തിരുത്തല് ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും ന്യൂനശക്തികള് രൂപം പ്രാപിക്കുന്നതാണ്. ദൈവം, ന്യൂനശക്തികളെ തിരുത്തല് ശക്തികളായും വിരുദ്ധശക്തികളായും വ്യക്തികളോടു ചേര്ത്തു പ്രവര്ത്തിപ്പിക്കുന്നത് എങ്ങനെയെന്ന് ഗ്രന്ഥത്തില് പ്രത്യേകം അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. മനുഷ്യരുടെ അധമത്തങ്ങള് പൈ (3.14..) എന്ന നിയന്ത്രണഅളവുരേഖ കടക്കുമ്പോള് ന്യൂനശക്തികള് തിരുത്തല് ശക്തികളായും വിരുദ്ധശക്തികളായും പ്രവര്ത്തിക്കുന്നതാണ്. ശാസ്ത്രപരമായ പ്രസ്തുത വിശദീകരണങ്ങള് ഗ്രഹിച്ചാല് ബുദ്ധിജീവികളെന്നു കരുതുന്നവരും മതപുരോഹിതരും രാഷ്ട്രീയക്കാരും സാമ്പത്തികവിദഗ്ധരും ശാസ്ത്രജ്ഞരുമൊക്കെ ദൈവമഹത്വമറിഞ്ഞ് വളരെയധികം സന്തോഷിക്കുന്നതും, ചിലര്

ഞെട്ടിത്തെറിക്കുന്നതും, വളരെപ്പേര് ഭയപ്പെടുന്നതുമാണ്. സമഅനന്ദങ്ങളും, സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യവും അനുഭവിക്കുവാന് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളോടെ മനുഷ്യര് സ്വയം ജീവിക്കേണ്ടതുണ്ട്. ഭൗതികശാസ്ത്ര വികസനത്തിലൂടെ അറിയുവാനും ആസ്വദിക്കുവാനും കഴിയുന്നതായ ബഹുവിധ ആനന്ദങ്ങളെ എല്ലാ മനുഷ്യര്ക്കും സമമായി ആസ്വദിക്കുവാന് ഇന്ന് പ്രത്യക്ഷമായി കഴിയാത്തത് ധര് മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളെ മനുഷ്യര് പിന് പറ്റാത്തതുകൊണ്ടാണ്. ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളുടെ ആവശ്യകത ഉള്ക്കൊള്ളേണ്ടതിനു പകരം, ദുര്വ്യാഖ്യാനങ്ങളിലൂടെ സത്യങ്ങളെ മിഥ്യകളെന്നു പേരിട്ടും ആനന്ദകാര്യങ്ങളെ തെറ്റിദ്ധരിപ്പിച്ചും, ആത്മീയനേതാക്കളെന്ന് കരുതുന്ന അനേകര് പാപവും ദൈവനിന്ദയും ചെയ്യുന്നുണ്ട്.

മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികള്ക്കും സമ-ആനന്ദം ലഭ്യമാക്കുവാനായും, എല്ലാ കാര്യങ്ങളിലും മഹാനീതി വിധിക്കുവാനായും കുറ്റങ്ങളും കുറവുകളുമില്ലാത്ത ധര്മ്മശാസ്ത്രത്തെ ദൈവം ഉദ്ദേശിച്ചിട്ടുണ്ടാവുമെന്നും, ധര്മ്മശാസ്ത്രത്തെ മഹാപ്രപഞ്ചത്തില് /മൂലകങ്ങളില് ഉള്പ്പെടുത്തിയിട്ടുണ്ടാവുമെന്നും മനസ്സിലാക്കാനുള്ള ബുദ്ധിശക്തികളെ ദൈവം മനുഷ്യര്ക്ക് നല് കിയിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ മൂലകങ്ങളില് ദൈവം ഉള് പ്പെടുത്തിയിട്ടുള്ള ഭൗതികശാസ്ത്രനിയമങ്ങളെ കണ്ടെത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം മൂലകങ്ങളില് പ്രത്യക്ഷമെന്നോണം പ്രകടമായിട്ടുള്ള ധര്മ്മശാസ്ത്രത്തെ പിന്പറ്റി ജീവിക്കേണ്ടത് മനുഷ്യരുടെ ബാദ്ധ്യതയാണ്. ധര്മ്മശാസ്ത്രത്തെ മനുഷ്യര് അറിയുന്നുണ്ട്; എന്നാല് അവയെ ജീവിതത്തില് പിന്പറ്റാന് തയ്യാറാകുന്നില്ല എന്നതാണ് മുഖ്യമായ പിഴവ്.

ധര്മ്മശാസ്ത്രത്തെ പിന്പറ്റാതെ ജീവിച്ചാല് സാമൂഹ്യജീവിതം സാദ്ധ്യമല്ലാതെ വരും എന്നറിയിച്ചുവല്ലോ. ഒരു കൂട്ടം മനുഷ്യര് വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗംചെയ്തുകൊണ്ട് തങ്ങള്ക്കു തോന്നിയതുപോലെയൊക്കെ ജീവിച്ചാല്, അത് മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായി വരും. (സൃഷ്ടികര് ത്താവും സ്ഥിതികര്ത്താവും മഹാനീതിപതിയുമായ ദൈവം എല്ലാ വ്യക്തികള്ക്കും തുല്യമായ വ്യക്തിസ്വാതന്ത്ര്യത്തെയാണ് നല്കുന്നത്. ആകയാല് ധര്മ്മശാസ്ത്രത്തെ പിന്പറ്റാന് തയ്യാറല്ലാത്തവര്ക്കുവേണ്ടി ദൈവം കുറ്റങ്ങളും കുറവുകളുമില്ലാത്ത മറ്റൊരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. നാട്ടിലുള്ള സാമൂഹ്യജീവിതത്തെ ത്യജിച്ചുകൊണ്ട് കാട്ടില്

പോകുവാനും സ്ഥിരമായി കാട്ടില് ജീവിക്കുവാനുമുള്ള സ്വാതന്ത്ര്യമാണത്. സിംഹം, കടുവ, പുലി, കഴുത, കുരങ്ങ്, തുടങ്ങിയ മറ്റുള്ള ജീവികളെപ്പോലെ ജീവിക്കുവാനുള്ള സ്വാതന്ത്ര്യമാണത്. മറ്റുള്ളവരെ രക്തബന്ധ വിവേചനങ്ങള് ഇല്ലാതെ കാമം ഉള്പ്പെടെ ഏതൊരു കാര്യത്തിലും കടന്നാക്രമിക്കാനും, ദുഷ്പ്രേരണകള് നടത്താനും, തോന്നിയതുപോലെ ശബ്ദമുണ്ടാക്കാനും, മറ്റുള്ളവരുടെ പക്കലുള്ളത് പിടിച്ചുപറിക്കാനുമൊക്കെ ഒക്കെ ഒക്കെയുള്ള വ്യക്തിപരങ്ങളായ ഇഷ്ടങ്ങളെ സാധിക്കുവാന് ഓരോരുത്തര്ക്കും അവകാശമുണ്ടെന്നു കരുതുമ്പോള് ജന്തുനീതിയാണ് പ്രകടമാകുന്നത്. ജന്തുനീതി ആഗ്രഹിക്കുന്നവര്ക്ക് അതിനുള്ള സ്വാതന്ത്ര്യം നല്കുന്നു. സാമൂഹ്യജീവിതത്തിന് ആവശ്യമായ ധര്മ്മശാസ്ത്രത്തെ പിന്പറ്റുവാന് തയ്യാറാകാത്തവര് ഉടുവസ്ത്രത്തോടെ മാത്രം കാട്ടിലേക്കു പോവേണ്ടതുണ്ട്. നാട്ടില് ലഭ്യമായ യാതൊരു ഭൗതികശാസ്ത്ര സൗകര്യങ്ങളും കൂടെ കൊണ്ടുപോകുവാന് അവര്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.)

ജീവിതത്തിലെ അനേകം അനേകം വിഷയങ്ങളിലും വസ്തുക്കളിലും ഭരണകൂടങ്ങളും മതകൂടങ്ങളും മറ്റും നടത്തുന്ന അധര്മ്മങ്ങളെ നേരിടുന്നതിനു വേണ്ടിക്കൂടിയാണ് ദൈവം ന്യൂനശക്തികളെ സൃഷ്ടിച്ചിട്ടുള്ളത്. ഇന്ന് ഭൂമിയിലെങ്ങുമുള്ള വ്യത്യസ്തങ്ങളായ എല്ലാ ഭീകരവാദങ്ങളിലും ന്യൂനശക്തികള് പ്രവര്ത്തിക്കുന്നത് എങ്ങനെയെന്നും അവയ്ക്കെല്ലാമുള്ള ശാസ്ത്രപരമായ പരിഹാരങ്ങളെന്തെല്ലാമെന്നും ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്.

ആനന്ദങ്ങളുടെ മഹാനീതി

താന് സൃഷ്ടിക്കുന്ന എല്ലാ ജീവികള്ക്കും തുല്ല്യമായ ആനന്ദങ്ങളെ ലഭ്യമാക്കിയാല് മാത്രമേ ദൈവം മഹാനീതിപതി ആവുകയുള്ളൂ. അതിനായിട്ട്, പ്രപഞ്ചവസ്തുക്കളില് ആനന്ദങ്ങളെയും, ആനന്ദങ്ങള് ക്കെല്ലാം അളവുകളെയും ദൈവം മഹാനിശ്ചയിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ മൊത്തം ആനന്ദത്തെ 100 അളവായിട്ടാണ് മഹാനിശ്ചയിച്ചിട്ടുള്ളത്. (1) ഭക്ഷണ സാധനങ്ങള്ക്കെല്ലാം കൂടി 40 ആനന്ദ-അളവാണുള്ളത്. (2) മഹാപ്രപഞ്ചത്തിലെ എല്ലാ തൊഴിലുകളെയും യഥാര്ത്ഥമായ തൊഴില് വിഭജനക്രമം പ്രകാരം ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായി തിരിക്കുമ്പോള് ഓരോ വിഭാഗത്തിനും 5 ആനന്ദ-അളവുകളെ മഹാനിശ്ചയിച്ചിരിക്കുന്നു. അപ്പോള് 4 വിഭാഗങ്ങള്ക്കും കൂടി 40. (3) ദാനം (ത്യാഗം) 5, (4) ഭക്തി (പ്രിയം, ആദരം, ആരാധന) 5, (5) ദാസ്യം 5, (6) വാത്സല്യം 5, (7) പ്രേമം 5, (8) പ്രേമ-സാക്ഷാത്ക്കാരം 5.

എന്നിവയാണ് അടിസ്ഥാന ആനന്ദങ്ങള്. അവയില് (4) മുതല് (8) വരെയുള്ള ആനന്ദങ്ങളെ സംയോജിപ്പിച്ച് മനുഷ്യന്റെ പരമാനന്ദമായിട്ട് മഹാനിശ്ചിയിച്ചിട്ടുള്ള കാമം 25 സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷണമെന്നു പറയുമ്പോള് ഭൂമിയിലുള്ള എല്ലാ ഭക്ഷണവസ്തുക്കളില് നിന്നും ലഭിക്കുന്ന രുചി ഉള്പ്പെടുന്നു. കാമം ഒഴികെയുള്ള ഘടകങ്ങളില് ഭക്ഷണത്തിന് 40 ആനന്ദ-അളവ് ഉണ്ടെങ്കിലും, ഒരു വ്യക്തിക്ക് ഒരു സമയം ലഭിക്കുന്ന പരമാവധി ഭക്ഷണ-ആനന്ദം 5 അളവ് മാത്രമായിരിക്കും.

5 എന്ന ആനന്ദ-അളവില് ഉന്നതമായ ആനന്ദം മനുഷ്യനു ലഭിക്കുമെങ്കിലും, തന്നെത്താന് മറക്കുന്ന അവസ്ഥ 25 ആനന്ദ-അളവുള്ള കാമത്തിനു മാത്രമാണുള്ളത്. മനുഷ്യര്ക്ക് ജീവിതത്തിലും, ആത്മീയ സാക്ഷാത്ക്കാരത്തിലും ലഭിക്കുന്ന പരമാവധി ആനന്ദം അഥവാ പരമാനന്ദം എന്നത് ഓരോരുത്തരും തങ്ങളെത്തന്നെ മറക്കുന്നതായ കാമാനന്ദമാണ്. ഇണയോടുള്ള പ്രേമ-സാക്ഷാത്ക്കാരവും ആത്മീയസാക്ഷാത്ക്കാരവും കാമാനന്ദത്തില് ഒന്നിക്കുന്നു. 25 അളവുകളെയും ഒന്നിച്ചും കുറവില്ലാതെയും ലഭിക്കുന്ന പരമാനന്ദ അവസ്ഥയാണത്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുമ്പോഴും, ചെയ്യുവാനും ദൈവത്തിന് ആനന്ദം ലഭിക്കേണ്ടതുണ്ട്. ദൈവത്തിന്റെ ആനന്ദങ്ങളെപ്പറ്റി ഇനി പറയാം. ദൈവം തന്റെ തന്നെ ഒരംശത്തെ തന്റെ ഏകദാസനായി മഹാനിശ്ചയിച്ചിട്ടുണ്ട്, പ്രസ്തുത ദാസന്റെ പരമാനന്ദമായും മഹാ-ആനന്ദമായും ദൈവം മഹാനിശ്ചയിച്ചിട്ടുള്ളത് ദൈവത്തോടുള്ള മഹാദാസ്യമാണ്. മഹാദാസ്യത്തിന്റെ ആനന്ദ-മൂല്ല്യം 30 ആണ്. ദൈവത്തിന്റെ മഹാദാസനായി പ്രവര്ത്തിക്കുമ്പോള് മാത്രമാണ് തന്നെത്തന്നെ മറക്കുന്ന മഹാആനന്ദം ദൈവത്തിന്റെ ഏകദാസന് ലഭിക്കുക. മനുഷ്യരുടെ പരമാനന്ദത്തോട് 5 അളവിലുള്ള ദാസ്യം വീണ്ടും ചേര്ത്താണ് മഹാദാസ്യത്തെ സൃഷ്ടിച്ചിട്ടുള്ളത്.

ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള ദൈവം ആനന്ദത്തിന് അതീതമാണെങ്കിലും, തന്റെ സൃഷ്ടികളായ ജീവികളുടെ ആനന്ദത്തെ മുന്നിര്ത്തിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയുടെ മൂലകാരണത്തെ മുന്നിര്ത്തിയും തനിക്കും മഹാ-ആനന്ദവും ആനന്ദ-അളവും മഹാനിശ്ചയിച്ചിട്ടുണ്ട്. ദൈവത്തിന്റെ മഹാ-ആനന്ദം തന്റെ എല്ലാ സൃഷ്ടികളോടുമുള്ള മഹാവാത്സല്യമായി ദൈവം മഹാനിശ്ചയിച്ചിരിക്കുന്നു. (ജീവികളുടെ മഹാഭാഗ്യം കൂടിയാണത്.).

ഏക ദൈവദാസന്റെ മഹാആനന്ദമായ 30 ആനന്ദ-മൂല്ല്യമുള്ള മഹാദാസ്യത്തോട് 5 അളവിലുള്ള വാത്സല്യത്തെ വീണ്ടും ചേര്ത്തു

സൃഷ്ടിച്ചിട്ടുള്ള മഹാവാത്സല്യത്തിന്റെ ആനന്ദ-മൂല്ല്യം 35 ആണ്. മഹാപ്രപഞ്ചത്തില് താന് സൃഷ്ടിച്ചിട്ടുള്ളതായ തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം മഹാവാത്സല്യം നല്കുമ്പോള് മാത്രമേ മഹാസംതൃപ്തി എന്ന മഹാആനന്ദം മഹാദേവിക്ക് ലഭിക്കുകയുള്ളൂ. ദൈവീക ആനന്ദങ്ങളായിട്ട് മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും ദൈവം മഹാനിശ്ചയിച്ചില്ലായിരുന്നുവെങ്കില് ജീവികള് വളരെ വലിയ കഷ്ടത്തിലാകുമായിരുന്നു .... അതായത് ജീവികള്ക്കുവേണ്ടിത്തന്നെയാണ് ദൈവം തനിക്കും ആനന്ദത്തെ മഹാനിശ്ചയിച്ചിട്ടുള്ളത് ! ജീവികളുടെ മഹാഭാഗ്യമാണത്. അതായത് ജീവികള്ക്കുവേണ്ടിത്തന്നെയാണ് ദൈവം തനിക്കും ആനന്ദത്തെ മഹാനിശ്ചയിച്ചിട്ടുള്ളത് !

മഹാനീതിപതി കൂടിയായ ദൈവം, പ്രപഞ്ചവസ്തുക്കളില് ഭൗതികശാസ്ത്രം ഉള്ളടക്കം ചെയ്തിട്ടുള്ളതുപോലെ തന്നെ, മഹാനീതിശാസ്ത്രത്തിന് വിധേയമായ ധര്മ്മശാസ്ത്രത്തെയും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചുവല്ലോ. പ്രത്യക്ഷമെന്നോണം പ്രകടമായിട്ടുള്ള അവയെ പിന്പറ്റുന്നതില് മനുഷ്യര്ക്ക് പിഴവു സംഭവിച്ചിട്ടുള്ളതുകൊണ്ടാണ് ഭൂമിയിലെ മനുഷ്യജീവിതത്തില് സമനീതി പ്രത്യക്ഷമല്ലാത്തത്. എന്നാല് മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, ഭൂമിയിലെ എല്ലാ ജീവികള്ക്കും എല്ലാ മനുഷ്യര്ക്കും, മായ പ്രത്യക്ഷമല്ലാത്തതായ സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയിലും മഹാനീതിപതിയായ ദൈവം മഹാസമനീതി ലഭ്യമാക്കുന്നുണ്ടെന്നു കാണാം. മഹാനീതിശാസ്ത്രത്തിന്റെ മഹാഔന്നത്യമാണത്. മഹത്വം ദൈവത്തിനു മാത്രം.

മനുഷ്യഭരണകൂടങ്ങള്ക്ക്
യാതൊരിക്കലും സമനീതി നടത്താന് സാധിക്കുന്നതല്ല.

ഗ്രന്ഥത്തിലെ ഒരു അദ്ധ്യായമായി വിശദീകരിച്ചിട്ടുള്ള മഹാനീതിശാസ്ത്രത്തിലെ ഏതാനും ഭാഗങ്ങള് ചുവടെ ഉദ്ധരിക്കുന്നത് ശ്രദ്ധിച്ചുപഠിച്ചാല് മനുഷ്യഭരണകൂടങ്ങള്ക്ക് യാതൊരിക്കലും സമനീതി നടത്താന് സാധിക്കുന്നില്ലെന്നും, സാധിക്കുന്നതല്ല എന്നും സുവ്യക്തമാകുന്നതാണ്.

//// സമനീതി കൊണ്ട് യഥാര്ത്ഥത്തില് ഉദ്ദേശിക്കുന്നത് എല്ലാ കുഞ്ഞുങ്ങള്ക്കും സമമായ ആനന്ദം ലഭ്യമാക്കുകയാണ്. തന്റെ കുഞ്ഞുങ്ങളെല്ലാം പരമാനന്ദത്തോടെ ജീവിക്കുന്നതിലേക്കായി ദൈവം അനന്തങ്ങളോളമുള്ള ആനന്ദങ്ങളെ മഹാഒരുക്കിയിരിക്കുന്നു. സ്രഷ്ടാവായ ദൈവം കുഞ്ഞുങ്ങളെ അടിമകളാക്കിയിരിക്കുന്നു എന്നു കുഞ്ഞുങ്ങള്ക്ക് യാതൊരു പരാതിയും ഉണ്ടാവാതിരിപ്പാനായി

കുഞ്ഞുങ്ങള്ക്ക് സമ്പൂര്ണ്ണ വ്യക്തി സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. മഹാനീതിശാസ്ത്രം ദൈവത്തിന്റെ സൃഷ്ടികളായ കുഞ്ഞുങ്ങള് ക്കെല്ലാം പരമാനന്ദങ്ങള് സമമായി നല്കാനാണെന്നു കണ്ടു. കുഞ്ഞുങ്ങള് വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുമ്പോഴും തട്ടിയെടുക്കുമ്പോഴും അതിന് സമ്പൂര്ണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. സമനീതി എല്ലാ കുഞ്ഞുങ്ങള്ക്കും നല് കേണ്ടതുണ്ട്. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങള്ക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുമുണ്ട്, ശുദ്ധിപ്പെടുത്താനായി ശിക്ഷ നല്കേണ്ടതുമുണ്ട്. എല്ലാ കുഞ്ഞുങ്ങള്ക്കും ഭൂമിയില് സമ-കാല ജീവിതം ഉറപ്പാക്കേണ്ടത് സമനീതിയുടെ ഭാഗമാകയാല് കാലഘട്ടത്തെ അഥവാ സമയത്തെ ചിട്ടപ്പെടുത്തിക്കൊണ്ട് സമനീതി ആവിഷ്ക്കരിക്കേണ്ടതുമുണ്ട്. ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിച്ചുകൊണ്ടും, മഹാനീതിപതിയായി ദൈവം വര് ത്തിച്ചുകൊണ്ടുമാണ് മഹാഭരണം നടത്തിപ്പോരുന്നത്. ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യമുണ്ട്. മുമ്പു പറഞ്ഞതുപോലെ മനുഷ്യര് ക്ക് വ്യക്തിസ്വാതന്ത്ര്യം നല്കി ആനന്ദിപ്പിക്കാനാണ്, അടിമകളല്ലാതെയാക്കാനാണ്. ഏതാനും ചില മേഖലകളിലെ ഭരണം മാത്രം ഏല്പിച്ചാല് വ്യക്തിസ്വാതന്ത്ര്യം നല്കാനാകുമോ എന്ന ചോദ്യത്തിന്, ദൈവീകതലത്തില് ഭൂമിയിലെ മനുഷ്യരെ അടിമകളാക്കിയിട്ടില്ലാ എന്നതുകൊണ്ട് എക്കാലത്തും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്നവരായി മനുഷ്യര് കരുതുന്നത് പ്രത്യക്ഷ തെളിവാണെന്നും, ഏതാനും മേഖലകളിലൂടെ സര്വ്വ മേഖലകളിലും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ മനുഷ്യര്ക്ക് ഉണ്ടാകുന്നുണ്ടെന്നും, ആയത് മഹാശക്തിയുടെ ആവിഷ്ക്കാര മഹത്വമാണെന്നും ആണ് ഉത്തരം. ഏതാനും മേഖലകളിലെ ഭരണം മനുഷ്യരാണ് നടത്തുന്നതെങ്കില്, പ്രസ്തുത മേഖലകളെ മാറ്റിനിര്ത്തിക്കൊണ്ട് മഹാശക്തിയായ ദൈവം ഭരണം നടത്തുകയാല്, ദൈവം മഹാഭരണാധികാരി ആകുന്നതെങ്ങനെയെന്നുള്ള ചോദ്യമുണ്ട്. മനുഷ്യരുടെ ഭരണത്തിനായി മാറ്റിനിര്ത്തിയിരിക്കുന്നതായ ഏതാനും മേഖലകളിലൂടെ സര്വ്വ മേഖലകളെയും ഭരിക്കുന്ന അവസ്ഥ മനുഷ്യര്ക്ക് നല്കുന്നതോടൊപ്പം, ഏതു മേഖലകളിലും മനുഷ്യരുടെ ഭരണം സൃഷ്ടിക്കുന്ന ഗുണങ്ങളെയും പിഴവുകളെയും ഉള്ക്കൊള്ളുന്ന മഹാനീതിശാസ്ത്രം ദൈവം

ആവിഷ്ക്കരിച്ചിട്ടുണ്ട് എന്നതും, അതു പ്രകാരം ദൈവം മഹാനീതിപതിയാകുന്നുണ്ട് എന്നതും, ഭരണശാസ്ത്രത്തിനു മുകളില് നീതിശാസ്ത്രത്തെ പ്രതിഷ്ഠിച്ചരിക്കുകയാല് മഹാനീതിപതിയായ ദൈവം, മഹാഭരണാധികാരി കൂടിയാവുന്നു എന്നതുമാണ് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാ-ഉത്തരം.
മഹാനീതിശാസ്ത്രം കൊണ്ടു മാത്രം മഹാപ്രപഞ്ചത്തിലെ എല്ലാ ജീവിതമേഖലകളിലെയും കുറ്റങ്ങളെയും കുറവുകളെയും മായ പ്രത്യക്ഷമല്ലാത്ത കാലത്തും (നിലവില്) പരിഹരിക്കുന്നുണ്ട് എന്നതാണ് സത്യം. മഹാപ്രപഞ്ചത്തിലെ ജീവികള്ക്കെല്ലാം സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുതന്നെ ജീവികള് കാട്ടക്കൂട്ടുന്ന ഏത് അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ ഓംകാരനീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രപ്രകാരം ദൈവം പരിഹരിക്കുന്നുണ്ട്. എല്ലാ സൃഷ്ടിചക്രങ്ങളുടെയും ആദ്യ പകുതിയില് മായ അഥവാ ദൈവസാന്നിദ്ധ്യം പ്രത്യക്ഷമല്ലാത്തതുകൊണ്ട് ജനങ്ങള് തിരിച്ചറിയുന്നില്ലാ എന്നേയുള്ളൂ. എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാം പകുതിയില് മായ പ്രത്യക്ഷമാകുന്നതിന്റെ ഭാഗമായി വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ, കാര്യങ്ങള് സുവ്യക്തമാകുകയും, മഹാസത്യങ്ങള് തിരിച്ചറിഞ്ഞ് ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാന് തയ്യാറെടുക്കുന്നതുമാണ്. ഭൂമിയില് സ്വര്ഗ്ഗരാജ്യം സ്ഥാപിക്കപ്പെടാന് അത് കാരണവുമാകും.
ജീവിതത്തിന്റെ എല്ലാ മേഖലകളെയും തങ്ങള് ഭരിക്കുന്നതായി മാനുഷിക- ഭരണാധികാരികള് കരുതുന്നുണ്ട്. രാഷ്ട്രഭരണകാര്യങ്ങളില് ഇടപെടുന്നതില്നിന്ന് മതങ്ങളെയും മതനേതൃത്വങ്ങളെയും തടയുവാനും ഒതുക്കുവാനും ഇന്നത്തെ രാഷ്ട്രീയക്കാര്ക്ക് ഇന്ത്യ ഉള്പ്പെടെയുള്ള അനേകം രാഷ്ട്രങ്ങളില് കഴിയുന്നുമുണ്ട്.
ഭരണാധികാരി എന്നു പറയുമ്പോള്, ജനങ്ങള്ക്കെല്ലാം സമനീതി ലഭ്യമാക്കുന്നയാള് ആയിരിക്കണം. രാഷ്ട്ര ഭരണഘടന എന്ന പേരിലുള്ള ഒന്നിന്റെ പേരില് മന്ത്രിമാരും മറ്റും സത്യപ്രതിജ്ഞ ചെയ്യുന്നത് ജനങ്ങള്ക്കെല്ലാം സമനീതി ലഭ്യമാക്കുമെന്ന് വാഗ്ദാനം നല്കിയുമാണ്. യഥാര്ത്ഥത്തില് രാഷ്ട്രഭരണഘടനകള് എന്ന പേരിലുള്ളവ അസംബന്ധമാണ്, അവ പ്രകാരം സത്യപ്രതിജ്ഞ ചെയ്യുന്നവര് സമനീതി നല്കുന്നുമില്ല, യാതൊരിക്കലും അവര്ക്ക് കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാല് ജന്മഗുണങ്ങള് എന്ന പേരില് വലിയൊരു വിഭാഗം കാര്യങ്ങളെ അഥവാ ജീവിതത്തിലെ ഏറ്റവും മുഖ്യമായ ഘടകങ്ങളെ മഹാനീതിപതിയായ ദൈവമാണ് മഹാ-ഭരിക്കുന്നത്. ദൈവം അന്യായം കാട്ടുന്നെന്നോ,

ജന്മഗുണങ്ങളെന്നു പറയുന്നവയെ നിയന്ത്രിക്കാനുള്ള / ഭരിക്കാനുള്ള ശക്തികൂടി മനുഷ്യര്ക്കു നല്കണമെന്നോ ആഗ്രഹിച്ചാല്, ദൈവം തയ്യാറായാല്, ജന്മഗുണങ്ങളിലൂടെ മഹാനീതിപതിയായ ദൈവം നടപ്പാക്കുന്ന കാര്യങ്ങളുടെ മഹാ-ഭീമത്വം കണ്ട് മനുഷ്യര് ഞെട്ടിത്തെറിക്കുന്നതും, ജന്മഗുണങ്ങളിലെ മഹാഭരണം ദൈവംതന്നെ നടത്തേണമേ എന്ന് ഏറ്റവും വിനീതമായി കരഞ്ഞ് അപേക്ഷിക്കുന്നതുമാണ്.

ജന്മഗുണങ്ങള്

ലിംഗം, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ജന്മ ഗുണങ്ങള് (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം), തുടങ്ങിയവയാണ് ജന്മഗുണങ്ങള്. സ്രഷ്ടാവായ ദൈവം സൃഷ്ടിപരമായ വിധിയെ മുന്നിര്ത്തി എല്ലാ കുഞ്ഞുങ്ങളിലും സ്ഥാപിച്ചിട്ടുള്ള മേല്പടി ഗുണങ്ങളെയാണ് ജന്മഗുണങ്ങള് എന്നു പറയുന്നത്. (സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയെപ്പറ്റി ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.) വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ, മേല്പടി ഘടകങ്ങള് ജന്മഗുണങ്ങളാണെന്നും, അവ വെറുതെ രൂപപ്പെടുന്നതല്ല എന്നും, അവയുടെ സൃഷ്ടിയുടെയും രക്ഷയുടെയും കാര്യവും കാരണവുമായി ദൈവമുണ്ട് എന്നും സുവ്യക്തമായി തെളിയുന്നതാണ്. ആകയാല് ബുദ്ധിജീവികളെന്നു കരുതുന്നവരും നിരീശ്വരവാദികളും മതപുരോഹിതന്മാരും ഉള്പ്പെടെയുള്ള കുഞ്ഞുങ്ങളാരും വിവാദങ്ങള്ക്കായി സമയം കളയാതെ, ജന്മഗുണങ്ങളെ ഓരോന്നായി വിശകലനം ചെയ്തിരിക്കുന്നത് ജാഗ്രതയോടെ ശ്രദ്ധിക്കുക :-

(1) ലിംഗം. മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും സ്ത്രീ-പുരുഷ വ്യത്യാസങ്ങള് സ്രഷ്ടാവും രക്ഷകനുമായ ദൈവം ക്രമപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത ചുമതല മനുഷ്യരെ ഏല്പിക്കാവുന്നതാണോ എന്നും, ഏല്പിക്കേണ്ടത് വ്യക്തികളെയാണോ ഭരണകൂടത്തെയാണോ, എങ്ങനെ വേണം എന്നൊക്കെയും, കാര്യക്ഷമമായി ലിംഗവ്യത്യാസങ്ങളെ നിയന്ത്രിക്കാന് മനുഷ്യര്ക്കു കഴിയുമോ എന്നും ചിന്തിക്കുക. ഭൂമിയിലെ ജീവിതം ആകെ തകരാറിലാകുന്നതാണ് എന്നും, മനുഷ്യകരങ്ങള്ക്ക് ലിംഗവ്യത്യാസങ്ങളെ ഭരിക്കാനാവില്ല എന്നും തെളിയുന്നതാണ്. ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ലിംഗവ്യത്യാസങ്ങളെ ക്രമപ്പെടുത്താന് കഴിയുന്നതിനെപ്പറ്റി ചിന്തിച്ചാല്,

അപ്പോഴും, ഭൂമിയിലെ ജീവിതം ആകെ തകരാറിലാകുമെന്നു കാണാം.
(2) ആയുസ്സ്. ഒരേ ആയുസ്സ് എല്ലാവര്ക്കും ലഭ്യമാക്കുവാന് കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രണ്ടാം വയസ്സില് പോളിയോ വന്ന് ശരീരം ആകെ തളര്ന്നാലും മരിക്കാതിരിക്കുക, വണ്ടി ഇടിച്ചോ അല്ലാതെയോ തലയറ്റുപോയാലും മരിക്കാതിരിക്കുക, ക്യാന്സര് എയിഡ്സ് തുടങ്ങിയ മാരക രോഗങ്ങള് പിടിപെട്ടാലും കിടന്നു നരകിക്കുകയല്ലാതെ മരിക്കാതിരിക്കുക, പാമ്പു കടിച്ചാലും പാറക്കൂട്ടത്തില് നിന്നു താഴെ വീണ് ശരീരം ഛന്നംപിന്നമായാലും മരിക്കാതിരിക്കുക, ഒരാളെ ആന കൊമ്പില് കോര്ത്ത് താഴെ ഇട്ട് ചവിട്ടി ശരീരത്തെ ചമ്മന്തിയാക്കിയാലും മരിക്കാതിരിക്കുക, ഒരാളെ സിംഹം ഭക്ഷിച്ചുകഴിഞ്ഞാലും അയാള് മരിക്കാതിരിക്കുക, തുടങ്ങിയ ബഹുവിധ കാര്യങ്ങള് ക്രമപ്പെടുത്തിയാല് മാത്രമേ തുല്ല്യമായ ആയുസ്സ് ലഭ്യമാക്കാന് സാധിക്കൂ.
അങ്ങനെയിരിക്കെ, വേദനകൊണ്ട് വിഷമിക്കുന്നവരെയും മറ്റും മരിക്കാന് അനുവദിക്കാതെ, ഒരു നിശ്ചിത ആയുസ്സില് മാത്രം എല്ലാവരും മരിക്കുന്നതാണു നല്ലതെന്ന് വ്യക്തികളും ഭരണകൂടവും സമ്മതിക്കുമോ ? ഇല്ലേയില്ല.
ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആയുസ്സിലെ വ്യത്യാസങ്ങളെ ക്രമപ്പെടുത്താന് കഴിയുന്നതിനെപ്പറ്റി ചിന്തിച്ചാല്, അപ്പോഴും, ഭൂമിയിലെ ജീവിതം ആകെ തകരാറിലാകുമെന്നു കാണാം.
(3) ആരോഗ്യം. ഭൂമിയിലുള്ള എല്ലാ മനുഷ്യര്ക്കും ഒരേ ആരോഗ്യം ലഭ്യമാക്കുവാന് കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രോഗങ്ങളും അപകടങ്ങളും വേണ്ടാ എന്നോ ഇല്ലാതാക്കുവാനോ കഴിയേണ്ടിവരും. രോഗങ്ങളുടെ കാര്യം മാറ്റിവച്ച്, അപകടങ്ങളുടെ കാര്യം എടുക്കുക. അപകടത്തില് കൈയ്യോ കാലോ നഷ്ടപ്പെട്ടാലും, ഒടിവുണ്ടായാലും, അങ്ങനെയൊന്നും സംഭവിക്കാത്തവരുടെ ആരോഗ്യം ഉണ്ടാകണമെന്നു ആഗ്രഹിക്കാമോ ? ഭൗതികശാസ്ത്രം അനുസരിച്ച് അപകടത്തില് പരിക്കുകളും, അംഗഭംഗങ്ങളും, മരണവുമൊക്കെ സംഭവിക്കാമെന്നും, സംഭവിക്കണമെന്നുമിരിക്കെ, അതു പാടില്ലായെന്ന് ആഗ്രഹിക്കുമോ ? ..... (മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.)
(4) സൗന്ദര്യം. ഒരു അദ്ധ്യായത്തില് സൗന്ദര്യത്തെപ്പറ്റി പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലുള്ള എല്ലാ മനുഷ്യര്ക്കും തുല്ല്യ സൗന്ദര്യം നല്കുക എന്നു പറഞ്ഞാല്, എല്ലാവരുടെയും ശരീര അവയവങ്ങളും, മുഖഛായയും, നിറവുമെല്ലാം ഒരുപോലെ ആകണമെന്നാണ് അര്ത്ഥം. ഭൂമിയില് ഇന്നുള്ള സുമാര് 650 കോടി മനുഷ്യര്ക്ക് ഒരേ മുഖഛായ ആയാല് യാതൊരാള്ക്കും യാതൊരാളെയും തിരിച്ചറിയാന് കഴിയുന്നതല്ല. (സ്ത്രീ-പുരുഷ വ്യത്യാസം പോലും വിഷമമാകുന്നതാണ്).

മനുഷ്യ ഭരണാധികാരിക്ക് എല്ലാ മനുഷ്യരുടെയും മുഖഛായ ഒന്നാക്കാനുള്ള ദിവ്യത്വം അഥവാ വിദ്യ നല്കിയാല്, മനുഷ്യ ഭരണാധികാരിക്ക് അതുപ്രകാരം ഭരണം നടത്താനാവുമോ ? മനുഷ്യരില് ഒരേ മുഖഛായയും ഒരേ ശരീരഘടനയുമുള്ള ഇരട്ട സഹോദരങ്ങളെ തിരിച്ചറിയാന് മാതാപിതാക്കള് പോലും വിഷമിക്കുമ്പോള്, ഒരേ മുഖഛായയും ശരീര ഘടനയുമുള്ള 650 കോടി ജനങ്ങള് ഭൂമിയില് ജീവിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. അയ്യോ ദൈവമേ, കുഴയ്ക്കല്ലേ, അവിടുന്ന് മുഖഛായയിലും ശരീരഘടനയിലും വ്യത്യാസം നിലനിര് ത്തേണമേ എന്ന് മനുഷ്യര് കരഞ്ഞ് അപേക്ഷിക്കുന്നതാണ്.

(5) ദേശം. (മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.)

(6) ഭാഷ. (മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.)

(7) തൊഴില് അഭിരുചി. ഭൂമിയിലൊക്കെയും ഇന്നുള്ള 650 കോടി ജനങ്ങളും അമേരിക്കയിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാന് ആഗ്രഹിക്കുന്നതിനെപ്പറ്റി അല്പം ചിന്തിക്കുക. സമ്പൂര്ണ്ണ സാക്ഷരത ഉണ്ടായാല് ജനാധിപത്യ-ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാര് കൂടുതല് ചിന്തിക്കുക.

എല്ലാവരും കൃഷിക്കാരായാലോ, എല്ലാവരും നെയ്ത്തുകാരായാലോ, എല്ലാവരും തയ്യല്ക്കാരായാലോ, എല്ലാവരും ആശാരിമാരായാലോ, എല്ലാവരും സംഗീതജ്ഞന്മാരായാലോ, എല്ലാവരും ശാസ്ത്ര ഗവേഷകന്മാരായാലോ, എല്ലാവരും വിമാന-പൈലറ്റന്മാരായാലോ എന്നിങ്ങനെ ചിന്തിക്കുക. എല്ലാവരും നെയ്ത്തുകാരായാല് ഭൂമിയില് മറ്റു തൊഴിലുകളെടുക്കാന് ആളില്ലാതെ വരും. ഭക്ഷണവും പാര്പ്പിടവും വേണ്ടേ ? നെയ്ത തുണി തയ്ക്കാന് ആളുവേണ്ടേ ? എല്ലാവരും തയ്യല് ക്കാരായാല് ഭൂമിയില് മറ്റു തൊഴിലുകളെടുക്കാന് ആളില്ലാതെ വരും. എല്ലാവരും കൃഷിക്കാരായാല് ഭൂമിയില് മറ്റു തൊഴിലുകളെടുക്കാന് ആളില്ലാതെ വരും. എന്നിരിക്കെയും, കൃഷി എന്ന ഏക തൊഴിലിനെ തുല്യങ്ങളായ തൊഴിലില് ഒന്നാമത്തേതായി ദൈവം സൃഷ്ടിച്ചിരിക്കയാല് മറ്റുള്ള ജീവികളെപ്പോലെ തിന്നും കുടിച്ചും ജീവിക്കാന് മാത്രം ജീവിക്കാന് കൃഷി ഉപകരിക്കുന്നതാണ്.

തൊഴില് അഭിരുചി സൃഷ്ടിക്കാനുള്ള വിദ്യ, ഭൂമിയിലെ ജനങ്ങള്ക്കോ, ഭരണാധികാരികള്ക്കോ ദൈവം നല്കാന് തയ്യാറായാല്, തങ്ങളുടെയോ മറ്റുള്ളവരുടെയോ കുഞ്ഞുങ്ങളിലോ കുട്ടികളിലോ തൊഴില് അഭിരുചിയെ യഥോചിതം സ്ഥാപിക്കുവാന് ജനങ്ങള്ക്കു കഴിയുമോ

എന്നു ചിന്തിക്കുക. കേരളത്തെപ്പോലെയുള്ള ഒരു നാട്ടില് എല്ലാവരും അഥവാ കൂടുതല് പേരും തങ്ങളുടെ കുട്ടികളെ ഡോക്ടര് ആക്കിക്കളയും എന്നു വരുമ്പോള്, കേരളത്തിലെ 3 കോടിയിലധികം ജനങ്ങള് വൈകാതെ ഡോക്ടര്മാര് മാത്രമായി മാറുന്നതാണ്. മുതിര്ന്നവര്ക്ക്, കുട്ടികളുടെ മേല് തൊഴില് അഭിരുചി സൃഷ്ടിക്കാനുള്ള വിദ്യ നല്കുന്നതിനെപ്പറ്റി മുകളില് പറഞ്ഞു. അതേപോലെ, കുട്ടികള്ക്ക്, തങ്ങളുടെ മാതാപിതാക്കളുടെ തൊഴില് അഭിരുചി മാറ്റാന് കഴിയുമെന്നു വന്നാലോ ? തീര്ന്നില്ല, കുട്ടികളും മുതിര്ന്നവരും, തൊഴില് അഭിരുചികളെ മാറ്റി മാറ്റിക്കൊണ്ടിരുന്നാലോ ? അത്യാവശ്യ പണിക്ക് ആശാരിയെ വിളിക്കാന് പോയപ്പോള്, ആശാരി കണ്ണു ഡോക്ടറായി മാറിയാലത്തെ അവസ്ഥ പോലെ ! കൂടുതല് വിസ്തരിക്കുന്നില്ല.

(8) വിനോദ അഭിരുചി. എല്ലാവര്ക്കും സംഗീതം മാത്രമാണ് വിനോദമെങ്കില് മറ്റു വിനോദങ്ങള് ഇല്ലായെന്നും പാടില്ലായെന്നും വരും. (മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.)

(9) മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ജന്മ ഗുണങ്ങള് (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) തുടങ്ങിയവ ഓരോ കുട്ടിയെയും ബാധിക്കുന്ന ഘടകങ്ങളാണ്.

തങ്ങളുടെ മാതാപിതാക്കളുടെ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം തുടങ്ങിയവയെ തിരഞ്ഞെടുക്കാന് കുട്ടികളെ അനുവദിക്കുന്ന വിദ്യ; ജനിക്കും മുമ്പ് കുട്ടിയുടെ ആത്മാവിനോ, സമൂഹത്തിലെ ജനങ്ങള്ക്കോ ഭരണാധികാരികള്ക്കോ നല്കാന് കഴിയുമെന്നു വന്നാല് ജീവിതകാര്യങ്ങള് ആകെ തകരാറിലാകുന്നതാണ്. നല്ല മാതാപിതാക്കളായി മനസ്സിലാക്കാവുന്നവരുടെ മകനോ മകളോ ആയി ജനിക്കാന് കോടിക്കണക്കിനു കുഞ്ഞുങ്ങള് തയ്യാറായാല്, ഏറ്റവും മോശമെന്നു കരുതുന്നവരുടെ കുടുംബങ്ങളില് കുഞ്ഞുങ്ങള് ജനിക്കാന് തയ്യാറാകാതെ വന്നാല്, ഇന്ന് നല്ലവരായിരിക്കുന്നവര് നാളെ മോശമായാല്, ഇന്നു മോശമായിരിക്കുന്നവര് നാളെ തിരുത്തി നല്ലവരായാല്, എന്നിങ്ങനെയെല്ലാം അല്പനേരം ചിന്തിക്കുക. (മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.). .....

മഹാനീതിപതിയായ ദൈവം ജന്മഗുണങ്ങളെ മഹാഭരിക്കുന്നത് മനുഷ്യരുടെ നല്ലതിനു വേണ്ടിയാണ്.

യാതൊരു മനുഷ്യര്ക്കും ഭരിക്കാനാവാത്ത വിധത്തില് മഹാ-സങ്കീര്ണ്ണങ്ങളാണ് ജന്മഗുണങ്ങളെന്ന് സുവ്യക്തമായിരിക്കുമല്ലോ. അപ്പോള് മഹാശക്തിയും മഹാനീതിപതിയായ ദൈവം ജന്മഗുണങ്ങളെ മഹാ-

ഭരിക്കുമ്പോള്, മനുഷ്യര്ക്ക് ആശ്വസിക്കാനാകുന്നു, മനുഷ്യര് അറിയാതെയെന്നോണം നിര്വ്വഹിക്കപ്പെടുന്ന മഹാ-പ്രതിഭാസമാകയാല് അനേകര്ക്ക് ആനന്ദിക്കാനാവുന്നില്ല എന്നേയുള്ളൂ. മുമ്പ് വ്യക്തമാക്കിയതുപോലെ, ജന്മഗുണങ്ങളില് വ്യത്യാസങ്ങളിരിക്കെ, മനുഷ്യര്ക്ക് അഥവാ മനുഷ്യ-ഭരണാധികാരികള്ക്ക് സമനീതി നല്കുവാന് സാധിക്കുന്നതല്ല എന്നു കൂടി വെളിപ്പെടുന്നു. സമനീതി-നല്കുമെന്നുള്ള സത്യ-പ്രതിജ്ഞകള് ഭരണാധികാരികള് നടത്താതിരിക്കുകയോ, രാഷ്ട്രഭരണഘടനകള് എന്ന അശാസ്ത്രീയ പ്രമാണങ്ങള് ചുട്ടുകരിക്കുകയോ, (മഹാനീതിപതിയായ ദൈവം നിര്വ്വഹിക്കുന്ന) ജന്മഗുണങ്ങള് ഒഴികെയുള്ള കാര്യങ്ങളില് സമനീതി നല്കുമെന്ന് പരിഷ്ക്കരിക്കുകയോ ചെയ്യേണ്ടതായി വരുന്നു. മഹാനീതിപതിയായ ദൈവത്തെ പരാമര്ശിക്കാതെയും ബഹുമാനിക്കാതെയുമുള്ള പദങ്ങള് ഉപയോഗിക്കുമ്പോള്, ദൈവനിന്ദ കടന്നുകൂടുന്നു.

വാക്കുകള് കൊണ്ടുള്ള വ്യായാമത്തെ മാറ്റിനിര്ത്തിക്കൊണ്ട്, മഹാനീതിപതിയും മഹാപിതാവും മഹാമാതാവുമായ ദൈവം, തന്റെ കുഞ്ഞുങ്ങളുടെ മഹാ-ആനന്ദകരമായ ജീവിതത്തിനായിട്ട് ജന്മഗുണങ്ങളെ സ്വയം നിര്വ്വഹിക്കുന്നു എന്നു കരുതുമ്പോള് സത്യം മാത്രമായ ദൈവീക തലത്തിലേക്ക് മനുഷ്യര് ഉയരുന്നു. മഹാനീതിപതിയായ ദൈവം ഗൂഢമെന്ന പോലെ ജന്മഗുണങ്ങളെ മഹാ-ഭരിക്കുമ്പോള്, ജന്മഗുണങ്ങളെ മറന്നും അവഗണിച്ചും, തങ്ങള്ക്കും തങ്ങളുടെ ചുറ്റിലുമുള്ള ഭൗതികാവസ്ഥകളുമായി പൊരുത്തപ്പെടുന്ന ജീവിതരീതി മനുഷ്യരില് ഉണ്ടാവുന്നു. മുമ്പു വിവരിച്ചതായ ഓരോ ജന്മഗുണത്തോടും അടിസ്ഥാനപരമായി താദാത്മ്യം പ്രാപിക്കുന്ന ഒരവസ്ഥ ഓരോ മനുഷ്യരിലും ഉണ്ടാകുന്നു. ഉദാഹരണം പറഞ്ഞാല്, (1) സൗന്ദര്യം കൂടിയതായാലും, കുറഞ്ഞതായാലും താന് ചെറുപ്പം മുതല് കണ്ടും അറിഞ്ഞും മനസ്സിലാക്കുന്ന തന്റെ മുഖഛായയെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന രീതിയിലേക്ക് ഭൂരിപക്ഷം ജനങ്ങളും ഉയരുന്നു. (2) തന്റെ മാതാപിതാക്കളെ കൂടുതല് സ്നേഹിക്കുന്ന രീതിയിലേക്ക് ഭൂരിപക്ഷം കുട്ടികളും ഉയരുന്നു. (3) താന് സ്വയമെന്നോണം തിരഞ്ഞെടുത്തതും താന് ചെയ്യുന്നതുമായ ജോലിയില് ഭൂരിപക്ഷം ജനങ്ങളും സന്തോഷിക്കുന്നു. എന്തുകൊണ്ട് ഭൂരിപക്ഷം ജനങ്ങളും എന്ന പദങ്ങള് ഉപയോഗിച്ചു എന്നതും, എന്തുകൊണ്ട് എല്ലാ ജനങ്ങള്ക്കും സന്തോഷിക്കാനാകുന്നില്ല എന്ന ചോദ്യവും പ്രസക്തമാണ്. ജന്മഗുണങ്ങളിലൂടെ, മഹാനീതിപതിയായ ദൈവം, മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട അനേകം

മഹാകാര്യങ്ങള് നിര്വ്വഹിക്കുന്നുണ്ട്. ചുവടെ വിവരിക്കുന്നുണ്ട്. ആവക മഹാകാര്യങ്ങള് പഠിക്കുന്നതോടെ മനുഷ്യന് ദൈവീകതലത്തില് കൂടുതല് സന്തോഷിക്കാന് കഴിയുന്നതാണ്.
ജന്മഗുണങ്ങളും മഹാനീതിശാസ്ത്രവും
മഹാനീതിപതിയായ ദൈവം എല്ലാ മനുഷ്യര്ക്കും ജീവിതകാര്യങ്ങളില് തുല്ല്യത ലഭ്യമാക്കുവാന് ജന്മഗുണങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. ലിംഗം, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ജന്മ ഗുണങ്ങള് (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം), തുടങ്ങിയ ജന്മഗുണങ്ങളില് വ്യത്യാസങ്ങള് ഉണ്ടാവേണ്ടത് അത്യാവശ്യമാണെന്നു മുമ്പ് വ്യക്തമാക്കുകയുണ്ടായി. ഉദാഹരണമായിട്ട്, (1) സ്ത്രീ-പുരുഷ സമത്വം. സ്ത്രീയ്ക്കും പുരുഷനും എല്ലാ അര്ത്ഥത്തിലും സമത്വം ഉണ്ടാവണമെങ്കില് സ്ത്രീയ്ക്ക് പുരുഷനായും, പുരുഷന് സ്ത്രീയായും ജനിക്കാനും ജീവിക്കാനും സാധിക്കണമെന്നല്ലാതെ മറ്റു വഴികളില്ല. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വത്തിന്റെ പേരില് മനുഷ്യര് കാട്ടിക്കൂട്ടുന്നത് ശാസ്ത്രപരമല്ലാത്ത കോപ്രായങ്ങള് മാത്രമാണ്. മഹാനീതിപതിയായ ദൈവം സ്ത്രീ-പുരുഷ സമത്വം നിര്വ്വഹിക്കുന്നതെങ്ങനെയെന്ന് ദൈവ നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യായം പഠിക്കുമ്പോള്, മനുഷ്യര്ക്കെല്ലാം സന്തോഷിക്കാനും ആനന്ദംകൊണ്ട് കോരിത്തരിക്കാനും കഴിയുന്നതാണ്. (2) എല്ലാ മനുഷ്യര്ക്കും തുല്ല്യമായ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം തുടങ്ങിയവ ലഭ്യമാക്കാനുള്ള മഹാപദ്ധതി മഹാനീതിശാസ്ത്രത്തിലുണ്ട്, അഥവാ ജന്മഗുണങ്ങളുടെ മഹാഭരണത്തിലൂടെ ദൈവം നടപ്പാക്കുന്നുണ്ട്. (3) എല്ലാ ജനങ്ങള്ക്കും എല്ലാ തൊഴിലുകളും ധര്മ്മശാസ്ത്രപരമായി ചെയ്യാനും സമമായ ആനന്ദം നേടാനുമുള്ള മഹാപദ്ധതി ജന്മഗുണങ്ങളുടെ മഹാഭരണത്തിലൂടെ ദൈവം നടപ്പാക്കുന്നുണ്ട്. ..... ////
തുടര്ഭാഗങ്ങള്, മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് ലഭ്യമാണ്.
മഹാപ്രപഞ്ചത്തിലെ മനുഷ്യര്ക്ക് പരമാനന്ദത്തോടെ ജീവിക്കുന്നതിനാവശ്യമായ സാമ്പത്തികശാസ്ത്രം ഉള്പ്പെടെയുള്ള എല്ലാ ധര്മ്മശാസ്ത്രങ്ങളും മഹാപ്രപഞ്ചത്തിലെ മൂലകങ്ങളില് / വസ്തുക്കളില് ദൈവം ഉള്ളടക്കംചെയ്തിട്ടുണ്ടെന്ന് അറിയിച്ചുവല്ലോ. ധര്മ്മശാസ്ത്രത്തിന്റെ ഒരു ശാഖയായ സാമ്പത്തിക ശാസ്ത്രവും അതില് പെടുന്നു. ദൈവീകമായ സാമ്പത്തികശാസ്ത്രം

കണ്ടെത്തുന്നതിലും മനുഷ്യര് ശ്രദ്ധിച്ചില്ല, വിജയിച്ചില്ല എന്നിവ ഗൗരവമായ പിഴവുകളാണ്. ഭൂമിയിലെങ്ങും വൈകാതെ മായ പ്രത്യക്ഷമാക്കുന്നതിന്റെ മുന്നോടിയായി തന്റെ ഏകദാസനായ പരമശിവനിലൂടെ മഹാശക്തിയും മഹാനീതിപതിയുമായ ദൈവം, ഈ ഗ്രന്ഥത്തില് ദൈവീകമായ സാമ്പത്തികശാസ്ത്രം അവതരിപ്പിക്കുന്നുണ്ട്. ദൈവീകമായ സാമ്പത്തികശാസ്ത്രത്തില് സ്വര്ണ്ണത്തിനും വെള്ളിക്കും ചെമ്പിനുമുള്ള മഹാശാസ്ത്രപരമായ സ്ഥാനങ്ങള് വൈകാതെ വീണ്ടെടുക്കുപ്പെടുന്നതോടെ സ്വര്ണ്ണാഭരണങ്ങളുടെ പേരിലും മറ്റുമുള്ള അധമ-ഭ്രമങ്ങള് അവസാനിക്കുന്നതും, കറന്സി എന്നപേരില് ഭരണകൂടങ്ങള് അച്ചടിച്ചുവിടുന്ന (കള്ള)നോട്ടുകള് പിന്വലിക്കപ്പെടുന്നതുമാണ്. ഓക്സിജന്, വെള്ളം, മണ്ണ് (ഭൂമി) എന്നിവ വിലയ്ക്കു വില്ക്കാനോ വിലയ്ക്കു വാങ്ങാനോ പാടില്ലായെന്നും; വസ്തുനികുതി, വസ്തുവില്പന നികുതി, കെട്ടിട നികുതി, വ്യാപാര നികുതി തുടങ്ങിയ യാതൊരു നികുതികളും നികുതി സമ്പ്രദായങ്ങളും പാടില്ലായെന്നും ശാസ്ത്രം അഥവാ ദൈവം വിധിക്കുന്നതും സാമൂഹ്യക്ഷേമപരങ്ങളായ കാര്യങ്ങള്ക്കും ഭരണകൂടത്തിന്റെ നടത്തിപ്പിനും ദൈവീകമായ സാമ്പത്തികശാസ്ത്രത്തില് ദൈവീകമായ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നതും കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപദ്ധതികളോടെയാണ്. ഭൂമിയിലെങ്ങുമുള്ള മനുഷ്യര് വൈകാതെ ദൈവീകമായ സാമ്പത്തികശാസ്ത്രത്തെ പിന്പറ്റുകയും മനുഷ്യജീവിതം ആനന്ദകരമാവുകയും ചെയ്യുന്നതാണ്.

ജീവാത്മാവിന്റെ ഗൂഢാവസ്ഥ താല്ക്കാലികമാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികളുമെന്നും, എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി നല്കിയാല് മാത്രമേ അവരുടെയെല്ലാം മഹാമാതാവും മഹാപിതാവുമായ ദൈവം മഹാനീതിപതി ആവുകയുള്ളൂ എന്നും മുമ്പ് പ്രസ്താവിച്ചിരുന്നു. അതിന്പ്രകാരം എല്ലാ ജീവികള്ക്കും സമ-രൂപത്തോടെയുള്ള ശരീരം ലഭിക്കേണ്ടതുണ്ട്; ദൈവം മഹാഅനുഗ്രഹിച്ചു നല്കേണ്ടതുണ്ട്. ഗ്രന്ഥത്തിലെ മൂന്നാം ഭാഗത്തില് പ്രപഞ്ചസൃഷ്ടിയുടെ മൂലകാരണങ്ങള് വിശദീകരിക്കവെ, തന്റെ കുഞ്ഞുങ്ങളായിട്ടാണ് ദൈവം എല്ലാ ജീവികളെയും സൃഷ്ടിക്കുന്നതെന്നും, മത്സ്യ-സസ്യ-പക്ഷി-മൃഗാവസ്ഥകള്ക്കു ശേഷമാണ് ഓരോ ജീവിയും മനുഷ്യാവസ്ഥയില് എത്തുന്നതെന്നും, മനുഷ്യാവസ്ഥയില് ആത്മീയ സാക്ഷാത്ക്കാരം നല്

കുന്നതിലൂടെ എല്ലാ ജീവികള്ക്കും സമ-ആനന്ദങ്ങളും സമ-നീതിയും നല്കുന്നുണ്ടെന്നും ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മനുഷ്യജന്മത്തില് ലിംഗം, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ദേശം, തുടങ്ങിയവകളെ ജന്മഗുണങ്ങളായി മഹാനിശ്ചയിച്ചുകൊണ്ടും അവയെ വ്യത്യാസപ്പെടുത്തിക്കൊണ്ടും 100 ജന്മങ്ങളെ ഓരോ വ്യക്തിക്കും ദൈവം ലഭ്യമാക്കുന്നു; അക്കൂടെ സമ-ആനന്ദങ്ങളും സമ-നീതിയും ലഭ്യമാക്കുന്ന മഹാനീതിനിര്വ്വഹണം നടത്തിക്കൊണ്ട് ദൈവം മഹാഭരണാധികാരിയും മഹാനീതിപതിയും ആകുന്നുമുണ്ട്. കുറ്റങ്ങളും കുറവുകളുമില്ലാത്ത ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രം പ്രകാരമാണ് ദൈവം മഹാപ്രപഞ്ചത്തെ മഹാഭരിക്കുന്നത്.
ആത്മീയസാക്ഷാത്ക്കാരത്തില്, മനുഷ്യര് അറിഞ്ഞിട്ടുള്ളതും അനുഭവിച്ചിട്ടുള്ളതുമായ അനന്തമായ ആനന്ദങ്ങളെ തുടര്ച്ചയായും മാറിമാറിയും അനുഭവിച്ചുകൊണ്ടിരിക്കുവാനുള്ള മഹാഭാഗ്യത്തെ ദൈവം മനുഷ്യര്ക്കു നല്കുന്നു.
ആത്മീയ സാക്ഷാത്ക്കാരത്തില് എല്ലാ ജീവികള്ക്കും മഹാആനന്ദങ്ങള് സമമായി അനുഭവിക്കുവാന് കഴിയുന്ന സമ-രൂപത്തോടെയുള്ള ശരീരം ലഭിക്കുന്നുണ്ട് എന്നറിയുമ്പോള് തന്റെ കുഞ്ഞുങ്ങളുടെയെല്ലാം ആത്മാക്കളുടെ ഗൂഢാവസ്ഥയെ ദൈവം മാറ്റുന്നു എന്നുകൂടിയാണ് അര്ത്ഥം. മത്സ്യ-സസ്യ-പക്ഷി-മൃഗ-മനുഷ്യാവസ്ഥകളെ സ്വീകരിക്കുവാനും അവയെല്ലാം പ്രകാരം അനന്തങ്ങളായ ആനന്ദങ്ങളെ അറിയുവാനും ആസ്വദിക്കുവാനും ഭാഗ്യമുണ്ടാകുന്ന കുഞ്ഞുങ്ങള് പ്രത്യക്ഷവും പ്രകടവുമായ ആത്മീയരൂപം
ആത്മീയസാക്ഷാത്ക്കാരത്തില് നേടുമ്പോള്, പ്രത്യക്ഷവും പ്രകടവുമായ ആത്മീയ രൂപം തന്നെ ശരീരരൂപമായും ഭവിക്കുന്നു.
മഹാപ്രപഞ്ചത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും എല്ലാം അറിയുവാനും ആനന്ദിക്കുവാനും മഹാഭാഗ്യമുണ്ടാകുന്ന ദൈവ-അവസ്ഥകൂടിയാണ് ആത്മീയ സാക്ഷാത്ക്കാരത്തില് മഹാശക്തിയായ ദൈവം മഹാഅനുഗ്രഹിച്ചു നല്കുന്നത്. പ്രത്യക്ഷവും പ്രകടവുമായ സമരൂപം തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം യഥോചിതവും യഥാകാലവും ദൈവം മഹാഅനുഗ്രഹിച്ചു നല്കുക കൂടിയാണത്. മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അറിയുവാനും ആസ്വദിക്കുവാനും ഓരോ കുഞ്ഞിനും ഉപയോഗപ്പെട്ടതായ മത്സ്യ - സസ്യ - പക്ഷി - മൃഗ - മനുഷ്യ ശരീരങ്ങള് ആത്മീയ സാക്ഷാത്ക്കാരത്തില് സ്ഥിര-ശരീരം ലഭിക്കുന്നതിനു മുമ്പുള്ള താല്ക്കാലിക ശരീരങ്ങളായിരുന്നു എന്നും വെളിവാകുന്നു. വ്യത്യസ്ത ജീവിരൂപങ്ങളെല്ലാം അതാത് അവസ്ഥകളില്

സത്യങ്ങളായിരുന്നു; ആവശ്യങ്ങളുമായിരുന്നു. അവയൊന്നും മിഥ്യകളായിരുന്നില്ല. അവയെല്ലാം സത്യങ്ങളും ആവശ്യങ്ങളും ആണെങ്കിലും, താല്ക്കാലികമാണ്. അതിനാല് സ്ഥിരമായ (സമ) രൂപം മഹാഅനുഗ്രഹിച്ചു നല്കുംവരെ കുഞ്ഞുങ്ങള്ക്ക് ഗൂഢതകൂടി നല് കേണ്ടതുണ്ട്. ജീവികളുടെ ശരീരങ്ങളില് അവയുടെ ആത്മാവുകളെ ഗൂഢമായി പ്രവര്ത്തിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് സുവ്യക്തമായിരിക്കുമല്ലോ. ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റി അടുത്തൊരു അദ്ധ്യായത്തില് വിശദീകരിക്കുന്നുണ്ട്.

ദൈവത്തിന്റെ ഗൂഢാവസ്ഥയും മഹാഅനുഗ്രഹമാണ്. മഹാശക്തിയായ ദൈവം, എല്ലാ സൃഷ്ടിചക്രങ്ങളുടെയും ആദ്യപകുതിയില് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങളോടൊപ്പം ദൈവത്തിന്റെ സാന്നിദ്ധ്യവും വലിയൊരളവില് മഹാ-ഗൂഢാവസ്ഥയില് പ്രവര്ത്തിപ്പിക്കുന്നു. മനുഷ്യരുടെ നല്ലതിനുവേണ്ടി ദൈവം ഉണ്ടോ എന്നതുതന്നെ ഭാഗികമായി സംശയത്തില് നിര്ത്തുന്നു. എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയില് ദൈവീക-സാന്നിദ്ധ്യം പ്രത്യക്ഷമാക്കുന്നുണ്ട്; ആവക കാര്യങ്ങളെല്ലാം ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തില് വിശദീകരിച്ചിട്ടുമുണ്ട്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ ചെയ്യുന്നതെങ്ങനെയെന്ന് സുവ്യക്തമായി അറിയിക്കുമ്പോഴും, അവയെ പ്രവര്ത്തിപ്പിക്കുന്നത് ഗൂഢമായിത്തന്നെയാണ്. ആത്മാവുകളെ കാണുകയും കേള്ക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായാല് മനുഷ്യരുടെ ജീവിതം താറുമാറിലാകുമെന്നും മനുഷ്യര് ഉള് പ്പെടെയുള്ള ജീവികളുടെ ആത്മാക്കളെ ദൈവം ഗൂഢമാക്കിയിരിക്കുന്നത് മനുഷ്യരുടെ നല്ലതിനുവേണ്ടിയാണെന്നും മുകളില് വിവരിച്ചുവല്ലോ.
മഹാനീതിശാസ്ത്രം ഉള്പ്പെടെയുള്ള അനേകം പാഠങ്ങള് പഠിക്കുമ്പോള്, ജീവന് എന്നു പേരുള്ളതായ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്റെ നിയന്ത്രണത്തില് ജീവാത്മാവിനെ പെടുത്തിയിരിക്കുകയാണെന്നും മഹാനീതി നിര്വ്വഹണത്തിന്റെ ഭാഗമാണതെന്നും ബോദ്ധ്യമാകുന്നതാണ്. ദൈവത്തിന്റെ വാതകരൂപവും, ജീവികളുടെ ജീവനുമായ ഓക്സിജനെപ്പറ്റി ഈ ഗ്രന്ഥത്തില് പ്രത്യേകം അദ്ധ്യായമായിട്ട് വിശദീകരിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിര്വ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും ഉള്

പ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയില് പ്രവര്ത്തിപ്പിക്കുന്ന ജീവനും പരമാത്മാവുമായിക്കൊണ്ട് ദൈവം വര്ത്തിക്കുന്നു. അതായത് പ്രപഞ്ചത്തില് നിന്നും അന്യമെന്നു തോന്നുന്ന ഒരു ശക്തിയെ അഥവാ ദൈവത്തെ ആശ്രയിക്കുന്ന അടികമകളായും ആശ്രിതരായും തന്റെ കുഞ്ഞുങ്ങള് അധഃപതിക്കാതെ, പ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങളെയും അവ പ്രകാരമുള്ള ശക്തികളെയും ആശ്രയിച്ചും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യങ്ങളോടെ ആനന്ദിച്ചും ജീവിക്കുവാന് ദൈവം തന്റെ കുഞ്ഞുങ്ങളെ മഹാഅനുഗ്രഹിച്ചിരിക്കുന്നു. ആനന്ദങ്ങളെ സമ്പത്തുമായി മഹാ-മനോഹരമായി കൂട്ടിയിണക്കുകയും, സമ്പത്തിനെ മനുഷ്യരുടെ ശരീരശക്തികളെന്നു വിശേഷിപ്പിക്കാവുന്ന കര്മ്മ-ശക്തികളുമായും വ്യത്യസ്ത തൊഴിലുകളുമായും ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ദൈവം മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഉള്പ്പെടുത്തിയിട്ടുള്ള ഭൗതികശാസ്ത്രപാഠങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് വസ്തുക്കളില് നിന്ന് ജീവിതാനന്ദം വര്ദ്ധിപ്പിക്കാനുള്ള ഉപാധികളും ഉപകരണങ്ങളും ഉണ്ടാക്കാനാവുമെന്നതിന് വാഹനങ്ങളും, വൈദ്യുതിയും, ടെലിവിഷനും, കമ്പ്യൂട്ടറും, മൊബൈല് ഫോണും ഉള്പ്പെടെ മനുഷ്യരുണ്ടാക്കുന്ന എല്ലാ ഉപകരണങ്ങളും ഉല്പന്നങ്ങളും ഉദാഹരണങ്ങളാണ്. മഹാനീതിശാസ്ത്രം പ്രകാരം സര്വ്വവും മഹാഭരിക്കുന്നുവെങ്കിലും സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയില്, ഭൗതികശാസ്ത്ര വെളിപ്പെടുത്തലുകളെ മനുഷ്യരിലൂടെ കണ്ടെത്തുന്ന ഭൗതികശാസ്ത്ര വികസനമായി ദൈവം മഹാആവിഷ്ക്കരിച്ചിരിക്കുകയുമാണ്. ഭൗതികശാസ്ത്ര നിയമങ്ങള് കൂടാതെ വസ്തുക്കളില് ഉള്ളടക്കംചെയ്തിട്ടുള്ള ധര്മ്മശാസ്ത്രനിയമങ്ങളെക്കൂടി കണ്ടെത്തുകയും പിന്പറ്റുകയും ചെയ്യുമ്പോള് മനുഷ്യജീവിതത്തില് ആനന്ദം മാത്രമുണ്ടാകുന്നതാണ്. ഗാന്ധിയെ പ്പോലെ ശുദ്ധിയുള്ളവര്ക്കു മാത്രമേ ധര്മ്മശാസ്ത്രപാഠങ്ങളും നീതിശാസ്ത്രപാഠങ്ങളും ദൈവം വെളിപ്പെടുത്തുകയുള്ളൂ എന്നതുകൊണ്ട് മനുഷ്യര് അക്കാര്യത്തില് വേണ്ടത്ര വിജയിച്ചില്ല ! ദൈവത്തിന്റെ പ്രത്യക്ഷ സാന്നിദ്ധ്യം ഉണ്ടായാല്, ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ ജനങ്ങളും തൊഴിലുകളെയും ബന്ധുജനങ്ങളെയും ഒക്കെ വിസ്മരിച്ചുകൊണ്ട് ഭക്തിയുടെ പേരിലും മറ്റും മടിയന്മാരായി മാറുന്നതാണ്. ഭൂമിയില് 1000 കോടി ജനങ്ങള് വസിക്കുമെന്നു കണക്കാക്കിയാല്, ദൈവം 1000 കോടി രൂപമെടുത്ത് ഓരോരുത്തരെയും പ്രത്യക്ഷമായിട്ട് സേവിക്കേണ്ടതായ

അവസ്ഥ ഉണ്ടാകുന്നതാണ്; പ്രപഞ്ചജീവിതം ഒരു ഭോഷത്തമായി അധഃപതിക്കുന്നതുമാണ്. ഗ്രന്ഥത്തിലുള്ള സത്യം ശിവം സുന്ദരം എന്ന ഭാഗം പഠിക്കുമ്പോള്, യഥാര്ത്ഥത്തില് ഓരോരോ വ്യക്തിയുടെയും ജീവിതകാര്യങ്ങള് വ്യത്യസ്തങ്ങളാണെന്നും, ഓരോരോ വ്യക്തികളുടെയും ജീവിതകാര്യങ്ങളെയും പ്രത്യേകം പ്രത്യേകമായിട്ടാണ് മഹാശക്തിയായ ദൈവം കരുതുന്നതെന്നും, ആവിധത്തില് സമ്പൂര്ണ്ണമായും സമ-ആനന്ദവും സമനീതിയും ഓരോരുത്തര്ക്കും ദൈവം നല്കുന്നുവെന്നും മനസ്സിലാക്കാവുന്നതാണ്. ഓരോ വ്യക്തികള്ക്കുമായി പ്രത്യേകം പ്രത്യേകമായിട്ടാണ് ദൈവം പ്രവര്ത്തിക്കുന്നതെങ്കിലും മനുഷ്യരുടെ നല്ലതിനുവേണ്ടി ദൈവത്തിന്റെ പ്രവര്ത്തനങ്ങളെ ഗൂഢമാക്കിയിരിക്കുന്നു. ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായത്തില് വിശദീകരണമുണ്ട്. ദൈവത്തിനു മാത്രം മഹത്വമെന്നും ദൈവം മാത്രമാണ് വലിയവനെന്നോ മനുഷ്യര് ആരാധിച്ചതുകൊണ്ട് ദൈവത്തിന് യാതൊന്നും നേടാനില്ല; മാത്രമല്ല ആരാധിക്കാന് ഉള്പ്പെടെ എന്തിനും ശക്തി നല്കേണ്ടതും ദൈവം തന്നെയാണ്. തന്റെ കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ നിവര്ത്തിക്കുവാന് മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഉള്പ്പെടുത്തിയിട്ടുള്ള ഭൗതികശാസ്ത്രവും ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും മാത്രംകൊണ്ട് കഴിയുംവിധമാണ് ദൈവത്തിന്റെ മഹാസംവിധാനം. അതായത് പ്രാര്ത്ഥന എന്ന പേരില് തന്റെ കുഞ്ഞുങ്ങള് ഓരോരോ ആവശ്യങ്ങളും അറിയിക്കാതെ തന്നെ, കുഞ്ഞുങ്ങള്ക്ക് യഥാര്ത്ഥത്തില് ആവശ്യമായതും കുഞ്ഞുങ്ങളുടെ നല്ലതിനു വേണ്ടതുമായ കാര്യങ്ങള് ദൈവം അറിയുകയും നിവര്ത്തിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തോട് പ്രാര്ത്ഥിക്കുക പോലും വേണ്ടതില്ലായെങ്കിലും കുഞ്ഞുങ്ങളുടെ പ്രാര്ത്ഥനയെ അവരുടെ മഹാമാതാവും മഹാപിതാവുമായ ദൈവം വിലക്കുന്നില്ല. മനുഷ്യര്ക്കുവേണ്ടി ഇരുട്ടും വെളിച്ചവും സൃഷ്ടിച്ചിട്ടുള്ള ദൈവം അവയ്ക്ക് അതീതമാണെന്നും, ഇരുട്ടില് വിളക്കും വെളിച്ചവും വേണ്ടത് മനുഷ്യര്ക്കാണെന്നും മനസ്സിലാക്കാതെ ദൈവത്തിനെന്ന പേരില് വിളക്കുകളും മെഴുകുതിരികളും തന്റെ കുഞ്ഞുങ്ങളായ മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി ദൈവം സൃഷ്ടിച്ചിട്ടുള്ളതായ വസ്തുക്കളും മറ്റും പാഴാക്കുന്ന അവസ്ഥയിലേക്ക് മനുഷ്യര് അധഃപതിച്ചിരിക്കുകയാണ്. ശാസ്ത്രീയമായ പ്രാര്ത്ഥനയെപ്പറ്റിയും ആരാധനയെപ്പറ്റിയും പ്രത്യേകം അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പ്രാര്ത്ഥനയുടെയും ആരാധനയുടെയും പേരില് ദൈവീകമല്ലാത്ത കാര്യങ്ങളെ ചെയ്തുകൂട്ടുന്നവരെ മഹാനീതിശാസ്ത്രം പ്രകാരം ദൈവം

ശിക്ഷിക്കുന്നതുമാണ്.
എല്ലാ സൃഷ്ടിചക്രങ്ങളിലും മായ പ്രത്യക്ഷമാക്കുന്നതിന്റെ മുന്നോടിയായിട്ട് മനുഷ്യരൂടെ ശരീരത്തില് വര്ത്തിക്കുന്ന അവരുടെ ആത്മാവിന്റെ ഭൗതിക അസ്തിത്വത്തെ ദൈവം വെളിപ്പെടുത്തുന്നുണ്ട്; അതോടൊപ്പം, മനുഷ്യരെയും മറ്റുള്ള ജീവികളെയും വസ്തുക്കളെയും ഒക്കെ മഹാ-ഭരിക്കുകയും മഹാ-അനുഗ്രഹിക്കുകയും ചെയ്യുന്നതായ മഹാപ്രപഞ്ചം എന്ന മഹാശരീരത്തിന്റെ മഹാ-ആത്മാവെന്നും പരമാത്മാവെന്നും വിശേഷിപ്പിക്കാവുന്ന ദൈവത്തിന്റെ ആത്മാവിന്റെ ഭൗതിക അസ്തിത്വവും ദൈവം വെളിപ്പെടുത്തുന്നുണ്ട്. ജീവികള്ക്ക് ജീവന് അഥവാ ശക്തി നല്കുന്നതായ ഓക്സിജനാണ് പരമാത്മാവ് അഥവാ ദൈവത്തിന്റെ വാതകരൂപം. ഓക്സിജനാണ് ജീവന് . പരിശുദ്ധാത്മാവ് എന്നും കഷ്ടിച്ച് വിശേഷിപ്പിക്കാം. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്റെ വിശദീകരണങ്ങള് പ്രത്യേകം അദ്ധ്യായങ്ങളില് ലഭ്യമാക്കിയിട്ടുള്ളത് പഠിക്കുമ്പോള് അനേകര് ഞെട്ടിത്തെറിക്കുന്നതും കോരിത്തരിക്കുന്നതുമാണ്. ചുവടെ അല്പംമാത്രം ഉദ്ധരിക്കാം :-
എല്ലാ ജീവികളുടെയും ജീവനായിട്ട് പ്രവര്ത്തിക്കുന്ന ഓക്സിജന് മഹാനീതിശാസ്ത്രം അനുസരിച്ച് വ്യക്തിയുടെ ശരീരത്തിനും ആത്മാവിനും പ്രവര്ത്തിക്കാനുള്ള ശക്തി നല്കുന്നു. കൂടാതെ വ്യക്തിയുടെ ശരീരത്തിന്റെയും ആത്മാവിന്റെയും മേല് നീതി നടത്തുന്നുമുണ്ട്.
മനുഷ്യരും മറ്റു ജീവികളും ഓക്സിജന് ശ്വസിക്കുന്നു എന്നു മനുഷ്യര് കരുതുന്നതുപോലും അജ്ഞാനമാണ്. മനുഷ്യരും മറ്റു ജീവികളും ചെയ്യുന്ന ഒരു ക്രിയ അല്ല ശ്വസനം. ഓക്സിജന് തന്നിഷ്ടപ്രകാരം ജീവിയുടെ ശരീരത്തില് പ്രവര്ത്തിക്കുകയാണു ചെയ്യുന്നത്. വ്യക്തിക്ക് ബോധം ഉള്ളപ്പോഴും, ഉറങ്ങുമ്പോഴുമൊക്കെ ഓക്സിജന് പ്രവര്ത്തിച്ചു കൊണ്ടിരിക്കുന്നത് വ്യക്തിയുടെ അനുവാദമോ സമ്മതമോ ഇഷ്ടങ്ങളോ പ്രകാരമല്ല. വ്യക്തിയുടെ ശരീരത്തിലെ ഓരോ കോശവും എപ്പോള് എങ്ങനെ സൃഷ്ടിക്കണം എന്നും, എങ്ങനെയെല്ലാം പരിവര്ത്തനം ചെയ്യണമെന്നും നിശ്ചയിക്കുന്നത് വ്യക്തിയല്ല, മറിച്ച് ഓക്സിജനാണ്. ഭ്രൂണാവസ്ഥയ്ക്കു മുമ്പുള്ള അണ്ഡ-ബീജാവസ്ഥകളെ നിയന്ത്രിക്കുന്നതു കൂടാതെ ; ജീവിയെ, ഉദാഹരണമായിട്ട് മനുഷ്യനെ ഭ്രൂണാസ്ഥയില് നിന്ന് കുഞ്ഞായി പ്രസവിക്കപ്പെടുന്നതുവരെയും ശേഷം ശരീരം മരണപ്പെടുന്നതുവരെയും അഥവാ ജീവി-കാലം മുഴുവനും, ജീവിയുടെ ശരീരവും ആത്മാവും, ഓക്സിജന്റെ നിയന്ത്രണത്തിലാണ്. ഭ്രൂണം കുഞ്ഞാകുമ്പോള്, ഓക്സിജന് പ്രവര്ത്തിക്കാനുള്ള

ശ്വാസകോശമെന്ന ഇരിപ്പിടവും, മഹാസ്നേഹമായ ഹൃദയവും, രക്തധമനികളും, നാസികയുമെല്ലാം, ഓക്സിജന് സൃഷ്ടിക്കുന്നു. അതായത്, ഓക്സിജന് എങ്ങനെ പ്രവര്ത്തിക്കണമെന്നു നിശ്ചയിക്കുന്നത് ഓക്സിജനാണ്. ഓക്സിജന് ശരീരത്തിലേക്ക് നാസികയിലൂടെ പ്രവേശിക്കുന്നതിനെ തടയാന് മനുഷ്യരിലെ ഞാന്-ബോധം എന്നു കഷ്ടിച്ചു പറയാവുന്ന ആത്മാവ് അഥവാ ജീവാത്മാവ് ശ്രമിച്ചാല് ശ്വാസംമുട്ടലുണ്ടാകും, ഞാന് എന്ന ആത്മാവിന്റെ ബോധം നശിക്കും അഥവാ മനുഷ്യനിലെ ഞാന്-ബോധത്തെ ഓക്സിജന് മരവിപ്പിക്കും. ശരീരത്തില് നിന്ന് ആത്മാവിനെ പുറത്തേക്കു നയിക്കണമോ ശരീരത്തില് നിലനിര്ത്തണമോ എന്നെല്ലാം നിശ്ചയിക്കുന്നത് ഓക്സിജനാണ്.

ഒരു മിനുട്ടില് ഏറെക്കുറെ 18 തവണ മനുഷ്യന് ശ്വാസോച്ഛ്വാസം ചെയ്യുമ്പോള്, മനുഷ്യന്റെ ചിന്തകള്പോലും ഓക്സിജന് അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നാണര്ത്ഥം. ഭൗതിക ശാസ്ത്രപരമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഭൗതികപ്രപഞ്ചത്തിലെ കാര്യങ്ങള് ഭൗതികശാസ്ത്രപരമായിത്തന്നെ ദൈവം അറിഞ്ഞുകൊണ്ടിരിക്കുകയാണ്. കടലിന്റെ അടിയില് പോയാലും ചന്ദ്രനില് പോയാലും (ഇന്ന്) ഓക്സിജനെ കൂടെ കൊണ്ടുപോയില്ലെങ്കില് മനുഷ്യന് ജീവിക്കാനാവില്ല എന്നു പറയുമ്പോള്, അപ്പോഴും എപ്പോഴും മനുഷ്യന്റെ ചിന്തകളും പ്രവര്ത്തനങ്ങളുമെല്ലാം ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് അഥവാ ദൈവം ഭൗതികശാസ്ത്രപരമായും അറിഞ്ഞുകൊണ്ടും നിയന്ത്രിച്ചുകൊണ്ടുമിരിക്കുന്നു എന്നാണര്ത്ഥം. കരിയില അനങ്ങുന്നതുപോലും ഓക്സിജന് അഥവാ ദൈവം അറിയുന്നു.

മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളും നശിക്കുകയും പുനര്- നിര്മ്മിക്കപ്പെടുകയും ചെയ്യുന്നുവെന്ന് ശാസ്ത്രം അറിയിക്കുമ്പോള്, അതു ചെയ്യുന്നത് ഓക്സിജനാണെന്നും, ശരീരവളര്ച്ച കൂടാതെ, ശരീരത്തിലേക്ക് രോഗത്തെ കൊണ്ടുവരുന്നതും രോഗത്തെ എടുത്തുകളയുന്നതും ഒക്കെ ഓക്സിജനാണെന്നറിയണം. ശരീരത്തില് ഉണ്ടാകുന്ന ഒരു മുറിവ് ഉണങ്ങണമെങ്കില്, ഡോക്ടറുടെ മരുന്ന് മാത്രം പോരാ, ഓക്സിജന് കനിയണം. ഡോക്ടര് മരുന്ന് കുറിക്കുമ്പോള്, അതും ഓക്സിജന് അറിയുന്നു.

മഹാശാസ്ത്രത്തിലെ അനന്തങ്ങളെന്നോണമുള്ള നിയമങ്ങള്ക്ക് സ്വയം വിധേയമായിക്കൊണ്ട് പ്രവര്ത്തിക്കുക എന്ന ചുമതല കൂടി ഓക്സിജനുണ്ട്. ദൈവം എല്ലാ ജീവികള്ക്കും ഭൗതികശാസ്ത്രപരമായി സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ അനുവദിക്കുകയും,

അതോടൊപ്പം ധര്മ്മശാസ്ത്രപരമായി മാത്രം വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കണമെന്ന് പ്രപഞ്ചകാര്യങ്ങളെക്കൊണ്ടുതന്നെ മനുഷ്യരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ജീവികള്ക്കെല്ലാം നല്കിയിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ പരമാവധി അനുവദിക്കുന്ന സ്ഥിതിവിശേഷമാണത്. ജീവികള്ക്ക്, പ്രത്യേകിച്ച് മനുഷ്യജീവികള്ക്ക് വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് അനവധി കാര്യങ്ങളിലെ ഭരണനിര്വ്വഹണം മഹാശക്തിയായ ദൈവം മനുഷ്യര്ക്കുതന്നെ നല്കിയിട്ടുണ്ട് ; അവയോട് നീതി പുലര്ത്തിക്കൊണ്ടാണ് ഓക്സിജന് പ്രവര്ത്തിക്കുക. ഉദാഹരണത്തിന്, (1) വധം, കൊലപാതകം, ആത്മഹത്യ, അപകടമരണം തുടങ്ങിയവയിലും ഭൗതികശാസ്ത്രപരമായിതന്നെ ഇടപെടുവാനും നിയന്ത്രിക്കുവാനും ഓക്സിജനിലൂടെ തന്നെ ദൈവത്തിനു കഴിയുമെങ്കിലും അവയെല്ലാം മനുഷ്യര് സ്വീകരിക്കുന്ന വ്യക്തിസ്വാതന്ത്ര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയാല് അസാധാരണ സാഹചര്യങ്ങളില് മാത്രമേ ഓക്സിജന് ഇടപെടുകയുള്ളൂ. (2) മരുന്നു കുറിക്കുന്ന ഡോക്ടറെയും മരുന്നിനെയും മരുന്നിന്റെ പ്രവര്ത്തനെയും നിശ്ചയിക്കാനും നിയന്ത്രിക്കാനും ഓക്സിജനു കഴിവുണ്ടെങ്കിലും വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട്, വസ്തുക്കളില് സൃഷ്ടിച്ചിട്ടുള്ള ഭൗതികശാസ്ത്രത്തിനും ധര്മ്മശാസ്ത്രത്തിനും നീതിശാസ്ത്രത്തിനും അനുസരിച്ച് പ്രവര്ത്തിക്കുവാന് അവയെ അനുവദിക്കുന്നു. (3) ലിംഗം, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ദേശം, തുടങ്ങിയ മനുഷ്യരെ ഏല്പിച്ചിട്ടില്ലാത്ത ജന്മഗുണങ്ങളുമായിക്കൂടി ബന്ധപ്പെട്ടാണ് ഓക്സിജന് പ്രവര്ത്തിക്കുന്നത്. വ്യക്തിയുടെ ആയുസ്സ്, ആരോഗ്യം, സുഖദുഃഖങ്ങള് എന്നിവമേല് സ്ഥാപിച്ചിട്ടുള്ള സൃഷ്ടിപരമായ വിധിക്ക്, വ്യക്തിസ്വാതന്ത്ര്യത്തിന്റെ സദുപയോഗത്തിലൂടെയും ദുരുപയോഗത്തിലൂടെയും രൂപപ്പെടുന്ന സ്ഥിതിപരമായ വിധി, മാറ്റങ്ങള് ഉണ്ടാക്കുന്നതാണ്. വിധികളെപ്പറ്റി പ്രത്യേക അദ്ധ്യായമായി വിസ്തരിക്കുന്നുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ആര്ഗോണ്, നിയോണ് എന്നിങ്ങനെയെല്ലാം പേരിട്ട് അപൂര്വ്വ വാതകങ്ങളെന്നും മറ്റും മനുഷ്യര് കരുതുന്നവ ഉള്പ്പെടെ മഹാപ്രപഞ്ചത്തില് സൃഷ്ടിക്കപ്പെട്ടിരിക്കുന്നവയ്ക്കെല്ലാം മഹാശാസ്ത്രപ്രകാരമുള്ള ധര്മ്മങ്ങളുണ്ട്. മനുഷ്യന് അവയെ ഭരിക്കുന്നു / നീതി നടത്തുന്നു എന്നു കരുതുന്നത് അജ്ഞാനംകൊണ്ടാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലെല്ലാം ദൈവം സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രങ്ങള്

പ്രകാരമല്ലാതെ അവയുടെ മേല് മനുഷ്യന് പ്രവര്ത്തിക്കാന് യാതൊരുകാലത്തും കഴിയുന്നതല്ല എന്നതാണ് സത്യം. ..... ഭൗതികശാസ്ത്ര പാഠങ്ങള് വെളിപ്പെടുത്തുന്നതുപോലെ യഥാകാലങ്ങളില് ദൈവം മനുഷ്യരെ എല്ലാ കാര്യങ്ങളും അറിയിക്കുന്നുണ്ട് എന്നുകൂടിയാണ് തെളിയുന്നത്. മനുഷ്യരുടെ നല്ലതിനുവേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ള കാര്യങ്ങളില് മനുഷ്യര് അമിതാവേശവും ദുര്വ്യാഖ്യാനങ്ങളും ദുഷ്പ്രവര്ത്തനങ്ങളും നടത്തുമ്പോഴാണ് അപകടവും ദൈവനിന്ദയും ഉണ്ടാകുന്നത്. ഉദാഹരണമായിട്ട് ഇന്ന് വെളിപ്പെടുത്തിയിട്ടുള്ള മൊബൈല് ഫോണ് സംവിധാനങ്ങള് 500 വര്ഷം മുമ്പുള്ള ജീവിതത്തിന് യോജിക്കുന്നതല്ല.

ജീവാത്മാവിന്റെ ഭൗതിക അസ്തിത്വം അറിയിക്കുന്നു. ശരീരത്തെയും ആത്മാവിനെയും കുറിച്ചുള്ള അറിവ് ശാസ്ത്രപരമായി ഉറപ്പിക്കാത്തതിന്റെ പോരായ്മ മുമ്പും ഇന്നും സമൂഹത്തിലുണ്ട്. സൃഷ്ടികളായ ജീവികളുടെ ജീവിതം ആനന്ദകരമാക്കാനും ഭൗതികശാസ്ത്രപ്രകാരം തന്നെ മഹാനീതി മഹാ-അനുഗ്രഹിച്ചു നല്കാനുമായി സ്രഷ്ടാവായ ദൈവം, ജീവികളിലെ ആത്മാവിനെ ഗൂഢമായി സംവിധാനം ചെയ്തിരിക്കുകയാണ് എന്നത് ഏവരും ഉള്ക്കൊണ്ടാല് വലിയൊരു ദൈവനിന്ദ ഒഴിവാകുന്നതാണ്. ജീവാത്മാവിന്റെ ഗൂഢാവസ്ഥ മാറ്റുകയെന്നാല്, മഹാപ്രപഞ്ചത്തിലുള്ള ഏതു വാതകമാണ് ജീവാത്മാവ് എന്നു വെളിപ്പെടുത്തുക എന്നാണ് അര്ത്ഥം. അങ്ങനെ വെളിപ്പെടുത്തിയാല് പ്രസ്തുത വാതകത്തെ അഥവാ ജീവാത്മാവിനെ ലാബറട്ടറികളിലെ പരീക്ഷണങ്ങള്ക്കും നിരീക്ഷണങ്ങള്ക്കും വിധേയമാക്കാന് തയ്യാറാകുന്ന മനുഷ്യരുമുണ്ടാകും. ജീവാത്മാവിന്റെയും സ്രഷ്ടാവിന്റെയും താല്പര്യങ്ങളെ ഹനിക്കുന്നവയാണ് മനുഷ്യരുടെ നീക്കമെങ്കില് അത് അനുവദിച്ചുകൂടാ. മറ്റൊരാളുടെ ജീവാത്മാവായ വാതകത്തെ പരീക്ഷണ-നിരീക്ഷണങ്ങള്ക്കു വിധേയമാക്കാന് ഉത്സാഹിക്കുന്നവര് തങ്ങളുടെ ശരീരത്തിലെ ഞാന്-ബോധമായ ജീവാത്മാവിന്റെ മേല് പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്താന് അനുവദിക്കുമോ, അറിഞ്ഞുകൊണ്ട് അങ്ങനെ അനുവദിക്കുന്നത് ശരിയാണോ, അറിയാതെ പരീക്ഷണങ്ങളും ഗവേഷണങ്ങളും ഒക്കെ നടത്തുമ്പോള് ആത്മാവായിരിക്കുന്ന വാതകത്തിന്റെ അവസ്ഥകളെന്തെല്ലാമാണ് തുടങ്ങിയ ബഹുവിധങ്ങളായ ചോദ്യങ്ങളുണ്ട്. വാതകമായി മനുഷ്യര് കരുതുന്ന ജീവാത്മാവായ വാതകത്തോട് മനുഷ്യര് അന്യായം കാണിക്കുമെന്നു ഭയന്നുകൂടിയാവാം ദൈവം

ജീവാത്മാവിനെ വെളിപ്പെടുത്താത്തത് എന്നൊരു വ്യാഖ്യാനം മുകളിലെ ഖണ്ഡികയിലുണ്ട്. കുഞ്ഞുങ്ങളേ, നിങ്ങള്ക്കു തെറ്റി. ഉറക്കത്തില് എങ്ങനെ നിങ്ങളിലെ ബോധം അഥവാ ജീവാത്മാവ് അബോധത്തോടെ കഴിയുന്നുവോ, അതേപോലെ, ജീവാത്മാവായ വാതകത്തെ, ജീവനായ ഓക്സിജന് നിയന്ത്രിക്കുന്നുണ്ട്. ജീവാത്മാവിനെ ജീവിപ്പിക്കുന്നതും നിര് ജ്ജീവമാക്കുന്നതും ഓക്സിജന്റെ നിയന്ത്രണത്തിലാണ്. ഓക്സിജനെ നിയന്ത്രിക്കാന് മനുഷ്യനു കഴിയില്ല എന്നാല് മനുഷ്യനെ നിയന്ത്രിക്കാന് ഓക്സിജനു കഴിയും എന്ന് ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ആത്മീയസാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തില് നക്ഷത്രത്തെ മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരമായി വ്യക്തമാക്കിയിട്ടുണ്ട്. അപ്പോള് നക്ഷത്രത്തിലുള്ള അഥവാ സൂര്യനിലുള്ള വാതകങ്ങളെ തേടിപ്പോകുമ്പോള് ലഭിക്കുന്ന ഹൈഡ്രജനും ഹീലിയവുമായാണ് ജീവാത്മാവിനു ബന്ധം എന്നു തെളിയുന്നു. ജീവാത്മാവ് ഏതു വാതകമാണെന്ന് /വാതകങ്ങളാണെന്ന് സുവ്യക്തമായി ദൈവം തന്റെ ഏകദാസനിലൂടെ അറിയിക്കുമ്പോഴും, ജീവാത്മാവിന്റെ മേല് മനുഷ്യന് പരീക്ഷണങ്ങളിലൂടെയും മറ്റും സുവ്യക്തതയോടേ പ്രവര്ത്തിക്കാനാവില്ലായെന്നതും ജീവാത്മാവിന്റെ മേലുള്ള സമ്പൂര്ണ്ണ നിയന്ത്രണവും എപ്പോഴും മഹാനീതിപതിയായ ദൈവത്തിനായിരിക്കുമെന്നതും മഹാനീതിശാസ്ത്രത്തിന്റെ ഔന്നത്യത്തെ എടുത്തുകാട്ടുന്നു. ജീവാത്മാവിനെപ്പറ്റിയുള്ള പാഠ-വിശദീകരണം നേടുന്നതിനുമുമ്പ് ചില കാര്യങ്ങളില് വിനയം വര് ദ്ധിപ്പിക്കേണ്ടതുണ്ട്. ജാഗ്രതപ്പെടുത്താനായുള്ളതാണ് അടുത്ത 4 ഖണ്ഡികകള് :

ജീവികളുടെയെല്ലാം സ്രഷ്ടാവായ ദൈവം മഹാമാതാവും മഹാപിതാവുമാണ്, തന്റെ കുഞ്ഞുങ്ങള്ക്ക് ആനന്ദം നല്കുന്ന പ്രവൃത്തികള് മാത്രംചെയ്യുന്ന മഹാസ്നേഹനിധിയായ മഹാമാതാവിനെ തിരിച്ചറിയാന് കുഞ്ഞുങ്ങള് ശ്രമിക്കേണ്ടതുണ്ട്. മഹാമാതാവിനോടും തങ്ങളോടുതന്നെയും കുഞ്ഞുങ്ങള്ക്കുള്ള ബാദ്ധ്യതയാണത്. ഗ്രന്ഥത്തിന്റെ തുടക്കത്തില് വ്യക്തമാക്കിയതുപോലെ ഏതാനും ജനവിഭാഗങ്ങളുടെയോ മനുഷ്യരുടെ മുഴുവനുമോ ജീവികളുടെ മുഴുവനുമോ ചിന്തകള്ക്കും അഭിപ്രായങ്ങള്ക്കും അനുസരിച്ച് ചാഞ്ചാടുന്നതോ മാറ്റിമറിക്കാനാവുന്നതോ അല്ല മഹാപ്രപഞ്ചവും മഹാശാസ്ത്രവും. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ശാസ്ത്രപാഠങ്ങള് മനസ്സിലാകുന്നതിനനുസരിച്ച് തങ്ങള് പുലര് ത്തിപ്പോന്ന അബദ്ധചിന്തകള് തിരുത്താനും മിടുക്കരാകാനും കഴിയുന്നതാണ്. മഹാശാസ്ത്രത്തിന്റെ സംഗ്രഹം മാത്രമായ ഈ

ഗ്രന്ഥത്തില് ശാസ്ത്രപാഠങ്ങളെ ക്രമീകരിച്ചിട്ടുള്ളത് അധമ വ്യവസ്ഥിതികളായ മതങ്ങളും രാഷ്ട്രീയ ഇസങ്ങളും ഭീകരവാദങ്ങളും മറ്റും ഇന്ന് സമൂഹത്തില് നിലനില്ക്കുന്നതുകൊണ്ട് അവയെ ഉള്പ്പെടുത്തിക്കൊണ്ടാണ്. എന്നാല് സമ്പൂര്ണ്ണ മഹാശാസ്ത്രം വൈകാതെ പ്രസിദ്ധീകരിക്കുമ്പോള്, മതങ്ങളെയും രാഷ്ട്രീയ ഇസങ്ങളെയും മറ്റും പരാമര്ശിക്കേണ്ടിവരുന്നതല്ല; ക്രമപ്രകാരം മഹാശാസ്ത്രപാഠങ്ങള് മാത്രം അവതരിപ്പിക്കുന്നതാണ്.

മഹായോഗ്യമായി മാത്രമാണ്, യാതൊരു കുറ്റങ്ങളും കുറവുകളുമില്ലാതെയാണ് ദൈവം മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെല്ലാം നിര്വ്വഹിക്കുന്നതെന്ന് ഈ ഗ്രന്ഥം പഠിക്കുമ്പോള് ബോദ്ധ്യമാകുന്നതാണ്. വിമര്ശന ബുദ്ധിയോടെയും ശാസ്ത്രപരമായും പാഠങ്ങളെ പഠിക്കണം, എന്നാല് മുന്വിധിയോടെ പഠിക്കുന്നത് ദൈവീകമല്ല. ദൈവം കനിഞ്ഞ് നല്കിയിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗം ചെയ്യാതെ നോക്കണമെന്ന് താല്പര്യം.

തീര്ത്തും രണ്ടായിരിക്കുന്ന ജീവാത്മാവിനെയും ശരീരത്തെയും ദൈവം ഒന്നായിട്ട് വ്യക്തിയില് സംയോജിപ്പിച്ചിട്ടുള്ളത് യഥാര്ത്ഥത്തില് വ്യക്തികളെ ആനന്ദിപ്പിക്കുകയല്ലേ ചെയ്യുന്നതെന്ന് അല്പം ചിന്തിച്ചുനോക്കുക. ശരീരത്തില് നിന്നും വേറിട്ടു പ്രവര്ത്തിക്കാന് ജീവാത്മാവിനെ അനുവദിച്ചാല് ജീവിതം ക്ലേശകരമാവില്ലേ എന്നു ചിന്തിക്കുക. മരണത്തിലൂടെയല്ലാതെ ജീവാത്മാവിനെ ശരീരത്തില് നിന്നും സ്വതന്ത്രമാക്കാനുള്ള മാര്ഗ്ഗങ്ങള് വ്യക്തിക്ക് ലഭ്യമാക്കുന്നത് ശരിയാണോ എന്നു ചിന്തിക്കുക. വ്യക്തിയുടെ മരണത്തിലൂടെയല്ലാതെ ജീവാത്മാവിനെ ശരീരത്തില്നിന്നും സ്വതന്ത്രമാക്കാനുള്ള മാര്ഗ്ഗങ്ങള് വ്യക്തിക്ക് ലഭ്യമാക്കിയാല്, ഭൂമിയിലുള്ള വലിയൊരു വിഭാഗം വ്യക്തികള് അങ്ങനെ ചെയ്താല് ജീവാത്മാവുകള് ശരീരമില്ലാതെ പ്രവര്ത്തിക്കാന് തയ്യാറാവുന്ന അവസ്ഥയുണ്ടാവുന്നതാണ്, ആത്മാക്കളുടെ ലോകവും പ്രവര്ത്തനവും കൂടി ഭൂമിയിലുണ്ടാവുന്നത് നന്നായിരിക്കുമോ എന്നു ചിന്തിക്കുക. ശരീരത്തില് നിന്നും വേറിട്ടു പ്രവര്ത്തിക്കുവാന് ജീവാത്മാവിനെ അനുവദിച്ചാല്, എപ്പോഴും മായ പ്രത്യക്ഷമായിരിക്കുക കൂടിയാണത്. ജീവിതത്തിന്റെ അര്ത്ഥങ്ങളും മാനങ്ങളും എല്ലാം അപകടത്തിലാകുന്നതാണ്. അതായത് ശരീരത്തെയും ജീവാത്മാവിനെയും അഭിന്നമായി പ്രവര്ത്തിപ്പിക്കുന്ന മഹായോഗ്യമായ ദൈവീക-സംവിധാനത്തെ പഠിക്കാനും മനസ്സിലാക്കാനും അനുഗ്രഹിക്കണമേ എന്ന് ദൈവത്തോടു പ്രാര്ത്ഥിക്കുന്നതിനു പകരം മുന്വിധികളോടെ സമീപിച്ച് ദൈവനിന്ദ ചെയ്യരുത്. മഹാനീതിശാസ്ത്രം

ഉള്പ്പെടെയുള്ള അനേകം പാഠങ്ങള് പഠിക്കുമ്പോള്, ജീവന് എന്നു പേരുള്ളതായ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്റെ നിയന്ത്രണത്തില് ജീവാത്മാവിനെ പെടുത്തിയിരിക്കുകയാണെന്നും മഹാനീതി നിര്വ്വഹണത്തിന്റെ ഭാഗമാണതെന്നും ബോദ്ധ്യമാകുന്നതാണ്.

മുമ്പ് വ്യക്തമാക്കിയതുപോലെ മനുഷ്യരുടെ ജനനവും ജീവിതവും മരണവുമെല്ലാം ശരീരത്തെ ആസ്പദമാക്കിയിരിക്കെ മനുഷ്യരുടെ ആനന്ദത്തിനുവേണ്ടി ദൈവം നിഗൂഢമാക്കിയിരിക്കുന്ന ജീവാത്മാവിനെപ്പറ്റി പരിധികള്ക്കപ്പുറമായി ചിന്തിച്ച് സ്വയം ദൈവനിന്ദ ചെയ്യുകയും സമൂഹത്തെ വഴിപിഴപ്പിക്കുകയും ചെയ്യരുത്. മനുഷ്യരിലെ ഞാന്-ബോധം എന്ന ആത്മാവിന്, ആത്മാവിനെപ്പറ്റിയും ദൈവത്തെപ്പറ്റിയും ഒക്കെ ചിന്തിക്കാന് കഴിയുന്നതുതന്നെ ശരീരമുള്ള കുഞ്ഞായി ജനിച്ച് പരസഹായത്തോടെ വളര്ന്ന് എത്രയോ വര്ഷങ്ങള് പിന്നിട്ടശേഷമാണെന്നത് വളരെ ഗൗരവമായെടുക്കണം. ശരീരമുള്ളവര്, ശരീരമുള്ളവരുമായി സഹകരിച്ചുകൊണ്ട്, ഭക്ഷണം ഉള്പ്പെടെ (ശരീര) രൂപങ്ങളുള്ള എല്ലാ സുഖങ്ങളെയും ആസ്വദിച്ചുകൊണ്ട് ജീവിക്കയും, ശേഷം ആത്മാവിനെപ്പറ്റി ഭോഷ്ക്കുകള് പറഞ്ഞുപരത്തുകയും ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. മഹാശക്തിയുടെ മഹാമായ കൊണ്ട് ആവിഷ്ക്കരിക്കപ്പെട്ട മഹാശാസ്ത്രം പ്രകാരം സൃഷ്ടി- സ്ഥിതി-സംഹാരങ്ങള് നടത്തപ്പെടുന്ന മഹാപ്രപഞ്ചത്തിന്റെ അഥവാ ജഗത്തിന്റെ ഒരംശമായി ജീവിച്ചുകൊണ്ട്, മഹാശാസ്ത്രത്തെയും ജഗത്തിനെയും മിഥ്യയായി വിശേഷിപ്പിക്കുന്ന ദൈവനിന്ദ പാടില്ല. ദൈവത്തിന്റെ മഹാശക്തികളെ മായ എന്നു പേരിടുമ്പോള് ജഗത്ത് മായകൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നല്ലാതെ ഒരിക്കലും മിഥ്യയല്ല. മിഥ്യ ആയിട്ടുള്ളതൊന്നും ദൈവം സൃഷ്ടിക്കുന്നില്ല.

മഹാശ്രേഷ്ഠമായിരിക്കുന്ന ജഗത്തിന്റെ ഒരംശമാണ് ആത്മാവും ശരീരവും ചേര്ന്നുള്ള എല്ലാ ജീവികളും. ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന ശരീരങ്ങളോടെ ജീവിച്ചുപോരുന്ന ജീവികളെല്ലാം സത്യങ്ങളാണ്, ആനന്ദിച്ചതും ആനന്ദിക്കുന്നതും ദുഃഖിച്ചതും ദുഃഖിക്കുന്നതും എല്ലാം സത്യങ്ങളാണ്. സത്യങ്ങളെ മിഥ്യ എന്നു വിശേഷിപ്പിക്കുന്ന സത്യമല്ലാത്ത ചിന്താരീതികള് മിഥ്യയാകും എന്നല്ലാതെ ജഗത്തില് ഭൗതികരൂപത്തോടെ സംഭവിച്ചതും സംഭവിക്കുന്നതുമായ ഒരു കാര്യങ്ങളും മിഥ്യയാകുന്നില്ല.

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര പാഠങ്ങള് കാലാനുസൃതമായും കൂടിയാണ് ദൈവം വെളിപ്പെടുത്തുന്നത് എന്നതും, ജീവാത്മാവിന്റെ ഭൗതിക അസ്തിത്വത്തെപ്പറ്റിയുള്ള ഏതാനും കാര്യങ്ങള്കൂടി

വെളിവാകാനുണ്ട് എന്നതും അറിയിച്ചുകൊണ്ടും പറയട്ടെ :-
മഹാപ്രപഞ്ചത്തിലെ മൂലകങ്ങളില് ആറ്റത്തില് ഏക ഇലക്ട്രോണും ഏകപ്രോട്ടോണും മാത്രമുള്ള ഏക മൂലകവും, ആറ്റത്തില് ന്യൂട്രോണ് ഇല്ലാത്തതുമായ, ഹൈഡ് ചെയ്തിട്ടുള്ള അഥവാ ഗൂഢമാക്കിയിട്ടുള്ള (ഒളിച്ചിരിക്കുന്ന) എന്ന പേര് മനുഷ്യരിലൂടെത്തന്നെ ദൈവം നല്കിയിട്ടുള്ളതുമായ ഹൈഡ്രജനാണ് ജീവാത്മാവ്; അതേസമയം ഹീലിയം എന്ന മൂലകം കൂടി ജീവാത്മാവിന്റെ ഭാഗമാകുന്നുമുണ്ട്. ഹൈഡ്രജനും ഹീലിയവും ചേര്ന്നതായിട്ട് ജീവാത്മാവ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എങ്ങനെയെല്ലാമെന്നും എന്തുകൊണ്ടാണെന്നും ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും എന്ന അദ്ധ്യായത്തില് നിന്ന് മനസ്സിലാക്കാനാവും. ജീവികളുടെ മനുഷ്യാവസ്ഥയില് ആത്മീയസാക്ഷാത്ക്കാരത്തിന് 10 ജന്മങ്ങള് മാത്രമുള്ളപ്പോഴാണ് ജീവാത്മാവിന്റെ 2 ഭാഗങ്ങളില് സ്ത്രീ-ഭാഗമായിരിക്കുന്ന ഹൈഡ്രജന്, പുരുഷഭാഗമായിരിക്കുന്ന ഹീലിയത്തോട് ചേരുക. ഒല എന്ന ചുരുക്കപ്പേരുള്ള ഹീലിയം (ഒലഹശൗാ) ജീവിതത്തില് അവനും അവളുമായി ജീവി-ശരീരങ്ങള് സ്വീകരിക്കുകയും, ഒ എന്ന ചുരുക്കപ്പേരുള്ള ഹൈഡ്രജന് (ഒ്യറൗീഴലി) പരിശുദ്ധാവസ്ഥയോടെ മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ഭാഗമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഏതാനും കാര്യങ്ങള്കൂടി വെളിവാകാനുണ്ട് എന്നത് ആവര്ത്തിക്കുന്നു.
ശരീരത്തില് നിന്നും വേറിട്ട് വാതകങ്ങളെന്ന പേരില് ഹൈഡ്രജനെയും ഹീലിയത്തേയും പരീക്ഷണശാലകളിലും മറ്റും ഉപയോഗിക്കുമ്പോള് ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് മഹാഭരണം നടത്തുന്നുണ്ട്. മുമ്പു സൂചിപ്പിച്ചതുപോലെ ഉറക്കത്തില് എങ്ങനെ ഒരാളുടെ ബോധം അഥവാ ജീവാത്മാവ് അബോധത്തോടെ കഴിയുന്നുവോ, അതേപോലെ, ജീവാത്മാവായ വാതകത്തെ, ജീവനായ ഓക്സിജന് നിയന്ത്രിക്കുന്നുണ്ട്. ജീവാത്മാവിനെ ജീവിപ്പിക്കുന്നതും നിര്ജ്ജീവമാക്കുന്നതും ഓക്സിജന്റെ നിയന്ത്രണത്തിലാണ്, അഥവാ ഓക്സിജനാണ്. ശരീരത്തില് നിന്നും വേറിട്ട് മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ/സംയുക്തങ്ങളുടെ ഭാഗമായിട്ട് ഹൈഡ്രജനും ഹീലിയവും വര്ത്തിക്കുമ്പോള് മഹാനീതിശാസ്ത്രം പ്രകാരമുള്ള പ്രവര്ത്തനങ്ങള് നടക്കുന്നുണ്ട്. ജീവികളില് അല്ലാതെയും പ്രപഞ്ചത്തിന്റെ ഭാഗമായിരിക്കാന് ജീവാത്മാവിനുള്ള അവസരം കൂടിയാണത്. മാത്രമല്ല, വസ്തുക്കളെ മലിനപ്പെടുത്തുന്നതിനും കടുത്ത അശ്രദ്ധയോടെ പെരുമാറുന്നതിനുമുള്ള ശിക്ഷയും പ്രസ്തുത അവസ്ഥയിലുണ്ട്.

ജലത്തില് ഹൈഡ്രജന് ഉണ്ടെന്നറിയുമ്പോള്, മലിന ജലത്തിലും ഹൈഡ്രജന് ഉണ്ടെന്നും, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് നിശ്ചയിക്കുമ്പോലെയുള്ള സുഖദുഖ-അനുഭവങ്ങള് ഹൈഡ്രജന് ഉണ്ടാകുന്നുവെന്നും വെളിവാകുന്നു. സ്വതന്ത്രമാക്കപ്പെടുന്ന ഹൈഡ്രജന് (ചമരെലേി ഒ്യറൗീഴലി) പ്രത്യേക ശക്തികളുണ്ടെന്ന് കെമിസ്ട്രിയില് പഠിക്കുന്നതിനെ കൂട്ടിവായിച്ചാല് മനസ്സിലാക്കാന് കൂറേക്കൂടി എളുപ്പമാകുന്നതാണ്.
ജീവാത്മാവ് ജീവിയുടെ ശരീരത്തില് എവിടെയാണെന്നും, എങ്ങനെയാണ് പ്രവര്ത്തിക്കുന്നതെന്നും അറിയിക്കുന്നു :-
മനുഷ്യ-ശരീരത്തിലെ പ്രവര്ത്തനങ്ങളുടെ കേന്ദ്രം ഹൃദയമാണ്. നാസികയിലൂടെ പ്രവേശിക്കുന്ന ഓക്സിജന് ശ്വാസകോശത്തിലൂടെ ഹൃദയത്തിലെത്തുകയും, ഹൃദയത്തെ പ്രവര്ത്തിപ്പിക്കുകയുമാണു ചെയ്യുന്നത്. ഹൃദയം സദാ പ്രവര്ത്തിച്ചുകൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ പ്രവര്ത്തനങ്ങള് നില്ക്കുമ്പോള് മനുഷ്യന്റെ എല്ലാ പ്രവര്ത്തനങ്ങളും സ്തംഭിക്കുന്നു. ഹൃദയം തന്നെയാണ് മനുഷ്യശരീര-കേന്ദ്രം. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്, ശ്വാസകോശത്തിലെത്തിക്കൊണ്ട്, ജീവിയുടെ ഹൃദയത്തെ പ്രവര്ത്തിപ്പിക്കുന്നു. ഹൃദയത്തിലെ കുഴലുകളിലൂടെ ഒഴുകുന്ന രക്തത്തില് ജീവാത്മാവ് കലര്ന്നെങ്കില് മാത്രമേ ശരീരത്തില് മുഴുവനും വ്യാപരിക്കുന്ന രക്തത്തിലൂടെ ശരീരത്തെ മുഴുവന് ജീവാത്മാവുമായി ബന്ധിപ്പിക്കാന് കഴിയുകയുള്ളൂ. ശരീരത്തിന്റെ ഓരോ അവയവവും ഞാന് ഞാന് എന്ന ജീവാത്മാവിന്റെ ഭാഗമാകുന്നത് രക്തത്തിലൂടെയാണ്. രക്തഓട്ടം ഇല്ലാത്ത ശരീരഭാഗം നിര്ജ്ജീവമാകുന്നതും ഞാന് എന്ന ബോധം പ്രസ്തുത ഭാഗത്തിന് ഇല്ലാതെ വരുന്നതുമായി കൂട്ടി വായിക്കുമ്പോള് ജീവാത്മാവ് രക്തത്തിലൂടെ ശരീരത്തില് മുഴുവനും വ്യാപരിക്കുന്നുവെന്ന് സുവ്യക്തമാണ്. ഹൃദയം ജീവാത്മാവിന്റെ പ്രവര്ത്തനങ്ങല്ക്കായുള്ള ശക്തികേന്ദ്രമാണ് എന്നു തെളിയുന്നു. ജീവിയുടെ വാതകരൂപത്തിലുള്ള ആത്മാവിന്റെ വാസകേന്ദ്രം ഹൃദയത്തിലാണെന്നും വ്യക്തമാകുന്നു.
വാതകാവസ്ഥയിലുള്ള ഓക്സിജനെ സത്യവുമായും, ദ്രാവകാവസ്ഥയിലുള്ള വെള്ളത്തെ ധര്മ്മവുമായും ഖരാവസ്ഥയിലുള്ള മണ്ണിനെ നീതിയുമായും ദൈവം ബന്ധിപ്പിച്ചിട്ടുണ്ട്. ജീവിയുടെ ശരീരത്തില് രക്തയോട്ടം ഉണ്ടായിരിക്കുമ്പോള് ദ്രാവക അവസ്ഥയും ജീവി ജീവിക്കുന്നു എന്ന ധര്മ്മാവസ്ഥയും ഉണ്ടാകുന്നു. പ്രസ്തുത അവസ്ഥയില് ജീവിയുടെ ശരീരത്തില് വാതകാവസ്ഥയിലുള്ള ഓക്സിജന് പ്രവര്ത്തിക്കുക കൂടിയാണ്. ജീവിയുടെ ജീവാത്മാവും,

ജീവിയുടെ ജീവനായിട്ട് പ്രവര്ത്തിക്കുന്ന ഓക്സിജനും, ജീവിയില് അപ്പോഴുണ്ട്; ഓക്സിജന് നിശ്ചയിക്കുമ്പോലെ ജീവാത്മാവായ വാതകത്തിന് സ്വത്വബോധം ഉണ്ടാകുന്നതുമാണ്.
പ്രവൃത്തികളില് നിന്നും ജീവിതാസ്വാദനങ്ങളില് നിന്നും മുക്തമായിക്കൊണ്ട് ജീവി ഉറങ്ങുമ്പോഴും ബോധമില്ലാതെ കിടക്കുമ്പോഴു,ം ഞാന്-ബോധം എന്നുകൂടി വിശേഷിപ്പിക്കാവുന്ന ജീവാത്മാവ് ഹൃദയത്തിലുണ്ട്. ജീവി വീണ്ടും ഉണരുമ്പോള് ഞാന്-ബോധം എന്ന ജീവാത്മാവ് പ്രത്യക്ഷമാകും പോലെ വെളിപ്പെടുന്നു. ജീവി ഉറങ്ങുമ്പോഴും ബോധമില്ലാതെ കിടക്കുമ്പോഴും ജീവാത്മാവ് ഹൃദയത്തില് എന്തുചെയ്യുന്നു എന്നത് മനുഷ്യരുടെ ഇടയിലുള്ള ഒരു വലിയ ചോദ്യമാണ്. സുവ്യക്തമായ ഉത്തരമുണ്ട് എന്നു പറഞ്ഞുകൊണ്ട് വിശദമാക്കാം. മനുഷ്യന് ഉറങ്ങുമ്പോഴും മനുഷ്യശരീരത്തില് രക്തഓട്ടം നടക്കുന്നുണ്ട് ; അതിലൂടെ ശരീരവളര്ച്ച സംബന്ധമായ കോശനിര്മ്മാണം നടക്കുന്നുണ്ട് ; രോഗങ്ങളെ സുഖപ്പെടുത്തുകയും രോഗങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നുണ്ട് ; തുടങ്ങിയ പ്രവര്ത്തനങ്ങള് നടക്കുന്നുണ്ട്; എന്ന് അറിയാവുന്നവരും ചിന്തിക്കുന്നവരുംഉണ്ടല്ലോ.
അതിഗൗരവങ്ങളായ ചില കാര്യങ്ങള് ഇനി പറയാം:
മനുഷ്യന്റെ ഞാന്-ബോധം എന്നുകൂടി വിശേഷിപ്പിക്കാവുന്ന ജീവാത്മാവ് ഉറങ്ങുമ്പോഴും ഉണ്ടാവണമെന്നു പറഞ്ഞാല് അതിന്നര്ത്ഥം ജീവി ഉറങ്ങരുത് എന്നും സദാ ഉണര്ന്നിരിക്കണം എന്നുമാണ്. ഉറങ്ങുന്നില്ലെങ്കില് എന്തെങ്കിലും ചെയ്യണ്ടേ ? സദാ ഞാന്-ബോധം ഉണ്ടായാല് ജീവിക്ക് വെറുതെ കിടക്കാനുമാകില്ല. പ്രവൃത്തികളില് ഏര്പ്പെടേണ്ടി വരുന്നതാണ്. അതായത് ഉറങ്ങുവാന് ഏവരും ഉപയോഗിക്കുന്ന സമയം കൂടി വിവിധങ്ങളായ ജോലികളില് ഏര്പ്പെടേണ്ടി വരും. രാത്രികളില് ചെയ്യാന് പറ്റിയ ജോലികള് ഓരോരുത്തര്ക്കും ആസൂത്രണം ചെയ്യേണ്ടി വരും, അല്ലെന്നാല് രാത്രി അഥവാ ഇരുട്ട് ഇല്ലാതെ സദാ പകല് മാത്രമുള്ള സംവിധാനം ഉണ്ടാക്കേണ്ടതായി വരും ; അധിക ജോലി ചെയ്യുന്നതിന് അധിക ഭക്ഷണം ഉള്പ്പെടെയുള്ള ഊര്ജ്ജകാര്യങ്ങള് വേണ്ടിവരും.
വിശ്രമം നല്കാതെ അഥവാ നിര്ത്തുകയേ ചെയ്യാതെ സദാ ഒരു യന്ത്രം പ്രവര്ത്തിപ്പിച്ചുകൊണ്ടിരുന്നാല് യന്ത്രത്തിന് കൂടുതല് തേയ്മാനം സംഭവിക്കുന്നതാണ്, കേടുപാടുകളും വര്ദ്ധിച്ചേക്കാം. യന്ത്രത്തിന്റെ പ്രവര്ത്തനം നിലച്ചെന്നും വരാം. കേടുപാടുകള് തീര്ക്കാനായി യന്ത്രത്തെ പ്രവര്ത്തിക്കാതെ കിടത്തേണ്ടിയുംവരും. മനുഷ്യശരീരം എന്ന യന്ത്രത്തിന് തേയ്മാനം സംഭവിക്കുമ്പോഴോ, അപകടങ്ങള് സംഭവിക്കുമ്പോഴോ, ഞാന്-ബോധം നഷ്ടപ്പെടാതെ ഇരുന്നാല്,

ഹൃദയത്തിലും മറ്റു ശരീര ഭാഗങ്ങളിലും നടത്തുന്ന വലിയ ഓപ്പറേഷനുകള് ഉള്പ്പെടെയുള്ളവ ഞാന്-ബോധം എന്ന ജീവാത്മാവ് കണ്ടും അനുഭവിച്ചും കഴിയേണ്ടിവരും. വേദനസംഹാരികള് ഇല്ലെന്നുകൂടി വന്നാല് ഞാന് എന്ന ജീവാത്മാവ് വേദന തിന്നുമടുക്കുന്നതാണ്.

ഉറക്കം എന്ന അവസ്ഥ ജീവിതത്തില് ഇല്ലായിരുന്നുവെങ്കില് ജീവിതം ഇത്ര ആനന്ദകരം ആകുമായിരുന്നില്ലായെന്ന് മനസ്സിലാക്കുവാന് തങ്ങളുടെയും ചുറ്റുമുള്ളവരുടെയും ജീവിതകാര്യങ്ങളെ വിചിന്തനം ചെയ്താല് മതിയാകും. കുഞ്ഞുങ്ങളും കുട്ടികളും ഉറങ്ങുന്നില്ലായെങ്കില്, കാമകാര്യങ്ങള് ഉള്പ്പെടെ അനേകം കാര്യങ്ങളില് അവരുടെ മാതാവിനും പിതാവിനും വളരെയധികമോ അഥവാ പരിഹരിക്കാന് സാധിക്കാത്തതോ ആയ വിഷമങ്ങള് ഉണ്ടാകുമെന്നുള്ളത് ഒരു ഉദാഹരണം മാത്രമാണ്.

ജീവാത്മാവും ശരീരവും ലയിച്ചുചേര്ന്ന് പ്രവര്ത്തിക്കുന്ന മനുഷ്യന് ദിവസത്തിന്റെ മൂന്നില് ഒരു ഭാഗം സമയം ഉറങ്ങുകയും, ശേഷം എണീറ്റ് മുഖം വെള്ളംകൊണ്ടു കഴുകിയും കുളിച്ചും പുതുദിവസം ആരംഭിക്കുമ്പോള്, ശരീരം എന്ന യന്ത്രത്തിനും അതിന്റെ ഉടമയെന്നോണം വര്ത്തിക്കുന്ന ഞാന്-ബോധം എന്ന ജീവാത്മാവിനും പുത്തന് ഉണര്വ്വു കിട്ടുന്നു. ഉറക്കം നല്ലതാണെന്നും, ഉറങ്ങണമെങ്കില് ജീവാത്മാവിനെ ബോധമില്ലാത്ത നിലയില് എത്തിക്കണമെന്നും വ്യക്തമായിരിക്കുമല്ലോ. ഇനി ഉറക്കത്തിന്റെ പിന്നിലുള്ള ചില ശാസ്ത്രപാഠങ്ങള് പറയാം.

ഞാന്-ബോധം എന്നുകൂടി വിശേഷിപ്പിക്കാവുന്ന ജീവാത്മാവ് മനുഷ്യശരീരത്തില് നിറഞ്ഞിരിക്കുമ്പോള്, ശരീരത്തിന്റെ ഓരോ അവയവത്തിലും വ്യാപരിക്കുന്നുണ്ട്. ഓരോ അവയവയത്തിലും ഞാനുണ്ട്. ശരീരത്തില് നുള്ളുമ്പോഴുള്ള വേദനയില് നിന്നും, സ്പര്ശ സുഖത്തില് നിന്നും അറിയാവുന്ന കാര്യമാണത്. എന്നാല് അപകടത്തില് പെട്ടോ അല്ലാതെയോ ഒരാളുടെ കൈവിരലുകളോ, കൈകള് തന്നെയോ, കാലുകളോ മുറിച്ചു മാറ്റിയാലും, ഞാന് എന്ന ബോധം പൂര്ണ്ണമായും ഉണ്ട്. ഞാന്-ബോധത്തിന്റെ യാതൊന്നും നഷ്ടപ്പെട്ടിട്ടില്ല, ഞാന്-ബോധമായ ജീവാത്മാവ് പ്രവര്ത്തിപ്പിക്കുന്നു എന്നു കഷ്ടിച്ചു പറയാവുന്ന ശരീരത്തിനു മാത്രമാണ് ശോഷണം ഉണ്ടാകുന്നത്. ഉറങ്ങിക്കിടക്കുന്ന ഒരാളെ ഗാഢമായി മയക്കിക്കൊണ്ട് അയാളുടെ ഒരു കാല് മുറിച്ചു മാറ്റിയാലും, കൈകള് മുറിച്ചു മാറ്റിയാലും, ഉറക്കമുണര്ന്ന് വളരെക്കഴിഞ്ഞാവും മുമ്പ് ഞാന്-ബോധത്തിന്റെ ഭാഗമായി കരുതിയിരുന്ന അവയവങ്ങള് നഷ്ടപ്പെട്ട വിവരം പോലും അയാളിലെ

ഞാന്-ബോധം അറിയുന്നത്. അതായത് ശരീരവും ജീവാത്മാവും രണ്ടാണെന്ന് വ്യക്തമാകുന്നു. ഹൃദയം എന്ന കേന്ദ്രത്തില് നിന്നും ജീവാത്മാവായ വാതകം ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപരിക്കുക മാത്രമാണെന്നും അതു തെളിയിക്കുന്നുണ്ട്. ജീവിയുടെ/മനുഷ്യന്റെ ജീവാത്മാവിന് ജീവിതം ആസ്വദിക്കുന്നതിനായി മഹാശക്തിയായ ദൈവം അനുഗ്രഹിച്ചു നല്കിയിട്ടുള്ള ജീവി-രൂപമാണ് ശരീരമെന്നും, ശരീരത്തിലെ ഓരോ അവയവവും അതീവ പ്രധാനങ്ങളാണെന്നും കൂടി സുവ്യക്തമാകുന്നു.

ജീവാത്മാവിനെയും ഉറക്കത്തെയും സംബന്ധിക്കുന്ന പരമവിശിഷ്ടമായ അടുത്ത പാഠം മഹാശക്തിയായ ദൈവത്തിന്റെ ബ്രഹ്മ-അവസ്ഥയുമായി ബന്ധപ്പെട്ടുള്ളതാണ്. ബ്രഹ്മത്തെ വിശദീകരിക്കുന്ന പ്രത്യേക അദ്ധ്യായം, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുണ്ട്. ഓരോ ദിവസവും, ഓരോ ഉറക്കത്തിലും മനുഷ്യര് ബ്രഹ്മ-അവസ്ഥയിലെത്തുന്നു, എന്നാല് ബ്രഹ്മത്തെ അറിയുന്നുമില്ല. ഞാന്-ബോധം നഷ്ടപ്പെട്ട് മനുഷ്യന്/വ്യക്തി ഉറങ്ങുമ്പോഴും ഞാന്-ബോധവും ജീവാത്മാവുമായ ഹൈഡ്രജനും ശരീരവും അവിടെയുണ്ട്. തന്റെ ശരീരം അവിടെയുള്ളതു പോലും ജീവാത്മാവ് ഉറക്കത്തില് അറിയുന്നില്ല. ഉറക്കം കഴിയുമ്പോള് മാത്രമാണ് ശരീര ബോധവും ഉണ്ടാകുന്നത്. മഹാപ്രപഞ്ചം ഇല്ലെങ്കിലും മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം നിലനില്ക്കുമെന്ന് സുവ്യക്തമാക്കപ്പെടുന്നു. മാത്രമല്ല, മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങളെ ആധാരമാക്കി ബ്രഹ്മാവസ്ഥയില് ആനന്ദമില്ല എന്നു പറയാനാവില്ല. എല്ലാ ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം, എല്ലാ ആനന്ദങ്ങള്ക്കും അതീതമാണ്. തീര്ന്നില്ല, ബ്രഹ്മം മഹാശക്തിയായി മാറിക്കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പ് എന്തെങ്കിലും ചെയ്യുന്നുവോ ചെയ്യാതിരിക്കുന്നുവോ എന്നത് ബ്രഹ്മത്തെ സംബന്ധിച്ച് വിഷയമല്ലാതെ വരുന്നു. ഇനിയുമുണ്ട്, ബ്രഹ്മം മഹാശക്തിയായി മാറിക്കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുമ്പോള് മാത്രമാണ് കാലഗണന ഉണ്ടാവുന്നത്. അതായത് ബ്രഹ്മം കാലത്തിനും അതീതമാണ്.

ജീവാത്മാവിന്റെ അസ്തിത്വത്തെയും പ്രവര്ത്തനത്തെയും ജീവാത്മാവിന്റെ മേല് മഹാനീതിപതിയായ ദൈവം മഹാനീതിശാസ്ത്രം പ്രകാരം നിര്വ്വഹിക്കുന്ന മഹാനീതിയെയും മനസ്സിലാക്കുമ്പോള്, ദൈവം ഗൂഢമായിട്ട് മഹാഭരിക്കുന്ന ജീവാത്മാവ് ഏതു വാതകമാണെന്നത് മനസ്സിലാക്കിയിട്ട് മനുഷ്യര്ക്ക് യാതൊരു കാര്യവുമില്ലെന്നും, ഏതു വാതകമാണെന്നത് അപ്രസക്തമാണെന്നും,

ജീവാത്മാക്കളുടെ മേലുള്ള മഹാനീതികാര്യങ്ങളെ ദൈവം തന്നെ നിര്‍വ്വഹിക്കേണ്ടത് മഹാനീതിനിര്‍വ്വഹണത്തിന് ആവശ്യമാണെന്നും, മനുഷ്യകരങ്ങളിലേക്ക് മഹാനീതികാര്യങ്ങള് പകരാതെ തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം മഹാനീതി മഹാഅനുഗ്രഹിച്ച് നല്കുന്ന മഹാശക്തിയായ ദൈവത്തിനു മാത്രമാണ് മഹത്വമെന്നും സുവ്യക്തമാകുന്നുണ്ട്.

മനസ്സ്

മനസ്സ് എന്നാലെന്താണ്, മനസ്സ് ഹൃദയത്തിലാണോ തലയിലാണോ, തുടങ്ങിയ ചോദ്യങ്ങള് അനേകര്ക്ക് ഉണ്ട്. ജീവന് ആയിരിക്കുന്ന ഓക്സിജന്റെ ഭാഗികമോ പൂര്‍ണ്ണമോ ആയ നിയന്ത്രണങ്ങളോടെ ജീവാത്മാവിന് സാദ്ധ്യമാകുന്ന സ്വത്വബോധമാണ് മനസ്സ്. ജീവാത്മാവിനെ ജീവിയുടെ ഞാന്-ബോധം എന്നുകൂടി വിശേഷിപ്പിക്കാമെന്ന് മുമ്പു സൂചിപ്പിച്ചതിനെ വിലയിരുത്തുമ്പോള് ജീവാത്മാവും മനസ്സും പലപ്പോഴും ഒന്നാവുന്നതായി കാണാം. തന്റെ അറിവുകളെയും ഇഷ്ടങ്ങളെയും ചിന്തകളായും ഭാവനകളായും സംഭാഷണങ്ങളായും പ്രവൃത്തികളായും പ്രകടിപ്പിക്കുവാന് ജീവാത്മാവിനു കഴിയുന്നത് മനസ്സ് എന്ന സ്വത്വബോധത്തിലൂടെയാണ്. ജീവന് ആയിരിക്കുന്ന ഓക്സിജന്റെ ഭാഗികമോ പൂര്‍ണ്ണമോ ആയ നിയന്ത്രണങ്ങളോടെ എന്നു പറയുമ്പോള്, ശരീരവും ജീവാത്മാവും ഒന്നുചേര്ന്നുള്ള ജീവിക്ക് വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുമ്പോള് തന്നെ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളെയും കൂട്ടിയിണക്കുന്ന മഹാനീതിശാസ്ത്രത്തെ ബന്ധപ്പെടുത്തിക്കൊണ്ട് ജീവിക്ക് വ്യക്തിസ്വാതന്ത്ര്യത്തെ സമ്പൂര്‍ണ്ണമായി അനുവദിക്കാനും ഭാഗികമായി നിയന്ത്രിക്കാനും പരിപൂര്‍ണ്ണമായി തടയാനും ജീവന് തയ്യാറായേക്കും എന്നാണര്ത്ഥം. ഉദാഹരണമായിട്ട്, (1) അടുത്ത ദിവസം കാലത്ത് 5 മണിക്ക് ഉണരണമെന്ന് ആഗ്രഹിക്കുന്ന വ്യക്തിയെ, ഒരു അലാറവുമില്ലാതെയും, ആരും വിളിച്ചുണര്ത്താതെയും കൃത്യം 5 മണിക്ക് ജീവനായ ഓക്സിജന് ഉണര്ത്തിയെന്നു വരാം. വ്യക്തിയും, വ്യക്തിയെ ഉണര്ത്താന് ഏല്പിക്കപ്പെട്ട വ്യക്തിയും 5 മണിക്കുശേഷം ഒരുപോലെ ഉറങ്ങിയെന്നും വരാം. (2) രണ്ടു കുട്ടികളില് ഒരു പ്രത്യേക കുട്ടിയെ സ്കൂള് പരീക്ഷയിലോ, ജോലി-ഇന്റര്വ്യൂവിലോ മുന്നിലെത്തിക്കാന് എല്ലാ ജീവികളുടെയും ജീവനായ ഓക്സിജന് നിശ്ചയിക്കുമ്പോള്, പരീക്ഷയ്ക്കു വേണ്ടി നല്ലതുപോലെ പഠിച്ച കുട്ടിക്ക് ഉത്തരങ്ങള് മറക്കാനും കൂടുതലായി പഠിക്കാത്ത അപരന് ഉത്തരങ്ങള് ഓര്മ്മവരാനും ഇടയുണ്ടാവുന്നതാണ്. സൃഷ്ടിപരമായ വിധിയും സ്ഥിതിപരമായ വിധിയും, മഹാനീതിശാസ്ത്രം, എന്നീ അദ്ധ്യായങ്ങള്

പഠിക്കുമ്പോള്, ജന്മങ്ങളുടെ എണ്ണംകൊണ്ടും പുണ്യക്കൂടുതല് കൊണ്ടും, ധര്മ്മശാസ്ത്രപരമായ മറ്റു ഘടകങ്ങള്കൊണ്ടും യോഗ്യത കൂടുതല് ഉള്ള കുട്ടിയാണ് മുന്നിലെത്തുന്നതെന്നും, ഒരു പക്ഷേ നല്ലതുപോലെ പഠിച്ച കുട്ടിക്ക് കൂടുതല് മെച്ചമായ ഒന്ന്/തൊഴില് ലഭ്യമാക്കാനുള്ള ഒരു പദ്ധതി മാത്രമായിരുന്നു എന്നുമുണ്ട്.

ന്യൂറോണുകള്

മനുഷ്യാവസ്ഥയിലെത്തുന്ന ജീവിക്ക് മഹാശാസ്ത്രം മുഴുവന് ദൈവം മഹാഅനുഗ്രഹിച്ചു നല്കുന്നുണ്ട്. മനുഷ്യരുടെ തലയിലെ ന്യൂറോണുകളിലൂടെ എല്ലാ മനുഷ്യരിലും മഹാശാസ്ത്രം മുഴുവന് സ്ഥാപിച്ചിട്ടുണ്ട്. മറ്റൊരു വിധത്തില് പറഞ്ഞാല് ഓരോ മനുഷ്യരുടെയും തലയിലെ ന്യൂറോണുകളില് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവന് ഉള്ക്കൊള്ളാനുള്ള ഇടമുണ്ട്. മനുഷ്യന് 100 ജന്മങ്ങള് നിശ്ചയിച്ചിട്ടുള്ളതും അതില് ഒരു ജന്മത്തില് മാത്രം മഹാശാസ്ത്രം മുഴുവന് മഹാഅനുഗ്രഹിച്ചു നല്കുന്നതും, പ്രസ്തുത ജന്മത്തില് മാത്രം മനുഷ്യന് ദൈവത്തെ മഹാശാസ്ത്രപരമായി ആരാധിക്കുന്നതും, ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും സുവ്യക്തമായി അറിയുന്നതുമാണ്. മറ്റു ജന്മങ്ങളിലെ ജീവിതത്തിന് മനുഷ്യരുടെ ശിരസ്സിലുള്ള ന്യൂറോണുകളില് സുമാര് പൈ (= 3.14..)* അളവിലുള്ള ന്യൂറോണുകള് മാത്രമേ വേണ്ടതുള്ളൂ, ആകയാല് അങ്ങനെമാത്രമേ പ്രവര്ത്തിക്കുന്നുള്ളൂ, ബാക്കിയത്രയും നിര്ജ്ജീവം പോലെയുള്ള അവസ്ഥയില് ആണെന്നതിന്റെ കാരണമാണ് വിശദമാക്കിയത്. (* പൈ (= 3.14..) : ഗണിതശാസ്ത്രത്തിലും, ജ്യോതിശ്ശാസ്ത്രത്തിലും മറ്റ് അനവധി ശാസ്ത്രശാഖകളിലും അത്ഭുതമായിരിക്കുന്ന പൈ-യുടെ ആവിഷ്ക്കാരത്തെപ്പറ്റി/ സൃഷ്ടിയെപ്പറ്റി മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള് എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.).

തലച്ചോറ് /ന്യൂറോണുകള് കമ്പ്യൂട്ടറിലെ വിവരങ്ങള് സൂക്ഷിക്കുന്ന ഹാര്ഡ് ഡിസ്ക് പോലെയാണ്. ചുരുക്കി പറയുമ്പോള്, ഒരു ഭാഗത്ത് നിര്ജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങള്; മറ്റൊരു ഭാഗത്ത് മനുഷ്യര് മുജ്ജന്മങ്ങളിലൂടെ നേടിയ പുണ്യങ്ങളും പാപങ്ങളും; ഇനിയുമൊരു ഭാഗത്ത് തജ്ജന്മത്തിലെ ചെയ്തികളും, അവയുടെ പുണ്യങ്ങളും പാപങ്ങളും.

തലയിലെ ഒരു ഭാഗത്ത് ന്യൂറോണുകളിലായി സൂക്ഷിച്ചിട്ടുള്ള നിര്ജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങളെപ്പറ്റി പറയുമ്പോള്, അവയെ 90 ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ഓരോ ജന്മങ്ങളിലും ഓരോ ഭാഗങ്ങള് മാത്രം പ്രവര്ത്തിക്കുന്നു. (90 ഭാഗങ്ങളുടെ കണക്ക് മഹാനീതിശാസ്ത്രം

എന്ന അദ്ധ്യായത്തില് നല്കിയിട്ടുണ്ട്). മനുഷ്യന് നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗം ചെയ്താല് ഓരോ ഭാഗങ്ങളെയും മംഗളമായി പൂര്ത്തിയാക്കാന് കഴിയുന്നതാണ്. ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴില് അഭിരുചി, വിനോദ അഭിരുചി തുടങ്ങിയവയെ ജന്മഗുണങ്ങളായി നിശ്ചയിച്ചുകൊണ്ടുള്ള മഹാനീതിശാസ്ത്രം സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും മനുഷ്യജന്മങ്ങളെ നിയന്ത്രിക്കുന്നു. മഹാശക്തിയായ ദൈവം മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴില്, വിനോദം, ആനന്ദം തുടങ്ങിയവയില് എല്ലാവര്ക്കും സമനീതി നല്കുന്നു. എല്ലാവര്ക്കും എല്ലാ ജോലികളും ചെയ്യാനുള്ള അവസരവും, ഭൂമിയിലെ ആനന്ദങ്ങള് മുഴുവനും സമമായി ആസ്വദിക്കാനുള്ള അവസരവും അതില് പെടുന്നു.

ബുദ്ധിശക്തി, ഓര്മ്മശക്തി

ബുദ്ധിശക്തി, ഓര്മ്മശക്തി എന്നിവ മുമ്പറഞ്ഞ 90 ഭാഗങ്ങളില് വ്യത്യാസപ്പെട്ടിരിക്കുന്നു. കൃഷിക്കാരനും ചിത്രകാരനും തങ്ങളുടെ തൊഴില് മംഗളകരമായി ചെയ്യുന്നതിന് അണുശാസ്ത്രജ്ഞന്റെയോ ജ്യോതിശ്ശാസ്ത്രജ്ഞന്റെയോ കണക്കപ്പിള്ളയുടെയോ ബുദ്ധിശക്തികള് ആവശ്യമില്ല. ആവശ്യമില്ലെന്നു മാത്രമല്ല, അവരുടെ ആനന്ദം കുറയാനും നഷ്ടപ്പെടാനും അവര്ക്കാവശ്യമില്ലാത്ത ബുദ്ധിശക്തികള് കാരണമാകുന്നതാണ്. ഇത്തരം അടിസ്ഥാന കാര്യങ്ങള് മനുഷ്യര് വ്യക്തമായി ഉള്ക്കൊള്ളേണ്ടതുണ്ട്. ബുദ്ധിശക്തികളിലും ഓര്മ്മശക്തികളിലും അഹങ്കരിച്ചുകൂടാ. ബുദ്ധി, ഓര്മ്മ എന്നിവയോടുകൂടി ശക്തി അഥവാ ഓക്സിജന് പ്രവര്ത്തിക്കുന്നതിന് അനുസരിച്ചുമാത്രമേ ഏതൊരാളും മന്ദബുദ്ധിയും, ബുദ്ധിശാലിയും, ബുദ്ധിജീവിയുമൊക്കെയാകുള്ളൂ എന്ന പരമസത്യം അറിയണം. കൊച്ചുകുട്ടികള് പോലും മുതിര്ന്നവരായ ബുദ്ധിശാലികളെ പലപ്പോഴും ഉത്തരം മുട്ടിക്കുമ്പോഴും, തങ്ങള്ക്ക് അറിയാവുന്ന വസ്തുത കൃത്യസമയത്ത് പറഞ്ഞ് മറ്റൊരാളെ വാക്കുകൊണ്ട് പരാജയപ്പെടുത്താന് കഴിയാഞ്ഞതിലും, മറ്റൊരാള് ജയിക്കുമ്പോഴും, മനസ്സിലാക്കേണ്ടത് ശക്തിയുടെ അഥവാ ഓക്സിജന്റെ പ്രവര്ത്തനമാണ് കാര്യങ്ങളെ മഹാനിശ്ചയിക്കുന്നത് എന്നാണ്. സാധാരണ മനുഷ്യജീവിതം നയിക്കുന്ന വ്യക്തിയെ സാധാരണക്കാരായും തങ്ങളേക്കാള് താണവരായും രാജാവും പണ്ഡിതന്മാരും മറ്റും കരുതിക്കൂടാ. ജന്മങ്ങളുടെ എണ്ണംകൊണ്ടും പുണ്യക്കൂടുതല് കൊണ്ടും, ധര്മ്മശാസ്ത്രപരമായ മറ്റു ഘടകങ്ങള്

കൊണ്ടും യോഗ്യത കൂടുതല് ഉള്ളവരെങ്കില്, അവരിലെ ന്യൂറോണുകളെ മഹാനീതിശാസ്ത്രപ്രകാരം ദൈവം ശക്തിപ്പെടുത്തുമ്പോള്, അവര് മഹാജ്ഞാനികളായി മാറുന്നതാണ്. മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനും മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായം പഠിക്കുമ്പോള് ആവക കാര്യങ്ങള് സുവ്യക്തമാകുന്നതാണ്. സമൂഹത്തില് ഇന്നുള്ള എല്ലാവിധ മത്സരങ്ങളും ദൈവീകമല്ല, അഥവാ ശാസ്ത്രീയമല്ല എന്നുകൂടിയാണ് വ്യക്തമാക്കിയത്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. എല്ലാ കുഞ്ഞുങ്ങളും മിടുക്കരായി സമ-ആനന്ദത്തോടെ ആത്മീയ സാക്ഷാത്ക്കാരം നേടാനുള്ള മഹാപദ്ധതികളാണ് എല്ലാവരുടെയും മഹാപിതാവും മഹാമാതാവും സൃഷ്ടി -സ്ഥിതി - സംഹാര കര്ത്താവുമായ ഏകദൈവം ഒരുക്കിയിട്ടുള്ളത്. ആരും മറ്റാരെയുംകാള് കേമരോ മോശക്കാരോ അല്ല. യാതൊരാളും ചക്രവര്ത്തിയേക്കാള് ചെറിയവരുമല്ല; ഭിക്ഷക്കാരേക്കാള് വലിയവരുമല്ല. മഹത്വം ദൈവത്തിനു മാത്രം.

ആത്മീയസാക്ഷാത്ക്കാരത്തെ മതങ്ങള് ദുര്വ്യാഖ്യാനിച്ചു. ആത്മാവായിരിക്കുന്ന വ്യക്തിക്ക് അനന്തങ്ങളായ ആനന്ദങ്ങള് ആസ്വദിക്കുവാനുള്ള ഉപാധിയാണ് ശരീരം എന്നു വിശദീകരിച്ചുവല്ലോ. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്, ജനിക്കുന്നത് ജീവിക്കാനാണ്, എന്നത് വ്യക്തമാവുമ്പോള് ജീവിക്കാന്, അഥവാ ആനന്ദിച്ചു ജീവിക്കാന് ഉപാധിയായിരിക്കുന്ന ശരീരം കഴിഞ്ഞു മാത്രമാണ് ആത്മാവിന് സ്ഥാനം എന്നറിയണം. ദൈവം ആത്മാവിനെ ഗുഢമായി വെച്ചിരിക്കുന്നതും വ്യക്തിക്ക് അഥവാ ജീവിക്ക് ശരീരമാണ് പ്രധാനം എന്നതുകൊണ്ടാണ്. ആത്മീയസാക്ഷാത്ക്കാരത്തില് അനന്തമായ ആനന്ദങ്ങള് വ്യക്തി അനുഭവിക്കുമ്പോള്, ആനന്ദങ്ങളെന്തൊക്കെയെന്ന് അനുഭവിച്ചതും പഠിച്ചതും ഭൂമിയില്വച്ച് ശരീരത്തിലൂടെയാണ്.

ആത്മീയ സാക്ഷാത്ക്കാരത്തെ മതാചാര്യന്മാരും, ആദ്യ മഹാകാലചക്രത്തിലെ ചില, പ്രത്യേക സൃഷ്ടികളും തരംതാഴ്ത്തി പ്രചരിപ്പിക്കുകയുണ്ടായിട്ടുണ്ട്. ദൈവത്തെ പുകഴ്ത്താനുള്ള ശക്തി ദൈവം തന്നെ നല്കിക്കൊണ്ട്, ദൈവത്തെ പുകഴ്ത്താനായും ആരാധിക്കാനായുമൊക്കെ രൂപമുള്ളതോ ഇല്ലാത്തതോ ആയ ജീവാത്മാക്കളെ സൃഷ്ടിച്ചുകൊണ്ട് ഒരു വിചിത്രവും വികൃതവുമായ ജീവിയായി ദൈവത്തെ അവതരിപ്പിക്കുന്ന അവിശുദ്ധപദ്ധതികളായി മതങ്ങള് അധഃപതിച്ചു. അശാസ്ത്രീയവും അസത്യവുമായ ചിന്താഗതികളെ പിന്പറ്റുന്ന (മത)മനുഷ്യര് ദൈവനിന്ദയാണ് ഇന്നും

ചെയ്തുപോരുന്നത്. ഭൗതികമായ സുഖസൗകര്യങ്ങളെ ആസ്വദിച്ചുംകൊണ്ട് ഭൗതികസുഖസൗകര്യങ്ങളെ തള്ളിപ്പറയുന്ന ഭൗതികശരീരമുള്ള മതപുരോഹിതന്മാരും മതപണ്ഡിതന്മാരും ഒക്കെ കടുത്ത ദൈവനിന്ദയാണ് ചെയ്തുപോരുന്നത്. തങ്ങളുടെ ഭൗതികശരീരത്തെ മരിപ്പിച്ചുകൊണ്ട്, ശേഷം മാത്രം, അഥവാ ഭൗതിക ശരീരമില്ലാതെ, പ്രകടമല്ലാത്ത ആത്മാവായിരുന്നുകൊണ്ട്, ഭൗതിക ശരീരത്തെയും ജഗത്തിനെയും തള്ളിപ്പറയുവാനുള്ള മിടുക്കാണ് മേല്പടിയാന്മാര് കാട്ടേണ്ടിയിരുന്നതും കാട്ടേണ്ടതും; ദൈവത്തിന്റെ കുഞ്ഞുങ്ങളേ, അല്പം രോഷം പ്രകടിപ്പിക്കുന്നതും ശാസിക്കുന്നതുമൊക്കെ കുഞ്ഞുങ്ങളെ തിരുത്തി മിടുക്കരാക്കാനാണ് എന്നറിയുക. ധാര്മ്മികശുദ്ധിയില്ലാതെ ജീവിക്കുന്നവര്ക്ക് അഥവാ പിഴവുകളോടെ ജീവിക്കുന്നവര്ക്ക് സ്വീകരിക്കേണ്ടി വരുന്ന ശരീരം കൂടുതല് വേദനകള് സമ്മാനിക്കുമെന്നു പറയുമ്പോള് പിഴവുകള് കാട്ടുന്നവര്ക്ക് മാത്രമാണ് അത് ബാധകമാവുക എന്നുമറിയുക. കൂടുതല് വിസ്തരിക്കുന്നില്ല.

ആദ്യമഹാകാലചക്രത്തിലെ പ്രത്യേക സൃഷ്ടികളില് ഒരാളായ നാരായണന്, കടുത്ത അധമത്തങ്ങളിലൂടെയും കുതന്ത്രങ്ങളിലൂടെയും ദൈവമാകാന് ശ്രമിച്ച് പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചതിനെപ്പറ്റിയും, നാരായണനെ തിരുത്താനായിട്ട് മഹാശക്തിയായ ദൈവം തന്റെ ഭാഗവും ഏകദാസനുമായ പരമശിവനെ ക്രൈസ്റ്റായിട്ട് ഭൂമിയിലേക്ക് അയച്ചതിനെപ്പറ്റിയും ശേഷമുണ്ടായ അവിശ്വസനീയം എന്നോണവുമുള്ള വലിയ വലിയ കാര്യങ്ങളെപ്പറ്റിയും ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് പഠിക്കുമ്പോള്, ആത്മീയ ശാസ്ത്രത്തിന്റെ ഭാഗമായ ഹിന്ദുമതത്തിലും മറ്റു മതങ്ങളിലും കളങ്കമുണ്ടായതിന് മനുഷ്യരെ മാത്രം കുറ്റപ്പെടുത്താന് കഴിയുന്നതല്ല എന്നു തെളിയുന്നുണ്ട്. നിത്യമായ സുഖവും ശാന്തിയും മനുഷ്യനു ലഭിക്കുന്നത് നാരായണന്റെ പാദത്തോടു ചേരുമ്പോഴാണെന്നും, മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരമെന്നത് നാരായണന്റെ പാദത്തോടു ചേരുന്നതാണെന്നും, നാരായണനും നാരായണനെ പിന്പറ്റിയവരും പ്രചരിപ്പിച്ചപ്പോള്, മഹാശാസ്ത്രം പ്രകാരം ദൈവം സൃഷ്ടിച്ചതായ മഹാപ്രപഞ്ചത്തെയും ജീവിജീവിതത്തിന്റെ ഉദ്ദേശത്തെയും ആത്മീയ സാക്ഷാത്ക്കാരത്തെയും സൃഷ്ടിമഹത്വത്തെയും അവമതിക്കുകയുണ്ടായി. ഭൗതിക അസ്തിത്വം നല്കിക്കൊണ്ട് ദൈവം ജീവിയെ സൃഷ്ടിച്ചത്, അസ്തിത്വം നഷ്ടപ്പെട്ടും, യാതൊരു വിശദീകരണവുമില്ലാത്ത അവസ്ഥയില് നാരായണന് എന്നൊരാളുടെ

പാദത്തില് കോടിക്കോടിക്കോടിക്കണക്കിന് ജീവികള്ക്ക് ശാന്തി കൈവരിക്കാനാണെന്ന് ദുര്വ്യാഖ്യാനം ഉണ്ടാക്കിയതിനുള്ള ശിക്ഷകള് നാരായണന് അനുഭവിച്ചു തുടങ്ങിയിട്ടുണ്ട്. ആവക കാര്യങ്ങളും വിശദമായിട്ട് മേല്പടി അദ്ധ്യായത്തിലുണ്ട്.
മരണം, ചടങ്ങുകള്, ആചാരങ്ങള്, ആഘോഷങ്ങള് തുടങ്ങിയവയെപ്പറ്റി പ്രത്യേക അദ്ധ്യായങ്ങള് ഗ്രന്ഥത്തിലുണ്ട്. ചില കാര്യങ്ങള് ചുവടെ കുറിക്കുന്നു:-

മരണം

മരണം എന്നാലെന്താണ് ? ജീവിയുടെ അഥവാ വ്യക്തിയുടെ ശരീരവും ആത്മാവും ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ സര്വ്വകാര്യങ്ങളെയും പ്രവര്ത്തിപ്പിച്ചുകൊണ്ടിരിക്കുന്ന ജീവന് അഥവാ ശക്തി അഥവാ ഓക്സിജന്, ജീവിയുടെ ശരീരത്തിലെ പ്രവര്ത്തനങ്ങളെ പരിപൂര്ണ്ണമായും അവസാനിപ്പിക്കുമ്പോള് ജീവിയുടെ ശരീരത്തിനു സംഭവിക്കുന്ന (ജീവനില്ലാത്ത) അവസ്ഥയെയാണ് മരണം എന്നു പറയുന്നത്. മരിക്കുന്നു എന്ന് മാനുഷികമായി പറയുമെങ്കിലും, ജീവാത്മാവിന് ശരീരം നല്കിക്കൊണ്ട് ഭൂമിയില് ജനിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്ത ദൈവം,, ഭൗതികശാസ്ത്ര പ്രകാരവും ധര്മ്മശാസ്ത്ര പ്രകാരവും മഹാനീതിശാസ്ത്ര പ്രകാരവും ജീവിയുടെ ശരീരത്തെ മരിപ്പിക്കുക കൂടിയാണ് അഥവാ വധിക്കുക കൂടിയാണ് യഥാര്ത്ഥത്തില് സംഭവിക്കുന്നത്. മരണം സംഭവിക്കുന്നതോടെ, അഥവാ ശരീരത്തെ ദൈവം മരിപ്പിക്കുന്നതോടെ, ശരീരത്തിലെ കോശങ്ങളെ ജീര്ണ്ണിപ്പിച്ച് മണ്ണില് ലയിപ്പിക്കുന്ന പുതിയ ചുമതല ഓക്സിജന് ഏറ്റെടുക്കുന്നു. കൂടാതെ മഹാനീതിശാസ്ത്രം അനുസരിച്ചുള്ള നീതിനടത്തിപ്പ് ജീവാത്മാവിന്റെ മേല് ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് മഹാനിര്വ്വഹിക്കുന്നുമുണ്ട്.

ചടങ്ങുകള്, ആചാരങ്ങള്, ആഘോഷങ്ങള്

ജീവിയുടെ ജനനവും മരണവും ഉള്പ്പെടെ അനേകം കാര്യങ്ങള് നിശ്ചയിക്കുന്നത് ഭാഗികമായോ പൂര്ണ്ണമായോ ദൈവം തന്നെയാണ്. അതേസമയം, പ്രപഞ്ചത്തില് നിന്നും അന്യമെന്നു തോന്നുന്ന ഒരു ശക്തിയെ അഥവാ ദൈവത്തെ ആശ്രയിക്കുന്ന അടികമകളായും ആശ്രിതരായും തന്റെ കുഞ്ഞുങ്ങള് അധഃപതിക്കാതെ, പ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങളെയും അവ പ്രകാരമുള്ള ശക്തികളെയും ആശ്രയിച്ചും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യങ്ങളോടെ ആനന്ദിച്ചും ജീവിക്കുവാന് ദൈവം തന്റെ കുഞ്ഞുങ്ങളെ മഹാഅനുഗ്രഹിച്ചിരിക്കുകയാണെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു.

മാത്രമല്ല, ആനന്ദങ്ങളെ സമ്പത്തുമായി മഹാ-മനോഹരമായി കൂട്ടിയിണക്കുകയും, സമ്പത്തിനെ മനുഷ്യരുടെ ശരീരശക്തികളെന്നു വിശേഷിപ്പിക്കാവുന്ന കര്മ്മ-ശക്തികളുമായും വ്യത്യസ്ത തൊഴിലുകളുമായും ബന്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണെന്നും. മനുഷ്യരുടെ ജീവിതത്തിലെ എല്ലാ ആവശ്യങ്ങളെയും നിവര്ത്തിക്കേണ്ടത് മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ദൈവം ഉള്ളടക്കംചെയ്തിട്ടുള്ള ഭൗതികശാസ്ത്രവും ധര്മ്മശാസ്ത്രവും പ്രകാരമാവണം എന്നത് സുവ്യക്തമാണ്. അങ്ങനെയിരിക്കെ ഭൗതികശാസ്ത്രത്തെയും ധര്മ്മശാസ്ത്രത്തെയും അവഗണിച്ചുകൊണ്ട് മനുഷ്യര് ചടങ്ങുകളും ആചാരങ്ങളും ആഘോഷങ്ങളും സൃഷ്ടിച്ചാല് ദൈവീകമാകില്ല. 3 ഉദാഹരണങ്ങള് പറയാം:- ദരിദ്രനും സമ്പന്നനും, രോഗിക്കും ആരോഗ്യവാനും, സൗന്ദര്യം കൂടിയവനും കുറഞ്ഞവനും, വ്യത്യസ്ത രാജ്യങ്ങളില് പെട്ടവര്ക്കും, ജനനവും മരണവും ഒരുപോലെ സംഭവിക്കുമ്പോള് മനുഷ്യരുടെ ജനനവും മരണവും ഏറെക്കുറെ പൂര്ണ്ണമായും ദൈവത്തിന്റെ മഹാഭരണത്തിലാണെന്നു സുവ്യക്തമാണ്. (1) ജനനവും, പിറന്നാള് ആഘോഷങ്ങളും ഭൂമിയിലുള്ള കുട്ടികള്ക്കു മുഴുവന് ഒരുപോലെ ജന്മദിനം കൊണ്ടാടാന് ആവില്ല. അങ്ങനെയിരിക്കെ ദൈവം നിര്വ്വഹിക്കുന്ന ജനനത്തിന്റെ മനുഷ്യര് ജന്മദിനാഘോഷങ്ങള് നടത്തിക്കൂടാ. വ്യക്തിയുടെ ജനനം സ്വകാര്യം പോലെയാണെങ്കിലും സ്വകാര്യമല്ലെന്നും, ദൈവം പ്രവര്ത്തിക്കുന്നു എന്നും ബോദ്ധ്യപ്പെടുമ്പോള്, വ്യക്തിയുടെ സ്വകാര്യം ദൈവത്തിന്റെ കൂടി സ്വകാര്യമാകുന്നു. വ്യക്തിയെ ജനിപ്പിച്ചതും, മരിപ്പിച്ചതും ദൈവം. ജനനവുമായി ബന്ധപ്പെട്ട് ജനിക്കുന്ന കുഞ്ഞിന് ആഘോഷം നടത്താനാവില്ലാ എന്നിരിക്കെ ജനന-സമയത്തോ, കാലാകാലങ്ങളിലോ ജനനവുമായി ബന്ധപ്പെട്ട ആഘോഷങ്ങള് പാടില്ല. മനുഷ്യന് സാമൂഹ്യജീവി കൂടിയാണെന്നിരിക്കെ, വര്ഷം തോറുമുള്ള പിറന്നാളുകളെ ഒരേ രീതിയില് ആഘോഷിക്കുവാന് സമൂഹത്തിലെ എല്ലാ കുടുംബങ്ങള്ക്കും കഴിയില്ലാത്തതുകൊണ്ടുകൂടിയാണ് അസമത്വത്തെയും പൊങ്ങച്ചത്തെയും അസൂയയെയും ഒക്കെ ജനിപ്പിക്കുന്നതായ പിറന്നാള് ആഘോഷങ്ങള് പാടില്ലായെന്ന് ധര്മ്മശാസ്ത്രപരമായി വിലക്കുന്നത്. ധര്മ്മശാസ്ത്രത്തെ അവഗണിച്ചുകൊണ്ട് വ്യക്തികള് പിറന്നാള് ആഘോഷിക്കുമ്പോള് അതിന് മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകളും തീര്ച്ചയായും ഉണ്ടാകും എന്നറിയണം. കുട്ടികളുടെ ഉള്പ്പെടെയുള്ള മറ്റുള്ളവരുടെ പിറന്നാളുകള് ആഘോഷിക്കുമ്പോഴും അതിനും മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകളുണ്ടെന്നും അറിയണം.

ആഘോഷങ്ങള് ധര്മ്മശാസ്ത്രപരമായിരിക്കണം, അഥവാ ദൈവീകമായിരിക്കണം. പോരാ, ദൈവത്തിന്റെ പേരില് ആഘോഷങ്ങള് നടത്തുന്നുവെങ്കില്, നീതിശാസ്ത്രപരം കൂടിയാവണം, അഥവാ ദൈവത്തിന്റെ ഇഷ്ടംപ്രകാരംകൂടിയാവണം.
(2) മരണവും ജീവാത്മാവും പ്രാര്ത്ഥനയും ദൈവീക നീതിയും. മതം, രാഷ്ട്രീയം, സമ്പത്ത്, തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തി ശവമടക്കല് നടത്തുമ്പോള് സമത്വം സൃഷ്ടിക്കാന് മനുഷ്യര്ക്കു കഴിയുന്നില്ല, കഴിയുന്നതല്ല. മറ്റുള്ള ജീവികളുടെ ശവശരീരങ്ങളും മണ്ണോടു ചേരുന്നുവെന്നും, അടിസ്ഥാനപരമായി മനുഷ്യരുടെ ശവശരീരങ്ങളും അങ്ങനെതന്നെയെന്നും അറിയണം. ഒരേ ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യര്ക്ക് വ്യത്യസ്ത മതങ്ങള് പ്രകാരം വ്യത്യസ്തങ്ങളായ ചടങ്ങുകള് നടത്തുന്നത് ദൈവീകമല്ലെന്ന് മനസ്സിലാക്കാനുള്ള ബുദ്ധിശക്തികള് ദൈവം നല്കിയിരിക്കെ വിരുദ്ധമായി പ്രവര്ത്തിക്കുന്നത് ദൈവനിന്ദയാണ്.
ഒരു വ്യക്തിയുടെ നന്മ തിന്മകളെ കണക്കാക്കിയാണ് ദൈവം നീതി നല്കുന്നത് അഥവാ പുണ്യവും ശിക്ഷയും നല്കുന്നത് എന്നു നിങ്ങള് വിശ്വസിക്കുന്നുണ്ടോ ? അങ്ങനെയെങ്കില് നിങ്ങള് മറ്റൊരു വ്യക്തിക്കുവേണ്ടി പ്രാര്ത്ഥിക്കുന്നത് ശരിയാണോ ? തിന്മകളുടെ അടിസ്ഥാനത്തില് ശിക്ഷിക്കപ്പെടേണ്ടതായ വ്യക്തിയെ നിങ്ങളുടെ പ്രാര്ത്ഥനയെ മാനിച്ച് ദൈവം ശിക്ഷിക്കാതിരിക്കുകയും അനുഗ്രഹിക്കുകയും ഒക്കെ ചെയ്താല് അത് നീതിയാവുമോ ? പ്രാര്ത്ഥനകളും വഴിപാടുകളും, ഇന്ന് മാനുഷികമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന കൈക്കൂലികള്ക്കും മറ്റ് അഴിമതികള്ക്കും സമാനമാവില്ലേ ? ഇനി നിങ്ങളുടെ സ്വന്തം കാര്യത്തിലേക്കു വരിക. നിങ്ങള് തെറ്റു ചെയ്യുന്നുവെങ്കില്, നിങ്ങളെ ദൈവം ശിക്ഷിക്കേണ്ടേ ? ശിക്ഷിക്കല്ലേ എന്ന് നിങ്ങളോ മറ്റുള്ളവരോ പ്രാര്ത്ഥിച്ചാല്, അതിനെ അനുവദിച്ചുകൊണ്ട് ദൈവം നിങ്ങളെ ശിക്ഷിക്കാതിരുന്നാല് അത് നീതിശാസ്ത്രത്തെ കളങ്കപ്പെടുത്തില്ലേ ? എല്ലാ ജീവികള്ക്കും എല്ലാ മനുഷ്യര്ക്കും സമനീതി നല്കിയാല് മാത്രമേ ദൈവം മഹാനീതിപതി ആവുകയുള്ളൂ എന്നിരിക്കെ മനുഷ്യരുടെ പ്രാര്ത്ഥനകളെയെല്ലാം എങ്ങനെ അനുവദിക്കാനാവും ? (ദൈവത്തോടു പ്രാര്ത്ഥിക്കുമ്പോള്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് പ്രാര്ത്ഥനകളെ ഭൗതികശാസ്ത്രപരമായിക്കൂടി അറിഞ്ഞുകൊണ്ടിരിക്കുകയാണ്.)
മരണമടഞ്ഞവരെ വാഴ്ത്തുകയും അവരുടെ ശവശരീരങ്ങളെ വ്യത്യസ്ത മതാചാരങ്ങള് പ്രകാരമുള്ള പ്രാര്ത്ഥനകള്ക്ക് വഴിപ്പെടുത്തുകയും ചെയ്യുമ്പോള്, മഹാനീതിശാസ്ത്രത്തിന്

എതിരാകുന്നുവെങ്കില്, വാഴ്ത്തുന്നവരെയും ആചാരങ്ങള് നടത്തുന്നവരെയും ദൈവം ശിക്ഷിക്കില്ലേ ? തെറ്റുകള് ചെയ്യുന്നവരെ ദൈവം ശിക്ഷിക്കണ്ടേ ? ഏതൊരാളുടെയും നന്മതിന്മകളെ സമ്പൂര്ണ്ണമായി ദൈവം മാത്രമേ അറിയുന്നുള്ളൂ എന്നിരിക്കെയും, ദൈവം പ്രവര്ത്തിക്കുന്ന കാര്യങ്ങളില് ഇടപെടുവാന് മനുഷ്യന് കഴിയില്ലാ എന്നിരിക്കെയും, ദൈവം നല്കുന്ന നീതിയെപ്പറ്റി യാതൊന്നുമറിയാത്ത മനുഷ്യരൂപികള് തങ്ങള്ക്കു തോന്നുന്നതുപോലെ മരണമടഞ്ഞവരെ വാഴ്ത്തുന്നതും അവര് സ്വര്ഗ്ഗത്തില് പോയെന്നും ദൈവത്തില് ലയിച്ചെന്നും ഒക്കെ പ്രസ്താവിക്കുന്നതും പാപമല്ലേ ? ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളില് ഇടപെട്ട് കടുത്ത ദൈവനിന്ദ ചെയ്യുന്നവര്ക്ക് കടുത്ത ശിക്ഷയുണ്ടാവില്ലേ ? കടുത്ത ദൈവനിന്ദ ചെയ്യുന്നവര് ആരായാലും, അത് നിങ്ങളായാലും, ഈയുള്ളവനായാലും ദൈവം ശിക്ഷിക്കേണ്ടേ ?

(3) കാലഘട്ടവും സമനീതിയും

അനേകം നൂറ്റാണ്ടുകള്ക്കുമുമ്പ് ഭൗതികശാസ്ത്ര വികസനങ്ങള് തീര്ത്തും ബാല്യത്തിലായിരിക്കെ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്ത ജനങ്ങള്ക്ക് ആധുനിക ലോകത്തിലെ മനുഷ്യര്ക്ക് ഭൗതികശാസ്ത്ര വികസനത്തിലൂടെ ലഭ്യമായിട്ടുള്ള വര്ദ്ധിച്ച സുഖസൗകര്യങ്ങള് ലഭിച്ചിട്ടില്ലാത്തതിന്മേലുള്ള ദൈവീക നീതിയും, ഒരേ കാലഘട്ടത്തില് ജീവിക്കുന്ന മനുഷ്യര്ക്കു തന്നെ ഒരുപോലെയുള്ള സുഖസൗകര്യങ്ങള് ലഭിക്കുന്നില്ലാ എന്നതിലെ ദൈവീക നീതിയും, വിവരിക്കുവാനും യാതൊരു മതങ്ങള്ക്കും സാധിച്ചിട്ടില്ലായെന്നത് മതങ്ങളുടെയും പുരോഹിതരുടെയും ഒക്കെ അപൂര്ണ്ണതയെ അറിയിക്കുന്നുണ്ട്. ദൈവം എല്ലാ ജീവികള്ക്കും മഹാസമനീതി നല്കി മഹാഅനുഗ്രഹിക്കുന്നതെങ്ങനെയെന്ന് മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

ദൈവം മറ്റുള്ള ജീവികള്ക്കും സമനീതി നല്കുന്നുണ്ട്.

സൃഷ്ടിക്കുന്ന എല്ലാ ജീവികള്ക്കും സമനീതി നല്കിയെങ്കില് മാത്രമേ ദൈവം മഹാനീതിപതി ആവുകയുള്ളൂ. മറ്റുള്ള ജീവികള്ക്ക് എങ്ങനെയാണ് ദൈവം സമനീതി നല്കുന്നതെന്ന് ദൈവം മനുഷ്യരെ ബോദ്ധ്യപ്പെടുത്തുമ്പോള് മാത്രമേ മഹാനീതിശാസ്ത്രവും ദൈവശാസ്ത്രവും പൂര്ണ്ണമാവുകയുമുള്ളൂ. ദൈവം മറ്റുള്ള ജീവികള്ക്ക് മഹാസമനീതി നല്കുന്നതെങ്ങനെയെന്ന് മുമ്പു സൂചിപ്പിക്കുകയുണ്ടായി. ആത്മീയസാക്ഷാത്ക്കാരം, മഹാനീതിശാസ്ത്രം എന്നീ അദ്ധ്യായങ്ങളില് കൂടുതല്

വിശദീകരിച്ചിട്ടുണ്ട്.
സ്വര്ഗ്ഗ രാജ്യം
തങ്ങളുടെ സൃഷ്ടിയെപ്പറ്റിയും ജീവിതത്തെപ്പറ്റിയും മരണാനന്തര ജീവിതത്തെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയും മഹാശക്തിയായ ദൈവത്തെപ്പറ്റിയും ദൈവീക നീതിയെപ്പറ്റിയും ശാസ്ത്രപരമായും സുവ്യക്തമായും അറിയുകയും അംഗീകരിക്കുകയും ചെയ്യുമ്പോള് മാത്രമേ ഭൂമിയിലെങ്ങുമുള്ള ഭീകരപ്രവര്ത്തനങ്ങള് അവസാനിക്കുകയുള്ളൂ. അറിയിക്കുക എന്ന ധര്മ്മത്തിന്റെ ഒരു ഭാഗം കൂടിയാണ് ഗ്രന്ഥത്തിലൂടെ നിര്വ്വഹിക്കുന്നത്. അംഗീകരിക്കുക എന്നതിനെ തിരുത്തി അംഗീകരിപ്പിക്കുക കൂടി ചെയ്യുന്ന മഹാപ്രതിഭാസം വൈകാതെ മഹാപ്രപഞ്ചത്തിലെങ്ങും ദൈവം, മായ പ്രത്യക്ഷമാക്കുന്നതോടെ സംഭവിക്കുന്നതാണ്. മഹാപിതാവും മഹാമാതാവും മഹാദേവനും മഹായജമാനനും ബ്രഹ്മവുമായ മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഭൂമിയിലെങ്ങും വൈകാതെ തുടര്ച്ചയായി 3 വര്ഷക്കാലം മുഴങ്ങുമെന്നത് ഉള്പ്പെടെയുള്ള കാര്യങ്ങള് ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്. ഭീകരവാദികളും മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഒക്കെ ഞെട്ടിത്തെറിച്ച് തിരുത്തലുകള്ക്ക് തയ്യാറാകുന്ന മഹാസംഭവങ്ങള് വൈകാതെ ഉണ്ടാകുന്നതാണ്. ഭൂമിയുടെ സൃഷ്ടിയിലെ പരമോത്തമ കാര്യങ്ങളെ മനസ്സിലാക്കാന് കഴിയാതെയും ശ്രമിക്കാതെയും, പ്രപഞ്ചത്തിലെ സുഖങ്ങളെ ആസ്വദിച്ചുകൊണ്ട് പ്രപഞ്ചജീവിതെ മിഥ്യയായി വിശേഷിപ്പിക്കുന്ന കടുത്ത അപരാധവും കടുത്ത ദൈവനിന്ദയുമാണ് എല്ലാ പുരോഹിതന്മാരും ചെയ്തുപോരുന്നത്.
മതങ്ങളിലുള്ള സ്വര്ഗ്ഗം, ദേവലോകം എന്നീ പരാമര്ശങ്ങള്ക്കും കാരണമുണ്ട്. ബുധന് എന്ന ഗ്രഹമാണ് സ്വര്ഗ്ഗം. നീതിശാസ്ത്രപരമായി സ്വര്ഗ്ഗത്തെ പിന്വലിച്ചുകഴിഞ്ഞു. ആവക കാര്യങ്ങള് ദൈവാനുഗ്രഹത്തോടെ മറ്റൊരിക്കല് വിശദീകരിക്കുന്നതാണ്.
ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ, ദൈവഭാവമായ സത്യ-ധര്മ്മ-നീതികള് വൈകാതെ ഭൂമിയിലെങ്ങും നടപ്പാവുമെന്നും, ഭൗതികശാസ്ത്രത്തെയും ധര്മ്മശാസ്ത്രത്തെയും ഉള്ക്കൊണ്ടു ജീവിക്കുമ്പോള് എല്ലാ ജീവികള്ക്കും മഹാസമനീതിയും അത്യാനന്ദകരമായ ജീവിതവും ലഭിക്കുമെന്നും സ്വര്ഗ്ഗരാജ്യം ഭൂമിയില് സൃഷ്ടിക്കപ്പെടുമെന്നും മഹാശക്തിയായ ദൈവത്തിന്റെ മഹാദാസന് കൂടിയായ ഗ്രന്ഥകാരന് അറിയിക്കുന്നു.

അദ്ധ്യായം 2

മഹാശാസ്ത്രം അനന്തമാണ് ; മഹാലളിതവുമാണ്.

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം അഥവാ മഹാവേദം അനന്തമാണ്. ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയശാസ്ത്രം, മന്ത്രശാസ്ത്രം എന്നീ 4 വേദങ്ങളും (ശാസ്ത്രങ്ങളും) അവയുടെ ഉപശാഖകളും, ഉപശാഖകളുടെ ഉപശാഖകളുമൊക്കെ ചേര്ന്നതാണ് മഹാശാസ്ത്രം അഥവാ മഹാവേദം എന്ന് ഗ്രന്ഥത്തിന്റെ നാലാം ഭാഗത്തില് വിവരിച്ചിട്ടുണ്ട്. മഹാശാസ്ത്രത്തിന്റെ ആദ്യ ശാഖയായ അഥവാ മഹാവേദത്തിന്റെ ആദ്യവേദമായ ഭൗതികശാസ്ത്രത്തിന്റെ ഉപശാഖകളായ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, തുടങ്ങിയവയെപ്പറ്റിയും അവയുടെയെല്ലാം ഉപശാഖകളെപ്പറ്റിയും അല്പം ചിന്തിക്കുമ്പോള്തന്നെ മഹാശാസ്ത്രത്തിന്റെ അനന്തത ബോദ്ധ്യമാകുന്നതാണ്. ഓരോ ഉപശാഖകളും അനന്തമാണെന്നും, ഗ്രന്ഥങ്ങളില് എഴുതി തീര്ക്കാവുന്നതല്ലായെന്നും കൂടി മനസ്സിലാകുന്നതാണ്.

ഗ്രന്ഥത്തിന്റെ മൂന്നാംഭാഗം പഠിക്കുമ്പോള്, മഹാശാസ്ത്രം അനന്തമാണെന്നും മഹാശാസ്ത്രത്തിന്റെ ഉത്ഭവത്തെ ഓം എന്ന ശബ്ദബ്രഹ്മവുമായി ബന്ധിപ്പിച്ചിരിക്കുകയാണെന്നും സുവ്യക്തമാക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിന്റെ ഓരോ അണുവിലും ബ്രഹ്മമായിരിക്കുന്ന മഹാശക്തി ഓം എന്ന ശബ്ദമായിക്കൊണ്ട് പ്രവേശിച്ചിട്ടുള്ളതിനെ ശാസ്ത്രപരമായി തെളിയിച്ചിട്ടുമുണ്ട്. മതപരമല്ല ഓം എങ്കിലും മതങ്ങളിലും രാഷ്ട്രീയങ്ങളിലും ഒക്കെ അക്ഷരബ്രഹ്മം കൂടിയായ ഓം -ലിപിയുടെ അംശങ്ങളുണ്ടെന്നും കാണാം. എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാം പകുതിയില് ദൈവം മായ പ്രത്യക്ഷമാക്കുന്നത് ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, ആദിവചനവും, സൃഷ്ടിമന്ത്രവും, സംഹാരകാഹളവും, ദൈവത്തിന്റെ മഹാചിരിയുമായ ഓം തുടര്ച്ചയായി 3 വര്ഷക്കാലം മുഴക്കിക്കൊണ്ടാണ്. (വൈകാതെ ഭൂമിയില് ദൈവം ഓം മുഴക്കുന്നതാണ്).

സമ്പൂര്ണ്ണ ദൈവശാസ്ത്രമാണെന്ന് അവകാശപ്പെടുന്ന വ്യത്യസ്ത മതങ്ങളുടെയും, മതപുരോഹിതന്മാരുടെയും പ്രഭാഷണങ്ങള് പ്രകാരം, ഭൗതിക ശാസ്ത്രവികസനം നടക്കുന്നതിന് വളരെ മുമ്പുതന്നെ അഥവാ

അനേകം നൂറ്റാണ്ടുകള്ക്കു മുമ്പുതന്നെ, പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങളും, ദൈവത്തിന്റെ പ്രഭാവവും, മനുഷ്യന്റെ മരണാനന്തര ജീവിത കാര്യങ്ങളും, ഭൂമിയില് വച്ച് മനുഷ്യര് പാലിക്കേണ്ടതായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ മതാചാര്യന്മാരിലൂടെ ദൈവം പരസ്യപ്പെടുത്തിയിരിക്കുന്നതായി കാണാം. നിരീശ്വരവാദങ്ങള് പ്രകാരം, അന്ധവിശ്വാസങ്ങളെയും സ്വാര്ത്ഥ-താല്പര്യങ്ങളെയും ഒക്കെ സംരക്ഷിക്കുന്നതിനായിട്ട് മത-ഗ്രന്ഥങ്ങളെയും മതവിശ്വാസങ്ങളെയും മതാചാരങ്ങളെയും സമൂഹത്തില് ഉറപ്പിക്കാന് പുരോഹിതന്മാര് ഉള്പ്പെടെയുള്ള അനേകര് പരിശ്രമിക്കുകയാണ്. യഥാര്ത്ഥമായ വേദങ്ങള് പഠിക്കുമ്പോള്, മേല്പറഞ്ഞതുപോലെ ദൈവകാര്യങ്ങളും ആത്മീയശാസ്ത്രവും ഉള്പ്പെടെയുള്ള ദൈവശാസ്ത്രത്തെ ദൈവം ആചാര്യന്മാരിലൂടെ പരസ്യപ്പെടുത്തുന്നില്ലാ എന്നാണ് തെളിയുന്നത്. മാത്രമല്ല, ജീവാത്മാവിനെ ഗൂഢമാക്കിക്കൊണ്ട് മനുഷ്യജീവിതത്തെ ആനന്ദകരമാക്കുന്നതുപോലെ വേദങ്ങളെയും ദൈവം ഭാഗികമായി ഗൂഢമാക്കുന്നുണ്ട്. കാലാനുസൃതം ദൈവകാര്യങ്ങളും ആത്മീയശാസ്ത്രവും ഉള്പ്പെടെയുള്ള മഹാശാസ്ത്ര നിയമങ്ങളെയെല്ലാം അറിയിക്കുകയും, സൃഷ്ടിചക്രത്തിന്റെ സംഹാരവുമായി കൂട്ടിയിണക്കി വീണ്ടും ഗൂഢമാക്കുകയുമാണ് ദൈവം ചെയ്യുന്നത്.

മനുഷ്യരുടെ നല്ലതിനു വേണ്ടതാണ് ദൈവം ചെയ്യുന്നത്. ഇന്നു വെളിപ്പെട്ടതും നാളെ വെളിപ്പെടാനിരിക്കുന്നതുമായ ശാസ്ത്രനിയമങ്ങള് ഇന്നലെകളിലും എപ്പോഴും മഹാപ്രപഞ്ചത്തില് അന്തര്ലീനമാണെന്നത് സൃഷ്ടികര്ത്താവായ ദൈവം മഹാശാസ്ത്രത്തെ ഗൂഢമാക്കുകയും കാലാനുസൃതം വെളിപ്പെടുത്തുകയുമാണെന്ന് സുവ്യക്തമാക്കുന്നു. മനുഷ്യരെ മടിയന്മാരാക്കാതെ (ദൈവം നല്കുന്ന ശക്തികള്കൊണ്ട്) മഹാപ്രപഞ്ചത്തിലെ ശാസ്ത്രനിയമങ്ങളെയും, ശാസ്ത്രനിയമങ്ങളുടെ സാങ്കേതിക പ്രയോഗത്തിലൂടെ പുതിയ പുതിയ ആനന്ദങ്ങളെയും കണ്ടെത്തുന്നവരായിട്ട് ദൈവം മനുഷ്യരെ ഉയര്ത്തുന്നു. ഭക്ഷണത്തിലൂടെയും ദഹനവ്യവസ്ഥിതിയിലൂടെയും കാലാനുസൃതമായ ബുദ്ധിശക്തിയിലൂടെയും മറ്റും ദൈവം നല്കുന്ന ശക്തികള് കൊണ്ടാണെങ്കില് പോലും, മനുഷ്യര് തൊഴില് ചെയ്ത് ആനന്ദങ്ങളെ നേടുന്നു എന്നത് സത്യമാണ് (മിഥ്യയല്ല). മനുഷ്യര്ക്ക് അവരുടെ അദ്ധ്വാനത്തിന്റെ പേരില് അഭിമാനിക്കാനുള്ള അവസരം ദൈവം നല്കുന്നു. വെളിവാകുന്ന ഭൗതികശാസ്ത്ര നിയമങ്ങളും, അതോടൊപ്പമുള്ള ധര്മ്മശാസ്ത്ര നിയമങ്ങളും നീതിശാസ്ത്ര നിയമങ്ങളും, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തിന്റെ അഥവാ

ദൈവശാസ്ത്രത്തിന്റെ ഭാഗങ്ങളാണ്. മേല്പ്പറഞ്ഞ കാര്യത്തെ സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിലെ ഒരു പാഠം ഉദ്ധരിച്ചുകൊണ്ട് വിശദീകരിക്കുമ്പോള് കൂടുതല് വ്യക്തമാകുന്നതാണ് :-
// മഹാശക്തിയായ ദൈവത്തിന്റെ മഹാകരുണ, ദൈവത്തിന്റെ സമ്പത്തില് മനുഷ്യന് അവകാശം നല്കി മഹാഅനുഗ്രഹിക്കുന്നുണ്ട്.
..... മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്, വസ്തുക്കളില് ദൈവം ഉള്ളടക്കംചെയ്തിരിക്കുന്ന ശക്തികളെ പ്രവര്ത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ദൈവം ശാസ്ത്രപാഠങ്ങള് ക്രമാനുഗതം വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവര്ത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖ സൗകര്യങ്ങള് ആസ്വദിക്കുവാനും അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങള് വെളിപ്പെട്ടു കിട്ടാന് ഒരുകൂട്ടം മനുഷ്യര് ശാസ്ത്രജ്ഞന്മാരെന്ന പേരിലും ഗവേഷകര് എന്ന പേരിലും കര്മ്മം അഥവാ തൊഴില് ചെയ്യേണ്ടതുണ്ട്. ശാസ്ത്രപാഠങ്ങള് പ്രകാരം ശാസ്ത്രസൗകര്യങ്ങള് കണ്ടെത്താനും അവയെ ഏതൊരാള്ക്കും പൊതുജനങ്ങള്ക്കും ലഭ്യമാക്കുന്നതിനും വീണ്ടും കര്മ്മം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ എല്ലാ ജീവിതമേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായി ബന്ധിപ്പിച്ചിരിക്കുകയാല്, എല്ലാ മേഖലകളിലും ശാസ്ത്രസാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തങ്ങളോളമുള്ള വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖസൗകര്യങ്ങള് ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കര്മ്മം ചെയ്യിച്ചുകൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. ഒന്നുകൂടി വിശദമാക്കിയാല്, ശാസ്ത്രപാഠങ്ങളും ശാസ്ത്രസൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യര്ക്കു നല്കുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവര് അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവര് അറിയാതെ പോകുന്നു. ദൈവം അദ്ധ്വാനിപ്പിച്ചു എന്നത് സത്യമാണെന്നതുപോലെ, മനുഷ്യര് അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്. മഹാശക്തിയായ മഹാദേവിയുടെ മഹാ ആവിഷ്ക്കാരമാണത്. മനുഷ്യര്ക്ക് ഭൂമിയിലെ വസ്തുക്കളില് അവകാശം ഉന്നയിക്കാനുള്ള അധികാരം ദൈവം തന്നെ മനുഷ്യര്ക്ക് നല്കുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാല്,

ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ച് ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാ-ആവിഷ്ക്കാരമാണത്. //
മനുഷ്യർക്കുവേണ്ടി മഹാപ്രപഞ്ചത്തില് ദൈവം സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങളെ മനുഷ്യർക്കുവേണ്ടിത്തന്നെ (ദൈവ)ശാസ്ത്രത്തെ ഉപയോഗിച്ച് ദൈവം ഗൂഢമാക്കുകയും ആവശ്യങ്ങള്ക്കനുസരിച്ച് വെളിപ്പെടുത്തുകയും പ്രക്രിയ എത്ര മഹത്തരമായിരിക്കുന്നു ! യഥാർത്ഥമായ 4 വേദങ്ങളില് സുപ്രധാനവും ആദ്യത്തേതുമായ ഭൗതികശാസ്ത്രത്തെയാണ് മുഖ്യമായും ഗൂഢമാക്കിയിട്ടുള്ളത്. കാലഘട്ടങ്ങളെയും, മനുഷ്യന്റെ ആവശ്യങ്ങളെയും, ആനന്ദങ്ങളെയും കൂട്ടിയിണക്കിയാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര പാഠങ്ങള് ദൈവം വെളിപ്പെടുത്തുന്നതെന്നും ആവശ്യമില്ലാത്ത കാലത്ത് ദൈവകാര്യങ്ങള് ദൈവം വെളിപ്പെടുത്തില്ലായെന്ന് ലളിതമായി മനസ്സിലാക്കാനാവും. ദൈവം മായ പ്രത്യക്ഷമാക്കുന്നതിനു മുന്നോടിയായിട്ട് തന്റെ ഭാഗംകൂടിയായ ഏകദാസനിലൂടെ യഥാർത്ഥമായ 4 വേദങ്ങളെയും ചിട്ടപ്പെടുത്തുമെങ്കിലും, ഭൂമിയില് സംഹാരം പുരോഗമിക്കുമ്പോള് ഭൗതികശാസ്ത്രവും ശാഖകളും ചുരുങ്ങുകയും, ഭൗതികശാസ്ത്ര സുഖസൗകര്യങ്ങള് അപ്രത്യക്ഷമാകുന്നതുമാണ്. രണ്ടാമത്തെ വേദമായ ധർമ്മശാസ്ത്രത്തെ എപ്പോഴും ഏറ്റവും ലളിതമായി ദൈവം മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്. ദൈവ ഭാവമായ സത്യം, ധർമ്മം, നീതി എന്നീ 3 ഗുണങ്ങളെ ജീവിതത്തില് ഉള്ക്കൊണ്ടു ജീവിക്കുക എന്നതില് ധർമ്മശാസ്ത്രം ഒതുങ്ങുന്നു. ലഭ്യമായ ചരിത്രകാലത്തും, മതങ്ങളുടെ ഉത്ഭവകാലത്തും, ഏതുകാലത്തും ധർമ്മശാസ്ത്രത്തിന് മാറ്റമില്ല. ഉദാഹരണമായിട്ട് ആറ്റത്തിലെ ഗൂഢശക്തികൊണ്ട് അത്യധികം വൈദ്യുതോർജ്ജം നേടുവാന് കഴിയുമെന്ന ഭൗതിക ശാസ്ത്ര നിയമത്തോടൊപ്പം, ജനിക്കുന്നത് ജീവിക്കാനും ജീവിക്കുന്നത് ആനന്ദിക്കാനും എന്നുള്ള ധർമ്മശാസ്ത്ര നിയമവും വെളിപ്പെടുന്നുണ്ട്. അതേപോലെ അറ്റോമിക് ശക്തിയെ ദുരുപയോഗം ചെയ്ത് ബോംബുകള് പോലെയുള്ളവ നിർമ്മിക്കുകയോ അവിവേകത്തോടെയും അശ്രദ്ധയോടെയും പെരുമാറുകയോ ചെയ്താല് മനുഷ്യനാശത്തിനും ജീവി-നാശത്തിനും ഇടവരുന്നതാണ് എന്ന ധർമ്മശാസ്ത്ര നിയമവും വെളിപ്പെടുന്നു.
രണ്ടാമത്തെ വേദമായ ധർമ്മശാസ്ത്രമാണ് എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയാവുക. എടുത്തു പറയേണ്ടതായ കാര്യം, ധർമ്മശാസ്ത്രവും അതിന്റെ ശാഖകളായ സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴില്-ശാസ്ത്രം, വിനോദം, ഭരണശാസ്ത്രം

(ജനസേവന-ശാസ്ത്രം), നീതിന്യായ ശാസ്ത്രം എന്നിവയും ലിഖിതരൂപമില്ലാതെ സധര്മ്മികളായ (സാത്വികരായ) മനുഷ്യരിലൂടെ നിലനിര്ത്താന് സാധിക്കുംവിധം മഹാലളിതമായാണ് ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളത്. ധര്മ്മശാസ്ത്രത്തെ മഹാലളിതമാക്കിക്കൊണ്ട് മനുഷ്യരെയും സ്രഷ്ടാവിനെയും നേരിട്ട് ബന്ധിപ്പിക്കുന്ന മഹാസുന്ദരമായ മഹാപദ്ധതി കൂടിയാണത്. യഥാര്ത്ഥമായ വേദങ്ങളുടെ പ്രവര്ത്തനം മനുഷ്യമനസ്സുകളിലൂടെ ദൈവം നേരിട്ടു ചെയ്യുന്നതാണ് എന്നര്ത്ഥം. മറ്റൊരുവിധത്തില് പറഞ്ഞാല് വിശ്വാസങ്ങളെയും തൊഴിലുകളെയും (ഊര്ജ്ജത്തെയും) അപകീര്ത്തിപ്പെടുത്തുന്നതായ പേപ്പര് വര്ക്കുകളെ ദൈവം അഥവാ യഥാര്ത്ഥമായ ദൈവശാസ്ത്രം അനുവദിക്കുന്നില്ല.

മഹാശാസ്ത്രം അനന്തമായിരിക്കുമ്പോഴും മഹാലളിതം കൂടിയായി മാറുന്നതെങ്ങനെയെന്ന് വ്യക്തമായിരിക്കുമല്ലോ. ഗ്രന്ഥക്കെട്ടുകളെ സൃഷ്ടിച്ചും ചുമന്നും തന്റെ കുഞ്ഞുങ്ങള് തലപുണ്ണാക്കുന്നതും ജീവിക്കാന് മറന്നുപോകുന്നതും ദൈവം ഇഷ്ടപ്പെടുന്നില്ല. (മനുഷ്യരുണ്ടാക്കുന്ന പാര്ലമെന്റുകളും മറ്റ് ആഭാസങ്ങളും ഒക്കെ അവസാനിക്കുകയും ദൈവീകമായ രാജഭരണം ഉരുത്തിരിയുകയും ചെയ്യുന്നതാണ്). മാത്രമല്ല, മഹാഗുരുവും മഹാശക്തിയുമായ ദൈവത്തില് നിന്ന് ആത്മീയസാക്ഷാത്ക്കാരം ലഭിക്കുന്നതിനു മുമ്പുള്ള ഒരു പരമവിശിഷ്ട ജന്മത്തില് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവന് ഓരോ മനുഷ്യനും നേരിട്ട് പഠിക്കുവാനുള്ള മഹാഭാഗ്യം ലഭിക്കുന്നുണ്ട്. ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും, ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്നീ അദ്ധ്യായങ്ങളില് വിശദീകരണമുണ്ട്. ദൈവം തന്റെ കുഞ്ഞുങ്ങള്ക്കായി ഒരുക്കിയിട്ടുള്ളത് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപദ്ധതിയാണ്; ഓരോരോ വിധങ്ങളില് അപൂര്ണ്ണരായ മനുഷ്യ-ഗുരുക്കന്മാരുടെ അജ്ഞാനത്തെ ചുമന്നുജീവിക്കുന്ന വികല പദ്ധതിയല്ലായെന്ന് സാരം.

മൂന്നാമത്തെ വേദമായ ആത്മീയശാസ്ത്രത്തെ അഥവാ നീതിശാസ്ത്രത്തെപ്പറ്റി മനുഷ്യന് ആശങ്കപ്പെടേണ്ടതില്ലെന്ന് മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ഭൗതിക അസ്തിത്വങ്ങളെ അറിയിച്ചുകൊണ്ട് വിശദമാക്കിയിരുന്നു. മാത്രമല്ല, ജീവികളെയും മനുഷ്യരെയും ദൈവം മഹാഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും എങ്ങനെയെന്നും വിശദമാക്കിയിരുന്നു. മഹാനീതിശാസ്ത്രം പ്രകാരം മഹാപ്രപഞ്ചത്തിലെ

എല്ലാ ജീവികളുടെയും എല്ലാ കാര്യങ്ങളെയും മഹാഭരിക്കുന്ന ദൈവത്തെ പ്രീണിപ്പിക്കാന് കഴിയുന്നതല്ല. പ്രാര്ത്ഥനകള്, വഴിപാടുകള്, ആചാരങ്ങള്, അനുഷ്ഠാനങ്ങള് എന്നിങ്ങനെയുള്ള പേരുകളില് ദൈവം നല്കുന്ന ഊര്ജ്ജത്തെയും വസ്തുക്കളെയും ദുരുപയോഗം ചെയ്യുന്നത് പാപമാകുന്നു. തന്റെ കുഞ്ഞുങ്ങളുടെ ആനന്ദത്തിനുവേണ്ടി ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളെയും ഊര് ജ്ജത്തെയും മറ്റും ദൈവത്തിനെന്ന പേരിലും വേഷംകെട്ടലുകളോടെയും പാഴാക്കുന്നതിനോട് ദൈവം യോജിക്കുന്നില്ലാ എന്നതും, തെറ്റുകളും പാപങ്ങളും ചെയ്തുകൂട്ടുന്നവരെ ദൈവം മഹാനീതിശാസ്ത്രപ്രകാരം ശിക്ഷിക്കുമെന്നതും സുപ്രധാനമാകുന്നു. മനുഷ്യകുടുംബത്തില് കുഞ്ഞുങ്ങള് പിറന്നു വീഴുന്നതിനു മുമ്പുമുതല് തന്നെ അവരുടെ മാതാവും പിതാവും ഉറ്റവരും കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നതും കരുതുന്നതും പ്രീണനംകൊണ്ടല്ല. കുഞ്ഞുങ്ങളെ ഊട്ടുന്നതും വിസര് ജ്ജ്യങ്ങള് ഉള്പ്പെടെയുള്ളവ ശുദ്ധിയാക്കുന്നതും, കുഞ്ഞുങ്ങള് വളര്ന്ന് കുട്ടികളാവുമ്പോള് അവര്ക്ക് ഭക്ഷണംകൊടുക്കുന്നതും, വസ്ത്രം അണിയിക്കുന്നതും, വിദ്യാഭ്യാസം ചെയ്യിക്കുന്നതും തുടങ്ങിയ കാര്യങ്ങള് മാതാവും പിതാവും മറ്റ് ഉറ്റവരും ചെയ്യുന്നതും കുട്ടികള് അച്ഛനമ്മമാരോട് പ്രാര്ത്ഥിക്കുകയും, അവര്ക്ക് വഴിപാടു നടത്തുകയും, ഏതെങ്കിലും അനുഷ്ഠാനങ്ങള് നടത്തിയിട്ടുമല്ല. അങ്ങനെയിരിക്കെ ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുള്ളതുപോലെ മനുഷ്യമാതാവ് നല്കുന്നതിന്റെ കൃത്യം 100 മടങ്ങ് മഹാവാത്സല്യം ഓരോ കുഞ്ഞിനും - ഓരോ മനുഷ്യനും - നല്കുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോടു പ്രാര്ത്ഥിക്കുകയും വഴിപാടുകളും അനുഷ്ഠാനങ്ങളും നടത്തുകയും ചെയ്യണമെന്നു കരുതുന്നതും ദൈവത്തെ പ്രീണിപ്പിക്കാമെന്നു കരുതുന്നതും ദൈവനിന്ദയാണ്. നിരീശ്വരവാദികളെയും അവരുടെ കുഞ്ഞുങ്ങളെയും മറ്റുള്ള ജീവികളെയും ദൈവം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നത് പ്രത്യക്ഷവും പ്രകടവുമാണെന്നതില് നിന്ന് മതവിശ്വാസികളും ദൈവവിശ്വാസികളുമെന്ന് തങ്ങളെ കരുതുന്നവര് പാഠങ്ങള് പഠിക്കണം. മഹാശാസ്ത്രത്തിലെ മൂന്നാമത്തെ വേദമായ ആത്മീയശാസ്ത്രത്തിന്റെ ഭാഗമായ ദൈവകാര്യങ്ങളെ യഥാകാലം ശാസ്ത്രപരമായി ദൈവം വെളിപ്പെടുത്തുന്നതുവരെ ദൈവത്തിനെന്ന പേരില് വഴിപാടുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാടില്ല. തന്റെ ഏകദാസനായ പരമശിവനിലൂടെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്ന ദൈവം വഴിപാടുകളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും

പൈശാചികങ്ങളാണെന്ന് വിശദീകരിക്കുന്നുണ്ട്. രണ്ടാമത്തെ വേദമായ ധര്മ്മശാസ്ത്രം ലളിതമാണെന്നും, എല്ലാക്കാലത്തും ദൈവഭാവമായ സത്യ-ധര്മ്മ-നീതികള് മാറ്റമില്ലാതെ വര്ത്തിക്കുന്നുവെന്നും വിവരിക്കുകയുണ്ടായി. മതാചാര്യന്മാരും മതപുരോഹിതന്മാരും ധര്മ്മശാസ്ത്രത്തിന്റെ ലളിതഭാവത്തെ ദുരുപയോഗം ചെയ്തു : ധര്മ്മശാസ്ത്രത്തോട്, തങ്ങള്ക്കു ശരിയെന്നു തോന്നുന്നതും വ്യത്യസ്തങ്ങളുമായ മത-ദൈവവിശ്വാസങ്ങളെയും ആചാരങ്ങളെയും കോര്ത്തിണക്കിക്കൊണ്ട് അവര് ആത്മീയശാസ്ത്രത്തെ സൃഷ്ടിക്കുവാനും ഒരേ ഭൂമിയിലെ മനുഷ്യ-സമൂഹത്തില് ആത്മീയശാസ്ത്രം എന്ന പേരിലും ദൈവശാസ്ത്രം എന്ന പേരിലും മതങ്ങളെ ഉറപ്പിക്കാനും വ്യാപിപ്പിക്കാനും പ്രവര്ത്തിച്ചു. അക്കാരണത്താല് ഭൂമിയിലൊക്കെയും ദൈവം സൃഷ്ടിച്ചവരായ മനുഷ്യര് രൂപാന്തരപ്പെട്ട് മത-ജാതി-രാഷ്ട്രീയ മനുഷ്യര് ആയിരിക്കുകയാണ്. ആവശ്യമില്ലാത്ത കാലത്ത് സമ്പൂര്ണ്ണ ദൈവശാസ്ത്രം എന്ന പേരില് സൃഷ്ടിക്കപ്പെട്ട മതങ്ങള് സമ്പൂര്ണ്ണമായോ ഭാഗികമായോ കള്ളസൃഷ്ടികളോ അപൂര്ണ്ണസൃഷ്ടികളോ ആയിരുന്നു എന്നറിയണം. അക്കാരണത്താല് മഹാശാസ്ത്ര പാഠങ്ങളുമായി അവ ചേരുന്നില്ല; മതവിശ്വാസികളായി വേഷംകെട്ടുന്നവര്ക്ക് മതങ്ങള് പ്രകാരം ജീവിക്കുവാന് കഴിയുന്നുമില്ല; ഭൂമിയിലെങ്ങും ബഹുവിധ അധമത്തങ്ങള് വര്ദ്ധിക്കുവാനും ഇടയായി. രാഷ്ട്രീയ പാര്ട്ടികളും ഭരണാധികാരികളുമൊക്കെ മതങ്ങളെ അംഗീകരിക്കുകയും, അതോടൊപ്പം മനുഷ്യരുടെ സാമൂഹ്യജീവിതകാര്യങ്ങളിലും രാഷ്ട്രത്തിലെ ഭരണകാര്യങ്ങളിലും മതങ്ങള്ക്കും (അവ പ്രകാരമുള്ള) ദൈവങ്ങള്ക്കും സ്ഥാനമില്ലായെന്ന തരത്തില് പ്രവര്ത്തിക്കുകയും ചെയ്തതോടെ പുരോഹിതന്മാരും മറ്റും മതങ്ങളെയും മതദൈവങ്ങളെയും രാഷ്ട്രീയപാര്ട്ടികള്ക്കും രാഷ്ട്രഭരണകൂടങ്ങള്ക്കും മറ്റും അടിയറവു വെച്ചു. മതങ്ങളും മതപുരോഹിതന്മാരും മറ്റും പ്രവര്ത്തിക്കുന്നത് മനുഷ്യരുടെ നല്ലതിനു വേണ്ടിയല്ലാ എന്നതുകൊണ്ടാണ് ഭൂമിയിലെങ്ങും ഭീകരപ്രവര്ത്തനങ്ങള് ഉണ്ടാകുന്നത്. ദൈവം മനുഷ്യരെ ഏല്പിച്ചിട്ടില്ലാത്ത പണികള് ദൈവദാസന്മാരെന്നും ദൈവപ്രതിനിധികളെന്നും പേരുവച്ച് മനുഷ്യര് ചെയ്തുകൂട്ടുകയാണ്, പാപം സമ്പാദിക്കുകയാണ്. മൂന്നാമത്തെ വേദമായ ആത്മീയശാസ്ത്രത്തിലുണ്ടായ ഗവേഷണങ്ങളും, ഗവേഷണങ്ങളില് സംഭവിച്ച പരാജയങ്ങളും, മുന് സൃഷ്ടിചക്രത്തിലെ സംഭവങ്ങളുടെ അപൂര്ണ്ണങ്ങളായ ശേഷിപ്പുകളും, ആദ്യമഹാകാല ചക്രത്തിലെ പ്രത്യേക സൃഷ്ടികളില് ചിലര് കാട്ടിയ അധമചെയ്തികളും

ഒക്കെച്ചേര്ന്നാണ് പ്രമുഖ മതങ്ങളെ വാര്ത്തെടുത്തിട്ടുള്ളതെന്ന് ഗ്രന്ഥത്തില് സുവ്യക്തമാക്കിയിട്ടുണ്ട്. നാടന് ശൈലിയില് പറഞ്ഞാല് സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവത്തിന്റെ കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപദ്ധതികളുടെയും മഹാസംവിധാനങ്ങളുടെയും ഏഴയലത്തു പോലും, ദൈവശാസ്ത്രം എന്നപേരില് കപട കാര്യങ്ങള് അവതരിപ്പിക്കുന്നതായ മതങ്ങളെ അടുപ്പിച്ചുകൂടാ. മതങ്ങള് വളരെയധികം നല്ല കാര്യങ്ങള് ചെയ്യുന്നുണ്ടെന്നു കരുതുന്നവര്ക്ക് ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും ; മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള് എന്നീ അദ്ധ്യായങ്ങള് പഠിക്കാന് ഭാഗ്യമുണ്ടായാല്, അനേകം അബദ്ധധാരണകളെ ശുദ്ധിചെയ്യാന് അവര്ക്കുതന്നെ കഴിയുന്നതാണ്.
മഹാശാസ്ത്രം : നാലാമത്തെ ശാഖ/വേദം : മന്ത്രശാസ്ത്രം എന്ന പേരിലുള്ള പ്രത്യേകം അദ്ധ്യായത്തിലെ വിശദീകരണങ്ങള് ധാരാളമാണ് എന്നതുകൊണ്ട് നാലാമത്തെ വേദമായ മന്ത്രശാസ്ത്രത്തെ ഈ അദ്ധ്യായത്തില് പരാമര്ശിക്കുന്നില്ല.
യഥാര്ത്ഥമായ വേദങ്ങള് രാഷ്ട്രങ്ങളിലെ ഭരണസമ്പ്രദായം ഉള്പ്പെടെയുള്ള കാര്യങ്ങളെ ദൈവീകമായി അഥവാ ധര്മ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യാന് പ്രാപ്തമാണ്. അസത്യങ്ങളും അധര്മ്മങ്ങളും അനീതികളും ഭൂമിയിലൊക്കെയുമുള്ള പ്രദേശങ്ങളില് നടക്കുമ്പോള് അറിഞ്ഞും അറിയാതെയും അവയൊക്കത്തന്നെ ചെയ്യുകയും നോക്കുകുത്തികളെപ്പോലെ വര്ത്തിക്കുകയും ചെയ്യുന്ന മതപുരോഹിതന്മാരും രാഷ്ട്രീയ നേതാക്കന്മാരുമൊക്കെ ലജ്ജിക്കുകയും പശ്ചാത്തപിക്കുകയും ധര്മ്മശാസ്ത്രം പ്രകാരം സ്വയം തിരുത്തുകയുമൊക്കെ ചെയ്തുകൊള്ളുക.
എല്ലാ സൃഷ്ടിചക്രങ്ങളിലും മായ പ്രത്യക്ഷമാക്കുന്നതിനു തൊട്ടുമുമ്പ് മത്സ്യാവതാരം എന്ന ഒരു ശാസ്ത്രപദ്ധതി കൂടി യഥാര്ത്ഥമായ വേദങ്ങള് വീണ്ടെടുക്കുന്നതിനായി ദൈവം മഹാസ്ഥാപിച്ചിട്ടുണ്ടെന്നും, 1989-ല് ഗ്രന്ഥകാരനായ ദൈവത്തിന്റെ ഏകദാസനെ പങ്കെടുപ്പിച്ചതായ മത്സ്യാവതാരം പ്രകാരം കൂടിയാണ് യഥാര്ത്ഥമായ വേദങ്ങള് ഇപ്പോള് വീണ്ടെടുക്കുന്നതെന്നും അറിയുക; വിശദവിവരങ്ങള് ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലുണ്ട്.

അദ്ധ്യായം 3

വ്യക്തിസ്വാതന്ത്ര്യം : എല്ലാ ജീവികള്ക്കും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം ഈ ഗ്രന്ഥത്തിലെ ഏറ്റവും വലിയ പാഠങ്ങളിലൊന്ന് ദൈവം മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികള്ക്കും നല്കുന്ന സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യമാണ്. ജനിക്കുന്നത് ജീവീക്കാനാണ്, മരിക്കാനല്ല. മനുഷ്യര് ജീവിക്കുകയാണ് ചെയ്യുന്നതും. ജീവിക്കുന്നത് ആനന്ദിച്ചാവണം. ജീവിതം ആനന്ദിക്കാനുള്ളതാണ്. ആനന്ദമില്ലെന്നാല് ജീവിതം ആസ്വദിക്കാനാവില്ല. മഹാപ്രപഞ്ചകാര്യങ്ങള് മുഴുവനും മനുഷ്യരെ ആനന്ദിപ്പിക്കുംവിധം ഒരുക്കപ്പെട്ടിരിക്കുന്നു. ഭൗതികശാസ്ത്രത്തിന്റെ ഓരോ ശാഖകളിലെയും പുതിയ പുതിയ നിയമങ്ങള് വെളിപ്പെടു(ത്തു)ന്നതോടെ, ശാസ്ത്ര-സാങ്കേതിക വികസനം ഉണ്ടാവുകയും അവ പ്രകാരമുള്ള പുതിയ പുതിയ വസ്തുക്കളും ഉപകരണങ്ങളും നിര്മ്മിക്കപ്പെടുകയും മനുഷ്യന് കൂടുതല് കൂടുതല് ജീവിതസൗകര്യങ്ങളും അതിലൂടെ ആനന്ദങ്ങള് വര്ദ്ധിക്കുകയും ചെയ്യുന്നു.

സൗന്ദര്യം, നിറം, ദേശം, പ്രകൃതി, സമ്പത്ത്, വസ്തുക്കള്, മറ്റുള്ള ജീവികള്, ഇഷ്ടപ്പെടുന്നവരുമായുള്ള സഹവാസം, സ്പോര്ട്സ്, കല-സിനിമ, ഉള്പ്പെടെയുള്ള ബഹുവിധ വിനോദങ്ങള്, പ്രാര്ത്ഥന, ആരാധന, വാത്സല്യം, സ്നേഹം, പ്രേമം, കാമം, കീര്ത്തി തുടങ്ങിയവയെല്ലാം ആനന്ദം നല്കുന്നുണ്ട്. ആനന്ദം ആപേക്ഷികമാണ്. ചിലര്ക്ക് ധനം കൂടുതല് ആനന്ദം നല്കുന്നുവെങ്കില്, മറ്റു ചിലര്ക്ക് സിനിമ, വേറെ ചിലര്ക്ക് കാമകാര്യങ്ങള്, ഒരു ചിലര്ക്ക് കീര്ത്തി, എന്നിങ്ങനെ അനന്തമായി പട്ടികനീളുന്നു. വ്യക്തിക്ക് ആനന്ദങ്ങള് ലഭിക്കാനുള്ള അവസരമുണ്ടാവുകയും, എന്നാല് ആനന്ദങ്ങളെ ആസ്വദിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കാതിരിക്കുകയും ചെയ്താല്, ആനന്ദങ്ങള് ലഭിച്ചിട്ടു കാര്യമില്ല. ഇന്നത്തെ ഭൂമിയില് അനന്തങ്ങളോളമുള്ള ആനന്ദങ്ങളുണ്ട്. അവയെ അനുഭവിക്കാനും ആസ്വദിക്കാനും വിപുലമായ വ്യക്തിസ്വാതന്ത്ര്യം അത്യാവശ്യമാണ്. ആനന്ദങ്ങളെ പ്രപഞ്ചത്തില് ഒരുക്കിയിട്ടുള്ളത് ദൈവമാകയാല്, തീര്ച്ചയായും അവ ആസ്വദിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ടാവും. ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണെന്നിരിക്കെ സമനീതി നല്കേണ്ടുന്നതിന്നായി എല്ലാ കുഞ്ഞുങ്ങള്ക്കും ഒരുപോലെ ആനന്ദങ്ങള് അനുഭവിക്കാനുള്ള പദ്ധതിയും ദൈവം ഒരുക്കിയിട്ടുണ്ടാവും. ചെയ്യാന് പാടുള്ളതും ചെയ്യാന് പാടില്ലാത്തതുമായ കാര്യങ്ങള് വിവരിക്കുന്ന വ്യവസ്ഥകള് പദ്ധതിയില് ആവശ്യമായി വരും. മനുഷ്യന് യാതൊരാളുടെയും അടിമയാവാതെ ശാസ്ത്രവികസനം

നേടിത്തരുന്ന സുഖങ്ങള് ധര്മ്മശാസ്ത്രപരമായി ആസ്വദിച്ചു ജീവിക്കണം എന്നുമാത്രമേ ദൈവം വ്യവസ്ഥ ചെയ്യുന്നുള്ളൂ. അതാണ് ദൈവത്തിനിഷ്ടം. (1) മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല, (2) പ്രപഞ്ച സൃഷ്ടിയുടെ കാരണം അറിയിക്കുന്നു എന്നീ അദ്ധ്യായങ്ങളില്, സ്വാതന്ത്ര്യത്തെപ്പറ്റിയും ദൈവത്തിന്റെ ഇഷ്ടത്തെപ്പറ്റിയുമൊക്കെ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. തങ്ങളുടെ മക്കള് സന്തോഷകരമായി ജീവിക്കുന്നതു കാണാന് ആഗ്രഹിക്കുന്ന മാതാപിതാക്കള്ക്കും ഉപരിയായുള്ള മഹാഭാവമാണ് ദൈവത്തിന്റേത്. സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, യുക്തിശാസ്ത്രം, ഭരണതന്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയവ ശാഖകളായുള്ള ധര് മ്മശാസ്ത്രം സമൂഹത്തിലെ ഓരോ വ്യക്തിയും പാലിച്ചാല് മാത്രമേ സകലര്ക്കും സമസ്വാതന്ത്ര്യം ലഭ്യമാകൂ എന്നതുകൊണ്ട് ധര് മ്മശാസ്ത്രപ്രകാരം എല്ലാവരും ജീവിക്കേണ്ടതുണ്ട്; ധര്മ്മശാസ്ത്ര പ്രകാരം എന്തും ചെയ്യാനും ചെയ്യാതിരിക്കാനും എന്തും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും സമൂഹത്തിലെ എല്ലാ വ്യക്തികള്ക്കുമുള്ള സ്വാതന്ത്ര്യത്തെയാണ് വ്യക്തിസ്വാതന്ത്ര്യം എന്നു പറയുന്നത്. എല്ലാ വ്യക്തികള്ക്കും തുല്ല്യമായ വ്യക്തിസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിലേക്കായിട്ടാണ് ധര്മ്മശാസ്ത്രപ്രകാരമുള്ള പരിധികള് ഏര്പ്പെടുത്തുന്നത്. ചുവടെയുള്ള വിശദീകരണങ്ങളില് നിന്ന് അതു ബോദ്ധ്യമാകുന്നതാണ്. ശാസ്ത്രപ്രകാരമുള്ള പരിമിതപ്പെടുത്തല് യഥാര്ത്ഥത്തില് വ്യക്തിസ്വാതന്ത്ര്യത്തെ വര്ദ്ധിപ്പിക്കുകയാണു ചെയ്യുന്നത്.

ദൈവീകമായ വ്യക്തിസ്വാതന്ത്ര്യം ലളിതമാണ്, സമ്പൂര്ണ്ണമാണ്, പ്രായോഗികജീവിതത്തില് നടപ്പാവുന്നതാണ്, ശാസ്ത്രപരം മാത്രവുമാണ്. ധര്മ്മശാസ്ത്രശാഖകള് വിശദമാവുകയും അവയനുസരിച്ചുള്ള ജീവിതം ഉരുത്തിരിയുകയും ചെയ്യുമ്പോള് സകലരും സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്നവരായി മാറുന്നതാണ്.

ദൈവം വ്യക്തികളെയാണ് സൃഷ്ടിക്കുന്നത്, ഓരോരുത്തരായുമാണ് സൃഷ്ടിക്കുന്നത്. വ്യക്തികളുടെ കൂട്ടായ്മയിലൂടെ സമൂഹഭരണകൂടം എന്നൊന്ന് രൂപപ്പെടുമ്പോള്, വ്യക്തികള്ക്ക് ദൈവം നല്കിയ സ്വാതന്ത്ര്യത്തെ കവര്ന്നെടുത്താല് അത് ശാസ്ത്രവിരുദ്ധമാകും. അതായത് സമൂഹത്തിലെ ഭരണം ശാസ്ത്രപരമായിരുന്നാല് മാത്രമേ വ്യക്തികള്ക്ക് സ്വാതന്ത്ര്യം ലഭ്യമാകുകയുള്ളൂ. തങ്ങള് ശാസ്ത്രപരമായി ഭരിക്കുന്നുവെന്ന് രാഷ്ട്രീയ ഭരണാധികാരികള്

അവകാശപ്പെട്ടതുകൊണ്ട് ശാസ്ത്രീയമായ ഭരണം ഉണ്ടാകുന്നില്ല. ഭീകരവാദങ്ങള് സമൂഹത്തില് ഉണ്ടായാല് അതിന്നര്ത്ഥം സമൂഹത്തിലെ ഭരണം ശാസ്ത്രീയമല്ല എന്നാണ്. എന്തുകൊണ്ടെന്നാല് രാഷ്ട്രത്തിലെ ഭരണാധികാരികള് മുദ്രയടിക്കുമ്പോലെ സമൂഹത്തിലെ ഏതാനും വ്യക്തികള് ഉണ്ടാക്കുന്നതായ ഒന്നല്ല ഭീകരവാദം. സമൂഹത്തിലെ ഭരണവും ജനങ്ങളുടെ ജീവിതവും ശാസ്ത്രപരം അല്ലാതെ വന്നാല് ശാസ്ത്രവിരുദ്ധമായതിനെ തിരുത്തുവാന് ന്യൂനശക്തികളെക്കൂടി മഹാപ്രപഞ്ചത്തിലെ വസ്തുക്കളില്/മൂലകങ്ങളില് ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ന്യൂനശക്തികളുടെ പ്രവര്ത്തനം കൊണ്ട് ഭീകരവാദം ഉള്പ്പെടെയുള്ളവ സൃഷ്ടിക്കപ്പെടുന്നതാണ്. 4 ഉദാഹരണങ്ങള് പറയാം : (1) മതങ്ങളെയും രാഷ്ട്രീയ-ഇസങ്ങളെയും ദേശീയതകളെയും ശാസ്ത്രപരമായി പരിശോധിക്കാതെ സമൂഹത്തില് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തതുകൊണ്ട് മതങ്ങള് കാരണമായും രാഷ്ട്രീയങ്ങള് കാരണമായും ദേശീയത കാരണമായും ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും ഉണ്ടാകുന്നു. (2) ദമ്പതികളുടെ ഇടയില് സ്വകാര്യമായിരിക്കേണ്ട കാമകാര്യങ്ങളെ സിനിമകളിലൂടെയും പരസ്യങ്ങളിലൂടെയും മാദ്ധ്യമങ്ങളിലൂടെയും ഒക്കെ പരസ്യമാക്കിയതിലൂടെ സമൂഹത്തിലെ കുട്ടികള് മുതല് മുതിര്ന്ന വ്യക്തികള് വരെ കാമകാര്യങ്ങളില് വഴിപിഴച്ച ജീവിതം ഉണ്ടായിരിക്കുന്നു, മാനസികമായെങ്കിലും വ്യഭിചരിക്കാത്തവര് ഭൂമിയില് വളരെക്കുറവായിരിക്കുന്നു. (3) ചെരുപ്പിടുക, ചെരുപ്പിടാതിരിക്കുക; ഹെല്മെറ്റ് ഉപയോഗിക്കുക, ഹെല്മെറ്റ് ഉപയോഗിക്കാതിരിക്കുക; വെയിലത്തും മഴയത്തും കുട പിടിച്ച് സഞ്ചരിക്കുകയും, കുടയില്ലാതെ സഞ്ചരിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങള് വ്യക്തിയുടെ സ്വാതന്ത്ര്യത്തില് പെട്ട കാര്യങ്ങളാണ്. ദൈവം നല്കിയ പ്രസ്തുത സ്വാതന്ത്ര്യത്തെ തകര്ക്കാന് ഭരണകൂടവും ഭരണകൂടത്തിന്റെ ഭാഗമായിരിക്കുന്ന കോടതികളും മറ്റ് അശാസ്ത്രീയ സംവിധാനങ്ങളും ശ്രമിച്ചാല് മഹാപ്രപഞ്ചത്തിലെ വസ്തുക്കളില്/മൂലകങ്ങളില് ദൈവം സൃഷ്ടിച്ചിട്ടുള്ള ന്യൂനശക്തികള് പ്രശ്നമുണ്ടാക്കുന്നതും, സമൂഹത്തിലെ വ്യക്തികളിലൂടെ കലാപമുണ്ടാകുന്നതുമാണ്. ചെരുപ്പും കുടയും ഹെല്മെറ്റും നല്ലതാണെന്നു കരുതുന്ന വ്യക്തികള് അവ ഉപയോഗിക്കുക എന്നല്ലാതെ, അവയെ ഇഷ്ടപ്പെടാത്ത വ്യക്തികളെ നിര്ബ്ബന്ധിച്ചുകൂടാ. ചെരുപ്പിനെയും, ഹെല്മെറ്റിനെയും ഭരണകൂടം ശരിവെയ്ക്കുകയോ ശരിവെയ്ക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കില്, ഭരണകാര്യാലയങ്ങളില് പ്രവര്ത്തിക്കുന്ന വ്യക്തികളെ, ജോലിസമയത്ത് ചെരുപ്പും ഹെല്മെറ്റും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും

നിര്ബ്ബന്ധിക്കാമെന്നല്ലാതെ മറ്റു സമയങ്ങളില് അവരുടെയും വ്യക്തിസ്വാതന്ത്ര്യത്തില് ഇടപെട്ടുകൂടാ. (4) ധര്മ്മശാസ്ത്രപരമായി മദ്യം, മയക്കുമരുന്ന് എന്നിവ വ്യക്തികള് ഉപയോഗിച്ചുകൂടാ. ദൈവ നിന്ദ : ശരീര നിന്ദ (സദാചാരശാസ്ത്രം : മദ്യം, മയക്കുമരുന്ന് തുടങ്ങിയവ) എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ദൈവത്തോടും ദൈവശാസ്ത്രം എന്ന മഹാശാസ്ത്രത്തോടും വേഷംകെട്ടലുകള് നടക്കില്ല. ഭരണകൂടവും കോടതികളും, മദ്യനിര്മ്മാണത്തെയും മദ്യക്കച്ചവടത്തെയും അനുവദിക്കുമ്പോള്, മദ്യം നല്ലതാണെന്നാണ് അര്ത്ഥം. നല്ലതായ മദ്യത്തെ ഭരണകാര്യാലയത്തിലും കോടതികളിലും വിദ്യാലയങ്ങളിലും ആരാധനാലയങ്ങളിലും കുടുംബങ്ങളിലും ഉള്പ്പെടെ എല്ലായിടങ്ങളിലും ഉപയോഗിക്കുവാന് ഭരണാധികാരികളും ജഡ്ജിമാരും പ്രോത്സാഹിപ്പിക്കണം, അവര് മദ്യം കഴിച്ച് ജനങ്ങള്ക്ക് മാതൃകകളാവണം, കുഞ്ഞുങ്ങളും കുട്ടികളും മദ്യം കുടിച്ചു വളരട്ടെ എന്ന് ആഹ്വാനം ചെയ്യുകയുമാവാം. മറിച്ച് ശാസ്ത്രപരമായി വിഷയങ്ങളെ വിശകലനം ചെയ്യാന് ആഗ്രഹിക്കുകയാണെങ്കില്, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനസ്സിലാക്കാനും അതിനൊത്ത് പ്രവര്ത്തിക്കാനും, അഥവാ ധര്മ്മശാസ്ത്രപരമായി ശരിയല്ലാത്തതിനെ തടയാനും തയ്യാറാകണം. ധര്മ്മശാസ്ത്രപരമായി ശരിയല്ലാത്ത മദ്യത്തെ സ്വന്തമായി നിര്മ്മിക്കാനും ഉപയോഗിക്കാനും വ്യക്തിയെ ദൈവം അനുവദിക്കുന്നുണ്ട്, എന്നാല് അത് സമൂഹത്തിന്റെ ഭാഗമായി ജീവിച്ചുകൊണ്ടല്ല, നാട്ടിലെ സമൂഹജീവിതവും ശാസ്ത്രസൗകര്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് സ്ഥിരമായി കാട്ടില് പോയി താമസിക്കുമ്പോഴാണ്. മുമ്പു സൂചിപ്പിച്ചതായ ദൈവ നിന്ദ : ശരീര നിന്ദ (സദാചാരശാസ്ത്രം : മദ്യം, മയക്കുമരുന്ന് തുടങ്ങിയവ) എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

ദൈവം സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിലെ കാര്യങ്ങള് പരമമായി നിശ്ചയിക്കുന്നത് ദൈവം തന്നെയാണ്. മഹാപ്രപഞ്ചം സൃഷ്ടിച്ചതായ ദൈവത്തിന് മഹാപ്രപഞ്ചത്തിലെ കാര്യങ്ങളില് യാതൊരു കാര്യവുമില്ലാ എന്നതുപോല, മനുഷ്യര്ക്ക് ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗം ചെയ്തുകൊണ്ട്, ഭരണാധികാരികളും, കോടതികളും, മതനേതൃത്വങ്ങളും, വ്യത്യസ്ത പ്രസ്ഥാനങ്ങളും തങ്ങള്ക്കു തോന്നിയതുപോലെ നിയമങ്ങള് ഉണ്ടാക്കുകയും ഭരണം നടത്തുകയും ചെയ്താല് മുമ്പറഞ്ഞ ന്യൂനശക്തികള് തിരുത്തല്ശക്തികളായി പ്രവര്ത്തിക്കുന്നതാണ്. മനുഷ്യ ഭരണകൂടങ്ങള് തങ്ങളുടെ പരിമിതികളില് ബോധവാന്മാരാവണം. പ്രാദേശികമായോ, ദേശീയമായോ, അന്തര്ദ്ദേശീയമായോ

എല്ലാക്കാര്യങ്ങളിലും സമനീതി നല്കുവാന് മനുഷ്യ-ഭരണകൂടത്തിന് കഴിയില്ലെന്ന് സുവ്യക്തമായി അറിയണം. എന്തിലെല്ലാം മാത്രമാണ് തങ്ങള്ക്ക് സമ-നീതി നടപ്പാക്കാന് കഴിയുക എന്നതിനെപ്പറ്റി ബോധമുണ്ടാവണം. ഉദാഹരണമായി പ്രാദേശികമായോ, ദേശീയമായോ, അന്തര്ദ്ദേശീയമായോ മനുഷ്യര്ക്കെല്ലാം ഒരുപോലെ സൗന്ദര്യം നല്കുവാന് സാധിച്ചെങ്കില് മാത്രമേ സൗന്ദര്യകാര്യത്തില് എല്ലാ വ്യക്തികള്ക്കും സമനീതി നല്കുവാന് കഴിയുകയുള്ളൂ. മുഖഛായ, നിറം, ഓരോരോ ശരീര അവയവങ്ങളുടെയും വലിപ്പം-പ്രവര്ത്തനം-ആരോഗ്യം, ആയുസ്സ്, ജനന സ്ഥലം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളില് നിന്നും ബന്ധുജനങ്ങളില് നിന്നും സുഹൃത്തുക്കളില് നിന്നുമൊക്കെ ജനിച്ച കാലം മുതല് ലഭിച്ച സ്നേഹവാത്സല്യങ്ങളും സുഖദുഃഖങ്ങളും തുടങ്ങി അനേകം കാര്യങ്ങളില് ഓരോ വ്യക്തിക്കും സമനീതി നല്കുവാന് മനുഷ്യ-ഭരണകൂടത്തിന് കഴിയില്ല. അവയിലെല്ലാം സമനീതി നടപ്പാക്കാന് കഴിഞ്ഞെങ്കില് മാത്രമേ വ്യക്തികളെ സമ്പൂര്ണ്ണമായും ഭരിക്കുന്നവരാണ് തങ്ങളെന്ന് ഭരണാധികാരിക്ക് അവകാശപ്പെടാന് കഴിയുകയുള്ളൂ. മനുഷ്യഭരണാധികാരികള് സുല്ലിട്ട് ഓടുന്ന കാര്യങ്ങളാണവ. മുമ്പറഞ്ഞ സൗന്ദര്യം, നിറം, തൊഴില് അഭിരുചി, ആയുസ്സ്, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിലെല്ലാം സമനീതി നടപ്പാക്കുമ്പോള് മാത്രമേ ദൈവം മഹാനീതിപതിയാകുകയുള്ളൂ എന്നതും അറിയണം. മനുഷ്യ-ഭരണകൂടങ്ങള്ക്കും ജഡ്ജിമാര്ക്കും ഒക്കെ ചെറുതും വലുതുമായ പിഴവുകള് സംഭവിക്കുന്നുണ്ടെന്ന് അവര്ക്കും ജനങ്ങള്ക്കും വളരെയധികം അറിയാമെന്നിരിക്കെ പ്രസ്തുത പിഴവുകള് പരിഹരിക്കുക കൂടി ചെയ്യുമ്പോള് മാത്രമേ മഹാനീതിപതി ആകുവാന് ദൈവത്തിന് കഴിയുകയുള്ളൂ എന്നതും അറിയണം. മനുഷ്യര്ക്ക് അസാദ്ധ്യമായിരിക്കുന്ന വിഷയങ്ങളിലെല്ലാം ദൈവം മഹാനീതി നിര്വ്വഹിക്കുന്നത് എങ്ങനെയാണെന്ന് മനുഷ്യര് അന്വേഷിക്കണമായിരുന്നു.. അന്വേഷിച്ചു കണ്ടെത്തിയാല്, അതിനൊത്ത്, തങ്ങളുടെ പരിമിതികള്ക്ക് അകത്തുനിന്നുകൊണ്ട്, അഥവാ തങ്ങള്ക്ക് സമനീതി നടപ്പാക്കുവാന് കഴിയുന്ന കാര്യങ്ങളില് മാത്രം സമൂഹഭരണകൂടം ഇടപെടണം എന്നതുള്ക്കൊണ്ട് പെരുമാറണമായിരുന്നു. മഹാനീതി നിര്വ്വഹിക്കുവാന് ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള മഹാനീതിശാസ്ത്രം എന്താണെന്ന് കണ്ടെത്തുന്നതില് ഭരണാധികാരികളും മറ്റുള്ളവരും പരാജയപ്പെട്ടാല്, അനേഷിക്കുവാനുള്ള പരിശ്രമം തുടരണം, എന്നല്ലാതെ തോന്നിയതുപോലെ നിയമങ്ങള് ഉണ്ടാക്കുകയല്ല വേണ്ടിയിരുന്നത്.

തോന്നിയതുപോലെ നിയമങ്ങളും നിര്‍വ്വഹണങ്ങളും നടത്തിയാല് അഴിമതികളും അസമാധാനങ്ങളും ദുരാചാരങ്ങളും ഭീകരവാദങ്ങളും പുതിയ പുതിയ രീതികളില് ഉണ്ടാവുകയും വര്‍ദ്ധിക്കുകയുമാണു ചെയ്യുക എന്ന് എല്ലാക്കാലങ്ങളിലെയും അനുഭവം പഠിപ്പിക്കുന്നുണ്ട്. (എല്ലാ അന്വേഷണങ്ങള്‍ക്കുമുള്ള ഉത്തരങ്ങള് ഗ്രന്ഥത്തില് ശാസ്ത്രപരമായി വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്). മഹാനീതിശാസ്ത്രം അന്വേഷിക്കുന്നവര്, ഗാന്ധിയെപ്പോലെ ആദ്യം യോഗ്യത നേടേണ്ടതുണ്ട്. ദൈവം ചിട്ടപ്പെടുത്തിയിരിക്കുന്നതായ ശരീരത്തിലെ നാഡീവ്യവസ്ഥകളെ താളംതെറ്റിക്കുന്നതായ മദ്യത്തെ നിര്‍മ്മിക്കാനും കച്ചവടം ചെയ്യാനും ഉപയോഗിക്കാനും നാട്ടില് അനുവദിക്കാന് പാടില്ലായെന്നും, ശാസ്ത്രപരമായല്ലാതെ മറ്റു ജന്തുക്കളോടൊപ്പം കാട്ടില് ജീവിക്കുമ്പോള് അതാകാമെന്നും തിരിച്ചറിഞ്ഞ് പ്രവര്‍ത്തിക്കേണ്ടവരായ ഭരണാധികാരികള്, മദ്യ നിര്‍മ്മാണവും മദ്യക്കച്ചവടവും അനുവദിക്കുകയും സ്വയം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും, ശേഷം മദ്യം ആരോഗ്യത്തിന് ഹാനികരമെന്നു പറയുകയും, മദ്യം ഉപയോഗിക്കുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്നതായ ഇന്നത്തെ ഏറ്റവും നീചരീതികള് പിന്പറ്റുന്ന ഭരണാധികാരികള്ക്കും, അതിനു കൂട്ടു നില്ക്കുന്ന ജഡ്ജിമാര്ക്കും, മതപുരോഹിതര്ക്കും ഒക്കെ മഹാനീതിശാസ്ത്രം ദൈവം വെളിപ്പെടുത്തിക്കൊടുക്കണമോ എന്ന് അവര് തന്നെ സ്വയം ചോദിക്കട്ടെ.

മതം, രാഷ്ട്രീയം, രാഷ്ട്ര ഭരണഘടന, കോടതികള് തുടങ്ങിയവയിലെ കടുത്ത പോരായ്മകള് നിമിത്തം ഭീകരവാദങ്ങള് സൃഷ്ടിക്കപ്പെടുന്നത് എങ്ങനെയെല്ലാമെന്ന് വിപുലമായി വിശദീകരിക്കുകയും അവയ്ക്കുള്ള ശാസ്ത്രീയ പരിഹാരങ്ങള് നിര്‍ദ്ദേശിക്കുകയും ചെയ്യുന്ന അദ്ധ്യായങ്ങള് ഗ്രന്ഥത്തിലുണ്ട്.

ഇന്ന് കണ്ടെത്തിയ ശാസ്ത്രനിയമങ്ങളും നാളെകളില് കണ്ടെത്തുന്ന ശാസ്ത്രനിയമങ്ങളും ഇന്നലെകളിലും എല്ലാക്കാലത്തും സൃഷ്ടിയുടെ ഭാഗമായി മഹാപ്രപഞ്ചത്തില് അന്തര്‍ലീനമാണ്, ദൈവം നിശ്ചയിച്ചിട്ടുള്ള കാലബന്ധങ്ങള്പ്രകാരം വെളിവാക്കപ്പെടുകയാണു ചെയ്യുന്നതെന്ന് അറിയുമ്പോള് ശാസ്ത്ര സാങ്കേതിക രംഗങ്ങളുടെ വികസനത്തിലൂടെ ദൈവം മനുഷ്യര്‍ക്ക് കൂടുതല് ആനന്ദം നല്കുന്നു എന്നുകൂടി സുവ്യക്തമാവുകയാണ്. ഓരോരുത്തരും അവരവരെയും മറ്റുള്ളവരെയും അറിയുവാന് കാരണമാകുന്ന ശരീരം ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ സര്‍വ്വവും മഹാശാസ്ത്രപ്രകാരം പ്രവര്‍ത്തിക്കുന്നു എന്നറിഞ്ഞു ജീവിക്കേണ്ടതുണ്ട്. ഭക്ഷണം, വസ്ത്രം, ഭവനം, വാഹനം,

വാര്ത്താവിനിമയം, ഫോണ് തുടങ്ങിയ എല്ലാ ജീവിതകാര്യങ്ങളിലും ശാസ്ത്രപ്രകാരം ദൈവം നല്കുന്ന സുഖങ്ങള് ആസ്വദിച്ചുകൊണ്ട്, ശാസ്ത്രത്തെ നിന്ദിക്കുന്നവരായി മാറരുത്.
ഭൗതികശാസ്ത്രവികസനം നേടിത്തരുന്ന വര്ദ്ധിച്ച സുഖസൗകര്യങ്ങള് ഭൂമിയിലെ മനുഷ്യര്ക്കു മുഴുവന് ലഭ്യമാകുന്നില്ലെങ്കില്, അതിന്നര്ത്ഥം ധര്മ്മശാസ്ത്ര ശാഖകളായ യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴില് ശാസ്ത്രം, ഭരണശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയവയില് ശരിയായ വികസനം ഉണ്ടായില്ല എന്നാണ്. മനുഷ്യര് തങ്ങള്ക്കു തോന്നിയതുപോലെ നിയമങ്ങള് ഉണ്ടാക്കിയാല് മഹാപ്രപഞ്ചത്തിലെ ജീവിതം അസന്തോഷത്തിലും അസമാധാനത്തിലും ചെന്നു ചാടും. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് മഹാപ്രപഞ്ചത്തിന്റെ ഭൗതികശാസ്ത്രത്തോടൊപ്പം, ധര്മ്മശാസ്ത്രവും, നീതിശാസ്ത്രവും കൂടി ദൈവം ഉള്പ്പെടുത്തിയിട്ടുണ്ട്. ആവക കാര്യങ്ങള് ശാസ്ത്രീയമായി തെളിയിച്ചുകൊണ്ടുള്ള പ്രത്യേക അദ്ധ്യായം ഗ്രന്ഥത്തിലുണ്ട്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് അഥവാ മൂലകങ്ങളില് സ്ഥാപിച്ചിട്ടുള്ള ധര്മ്മശാസ്ത്രങ്ങളെ തെറ്റിച്ചു മനുഷ്യര് ജീവിച്ചാല്, പ്രസ്തുത ധര്മ്മശാസ്ത്രങ്ങള് ന്യൂനശക്തികളായി അഥവാ തിരുത്തല്ശക്തികളായി പ്രവര്ത്തിക്കുന്നതാണ്. ഭീകരവാദങ്ങളെല്ലാം പ്രസ്തുത തിരുത്തല്ശക്തികളുടെ പ്രവര്ത്തനം കൊണ്ട് സംഭവിക്കുന്നതാണ്. ഭീകരവാദങ്ങള് ഉണ്ടാകുന്നതെങ്ങനെയെന്നും, ഇന്നത്തെ മതങ്ങളും രാഷ്ട്രീയ-ഇസങ്ങളും കൊടുംഭീകരര് ആയിരിക്കുന്നതെങ്ങനെയെന്നും വിവരിക്കുന്ന അദ്ധ്യായങ്ങള് ദൈവം മനുഷ്യര്ക്കു നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ അവര്ക്കു നിഷേധിച്ചതുകൊണ്ടും, ചിലര് ദുര്വ്വിനിയോഗം ചെയ്തതുകൊണ്ടും സംഭവിച്ചതാണെന്ന് ശാസ്ത്രപരമായി ബോദ്ധ്യപ്പെടുത്തുന്നതാണ്. ന്യൂനശക്തികളെ വിവരിക്കുന്ന പ്രത്യേക അദ്ധ്യായം ഗ്രന്ഥത്തിലുള്ളത് പഠിക്കുമ്പോള് ഭീകരവാദങ്ങളെ അവസാനിപ്പിക്കുവാനുള്ള കുറ്റങ്ങളും കുറവുകളുമില്ലാത്തതായ ശാസ്ത്രീയ പരിഹാരങ്ങളും ബോദ്ധ്യമാകുന്നതാണ്.
ഭൂമിയിലെങ്ങും വൈകാതെ മായ പ്രത്യക്ഷമാകുന്നതാണ്. ധര്മ്മശാസ്ത്രത്തില് അധിഷ്ഠിതമായ സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം ഭൂമിയിലെ എല്ലാ മനുഷ്യര്ക്കും ലഭിക്കുന്നതുമാണ്.
ശാസ്ത്രവികസനത്തിലൂടെ ലഭ്യമായ സുഖങ്ങളും സൗകര്യങ്ങളും ഉപേക്ഷിച്ച് , ഉടുവസ്ത്രത്തോടെ മാത്രം കാടുകളില് പോയി മറ്റുള്ള ജീവികളോടൊപ്പം സ്ഥിരമായി ജീവിക്കുന്നവര്ക്കു ലഭിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തിന് ധര്മ്മശാസ്ത്രപരമായ എന്ന പരിധി

ഉണ്ടായിരിക്കുന്നതല്ല. കാടുകളെ ഭരിക്കുവാന് നാട്ടിലെ ഭരണാധികാരിക്ക് അവകാശം ഉണ്ടായിരിക്കുന്നതുമല്ല. ദൈവത്തെപ്പറ്റിയും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെപ്പറ്റിയും, മഹാനീതിശാസ്ത്രത്തെപ്പറ്റിയും, ദൈവം മനുഷ്യരൂപത്തില് മഹാഅവതരിച്ചുകഴിഞ്ഞു (അവതാരം പൂര്ണ്ണമായിട്ടുമില്ല), എന്നതിനെപ്പറ്റിയും ഒക്കെ ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുള്ളത് സശ്രദ്ധം പഠിക്കുമ്പോള്, ഏവര്ക്കും വളരെയധികം സന്തോഷിക്കാന് കഴിയുന്നതാണ്.

അദ്ധ്യായം 4

പരിഷ്ക്കരിച്ച് ഇ-മഹാഗ്രന്ഥത്തിൽ ചേർത്ത് കഴിഞ്ഞതാണ്.

അദ്ധ്യായം 5
ആത്മീയ സാക്ഷാത്ക്കാരം

മനുഷ്യന് എന്ന ഒരു ജീവിക്കു മാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം വെളിപ്പെടുത്തിക്കൊടുക്കുന്നതും ശാസ്ത്രവികസനത്തിലൂടെ അനന്തമായ ആനന്ദങ്ങള് നല്കുന്നതും ദൈവം മനുഷ്യരെ പ്രത്യേകം സ്നേഹിക്കുന്നതുകൊണ്ടാണ്. മനുഷ്യന് എന്ന ഒരു ജീവിയോടു മാത്രം സ്നേഹവാത്സല്യങ്ങള് വര്ദ്ധിച്ചിരിക്കുന്നതിന്റെ കാരണം അറിയുമ്പോള് മനുഷ്യര്ക്ക് കൂടുതല് ആനന്ദിക്കാനാവും; ആത്മീയസാക്ഷാത്ക്കാരവുമായും മറ്റുള്ള ജീവികള്ക്ക് സമനീതി ലഭിക്കുന്നതുമായും ബന്ധപ്പെട്ട മഹാനീതിശാസ്ത്രകാര്യങ്ങളാണവ. ഓരോ വ്യക്തിക്കും ആനന്ദങ്ങളുടെ മഹാനിധിയാണ് ദൈവം മഹാഅനുഗ്രഹിച്ചു നല്കുന്നത്. ആനന്ദങ്ങളുടെ കലവറ തുറക്കാനുള്ള താക്കോലുകളാണ് ഒരോ ശാസ്ത്രനിയമവും. മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങള് മനുഷ്യന് അനുഭവിച്ച് അറിയേണ്ടവയാണ്.
എല്ലാ മനുഷ്യര്ക്കും മഹാപ്രപഞ്ചത്തില് സമനീതി ലഭിക്കുന്നുണ്ട്.

മഹാനീതിശാസ്ത്ര പ്രകാരം ദൈവം ഓരോ മനുഷ്യനും നല്കുന്ന പരമമായ ആനന്ദം അഥവാ ആത്മീയ സാക്ഷാത്ക്കാരം അറിയിക്കാം :- മഹാശക്തിയായ ദൈവത്തിന് ബ്രഹ്മം എന്ന ഒരു മഹാനാമമുണ്ട്. ആനന്ദത്തിന്റെ കാര്യത്തില് ബ്രഹ്മത്തിന് അഥവാ ദൈവത്തിന് ലഭിക്കുന്ന ആനന്ദം, മനുഷ്യനും ലഭ്യമാക്കി ദൈവം മനുഷ്യനെ മഹാഅനുഗ്രഹിക്കുന്നു. ബ്രഹ്മാനന്ദം. ആനന്ദ കാര്യത്തില് മനുഷ്യന് ദൈവമാകാം. മനുഷ്യന് വേണ്ടത് ആനന്ദം തന്നെയാണ്. മഹാപ്രപഞ്ചത്തിന്റെ ഭാഗമായി വര്ത്തിച്ചുകൊണ്ടുതന്നെ ബ്രഹ്മത്തെപ്പോലെ അനുഭവിക്കുന്ന മഹാആനന്ദമാണ് ബ്രഹ്മാനന്ദം. ചില ഉദാഹരണങ്ങളിലൂടെ വിശദമാക്കാം. (1) ഇഷ്ടപ്പെട്ട മാമ്പഴങ്ങള് ഭക്ഷിക്കുമ്പോഴുള്ള ആനന്ദം ഒന്നൊന്നായി ആഗ്രഹിക്കുമ്പോള്, മനുഷ്യന് ആഗ്രഹിക്കുന്ന സമയത്തോളം മാമ്പഴം കഴിക്കാതെതന്നെ ആസ്വാദന സുഖം ലഭിക്കുന്നതാണ്. (2) രതി സുഖം ആഗ്രഹിക്കുമ്പോള്, ആഗ്രഹിക്കുന്ന സമയത്തോളം പരമമായ രതിസുഖം ലഭിക്കുന്നതാണ്. (3) ആഗ്രഹിക്കുന്ന കാലത്തോളം യാതൊന്നുമറിയാത്ത ഉറക്കം. (4) ദൈവാരാധന ചെയ്യാന് അനുവദിക്കണമെന്ന് ദൈവത്തോട് നിര്ബ്ബന്ധിക്കുന്നവര്ക്കു മാത്രം ഒരു വര്ഷത്തിലെ 13-ാം മാസത്തിലെ അവസാന ദിവസത്തിലെ 8 മണിക്കൂര് നേരം ദൈവത്തെ ആരാധിക്കുവാന് ദൈവം അവസരം നല്കുന്നതാണ്; അനുവദിക്കുന്നതാണ്. മഹാശാസ്ത്രം മനസ്സിലാകുന്നതോടെ ഏവരും അനേകദിവസങ്ങളിലെ ആരാധന ചെയ്യുവാന് ഇച്ഛിക്കും, എന്നാല് ദൈവം അത് അനുവദിക്കുന്നില്ല. മഹത്വം ദൈവത്തിനു മാത്രം എന്ന ആരാധന കേട്ട് സുഖിക്കുന്ന ഒന്നല്ല ദൈവം. മായ പ്രത്യക്ഷമാക്കുന്നതോടെ, കാലഗണന 28 ദിവസം വച്ച് 13 മാസങ്ങളായിട്ട് പുനഃക്രമീകരിക്കുന്നതാണ്. ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തിലും, ഓംസത്യം ഡോട്ട്കോം വെബ്സൈറ്റിലും വിശദീകരിച്ചിട്ടുണ്ട്.

ആത്മീയസാക്ഷാത്ക്കാരത്തിന്റെ അഥവാ ബ്രഹ്മാനന്ദത്തിന്റെ ഒരു ഭാഗം ഈ അദ്ധ്യായത്തില് ചേര്ത്തിട്ടില്ല, ആയത് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും എന്ന അദ്ധ്യായത്തിലും ആനന്ദം, പരമാനന്ദം, മഹാനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തിലും ചേര്ത്തിട്ടുണ്ട്. സ്ത്രീയും പുരുഷനുമായി ഓരോ ജീവികളും രണ്ടായി വിഘടിക്കപ്പെടുന്നതും, ആത്മീയസാക്ഷാത്ക്കാരത്തില് അവ വീണ്ടും ഒന്നുചേരുന്നതും, സൂര്യന് ഉള്പ്പെടെയുള്ള ഓരോ നക്ഷത്രങ്ങളിലെയും ഹൈഡ്രജന്< >ഹീലിയം ബന്ധത്തിന് ജീവികളുടെ ഘടന

കാരണമാകുന്നതും പ്രസ്തുത അദ്ധ്യായത്തില് വിവരിക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിലെ അനന്തങ്ങളായ ബഹുവിധ സുഖങ്ങള് മാറി മാറി ആസ്വദിക്കുവാന് കാലം സഹായിക്കുന്നു. അതെങ്ങനെയെന്നാല് 1 വര്ഷക്കാലമോ 100 വര്ഷക്കാലമോ രതിസുഖം ആഗ്രഹിക്കുമ്പോള്, പരമാനന്ദത്തില് ലയിച്ച് സര്വ്വവും മറന്നു കഴിയുന്ന വ്യക്തി വീണ്ടും ബോധതലത്തില് എത്തുന്നത് 1 അഥവാ 100 വര്ഷക്കാലം പൂര്ത്തിയാകുമ്പോഴാണ്. അതേ സുഖമോ പുതിയ സുഖങ്ങളോ ആഗ്രഹിക്കുമ്പോള് വീണ്ടും ലഭിക്കുന്നു.

ബഹുവിധ ആനന്ദങ്ങള് അനന്തമായി ആസ്വദിക്കാമെന്നതു കൂടാതെ മഹാആനന്ദമായ മഹാവാത്സല്യം നുകരാന് ബ്രഹ്മാനന്ദത്തില് അവസരമുണ്ട്. ബ്രഹ്മാനന്ദത്തിലിരിക്കുന്ന വ്യക്തിക്ക് ഭൂമിയിലേക്ക് മടങ്ങിവന്ന് മഹാആനന്ദം വീണ്ടും നുകരാനായി ദൈവത്തോട് പ്രാര്ത്ഥിക്കാം. (മഹാജഗദംബയായ ദൈവത്തിന്റെ മടിയില്കിടന്ന് മഹാവാത്സല്യം അനുഭവിക്കുവാന് സ്ത്രീ ആയിരിക്കെ ഭൂമിയില് വച്ചുതന്നെ അവസരമുണ്ടാകുന്നതാണ്.). മഹാമാതാവും മഹാപിതാവുമായ ദൈവത്തിന്റെ മഹാവാത്സല്യങ്ങള് നുകരാന് വീണ്ടും ആഗ്രഹിക്കുന്നത് മഹാആനന്ദമാണ്. ഭൂമിയില് വന്ന് നൂറോളം മനുഷ്യജന്മങ്ങള് വീണ്ടുമെടുക്കാനും അവയിലെ അവസാനത്തെ പത്തോളം ജന്മങ്ങളില് തുടര്ച്ചയായി സ്ത്രീജന്മങ്ങള് നേടാനും മഹാജഗദംബയായ ദൈവത്തിന്റെ മഹാവാത്സല്യം നുകരാനും മഹാഭാഗ്യമുണ്ടാകുന്നതാണ്. ദൈവത്തെ കുഞ്ഞായി ലഭിക്കാനും ഓമനിക്കാനുമുള്ള മഹാഭാഗ്യം ലഭിക്കുവാനും ശാസ്ത്രപരമായിത്തന്നെ അവസരമുണ്ട്. ബ്രഹ്മാനന്ദത്തില്നിന്ന് ഭൂമിയിലേക്ക് മടങ്ങിവരാനും ദൈവം നിശ്ചയിക്കുമ്പോലെ ജീവി-ജന്മങ്ങളെടുക്കാനും തയ്യാറാകുന്നവരുടെ കുഞ്ഞായി ദൈവം ജനിക്കുന്നതാണ്. മാതാപിതാക്കളുടെ കുഞ്ഞായി ജനിക്കുമ്പോഴും മാതാപിതാക്കള് സൃഷ്ടികര്ത്താവ് ആകുന്നില്ലായെന്ന് ഗ്രന്ഥത്തിന്റെ തുടക്കത്തില് വിസ്തരിച്ചിരുന്നു.

ബ്രഹ്മാനന്ദം എന്ന ആത്മീയസാക്ഷാത്ക്കാരം ആസ്വദിക്കുന്ന അവസ്ഥയില് വ്യക്തിയുടെ രൂപമെന്താണെന്ന് ഇനി പറയാം. അര്ത്ഥപുഷ്ടിയോടെ മാത്രമേ സ്രഷ്ടാവായ ദൈവം എന്തും സൃഷ്ടിക്കൂ എന്നിരിക്കെയും, ഭൂമിയിലെ മനുഷ്യര്ക്ക് ചന്ദ്രനെപ്പോലെ വെട്ടം ലഭ്യമാക്കുന്നവയായി നക്ഷത്രങ്ങളെ കണക്കാക്കാനാവില്ല എന്നിരിക്കെയും, നക്ഷത്ര-സൃഷ്ടിയുടെ ഉദ്ദേശമെന്തെന്ന് അറിയണ്ടേ ? മനുഷ്യന് ആണ്/ആയിത്തീരുന്നു താരം. നക്ഷത്രം. മനുഷ്യനെ അത് മനസ്സിലാക്കാന് കൂടിയാണ് നഗ്നനേത്രങ്ങള് കൊണ്ട് കാണാനാകുംവിധം

നക്ഷത്ര സംവിധാനം ഒരുക്കിയിട്ടുള്ളത്. പുതിയ നക്ഷത്രങ്ങളായി മനുഷ്യര് ആത്മീയ സാക്ഷാത്ക്കാരം നേടുന്നു. അതനുസരിച്ച് മഹാശക്തിയുടെ മഹാശാസ്ത്രപ്രകാരം ആകാശം ഒരു കുടപോലെ വലുതായിക്കൊണ്ടിരിക്കും. വ്യത്യസ്ത മതചിഹ്നങ്ങളിലും രാഷ്ട്രീയ പാര്ട്ടികളുടെ ചിഹ്നങ്ങളിലും കൊടികളിലുമൊക്കെ നക്ഷത്രം കടന്നുകൂടിയതും വ്യത്യസ്ത ജീവിതമണ്ഡലങ്ങളിലെ പ്രഗത്ഭരെ സ്റ്റാറെന്നും സൂപ്പര്സ്റ്റാര് എന്നും പേരിടുന്നതും യാദൃശ്ചികമല്ല, മഹാശക്തിയുടെ മഹാ ആവിഷ്ക്കാരം കൂടിയാണത്. മഹാശക്തിയായ മഹാദേവി, തന്റെ ഏകദാസനും മഹാദാസനും പ്രതിനിധിയുമായ പരമശിവന്റെ ശിരസ്സില് സ്ഥാപിച്ചിട്ടുള്ള ചന്ദ്രക്കലയും നക്ഷത്രവും മഹാനീതികാര്യങ്ങളെ യഥാര്ത്ഥമായും ഉള്ക്കൊള്ളുന്നവയും, മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരം അറിയിക്കുന്നവയും കൂടിയാണ്. ആകാശത്തിലെ നക്ഷത്രങ്ങള് പ്രകാശപ്പൊട്ടുകള് പോലെ തോന്നിക്കുമ്പോള്, ഭൂമിയിലൊക്കെയും നക്ഷത്രങ്ങളെ 5 കോണുകളോടെ ചിത്രീകരിക്കുവാന് അത്യുന്നതമായ കാരണമുണ്ട്. മനുഷ്യന് എന്ന ജീവിയോട് മഹാശക്തിയായ ദൈവത്തിന് പ്രത്യേക സ്നേഹവാത്സല്യങ്ങള് ഉണ്ടാകുന്നതിന്റെയും, എല്ലാ ജീവികള്ക്കും സമനീതി ലഭിക്കുന്നതിന്റെയും മഹാകാരണം കൂടിയാണത്. മത്സ്യമായി ആരംഭിക്കുന്ന ജീവി ജീവിതം 100 മത്സ്യ ജന്മങ്ങള്ക്കുശേഷം, സസ്യമായി ഉയര്ത്തപ്പെട്ട് 100 സസ്യ ജന്മങ്ങള്ക്കുശേഷം*, പക്ഷിയാവുകയും 100 പക്ഷി ജന്മങ്ങള്ക്കുശേഷം, മൃഗമാവുകയും 100 മൃഗ ജന്മങ്ങള്ക്കുശേഷം, അവസാനമായി മനുഷ്യന് ആവുകയും മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രവും അനന്തമായ ആനന്ദങ്ങളും 50 സ്ത്രീജന്മവും 50 പുരുഷജന്മവും ഉള്പ്പെടുന്ന 100 മനുഷ്യജന്മങ്ങളിലൂടെ നേടുകയുംചെയ്യുമ്പോള്, ജീവിയ്ക്ക് 5 അവസ്ഥകളാണുള്ളത്. മഹാശാസ്ത്രം മനുഷ്യാവസ്ഥയില് നേടുന്നതോടെ പുതിയ ഒരു ജീവി-അവസ്ഥ ഇല്ല എന്നത് ആത്മീയസാക്ഷാത്ക്കാരം അഥവാ ബ്രഹ്മാനന്ദം എന്ന നക്ഷത്രപദവിയക്ക് 5 എന്ന സംഖ്യനല്കി ജീവിചക്രം പൂര്ണ്ണമാക്കുന്നു. നക്ഷത്രത്തിന്റെ 5 കോണുകളുടെ അടിസ്ഥാനം അതാണ്; മാത്രമല്ല അതിനെ ശരിവെച്ചുകൊണ്ട്, ഭൂമിയില് മായ പ്രത്യക്ഷമാകുന്നതോടെ നക്ഷത്രങ്ങളെല്ലാം 5 കോണുകളോടെ ദൃശ്യമാവുന്നതാണ്.

ഭൂമിയിലെ സംഹാരം പുരോഗമിക്കുമ്പോള്, മറ്റുള്ള ജീവികള്ക്ക് ചന്ദ്രവാസമുണ്ടാകുന്നുണ്ട്. ചന്ദ്രനിലെ വ്യത്യസ്ത മൂലകങ്ങളോടുചേര്ന്ന് ഓക്സൈഡുകളും മറ്റുമായിരിക്കുന്ന വസ്തുക്കളില്നിന്ന് ഓക്സിജന് മഹാശാസ്ത്രപ്രകാരം സ്വതന്ത്രമാവുകയും അന്തരീക്ഷവായുവും

ജലവുമെല്ലാം ചന്ദ്രനില് സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ഭൂമിയിലെ ജീവി-ജീവിതത്തെ ബന്ധപ്പെടുത്തിയാണ് ചന്ദ്രന്റെ വലുപ്പം ഉള്പ്പെടെയുള്ള കാര്യങ്ങള് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ഭൂമിയുടെ രാത്രിയിലെ വിളക്കു മാത്രമല്ല ചന്ദ്രനെന്ന് അതോടെ തെളിയുന്നതാണ്. ഓക്സിജനെപ്പറ്റി കൂടുതലായി പ്രത്യേക അദ്ധ്യായത്തില് വിവരിച്ചിട്ടുണ്ട്. നാളിതുവരെയുള്ള വെളിപാടുകള് പ്രകാരം ഭൂമിയില് മായ പ്രത്യക്ഷമാകുവാന് വിരലിലെണ്ണാവുന്ന വര്ഷങ്ങളോ മാസങ്ങളോ ആഴ്ചകളോ ദിവസങ്ങളോ മാത്രവും, സംഹാരം ആരംഭിക്കുവാന് സുമാര് 500 വര്ഷക്കാലവുമുണ്ട്. മായ പ്രത്യക്ഷമായിക്കഴിഞ്ഞാല് ഏതാനും വര്ഷങ്ങള്ക്കകം ശാസ്ത്രപരമായ വ്യക്തിജീവിതം, ശാസ്ത്രപരമായ ദൈവവിശ്വാസം, ശാസ്ത്രപരമായ സമൂഹഭരണം, എന്നിങ്ങനെ ഭൂമിയിലൊക്കെയുമുള്ള ജീവിതരീതികള് എല്ലാ അര്ത്ഥത്തിലും ശാസ്ത്രപരമാകുന്നതാണ്. ഒരേ വായു ശ്വസിച്ചും ഒരേ (പോലെ) വെള്ളം കുടിച്ചും ഒരേ (പോലെ) ഭക്ഷണംകഴിച്ചും, ഒരേ പോലെ സുഖദുഃഖങ്ങള് അനുഭവിച്ചും, ഒരേ ഭൂമിയില് ജീവിക്കുന്ന ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളായി എല്ലാവരും സന്തോഷമായി കുറേക്കാലം ജീവിച്ചശേഷമേ സംഹാരം ആരംഭിക്കുകയുള്ളൂ. ഭൂമിയില് ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നത് അങ്ങനെയാണ്. ഭൂമിയിലെ ജീവിതം സ്വര്ഗ്ഗമയമാകുന്നതാണ്. ബ്രഹ്മാനന്ദത്തില് പോയവരും ഭൂമിയില് മടങ്ങിയെത്തി മനുഷ്യശരീരങ്ങളോടെയും മറ്റുജീവി ശരീരങ്ങളോടെയും ജീവിക്കാന് ആഗ്രഹിക്കുംവിധം ഭൂമിയിലെ ജീവിതം സുന്ദരമാകുന്നതാണ്. മഹാപ്രപഞ്ചവും മഹാശാസ്ത്രവും മഹാശ്രേഷ്ഠമെന്ന് ജനങ്ങള് ആനന്ദത്തോടെ വിളിച്ചുപറയുന്ന മഹാഅവസ്ഥ ഉണ്ടാകുന്നതാണ്.

മായ പ്രത്യക്ഷമാകുന്നതോടെ, ഓരോ 4-ാം വര്ഷത്തിലെയും 13-ാം മാസത്തോടു ചേര്ന്നുള്ള ദിവസം ഭൂമിയിലെ മനുഷ്യരില് ഏതാനും ലക്ഷം പേര്ക്ക് ദൈവം ദര്ശനം നല്കി അനുഗ്രഹിക്കുന്നതാണ്. ജീവികളുടെയെല്ലാം പിതാവുകൂടിയായ പരമശിവനെ ദര്ശിക്കുവാനുള്ള അവസരം മഹാഅനുഗ്രഹിച്ച് ആദ്യം നല്കുകയും, വ്യക്തിയുടെ ശിരസ്സിലുള്ള ന്യൂറോണുകളെ ശക്തിപ്പെടുത്തിക്കൊണ്ട് മഹാശാസ്ത്രം മഹാഅനുഗ്രഹിച്ച് നല്കുന്നതുമാണ്. (ജ്ഞാനത്തെ വഹിക്കുന്ന ന്യൂറോണുകള് 5%-ല് താഴെ മാത്രമാണ് ഓരോ മനുഷ്യനിലും പ്രവര്ത്തിക്കുന്നത്, ബാക്കി ഭാഗം മഹാശാസ്ത്രത്തെ മൂഴുവന് ഉള്ക്കൊള്ളാനായി കരുതിയിട്ടുള്ളതാണ്). ദൈവം പരമശിവനിലൂടെ മഹാശാസ്ത്രം നല്കി മഹാഅനുഗ്രഹിക്കുന്ന ജന്മത്തില് മാത്രമേ ദൈവത്തെ ആരാധിക്കാന് പാടുള്ളൂ. മഹാശാസ്ത്രം എന്താണെന്നും

മഹാപ്രപഞ്ചം എന്താണെന്നും ദൈവം എന്താണെന്നും സുവ്യക്തമായി അറിഞ്ഞ് മഹാത്ഭുതപ്പെട്ട് മഹാവിനീതനായി പുരുഷജന്മത്തിലുള്ള മനുഷ്യന് മഹാആനന്ദത്തോടെ വിതുമ്പിക്കരയുന്ന മഹാനിമിഷങ്ങളാണവ. ദൈവത്തിന്റെ മഹാപാദങ്ങള് അര്ദ്ധമഹാദേവിയായി** (അര്ദ്ധനാരീശ്വരനായും) അവതരിക്കുന്ന പരമശിവ-പാദങ്ങളില് ദര്ശിച്ച്, മഹാപാദങ്ങളെ സാഷ്ടാംഗം വണങ്ങി സായൂജ്യമടഞ്ഞശേഷം ശിഷ്ടായുസ്സ് മാത്രം പരമവിശുദ്ധിയോടെ ദൈവാരാധനയ്ക്കും അദ്ധ്യാപനത്തിനും വിനിയോഗിക്കുന്നു. സുമാര് 50 വയസ്സ് പ്രായമെത്തുമ്പോഴാണ് പ്രസ്തുത മഹാകാര്യങ്ങള് നടക്കുക. ഇസ്ലാം മതത്തിലെ ലൈലത്തുല് ഖദിര് സത്യമാകുന്നതപ്പോഴാണ്, 4 വര്ഷത്തില് ഒരിക്കലുള്ള ശിവരാത്രിയിലെ ഒരു യാഥാര്ത്ഥ്യവും. മഹാശാസ്ത്രം ലഭിച്ച വ്യക്തി അടുത്ത ജന്മം സ്ത്രീയായി ജനിക്കുന്നതും, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായ ദൈവത്തെ ദര്ശിക്കുന്നതുമാണ്, മഹാമാതാവിന്റെ മടിയില് തലവെച്ചുകിടന്ന് മഹാവാത്സല്യം നുകരാനുള്ള മഹാഭാഗ്യവും ലഭിക്കുന്നതാണ്. ആരാധനാ സംബന്ധമായ കാര്യങ്ങള് 3-ാം ഭാഗത്തിലെ പ്രത്യേക അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പുരുഷജന്മത്തിലുള്ള തന്റെ കുഞ്ഞിനെ മടിയില് കിടത്തുവാനോ മഹാവാത്സല്യം നല്കാനോ മഹാപിതാവും മഹാമാതാവുമായ മഹാദേവി തയ്യാറാകുന്നില്ലായെന്നത് കുട്ടിദൈവങ്ങളായും ആള്ദൈവങ്ങളായും വേഷംകെട്ടുന്ന മനുഷ്യര് പ്രത്യേകപാഠമാക്കിയാല് അവര്ക്കുകൊള്ളാം.

ചന്ദ്രക്കലയെയും നക്ഷത്രത്തെപ്പറ്റിയും പറഞ്ഞപ്പോള് ഭൂമി കൂടാതെയുള്ള ഗ്രഹങ്ങളുടെയും അവയുടെ ചന്ദ്രന്മാരുടെയും അസ്തിത്വത്തെപ്പറ്റി ചെറുതായെങ്കിലും പരാമര്ശിക്കേണ്ടതുണ്ട്. ദൈവീക ശക്തികളും നിയോഗങ്ങളും ലഭിച്ച ഏതാനുംപേര് വഴിപിഴച്ച് ദൈവമാകാന് ശ്രമിച്ചതിനെപ്പറ്റി ഈ ഗ്രന്ഥത്തിലെ ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തിലും, 7-ാം ഭാഗത്തിലും വിശദീകരിച്ചിട്ടുണ്ട്. നക്ഷത്രലോകം എന്ന സ്വര്ഗ്ഗലോകത്തിനു പകരമായി മുഖ്യവിരുദ്ധശക്തി തന്റെ കൈവശംവന്നുചേര്ന്ന ദൈവീകശക്തിയെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് സൃഷ്ടിച്ച സ്വര്ഗ്ഗമാണ് ബുധന് എന്ന ഗ്രഹം, ദേവലോകമായി അറിയപ്പെടുന്നതും അതുതന്നെ. ന്യൂനശക്തികളായി അധഃപതിച്ചവരുടെ നീതിനടത്തിപ്പിനായി സൃഷ്ടിക്കപ്പെട്ടവയാണ് മറ്റു ഗ്രഹങ്ങളും. അധമമായ ബഹുദൈവ വിശ്വാസങ്ങളും, ജ്യോതിഷവും, മന്ത്രവാദവും, അസുരലോകവും തുടങ്ങിയ ബഹുവിധ അധമസൃഷ്ടികള് അവര് നടത്തുകയുണ്ടായി.

ഇസ്ലാം എന്ന ലഘുവായ വിശ്വാസ പദ്ധതിയുടെ മനുഷ്യര് അറിയാത്തതായ യഥാര്ത്ഥ രൂപം നല്കപ്പെട്ടതുതന്നെ ഏകദൈവ-വിശ്വാസത്തിലേക്കു മനുഷ്യരെ വഴിതിരിച്ചുവിടാനാണ്. മഹാശക്തിയായ ദൈവം, തന്റെ മഹാജ്ഞാനം എന്ന മഹാശാസ്ത്രത്തിന് നല്കിയിട്ടുള്ള ഭൗതിക രൂപമാണ് അനന്തമായ മഹാപ്രപഞ്ചമെന്നത് സത്യമാണ്. തന്റെ അനന്തമഹാശക്തികളിലെ ഒരു ചെറുതും നിശ്ചിതവുമായ ഭാഗം ശക്തികൊണ്ട് മഹാശാസ്ത്രം ആവിഷ്ക്കരിക്കുകയും മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തിരിക്കയാണ് എന്നും വ്യാഖ്യാനിക്കാനാവും. രണ്ടും ഒന്നു തന്നെയാണ്. മഹാശാസ്ത്രപ്രകാരവും, പ്രസ്തുത ചെറിയൊരു ഭാഗം ശക്തികൊണ്ടു തന്നെയും, അധികമായ ന്യൂനശക്തികളെ ഇല്ലാതാക്കുമ്പോള് മാത്രമാണ് മഹാശാസ്ത്രത്തിനും ദൈവത്തിനും മഹത്വമുണ്ടാവുക. (ന്യൂനശക്തികളും അധികമായ ന്യൂനശക്തികളും രൂപപ്പെടുന്നത് എങ്ങനെയെന്ന് ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും എന്ന അദ്ധ്യായത്തിലും മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് എന്നിവ എന്ന അദ്ധ്യായത്തിലും വ്യക്തമാക്കുന്നുണ്ട്.). മായ പ്രത്യക്ഷമാക്കിയ ശേഷം ദൈവം സംഹാരദേവനായി ശക്തിപ്പെടുത്തിയിട്ടുള്ള പരമശിവനിലൂടെ മറ്റു ഗ്രഹങ്ങളെയും അവയുടെ ചന്ദ്രന്മാരെയും സംഹരിക്കുന്നതാണ്. രണ്ടാം മഹാകാലചക്രം മുതല് മഹാശാസ്ത്രപരമായ മഹാജഗദംബയായി മനുഷ്യരൂപം സ്വീകരിച്ചുകൊണ്ട് ദൈവം മഹാഎഴുന്നെള്ളിയിരിക്കയാല് ഭാവിയിലെ സൃഷ്ടിചക്രങ്ങളില് യാതൊരു മതങ്ങളോ മതഭ്രാന്തുകളോ ബഹുദൈവാരാധനകളോ ഉണ്ടാകുന്നതല്ല. (സൃഷ്ടിചക്രം പോലെയുള്ള കാലഗണനാപരമായ കാര്യങ്ങള് 2-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.). 3 പ്രമുഖ മതങ്ങളെപ്പറ്റി ഏതാനും കാര്യങ്ങള് ഇനി ചേര്ക്കേണ്ടതുണ്ട്.

* മറ്റുള്ള ജീവികളിലെ ജന്മങ്ങളുടെ എണ്ണം സംബന്ധിച്ച വെളിപാട് പൂര്ണ്ണമായിട്ടില്ല. 06.01.2009.

** അര്ദ്ധമഹാദേവീ രൂപത്തിന്റെ ശാസ്ത്ര വിശദീകരണം ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായത്തില് കാണുക.

അദ്ധ്യായം 6

ആത്മീയ സാക്ഷാത്ക്കാരവും മതങ്ങളും (ഹിന്ദു/ഇസ്ലാം/ക്രിസ്തുമതം)
മഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തെ തന്റെ മഹാരൂപമായും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ തന്റെ മഹാജ്ഞാനമായും അവതരിപ്പിച്ചുകൊണ്ട് മഹാപ്രപഞ്ചത്തില് ജീവി-സൃഷ്ടി നടത്തുകയും, ജീവികള്ക്കെല്ലാം അനന്തമായ ആനന്ദങ്ങള് പരിചയപ്പെടുത്തുകയും, ആത്മീയ സാക്ഷാത്ക്കാരത്തില് അനന്തമായ ആനന്ദങ്ങള് സ്ഥിരമായി അനുഭവിക്കുവാനുള്ള മഹാസൗകര്യങ്ങള് നല്കിയുമിരിക്കുന്നു എന്ന് മുന്അദ്ധ്യായത്തില് വിവരിക്കുകയുണ്ടായി. ആനന്ദ കാര്യത്തില് മനുഷ്യന് ദൈവമാകാന് കഴിയുന്നു.
ഭൂമിയില് അനേകം മതങ്ങളുണ്ട്. മതങ്ങളിലൂടെ അറിയുന്ന മതദൈവങ്ങള് അനേകരാണ്. അവരവരുടെ മതദൈവമോ മതദൈവങ്ങളോ ആണ് മഹാപ്രപഞ്ചത്തെയും ജീവി-സൃഷ്ടികളെയും നടത്തുന്നതെന്ന് ഓരോ മതങ്ങളും അവയുടെ വക്താക്കളായ പുരോഹിതന്മാരും ഒക്കെ അവകാശപ്പെടുന്നു. ഒരേ ഭൂമിയിലെ മനുഷ്യരെയാണ് വ്യത്യസ്തങ്ങളായ മതദൈവങ്ങളുടെ സൃഷ്ടികളായി മതപുരോഹിതന്മാര് അവതരിപ്പിക്കുന്നത്.
ദൈവം സൃഷ്ടിച്ച മനുഷ്യ-ജീവികള് വ്യത്യസ്ത മതങ്ങള് പ്രകാരം മത-ജീവികളായി ഭൂമിയില് ജീവിക്കുന്നത് ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും വ്യത്യസ്തങ്ങളായ ധാരണകളോടെയും വിശ്വാസങ്ങളോടെയുമാണ്. മുഖ്യമായും ആത്മീയ സാക്ഷാത്ക്കാരത്തെ സംബന്ധിച്ച് 3 മതങ്ങളെ മാത്രം ചുരുക്കി ഹ്രസ്വമായി വിശദീകരിച്ചിട്ടുള്ളത് അവയ്ക്ക് മഹാശാസ്ത്രവുമായി പ്രത്യേക ബന്ധമുള്ളതുകൊണ്ടാണ്.

(1) ഹിന്ദുമതം

അനേകം ജന്മങ്ങള്ക്കുശേഷം മനുഷ്യര് ആത്മീയ സാക്ഷാത്ക്കാരം നേടുന്നുവെന്ന് ഹിന്ദുമതത്തില് പ്രതിപാദിച്ചിട്ടുണ്ട്. എന്നാല് അനന്തങ്ങളായ ബഹുവിധ സുഖങ്ങളെ മാത്രം ലഭ്യമാവുന്ന സ്വര്ഗ്ഗം എന്ന പ്രദേശത്ത് എത്തുന്നു, നക്ഷത്രമായി മാറുന്നു, സ്ഥിരമായി ശാന്തി ലഭിക്കുന്ന പ്രദേശത്ത് എത്തുന്നു, ബ്രഹ്മത്തില് ലയിക്കുന്നു, ശിവലോകത്ത് എത്തിച്ചേരുന്നു, ബ്രഹ്മലോകത്ത് എത്തിച്ചേരുന്നു, വൈകുണ്ഠത്തില് എത്തിച്ചേരുന്നു, എന്നിങ്ങനെയുള്ള വിവിധങ്ങളായ അറിയിപ്പുകളാണ് ഹിന്ദുമതത്തിലുള്ളത്. കാലം വളരെ കടന്നിട്ടും, ശാസ്ത്രം വളരെയധികം പുരോഗമിച്ചിട്ടും, ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട ലോകങ്ങളെ ചൂണ്ടിക്കാട്ടുവാനോ, സുവ്യക്തമായും ശാസ്ത്രീയമായും അവതരിപ്പിക്കുവാനോ

ഹിന്ദുമതത്തിന് കഴിഞ്ഞിട്ടില്ലാ എന്നത് ഹിന്ദുമതത്തെ അവമതിക്കുന്ന വസ്തുതയാണ്.
ഏറ്റവും ഹ്രസ്വമായ മത-വ്യാഖ്യാനത്തിലേക്ക് ഇനി കടക്കാം:- മഹാനീതിശാസ്ത്രത്തിന്റെ മുഖ്യഭാഗമായ പുനര്ജ്ജന്മസിദ്ധാന്തത്തെ പാപികള്ക്ക് വീണ്ടും പുനര്ജ്ജനിക്കേണ്ടിവരും എന്നുള്ള വ്യാഖ്യനത്തിലേക്ക് ഹിന്ദുമതപുരോഹിതന്മാരും മറ്റും അധഃപതിപ്പിച്ചിട്ടുണ്ട്. സ്ത്രീ-പുരുഷ വ്യത്യാസം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, തൊഴില്, വിനോദം, ദേശം തുടങ്ങിയ ജന്മഗുണങ്ങളില് എല്ലാ മനുഷ്യര്ക്കും സമനീതി ഉറപ്പാക്കാനുള്ള മഹാനീതിസംവിധാനമാണ് മഹാ ചേര്ത്ത് വിശേഷിപ്പിക്കേണ്ടതായ മഹാ-പുനര്ജ്ജന്മസിദ്ധാന്തം. ഇന്നത്തെ ഹൈന്ദവ തീവ്രവാദികള് പലരും അവരുടെ മുജ്ജന്മങ്ങളില് മറ്റു മതങ്ങളില് പെട്ട് തീവ്രവാദം ഉള്പ്പെടെയുള്ള പാപങ്ങള് ചെയ്തതിന്റെ ഓര്മ്മകള് നല്കപ്പെട്ടാലുള്ള അവസ്ഥ അതീവ ദയനീയമായിരിക്കും എന്നതു മനസ്സിലാക്കി നേര് വഴിക്ക് തിരിയേണ്ടതുണ്ട്. മൂന്ന് ഉദാഹരണങ്ങള് പറയാം : (1) എം.കെ.ഗാന്ധിയെ (ഗാന്ധിജിയെ) വെടിവെച്ചുകൊന്ന നാഥുറാം ഇന്ന് കേരളത്തിലെ മതഭ്രാന്ത് ലേശമുള്ള ഒരു ഇസ്ലാമിക കുടുംബത്തില് പുനര്ജ്ജനിച്ച്, ഈ വരികള് തയ്യാറാക്കുന്ന ആഗസ്റ്റ് മാസം 2008-ല് 17 വയസ്സുകഴിഞ്ഞ അതിസുന്ദരിയായ പെണ്കുട്ടിയായി ജീവിച്ചിരിക്കുന്നു. (2) ബ്രഹ്മത്തില് ലയിച്ചെന്നും പരമപദം പ്രാപിച്ചെന്നും സ്വര്ഗ്ഗത്തില് പോയെന്നും മറ്റും അനേകര് കരുതുന്ന ആദിശങ്കരന്, പുനര് ജ്ജനനങ്ങളിലൂടെ വിവേകാനന്ദനായി മാറുകയും, ഇപ്പോള് ഇസ്ലാം മതത്തില് പുനര്ജ്ജനിച്ചുകഴിയുകയും എന്നാല് ഹിന്ദുമതവിശ്വാസത്തില് കൂടുതലായി ആകര്ഷിക്കപ്പെട്ട് ഹിന്ദുമതപരമായി ജീവിക്കുകയും ചെയ്യുന്നു. കള്ളങ്ങളും പൊങ്ങച്ചങ്ങളും ഏറെയുള്ള അദ്ദേഹത്തെ ഒരു പിശാചും പിടിച്ചിരിക്കുന്നു ! മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ട് മഹാശക്തി സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കുന്ന മഹാപ്രപഞ്ചത്തെ മിഥ്യയായി വിശേഷിപ്പിച്ച കടുത്ത അപരാധം അദ്ദേഹം ചെയ്യുകയുണ്ടായി. അടിസ്ഥാനപരമായ ദൈവീകപാഠങ്ങള് അദ്ദേഹത്തിന് ഇന്നും അറിയില്ല. (3) മുഖ്യമായും ഈഴവജനത ഗുരുവായും കുട്ടിദൈവമായും ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന നാരായണ(ഗുരു), ഇസ്ലാം മതത്തില് പുനര്ജ്ജനിച്ച് അടുത്തകാലം വരെ നട്ടംതിരിഞ്ഞതിനു ശേഷം ഇന്ന് കുടുംബജീവിതത്തിലേക്കു പ്രവേശിച്ചിട്ടുണ്ട്. സ്വന്തം കാര്യത്തില് ദാമ്പത്യജീവിതത്തെ ഇകഴ്ത്തി, ശിവാരാധന ചെയ്തു,

അനുയായികളുടെ അനേകം കള്ളത്തരങ്ങള്ക്കു കൂട്ടുനിന്നു, എന്നിങ്ങനെയുള്ള അപരാധങ്ങള് അദ്ദേഹം ചെയ്തു. മതമേതായാലും മനുഷ്യന് നന്നായാല് മതി എന്ന അശാസ്ത്രീയമായ വചനം മതങ്ങളെ പ്രീണിപ്പിക്കുന്നതാണ്, ആയതിനെ നമുക്കു മനുഷ്യരാകാം എന്ന ശാസ്ത്രസത്യത്തിലേക്ക് പരിണമിപ്പിക്കാനുള്ള ശ്രമങ്ങള് നടത്താന് അദ്ദേഹത്തിന്റെ അനുയായികള്ക്കായില്ല. മാത്രമല്ല, ഇന്ന് ഹൈന്ദവമായിരിക്കുന്ന ശിവാരാധാനയെ പിന്പറ്റിയതല്ലാതെ ശിവാരാധന തെറ്റാണെന്നു ഗ്രഹിക്കാന്പോലുമുള്ള ദൈവാനുഗ്രഹം അദ്ദേഹം നേടിയില്ല.

മായ പ്രത്യക്ഷമായിക്കഴിഞ്ഞ്, ഭൂമിയില് സത്യ-ധര്മ്മ-നീതി ജീവിതം അഥവാ ദൈവരാജ്യം സ്ഥാപിക്കപ്പെട്ട്, സംഹാരം ആരംഭിക്കുമ്പോള് മാത്രമേ ഈ സൃഷ്ടിചക്രത്തിലെ മനുഷ്യര് ആത്മീയ സാക്ഷാത്ക്കാരം നേടിത്തുടങ്ങുകയുള്ളു. എല്ലാ പ്രപഞ്ചകാര്യങ്ങളും സുവ്യക്തമായി മനുഷ്യരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ദൈവം തന്റെ മഹാദാസനായ പരമശിവനിലൂടെ സംഹാരം നടത്തുന്നു. ദൈവകാര്യങ്ങളില് ഒളിച്ചുകളിയില്ല എന്നും വെളിപ്പെടുന്നതാണ്. പത്രക്കാരോ നേതാക്കളോ മതാദ്ധ്യക്ഷന്മാരോ വിചാരിച്ചാല് സ്വര്ഗ്ഗത്തിലേക്ക് ആത്മാക്കളെ കയറ്റിവിടാനാവില്ല.

മഹാ-പുനര്ജ്ജന്മ സിദ്ധാന്തം ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലും, ഓംസത്യം ഡോട്ട്കോം വെബ്സൈറ്റിലും ശാസ്ത്രീയമായി വിവരിച്ചിട്ടുള്ളത് പഠിക്കാനായാല് കോരിത്തരിക്കുന്നതും സാത്വികര് അത്യധികം സന്തോഷിക്കുന്നതും പാപം ചെയ്യുന്നവര് പശ്ചാത്തപിച്ചു തുടങ്ങുന്നതുമാണ്. ഓരോരോ ജോലികള് ചെയ്യാനായി പ്രത്യേക ശക്തികള് നല്കി ദൈവം നിയോഗിച്ചവരെയും, സമൂഹത്തില് കുട്ടിദൈവങ്ങളായി വേഷമിടുന്നവരെയും സിദ്ധരെന്ന് സ്വയമോ അല്ലാതെയോ വിശേഷിപ്പിക്കുന്നവരെയും, നേതാക്കളെയും കലാകാരന്മാരെയും കളിക്കാരെയും ഒക്കെ ആരാധിക്കുന്ന കടുത്ത അധമ അവസ്ഥയിലേക്ക് ഹിന്ദുമതം കൂപ്പുകുത്തിയിരിക്കുകയാണ്. മഹാശക്തിയായ ദൈവത്തെ മാത്രം ആരാധിക്കുക, ദൈവം ഓരോരോ ചുമതലകള്ക്കായി നിയോഗിച്ചവരെ ആദരിക്കുക എന്നിങ്ങനെയേ പാടുള്ളൂ. ഹിന്ദുമതത്തില് ദൈവങ്ങളായും ദേവിമാരായും ദേവന്മാരായും കരുതപ്പെടുന്നവരുടെയും മറ്റു മതങ്ങളിലെ മാലാഖമാരുടെയും/മലക്കുകളുടെയും അസ്തിത്വം എന്താണെന്ന് ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും 7-ാം ഭാഗമായ സ്മൃതിയിലും ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

അനന്തമായ മഹാസമുദ്രമായി ദൈവത്തെയും അതിലെ ഒരു തുള്ളി

ജലമായി വ്യക്തിയെയും /മനുഷ്യനെയും/ ജീവിയെയും കണക്കാക്കുമ്പോള് മഹാസമുദ്രത്തിലെ ഒരുതുള്ളി ജലം ഒരിക്കലും മഹാസമുദ്രം അല്ല, ആയിത്തീരുന്നുമില്ല എന്നതുള്ക്കൊണ്ട് തത്ത്വമസി പോലെയുള്ള തെറ്റായ തത്വസംഹിതകള് ഉപേക്ഷിക്കേണ്ടതാണ്. മാത്രമല്ല, ബ്രഹ്മത്തെപ്പറ്റിയുള്ള പാഠങ്ങള് പഠിക്കുമ്പോള്, മനുഷ്യര് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം യാതൊരിക്കലും ബ്രഹ്മത്തിന്റെ ഭാഗമല്ലായെന്നും മനസ്സിലാകുന്നതാണ്. മത-മതിലുകള് പൊട്ടിച്ച് മനുഷ്യാവസ്ഥയിലേക്കു നയിക്കുന്ന ചിന്തകള് ഉപനിഷത്തുകളില് ഏറെയുണ്ടെങ്കിലും അവയുടെ വ്യാഖ്യാതാക്കള്പോലും മതത്തിന്റെ ഭാഗമായിരുന്നുകൊണ്ട്, ഉപനിഷത്തുക്കളിലെ തെറ്റായ ജഗത് മിഥ്യാവാദത്തെ ഉയര്ത്തിപ്പിടിക്കുന്നവരായി അധഃപതിച്ചിരിക്കുകയാണ് ; മാത്രമല്ല, മനുഷ്യര് ആനന്ദകരമായി ജീവിക്കാന് കൂടി ദൈവം ഗൂഢമായി മനുഷ്യശരീരത്തില് ലയിപ്പിച്ചിട്ടുള്ള ആത്മാവിനെപ്പറ്റി ചിന്തിച്ച് സ്വയം സമയം പാഴാക്കുകയും മറ്റുള്ളവരെ വഴിതെറ്റിക്കുകയുമാണ്. മറ്റ് മതഗ്രന്ഥങ്ങളെപ്പോലെ ഉപനിഷത്തുകളും പൂര്ണ്ണമായും ഉപേക്ഷിക്കേണ്ടവയാണ്. ആത്മാവിനെപ്പറ്റിയും ദൈവത്തെപ്പറ്റിയും സുവ്യക്തമായും കൂടുതലായും അറിയുന്നതിന് മനുഷ്യര് ധാര്മ്മിക യോഗ്യതകള് വര്ദ്ധിപ്പിക്കേണ്ടിയിരുന്നു. യഥാര്ത്ഥമായ 4 വേദങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.

മായ പ്രത്യക്ഷമാകുന്നത് ഭൂമിയിലൊക്കെയും ഓം എന്ന മഹാസൃഷ്ടിമന്ത്രം 3 വര്ഷക്കാലം ശാസ്ത്രപരമായി ധ്വനിച്ചുകൊണ്ടാണ്. ബധിരനും കുഞ്ഞും കുട്ടിയും ഓം ശ്രവിക്കുന്നതാണ്. ഓം -ന്റെ ശാസ്ത്രലിപി പോലും ഹിന്ദുമതത്തില് കളങ്കപ്പെട്ടു എന്നിരിക്കിലും മഹാശാസ്ത്രവുമായി ഏറെ അടുപ്പം ഏതു മതത്തിനെന്നു ചോദിച്ചാല് അത് ഹിന്ദുമതമാണ് ; ദൈവം സ്ത്രീരൂപമെടുത്ത് മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായി അവതരിച്ചുകഴിഞ്ഞിട്ടുള്ളത് ഒരു ഹിന്ദുമത കുടുംബത്തിലാണെന്നത് മേല്പ്രസ്താവത്തെ ശരിവെയ്ക്കുന്നു.

(2) ഇസ്ലാം മതം

ഭൂമിയില് ജീവിച്ചിരിക്കെ ചെയ്ത നന്മകളുടെയും തിന്മകളുടെയും അടിസ്ഥാനത്തില് മരണാനന്തരം നല്ല മനുഷ്യര് (നല്ല ആത്മാവ്), അനന്തങ്ങളായ ബഹുവിധ സുഖങ്ങളെ മാത്രം ലഭ്യമാവുന്ന സ്വര്ഗ്ഗം എന്ന പ്രദേശത്ത് എത്തുന്നതിനെപ്പറ്റിയും ചീത്ത മനുഷ്യര് (ദുഷ്ട-ആത്മാവ്), അനന്തങ്ങളായ ബഹുവിധ ദുഃഖങ്ങളെ മാത്രം ലഭ്യമാവുന്ന

നരകം എന്ന പ്രദേശത്ത് എത്തുന്നതിനെപ്പറ്റിയും ഇസ്ലാം മതത്തില് പ്രതിപാദിച്ചിട്ടുണ്ട്. കാലം വളരെ കടന്നിട്ടും, ശാസ്ത്രം വളരെയധികം പുരോഗമിച്ചിട്ടും, സ്വര്ഗ്ഗ നരകങ്ങളെ ചൂണ്ടിക്കാട്ടുവാനോ സുവ്യക്തമായും ശാസ്ത്രീയമായും അവതരിപ്പിക്കുവാനോ ഇസ്ലാം മതത്തിനും കഴിഞ്ഞിട്ടില്ലാ എന്നത് ഇസ്ലാം മതത്തെ അവമതിക്കുന്ന വസ്തുതയാണ്.

ഏറ്റവും ഹ്രസ്വമായ മത-വ്യാഖ്യാനത്തിലേക്ക് ഇനി കടക്കാം:-

ഇസ്ലാം മതത്തിലെ ചന്ദ്രക്കലയുടെയും നക്ഷത്രത്തിന്റെയും പൊരുള് കൂടിയാണ് ആത്മീയ സാക്ഷാത്ക്കാരത്തിന്റെ ഭാഗമായി വിസ്തരിച്ചിട്ടുള്ളത്. മതചിഹ്നമായി ഉപയോഗിക്കപ്പെടുന്ന ചന്ദ്രക്കലയുടെയും നക്ഷത്രത്തിന്റെയും പൊരുളെന്താണെന്ന് ഇസ്ലാം മതക്കാര് അന്വേഷിക്കാഞ്ഞതെന്ത് ? അന്വേഷണങ്ങള്ക്കും ചോദ്യങ്ങള്ക്കും ഇടംകൊടുക്കാതെ ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യം സമ്പാദിക്കാനുള്ള ഒരു ഹ്രസ്വപദ്ധതി മാത്രമാണ് മൂഹമ്മദ് എന്ന സത്യാന്വേഷകനായ മനുഷ്യന് നല്കപ്പെട്ടത്. പുണ്യം സമ്പാദിക്കാനുള്ള ഹ്രസ്വപദ്ധതിക്ക്, അറേബ്യന് രാജ്യങ്ങളില് സമ്പത് സമൃദ്ധി എന്ന പുണ്യം നല്കിയപ്പോള്, അത് ഇസ്ലാം മതത്തില് പെട്ടവര് മാത്രമല്ല, മറ്റ് മതങ്ങളില്പെട്ട് കാലാകാലങ്ങളില് പുണ്യം നേടിയവരും മഹാ-പുനര് ജ്ജന്മസിദ്ധാന്ത പ്രകാരം ആനന്ദത്തോടെ അനുഭവിക്കുന്നുണ്ട്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്ര പ്രകാരം കുഞ്ഞിനെ പ്രസവിക്കുന്നത് സ്ത്രീയാണ്, മഹാപ്രപഞ്ചത്തെ പ്രസവിച്ച മഹാമാതാവ് എന്ന സ്ത്രീരൂപം മഹാശാസ്ത്രത്തിന് വിധേയമായി സ്വീകരിക്കുന്നുവെങ്കിലും, മഹാശാസ്ത്രത്തിനും അതീതമായ ദൈവം ആണുമല്ല, പെണ്ണുമല്ല, ജീവിയുമല്ല, ഇസ്ലാമില് പ്രസ്താവിച്ചിട്ടുള്ളതുപോലെ മഹാശക്തി മാത്രമാണ്.

ദൈവത്തിന്റെ പ്രതിനിധിയും മഹാദാസനുമാണ് യഥാര്ത്ഥ മുഹമ്മദായ പരമശിവന്. തന്റെ മഹായജമാനനും മഹായജമാനയും മഹാശക്തിയുമായ ദൈവത്തിന്റെ മഹാദാസനായി, മഹാശക്തിയുടെ ഭാവങ്ങളായ സത്യ-ധര്മ്മ-നീതികളെ ഉയര്ത്തിപ്പിടിച്ചുകൊണ്ട്, ഏകമഹാശക്തിയായ ദൈവത്തെമാത്രം സ്വയം ആരാധിക്കുകയും, മഹാശാസ്ത്രം പ്രകാരം മഹാപ്രപഞ്ചത്തിലെ സമസ്ത ജീവികളെക്കൊണ്ടും ആരാധിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഏകപ്രതിനിധി കൂടിയാണ് പരമശിവന്. മഹാശാസ്ത്രം എന്ന ദൈവശാസ്ത്രത്തില് ശാസ്ത്രനിയമങ്ങള് മാത്രമാണുള്ളത്, ദൈവഭാവവും ദൈവരൂപവും ദൈവീകനീതി ഉള്പ്പെടെയുള്ള

ദൈവീകപ്രവര്ത്തനങ്ങളും വിവരിക്കുമ്പോള് മാത്രമാണ് ദൈവത്തെപ്പറ്റിയും ദൈവത്തിന്റെ പ്രതിനിധിയായ പരമശിവനെപ്പറ്റിയും വിശദീകരണമുണ്ടാകുന്നത്. ദൈവത്തിന്റെ പ്രതിനിധിയായും മഹാദാസനായും പ്രപഞ്ചപിതാവായും പരമശിവന് സൃഷ്ടിക്കപ്പെടുന്നത് 3-ാം ഭാഗത്തില് വിവരിച്ചിട്ടുണ്ട്. ശാസ്ത്രപരമായ മത്സ്യാവതാരത്തെക്കൂടി ഉള്പ്പെടുത്തിക്കൊണ്ട് തന്റെ പ്രതിനിധിയായ പരമശിവനിലൂടെ മഹാശാസ്ത്രം അവതരിപ്പിക്കുമ്പോള് ദൈവശാസ്ത്രം എന്നും വേദങ്ങള് എന്നും അറിയപ്പെടുന്ന മഹാശാസ്ത്രം അവതരിപ്പിക്കുവാന് ദൈവത്തിന് മഹാപദ്ധതിയുണ്ട് എന്നുകൂടി വ്യക്തമാവുന്നുണ്ട്. 1989-ല് സംഭവിച്ച മത്സ്യാവതാരത്തെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് പരമശിവ അവതാരം പൂര്ണ്ണമായിക്കൊണ്ടിരിക്കുന്നു എന്ന അദ്ധ്യായത്തില് ചേര്ത്തിട്ടുണ്ട്. ദൈവശാസ്ത്രം അവതരിപ്പിക്കാന് ഉള്പ്പെടെ യാതൊരു ദൈവകാര്യത്തിനും ദൈവത്തിന് യാതൊരു മനുഷ്യരുടെയും സഹായം ആവശ്യമില്ല.

ഭൂമിയിലെ മനുഷ്യരില് ഒരാളായ മുഹമ്മദിലൂടെ മഹാശാസ്ത്രം ദൈവം വെളിവാക്കുകയും മുഹമ്മദിന്റെ പേര് മഹാശാസ്ത്രത്തില് ഉള്പ്പെടുത്തുകയും ചെയ്യുകയാണെങ്കില് എല്ലാ മനുഷ്യര്ക്കും ദൈവം സമനീതി നല്കുന്നുവെന്ന വാദം അസത്യമാകുന്നതാണ്. ശിഷ്യന്മാരെപ്പോലും സംഭ്രമിപ്പിച്ചുകൊണ്ട് പെട്ടെന്നൊരു ദിവസം മുഹമ്മദ് മരണമടഞ്ഞതും യാതൊരു അത്ഭുതങ്ങളും അപ്പോള് സംഭവിക്കാഞ്ഞതും ദൈവശാസ്ത്രം എന്ന പേരില് അറിയപ്പെടുന്ന ഒരു ഗ്രന്ഥത്തില് ആവര്ത്തിച്ച് പേരും നിയോഗവും ചേര്ക്കപ്പെട്ടുള്ള ഒരാള്ക്ക് ചേരുന്നതല്ല. അതോടൊപ്പം, ഇസ്ലാംമതം എന്ന ഹ്രസ്വപദ്ധതി സത്യങ്ങളും ഉള്ളവയാണെന്നും മുഹമ്മദിന് വെളിപാടുകള് ലഭിച്ചിരുന്നുവെന്നും കൂടി തെളിയുകയാണ്. ദൈവത്തിന്റെ പ്രതിനിധിയായും അര്ദ്ധനാരീശ്വരനായും (വ്യവസ്ഥാപിതമായ അര്ദ്ധമഹാദേവിയായും) ദൈവം സൃഷ്ടിച്ചിട്ടുള്ള പരമശിവനെ ദര്ശിക്കുവാന് ദൈവം മുഹമ്മദിനെ അനുഗ്രഹിക്കുകയോ പരമശിവ-രൂപത്തെപ്പറ്റിയുള്ള വിശദീകരണം നല്കുകയോ ചെയ്തിരിക്കും. (വെളിപാട് പൂര്ണ്ണമായിട്ടില്ല). ആണും പെണ്ണുമല്ലാത്ത ദൈവത്തെ കണ്ടു എന്ന് മുഹമ്മദ് പറയുവാന് അതാവാം കാരണം. പരമശിവന്റെ ശിരസ്സില് ദൈവം സ്ഥാപിച്ചിട്ടുള്ള ചന്ദ്രക്കലയും നക്ഷത്രവും ആത്മീയസാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിസ്തരിച്ചുവല്ലോ. ഹ്രസ്വമായ ഒരു പദ്ധതിയെ സമ്പൂര്ണ്ണ ദൈവശാസ്ത്രമായി ചിത്രീകരിച്ചത് തെറ്റായിട്ടുണ്ട്.

ദൈവം തന്നെ സൃഷ്ടിച്ചിട്ടുള്ള, ദൈവത്തിന്റെ മക്കളായ മറ്റുള്ള ജീവികള്ക്ക് എങ്ങനെ സമനീതി നല്കുന്നു ; ലിംഗം, മതം, ജാതി, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ദേശം, സമ്പത്ത്, തൊഴില് അഭിരുചി, വിനോദ അഭിരുചി തുടങ്ങിയ ജന്മഗുണങ്ങളില് വ്യത്യാസമുള്ള ഭൂമിയില് ജീവിക്കുന്ന മനുഷ്യര്ക്ക് എങ്ങനെ സമനീതി നല്കുന്നു ; നക്ഷത്രകോടികള് എന്തിനു സൃഷ്ടിച്ചു തുടങ്ങിയ ചോദ്യങ്ങള്ക്ക് ഇസ്ലാം മതത്തിലും ക്രിസ്തുമതത്തിലും ഉള്പ്പെടെ യാതൊരു മതങ്ങളിലും ശരിയായ ഉത്തരമില്ലായെന്നത് അറിയണം, ദൈവം നീതിമാനാണ്, നീതി നല്കും എന്നുപറഞ്ഞ് വിഷയത്തില്നിന്നും ഒളിച്ചോടുകയാണ് എല്ലാ മതങ്ങളും ചെയ്യുന്നത്. മുമ്പ് പറഞ്ഞതുപോലെ, സമ്പൂര്ണ്ണ ദൈവശാസ്ത്രം വെളിപ്പെടുത്താന് ദൈവത്തിന് മഹാപദ്ധതിയുണ്ട്, അങ്ങനെയിരിക്കെ നന്മ ആഗ്രഹിച്ച മുഹമ്മദ് എന്ന വ്യക്തിക്ക് ലഘുവായ ഒരു പുണ്യപദ്ധതി നല് കപ്പെടുകയാണ് ഉണ്ടായത്.

ഇസ്ലാം മതത്തിന്റെ അപൂര്ണ്ണത വ്യക്തമാക്കുവാന് രണ്ടു കാര്യങ്ങള് കൂടി പറയാം.

(1) ആദിയും അന്തവുമില്ലാത്ത മഹാശക്തിക്ക് മഹാശാസ്ത്രപ്രകാരംതന്നെ ഒരു രൂപം സ്വീകരിക്കുവാന് കഴിയും എന്നു വിശ്വസിക്കുന്നതാണ് ദൈവീകം; ശാസ്ത്രപരമോ അല്ലാത്തതോ ആയ രൂപം സ്വീകരിക്കുവാന് ദൈവത്തിന് കഴിവില്ലെന്നും കഴിയില്ലെന്നുമൊക്കെ വാദിക്കുന്നത് ദൈവനിന്ദയാണ്. അമ്മയെയും അച്ഛനെയും സഹോദരരെയും ഇണയെയും കുട്ടികളെയും കുഞ്ഞുങ്ങളെയും സ്നേഹിതരെയും നാട്ടുകാരെയുമൊക്കെ കാണാന് കൊതിക്കുന്ന മനുഷ്യന് സ്രഷ്ടാവായ ദൈവത്തെ കാണാന് കൊതിയില്ലെന്നു വാദിക്കുമോ?, മഹാശാസ്ത്രപ്രകാരംതന്നെ രൂപമെടുക്കാന് ശക്തിയുള്ള ദൈവം ഇസ്ലാംമതത്തില് പെട്ട് കഴിയുന്നതുള്പ്പെടെയുള്ള ഭൂമിയിലെ മനുഷ്യര്ക്കു മുഴുവന് ദര്ശനം കൊടുക്കാനെത്തുമ്പോള്, തങ്ങള്ക്ക് ദൈവത്തെ കാണണ്ട എന്നും രൂപമില്ലാത്ത ദൈവത്തെ മതിയെന്നും ഇസ്ലാം മതക്കാര് പറയുമോ?, പറയുന്നതു ശരിയാണോ ?

// ദൈവം എങ്ങനെയുള്ള രൂപമെടുത്താല് ഇസ്ലാംമതക്കാര്ക്ക് സന്തോഷിക്കാനാവും - ചിന്തിക്കുക. ഭൂമിയിലെ ഏതെങ്കിലും മതങ്ങള് പ്രകാരം ദൈവം രൂപമെടുക്കുകയാണെങ്കില് ഇസ്ലാം അപഹസിക്കപ്പെടുമായിരുന്നു. ഇസ്ലാം എന്ന ലഘുപദ്ധതിയിലെ ദൈവവും ദൈവത്തിന്റെ പ്രതിനിധിയും എന്ന മഹാസത്യത്തെ ശരിവെച്ചുകൊണ്ടാണ് ശാസ്ത്രപ്രകാരം, ദൈവം രൂപമെടുത്തിട്ടുള്ളത്.

വളരെയധികം ആനന്ദിക്കാവുന്ന കാര്യംതന്നെയാണ്. //
(2) ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിന് അതീതമാണ്, അങ്ങനെയുള്ള ദൈവത്തെ ഒരു വിഗ്രഹത്തില് ഒതുങ്ങുന്നതായി കണക്കാക്കുന്നത് തെറ്റായും പാപമായും വിവരിക്കുമ്പോള് മുഹമ്മദ് ഉള്പ്പെടെയുള്ള ഇസ്ലാംമതപുരോഹിതര്ക്ക് മനസ്സിലാക്കാന് കഴിയാഞ്ഞ ഒരു വലിയ സത്യമുണ്ട്. ഒരു കടുകിലോ വിഗ്രഹത്തിലോ മണല്ത്തരിയിലോ എന്തിലുമോ വര്ത്തിച്ചുകൊണ്ടും മഹാപ്രപഞ്ചത്തിന്റെയോ മനുഷ്യന് മനസ്സിലാക്കാനാവാത്ത പ്രപഞ്ചങ്ങളുടെയോ ഒക്കെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുവാന് കഴിയുമ്പോള് മാത്രമാണ് മഹാശക്തി മഹാശക്തിയാകുന്നത്; ഇസ്ലാമിന്റെ ദൈവത്തിന് കടുകിലിരുന്നുകൊണ്ടോ വിഗ്രഹത്തില് ഇരുന്നുകൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുവാനുള്ള ശക്തിയില്ല എന്ന് ഇസ്ലാംമതപുരോഹിതര് സമ്മതിക്കുമോ ? ഭൂമിയിലെ മനുഷ്യക്കുഞ്ഞുങ്ങളേ, നിങ്ങളെല്ലാം ദൈവത്തിന്റെ മക്കളാണ്. ആരും ആരെക്കാളും വലുതുമല്ല, ചെറുതുമല്ല. മുഹമ്മദ് ഉള്പ്പെടെയുള്ളവര് പുനര്ജ്ജനിച്ചുകൊണ്ടും ജീവിച്ചുകൊണ്ടുമിരിക്കുന്നുണ്ട്. മനുഷ്യര് വിചാരിക്കുമ്പോലെ സ്വര്ഗ്ഗത്തിലും പരമപദത്തിലും മറ്റു സങ്കല്പങ്ങളിലും ആത്മാക്കളെ കയറ്റിവിടാനാവില്ല. വീണ്ടും പുനര്ജ്ജനിച്ചു വന്ന് കാതോലിക്കരുടെ ഒരു പോപ്പായി വളരെക്കാലം പ്രവര്ത്തിച്ചശേഷം മുഹമ്മദിന്റെ ശരീരം വീണ്ടും മരിച്ചത് അടുത്ത കാലത്താണ്. ഇസ്ലാം മതം അനുസരിച്ച് സത്യം മാത്രം പറഞ്ഞും ധാര്മ്മികമായി മാത്രം ജീവിക്കുകയുംചെയ്യുന്ന മനുഷ്യര് ഈ ഭൂമിയില് ഇന്നില്ല എന്നതു സത്യമാകുമ്പോള്, മതപരമായ ലേബലുകളും വേഷംകെട്ടലുകളും ഉപേക്ഷിച്ച് ദൈവം സൃഷ്ടിച്ച മനുഷ്യര് ആവുകയാണ് ഓരോരുത്തരും ആദ്യം ചെയ്യേണ്ടത്. യാതൊരു മതങ്ങളിലെയും ധര്മ്മശാസ്ത്രങ്ങള് പ്രകാരം ജീവിക്കുന്ന മതവിശ്വാസികള് ഈ ഭൂമിയില് ഇല്ല, രാഷ്ട്രീയ വ്യവ്സഥിതികളും രാഷ്ട്രങ്ങളിലെ ഭരണഘടനകളും മറ്റും അത് അനുവദിക്കുകയുമില്ല. ഇസ്ലാം മതവിശ്വാസത്തോടെ വളരെയധികം ഉത്തമനായി ജീവിക്കാന് കഴിഞ്ഞ ഉമറിനെപ്പറ്റി ഒരു വാചകം പറയേണ്ടതുണ്ട്. ദൈവത്തിന്റെ ഇഷ്ടപുത്രരില് ഒരാളായ ഉമര് കേരളത്തില്, കൊല്ലം ജില്ലയില്, ഇസ്ലാം മതത്തില്പെട്ടുതന്നെ ഇന്ന് ജീവിച്ചിരിക്കുന്നു. എല്ലാ മനുഷ്യരെയും ഇഷ്ട-ഉത്തമ സന്താനങ്ങളാക്കി മാറ്റിയശേഷമേ ആത്മസാക്ഷാത്ക്കാരം എന്ന ബ്രഹ്മാനന്ദം ദൈവം നല്കുകയുള്ളൂ എന്നുമറിയുക.
മായ പ്രത്യക്ഷമാകുന്നത് ഭൂമിയിലൊക്കെയും ഓം എന്ന

മഹാസൃഷ്ടിമന്ത്രം ശാസ്ത്രപരമായി ധ്വനിച്ചുകൊണ്ടാണെന്നു പറയുമ്പോള്, അവസാന കാലത്ത് മലക്ക് കുഴല്വിളിക്കും എന്ന് ഇസ്ലാം മതത്തില് പറഞ്ഞിരിക്കുന്നത് ശരിയാവുക കൂടിയാണ്. കുഴല് വിളിക്കുമ്പോള് ഉയരുന്ന ശബ്ദം കൂടിയാണ് മഹാ സംഹാരകാഹളം കൂടിയായ ഓം. അക്ഷരബ്രഹ്മം കൂടിയായ ഓം -ല് ചന്ദ്രക്കലയും നക്ഷത്രവും ഉള്ളതും ഇസ്ലാംമത വിശ്വാസികള് എന്നു കരുതുന്നവര്ക്ക് സന്തോഷിക്കാവുന്ന കാര്യമാണ്. പ്രീണനമെന്നു കരുതിപ്പോവരുത്. ഓം ശബ്ദബ്രഹ്മം ആകുന്നതും അക്ഷരബ്രഹ്മം ആകുന്നതും ദൈവത്തിന്റെ മഹാചിരി ആകുന്നതും എങ്ങനെയെന്ന് ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മായ പ്രത്യക്ഷമായ ശേഷം എല്ലാ മതങ്ങളും എന്നന്നേക്കുമായി കാലഹരണപ്പെടുന്നതാണ്. മഹാശാസ്ത്രവുമായി ഏറെ അടുപ്പമുള്ള രണ്ടാമത്തെ മതം ഏതെന്നു ചോദിച്ചാല് അത് ഇസ്ലാം മതമാണ്. മഹാശക്തിയായ ദൈവത്തിന്റെ പ്രതിനിധിയും മഹാദാസനും യഥാര്ത്ഥ മുഹമ്മദുമായ പരമശിവനെ മഹാപ്രപഞ്ചത്തിന്റെ പിതാവായി ദൈവം അവതരിപ്പിച്ചുകഴിഞ്ഞിട്ടുള്ളതും, മഹാശാസ്ത്രം വീണ്ടെടുക്കാന് ദൈവം ഉപയോഗിക്കുന്ന ഗ്രന്ഥകാരനായി നിശ്ചയിച്ചിട്ടുള്ളതും, ഒരു ഇസ്ലാംമത കുടുംബത്തിലൂടെയാണെന്നത് മേല്പ്രസ്താവത്തെ ശരിവെയ്ക്കുന്നു.

(3) ക്രിസ്തുമതം

ഭൂമിയില് ജീവിച്ചിരിക്കെ ചെയ്ത നന്മകളുടെയും തിന്മകളുടെയും അടിസ്ഥാനത്തില് മരണാനന്തരം നല്ല മനുഷ്യര് (നല്ല ആത്മാവ്), അനന്തങ്ങളായ ബഹുവിധ സുഖങ്ങളെ മാത്രം ലഭ്യമാവുന്ന സ്വര്ഗ്ഗം എന്ന പ്രദേശത്ത് എത്തുന്നതിനെപ്പറ്റിയും ചീത്ത മനുഷ്യര് (ദുഷ്ട-ആത്മാവ്), അനന്തങ്ങളായ ബഹുവിധ ദുഃഖങ്ങളെ മാത്രം ലഭ്യമാവുന്ന നരകം എന്ന പ്രദേശത്ത് എത്തുന്നതിനെപ്പറ്റിയും ക്രിസ്തു മതത്തില് പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്തെ സ്വര്ഗ്ഗത്തില് വസിക്കുന്ന ഒരു ജീവിയെപ്പോലെ അവതരിപ്പിക്കുകയും, മനുഷ്യര് മരണാനന്തരം ദൈവത്തിന്റെ അടുക്കല് എത്തുന്നതായും, നന്മകളുടെ ഏറ്റക്കുറച്ചിലനുസരിച്ച് ദൈവത്തിന്റെ അടുക്കലും അകലത്തുമുള്ള ഇരിപ്പിടങ്ങള് നേടുന്നതായും ക്രിസ്തുമത പുരോഹിതന്മാര് പ്രഭാഷണം ചെയ്യുമ്പോള്, അനേകായിരം കോടി ജനങ്ങളുടെ മധ്യത്തില് ദൈവമിരിക്കുമ്പോള് വളരെക്കുറച്ചു പേര്ക്കു മാത്രമാണ് ദൈവത്തിന്റെ അടുത്തിരിക്കുവാനാകുക എന്നതും, ദൈവം കറങ്ങിക്കൊണ്ടിരുന്നില്ലെങ്കില് എല്ലാവര്ക്കും ദൈവത്തെ ഒരുപോലെ

കാണാനാവില്ലാ എന്നുമറിയണം. കോടിക്കണക്കിന് പുതിയ സൃഷ്ടികള് നടക്കുമ്പോള്, നന്മകള് ഏറെ നേടിയ പുതിയ ജനങ്ങള് സ്വര്ഗ്ഗത്തിലെത്തുമ്പോള്, മുമ്പ് ദൈവത്തിന്റെ അടുക്കല് ഇരുന്നവരുടെ ഇരിപ്പിടം പിന്നോട്ടുപോകേണ്ടി വരുമല്ലോ എന്നതിനെപ്പറ്റി വിശദീകരണമില്ല. മാത്രമല്ല, അനന്തകാലം ദൈവത്തെ മിഴിച്ചുനോക്കിയും ദൈവത്തെ പുകഴ്ത്തിയും സ്വര്ഗ്ഗമെന്ന പേരിലുള്ള ഒരു ലോകത്ത് കഴിയുമ്പോള് എന്തൊരു സുഖമാണത്..... മനുഷ്യരുടെ പുകഴ്ത്തലുകള് കേട്ട് ആനന്ദിക്കുന്ന ഒരു പൊങ്ങച്ചക്കാരനായി ദൈവത്തെ അവതരിപ്പിച്ചത് കടുത്ത ദൈവനിന്ദയാണെന്ന് പറയാതെവയ്യ. ഇസ്ലാം-ക്രിസ്തുമതങ്ങളിലെ സ്വര്ഗ്ഗ-നരക വിവരണങ്ങള് പലപ്പോഴും ധര്മ്മശാസ്ത്രത്തെ വളരെയധികം അവഹേളിക്കുന്നുണ്ട്. പുരോഹിതന്മാര് ദൈവശിക്ഷ ഇരന്നുവാങ്ങുകയും ചെയ്യുന്നു!

കാലം വളരെ കടന്നിട്ടും, ശാസ്ത്രം വളരെയധികം പുരോഗമിച്ചിട്ടും, സ്വര്ഗ്ഗ നരകങ്ങളെ ചൂണ്ടിക്കാട്ടുവാനോ സുവ്യക്തമായും ശാസ്ത്രീയമായും അവതരിപ്പിക്കുവാനോ ക്രിസ്തു മതത്തിനും കഴിഞ്ഞിട്ടില്ലാ എന്നത് ക്രിസ്തു മതത്തെ അവമതിക്കുന്ന വസ്തുതയാണ്. ക്രിസ്തുമതവും ഇസ്ലാം മതവും താരതമ്യം ചെയ്യുമ്പോള് ആത്മീയ സാക്ഷാത്ക്കാരം ഉള്പ്പെടെ അനവധി കാര്യങ്ങളില് കോപ്പിയടി നടന്നിട്ടുണ്ടെന്നു മനസ്സിലാക്കാനാവും. ആര് ആരെ കോപ്പിയടിച്ചു എന്നത് കാലഗണന സുവ്യക്തമായി അറിയിക്കുന്നുണ്ട്. ഒരിടത്തെ കള്ളങ്ങളെ മറ്റൊരിടത്ത് കോപ്പിയടിച്ചു വച്ചതുകൊണ്ട് യാതൊരാള്ക്കും യാതൊരു പ്രയോജനവും ലഭിക്കുന്നില്ലാ എന്നതും, കള്ളങ്ങളെ പ്രചരിപ്പിക്കുകയാല് ജനസമൂഹങ്ങള്ക്ക് ദോഷങ്ങള് ഒട്ടേറെ ഉണ്ടാകുന്നു എന്നതുമാണ് യഥാര്ത്ഥ വിഷയങ്ങള്.

ഏറ്റവും ഹ്രസ്വമായ മത-വ്യാഖ്യാനത്തിലേക്ക് ഇനി കടക്കാം:-

മനുഷ്യന്റെ ജീവിതധര്മ്മങ്ങള് സുവ്യക്തമായി ചൂണ്ടിക്കാട്ടാന് മഹാശക്തിയായ, സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവം ക്രൈസ്റ്റിനെ അനുഗ്രഹിച്ചു. ക്രൈസ്റ്റിനെ വിശ്വസിക്കാം, ക്രൈസ്റ്റ് സത്യം മാത്രമേ പറയൂ. സത്യ-ധര്മ്മ-നീതികള്ക്കുവേണ്ടി പ്രവര്ത്തിച്ച ഒറ്റയാള് പട്ടാളത്തെ ഭൂമിയിലെ സുമാര് പകുതിയോളം ജനങ്ങളുടെ വിശ്വാസനായകനായി ദൈവം ഉയര്ത്തിയിട്ടുമുണ്ട്. ക്രൈസ്റ്റ് ആരാണ് ? നക്ഷത്രലോകം എന്ന സ്വര്ഗ്ഗം ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ പിതാവായി, ദൈവം, നിശ്ചയിച്ചിട്ടുള്ള പരമശിവനെ ക്രൈസ്റ്റ് ആയിട്ട് ഭൂമിയിലേക്കയച്ചതിന്റെ യഥാര്ത്ഥ കാരണങ്ങള് ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും 7-ാം ഭാഗത്തിലും വിവരിച്ചിട്ടുണ്ട്.

മനുഷ്യര് ഇന്നറിയുന്ന കാരണങ്ങള് തുച്ഛമാണ്.
ഇന്നത്തെ ഭൂമിയിലെ സുമാര് 650 കോടി ജനങ്ങളില് ഒരാള് മാത്രം പറയുന്നതാണ് സത്യം അഥവാ ശരി അഥവാ ശാസ്ത്രം എങ്കില് അതിനെ മാത്രം ഉള്ക്കൊള്ളണം എന്നതാണ് ദൈവീകപാഠം / ശാസ്ത്രം. ഭൂരിപക്ഷത്തിനെ ശരിവെയക്കുന്ന ജനാധിപത്യം എന്നറിയപ്പെടുന്ന ആധുനിക സമ്പ്രദായത്തെ നിഷ്പ്രഭമാക്കുന്ന ദൈവീകസത്യമാണത്.
അവന് വീണ്ടും വരും, അവന് വരുന്നതോ ആരും അറിയുകയുമില്ല എന്നും ക്രൈസ്റ്റിനെപ്പറ്റി ഉദ്ഘോഷിക്കുന്നവര് ഉള്പ്പെടെ യാതൊരാളും ക്രൈസ്റ്റ് വീണ്ടും വരുന്നത് അറിയുകയില്ല, ക്രൈസ്റ്റിനെ വീണ്ടും അയക്കുന്ന ദൈവം നിശ്ചയിക്കുമ്പോള് മാത്രമേ ജനങ്ങള് അറിയുകയുള്ളൂ. ഭൂമിയിലെ എല്ലാ ജനങ്ങള്ക്കുമായാണോ, ക്രിസ്ത്യാനികള് എന്നറിയപ്പെടുന്നവര്ക്കു വേണ്ടി മാത്രമാണോ ക്രൈസ്റ്റ് വീണ്ടും വരേണ്ടത് ? ക്രൈസ്റ്റിലൂടെ ദൈവം അവതരിപ്പിച്ച മുഖ്യ സന്ദേശം ലോകസാഹോദര്യമാണെങ്കില്, ക്രൈസ്തവര് എന്നറിയപ്പെടുന്നവര് തന്നെ ഇന്ന് വ്യത്യസ്തങ്ങളായ അനേകം മത-വിഭാഗങ്ങളുടെ കൂട്ടായ്മയാണ്; ചിലവ പ്രകാരം ക്രൈസ്തവ ജനവിഭാഗങ്ങള് നൂറ്റാണ്ടുകളായും ദശാബ്ദങ്ങളായും തമ്മിലടിക്കുകയും ചെയ്യുന്നു! മറ്റ് മതങ്ങളിലും/ മതവിശ്വാസികളിലും അങ്ങനെയൊക്കെത്തന്നെ !
വധിക്കപ്പെടുന്നതിനു മുമ്പ് ക്രൈസ്റ്റ് മതം ഉണ്ടാക്കിയിട്ടില്ല. ക്രിസ്തുമതത്തില് പ്രപഞ്ചകാര്യങ്ങളായി പറയുന്നവ -പഴയ നിയമം- ക്രൈസ്റ്റിലൂടെ വന്ന വചനങ്ങളുമല്ല. ദൈവം അത്യുന്നതപ്പെടുത്തിയ ക്രൈസ്റ്റിലൂടെ വെളിപ്പെട്ട ദൈവ വചനങ്ങളനുസരിച്ചു ജീവിക്കുന്നവരെയാണ് ക്രിസ്ത്യാനികള് എന്ന് വിളിക്കേണ്ടതെങ്കില്, അങ്ങനെയുള്ളവര് പാപംചെയ്യില്ല. കള്ളവും കാപട്യവുമായി ജീവിക്കുന്നവര് ക്രിസ്ത്യാനികളല്ല തന്നെ.
എല്ലാ കാര്യങ്ങള്ക്കും ദൈവത്തിന് ശാസ്ത്രപരമായ അഥവ ദൈവീകമായ പദ്ധതിയുണ്ട്. ദൈവശാസ്ത്രം പഠിപ്പിക്കുവാന് മനുഷ്യരുടെ സഹായം ദൈവത്തിനു വേണമെന്നു കരുതുന്നത് ദൈവനിന്ദയാണ്. യജമാനന് ജോലിക്കാരെ ആവശ്യമുണ്ടെങ്കില് യജമാനന് നിശ്ചയിക്കുമ്പോലെ ജോലിക്കാരെ നിയമിക്കുന്നതാണ് എന്ന മാനുഷികരീതി പോലും ദൈവത്തിന്റെ കാര്യത്തില് പുലര്ത്താതെ ദൈവത്തെ നിന്ദിക്കുന്നവരായിരിക്കുന്നു ക്രിസ്ത്യാനികളിലെ വലിയൊരു വിഭാഗം. ഒരു വീട്ടിലെയോ സ്ഥാപനത്തിലെയോ ജോലിക്കാരനാണെന്ന് ഒരാള്ക്ക് അവകാശപ്പെടണമെങ്കില് വീട്ടുടമയോ സ്ഥാപന ഉടമയോ (അധികാരിയോ), നേരിട്ടു നിയമിക്കണം. യജമാനന്

റെ ഇഷ്ടങ്ങളനുസരിച്ച് ജോലിചെയ്യുകയും യജമാനനില് നിന്നുമാത്രം വേതനം കൈപ്പറ്റുകയുംവേണം. ദൈവം നേരിട്ട് വേലയ്ക്ക് വെയ്ക്കാത്തവര് ദൈവത്തിന്റെ വേലക്കാരാവില്ല. ദൈവം നേരിട്ട് ദാസരായി നിയമിക്കാത്തവര് ദൈവദാസരാവില്ല ; അങ്ങനെയല്ലാതെ തങ്ങള് ദൈവദാസരാണെന്ന് പറഞ്ഞുനടക്കുന്നവര് ദൈവദാസരല്ല, കള്ളന്മാരാണ്. ദൈവത്തിന് ഒരു ദാസനേയുള്ളൂ, ദൈവത്തിന്റെ തന്നെ ഒരു ഭാഗമായ, ക്രൈസ്റ്റ് കൂടിയായ പരമശിവന്. മനുഷ്യര് ഉള്പ്പെടെയുള്ള തന്റെ സൃഷ്ടികളായ എല്ലാ ജീവികള്ക്കുംവേണ്ടി സ്നേഹവാത്സല്യങ്ങള് വാരിക്കോരി നല്കുന്ന മഹാസ്നേഹനിധിയാണ്, എന്നാല് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവത്തിന് യാതൊരു മാനുഷിക സഹായങ്ങളും ആവശ്യമില്ല തന്നെ. അജ്ഞാനം കൊണ്ടും കള്ളത്തരങ്ങള്കൊണ്ടും ദൈവദാസരായും പുരോഹിതന്മാരായും വേഷംകെട്ടുന്ന ഭൂമിയിലെ എല്ലാ മതങ്ങളിലെയും ജനങ്ങള്ക്കുള്ള താക്കീതാണിത്, ദൈവത്തിന്റെ ഏകദാസനായ, വീണ്ടുമെത്തിയിട്ടുള്ള ക്രൈസ്റ്റിലൂടെ, ക്രൈസ്റ്റിന്റെ മൂലരൂപമായ പരമശിവനിലൂടെ, കര്ത്താവായ ദൈവം നല്കുന്ന താക്കീതാണ്. ദൈവം നിശ്ചയിക്കുന്നതും നടപ്പാക്കുന്നതുമായ കാര്യങ്ങളില് ഇടപെടാന് മനുഷ്യന് സാധിക്കണമെങ്കില് ദൈവം പ്രത്യക്ഷമായി നിയോഗിക്കണം. ദൈവം നിയോഗിച്ചിട്ടില്ലെങ്കിലും ജനങ്ങളെ വാഴ്ത്തുകയും സ്വര്ഗ്ഗത്തില് കയറ്റിവിടുകയുമൊക്കെ ചെയ്യുന്നവരായി മതപുരോഹിതര് ആധുനികയുഗത്തിലും അധഃപതിച്ചിരിക്കുകയാണ്. അവന് വീണ്ടും വരുമെന്ന് ക്രൈസ്റ്റിനെപ്പറ്റി പ്രഖ്യാപിച്ചിട്ടുള്ളതിന്റെ സത്തയും വിശകലനവും മതപുരോഹിതന്മാര് പോലും മറന്നിരിക്കുന്നു..... ഭൂമിയിലെ സകല ജനങ്ങളും ഒരേ വായു ശ്വസിക്കുന്നവരാണെന്നതും, വായു, ജലം, മണ്ണ്, ഭക്ഷണം, സുഖ ദുഃഖങ്ങള്, രോഗം, മരുന്ന്, ശസ്ത്രക്രിയ, ശാസ്ത്രസൗകര്യങ്ങള്, മറ്റുള്ള ജീവികള് തുടങ്ങി യാതൊരു പ്രപഞ്ചകാര്യങ്ങള്ക്കും മത-ജാതികള് വിഷയമാകുന്നില്ലാ എന്നതും, ക്രൈസ്റ്റ് വീണ്ടും വരുന്നത് ഭൂമിയിലെ സകല ജനങ്ങള്ക്കുമായിട്ടാവുമെന്നതും, അവന് സത്യ-ധര്മ്മ-നീതികളുടെ വക്താവാണെന്നതും, ക്രിസ്ത്യാനികള് എന്ന കള്ളപ്പേരോടെ ജീവിക്കുന്ന മതപുരോഹിതര് ഉള്പ്പെടെയുള്ള ഭൂമിയിലെ മുമ്പുപറഞ്ഞ വലിയ ജനസമൂഹം മറന്നിരിക്കുന്നു, മറച്ചിരിക്കുന്നു. ദൈവം കാട്ടുന്ന പാതയാണ് ക്രൈസ്റ്റിന്റേത്. സത്യത്തിന്റേതാണ്, ശാസ്ത്രത്തിന്റേതാണ്. സത്യത്തെ അനുസരിക്കുവാന് ആദ്യം ചെയ്യേണ്ടത് മത-രാഷ്ട്രീയ ബന്ധങ്ങള് ഉള്പ്പെടെയുള്ള അധമബന്ധങ്ങള് ഉപേക്ഷിച്ച് മനുഷ്യന് ആവുകയാണ്. ക്രൈസ്റ്റിന്റെ

ജീവിതവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട മതം ആദി കാലം മുതല് ശാസ്ത്രത്തെ കളങ്കപ്പെടുത്താനാണ് ശ്രമിച്ചുപോരുന്നത്. കുട്ടികള്ക്ക് ശാസ്ത്രപരമായി വളരാന് സാഹചര്യമുണ്ടാക്കാത്ത വ്യവസ്ഥിതികളുടെ രചയിതാക്കള്ക്കും തെറ്റായ വ്യവസ്ഥിതികളെ സംരക്ഷിക്കുന്നവര്ക്കും പാപമുണ്ട്. ക്രൈസ്റ്റ് വീണ്ടും വരുമെന്ന് യഥാര്ത്ഥത്തില് വിശ്വസിക്കുന്നവര് ഇന്നുണ്ടോ എന്നതും, ഉണ്ടെങ്കില് പ്രസ്തുത വിശ്വാസത്തെയോ മറ്റ് സത്യ-ധര്മ്മ വിശ്വാസങ്ങളെയോ അവര് ഗൗരവമായി എടുത്തിട്ടുണ്ടോ എന്നതും, വിശ്വാസപാലനമെന്നത് ജീവിതവൃത്തികളില് പുലര്ത്താത്തവര് വിശ്വാസികളാവുമോ എന്നതും വിശകലനംചെയ്ത് ക്രൈസ്റ്റിലൂടെ അവതരിക്കപ്പെട്ട ദൈവ-വചനങ്ങളോട് നീതി പുലര്ത്തുവാന് ശ്രദ്ധിക്കേണ്ടതുണ്ട്.
സ്ത്രീ-പുരുഷ ബന്ധങ്ങളെയും ദാമ്പത്യത്തെയും പവിത്രമായും ദൈവീകമായും മനസ്സിലാക്കേണ്ടതിനു പകരം, അധമമായ സന്യാസരീതിയെ കൂടുതല് മോശമായി ക്രിസ്തുമതം പിന് പറ്റിയിരിക്കുന്നു. മുമ്പ് വ്യക്തമാക്കിയതുപോലെ ബ്ലൂ ഫിലിമുകള്, സെക്സ് ഡാന്സുകള്, അവിശുദ്ധ ചുംബനങ്ങള്, പരസ്യമായ ചുംബനങ്ങളും ആലിംഗനങ്ങളും, മറ്റ് സെക്സ് കോപ്രായങ്ങള്, വസ്ത്രമുറയില്ലായ്മ, തുടങ്ങിയവയിലൂടെയും ; സിനിമ, ടെലിവിഷന്, ഇന്റര്നെറ്റ്, മൊബൈല് ഫോണ് തുടങ്ങിയവയെ വഴിപിഴപ്പിച്ച് കാട്ടിക്കൂട്ടുന്ന പരസ്യമായ കാമലീലകളിലൂടെയും സ്വകാര്യമായ സെക്സിനെ പരസ്യമാക്കിക്കൊണ്ട് സമൂഹത്തിന്റെ ധാര്മ്മിക അധ:പതനവും നാശവും വര്ദ്ധിപ്പിച്ചിരിക്കുന്നു ; മദ്യവ്യാപനം, പേറ്റന്റ് നിയമം പോലെയുള്ള കടുത്ത ദൈവനിന്ദകള്, തുടങ്ങിയവയുടെ ഉത്ഭവകേന്ദ്രങ്ങള് മുഖ്യമായും ക്രിസ്തുമതക്കാരുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഇസ്ലാമിക തീവ്രവാദങ്ങള് ഇന്ന് ഭൂമിയിലെ അനേക രാജ്യങ്ങളിലുള്ളവരെ വളരെ അലട്ടുന്നുവെങ്കില്, തീവ്രവാദം കടുത്ത തെറ്റാണെങ്കിലും ആയതിനു ക്രിസ്തുമതം വഴിവെച്ച അവിശുദ്ധ നടപ്പുകള് ഒരു പ്രധാന കാരണമായിട്ടുണ്ട്.
കഴിഞ്ഞ രണ്ടായിരം വര്ഷക്കാലമായി ലോകത്തെ ഏറ്റവും വലിയ വിപ്ലവകാരിയായിക്കൂടി ശോഭിക്കുന്ന ക്രൈസ്റ്റിനെ മതവല്ക്കരിക്കാതെ, ക്രൈസ്റ്റിലൂടെ ദൈവം വെളിപ്പെടുത്തിത്തന്ന ദൈവം സ്നേഹമാകുന്നു എന്ന മഹത് പാഠം ഉള്ക്കൊള്ളുവാനും, മത-രാഷ്ട്രീയ ഇസക്കാരാവാതെ, മനുഷ്യരാവാനും ആഗ്രഹിക്കുക, പരിശ്രമിക്കുക. ദൈവം സ്നേഹമാകുന്നു എന്നു പഠിപ്പിച്ചതിനോടോപ്പം ദൈവീകമായ സാമ്പത്തികശാസ്ത്രത്തിന്റെ മൂലരൂപവും ക്രൈസ്റ്റിലൂടെ ദൈവം അവതരിപ്പിച്ചിരുന്നു. എല്ലാ ജീവികള്ക്കുമായി ദൈവം സൃഷ്ടിച്ചിട്ടുള്ള

സമ്പത്തിനെ അധികചൂഷണംചെയ്യുന്ന ധനവാന് സാധാരണജനങ്ങളുടെ ധനം കൊള്ളയടിക്കുക കൂടിയാണ്. ഹേയ് പണക്കാരാ, നിന്റെ സ്വര്ഗ്ഗപ്രവേശമെന്നത് ഒട്ടകത്തിന് ചെറിയ സൂചിക്കുഴയിലൂടെ പ്രവേശിക്കാന് സാധിക്കുന്നതിലും വിഷമമേറിയതാണ് ! ക്രൈസ്റ്റിലൂടെ അവതരിച്ച ദൈവ-വചനത്തെ പരിപാലിക്കുന്ന ക്രൈസ്തവര് എത്രപേര് ഭൂമിയിലുണ്ടാവും ! തന്റെ എല്ലാ മക്കളും സുഖമായി ജീവിക്കുന്നതു കാണാനാണ് ഒരു മാതാവ് ആഗ്രഹിക്കുക എന്നതുപോലെ തന്റെ മക്കളായ ഭൂമിയിലെ എല്ലാ മനുഷ്യരും സന്തോഷിച്ചു ജീവിക്കുന്നതു കാണാനാണ് ദൈവം ആഗ്രഹിക്കുന്നത്. എത്യോപ്യ പോലുള്ള ആഫ്രിക്കന് രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും ദാരിദ്ര്യം വര്ദ്ധിക്കുവാനും തായ്ലാന്റ് പോലെയുള്ള രാജ്യങ്ങളില് സെക്സ്-ടൂറിസം എന്ന അതിനീചത്വം വളരുവാനും കാരണമായവരുടെ മതം അന്വേഷിച്ചാല് ഭൂരിപക്ഷവും ക്രിസ്ത്യാനികളെന്നാവും കണ്ടെത്തുക. സാമ്പത്തികശാസ്ത്രം പിന്നീട് വിസ്തരിക്കാം, നമുക്കു മനുഷ്യരാകാം എന്നതാകട്ടെ മനുഷ്യരൂപത്തോടെ കഴിയുന്ന (മനുഷ്യരല്ലാത്ത) മതസ്ഥരുടെ പ്രഥമ ശ്രമം. അതായത് ക്രൈസ്റ്റിലൂടെ വെളിവാക്കപ്പെട്ട ദൈവവചനങ്ങളനുസരിച്ചു ജീവിക്കുന്ന ഒരു മനുഷ്യന്പോലും ഭൂമിയിലില്ല ! വിവിധ രാഷ്ട്രീയപ്പാര്ട്ടികള് തങ്ങളുടെ പാര്ട്ടിഅംഗങ്ങളെ ജനപ്രതിനിധികള് എന്ന കള്ളപ്പേര് നല്കി മത്സരിപ്പിക്കുകയും, ജയിക്കുകയും അവിശുദ്ധ പാര്ട്ടി-ക്കൂട്ടുകെട്ടുകളിലൂടെയും മറ്റും സമൂഹഭരണം കൈയ്യാളുകയും ജനങ്ങള്ക്ക് രാഷ്ട്രിയപാര്ട്ടി അംഗങ്ങളെ പ്രതിനിധിയായി/ഭരണാധികാരിയായി തെരഞ്ഞെടുക്കുക എന്നല്ലാതെ മറ്റ് മാര്ഗ്ഗങ്ങളില്ലാത്ത അവസ്ഥ ഉണ്ടാവുകയും, ഫലത്തില് ജനങ്ങള്ക്ക് ആധിപത്യമില്ലാത്തതും എന്നാല് ജനങ്ങളുടെ മേല് ആധിപത്യംനടത്തുന്നതുമായ സമ്പ്രദായത്തിന് ജനാധിപത്യം എന്ന കള്ളപ്പേരിടുകയും ചെയ്യുന്നതുപോലെ, ക്രൈസ്റ്റിന്റെ വചനങ്ങള് പാലനത്തില് ഉപേക്ഷിച്ച് ക്രിസ്ത്യന് എന്ന കള്ളപ്പേരോടെ ജീവിക്കുന്നവരുടെ ഒരു വലിയ സമൂഹമാണ് ഭൂമിയിലുള്ളത്. ദൈവം നല്കിയ ശക്തികള്ക്കൊത്ത് തിന്മയെ എതിര്ക്കുവാന് വ്യക്തിക്ക് ബാധ്യതയുണ്ട്. സ്വയം ബാധ്യതയെന്നോ ദൈവത്തോടുള്ള ബാധ്യതയെന്നോ അതിനെ പറയാം. ക്രൈസ്റ്റിലൂടെ ദൈവം അവതരിപ്പിച്ച വചനങ്ങള് അനുസരിച്ചു ജീവിക്കാത്ത യാതൊരാളും ക്രിസ്ത്യാനിയല്ല എന്നതും, വീണ്ടും അയക്കപ്പെടുന്ന/വന്നിട്ടുള്ള ക്രൈസ്റ്റ് മാത്രമേ ക്രിസ്ത്യാനി ആകുന്നുള്ളൂ എന്നതും ജനഹൃദയങ്ങളില് ആഴത്തില് പതിയേണ്ടതാണ്. പാപങ്ങള് കൂടുതല് ചെയ്യുന്നവരുടെ

ഇടയിലേക്കാണ് ക്രൈസ്റ്റിനെ ദൈവം അയച്ചത്, അവരെയാണല്ലോ കൂടുതല് ശുദ്ധപ്പെടുത്തേണ്ടിയിരുന്നത്. ഏറ്റവും വലിയ ക്രൈസ്തസഭയുടെ പരമാദ്ധ്യക്ഷനായി വളരെക്കാലം പിടിച്ചുനിന്ന്, നിരവധി മെഡിക്കല് ശസ്ത്രക്രിയകള്ക്ക് വിധേയനായിക്കൊണ്ട് ശാസ്ത്രകാര്യങ്ങള്ക്ക് അടിയറവുപറയേണ്ടിവന്ന്, അബോധാവസ്ഥയില് മരിക്കേണ്ടിവന്ന പോപ്പിനെ വാഴ്ത്തുവാനും സ്വര്ഗ്ഗത്തിലേക്ക് ഏണിചാരാനും പുതിയ മതപുരോഹിതന്മാര് ശ്രമിക്കുമ്പോള്, ഇസ്ലാംമതസ്ഥാപകനായിരുന്ന മൂഹമ്മദായിരുന്നു പോപ്പ് എന്ന് മഹാശക്തിയായ ദൈവം തെളിയിച്ചാല് എങ്ങനെയുണ്ടാവും അവസ്ഥയെന്ന് വിചിന്തനം ചെയ്യുക, വിചിന്തനം ചെയ്യുവാന് ദൈവം അനുഗ്രഹിക്കുമാറാവട്ടെ.

ദൈവത്തോടു പ്രാര്ത്ഥിക്കുന്ന ക്രൈസ്റ്റിന്റെയും പരമശിവന്റെയും ചിത്രങ്ങള് ഭൂമിയില് പരക്കെ ഉണ്ടെങ്കിലും, അത്തരം ചിത്രങ്ങള് സൂക്ഷിക്കുന്ന വീടുകളിലും ദേവാലയങ്ങളിലും ക്രൈസ്റ്റിനെയും പരമശിവനെയും ദൈവമായി ആരാധിക്കുന്ന കടുത്ത ദൈവനിന്ദ തുടരുന്നുണ്ട്. നീചമായ അത്തരം സമ്പ്രദായങ്ങള് ഉടന് അവസാനിപ്പിക്കണം. ദൈവത്തിന്റെ കുഞ്ഞുങ്ങളേ, പാപകര്മ്മത്തില് നിന്നും പിന്തിരിയുവിന്.

വീണ്ടും ക്രൈസ്റ്റിനെ അയച്ചിരിക്കുമ്പോഴും മത-ജാതി വ്യത്യാസങ്ങള്ക്കുപരിയായി പാപികള്ക്കാണ് ക്രൈസ്റ്റിന്റെ ആവശ്യം കൂടുതലുള്ളത്. ഒരു പ്രത്യേക മതക്കാരെ ഉയര്ത്തുവാനായി ദൈവം ക്രൈസ്റ്റിനെ അയക്കുമെന്നു കരുതുന്നവര് വിചിന്തനം ചെയ്യുക, ഭൂമിയിലുള്ള സമസ്ത ജനങ്ങള്ക്കും വേണ്ടി പക്ഷപാതങ്ങളില്ലാതെ ശാസ്ത്രീയമായി പ്രവര്ത്തിക്കുന്ന ക്രൈസ്റ്റിനെയല്ലേ ദൈവം അയക്കേണ്ടത്..

ക്രൈസ്റ്റിനെ ദൈവം വീണ്ടും അയച്ചിരിക്കുന്നു, ക്രൈസ്റ്റ് എത്തിയപ്പോള് ക്രൈസ്റ്റിനെ വേണ്ടാത്തവരായിരിക്കുന്നു ക്രിസ്തുമതക്കാര് ഉള്പ്പെടെയുള്ള ജനങ്ങള് ! ഭൂമിയിലുള്ള എല്ലാ പാപങ്ങളെയും സംശുദ്ധീകരിക്കുവാനുള്ള ദൈവീക/ശാസ്ത്രിയമാര്ഗ്ഗങ്ങളാണ് ക്രൈസ്റ്റിലൂടെ ദൈവം അവതരിപ്പിക്കുന്നത്. എല്ലാ മതങ്ങളുടെയും ജാതികളുടെയും രാഷ്ട്രീയ-ഇസങ്ങളുടെയും മുഖ്യപ്രവര്ത്തകരായും നേതാക്കന്മാരായും പ്രവര്ത്തിക്കുന്നവര് തന്നെയാണ് ഇന്നത്തെ ലോകത്തിലുള്ള ഏറ്റവും വലിയ പാപികള്. മതങ്ങളും ജാതികളും രാഷ്ട്രീയങ്ങളും ഉപേക്ഷിച്ചുകൊണ്ട് നമുക്കു മനുഷ്യരാകാം എന്നു പാടിനടക്കുകയാവട്ടെ അവരുടെയെല്ലാം ആദ്യ തിരുത്തല് നടപടി. പാപികള്ക്കാണ് ക്രൈസ്റ്റിന്റെ ആവശ്യം കൂടുതലുള്ളത് എന്നിരിക്കെ ക്രിസ്ത്യാനികള്ക്കായി മാത്രമോ, മുഖ്യമായും ക്രിസ്ത്യാനികള്ക്കായോ

വീണ്ടുമെത്തുന്ന ക്രൈസ്റ്റ് പ്രവര്ത്തിക്കണമെന്ന് ക്രിസ്ത്യാനികള് ആഗ്രഹിച്ചാല് ..... അതും ശരിതന്നെയാണ്. ഭൂമിയിലുള്ള സര്വ്വ ജനങ്ങളുടെയും പുണ്യ-പാപങ്ങളെ കോര്ത്തിണക്കിത്തന്നെയാണ് മതപരമായ ജനനങ്ങളും പുനര്ജ്ജനനങ്ങളും ദൈവം നടത്തുന്നത്. മഹാശാസ്ത്രവുമായി ഏറ്റവും അകന്നിരിക്കുന്ന മതം ഏതെന്നു ചോദിച്ചാല് അത് ക്രിസ്തുമതമാണ്. ക്രൈസ്റ്റിന്റെ വധത്തിന് യഥാര്ത്ഥ കാരണക്കാരനും, വിരുദ്ധ ശക്തികളുടെ നായകനുമായ വിഷ്ണു എന്ന നാരായണന് മനുഷ്യരൂപത്തില് വീണ്ടും എത്തപ്പെട്ടിട്ടുള്ളത് ഒരു ക്രൈസ്തവ കുടുംബത്തിലാണെന്ന് ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തിലും ഈ ഗ്രന്ഥത്തിന്റെ 7-ാം ഭാഗത്തിലും വിസ്തരിച്ചിട്ടുള്ളത് മേല്പ്രസ്താവത്തെ ശരിവെയ്ക്കുന്നു. മായ പ്രത്യക്ഷമാകുന്നത് ഭൂമിയിലൊക്കെയും ഓം എന്ന മഹാസൃഷ്ടിമന്ത്രം ശാസ്ത്രപരമായി ധ്വനിച്ചുകൊണ്ടാണെന്നു പറയുമ്പോള്, ആദിയില് വചനമുണ്ടായി എന്ന പ്രാചീന ക്രൈസ്തവ വചനം ശരിയാകുന്നുണ്ട്. ഓം ശബ്ദബ്രഹ്മം ആകുന്നതും അക്ഷരബ്രഹ്മം ആകുന്നതും ദൈവത്തിന്റെ മഹാചിരി ആകുന്നതും എങ്ങനെയെന്ന് ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

വിശകലന സംഗ്രഹം

മൂന്ന് പ്രമുഖ മതങ്ങളെ വിശകലനം ചെയ്തതിലൂടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രകാര്യങ്ങളില് ചിലതുകൂടി മനുഷ്യരെ അറിയിക്കുകയാണു ചെയ്തിട്ടുള്ളത്. സത്യങ്ങള് അറിയിക്കണ്ടേ ? സത്യങ്ങള് വിശദമാക്കുമ്പോള് മനുഷ്യരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്ന ചില വിശ്വാസകാര്യങ്ങളെ പരാമര്ശിക്കേണ്ടതായി വന്നു, അത്രയേ ഉള്ളൂ. മുമ്പ് സൂചിപ്പിച്ചതുപോലെ ഈ ഗ്രന്ഥം മഹാശാസ്ത്ര സംഗ്രഹം മാത്രമാണ്. സമ്പൂര്ണ്ണ മഹാശാസ്ത്രത്തില് ശാസ്ത്രനിയമങ്ങള് മാത്രമാണുണ്ടാവുക. യാതൊരു മതങ്ങളോ, മത-ദൈവങ്ങളോ, രാഷ്ട്രീയ ഇസങ്ങളോ, വിമര്ശനങ്ങളോ സമ്പൂര്ണ്ണ ദൈവശാസ്ത്രത്തില് ഉണ്ടാകുന്നതല്ല. മതവിശ്വാസകാര്യങ്ങളില് സംഭവിച്ച അതിഭീമമായ പിഴവുകളെ ഉള്പ്പെടുത്തുമ്പോള് മാത്രമാണ് മതങ്ങളിലെ അപാകതകള് പരിഹരിക്കുവാനും, അതിലൂടെ മതങ്ങളെ ത്യജിച്ച് മനുഷ്യരാകാനും സാധിക്കുക. നിനക്കു നീ തന്നെ ദീപമായിരിക്കുക എന്ന് പ്രസ്താവിച്ചുകൊണ്ട്, മനുഷ്യര് സത്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കണമെന്ന് ബുദ്ധനിലൂടെ ദൈവം മനുഷ്യരെ അറിയിച്ചു. ബുദ്ധനിലൂടെ വെളിപ്പെട്ട ദൈവവചനത്തെ പിന്പറ്റുന്നതിനു

പകരം ബുദ്ധനെ ദൈവമാക്കാന് അനുയായികള് ശ്രമിച്ചു. (പരമശിവനെത്തന്നെയാണ് ബുദ്ധനായി ദൈവം അയച്ചത് എന്നും ദൈവാനുഗ്രഹത്തോടെ അറിയിക്കുന്നു). പല മതങ്ങളുടെയും ആരംഭം സത്യാന്വേഷണമായിരുന്നു, മടിയന്മാരും ദുസ്വാര്ത്ഥരുമൊക്കെച്ചേര്ന്ന് സത്യാന്വേഷണങ്ങളെ വഴിമുട്ടിക്കുകയും കണ്ടെത്തിയ ചെറിയ കാര്യങ്ങള്ക്ക് സമ്പൂര്ണ്ണ ദൈവശാസ്ത്രം എന്ന കള്ളപ്പേരിടുകയുമാണ് ഉണ്ടായത്. കൂടുതല് വിസ്തരിക്കുന്നില്ല.

മഹാശാസ്ത്രപരങ്ങളായ മഹാപദ്ധതികളോടെ ദൈവം നടത്തിപ്പോരുന്ന സൃഷ്ടി-സ്ഥിതികളെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന പ്രസ്താവനകളും പ്രവര്ത്തനങ്ങളുമാണ് മതങ്ങളിലെല്ലാമുള്ളത്. ദൈവത്തിന് എല്ലാ മനുഷ്യരും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളാണ്. അങ്ങനെയിരിക്കെ, ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ പാപികളെന്നു നാമകരണം ചെയ്യുന്നതു തന്നെ മതനേതാക്കന്മാര് ചെയ്യുന്ന കടുത്ത പാപമാണ്, ദൈവനിന്ദയാണ്. ദൈവം ഒന്നേയുള്ളൂ എന്നിരിക്കെ ഏകദൈവത്തോടു മാത്രമേ പ്രാര്ത്ഥിക്കാന് പാടുള്ളൂ; ആരാധനയുടെ കാര്യത്തില് ദൈവം അനുവദിക്കുന്നുവെങ്കില് മാത്രവും, അനുവദിക്കുമ്പോള് മാത്രവും, ദൈവം ഇഷ്ടപ്പെടുന്നപോലെ മാത്രവുമേ ആരാധിക്കാവൂ; ദൈവം ഓരോരോ ചുമതലകള്ക്കായി നിയോഗിച്ചവരെ ആദരിക്കുക മാത്രമേ പാടുള്ളൂ തുടങ്ങിയ കാര്യങ്ങളുണ്ട്. പ്രമുഖ മതങ്ങളായ ക്രിസ്തുമതം, ഇസ്ലാം മതം, ഹിന്ദുമതം, ബുദ്ധമതം തുടങ്ങിയവ ദൈവീകമാകുന്നത് എത്രത്തോളം മാത്രമാണെന്ന് ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തില് ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ന്യൂനശക്തികള് സുഖവും ദുഃഖവും, കൈയ്പും മധുരവും ഒക്കെ സൃഷ്ടിക്കുന്നതും, മനുഷ്യര് പിഴവുകള് കാട്ടുമ്പോള് തിരുത്തല് ശക്തികളായും വിരുദ്ധശക്തികളായും അവ പ്രവര്ത്തിക്കുന്നതും, ഭീകരവാദങ്ങള് ഉണ്ടാകുന്നതും, ദൈവം സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിന് ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രം മാത്രമേ ചേരുകയുള്ളൂ എന്നതുള്ക്കൊണ്ട് മഹാശാസ്ത്രപ്രകാരം ജീവിച്ചാല് മാത്രമേ ഭീകരവാദങ്ങള് അവസാനിക്കുകയുള്ളൂ എന്നതുംപോലെയുള്ള കാര്യങ്ങള് യാതൊരു മതഗ്രന്ഥങ്ങളിലും ലഭ്യമല്ലാത്തതായ മഹാപാഠങ്ങളാണ്.

ദൈവം ആത്മീയസാക്ഷാത്ക്കാരത്തിലൂടെ മനുഷ്യര്ക്കെല്ലാം (ജീവികള്ക്കെല്ലാം) അനന്തമായ ആനന്ദങ്ങള് നല്കി മഹാഅനുഗ്രഹിക്കുന്നത് വിശദീകരിച്ചു. വെറുതെ കുറെ ജീവികളെ സൃഷ്ടിച്ചിട്ട് പോയി സുഖിച്ചോളൂ എന്നു പറയുന്നത് എത്ര മ്ലേച്ഛമാണെന്ന് ബുദ്ധിശക്തികള്

അധികമായി ലഭിച്ചിട്ടുള്ളവര് അവര്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും മനസ്സിലാക്കണം. മഹാശാസ്ത്രം ആവിഷ്കരിച്ചുകൊണ്ട് മഹാപ്രപഞ്ചം സൃഷ്ടിക്കുകയും, മഹാസുഖങ്ങള് മഹാപ്രപഞ്ചത്തില് ലയിപ്പിക്കുകയും ചെയ്തിരിക്കുന്നു; ജീവികള്ക്ക് മനുഷ്യാവസ്ഥയില് മഹാശാസ്ത്രപ്രകാരം വ്യക്തിസ്വാതന്ത്ര്യത്തോടെ മഹാസുഖങ്ങള് അറിയുവാനും ആസ്വദിക്കുവാനുമുള്ള മഹാപദ്ധതികള് മഹാകാരുണ്യമൂര്ത്തിയുമായ ദൈവം ഒരുക്കിയിരിക്കുന്നു; ജീവികള് ആത്മീയ സാക്ഷാത്ക്കാരത്തിലെത്തുമ്പോള്, അനന്തമായ ആനന്ദങ്ങളുടെ മഹാനിധിയായ ബ്രഹ്മാനന്ദത്തെ മഹാഅനുഗ്രഹിച്ചു നല്കുകയും ചെയ്യുന്നു.

ഭൂമിയിലെ ജീവിതം ആനന്ദകരമായി ആസ്വദിക്കുമ്പോള് യഥാകാലം ബ്രഹ്മാനന്ദം എന്ന മഹാനന്ദപദവിയിലെത്തുന്നു എന്നല്ലാതെ ബ്രഹ്മാനന്ദപദവി ലക്ഷ്യമാക്കി മനുഷ്യര് പ്രവര്ത്തിച്ചുകൂടാ. അങ്ങനെ ചെയ്യുന്നതും ചിന്തിക്കുന്നതും മഹാപ്രപഞ്ചത്തിലെ ജീവിതത്തെ തരംതാഴ്ത്തലാണ്. ഭൂമിയിലെ ജീവിതത്തെ നിസ്സാരമാക്കിയും, പരലോകത്തെ കീര്ത്തിപ്പെടുത്തിയും മതങ്ങളെല്ലാം കടുത്ത ദൈവനിന്ദ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

ദൈവം മഹാശാസ്ത്രം പ്രകാരം സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നടത്തുന്ന മഹാപ്രപഞ്ചത്തെ മഹത്തരമായി കാണണം. മഹാശാസ്ത്രത്തെ പിന്പറ്റി ജീവിച്ചാല് ബ്രഹ്മാനന്ദം ഭൂമിയിലും സൃഷ്ടിക്കാന് കഴിയുന്നതാണ്. മായ പ്രത്യക്ഷമാകുന്നതോടെ ഭൂമിയില് തന്നെ ബ്രഹ്മാനന്ദം അടങ്ങിയ ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നതാണ്. ആയുധപ്പന്തയങ്ങളും ആയുധനിര്മ്മാണങ്ങളും അവസാനിച്ച്, ദേശീയത മാറി അന്തര്ദ്ദേശീയത ഉണ്ടാകുന്നതാണ്. എല്ലാ രാജ്യങ്ങളിലെയും ജനങ്ങള് ദൈവീകമായ/ശാസ്ത്രീയമായ ഒരു കൊടി മാത്രം പിടിക്കുന്നവരായി മാറുന്നതാണ്. (വെള്ളക്കൊടിയില് വീണയും നെല്ക്കതിരും : ഓംസത്യം ഡോട്ട്കോം).

ഭൂമിയില് ജീവികള്ക്ക് സ്ഥിരവാസമുണ്ടാകുന്നതല്ല. ജീവികള് മനുഷ്യാവസ്ഥയില് എത്തുമ്പോള്, 100 ജന്മം പൂര്ത്തിയാക്കിക്കൊണ്ട് ഒന്നൊന്നായി ആത്മീയസാക്ഷാത്ക്കാരം നേടുന്ന മഹാശാസ്ത്ര സംവിധാനമാണ് സംഹാരം. മറ്റുള്ള ജീവികള്ക്ക് സമനീതി ലഭ്യമാകണം, പുതിയ ജീവികള് മത്സ്യത്തില്നിന്നാരംഭിക്കണം എന്നിങ്ങനെയുള്ള മഹാകാര്യങ്ങളുണ്ട്. സംഹാരം ആരംഭിക്കുന്നതോടെ സൃഷ്ടി സ്തംഭിച്ച് പുനര്സൃഷ്ടി മാത്രമാകുന്നതും, മനുഷ്യര് ആത്മീയസാക്ഷാത്ക്കാരം നേടുന്നമുറയ്ക്ക് ജനസംഖ്യ കുറയുന്നതും, കുടുംബങ്ങളില് കുട്ടികള്

കുറഞ്ഞും ഇല്ലാതെയുമുള്ള പ്രതിഭാസമുണ്ടാകുന്നതും, പ്രായേണ മനുഷ്യരില്ലാതെ വരുന്നതുമാണ്. സൃഷ്ടിചക്രം സംഹരിക്കപ്പെടുമ്പോള് ഓരോരോ സൂര്യഗ്രഹണത്തെയും ബന്ധപ്പെടുത്തി എല്ലാ ശാസ്ത്ര സൗകര്യങ്ങളും ഒന്നൊന്നായി പിന്വലിക്കുന്നുമുണ്ട്. എന്നാല് ദൈവ സാന്നിദ്ധ്യമുണ്ടായിരിക്കയും 5 കോണുകളോടെയുള്ള പുതിയ പുതിയ നക്ഷത്രങ്ങളെ ആകാശത്തില് കാണുകയുംചെയ്യുന്ന മഹാസന്തോഷം ഒപ്പമുണ്ട്. ശാസ്ത്ര കാര്യങ്ങള് പഠിപ്പിക്കാന് യോഗ്യതയുള്ള ഗുരുക്കന്മാര് ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുള്ള സത്യം ശിവം സുന്ദരം പ്രകാരം സമൂഹത്തില് ഉണ്ടാവുന്നതാണ്.

മായ പ്രത്യക്ഷമാകുന്നതോടെ, ഭൂമിയെ സ്വര്ഗ്ഗമാക്കുക എന്ന കര്മ്മപദ്ധതിയാണ് മത-ജാതി വര്ണ്ണ ദേശ രാഷ്ട്രീയ ഇസ വ്യത്യാസങ്ങളോടെയും മറ്റും ജീവിക്കുന്നവരുടെ മുന്നിലുണ്ടാവുക. സത്യങ്ങളെ അംഗീകരിച്ച് ജീവിക്കുക എന്നത് ജീവിതഗതിയും ആനന്ദവുമാകുന്നു. ബുദ്ധിശക്തികള് അധികമായി ലഭിക്കുന്നവര് മഹാശാസ്ത്രപ്രകാരം ഭൂമിയിലെങ്ങുമുള്ള മനുഷ്യരെ കൂട്ടിയിണക്കി ആനന്ദജീവിതം സൃഷ്ടിക്കുന്നു (ദൈവം കനിയുന്നു). ഭൂമിയിലുള്ള എല്ലാ മനുഷ്യരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്നതും മറ്റു കുഞ്ഞുങ്ങള്ക്കായുള്ള ഓഹരി തട്ടിയെടുക്കുവാന് ഒരുമ്പെട്ടുകൂടാ എന്നതും മനുഷ്യര് ആനന്ദത്തോടെ ഉള്ക്കൊള്ളുന്നതാണ്. മനുഷ്യരുണ്ടാക്കിയ അപാകതകള് മനുഷ്യരിലൂടെ തന്നെ തിരുത്തുകയാണ് ദൈവം ചെയ്യുന്നത്. പേറ്റന്റ് നിയമങ്ങളും മറ്റും കടുത്ത അധമകാര്യങ്ങളാണെന്ന് എടുത്തുപറയുന്നു. ദൈവം ആവിഷക്കരിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങള് കാലാകാലം വെളിപ്പെടുത്തുന്നത് എല്ലാവര്ക്കുമായാണ്. വ്യക്തികള്ക്ക് അവരാവശ്യപ്പെടുന്ന പ്രയത്നഫലം നല്കുവാന് ഭരണകൂടം തയ്യാറാവണം എന്നല്ലാതെ ശാസ്ത്രനിയമങ്ങളെ വ്യക്തിയുടെയോ രാഷ്ട്രങ്ങളുടെയോ സ്വകാര്യസ്വത്താക്കാന് അവകാശമില്ല. മനുഷ്യന് ദൈവീകമായ വ്യക്തിസ്വാതന്ത്ര്യം ലഭിക്കുന്നതോടെ എല്ലാ തിരുത്തലുകളും വളരെ ലളിതമായും എളുപ്പമായും സാധിക്കുന്നതാണ്. ദൈവീകമായ വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റിയും ഇന്ന് ലഭ്യമായിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റിയും അടുത്ത അദ്ധ്യായങ്ങളില് ഒന്നൊന്നായി വിശദീകരിക്കുന്നുണ്ട്. അപ്പോഴും എപ്പോഴും ശാസ്ത്രവികസനത്തിന് അടിസ്ഥാനപരമായി ആധാരമാകുന്നത് മറ്റുള്ള ജീവികളില് നിന്നും വ്യത്യസ്തമായിട്ടുള്ള കാമപരമായ സദാചാരശാസ്ത്രമാണെന്ന് മുമ്പ് വിശദീകരിക്കുകയുണ്ടായി. വ്യക്തിയുടെ നന്മതിന്മകള് അനുസരിച്ചാണ് മഹാനീതിപതിയായ ദൈവം ഭൂമിയില് മഹാനീതി നടപ്പാക്കുന്നത്.

മഹാനീതിപാഠങ്ങളുടെ ഭാഗമായി അവ 3-ാം ഭാഗത്തില് വിവരിക്കുന്നതാണ്. വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റി വിസ്തരിക്കുമ്പോള് മതനിഷേധം, മതനിന്ദ, ദൈവ നിഷേധം, ദൈവനിന്ദ, തുടങ്ങിയ വിഷയങ്ങളേയും രാഷ്ട്രീയ കാഴ്ച്ചപ്പാടുകളില് പുലരേണ്ട ശാസ്ത്രീയതയെയും ഹ്രസ്വമായെങ്കിലും വിശകലനം ചെയ്യേണ്ടിവരുന്നതാണ്. ഇന്ത്യ (അയോദ്ധ്യ, കാശ്മീര്, ...), പാലസ്തീന്, ഇസ്രായേല്, ഇറാക്ക്, അയര്ലണ്ട്, പാക്കിസ്ഥാന്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ മത-ജാതി പ്രശ്നങ്ങളും ലഹളകളും; രാഷ്ട്രങ്ങളുടെ ഭരണഘടനകളും, നികുതിസമ്പ്രദായങ്ങളും, സദാചാരങ്ങളും, നീതിന്യായങ്ങളുമെല്ലാം ഉള്ക്കൊള്ളുന്ന ബഹുമുഖ പ്രശ്നങ്ങളും പ്രാദേശിക പ്രശ്നങ്ങളും ഉള്പ്പെടുന്നതാണ്. ബുദ്ധിശക്തികള് അധികമായി ലഭിച്ചവര് അഹമോ ദുസ്വാര്ത്ഥങ്ങളോ ഇല്ലാതെ ആയത് ബുദ്ധിശക്തികള് കുറവായി ലഭിച്ചിട്ടുള്ളവര്ക്ക് നന്മചെയ്യുവാന് ഉപയോഗപ്പെടുത്തണം എന്ന ഉപദേശത്തോടെ തുടരുന്നു.

അദ്ധ്യായം 7

വ്യക്തിക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു.

മനുഷ്യന് അഥവാ വ്യക്തിക്ക് അവരുടെ സ്രഷ്ടാവും മഹാശക്തിയുമായ ദൈവം ധര്മ്മശാസ്ത്രപ്രകാരം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ഇന്ന് ലഭിക്കുന്നില്ല. മനുഷ്യന് തന്നെ ഇല്ലാതെ വന്നിരിക്കുന്നു. മത-ജാതി ജീവികളും രാഷ്ട്രീയ-ഇസ ജീവികളും, നിരീശ്വരവാദി ജീവികളും ഒക്കെയായി സമൂഹം മാറിയിരിക്കുന്നു. മത-ലേബല്, ജാതി-ലേബല്, ഉപജാതി-ലേബല്, തൊഴിലാളിവര്ഗ്ഗ ലേബല്, രാഷ്ട്രീയപ്പാര്ട്ടി-ലേബല്, വര്ണ്ണ-ലേബല്, ഭാഷാ-ലേബല്, പ്രാദേശിക-ലേബല്, സംസ്ഥാന-ലേബല്, ദേശീയ-ലേബല്, തുടങ്ങിയ ലേബലുകള് വഹിക്കുന്ന വ്യക്തി, മനുഷ്യനല്ലാത്ത അവസ്ഥയില് എത്തിപ്പെട്ടിരിക്കുകയാണ്. മേല്പ്പടി ലേബലുകള് പ്രകാരമുള്ള വ്യവസ്ഥിതികളും, അവയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പദ്ധതികളും, കൂടാതെ രാഷ്ട്രഭരണഘടന എന്ന വ്യവസ്ഥിതിയും ചേര്ന്ന് വ്യക്തിസ്വാതന്ത്ര്യത്തെ കവര്ന്നെടുത്തിരിക്കുകയാണ്. അനേക ലേബലുകളെപ്പറ്റി പറഞ്ഞെങ്കിലും മത-ലേബല്, ജാതി-ലേബല്, എന്നിവ ജനങ്ങളില് ഭൂരിപക്ഷത്തെയും വളരെയധികം ബന്ധനസ്ഥരാക്കിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ രാഷ്ട്ര-ലേബല്, രാഷ്ട്രീയപ്പാര്ട്ടി- ലേബല് എന്നിവ

പലപ്പോഴും മൂന്നും നാലും സ്ഥാനങ്ങളിലേയ്ക്ക് തള്ളപ്പെടുന്നു, തൊഴിലാളിവര്ഗ്ഗ ലേബല്, പ്രാദേശിക-ലേബല് എന്നിവ മുന്തൂക്കം നേടുന്നത് കാലിക പ്രശ്നങ്ങളില് മാത്രമായിരിക്കുന്നു. വ്യക്തിയുടെ ജനനം, ജീവിതം, ആഘോഷങ്ങള്, വിവാഹം, മരണം, തുടങ്ങിയ നിരവധി കാര്യങ്ങളെ മഹാശാസ്ത്രവുമായി ബന്ധിപ്പിക്കേണ്ടുന്നതിനു പകരം, മതവും ജാതിയുമായി ബന്ധി(പ്പി)ച്ചിരിക്കയാലാണ് മതവും ജാതിയും മുന്തൂക്കം നേടിയിരിക്കുന്നത്. മത-ജാതി കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പത്രങ്ങളിലെയും വെബ്സൈറ്റുകളിലെയും വിവാഹപ്പരസ്യങ്ങള് ഒരു ചെറിയ സാക്ഷ്യമാണ്. രാഷ്ട്രീയപ്പാര്ട്ടികള് വളരെയധികം വലുതായിട്ടും വധുവിന്റെയും വരന്റെയും കുടുംബങ്ങളുടെ രാഷ്ട്രീയവിശ്വാസങ്ങള് വിവാഹാലോചനയില് വിഷയമാക്കാന് കഴിയാത്തതും മത-ജാതി ലേബലുകളുടെ അധികശക്തി വെളിവാക്കുന്നു.

മത-ജാതി വിശ്വാസങ്ങളനുസരിച്ച് ജീവിക്കുന്നില്ലായെങ്കിലും മത-ജാതി ലേബലുകളുടെ അടിമകളായി വ്യക്തികള് പരിണമിച്ചിരിക്കയാണ്. മത-ജാതി ലേബലുകളുടെ പേരില് വ്യക്തികളിലെ ആത്മീയശക്തി പരിധിവിട്ട് ഇളക്കിക്കഴിഞ്ഞാല് മതനേതൃത്വങ്ങള്ക്കും നിയന്ത്രിക്കാനാവില്ല. അതറിഞ്ഞ് സദുദ്ദേശത്തോടെയും ദുരുദ്ദേശത്തോടെയും പ്രവര്ത്തിക്കുന്ന മതപുരോഹിതന്മാരും രാഷ്ട്രീയനേതാക്കന്മാരും സാമൂഹ്യപ്രവര്ത്തകരും ഭൂമിയിലുണ്ട്. ഫലത്തില് ഓരോ വ്യക്തിയും ഒരേസമയം അനേകം വ്യവസ്ഥിതികളുടെ അടിമയായിരിക്കുന്നു. മത-ജാതി-ഉപജാതി-വ്യവസ്ഥിതികളും, വര്ഗ്ഗ-വ്യവസ്ഥിതികളും, രാഷ്ട്രീയപ്പാര്ട്ടി- വ്യവസ്ഥിതികളും, വര്ണ്ണ- ഭാഷാ-പ്രാദേശിക-സംസ്ഥാന-ദേശീയ-ഘടകങ്ങള് പ്രകാരമുള്ള വ്യവസ്ഥിതികളും, രാഷ്ട്ര ഭരണഘടനാ വ്യവസ്ഥിതികളും, ചേര്ന്ന് ഒരേ വിഷയത്തില് വ്യത്യസ്ത തരത്തിലുള്ള ചട്ടങ്ങള് പാലിക്കണമെന്ന് നിഷ്ക്കര്ഷിക്കുന്ന അവസ്ഥ സാര്വ്വത്രികമായി ഉണ്ടായിരിക്കുന്നതോടെ, അവ പ്രകാരമെല്ലാം ഒരേ സമയം ജീവിക്കാമെന്ന് ഏല്ക്കുന്നതും അങ്ങനെ ഏല്ക്കേണ്ടിവരുന്നതും വ്യക്തികളെ അനേകവിധത്തിലുള്ള കള്ളന്മാരായി പരിണമിപ്പിക്കുന്നു.

ഉദാഹരണം : മതദൈവത്തിന്റെ പ്രമാണം അനുസരിച്ചു ജീവിക്കുന്നതായി ഭാവിക്കുന്ന ഒരു മതവിശ്വാസി ഒരു രാഷ്ട്രത്തിന്റെ ഭരണഘടന അനുസരിച്ചു പ്രവര്ത്തിക്കുമെന്ന് മന്ത്രിയാവാന് വേണ്ടിയോ സര്ക്കാര് ഉദ്യോഗസ്ഥനാവാന് വേണ്ടിയോ സത്യപ്രതിജ്ഞ ചെയ്യുമ്പോള്, അയാളും മതനേതാക്കളുമെല്ലാം ദൈവത്തോടും തങ്ങളോടും മതത്തോടും രാഷ്ട്രഭരണഘടനയോടും കള്ളത്തരം

കാട്ടുന്നവരായി അധഃപതിക്കുന്നു; കള്ളം പറയുന്നവര്ക്ക് കള്ളവിശ്വാസി ആകാന് കഴിയുമെന്നല്ലാതെ മതവിശ്വാസിയും രാഷ്ട്രീയവിശ്വാസിയുമാവാന് കഴിയില്ല. അവ അനുവദിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ മതനേതാക്കളും രാഷ്ട്രീയനേതാക്കളും കള്ളത്തിന്റെയും കള്ളത്തരങ്ങളുടെയും നേതാക്കള് കൂടിയായി അധഃപതിച്ചിരിക്കുകയാണ്.

അദ്ധ്യായം 8
ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും

ഭൂമിയിലൊക്കെയും ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും വര്ദ്ധിച്ചും വ്യാപിച്ചും കൊണ്ടിരിക്കുകയാണ്. ഭീകരവാദങ്ങള് പുതിയ പ്രതിഭാസമല്ല. ലഭ്യമായ മനുഷ്യചരിത്രത്തിന്റെ ആദികാലം മുതല് ഭീകരവാദമുണ്ട്. പഴയകാലങ്ങളില് ലഭ്യമായ ആയുധങ്ങളുപയോഗിച്ച് പഴയകാല ആളുകള് ഭീകരവാദം നടത്തിയപ്പോള്, ആധുനിക കാലത്ത് ലഭ്യമായ ബോംബുകളും തോക്കുകളും മറ്റും ഉപയോഗിച്ച് ആധുനിക ആളുകള് (!) ഭീകരവാദം നടത്തുന്നു. പഴയകാലങ്ങളിലെ ഭീകരവാദങ്ങളുടെയും ഭീകരപ്രവര്ത്തനങ്ങളുടെയും സൃഷ്ടി കൂടിയാണ് ഇന്നത്തെ മതങ്ങളും ജാതികളും രാഷ്ട്രീയങ്ങളും വര്ഗ്ഗീയതകളും ദേശീയതകളും എന്നത് തിരിച്ചറിയുന്നുവെങ്കില് മനുഷ്യചരിത്രത്തിന്റെ ആദികാലം മുതല് വളര്ന്നു വലുതായി ക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ് ഭീകരവാദം.

മതം, ജാതി, രാഷ്ട്രീയം, വര്ഗ്ഗം, ദേശീയം, പ്രാദേശികം, ഭാഷ, സാമ്പത്തികം തുടങ്ങിയവയിലെ വ്യത്യാസങ്ങളും ; സാമ്പത്തിക ലാഭം, കീര്ത്തി തുടങ്ങിയവയ്ക്കായി ഭരണാധികാരികള് ഉള്പ്പെടെയുള്ളവര് നടത്തുന്ന കൊള്ളകളും ആധുനികലോകത്തിലെ ഭീകരവാദങ്ങള്ക്കും ഭീകരപ്രവര്ത്തനങ്ങള്ക്കും കാരണമാകുന്നുണ്ട്.

തങ്ങള് നടത്തിയ ഭീകരവാദം വിശുദ്ധമായിരുന്നു, വിശുദ്ധയുദ്ധമായിരുന്നു, ധര്മ്മം സ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്, എതിരാളികളുടേത് അധമമായിരുന്നു, ആണ് എന്നിങ്ങനെ ഭീകരപ്രവര്ത്തകരെല്ലാം എക്കാലവും വാദിക്കുന്നുണ്ട്. സ്വതന്ത്രമായോ (പ്രേരണകളാലോ സമ്മര്ദ്ദങ്ങളാലോ) പ്രവര്ത്തിക്കുന്ന വ്യക്തികളും സംഘടനകളും തങ്ങളുടെ വിശ്വാസങ്ങളും പദ്ധതികളും ശരിയാണെന്നോ, മറ്റൊന്നുമായി താരതമ്യം ചെയ്യുമ്പോള് കൂടുതല് ശരിയാണെന്നോ, തങ്ങളുടെ ആവശ്യങ്ങള് സാധിച്ചെടുക്കാന് തങ്ങള്

ഉദ്ദേശിക്കുന്ന പ്രവര്ത്തനം ആവശ്യമാണെന്നോ വിശ്വസിക്കുന്നവരാണ്. തങ്ങളുടെ വിശ്വാസങ്ങളെയും പ്രവര്ത്തനങ്ങളെയും ശരിവെയ്ക്കാത്തവരെ അവര് എതിരാളികളായി കണക്കാക്കുന്നു. തങ്ങള് ഏര്പ്പെടുത്തുന്ന നികുതികളെ ഭരണാധികാരികള് ശരികളായി കണക്കാക്കുമ്പോള്, അശാസ്ത്രീയമായ നികുതിസമ്പ്രദായങ്ങളിലൂടെ ജനങ്ങളെ സ്ഥിരമായി കൊള്ളയടിക്കുന്നവരായി ഭരണാധികാരികളെ, സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങള് കണക്കാക്കുന്നു. വല്ലപ്പോഴുമൊക്കെ വ്യക്തികളുടെ സമ്പത്ത് പിടിച്ചുപറിയ്ക്കുന്ന കൊള്ളക്കാര്ക്ക് അവര് ചെയ്യുന്നത് ശരിയാണ് അഥവാ കൂടുതല് ശരിയാണ്. അതായത്, ഭരണാധികാരികള് ആണ് ഭൂമിയിലെ ഏറ്റവും വലിയ കൊള്ളസംഘങ്ങള് എന്നു വിശ്വസിക്കുന്നവര്ക്ക് അത് ശരിയാണ്. ഓരോ കൂട്ടരും സങ്കുചിതങ്ങളോ വിശാലങ്ങളോ ആയ ന്യായവാദങ്ങളും, അപൂര്വ്വമായി ശരികള് തന്നെയും നിരത്തുന്നതാണ്. തങ്ങള് ചെയ്യുന്നത് തദവസരത്തിലെ ശരിയെന്നും ആവശ്യമെന്നും വിശ്വസിച്ച് പ്രവര്ത്തിക്കുന്ന ആധുനിക ഭീകരവാദികളെ അംഗീകരിക്കുവാന്, സമൂഹത്തില് തങ്ങളുടെ സ്ഥാനം വ്യവസ്ഥാപിതമായി ഭദ്രമാക്കാന് വളരെയധികം കഴിഞ്ഞെന്നു സ്വയം കണക്കാക്കുന്ന മതനേതൃത്വങ്ങളും ജാതിനേതൃത്വങ്ങളും വര്ഗ്ഗനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും പൊതുവെ തയ്യാറല്ല. ഒരു കാരണം, അതീവ വിനാശകരങ്ങളായ ആധുനിക ആയുധങ്ങളുമായി ഒളിച്ചും മറഞ്ഞും പ്രവര്ത്തിക്കുന്ന ആധുനികരുടെ ഭീകരവാദങ്ങള് നിമിത്തം പഴയവരുടെ നിലനില്പ് ഭദ്രമല്ലാതെ വന്നിരിക്കുന്നു. മുന് അദ്ധ്യായത്തില് വ്യക്തമാക്കിയതുപോലെ വ്യക്തികള് അനേക വ്യവസ്ഥിതികളുടെ അടിമകളായി ഒരേ സമയം പ്രവര്ത്തിക്കേണ്ടി വന്നിരിക്കുന്നതിനാലും, ശാസ്ത്രവികസനം നേടിത്തന്നിട്ടുള്ള സുഖങ്ങളോടുള്ള ആകര്ഷണങ്ങളാലും, സമൂഹത്തെ നയിക്കാനോ ചിന്തിപ്പിക്കാനോ പ്രവര്ത്തിപ്പിക്കാനോ വ്യക്തികള്ക്ക് സമൂഹഭരണപരമായ അധികാരങ്ങളില്ലാതെ കഴിയാത്തതിനാലും, ശാസ്ത്രപരമായി ചിന്തിക്കാന് ശ്രമിക്കാത്തതിനാലും, ദൈവീകമായ യോഗ്യതകള് കുറവായതിനാലും, അവരിലൊരു കൂട്ടര് നടത്തുന്ന ഭീകരവാദത്തെ വെറുക്കുകയും ഭയക്കുകയും ചെയ്തുകൊണ്ട് ഭീകരവാദികളില് നിന്നും രക്ഷനേടുവാന് രാഷ്ട്രീയ നേതൃത്വങ്ങളുടെയും മതനേതൃത്വങ്ങളുടെയും ഒക്കെ സഹായം അവര് തേടുന്നു. യഥാര്ത്ഥത്തില് രാഷ്ട്രീയ പാര്ട്ടിനേതൃത്വങ്ങള്ക്കും ഭരണാധികാരികള്ക്കും മതനേതൃത്വങ്ങള്ക്കും ഒക്കെ ജനങ്ങളെ രക്ഷിക്കാനും തങ്ങളെത്തന്നെ രക്ഷിക്കാനും കഴിയാത്തതുകൊണ്ടു കൂടിയാണ് നൂറ്റാണ്ടുകളായി

ഭീകരപ്രവര്ത്തനങ്ങള് നടക്കുന്നത്.
സ്ഥാപനങ്ങളുടെയും രാഷ്ട്രീയ ഇസങ്ങളുടെയും പേരില് തൊഴിലാളികള് ചേരിതിരിഞ്ഞു കലഹിക്കുകയും ഭീകരപ്രവര്ത്തനങ്ങള് നടത്തുകയും ചെയ്യുന്നുണ്ട്. രാഷ്ട്രീയ ലഹളകള് മാത്രമല്ല, സമാധാനമായി ജനങ്ങള് ജീവിക്കുന്നു എന്നു കരുതുന്ന ഏതു നാട്ടിലും മതലഹളകളും ജാതിലഹളകളും ഭീകരപ്രവര്ത്തനങ്ങളും ഏതു സമയത്തും പൊട്ടിപ്പുറപ്പെടാം, സംഭവിക്കുന്നുമുണ്ട്. ചെറിയ തീനാളത്തെ കാട്ടുതീ പോലെ ആളിപ്പടര്ത്തുന്നവയായി സമാധാനം ഉദ്ഘോഷിക്കുന്ന മതനേതൃത്വങ്ങള് പ്രവര്ത്തിക്കുമ്പോള്, അവര്ക്ക് അങ്ങനെയേ പ്രവര്ത്തിക്കാനാകൂ എന്നതാണ് സത്യം. തീ അണയ്ക്കുന്ന വെള്ളം, മണല്, മണ്ണ് തുടങ്ങിയവ പോലെയല്ല, പകരം തീ ആളിക്കത്തിക്കുന്ന പെട്രോള് പോലെയുള്ള വസ്തുക്കളായാണ് മതങ്ങളിലൂടെയും രാഷ്ട്രീയ ഇസങ്ങളിലൂടെയും വേരുറപ്പിച്ചിട്ടുള്ള വിശ്വാസങ്ങളും വ്യവസ്ഥിതികളും പ്രവര്ത്തിക്കുന്നത്.
രാഷ്ട്രീയ പാര്ട്ടികളുടെ വ്യവസ്ഥിതികളും, മത വ്യവസ്ഥിതികളും, മനുഷ്യര് തങ്ങള്ക്കു ശരിയെന്നു തോന്നിയതുപോലെ ഒക്കെ തയ്യാറാക്കിയ രാഷ്ട്ര-ഭരണഘടനകളും പരാജയപ്പെടുന്നതിനുള്ള യഥാര്ത്ഥ കാരണം, അവ പ്രകാരമുള്ള ജീവിതരീതി മനുഷ്യന് ഇണങ്ങില്ല എന്നതുകൊണ്ടാണ്. അഥവാ മനുഷ്യന്റെ സ്രഷ്ടാവായ ദൈവം മനുഷ്യനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ജീവിതക്രമം മാത്രമേ മനുഷ്യന് ചേരുകയുള്ളൂ എന്നതുകൊണ്ടാണ്. വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെടുത്തി പറയുമ്പോള്, സ്രഷ്ടാവായ ദൈവം മനുഷ്യര്ക്ക് നല്കിയിട്ടുള്ള ധര്മ്മശാസ്ത്രപരവും സമ്പൂര്ണ്ണവുമായ വ്യക്തിസ്വാതന്ത്ര്യം വ്യക്തികള്ക്ക് ലഭിക്കുന്നില്ല എന്നതാണ് എല്ലാ ഭീകരവാദങ്ങളുടെയും മൂല കാരണം.
സ്രഷ്ടാവായ ദൈവം മനുഷ്യനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ജീവിതക്രമം മാത്രമേ മനുഷ്യന് ചേരുകയുള്ളൂ എന്നതിനെ വിപുലപ്പെടുത്തുമ്പോള്, മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലെ ഭൗതികശാസ്ത്ര നിയമങ്ങളോടൊപ്പം ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും പാലിക്കുവാന് മനുഷ്യര് തയ്യാറാവേണ്ടതുണ്ട് എന്നും, അങ്ങനെ ചെയ്തില്ലെങ്കില് മൂലകങ്ങളിലുള്ള ന്യൂനശക്തികള്, തിരുത്തല് ശക്തികളായി പ്രവര്ത്തിക്കുമെന്നും കാണാം. മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള് എന്ന അദ്ധ്യായത്തില്, മനുഷ്യര് ധര്മ്മശാസ്ത്രപരമായല്ലാതെ പ്രവര്ത്തിക്കുമ്പോള്, മഹാപ്രപഞ്ച കാര്യങ്ങള് ക്രമപ്പെടുത്തുവാന് മനുഷ്യരിലൂടെ ന്യൂനശക്തികള് പ്രവര്ത്തിക്കുന്നതിനെപ്പറ്റിയും

ഭീകരവാദവും ഭീകരപ്രവര്ത്തനങ്ങളും സൃഷ്ടിക്കപ്പെടുന്നതിനെപ്പറ്റിയും വിവരിച്ചിട്ടുണ്ട്. അതായത് ഭീകരവാദത്തെയും ഭീകരവാദികളെയും അമര്ച്ച ചെയ്യാന് തയ്യാറാവുന്നവര്, തങ്ങളുടെ വ്യവസ്ഥിതികളിലെയും പ്രവര്ത്തനങ്ങളിലെയും പിഴവുകള്കൊണ്ടാണ് ഭീകരവാദം ഉണ്ടാകുന്നത് എന്നതു തിരിച്ചറിഞ്ഞ് തങ്ങളെ ശുദ്ധീകരിക്കുകയാണു വേണ്ടത്. പകരം അടിച്ചമര്ത്തലുകളുമായി മുന്നോട്ടു പോകുമ്പോള്, സമൂഹത്തില് ആഭ്യന്തര കലാപങ്ങളും പൊട്ടിത്തെറികളും യുദ്ധങ്ങളും ഒക്കെ ഉണ്ടാകുന്നതാണ്. മതങ്ങളും, കമ്മ്യൂണിസം ഉള്പ്പെടെയുള്ള രാഷ്ട്രീയ ഇസങ്ങളും അങ്ങനെകൂടി സൃഷ്ടിക്കപ്പെട്ടവയാണെന്നത് ഇന്നത്തെ ഭരണാധികാരികള് മറന്നപോലെ ആയിരിക്കുന്നു.
ഭീകരവാദവും പ്രതി-ഭീകരവാദവും ചേര്ന്ന് ഇന്നത്തെപ്പോലെ സമൂഹജീവിതത്തെ ഏറ്റവും മോശപ്പെടുത്തുമ്പോഴേക്കും ഭൂമിയില് മായ പ്രത്യക്ഷമാക്കിക്കൊണ്ട് ദൈവം പരിഹാരം കാണുന്നു. അപ്പോഴും, ധര്മ്മശാസ്ത്രങ്ങളെ തെറ്റിച്ച മനുഷ്യരിലൂടെ തന്നെയാണ് ദൈവം ശുദ്ധീകരണം നടത്തുക. ഭരണാധികാരികളും മതനേതൃത്വങ്ങളും രാഷ്ട്രീയപാര്ട്ടികളും ഒക്കെ അതീവ ശ്രദ്ധയോടെ പഠിക്കേണ്ടതായ കാര്യങ്ങളാണവ.
ചുവടെ മറ്റു ചില അതിപ്രധാന വിഷയങ്ങള് വിസ്തരിക്കാം :
മുഖഛായ, നിറം, ഓരോരോ ശരീര അവയവങ്ങളുടെയും വലിപ്പം-പ്രവര്ത്തനം-ആരോഗ്യം, ആയുസ്സ്, ജനന സ്ഥലം, ഭാഷ, തൊഴില് അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളില് നിന്നും ബന്ധുജനങ്ങളില് നിന്നും സുഹൃത്തുക്കളില് നിന്നുമൊക്കെ ജനിച്ച കാലം മുതല് ലഭിച്ച സ്നേഹവാത്സല്യങ്ങളും സുഖദുഃഖങ്ങളും തുടങ്ങി അനേകം കാര്യങ്ങളില് ഓരോ വ്യക്തിയും വ്യത്യസ്തരാണ്, അഥവാ ഓരോ വ്യക്തിയും ഓരോ വര്ഗ്ഗമാണ്. മഹാശാസ്ത്രപ്രകാരം ഓരോ വര്ഗ്ഗമായിട്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഓരോ മനുഷ്യനും ഒരേ ഭൂമിയില് ധര്മ്മശാസ്ത്രപ്രകാരം ജീവിക്കുകയാണു വേണ്ടത്. അനവധി ജീവി ജന്മങ്ങള് പിന്നിട്ടശേഷം മനുഷ്യാവസ്ഥയില് എത്തിയിരിക്കുന്ന ജീവി 100 മനുഷ്യജന്മങ്ങള് പൂര്ത്തിയാക്കിക്കൊണ്ട് ആത്മീയ സാക്ഷാത്ക്കാരം നേടുന്നതിനിടയ്ക്ക് ഓരോരുത്തരും ഓരോ വര്ഗ്ഗമെന്നോണം മഹാപ്രപഞ്ചത്തിലെ അനന്തങ്ങളെന്നോണമുള്ള ആനന്ദങ്ങള് അനുഭവിക്കുകയും മഹാനീതിശാസ്ത്രപ്രകാരമുള്ള ജന്മഗുണങ്ങള് സ്വീകരിച്ചു ജീവിക്കുകയുമാണ്. ഓരോ വര്ഗ്ഗമെന്നു കൂടി വിശേഷിപ്പിക്കാവുന്ന ഓരോ വ്യക്തിക്കുമായും സേവനം ചെയ്യുവാനും മഹാനീതിശാസ്ത്രം പ്രകാരം ഓരോ വ്യക്തിക്കും (എല്ലാവര്ക്കും) മഹാസമനീതി നല്കുവാനും മഹാഭരണാധികാരിയും

മഹാനീതിപതിയുമായ ദൈവത്തിനു മാത്രമേ കഴിയൂ. ഒരേ ജന്മത്തില് എല്ലാ ജനങ്ങള്ക്കും ഒരുപോലെയുള്ള സൗന്ദര്യം നല്കാനുള്ള ശക്തികളെ മനുഷ്യ-ഭരണാധികാരികള്ക്കു നല്കിയാല്, അവര് സൗന്ദര്യകാര്യത്തില് സമനീതി നടത്തിയാല്, ഭൂമിയിലൊക്കെയുമുള്ള മനുഷ്യര്ക്ക് ഒരേ മുഖഛായ ഉണ്ടാകുമെന്നതും, യാതൊരാള്ക്കും അന്യോന്യം തിരിച്ചറിയാനാവാത്ത അവസ്ഥ ഉണ്ടാകുമെന്നതും, ജീവിതം സാദ്ധ്യമല്ലാതെ വരുമെന്നതും കണക്കാക്കുമ്പോള് തന്നെ ദൈവം തന്നെ മഹാഭരണം നടത്തേണ്ടുന്നതിന്റെ ആവശ്യകത തെളിയുന്നുണ്ട്. അതായത് മഹാദാസനും മഹാദാസിയുമായിക്കൂടി പ്രവര്ത്തിക്കുന്ന ദൈവമെന്ന മഹാഭരണാധികാരിയെയും ധര്മ്മശാസ്ത്രത്തെയും അറിഞ്ഞുവേണം മനുഷ്യ-ഭരണാധികാരികള് പ്രവര്ത്തിക്കേണ്ടത്. സമൂഹമായി ജീവിക്കുമ്പോഴും ഓരോ മനുഷ്യനും തികച്ചും വ്യത്യസ്തരാണ് എന്നത് എപ്പോഴുമറിയണം. അങ്ങനെയിരിക്കെ മതം, ജാതി, രാഷ്ട്രീയം, വര്ഗ്ഗം, ദേശം, തൊഴില് പരം പോലെയുള്ള ഏതെങ്കിലുമൊക്കെ ഘടകങ്ങളുടെ അടിസ്ഥാനത്തില് വ്യക്തികളെ പുതിയ വര്ഗ്ഗങ്ങളായി തിരിച്ചാല് അത് ധര്മ്മശാസ്ത്രപരമാവില്ല. ഏതെല്ലാം ഘടകങ്ങളുടെ അടിസ്ഥാനത്തില് മനുഷ്യരല്ലാത്ത പുതിയ വര്ഗ്ഗങ്ങളെ മനുഷ്യരില് സൃഷ്ടിക്കുന്നുവോ, അതാത് ഘടകങ്ങളില് ഭീകരവാദവും ഭീകരപ്രവര്ത്തനവും സൃഷ്ടിക്കപ്പെടുവാന് അത് കാരണമാകും. മതം, ജാതി, രാഷ്ട്രീയം, വര്ഗ്ഗം, ദേശം, തൊഴില് പരം പോലെയുള്ള ഓരോ പുതിയ വര്ഗ്ഗങ്ങളിലും അഥവാ ഘടകങ്ങളിലും ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും ഉണ്ടാകുന്നത് അങ്ങനെയാണ്. മേല്പ്പടി പുതിയ വര്ഗ്ഗങ്ങള് ശാസ്ത്രപരമല്ലെന്നും, അധമങ്ങളാണെന്നും, അക്കാരണത്താല് അവ സമൂഹത്തില് നിലനില്ക്കുവോളം അസമാധാനം തുടരുമെന്നും ഭീകരപ്രവര്ത്തനങ്ങള് ഉണ്ടാവുമെന്നും സുവ്യക്തമാണ്, അറിഞ്ഞും അനുഭവിച്ചും കഴിയുന്ന കാര്യങ്ങളുമാണ്. ധര്മ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത വ്യവസ്ഥിതികള് - മതം, ജാതി, രാഷ്ട്രീയം, വര്ഗ്ഗം, ദേശം, തൊഴില് പരം പോലെയുള്ള വ്യവസ്ഥിതികള് - പ്രകാരമുള്ള പ്രവര്ത്തനങ്ങളെല്ലാം ഭീകരവാദങ്ങളാണെന്നും അവയില് പ്രവര്ത്തിക്കുന്നവരെല്ലാം ഭീകരപ്രവര്ത്തകരുമാണെന്നു തന്നെയാണ് അര്ത്ഥം. ധര്മ്മശാസ്ത്രപരമല്ലാത്ത വ്യവസ്ഥിതികളും നിയമങ്ങളും നടപ്പാക്കുന്നവര്ക്കെതിരെ പ്രവര്ത്തിക്കുവാന് ദൈവാനുഗ്രഹത്തോടെ ഗാന്ധിയും ചാണക്യനുമൊക്കെ ധര്മ്മശാസ്ത്രനിയമങ്ങള് കൈയ്യിലെടുത്തത് സമൂഹത്തില് ധര്മ്മസംസ്ഥാപനം നിര്വ്വഹിക്കുവാനാണ്. ധര്മ്മശാസ്ത്രപരമായ യോഗ്യതയില്ലാത്തവരായ ഭരണാധികാരികളും

ഭരണകൂടത്തിലെ എല്ലാ കാര്യാലയങ്ങളിലെയും ഉദ്യോഗസ്ഥരും, കൈയ്യിലെടുത്തിരിക്കുന്നത് രാജ്യത്തിലെ നിയമങ്ങള് എന്ന പേരില് അവരുണ്ടാക്കുന്ന ധര്മ്മശാസ്ത്രപരം അല്ലാത്ത നിയമങ്ങളും വ്യവസ്ഥിതികളുമാണ്. സമൂഹത്തിലെ വ്യക്തികള് അഥവാ പൊതുജനങ്ങള് അവയെ കൈയ്യിലെടുക്കരുത് എന്ന സമീപനം ഭരണകൂടം പുലര്ത്തുമ്പോള്, അതു ശരിതന്നെയാണ്, എന്തെന്നാല് അവ കൈയ്യിലെടുക്കാന് കൊള്ളില്ലാത്തവയാണ്. ധര്മ്മശാസ്ത്രപരം അല്ലാത്ത നിയമങ്ങളെയും വ്യവസ്ഥിതികളെയും ഭരണാധികാരികള് കൈയ്യിലെടുത്തിരിക്കുന്നതിനാല് ഭീകരവാദം ഉണ്ടാകുന്നു. മൂലകാരണം അതായി മാറുന്നു. വ്യക്തികള് അഥവാ പൊതുജനങ്ങള് നിയമം കൈയ്യിലെടുക്കുന്നതു കൊണ്ടാണ് സമൂഹത്തില് ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും ഉണ്ടാകുന്നതെന്നും കൂടി അനേകര് കരുതുന്നുണ്ട്. അതും ശരിയാണ്, ധര്മ്മശാസ്ത്രപരം അല്ലാത്തവയെ പ്രതിരോധിക്കാന് ധര്മ്മശാസ്ത്രപരം അല്ലാത്ത മറ്റു നിയമങ്ങളും വ്യവസ്ഥിതികളും സമൂഹത്തിലെ വ്യക്തികള് മുഴുവനുമോ, ഏതാനും വ്യക്തികളോ കൈയ്യിലെടുത്താല് തീര്ച്ചയായും ഭീകരപ്രവര്ത്തനങ്ങള് ഉണ്ടാകുന്നതാണ്. സമൂഹത്തില് ഇന്നുള്ള അത്തരം ഭീകരവാദങ്ങളെ കാണുന്നവര്, ഭീകരവാദത്തിനു കാരണമായി മാറിയ കൊടും-ഭീകരവാദത്തെ കാണാതെ പോകുന്നു. ഇന്നത്തെ ഭരണകൂടങ്ങളും രാഷ്ട്രീയ പാര്ട്ടികളും മതനേതത്വങ്ങളുമൊക്കെ ഭീകരപ്രവര്ത്തകരാണെന്ന് വ്യക്തമായിരിക്കെ, അവര്ക്കെതിരെയും പ്രവര്ത്തിക്കേണ്ടതും ധര്മ്മശാസ്ത്രനിയമങ്ങള് കൈയ്യിലെടുക്കേണ്ടതും സമൂഹത്തില് ധര്മ്മസംസ്ഥാപനം നിര്വ്വഹിക്കുവാന് ആവശ്യമാണ് എന്ന സന്ദേശം നല്കുന്നു. ധര്മ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളും വ്യവസ്ഥിതികളും തട്ടിക്കൂട്ടിയിട്ടുള്ള രാഷ്ട്രീയക്കാര്ക്കും മതനേതൃത്വങ്ങള്ക്കും ഭരണാധികാരികള്ക്കും ധര്മ്മശാസ്ത്രപരമായ നിയമങ്ങള് അറിയുകയില്ല, ധര്മ്മശാസ്ത്രപരമായ നിയമങ്ങള് കൈയ്യിലെടുക്കാനുള്ള യോഗ്യതയുമില്ല. ഗാന്ധിയെപ്പോലെയുള്ളവര്ക്കു മാത്രമാണ് യോഗ്യതയുള്ളതെന്ന് കാലം അഥവാ ദൈവം തെളിയിച്ചുകഴിഞ്ഞതാണ്. ധര്മ്മശാസ്ത്രപരമായ നിയമങ്ങള് ധര്മ്മശാസ്ത്രപരമായി ജീവിക്കുന്നവര് കൈയ്യിലെടുക്കണം, ധര്മ്മശാസ്ത്രപരമായി ജീവിക്കുവാന് ആഗ്രഹിക്കുന്ന വ്യക്തികളെല്ലാം കൈയ്യിലെടുക്കണം, അവര് മാത്രമാണ് നിയമം കൈയ്യിലെടുക്കാന് യോഗ്യതയുള്ളവര്. (തൊഴിലുകള്-ആവശ്യം, ഗ്രന്ഥത്തിലെ 4-ാം ഭാഗത്തിലുള്ള ധര്മ്മശാസ്ത്രത്തിലെ നിയമനിര്മ്മാണം എന്നീ

അദ്ധ്യായങ്ങളില് വിഷയം തുടരുന്നുണ്ട്.)
ധര്മ്മശാസ്ത്രപരമായ യോഗ്യതയില്ലാത്തവര്, തങ്ങളുണ്ടാക്കുന്ന ധര്മ്മശാസ്ത്രപരം അല്ലാത്ത നിയമങ്ങളും വ്യവസ്ഥിതികളും നടപ്പാക്കുവാന് ധര്മ്മശാസ്ത്രപരം അല്ലാത്ത ഭരണസംവിധാനങ്ങളെയും പ്രവര്ത്തകരെയും നിശ്ചയിക്കുകയും, അവരെല്ലാംകൂടി ചേര്ന്ന് വ്യക്തികളെ അഥവാ പൊതുജനങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്ന ദുരവസ്ഥയാണ് എല്ലാ രാജ്യങ്ങളിലും ഇന്നുള്ളത്. അശാസ്ത്രീയമായ നിയമവാഴ്ച സമൂഹത്തില് ഭീകരവാദങ്ങളെയും ഭീകരപ്രവര്ത്തനങ്ങളെയും വര്ദ്ധിപ്പിച്ചു കൊണ്ടുമിരിക്കുന്നു. അവയെ ശുദ്ധിപ്പെടുത്തുവാനും, സമൂഹത്തിലെ എല്ലാ വ്യക്തികളുടെയും ജീവിതം ആനന്ദകരമാവാനും, സ്രഷ്ടാവായ ദൈവം മനുഷ്യര്ക്ക് നല്കിയിട്ടുള്ള ധര്മ്മശാസ്ത്രപരവും സമ്പൂര്ണ്ണവുമായ വ്യക്തിസ്വാതന്ത്ര്യം വ്യക്തികള്ക്ക് ലഭ്യമാക്കുക മാത്രമാണ് വഴി. മാതാ-പിതാ-ഗുരു-ദൈവം എന്ന വചനത്തിന്റെ യഥാര്ത്ഥ അര്ത്ഥത്തെ ഉള്ക്കൊണ്ട് എല്ലാ മനുഷ്യരും ജീവിക്കണം. മാതാ-പിതാ-ഗുരു-ദൈവം എന്ന വചനത്തിന്റെ യഥാര്ത്ഥ അര്ത്ഥം പോലും മതപുരോഹിതര് ഉള്പ്പെടെയുള്ളവര്ക്ക് അറിയില്ല. മാതാവും പിതാവും ഗുരുവും കഴിഞ്ഞുമാത്രമേ ദൈവത്തിനു സ്ഥാനമുള്ളൂ എന്നും മാതാവിനെയും പിതാവിനെയും ഗുരുവിനെയും അനുസരിക്കണം എന്നുമാണ് ഇന്ന് മേല്പ്പടി ദൈവ-വചനത്തിന്റെ വ്യാഖ്യാനമുള്ളത്. പ്രായോഗിക ജീവിതത്തില് കൂടുതല് പേരും അതനുസരിക്കുന്നില്ല എന്നതും, മാതാപിതാക്കളുടെയും ഗുരുവിന്റെയും വചനങ്ങള് വ്യത്യസ്തമായാല് മൂവരെയും ഒരുപോലെ അനുസരിക്കാനാവില്ല എന്നതും, സാധാരണഗതിയില് മാതാവും പിതാവും ഗുരുവുമൊക്കെ നേരത്തെ മരിച്ച് ഒപ്പമില്ലാതെ വരുന്നതും, മേല്പ്പടി വചനത്തിന് ദുര്വ്യാഖ്യാനമാണ് ഇന്നുള്ളതെന്നു വ്യക്തമാക്കുന്നു. യഥാര്ത്ഥമായ, ശാസ്ത്രപരമായ, ദൈവീകമായ അര്ത്ഥം ഇനി പറയാം :-
മാതാവിലൂടെയും പിതാവിലൂടെയും ഗുരുവിലൂടെയും മനുഷ്യന് അഥവാ വ്യക്തി ദൈവത്തെ അറിയുന്നു അഥവാ ദൈവശാസ്ത്രം പഠിക്കുന്നു ; ദൈവത്തെ അറിയുമ്പോള് ദൈവത്തെ അഥവാ ദൈവശാസ്ത്രത്തെ അഥവാ മഹാശാസ്ത്രത്തെ മാത്രം അനുസരിച്ചു ജീവിക്കണം. മാതാവ്, പിതാവ്, ജീവിതപങ്കാളി, മക്കള്, സഹോദരങ്ങള്, ബന്ധുക്കള്, ഗുരു, അയല്വാസികള്, നാട്ടുകാര്, സുഹൃത്തുക്കള്, തൊഴിലാളി, തൊഴിലുടമ, ഭരണാധികാരി, വേലക്കാരന് തുടങ്ങിയവരോട് ഏവരും മഹാശാസ്ത്രപ്രകാരം ഇടപഴകുന്നു. ഭൂമിയിലുള്ള എല്ലാ മനുഷ്യരെയും കൂട്ടിയിണക്കുന്നത്, ദൈവം അഥവാ ദൈവത്തിന്റെ മഹാശാസ്ത്രം

മാത്രം. വ്യക്തി പ്രാര്ത്ഥനയില് മുഴുകുമ്പോള്, തങ്ങളുടെ ഉറ്റവരും ഉടയവരും മതപുരോഹിതരും ഉള്പ്പെടെ, യാതൊരാളും വ്യക്തിയുടെയും ദൈവത്തിന്റെയും ഇടയില് ഓര്മ്മിക്കപ്പെടുന്നില്ല എന്നത് മേല്പടി വിശദീകരണങ്ങളെ ശാസ്ത്രപരമാക്കുന്നു, സത്യമാക്കുന്നു. അതായത് എല്ലാ ജനങ്ങളും മഹാശാസ്ത്രം പ്രകാരം മാത്രം ജീവിക്കണം. ഇന്നലെ ജനിച്ച്, ഇന്നു ഭരിക്കുകയും, നാളെ മരിക്കുകയും ചെയ്യുന്ന ഭരണാധികാരിയെ സല്യൂട്ടടിക്കരുതെന്നും, പട്ടാളക്കാര് ഉള്പ്പെടെയുള്ളവര് മേലധികാരിയുടെ ആജ്ഞയെ ശാസ്ത്രപരമാണെങ്കില് സ്വീകരിക്കുകയും, ശാസ്ത്രപരമല്ലെങ്കില് എതിര്ക്കുകയുംചെയ്യണം. ദേശ-രാഷ്ട്ര ഭരണകൂടത്തില് മാത്രമല്ല, അവയ്ക്കകത്തും പുറത്തുമായിട്ട്, ചെറുതും വലുതുമായ മറ്റ് അനവധി ഭരണകൂടങ്ങള് ഇന്ന് ഒരേ സമയം പ്രവര്ത്തിക്കുന്നുണ്ട്, അഥവാ ജനങ്ങളെ ബഹുവിധത്തില് പീഡിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ പാര്ട്ടികള്, മതം, ജാതി, തൊഴിലാളി വര്ഗ്ഗം, പോലെയുള്ള വ്യവസ്ഥിതിളുടെ ചെറുതും വലുതുമായ ഭരണകൂടങ്ങള് അവരുടെ അശാസ്ത്രീയമായ പ്രവര്ത്തനങ്ങളിലൂടെ സമൂഹത്തില് ഭീകരവാദങ്ങളെയും/തീവ്രവാദങ്ങളെയും ഭീകരപ്രവര്ത്തനങ്ങളെയും സൃഷ്ടിക്കുകയും വര്ദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ചുരുക്കത്തില്, കര്ത്താവായ ദൈവം നിര്വ്വഹിക്കുന്ന മഹാനീതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെ അജ്ഞാനികളായ മനുഷ്യര് വഴിപിഴപ്പിച്ചിരിക്കുകയാണ്.

മായ പ്രത്യക്ഷമാകുന്നതോടെ ഭീകരവാദങ്ങള് അവസാനിക്കുന്നതാണ്. ഭീകരവാദങ്ങള് ധര്മ്മശാസ്ത്രപരമായി ശുദ്ധീകരിക്കപ്പെടുന്നതെങ്ങനെയെന്ന് ഗ്രന്ഥത്തിലെ 3-ഉം 4-ഉം വിഭാഗങ്ങളില് വ്യക്തമാക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിലെ മറ്റുള്ള ജീവികളെ മാറ്റിനിര്ത്തിക്കൊണ്ട്, മനുഷ്യര് എന്ന അവസ്ഥയില് സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജീവികളുടെ ഇടയിലുള്ള ഭീകരവാദങ്ങളെ ഇനി അല്പം വിശകലനം ചെയ്യാം :- ഭീകരവാദങ്ങള് അഥവാ ഭീകരപ്രവര്ത്തനങ്ങള് ലക്ഷ്യംവയ്ക്കുകയോ നടത്തുകയോ ചെയ്യുന്ന (1) ഭരണകൂടങ്ങള്, (2) ദേശ/രാഷ്ട്ര വ്യത്യാസങ്ങള്, (3) മത-നേതൃത്വങ്ങള്, (4) രാഷ്ട്രീയ ഇസങ്ങളിലെയും മതങ്ങളിലെയും അസംതൃപ്തരായ തീവ്രവാദികളും, പ്രാദേശിക വിഷയങ്ങളും എന്നിങ്ങനെ തരംതിരിച്ച് ഏതാനും ഘടകങ്ങളെ വിശകലനം ചെയ്യേണ്ടതുണ്ട്. കൂടാതെ (5) സാമൂഹ്യപ്രവര്ത്തകരിലൂടെയും നിരീശ്വരവാദികളിലൂടെയും ദൈവം ചെയ്യുന്ന സാമൂഹ്യരക്ഷകളെയും (6) ഭീകരവാദികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്നിരിക്കെ ദൈവം അവരെ കരുതുന്നതും അഥവാ

രക്ഷിക്കുന്നതും അഥവാ സ്നേഹിക്കുന്നതും കൂടി
വിസ്തരിക്കേണ്ടതുണ്ട്.

അദ്ധ്യായം 9
ഭീകരവാദങ്ങളും ഭരണകൂടങ്ങളും

ലഭ്യമായ ചരിത്രകാലം മുതല് അഥവാ അനകേ നൂറ്റാണ്ടുകളായി എല്ലാ രാജ്യങ്ങളിലും ഭരണകൂടങ്ങള് ഭീകരവാദങ്ങള്ക്കെതിരെ കൈക്കൊണ്ട അടിച്ചമര്ത്തലുകളും യുദ്ധങ്ങളും ഉള്പ്പെട്ട നടപടികളെല്ലാം ഭീകരവാദങ്ങള് തന്നെയായിരുന്നു, രക്തം ചീന്തിക്കൊണ്ടു തന്നെ ആയിരുന്നു; അങ്ങനെയല്ലാതെ പ്രവര്ത്തിക്കാന് കഴിഞ്ഞത് എം.കെ.ഗാന്ധിയെപ്പോലെ ദൈവം അനുഗ്രഹിച്ച ഏതാനും സത്യാഗ്രഹികള്ക്ക് മാത്രമായിരുന്നു.

// ഒരു ചെറിയ ഖണ്ഡികയില് ദൈവീകനീതിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങള് സൂചിപ്പിച്ചശേഷം തുടരാം. ഗാന്ധിജിയെപ്പോലെയുള്ള മനുഷ്യസ്നേഹികളെ പീഡിപ്പിച്ചവര് ഇന്ന് ഇന്ത്യയില് തന്നെ പുനര് ജ്ജനിച്ച് വേഷംകെട്ടലുകള് പ്രകാരം നേതാക്കന്മാരായി ജീവിക്കുന്നുണ്ട് എന്നും, അക്കാലത്ത് മുസ്ലീം തീവ്രവാദി ആയിരുന്ന ചിലര് ഹിന്ദുതീവ്രവാദികളായോ മറിച്ചോ ഇന്ന് പുനര്ജ്ജനിച്ച് ജീവിക്കുന്നുണ്ട് എന്നും ; ഇന്നത്തെ പ്രമുഖനായ രാഷ്ട്രീയനേതാവ് മുജ്ജന്മത്തില് ഇന്നാട്ടുകാര്ക്ക് വളരെ ദോഷംചെയ്ത വിദേശനേതാവായിരുന്നു എന്നുമൊക്കെ ശാസ്ത്രപരമായി ബോദ്ധ്യപ്പെടുത്തിയാല് ഇന്നത്തെ അനേകം നേതാക്കന്മാര് നാളിതുവരെ നേടിയ സര്വ്വ നേട്ടങ്ങളും പദവികളും നഷ്ടപ്പെട്ടും ലജ്ജിച്ചും കുണ്ഠിതപ്പെട്ടും ആത്മഹത്യ ചെയ്തെന്നുവരും. ഭീകരവാദത്തിന്റെ ചെറിയൊരു ആത്മീയ വശം മാത്രമാണത്. വെളിപാടുകളെ ശാസ്ത്രപരമായി തെളിയിക്കൂ എന്നു വെല്ലുവിളിച്ചാല്, ചിലവ മാത്രം തെളിയിക്കാന് തല്ക്കാലം ശക്തിയില്ല. തെളിയിച്ചാല്, തെളിയിക്കാന് വെല്ലുവിളിക്കുന്ന ദൈവത്തിന്റെ കുഞ്ഞുങ്ങളും വളരെയധികം കുണ്ഠിതപ്പെടുന്ന അവസ്ഥ ഉണ്ടായെന്നു വരും. തന്റെ കുഞ്ഞുങ്ങള് ആവിധത്തില് കഷ്ടപ്പെടുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. മാത്രമല്ല, തെളിയിച്ചാല് മായ പ്രത്യക്ഷമാക്കാനുള്ള

ദൈവീക സംവിധാനത്തിന്റെ പകിട്ട് കുറയുവാന് കാരണമാകും. വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുമെന്നതിനാല് മേല്പറഞ്ഞ സത്യങ്ങളെ ബോദ്ധ്യപ്പെടുത്താനായിട്ട് കുഞ്ഞുങ്ങളെ നൊമ്പരപ്പെടുത്തുന്ന കാര്യങ്ങള് ആവശ്യമില്ല. //

ലഭ്യമായ ചരിത്രകാലം മുതല് ഭീകരവാദങ്ങളും, അവയെ അടിച്ചമര്ത്താന് ഭരണാധികാരികള് നടത്തുന്ന ഭീകരവാദങ്ങളും ഉണ്ടായിരുന്നു എന്നു വ്യക്തമാകുമ്പോള്, ഭീകരവാദങ്ങള് എന്തുകൊണ്ട് ഉണ്ടാകുന്നു, എന്തുകൊണ്ട് തുടരുന്നു എന്നതുമായി ബന്ധപ്പെട്ട് മുന് അദ്ധ്യായത്തിന്റെ തുടര്ച്ചയായി ചില കാര്യങ്ങള് കൂടി പറയേണ്ടതുണ്ട്.

മുമ്പ് വ്യക്തമാക്കിയതുപോലെ, ദൈവം ഓരോ മനുഷ്യനെയും ഓരോ വര്ഗ്ഗമായി ഉയര്ത്തിയിരിക്കുന്നത് അവര്ക്ക് ഓരോരുത്തര്ക്കും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യവും അനന്തമായ ആനന്ദങ്ങളും നല്കാനാണ്. സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യവും അനന്തമായ ആനന്ദങ്ങളും ധര്മ്മശാസ്ത്രപരമായി അനുഭവിക്കുന്നതിന് ഓരോ വ്യക്തിയെയും സഹായിക്കുവാനായും വ്യക്തികളുടെ ഏതാനും പൊതുവായ ആവശ്യങ്ങള് മാത്രം നിറവേറ്റാനുമുള്ളതാണ് ഭരണകൂടം. ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കുവാന് വ്യക്തിക്ക് കഴിവുള്ളപ്പോഴും സാധിക്കുമ്പോഴും ഭരണകൂടത്തിന്റെ ആവശ്യം വ്യക്തിക്ക് വളരെക്കുറവാണ്. അശാസ്ത്രീയമായ നിയമ സംവിധാനങ്ങളിലൂടെ വ്യക്തിയുടെ ധര്മ്മശാസ്ത്രപരമായ ആവശ്യങ്ങള് നിവര്ത്തിക്കാനാവില്ല. വ്യക്തിയെ ധര്മ്മശാസ്ത്രപരമായി സഹായിക്കുവാനുള്ള ഭരണകൂടം ഇന്ന് വ്യക്തിയെ ഭരിക്കുവാനും ശിക്ഷിക്കുവാനും ദ്രോഹിക്കുവാനുമുള്ള സ്ഥാപനമായി താണിരിക്കുകയാണ്. അശാസ്ത്രീയമായ നിയമ സംവിധാനങ്ങള് ആരംഭിക്കുന്നത് ദേശവ്യത്യാസത്തെ അശാസ്ത്രീയമായി കണക്കാക്കിയതിലൂടെയാണ്.

ഓരോ വര്ഗ്ഗമായിരിക്കുന്ന ഓരോ വ്യക്തികളെയും പുതിയ വര്ഗ്ഗങ്ങളായി തിരിച്ചാല് അത് ധര്മ്മശാസ്ത്രപരമാവില്ല എന്നത് മാറ്റിവെച്ചുകൊണ്ട്, ഭൂമിയിലുള്ള ഇന്നത്തെ ഭരണസമ്പ്രദായങ്ങളെ ഹ്രസ്വമായി വിശകലനം നടത്താം :-

ഭരണകൂടത്തിന്റെ വിവിധ കാര്യാലയങ്ങളുടെ പ്രവര്ത്തനങ്ങളും, സമൂഹത്തിലെ അഥവാ രാഷ്ട്രത്തിലെ ഭരണഘടന അനുവദിക്കുന്ന രാഷ്ട്രീയവും മതങ്ങളും അവ പ്രകാരമുള്ള സംഘടനകളും ഉള്പ്പെടെയുള്ള ബഹുവിധ സംഘടനകളുടെ പ്രവര്ത്തനങ്ങളും അവയിലെല്ലാം വന്നുഭവിച്ച അഴിമതികളും ഒറ്റയ്ക്കോ കൂട്ടായോ മൊത്തമായോ ചേര്ന്നാണ് സമൂഹത്തിലെ ഒരു വിഭാഗം

ജനങ്ങളെക്കൊണ്ടോ അനേക വിഭാഗങ്ങളെക്കൊണ്ടോ ഭീകരവാദം അഥവാ ഭീകരപ്രവര്ത്തനം ചെയ്യിക്കുന്നത് എന്നതാണ് വസ്തുത. ഭരണകൂടങ്ങളും മതങ്ങളും വിവിധ സംഘടനകളും രാഷ്ട്രീയ ഇസങ്ങളും മറ്റുമാണ് ഭീകരവാദത്തിന് മൂലകാരണമായിരിക്കുന്നത് എന്നര്ത്ഥം. ഭീകരവാദികളുടെ പക്ഷമാണ് ശരിയോ കൂടുതല് ശരിയോ എങ്കില് ഭരണകൂടങ്ങളും മതനേതൃത്വങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും മറ്റ് സംഘടനകളും കൊടുംഭീകരര് ആണെന്നും അര്ത്ഥമാകുന്നതാണ്. ഭരണകൂടങ്ങളും മറ്റും അടിച്ചമര്ത്തിയിട്ടും ഭീകരവാദങ്ങള് ഇന്നും തുടരുമ്പോള്, അടിച്ചമര്ത്താന് ഉപയോഗിച്ച മാര്ഗ്ഗം ഫലപ്രദമായില്ല എന്നും തെറ്റായിരുന്നുവെന്നും അര്ത്ഥമുണ്ടാകുന്നു.
അങ്ങനെവരുമ്പോള് രക്തവിപ്ലവം ശരിയെന്നു പണ്ട് വാദിച്ച കമ്മ്യൂണിസ്റ്റുകളുടെയും മറ്റും ആധുനിക പതിപ്പായും, പുതിയ ഒരുതരം വിപ്ലവകാരികളായും ഭീകരപ്രവര്ത്തകരെ കണക്കാക്കേണ്ടതുമുണ്ട്. പാര്ലമെന്ററി ജനാധിപത്യത്തിലൂടെ തന്നെ വിപ്ലവം നടത്തണമെന്ന് ശഠിക്കുവാന് ആര്ക്ക് എന്തവകാശം ? കമ്മ്യൂണിസ്റ്റ് വിപ്ലവവും സത്യാഗ്രഹ വിപ്ലവവും ഒക്കെ വൈവിധ്യ വിപ്ലവരീതികളെ സാധൂകരിക്കുന്നുമുണ്ട്.
ഏറ്റവും മെച്ചമെന്ന് അനേകര് കണക്കാക്കുന്ന ആധുനിക പാര്ലമെന്ററി ജനാധിപത്യത്തെ അല്പമൊന്നു പരിശോധിക്കാം. ഭൂമി ഉരുണ്ടതാണെന്നും, സൂര്യനല്ല ഭൂമിയാണ് ചുറ്റിസഞ്ചരിക്കുന്നതെന്നും വാദിക്കുകയും തെളിയിക്കുകയും ചെയ്ത ശാസ്ത്രജ്ഞന്മാരെ തീയിലിട്ട് ചുട്ടുകൊല്ലുകയും തൂക്കിക്കൊല്ലുകയും ചെയ്ത ക്രിസ്തുമത നേതൃത്വത്തിനേക്കാള് മോശമാണ് പാര്ലമെന്ററി ജനാധിപത്യമെങ്കിലോ ? ഇന്നത്തെ ഭൂമിയിലെ സുമാര് 650 കോടി ജനങ്ങളില് ഒരാള് പറയുന്നത് മാത്രമാണ് ശരിയെങ്കില് അഥവാ ശാസ്ത്രപരമെങ്കില് അഥവാ ദൈവീകമെങ്കില് അതിനെ അംഗീകരിക്കുക എന്നതിന് പാര്ലമെന്ററി ജനാധിപത്യത്തില് സ്ഥാനമില്ല ; ഭൂരിപക്ഷം പറയുന്നതാണ് ആധുനിക പാര്ലമെന്ററി ജനാധിപത്യത്തിലെ ശരി. സത്യം പറഞ്ഞ ശാസ്ത്രജ്ഞനെ പഴയകാലത്ത് ചുട്ടുകൊന്നവരെക്കാള് നീചമായിരിക്കുന്നു ആധുനിക ലോകത്തെ പരിണാമം ! രാജ്യത്തിലെ ഭക്ഷണകാര്യങ്ങളും ഗതാഗതകാര്യങ്ങളും പോലെയുള്ള അത്യാവശ്യ കാര്യങ്ങളില് ശ്രദ്ധിക്കുകയും, പൊതുഖജനാവ് നല്ലകാര്യങ്ങള്ക്കായി അഥവാ ശാസ്ത്രപരമായി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതിനു പകരം അണുബോംബുകളും മറ്റ് ബഹുവിധ ആയുധങ്ങളും എന്ന വിനാശ-ശക്തിയെ അഥവാ പിശാചിനെ നിര്മ്മിക്കുകയും പിശാചിന്റെ

ബലത്തില് തങ്ങളും തങ്ങളുടേതെന്ന് അവകാശപ്പെടുന്ന രാഷ്ട്രവും സമൂഹവും സുരക്ഷിതരാണെന്ന് വാദിക്കുകയും ചെയ്യുമ്പോഴും പാര്ലമെന്ററി ജനാധിപത്യത്തിലെ ഭൂരിപക്ഷം ആണ് ശരിയും തെറ്റും നിശ്ചയിക്കുന്നത്. രാഷ്ട്രീയപാര്ട്ടികള് തങ്ങളുടെ പ്രതിനിധികളെ ജനങ്ങളുടെ പ്രതിനിധികളായി അവതരിപ്പിക്കുകയും തെറ്റുകളേറെയുള്ള രാഷ്ട്രീയ-ഇസ പ്രതിനിധികളെ തെരഞ്ഞെടുക്കുക എന്നതല്ലാതെ മറ്റു മാര്ഗ്ഗങ്ങള് വ്യക്തികള്ക്ക് ഇല്ലാതെ വരികയും ചെയ്തിരിക്കുന്നു. ജനങ്ങള്ക്ക് ആധിപത്യമില്ലാത്തതും ജനങ്ങളുടെ മേല് ആധിപത്യം നടത്താന് സമൂഹത്തിലെ ഒരുകൂട്ടം ജനങ്ങള്ക്ക് അധികാരം നല്കുന്നതുമായ സമൂഹഭരണ സമ്പ്രദായമായി പാര്ലമെന്ററി ജനാധിപത്യം അധഃപതിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞാല് വ്യക്തികള്ക്ക് ഭരണകൂടത്തില് കാര്യമില്ല. വ്യക്തികളുടെ പ്രതിനിധികള് എന്ന കള്ളപ്പേരില് വ്യക്തികളെ ഭരിക്കുന്ന ഭരണാധികാരികളുടെ തന്നിഷ്ടങ്ങളും കോപ്രായങ്ങളുമാണ് പിന്നെ നടക്കുന്നത്. വ്യക്തികള്ക്ക് സ്രഷ്ടാവ് നല്കിയ സ്വാതന്ത്ര്യം നിഷേധിക്കുകയും ജനങ്ങളിലെ ഒരു വിഭാഗത്തിന് ഭീകരവാദം ഉള്പ്പെടെയുള്ളവ നടത്താന് ദുര്മ്മാര്ഗ്ഗത്തിലൂടെ അധികാരം നല്കുന്ന ഒരു ഭരണവ്യവസ്ഥിതി കൂടിയാണത്. (ദൈവീകമായ ജനാധിപത്യ ഭരണത്തില് തെരഞ്ഞെടുപ്പുകളില്ല, അവിടെ ഓരോ വ്യക്തിക്കും ഭരണാധികാരിയായ രാജാവിന്റെ മുകളില്. എപ്പോഴും സ്ഥാനമുണ്ട്. ആവക കാര്യങ്ങള് മൂന്നും നാലും ഭാഗങ്ങളില് വിവരിക്കുന്നതാണ്.)

സമൂഹ ഭരണപരമായി അധികാരമില്ലാത്ത ആധുനിക ഭീകരവാദികളുടെ മേല് സമൂഹ ഭരണപരമായി അധികാരമുള്ളവര് നടത്തുന്ന ഭീകരവാദം ആര്ക്കുവേണ്ടിയാണ് ? സമൂഹത്തില് തങ്ങളുടെ സ്ഥാനം വ്യവസ്ഥാപിതമായി ഭദ്രമാക്കാന് വളരെയധികം കഴിഞ്ഞെന്നു സ്വയം കണക്കാക്കുന്ന മതനേതൃത്വങ്ങള്ക്കും ജാതിനേതൃത്വങ്ങള്ക്കും വര്ഗ്ഗനേതൃത്വങ്ങള്ക്കും രാഷ്ട്രീയനേതൃത്വങ്ങള്ക്കും തങ്ങളുടെ സ്ഥാനം ഉറപ്പിക്കാനും സാധാരണജനങ്ങളെ ചൂഷണംചെയ്യാനുമാണോ, അതോ ജനങ്ങള്ക്കുവേണ്ടിയാണോ ? ഓരോരുത്തരും ജീവിക്കുന്നത് അടിസ്ഥാനപരമായി അവരവര്ക്കുവേണ്ടിത്തന്നെയാണ്, മേല്പ്പറഞ്ഞ സംഘടനകള് അഥവാ വ്യവസ്ഥിതികള് അടിസ്ഥാനപരമായി അവിശുദ്ധമായതിനാല് അവയെല്ലാം ഇന്ന് പ്രവര്ത്തിക്കുന്നത് വ്യക്തികളെപ്പോലെയുമാണ്. (വ്യവസ്ഥിതികളെ വിശകലനം ചെയ്യുമ്പോള് പ്രസ്തുത വ്യവസ്ഥിതികളില് പ്രവര്ത്തിക്കുന്ന നല്ല ഗുണങ്ങള് കൂടുതലുള്ളവരെ നോവിക്കാന് ഉദ്ദേശിച്ചിട്ടില്ല. നല്ല ഗുണങ്ങള് വളരെ കൂടുതലുള്ളവര്ക്ക് ഇന്നത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലോ

മതനേതൃത്വങ്ങളിലോ പ്രവര്ത്തിക്കാന് കഴിയുന്നതല്ല, അവരെ ദൈവം സാമൂഹ്യ പ്രവര്ത്തനങ്ങളിലേക്ക് വഴിതിരിച്ചുവിടുന്നതാണ്. ക്രൈസ്റ്റിനെപ്പോലെയും ഗാന്ധിജിയെപ്പോലെയും പ്രവര്ത്തിക്കുവാന് മറ്റാര്ക്കും കഴിയുന്നതല്ല തുടങ്ങിയ കാര്യങ്ങള് ശാസ്ത്രപരമായി ഈ ഗ്രന്ഥത്തില്തന്നെ വിവരിക്കുന്നുണ്ട്).

ജനങ്ങളുടെ ഒരു ഭാഗമാണ് ഭീകരവാദികളായി പരിണമിച്ചിട്ടുള്ളതെന്നതും, അവരുടെ മാര്ഗ്ഗം അവരെ സംബന്ധിച്ച് തദവസരത്തിലെ ശരിയാണെന്നതും ഗൗരവമായ കാര്യമാണ്. ജനങ്ങളുടെ മറ്റൊരു ഭാഗവും ജനങ്ങളുടെ പൊതു ആവശ്യങ്ങള് മാത്രം നിറവേറ്റേണ്ടവരുമായ ഭരണാധികാരികള് ധര്മ്മം മറന്നും അറിയാതെയും ജനങ്ങളുടെ ഭാഗമല്ലാതെയെന്നോണം പ്രവര്ത്തിക്കുന്നതും ഗൗരവമായ മറ്റൊരു കാര്യമാണ്. ദൈവീകമായി അഥവാ ധര്മമശാസ്ത്രപരമായി അഥവാ അന്തര്ദ്ദേശീയമായി വിലയിരുത്തുമ്പോള്, ഭൂമിയിലുള്ള മനുഷ്യരെല്ലാം ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. അടുത്ത അദ്ധ്യായത്തില് വ്യക്തമാക്കിയിട്ടുള്ളതു പോലെ ഒരു രാഷ്ട്രത്തിലെയോ ഏതാനും രാഷ്ട്രങ്ങളിലെയോ ഭരണാധികാരികള് മറ്റു ചില രാഷ്ട്രങ്ങളിലേക്ക് പട്ടാളക്കാരെ അയച്ചും ബോംബുകള് വര്ഷിച്ചും യുദ്ധം നടത്തുമ്പോള് അത് ഭീകരപ്രവര്ത്തനമാണ്. ധര്മ്മശാസ്ത്രപരമായി തെറ്റുചെയ്ത ഒരു രാഷ്ട്രഭരണാധികാരിയെ ശിക്ഷിക്കുവാന് സ്വീകരിക്കുന്ന മാര്ഗ്ഗം സാധാരണജനങ്ങളെ ഉപദ്രവിക്കുന്നുവെങ്കില് അത് ഭീകരപ്രവര്ത്തനമാണ്. വ്യക്തികള്ക്ക് അഥവാ ജനങ്ങള്ക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കുന്നതും ഭീകരപ്രവര്ത്തനമാണ്. ദേശീയമായും പ്രാദേശികമായുമെല്ലാം രാഷ്ട്രീയ പ്രസ്ഥാനങ്ങളും മതനേതൃത്വങ്ങളും മറ്റു സംഘടനകളും (ഭരണകൂടങ്ങള്തന്നെയും) നടത്തുന്ന ബന്ദുകളും ഹര്ത്താലുകളുമെല്ലാം സമൂഹത്തിലെ വ്യക്തികള്ക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കുന്നതിനാല് ഭീകരപ്രവര്ത്തനമാണ്. സമൂഹത്തിലെ വ്യക്തികളുടെ സമ്പത്തായ പൊതുഖജനാവിനെ കൈകാര്യംചെയ്യുന്ന എല്ലാ രാഷ്ട്രീയപാര്ട്ടികളും അടങ്ങുന്ന ഭരണാധികാരികള് ഭൂമിയിലെങ്ങും ബഹുവിധങ്ങളിലുള്ള ഭീകരവാദികളായി മാറിയിട്ടുണ്ട് എന്നതാണു സത്യം. അങ്ങനെയിരിക്കെ ഒരു കൂട്ടര് ചെയ്യുന്ന ഭീകരവാദം ശരിയെന്നും മറ്റൊരുകൂട്ടര് അഥവാ പുതിയൊരു കൂട്ടര് ചെയ്യുന്ന ഭീകരവാദം തെറ്റെന്നും വാദിക്കുന്നതും തെറ്റാണ്.

മിനിഞ്ഞാന്ന് ഭീകരവാദമെന്നു പേരിട്ടതിനെ ഇന്നലെ വിപ്ലവമായും ഇന്ന് ഭരണവ്യവസ്ഥിതിയായും എല്ലാ രാജ്യങ്ങളിലും പലപ്പോഴായി (പലപ്പോഴും)

അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. മാറ്റുവിന് ചട്ടങ്ങളെ, അല്ലെന്നാല് കാലാനുസൃതം അവ മാറ്റുകതന്നെ ചെയ്യും (നിങ്ങളെ) എന്ന ശാസ്ത്രസിദ്ധാന്തം തെളിവാണ്. ഇന്നലത്തെ തെറ്റുകളെ തിരുത്തുവാനും ഇന്നിന്റെ ആവശ്യങ്ങളെ ശാസ്ത്രപരമായി കൂട്ടിയിണക്കാനും ഭരണവ്യവസ്ഥിതികള്ക്ക് കഴിയാതെ വന്നാല് നാളെ മറ്റൊരു വിപ്ലവം തീര്ച്ചയായും ഉണ്ടാവും. വിപ്ലവങ്ങളിലൂടെ ഭരണാധികാരം നേടിയവര് പുതിയ വിപ്ലവകാരികളെ വിലയിരുത്തുന്നത് ശാസ്ത്രപരമായിട്ടല്ല എങ്കില് ഇന്നലെ അവര്ക്ക് ശരിയായിരുന്ന വിഷയത്തില് പോലും ഇന്നത്തെ ഭരണാധികാരികള് പിഴച്ചിരിക്കുന്നു എന്നുകൂടിയാണ് അര്ത്ഥം. ഉദാഹരണമായി ശാസ്ത്രപരമല്ലാത്ത നികുതികളെയും ഭരണ സമ്പ്രദായങ്ങളെയും തടയുവാന് ജനങ്ങള്ക്ക് കഴിയാതെ വന്നിരിക്കുന്നു. വസ്തുനികുതി, കെട്ടിടനികുതി, സേവനനികുതി, വാണിജ്യനികുതി, തുടങ്ങിയ യാതൊരു നികുതികളും ധര്മ്മശാസ്ത്രം അനുവദിക്കുന്നില്ല; ജീവിച്ചിരിക്കുന്ന വ്യക്തിയുടെ ഇഷ്ടപ്രകാരമല്ലാതെയും ധര്മ്മശാസ്ത്ര പ്രകാരമല്ലാതെയും വ്യക്തിയുടെ ധനം പിടിച്ചെടുക്കാന് ഭരണകൂടത്തിന് അധികാരമില്ല എന്നിങ്ങനെ ധര്മ്മശാസ്ത്രം വിധിക്കുമ്പോള്, വ്യക്തിസ്വാതന്ത്ര്യം ഒരു വിഷയമേ അല്ലാത്ത വിധത്തില് തോന്നുമ്പോലെ നികുതികള് അടിച്ചേല്പ്പിക്കുന്ന രാഷ്ട്രീയ ഭരണവ്യവസ്ഥിതി ഉണ്ടായിരിക്കുകയാണ്. ജനനന്മയ്ക്ക് ഉപയോഗപ്പെടുത്തേണ്ടതായ സമ്പത്ത് മനുഷ്യരുടെ സ്മാരകങ്ങള് പണിത് നശിപ്പിച്ചുകൊണ്ടിരിക്കുന്നു, നാളെയിലെ ജീവികള്ക്ക് ജീവിക്കാന് ആവശ്യമായ സമ്പത്ത് സ്മാരകപ്രതിമകളും കല്ലറകളും ഉണ്ടാക്കി മോശപ്പെടുത്തുവാന് കൂട്ടുനില്ക്കുന്ന ഭരണാധികാരികള് ഭീകരപ്രവര്ത്തകരാണ്. ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളില് നേതാക്കന്മാരുടെ ജനനവും മരണവുമൊക്കെ പൊതുഅവധി ദിവസങ്ങളാക്കുന്ന അതിനീച പരിപാടി തുടരുകയും നേതാക്കന്മാരുടെ എണ്ണം വര്ദ്ധിച്ചുകൊണ്ടുമിരുന്നാല്, നാളെ വര്ഷത്തിലെ 365 ദിവസങ്ങളും പൊതു അവധി ദിവസങ്ങളാക്കിയാലും തികയാത്ത അവസ്ഥ ഉണ്ടാകുന്നതാണ്! ശാസ്ത്രപരമല്ലാത്ത മേല്പ്പടി സമ്പ്രദായങ്ങള്ക്കെതിരെ ജനങ്ങളില് ഒരു ഭാഗം നാളെ ശാസ്ത്രപരമല്ലാതെ പ്രതികരിച്ചാല് അത് പുതിയൊരു ഭീകരപ്രവര്ത്തനമായി മാറുന്നതാണ്. കമ്മ്യൂണിസം ദൈവീകമല്ല അഥവാ ശാസ്ത്രീയമല്ല എങ്കിലും കമ്മ്യൂണിസം അനുസരിച്ച് രക്തവിപ്ലവം ശരിയായതിനാല് കമ്മ്യൂണിസം എന്ന കള്ളപ്പേരില് പ്രവര്ത്തിക്കുന്ന രാഷ്ട്രീയ-ഇസങ്ങളുടെ പ്രവര്ത്തനരീതികളില് സംതൃപ്തരല്ലാഞ്ഞവര് കേരളത്തില് തന്നെ തലവെട്ടു രാഷ്ട്രീയം നടത്തിയതും വ്യക്തിജീവിതം

തകരാറിലാക്കിയതും ഉദാഹരണമാണ്. ഇന്നും ഭൂമിയിലെങ്ങും ഭീകരവാദികളായ ഭരണാധികാരികളെ എതിര്ക്കുവാന് രാഷ്ട്രീയ ഭീകരവാദികള് പ്രവര്ത്തിക്കുന്നതും ഭരണകൂടങ്ങള് ധര്മ്മശാസ്ത്രപരങ്ങളല്ലാത്തതുകൊണ്ടാണ്.
മേല് ഖണ്ഡികയിലെ ഉള്ളടക്കത്തിന് ഒരു ഉദാഹരണം കൂടി പറയാം. ഇന്നലെകളില് ധര്മ്മശാസ്ത്രപരമല്ലാത്ത നികുതികള്ക്കെതിരെ എം.കെ.ഗാന്ധിയെ പ്പോലെയുള്ളവര് നിസ്സഹകരണ പ്രസ്ഥാനത്തിലൂടെയും നിയമലംഘനങ്ങളിലൂടെയും പ്രതികരിച്ചതിന് ഉപ്പുസത്യാഗ്രഹം പോലെയുള്ള ചരിത്രസംഭവങ്ങള് മുന്നിലുണ്ടായിട്ടും, ഇന്ത്യയില്തന്നെ വീണ്ടും ഉപ്പുനികുതികള് ഏര്പ്പെടുത്തുവാന് ഇന്ത്യയിലെ ജനങ്ങളുടെ (?) ഭരണകൂടം തയ്യാറായതിലെ ആഭാസങ്ങളും അധമത്തങ്ങളും വളരെ വലുതാണ്. ധര്മ്മശാസ്ത്രവിരുദ്ധമായ നികുതികള് സ്വദേശ ഭരണകൂടത്തിന് ഏര്പ്പെടുത്താമെന്നും വിദേശ ഭരണകൂടം അങ്ങനെ ചെയ്തുകൂടെന്നും എം.കെ.ഗാന്ധി വാദിക്കുമെന്ന് കരുതുന്ന (എം.കെ.ഗാന്ധിയുടെ ചരിത്രമറിയാവുന്ന) യാതൊരു ജനങ്ങളും ഭൂമിയിലെ യാതൊരു രാജ്യത്തും ഉണ്ടാവില്ല. എം.കെ.ഗാന്ധി ഇന്തന്യായിരുന്നില്ല, അടിസ്ഥാനപരമായി ഭൂമ്യനായിരുന്നു, ഭൂമി മുഴുവന് അദ്ദേഹത്തിന്റെ ജന്മനാടായിരുന്നു. ധര്മ്മശാസ്ത്രപരമല്ലാത്ത ഭരണവ്യവസ്ഥിതികളെയാണ് അദ്ദേഹം എതിര്ത്തത്, വിദേശീയരെയല്ല. ഇന്നും എന്നും ധര്മ്മശാസ്ത്രപരമായി അഥവാ നല്ലരീതിയില് ഭരണം നടത്തുന്നവരെ, അവര് നാട്ടുകാരായാലും മറുനാട്ടുകാരായാലും (വിദേശികളായാലും) ജനങ്ങള് ആദരിക്കുകയും ജയ് വിളിക്കുകയും ചെയ്യും, കാരണം നല്ല ഭരണം നടത്തുന്നവര് നല്ലവരാണ്, നല്ലവര് എപ്പോഴും ദേശസീമകള്ക്കതീതരാണ്. ഒരു ഭൂമിയില് ജീവിക്കുന്ന ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ മനുഷ്യരും എന്ന തിരിച്ചറിവ് മനുഷ്യനുണ്ടാകണം.
ഇന്ത്യയിലെയും ഏതൊരു രാജ്യത്തിലെയും ഏതൊരു സംസ്ഥാനത്തിലെയും ഭരണകൂടത്തിന്റെ അതിനീച നിയമങ്ങള്ക്കെതിരെ പോരാടേണ്ടതും തിരുത്തേണ്ടതും എങ്ങനെയാണെന്ന് അതാതു രാജ്യങ്ങളിലെ ഭരണകൂടം ജനങ്ങള്ക്ക് പറഞ്ഞു കൊടുക്കേണ്ടേ, കോടതികള് ജനങ്ങള്ക്ക് പറഞ്ഞുകൊടുക്കേണ്ടേ ? മുമ്പ് വ്യക്തമാക്കിയ പാര്ലമെന്ററി ജനാധിപത്യം എന്ന ഏറ്റവും അധമമായ സമ്പ്രദായ പ്രകാരമാണോ വ്യക്തികള് ഭരണകൂടത്തിന്റെ അധര്മ്മങ്ങളെ എതിര്ക്കേണ്ടത് ? പൊറുതിമുട്ടുമ്പോള് ജനങ്ങളില് ഒരു വിഭാഗം ആയുധം കൈയ്യിലെടുക്കുന്നു ..... അതെങ്ങനെ ഭീകരവാദമാകും ? അവരെ ഭീകരവാദികളാക്കുന്ന മതനേതൃത്വങ്ങള് ഉള്

പ്പെടെയുള്ള ബഹുവിധ രാഷ്ട്രഭരണാധികാരികളാണ് യഥാര്ത്ഥ (കൊടും) ഭീകരവാദികള്. ഭീകരര്ക്കെതിരെ കൊടും ഭീകരര് കൈക്കൊള്ളുന്ന നിയമങ്ങളെയും അടിച്ചമര്ത്തലുകളെയും ധര്മ്മശാസ്ത്രം തുണയ്ക്കില്ല. ധര്മ്മശാസ്ത്രം അഥവാ ദൈവം ഇരുകൂട്ടരെയും തുണയ്ക്കില്ല എന്നര്ത്ഥം ; ധര്മ്മശാസ്ത്രം പ്രകാരമുള്ള തിരുത്തലുകളും നടപടികളും സ്വീകരിക്കും. തിരക്കുള്ള ജനക്കൂട്ടങ്ങളിലും മറ്റും ബോംബുകള് ഉള്പ്പെടെയുള്ള നാശവിത്തുകള് ഒളിപ്പിക്കാന് ഭീകരവാദികള് തയ്യാറാവുമ്പോള്, അവയെല്ലാം സ്ഥിരമായി കണ്ടുപിടിച്ചും നശിപ്പിച്ചുകൊണ്ടുമിരിക്കുക എന്നുള്ളത് അതികഠിനമാണ്. സാദ്ധ്യമല്ല എന്നു പറയുന്നതാവും കൂടുതല് ശരി. ഭീകരവാദികളെ പ്രീണിപ്പിക്കുകയോ ശരിവയ്ക്കുകയോ ആണെന്നു ധരിച്ചുപോവരുത്, ദുര്വ്യാഖ്യാനങ്ങളും അരുത്. മുമ്പ് വ്യക്തമാക്കിയതുപോലെ മഹാശാസ്ത്രപ്രകാരം ഭൂമിയിലെ ജീവിതം ക്രമപ്പെടുത്തുമ്പോള് മാത്രമേ പ്രശ്നങ്ങള് പരിഹരിക്കപ്പെടുകയുള്ളൂ. (മഹാശാസ്ത്രപ്രകാരം ഭൂമിയിലെ ജീവിതം ക്രമപ്പെടുത്തുവാനും മനുഷ്യര് ആയാസപ്പെടേണ്ട, വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുന്നതാണ്. മഹാശക്തിയായ ദൈവം ഭൂമിയില് എഴുന്നെള്ളിക്കഴിഞ്ഞു, ഗ്രന്ഥത്തിലെ മൂന്നാം ഭാഗത്തില് വിവരിച്ചിട്ടുണ്ട്. മാത്രമല്ല, ഇപ്പോഴത്തേത് മഹാസൃഷ്ടിചക്രമാണ്. മനുഷ്യര്ക്ക് ഏറ്റവുമധികം ആനന്ദിക്കാനുള്ള അവസരങ്ങള് മഹാശക്തി മനുഷ്യരൂപത്തില് എഴുന്നെള്ളിയിട്ടുള്ള ഏക സൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രത്തില് ലഭിക്കുന്നതാണ്. സൃഷ്ടിചക്രം, കാലചക്രം തുടങ്ങിയ കാലഗണനകളെപ്പറ്റി ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തില് വിസ്തരിച്ചിട്ടുണ്ട്.

// ദൈവം വിചാരിച്ചാലും ഈ നാട് നന്നാക്കാനാവില്ല എന്ന് പൂച്ചാണ്ടിക്കോടതികളിലെ പല ന്യായാധിപന്മാര് ഉള്പ്പെടെ അനേകര് കരുതുന്നതിനുള്ള ഒരു ഉത്തരം കൂടി നല്കാം. ദൈവമഹത്വം അറിയാതെ വിസ്സ്ലിത്തങ്ങള് പുലമ്പരുത്. മഹാപ്രപഞ്ചം മുഴുവന് അണുസഞ്ചയമാണ്, ആറ്റങ്ങളെക്കൊണ്ട്, ആറ്റങ്ങള് ചേര്ന്ന കണികകള് കൊണ്ട് നിര്മ്മിച്ചിരിക്കയാണ്. സര്വ്വം പരബ്രഹ്മം. (സര്വ്വം ബ്രഹ്മം എന്നു പറയാന് പാടില്ല). ഓരോ ആറ്റത്തിനുള്ളിലും മഹാമാതാവും മഹാപിതാവുമായ ദൈവമുണ്ട് ; ദൈവം നിശ്ചയിക്കുമ്പോള് പിതാവായ പരമശിവനും ഓരോ ആറ്റത്തിലും പ്രവര്ത്തിക്കുന്നതുമാണ്. പ്രോട്ടോണുകളെ ഇലക്ട്രോണുകള് ചുറ്റിക്കൊണ്ടിരിക്കുന്നു, അങ്ങനെ ചുറ്റുമ്പോള് ഒരു ശബ്ദം ഉണ്ടാകുമെന്ന് ഭൗതികതന്ത്രത്തിലൂടെ ദൈവം പഠിപ്പിക്കുന്നുണ്ട് ;

ആറ്റത്തിനുള്ളിലെ ആ വളരെച്ചെറിയ ശബ്ദത്തിന് അര്ത്ഥങ്ങള് ക്കുപരിയായ മഹാ-പദ്ധതികളുണ്ട്. മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്തുകൊണ്ട് മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും പ്രസ്തുത ചെറിയ-മഹാശബ്ദത്തില് ഒതുക്കുകയും മഹാപ്രപഞ്ചത്തിന്റെ മഹാഭദ്രതയെയും മഹാപൂര്ത്തീകരണത്തെയം മഹാമംഗളമാക്കുന്ന മഹാശക്തിയുടെ ചെറു-മഹാചിരിയാണത്. മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളിലെയും എല്ലാ വസ്തുക്കളിലെയും എല്ലാ ആറ്റങ്ങളിലുമുള്ള മഹാശക്തിയുടെ മഹാചിരി എല്ലാ സൃഷ്ടിചക്രത്തിലും കുറേക്കാലം നിര്ത്താതെ മുഴങ്ങുന്നതാണ്. അവശനും, ബധിരനും, ഗര്ഭസ്ഥശിശുവുമൊക്കെ തങ്ങളുടെ ശരീരത്തില് നിന്നും വസ്തുക്കളില് നിന്നുമൊക്കെ മഹാചിരി മുഴങ്ങുന്നതു കേള്ക്കുന്നതാണ്, പകയ്ക്കുന്നതാണ്, ആനന്ദിക്കുന്നതാണ്, പശ്ചാത്തപിച്ചു തുടങ്ങുന്നതാണ്. ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ഓം എന്ന അദ്ധ്യായത്തില് ഓം എന്ന മഹാശക്തിയുടെ മഹാചിരിയെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. തുടര്ച്ചയായി 3 വര്ഷക്കാലം ശാസ്ത്രീയമായി ഓം എന്ന മഹാചിരി മുഴങ്ങിക്കൊണ്ടിരിക്കുന്നതിനെപ്പറ്റി അല്പസമയം ചിന്തിക്കുക ; പരമശിവനിലൂടെ വെളിപ്പെടുത്തിയിട്ടുള്ള മഹാനീതിശാസ്ത്രം ഉള്പ്പെടെയുള്ള മഹാശാസ്ത്രം പാപികളെയെല്ലാം ഞെട്ടി വിറപ്പിക്കുന്നതാണ് ; വിരണ്ട് ആത്മഹത്യ ചെയ്യാന് കഴിയുന്നവര്ക്ക് പിഞ്ജന്മങ്ങളില് പ്രത്യേക ശിക്ഷ വേറെ ; കടുത്ത ശിക്ഷകളും മഹാസ്നേഹത്തിന്റെ ഭാഗമാണെന്നും ശിക്ഷകള്ക്കു ശേഷം ഏറ്റവും വലിയ പാപിയും ശുദ്ധനായി ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞായി മാറുമെന്നും പരമാനന്ദങ്ങള് ലഭ്യമാകുന്ന ആത്മീയസാക്ഷാത്ക്കാരം നേടുമെന്നും അറിയുമ്പോള് ; ദൈവത്തിന്റെ കുഞ്ഞുങ്ങളെ മഹാചിരിയിലൂടെ മാത്രം മഹാപ്രപഞ്ചകാര്യങ്ങള് മഹാമംഗളപ്പെടുത്തുവാന് മഹാശക്തിക്കു സാധിക്കുന്നതാണ് ; ഭൂമിയിലെങ്ങും വൈകാതെ ഓം എന്ന മഹാശബ്ദം ധ്വനിക്കുമെന്ന വെളിപാട് ലഭിച്ചുവെങ്കിലും എപ്പോള് എന്നതിനെപ്പറ്റിയും എത്രകാലമാണെന്നതിനെപ്പറ്റിയും ദൈവം വെളിപ്പെടുത്താന് സമയമായിട്ടില്ല എന്നറിയുന്നു.

മഹാശക്തിയുടെ മഹാചിരിയെപ്പറ്റി പറയുമ്പോള് ഭൂമിയിലെ രാഷ്ട്രീയക്കാരെയും മതനേതൃത്വങ്ങളെയും പരസ്യക്കാരെയുമൊക്കെ പ്രത്യേകം അറിയിക്കാനുള്ള ഒരു വസ്തുതയുണ്ട്. പതിനായിരം വര്ഷങ്ങളടങ്ങിയ ഒരു സൃഷ്ടിചക്രത്തില് മഹാശക്തിയായ ദൈവം സൃഷ്ടികളായ ജീവികള് കേള്ക്കെ ചിരിക്കുന്നത് ഏതാനും മാസങ്ങള്

മാത്രമാണ്. ബാക്കി സമയമത്രയും ഓരോ വസ്തുക്കളിലും ജീവികളിലും നിറഞ്ഞുള്ള ആറ്റങ്ങള്ക്കുള്ളില് യാതൊരു ജീവികളെയും ശല്ല്യപ്പെടുത്താതെ ചിരിച്ചുകൊണ്ടിരിക്കുന്നു. പശുക്കളോ ആടുകളോ പൂച്ചകളോ പട്ടികളോ പോലെയുള്ള മറ്റുള്ള ജീവികള് കുറെ സമയം ശബ്ദമുണ്ടാക്കിയാല് മനുഷ്യന് അസ്വസ്ഥതയുണ്ടാകുന്നതാണ്. മൈക്കുകളിലൂടെയും മറ്റും രാഷ്ട്രീയക്കാരും മതക്കാരും പരസ്യക്കാരുമൊക്കെ ശബ്ദകോലാഹലം ഉണ്ടാക്കുന്നത് മറ്റുള്ള ജീവികളെ മാത്രമല്ല, മനുഷ്യജീവികള്ക്ക് സ്രഷ്ടാവായ ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ്. കുടുംബത്തിലെ ഒരംഗത്തിന് മറ്റംഗങ്ങളെ ശബ്ദംകൊണ്ട് ശല്ല്യംചെയ്യാന് അവകാശമില്ല എന്നിരിക്കെ ദേവാലയങ്ങളും മറ്റ് സംവിധാനങ്ങളും അവയുടെ ഭൂമിപരിധിയ്ക്ക് പുറത്തു കേള്ക്കാതെ ആഘോഷവേളകളില് ഉള്പ്പെടെ ശബ്ദം നിയന്ത്രിക്കേണ്ടതുണ്ട് ; ആറ്റത്തിലൊതുങ്ങുന്ന മഹാചിരി അതിന് മാര്ഗ്ഗദര്ശകമാണ്. ശാസ്ത്രത്തെ അഥവാ ദൈവത്തെ ധിക്കരിക്കുന്നവര്ക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരം ശിക്ഷകളുണ്ട്, കുഞ്ഞുങ്ങളെ. //)

തീവ്രവാദികളായും ഭീകരവാദികളായും കണക്കാക്കപ്പെടുന്നവരുടെ ജീവത്യാഗത്തെപ്പറ്റി ഏതാനും വാചകങ്ങള് പറയേണ്ടതുണ്ട്. ഭരണഘടനാപരമായും രാഷ്ട്രീയപരമായും മതപരമായും ഒക്കെ ദേശത്തിന്റെ ഭരണാധികാരികളായിരിക്കുന്നവര് മുഖ്യമായും അവര്ക്കുവേണ്ടി ജീവിക്കുമ്പോള്, ദുസ്വാര്ത്ഥങ്ങള്ക്കായി ബഹുവിധ അന്യായങ്ങള് ചെയ്യുമ്പോള്, അനേകം ഭീകരവാദികള് തങ്ങളുടെ വിശ്വാസപ്രമാണങ്ങള്ക്കുവേണ്ടി ചാവേറുകളായി മാറുകയാണ്, ജീവത്യാഗം ചെയ്യുകയാണ് അഥവാ അതിനു തയ്യാറാണ്. ദൈവം അനുഗ്രഹിച്ചു നല്കിയ ശരീരത്തെ സദുപയോഗം ചെയ്യുന്നതിനു പകരം ദുരുപയോഗം ചെയ്യുന്നതും, സമൂഹത്തിലെ അനേകര്ക്ക് ദോഷം വരുത്തുന്നതും കടുത്ത പാപമാണെങ്കിലും, ജീവത്യാഗത്തിനു തയ്യാറാവുന്നത് ചെറിയ കാര്യമല്ല. ഭീകരപ്രവര്ത്തനം നടത്തുന്നവരും ദൈവത്തിന്റെ കുഞ്ഞുങ്ങള് തന്നെയാണ്, എന്നാല് അവര് ദൈവത്തിനു പ്രിയപ്പെട്ടവരാകണമെങ്കില് ദൈവം അവര്ക്കും ചുറ്റുമുള്ളവര്ക്കും നല്കിയ ശരീരത്തെയും സമ്പത്തിനെയും എന്തിനെയും സംരക്ഷിക്കുന്നവരാകണം. നശിപ്പിക്കുന്നവര് പിശാചുക്കളുടെ വഴിയാണ് സ്വീകരിക്കുന്നത്. പിശാചിലെ ന്യൂനശക്തി എന്താണെന്നും, എങ്ങനെയാണ് പ്രവര്ത്തിക്കുന്നതെന്നും, ഭീകരവാദികളുടെ ഉത്ഭവകാര്യങ്ങളിലെ ദൈവീകനീതിയും, ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും

എന്ന അദ്ധ്യായത്തിലും മഹാനീതിശാസ്ത്രപാഠങ്ങളിലും ശാസ്ത്രപരമായി വിവരിക്കുന്നുണ്ട്.
ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാരും മതനേതാക്കന്മാരുമൊക്കെ ജീവത്യാഗത്തിനു തയ്യാറാണെന്ന് വേഷംകെട്ടുമെന്നല്ലാതെ ശരിക്കും തയ്യാറാകുന്നവര് വിരലിലെണ്ണാന് മാത്രമാണ് ഉണ്ടാവുക. തങ്ങള്ക്കു വേണ്ടി ചാകാനും മറ്റുള്ളവരെ കൊല്ലാനുമായി ജനങ്ങളുടെ സമ്പത്ത് ഉപയോഗിച്ച് പട്ടാളക്കാരെയും പോലീസിനെയുമൊക്കെ ഭരണാധികാരികള് തയ്യാറാക്കുന്നതു പോലെ, രാഷ്ട്രീയ നേതാക്കന്മാരും മതനേതാക്കന്മാരുമൊക്കെ തങ്ങള്ക്കു വേണ്ടി ചാകാനും മറ്റുള്ളവരെ കൊല്ലാനുമായി ജനങ്ങളുടെ സമ്പത്ത് ഉപയോഗിച്ച് അനുയായികളെ തയ്യാറാക്കിയിരിക്കുകയാണ്. പട്ടാളവും പോലീസും രാഷ്ട്രീയ-മത അനുയായികളും മണ്ടന്മാരായിക്കൊണ്ട് പാപം സമ്പാദിച്ചുകൊണ്ടുമിരിക്കുന്നു.
ഭരണകൂടത്തിന്റെ ഉത്തരവാദിത്തം ജനങ്ങളുടെ പൊതുവായ കാര്യങ്ങള് മാത്രം നിവര്ത്തിക്കുക എന്നുള്ളതാണെന്നു ചുരുക്കി പറയുമ്പോള്, മതപരങ്ങള് ഉള്പ്പെടെയുള്ള സമൂഹകാര്യങ്ങളെ ശാസ്ത്രപരമായി പരിശോധിക്കേണ്ടതും, ശാസ്ത്രീയമല്ലാത്തവയെ തിരുത്തേണ്ടതും ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. ജനങ്ങളുടെ പൊതുവായ കാര്യങ്ങള് എന്തെല്ലാമാണെന്നു പോലും തിരിച്ചറിയാന് കഴിവില്ലാതെ, മദ്യം പോലുള്ളവയെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളാണെന്നു കണക്കാക്കി മദ്യനിര്മ്മാണവും മദ്യക്കച്ചവടവും നടത്തുന്നവരായിട്ടുണ്ട് ഇന്നത്തെ ഭരണാധികാരികള്. ഒരു ഭൂമിയിലെ ജീവികളില് മനുഷ്യന് എന്ന ജീവിക്കുമാത്രം അനേകം മത-ദൈവങ്ങളും, വ്യത്യസ്ത മതാനുഷ്ഠാനങ്ങളും, വ്യത്യസ്ത ആരാധനാ സമ്പ്രദായങ്ങളും നിലനില്ക്കുന്നതിലെ ശാസ്ത്രീയത പരിശോധിക്കാന് എത്ര ഭരണകൂടങ്ങള് തയ്യാറായിട്ടുണ്ട് ? മതേതരത്വം പറയുന്ന എത്ര ഭരണാധികാരികള് സ്വയം മതത്തിന് അതീതമായി പ്രവര്ത്തിച്ചിട്ടുണ്ട് അഥവാ ഭരണകാലത്തെങ്കിലും മതം ഉപേക്ഷിച്ചു പ്രവര്ത്തിച്ചിട്ടുണ്ട് ? മതനേതൃത്വങ്ങളെ പ്രീണിപ്പിക്കുന്നതും മതസൗഹാര്ദ്ദം എന്ന കള്ളത്തരത്തിന് കൂട്ടുനില്ക്കുകയും ചെയ്യുന്നവരെ ഭരണാധികാരികളെന്നല്ല വിളിക്കേണ്ടത് ; എന്നാല് ഏറ്റവും അധ:പതിച്ചിട്ടുള്ള ഭരണാധികാരികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാകയാല് പേരുമാറ്റി വിളിക്കുന്നില്ല. ഒരു വഴിക്ക് മതപ്രീണനം നടത്തി ഭരണം നേടാനും ഉറപ്പിക്കാനും പരിശ്രമിക്കുകയും മറുവഴിക്ക് നിരീശ്വരവാദവും മഹാശാസ്ത്രത്തിന്റെ ഒരു ശാഖയായ യുക്തിശാസ്ത്രവും കൂട്ടിക്കലര്ത്തി ജനങ്ങളെ ബോധവല്ക്കരിക്കാന്

പരിശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയപാര്ട്ടികള് ലക്ഷ്യം കാണാത്തത് മാര്ഗ്ഗം ശരിയല്ലാത്തതുകൊണ്ടാണ്. ശരിയായ മാര്ഗ്ഗത്തിലൂടെ മാത്രം ലക്ഷ്യം നേടണം എന്നത് ദൈവവചനമാണ്, ശാസ്ത്രമാണ്. ഗാന്ധിക്ക് പ്രസ്തുത വെളിപാട് മഹാശക്തിയായ ദൈവം നല്കി.
സദാചാരശാസ്ത്രത്തെപ്പറ്റിയും ദൈവനിന്ദയെപ്പറ്റിയും ദൈവീകമായ തൊഴില് വിഭജനങ്ങളെപ്പറ്റിയും ചുവടെയുള്ള അദ്ധ്യായങ്ങളില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുള്ള കാര്യങ്ങള് ഭരണകൂടത്തിന്റെ ഭൂരിപക്ഷം നിയമങ്ങളും പ്രവര്ത്തനങ്ങളും ഭീകരങ്ങളാണെന്നു ബോദ്ധ്യപ്പെടുത്തുന്നതാണ്. മഹാശാസ്ത്രം അഥവാ ദൈവം അനുവദിച്ച വ്യക്തിസ്വാതന്ത്ര്യം വ്യക്തികള്ക്ക് ലഭ്യമാവുന്നതോടെ ജീവിതം ആനന്ദകരമാകുന്നതാണെന്ന് ആവര്ത്തിക്കുന്നു.
സമൂഹത്തിലെ ഭീകരമായ നിയമങ്ങളും ഭീകരപ്രവര്ത്തനങ്ങളുമെല്ലാം പിന്വലിക്കപ്പെടുന്നതാണ്. തെരഞ്ഞെടുപ്പുകളും, കോടതികളും വാഗ്വാദങ്ങളും, ലോട്ടറികളും, മറ്റനേകം ഭരണകാര്യാലയങ്ങളും, ബാങ്കുകളും, ഇന്ഷ്വറന്സുകളും, സ്റ്റോക് എക്സ്ചേഞ്ചുകളും, അധാര്മ്മികമായ വിനോദങ്ങളും, ഒക്കെ പിന്വലിക്കപ്പെടുന്നതാണ്.
അവയെല്ലാം ശാസ്ത്രപരമാക്കുവാന് ഭരണകൂടത്തിന് കഴിയാഞ്ഞത് ഭരണകൂടത്തിന്റെ പരാജയമാണ്.
ഭരണാധികാരികള് തോന്നിയതുപോലെ അഥവാ ശാസ്ത്രപരമായല്ലാതെ നിയമങ്ങള് ഉണ്ടാക്കിക്കൊണ്ട് വ്യക്തികളുടെ സ്വാതന്ത്ര്യം കവര്ന്നെടുക്കുമ്പോള്, ശാസ്ത്രപരമായ മാര്ഗ്ഗങ്ങള് മുന്നിലില്ലാത്തതിനാല് ജനങ്ങളിലെ ഒരു കൂട്ടരോ, അനേകം വിഭാഗങ്ങളോ, അവര്ക്ക് തോന്നിയതുപോലെയുള്ള മാര്ഗ്ഗങ്ങളിലൂടെ ഭരണാധികാരികളെയും അവര്ക്ക് തോന്നിയവരെയും എതിര്ക്കുന്നു.
പോലീസും മറ്റു സേനാവിഭാഗങ്ങളും കാര്യക്ഷമമാകാഞ്ഞതാണ് ഭീകരവാദത്തിനു കാരണമെന്ന് നിശ്ചയിക്കുന്നതും, ജനങ്ങളില് ഒരു വിഭാഗമായ പോലീസ് സേനയെ പൈശാചിക അധികാരങ്ങള് നല്കി പിശാചുക്കളുടെ പണി ചെയ്യിക്കുന്നതും, ഭീകരവാദികളെ അങ്ങനെയെല്ലാം അടിച്ചമര്ത്താമെന്നു കരുതുന്നതും വിഡ്ഢിക്കസര്ത്താണ്, ദൈവീകമില്ലായ്മയാണ്.
മതപരമായ ഭരണകൂടങ്ങള് ഭൂമിയിലെ അനേകരാജ്യങ്ങളിലുണ്ട്. അവിടെയും ഭീകരവാദം വര്ദ്ധിച്ചുകൊണ്ടും വ്യാപിച്ചുകൊണ്ടുമിരിക്കുമ്പോള്, ഭീകരവാദികളെന്നു കരുതുന്നവരെ അടിച്ചമര്ത്തുന്ന നിലപാടാണ് മതനേതൃത്വങ്ങളും കൈക്കൊള്ളുന്നത്. മുമ്പറഞ്ഞതുപോലെ ഭീകരവാദികളെ സൃഷ്ടിച്ചിട്ടുള്ളത് തങ്ങളുടെ കൊടുംഭീകരത്വമാണെന്നത് അവരും തിരിച്ചറിയുന്നില്ല,

തിരിച്ചറിയുന്നവര് തെറ്റുതിരുത്താന് തയ്യാറുമല്ല.
നാട്ടുവാസിയാകാന് യോഗ്യതയില്ലാത്തവര് നാട്ടില് ജീവിക്കുക, അവരിലൊരു കൂട്ടര് ധര്മ്മശാസ്ത്രപ്രകാരമല്ലാതെ നാട്ടുകാരെ ഭരിക്കുക, ധര്മ്മശാസ്ത്രം എന്തെന്നുപോലും അറിയാതിരിക്കുക, ധര്മ്മശാസ്ത്രവികസനത്തിന് ഉതകുന്ന വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടാവാതിരിക്കുക, തുടങ്ങിയവയെല്ലാം ശാസ്ത്രീയമായി തിരുത്തപ്പെടണമെങ്കില് ജനങ്ങള്ക്ക് നഷ്ടമായിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം അവര്ക്ക് ലഭിക്കുകതന്നെ വേണം. തങ്ങളെ ഭരിക്കുവാന് ഒരു കൂടത്തെ നിശ്ചയിക്കുന്ന വ്യക്തികള്ക്ക് കൂടത്തെ ധര്മ്മശാസ്ത്രപരമായി നിയന്ത്രിക്കാന് കഴിയുന്നതെങ്ങനെയെന്ന് 4-ാം ഭാഗത്തിലുണ്ട്. അടിസ്ഥാനപരമായി രോഗത്തിന് ചികിത്സിക്കാതെ ഏതാനും രോഗലക്ഷണങ്ങള്ക്ക് ചികിത്സിക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.
ദൈവം വ്യക്തികള്ക്ക് അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ അഥവാ ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന പ്രവര്ത്തനങ്ങളെല്ലാം ഭീകരവാദം അഥവാ ഭീകരപ്രവര്ത്തനമാണ്. ധര്മ്മശാസ്ത്രപരമായി ജീവിക്കുവാന് വ്യക്തികള്ക്ക് അവരുടെ സ്രഷ്ടാവായ ദൈവം നല്കിയിട്ടുള്ള സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുവാന്, മതപരമായോ രാഷ്ട്രീയപരമായോ ഒക്കെയുള്ള എന്തെങ്കിലുമൊക്കെ വിശ്വാസങ്ങള് വച്ചു പുലര്ത്തുന്ന ഒരു വ്യക്തിക്കോ അനേകം വ്യക്തികള് ചേര്ന്ന സംഘടനകള്ക്കോ ഭരണകൂടത്തിനോ അവകാശമില്ല, അവര് അങ്ങനെ ചെയ്താല് അത് ഭീകരപ്രവര്ത്തനമാണ്.
കാലഘട്ടത്തിന്റെ ആവശ്യത്തിനും, ഭൗതികശാസ്ത്രവളര്ച്ചയ്ക്കും, ജനപ്പെരുപ്പത്തിനും അനുക്രമമായ സദാചാരശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണതന്ത്രം, നീതിന്യായശാസ്ത്രം, തുടങ്ങിയ എല്ലാ ശാസ്ത്രങ്ങളും ആവിഷ്ക്കരിച്ചുകൊണ്ടാണ് ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചിട്ടുള്ളതെന്നും മഹാനീതി നടത്തുന്നതെന്നും, അങ്ങനെയല്ലാതെ നീതി നടത്താനാവില്ലെന്നും, ദൈവീക നീതിയും, മാനുഷിക നീതിയും ഒന്നായാല് മാത്രമേ സമൂഹജീവിതം സുഗമമാവുകയുള്ളൂ എന്നും മനുഷ്യര് തിരിച്ചറിയണം.
വിഷയങ്ങളിലെയും വസ്തുതകളിലെയും ദൈവീക നീതി എന്തെന്ന് അന്വേഷിക്കുവാന് മനുഷ്യര്ക്ക് ബാദ്ധ്യതയുണ്ട്. അങ്ങനെയിരിക്കെ രാഷ്ട്രീയ ഇസങ്ങളും നിയമസഭകളുമൊക്കെ തട്ടിക്കൂട്ടുകയും തോന്നുമ്പോലെ സാമൂഹ്യനിയമങ്ങള് പടയ്ക്കുകയും, രാഷ്ട്രീയ നേതൃത്വങ്ങളും തൊഴിലാളി യൂണിയനുകളും മത-നേതൃത്വങ്ങളും

ഭരണാധികാരികളും നീതിന്യായക്കോടതികള് എന്ന പേരിലുള്ള അശാസ്ത്രീയ സംവിധാനവും മറ്റ് സാമൂഹ്യവിരുദ്ധരുമൊക്കെച്ചേര്ന്ന് വ്യക്തികള്ക്ക് ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യങ്ങള് നശിപ്പിക്കുകയും കവര്ന്നെടുക്കുകയും ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്, ഭീകരപ്രവര്ത്തനമാണ്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഭൗതികശാസ്ത്രത്തോടൊപ്പം ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടി ദൈവം ഉള്പ്പെടുത്തിയിട്ടുണ്ടെന്നത് മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തില് വിസ്തരിക്കുന്നുണ്ട്. ദൈവം സ്ഥാപിച്ചിട്ടുള്ളതായ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കണ്ടെത്തുകയും വ്യക്തിജീവിതത്തിലും സമൂഹഭരണത്തിലും പാലിക്കുകയേ മനുഷ്യര് വേണ്ടൂ. ബുദ്ധനെപ്പോലെയും എം.കെ.ഗാന്ധിയെപ്പോലെയും (ഗാന്ധിജി) ധാര്മ്മികശുദ്ധിയുള്ളവര് ചെയ്യേണ്ടുന്ന പ്രസ്തുത കര്മ്മം അശാസ്ത്രീയവും അധമങ്ങളുമായ രാഷ്ട്രീയ-ഇസങ്ങള് പ്രകാരവും മത്സരതെരഞ്ഞെടുപ്പുകള് പ്രകാരവും പ്രതിനിധികളായവര്ക്ക് സാധിക്കുന്നതല്ല. രാജാവും ഭരണാധികാരികളും ദൈവം നിശ്ചയിച്ചിട്ടുള്ള ധര്മ്മശാസ്ത്രങ്ങള് പ്രകാരം സമൂഹത്തില് നീതി നടത്തുന്നവരാണ്, നടത്തേണ്ടവരാണ്. ഇന്നത്തെ കോടതികളും മറ്റനേകം സ്ഥാപനങ്ങളും അശാസ്ത്രീയങ്ങളാണ്, അധമങ്ങളാണ് എന്നര്ത്ഥം.

ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് ധര്മ്മശാസ്ത്രത്തിലും നീതിശാസ്ത്രത്തിലും ഭരണാധികാരികള്ക്ക് കാലാകാലങ്ങളായി സംഭവിച്ച അനവധി പിഴവുകള് വിസ്തരിച്ചിട്ടുണ്ട്. ആയവ ഭരണാധികാരികളും രാഷ്ട്രീയനേതൃത്വങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളുമൊക്കെ മനസ്സിലാക്കേണ്ടതായിരുന്നു.

വാക്കുകളുടെ അര്ത്ഥം പോലും തെറ്റിച്ച് ഭീകരവാദം നടത്തുന്നവരായിട്ടുണ്ട് ഇന്നത്തെ ഭരണാധികാരികള്. 3 ഉദാഹരണങ്ങള് പറയാം :- (1) ദേശത്ത് ജനങ്ങളോ മറ്റു ജീവികളോ ഉണ്ടെങ്കിലും ഇല്ലെങ്കിലും ദേശം എപ്പോഴും സ്വതന്ത്രമാണ്. (ദേശം അഥവാ ഭൂമി ദൈവത്തിന്റെ ഖര രൂപവുമാണ്.). ദേശങ്ങള് വ്യക്തികളല്ല, ജീവികളല്ല. ഇന്ത്യ ഉള്പ്പെടെയുള്ള എല്ലാ രാജ്യങ്ങളും എല്ലാക്കാലത്തും സ്വതന്ത്രമായിരുന്നു. വിവിധ രാജ്യങ്ങള് സ്വാതന്ത്ര്യം നേടിയെന്നും, സ്വതന്ത്രരാജ്യങ്ങളാണെന്നും പറയുന്നത് രാജ്യത്തിലെ ജനങ്ങളുടെ സ്വാതന്ത്ര്യം ഉദ്ദേശിച്ചാവുമ്പോള്, ജനങ്ങള്ക്ക് സ്രഷ്ടാവായ ദൈവം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ലഭിക്കുന്നുണ്ടോ എന്നാണ്

ശ്രദ്ധിക്കേണ്ടത്. ഇന്ത്യയിലെ ജനങ്ങള് ഉള്പ്പെടെ ഭൂമിയിലെ യാതൊരു ജനങ്ങള്ക്കും വ്യക്തിസ്വാതന്ത്ര്യമില്ല എന്നിരിക്കെ സ്വാതന്ത്ര്യദിനാഘോഷങ്ങളും മറ്റും നടത്തുന്നത് തെറ്റാണ്, അധമമമാണ്. അത് തിരിച്ചറിയുവാന് എം.കെ. ഗാന്ധിയെ ദൈവം അനുഗ്രഹിച്ചിരുന്നു, വിദേശികള് ഭരണം ഉപേക്ഷിച്ച് ഇന്ത്യ വിട്ടപ്പോള് ഇന്ത്യയിലെ വളരെയധികം ജനങ്ങള് സ്വാതന്ത്ര്യദിനാഘോഷങ്ങളില് മുഴുകിയപ്പോള്, ഗാന്ധിജി മതലഹളകള് അവസാനിപ്പിക്കുവാന് പ്രയത്നിച്ചത് യഥോവിധം തിരിച്ചറിയേണ്ടതാണ്. (2) രാജ്യത്തിലെ വ്യക്തികളെയോ ജനങ്ങളെയോ എന്നതിനു പകരം രാജ്യം എന്ന പദം ഉപയോഗിക്കുന്നതിന് കടുത്ത നിയന്ത്രണങ്ങളുണ്ട്. രാജ്യം അഥവാ ഭൂമി ദൈവത്തിന്റെ നീതി/ഖര രൂപമാണ്. ജീവിക്കുന്നവരോ മരിച്ചവരോ ആയ വ്യക്തികളെ രാഷ്ട്രത്തിലെ ഭരണാധികാരിക്കും മറ്റു വ്യക്തികള്ക്കും വ്യക്തിപരമായി ആദരിക്കുകയോ നമിക്കുകയോ ചെയ്യാം, അവര്ക്ക് ശാസ്ത്രം അഥവാ ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യമാണത്. എന്നാല് രാജ്യം നമിക്കുന്നെന്നോ ജനങ്ങളെല്ലാം നമിക്കുന്നെന്നോ ഒക്കെ പ്രറയാന് ഭരണാധികാരിക്ക് അവകാശമില്ല. ജനങ്ങളില് വലിയൊരു വിഭാഗം ഭരണാധികാരികളുടെയും മാധ്യമങ്ങളുടെയും പ്രസ്താവനകള് അറിയാത്തവരായിതന്നെയുണ്ട്, അറിയുന്നവരില് വളരെപ്പേര് വിയോജിക്കുന്നുമുണ്ട് എന്നെല്ലാമിരിക്കെ കള്ളപ്രസ്താവനകള് നടത്തുന്ന അധമരായിക്കൊണ്ട് ഭരണാധികാരികളും മറ്റും പാപം നേടുകയാണ്. അവകാശമില്ലാത്തത് അധികാരമാക്കുന്നതും കള്ളം പറയുന്നതും പാപം നേടിക്കൊടുക്കുന്നതാണ്. (3) മറ്റുള്ളവരെ ആശംസിക്കുമ്പോള് തങ്ങള് നേടിയിട്ടുള്ള പുണ്യത്തിന്റെ ഓഹരിയുടെ ഒരംശം നഷ്ടപ്പെടുത്താന് തയ്യാറല്ലെങ്കില്, ആശംസകള്ക്ക് അര്ത്ഥമില്ലാതെ വരും. ആശംസകളിലൂടെ പുണ്യം കൈമാറുന്നത് അനര്ഹരായവര്ക്കാണെങ്കില് അതിന് പാപം വേറെയുണ്ട്. വ്യക്തികളുടെ സ്വകാര്യ സന്തോഷങ്ങളേയും ദുഃഖങ്ങളേയും സമൂഹത്തിലെ ആഘോഷങ്ങളാക്കിക്കൂടാ. സമ്പത്തുള്ളവര് ആഘോഷിക്കുമ്പോള്, സമ്പത്തില്ലാത്തവരും ദുരിതങ്ങളില് പെട്ടിരിക്കുന്നവരും വേദനിക്കാന് അത് ഇടവരുത്തും എന്നത് ഒരു കാരണം മാത്രമാണ്. ജനന ആഘോഷങ്ങള്, വിവാഹ ആഘോഷങ്ങള്, ജന്മദിനാഘോഷങ്ങള്, മരണാനന്തര ചടങ്ങുകള് തുടങ്ങിയവ അധമമാണെന്നും ശാസ്ത്രപരമല്ലെന്നും ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിസ്തരിക്കുന്നതാണ്. സമൂഹത്തില് കുട്ടിദൈവങ്ങളായി വിലസുന്നവര്ക്ക് കടുത്തശിക്ഷകളാണുള്ളത്. യോഗ്യത നേടാതെ ആശംസകള്

പോലെയുള്ള പാപകര്മ്മങ്ങള് ഭരണാധികാരികള് ചെയ്യുന്നതിനെ ജനങ്ങള് പിന്പറ്റുമ്പോള് അവരുടെ പാപത്തിന്റെ ഒരോഹരിയും ഭരണാധികാരിക്കാണ് ലഭിക്കുക. കുഞ്ഞുങ്ങളെ, ധര്മ്മശുദ്ധിയോടെ പ്രവര്ത്തിക്കുവിന്. ദൈവത്തെയും ദൈവശാസ്ത്രത്തെയും പഠിക്കാന് കൂടി യോഗ്യത നേടേണ്ടതുണ്ട്, ആയവ പ്രത്യേക അദ്ധ്യായത്തില് വിസ്തരിച്ചിട്ടുണ്ട്.

ഇന്നത്തെ ഭരണാധികാരികളോട് പുണ്യസംബന്ധമായ ഒരു ശാസ്ത്രകാര്യം കൂടി പറഞ്ഞശേഷം അടുത്ത അദ്ധ്യായത്തിലേക്ക് കടക്കാം. ദൈവം തന്റെ കുഞ്ഞുങ്ങളായ എല്ലാ ജീവികളെയും സ്നേഹിക്കുമ്പോലെ ഭൂമിയിലെ എല്ലാ മനുഷ്യരോടും എല്ലാ ജീവികളോടും ധര്മ്മശാസ്ത്രപരമായി മാത്രം പെരുമാറുവാന് ജനങ്ങളെ ഭരിക്കുന്ന ഭരണാധികാരിക്ക് ബാദ്ധ്യതയുണ്ട്, താന് വ്യക്തിജീവിതത്തില് സമ്പാദിക്കുന്ന പുണ്യം മുഴുവന് ചുറ്റുമുള്ളവര്ക്ക് വീതിച്ചു നല്കുമ്പോള് മാത്രമേ ഒരുവന് തന്റെ ചുറ്റുമുള്ളവരെ ഭരിക്കുവാന് അവകാശവും അധികാരവുമുള്ളൂ. ഭരണാധികാരി നേടുന്ന പുണ്യം മുഴുവന് സ്നേഹമായി ജനങ്ങളിലേക്ക് പ്രവഹിക്കണം. ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിലെ ഭരണാധികാരി എന്നു പറയുമ്പോള് രാഷ്ട്രീയതലത്തില് പഞ്ചായത്തംഗം മുതല് കേന്ദ്രഭരണകൂടത്തിലെ പ്രധാനമന്ത്രിയും പ്രസിഡന്റും വരെയുള്ളവരും എല്ലാ ഭരണകാര്യാലയങ്ങളിലെയും എല്ലാ ഉദ്യോഗസ്ഥരും വ്യത്യസ്ത മാനങ്ങളോടെ ഉള്പ്പെടും (ജനങ്ങളുടെ പൊതു ആവശ്യങ്ങള് നിവര്ത്തിക്കാനായുള്ള ഭരണകൂടത്തിന്റെ ഭാഗമായി ജനങ്ങളുടെ പൊതുസമ്പത്തിന്റെ ഓഹരി സ്വീകരിക്കുന്നവരെല്ലാം ഉള്പ്പെടുന്നു). മത-ഭരണതലത്തില് മതപുരോഹിതന്മാരും കാര്യക്കാരും എന്നിങ്ങനെ ഭരണം നടത്തുന്നവര്ക്കെല്ലാം ബാധകമാകുന്നതാണ്.

ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യം നേടാന് കഴിയുന്നത് ഭരണാധികാരിയ്ക്കാണ്. ഭരണാധികാരിയുടെ സദ്ഭരണം കാരണമായിട്ട് ജനങ്ങളെല്ലാം ആനന്ദത്തോടെ ജീവിക്കുന്ന അവസരത്തില് ജനങ്ങളുടെയെല്ലാം ആനന്ദത്തിന്റെ ഓഹരി, ഭരണാധികാരിക്ക് പുണ്യമായി മടക്കി ലഭിക്കുന്നതാണ്. ജനങ്ങളുടെ ദുഃഖത്തിന് ഭരണാധികാരികള് കാരണമാകുമ്പോള് ഒരു ജന്മത്തില് ഏറ്റവുമധികം പാപം നേടാന് ഉപകരിക്കുന്ന ജന്മമായും ഭരണാധികാരിയുടെ ജന്മം പരിണമിക്കുന്നതാണ്. ഇതിനെല്ലാം അളവുകളും തൂക്കങ്ങളും വ്യക്തമായുണ്ട്, മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഭൗതികശാസ്ത്രത്തിനു പുറമെ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടി ദൈവം ഉള്പ്പെടുത്തിയിട്ടുണ്ടെന്നത്

അടുത്തൊരു അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളത് പഠിക്കാന് ഭാഗ്യമുണ്ടാകുന്നവര്ക്ക് കാര്യങ്ങള് ഒരുവിധം ബോദ്ധ്യപ്പെടുന്നതാണ്. ദൈവം സ്നേഹമാണ്, എല്ലാ കുഞ്ഞുങ്ങളുടെയും കാര്യങ്ങള് തുല്ല്യമായി നോക്കണ്ടേ, മഹാനീതിശാസ്ത്രം സ്നേഹിക്കാനും ശിക്ഷിക്കാനും, ശിക്ഷിച്ച് തിരുത്തി സ്നേഹിക്കാനുംകൂടി ഉള്ളതാണ്. അനേക നൂറ്റാണ്ടുകളായി ജീര്ണ്ണിച്ചിട്ടുള്ള വ്യവസ്ഥിതികളെ തിരുത്തുവാന് ഏതാനും വര്ഷങ്ങളിലെ ഭരണംകൊണ്ട് സാദ്ധ്യമല്ല, എന്നിരിക്കെയും വൈകാതെ മായ പ്രത്യക്ഷമാകുമ്പോള് മഹാവേഗത്തില് കാര്യങ്ങള് പുരോഗമിക്കുന്നതും, 3 വര്ഷക്കാലത്തിനകം എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മതങ്ങളെയും രാഷ്ട്രഭരണഘടനകളെയും തൊഴിലാളി വര്ഗ്ഗം സംഘടനകളെയും മറ്റു സംഘടനകളെയും അതാത് വ്യവസ്ഥിതികളിലെ നേതൃത്വങ്ങള് മുന്കൈയ്യെടുത്ത് ഇല്ലാതാക്കുന്നതാണ്.

മുന്കാലങ്ങളില് ജീവിച്ചവരാണ് അനേക കാര്യങ്ങളിലെ കുറ്റവാളികളെന്നും തെറ്റുകാരെന്നും ചൂണ്ടിക്കാട്ടുകയും, അവരെയാണ് ശിക്ഷിക്കേണ്ടതെന്നു മാനുഷികമായി പറയുകയും ചെയ്യുമ്പോള്, പലരുടെയും കാര്യത്തില് കുറ്റവാളികള് തങ്ങളുടെതന്നെ മുജ്ജന്മങ്ങളായും വരുന്നതാണ് !

ഭരണാധികാരി അഥവാ രാജാവ് ജനങ്ങളുടെ ദാസനാണെന്ന് ഗ്രന്ഥത്തില് പലയിടങ്ങളിലും പ്രസ്താവിക്കുന്നുണ്ട്. ശരിയാണത്. ദാസനായിരിക്കുന്നവനാണ് യജമാനന് ആകാന് യോഗ്യതയുള്ളത് എന്നതും ശരിയാണ്. അക്കാരണത്താല് രാജാവ് യജമാനന് കൂടിയാണ്. യഥാര്ത്ഥത്തില് എല്ലാവരും അവരവര് ചെയ്യുന്ന തൊഴിലിന്റെ അടിമയാണ്, കര്മ്മശാസ്ത്രത്തിന്റെ അടിമയാണ്. ധര്മ്മശാസ്ത്രപരമായി അടിമയാകുമ്പോള്, ധര്മ്മശാസ്ത്രപരമായിത്തന്നെ യജമാനന് കൂടിയാകുന്നു. മഹാശാസ്ത്രത്തിന്റെ മഹാവിശേഷങ്ങളില് ഒന്നാണത്.

((അദ്ധ്യായം 10
ഭീകരവാദങ്ങളും ദേശവ്യത്യാസങ്ങളും - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

അദ്ധ്യായം 11

ഭീകരവാദങ്ങളും മതങ്ങളും/മതനേതൃത്വങ്ങളും

മനുഷ്യര് തങ്ങളുടെ ചുറ്റുമുള്ള ജീവികളെ അല്പമൊന്നു നിരീക്ഷിച്ചാല്, പശുവിനും ആടിനും മുയലിനും പൂച്ചയ്ക്കും പട്ടിക്കും പുലിക്കും സിംഹത്തിനും ആനയ്ക്കുമൊക്കെ വ്യത്യസ്ത സ്വഭാവങ്ങള് ഉള്ളതായി കാണാം. ശാന്ത സ്വഭാവമുള്ള പശുക്കളുടെ ഇടയില് അല്പം പരാക്രമ സ്വഭാവമുള്ള ചില പശുക്കളെയും, ക്രൂര സ്വഭാവമുള്ള കടുവകളുടെ ഇടയില് ശാന്തപ്രകൃതിയുള്ള ചില കടുവകളെയും, ശാന്തശീലരായ ആനകളുടെ ഇടയില് പ്രശ്നകാരിയായ ഒറ്റയാനെയും കാണാം. പ്രസവത്തോടെ ചത്ത പശുവിന്റെ കിടാവിനെ മറ്റു പശുക്കളുടെ സഹവാസമില്ലാതെ ഒറ്റയ്ക്ക് വളര്ത്തുമ്പോഴും, വളര്ച്ചയെത്തിയിട്ട് ഗര്ഭവും പ്രസവവും നടക്കുമ്പോള്, യാതൊരു അഭ്യസനങ്ങളോ പരിചയങ്ങളോ പരിശീലനകേന്ദ്രങ്ങളോ പൗരോഹിത്യങ്ങളോ ഇല്ലാതിരുന്നിട്ടും അതിന്റെ കുഞ്ഞിനെ/കിടാവിനെ പാലൂട്ടുന്നതും നക്കുന്നതുമൊക്കെ കാണാനാവും !

ജീവികള് ഉള്പ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കുന്ന ദൈവം, എല്ലാ ജീവികളിലും ഓരോരോ ജീവിതരീതി സ്ഥാപിച്ചിട്ടുണ്ട്. അതനുസരിച്ചാണ് അവ ജീവിക്കുന്നത്. മഹാപ്രപഞ്ചത്തിലെ വാതക-ദ്രാവക-ഖര വസ്തുക്കള്കൊണ്ടാണ് ജീവികളുടെ ശരീരവും ആത്മാവും സൃഷ്ടിക്കുന്നത്. പ്രസ്തുത വസ്തുക്കളില് ഭൗതികശാസ്ത്രത്തിനു പുറമെ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടി ദൈവം ഉള്ളടക്കം ചെയ്തിട്ടുണ്ട്. അവ പ്രകാരമാണ് അഥവാ മഹാശാസ്ത്രപ്രകാരമാണ് ജീവികളുടെ സ്വഭാവരീതികള്/ ജീവിതരീതികള് അടിസ്ഥാനപരമായി രൂപപ്പെടുന്നത്. ആവക കാര്യങ്ങള്ക്ക് ജന്മങ്ങളിലൂടെ സമ്പാദിക്കുന്ന പുണ്യങ്ങളുമായും പാപങ്ങളുമായും ബന്ധമുണ്ട് - അത് പിന്നാലെയുള്ള അദ്ധ്യായങ്ങളില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തിന്റെ അത്യുന്നതമായ ശാസ്ത്രപാഠങ്ങള് ഗ്രഹിക്കാനും അവ പ്രകാരം ഭൂമിയില് പരമാനന്ദത്തോടെ ജീവിക്കാനും ഉതകുന്ന ബുദ്ധിശക്തികള് മനുഷ്യന് നല്കിയിട്ടുള്ളതും ദൈവമാണ്. മനുഷ്യനെയും ദൈവം രണ്ടായി പിരിച്ച് സ്ത്രീയും പുരുഷനും എന്ന 2 വ്യക്തികളാക്കിയിരിക്കുകയാണ്. മനുഷ്യന് എന്ന പദം പോലും ബഹുവചനമാണ്. ഒരു സ്ത്രീയും ഒരു പുരുഷനും ചേര്ന്നതാണ് ഒരു മനുഷ്യന്. ഓരോ മനുഷ്യനും ഓരോ വ്യക്തിയാണെന്നു തോന്നുമെങ്കിലും യഥാര്ത്ഥത്തില് 2 വ്യക്തികളാണെന്നര്ത്ഥം. അക്കാര്യത്തെപ്പറ്റി ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലെ ആത്മീയസാക്ഷാത്ക്കാരത്തിന്റെ

തുടര്‍ച്ച എന്ന അദ്ധ്യായത്തില് ചേര്‍ക്കുന്നതാണ്. തങ്ങള്‍ക്ക് ദൈവം നല്കിയിട്ടുള്ള സമ്പൂര്‍ണ്ണവും ധര്‍മ്മശാസ്ത്രപരവുമായ വ്യക്തിസ്വാതന്ത്ര്യത്തോടെ, മഹാപ്രപഞ്ചത്തിലെ അനന്തങ്ങളായ ആനന്ദങ്ങളെ അനുഭവിക്കുകയും ആസ്വദിക്കുകയുമേ വ്യക്തികള് ചെയ്യേണ്ടൂ. ധര്‍മ്മശാസ്ത്ര പരമായിട്ട് ഓരോരുത്തരും ജീവിക്കുമ്പോള്, ചുറ്റുമുള്ളവരായ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങള്‍ക്കും അനന്തങ്ങളായ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനും കഴിയുന്നതാണ്.

വ്യക്തിയുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയില് ഇടനിലക്കാരന്റെ / മതപുരോഹിതന്റെ ആവശ്യമുണ്ടോ എന്ന് ഇനി പരിശോധിക്കാം : - വ്യക്തിയുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയില് ഇടനിലക്കാരായി പ്രവര്‍ത്തിക്കുന്ന മതങ്ങളും മതപുരോഹിതന്മാരും മതപണ്ഡിതന്മാരും ഒക്കെ മനുഷ്യരെ സദാചാരങ്ങള് ഉള്പ്പെടെയുള്ള നല്ല കാര്യങ്ങള് പഠിപ്പിക്കുകയും ദൈവത്തോട് അടുപ്പിക്കുകയുമാണ് ചെയ്യുന്നതെങ്കില് വളരെ നല്ല കാര്യമാണ് അവര് ചെയ്യുന്നതെന്ന് പെട്ടെന്നു തോന്നും, എന്നാല് സത്യം അതല്ല. സദാചാരങ്ങള് അടങ്ങിയ ജീവിതരീതിയുടെ വിത്ത് ഓരോ മനുഷ്യജീവിയിലും ദൈവം വിതച്ചിട്ടുണ്ട് എന്ന് മുന് അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. മതങ്ങളും മതപുരോഹിതരും ദൈവത്തെപ്പറ്റിയല്ല പഠിപ്പിക്കുന്നത് ; അവര് പഠിപ്പിക്കുന്നത് മത-ദൈവത്തെപ്പറ്റിയും മതാചാരങ്ങളെപ്പറ്റിയും മതാനുഷ്ഠാനങ്ങളെപ്പറ്റിയും ആണ്. വ്യത്യസ്ത മതങ്ങള് പ്രകാരം വ്യത്യസ്ത മതക്കാരായും, മതങ്ങളിലെ ജാതിക്കാരായും, ജനങ്ങള് മാറുമ്പോള്, ഓരോരുത്തരും തങ്ങള് പഠിച്ച മതദൈവവും മതാചാരങ്ങളും മാത്രമാണ് സത്യമെന്ന് വിശ്വസിക്കുന്നു, വിശ്വസിക്കണം. മറ്റു മതങ്ങളെയും അവയിലെ ദൈവങ്ങളെയും ശരിയെന്നു പഠിപ്പിക്കാന് യാതൊരു മതപുരോഹിതനും കഴിയുന്നതുമല്ല, അവര് ചെയ്യുന്നുമില്ല. മതങ്ങള് പ്രകാരം, മതത്തിനും മതദൈവത്തിനും വേണ്ടി മരിക്കാനും തയ്യാറാവേണ്ടതുണ്ട്. മതങ്ങള് പ്രകാരവും മതപണ്ഡിതന്മാരുടെ ഉപദേശങ്ങള് പ്രകാരവുമുള്ള തങ്ങളുടെ മതവിശ്വാസങ്ങളെ എതിര്‍ക്കുന്നവരെ വധിക്കാനും തയ്യാറാകുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങള് ക്രമേണ അധഃപതിക്കുന്നത്. അതായത് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരമുള്ള ദൈവത്തെ അറിഞ്ഞ് എല്ലാ ജനങ്ങളും മനുഷ്യരായി ജീവിക്കുക എന്നതിനു പകരം, മതവിശ്വാസങ്ങളുടെ പേരില് മനുഷ്യര് വിഭജിക്കപ്പെട്ട് മനുഷ്യര് അല്ലാതായിത്തീരുന്നു ; വ്യത്യസ്ത

മതവിശ്വാസികളും ജാതിക്കാരുമായി വേര്പിരിയുന്നു. മതങ്ങളുടെയും മതദൈവങ്ങളുടെയും പേരില് ജനങ്ങള് പരസ്പരം കൊല്ലുന്ന മത-ഭീകരവാദം അങ്ങനെയാണ് അടിസ്ഥാനപരമായി സൃഷ്ടിക്കപ്പെടുന്നത്. ദൈവം ഓരോ മനുഷ്യനെയും ജനിപ്പിക്കുന്നതും, മനുഷ്യന് ജീവിക്കുന്നതും, മരിക്കുന്നതും പ്രത്യേകം വ്യക്തികളായിട്ടാണ്. തങ്ങളുടെ മാതാപിതാക്കളുമായി ഇടപഴകുമ്പോള് മക്കള്ക്ക് ഒരു ഇടനിലക്കാരന് ആവശ്യമില്ലാത്തതിനും ഉപരിയാണ് വ്യക്തിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധം. വ്യക്തിയുടെ ലിംഗവ്യത്യാസം, സൗന്ദര്യം, നിറം, ആരോഗ്യം, ആയുസ്സ്, തൊഴില് അഭിരുചി, തുടങ്ങിയവയും ജനനസ്ഥലവും ബന്ധുബലവുമൊക്ക് നിശ്ചയിച്ചിട്ടുള്ളത് മാതാപിതാക്കളല്ല, സ്രഷ്ടാവായ ദൈവമാണെന്നു വ്യക്തമാവുമ്പോള്, മാതാപിതാക്കള്ക്കും വളരെ വളരെ ഉപരിയാണ് സ്രഷ്ടാവും മഹാമാതാവും മഹാപിതാവുമായ ദൈവത്തിന്റെ സ്ഥാനമെന്ന് സുവ്യക്തമാണ്. അതായത് ദൈവത്തിന്റെയും വ്യക്തിയുടെയും ഇടയില് ഒരു ഇടനിലക്കാരന്റെ ആവശ്യം ഇല്ലേയില്ല എന്നര്ത്ഥം. അനേകരോ ഭൂരിപക്ഷം ജനങ്ങളോ ഏറ്റവും ഉയര്ന്നയാളായി കണക്കാക്കുന്ന മതപുരോഹിതന് സ്വന്തം കാര്യത്തില് ദൈവവുമായി ബന്ധപ്പെടുവാന് എങ്ങനെ മറ്റൊരു ഇടനിലക്കാരനെ ആവശ്യമില്ലയോ അതേ അവസ്ഥയാണ് ഓരോ വ്യക്തിക്കും സ്രഷ്ടാവിനും ഇടയില് ഉള്ളത്. ദൈവത്തിന് തന്റെ കുഞ്ഞിനെ സ്നേഹിക്കാന് മതപുരോഹിതന് എന്ന ഒരു ഇടനിലക്കാരന് വേണമെന്നു സമൂഹത്തില് വരുത്തിത്തീര്ക്കുന്ന പുരോഹിതന്മാര് കടുത്ത പാപമാണു ചെയ്യുന്നത്. വ്യക്തിക്ക് സ്രഷ്ടാവിനോടുള്ള അവകാശവും സ്നേഹവും കവര്ന്നെടുക്കുവാന് മതപുരോഹിതര്ക്കും യാതൊരാള്ക്കും കഴിയുന്നതല്ല. ദൈവം സൃഷ്ടിച്ചത് തനിപ്പെട്ട വ്യക്തിയെ ആണ്. മതപുരോഹിതന്മാരുടെ വാക്കുകേട്ട് അബദ്ധങ്ങള് കാട്ടിക്കൂട്ടുകയും, നാളെ മരിച്ചു ശവമാകുകയും ചെയ്യുമ്പോള്, മതപുരോഹിതന്മാര് ഉള്പ്പെടെ യാതൊരാളും കൂടെ വരുന്നില്ല. കര്ത്താവായ ദൈവത്തിന്റെയും, സൃഷ്ടികളായ മനുഷ്യരുടെയും ഇടയില് ഇടനിലക്കാരന്റെ ആവശ്യം ഇല്ലേയില്ല എന്ന് ക്രൈസ്റ്റിലൂടെ കര്ത്താവായ ദൈവം സുവ്യക്തമായി അറിയിച്ചിട്ടുണ്ട്. മതപുരോഹിതന്മാരായും ആത്മീയഗുരുക്കന്മാരായും വേഷംകെട്ടുകയും ഭൂമിയില് ദൈവം സൃഷ്ടിച്ച മനുഷ്യരെ മതസ്ഥരും ജാതികളുമാക്കുന്ന മതപുരോഹിതര്ക്ക് ഇമ്മിണി വലിയ ശിക്ഷയാണുള്ളത്. ക്രൈസ്റ്റുകൂടിയായ പരമശിവനിലൂടെ, മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷവാങ്ങാതെ അവര്ക്കു മോചനമില്ല എന്ന് ദൈവം വിധിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളേ,

എത്രയും പെട്ടെന്ന് തിരുത്തുവിന്.
മതപുരോഹിതന് ഉള്പ്പെടെയുള്ള ഓരോരുത്തരും വ്യക്തികളാണ്. തങ്ങളുടെ പ്രവൃത്തികള് അനുസരിച്ച് വ്യക്തികള് പുണ്യവും പാപവും സമ്പാദിക്കുന്നു. സമൂഹത്തിലെ മതം, ഭരണഘടന തുടങ്ങിയ വ്യവസ്ഥിതികള്ക്ക് വ്യക്തിയെ ദൈവശിക്ഷയില്നിന്ന് രക്ഷിക്കാനാവില്ല. സമൂഹത്തിനെ ദൈവത്തിന്റെ പേരില് സന്തോഷിപ്പിക്കുവാന് മതപുരോഹിതരെ ദൈവം ചുമതലപ്പെടുത്തിയിട്ടില്ല. തങ്ങള്ക്ക് തോന്നുമ്പോലെയും മതങ്ങള് പ്രകാരവുമൊക്കെ മതപുരോഹിതര് പ്രവര്ത്തിക്കുന്നത് അവര്ക്കും ഏവര്ക്കും ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യമാണ്. വ്യത്യസ്ത മതങ്ങള് പ്രകാരം പ്രവര്ത്തിച്ച് പാപം നേടാനും മഹാശാസ്ത്രം പ്രകാരം പ്രവര്ത്തിച്ച് പുണ്യം നേടാനും മതപുരോഹിതര് ഉള്പ്പെടെയുള്ള ഓരോരുത്തര്ക്കും ദൈവം വ്യക്തിസ്വാതന്ത്ര്യം നല്കിയിട്ടുണ്ട്.
മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുന്ന ദൈവത്തിന് യാതൊരു ജീവികളുടെയും സഹായം ആവശ്യമില്ല. ദൈവത്തിന് മഹാപ്രപഞ്ചകാര്യങ്ങള് മംഗളമാക്കാന് മതപുരോഹിതന്മാര് ഉള്പ്പെടെയുള്ള മനുഷ്യരുടെ സഹായമില്ലാതെ സാധിക്കില്ലെന്ന് മതപുരോഹിതര് പറയുമോ ?
വ്യത്യസ്ത മതങ്ങളും മതപുരോഹിതന്മാരുമൊക്കെയാണ് മനുഷ്യരുടെ സ്വഭാവത്തെ മോശമാവാതെ സംരക്ഷിക്കുന്നതെന്ന് വാദിച്ചാല് കടുത്ത ദൈവനിന്ദയാകുമത്. ഈ ഗ്രന്ഥത്തിലുള്ള ഏതാനും അദ്ധ്യായങ്ങള് സശ്രദ്ധം പഠിച്ചാല് ദൈവം മനുഷ്യര്ക്ക് നല്കിയ ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെ മതങ്ങളും മതനേതൃത്വങ്ങളും കവര്ന്നെടുത്തതുകൊണ്ടാണ് മദ്യം, കാമം തുടങ്ങിയ കാര്യങ്ങളില് മനുഷ്യര് ഏറ്റവുമധികം വഴിപിഴച്ചതെന്നു കാണാം. ഭൂമിയിലെ ഏറെക്കുറെ മുഴുവന് ജനങ്ങളും വ്യത്യസ്ത മതവിശ്വാസങ്ങളില് പെട്ടിരിക്കെ, മദ്യം ഉപയോഗിക്കുന്നതും അഴിമതികള് നടത്തുന്നതും ഭീകരപ്രവര്ത്തനങ്ങള് നടത്തുന്നതും മതവിശ്വാസികള് തന്നെയാണെന്ന് വ്യക്തമാണ്.
നൂറ്റാണ്ടുകളായി മതപ്രവര്ത്തനങ്ങള് നടത്തിയിട്ടും മദ്യ-നീചസംസ്ക്കാരവും മറ്റ് അധമത്തങ്ങളും തിരുത്താന് പോലും സാധിക്കാഞ്ഞതും, പകരം അവ വര്ദ്ധിച്ചുകൊണ്ടിരിക്കുന്നതും മതങ്ങളുടെയും മതനേതൃത്വങ്ങളുടെയും മാര്ഗ്ഗം ദൈവീകമല്ലാത്തതുകൊണ്ടു തന്നെയാണ്.
ദൈവം തന്റെ ഏക പ്രതിനിധിയിലൂടെ നേരിട്ട് ഏല്പിച്ചിട്ടില്ലാത്ത പണികള് വ്യക്തികള് ചെയ്താല് അത് ദൈവീകം അല്ല. ശാസ്ത്രപരമല്ലാത്ത കാര്യങ്ങള് വ്യക്തികള് ചെയ്താല് അതും

ദൈവീകം അല്ല. (പരമശിവന് അഥവാ ക്രൈസ്റ്റ് അഥവാ യഥാര്ത്ഥ മുഹമ്മദ്, ദൈവത്തിന്റെ ഏക പ്രതിനിധി മാത്രമല്ല, ദൈവത്തിന്റെ പ്രത്യേക ഭാഗവും കൂടിയാണെന്ന് ഗ്രന്ഥത്തിലെ മൂന്നാം ഭാഗത്തിലെ ബ്രഹ്മം മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ സൃഷ്ടിക്കുന്നു എന്ന അദ്ധ്യായത്തില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്). ദൈവം, പരമശിവനെ ക്രൈസ്റ്റായി ഭൂമിയിലേക്കയച്ചു ; എന്നാല്, ദൈവത്തിന്റെ ഇഷ്ടങ്ങള്പ്രകാരം ക്രൈസ്റ്റ് ചില ചുമതലകള് ഏല്പ്പിച്ച ശിഷ്യന്മാര് ദൈവത്തെ കണ്ടിട്ടില്ല , ദൈവം അവരെ യാതൊരു ചുമതലകളും ഏല്പിച്ചിട്ടില്ല, മറ്റുള്ളവരിലേക്ക് കൈമാറാന് ശിഷ്യന്മാര്ക്ക് ദൈവീക ശക്തികളുമില്ല. ഉദാഹരണമായി ഏറ്റവും വലിയ ക്രൈസ്തവസഭയുടെ പരമാദ്ധ്യക്ഷനായി വളരെക്കാലം പിടിച്ചുനിന്ന്, നിരവധി മെഡിക്കല് ശസ്ത്രക്രിയകള്ക്ക് വിധേയനായിക്കൊണ്ട്, വാര്ദ്ധക്യകാലത്ത് വേദനകളും അനുഭവിച്ച് അബോധാവസ്ഥയില് അടുത്തകാലത്ത് മരിക്കേണ്ടിവന്ന പോപ്പിന്റെ കാര്യം എടുക്കാം. സ്വന്തം കാര്യത്തില് പോലും ദിവ്യശക്തികള് പ്രകടിപ്പിക്കാന് കഴിവില്ലാഞ്ഞ അദ്ദേഹം, മരിച്ച അനേകരെ വിശുദ്ധരാക്കിയതായി ജീവിച്ചിരിക്കെ ഭാവിച്ചു, സഭയിലെ അനേകര് അത് വിശ്വസിക്കുകയും ചെയ്യുന്നു. ജീവിച്ചിരിക്കെപ്പോലും ദിവ്യശക്തികളില്ലാഞ്ഞ അദ്ദേഹം മരിച്ചപ്പോള്, മരണമടഞ്ഞ അദ്ദേഹത്തെ വാഴ്ത്തുവാനും കുട്ടിദൈവമാക്കാനുമൊക്കെ പുതിയ പോപ്പും കൂട്ടരും നടപടികളും കള്ളക്കഥകളും ആരംഭിച്ചിരിക്കുന്നു. ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളില് ഇടപെട്ട് പാപം വാങ്ങിയേ അടങ്ങൂ എന്ന് കുഞ്ഞുങ്ങള് വാശിപിടിക്കുകയാണ്. ശാസ്ത്രം വളരെയധികം പുരോഗമിച്ചുകഴിഞ്ഞ ആധുനികകാലത്ത് ഇതുപോലെയുള്ള കള്ളത്തരങ്ങള് കാട്ടുവാന് മതനേതൃത്വങ്ങള്ക്ക് സാധിക്കുമ്പോള് പഴയകാലങ്ങളില് ഓരോരോ മതനേതൃത്വങ്ങളും എന്തെല്ലാം ചെയ്തിരിക്കും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ആവിധ കാര്യങ്ങള്ക്കും ഉപയോഗപ്പെടുന്ന വളരെയധികം ബുദ്ധിശക്തികള് ദൈവം മനുഷ്യനു നല്കിയിട്ടുണ്ട് ! എല്ലാ മതങ്ങളിലെയും പുരോഹിതന്മാരും മറ്റു നേതാക്കന്മാരും, പുരോഹിതന് കളിക്കാതെ ഉടന് മതം ഉപേക്ഷിച്ച് സാധാരണ മനുഷ്യരായി ജീവിക്കുവിന്. മഹാശാസ്ത്രം ലഭിക്കാനും ദൈവത്തെ ആരാധിക്കാനും മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായം പ്രത്യേകം പഠിക്കുവിന്, കുഞ്ഞുങ്ങളെ.
വിമാനം, റേഡിയോ, ടെലിവിഷന്, ടെലിഫോണ്, കമ്പ്യൂട്ടര്, ഇന്റര്നെറ്റ്, മൊബൈല് ഫോണ് തുടങ്ങിയവയിലെ ശാസ്ത്രനിയമങ്ങള് അവ വെളിപ്പെടുംമുമ്പ് പ്രപഞ്ചത്തില് നിഗൂഢമായി ഉണ്ടായിരുന്നു, നാളെ വെളിപ്പെടാനുള്ളവ ഇന്നും (ഇന്നലെയും) പ്രപഞ്ചത്തില് അന്തര്

ലീനമാണ്, കാലാനുസൃതം മാത്രമാണ് ദൈവം മനുഷ്യര്ക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നത് എന്നപോലെ, പരിശുദ്ധാത്മാവ്, ജീവാത്മാവ്, ദൈവം നടപ്പാക്കുന്ന മഹാനീതി തുടങ്ങിയവയെ കാലാനുസൃതം ദൈവം മനുഷ്യര്ക്ക് വെളിപ്പെടുത്തിക്കൊടുക്കുമ്പോഴാണ് ദൈവമഹത്വം സുവ്യക്തമാകുക. മനുഷ്യന്റെ എല്ലാ സംശയങ്ങള്ക്കും പ്രശ്നങ്ങള്ക്കും ശാസ്ത്രപരമായ വിശദീകരണം നല്കി മഹാശാസ്ത്രം മനുഷ്യനെ ആനന്ദിപ്പിക്കുന്നു. ജീവിതമെന്തെന്നും ജീവിതപദ്ധതിയെന്തെന്നും സുവ്യക്തമാക്കുന്നു. വ്യത്യസ്തമതങ്ങള് പ്രകാരം വ്യത്യസ്തമായ ദൈവങ്ങളെപ്പറ്റിയും വ്യത്യസ്തമായ ആചാരങ്ങളെപ്പറ്റിയും വ്യത്യസ്തമായ സ്വര്ഗ്ഗങ്ങളെപ്പറ്റിയുമൊക്കെ ദൈവമോ ദൈവത്തിന്റെ പ്രതിനിധിയോ ഭൂമിയില് ഇന്നുള്ള യാതൊരു മനുഷ്യരോടും യാതൊന്നും പറഞ്ഞിട്ടില്ല, ദൈവം യാതൊരു മനുഷ്യരെയും യാതൊന്നും ചുമതലപ്പെടുത്തിയിട്ടുമില്ല. (ചുമതലപ്പെടുത്താന് ഭൂമിയില് മതസ്ഥരല്ലേ ഉള്ളൂ, മനുഷ്യരില്ലല്ലോ!)

തങ്ങളുടെ ഒപ്പമുള്ള ശാസ്ത്രസത്യങ്ങളെ മനസ്സിലാക്കി ജീവിക്കുക എന്നതിനപ്പുറം, മറ്റുള്ളവരെ എന്തെങ്കിലും പഠിപ്പിക്കുന്നത് നല്ലതായോ തൊഴിലായോ സ്വീകരിക്കുമ്പോള്, പഠിപ്പിക്കേണ്ടത് മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രകാര്യങ്ങളാവണം. ശാസ്ത്രസത്യങ്ങള് പഠിക്കാനും കണ്ടെത്താനും, കണ്ടെത്തിയവയും ബോദ്ധ്യപ്പെട്ടവയും മാത്രം പഠിപ്പിക്കാനും ശ്രമിക്കുക എന്നല്ലാതെ, തങ്ങള് മുതിര്ന്നവരിലൂടെയോ പുസ്തകങ്ങളിലൂടെയോ അറിഞ്ഞ കാര്യങ്ങളിലെ സത്യങ്ങള് പരിശോധിക്കാതെയും അവയുടെ കാലാനുസൃതമായ ശാസ്ത്രീയത പരിശോധിക്കാതെയും സ്വയം ചുമന്നുകൊണ്ട് മറ്റുള്ളവരെക്കൊണ്ടുകൂടി ചുമപ്പിക്കാന് ശ്രമിക്കുകയും ചെയ്യുന്നത് പാപമാണ്. മഹാഗുരു മഹാശക്തിയായ ദൈവം മാത്രമാണ്. മനുഷ്യഗുരുക്കന്മാരുടെയും ഏതൊരാളുടെയും വാക്കുകളെ ശാസ്ത്രീയമായി പരിശോധിക്കുവാനുള്ള ബുദ്ധിശക്തികള് ശിഷ്യന്മാര്ക്കും ഏതൊരാള്ക്കും ദൈവം നല്കിയിരിക്കെ, പരിശോധിക്കാതെ അന്ധമായി പിന്പറ്റിയാല്, മനുഷ്യഗുരുക്കന്മാരുടെ അജ്ഞാനം ചുമക്കേണ്ടതായി വരുന്നതാണ്. മത-ദൈവ വിഷയങ്ങളില് ഭൂമിയിലെങ്ങും സാര്വ്വത്രികമായി ഈ വലിയ പിഴവ്/തെറ്റ് സംഭവിച്ചിരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് മഹാശക്തിയായ ദൈവം, മഹാശാസ്ത്രം ആവിഷ്ക്കരിക്കുന്നതും, മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്

വ്വഹിക്കുന്നതും വിവരിച്ചിട്ടുണ്ട്. ബ്രഹ്മം, മഹാദേവി, അല്ലാഹു, ക്രൈസ്റ്റ്, പരമശിവന്, തുടങ്ങിയ പദങ്ങള് മഹാശാസ്ത്രത്തിന്റെ ഭാഗങ്ങളാകുന്നതും അവയെല്ലാം മതങ്ങളുടെ ഭാഗമല്ലാതെ വര്ത്തിക്കുന്നതും അതീവ ഗൗരവതരങ്ങളാണ്. അതായത്, മതപുരോഹിതര്ക്കു പോലും അറിയാത്തതും വളരെ പ്രധാനങ്ങളുമായ ഏതാനും ശാസ്ത്രീയ സത്യങ്ങള് ഹിന്ദുമതം, ബുദ്ധമതം, ക്രിസ്തുമതം, ഇസ്ലാം മതം എന്നിവയില് ഉണ്ട്. അവയും ഈ അദ്ധ്യായത്തില് വെളിപ്പെടുത്തുന്നുണ്ട്.

ഈ അദ്ധ്യായത്തെ 10 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു : (1) മഹാശാസ്ത്രത്തിന്റെ ഒരംശം മാത്രമാണ് മതങ്ങള്, (2) മനുഷ്യക്കുഞ്ഞിനെ കിട്ടാനില്ല, (3) അനേകം മതങ്ങള് നല്കി ദൈവം മനുഷ്യരെ തമ്മിലടിപ്പിക്കുന്നില്ല, (4) മതങ്ങള് വ്യക്തിസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നു, (5) മതങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും, (6) മതങ്ങളും ദേവാലയങ്ങളും, (7) മതങ്ങളും ദേവാലയങ്ങളും അത്ഭുതങ്ങളും, (8) മതങ്ങളെയും ദേവാലയങ്ങളെയും സംരക്ഷിക്കേണ്ടത് ആരാണ്, (9) മായ പ്രത്യക്ഷമാകുന്നതോടെ മതങ്ങള് ഇല്ലാതാകുന്നതാണ്, (10) പ്രമുഖ മതങ്ങളിലെ ഏതാനും സത്യങ്ങള്. മേല്വിവരിച്ചവയെ ഒന്നൊന്നായി വിശദീകരിക്കാം :-

(1) മഹാശാസ്ത്രത്തിന്റെ ഒരംശം മാത്രമാണ് മതങ്ങള്/ മതങ്ങളിലെ സത്യങ്ങള് :

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുന്ന ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനത്തെയാണ് മഹാശാസ്ത്രമെന്നും ദൈവശാസ്ത്രം. എന്നും പേരുവിളിക്കുന്നത്. എല്ലാ ശാസ്ത്രങ്ങളുടെയും മാതൃശാസ്ത്രമാണ് മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം. മഹാശാസ്ത്ര സംഗ്രഹം ഗ്രന്ഥത്തില് ലഭ്യമാക്കിയിട്ടുണ്ട്. ഗ്രന്ഥം പഠിക്കുമ്പോള്, മതങ്ങള് മഹാശാസ്ത്രത്തിന്റെ വളരെച്ചെറിയൊരു ഭാഗം മാത്രമാണെന്ന് ബോദ്ധ്യമാകുന്നതാണ്.

മിക്ക മതങ്ങളുടെയും ഉത്ഭവകാലത്ത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് വിഷയങ്ങളായിട്ടുണ്ട്, എന്നാല് കാലക്രമേണ സദാചാരങ്ങളുടെയും മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള നിഗമനങ്ങളുടെയും ഒരു നീണ്ടപട്ടികയും, മതാചാര്യന്മാരും ശിഷ്യന്മാരും ഉള്പ്പെട്ടവരുടെ മനുഷ്യചരിത്രങ്ങളും, അത്ഭുതകഥകളും ഒക്കെ ചേര്ന്ന പദ്ധതികളും വിവരണങ്ങളുമായി മതങ്ങള് രൂപംപ്രാപിച്ചു. ഒരു ദൈവത്തിന്റെ പേരില് നിലനില്ക്കുന്ന വ്യത്യസ്ത വിശ്വാസ

പദ്ധതികളായി മതങ്ങള് മാറി. എന്നിട്ടും ഓരോ മതനേതൃത്വങ്ങളും മതത്തിന് ദൈവശാസ്ത്രം, സമ്പൂര്ണ്ണ ദൈവശാസ്ത്രം എന്നിങ്ങനെ പേരുകള്വച്ച് പാപം നേടുകയാണ് !

ഇന്ന് മതങ്ങളുടെയും മത-നേതൃത്വങ്ങളുടെയും ഭരണപരമായ സ്ഥാനമെന്താണ് ? ഭരണകൂടങ്ങളുടെയും രാഷ്ട്രീയപാര്ട്ടികളുടെയും നിയമങ്ങള്ക്കും ഇഷ്ടങ്ങള്ക്കുമൊത്ത് പല മതനേതൃത്വങ്ങളും പ്രവര്ത്തിക്കുന്നു. രാഷ്ട്രീയ വ്യവസ്ഥിതിയുടെയും വര്ഗ്ഗവ്യവസ്ഥിതിയുടെയും ഭരണഘടനയുടെയും ഒക്കെ അടിമകളായി വീര്പ്പുമുട്ടുന്ന ജനങ്ങളെ, വിഷയങ്ങളില് വ്യത്യസ്തത പുലര്ത്തുന്ന മതങ്ങളുടെ വ്യവസ്ഥിതികളില്ക്കൂടി ഉള്പ്പെടുത്തിക്കൊണ്ട്, ഒരേ സമയത്ത് വ്യത്യസ്തങ്ങളായ അനവധി വ്യവസ്ഥിതികളില് മനുഷ്യരെ പെടുത്തി പീഡിപ്പിക്കുന്നവരില് ഒരുകൂട്ടര് ആയിരിക്കുന്നു. സമൂഹത്തിലെ ഭരണകാര്യങ്ങളില് ദൈവത്തിന് യാതൊരു കാര്യവുമില്ലാ എന്നതുപോലെയായിരിക്കുന്നു മതനേതൃത്വങ്ങളുടെയും രാഷ്ട്രീയപ്പാര്ട്ടികളുടെയും പ്രവര്ത്തനങ്ങള് ! കൂടുതല് വിസ്തരിക്കുന്നില്ല.

മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളിലും മഹാനീതി നടപ്പാക്കുന്നുണ്ട് ദൈവം എന്ന് മതവിശ്വാസികളും ദൈവവിശ്വാസികളും വിശ്വസിക്കുന്നുണ്ടോ ? അതേ എങ്കില്, സദാചാര ശാസ്ത്രം, സാമ്പത്തികശാസ്ത്രം, യുക്തിശാസ്ത്രം, ഭരണതന്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയവ ശാഖകളായുള്ള ധര്മ്മശാസ്ത്രവും, അവയിലെല്ലാം മനുഷ്യരുടെ തെറ്റുകളും കുറ്റങ്ങളും പിഴവുകളുംകൊണ്ടു സംഭവിക്കുന്ന പോരായ്മകളെ പരിഹരിക്കുവാനുള്ള മഹാനീതിശാസ്ത്രവൂം മഹാശക്തിയായ ദൈവം ആവിഷ്ക്കരിച്ചിട്ടുണ്ടാവും എന്നുകൂടി വിശ്വസിക്കേണ്ടതുണ്ട്, അത് മനസ്സിലാക്കുവാന് കഴിയുന്ന ബുദ്ധിശക്തികള് ദൈവം മനുഷ്യന് നല്കിയിട്ടുണ്ട്. മേല്പടി ശാസ്ത്രശാഖകളുള്ള ധര്മ്മശാസ്ത്രത്തിന്റെ ഒരു മാനുഷിക അവതരണമാണ് രാഷ്ട്രങ്ങളില് ഇന്നുള്ള (കുറ്റങ്ങളും കുറവുകളുമുള്ള) ഭരണഘടനകള്.

സമൂഹഭരണം നടത്തുവാന് ഭരണഘടന അഥവാ ധര്മ്മ-നീതിശാസ്ത്രനിയമങ്ങള് ആവശ്യമാണെന്ന് മതപുരോഹിതന്മാര് ഉള്പ്പെടെയുള്ള രാഷ്ട്രീയ-ഇസ ഭരണാധികാരികള്ക്ക് അറിയാം. മനുഷ്യരുടെ ജീവിതകാര്യങ്ങളിലെ ശരികളും തെറ്റുകുറ്റങ്ങളും വിവേചനം ചെയ്യുവാനും കുറ്റങ്ങളും കുറവുകളുമില്ലാത്ത നീതി നടപ്പാക്കുവാനും ദൈവം തയ്യാറാകണമെങ്കില് മനുഷ്യര് പുലര്ത്തേണ്ടതായ ധര്മ്മശാസ്ത്രങ്ങള് ദൈവം നിശ്ചയിക്കേണ്ടതുണ്ടെന്ന് തീര്ച്ചയായും തിരിച്ചറിയണം. മനുഷ്യര് എന്തെങ്കിലും

സാമൂഹ്യനിയമങ്ങള് നിര്മ്മിക്കുകയും എങ്ങനെയെങ്കിലുമൊക്കെ ജീവിക്കുകയും ചെയ്യട്ടെ എന്ന് ദൈവം അനുവദിച്ചാല്, ദൈവത്തിന് പിന്നെ നീതി നടത്താനാവില്ല. മുമ്പ് വ്യക്തമാക്കിയതു പോലെ കാലഘട്ടത്തിന്റെ മുന്നോക്കത്തിനും, ഭൗതികശാസ്ത്രവളര്ച്ചയ്ക്കും, ജനപ്പെരുപ്പത്തിനും അനുക്രമമായ സദാചാരശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണതന്ത്രം, നീതി-ന്യായശാസ്ത്രം, തുടങ്ങിയവ ദൈവം നിശ്ചയിച്ചാല് മാത്രമേ ദൈവത്തിന് നീതി നടത്താനാവുകയുള്ളൂ എന്നും, ദൈവീക നീതിയും മാനുഷിക നീതിയും ഒന്നായാല് മാത്രമേ സമൂഹജീവിതം സുഗമമാവുകയുള്ളൂ എന്നും, വിഷയങ്ങളിലെയും വസ്തുതകളിലെയും ദൈവീക നീതി എന്തെന്ന് അന്വേഷിക്കുവാന് മനുഷ്യര്ക്ക് ബാദ്ധ്യതയുണ്ടെന്നും മനസ്സിലാക്കി പ്രവര്ത്തിക്കേണ്ടവരാണ് മനുഷ്യര്.

ധര്മ്മശാസ്ത്രത്തിലെ ഓരോ ശാസ്ത്രശാഖകള് പ്രകാരവുമുള്ള ശുദ്ധീകരണത്തിനായുള്ള മാര്ഗ്ഗ നിര്ദ്ദേശങ്ങളാണ് ഏതൊരു വിഷയത്തിലും ഉണ്ടാവേണ്ടത്. ദൈവീകനിയമങ്ങള് കണ്ടെത്തുവാന് ദൈവീകശുദ്ധിയോടെ പരിശ്രമിക്കേണ്ടതിനു പകരം തങ്ങള്ക്കു തോന്നുമ്പോലെയെല്ലാം നിയമങ്ങളുണ്ടാക്കാമെന്നും പരിഷ്ക്കാരങ്ങള് നിര്ദ്ദേശിക്കാമെന്നും രാഷ്ട്രീയനേതാക്കള് കരുതിയത് പാപമാണ്, മതനേതൃത്വങ്ങള് അതിനു കൂട്ടുനിന്നത് കടുത്ത പാപമാണ്. ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളതായ കുറ്റങ്ങളും കുറവുകളുമില്ലാത്ത ധര്മ്മശാസ്ത്രങ്ങള് മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ള മനുഷ്യരുള്പ്പെടെയുള്ള ജീവികള്ക്ക് ചേരുകയുള്ളൂ. മണ്ണ് അഥവാ ഭൂമി സൃഷ്ടിച്ച ദൈവം തന്നെയാണ് മണ്ണിന്റെ/മണ്ണിലെ നിയമങ്ങളും സൃഷ്ടിക്കുന്നത്. മനുഷ്യരല്ല. ഘമം ീള വേല ഘമിറ ശെ ഇൂലമലേറ യൂ വേല ഇൂലമേീ ീള വേല ഘമിറ.

മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളിലും മഹാനീതി നടപ്പാക്കുന്നുണ്ട് ദൈവം എന്ന് മതവിശ്വാസികളും ദൈവവിശ്വാസികളും വിശ്വസിക്കുന്നില്ലായെങ്കില് മഹാനീതിപതിയാണ് ദൈവം എന്നും അവര് വിശ്വസിക്കുന്നില്ലാ എന്നാണര്ത്ഥം. മതവിശ്വാസികളോ മതനിഷേധികളോ മഹാശക്തിയായ ദൈവത്തെ മഹാനീതിപതിയായി വിശ്വസിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും മതവിശ്വാസികളുടെയും മതനിഷേധികളുടെയുമൊക്കെ വിഷയങ്ങളാണ്. മഹാശക്തി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം മതവിശ്വാസികളുടെയും മതനിഷേധികളുടെയും ഒക്കെ അബദ്ധവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും തൂത്തെറിയപ്പെടുന്നതാണ്. ദൈവനിഷേധികള്ക്ക് സമൂഹകാര്യം പറയാന് അവകാശമില്ല, അതെന്തുകൊണ്ടാണെന്ന്

ഭീകരവാദത്തെ നിരീശ്വരവാദികള് എതിര്ക്കുന്നു എന്ന അദ്ധ്യായത്തില് വിസ്തരിക്കുന്നുണ്ട്. മതങ്ങളിലെ വിശ്വാസം അനുസരിച്ചു ജീവിക്കുന്നവരെയാണ് മതവിശ്വാസി എന്ന് അര്ത്ഥമാക്കുന്നതെങ്കില് ഈ ഭൂമിയില് വ്യത്യസ്ത മതങ്ങളിലായി 600 കോടിയിലധികം മതവിശ്വാസികള് ഉണ്ടെന്ന് പറയുന്നതല്ലാതെ യഥാര്ത്ഥത്തില് ഒരു മതവിശ്വാസി പോലും ഇല്ല.

(2) മനുഷ്യക്കുഞ്ഞിനെ കിട്ടാനില്ല :
ദൈവം മറ്റുള്ള ജീവികള്ക്ക് നല്കുന്ന കുഞ്ഞുങ്ങള് അതാതു ജീവികളുടെ കുഞ്ഞുങ്ങളായി വളരുമ്പോള്, മനുഷ്യന്റെ കാര്യത്തില് മനുഷ്യക്കുഞ്ഞായി വളരുവാന് മുതിര്ന്നവര് അനുവദിക്കുന്നില്ല. പശുവിന് ദൈവം നല്കിയ കുട്ടി പശുക്കുട്ടിയായും, പട്ടിക്ക് ദൈവം നല്കിയ കുട്ടി പട്ടിക്കുട്ടിയായും വളരുമ്പോള്, ഈ ഭൂമിയില് ദൈവം മനുഷ്യക്കുട്ടിയായി ജനിപ്പിച്ച കുട്ടിയെ മനുഷ്യക്കുട്ടിയായി വളരാന് മുതിര്ന്നവര് അനുവദിക്കുന്നില്ല. പകരം കത്തോലിക്കാകുട്ടി, പ്രൊട്ടസ്റ്റന്റ് കുട്ടി, സുന്നിക്കുട്ടി, ഷിയാക്കുട്ടി, നമ്പൂതിരിക്കുട്ടി, നായരുകുട്ടി, പറയരുകുട്ടി തുടങ്ങിയ മത-ജാതി ക്കുട്ടികളും രാഷ്ട്രീയ-ഇസ കുട്ടികളും, നിരീശ്വരവാദികുട്ടികളും ഒക്കെയാക്കിയിരിക്കുന്നു. മനുഷ്യസമൂഹം സ്വയം അധഃപതിച്ചിരിക്കുന്നു ! ഇതെന്തുകൊണ്ട് സംഭവിച്ചു എന്നതിന്റെ കാര്യകാരണങ്ങള് അന്വേഷിക്കുവാനും പരിഹാരമുണ്ടാക്കുവാനും ദൈവം ബുദ്ധിശക്തികള് അധികമായി നല്കി അനുഗ്രഹിച്ച മനുഷ്യന് ഉത്തരവാദിത്തമുണ്ട്. ഓരോ മതക്കാര്ക്കും വ്യത്യസ്ത ദൈവങ്ങളാണെങ്കില്, മനുഷ്യര് മതം മാറി വിവാഹം കഴിക്കുമ്പോള് കുട്ടികളുടെ ജനനകാര്യത്തില് മതദൈവങ്ങള്തമ്മില് എന്ത് കരാര് ആണ് സ്വീകരിക്കുന്നതെന്ന് മതനേതൃത്വങ്ങള് വിശദീകരിക്കേണ്ടിയിരുന്നു. മേല്പടി കാര്യങ്ങളെ വിശകലനം ചെയ്യുകയും വളരെയധികം സാമൂഹ്യ ഉത്തരവാദിത്തങ്ങളെ നിറവേറ്റുകയുംചെയ്ത നിരീശ്വരവാദികളെ പീഡിപ്പിക്കുവാനാണ് മതനേതൃത്വങ്ങള് എന്നും ശ്രമിച്ചിട്ടുള്ളത്. നിരീശ്വരവാദികളെന്നു പറയുമ്പോള്, ഈശ്വരനില്ലെന്ന് വിശ്വസിക്കുന്ന അവര്ക്ക് ഈശ്വരനോട് വിരോധമുണ്ടാകുന്നില്ല എന്നിരിക്കെ, അവരുടെ എതിര്പ്പ് മത-ജാതി നേതൃത്വങ്ങളും മറ്റും ദൈവത്തിന്റെ പേരില് കാട്ടിക്കൂട്ടുന്ന അക്രമങ്ങളോടും അനാചാരങ്ങളോടുമാണ്. സമൂഹനന്മയെപ്പറ്റി ചിന്തിക്കുന്ന അവരെ ദൈവം കൂടുതല് സ്നേഹിക്കുന്നതിനെപ്പറ്റി ഭീകരവാദത്തെ നിരീശ്വരവാദികള് എതിര്ക്കുന്നു എന്ന അദ്ധ്യായത്തില് ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്. ഭൂമിയില് മുഴുവന്

ഭീകരവാദങ്ങളും ഭീകരാക്രമണങ്ങളും വര്ദ്ധിക്കാനുണ്ടായ മൂലകാരണം മതങ്ങളും മതനേതൃത്വങ്ങളും തന്നെയാണ്, രാഷ്ട്രീയപാര്ട്ടികള് യഥാര്ത്ഥത്തില് നിസ്സാരരാണ്.
ബുദ്ധിജീവികളും മതപണ്ഡിതന്മാരുമൊക്കെ ചിന്തിക്കേണ്ടിയിരുന്ന ചില കാര്യങ്ങള് മാത്രം പറയാം. ഒരേ ഭൂമിയില് കഴിയുന്ന മനുഷ്യര് വ്യത്യസ്ത മതങ്ങള് പ്രകാരമുള്ള ചടങ്ങുകള് നടത്തുമ്പോള്, മറ്റുള്ള ജീവികള്ക്കു മാത്രം വ്യത്യസ്ത മതങ്ങള് പ്രകാരമുള്ള ചടങ്ങുകള് വേണ്ടെന്നു കരുതുന്നത് ശരിയാണോ ? ജീവികളെല്ലാം അന്യോന്യം ആശ്രയിച്ചു കഴിയുന്നു എന്ന വസ്തുതയെയും, മത്സ്യം സസ്യം പക്ഷി മൃഗം തുടങ്ങിയ മറ്റുള്ള ജീവികള് ഇല്ലെങ്കില് മനുഷ്യന് ജീവിക്കാനാവില്ല എന്ന വസ്തുതയെയും കണക്കാക്കിക്കൊണ്ട് പാല്, പഴങ്ങള്, ധാന്യങ്ങള്, മുട്ട, മാംസം തുടങ്ങിയവ നല്കുന്ന മറ്റുള്ള ജീവികളെ മതപരമായും ജാതിപരമായും വേര്തിരിക്കേണ്ട ? ഹിന്ദുപ്പശുവിനെയും മുസ്ലീം പശുവിനെയും ക്രിസ്ത്യന് പശുവിനെയും രൂപപ്പെടുത്തുവാനും ശേഷം ജാതിപരമായ വേര്തിരിവുകള്കൂടി നിശ്ചയിക്കുവാനും തയ്യാറാവേണ്ട ? മത്സ്യങ്ങള്ക്കും സസ്യങ്ങള്ക്കും പക്ഷികള്ക്കും മൃഗങ്ങള്ക്കും മതം നിശ്ചയിക്കകയും മത-പ്പശുവിന്റെ പാലും മത-നെല്ലരിയും മത-ഗോതമ്പും മത-മരുന്നുകളും.... വേണമെന്ന് മതനേതൃത്വ-പ്പിശാചുകള് നിര്ബ്ബന്ധിച്ചാല് അതും പാലിക്കാന് ശ്രമിച്ചുകളയുമോ ....
ശാസ്ത്രസുഖങ്ങള് ആസ്വദിച്ചുകൊണ്ട് ശാസ്ത്രത്തെ അവഹേളിക്കുന്ന മതപണ്ഡിതന്മാരും നേതാക്കളും കടുത്ത പാപം സമ്പാദിക്കുകയാണ്. പാപം കൂടുതല് കൂടുതല് നേടുന്നതില് മത്സരിക്കുന്നവരായിരിക്കുന്നു !
(ഗ്രന്ഥത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എല്ലാ ചോദ്യങ്ങള്ക്കുമുള്ള ദൈവീകമായ ഉത്തരങ്ങള് ഗ്രന്ഥത്തില് തന്നെ ഉള്പ്പെടുത്തിയിട്ടുണ്ട്.).
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവത്തിന്റേതെന്ന അവകാശവാദങ്ങളോടെ വൈരുദ്ധ്യമാര്ന്ന അനവധി വിശ്വാസപദ്ധതികള് നിലനിര്ത്തുകയും അവയുടെ പേരില് മനുഷ്യരെന്ന കള്ളപ്പേരോടെ തമ്മിലടിക്കുകയും കൊല്ലുകയും ഭീകരപ്രവര്ത്തനങ്ങള് നടത്തുകയുംചെയ്യുന്ന മത-ജാതി ജീവികളെ മനുഷ്യരാക്കുവാനും സ്നേഹത്തോടെയും സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കുവാനുള്ള ദൈവീകവും ശാസ്ത്രീയവുമായ പദ്ധതികള് മഹാശാസ്ത്രത്തിന്റെ സംഗ്രഹമായ ഈ ഗ്രന്ഥത്തിലൂടെ, പരമശിവനിലൂടെ, ലഭ്യമാക്കുന്നത് മഹാശക്തിയും മഹാവാത്സല്യവും മഹാപിതാവും മഹാമാതാവും ഒക്കെയായ ദൈവമാണെന്നറിയുക.

(3) അനേകം മതങ്ങള് നല്കി ദൈവം മനുഷ്യരെ തമ്മിലടിപ്പിക്കുന്നില്ല : പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ മഹാശക്തിയെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കുന്നവരായി മനുഷ്യര് അധഃപതിച്ചുകൂടാ. ഒരേ ഭൂമിയില് ജീവിക്കുന്നു. എല്ലാ ജീവികളും വായു ശ്വസിക്കുന്നു; വെള്ളം കുടിക്കുന്നു ; ഭക്ഷണം കഴിക്കുന്നു ; സുഖദുഃഖങ്ങള് അനുഭവിക്കുന്നു ; ഒരേ ശാസ്ത്രപ്രകാരമുള്ള പ്രജനനവും നടക്കുന്നു. രോഗങ്ങള്, മരുന്നുകള്, മരണം അവയ്ക്കൊന്നും മതങ്ങളില്ല ; അനേകം ദൈവങ്ങളുമില്ല. ഒരു സൂര്യന്. ഒരു ചന്ദ്രന്. ഒരു കുടക്കീഴിലെന്ന പോലെ കാണപ്പെടുന്ന മഹാപ്രപഞ്ചം.

ഒരു മതം 100% ശരിയാണെങ്കില് മറ്റൊരു മതങ്ങളും 100% ശരിയല്ല എന്നാണര്ത്ഥം എന്ന് മതപണ്ഡിതന്മാര്ക്കും ബുദ്ധിജീവികളെന്ന് കരുതുന്നവര്ക്കും അറിയില്ലെന്നുണ്ടോ ? രണ്ടു ബിന്ദുക്കളെ യോജിപ്പിക്കുന്ന നേര്രേഖ ഒരെണ്ണമേ ഉണ്ടാവൂ എന്നതും വളഞ്ഞരേഖകള് എത്രവേണമെങ്കിലും വരയ്ക്കാനാവുമെന്നതും, സൃഷ്ടിയെയും സ്രഷ്ടാവിനെയും ബന്ധിപ്പിക്കുന്ന സത്യമായ ദൈവശാസ്ത്രം ഒന്നുമാത്രമേ ഉണ്ടാവുകയുള്ളൂ എന്നും മതങ്ങള് എണ്ണമറ്റ വളഞ്ഞരേഖകളെ കുറിക്കുന്നുവെന്നും സുവ്യക്തമാക്കുന്നുണ്ട്. പണ്ഡിതന്മാര് സത്യങ്ങള് ഉദ്ഘോഷിക്കേണ്ടവരാണ്. മതപണ്ഡിതന്മാര് സത്യങ്ങളെ അംഗീകരിക്കാന് പോലും തയ്യാറാവില്ല, മതങ്ങളിലെ വിഴുപ്പുകള് ചുമക്കുന്നവരായതു കൊണ്ടാണ് അവര് മതം ഉപേക്ഷിക്കാത്തത്. സത്യവും ധര്മ്മവും നീതിയുമൊക്കെ പുസ്തകങ്ങളിലും പ്രസംഗങ്ങളിലും ഒതുങ്ങാനും ഒതുക്കാനുമുള്ളവയായും, ജീവിതത്തില് അവ വേണ്ടതില്ലാ എന്നുമൊക്കെ മത-രാഷ്ട്രീയ നേതാക്കള് കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു !

മഹാശക്തിയായ ദൈവത്തിന്റെ പേരില് അനേകം മതങ്ങള് നിലനില് ക്കുന്നതിലെ വൈരുദ്ധ്യത്തെപ്പറ്റി ചിന്തിക്കുവാന് മതനേതൃത്വങ്ങള് എന്തുകൊണ്ട് തയ്യാറായില്ല ? എല്ലാവരെയും സൃഷ്ടിച്ചത് ഒരേ ദൈവമാണെന്നും, ഒരു ദൈവമേയുള്ളുവെന്നും പറയുന്ന മതപണ്ഡിതന്മാര് തങ്ങള് പറയുന്ന ഒരേ ദൈവത്തിന്റെ പേരില് അനവധി മതങ്ങള് നിലനില്ക്കുന്നതു കൊണ്ടാണ് മതലഹളകളും മതഭീകരവാദങ്ങളും ഉണ്ടാകുന്നത് എന്ന തിരിച്ചറിവോടെ മതങ്ങള്ക്കു സംഭവിച്ച പിഴവുകള് അന്വേഷിക്കുവാന് തയ്യാറാവാഞ്ഞതെന്തുകൊണ്ട്? ജനനം നിശ്ചയിക്കുന്നത് ദൈവമാണ് എന്നിരിക്കെ ഇന്നത്തെ മതവിശ്വാസികള് മറ്റൊരു മതകുടുംബത്തിലോ തങ്ങള് ഏറ്റവും വെറുക്കുന്ന മതവിശ്വാസത്തില് വളര്ത്തപ്പെട്ടിരുന്നെങ്കിലോ എപ്രകാരം

ജീവിക്കുമായിരുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ ? ഇത്യാദി ചോദ്യങ്ങളുടെ ഒരു വലിയ നിരയുണ്ട്. ഇന്നത്തെ മതനേതാക്കളോടും രാഷ്ട്രീയക്കാരോടും ചോദ്യങ്ങള് ചോദിച്ചിട്ടു കാര്യമില്ല. ധാര്മ്മിക ശുദ്ധിയുള്ളവര് ഇന്നത്തെ രാഷ്ട്രീയപാര്ട്ടികളില് അംഗമാവില്ല എന്നിരിക്കെ, ഇന്നത്തെ ഏതെങ്കിലും (കപട) രാഷ്ട്രീയക്കാരനോട് ഖദര് തുണി അങ്ങയ്ക്ക് ഇഷ്ടമായിട്ടാണോ ധരിക്കുന്നതെന്ന് ചോദിച്ചാല്, അതേ എന്നോ അല്ലാ എന്നോ ഉള്ള ഒരു വാക്കിലെ ഉത്തരം നല്കുന്നതിനു പകരം അവര് ഗാന്ധിജിയെപ്പറ്റിയും ഇന്ത്യന് സ്വാതന്ത്ര്യസമരത്തെപ്പറ്റിയും സംസാരിച്ചുതുടങ്ങും, അവരുടെ സംസാരം മുറിച്ച് പഴയ ചോദ്യം ആവര്ത്തിച്ചാല്, കുടില് വ്യവസായത്തെപ്പറ്റിയും കൈത്തറിയെപ്പറ്റിയും അരമണിക്കൂര് സംസാരിച്ചെന്നു വരും. അപ്പോഴും ചോദ്യകര്ത്താവിന് ഉത്തരം കിട്ടില്ല. അതേപോലെ ആയിട്ടുണ്ട് ദൈവ-വചനം എന്ന പേരില് മതഭ്രാന്തുകള് വിളമ്പുന്ന മതപുരോഹിതരും മതപ്രവര്ത്തകരും. സമ്പൂര്ണ്ണ ദൈവശാസ്ത്രമാണ് ഖുറാനെന്ന് മുസ്ലീംകള് അവകാശപ്പെടുമ്പോള്, ബൈബിളും മറ്റനേകം മതങ്ങളും അവകാശപ്പെടുന്നതും അതുതന്നെയാണ്. ദൈവശാസ്ത്രത്തില് ഗവേഷണം തുടരുന്നതിനു പകരം, കണ്ടെത്തുന്ന തെറ്റും ശരികളും കലര്ന്ന വിശ്വാസ പദ്ധതികള്ക്ക് മതങ്ങളെന്നും ദൈവശാസ്ത്രമെന്നും പേരിടാനും കാലക്രമത്തില് ഓരോ മതത്തിനും സമ്പൂര്ണ്ണ ദൈവശാസ്ത്രം എന്ന് മുദ്രയടിക്കുവാനുമാണ് ശ്രമമുണ്ടായത്. പിന്നീടോ : മത-ജാതി വ്യത്യാസങ്ങളുടെ പേരില് ചോരക്കളങ്ങളും .... മതസൗഹാര്ദ്ദം എന്നത് കള്ളത്തരങ്ങളുടെ കൂട്ടായ്മയാണ്. ദൈവം സൃഷ്ടിച്ച മനുഷ്യരെ ഭിന്നിപ്പിക്കുന്നതിലൂടെ നിലനില്ക്കുന്ന മതങ്ങള്ക്കും ജാതികള്ക്കും രാഷ്ട്രീയങ്ങള്ക്കും ഒക്കെ ഒരിക്കലും സൗഹാര്ദ്ദം സാദ്ധ്യമല്ല. മതസൗഹാര്ദ്ദമെന്ന പേരില് നീക്കുപോക്കുകള് എന്ന കള്ളത്തരങ്ങള് കാട്ടുന്നത് ശാസ്ത്രപരമല്ലാത്തതുകൊണ്ടാണ്. ശാസ്ത്രത്തില് നീക്കുപോക്കുകളില്ല. ശാസ്ത്രം മനുഷ്യ സൗഹാര്ദ്ദത്തെയാണ് സ്ഥാപിക്കുന്നത്, മതസൗഹാര്ദ്ദത്തെയല്ല. മനുഷ്യസൗഹാര്ദ്ദം സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി മതസ്ഥരായും രാഷ്ട്രീയ-ഇസക്കാരായുമൊക്കെ കഴിയുന്ന ജീവികളെ മനുഷ്യരാക്കേണ്ടതുണ്ട്. മതം ഉപേക്ഷിച്ച്, നമുക്കു മനുഷ്യരാകാം എന്ന് അവര് നിശ്ചയിച്ച് തയ്യാറാവണം.

ദൈവത്തെ വേണ്ട, മതങ്ങളെയും മതദൈവങ്ങളെയും മതി എന്ന അവസ്ഥയിലേക്ക് മനുഷ്യരെന്ന കള്ളപ്പേരില് അറിയപ്പെടുന്ന മത-ജാതി ജീവികള് തരംതാണിരിക്കുന്നു. ദൈവ-വിശ്വാസി ദൈവത്തിലും മതവിശ്വാസി മത-ദൈവത്തിലും വിശ്വസിക്കുന്നവരാണ് എന്ന

ശാസ്ത്രവ്യാഖ്യാന പ്രകാരം ഭൂമിയിലെ മതവിശ്വാസികളില് ഒരാള്പോലും ദൈവ-വിശ്വാസിയല്ല.

(4) മതങ്ങള് വ്യക്തിസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നു :
ഒരു വിഭാഗം ജനങ്ങള് നടത്തുന്ന ഭീകരവാദത്തിനെതിരെയാണ് ജനങ്ങളിലെ മറ്റൊരു വിഭാഗമായ ഭരണാധികാരികള് ഭീകരവാദം നടത്തുന്നതെങ്കില്, സത്യ-ധര്മ്മ-നീതികള് പറയുന്നവരെയും പ്രചരിപ്പിക്കുന്നവരെയും ഭരണാധികാരികളുടെ സഹായത്തോടെ വധിക്കാന് തയ്യാറാകുന്നവരാണ് മത-നേതൃത്വങ്ങളെന്ന് ക്രൈസ്റ്റിന്റെ ചരിത്രവും, ശാസ്ത്രജ്ഞന്മാരെ പീഡിപ്പിച്ചതും വധിച്ചതുമായ ചരിത്രങ്ങളും വ്യക്തമാക്കുന്നു.
സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവം മനുഷ്യര്ക്കു നല്കിയ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പകുതിയിലേറെയും കവര്ന്നെടുത്തിട്ടുള്ളത് മതങ്ങളാണ്, മതങ്ങളെ നയിക്കുന്നവരാണ്. മതങ്ങളും ജാതികളും വര്ഗ്ഗങ്ങളും രാഷ്ട്രഭരണഘടനകളും മറ്റും അനുവദിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ഹ്രസ്വമായിട്ടെങ്കിലും പരിശോധിക്കേണ്ടത് ഇത്തരുണത്തില് ആവശ്യമാണ്.
വ്യക്തിസ്വാതന്ത്ര്യം ഓരോ വ്യക്തിക്കും ഉണ്ടാകണം എന്ന് മതവിശ്വാസികളും മതനിഷേധികളുമൊക്കെ കരുതുകയും സമ്മതിക്കുകയും ചെയ്യുന്നുണ്ടോ ? അതേ എങ്കില്, മതകാര്യത്തിലുള്ള വ്യക്തിസ്വാതന്ത്ര്യവും വിഷയമാക്കണം. താന് വിശ്വസിക്കുന്നതായി ചൂണ്ടിക്കാട്ടുന്ന മതത്തെയും മത-ദൈവങ്ങളെയും രാഷ്ട്രീയപ്പാര്ട്ടിയെയുമൊക്കെ തിരഞ്ഞെടുക്കുവാന് ഉതകുന്ന വിധത്തില് കുടുംബത്തിലും സമൂഹത്തിലുമുള്ള മതസ്ഥരും രാഷ്ട്രീയപ്പാര്ട്ടികളുമൊക്കെ തങ്ങളെ അനുവദിച്ചിരുന്നുവോ? വ്യത്യസ്തങ്ങളായ മതങ്ങളെയും രാഷ്ട്രീയ ഇസങ്ങളെയുംപറ്റി തങ്ങളെ പഠിപ്പിക്കുവാനും സ്വയം തിരഞ്ഞെടുക്കുവാനും അനുവദിച്ചിരുന്നുവോ എന്നാണു ചോദ്യം. അതുപോലെ തങ്ങളുടെ കുട്ടികള്ക്ക് മേല്പ്പടി വ്യക്തിസ്വാതന്ത്ര്യം തങ്ങള് അനുവദിക്കുന്നുണ്ടോ? ചെറുപ്പം മുതല് വ്യക്തിസ്വാതന്ത്ര്യം ലഭിച്ചിട്ടില്ലാത്ത അടിമകളാണ് സമൂഹത്തിലെ 99%-ലധികം ആളുകളും എന്നതും തങ്ങളുടേതെന്നു കരുതുന്ന കുട്ടികളെയും അതേവിധത്തില്

അവര് വളര്ത്തുന്നു എന്നതുമാണു വാസ്തവം. വളര്ച്ചയ്ക്കിടയില് വിവിധ ശാസ്ത്രശാഖകളിലെ വികസനം, തൊഴില്, വിനോദം പോലെയുള്ള കാര്യങ്ങളില്, വ്യക്തിസ്വാതന്ത്ര്യം നേടാന് കുട്ടികള്ക്ക് ഒരുവിധമെങ്കിലും സാധിക്കുന്നത്, അവ കുട്ടികളുടെ മേല് അടിച്ചേല്പിക്കാനുള്ള കഴിവും സമയവും സൗകര്യങ്ങളും മാതാപിതാക്കള്ക്കു ലഭിക്കാത്തതുകൊണ്ടാണ് അഥവാ ദൈവം മാതാപിതാക്കളെ തടയുന്നതുകൊണ്ടാണ്. മതവിശ്വാസങ്ങളുടെ കാര്യത്തില് മാതാപിതാക്കളും മതഗ്രന്ഥങ്ങളും മത-ജാതിസ്ഥാപനങ്ങളും നന്നേ ചെറുപ്പം മുതല് കുട്ടികളെ മതജാതിവിശ്വാസങ്ങളുടെയും മതാചാരങ്ങളുടെയും അടിമകളാക്കുകയാണ്. കുട്ടികള്ക്കു പേരിടുന്നതുപോലും മത-ജാതിപരമായിട്ടാണ്. (പേരിടീല് കാര്യങ്ങളിലെ ശാസ്ത്രീയത അഥവാ ദൈവം ഇടപെടുന്നതെങ്ങനെ മാത്രമെന്നത് 3-ാം ഭാഗത്തില് വിശദീകരിക്കുന്നതാണ്.). വിവാഹ ആലോചനകളും വിവാഹങ്ങളും മരണാനന്തര കര്മ്മങ്ങളും ഒക്കെ മത-ജാതി പരങ്ങളാക്കിയിരിക്കുന്നു. അടിസ്ഥാനപരമായി ഒരേ ശാരീരികഘടനയും മാനസികഘടനയുമുള്ള കുഞ്ഞുങ്ങളെ മതജാതിവിശ്വാസങ്ങള്ക്കതീതമായി എല്ലാ മനുഷ്യ ജീവികള്ക്കും ദൈവം ജനിപ്പിക്കുന്നുണ്ട്. അവരെ മനുഷ്യരായി വളര്ത്തേണ്ടണ്ടത് തങ്ങളോടും ദൈവത്തോടുമുള്ള സ്വയം ബാദ്ധ്യതയാണ്. പകരം മതസ്ഥരായി വളര്ത്തുന്നത് വളര്ത്തുന്നവരുടെ വ്യക്തിസ്വാതന്ത്ര്യമാണ്. ശാരീരക വളര്ച്ച യൗവ്വനത്തോടെ ഊര്ജ്ജസ്വലമാവുമ്പോള്, പ്രേമകാര്യങ്ങളില് വ്യക്തിസ്വാതന്ത്ര്യത്തിന് വാദിക്കുമ്പോലെയും അതിനുപരിയും മനുഷ്യരാവുന്ന കാര്യങ്ങളില് വ്യക്തിസ്വാതന്ത്ര്യം നേടുവാന് പരിശ്രമിക്കുന്നതും ധൈര്യമില്ലാതെ മണ്ടുന്നതും ചെറുപ്പക്കാരും മുതിര്ന്നവരുമായിത്തീരുന്ന വ്യക്തികളുടെ സ്വാതന്ത്ര്യമാണ്.

മതജാതിവിശ്വാസങ്ങളും മതാചാരങ്ങളും കുട്ടികളുടെ മേല് അടിച്ചേല്പ്പിക്കുന്ന മാതാപിതാക്കളെയും ബന്ധുജനങ്ങളെയും മതജാതി സ്ഥാപനങ്ങളെയും നേര്വഴിക്കു നയിക്കുവാന് പരിശ്രമിക്കേണ്ടതു കൂടി സമൂഹഭരണാധികാരികളുടെ ചുമതലയാണ്. കുട്ടികള് ഉള്പ്പെടെയാതൊരാളും ദൈവത്തിന്റെ അടിമയാവുന്നതും (ദൈവത്തില്നിന്നും) ലഭ്യമായിട്ടുള്ള ശക്തികള്കൊണ്ട് നിസ്സാരമായി പരിഹരിക്കാവുന്ന കാര്യങ്ങള്ക്ക് ദൈവസഹായം തേടുന്നതും ദൈവം ഇഷ്ടപ്പടുന്നില്ല. ധര്മ്മശാസ്ത്രത്തിന്റെ ഒരു ശാഖ മാത്രമായ ഭരണശാസ്ത്രത്തിന് (രാഷ്ട്രമീമാംസ), ഭരണശാസ്ത്രം ഉള്പ്പെടെയുള്ള എല്ലാ ശാസ്ത്രങ്ങളുടെയും മാതൃശാസ്ത്രമായ ദൈവശാസ്ത്രത്തെ അഥവാ

മഹാശാസ്ത്രത്തെ മനസ്സിലാക്കാന് ഇന്നുമായിട്ടില്ല.
മനുഷ്യഭരണാധികാരികള് തങ്ങളുടെ കര്ത്തവ്യം പൂര്ത്തിയാക്കിയാലും ഇല്ലെങ്കിലും മഹാഭരണാധികാരിയായ ദൈവം എല്ലായ്പ്പോഴും ധര്മ്മസംസ്ഥാപനം നിര്വ്വഹിക്കുന്നുണ്ട്. മഹാഭരണാധികാരിയും മഹാനീതിപിതിയും എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.
വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ കാര്യങ്ങള് സുവ്യക്തമാകുന്നതാണ്.
മതവിശ്വാസികളും മതനിഷേധികളും ഭരണഘടനകളും രാഷ്ട്രീയപാര്ട്ടികളുമൊക്കെ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്നില്ലെന്നതാണ് വസ്തുത. പ്രമുഖ മതങ്ങളുടെ ഉത്ഭവകാലത്തും മനുഷ്യര്ക്ക് വ്യക്തിസ്വാതന്ത്ര്യം കുറവായിരുന്നു. കുരിശുയുദ്ധങ്ങള് എന്ന പേരില് നൂറ്റാണ്ടുകള് തന്നെ മത-യുദ്ധങ്ങള് നടന്നതും, മത-യുദ്ധങ്ങളും ജാതിയുദ്ധങ്ങളും നൂറ്റാണ്ടുകളായി നടന്നുപോരുന്നതും, ഇന്നവ വര്ദ്ധിച്ച് മതഭീകരവാദമായി ഭൂമിയിലെങ്ങും വളര്ന്നിട്ടുള്ളതും ഭൂമിയിലെങ്ങും അസമാധാനം വര്ദ്ധിച്ചിരിക്കുന്നതും അടിസ്ഥാനപരമായി വ്യക്തിസ്വാതന്ത്ര്യത്തെ ഹനിച്ചതുകൊണ്ടുണ്ടായ ദോഷങ്ങളാണ്. ശാസ്ത്രവികസനത്തിന് എന്നും തടസ്സമായി നിന്നതും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന മതനടപടികളായിരുന്നു. മുമ്പ് വ്യക്തമാക്കിയതുപോലെ ദൈവം സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രത്തെ അട്ടിമറിക്കുവാന് യാതൊരാള്ക്കും കഴിയുന്നതല്ല.
ശാസ്ത്രവികസനത്തെ ദൈവീകമായി കാണുവാന് മതനേതാക്കള്ക്കും മതനിഷേധികള്ക്കും സാധിച്ചില്ല. ശാസ്ത്രസൗകര്യങ്ങള് ആസ്വദിച്ചുകൊണ്ട് ശാസ്ത്രത്തെ ദൈവീകമല്ലെന്നു വരുത്തിത്തീര്ക്കുവാന് മതനേതാക്കള് വളരെ ശ്രമിച്ചതുമാണ്, ഇന്നും ശ്രമിക്കുന്നുമുണ്ട്.
ആത്മീയശാസ്ത്രത്തിന്റെ ഭാഗമായ മതങ്ങളെ ഭരിക്കുവാന് ധര്മ്മശാസ്ത്രത്തിന്റെ ശാഖയായ ഭരണതന്ത്രം കൈയ്യാളുന്ന രാഷ്ട്രീയക്കാര്ക്കു കുറേയൊക്കെ കഴിഞ്ഞെങ്കിലും അവരും ശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്നില്ല. അതാതു രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വ്യവസ്ഥിതികള്ക്കുള്ളില്നിന്നു വ്യക്തി പ്രവര്ത്തിക്കേണ്ടതുണ്ട്. മത-ദൈവ കാര്യങ്ങളിലെന്ന പോലെ രാഷ്ട്രീയകാര്യങ്ങളിലും കുട്ടികള്ക്ക് വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകണമെന്നും അവര് രാഷ്ട്രമീമാംസ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാത്രം പഠിക്കട്ടെയെന്നും ഇന്നത്തേതുപോലെ രാഷ്ട്രീയപേക്കൂത്തുകള് കാട്ടുന്നവരാകരുത് എന്നുംകൂടി ശഠിക്കുന്ന രാഷ്ട്രീയക്കാര് അത്യപൂര്വ്വമാണ്, ഉള്ളവര്ക്കോ നടപ്പാക്കാന്

ശക്തിയുമില്ല, കഴിഞ്ഞിട്ടുമില്ല. ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ രാഷ്ട്രീയക്കാര് അവരുടെ താല്പര്യങ്ങളായി അധഃപതിപ്പിച്ചിരിക്കുന്നു. മതങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും പോലെ രാഷ്ട്രങ്ങളിലെ ശാസ്ത്രപരമല്ലാത്ത ഭരണഘടനകളും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടിരിക്കുകയാണു ചെയ്യുന്നത്. കൂടാതെ ജാതി, വര്ഗ്ഗം, ഭാഷ, ദേശം, തൊഴില്, വര്ണ്ണം തുടങ്ങിയവയിലെ വ്യത്യാസങ്ങളും വ്യവസ്ഥിതികളായി രൂപപ്പെട്ട് മനുഷ്യജീവികളുടെ വ്യക്തിസ്വാതന്ത്ര്യത്തെ തളച്ചുകൊണ്ടിരിക്കുന്നു.

മതങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളുമൊക്കെ ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യം വ്യക്തികള്ക്ക് അഥവാ ജനങ്ങള്ക്ക് നല്കിയാല് നാട്ടിലെ ഭീകരവാദങ്ങളും സ്ഫോടനങ്ങളും ഒക്കെ അവസാനിക്കുമോ എന്നൊരു ചോദ്യമുണ്ട്. തീര്ച്ചയായും അവസാനിക്കും, എന്നാല് വ്യക്തിസ്വാതന്ത്ര്യം നല്കുവാന് അവയ്ക്കാവില്ല, എന്തുകൊണ്ടെന്നാല് ദൈവഭാവമായ സത്യ-ധര്മ്മ-നീതികള് അവയില് ഇല്ലാത്തതാണ് അവയുടെ നിലനില്പിന് ആധാരം, വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്ന നിലയിലേക്ക് അവയെ ഉയര്ത്തണമെങ്കില് അവ സത്യ-ധര്മ്മ-നീതികള് പ്രകാരം അഥവാ മഹാശാസ്ത്രപ്രകാരം ശുദ്ധമാക്കേണ്ടതുണ്ട്, അങ്ങനെ ചെയ്യുന്നതോടെ മതങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളുമൊക്കെ സ്വയം ഇല്ലാതാവുന്നതാണ്.

ഓരോ കുട്ടിയും തങ്ങള്ക്കു ലഭ്യമായ സൗകര്യങ്ങളും, ബുദ്ധിശക്തികളും, വ്യക്തിസ്വാതന്ത്ര്യവും ഉപയോഗപ്പെടുത്തുകയാണു ചെയ്യുന്നത്, അങ്ങനെയാണു വേണ്ടത് എന്നു പറയുമ്പോള്, ഇവിടെ കുട്ടികള്ക്കല്ല, പ്രഥമമായി മുതിര്ന്നവര്ക്കു തന്നെയാണ് മതകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലുമൊക്കെ വിദ്യാഭ്യാസവും തിരിച്ചറിവും ആവശ്യമായിരിക്കുന്നത്. വ്യത്യസ്ത മത-രാഷ്ട്രീയ സ്ഥാപനങ്ങളെ നയിക്കുന്ന നേതാക്കള്ക്കും അവരുടെ അനുയായികള്ക്കും കടുത്ത ശിക്ഷകളുണ്ട്, ദൈവം ശിക്ഷിക്കുന്നത് സ്നേഹിക്കുന്നതുകൊണ്ടാണ്, നല്ലവരാക്കാനാണ്, എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി നല്കാനാണ്, പരമാനന്ദങ്ങള് ലഭ്യമാകുന്ന ആത്മീയസാക്ഷാത്ക്കാരം നല്കാനാണ്, മഹാപ്രപഞ്ചത്തെ മഹാസുന്ദരമാക്കാനാണ്. സത്യം ശിവം സുന്ദരം.

(5) മതങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും :

ഒരു ദൈവമേയുള്ളൂ എന്ന് മതപുരോഹിതന്മാരെല്ലാം സമ്മതിക്കുകയും വാദിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് ജീവിതമേഖലകള് ഇന്നു വികസിച്ചിട്ടുണ്ട്. അപ്പോഴും ഒരു ദൈവത്തിന്റെ പേരില്, എന്തിനാണ് വ്യത്യസ്തങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമെന്നു ചോദിക്കണ്ട.

സാധാരണക്കാരെ വാക്കുകളിലൂടെ നിസ്സാരമായി കീഴ്പ്പെടുത്താനുള്ള ബുദ്ധിക്കസര്ത്തുകളും മതവചനങ്ങളും കൂട്ടിക്കുഴച്ച സംഭാഷണങ്ങള് നടത്താന് പുരോഹിതന്മാര് കേമരാണ്. എന്നാല് എല്ലാം ദൈവം എന്ന ഒരേ ലക്ഷ്യത്തിലേക്കുള്ള മാര്ഗ്ഗങ്ങളാണെന്നും, മതസൗഹാര്ദ്ദം ഉണ്ടാവണമെന്നും പറയുന്ന പുരോഹിതന്മാരും മതവിശ്വാസികളും ഓരോ ദിവസവും മതംമാറിക്കൊണ്ട് മതസൗഹാര്ദ്ദത്തിന് മാതൃകകളാവാന് തയ്യാറാവില്ല. ക്രിസ്ത്യന് പള്ളിയില് ഇസ്ലാമിക ആരാധനയും, മുസ്ലീം പള്ളിയില് ക്രൈസ്തവ ആരാധനയും മാറിമാറി നടക്കട്ടെയെന്നോ, പള്ളിവക ശ്മശാനങ്ങളില് മത-ജാതി വ്യത്യാസങ്ങള് നോക്കാതെ ശവമടക്കാനോ തയ്യാറാവില്ല. എന്നിരിക്കെയും മതസൗഹാര്ദ്ദ ഭാഷണങ്ങള്ക്കും, വേദികളില് വ്യത്യസ്ത മത-ജാതി നേതാക്കള് കെട്ടിപ്പിടിച്ച് വേഷംകെട്ടുന്നതിനും കുറവു വരുത്തില്ല. വിവാഹം, മരണം തുടങ്ങിയ ജീവിതാവശ്യങ്ങളെ വ്യത്യസ്ത മതങ്ങള് പ്രകാരവും അവയിലെ ജാതികള് പ്രകാരവും വ്യത്യസ്തങ്ങളായ ആചാരങ്ങളിലും ചടങ്ങുകളിലും പെടുത്തിയിട്ടുണ്ട്. എന്നാല് വിവാഹത്തിനു ശേഷം ദമ്പതികള് പങ്കെടുക്കുന്ന കാമലീലകളിലോ ആനന്ദങ്ങളിലോ, മരണകാര്യങ്ങളിലോ, രോഗകാര്യങ്ങളിലോ, മരുന്നു കാര്യങ്ങളിലോ പാവം ദൈവം വ്യത്യാസങ്ങളെ സൃഷ്ടിച്ചിട്ടില്ല എന്നതിനെ എല്ലാവരും അവഗണിച്ചിരിക്കുന്നു. മതവും ജാതിയും വിട്ട് വിവാഹം കഴിക്കുന്നവര് പങ്കെടുക്കുന്ന കാമലീലകളിലോ ആനന്ദങ്ങളിലോ, മരണകാര്യങ്ങളിലോ, രോഗകാര്യങ്ങളിലോ, മരുന്നു കാര്യങ്ങളിലോ പോലും പാവം ദൈവം വ്യത്യാസങ്ങളെ സൃഷ്ടിച്ചിട്ടില്ല.
വെള്ളിയാഴ്ചത്തെ മദ്ധ്യാഹ്ന പ്രാര്ത്ഥന മുസ്ലീം പള്ളികളില് നടക്കുമ്പോഴും, ഞായറാഴ്ചത്തെ ഖുര്ബാനകള് ക്രിസ്ത്യന് പള്ളികളില് നടക്കുമ്പോഴും, അവരവരുടെ മതാചാരങ്ങളെയും മതവിശ്വാസങ്ങളെയും മാത്രം ശരിവെയ്ക്കുന്നതും, അതിനെ മാത്രം പിന്പറ്റണമെന്ന് ബുദ്ധിക്കസര്ത്തുകളിലൂടെയും മനഃശ്ശാസ്ത്ര സാമര്ത്ഥ്യത്തോടെയും, ദൈവത്തിന്റെ കാര്യങ്ങളെല്ലാം കൃത്യമായി അറിയാവുന്ന സെക്രട്ടറി പോലെയും പുരോഹിതന്മാര് പ്രസംഗിക്കുന്നത് കേള്ക്കാനാവും. ദൈവം ചുമതലപ്പെടുത്തിയിട്ടില്ലാത്തവര്, ദൈവത്തിന്റെ സെക്രട്ടറിമാരും മാനേജര്മാരും ദാസന്മാരുമൊക്കെയായി കളംനിറഞ്ഞാടുകയാണ്. അവരുടെ വാക്കുകള് കേട്ട് സാധാരണക്കാരായ ജനങ്ങള് സന്തോഷിക്കുകയും, വിതുമ്പുകയും, കരയുകയും ഒക്കെ ചെയ്യും. വിവാഹം, മരണം തുടങ്ങിയ ജീവിതാവശ്യങ്ങളെ മുന് നിര്ത്തി ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാക്കുകയും അവ പ്രകാരമല്ലാതെ വിവാഹം, മരണം തുടങ്ങിയ

ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട കര്മ്മങ്ങള് ചെയ്യാനാവില്ല; ചെയ്താല് അത് ദൈവീകമാവില്ല എന്നിങ്ങനെ വ്യവസ്ഥാപിതമാക്കുകയും, ഭരണകൂടം നോക്കുകുത്തികളായിരിക്കുകയും ചെയ്യുമ്പോള് ജനങ്ങളെ മത-ജാതി ബന്ധനത്തില് തളയ്ക്കുന്നതില് മതപുരോഹിതന്മാര് വിജയിക്കുന്നു. നൂറ്റാണ്ടുകളായി വിജയിച്ചുംപോരുന്നു. മത-ജാതി സ്ഥാപനങ്ങള് നിശ്ചയിക്കുന്ന മാസവരിയും മറ്റ് തോന്നുമ്പോലെയുള്ള ഫീസുകളും മത -ജാതി സ്ഥാപനങ്ങളുടെ ആഫീസില് നല്കിയില്ലെങ്കില് വിവാഹം, ശവമടക്കല് തുടങ്ങിയ ചടങ്ങുകളെ നടത്തിത്തരില്ല എന്ന് വ്യവസ്ഥപ്പെടുത്തുമ്പോള് ജനങ്ങളെ മത-ജാതി ബന്ധനത്തില് കൂടുതല് തളയ്ക്കുന്നു. വെള്ളിയാഴ്ചകളിലും ഞായറാഴ്ചകളിലുമൊക്കെ വ്യത്യസ്ത മത-ജാതി പ്രാര്ത്ഥനകളിലൂടെ ജനങ്ങളെ ആത്മീയമായി ഉയര്ത്തിക്കൊണ്ട്(?) കരയിക്കുകയും സ്വര്ഗ്ഗത്തില് സീറ്റു നേടിക്കൊടുക്കുകയും ചെയ്ത പുരോഹിതന്മാര് മത-ജാതി സ്ഥാപനങ്ങള് നടത്തുന്ന തട്ടിപ്പുകളെയും കൊള്ളകളെയും, സ്ത്രീധനം പോലെയുള്ള കാന്സറുകള് ജനങ്ങളെ കാര്ന്നുതിന്നുന്നതും അറിയാത്തവരെന്ന പോലെ ഭാവിക്കുന്നു. ഒരു ചിലര് ജനങ്ങളുടെ സമ്പത്ത് തട്ടിയെടുക്കുന്ന കാര്യത്തില് പുതിയ (അ)ധാര്മ്മിക പ്രഭാഷണങ്ങളും നടത്തിയെന്നു വരും.

ഇനി ശാസ്ത്ര വിശകലനത്തിലേക്കു കടക്കാം. ദൈവത്തിനെന്ന പേരില് ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തിയാല്, ദൈവത്തിന് എന്തെങ്കിലും ലഭ്യമാക്കുവാന് മനുഷ്യനു കഴിയണം. എല്ലാ ആനന്ദങ്ങളെയും സൃഷ്ടിച്ച് ജീവികള്ക്കു നല്കുന്ന മഹാശക്തിയായ ദൈവം എല്ലാ ആനന്ദങ്ങള്ക്കും അതീതമാണ്. അങ്ങനെയിരിക്കെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ആര്ക്കുവേണ്ടിയാണ് ? ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.

കര്ത്താവായ ദൈവം മനുഷ്യര്ക്കു നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ കവര്ന്നെടുക്കുവാന് എല്ലാ മതങ്ങളും രൂപപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ് അടിസ്ഥാനപരമായി എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും, എങ്കിലും ചുവടെ പ്രമുഖ മതങ്ങളിലെ ഏതാനും സത്യങ്ങളുമായും, ഗ്രന്ഥത്തിലെ ഏഴാം ഭാഗത്തിലുള്ള സ്മൃതിയുമായും അവയ്ക്ക് ചില ബന്ധങ്ങളുണ്ട്.

മതപുരോഹിതന്മാര് പറയുന്ന സദാചാരശാസ്ത്രങ്ങളും ചില ആത്മീയ കാര്യങ്ങളും കേള്ക്കുമ്പോള് അവ ശരിയാണെന്നു തോന്നുന്നത്, അവ മിക്കപ്പോഴും ശരിയായതുകൊണ്ടു തന്നെയാണ് ; എങ്ങനെയെന്നാല് മഹാശാസ്ത്രത്തെ 100 ആയി വിഭജിച്ചാല് അതില് 5-ല് താഴെ

കാര്യങ്ങള് ഓരോ മതങ്ങളിലും സത്യമായിട്ടുണ്ട്, അതിലുള്ള പരമാവധി 3.14..(പൈ) കാര്യങ്ങള്വരെ മതപുരോഹിതന്മാര്ക്ക് ആവര്ത്തിച്ചു പറയാന് കഴിഞ്ഞെന്നുവരും, അതാണവര് ചെയ്തുകൊണ്ടിരിക്കുന്നത്, ബാക്കിയുള്ള 95-ല് അധികം കാര്യങ്ങളും മതങ്ങളില് ഇല്ല, അഥവാ ചിലവ ഉണ്ടെങ്കില് അവയെല്ലാം കള്ളങ്ങളും കപടങ്ങളുമാണ് ; മനുഷ്യര്ക്ക് മസ്തിഷ്ക്കത്തിലെ ന്യൂറോണുകളിലൂടെ ദൈവം ലഭ്യമാക്കിയിട്ടുള്ള ശാസ്ത്രത്തിന്റെ അളവ് അങ്ങനെയാണ്. (പൈ-യെപ്പറ്റി ന്യൂനശക്തികളെപ്പറ്റിയുള്ള അദ്ധ്യായത്തില് ശാസ്ത്രപരമായി വിസ്തരിക്കുന്നുണ്ട്.)

മതങ്ങളിലെ പ്രാര്ത്ഥനകളെപ്പറ്റി പറയുമ്പോള്, മുമ്പറഞ്ഞതുപോലെ 100-ല് 3 നല്ലകാര്യമാണ് പറയുന്നത്, എന്നാല് അവ മനസ്സിലാക്കാനോ ഉള്ക്കൊള്ളാനോ കഴിയാത്ത ബുദ്ധിമാന്ദ്യമുള്ളവരുടെ കാര്യത്തിലെ ദൈവീകനീതിയെന്താണെന്ന് ശാസ്ത്രപരമായി വ്യക്തമാക്കാന് മതങ്ങള്ക്ക് കഴിയില്ല. കാരണമുണ്ട്. ഓരോ മനുഷ്യനും തങ്ങള്ക്ക് ആവശ്യമുള്ളതിനായാണ് പ്രാര്ത്ഥിക്കേണ്ടത്. ദൈവത്തോടുള്ള പ്രാര്ത്ഥന വ്യക്തിയുടെ സ്വകാര്യമാണ്. പുരോഹിതന് ഇഷ്ടപ്പെട്ട പ്രാര്ത്ഥന സ്വകാര്യമായി നടത്തുന്നത് അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യമാണ്, സഭയില് അഥവാ സമൂഹത്തില് അതു പാടില്ല. വ്യക്തിയുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയില് ദൈവം നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ലാത്ത ഒരു മധ്യസ്ഥന് വേണ്ട, പുരോഹിത വര്ഗ്ഗങ്ങള് എല്ലാംതന്നെ അശാസ്ത്രീയമാണ്, അധമമാണ്. ഭീകരവാദങ്ങള് ഉണ്ടാവാന് മൂലകാരണം അവരാണ്. നല്ല വചനങ്ങളുള്ള പ്രാര്ത്ഥനകളെപ്പറ്റി ശാസ്ത്രപരമായ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠിപ്പിക്കാം, ഗുരുപ്രഭാഷണം ആവാം എന്നല്ലാതെ സമൂഹത്തില് അവയെ അതേപ്രകാരം പിന്പറ്റണമെന്നു പറയാന് അവകാശമില്ല, അധികാരമില്ല ; മതങ്ങള് പുലര്ത്തിവരുന്ന അധമത്തമാണത്. തങ്ങളുടെ പാണ്ഡിത്യവും കേമത്തവും പ്രകടിപ്പിക്കുന്ന പ്രാര്ത്ഥനകള് എന്ന പ്രസംഗങ്ങള് നടത്തുന്നതിലൂടെ മതപുരോഹിതര് സമൂഹത്തില് പദവിയും, കീര്ത്തിയും, ധനവും ഒക്കെ നേടുന്നുവെന്നത്, അവരുടെ ഭാഷയില് തന്നെ പറയുമ്പോള്, ഇഹലോകത്തിലെ നേട്ടം മാത്രമാണത്. ദൈവീകതലത്തില്, പുരോഹിതന്മാര് നേടുന്നത് (കൂടുതലും) കടുത്ത പാപമാണ്. വ്യക്തിയുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയില് പുരോഹിതന് എന്ന മദ്ധ്യസ്ഥന് പാടില്ലെന്ന് ക്രൈസ്റ്റിലൂടെ ദൈവം അറിയിച്ചിട്ടുള്ളതാണ്. ദൈവത്തിന്റെ പ്രതിനിധി കൂടിയായ പരമശിവനെ ക്രൈസ്റ്റായിട്ട് അയച്ചത് ഭൂമിയില് പുരോഹിതന്മാരെന്ന പിശാചുക്കളെ സൃഷ്ടിക്കാനല്ല. ചുവടെ മതങ്ങളിലെ സത്യങ്ങളുടെ

ഭാഗമായി ക്രിസ്തുമതത്തിലെയും ഹിന്ദുമതത്തിലെയും അനവധി കാര്യങ്ങളെ ശാസ്ത്രീയമായി ദൈവം കൂട്ടിയിണക്കുന്നത് പഠിക്കുമ്പോള് സത്യങ്ങളെ തിരിച്ചറിയാന് കഴിയുന്നതാണ്. ഈസാ നബിയെന്ന് മുസ്ലീങ്ങള് വിളിക്കുന്നത് ക്രൈസ്റ്റിനെയാണെന്നിരിക്കെ വ്യക്തിയുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയില് പുരോഹിതന് എന്ന മദ്ധ്യസ്ഥന് പാടില്ലായെന്നത് മുസ്ലീങ്ങള്ക്കും ബാധകമാണ്. അവസാന കാലത്ത് ഈസായെ ദൈവം വീണ്ടും അയക്കും എന്ന് ഇസ്ലാമിലുണ്ട്. അത് വിശ്വസിക്കുന്ന മുസ്ലീങ്ങള് ഉണ്ടെങ്കില്, ഈസായിലൂടെ ദൈവം വെളിപ്പെടുത്തിയ വചനത്തെ കളങ്കപ്പെടുത്തുകയും, ജനങ്ങളുടെ സമ്പത്ത് പിടിച്ചുപറിക്കാന് വഴിയൊരുക്കുകയും ചെയ്ത പുരോഹിഹതവര്ഗ്ഗത്തെ അദ്ദേഹം ശിക്ഷിക്കണമോ, അതോ സ്വര്ഗ്ഗത്തിലേക്ക് കയറ്റിവിടണമോ ? മതപുരോഹിതന്മാരുടെ സംഭാഷണങ്ങള് കേട്ടാല് അവരെല്ലാം സ്വര്ഗ്ഗം കണ്ടു കഴിഞ്ഞുവെന്നും, സ്വര്ഗ്ഗത്തിലായിരുന്നുവെന്നും, സ്വര്ഗ്ഗത്തിലേക്ക് ആള്ക്കാരെ കയറ്റിവിടാനുള്ള ഭൂമിയിലെ ഏജന്റുമാരാണെന്നും തോന്നും. എന്നാല് ജനങ്ങളുടെ ചിലവില് ഭരണാധികാരികളെപ്പോലെ, ഏറെ പുരോഹിതരും ഭൂമിയിലെ സ്വര്ഗ്ഗത്തിലാണ് ജീവിക്കുന്നത്. കുഞ്ഞുങ്ങളേ, ഉടന് തിരുത്തുവിന്. നിങ്ങള് ചെയ്യുന്നത് കടുത്ത പാപമാണ്.

പ്രാര്ത്ഥനയെപ്പറ്റി തുടര്ന്നു പറയുമ്പോള്, എന്തും ഏതും വ്യക്തികളുടെ ഇഷ്ടപ്രകാരവും ഏതുസമയത്തും ദൈവത്തോടു പ്രാര്ത്ഥിക്കുവാന് വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. എത്ര വലിയ പാപിക്കും ദൈവത്തോടു പ്രാര്ത്ഥിക്കാം. സ്രഷ്ടാവും മഹാശക്തിയുമായ ദൈവത്തോടല്ലാതെ മറ്റു യാതൊരാളോടും മാപ്പുചോദിച്ചിട്ടും പ്രാര്ത്ഥിച്ചിട്ടും കാര്യമില്ല. ദൈവത്തിന്റെ പ്രതിനിധിയായ പരമശിവനോടും പ്രാര്ത്ഥിച്ചുകൂടാ. ദൈവത്തിന്റെ പ്രതിനിധിയായ പരമശിവനെ, ദൈവകാര്യങ്ങള്ക്കായിട്ട് ദൈവം ചുമതലപ്പെടുത്തുന്നു. മനുഷ്യന്റെ പ്രതിനിധിയല്ല പരമശിവന്. മനുഷ്യന് ദൈവത്തോടു നേരിട്ട് പ്രാര്ത്ഥിക്കുക എന്നല്ലാതെ ക്രൈസ്റ്റിനെയും (പരമശിവനെയും), യാതൊരാളെയും മദ്ധ്യസ്ഥനാക്കിക്കൂടാ. മഹാനീതിപതിയും മഹാപിതാവും മഹാമാതാവുമായ ദൈവം എല്ലാം അറിയുന്നുണ്ടെന്ന് ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം എന്ന അദ്ധ്യായത്തിലൂടെ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ദൈവം പ്രാര്ത്ഥന പൂര്ണ്ണമായോ, വളരെക്കുറച്ചുമാത്രമോ, അനുവദിച്ചെന്നും, അനുവദിക്കുന്നത് നീട്ടിവച്ചെന്നും വരും. ആവക കാര്യങ്ങള് ദൈവം മഹാശാസ്ത്രപരമായി നിശ്ചയിക്കുന്നതാണ്. ആവക കാര്യങ്ങളിലും ദൈവം മദ്ധ്യസ്ഥരെ

അനുവദിക്കുന്നില്ല. കേരളത്തിലെ പരുമല എന്ന പ്രദേശത്ത് അനേകം ക്രൈസ്തവര്ക്ക് പ്രിയങ്കരനായ പരുമല തിരുമേനിയെ മദ്ധ്യസ്ഥനാക്കി പ്രാര്ത്ഥിക്കുകയും അതിന് ബിഷപ്പന്മാരും മറ്റും കൂട്ടുനില്ക്കുകയും ചെയ്യുമ്പോള്, പരുമല തിരുമേനി ഹിന്ദുമതത്തില് പുനര്ജ്ജനിച്ച് അടൂരിനടുത്ത് ഒരു കൊച്ചു ചായക്കട നടത്തുകയാണ് ! മനുഷ്യരെല്ലാം ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്, കുഞ്ഞുങ്ങള് പ്രാര്ത്ഥനയ്ക്ക് സ്വീകരിക്കുന്ന മാര്ഗ്ഗങ്ങള് തെറ്റാണെങ്കിലും, മായ പ്രത്യക്ഷമാക്കും വരെ കടുത്ത ശിക്ഷകള് ദൈവം നല്കുന്നതല്ല. ദൈവത്തിനു മാത്രമാണ് ശക്തി ഉള്ളതെന്നും, ദൈവം നല്കുമ്പോള് മാത്രമാണ് ഏതൊരാള്ക്കും ശക്തി ഉള്ളതെന്നും, മരിച്ചയാളെ സഹായത്തിനു വിളിക്കുന്നത് ഭോഷ്ക്കും ദൈവനിന്ദയുമാണെന്നും, ഭോഷ്ക്ക് കാട്ടുമ്പോഴും ദൈവം സഹായിക്കുന്നതും പ്രാര്ത്ഥനയെ ഭാഗികമായോ പൂര്ണ്ണമായോ അനുവദിക്കുന്നതും, കുഞ്ഞുങ്ങളോടുള്ള മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ മഹാവാത്സല്യം കൊണ്ടുമാണെന്നും തിരിച്ചറിയണം.

വൈകാതെ മായ പ്രത്യക്ഷമാകുന്നതിന്റെ മുന്നോടിയായിട്ടാണ് മഹാശാസ്ത്രം അഥവാ യഥാര്ത്ഥ വേദങ്ങള് വീണ്ടെടുത്തുകൊണ്ടിരിക്കുന്നത്. എന്നാല്, എല്ലാ മനുഷ്യര്ക്കും മഹാശാസ്ത്രം ഉള്ക്കൊള്ളാനാവില്ല, ദൈവത്തിന്റെ ആവിഷ്ക്കാരം ആവിധത്തിലാണ്. മഹാശാസ്ത്രം ഉള്ക്കൊള്ളാന് കഴിയുന്നതിനും ദൈവത്തെ ആരാധിക്കുന്നതിനുമൊക്കെ ജന്മങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ടുള്ള യോഗ്യതകള് ദൈവം നിശ്ചയിച്ചിട്ടുണ്ട്. ആവക കാര്യങ്ങള് വിവരിക്കുവാന് മഹാശാസ്ത്രം ലഭിക്കാനും ദൈവത്തെ ആരാധിക്കാനും മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന പ്രത്യേക അദ്ധ്യായം ഗ്രന്ഥത്തിലുണ്ട്. മനുഷ്യര് സ്തുതിക്കുന്നതുകേട്ട് സന്തോഷിക്കുന്ന ഒരു വിചിത്രജീവിയല്ല ദൈവം. വേഷം കെട്ടലുകള് ദൈവത്തോടു വേണ്ട. കൃഷിക്കാരനും വൈദ്യനും ആശാരിക്കും ചിത്രകാരനും സംഗീതജ്ഞനും നെയ്ത്തുകാരനും തയ്യല്ക്കാരനും ഒക്കെ വ്യത്യസ്തമായ തൊഴില് അഭിരുചികളാണ് ദൈവം നല്കിയിട്ടുള്ളത്, ജീവിതം മംഗളമാകുവാന് വേണ്ടതെല്ലാമാണ് നല്കുന്നത്, കൃഷിക്കാരന് സംഗീതപാഠങ്ങളും വൈദ്യപാഠങ്ങളും ഒക്കെ ഒക്കെ ഒരേ ജന്മത്തില് പഠിച്ചിട്ട് കാര്യമില്ല.
ദൈവീക നീതിയെപ്പറ്റിയും ശാസ്ത്രത്തെപ്പറ്റിയും സംവിധാനങ്ങളെപ്പറ്റിയും കാര്യവിവരമില്ലാത്തതുകൊണ്ടാണ് മഹാനീതിശാസ്ത്രം പ്രകാരം സമൂഹത്തില് സാദ്ധ്യമല്ലാത്തതായ സമ്പൂര്

ണ്ണ സാക്ഷരതയിലൂടെ പാര്ലമെന്ററി ജനാധിപത്യത്തെ സംരക്ഷിക്കാമെന്നും മതങ്ങളെ സംരക്ഷിക്കാമെന്നും രാഷ്ട്രീയ നേതാക്കന്മാരും മതപുരോഹിതരുമൊക്കെ ഇടയ്ക്കു പുലമ്പുന്നത്. ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ദൈവത്തെപ്പറ്റിയും, വിവാഹം, മരണം തുടങ്ങിയ ചടങ്ങുകളെപ്പറ്റിയും, പ്രാര്ത്ഥനകളെപ്പറ്റിയും, ആരാധനയെപ്പറ്റിയുമൊക്കെ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുള്ളത് പഠിക്കാന് ഭാഗ്യമുണ്ടാകുന്നവര്ക്ക് ഓരോരോ മതങ്ങളിലുമുള്ള അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സ്വയം വിലയിരുത്താന് കഴിയുന്നതാണ്. വിജയദശമി എന്നറിയപ്പെടുന്ന മഹാദശമി ഒഴികെയുള്ള എല്ലാ ആഘോഷങ്ങളും ശാസ്ത്രവിരുദ്ധമാണ് എന്നു പറയുമ്പോള് ക്രിസ്തുമസ് ആഘോഷവും ദൈവീകമല്ല. എല്ലാ മതങ്ങളിലെയും എല്ലാ ആചാരങ്ങളും അശാസ്ത്രീയമാണ്. വിശ്വസിക്കാന് പ്രയാസം ഉള്ളവരുണ്ടാകും, ഗ്രന്ഥം സശ്രദ്ധം പഠിക്കുക. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ ഓടിനടന്നു പഠിച്ച് വിശ്വസിച്ചുകൊള്ളും.

(6) മതങ്ങളും ദേവാലയങ്ങളും ആരാധനാലയങ്ങളും :
മറ്റുള്ള ജീവികളേക്കാള് ബുദ്ധിശക്തികളും വിവേചനശക്തികളും കൂടുതല് ലഭിച്ച മനുഷ്യന് എന്ന ഒരേ ശരീരപ്രകൃതിയുള്ള ജീവിക്ക്, ഭൂമിയിലെങ്ങും ഒരേതരത്തിലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളുമുള്ള ദേവാലയങ്ങളും ആരാധനാലയങ്ങളും ഉണ്ടാവുമ്പോള് എല്ലാവരുടെയും സ്രഷ്ടാവായ ഏക ദൈവത്തിന് അല്പം സന്തോഷമുണ്ടാകും. വ്യത്യസ്ത മതപുരോഹിതരും മേല്വാക്യത്തോട് യോജിച്ചേക്കും, ഒരു വ്യവസ്ഥയില്, ദൈവം സന്തോഷിക്കണമെങ്കില് തങ്ങളുടെ മതം സാര്വ്വത്രികമാകണം, അങ്ങനെ സംഭവിക്കണമെങ്കില് മറ്റെല്ലാ മതങ്ങളും ഇല്ലാതായേ പറ്റൂ എന്ന കാര്യം അറിയാവുന്നവരായി അവര് ഭാവിക്കുകയുമില്ല. എല്ലാ മതങ്ങളും പറയുന്ന ദൈവം ഒന്നുതന്നെയാണെന്ന് ആത്മാര്ത്ഥതയില്ലാതെ വിളമ്പുന്ന നീചരായ മതപുരോഹിതര് അങ്ങനെയാണ്.
ദേവാലയങ്ങള് അഥവാ ദേവന്റെ (ദൈവത്തിന്റെ) വീടുകള് നിര്മ്മിക്കപ്പെടുന്നത് മനുഷ്യര്ക്ക് ദൈവത്തോട് പ്രാര്ത്ഥിക്കാനും ആരാധിക്കാനുമാണ് എന്നല്ലാതെ ദൈവത്തിന് വീടുകള് വേണ്ട. എന്നാല് ദേവാലയങ്ങളുടെ ആവശ്യം സമൂഹത്തിന് തീര്ച്ചയായുമുണ്ട് : ഓരോ നാട്ടിലെയും ജനങ്ങളുടെ വിവാഹം, മരണം തുടങ്ങിയ പൊതു ആവശ്യങ്ങള്ക്കായും, പൊതു പ്രാര്ത്ഥനകള്ക്കായും, പൊതു ആഘോഷങ്ങള്ക്കായും, മറുനാട്ടില് നിന്ന് വരുന്നവര്ക്ക് പ്രാര്

ത്ഥിക്കാനും ആരാധിക്കാനുമുള്ള സൗകര്യത്തിനായും ദേവാലയങ്ങള് വേണം. അപ്പോഴും, ദേവാലയം മനുഷ്യര്ക്കാണ് ആവശ്യം, ദൈവത്തിനല്ല. അതുപോലെ പ്രാര്ത്ഥനയെന്നത് സ്വകാര്യമായ വിഷയമാണ്, ഇടനിലക്കാരനെ/പുരോഹിതനെ ഉപയോഗിച്ചുകൂടാ. ഭൂമിയില് ഇന്നുള്ള എല്ലാ മതാചാരങ്ങളും മതാനുഷ്ഠാനങ്ങളും അശാസ്ത്രീയമാണ് അഥവാ അവയൊന്നും ദൈവീകമല്ല. ഏതാനും ഉദാഹരണങ്ങള് വളരെച്ചുരുക്കി പറയാം :-

(1) മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുന്ന ദൈവം ജീവികള്ക്കായി നല്കിയവ ദൈവത്തിനെന്ന പേരില് ദേവാലയങ്ങളില് അര്പ്പിക്കുന്നത് ദൈവത്തെ നിന്ദിക്കലാണ്. മനുഷ്യരെ ആനന്ദിപ്പിക്കാന് ദൈവം നല്കിയതാണ് സ്വര്ണ്ണം ഉള്പ്പെടെയുള്ള സമ്പത്തുകള്. അവ അധികമുള്ളവര് ഇല്ലാത്തവര്ക്ക് നേരിട്ടു നല്കുക എന്നല്ലാതെ ദേവാലയങ്ങളില് അവ സമര്പ്പിക്കുന്നതും ദേവാലയങ്ങളെ നിധി സൂക്ഷിക്കുന്ന സ്ഥലം ആക്കുന്നതും ദൈവനിന്ദയാണ്. ദൈവത്തിന് സ്വര്ണ്ണ വിഗ്രഹങ്ങളോ സ്വര്ണ്ണമാലകളോ പുഷ്പ പൂജകളോ വേണ്ടതില്ല. അവയെല്ലാം ദൈവം മനുഷ്യര്ക്കു നല്കിയതാണ്. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളെ പിന്പറ്റുന്ന ഹൃദയം മനുഷ്യര്ക്കുണ്ടാവണം. അതു കണ്ടാണ് ദൈവം സന്തോഷിക്കുന്നത്. (2) ദൈവത്തിന്റെ പേരില് ഭക്തന്മാര്ക്ക് പ്രസാദങ്ങള് വിതരണംചെയ്യുന്നതും ദൈവനിന്ദയാണ്. പ്രാര്ത്ഥിക്കാന് ദേവലായത്തെ ഉപയോഗപ്പെടുത്തുമ്പോള്, പ്രാര്ത്ഥിക്കുക മാത്രം ചെയ്യുക. പലഹാരങ്ങള് വിതരണം ചെയ്യാനും ഉണ്ടാക്കാനും പലഹാരക്കടകള് ഉണ്ടാക്കുകയാണു വേണ്ടത്. ദൈവത്തിന്റെ പ്രസാദങ്ങള് എന്ന പേരില് ചെയ്യുമ്പോള്, കുഞ്ഞുങ്ങളേ, നിങ്ങള് പാപികളാകുന്നതാണ്. തന്റെ കുഞ്ഞുങ്ങള്ക്ക് എന്തു പ്രസാദമാണു വേണ്ടതെന്നും, എപ്പോഴാണ് വേണ്ടതെന്നും, എങ്ങനെ നല്കണമെന്നും ഒക്കെ ദൈവത്തിനറിയാം. അത് ദൈവം ചെയ്തുകൊള്ളും. ദൈവത്തിന്റെ പേരില് ദേവാലയങ്ങളിലെ നടത്തിപ്പുകാര് അത് ചെയ്യേണ്ട. ദൈവം ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളില് എന്തിന് ഇടപെട്ട് ശിക്ഷ വാങ്ങുന്നു ? (3) ആവശ്യത്തിലധികം വിളക്കുകള് കത്തിക്കുന്നത് പാപമാണ്. എണ്ണ, പാല്, ചന്ദനം തുടങ്ങിയവ കൊണ്ട് വിഗ്രഹങ്ങളെ കുളിപ്പിക്കുന്നതും, ദൈവം മനുഷ്യന്റെ ഉപയോഗത്തിന് നല്കിയവ പാഴാക്കുന്നതും പാപമാണ്. (4) ബ്രഹ്മവൃക്ഷമായ തെങ്ങിനെ ദേവാലയത്തിന്റെ മുന്നില് കൊടിമരമായി നട്ടുവളര്ത്താന് ശാസ്ത്രം അനുവദിക്കുന്നുണ്ട്. പകരം സ്വര്ണ്ണക്കൊടിമരങ്ങള് (?) സ്ഥാപിക്കുന്നതും, ശാസ്ത്രീയമായല്ലാതെയുള്ള ദേവാലയങ്ങള് നിര്

മ്മിക്കുന്നതും പാപമാണ്. (5) പ്രാര്ത്ഥനയെ കച്ചവടമാക്കുന്നത് ദൈവനിന്ദയാണ്. ദൈവനിന്ദയ്ക്ക് ശിക്ഷയുണ്ട്. ജനിക്കുമ്പോള് പ്രാര്ത്ഥന, തൊഴില് കാര്യങ്ങള്ക്ക്, വ്യവസായം ആരംഭിക്കാന്, വിവാഹത്തിന്, മരണത്തിന്, ഉദ്ദേശ കാര്യസാദ്ധ്യത്തിന് തുടങ്ങി മനുഷ്യജീവിത കാര്യങ്ങളെ അതിനീചമായി മതവുമായി ബന്ധിപ്പിച്ച് ബഹുവിധ പ്രാര്ത്ഥനകളും ആചാരങ്ങളും തയ്യാറാക്കിയിട്ടുള്ളതും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതും പാപമാണ്. ഓരോരോ മതങ്ങള് പ്രകാരവും ഒരേ ആവശ്യത്തിന് ബഹുവിധ സമ്പ്രദായങ്ങള് ആവിഷ്ക്കരിച്ചിരിച്ചിട്ടുണ്ട് എന്നത് മറ്റൊരു നീച വശമാണ്. (6) സുഗന്ധദ്രവ്യങ്ങള് ആവശ്യത്തിലധികം ദേവാലയങ്ങളില് ഉപയോഗിക്കുന്നതും തെറ്റാണ്. നാട്ടിലുള്ള ദുര്ഗ്ഗന്ധം വമിക്കുന്ന പ്രദേശങ്ങളെ ശുദ്ധിചെയ്യുന്നതിലും അവിടങ്ങളില് സുഗന്ധം പരത്തുന്നതിലുമാണ് മനുഷ്യര് ശ്രദ്ധിക്കേണ്ടത്. ദൈവത്തെ മഹാകാര്യങ്ങള് ചെയ്യുന്ന ഒരു മഹാജീവിയെപ്പോലെ മനുഷ്യര് കണക്കാക്കുകയാല്, ദൈവം മനുഷ്യര് സഞ്ചരിക്കുന്ന പ്രദേശങ്ങളിലെല്ലാം സഞ്ചരിക്കണം, സഞ്ചരിക്കുന്ന പ്രദേശങ്ങളില് ദുര്ഗ്ഗന്ധം ഉണ്ടാവാതെ ശ്രദ്ധിക്കാനും സുഗന്ധമുണ്ടാക്കാനും കൂടി മനുഷ്യര്ക്ക് ബാദ്ധ്യതയുണ്ട്. ദൈവം ദേവാലയത്തില് മാത്രം ഇരുന്നാല് മതി എന്ന് ആഗ്രഹിച്ചാല് അത് കടുത്ത പാപമാണ്, അഥവാ ആഗ്രഹിച്ചാല് ദേവാലയത്തിന്റെ ഭൂപരിധിക്കുള്ളിലുള്ള മനുഷ്യരുടെ വിഷമങ്ങള്ക്ക് മാത്രം ദൈവം പരിഹാരമുണ്ടാക്കിയാല് മതി എന്നുകൂടി ആഗ്രഹിക്കണം.

(7) വ്യക്തികളുടെയും പുരോഹിതരുടെയും കുശുകുശു മന്ത്രങ്ങള് കേട്ട് ആനന്ദിക്കുന്ന ഒന്നായി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുന്ന മഹാശക്തിയെ കണക്കാക്കുന്നത് ദൈവനിന്ദയാണ്. അജ്ഞാനികളോട് ദൈവം കുറേയൊക്കെ ക്ഷമിക്കുന്നു എന്നേയുള്ളൂ.

എല്ലാ മതങ്ങളിലെയും പുരോഹിതവര്ഗ്ഗത്തിന് സംഭവിച്ച പിഴവുകള്ക്ക് മറ്റു ചിലരുടെ തെറ്റുകളും കുറ്റങ്ങളും കാരണമായിട്ടുണ്ട് : ആദ്യ മഹാകാലചക്രത്തില് ദൈവം ഏതാനും പേരെ പ്രത്യേക ചുമതലകള് ഏല്പ്പിച്ചതിനെപ്പറ്റി ഈ അദ്ധ്യായത്തിലെ 10-ാം വിഭാഗത്തിലും ഗ്രന്ഥത്തിലെ 3-ഉം 7-ഉം ഭാഗങ്ങളിലും വിസ്തരിച്ചിട്ടുണ്ട്. ദേവതമാര്, മാലാഖമാര്, മലക്കുകള് എന്നിങ്ങനെയെല്ലാം വ്യത്യസ്ത മതങ്ങള് പ്രകാരം വ്യത്യസ്ത പേരുകളുള്ള അവര് ; പ്രാര്ത്ഥന, ആരാധന തുടങ്ങിയ അനവധി കാര്യങ്ങളില് പിഴവുകള് വരുത്തുകയുണ്ടായി. മനുഷ്യരുടെ ഇടയില് അബദ്ധങ്ങളും അനാചാരങ്ങളും ഉണ്ടാകുവാന്

അവരുടെ ചെയ്തികള് കാരണമായിട്ടുണ്ട്. അവരെയെല്ലാം ദൈവം അടുത്തകാലത്ത് അടിസ്ഥാനപരമായി പിന്വലിച്ചു കഴിഞ്ഞിട്ടുണ്ട് എങ്കിലും ഏതാനും പേരെക്കൂടി ക്രമപ്പെടുത്താനുണ്ട്. ഉദാഹരണമായിട്ട് തിരു, ശ്രീ എന്നീ വാക്കുകളിലൂടെ വലിയ അപരാധംചെയ്ത വിരുദ്ധശക്തികളുടെ രാജാവെന്നോണം രൂപപരിണാമം സംഭവിച്ച വിഷ്ണു എന്ന നാരായണന്റെ ആവിധ ചെയ്തികള് തിരുത്തിയത് യഥാക്രമം 2008 സെപ്തംബര് 12 തിരുവോണദിവസവും, 2008 സെപ്തംബര് 19-നുമാണ്. അതുമായി ബന്ധപ്പെട്ട ശാസ്ത്രപരമായ ചടങ്ങുകളില് പരമശിവനായി ദൈവം നിശ്ചയിച്ചിട്ടുള്ള ഈയുള്ളവനെ പങ്കെടുപ്പിച്ചിരുന്നു, മാത്രമല്ല, മനുഷ്യരൂപം വീണ്ടും സ്വീകരിച്ചിട്ടുള്ള നാരായണനെയും ഭാഗികമായി പങ്കെടുപ്പിച്ചിരുന്നു. ഈ വരികള് കമ്പ്യൂട്ടറില് ടൈപ്പുചെയ്യുന്നത് 2008 സെപ്തംബര് 28-നാണെന്നു പറയുമ്പോള് മഹാശാസ്ത്ര പാഠങ്ങള് ഇനിയും വെളിപ്പെടാനുണ്ട് എന്നും വെളിപ്പെട്ടുകൊണ്ടിരിക്കുന്നതേയുള്ളൂ എന്നുമറിയണം. മാത്രമല്ല മുമ്പ് പറഞ്ഞതുപോലെ ഈ ഗ്രന്ഥത്തിലെ നിരവധി കാര്യങ്ങള് ഓംസത്യം ഡോട്ട്കോം വെബ്സൈറ്റില് ചേര്ക്കുന്നത് മഹാശക്തിയുടെ മഹാഇഷ്ടപ്രകാരമുള്ള സമയത്താവും. ഹിന്ദുമതത്തിലെ ദൈവങ്ങളായി കരുതപ്പെടുന്ന ഈശ്വരി, ഈശ്വരന്, ദുര്ഗ്ഗ, നാരായണന്, ഗജപാതി (വിഘ്നേശ്വരന്), അയ്യപ്പന്, തുടങ്ങിയവരുടെ അസ്തിത്വത്തെപ്പറ്റി ഈ അദ്ധ്യായത്തിലെ 10-ാം വിഭാഗത്തില് വിസ്തരിക്കുന്നുണ്ട്. ഒരു മഹാകാല ചക്രവുമായി ബന്ധപ്പെട്ടുള്ള ബഹുവിധ തിരുത്തല് നടപടികള് ദൈവത്തിന്റെ മഹാനിശ്ചയ പ്രകാരം നടന്നുകൊണ്ടിരിക്കുകയാണ്, 1989 മുതല് സംഭവിച്ചതും, പരമശിവനെ മഹാശക്തിയായ ദൈവം അറിയിച്ചിട്ടുള്ളതും ഉള്പ്പെടുത്തിയതുമായ അനവധി കാര്യങ്ങളുടെ ചുരുക്കം ഓംസത്യം ഡോട്ട് കോം വെബ്സൈറ്റില് വിശദമായും ഈ ഗ്രന്ഥത്തിന്റെ 3-ഉം 7-ഉം ഭാഗങ്ങളിലും പല അദ്ധ്യായങ്ങളിലും ഹ്രസ്വമായുമുണ്ട്. 2005 പകുതി മുതല് പരമശിവനുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രകാര്യങ്ങള് പലപ്പോഴും വേഗതയിലായിരിക്കുകയാണ്, 1989-ല് മത്സ്യാവതാരം എന്ന മഹാസംഭവം നടക്കുമ്പോള് തന്നെ വ്യക്തമായ സൂചന നല്കിയെങ്കിലും, 2006-ലാണ് ദൈവം ഈയുള്ളവനെ പരമശിവനായി പ്രഖ്യാപിച്ച് മഹാഅനുഗ്രഹിച്ചത്. മത്സ്യാവതാരത്തെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.

ദേവാലയങ്ങളെപ്പറ്റി തുടരാം. മനുഷ്യരെ മതപരമായും ജാതിപരമായും വിഭജിക്കുകയാണ് ദേവാലയങ്ങള് ചെയ്യുന്നതെങ്കില് അവ ദേവാലയങ്ങളല്ല, പിശാചിന്റെ ആലയങ്ങളാണ്. അജ്ഞാനം നിമിത്തം

നിലവില് അബദ്ധങ്ങളും അനാചാരങ്ങളും പിന്പറ്റുന്നവരോട് ദൈവം ക്ഷമിക്കുന്നു എന്നേയുള്ളൂ. യഥാകാലം യോഗ്യത നേടുമ്പോള് ഭൂമിയിലുള്ള മനുഷ്യരെല്ലാം ദൈവത്തെ ഒരേ രീതിയില് ആരാധിക്കുന്നതാണ്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുള്ളൂ. ദൈവീകമായ യോഗ്യത ലഭിക്കുവാന് സമയമായിട്ടില്ലാ എന്നതുകൊണ്ടു കൂടിയാണ് മതപുരോഹിതന്മാരില് അപചയം സംഭവിച്ചിട്ടുള്ളതെന്നും അര്ത്ഥം.

(7) മതങ്ങളും ദേവാലയങ്ങളും അത്ഭുതങ്ങളും :
മഹാശക്തിയായ ദൈവത്തെപ്പറ്റിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മഹാശാസ്ത്രപ്രകാരം ദൈവം നിര്വ്വഹിക്കുന്നതിനെപ്പറ്റിയും പഠിക്കുമ്പോള് മനുഷ്യന് അത്ഭുതപ്പെടുന്നതാണ്. മഹാത്ഭുതങ്ങളായ കാര്യങ്ങളാണവ. മഹാപ്രപഞ്ചം മഹാത്ഭുതമാണ് ! മഹാശാസ്ത്രം മഹാത്ഭുതമാണ് ! മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നറിയുമ്പോള് മനുഷ്യന് അത്ഭുതപ്പെടുന്നതാണ്. സത്യരൂപം = വാതകരൂപം, ധര്മ്മരൂപം = ദ്രാവകരൂപം, നീതിരൂപം = ഖരരൂപം എന്നും, ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം, ജലം = ദൈവത്തിന്റെ ദ്രാവക രൂപം, മണ്ണ് = ദൈവത്തിന്റെ ഖര/നീതി രൂപം എന്നുമറിയുന്നതും, മനുഷ്യന്റെ ചിന്തകള് പോലും ഓക്സിജന് അഥവാ ദൈവത്തിന്റെ വാതകരൂപം ഭൗതികമായി അറിയുന്നു എന്നതും അത്ഭുതങ്ങളാണ്. ഗ്രന്ഥത്തിന്റെ 1-ഉം 3-ഉം ഭാഗങ്ങളിലെ ചില അദ്ധ്യായങ്ങളിലായി ആവക കാര്യങ്ങള് വിസ്തരിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മഹാശക്തിയായ തന്നെത്തന്നെയും ഓം എന്ന ശബ്ദബ്രഹ്മത്തിലും അക്ഷരബ്രഹ്മത്തിലും ഒതുക്കിക്കൊണ്ട്, മഹാപ്രപഞ്ചത്തിന് അതീതമായി മഹാശക്തിയായ ദൈവം പ്രവര്ത്തിക്കുന്നത് മഹാപ്രപഞ്ചത്തിനും ഉപരിയായ മഹാത്ഭുതമാണ്. ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലെ ഓം എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്.
ഏക മഹാശക്തിയായ ദൈവം ശക്തി നല്കാതെ യാതൊരാള്ക്കും യാതൊന്നും ചെയ്യാനാവില്ല. മഹാപ്രപഞ്ചത്തിന്റെ ഓരോ ആറ്റങ്ങളിലും ഓം എന്ന മഹാചിരിയായി കുടികൊള്ളുന്ന മഹാശക്തിയായ ദൈവം ആറ്റങ്ങളുടെ ഘടനയെ മാറ്റിമറിക്കുമ്പോള് മഹാപ്രപഞ്ചത്തിലെ മൂലകങ്ങളും സംയുക്തങ്ങളും മാറ്റിമറിക്കപ്പെടും ; ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് ജീവികളുടെ കോശങ്ങളിലെ രോഗങ്ങളെ മാറ്റുകയും, രോഗങ്ങളെ എത്തിക്കുകയും

ചെയ്യുന്നുവെന്നത് അത്ഭുതമാണ്. ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായം കാണുക.
ദൈവം സൃഷ്ടിച്ച വലിയൊരു അത്ഭുതമാണ് മനുഷ്യശരീരം. മനുഷ്യശരീരത്തിലെ ഓരോരോ അവയവങ്ങളുടെയും പ്രവര്‍ത്തനങ്ങളെപ്പറ്റി അല്പം പഠിക്കുമ്പോള് അത് ബോദ്ധ്യമാകുന്നതാണ്. ഇന്നത്തെ ഭൂമിയില് സുമാര് 650 കോടി ജനങ്ങളുണ്ടെങ്കില് ചെറിയൊരു മുഖത്ത് വ്യത്യസ്തമായ മുഖഛായ നല്കി മനുഷ്യരെ വേര്‍തിരിച്ചിട്ടുള്ളത് വലിയ അത്ഭുതമാണ്. ഭൂമിയിലെ മനുഷ്യര്‍ക്കെല്ലാം ഒരേ മുഖഛായ ആയിരിക്കുകയും ആരെയും തിരിച്ചറിയാനാവാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നതിനെപ്പറ്റി അല്പമൊന്നു ചിന്തിച്ചാല് മനുഷ്യര് അമ്പരക്കുകയും ഭയക്കുകയും ചെയ്യുന്നതാണ്.
മഹാശാസ്ത്രപ്രകാരം ദൈവം പ്രത്യക്ഷമായി കാട്ടിക്കൊണ്ടിരിക്കുന്ന മേല്പടി അത്ഭുതങ്ങളെ മാറ്റിവച്ച്, മതങ്ങളുടെയും ദേവാലയങ്ങളുടെയും ഗൂഢമായ അത്ഭുതങ്ങളെപ്പറ്റി വിളമ്പാന് മത-മനുഷ്യര് തയ്യാറാവുമ്പോള് അവര് ദൈവത്തെ നിന്ദിക്കുകയാണ് ചെയ്യുന്നത്.
ആദ്യ മഹാകാലചക്രത്തിലെ ഭരണത്തിനായി ദൈവം നിയോഗിച്ചവര് കാട്ടിയ പിഴവുകള്കൂടി, മനുഷ്യസമൂഹത്തില് യഥാര്ത്ഥമായും ഉള്ള വളരെച്ചെറിയ അത്ഭുതങ്ങള്ക്ക് കാരണമാണ്, പ്രസ്തുത അത്ഭുതങ്ങളും, മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും യഥാര്ത്ഥത്തില് മഹാശാസ്ത്രപ്രകാരം തന്നെയാണ് സംഭവിക്കുന്നത്.
ജ്യോതിഷം, മന്ത്രവാദം തുടങ്ങിയവ പ്രകാരവും അല്ലാതെയും ഒരു ചിലര്‍ക്കുള്ള നാമമാത്രമായ സിദ്ധികളും അഥവാ മാനുഷിക അത്ഭുതങ്ങളും മഹാശാസ്ത്രപ്രകാരം ദൈവം പിന്വലിച്ചുകൊണ്ടിരിക്കുകയുമാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ മാനുഷിക അത്ഭുതങ്ങള് പാടേ അവസാനിക്കുന്നതാണ്.
നിലവില് ഇല്ലാത്ത അത്ഭുതങ്ങളെപ്പറ്റി പറയുകയും, മത-മനുഷ്യരെ കബളിപ്പിക്കുകയും ചെയ്യുന്ന മതപുരോഹിതന്മാരെയും മറ്റുള്ളവരെയും മഹാനീതിശാസ്ത്രപ്രകാരം ദൈവം ശിക്ഷിക്കുന്നതാണ്.
മതപുരോഹിതന്മാരില്നിന്ന് വ്യത്യസ്തരായിട്ട് തങ്ങള് ദൈവമല്ലെന്ന് സുവ്യക്തമായി അറിയുന്നവര് കുട്ടിദൈവങ്ങളായി സമൂഹത്തില് വേഷമിടുന്നതിന് കടുത്ത ശിക്ഷയുണ്ട്. കുട്ടിദൈവങ്ങളില് പലരും ഭരണാധികാരികളുടെ ഇഷ്ടദൈവങ്ങള് പോലെയായിരിക്കുന്നു. ഭരണാധികാരികള്ക്ക് നിയന്ത്രിക്കാനാവാത്തവിധം സമൂഹത്തില് വേരുറപ്പിച്ചവരും ഉണ്ട്. എല്ലാ മതവിഭാഗങ്ങളിലും ഇന്ന് അത്ഭുതങ്ങളുടെ നീണ്ട നിരയാണുള്ളത്. തട്ടിപ്പുകാര്ക്ക് കടുത്ത ശിക്ഷകള് ദൈവം നല്കാത്തത് അവരും ദൈവത്തിന്റെ കുഞ്ഞുങ്ങള്

ആയതുകൊണ്ടും, മുമ്പറഞ്ഞതുപോലെ ആദ്യ മഹാകാലചക്രത്തിലെ ഭരണത്തിനായി ദൈവം നിയോഗിച്ചവര് കാട്ടിയ പിഴവുകള്ക്ക് ഇന്നത്തെ ചിലരെ മാത്രം ശിക്ഷിക്കുന്നത് ശരിയല്ലാത്തതുകൊണ്ടുമാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ കുട്ടിദൈവങ്ങളായി വേഷമിട്ടവരുടെയും വേഷമിടുന്നവരുടെയും തട്ടിപ്പുകള് വെളിച്ചത്താവുകയാണ്. അതിനുമുമ്പ് തട്ടിപ്പുകള് നടത്തുന്നവര് പരസ്യമായി മാപ്പു പറഞ്ഞുകൊണ്ട് സ്വയം തിരുത്തലുകള്ക്ക് തയ്യാറായാല് ശീക്ഷ കുറയുന്നതാണ്.
ഇന്നത്തെ മാജിക്കുകാര് ജനങ്ങളെ വളരെയധികം അമ്പരപ്പിക്കുന്നതും ആനന്ദിപ്പിക്കുന്നതും ശാസ്ത്രനിയമങ്ങളെ ഉപയോഗപ്പെടുത്തിയാണെന്ന് അവര് പറയുമ്പോഴും വിശദീകരിക്കുമ്പോഴും ദൈവത്തിന്റെ മഹാശാസ്ത്രത്തിന്റെ ഔന്നത്യമാണ് വെളിപ്പെടുന്നത്. ദൈവത്തിന്റെ പേരില് മനുഷ്യര് നടത്തുന്ന തട്ടിപ്പുകള് വെളിച്ചത്തുകൊണ്ടുവരാന് നിരീശ്വരവാദികള് എല്ലാക്കാലവും പ്രവര്ത്തിച്ചിട്ടുണ്ട്. റെയില്വെ സ്റ്റേഷനിലെ വെള്ളം കുപ്പിയിലാക്കി, ദിവ്യ ദേവാലയങ്ങളിലെയും ദിവ്യനദികളിലെയും വെള്ളമാണെന്നു പറഞ്ഞു നല്കിയപ്പോള്, അതു കുടിച്ചവര് അനേക വര്ഷങ്ങളായി തങ്ങള്ക്ക് ഉണ്ടായിരുന്ന കടുത്ത വയറ്റുവേദനകളും മറ്റസുഖങ്ങളും മാറിയതായി പ്രസ്താവിച്ചിട്ടുണ്ട്, അതറിയാവുന്ന ജനങ്ങള് ഭൂമിയിലുണ്ട്. മതപുരോഹിതരുടെ അറിവോടെയും ഒത്താശയോടെയും നടത്തപ്പെടുന്ന തട്ടിപ്പുകളെ മാജിക്കുകാരും നിരീശ്വരവാദികളുമൊക്കെ വെളിച്ചത്തു കൊണ്ടുവരുമ്പോള് അവരെ പിന്തുണച്ചുകൊണ്ട് മതങ്ങളെയും മതനേതൃത്വങ്ങളെയും ശുദ്ധീകരിക്കുവാന് ഭരണാധികാരിക്ക് കടമയുണ്ട്/കടമ ഉണ്ടായിരുന്നു. ഭരണാധികാരികള് കൊടിയ തട്ടിപ്പുസംഘം ആയിരിക്കെ, അതു പറഞ്ഞിട്ടു കാര്യമില്ല. അധമ വിശ്വാസങ്ങളെ സംരക്ഷിക്കുന്ന ന്യൂന/വിരുദ്ധ ശക്തികളുടെ പ്രവര്ത്തനത്തെപ്പറ്റി പ്രത്യേകം അദ്ധ്യായത്തില് വിസ്തരിക്കുന്നുണ്ട്.
മതനേതൃത്വങ്ങള് തങ്ങള് നടത്തുന്ന അത്ഭുതങ്ങളെ ഗുഢമാക്കിയിരിക്കുന്നത് അവരുടെ കള്ളത്തരത്തെ പരസ്യമാക്കുന്നുണ്ട്. തങ്ങളുടെ മത-ദേവാലയങ്ങളുമായി ബന്ധപ്പെട്ട അത്ഭുതങ്ങള് പരസ്യമായി പരിശോധിക്കുവാന് നിരീശ്വരവാദികളെയും ശാസ്ത്രജ്ഞരെയും അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിനു പകരം ദൈവീക-വിശുദ്ധിയെപ്പറ്റിയും മറ്റും പറഞ്ഞ് അവിശുദ്ധി കാട്ടുന്നത് പാപവും ശിക്ഷയും വര്ദ്ധിപ്പിച്ചു നല്കുന്നതാണ്. (ദൈവീക-വിശുദ്ധിയെപ്പറ്റി യാതൊരു മനുഷ്യരും ബേജാറാവേണ്ട,

അത് ദൈവം നോക്കുന്നതാണ്. മനുഷ്യര് തങ്ങള് പുലര്ത്തേണ്ടതായ ധാര്മ്മിക-ശുദ്ധി ശ്രദ്ധിച്ചാല് മതിയാകും.). തങ്ങളുടെ മത-ദേവാലയത്തിലെ അത്ഭുതം ശാസ്ത്രപരമായി ഏതുകാലത്തും പരിശോധിക്കപ്പെടട്ടെ എന്നും, അത്ഭുതങ്ങള് ബോദ്ധ്യപ്പെട്ട് മറ്റു മതക്കാര് അത്ഭുതപ്പെടട്ടെയെന്നും, മറ്റു മതക്കാര് അവരുടെ മതംതന്നെ ഉപേക്ഷിച്ച് തിരുത്തട്ടെയെന്നും, മറ്റു മതങ്ങളെയെല്ലാം അടിയറവു പറയിക്കാന് അത്ഭുതങ്ങള് ഉപയോഗപ്പെടട്ടെ എന്നും, അങ്ങനെ തങ്ങളുടെ മതത്തിനും മത-ദൈവത്തിനും മാത്രം കീര്ത്തിയുണ്ടാകട്ടെയെന്നും എന്താണ് കപട-വിശുദ്ധിക്കാര് വിചാരിക്കാത്തത് ? കള്ളന്മാരുടെ കള്ളത്തരങ്ങള് പൊളിയുമെന്നതു തന്നെ കാരണം.

മഹാപ്രപഞ്ചത്തെ കണ്ടും അറിഞ്ഞും അനുഭവിച്ചും മനുഷ്യര് അത്ഭുതപ്പെടുക.

ദൈവം മനുഷ്യരെ സൃഷ്ടിച്ചിട്ടും ഭൂമിയില് മനുഷ്യരില്ലാത്തതും, മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ-ഇസക്കാരും ഒക്കെ ഉണ്ടായിരിക്കുന്നതും പൈശാചികമായ അത്ഭുതമാണ് കുഞ്ഞുങ്ങളെ, നിങ്ങളുടെയെല്ലാം മഹാമാതാവും മഹാപിതാവുമായ സ്രഷ്ടാവിനെ വേദനിപ്പിക്കുന്ന പൈശാചികമായ അത്ഭുതമാണ് നിങ്ങള് കാട്ടുന്നത് ! ദൈവത്തെ ഉപേക്ഷിച്ചുകൊണ്ട്, മത-ദൈവങ്ങളെ ചുമന്നുകൊണ്ട്, മതദൈവങ്ങളുടെ പേരില് കള്ളത്തരങ്ങള് കാട്ടുന്നവര്ക്കെല്ലാം ശിക്ഷയുണ്ട് എന്ന് സുവ്യക്തമായും അറിഞ്ഞുകൊള്ളുക.

(8) മതങ്ങളെയും ദേവാലയങ്ങളെയും സംരക്ഷിക്കേണ്ടത് ആരാണ് ?

മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാന് ദൈവത്തിന് യാതൊരു മനുഷ്യരുടെയും (ജീവികളുടെയും) സഹായം ആവശ്യമില്ലായെന്ന് ഈ ഗ്രന്ഥത്തില് ആവര്ത്തിച്ചു പറയുന്നുണ്ട്. മനുഷ്യരുടെ ഇടയില് മഹാശാസ്ത്രസംവിധാനങ്ങള് ഉപയോഗിച്ചു തന്നെ മഹാശാസ്ത്രത്തെ അഥവാ വേദങ്ങളെ ക്രമപ്പെടുത്തി അഥവാ വീണ്ടെടുത്ത് (ദൈവം) പരമശിവനിലൂടെ നല്കുമ്പോഴും ദൈവത്തിന് മനുഷ്യരുടെ സഹായം ആവശ്യമില്ല. ദേവാലയങ്ങളുടെ ആവശ്യം സമൂഹത്തില് ഉണ്ട് എന്നു ധര്മ്മശാസ്ത്രപരമായി വിശദീകരിക്കുമ്പോഴും ദേവാലയം മനുഷ്യര്ക്കാണ് ആവശ്യം, ദൈവത്തിനല്ല എന്ന് സുവ്യക്തമാക്കിയിരുന്നു. മനുഷ്യരെ ഒന്നിപ്പിക്കുന്നതിനു പകരം മതപരമായും ജാതിപരമായും വിഭജിക്കുകയാണ് ദേവാലയങ്ങള് ചെയ്യുന്നതെങ്കില് അവ ദേവാലയങ്ങളല്ല, പിശാചിന്റെ ആലയങ്ങളാണെന്നും വ്യക്തമാക്കിയിരുന്നു. അങ്ങനെയിരിക്കെ ഭൂമിയില് ദേവാലയങ്ങള്

ഉണ്ടോ എന്നതിന്റെ ഉത്തരം ഇല്ലാ എന്നാണ്; അതേസമയം നിലവിലുള്ള ദേവാലയങ്ങളിലെ പ്രാര്ത്ഥനകളും ആരാധനകളും ശാസ്ത്രപരമാക്കുമ്പോള്, അവയെല്ലാം ദേവാലയങ്ങളായി പരിണമിക്കുന്നതുമാണ്. പ്രാര്ത്ഥനകളും ആരാധനകളും ശാസ്ത്രപരമാക്കണമെങ്കില് മനുഷ്യരെന്ന കള്ളപ്പേരോടെ കഴിയുന്നവര്, മതം ഉപേക്ഷിച്ച് മനുഷ്യരാകണം. അതായത് ദേവാലയങ്ങളായി കരുതുന്നവയെ യഥാര്ത്ഥമായും ദേവാലയങ്ങളാക്കണമെങ്കില് ഭൂമിയിലെ മതസ്ഥര് ആദ്യം മനുഷ്യരാകണം; നമുക്കു മനുഷ്യരാകാം എന്ന ആഗ്രഹം ഉണ്ടായാല് പോരാ.

നിലവില് ഭൂമിയില് മനുഷ്യരില്ലാ എന്നിരിക്കെ, ദേവാലയങ്ങള് എന്ന കള്ളപ്പേരില് നിലനില്ക്കുന്ന മത-ദേവാലയങ്ങളെ അഥവാ പിശാചിന്റെ ആലയങ്ങളെ സംരക്ഷിക്കേണ്ടത് മതനേതൃത്വങ്ങളുടെ പണിയാണ്. പ്രാര്ത്ഥിക്കാനും ആരാധിക്കാനുമുള്ള കേന്ദ്രങ്ങളെ നിധികേന്ദ്രങ്ങളും മറ്റുമാക്കിയവര് സംരക്ഷിക്കട്ടെ. പോരാ, അത്ഭുതങ്ങളിലൂടെ രോഗശാന്തി ശുശ്രൂഷകളും മറ്റും നടത്തുന്ന പാതിരിമാര് ക്രൈസ്തവ ദേവാലയങ്ങള് സംരക്ഷിക്കട്ടെ. സ്രഷ്ടാവായ ദൈവമാണ് സംരക്ഷകന് എന്നതുപോലും മനസ്സിലാക്കാത; മക്ക, മദീന എന്നീ പുണ്യങ്ങളെന്നു കരുതുന്ന പള്ളികളുടെ സംരക്ഷകന് എന്ന പേര് സ്വീകരിച്ചുകൊണ്ട്, സൗദി അറേബ്യയിലെ ഭരണാധികാരി, രാജാവ് എന്ന പദത്തെ ഉപേക്ഷിക്കുകയുണ്ടായി. മതപൗരോഹിത്യങ്ങളും അറിയായ്മ ഭാവിച്ചു. അവരെല്ലാം അറിയാത്ത ഒരു കാര്യമുണ്ട്. അധമങ്ങളായ അഥവാ അശാസ്ത്രീയങ്ങളായ അഥവാ ദൈവീകമല്ലാത്ത സ്ഥാപനങ്ങളുടെ സംരക്ഷകര് വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് മനുഷ്യര് എന്ന കള്ളപ്പേരില് ജീവിക്കുന്ന മത-ജീവികള് തന്നെയാണ്. അതുകൊണ്ടുതന്നെയാണ് സംസം വെള്ളം ഒഴുകുന്നതായി പറയുന്ന മക്കാ പള്ളിയില് പതിറ്റാണ്ടുകളായി പോലീസുകാരെ നിയോഗിക്കേണ്ടി വന്നിരിക്കുന്നത്. പോലീസും പട്ടാളവും എന്തിന്, മൂസ്ലീം പള്ളികളിലെല്ലാം സംസം വെള്ളം തെളിച്ച് സംരക്ഷിക്കട്ടെ. ശബരിമല പോലെ അത്ഭുത-മകരവിളക്ക് കത്തിക്കുന്ന അയ്യപ്പന്റെ അമ്പലത്തിനും അത്ഭുതങ്ങള് നടത്തുന്ന മറ്റു ക്ഷേത്രങ്ങള്ക്കും പോലീസെന്തിന് ? മന്ത്ര-തന്ത്രങ്ങളുമായി നടക്കുന്ന തന്ത്രിമാരും പുരോഹിതന്മാരും മത-ദേവാലയങ്ങള് സംരക്ഷിക്കട്ടെ.

കേരളത്തിലെ ശബരിമല അയ്യപ്പനെ സംബന്ധിച്ച ചില ശാസ്ത്രസത്യങ്ങള് പറയാം :- അയ്യപ്പന്റെ സൃഷ്ടിക്ക് തലമുടിയിലെ പേന് എന്ന ചെറിയ ക്ഷുദ്രജീവിയുമായാണ് ബന്ധം, തലയില് /തലമുടിയില് ഇരുമുടിക്കെട്ട് ഏന്തുന്നതിന്റെ ഒരു കാര്യം അതാണ്.

സൃഷ്ടി പേനായിട്ട് തുടങ്ങിയെങ്കിലും അയ്യപ്പന് കാലഘട്ടങ്ങളിലൂടെ വളര്ന്നും പരിണമിച്ചും സദ്ദാം ഹുസ്സെന് എന്ന ഇറാക്കിലെ ഭരണാധികാരിയായി, നാരായണന് എന്ന വിരുദ്ധശക്തിയുടെ പ്രവര്ത്തനം അക്കാര്യത്തിലുണ്ടായി. ഹിന്ദുമതത്തെ സനാതനമെന്നും ശരിയെന്നും കൂടുതല് ശരിയെന്നുമൊക്കെ കരുതുന്നവര്ക്ക് സദ്ദാം-അയ്യപ്പന് കാര്യങ്ങള് ദഹിക്കുവാന് കൂടുതല് വിഷമം ഉണ്ടാവുന്നെങ്കില്, 3-ാം ഭാഗത്തില് മഹാശക്തിയായ ദൈവത്തെപ്പറ്റിയും മഹാനീതിശാസ്ത്രത്തെ പ്പറ്റിയും വിശദീകരിച്ചിട്ടുള്ള കാര്യങ്ങള് മാത്രം പഠിച്ചാല് മതിയാകുന്നതാണ്. 2007-ല് സദ്ദാം വധിക്കപ്പെട്ടതോടെ അയ്യപ്പനെ ദൈവം പിന്വലിച്ചുകഴിഞ്ഞു. ശബരിമലയിലെ ഉള്പ്പെടെയുള്ള കുശുകുശു മന്ത്രങ്ങളും പൂജകളും ദൈവീകല്ലെന്ന് തിരിച്ചറിഞ്ഞ് പുരോഹിതര് പിന്വാങ്ങിയാല് അവര്ക്കു കൊള്ളാം. എല്ലാ മതങ്ങളിലെയും എല്ലാ മന്ത്രങ്ങളും വര്ജ്ജ്യശാസ്ത്രത്തില് പെടുന്നു.

ക്ഷേത്രങ്ങളിലെയും പള്ളികളിലെയും വിഗ്രഹം ഉള്പ്പെടെയുള്ളവ മോഷ്ടിക്കപ്പെടുമ്പോഴും മതസ്ഥ-മനുഷ്യര് സത്യങ്ങള് തിരിച്ചറിയാത്തത് കഷ്ടം തന്നെ. കൃഷിക്കാര് ഉള്പ്പെടെയുള്ള ബഹുവിധ തൊഴിലാളികളെയും നാട്ടിലെ എല്ലാ ഉദ്യോഗസ്ഥരെയും കൊണ്ട് പുതിയ പുതിയ മത-ദേവാലയങ്ങള് പണിയാനും അവയ്ക്ക് എല്ലാവരുംകൂടി കാവലിരിക്കാനും മതനേതൃത്വങ്ങള് ശ്രദ്ധിക്കട്ടെ, മത-നേതൃത്വങ്ങള് പറയുകയാണെങ്കില്, എല്ലാ ദിവസവും ഭക്ഷണം ഉപേക്ഷിച്ച് നോമ്പു നോറ്റ് പ്രാര്ത്ഥിച്ച് മത-ദേവാലയങ്ങളില് തന്നെ കഴിയുവിന്, പ്രാര്ത്ഥിച്ച് ഭക്ഷണം വരുത്തുന്ന വിദ്യ വചനശുശ്രൂഷചെയ്യുന്ന പാതിരിമാര്ക്കും മൗലവിമാര്ക്കും, കുട്ടിച്ചാത്തന്മാരുമായി കഴിയുന്ന കേമന്മാര്ക്കും വശമുണ്ടാകും; പുതിയ മത-ദേവാലയങ്ങള് പണിയുമ്പോള് അതാത് മതസ്ഥരെക്കൊണ്ടു മാത്രം പണികള് നടത്തുവാന് മേലിലെങ്കിലും ശ്രദ്ധിക്കുവിന് ; ഹാ, കഷ്ടം!

പൊതു ഖജനാവില്നിന്ന് മത-ദേവാലയങ്ങളുടെ സംരക്ഷണകാര്യങ്ങള്ക്ക് ചിലവുകള്ചെയ്യുന്നതും, പ്രവര്ത്തനങ്ങള് നടത്തുന്നതും ദൈവനിന്ദയാണ്. പോലീസും പട്ടാളവും പോലെയുള്ള യാതൊരു സംരക്ഷണസേനകളെയും നല്കാന് പാടില്ല. പോലീസിനെയും പട്ടാളത്തെയും കൊണ്ട് ദേവാലയങ്ങള് ഉള്പ്പെടെയുള്ളവയെ സംരക്ഷിക്കാന് കഴിയില്ലെന്നും ഭീകരാക്രമണങ്ങള് തടയാന് തങ്ങള്ക്കാവില്ലെന്നും ഭരണകൂടങ്ങള്ക്കറിയാം. എന്താണ് മാര്ഗ്ഗം എന്നറിയാതെ വിഷമിക്കുന്ന (കൊടും ഭീകരരായ) പാവം ഭരണാധികാരികളെ തേജോവധം ചെയ്യുന്ന (കൊടും ഭീകരരായ) പാവം

മതനേതൃത്വങ്ങള്ക്കും എന്താണ് ശരിയായ പോംവഴി എന്നറിയില്ല. കുഞ്ഞുങ്ങളേ, കുറുക്കുവഴികളൊന്നുമില്ല, മഹാശാസ്ത്രപ്രകാരം സൃഷ്ടി - സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കപ്പെടുന്ന മഹാപ്രപഞ്ചത്തിലെ പ്രശ്നങ്ങള് പരിഹരിക്കാന് മഹാശാസ്ത്രപ്രകാരം മാത്രമേ സാധിക്കുകയുള്ളൂ.
ഭരണകൂടങ്ങള് നിലവില് ചെയ്യുന്ന സംരക്ഷണമില്ലാത്ത സംരക്ഷണം, ദൈവീകമല്ല. മതനേതൃത്വങ്ങളുടെ അശാസ്ത്രീയ പ്രവര്ത്തനങ്ങളെ സംരക്ഷിച്ചുകൊണ്ട് കൊള്ളമുതലിന്റെ വലിയൊരു ഓഹരി കൊള്ളയടിക്കുന്നവരായിട്ടുണ്ട് ഇന്നത്തെ ഭരണകൂടങ്ങള്.
കുഞ്ഞുങ്ങളെ, ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലുള്ള മഹാനീതിശാസ്ത്രപാഠങ്ങളില് നിങ്ങളെ ദൈവം ശിക്ഷിച്ച് തിരുത്തി മഹാസ്നേഹവും മഹാവാത്സല്യവും നല്കുന്നതെങ്ങനെയെന്ന് വിസ്തരിക്കുന്നുണ്ട്.

(9) മായ പ്രത്യക്ഷമാക്കുന്നതോടെ മതങ്ങള് ഇല്ലാതാകുന്നതാണ് :
മഹാശാസ്ത്രം വീണ്ടെടുക്കപ്പെടുമ്പോള്, ദൈവത്തിന്റെ മഹാനീതിയുമായി ബന്ധപ്പെട്ട് ശരീരത്തില് ഗൂഢമായി പ്രവര്ത്തിക്കുന്ന ആത്മാവിനെ ദൈവവുമായി ബന്ധിപ്പിക്കുന്ന ആത്മീയശാസ്ത്രം സുവ്യക്തമാവുന്നു. മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. കാലാവധിത്തീയതി കഴിഞ്ഞ രാഷ്ട്രീയപ്പാര്ട്ടികളുടെയും മതങ്ങളുടെയുമൊക്കെ ചത്തുജീര്ണ്ണിച്ച ശവശരീരങ്ങള് മണ്ണില് മറവുചെയ്യപ്പെടാതെ ദുര്ഗ്ഗന്ധം പരത്തിയും രോഗങ്ങളുണ്ടാക്കിയും സമൂഹത്തില് നിലനില്ക്കുന്ന ഇന്നത്തെ അവസ്ഥ വൈകാതെ മാറുന്നതാണ്; ചത്തുജീര്ണ്ണിച്ച വ്യവസ്ഥിതികള് ചരിത്രത്തിന്റെ ഭാഗമാകുന്നതും സമൂഹജീവിതം സംശുദ്ധമാവുന്നതുമാണ്. അതോടെ മനുഷ്യന് കര്ത്താവായ ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം തിരികെ ലഭിക്കുന്നതാണ്. അതിനര്ത്ഥം സമൂഹത്തിലെ ഭരണവ്യവസ്ഥിതിയും സമൂഹജീവിതവും സംശുദ്ധമാവുമെന്നും ജനങ്ങള് അത്യാനന്ദത്തോടെ ഭൂമിയിലെ ജീവിതം ആസ്വദിക്കുമെന്നുമാണ്. സത്യം ശിവം സുന്ദരം.

(10) പ്രമുഖ മതങ്ങളിലെ ഏതാനും സത്യങ്ങള് :
വളരെ പ്രധാനപ്പെട്ട ചില സത്യങ്ങളും ഭൂമിയിലെ മതങ്ങളില് ഉണ്ടെന്നു പറയുമ്പോള്, മതപുരോഹിതര് ആവേശം കൊള്ളരുത്.

മതാചാര്യന്മാരായി കരുതപ്പെടുന്നവരുമായും മഹാശാസ്ത്രവുമായും ബന്ധപ്പെട്ട കാര്യങ്ങളാണവ. ഇന്നത്തെ മതനേതൃത്വങ്ങള്ക്ക് അതില് പങ്കില്ല. ആചാര്യന്മാരായി വിശേഷിപ്പിക്കാവുന്ന പ്രഗത്ഭരെ മതാചാര്യന്മാരായി വിശേഷിപ്പിച്ചത് സ്വയം അവരല്ല, പില്ക്കാലത്തെ അനുയായികളാണ്. ദൈവാനുഗ്രഹം തേടിക്കൊണ്ട്, അഥവാ ധാര്മ്മിക ജീവിതം നയിച്ചുകൊണ്ട്, നേര്വഴി സ്വയം കണ്ടെത്തി നടക്കണമെന്ന് ബുദ്ധന് അനുയായികളെ ഉപദേശിച്ചു. ക്രൈസ്റ്റിനെ ദൈവം ഒരു വലിയ പദ്ധതിയുമായി ഭൂമിയിലേക്ക് അയച്ചതാണ്. ബഹുദൈവ-വിശ്വാസങ്ങളെ തകര്ക്കാനും ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യം നേടാനുമായുള്ള ലളിതമായ ഒരു ഹ്രസ്വപദ്ധതി വെളിപാടായി മുഹമ്മദിനു നല്കിയതാണ് ഇസ്ലാം; കാലാനുസൃതം സമ്പൂര്ണ്ണ ദൈവശാസ്ത്രം വെളിവാക്കപ്പെടുമ്പോള് പ്രസ്തുത പദ്ധതി പിന് വലിക്കപ്പെടുമെന്നും മുഹമ്മദിനെ അറിയിച്ചിരുന്നു. ആദ്യമഹാകാല ചക്രത്തിലെ വ്യത്യസ്തങ്ങളും ദൈവീകവുമായ ഭരണസംവിധാനങ്ങളെ സംബന്ധിച്ച അതിബൃഹത്തായ കാര്യങ്ങളും, മഹാശാസ്ത്രത്തിലെ ചെറുതും വലുതുമായ ഏതാനും പാഠങ്ങളും മാത്രമാണ് മുഖ്യമായും ഹിന്ദുമതത്തിലുള്ളത്. ശാസ്ത്രസത്യങ്ങളെ ചുവടെ ഒന്നൊന്നായി വിശദീകരിക്കുന്നു.

ബുദ്ധൻ :

നിനക്കു നീ തന്നെ ദീപമായിരിക്കുക എന്ന അത്യുത്ക്കൃഷ്ട പാഠത്തിലൂടെ ദൈവാന്വേഷണം അഥവാ സത്യാന്വേഷണം തുടരണം എന്ന് ബുദ്ധന് ഉപദേശിച്ചു. വ്യക്തികള്ക്ക് ദൈവം നല്കിയ സ്വാതന്ത്ര്യത്തെ ബുദ്ധന് തടഞ്ഞില്ല എന്നും വ്യക്തിസ്വാതന്ത്ര്യ മഹിമയെ ഉയര്ത്തിപ്പിടിക്കുവാന് ദൈവം ബുദ്ധനെ അനുഗ്രഹിച്ചു എന്നും അര്ത്ഥം. അനുയായികള് സത്യാന്വേഷണം തുടര്ന്നില്ല. അഹിംസയുടെ ആവശ്യകതയും ബുദ്ധനിലൂടെ ദൈവം മനുഷ്യരെ പഠിപ്പിച്ചു. പില്ക്കാലത്ത് അശോക ചക്രവര്ത്തി, എം.കെ. ഗാന്ധി തുടങ്ങി അനേകര്ക്ക് അഹിംസയെ പിന്പറ്റാനായി. അശോക ചക്രവര്ത്തിയെപ്പറ്റി പറയുമ്പോള്, ഐസക് ന്യൂട്ടണായും, സുഭാഷ് ചന്ദ്ര ബോസായും ജന്മമെടുത്തതും അദ്ദേഹം തന്നെ. ഇന്ത്യയില് വീണ്ടും പുനര് ജ്ജനിച്ചിട്ടുള്ള അദ്ദേഹം മായ പ്രത്യക്ഷമാകുമ്പോള് ഇന്ത്യയിലെ രാജാവാകുന്നതാണ്. ചക്രവര്ത്തി എന്നാല് ചക്രത്തില് വര്ത്തിക്കുന്നത്, ചക്രമായി വര്ത്തിക്കുന്നത് എന്നിങ്ങനെ അര്ത്ഥമുള്ളതിനാല് മാനുഷിക ഉപയോഗങ്ങള്ക്ക് പാടില്ല.

ക്രൈസ്റ്റ് :
മനുഷ്യര് അറിയുന്ന കാര്യങ്ങള്ക്കുപരിയായുള്ള വളരെ വലിയ നിയോഗമായിരുന്നു ക്രൈസ്റ്റിന് ഉണ്ടായിരുന്നത്. വിശ്വസിക്കാന് പ്രയാസമുള്ള ഒരു വലിയ കഥ പോലെയുള്ള കാര്യങ്ങളാണ്. 2008 ഫെബ്രുവരി മാസത്തിന്റെ ആദ്യ ദിവസങ്ങളിലാണ് മഹാശക്തിയായ ദൈവം ; ക്രൈസ്റ്റുമായി ബന്ധപ്പെട്ട മഹാസത്യങ്ങളുടെ ചരിത്രം ഈയുള്ളവനെ അറിയിച്ചത്. കഥ പറഞ്ഞുതരുമ്പോലെയുള്ള സുവ്യക്തമായ വെളിപാടായിരുന്നു അത്.
ചുവടെ ഹിന്ദുമതത്തെപ്പറ്റി വിവരിക്കുമ്പോഴും, ഈ ഗ്രന്ഥത്തിലെ 3-ഉം 7 -ഉം ഭാഗങ്ങളിലും ആദ്യമഹാകാലചക്രത്തില് മഹാപ്രപഞ്ചത്തിന്റെ ഭരണം നടത്താന് ദൈവം ഏതാനും പേരെ നിയോഗിച്ചതായി കാണാം. മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നും വ്യത്യസ്ത മതങ്ങള് പ്രകാരം പേരുകളുള്ള അവരെ നിയോഗിച്ചത് മനുഷ്യരുടെ പ്രത്യേക സന്തോഷത്തിനായാണ്. മഹാശ്രേഷ്ഠമായ, മഹാസുന്ദരമായ മഹാപ്രപഞ്ചത്തിന്റെ ഭരണം ദൈവം അവരെ ഏല്പിച്ചു. ആദ്യ മഹാകാലചക്രം അഥവാ 1000 കോടി വര്ഷങ്ങളാണ് അവരെ ഭരണം ഏല്പിച്ചത്. സര്വ്വവും തനിച്ചു ചെയ്യാന് കഴിയുമെന്നിരിക്കെ പ്രത്യേകശക്തികളെ ഏല്പിച്ചത് ദൈവം മഹാസ്നേഹമാണെന്ന് സുവ്യക്തമാക്കാനാണ്. ചുവടെ വിസ്തരിക്കുന്നതാണ്. സര്വ്വതും തനിച്ചുചെയ്യാന് കഴിവുള്ള ദൈവത്തിനെന്തിനാണ് മാലാഖമാരെന്നും മലക്കുകളെന്നും ചിന്തിക്കുവാനും ; മനുഷ്യരും മാലാഖമാരും ഉള്പ്പെടെ സകലര്ക്കും സമനീതി നല്കുമ്പോള് മാത്രമേ ദൈവം മഹാനീതിപതിയാകൂ എന്നിരിക്കെ മാലാഖമാരുടെ/ മലക്കുകളുടെ / ദേവതകളുടെ സൃഷ്ടിയിലെ സമനീതി എന്താണെന്ന് അന്വേഷിക്കുവാനും മതനേതൃത്വങ്ങള്ക്ക് ബാദ്ധ്യതയുണ്ടായിരുന്നു. അവര് അതു ചെയ്തില്ല.
മഹാപ്രപഞ്ചത്തിന്റെ മഹാനീതിശാസ്ത്രത്തിലൂടെ, മഹാമാതാവും മഹാപിതാവുമായ ദൈവം തങ്ങളെ ശിക്ഷിക്കുന്നതിനെ മനുഷ്യര് പൊതുവെ ഭയക്കുന്നതാണ്. എല്ലാ മക്കള്ക്കും സമനീതിയും ആത്മീയസാക്ഷാത്ക്കാരത്തിലൂടെ ആനന്ദകാര്യത്തില് ദൈവതുല്ല്യതയും നല്കുന്നതിനു വേണ്ടിയാണ് ദൈവം മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകള് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്നത് ഉള്ക്കൊള്ളാതെ ദൈവത്തെ ഭയക്കുന്ന അവസ്ഥയുണ്ടാകും. അതായത്, മഹാസ്നേഹമാണ് മഹാനീതിശാസ്ത്രത്തിന്റെ

സത്തയെങ്കിലും അധമപ്രവൃത്തികള് ചെയ്യുന്നവര് വല്ലാതെ ഭയക്കുന്നതാണ്. മഹാപ്രപഞ്ചത്തെ തന്നില്നിന്നു തന്നെ സൃഷ്ടിച്ച് മഹാത്യാഗങ്ങളും സഹിച്ച് മക്കളെ സൃഷ്ടിക്കുമ്പോള്, മക്കള് തങ്ങളുടെ മഹാപിതാവും മഹാമാതാവുമായ സ്രഷ്ടാവിന്റെ മഹാശക്തികളെപ്പറ്റി അറിഞ്ഞ് ഭയക്കുന്നവരാകുന്നത് ദൈവം ഇഷ്ടപ്പെട്ടില്ല, ഇഷ്ടപ്പെടുന്നില്ല. മഹാശക്തികള് കൊണ്ടല്ലാതെ മഹാസ്നേഹം കൊണ്ട് തന്റെ മക്കളായ സൃഷ്ടികളെ തന്നോടു ചേര്ത്തു നിര്ത്തുവാന് ദൈവം ആഗ്രഹിച്ചു, ആഗ്രഹിക്കുന്നു. അതിന്നായി ആദ്യകാല മനുഷ്യരില് ആദ്യം ആത്മീയസാക്ഷാത്ക്കാരം നേടിയ ഏതാനും പേരെ ആദ്യ മഹാകാലചക്രത്തിലെ 1000 കോടി വര്ഷങ്ങളിലെ മഹാപ്രപഞ്ചത്തിന്റെ ഭരണം ഏല്പിച്ചുകൊണ്ട് ദൈവം എല്ലാ ജീവികളുടെയും ദാസ്യവൃത്തി ചെയ്യുകയായിരുന്നു, ജീവികള്ക്കെല്ലാം സ്നേഹവും ശുശ്രൂഷയും നല്കിക്കൊണ്ട് ദൈവം മനുഷ്യരുടെ ഇടയില് പ്രവര്ത്തിക്കുകയായിരുന്നു. ദൈവം ഭരണച്ചുമതല ഏല്പിച്ചവരാണ് ദേവതകളെന്നും മാലാഖമാരെന്നും മലക്കുകളെന്നും മതങ്ങള് പ്രകാരം അറിയപ്പെടുന്നത്. ദൈവം മഹാസ്നേഹമാണെന്ന് എല്ലാ മക്കളും എപ്പോഴും തിരിച്ചറിയണം എന്ന മഹാ ഉദ്ദേശമാണ് മേല്പടി ദേവതകളുടെ സൃഷ്ടിക്ക് കാരണമായത്. മഹാശക്തിയായ ദൈവത്തിന് യാതൊരാളുടെയും സഹായം യാതൊന്നിനും ആവശ്യമുണ്ടായിട്ടല്ല അത്തരം സൃഷ്ടി നടത്തിയതെന്ന് വ്യക്തമായിരിക്കുമല്ലോ.
ശാസ്ത്രപരമായിത്തന്നെയാണ് പ്രസ്തുത സൃഷ്ടികളും നടത്തിയത്. ദൈവം അവര്ക്കെല്ലാം മറ്റു ജീവികളെപ്പോലെ സമനീതിയാണ് ലഭ്യമാക്കിയതും ലഭ്യമാക്കുന്നതും.
മഹാപ്രപഞ്ചത്തിലെ ആകാശം, ഭൂമി, സൂര്യന്, ചന്ദ്രന്, അഗ്നി, വായു, വെള്ളം, മഴ, മിന്നല്, തുടങ്ങിയവയുടെ പ്രവര്ത്തനങ്ങളിലാണ് മേല്പടി ദേവതകളെ ഭരണം ഏല്പ്പിച്ചത്. അവരെ ഭരിക്കാനായും, സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവയുടെ മേല്നോട്ടം നടത്താനായും മറ്റുചിലരെയും നിയോഗിച്ചു. കാലക്രമത്തില് മേല്പടി പ്രത്യേക വ്യക്തികള് തങ്ങളുടെ നിയോഗ കാര്യങ്ങളിലെല്ലാം കടുത്ത വീഴ്ചകള് വരുത്തി. അതില് രണ്ടുപേര് ദൈവത്തില് നിന്നും ലഭ്യമായ ശക്തികള് ഉപയോഗിച്ച് ദൈവത്തെ മറികടക്കാനും, സ്വയം ദൈവമാകാനും ശ്രമിക്കുകയുണ്ടായി. അവര് കാട്ടിയ അക്രമങ്ങള് അതിക്രൂരമാണ്, അവ ക്ഷമിക്കണമെന്ന് ധര്മ്മശാസ്ത്രങ്ങള് അറിയാവുന്ന ഏറ്റവും ക്ഷമാശീലമുള്ള മനുഷ്യര് പോലും പറയില്ല ! എന്നാല് ദൈവത്തിന് അവരും തന്റെ കുഞ്ഞുങ്ങളാണ്, ദൈവത്തോടല്ലാതെ മറ്റാരോടാണ് അവര് ശരണം തേടേണ്ടത് ? ഏവരെയും മഹാനീതിശാസ്ത്ര പ്രകാരം

തിരുത്തുകയും, മഹാസ്നേഹവും മഹാവാത്സല്യവും നല്കി ഏവരുടെയും പാദങ്ങളെ നക്കുകയും ചെയ്യുന്ന മഹാവാത്സല്യമയി ആണ് ദൈവം. (മനുഷ്യന്റെ കാല്പ്പാദങ്ങളിലെ ഭൂമിയെ സ്പര്ശിക്കുന്ന കാല്വെള്ളയിലുള്ള ഇക്കിള്-ചിരിയുടെ ഉദ്ദേശം ദൈവത്തിന്റെ ഖര-രൂപമായ ഭൂമിക്ക് മക്കളുടെ കാല്പ്പാദങ്ങള് നക്കുവാനാണ്. ഭൂമിയെ ശുദ്ധിയോടെ സൂക്ഷിച്ചാല് ചെരുപ്പുകള് അത്യാവശ്യമാകില്ല എന്നതും ഓര്ക്കണം. കൂടുതല് വിസ്തരിക്കുന്നില്ല.).

മുമ്പു പറഞ്ഞ പ്രത്യേക നിയോഗത്തില് പെട്ടവരുടെ ശാസ്ത്രനാമങ്ങള് ഈശ്വരി, ഈശ്വരന് (ശിവന്), ദുര്ഗ്ഗ, നാരായണന്, ഗജപാതി (വിഘ്നേശ്വരന്), അയ്യപ്പന്, ഇന്ദ്രന് തുടങ്ങിയവയാണ്. സനാതനം എന്നറിയപ്പെടുന്ന ഹിന്ദുമതവുമായി ബന്ധപ്പെട്ട ഏതാനും ശാസ്ത്രസത്യങ്ങള് ക്രൈസ്റ്റുമായും, ഇസ്ലാം എന്ന പദ്ധതിയുമായും ശാസ്ത്രപരമായി ഇടകലരുമ്പോള് സനാതനത്തിന്റെ അര്ത്ഥം സുവ്യക്തമാകുന്നതാണ്. (ശിവന്/ ഈശ്വരന് എന്നിവരുടെ കാര്യത്തില് വെളിപാട് ഇനിയും പൂര്ണ്ണമായിട്ടില്ല.). ഹിന്ദുമത ദൈവങ്ങളായി മേല് പ്പറഞ്ഞവരെല്ലാം കരുതപ്പെടുമ്പോള്, ബഹുദൈവങ്ങള് എന്ന അവസ്ഥ സംജാതമാകുന്നതില് നിന്നുതന്നെ ഹിന്ദുമതത്തില് കടുത്ത പിഴവുകളുണ്ടെന്ന് നിസ്സാരമായി മനസ്സിലാക്കാനാവും. മേല്പ്പടി ദേവതകളില് ദുര്ഗ്ഗയും, നാരായണനുമാണ്, തങ്ങളുടെയും എല്ലാ ജീവികളുടെയും മഹാമാതാവും മഹാപിതാവുമായ ദൈവത്തെ തങ്ങളുടെ സൂത്രങ്ങള്കൊണ്ട് അഥവാ ദൈവം നല്കിയ ബുദ്ധിശക്തികളെ പൈശാചികമായി ഉപയോഗിച്ചുകൊണ്ട്, ദൈവമാകാന് ശ്രമിച്ചത്. ദൈവം അവര്ക്കും ഏവര്ക്കും കനിഞ്ഞു നല് കിയ വ്യക്തിസ്വാതന്ത്ര്യങ്ങളുടെ ദുരുപയോഗത്തിലൂടെ ദൈവത്തെ അട്ടിമറിക്കാന് അവര് ശ്രമിച്ചു. അവര് കാട്ടിയ സൂത്രങ്ങളുടെ അര് ത്ഥവ്യാപ്തി മനസ്സിലാകണമെങ്കില് സൂത്രങ്ങള് വിശദമാക്കേണ്ടതായി വരും. ഗ്രന്ഥത്തിലെ പല ഭാഗങ്ങളിലായി കുറെയൊക്കെ വിസ്തരിക്കുന്നുണ്ട്. വളരെയുണ്ട്, മഹാഇഷ്ടപ്രകാരം മറ്റൊരു ഗ്രന്ഥത്തില് ചേര്ക്കാം. ഓംസത്യം ഡോട്ട് കോം വെബ്സൈറ്റില് കുറെ വിസ്തരിച്ചിട്ടുണ്ട്.

ഏതാനും പ്രദേശങ്ങളിലെ ജനങ്ങളെ ഉപദേശിക്കാനോ കുറെ അത്ഭുതപ്രവൃത്തികള് നടത്താനോ അല്ല ദൈവം ക്രൈസ്റ്റിനെ അയച്ചത് : ഇപ്പോഴത്തെ സൃഷ്ടിചക്രം മഹാസൃഷ്ടി ചക്രമാണ്. മഹാശക്തിയായ ദൈവം മനുഷ്യരൂപത്തില് മഹാഎഴുന്നെള്ളുന്ന (മഹാഎഴുന്നെള്ളിക്കഴിഞ്ഞു) മഹാസൃഷ്ടിചക്രം. മഹാപ്രപഞ്ചത്തിന്റെ ഏക സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവം മഹാമാതാവും

മഹാപിതാവും മഹാസ്നേഹവുമാണെന്ന് തന്റെ മഹാശക്തികള് കൊണ്ടല്ലാതെ മഹാപ്രവൃത്തികള്കൊണ്ട് ബോദ്ധ്യപ്പെടുത്തിയ ശേഷം മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാണ്. അതിന്റെ മുന്നോടിയായി കഴിഞ്ഞ ആയിരം കോടി വര്ഷങ്ങളിലായി മേല്പറഞ്ഞ ദേവതകള് അഥവാ മാലാഖമാര് അഥവാ മലക്കുകള് കാട്ടിക്കൂട്ടിയ പിഴവുകള് മഹാശാസ്ത്രപരമായിത്തന്നെ പരിഹരിക്കുന്നതിലേക്ക് ദൈവം തന്റെ ഭാഗമായിത്തന്നെ സൃഷ്ടിച്ചിട്ടുള്ള മഹാദാസനും ഏകപ്രതിനിധിയുമായ പരമശിവനെ ക്രൈസ്റ്റ് എന്ന പേരില് ഭൂമിയിലേക്കയച്ചു. ദൈവത്തിന്റെ ബ്രഹ്മം എന്ന അവസ്ഥ നിര് വ്വഹിച്ചിട്ടുള്ള ഏക സൃഷ്ടിയാണ് പരമശിവന് എന്നതുകൊണ്ട് ബ്രഹ്മത്തിന്റെ കുഞ്ഞുകൂടിയാണ് പരമശിവന്. ദൈവത്തിന്റെ ഏകജാതനായ പുത്രനാണ് ക്രൈസ്റ്റ് എന്നും അതെങ്ങനെയെന്നുമാണ് സൂചിപ്പിച്ചത്. ശാസ്ത്രീയമായ വിവരണം ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുണ്ട്.

ക്രൈസ്റ്റ് മലമുകളില് വച്ച് പിശാചുമായി സംസാരിച്ചെന്നും, ക്രൈസ്റ്റിനെ പിശാച് പരീക്ഷിച്ചെന്നും, ക്രൈസ്റ്റിന് മോഹനവാഗ്ദാനങ്ങള് പിശാച് നല്കിയെന്നും ക്രൈസ്റ്റ് അവയെ നിരാകരിച്ചെന്നും, തുടങ്ങിയ ബൈബിള് വചനങ്ങളുടെ ഉള്ളറകളാണ് വിഷയമാകുന്നത്. അത്യധികം ക്ഷോഭപ്രശ്നങ്ങള് അടങ്ങിയ പ്രസ്തുത വിവരങ്ങളുടെ സംഗ്രഹം ചുവടെ ഹിന്ദുമതത്തെപ്പറ്റി വിശദീകരിക്കുമ്പോള് ചേര്ത്തിട്ടുണ്ട്. ക്രൈസ്റ്റുമായി ബന്ധപ്പെട്ട അത്തരം കാര്യങ്ങള് ക്രിസ്ത്യാനികള്ക്കും ഹിന്ദുക്കള്ക്കും യാതൊരു മതവിഭാഗക്കാര്ക്കും അറിയില്ല. 2008 ഫെബ്രുവരി 1-ന് മഹാദേവി പരമശിവനെ സുവ്യക്തമായി അറിയിക്കുകയായിരുന്നു.

പ്രത്യേക നിയോഗവുമായി ദൈവം അയച്ച ക്രൈസ്റ്റ് വ്യക്തികളുടെ സ്വാതന്ത്ര്യം കവര്ന്നെടുക്കാനല്ല, മറിച്ച് അന്നത്തെ മനുഷ്യര്ക്ക് ലഭ്യമല്ലാതിരുന്ന വ്യക്തിസ്വാതന്ത്ര്യം ലഭ്യമാക്കാനും വിശ്വസാഹോദര്യത്തിനുമായാണ് പ്രവര്ത്തിച്ചത്.

ഇന്നത്തെ ക്രിസ്തുമതത്തെപ്പറ്റി ഇനി പറയാം :-

ഭീകരവാദികള്/ ഭീകരപ്രവര്ത്തകര് ക്രൈസ്തവരുടെ മത-ദേവാലയങ്ങളെ ആക്രമിച്ചതിന്റെ തുടര്ച്ചയായി, ആക്രമണകാരികളെ പിടികൂടുന്നതില് ഭരണകൂടം പരാജയപ്പെടുന്നുവെന്നും മതപുരോഹിതരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ലെന്നും വികാര തീവ്രതയോടെ മതമേലദ്ധ്യക്ഷന്മാര് മാധ്യമങ്ങളോടും ഭരണാധികാരികളോടും സംസാരിക്കുന്നത് ഇന്ന് സാധാരണമാണ്. ആക്രമണകാരികളെ പിടികൂടുവാന് ആഗ്രഹിക്കുന്നത് എന്തിനു

വേണ്ടിയാണ്, അയല്ക്കാരനെപ്പോലെ സ്നേഹിക്കുന്നതിനു വേണ്ടിയാണോ ? അവരെ എങ്ങനെയാണ് ശിക്ഷിക്കേണ്ടത് ? മഹാശാസ്ത്രപ്രകാരമാണോ അതോ ഇന്ത്യയിലെ അഥവാ രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങള് വച്ചുപുലര്ത്തുന്ന അധമ നിയമങ്ങളും സംവിധാനങ്ങളും പ്രകാരമാണോ ? ഹേയ്, നീച പുരോഹിതവര്ഗ്ഗമേ, തീവ്രവാദികളെ സൃഷ്ടിച്ചത് കൊടുംഭീകരരായ നിങ്ങളാണ്. വേഗം സ്വയം തിരുത്തുവിന്. ക്രൈസ്റ്റിനെ മതസ്ഥനാക്കുവാന് ശ്രമിച്ച നീചവര്ഗ്ഗത്തിന് കടുത്ത ശിക്ഷയുണ്ട് എന്നറിയുക. (ചില വചനങ്ങള് എഴുതുമ്പോള് കോപം തുടിക്കും, പെട്ടെന്ന് കോപം മാറുന്നതുമാണ്, കോപം മാറുമ്പോള് മുമ്പെഴുതിയ കോപവചനം പിന്വലിക്കാന് തോന്നും, എന്നാല് അതിന് തടസ്സമുണ്ട്, എന്തെന്നാല് കോപമുണ്ടാക്കിയത് ദൈവം തന്നെയായിരുന്നു. പരമശിവന് ക്ഷിപ്രകോപം എന്നൊരു മഹാഅനുഗ്രഹം ദൈവം നല്കിയിരിക്കുന്നതിനെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.)

ക്രൈസ്റ്റ് യാതൊരു മതങ്ങളും ഉണ്ടാക്കിയില്ല. മതം ഉണ്ടാക്കുവാന് ശിഷ്യന്മാരോട് ആവശ്യപ്പെട്ടില്ല. ക്രൈസ്റ്റിന്റെ ചരിത്രത്തോട് യഹൂദമതം തുന്നിച്ചേര്ക്കാന് ക്രൈസ്റ്റ് ആവശ്യപ്പെട്ടില്ല. മതമുണ്ടാക്കാന് പരിശ്രമിച്ച പുരോഹിതര് ക്രൈസ്റ്റിലൂടെ അവതരിച്ച ദൈവീകമായ സാമ്പത്തികശാസ്ത്രത്തെ വികസിപ്പിക്കുവാനും നടപ്പാക്കുവാനും ശ്രമിച്ചില്ല. മനുഷ്യര്ക്കുവേണ്ടിയും മുമ്പറഞ്ഞ പൈശാചികശക്തികളെ തിരുത്തുന്നതിനു വേണ്ടിയും കഠിനവേദനകള് സഹിച്ച ക്രൈസ്റ്റിനെ സ്നേഹിക്കേണ്ടത് അദ്ദേഹം ചെയ്തതുപോലെ സത്യം പറഞ്ഞും ധര്മ്മം പ്രവര്ത്തിച്ചും നീതി നല്കിയുമാണ്. ഓശാന പാടിക്കൊണ്ടല്ല ക്രൈസ്റ്റിനെയും ക്രൈസ്റ്റിനെ അയച്ച ദൈവത്തെയും സ്നേഹിക്കേണ്ടത്. ക്രൈസ്റ്റിലൂടെ വെളിവാകുന്ന മഹാശാസ്ത്രപാഠങ്ങളെ ജീവിതത്തില് പരിപാലിച്ചുകൊണ്ടു മാത്രമാവണം. ക്രൈസ്റ്റിനു വേണ്ടിയോ ദൈവത്തിനു വേണ്ടിയോ അല്ല അത്. നിങ്ങള്ക്കു വേണ്ടിത്തന്നെയാണ്, ആത്മീയ സാക്ഷാത്ക്കാരം നേടുമ്പോള് പ്രതിഫലമായും അനുഗ്രഹങ്ങളായും പരമാനന്ദങ്ങള് അനുഭവിക്കുന്നത് നിങ്ങള്തന്നെയാണ് കുഞ്ഞുങ്ങളെ. ബ്രഹ്മമായിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാണ് ക്രൈസ്റ്റ്, എന്നാല് മഹാപ്രപഞ്ചവുമായി ക്രൈസ്റ്റിനെ ബന്ധിപ്പിക്കുമ്പോള്, ക്രൈസ്റ്റ് എന്ന പരമശിവന് മഹാപ്രപഞ്ചത്തിന്റെ പിതാവാണ്. ബ്രഹ്മത്തെ ഉള്ക്കൊണ്ട് നില്ക്കുന്ന മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവിയുടെ മഹാദാസനും ഏക പ്രതിനിധിയുമാണ്.

മഹാപ്രപഞ്ചത്തിന്റെ പിതാവായി ദൈവം നിശ്ചയിച്ചിട്ടുള്ള ക്രൈസ്റ്റ് അഥവാ പരമശിവന് മാത്രമാണ് പിതാവ് എന്നിരിക്കെ മതപുരോഹിതന്മാര് സൂത്രത്തില് സമൂഹത്തിലെ വ്യക്തികളുടെ പിതാവാകാന് ശ്രമിച്ചത് ആരു തന്ന അധികാരത്തിലാണ് ? ഭൂമിയിലുള്ള എല്ലാ ജീവികളും ക്രൈസ്റ്റിന്റെ കുഞ്ഞുങ്ങളാണ്. ക്രൈസ്റ്റിന് മനുഷ്യശരീരം സ്വീകരിക്കുവാന് മഹാശാസ്ത്രപ്രകാരമുള്ള ഉപകരണങ്ങളായിരിക്കുന്ന മാതാപിതാക്കള് ഉള്പ്പെടെയുള്ളവര് ക്രൈസ്റ്റിന്റെ അഥവാ പരമശിവന്റെ കുഞ്ഞുങ്ങളാണ്. അങ്ങനെയിരിക്കെ തങ്ങളുടെ പിതാവായ ക്രൈസ്റ്റിന്റെ മണവാട്ടികളാവാന് കന്യാസ്ത്രീകള് എന്ന പേരില് സ്ത്രീജനങ്ങളെ മതപുരോഹിതന്മാര് വഴിതെറ്റിച്ചത് കൊടുംപാപമാണ്. ഭൂമിയിലുള്ള സ്ത്രീകള് മുഴുവന് ക്രൈസ്റ്റിന്റെയോ തൊമ്മന്റെയോ ഒക്കെ മണവാട്ടികളാകുന്നു എന്നു പറഞ്ഞ് വിവാഹജീവിതവും പ്രസവവും ഉപേക്ഷിച്ചാല് മതപുരോഹിതന്മാര് അതിനെ ശരിവെയ്ക്കുമോ ? സ്ത്രീകള് സ്വന്ത ഇഷ്ടപ്രകാരം കന്യാസ്ത്രീകളാവുന്നതിനെ തടയുന്നത് ശരിയല്ല എന്ന് അപ്പോഴും വാദിക്കുമോ ? വ്യക്തികളുടെ ധര്മ്മശാസ്ത്രപരമല്ലാത്ത ഇഷ്ടങ്ങളെ വിലക്കണ്ടേ ? ഭാവി തലമുറ വേണ്ടേ ? എങ്ങനെ വേണം? മതപുരോഹിതന്മാര്ക്ക് തീര്ച്ചയായും ശാസ്ത്രപരമായി വിശദീകരിക്കാന് കഴിയണം. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മഹാശാസ്ത്രപ്രകാരം ചെയ്യുന്ന മഹാശക്തിയായ ദൈവത്തെ നിന്ദിക്കുന്ന മതപുരോഹിതന്മാരുടെ കടുത്ത അധമ പ്രവൃത്തികള്ക്ക് അവരെ ശിക്ഷിക്കണമോ, അതോ സത്യം പറയുന്ന ക്രൈസ്റ്റിനെ ശിക്ഷിക്കണമോ ? ജനങ്ങളെ ദൈവകാര്യങ്ങളില് തെറ്റിദ്ധരിപ്പിച്ചു പാപം ചെയ്യിച്ചതിന് ജനങ്ങളുടെ പാപത്തിന്റെ ഓഹരിയും മതപുരോഹിതര്ക്കു ലഭിക്കുന്നതാണ്, ലഭിക്കുന്നുണ്ട്. ക്രൈസ്തവ ദേവാലയം നശിപ്പിക്കുവാന് ഉപയോഗിച്ച ബോംബിനെയോ, മതപുരോഹിതനെ വധിക്കുവാന് ഉപയോഗിച്ച കത്തിയെയോ തോക്കിനെയൊ ദിവ്യമെന്നു കരുതുന്നതു ശരിയാണോ ? ദിവ്യമല്ലാത്തതിനെ ദിവ്യംപോലെയാക്കുന്ന ഒരു ശാസ്ത്രമുണ്ട്, മന്ത്രശാസ്ത്രം, എന്നാല് അത് വര്ജ്ജ്യമാണെന്ന് ദൈവം /മഹാശാസ്ത്രം വിധിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് മഹാശക്തിയുടെ മായ കൊണ്ടാകയാല് വര്ജ്ജ്യമായ മന്ത്രശാസ്ത്രത്തെ നിലനിര്ത്തുന്നു എന്നേയുള്ളൂ എന്നതിന്റെ വിശദീകരണങ്ങള് ഗ്രന്ഥത്തിന്റെ 4-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്. നല്ല കാര്യങ്ങള്ക്കുവേണ്ടി നടത്തുന്ന സന്മന്ത്രവാദം ദൈവീകമാണെന്നു

വാദിക്കുന്നവരുണ്ട്. വര്ജ്ജ്യമായ മന്ത്രശാസ്ത്രം ഉപയോഗിച്ചു ചെയ്യുന്നതൊന്നും ദൈവീകമല്ല എന്നറിയുക. മതപുരോഹിതനെ വധിക്കുവാന് ആക്രമണകാരികള് ഉപയോഗിച്ച കത്തി വിശുദ്ധമല്ലെങ്കില്, ക്രൈസ്റ്റിനെ വധിക്കുവാനും പീഡിപ്പിക്കുവാനും ഉപയോഗപ്പെടുത്തിയ കുരിശ് എങ്ങനെ വിശുദ്ധമാകും ? വര്ജ്ജ്യശാസ്ത്രത്തിലെ രീതിയാണ് മതപുരോഹിതന്മാര് പിന്പറ്റിയത്. ക്രൈസ്റ്റിന്റെ വഴിയേ പോകേണ്ടതിനു പകരം ഏവരും കുരിശിന്റെ വഴിയേ പോയി. വീണ്ടും വന്ന ക്രൈസ്റ്റിനെ അവര് അറിഞ്ഞില്ല, മരിച്ച് പുനര്ജ്ജീവിച്ചതും അറിഞ്ഞില്ല. പരമശിവന് ആയി ഉയര്ത്തപ്പെട്ടുവെങ്കിലും, ഇനിയുമൊരു വധം ഉണ്ടാകുന്നുവെങ്കില്, സത്യത്തിന് മരണമില്ല എന്നു തെളിയിച്ചുകൊണ്ട് മഹാശക്തിയായ ദൈവം തീര്ച്ചയായും വീണ്ടും ഉയിര്ത്തെഴുന്നേല്പ്പിക്കുന്നതാണ്, ശേഷം ക്രൈസ്റ്റിനെ വിശ്വസിക്കുന്നവരായി തരംതാഴുമ്പോള്, പീഡനത്തിനും വധത്തിനും ഉപയോഗിക്കുന്ന വസ്തുക്കളെ വീണ്ടും വിശുദ്ധങ്ങളായി കരുതാതെ ശ്രദ്ധിക്കുക, ദൈവം നിങ്ങളെ തിരുത്തുവാനും അനുഗ്രഹിക്കുവാനും ഈയുള്ളവന്, മഹാപിതാവും മഹാമാതാവുമായ മഹാദേവിയുടെ മഹാഇഷ്ടമുണ്ടെന്ന വിശ്വാസത്തില് പ്രാര്ത്ഥിക്കുന്നു. അങ്ങനെ പ്രാര്ത്ഥിക്കുമ്പോള്, അത് ഫലിക്കണമെങ്കില്, ഈയുള്ളവന് നേടാനായ പുണ്യത്തില് ശോഷണം ഉണ്ടാകുവാന് സമ്മതമാവണം. ഭൂമിയിലെ എല്ലാ ജീവികളും എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളാണ്, മഹാദേവിക്ക് സമ്പൂര്ണ്ണ ഇഷ്ടം ഉണ്ടെന്ന വിശ്വാസത്തോടെ ഈയുള്ളവന് നാളിതുവരെ നേടാനായ പുണ്യം മുഴുവന് എല്ലാ ജീവികള്ക്കുംവേണ്ടി സമര്പ്പിക്കുന്നു. ഓം സത്യം, ഓം സത്യം, ഓം സത്യം.
ഓം സത്യം ഓം ധര്മ്മം ഓം നീതി സംഹാരം എന്ന സംഹാരമന്ത്രം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നല്കിയ മഹാദേവിയുടെ മഹാപാദങ്ങള് തൊട്ടുവണങ്ങിക്കൊണ്ട് മഹാദേവിയുടെ മഹാ-ഖരരൂപമായ ഭൂമിയെ സാഷ്ടാംഗം നമസ്ക്കരിച്ചുകൊണ്ട്, ഈയുള്ളവന്റെ മേല് മഹാനീതിശാസ്ത്രപ്രകാരം മഹാനീതി വിധിക്കേണമേ എന്നു പ്രാര്ത്ഥിച്ചുകൊള്ളുന്നു.

മുഹമ്മദ് / ഇസ്ലാം മതം :
ദൈവം വെളിപാടായി അറിയിച്ച കാര്യങ്ങള് സത്യങ്ങളാണ്. ദൈവം അറിയിച്ചവ മാത്രമാണ് സത്യങ്ങള് എന്നത് തീര്ച്ചയായും അറിയണം. ദൈവം അറിയിച്ചവ എന്തെല്ലാമാണെന്ന് അറിയുവാന് മതഗ്രന്ഥം പഠിക്കണം, മഹാശാസ്ത്രവുമായി താരതമ്യം ചെയ്യുകയും വേണം.

ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റി ഗ്രന്ഥത്തില് വിവരിച്ചപ്പോള്, ഇസ്ലാം മതത്തിലെ ചന്ദ്രക്കല, നക്ഷത്രം എന്നിവയുടെ പൊരുള് വിവരിക്കുകയുണ്ടായി. പ്രസ്തുത കാര്യങ്ങളും മറ്റ് അനവധി അനവധി ശാസ്ത്രപാഠങ്ങളും ഇസ്ലാം മതത്തില് ഇല്ലാത്തത് ഇസ്ലാം മതം തെറ്റായതുകൊണ്ടല്ല, ഇസ്ലാം എന്ന ലഘുവും ലളിതവുമായ പദ്ധതിയില് ഉള്പ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളാണവ എന്നതുകൊണ്ടാണ്. അവ ഉള്പ്പെടുത്തിയാല് ലഘുവും ലളിതവുമായ പദ്ധതി ആവില്ല ഇസ്ലാം. ലഘുവും ലളിതവുമായ ഒരു ഏകദൈവ വിശ്വാസ പദ്ധതിയും, പ്രസ്തുത പദ്ധതിക്ക് ഇണങ്ങുന്ന ജീവിതക്രമവും, ലഘു സാമ്പത്തികശാസ്ത്രം ഉള്പ്പെടുന്ന സമൂഹഭരണ വ്യവസ്ഥിതിയുമാണ് ഇസ്ലാം. ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യം സമ്പാദിക്കാന് കഴിയുന്ന ഒരു പദ്ധതി മാത്രമാണത്. ആകയാല്, മറ്റുള്ള ജീവികള്ക്ക് സമനീതി നല്കുന്നതെങ്ങനെ, നക്ഷത്രകോടികളെ എന്തിനു സൃഷ്ടിച്ചു, ജനിച്ച് ഏതാനും മാസങ്ങള്ക്കകം മരിച്ച കുട്ടിക്കും 20 വയസ്സുള്ള യുവാവിനും 70 വയസ്സുവരെ ജീവിച്ച വൃദ്ധയ്ക്കും സമനീതി നല്കുന്നതെങ്ങനെ, അതിസുന്ദരനും സമ്പന്നനുമായി പിറന്ന് ജീവിക്കുന്നവനും, കുഷ്ഠരോഗത്തോടെ ജനിച്ച് നരകിക്കുന്നവനും ദൈവം സമനീതി നല്കുന്നതെങ്ങനെ തുടങ്ങിയ അനന്തങ്ങളോളമുള്ള ചോദ്യങ്ങളുടെ മുമ്പില് ഇസ്ലാം പകയ്ക്കുന്നതാണ്, ഇസ്ലാം എന്ന പദ്ധതിക്ക് താങ്ങാനാവാത്ത ചോദ്യങ്ങളും പ്രശ്നങ്ങളും വരുമ്പോള്, ദൈവം നീതിമാനാണെന്ന് വിശ്വസിക്കുക എന്നു പ്രസ്താവിച്ചുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തെ തടയുക മാത്രമേ നിവൃത്തിയുള്ളൂ. പരിധികളോടെയുള്ള പദ്ധതിക്ക് പരിധിയും പരിമിതികളുമുണ്ട്. വ്യക്തിസ്വാതന്ത്ര്യം തടഞ്ഞതിനെ വീണ്ടെടുക്കുന്നതെങ്ങനെയെന്നും ഇസ്ലാം എന്ന പദ്ധതിയില് തന്നെ അറിയിച്ചിട്ടുണ്ട്. // ഭൂമിയിലെങ്ങും അധമ കാര്യങ്ങള് വര്ദ്ധിക്കുമ്പോള്, അവസാനകാലത്ത് മലക്ക് കുഴല് വിളിച്ച് സര്വ്വനാശത്തെ അറിയിക്കുമെന്ന് ഇസ്ലാം മതത്തില് പ്രസ്താവിച്ചിട്ടുള്ളതുമായാണ് അതിനുബന്ധം. മലക്ക് കുഴല് വിളിക്കണ്ടേ ? മതവാക്യം സത്യമാകണ്ടേ ? ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മഹാശബ്ദം മുഴങ്ങുവാനുള്ള സമയം വളരെ അടുത്തിരിക്കുന്നു. മലക്ക് കുഴല്വിളിക്കുമ്പോള് ഉണ്ടാകുന്ന ശബ്ദം എന്താണ് ? വൈകാതെ ശാസ്ത്രീയമായി സംഹാരകാഹളമായി ഓം മുഴങ്ങും. ഓം എന്ന മഹാശബ്ദത്തിന് ശാസ്ത്രവുമായി മാത്രമാണ് ബന്ധം. ഹിന്ദുമതത്തില് ഓം ഉണ്ടെങ്കിലും, ഓം ഹിന്ദുമതമല്ല. ഈ ഗ്രന്ഥത്തിന്റെ ഓരോ പേജിലുമുള്ള ഓം -ന്റെ ശാസ്ത്രീയ ലിപി ഓം ഹിന്ദുമതത്തിന്റെ ഭാഗമല്ലെന്നു വ്യക്തമാക്കുന്നു. മലക്ക് കുഴല്

വിളിക്കുമ്പോള് അഥവാ ഓം മുഴങ്ങുമ്പോള് സര്വ്വനാശമുണ്ടാകുമെന്ന് അറിയിച്ചത് ഇസ്ലാം മതം ഉള്പ്പെടെയുള്ള എല്ലാ മതങ്ങള്ക്കുമാണ് ; മഹാപ്രപഞ്ചത്തിനോ മഹാപ്രപഞ്ചത്തിലെ ജീവികളുടെ ജീവിതത്തിനോ അല്ല. ഇസ്ലാം എന്ന പദ്ധതി നല്കിയപ്പോള്, മരുന്നുകള്ക്കും മറ്റും കാലാവധിത്തീയതി (ഉമലേ ീള ഋഃുശൃ്യ) കുറിക്കുമ്പോലെ, ഇസ്ലാം എന്ന ലഘുപദ്ധതിയുടെയും കാലാവധിത്തീയതി കൂടി ദൈവം പരമശിവനിലൂടെ മുഹമ്മദിനെ അറിയിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. സമ്പൂര്ണ്ണ ദൈവശാസ്ത്രം അഥവാ മഹാശാസ്ത്രം അവതരിപ്പിക്കുവാന് ദൈവം പരമശിവനെ മുഹമ്മദ് ബാദ്ഷ എന്ന പേരില് ഭൂമിയിലേക്ക് സൃഷ്ടിചക്രത്തിന്റെ മായ പ്രത്യക്ഷമല്ലാത്ത കാലത്തിന്റെ അന്ത്യത്തില് അയക്കുമെന്നതിനെ ജനങ്ങള് തെറ്റിദ്ധരിക്കുകയുണ്ടായി. ഇസ്ലാം എന്ന ലഘുപദ്ധതി ലഭിച്ച മുഹമ്മദിനെ അന്ത്യപ്രവാചകനാക്കി. ജനങ്ങളിലുണ്ടായ തെറ്റിദ്ധാരണ മുഹമ്മദിന്റെ കാലത്തുതന്നെ ഉണ്ടായത് തിരുത്തുവാന് മുഹമ്മദ് തയ്യാറാകാഞ്ഞത് കടുത്ത പാപമായി, അതോടെ ദൈവം പരമശിവനിലൂടെ മുഹമ്മദിന് നല്കിക്കൊണ്ടിരുന്ന വെളിപാടുകള് അവസാനിപ്പിക്കുകയും ചെയ്തു. //

ഭൂമിയില് സമ്പൂര്ണ്ണ ദൈവശാസ്ത്രം അവതരിക്കുമ്പോള്, മായ പ്രത്യക്ഷമാകുമ്പോള്, ഇസ്ലാം എന്ന പദ്ധതി പിന്വലിക്കപ്പെടും, അതോടെ ദൈവീകമായ അഥവാ ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യം ഓരോ വ്യക്തിക്കും ലഭിക്കുന്നതുമാണ്.

ഭൂമിയില് സമ്പൂര്ണ്ണ ദൈവശാസ്ത്രം അവതരിക്കും വരെ, മായ പ്രത്യക്ഷമാകും വരെ ഇസ്ലാം എന്ന പദ്ധതിക്ക് ദൈവം കാലാവധി നല്കിയിട്ടുണ്ട് എന്നു പറയുമ്പോള്, ദൈവം അറിയിച്ചവ അഥവാ വെളിപാടായി നല്കിയവ മാത്രമാണ് പദ്ധതിയിലുള്ളതെന്നും മുഹമമദ് എന്ന വ്യക്തിയും സഹചാരികളും കൂട്ടിച്ചേര്ത്തവ ദൈവം നല്കിയ പദ്ധതിയുടെ ഭാഗമല്ലെന്നും വ്യക്തമായി അറിയണം.

അബദ്ധങ്ങളുടെയും അനാചാരങ്ങളുടെയും നീണ്ട പട്ടികയാണുള്ളത്, ഏതാനും കാര്യങ്ങള് മാത്രം ചുവടെ കൊടുക്കുന്നു.

(1) ശരീരം ശുദ്ധമാക്കുകയും, ദൈവത്തോട് അപരാധങ്ങള് ഏറ്റുപറഞ്ഞ് മനസ്സുകൂടി ശുദ്ധമാക്കുവാന് ശ്രമിക്കുകയും, തങ്ങളുടെ ആവശ്യങ്ങള് ദൈവത്തോടു പ്രാര്ത്ഥിക്കുകയും ചെയ്യുക. ദിവസം 2 അഥവാ 3 തവണയാണ് നിര്ദ്ദേശിച്ചത്. ദൈവത്തോട് പ്രാര്ത്ഥിക്കുന്നതിന് പ്രത്യേക നിബന്ധനകളില്ല. മൂന്നോ മുപ്പതോ തവണ പ്രാര്ത്ഥിക്കാം. അഞ്ചോ അമ്പതോ അഞ്ഞൂറോ അതിലുമധികമോ തവണ പ്രാര്ത്ഥിക്കാം. നടക്കുമ്പോഴും കിടക്കുമ്പോഴുമൊക്കെ പ്രാര്

ത്ഥിക്കുന്നില്ലേ ? എന്നാല് പ്രാര്ത്ഥിക്കുമ്പോള് ഏക ദൈവത്തോടു മാത്രം പ്രാര്ത്ഥിക്കുവിന്. വിശുദ്ധരെന്നു കരുതുന്നവരോട് പ്രാര് ത്ഥിക്കുന്നതും അവരെ മദ്ധ്യസ്ഥരാക്കുന്നതും ഉപേക്ഷിച്ച് ഏകദൈവത്തോടു മാത്രം പ്രാര്ത്ഥിക്കുവിന്. ഓരോ പ്രദേശത്തും അതാതു പ്രദേശത്തെ ഭാഷയില് പ്രാര്ത്ഥിക്കുവിന്. ഓരോ വ്യക്തിയും തങ്ങള്ക്കറിയാവുന്ന ഭാഷയില് പ്രാര്ത്ഥിക്കുവിന്. അര്ത്ഥം ഉള് ക്കൊണ്ടല്ലാതെ പ്രാര്ത്ഥിച്ചുകൂടാ. അറബി ഭാഷ അറിയാത്തവരില് കൂടുതല് പേര്ക്കും തങ്ങള് എന്താണ് പ്രാര്ത്ഥിക്കുന്നതെന്ന് അറിയാത്തതായ ഇന്നത്തെ രീതിയും അവസാനിപ്പിക്കുവിന്. അല്ലാഹു അക്ബര് എന്നാല് അല്ലാഹു അഥവാ ദൈവം (മാത്രം) വലിയവന് എന്നര്ത്ഥം. ആരാധനയ്ക്ക് അര്ഹന് അല്ലാഹു മാത്രം എന്ന് ഇസ്ലാം മതം പറയുന്നതിന്, മനുഷ്യരെല്ലാം അല്ലാഹുവിനെ ആരാധിക്കുക എന്നര്ത്ഥമില്ല, മനുഷ്യരെല്ലാം അല്ലാഹുവിനെ ആരാധിക്കാന് യോഗ്യത നേടിയെന്നും അര്ത്ഥമില്ല. മാത്രമല്ല, അല്ലാഹുവിനെ അഥവാ ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത ദൈവത്തില് നിന്നും നേടിയ മനുഷ്യരെല്ലാം അല്ലാഹുവിനെ ആരാധിക്കണം എന്ന അര്ത്ഥമുണ്ട്. മനുഷ്യന്റെ ആവശ്യങ്ങള് നേടാനായി മനുഷ്യന് ദൈവത്തോട് പ്രാര്ത്ഥിക്കുന്നതും , ദൈവമഹത്വം മനസ്സിലാക്കി ദൈവത്തെ ആരാധിക്കുന്നതും തികച്ചും വ്യത്യസ്തമായ കാര്യങ്ങളാണ്. മനുഷ്യരുടെ സ്തുതികള്കേട്ട് ആനന്ദിക്കുന്ന ഒരു വിചിത്രജീവിയാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുന്ന മഹാശക്തിയായ ദൈവം എന്ന് ദയവായി ധരിച്ചു പോവരുത്. മനുഷ്യരുടെ യുദ്ധചരിത്രങ്ങളും ഒക്കെ വിവരിക്കുന്ന ഖുറാന് വചനങ്ങള് ആവര്ത്തിച്ചു വായിക്കുന്നതുകേട്ട് ആനന്ദിക്കുന്ന ജീവിയല്ല ദൈവം. ദൈവനിന്ദ ചെയ്യരുത് കുഞ്ഞുങ്ങളെ.
ദൈവത്തെ ആരാധിക്കുന്നതിന് ബഹുവിധ യോഗ്യതകള് മനുഷ്യന് നേടേണ്ടതുണ്ട്. ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത എപ്പോഴാണ് ലഭിക്കുക എന്നും ദൈവം തന്റെ ഏക പ്രതിനിധിയിലൂടെ മുഹമ്മദിനെ അറിയിച്ചിരുന്നു. ലൈലത്തുല് ഖദിര് ഇറങ്ങുന്ന രാത്രിയുടെ സത്തയുമായാണ് അതിനു ബന്ധം. ഇസ്ലാം എന്ന പുണ്യ പദ്ധതി ലൈലത്തുല് ഖദിര് ഇറങ്ങുന്ന രാവില് നല്കിയതാണെന്നു കേട്ടുകേള് വിയുണ്ട് എന്നല്ലാതെ ഇന്നോളം ആരും ലൈലത്തുല് ഖദിറിനെ കണ്ടിട്ടില്ല. അനേകം നൂറ്റാണ്ടുകളായി മുസ്ലീങ്ങള് റംസാന് മാസത്തില് ലൈലത്തുല് ഖദിറിനെ കാണാനും പുണ്യം നേടാനുമായി ഉറക്കമൊഴിക്കുന്നു. മുസ്ലീം എന്ന പേരില് 100 കോടിയിലേറെ ജനങ്ങള് ഭൂമിയിലെ വിവിധ രാജ്യങ്ങളിലായി ഉണ്ടായിട്ടും യാതൊരാള്ക്കും

ഇതുവരെ ലൈലത്തുല് ഖദിറിനെ കാണാനായിട്ടില്ല. എന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ടേ ? ശിവരാത്രിയില് ഉറക്കമൊഴിയുന്ന ഹിന്ദുക്കള്ക്ക് ശിവനെ കാണാന് കഴിയാത്തതുമായാണ് അതിനു ബന്ധം. ഇസ്ലാം മതം പറയുമ്പോലെ അനേകായിരം രാത്രികളുടെ പുണ്യം മനുഷ്യന് ഒറ്റ രാത്രികൊണ്ട് നേടിയാല് അതെങ്ങനെ നീതിയാവും ? ദൈവീക നീതിയെപ്പറ്റി ഇത്ര മോശമായി ചിന്തിക്കുന്നത് ശരിയാണോ ? അനേകായിരം രാത്രികളുടെ പുണ്യം നേടുന്നു എന്നതിനെ മനുഷ്യന് അനേക ജന്മങ്ങളിലൂടെ, അനേകായിരം രാത്രികളിലായി നേടിയ പുണ്യത്തിന് സമ്മാനമായി എന്നു തിരുത്തി നോക്കൂ. മഹാനീതിയുമായി അപ്പോള് പൊരുത്തമുണ്ടാകുന്നതാണ്. സുമാര് 90 മനുഷ്യജന്മങ്ങള് കൊണ്ട് സത്യം മാത്രം പറയുന്നവനും, ധര്മ്മം മാത്രം ചെയ്യുന്നവനും, നീതി മാത്രം നല്കുന്നവനുമായ അവസ്ഥയില് മനുഷ്യാത്മാവ് ഔന്നത്യം നേടുന്നതാണ്. ദൈവത്തെ ആരാധിക്കാനുള്ള അടിസ്ഥാന യോഗ്യത മനുഷ്യന് നേടുന്ന പ്രസ്തുത കാലത്ത്, ദൈവം ശിവരാത്രിയില് പരമശിവന് എന്ന യഥാര്ത്ഥ മുഹമ്മദിലൂടെ യോഗ്യത നേടിയ മനുഷ്യര്ക്കെല്ലാം മഹാശാസ്ത്രം നല്കി ദൈവത്തെ ആരാധിക്കുവാന് യോഗ്യരാക്കുകയും അനുവദിക്കുകയും മഹാഅനുഗ്രഹിക്കുകയും ചെയ്യുന്നു. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവന് അറിഞ്ഞ്, ദൈവത്തിന്റെ മഹത്വങ്ങള് മനസ്സിലാക്കി ആനന്ദത്താല് വിതുമ്പിക്കരഞ്ഞ് ദൈവത്തെ ആരാധിക്കുന്ന ഏക മനുഷ്യജന്മമാണത്. മഹാശാസ്ത്രം മനസ്സിലാക്കിയ ശേഷം മാത്രമേ ദൈവത്തെ ആരാധിക്കുവാന് പാടുള്ളൂ. താന് ആരാണെന്നും, മഹാപ്രപഞ്ചം എന്താണെന്നും, മനുഷ്യന്റെ ജീവിതം എന്താണെന്നും, ദൈവം എന്നാലെന്താണെന്നും, ദൈവത്തിന് ആരാധനകള് ആവശ്യമില്ലെന്നും, ദൈവത്തെ ആരാധിക്കുവാന് ഒരേയൊരു ജന്മത്തിലെ അല്പകാലം മനുഷ്യനെ ദൈവം അനുവദിച്ചിട്ടുള്ളതുപോലും മനുഷ്യന്റെ സന്തോഷത്തെ കണക്കാക്കിയാണെന്നും, എല്ലാം സുവ്യക്തമായി അറിഞ്ഞുകൊണ്ട് ശിഷ്ടകാലത്തില് ദൈവത്തിനു മാത്രം മഹത്വം എന്ന് ദൈവത്തെ ശാസ്ത്രീയമായി ആരാധിച്ചുകൊണ്ടേയിരിക്കും. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികള് മാത്രം ചിന്തിക്കുകയും പറയുകയും പ്രവര്ത്തിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് മനുഷ്യര് ഉയരുന്നതും, ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നേടുന്നതും മനുഷ്യരുടെ 90 മുതല് 95 വരെയുള്ള ജന്മങ്ങളിലാണ്. മനുഷ്യന് 50 പുരുഷ ജന്മവും 50 സ്ത്രീജന്മവും ഉള്ളതില്, പുരുഷജന്മത്തിലാണ് മഹാശാസ്ത്രം ലഭിക്കാനും ദൈവത്തെ ആരാധിക്കാനും

അവസരമുണ്ടാവുക. ഭൂമിയില് മായ പ്രത്യക്ഷമായശേഷം മാത്രമാണ് ദൈവാരാധന ചെയ്യുവാനുള്ള യോഗ്യത നേടിത്തുടുങ്ങുക. ശാസ്ത്രപരമായ കണക്കുകള് ഗ്രന്ഥത്തിലെ 2-ാം ഭാഗത്തിലുണ്ട്. മുസ്ലീങ്ങളായി അറിയപ്പെടുന്നവര് ലൈലത്തുല് ഖദിറിനെ കാണാന് ഉറക്കമൊഴിക്കുന്നതും, ഹിന്ദുക്കളായി അറിയപ്പെടുന്നവര് ശിവനെ കാണാന് ശിവരാത്രിയില് ഉറക്കമൊഴിക്കുന്നതും ഫലമില്ലാതെ പോകുന്നതിന്റെയും കാരണങ്ങള് കൂടിയാണ് അറിയിച്ചത്.

(2) മറ്റുള്ള ജീവികളെ വധിക്കുവാന് മനുഷ്യന് ദൈവത്തിന്റെ അനുവാദമുണ്ടെന്നും അവകാശമുണ്ടെന്നും പ്രചരിപ്പിച്ചത് തെറ്റാണ്. തന്നെ ഉപദ്രവിക്കാത്ത മറ്റുള്ള ജീവികളെ ഉപദ്രവിക്കരുത്, വധിക്കരുത് എന്നാണ് ശാസ്ത്രം. ഭക്ഷണാവശ്യത്തിനായി മത്സ്യങ്ങളെയും സസ്യങ്ങളെയും ആശ്രയിക്കുകയാണു വേണ്ടത്. പക്ഷികളെയും മൃഗങ്ങളെയും ഭക്ഷണാവശ്യത്തിനായി വധിക്കരുത് എന്നാണ് ശാസ്ത്രം. ഈ വിഷയത്തിലുള്ള വെളിപാടുകള് കുറേക്കൂടി വ്യക്തമാകാനുണ്ട്. ദൈവാനുഗ്രഹത്താല് വൈകാതെ വ്യക്തമാകുന്നതാണ്. ഹജ്ജ് എന്ന കര്മ്മവുമായി ബന്ധപ്പെട്ട് ആടുകളെയും ഒട്ടകങ്ങളെയും വധിക്കുന്നതും കടുത്ത പാപമാണ്. (ചുവടെ പെരുന്നാളുകളെപ്പറ്റി വിവരിക്കുമ്പോള് ഹജ്ജിനെപ്പറ്റി പ്രത്യേകം പരാമര്ശിക്കുന്നുണ്ട്.). മകന് ജനിച്ചാല്, മകനെ ദൈവത്തിന് ബലിയായി നല്കാമെന്ന് പ്രസ്താവിക്കുന്നതും, മകന് ജനിച്ച് വളരുമ്പോള് പഴയ വഴിപാട് ഓര്ക്കുകയാല് മകനെ വധിക്കാന് തയ്യാറാവുന്നതും ഇബ്രാഹിം (നബി) എന്ന വ്യക്തിയുടെ സ്വകാര്യ വിഷയമാണ്. ഒരു വ്യക്തിയുടെ അധമമായ വഴിപാടിനെ വലിയ ത്യാഗമായി വിശേഷിപ്പിച്ചതും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര ശാസ്ത്രമായ ദൈവശാസ്ത്രത്തില് വ്യക്തിയുടെ സ്വകാര്യം കൂട്ടിച്ചേര്ത്തതും, അതിന്റെ പേരില് ഇബ്രാഹിമിനെ അനുകരിച്ച് മറ്റുള്ളവര് മൃഗങ്ങളെ വധിച്ചുപോരുന്നതും കടുത്ത അപരാധമാണ്. ദൈവശാസ്ത്രത്തില് മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രനിയമങ്ങളാണുള്ളത്, മനുഷ്യക്കഥകളില്ല. ഇബ്രാഹിം മകനെത്തന്നെ വധിച്ചിരുന്നുവെങ്കില്, മുസ്ലീംകള് മക്കളെ വധിക്കുമായിരുന്നോ ?

(3) സ്ത്രീകളെ സുഖ ഉപകരണമായി കണക്കാക്കിയതാണ് മറ്റൊരു വളരെ വലിയ അപരാധം. സൂത്രത്തിലുള്ള വ്യാഖ്യാനങ്ങള് ശരിയാവില്ല. ബഹുഭാര്യത്വത്തെപ്പറ്റി ഗ്രന്ഥത്തിലെ 9-ാം ഭാഗമായ സത്യം ശിവം സുന്ദരം എന്നതിലെ ശാസ്ത്ര-വിശദീകരണവുമായി താരതമ്യം ചെയ്യുക. സാമ്പത്തിക സൗകര്യങ്ങള് ഉള്ള പുരുഷന് ഒന്നിലേറെ വിവാഹം ചെയ്യാമെന്നും 4 വരെയാകാമെന്നും പറഞ്ഞുവെച്ച മുഹമ്മദ് സ്വന്തം

കാര്യത്തില് 4-ല് അധികം വിവാഹം ചെയ്തു. സാമ്പത്തിക സൗകര്യമുള്ള സ്ത്രീകള് അതേപോലെ അനവധി പുരുഷന്മാരുമായി ഒരേ സമയം വിവാഹബന്ധം സ്ഥാപിച്ചാല് സമൂഹ ജീവിതത്തിലെ അടിത്തറ ഇളകുന്നതാണ്. (ഇസ്ലാം മാത്രമല്ല, എല്ലാ മതവിശ്വാസികളും പ്രായോഗിക ജീവിതത്തില് സ്ത്രീകളെ സുഖ ഉപകരണമായി കണക്കാക്കുന്നുണ്ട് എന്നതാണ് വസ്തുത.).
ആത്മീയസാക്ഷാത്ക്കാരത്തെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് കൂടുതല് വിശദീകരിച്ചിട്ടുള്ളത് പഠിക്കുമ്പോള് ബഹുവിവാഹ സമ്പ്രദായങ്ങളെ ശ്രേഷ്ഠമെന്നു കരുതുന്നവര് തീര്ച്ചയായും തലതാഴ്ത്തുന്നതാണ്.
യഥാര്ത്ഥത്തില് സംഭവിച്ചത് ഇനി പറയാം. മുഹമ്മദ് സുഖഭോഗങ്ങളില് പെട്ട് പുണ്യം വളരെയധികം നഷ്ടപ്പെടുത്തി. മുമ്പ് കുറേ സദാചാരപാഠങ്ങള് പഠിക്കാനും പുലര്ത്താനും കഴിഞ്ഞിരുന്ന മുഹമ്മദ് അദ്ദേഹത്തിന് നല്ലതെന്നു തോന്നിയ കാര്യങ്ങളെ തുന്നിപ്പിടിപ്പിച്ച് തന്റേതായ രീതിയില് ഇസ്ലാം എന്ന പുണ്യ പദ്ധതിയുടെ സത്തയില് മായംചേര്ത്തു. അങ്ങനെ സംഭവിക്കുവാന് വേറെയും കാരണമുണ്ട്. ദൈവമാകാന് ശ്രമിച്ച മലക്കുകളുടെ അഥവാ ദേവതകളുടെ ചരിത്രവുമായാണ് അതിനു ബന്ധം. ഹിന്ദുമതത്തെപ്പറ്റിയുള്ള വിശദീകരണത്തില് വായിക്കുക. ഓംസത്യം ഡോട്ട്കോം വെബ്സൈറ്റില് കുറെ ചേര്ത്തിട്ടുണ്ട്, മേല്പടി കാര്യങ്ങളെ ദൈവേച്ഛയുണ്ടെന്നാല് മറ്റൊരു ഗ്രന്ഥത്തില് കൂടുതലായി വിസ്തരിക്കുന്നതാണ്.
(4) ഇസ്ലാമിലെ ദൈവശിക്ഷ ഉള്പ്പെടെയുള്ള നീതികാര്യങ്ങളെ വിശദീകരിക്കുന്നതില് മുഹമ്മദിന് പിഴവുപറ്റി. വലിയ തെറ്റുകള്ക്ക് കടുത്ത ശിക്ഷകള് മഹാനീതിശാസ്ത്രപ്രകാരം ദൈവം നല്കും എന്നതിനെ ഇസ്ലാമില് വിശ്വസിക്കുന്ന ഭരണാധികാരികള്ക്ക് ശിക്ഷ വിധിക്കാനും നടപ്പാക്കാനും അധികാരം ഉള്ളതായി എഴുതിച്ചേര്ത്തു. ഇസ്ലാമിലെ ശരീഅത്ത് കോടതികള്ക്ക് വസ്തുതകള് പഠിച്ച് ഉപദേശങ്ങള് നല്കുക എന്നതിനപ്പുറം ശിക്ഷവിധിക്കാനും വിധി നടപ്പാക്കാനും അവകാശവും അധികാരവുമില്ല. തലവെട്ടും, കൈവെട്ടും, കാല്വെട്ടുമൊക്കെ ദൈവീകമല്ലാത്ത കുടിലതകളാണ്.
മഹാസ്നേഹമായ ദൈവത്തെ മഹാഭീകരന് എന്ന കണക്കെ ഭയപ്പെടുന്ന അവസ്ഥ സൃഷ്ടിച്ചത് അപരാധമായിട്ടുണ്ട്. ഉദാഹരണമായി അബദ്ധത്തിലോ അല്ലാതെയോ ഒരാള് വധിക്കപ്പെടുമ്പോള്, വധത്തിനു കാരണക്കാരനായി വിശേഷിപ്പിക്കപ്പെടുന്ന വ്യക്തിയുടെ തലവെട്ടുക എന്നത് സമൂഹത്തിന്റെ/ഭരണകൂടത്തിന്റെ പണിയല്ല. കൊല്ലപ്പെട്ട വ്യക്തിയുടെ ഏറ്റവും പ്രിയപ്പെട്ടവരെ വസ്തുത മനസ്സിലാക്കി

അറിയിക്കുകയും, അവരുടെ ഇഷ്ടപ്രകാരവും വിഷയത്തിന്റെ ഗൗരവപ്രകാരവും വ്യക്തിയെ സഹായിക്കുക മാത്രമാണ് ഭരണകൂടത്തിന്റെ കടമ. അല്ലാതെ സമൂഹത്തിലെ വ്യക്തികളെ തങ്ങള്ക്കുതോന്നുമ്പോലെ ഭരിക്കുവാനും ശിക്ഷിക്കുവാനും ഭരണകൂടത്തിന് അധികാരമില്ല. വധം ഉള്പ്പെടെയുള്ള കടുത്ത ശിക്ഷ നല്കുന്നത് ഭരണകൂടം നേരിട്ടാവരുത്. ധര്മ്മശാസ്ത്രപ്രകാരവും നീതിശാസ്ത്രപ്രകാരവും മരണശിക്ഷ വിധിക്കേണ്ടതും നടപ്പാക്കേണ്ടതും മരിച്ച വ്യക്തിയുടെ ഉറ്റവരാവണം. ശിക്ഷ ഇളവുചെയ്യണമോ എന്നതും അവരാണ് മുഖ്യമായും നിശ്ചയിക്കേണ്ടത്. അവര്ക്ക് വേണ്ടതായ ശാസ്ത്രീയ ഉപദേശങ്ങള് നല്കുക, പ്രതിയെ പിടികൂടി ഹാജരാക്കുക തുടങ്ങിയവയാണ് ഭരണകൂടം ചെയ്യേണ്ടത്. ബലാല്സംഗം ചെയ്യപ്പെട്ട യുവതിക്ക് പ്രതിയെ വധശിക്ഷയ്ക്ക് വിധിക്കാനും വെറുതെ വിടാനും അധികാരമുണ്ട്, വധ ശിക്ഷയ്ക്ക് വിധിക്കുന്നുവെങ്കില് വധം നടപ്പാക്കേണ്ടത് യുവതിയോ, യുവതി നിര്ദ്ദേശിക്കുന്നവരും തയ്യാറുള്ളവരുമായ ഉറ്റവരെക്കൊണ്ടാവണം എന്നിങ്ങനെയാണ് ശാസ്ത്രം, അല്ലാതെ ശരീഅത്ത് കോടതികള്ക്ക് ശിക്ഷ വിധിക്കാനും നടപ്പാക്കാനും അവകാശവുമില്ല, അധികാരവുമില്ല.

(5) ദൈവീകമായ സാമ്പത്തികശാസ്ത്രത്തിന്റെ ലഘുരൂപം മുഹമ്മദിനെ അറിയിച്ചത് സുഖഭോഗങ്ങളിലും ശാസ്ത്രപരമല്ലാത്ത യുദ്ധങ്ങളിലും ഏര്പ്പെട്ട അദ്ദേഹത്തിന് ഉള്ക്കൊള്ളാന് കഴിഞ്ഞില്ല. സക്കാത്തിലെ യഥാര്ത്ഥ ഉദ്ദേശവും കളങ്കപ്പെട്ടു. ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് സാമ്പത്തികശാസ്ത്രം വിസ്തരിച്ചിട്ടുള്ളത് പഠിക്കുമ്പോള് പിഴവുകള് ബോദ്ധ്യമാകുന്നതാണ്.

(6) റമസാന് വ്രതം, പെരുന്നാളുകള്, എന്നിവയുടെ സത്തയെപ്പറ്റി പറയാം : ഈ ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ദൈവീകമായ പഞ്ചാംഗത്തെപ്പറ്റി വിസ്തരിച്ചിട്ടുണ്ട്. മനുഷ്യര്ക്കായി മഹാശാസ്ത്ര പ്രകാരം ദൈവം നിശ്ചയിച്ചത് 28 ദിവസങ്ങള് വീതമുള്ള 13 മാസ-കലണ്ടറാണ്. 13-ാമത്തെ മാസം ആഘോഷത്തിനുള്ളതാണ്. മേല്പടി കാര്യങ്ങളെ ശരിയാംവിധം മനസ്സിലാക്കാന് മുഹമ്മദിനു കഴിഞ്ഞില്ല. അദ്ദേഹം ആഘോഷ മാസത്തെ വ്രത-മാസമാക്കി മാറ്റി. മേല്പടി കാര്യത്തിലും മലക്കുകളുടെ അഥവാ ദേവതകളുടെ പൈശാചിക-പ്രവര്ത്തനമുണ്ടായി. 13 എന്ന അക്കത്തെത്തന്നെ അവര് ദോഷ-അക്കമെന്ന് തെറ്റിദ്ധരിപ്പിച്ചു.

എല്ലായ്പ്പോഴും ദൈവഭാവമായ സത്യ-ധര്മ്മ-നീതികളോടെ ജീവിക്കുക അഥവാ ധര്മ്മശാസ്ത്രപരമായി ജീവിക്കുക എന്നതിനപ്പുറം ദൈവത്തിന്റെ പേരില് വ്രതങ്ങളുണ്ടാക്കുന്നത് ദൈവീകമല്ല അഥവാ

ശാസ്ത്രീയമല്ല. ദൈവം മനുഷ്യനു നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തുകൊണ്ടും, വ്രതങ്ങള് ഇഷ്ടപ്പെടുന്ന ഒരു വിചിത്രജീവിയായി ദൈവത്തെ അവതരിപ്പിച്ച് കടുത്ത ദൈവനിന്ദ ചെയ്തുകൊണ്ടും മുഹമ്മദ് പിശാചിന്റെ വഴിയേ പോയി. ഇസ്ലാം എന്ന ലഘുപുണ്യവ്യവസ്ഥിതി ദൈവീകമല്ലാതായി എന്നു ചുരുക്കം. രണ്ടാമത്തെ ആഘോഷത്തെ ഇബ്രാഹിമിന്റെയും ഇസ്മായിലിന്റെയും ഒരു സ്വകാര്യ ജീവിതകഥയുമായും മുഹമ്മദ് ബന്ധിപ്പിച്ചു. ദൈവീകമായ 13-ാം മാസം താല്ക്കാലികമായി കളങ്കപ്പെടുത്തുവാന് മുഹമ്മദിനും ദുര്ദ്ദേവതകള്ക്കും കഴിഞ്ഞു. ആഘോഷത്തെ വിജയദശമി എന്നറിയപ്പെടുന്ന മഹാദശമി- യുമായാണ് ദൈവം ബന്ധിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ആഘോഷത്തിന്റെ വിശദീകരണങ്ങള് 3-ാം ഭാഗത്തിലുള്ളത് പഠിക്കുമ്പോള്, അവ ശാസ്ത്രപരം മാത്രമാണെന്നു കാണാം. ലൈലത്തുല് ഖദിറുമായി ശിവരാത്രി ഒന്നിക്കുന്നതെങ്ങനെയെന്ന് മുമ്പ് ഹ്രസ്വമായി വിശദീകരിച്ചുവല്ലോ. ബ്രഹ്മത്തെ സംബന്ധിച്ച ഏതാനും പാഠങ്ങള് മഹാശക്തിയായ ദൈവം, പരമശിവനിലൂടെ ആദിശങ്കരന് വിശദീകരിച്ചുകൊടുത്തപ്പോള്, അദ്ദേഹം മഹാപ്രപഞ്ചത്തെ മിഥ്യയെന്നു വിശേഷിപ്പിച്ച് കടുത്ത അപരാധം ചെയ്തു, മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മഹാശക്തിയായ ദൈവത്തെയും നിന്ദിച്ചു. ആദിശങ്കരനെപ്പോലെ, മുഹമ്മദും കടുത്ത അപാരാധം ചെയ്തു. ദൈവത്തിന്റെ പേരില് സ്വയം കഥകളും നിയമങ്ങളും ഉണ്ടാക്കിയ മുഹമ്മദ് അയോഗ്യനായി മാറി. എന്നാല് അദ്ദേഹത്തിന്റെ അനുയായികളായി അറിയപ്പെട്ട അനേകം വ്യക്തികള്ക്ക് വളരെയധികം പുണ്യം നേടാനുള്ള പദ്ധതിയായി ഇസ്ലാം പ്രയോജനപ്പെട്ടു.

(7) ഹജ്ജിന്റെ സത്തയെപ്പറ്റി പറയാം : മഹാശാസ്ത്രം ലഭിക്കുന്ന പുണ്യ ജന്മത്തില് എല്ലാ മനുഷ്യര്ക്കും ഒരു തീര്ത്ഥയാത്ര ഉണ്ടാകുന്നതാണ്. പുരുഷജന്മത്തിലാണത് എന്ന് എടുത്തു പറയുമ്പോള്, പുരുഷന്മാര് മാത്രമാണ് തീര്ത്ഥയാത്ര ചെയ്യുന്നത് എന്നും അറിയണം. പ്രസ്തുത ജന്മത്തില് വ്യക്തി ജനിക്കുന്നതും താമസിക്കുന്നതും കേരളത്തിലായിരിക്കും. മഹാശാസ്ത്രം ലഭിച്ചു കഴിഞ്ഞ് കേരളത്തിലെ മണ്ണടി എന്ന സ്ഥലത്തേയ്ക്ക് കാല്നടയായി യാത്രചെയ്യുന്നതാണ്. മഹാശക്തി മാത്രം ശരണം, എന്നതുള്പ്പെടെയുള്ള ലളിത പദങ്ങള് യാത്രയ്ക്കിടയില് ഓരോ വ്യക്തിയിലും ദൈവാനുഗ്രഹത്താല് ഉത്ഭവിക്കുകയും അവയും ചൊല്ലിക്കൊണ്ട് യാത്ര ചെയ്യുന്നതുമാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന പേര് കേരളത്തിനു ലഭിച്ചത് ഉള്പ്പെടെയുള്ള കാര്യങ്ങളുടെ യഥാര്ത്ഥ കാരണങ്ങളുമായി ബന്ധപ്പെട്ടുള്ള

തീര്ത്ഥയാത്രയെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ദൈവേച്ഛപോലെ ചേര്ക്കുന്നതാണ്. മേല്പടി തീര്ത്ഥയാത്രയെപ്പറ്റി ഇസ്ലാമിലെ മതാചാര്യനെ അറിയിച്ചവ അദ്ദേഹം ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉള്പ്പെടുത്തിക്കൊണ്ട് മക്കയിലേക്കുള്ള യാത്രയായി പരിണമിപ്പിച്ചു, രണ്ടാമത്തെ ആഘോഷവുമായി അതിനെ ബന്ധിപ്പിക്കുകയുംചെയ്തു. ഹജ്ജിലെ യാതൊരു ആചാരങ്ങളും ദൈവീകമല്ല. ഇതേ തെറ്റ് മറ്റു മതസ്ഥരും തീര്ത്ഥയാത്രകളിലൂടെ നടത്തുന്നുണ്ട്. വ്യക്തിക്ക് ലഭ്യമായ ശക്തിക്കൊത്ത്, ധര്മ്മശാസ്ത്രപരമായോ അല്ലാതെയോ എവിടേയ്ക്കും യാത്രചെയ്യുന്നതും യാത്ര ആസ്വദിക്കുന്നതും വ്യക്തിക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തില് പെടുന്നു. എന്നാല് വ്യക്തി നടത്തുന്ന യാത്രയെ ദൈവത്തിനു വേണ്ടിയുള്ള തീര്ത്ഥയാത്ര എന്നു പേരിടുമ്പോള്, വ്യക്തി, ദൈവനിന്ദ ചെയ്യുകയാണ്. ജെറുസലേം, മക്ക, മദീന, വേളാങ്കണ്ണി, ശബരിമല, ഹിമാലയം തുടങ്ങിയ പ്രദേശങ്ങളിലേക്കുള്ള യാത്രകള്ക്ക് ദൈവത്തിനു വേണ്ടിയുള്ള തീര്ത്ഥയാത്ര എന്നു പേരിട്ടാല് പൈശാചികമാകുന്നത് അങ്ങനെയാണ്. ദേവാലയ യാത്രകളിലെല്ലാം നിരന്തരമായി സംഭവിച്ചു കൊണ്ടിരിക്കുന്ന അപകട മരണങ്ങളിലൂടെ ന്യൂനശക്തികള് തുടര്ച്ചയായി ആവക കാര്യങ്ങള് അറിയിക്കുന്നുണ്ടെങ്കിലും മത-മനുഷ്യര് അവ ഉള്ക്കൊള്ളുന്നില്ല.

(8) ഖുറാന്റെ അര്ത്ഥം എത്രപേര് വായിച്ചിട്ടുണ്ട് ? ഖുറാനില് പറഞ്ഞിരിക്കുന്ന യുദ്ധചരിത്രങ്ങള്, മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളല്ല, മനുഷ്യചരിത്രങ്ങളാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിര്വ്വഹിക്കുന്ന ശാസ്ത്രകാര്യങ്ങള് /നിയമങ്ങള് മാത്രമാണ് മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം. അതിന്നര്ത്ഥം, ഇസ്ലാം മതത്തില് മനുഷ്യചരിത്രങ്ങള് കൂട്ടിച്ചേര്ക്കപ്പെട്ടു എന്നും ദൈവീക വെളിപാടുകള് മാത്രമല്ല അവയിലുള്ളതെന്നുമാണ്. തന്നെയും ചുറ്റുമുള്ളവരെയും തൃപ്തിപ്പെടുത്തുവാനായി മുഹമ്മദ് വളരെയധികം കൃത്രിമം പ്രവര്ത്തിച്ചു. നബിക്കുഞ്ഞിന് വെള്ളം കൊണ്ടുവരാനായി നബിയുടെ അമ്മ ഓടിയതിനെ അനുകരിച്ച് മക്കയില് ഓടുന്നവര്, നബിമാരും അമ്മമാരുമൊക്കെ കക്കൂസില് ഇരുന്നിടത്ത് കക്കൂസില് ഇരിക്കണമെന്ന് നിയമം ഉണ്ടാക്കിയിരുന്നെങ്കില് വല്ലാത്ത അവസ്ഥ ഉണ്ടാകുമായിരുന്നു ; ദൈവം കാത്തു ! ഉമ്ര, ഹജ്ജ് തുടങ്ങിയവകള് ദൈവീക വെളിപാടിന്റെ ഭാഗമായിരുന്നില്ല എന്നും അവ ഉള്പ്പെടെ ഇസ്ലാമിലെ അനേകം കാര്യങ്ങള് ദൈവീകമല്ല എന്നും അറിയിക്കുന്നു. മുഹമ്മദിന് വെളിപാടായി ഇസ്ലാം എന്ന ഹ്രസ്വപദ്ധതി ദൈവേച്ഛ പ്രകാരം നല്കിയത് പരമശിവന് (ഗ്രന്ഥകാരന്) ആണെന്നാണ്

മനസ്സിലാക്കുന്നത്, എന്നാല് അക്കാര്യത്തിലും വെളിപാട് പൂര്ണ്ണമായിട്ടില്ല. തല്ക്കാലം കൂടുതല് വിസ്തരിക്കുന്നില്ല.
// ഇസ്ലാം മതാചാര്യനായി അറിയപ്പെടുന്ന മുഹമ്മദിനു വെളിപാടു ലഭിക്കുവാന് കഴിഞ്ഞതിലെ നീതി മുന് സൃഷ്ടിചക്രവുമായിക്കൂടി ബന്ധപ്പെട്ടതാണ്. പുണ്യം പൂര്ത്തിയാക്കാനാവാതെ ജന്മങ്ങള് തുടരുകയാണ്. പുണ്യപദ്ധതിയില് അശ്രദ്ധകൊണ്ടും അവിവേകംകൊണ്ടും മായംചേര്ത്ത മുഹമ്മദ്, നിരവധി ജന്മങ്ങളിലൂടെ ദൈവീകമല്ലാത്ത കഥാരചനകളുമായി ജീവിക്കുന്നു, അടുത്തകാലത്ത് (ജോണ് പോള് രണ്ടാമന് എന്ന പേരില്) ക്രിസ്തു മതത്തിലെ പോപ്പായി മാറിയപ്പോഴും ദൈവത്തിന്റെ പേരില് സ്വയംനിയമങ്ങളുണ്ടാക്കല് തുടര്ന്നു. കൂടുതല് കാര്യങ്ങള് മഹാഇഷ്ടപ്രകാരം പിന്നീട് വെളിവാകുന്നതാണ്. അല്ലാഹുവിനെ അവന് എന്ന് സംബോധന ചെയ്യുന്ന മുസ്ലീങ്ങള് മുഹമ്മദിനെ സ.അ., റ, റ.അ., എന്നിവയുടെ മുഴുരൂപം ചേര്ത്ത് ബഹുമാനിക്കുന്നതിന്റെ പൊരുള്കൂടി വ്യക്തമാക്കേണ്ടിയിരുന്നു. //
ക്രൈസ്തവ പ്രകാരം മുട്ടിന്മേല് നിന്നു പ്രാര്ത്ഥിക്കുമ്പോള്, ഇസ്ലാം പ്രകാരം സുജൂദ് എന്ന പകുതിയോളം വരുന്ന സാഷ്ടാംഗം നടപ്പിലാവുന്നത് മതങ്ങളിലെ പ്രാര്ത്ഥനാ സംബന്ധമായ സത്യങ്ങളുടെ മാത്രം താരതമ്യങ്ങളെ കുറിക്കുന്നുണ്ട്. ഹിന്ദുമതത്തില് പ്രാര്ത്ഥനാ സംബന്ധമായി പുരുഷന്മാര്ക്ക് അനുവദിച്ചിട്ടുള്ള സര്വ്വാംഗ സാഷ്ടാംഗം, ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നേടുന്ന ഏക ജന്മത്തില്, യോഗ്യത നേടുമ്പോള് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മുമ്പ് വ്യക്തമാക്കിയതുപോലെ ഒരു രൂപത്തിലോ ഒരു വിഗ്രഹത്തിലോ ഒരു കടുകിലോ സ്ഥിതിചെയ്തുകൊണ്ടും മഹാപ്രപഞ്ചത്തിന്റെയും എന്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുവാന് പ്രാപ്തമായ ശക്തി മാത്രമേ ആദിയും അന്തവുമില്ലാത്ത മഹാശക്തിയാകുന്നുള്ളൂ. ഇസ്ലാമിലെ ദൈവത്തിന് ഒരു കടുകിലോ വിഗ്രഹത്തിലോ പ്രവേശിച്ചുകൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി - സംഹാരങ്ങള് ചെയ്യുവാന് ശക്തിയില്ലാ എന്നുണ്ടെങ്കില് ഇസ്ലാമിലെ ദൈവം മഹാശക്തിയല്ലാ എന്ന അര്ത്ഥമുണ്ടാകുന്നതാണ്. ക്രൈസ്റ്റ് വീണ്ടും വരുമെന്ന് ക്രിസ്ത്യാനികള് വിശ്വസിക്കുന്നതുപോലെ ലോകാവസാനം ഉണ്ടാകുമെന്നും, അതിനു മുന്നോടിയായി മാലാഖ (മലക്ക്) കുഴല് വിളിക്കുമെന്നും ഇസ്ലാം മതം ഉറപ്പിച്ചു പറയുന്നു. ഭൂമിയിലെങ്ങും ഇസ്ലാമിക ഭീകരവാദം ഏറ്റവും മൂര്ച്ഛിച്ചിരിക്കുന്ന ഈ കാലഘട്ടത്തില് മേല്പ്പടി മതവചനത്തിന് പ്രസക്തിയുണ്ടോ എന്നും അതില് വിശ്വസിച്ചു ജീവിക്കുന്ന മതവിശ്വാസികളോ, സത്യധര്മ്മങ്ങള്

അനുസരിച്ചു ജീവിക്കുന്ന ഒരു മുസ്ലീമെങ്കിലും ഭൂമിയിലുണ്ടാകുമോ എന്നുമൊക്കെ വിശകലനം ചെയ്യേണ്ടതല്ലേ എന്നത് വളരെ പ്രസക്തമാണ്. അല്ലാഹുവിന്റേതെന്നു കരുതപ്പെടുന്ന നിയമങ്ങള് പ്രകാരം പ്രവര്ത്തിച്ചുകൊള്ളാമെന്ന് (മനസ്സുകൊണ്ട്) സത്യപ്രതിജ്ഞ ചെയ്യുകയും, പ്രസ്തുത നിയമങ്ങള്പ്രകാരം മാത്രം ജീവിക്കുകയും, ആവിധത്തില് ദിവസവും പ്രാര്ത്ഥിക്കുകയും ചെയ്യുമ്പോള് മാത്രമേ ഒരാള് ഇസ്ലാം മതവിശ്വാസി ആകുന്നുള്ളൂ. അങ്ങനെയിരിക്കെ ഓരോരോ രാജ്യങ്ങളിലെയും ഭരണഘടന അനുസരിച്ചു ജീവിക്കുവാന് ഇസ്ലാം മതവിശ്വാസി തയ്യാറായിക്കൂടാ; യഥാര്ത്ഥമായും മതവിശ്വാസി ആയിരിക്കുന്നവര് മതവിശ്വാസങ്ങളെ അപഹസിക്കുന്ന സത്യപ്രതിജ്ഞ ചെയ്യുകയുമില്ല. രാജ്യങ്ങളിലെ ഭരണഘടനകള് അനുസരിച്ച് അവര് പ്രവര്ത്തിച്ചും കൂടാ. ഉദാഹരണത്തിന് ഇസ്ലാം മതവിശ്വാസികളെന്നു പറയുന്നവര് ഇന്ത്യയിലെ കേന്ദ്രഭരണകൂടത്തിലും സംസ്ഥാനഭരണകൂടങ്ങളിലും മന്ത്രിയാകുന്നതിന്റെ ഭാഗമായിട്ട്, രാജ്യത്തിലെ ഭരണഘടന അനുസരിച്ചു പ്രവര്ത്തിച്ചുകൊള്ളാമെന്ന് സത്യപ്രതിജ്ഞ ചെയ്യുമ്പോള്, തങ്ങളോടും സമൂഹത്തോടും ദൈവത്തോടും കാപട്യങ്ങള് കാട്ടുന്ന അവരെയും, അവരുടെ കൂടെ വിശുദ്ധന്മാരായി വേഷംകെട്ടുകയും ചെയ്യുന്ന പെരുങ്കള്ളന്മാരായ മതപുരോഹിതരെയും മനുഷ്യരായോ മതവിശ്വാസികളായോ കണക്കാക്കിയാല് അതുപോലും ദൈവനിന്ദയാവും.

തങ്ങള്ക്ക് യാതൊരു നിശ്ചയവുമില്ലാത്ത മതകാര്യങ്ങളുടെപേരില് ആവേശംകൊള്ളന്നതും തര്ക്കിക്കുന്നതും അവിവേകമായിട്ടുണ്ട്, ഭീകരവാദങ്ങള്ക്ക് ഒരു കാരണമതാണ്. തങ്ങള്ക്ക് തോന്നുമ്പോലെ പ്രവര്ത്തിക്കാന് ഭൗതികശാസ്ത്രം പ്രകാരമുള്ള ബോംബുകളും തോക്കുകളും മറ്റായുധങ്ങളും ഉപയോഗിക്കുവാന് തയ്യാറായവര്, ജീവിതകാര്യങ്ങളില് യുക്തിശാസ്ത്രം ഉള്പ്പെടെയുള്ള മറ്റുശാസ്ത്രശാഖകളെ ഉപയോഗപ്പെടുത്താഞ്ഞത് കടുത്ത അപരാധമാണ്.

മായ പ്രത്യക്ഷമാകും വരെ, ഓം മുഴങ്ങും വരെ അല്ലാഹു അക്ബര് എന്ന വിളി ഭൂമിയില് മുഴങ്ങുന്നതാണ്. മുഹമ്മദ് ബാത്തിഷ പി.കെ. എന്ന് പിതാവ് എനിക്ക് ചെറുപ്പത്തില് പേരുവച്ചു. (ജന്മം കൊണ്ട് അദ്ദേഹം പിതാവാണെങ്കിലും മഹാശാസ്ത്രപ്രകാരം ദൈവത്തിന്റെ കുഞ്ഞാണ്, ദൈവത്തിന്റെ പ്രതിനിധിയായ എന്റെയും കുഞ്ഞാണ്. അദ്ദേഹം ഹിന്ദുമതത്തില്പെട്ട് പുനര്ജ്ജനിച്ച് ഇന്ന് -2008 ല് - ഒരു യുവാവായിട്ടുണ്ട് !). കാലക്രമത്തില്, എന്റെ പേര് ഷാ എന്നും മുഹമ്മദ് ബാദ്ഷ എന്നും ബാദ്ഷ എന്നുമൊക്കെ പരിഷ്ക്കരിക്കപ്പെട്ടു. 2006-ല്

മഹാശക്തിയായ മഹാദേവി എന്റെ ഈജന്മ ശരീരത്തിന്/വ്യക്തിക്ക് പരമശിവന് എന്ന പേര് മഹാഅനുഗ്രഹിച്ചു നല്കുകയുണ്ടായി. എന്റെ ആദ്യ പേരിലെ മുഹമ്മദും, മഹാശാസ്ത്ര പ്രകാരമുള്ള യഥാര്ത്ഥ മുഹമ്മദായ പരമശിവനും ഒരാള് തന്നെ. മഹത്വം ദൈവത്തിനു മാത്രം.

ഹിന്ദു മതം :

ആദ്യ മഹാകാലചക്രത്തിലെ വ്യത്യസ്തങ്ങളും ദൈവീകവുമായ ഭരണസംവിധാനങ്ങളെ സംബന്ധിച്ച അതിബൃഹത്തായ കാര്യങ്ങളാണ് ഹിന്ദുമതത്തിലുള്ളത് എന്നു പറയുമ്പോള് മഹാശാസ്ത്രവുമായല്ല മറിച്ച് ഈ ഗ്രന്ഥത്തിലെ 7-ാം ഭാഗത്തിലുള്ള സ്മൃതിയുമായാണ് ഹിന്ദുമതത്തിന് കൂടുതല് ബന്ധമെന്ന് വ്യക്തമാവുന്നു. ഹിന്ദുമതം സനാതനമാകുന്നത് മുഖ്യമായും സ്മൃതികളിലൂടെയാണ്, ശാസ്ത്രങ്ങിലൂടെ അല്ല അഥവാ വേദങ്ങളിലൂടെയല്ല. വേദങ്ങള് എന്ന് ഇന്നറിയപ്പെടുന്നവ യഥാര്ത്ഥ വേദങ്ങളല്ല, അവയെല്ലാം വര് ജ്ജ്യശാസ്ത്രമായ മന്ത്രശാസ്ത്രത്തിന്റെ അംശങ്ങള് മാത്രമാണ്. ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയശാസ്ത്രം, മന്ത്രശാസ്ത്രം എന്നിവയാണ് യഥാര്ത്ഥമായ 4 വേദങ്ങള്, ശാസ്ത്രവിശദീകരണങ്ങള് ചുവടെയുള്ള ഏതാനും അദ്ധ്യായങ്ങളിലും, ഗ്രന്ഥത്തിന്റെ 3-ഉം 4-ഉം ഭാഗങ്ങളിലുമുണ്ട്.

ഈശ്വരി, ഈശ്വരന്/ശിവന്, ബ്രഹ്മദേവന് എന്ന പരമശിവന്, ദുര്ഗ്ഗ, നാരായണന്, ഗജപാതി/ഗണപതി എന്ന വിഘ്നേശ്വരന്, മുരുകന്, അയ്യപ്പന്, ഇന്ദ്രന്, നാഗരാജാവ്, നാഗയക്ഷി തുടങ്ങിയ അനേകം ദേവതകളും; അസുരന്മാര്, യക്ഷി, ഗന്ധര്വ്വന്, മാടന്, മറുത, തുടങ്ങിയ അനേകം വിരുദ്ധശക്തികളും ശാഖകളായുള്ള വലിയൊരു വൃക്ഷത്തെപ്പോലെ ഹിന്ദുമതത്തെ കരുതാനാവും. ശൈവമതം, ശാക്തേയമതം, വൈഷ്ണവമതം, വൈദികമതം എന്നിങ്ങനെ വ്യത്യസ്ത മതങ്ങള് സംഘടിച്ചുണ്ടായതാണ് ഹിന്ദുമതമെങ്കിലും അവയെല്ലാം മേല്പ്പറഞ്ഞ ദേവതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. മഹാശക്തിയായ ദൈവം മഹാജഗദംബയായി മനുഷ്യരൂപമെടുത്തിരിക്കുന്നു, ഒരു ഹിന്ദുമത കുടുംബത്തില് മഹാഎഴുന്നെള്ളിക്കഴിഞ്ഞിരിക്കുന്നു എന്ന് മുമ്പ് പ്രസ്താവിച്ചിരുന്നുവല്ലോ. ഈ വാചകം എഴുതുന്ന 2008 സെപ്തംബര് 30 വൈകിട്ട് 5 മണിവരെ ബ്രഹ്മം പ്രസ്തുത മനുഷ്യശരീരത്തില് പ്രവേശിച്ചിട്ടില്ല ; അതായത് മഹാശക്തിയുടെ മനുഷ്യാവതാരം പൂര് ണ്ണമായിട്ടില്ല, സമയം നിശ്ചയിക്കുന്നത് മഹാശക്തിയായ മഹാദേവിയാണ്. മഹാജഗദംബ, മഹാദേവി, പരമശിവന് എന്നെല്ലാം

പ്രസ്താവിക്കുമ്പോള്, ഹിന്ദുമതമാണെന്ന് ധരിക്കരുത്. ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ആവിധ കാര്യങ്ങള് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ഓം എന്ന മഹാശബ്ദം ഹിന്ദുമതത്തിലൂടെ സംരക്ഷിക്കപ്പെട്ടുവെങ്കിലും ഓം -ന്റെ വിശദീകരണങ്ങളില് 5 ശതമാനത്തില് താഴെ മാത്രമാണ് ഇന്ന് ഹിന്ദുമതത്തില് ഉള്ളത്.

മഹാശക്തിയായ മഹാദേവിയെ സാംഷ്ടാംഗം പ്രണമിച്ചുകൊണ്ട്, അവിടുത്തെ മഹാദാസനും പരമശിവനുമാകാന് മഹാഭാഗ്യം ലഭിച്ചിട്ടുള്ള ഈയുള്ളവന്, മഹാദേവിയുടെ മഹാഇഷ്ടപ്രകാരം അറിയിക്കുന്ന കാര്യങ്ങള് മനുഷ്യജീവിതം മഹാമംഗളമാക്കുന്നതാണ്, പരമശ്രദ്ധയോടെ വായിച്ചാലും / കേട്ടാലും :

ദൈവത്തെ മാത്രം ആരാധിക്കുക, ഓരോരോ കാര്യങ്ങള് നിര്വ്വഹിക്കാനായി ദൈവം ചുമതലപ്പെടുത്തിയിട്ടുള്ളവരെ ആദരിക്കുക മാത്രം ചെയ്യുക എന്നത് ഹിന്ദുമതത്തില് അവഗണിക്കപ്പെട്ടിരിക്കയാണ്. വളരെയധികം ബുദ്ധിശക്തികള് ദൈവത്തില് നിന്നും ലഭിച്ച മനുഷ്യര്, തങ്ങള്ക്ക് തോന്നുമ്പോലെ ആരാധനാ കാര്യങ്ങള് സ്വീകരിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. ദൈവീകമല്ലാത്ത വിനോദങ്ങളില് ഏര്പ്പെടുന്നവരെപ്പോലും ആരാധിക്കുന്ന അവസ്ഥയിലേക്ക് ഹിന്ദുമതം ഇന്ന് കൂപ്പുകുത്തിയിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് മുഖ്യഹേതു വിഷ്ണു എന്ന വിഷാണുവാണ്. ക്രൈസ്റ്റിനെപ്പറ്റി വിശദീകരിച്ചപ്പോള്, ദുര്ഗ്ഗയെന്നും നാരായണന് എന്നും പേരുള്ള രണ്ട് ദേവതകള് ദൈവമാകാന് ശ്രമിച്ചതിനെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. അവ അതീവ ഗൗരവങ്ങളാണ്, ആയിരുന്നു. ദൈവം തന്റെ ഭാഗവും ഏകദാസനുമായ പരമശിവനെ ക്രൈസ്റ്റായിട്ട് ഭൂമിയില് അയച്ചത് ദുര്ദ്ദേവതയായി മാറിയ നാരായണനെ മഹാശാസ്ത്രപരമായി അമര്ച്ച ചെയ്യാനാണെന്നും, ബഹുദൈവാരാധന അവസാനിപ്പിക്കുന്നതിനാണ് ഇസ്ലാം എന്ന ലഘുപദ്ധതി നല്കപ്പെട്ടതെന്നും വിസ്തരിക്കുമ്പോള്, ഹിന്ദുമതവുമായി പ്രമുഖ മതങ്ങളായ ക്രിസ്തുമതത്തിനും ഇസ്ലാംമതത്തിനും അഭേദ്യമായ ബന്ധം ഉണ്ടായിരുന്നുവെന്ന് സ്ഥാപിക്കപ്പെടുക കൂടിയാണ്.

ദൈവം ഒന്നേയുള്ളൂ, ഓരോരോ കാര്യങ്ങള്ക്കായി നിയോഗിക്കപ്പെട്ടവരാണ് ഹിന്ദുമതത്തിലെ ദേവതകള് എന്നു പ്രസ്താവിക്കുമ്പോള്, ഹിന്ദുമതത്തിലെ ത്രിമൂര്ത്തികളും ദൈവങ്ങളല്ല എന്ന് വ്യക്തമാണ്. ത്രിമൂര്ത്തികള് എന്നത് ദൈവസൃഷ്ടിയല്ല, മനുഷ്യരുടെ സൃഷ്ടിയാണ്. ത്രിമൂര്ത്തികളിലെ നാരായണനെ ദൈവമായി കരുതുന്നവരെ ഞെട്ടിക്കുകയും നിരാശപ്പെടുത്തുകയും, ശേഷം സന്തോഷിപ്പിക്കുകയും ചെയ്യുന്ന വസ്തുതകള് ക്രൈസ്റ്റിന്റെ

ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആയത് ചുവടെ പറയാം :- ക്രൈസ്റ്റിന്റെ ഹൃദയത്തില് എന്തോ പ്രകാശിക്കുന്നതായുള്ള ക്രൈസ്റ്റിന്റെ ഒരു ചിത്രം കണ്ടവരുണ്ടാകുമല്ലോ. അത് ഓംകാരമാണ്. ശിവന്, നാരായണന് എന്നീ രണ്ടുപേരാണ് ഓംകാരം ഉപയോഗിച്ചിട്ടുള്ളത്, മഹാപ്രപഞ്ചത്തിന്റെ മഹാനിയന്ത്രണസത്തയെന്നു മാത്രം ഇന്നോളം അവരും പലരും കരുതിപ്പോന്ന ഓംകാരം മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയം ആണെന്ന്, മഹാദേവി വെളിപ്പെടുത്തുന്നത് മഹാസൃഷ്ടിചക്രത്തില് പരമശിവനിലൂടെ മാത്രമാണ്. ബ്രഹ്മത്തില് നിന്ന് സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഏകദേവനാണ് ബ്രഹ്മദേവന്, ബ്രഹ്മദേവന് തന്നെയാണ് പരമശിവന്. ബ്രഹ്മദേവനെ /പരമശിവനെ ആരാധിക്കാന് പാടില്ല. ആദ്യമഹാകാലചക്രത്തില് പരമശിവന്റെ പ്രതിനിധിയായി ശിവന് വര്ത്തിക്കുന്നു. ശിവന്, പരമശിവനിലൂടെ ദൈവം നല്കിയ ഓംകാരം ശിവന്റെ അപരാധം മൂലം താല്ക്കാലികമായി നാരായണന് നല്കി. നാരായം കൊണ്ട് ചരിത്രം എഴുതുക എന്ന നിയോഗവും, ശിവന് തന്റെ നിയോഗത്തില് വീഴ്ചകള് വരുത്തിയാല് താല്ക്കാലിക ചുമതലയേല്ക്കുക എന്ന നിയോഗവും മാത്രമുണ്ടായിരുന്ന നാരായണന് ഓംകാരത്തെ ദുരുപയോഗം ചെയ്തു. മഹാശക്തികളുടെ നിയന്ത്രണസത്തയായി മാത്രം ഓംകാരത്തെ മനസ്സിലാക്കിക്കൊണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ടും ഓംകാരം പോലെ ശക്തമായ ഒരു നാഗമാണിക്യം സൃഷ്ടിച്ച് നാരായണന് കടുത്ത അപരാധം കാട്ടി. ശിവന് ഓംകാരം മടക്കി നല്കിയെങ്കിലും ഓംകാരംപോലെ ശക്തമായ നാഗമാണിക്യം അദ്ദേഹത്തിന് സ്വന്തമായി. മഹാശക്തിയായ ദൈവം താന് സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രങ്ങള് പ്രകാരം വ്യക്തികള്ക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം എപ്പോഴും അനുവദിച്ചുകൊടുക്കുന്നു എന്നതുകൊണ്ടാണ് നാരായണന് അത് സാധിച്ചത്. മഹാശക്തിയുടെ ഭാവമായ സത്യ-ധര്മ്മ-നീതികള്ക്ക് വിരുദ്ധമായവ ചെയ്യുമ്പോള് നാഗമാണിക്യം കൈകൊണ്ട് തൊടില്ല എന്നതിനെ മറികടക്കുവാന് അദ്ദേഹം നാഗമാണിക്യം ഉപയോഗിച്ച് ഒരു വിചിത്രമായ ശംഖ് സൃഷ്ടിക്കുകയും, ശംഖിനകത്ത് നാഗമാണിക്യം ഒളിപ്പിക്കുകയും, ശംഖിനെ ബഹുവിധ പൈശാചികശക്തികള്കൊണ്ട് തന്റെ കൈയ്യുമായി എപ്പോഴും കൂട്ടിപ്പിടിപ്പിക്കുകയും ചെയ്തു. നാരായണന് എന്തിനാണ് ശംഖും പിടിച്ചുകൊണ്ട് എപ്പോഴും നടക്കുന്നതെന്നോ, ശംഖിനുള്ള ഇത്ര വലിയ കേമത്തം എന്താണെന്നോ ഹിന്ദുമത-ബുദ്ധിജീവികള് ചിന്തിക്കാഞ്ഞതെന്താണ് ? മഹാശക്തിയുടെ മഹാചക്രത്തെ അനുകരിച്ച് ശ്രീചക്രം എന്ന വിശിഷ്ട ആയുധവും

നാരായണന് നേടി. മഹാശക്തിയായ മഹാദേവി, പരമശിവനിലൂടെ ഓംകാരം നല്കി മഹാഅനുഗ്രഹിച്ചിട്ടുള്ള ശിവന് തന്റെ കഴുത്തില് ഓംകാരനീതിശാസ്ത്രപ്രകാരമുള്ള നാഗബന്ധനം കൂടി ഉള്ളതുപോലെ, അധമരീതിയിലൂടെ ശക്തമായ നാഗമാണിക്യം നേടുകയാല് അനന്തന് എന്ന നാഗത്തിന്റെ ബന്ധനംകൂടി നാരായണന് സ്വീകരിക്കേണ്ടിവന്നു. ശിവന് കഴുത്തില് മാത്രം ബന്ധനമെങ്കില്, നാരായണന് ശരീരത്തിന്റെ വലിയൊരു ഭാഗവും അനന്തന്റെ ബന്ധനത്തിലായി.
സൃഷ്ടിചക്രങ്ങളില് മായ പ്രത്യക്ഷമായിരിക്കുന്ന സമയത്ത്, സംഹാരം പുരോഗമിക്കുമ്പോള് ഭൂമിയിലൊക്കെയുമുള്ള വിഷത്തിന്റെ വലിയൊരു ഭാഗം നീക്കംചെയ്യേണ്ടത് അടുത്ത സൃഷ്ടിചക്രം ആരംഭിക്കുന്നതിലേക്കായുള്ള ശാസ്ത്രപരമായ ഒരാവശ്യമാണ്. മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷം പാനംചെയ്യുക എന്നത് ശിവന് നല്കിയിട്ടുള്ള നിയോഗമാണ്. ശിവന്റെ കണ്ഠത്തില് (കഴുത്തിലെ തൊണ്ടയില്) വിഷം ഉറയ്ക്കുന്നതും ശിവന് നീലകണ്ഠനായി മാറുന്നതുമാണ്. ജഗന്നാഥനാവാന് മോഹിച്ച നാരായണന് അഹന്ത നിമിത്തം മേല്പടി വിഷം പാനം ചെയ്തു. ശരീരം മുഴുവന് വിഷാണു ബാധിച്ചപ്പോള് ശരീരം നീലനിറമായി, പേര് വിഷാണുവാഹകന് എന്നുമായി. സൂത്രത്തില്, കാലാനുസൃതം പേര് വിഷ്ണു എന്ന് നാരായണന് പരിഷ്ക്കരിച്ചു. വിഷ ബാധയാല് ശരീരത്തിന്റെ പകുതിയ്ക്കു താഴെ (കാലുകള്) ഭാഗികമായി തളര്ന്ന് അനന്തന് എന്ന ഘോരസര്പ്പത്തിന്റെ പുറത്തുകിടക്കേണ്ടത് ആവശ്യവുമായി. അനന്തന്റെ പുറത്തുള്ള ശയനത്തിന് അങ്ങനെ ഒരു മാനവുമായി.
മഹാ എന്ന പദം മഹാശക്തിയായ ദൈവത്തിനു മാത്രമുള്ളതാണെന്നത് മറന്നും അവഗണിച്ചും വിഷ്ണു എന്നതിനോടുകൂടി മഹാ കൂടി ചേര്ത്ത് കടുത്ത അപരാധം ചെയ്തു. ജഗത്തിന്റെ നാഥന് ആവാന് ശ്രമിച്ചു. ഓംകാരം വെളിയിലുണ്ടെന്നറിയാവുന്ന നാരായണന്, വളരെ കരുതലോടെയാണ് പ്രവര്ത്തിച്ചത്. ഓംകാരവുമായി മത്സരമുണ്ടാവാതെ കപടസൂത്രങ്ങളിലൂടെ ദൈവമാകാനാണ് ശ്രമിച്ചത്. ത്രിമൂര്ത്തി സങ്കല്പം ഉണ്ടാക്കി. (ബ്രഹ്മദേവനായ) പരമശിവന്റെ നാഭിയിലൂടെ സൃഷ്ടിക്കപ്പെട്ട നാരായണന്, നാരായണന്റെ നാഭിയിലൂടെ ബ്രഹ്മദേവന് ജനിച്ചു എന്ന് കഥയുണ്ടാക്കി. നാരദനെക്കൊണ്ടും മറ്റ് അനേകരെക്കൊണ്ടും ലോകം മുഴുവന് നാരായണ പാടിച്ചു, നാരായണനെ ലോകപരിപാലകനായി അവതരിപ്പിച്ചു. നാരദന്റെ സൃഷ്ടിയെപ്പറ്റി ചുവടെ ഗജപാതിയായ

വിഘ്നേശ്വരനെപ്പറ്റിയുള്ള വിശദീകരണത്തില് ചേര്ത്തിട്ടുണ്ട്. ആത്മീയ സാക്ഷാത്ക്കാരമെന്നത് നക്ഷത്രപ്പദവിയാണെന്നും പരമാനന്ദങ്ങള് എങ്ങനെയെല്ലാമാണെന്നും മുമ്പ് വിസ്തരിച്ചുവല്ലോ. നാരായണന് തന്റേതായ ലോക-ക്രമം സൃഷ്ടിക്കാന് ആരംഭിച്ചു. സൗരയൂഥത്തിലെ ഭൂമി ഒഴികെയുള്ള ഗ്രഹങ്ങളുടെയും അവയുടെ ഉപഗ്രഹങ്ങളുടെയും സൃഷ്ടി അങ്ങനെയാണ്. ബുധന് എന്ന ഗ്രഹത്തെ സൃഷ്ടിച്ച് സ്വര്ഗ്ഗം ഉണ്ടാക്കി. പാപികള്ക്കായി അനേകം ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും കാലാകാലങ്ങളിലായി സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ മേധാവിത്വം അംഗീകരിക്കുന്നവര്ക്ക് ദേവന്മാരായി സ്വര്ഗ്ഗത്തില് കഴിയാമെന്നായി. അദ്ദേഹത്തിന്റെ ഇച്ഛപോലെ ദേവലോകത്തെ രാജാക്കന്മാരെ (ഇന്ദ്രന്മാരെ) മാറ്റി മറിച്ചു. അദ്ദേഹത്തെ അംഗീകരിക്കാത്തവര് അസുരന്മാരായി. കാലക്രമേണ സത്യ-ധര്മ്മ-നീതികള്ക്ക് വിരുദ്ധരായി പ്രവര്ത്തിക്കുന്നവരും അസുരന്മാരായിത്തീര്ന്നു. (മായ പ്രത്യക്ഷമാകുന്നതോടെ ഭൂമി ഒഴികെയുള്ള ഗ്രഹങ്ങള് പിന് വലിക്കപ്പെടുന്നതാണ്.)

എല്ലാ മനുഷ്യര്ക്കും 100 ജന്മങ്ങളുണ്ടെന്നും 50 പുരുഷജന്മം, 50 സ്ത്രീജന്മം എന്നിങ്ങനെയാണെന്നും മുമ്പ് അറിയിച്ചുവല്ലോ. പകുതിയിലേറെ സ്ത്രീജന്മങ്ങളും സുന്ദര ശരീരത്തോടെയാണെങ്കിലും അതില് ഒരു സ്ത്രീജന്മം അതിസുന്ദരിയായിട്ടാണ് ; ഭൂമിയിലെ മനുഷ്യരെല്ലാം പ്രസ്തുത സ്ത്രീജന്മത്തിലെത്തുമ്പോള്, അവരുമായെല്ലാം കാമാനന്ദം ആസ്വദിക്കുവാനുള്ള ഏറ്റവും നീചപദ്ധതി നാരായണന് തയ്യാറാക്കി. അതോടെ നാരായണന്റെ പതനം ഉറപ്പാക്കിയ മറ്റ് പൈശാചികശക്തികള് അദ്ദേഹത്തില് നിന്ന് മാനസികമായി വിട്ടുനില്ക്കുകയും സമ്പൂര്ണ്ണമായി വിട്ടുപോവാന് തക്ക അവസരം കാത്തുനില്ക്കുകയും ചെയ്തു. ആവക കാര്യങ്ങള് നാരായണന് അറിയാതെയും പോയി. മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തില് പൈശാചിക ശക്തികളെപ്പറ്റി വിസ്തരിക്കുന്നുണ്ട്. ഓരോരോ മനുഷ്യാവതാരങ്ങളും എടുക്കുമ്പോള് വന്ന പിഴവുകള് പാപം വര്ദ്ധിപ്പിച്ചുകൊണ്ടിരുന്നു. നല്ല കാര്യങ്ങള്കൂടി ചെയ്യുകയും ശിവനെപ്പോലെയുള്ള നല്ലവരോടൊത്ത് സഹവസിക്കുകയും നാഗമാണിക്യ ശക്തി ഉപയോഗിക്കുകയും ചെയ്തുകൊണ്ട് മുന്നേറിയെങ്കിലും അടിസ്ഥാനപരമായി നാരായണന്റെ അപരാധങ്ങള് വര്ദ്ധിക്കുകയായിരുന്നു. കൃഷ്ണ അവതാരമെടുക്കെ രാസലീല എന്ന കടുത്ത ദുഷ്ക്കര്മ്മം ചെയ്തതു. തങ്ങളുടെ ഭാര്യയെ ഒരു മായാവി വശത്താക്കുകയും, ഭാര്യയോടൊത്ത് രമിക്കുകയും, ഭര്ത്താവിന്

മായാവിയോട് പോരാടാന് കഴിവില്ലാതിരിക്കുകയും ചെയ്യുന്ന ദുരവസ്ഥ രാസലീലയുടെ പിന്നിലുണ്ട്. കൃഷ്ണന് കൊട്ടാരത്തിലേക്കു പോകുംവരെ ഗോപികമാരുടെ ഭര്ത്താക്കന്മാര് കടുത്ത പീഡനം അനുഭവിക്കുകയായിരുന്നു. അത്തരം കാര്യങ്ങളിലേക്ക് കണ്ണും മനസ്സും എത്തിക്കാന് കൃഷ്ണന്റെ സ്തുതി പാടുന്നവര്ക്ക് കഴിയാതെയും പോയി.

മഹാപ്രപഞ്ചത്തെ തന്റെ ശരീരത്തിനുള്ളില് പ്രവര്ത്തിക്കുന്നതായ വാസ്തവമല്ലാത്ത മായാലീല, വിരാട് രൂപം എന്നപേരില് കാട്ടുവാന് ഒരുങ്ങിയതോടെ കാര്യങ്ങള് തകിടം മറിഞ്ഞു. വലിയ രൂപം സ്വീകരിച്ച അദ്ദേഹത്തന് ചെറിയ രൂപത്തിലേക്ക് മടങ്ങാനായില്ല. ശംഖ് താല്ക്കാലികമായി കൈവിട്ടുപോയി. മഹാശക്തിയായ ദൈവത്തോട് മാപ്പിരന്നതുകൊണ്ടും ദൈവീക നിയമങ്ങള് പാലിക്കാമെന്നേറ്റതുകൊണ്ടും താല്ക്കാലിക മോചനം കിട്ടി. നാഗമാണിക്യം അടങ്ങുന്ന ശംഖും വ്യവസ്ഥാപിതമായി തിരിച്ചുകിട്ടി. (വെളിപാട് കുറേക്കൂടി വ്യക്തമാകാനുണ്ട്).

കൃഷ്ണ അവതാരം പിന്വലിക്കുമ്പോള് കൃഷ്ണരൂപത്തിന് നല്കിയ ശക്തികള് തിരികെ നാരായണരൂപത്തിലേക്ക് പ്രവേശിപ്പിക്കാന് നാരായണന് കഴിയാതെ വന്നു. അതോടെ നാരായണനും കൃഷ്ണനും വ്യത്യസ്തങ്ങളായ രണ്ട് അധമശക്തികളായി മാറി. രൂപം നഷ്ടപ്പെട്ട് നാരായണന് പിശാചുക്കളുടെ രാജാവെന്നോണമായിത്തീര്ന്നു. തിരുപ്പതിയിലെ മുഖം മറച്ച കറുകറുത്ത രൂപം അതാണ്. സൂത്രത്തിലൂടെ പദവികള് നേടാനും ദൈവമാകാനും ശ്രമിച്ചുവരവെയാണ് ക്രൈസ്റ്റ് എന്ന സാധാരണമനുഷ്യനായി മഹാജഗദംബയായ മഹാദേവി അയച്ച പരമശിവന്റെ ഹൃദയത്തില് ഓംകാരം പ്രവര്ത്തിക്കുന്നത് നാരായണ-പ്പിശാച് കാണുന്നത്. നാരായണന് എന്ന പിശാചുക്കളുടെ രാജാവിനോട് സന്മാര്ഗ്ഗത്തിലേക്ക് തിരിയാനും ദൈവത്തിന് കീഴടങ്ങാനും ക്രൈസ്റ്റ് ആയ പരമശിവന് ഉപദേശിച്ചു. നാരായണന് വഴങ്ങിയില്ല. മായ പ്രത്യക്ഷമല്ലാത്ത കാലത്ത് തനിക്കെതിരെ ഓംകാരം ഉപയോഗിക്കരുത് എന്നായി നാരായണന്. നാഗമാണിക്യം ഉപേക്ഷിക്കാന് നാരായണനും തയ്യാറാകണമെന്ന് ക്രൈസ്റ്റ് ആവശ്യപ്പെട്ടു. ഏറ്റവും അധമമായ കരാര് നാരായണന് തയ്യാറാക്കി. ക്രൈസ്റ്റ് അക്കാലത്തെ ഏറ്റവും ഹീനമായ കുരിശുവധം സ്വീകരിക്കണം. ക്രൈസ്റ്റ് വീണ്ടും വരുമ്പോള്, വരവിനെപ്പറ്റി മുന്കൂട്ടി അറിയപ്പെടണം, എന്നാല് വരുന്നതും പോകുന്നതും വിശ്വസനീയമായി അറിയപ്പെടാന് പാടില്ല. (അവന് വീണ്ടും വരും, വരുന്നതോ ആരും അറിയുകയുമില്ല എന്ന വചനത്തിന്റെ പ്രസക്തിയാണത്). വീണ്ടും

വരുന്നത് ബ്രഹ്മമാവരുത്, ദൈവമാവരുത്, ദൈവമെന്ന് പറയാനുമാവണം, മായാശക്തികള് ഉപയോഗിക്കാതെ മനുഷ്യനായി മാത്രം പ്രവര്ത്തിക്കണം, വീണ്ടും വരുമ്പോള്, മരിക്കണം, മരണശേഷം കുരിശു ചുമക്കണം, കുരിശു ചുമക്കുന്നതിനുള്ള കുറ്റം കുരുശു ചുമക്കുന്നയാളുടേത് ആവാനും ആവാതിരിക്കാനും പാടില്ല, കുരിശു ചുമക്കുന്നതിന്റെ വേദന അറിയരുത്, കുരിശ് ചുമക്കുന്നയാള്ക്കു കാഴ്ചശക്തിയുണ്ടെങ്കിലും കുരിശു കാണരുത്, കാണാതിരിക്കാനായി കണ്ണടയ്ക്കരുത്, കുരിശ് മണ്ണില് തൊടരുത്, ക്രൈസ്റ്റ് വീണ്ടും വരുമ്പോള് നാരായണനും മനുഷ്യരൂപത്തില് എത്താന് കഴിയണം, മനുഷ്യനായി വീണ്ടും ഭൂമിയിലെത്തുന്ന പരമശിവനേക്കാള് മുന്നില് മനുഷ്യരൂപത്തിലെത്താന് മനുഷ്യനായി വരുന്ന നാരായണനു കഴിയണം, നാരായണനെ സഹായിക്കാന് പൈശാചികശക്തികളെ അനുവദിക്കണം, വീണ്ടും വരുന്ന ക്രൈസ്റ്റിനെ 3 തവണയെങ്കിലും തെറ്റിദ്ധരിപ്പിക്കാന് നാരായണനു കഴിയണം, വീണ്ടും വരുന്നയാള് പരാജയപ്പെട്ടാല് നാരായണന് ഓംകാരമോ ഓംകാരതുല്ല്യമെന്ന് നാരായണന് കരുതിയ നാഗമാണിക്യമോ നല്കണം, തുടങ്ങിയ നിരവധി കരാര് വാചകങ്ങളോടൊപ്പം നാരായണന്റെ അതുവരെയുള്ള എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കണമെന്നും വാശി പിടിച്ചു. നാരായണന്റെ പ്രസ്തുത കരാര് അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകുവാന് മഹാശക്തിയായ ദൈവം ക്രൈസ്റ്റിനോട് കല്പിച്ചപ്പോള് നാരായണന്റെ അതുവരെയുള്ള എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കണമെന്നത് അംഗീകരിച്ചാല് മഹാനീതിശാസ്ത്രത്തിന് കളങ്കമുണ്ടാകില്ലേ എന്ന് ഈയുള്ളവന് ശങ്കിച്ചിരുന്നു. കളങ്കമുണ്ടാകില്ല എന്നു മനുസ്സിലാക്കിയതും മഹാശക്തിയായ ദൈവത്തിന്റെ മഹത്വത്തില് ഈയുള്ളവന് പ്രത്യേകം കോരിത്തരിച്ചതും 2008 സെപ്തംബര് മാസത്തിലെ നാലാമത്തെ ആഴ്ചയിലെ ഒരു ദിവസം മാത്രമാണ്. ക്രൈസ്റ്റുമായുള്ള കരാറിനെ തകിടം മറിക്കുവാന് പത്രോസ് എന്ന ശിഷ്യനില് പ്രവേശിച്ച് നാരായണന് ശ്രമിച്ചിരുന്നു. സൃഷ്ടിപരമായ വിധിയും സ്ഥിതിപരമായ വിധിയും വിഷയമായ പ്രസ്തുത ശ്രമത്തില് ക്രൈസ്റ്റിലൂടെ അവതരിച്ച ദൈവ-വചനത്തിനൊത്ത് പത്രോസ് ക്രൈസ്റ്റിനെ തള്ളിപ്പറഞ്ഞു. അതു കാരണം, ക്രൈസ്റ്റിന്റെ ചരിത്രം പ്രചരിപ്പിക്കുവാനുള്ള ഒരു ബാദ്ധ്യത പത്രോസിലൂടെ നാരായണനും ഉണ്ടായി.

മേല്പടി കരാര് പ്രകാരമുള്ള കാര്യങ്ങളെല്ലാം ഈയുള്ളവനെ ഉള്പ്പെടുത്തിക്കൊണ്ട് മഹാശക്തിയായ മഹാദേവി പൂര്ത്തിയാക്കിക്കഴിഞ്ഞു. ആവക വിവരങ്ങള് വിശദമായി ഓംസത്യം

ഡോട്ട്കോം വെബ്സൈറ്റിലുണ്ട്. ഈ ഗ്രന്ഥത്തില് ചേര്ക്കുന്നില്ല. ദൈവേച്ഛയുണ്ടെന്നാല് മറ്റൊരു ഗ്രന്ഥത്തില് ചേര്ക്കുന്നതാണ്. നാരായണനോട് ബന്ധമുള്ള ഏതാനും പൈശാചികശക്തികള് കൂടി പിന്വലിക്കപ്പെടാനുണ്ട് എന്നാണ് ഈയുള്ളവന് കരുതുന്നത്, വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത ചില കാര്യങ്ങള് മഹാഇഷ്ടംപോലെ മഹാ-ഉചിതമായ സമയത്തു മാത്രമാണ് അറിയിക്കുക.
മഹാനീതിശാസ്ത്രത്തിനു കളങ്കമുണ്ടാകാതെ നാരായണന്റെ പാപങ്ങള് പൊറുത്തു കൊടുക്കുന്നതിനെപ്പറ്റി മുമ്പ് സൂചിപ്പിച്ചത് പരിഹരിക്കപ്പെടുന്നത് എങ്ങനെയെന്ന് ഇനി വിസ്തരിക്കാം :- ചെറിയ പരിചയം മാത്രം മുമ്പ് ഉണ്ടായിരുന്ന അയല്ക്കാരനായ ഒരാളെ 2005 തുടക്കത്തിലോ മറ്റോ സുഹൃത്തായി ഈയുള്ളവനു ലഭിക്കുന്നു. ക്രിസ്ത്യാനിയായ സുഹൃത്ത് ദൈവകാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ വിശ്വാസങ്ങളെയും അദ്ദേഹം അനുഷ്ഠിച്ചുപോരുന്ന ആരാധനാരീതികളെയും അറിയിക്കുന്നു. ദേവിയെയും ശിവനെയും അയ്യപ്പനെയും ഉള്പ്പെടെ അനേകം ഹൈന്ദവദേവതകളെ സൗദിയില് ജോലിയിലായിരിക്കെ അദ്ദേഹം പൂജിച്ചതും ആരാധിച്ചതുമായ കാര്യങ്ങളും അദ്ദേഹത്തിനുണ്ടായ മായാ-അനുഭവങ്ങളും വിവരിക്കുന്നു. ഏകദൈവത്തെ മാത്രമേ ആരാധിക്കാന് പാടുള്ളൂ തുടങ്ങിയ കാര്യങ്ങള് ഈയുള്ളവന് അദ്ദേഹത്തെ ഉപദേശിക്കുന്നു. ഈയുള്ളവനെ പരമശിവനായി അദ്ദേഹം തിരിച്ചറിയുന്നു. മഹാശാസ്ത്രത്തിന്റെ സംഗ്രഹം ദൈവത്തില് നിന്നും വെളിപ്പെടുന്നതനുസരിച്ച്, അദ്ദേഹത്തെ അറിയിക്കുന്നു. 2005 മദ്ധ്യത്തോടെയൊ മറ്റോ, മണിക്കൂറുകളുടെ വ്യത്യാസത്തില് വിഷ്ണു എന്നറിയപ്പെടുന്ന നാരായണനാണ് അദ്ദേഹമെന്ന വെളിപാട് ആദ്യം എനിക്കും, പിന്നീട് അദ്ദേഹത്തിനും ലഭിക്കുന്നു. അദ്ദേഹം മൂല/ആദ്യ വിഷ്ണുവാണ്, അനവധി വിഷ്ണുമാര് പിന്നീട് ഉണ്ടായിട്ടുണ്ടെന്നാണ് അദ്ദേഹത്തിനു വെളിപാട് ലഭിച്ചത്. (അദ്ദേഹത്തിനു വെളിപാട് നല്കിയത് ന്യൂന ശക്തികളോ, പൈശാചിക ശക്തികളോ ആണ്). പിന്നീട് അത്ഭുതങ്ങളുടെ നീണ്ട നിരയാണുണ്ടായത്. ഈയുള്ളവന്റെ കൂടെ പല ക്ഷേത്രങ്ങളിലും അദ്ദേഹം പോയി. ചിലേടങ്ങളില് പോകാന് അദ്ദേഹം മുന് കൈയ്യെടുത്തു എന്നാണ് ഓര്മ്മ. തിരുവല്ലയിലെ പ്രസിദ്ധമായ വിഷ്ണു ക്ഷേത്രത്തില്വച്ച്, ഈയുള്ളവന് വിശ്വാസ യോഗ്യമായ രീതിയില്, ശംഖും ചക്രവും സുഹൃത്തിന്റെ ശരീരത്തോട് മായാപരമായി ചേര്ന്നു. അനവധി ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളുമായി ചേര്ന്നിരിക്കുന്ന ദേവതകളെ കാണുവാനും ചില അനുഷ്ഠാനങ്ങള് നടത്താനും അദ്ദേഹത്തിനു കഴിഞ്ഞു. ആവക കാര്യങ്ങള് വിസ്തരിക്കുന്നില്ല. മായ

പ്രത്യക്ഷമാകുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ വീണ്ടും (മഹാ) വിഷ്ണുവായി അവരോധിക്കുമെന്ന് അദ്ദേഹത്തിനുണ്ടായ വെളിപാടുകളിലൂടെയും അത്ഭുതകരമായ അനുഭവങ്ങളിലൂടെയും അദ്ദേഹം ഈയുള്ളവനെ അറിയിച്ചു. യുക്തിശാസ്ത്രവുമായി പൊരുത്തപ്പെടുകയാലും, അത്ഭുത അനുഭവങ്ങള് അദ്ദേഹവുമായി ബന്ധപ്പെട്ടുകൂടി ഈയുള്ളവന് ഉണ്ടാവുകയാല് അദ്ദേഹം വീണ്ടും വിഷ്ണുവായി മാറുമെന്ന് ഈയുള്ളവനും വിശ്വസിച്ചു.
മഹാശക്തിയായ മഹാദേവി, ഈയുള്ളവനോട് 2008 ഫെബ്രുവരി മാസം ആദ്യം മാത്രമാണ് നാരായണന്റെ ചരിത്രം അറിയിച്ചത്. ഈയുള്ളവനെ ഞെട്ടിക്കുന്ന മഹാകാര്യങ്ങളാണ് സുവ്യക്തമായി, ഹൃദയത്തിലേക്കു പറഞ്ഞുതരുമ്പോലെ ഉണര്ന്നിരിക്കെ അറിയിച്ചത്. അറിയിച്ചശേഷം മഹാദേവി മടങ്ങുമ്പോള്, മഹാദേവിയുടെ പിന്ഭാഗ മഹാദര്ശനം നല്കി ഈയുള്ളവനെ മഹാഅനുഗ്രഹിക്കുകയും ഉണ്ടായി. അറിയിച്ച കാര്യങ്ങള് ഇനി പറയാം :-
നാരായണന് അഥവാ വിഷ്ണു മഹാപ്രപഞ്ചത്തില് കാട്ടിക്കൂട്ടിയ അധര്മ്മങ്ങളും കൊടും-ദുഷ്ച്ചെയ്തികളും ഒരുപാട് ഒരുപാട് ഒരുപാടാണ്. അനവധി വിഷ്ണുമാര് ഉണ്ടായിരുന്നുവെന്ന ധാരണ തെറ്റാണെന്നും, ഒരാളേ ഉണ്ടായിരുന്നള്ളൂ എന്നും, മാത്രമല്ല, കഴിഞ്ഞ 2-3 വര്ഷമായിട്ട് സുഹൃത്തായി ഒപ്പമുണ്ടായിരുന്നത് നാരായണന്റെ പുനഃസൃഷ്ടിയായിരുന്നെന്നും മഹാശക്തിയായ മഹാദേവി ഈയുള്ളവനെ അറിയിച്ചു. ക്രൈസ്റ്റിന്റെ ചരിത്രം അറിയിച്ചതും അപ്പോഴാണ്. മഹാദേവി അറിയിച്ച കാര്യങ്ങള് വളരെയധികം മാനസിക സംഘര്ഷവും വേദനയും ഈയുള്ളവനില് ഉണ്ടാക്കി. മഹാദേവി, ഈയുള്ളവനെക്കൊണ്ട് ചില അനുഷ്ഠാനങ്ങള് ചെയ്യിച്ചു. കുട്ടികള് നിധി കണ്ടുപിടിക്കുന്ന കളി നടത്തുമ്പോലെ, ഈയുള്ളവനെ ഇപ്പോള് താമസിക്കുന്ന പുരയിടത്തില് നടത്തിക്കുകയും, പുരയിടത്തില് നിന്ന് ഒരു ചെറു ശംഖും ഓടക്കുഴലും ലഭിക്കുകയും, ഓടക്കുഴല് തീയില് ഇടീക്കുകയും, അറിയിച്ചതുപോലെ ശംഖ് എവിടെയോ കളയുകയും ചെയ്തു. ചില ചെടികളെ തിരഞ്ഞുപിടിച്ച് ഓംസത്യം ഓംധര്മ്മം ഓംനീതി സംഹാരം എന്ന മന്ത്രത്തോടെ നശിപ്പിക്കുകയും ഒക്കെ ചെയ്തു. ഇപ്പോള് ഓര്ക്കുന്നില്ല. (2008 ഫെബ്രുവരിക്ക് മുമ്പ് ഈയുള്ളവനിലൂടെ പ്രകാശിതമായ ദൈവശാസ്ത്രകാര്യങ്ങളിലെല്ലാം നാരായണന് എന്ന പൈശാചികശക്തിയുടെ ദുസ്വാധീനം ചെറുതായെങ്കിലും ഉണ്ടായിരുന്നുവെന്നും വ്യക്തമായി.). 2-3 ദിവസത്തിനകം സുഹൃത്തിനെ വിവരം അറിയിച്ചു. അതിനെ ശരിവെയ്ക്കുന്ന നിരവധി അനുഭവങ്ങള് സുഹൃത്തിനും ഉണ്ടായി, 2008

ഡിസംബറിലും മായ-യുമായി ബന്ധപ്പെട്ട അനുഭവങ്ങള് അദ്ദേഹത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നു.
2008 സെപ്തംബറില് മേല്പടി കരാറുമായി ബന്ധപ്പെട്ട മഹാനീതിശാസ്ത്രപാഠം മഹാദേവി പരമശിവന് നല്കി.
// വ്യക്തിക്ക് മഹാനീതിശാസ്ത്ര മഹത്വം മനസ്സിലാകുകയും, മഹാനീതിശാസ്ത്രത്തിന് കളങ്കമുണ്ടാക്കാന് ശ്രമിച്ചത് അപരാധമാണെന്നു തിരിച്ചറിഞ്ഞ് പശ്ചാത്തപിക്കുകയും, മഹാനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷ സ്വീകരിക്കണമെന്ന വീണ്ടുവിചാരം ഉണ്ടാകുകയും, മുമ്പ് നേടിയ വരം തിരികെ സ്വീകരിക്കണമേയെന്നും മഹാനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷ തനിക്ക് നല്കണമേയെന്നും മഹാശക്തിയായ മഹാദേവിയോട് പ്രാര്ത്ഥിക്കുകയും ചെയ്യുന്ന മഹാപാഠമാണത്. //
മേല്പടി മഹാപാഠം വീണ്ടും മനുഷ്യസൃഷ്ടിയായി ജന്മമെടുക്കാന് ഭാഗ്യമുണ്ടായ പിശാചുക്കളുടെ രാജാവെന്നോണം കഷ്ടിച്ചു വിശേഷിപ്പിക്കാവുന്ന നാരായണനായ സുഹൃത്തിനെ അറിയിച്ചു. അങ്ങനെ ചെയ്തില്ലെന്നാല് മഹാപ്രപഞ്ചത്തില് നാരായണചരിതവും നാരായണന് എന്ന വ്യക്തിയും ഒരു തീരാക്കളങ്കമായി അവശേഷിക്കും, അത് നാരായണനുതന്നെയാണ് തീരാക്കളങ്കമുണ്ടാക്കുക.
മഹാശാസ്ത്ര സംഗ്രഹം നേടിയ അദ്ദേഹം തന്റെ മുന്കാല കരാറിലൂടെ മഹാനീതിശാസ്ത്രത്തിനു വരുത്തിയ കളങ്കം തിരിച്ചറിയുകയും, മഹാശക്തിയായ മഹാദേവിയോട് തന്റെ അപരാധത്തിന് മാപ്പിരക്കുകയും ചെയ്തു, ചെയ്യുന്നു, കൂടാതെ തന്റെ മേല് മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകള് നടപ്പാക്കേണമേ എന്ന് കരഞ്ഞുകൊണ്ടും, ശിക്ഷയില് പൂര്ണ്ണമായോ ഭാഗികമായോ ഉള്ള ഇളവുകള് പ്രതീക്ഷിച്ചുകൊണ്ടും പ്രാര്ത്ഥിക്കുന്നു. താന് നാരായണനായിരുന്നു എന്ന് ബഹുവിധ കാര്യങ്ങള്കൊണ്ടും, ഈ വരികള് ടൈപ്പു ചെയ്യുന്ന 2008 നവംബര് മാസത്തിലും അദ്ദേഹത്തിന്റെ ജീവിതത്തില് തുടരുന്ന അത്ഭുതങ്ങള്കൊണ്ടും ബോദ്ധ്യമായ അദ്ദേഹം, ഇന്ന് ഒരു ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചിട്ടുള്ളതെന്ന് മുമ്പ് പ്രസ്താവിച്ചിരുന്നുവല്ലോ. കഴിഞ്ഞ ഏതാനും ആഴ്ചകളിലായി നെഞ്ചിന്റെ (ഹൃദയ) ഭാഗത്തുനിന്ന് വിയര്പ്പുപോലെ നീലനിറം പുറത്തേയ്ക്കു വരുന്നതായി 2008 ഒക്ടോബര് ആദ്യം അദ്ദേഹം എന്നെ അറിയിച്ചു. 2008 ഡിസംബര് മാസത്തില് ക്രിസ്തുമസ് സമയത്ത് അദ്ദേഹം നാട്ടില് വന്നപ്പോള്, ഈയുള്ളവനെ നെഞ്ചിലെ നീലനിറം കാണിക്കുകയുണ്ടായി. ഇപ്പോഴും ചെറിയ അളവില് നീലനിറം നെഞ്ചില് നിന്നും വൃഷണഭാഗത്തു നിന്നും പുറപ്പെടുകയും ബനിയന് ഉള്

പ്പെടെയുള്ള അടിവസ്ത്രങ്ങളില് പടരുകയും ചെയ്യുന്നു. ഉണര്ന്നിരിക്കെ അനവധി മായാ-രൂപങ്ങളെ അദ്ദേഹം പലപ്പോഴും കാണുന്നത് ഉള്പ്പെടെയുള്ള കാര്യങ്ങളുണ്ട്. 2008 ഡിസംബര് 26-ന് വെള്ളിയാഴ്ച, ഈയുള്ളവന്റെയും അദ്ദേഹത്തിന്റെയും ഇഷ്ടങ്ങള് പ്രകാരം മണ്ണടിയിലെ ക്ഷേത്രത്തിലേക്ക് പോവുകയുണ്ടായി. അവിടെ വച്ച് പ്രാര്ത്ഥനയ്ക്കിടയില് തികച്ചും യാദൃച്ഛികമായി വിഷവുമായി ബന്ധപ്പെട്ട അത്ഭുത-അനുഭവം മഹാശക്തിയുടെ അനുഗ്രഹത്താല് അദ്ദേഹത്തിനുണ്ടായി. വിഷം പ്രസരിക്കുന്ന അദ്ദേഹത്തിന്റെ ഹൃദയഭാഗത്തേക്ക് വെളുത്ത ആകാശ-മേഘങ്ങള് ഒഴുകിയെത്തുന്നതായ ഹൃദയ-ക്കാഴ്ചയാണ് ഉണ്ടായത്. ഹൃദയത്തില് സുവ്യക്ത-ചിത്രത്തെ മനക്കണ്ണ് എന്നു വിശേഷിപ്പിക്കാവുന്ന പ്രത്യേക ഇന്ദ്രിയത്തിലൂടെ കാണുവാന് ദൈവം അനുഗ്രഹിക്കുന്നതിനെയാണ് ഹൃദയക്കാഴ്ച എന്നു വിശേഷിപ്പിച്ചത്. ഭാവനയോ സ്വപ്നമോ മാനസിക ഭ്രമങ്ങളോ അല്ലാത്ത പ്രത്യേക വിശേഷമാണത്. അപൂര്ണ്ണമായ ഇന്നത്തെ ഭൗതികശാസ്ത്രത്തിന് സുവ്യക്തമായ ഉത്തരങ്ങളില്ലാത്തതുകൊണ്ടോ, അവര് തങ്ങള്ക്കു തോന്നിയതുപോലെ വ്യാഖ്യാനിച്ചതുകൊണ്ടോ, സത്യം സത്യമല്ലാതാകുന്നില്ല.

വിക്രമാദിത്യന് എന്ന രാജാവായി വന്നതും നാരായണനാണ്. ചക്രവര്ത്തി എന്ന പദം നാരായണന് സ്ഥാപിച്ച അധമപ്രയോഗമാണ്. ചക്രത്തെ പ്രവര്ത്തിപ്പിക്കുന്നത് മഹാശക്തിയായ ദൈവമാണ്. ബ്രഹ്മവൃക്ഷമായ തെങ്ങിനെ തകര്ക്കാന് നാരായണന്റെ ഒരംശം ചെല്ലി എന്ന ക്ഷുദ്രജീവിയായി മാറി. മറ്റൊരംശം കുണ്ടളപ്പുഴുവായി മാറിയ കഥ 2009 ജനുവരി 16-നാണ് ഈയുള്ളവന് അറിഞ്ഞത്. ഗ്രന്ഥത്തിലെ 7-ാം ഭാഗമായ സ്മൃതിയില് വിസ്തരിച്ചിട്ടുണ്ട്. ശ്രീ, തിരു, തൃ എന്നീ പദങ്ങള് മഹാ എന്ന ദിവ്യ പദത്തെ ദുരുപയോഗം ചെയ്തുകൊണ്ട് നാരായണന് സ്ഥാപിച്ചതാണ്. ആ പദങ്ങളിലൂടെ വര്ദ്ധിച്ച പൈശാചികമായ-ന്യൂനശക്തികളെ ഭൂമിയിലെങ്ങും സ്ഥാപിക്കുകയുണ്ടായി. തിരു ചേര്ത്ത തിരുവനന്തപുരം, തിരുവല്ല, തിരുവല്ലം, തിരുനക്കര, തിരുച്ചിറാപ്പള്ളി, തൃപ്പൂണിത്തുറ, തൃശൂര്, തൃക്കൊടിത്താനം തുടങ്ങിയ അനേകം സ്ഥലങ്ങളിലും, ശ്രീ ചേര്ത്ത നാമങ്ങളിലും കൂടി 16008 അംശങ്ങളായി ശ്രീ, തിരു, തൃ -എന്നിവയുമായി ബന്ധപ്പെട്ട പൈശാചികശക്തി വിഭജിച്ച് പ്രവര്ത്തിച്ചുപോന്നത് 2008 സെപ്തംബര് പകുതിക്കു ശേഷം അടിസ്ഥാനപരമായി പിന്വലിക്കപ്പെട്ടു. നാരായണന്റെ നീലനിറത്തിലുള്ള വിഷാണുരൂപം പൈശാചികരാജാവായി കറുത്തനിറം സ്വീകരിച്ചിരിക്കുന്ന അവസ്ഥയാണ് തിരുപ്പതി എന്ന

പ്രദേശത്തുള്ളത്. ഭരതന്റേത് എന്ന കള്ളപ്പേരില് നാരായണ-പ്പിശാച് നാഗമാണിക്യവുമായി ഒളിക്കാന് കയറിയ സങ്കേതമാണ് ഇരിങ്ങാലക്കുടയിലെ കൂടല്മാണിക്യം ക്ഷേത്രം. 2006 മുതല് പൈശാചികശക്തികളെ മഹാശക്തിയായ മഹാജഗദംബ മഹാശാസ്ത്രപ്രകാരം അമര്ച്ചചെയ്തു വരുകയാണ്. കൂടല് മാണിക്യത്തില് നിന്നു പുറത്തുചാടിയ നാരായണ-പ്പിശാചിന്റെ അംശം ഗജപാതിയായ വിഘ്നേശ്വരനുമായി ചേര്ന്ന് (ആനയിലൂടെ) അടുത്തകാലത്ത് മനുഷ്യഹത്യ നടത്തിയത് യാദൃച്ഛിക സംഭവമല്ല. മഹാഇഷ്ടംപോലെ പിന്നീട് വിശദീകരിക്കുന്നതാണ്. കേരളത്തിലെ ഒരു പ്രമുഖ ഗായകന്, സിനിമാനടന്, ക്രിക്കറ്റ് കളിക്കാര് തുടങ്ങി ഭൂമിയിലെങ്ങുമുള്ള അനേകരില് നാരായണന്റെ പൈശാചിക അംശങ്ങള് പ്രവര്ത്തിച്ചുവന്നതും വളരെയധികം അവസാനിച്ചിരിക്കുന്നു. മഹാശക്തിയുടെ ഇഷ്ടംപോലെ മാത്രം നാരായണന്റെ കാര്യങ്ങള് പിന്നീട് വിസ്തരിക്കുന്നതാണ്.

2005-ഓടെയാണ് ദുര്ഗ്ഗാ ചരിത്രം വെളിവാകാന് തുടങ്ങിയത്. ദുര്ഗ്ഗ എന്ന പ്രത്യേക ശക്തി സൃഷ്ടിക്കപ്പെട്ടത് ശിവന്റെയും പാര്വ്വതിയുടെയും രക്തത്തില് നിന്നാണ്. എന്നാല് കാലക്രമേണ മഹാശക്തിയായ മഹാദേവിയാകാന് കുതന്ത്രങ്ങളിലൂടെ ദുര്ഗ്ഗ ശ്രമിച്ചു. ദുര്ഗ്ഗയുടെ ഭീകരപ്രവര്ത്തനങ്ങള്ക്കു തടയിടാന് മഹാശക്തിയായ മഹാജഗദംബ ഒരു സംഹാര രൂപത്തെ സൃഷ്ടിച്ചു. സംഹാര ദേവി. പ്രസ്തുത സംഹാരദേവി ഭദ്രകാളിയാണെന്ന് ദുര്ഗ്ഗ പ്രചരിപ്പിച്ചു. അത് തെറ്റായ നടപടിയായി. ശിവന്റെ മകളാണെന്ന് പലരും മഹാഭദ്രകാളിയുടെ സംഹാരരൂപത്തെ തെറ്റിദ്ധരിച്ചിട്ടുമുണ്ട്. ദൈവീകമായ ഒരു മകള് അച്ഛന്റെ നെഞ്ചത്തു ചവിട്ടില്ല, അധികാരമുള്ള സംഹാര ദേവിയായതു കൊണ്ടാണ് ചവിട്ടി നില്ക്കുന്നത്. അതുപോലെ സംഹാരദേവി ഓരോ സൃഷ്ടിചക്രത്തിലും ദുര്ഗ്ഗയെ വധിക്കുന്നുണ്ട്, ദുര്ഗ്ഗയുടെ തലയാണ് സംഹാരദേവിയുടെ കൈയ്യിലുള്ളത്, അസുരന്റേതല്ല. അതിഭീമങ്ങളായ കാര്യങ്ങളാണവ. ഓംസത്യം ഡോട്ട്കോമില് വിസ്തരിച്ചിട്ടുണ്ട്. മഹാഇഷ്ടംപോലെ മറ്റൊരു ഗ്രന്ഥത്തില് ചേര്ക്കുന്നതാണ്. നാരായണനെ തന്റെ വാഹനമായ കടുവയായി ദുര്ഗ്ഗ ഉപയോഗിച്ച കാലമുണ്ടായിരുന്നു. പിന്നീട് അവര് തമ്മില് മത്സരിക്കുകയും ശേഷം, സഹോദരിയും സഹോദരനുമായി വര്ത്തിക്കാമെന്ന സൂത്രക്കാരാര് ഉണ്ടാക്കുകയും തരംകിട്ടിയാല് അടുത്തയാളെ നിഷ്പ്രഭമാക്കി ദൈവമാകാമെന്നും കരുതി പ്രവര്ത്തിച്ചിരുന്നു. നാരായണനോടൊപ്പം ദുര്ഗ്ഗയും ക്രൈസ്റ്റുമായി കരാര് ഉണ്ടാക്കിയിരുന്നു. ദുര്ഗ്ഗയുടെ കേന്ദ്രമായി പ്രവര്

ത്തിച്ചത് ചെങ്ങന്നൂരിലെ ഒരു ദേവീക്ഷേത്രമാണ്. 2005-ല് ദുര്ഗ്ഗ തന്റെ കുടിലശ്രമങ്ങളില് പരാജയപ്പെട്ടു. മഹാശക്തിയായ മഹാദേവി ഈയുള്ളവനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് മഹാകാര്യങ്ങളും മഹാമത്സരങ്ങളും ദുര്ഗ്ഗയോടെതിരിട്ട് നടത്തുകയും, ദുര്ഗ്ഗ സമ്പൂര് ണ്ണമായും പരാജയപ്പെടുകയും ചെയ്തപ്പോള്, തന്റെ കുഞ്ഞായ ദുര് ഗ്ഗയ്ക്ക് മഹാമാതാവും മഹാശക്തിയുമായ മഹാദേവി, ആത്മീയസാക്ഷാത്ക്കാരം എന്ന മഹാനന്ദ നക്ഷത്രപദവി നല്കി. അധമരീതികളില് മുമ്പു നേടിയ പഴയ വരങ്ങള് പ്രകാരം നക്ഷത്രാവസ്ഥയിലിരുന്നു കൊണ്ടും ദുര്ഗ്ഗ അധമ ശ്രമങ്ങള് നടത്തുകയുണ്ടായി. ഫലിച്ചില്ല. 1000 കോടി വര്ഷങ്ങളോളം മഹാപ്രപഞ്ചത്തിലെ ഒരു വളരെ വലിയ ശക്തിയായി വാണരുളിയ തന് റെ ചരിത്രം സ്മൃതിയുടെ ഭാഗമാകുന്നതും താന് അധമയായി വിശേഷിപ്പിക്കപ്പെടുന്നതും ദുര്ഗ്ഗയിലെ അജ്ഞാനത്തിനും അഹംഭാവത്തിനും ഉള്ക്കൊള്ളാനായില്ല. അപമാനഭാരവും പരാജയഭാരങ്ങളും നിമിത്തം ദുര്ഗ്ഗ തന്റെ അസ്തിത്വം ഇല്ലാതാക്കണമെ എന്നു പ്രാര്ത്ഥിക്കുകയും മഹാദേവി അതനുവദിക്കുകയും അസ്തിത്വം ഇല്ലാതാക്കിക്കൊണ്ട്, പുതിയൊരു സൃഷ്ടിയാക്കി, മത്സ്യമാക്കി മാറ്റുകയും ചെയ്തു. 2006-ലാണ് അത് സംഭവിച്ചത്. തീയതി ഓര്ക്കുന്നില്ല. ഈയുള്ളവനെ ചടങ്ങുകളില് പങ്കെടുപ്പിക്കുകയുണ്ടായി. വിശദവിവരങ്ങള് മുമ്പ് സൂചിപ്പിച്ചതുപോല ഈ ഗ്രന്ഥത്തില് ചേര്ക്കുന്നില്ല. ഓംസത്യം ഡോട്ട് കോം വെബ്സൈറ്റിലുണ്ട്.

ദുര്ഗ്ഗയുടെയും നാരായണന്റെയും പ്രവൃത്തികള് ഈയുള്ളവനെ വ്യക്തിപരമായി വളരെയധികം ശാരീരിക ക്ലേശങ്ങളിലും മനഃക്ലേശങ്ങളിലും പെടുത്തുകയുണ്ടായിട്ടുണ്ട്. ഈ ജന്മത്ത് ഏറ്റവുമധികം പീഡിപ്പിച്ചത് ദുര്ഗ്ഗയാണോ നാരായണനാണോ എന്ന് മഹാശക്തിക്കു മാത്രമേ അറിയൂ. അതികഠിനങ്ങളായ പീഢനങ്ങളാണ് സഹിക്കേണ്ടിവന്നത്. കൃഷ്ണന് തുടങ്ങിയ ദുഷ്ടശക്തികളും അവരുടെ അനുയായികളും ഒക്കെ ഈയുള്ളവനെ വളരെയധികം പീഡിപ്പിക്കുകയുണ്ടായി. ഇനി ബാക്കിയുണ്ടോ എന്ന് നിലവില് അറിയില്ല. മഹാശക്തിക്കു വേണ്ടി ബലിയാകുവാനും ഏറ്റവും ക്രൂരമായി വധിക്കപ്പെടുവാനും തയ്യാറാണെന്ന് 1989-ലോ 1991-ലോ തന്നെ മഹാശക്തിയായ മഹാദേവിയോട് ഈയുള്ളവന് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. സത്യപ്രതിജ്ഞകളുടെ ഒരു നീണ്ട പട്ടിക വെളിപാടുകള്ക്കും ശക്തീകരണത്തിനും മുന്നോടിയായും പിന്നോടിയായുമുണ്ട്. ആവക കാര്യങ്ങള്, മഹാഇഷ്ടമുണ്ടെന്നാല്

മറ്റൊരിക്കല് കൂട്ടിച്ചേര്ക്കുന്നതാണ്. ഈ ഗ്രന്ഥത്തില് വിസ്തരിക്കുന്നില്ല. ഹ്രസ്വമായി വെബ്സൈറ്റിലുണ്ട്. നാരായണനുമായി ബന്ധപ്പെട്ടോ അല്ലാതെയോ ഇനിയൊരു വധം ബാക്കിയുണ്ടോ എന്നും അറിയില്ല. മഹാശക്തിയുടെ മഹാഇഷ്ടം പോലെ മാത്രം നടക്കേണമേ എന്നും, മഹാശക്തിക്ക് മഹാനന്ദം നല്കുന്ന പ്രവൃത്തികള് മാത്രം ചെയ്യുന്നവനാക്കി എല്ലായ്പ്പോഴും അനുഗ്രഹിക്കണമേ എന്നും, മുന് കാലങ്ങളിലും ഈ ജന്മത്തും ഈയുള്ളവന് അപരാധങ്ങള് ചെയ്തിട്ടുണ്ടെങ്കില് ഈയുള്ളവനെയും മഹാനീതിശാസ്ത്രപ്രകാരം ശിക്ഷിച്ച് ശുദ്ധനാക്കി മഹാനുഗ്രഹം ചൊരിയണമേ എന്നും പ്രാര്ത്ഥിച്ചും മഹത്വം ദൈവത്തിനു മാത്രം എന്ന വചനത്തിന്റെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുള്ള ശാസ്ത്രീയ രീതിയില് - ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം - എന്ന് ദൈവത്തെ ആരാധിച്ചുകൊണ്ടും, മഹാഇഷ്ടങ്ങള് പ്രകാരം മഹാശാസ്ത്രകാര്യങ്ങള് ചെയ്തുകൊണ്ടും ജീവിക്കുകയാണ്. മാത്രമല്ല, യാതൊരു വ്യക്തിസ്വാതന്ത്ര്യങ്ങളും യാതൊരിക്കലും ഇല്ലാത്തവനാക്കി എല്ലായ്പ്പോഴും മഹാഅനുഗ്രഹിക്കണമേ എന്ന് 2008 നവംബറോടെ പ്രാര്ത്ഥനകൂടി നടത്താനുമുള്ള മഹാഭാഗ്യവുമുണ്ടായി.

വിഷ്ണു എന്ന നാരായണനെപ്പറ്റി ചുരുക്കി അല്പംകൂടി വിശദീകരിക്കുന്നത് നിര്ജ്ജീവം എന്നോണമായിരിക്കുന്ന മനുഷ്യബുദ്ധികളിലേക്ക് ശക്തിയെ പ്രവഹിപ്പിക്കുവാനാണ് :-

നാരായണന് / വിഷ്ണു / വിഷ്ണു :

ചരിത്രമെഴുതാന് നിയോഗിക്കപ്പെട്ടയാള് ദൈവമാകാന് ശ്രമിച്ചതായ ഹീനവൃത്തികളുടെ വളരെ നീണ്ട കഥയും നീണ്ടപട്ടികയുമാണ് നാരായണ ചരിതം.

നാരായണന്റെ ആദ്യ അവതാരമായി കരുതുന്ന മത്സ്യാവതാരത്തിന് നാരായണനുമായി യാതൊരു ബന്ധവുമില്ല. ഓരോ സൃഷ്ടിചക്രത്തിലും മായ പ്രത്യക്ഷമാകുന്നതിനു മുമ്പ് യഥാര്ത്ഥമായ വേദങ്ങള് അഥവാ മഹാശാസ്ത്രം, ശാസ്ത്രപരമായിത്തന്ന വീണ്ടെടുക്കുവാനുള്ള മഹാശക്തിയുടെ ഒരു മഹാസംവിധാനം മാത്രമാണ് മത്സ്യാവതാരം. 1989 ജനുവരി മാസത്തില് ഈയുള്ളവന്റെ മുന്നില് പ്രത്യക്ഷമായി സംഭവിച്ച മത്സ്യാവതാരം എന്ന ഒരു മഹാത്ഭുതത്തിന്റെ തുടര്ച്ചയായിക്കൂടിയാണ് ഇപ്പോള് മഹാശാസ്ത്രം വീണ്ടെടുത്തു കൊണ്ടിരിക്കുന്നത്. മഹാശാസ്ത്രപരമായ മത്സ്യാവതാരത്തെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിസ്തരിച്ചിട്ടുണ്ട്.

നരസിംഹാവതാരം നാരായണന്റേതല്ല. മഹാശക്തിയുടെ പ്രതിനിധിയായ പരമശിവന് എടുക്കുന്ന അവതാരമാണത്.

മഹാശക്തിയായ ദൈവം പരമശിവനെ ഉള്ക്കൊണ്ട് ശക്തിയും ശിവനുമായി, ശക്തിചക്രവും ശിവചക്രവുമായി, പ്രോട്ടോണും ഇലക്ട്രോണുമായി മഹാപ്രപഞ്ചത്തിലെ ഓരോ ആറ്റത്തിലും സ്ഥിതിചെയ്യുകയാണ്. ആറ്റത്തില് നിന്നും മഹാശക്തിയായ മഹാദേവിയുടെ നിര്ദ്ദേശപ്രകാരവും അനുഗ്രഹ പ്രകാരവും പരമശിവന് നരസിംഹരൂപം സ്വീകരിക്കുകയാണ് ചെയ്യുന്നത്. മഹാപ്രപഞ്ചത്തിന്റെ അഥവാ പരബ്രഹ്മത്തിന്റെ തൂണിലും തുരുമ്പിലും ഓരോ ആറ്റത്തിലും മഹാശക്തിയും പരമശിവനുമാണുള്ളത്. ബ്രഹ്മത്തില് പരമശിവനില്ല, ഏകമഹാശക്തിയാണ് ബ്രഹ്മം ; പരബ്രഹ്മം, ബ്രഹ്മം എന്നിവയുടെ വിശദീകരണങ്ങളും 3-ാം ഭാഗത്തില് ലഭ്യമാക്കിയിട്ടുണ്ട്. തൂണിലും തുരുമ്പിലും നാരായണനില്ല. നാരായണന് ശാസ്ത്രങ്ങളുമായി ബന്ധവുമില്ല ; വര്ജ്ജ്യമായ മന്ത്രശാസ്ത്രം കൊണ്ടും മുമ്പ് പ്രസ്താവിച്ച നാഗമാണിക്യംകൊണ്ടും മായാവിത്തരം അഥവാ മായാലീലകള് കാട്ടുകയും കള്ളപ്രചരണം നടത്തുകയുമാണ് നാരായണന് ചെയ്തത്. കൂടുതല് വിസ്തരിക്കുന്നില്ല.

നാരായണന്റെ വാമന അവതാരത്തെപ്പറ്റി പറയുമ്പോള്, അത് ഒരു പൈശാചിക പ്രവൃത്തിയായിരുന്നു. ദൈവഭാവമായ സത്യ-ധര്മ്മ-നീതികളെ പിന്പറ്റുകയും വളരെ നല്ല ഭരണത്തിലൂടെ ജനങ്ങളെ ആനന്ദിപ്പിച്ചുകൊണ്ടുമിരുന്ന ബലി അഥവാ മാവേലി എന്ന രാജാവിനെ, തന്റെ ഇഷ്ടജനങ്ങള്ക്കുവേണ്ടി വാമന അവതാരം പാതാളത്തിലേക്ക് കുതന്ത്രത്തിലൂടെ ചവിട്ടിത്താഴ്ത്തിയത് ദൈവീകമായ കാര്യമാണെന്ന് മനുഷ്യര് ഇന്നും കരുതുന്നത് സത്യ - ധര്മ്മ - നീതികളെ ആക്ഷേപിക്കലാണ്. സത്യ-ധര്മ്മ-നീതികളോടെ ജീവിക്കുന്നവര് ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട കുഞ്ഞുങ്ങളാണ്, അങ്ങനെയുള്ള കുഞ്ഞുങ്ങളോട് ദൈവാവതാരം എന്ന കള്ളപ്പേരോടെ നാരായണന് കുതന്ത്രങ്ങള് കാട്ടിയത് കടുത്ത അപരാധമാണ്. ബലി വീണ്ടും കേരളത്തില് എത്തിയതും പുനര്ജ്ജനിച്ചതും നാരായണന് അറിഞ്ഞില്ല, 2007-ല് മഹാശക്തിയായ മഹാദേവി പരമശിവനിലൂടെ നാരായണനെ അതറിയിക്കുകയുണ്ടായി. ഒരു ഹിന്ദുമത കുടുംബത്തിലെ കാരണവരായി മാവേലി കേരളത്തില് കഴിയുന്നു (2008 ഫെബ്രുവരി). ഈ ജന്മത്തില് സാമൂഹ്യശ്രദ്ധ നേടുന്ന നിയോഗമുണ്ടോ എന്ന് മഹാദേവിക്കുമാത്രമേ അറിയൂ.

നാരായണന്റെ അവതാരങ്ങളില് രാമനെപ്പറ്റി പറയുമ്പോള്, മത്സരത്തിലൂടെ സീതയെ വിവാഹം കഴിച്ചതും, ബാലിയെ വധിക്കുവാന് ഒളിയമ്പയച്ചതും, സീതയെ ഉപേക്ഷിച്ചതും കടുത്ത അപരാധങ്ങളാണ്. മത്സര വിജയിക്ക് ലഭിക്കുന്ന സമ്മാനമായിട്ട് സ്ത്രീയെ/സീതയെന്ന

രാജകുമാരിയെ അവഹേളിച്ചവരെ ധര്മ്മശാസ്ത്രപരമായി തിരുത്തുക എന്നത് ദൈവീകമാണ് എന്നല്ലാതെ, മത്സരത്തില് പങ്കെടുത്തതും മത്സരസമ്മാനമായി സീതയെ നേടിയതും ദൈവീകമല്ല. ദൈവ നിന്ദ : മത്സരങ്ങള് പാടില്ല എന്ന അദ്ധ്യായത്തില് മത്സരം എത്ര ഹീനമാണെന്ന് വിവരിച്ചിട്ടുണ്ട്. മത്സരത്തെ സ്ത്രീയുടെ ജീവിതവുമായി ബന്ധപ്പെടുത്തിയപ്പോള് ഏറ്റവും കടുത്ത അപരാധമായി. വിവാഹം കഴിച്ചവര് ഉള്പ്പെടെയുള്ള അനേകം രാജാക്കന്മാര്ക്ക് മോഹിക്കാനുള്ള സുഖ-ഉപകരണമായി സീതയെ, അതും ദൈവാംശമുള്ളതായി തെറ്റിദ്ധരിപ്പിച്ചിട്ടുള്ള സ്ത്രീയെ മത്സരത്തിലൂടെ അവതരിപ്പിച്ചു! മഹാഭാരത കഥയിലും ഇത്തരം നീച മത്സരങ്ങളെ ശരിവെയ്ക്കുന്നുണ്ട് ! നാരായണന്റെ രാമാവതാരം ഒളിയമ്പയച്ചത് കടുത്ത തെറ്റായതുകൊണ്ടാണ്, അത് ക്ഷമിക്കപ്പെടാതെ, നാരായണന്റെ കൃഷ്ണാവതാരത്തില് വേടനായി വന്ന ബാലി, കൃഷ്ണനെ മാനെന്നു തെറ്റിദ്ധരിച്ച് അമ്പെയ്യുന്നതും വേദനിപ്പിച്ചു കൊല്ലുന്നതും. ദൈവശാസ്ത്രത്തില് പരമശിവന് ഉള്പ്പെടെയുള്ളവര്ക്ക് യോഗ്യതാപരീക്ഷകളുണ്ട്. താനറിയുന്ന ശാസ്ത്രങ്ങള് പ്രകാരം ബാലിയെ വധിക്കാനാവില്ല എന്നറിയുമ്പോള് പിന്വാങ്ങുക എന്നല്ലാതെ ഹീനമാര്ഗ്ഗം രാമന് സ്വീകരിച്ചത് ദൈവീകമല്ല.
പ്രജയും ഭാര്യയുമായ സീത കളങ്കമില്ലാത്ത കുലീനയാണെന്ന് സുവ്യക്തമായി അറിയാവുന്ന രാമന്, ജനങ്ങളെ സംരക്ഷിക്കാനും സന്തോഷിപ്പിക്കാനുമെന്ന പേരില് സീതയെ ഉപേക്ഷിച്ചത് കടുത്ത അപരാധമാണ്. വലിയ ഒരു നന്മ ചെയ്യാന് എന്ന പേരില് കടുത്ത തിന്മ ചെയ്തത് ദൈവീകമല്ല, പിശാചിന്റെ പ്രവൃത്തിയാണ്. ദൈവത്തിന്റെ പേരില് അവതാരമെടുക്കുമ്പോള്, ഓരോ പ്രവൃത്തിയും സംശുദ്ധമാവേണ്ടതുണ്ട്. യോഗ്യതയില്ലാത്തവര്ക്ക് മുടന്തന് ന്യായങ്ങള് പറഞ്ഞ് ഭരണാധികാരിയായി തുടരാം എന്ന ഹീനമായ സന്ദേശം സീതയെ ഉപേക്ഷിച്ചതിലൂടെ ഇന്നത്തെ ഭരണാധികാരികള്ക്ക് രാമന് നല്കുന്നു. ഒരു രാമന് പോയാല് മറ്റൊരു രാമന് നാട്ടുകാരെ ഭരിക്കും എന്നല്ലാതെ, സീതയോട് കടുത്ത തെറ്റുചെയ്തത് രാമനെ പിശാചിന്റെ കൂട്ടത്തിലാണ് പെടുത്തുന്നത്. രാമജന്മഭൂമി എന്ന പേരില് കോലാഹലങ്ങള് ഉണ്ടാക്കുന്നവര് രാമനെയും ദൈവത്തെയും അറിയുന്നവരല്ല. രാമനെ ഭൂമിയില് ജനിപ്പിച്ചത് രാമജന്മഭൂമി എന്ന പുണ്യസ്ഥലം ഉണ്ടാക്കാനല്ല. പാപങ്ങള് കുറയ്ക്കുവാനുള്ള ഒരവസരം കൂടി നാരായണന് പരമശിവനിലൂടെ ദൈവം കൊടുത്തത് രാമാവതാരത്തില് പ്രയോജനപ്പെടുത്താതെ നാരായണന് പാപം വര്ദ്ധിപ്പിച്ചു എന്നതാണ് വസ്തുത. രാമന്റെ പേരില് ആവേശം

അധികമുള്ള ഹിന്ദുജനങ്ങളെല്ലാം 14 വര്ഷത്തെ വനവാസത്തിനുകൂടി തയ്യാറാവണമെന്ന് ഒരു മതനേതാവ് പറഞ്ഞാല് അതുകൂടി പാലിക്കുമോ ? രാമന് മരിച്ചപ്പോള് നാരായണനില് ചേര്ന്നു, പിന്നെ രാമനില്ല. മഹാശാസ്ത്രപാഠങ്ങള് ഏറെ ലഭിക്കുകയും, ശാസ്ത്രസുഖങ്ങള് ആസ്വദിക്കുകയും ചെയ്തുകൊണ്ട്, ഇന്നില്ലാത്ത രാമന്റെ പേരില് ഭക്തിഭ്രാന്ത് കാട്ടുന്നവര്ക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരം ശിക്ഷകളുണ്ട് എന്നറിയുക. രാമന് നല്ല വ്യക്തിയാണെങ്കില് പോലും രാമനാമം ചൊല്ലുന്നത് ദൈവീകമല്ല എന്നിരിക്കെ, തെറ്റുചെയ്യുന്നവരെ ശാസിക്കുവാനും തിരുത്തുവാനും രാമന് തയ്യാറായില്ല എന്നത് കടുത്ത അപരാധമാണ്. ഹനുമാനെപ്പോലെയുള്ള രാമഭക്തരിലൂടെ ബഹുദൈവാരാധന സ്ഥാപിക്കാനും ശേഷം തന്നിലേക്ക് ആരാധന കേന്ദ്രീകരിപ്പാനും വിഷ്ണുവായ നാരായണന് ശ്രമിക്കുകയാണുണ്ടായത്. നാരായണന്റെ അവതാരമായ കൃഷ്ണന്, കൂടുതല് തെറ്റുകള് ചെയ്തു. ദൈവം നല്കിയ ബുദ്ധിയെ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് എന്ന ശക്തിയുമായി ചേര്ന്നു പ്രവര്ത്തിക്കാന് ആഗ്രഹിക്കുന്നതിനു പകരം പൈശാചികശക്തികളുമായി ചേര്ത്തു പ്രവര്ത്തിപ്പിക്കുവാന് കൃഷ്ണന് സദാ ശ്രമിച്ചു. കള്ളവും കാപട്യവും കുതന്ത്രങ്ങളും കൊണ്ട് അതിബുദ്ധിമാനാകാനും ദൈവമായി സ്വയം പ്രകടനങ്ങള് നടത്താനും പ്രവര്ത്തിച്ചു. പൗര്ണ്ണമി സൃഷ്ടിക്കാന് സൂര്യനെയും ചന്ദ്രനെയും അതിവിദഗ്ദ്ധമായി കബളിപ്പിക്കുന്ന കുടിലതന്ത്രം കൃഷ്ണന് കാട്ടിയതിനെ പ്രകീര്ത്തിക്കുന്ന ഹിന്ദുക്കള് എത്രയെങ്കിലുമുണ്ട്. അത്തരം നടപടികള് ദൈവീകമല്ല. തന്ത്രങ്ങളും കുതന്ത്രങ്ങളുമില്ലാതെ, സത്യ-ധര്മ്മപരവും ലളിതവുമായ വാക്കുകള് ഉപയോഗിക്കുന്നതാണ് ദൈവീകം. എല്ലാ കുഞ്ഞുങ്ങളെയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവസ്നേഹം എന്തെന്നു വിവരിക്കുവാന് കൃത്രിമി ആയ കൃഷ്ണനു കഴിഞ്ഞില്ല. ആഘോഷങ്ങളെ വഴിപിഴപ്പിക്കുവാനും ദൈവമാകാന് ശ്രമിച്ച വിഷ്ണു എന്ന നാരായണന് പ്രവര്ത്തിക്കുകയുണ്ടായി. വിഷ്ണു എന്ന കള്ളപ്പേരുമായി ബന്ധപ്പെടുത്തി ദൈവമാണ് അദ്ദേഹമെന്നും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രതിമയെയും കണികാണുന്നത് ശ്രേഷ്ഠമെന്നും വ്യാഖ്യാനിക്കുന്ന വിഷു എന്ന ആഘോഷമുണ്ടാക്കി. കൃഷ്ണാവതാരത്തെ തിരികെ തന്നിലേക്ക് പ്രവേശിപ്പിക്കാന് കഴിയാതെ വന്നപ്പോള്, വേറിട്ട പൈശാചികശക്തിയായിത്തീര്ന്ന കൃഷ്ണന്, നാരായണന് രൂപപ്പെടുത്തിയ വിഷുവിനെ താനുമായി ബന്ധിപ്പിക്കാന് പ്രവര്ത്തിച്ചു.

നാരായണന് ശിക്ഷകളില് ഇളവ് കിട്ടിയേക്കും എന്നല്ലാതെ എത്രമാത്രം എന്ന് ഈയുള്ളവന് അറിയില്ല. ബ്രഹ്മമായിരിക്കുന്ന മഹാശക്തിയുടെ ഭൂമിയിലെ ആസ്ഥാനമായിട്ട് മഹാശക്തിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുള്ള മണ്ണടി ക്ഷേത്ര പരിസരത്ത് നാലു കൈകളോടെയുള്ള നാരായണനെ അനവധി സൃഷ്ടിചക്രങ്ങള്തന്നെ ബന്ധനസ്ഥനായി കിടത്തിയേക്കാം, തെറ്റുകളും കുറ്റങ്ങളും ഏറ്റുപറഞ്ഞുകൊണ്ട് നാരായണന് കഴിയേണ്ടി വന്നേക്കും .... അങ്ങനെയൊക്കെയല്ലേ വേണ്ടതെന്ന് മഹാദേവി ഈയുള്ളവനോട് ചോദിക്കുകയുണ്ടായി. ബഹുവിധ മാനസിക വിഷമങ്ങളാലും ഭയത്താലും ഈയുള്ളവന് വിമ്മിട്ടത്തോടെ പറഞ്ഞത്, മഹാദേവിയുടെ മഹാഇഷ്ടം പോലെ മാത്രം നടക്കേണമേ, ഈയുള്ളവന് അഭിപ്രായം പറയാന് കഴിയുന്നില്ല മഹാദേവീ എന്നാണ്. 2008 ഫെബ്രുവരി മാസത്തിലോ മാര്ച്ച് മാസത്തിലോ ആയിരുന്നു അത്. യാതൊരു വ്യക്തിസ്വാതന്ത്ര്യങ്ങളും യാതൊരിക്കലും ഇല്ലാത്തവനാക്കി എല്ലായ്പ്പോഴും ഈയുള്ളവനെ അനുഗ്രഹിക്കണമേ എന്ന പ്രാര്ത്ഥനയിലേക്ക് ഉയരുവാന് 2008 നവംബര് മാസത്തോടെയും, മഹാദേവിക്ക് മഹാആനന്ദം നല്കുന്ന പ്രവൃത്തികള് മാത്രം ചെയ്യുന്നവനാക്കി എല്ലായ്പ്പോഴും ഈയുള്ളവനെ മഹാഅനുഗ്രഹിക്കണമേ എന്ന പ്രാര്ത്ഥനയിലേക്കു ഉയരുവാന് 2008 ഡിസംബര് അവസാനത്തോടെയും, മഹാശക്തിയായ മഹാദേവി ഈയുള്ളവനെ അനുഗ്രഹിച്ചിരിക്കുകയാല് മേല്പടി വിഷയത്തില് ഇപ്പോള് വിമ്മിട്ടങ്ങളില്ല.

ദൈവീകമായ ആശംസകള് നേരാനും മംഗളം നേരാനും മഹാശക്തിയായ മഹാദേവിക്കും, മഹാദേവി അനുഗ്രഹിച്ച് അനുവദിക്കുമ്പോള് പ്രതിനിധിയായ പരമശിവനും മാത്രമേ അധികാരങ്ങളും അവകാശങ്ങളും ഉള്ളൂ എന്നത് ഈ അവസരത്തില് ഓര്മ്മിപ്പിക്കുന്നു ; എന്നാല് എല്ലാ മനുഷ്യര്ക്കും ഒരേയൊരു ജന്മത്തില്, മഹാദേവി പരമശിവനിലൂടെ മഹാശാസ്ത്രത്തെ നല്കി അനുഗ്രഹിക്കുന്ന ജന്മത്തില്, മഹാശാസ്ത്രം ലഭിച്ച ശേഷം മാത്രം അവകാശം ഉണ്ടായിരിക്കുന്നതാണ്. രാജ്യത്തിലെ പ്രധാനമന്ത്രി, രാഷ്ട്രപതി തുടങ്ങിയവരെല്ലാം ആശംസകള് നേരുന്നത് ഉടന് അവസാനിപ്പിക്കണം എന്നും അര്ത്ഥം.

ദൈവം എന്നതിനു പകരം ദൈവങ്ങള് എന്ന പേരിലുള്ളവരുടെ നീണ്ട പട്ടികയാണ് ഹിന്ദുമതത്തില് ഉള്ളതെന്ന് പറഞ്ഞതില് ഗജപാതി/ഗണപതി എന്ന വിഘ്നേശ്വരനെപ്പറ്റി ക്കൂടി ഇവിടെ പറയാം. മറ്റു ചിലരെപ്പറ്റി ഗ്രന്ഥത്തിലെ 7-ാം ഭാഗത്തില് വിസ്തരിക്കുകയോ,

മറ്റൊരു ഗ്രന്ഥത്തില് ചേര്ക്കുകയോ ചെയ്യുന്നതാണ്.

ഗജപാതി / ഗണപതി / വിഘ്നേശ്വരന് :
ഗജത്തിന്റെ അഥവാ ആനയുടെ പകുതിയും മനുഷ്യന്റെ പകുതിയും ചേര്ന്ന വിചിത്രജീവി-രൂപം ശാസ്ത്രപരമായ ഒരു സംവിധാനമാണ്. വികലവും വികൃതവുമായ കഥകളുമായി ഗജപാതിയുടെ സൃഷ്ടിയെ ഇന്ന് ഹിന്ദുമതത്തില് പരാമര്ശിച്ചിട്ടുള്ളത് ഹിന്ദുമതത്തെ വികൃതപ്പെടുത്തുന്നുവെന്ന് ഗജപാതിയുടെ സൃഷ്ടിയുടെ യഥാര്ത്ഥ കാര്യകാരണങ്ങള് വ്യക്തമാക്കുന്നുണ്ട്.
എല്ലാ സൃഷ്ടിചക്രങ്ങളിലും മായ പ്രത്യക്ഷമാകും മുമ്പ് ഭൂമിയിലെ മനുഷ്യരില് ദുസ്വാര്ത്ഥങ്ങള് നിമിത്തം അഹംഭാവം ഏറ്റവുമധികം ഉയരുന്നതാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിലും മനുഷ്യര് അറിയുന്നതും അനുഭവിക്കുന്നതുമായ കാര്യമാണത്. മനുഷ്യര് ഗുരുവിനെ അഥവാ അദ്ധ്യാപകനെ മതിക്കാത്ത അവസ്ഥയും, അദ്ധ്യാപകവൃത്തി എന്നാലെന്താണെന്ന് അദ്ധ്യാപകര്ക്കുപോലും അറിയാത്ത കാലത്തിലാണ് മായ പ്രത്യക്ഷമാകുന്നത്. വേതനം വാങ്ങാത്ത അദ്ധ്യാപകവൃത്തിയെപ്പറ്റി ശാസ്ത്രപരമായ തൊഴില് വിഭജന (ശുചിത്വം) ത്തെപ്പറ്റിയുള്ള അദ്ധ്യായത്തില് വിസ്തരിച്ചിട്ടുണ്ട്. അഹംഭാവം, അജ്ഞാനം, ദുസ്വാര്ത്ഥം എന്നിവ നിമിത്തം മനുഷ്യഗുരുവിനെ യഥോചിതം അംഗീകരിക്കാത്ത ആധുനിക കാലത്താണ് ഗണപതി എന്നറിയപ്പെടുന്ന ഗജപാതിയുടെ പ്രസക്തി. ടെലിവിഷനിലും സിനിമകളിലും മറ്റും പൂച്ചയും എലിയും മാനും സിംഹവുമൊക്കെ സംസാരിക്കുന്നതും, അവ ധര്മ്മകാര്യങ്ങള് ഉപദേശിക്കുന്നതും, കാണികളായ മനുഷ്യര് ശ്രദ്ധിച്ചിരിക്കുന്നതും കൂടുതല് ആസ്വദിക്കുന്നതും കണ്ടിട്ടുള്ളവരുണ്ടാകും. മനുഷ്യരേക്കാള് താണ അവസ്ഥയിലുള്ള മൃഗങ്ങളിലൂടെ ധര്മ്മകാര്യങ്ങള് ഉപദേശിക്കുമ്പോള്, പൊതുജനങ്ങള് അതംഗീകരിക്കുന്നു ; പ്രസ്തുത മനശ്ശാസ്ത്രപ്രകാരമുള്ള സൃഷ്ടിയാണ് ഗജപാതിയുടേത്.
മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യന് എന്നീ ജീവിചക്രത്തില് മൃഗാവസ്ഥയില് പകുതി ജന്മങ്ങള് പിന്നിട്ട ശ്രേഷ്ഠനായ ഒരു ആനയെ മനുഷ്യരൂപവുമായി ബന്ധിപ്പിക്കുന്നു, മനുഷ്യരുടെ ഗുരുവാക്കുന്നു. മനുഷ്യഗുരുക്കന്മാരുടെ അധിപനാക്കുന്നു. (മഹാഗുരു എപ്പോഴും മഹാശക്തിയായ ദൈവം തന്നെയാണ് എന്നുമോര്ക്കുക.). ആനത്തലയും മനുഷ്യ ഉടലും ചേര്ന്ന വിചിത്രരൂപത്തോടെയുള്ള ഗുരുവിനെ മനുഷ്യര് ആസ്വദിക്കുന്നു, അംഗീകരിക്കുന്നു, അനുസരിക്കുന്നു, ലേശം ഭയക്കുകയും ചെയ്യുന്നു.

മനുഷ്യഗുരുക്കന്മാരുടെ സംശയനിവൃത്തിയും ഗജപാതി ചെയ്യുന്നു. ഗജപാതിയുടെ സൃഷ്ടി ശിവനെയും പത്നിയെയും ബന്ധിപ്പിച്ചാണ് ചെയ്യുന്നത്. (പരമശിവനെയല്ല). (വെളിപാട് പൂര്ണ്ണമായിട്ടുമില്ല). സംഹാരം പുരോഗമിക്കെ, ഗജപാതിക്ക് പൂര്ണ്ണമനുഷ്യനായി ശാസ്ത്രപ്രകാരം പരിണാമം ഉണ്ടാകുന്നതാണ്. നാരദന് എന്ന മനുഷ്യഗുരുവായി ഗജപാതി ആദ്യം പരിണമിക്കുന്നതും പിന്നീട് മറ്റു മനുഷ്യജന്മങ്ങള് എടുക്കുന്നതുമാണ്. ഗജപാതിയെ നാരദനായി ഉയര്ത്തുമ്പോള്, പുതിയൊരു ഗജപാതിയെ സൃഷ്ടിക്കുന്നുമുണ്ട്. വിഘ്നേശ്വരന് എന്നൊരു നിയോഗം കൂടി ഗജപാതിക്കുണ്ട്. വിഘ്നം അഥവാ തടസ്സം ഉണ്ടാക്കുന്ന ഈശ്വരന് അഥവാ ദാസന് എന്നാണ് വിഘ്നേശ്വരന് എന്നതിന്റെ അര്ത്ഥം. ദൈവീകമല്ലാത്ത അഥവാ ശാസ്ത്രപരമല്ലാത്ത പ്രാര്ത്ഥനകളും ആരാധനാസമ്പ്രദായങ്ങളും പാടില്ല. ധര്മ്മശാസ്ത്രപരമല്ലാത്ത പൂജകളെയും പ്രാര്ത്ഥനകളെയും ആരാധനകളെയും തടസ്സപ്പെടുത്തുക എന്ന നിയോഗം ഗജപാതിക്ക് ശിവനിലൂടെ ദൈവം നല്കി. അങ്ങനെയാണ് വിഘ്നേശ്വരനായത്. ഹൈന്ദവരായി തങ്ങളെ കരുതുന്നവര് നടത്തുന്ന ഹോമങ്ങളും യജ്ഞങ്ങളും പൂജകളും ദീപാരാധനകളും ഉള്പ്പെടെയുള്ള എല്ലാ ആരാധനാ സമ്പ്രദായങ്ങളും അശാസ്ത്രീയമാണെന്ന് ഗ്രന്ഥത്തിലെ 3-ാം ഭാഗം പഠിക്കുമ്പോള് മനസ്സിലാകുന്നതാണ്. അത്തരം അശാസ്ത്രീയ സമ്പ്രദായങ്ങള് ഉണ്ടാവാതിരിപ്പാന് നിയോഗിക്കപ്പെട്ടയാളാണ് വിഘ്നേശ്വരന് അഥവാ ഗജപാതി എന്നിരിക്കെ എന്തുകൊണ്ട് അശാസ്ത്രീയമായ അഥവാ വര്ജ്ജ്യമായ ആരാധനാസമ്പ്രദായങ്ങള് ഉണ്ടായി എന്ന ചോദ്യമുണ്ട്. ഉത്തരത്തിന്റെ ആദ്യഭാഗമെന്നത്, ഹിന്ദുമതവുമായല്ല ഗജപാതിക്കു ബന്ധം എന്നതാണ്. എല്ലാ മനുഷ്യരുമായും, ശാസ്ത്രവുമായാണ് ബന്ധം. ഭൂമിയില് അനേക മതങ്ങളുണ്ടാവാനും അനേക ആരാധനാ സമ്പ്രദായങ്ങള് ഉണ്ടാവാനും ഒരു മുഖ്യകാരണം ഗജപാതി തന്റെ വിഘ്നേശ്വര-നിയോഗം നിറവേറ്റുന്നതില് വീഴ്ച വരുത്തി എന്നതാണ്. ആയതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്, മുമ്പ് വിസ്തരിച്ച നാരായണന് എന്ന വിഷ്ണുവാണ്. മഹാശക്തി എന്ന ദൈവനാമത്തിലെ മഹാ എന്ന പദത്തെ വിഷ്ണു തന്റെ പേരില് ചേര്ത്തതു കൂടാതെ ഗജപാതി ഉള്പ്പെടെയുള്ള അനേകര്ക്ക് ചാര്ത്തിക്കൊടുത്ത്, അവരെയെല്ലാം തന്റെ വരുതിയില് വരുത്തുവാനും താന് ദൈവമാകാനും പ്രവര്ത്തിച്ചു. ആരാധനാ സമ്പ്രദായങ്ങളെ ധര്മ്മശാസ്ത്രപരമല്ലാതാക്കേണ്ടത് നാരായണന്റെ ആവശ്യമായിരുന്നു. ധര്മ്മശാസ്ത്രപരമല്ലാത്ത ആരാധനാ സമ്പ്രദായങ്ങളിലൂടെ നാരായണനെ ദൈവമായിക്കരുതി

പൂജിക്കുന്നതിനും ആരാധിക്കുന്നതിനും വിഘ്നേശ്വരന് തടസ്സമുണ്ടാക്കാതിരിക്കാനായി ആരാധനകളുടെ മുന്നോടിയായി ആദ്യം വിഘ്നേശ്വരനെ പ്രസാദിപ്പിക്കുക എന്ന അഴിമതി-രീതി സ്ഥാപിക്കപ്പെട്ടു. ഗണപതിപൂജയും ഗണപതിഹോമവും അങ്ങനെയാണ് ആരംഭിച്ചത്. ധര്മ്മശാസ്ത്രപരമല്ലാത്ത ആരാധനകളെ വിഘ്നപ്പെടുത്തുവാന് നിയോഗിക്കപ്പെട്ട വിഘ്നേശ്വരന്, അധമങ്ങളായ പൂജകളെയും ആരാധനകളെയും വിഘ്നങ്ങളില് നിന്ന് രക്ഷിക്കാനുള്ള ഈശ്വരനായി മാറി.

ആദ്യമഹാകാലചക്രത്തില് ഓരോ സൃഷ്ടിചക്രത്തിലും 2 പേര് വച്ച് അനവധി വിഘ്നേശ്വരന്മാര് ഉണ്ടായിരുന്നു എന്നു മനസ്സിലാകുമല്ലോ. അതില് ഏതാനും പേര് ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തില് മനുഷ്യജന്മത്തിലുണ്ട്. ആദ്യ ഗജപാതിയുടെ മകളായിട്ടാണ് മഹാശക്തിയായ മഹാജഗദംബയുടെ അപൂര്ണ്ണശരീരരൂപം ഭൂമിയില് അവതരിച്ചിട്ടുള്ളത്. (ബ്രഹ്മശക്തി പ്രവേശിച്ച് മഹാദേവിയാകുന്നതെപ്പോഴെന്ന് മഹാദേവി മഹാഇഷ്ടപ്രകാരം നിശ്ചയിക്കുന്നതാണ്.). മനുഷ്യജന്മത്തിലുള്ള പഴയ വിഘ്നേശ്വരന്മാര് കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിലും മറ്റു പ്രമുഖ സ്ഥാനങ്ങളിലുമുണ്ട്. പാണ്ഡിത്യം ഏറെയുള്ളവരും വലിയ ശരീരികളുമായ ഏതാനും പേരെ ദൈവാനുഗ്രഹത്തോടെ ഈയുള്ളവന് ചൂണ്ടിക്കാണിച്ചാല് ശരീരസാമ്യം പോലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കാം.

നാരായണന്റെ ഒത്താശയോടെ വളരെക്കാലം ഗുരുവായി ജീവിച്ച ഏറ്റവും അവസാനത്തെ ഗജപാതി വളരെയധികം അധമകാര്യങ്ങള് ചെയ്യുകയുണ്ടായി. 2007-ല് അദ്ദേഹം ശിക്ഷിക്കപ്പെട്ടു. കേരളത്തിലെ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയാണ് ഗജപാതിയുടെ കേന്ദ്രസങ്കേതം. ഗജപാതിയുടെ വാഹനമല്ല എലി, മറിച്ച് ഗജപാതിയെ ശിക്ഷിക്കാനുള്ള സംവിധാനം മാത്രമാണ് കുഞ്ഞെലി. തുമ്പിക്കൈ തറയില് മുട്ടും വിധം ഗജപാതിയെന്ന വിഘ്നേശ്വരനെ കിഴുക്കാംതൂക്കായി വാലില് കെട്ടിയിടുന്നു, തുമ്പിക്കൈയുടെ അറ്റത്ത് എലി കരളുന്നു. ഇതാണ് ശിക്ഷ. 2008 ഫെബ്രുവരി മാസത്തില് ശിക്ഷയില് ഇളവുണ്ടായിട്ടുണ്ട്.

മഹാനീതികാര്യങ്ങളെപ്പറ്റി അറിഞ്ഞവ ഇത്രമാത്രമാണ്, മഹാനിശ്ചയപ്രകാരം ആവശ്യമെങ്കില് കൂടുതല് അറിയിക്കും എന്നിരിക്കെ, കൂടുതല് അറിയുവാന് ഈയുള്ളവനും ആഗ്രഹിച്ചുകൂടാ. ഹിന്ദുമതത്തിലെ ബഹുവിധ ദേവതകളെപ്പറ്റി ഗ്രന്ഥത്തിലെ 7-ാം ഭാഗത്തില് വിസ്തരിക്കുകയോ, മറ്റൊരു ഗ്രന്ഥത്തില് ചേര്ക്കുകയോ ചെയ്യുന്നതാണ്. ഹിന്ദുമതത്തിലെ ആരാധനകളെപ്പറ്റി ഇനി അല്പം

പറയാം :-
ഭാഗവത വായനയും ഹോമങ്ങളും യജ്ഞങ്ങളുമെല്ലാം വര്ജ്ജ്യമായ മന്ത്രശാസ്ത്രത്തിന്റെ ഭാഗങ്ങളാണ്. പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചതായ വിഷ്ണു എന്ന നാരായണനെയാണ് വലിയൊരു വിഭാഗം ജനങ്ങള് സ്തുതിക്കുകന്നതും പൂജിക്കുന്നതും ആരാധിക്കുന്നതും എന്നൊക്കെ വ്യക്തമായിരിക്കുമല്ലോ. പിശാചിനെ സ്തുതിക്കുന്നവര്ക്ക് പിശാചിന്റെ ഗുണങ്ങള് കിട്ടുമെന്നതുപോലെ, അനേകരില് അഹംഭാവവും അഹങ്കാരവും കള്ളങ്ങളും കാപട്യങ്ങളും വര്ദ്ധിക്കാന് നാരായണപൂജകളും കൃഷ്ണപൂജനകളും കാരണമായിട്ടുണ്ട്. ജ്യോതിഷം. മന്ത്രവാദം തുടങ്ങിയവയും വര്ജ്ജ്യമാണ്. ജ്യോതിഷത്തില് ശരിയുണ്ട്, എന്നാല് വര്ജ്ജ്യമായതിനെ പിന്പറ്റിക്കൂടാ. വിവാഹപ്പൊരുത്തങ്ങള് പോലെയുള്ള അധമ കാര്യങ്ങളെല്ലാം ജ്യോതിഷികള്ക്ക് കടുത്ത പാപവും ശിക്ഷയും നല്കുന്നുണ്ട്. നാളെയിലെ കാര്യങ്ങള് ഇന്നറിയാന് ആഗ്രഹിക്കുന്നത് പാപമാണ്. ജ്യോതിഷം പോലെയുള്ളവയും മന്ത്രവാദങ്ങളും യജ്ഞങ്ങളും പിന്പറ്റുന്നവര്ക്കും മഹാനീതിശാസ്ത്രപ്രകാരം ശിക്ഷയുണ്ട് എന്നറിയുക. ദൈവീകമല്ലാത്ത ആരാധനകളുടെയും പ്രാര്ത്ഥനകളുടെയും വളരെനീണ്ട നിരയാണ് ഹിന്ദുമതത്തിലുള്ളത്. പ്രാര്ത്ഥനകളും ആരാധനകളും മഹാശാസ്ത്രപരമായി നിര്വ്വഹിക്കേണ്ടത് എങ്ങനെയെന്ന് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്. മായ വൈകാതെ ഭൂമിയില് പ്രത്യക്ഷമാകുന്നതോടെ, വര്ജ്ജ്യശാസ്ത്രമായ മന്ത്രശാസ്ത്രവും, ആദ്യമഹാകാലചക്രത്തിലെ പ്രത്യേക-സൃഷ്ടികളും എന്നന്നേയ്ക്കുമായി പിന്വലിക്കപ്പെടുന്നതാണ്. ഈശ്വരന്/ശിവന്, ഗജപാതി, നാരായണന് തുടങ്ങിയ എല്ലാ ദേവതകളും (മാലാഖമാര് /മലക്കുകള്) എന്നന്നേയ്ക്കുമായി പിന് വലിക്കപ്പെടുന്നതാണ്, ഭൂരിപക്ഷവും ഇതിനോടകം പിന് വലിക്കപ്പെട്ടുകഴിഞ്ഞു. രണ്ടാം മഹാകാലചക്രത്തില്, മഹാസൃഷ്ടിചക്രത്തില് ഭൂമിയില് മായ പ്രത്യക്ഷമാകുന്നതോടെ മഹാശക്തിയായ, മഹാപിതാവായ, മഹാമാതാവായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം (സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്) ഏറ്റെടുക്കുകയാണ്, നേരിട്ട് നിര്വ്വഹിക്കുന്നതാണ്, മഹാദേവിയുടെ ഭാഗമായ പരമശിവന് മഹാഇഷ്ടങ്ങളനുസരിച്ച് മഹാദേവിയോടൊപ്പം മഹാദാസനായിട്ട് ഉണ്ടാവും. എല്ലാ ജീവികളുടെയും പിതാവായ പരമശിവനിലൂടെയാണ് മഹാശക്തി മഹാശാസ്ത്രം പഠിപ്പിക്കുകയും, മഹാനീതിയിലെ ശിക്ഷാകാര്യങ്ങളും സംഹാരവും നിര്വ്വഹിക്കുക

എന്നതുകൊണ്ട് പരമശിവനിലൂടെയുള്ള മഹാശക്തിയുടെ പ്രവര്‍ത്തനകാര്യങ്ങള് ഗൗരവതരങ്ങളെങ്കിലും മഹാശക്തിയായ മഹാദേവിയുടെ മഹാദാസനായ പരമശിവന് മഹാദേവിയുടെ പ്രത്യേക ഭാഗമാകയാല് വേറിട്ടു കാണേണ്ടതില്ല. ആവിധകാര്യങ്ങളും ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്. പരമശിവന് സ്വയം മഹാശക്തിയെ ആരാധിക്കുകയും യോഗ്യത നേടുന്ന മനുഷ്യരെക്കൊണ്ട് മഹാശക്തിയെ മാത്രം ആരാധിപ്പിക്കുവാന് മഹാഅനുഗ്രഹത്തോടെ ശ്രദ്ധിക്കുന്നതുമാണ്.
100 മനുഷ്യജന്മങ്ങള് ഉള്ളതില് 90 മുതലുള്ള ഒരേയൊരു ജന്മത്തില്, ശിവരാത്രിയില് മഹാജഗദംബ പരമശിവനിലൂടെ മഹാശാസ്ത്രം നേരിട്ടു ലഭ്യമാക്കിയശേഷം മാത്രം മനുഷ്യര് മഹാശക്തിയെ ആരാധിക്കുക എന്നല്ലാതെ തോന്നുമ്പോലെ ആരാധിക്കുന്നത് ശിക്ഷാര്‍ഹമാണ്. അജ്ഞാനം കൊണ്ടായാല് പോലും അവര് തോന്നുമ്പോലെ ചെയ്യുന്നത് തോന്നിയവാസമാണ് ; ദൈവാരാധനയല്ല. ഏക മഹാശക്തിയെ അല്ലാതുള്ളവരെ ആരാധിക്കുന്ന ഇന്നത്തെ സമ്പ്രദായങ്ങള് തെറ്റാണെന്ന് സുവ്യക്തമാക്കിക്കഴിഞ്ഞു. ഗ്രന്ഥത്തിലെ 3-ഉം 4-ഉം ഭാഗങ്ങളിലുള്ള മഹാശാസ്ത്ര പാഠങ്ങള് സശ്രദ്ധം പഠിക്കുവാന് മഹാശക്തി മഹാഅനുഗ്രഹിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് അടുത്ത അദ്ധ്യായത്തിലേക്ക് കടക്കുന്നു.

അദ്ധ്യായം 12

ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും വിപ്ലവകാരികള് ചരിത്രത്തില് എന്നുമുണ്ടായിരുന്നു, ഉണ്ട്. മുഖ്യമായും അഹിംസയെ ആധാരമാക്കിക്കൊണ്ട് വിപ്ലവകാരികളുടെ പ്രവര്‍ത്തനങ്ങളെ ചരിത്രവും സമൂഹവും തരംതിരിക്കുമ്പോഴാണ്

സ്വാതന്ത്ര്യസമര സേനാനികള്, സമാധാന സേന, തീവ്രവാദികള്, ഭീകരവാദികള് എന്നെല്ലാമുള്ള ഓരോരോ പേരുകളില് അറിയപ്പെടുന്നത്. അഹിംസയെ ഏതാണ്ട് മുഴുവനായും ഉപേക്ഷിച്ചുകൊണ്ട്, വിപ്ലവ പ്രവര്ത്തനള് നടത്തുമ്പോള് അത് തീവ്രവാദവും ഭീകരവാദവും ഭീകരപ്രവര്ത്തനവുമായി മാറുന്നു.
കാലാകാലങ്ങളില് സമൂഹത്തില്/രാഷ്ട്രങ്ങില് ഭരണമാറ്റങ്ങളും മത-ദൈവ വിശ്വാസമാറ്റങ്ങളും നടന്നുപോരുന്നത് ഇന്നലെകളിലെ വിപ്ലവങ്ങള് /ഭീകരവാദങ്ങള് കാരണമായിരുന്നു. നാളെകളില് മാറ്റങ്ങള് ഉണ്ടാകണമെങ്കില് പുതിയ വിപ്ലവങ്ങള് ഇന്നു നടക്കണം.
ഭീകരവാദങ്ങളും ഭികരപ്രവര്ത്തനങ്ങളും ഇന്നലെകളില് ഉണ്ടായതുകൊണ്ടാണ് കമ്മ്യൂണിസവും, പാര്ലമെന്ററി ജനാധിപത്യവുമൊക്കെ ഉരുത്തിരിഞ്ഞത്. പുതിയ ഇസങ്ങളുണ്ടാവുമ്പോള്, ഭരണാധികാരികള് അവയെ സന്തോഷത്തോടെ സ്വീകരിച്ച ചരിത്രം ഉണ്ടായിട്ടില്ല. നിലവിലുള്ള ഭരണാധികാരികള്ക്ക് തങ്ങളുടെ (ദുര്) ഭരണം തുടരണമെങ്കില് പുതിയ ഇസങ്ങളെ അമര്ച്ച ചെയ്യേണ്ടതുണ്ട്. അതേസമയം ഇന്നത്തെയും എന്നത്തേയും ഭീകരവാദങ്ങള് ദൈവീകമല്ല അഥവാ ധര്മ്മശാസ്ത്രപരമല്ല. അതെന്തുകൊണ്ടെന്നാല് ദൈവം അഥവാ കാലഘട്ടം ആവശ്യപ്പെടുന്ന വിപ്ലവം അഹിംസയില് അടിയുറച്ചതാണ്. തന്റെ കുഞ്ഞുങ്ങള് അന്യോന്യം കൊല്ലുന്നതും പീഡിപ്പിക്കുന്നതും മഹാപിതാവും മഹാമാതാവുമായ ദൈവത്തിന് ഇഷ്ടമല്ല, അതുകൊണ്ടുതന്നെ ദൈവം ഭീകരപ്രവര്ത്തനങ്ങള് ഇഷ്ടപ്പെടുന്നില്ല.
അതേ സമയം, ഭീകരവാദങ്ങള് ഉണ്ടാകുവാന് അടിസ്ഥാന കാരണം മഹാപ്രപഞ്ചത്തില് ദൈവം സൃഷ്ടിച്ചിട്ടുള്ള ന്യൂനവസ്തുക്കള് അഥവാ ന്യൂനശക്തികള്, മനുഷ്യരുടെ അധമത്തങ്ങള്ക്കെതിരെ മനുഷ്യരിലൂടെ തന്നെ പ്രതികരിക്കുന്നതുകൊണ്ടാണ്. മാനുഷിക രീതിയിലും, ശേഷം മാത്രം ന്യൂനശക്തികളുടെ പ്രവര്ത്തനത്തെ ഉള്പ്പെടുത്തിയും ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നു :-
രാഷ്ട്രീയ ഇസങ്ങളോടും, ദേശീയതകളോയും, മതനേതൃത്വങ്ങളോടുമുള്ള അസംതൃപ്തി സമൂഹത്തിലെ ഏതാനും വിഭാഗം ജനങ്ങളില് വര്ദ്ധിക്കുകയും, ഹിംസാപരമായ മാര്ഗ്ഗങ്ങളിലൂടെ തങ്ങള്ക്കു ശരിയെന്നു തോന്നുന്ന ലക്ഷ്യങ്ങള് നേടാന് അവര് ശ്രമിക്കുകയും ചെയ്യുന്നു. ഭീകരവാദികള്, ഭീകരപ്രവര്ത്തകര്, തീവ്രവാദികള് എന്നിങ്ങനെയുള്ള പേരുകളില് അവര് അറിയപ്പെടുന്നു. അന്യമതസ്ഥരെ തങ്ങളുടെ എതിരാളികളായി ഒരു കൂട്ടം ഭീകരവാദികള് കണക്കാക്കുമ്പോള്, മറ്റൊരു കൂട്ടര് അന്യരാഷ്ട്രക്കാരെയാണ്

ശത്രുക്കളായി കാണുന്നത്, ഇനിയുമൊരു കൂട്ടര് സമൂഹത്തില് ഭരണാധിപത്യം ഉറപ്പിച്ചിരിക്കുന്ന കൊടുംഭീകരരായ രാഷ്ട്രീയക്കാരെയും, മതനേതൃത്വങ്ങളെയും പല അളവുകളില് ശത്രുക്കളായി കണക്കാക്കുന്നു. പട്ടിക നീളുന്നു.
സമൂഹനന്മയ്ക്കു വേണ്ടി നിലകൊള്ളുന്നവര് എന്ന പൊയ്മുഖം മതനേതൃത്വങ്ങള്ക്കും ഭരണാധികാരികള്ക്കും നിലനിര്ത്തുവാന് ഇന്നും കഴിയുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. കുറേക്കാലംകൂടി മാത്രം നിലനില്ക്കുന്ന വസ്തുതയാണത്. സമൂഹത്തില് ഒരു ഭരണകൂടം ഇല്ലെങ്കില് സമൂഹകാര്യങ്ങള് തകരാറിലാവുമെന്ന് സാമാന്യജനങ്ങള് വിശ്വസിക്കുന്നത് അവരെ തുണയ്ക്കുന്നുണ്ട്. മാത്രമല്ല, തങ്ങളെ തടവിലാക്കിയിരിക്കുന്ന വ്യവസ്ഥിതികളെ തിരുത്തുവാന് തങ്ങള്ക്കാവില്ല എന്നും, അവ ഭാഗികമായി ശരിയെന്നുംകൂടി സാമാന്യജനങ്ങള് വിശ്വസിക്കുന്നുണ്ട്. ജീവിതസുഖങ്ങള് കഴിയുന്നത്ര ആസ്വദിക്കുവാനായി പരിശ്രമിക്കുക കൂടിചെയ്യുമ്പോള്, വ്യവസ്ഥിതികളുടെ അടിമകളായി തുടരുന്നതിനപ്പുറം അവയെ തിരുത്തുന്നതിനെപ്പറ്റി ആലോചിക്കുവാന് ഭൂരിപക്ഷം വരുന്ന സാമാന്യജനങ്ങള്ക്ക് വയ്യെന്നായിരിക്കുന്നു. ഭൂരിപക്ഷം തയ്യാറാവുന്നില്ലെങ്കിലും തങ്ങള്ക്കു ശരിയെന്നു തോന്നുന്ന മാര്ഗ്ഗങ്ങളിലൂടെ തിരുത്തലുകള്ക്കായി പ്രവര്ത്തിക്കുന്നവര് എന്നുമുണ്ട്. സമൂഹത്തിലെ വ്യവസ്ഥിതികള് കൂടുതല് കൂടുതല് അധഃപതിക്കുമ്പോള്, ഉദാഹരണത്തിന് ഭരണാധികാരികള് തങ്ങള്ക്കു തോന്നുമ്പോലെ നികുതികള് നിശ്ചയിക്കുകയും ജനങ്ങളെ പീഡിപ്പിക്കുകയും ചെയ്യുമ്പോള്, ജനങ്ങളെല്ലാം അടിമകളെപ്പോലെ നിഷ്ക്രിയരായി സഹിച്ചുകൊണ്ട് മാത്രമിരുന്നാല് ജനജീവിതം നരകമാകും. സമൂഹത്തില് വലിയ പൊട്ടിത്തെറി ഉണ്ടാവും. റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവം ഉദാഹരണമാണ്. അതായത് വിപ്ലവകാരികള് ഒരാവശ്യം കൂടിയാണ്. വിപ്ലവം ലക്ഷ്യമിടുകയാല് ഭീകരവാദികള് വിപ്ലവകാരികളുമാണ്. മനുഷ്യചരിത്രം മുഴുവന് വിപ്ലവങ്ങളുടെയും യുദ്ധങ്ങളുടെയും നീണ്ടകഥയാണ്.
// അനേകം വ്യവസ്ഥിതികള് മാറിയിട്ടും, പാര്ലമെന്ററി ജനാധിപത്യം എന്ന വ്യവസ്ഥിതി വരെ എത്തിയിട്ടും, ഭൂമിയിലെ മനുഷ്യര്ക്ക് ശാന്തിയും സമാധാനവും വ്യക്തിസ്വാതന്ത്ര്യവും നീതിയും കിട്ടുന്നില്ല. മാനുഷികമായി തയ്യാറാക്കപ്പെട്ട ധര്മ്മശാസ്ത്രങ്ങളെ തിരുത്തണമെന്നും പുതിയവ സ്ഥാപിക്കണമെന്നും ബുദ്ധിജീവികളും ന്യായാധിപന്മാരുമൊക്കെ പുലമ്പാറുണ്ടെങ്കിലും എങ്ങനെയെന്ന് അവര്ക്കറിയില്ല. വിപ്ലവകാരികളും ഭീകരവാദികളും കാലാകാലങ്ങളായി

എത്രയെല്ലാം പ്രവര്ത്തിച്ചിട്ടും സമൂഹത്തിലെ തിന്മകള് അവസാനിക്കുന്നില്ല. ഇന്നലത്തെ വിപ്ലവകാരികള് ഇന്ന് ഭരണകൂടമായിട്ടും സമൂഹത്തിലെ തിന്മകള് അവസാനിക്കുന്നില്ല. യുദ്ധം, രക്തം. ഇന്നത്തെ അവസ്ഥ അതിഭീകരമാണ്. സമൂഹത്തിലെ തിന്മകളെ അവസാനിപ്പിക്കാന് ദൈവത്തിനുപോലും കഴിയില്ല എന്ന് ബുദ്ധിജീവികളായി അറിയപ്പെടുന്നവര്പോലും വിശ്വസിക്കുന്ന തരത്തില് കാര്യങ്ങള് എത്തിയിരിക്കുന്നു. //

ഭീകരവാദികള് ഉള്പ്പെടെയുള്ള വിപ്ലവകാരികളും, ഭരണാധികാരികളും (+മതനേതൃത്വങ്ങളും) സമൂഹത്തിലെ അഥവാ രാഷ്ട്രത്തിലെ ഒരേ ഭരണചക്രത്തിന്റെ രണ്ടുവശങ്ങള് മാത്രമാണെന്നു കണ്ടു. ഇന്നത്തെ സമൂഹത്തിലെ കൊടും ഭീകരര് മതനേതാക്കളും, ന്യായാധിപന്മാര് ഉള്പ്പെടെയുള്ള ഭരണാധികാരികളുമാണെന്നും മുന് അദ്ധ്യായങ്ങളില് വിശദീകരിക്കുകയുണ്ടായി. ദൈവനിന്ദയെപ്പറ്റിയും ദൈവീകമായ തൊഴില് വിഭജനങ്ങളെയും മറ്റും ശാസ്ത്രീയമായി വിസ്തരിക്കുന്ന ചുവടെയുള്ള അദ്ധ്യായങ്ങള് പഠിക്കുമ്പോള് മതനേതൃത്വങ്ങളും രാഷ്ട്രീയക്കാരും ഭരണാധികാരികളും ഒക്കെ ചെയ്തുപോരുന്ന കൊടുംഭീകരത്വം അവര്ക്ക് ബോധ്യപ്പെടുന്നതും അവരെത്തന്നെ ഞെട്ടിക്കുന്നതുമാണ്. മാത്രമല്ല ഇന്ന് ഭീകരവാദികളായി അറിയപ്പെടുന്നവര് ഭീകരവാദികളല്ല എന്നുപോലും കൊടുംഭീകരര് പ്രസ്താവിക്കുന്നതാണ്.

ഭരണാധികാരികളെ തിരുത്താനും, രാഷ്ട്രീയ-മത നേതൃത്വങ്ങളെ അട്ടിമറിക്കാനും ഭരണമാറ്റം ഉണ്ടാക്കുവാനും ഭീകരവാദികളെ ആവശ്യമുണ്ടെന്നു തോന്നിപ്പോകുമെങ്കിലും, മുമ്പ് വ്യക്തിമാക്കിയതുപോലെ, ഭീകരവാദം ധര്മ്മശാസ്ത്രപരമല്ല അഥവാ ദൈവീകമല്ല. ക്രൈസ്റ്റ്, ഗാന്ധി, വിനോബാ ഭാവെ തുടങ്ങിയവരുടെ സമാധാന വിപ്ലവങ്ങളെ മാറ്റിനിര്ത്തിയാല്; കമ്മ്യൂണിസം, മത പ്രചാരണങ്ങള്, മതഭരണങ്ങള് തുടങ്ങിയവ ശാസ്ത്രപരമായിരുന്നില്ല / ദൈവീകമായിരുന്നില്ല, മറിച്ച് ഭീകരവാദങ്ങളായിരുന്നു.

തങ്ങള്ക്കു ശരിയെന്നു തോന്നുന്ന ലക്ഷ്യങ്ങള് നേടാനായി സമൂഹത്തിലെ വ്യക്തികളിലൊരു വിഭാഗം ആയുധമെടുത്ത് ഭീകരവാദികളാവുമ്പോള്, അവരെ അമര്ച്ച ചെയ്യാനായി സമൂഹത്തിലെ വ്യക്തികളിലെ മറ്റൊരു വിഭാഗമായ ഭരണാധികാരികള് അവര്ക്കു ശരിയെന്നു തോന്നുന്ന രീതിയില് ആയുധമെടുക്കുന്നു. പഴയകാല ചരിത്രത്തിലും സംഭവിച്ചത് ഇതൊക്കെത്തന്നെയായിരുന്നു.

ഭരണാധികാരികളും ആയുധമെടുക്കുന്നതാണോ ധര്മ്മ ശാസ്ത്രപരം ?

ഈ ചോദ്യത്തിനുള്ള ശാസ്ത്രപരമായ ഉത്തരം പ്രശ്നപരിഹാരം നല്

കുന്നതാണ്.
വിപ്ലവങ്ങള് അഥവാ ഭീകരവാദങ്ങള് എക്കാലവും തുടര്ന്നുപോന്നത്, അവയെ പരിഹരിക്കുവാന് സ്വീകരിച്ച മാര്ഗ്ഗങ്ങള് ശരിയല്ലാഞ്ഞതുകൊണ്ടാണ്. മാര്ഗ്ഗങ്ങള് ശരിയാവണമെങ്കില് അവ ധര്മ്മശാസ്ത്രപരമായിരിക്കണം. സമൂഹത്തിലെ ഭരണകൂടത്തിനു സംഭവിക്കുന്ന പിഴവുകൊണ്ടാണ് ഭീകരവാദം ഉണ്ടാകുന്നതെന്നും, ദൈവത്തിന്റെ കുഞ്ഞുങ്ങളായ സമൂഹത്തിലെ വ്യക്തികള്/ജനങ്ങള് തമ്മിലടിക്കുകയും കൊല്ലുകയും ചെയ്തല്ല പരിഹാരം ഉണ്ടാക്കേണ്ടതെന്നും ആദ്യം തിരിച്ചറിയണം. ശേഷം, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരമുള്ള ജീവിതവും സമൂഹഭരണവും മാത്രമേ മനുഷ്യനു ചേരുകയുള്ളൂ എന്നും തിരിച്ചറിയണം. ഭരണകൂടത്തിലും മതനേതൃത്വങ്ങളിലും സംഭവിച്ച പിഴവുകള് മഹാശാസ്ത്രം പ്രകാരം തിരുത്തുകയും മഹാശാസ്ത്രപ്രകാരമുള്ള ഭരണകൂടം സൃഷ്ടിക്കുകയും ചെയ്യണമെന്ന് അര്ത്ഥം. ആയുധങ്ങളെ ഉപയോഗിക്കാതെയും മനുഷ്യരക്തം ഒഴുക്കാതെയും ഭീകരവാദങ്ങളെ പരിഹരിക്കാന് അപ്പോള് കഴിയുന്നതാണ്. സമൂഹത്തിലെ വ്യക്തികളെ ഭരിക്കുന്ന വ്യവസ്ഥിതികള് ശാസ്ത്രപരമാവുമ്പോള് ഭീകരവാദങ്ങള് ഉണ്ടാവില്ല എന്നാണ് വ്യക്തമാക്കിയത്. വ്യവസ്ഥിതികള് ശാസ്ത്രീയമാവുമ്പോള്, സ്രഷ്ടാവായ ദൈവം മനുഷ്യര്ക്ക് നല്കിയിട്ടുള്ള ധര്മ്മശാസ്ത്രപരവും സമ്പൂര്ണ്ണവുമായ വ്യക്തിസ്വാതന്ത്ര്യം വ്യക്തികള്ക്ക് ലഭിക്കുന്നതാണ്.

ന്യൂനശക്തികള് അഥവാ തിരുത്തല് ശക്തികള് അഥവാ വിരുദ്ധശക്തികള്

ജീവികളുടെ ആനന്ദകരമായ ജീവിതത്തെയും അതിനാവശ്യമായ ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെയും ഉറപ്പാക്കാനായിട്ട് മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തില് ന്യൂനശക്തികളെയും അഥവാ തിരുത്തല് ശക്തികളെയും അഥവാ വിരുദ്ധശക്തികളെയും കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നതിനെപ്പറ്റി ഇനി ഹ്രസ്വമായി വിസ്തരിക്കാം. ഈ വിഷയത്തില് പ്രത്യേകം അദ്ധ്യായം വേറെ ചേര്ത്തിട്ടുണ്ട്. :-
മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് 14.29% മുതല് 17.43 / 19.44% * വരെ ന്യൂനശക്തികളെ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ദൈവഭാവമായ സത്യ-ധര്മ്മ-നീതികളെ മഹാപ്രപഞ്ചത്തില് ഭൗതികമായി സൃഷ്ടിക്കുകയും സംരക്ഷിക്കുകയുമാണ് പ്രസ്തുത ന്യൂനശക്തികള് അടിസ്ഥാനപരമായി ചെയ്യുന്നത്. ഭൗതികവസ്തുക്കളില് കൈയ്പും മധുരവും ഉള്

പ്പെടെയുള്ള രസങ്ങളും അവയിലൂടെ വ്യത്യസ്തങ്ങളായ സുഖങ്ങളും ദുഃഖങ്ങളും സൃഷ്ടിക്കുകയും, വേര്തിരിച്ചും വേര്തിരിക്കാതെയും അവയെ സംരക്ഷിക്കുകയുമാണു ചെയ്യുന്നത്. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളെ അഥവാ ധര്മ്മശാസ്ത്രത്തെ പിന്പറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാല് അവയെ തിരുത്താനായി തിരുത്തല് ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും മേല്പ്പടി ന്യൂനശക്തികള് രൂപം പ്രാപിക്കുന്നതാണ്.
ന്യൂനശക്തികള് നിശ്ചിതമായ ചെറിയ അളവില് വര്ത്തിക്കുമ്പോള് സമൂഹജീവിതം മഹാആനന്ദകരമാണ്. എന്നാല് വ്യക്തികള് ധര്മ്മശാസ്ത്രപരമായല്ലാതെ ജീവിക്കുമ്പോള്, അഥവാ വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗിക്കുമ്പോള്, ന്യൂനശക്തികളുടെ അളവ് വര്ദ്ധിക്കുന്നതും, അക്കാരണത്താല് ഭീകര പ്രവര്ത്തനങ്ങള് ഉണ്ടാകുന്നതും വര്ദ്ധിക്കുന്നതുമാണ്. അതായത് ധര്മ്മശാസ്ത്രപരമായല്ലാതെ വ്യക്തികള് ജീവിക്കുമ്പോള് തിരുത്തല് ശക്തികളായും വിരുദ്ധശക്തികളായും ന്യൂനശക്തികള് രൂപം പ്രാപിക്കുന്നതാണ്. ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും സമൂഹത്തില് വ്യാപിക്കുമ്പോള് തിരുത്തല് ശക്തികള് എന്നതിന്റെ പരിധിവിട്ട് വിരുദ്ധശക്തികളായി ന്യൂനശക്തികള് രൂപം പ്രാപിച്ചിരിക്കുന്നു എന്നാണര്ത്ഥം. ആനന്ദകരമായവയെ പ്രശ്നകാരികളാക്കുന്നത് മനുഷ്യരാണെന്നും അര്ത്ഥം.
സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങളിലേക്ക് ന്യൂനശക്തികള് കേന്ദ്രീകരിക്കുമ്പോള്, അവിടെ ശക്തമായ വിപ്ലവ-വാദവും ഭീകരവാദവും ഉണ്ടാകുന്നതാണ്. ഒരു വിഭാഗം ജനങ്ങളിലേക്ക് ന്യൂനശക്തികള് കേന്ദ്രീകരിക്കുന്നതിനു പിന്നിലും മഹാനീതിശാസ്ത്രം പ്രവര്ത്തിക്കുന്നുണ്ട്. ഓരോ മനുഷ്യനും 100 ജന്മങ്ങളുണ്ട് എന്നതിനെ ശാസ്ത്രപരമായി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രത്തില് വിശദീകരിച്ചിട്ടുള്ളത് പഠിക്കുമ്പോള്, മനുഷ്യര് സമൂഹത്തില് കാട്ടിയ പിഴവുകളെ അവരിലൂടെ തന്നെ തിരുത്തുന്നത് കാണാനാവും. മുജ്ജന്മങ്ങളില് വന്പിഴവുകള് വരുത്തിയ മനുഷ്യരെ (പാപികളെ) ശിക്ഷിക്കുന്നതിന്റെ ഭാഗമായും, ശിക്ഷയിലൂടെ അവരുടെ മുജ്ജന്മപാപം കുറയ്ക്കുന്നതിന്റെ ഭാഗമായും ന്യൂനശക്തികളില് ഒരു ഭാഗം പാപികളിലേക്ക് കേന്ദ്രീകരിക്കുന്നതാണ്. ന്യൂനശക്തികള് ശിക്ഷിക്കുന്ന പാപികള് ഭീകരവാദികളായും, കൊടുംപാപികള് ഭരണാധികാരികളായും മതപുരോഹിതരായും മറ്റും ജന്മങ്ങള് നേടുന്നു. ഭീകരരെ ശാസ്ത്രപരമായി അമര്ച്ച ചെയ്യുവാന് കൊടുംഭീകരരായ മതനേതൃത്വങ്ങള്ക്കും ഭരണനേതൃത്വങ്ങള്ക്കും കഴിയുന്നുവോ എന്നത്

ഇരുകൂട്ടര്ക്കുമുള്ള ദൈവീക അവസരങ്ങളായി പരിണമിക്കുന്നു. പുണ്യവും പാപവും വര്ദ്ധിപ്പിക്കുവാനും കുറയ്ക്കുവാനും മഹാനീതിപതിയായ ദൈവം വ്യക്തിസ്വാതന്ത്ര്യം നല്കുന്നു. കൊടുംപാപികളെക്കൊണ്ട്, പാപികളെ തിരുത്തുന്ന ദൈവീക-നീതിസമ്പ്രദായത്തെപ്പറ്റി സംശയം ഉള്ളവരുണ്ടാകും. കൊടുംപാപികളെക്കൊണ്ട് പാപികളെ തിരുത്തുന്ന നീതിസമ്പ്രദായം മഹാനീതിശാസ്ത്രത്തിലെ ഒരംശം മാത്രമാണ്. പാപികളിലൂടെ മാത്രമല്ല; ശാസ്ത്രപരമായ തൊഴില് വിഭജനത്തിലെ ശുചിത്വം എന്ന വിഭാഗത്തിലൂടെ സാത്വികമായ പ്രവര്ത്തനം നടക്കുന്നുണ്ട്. ക്രൈസ്റ്റ്, ചാണക്യന്, ഗാന്ധി, തുടങ്ങിയ അത്യുന്നതരെ പാപികളുടെ ഇടയിലേക്കയച്ച് ധര്മ്മസംസ്ഥാപനത്തിനായുള്ള അത്യുന്നതപാഠങ്ങള് താത്വികമായും പ്രായോഗികമായും ദൈവം നടപ്പിലാക്കുന്നു. ശുചിത്വവിഭാഗത്തിലൂള്ള സാമൂഹ്യപ്രവര്ത്തകരിലൂടെയും നിരീശ്വരവാദികളിലൂടെയുമുള്ള പ്രവര്ത്തനത്തെപ്പറ്റി അടുത്ത അദ്ധ്യായത്തില് ഹ്രസ്വമായി വിവരിച്ചിട്ടുണ്ട്. പുനര്ജ്ജന്മങ്ങള് വഴിയുള്ള സമനീതിയെപ്പറ്റിയും ജന്മഗുണങ്ങളെയുംപറ്റി മഹാനീതിശാസ്ത്രത്തില് പഠിക്കുമ്പോള് ദൈവീകനീതികാര്യങ്ങള് കുറ്റങ്ങളും കുറവുകളുമില്ലാത്തവയാണെന്ന് ബോദ്ധ്യപ്പെടുന്നതാണ്. മറ്റൊന്ന് ഇന്നത്തെ എല്ലാ ഭരണാധികാരികളും മതപുരോഹിതരും കൊടുംപാപികളാണെന്ന് അര്ത്ഥമെടുക്കരുത്, ഏതാനും നല്ലവര് തീര്ച്ചയായും അവരിലുണ്ട്. അത് സുവ്യക്തമാകുവാന് ദൈവീകനീതിയിലെ ഒരു ഉദാഹരണം പറയാം :-

മനുഷ്യന് 100 ജന്മങ്ങള് ഉള്ളതില് ഒരു ജന്മത്തില് വികലാംഗത ഉണ്ടായിരിക്കുന്നതാണ്. ദൈവം നല്കിയിരിക്കുന്ന ശരീരത്തിലെ ഓരോ അവയവങ്ങളുടെയും ഔന്നത്യം വ്യക്തികളെ ബോദ്ധ്യപ്പെടുത്തുവാന് അതാവശ്യമാണ്. കൂടാതെ ഭൗതികശാസ്ത്രത്തെയും ധര്മ്മശാസ്ത്രത്തെയും മഹാനീതിശാസ്ത്രത്തെയും കൂട്ടിയിണക്കുമ്പോഴും, വികലാംഗത ആവശ്യമാകുന്നതാണ്. വ്യക്തിയുടെ ജനനത്തോടെയൊ, പിന്നീടോ വികലാംഗത നല്കുന്നതാണ്. സൃഷ്ടിപരമായ പ്രസ്തുത വിധിയോടൊപ്പം, സ്ഥിതിപരമായ വിധി പ്രകാരം, മറ്റുള്ളവരുടെ ശരീര അവയവങ്ങളെ തജ്ജന്മത്തിലോ മുജ്ജന്മങ്ങളിലോ പീഡിപ്പിച്ചിട്ടുണ്ടെങ്കില് അതിനുള്ള ശിക്ഷയുടെ ഭാഗമായും ഒന്നോ അതിലധികമോ ജന്മങ്ങള് വികലാംഗരായി ജീവിക്കേണ്ടതായി വരുന്നതാണ്. സമൂഹത്തിലെ വികലാംഗര് സൃഷ്ടിപരമായ വിധി പ്രകാരം എല്ലാവര്ക്കും ബാധകമായ വികലാംഗ ജന്മത്തിലാണോ, അതോ സ്ഥിതിപരമായ വിധി പ്രകാരം അധികമായി

ശിക്ഷിക്കപ്പെട്ടവരാണോ എന്ന് ദൈവം മാത്രമാണ് അറിയുന്നത്. വികലാംഗര് പോലും അതു തിരിച്ചറിയുന്നത് ദൈവം ജീവിതത്തിലോ മരണത്തിലോ അറിവു നല്കിയാല് മാത്രമാണ്. എന്നാല് ചുറ്റുമുള്ള വികലാംഗരല്ലാത്ത മനുഷ്യര് തങ്ങള്ക്കും വികലാംഗ ജന്മം ഉള്ളതു മനസ്സിലാക്കിക്കൊണ്ട് ധര്മ്മശാസ്ത്രപരമായി ജീവിക്കാനും വികലാംഗരെ ഒരു കൈ സഹായിക്കാനും വികലാംഗ-സംബന്ധമായ നീതിപാഠം പ്രേരണ നല്കുന്നു. പാപികളായുള്ള വികലാംഗരെ സമൂഹമധ്യത്തില് ചൂണ്ടിക്കാട്ടാതെ അവര്ക്കും ഏവര്ക്കും മഹാസ്നേഹം ചൊരിയുന്ന (എല്ലാ ജീവികളുടെയും) മഹാമാതാവും മഹാപിതാവും മഹാനീതിപതിയുമായ ദൈവത്തിന്റെ മഹത്വമാണ് സുവ്യക്തമാകുന്നത്.

ഒന്നിലധികം ജന്മങ്ങളിലായുള്ള വികലാംഗ ശിക്ഷ, ഭീകരപ്രവര്ത്തകര്ക്കും കൊടും ഭീകരരായ രാഷ്ട്രീയ-മതഭരണാധികാരികള്ക്കും ഗുണ്ടകള്ക്കും മറ്റും ഉണ്ടാകുമെന്നല്ല മനസ്സിലാക്കേണ്ടത്, മറിച്ച് തനിക്ക് ദൈവം നല്കിയ ശരീരത്തെ സ്വയവും, മറ്റുള്ളവരുടെ ശരീര അവയവങ്ങളെ മനപ്പൂര്വ്വവും, വേദനിപ്പിക്കുകയോ തകരാറിലാക്കുകയോ ചെയ്യുന്നവരെയാണ് ശിക്ഷിക്കുക. ഭീകരവാദികളും മറ്റ് അധര്മ്മികളും മാത്രമല്ല, ഭരണാധികാരികളുടെ നയങ്ങളെ നടപ്പിലാക്കുന്നു എന്ന പേരില് മറ്റുള്ളവരുടെ ശരീര അവയവങ്ങളെ മനഃപ്പൂര്വ്വം വേദനിപ്പിക്കുകയോ തകരാറിലാക്കുകയോ ചെയ്യുന്ന പോലീസ് സേനയും പട്ടാളവുമൊക്കെയാണ് കൂടുതല് ശിക്ഷിക്കപ്പെടുക. മാതാ-പിതാ-ഗുരു-എന്നിവരിലൂടെ ദൈവത്തെയും ദൈവശാസ്ത്രത്തെയും അറിയുക, അനുസരിക്കുക എന്നല്ലാതെ സമൂഹത്തിലെ ഭരണാധികാരികളെ അനുസരിക്കുവാന് യാതൊരു മനുഷ്യര്ക്കും ബാദ്ധ്യതയില്ല. മേലുദ്യോഗസ്ഥന് പറയുന്നത് ധര്മ്മശാസ്ത്രങ്ങള്ക്കു വിരുദ്ധമെങ്കില്, അയാളെ അനുസരിക്കാതിരിക്കുകയും, ശാസ്ത്രം അഥവാ ദൈവം നല്കിയ ശക്തിയ്ക്കൊത്ത് അയാളെ എതിര്ക്കുകയും ചെയ്യുകയെന്നതാണ് ശാസ്ത്രപരം അഥവാ ദൈവീകം. ഇന്നത്തെ പോലീസ് സേനയും പട്ടാളവും ഉദ്യോഗസ്ഥ സമൂഹവുമൊക്കെ മേലുദ്യോഗസ്ഥരെയും മന്ത്രിമാരെയും അനുസരിക്കേണ്ടത് രാഷ്ട്രത്തിലെ പൈശാചികമായ ഭരണഘടനകളെ നോക്കിയാവരുത്, മറിച്ച് ധര്മ്മശാസ്ത്രപരമായി കാര്യങ്ങളെ വിശകലനം ചെയ്താവണം എന്ന് മുമ്പു വ്യക്തമാക്കിയിരുന്നു. ദൈവീകമായ ഗാന്ധിയന് നിസ്സഹകരണത്തിന്റെ ദൈവീകത്വം കൂടിയാണ് വെളിപ്പെടുന്നത്. ദൈവീകമായ ഗാന്ധിയന് നിസ്സഹകരണത്തെ പ്രാവര്ത്തികമാക്കാന് കഴിയാത്തവര്

ഗാന്ധിജിയെയും ദൈവത്തെയും അനാദരിക്കുന്നവരാണ് എന്നും അര്ത്ഥം.
കുഞ്ഞുങ്ങളേ, മഹാപ്രപഞ്ചത്തില് ദൈവം സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നവരുമായ എല്ലാ ജീവികള്ക്കുമായി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളതും, ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് പ്രത്യേകം അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളതുമായ മഹാനീതിശാസ്ത്രം എന്നറിയപ്പെടുന്ന ഓംകാരനീതിശാസ്ത്രം പഠിക്കുമ്പോള് ദൈവസ്നേഹത്തിന്റെ ആഴംകണ്ട് മനുഷ്യര് വിതുമ്പിക്കരയുന്നതാണ്. താന് സൃഷ്ടിക്കുന്ന എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി ലഭ്യമാക്കുന്നതിനുള്ള ശാസ്ത്രപദ്ധതിയാണ് ദൈവം മഹാനീതിശാസ്ത്രത്തിലൂടെ (ആദ്യം) ആവിഷ്ക്കരിച്ചിട്ടുള്ളത്. സമനീതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സമമായ ആനന്ദം മഹാനീതിശാസ്ത്രപ്രകാരം ലഭ്യമാക്കിയിരിക്കുന്നു. തന്റെ കുഞ്ഞുങ്ങളെല്ലാം പരമാനന്ദത്തോടെ ജീവിക്കുന്നതിലേക്കായി അനന്തങ്ങളോളമുള്ള ആനന്ദങ്ങള് ഒരുക്കിയിരിക്കുന്നു. സ്രഷ്ടാവായ ദൈവം കുഞ്ഞുങ്ങളെ അടിമകളാക്കിയിരിക്കുന്നു എന്ന്, യാതൊരു കുഞ്ഞുങ്ങള്ക്കും യാതൊരു പരാതിയും യാതൊരു കാലത്തും ഉണ്ടാവാതിരിപ്പാനായി എല്ലാ കുഞ്ഞുങ്ങള്ക്കും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കിയിരിക്കുന്നു.
ഏതാനും കുഞ്ഞുങ്ങള് വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ട്, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുമ്പോഴും തട്ടിയെടുക്കുമ്പോഴും അതിന് സമ്പൂര്ണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. സമനീതി എല്ലാ കുഞ്ഞുങ്ങള്ക്കും നല്കേണ്ടതുണ്ട്. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങള്ക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുമുണ്ട്. നിരപരാധികളെയും പാവങ്ങളെയും ശിക്ഷിക്കുന്ന ഇന്നത്തെ അശാസ്ത്രീയമായ ഭരണാധികാരികളെയും - പോലീസിനെയും - ന്യായാധിപരെയും - ഭീകരവാദികളെയും - ഗുണ്ടകളെയുമൊക്കെ തിരുത്തുവാനും, അവരെയും മര്യാദക്കാരായ പ്രിയപ്പെട്ട കുഞ്ഞുങ്ങളാക്കുവാനും കൂടിയുള്ളതാണ് മഹാനീതിശാസ്ത്രം എന്നര്ത്ഥം. സമനീതി നല്കുന്നതിന്റെ ഭാഗമായി ചിലര്ക്ക് കടുത്തശിക്ഷ നല്കുന്നത് മഹാസ്നേഹം കൊണ്ടാണ്. മഹാശക്തിയുടെ മഹാസ്നേഹത്തെ മക്കള് ശരിക്കും മനസ്സിലാക്കുവാനായാണ് ഒരു മഹാകാലചക്രമായ 1000 കോടി വര്ഷങ്ങള് മുഴുവന് മഹാശക്തി മനുഷ്യരൂപം സ്വീകരിക്കാതെ മറ്റു ജീവിരൂപങ്ങള് സ്വീകരിച്ച് മനുഷ്യരെയെല്ലാം സേവിച്ചതും, മാലാഖമാരെന്നും

മലക്കുകളെന്നും ദേവതകളെന്നും മറ്റും അറിയപ്പെടുന്നവരെ ഭരണം ഏല്പിച്ചതും, അവരെയും സേവിച്ചതും. ഈ ഗ്രന്ഥത്തെ ഉള്ക്കൊള്ളാന് കഴിയുന്നവര്ക്ക് മഹാപ്രപഞ്ചം എത്ര സുന്ദരമാണെന്നും എത്ര സുന്ദരമായി എല്ലാ ജീവികള്ക്കും ഭൂമിയില് ജീവിക്കാന് കഴിയുമെന്നും കൂടി മനസ്സിലാകുന്നതാണ്. മാത്രമല്ല, വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ ഭൂമിയില് സ്വര്ഗ്ഗരാജ്യം സ്ഥാപിക്കപ്പെടുന്നതാണ്.
സുമാര് 10 വയസ്സുവരെ തന്നെ പരിപാലിച്ച അമ്മയെ (വളര്ത്തമ്മയെ), ശാരീരികമായി മര്ദ്ദിക്കുന്ന മുതിര്ന്ന മക്കള്ക്ക് കടുത്ത ശിക്ഷയുണ്ട് എന്നത് എടുത്തു പറയേണ്ടതുണ്ട്.
മറ്റുള്ള ജീവികളെയും വേദനിപ്പിച്ചുകൂടാ എന്നും മനസ്സിലാകുമല്ലോ. മത്സ്യം, സസ്യം എന്നിവ ഒഴികെയുള്ള ജീവികളെ അത്യാവശ്യമല്ലെങ്കില് കൊന്നുകൂടാ. ഭക്ഷണകാര്യവുമായി ബന്ധമുള്ള വിഷയമാകയാല് അതീവ ഗൗരവമുള്ളതാണ്. ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ഭക്ഷണകാര്യങ്ങളെ സംബന്ധിച്ച പ്രത്യേക അദ്ധ്യായം കൊടുത്തിട്ടുണ്ട്.

---

* 14.29% മുതല് 17.43% ന്യൂനവസ്തുക്കള് എന്നതായിരുന്നു ആദ്യകാല സൃഷ്ടി. മഹാപ്രപഞ്ച സൃഷ്ടിയ്ക്ക് 100 എന്ന മഹാ-അളവ് നല്കുകയും, 7 എന്ന ആഴ്ച-ക്കാലത്തെ 100-മായി കൂട്ടിയിണക്കിക്കൊണ്ട് 100-നെ 7-കൊണ്ട് ഭാഗിച്ചാണ് 14.29 മഹാനിശ്ചയിച്ചിട്ടുള്ളത്. 14.29%-ത്തോട് പൈ -യുടെ മൂല്ല്യമായ 3.14 ചേര്ക്കുമ്പോഴാണ് 17.43 കിട്ടുന്നത്. എന്നാല് ആദ്യമഹാകാലചക്രത്തിന്റെ (1000 കോടി വര്ഷം) അവസാനത്തെ ഏതാനും സൃഷ്ടിചക്രങ്ങളില് ന്യൂനവസ്തുക്കള് ഗണ്യമായി വര്ദ്ധിച്ചാണ് 19.44% വരെ ഉയര്ന്നത്. അതിന് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളിലെ ഏതാനും പേര് മുഖ്യകാരണമായിട്ടുണ്ട്. നാരായണന്, ദുര്ഗ്ഗ, ഗജപാതി എന്നിങ്ങനെയെല്ലാം ശാസ്ത്രനാമങ്ങള് ഉള്ള അവരെപ്പറ്റി ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും, ഗ്രന്ഥത്തിന്റെ 7-ാം ഭാഗത്തിലും വിവരിച്ചിട്ടുണ്ട്. 19.44-ന്റെ കണക്ക് തല്ക്കാലം മറന്നുപോയി. മഹാശക്തിയായ ദൈവത്തിന്റെ മഹാ-അനുഗ്രഹത്തോടെ വൈകാതെ ചേര്ക്കുന്നതാണ്.
ന്യൂനശക്തികളെ പൈശാചിക തലങ്ങളിലേക്ക് വ്യാപരിപ്പിക്കുവാന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ ദുരുപയോഗത്തിലൂടെ കുറേ സാധിച്ചു എന്നതുകൊണ്ടാണ് ഇന്ന് ഭീകരവാദം ഉള്പ്പെടെയുള്ള അനേകം ദുര് വൃത്തികള് ഉള്ളത്. എന്നാല് മഹാനീതിശാസ്ത്രം അഥവാ

ഓംകാരനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള് ഏതൊരാളും മഹാപ്രപഞ്ചത്തില് കാട്ടിക്കൂട്ടുന്ന അക്രമങ്ങളെയും അനീതികളെയും മറ്റ് ദുരാചാരങ്ങളെയും യാതൊരു കുറ്റങ്ങളും കുറവുകളുമില്ലാത്തതായ ഓംകാരനീതിശാസ്ത്രത്തിലൂടെ പരിഹരിക്കപ്പെടുന്നതായി മനസ്സിലാക്കാനാവും. അതുപോലെ മഹാശക്തിയും മഹാനീതിപതിയുമായ ദൈവം ഇന്നുള്ള എല്ലാ പേര്ക്കും സമ-ആനന്ദങ്ങളെയും, അനന്തങ്ങളായ ആനന്ദങ്ങളെയും നല്കി മഹാഅനുഗ്രഹിക്കുന്നതെങ്ങനെയെന്നും ഓംകാരനീതിശാസ്ത്രത്തില് വിശദീകരിച്ചിട്ടുണ്ട്. ഇന്നുള്ള കടുത്ത പ്രശ്നങ്ങളെല്ലാം ഉടന് പരിഹരിക്കപ്പെടുന്നതാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതാണ്. ഓം, ഓംകാരം, മഹാനീതിശാസ്ത്രം / ഓംകാരനീതിശാസ്ത്രം എന്നീ അദ്ധ്യായങ്ങള് പഠിക്കാന് കഴിയുന്നവര്ക്ക് മഹാകാര്യങ്ങള് സുവ്യക്തമാകുന്നതാണ്.

അദ്ധ്യായം 13
ഭീകരവാദത്തെ യഥാര്ത്ഥ സാമൂഹ്യപ്രവര്ത്തകര് എതിര്ക്കുന്നു.

സാമൂഹ്യപ്രവര്ത്തകരും നിരീശ്വരവാദികളും ശാസ്ത്രപരമായ തൊഴില് വിഭജനത്തിലെ ശുചിത്വം എന്ന വിഭാഗത്തില് പെടുന്നുവെന്ന് ഈ ഗ്രന്ഥത്തിലെ തൊഴിലുകള് : ശുചിത്വം എന്ന അദ്ധ്യായം പഠിക്കുമ്പോള് മനസ്സിലാകുന്നതാണ്. രാഷ്ട്രീയ ചിന്തകളെയും മതചിന്തകളെയും ഉപേക്ഷിക്കാന് കഴിയുന്നവരും കഴിയാത്തവരുമുണ്ട്; എങ്കിലും, അവയെ വളരെയധികം മാറ്റിനിര്ത്തിക്കൊണ്ട്, മാനുഷിക കാര്യങ്ങള്ക്കുവേണ്ടി ശക്തിക്കൊത്ത് പ്രവര്ത്തിക്കുകയാണ് പൊതുവെ സാമൂഹ്യപ്രവര്ത്തകര് ചെയ്യുന്നത്. മാനുഷിക കാര്യങ്ങള്ക്കുവേണ്ടി എന്നു പറയുമ്പോള്, മനുഷ്യര്ക്കു നന്മചെയ്യുന്നതും, മനുഷ്യജീവിതത്തെ ആനന്ദകരമാക്കുന്നതും, ശാന്തിയും സമാധാനവും സമൂഹത്തില് ഉറപ്പിക്കുന്നതുമെന്നാണ് മനസ്സിലാക്കേണ്ടത്. മഹാശാസ്ത്രത്തെപ്പറ്റി നിശ്ചയമില്ലാത്ത അവര്; ഭീകരവാദികളെയും, ഭീകരവാദികളെ സൃഷ്ടിച്ച കൊടുംഭീകരവാദികളെയും മാനുഷിക ഉത്തരവാദിത്തങ്ങള് ബോദ്ധ്യപ്പെടുത്താന് പരിശ്രമിക്കുകയും, കൂടാതെ തങ്ങള്ക്കു ശരിയെന്നു തോന്നുമ്പോലെയും ആവുമ്പോലെയും വിഷയങ്ങളില്

ഇടപെട്ടു പ്രവര്ത്തിക്കുകയുമാണു ചെയ്യുന്നത്.
സമൂഹത്തിലെ ഭരണകൂടമോ വ്യവസ്ഥിതികളോ അധികാരം നല്കിയാലും ഇല്ലെങ്കിലും യഥാര്ത്ഥ സാമൂഹ്യപ്രവര്ത്തകര് ശുചിത്വപരമായ കാര്യങ്ങള് ചെയ്തുകൊണ്ടിരിക്കും. അധിക ജന്മങ്ങളിലൂടെ അവര് നേടിയ പുണ്യങ്ങള് അവരെ സത്പ്രവൃത്തികളുമായി കൂടുതല് അടുപ്പിക്കുന്നതുകൊണ്ടാണത്. ഭരണാധികാരികളുടെ സമ്മതമോ അധികാരമോ ഇല്ലാതെ ശുചിത്വകാര്യങ്ങള് ചെയ്യുമ്പോള്, തങ്ങള്പോലും അറിയാതെ കൊടുംഭീകരപ്രവര്ത്തകരായ ഭരണാധികാരികളെയും മതപുരോഹിതരെയും എതിര്ക്കുകയാണ് അവര് ചെയ്യുന്നത്. അതായത് വ്യക്തിയില്നിന്നും ഭരണവ്യവസ്ഥിതി ആവശ്യപ്പെടാത്ത സമൂഹ-ശുചിത്വകാര്യങ്ങള് വ്യക്തി ചെയ്യുവാന് ഒരുമ്പെടുമ്പോഴും ചെയ്യുമ്പോഴും, വ്യക്തി ചെയ്യുന്നത് നല്ലകാര്യമെങ്കില് അതിന്നര്ത്ഥം ഭരണാധികാരി ചെയ്യേണ്ടുന്ന കാര്യം ഭരണാധികാരി ചെയ്തില്ലെന്നും അതു ചെയ്യാന് കഴിവില്ലാത്ത ഭരണാധികാരിയുടെയും ഭരണ സംവിധാനത്തിന്റെയും മുകളില് വ്യക്തി ഉയര്ന്നുവെന്നുമാണ്. സാധുജന സംരക്ഷണകേന്ദ്രങ്ങള്, വൃദ്ധഭവനുകള്, അഭയകേന്ദ്രങ്ങള്, അനാഥാലയങ്ങള്, ഭിക്ഷാടക സംരക്ഷണകേന്ദ്രങ്ങള്, തുടങ്ങിയ പേരുകളില് വ്യക്തികള് സാമൂഹ്യപ്രവര്ത്തനം നടത്തുമ്പോള്, സമൂഹത്തിലെ ഭരണകൂടം ചെയ്യേണ്ടുന്ന ജോലി വ്യക്തി/ഏതാനും വ്യക്തികള് ചെയ്യുകയാണ്. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങള് നിറവേറ്റാനുള്ള സംവിധാനമാണ് ഭരണകൂടം എന്നിരിക്കെ, ഭരണാധികാരികള് (യഥോചിതം) നിറവേറ്റാഞ്ഞ പൊതു ആവശ്യത്തെ സാമൂഹ്യ പ്രവര്ത്തകന് തന്റെ ശക്തിക്കൊത്തും തോന്നിയപോലെയും നിറവേറ്റുമ്പോള്, സാമൂഹ്യപ്രവര്ത്തകന് ഏറ്റെടുത്ത കാര്യത്തില് ഭരണാധികാരിയായിരിക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ അറിഞ്ഞോ അറിയാതെയോ ഭരണാധികാരി സമ്മതിക്കുക കൂടിയാണത്. അത് മനസ്സിലാക്കാനും ശാസ്ത്രപരമായി ഭരണകൂടത്തെ തിരുത്താനും ഭരണാധികാരികള്ക്ക് കഴിയാത്തത് അവര് കൊടുംപാപികളും അജ്ഞാനികളുമായി തുടരുന്നതുകൊണ്ടാണ്.
രാഷ്ട്രമീമാംസ എന്നറിയപ്പെടുന്ന ജന-ഭരണശാസ്ത്രം അറിയാത്ത ഭരണാധികാരികള് ഭരണം എന്നപേരില് കൊടുംഭീകരപ്രവര്ത്തനങ്ങള് നടത്തുമ്പോള്, ക്രൈസ്റ്റിനെയും ചാണക്യനെയും ഗാന്ധിയെയും പോലെയുള്ള സാമൂഹ്യപ്രവര്ത്തകര്, ഭരണാധികാരികള്ക്കു മുകളില് പ്രവര്ത്തിക്കുന്നതാണ്. യഥാര്ത്ഥ നീതിപതികളായ അവര് ഭരണകൂടത്തിനു മുകളിലാവുന്നത് നീതിന്യായശാസ്ത്രം

ഭരണശാസ്ത്രത്തിനു മുകളിലായതുകൊണ്ടാണ്. ശാസ്ത്രപരമല്ലാത്ത ഇന്നത്തെ കോടതികള് ഭരണകൂടത്തിനു മുകളിലാണെന്ന് തെറ്റിദ്ധരിക്കരുത്. ഇന്ന് ഗാന്ധിയുണ്ടായിരുന്നെങ്കില് കോടതികള് ഉള്പ്പെടെയുള്ള എല്ലാ ഭരണ കാര്യാലയങ്ങളെയും ജീവനക്കാരെയും കൊടുംഭീകരവാദികള് എന്ന് പേരിടുമായിരുന്നു എന്നത് ഒരുപക്ഷേ അവര്ക്ക് അറിയില്ലെങ്കിലും ഭരണാധികാരികളെയെല്ലാം അദ്ദേഹം എതിര്ക്കുമായിരുന്നുവെന്ന് അവര്ക്ക് നന്നായറിയാം. ഇന്നത്തെ രാഷ്ട്രീയക്കാരും മതനേതാക്കളും ഒക്കെ, സാമൂഹ്യപ്രവര്ത്തകരാവാന് ആഗ്രഹിക്കുന്നുവെങ്കില് ആദ്യം ചെയ്യേണ്ടത് അശുദ്ധിയുടെയും ദുര്ഗ്ഗന്ധത്തിന്റെയും കേന്ദ്രങ്ങളായിരിക്കുന്ന സര്ക്കാര് ആശുപത്രികള് ഉള്പ്പെടെയുള്ള പൊതുസ്ഥാപനങ്ങളിലെ കക്കൂസുകള് സ്വന്തം കൈകള് ഉപയോഗിച്ച് സന്തോഷത്തോടെ വൃത്തിയാക്കുകയും ശുചിത്വകാര്യങ്ങള് സ്വയംചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെ ശാസ്ത്രപ്രകാരം പൊതുജനങ്ങളെ പഠിപ്പിക്കുകയുമാണ്. രണ്ടാമതു ചെയ്യേണ്ടത് ധര്മ്മശാസ്ത്രപ്രകാരം മാത്രം ഭക്ഷണം കഴിക്കുവാന് പ്രേരിപ്പിക്കുകയാണ്. മദ്യപാനം പോലെയുള്ളവ സദാചാരശാസ്ത്രത്തെ കളങ്കപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന ദൈവനിന്ദയാണെന്ന് വിവരിക്കുന്ന അദ്ധ്യായം പ്രത്യേകം പഠിച്ച്, പരിചയിക്കണം.

സാമൂഹ്യപ്രവര്ത്തനത്തിന് ഉപകരിക്കേണ്ടുന്നതായ സംഗീതം, ശാസ്ത്രഗവേഷണം, അദ്ധ്യാപനം തുടങ്ങിയവ തൊഴില്പരമായി ശുചിത്വവിഭാഗത്തില് പെടുന്നു എന്നു പറയുമ്പോള്, ഇന്നത്തെ സംഗീതജ്ഞരും, ശാസ്ത്രജ്ഞരും, അദ്ധ്യാപകരും ശുചിത്വവിഭാഗത്തില് പെടുന്നില്ല. എന്തുകൊണ്ടാണതെന്ന് തൊഴിലുകള് : ശുചിത്വം എന്ന അദ്ധ്യായത്തിലും ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ്) എന്ന അദ്ധ്യായത്തിലും വിശദീകരിച്ചിട്ടുണ്ട്.

സാമൂഹ്യപ്രവര്ത്തകരുടെ ഔന്നത്യം വ്യക്തമാക്കിയല്ലോ. എന്നാല് സമൂഹത്തിന്റെ പൊതുവായ കാര്യങ്ങള്ക്കു വേണ്ടി ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കുന്നവര് മാത്രം ഭരണാധികാരികളാവുമ്പോഴും, സമൂഹത്തിലെ പൊതുവായ ആവശ്യങ്ങള് മംഗളകരമായി നടക്കുമ്പോഴും, സാമൂഹ്യപ്രവര്ത്തകര് എന്ന പേരില് വേറിട്ടു പ്രവര്ത്തിക്കുന്ന ജനവിഭാഗങ്ങള് സമൂഹത്തില് ഉണ്ടാവില്ല എന്നും ഉണ്ടാവേണ്ടതില്ലാ എന്നും തിരിച്ചറിയണം. ഭരണാധികാരികളുടെ പോരായ്മകള് കൊണ്ടാണ് സാമൂഹ്യപ്രവര്ത്തകര് എന്ന പേരില് വേറിട്ടു പ്രവര്ത്തിക്കുന്ന ജനവിഭാഗങ്ങള് ഉണ്ടാവുന്നത് എന്നര്ത്ഥം. ഭൂമിയിലുള്ള എല്ലാ ഭരണകൂടങ്ങളും

തിരിച്ചറിയേണ്ടതായ ഗൗരവമായ വസ്തുതയാണത്.
സാമൂഹ്യപ്രവർത്തകർ അല്ലാത്തവർ സാമൂഹ്യപ്രവർത്തകരായി വേഷംകെട്ടുമ്പോള് സമൂഹത്തില് ഭീകരവാദം ഉണ്ടാകുന്നതാണ്. അതായത്, സമൂഹകാര്യങ്ങളില് ധർമ്മശാസ്ത്രപരം അല്ലാതെ പ്രവർത്തിക്കുന്നവർ സാമൂഹ്യ പ്രവർത്തകരല്ല, മറിച്ച് സാമൂഹ്യദ്രോഹികളാണെന്നു തിരിച്ചറിയണം. മതം, ജാതി, ഉപജാതി, വർഗ്ഗം, തൊഴില്, ഭാഷ, പ്രദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തില്, ജനങ്ങളെ വേർതിരിക്കുകയും പ്രത്യേക വിഭാഗങ്ങള്ക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ സാമൂഹ്യദ്രോഹികളാണ്. സമൂഹത്തിലെ ജനങ്ങളെ ഒരു ദൈവത്തിന്റെ മക്കളായി കാണാന് കഴിയാതെ അവരെ ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് പ്രത്യേകം വിഭാഗങ്ങളായി വേർതിരിച്ച് ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ പ്രവർത്തിക്കുമ്പോള് ഒരു വിഭാഗം ജനങ്ങളെ സന്തോഷിപ്പിക്കാനായി ചെയ്യുന്നവ മറ്റു വിഭാഗങ്ങളെ ദോഷപ്പെടുത്തുന്നതാണ്. സമൂഹത്തില് അവശത അനുഭവിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സഹായിക്കേണ്ടതും ഉദ്ധരിക്കേണ്ടതും സമൂഹഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്, വ്യക്തിയുടേതല്ല. ഉദാഹരണമായി സാമ്പത്തിക അവശതകള് അനുഭവിക്കുന്ന എല്ലാ ജനങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നത് ധനശേഷിയുള്ള ഭരണകൂടത്തിന്റെ കർത്തവ്യമാണ്. പകരം അശാസ്ത്രീയമായ അഥവാ ദൈവീകമല്ലാത്ത മത-ജാതി വ്യവസ്ഥിതികളെ ഉന്മൂലനം ചെയ്യേണ്ടവരായ ഭരണാധികാരികളോ വ്യക്തികളോ മത-ജാതി വിഭാഗങ്ങളെ വേർതിരിച്ച് സഹായിക്കാനായി തയ്യാറാവുമ്പോള് അത് ധർമ്മശാസ്ത്രപരമല്ല അഥവാ ദൈവീകമല്ല. ഭീകരവാദത്തിനുള്ള വിത്ത് പാകലാണ്. ധർമ്മശാസ്ത്രപരം അല്ലാതെ ജനങ്ങളെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി വിഭജിക്കുകയും പ്രത്യേക വിഭാഗങ്ങള്ക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ, ജനങ്ങളെ അനവധി സംഘടനകളായി തിരിക്കുമ്പോള്, അനവധി ചെറിയ ഭരണകൂടങ്ങളായിട്ടാണ് യഥാർത്ഥത്തില് മാറ്റിയെടുക്കുന്നത്. ജനങ്ങളുടെ മൊത്ത ഭരണത്തിനായുള്ള ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറിയ ചെറിയ ഭരണകൂടങ്ങള് രാഷ്ട്രീയ - മത - ജാതി - തൊഴിലാളി വർഗ്ഗ സംഘടനകളെന്ന പേരിലും സഭകളെന്ന പേരിലും ഒക്കെ നിലകൊള്ളുമ്പോള് സമൂഹഭരണം പിഴയ്ക്കുകയാണു ചെയ്യുന്നത്. എല്ലാ രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ളത് മറ്റൊന്നല്ല. ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറുതും വലുതുമായ ഭരണകൂടങ്ങളായി സമൂഹത്തില് സംഘടനകള് നിലനിന്നുകൂടാ. മാത്രമല്ല, പ്രത്യേകം പ്രത്യേകം സംഘടനകളായി ജനവിഭാഗങ്ങളെ വിഭജിക്കുമ്പോള് ഭീകരവാദികളെ

സൃഷ്ടിക്കുക കൂടിയാണത്.
തൊഴിലാളിവര്ഗ്ഗ സംഘടനകളും മതസംഘടനകളും
മതവിദ്യാലയങ്ങളും ഒക്കെ ഒക്കെ അശാസ്ത്രീയമാണെന്നും
പാടില്ലായെന്നും തന്നെയാണ് ധര്മ്മശാസ്ത്രപരമായി വ്യക്തമാക്കിയത്.
അവയെല്ലാം പിരിച്ചുവിടുന്നതോടെയും ശൂന്യമാകുന്നതോടെയും
ബന്ദുകളും ഹര്ത്താലുകളും കൂടി അവസാനിക്കുന്നതാണ്. ബന്ദുകളും
ഹര്ത്താലുകളും പോലെ സമൂഹത്തിലെ ജനങ്ങളുടെ
വ്യക്തിസ്വാതന്ത്ര്യം കവര്ന്നെടുക്കുന്ന ഹീനരീതികളെ
അവസാനിപ്പിക്കുവാന് മറ്റു വഴികളില്ല. ദൈവീകമായ, കുറ്റങ്ങളും
കുറവുകളുമില്ലാത്ത സാമ്പത്തികശാസ്ത്രം ഗ്രന്ഥത്തിലെ 4-ാം
ഭാഗത്തില് വിസ്തരിച്ചിട്ടുള്ളതു പഠിക്കുമ്പോള്, വര്ഗ്ഗവ്യത്യാസങ്ങള്
ക്കുവേണ്ടിയുള്ള പോരാട്ടങ്ങളും വാദങ്ങളും അസംബന്ധങ്ങള്
മാത്രമാണെന്ന് വ്യക്തമാകുന്നതാണ്. ഭരണകൂടത്തിനെ ധര്
മ്മശാസ്ത്രപരമായി മെച്ചപ്പെടുത്തുവാന് ശ്രമിക്കേണ്ടതിനു പകരം,
കൂടുതല് കൂടുതല് മോശപ്പെടുത്തുകയാണ് ഇന്നത്തെ എല്ലാ
സംഘടനകളും ചെയ്യുന്നത്. ദൈവീകമായ അഥവാ ശാസ്ത്രീയമായ
തൊഴില് വിഭജനത്തെ വിവരിക്കുന്ന അദ്ധ്യായങ്ങള് പഠിക്കാനായാല്
തന്നെ സംഘടനകള്ക്ക് സ്വയം ശൂന്യമാകാന് കഴിയുന്നതാണ്.
സാമുദായിക നേതാക്കന്മാരായി സാമുദായികപ്രവര്ത്തനം
നടത്തിയവരും നടത്തുന്നവരും യഥാര്ത്ഥത്തില് സാമൂഹ്യപ്രവര്
ത്തകരല്ല എന്നും സാമൂഹ്യദ്രോഹികളാണ് എന്നുകൂടിയാണ്
വ്യക്തമാക്കിയത്. ഭരണാധികാരികളുമായി താരതമ്യംചെയ്യുമ്പോള്
അവര് മെച്ചമെന്നു തോന്നുന്നത് ശരിയാണെങ്കിലും അത് ഒരു താല്
ക്കാലിക പ്രതിഭാസം മാത്രമാണ്. മഹാനീതിശാസ്ത്രം പ്രകാരം ദൈവം
മഹാനീതി നടത്തുന്നുണ്ട് എന്നതു മനസ്സിലാക്കാതെ മനുഷ്യരെ
ഭിന്നിപ്പിക്കുന്ന ദൈവനിന്ദാപരമായ പ്രവര്ത്തനങ്ങള് നടത്തുന്നവര്
ക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷയുണ്ട് എന്നറിയണം.
ഉദാഹരണമായി, ഇന്നലെ ഹിന്ദുമതത്തിലെ നായര്-ജാതിയുടെ
ഉന്നമനത്തിനുവേണ്ടി പ്രവര്ത്തിച്ച നേതാവ്/ആചാര്യന് ഇന്ന്
ആഫ്രിക്കയിലെ ലിബിയയില് ഭീകരവാദം നടത്താന് വിമ്മിഷ്ടപ്പെടുന്ന
ഒരു മുസ്ലീമിന്റെ രണ്ടാം ഭാര്യയെപ്പോലെയുള്ള വെപ്പാട്ടിയായി
കഴിയുന്നതിനെപ്പറ്റി അല്പം ചിന്തിക്കുക. യാതൊരു സാമൂഹ്യപ്രവര്
ത്തനവും ഇല്ലാതെ ജീവിക്കുന്ന ആ സ്ത്രീയുടെ മുജ്ജന്മ ആചാര്യ-
പ്രതിമയ്ക്ക് കേരളത്തിലെ ഇന്നത്തെ നേതാക്കന്മാര് പൂമാലകള് ചാര്
ത്തുന്നതുകൊണ്ടോ ഗൃഹങ്ങളില് ഫോട്ടോവച്ച് മാല ചാര്
ത്തുന്നതുകൊണ്ടോ, ചാര്ത്തുന്നവര്ക്ക് പാപം കിട്ടുമെന്നല്ലാതെ, പഴയ

ആചാര്യനായ ഇന്നത്തെ മുസ്ലീം വനിതയ്ക്ക് യാതൊരു പുണ്യവും കിട്ടുന്നില്ല. ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിസ്തരിച്ചിട്ടുള്ള മഹാനീതിശാസ്ത്രപാഠങ്ങള് നന്നായി പഠിക്കുക.
ഭരണകൂടത്തെ ധര്മ്മശാസ്ത്രപരമാക്കുവാന് പ്രവര്ത്തിക്കേണ്ടത് യഥാര്ത്ഥമായ സാമൂഹ്യപ്രവര്ത്തകരും അദ്ധ്യാപകരുമാണ്. ഓരോ വ്യക്തിയുടെയും ഏക-ബാഹ്യഭരണാധികാരി, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം അഥവാ ദൈവം ആണെന്ന് ഭാവി തലമുറകളെ വിദ്യാര്ത്ഥികളിലൂടെ ബോദ്ധ്യപ്പെടുത്തുവാന് കഴിയുന്ന, മഹാശാസ്ത്രകാര്യങ്ങള് അറിയാവുന്ന അദ്ധ്യാപകര് ഉണ്ടാവണം.
രാജാവിനെയും മന്ത്രിമാരെയുമല്ല ഭരണ-ഉദ്യോഗസ്ഥരും പട്ടാളവും പോലീസും ജനങ്ങളും അനുസരിക്കേണ്ടത്, ധര്മ്മശാസ്ത്രപരമായ ഭരണനടപടികളെ മാത്രമാണ്. പ്രസ്തുത ധര്മ്മശാസ്ത്ര പാഠം എല്ലാ വിഭാഗം ജനങ്ങളെയും പഠിപ്പിക്കുവാനും, അത് പാലിക്കപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കുവാനും അദ്ധ്യാപകര്ക്കു കഴിയണം. അദ്ധ്യാപകര് ഭരണകൂടത്തിന്റെ ഉള്പ്പെടെ സമൂഹത്തിന്റെ മുഴുവന് അദ്ധ്യാപകരായി തുടരേണ്ടതുണ്ട്. അവരാണ് ഭരണാധികാരികളെ ഉപദേശിക്കേണ്ടത്. സമൂഹത്തിലെ ഏതെങ്കിലും ജനവിഭാഗങ്ങള്ക്ക് ധര്മ്മശാസ്ത്രപരമായ നീതി ഭരണകൂടത്തില് നിന്നും ലഭിച്ചില്ലെങ്കില്, ഭരണകൂടത്തെ ബോദ്ധ്യപ്പെടുത്തേണ്ടതും അദ്ധ്യാപകരാവണം.
ഭരണകൂടം ധര്മ്മശാസ്ത്രങ്ങളെ അവഗണിച്ചാല് അവര്ക്കെതിരെ നീതി നടപ്പാക്കുവാനുള്ള ചുമതല അദ്ധ്യാപകരുടേതാണ്. ധര്മ്മശാസ്ത്രപരമല്ലാത്ത ഭരണനടപടികള്ക്കെതിരെ വിദ്യാര്ത്ഥികളെയും, അവരിലൂടെ മുഴുവന് ജനങ്ങളെയും ഭരണകൂടത്തിനെതിരെ തിരിക്കേണ്ടതും, ശുദ്ധമായ ഭരണകൂടത്തെ സ്ഥാപിക്കേണ്ടതും രാജഗുരു കൂടിയായ അദ്ധ്യാപകരുടെ കടമയാണ്. ഇത് സാദ്ധ്യമാണെന്ന് ദൈവം ഇന്ത്യയില്തന്നെ ചാണക്യനിലൂടെയും ശിഷ്യഗണങ്ങളിലൂടെയും തെളിയിച്ചിട്ടുണ്ട്. അദ്ധ്യാപകരെയും ജനങ്ങളെയും ഈ അവസ്ഥയില് എത്തിക്കുന്നത് ഭരണാധികാരിയായ രാജാവിന്റെയും മന്ത്രിമാരുടെയും ദുര്ഭരണത്തിനു കൂട്ടുനില്ക്കുന്ന പോലീസും പട്ടാളവും ഉള്പ്പെടെയുള്ള ഉദ്യോഗസ്ഥ വൃന്ദമാണ്. ഓരോ ഉദ്യോഗസ്ഥനും, ഓരോ പ്രജയും തങ്ങളുടെ യഥാര്ത്ഥ മേലധികാരിയായി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായ ദൈവത്തെ അറിയണം. ദൈവത്തിന്റെ മഹാശാസ്ത്രത്തെ അനുസരിക്കുമ്പോള് അവര് യഥാര്ത്ഥ മേലധികാരിയായ ദൈവത്തെയും അനുസരിക്കുന്നവരായി മാറുന്നു. യാതൊരാളും മനുഷ്യ-രാജാവിന്റെ ഉള്പ്പെടെ യാതൊരാളുടെയും അടിമയല്ല, അടിമയായും കൂടാ.

ധര്മ്മശാസ്ത്രങ്ങള് പ്രകാരം പ്രവര്ത്തിച്ച അദ്ധ്യാപകര് കൂടിയായിരുന്നു ഗാന്ധി, ചാണക്യന് തുടങ്ങിയവര്. ധര്മ്മശാസ്ത്രപരമല്ലാത്ത ഭരണകൂടത്തിനെതിരെ അവര് ജനങ്ങളെ മൊത്തത്തില് അണിനിരത്തുകയായിരുന്നു, മത-ജാതി-വര്ഗ്ഗ സംഘടനകളായി വിഭജിച്ച് അണിനിരത്തുകയായിരുന്നില്ല എന്നതറിയണം. കോണ്ഗ്രസ്സ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം പ്രായേണ സ്വരാജ് ആയിത്തീര്ന്നപ്പോള്, പ്രസ്തുത ലക്ഷ്യം സാധിച്ചതോടെ കോണ്ഗ്രസ് പ്രസ്ഥാനത്തെ പിരിച്ചുവിടാന് ഗാന്ധിജിക്ക് ഉപദേശിക്കാനായതും, കോണ്ഗ്രസ്സിന്റെ പരമോന്നത നേതാവായിട്ടും അംഗത്വം പോലും എടുക്കാഞ്ഞതും ദൈവാനുഗ്രഹം കൊണ്ടാണ്. ദൈവം അത്രമേല് അദ്ദേഹത്തെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. (ഈ ഗ്രന്ഥത്തില് ചിലപ്പോഴൊക്കെ ഗാന്ധിയെ പരാമര്ശിക്കുന്നതിന്റെ ഒരു കാരണം ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് ചേര്ത്തിട്ടുണ്ട്.)

സമൂഹത്തിലെ ഇതര വ്യക്തികളോ വിദ്യാലയങ്ങളോ രാഷ്ട്രഭരണാധികാരികളോ സാമൂഹ്യപ്രവര്ത്തകര്ക്കു നല്കുന്ന സര്ട്ടിഫിക്കറ്റുകളെ യഥാര്ത്ഥ സാമൂഹ്യപ്രവര്ത്തകര് സ്വീകരിക്കില്ല. ദൈവത്തില് നിന്നു നേരിട്ടോ, ദൈവത്തിന്റെ ഏക പ്രതിനിധികൂടിയായ പരമശിവനിലൂടെയോ അല്ലാതെ ലഭിക്കുന്ന സര്ട്ടിഫിക്കറ്റുകള്ക്ക് യാതൊരു വിലയുമില്ല. സാമൂഹ്യപ്രവര്ത്തനത്തിന് പ്രതിഫലം നല്കുന്നത് ദൈവമാണ്. ഒരു വ്യക്തി സാമൂഹ്യപ്രവര്ത്തനം നടത്തിയിട്ടുണ്ടോ, എത്രത്തോളമുണ്ട് തുടങ്ങിയ കാര്യങ്ങളും, ആ വ്യക്തിയുടെ മുജ്ജന്മങ്ങളും പിജ്ജന്മങ്ങളും സംബന്ധിച്ച പദ്ധതികളും അറിയുന്നതും നിശ്ചയിക്കുന്നതുമൊക്കെ ദൈവം ആണെന്നിരിക്കെ, ആവക കാര്യങ്ങളില് മനുഷ്യര് ഇടപെടരുത്. മനുഷ്യര്ക്ക് ഇടപെടാന് കഴിയില്ല എന്ന് സുവ്യക്തിമായി അറിഞ്ഞിട്ടും തങ്ങള് നിശ്ചയിച്ച് നടപ്പാക്കുന്നതുപോലെ ഭാവിക്കുന്നത് കടുത്ത പാപമാണ്. ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. കൂടാതെ, ആദ്യമഹാകാലചക്രത്തിലെ ഭരണത്തിനായി നിയോഗിച്ചവരില് രണ്ടുപേര് ദൈവമാകാന് ശ്രമിച്ചതിനെപ്പറ്റിയും അനേകര് അവര്ക്കു കൂട്ടുനിന്നതിനെപ്പറ്റിയും വിവരിച്ചിരുന്നു. അവരുടെ ദുര്ന്നടപടികളും ഭൂമിയിലെ മനുഷ്യജീവിതത്തില് അപാകതകള് ഉണ്ടാവാന് കാരണമായിട്ടുണ്ട്.

ദൈവം, മഹാശാസ്ത്രപരമായി ജന്മഗുണങ്ങളിലൂടെ മഹാനീതി നടത്തുന്ന കാര്യങ്ങളിലും അജ്ഞാനം നിമിത്തം സാമൂഹ്യപ്രവര്ത്തകരും രാഷ്ട്രീയപ്രവര്ത്തകരും ഇടപെടുന്നുണ്ട്. എന്നാല് മഹാനീതിശാസ്ത്രം അപ്പോഴും എപ്പോഴും പിഴയ്ക്കാതെ

മുന്നോട്ടുപോകുന്നുമുണ്ട്. ആവക കാര്യങ്ങള് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.

സാമൂഹ്യപ്രവര്ത്തകര് സ്ഥാപിച്ചതോ ആരംഭമിട്ടതോ ആയ സാമൂഹ്യ സംഘടകനളുടെയും രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും നിലനില്പ്പിനെപ്പറ്റിയും, സാമ്പത്തിക അച്ചടക്കത്തെപ്പറ്റിയും, ദൈവീകമായ സാമ്പത്തികശാസ്ത്രത്തെ ബന്ധപ്പെടുത്തി 3 കാര്യങ്ങള് പ്രസ്താവിക്കേണ്ടതുണ്ട്.

(1) സൃഷ്ടിപരം : ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ ഒരു സംഘടനയെ അഥവാ സഭയെ ഉണ്ടാക്കുന്നത് വ്യക്തിയുടെ അഥവാ ഏതാനും വ്യക്തികളുടെ സ്വകാര്യമാണ് എന്നു തോന്നുമെങ്കിലും അത് സ്വകാര്യമല്ല ; വ്യക്തിയുടെ ഉദ്ദേശവും പ്രവര്ത്തനവും ധര്മ്മശാസ്ത്രപരമെങ്കില് അതിന്നര്ത്ഥം, വ്യക്തി ആരംഭിച്ച സാമൂഹ്യപ്രസ്ഥാനത്തിന്റെ കാര്യത്തില് സമൂഹത്തിലെ ഭരണകൂടം ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കുന്നില്ല എന്നാണ്. ഭരണകൂടത്തിന്റെ കാര്യക്ഷമതയില്ലായ്മകൊണ്ടും മറ്റും വ്യക്തി അഥവാ വ്യക്തികള് ധര്മ്മശാസ്ത്രപരമായ സംഘടനകള് സൃഷ്ടിക്കുമ്പോള്, ഭരണകൂടം തെറ്റു മനസ്സിലാക്കുകയും വ്യക്തി ആരംഭിച്ചതിനെ, വ്യക്തി ജീവിച്ചിരിക്കെയോ, മരണശേഷമോ, പൊതുകാര്യമായി മനസ്സിലാക്കി ഏറ്റെടുക്കുകയും പിഴവുകളുള്ള സംഘടനകളെ ധര്മ്മശാസ്ത്രപരമായി തിരുത്തുകയും വേണം. ഇന്നത്തെ സാമൂഹ്യ - രാഷ്ട്രീയ - വര്ഗ്ഗ - മത സംഘടനകളും മാത്രമല്ല, സാമൂഹ്യസേവനം ചെയ്യുന്ന ആശുപത്രികളും, വിദ്യാലയങ്ങളും, സാധുജന സംരക്ഷണകേന്ദ്രങ്ങളും, വൃദ്ധഭവനുകളുമൊക്കെ അതില് പെടുന്നതാണ്. ഭരണകൂടം ഏറ്റെടുത്തില്ലെങ്കില് മുമ്പ് വ്യക്തമാക്കിയതുപോലെ അത്തരം സംഘടനകള് ചെറിയ ഭരണകൂടങ്ങളായി സമൂഹത്തില് പ്രവര്ത്തിക്കുന്നതാണ്. മതസംഘടനകള് യാതൊരിക്കലും ശാസ്ത്രീയമായിരുന്നില്ല അഥവാ ദൈവീകമായിരുന്നില്ല എന്നത് പ്രത്യേകം അറിയണം. മഹാപ്രപഞ്ചത്തിന് ഒരു ദൈവമേയുള്ളൂ എന്നതുപോലെ ഒരു രാജ്യത്ത് ഒരു ഭരണകൂടമേ പാടുള്ളൂ. മഹാഭരണാധികാരിയായ ദൈവം പ്രത്യക്ഷമായി ഭരിക്കാതെ, മനുഷ്യരുടെ ഒരു ചില കാര്യങ്ങളിലെ ഭരണനിര്വ്വഹണം മനുഷ്യരിലൂടെ നടത്തുന്നതും, മനുഷ്യരെ ഭാഗികമായി ഭരണാധികാരി ആക്കുന്നതും, മനുഷ്യര്ക്കു വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നതും, മനുഷ്യരെ ദൈവത്തിന്റേയും യാതൊരാളുടെയും അടിമകളല്ലാതാക്കുന്നതും ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.

വ്യക്തികളുടെ സംഘടന, വ്യക്തികളെ പരമമായി രക്ഷിക്കില്ല

എന്നറിയണം. വ്യക്തിയെ സൃഷ്ടിച്ചതും, ജന്മഗുണങ്ങള് നല്കിയിട്ടുള്ളതും പരിപാലിക്കുന്നതും മഹാനീതി നല്കുന്നതുമൊക്കെ ദൈവമാണ്. മനുഷ്യസംഘടനകള്ക്കോ നേതാക്കന്മാര്ക്കോ വ്യക്തിയെ പരമമായി രക്ഷിക്കാനാവില്ല, മാത്രമല്ല നേതാക്കളെന്നു കരുതുന്നവര് മഹാനീതിപതിയായ ദൈവത്തിന്റെ ദയാവായ്പിനുവേണ്ടി കൂടുതല് കരയേണ്ടിവരും. ഓരോ വ്യക്തിയും അടിസ്ഥാനപരമായി ഒരു വര്ഗ്ഗമാണ് എന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു. ഓരോ വ്യക്തിയായിട്ടാണ് ദൈവം സൃഷ്ടിക്കുന്നത്, ഓരോ വ്യക്തിയെയുമാണ് അഥവാ ഓരോ കുഞ്ഞിനെയുമാണ് ദൈവം പരിപാലിക്കുന്നതും നീതി നല്കുന്നതും. ഓരോരോ വ്യക്തികളും ചേര്ന്നതാണ് സമൂഹമെങ്കിലും, നീതി അഥവാ സുഖവും ദുഃഖവും അഥവാ പുണ്യവും പാപവും നല്കുന്നത് ഓരോരോ വ്യക്തിയുടെയും പ്രവര്ത്തനങ്ങള്ക്കാണ്, ഓരോരോ വ്യക്തിക്കുമാണ്. രാജാവ്, മന്ത്രി, നേതാവ്, പുരോഹിതന് തുടങ്ങിയ പദവികള് ധര്മ്മശാസ്ത്രപരമായി നിര്വ്വഹിച്ചില്ലെങ്കില് പ്രസ്തുത പദവികള് വഹിച്ചവര് കടുത്ത ശിക്ഷ വാങ്ങേണ്ടിവരും എന്നു കൂടിയാണ് അര്ത്ഥം. സമൂഹത്തിലെ വ്യക്തികളുടെയെല്ലാം പൊതുകാര്യങ്ങള് നിര്വ്വഹിക്കാനുള്ള സംവിധാനമാണ് ഭരണകൂടം. അതിനെ ധര്മ്മശാസ്ത്രപരമായി ബലപ്പെടുത്തേണ്ടവരായ വ്യക്തികള് മത-ജാതി-രാഷ്ട്രീയ-വര്ഗ്ഗ സംഘടനകളിലൂടെയും മറ്റും അനവധി ഭരണകൂടങ്ങള് സമൂഹത്തില് ഉണ്ടാക്കുകയും സമൂഹത്തിലെ വ്യക്തികളെ അനേകം വിഭാഗങ്ങളായി വിഭജിക്കുകയും ചെയ്താല് ഭരണകൂടത്തിന് ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കാന് കഴിയില്ല. അനേകം സംഘടനകള് ഉണ്ടാക്കുമ്പോള്, അതാത് സംഘടനകളില് പെട്ടവര്ക്കു മാത്രമായി ചെറിയ ചെറിയ ദേശങ്ങളും സംഘടനയുടെ ഭരണവ്യവസ്ഥിതി അനുസരിച്ച് മാത്രമുള്ള ജീവിതവും സാദ്ധ്യമാകുമോ എന്നു നോക്കുക. ഉദാഹരണമായി കൃഷിക്കാര് മാത്രമുള്ള ദേശമോ, നെയ്ത്തുകാര് മാത്രമുള്ള ദേശമോ, വാഹനമെക്കാനിക്കുകള് മാത്രമുള്ള ദേശമോ സാദ്ധ്യമാകുമോ എന്നു നോക്കുക. കൃഷിക്കാരുടെ ദേശത്തില് ഉടുക്കാന് തുണിയും, യാത്രചെയ്യാന് വാഹനവും ചികിത്സയ്ക്ക് ഡോക്ടറും ഒക്കെ വേണം എന്നതുപോലെ ഓരോരോ തൊഴിലാളിവര്ഗ്ഗത്തിനായോ പുരോഹിതന്മാര്ക്കു മാത്രമായോ ദേശങ്ങള് രൂപീകരിക്കാന് ഒരിക്കലും സാദ്ധ്യമല്ല എന്നു കാണാം. അങ്ങനെയിരിക്കെ എല്ലാ തൊഴിലുകളും ചെയ്യുന്നവര് ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കി ശാസ്ത്രപരമായി ജീവിക്കണം, അത്യാനന്ദകരമായി ജീവിക്കാനാവും. ഒരു രാജ്യത്തില് ഒരു ഭരണകൂടമേ പാടുള്ളൂ എന്നതുള്ക്കൊണ്ടു ജീവിക്കണം. ശാസ്ത്രപരമായി ഭരിക്കാത്തവരുമായി നിസ്സഹകരിക്കാനും

ഭരണാധികാരിയെ മാറ്റാനും സാധിക്കുന്നതാണ്. ധര്മ്മശാസ്ത്രപ്രകാരം ഓരോ പ്രദേശത്തെയും ജനസഭയാണ് ഭരിക്കുന്നത്, രാഷ്ട്രത്തിലെ കേന്ദ്രഭരണകൂടത്തിനോ സംസ്ഥാന ഭരണകൂടങ്ങള്ക്കോ ജനങ്ങളുടെ മേല് യാതൊരു നികുതികളും ചുമത്താന് കഴിയുന്നതല്ല, ഇന്നത്തെ പേപ്പര്ജോലികളുടെ 90%-ലധികവും ആവശ്യമില്ലാത്തതാണ് എന്നതുപോലെ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആവശ്യമില്ലാത്തതാണ് തുടങ്ങിയ കാര്യങ്ങള് ശാസ്ത്രപരമായ തൊഴില് വിഭജനത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളില് പഠിക്കുമ്പോള് സുവ്യക്തമാകുന്നതാണ്.

(2) സ്ഥിതിപരം : ഇന്നലെകളിലെ സംഘടനകളെ ഇന്നലെകളിലെ ലക്ഷ്യങ്ങള്ക്കായി ഇന്നലെകളിലെ ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ സൃഷ്ടിച്ചതാണെന്നും, സ്ഥാപകരുടെയോ സംഘനടകളുടെയോ പേരില് ഊറ്റംകൊള്ളാന് ഇന്നത്തെ പ്രവര്ത്തകര്ക്ക് അവകാശമോ അധികാരമോ ശാസ്ത്രപരമായി ഇല്ലാ എന്നുമറിയണം. ഇന്നലെകളില് ജീവിച്ചവരും മറ്റു സംഘടനയില് പ്രവര്ത്തിച്ചവരും ഇന്ന് മഹാനീതിശാസ്ത്രപ്രകാരം വേറെ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളിലാണ് പുനര്ജ്ജനിച്ച് പ്രവര്ത്തിക്കുന്നതെങ്കില് മുന്കാല സംഘടനകൊണ്ട് വ്യക്തിപരമായി നേട്ടമില്ല. കോട്ടമുണ്ടായെന്നും വരാം. സംഘടനാ പ്രവര്ത്തനങ്ങള് വ്യക്തിക്ക് അടിസ്ഥാനപരമായി ഗുണംചെയ്യുന്നതല്ല. സംഘടനയെ സൃഷ്ടിക്കുന്ന വ്യക്തി, തന്റെ സ്വകാര്യ ആനന്ദമായി സംഘടനയെ കാണുകയും, മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആഹ്വാനം ചെയ്യുകയും വേണം. അനേക വ്യക്തികള് ചേര്ന്ന് സൃഷ്ടിച്ചവയെങ്കില്, സ്ഥാപക നേതാക്കളുടെയെല്ലാം മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആവശ്യപ്പെടേണ്ടതുണ്ട്. ജീവിച്ചിരിക്കെ, അതിനായുള്ള പദ്ധതികളും ഒരുക്കേണ്ടതുണ്ട്. ഉദാഹരണമായി ഇന്നത്തെ പോപ്പോ, ഹൈന്ദവ സന്ന്യാസിയോ, മുസ്ലീം രാഷ്ട്രീയ നേതാവോ, മുജ്ജന്മത്തില് പാക്കിസ്ഥാനില് ജീവിച്ച മതഭ്രാന്തനായ മുസ്ലീം അല്ലായിരുന്നെന്ന് പുനര്ജ്ജന്മങ്ങളില് വിശ്വസിക്കുന്ന ഹിന്ദുസന്ന്യാസിക്ക് തെളിയിക്കാന് കഴിയുമോ ? മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, അങ്ങനെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് സുവ്യക്തമാവുന്നതാണ്. ഇന്നലെ ഇന്ത്യക്കാരനെ ചുട്ടുകൊന്ന വെള്ളക്കാരന്, അംഗവൈകല്യമുള്ള കറുത്തവര്ഗ്ഗക്കാരനായി ആഫ്രിക്കയില് ജീവിക്കുന്നത് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമാണ്. ഇന്നലെകളില് ബ്രാഹ്മണനായിരിക്കെ ശൂദ്രരോട് കടുത്ത ദ്രോഹം ചെയ്തയാള് മരിച്ച് ഇന്ന് ശൂദ്രനായി പുനര്ജ്ജനിച്ച് 20 വയസ്സുള്ളപ്പോള്

തന്നെ നൂറ്റാണ്ടുകളായിട്ട് ശൂദ്രര് പീഡിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് വാദിക്കുമ്പോള് മനുഷ്യമനസ്സുകളിലെ അധര്മ്മങ്ങളും അവിവേകങ്ങളുമാണ് വെളിപ്പെടുന്നത്. മത-ജാതി സഭകള് ഉള്പ്പെടെയുള്ള എല്ലാ സംഘടനകളും എന്നേ കാലഹരണപ്പെടേണ്ടവയായിരുന്നു എന്നും സാരം.
ഇന്നലെ നല്ല മനുഷ്യനായി ജീവിക്കുവാന് ഗാന്ധിക്ക് (ദൈവാനുഗ്രഹത്താല്) കഴിഞ്ഞുവെങ്കില് അത് ഗാന്ധിയുടെ കാര്യമാണ്, അതില് ഊറ്റം കൊള്ളാന് അഥവാ സന്തോഷിക്കാന് അദ്ദേഹത്തോടൊത്ത് അന്നു ജീവിച്ചവരെ മാത്രമാണ് ദൈവം അനുഗ്രഹിച്ചത്. അവരവര് ചെയ്യുന്ന കാര്യങ്ങള്ക്കനുസരിച്ചാണ് പുണ്യവും പാപവും ലഭിക്കുക. ഇന്ന് കോണ്ഗ്രസ്സില് പ്രവര്ത്തിക്കുന്നവര് കൂടുതലും അന്ന് ഗാന്ധിയെയും കൂട്ടരെയും ദ്രോഹിച്ചവരാണെന്നതിന് പ്രത്യക്ഷ ഉദാഹരണമാണ് പ്രസ്ഥാനം പിരിച്ചുവിടപ്പെടാതെ നിലനിന്നു എന്നത്. ഇന്നത്തെ എല്ലാ രാഷ്ട്രീയ നേതാക്കളെയും തന്റെ ഊന്നുവടികൊണ്ട് തല്ലൂന്നതിനു പകരം അഹിംസാവാദിയായതിനാല്, തന്നെ തല്ലിക്കൊല്ലുവാന് ജീവിച്ചിരുന്നെങ്കില് ഒരുപക്ഷേ അദ്ദേഹം ആവശ്യപ്പെടുമായിരുന്നു. ഗാന്ധി പുനര്ജ്ജനിച്ചിട്ടുണ്ട്, എന്നാല് ദൈവം അദ്ദേഹത്തിന് പുതിയ നിയോഗമാണ് നല്കിയിട്ടുള്ളത്. ദൈവത്തിന്റെ മഹാഇഷ്ടപ്രകാരം ജീവിക്കാനായും ദൈവത്തിന് മഹാആനന്ദം നല്കുന്ന പ്രവൃത്തികള് മാത്രം ചെയ്യാനായും അദ്ദേഹം പ്രാര്ത്ഥിച്ചും പ്രയത്നിച്ചും ദൈവാനുഗ്രഹം തേടിയും കഴിയുന്നു. ആവിധ കാര്യങ്ങള് 3-ാം ഭാഗത്തിലുണ്ട്.
ഗാന്ധിയുടെയോ ക്രൈസ്റ്റിന്റെയോ പേരില് മാത്രമല്ല, സംഘടനകളുടെയും സഭകളുടെയും അവയിലെ നേതാക്കളുടെയും പേരില് ഊറ്റംകൊണ്ടിട്ടും ഒരു കാര്യവുമില്ല കുഞ്ഞുങ്ങളേ. ദൈവം നല്കിയ ശക്തികള്ക്കൊത്ത് ഗാന്ധിയും ക്രൈസ്റ്റുമൊക്കെ ചെയ്ത നല്ല കാര്യങ്ങള് സ്വയം ചെയ്യാതെ ഗാന്ധിയെ പുകഴ്ത്തുന്നവര്ക്ക് വേഷംകെട്ടലിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. സംഘടനകളും സഭകളും സ്മാരകങ്ങളും ഇന്ന് പാപകേന്ദ്രങ്ങള് മാത്രമാണ് എന്നുമറിയുക.
(3) സംഹാരപരം : ഇന്നലെകളില് ജീവിച്ചവര്, അവര് ആരംഭിച്ചതായ ധര്മ്മശാസ്ത്രപരമല്ലാത്ത സംഘടനകളെയും സഭകളെയും പിരിച്ചുവിടാനുള്ള പദ്ധതികള് അവരുടെ മരണത്തിനു മുമ്പ് ഒരുക്കുന്നതില് പരാജയപ്പെട്ടത് അവരുടെ തെറ്റാണ്, പാപമാണ്. എന്നാല് അവര്ക്ക് അവസാനിപ്പിക്കാന് കഴിയാതെ പോയ ധര്മ്മശാസ്ത്രപരമല്ലാത്ത സംഘടനകളെ നിലനിര്ത്തുവാനും സ്വാര്ത്ഥം നേടുവാനും ഇന്നു ജീവിക്കുന്നവര് ശ്രമിച്ചുകൂടാ. ഇന്നലെകളില്

സൃഷ്ടിക്കപ്പെട്ട സംഘടനകളെ ശാസ്ത്രപരമായി വിശകലനം ചെയ്യുവാന് ഇന്നു ജീവിക്കുന്നവര്ക്ക് ബാദ്ധ്യതയുണ്ട്. മഹാശാസ്ത്രം നല്കുന്ന സുഖങ്ങള് ഉപയോഗിച്ച് ഭൂമിയില് ജീവിക്കുന്നവര്ക്കെല്ലാമുള്ള സ്വയം ബാദ്ധ്യതയാണത്. മഹാശാസ്ത്രത്തോടും ദൈവത്തോടുമുള്ള ബാദ്ധ്യത കൂടിയാണത്. കാലാവധിത്തീയതി എന്നേ കഴിഞ്ഞവയാണ് ഇന്ന് സമൂഹത്തിലുള്ള എല്ലാ മത-ജാതി-വര്ഗ്ഗ-രാഷ്ട്രീയ സംഘടനകളും മറ്റ് സംഘടനകളും എന്ന് തിരിച്ചറിയാനുള്ള ശാസ്ത്രബോധം ദൈവം നല്കിയിട്ടുണ്ട്. സംഘടനകളുടെയെല്ലാം ശവങ്ങളെ മണ്ണില് കുഴിച്ചുമൂടാത്തതുകൊണ്ട്, അവ ജീര്ണ്ണിച്ചും ദുര്ഗ്ഗന്ധം പരത്തിയും രോഗങ്ങളുണ്ടാക്കിയും സമൂഹത്തെ നാശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഭീകരവാദങ്ങള് അങ്ങനെയുണ്ടായ ഒരു രോഗം മാത്രമാണ്.

ദൈവീകമല്ലാത്തതായിത്തീര്ന്ന എല്ലാ സംഘടനകളുടെയും ശവമടക്കുന്നതോടെ ഭീകരവാദങ്ങളും അവസാനിക്കുന്നതാണ്. മായ പ്രത്യക്ഷമാകുന്നതോടെ മാത്രമേ അതു കഴിയൂ എന്ന അവസ്ഥയിലേക്ക് കാര്യങ്ങള് പരിണമിച്ചിരിക്കുന്നു എന്നതും വസ്തുതയാണ്.

ദൈവീകമായ സാമ്പത്തികശാസ്ത്രം 4-ാം ഭാഗത്തില് വിസ്തരിച്ചിട്ടുള്ളത് പഠിക്കുമ്പോള്, സമ്പത്ത് പിന്ഗാമികള്ക്ക് കൈമാറ്റം ചെയ്യുവാന് സംഘടനകള്ക്കും വ്യക്തികള്ക്കും് അധികാരമില്ലെന്നു വ്യക്തമാകുന്നതാണ്. ഞാന് ഞാന് എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ശരീരം പോലും മരണത്തോടെ ഉപേക്ഷിക്കുവാന് ഞാന് എന്ന ജീവാത്മാവ് ബാദ്ധ്യസ്ഥമാകുന്നത് തിരിച്ചറിവുണ്ടാക്കണം. തങ്ങളുടെ മക്കളുടെയും മഹാമാതാവും മഹാപിതാവും ദൈവമാണെന്നും മഹാനീതിശാസ്ത്ര പ്രകാരം ദൈവം അവരെയും സംരക്ഷിക്കുമെന്ന് അറിയണം. മഹാപ്രപഞ്ചത്തിലെ വസ്തുക്കളും മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികളും സ്രഷ്ടാവായ ദൈവത്തിന്റെ സ്വത്താണ്. അത് എങ്ങനെ മാത്രം ഉപയോഗിക്കണമെന്ന് കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തികശാസ്ത്രത്തിലൂടെ ദൈവം അറിയിക്കുന്നുണ്ട്. ഭൂമിയിലുള്ള ദൈവത്തിന്റെ എല്ലാ മക്കള്ക്കുമായി നല്കേണ്ടതായ ദൈവത്തിന്റെ സമ്പത്ത് തങ്ങള്ക്കു തോന്നിയപോലെ കൈമാറാന് രക്ഷകര്ത്താക്കള്ക്ക് അവകാശമില്ല. മക്കള്ക്ക് സമ്പത്തിന്റെയും ജീവിതത്തിന്റെയും മൂല്ല്യം മനസ്സിലാകാതെ പോകാനും അവര് പാപികളാവാനുമാണ് രക്ഷകര്ത്താക്കള് കൈമാറുന്ന ദൈവത്തിന്റെ സമ്പത്ത് കാരണമാകുന്നതെങ്കില്, മക്കളെ വഴിതെറ്റിച്ചതിനുള്ള ശിക്ഷയും മാതാപിതാക്കള്

വാങ്ങേണ്ടതുണ്ട്. കുട്ടികള്ക്ക് അല്പം സ്വത്ത് കൈമാറുന്ന വലിയ സൗമനസ്യം മഹാശാസ്ത്രപ്രകാരം തീര്ച്ചയായും ദൈവം കാട്ടുന്നുണ്ട്. ഭരണകൂടം ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കുമ്പോള്, വ്യക്തികള്ക്ക് ആനന്ദത്തോടെ ജീവിക്കുവാന് കഴിയുന്നതാണ്.
മുകളിലെ ഖണ്ഡികയില് ഹ്രസ്വമായി സൂചിപ്പിച്ച ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം, സംഘടനകളുടെ പേരില് വ്യക്തികള് സ്വരൂപിച്ച സമ്പത്ത് ആദ്യകാല സംഘാടകര്ക്ക് ധര്മ്മശാസ്ത്രപ്രകാരമുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ വിനിയോഗിക്കാം എന്നല്ലാതെ സംഘടന തങ്ങള്ക്കുശേഷം നിലനിര്ത്തുവാനുള്ള പദ്ധതികള് ശാസ്ത്രപരമല്ല. പുതിയ അംഗങ്ങളെ സംഘടനയില് ചേര്ക്കുവാനോ സമ്പത്ത് കൈമാറാനോ അവകാശമില്ല. സാധാരണ വ്യക്തികളും, സംഘനടകള് ഉണ്ടാക്കിയ വ്യക്തികളും തങ്ങളുണ്ടാക്കിയ സംഘടനകളും സമ്പത്തും സാധിക്കുമെങ്കില് മരിക്കുമ്പോള് കൂടെക്കൊണ്ടുപോയിക്കൊള്ളുക എന്നല്ലാതെ മഹാപ്രപഞ്ചത്തില് മഹാശാസ്ത്രം പ്രകാരമുള്ള കാര്യങ്ങള് മാത്രമേ അനുവദിച്ചിട്ടുള്ളൂ, നിലനില്ക്കുകയുള്ളൂ. ആദ്യകാല സംഘാടകര് മരിക്കുമ്പോള്, സംഘടനയും സമ്പത്തും ഭരണകൂടത്തില് ലയിപ്പിക്കാനുള്ളതാണ്. നിലവില് അവ തുടര്ന്നുനിലനില്ക്കുന്നത് ഭൂമിയില് യാതൊരു ദേശത്തും ശാസ്ത്രപരമായ ഭരണകൂടങ്ങള് ഇല്ലാത്തതുകൊണ്ടാണ്. വ്യക്തികളും സംഘടനകളുമൊക്കെ സമൂഹത്തില് സ്ഥാപിക്കുന്ന സംവിധാനങ്ങളെ ദൈവീകമായ സാമ്പത്തികശാസ്ത്രം ശുദ്ധിചെയ്യുന്നുണ്ട് എന്നു സാരം.
ക്രൈസ്റ്റിനെയും ഗാന്ധിയെയും പോലെയുള്ളവരെ പ്രത്യേക നിയോഗത്തോടെ ദൈവം ഭൂമിയിലേക്ക് അയച്ചപ്പോള്, വ്യക്തിജീവിതത്തില് അവര് വളരെയധികം കഷ്ടങ്ങള് സഹിച്ചു. അവരുടെ ചുറ്റുമുള്ളവരെ സംബന്ധിച്ച് ജന്മങ്ങളുമായി ബന്ധപ്പെട്ട മഹാനീതികാര്യങ്ങള് ഉണ്ടെന്നത് വസ്തുതയാണ്.
സാമൂഹ്യപ്രവര്ത്തകരായ വ്യക്തികള്ക്ക് ജീവിതാനന്ദം നിഷേധിക്കുന്ന സാമൂഹ്യ വിപ്ലവങ്ങളും ഭീകരവാദങ്ങളും സമൂഹത്തില് ഉണ്ടാവാതെ കാക്കുവാന് ദൈവീകമായ ഏക ഭരണകൂടം സമൂഹത്തില് ഉണ്ടാവണം. മുമ്പ് പറഞ്ഞതുപോലെ, പ്രസ്തുത ഭരണകൂടത്തിലെ ഓരോ വ്യക്തിയും ഭരിക്കുന്ന രാജാവിനേക്കാള് ചെറിയവരുമല്ല, ഭിക്ഷക്കാരേക്കാള് വലിയവരുമല്ല. മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ ദൈവവും, മഹാശക്തിയുടെ മഹാദാസനും മഹാപ്രപഞ്ചത്തിന്റെ പിതാവുമായ പരമശിവനും മക്കളുടെയെല്ലാം ദാസരായി മഹാശാസ്ത്രപ്രകാരം വര്ത്തിക്കുന്നു. ഏറ്റവും വലിയ നിലയിലെത്താന്

ഏറ്റവും താണതെന്നു തെറ്റിദ്ധരിച്ചിട്ടുള്ള മഹാകാര്യങ്ങള്
ചെയ്യേണ്ടതുണ്ട്, ആയതിന് തൊട്ടിയും തൂക്കി മലം വാരാന്പോയ
ഗാന്ധിയെ പാഠമാക്കാവുന്നതാണ്. വൈകാതെ മായ
പ്രത്യക്ഷമാകുന്നതാണ്, എല്ലാ ജീവിതകാര്യങ്ങളും
ദൈവാനുഗ്രഹത്താല് ധര്മ്മശാസ്ത്രപരമാകുന്നതാണ്,
മഹാമംഗളമാകുന്നതാണ്, കുഞ്ഞുങ്ങളെ.

അദ്ധ്യായം 14
ഭീകരവാദത്തെ നിരീശ്വരവാദികള് എതിര്ക്കുന്നു.
നിരീശ്വരവാദികള് : ഈശ്വരന് ഇല്ലെന്നു വിശ്വസിക്കുന്നവര്ക്ക് ഈശ്വരന്
പ്രതിയോഗി അല്ല എന്നിരിക്കെ ഈശ്വരന്റെ പേരില് ഭീകരത
സൃഷ്ടിക്കുന്ന കൊടുംഭീകരരായ മതനേതൃത്വങ്ങളുമായാണ് യഥാര്
ത്ഥത്തില് നിരീശ്വരവാദികള് ഏറ്റുമുട്ടുന്നത്. മതങ്ങള് അഥവാ
മതനേതൃത്വങ്ങള് കാട്ടിക്കൂട്ടുന്ന അന്ധവിശ്വാസങ്ങളോടും
അനാചാരങ്ങളോടും അധര്മ്മങ്ങളോടും അനീതികളോടും
സന്ധിയില്ലാത്ത സമരം ചെയ്തുപോരുന്നത് മുഖ്യമായും
നിരീശ്വരവാദികളാണ്. മതങ്ങളിലെയും മറ്റും
അന്ധവിശ്വാസങ്ങളോടൊപ്പം, നിരീശ്വരവാദികള് പുലര്ത്തുന്ന
അന്ധവിശ്വാസങ്ങളെയും ക്രൈസ്റ്റും ഈയുള്ളവനും
ദൈവാനുഗ്രഹത്തോടെ എതിര്ക്കുന്നു എന്നതാണ് ഒരു വ്യത്യാസം.
അത് പിന്നീട് വിസ്തരിക്കാം.
സാമൂഹ്യപ്രവര്ത്തകരില് ഒരു വിഭാഗത്തിന് ഭരണകൂടത്തിന്റെ
സഹായവും സഹകരണവും കിട്ടുന്നുണ്ട്. മതനേതൃത്വങ്ങളുമായി ഒട്ടി
നില്ക്കുന്നവരും സ്വയം മതവിശ്വാസികളുമാണ് ഭരണാധികാരികളില്
ഏറെയും എന്നതുകൊണ്ട് നിരീശ്വരവാദികള്ക്ക് ഭരണകൂടത്തില്നിന്ന്
സഹായത്തിനു പകരം പീഡനവും നിസ്സഹകരണവുമാണ് കൂടുതലായി
ലഭിക്കുന്നത്. മതഭരണകൂടങ്ങള് ഉള്ള രാഷ്ട്രങ്ങളില് മാത്രമല്ല, ഇന്ന്
എല്ലാ രാഷ്ട്രങ്ങളിലും, നിരീശ്വരവാദികള്ക്ക് ജീവിതം പണയപ്പെടുത്തി
പ്രവര്ത്തിക്കേണ്ടിവരുന്നുണ്ട്. നിരീശ്വരവാദികളല്ലാത്തവര്ക്കു പോലും
മതവചനങ്ങളെ ശാസ്ത്രീയമായി വിശകലനംചെയ്യുന്ന 4 വാചകങ്ങള്
പറയാനുള്ള വ്യക്തിസ്വാതന്ത്ര്യം മതഭരണകൂടമില്ലാത്ത

രാഷ്ട്രങ്ങളിലെപ്പോലും മതനേതൃത്വങ്ങള് അനുവദിക്കുന്നില്ല എന്നത് തീര്ത്തും ലജ്ജാകരമാണ്. നിരീശ്വരവാദികളെ മതപണ്ഡിതന്മാരും മതപുരോഹിതന്മാരും ഭയക്കുന്നു എന്നതാണ് വാസ്തവം. ധര്മ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുന്നവരും ദൈവത്തെ മാത്രമേ ഭയക്കേണ്ടൂ. നിരീശ്വരവാദികളെ മതപണ്ഡിതന്മാരും മതപുരോഹിതന്മാരും ഭയക്കുന്നത് മതങ്ങളിലും മത-ജീവിതത്തിലും കള്ളങ്ങളും കള്ളത്തരങ്ങളും നിറഞ്ഞിരിക്കുന്നതു കൊണ്ടാണ്. ദൈവശാസ്ത്രത്തെ അഥവാ ദൈവത്തിന്റെ ശാസ്ത്രത്തെ സംരക്ഷിക്കേണ്ടത് ശാസ്ത്രത്തെ സൃഷ്ടിച്ചിട്ടുള്ള ദൈവത്തിന്റെ ഉത്തരവാദിത്തമാണ്, ബാദ്ധ്യതയാണ്. ഇന്നലെ ജനിച്ച്, ഇന്നു ജീവിച്ച്, നാളെ മരിക്കുന്ന മനുഷ്യരുടെ ഉത്തരവാദിത്തമല്ല. ഗ്രന്ഥത്തിന്റെ തുടക്കത്തില് സൂചിപ്പിച്ചതുപോലെ രാഷ്ട്രഭരണാധികാരികളോ മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ നിരീശ്വരവാദികളോ ഭീകരപ്രവര്ത്തകരോ ഭൂമിയിലെ മനുഷ്യര് മുഴുവനുമോ വിചാരിച്ചാല് തകരാറിലാക്കാനാവുന്നതോ അട്ടിമറിക്കാന് കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാന് സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്. നിരീശ്വരവാദിള് ഉള്പ്പെടെയുള്ളവര്ക്ക് കളങ്കപ്പെടുത്തുവാനോ അട്ടിമറിക്കാനോ പിഴുതെറിയാനോ കഴിയുന്ന ഒന്നാണ് മഹാശാസ്ത്രമെങ്കില് അത് പിഴുതെറിയപ്പെടുക തന്നെ വേണം. നാടന് ശൈലിയില് പറഞ്ഞാല് ദൈവശാസ്ത്രത്തിന്റെ അഥവാ മഹാശാസ്ത്രത്തിന്റെ ഏഴയലത്ത് നില്ക്കാന് യോഗ്യതയില്ലാത്തവയാണ് എല്ലാ മതങ്ങളും, എന്നതുകൊണ്ടും; മതങ്ങളിലെല്ലാം കള്ളപ്രമാണങ്ങള് വളരെയധികം നിറഞ്ഞിരിക്കുന്നു എന്നതുകൊണ്ടുമാണ് നിരീശ്വരവാദികളെ മതനേതൃത്വങ്ങള് എതിര്ക്കുന്നതെന്ന് അര്ത്ഥം. നിരീശ്വരവാദികളെ സ്വതന്ത്രമായി പ്രവര്ത്തിക്കാന് അനുവദിച്ചിരുന്നെങ്കില് മതങ്ങള് എന്നേ തകരുമായിരുന്നു ! നിരീശ്വരവാദികളെ സ്വതന്ത്രമായി പ്രവര്ത്തിക്കാന് ദൈവം അനുവദിക്കാഞ്ഞതെന്ത് എന്ന ചെറിയൊരു ചോദ്യമുണ്ട്. മതാചാര്യന്മാരെയും മതപുരോഹിതന്മാരെയും കൂടാതെ ആദ്യമഹാകാല ചക്രത്തിലെ പ്രത്യേക സൃഷ്ടികളായ ദേവതകളുടെ ദുര്ന്നടപടികള് ഒരു കാരണമാണ്. മതങ്ങളിലെല്ലാം കള്ളപ്രമാണങ്ങള് വളരെയധികമുണ്ടെങ്കിലും അവയിലെല്ലാം മുമ്പ്

വ്യക്തമാക്കിയതുപോലെ ചില ഉന്നതമായ സത്യങ്ങള് കൂടിയുണ്ട് എന്നതും, മായ പ്രത്യക്ഷമാകുംമുമ്പ് മഹാശാസ്ത്രം വീണ്ടെടുക്കുമ്പോള്, സത്യങ്ങളെ (മാത്രം) ഉയര്ത്തി പ്രതിഷ്ഠിക്കേണ്ടതുണ്ട് എന്നതും, നിരീശ്വരവാദവും അടിസ്ഥാനപരമായി തെറ്റായതുകൊണ്ടും ഒക്കെയാണ് നിരീശ്വരവാദികളെ സ്വതന്ത്രമായി പ്രവര്ത്തിക്കാന് മഹാപ്രപഞ്ചത്തില് ദൈവം സൃഷ്ടിച്ചിട്ടുള്ള ന്യൂനശക്തികള് അഥവാ തിരുത്തല് ശക്തികള് അനുവദിക്കാതിരുന്നത്. പാപികളെ തിരുത്തുന്നതിലേക്കാണ് അനേകജന്മങ്ങളിലൂടെ പല കാര്യങ്ങളിലും നന്മ കാട്ടിയവരെ മഹാപ്രപഞ്ചത്തില് സൃഷ്ടിക്കപ്പെട്ടിട്ടുള്ള ന്യൂനശക്തികള് സ്വാധീനിക്കുന്നതും നിരീശ്വരവാദത്തിലേക്ക് നയിക്കുന്നതും. നിരീശ്വരവാദികളില് ഏറെയും നല്ലവരാണ് എന്നല്ലാതെ ഇന്നത്തെ എല്ലാ നിരീശ്വരവാദികളും നല്ലവരാണെന്ന് അര്ത്ഥം എടുക്കരുത്. അവിവേകികള് നിരീശ്വരവാദികളിലും ഏറെയുണ്ട്. ഏവരും ശാസ്ത്ര കാര്യങ്ങളെ ഔന്നത്യത്തോടെ മാത്രം വിലയിരുത്തേണ്ടതുണ്ട്. നല്ലവരും മോശമായവരും ഒക്കെ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്, ദൈവത്തിന് എല്ലാ മക്കളെയും നല്ലവരാക്കേണ്ടതുമുണ്ട് എന്നറിയണം.

നിരീശ്വരവാദികള് അന്ധവിശ്വാസങ്ങള്ക്കും അനാചാരങ്ങള്ക്കും എതിരെ മാത്രം പ്രവര്ത്തിക്കുമ്പോഴും അത് സാമൂഹ്യപ്രവര്ത്തനമാണ്. എന്തെന്നാല് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വ്യക്തിജീവിതത്തില് പിന്പറ്റാതിരിക്കുക എന്നതിനുപരിയായി സമൂഹത്തെ അതിന് പ്രേരിപ്പിക്കുകയും, സമൂഹത്തെ പ്രേരിപ്പിക്കുന്നതിനുവേണ്ടി സ്വന്തജീവിതത്തില് അനേക കഷ്ടനഷ്ടങ്ങള് സഹിക്കുവാനും ജീവനു ഭീഷണിയാകുന്ന കാര്യങ്ങളെക്കൂടി ഭയക്കാതെ പ്രവര്ത്തിക്കുന്നതും വലിയ സാമൂഹ്യസേവനമാണ്. അതെങ്ങനെയെന്നാല് നിരീശ്വരവാദികള് സമൂഹനന്മയ്ക്കുവേണ്ടി എന്തിനു പ്രവര്ത്തിക്കണം എന്ന ചോദ്യത്തിന്റെ ഉത്തരം തേടിയാല് മതിയാകും. എന്തെന്നാല് സമൂഹനന്മയ്ക്കുവേണ്ടി പ്രവര്ത്തിക്കുന്നത് നിരീശ്വരവാദത്തിന് എതിരാണ്. ആത്മാവിലും ദൈവത്തിലും ദൈവീകനീതിയിലും വിശ്വസിക്കാത്തവര് സമൂഹനന്മയ്ക്കുവേണ്ടി പ്രവര്ത്തിക്കുന്നത് ജീവിതം പാഴാക്കലാണ്. ആത്മാവും ദൈവവും ഇല്ലെങ്കില്, എങ്ങനെയും ആനന്ദിച്ചു ജീവിക്കുക എന്നതാവണം മാര്ഗ്ഗം. സ്വാര്ത്ഥ സുഖങ്ങളെ മാത്രമേ നോക്കേണ്ടൂ. തന്നെ ആനന്ദിപ്പിക്കുന്ന കാര്യങ്ങള് ഏതുവിധത്തിലും സ്വന്തമാക്കുക, ആനന്ദിക്കുക എന്നേ വേണ്ടൂ. ശാസ്ത്രവികസനം ഉള്പ്പെടെയുള്ള കാര്യങ്ങള് അവരുടെ വിഷയങ്ങളാവേണ്ടതില്ല, കുടുംബ-ബന്ധങ്ങളും

സ്നേഹവായ്പുകളും അവര്ക്ക് വിഷയമാകേണ്ട കാര്യമില്ല,
മരിക്കുംവരെ ഏതുരീതിയിലും സുഖിച്ചും സന്തോഷിച്ചും ജീവിച്ചോളുക
എന്നേയുള്ളൂ, പിടിച്ചുപറിക്കുന്നതും ജന്മംനല്കിയവരോടും
സഹോദരങ്ങളോടും പോലും സാമ്പത്തികമായും
ലൈംഗികമായുമൊക്കെ അതിക്രമങ്ങള് കാട്ടാനുമൊക്കെ
നിരീശ്വരവാദം അനുവദിക്കുന്നുണ്ട്, സമൂഹത്തെ നന്നാക്കുവാനും
പാഠപുസ്തകങ്ങള് പഠിക്കാനും ജീവിതവും സമയവും പാഴാക്കാതെ
സ്വന്തം സുഖജീവിതതാല്പര്യങ്ങള് മാത്രം നോക്കേണ്ടവരാണവര്.
നാളെയെപ്പറ്റിയോ പങ്കാളിയെപ്പറ്റിയോ കുട്ടികളെപ്പറ്റിയോ
മാതാപിതാക്കളെപ്പറ്റിയോ സമൂഹത്തെപ്പറ്റിയോ
ഭരണകൂടത്തെപ്പറ്റിയോ നിരീശ്വരവാദി ചിന്തിക്കേണ്ടതില്ല. പണവും
സമ്പത്തും ആനന്ദിപ്പിക്കുന്നുവെങ്കില് മറ്റുള്ളവരുടേത് പിടിച്ചുപറിക്കുക ;
കാമം ആണ് പുരുഷനായ ഒരു നിരീശ്വരവാദിയെ
ആനന്ദിപ്പിക്കുന്നതെങ്കില് തന്റെ ജനനി, സഹോദരി, ഭാര്യ, മകള്,
സഹോദരപത്നി, അയല്വാസി എന്നിങ്ങനെ ആരെയും കാമപരമായി
കീഴ്പ്പെടുത്തുക എന്നല്ലാതെ നീതിബോധം നിരീശ്വരവാദിക്ക്
ആവശ്യമില്ല. (മരിക്കുംവരെ അഥവാ വധിക്കപ്പെടുംവരെ
ഏതുരീതിയിലും ജീവിക്കുക എന്നല്ലാതെ അയാളെ സംബന്ധിച്ച് നീതി,
അനീതി, സത്യം, അസത്യം, ധര്മ്മം, അധര്മ്മം, കൊള്ള, കൊല,
പിടിച്ചുപറി, അതിക്രമം എന്നിവകള് പ്രസക്തമല്ല, അവയും ഇല്ല തന്നെ.
പ്രപഞ്ചത്തിലെ ജീവികള് നിലനില്ക്കണമെന്നതോ
അസ്തമിക്കുന്നതോ അയാളുടെ വിഷയം ആയിക്കൂടാ. അയാള്
നാളെയെ കരുതി ജീവിക്കേണ്ടതില്ല. സ്വാര്ത്ഥസുഖങ്ങള്ക്കായി തന്
റേതെന്ന് അയാള് കരുതുന്ന ശക്തികള്ക്കൊത്ത് പ്രവര്ത്തിക്കുകയും
ആനന്ദിക്കുകയും ചെയ്യുക എന്നല്ലാതെ ദുസ്വാര്ത്ഥം എന്ന പദവും
നിരീശ്വരവാദിക്ക് അന്യമാണ്, അന്യമാവണം.
സമൂഹജീവിതകാര്യങ്ങളില് നിരീശ്വരവാദികള്ക്ക് താത്വകമായി
സ്ഥാനമില്ലാതിരുന്നിട്ടും അവര് സമൂഹകാര്യങ്ങളില് പ്രവര്ത്തിക്കുന്നത്
എന്തുകൊണ്ട്, അവരെ അനുവദിക്കാമോ ? മതങ്ങളിലെ
ഭോഷത്തങ്ങളോടുള്ള എതിര്പ്പും, സമ്പൂര്ണ്ണ ദൈവശാസ്ത്രം
ലഭ്യമല്ലാതിരുന്നതുകൊണ്ടുള്ള അജ്ഞാനവും, സമൂഹനന്മയ്ക്കുവേണ്ടി
പ്രവര്ത്തിക്കാനുള്ള മാനസികതയ്യാറെടുപ്പും
നിരീശ്വരവാദികളാക്കുവാന് അനേകരെ പ്രേരിപ്പിക്കുമ്പോള്,
നിരീശ്വരവാദം മുന്നോട്ടുവെയ്ക്കുന്ന കടപ്പാടുകളില്ലാത്ത
വ്യക്തിസുഖജീവിതങ്ങളില് അധിക -മോശ - താല്പ്പര്യമെടുക്കാതെ
പകരം സമൂഹനന്മയെ കരുതുന്ന അവരുടെ നല്ല മനസ്സ് ദൈവത്തിനു

വളരെ പ്രിയപ്പെട്ടതാണ്. അവര് സ്വയം നിരീശ്വരവാദികളെന്ന് അവകാശപ്പെടുന്നതുകൊണ്ടോ, ഇതരര് അവരെ നിരീശ്വരവാദികളെന്നു വിളിക്കുന്നതുകൊണ്ടോ, അവര് ദൈവത്തിന്റെ കുഞ്ഞുങ്ങളല്ലാതെ ആവുന്നില്ല. പ്രസവിച്ച അമ്മയെ അജ്ഞാനത്താലും അവിവേകത്താലും അമ്മയെന്ന് വിളിക്കാനോ അംഗീകരിക്കാനോ മക്കള് തയ്യാറാവുന്നില്ല എന്നതുകൊണ്ട് അമ്മ അമ്മയല്ലാതെ ആവുന്നില്ല. അമ്മ പ്രസവിച്ചതും പാലൂട്ടിയതും തൂറിയതുവാരിയതും ഉള്പ്പടെയുള്ള സുമാര് 5 വയസ്സുവരെയുള്ള കാര്യങ്ങള് ഇന്നത്തെ അമ്മ ഉള്പ്പെടെയുള്ള ഭൂമിയിലെ മക്കള്ക്ക് ഓര്മ്മയില്ലായെന്നതുകൊണ്ട് അവര് അമ്മയില്ലാത്തവരാവുന്നില്ല. തന്റെ കുഞ്ഞുങ്ങളെയെല്ലാം സ്നേഹിക്കുകയും കരുതുകയും മഹാശാസ്ത്രപ്രകാരം യഥാകാലം തിരുത്തുകയും ചെയ്യുന്ന മഹാമാതാവും മഹാപിതാവുമാണ് മഹാശക്തിയായ ദൈവം. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സമൂഹത്തില് ഉറപ്പിച്ചുപോരുന്ന മതപുരോഹിതരേക്കാള്, ദൈവം കൂടുതല് ഇഷ്ടപ്പെടുന്നത് നിരീശ്വരവാദികളും യുക്തിവാദികളുമായ നല്ലവരെയാണ്. ദൈവത്തിന് അസ്തിത്വമില്ലെന്ന് അജ്ഞാനം മൂലം അവര് കരുതുന്നു എന്നല്ലാതെ ജീവിതകാര്യങ്ങളില് നിരീശ്വരവാദികള് ദൈവനിന്ദ ചെയ്യുന്നില്ല. അസ്തിത്വമുള്ളതായ ജീവിതകാര്യങ്ങളില് അവര്ക്കും അനേകര്ക്കും വിഷമങ്ങള് സൃഷ്ടിക്കുന്ന മതങ്ങളെയും മതനേതൃത്വങ്ങളെയുമാണ് അവര് എതിര്ക്കുന്നത്; മതനിന്ദയാണ് ചെയ്യുന്നത്. മതനിന്ദയെന്നത് ദൈവനിന്ദയല്ലെന്നും, മതനിന്ദയില് ദൈവീകത്വം/ശാസ്ത്രീയത വളരെയുണ്ടെന്നും, മതങ്ങളും മതവിശ്വാസികളുമാണ് ഏറ്റവും കൂടുതല് ദൈവനിന്ദ ചെയ്യുന്നതെന്നും മുമ്പ് വിസ്തരിച്ചുവല്ലോ. ആരാണ് ദൈവത്തിനു കൂടുതല് പ്രിയപ്പെട്ടവര് എന്നതു വ്യക്തമാകുമ്പോഴും, എല്ലാവരും ദൈവത്തിനു മക്കളാണെന്നതും അറിവും ശക്തിയും കൂടുതല് ലഭിക്കുന്ന മക്കള്, അവ കുറവുള്ള മക്കളെ സഹായിക്കുന്നതിനു തയ്യാറാവണമെന്നും, അങ്ങനെ ചെയ്യുന്ന മക്കളെയാണ് എല്ലാവരുടെയും മഹാമാതാവും മഹാപിതാവുമായ ദൈവം കൂടുതല് ഇഷ്ടപ്പെടുക എന്നുമറിയണം. മഹാനീതി ശാസ്ത്രം പഠിക്കുമ്പോള് വ്യത്യസ്ത പദ്ധതികളിലൂടെയും ജന്മങ്ങളിലൂടെയും എല്ലാവരും കൂടുതല് ഇഷ്ടം അഥവാ സമനീതി നേടുന്നുണ്ട് എന്നത് ഇവിടെ വിസ്തരിക്കുന്നില്ല.

മഹാശക്തിയായ ദൈവം നല്കിയ ശക്തികള്ക്കൊത്ത് തിന്മയെ എതിര്ക്കുവാന് വ്യക്തിക്ക് ബാധ്യതയുണ്ട്. സ്വയം ബാധ്യതയെന്നോ ദൈവത്തോടുള്ള ബാധ്യതയെന്നോ അതിനെ പറയാം. സ്വയം ബാധ്യത

ഇന്ന് ഒരുവിധം നിറവേറ്റുന്നവരുടെ മുന്നിരയില് നിരീശ്വരവാദികളും യുക്തിവാദികളുമാണുള്ളത്.
ഏറ്റവും കൊടിയ അധമരായി ജീവിക്കുവാന് നിരീശ്വരവാദം വ്യക്തിയെ അനുവദിക്കുന്നു എന്നു കണ്ടു. സമൂഹത്തിലെ ഇതര വ്യക്തികളെ ഭയന്നല്ല നിരീശ്വരവാദികള് അധമരായി ജീവിക്കാത്തത് എന്നത് വിശിഷ്ടമാണ്. നിരീശ്വരവാദികളിലെ ഉന്നതമായ നീതിബോധമാണ് ചുറ്റുമുള്ളവര് , പ്രത്യേകിച്ചും മത-രാഷ്ട്രീയ നേതൃത്വങ്ങള് മനസ്സിലാക്കേണ്ടത്. മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികളിലും ദൈവം സൃഷ്ടിച്ചിട്ടുള്ള ജീവിതരീതി അഥവാ അടിസ്ഥാനപരമായ ധര്മ്മശാസ്ത്ര ബോധം കൊണ്ടാണ് നിരീശ്വരവാദികളിലും നീതിബോധമുണ്ടായിരിക്കുന്നത് എന്നുകൂടി കൂട്ടിവായിക്കുമ്പോള് തങ്ങള് പുലര്ത്തുന്ന നീതിബോധത്തിന്റെ പേരില് അഹംഭാവങ്ങളും അഹങ്കാരങ്ങളുമില്ലാതെ പ്രവര്ത്തിക്കാന് അവര്ക്കു കഴിയുന്നതാണ്. (ദൈവം മനുഷ്യര്ക്കു നല്കിയ) വ്യക്തിസ്വാതന്ത്ര്യത്തെ മതനേതൃത്വങ്ങളും ഭരണകൂടങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും മറ്റും കവര്ന്നെടുക്കുമ്പോള്, മനുഷ്യര്ക്കെല്ലാം വ്യക്തിസ്വാതന്ത്ര്യം ലഭിക്കുവാനായി നിരീശ്വരവാദികള് വളരെയധികം പ്രവര്ത്തിക്കുന്നുണ്ട്, കഷ്ടപ്പെടുന്നുണ്ട്. ദൈവീകമാണത്. നിരീശ്വരവാദികളില് ചിലര്ക്ക് ഉന്നതമായ നീതിബോധം ലഭിച്ചിട്ടുള്ളത് അനേകജന്മങ്ങളിലൂടെ അവര് നേടിയ പുണ്യംകൊണ്ടുതന്നെയാണ് എന്നു തിരിച്ചറിയുമ്പോള് അവരെ കൂടുതല് സ്നേഹിക്കാന് കഴിയുന്നതാണ്. ദൈവം അവരെ മതപുരോഹിതരേക്കാള് വളരെയധികമായി സ്നേഹിക്കുന്നു എന്നറിയുക. ദൈവം ചിലരെ കൂടുതല് സ്നേഹിക്കുന്നു എന്നു പറയുമ്പോഴും എല്ലാ കുഞ്ഞുങ്ങള്ക്കും (ജീവികള്ക്കും) പരമമായി സമനീതിയാണ് നല്കുന്നത് എന്നുമറിയണം; മഹാനീതിശാസ്ത്രം പഠിക്കുമ്പോള് അത് ബോദ്ധ്യമാകുന്നതാണ്.
// യുക്തിവാദം, യുക്തിശാസ്ത്രം എന്നിവ മഹാശാസ്ത്രത്തിന്റെ ഭാഗമാണ്. മഹാശാസ്ത്രത്തിന്റെ അനന്തങ്ങളോളമുള്ള ശാഖകളെ കൂട്ടിയിണക്കുന്ന പ്രമുഖ ശാസ്ത്രശാഖയാണ് യുക്തിശാസ്ത്രം. മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിലെ സ്ഥൂലവും സൂക്ഷ്മവുമായ ഓരോരോ വസ്തുക്കളുടെയും ഭൗതികസൃഷ്ടിക്കു നിദാനമാക്കിയിരിക്കുന്ന മഹാശാസ്ത്രത്തിന്റെ പ്രാഥമിക ഘട്ടമാണ് മഹായുക്തി. മഹാശക്തിയായ ദൈവം ഭൗതികസൃഷ്ടി നടത്തുമ്പോള്, മഹായുക്തി, മഹാശാസ്ത്രമായി മാറുന്നു. യുക്തിക്ക്, യുക്തിശാസ്ത്രമായിട്ട് പരിണാമം ഉണ്ടാകുമ്പോള്, പിന്നെ വാദഗതികള്ക്ക് സ്ഥാനമില്ല. അതായത്, യുക്തിയെ ശാസ്ത്രമാക്കിക്കൊണ്ട് ദൈവം

സൃഷ്ടി നടത്തുമ്പോള്, പിന്നെ വാദമില്ല, സത്യമായ വസ്തുതയും വസ്തുവും ഉണ്ടായിരിക്കുന്നു. യുക്തിയെ ദൈവം ശാസ്ത്രമാക്കുന്നില്ലെങ്കില്, യുക്തിക്ക് ആധാരമായിട്ട് വസ്തു ഉണ്ടാകുന്നതല്ല, മറിച്ച് സത്യമല്ലാത്ത വസ്തുതയായി അഥവാ വാദം മാത്രമായിട്ട് യുക്തി നിലകൊള്ളുന്നതാണ്. യുക്തി ഉപയോഗിച്ചുള്ള വാദഗതികള് അഥവാ യുക്തിവാദം അര്ത്ഥവത്താകുന്നതും നിരര്ത്ഥകമാകുന്നതും എങ്ങനെയെന്നാണ് വിവരിച്ചത്.

ഇന്നും മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രപാഠങ്ങള് പൂര്ണ്ണായും വെളിപ്പെട്ടിട്ടില്ല എന്നിരിക്കെ തങ്ങള് അറിയുന്ന പൂര്ണ്ണങ്ങളും അപൂര്ണ്ണങ്ങളുമായ പാഠങ്ങളെ ആധാരമാക്കിക്കൊണ്ട് നിരീശ്വരവാദികള് മഹാപ്രപഞ്ചത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും അന്തിമപ്രഖ്യാപനങ്ങള് നടത്തുന്നത് തെറ്റാണ്. ശാസ്ത്രപാഠങ്ങള് വെളിവാകുന്നതനുസരിച്ച് തങ്ങളുടെ ധാരണകളെ തിരുത്തുവാന് യുക്തിവാദിക്കും ബാദ്ധ്യതയുണ്ട്. തങ്ങള്ക്ക് അറിവില്ലാത്തതും, തങ്ങള് കേട്ടിട്ടില്ലാത്തതും, തങ്ങള് കണ്ടിട്ടില്ലാത്തതുമായ വസ്തുക്കളും വസ്തുതകളും മഹാപ്രപഞ്ചത്തില് ഉണ്ടാവുമെന്നും, അങ്ങനെയിരിക്കെ, മഹാപ്രപഞ്ചത്തില് ഉള്ളതായ വസ്തുവും വസ്തുതയും തങ്ങള്ക്ക് അറിയാത്തതുകൊണ്ട് മാത്രം ഇല്ലായെന്നു വിധിക്കുന്നത് തെറ്റാണെന്നും അറിയണം. ഇന്നത്തെ മുതിര്ന്നവര്ക്ക്, തങ്ങള് കുഞ്ഞായി ജനിച്ചപ്പോള്, പ്രപഞ്ചകാര്യങ്ങള് യാതൊന്നും അറിയില്ലായിരുന്നു എന്നതും, അറിവും അനുഭവങ്ങളും പ്രായേണ ലഭിച്ചുപോരുന്നതാണെന്നും, ഉള്ക്കൊള്ളുമ്പോള്, ഇന്നും മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രപാഠങ്ങള് പൂര്ണ്ണായും വെളിപ്പെട്ടിട്ടില്ല എന്നിരിക്കെ, ശാസ്ത്രപാഠങ്ങളും വസ്തുതകളും ഇനിയും വെളിവായി കിട്ടുന്നതനുസരിച്ച് തങ്ങളുടെ ധാരണകളെ തിരുത്തുമെന്ന വാദമാണ് പുലര്ത്തേണ്ടത്. പകരം മതങ്ങളിലെ ഭോഷ്ക്കുകളോടുള്ള ധാര്മ്മികരോഷം നിമിത്തം, മതങ്ങളിലൂടെ തങ്ങള് അറിയുന്ന ദൈവത്തെ, യഥാര്ത്ഥ ദൈവമോ ദൈവസങ്കല്പമോ ആയിട്ട് തെറ്റിദ്ധരിക്കുകയും; മതങ്ങള് പ്രകാരമുള്ള (ഇല്ലാത്ത/ഭോഷ്ക്കു) ദൈവത്തില് വിശ്വസിക്കാത്തതുകൊണ്ടും വിശ്വസിക്കുന്നതുകൊണ്ടും തങ്ങള് നിരീശ്വരവാദികളായിരിക്കുന്നു എന്നു കരുതുന്നതും തെറ്റുതന്നെയാണ്. മഹാശാസ്ത്രത്തെയും ദൈവത്തെയും മനസ്സിലാക്കാന് കഴിയാഞ്ഞതുകൊണ്ടുകൂടിയാണ് നിരീശ്വരവാദികള് തങ്ങളെ സ്വയം യുക്തിവാദികളായി വിശേഷിപ്പിക്കുന്നത്. യുക്തിവാദം ദൈവ-

വാദമാണ് എന്നു വിവരിച്ചിരിക്കെ, മത-നേതൃത്വങ്ങളോട് എതിര് ക്കാനായാല് പോലും മതക്കാര് ഉപയോഗിക്കുന്നതുപോലെ തങ്ങള്ക്ക് യോജിക്കാത്ത പേരുകള് അഥവാ കള്ളപ്പേരുകള് ഉപയോഗിക്കുവാന് നിരീശ്വരവാദികള് തയ്യാറായത് തെറ്റുതന്നെയാണ്. മതങ്ങള് പ്രകാരമല്ലാത്തതും, മഹാശാസ്ത്രപ്രകാരമുള്ളതും, മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചതുമായ മഹാശക്തിയായ ദൈവത്തെപ്പറ്റി ചിന്തിക്കാന് അവര്ക്കു കഴിഞ്ഞില്ല. ആയതിന് മതനേതൃത്വങ്ങള്ക്കെന്നപോലെ, നിരീശ്വരവാദികളുടെയും യോഗ്യതയില്ലായ്മ ഒരു കാരണംതന്നെയാണ്. വൈകാതെ, മായ പ്രത്യക്ഷമാകുന്നതോടെ മഹായുക്തിവാദിയായ ദൈവത്തെ കാണാനും കേള്ക്കാനും മഹാവാത്സല്യം അനുഭവിക്കാനും കഴിയുന്നതോടെ നിരീശ്വരവാദികള്ക്ക് കൂടുതല് സന്തോഷിക്കാന് കഴിയുന്നതാണ്. //

അദ്ധ്യായം 15

ഭീകരവാദികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

ഓം എന്ന അദ്ധ്യായം ഏറ്റവും ശ്രദ്ധയോടെ പഠിക്കാന് കഴിഞ്ഞാല്, ഭീകരവാദികള്ക്ക് ഭീകരവാദം ഉപേക്ഷിക്കാനാവും എന്ന മുഖവുരയോടെ ആരംഭിക്കുന്നു.

മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. കുടുംബത്തിലെ വൃദ്ധരും മക്കളും, മക്കളുടെ മക്കളും, അവരുടെ മക്കളും, മരിച്ചവരും, ജീവിക്കുന്നവരും, ഇനി ജനിക്കുന്നവരുമെല്ലാം ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. കുഞ്ഞിന്റെ അവയവങ്ങളുടെ രൂപം, ലിംഗം, സൗന്ദര്യം, നിറം, ആരോഗ്യം, തുടങ്ങിയവ സൃഷ്ടിക്കുന്നതും സൃഷ്ടിച്ചതും, കുഞ്ഞിന്റെ സൃഷ്ടിയുടെ ആരംഭത്തിലെ ഭ്രൂണം സൃഷ്ടിച്ചതും, ഭ്രൂണത്തിന് ഹേതുവായ അണ്ഡത്തെയും ബീജത്തെയും സൃഷ്ടിച്ചതും, എല്ലാം എല്ലാം സ്രഷ്ടാവായ ദൈവം മാത്രമാണ്. കൊടും ഭീകരവാദികളും ഭീകരവാദികളും , അവരുടെ ഭീകരപ്രവര് ത്തനങ്ങളാല് വധിക്കപ്പെട്ടവരും അംഗഭംഗം സംഭവിച്ചവരും ബഹുവിധ വേദനകള് സഹിക്കുന്നവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. വെടിവെച്ച പട്ടാളക്കാരും, വെടിയേറ്റുമരിച്ച അന്യരാജ്യത്തിലെ പട്ടാളക്കാരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. വൈദ്യരും രോഗികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. ഭരണാധികാരികളും കൊള്ളക്കാരും സാമൂഹ്യപ്രവര്ത്തകരും ഭിക്ഷക്കാരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

പാട്ടു പാടുന്നവരും കേള്ക്കുന്നവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. സിംഹവും പുലിയും ആനയും മാനും കരടിയും മുയലും കോഴിയും കുയിലും മയിലും തെങ്ങും താമരയും വാഴയും മത്തിയും അയലയും തിമിംഗലവും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. (എല്ലാ ജീവികളും അന്യോന്യം ഭക്ഷിച്ചു ജീവിക്കുന്നതല്ല അടിസ്ഥാനപരമായ ഭക്ഷ്യ-ഊര്ജ്ജ നിയമം എന്നറിയുമ്പോള് മനുഷ്യര് ഞെട്ടുന്നതാണ്, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് അത് വിസ്തരിക്കുന്നതാണ്.)

കൊടുംഭീകരവാദികളും ഭീകരവാദികളുമൊക്കെ ഭരണകൂടത്തിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മതനേതൃത്വങ്ങളിലും ചെന്നുപെട്ടിട്ടുള്ളത് മുഖ്യമായും പാപികളായതു കൊണ്ടാണെന്ന് മുന് അദ്ധ്യായങ്ങളില് വിസ്തരിച്ചിരുന്നു. എത്ര കൊടിയ പാപിയാണെങ്കിലും ദൈവത്തിനു തന്റെ കുഞ്ഞാണ് ; ദൈവഭാവങ്ങളായ സത്യ-ധര്മ്മ-നീതികളില്നിന്ന് അകന്നുപോയ കുഞ്ഞിനെ തിരികെ കൊണ്ടുവരികതന്നെ ചെയ്യും, മഹാനീതിശാസ്ത്രത്തില് അതിനുള്ള ശാസ്ത്രപദ്ധതികളുണ്ട്. കുഞ്ഞിനെ തിരുത്തി ദൈവം സമനീതി നല്കും. ഒറ്റപ്പെട്ട കുഞ്ഞാടിനെ ഉപേക്ഷിക്കാനുള്ളതല്ല എന്ന് ക്രൈസ്റ്റിലൂടെ ദൈവം വെളിവാക്കിയത് അതാണ്.

മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും പിതാവായി ദൈവം മഹാനിശ്ചയിക്കുകയും മഹാശക്തികള് നല്കി അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള പരമശിവന് മഹാപ്രപഞ്ചത്തിലെ ഏതെങ്കിലും ഒരു ജീവിയോട് അഥവാ കുഞ്ഞിനോട് മഹാശാസ്ത്രം തെറ്റിച്ച് അധിക വാത്സല്യം കാട്ടുകയോ, അധികശിക്ഷ നല്കുകയോ ചെയ്താല്, പരമശിവനെ മഹാശക്തിയായ ദൈവം ശിക്ഷിക്കുന്നതാണ് ; അതിനിടയുണ്ടാവാതിരിപ്പാന് കൂടിയാണ് പരമശിവനെ മഹാനീതി ശാസ്ത്രത്തില് ബന്ധിക്കുന്ന ഓംകാരനാഗബന്ധനം പരമശിവന്റെ കഴുത്തില് സ്ഥാപിച്ചിട്ടുള്ളത്. എല്ലാ അര്ത്ഥത്തിലും പരമശിവനെ പിതാവാക്കിയിട്ടുണ്ടെങ്കിലും, മഹാപിതാവും മഹാമാതാവും മഹാശക്തിയായ ദൈവം തന്നെയാണ്, തന്റെ എല്ലാ കുഞ്ഞുങ്ങളേയും മഹാശക്തി ഒരുപോലെ സംരക്ഷിക്കുന്നു. (പരമശിവന്റെ സൃഷ്ടിയെപ്പറ്റി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിസ്തരിച്ചിട്ടുണ്ട് - അത് പഠിക്കുമ്പോള് സംശയങ്ങള് തീര്ത്തും ഇല്ലാതെവരുന്നതാണ്.).

മഹാമാതാവായി അഥവാ മഹാജഗദംബയായി മഹാശക്തി രൂപമെടുക്കുന്നതിന്റെ ഒരു മുഖ്യകാരണം, മഹാശക്തി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്ര പ്രകാരം മാതാവിനെ കുഞ്ഞുങ്ങള് സംരക്ഷകയായും ക്ഷമാരൂപിണിയായും കാണുമെന്നതും പിതാവിനെ ശിക്ഷകനായിക്കൂടി കാണുമെന്നതുമാണ്. മഹാപ്രപഞ്ചത്തിലെ

കുഞ്ഞുങ്ങള്ക്കെല്ലാം മഹാമാതാവിന്റെ മഹാവാത്സല്യം യഥാകാലം നേരിട്ടും അനുഭവിച്ചറിയാന് കഴിയുന്നതാണ്, കുടുംബത്തില് മാതാവിന് മക്കളോടുള്ള കരുതലും സ്നേഹവും ഭര്ത്താവിനോടുള്ളതില് കൂടുതലാണെന്നതിന്റെ മഹാരൂപമാണ് മഹാമാതാവായ ദൈവം മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളോടും കാട്ടുന്നത്.
മതം, ജാതി, ഉപജാതി, രാഷ്ട്രീയം, വര്ഗ്ഗം, നിറം, വംശം, ദേശം/രാജ്യം, ചെറുതും വലുതുമായ പ്രാദേശിക വിഭജനങ്ങള്, തുടങ്ങിയവയുടെ അടിസ്ഥാനത്തില് ഭൂമിയിലെങ്ങും വ്യത്യാസങ്ങളും വിവേചനങ്ങളും വര്ദ്ധിക്കുകയും അവയെ ക്രമപ്പെടുത്താന് തങ്ങള്ക്കു ശരിയെന്നു തോന്നിയ മാര്ഗ്ഗങ്ങളിലൂടെ പ്രവര്ത്തിക്കുകയും ചെയ്ത് ഭീകരവാദികളും ഭീകരപ്രവര്ത്തകരുമായി അനേകര് രൂപപ്പെട്ടിരിക്കുന്നു. ഭീകരവാദികള് ഉള്പ്പെടെ ഭൂമിയിലുള്ള എല്ലാവര്ക്കും തങ്ങളെത്തന്നെ ആദ്യം ശുദ്ധീകരിക്കുവാനും, മഹാശാസ്ത്രപാഠങ്ങള് പഠിച്ച് ആനന്ദിക്കാനും ഈ ഗ്രന്ഥത്തിലെ പാഠങ്ങള് കൊണ്ട് മാത്രം സാധിക്കുമോ എന്നൊരു ചോദ്യമുണ്ട്. ഭൂമിയില് വൈകാതെ മായ പ്രത്യക്ഷമാക്കിക്കൊണ്ട് ഗ്രന്ഥത്തിലുള്ള മഹാശാസ്ത്രപാഠങ്ങളെ മഹാശക്തിയായ ദൈവം ശരിവെയ്ക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമ്പോള് മാത്രമാണ് ഭീകരവാദങ്ങള് അവസാനിക്കുക എന്നാണ് ഈയുള്ളവന് കരുതുന്നത്. ഭീകരവാദത്തെ ദൈവം ഇല്ലാതാക്കുന്നു എന്ന തലക്കെട്ടോടെ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തില് പ്രത്യേകം അദ്ധ്യായത്തിലും മൂന്നാം ഭാഗത്തിലെ അദ്ധ്യായങ്ങളില് പരക്കെയും വിശദീകരണങ്ങളുണ്ട്.

അദ്ധ്യായം 16
ഭരണാധികാരികള്ക്കും രാഷ്ട്രീയ നേതാക്കന്മാര്ക്കുള്ള ഉപദേശവും താക്കീതും

ഭരണകൂടം എന്നാല് ഭരിക്കുന്ന സ്ഥാപനം എന്ന അര്ത്ഥമെടുക്കുമ്പോള് ആരെ ആരു ഭരിക്കുന്നത്, എന്തിനു ഭരിക്കുന്നത്, എങ്ങനെ ഭരിക്കുന്നത് തുടങ്ങിയ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും പ്രധാനങ്ങളാണ്. ഒരു പ്രദേശത്തു ജീവിക്കുന്ന വ്യക്തികളെ സമൂഹം എന്നും ജനങ്ങള് എന്നും പേരിടുമ്പോള്, ജനങ്ങളെ ആണു ഭരിക്കുന്നതെന്നും, ജനങ്ങളിലെ ഒരു വിഭാഗം തന്നെയാണ് ഭരിക്കുന്നതെന്നും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങള് നിറവേറ്റാനും ജീവിതം ആനന്ദകരമാക്കുവാനുമാണ് ഭരിക്കുന്നതെന്നു കാണാം. നല്ലകാര്യമാണെന്നു തോന്നും. ജനങ്ങളുടെ

പൊതുവായ ആവശ്യങ്ങള് നിറവേറ്റപ്പെടാതിരിക്കുകയും ജനജീവിതം ആനന്ദകരം ആയിരിക്കുന്നതിനു പകരം വിലക്കയറ്റങ്ങളും നികുതികളും കൈക്കൂലികളും അഴിമതികളും പീഢനങ്ങളും അക്രമങ്ങളും പിടിച്ചുപറികളും മദ്യക്കൂത്തുകളും ഭീകരവാദങ്ങളും ഒക്കെക്കൊണ്ട് ജനങ്ങള് അസന്തോഷത്തോടെയും അശാന്തിയോടെയും ദുസ്സഹമായാണ് ജീവിക്കുന്നതെങ്കില് : ഇതെന്തു ഭരണം, എന്തിനു ഭരണം ? രാജാവ്, രാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, മുഖ്യമന്ത്രി, സംസ്ഥാനമന്ത്രിമാര്, ജില്ലാ കളക്ടര്മാര്, മജിസ്ട്രേട്ട്, ജഡ്ജി തുടങ്ങിയ പേരുകളോടെ ജനങ്ങളിലെ ഒരു കൂട്ടര് ഭൂമിയിലെങ്ങുമുള്ള സമൂഹജീവിതത്തെ നൂറ്റാണ്ടുകളായി ഏറ്റവും അധമമാക്കി പോരുന്നതിനെ ഭരണം എന്നു പറയുന്നത് ഭരണം എന്ന പദത്തെ കളങ്കപ്പെടുത്തലാണ്.

മുമ്പു വ്യക്തമാക്കിയതുപോലെ ഭൂമിയിലെങ്ങുമുള്ള ഇന്നത്തെ സാമൂഹ്യ ഭരണം തീര്ത്തും അധമം ആയിരിക്കുകയാണ്. ശാസ്ത്രപരമല്ലാത്ത നികുതികളെയും ഭരണസമ്പ്രദായങ്ങളെയും തടയുവാന് ജനങ്ങള്ക്ക് കഴിയാതെ വന്നിരിക്കുന്നു. വസ്തുനികുതി, കെട്ടിടനികുതി, സേവനനികുതി, വാണിജ്യനികുതി, ആദായനികുതി തുടങ്ങിയ യാതൊരു നികുതികളും ശാസ്ത്രം അനുവദിക്കുന്നില്ല; വ്യക്തിസ്വാതന്ത്ര്യം ഒരു വിഷയമേ അല്ലാത്ത വിധത്തില് തോന്നുമ്പോലെ നികുതികള് അടിച്ചേല്പ്പിക്കുന്ന രാഷ്ട്രീയ ഭരണവ്യവസ്ഥിതി ഉണ്ടായിരിക്കുകയാണ്. ഭരണകൂടത്തിന്റെ നടത്തിപ്പ് എങ്ങനെ, ചിലവുകള് എങ്ങനെ തുടങ്ങിയവയ്ക്ക് ശാസ്ത്രീയമായ പദ്ധതിയുണ്ട്, അത് കണ്ടെത്തുവാനും നടപ്പാക്കാന് കഴിയാഞ്ഞതും വ്യവസ്ഥിതിയുടെ മറ്റൊരു പോരായ്മയാണ്.

എങ്ങനെ ഭരിക്കണം എന്ന ചോദ്യത്തിന്റെ ഉത്തരം തേടുമ്പോള് എല്ലാ പ്രശ്നങ്ങള്ക്കും പരിഹാരമുണ്ടാകുന്നതാണ്.

മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ടാണ് കര്ത്താവായ ദൈവം മണ്ണ് അഥവാ ഭൂമി ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം സൃഷ്ടിച്ചിട്ടുള്ളത്, മണ്ണില് ജീവിക്കുന്നവര് മണ്ണിന്റെ നിയമങ്ങള് പഠിക്കുകയും പാലിക്കുകയും ചെയ്യുമ്പോള് മാത്രമേ ജനജീവിതം ആനന്ദകരമാകുകയുള്ളൂ. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് / മൂലകങ്ങളില് ഭൗതികശാസ്ത്രം മാത്രമല്ല, ധര്മ്മശാസ്ത്രവും ആത്മീയശാസ്ത്രവും കൂടി ദൈവം ഉള്പ്പെടുത്തിയിട്ടുണ്ട്. മനുഷ്യര്ക്കെല്ലാം സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കുന്ന ധര്മ്മശാസ്ത്രം മൂലകങ്ങളില് ഉള്പ്പെടുത്തിയിട്ടുള്ളത് മനസ്സിലാക്കാന് മനുഷ്യര് പരിശ്രമിക്കണമായിരുന്നു. മനുഷ്യഭരണകൂടങ്ങള് ഇന്ന് ചെയ്യുമ്പോലെ എങ്ങനെയെങ്കിലും ഒക്കെ

അഥവാ തങ്ങള്ക്ക് ശരിയെന്നു തോന്നുമ്പോലെയൊക്കെ ജനങ്ങളെ ഭരിച്ചാല് ജനജീവിതം ആനന്ദകരമാക്കാനാവില്ല. മഹാനീതിശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ടാണ് മനുഷ്യഭരണാധികാരികള് ഉള്പ്പെടെയുള്ള സര്വ്വജീവികളുടെ മേലും ദൈവം മഹാനീതി നടത്തുന്നതെന്നും, അങ്ങനെ ചെയ്യുമ്പോള് മാത്രമാണ് ദൈവം മഹാനീതിപതി ആകുന്നതെന്നും, മനുഷ്യര്ക്ക് ശരിയെന്നും തെറ്റെന്നും തോന്നുമ്പോലെയൊക്കെ ജനങ്ങളെ ഭരിച്ചാല് നീതി നടപ്പാക്കാനാവില്ലെന്നും അറിയണം. അത് മനസ്സിലാക്കാനുള്ള ബുദ്ധി ദൈവം മനുഷ്യര്ക്ക് നല്കിയിട്ടുണ്ട്. മനുഷ്യര് തങ്ങളെ മതസ്ഥരും ജാതിക്കാരും രാഷ്ട്രീയ-ഇസക്കാരുമൊക്കെയായി അധഃപതിപ്പിക്കുകയാലും ധര്മ്മശാസ്ത്രങ്ങളില് നിന്ന് അകലുകയാലും അവര്ക്ക് നല്കപ്പെട്ട ബുദ്ധിയില് ശക്തിയുടെ അഥവാ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്റെ പിന്തുണയില്ല!

മണ്ണിന്റെ ശാസ്ത്രം അഥവാ മഹാശാസ്ത്രം മണ്ണിലുണ്ട്. അവ കണ്ടെത്തുകയും അവ പ്രകാരം ഭരണം നടത്തുകയും ചെയ്യുമ്പോള്, നിയമങ്ങളുണ്ടാക്കാനെന്ന പേരിലുള്ള നിയമസഭകള് ഭൂമിയില് ആവശ്യമില്ല. മറിച്ച് ഭരണാധികാരി അഥവാ രാജാവ്/മന്ത്രി മഹാശാസ്ത്രം അനുസരിച്ച് സമൂഹത്തിലെ വ്യക്തികള്ക്ക് നീതി നല്കുന്നവരായി മാറുന്നു. ഭരണകൂടത്തില് നിന്നു വേറിട്ടു പ്രവര്ത്തിക്കുന്ന ഇന്നത്തെ നീതിന്യായകൂടങ്ങള് എന്ന കോടതികള് അപ്പാടെ അധമങ്ങളാവുന്നത് അങ്ങനെയാണ്. പുരാണങ്ങളിലും അല്ലാതെയുമുള്ള രാജഭരണത്തില് നിയമസഭകളും കോടതികളും ഇല്ലാത്തത് എന്തുകൊണ്ടാണെന്നു കൂടിയാണ് വ്യക്തമാക്കിയത്. മണ്ണിന്റെ ശാസ്ത്രം മനസ്സിലാക്കാന് കഴിയാത്ത ഭരണാധികാരികള് മുമ്പ് വ്യക്തമാക്കിയതുപോലെ ശാസ്ത്രപരമായ അദ്ധ്യാപകരുടെയും സാമൂഹ്യപ്രവര്ത്തകരുടെയും സഹായത്തോടെ മണ്ണിന്റെ ശാസ്ത്രം കണ്ടെത്തണമായിരുന്നു; അല്ലാതെ ജനാധിപത്യം എന്ന കള്ളപ്പേരോടെയുള്ള അധമ സമ്പ്രദായങ്ങളെ ശരിവെയ്ക്കുക ആയിരുന്നില്ല ചെയ്യേണ്ടിയിരുന്നത്. (മണ്ണിന്റെ ശാസ്ത്രം അഥവാ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം, ദൈവം തന്റെ ഏകദാസനായ പരമശിവനിലൂടെ -ഈ ഗ്രന്ഥത്തിലൂടെ- ലഭ്യമാക്കിയിരിക്കുകയാണ്.).

മഹാശാസ്ത്രപരമായി വേണം ഭരിക്കേണ്ടതെന്നാണ് വ്യക്തമാക്കിയത്. മനുഷ്യര്ക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുമ്പോഴും ഏതാനും ജീവിതകാര്യങ്ങളിലെ ഭരണം മാത്രമാണ് ദൈവം മനുഷ്യരെ ഏല്പിച്ചിട്ടുള്ളതെന്ന് തിരിച്ചറിയാന് കഴിയും. ദൈവം ഏല്പിച്ചിട്ടുള്ള

ഏതാനും കാര്യങ്ങള് മംഗളകരമായി നടത്തുന്നതില് പരാജയപ്പെടുന്നു എന്നതുകൂടാതെ ദൈവം നടത്തിപ്പോരുന്ന മഹാനീതികാര്യങ്ങള് മനസ്സിലാക്കുക പോലും ചെയ്യാതെ ഭോഷ്ക്കായ പദ്ധതികള് ആവിഷ്ക്കരിച്ച് ജനജീവിതത്തെ ഭരണാധികാരികള് വളരെ മോശപ്പെടുത്തിയിട്ടുണ്ട്. വ്യക്തിസ്വാതന്ത്ര്യം എന്ന അദ്ധ്യായത്തിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ഒരു ഉദാഹരണത്തോടെ വിശദീകരിക്കാം. കൂടുതല് ഉദാഹരണങ്ങള് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് ലഭ്യമാണ്. :-

അല്പം സ്വല്പം രൂപവ്യത്യാസമുള്ള 100 സിംഹങ്ങളെ ഒരുമിച്ച് നിര്ത്തിയാല് തിരിച്ചറിയാന് വിഷമമാണ്. ഒരേ വലിപ്പത്തിലുള്ള 100 മത്തി, 100 മത്സ്യ-മുട്ട എന്നിവയെ നിരത്തിയാല് പ്രത്യേകമായി തിരിച്ചറിയാന് പ്രയാസമാണ്. ഒരേ വലിപ്പത്തിലുള്ള 100 തെങ്ങ്, 100 തേങ്ങ എന്നിവയെ നിരത്തിയാല് പ്രത്യേകമായി തിരിച്ചറിയാന് പ്രയാസമാണ്. ഒരേ വലിപ്പത്തിലുള്ള 100 കാക്ക, 100 തത്ത എന്നിവയെ നിരത്തിയാല് പ്രത്യേകമായി തിരിച്ചറിയാന് പ്രയാസമാണ്. ഒരേ വലിപ്പത്തിലുള്ള 100 വെളുത്ത പൂച്ച, 100 ആന എന്നിവയെ നിരത്തിയാല് പ്രത്യേകമായി തിരിച്ചറിയാന് പ്രയാസമാണ്. എന്നെല്ലാമിരിക്കെ, കേരളത്തിലെ, ഇന്ത്യയിലെ, ഭൂമിയിലെ എല്ലാ മനുഷ്യര്ക്കും ഒരേ മുഖഛായയും ഒരേ ശരീരഘടനയും ആണെങ്കില്, ഒരേ മുഖഛായ ഉള്ള കോടിക്കണക്കിന് മനുഷ്യരെ തിരിച്ചറിയുന്നതെങ്ങനെ ? ഭരിക്കുന്ന രാജാക്കന്മാരെയും മന്ത്രിമാരെയും കള്ളന്മാരെയും കൊള്ളക്കാരെയും കൊലപാതകികളെയും ഭീകരവാദികളെയും ഉള്പ്പെടെ യാതൊരാളെയും തിരിച്ചറിയാന് കഴിയില്ല. എല്ലാ മനുഷ്യര്ക്കും ഒരുപോലെയുള്ള മുഖഛായ കൊടുക്കാനുള്ള ദിവ്യശക്തി രാജാവിനും മന്ത്രിമാര്ക്കും ലഭിക്കുകയാണെങ്കില്, എല്ലാ മനുഷ്യര്ക്കും സമനീതി നല്കേണ്ടവനാണ് ഭരണാധികാരി എന്ന യുക്തിശാസ്ത്രപ്രകാരം ഭൂമിയിലെ എല്ലാ മനുഷ്യര്ക്കും ഒരേ മുഖഛായ നല്കുവാന് രാജാവും മന്ത്രിമാരും തയ്യാറാകുമോ ? തമ്മില് തമ്മില് തിരിച്ചറിയാത്ത ജനങ്ങളെ, അവരെപ്പോലെ തന്നെ മുഖഛായ ഉള്ള രാജാവും മന്ത്രിമാരും എങ്ങനെയാണ് ഭരിക്കുക ? ഒരുപോലെയുള്ള മുഖഛായ ഭൂമിയിലെ എല്ലാ ജനങ്ങള്ക്കും ഉണ്ടായാല് ജനങ്ങള്ക്ക് ജീവിക്കാനും ഭരിക്കാനും സാധിക്കില്ല എന്നു കണ്ടു. സമനീതിയെപ്പറ്റി പറയുന്ന രാജാവിനും മന്ത്രിമാര്ക്കും ദിവ്യശക്തി ലഭിച്ചാലും ഒരുപോലെയുള്ള മുഖഛായ ഭൂമിയിലെ എല്ലാ ജനങ്ങള്ക്കും നല്കാന് അവര് തയ്യാറാവില്ല എന്നും കണ്ടു. മനുഷ്യ ഭരണകൂടത്തിന് വളരെയധികം പരിധികളും പരിമിതികളുമുണ്ട് എന്ന പാഠമാണ് വെളിവാകുന്നത്.

(ഒരുപോലെയുള്ള മുഖഛായ കൊടുക്കാനോ സൗന്ദര്യം വര്‍ദ്ധിപ്പിക്കാനോ ഉള്ള ദിവ്യശക്തി രാജാവിനും മന്ത്രിമാര്‍ക്കും ലഭിക്കുകയാണെങ്കില്, അവര് തങ്ങളുടെ ഇഷ്ടജനങ്ങളെ സന്തോഷിപ്പിക്കാനും മറ്റ് ദുസ്വാര്‍ത്ഥങ്ങള്ക്കുമായി ദിവ്യശക്തിയെ ദുരുപയോഗം ചെയ്തേക്കാം എന്നത് താരതമ്യേന അപ്രധാനമായ വസ്തുതയാണ്.)

എല്ലാ ജീവികളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്, എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി നല്കുവാന് സ്രഷ്ടാവായ ദൈവത്തിനു ബാദ്ധ്യതയുണ്ട്. എല്ലാ മനുഷ്യര്ക്കും തുല്ല്യ സൗന്ദര്യം, തുല്ല്യ ആരോഗ്യം, തുല്ല്യ ആയുസ്സ്, തുല്ല്യ ജോലി അഥവാ എല്ലാ തൊഴിലുകളും ചെയ്യുവാനുള്ള അവസരം, തുല്ല്യ സുഖം അഥവാ എല്ലാ ജീവിതസുഖങ്ങളും എല്ലാവര്ക്കും അനുഭവിക്കാന് അവസരം, തുടങ്ങിയവയെ മഹാനീതിശാസ്ത്രത്തിലൂടെയാണ് മഹാനീതിപതിയായ ദൈവം ക്രമപ്പെടുത്തുന്നത്. ലിംഗം, സൗന്ദര്യം, നിറം, ആരോഗ്യം, തൊഴില് അഭിരുചി, വിനോദ അഭിരുചി തുടങ്ങിയവയെ ജന്മഗുണങ്ങളായി അഥവാ ദൈവം നിര്വ്വഹിക്കുന്ന ഭരണ-നീതി കാര്യങ്ങളായി മാറ്റിയിരിക്കയാണ്. അവയെ ദൈവം ക്രമപ്പെടുത്തുന്നത് മഹാനീതിശാസ്ത്രത്തിന്റെ മുഖ്യഭാഗമെന്നോ മഹാനീതിശാസ്ത്രമെന്നു തന്നെയോ വിശേഷിപ്പിക്കാവുന്ന മഹാപുനര്ജ്ജന്മ സിദ്ധാന്തം പ്രകാരമാണ്. മനുഷ്യരുടെ നീതിനിര്വ്വഹണങ്ങളിലെ പിഴവുകളെയും ദൈവം പരിഹരിക്കുന്നത് മഹാപുനര്ജ്ജന്മ സിദ്ധാന്തം പ്രകാരമാണ്. പുരോഹിതന്മാരും പണ്ഡിതന്മാരെന്ന് അറിയപ്പെടുന്നവരും മറ്റും പുനര്ജ്ജന്മങ്ങള് പാപം കൊണ്ടു സംഭവിക്കുന്നതാണെന്ന് പ്രചരിപ്പിച്ചുപോന്നത് മഹാപുനര്ജ്ജന്മ സിദ്ധാന്തത്തെപ്പറ്റി അടിസ്ഥാനപരമായ അറിവില്ലാത്തതു കൊണ്ടാണ്. ജഗത് മിഥ്യാ വാദം പോലെയുള്ള ഹീന കര്മ്മമാണ് അവര് ചെയ്തുപോന്നത്. മഹാപുനര്ജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിവരിച്ചിട്ടുണ്ട്.

സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, സാമൂഹ്യ സേവനശാസ്ത്രം എന്നീ മൂന്ന് ധര്മ്മശാസ്ത്ര ശാഖകള് മാത്രം സമൂഹത്തില് നടപ്പിലാക്കുകയും, സാമൂഹ്യ സേവന ശാസ്ത്രം പ്രകാരം ഭൗതികശാസ്ത്ര ശാഖകളുടെ വികസനത്തിലൂടെ ലഭ്യമാവുന്ന സുഖങ്ങള് ഭൂമിയില് എല്ലാവര്ക്കും തുല്ല്യമായി ലഭ്യമാക്കുകയുമാണ് മനുഷ്യ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം. മഹാനീതിപരമായ പ്രധാന കാര്യങ്ങളെല്ലാം ദൈവം തന്നെ ചെയ്യുമ്പോഴും, മനുഷ്യരെ

ഉന്നതപ്പെടുത്തിക്കൊണ്ട്, മനുഷ്യര്ക്കെല്ലാം സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം ധര്മ്മശാസ്ത്രപരമായി ഉറപ്പാക്കുവാന് മഹാനീതിപതിയും മഹാകരുണയും മഹാസ്നേഹവുമായ ദൈവം ശ്രദ്ധിച്ചിട്ടുണ്ട്. ഭൗതികശാസ്ത്ര ശാഖകളില് വികസനം വര്ദ്ധിക്കുമ്പോള്, ജീവിതസുഖങ്ങള് വര്ദ്ധിക്കുന്നതാണ്, അതിനൊത്ത് സദാചാരശാസ്ത്രവും സാമ്പത്തികശാസ്ത്രവും സാമൂഹ്യ സേവനശാസ്ത്രവും സംരക്ഷിക്കുവാന് ഭരണാധികാരികള്ക്ക് കഴിഞ്ഞാല് സമൂഹത്തില് സമ്പൂര്ണ്ണ ആനന്ദം ഉണ്ടാകുന്നതാണ്. നൂറ്റാണ്ടുകളായുള്ള വ്യത്യസ്ത ഭരണാധികാരികള്ക്ക് അതിനു കഴിയാഞ്ഞതാണ് ധാര്മ്മികമായ അധഃപതനങ്ങളുടെ അടിസ്ഥാന കാരണം. മുമ്പു പറഞ്ഞ നാരായണപ്പിശാചിനെ പോലെയുള്ളവര് പ്രശ്നങ്ങളെ കൂടുതല് ഭീകരമാക്കുകയും ചെയ്തു. അതേ അവസരത്തില് മാവേലി എന്നറിയപ്പെടുന്ന ബലിയ്ക്കും, ഉമര് ഉള്പ്പെടെയുള്ള ഏതാനും അറേബ്യന് രാജാക്കന്മാര്ക്കും അവരുടെ കാലത്തെ ശാസ്ത്രവികസനവുമായി പൊരുത്തപ്പെടുന്ന ഉത്തമ ഭരണം നടത്താന് കഴിഞ്ഞിട്ടുണ്ട് എന്നതും വസ്തുതയാണ്.

അനേക സൃഷ്ടിചക്രങ്ങളിലായി സംഭവിച്ച പിഴവുകളുടെ ഏകീകരണവും, ഒപ്പം അവസാനവും കൂടിയാണ് ഇപ്പോള് സംഭവിച്ചുകൊണ്ടിരിക്കുന്നത്. 1000 കോടി വര്ഷങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രസ്തുത കാര്യങ്ങള് സമ്പൂര്ണ്ണമായി ഉള്ക്കൊള്ളാന് മഹാശാസ്ത്രം ഓരോരുത്തര്ക്കും ലഭ്യമാവുന്ന ഏക വിശിഷ്ട ജന്മത്തില് മാത്രമേ സാധിക്കുകയുള്ളൂ. 1000 കോടി വര്ഷങ്ങളിലെ പിഴവുകളെപ്പറ്റി പറയുമ്പോഴും, നിലവിലുള്ള സൃഷ്ടിചക്രത്തില് തങ്ങളുടെ ധര്മ്മം തെറ്റിച്ചു പ്രവര്ത്തിച്ചവര് സമൂഹത്തിലെ പിഴവുകള് വര്ദ്ധിപ്പിച്ചു എന്നത് വസ്തുതയാണ്.

ഭരണാധികാരികളും രാഷ്ട്രീയക്കാരും മതനേതൃത്വങ്ങളും മുന് കാലങ്ങളിലെ കൊടുംപാപികളായിരുന്നതിനെപ്പറ്റിയും, അവര് പാപങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെപ്പറ്റിയും, പാപികളെ പാപികളിലൂടെയും തിരുത്തുന്ന മഹാനീതിശാസ്ത്രപദ്ധതിയെ പ്പറ്റിയും മുന് അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യം നേടാന് ഒരു വ്യക്തിക്ക് സാധിക്കുന്നത് സമൂഹത്തിലെ ഭരണാധികാരി ആയിരിക്കുമ്പോഴാണ് എന്നത് കടുത്ത പാപങ്ങള് ചെയ്തുകൂട്ടിയവര്ക്ക് പുണ്യം നേടാനുള്ള വലിയൊരു പദ്ധതി കൂടിയാണ്. സത്യം മാത്രം പറഞ്ഞും ധര്മ്മം മാത്രം പ്രവര്ത്തിച്ചും, നീതി മാത്രം നല്കിയും ജീവിക്കേണ്ടതുണ്ട്, സമൂഹ ഭരണം നിറവേറ്റേണ്ടതുണ്ട്. ലളിത

സുന്ദരമായി ഭരിക്കണം. കുതന്ത്രങ്ങള് യാതൊരാളോടും പാടില്ല. ഭരണാധികാരിയാവുമ്പോള് ധര്മ്മശാസ്ത്രം വീണ്ടും തെറ്റിച്ചാല് ഏറ്റവുമധികം പാപം നേടുന്ന ജന്മമായും ഭവിക്കുന്നതാണ്. ഏറ്റവുമധികം പാപം നേടിയ ഒരു വ്യക്തിയായിരുന്നു കൃഷ്ണന്. നാരായണന് വിഷാണുവായി അധഃപതിച്ചുവെങ്കില് കൃഷ്ണന് എന്ന കൃത്രിമി കൃമിയായി അധഃപതിച്ചു. നാരായണന് പെരുമാളട്ടയായും കൃഷ്ണന് ഭാഗവതത്തില് വിസ്തരിക്കുമ്പോലെ പുഴുക്കളായും അനേക കോടി വര്ഷങ്ങള് തന്നെ ശിക്ഷിക്കപ്പെട്ടു. കടുത്ത ശിക്ഷകള് ഏറ്റവാങ്ങിയശേഷം പുനര്ജ്ജനിച്ചിട്ടുള്ള കൃഷ്ണന് അതിസുന്ദരനായ ഒരു ഹിന്ദു-ഡോക്ടറായി കേരളത്തില് തന്നെയുണ്ട്. (2007-ല് സര്ക്കാര് സര്വ്വീസില് നിന്നും വിരമിച്ച് സ്വകാര്യപ്രാക്ടീസ് നടത്തുന്നു. അദ്ദേഹത്തിന് ഇപ്പോഴും ലഭിച്ചിട്ടുള്ള പ്രഭ അതിശയകരമാണ്!). എത്ര വലിയ പാപിയായിത്തീര്ന്നാലും ദൈവത്തിന് തന്റെ കുഞ്ഞു തന്നെയാണെന്നും, പാപിയായ കുഞ്ഞിനെ മഹാശാസ്ത്രപരമായിത്തന്നെ തിരുത്തുമെന്നും എല്ലാ കുഞ്ഞുങ്ങള്ക്കും സമപദവി നല്കുമെന്നും വ്യക്തമാക്കിയിരുന്നു. ഒരു ഉദാഹരണം കൂടി പറയാം :- രക്തവിപ്ലവത്തെ ശരിവെച്ചതിലൂടെ കാറല് മാര്ക്സ് താത്വികമായി കൊടും പാപിയായി മാറിയെങ്കിലും, സ്വയം രക്തവിപ്ലവത്തിന് നേതൃത്വം കൊടുക്കുകയോ പങ്കെടുക്കുകയോ ചെയ്തില്ല. അദ്ദേഹത്തിന്റെ സഹചാരിയായ ഏംഗല്സും അങ്ങനെ തന്നെ. ചെറിയൊരു സമൂഹമോ, ഭൂമിയിലെ മുഴുവന് പേരുമോ മാര്ക്സിനോ ഏതൊരാള്ക്കുമോ ജയ് വിളിച്ചതുകൊണ്ടോ ഷെയിം വിളിച്ചതുകൊണ്ടോ സ്മാരകങ്ങള് ഉണ്ടാക്കിയതുകൊണ്ടോ യാതൊരു കാര്യവുമില്ല എന്നു മനസ്സിലാക്കണം. മഹാനീതിപതിയായ ദൈവമാണ് എല്ലാ കുഞ്ഞുങ്ങള്ക്കും മഹാ-സമനീതി നല്കുക.

മാര്ക്സിസത്തെ ശാസ്ത്രീയമായി ശുദ്ധീകരിക്കാന് ശ്രമിക്കാതെ, മാര്ക്സിസം പ്രകാരം രക്തവിപ്ലവം നടത്തുകയും രക്തവിപ്ലവത്തിലൂടെ ഭരണം നേടുകയും ചെയ്തവര് ശാസ്ത്രപരമല്ലാത്തതും അധമവുമായ പ്രവൃത്തി ചെയ്കയാല് പതിറ്റാണ്ടുകള് അനവധി കഴിഞ്ഞിട്ടും അവര്ക്കോ അവരെ പിന്പറ്റിയവര്ക്കോ സമൂഹത്തില് സന്തോഷകരമായ ജീവിതം കെട്ടിപ്പടുക്കാനായില്ല. ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളില് രക്തവിപ്ലവത്തോടൊപ്പം വിപ്ലവംതന്നെയും ഉപേക്ഷിച്ച അധമ-രാഷ്ട്രീയ ഇസങ്ങളെപ്പോലെ വര്ത്തിക്കുമ്പോള്, കേരളത്തില് കാറല് മാര്ക്സും ഏംഗല്സും പുനര്ജ്ജനിക്കുകയുണ്ടായി. കേരളത്തിന്റെ പ്രത്യേകതയെപ്പറ്റി പ്രത്യേകം അദ്ധ്യായത്തില് വിസ്തരിക്കുന്നതാണ്. രണ്ടു പേരും ഹിന്ദുമതത്തിലെ ഉന്നതജാതികളില് പെട്ടാണ്

ജനിച്ചതെങ്കിലും, മതം ഉപേക്ഷിച്ചപോലെ ജീവിക്കുകയുണ്ടായി. മരണം വരെയും ക...ക... കമ്മ്യൂണിസം എന്ന് പുനര്ജ്ജനിച്ച മാര്ക്സിനെക്കൊണ്ട് ദൈവം പറയിച്ചു. രക്തവിപ്ലവത്തിനു പകരം കുറേക്കൂടി മെച്ചപ്പെട്ട ജനാധിപത്യ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെ അദ്ദഹത്തിന് ശരിവെയ്ക്കേണ്ടതായി വന്നു. തെരഞ്ഞെടുപ്പിലൂടെ ഭരണത്തിലേറിയ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഭരണാധികാരിയായി. ശേഷം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് വ്യാഖ്യാതാവായി. മനുഷ്യരെ വര്ഗ്ഗങ്ങളായി വേര്തിരിച്ച് നീതിനടത്തുന്ന അധമരീതി പിന്തുടര്ന്നെങ്കിലും, അഹംഭാവം വര്ദ്ധിച്ചുവെങ്കിലും, മനുഷ്യസമൂഹത്തിന്റെ ആനന്ദജീവിതവും നന്മയും അദ്ദേഹം ആഗ്രഹിച്ചിരുന്നു എന്നത് ഉത്ക്കൃഷ്ടമാണ്. പുനര്ജ്ജനിച്ച ഏംഗല്സ് പുനര്ജ്ജനിച്ച് ഭരണാധികാരിയായ മാര്ക്സിന്റെ മന്ത്രിസഭയിലെ അംഗമായി. അധമഭരണസമ്പ്രദായം പ്രകാരമുള്ള ന്യായാധിപനായി. അതില്നിന്നു വിരമിച്ച ശേഷവും, മാനുഷിക അവകാശങ്ങള്ക്കുവേണ്ടി ആവുമ്പോലെയെല്ലാം അദ്ദേഹം പ്രവര്ത്തിക്കുകയുമുണ്ടായി. ഈ വരികള് എഴുതുന്ന 2008 ഒക്ടോബര് 19-നും, അദ്ദേഹത്തിന് ശാസ്ത്രപരമായ പിഴവുകള് ഏറെയുണ്ടെങ്കിലും അദ്ദേഹം ശരിയെന്നു വിശ്വസിക്കുമ്പോലെയുള്ള സാമൂഹ്യനന്മ ചെയ്യുന്നു. രക്തവിപ്ലവം നയിച്ചയാളാണ് ലെനിന് എങ്കിലും അദ്ദേഹം ഒരു മനുഷ്യസ്നേഹി കൂടിയായിരുന്നു. 2008-ല് 47 വയസ്സുള്ള വെളുത്തു സുന്ദരനായ ഒരു മുസ്ലീം ചെറുപ്പക്കാരനായി അദ്ദേഹവും കേരളത്തിലുണ്ട്. ഇന്നത്തെ കമ്മ്യൂണിസ്റ്റ് ഭരണാധികാരികള്ക്ക് ഇണങ്ങുമ്പോലെ അദ്ദേഹം ചെറിയൊരു മദ്യപാനിയുമാണ്.

മദ്യപാനത്തെപ്പറ്റി എടുത്തുപറഞ്ഞത് കാരണമുണ്ടായിട്ടുതന്നെയാണ്. സദാചാര ശാസ്ത്രത്തെയും വ്യക്തികളുടെ ജീവിതത്തെയും അപകടപ്പെടുത്തിക്കൊണ്ട് മദ്യത്തിന്റെ നിര്മ്മാണവും വിപണനവും നടത്തുകയും, ജനങ്ങളെ കുടിപ്പിക്കുകയും ചെയ്തുകൊണ്ട്, മദ്യം ആരോഗ്യത്തിനു നല്ലതല്ല എന്ന് വാചകവേഷം കെട്ടുന്ന ഭരണാധികാരികളും, അതു ശരിവയ്ക്കുന്ന ജഡ്ജിമാരും, അതെല്ലാം കണ്ടുംകേട്ടും നില്ക്കുന്ന മതപുരോഹിതന്മാരും മറ്റും കടുത്ത ദൈവനിന്ദയാണു ചെയ്യുന്നത്. അതു ബോദ്ധ്യപ്പെടുത്തുവാന് പ്രത്യേക അദ്ധ്യായം തന്നെ ഗ്രന്ഥത്തിലുണ്ട്.

മദ്യത്തിന്റെ കാര്യത്തില് ഭരണാധികാരിയാണ് മുഖ്യ കുറ്റവാളി. മദ്യപാനിയെ അഹങ്കാരിയെന്നും വീട്ടുകാര്യങ്ങളിലും നാട്ടുകാര്യങ്ങളിലും ശ്രദ്ധയില്ലാത്തവനെന്നും ആക്ഷേപിക്കുന്നത് അടിസ്ഥാനപരമായി തെറ്റാണ് ; എന്തുകൊണ്ടെന്നാല് മദ്യപാനി രോഗിയായി മാറുകയാണ്.

കിണഞ്ഞു ശ്രമിച്ചിട്ടും തങ്ങളുടെ പുകവലി ശീലം പോലും ഉപേക്ഷിക്കാന് ആദര്ശവാദിളെന്നും ശാസ്ത്രവാദികളെന്നും വേഷംകെട്ടുന്ന കമ്മ്യൂണിസ്റ്റുകാര് ഉള്പ്പെടെയുള്ള അനേകം ഭരണാധികാരികള്ക്ക് കഴിയാഞ്ഞത് ദുശ്ശീലങ്ങള് രോഗങ്ങളായി പരിണമിക്കുന്നതു കൊണ്ടാണ്. മദ്യപാനത്തിന് അടിമയായിത്തീരുന്ന മദ്യപാനി എന്ന രോഗികളില് ഭൂരിപക്ഷത്തിനും മദ്യം ഉപേക്ഷിക്കാന് ആഗ്രഹമുണ്ടായാലും ഉപേക്ഷിക്കാനുള്ള ശക്തി ഇല്ലാതെ വരുകയാണ്, അതുപോലും തിരിച്ചറിയാന് ഭരണകൂടത്തിന് കഴിയാത്തത് അവര്ക്ക് ജനങ്ങളുടെ പ്രശ്നങ്ങളില് ആത്മാര്ത്ഥതയില്ലാത്തതുകൊണ്ടാണ് ; ജനങ്ങളെ സ്നേഹിക്കാത്തതു കൊണ്ടാണ് ; കൊടുംഭീകരര് ആയതുകൊണ്ടാണ്. മദ്യപാനികളോടും അവരുടെ കുടുംബങ്ങളോടും ചെയ്ത ക്രൂരതയ്ക്ക് പരിഹാരം കാണാന് ഭരണാധികാരികളെല്ലാം ഉടന് തയ്യാറായാല് അവര്ക്കു കൊള്ളാം.
ശാസ്ത്രീയമായ തൊഴില് വിഭജനത്തെ വിസ്തരിക്കുന്ന അദ്ധ്യായങ്ങള് പഠിക്കുമ്പോള്, ഭരണാധികാരികളും രാഷ്ട്രീയക്കാരും മതനേതൃത്വങ്ങളും ശാസ്ത്രപരമായ തൊഴില് വിഭജനത്തിലെ ആവശ്യം എന്ന വിഭാഗത്തില് പെടുന്നതായി മനസ്സിലാക്കാനാവും. സമൂഹത്തെ ഭരിക്കുന്ന അവസ്ഥയില് എത്തിയിരിക്കുകയാല് കേമന്മാരെന്നും മറ്റും അവര്ക്ക് സ്വയം തോന്നുമെങ്കിലും ജന്മങ്ങളുടെ എണ്ണവും പുണ്യവുമായി ബന്ധപ്പെട്ട് അവര് ബാല്യാവസ്ഥയിലാണ്. അതുകൊണ്ടുതന്നെയാണ് മഹാശക്തിയെയും മഹാശാസ്ത്രത്തെപ്പറ്റിയുമുള്ള ബോധം അവര്ക്ക് ഉണ്ടാവാത്തത്. തങ്ങള്ക്ക് തോന്നുന്നവയെ എല്ലാം ശരികളായി സമര്ത്ഥിക്കുകയും, മുമ്പ് ജീവിച്ചിരുന്നവര് ഉപേക്ഷിച്ചുപോയ നല്ലതും ചീത്തയുമായ കാര്യങ്ങളെ തങ്ങളുടെ (ദു)സ്വാര്ത്ഥവുമായി ബന്ധിപ്പിച്ച് പ്രവര്ത്തിക്കുകയും ചെയ്യുന്നവരാണ് അവര്. അവരുടെ പ്രവര്ത്തനങ്ങളില് ശാസ്ത്രീയത കുറയുന്നതനുസരിച്ച് അവര് കൊടുംഭീകരരായി മാറുന്നതും, സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങള് ഇന്നു കാണുമ്പോലെ ഭീകരവാദികളായി മാറുന്നതുമാണ്. ഖേദിക്കേണ്ട : കുഞ്ഞുങ്ങളേ, നിങ്ങളെല്ലാവരും ദൈവത്തിന് വളരെ പ്രിയപ്പെട്ടവരാണ്. നിങ്ങളുടെ മാതാവ് ഉള്പ്പെടെ ഏറ്റവും പ്രിയപ്പെട്ടവര് നല്കിയതിനേക്കാള് കൃത്യമായി 100 മടങ്ങ് അധികം സ്നേഹവാത്സല്യങ്ങള് മഹാപിതാവും മഹാമാതാവുമായ ദൈവം നിങ്ങള്ക്ക് നല്കുന്നതാണ്. കുഞ്ഞുങ്ങളേ, നിങ്ങളുടെ പിതാവായ പരമശിവന് അറിയിക്കുന്ന സത്യവചനമാണിത്. മായ പ്രത്യക്ഷമായ ശേഷം, പിതാവായ പരമശിവനിലൂടെ മഹാനീതിശാസ്ത്രപ്രകാരം കുഞ്ഞുങ്ങളെ സ്നേഹിക്കുകയും

ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാനീതി കാര്യങ്ങളുണ്ട്. പാപം ചെയ്യുന്നവര്ക്ക് ശിക്ഷ നല്കുവാന് ദൈവം തയ്യാറാകുന്നത് അവരെയെല്ലാം തിരുത്തിക്കൊണ്ട് തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും മഹാ-സമനീതി നല്കാനാണ്, എല്ലാവരെയും തുല്യ്മായി സ്നേഹിക്കുന്നതുകൊണ്ടാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില്, മൂലകങ്ങളില്, ഭൗതികശാസ്ത്രം കൂടാതെ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും ഉള്ളടക്കം ചെയ്തിരിക്കുന്നതു വിശദീകരിക്കുന്ന പാഠങ്ങളും, മനുഷ്യര് കാട്ടിപ്പോന്ന ദൈവനിന്ദ വിശദീകരിക്കുന്ന പാഠങ്ങളും, ശാസ്ത്രപരമായ തൊഴില് വിഭജനം വിശദീകരിക്കുന്ന പാഠങ്ങളും, ദൈവത്തെപ്പറ്റിയുള്ള പാഠങ്ങളും ഒക്കെ പഠിക്കുവാനും, അവയെല്ലാം ഉള്ക്കൊണ്ട് ഏറ്റവും ശുദ്ധരായി ജീവിക്കുവാനും മഹാശക്തി അനുഗ്രഹിക്കട്ടെ എന്ന് സ്നേഹത്തോടെയും വാത്സല്യത്തോടെയും ആശംസിക്കുന്നു.

അദ്ധ്യായം 17

മതപുരോഹിതന്മാര്ക്കുള്ള ഉപദേശവും താക്കീതും

സത്യ-ധര്മ്മ-നീതികളുടെ ആവശ്യകതയെപ്പറ്റി സമൂഹത്തില് പ്രചരിപ്പിക്കണമെന്ന് ഒരു വ്യക്തിക്ക് ആഗ്രഹമുണ്ടാകുന്നത് അയാളുടെ സ്വകാര്യമാണ്. ഒരാളെ ആനന്ദിപ്പിക്കുന്നതായ ഒരു കാര്യം അയാള് ചെയ്യുന്നത് മറ്റുള്ളവര്ക്ക് ധര്മ്മശാസ്ത്രപരമായി ദോഷം ചെയ്യാതിരിക്കുകയും നല്ലത് വരുത്തുകയും ചെയ്യുന്നുവെങ്കില് അയാളുടെ പ്രവൃത്തി നല്ലതുമാണ്. എന്നാല് ഒരാളോ അനേകരോ സത്യ-ധര്മ്മ-നീതികളെന്ന് അവര് കരുതുന്ന കാര്യങ്ങള് പ്രചരിപ്പിക്കുവാനായി പ്രവര്ത്തിക്കുന്നത് തങ്ങള്ക്കു വേണ്ടിയല്ല, ദൈവത്തിനു വേണ്ടിയാണെന്നു കരുതുമ്പോള്, അവിടെ തെറ്റുണ്ടാകുന്നു, ദൈവനിന്ദയുണ്ടാകുന്നു, പാപമുണ്ടാകുന്നു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മഹാശാസ്ത്രപ്രകാരം നിര്വ്വഹിക്കുന്ന ദൈവത്തിന് മനുഷ്യര് ഉള്പ്പെടെ യാതൊരു ജീവികളുടെയും സഹായം യാതൊരു കാര്യത്തിനും യാതൊരിക്കലും ആവശ്യമില്ല. ദൈവം മഹാശക്തിയാണ്. മനുഷ്യരുടെ സഹായം ദൈവത്തിന് ആവശ്യമുണ്ടെന്നു കരുതുന്നത് ദൈവനിന്ദയാണെന്ന് തിരിച്ചറിയണം. ഇനി, നല്ലതെന്ന് ഒരാള് കരുതുന്ന കാര്യം യഥാര്ത്ഥത്തില് നല്ലതല്ലെങ്കില്, അഥവാ ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികള് പ്രകാരമോ,

മഹാശാസ്ത്രപരമോ അല്ലെങ്കില്, അയാള് അറിയാതെയാണെങ്കില് പോലും അയാളുടെ പ്രവൃത്തികൊണ്ട് സമൂഹത്തിനു ദോഷം ഉണ്ടാകുന്നതാണ്. ഒറ്റപ്പെട്ട ചില വ്യക്തികള്ക്ക് നന്മ ചെയ്യുവാന് ചില മതപുരോഹിതന്മാരുടെ നല്ല പ്രവര്ത്തനങ്ങള് തീര്ച്ചയായും പ്രയോജനപ്പെടുന്നുണ്ട്, അവര്ക്ക് അക്കാര്യത്തില് പുണ്യം ലഭിക്കുന്നുമുണ്ട്; എന്നാല് അടിസ്ഥാനപരമായി മതപുരോഹിതന്മാര് നില്ക്കുന്നത് മതപ്പിശാചിന്റെ കൂടെയാകയാല്, പാപം തന്നെയാണ് കൂടുതല് സമ്പാദിക്കുക.

ദൈവത്തിന്റെ പേരില് കഥകളുണ്ടാക്കാനും വിശ്വാസങ്ങളുണ്ടാക്കാനും ദൈവം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ദൈവത്തിന്റെ ദാസരായി അഥവാ ദൈവദാസരായി ദൈവം ആരെയും നിയമിച്ചിട്ടില്ല. ദൈവത്തിന്റെ ദാസനാണെന്നും യജമാനനാണെന്നും പ്രതിനിധിയാണെന്നും ഒക്കെ വ്യക്തികള് സ്വയം അവകാശപ്പെടുന്നതും കരുതുന്നതും വ്യക്തികള് ചെയ്യുന്ന അധമമായ സ്വകാര്യമാണ്, വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യലാണ്. അധമത്തം കാട്ടുന്ന വ്യക്തികളുടെ വാക്കുകളെയും പ്രവൃത്തികളെയും കേള്ക്കുന്നതും കേള്ക്കാത്തതും അംഗീകരിക്കുന്നതും അംഗീകരിക്കാത്തതും മറ്റുള്ളവരുടെ സ്വകാര്യമാണ്, വ്യക്തിസ്വാതന്ത്ര്യമാണ്. ദൈവം നേരിട്ട് ചുമതലപ്പെടുത്തിയതായി അവകാശപ്പെടുന്ന മതപുരോഹിതന്മാര് ഉണ്ടെങ്കില് മുന്നോട്ടു വരട്ടെ എന്ന് ഈയുള്ളവന് വെല്ലുവിളിച്ചാല് ഒരാളുപോലും ഈ ഭൂമിയില് വെല്ലുവിളി ഏറ്റെടുക്കാനുണ്ടാവില്ല. കുഞ്ഞുങ്ങളേ, നിങ്ങളുടെ പിതാവു കൂടിയായ പരമശിവനോട് തര്ക്കിക്കേണ്ട, മഹാശാസ്ത്രത്തെ അംഗീകരിച്ചും ധര്മ്മശാസ്ത്രപ്രകാരവും ജീവിക്കുന്നതാണ് നിങ്ങള്ക്കും ഏവര്ക്കും നല്ലത്. മഹാശാസ്ത്രപരമല്ലാത്ത കാര്യങ്ങള് സമൂഹത്തില് അരങ്ങേറുമ്പോള്, അതിനെ തടയാന് കഴിയാത്തത് സമൂഹത്തിലെ ഭരണകൂടത്തിന്റെ കഴിവില്ലായ്മയുമാണ്. 2009 ഡിസംബര് മാസത്തിലാണെന്നു തോന്നുന്നു, മതനിന്ദ നടത്തുന്നത് കുറ്റമാണെന്ന് ഐക്യരാഷ്ട്ര സംഘടനയില് പ്രമേയം പാസ്സാക്കിയതായി പത്രത്തില് വായിക്കുകയോ ടെലിവിഷനില് കാണുകയോ ചെയ്തു. ഭൂമിയില് ഏറ്റവുമധികം ദൈവനിന്ദ നടത്തിപ്പോരുന്നതും ഭീകരവാദങ്ങള്ക്കെല്ലാം മുഖ്യകാരണവും മതങ്ങളാണെന്നതും നിസ്സാരമായി തിരിച്ചറിയാവുന്ന കാലഘട്ടത്തിലെ അവസ്ഥയാണിത്. പോരാ, ഭൗതികശാസ്ത്ര വികസനം വളരെയധികം മുന്നോട്ടു പോയിക്കഴിഞ്ഞതായ 21-ാം നൂറ്റാണ്ടിലെ അവസ്ഥയുമാണിത്. ദൈവത്തിന്റെ പേരില് നിലനില്ക്കുന്ന മതങ്ങളെന്ന വ്യത്യസ്തങ്ങളായ കള്ളനാണയങ്ങള്ക്ക് അംഗീകാരം

നേടിക്കൊടുക്കാനും അവയെ സംരക്ഷിക്കാനും ഐക്യരാഷ്ട്ര സംഘടനയെയും ഉപയോഗപ്പെടുത്തുന്ന കൊടുംനീച അവസ്ഥ ഉണ്ടായിരിക്കുന്നു. ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ദൈവം സൃഷ്ടിച്ചിട്ടുള്ള ഭൂമിയില് കള്ളങ്ങളെയും കള്ളത്തരങ്ങളെയും സംരക്ഷിക്കുവാന് മത-മനുഷ്യര് ഉള്പ്പെടെ യാതൊരാള്ക്കും കഴിയുന്നതല്ല എന്നു തെളിയുന്നതാണ്. ഐക്യരാഷ്ട്ര സംഘടനയെപ്പറ്റി പറയുമ്പോള് അതുതന്നെ ഒരു കള്ളനാണയമാണ്. ദൈവം മായ പ്രത്യക്ഷമാക്കുമ്പോള് ഐക്യരാഷ്ട്ര സംഘടനയെത്തന്നെ പൊളിച്ചെഴുതുന്നതാണ്. ഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം പ്രകാരം മായ-യുമായി ബന്ധപ്പെട്ട സത്യമനുഷ്യപ്രസ്ഥാനം എന്ന ഒരു മാനുഷിക സംഘടന നിലവില് വരുന്നതോടെ ഐക്യരാഷ്ട്ര സംഘടന അവസാനിക്കുന്നതാണ്. രാഷ്ട്രം എന്നത് ജീവിയല്ല എന്നിരിക്കെ ഐക്യരാഷ്ട്ര സംഘടനയെന്ന പേരു തന്നെ അധമമാണ്. ഭരണകൂടം അല്ലാതെയുള്ള സംഘടനകളെ സമൂഹത്തില് ദൈവം അനുവദിക്കുന്നില്ല എന്ന് മുമ്പു വിശദീകരിച്ചിരുന്നു.
സത്യമനുഷ്യപ്രസ്ഥാനം എന്നത് മായ-യുമായി ബന്ധപ്പെട്ടതാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുവാന് ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും കാണാനും കേള്ക്കാനും അറിയാനും മനുഷ്യന് കഴിയുന്നതാണ്. അങ്ങനെയിരിക്കെ മഹാശാസ്ത്രത്തെ അവലംബിക്കുന്നതിനു പകരം കള്ളപ്രചരണങ്ങളുമായി നടക്കുന്നവരെ പിന്പറ്റുവാന് ഐക്യരാഷ്ട്ര സംഘടനയിലൂടെ മത-മനുഷ്യര് തയ്യാറായതും സ്വയമോ പ്രേരണയാലോ മതസ്ഥരായും ജാതിസ്ഥരായും രാഷ്ട്രീയ ഇസക്കാരായും ഒക്കെ കരുതിപ്പോരുന്നതും വ്യക്തിസ്വാതന്ത്ര്യങ്ങളുടെ അധാര്മ്മികമായ വിനിയോഗം മാത്രമാണ്.
ഒരു വ്യക്തിയോ അനേകരോ, തങ്ങളുടെ ആനന്ദത്തിനായി സത്യ-ധര്മ്മ -നീതികളെന്ന് അവര് കരുതുന്ന കാര്യങ്ങള് പ്രചരിപ്പിക്കുവാനായി പ്രവര്ത്തിക്കുമ്പോള് ക്രൈസ്റ്റിനെയും ഗാന്ധിയെയും പോലുള്ളവരിലൂടെ ദൈവം വെളിപ്പെടുത്തിയിട്ടുള്ള (ദൈവ)വചനങ്ങള് ഉദ്ധരിക്കുന്നത് നല്ലതാണ്, എന്നാല് അതും അവരുടെ സ്വകാര്യം തന്നെയാണ്, അവര്ക്ക് ആനന്ദം നല്കുന്ന പ്രവൃത്തി അവര് ചെയ്യുകയാണ്. അങ്ങനെ ചെയ്യുമ്പോള് അവര് ദൈവത്തില് നിന്നും തീര്ച്ചയായും പുണ്യം നേടുന്നതുമാണ്. മറിച്ച് ദൈവത്തിനു വേണ്ടി ചെയ്യുന്നുവെന്ന് വരുമ്പോള്, ദൈവനിന്ദയുണ്ടാവുന്നു, പാപം സമ്പാദിക്കുകയും ചെയ്യുന്നു.

മറ്റൊന്ന്, സ്വന്ത കാര്യത്തില് ക്രൈസ്റ്റിന്റെയോ ഗാന്ധിയുടെയോ ജീവിതരീതി പിന്പറ്റാന് ശ്രമിക്കുന്നത് ഒരാളുടെ വ്യക്തിസ്വാതന്ത്ര്യമാണ് എന്നതിനപ്പുറം ക്രൈസ്റ്റിന്റെ പേരിലോ ഗാന്ധിയുടെ പേരിലോ ഒക്കെ ജീവിതവ്യവസ്ഥിതികള് മുന്നോട്ടുവെയ്ക്കാനും അതിനെ പിന്പറ്റി ജീവിക്കണമെന്ന് സമൂഹത്തിലെ വ്യക്തികളോട് ആവശ്യപ്പെടുവാനും, അതാണ് ശരിയായ മാര്ഗ്ഗമെന്ന് വാദിക്കാനും യാതൊരാളും തയ്യാറായിക്കൂടാ. തയ്യാറായാല് അയാളുടെ വാദങ്ങളെ ശാസ്ത്രീയമായി പരിശോധിക്കുകയും, കൊള്ളുകയോ തള്ളുകയോ ശാസ്ത്രപരമായി ചെയ്യേണ്ടത് സമൂഹത്തിലെ ഭരണകൂടത്തിന്റെ ചുമതലയാണ്. ബുദ്ധനോ ക്രൈസ്റ്റോ ഗാന്ധിയോ ജീവിത വ്യവസ്ഥിതി അഥവാ മത-വ്യവസ്ഥിതി ഉണ്ടാക്കിയിട്ടില്ല ! അനേക കാര്യങ്ങളിലെ സത്യങ്ങളെയും ധര്മ്മങ്ങളെയും ദൈവം അവരിലൂടെ വെളിപ്പെടുത്തുകയാണ് ഉണ്ടായത്.

ധര്മ്മശാസ്ത്രജ്ഞരെന്നും സാമൂഹ്യപ്രവര്ത്തകരെന്നും പേരിടാവുന്ന ക്രൈസ്റ്റിലൂടെയും ഗാന്ധിയിലൂടെയും, ദൈവം വെളിപ്പെടുത്തിയ ധര്മ്മശാസ്ത്ര കാര്യങ്ങളെയും നീതിശാസ്ത്ര കാര്യങ്ങളെയും, ധര്മ്മശാസ്ത്രപരമായി സംരക്ഷിക്കുകയാണ് മനുഷ്യര് ചെയ്യേണ്ടത്. മാനവജാതിക്കു മുഴുവനായി പ്രയോജനപ്പെടുത്തണം. ദൈവം, ഭൗതികശാസ്ത്രജ്ഞരിലൂടെ വെളിവാക്കിയ ഭൗതികശാസ്ത്രനിയമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്രസാങ്കേതിക വികസനം നടത്തുകയും (മതപരമായല്ലാതെ), ജീവിതസുഖ സൗകര്യങ്ങള് വര്ദ്ധിപ്പിക്കുന്ന ഭൗതികവസ്തുക്കള് സൃഷ്ടിച്ച് മാനവജാതിക്കു മുഴുവനായി പ്രയോജനപ്പെടുത്തുന്നതു പോലെയാണത്. ദൈവം ക്രൈസ്റ്റിലൂടെ വെളിവാക്കിയ സത്യങ്ങളെയും ധര്മ്മങ്ങളെയും ശാസ്ത്രപരമായി ഉയര്ത്തേണ്ടുന്നതിനു പകരം മതപരമായി പരിമിതപ്പെടുത്തുവാന് മതപുരോഹിതന്മാരുടെ അധമപ്രവര്ത്തനങ്ങള് കാരണമായതിനാല് സമൂഹത്ത-ഭരണകൂടത്തിന്റെ ഭാഗമായിട്ടും, രാഷ്ട്രത്തിലെ ഭരണഘടനയായിട്ടും ദൈവ-വചനങ്ങള്ക്ക് വികസിക്കാന് കഴിയാതെവന്നു. രാഷ്ട്രഭരണഘടനയ്ക്ക് പ്രഥമ സ്ഥാനം കൊടുക്കേണ്ടി വന്നതിനാല്, മാനുഷിക- ഭരണഘടനകള് ജീവിതകാര്യങ്ങള്ക്കായി ഭവിച്ചു; ദൈവം ക്രൈസ്റ്റിലൂടെ വെളിപ്പെടുത്തിയ ദൈവവചനങ്ങളെ ദേവാലയങ്ങളിലും വീടുകളിലും വായിക്കാനുള്ള സൂത്രങ്ങളായി പരിണമിപ്പിച്ചു. അതായത്, മതപുരോഹിതന്മാരുടെ ദുര്ന്നടപടികളാല് ക്രൈസ്റ്റിലൂടെ വെളിവാക്കപ്പെട്ട ശാസ്ത്രസത്യങ്ങള് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരിലേക്ക് ശാസ്ത്രപരമായി വ്യാപരിക്കുന്നതിന് തടസ്സമുണ്ടായി,

ഇന്നും അവര് തങ്ങള് ചെയ്ത ഘോരപാപം തിരിച്ചറിയുന്നില്ല. ഒരാളോ അനേകരോ തങ്ങള്ക്കു തോന്നുമ്പോലെ ജീവിതവ്യവസ്ഥിതികള് തയ്യാറാക്കുകയും, അവര് തയ്യാറാക്കുന്ന വ്യവസ്ഥിതിക്ക് ദൈവശാസ്ത്രം അഥവാ ദൈവത്തിന്റെ ശാസ്ത്രം എന്ന് കള്ളപ്പേരിടുകയും ചെയ്യുമ്പോള് കടുത്ത ദൈവനിന്ദയായും സമൂഹദ്രോഹമായും പരിണമിക്കുന്നു. ദൈവത്തിന്റെ ശാസ്ത്രത്തെ സമൂഹത്തിനു മുമ്പാകെ പേരുകൊണ്ടും ആചാരങ്ങള്കൊണ്ടും കളങ്കപ്പെടുത്തുവാന് താല്ക്കാലികമായി ഒരുകൂട്ടര്ക്കു കഴിയുന്നതുകൊണ്ട് അടിസ്ഥാനപരമായി ദൈവത്തിന്റെ ശാസ്ത്രത്തിന് ഒരു കളങ്കവും ഉണ്ടാകുന്നില്ല. ദൈവം യഥാകാലം മനുഷ്യരുണ്ടാക്കിയ മതങ്ങളെ തൂത്തെറിയുമ്പോള്, മതങ്ങളുണ്ടാക്കുകയും മതങ്ങള്ക്ക് ദൈവശാസ്ത്രം എന്ന കള്ളപ്പേരിടുകയും അവ പ്രകാരം കാലാകാലങ്ങളില് പ്രവര്ത്തിക്കുകയും ചെയ്തവരാണ് കളങ്കപ്പെടുക. മനുഷ്യര് എങ്ങനെയൊക്കെ തലകുത്തിമറിഞ്ഞാലും, മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും, സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് - എല്ലായ്പ്പോഴും മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം പ്രകാരം തന്നെയാണു നിര്വ്വഹിക്കപ്പെടുന്നത് ; മഹാനീതിശാസ്ത്രം പഠിക്കുമ്പോള് അത് ബോദ്ധ്യമാകുന്നതാണ്. മനുഷ്യരില് ചിലരുണ്ടാക്കിയതും അനേകര് വളര്ത്തിയതുമായ വ്യവസ്ഥിതികളെ യഥാകാലം ദൈവം തൂത്തെറിയുന്നതാണ്, അത്രതന്നെ.

ദൈവം തന്റെ സൃഷ്ടികള്ക്കു നല്കിയ ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തിന് കോട്ടം വരുത്തുന്ന വ്യവസ്ഥിതികള് അവയുടെ സ്രഷ്ടാക്കള്ക്കും പരിപാലകര്ക്കും പാപവും ശിക്ഷയും സമ്മാനിക്കുന്നതാണ്. മതങ്ങളും രാഷ്ട്രീയ ഇസങ്ങളും സംഘടനകളുമൊക്കെ ശാസ്ത്രവിരുദ്ധമാകുന്നത് അഥവാ ദൈവീകമല്ലാത്തതായിത്തീരുന്നത് എങ്ങനെയെന്നുകൂടിയാണ് വ്യക്തമാക്കിയത്. സഭ, സംഘടന എന്നിവ ശാസ്ത്രപരം അഥവാ ദൈവീകം അല്ലാതെയാവുന്നത് എന്തുകൊണ്ടെന്നും എങ്ങനെയെല്ലാമെന്നും ഭീകരവാദത്തെ വിശകലനം ചെയ്യുന്ന മുന് അദ്ധ്യായങ്ങളില് വിസ്തരിച്ചിരുന്നു. മനുഷ്യര് എന്ന കള്ളപ്പേരില് കഴിയുന്ന മതസ്ഥര് ദൈവത്തിന്റെ പേരില് സഭകളും സംഘടനകളും ഉണ്ടാക്കുന്നതും കടുത്ത പാപമാണ്. ദൈവസഭ എന്നാല് ദൈവത്തിന്റെ സഭ എന്നാണ് അര്ത്ഥമെന്നിരിക്കെ, ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ ചേര്ന്ന് അവരുണ്ടാക്കുന്ന കൂട്ടായ്മയ്ക്ക് അഥവാ സഭയ്ക്ക് പ്രസ്തുത വ്യക്തികളുടെ സഭ എന്നോ പ്രസ്തുത വ്യക്തികള്

ക്കു വേണ്ടിയുള്ള സഭ എന്നോ പേരിടുന്നതിനു പകരം ദൈവസഭ എന്ന് കള്ളപ്പേരിടുന്നതും കോടതി ഉള്പ്പെടെയുള്ള ഭരണകൂട കാര്യാലയങ്ങളില് സ്ഥാനമുറപ്പിച്ചിരിക്കുന്ന പാപികള് ഉത്തരവാദിത്തം അറിയാതെ നോക്കുകുത്തികളായിരിക്കുന്നതും നൂറ്റാണ്ടുകളായി നടന്നുപോരുന്ന അധമ കാര്യങ്ങളാണ്. സമൂഹത്തില് പാപികളും പാപങ്ങളും ഉണ്ടാകുന്നതും വര്ദ്ധിക്കുന്നതും ഇങ്ങനെയൊക്കെയാണ്. അനേകം നൂറ്റാണ്ടുകളായി മതങ്ങളിലൂടെ പ്രവര്ത്തിച്ച നേതാക്കന്മാരും പുരോഹിതന്മാരും പ്രവര്ത്തകരും സമൂഹത്തിന് നേടിക്കൊടുത്തത് എന്തെല്ലാമാണ് ?

അനേകം മതങ്ങളെയും അനേകം മത-ദൈവങ്ങളെയും അനേകം മതവ്യവസ്ഥിതികളെയും സൃഷ്ടിക്കാന് മതനേതൃത്വങ്ങള്ക്ക് സാധിച്ചു, മതങ്ങളുടെ പേരില് ദൈവത്തിന്റെ കുഞ്ഞുങ്ങളായ എല്ലാ മതങ്ങളിലുംപെട്ട് ജീവിക്കുന്ന മനുഷ്യരെ തമ്മിലടിപ്പിക്കാനും കൊല്ലാനും സാധിച്ചു, ഭീകരവാദികളെ സമൂഹത്തില് സൃഷ്ടിച്ച് സാധാരണ ജനങ്ങളുടെ സമാധാന ജീവിതത്തെ തകര്ക്കാനും സാധിച്ചു.

ഒരു ഭൂമിയില് ജീവിക്കുന്നവര് എന്ന ബോധം എല്ലാ ജനങ്ങളിലും സൃഷ്ടിക്കുവാന് മതനേതൃത്വങ്ങള്ക്കു സാധിച്ചില്ല, ഒരു ഭൂമിയില് ജീവിക്കുന്നവര്ക്ക് ഒരു ദൈവമേയുള്ളൂ എന്നോ, ആ ഒരു ദൈവത്തിന്റെ പേര് ..... ആണ് എന്നോ ഭൂമിയിലൊക്കെയുമുള്ള ജനങ്ങളെ ഒരുപോലെ ബോദ്ധ്യപ്പെടുത്തുവാന് സാധിച്ചില്ല. ഭരണകൂടങ്ങള് രാഷ്ട്രങ്ങളുടെ പേരില് കലഹിക്കുന്നതും, ജീവനും സമ്പത്തും ഊര്ജ്ജവും നഷ്ടപ്പെടുത്തി യുദ്ധങ്ങള്ചെയ്യുന്നതും, പട്ടാളക്കാരെന്നും സേനയെന്നുമുള്ള പേരുകളോടെ മനുഷ്യര് മനുഷ്യരെ കൊല്ലുന്നതും, വികലാംഗരാക്കുന്നതും, അനേക കുടുംബങ്ങളെ ദുഃഖത്തിലാഴ്ത്തുന്നതും, തടയാന് സാധിച്ചില്ല. മനുഷ്യര് മനുഷ്യരെ കൊല്ലുന്നത് കേമത്തമായി സേനയും ഭരണാധികാരികളും സാധാരണജനങ്ങളും കണക്കാക്കുകയും ചെയ്തപ്പോള് ദൈവത്തിന്റേതെന്ന കള്ളപ്പേരില് പ്രവര്ത്തിക്കുന്ന മതനേതൃത്വങ്ങള്ക്കു പോലും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് പരസ്പരം പോരാടുന്നതും കൊല്ലുന്നതുമെന്ന് തിരിച്ചറിയാനോ തടയാനോ സാധിച്ചില്ല. മനുഷ്യജീവിതത്തെ നാശത്തിലേക്കു നയിക്കുന്ന മദ്യത്തെയും മയക്കുമരുന്നുകളെയും തടയാന് സാധിച്ചില്ല. സെക്സിനെ ഭൂമിയിലെങ്ങും ദുരുപയോഗം ചെയ്തപ്പോള്, മതനേതൃത്വങ്ങള്ക്ക് അവയെ തടയാനായില്ല.

സെക്സിലെ ശാസ്ത്രീയത എന്തെന്നുപോലും അറിയാത്ത മതപുരോഹിതരില് പലരും സ്വയം അധമ കാമവൃത്തികളില്

രഹസ്യമായി ഏര്പ്പെടുന്നു. മനുഷ്യര്ക്ക് നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ അധമ വ്യവസ്ഥിതികളിലൂടെ ഭരണകൂടങ്ങളെക്കാള് മതനേതൃത്വങ്ങള് മോശപ്പെടുത്തി. ഓരോരോ മതക്കാരും വ്യത്യസ്ത മത-സ്വര്ഗ്ഗങ്ങളും മത-നരകങ്ങളും ഉണ്ടാക്കി എന്നല്ലാതെ ദൈവത്തിന്റെ പദ്ധതികള് അറിയാന് താല്പര്യം പോലുമില്ലാത്തവരായി അധഃപതിച്ചു. ഒരു ഭൂമിയിലെ ജനങ്ങള്ക്ക് അനേകം മതദൈവങ്ങളും അനേകതരത്തിലുള്ള വിവാഹച്ചടങ്ങുകളും മരണാനന്തര ചടങ്ങുകളും ഒക്കെയായി ദൈവത്തിന്റെ പേരില് തങ്ങള്ക്കു തോന്നുമ്പോലെയെല്ലാം ഓരോരുത്തരും കാട്ടിക്കൂട്ടുന്നു. സത്യ-ധര്മ്മ-നീതികള് മതങ്ങളില് അന്യമായിരിക്കുന്നു !

മതനേതൃത്വങ്ങള് ചുക്കാന് പിടിക്കുന്ന അധമവൃത്തികളുടെ പട്ടിക എഴുതാന് അനേക ഗ്രന്ഥങ്ങള് തന്നെ വേണ്ടിവരും എന്നായിരിക്കുന്നു. കുഞ്ഞുങ്ങളേ, നിങ്ങളുടെ സ്രഷ്ടാവായ ദൈവത്തോട് ഇത്രയധികം മോശമായി പെരുമാറുന്നത് ഒരിക്കലും നന്നല്ല. ദൈവം സൃഷ്ടിച്ചതായ ദൈവത്തിന്റെ മനുഷ്യക്കുഞ്ഞുങ്ങളെ നിങ്ങള് മതസ്ഥ-ക്കുഞ്ഞുങ്ങളാക്കി അധഃപതിപ്പിച്ചത് കടുത്ത ദൈവനിന്ദയാണ്. മത-ജാതി പ്പേരുകളും രാഷ്ട്രീയ ഇസങ്ങളും ഇല്ലാത്ത മനുഷ്യക്കുഞ്ഞുങ്ങളെ ഭൂമിയിലെങ്ങും കാണാനും അവരോടൊത്ത് വാത്സല്യം നുകരാനും ദൈവം എന്തുചെയ്യണമെന്ന് ശാസ്ത്രപരമായി വിശദീകരിക്കുവാന് ആവശ്യപ്പെട്ടാല് അവരെല്ലാം പരുങ്ങുന്നതാണ്. നിങ്ങള് (മതനേതൃത്വങ്ങളും മറ്റും) ചെയ്യുന്ന കടുത്ത പാപത്തിന് നിങ്ങളെ ശിക്ഷിക്കാതെ, ദൈവം വേദന ഏറ്റെടുക്കുന്നതിനെപ്പറ്റി നിങ്ങള്ക്ക് ഒന്നുമറിയില്ല. ഒരല്പം പറയാം. ശ്രദ്ധിച്ചാലും :-

മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചത്തിലെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കുന്നത് എല്ലാ ജീവികളുടെയും ജീവിതം മഹാമംഗളമാക്കുന്നതിനായാണ് എന്ന് മനസ്സിലാക്കുക. ശാസ്ത്രനിയമങ്ങളിലൂടെ മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയും വസ്തുക്കളുടെ പ്രവര്ത്തനങ്ങളെയും, ജീവികളുടെ ശരീരങ്ങളെയും ശരീരപ്രവര്ത്തനങ്ങളെയും ചിട്ടപ്പെടുത്തിയില്ലായിരുന്നു എങ്കില് ജീവിതകാര്യങ്ങള് എങ്ങനെയെല്ലാം ആയിത്തീരുമെന്ന് അല്പം ചിന്തിച്ചുനോക്കുക. മനുഷ്യര് ഭക്ഷണം കഴിക്കുമ്പോള്, ശിരസ്സിലെ വായില് ആരംഭിക്കുന്ന അന്നനാളത്തിലൂടെ ഭക്ഷണം സഞ്ചരിച്ച് ഗുദത്തില് അവസാനിക്കുന്നതുവരെയുള്ള പ്രവര്ത്തനങ്ങളെ വിശകലനം ചെയ്യുക. മനുഷ്യശരീരത്തിലെ ഓരോ അവയവങ്ങളും എത്ര മഹായോജിപ്പോടെ മഹാശാസ്ത്രപരമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നത് വിശകലനം ചെയ്യുക. ഓരോ

ജീവികള്ക്കും അങ്ങനെതന്നെയെന്നതും വിശകലനം ചെയ്യുക. മഹാപ്രപഞ്ചത്തിലെ ഓരോരോ കാര്യങ്ങളും - സമുദ്രം, നദികള്, തോടുകള്, പര്വ്വതം, മല, കുന്ന്, വനം, തുടങ്ങിയവയെല്ലാം മഹാശാസ്ത്രപരമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നത് വിശകലനം ചെയ്യുക. രോഗങ്ങളെയും മരുന്നുകളെയും ശസ്ത്രക്രിയകളെയും ഒക്കെ വിശകലനം ചെയ്യുക. ശാസ്ത്രപരമായല്ലാതെ അവയൊക്കെ പ്രവര്ത്തിച്ചാല് മനുഷ്യര്ക്ക് യാതൊരു നിയന്ത്രണവും നടത്താന് കഴിയാതെ വരുന്നതാണ്; ഭക്ഷണസുഖം, വസ്ത്രനിര്മ്മാണം, ഭവനനിര്മ്മാണം, ആഭരണനിര് മ്മാണം, കൃഷി ആയുധങ്ങള് ഉള്പ്പെടെയുള്ള യന്ത്രനിര്മ്മാണങ്ങള്, ഗ്രന്ഥം, പേന, ശില്പം, വാഹനം, സിനിമ, റേഡിയോ, ഫോണ്, കമ്പ്യൂട്ടര്, തുടങ്ങി യാതൊന്നും കഴിയുന്നതല്ല. മറ്റുള്ള ജീവികളുടേതു പോലെയുള്ള ജീവിതം ഉണ്ടാകുന്നതുമാണ്.

മഹാപ്രപഞ്ചത്തിലെ ജീവികളുടെ ശരീരം ഉള്പ്പെടെ എല്ലാ വസ്തുക്കളും ശക്തികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അവയുടെയെല്ലാം ആറ്റങ്ങളില് പ്രോട്ടോണുകളെ ഇലക്ട്രോണുകള് സദാ ചുറ്റിക്കറങ്ങുന്നത് ശക്തിയുടെ അഥവാ ദൈവത്തിന്റെ ശാസ്ത്രപരമായ പ്രവര്ത്തനമാണ്. മഹാപ്രപഞ്ചത്തിലെ ജീവികളുടെ ശരീരം ഉള്പ്പെടെ എല്ലാ വസ്തുക്കളിലും ദൈവം ഉള്ളടക്കം ചെയ്തിരിക്കുന്ന ഓരോ ശാസ്ത്രനിയമവും ഓരോരോ ശക്തികളാണ്. ശാസ്ത്രനിയമങ്ങളാകുന്ന ശക്തികള് വസ്തുക്കളിലെ ശക്തികളെ പ്രവര്ത്തിപ്പിക്കുകയാണ്. ശരീര വളര്ച്ചയ്ക്കും ആരോഗ്യത്തിനും ഭക്ഷണവും, രോഗം മാറാന് മരുന്നും പ്രവര്ത്തിക്കുന്നത് ഉദാഹരണങ്ങളാണ്. ലഘു യന്ത്രങ്ങള് മുതല് കൂറ്റന് യന്ത്രങ്ങള് വരെ പ്രവര്ത്തിക്കുന്നതും; ശബ്ദം, കാഴ്ച, രുചി, മണം, തുടങ്ങിയവ പ്രവര് ത്തിക്കുന്നതും ശാസ്ത്രനിയമങ്ങള് പ്രകാരമാണ്. മഹാപ്രപഞ്ചത്തിലെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് മുഴുവനും നിര്വ്വഹിക്കപ്പെടുന്നത് ശാസ്ത്രനിയമങ്ങള് പ്രകാരമാണെന്നു ചുരുക്കം.

ദൈവം മഹാശാസ്ത്രം ആവിഷ്ക്കരിച്ചിട്ടുള്ളത് ജീവികള്ക്കു വേണ്ടിയാണ്, പരമമായി മനുഷ്യര്ക്കു വേണ്ടിയാണ്. മഹാശക്തിയായ ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല, എന്നാല് മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചത്തിലെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കുമ്പോള്, സ്വയം മഹാശാസ്ത്രങ്ങള്ക്ക് വിധേയമായി പ്രവര്ത്തിക്കുവാന് മഹാശക്തിയായ ദൈവം ബാദ്ധ്യസ്ഥമാകുന്നുണ്ട്. മാത്രമല്ല, ഒരു നിശ്ചിത ഘടനയോടെ ഭൂമിയെയും ജീവികളെയും സൃഷ്ടിക്കുമ്പോള്, ആദിയും

അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവം എങ്കിലും, ഒരു നിശ്ചിത ശക്തി മാത്രം കൊണ്ട് സൃഷ്ടി നടത്തുവാനും പരിപാലിക്കാനും കൂടി ദൈവം ബാദ്ധ്യസ്ഥമാകുന്നുണ്ട്. അങ്ങനെ വരുമ്പോള്, ജീവികള് കാട്ടിക്കൂട്ടുന്ന അധമ കാര്യങ്ങള്ക്ക് ജീവികളെ കടുത്ത രീതിയില് ശിക്ഷിക്കുക എന്നത് ദൈവം ഒഴിവാക്കുകയാണെങ്കില്, പ്രസ്തുത ശിക്ഷയും വേദനയും ദൈവം സ്വയം ഏറ്റെടുക്കേണ്ടതായി വരും. ഇപ്പറഞ്ഞത് മനസ്സിലാക്കാന് വളരെ വിഷമമുള്ളതാണ്, നിലവില് ഈയുള്ളവനുകൂടി അതിന്റെ കാഠിന്യം വ്യക്തമല്ല. വസ്തുത വ്യക്തമാക്കാന് ഒരു ഉദാഹരണം പറയാം : 2006 മെയ് മാസത്തിലാണെന്നാണ് ഓര്മ്മ. ക്രിസ്തുമതത്തില് പുനര്ജ്ജനിച്ചിട്ടുള്ള നാരായണനോടൊത്ത് ഈയുള്ളവന് മണ്ണടിയിലെ ബ്രഹ്മകേന്ദ്രമായ ക്ഷേത്രത്തില് രാവിലെ ചെന്നു. ബഹുവിധ അനുഭവങ്ങളുടെ അടിസ്ഥാനത്തില് താന് മൂലവിഷ്ണുവാണെന്ന് ബോദ്ധ്യമുണ്ടായിരുന്നു അദ്ദേഹത്തിന്. എന്നാല് മുമ്പ് പിശാചുക്കളുടെ രാജാവെന്നോണം നാരായണന് അധഃപതിച്ചിട്ടുള്ള കാര്യങ്ങള്, ഈയുള്ളവനും നാരായണനും അന്ന് അറിയില്ലായിരുന്നു. നാഗമാണിക്യം സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായ അത്ഭുത വെളിപാടുകളുടെ അടിസ്ഥാനത്തില്, ഉഗ്രവിഷമുള്ള നാഗത്തെ കാണുമെന്നും ദൈവാനുഗ്രഹത്താല് അപായപ്പെടുത്താന് വരുന്ന നാഗത്തില് നിന്നും മോചനമുണ്ടാകുമെന്നും അദ്ദേഹത്തിന് നാഗമാണിക്യം ലഭിക്കുമെന്നുമുള്ള വിശ്വാസത്തോടെയാണ് ക്ഷേത്രത്തിലെത്തിയത്. അദ്ദേഹത്തിനു ലഭിച്ച വെളിപാടു പ്രകാരമുള്ള സമയത്ത് അന്തരീക്ഷത്തിന്റെ പ്രകൃതി ഭീകരമായി മാറിയെന്നാണ് ഓര്മ്മ. ഭയഭക്തികളോടെയും പ്രാര്ത്ഥനകളോടെയും ക്ഷേത്രസന്നിധിയില് കഴിയവേ അദ്ദേഹം വല്ലാത്ത ഒരു കാഴ്ച കണ്ടു. വിഗ്രഹമായി സങ്കല്പിച്ചിട്ടുള്ള ശിലയുടെ രണ്ടു കണ്ണുകളില്നിന്നും രക്തം കുടുകുടെ പ്രവഹിക്കുന്നു, മഹാശക്തിയായ മഹാദേവി കടുത്ത വേദന അനുഭവിക്കുമ്പോലെ അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഈയുള്ളവന് ആ കാഴ്ച മഹാദേവി നല്കിയില്ല. അതുകണ്ടാല് ഈയുള്ളവന് വല്ലാണ്ട് തേങ്ങിപ്പോകുമെന്ന് മഹാദേവിക്കറിയാം, അതോര്ത്ത് വീണ്ടും വീണ്ടും വിങ്ങിക്കരയുമെന്നും മഹാദേവിക്കറിയാം. അനേക ക്ഷേത്രങ്ങളില് വച്ച് ബഹുവിധ രൂപങ്ങളെ സുവ്യക്തമായി കാണുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ആവക കാര്യങ്ങളുടെ കാരണം 2008 ഫെബ്രുവരി മാസം ആദ്യം ഈയുള്ളവനെ മഹാദേവി അറിയിച്ചത് ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് ക്രൈസ്റ്റുമായിട്ട്, പിശാചുക്കളുടെ രാജാവെന്നോണം പരിണമിച്ച നാരായണന് രൂപപ്പെടുത്തിയ

കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളില് ചേര്ത്തിട്ടുണ്ട്.
അനന്തമഹാശക്തികള്ക്ക് ഉടമയാണ് മഹാശക്തിയായ ദൈവമെങ്കിലും നിശ്ചിതരൂപവും നിശ്ചിതഘടനയുമുള്ള മഹാപ്രപഞ്ചത്തിനായി മഹാശാസ്ത്രപരമായി തന്നെത്തന്നെ പരിമിതപ്പെടുത്തുമ്പോള്, മഹാപ്രപഞ്ചത്തിലെ (മഹാ)ശക്തിക്ക് പരിധിയും പരിമിതിയും ഉണ്ടാകുന്നു. ധര്മ്മശാസ്ത്രപരമായല്ലാതെ ജീവിക്കുന്നവരുടെ പ്രവൃത്തികൊണ്ട് സൃഷ്ടിക്കപ്പെടുന്ന കടുത്ത അധമശക്തികളെ, പുതിയതായി അഥവാ അധിക ശക്തി സൃഷ്ടിക്കാതെ അവസാനിപ്പിക്കുമ്പോള്, ഉള്പ്പെട്ടു പ്രവര്ത്തിക്കുന്നവര് അധമശക്തി നല്കുന്ന വേദന കൂടി സഹിക്കേണ്ടതുണ്ട്. ദൈവം വേദന സഹിക്കുന്നതിനെ വിവരിക്കുമ്പോള്, ദൈവത്തിന്റെ അനന്തമായ ശക്തിയെപ്പറ്റി സംശയിക്കേണ്ട. ഗ്രന്ഥത്തിലെ മൂന്നാം ഭാഗത്തില് നാമറിയുന്ന മഹാപ്രപഞ്ചത്തെപ്പോലെ അനന്തമായ മഹാപ്രപഞ്ചങ്ങള് സൃഷ്ടിച്ച് പരിപാലിച്ചാലും മഹാശക്തികള്ക്ക് കുറവുണ്ടാകാത്ത മഹാശക്തിയായി ദൈവം വര്ത്തിക്കുന്നതിനെപ്പറ്റി മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. നാരായണ-പ്പിശാച് മാത്രമല്ല, മതപുരോഹിതന്മാരും ഭരണാധികാരികളുമൊക്കെ മഹാശാസ്ത്രത്തെ നിന്ദിച്ചുകൊണ്ട് പ്രവര്ത്തിക്കുമ്പോള് സമൂഹത്തില് അധമ ശക്തികള് സൃഷ്ടിക്കപ്പെടുകയാണ്. ഭീകരവാദികളും കൊടും ഭീകരവാദികളും തമ്മിലടിക്കുമ്പോള്, ആയത് വലിയ നാശത്തിലേക്ക് അധഃപതിക്കാതിരിക്കാന് ദൈവം വേദനകള് ഏറ്റെടുക്കുന്നു. ക്രൈസ്റ്റിനെയും ബുദ്ധനെയും ചാണക്യനെയും ഗാന്ധിയെയും ഭൂമിയിലേക്കയച്ചത് പ്രത്യേക നിയോഗങ്ങളോടെയാണ് ; അവരിലൂടെ ദൈവം സമൂഹശുദ്ധി വരുത്തുമ്പോള്, അവരെ താങ്ങുന്ന ദൈവമാണ് യഥാര്ത്ഥത്തില് മുഴുവനോളം വേദനയും അഥവാ മുഴുവന് വേദനയും ഏറ്റുവാങ്ങുന്നത്. മഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തിലെ ജീവികള്ക്കുവേണ്ടി, മനുഷ്യര്ക്കുവേണ്ടി, സ്വയം മഹാജീവി പോലെ, മഹാജഗദംബയായി രൂപം സ്വീകരിക്കുന്നതു കൊണ്ടുകൂടിയാണ് വേദനകള് സ്വീകരിക്കേണ്ടി വരുന്നത്. തന്റെ കുഞ്ഞുങ്ങള്ക്കു വേദനിക്കാതിരിക്കാന് മഹാശക്തിയായ ദൈവം വേദനകള് സഹിക്കുന്നു എന്നര്ത്ഥം. തങ്ങളുടെ മഹാപിതാവും മഹാമാതാവുമായ ദൈവത്തെ വേദനിപ്പിക്കാതെ സന്തോഷത്തോടെ ഭൂമിയില് ജീവിക്കുവാന് മക്കള് പരിശ്രമിക്കണ്ടേ, ആയതിനായി ധര്മ്മശാസ്ത്രപരമായി ജീവിക്കുക മാത്രമേ വേണ്ടൂ.
ചില മതപുരോഹിതര്ക്ക് തങ്ങള് വളരെ നല്ല കാര്യങ്ങള് സമൂഹത്തില് ചെയ്യുന്നതായി തോന്നും. അത് തോന്നല് മാത്രമാണ്. വലിയൊരു അധമ

സമൂഹത്തെ വാര്ത്തെടുക്കുന്നതിനാണ് അവരുടെ പ്രവര്ത്തനങ്ങള് മൊത്തത്തില് ഉപയോഗിക്കപ്പെടുന്നത്. ജന്മങ്ങളെയും പുണ്യങ്ങളെയും ബന്ധപ്പെടുത്തി പറയുമ്പോള്, അവരില് ഏറെപ്പേരും ബാല്യ-അവസ്ഥയിലായതുകൊണ്ടാണ് മനുഷ്യര് ആവാനുള്ള ഊറ്റമില്ലാതെ മതസ്ഥരായി അവര് തുടരുന്നത്. ഇന്നത്തെ ഭീകരവാദത്തിന്റെയും മറ്റ് അധമ കാര്യങ്ങളുടെയും സൃഷ്ടികളുടെ അടിസ്ഥാന കാരണം മതപുരോഹിതര് മനുഷ്യരാവാതെ മതസ്ഥരായി പ്രവര്ത്തിച്ചതു തന്നെയാണ്. ഉദാഹരണമായി വ്യത്യസ്ത മതങ്ങളിലെ പുരോഹിതരോ നേതാക്കളോ ഒക്കെ ചേരിതിരിയുമ്പോള്, അവരില് ഓരോരുത്തരെയും പിന്പറ്റുന്ന ജനങ്ങള് ചേരിതിരിഞ്ഞ് നേതാക്കളുടെ കൂടെ അണിനിരക്കുകയാണു ചെയ്യുന്നത്. മത-ജാതിദൈവങ്ങളുടെ പ്രതിനിധികളായി പ്രവര്ത്തിക്കുന്ന മതപുരോഹിതരുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും ഒക്കെ പിന്നില് മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ ഇസക്കാരും വര്ഗ്ഗക്കാരും ഒക്കെയായുള്ള ചേരിതിരിവ് നടക്കുമ്പോള്, മനുഷ്യന് എന്ന ചേരിയില് ആരും കാണില്ല. ദൈവം സൃഷ്ടിച്ചത് മനുഷ്യരെ ആണെന്നിരിക്കെ, ദൈവത്തെയും ദൈവത്തിന്റെ ശാസ്ത്രത്തെയും പിന്പറ്റാന് ഭൂമിയില് മനുഷ്യരില്ലാത്ത അവസ്ഥയാണ് ഉണ്ടാവുന്നത്. നേതാക്കന്മാരുടെയും പുരോഹിതന്മാരുടെയും ഒക്കെ സംഭാഷണചാതുരിയില് സാധാരണജനങ്ങള് വേഗത്തില് കബളിപ്പിക്കപ്പെടുന്നതാണ്. തങ്ങളെ വരിഞ്ഞുകെട്ടിയിരിക്കുന്ന വ്യവസ്ഥിതികളില്നിന്ന് സ്വതന്ത്രരായി പ്രവര്ത്തിക്കാനുള്ള ശക്തിയോ ഊറ്റമോ ഇല്ലാത്തതിനാലും ദൈവം രക്ഷിക്കുമെന്ന ഉറച്ചവിശ്വാസം ഇല്ലാത്തതിനാലും മറ്റു വ്യവസ്ഥിതികളില്പെട്ടു കഴിയുന്നവരുടെ ആക്രമണങ്ങളില്നിന്ന് രക്ഷയ്ക്കായും നേതാക്കളെ ആശ്രയിക്കുന്നവരും ഉണ്ട്. പഴയകാലത്തെ മത-വിഴുപ്പുകള് ചുമക്കുകയും സമൂഹത്തില് പ്രചരിപ്പിക്കുകയും ചെയ്യുന്ന മതപുരോഹിതര്ക്കും മതപ്രചാരകന്മാര്ക്കും മതവിശ്വാസികള്ക്കും ശാസ്ത്രവികസനത്തിലൂടെ ലഭ്യമാവുന്ന സുഖസൗകര്യങ്ങള് യാതൊന്നും ഉപയോഗിക്കാന് യോഗ്യതയില്ലെന്ന് മനസ്സിലാക്കാത്തതും പാപമാണ്. ആധുനിക ശാസ്ത്ര സൗകര്യങ്ങള് ഉപയോഗിച്ച് കൃഷിചെയ്ത ഭക്ഷണസാധനങ്ങള് ഉള്പ്പെടെയുള്ള യാതൊരു വസ്തുക്കളും, പാകപ്പെടുത്തിയ ഭക്ഷണവും, വസ്ത്രങ്ങളും, ഭവനവും, ദേവാലയവും, വിദ്യാലയങ്ങളും, ആശുപത്രികളും, മരുന്നുകളും, ഗ്രന്ഥവും പേനയും, പത്രവും, ഇലക്ട്രിസിറ്റിയും, റേഡിയോയും, ടെലിവിഷനും, ബസ്സും, കാറും, തീവണ്ടിയും, വിമാനവും, കപ്പലും, കമ്പ്യൂട്ടറും, ... യാതൊന്നും ഉപയോഗിക്കാന് പഴയ

മതപ്രമാണങ്ങളെ ചുമക്കുന്ന യാതൊരാള്ക്കും അവകാശമില്ല. മഹാശാസ്ത്രം പ്രകാരമുള്ള സുഖങ്ങളെല്ലാം അനുഭവിച്ചുകൊണ്ട് വസ്തുക്കളും ജീവികളും ഉള്പ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടികര്ത്താവും മഹാപിതാവും മഹാമാതാവുമായ ദൈവത്തെ നിന്ദിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ദൈവം മഹാശാസ്ത്രപ്രകാരം പലതും ക്ഷമിക്കുമ്പോഴും, മുമ്പറഞ്ഞ ചേരികളായി വേര്തിരിയുന്നവര് തമ്മിലടിക്കുകയും കൊല്ലുകയും സമൂഹത്തില് ഭീകരത്വം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്, ഭൂമിയിലെങ്ങും ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് മറ്റൊന്നല്ല.

അതാതു കാലത്തെ ശാസ്ത്രവികസനങ്ങള്ക്കൊത്ത് ധര്മ്മശാസ്ത്രത്തെ മുറുകെപ്പിടിച്ച് സ്വയം ജീവിക്കുക എന്നതിനപ്പുറം യാതൊരാളെയും ദൈവം നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങള്ക്കായി തങ്ങള്ക്കു ശരിയെന്നു തോന്നുമ്പോലെയെല്ലാം (മിക്കപ്പോഴും ശാസ്ത്രവിരുദ്ധമായി) പ്രവര്ത്തിച്ച് ദൈവനിന്ദ ചെയ്യുന്നത് കടുത്ത തെറ്റാണെന്ന് ഇനിയെങ്കിലും തിരിച്ചറിയുക. തങ്ങള്ക്കു ശരിയെന്നു തോന്നുന്ന വ്യവസ്ഥിതികള്ക്കെല്ലാം ദൈവശാസ്ത്രം എന്നു പേരിടാനും ദൈവത്തിന്റെ പേരില് പ്രവര്ത്തിക്കാനും ആരാണു ഹേ അനുവാദം തന്നത് ?

മഹാശാസ്ത്രപ്രകാരം മഹാസത്യവും മഹാശിവവും (മഹാധര്മ്മവും) മഹാസുന്ദരവും (മഹാനീതിയും) ആയി സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിലെ ശാസ്ത്രസുഖങ്ങള് ആസ്വദിച്ചുകൊണ്ട്, മഹാപ്രപഞ്ചത്തെ മിഥ്യയെന്നോണം വിശേഷിപ്പിക്കുന്നതും, തങ്ങള് കണ്ടിട്ടില്ലാത്തതും അനുഭവിച്ചിട്ടില്ലാത്തതും തങ്ങള്ക്ക് വ്യക്തമായി അറിയാന് പാടില്ലാത്തതുമായ സ്വര്ഗ്ഗകാര്യങ്ങളെപ്പറ്റിയും നരകത്തെപ്പറ്റിയുമൊക്കെ സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് കടുത്ത പാപമാണ്. തങ്ങളുടെ രോഗത്തിന് മരുന്നും ശസ്ത്രക്രിയയും തേടേണ്ടി വരുന്ന പുരോഹിതന്മാര്ക്ക് മനുഷ്യരെ വാഴ്ത്തുവാനും വിശുദ്ധരാക്കുവാനും സ്വര്ഗ്ഗത്തില് അയക്കാനുമൊന്നും ശക്തിയില്ലെങ്കിലും ഉണ്ടെന്നു ഭാവിക്കുന്നത് ദൈവനിന്ദയാണ്, പിശാചിന്റെ പ്രവൃത്തിയാണ്. മഹാനീതിപതിയായ ദൈവം നിര്വ്വഹിക്കുന്ന കാര്യങ്ങളില് തലയിട്ട് പാപം സമ്പാദിക്കാതെയും, വേഷംകെട്ടലുകള് നടത്താതെയും, മതപുരോഹിതന്മാര് ആദ്യം മനുഷ്യരാവുകയും, ശേഷം സാധാരണ ജനങ്ങളേക്കാള് കടുത്ത പാപികളാണ് തങ്ങളെന്ന തിരിച്ചറിവോടെ തങ്ങള്ക്കു ലഭ്യമായിട്ടുള്ള ശക്തികളെ ഉപയോഗിച്ച് ഭൂമിയിലെ മനുഷ്യജീവിതം സുന്ദരമാക്കാന് പ്രവര്ത്തിക്കുക.

കണ്മുന്നിലെ മഹാസത്യവും മഹാശിവവും (മഹാധര്മ്മവും) മഹാസുന്ദരവും (മഹാനീതിയും) ആയ ഭൂമിയില് ചുറ്റുമുള്ളവരോടൊപ്പം സന്തോഷകരമായി ജീവിക്കുവാനും, അങ്ങനെ ഭൂമിയില് ദൈവരാജ്യം അഥവാ സ്വര്ഗ്ഗരാജ്യം സ്ഥാപിക്കുവാനുമാണ് മനുഷ്യര് പ്രവര്ത്തിക്കേണ്ടത്. ഭൂമിയെന്ന അഥവാ ഭൂമിയിലുള്ള ദൈവത്തിന്റെ സമ്പത്ത് തുല്ല്യമായി എല്ലാവരും അനുഭവിക്കുന്നതിനുമുള്ള ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം എല്ലാവരും ജീവിക്കേണ്ടതുണ്ട്. മഹാശാസ്ത്രപ്രകാരം ദൈവം സൃഷ്ടിച്ചിട്ടുള്ള ഭൂമിയിലെ ജീവിതത്തെ അപ്രസക്തമായി വിവരിച്ചുപോരുന്നത് കടുത്ത ദൈവനിന്ദയാണ്. ഭൂമിയിലെ ജീവിതം സുന്ദരമല്ലാതായിട്ടുള്ളതിന് മുഖ്യകാരണക്കാരായ മതനേതൃത്വങ്ങള് മുഖ്യ തിരുത്തല് ശക്തിയായി മാറണം. ഭൂമിയിലെ ജീവിതത്തെ സുന്ദരമാക്കണം.
മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും നിന്ദിച്ചുകൊണ്ട്, സ്വര്ഗ്ഗസുഖങ്ങളെപ്പറ്റി സംസാരിക്കുന്ന ഇന്നത്തെ ഏറ്റവും മോശമായ രീതികള് ഉപേക്ഷിക്കണം. അങ്ങനെയെല്ലാം ചെയ്താല് അവര്ക്കു കൊള്ളാം. എല്ലാ മതപുരോഹിതന്മാര്ക്കും സ്വയം തിരുത്തുവാനുള്ള അവസരം കുറച്ചുകാലം കൂടി മാത്രമാണുള്ളത്.
ആത്മീയസാക്ഷാത്ക്കാരത്തെ പറ്റിയുള്ള അദ്ധ്യായത്തില് വിസ്തരിച്ചതുപോലെ ഭൂമിയില് മായ പ്രത്യക്ഷമാകുവാന് വിരലിലെണ്ണാവുന്ന വര്ഷങ്ങള്/മാസങ്ങള്/ദിവസങ്ങള് മാത്രവും, സംഹാരം ആരംഭിക്കുവാന് സുമാര് 500 വര്ഷക്കാലവുമുണ്ട്. മായ പ്രത്യക്ഷമായിക്കഴിഞ്ഞാല് ഏതാനും വര്ഷങ്ങള്ക്കകം ശാസ്ത്രപരമായ വ്യക്തിജീവിതം, ശാസ്ത്രപരമായ ദൈവവിശ്വാസം, ശാസ്ത്രപരമായ സമൂഹഭരണം, എന്നിങ്ങനെ ഭൂമിയിലൊക്കെയുമുള്ള ജീവിതരീതികള് എല്ലാ അര്ത്ഥത്തിലും ശാസ്ത്രപരമാകുന്നതാണ്. ഒരേ വായു ശ്വസിച്ചും ഒരേ (പോലെ) വെള്ളം കുടിച്ചും ഒരേ (പോലെ) ഭക്ഷണംകഴിച്ചും, ഒരേ പോലെ സുഖദുഃഖങ്ങള് അനുഭവിച്ചും, ഒരേ ഭൂമിയില് ജീവിക്കുന്ന ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളായി എല്ലാവരും സന്തോഷമായി കുറേക്കാലം ജീവിച്ചശേഷമേ സംഹാരം ആരംഭിക്കുകയുള്ളൂ. ഭൂമിയില് ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നത് അങ്ങനെയാണ്. ഭൂമിയിലെ ജീവിതം സ്വര്ഗ്ഗമയമാകുന്നതാണ്. ബ്രഹ്മാനന്ദത്തില് പോയവരും ഭൂമിയില് മടങ്ങിയെത്തി മനുഷ്യശരീരങ്ങളോടെയും മറ്റുജീവി ശരീരങ്ങളോടെയും ജീവിക്കാന് ആഗ്രഹിക്കുംവിധം ഭൂമിയിലെ ജീവിതം സുന്ദരമാകുന്നതാണ്. മഹാപ്രപഞ്ചവും മഹാശാസ്ത്രവും മഹാശ്രേഷ്ഠമെന്ന് ജനങ്ങള് ആനന്ദത്തോടെ വിളിച്ചുപറയുന്ന അവസ്ഥ ഉണ്ടാകുന്നതാണ്.

കുഞ്ഞുങ്ങള് അബദ്ധങ്ങളും അക്രമങ്ങളും കാട്ടുമ്പോഴും, മഹാപ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവം മഹാശാസ്ത്രപ്രകാരം പരിപാലനവും നടത്തുന്നുണ്ട് എന്നും അറിയുക. സമ്പൂര്ണ്ണ ദൈവ ശാസ്ത്രം അഥവാ മഹാശാസ്ത്രം യഥാകാലം അവതരിപ്പിക്കുവാനും നടപ്പാക്കുവാനും ദൈവത്തിന് ശാസ്ത്രീയമായ പദ്ധതിയുണ്ടെന്നും അറിയുക. ബഹുദൈവ ആരാധനകളും അശാസ്ത്രീയമായ പ്രാര്ത്ഥനകളും ആചാരങ്ങളുമൊക്കെയായി ഹിന്ദുമതം നിലവില് പുലരുന്നുവെങ്കിലും, യാതൊരു ആചാര്യനോ ഋഷിയോ രൂപപ്പെടുത്തിയ ഒന്നല്ല ഹിന്ദുമതം. ഓരോ സൃഷ്ടിചക്രത്തിലും മായ പ്രത്യക്ഷമാകുന്നതിനു മുന്നോടിയായി (ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് വിസ്തരിച്ചിട്ടുള്ള) മത്സ്യാവതാരം എന്ന ശാസ്ത്രപദ്ധതിയിലൂടെ വീണ്ടെടുക്കപ്പെടുന്ന മഹാശാസ്ത്രത്തിന്റെ ശേഷിപ്പുകളാണ് അടുത്ത സൃഷ്ടിചക്രത്തില് ആത്മീയശാസ്ത്രത്തിന്റെ മൂലമാകുന്നത്. സനാതനം എന്ന പദം ഹിന്ദുമതത്തോട് ചേര്ന്നത് എന്തുകൊണ്ടാണെന്നും വ്യക്തമായിരിക്കുമല്ലോ. എല്ലാ മതങ്ങളും ദൈവത്തില് നിന്ന് അഥവാ മഹാശാസ്ത്രത്തില് നിന്ന് വളരെ വളരെ ദൂരെയാണെന്നും, ദൂരത്തിന്റെ അളവു നോക്കുമ്പോള് ഹിന്ദുമതം കൂടുതല് അടുത്താണെന്നും മാത്രമാണ് അര്ത്ഥമാക്കിയത്. മാത്രമല്ല, വൈകാതെ മായ പ്രത്യക്ഷമാകുമ്പോള് ഹിന്ദുമതം ഉള്പ്പെടെ, ഭൂമിയിലുള്ള എല്ലാ മതങ്ങളും തൂത്തെറിയപ്പെടുന്നതാണ്. ഭൗതികശാസ്ത്രം മാത്രമല്ല, ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടി മതങ്ങളില് തികച്ചും അപൂര്ണ്ണമാണ്. ദൈവനിന്ദയുമായി ബന്ധപ്പെടുത്തിക്കൊണ്ട് മദ്യം പോലെയുള്ളവയിലെ സദാചാരശാസ്ത്രം, കാമകാര്യങ്ങളിലെ സദാചാരശാസ്ത്രം, സ്ത്രീ-പുരുഷ സമത്വം തുടങ്ങിയ അതിഗൗരവമായ വിഷയങ്ങളെ പ്രത്യേകം അദ്ധ്യായങ്ങളായി ഗ്രന്ഥത്തില് വിശദീകരീച്ചിട്ടുള്ളത് പഠിക്കുമ്പോള് മതങ്ങള് എത്ര പാപ്പരത്തത്തിലാണ് കഴിയുന്നതെന്നു മനസ്സിലാകും. തികച്ചും ലളിതമായ സദാചാരശാസ്ത്രകാര്യങ്ങള് പോലും മതനേതൃത്വങ്ങള്ക്ക് നാളിതുവരെ വിശദീകരിക്കാന് കഴിയാഞ്ഞതും, സമൂഹത്തിലെ വ്യക്തികളെ ശുദ്ധിപ്പെടുത്താന് കഴിയാഞ്ഞതും, കടുത്ത പാപികളിലൂടെ ശാസ്ത്രകാര്യങ്ങള് വെളിപ്പെടുത്താന് മഹാശാസ്ത്രം കൂടിയായ ദൈവം ഇഷ്ടപ്പെടാഞ്ഞതുകൊണ്ടാണ്. മായ പ്രത്യക്ഷമാകും മുമ്പ് മതം ഉപേക്ഷിച്ച് മനുഷ്യരാകുവാന് ആര്ജ്ജവം കാണിക്കുന്ന മതപുരോഹിതന്മാര്ക്ക് തീര്ച്ചയായും പുണ്യം കൂടുതല് ലഭിക്കുന്നതാണ്. സമൂഹത്തില് കുട്ടിദൈവങ്ങളായും സൂപ്പര് ദൈവങ്ങളായും വേഷമിടുന്നവര്ക്കും ബുദ്ധിജീവികളെന്നു കരുതുന്നവര്ക്കും ഒക്കെ

ഇത് ബാധകമാണ്.
വിവാഹ ചടങ്ങുകള്, വിദ്യാരംഭം, മരണാനന്തര ചടങ്ങുകള് തുടങ്ങിയവ ദൈവനാമത്തില് എന്ന് മനസ്സിലോ വാക്കിലോ പറഞ്ഞുചെയ്യുക എന്നല്ലാതെ യാതൊരു ചടങ്ങുകളും ശാസ്ത്രം അഥവാ ദൈവം അനുവദിക്കുന്നില്ല എന്ന് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിസ്തരിച്ചിട്ടുള്ളതില് നിന്ന് പുരോഹിതവര്ഗ്ഗം എന്നൊരു കൂട്ടരെ സമൂഹത്തിന് ആവശ്യമില്ലെന്നു കാണാം. ജനനകാര്യങ്ങളും മരണകാര്യങ്ങളും ഉള്പ്പെടെ ഭൂമിയിലെ യാതൊരു കാര്യങ്ങള്ക്കും പുരോഹിതര് എന്നൊരു മദ്ധ്യസ്ഥരെ ദൈവം ചുമതലപ്പെടുത്തിയിട്ടില്ല. മനുഷ്യകാര്യങ്ങളെ, ദൈവ കാര്യങ്ങളെന്ന കള്ളപ്പേരോടെ തങ്ങള്ക്കു തോന്നുമ്പോലെയുള്ള ചടങ്ങുകള് ഏര്പ്പെടുത്തിക്കൊണ്ട് മതപുരോഹിതന്മാരെല്ലാം പാപം വാരിക്കൂട്ടുകയാണ്. അവരെ പിന് പറ്റുന്ന ജനങ്ങളുടെ പാപത്തിന്റെ ഓഹരിയും പുരോഹിതര്ക്കുണ്ട്. ഭാവിയിലെ തെരഞ്ഞെടുപ്പുകള് മുന്നില്കണ്ട്, വോട്ടുകള് കൂടുതല് നേടാനായി തങ്ങള് അറിയുക പോലും ചെയ്യാത്തവരുടെ വിവാഹച്ചടങ്ങുകളിലും മരണാനന്തര ചടങ്ങുകളിലും പങ്കെടുക്കുന്ന രാഷ്ട്രീയക്കാരെക്കാള് പാപം കൂടുതല് നേടുന്നത് മതപുരോഹിതന്മാരാണെന്ന് തിരിച്ചറിയുക. കൃഷി, നെയ്ത്ത്, പാര്പ്പിട നിര്മ്മാണം തുടങ്ങിയ അതിശ്രേഷ്ഠമായ പ്രവൃത്തികള് ചെയ്ത് ജീവിക്കുവാന് ഉന്നതമായ ജന്മങ്ങള് ലഭിക്കേണ്ടതുണ്ട്, എന്നിരുന്നാലും അങ്ങനെ ആഗ്രഹിക്കാവുന്നതാണ്. ആയതിനോ ശാസ്ത്രപരമായ മറ്റു ജോലികള് ചെയ്തോ അനുഗ്രഹിക്കണമേ എന്നു ദൈവത്തോടു പ്രാര്ത്ഥിച്ചുകൊണ്ട് പുതിയ ജോലികളോടെ, പുതിയ ജീവിതം ആരംഭിക്കുവിന്.
അജ്ഞാനം, ദുസ്വാര്ത്ഥം എന്നിവകളുടെ തോതനുസരിച്ച് മതദൈവ-നാമം ഉള്പ്പെടെയുള്ള അശാസ്ത്രീയമായ ജപങ്ങളും പ്രാര്ത്ഥനകളും പൂജകളും ആരാധനകളും ചെയ്യുന്നവര്ക്ക് തീര്ച്ചയായും ചെറുതും വലുതുമായ പാപങ്ങളും ശിക്ഷകളുമുണ്ട് എന്നുമറിക. മായ പ്രത്യക്ഷമാകുന്നതോടെ ഇന്നുള്ള സ്മാരകങ്ങളും വിഗ്രഹങ്ങളും സ്വര്ണ്ണക്കൊടിമരങ്ങളും ഒക്കെ നശിപ്പിക്കുവാന് മനുഷ്യര് തന്നെ തയ്യാറാകുന്നതാണ്. ഭൂമിയിലൊക്കെയുമുള്ള ജനങ്ങള് ഏകമഹാശക്തിയായ ദൈവത്തോടു മാത്രം പ്രാര്ത്ഥിക്കുന്നവരായി മാറുന്നതുമാണ്. അവരെപ്പോലെ ദൈവത്തോടു മാത്രം പ്രാര്ത്ഥിക്കുവാനും ദൈവത്തെ മാത്രം ആരാധിക്കുവാനും, ഉത്തമ വഴികാട്ടിയായി അവരുടെ പിതാവും ദൈവത്തിന്റെ പ്രതിനിധിയുമായ പരമശിവന് ഒപ്പമുണ്ടാകും. യഥാകാലം, മഹാശാസ്ത്രപരമായി,

എല്ലാവര്ക്കും മഹാശക്തിയായ ദൈവത്തിന്റെ മഹാദര്ശനവും സ്നേഹവാത്സല്യങ്ങളും നേരിട്ട് ലഭിക്കുന്നതുമാണ്.
മുന് അദ്ധ്യായത്തിലെ അവസാന ഖണ്ഡികയിലെ ചില വാചകങ്ങള് ആവര്ത്തിക്കുന്നു : ദൈവം മായ പ്രത്യക്ഷമാക്കിയ ശേഷം, പിതാവായ പരമശിവനിലൂടെ മഹാനീതിശാസ്ത്രപ്രകാരം കുഞ്ഞുങ്ങളെ സ്നേഹിക്കുകയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാനീതി കാര്യങ്ങളുണ്ട്. പാപം ചെയ്യുന്നവര്ക്ക് ശിക്ഷ നല്കുന്നതും, അങ്ങനെ തിരുത്തുന്നതും ഒക്കെ അവരെ സ്നേഹിക്കുന്നതുകൊണ്ടാണ്, മഹാ-സമനീതി നല്കാനുമാണ് തുടങ്ങിയ കാര്യങ്ങള് അതീവ ഗൗരവങ്ങളുമാണ്. മനുഷ്യര് കാട്ടിപ്പോന്ന ദൈവനിന്ദ വിശദീകരിക്കുന്ന പാഠങ്ങളും, ശാസ്ത്രപരമായ തൊഴില് വിഭജനം വിശദീകരിക്കുന്ന പാഠങ്ങളും, ദൈവത്തെപ്പറ്റിയുള്ള പാഠങ്ങളും ഒക്കെ പഠിക്കുവാനും, അതിലൂടെ ഏറ്റവും ശുദ്ധരായി ജീവിക്കുവാനും മഹാശക്തി അനുഗ്രഹിക്കട്ടെ എന്ന് സ്നേഹത്തോടെയും വാത്സല്യത്തോടെയും ആശംസിക്കുന്നു.

അദ്ധ്യായം 18

ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട്. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ള ദൈവം മഹാപ്രപഞ്ചത്തിലെ എല്ലാ ആനന്ദങ്ങള്ക്കും അതീതമാണ്. ആനന്ദങ്ങള്ക്ക് അതീതമായ ദൈവം, മഹാപ്രപഞ്ചത്തിലെ മനുഷ്യര് ദൈവത്തെ ആരാധിച്ചാല് ആനന്ദിക്കുമോ ? മനുഷ്യര് തന്നെ ആരാധിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ലെങ്കിലോ എന്ന് ചിന്തിച്ചിട്ടുണ്ടോ ? അതായത്, ദൈവത്തെ ആരാധിക്കുക എന്നു പറയുമ്പോള്, ദൈവം എന്നാലെന്തെന്നും, ദൈവത്തിന്റെ സ്വഭാവങ്ങള് എന്തെല്ലാമാണെന്നും, ദൈവത്തെ ആരാധിക്കുന്നതുകൊണ്ട് ദൈവത്തിന് എന്തെങ്കിലും സന്തോഷം ഉണ്ടാകുന്നുണ്ടോ എന്നും, ആരാധിക്കുന്നത് ദൈവത്തിന് ഇഷ്ടമാണോ എന്നും, ആരാധിക്കുന്നതിന് മനുഷ്യര് എന്തെങ്കിലും യോഗ്യത നേടേണ്ടതുണ്ടോ എന്നും, ഉണ്ടെങ്കില് എന്തെല്ലാം യോഗ്യതകളാണ് നേടേണ്ടതെന്നും, യോഗ്യതകള് നേടുന്നത്

എങ്ങനെയെന്നും, ആരാധിക്കുന്ന മനുഷ്യരുടെ നേട്ടം എന്താണെന്നും, അത്തരമൊരു നേട്ടമോ ആരാധനയോ ധര്മ്മശാസ്ത്രപ്രകാരം അത്യാവശ്യമോ ആവശ്യമോ ആണോ എന്നും, ഒക്കെയുള്ള അനവധി കാര്യങ്ങള് വിഷയങ്ങളാണ്.

സമൂഹത്തിലെ ഒട്ടുമിക്ക മേഖലകളിലും അസത്യങ്ങളും അധര്മ്മങ്ങളും അനീതികളും വര്ദ്ധിച്ചിരിക്കുകയാണ്. സമൂഹത്തിലെ എന്നു പറയുമ്പോള്, സമൂഹത്തിലെ മനുഷ്യര് അഥവാ വ്യക്തികള് ആണ് പ്രതികള്. കള്ളങ്ങളും അസഭ്യങ്ങളുമൊക്കെ പറയുകയും, അഴിമതികളും വഞ്ചനകളും ഉള്പ്പെടെ ബഹുവിധ അധര്മ്മങ്ങളും അനീതികളും ചെയ്യുന്നു. മദ്യം പോലെയുള്ളവ ഉപയോഗിക്കുകയും, ജീവിതപങ്കാളി അല്ലാതെയുള്ളവരെ കാമപരമായി മോഹിക്കുകയും, ദുഷ്ക്കാമ ബന്ധങ്ങള് പുലര്ത്തുകയും, സിനിമകളിലും ചിത്രങ്ങളിലും പരസ്യങ്ങളിലും ശില്പങ്ങളിലുമൊക്കെ കാണുന്ന നഗ്നതകളെ ആസ്വദിക്കുകയും, അത്തരം കാര്യങ്ങള്ക്കിടയില് അല്പനേരം ദൈവത്തെയും ആരാധിക്കുകയും എന്നതു മതിയാകുമെന്നോ ശരിയാണെന്നോ തെറ്റില്ലെന്നോ ഒക്കെ മതപണ്ഡിതന്മാര് ഉള്പ്പെടെയുള്ളവര് കരുതുന്നത് ദൈവത്തെയോ മഹാശാസ്ത്രത്തെയോ അറിയാത്തതുകൊണ്ടാണ്.

മഹാശക്തിയായ ദൈവമാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുന്നതെന്നും, ആയത് നിര്വ്വഹിക്കുവാന് മഹാശക്തി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തിന്റെ ഒരു ഓഹരിയെ മാത്രമാണ് ശാസ്ത്രം എന്ന് മനുഷ്യര് പേരിട്ടിട്ടുള്ളതെന്നും മനസ്സിലാകുമ്പോള്, ദൈവത്തെപ്പറ്റി മനുഷ്യര്ക്ക് സുവ്യക്തത ഉണ്ടാകുന്നതാണ്. നിശ്ചിത യോഗ്യത നേടുമ്പോള് മാത്രമേ ഏതൊരാള്ക്കും മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം പഠിക്കാനും ഗ്രഹിക്കാനും കഴിയുകയുള്ളൂ. ദൈവം കുറേപ്പേര്ക്കു മാത്രം യോഗ്യത നല്കുന്നു എന്നോ സമനീതി നല്കുന്നില്ലെന്നോ തെറ്റിദ്ധരിക്കേണ്ട. ഒരേ കാലഘട്ടത്തില് ഭൂമിയില് ജീവിക്കുന്നവര്ക്കെല്ലാം മഹാശാസ്ത്രം അറിയാമെന്നു വന്നാല് തൊഴിലുകളിലെ വൈവിധ്യത്തിലൂടെ നടപ്പാക്കപ്പെടുന്ന ജീവിത-ആനന്ദം നഷ്ടപ്പെടുന്നതാണ്. എല്ലാ തൊഴിലുകളും എല്ലാവര്ക്കും ചെയ്യുവാന് ദൈവം അവസരം നല്കുന്നുണ്ട്, മഹാശാസ്ത്രം ഗ്രഹിക്കാനുള്ള യോഗ്യതയും യഥാകാലം എല്ലാവര്ക്കും ദൈവം മഹാഅനുഗ്രഹിച്ചു നല്കുന്നുമുണ്ട്.

എല്ലാ ജീവികളും, എല്ലാ മനുഷ്യരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. യഥാകാലം മഹാശാസ്ത്രം ഗ്രഹിക്കുന്നതോടെ, ആത്മീയസാക്ഷാത്ക്കാരത്തില് അനന്തമായ ആനന്ദങ്ങളും സമ-

ആനന്ദങ്ങളും തങ്ങള് നേടുമെന്ന് സുവ്യക്തമായി അറിവുണ്ടാകുന്ന മനുഷ്യര്ക്ക് ദൈവത്തോട് നന്ദിയും സ്നേഹവും പ്രകാശിപ്പിക്കുവാനും പ്രകടിപ്പിക്കുവാനും ദൈവം അവസരം നല്കുമ്പോഴാണ് മനുഷ്യര് ദൈവത്തെ ആരാധിക്കുന്നത്; ആരാധിക്കേണ്ടത്. മഹാശാസ്ത്രം നേടുന്ന ഒരേയൊരു ജന്മത്തില്, സുമാര് 50 വയസ്സോടെ മഹാശാസ്ത്രം ലഭിച്ചശേഷം മാത്രം ആരാധിച്ചുതുടങ്ങുവാന് ദൈവം മനുഷ്യരെ അനുവദിക്കുന്നു. ഭൂമിയിലെങ്ങുമുള്ള മത-ജീവികള് നൂറ്റാണ്ടുകളായിട്ടു കാട്ടിക്കൂട്ടുന്നത് ദൈവാരാധന അല്ലെന്നും വ്യക്തമാകുന്നു. ദൈവം സൃഷ്ടിച്ച മനുഷ്യ-ക്കുഞ്ഞുങ്ങളെ മത-ജാതിജീവികളും രാഷ്ട്രീയ-ഇസ ജീവികളുമൊക്കെയായി പരിണമിപ്പിക്കുവാന് പ്രവര്ത്തിച്ച കൊടിയ ഭീകരവാദത്തിന് മതപുരോഹിതന്മാരെയും മറ്റും ശിക്ഷിക്കേണ്ടത് മഹാനീതിപതിയായ ദൈവത്തിന്റെ ഉത്തരവാദിത്തമാണ്. അച്ഛനമ്മമാരുടെയോ ബന്ധുജനങ്ങളുടെയോ മതപുരോഹിതന്മാരുടെയോ ഒക്കെ തലകളോട് ഒട്ടിക്കാതെ, സ്വതന്ത്രമായ തലകളും, ബുദ്ധിശക്തികളും നല്കിയിട്ടും അവയെ ഉപയോഗപ്പെടുത്താതെ മടയന്മാരും അലസന്മാരുമായി പ്രവര്ത്തിച്ചതിനും മറ്റും മത-ജാതി ജീവികളായും മറ്റും കഴിയുന്ന മനുഷ്യരെ ശിക്ഷിക്കേണ്ടതും മഹാനീതിപതിയായ ദൈവത്തിന്റെ ഉത്തരവാദിത്തമാണ്. മഹാനീതിപതിയായ ദൈവം സൃഷ്ടികളെ ശിക്ഷിക്കുകയും തിരുത്തുകയും സമ-ആനന്ദങ്ങളെ നല്കുകയും ചെയ്യുമ്പോള്, മഹാവാത്സല്യവും മഹാപിതാവും മഹാമാതാവുമായ ദൈവം തന്റെ കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യവും മഹാആനന്ദങ്ങളും മഹാഅനുഗ്രഹിച്ചു നല്കുന്നതാണ്. ആവക കാര്യങ്ങള് മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. യഥാകാലം യോഗ്യത നേടുന്ന മുറയ്ക്ക് മഹാശാസ്ത്രം അറിയുക എന്നല്ലാതെ ആവക കാര്യങ്ങളില് ആവേശമോ ആശങ്കയോ മനുഷ്യര്ക്കു വേണ്ടതില്ല. ഓരോ സൃഷ്ടിചക്രത്തിലും സംഹാരം ആരംഭിക്കുന്നതിനു മുന്നോടിയായി മായ പ്രത്യക്ഷമാകുന്നതും, മായ പ്രത്യക്ഷമാകുന്നതിനു തൊട്ടുമുമ്പ് മഹാശാസ്ത്രം അഥവാ യഥാര്ത്ഥ വേദങ്ങള് വീണ്ടെടുക്കുന്നതും, ദൈവമഹത്വം വിശദമാക്കപ്പെടുന്നതാണ്. ശാസ്ത്രപരമായി ഗൂഢാവസ്ഥയിലുള്ള ദൈവകാര്യങ്ങളും, ജീവാത്മാവിന്റെ ഭൗതിക അസ്തിത്വം ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും, ദൈവം സമ്പൂര്ണ്ണമായും ശാസ്ത്രപരമായും വെളിപ്പെടുത്തുന്നതാണ്. (സൃഷ്ടിചക്രത്തെപ്പറ്റി ഗ്രന്ഥത്തിലെ 2-ാം ഭാഗത്തിലും സംഹാരത്തെപ്പറ്റി 6-ാം ഭാഗത്തിലും വിസ്തരിച്ചിട്ടുണ്ട്.). ആത്മീയസാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തില് വിസ്തരിച്ചതുപോലെ

മായ പ്രത്യക്ഷമായ ശേഷം, 4 വര്ഷത്തിലൊരിക്കലുള്ള ശിവരാത്രിയില് ഭൂമിയിലെ മനുഷ്യരില് ഏതാനും ലക്ഷം വ്യക്തികളുടെ ശിരസ്സിലുള്ള ന്യൂറോണുകളെ ശക്തിപ്പെടുത്തിക്കൊണ്ട് ദൈവം മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുന്നതാണ്. ദൈവം തന്റെ മഹാദാസനായ പരമശിവന് സ്ത്രീയും പുരുഷനും ചേര്ന്നതായ ദിവ്യമായ അര്ദ്ധമഹാദേവീ രൂപത്തെ മഹാഅനുഗ്രഹിച്ചു നല്കുകയും, ശേഷം അര്ദ്ധമഹാദേവിയായ പരമശിവനിലൂടെ മനുഷ്യര്ക്ക് മഹാശാസ്ത്രം നല്കി മഹാഅനുഗ്രഹിക്കുകയും ചെയ്യുന്നു. മഹാശാസ്ത്രമെന്താണെന്നും മഹാപ്രപഞ്ചം എന്താണെന്നും ദൈവം എന്താണെന്നും സുവ്യക്തമായി അറിഞ്ഞ് പുരുഷജന്മത്തിലുള്ള മനുഷ്യന് മഹാത്ഭുതപ്പെട്ട് മഹാവിനീതനായി മഹാആനന്ദത്തോടെ വിതുമ്പിക്കരയുന്ന മഹാനിമിഷങ്ങളാണവ. മഹാശാസ്ത്രത്തിന്റെ ശാഖകളെയും ഉപശാഖകളെയും കൂട്ടിയിണക്കിക്കൊണ്ട് 100 (അഥവാ 10000*) പേരില് ഒരാള് എന്ന കണക്കിന് വൈകാതെ മനുഷ്യര് യോഗ്യത നേടിത്തുടങ്ങുന്നതാണ്. ഇതുവരെ യാതൊരാളും യോഗ്യത നേടിയിട്ടില്ലെന്നും, മായ പ്രത്യക്ഷമായ ശേഷമേ യോഗ്യത നേടിത്തുടങ്ങുകയുള്ളൂ എന്നും മനസ്സിലാക്കേണ്ടതുണ്ട്. വിമാനത്തിന്റെയും കമ്പ്യൂട്ടറിന്റെയും ടെലിവിഷന്റെയും ഒക്കെ ശാസ്ത്രനിയമങ്ങള് പ്രപഞ്ചത്തില് എന്നും അന്തര്ലീനമാണെങ്കിലും ഓരോ സൃഷ്ടിചക്രത്തിലും അവ വെളിപ്പെടുത്തുവാന് (ദൈവം) കാലം നിശ്ചയിച്ചിട്ടുണ്ടെന്നതിനും ഉപരിയാണത്. ജീവിയുടെ/മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരം എന്തെന്ന് അറിയിച്ചപ്പോള് യോഗ്യത സംബന്ധിച്ച് ഹ്രസ്വമായി വിശദീകരിച്ചിരുന്നു. ശാസ്ത്രപരമായ വിശദീകരണങ്ങള് ഗ്രന്ഥത്തിലെ 3-ാം ഭാഗമായ മഹാനീതിശാസ്ത്ര പാഠങ്ങളില് ലഭ്യമാണ്.

അര്ദ്ധമഹാദേവീ രൂപത്തിന്റെ ശാസ്ത്രവിശദീകരണം : മഹാഗുരുകൂടിയായ ദൈവം, മഹാശാസ്ത്രത്തെ കുഞ്ഞുങ്ങളായ മനുഷ്യര്ക്ക് മഹാഅനുഗ്രഹിച്ചു നല്കുമ്പോള്, മഹാഗുരു സ്വീകരിക്കുന്ന രൂപം സ്ത്രീയും പുരുഷനും ചേര്ന്നുള്ളതായിരിക്കണം. അത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും വിശദീകരിക്കാം :- ബ്രഹ്മത്തെ ഉള്ക്കൊണ്ട് പരബ്രഹ്മരൂപത്തോടെ അഥവാ മഹാപ്രപഞ്ചരൂപത്തോടെ ദൈവം സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് ചെയ്യുമ്പോള് ഓരോ അണുവിലും സ്ത്രീ-പുരുഷഭാവരൂപങ്ങളെ പ്രകടമാക്കുന്ന മാതൃഘടകവും പിതൃഘടകവും സൃഷ്ടിക്കുന്നുണ്ട്. (മഹാ) ശക്തി, ശിവന് എന്ന അദ്ധ്യായത്തിലും ബ്രഹ്മം, മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ സൃഷ്ടിക്കുന്നു എന്ന അദ്ധ്യായത്തിലും

വിശദീകരണമുണ്ട്. എന്തും ഏതും തനിച്ചുചെയ്യുന്ന ദൈവം, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്, കുറ്റവും കുറവുമില്ലാത്ത മഹാപദ്ധതിയോടെയുമാണ്. പിതൃഘടകമായി പരമശിവനെ പരബ്രഹ്മമായ മഹാപ്രപഞ്ചത്തില് ഉള്പ്പെടുത്തുകയാലും, പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച് മഹാപദവിയും മഹാപങ്കാളിത്തവും നല്കിയിരിക്കുകയാലും, കുഞ്ഞുങ്ങളായ മനുഷ്യര്ക്ക് മഹാശാസ്ത്രം നല്കാനായിട്ട് മഹാദേവി തയ്യാറാകുമ്പോള്, ജീവികളുടെയും പ്രപഞ്ചത്തിന്റെയും പിതാവായ പരമശിവനെ ഉള്പ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. ദൈവത്തിന്റെ ഏകദാസനും മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ ദൈവകാര്യങ്ങളുടെ ദൈവീക നടത്തിപ്പിനായിട്ട് പ്രവര്ത്തിക്കുന്ന ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും പരമശിവനെ ഉള്പ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാഗുരു ഒന്നേയുള്ളൂ എന്നതുകൊണ്ടും, ദൈവം ഒന്നേയുള്ളൂ എന്നതുകൊണ്ടും, മഹാദേവിയും പരമശിവനും രണ്ടായി വന്നുംകൂടാ. ആകയാല് ഏകമഹാദൈവമായ മഹാദേവി മനുഷ്യരൂപം സ്വീകരിക്കുമ്പോള്, സ്വീകരിക്കുന്ന രൂപം സ്ത്രീയും പുരുഷനും ഒന്നുചേര്ന്നത് ആവേണ്ടതുണ്ട്. മഹാദേവിയുടെ മഹാജ്ഞാനം മാത്രമായ മഹാശാസ്ത്രത്തെ തന്റെ കുഞ്ഞുങ്ങള്ക്ക് മഹാഅനുഗ്രഹിച്ചു നല്കുവാന്, മഹാദേവിയുടെ മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും മഹാദേവിയെത്തന്നെയും പ്രതിനിധീകരിക്കുവാന് മഹാദേവി മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവനെ മഹാനിശ്ചയിച്ചിരിക്കുന്നു. മാത്രമല്ല, മഹാശാസ്ത്രപ്രകാരം സ്ഥിതിയില് പുരുഷന് പ്രാമുഖ്യം നല്കുകയാലും, മനുഷ്യര്ക്ക് പുരുഷജന്മത്തില് മഹാശാസ്ത്രം നല്കുകയാലും, അവരുടെ പിതാവുകൂടിയായ പരമശിവനിലൂടെ മഹാശാസ്ത്രം മഹാഅനുഗ്രഹിച്ചു നല്കുന്നതിനെ മഹാദേവി മഹാശ്രേഷ്ഠമാക്കിയിരിക്കുന്നു. മഹാദേവി തന്റെ മഹാദാസനായ പരമശിവന് സ്ത്രീയും പുരുഷനും ചേര്ന്നതായ ദിവ്യരൂപത്തെ മഹാഅനുഗ്രഹിച്ചു നല്കുന്നു. അര്ദ്ധമഹാദേവീ രൂപമാണത്. മൂന്നാം കണ്ണായ സൂര്യമഹാനേത്രവും ചന്ദ്രക്കലയും നക്ഷത്രവും ഓംകാരനാഗബന്ധനവും മഹാനാഗ സംരക്ഷണവും മഹാശൂലവും ഒക്കെച്ചേര്ന്നതായ ദിവ്യരൂപം മഹാപ്രപഞ്ചത്തെ മുഴുവന് പ്രതിനിധീകരിക്കുന്നതാണ്. ദൈവം ജീവിയല്ലെന്നും, സ്ത്രീയോ പുരുഷനോ അല്ലെന്നും, മഹാപ്രപഞ്ചത്തിനും അതീതമായ മഹാശക്തിയാണെന്നും ഒക്കെ സുവ്യക്തമാക്കിക്കൊണ്ട് അര്

ദ്ധമഹാദേവിയാകുവാന് മഹാഭാഗ്യമുണ്ടാവുന്ന പരമശിവന്റെ ശരീരത്തിലെ ഇടതുകാല് ഉള്പ്പെടെയുള്ള ഇടതുഭാഗവും, വലതുകാലിന്റെ പകുതിയും, ഇടതുകൈയ്ക്കു പകരം വലതുകൈയ്യും, മഹാശക്തിയായ മഹാദേവി ഏറ്റെടുക്കുന്നതും, മനുഷ്യരെ മഹാഅനുഗ്രഹിച്ച് മഹാശാസ്ത്രം നല്കുന്നതുമാണ്; ശേഷം മാത്രമേ മനുഷ്യര് ദൈവത്തെ ആരാധിക്കാന് പാടുള്ളൂ.
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മംഗളമാകണമെങ്കില് ദൈവത്തിന്റെ ഭാവം സത്യ-ധര്മ്മ-നീതികളാവണം. ദൈവഭാവമെന്തെന്ന് ബോദ്ധ്യപ്പെട്ട് അവ ഭൂമിയില് പുലര്ത്തണമെന്ന നിഷ്ക്കര്ഷ മനുഷ്യര്ക്ക് ഉണ്ടാകുമ്പോഴേക്കും ലിംഗം, സൗന്ദര്യം, നിറം, തൊഴില് തുടങ്ങിയവയില് ഏറെക്കുറെ സമനീതി നേടിക്കൊണ്ടും വൈവിധ്യമാര്ന്ന ആനന്ദങ്ങള് അനുഭവിച്ചുകൊണ്ടും മനുഷ്യര് തങ്ങള്ക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള 100 ജന്മങ്ങളില് 90 ജന്മങ്ങള് പിന്നിടുന്നതാണ്. ആദ്യകാലജന്മങ്ങളില് പാപം വര്ദ്ധിച്ചു ചെയ്യുന്നവര്ക്ക് മഹാനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷകളും ഇടയില് നല്കുന്നുണ്ട്, എന്നാല് മനുഷ്യര് 90 ജന്മങ്ങളോട് അടുക്കുമ്പോഴേക്കും മുമ്പറഞ്ഞ ദൈവഭാവമായ സത്യ-ധര്മ്മ-നീതികള് വര്ദ്ധിച്ച് പുലര്ത്തുന്ന അവസ്ഥയിലേക്ക് എല്ലാവരും എത്തുന്നതാണ്.
മഹാശാസ്ത്രപാഠങ്ങളില് ചിലത് പഠിക്കുവാന് പ്രത്യേക യോഗ്യത നേടേണ്ടതുണ്ടെന്നു പറയുമ്പോള് മുമ്പറഞ്ഞ 90 ജന്മങ്ങളോട് അടുക്കണമെന്നു കൂടിയാണ് അര്ത്ഥം. ഭൂമിയില് പ്രസ്തുത യോഗ്യതയോട് അടുത്തിട്ടുള്ളവര് സംഗീതജ്ഞരിലും സാമൂഹ്യപ്രവര്ത്തകരിലും ശാസ്ത്രജ്ഞന്മാരിലും നിരീശ്വരവാദികളിലും യുക്തിവാദികളിലുമുള്ള ഏതാനുംപേര് മാത്രമാണെന്ന് ദൈവാനുഗ്രഹത്തോടെ ഈയുള്ളവന് പ്രസ്താവിക്കുമ്പോള്, ബഹുഭൂരിപക്ഷമായ മറ്റുള്ളവര്ക്ക് യോഗ്യത നേടാനുള്ള ജന്മങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ടുള്ള പ്രായം ആയിട്ടില്ല എന്നാണ് മനസ്സിലാക്കേണ്ടത്. യോഗ്യതയോട് അടുക്കുന്നവര് അവരുടെ കേമത്തംകൊണ്ട് സാധിക്കുന്നതല്ല അക്കാര്യമെന്നും, മഹാനീതിശാസ്ത്രപ്രകാരം ദൈവം തന്നെ എല്ലാവരെയും യഥാകാലം യോഗ്യരാക്കി മഹാഅനുഗ്രഹിക്കുകയാണ് എന്നുമറിയണം.
മാനുഷിക കാഴ്ചപ്പാടുകളുടെ വ്യത്യാസം ബോദ്ധ്യപ്പെടുത്താനായി ഒരു ഉദാഹരണം ചൂണ്ടിക്കാട്ടാം:- ഇന്നത്തെ കേരളത്തിലെ ഒന്നാംകിട രാഷ്ട്രീയനേതാക്കളിലെ ഒരു തലമുതിര്ന്ന നേതാവ് തന്റെ മകനെ രാഷ്ട്രീയ-ഇതര തൊഴില് ഉപേക്ഷിക്കുവാന് പ്രേരിപ്പിക്കുകയും, രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരികയും പ്രമുഖ പദവികള് മകന്

സമ്പാദിച്ചുനല്കുവാന് വളരെയധികം പ്രവര്ത്തിക്കുകയുമുണ്ടായി. നല്ലൊരു വാഗ്മിയും പാര്ട്ടിയിലെ ഒരു പ്രധാനിയുമായി ശോഭിച്ച മകന് കാലക്രമത്തില് മന്ത്രിപദവി മോഹിച്ചു, നേടിയെങ്കിലും നിലനിര് ത്താനായില്ല. ദുസ്വാര്ത്ഥം വര്ദ്ധിക്കയാല് പാര്ട്ടിയില്നിന്ന് പുറത്തായി ; പുതിയ പാര്ട്ടിയുണ്ടാക്കി. കാലക്രമേണ രാഷ്ട്രീയ ശോഭ കുറഞ്ഞു. ആദ്യകാല രാഷ്ട്രീയപ്രസ്ഥാനത്തിലെ നേതാക്കള് അദ്ദേഹത്തെ അടുപ്പിക്കാതെ വളരെ ശ്രദ്ധിക്കുന്നു. മാധ്യമങ്ങള് അദ്ദേഹത്തെ ഒരു കോമാളിയെന്നോണം അവതരിപ്പിക്കുന്നു. ദൈവീകമായി അഥവാ ശാസ്ത്രപരമായി എന്താണ് സംഭവിക്കുന്നതെന്ന് ഇനി വിസ്തരിക്കാം :- പുണ്യങ്ങള് ഏറെ നേടിയിട്ടുള്ള, 90 ജന്മങ്ങള് പൂര്ത്തിയാക്കിയിട്ടുള്ള ജീവാത്മാവാണ് മകന്റേത്. ദൈവീകമായ യോഗ്യത വര് ദ്ധിക്കുന്നതിനനുസരിച്ച് കുഞ്ഞുങ്ങള് ദൈവത്തിന് വളരെ പ്രിയപ്പെട്ടവരാകുന്നു. കാലാവധിത്തീയതി എന്നേ കഴിഞ്ഞ ഇന്നത്തെ ജീര്ണ്ണിച്ച രാഷ്ട്രീയപ്രസ്ഥാനങ്ങളില് പ്രസ്തുത ജീവാത്മാവ് പ്രവര് ത്തിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. പ്രസ്തുത സത്യം ഇന്ന് അദ്ദേഹം അറിയുന്നില്ല, പരിഹസിക്കുന്നവരും അറിയുന്നില്ല, ദൈവം അറിയിക്കുമ്പോള് മാത്രം ദൈവത്തിന്റെ മഹാദാസനായ പരമശിവന് ഉള്പ്പെടെയുള്ളവര് അറിയുന്നു. ഇന്നത്തെ ഭൂമിയിലെ യാതൊരു രാഷ്ട്രീയനേതാക്കളും അദ്ദേഹത്തോളം യോഗ്യനല്ല എന്നുകൂടി പ്രസ്താവിക്കുമ്പോള്, അദ്ദേഹത്തിന്റെ ഔന്നത്യം വ്യക്തമാണ്. മറ്റുള്ളവര് മോശക്കാരാണെന്നല്ല അതിന്നര്ത്ഥം, മറ്റുള്ളവര് ഏറിയും കുറഞ്ഞും അനവധി ജന്മങ്ങളിലൂടെ യോഗ്യത നേടാനുണ്ട് എന്നുമാത്രമാണ് അര്ത്ഥം. ഈ ജന്മത്തില് പുണ്യം വര്ദ്ധിപ്പിക്കാന് പുത്രന് ഇതുവരെ സാധിച്ചില്ല എന്നു പറയേണ്ടതുണ്ട്. വികലാംഗതയോടെയുള്ള അടുത്ത ജന്മത്തില് ഒരുപക്ഷേ മഹാശാസ്ത്രം അദ്ദേഹത്തിന് ലഭ്യമായേക്കാം ! മഹാശാസ്ത്രം പകര് ന്നുനല്കുന്നതിന്റെ ഭാഗമായി, ശിവരാത്രിയില് പരമശിവന് അനേക ലക്ഷം കുഞ്ഞുങ്ങളുടെ കാലുകള് കഴുകുകയും, കാലുകളിലും നെറുകയിലും ചുംബിക്കുകയും ചെയ്യുമ്പോള്, ആദ്യപട്ടികയില് വരുന്നവരുടെ കൂട്ടത്തില് പരമശിവന്റെ കൂടി ഇഷ്ടപുത്രനായ മേല്പടി കുഞ്ഞിന്റെ പുനര്ജ്ജന്മവും പെട്ടേക്കാം. അദ്ദേഹത്തിന്റെ പിതാവിനെപ്പറ്റി പറയുമ്പോള്, ജന്മപരമായി മകനോളം പ്രായമില്ല. ഒരു ഭരണാധികാരി അഥവാ രാജാവ്, ദൈവത്തിന്റെ ചെറിയ പതിപ്പെന്നോണം സമൂഹത്തില് പ്രവര്ത്തിക്കേണ്ടതുണ്ട്. കുടുംബാംഗങ്ങള് ഉള്പ്പെടെ എല്ലാ പ്രജകള്ക്കും സമനീതി നല് കേണ്ടതായ ഭരണാധികാരി അതിരുകടന്ന പുത്രവാത്സല്യം നിമിത്തം

ധര്മ്മശാസ്ത്രങ്ങളെ അവമതിച്ചുകൊണ്ട് കടുത്ത പാപം സമ്പാദിച്ചു. ദൈവാരാധന ഉള്പ്പെടെ സമൂഹത്തിലെ എല്ലാ കാര്യങ്ങളിലും ശാസ്ത്രീയത കൈവരുത്തുവാന് ബാദ്ധ്യസ്ഥനായ ഭരണാധികാരി, സ്വയം ശാസ്ത്രപരമല്ലാത്ത ആരാധനകള് നടത്തിയും മതനേതൃത്വങ്ങളെയും മതാനുയായികളെയും പ്രീണിപ്പിച്ചും ഭരിക്കയാല് പാപം വര്ദ്ധിച്ചു. പിതാവും പുത്രനും അനര്ഹരെ പുകഴ്ത്താനും മറ്റും തയ്യാറായപ്പോള്, പുത്രനെ വഴിതെറ്റിച്ച പാപത്തിന്റെ പങ്കും പിതാവിനു ലഭിച്ചു. പുണ്യം ഏറ്റവുമധികം നേടാനുള്ള ജന്മമാണ് രാജാവിന്റേത്. ശ്രദ്ധിച്ചില്ലെന്നാല് പാപവും ! അഹംഭാവം കൂടാതെ, പുത്രനെ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരാന് പ്രേരിപ്പിച്ചത് ഉള്പ്പെടെയുള്ള തെറ്റുകളുടെയും കുറ്റങ്ങളുടെയും നീണ്ടനിരയാണ് പിതാവിനുള്ളത്. കൂടുതല് വിസ്തരിക്കുന്നില്ല. കീര്ത്തിക്ക് കളങ്കമുണ്ടായതിലൂടെ അദ്ദേഹത്തിനുള്ള ദൈവശിക്ഷയുടെ ഒരു ഭാഗം പൂര്ത്തിയായി. ധര്മ്മശാസ്ത്രത്തെ അവഗണിച്ചുകൊണ്ടായാല് പോലും അദ്ദേഹം പുലര്ത്തിയ വര്ദ്ധിച്ച പുത്രവാത്സല്യത്തിനും പുണ്യമുണ്ട്. പാപ-പരിഹാരത്തിന് ഏറെ ജന്മങ്ങള് അദ്ദേഹത്തിന് ബാക്കിയുമുണ്ട്, ആകയാല് കുണ്ഠിതം ആര്ക്കും വേണ്ട. മേല്പടി ഉദാഹരണം ബുദ്ധിജീവികളെന്നും കേമരെന്നും കരുതുന്നവര്ക്ക് മാര്ഗ്ഗദര്ശകമായാല് നന്ന്. തെളിവുകള് നിരത്തിയല്ലെങ്കില് പോലും, വളരെയധികം ശാസ്ത്ര കാര്യങ്ങള് വിവരിക്കുന്ന ഒരു ഗ്രന്ഥത്തില് ഇത്തരം വിവരങ്ങള് ചേര്ക്കുമ്പോള് മായ ഭാഗികമായി തുറന്നുകൊടുക്കുകയാണ്, ആകയാല് ഉദാഹരണമായി നല്കിയ വസ്തുതയെ ദുരുപയോഗം ചെയ്യാന് യാതൊരാളും ശ്രമിച്ചുകൂടാ. സത്യം മാത്രം പറഞ്ഞും, ധര്മ്മം മാത്രം പ്രവര്ത്തിച്ചും, നീതി മാത്രം നല്കിയും ജീവിക്കുന്ന 5 മുതല് 10 വരെ ജന്മങ്ങള് ഓരോരുത്തര്ക്കും ഉണ്ടാകുന്നതാണ്. 90 അഥവാ 91 മുതല് 100 വരെയുള്ള ജന്മങ്ങളാണ് അവ. മതപുരോഹിതന്മാര് ഉള്പ്പെടെയുള്ളവര്ക്ക് ഒട്ടും വിഷമം വേണ്ട, അവരില് ഭൂരിപക്ഷം പേരും 1 മുതല് 90-ല് താഴെയുള്ള ജന്മങ്ങളിലാണ് ഇപ്പോഴുള്ളത്. ദൈവകാര്യങ്ങളറിയാനും മഹാശാസ്ത്രം പഠിക്കാനും ദൈവത്തെ ആരാധിക്കാനുമൊക്കെ യോഗ്യതകള് നേടേണ്ടതുണ്ടെന്ന് യഥാകാലം അനുഭവത്തിലൂടെ ബോദ്ധ്യമാകുന്നതാണ്.

ഗ്രന്ഥത്തിലുള്ള മഹാശാസ്ത്ര സംഗ്രഹവുമായി ബന്ധപ്പെട്ട ചില കാര്യങ്ങള് പറയാം :

ദൈവം എങ്ങനെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി നടത്തിയിരിക്കുന്നു എന്നതിനെപ്പറ്റിയുള്ള വിശദീകരണങ്ങള് നല്കേണ്ടത് മനുഷ്യര് ചെയ്തുകൂട്ടുന്ന ദൈവനിന്ദകളെയും, ശാസ്ത്രീയമായ തൊഴില്

വിഭജനങ്ങളെയും സുവ്യക്തമാക്കുവാന് ആവശ്യമാണ്. എന്നാല് എങ്ങനെ സൃഷ്ടി നടത്തിയിരിക്കുന്നു എന്നതിലെ ഒരു ഭാഗവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി നടത്തുവാനുള്ള അടിസ്ഥാന കാരണവും, മറ്റു ചില അതിമഹത്തായ പാഠങ്ങളും, ഗ്രന്ഥത്തിലെ മൂന്നാം ഭാഗത്തിലേക്ക് മാറ്റിയിരിക്കുകയാണ്. കാരണമുണ്ട്. യഥാകാലം യോഗ്യത നേടുന്ന മുറയ്ക്ക് മഹാശാസ്ത്രം പഠിക്കുക എന്നല്ലാതെ, യോഗ്യത നേടുംമുമ്പ് അതിമഹത്തായ ശാസ്ത്രപാഠങ്ങളെ പഠിക്കാന് ഇടവരുന്നതും അജ്ഞാനം ഹേതുവായി മഹാകാര്യങ്ങളുടെ ഗൗരവം കുറച്ചുകാണുന്നതും നന്നല്ല ; തമാശരീതിയിലോ പരിഹാസരീതിയിലോ മഹാകാര്യങ്ങളെ സമീപിക്കുന്നതിനെ ശാസ്ത്രപരമായി തടയാനാണ് അങ്ങനെ ചെയ്തിട്ടുള്ളത്. മഹാശാസ്ത്രം പഠിക്കാനും ദൈവാരാധന നടത്താനും യോഗ്യത നേടേണ്ടതുണ്ട് എന്നു വിവരിച്ചുവല്ലോ. ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗം പഠിക്കുമ്പോള് വളരെ ജാഗ്രത ഉണ്ടാവണം. ജാഗ്രത പുലര്ത്താന് കഴിയാത്തവര് പ്രസ്തുത പാഠങ്ങള് പഠിക്കാന് തയ്യാറാവാത്തതാണ് അവര്ക്കു നല്ലത്. ഉദാഹരണത്തിന്, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ അദ്ധ്യായങ്ങള് പഠിക്കും മുമ്പ് കുളിച്ച് ശുദ്ധരായി പവിത്രമായ മാനസിക അവസ്ഥ ഒരുക്കണം. ഓരോ അദ്ധ്യായങ്ങളെയും കരുതലോടെയും ഉള്ക്കൊണ്ടും പഠിച്ചശേഷം മാത്രം അടുത്ത അദ്ധ്യായത്തിലേക്ക് കടക്കേണ്ടതുമാണ്. പഠനത്തിനിടയ്ക്ക് വീണ്ടും കുളിക്കാനും മനസ്സും ശരീരവും ശുദ്ധമാക്കാനും ശക്തമായ തോന്നലുണ്ടായാല്, അങ്ങനെ ചെയ്തുകൊണ്ടു മാത്രം പഠനം തുടരണം. എന്തെന്നാല് മഹാപാഠങ്ങള് പഠിക്കാന് തയ്യാറാവുമ്പോള്, ന്യൂനശക്തികള് പ്രത്യേകം ഗൗരവത്തോടെ പ്രവര്ത്തിക്കുന്നതാണ്, പാപത്തിന് ശിക്ഷ ഉടനുടന് ലഭിച്ചെന്നിരിക്കും.
മനുഷ്യര് കാട്ടിക്കൂട്ടുന്ന ദൈവനിന്ദകളെപ്പറ്റിയും, ശാസ്ത്രപരമായ തൊഴില് വിഭജനങ്ങളെയും ചുവടെയുള്ള അദ്ധ്യായങ്ങളില് വിശദീകരിച്ചിട്ടുള്ളത് ഉള്ക്കൊള്ളാനും അതനുസരിച്ച് തങ്ങളുടെ ശിഷ്ടജീവിത ക്രമം ശുദ്ധിപ്പെടുത്താനും ഭാഗ്യമുണ്ടാകുന്നവരും തയ്യാറാകുന്നവരും മാത്രം, മൂന്നാം ഭാഗത്തിലുള്ള അതിമഹത്തായ പാഠങ്ങള് പഠിക്കുക ; അല്ലാത്തവര് പ്രസ്തുത പാഠങ്ങള് പഠിക്കാതെ തന്നെ അവഗണിക്കുന്നതാണ് ശ്രേഷ്ഠകരം എന്നു കുറിക്കുമ്പോഴും, മഹാനീതിപതിയായ ദൈവം തന്നെ മഹാനീതി നടത്തട്ടെ.
* 100 (അഥവാ 10000) : വെളിപാട് പൂര്ണ്ണമായിട്ടില്ല.

അദ്ധ്യായം 19

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും,
ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം.
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുവാനായി ദൈവം ആവിഷ്ക്കരിച്ച മഹാനിയമാവലിയാണ് മഹാശാസ്ത്രം. ദൈവത്തിന്റെ മഹാജ്ഞാനം കൂടിയാണ് മഹാശാസ്ത്രം. മഹാശാസ്ത്രം പ്രകാരം തന്നെ വ്യത്യസ്തമായ മഹാശാസ്ത്രങ്ങളും വ്യത്യസ്തങ്ങളായ മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കാനും പരിപാലിക്കാനും ദൈവത്തിനു കഴിയുമെന്ന് ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലുള്ള ഓം -ന്റെ വിശദീകരണങ്ങളിലൂടെ വ്യക്തമാകുമ്പോള് മഹാജ്ഞാനമായ മഹാശാസ്ത്രത്തിന് ദൈവത്തെപ്പോലെ ആദിയും അന്തവുമില്ല എന്ന് മനസ്സിലാകുന്നതാണ്. മഹാപ്രപഞ്ചം എന്നുപറയുമ്പോള് ജീവികളുടെ ശരീരം ഉള്പ്പെടെ എല്ലാ വസ്തുക്കളും, സൗരയൂഥവും നക്ഷത്രകോടികളും ഉള്പ്പെടുന്നു. മഹാപ്രപഞ്ചത്തിലെ ഓരോ ശാസ്ത്രനിയമവും ബഹുവിധ ശക്തികളാണ്. മനുഷ്യന്റെ കണ്ണുകള്ക്ക് കാണാന് കഴിഞ്ഞാലും ഇല്ലെങ്കിലും, മഹാപ്രപഞ്ചത്തിലെ സര്വ്വതും ശക്തികളുടെ ചെറുതും വലുതുമായ പൊതികളാണെന്നും, സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് മുഴുവനും നിര്വ്വഹിക്കപ്പെടുന്നത് ശാസ്ത്രനിയമങ്ങള് പ്രകാരമാണെന്നും സുവ്യക്തമാണ്. അതായത് മഹാപ്രപഞ്ചത്തിലെ സര്വ്വവും ബഹുവിധ ശക്തികളെക്കൊണ്ട് നിറച്ചിരിക്കുകയാണ്, ശക്തികളെ ചിട്ടപ്പെടുത്തിയിട്ടുള്ള മഹാനിയമാവലി മഹാശാസ്ത്രവും. ശാസ്ത്ര നിയമങ്ങളാകുന്ന ശക്തികളെക്കൊണ്ട് വസ്തുക്കളെ അഥവാ വസ്തുക്കളിലെ ശക്തികളെ പ്രവര്ത്തിപ്പിക്കുവാന് കഴിയുന്നതാണ്. മനുഷ്യന് ശക്തി സൃഷ്ടിക്കാന് കഴിയില്ലെങ്കിലും ഒരു ശക്തി ഉപയോഗിച്ച് മറ്റൊരു ശക്തി സൃഷ്ടിക്കുവാന് വസ്തുക്കളിലെ ശാസ്ത്രനിയമങ്ങള് മനുഷ്യന് വെളിവാക്കി കൊടുക്കുന്നതിലൂടെ ദൈവം അനുവദിച്ചിരിക്കുകയാണ്. സര്വ്വതിന്റെയും ആറ്റങ്ങളില് പ്രോട്ടോണുകളെ ഇലക്ട്രോണുകള് സദാ ചുറ്റിക്കറങ്ങുന്നത് ശക്തിയുടെ മൂലപ്രവര്ത്തനമാണ്. ദൈവം മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും വേര്പെടുത്താനാവാത്തവിധം ലയിപ്പിച്ചിരിക്കുകയാണ്.

ഇന്നു മനുഷ്യര് മുഖ്യമായി അറിയുന്നത് വസ്തുക്കളുടെ ഭൗതിക ഘടനയെപ്പറ്റിയാണ്, ഭൗതികശാസ്ത്രത്തെപ്പറ്റിയാണ്. ഫിസിക്സ്,

കെമിസ്ട്രി, ബോട്ടണി, സുവോളജി, തുടങ്ങിയവയും അവയുടെ ഉപശാഖാശാസ്ത്രങ്ങളും, ഗണിത ശാസ്ത്രത്തിന്റെ ശാഖകളും, ജ്യോതിശ്ശാസ്ത്രവും, മെഡിക്കല് സയന്സും, ഒക്കെ ഭൗതിക ശാസ്ത്ര ശാഖകളാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ഘടനയെപ്പറ്റി വളരെയധികം കണ്ടെത്തിക്കഴിഞ്ഞുവെങ്കിലും മഹാപ്രപഞ്ചത്തിന്റെ ഉത്ഭവം ഇപ്പോഴും മനുഷ്യന് അജ്ഞാതവുമാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി എങ്ങനെയെന്ന് ഈ ഗ്രന്ഥത്തിലെ 2 മുതല് 4 വരെയുള്ള ഭാഗങ്ങളില് സുവ്യക്തമാക്കിയിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ജീവികളുടെയെല്ലാം ഭൗതികശാസ്ത്രത്തോടൊപ്പം ധര്മ്മശാസ്ത്രങ്ങളും നീതിശാസ്ത്രങ്ങളും കൂടി ദൈവം ഉള്പ്പെടുത്തിയിട്ടുണ്ട്. സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, ഭരണശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയവയെല്ലാം മണ്ണില് അഥവാ വസ്തുക്കളില് ദൈവം ഉള് പ്പെടുത്തിയിരിക്കുന്നു എന്നത് മഹാത്ഭുതമാണ്. ധര്മ്മശാസ്ത്ര നിയമങ്ങളുടെ നിര്മ്മാണത്തെപ്പറ്റി ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് പ്രത്യേകം വിശദീകരിക്കുന്നുണ്ട്. ആകയാല്, ദൈവത്തെ പ്രതിനിധീകരിക്കുക കൂടി ചെയ്യുന്ന മഹാശാസ്ത്രത്തിന്റെ ഭൗതികരൂപം കൂടിയായി മഹാപ്രപഞ്ചത്തെ കണക്കാക്കേണ്ടതുണ്ട്. മഹാശാസ്ത്രമെന്നത് ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനം തന്നെയാണെന്നും, പരബ്രഹ്മം എന്ന പേരുകൂടിയുള്ള മഹാപ്രപഞ്ചത്തെ തന്റെ മഹാരൂപമായിട്ട് മഹാശക്തിയായ ദൈവം മഹാനിശ്ചയിച്ചിട്ടുണ്ട് എന്നും ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്. എല്ലാ ജീവികളുടെയും മുലരൂപം അവയുടെ മാതാവിന്റെയും (പിതാവിന്റെയും) ശരീരത്തില് നിന്നും രൂപപ്പെടുന്നതായിട്ട് ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളതുപോലെ, എല്ലാ ജീവികളുടെയും ശരീരങ്ങളെ ദൈവത്തിന്റെ മഹാശരീരമായ മണ്ണില് നിന്നുമാണ് ഉണ്ടാക്കിയിട്ടുള്ളത്. മണ്ണിലുള്ള മൂലകങ്ങളും സംയുക്തങ്ങളും തന്നെയാണ് ജീവികളുടെ ശരീരമായിരിക്കുന്നത്. ജീവികള്ക്കെല്ലാം ദൈവത്തിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി അവകാശപ്പെടാനുള്ള മഹാഭാഗ്യത്തെ ദൈവം മഹാഅനുഗ്രഹിച്ചു നല് കുന്ന മഹാപദ്ധതിയുടെ ഭാഗമായിട്ടു കൂടിയാണ് മഹാപ്രപഞ്ചത്തെ തന് റെ മഹാരൂപമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുള്ളത്. അതേസമയം മഹാശക്തിയായ ദൈവം മഹാഅനുഗ്രഹിച്ച് തന്റെ സൃഷ്ടികള് ക്കെല്ലാം മഹാവാത്സല്യം പ്രകാരം നല്കുന്ന ഒരു മഹാദാനം മാത്രമാണത്. അതെങ്ങനെയെന്നാല് മഹാപ്രപഞ്ചത്തിന്റെ മറ്റൊരു പേരായിട്ട് മഹാനിശ്ചയിച്ചിട്ടുള്ള പരബ്രഹ്മം എന്നതിന്റെ അര്ത്ഥം

ബ്രഹ്മത്തിന്റെ പരം ആയ അവസ്ഥ/രൂപം അഥവാ ശ്രേഷ്ഠമായ അവസ്ഥ/രൂപം എന്നാണ്. ബ്രഹ്മം ആയ ദൈവത്തില് നിന്നും നേരിട്ടല്ലാത സൃഷ്ടിക്കപ്പെട്ട പരബ്രഹ്മ-രൂപത്തിന്റെ അംശം അഥവാ കുഞ്ഞ് മാത്രമാണ് ഓരോ ജീവിയും. ബ്രഹ്മത്തെപ്പറ്റിയുള്ള പാഠങ്ങള് ബ്രഹ്മം, പ്രപഞ്ച സൃഷ്ടിയുടെ കാരണം അറിയിക്കുന്നു എന്നീ അദ്ധ്യായങ്ങളില് പഠിക്കുമ്പോള് ബ്രഹ്മം ഏകമാണെന്നും, പരബ്രഹ്മമായ മഹാപ്രപഞ്ചവും ജീവികളും ബ്രഹ്മത്തിന്റെ ഭാഗമല്ലെന്നും ബോദ്ധ്യമാകുന്നതാണ്. അല്പം സങ്കീർണ്ണവും മഹാശ്രേഷ്ഠങ്ങളുമായ ബ്രഹ്മ-പാഠങ്ങള് പഠിക്കുവാന് എല്ലാ മനുഷ്യർക്കും മഹാഭാഗ്യം ഉണ്ടാകുമെങ്കിലും, അത് പ്രത്യേക ജന്മങ്ങളില് മാത്രമാണ്. തല്ക്കാലം കൂടുതല് വിസ്തരിക്കുന്നില്ല.

മുന് അദ്ധ്യായത്തില് പറഞ്ഞതുപോലെ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ട മഹാപാഠങ്ങളിലെ മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട ഭാഗങ്ങള്, ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലേക്കു മാറ്റിവച്ചുകൊണ്ട്, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ചുവടെയുള്ള അദ്ധ്യായങ്ങളിലൂടെ വിവരിക്കുന്നു.

(മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം ംംം.ീാമെവ്യമാ.രീാ വെബ്സൈറ്റിലൂടെയും, മൊബൈല് ഫോണിലൂടെയുമൊക്കെ മഹാഗ്രന്ഥം മഹാപ്രചരിക്കുമെങ്കിലും, മഹാഗ്രന്ഥത്തെ അച്ചടിച്ച് പ്രസിദ്ധീകരിക്കുമെന്ന് ഗ്രന്ഥകാരന് കരുതുന്നില്ല. ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതിനാല്, മഹാശാസ്ത്രത്തെ വിശദീകരിക്കുന്ന മഹാഗ്രന്ഥത്തിനും അടിസ്ഥാനപരമായിട്ട് ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ ഉണ്ടെന്നും, പേപ്പറുകളിലോ എഴുത്തോലകളിലോ മഹാഗ്രന്ഥത്തെ പരിമിതപ്പെടുത്താന് സാധിക്കില്ലെന്നും അറിയണം. മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ 2015 ഒക്ടോബര് മാസത്തിലാണ് മഹാഗ്രന്ഥത്തിന്റെ 10-ാം ഭാഗത്തോട് കൂട്ടിച്ചേർക്കുന്നത്. മഹാഗ്രന്ഥത്തിന്റെ നിരവധി അദ്ധ്യായങ്ങളില് മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ ഭാഗികമായി ഉള്പ്പെടുത്തിക്കൊണ്ടുള്ള തിരുത്തലുകളും പരിഷ്ക്കാരങ്ങളും ഭാവിയില് ചെയ്യേണ്ടതാണ് / ചെയ്യുന്നതാണ്.... പരമശിവന് / 2015 ഒക്ടോബര് 17.)

അദ്ധ്യായം 20

മഹാശക്തിയായ ദൈവത്തിന്റെ മഹാഭാവം : സത്യധര്മ്മനീതികള്

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കര്ത്താവായ മഹാശക്തിയായ ദൈവത്തിന്റെ മഹാഭാവം സത്യവും ധര്മ്മവും നീതിയുമാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹാഭാവം അഥവാ സ്വഭാവം എന്തായിരിക്കണമെന്നു നിശ്ചയിക്കുന്നത് മഹാശക്തി തന്നെയാണ്.

മനുഷ്യര് അറിയുന്നതോ അറിയാത്തതോ ആയ മറ്റു മഹാഭാവങ്ങളോടെയും, മനുഷ്യര് അറിയാത്ത മറ്റു മഹാശാസ്ത്രങ്ങളോടെയും മറ്റ് മഹാപ്രപഞ്ചങ്ങള് സൃഷ്ടിക്കാനും നിലനിര്ത്താനും ദൈവത്തിനു ശക്തിയുണ്ടെന്നും അപ്രകാരം ശക്തിയുള്ളതുകൊണ്ടു തന്നെയാണ് ദൈവം, ആദിയും അന്തവുമില്ലാത്ത മഹാശക്തി ആകുന്നതെന്നും അറിയണം ; എന്നാല് ആവക കാര്യങ്ങളെപ്പറ്റി ചിന്തിക്കുകപോലും ചെയ്യണമെങ്കില് ദൈവം വളരെയധികം അനുഗ്രഹിക്കേണ്ടതുണ്ട്. മനുഷ്യര് അറിയുന്നതല്ലാതെയുള്ള മഹാപ്രപഞ്ചങ്ങള് സൃഷ്ടിക്കുകയോ, സത്യവും ധര്മ്മവും നീതിയുമല്ലാതെയുള്ള മഹാഭാവങ്ങള് സ്വീകരിക്കുകയോ ദൈവം ചെയ്തിട്ടില്ല. ഭൂമിയിലെ തന്റെ സൃഷ്ടികളായ ജീവികളോട് മഹാസ്നേഹ വാത്സല്യങ്ങള് പുലര്ത്തുന്നതു കൊണ്ടാണ് മറ്റ് മഹാപ്രപഞ്ചങ്ങള് സൃഷ്ടിക്കാന് ദൈവം തയ്യാറാകാഞ്ഞതെന്ന് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള ഭൂമിയില് മാത്രം മനുഷ്യസൃഷ്ടി നടത്താനുള്ള കാരണം അറിയിക്കുന്നു. എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളവ പഠിക്കുമ്പോള്, മനുഷ്യര് വിതുമ്പുന്നതാണ്.

ദൈവത്തിന്റെ മഹാഭാവമായ സത്യ-ധര്മ്മ-നീതികളുടെ വിശദീകരണവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കാര്യങ്ങളും ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള മഹാ-ഗൗരവമുള്ള ദൈവകാര്യങ്ങള് പഠിക്കുമ്പോള് ബോദ്ധ്യമാകുന്നതാണ്. ആകയാല് സത്യ-ധര്മ്മ-നീതികളെപ്പറ്റി ഏതാനും ചിലകാര്യങ്ങള് മാത്രം ചുവടെ കുറിക്കുന്നു :-

സത്യം :- അനേകം ആയിരം/കോടി വര്ഷങ്ങള്ക്കുമുമ്പോ, അല്പം മുമ്പോ മരിച്ച മനുഷ്യന്റെ ജീവചരിത്രം ഇപ്പോള് ലഭ്യമാണെങ്കിലും അല്ലെങ്കിലും, ഇന്നത്തെ സമൂഹത്തില് പ്രസ്തുത ചരിത്രത്തിന് പ്രസക്തി ഉണ്ടെങ്കിലും ഇല്ലെങ്കിലും, ഒരാള് ഭൂമിയില് (മണ്ണില്) ജീവിച്ചിരുന്നു, ജീവിക്കുന്നു എങ്കില് അത് സത്യമാണ്. ശരീരം മരിച്ചു മണ്ണടിഞ്ഞതും മണ്ണടിയുന്നതും സത്യമാണ്. സത്യങ്ങളൊന്നും മിഥ്യയല്ല. അനേക കോടി വര്ഷങ്ങളായി ഭൂമി നിലനില്ക്കുന്നു എന്ന് ശാസ്ത്രീയമായി മനുഷ്യന് മനസ്സിലാക്കാന് കഴിയുമ്പോള്, ഭൂമിയെ ദൈവം സൃഷ്ടിച്ചത് നിലനിര്ത്താനാകയാല് ഭൂമി നിലനില്ക്കുന്നുവെന്നും, മനസ്സിലാക്കണം. ഏതാനും നൂറ്റാണ്ടുകളിലെ മനുഷ്യചരിത്രം സൂക്ഷിക്കുന്ന മനുഷ്യര്, ഭൂമി ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തെ മിഥ്യയെന്ന രീതിയില് വിശേഷിപ്പിച്ചാല് അത് കടുത്ത ദൈവനിന്ദയാണ്. ജഗത്ത് അഥവാ മഹാപ്രപഞ്ചം മിഥ്യയല്ല, മഹാസത്യമാണ്. ലളിതമായ ഈ യാഥാര്ത്ഥ്യം അഥവാ മഹാപ്രപഞ്ചം എന്ന മഹാസത്യം തന്നെയാണ് ദൈവത്തിന്റെ ആദ്യ ഭാവം. മഹാശക്തിയായ ദൈവം സൃഷ്ടിച്ചിട്ടുള്ള മഹാപപഞ്ചം എന്ന മഹാസത്യത്തെ അനുകരിച്ച്, സത്യമായ കാര്യങ്ങള് മാത്രം മനുഷ്യര് പറയണം. സത്യമല്ലാത്ത കാര്യങ്ങള് അഥവാ കള്ളങ്ങള് പറയരുത്. മഹാപ്രപഞ്ചം എന്ന മഹാസത്യത്തിലൂടെയാണ് മനുഷ്യര് ദൈവത്തെ അറിയുന്നത്, ദൈവം അങ്ങനെയാണ് വ്യവസ്ഥ അഥവാ ശാസ്ത്രം രൂപപ്പെടുത്തിയിട്ടുള്ളത്.

ആകാശം, ഭൂമി, ചന്ദ്രന്, സൂര്യന് എന്നിവയാണ് മഹാപ്രപഞ്ചത്തിന്റെ മൂലസൃഷ്ടി. മനുഷ്യന്റെ അഥവാ ജീവികളുടെ ആത്മീയസാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടാണ് നക്ഷത്രകോടികള് സൃഷ്ടിക്കപ്പെടുന്നത്. ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളുമാകട്ടെ, ആദ്യമഹാകാലചക്രത്തിലെ ഭരണകാര്യങ്ങള്ക്കായി ദൈവം ഏര്പ്പെടുത്തിയ മാലാഖമാര്/മലക്കുകള്/ദേവതകളില് ഒരാളുടെ പൈശാചിക പ്രവൃത്തികളുടെ ഫലമാണ്, മായ പ്രത്യക്ഷമാകുന്നതോടെ സംഹാരദേവനായിക്കൂടി ദൈവം ഉയര്ത്തിയിട്ടുള്ള പരമശിവനിലൂടെ ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും ദൈവം സംഹരിക്കുന്നതുമാണ്.

ധര്മ്മവും, നീതിയും സത്യത്തെ ആശ്രയിച്ചു നില്ക്കുകയാല്, മഹാപ്രപഞ്ചത്തിന്റെ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടി വസ്തുക്കളുടെ ഭൗതികശാസ്ത്രത്തില് ഉള്പ്പെടുത്തിയിരിക്കുകയാണ്. മൊത്തത്തില് മഹാശാസ്ത്രം എന്നു പറയാനാവുന്നു. സത്യത്തിന്റെ സൂക്ഷ്മരൂപത്തിന് വാതകങ്ങളുമായാണ്, പ്രത്യേകിച്ച്

ഓക്സിജനുമായാണ് ബന്ധം. ആവക കാര്യങ്ങള് വേറെ അദ്ധ്യായത്തില് ചേര്ക്കുന്നതാണ്.
ധര്മ്മം :- ദൈവം സൃഷ്ടിക്കുന്ന മഹാപ്രപഞ്ചത്തിന്റെ ധര്മ്മം എന്തായിരിക്കണമെന്ന് ദൈവം നിശ്ചയിക്കുമ്പോള്, അത് ദൈവത്തിന്റെയും ധര്മ്മമായിത്തീരുന്നു. ദൈവം നല്കുന്ന ശക്തിക്കൊത്ത് മനുഷ്യന് പ്രവര്ത്തിക്കുകയും മണ്ണിന്റെ ശാസ്ത്രങ്ങളെ പാലിക്കുകയും ചെയ്യുമ്പോള്, (ജീവികള്ക്ക്) മനുഷ്യന് ലഭിക്കുന്നത് ആനന്ദമാണ്. രുചി, മണം, കാഴ്ച, കേഴ്വി, സ്പര്ശനം, മനസ്സ് എന്നീ ഇന്ദ്രിയസുഖങ്ങളിലൂടെ മനുഷ്യന് ആനന്ദങ്ങളുടെ അനന്തമായ കലവറയാണ് ദൈവം സമ്മാനിക്കുന്നത്. അതായത് ആനന്ദം ആണ് ധര്മ്മം.
ജീവികളുടെ ആനന്ദത്തോടെയുള്ള ജീവിതമാണ് മഹാപ്രപഞ്ചം എന്ന മഹാസത്യത്തിന്റെ ധര്മ്മം; അതു തന്നെയാണ് ദൈവത്തിന്റെ രണ്ടാമത്തെ ഭാവം. എല്ലാ വസ്തുക്കളിലും (മൂലകങ്ങളിലും) അവയുടെ ധര്മ്മങ്ങളും ധര്മ്മശാസ്ത്രവും ഉള്പ്പെടുത്തിയിട്ടുണ്ട്. എന്നാല് സൂക്ഷ്മരൂപത്തിന് ദ്രാവകങ്ങളുമായാണ്, പ്രത്യേകിച്ച് ജലവുമായാണ് ബന്ധം. ആവക കാര്യങ്ങള് വേറെ അദ്ധ്യായത്തില് ചേര്ക്കുന്നതാണ്.
നീതി :- എല്ലാ ജീവികള്ക്കും സമമായ നീതി നല്കുമ്പോള് മാത്രമാണ് ദൈവം മഹാനീതിപതിയാവുക.
മഹാപ്രപഞ്ചത്തിലുള്ള എല്ലാ മൂലകങ്ങളും / വസ്തുക്കളും ഭൂമിയിലുണ്ട്. മനുഷ്യര് അറിയുന്ന എല്ലാ ജീവികളും ഭൂമിയിലാണ് ജീവിക്കുന്നത്. സമുദ്രങ്ങളും നദികളും, വൃക്ഷങ്ങളും വനങ്ങളുമെല്ലാം ഭൂമിയുടെ ഉപരിതലത്തിലാകയാല് ജലജീവികളും പക്ഷികളുമെല്ലാം ഭൂമിയിലാണ് ജീവിക്കുന്നത്. എല്ലാ ജീവികളുടെയും അടിസ്ഥാന ഭക്ഷണവും മണ്ണില് നിന്നു തന്നെയാകയാല് അവയുടെ ശരീരത്തിന്റെ വളര്ച്ച മണ്ണില് നിന്നാണ്, അഥവാ ശരീരം മണ്ണുതന്നെയാണ്. ജീവികളുടെ ശരീരത്തിലുള്ള മൂലകങ്ങള് മണ്ണിലെ മൂലകങ്ങള് തന്നെയാണെന്ന് മനുഷ്യര്ക്ക് ലഭ്യമായ ശാസ്ത്രനിയമങ്ങളും ശരിവെയ്ക്കുന്നുണ്ട്. ജീവികള് മരിക്കുമ്പോള്, ശരീരം വീണ്ടും മണ്ണായിത്തീരുന്നതും ശരീരം മണ്ണാണ് എന്ന സത്യത്തെ അറിയിക്കുന്നു.
മണ്ണുകൊണ്ടുള്ള ശരീരത്തില്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനെ പ്രവര്ത്തിപ്പിക്കുകയും, പ്രവര്ത്തിക്കുവാനുള്ള മാധ്യമമായി ദ്രാവകമായ ജലത്തെ ഉപയോഗപ്പെടുത്തുകയും ചെയ്യുമ്പോള്, ജീവിക്ക് ആനന്ദത്തോടെ ജീവിക്കാന് കഴിയുന്ന സംവിധാനം ദൈവം ഒരുക്കിയിട്ടുണ്ട്. ജീവികളുടെ സമമായ ആനന്ദം ഉറപ്പുവരുത്താനായി മണ്ണിലൂടെ മഹാനീതിശാസ്ത്രംകൂടി ദൈവം നിശ്ചയിച്ചിട്ടുണ്ട്, നിര്വ്വഹിക്കുന്നുമുണ്ട്. ജീവികളുടെ സമമായ

ആനന്ദമാണ് മഹാപ്രപഞ്ചം എന്ന മഹാസത്യത്തിന്റെ ധര്മ്മമായ ജീവികളുടെ ആനന്ദജീവിതത്തിന് ദൈവം സമ്മാനിക്കുന്ന നീതി ; അതു തന്നെയാണ് ദൈവത്തിന്റെ മൂന്നാമത്തെ ഭാവം. എല്ലാ വസ്തുക്കളിലും (മൂലകങ്ങളിലും) അവയുടെ നീതിയും നീതിശാസ്ത്രവും ഉള്പ്പെടുത്തിയിട്ടുണ്ട്. എന്നാല് സൂക്ഷ്മരൂപത്തിന് ഖരവസ്തുക്കളുമായാണ്, പ്രത്യേകിച്ച് മണ്ണുമായാണ് ബന്ധം. ആവക കാര്യങ്ങള് വേറെ അദ്ധ്യായത്തില് വിസ്തരിക്കുന്നതാണ്. സൂക്ഷ്മമായി പഠിക്കുമ്പോള്, നീതി, ധര്മ്മം, സത്യം എന്നീ ക്രമത്തിലാണ് മഹാശാസ്ത്രവും മഹാപ്രപഞ്ചവും ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളതെന്നും കാണാം. നീതി എന്തായിരിക്കണമെന്ന് ആദ്യം നിശ്ചയിക്കുന്നു. നീതിക്ക് ചേര്ന്നതായ ധര്മ്മം നിശ്ചയിക്കുന്നു. നീതിയെയും ധര്മ്മത്തെയും കൂട്ടിയിണക്കിക്കൊണ്ട് മഹാപ്രപഞ്ചത്തെ സത്യമാക്കുന്നു അഥവാ സൃഷ്ടിക്കുന്നു.

ജീവികളെ സൃഷ്ടിക്കുവാനും പുലര്ത്താനും അവയ്ക്കെല്ലാം ബഹുവിധങ്ങളും അനന്തങ്ങളുമായ ആനന്ദങ്ങളും നല്കാനായിട്ട്, മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചം സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന മഹാകാര്യമാണ് ദൈവം ചെയ്യുന്നതെന്നും, ചെയ്തുകൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കി. ബഹുവിധ ജീവികളെ സൃഷ്ടിച്ച്, അവയെ തമ്മില് തല്ലിപ്പിച്ചും ക്രൂരവിനോദങ്ങള് നടത്തുന്ന ഒരു വിചിത്രശക്തി ആയിരുന്നു ദൈവമെങ്കില്, ജീവികളുടെ അവസ്ഥ എത്ര ശോചനീയം ആകുമായിരുന്നു എന്നത് പ്രസക്തമാണ്. ജീവികള്ക്കെല്ലാം മഹാആനന്ദങ്ങള് നല്കുന്ന മഹാമാതാവും മഹാപിതാവുമായി സ്രഷ്ടാവായ ദൈവം വര്ത്തിക്കുന്നത് ജീവികളുടെയെല്ലാം മഹാഭാഗ്യമാണ്.

ദൈവത്തിന്റെ മഹാഭാവങ്ങള് സത്യ-ധര്മ്മ-നീതികളാണെന്ന് ഹ്രസ്വമായി വിശദീകരിച്ചു. സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവയുമായി ബന്ധപ്പെട്ട് സത്യ-ധര്മ്മ-നീതികളെ മഹാശാസ്ത്രവുമായി ബന്ധിപ്പിച്ചിട്ടുണ്ട്, ആവക കാര്യങ്ങള് 3-ഉം 4-ഉം ഭാഗങ്ങളില് ചേര്ത്തിട്ടുണ്ട്. അതുപോലെ മനുഷ്യന്റെ ധര്മ്മവുമായി ബന്ധപ്പെട്ട വ്യക്തിസ്വാതന്ത്ര്യത്തെയും, വൈവിധ്യങ്ങളായ ആനന്ദങ്ങളെ (നീതിയെ) അനുഭവിക്കാനും ആനന്ദങ്ങള്ക്ക് അളവുകള് നിശ്ചയിക്കാനായും മഹാസത്യമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയില് ന്യൂനശക്തികളെ സൃഷ്ടിക്കുന്നുണ്ട്. അതിഗൗരവങ്ങളായി ആവക കാര്യങ്ങള് അടുത്ത അദ്ധ്യായത്തില് ചേര്ത്തിരിക്കുന്നു.

അദ്ധ്യായം 21

മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് തുടങ്ങിയവ
ദൈവം സ്വയം സ്വീകരിച്ചിട്ടുള്ള മഹാഭാവത്തെ
അടിസ്ഥാനപ്പെടുത്തിയാണ് മഹാശാസ്ത്രം ആവിഷ്ക്കരിച്ചിട്ടുള്ളത്.
മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും ദൈവത്തിന്റെ ഭാവമായ
സത്യ-ധര്മ്മ-നീതികള് മഹാശാസ്ത്രം പ്രകാരം തന്നെ എപ്പോഴും
എവിടെയും എന്തിലും പ്രകടമാവേണ്ടതുണ്ട്.
വ്യക്തിസ്വാതന്ത്ര്യം : മണ്ണിന്റെ ശാസ്ത്രങ്ങളെ പാലിച്ചുകൊണ്ട് ദൈവം
നല്കുന്ന ശക്തിക്കൊത്ത് പ്രവര്ത്തിക്കുകയാണ് മനുഷ്യന്റെ ധര്മ്മം
എന്നും പ്രതിഫലമെന്നോണം അഥവാ നീതിയായിട്ട് ആനന്ദങ്ങളുടെ
അനന്തമായി കലവറ ദൈവം മനുഷ്യര്ക്കു സമ്മാനിക്കുന്നു എന്നും മുന്
അദ്ധ്യായത്തില് പ്രസ്താവിക്കുമ്പോള്, മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം
നിഷേധിക്കുന്ന അടിമത്തരീതിയും അതിലുണ്ട്.
നീതി പ്രശ്നം : ആനന്ദം എന്ന നീതി, ജീവിതത്തില് വിഷയമാകുവാനും
എല്ലാ വസ്തുക്കള്ക്കും ഗുണങ്ങളും ദോഷങ്ങളും
സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. കൃഷിചെയ്യുമ്പോഴും, വസ്ത്രം നെയ്യുമ്പോഴും,
മീന് പിടിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും,
രതിലീല ഉള്പ്പെടെയുള്ള ആനന്ദകാര്യങ്ങളില് ഏര്പ്പെടുമ്പോഴും,
കുഞ്ഞുങ്ങളെ പുന്നരിക്കുമ്പോഴുമൊക്കെ ക്ഷീണം എന്ന ഒരവസ്ഥ
കൂടി സൃഷ്ടിക്കപ്പെടുന്നില്ലായെങ്കില്, ആരംഭിക്കുന്ന പ്രവൃത്തി നിര്
ത്തില്ലാതെ തുടുര്ന്നെന്നിരിക്കും.
ധാര്മ്മിക പ്രശ്നം : ഒരു പ്രവൃത്തി ശരിയോ തെറ്റോ എന്നു
നിശ്ചയിക്കുവാന്, ഒരു വസ്തു ഭക്ഷണയോഗ്യമോ അല്ലയോ എന്നു
നിശ്ചയിക്കുവാന്, വസ്ത്രം ഉടുക്കണമോ ഉടുക്കണ്ടയോ എന്നു
നിശ്ചയിക്കുവാന്, ചുറ്റുമുള്ള മനുഷ്യരോടും മറ്റുള്ള ജീവികളോടും
എങ്ങനെ പെരുമാറണം എന്നു നിശ്ചയിക്കുവാന്, എന്നിങ്ങനെ
അനന്തങ്ങളോളമുള്ള കാര്യങ്ങളില് തീരുമാനമെടുക്കാന് മനുഷ്യരെ
പ്രാപ്തമാക്കണമെങ്കില്, അഥവാ വ്യക്തിസ്വാതന്ത്ര്യം നല്കണമെങ്കില്,
മഹാസത്യമായ മഹാപ്രപഞ്ചത്തില് ന്യൂനശക്തികള് കൂടി

സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതായത് മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കള്ക്കും, വസ്തുക്കളിലൂടെ ജീവികളുടെ ശരീരത്തിനും, ഗുണവും ദോഷങ്ങളും സൃഷ്ടിക്കപ്പെട്ടെങ്കില് മാത്രമേ, നല്ലതും നല്ലതല്ലാത്തതും സൃഷ്ടിക്കപ്പെട്ടെങ്കില് മാത്രമേ, വ്യക്തിസ്വാതന്ത്ര്യം വിഷയമാകുകയുള്ളൂ. ധര്മ്മം, അധര്മ്മം എന്നിവ വേര് തിരിക്കപ്പെടാനും ; വ്യക്തിയുടെ ജീവിതത്തില് വ്യക്തിസ്വാതന്ത്ര്യം ഉള്പ്പെടെയുള്ളവ പ്രവര്ത്തിക്കുവാനും മാധ്യമം സൃഷ്ടിക്കപ്പെടണം ; ഇല്ലെങ്കില് ജീവിതം അര്ത്ഥശൂന്യമാകും. മാത്രമല്ല, മധുരം സൃഷ്ടിക്കാനും സുഖം സൃഷ്ടിക്കാനും മാത്രം അറിയാവുന്ന ദൈവം എന്നും, കൈയ്പ്പും ദുഃഖവും സൃഷ്ടിക്കാനറിയാത്ത ദൈവമെന്നും, നിശ്ചിത അളവോടെ മാത്രം സൃഷ്ടിക്കാന് കഴിവുള്ള ദൈവമെന്നും ഒക്കെയുള്ള വിശേഷണങ്ങള്ക്ക് അതീതമായി ശോഭിച്ചാല് മാത്രമേ ദൈവം മഹാശക്തിയാകുള്ളൂ.

മനുഷ്യന് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം നല്കുന്നതിന്നായും, മനുഷ്യര് ഉള്പ്പെടെയുള്ള എല്ലാ ജീവികള്ക്കും ആനന്ദകരമായി ജീവിക്കുന്നതിനുവേണ്ടിയും, വൈവിധ്യങ്ങളായ ആനന്ദങ്ങളെ (നീതിയെ) അനുഭവിക്കാനായും ആനന്ദങ്ങള്ക്ക് അളവുകള് നിശ്ചയിക്കാനായും മഹാസത്യമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കാര്യങ്ങളിലെല്ലാം ന്യൂനശക്തികളെ അഥവാ വിരുദ്ധശക്തികളെക്കൂടി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തില് ന്യൂനശക്തികളെ ഉള്ക്കൊള്ളുന്ന ശാസ്ത്രം ഉള്പ്പെട്ടിരിക്കുന്നു എന്നുകൂടിയാണ് അര്ത്ഥം. ജീവികളുടെ ശരീരം ഉള്പ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്രപ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചില്-ചിരി, തുടങ്ങിയ അധികാവസ്ഥയും ന്യൂനാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ന്യൂനാവസ്ഥയെ സത്യമാക്കുന്ന യുക്തിശാസ്ത്രവും ഗണിതശാസ്ത്രവും ഫിസിക്സും രസതന്ത്രവും വൈദ്യശാസ്ത്രവുമൊക്കെ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് ; കൂടാതെ പ്രസ്തുത ശാസ്ത്രങ്ങള് പ്രകാരമുള്ള ഭൗതിക വസ്തുക്കള് സൃഷ്ടിക്കപ്പെട്ടിട്ടുമുണ്ട്. ഭൗതികപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഭൗതികശാസ്ത്രപരമായാണ് ദൈവം മഹാനിര്വ്വഹിക്കുന്നത്. 100-ല് 50 ന്യൂനം എന്നത് ഗണിതശാസ്ത്രപരമായി ശരിയാണെങ്കിലും മഹാകാരുണ്യമൂര്ത്തിയായ ദൈവം 14.29% മുതല് 17.43% / 19.44%* വരെ മാത്രം ന്യൂനവസ്തുക്കള് സൃഷ്ടിച്ചുകൊണ്ട് ജീവികളെ സ്നേഹിക്കുകയും, അര്ദ്ധന്യൂനഭാവം പ്രപഞ്ചത്തിന്റെ ഗണിതശാസ്ത്രത്തില് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരിക്കയാണ്. 14.29% മുതല് 17.43% /

19.44%* വരെയുള്ള ന്യൂനവസ്തുക്കളിലെ വ്യത്യാസമായ 3.14% / 5.19% വ്യക്തിസ്വാതന്ത്ര്യ ഉപയോഗങ്ങളുടെ തോത് നിശ്ചയിക്കുന്നു. മഹാപ്രപഞ്ച സൃഷ്ടിയ്ക്ക് 100 എന്ന മഹാ-അളവ് നല്കുകയും, 7 എന്ന ആഴ്ച-ക്കാലത്തെ 100-മായി കൂട്ടിയിണക്കിക്കൊണ്ട് 100-നെ 7-കൊണ്ട് ഭാഗിച്ചാണ് 14.29 മഹാനിശ്ചയിച്ചിട്ടുള്ളത്. 14.29%-ത്തോട് പൈ -യുടെ മൂല്ല്യമായ 3.14 ചേര്ക്കുമ്പോഴാണ് 17.43 കിട്ടുന്നത്. (ശതമാനക്കണക്കുകളിലെ വെളിപാട് ഇനിയും പൂര്ണ്ണമായിട്ടില്ല എന്നുകൂടി അറിയിക്കുന്നു, എന്നാല് വസ്തുക്കളുടെയും വസ്തുതകളുടെയും പ്രവര്ത്തനം ബോദ്ധ്യമാകുന്നതിന് ന്യൂനശക്തികളെ സംബന്ധിച്ച വെളിപ്പെടുത്തലുകള് ഉപയോഗപ്പെടുന്നു എന്നതും, കൃത്യമായ ശതമാനക്കണക്കുകള് തല്ക്കാലം അത്യാവശ്യമല്ല എന്നതും അറിയണം. *ന്യൂനവസ്തുക്കളുടെ വര്ദ്ധിച്ച അളവിനെ 17.43% / 19.44% എന്നു കാണിക്കുവാന് കാരണം ഒന്നാം മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ ദുര് ന്നടപടികളാണ്. ന്യൂനശക്തികളുടെ തുടര്ച്ച എന്ന പേരില് ഗ്രന്ഥത്തിന് റെ 3-ാം ഭാഗത്തില് ആവക കാര്യങ്ങളുടെ വിശദീകരണം ചേര് ത്തിട്ടുണ്ട്.).

ന്യൂനാവസ്ഥയ്ക്കു ശേഷം മാത്രമാണ് അധികാവസ്ഥയ്ക്ക് സ്ഥാനമുള്ളത്. ആയത് ലളിതമായി മനസ്സിലാക്കുവാന് -അനന്തത, -.., -100, -99, ..-, -10, -9, ..-, -1, 0, +1, ..+, +9, +10, ..+, +99, +100, ..+, +അനന്തത എന്നിങ്ങനെയുള്ള ഗണിതശാസ്ത്ര പാഠം ശ്രദ്ധിച്ചാല് മതിയാകും.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലുള്ള ന്യൂനാവസ്ഥ അത്യാനന്ദകരമാണെന്നും ജീവിതത്തില് അത്യാനന്ദം സൃഷ്ടിക്കുന്നുവെന്നും, വസ്തുവിന്റെ ഗുണദോഷങ്ങള് ധര്മ്മശാസ്ത്രം കൂടിയാണെന്നും ബോദ്ധ്യമാക്കുന്ന 10 ഉദാഹണങ്ങള് ചുവടെ കാണുക : -

(1) കുഞ്ഞുങ്ങളുടെ സൃഷ്ടിയുമായി ബന്ധപ്പെടുത്തിയുള്ള സ്ത്രീയുടെ പ്രസവം : സ്ത്രീയ്ക്ക് യാതൊരു വേദനകളും ഇല്ലാതെയും, അടിവയര് വീര്ക്കുന്നതുപോലുള്ള പ്രത്യേകതകള് ഇല്ലാതെയും കുഞ്ഞ് വളരുകയും, ഒരു നിമിഷംകൊണ്ട് വേദനകളില്ലാതെ ചെയ്യാവുന്ന ഒരു കര്മ്മമായി പ്രസവത്തെ ആവിഷ്ക്കരിച്ചിരുന്നുവെങ്കില് പെണ് കുട്ടികളും ആണ്കുട്ടികളും കാമകാര്യങ്ങളില് വഴിപിഴയ്ക്കുന്നത് സര് വ്വസാധാരണമാകുമായിരുന്നു. യൗവ്വനത്തിലുള്ള സ്ത്രീകളും പുരുഷന്മാരും മാത്രമല്ല, മുതിര്ന്നവരും ഇക്കാര്യത്തിന്റെ വിവിധ തലങ്ങള് അല്പനേരം ചിന്തിക്കണം. വേദനകള് ഉണ്ടായിട്ടും വ്യത്യസ്ത

അളവുകളില് ഭൂമിയിലെങ്ങും സെക്സ് ഏറ്റവുമധികം
വഴിപിഴച്ചിട്ടുള്ളതിനെ വിശകലനം ചെയ്യണം.
കുട്ടികള് മുതിര്ന്നവരാകുമ്പോള്പോലും അവരുടെ അമ്മയ്ക്ക്
കുട്ടികളുടെ മേല് പുലര്ത്താനാകുന്ന പ്രത്യേക അധികാരം കുട്ടികളെ
ഉദരത്തില് വഹിച്ചതും പ്രസവവേദന ഉള്പ്പെടെയുള്ള വേദനകള്
അനുഭവിച്ചതും പാലൂട്ടിയും തൂറിവാരിയും വളര്ത്തിയതുമൊക്കെ മുന്
നിര്ത്തിയാണ് എന്നിരിക്കെ പ്രസ്തുത അധികാരവും അവകാശവും
ഇല്ലാതെവരാന് വേദനയില്ലാത്ത പ്രസവം വഴിവെയ്ക്കുന്നതാണ്.
കൂടുതല് വിസ്തരിക്കുന്നില്ല.
(2) മലം : മാമ്പഴത്തിന്റെയോ മറ്റ് ഇഷ്ട ഭോജ്യങ്ങളുടെയോ മണവും
രുചിയുമാണ് തങ്ങളുടെയോ മറ്റുള്ള ജീവികളുടെയോ
മലത്തിനുള്ളതെങ്കില് മനുഷ്യര് മലം ഭക്ഷിക്കുമായിരുന്നു.
ചന്ദനത്തൈലത്തിന്റെ സുഗന്ധം ഉണ്ടായിരുന്നുവെങ്കില് ശരീരത്തിലും
വസ്ത്രത്തിലും മലം പുരട്ടി നടക്കുമായിരുന്നു. എല്ലാ
വസ്തുക്കളുടെയും മണം, രുചി, നിറം, തുടങ്ങിയ ഗുണങ്ങള്
ഭൗതികമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നത് അഥവാ
ന്യൂനശക്തികളെ സ്ഥാപിച്ചിട്ടുള്ളത് ജീവികളുടെ ആനന്ദത്തിനു
വേണ്ടിത്തന്നെയാണെന്നര്ത്ഥം.
(മനുഷ്യരുടെ മലത്തില് നിന്നാണ് ദൈവം ചന്ദനവൃക്ഷത്തെ
സൃഷ്ടിക്കുന്നത് ; മനുഷ്യമൂത്രത്തില് നിന്ന് ദാഹശമനിയായി
ഉപയോഗിക്കുന്ന നാരങ്ങ, പശുവിന്റെ (പശു+കാള=പശു) മൂത്രത്തില്
നിന്ന് ഓറഞ്ച്, ചാണകത്തില് നിന്ന് ആപ്പിള് എന്നിങ്ങനെയെല്ലാം സൃഷ്ടി
നടത്തുന്നുണ്ട്. ആയത് മനുഷ്യരെ ചിന്തിപ്പിക്കാനും മിടുക്കാരാക്കാനും
കൂടിയാണ്.)
റംസാന് നോമ്പു പോലെയുള്ള മതപരമായ അനുഷ്ഠാനങ്ങള്
ദൈവീകമാണോ അഥവാ ശാസ്ത്രപരമാണോ അല്ലയോ എന്ന്
തിരിച്ചറിയുവാനും ന്യൂനശക്തികളുടെ പ്രവര്ത്തനം വിലയിരുത്തിയാല്
മനസ്സിലാകുന്നതാണ്. നോമ്പു പിടിക്കുന്ന വ്യക്തിയില് നിന്ന് പുറപ്പെടുന്ന
കടുത്ത വായ്നാറ്റം നോയമ്പ് ദൈവീകമല്ല എന്നു
വിളിച്ചറിയിക്കുകയാണ്. ചന്ദനത്തൈലത്തിന്റെ പോലെയുള്ള മണം
നല്കി പ്രോത്സാഹിപ്പിക്കുവാന് ദൈവം തയ്യാറാവാഞ്ഞത് അവ
വിശുദ്ധമല്ലാത്തതുകൊണ്ടാണ്, അഥവാ
പൈശാചികമായതുകൊണ്ടാണ്. ഭക്ഷണം കഴിച്ച് ആനന്ദിക്കുവാന്
വിശപ്പ് ഉള്പ്പെടെയുള്ള ശാസ്ത്രചിട്ടകള് നല്കി ദൈവം
അനുഗ്രഹിച്ചപ്പോള്, ഭക്ഷണം കഴിക്കുന്നതിന് മനുഷ്യച്ചിട്ടകള് ഉണ്ടാക്കി
ദൈവനിന്ദ ചെയ്യുന്നവയാണ് എല്ലാ മതങ്ങളിലുമുള്ള ഭക്ഷണവ്രതങ്ങള്.

യോഗാഭ്യാസങ്ങള് പോലെ ദൈവീകമല്ലാത്ത മറ്റൊരു മുറയാണത്. മുഹമ്മദ് ഉള്പ്പെടെയുള്ള വ്യത്യസ്ത മതാചാര്യന്മാര്ക്ക് വ്യക്തിജീവിതത്തില് ധാര്മ്മികച്യുതികള് ഉണ്ടായപ്പോള് ഗ്രന്ഥത്തിലെ ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും, 7-ാം ഭാഗത്തിലും വിശദീകരിച്ചിട്ടുള്ള പൈശാചികശക്തികള്ക്ക് അവരുടെ മേല് നേടാനായ വിജയങ്ങളും ഭക്ഷണവ്രതങ്ങള് പോലെയുള്ള അശാസ്ത്രീയമായ കാര്യങ്ങള് മതങ്ങളില് കൂട്ടിച്ചേര്ക്കപ്പെടാന് കാരണമായിട്ടുണ്ട്.

(3) ശുചിത്വം, മാലിന്യങ്ങള്, ജീര്ണ്ണാവസ്ഥ, തുടങ്ങിയവ : ശരീരത്തിലെ മുറിവ് ഉണങ്ങുന്നതു കൂടാതെ, ദുര്ഗ്ഗന്ധം വമിച്ചുകൊണ്ട് പഴുക്കുക തുടങ്ങിയവ കൂടി ഉണ്ടെങ്കില് മാത്രമേ നീതി നിര്വ്വഹണം സാദ്ധ്യമാകുകയുള്ളൂ. മാലിന്യങ്ങള് ഇല്ലെന്നാല് മടിയന്മാരാകും. കൂടുതല് വിസ്തരിക്കുന്നില്ല.

ജീര്ണ്ണാവസ്ഥ : ദുര്ഗ്ഗന്ധം വമിക്കുന്ന ജീര്ണ്ണാവസ്ഥ ഇല്ലെന്നാല് ശവശരീരം മറവുചെയ്യുന്നതില് ശ്രദ്ധയില്ലാതെ വരും. ..... ശവശരീരങ്ങള് മറവുചെയ്തില്ലെങ്കില് അവയെ ഭക്ഷിക്കുവാന് വലുതും ചെറുതും സൂക്ഷ്മവുമൊക്കെയായ അനവധി ജീവികളെ ദൈവം സൃഷ്ടിച്ചിട്ടുള്ളതും, ഓക്സിജന് നേരിട്ട് വായുവിലൂടെ പ്രവര്ത്തിക്കുന്നതും, ശരീരത്തിലെ ഭൗതികവസ്തുക്കള് വിഘടിച്ച് പുതിയ അവസ്ഥകള് പ്രാപിക്കുന്നതുമായ നീതിശാസ്ത്ര നിയമങ്ങളും ദൈവം സ്ഥാപിച്ചിരിക്കുന്നു എന്നത് ഉള്ക്കൊള്ളാനായാല് മഹാശാസ്ത്രത്തെയും ദൈവത്തെയും പറ്റി ചിന്തിച്ച് മഹാനന്ദം അനുഭവിക്കുവാന് മനുഷ്യര്ക്ക് കഴിയുന്നതാണ്.

ഭക്ഷണം, മരുന്നുകള് തുടങ്ങി എല്ലാ വസ്തുക്കള്ക്കും കാലവുമായി ബന്ധപ്പെട്ട് ജീര്ണ്ണാവസ്ഥ അഥവാ സംഹാരനിയമങ്ങള് (നീതിശാസ്ത്രം / ആത്മീയശാസ്ത്രം) കൂടി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ജീര്ണ്ണാവസ്ഥ ഇല്ലെന്നാല് ജീവി-ജീവിതം എങ്ങനെയിരിക്കും എന്ന് ചിന്തിക്കാനുള്ള ബുദ്ധിശക്തികളും ദൈവം മനുഷ്യന് നല്കിയിട്ടുണ്ട്. വിസ്തരിക്കുന്നില്ല.

(4) രാത്രി എന്ന അവസ്ഥയ്ക്ക് കാരണമാകുന്ന ഇരുട്ട് അഥവാ പ്രകാശമില്ലായ്മ ഭൂമിയിലെ ജീവിതത്തില് ഇല്ലെങ്കില് ജീവിതം സുന്ദരമാവില്ല. ഇരുട്ടിനെ മൊത്തത്തില് നിയന്ത്രിക്കുന്ന ചന്ദ്രബിംബം കൂടി സൃഷ്ടിച്ചുകൊണ്ട് രാത്രിയെ ദൈവം അതിസുന്ദരവും അത്യാനന്ദകരവും കൂടിയാക്കിയിട്ടുണ്ട്. രാത്രിയും, ചന്ദ്രനിലൂടെ രാത്രിവെളിച്ചത്തിന് സൃഷ്ടിച്ചിട്ടുള്ള മാനങ്ങളും ഒക്കെ ഇല്ലാത്ത ജീവിതത്തെപ്പറ്റി അല്പം ചിന്തിച്ചാല് രാത്രിയും പകലും തീര്ച്ചയായും വേണം എന്ന് അന്ധരും ബുദ്ധിമാന്ദ്യരിലെ ചിലരും ഒഴികെയുള്ള

എല്ലാവരും പറയുന്നതാണ്. (സംഹാരവുമായി ബന്ധപ്പെട്ട് ഉന്നതമായ കാര്യങ്ങള്ക്കായാണ് ചന്ദ്രനെ സൃഷ്ടിച്ചിട്ടുള്ളത് എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു, 3-ാം ഭാഗത്തില് കൂടുതല് വിസ്തരിക്കുന്നുണ്ട്.)
രാത്രി എന്ന അവസ്ഥ കൂടുതല് നീളുകയാണെങ്കില്, ഉദാഹരണത്തിന് പകലും രാത്രിയും ഏറെക്കുറെ തുല്ല്യ ദൈര്ഘ്യത്തില് അനുഭവിച്ചുപോരുന്നവര്ക്ക് സ്ഥിരമായി 16 മണിക്കൂര് നേരം രാത്രിയും 8 മണിക്കൂര് നേരം പകലുമായാല് ജീവിത ആനന്ദം കുറയുന്നതാണ്. രാത്രി കുറഞ്ഞാലും ജീവിത ആനന്ദം കുറയുന്നതാണ്. രാത്രി കുറയുക എന്നാല് പകല് കൂടുക എന്നാണ്. അപ്പോള് രാത്രി മാത്രമല്ല, പകല് കൂടിയാലും, പകല് കുറഞ്ഞാലും ആനന്ദം കുറയുന്നതാണ്.
(5) ഉപ്പ്, മധുരം, കൈപ്പ്, എരിവ്, പുളി തുടങ്ങിയവ, ഭക്ഷണസാധനങ്ങള്ക്ക് കൂടുകയും കുറയുകയും ചെയ്താല് ആനന്ദത്തോടെ ഭക്ഷണം കഴിക്കാനാവില്ല.
(6) ദുര്ഗ്ഗന്ധം ഏറെയുള്ളിടത്ത് കൂടുതല് സമയം ചിലവഴിക്കാന് പ്രയാസമാണ്. മണം അഥവാ നല്ല ഗന്ധം അധികമായാലും അങ്ങനെതന്നെ.
(7) ഭക്ഷണം, തൊഴില്, വിനോദം തുടങ്ങിയവകളിലെ ഇനങ്ങളില് ഇഷ്ടങ്ങള് കൂടുതലുള്ളവരും കുറവുള്ളവരും ഉണ്ട്. ഭക്ഷണകാര്യത്തെ ഉദാഹരണമായെടുത്താല്, വളരെ പ്പേര്ക്ക് മാമ്പഴം ഇഷ്ടമാണെങ്കില്, മാമ്പഴം ഇഷ്ടമല്ലാത്തവരുമുണ്ട്, മാമ്പഴത്തില് തന്നെ ചില ഇനങ്ങളോട് ഇഷ്ടം കുടുതലുള്ളവരും, ചില ഇനങ്ങള് മാത്രം കഴിക്കുന്നവരും, അങ്ങനെ വൈവിധ്യങ്ങളുടെ അനന്ത നിരയാണുള്ളത്.
(8) ക്ഷീണവും വിശപ്പും ഉണ്ടായില്ലെങ്കില്, ജോലിയില് മുഴുകിയിരിക്കുന്ന വ്യക്തി, (കൃഷിക്കാരനായാലും, ശാസ്ത്രജ്ഞനായാലും), ഇടയ്ക്ക് ഭക്ഷണം കഴിക്കാന് പോലും തയ്യാറായെന്നു വരില്ല.
(9) ശരീരത്തില് പ്രവര്ത്തിക്കുന്ന ശക്തികള് പ്രേരിപ്പിച്ചില്ലെങ്കില് മലമൂത്ര വിസര്ജ്ജനങ്ങള് നടത്തുന്നതിലും മനുഷ്യന് ഉള്പ്പെടെയുള്ള ജീവികള് മടികാണിക്കുന്നതാണ്. മല-മൂത്ര വിസര്ജ്ജനങ്ങള് അതീവ ഗൗരവതരങ്ങളായ കാര്യങ്ങളാണ്. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുതകളെയും മഹാശാസ്ത്രത്തിലൂടെ ദൈവം ഏകോപിപ്പിക്കുന്നുണ്ട്. മനുഷ്യന് ഉപേക്ഷിക്കുന്ന പഴത്തൊലികളും പഴകിയ ഭക്ഷണസാധനങ്ങളും ഉച്ഛിഷ്ടങ്ങളും ഭക്ഷിക്കാന് യഥാക്രമം പശുക്കളും, കാക്കകളും പന്നികളും ഒക്കെയുണ്ട്. മനുഷ്യന്റെ മലം സ്വാദിഷ്ടമായി ഭക്ഷിക്കുന്ന പട്ടികളുമുണ്ട്.
വസ്തുക്കളുടെ ദോഷമായി വിലയിരുത്തപ്പെടുന്ന ഗുണങ്ങള് അഥവാ ന്യൂനശക്തികള് ജീവി-ജീവിതത്തിന് ഗുണം അഥവാ ആനന്ദം നല്

കുന്നുവെന്ന് ബോദ്ധ്യമായിരിക്കുമല്ലോ.
(10) അമിതമധുരം, അമിത ഉപ്പ്, അമിത സന്തോഷം, അമിത വാത്സല്യം തുടങ്ങിയവ : സന്തോഷം അഥവാ ആനന്ദം നല്കുന്ന കാര്യങ്ങളും അധികമായാല് ആനന്ദം നല്കാതെയും പകരം ദോഷം ചെയ്തുമുള്ള അവസ്ഥ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. നീതി നിശ്ചിതമായിരിക്കണം, ധര്മ്മശാസ്ത്ര പ്രകാരവുമായിരിക്കണം. നീതിക്ക് നിശ്ചിത അളവില്ലെന്നു വന്നാല് ധര്മ്മവും, അതിലൂടെ സ്ഥിതിയും, സൃഷ്ടിയും, സത്യവും പിഴയ്ക്കുന്നതാണ്; അങ്ങനെ സംഭവിച്ചുകൂടല്ലോ. ഉദാഹരണമായി ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോള്, സമ്പത്ത് കുട്ടികള്ക്ക് കൈമാറുവാന് ദൈവം അനുവദിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളും കുട്ടികളും അവരുടെ കുട്ടികളും എല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. മാതാപിതാക്കളുടെ അമിതവാത്സല്യം കുട്ടികളെ ധര്മ്മശാസ്ത്രം തെറ്റിയുള്ള ജീവിതത്തിന് വഴിയൊരുക്കിയാല്, കുട്ടികള് പാപം ചെയ്യുന്നതിന് മാതാപിതാക്കളും കാരണക്കാരാവുകയാണ്. കുട്ടികളും അവരെ വഴിതെറ്റിക്കുവാന് പ്രേരകമായതിന് മാതാപിതാക്കളും (ബന്ധുജനങ്ങളുമൊക്കെ) പാപങ്ങള്ക്കുള്ള ശിക്ഷ ഏറ്റെടുക്കേണ്ടതായി വരും. കുട്ടികളുടെ നല്ലത് കരുതുവാന്, എല്ലാവരെയും കരുതുന്ന മഹാപിതാവും മഹാമാതാവുമായ സ്രഷ്ടാവുണ്ട്.

ന്യൂനശക്തികളും ധര്മ്മശാസ്ത്രബന്ധനവും

മുകളില് കൊടുത്തിട്ടുള്ള ഉദാഹരണങ്ങള് ഗൗരവമായി വിശകലനം ചെയ്യുമ്പോള് ന്യൂനശക്തികളുടെ സൃഷ്ടിയും ധര്മ്മവും എത്ര മഹത്തരമായിരിക്കുന്നുവെന്നും തങ്ങള്ക്ക് ഇഷ്ടപ്പെട്ടവയെ നല്ലതെന്നും ഇഷ്ടപ്പെടാത്തതിനെ ചീത്തയെന്നും പേരിടാന് മനുഷ്യന് അവകാശമില്ല എന്നും സുവ്യക്തമാകുന്നു. മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഓരോരോ വിധങ്ങളില് നല്ലതാണ്. നല്ലതല്ലാത്തത് യാതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നര്ത്ഥം. ഓരോരോ ജീവി-ഇനങ്ങള്ക്കും ഓരോരോ ജീവിതരീതി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, ഭക്ഷണ സമ്പാദനം, കാഴ്ച, രാത്രിക്കാഴ്ച, പാര്പ്പിടരീതി, ഇണചേരല്, ഇണയെ ആകര്ഷിക്കുന്ന രീതി, ഭയപ്പാടുകളിലെ പ്രത്യേകത, ആക്രമണ രീതികളിലെ പ്രത്യേകത, പെരുമാറ്റം, തുടങ്ങിയ അനേകം കാര്യങ്ങള് ചേര്ന്നതാണ് ഓരോ ജീവികളുടെയും ജീവിതരീതി. മനുഷ്യരുടേതും അങ്ങനെ തന്നെ. മറ്റുള്ള ജീവികളെ തങ്ങളുടെ ജീവിതാവശ്യങ്ങള്ക്ക് ഏറെ പ്രയോജനപ്പെടുത്തുകയും ഏറ്റവുമധികം ഉപദ്രവിക്കുന്നതും മനുഷ്യന്

തന്നെയാണ്. മറ്റുള്ള ജീവികള് മനുഷ്യരെ ഏറ്റവും കുറച്ചുമാത്രമാണ് ഉപദ്രവിക്കുന്നത് എന്നതും വസ്തുതയാണ്.
നല്ലതു മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എങ്കില്, ഭൂമിയിലൊക്കെയുമുള്ള കലാപങ്ങളും പീഡനങ്ങളും അഴിമതികളും ഭീകരവാദങ്ങളും നല്ലതാണോ, അവയെ സൃഷ്ടിച്ചത് മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവം തന്നെയല്ലേ എന്നിങ്ങനെയുള്ള ചോദ്യങ്ങള് പെട്ടെന്ന് അനേകരില് ഉണ്ടാകുന്നതാണ്. ചുവടെ ന്യൂനശക്തികളുടെ വിശദീകരണത്തിലേക്കു കടക്കുമ്പോള് ജീവികള്ക്ക്, പ്രത്യേകിച്ചു മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നല്കാനായി ഒരു നിശ്ചിത ശതമാനം ശക്തികളെ മാറ്റിവച്ചിട്ടുണ്ട് എന്നു കാണാം. വ്യക്തിസ്വാതന്ത്ര്യം നല്കിയില്ലെങ്കില് മനുഷ്യരെ ദൈവം അടിമകളാക്കുന്നതായി വരും. വ്യക്തികള് സ്വയം നല്ലതും കെട്ടതും തിരിച്ചറിഞ്ഞു ജീവിക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്. മനുഷ്യരും, മുമ്പ് സൂചിപ്പിച്ചതായ ഒന്നാം മഹാകാലചക്രത്തിലെ ഭരണത്തിനായ സൃഷ്ടിച്ചതായ മാലാഖമാരും/മലക്കുകളും/ദേവതകളും തങ്ങള്ക്കു ലഭിച്ച വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തതുകൊണ്ടും, അതിലൂടെ ന്യൂനശക്തികള് സൃഷ്ടിക്കപ്പെട്ടതുകൊണ്ടുമാണ് ഭൂമിയിലാകെ കലാപങ്ങളും പീഡനങ്ങളും അഴിമതികളും ഭീകരവാദങ്ങളും ഒക്കെ ഉണ്ടായിരിക്കുന്നത്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, മഹാശക്തിയായ മഹാജഗദംബ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം സമ്പൂര്ണ്ണമായി ഏറ്റെടുക്കുന്നതോടെ, മനുഷ്യരുടെ ജീവിതകാര്യങ്ങള് ഉള്പ്പെടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.
ന്യൂനശക്തികളെപ്പറ്റി തുടരാം :
സദാചാരം എങ്ങനെ ശാസ്ത്രമാകും, ഭൗതിക ശാസ്ത്ര നിയമങ്ങളുമായി എങ്ങനെ പൊരുത്തപ്പെടും, നല്ലതും നല്ലതല്ലാത്തതും വേര്തിരിക്കുന്നതിന്റെ അളവുകോലെന്ത്, ദൈവം നല്ലത് മാത്രം സൃഷ്ടിക്കാതെ നല്ലതല്ലാത്തും സൃഷ്ടിച്ചതെന്തിന്, നല്ലതല്ലാത്തത് സൃഷ്ടിക്കുന്ന ദൈവത്തിന്റെ ഭാവം സത്യ - ധര്മ്മ - നീതികളാണെന്ന് എങ്ങനെ പറയാനാവും, തുടങ്ങിയ ചോദ്യങ്ങളെല്ലാം നിഷ്പ്രഭമാകുന്നതും നിരര്ത്ഥകമാകുന്നതും എങ്ങനെയെന്നും കൂടിയാണ് ന്യൂനശക്തികളുടെ സൃഷ്ടിയും സ്ഥിതിയും സംബന്ധിച്ച കാര്യങ്ങള് ശാസ്ത്രപരമായി വിശദമാക്കുന്നത്. ജീവികളുടെ ആനന്ദം സ്രഷ്ടാവിന് പരമപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവും മഹാപിതാവും കൂടിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാഇഷ്ടമാണത്. അങ്ങനെ ആയത് ജീവികളുടെ മഹാഭാഗ്യം ; അല്ലായിരുന്നെങ്കിലോ.... എന്നു ചിന്തിച്ചാല്, തന്റെ മഹാശക്തികള്

കൊണ്ട് സൃഷ്ടിക്കുന്ന ജീവികള്ക്ക് നരകയാതനകള് നല്കി കഷ്ടപ്പെടുത്തുകയും അവയുടെ കഷ്ടതകള് കണ്ട് വിനോദിക്കുകയും ചെയ്യുന്ന സ്രഷ്ടാവായിരുന്നെങ്കിലോ എന്നു ചിന്തിച്ചാല്, മനുഷ്യരുടെ എത്രയോ ചോദ്യങ്ങളും സംശയങ്ങളും വിവേകശൂന്യങ്ങളാണെന്ന് ബോദ്ധ്യമാകും.

കാര്ബണ് (കരി) ഉള്പ്പെടെയുള്ള ഏതാനും മൂലകങ്ങളുമായും കറുപ്പുനിറം, ഇരുട്ട്, രാത്രി തുടങ്ങിയവയുമായും ബന്ധപ്പെട്ടാണ് ന്യൂനശക്തികള് പ്രവര്ത്തിക്കുന്നത്. കരിക്കട്ടയും, കറുത്തമഷിയുമൊക്കെ എഴുതാനും അച്ചടികാര്യങ്ങള്ക്കും പ്രയോജനപ്പെടുന്നതും, ജീവികളിലെ ഊര്ജ്ജകാര്യങ്ങളില് ഉള്പ്പെടെ അനന്തങ്ങളോളം മഹാപ്രപഞ്ച കാര്യങ്ങളില് കാര്ബണ് ഉന്നത സ്ഥാനം വഹിക്കുന്നതും ദൈവം കാര്ബണെ ഉന്നതപ്പെടുത്തിയിട്ടുള്ളതുകൊണ്ടുതന്നെയാണ്. വെളിപാട് പൂര്ണ്ണമായിട്ടില്ല എങ്കിലും, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ ഓം എന്ന അദ്ധ്യായത്തില് കൂടുതല് വിസ്തരിക്കുന്നുണ്ട്.

ഭൂമിയിലെ എല്ലാ വസ്തുക്കളിലും ദൈവം സ്ഥാപിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങള് പ്രകാരമാണ് എല്ലാ വസ്തുക്കളും പ്രവര്ത്തിക്കുന്നത്. വസ്തുക്കളും ജീവികളും ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ ഏതൊന്നിന്റെ മേലും മനുഷ്യര്ക്ക് പ്രവര്ത്തിക്കാനാകുന്നത് മേല്പ്പടി ശാസ്ത്രനിയമങ്ങള് പ്രകാരം മാത്രമാണ്.

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കള് 14.29% മുതല് 19.44% വരെ മാത്രമാണെന്നും, കാലാനുസൃതം ശാസ്ത്രവികസനത്തിനും ജനപ്പെരുപ്പത്തിനും ഒപ്പം 14.29% മാത്രം ന്യൂനവസ്തുക്കള് സ്ഥിരമായി ഉള്പ്പെടുമ്പോള് മാത്രമേ ജീവിതം സമ്പൂര്ണ്ണമായും ആനന്ദകരമാവുകയുള്ളൂ എന്നും വിശദീകരിക്കുകയുണ്ടായി. ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവ് ധര്മ്മശാസ്ത്രപ്രകാരം ആണെന്നും അത് മഹാശക്തിയായ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ജീവിതക്രമമാണെന്നും കൂടിയാണ് അര്ത്ഥം. ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവ് ധര്മ്മശാസ്ത്രപ്രകാരം വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ബന്ധിക്കുന്നുണ്ട് ; അതേ സമയം പ്രസ്തുത മഹാ ധര്മ്മശാസ്ത്ര ബന്ധനം സര്വ്വ ജീവികളുടെയും മംഗളത്തിനായുള്ള മഹാ പദ്ധതിയാണ്. മഹാധര്മ്മശാസ്ത്ര ബന്ധനത്തെ / ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവിനെ /ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവിനെ അവഗണിച്ചു കൊണ്ട് വ്യക്തി(കള്) ജീവിക്കുമ്പോള്, ന്യൂനവസ്തുക്കളുടെ അളവ് വര്ദ്ധിക്കുന്നു. പുതിയ വസ്തുക്കള്

ഉണ്ടാക്കാനാവുന്നതും ഒരു എനര്ജിയെ മറ്റൊരു എനര്ജിയായി മാറ്റാമെന്നുമുള്ള വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങള് പ്രകാരമാണ് ഇത് സംഭവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടപ്രകാരം അല്ലാത്ത സ്വാതന്ത്ര്യം വ്യക്തി ഉപയോഗിക്കുന്നതു കൊണ്ട് സംഭവിക്കുന്നതാണത്. പ്രസ്തുത അവസ്ഥ ദൈവം അനുവദിച്ചില്ലെങ്കില് ദൈവം സൃഷ്ടികളെ അടിമയാക്കുന്നു എന്ന വസ്തുതയും ആരോപണവും ഉണ്ടാകുന്നതാണ്. മഹാപ്രപഞ്ചത്തില് 14.29% മുതല് 17.43% /19.44% വരെ അളവിലെ വ്യത്യാസമായ 3.14% / 5.15% അളവ് മാത്രം ന്യൂനവസ്തുക്കളെക്കൊണ്ട് , വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ ഉണ്ടാവുന്നതാണ്. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്ന മഹാമനസ്ക്കത ദൈവം കാണിക്കുമ്പോഴും, മഹാനീതിപതി കൂടിയാണ് ദൈവമെന്നും ; വ്യക്തിയുടെ ആരോഗ്യം, ആയുസ്സ് തുടങ്ങിയ ഘടകങ്ങള് ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നും വ്യക്തി ഓര്ക്കേണ്ടതും, ദൈവം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ദുര്വ്വിനിയോഗം ചെയ്യാതെ, എല്ലാ ജീവികളുടെയും ആനന്ദ-ജീവിതത്തിനായി ദൈവത്തിന്റെ ഇഷ്ടപ്രകാരം അഥവാ ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാന് പരിശ്രമിക്കേണ്ടതുമാണ്. മഹാപ്രപഞ്ചത്തിലെ നക്ഷത്രകോടികളും സൂര്യനും ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കയാല് ന്യൂന വസ്തുക്കള് അവയെ ബാധിക്കുന്നില്ല. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളും അവയുടെ ചന്ദ്രന്മാരും താല്ക്കാലിക സൃഷ്ടിയാണെന്നും വൈകാതെ പിന് വലിക്കപ്പെടുമെന്നും മുമ്പ് വിസ്തരിച്ചിരുന്നു. അപ്പോള് പിന്നെ ഭൂമിയെയും ചന്ദ്രനെയും മാത്രമാണ് ന്യൂനവസ്തുക്കള് ബാധിക്കുക. // ന്യൂനവസ്തുക്കളുടെ സാന്നിദ്ധ്യത്തെപ്പറ്റിയും അളവിനെപ്പറ്റിയും മേല് വിവരിച്ചത് ഉള്ക്കൊള്ളുവാന് ദൈവം പ്രത്യേകം കനിയേണ്ടതുണ്ട്. ഉന്നതമായ പ്രപഞ്ചരഹസ്യങ്ങളുടെ അടിസ്ഥാന ഘടനയിലെ ഒരു മുഖ്യ ഭാഗമാണ് മുകളില് വിവരിച്ചത്. ഈ ഭാഗം കമ്പ്യൂട്ടറില് ടൈപ്പു ചെയ്യാന് ആരംഭിച്ചതോടെ, ഏഴോളം ദിവസങ്ങളില് മഹാദാസനും പരമശിവനും ആയി അനുഗ്രഹം നേടാന് മഹാഭാഗ്യമുണ്ടായിട്ടുള്ള ഈയുള്ളവന് കടുത്ത ക്ഷീണം, ചെറിയ തലചുറ്റല് എന്നിവ ഉണ്ടാവുകയും, വെളിപാടുകള്ക്ക് തുടര്ച്ച നഷ്ടപ്പെടുകയും വെളിപാടുകള് താല്ക്കാലികമായി സ്തംഭിക്കുകയും ചെയ്തു. മഹാകാരുണ്യമയിയായ ദൈവത്തില് നിന്നും വെളിപാട് ലഭിക്കുന്ന ഈയുള്ളവനും വിഷയത്തിന്റെ ഗൗരവം ഉള്ക്കൊള്ളുവാനായി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള ന്യൂനശക്തി സംവിധാനമാണത്. 2008 നവംബര് 4-ാം തീയതി

അതിരാവിലെ 2 മണിയോടെ മാത്രമാണ് വെളിപാടുകള് പുനരാരംഭിച്ചതും, ശരീരസുഖം കുറെ ലഭിച്ചതും. ലളിതവും കടുത്തതുമായ വളരെയധികം ധര്മ്മശാസ്ത്ര പരീക്ഷണങ്ങള് മുമ്പ് ഈയുള്ളവന്റെ മേല് നടത്തപ്പെട്ടിട്ടുണ്ട്. കുറേയൊക്കെ പരീക്ഷണങ്ങള് ഇപ്പോഴുമുണ്ട്. ന്യൂനശക്തികളുടെ പ്രവര്ത്തനം ഗൗരവമാണെന്ന് ചുരുക്കം.

ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാന് ആഗ്രഹിക്കുകയും, അതിന്നായി പ്രാര്ത്ഥിക്കുകയും ചെയ്യുമ്പോള്, സുഖദുഃഖങ്ങളെ സമനിലയില് ആസ്വദിച്ചുകൊണ്ട് ജീവിക്കുവാന് വ്യക്തിക്ക് സാധിക്കുന്നതാണ്. വ്യക്തിയുടെ ജീവിതക്രമങ്ങള് ആവിഷ്ക്കരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം പോലെ, അഥവാ ധര് മ്മശാസ്ത്രപ്രകാരമമായി മാറുന്നു. ധര്മ്മശാസ്ത്രപരമായി ജീവിക്കുക മാത്രമേ വ്യക്തി ചെയ്യേണ്ടതുള്ളൂ. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം താന് അനുഭവിക്കുന്നതായി ബോദ്ധ്യപ്പെടുന്നതും സമ്പൂര്ണ്ണ മനസ്സുഖം ലഭിക്കുന്നതുമാണ്. ജീവിതകാര്യങ്ങളെല്ലാം അനായാസമായും ഒഴുക്കോടെയും നടക്കുന്നതാണ്. ഞാനെന്ന ഭാവം തീണ്ടാതെ വ്യക്തിക്ക് ആനന്ദത്തോടെ ജീവിക്കാന് കഴിയുന്നതുമാണ്. എന്നാല് വ്യക്തിയുടെ ഇഷ്ടങ്ങള് അഥവാ സ്വാതന്ത്ര്യങ്ങള് പ്രകാരം ജീവിക്കുവാന് ആഗ്രഹിക്കുമ്പോള്, ജീവിതക്രമം കൂടി വ്യക്തി ആവിഷ്ക്കരിക്കുകയാണ്. ധര്മ്മശാസ്ത്ര പ്രകാരമല്ലാത്ത ജീവിതമാണത്. ഉദാഹരണമായി, കുട്ടികള്ക്കുവേണ്ടി വ്യക്തി കരുതുന്നതും അവര്ക്കുവേണ്ടി കെട്ടിടം വെയ്ക്കുന്നതുമൊക്കെ ദൈവത്തെയും ദൈവീകമായ സാമ്പത്തികശാസ്ത്രത്തെയും അവഗണിച്ചുകൊണ്ടുള്ള പ്രവൃത്തികളാണ്.

സമ്പൂര്ണ്ണമായും ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുമ്പോള്, കുട്ടികളും മുതിര്ന്നവരുമെല്ലാം അതാതു പ്രായത്തിലും അവസ്ഥകളിലും ഉണ്ടാവേണ്ടതായ ധര്മ്മങ്ങളെ കൃത്യമായി പുലര് ത്തുന്നവരായി മാറുന്നതാണ്. പ്രസ്തുത അവസ്ഥ കള്ളങ്ങളും ചതിയും കൊള്ളയും മത്സരങ്ങളും പോലെയുള്ള കാര്യങ്ങള് സമൂഹത്തില് ഇല്ലാതെ വരികയും, ഒരു ശാസന പോലും യാതൊരാള്ക്കും ആവശ്യമില്ലാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നതാണ്. കുറേക്കാലം ഈ നില തുടര്ന്നാല് ചെറിയ വിരസത സമൂഹകാര്യങ്ങളില് ഉണ്ടാവുന്നതാണ്. വിരസത അകറ്റാനും സമൂഹം ഊര് ജ്ജസ്വലമാകാനും പൈശാചിക ന്യൂനശക്തികളുടെ ചെറിയ സാന്നിദ്ധ്യം നല്ലതെന്നു തോന്നുന്നതാണ്. മറ്റൊരു വിധത്തില് പറഞ്ഞാല് ഒരല്പം വ്യക്തിസ്വാതന്ത്ര്യം നല്ലതായിരിക്കുന്ന അവസ്ഥയാണത്. ഒരല്പം

നല്ലതെന്നു തോന്നുന്നത് പ്രായേണ വളര്ന്ന് മദ്യവും മദിരാക്ഷിയും ഭീകരവാദവുമൊക്കെ ആയാല് വളരെക്കാലമായി ഭൂമിയിലൊക്കെയും സംഭവിച്ചിട്ടുള്ളതുപോലെ കാര്യങ്ങള് പിടിവിട്ടു പോകുന്നതാണ്. പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരമായി ദൈവം ഒരു വൃത്ത-പരിധി-സംരക്ഷണം സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യന് ലഭ്യമാകുന്ന ശാസ്ത്രജ്ഞാനത്തിനും സമ്പത്തിനും മറ്റു ശക്തികള്ക്കും അനുസരിച്ച് അവന്റെ പ്രവര്ത്തനമേഖല ഒരു വൃത്തംപോലെ ചെറുതും വലുതുമൊക്കെയായി മാറുമ്പോള്, വൃത്തത്തിനുള്ളിലെ ഏറ്റവും വലിയ രേഖയായ വ്യാസവും വൃത്തപരിധിയും തമ്മില് ഒരു നിശ്ചിതബന്ധം ഉണ്ടാക്കിയിരിക്കുന്നു. വൃത്തപരിധി = വ്യാസം ഃ 3.14... (പൈ). ഒരു കേന്ദ്രത്തില് നിന്നും ശക്തിയും, ശിവനും ചേര്ന്നതായ ഒരു കാലിന് അഥവാ ആരത്തിന് (റേഡിയസ്) സഞ്ചരിക്കാവുന്ന പരമാവധി അളവ് വൃത്തവും ഗോളവും ആണ്. വ്യക്തികള് ഉപയോഗപ്പെടുത്തുന്ന വ്യക്തിസ്വാതന്ത്ര്യം പൈ എന്ന നിശ്ചിതസംഖ്യയുടെ അളവായ 3.14.. % ല് താഴെയായിരുന്നാല്, വ്യക്തികള്ക്ക് അഥവാ സമൂഹത്തിലെ ഭരണകൂടത്തിന് പ്രശ്ന പരിഹാരം സാദ്ധ്യമാകുന്നതാണ്. 0% മുതല് പരമാവധി പൈ% വരെയുള്ള വ്യക്തിസ്വാതന്ത്ര്യം അപകടകാരിയല്ല എന്നര്ത്ഥം. മദിര (മദ്യം), മദിരാക്ഷി (ദുഷ്ക്കാമം) എന്നിവയിലേക്ക് സമൂഹത്തിലെ ഭരണകൂടം പ്രവേശിച്ചാല് പൈ%-നു മുകളില് വ്യക്തിസ്വാതന്ത്ര്യം പ്രവേശിച്ചിരിക്കുന്നു എന്നു കണക്കാക്കണം. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടല്കൊണ്ടു മാത്രമേ പൈ%-നു മുകളിലുള്ള പ്രശ്നങ്ങള് പരിഹരിക്കാന് കഴിയുകയുള്ളൂ. ഭൂമിയിലെങ്ങും ഇന്നുള്ള സങ്കീര്ണ്ണ പ്രശ്നങ്ങള് പരിഹരിക്കാന് ദൈവം പ്രത്യേകമായി ഇടപെടേണ്ടതുണ്ടെന്നും അര്ത്ഥമുണ്ടാകുന്നു. എന്നാല്, മുഖ്യമായും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച നിമിത്തമാണ് പൈ%-നു മുകളില് വ്യക്തിസ്വാതന്ത്ര്യം വര്ദ്ധിക്കാനും സമൂഹജീവിതം കൊടിയ ദുരന്തങ്ങളില് പെടാനും കാരണമായത്. അതേ സമയം, മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള്, എല്ലാവിധ പ്രശ്നങ്ങളും ഇപ്പോഴും എപ്പോഴും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കപ്പെടുന്നുണ്ടെന്നും, എല്ലാവര്ക്കും സമ-നീതി ലഭിക്കുന്നുണ്ടെന്നും ബോദ്ധ്യമാകുന്നതാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, ഒരു ചിലര് കാട്ടിക്കൂട്ടിയ അധമത്തങ്ങളും ദുഷ്ക്കീര്ത്തികളും നിസ്സാരമായി പരിഹരിക്കുന്നതുമാണ്. ന്യൂനശക്തികള്.... തുടര്ച്ച എന്ന അദ്ധ്യായത്തില് കൂടുതല് വിശദീകരണമുണ്ട്.

മനുഷ്യര് ഒഴികെയുള്ള ജീവികളില് വ്യക്തിസ്വാതന്ത്ര്യം 1%-ല് താഴെ

മാത്രമാണ് പ്രവര്ത്തിക്കുന്നത് എന്നും അറിയുക.
22/7 = പൈ എന്ന ദൃഢസംഖ്യ ഭൗതികശാസ്ത്രത്തിന്റെ അനവധി ശാഖകളില് വിവിധ സംവിധാനങ്ങളുടെ ഭാഗമായി ഉള്പ്പെടുന്നതാണ്. ന്യൂനശക്തികള് മഹാപ്രപഞ്ചത്തിന്റെ ഭൗതിക സൃഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണത്.
22 എന്ന സംഖ്യയെ 7 കൊണ്ടു ഹരിക്കുമ്പോഴാണ് പൈ = 3.1428..... എന്നു ലഭിക്കുന്നത്. മഹാപ്രപഞ്ചത്തെ 100 എന്നു കണക്കാക്കുമ്പോള്, 100-നെ 6 ഘട്ടങ്ങളായി സൃഷ്ടിച്ചിട്ടുള്ളതും, ജീവി-ധര്മ്മത്തെ 6-മായി ബന്ധിപ്പിക്കുന്നതും, 6-നെ കാലവുമായി ബന്ധിപ്പിച്ച് 6 ദിവസമാക്കുന്നതും, എപ്പോഴുമുള്ള ആനന്ദം കൂടാതെ അധിക ആനന്ദം ജീവികള്ക്ക് നല്കാനായും വ്യക്തിസ്വാതന്ത്ര്യം ഉറപ്പിക്കാനായും 1 ദിവസം 6-നോട് ചേര്ത്ത് 7 ദിവസമെന്ന ആഴ്ച സൃഷ്ടിക്കുന്നതും, ഒക്കെ ന്യൂനശക്തികളുടെ ഭൗതിക-സൃഷ്ടിയുമായിക്കൂടി ദൈവം ബന്ധിപ്പിച്ചിരിക്കുകയാണ്. ശക്തിയും ശിവനും എന്ന 2 കാലുകളില് നിന്നുകൊണ്ട് മഹാപ്രപഞ്ചത്തെ 20 കൈകള്കൊണ്ടു പ്രവര്ത്തിപ്പിക്കുന്ന മഹാദിവ്യരൂപം മഹാശക്തി സ്വീകരിക്കുമ്പോള് 22 അംശങ്ങള് ചേര്ന്ന മഹാദിവ്യചക്രം ഉണ്ടാകുന്നുണ്ട്. മഹാ-ദിവ്യചക്രവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിലെ വെളിപാട് പൂര്ണ്ണമായിട്ടില്ല. ദൈവാനുഗ്രഹത്താല് വൈകാതെ പൂര്ണ്ണമാകുന്നതാണ് എന്നറിക.
ദൈവത്തിന്റെ മഹാഭാവങ്ങളായ സത്യ-ധര്മ്മ-നീതികളെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പുലര്ത്തുവാന് ശ്രദ്ധിക്കുമ്പോള് മാത്രമേ, ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാന് ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് വ്യക്തി ഉയരുകയുള്ളൂ എന്നും ന്യൂനശക്തികളുടെ സൃഷ്ടിയിലൂടെയും അവയ്ക്ക് കല്പിച്ചിരിക്കുന്ന ഔന്നത്യത്തിലൂടെയുമാണ് ജീവിതം ആനന്ദകരമാക്കിയിട്ടുള്ളത് എന്നും സുവ്യക്തമായിരിക്കുമല്ലോ.

ന്യൂനശക്തികള് തിരുത്തല് ശക്തികളായി പ്രവര്ത്തിക്കുന്നു.
ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും എന്ന അദ്ധ്യായത്തില് ന്യൂനശക്തികള് തിരുത്തല് ശക്തികളായി പ്രവര്ത്തിക്കുന്നതിനെപ്പറ്റി വിസ്തരിച്ചിരുന്നു.
ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളെ അഥവാ മഹാശാസ്ത്രത്തെ പിന്പറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാല് അവയെ തിരുത്താനായി തിരുത്തല് ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും മേല്പടി ന്യൂനശക്തികള് രൂപം പ്രാപിക്കുന്നതാണ്.

ന്യൂനശക്തികള് നിശ്ചിതമായ ചെറിയ അളവില് വര്ത്തിക്കുമ്പോള് സമൂഹജീവിതം മഹാആനന്ദകരമാണ്. എന്നാല് വ്യക്തികള് ധര്മ്മശാസ്ത്രപരമായല്ലാതെ ജീവിക്കുമ്പോള്, അഥവാ വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗിക്കുമ്പോള്, ന്യൂനശക്തികളുടെ അളവ് വര്ദ്ധിക്കുന്നതും, അക്കാരണത്താല് ഭീകര പ്രവര്ത്തനങ്ങള് ഉണ്ടാകുന്നതും വര്ദ്ധിക്കുന്നതുമാണ്. അതായത് ധര്മ്മശാസ്ത്രപരമായല്ലാതെ വ്യക്തികള് ജീവിക്കുമ്പോള് തിരുത്തല് ശക്തികളായും വിരുദ്ധശക്തികളായും ന്യൂനശക്തികള് രൂപം പ്രാപിക്കുന്നതാണ്. ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും സമൂഹത്തില് വ്യാപിക്കുമ്പോള് തിരുത്തല് ശക്തികള് എന്നതിന്റെ പരിധിവിട്ട് വിരുദ്ധശക്തികളായി ന്യൂനശക്തികള് രൂപം പ്രാപിച്ചിരിക്കുന്നു എന്നാണര്ത്ഥം. ആനന്ദകരമായവയെ പ്രശ്നകാരികളാക്കുന്നത് മനുഷ്യരാണെന്നും അര്ത്ഥം. ഇന്നത്തെ ഭീകരവാദങ്ങളെ മാനുഷികമായി മാത്രം കാണേണ്ടതില്ല. അവയ്ക്ക് മുമ്പറഞ്ഞതുപോലെ ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച കാരണമായിട്ടുണ്ട്.

ന്യൂനശക്തികളും പൈശാചിക ശക്തികളും
ദൈവം, ധര്മ്മശാസ്ത്രപ്രകാരം മനുഷ്യന് സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യം നല്കുന്നുണ്ട്.
ധര്മ്മശാസ്ത്രപ്രകാരം അല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യങ്ങള് സമൂഹം അഥവാ സമൂഹത്തിലെ വ്യക്തികള് പുലര്ത്തുമ്പോള് മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ്/പ്രവര്ത്തനം 14.29% -ല് നിന്ന് ക്രമാനുഗതം ഉയരുകയും ധാര്മ്മിക അധഃപതനം ഉണ്ടാവുകയും ചെയ്യുന്നു. മനുഷ്യര് കാട്ടുന്ന ദൈവനിന്ദ, ശാസ്ത്രപരമായ തൊഴില് വിഭജനം, മഹാനീതിശാസ്ത്രം തുടങ്ങിയ അദ്ധ്യായങ്ങളില്നിന്ന് ആവക കാര്യങ്ങള് മനസ്സിലാക്കാനാവും. ധര്മ്മശാസ്ത്ര പ്രകാരം അല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യങ്ങള് അഹിംസയുടേതല്ല. അവ ഹിംസ ഉള്പ്പെടെയുള്ള അധമ കാര്യങ്ങളെ സൃഷ്ടിക്കുന്നതാണ്. മാംസ ഭോജികളായ അനേകം ജീവികളെ ദൈവം സൃഷ്ടിക്കുവാന് കാരണം മനുഷ്യരാണെന്നത് ഭക്ഷണശാസ്ത്രം എന്ന അദ്ധ്യായത്തില് വിവരിക്കുന്നുണ്ട്.
ഭൂമിയിലെ ഭൂരിപക്ഷം ജനങ്ങളും വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുമ്പോള്, ന്യൂനവസ്തുക്കള് 14.29% -ല് നിന്ന് ക്രമാനുഗതം ഉയരുകയും ഭൂമിയിലൊക്കെയും അധര്മ്മങ്ങള് പെരുകുകയും ചെയ്യുന്നു. എന്നാല് 17.43% എന്ന അളവില് മാത്രം വര്ദ്ധിക്കുമ്പോള്

ഇന്നുള്ളതുപോലെ പൈശാചികത്വം ഉണ്ടാകുമായിരുന്നില്ല. പൈ%-ല് നിന്ന് വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗപ്പെടുവാന് മുമ്പറഞ്ഞതുപോലെ ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച കാരണമായിട്ടുണ്ട്. ന്യൂനശക്തികള്.... തുടര്ച്ച എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ഇന്നുള്ള ന്യൂനവസ്തുക്കളുടെ വര്ദ്ധിച്ച അളവ് മായ പ്രത്യക്ഷമാക്കുന്നതോടെ, മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിന് റെ മഹാഭരണം ഏറ്റെടുക്കുന്നതോടെ അവസാനിക്കുന്നതും മഹാസുന്ദരമായ ജീവിതം ഉണ്ടാകുന്നതുമാണ്.

നിലവിലുള്ള വര്ദ്ധിതമായ 19.44%-നോട് അടുക്കുമ്പോള് ഇന്ന് കാണുകയും കേള്ക്കുകയും അനുഭവിക്കുകയും ചെയ്യുന്ന അധര് മ്മങ്ങള് ഭൂമിയിലൊക്കെയും പരക്കുന്നു. ന്യൂനവസ്തുക്കളിലൂടെ അഥവാ ന്യൂന ശക്തികളിലൂടെ സമൂഹത്തെ അഥവാ സമൂഹത്തിലെ വ്യക്തികളെ ധര്മ്മശാസ്ത്രപ്രകാരമല്ലാതെ വേദനിപ്പിക്കുന്ന/പീഡിപ്പിക്കുന്ന പൈശാചിക ശക്തികള് രൂപം കൊള്ളുന്നു. മേല്പടി ന്യൂനവസ്തുക്കള് അഥവാ വിരുദ്ധശക്തികള് അഥവാ പിശാച് മദ്യം, മയക്കുമരുന്ന്, വ്യഭിചാരം, അധിക സ്നേഹം, അധിക വാത്സല്യം, പണഭ്രാന്ത്, കീര്ത്തിഭ്രാന്ത്, അധാര്മ്മികമായ കളികള് (സ്പോര്ട്സ്), അധാര്മ്മികമായ മത-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥിതികള് തുടങ്ങിയവയിലൂടെ സമ്മേളിക്കുമ്പോള് സമൂഹത്തിന് അധാര്മ്മിക ഭാവ-രൂപങ്ങള് ഉണ്ടാകുന്നതാണ്. അതേ സമയം ന്യൂനവസ്തുക്കളിലെ 14.29% ജീവിതാവശ്യമാണെന്നതും, 3.14% മാത്രമാണ് പ്രശ്നകാരിയാവുന്നതെന്നും, 5.19% മാത്രമാണ് ഇന്നുള്ളതുപോലെ കടുത്ത പ്രശ്നകാരിയാവുന്നതെന്നും മനസ്സിലാക്കണം.

മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാനീതി-നിര്വ്വഹണത്തിന്റെ ഒരു ഭാഗമായിട്ട് കൊടുംപാപികളിലൂടെ പാപികളെ തിരുത്തുന്ന പദ്ധതികൂടി ഉണ്ടെന്ന് ഭീകരവാദത്തെ വിസ്തരിക്കുന്ന അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. ആത്മാവിനെ ബന്ധപ്പെടുത്തിയുള്ള ഒരു നീതിവശം കൂടി ഉണ്ട്. മനുഷ്യന്റെ ശരാശരി ആയുസ്സായി നിശ്ചയിച്ചിട്ടുള്ളതില് ഒരു വര്ഷം ശരീരം വിട്ടുള്ള ആത്മാവിന്റെ പ്രവര് ത്തനത്തെ സംബന്ധിച്ചുള്ളതാണ്. താന് ഉറ്റവരായി കരുതിയിരുന്നവരെ ശ്രദ്ധിക്കാനും ജീവിതകാര്യങ്ങളെ കുറേക്കൂടി മനസ്സിലാക്കാനും, ചിലരെ സഹായിക്കാനും, മറ്റു ചിലരെ ഉപദ്രവിക്കാനും ഭൗതിക ശരീരമില്ലാത്ത ജീവാത്മാവിന് പരിധികളോടെ പ്രവര്ത്തിക്കാന് സൗകര്യമൊരുക്കുന്ന ഒരു പദ്ധതിയാണത്. വാതക രൂപത്തോടെ ജീവാത്മാവ് പ്രവര് ത്തിക്കുന്ന കാലഘട്ടത്തെ സ്ഥിതിപരമായ വിധി പ്രകാരം ഒരു വര്

ഷത്തില് കുറയ്ക്കാനും കൂടുതലാക്കാനും പദ്ധതികളുണ്ട്. നല്ല ആത്മാക്കള്, പിശാചുകള് എന്നിങ്ങനെ വേര്തിരിവും ഉണ്ടാകുന്നുണ്ട്. കൊടുംപാപികളായി ജീവിച്ചവര്ക്ക് പാപം കുറയ്ക്കാനായിട്ട് ഒരു സന്ദര്ഭം ഒരുക്കുന്നുണ്ട്. ഭീകരവാദം പോലെയുള്ളവ ചെയ്യുന്ന ഒരു ചില മനുഷ്യരിലേക്ക് തിരുത്തല് ശക്തികളായി പ്രവേശിക്കുവാനും, അവരുടെ ശരീരത്തിന്റെ ഭാഗമായിരുന്നുകൊണ്ട്, പീഡന-ശിക്ഷകള് അനുഭവിക്കുവാനും, ആവിധത്തില് മുമ്പ് സമ്പാദിച്ച ശിക്ഷകളുടെ അളവു കുറയാനും സൗകര്യം ഒരുക്കുന്നുണ്ട്. സ്വന്തമായി ശരീരമില്ലാതെയും, വാതകരൂപത്തോടെയുമുള്ള ജീവാത്മാവിനെ, വാതകമായി മാത്രം ധരിച്ച് ഭൗതികശാസ്ത്ര പരീക്ഷണങ്ങള്ക്ക് ശാസ്ത്രജ്ഞര് വിധേയമാക്കുമ്പോഴും, ശിക്ഷകള് നേടാനും പാപം കുറയാനുമുള്ള സന്ദര്ഭം ജീവാത്മാവിന് ലഭിക്കുന്നുണ്ട്. വെളിപാട് പൂര്ണ്ണമായിട്ടില്ല...

ന്യൂനശക്തികള്ക്ക് പൈശാചികശക്തികളായി രൂപാന്തരമുണ്ടാകുന്നതിന് മാനുഷിക കാര്യങ്ങള്കൂടാതെ ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചതായ വിഷ്ണു എന്ന നാരായണന് ഉള്പ്പെടെയുള്ളവരും കാരണങ്ങളായിട്ടുണ്ട്. ആദ്യ മഹാകാലചക്രത്തില് മഹാപ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങള് കൈകാര്യം ചെയ്ത മാലാഖമാര്/ മലക്കുകള് /ദേവതമാര്, വര്ജ്ജ്യമായ മന്ത്രശാസ്ത്രത്തെ ന്യൂനശക്തികളുടെ പ്രവര്ത്തനത്തില് ഇടപെടുത്തുകയുണ്ടായി. വര്ജ്ജ്യമായ മന്ത്രശാസ്ത്രപ്രകാരം യക്ഷി, ഗന്ധര്വ്വന്, ഭൂതം, മാടന്, മറുത, കുട്ടിച്ചാത്തന് , ജിന്ന്, തുടങ്ങിയ ബഹുവിധ പേരുകളില് മരണശേഷമുള്ള ജീവാത്മാക്കള്ക്ക് മുകളിലെ ഖണ്ഡികയില് വ്യക്തമാക്കിയതുപോലെ താല്ക്കാലിക പരിണാമം ഉണ്ടായി. 14.29%-ല് കൂടുതലായുള്ള ന്യൂനവസ്തുക്കളുടെ അധികാരികളായി രൂപംകൊണ്ട മേല്പടി പിശാചുക്കളില് ഭൂരിപക്ഷവും പിന്വലിക്കപ്പെട്ടു കഴിഞ്ഞു എങ്കിലും ന്യൂനശക്തികള്/ന്യൂന വസ്തുക്കള് നിലനില്ക്കുകയാണ്. (പൈശാചികശക്തികളെപ്പറ്റി പരാമര്ശിച്ച കാലയളവില് മനുഷ്യജന്മത്തില് കഴിയുന്ന വിഷ്ണുവുമായി ബന്ധപ്പെട്ട ചില അത്ഭുതങ്ങള് നടക്കുകയുണ്ടായി. കേരളത്തിനു വെളിയില് കഴിയുന്ന അദ്ദേഹം 2008 നവംബര് 5, 7, 8 തീയതികളില് ആവക വിവരങ്ങള് ഈയുള്ളവനെ ടെലിഫോണിലൂടെ അറിയിക്കുകയുണ്ടായി. ഇവിടെ വിസ്തരിക്കുന്നില്ല.).

വൈകാതെ, ഭൂമിയില് മായ പ്രത്യക്ഷമാകുന്നതോടെ, മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ ഇസക്കാരുമായവര് മനുഷ്യരായി പരിണമിക്കുന്നതോടെയും, ധര്മ്മശാസ്ത്രപരമായ ജീവിതം

ആരംഭിക്കുന്നതോടെയും, വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു നിമിത്തം ഭൗതികമായി സൃഷ്ടിക്കപ്പെട്ട മേല്പടി പൈശാചിക-ന്യൂനശക്തികള് ഒരു അത്യുഗ്ര വിഷമായി കടലില് രൂപപ്പെടുന്നതും, സംഹാരം അന്ത്യത്തോടടുത്ത്, പുതിയ സൃഷ്ടിചക്രം ആരംഭിക്കുന്നതിനു മുമ്പായി, പ്രസ്തുത അത്യുഗ്ര വിഷത്തെ പാനം ചെയ്യുവാനും വിഷം കണ്ഠത്തില് ഉറയ്ക്കുവാനും പരമശിവനെ മഹാശക്തിയായ ദൈവം അനുഗ്രഹിക്കുന്നതും, വിഷപാനം ചെയ്യുന്ന പരമശിവന് നീലകണ്ഠനായി മാറുന്നതുമാണ്.
14.29% വരെയുള്ള ന്യൂനശക്തികളെ ഉന്നത ദൈവീക ശക്തികളായും, അതിനു മുകളില് പൈ-% കൂട്ടി ലഭിക്കുന്നതായ 17.43% വരെയുള്ള ന്യൂനശക്തികളെ തിരുത്തല് ശക്തികളായും, അഥവാ 17.43%നു മുകളില് 19.44% വരെയുള്ള ന്യൂനശക്തികളെ മനുഷ്യരുടെയും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെയും കടുത്ത അശാസ്ത്രീയ ജീവിതം അഥവാ ധര്മ്മശാസ്ത്രപരമല്ലാത്ത കടുത്ത ദുസ്വാതന്ത്ര്യങ്ങള് സൃഷ്ടിച്ച പൈശാചികശക്തികള് അഥവാ പിശാച് എന്നും വിളിക്കേണ്ടതുണ്ട്. പൈശാചികശക്തികളുടെ അധികാരികളായ അനേകരെയും പൈശാചിക ശക്തികളായി പരിണമിച്ച അനേകരെയും ദൈവങ്ങളായി കണക്കാക്കി പൂജകളും ആരാധനകളും നടത്തുന്ന അവസ്ഥ മതങ്ങളില് നിലനില്ക്കുന്നുണ്ട്. വിഷാണു, അയ്യപ്പന് തുടങ്ങിയവരെപ്പറ്റി മുമ്പ് സൂചിപ്പിക്കുകയുമുണ്ടായി.
സമൂഹത്തില് പിശാചുക്കള് അഥവാ പൈശാചികശക്തികള് ആരെയെല്ലാമാണ് മുഖ്യമായും പിടികൂടിയിട്ടുള്ളതെന്നും പിടികൂടുന്നതെന്നും കുറച്ചുകൂടി വിസ്തരിക്കാം. ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളില് മത-പുരോഹിതരും, മതനേതൃത്വങ്ങളും, രാഷ്ട്ര ഭരണാധികാരികളും ജഡ്ജിമാരുമൊക്കെയാണ് സമൂഹത്തിലെ കൊടും ഭീകരര് എന്നും അതെന്തുകൊണ്ടാണെന്നും വിശദീകരിച്ചിരുന്നു. ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവരിലാണ് പൈശാചികശക്തികള് കൂടുതലായും പ്രവര്ത്തിക്കുന്നത് എന്നര്ത്ഥം. അതില് ഒന്നാമത് മതനേതൃത്വങ്ങളും മത-ജാതി നേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും തന്നെയാണ്. ദൈവത്തെപ്പറ്റി അന്വേഷിച്ചവര് തങ്ങളുടെ അന്വേഷണങ്ങള്ക്കും, തങ്ങള് കണ്ടെത്തിയ ശരിയും തെറ്റും കലര്ന്ന ഏതാനും കാര്യങ്ങള്ക്ക് ദൈവത്തിന്റെ ശാസ്ത്രം അഥവാ ദൈവശാസ്ത്രം എന്നും സമ്പൂര്ണ്ണ ദൈവശാസ്ത്രം എന്നും കള്ളപ്പേരിട്ടു. ദൈവം സൃഷ്ടിച്ച മനുഷ്യരെ മതസ്ഥരും ജാതിസ്ഥരുമാക്കി, ഭൂമിയില് മനുഷ്യരില്ലാതാക്കി. ദൈവം,

എല്ലാ മനുഷ്യരും ഉള്പ്പെട്ട എല്ലാ ജീവികളെയും ദൈവത്തിന്റെയും പ്രതിനിധിയായ പരമശിവന്റെയും യജമാനരായി ഉയര്ത്തിയിരിക്കുകയാണ്. ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും യജമാനരാക്കാനാണ്, ദാസരാക്കാനല്ല.** ദൈവത്തിന്റെ പേരിലായാലും എന്തിന്റെ പേരിലായാലും തങ്ങള്ക്ക് തോന്നുമ്പോലെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിയമങ്ങളും ഉണ്ടാക്കുന്നത് പിശാചുക്കളുടെ പണിയാണ്. മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ ചെയ്തുപോരുന്നത് പിശാചുക്കളുടെ പണിതന്നെയാണ്. ചുവടെ മനുഷ്യര് നടത്തിപ്പോരുന്ന ദൈവനിന്ദയെപ്പറ്റിയുള്ള അദ്ധ്യായങ്ങളില് പ്രസ്തുത പിശാചുക്കളുടെ പ്രവര്ത്തനം വിശദീകരിച്ചിട്ടുണ്ട്. മഹാനീതിശാസ്ത്ര പ്രകാരം ചില കാലങ്ങളില് ചില പ്രദേശങ്ങളില് വളരെയധികം പാപങ്ങള് ചെയ്തവരെ മാത്രമായി പുനര് ജ്ജനിപ്പിക്കുന്നതും അവര്ക്കായി ശിക്ഷാപദ്ധതികള് ഒരുക്കുകയും ചെയ്യുന്നുണ്ട്. പുണ്യം കൂടുതല് ചെയ്തവര്ക്കായുള്ള മേഖല, അഹംഭാവം കൂടുതലുള്ളവര്ക്കായുള്ള മേഖല എന്നിങ്ങനെയുള്ള തിരിവുകള് ചില പ്രദേശങ്ങളില് സ്ഥിരമായും ചിലേടങ്ങളില് താല്ക്കാലികമായും മഹാനീതിശാസ്ത്ര പ്രകാരം ഒരുക്കുന്നുണ്ട്. മനുഷ്യരെ അന്യോന്യം കൂടുതല് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവര്ക്കായി നിശ്ചയിച്ചിട്ടുള്ള മേഖലയാണ് തമിഴ്നാട്. തമിഴ്നാട്ടിലുള്ളവരെല്ലാം ഏറ്റവും യോഗ്യരെന്നോ നല്ലവരെന്നോ അല്ല അതിന്നര്ത്ഥം. ജന്മങ്ങളുടെ എണ്ണവും പുണ്യവും പ്രകാരം ദൈവം ഏറ്റവും കൂടുതല് സ്നേഹിക്കുന്നവരുടെയും, ഏറ്റവും കൂടുതല് അഹംഭാവം ഉള്ളവരുടെയും മേഖലയാണ് കേരളം. ആവക കാര്യങ്ങള് ഗ്രന്ഥത്തിലെ 2, 3, 4 ഭാഗങ്ങളില് കൂടുതല് വിശദീകരിച്ചിട്ടുണ്ട്. പൈശാചിക ന്യൂന വസ്തുക്കള് ഏതൊക്കെയെന്നു തിരിച്ചറിച്ചറിയാനാവുമോ എന്നും തിരിച്ചറിഞ്ഞ് നശിപ്പിച്ചാല് സമൂഹം ശുദ്ധമാവുമോ എന്നും നോക്കാം. ജീവാത്മാവിന്റെ പ്രവര്ത്തനവുമായി അഥവാ നന്മതിന്മകളുമായി അഥവാ വ്യക്തിസ്വാതന്ത്ര്യ ദുരുപയോഗവുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്നവയാണ് പൈശാചിക ന്യൂന വസ്തുക്കള് എന്നതുകൊണ്ട് ജീവാത്മാവിനുമേല് നടപ്പാക്കേണ്ടതായ മഹാനീതിശാസ്ത്രവുമായിക്കൂടി ബന്ധപ്പെട്ടിരിക്കുന്നു. മഹാനീതി ശാസ്ത്രം നടപ്പാക്കേണ്ടതും നടപ്പാക്കുന്നതും മഹാനീതിപതിയായ ദൈവമാകയാല്, മാനുഷിക നിയന്ത്രണ പരിധിയില് വരുന്നില്ല. ചുവടെ ഓക്സിജനെപ്പറ്റി പറയുമ്പോള്, നിഗൂഢമല്ലാത്ത ഓക്സിജന്റെ പ്രവര്ത്തനങ്ങളെ

നിയന്ത്രിക്കുവാന് മനുഷ്യന് കഴിയില്ല എന്ന് സുവ്യക്തമാക്കുന്നുണ്ട്. അതുപോലെയാണ് പൈശാചിക ന്യൂന വസ്തുക്കളെയും സൃഷ്ടിപരമായ വിധിയെയും ജന്മഗുണങ്ങളെയും ജീവാത്മാവിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള മഹാനീതിശാസ്ത്ര പ്രവര്ത്തനങ്ങള് നടക്കുന്നത്. കാര്ബണുമായും, അന്തരീക്ഷത്തിലെ അപൂര്വ്വ വാതകങ്ങളുമായും ഒക്കെ അതിനു ബന്ധമുണ്ട്. പൈശാചികമായ ന്യൂനവസ്തുക്കളെ പിന്വലിക്കുന്നതിനെപ്പറ്റി ഗ്രന്ഥത്തിലെ മഹാകാര്യങ്ങള് വിവരിക്കാനായി മാത്രമുള്ള 3-ാം ഭാഗത്തിലെ ന്യൂനശക്തികള്.... തുടര്ച്ച എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

** ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാകാര്യങ്ങള് പഠിക്കുമ്പോള്, ദൈവം എല്ലാ കുഞ്ഞുങ്ങളെയും മിടുക്കരും യജമാനരുമാക്കാനാണ് പ്രവര്ത്തിക്കുന്നതെന്നും ബോദ്ധ്യമാകുന്നതാണ്. താന് നല്കിയാല് മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന തന്റെ കുഞ്ഞുങ്ങളോട് മഹാശക്തിയായ ദൈവത്തിന് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ദൈവം പരമശിവന് മഹാശാസ്ത്രവും മഹാശക്തികളും അനുഗ്രഹിച്ചു നല്കുമ്പോള്, മഹാപ്രപഞ്ചകാര്യങ്ങള് ബോദ്ധ്യമാകുന്ന ദൈവത്തിന്റെ പ്രതിനിധിയായ പരമശിവന്, അദ്ദേഹത്തിന്റെ കൂടി കുഞ്ഞുങ്ങളായ ജീവികളോട് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ഉദാഹരണത്തിന്, ഗാന്ധിയുടെ കൈയ്യില് ഭൂമിയിലൊക്കെയുമുള്ള അണുബോംബുകളും മാരകായുധങ്ങളും ലഭിച്ചാല് യാതൊരാള്ക്കും യാതൊരു അപകടവും ഉണ്ടാക്കാതെ അണുബോംബുകളെയും മാരകായുധങ്ങളെയും എങ്ങനെ നിര്വ്വീര്യമാക്കാം എന്നായിരിക്കും ചിന്തിക്കുക. ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികള് മായാശക്തികളെ ദുരുപയോഗം ചെയ്യാതിരിക്കാന് കൂടിയാണ് മായാശക്തികളെ മഹാശാസ്ത്രനിയമങ്ങളാക്കുകയും അവയുടെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും. എന്നാല് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ദുര്ഗ്ഗയും, നാരായണനും വ്യക്തിസ്വാതന്ത്ര്യത്തെയും പ്രത്യേക ചുമതലകള്ക്കായി നല്കിയ ശക്തികളെയും ദുരുപയോഗം ചെയ്യാനും സ്വയം ദൈവമാകാനും ഒക്കെ ശ്രമിച്ച് കടുത്ത പാപം ചെയ്യുകയുണ്ടായി : ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും

അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങള്ക്കും അവയെ ഉറപ്പുവരുത്തുവാന് ധര്മ്മശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തില്, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാന് മഹാശക്തിയും മഹാപിതാവും മഹാമാതാവും കൂടിയായ ദൈവം അനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും കീര്ത്തികളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്. മഹത്വം ദൈവത്തിനു മാത്രം.

അദ്ധ്യായം 22

സത്യരൂപം = വാതകരൂപം, ധര്മ്മരൂപം = ദ്രാവകരൂപം, നീതിരൂപം= ഖരരൂപം

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെയും ജീവികളുടെയും ഭൗതിക ഘടനയ്ക്ക് മുഖ്യമായും 3 അവസ്ഥകളാണുള്ളത് : വാതകം, ദ്രാവകം, ഖരം. വസ്തുക്കളുടെ നാലാമത്തെ അവസ്ഥയായി മനസ്സിലാക്കുന്ന പ്ലാസ്മ, വസ്തുക്കളിലെ ശക്തികളുടെ രൂപഭാവങ്ങളുടെ ഘടനയുമായും വാതകരൂപവുമായും ബന്ധപ്പെട്ടിരിക്കുന്നു. പ്ലാസ്മ പോലെയുള്ള അതിസൂക്ഷ്മ കാര്യങ്ങള് ദൈവം വൈകാതെ വെളിപ്പെടുത്തുമെന്ന് ഈയുള്ളവന് അറിയിച്ചുകൊള്ളുന്നു. വാതകം /വായു സത്യത്തെയും ശക്തിയെയും പ്രതിനിധീകരിക്കുന്നു. ആദിയും അന്തവുമില്ലാത്ത ശക്തിയുടെ ഗൂഢാവസ്ഥയും അദൃശ്യരൂപവും അനന്തരൂപവും വായുവിനുണ്ട് എന്നത് ശക്തിയും സത്യവും അനന്തമാണെന്നതിനെ സാധൂകരിക്കുന്നു. ഭൂമിയിലെ വായുവിനെയും വെള്ളത്തെയും മാറ്റിനിര്ത്തി കരയെ മാത്രം കണക്കാക്കുകയും ഭൂമി ഉള്പ്പെടെ ഖരാവസ്ഥയിലുള്ള ഏതൊന്നിനും നിശ്ചിതരൂപമുണ്ടെന്നു വാദിക്കുകയും ചെയ്യുമ്പോള്, ഭൂമിയുടെ അന്തരീക്ഷത്തിലുള്ള വായുവിനെപ്പറ്റി ഏകദേശ ധാരണയുണ്ടെന്നല്ലാതെ കൃത്യമായി മനുഷ്യന് അറിയില്ല. ഒരു ടയറിലോ സിലിണ്ടറിലോ എത്ര വായു ഉണ്ടെന്ന് സാധാരണഗതിയില് പറയാനും അറിയാനുമാവില്ല ; മാത്രമല്ല ഉന്നതമായ മര്ദ്ദത്തില് ടയറിലും സിലിണ്ടറിലും (ഏതൊരു പാത്രത്തിലും) വീണ്ടും വീണ്ടും വായു നിറയ്ക്കാന് കഴിയുമ്പോള്, വായുവിന്റെ അഥവാ സത്യത്തിന്റെ അഥവാ ശക്തിയുടെ അനന്തതാ സ്വഭാവം പ്രകടമാവുകയാണ്. വണ്ടിച്ചക്രങ്ങളില് കാറ്റുനിറയ്ക്കുന്നത് നിത്യവും പരിചയിക്കുന്ന മനുഷ്യര്ക്ക് അറിയാവുന്ന കാര്യമാണത്. അനന്തമെന്നോണം വായു

നിറയ്ക്കാനാകുമെങ്കിലും, ദ്രാവകമോ ഖരവസ്തുവോ അനന്തമായി നിറയ്ക്കാനാവില്ല, നിശ്ചിത അളവോടെയേ കഴിയൂ. വായുവിന്റെ അഥവാ ശക്തിയുടെ കാര്യം വായു അഥവാ ശക്തി നിശ്ചയിക്കുന്നു എന്ന അവസ്ഥയാണത്.
വായുവിന്റെ രൂപം കാണാനാവുന്നില്ല, നിശ്ചിതരൂപമില്ല. വായുവിന്റെ ശക്തികളെ അനന്തമെന്നു വിശേഷിപ്പിക്കേണ്ടതുണ്ട്.
അന്തരീക്ഷത്തിലെ ഊഷ്മാവിന്റെ വ്യത്യാസമനുസരിച്ചും ഭൂമിയിലെ ആവശ്യങ്ങളനുസരിച്ചും ഒക്കെ വായുവിന് സഞ്ചാരമുണ്ടാകുന്നതും കാറ്റടിക്കുന്നതുമൊക്കെ മനുഷ്യര് അനുഭവിച്ചറിയുന്നു എന്നല്ലാതെ അവയെല്ലാം നടക്കുന്നത് മനുഷ്യന്റെ സമ്മതപ്രകാരമോ ഇഷ്ടങ്ങള് നോക്കിയോ അല്ല. കാണാന് കഴിയാത്ത വായുവിന്റെ സാന്നിദ്ധ്യം മനുഷ്യര്ക്ക് അറിയാം, വൈദ്യുതി പ്രവര്ത്തിക്കുമ്പോലെയാണത്.
വായു പ്രവര്ത്തിക്കുന്നത് വായുവിന്റെ ഇഷ്ടപ്രകാരമാണ്, അഥവാ വായുവിലെ ഒരു ഘടകമായ ഓക്സിജന്റെ നിയന്ത്രണത്തോടെയാണ്.
വാതകമായും ദ്രാവകമായും ഖരമായും രൂപമെടുത്തിട്ടുള്ളത് മഹാശക്തി തന്നെയാകയാല് വാതകരൂപത്തിന് ശക്തിരൂപം എന്നതിനു പകരം സത്യരൂപം എന്നു പേരിട്ടിരിക്കുന്നു. ദൈവത്തിന്റെ ഭാവങ്ങളായ സത്യ-ധര്മ്മ-നീതികളെ പ്രവര്ത്തിപ്പിക്കുന്നത് വാതകരൂപത്തില് ഓക്സിജനും, ദ്രാവകരൂപത്തില് വെള്ളവും, ഖരരൂപത്തില് മണ്ണുമാണ് (ഭൂമി). മഹാശാസ്ത്രപ്രകാരം ഓക്സിജന് പ്രവര്ത്തിക്കുന്നത്, വ്യക്തിസ്വാതന്ത്ര്യത്തെ അനുവദിച്ചുകൊണ്ടാണ്. ദൈവത്തിന്റെ വാതക-ദ്രാവക-ഖര രൂപങ്ങളുടെ ധര്മ്മങ്ങളും, മനുഷ്യരുടെ ഉപയോഗങ്ങളും എപ്പോഴും ദൈവത്തെപ്പോലെ അനന്തമാണ്.
ഊഷ്മാവ്, മര്ദ്ദം, എന്നിവയുടെ വ്യത്യാസങ്ങള്കൊണ്ട് വസ്തുക്കള്ക്കുണ്ടാകുന്ന വ്യത്യാസങ്ങളും ധര്മ്മശാസ്ത്രവുമായും നീതിശാസ്ത്രവുമായും ബന്ധപ്പെട്ടിരിക്കുന്നു.
ഖരവും ദ്രാവകവും വാതകവും പ്ലാസ്മയും മഹാപ്രപഞ്ചത്തിലെ ജീവജാലങ്ങളുടയെല്ലാം ഭാവങ്ങളും രൂപങ്ങളുമായി മാറുമ്പോഴും, വാതകാവസ്ഥയും വാതകാവസ്ഥയുടെ ഒരു ഭാഗമെന്ന് തല്ക്കാലം വിശേഷിപ്പിക്കാവുന്ന പ്ലാസ്മയും മാത്രമാണ് ശക്തിരൂപമാകുന്നത്. അതായത് ജീവികള്ക്കും വസ്തുക്കള്ക്കും ശക്തി നല്കുന്നതും അവയെ എല്ലാം പ്രവര്ത്തിപ്പിക്കുന്നതും വാതകരൂപത്തിലുള്ള ശക്തിയാണ്. വായുവിന്റെ സാന്നിദ്ധ്യം ഖര-ദ്രാവക വസ്തുക്കളുടെ പ്രവര്ത്തനത്തിന് ആവശ്യമുണ്ട്. റേഡിയോ, ടെലിവിഷന്, ടെലിഫോണ് തുടങ്ങിയവയുടെ പ്രവര്ത്തനങ്ങളെ മേല്പ്പടി വാതക-ശക്തികളുമായി ബന്ധപ്പെടുത്തുമ്പോള്, വാതകങ്ങളെല്ലാം അവയില് സ്ഥാപിച്ചിട്ടുള്ള

ശാസ്ത്രങ്ങളും ശക്തികളും പ്രകാരം ഓരോരോ ധര്മ്മങ്ങള് ചെയ്യുകയാണെന്ന് മനസ്സിലാകുന്നതാണ്. അതായത് വായുവിലെ ഓരോ ഘടകവും, അഥവാ ഓരോ വാതകവും വ്യത്യസ്ത ഗുണങ്ങള് പുലര്ത്തുന്നു എന്നു പറയുമ്പോള്, അവയെല്ലാം ഓരോരോ ശക്തികളാണ്, ഓരോരോ ധര്മ്മങ്ങള് അവയ്ക്കുണ്ട് എന്നാണു മനസ്സിലാക്കേണ്ടത്.
ഓരോ വസ്തുവിനും/മൂലകത്തിനും/സംയുക്തത്തിനും ഗുണങ്ങള് അഥവാ ശക്തികള് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്, അവയിലെ ശക്തികള് പ്രവര്ത്തിക്കേണ്ടത് എങ്ങനെയെല്ലാമെന്ന് നിശ്ചയിക്കുന്ന ശാസ്ത്രനിയമങ്ങള് അവയില് സ്ഥാപിക്കപ്പെട്ടിട്ടുമുണ്ട്. ധര്മ്മശാസ്ത്രമാണത്. ധര്മ്മങ്ങളും ശാസ്ത്രങ്ങളും ഉള്ളടക്കംചെയ്തിട്ടുള്ള വസ്തുക്കളിന്മേല് ജീവികള് പ്രവര്ത്തിക്കുമ്പോള് ജീവിയുടെ ആത്മാവിന്റെ അഥവാ വ്യക്തിയുടെ ധര്മ്മങ്ങള് കൂട്ടിയിണക്കപ്പെടുന്നു. വ്യക്തിയെ സംബന്ധിച്ച് ധര്മ്മം എന്ന പദം വ്യക്തിയുടെ കര്മ്മവും കര്മ്മപദ്ധതിയും ചേര്ന്നതാണ്. കര്മ്മപദ്ധതി എന്നു പറയുമ്പോള് കര്മ്മം ചെയ്യേണ്ടതെങ്ങനെയെന്ന് നിശ്ചയിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങളെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രവൃത്തിക്കു മുമ്പ് പ്രവൃത്തിയുടെ ഉദ്ദേശവും പ്രവര്ത്തനരീതിയും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. വസ്തുക്കളിലെ ധര്മ്മവും, വ്യക്തിയുടെ (ജീവാത്മാവിന്റെ) ധര്മ്മവും പരസ്പരം യോജിച്ച് പ്രവര്ത്തിക്കുമ്പോള് വ്യക്തിക്കും (സമൂഹത്തിനും) ആനന്ദം വര്ദ്ധിക്കുന്നു. മറിച്ചാവുമ്പോള്, വ്യക്തിക്കും സമൂഹത്തിനും ആനന്ദം കുറയുന്നു. ജീവിതാനന്ദത്തെ അഥവാ ധര്മ്മത്തെ സത്യമാക്കുന്നത് അഥവാ യാഥാര്ത്ഥ്യമാക്കുന്നത് ശക്തിയാണ്, വായുവാണ്; എന്നാല് കര്മ്മവും ആനന്ദവും എന്ന ഉല്പന്നത്തെ അഥവാ ധര്മ്മത്തെ വഹിക്കുന്ന മാധ്യമം ധര്മ്മത്തിന്റെ രൂപമായ ദ്രാവകമാണ്, ജലമാണ്.
ദ്രാവകത്തിന് നിശ്ചിത രൂപമില്ലെങ്കിലും, സ്ഥിതിചെയ്യുന്ന പാത്രത്തിന്റെ രൂപം സ്വീകരിക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തെ കുറിക്കുന്നു. പാത്രത്തിന്റെ നിശ്ചിത അളവിലുള്ള ദ്രാവകം മാത്രമേ നിറയ്ക്കാനാവൂ എന്നത് ധര്മ്മത്തിന് പരിധികള് കല്പിക്കുന്നു. ഉയരത്തില്നിന്ന് താഴോട്ട് ദ്രാവകം ഒഴുകുമ്പോള്, ഭൂമിയുടെ അഥവാ ദൈവത്തിന്റെ നിയന്ത്രണത്തെ കുറിക്കുന്നു. ഭൂഗുരുത്വാകര്ഷണം എന്ന് മനുഷ്യര് പേരിടുമ്പോള്, ദൈവത്തിന് ജീവികളോടും വസ്തുക്കളോടുമുള്ള സ്നേഹ നിയന്ത്രണങ്ങള് കൂടിയാണത്. ബാഹ്യ മര്ദ്ദങ്ങള്ക്ക് ഒഴുക്കിനെ നിയന്ത്രിക്കാനാവുമെന്നതും നല്ലതും മോശവുമായ വ്യക്തിസ്വാതന്ത്ര്യത്തെ കുറിക്കുന്നു. ഓക്സിജന് അടങ്ങിയിട്ടുള്ള ജലം

തന്നെയാണ് മഹാപ്രപഞ്ചത്തിലെ മുഖ്യ ദ്രാവകം. എല്ലാ ജീവികള്ക്കും പ്രവര്ത്തിക്കാനാകുന്നത് അഥവാ ധര്മ്മം ചെയ്യാനാവുന്നത് ജലം അവയില് പ്രവര്ത്തിക്കുമ്പോള് മാത്രമാണ്. രോഗാണുക്കള്, വൈറസ്സുകള് തുടങ്ങിയ സൂക്ഷ്മജീവികള് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കുവേണ്ടിയുള്ള മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ടുള്ള പ്രത്യേക സൃഷ്ടിയാണ്, അവയെ ജീവികളായി കണക്കാക്കേണ്ടതില്ല, ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് ശാസ്ത്രവിശദീകരണമുണ്ട്.

ഖരാവസ്ഥയ്ക്ക് നിശ്ചിത രൂപമുണ്ട്. നീതി നിശ്ചിതമാണെന്നതിനെ കുറിയ്ക്കുന്നു. ജീവി ശരീരം കാലാകാലം രൂപപ്പെടുന്നത് ഖരാവസ്ഥയെ പ്രതിഫലിപ്പിച്ചാണ്. മണ്ണ് തന്നെയാണ് ശരീരമായിരിക്കുന്നത്. മണ്ണിലെ മൂലകങ്ങള് തന്നെയാണ് ശരീരത്തിലും മഹാപ്രപഞ്ചത്തിലുമുള്ളത്. തെങ്ങില്നിന്ന് തേങ്ങ മേലോട്ടു പോവുകയോ തെങ്ങില്തന്നെ നില്ക്കുകയോ ചെയ്യാതെ ഭൂമിയിലേക്ക് വീഴുന്നതിനെ ഭൂഗുരുത്വാകര്ഷണം എന്ന് മനുഷ്യര് പേരിടുമ്പോള്, ദൈവത്തിന് ജീവികളോടും വസ്തുക്കളോടുമുള്ള മഹാസ്നേഹത്തിന്റെ ഭാഗങ്ങളായി മനസ്സിലാക്കാന് മനുഷ്യന് കഴിയണം. മനുഷ്യരെയും മറ്റുള്ള ജീവികളെയും കെട്ടിടങ്ങളെയും വസ്തുക്കളെയും പുഴകളെയും മലകളെയും സമുദ്രങ്ങളെയും എല്ലാം വഹിക്കുന്ന ഭൂമിയെയും, ചന്ദ്രനെയും, സൂര്യനെയും, നക്ഷത്രങ്ങളെയും ആകാശത്തില് താങ്ങിനിര്ത്തുന്നതും, ആകാശത്തെ കുടപോലെ അര്ദ്ധഗോളാവസ്ഥയില് സൃഷ്ടിച്ചിട്ടുള്ളതും വലുതാക്കിക്കൊണ്ടിരിക്കുന്നതും മഹാശക്തിയുടെ മഹാസ്നേഹമാണ്. മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിട്ടുള്ളത് മഹാശക്തിയാണ് എന്നിങ്ങനെ മനസ്സിലാക്കുമ്പോള് മനുഷ്യന് ദൈവത്തോട് കൂടുതല് അടുക്കുന്നതാണ്. ആവക കാര്യങ്ങളില് ശാസ്ത്രപരമല്ലാത്ത ഇന്നത്തെ മതങ്ങളെ കൂട്ടിക്കലര്ത്തുമ്പോള് മനുഷ്യരില് അധമത്വം വര്ദ്ധിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ വാതകരൂപമാണ് (പരിശുദ്ധാത്മാവായ) ഓക്സിജനെന്നും ദ്രാവകരൂപമാണ് ജലമെന്നും ഖരരൂപമാണ് ഭൂമിയെന്നും വിസ്തരിച്ചുവല്ലോ.

മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തികളുടെ അംശങ്ങള് തന്നെയാണ് ജീവികളുടെ ജീവിതത്തില് വിഭാവനചെയ്തിട്ടുള്ളത്. മഹാശക്തിയായ ദൈവം ഒരു ജീവിയല്ലെങ്കിലും ജീവിയെപ്പോലെ തോന്നിക്കുന്നത് അതുകൊണ്ടാണ്. ആകയാല് ദൈവത്തെപ്പോലെ എല്ലാ ജീവികള്ക്കും വാതക-ദ്രാവക-ഖര അവസ്ഥകളുണ്ട്. മാത്രമല്ല,

ദൈവത്തിന്റെ വാതക-ദ്രാവക-ഖര അവസ്ഥകള് ജീവികളുടെ വാതക-ദ്രാവക-ഖര അവസ്ഥകളുമായി സദാ ചേര്ന്നു പ്രവര്ത്തിക്കുന്നുണ്ട്. ജീവിയുടെ വാതകരൂപം കൂടിയാണ് ജീവാത്മാവ് എന്നറിയപ്പെടുന്നത്. ജീവികളുടെയെല്ലാം അഥവാ വ്യക്തികളുടെയെല്ലാം ജീവാത്മാവ് വാതകമായ ഹൈഡ്രജനുമായും ഹീലിയവുമായും ബന്ധപ്പെട്ടിരിക്കുന്നു. മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് ജീവാത്മാവിനെപ്പറ്റി വളരെയധികം വിശദീകരിച്ചിരുന്നു. ജീവാത്മാവിനെ സത്യമാക്കുമ്പോള്, അഥവാ സൃഷ്ടിക്കുമ്പോള്, ജീവാത്മാവിന് വ്യക്തിസ്വാതന്ത്ര്യം നല് കണമെങ്കില് ജീവാത്മാവിനെ സത്യാവസ്ഥയില് നിന്നും ധര് മ്മാവസ്ഥയിലേക്ക് നയിക്കണം. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്, ജീവിയുടെ വാതകരൂപത്തിനുമേല് നീതി നടപ്പാക്കുന്നതും നിയന്ത്രിക്കുന്നതുമായ കാര്യങ്ങളാണ് അടുത്ത ഘട്ടങ്ങള്. ധര്മ്മത്തിന് റെ രൂപം ദ്രാവകത്തിന്റേതാണ്. വ്യക്തിക്ക് നന്മ ചെയ്യാനും തിന്മചെയ്യാനും സ്വാതന്ത്ര്യമുള്ളതുപോലെയും, ദ്രാവകം സ്ഥിതിചെയ്യുന്ന പാത്രത്തിന്റെ രൂപം സ്വീകരിക്കുന്നപോലെയും വാതക അവസ്ഥയിലുള്ള ജീവാത്മാവിനെ ദ്രാവക അവസ്ഥയുമായി ബന്ധിപ്പിച്ചുകൊണ്ടിരിക്കും. ദൈവത്തിന്റെ ദ്രാവകരൂപമായ ജലം മുഖ്യഘടകമായിട്ടുള്ള മനുഷ്യരിലെ രക്തം എന്ന ദ്രാവകത്തിലൂടെ ജീവഘടകങ്ങള് ശരീരത്തില് മുഴുവനും വ്യാപിക്കുകയും, ദൈവത്തിന് റെ പരിശുദ്ധാത്മാവായ ഓക്സിജന് അഥവാ വാതകരൂപമായ ഓക്സിജന്, ജീവാത്മാവിനെ രക്തവുമായി (ലയിക്കാതെയും ലയിച്ചെന്നപോലെ) പ്രവര്ത്തിപ്പിക്കുകയും ചെയ്യുന്നു. അതായത് മനുഷ്യജീവിയുടെ ദ്രാവകരൂപമാണ് രക്തം; രക്തത്തിലൂടെയാണ് ജീവാത്മാവ് ശരീരത്തിന്റെ എല്ലാ കോശങ്ങളിലും എത്തുന്നത്. ആനന്ദ അനുഭവങ്ങളും കര്മ്മങ്ങളും മനുഷ്യന് പ്രദാനം ചെയ്യുന്നത് രക്തത്തിലൂടെയാണ്. (ദൈവത്തിന്റെ മഹാ-അനുഗ്രഹത്തോടെ, വൈകാതെ കൂടുതല് വിശദീകരിക്കുന്നതാണ്.).

ജീവിയുടെ അഥവാ വ്യക്തിയുടെ ഖര രൂപമാണ് ശരീരം. ദൈവത്തിന്റെ ഖരരൂപമായ ഭൂമിയിലെ മൂലകങ്ങളും സംയുക്തങ്ങളുമൊക്കെത്തന്നെയാണ് മനുഷ്യശരീരത്തിലുമുള്ളത്. ജീവാത്മാവിന് ജീവിക്കുവാനുള്ള ശരീരം നല്കുക, ജീവാത്മാവിന്റെ മേല് രക്ഷയും ശിക്ഷയും ഉള്പ്പെട്ട മഹാനീതി നടപ്പാക്കുക, എന്നിവയാണ് ശരീരത്തിന്റെ ഉപയോഗം എന്നതുകൊണ്ട് ജീവാത്മാവ് പ്രവര്ത്തിക്കാത്ത (മൃത)ശരീരത്തിനുമേല് ജീവാത്മാവിന് അഥവാ വ്യക്തിക്ക് യാതൊരു കാര്യവുമില്ല. മനുഷ്യജീവിയുടെ വാതകരൂപമായ

ജീവാത്മാവിനോ, ദ്രാവകരൂപമായ രക്തത്തിനോ പ്രവര്ത്തിക്കാന് കഴിയാത്തതായ ശരീരം (മൃതശരീരം) , ജീവാത്മാവിനെ ശരീരത്തില് നിന്നും പിന്വലിക്കുന്നതോടെ ദൈവത്തിന്റെ ഖര-രൂപമായ ഭൂമിയുടെ ഒരു ഭാഗമായി വീണ്ടും പരിണമിക്കുന്നു. മണ്ണാകുന്നു. മണ്ണ് അഥവാ ഭൂമി എല്ലാ ജീവികള്ക്കും ആവശ്യമായ ശരീരം പ്രദാനംചെയ്യുന്ന മഹാശക്തിയായ ദൈവത്തിന്റെ മഹാശരീരമാണ്. മനുഷ്യാ, നീ മണ്ണില് നിന്നും അടിഞ്ഞതാണ്, നിന്റെ ശരീരം മണ്ണില്നിന്നും സൃഷ്ടിക്കപ്പെട്ടതാണ് അഥവാ നിന്നെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണാണ്, നീ അഥവാ നിന്റെ ശരീരം വീണ്ടും മണ്ണടിയുന്നതാണ്. മണ്ണടി. മണ്ണടി ശരണം എന്ന ദൈവീകമായ ശരണംവിളിയുടെ വിശദീകരണം ഗ്രന്ഥത്തിലെ 2-ഉം 3-ഉം ഭാഗങ്ങളിലുണ്ട്.

ജീവിയുടെ ശരീരത്തില് മുഴുവനും വാതകരൂപത്തില് വ്യാപിച്ചുനില് ക്കുകയാല് ജീവാത്മാവിന്റെ രൂപം ജീവിയുടെ ശരീരത്തിന്റേതു തന്നെയാണ്, എന്നാല് അദൃശ്യ വാതകരൂപമായതിനാല് ജീവാത്മാവ് അദൃശ്യമാണ്. ജീവാത്മാവ് എന്ന വാതകരൂപത്തെ മാറ്റിവെച്ച്, ജീവിയായിരിക്കുന്ന വ്യക്തിയുടെ ശരീരത്തെ ജീവിയുടെ ഖരരൂപമായി മനസ്സിലാക്കുമ്പോള് ആത്മാവിന്റെ രൂപം അന്വേഷിച്ച് അലയേണ്ടതില്ല. ജീവാത്മാവ് ശരീരത്തില് പ്രവേശിക്കുന്നതും സ്ഥിതിചെയ്യുന്നതും ശരീരം ഉപേക്ഷിക്കുന്നതുമൊക്കെ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന്റെ നിയന്ത്രണത്തിലാണ്, ജീവാത്മാവിനെ കേള്ക്കാനും സാധാരണ നേത്രങ്ങള്കൊണ്ട് കാണാനും കഴിയുമെന്നു വന്നാല് മനുഷ്യജീവിതം താറുമാറാവുന്നതാണെന്ന് മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു.

ഖരം, ദ്രാവകം, വാതകം എന്നിവയെപ്പറ്റി കൂടുതല് വിസ്തരിക്കുവാന് ദൈവം യഥാകാലം മഹാഅനുഗ്രഹിക്കുന്നതാണെന്നു കുറിച്ചുകൊണ്ട്, വിഷയം ചുരുക്കുന്നു.

(മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം ംംംം.ീാമെവ്യമാ.രീാ വെബ്സൈറ്റിലൂടെയും, മൊബൈല് ഫോണിലൂടെയുമൊക്കെ മഹാഗ്രന്ഥം മഹാപ്രചരിക്കുമെങ്കിലും, മഹാഗ്രന്ഥത്തെ അച്ചടിച്ച് പ്രസിദ്ധീകരിക്കുമെന്ന് ഗ്രന്ഥകാരന് കരുതുന്നില്ല. മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ 2015 ഒക്ടോബര് മാസത്തിലാണ് മഹാഗ്രന്ഥത്തിന്റെ 10-ാം ഭാഗത്തോട് കൂട്ടിച്ചേര്ക്കുന്നത്. മഹാഗ്രന്ഥത്തിന്റെ നിരവധി അദ്ധ്യായങ്ങളില് മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ ഭാഗികമായി ഉള് പ്പെടുത്തിക്കൊണ്ടുള്ള തിരുത്തലുകളും പരിഷ്ക്കാരങ്ങളും ഭാവിയില്

ചെയ്യേണ്ടതാണ് / ചെയ്യുന്നതാണ്.... പരമശിവന് / 2015 ഒക്ടോബര് 16.)

അദ്ധ്യായം 23

ഓക്സിജന് = ദൈവത്തിന്റെ വാതകരൂപം / സത്യരൂപം

ഓക്സിജന് ദൈവത്തിന്റെ വാതകരൂപമാണ് അഥവാ സത്യരൂപമാണ്. ജലം ദൈവത്തിന്റെ ദ്രാവക രൂപമാണ് അഥവാ ധര്മ്മരൂപമാണ്. മണ്ണ് ദൈവത്തിന്റെ ഖര രൂപമാണ് അഥവാ നീതിരൂപമാണ്. അതില് ഓക്സിജനെപ്പറ്റി മാത്രം ഈ അദ്ധ്യായത്തില് വിവരിക്കുകയാണ്. ഏറെക്കുറെ 100 മൂലകങ്ങള് പ്രപഞ്ചത്തില് കണ്ടെത്തിയിട്ടുള്ള മനുഷ്യര്, അവയിലൊരു മൂലകമായി ഓക്സിജനെയും കണക്കാക്കിയിരിക്കുകയാണ്. മൂലകങ്ങളുടെ അടിസ്ഥാനപരമായ എണ്ണം കൃത്യമായും 100 ആണെന്നതും, അതെങ്ങനെ വ്യത്യാസപ്പെടുന്നു എന്നതും, ദൈവം പരമാണുക്കളെയും, കണികകളെയും, മൂലകങ്ങളെയും, സംയുക്തങ്ങളെയും സൃഷ്ടിക്കുന്നത് എങ്ങനെയെന്നതും ഓം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ദൈവം, മഹാശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തില് സൃഷ്ടിച്ചിട്ടുള്ളവയെ ദൈവത്തിനു ബന്ധമില്ലാത്ത കാര്യങ്ങളെന്ന പോലെ കണക്കാക്കുകയും പ്രകൃതിയിലെ മൂലകങ്ങളെന്ന് മനുഷ്യര് പേരിടുകയും ചെയ്യുന്ന ദൈവനിന്ദാപരമായ അവസ്ഥ ഇന്നുണ്ട്. നിലവിലുള്ള അജ്ഞാനം കൊണ്ട് എങ്ങനെയോ ഉണ്ടായവയാണ് മൂലകങ്ങളും സംയുക്തങ്ങളുമെന്നു കരുതിക്കൊണ്ട് മനുഷ്യര് സത്യങ്ങളെ തിരിച്ചറിയുന്നില്ല എന്നതും വസ്തുതയാണ്. ദൈവത്തിന്റെ വാതകരൂപവും പരിശുദ്ധാത്മാവുമാണ് ഓക്സിജന്. മനുഷ്യരും മറ്റു ജീവികളും ഓക്സിജന് ശ്വസിക്കുന്നു എന്നു മനുഷ്യര് കരുതുന്നതുപോലും അജ്ഞാനമാണ്. മനുഷ്യരും മറ്റു ജീവികളും ചെയ്യുന്ന ഒരു ക്രിയ അല്ല ശ്വസനം. ഓക്സിജന് തന്നിഷ്ടപ്രകാരം ജീവിയുടെ ശരീരത്തില് പ്രവര്ത്തിക്കുകയാണു ചെയ്യുന്നത്. വ്യക്തിക്ക് ബോധം ഉള്ളപ്പോഴും, ഉറങ്ങുമ്പോഴുമൊക്കെ ഓക്സിജന് പ്രവര്ത്തിച്ചുകൊണ്ടിരിക്കുന്നത് വ്യക്തിയുടെ അനുവാദമോ ആഗ്രഹമോ സമ്മതമോ പ്രകാരമല്ല. വ്യക്തിയുടെ ശരീരത്തിലെ ഓരോ കോശവും എപ്പോള് എങ്ങനെ സൃഷ്ടിക്കണം എന്നെല്ലാം നിശ്ചയിക്കുന്നതും വ്യക്തിയല്ല, മറിച്ച് ഓക്സിജനാണ്. ഭ്രൂണാവസ്ഥയ്ക്കു മുമ്പുള്ള അണ്ഡ-ബീജാവസ്ഥകളെ നിയന്ത്രിക്കുന്നതു കൂടാതെ ; ജീവിയെ, ഉദാഹരണമായി മനുഷ്യനെ ഭ്രൂണാസ്ഥയില് നിന്ന് കുഞ്ഞായി പ്രസവിക്കപ്പെടുന്നതുവരെയും ശേഷം ശരീരം മരണപ്പെടുന്നതുവരെയും അഥവാ ജീവി-കാലം മുഴുവനും ജീവിയുടെ ശരീരവും ആത്മാവും, ഓക്സിജന്റെ നിയന്ത്രണത്തിലാണ്. ഭ്രൂണം

കുഞ്ഞാകുമ്പോള്, ഓക്സിജന് പ്രവര്ത്തിക്കാനുള്ള ശ്വാസകോശമെന്ന ഇരിപ്പിടവും, മഹാസ്നേഹമായ ഹൃദയവും, രക്തധമനികളും, നാസികയുമെല്ലാം, ഓക്സിജന് സൃഷ്ടിക്കുന്നു. അതായത്, ഓക്സിജന് എങ്ങനെ പ്രവര്ത്തിക്കണമെന്നു നിശ്ചയിക്കുന്നത് ഓക്സിജനാണ്. ഓക്സിജന് ശരീരത്തിലേക്ക് നാസികയിലൂടെ പ്രവേശിക്കുന്നതിനെ തടയാന് മനുഷ്യരിലെ ഞാന്-ബോധം എന്നുകൂടി വിശേഷിപ്പിക്കാവുന്നതായ ജീവാത്മാവ് ശ്രമിച്ചാല് വ്യക്തിക്ക് ശ്വാസംമുട്ടലുണ്ടാകും, ഞാന് എന്ന ആത്മാവിന്റെ ബോധം നശിക്കും അഥവാ മനുഷ്യനിലെ ഞാന്-ബോധത്തെ ഓക്സിജന് മരവിപ്പിക്കും. ശരീരത്തില് നിന്ന് ആത്മാവിനെ പുറത്തേക്കു നയിക്കണമോ ശരീരത്തില് നിലനിര്ത്തണമോ എന്നെല്ലാം നിശ്ചയിക്കുന്നത് ഓക്സിജനാണ്.

മഹാപ്രപഞ്ചത്തില് ഹൈഡ്രജന്, ഹീലിയം, ക്ലോറിന്, നൈട്രജന്, ആര്ഗോണ്, കാര്ബണ് ഡൈഓക്സൈഡ്, അമോണിയ, തുടങ്ങിയ വേറെയും മൂലകങ്ങളും സംയുക്തങ്ങളും വാതക രൂപത്തോടെ ഉണ്ടെങ്കിലും, അവയൊന്നും ജീവികള്ക്ക് ജീവശക്തി പ്രദാനംചെയ്ത് അവയെ ജീവികളാക്കുന്നില്ലെന്നതും, പ്രസ്തുത അവസ്ഥ സംവിധാനം ചെയ്തിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതും മനുഷ്യര് ഉള്പ്പെടെയുള്ള ജീവികളല്ലെന്നതും ഗൗരവമാണ്. മഹാരചയിതാവും മഹാനിര്മ്മാതാവും മഹാസംവിധായകനും ഒക്കെയായിട്ട് മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിന്റെ എല്ലാ കാര്യങ്ങളിലും സദാ പ്രവര്ത്തിക്കുന്നുണ്ട്. മഹാപ്രപഞ്ചം എങ്ങനെയോ ഉണ്ടായതല്ലായെന്നും, മഹാശാസ്ത്രം പ്രകാരം മഹാശക്തിയായ ദൈവം മഹാസൃഷ്ടിക്കുകയും മഹാസംരക്ഷിക്കുകയും ചെയ്യുന്നതാണെന്നും സുവ്യക്തമായി മനസ്സിലാക്കണം; സൃഷ്ടികര്ത്താവായ ദൈവത്തിന്റെ മഹത്വത്തെ ഉള്ക്കൊണ്ടു പ്രവര്ത്തിക്കണം, തങ്ങളുടെ ചിന്തകളിലും സംഭാഷണങ്ങളിലും പ്രവൃത്തികളിലും ദൈവനിന്ദ ഉണ്ടാവാതെ ശ്രദ്ധിക്കണം. മഹാശാസ്ത്രം പ്രകാരം മഹാശക്തിയായ ദൈവം സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതായ കാര്യങ്ങളെ ഗന്ഥത്തിന്റെ 3-ാം ഭാഗത്തിലുള്ള സുപ്രധാനമായ അദ്ധ്യായങ്ങളില് കൂടുതല് വിവരിച്ചിട്ടുണ്ട്.

ഒരു മിനുട്ടില് ഏറെക്കുറെ 18 തവണ മനുഷ്യന് ശ്വാസോച്ഛ്വാസം ചെയ്യുമ്പോള്, മനുഷ്യന്റെ ചിന്തകള്പോലും ഓക്സിജന് അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നാണര്ത്ഥം. മഹാശാസ്ത്രപരമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഭൗതികപ്രപഞ്ചത്തിലെ കാര്യങ്ങള് ഭൗതികശാസ്ത്രപരമായിത്തന്നെ ദൈവം

അറിഞ്ഞുകൊണ്ടിരിക്കുകയാണ്. കടലിന്റെ അടിയില് പോയാലും ചന്ദ്രനില് പോയാലും (നിലവില്) ഓക്സിജനെ കൂടെ കൊണ്ടുപോയില്ലെങ്കില് മനുഷ്യന് ജീവിക്കാനാവില്ല എന്നു പറയുമ്പോള്, അപ്പോഴും എപ്പോഴും മനുഷ്യന്റെ ചിന്തകളും പ്രവര്ത്തനങ്ങളുമെല്ലാം ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് അഥവാ ദൈവം അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നാണര്ത്ഥം. കരിയില അനങ്ങുന്നതുപോലും ഓക്സിജന് അഥവാ ദൈവം അറിയുന്നു. മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളും നശിക്കുകയും പുനര്- നിര്മ്മിക്കപ്പെടുകയും ചെയ്യുന്നുവെന്ന് ശാസ്ത്രം അറിയിക്കുമ്പോള്, അതു ചെയ്യുന്നത് ഓക്സിജനാണെന്നും, ശരീരവളര്ച്ച കൂടാതെ, ശരീരത്തിലേക്ക് രോഗത്തെ കൊണ്ടുവരുന്നതും രോഗത്തെ എടുത്തുകളയുന്നതും ഒക്കെ ഓക്സിജനാണെന്നറിയണം. ശരീരത്തില് ഉണ്ടാകുന്ന ഒരു മുറിവ് ഉണങ്ങണമെങ്കില്, ഡോക്ടറുടെ മരുന്ന് മാത്രം പോരാ, ഓക്സിജന് കനിയണം. ഡോക്ടര് മരുന്ന് കുറിക്കുമ്പോള്, അതും ഓക്സിജന് അറിയുന്നു.

ദൈവത്തോടു പ്രാര്ത്ഥിക്കുമ്പോള്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് പ്രാര്ത്ഥന അറിഞ്ഞുകൊണ്ടിരിക്കുകയാണ്. മഹാപ്രപഞ്ചത്തിലെ / മഹാശാസ്ത്രത്തിലെ അനന്തങ്ങളെന്നോണമുള്ള നിയമങ്ങള്ക്ക് സ്വയം വിധേയമായിക്കൊണ്ട് പ്രവര്ത്തിക്കുക എന്ന ചുമതല കൂടി ഓക്സിജനുണ്ട്. ജീവികള്ക്കെല്ലാം നല്കിയിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ പരമാവധി അനുവദിക്കുന്ന സ്ഥിതിവിശേഷമാണത്. ജീവികള്ക്ക്, പ്രത്യേകിച്ച് മനുഷ്യജീവികള്ക്ക് വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് അനവധി കാര്യങ്ങളിലെ ഭരണനിര്വ്വഹണം മഹാശക്തിയായ ദൈവം മനുഷ്യര്ക്കുതന്നെ നല്കിയിട്ടുണ്ട് ; അവയോട് നീതി പുലര്ത്തിക്കൊണ്ടാണ് ഓക്സിജന് പ്രവര്ത്തിക്കുക. ഉദാഹരണത്തിന്, മരുന്നു കുറിക്കുന്ന ഡോക്ടറെയും മരുന്നിനെയും മരുന്നിന്റെ പ്രവര്ത്തനെയും നിശ്ചയിക്കാനും നിയന്ത്രിക്കാനും ഓക്സിജനു കഴിവുണ്ടെങ്കിലും വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട്, വസ്തുക്കളില് സൃഷ്ടിച്ചിട്ടുള്ള ധര്മ്മശാസ്ത്രത്തിനും നീതിശാസ്ത്രത്തിനും അനുസരിച്ച് കാര്യങ്ങളെ ചലിക്കാന് അനുവദിക്കുന്നു. ലിംഗം, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, തൊഴില് അഭിരുചി, വിനോദ അഭിരുചി, ദേശം, തുടങ്ങിയ മനുഷ്യരെ ഏല്പിച്ചിട്ടില്ലാത്ത ജന്മഗുണങ്ങളുമായിക്കൂടി ബന്ധപ്പെട്ടാണ് ഓക്സിജന് പ്രവര്ത്തിക്കുന്നത്. വ്യക്തിയുടെ ആയുസ്സ്, ആരോഗ്യം, സുഖദുഃഖങ്ങള് എന്നിവമേല് സ്ഥാപിച്ചിട്ടുള്ള സൃഷ്ടിപരമായ വിധിക്ക്,

വ്യക്തിസ്വാതന്ത്ര്യത്തിന്റെ സദുപയോഗത്തിലൂടെയും ദുരുപയോഗത്തിലൂടെയും രൂപപ്പെടുന്ന സ്ഥിതിപരമായ വിധി, മാറ്റങ്ങള് ഉണ്ടാക്കുന്നതാണ്. വിധികളെപ്പറ്റി ഈ ഭാഗത്തില്ത്തന്നെ പ്രത്യേക അദ്ധ്യായമായി വിസ്തരിക്കുന്നുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ആര്ഗോണ്, നിയോണ് എന്നിങ്ങനെയെല്ലാം പേരിട്ട് അപൂര്വ്വ വാതകങ്ങളെന്നും മറ്റും മനുഷ്യര് കരുതുന്നവ ഉള്പ്പെടെ മഹാപ്രപഞ്ചത്തില് സൃഷ്ടിക്കപ്പെട്ടിരിക്കുന്നവയ്ക്കെല്ലാം മഹാശാസ്ത്രം പ്രകാരമുള്ള ധര്മ്മങ്ങളുണ്ട്. മനുഷ്യന് അവയെ ഭരിക്കുന്നു എന്നു കരുതുന്നത് അജ്ഞാനംകൊണ്ടാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലെല്ലാം ദൈവം സ്ഥാപിച്ചിട്ടുള്ള ശാസ്ത്രങ്ങള് പ്രകാരമല്ലാതെ അവയുടെ മേല് മനുഷ്യന് പ്രവര്ത്തിക്കാന് യാതൊരുകാലത്തും കഴിയുന്നതല്ല എന്നതാണ് സത്യം.

യോഗാഭ്യാസങ്ങളിലൂടെയും മറ്റും ഓക്സിജന്റെ ശ്വസനപ്രവര്ത്തനങ്ങളെ ക്രമീകരിക്കാന് കഴിയുന്നു എന്നു കരുതുന്നവര്ക്ക് അങ്ങനെ കരുതാന്പോലുമുള്ള ശക്തി പ്രധാനംചെയ്യുന്നതും ഓക്സിജനാണ്. ജന്മങ്ങളിലൂടെ നേടിയ പുണ്യം യോഗാഭ്യാസം പോലെയുള്ളവയിലൂടെ കുറയാന് ഇടവരാതെ ശ്രദ്ധിക്കേണ്ടതും മനുഷ്യന്റെ സ്വയം ബാദ്ധ്യതയാണ്. മനുഷ്യനു നല്കപ്പെട്ടിട്ടുള്ള ശക്തി അഥവാ ഊര്ജ്ജം മണ്ണ് ശുചിയാക്കുവാനും കൃഷിചെയ്യാനും വിറക് കീറാനുമൊക്കെ ഉപയോഗിച്ച് പുണ്യം (ശോഭ) വര്ദ്ധിപ്പിക്കുകയാണു വേണ്ടത്. യോഗാഭ്യാസങ്ങളും മറ്റും ചികിത്സയുടെ ഭാഗമായി ചില രോഗാവസ്ഥകളില് നല്കുക എന്നല്ലാതെ ദൈവകാര്യങ്ങള്ക്ക് പാലിക്കേണ്ടതായ സമ്പ്രദായങ്ങളായി കരുതരുത്. മതങ്ങളിലെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പോലെ ദൈവകാര്യങ്ങള്ക്ക് യോഗാഭ്യാസങ്ങളിലൂടെയും മറ്റും മാനുഷിക നിയന്ത്രണങ്ങള് ഏര്പ്പെടുത്തുന്നവര് ദൈവനിന്ദയാണ് ചെയ്യുന്നത്. ഒരാളുടെ സ്വകാര്യ ആനന്ദത്തെ, സമൂഹത്തിലെ വ്യക്തികളെക്കൊണ്ട് ചെയ്യിക്കുകയും വ്യവസ്ഥയാക്കിമാറ്റുകയും ചെയ്യുമ്പോള്, ധര്മ്മശാസ്ത്രത്തിന് വിരുദ്ധമായ പ്രവൃത്തിയായി മാറുന്നു. വ്യവസ്ഥകളും സംഘടനകളും ഉണ്ടാക്കുന്നവര് അവയുടെ ചരമത്തീയതിയെപ്പറ്റിയും സംഹാരത്തെപ്പറ്റിയും കൂടി സുവ്യക്തമാക്കേണ്ടതുണ്ട് എന്ന് ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളില് വിശദീകരിച്ചിട്ടുണ്ട്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, യോഗാഭ്യാസ-സംഘടനകളും തൂത്തെറിയപ്പെടും. ദൈവത്തോട് അടുക്കാനും ദൈവീകമായി ജീവിക്കാനും ധാര്മ്മികശുദ്ധിയോടെ ആനന്ദിച്ചു

ജീവിക്കുകയാണു വേണ്ടത്.
ഗ്രന്ഥത്തിലെ പലയിടങ്ങളിലും ദൈവത്തെ അഥവാ മഹാശക്തിയെ പ്രതിനിധീകരിക്കാനായി ഓക്സിജന് എന്ന പദം പലപ്പോഴും ഉപയോഗിക്കുന്നതാണ്, അത്തരം പ്രയോഗങ്ങള് വിശദീകരണ സൗകര്യത്തെ ഉദ്ദേശിച്ചാണ്. മഹാശക്തിയായ ദൈവം എന്താണെന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് എങ്ങനെയാണെന്നും, തുടങ്ങിയ പ്രപഞ്ചകാര്യങ്ങളും, എല്ലാ ദൈവീക കാര്യങ്ങളും ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് വിശദീകരിച്ചിട്ടുണ്ട്.
ദൈവത്തിന്റെ വാതകരൂപമാണ് ഓക്സിജന് എന്നു പറയുമ്പോള് മഹാശക്തി കൂടിയാണ് എന്നു പറഞ്ഞല്ലോ. മനുഷ്യരിലെയും (മറ്റു ജീവികളിലെയും) ബുദ്ധി, ഓര്മ്മ, കാഴ്ച, കേഴ്വി, തുടങ്ങിയവ പ്രവര്ത്തിക്കണമെങ്കില് ഓക്സിജന് അഥവാ മഹാശക്തി കനിയണം ; അതുകൊണ്ടുതന്നെ ബുദ്ധി, ഓര്മ്മ, കാഴ്ച, കേഴ്വി, തുടങ്ങിയവയോട് ശക്തി എന്ന പദംകൂടി ചേര്ത്ത് ബുദ്ധിശക്തി, ഓര്മ്മശക്തി, കാഴ്ചശക്തി, കേഴ്വിശക്തി, എന്നിങ്ങനെ ഉപയോഗിക്കേണ്ടതുണ്ട്.
ഉദാഹരണമായി, ഇപ്പോഴോ നാളെയോ ചെയ്യേണ്ടതായ ഒരു കാര്യം ഓക്സിജന് അഥവാ ദൈവം അഥവാ ശക്തി ഓര്മ്മിപ്പിച്ചില്ലെങ്കില് യാതൊരാള്ക്കും ഓര്ക്കാന് കഴിയുന്നതല്ല.
മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം ംംംം.ീാമെവ്യമാ.രീാ വെബ്സൈറ്റിലൂടെയും, മൊബൈല് ഫോണിലൂടെയുമൊക്കെ മഹാഗ്രന്ഥം മഹാപ്രചരിക്കുമെങ്കിലും, മഹാഗ്രന്ഥത്തെ അച്ചടിച്ച് പ്രസിദ്ധീകരിക്കുമെന്ന് ഗ്രന്ഥകാരന് കരുതുന്നില്ല. മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ 2015 ഒക്ടോബര് മാസത്തിലാണ് മഹാഗ്രന്ഥത്തിന്റെ 10-ാം ഭാഗത്തോട് കൂട്ടിച്ചേര്ക്കുന്നത്. മഹാഗ്രന്ഥത്തിന്റെ നിരവധി അദ്ധ്യായങ്ങളില് മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ ഭാഗികമായി ഉള്പ്പെടുത്തിക്കൊണ്ടുള്ള തിരുത്തലുകളും പരിഷ്ക്കാരങ്ങളും ഭാവിയില് ചെയ്യേണ്ടതാണ് / ചെയ്യുന്നതാണ്.... പരമശിവന് / 2015 ഒക്ടോബര് 16.

അദ്ധ്യായം 24

ഓക്സിജന് ഓക്സും (കാളയും) പശുവുമായി പ്രത്യേക ബന്ധമുണ്ട്. ഓക്സിജന് എന്ന പേരിനെ ഓക്സ് എന്ന ഇംഗ്ലീഷ് പദവുമായാണ് യഥാര്ത്ഥത്തില് ബന്ധപ്പെടുത്തിയിരിക്കുന്നത്. കാള, പശു എന്നിവയ്ക്ക് മഹാശാസ്ത്രത്തില് പ്രത്യേക സ്ഥാനമുണ്ട്.
മനുഷ്യമാതാവ് ഏതാനും മാസങ്ങളോ സാധാരണഗതിയില് 5-ല് താഴെ വര്ഷങ്ങളോ മാത്രവും, മനുഷ്യക്കുഞ്ഞിനു മാത്രവും പാല് നല്കുമ്പോള്,

ഗോമാതാവ് (പശു) തന്റെ കുഞ്ഞുങ്ങളെക്കൂടാതെ, മനുഷ്യരിലെ കുഞ്ഞുങ്ങള് മുതല് വൃദ്ധര് വരെയുള്ളവര്ക്ക് പാല് നല്കുന്നു. പാലും പാലില്നിന്നു ലഭിക്കുന്ന വിഭവങ്ങളും /ഉല്പ്പന്നങ്ങളും കൂടാതെയുള്ള ഒരു ജീവിതത്തെപ്പറ്റി ചിന്തിക്കുമ്പോള് പശുവിന്റെ ഔന്നത്യം ബോദ്ധ്യമാകുന്നതാണ്. ചാണകം എന്ന ഏറ്റവും നല്ല വളം കൃഷിക്ക് നല്കുന്നു എന്നു പറയുമ്പോള്, സസ്യലോകത്തെ പുലര്ത്തുന്നതിലും പശുവിനുള്ള ഔന്നത്യം വെളിവാകുന്നു. പശുവിന്റെ പതിയായ കാള കൃഷിക്കാരനെയും കച്ചവടക്കാരനെയും ഒക്കെ സഹായിക്കുന്നുണ്ട്. ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പ് പശു, കാള എന്നിങ്ങനെ ഒന്ന് അഥവാ രണ്ടു ജന്മങ്ങള് കൂടി മനുഷ്യാവസ്ഥയിലുണ്ട്. മത്സ്യമായി ജീവിതം ആരംഭിച്ച് മനുഷ്യാവസ്ഥയില് എത്തുന്ന ജീവി (മനുഷ്യന്) തനിക്കിനിയുള്ളത് ആത്മീയ സാക്ഷാത്ക്കാരം ആണെന്നറിയുമ്പോള്, താന് വന്ന വഴി മറന്നുകൊണ്ടോ അല്ലാതെയോ മറ്റുള്ള ജീവികളെ നിര്ദ്ദാക്ഷിണ്യം വധിക്കുവാനും പീഡിപ്പിക്കുവാനും തയ്യാറായിക്കൂടാ. മറ്റുള്ള ജീവികളോട് മനുഷ്യര് കരുണ കാട്ടുവാനും, തങ്ങളുടെ മാതാപിതാക്കളെ ശുശ്രൂഷിക്കേണ്ടുന്നതിന്റെ അത്യാവശ്യകത തുടങ്ങി ബഹുവിധ കാര്യങ്ങളില് മനുഷ്യരെ മിടുക്കരാക്കാനുമുള്ള ഒരു സംവിധാനമാണ് പശു, കാള ജന്മങ്ങള്.

ഉപയോഗം കഴിഞ്ഞ, അവശരായ, പ്രായമായ എന്നിങ്ങനെയുള്ള പശുക്കളെയും കാളകളെയും വധിച്ചില്ലെങ്കില് മനുഷ്യരെന്തു ചെയ്യും, അവയെക്കൊണ്ട് ഭൂമി നിറയില്ലേ എന്നിങ്ങനെയെല്ലാമുള്ള ചോദ്യങ്ങളുമായി മാംസഭുക്കുകളും മറ്റു ബുദ്ധിശാലികളും മുന്നോട്ടു വരുമ്പോള് ലളിതമായ ഉത്തരമുണ്ട്. പശുക്കളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണ് എന്നിരിക്കെ, അവയ്ക്ക് ജീവിക്കാനുള്ള ഭക്ഷണകാര്യങ്ങള് ഭൂമിയില് സൃഷ്ടിച്ചിട്ടുള്ളതും ദൈവമാണ് എന്നിരിക്കെ, അവ മനുഷ്യരെ (പൊതുവെ) ഉപദ്രവിക്കുന്നില്ല എന്നിരിക്കെ, അവയെ വളര്ത്താനും ചൂഷണംചെയ്യാനും അവയുടെ സ്രഷ്ടാവും ഉടമയുമായ ദൈവത്തില് നിന്ന് അധികാരം ലഭിക്കണം. പശുക്കള് ഉള്പ്പെടെയുള്ള ജീവികളെയും, ജീവികള് ഉള്പ്പെട്ട മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണെന്നിരിക്കെയും, മനുഷ്യരല്ല സൃഷ്ടിച്ചിട്ടുള്ളത് എന്നിരിക്കെയും, യാതൊന്നും സൃഷ്ടിക്കാന് മനുഷ്യര്ക്ക് കഴിവില്ല എന്നിരിക്കെയും, പശുക്കളെയും കാളകളെയും ഒക്കെ വളര്ത്താന് മനുഷ്യന് എന്ത് അധികാരം എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ ദൈവം മനുഷ്യരെ വേദനിപ്പിക്കുന്നില്ല ; എന്നതിനെ ദൈവത്തിന്റെ മഹാസ്നേഹത്തിന്റെയും മഹാവാത്സല്യത്തിന്റെയും ഭാഗമായി കാണണം. പുലിയ്ക്കും സിംഹത്തിനുമൊക്കെ പാല് ഉണ്ടെന്നിരിക്കെ,

അവയെ വളര്ത്താന് തയ്യാറാവാതെ സാധുവായ പശുവിനെ വളര്ത്തുകയും ആവശ്യങ്ങള് നേടിയശേഷം അധമന്യായം പറയുകയും ചെയ്യുന്നത് ധര്മ്മശാസ്ത്രപരമല്ല. പശുവിനെയും കാളയെയും ശാസ്ത്രങ്ങള് പ്രകാരം സംരക്ഷിച്ചുകൊണ്ട് അവ നല്കുന്ന ഉല്പന്നങ്ങള് ആസ്വദിക്കുവാന് മനുഷ്യരെ ദൈവം അനുവദിക്കുന്നുണ്ട്. സംരക്ഷിക്കുക എന്നു പറയുമ്പോള്, ഭക്ഷണം കൊടുക്കുന്നതിലും, എന്തെങ്കിലുമൊരു പാര്പ്പിടം കൊടുക്കുതിലും ഒതുങ്ങരുത്. മനുഷ്യര് അവയോട് കടുത്ത തെറ്റുകള് ഇന്നു ചെയ്യുന്നുണ്ട്.. പശുവിനെ കറന്ന് പാല് എടുക്കുന്നത് പുരുഷനായിക്കൂടാ. സ്ത്രീകള് തന്നെ ചെയ്യണം. (തന്റെ അമ്മയും അച്ഛനും അപ്പച്ചിയും പെങ്ങളും അമ്മൂമ്മയും അപ്പൂപ്പനും താനും ഒക്കെ മരിച്ച് പശുവായും കാളയായും പുനര് ജ്ജനിച്ചുവരുന്ന കാലമുണ്ട് എന്നതും പ്രസ്തുത ജന്മത്തില് ഇടയ്ക്ക് മുജ്ജന്മ ഓര്മ്മകള് ലഭിക്കുമെന്നതും ഭാവനചെയ്യുമ്പോള് അനവധി കാര്യങ്ങള് ബോദ്ധ്യപ്പെടുന്നതാണ്.).

മനുഷ്യസ്ത്രീയുടെ പാല് കറന്നെടുക്കുവാന് യന്ത്രം ഉപയോഗിക്കുന്നുവെങ്കില് മാത്രം പശുവിന്റെ പാല് കറന്നെടുക്കുവാനും യന്ത്രം ഉപയോഗിക്കാവുന്നതാണ്. അതുപോലെ, ബുദ്ധിശക്തിയും കര്മ്മശേഷിയുമൊക്കെ വര്ദ്ധിച്ചുള്ള കുഞ്ഞുങ്ങളെ ലഭിക്കുവാന് അന്യപുരുഷന്മാരുടെ ബീജം ഭാര്യയില് നിക്ഷേപിച്ച് കുഞ്ഞിനെ സൃഷ്ടിക്കാന് തയ്യാറാവുന്ന പുരുഷനും അതുശരിവെയ്ക്കുന്ന സ്ത്രീയും, ഒരു പടികൂടി കടന്ന് ലൈംഗികബന്ധങ്ങളില് ഏര്പ്പെടാതിരിക്കുക കൂടി ചെയ്യുന്നുവെങ്കില്, പ്രസ്തുത മനുഷ്യദമ്പതികള്ക്കു മാത്രം, പശുവും കാളയും ഇണചേരുന്ന പ്രകൃതി (ദൈവ) നിയമത്തെ ധിക്കരിക്കുവാനും കാളയുടെ ബീജം കൃത്രിമമായി പശുവില് നിക്ഷേപിക്കുവാനും അവകാശമുണ്ട്.

പശുവിനെയും കാളയെയും സംരക്ഷിക്കാത്തവര്ക്ക് അവയില് നിന്നുള്ള ഉല്പന്നങ്ങള് ആസ്വദിക്കുവാന് യോഗ്യതയില്ല, പശുവിനെയും കാളയെയും വില്ക്കാനോ വാങ്ങാനോ പാടില്ല, ദാനമായി നല്കുകയും ദാനമായി സ്വീകരിക്കുകയും ചെയ്യാം തുടങ്ങിയ കാര്യങ്ങളുമുണ്ട്. മുന് സൃഷ്ടിചക്രങ്ങളുമായി ബന്ധമുള്ള ശക്തി-ശിവ-പുരാണങ്ങളില് ഗോമാതാവ്, പശുപതി എന്നിങ്ങനെ പേരുകളുള്ളതും, ശിവ-ഭൂതഗണങ്ങള്ക്ക് തലയില് കാള-ക്കൊമ്പ് ഉള്ളതും ശിവ-വാഹനമായി കാളയെ പരാമര്ശിക്കുന്നതും ആത്മീയശാസ്ത്രപരമായ കാരണങ്ങളാലാണ്. പശുവിനെപ്പറ്റി (പശു = പശു + കാള) ഓംസത്യം ഡോട്ട്കോം വെബ്സൈറ്റില് പ്രത്യേക പേജായി നല്കിയിട്ടുള്ള ശാസ്ത്ര വിശദീകരണങ്ങള് മനുഷ്യരെ ഞെട്ടിക്കുന്നതാണ്. ആദ്യ

മഹാകാലചക്രത്തില്, 1000 കോടി വര്ഷക്കാലം, ഗോമാതാവായി (പശുവായി) മനുഷ്യരെ സേവിച്ച ശേഷമാണ് മഹാശക്തിയായ ദൈവം രണ്ടാമത്തെ മഹാകാലചക്രത്തില് മനുഷ്യരൂപം സ്വീകരിച്ചിരിക്കുന്നത് എന്നതും, മഹാദാസനായ പരമശിവനെ പശുപതി (പശുവിന്റെ പതി = കാള) ആയി മനുഷ്യരെ സേവിക്കുവാന് മഹാഅനുഗ്രഹിച്ചശേഷമാണ് മനുഷ്യരൂപം നല്കിയിരിക്കുന്നത് എന്നതും പശുവിനെയും കാളയെയും മനുഷ്യരേക്കാള് ഉന്നതമായ അവസ്ഥയായിട്ടാണ് ദൈവം മഹാനിശ്ചിയിച്ചിട്ടുള്ളത് എന്നറിയിക്കുന്നു. പശുവിന്റെ ചാണകത്തില് നിന്നാണ് ആപ്പിള് എന്ന പഴത്തെ ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ഗോമൂത്രത്തില് നിന്ന് ഓറഞ്ചും. തങ്ങള് സ്വീകരിക്കേണ്ടതായുള്ള പശുജന്മത്തെ മനുഷ്യര് ഇഷ്ടപ്പെടുന്നതിന്നായും, ദൈവം സ്വയം ഗോമാതാവായിട്ട് മഹാസേവനം ചെയ്യുന്നതിനെ അറിയിക്കാനായും, പശുവിന്റെ ഔന്നത്യം മനുഷ്യരെ സുവ്യക്തമായി ബോദ്ധ്യപ്പെടുത്താനായും, മഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായിട്ട് മനുഷ്യരൂപം സ്വീകരിക്കുമ്പോള്, തനിക്ക് മഹാനിശ്ചയിച്ചിട്ടുള്ള നാമത്തില് പശു എന്ന പദത്തെ ചേര്ത്തിട്ടുണ്ട്. കാളി എന്ന പദത്തിന്റെ പ്രഥമവും പ്രധാനവുമായ അര്ത്ഥം പശു എന്നാണ്. സ്ത്രീ എന്ന അര്ത്ഥം രണ്ടാമത്തേതു മാത്രമാണ്. കാളി എന്ന പദത്തില് നിന്നാണ് കാള എന്ന പദം (പുല്ലിംഗം) രൂപപ്പെടുന്നത്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായ മഹാദേവി മഹാസ്വീകരിച്ചിട്ടുള്ള പേര് ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്നാണെന്ന് പ്രത്യേകം അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളതിലെ മുഖ്യഭാഗമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന ഭദ്രകാളി -യിലാണ് പശു എന്ന അര്ത്ഥമുള്ള മഹാശബ്ദമായ കാളി ചേര്ത്തിട്ടുള്ളത്. അതായത് മഹാപ്രപഞ്ചത്തെ അഥവാ സര്വ്വത്തെയും ഭദ്രപ്പെടുത്തിയിക്കുന്ന സ്ത്രീ (കാളി) എന്ന അര്ത്ഥത്തോടൊപ്പം, മഹാപ്രപഞ്ചത്തെ ഭദ്രപ്പെടുത്തിയിക്കുന്ന ഗോമാതാവ് അഥവാ പശു എന്ന മഹാ-അര്ത്ഥവും, മഹാദേവിയുടെ മഹാനാമത്തിലെ ഭദ്രകാളി എന്ന മഹാശബ്ദത്തിനുണ്ട്. ഭദ്രകാളിയുടെ പക്കല് മഹാപ്രപഞ്ചം ഭദ്രമാണ്; മഹാപ്രപഞ്ചത്തെ ഭദ്രമാക്കാന് കഴിവുള്ളത് ഭദ്രകാളിക്കാണ്.

പശുപതിയായ പരമശിവന്റെ എല്ലാമെല്ലാം പശുവായ മഹാശക്തിയാണ്. ഓക്സിന്റെ എല്ലാം എല്ലാം, ഓക്സിന്റെയും ജീവന് എന്നിങ്ങനെയുള്ള വിശേഷണങ്ങള്കൊണ്ടാണ് ദൈവത്തിന്റെ വാതകരൂപത്തിന് ഓക്സിജന് എന്ന പേര് ദൈവമിട്ടത്. മനുഷ്യര് ഏതൊന്നിനു പേരിടുമ്പോഴും ഓക്സിജന് നിയന്ത്രിക്കുന്നുണ്ട്. പേരുകള്

ഇടുന്നത് എങ്ങനെ, ആര് ? എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്. പശുവിനെയും കാളയെയും നിയന്ത്രിക്കുവാന്, ബ്രഹ്മവൃക്ഷമെന്നു വിശേഷണമുള്ള തെങ്ങില് നിന്നുള്ള ചകിരി പിരിച്ചുണ്ടാക്കിയ കയര് മനുഷ്യര് ഉപയോഗിക്കുന്നു. പശുവിന്റെയും കാളയുടെയും സ്വാതന്ത്ര്യത്തിന് മേല് മനുഷ്യന് ചില കടിഞ്ഞാണുകള് /കയര് ഇടുന്നത് അവയെ സംരക്ഷിക്കാന് കൂടിയാണ്. ഉടമയുടെ ഇഷ്ടങ്ങള്ക്കൊത്തും വളരെ ചിട്ടയോടെയും കഴിയുന്ന പശുവിനോ കാളയ്ക്കോ കയറിടുന്നത് നല്ല ഉടമയ്ക്ക് ഇഷ്ടമല്ല. ധര്മ്മശാസ്ത്രപരമായി മാത്രം അഥവാ ദൈവത്തിന്റെ ഇഷ്ടങ്ങള്ക്കൊത്തു മാത്രം ജീവിക്കുന്ന മനുഷ്യരുടെ മേല് ദൈവം നിയന്ത്രണങ്ങള് ഏര്പ്പെടുത്തേണ്ട ആവശ്യമില്ല, ഏര്പ്പെടുത്തുന്നില്ല.

പശുവിനും കാളയ്ക്കും നീ കയറിടുന്നതുപോലെ, ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പായിട്ട് നീ പശു/കാള ജന്മങ്ങള് എടുക്കുമ്പോള്, മനുഷ്യാ നിന്റെ കഴുത്തിലും കയര് വീഴും എന്നത് ബോദ്ധ്യപ്പെടുത്താനുള്ള ശാസ്ത്രവിധാനമാണ് പൂണൂല് എന്നറിയപ്പെടുന്ന ചൂണ്ടുപലക. അര്ത്ഥമറിയാതെ വിസ്മൃതിമൂലായി ഇന്ന് അനേകര് ഉപയോഗിക്കുന്നുവെങ്കിലും മനുഷ്യന്റെ പശു/കാള ജന്മങ്ങളെപ്പറ്റിയുള്ള ചൂണ്ടുപലകയാണത്. അതോര്മ്മിപ്പിക്കുവാന് ദൈവാരാധന ചെയ്യുമ്പോഴും ചില ശാസ്ത്രവിഷയങ്ങള് പഠിപ്പിക്കുമ്പോഴും പൂണൂല് ധരിക്കേണ്ടതുണ്ട്.

ദൈവം മായ പ്രത്യക്ഷമാക്കിയ ശേഷം, 100 ജന്മങ്ങളിലെ 1 ജന്മത്തില് 50 വയസ്സിനോടടുത്ത് ദൈവം പരമശിവനിലൂടെ മഹാശാസ്ത്രം ലഭ്യമാക്കിയ ശേഷം മാത്രമേ, ദൈവാരാധന ചെയ്യാന് യോഗ്യത നേടുകയുള്ളൂ, ആ ജന്മത്തിലെ ശിഷ്ടകാലത്തുമാത്രമേ സ്ഥിരമായി പൂണൂല് ധരിക്കാനുള്ള അവകാശമുള്ളൂ, അധികാരമുള്ളൂ.

മംഗളാശംസകള് നേരാനും, ദൈവം അനുഗ്രഹിക്കട്ടെ എന്നിങ്ങനെയെല്ലാം ആശംസിക്കാനും അധികാരമുണ്ടാകുന്നത് അപ്പോള് മാത്രമാണ്. ഭരണാധികാരികള് ഉള്പ്പെടെയുള്ളവര്ക്ക് നിലവില് ആശംസകള് നേരാന് യോഗ്യതയില്ല. ആശംസ ലഭിക്കുന്നവര്ക്ക് പ്രയോജനമുണ്ടാകുന്നെങ്കില് മാത്രമേ മറ്റൊരാളുടെ ആശംസയ്ക്ക് വിലയുണ്ടാകുന്നുള്ളൂ. അധമമായ രീതികളെ പിന്പറ്റി ആശംസകള് നടത്തുന്നവര്, അജ്ഞാനം കൊണ്ടായാല് പോലും, അഹംഭാവം ചേരുകയാല്, ചെറിയ അളവിലെങ്കിലും പാപം സമ്പാദിക്കുന്നുണ്ട്. മാത്രമല്ല, ആത്മാര്ത്ഥമായി ആശംസിക്കുന്നവര്ക്ക് തങ്ങള് അനേകകാലങ്ങളിലൂടെയും ജന്മങ്ങളിലൂടെയും നേടിയ പുണ്യത്തില് ശോഷണമുണ്ടാകുന്നതാണ്. അര്ഹിക്കുന്നവര്ക്ക് യഥാകാലം പുണ്യം

നല്കാന് ദൈവം ഉണ്ടെന്നിരിക്കെ അര്ഹിക്കാത്തവര് ഉള്പ്പെടെയുള്ളവര്ക്ക് ആശംസകളിലൂടെ തങ്ങള് നേടിയിട്ടുള്ള പുണ്യം നഷ്ടപ്പെടുത്തുന്നവര് തെറ്റുതന്നെയാണ് ചെയ്യുന്നത്. വേഷംകെട്ടലുകള് നാടകത്തില് മതി, ജീവിതത്തില് വേണ്ട ; ശാസ്ത്രത്തില് വേണ്ട ; ദൈവത്തോടു വേണ്ട.

ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ മഹാശാസ്ത്രകാര്യങ്ങള് സുവ്യക്തമായി സമൂഹത്തില് പ്രചരിക്കുന്നതും ജനങ്ങള് സ്വയം ഗോവധത്തില്നിന്ന് പിന്മാറുന്നതുമാണ്. ഗോസംരക്ഷകര് ആവാനുള്ള തത്രപ്പാടാണ് പിന്നെക്കാണുക. ഗോവധ നിരോധനം നിയമത്തിലൂടെ നടപ്പാക്കേണ്ടതായ ഒന്നല്ല എന്നുമര്ത്ഥം. ഗോവധ നിരോധനത്തിനായി അക്രമ മാര്ഗ്ഗങ്ങള് സ്വീകരിക്കുന്നവരും പാപികളുടെ പട്ടികയില് പെടുന്നതാണ്. മഹാശാസ്ത്രം മനസ്സിലാക്കി തങ്ങള്ക്കുവേണ്ടി ഓരോ വ്യക്തിയും ജീവിതക്രമങ്ങളെ ചിട്ടപ്പെടുത്തുക എന്നല്ലാതെ ഗോസംരക്ഷണം ഉള്പ്പെടെ യാതൊരു വിഷയങ്ങളിലും, ദൈവത്തിനുവേണ്ടി യാതൊരാളും പ്രവര്ത്തിക്കേണ്ടതില്ല ; മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെല്ലാം തനിച്ചു നിര്വ്വഹിക്കുന്ന മഹാശക്തിക്ക് യാതൊരു മനുഷ്യരുടെയും സഹായങ്ങള് ആവശ്യമില്ല തന്നെ. മതങ്ങളിലെയും രാഷ്ട്രീയങ്ങളിലെയും പ്രമാണിമാര്ക്ക്, ദൈവത്തിന്റെ മഹാദാസനായ പരമശിവനിലൂടെ, ദൈവം നല്കുന്ന താക്കീതായി മേല് വാക്യത്തെ കണക്കാക്കുക. എല്ലാം ദൈവം തനിച്ചു ചെയ്യുന്നു. മഹാശാസ്ത്രകാര്യങ്ങള് അറിയിക്കാനായും മനുഷ്യരെ സഹായിക്കാനുമായി ദൈവം മഹാദാസനായി തന്റെ തന്നെ ഒരു ഭാഗത്തെയാണ് പരമശിവന് എന്ന പേരില് സൃഷ്ടിച്ചിട്ടുള്ളത്, അപ്പോഴും ഏകമഹാശക്തിയായ ദൈവത്തിന് മനുഷ്യര് ഉള്പ്പെടെയാതൊരാളുടെയും സഹായങ്ങള് യാതൊരു കാര്യത്തിനും ആവശ്യമില്ല എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളുക.

ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെടുന്നതോടെ പശു-കാള ജന്മങ്ങള് അടുത്ത സൃഷ്ടിചക്രത്തില് ജീവിക്കുന്നവരെ ഓര്മ്മപ്പെടുത്താനായും കൂടി തയ്യാറാക്കപ്പെട്ടതാണ് ക്ഷേത്രങ്ങളിലെയും മറ്റും കാളകെട്ടിന്റെ മൂലരൂപം. അറേബ്യയില് ഇസ്ലാം മതം സ്ഥാപിക്കപ്പെടുന്നതിനു മുമ്പ് കാളക്കുട്ടന്മാരുടെ വിഗ്രഹങ്ങളെ ജനങ്ങള് പൂജിക്കുകയും ആരാധിക്കുകയും ചെയ്യുവാനുള്ള കാരണവും മറ്റൊന്നല്ല. ഓരോ സൃഷ്ടി ചക്രത്തിലെയും, പശു, കാള ജീവികളുടെ സൃഷ്ടിയും വര്ഗ്ഗ വര്ദ്ധനവും, മുന്കാല സൃഷ്ടിചക്രങ്ങളുമായും, ആത്മീയസാക്ഷാത്ക്കാരത്തില് പ്രവേശിച്ചവരുടെ തിരിച്ചുവരവുമായും, ജീവികളുടെ ചന്ദ്രവാസത്തില് മനുഷ്യരെക്കൂടാതെ പശുവിനെയും

കാളയെയും ഒഴിവാക്കിയതുമായും ബന്ധപ്പെട്ടിരിക്കുന്നു. ആവക കാര്യങ്ങളില് ഇനിയും വെളിപാട് പൂര്ണ്ണമായിട്ടില്ല.
ആട്, കോഴി തുടങ്ങിയ ജീവികളെപ്പറ്റി പറയുമ്പോള്, വീടുകളില് വളര് ത്തുന്നവയ്ക്ക് തങ്ങളുടെ കുട്ടികള്ക്ക് നല്കുമ്പോലെ സ്നേഹപരിലാളനങ്ങള് നല്കണം, സ്നേഹിച്ച് ജീവികളെ വളര് ത്തുന്നത് കൊല്ലാനും തിന്നാനും ആകാമോ, പാടില്ല. കുന്നുകളിലും മലകളിലും കാടുകളിലും വളരേണ്ടവയ്ക്ക് ആവിധ സൗകര്യങ്ങള് നല് കാതെ അവയെ വീടുകളില് മാത്രമായി വളര്ത്തിക്കൂടാ. അവയുടെ ആദിസൃഷ്ടിക്ക് പൈശാചിക- ന്യൂനശക്തികളുടെ പ്രവര്ത്തനവുമായി ബന്ധമുണ്ട്. ദൈവം മായ പ്രത്യക്ഷമാക്കിയശേഷം അനേകം ജീവികളെ പിന്വലിക്കുന്നതാണ്. മത്സ്യം, സസ്യം, പക്ഷികളുടെ മുട്ട എന്നിവ മാത്രമായി മനുഷ്യന്റെ ഭക്ഷണം ശ്രേഷ്ഠമാക്കപ്പെടുമെന്നാണ് അറിയുന്നത്. വെളിപാട് പൂര്ണ്ണമായിട്ടില്ല. ജലത്തിലെ ഓക്സിജന് ആണ് മത്സ്യത്തെ ഭരിക്കുന്നത്, ആകയാല് മത്സ്യത്തെ കരയിലേയ്ക്ക് മനുഷ്യന് പ്രവേശിപ്പിക്കുമ്പോള് അവ വേദനയില്ലാതെ മരിക്കുന്നതാണ്. (മരണപ്പിടച്ചില് ഗ്രന്ഥത്തിലെ 7-ാം ഭാഗവുമായി ബന്ധപ്പെട്ട് ഉണ്ടായതാണ്, ദൈവം മായ പ്രത്യക്ഷമാക്കിയശേഷം അതുണ്ടാകുന്നതല്ല, പിടച്ചിലും വേദനയുമായി ബന്ധമില്ല), മത്സ്യ ഭക്ഷണം, സസ്യഭക്ഷണത്തേക്കാള് ശ്രേഷ്ഠമെന്നും അര്ത്ഥം. ചാതുര്വര്ണ്ണ്യം എന്ന ജീര്ണ്ണത്തിന്റെ മൂലരൂപം തൊഴിലുകള് എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

അദ്ധ്യായം 25

സൃഷ്ടിപരമായ വിധിയും സ്ഥിതിപരമായ വിധിയും വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടുള്ള പാഠങ്ങളുടെ വിശദീകരണത്തിനു വേണ്ടി മഹാനീതിശാസ്ത്രത്തിലെ സൃഷ്ടിപരമായ വിധിയെപ്പറ്റിയും സ്ഥിതിപരമായ വിധിയെപ്പറ്റിയും ഹ്രസ്വമായി അവതരിപ്പിക്കുകയാണ്.
മനുഷ്യന് നന്മ ചെയ്യുന്നതും തിന്മചെയ്യുന്നതും ദൈവത്തിന്റെ വിധിയനുസരിച്ചല്ല. എന്നാല് മറിച്ചുള്ളൊരു (മൂഢ)വിശ്വാസം ജനങ്ങളുടെ ഇടയിലുണ്ട്. ജീവിതത്തിലെ എല്ലാ കാര്യങ്ങളും

വിധിയനുസരിച്ചാണ് എന്നു വന്നാല് മനുഷ്യര് കാട്ടുന്ന തെറ്റുകളുടെയും പീഢനങ്ങളുടെയും ഭീകരവാദങ്ങളുടെയും മറ്റു പാപങ്ങളുടെയും കാരണം ദൈവമാണെന്നും ദൈവം ചെയ്യിക്കുന്നതാണെന്നും അര്ത്ഥമാകുന്നതാണ്. ദൈവത്തിന്റെ ഭാവങ്ങള് സത്യ-ധര്മ്മ-നീതികള് തന്നെയാണെന്നതു പോലും കളങ്കപ്പെടുത്തുന്ന മൂഢ വിശ്വാസമാണത്. ചുവടെ വിശദീകരിക്കുന്നവ അതീവ ശ്രദ്ധയോടെ മനസ്സിലാക്കാന് ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

ഏതൊരു ജീവിയുടെയും , ജീവിയുടെ പ്രവൃത്തികളുടെയും പരിണാമം ദൈവം മുന്കൂര് നിശ്ചയിച്ചിരിക്കുന്നു എന്ന തെറ്റായ അര്ത്ഥമാണ് നിലവില് വിധിക്കുള്ളത്. എന്തും ഏതും മുന്കൂര് നിശ്ചയിച്ച് പ്രവര്ത്തിക്കാനുള്ള ശക്തികള് മഹാശക്തിയായ ദൈവത്തിനുണ്ടെങ്കിലും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങള്ക്ക് സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യം നല്കി അനുഗ്രഹിച്ചിട്ടുള്ളതിനെ ദൈവം സമ്പൂര്ണ്ണമായും പാലിക്കുന്നുണ്ട്. ഓരോരോ സമയങ്ങളിലും മനുഷ്യരിലും മറ്റുള്ള ജീവികളിലുമുള്ള ചിന്തകളും പ്രവര്ത്തനങ്ങളുമെല്ലാം ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് അറിഞ്ഞുകൊണ്ടിരിക്കുന്നു എന്ന് മുമ്പ് വിസ്തരിച്ചുവെങ്കിലും , വ്യക്തിയുടെ പ്രവര്ത്തനങ്ങളില് ഇടപെടുന്നില്ല ; വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും ആഗ്രഹങ്ങളെയും പ്രവര്ത്തനങ്ങളെയും മഹാശാസ്ത്ര പ്രകാരമുള്ള സൃഷ്ടിപരമായ വിധിയെയും കോര്ത്തിണക്കി മാത്രമാണ് ഓക്സിജന് പ്രവര്ത്തിക്കുക. അതായത് വ്യക്തിയുടെ ഏതൊരു പ്രവൃത്തിയുടെയും, ഗുണമായാലും ദോഷമായാലും, ഗുണവും ദോഷവും ചേര്ന്നതായാലും , സമ്പൂര്ണ്ണ ഉത്തരവാദിത്തവും, പുണ്യപാപങ്ങളും വ്യക്തിക്ക് മാത്രം അവകാശപ്പെട്ടതാക്കുന്നു. സ്വാതന്ത്ര്യവും നന്മതിന്മകളും ആനന്ദങ്ങളുമെല്ലാം ആസ്വദിക്കുന്നത് വ്യക്തിയാണ്, ദൈവമല്ല. (തന്റെ കുഞ്ഞുങ്ങളായ ജീവികള്് ധര്മ്മശാസ്ത്രപരമായി ആനന്ദിച്ചുജീവിക്കുമ്പോള് ദൈവം ആനന്ദിക്കുന്നു എന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ട കാര്യമാണ്.)

സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിങ്ങനെ രണ്ടു വിധികളുണ്ട്. അവയെപ്പറ്റി ഇനി വിസ്തരിക്കാം.

ഒരു സൃഷ്ടിചക്രത്തില് പതിനായിരം വര്ഷങ്ങള്, മനുഷ്യന്നു 100 ജന്മങ്ങള് : 50 പുരുഷ ജന്മങ്ങളും 50 സ്ത്രീജന്മങ്ങളും, 100 ജന്മങ്ങളിലൂടെ തുല്ല്യ സൗന്ദര്യം ഏവര്ക്കും ലഭ്യമാകുന്നു, എല്ലാ തൊഴിലുകളും ചെയ്യാന് എല്ലാവര്ക്കും അവസരം, തുല്ല്യ ആനന്ദം, എന്നിങ്ങനെയെല്ലാം സൃഷ്ടിചക്രത്തെ നിശ്ചിതപ്പെടുത്തിയിട്ടുണ്ട്. ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, തൊഴില് അഭിരുചി,

വിനോദ അഭിരുചി തുടങ്ങിയവയെയും മൊത്തത്തില് നിശ്ചയിച്ചിരിക്കുകയാണ്, എല്ലാ വ്യക്തികള്ക്കും (എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി നല്കാനുള്ള മഹാമാതാവും മഹാപിതാവും സ്രഷ്ടാവുമായ ദൈവത്തിന്റെ മഹാസംവിധാനമാണത്. വ്യക്തിയെ ജനിപ്പിക്കുമ്പോള് വ്യക്തിയുടെ ആയുസ്സ് ഉള്പ്പെടെയുള്ള കാര്യങ്ങളെ മേല്പടി ഘടകങ്ങളുമായി കൂട്ടിയിണക്കിയും, വ്യക്തിസ്വാതന്ത്ര്യത്തെ അനുവദിച്ചുംകൊണ്ടുള്ള ഏകദേശമായ ഒരു മഹാപദ്ധതി ഓരോ സൃഷ്ടിക്കും / ജീവിക്കും ഒരുക്കുന്നു. ജന്മഗുണങ്ങളെയും മഹാനീതിശാസ്ത്രത്തെയും കോര്ത്തിണക്കുന്ന പ്രസ്തുത മഹാപദ്ധതിയിലെ കാര്യങ്ങളാണ് സൃഷ്ടിപരമായ വിധി. ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലുള്ള ഓം, ഓംകാരം എന്നീ അദ്ധ്യായങ്ങള് പഠിക്കുമ്പോള് സുവ്യക്തമാകുന്നതാണ്.

ധര്മ്മശാസ്ത്രങ്ങളെ വളരെയധികം ആദരിച്ചുകൊണ്ടു ജീവിക്കാനും പുണ്യം വര്ദ്ധിപ്പിക്കാനും വ്യക്തിക്ക് അവസരമുണ്ട്. വ്യക്തിയുടെ പ്രവര്ത്തനങ്ങള്ക്കൊത്ത് ജീവിതത്തില് ആനന്ദങ്ങളും പുണ്യങ്ങളും പാപങ്ങളും രൂപം കൊള്ളുന്നു. സൃഷ്ടിപരമായ വിധിയെ വ്യത്യാസപ്പെടുത്തിയോ അല്ലാതെയോ ജീവിതത്തില് രൂപം കൊള്ളുന്ന വിധിയാണ് സ്ഥിതിപരമായ വിധി. ഉദാഹരണത്തിന് തല വെട്ടിയാല് മരിക്കണം എന്ന ഭൗതികശാസ്ത്ര നിയമത്തെ ആദരിക്കുമ്പോള്, സൃഷ്ടിപരമായ വിധി പ്രകാരം ആയുസ്സ് ഏറെയുള്ള വ്യക്തിക്ക് ആയുസ്സെത്തും മുമ്പേ മരണം സംഭവിക്കാം ; അതേസമയം ഭൗതിക ശാസ്ത്രത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു തന്നെ തല വെട്ടാന് ഒരുങ്ങുന്നവരുടെ കൈയ്യില് നിന്ന് വാള് വഴുതിപ്പോകാനും, അയാള്ക്ക് ഹൃദയസ്തംഭനം ഉള്പ്പെടെയുള്ള കാര്യങ്ങളിലൂടെ മാറ്റങ്ങളുണ്ടാക്കാനും, ഭൂമി കുലുക്കമുണ്ടാക്കാനും, പാമ്പ് പോലെയുള്ള ജീവികളെക്കൊണ്ട് സഭയെ വിരട്ടാനും, രക്ഷിക്കാന് ഒരു സംഘത്തെ ത്തന്നെ കൊണ്ടുവരാനും, ഒക്കെ ഒക്കെ ഓക്സിജന് അഥവാ ദൈവത്തിന്റെ വാതകരൂപത്തിന് കഴിയുന്നതാണ്. മഹാപ്രപഞ്ചത്തിലെ ഏതൊരു കാര്യവും ഭൗതികശാസ്ത്രപരമായിത്തന്നെ പരിഹരിക്കാന് ദൈവത്തിനു നിസ്സാരമായി കഴിയുന്നതാണ് എന്നര്ത്ഥം. ആധുനിക ലോകത്തില് വാഹന അപകടങ്ങളും , കലഹങ്ങളും, കൊലകളും, പീഢനങ്ങളും, യുദ്ധങ്ങളും മറ്റും എത്രയോ അധികമായി ഉണ്ടാവേണ്ടത് ദൈവത്തിന്റെ കൃപകൊണ്ടു മാത്രമാണ് കുറയുന്നതെന്നും അറിയണം. സ്ഥിതിപരമായ വിധി, ജീവികളുടെ ജീവിതത്തെ കുറിക്കുന്നു. ജനിക്കുന്നത് ജീവിക്കാനാണ്. ധര്മ്മശാസ്ത്രപരമായി കര്മ്മം ചെയ്തും ആനന്ദിച്ചും ജീവിക്കുക.

മനുഷ്യന്റെ സമ്പൂർണ്ണ ജീവിതത്തെയും ദൈവം പദ്ധതിയിട്ട് പ്രവർത്തിക്കുകയാണെങ്കിൽ അത് വെറും പാവകളിയായി മാറുന്നതാണ്. ഇന്നത്തെ മനുഷ്യന് നാളെ എന്തു ചെയ്യും എന്നത് ദൈവം എന്തിനറിയണം ; തന്റെ കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിനുവേണ്ടി ദൈവം മഹാശാസ്ത്രത്തെ മഹാആവിഷ്ക്കരിച്ചിരിക്കുകയാണ് ; സ്വാതന്ത്ര്യം നൽകാതെ വ്യക്തികളെ പാവകളാക്കി കളിപ്പിക്കണമെന്ന് വ്യക്തി അഥവാ മനുഷ്യർ പറയുമോ ? ഒരു വ്യക്തിയോ, ഭൂമിയിലെ മുഴുവൻ മനുഷ്യരുമോ എന്തു ചെയ്താലും അവയെ എല്ലാം നിസ്സാരമായി നിയന്ത്രിക്കുവാന് മഹാശാസ്ത്രത്തിലൂടെ ദൈവത്തിന് കഴിയുന്നതാണ് എന്നതും ; ആയുസ്സ്, ആരോഗ്യം, തൊഴിൽ, ആനന്ദം, വ്യക്തിബന്ധങ്ങൾ, കുടുംബ-ബന്ധങ്ങൾ എന്നിവയെ വ്യക്തിയുടെ പ്രവർത്തനങ്ങളുമായി ദൈവം കോർത്തിണക്കുന്നണ്ട് എന്നതും ; വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുമ്പോഴും വ്യക്തികളുടെയെല്ലാം ആനന്ദത്തിനായി മഹാശാസ്ത്രപരമായി പ്രവർത്തിക്കുന്നു എന്നതും ; വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗംചെയ്യാതെയിരിക്കാന് ധർമ്മകാര്യങ്ങൾ ഓർമ്മിപ്പിച്ചും അന്യരിലൂടെ പ്രേരിപ്പിച്ചുകൊക്കെ ദൈവം പ്രവർത്തിക്കുന്നുണ്ട് എന്നതും, ആത്മീയ സാക്ഷാത്ക്കാരത്തിലൂടെ എല്ലാ ജീവികളും സമപദവിയിലാണ് എത്തുന്നത് എന്നതും കൂടി ചേർത്തു വായിക്കുമ്പോൾ വിഷയം പൂർണ്ണമാകുന്നതാണ്.

അദ്ധ്യായം 26
ഓക്സിജനും സദാചാരശാസ്ത്രവും

സദാചാരങ്ങൾ സദാചാരശാസ്ത്രം കൂടിയാണെന്ന് മുന് അദ്ധ്യായങ്ങളിൽ വിസ്തരിച്ചുവല്ലോ. മറ്റുള്ള ജീവികളിൽ നിന്ന് മനുഷ്യരെ വ്യത്യസ്തരാക്കുകയാൽ മനുഷ്യരുടെ അഥവാ വ്യക്തിയുടെ ജീവിതത്തിൽ സദാചാരങ്ങൾ സർവ്വപ്രധാനമാണ്. വ്യക്തിയുടെ വിശേഷ ബുദ്ധിശക്തി സംരക്ഷണം, വ്യക്തിയുടെ ശരീര സംരക്ഷണം, മറ്റു വ്യക്തികളുടെ ശരീര സംരക്ഷണം, അന്യജീവികളുടെ ശരീര സംരക്ഷണം, ഭൂമി ശുചിയാക്കൽ, വസ്ത്രം, വസ്ത്രധാരണമുറ, സംഭാഷണ രീതികൾ, സാമ്പത്തിക സമത്വം, തുടങ്ങിയ നിരവധി കാര്യങ്ങൾ സദാചാരങ്ങളുടെ ഭാഗമാകുന്നുണ്ട്.

സദാചാര ശാസ്ത്രത്തില് ആദ്യത്തേത് ദൈവം മനുഷ്യന് / വ്യക്തിക്ക് നല്കിയിട്ടുള്ള വിശേഷ ബുദ്ധിശക്തികളെ സംരക്ഷിക്കലാണ്. ആരാണ് സംരക്ഷിക്കുന്നത് ? താന് പാതി, ദൈവം പാതി എന്ന വചനത്തിന്റെ പ്രസക്തിയും പ്രസക്തി ഇല്ലായ്മയും തെളിയിക്കപ്പെടുക കൂടിയാണ്. മുന് അദ്ധ്യായത്തില് വ്യക്തമാക്കിയതുപോലെ, സ്ഥിതിപരമായ വിധി പ്രകാരം, പ്രകൃതിയിലെ അഥവ മഹാപ്രപഞ്ചത്തിലെ വസ്തുക്കളെ ധര്മ്മശാസ്ത്രപ്രകാരം ഉപയോഗിക്കുവാന് ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ഉത്തരവാദിത്തമാണ്. ജീവികളുടെ ശരീരം ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഗുണങ്ങളും ദോഷങ്ങളും എങ്ങനെയെല്ലാം സമ്മേളിച്ചിരിക്കുന്നുവെന്ന് ന്യൂനശക്തികളെ വിശദീകരിച്ചുകൊണ്ട് വ്യക്തമാക്കിയിരുന്നു. വസ്തുക്കളിലെ ചെറിയൊരു ഭാഗം മാത്രമായ ന്യൂനശക്തികളെ സദുപയോഗം ചെയ്തുകൊണ്ട് വ്യക്തികള്ക്ക് ആനന്ദകരമായ ജീവിതം നയിക്കാനും, ന്യൂനശക്തികളെ ദുരുപയോഗം ചെയ്തുകൊണ്ട് ദുസ്വാര്ത്ഥങ്ങള് നേടാനും കഴിയുന്നതാണ്.

വ്യക്തി നല്ലത് ആഗ്രഹിക്കുകയും നല്ലത് പ്രവര്ത്തിക്കുകയും ചെയ്യുമ്പോള്, യഥാര്ത്ഥത്തില് ദൈവത്തിനാണ് ഫലങ്ങള് ഏറെ ലഭിക്കേണ്ടത്, എന്തെന്നാല് ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളാണ് വസ്തുക്കളുടെ ധര്മ്മശാസ്ത്രങ്ങളില് കൂടുതലായുമുള്ളത് ; വ്യക്തിയുടെ നല്ല ചിന്തകള്ക്കും പ്രവൃത്തികള്ക്കും അത് കാരണമാണ്. എന്നാല് മഹാകാരുണ്യമായ ദൈവം എല്ലാ ഗുണങ്ങളും ഫലങ്ങളും വ്യക്തിക്കു മാത്രമായി നല്കുന്നു ; ദൈവത്തിന് കുഞ്ഞുങ്ങളുടെ സന്തോഷം കണ്ടാല് മതിയാകും. ഗ്രന്ഥത്തിന്റെ 4-ാം ഭാഗത്തില് വിസ്തരിച്ചിട്ടുള്ള ദൈവീകമായ സാമ്പത്തികശാസ്ത്രം പഠിക്കുമ്പോള് ദൈവം സമ്പത്ത് തിരിച്ചുപിടിക്കുന്നു എന്നു തോന്നുമെങ്കിലും യഥാര്ത്ഥത്തില് അങ്ങനെ ചെയ്യുന്നില്ല, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ ശ്രദ്ധിക്കുകമാത്രമാണെന്നു മനസ്സിലാകുന്നതാണ്. മഹത്വം ദൈവത്തിനു മാത്രം.

വ്യക്തി നല്ലതല്ലാത്തത് അഥവാ അധമമായത് ആഗ്രഹിക്കുകയും പ്രവര്ത്തിക്കുകയും ചെയ്യുമ്പോള്, വ്യക്തി ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളില് നിന്നും അകലുകയാണ്. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളാണ് വസ്തുക്കളുടെ ധര്മ്മശാസ്ത്രങ്ങളില് കൂടുതലായുള്ളത് എന്നതുകൊണ്ട് ധര്മ്മശാസ്ത്രപ്രകാരമുള്ള തടസ്സങ്ങള് സൃഷ്ടിക്കപ്പെടുന്നുണ്ട്. അതിനെ തുണയ്ക്കുവാന് ഓക്സിജന് തയ്യാറാവുന്നുണ്ട്, വ്യക്തിയോടും വ്യക്തിയുടെ ദുഷ്പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നവരോടുമുള്ള

സ്നേഹംകൂടിയാണത്. വ്യക്തി ദുസ്വാര്ത്ഥങ്ങളുമായി മുന്നോട്ടുപോകുമ്പോള് വ്യക്തിക്ക് പാപമുണ്ടാകുന്നതാണ്. അപ്പോഴും വ്യക്തിയുടെ ആഗ്രഹം, വ്യക്തിയുടേതു മാത്രമാണ്. വ്യക്തിയുടെ ആഗ്രഹത്തെയും ആഗ്രഹപ്രകാരമുള്ള പ്രവൃത്തിയെയും വസ്തുക്കളുടെ ധര്മ്മശാസ്ത്രപ്രകാരം നിര്വ്വഹിച്ചുകൊടുക്കുവാന് മഹാശാസ്ത്രങ്ങളുടെയും മഹാപ്രപഞ്ചത്തിന്റെയും സ്രഷ്ടാവായ ദൈവത്തിന് ബാദ്ധ്യതയുണ്ട്. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് അതു ചെയ്യുന്നു.
അതായത് വ്യക്തി ഇച്ഛിക്കുന്നവയെയും ഉപയോഗിക്കുന്നവയെയും ശാസ്ത്രങ്ങള് പ്രകാരം വ്യക്തിയുമായി ബന്ധിപ്പിക്കുന്നത് ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനാണ്. ഭൗതിക വസ്തുക്കളെയും/ജീവികളെയും, ഭൗതികശാസ്ത്രത്തെയും, പ്രകടമല്ലാത്ത ആത്മാവിനെയും അഥവാ ആത്മാവിന്റെ ആഗ്രഹത്തെയും, ഭൗതിക ശരീരത്തിന്റെ അവസ്ഥകളെയും, വസ്തുക്കളുടെയും ജീവികളുടെയും ധര്മ്മശാസ്ത്രത്തെയും കൂട്ടിയിണിക്കുകയും നിയന്ത്രിക്കുകയും ശാസ്ത്രപ്രകാരം ആത്മാവിന്റെ ഇച്ഛയെ അനുസരിക്കുകയും ചെയ്യുന്ന ശക്തിയായി ഓക്സിജന് പ്രവര്ത്തിക്കുന്നു.
ഓക്സിജന് തന്നെ ഛ, ഛ2, ഛ3, ഛഒ എന്നിങ്ങനെ 3+1 = 4 വിധത്തില് പ്രവര്ത്തിക്കുന്നതാണ്, ആവക വിവരങ്ങള് മറ്റൊരു ഗ്രന്ഥത്തില് വിസ്തരിക്കുന്നതാണ്. കാര്ബണും ഹൈഡ്രജനും പ്രത്യേക അളവുകളില് ചേരുന്നിടത്ത് മദ്യത്തിലെ ഛഒ ഘടകത്തിന് പ്രത്യേക അവസ്ഥകളുണ്ട്. മദ്യത്തിന്റെ ഉപയോഗത്തിലൂടെ ജീവനും ജീവാത്മാവും തമ്മില് നേരിട്ട് എതിര്പ്പ് പ്രകടിപ്പിക്കുന്ന അഥവാ ഏറ്റുമുട്ടുന്ന അവസ്ഥയുണ്ടാവുന്നു. ജീവനായ ഛ എന്ന ഓക്സിജന് താന് സംരക്ഷിക്കുന്ന ശരീരത്തെ അവഹേളിക്കുന്ന മനുഷ്യന്റെ - ജീവാത്മാവിന്റെ - സമനില തെറ്റിക്കുന്നു. കാര്ബണിന്റെയും ഹൈഡ്രജന്റെയും ശാസ്ത്രബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വെളിപാട് പൂര്ണ്ണമായിട്ടില്ല. ഹ്രസ്വമായി പറയുമ്പോള്, വസ്തുക്കളെയെല്ലാം അവയുടെ ശാസ്ത്രങ്ങള് പ്രകാരവും വ്യക്തികളുടെ ഇച്ഛപ്രകാരവും പ്രവര്ത്തിപ്പിക്കുന്നത് ഓക്സിജനാണ്. വ്യക്തിസ്വാതന്ത്ര്യം അഥവാ ദൈവം വ്യക്തികള്ക്ക് നല്കിയിട്ടുള്ള സ്വാതന്ത്ര്യം പ്രകാരം, ദൈവത്തിന്റെ ഭാവങ്ങളെ മാറ്റി നിര്ത്തിയും എന്നാല് വസ്തുക്കളുടെ ധര്മ്മശാസ്ത്രങ്ങളിലൂടെ പ്രവര്ത്തിച്ച് ദൈവഭാവങ്ങളെ മുന്നിര്ത്തിയും വ്യക്തികള്ക്കുവേണ്ടി ദൈവം പ്രവര്ത്തിക്കുകയാണ്. സത്യം, ധര്മ്മം, നീതി എന്നീ മൂന്ന് ദൈവ ഭാവങ്ങളും

ഓക്സിജനില് സമ്മേളിച്ചിട്ടുണ്ട്, മഹാനീതിശാസ്ത്രപ്രകാരം ജീവികളോടുള്ള ദൈവത്തിന്റെ മഹാസ്നേഹമെന്ന മഹാവാത്സല്യമായിട്ട് അത് പരിണമിക്കുന്നതാണ്. മനുഷ്യാ നീ മണ്ണാകുന്നു, എന്നതിലെ ശരീരം മണ്ണാണ്, എന്ന ശാസ്ത്രസത്യവും, മനുഷ്യന്റെ നാസികയിലൂടെ ദൈവം തന്റെ ആത്മാവിനെ ഊതിക്കൊണ്ട് മനുഷ്യശരീരത്തിന് ജീവന് നല്കി എന്നതിലെ ആത്മാവ് ഓക്സിജനാണ് എന്നതും മനസ്സിലാക്കുവാന് ദൈവം മനുഷ്യരെ മഹാഅനുഗ്രഹിക്കുമാറാകട്ടെ.
ഓക്സിജന്റെ പ്രവര്ത്തനങ്ങളെപ്പറ്റി ഓംസത്യം ഡോട്ട്കോം ംംം.ീാമെവ്യമാ.രീാ വെബ്സൈറ്റില് കൂടുതലായി വിസ്തരിച്ചിട്ടുണ്ട്.
മഹാശക്തിയുടെ മഹാഇഷ്ടങ്ങളനുസരിച്ച് യഥാകാലം കൂടുതല് കാര്യങ്ങള് വെളിപ്പെടുത്തുവാന് മഹദാസനായ പരമശിവനെ ദൈവം തീര്ച്ചയായും മഹാഅനുഗ്രഹിക്കുന്നതാണ്.

അദ്ധ്യായം 27
ദൈവ നിന്ദ

തെറ്റുകളെയും കുറ്റങ്ങളെയും നിന്ദിക്കണം, ശിക്ഷിക്കണം എന്നൊക്കെ പറയുമെങ്കിലും, കുഞ്ഞുങ്ങള് ചെയ്യുന്ന തെറ്റുകളെയും കുറ്റങ്ങളെയും മാതാപിതാക്കളും മുതിര്ന്നവരും, പ്രത്യേകിച്ചും മാതാവ്, കൂടുതലും ക്ഷമിക്കുകയും സഹിക്കുകയുമാണ് ചെയ്യുക. മാത്രമല്ല, അധിക സ്നേഹവും വാത്സല്യവും കൊടുത്തുവെന്നും വരാം. തങ്ങളുടെ മടിയില് തൂറുകയും മൂത്രമൊഴിക്കുകയും ചെയ്യുന്ന കുഞ്ഞിനെ ആരും ശിക്ഷിക്കുന്നില്ല. കുഞ്ഞിക്കൈകള് കൊണ്ടും കുഞ്ഞിക്കാലുകള് കൊണ്ടും അമ്മയുടെ ദേഹത്തും മുഖത്തും അടിക്കുകയും ചവിട്ടുകയും ചെയ്യുന്ന കുഞ്ഞിനെ തിരിച്ചടിക്കുന്നില്ല. ചിലപ്പോഴെങ്കിലും കുഞ്ഞിക്കൈകളുടെ പ്രഹരം ആസ്വദിക്കുകയും ചെയ്യുന്നു ! കുഞ്ഞു

വളര്ന്നുവരുമ്പോള്, അമ്മയുടെ തെറ്റും ശരിയും മിക്കപ്പോഴും വിശകലനം ചെയ്യാന് നില്ക്കാതെ, അമ്മയോട് അക്രമം കാട്ടുന്നവരോട് ഏറ്റുമുട്ടുന്നതുമാണ്. തനിക്കുവേണ്ടി ചാകാന്പോലും തയ്യാറാവുന്ന തന്റെ മുതിര്ന്ന കുഞ്ഞിന്റെ സ്നേഹവും കടപ്പാടും കണ്ട് ആനന്ദം കൊള്ളുമെങ്കിലും, തനിക്ക് മരണമുണ്ടായാല് പോലും തന്റെ കുഞ്ഞിന് ഒരു പോറല്പോലും ഏല്ക്കുന്നത് അമ്മയ്ക്ക് ഇഷ്ടമല്ല, സഹിക്കില്ല. (പൊതുവെ പറയുന്ന കാര്യങ്ങള്ക്ക് അപവാദമായിട്ട് ഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം എന്ന ഭാഗത്തില് വിശദീകരിച്ചിട്ടുള്ളതിന് പ്രകാരമുള്ള ഒറ്റപ്പെട്ട സംഭവങ്ങള് തീര്ച്ചയായുമുണ്ട്.). പൊടിക്കുഞ്ഞുങ്ങള് കുഞ്ഞിക്കൈകള്കൊണ്ട് തന്റെ മുഖത്തടിക്കുന്നതിനെ ക്ഷമിക്കുകയും സഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന മാതാവ്, കുഞ്ഞ് മുതിര്ന്ന് 10, 20, 30, 40, 50 തുടങ്ങിയ പ്രായങ്ങളിലെത്തുമ്പോള് തന്റെ മുഖത്തടിക്കുകയോ ചവിട്ടുകയോ ഒക്കെ ചെയ്താല് അതിനെ നിസ്സാരമായി കാണില്ല. അതായത് കുഞ്ഞുങ്ങള് മുതിര്ന്നവരാകുമ്പോള്, കാട്ടുന്ന തെറ്റുകളെയും കുറ്റങ്ങളെയും നിന്ദകളെയും, നിന്ദിക്കുകയും ശിക്ഷിക്കുകയും വേണം. കുഞ്ഞുങ്ങളും, മാതാപിതാക്കളും, മുത്തശ്ശന്മാരും മുത്തശ്ശിമാരും, അങ്ങനെ ഭൂമിയിലുള്ള എല്ലാവരും ദൈവത്തിന് തന്റെ കുഞ്ഞുങ്ങള് മാത്രമാണെങ്കിലും, ബാല്യാവസ്ഥ കഴിഞ്ഞ മുതിര്ന്ന കുഞ്ഞുങ്ങള് ചെയ്യുന്ന തെറ്റുകളെയും കുറ്റങ്ങളെയും നിന്ദിക്കുകയും ശിക്ഷിക്കുകയും തിരുത്തുകയും വേണം. എങ്കില് മാത്രമേ പ്രപഞ്ചജീവിതം മഹാമംഗളം ആവുകയുള്ളൂ. നിന്ദ അര്ഹിക്കുന്നതിനെ നിന്ദിക്കണം എന്നു പറയുമ്പോള്, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി- സ്ഥിതി- സംഹാരങ്ങള്ക്കായി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തെയും, മഹാശാസ്ത്ര പ്രകാരമുള്ള ജീവിതകാര്യങ്ങളെയും നിന്ദിക്കുന്നവരെ, നിന്ദിക്കണം എന്ന അര്ത്ഥമുണ്ടാകുന്നു. ശരികളെയും നല്ല കാര്യങ്ങളെയും നിന്ദിക്കാന് പാടില്ലാ എന്നും. നിന്ദിക്കുക എന്നതായ വാക്കിനെ പ്രവൃത്തിയാക്കുമ്പോള്, ശിക്ഷിക്കുക എന്ന അര്ത്ഥം ഉണ്ടാകുന്നതാണ്. കടുത്ത ശിക്ഷകള് നല്കുന്ന അറേബ്യന് നാടുകളിലെ രാജാക്കന്മാരെയോ മന്ത്രിമാരെയോ പരസ്യമായി നിന്ദിക്കാന് സമൂഹത്തിലെ പ്രഭുക്കന്മാര് പോലും മടിക്കുന്നതും ഭയക്കുന്നതുമാണ്. എന്നാല് ജനാധിപത്യം എന്ന പേരിലുള്ള ഭരണകൂടങ്ങള് പ്രവര്ത്തിക്കുന്ന ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളില് സാധാരണക്കാര് പോലും ഭരണാധികാരികളെ നിന്ദാപരമായ വാക്കുകള് ഉപയോഗിച്ചു ശകാരിക്കുന്നത് സാധാരണയാണ്. അതേ രാജ്യങ്ങളില്

അടിയന്തരാവസ്ഥക്കാലത്ത് ഭരണാധികാരികളെയും പോലീസ്-സംവിധാനങ്ങളെയും സാധാരണക്കാരല്ലാത്തവരും ഭയക്കുന്നു. തികച്ചും ശാന്തനായ ആനയുടെ അടുത്ത് കുട്ടികളും മുതിര്ന്നവരും സ്വാതന്ത്ര്യം കാട്ടും; എന്നാല് ക്രൗര്യമുള്ള പൂച്ചയെയും പട്ടിയെയും ആടിനെയും പശുവിനെയും ഭയക്കുന്നതുമാണ്. ദൈവനിന്ദയും ശാസ്ത്രനിന്ദയും നടത്തുന്നവരെ, മഹാശക്തിയായ ദൈവം, ഊമകളാക്കിയോ മറ്റോ ഉടനടി ശിക്ഷ കൊടുക്കുന്ന രീതി ഏതാനും പേരുടെ കാര്യത്തിലുണ്ടായാല്, ജനങ്ങള് ഭയക്കുന്നതാണ്. കുഞ്ഞുങ്ങളുടെ മഹാമാതാവു കൂടി ആയതുകൊണ്ടാണ് ദൈവം ക്ഷമിക്കുന്നത്.

ബുദ്ധനും ക്രൈസ്റ്റും ഗാന്ധിയുമൊക്കെ അഹിംസാവാദം നടത്തിയവരാണ്. ക്രൈസ്റ്റ് മായാശക്തികള് ഉപയോഗിച്ചും ജനങ്ങളെ സഹായിച്ചു, തന്നെ നിന്ദിച്ചവരോട് അനുതാപം കാട്ടി, ഉപദേശങ്ങളിലൂടെ തിരുത്താന് ശ്രമിച്ചു. മറിച്ച് മായാശക്തികള് ഉപയോഗിച്ച് നിന്ദിച്ചവരെ ശിക്ഷിച്ചിരുന്നുവെങ്കില്, ജനങ്ങള് അദ്ദേഹത്തെ ഭയക്കുമായിരുന്നു. ദൈവത്തിന്റെ പ്രതിനിധിയെ ഭയക്കുന്ന അവസ്ഥ ദൈവീകമല്ല. മാത്രമല്ല, ദൈവം സ്നേഹമാണെന്നു പഠിപ്പിക്കുന്ന കാര്യത്തില് പോരായ്മകള് ഉണ്ടാകുമായിരുന്നു. ബ്രിട്ടീഷുകാരെ അടിച്ചോടിക്കൂ എന്ന പൈശാചികമായി മാര്ഗ്ഗം ഗാന്ധി ഉപദേശിച്ചിരുന്നുവെങ്കില്, ഗാന്ധിക്കും ഇന്ത്യന് ജനതയ്ക്കും അഭിമാനം ഉണ്ടാകുമായിരുന്നില്ല. ഇന്ത്യയിലെ ഭരണകൂടം അണുബോംബുണ്ടാക്കിയിട്ടും, ലോകത്തിലെ ജനങ്ങളില് വലിയൊരു വിഭാഗം, ഇന്ത്യക്കാരെ സമാധാന പ്രേമികളായി കണക്കാക്കുന്നത്, അടിസ്ഥാനപരമായി അന്തര്ദ്ദേശീയനായ ഗാന്ധി, പ്രഥമമായി ഇന്ത്യക്കാരനായതു കൊണ്ടു കൂടിയാണ്. അജ്ഞാനികളും അഹംഭാവികളും അഹങ്കാരികളും യുദ്ധപ്രിയരുമായി ഇന്ത്യക്കാരെ കണക്കാക്കാത്തതിന് ഒരു കാരണം ഗാന്ധിയാണ്, പരമമായി, ഗാന്ധിയെ അയച്ച ദൈവമാണ്. ഗാന്ധിയെ നിന്ദിച്ചവരെ ഗാന്ധി നിന്ദിച്ചില്ല. ശാസ്ത്രത്തെയും ദൈവത്തെയും നിന്ദിച്ചവരെ തിരുത്തി നേര്വഴിക്ക് നടത്താനായി ഗാന്ധി തനിക്കു ദൈവം നല്കിയ ശക്തിക്കൊത്ത് പ്രവര്ത്തിക്കുകയും ചെയ്തു, ദൈവത്തെ മാത്രം മഹത്വപ്പെടുത്തുകയും ചെയ്തു.

മനുഷ്യക്കുഞ്ഞുങ്ങള്ക്ക് അനന്തങ്ങളായ ആനന്ദങ്ങള് ഒരുക്കിനല്കുകയും കൂടുതല് കൂടുതല് ആനന്ദിപ്പിക്കാനായിട്ട് മഹാശാസ്ത്ര പാഠങ്ങള് കാലാകാലങ്ങളിലായി വെളിവാക്കി കൊടുക്കുകയും ചെയ്യുമ്പോള്, മനുഷ്യര് ധര്മ്മശാസ്ത്രങ്ങളെ തെറ്റിക്കുകയും,

തങ്ങളുടെ സ്വാര്ത്ഥത്തിനായി ചുറ്റുമുള്ള കുഞ്ഞുങ്ങളുടെ ആനന്ദത്തെ തട്ടിത്തെറിപ്പിക്കുകയും ചെയ്താല് ദൈവത്തിന് വേദനിക്കും. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യര് ചെയ്യുന്ന അപരാധങ്ങള് പൊറുക്കേണ്ടതും തിരുത്തേണ്ടതും ദൈവമാണ്. കുഞ്ഞുങ്ങളുടെ എല്ലാ അപരാധങ്ങളും പൊറുത്തുകൊണ്ടിരുന്നാല് ജീവിതം മംഗളമാവില്ല. അപ്പോള്, കുഞ്ഞുങ്ങളെ തിരുത്തുക കൂടി ആവശ്യമാകുന്നു. തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷ നല് കേണ്ടിവരും. മാതാപിതാക്കള് കുട്ടിയെ ശിക്ഷിക്കുന്നത് കുട്ടിയെ സ്നേഹിക്കുന്നതുകൊണ്ടാണ്, കുട്ടിയെ തിരുത്തി നല്ല വഴിയില് നടത്താനാണ്. ദൈവം, ഒരു മഹാജീവിയെപ്പോലെ, ജീവികളുടെ മഹാപിതാവും മഹാമാതാവുമായി വര്ത്തിക്കുമ്പോള്, കുഞ്ഞുങ്ങള് കടുത്ത തെറ്റുകള് ചെയ്താല്, കുഞ്ഞുങ്ങള്ക്ക് ചിലപ്പോഴെങ്കിലും കടുത്ത ശിക്ഷയും നല്കേണ്ടിവരുന്നതാണ്. അതായത്, കുഞ്ഞുങ്ങള് അഥവാ വ്യക്തികള് തങ്ങളുടെ സ്വാര്ത്ഥത്തിനായി ചുറ്റുമുള്ള കുഞ്ഞുങ്ങളുടെ അഥവാ വ്യക്തികളുടെ ജീവിതത്തിനു കടുത്ത ദോഷം വരുത്തിയാല്, ധര്മ്മശാസ്ത്രം തെറ്റിച്ച കുഞ്ഞുങ്ങളെ തിരുത്തുവാനും നല്ല വഴിയില് നടത്താനും ചെറുതും വലുതുമായ ബഹുവിധ ശിക്ഷകള് കൂടി ആവശ്യമായി വരുന്നതാണ്. ദൈവത്തിന്റെ പ്രവൃത്തിയെ അനുകരിച്ച്, മനുഷ്യരിലെ മാതാപിതാക്കള്ക്ക് തങ്ങളുടെ കുട്ടികളെ ശിക്ഷിക്കുവാന് ദൈവം അവകാശവും അധികാരവും നല്കിയിട്ടുണ്ട്. ഏക മഹാശക്തിയായ ദൈവം എല്ലാ ജീവികളുടെയും സ്രഷ്ടാവാണ്, പരിപാലകനാണ്, മഹായജമാനനാണ്, മഹാപിതാവും മഹാമാതാവുമാണ്. മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും, താന് സൃഷ്ടിക്കുന്ന ജീവികളുടെയെല്ലാം ആനന്ദകരമായ ജീവിതത്തിനായി ഒരു മഹാജീവിയെപ്പോലെ ദൈവം പ്രവര്ത്തിച്ചുകൊണ്ടിരിക്കുകയാണ്. ആവിധ വിവരങ്ങള് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തില് പഠിക്കുമ്പോള്, ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യം അറിഞ്ഞ് മനുഷ്യര് വിതുമ്പിക്കരയുന്നതാണ്. മനുഷ്യമാതാക്കളുടെയും കൂടി മഹാപിതാവും മഹാമാതാവുമായ ദൈവം, മനുഷ്യമാതാവ് കുഞ്ഞുങ്ങള് ക്ക് നല്കുന്നതിന്റെ (കൃത്യമായി) 100 മടങ്ങ് വാത്സല്യം എല്ലാ കുഞ്ഞുങ്ങള്ക്കും നല്കുന്നു. 100 മനുഷ്യജന്മങ്ങളിലും മഹാമാതാവായി ദൈവം വര്ത്തിക്കുന്നതുകൊണ്ടാണ് 100 മടങ്ങെന്നുള്ളത് യാഥാര് ത്ഥ്യമാകുന്നത്. അപ്പോള് തെറ്റുകളും കുറ്റങ്ങളും ചെയ്യുന്ന തന്റെ മനുഷ്യമാതാവ് ഉള്പ്പെടെയുള്ള തന്റെ കുഞ്ഞുങ്ങളോട്, മനുഷ്യമാതാവിനേക്കാള് 100 മടങ്ങ് അധികമായി ക്ഷമിക്കുവാനും

മഹാപിതാവും മഹാമാതാവുമായ ദൈവത്തിന് ബാദ്ധ്യതയുണ്ട്. ദൈവം പ്രത്യേക നിയോഗത്തോടെ ബുദ്ധനെയും ക്രൈസ്റ്റിനെയും ഗാന്ധിയെയും ഭൂമിയിലേക്ക് അയച്ചപ്പോള്, ദൈവത്തെ പ്രതിനിധീകരിച്ച് ക്ഷമയും അഹിംസാവാദവും ഉയര്ത്തുവാന് ദൈവം അവരെ അനുഗ്രഹിച്ചു എന്നു തിരിച്ചറിയുമ്പോള്, അവരിലൂടെ ദൈവത്തിന്റെ സ്നേഹമാണ് പ്രവര്ത്തിച്ചത് എന്നു മനസ്സിലാക്കാനും അതുള്ക്കൊണ്ട് കൂടുതല് സന്തോഷിക്കാനും കൂടി മനുഷ്യര്ക്ക് കഴിയുന്നതാണ്. മേല്പടി 100 മടങ്ങിലധികം ദൈവനിന്ദ ചെയ്യുന്ന കുഞ്ഞുങ്ങളെ തിരുത്താനായിട്ട് ദൈവം ശിക്ഷിക്കുക കൂടിവേണം എന്നു തെളിയുന്നു. ദൈവനിന്ദ അഥവാ ദൈവത്തെ നിന്ദിക്കല് എന്നു പറയുമ്പോള്, മഹാശാസ്ത്രത്തെ നിന്ദിക്കുന്നതും ദൈവനിന്ദയാണ്. ദൈവത്തെയല്ല ജനങ്ങള് മുഖ്യമായി നിന്ദിക്കുന്നത്; മഹാശാസ്ത്രത്തെ തന്നെയാണ്. മതപുരോഹിതന്മാരും ന്യായാധിപന്മാര് ഉള്പ്പെടെയുള്ള ഭരണാധികാരികളും, പട്ടാളവും, പോലീസും, വിവിധ ഭരണകാര്യാലയങ്ങളിലെ ഉദ്യോഗസ്ഥരും, ഭീകരവാദികളും ഒക്കെ 100 മടങ്ങിലും 1000 മടങ്ങിലും അധികമായി മഹാശാസ്ത്രത്തെ നിന്ദിക്കുന്നവരാണ്. ജനങ്ങളിലെ വലിയൊരു വിഭാഗവും അങ്ങനെതന്നെ. എന്നാല് ശാസ്ത്രനിന്ദയ്ക്കും, ശാസ്ത്രനിന്ദയിലൂടെ ദൈവനിന്ദയ്ക്കും, നിലവിലുള്ള അജ്ഞാനം ഭാഗിക കാരണമായിട്ടുണ്ട്. മുജ്ജന്മങ്ങളിലും മനുഷ്യര് ശാസ്ത്രീയമായി ജീവിച്ചില്ല എന്നത് അജ്ഞാനത്തിന് അവരെയും കാരണമാക്കുന്നുണ്ട്. മറ്റൊന്ന്, മുമ്പു വിശദമാക്കിയ ഒന്നാം മഹാകാലചക്രത്തിലെ ഭരണാധികാരികളായിരുന്ന വിഷ്ണു എന്ന നാരായണന് ഉള്പ്പെടെയുള്ളവരുടെ അധമത്തങ്ങളും, സമൂഹത്തിലെ ധാര്മ്മിക അധഃപതനത്തിന് കാരണമായിരിക്കുന്നു എന്നതാണ്. അക്കാരണംകൊണ്ട്, ജനങ്ങള്ക്ക് ശിക്ഷ കുറയുന്നതാണ്. കുറയും എന്നു പറയുമ്പോള് ഇല്ല എന്ന അര്ത്ഥം എടുത്തുകൂടാ. ഉദാഹരണമായിട്ട്, ഈ ഗ്രന്ഥത്തിലൂടെ, ശാസ്ത്രസത്യങ്ങള് മനസ്സിലാക്കാന് അവസരം ലഭിച്ചിട്ടും, ഉടന് തിരുത്താന് തയ്യാറാവാതെ ദുസ്വാര്ത്ഥങ്ങളുമായി നീങ്ങുന്നവര്ക്ക് ദൈവം കടുത്ത ശിക്ഷ നല്കിയെന്നു വരും. അതുപോലെ, പാപികള്ക്ക് കടുത്ത ശിക്ഷയുണ്ടെന്ന് ഗ്രന്ഥത്തില് പലേടത്തും പറയുമ്പോള്, അധികം വേദനിപ്പിക്കാതെ ശിക്ഷിക്കുവാനും ധര്മ്മശാസ്ത്രപരമായി ദൈവം ശ്രദ്ധിക്കുന്നതാണ്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തില് വികലാംഗതയെ ശിക്ഷയുമായി ബന്ധിപ്പിച്ചിട്ടുള്ളത് ഉദാഹരണമാണ്. മായ പ്രത്യക്ഷമാകും മുമ്പ്, ഓക്സിജന് അഥവാ ദൈവത്തിന്റെ

വാതകരൂപം ജീവികളെ ധര്മ്മശാസ്ത്രപരമായി ശിക്ഷിക്കുക കൂടി ചെയ്യുന്നുണ്ട്. ധര്മ്മശാസ്ത്രപരമല്ലാത്ത ചെയ്തികളെല്ലാം തെറ്റുകളാണ്, കുറ്റങ്ങളാണ്, പാപങ്ങളാണ്. കുടുംബത്തില് തെറ്റുകള് ചെയ്യുന്നര്ക്ക് ഉപദേശം, ശാസന, വിരട്ടല്, ചെറിയ അടി, വലിയ അടി എന്നിങ്ങനെയെല്ലാം പലതരത്തിലുള്ള ശിക്ഷകളുള്ളതുപോലെ തെറ്റുകളുടെ അളവനുസരിച്ച്, മറ്റുള്ളവരിലൂടെയും രോഗങ്ങളിലൂടെയും വീഴ്ചകളിലൂടെയും മറ്റും ഓക്സിജന് വ്യക്തികളെ ശിക്ഷിക്കുന്നതാണ്. എന്നാല് കടുത്ത തെറ്റുകള് ചെയ്യുന്നവര് നാട്ടില് ജീവിക്കാന് യോഗ്യരല്ലാ എന്നു കൂടി ദൈവം അഥവാ ഓക്സിജന് അഥവാ ശാസ്ത്രം വിധിക്കുന്നുണ്ട്. ശിക്ഷാകാര്യങ്ങള് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രത്തില് വിവരിച്ചിട്ടുണ്ട്.

ഏതാനും കടുത്ത തെറ്റുകള് പറയാം :- (1) ദൈവത്തെയും ദൈവഭാവത്തെയും മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും നിന്ദിക്കുക ; (2) ദൈവം ഉത്കൃഷ്ടമായി നല്കിയ ശരീരത്തിന്റെ പ്രവര്ത്തനങ്ങളെ താളംതെറ്റിക്കുന്ന മദ്യം പോലെയുള്ളവയെ ഉപയോഗിച്ച് ശരീരനിന്ദ ചെയ്യുക ; (3) മനുഷ്യര്ക്ക് വേണ്ടി മഹാപ്രപഞ്ചകാര്യങ്ങളിലെല്ലാം ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള അതിശ്രേഷ്ഠവും അത്യാനന്ദകരവുമായ കാര്യങ്ങള് അവഗണിച്ചുകൊണ്ട് കാമകാര്യങ്ങളില് അധമത്വം പുലര്ത്തുകയും അങ്ങനെ ശാസ്ത്രവികസനത്തെയും വ്യക്തികളുടെ കൂട്ടായ ആനന്ദത്തെയും കളങ്കപ്പെടുത്തുക. (4) മത്സരങ്ങള് ദൈവീകമല്ല, ദൈവനിന്ദയാണ്. (5) പുരുഷന്റെ യജമാനയാണ് സ്ത്രീ, സമത്വവാദങ്ങളും സ്ത്രീകളെ പീഡിപ്പിക്കുന്നതും കടുത്ത തെറ്റാണ്. അടുത്ത ഏതാനും അദ്ധ്യായങ്ങളിലായി മേല്പടി കടുത്ത തെറ്റുകള് വിശദീകരിച്ചിട്ടുണ്ട്. അവ കൂടാതെ (6) സാമ്പത്തിക ശാസ്ത്രനിന്ദ : ഗ്രന്ഥത്തിന്റെ 4-ാം ഭാഗത്തില് ദൈവീകമായ സാമ്പത്തികശാസ്ത്രം വിശദമാക്കിയിട്ടുണ്ട്; (7) ദൈവത്തെ ആരാധിക്കുവാന് ദൈവം ആവശ്യപ്പെടുന്നില്ല ; എന്നാല് ദൈവം ഓരോ കാര്യങ്ങള്ക്കായി നിയോഗിച്ചവരെയും, വ്യക്തികളെയും ദൈവമെന്നു വിളിച്ചും ദൈവമെന്ന പോലെയും ആരാധിക്കുന്നത് ദൈവത്തെ നിന്ദിക്കലാണ് ; ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് വിശദമാക്കിയിട്ടുണ്ട്.

അദ്ധ്യായം 28

മഹാ-ഭാവത്തെയും പ്രപഞ്ചത്തെയും ശാസ്ത്രത്തെയും മനുഷ്യര് നിന്ദിക്കുന്നു.

ദൈവ ഭാവങ്ങള് സത്യ-ധര്മ്മ-നീതികളാണ്; ദൈവ ഭാവങ്ങളെ ആദരിക്കാനായി തങ്ങള് ജീവിതത്തില് സത്യ-ധര്മ്മ-നീതികള് പുലര്ത്തണം; മഹാനീതിപതി ദൈവമാണ്; മഹാപ്രപഞ്ച ത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കാനായി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള മഹാ- ശാസ്ത്രത്തെ മഹത്തരമായി കാണണം; ശാസ്ത്രത്തെ നിന്ദിക്കുന്നത് ദൈവത്തെ നിന്ദിക്കുന്നതിനു തുല്ല്യമാണ്; ദൈവമുണ്ട്; എന്നിങ്ങനെയുള്ള വിചാരങ്ങളും, അതു കരുതിയുള്ള സംഭാഷണങ്ങളും പ്രവൃത്തികളും ഉന്നതമായ ബുദ്ധിശക്തികള് ലഭിച്ച മനുഷ്യര് പുലര്ത്തേണ്ടതുണ്ട്. നന്ദി, നന്ദി, നന്ദി എന്നു പറയേണ്ടവര് നിന്ദ, നിന്ദ, നിന്ദ തന്നെ ചെയ്യുന്നത് കടുത്ത പാപമാണ്.

ദൈവ ഭാവങ്ങളായ സത്യ-ധര്മ്മ-നീതികള് പുലര്ത്തിക്കൊണ്ട് ജീവിച്ചാല് മാത്രമേ പ്രപഞ്ച ജീവിതം നിലനില്ക്കുകയുള്ളൂ ; അല്ലെന്നാല് തമ്മിലടിച്ചും കൊന്നും ജീവി-ജീവിതം ശീഘ്രം അവസാനിക്കുന്നതാണ്. പ്രസ്തുത സത്യവും മഹാപ്രപഞ്ചം വളരെക്കാലമായി നിലനില്ക്കുന്നുവെന്ന സത്യവും ദൈവഭാവം സത്യ-ധര്മ്മ-നീതികള് ആണെന്ന് ലളിതമായി തെളിയിക്കുന്നുണ്ട്. ദൈവത്തിന്റെ ഭാവത്തെ സ്നേഹിച്ച് തങ്ങളുടെ ജീവിതത്തില് പിന്പറ്റുമ്പോള് മാത്രമേ ദൈവത്തെ

സ്നേഹിക്കുന്നവര് ആവുകയുള്ളൂ. കള്ളം പറഞ്ഞും, അധമ ഭാഷണങ്ങള് നടത്തിയും, അധര്മ്മ പ്രവൃത്തികള് ചെയ്തും ജീവിച്ചുകൊണ്ട് ദൈവ-വിശ്വാസിയായി അഭിനയിക്കുന്നത് കടുത്ത ദൈവനിന്ദയാണ്.

മഹാശക്തിയായ ദൈവം, മഹാശാസ്ത്രങ്ങള് ആവിഷ്ക്കരിച്ചുകൊണ്ട് സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് ചെയ്യുന്ന മഹാപ്രപഞ്ചത്തെ മിഥ്യയായി അവതരിപ്പിച്ചും, ശാസ്ത്രപരമായി മനുഷ്യര്ക്ക് യാതൊന്നുമറിയാത്ത മരണാനന്തര ജീവിതത്തെ മാത്രം സത്യമായി അവതരിപ്പിച്ചും, മഹാപ്രപഞ്ചമെന്ന മഹാസത്യത്തെ മതനേതൃത്വങ്ങളും മതാനുയായികളും മറ്റും നിന്ദിച്ചിട്ടുള്ളത് കടുത്ത ദൈവനിന്ദയാണ്.

ഗ്രന്ഥത്തിന്റെ ആരംഭത്തില് പ്രസ്താവിച്ചതുപോലെ രാഷ്ട്രഭരണാധികാരികളോ മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ നിരീശ്വരവാദികളോ ഭീകരപ്രവര്ത്തകരോ ഒക്കെ വിചാരിച്ചാല് തകരാറിലാക്കാനാവുന്നതോ അട്ടിമറിക്കാന് കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും മഹാസംരക്ഷിക്കുവാന് സൃഷ്ടികളുടെ സഹായം ദൈവത്തിനു വേണമെന്നു കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന കടുത്ത ദൈവനിന്ദയാണ്.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്ക്കായി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികള്ക്കു ലഭിക്കുവാനും ദൈവം കനിയേണ്ടതുണ്ട് എന്നുമറിയുന്നതാണ് ദൈവീകം.

ദൈവത്തിന്റെ പേരില് മതനേതൃത്വങ്ങളും അനുയായികളും കാട്ടിക്കൂട്ടുന്ന അധമവൃത്തികളുടെയും അനാചാരങ്ങളുടെയും അനന്തങ്ങളെന്നോണമുള്ള പ്രവൃത്തികളോടാണ് നിരീശ്വരവാദികള് മുഖ്യമായും യുദ്ധംചെയ്യുന്നത് ; ദൈവമുണ്ടോ ഇല്ലയോ അവര്ക്ക് വലിയ വിഷയമല്ല. അങ്ങനെയിരിക്കെ ദൈവമുണ്ട് എന്നു പറയുന്ന മതനേതൃത്വങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും അനുയായികളുമൊക്കെ ദൈവവും മഹാപ്രപഞ്ചത്തിന്റെ ഭൗതികശാസ്ത്രവും തമ്മില് യാതൊരു ബന്ധങ്ങളുമില്ലാത്തതുപോലെ സമൂഹത്തെ ഉപദേശിക്കുന്നതും നയിക്കുന്നതും പെരുമാറുന്നതും, അതുപോലെ മതങ്ങളിലെ തെറ്റുകള് സമ്മതിക്കാനും, ആത്മീയഗവേഷണം

നടത്താനും ശ്രമിക്കുന്നതിനു പകരം ശാസ്ത്രനിയമങ്ങളെ സൂത്രത്തില്/കള്ളത്തരത്തില് മതഗ്രന്ഥങ്ങളില് കൂട്ടിച്ചേര്ക്കുന്നതും കടുത്ത ദൈവനിന്ദയാണ്.

സമൂഹഭരണം നടത്തുവാന് ഭരണഘടന അഥവാ ധര്മ്മ-നീതിശാസ്ത്രനിയമങ്ങള് ആവശ്യമാണെന്ന് തിരിച്ചറിയുന്ന മതപുരോഹിതന്മാര് ഉള്പ്പെടെയുള്ള രാഷ്ട്രീയ-ഇസ ഭരണാധികാരികള്ക്ക്, മനുഷ്യരുടെ ജീവിതകാര്യങ്ങളിലെ ശരികളും തെറ്റുകുറ്റങ്ങളും വിവേചനം ചെയ്യുവാനും കുറ്റങ്ങളും കുറവുകളുമില്ലാത്ത നീതി നടപ്പാക്കുവാനും ദൈവത്തിന് ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും തീര്ച്ചയായും ആവശ്യമുണ്ടെന്ന് മനസ്സിലാക്കാന് കഴിയണമായിരുന്നു, കഴിയണം ; അതായത് മനുഷ്യര് എന്തെങ്കിലുമൊക്കെ സാമൂഹ്യനിയമങ്ങള് പടയ്ക്കുകയും എങ്ങനെയെങ്കിലുമൊക്കെ ജീവിക്കുകയും ചെയ്യട്ടെ എന്ന് ദൈവം അനുവദിച്ചാല്, ദൈവത്തിന് പിന്നെ നീതി നടത്താനാവില്ല.

കാലഘട്ടത്തിന്റെ ആവശ്യത്തിനും, ഭൗതികശാസ്ത്രവളര്ച്ചയ്ക്കും, ജനപ്പെരുപ്പത്തിനും അനുക്രമമായ സദാചാരശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണതന്ത്രം, നീതി-ന്യായശാസ്ത്രം, തുടങ്ങിയ എല്ലാ ശാസ്ത്രശാഖകളും ദൈവം നിശ്ചയിച്ചിട്ടുണ്ടെങ്കില് മാത്രമേ ദൈവത്തിന് നീതി നടത്താനാവുകയുള്ളൂ എന്നും, ദൈവീക നീതിയും മനുഷ്യ-ഭരണകൂട നീതിയും ഒന്നായാല് മാത്രമേ സമൂഹജീവിതം സുഗമമാവുകയുള്ളൂ എന്നും, വിഷയങ്ങളിലെയും വസ്തുതകളിലെയും ദൈവീക നീതി എന്തെന്ന് അന്വേഷിക്കുവാന് മനുഷ്യര്ക്ക് ബാദ്ധ്യതയുണ്ടെന്നും മനസ്സിലാക്കി പ്രവര്ത്തിക്കേണ്ടവരാണ് മനുഷ്യര്. അങ്ങനെയിരിക്കെ ശാസ്ത്രപരമല്ലാതെ, രാഷ്ട്രീയ ഇസങ്ങളും നിയമസഭകളുമൊക്കെ തട്ടിക്കൂട്ടുകയും തോന്നുമ്പോലെ സാമൂഹ്യനിയമങ്ങള് പടയ്ക്കുകയും ദൈവത്തിന്റെ കുഞ്ഞുങ്ങളായ വ്യക്തികള്ക്ക് ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യങ്ങള് നശിപ്പിക്കുകയും കവര്ന്നെടുക്കുകയും ചെയ്യുവാന് രാഷ്ട്രീയ നേതൃത്വങ്ങളും, തൊഴിലാളി യൂണിയനുകളും, മത നേതൃത്വങ്ങളും, ഭരണാധികാരികളും, നീതിന്യായക്കോടതികള് എന്ന പേരിലുള്ള അശാസ്ത്രീയ സംവിധാനവും, മറ്റ് സാമൂഹ്യവിരുദ്ധരുമൊക്കെച്ചേര്ന്ന് തയ്യാറായിട്ടുള്ളത് കടുത്ത ദൈവനിന്ദയാണ്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ദൈവം പ്രത്യക്ഷമായും പ്രകടമായും മഹാസ്ഥാപിച്ചിട്ടുള്ളതായ പരമ-ലളിതമായ ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും മനസ്സിലാക്കുകയും വ്യക്തിജീവിതത്തിലും സമൂഹഭരണത്തിലും പാലിക്കുകയേ മനുഷ്യര്

വേണ്ടൂ എന്നര്ത്ഥം. ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും പ്രത്യക്ഷമായും പ്രകടമായും മഹാസ്ഥാപിച്ചിരിക്കുകയാണെങ്കിലും, ബുദ്ധനെപ്പോലെയും എം.കെ.ഗാന്ധിയെപ്പോലെയും (ഗാന്ധിജി) ധാര്മ്മിക ശുദ്ധിയുള്ളവര്ക്കു മാത്രമേ പരമ-ലളിതമായി അവയെ അറിയുവാനും മനസ്സിലാക്കാനും കഴിയുകയുള്ളൂ. അതായത് അശാസ്ത്രീയവും അധമങ്ങളുമായ രാഷ്ട്രീയ-ഇസങ്ങള് പ്രകാരവും മത്സരതെരഞ്ഞെടുപ്പുകള് പ്രകാരവും പ്രതിനിധികളായവര്ക്ക് ശരിയായ ധര്മ്മശാസ്ത്ര പാഠങ്ങളെ മനസ്സിലാക്കാന് സാധിക്കുന്നതല്ല. രാജാവും ഭരണാധികാരികളും ദൈവം നിശ്ചയിച്ചിട്ടുള്ള ധര്മ്മശാസ്ത്രങ്ങള് പ്രകാരം സമൂഹത്തില് നീതി നടത്തേണ്ടവരാണ് എന്നറിയിക്കുമ്പോള്, ഇന്നത്തെ കോടതികള് അധമങ്ങളാണ് എന്നര്ത്ഥം.

ഇന്നത്തെ കോടതികളെപ്പറ്റി പറയുമ്പോള് പ്രത്യേകം സൂചിപ്പിക്കേണ്ടതായ ഒരു കാര്യമുണ്ട്. ജനനത്തിലും ജീവിതത്തിലും മരണത്തിലുമൊന്നും സ്രഷ്ടാവായ ദൈവത്തിന് യാതൊരു പങ്കുമില്ലാത്തതുപോലെ അതിനീചമായി പ്രവര്ത്തിച്ചുപോരുകയാണ് ഇന്നത്തെ കോടതികള്. ഉദാ : (1) ധര്മ്മശാസ്ത്രപ്രകാരം ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ദൈവം തന്റെ കുഞ്ഞുങ്ങളായ വ്യക്തികള്ക്ക് നല്കിയിരിക്കുന്ന സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന നിയമങ്ങളുണ്ടാക്കുന്നതും ശിക്ഷിക്കുന്നതും കടുത്ത ദൈവനിന്ദയാണ്. മഴയത്ത് സഞ്ചരിക്കുന്നവര് നിര്ബ്ബന്ധമായും കുട ഉപയോഗിക്കണമെന്നും മഴ നനഞ്ഞാല് പനി ഉള്പ്പെടെയുള്ള രോഗങ്ങള് പിടിക്കുമെന്നും, (കുട ഉപയോഗിച്ചില്ലെങ്കില് പിഴയടയ്ക്കണമെന്നും), ഇരുചക്രവാഹനം ഓടിക്കുന്നവര് ഹെല്മെറ്റ് ഉപയോഗിക്കണം എന്നും, വഴിയില് തുള്ളിച്ചാടി നടക്കണമെന്നും, വിദ്യാര്ത്ഥികള് ചെരുപ്പ് ഉപയോഗിക്കാതെ ഷൂസ് ഉപയോഗിക്കണമെന്നുമൊക്കെ നിയമം ഉണ്ടാക്കിയാല് അത് പാപം സമ്പാദിക്കുകയാണ്. ഹെല്മെറ്റ് ഉപയോഗിക്കുന്നതും കുടപിടിക്കുന്നതുമൊക്കെ നല്ലതാണെന്ന് ഭരണാധികാരികള് അവരുടെ ശാസ്ത്രജ്ഞാനത്തിന്റെ അടിസ്ഥാനത്തില് കരുതുന്നുവെങ്കില്, ഭരണ കാര്യാലയങ്ങളില് പ്രവര്ത്തിക്കുന്നവര്, തങ്ങളുടെ ജോലിസമയത്തുമാത്രം കുടപിടിക്കാനും ഹെല്മെറ്റ് ഉപയോഗിക്കാനും നിര്ബ്ബന്ധിക്കാമെന്നല്ലാതെ, ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യരെ (ദൈവത്തിന്റെ കുഞ്ഞുങ്ങളെ) പീഡിപ്പിക്കുവാന് ഭരണാധികാരികള്ക്കും യാതൊരാള്ക്കും അവകാശമില്ല. (2) ശാസ്ത്രപരമല്ലാത്ത മദ്യനിര്മ്മാണത്തെയും

വ്യാപാരത്തെയും മദ്യപാനത്തെയും നിര്ത്തലാക്കുവാന് കോടതികള്ക്ക് കഴിയുന്നില്ല. ന്യായാധിപന്മാരിലും മദ്യപാനികളുണ്ട് ! (3) മദ്യപാനം നിമിത്തം കുടുംബത്തില് ശല്യമായ മകനെ കുടുംബലഹളയ്ക്കിടയില് കൊല്ലേണ്ടിവരുന്ന മാതാവിനെയും പിതാവിനെയും സഹോദരങ്ങളെയുമൊക്കെ വിചാരണചെയ്യുന്ന ന്യായാധിപന്മാര് അറിയുന്നില്ല, ന്യായാധിപന്മാരെയും ഭരണാധികാരികളെയുമാണ് വിചാരണചെയ്യേണ്ടതെന്നും ശിക്ഷിക്കേണ്ടതെന്നും. സമൂഹഭരണത്തിനു വേണ്ടിയുള്ള പൊതുഖജനാവില്നിന്ന് വേതനം പറ്റുന്നവര് ശാസ്ത്രപ്രകാരം സേവനം ചെയ്യാഞ്ഞതുകൊണ്ടാണ് ഒരു കുടുംബത്തിന് കുടുംബാംഗത്തെ നഷ്ടപ്പെടേണ്ടിവന്നത്. ന്യായാധിപന്മാരെയും ഭരണാധികാരികളെയും തുറുങ്കിലടയ്ക്കണമോ കാട്ടിലയക്കണമോ വധശിക്ഷയ്ക്ക് വിധിക്കണമോ എന്ന് ധര്മ്മ/നീതിശാസ്ത്രങ്ങള്പ്രകാരം തീരുമാനിക്കേണ്ടത് മേല്പടി കുടുംബമാണ്, ദൈവീക വിധി അങ്ങനെയൊക്കെയാണ്. മാത്രമല്ല, നിലവില് നടപ്പാവാതെ പോകുന്ന ദൈവീക നീതി, നായാധിപന്മാര്ക്കും മറ്റും ദൈവീകശിക്ഷയായി ഭവിക്കുന്നതെങ്ങനെയെന്നും ശാസ്ത്രീയ വിശദീകരണമുണ്ട്. ഗ്രന്ഥത്തിലെ 3-ാം ഭാഗവും ഓംസത്യം ഡോട്ട്കോം വെബ്സൈറ്റും കാണുക. (4) ഏതാനും വര്ഷങ്ങള്ക്കുമുമ്പ് ഇന്ത്യയിലെങ്ങും ചര്ച്ച ചെയ്യപ്പെട്ടതും, വലിയകോടതിയിലെ വലിയ ന്യായാധിപന്മാര് വിധിപറഞ്ഞതും, ചെറിയ കോടതികളിലെ ചെറിയ ന്യായാധിപന്മാരും രാജ്യത്തിലെങ്ങുമുള്ള കേന്ദ്ര-സംസ്ഥാന ഭരണാധിപന്മാരും രാഷ്ട്രീയ പാര്ട്ടിനേതാക്കന്മാരും മതപുരോഹിതന്മാരും ബുദ്ധിജീവികളുമൊക്കെ വലിയ ന്യായാധിപന്മാരുടെ വിധിയെ അംഗീകരിച്ചതുമായ ഒരു കേസിനെപ്പറ്റി പറയാം :- അല്പ വസ്ത്രധാരികളായ യുവതികളെക്കൊണ്ട് ഏറ്റവും ആഭാസകരമായ രീതിയില് നെഞ്ചുകുലുക്കി(ച്ചു) ചെയ്യിച്ച ഒരു നൃത്തത്തിന് ഒപ്പമുള്ള പാട്ട് ചോളീ കെ പീച്ചേ ക്യാ ഹെ ? (ബ്ലൗസിന്റെ പിന്നില് എന്താണ് ?) എന്നന്വേഷിച്ചത് വിവാദമായി. ഏറ്റവും നീചരായ ഗാനരചയിതാവും, സിനിമാ പിടിച്ചവരും, കൊടും നീചരായ വക്കീലന്മാരിലൂടെ ഹൃദയത്തെയും ഹൃദയത്തിന്റെ സൗന്ദര്യത്തെയുമാണ് ഉദ്ദേശിച്ചതെന്നു വാദിച്ചപ്പോള്, ഏറ്റവും കൊടിയ നീചന്മാരായ ന്യായാധിപന്മാര് ആരുടെയൊക്കെയോ ബ്ലൗസ് അഴിച്ചു പരിശോധിക്കുകയും, ഹൃദയവും ഹൃദയത്തിന്റെ സൗന്ദര്യവും കാണുകയും ചെയ്തു; സൗന്ദര്യം ആസ്വദിച്ചു ബോദ്ധ്യപ്പെട്ട അവര് പാട്ടും സിനിമയും അനുവദിച്ചു ! പ്രസ്തുത വിവാദംകൊണ്ടു തന്നെ വളരെയധികം പണം വാരുവാന് സിനിമാ പിടിച്ചവര്ക്കു സാധിച്ചു.

ന്യായാധിപന്മാര്ക്കും മന്ത്രിമാര്ക്കും ഒക്കെ ഓഹരി കിട്ടിയിട്ടുണ്ടാവും. ന്യായവിധിയോടെ നിശ്ശബ്ദരായ മതപുരോഹിതന്മാര്ക്കും ഒരുപക്ഷേ ഓഹരി കിട്ടിയിട്ടുണ്ടാവും ! ഹൃദയവും ഹൃദയം പോലെയുള്ള ശരീരത്തിന്റെ ഉള്ഭാഗങ്ങളും അവയുടെ സൗന്ദര്യവുമൊക്കെ കാണാന് പുതിയ മാര്ഗ്ഗങ്ങളുണ്ടെന്നു സ്ഥാപിച്ച മേല്പ്പടി ന്യായാധിപന്മാരെയും വക്കീലന്മാരെയും, മന്ത്രിമാരെയും (ന്യായവിധിയെ ശരിവച്ച എല്ലാവരെയും) ആശുപത്രികളില് ഹൃദയ ശസ്ത്രക്രിയ ഉള്പ്പെടെയുള്ള ശരീര-ശസ്ത്രക്രിയകള്ക്ക് ഡോക്ടറന്മാരായി പണിയെടുപ്പിക്കേണ്ടതാണ്. ധര്മ്മശാസ്ത്രം പ്രകാരം നിയന്ത്രിക്കുമ്പോള് ഭൂമിയിലൊരിടത്തും ഒരുപക്ഷേ ഒരു സിനിമപോലും റിലീസ് ചെയ്യാനാവില്ല .... എന്നും അറിഞ്ഞുകൊള്ളുക.

(5) ബന്ദുകളും ഹര്ത്താലുകളും ദൈവം വ്യക്തികള്ക്ക് നല് കിയിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഭീകരപ്രവര് ത്തനങ്ങളാണെന്നു തിരിച്ചറിയാനും അത്തരം ഭീകരപ്രവര്ത്തനങ്ങളെ അവസാനിപ്പിക്കാനും ഭരണകൂടങ്ങള്ക്കോ കോടതികള്ക്കോ കഴിവില്ല. കോടതികള് പുറപ്പെടുവിക്കുന്ന വിധികള് പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നു തിരിച്ചറിയുമ്പോള് ദൈവീകമല്ലാത്ത അഥവാ ധര് മ്മശാസ്ത്രീപരമല്ലാത്ത സംവിധാനത്തിലും പദവിയിലും കടിച്ചുതൂങ്ങുന്ന ഏറ്റവും നാണംകെട്ട വര്ഗ്ഗം കോടതികളാണെന്നു തെളിയുന്നു.

(6) ധാര്മ്മികമല്ലാത്ത നിയമങ്ങളോടും നികുതികളോടും നിസ്സഹകരിച്ച് മാതൃക കാട്ടിയ എം.കെ.ഗാന്ധിയുടെ ഫോട്ടോയുടെ ചുവട്ടിലുള്ള കസേരയില് ഇരിക്കുന്നവര് ഭരണകൂടങ്ങള് ഉപ്പുനികുതി, കെട്ടിടനികുതി, വസ്തുനികുതി, വ്യാപാര നികുതി തുടങ്ങിയ അധാര്മ്മിക നികുതികള് ചുമത്തുന്നത് കാണാത്തവരും കേള്ക്കാത്തവരുമായി ജീവിക്കുന്നു... ഹായ് കഷ്ടം. കൂടുതല് ഉദാഹരണങ്ങളിലേക്ക് കടക്കുന്നില്ല. ധര്മ്മശാസ്ത്രത്തിന്റെ ശാഖകളായ യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, കര്മ്മശാസ്ത്രം (തൊഴില്), സാമ്പത്തികശാസ്ത്രം, ഭരണശാസ്ത്രം, നീതിന്യായ ശാസ്ത്രം, എന്നിവയില് നീതിന്യായ ശാസ്ത്രം, മറ്റെല്ലാ ശാഖകളുടെയും മുകളിലാണ്. ഭരണകൂടത്തിനു മുകളിലാണ് നീതിന്യായ കൂടം, എന്നാല് നീതിന്യായകൂടം കൈകാര്യം ചെയ്യുന്നത് ധര്മ്മശാസ്ത്രത്തില് മികവുള്ളവരും ദൈവാനുഗ്രഹം നേടിയിട്ടുള്ളവരുമായ ഭരണാധികാരികളോ വ്യക്തികളോ ആണ്. അതായത് സമൂഹത്തിലെ ഏതൊരു വ്യക്തിക്കും മഹാശാസ്ത്രപ്രകാരം നീതിന്യായം പറയാന് അധികാരമുണ്ട്. ദൈവീക അനുഭവങ്ങളുള്ള വ്യക്തിയാണെങ്കില് അദ്ദേഹത്തെ ആദരവോടെ അനുസരിക്കുവാന്

ഭരണാധികാരി ബാധ്യസ്ഥനുമാണ്. പുരാണങ്ങളിലെ രാജഗുരുവിന്റെ ഉന്നതമായ പ്രസ്തുത പദവിയെ ആണ് ഇന്നത്തെ ന്യായാധിപന്മാരും ഭരണാധികാരികളും ചേര്ന്ന് കോടതി-സംവിധാനത്തിലൂടെ കളങ്കപ്പെടുത്തിയിരിക്കുന്നത്. ന്യായാധിപനും ഭരണാധികാരിയുമായ രാജാവ് ജീവിതച്ചിലവിനു മാത്രം പൊതുഖജനാവിനെ ആശ്രയിക്കുക എന്നല്ലാതെ മറ്റു വേതനം വാങ്ങുവാന് പാടില്ല എന്നും ശാസ്ത്രം വിധിക്കുന്നു. ദൈവീക അനുഭവങ്ങളില്ലാത്ത യാതൊരാളും ന്യായാധിപനായിക്കൂടാ എന്നുമുണ്ട്. എന്തെന്നാല്, തെറ്റി വിധിച്ചാല് അഥവാ ധര്മ്മശാസ്ത്രപ്രകാരമല്ലാതെ വിധിച്ചാല്, മഹാനീതിപതിയായ ദൈവം, കടുത്ത ശിക്ഷ വിധിക്കുന്നതാണ്. ന്യായാധിപന്മാര് /ഭരണാധികാരികള് ഉള്പ്പെടെയുള്ള ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മനുഷ്യരുടെ വിധികളിലെ തെറ്റ് മഹാനീതിപതിയായ ദൈവം തിരുത്തേണ്ടതല്ലേ ? മനുഷ്യരുടെ മഹാമാതാവും മഹാപിതാവുമായ ദൈവം തന്നെ മഹാനീതിപിതി ആകുന്നതല്ലേ നല്ലത് ? കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാനീതിപതിയാകുവാന് ദൈവത്തിനു മാത്രമേ കഴിയൂ എന്ന് ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള് ബോദ്ധ്യമാകുന്നതാണ്.

അദ്ധ്യായം 29

ശരീര നിന്ദ (സദാചാരശാസ്ത്രം : മദ്യം, മയക്കുമരുന്ന് തുടങ്ങിയവ)

മുന് അദ്ധ്യായങ്ങളില് മദ്യത്തെയും സദാചാരത്തെയും വിശദീകരിച്ചിരുന്നു. മഹാശാസ്ത്രത്തിന്റെ ആദ്യശാഖയായ

ഭൗതികശാസ്ത്രപരമായി ഭൗതികവസ്തുക്കളെക്കൊണ്ട് ദൈവം ഏറ്റവും നന്നായി പ്രവര്ത്തിപ്പിക്കുന്ന മനുഷ്യശരീരത്തിലെ നാഡീവ്യൂഹത്തെ വിശകലനം ചെയ്യുമ്പോള്, നാഡീവ്യൂഹത്തിന്റെ സൃഷ്ടിയും ചിട്ടപ്പെടുത്തലും മനുഷ്യരുടെ ആനന്ദകരമായ ജീവിതത്തിനാണെന്നു കാണാം. ശാസ്ത്രവികസനത്തെയും സമൂഹത്തിലെ മൊത്തമായ ജീവിതാനന്ദത്തെയും വര്ദ്ധിപ്പിക്കുന്ന സദാചാരമാണത്. നാഡീവ്യൂഹത്തിന്റെ പ്രവര്ത്തനങ്ങളെ അഥവാ ധര്മ്മങ്ങളെ വികലപ്പെടുത്തുന്ന പ്രവര്ത്തനങ്ങള് ശാസ്ത്രപരമല്ല അഥവാ ദൈവീകമല്ല.

മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവയുടെ വ്യവസായങ്ങളും കച്ചവടങ്ങളും ഉപയോഗവും ഇന്ന് സാര്വ്വത്രികമായിരിക്കുന്നു. മദ്യം പാടില്ലെന്നു ശഠിക്കുന്ന മതവ്യവസ്ഥിതിയില് പെട്ടവര് മദ്യം ഉണ്ടാക്കുവാനോ കച്ചവടം ചെയ്യുവാനോ ഉപയോഗിക്കുവാനോ പാടില്ല. അനേകം രാഷ്ട്രീയപാര്ട്ടികളും ഇതുപോലെ മദ്യവിചാരം നടത്തുന്നവരാണ്. ഭൂമിയിലെ ഏറെക്കുറെ മുഴുവന് ജനങ്ങളും മതസ്ഥരും രാഷ്ട്രീയക്കാരും.....എന്നിങ്ങനെയുള്ള ലേബലുകള് ഉള്ളവരാകുമ്പോള്, ദൈവം ചിട്ടപ്പെടുത്തിവെച്ചിരിക്കുന്ന നാഡീവ്യൂഹത്തിന്റെ പ്രവര്ത്തനങ്ങളെ താളംതെറ്റിക്കുന്ന മദ്യവും മയക്കുമരുന്നുകളും നിര്മ്മിക്കുന്നതും കച്ചവടംചെയ്യുന്നതും ഉപയോഗിക്കുന്നതും മതവിശ്വാസികള് തന്നെയാണ്. വിശ്വാസപ്രമാണത്തെ പാലിക്കാത്തവര്ക്കും വിശ്വാസിയാകാം എന്നായിരിക്കുന്നു. ദൈവനിന്ദ ചെയ്തശേഷം കൈകൂപ്പിയും മുട്ടുകുത്തിയും സാഷ്ടാംഗം വീണുമൊക്കെ പ്രാര്ത്ഥിച്ചാല് ദൈവത്തിന്റെ ആളായി എന്ന് ധരിച്ചാല്, കുഞ്ഞുങ്ങളേ നിങ്ങള്ക്കു തെറ്റി. കുറ്റത്തിന് ശിക്ഷയുണ്ട്. ദൈവം മഹാനീതിപതി ആവുന്നതുതന്നെയല്ലേ നിങ്ങള്ക്കിഷ്ടം! മാനുഷിക നീതി നടത്തിപ്പിലെ എല്ലാ അപാകതകളും പരിഹരിച്ചുകൊണ്ടുള്ള മഹാനീതിനിര്വ്വഹണം മഹാനീതിശാസ്ത്രപാഠങ്ങളുടെ ഭാഗമായി വിശദീകരിക്കുന്നതാണ്. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങള് നിറവേറ്റുക എന്ന ഉത്തരവാദിത്വം മാത്രമുള്ള ഭരണകൂടം അഥവാ ഭരണാധികാരികള് മദ്യം ഉണ്ടാക്കുകയും കച്ചവടംചെയ്യുകയും അങ്ങനെ ചെയ്യാന് വ്യക്തികളെ അനുവദിക്കുകയും ചെയ്യുന്നുവെങ്കില് മദ്യം നല്ലതാണെന്നും ഭരണാധികാരികള് ഉള്പ്പെടെയുള്ള സമൂഹത്തിന്റെ ആവശ്യമാണെന്നാണ് അര്ത്ഥം. സമൂഹത്തിന്റെ ആവശ്യമായതിനെ കോടതികള് ഉള്പ്പെടെയുള്ള ഭരണകാര്യാലയങ്ങളിലും എവിടെയും ഉപയോഗിക്കുവാനും അനുവദിക്കേണ്ടതുണ്ട്; ഡ്രൈവറന്മാരും മറ്റും

മദ്യം കുടിക്കരുത് എന്നല്ല, മദ്യം കുടിച്ചുകൊണ്ട് വാഹനം ഓടിക്കണം, മദ്യം കുടിച്ചുകൊണ്ട് അദ്ധ്യാപകര് കുട്ടികളെ പഠിപ്പിക്കണം, മന്ത്രിമാര് കുടിച്ചുകൊണ്ട് ഭരിക്കണം, ന്യായാധിപന്മാര് കുടിച്ചുകൊണ്ട് ന്യായവിചാരണ ചെയ്യണം എന്നൊക്കെയാണ് ഉപദേശിക്കേണ്ടത്. മാത്രമല്ല മദ്യം നല്ലതെങ്കില് കുടുംബത്തില് സ്ത്രീകളും കുഞ്ഞുങ്ങളും കുട്ടികളുമൊക്കെ മദ്യം കുടിച്ചുവളരട്ടെ, സിഗറ്റും ബീഡിയും കഞ്ചാവും ഒക്കെ വലിക്കട്ടെ, എന്ന് കോടതി ഉള്പ്പെടെയുള്ള ഇന്നത്തെ ഭരണകൂട സംവിധാനങ്ങള് പ്രേരിപ്പിക്കുകയും, തങ്ങളുടെ കുടുംബത്തില് മാതൃകകളാവുകയും വേണം.

സമൂഹത്തിന്റെ മൊത്തത്തിലുള്ള ആനന്ദകരമായ ജീവിതത്തിന് വിരുദ്ധമായതിനെ നാട്ടില് അനുവദിച്ചുകൂടാ എന്നാണ് സദാചാരശാസ്ത്രം വിധിക്കുന്നത്. ധര്മ്മശാസ്ത്രപ്രകാരം ജീവിക്കുന്നവര്ക്കു മാത്രമേ നാട്ടില് പാര്ക്കുവാനും ശാസ്ത്രവികസനം നേടിത്തരുന്ന സുഖസൗകര്യങ്ങള് ആസ്വദിക്കുവാനും അവകാശമുള്ളൂ. മദ്യം, മയക്കുമരുന്ന്, പുകവലി, പാനുകള് തുടങ്ങിയവ അതീവ ഗൗരവതരങ്ങളായ കുറ്റങ്ങളാണ്. സമൂഹത്തെ വഴിപിഴപ്പിക്കുന്ന അവയോട് മൃദുവായ സമീപനങ്ങള് ധര്മ്മശാസ്ത്രം അനുവദിക്കുന്നില്ല. ജന്തുക്കള്ക്ക് അനുവദിച്ചിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആഗ്രഹിക്കുന്നവര്ക്ക് കാട്ടില് ജീവിക്കാനാണ് ശാസ്ത്രവിധി, സദാചാരശാസ്ത്രങ്ങള്ക്ക് വിരുദ്ധമായ മദ്യത്തെയും (അതുപോലുള്ളവയെയും) അംഗീകരിക്കുന്ന ഭരണാധികാരികള് ഉള്പ്പെടെയുള്ള ഇന്നത്തെ അനേക നേതാക്കളും അനുയായികളും പ്രസ്തുത യോഗ്യതയാണ് സമ്പാദിച്ചിട്ടുള്ളത്, ദൈവത്തിന്റെ കുഞ്ഞുങ്ങളേ, ഉടന് തിരുത്തുവിന്.

മദ്യം, മയക്കുമരുന്ന്, തുടങ്ങിയവ സൃഷ്ടിച്ചിട്ടുള്ളത് ദൈവമല്ലേ എന്നൊരു ചോദ്യം അനേകര്ക്ക് ഉണ്ടാവും. ദൈവം പ്രപഞ്ചത്തില് മദ്യവും മയക്കുമരുന്നുകളും ഉണ്ടാക്കിവച്ചിട്ടില്ല എന്നതാണ് അടിസ്ഥാനപരമായ വസ്തുത. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ബഹുവിധ ശക്തികളെ ശാസ്ത്രനിയമങ്ങള് പ്രകാരം ദൈവം ചിട്ടപ്പെടുത്തിയിരിക്കുകയാണെന്നും, അവയെ എങ്ങനെ ഉപയോഗിക്കണമെന്ന തീരുമാനം മനുഷ്യരുടെ വ്യക്തിസ്വാതന്ത്ര്യത്തിന് വിട്ടുകൊടുത്തിരിക്കുകയുമാണ്. മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തില്, ധര്മ്മത്തെയും അധര്മ്മത്തെയും മഹാപ്രപഞ്ചത്തില് സൃഷ്ടിച്ചാല് മാത്രമേ ധര്മ്മത്തെയും അധര്മ്മത്തെയും വേര്തിരിക്കുവാന് സാദ്ധ്യമാകുകയുള്ളൂ എന്നും, ന്യൂനശക്തികളിലൂടെ കൈപ്പ്, മധുരം, സുഖം, ദുഃഖം തുടങ്ങിയവയെ

ദൈവം സൃഷ്ടിച്ചിരിക്കുകയാണെന്നും, മനുഷ്യര് തങ്ങള്ക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ കൂടുതല് ദുര്വ്വിനിയോഗം ചെയ്യുമ്പോള് മഹാപ്രപഞ്ചത്തിലെ നല്ലതിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ന്യൂനശക്തികള്, തിരുത്തല് ശക്തികളായും പൈശാചിക ശക്തികളായും മാറുമെന്നും കണക്കുകളോടെ വ്യക്തമാക്കിയിരുന്നു. പ്രസ്തുത അദ്ധ്യായത്തെ, ഭീകരവാദത്തെപ്പറ്റിയും രാഷ്ട്രീയത്തെയും മതങ്ങളെയും ബന്ധിപ്പിക്കുന്ന അദ്ധ്യായങ്ങളുമായി കൂട്ടിവായിക്കുമ്പോള്, ദൈവമല്ല, മറിച്ച് മനുഷ്യര് തന്നെയാണ് വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗം ചെയ്തുകൊണ്ട് അധമ വസ്തുക്കള് സൃഷ്ടിച്ചിട്ടുള്ളത് എന്നു വ്യക്തമാകുന്നതാണ്.

((അദ്ധ്യായം 30
ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ് - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്))

((അദ്ധ്യായം 31
ദൈവ നിന്ദ : മത്സരങ്ങള് പാടില്ല - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്))

((അദ്ധ്യായം 32
വ്യക്തിസ്വാതന്ത്ര്യവും നീതിശാസ്ത്രവും : സ്ത്രീ-പുരുഷ സമത്വം - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

അദ്ധ്യായം 33
ദൈവ നിന്ദ : കപടദൈവങ്ങളെയും കുട്ടിദൈവങ്ങളെയും ആരാധിച്ചുകൂടാ.
ദൈവമെന്ന പേരില് കപടവേഷം കെട്ടുന്നവരെയും, കൊച്ചു കൊച്ചു ദൈവങ്ങളായി വേഷം കെട്ടുന്നവരെയും, വലിയ ദൈവമായി അഭിനയിക്കുന്നവരെയുമാണ് ഈ അദ്ധ്യായത്തില് പരാമർശിക്കുന്നത്.

മുഖ്യമായും 2 തരത്തിലുള്ള വേഷം കെട്ടലുകള് ഭൂമിയിലൊക്കെയും ഉണ്ടായിട്ടുണ്ട്.
(1) ആദ്യ മഹാകാലചക്രത്തിലെ ഭരണത്തിനായി ദൈവം ചുമതലപ്പെടുത്തിയവരായ ചിലര് ദൈവമാകാന് ശ്രമിച്ചതിനെപ്പറ്റി ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. ഗ്രന്ഥത്തിലെ 7-ാം ഭാഗമായ സ്മൃതിയിലും ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്. വ്യത്യസ്ത മതങ്ങള് പ്രകാരം മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നും അറിയപ്പെടുന്ന അവരുടെ മൂലം ഹിന്ദുമതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിച്ചിരുന്നു. നാരായണന്, ദുര്ഗ്ഗ, ഗജപാതി എന്നിവര് പൈശാചിക ശക്തികളായി രൂപംകൊണ്ടതും, ദുര്ഗ്ഗയെ പിന്വലിച്ചതുമായ കാര്യങ്ങള് മേല്പടി അദ്ധ്യായത്തില് വിസ്തരിച്ചിരുന്നു.
ബ്രഹ്മവും, മഹാശക്തിയുമായ ; സ്രഷ്ടാവും രക്ഷകനും മഹായജമാനനുമായ; മഹാജഗദംബയും മഹാപിതാവും മഹാമാതാവുമായ മഹാദേവി, ആദ്യമഹാകാലചക്രത്തില് ഓരോരോ പ്രവൃത്തികള്ക്കായി നിയോഗിച്ചവര് ബഹുവിധങ്ങളായ അപരാധങ്ങള് ചെയ്തു. അത് അവരുടെ കാര്യമാണ്. എന്നാല് ദൈവം മനുഷ്യര്ക്കു നല്കിയ ബുദ്ധിശക്തികളെ ഉപയോഗപ്പെടുത്താതെ അവരെയെല്ലാം ദൈവങ്ങളായി ആരാധിക്കുന്ന അധമ രീതികള് മനുഷ്യര് സ്വയം അഥവാ ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യങ്ങളുടെ ദുരുപയോഗത്തിലൂടെ പിന്പറ്റിയതും കടുത്ത അപരാധമാണ്. അതായത് മുമ്പറഞ്ഞ പൈശാചികശക്തികളുടെ പ്രവര്ത്തനം കൊണ്ടല്ലാതെ മനുഷ്യര്ക്കു സംഭവിച്ച പിഴവുകള്ക്ക് മനുഷ്യര് തന്നെയാണ് ഉത്തരവാദികള്. ഉദാഹരണമായി ദൈവ-സിദ്ധിയായോ, അനുഗ്രഹമായോ, പ്രഭാവമായോ, എല്ലാവരും അംഗീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന സംഗീതവുമായി ബന്ധപ്പെട്ട കാര്യം തന്നെ പറയാം : ആരാധനാപരമായി അഥവാ സ്തുതിപരമായി സംഗീതം ആലപിക്കുമ്പോള്, ദൈവത്തെ മാത്രം ആരാധിക്കുന്ന സംഗീതമാണ് സംഗീതജ്ഞന്മാരില് നിന്നും ഉയരേണ്ടത്. വ്യത്യസ്ത മത-ജാതി ദൈവങ്ങളെയും, വ്യത്യസ്ത മതങ്ങളിലെ വിശുദ്ധന്മാരായി കരുതുന്നവരെയും, കുട്ടിദൈവങ്ങളായും സൂപ്പര്ദൈവങ്ങളായും സമൂഹത്തില് കപടനാടകങ്ങള് ആടുന്നവരെയും, മാറി മാറി ദൈവങ്ങളെന്ന് എഴുതുകയും സംഗീതം നല്കുകയും പാടുകയും ചെയ്യുന്ന കവികളും സംഗീതജ്ഞന്മാരും ഗായകരും പാപമാണ് ചെയ്യുന്നത്. അവര്ക്കെല്ലാം കൂട്ടുനില്ക്കുകയോ ചെയ്യിക്കുകയോ ചെയ്യുന്നവരുമായിരിക്കുന്നു ഏറെക്കുറെ മുഴുവന് പേരും. സൃഷ്ടിയും

സ്ഥിതിയും സംഹാരവും അവിടുന്നല്ലോ ചെയ്യുന്നത് എന്നും ജനങ്ങളുടെ ഏക ആശ്രയം അവിടുന്നു മാത്രമല്ലോ എന്ന്, യേശുവിനെപ്പറ്റിയും യേശുവിന്റെ ശിഷ്യന്മാരെന്നും വിശുദ്ധന്മാരെന്നും കരുതുന്നവരെപ്പറ്റിയും, അല്ലാഹുവിനെപ്പറ്റിയും, അനേകം ദേവതകളെപ്പറ്റിയും ശിവനെപ്പറ്റിയും നാരായണനെപ്പറ്റിയും കൃഷ്ണനെപ്പറ്റിയും ഗണപതിയെപ്പറ്റിയും മുരുകനെപ്പറ്റിയും അയ്യപ്പനെപ്പറ്റിയുമൊക്കെ മാറി മാറി എഴുതുകയും സംഗീതം പകരുകയും പാടുകയും ചെയ്യുമ്പോള്, അതു കേള്ക്കുന്ന ജനങ്ങള് ഉള്പ്പെടെയുള്ളവര് അറിഞ്ഞും അറിയാതെയും മഹാശക്തിയായ ദൈവത്തെ നിന്ദിക്കുകയാണ്. ആരാണ് ദൈവം, എന്താണു ദൈവം, എന്നെല്ലാം ശാസ്ത്രപരമായി വിശദീകരിക്കേണ്ടതിനു പകരം കാണുന്നവരെയും കേള്ക്കുന്നവരെയുമെല്ലാം ദൈവമായി ചിത്രീകരിക്കുന്ന മേല്പടി അധമക്കസര്ത്തുകള് ദൃശ്യമാധ്യമങ്ങളിലൂടെയും ഒക്കെ ഒക്കെ അരങ്ങേറുന്നുണ്ട്. അമ്മയും അച്ഛനും അറിയാത്ത ഒരു കുട്ടിയോട് കാണുന്നവരും കേള്ക്കുന്നവരുമായ അനവധി ആളുകളെ ചൂണ്ടി അവരെല്ലാം കുട്ടിയെ പ്രസവിച്ച അമ്മയാണെന്നും അച്ഛനാണെന്നും പറയുന്ന നികൃഷ്ടതയേക്കാള് കഷ്ടമാണത്.

(2) മനുഷ്യരായി പിറന്നവര് ദൈവങ്ങളായും കുട്ടിദൈവങ്ങളായും പ്രഖ്യാപിക്കുകയോ, ചുറ്റുമുള്ളവരുടെ സമ്മര്ദ്ദത്താല് വേഷം കെട്ടാന് തയ്യാറാവുകയോ, ചുറ്റുമുള്ളവരെക്കൊണ്ട് പ്രഖ്യാപിപ്പിക്കുകയോ ചെയ്യുന്ന അവസ്ഥ ഭൂമിയിലെങ്ങും വ്യാപകമായുണ്ട്. ഇതു പറയുമ്പോള്, ഗ്രന്ഥകാരന് സ്വയം പരമശിവനായി പ്രഖ്യാപിച്ചിട്ടില്ലേ എന്നൊരു ചോദ്യവും, മഹാശക്തിയായ മഹാജഗദംബ മനുഷ്യാവതാരം എടുത്തുകഴിഞ്ഞിരിക്കുന്ന എന്ന ഈയുള്ളവന്റെ പ്രഖ്യാപനത്തെ സംബന്ധിച്ച ചോദ്യവും ഉണ്ട്. ഒന്നൊന്നായി സുവ്യക്തമായ ഉത്തരം നല്കാം. ഗ്രന്ഥകാരനെ പരമശിവനായി ദൈവം നിശ്ചയിച്ചിട്ടുള്ളതാണ്. ഗ്രന്ഥത്തിന്റെ മഹാശാസ്ത്ര-ബദ്ധത സര്വ്വതും സുവ്യക്തമാക്കിയിരിക്കെ മറ്റു തെളിവുകള് യാതൊന്നും ആവശ്യമില്ലെങ്കില് പോലും; പരമശിവ അവതാരം പൂര്ണ്ണമായിക്കൊണ്ടിരിക്കുന്നു എന്ന അദ്ധ്യായത്തില് പറഞ്ഞിട്ടുള്ളതുപോലെയുള്ള ദൈവീക ചിഹ്നങ്ങള് ഗ്രന്ഥകാരന്റെ ഭൗതികശരീരത്തിലുണ്ട്, ശാസ്ത്രപരമായ പരിശോധനകള്ക്ക് ദൈവം അനുവദിക്കുന്നുവെങ്കില്, ചെയ്യുന്നതാണ്. കൂടാതെ, വൈകാതെ മായ പ്രത്യക്ഷപ്പെടുമെന്ന വചനത്തിന് കളങ്കമുണ്ടായാല് ഗ്രന്ഥത്തെയും ഗ്രന്ഥകാരനെയും അവഗണിക്കണം എന്നത് സുവ്യക്തമാണ്, ഇതാ

പ്രസ്താവിച്ചിരിക്കുന്നു. മഹാജഗദംബയുടെ മനുഷ്യാവതാരത്തെപ്പറ്റി പറയുമ്പോള്, മഹാശക്തിയായ മഹാദേവിയുടെ പ്രതിനിധിയായി അവകാശപ്പെടുന്ന ഗ്രന്ഥകാരന്, മഹാദേവിയാരെന്ന് ചൂണ്ടിക്കാണിക്കുന്നു എന്നല്ലാതെ മഹാദേവി യാതൊരു അവകാശവാദങ്ങളും നടത്തുന്നില്ല. താന് മഹാദേവിയാണെന്ന് ആരോടും പറയുന്നുമില്ല. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ മഹാദേവിക്ക്, മനുഷ്യരെ ബോദ്ധ്യപ്പെടുത്തേണ്ടതായ യാതൊരു ആവശ്യങ്ങളുമില്ല, ചെയ്യുന്നുമില്ല. മഹാദേവി നിശ്ചയിക്കുന്ന സമയത്ത് മനുഷ്യരെല്ലാം ഒരുപോലെ വിശ്വസിച്ചുകൊള്ളും. മാത്രമല്ല, ഈ വരികള് കുറിക്കുന്ന 2008 ഡിസംബര് 29 വരെയും ഈയുള്ളവന്റെ അറിവുപ്രകാരം ബ്രഹ്മം അഥവാ ബ്രഹ്മശക്തി മഹാദേവിയായി അവതരിക്കുന്ന പെണ്കുട്ടിയില് ചേര്ന്നിട്ടുമില്ല, ആകയാല് പെണ്കുട്ടി വിഷയമോ, വിഷയത്തിന്റെ മഹാ-ഗൗരവമോ അറിയുന്നുപോലുമില്ല.

ഭൂമിയിലെങ്ങും കുട്ടിദൈവങ്ങളായും സൂപ്പര്ദൈവങ്ങളായും കപടവേഷം കെട്ടിയവരും കെട്ടുന്നവരുമായ മനുഷ്യരെപ്പറ്റി ഇനി തുടരാം. (1) വെളിപ്പെട്ടുകഴിഞ്ഞ ശാസ്ത്രനിയമങ്ങള്, (2) മതങ്ങളിലെയും മനുഷ്യചരിത്രങ്ങളിലെയും പുരാണങ്ങളിലെയും വചനങ്ങളും, കഥകളും, (3) ഇന്നലത്തെ മതാചാര്യന്മാരുടെയും ചരിത്രനായകന്മാരുടെയും ജീവിതകഥകള്, (4) വ്യത്യസ്ത മതപ്രമാണങ്ങളും മതാചാരങ്ങളും മതാനുഷ്ഠാനങ്ങളും, എന്നിവയെ തങ്ങള്ക്കു ദൈവം നല്കിയ ബുദ്ധിശക്തികള്കൊണ്ട് കൂട്ടിക്കുഴച്ച് മനശ്ശാസ്ത്രപരമായി ജനങ്ങളുടെ അജ്ഞാനത്തിന്റെ മേല് അഭിഷേകം ചെയ്യുന്നവരാണ് അവര്. ഒരു ചിലര് മാജിക്കുകളും കൂട്ടിച്ചേര്ക്കുന്നു.

ശാസ്ത്രപരമായ പുതിയ വെളിപാടുകള് അഥവാ ശാസ്ത്രനിയമങ്ങള് യാതൊന്നും തന്നെ കുട്ടിദൈവങ്ങളിലൂടെ അവതരിക്കുന്നില്ല. അവര് ചെയ്യുന്ന ഏതാനും നല്ല കാര്യങ്ങള് കൊണ്ട് അവര് ശാസ്ത്രത്തോടും ദൈവത്തോടും ചെയ്യുന്ന കടുത്ത നിന്ദയെ സാധൂകരിക്കാനാവില്ല. താന് ദൈവമല്ല എന്നറിയാവുന്ന വ്യക്തി, തന്നെ ദൈവമായി മറ്റുള്ളവര് കരുതുന്നതിനെ തടയേണ്ടതും ആയത് തന്റെ പ്രഥമമായ ഉത്തരവാദിത്തമായി പാലിക്കേണ്ടതുമുണ്ട്. തന്റെ വ്യക്തിത്വത്തെ തെറ്റായി കരുതുവാന് അന്യര്/അനുയായികള് ശ്രമിക്കുന്നത് അന്യരുടെ വ്യക്തിസ്വാതന്ത്ര്യമാണെങ്കിലും, ജീവിച്ചിരിക്കുന്നവര് അതിനെ അനുവദിക്കാതെ ധര്മ്മശാസ്ത്രപരമായ ഉത്തരവാദിത്തം നിറവേറ്റേണ്ടതുണ്ട്, അതു തെറ്റിക്കുന്നത് ദുര്ന്നടത്തയാണ്. അതായത്, ദുര്ന്നടത്തക്കാരായ അനുയായികളുടെ നേതാവ് ചെയ്യുന്നതും ദുര്

ന്നടത്ത തന്നെ. (ക്രൈസ്റ്റിനെ ഈ പട്ടികയില് പെടുത്തേണ്ട. ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. ദൈവത്തോട് പ്രാര്ത്ഥിക്കുന്നതായ ക്രൈസ്റ്റിന്റെ ചിത്രങ്ങള് ഭൂമിയിലെങ്ങും ഇന്നുള്ളത്, ദൈവമായി കപടവേഷം കെട്ടാന് ക്രൈസ്റ്റ് തയ്യാറായില്ല എന്നു തെളിയിക്കുന്നുണ്ട്). ഇന്നത്തെ കുട്ടിദൈവങ്ങള്, തങ്ങള് ജീവിച്ചിരിക്കെ, പാപികളെക്കൊണ്ട് തങ്ങളെ ദൈവമായി ആരാധിപ്പിച്ച് അവരുടെയും തങ്ങളുടെയും പാപങ്ങള് വര്ദ്ധിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്. താന് ദൈവമല്ല എന്നറിയാവുന്ന വ്യക്തി, താനാരാണെന്നും, എന്തു മാത്രമാണെന്നും തിരിച്ചറിയണം. തന്റെ അനുയായികളായിട്ടു തന്റെ കൂടെ കൂടുന്നവരോട്, പരസ്യമായിട്ട്, ഓരോ പ്രഭാഷണത്തിലും താന് ആരാണെന്നും, എന്തു മാത്രമാണെന്നും പറയേണ്ടതുണ്ട്. തന്റെ അറിവിനൊത്ത് താന് നടത്തുന്ന ആരാധനാ സമ്പ്രദായങ്ങളെയും പൂജാരീതികളെയും തന്റെ സ്വകാര്യ ആനന്ദ രീതികളായി മാത്രം അവതരിപ്പിക്കുകയും, സ്വകാര്യങ്ങളെ സ്വകാര്യമായി ചെയ്യുകയും വേണം. ധര്മ്മശാസ്ത്രപരമല്ലാത്ത ആരാധനകളെ പരസ്യമായി ചെയ്യുകയും ജനങ്ങള് അവയെ പിന്പറ്റുകയും ചെയ്താല് ജനങ്ങളുടെ പാപത്തിന്റെയും അവര് നേടുന്ന ശിക്ഷയുടെയും ഒരു ഓഹരി കുട്ടിദൈവമായി വേഷമിടുന്നയാള്ക്ക് ലഭിക്കുന്നതാണ്. മഹാപിതാവും മഹാമാതാവുമായ ദൈവം, മഹാജഗദംബയായ മഹാദേവി മാത്രമായി സ്ത്രീരൂപത്തില് അവതരിക്കുമ്പോള്, മനുഷ്യര്ക്ക് മഹാവാത്സല്യം നല്കുന്നത് മനുഷ്യരുടെ സ്ത്രീജന്മത്തിലാണെന്ന് മുന് അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. ദൈവം പോലും സ്ത്രീരൂപമെടുക്കുമ്പോള്, വാത്സല്യ പ്രകടനത്തിന് താന് മനുഷ്യര്ക്കായി നിശ്ചയിച്ചിട്ടുള്ള സദാചാരശാസ്ത്ര കാര്യങ്ങളെ ഉന്നതപ്പെടുത്തുന്നതായി മനസ്സിലാക്കണം. അങ്ങനെയിരിക്കെ പുരുഷദൈവങ്ങളായും സ്ത്രീദൈവങ്ങളായും വേഷമിടുന്നവര് വാത്സല്യപ്രകടനത്തിനും മറ്റു സ്വാര്ത്ഥങ്ങള്ക്കും സ്വീകരിക്കുന്ന ധര്മ്മശാസ്ത്രപരമല്ലാത്ത പ്രവൃത്തികള്ക്ക് ശിക്ഷയുണ്ട്.

മുമ്പ് സൂചിപ്പിച്ചതുപോലെ, ഈ ഗ്രന്ഥത്തിലെ 7-ാം ഭാഗമായ സ്മൃതിയില് വിവരിച്ചിട്ടുള്ള പൈശാചിക ശക്തികളായിത്തീര്ന്ന പലരും ഭൂമിയില്നിന്ന് പിന്വലിക്കപ്പെട്ടുകഴിഞ്ഞതുപോലും അറിയാതെ, മേല്പടി പൈശാചികശക്തികളെ ദൈവമായി കണക്കാക്കി ആരാധിക്കുന്നവരാണ് സമൂഹത്തിലെ ഏറെക്കുറെ മുഴുവന് കുട്ടിദൈവങ്ങളും എന്നതില്നിന്നു തന്നെ അവര് ദൈവകാര്യങ്ങള് അറിയുന്നുപോലുമില്ല എന്ന് സുവ്യക്തമാണ്. അസംബന്ധങ്ങള്ക്ക് മരണംകൊണ്ട് രക്ഷപെടാനാവും എന്ന് യാതൊരാളും ധരിച്ചുപോവരുത്.

മഹാനീതിപതിയായ ദൈവത്തിന്റെ മഹാനീതിശാസ്ത്രം പഠിക്കുമ്പോള് അത് വെളിവാകുന്നതാണ്. മരിച്ചുകഴിഞ്ഞാലും കള്ളനാണയങ്ങളെ സമൂഹമധ്യത്തില് ശിക്ഷിക്കുവാന് പോന്നതാണ് മഹാനീതിശാസ്ത്രം. കുട്ടിദൈവങ്ങളായിക്കൊണ്ട് ചെയ്ത കടുത്ത പാപങ്ങള്ക്ക് അവരും അനുയായികളും പരസ്യമായി ജനങ്ങളോട് മാപ്പുപറയുന്നത് പാപഭാരം കുറയ്ക്കുന്നതാണ്.

മാനുഷിക തലത്തില്, അഥവാ സാധാരണ മനുഷ്യരായിക്കൊണ്ട് പറയുമ്പോള്, ദൈവത്തെ മാത്രം ആരാധിക്കുകയും, ചുറ്റുമുള്ളവരില് ആദരവ് അര്ഹിക്കുന്നവരെ, ആദരിക്കുകയുമാണ് ചെയ്യേണ്ടത്. ദൈവത്തെ മാത്രം ആരാധിക്കുക എന്നു പറയുമ്പോള്, മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവം, ആരാധനയെ സംബന്ധിച്ച പദ്ധതിയും സൃഷ്ടിച്ചിട്ടുണ്ടാവുമെന്നും, പ്രസ്തുത പദ്ധതി മനസ്സിലാക്കി മാത്രമേ മനുഷ്യര് പ്രവര്ത്തിക്കാന് പാടുള്ളൂ എന്നതും അറിയണം. മഹാശാസ്ത്രം ലഭിക്കാനും ദൈവത്തെ ആരാധിക്കാനും മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്നു ശാസ്ത്രപരമായി വിവരിക്കുന്ന അദ്ധ്യായം പഠിക്കുമ്പോള്, മനുഷ്യര്ക്ക് ദൈവം നല്കുന്ന 100 ജന്മങ്ങളില് ഒരു ജന്മത്തില്, മഹാശാസ്ത്രം നല്കി അനുഗ്രഹിച്ചതിനു ശേഷം മാത്രമേ, മഹാപ്രപഞ്ചത്തെയും മഹാശക്തിയെയും ആത്മീയസാക്ഷാത്ക്കാരത്തെപ്പറ്റിയും സുവ്യക്തമായി അറിഞ്ഞശേഷമേ, മനുഷ്യര് ദൈവത്തെ ആരാധിക്കാന് പാടുള്ളൂ എന്നു വെളിവാകുന്നതാണ്.

അധമങ്ങളായ രാഷ്ട്രീയ ഇസങ്ങളിലും, മതവ്യവസ്ഥിതികളിലും, വിനോദ മത്സരങ്ങളിലും ഏര്പ്പെട്ടുകഴിയുന്ന നരജന്മങ്ങളെ ആരാധിക്കുന്ന കടുത്ത അധമ-അവസ്ഥയിലേക്ക് മനുഷ്യര് കൂപ്പുകുത്തിയിരിക്കയാണ്. യാതൊരുവിധ മാനുഷിക സ്മാരകങ്ങളും മഹാപ്രപഞ്ചത്തില് പാടില്ല. യാതൊരാളും മറ്റു യാതൊരെക്കാളും കേമരല്ല എന്നത് മുന് അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. മനുഷ്യരുടെ ആനന്ദ ജീവിതത്തിന് ഉപകരിക്കേണ്ടതായ ഭൂമിയും, ഊര്ജ്ജവും, സമയവും മാനുഷിക-സ്മാരകങ്ങളുടെ പേരില് പാഴാക്കുന്നവര്ക്ക് കടുത്ത ശിക്ഷയാണ് ലഭിക്കുക.

ആള്ദൈവങ്ങളായും കുട്ടിദൈവങ്ങളായുമൊക്കെ പ്രവര്ത്തിക്കുന്നവരെ തിരുത്തുവാനും ധര്മ്മശാസ്ത്രപരമായി ശുദ്ധിചെയ്യാനും ഗ്രന്ഥകാരന് ശ്രമിച്ചതിന്റെ ഭാഗമായിട്ട് അമൃതാടെലിവിഷനും, ബ്രഹ്മകുമാരീസ് വിശ്വവിദ്യാലയത്തിനും അയച്ചതായ 2 കത്തുകള് ചുവടെ ചേര്ക്കുന്നു. ധര്മ്മശാസ്ത്രപരമായി ശുദ്ധിചെയ്യാനുള്ള പ്രവൃത്തി മാത്രമാണതെന്നും, അതിന്റെ ചുവടു

പിടിച്ച് മേല്പടി പ്രസ്ഥാനങ്ങളെ അപഹസിക്കുവാന് ജനങ്ങള് ശ്രമിക്കരുതെന്നും, അധര്മ്മികള് സ്വയം തിരുത്തുന്നതാണ് ഏറ്റവും ഉചിതമെന്നതും, എന്നാല് ഭരണകൂടത്തിന് ധര്മ്മശാസ്ത്രപരമായ നടപടികള് ആവാമെന്നും, അറിയിക്കുന്നു.
അമൃതാ ടെലിവിഷന് ഇ-മെയിലിലൂടെ അയച്ച കത്ത് ആദ്യം ഉദ്ധരിക്കുന്നു :-

The following letter sent on 25.04.2009 by E-mail, to M/s Amrita TV, in their following addresses : sandhyadeepam@amritatv.com, pradakshinam@amritatv.com ; usa@amritatv.com ; vinodmajid@amritatv.com ; info@amritatv.com .

As indicated in the letter, Malayalam Pages added, and mail re-sent on 29.04.2009

Glory only to GOD.

Gentlemen,

Indeed, GOD blesses the Good intentions maintained in SandhyaDeepam. All people behind SandhyaDeepam Programme might know that they also earn Punyam (Blessings) as well as Paapam (Sin) for their part of work / activity. Please be informed that this e-mail message is also published in the web site omsathyam.com.

Reference is made to a Story told on Friday, 17 April 2009 as part of SandhyaDeepam, that AgasthyaMuni once found his forefathers tied upside down for the reason that AgasthyaMuni did not marry, and in order to correct the Fatal Sin, he married soon.

There are many errors in the told story, however, a serious matter in the story relating with the 'Amritanandamayi' alone is mentioned, and it is to be rightly evaluated and/or realized. Like the parents of Agasthya Muni, the parents of Smt.Amritanandamayi will be punished, if she has not engaged in marital life secretly or publicly so far. As per OmkaaraNeethiShaasthram (the Supreme Science of Justice), she will also be punished. Further one should not conceal the Marital Status, and she has no escape. Please understand that I am describing Science, and I am not hitting at Womanhood ; in fact, I love her as my daughter * ; and she & all of you better take my advices as Requests of a Father for Repenting to the Supreme Power as well as the Supreme Mother who has been Creating &

Protecting the Supreme Universe, take Corrective-Measures publicly including Public Confessions. There are many wrongs being practiced by you all people in trying to make her as a Little God, particularly an young man talking publicly too much who is understood as the 2nd in the Amrita Projects. You might know that the word Amrita is connected to Amrutham, a Drink ; but you do not know that Amrutham originated Evilly to suppress the Wrong Thirsts of many. If GOD wills, I may write about Amrutham in the web site omsathyam.com later. May GOD bless you to understand from the Divine Script of OM available in the web page, that you are all far away from the Supreme Science.

Please try to understand that MahaaGuru is MahaaDevi and that MahaaDevi Blesses only ParamaSivan (direct) to receive the Complete Supreme Science. All people including the Human-Gurus are imperfect until they receive MahaaShaasthram (the Supreme Science) through the Blessed ParamaSivan (in Dual-form : Half Woman-Half Man form) in One Human Birth, direct, in their 90th to 95th Births out of the 100 and/or 101 Human Births. Every Soul has to avail 50 Man-Births and 50 Woman-Births, and MahaaDevi Blesses them with the Supreme Science thru ParamaSivan, MahaaDevi's Supreme Servant and lone Representative, when the Soul avails Man-Birth. MahaaDevi begins Blessing with the Supreme Science only after the Opening of Maya, which will occur soon. It also means that one becomes Guru only in one Birth and only when MahaaDevi blesses a Soul with Supreme Science thru ParamaSivan when the Soul is in a He-body, a Man. During Blessing, the Neurons in Human-head becomes 100% (Completely) Activated to contain the Complete Science of the Supreme Universe. [The Neurons in all Human-heads are active presently only less than 5% (connected with the Minus Powers Variation of pi % = 3.14%),]

No people should act as Guru until MahaaDevi blesses them individually thru ParamaSivan with the Supreme Science, direct. All people acting as Gurus spread the Wrongs they know about matters and that is the main reason why the Human Life on Earth became worse. You people including your chief, share the responsibility. Your Chief as well you all people don't know about Jeevi-Chakram (Creature-Cycles) and your Chief is often found spreading erred messages when I switch on the

Amrita TV, It is not good to buy Sins. GOD = the Supreme Power = MahaaDevi has created the Supreme Universe and knows how to correct all people, at the Right Time decided by GOD. People should not act Unscientifically, because GOD has been creating and protecting the Supreme Universe including Creatures Scientifically. Unscientific teachings do not fit to the Universe, and that is the main reason why all Religions, political systems, economic systems etc fail, and developed the Global life from Best to almost Worst. If GOD wills, a letter in Malayalam language will be attached and this message re-sent later, and added in the web site omsathyam.com too, in public interest.

May GOD Bless you to understand that you receive messages from me because of the reason that GOD loves you. The Supreme Power loves all Children, hence supplies children with opportunities to repent to GOD, correct errors, and live in peace and happiness.

May MahaaDevi bless you all. And all People including your chief can use the words "may GOD Bless You" only when they become individually Real Guru (s), that is, when MahaaDevi blesses them individually thru ParamaSivan, direct, with the Supreme Science.

With Prayers, and love, MahaaDevi's MahaaDaasan @ ParamaSivan @ SamhaaraDevan @ the Father & Servant of All Creatures including the Programmers of SandhyaDeepam.

c/o the web site omsathyam.com

* MahaaDevi has Blessed me as ParamaSivan & placed ParamaSivan as the Father of All Creatures. Glory only to GOD = Om MahaaShakthi Mannadi MahaaBhadraKaali Divya Divya Divya DivyaMahaaDevikku Maathram Mahathvam.

The following 4 pages added to the above letter and mail sent again to the addressees on 29 April 2009.

Quote : "

Glory only to GOD.

Dear Children of GOD,

As promised in my mail sent to you on 25.04.2009, I have added 4

Malayalam Pages in the Web site. It is serious in connection with your new serial understood to be telecasting from 03 May 2009.

To View the added pages, you may click here : http://www.omsathyam.com/omsapril2009/LetterToAmritaTV25042009.htm

Further, please be informed that, my comments on Amrita .... seems ending today.

May GOD Bless You and All with Truth, Duties & Virtues, and Justice.

With Prayers, and love, MahaaDevi's MahaaDaasan @ ParamaSivan @ SamhaaraDevan @ the Father & Servant of All Creatures. c/o the web site omsathyam.com

Glory only to GOD = Om MahaaShakthi Mannadi MahaaBhadraKaali Divya Divya Divya DivyaMahaaDevikku Maathram Mahathvam.

" Unquote.

അമൃതാ ടെലിവിഷന് ചാനല് ഉള്പ്പെടെയുള്ള അമൃതാ സംരംഭങ്ങള്ക്ക് ദൈവീകത്വം ചാര്ത്തുവാന് പ്രയത്നിക്കുന്നവരെയും, ആത്മീയ വിഷയങ്ങളില് ഗുരുക്കന്മാരായി ഭാവിക്കുന്നവരെയും, സാമൂഹ്യകാര്യങ്ങളില് പ്രവര്ത്തിക്കുന്നവരെയും, ഒക്കെ ചില ശാസ്ത്രകാര്യങ്ങള് അറിയിക്കാനുണ്ട്. അമൃതാ പദ്ധതികളില് പ്രവര്ത്തിക്കുന്നവര്ക്കു മാത്രമായുള്ളതല്ല കത്തെന്നും സുവ്യക്തമാക്കുന്നു. മഹാശക്തിയായ മഹാദേവി തന്റെ മഹാദാസനായും പരമശിവനായും സംഹാരദേവനായും മഹാശാസ്ത്രായുധനായും ഒക്കെ അനുഗ്രഹിച്ചിട്ടുള്ള ഈയുള്ളവനെ നിലവില്, ശാസ്ത്രത്തെ മാത്രം ആയുധമാക്കുവാന് മഹാദേവി അനുഗ്രഹിച്ചിട്ടുള്ളതുകൊണ്ട് കത്ത് വായിക്കുന്നവര്ക്ക് ഉള്ളടക്കത്തെ സ്വീകരിക്കുവാനും വിശ്വസിക്കുവാനും മടിയുണ്ട്. മഹാശക്തിയായ മഹാദേവി തന്റെ മഹാദാസനായ പരമശിവനെ മായാശക്തികള് പ്രയോഗിക്കുവാന് അനുഗ്രഹിക്കുന്നതോടെ, പരമശിവന് മാനുഷികാവസ്ഥയില് സമൂഹമദ്ധ്യത്തില് കഴിയാനാവില്ലാ എന്ന വസ്തുതയുണ്ട്. മായാശക്തികള് കണ്ട് സത്യങ്ങളെ വിശ്വസിക്കുവാനും

മഹാശാസ്ത്രപ്രകാരം അറിയിക്കുമ്പോള് വിശ്വസിക്കാതിരിക്കുവാനും തയ്യാറാകുന്നതിലൂടെ മഹാപ്രപഞ്ചത്തത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി മഹാശക്തിയായ മഹാദേവി ആവിഷ്ക്കരിച്ചിട്ടുള്ളതായ മഹാശാസ്ത്രത്തെ അവമതിച്ച കുറ്റത്തിന് പാപമുണ്ടാകുന്നതാണ്. ഇനി കാര്യങ്ങള് പറയാം :-

1. പുരാണം : അമൃതാ പ്രസ്ഥാനങ്ങളില് പ്രവര്ത്തിക്കുന്നവര് ഉള്പ്പെടെ ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങളും രാഷ്ട്രീയങ്ങളുമൊക്കെ പ്രകാരമുള്ള പണ്ഡിത-സമൂഹം സ്ഥിരമായി പുരാണകഥകളെ ഉദ്ധരിക്കാറുണ്ട്. പ്രഭാഷണങ്ങളെയും ഗ്രന്ഥങ്ങളെയും മറ്റും പുഷ്ടിപ്പെടുത്തുവാന് പുരാണങ്ങള് തീര്ച്ചയായും പ്രയോജനപ്പെടുന്നുണ്ട്. അനേകം കഥകള് സന്മാര്ഗ്ഗ തത്വങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ട് എന്നത് വാസ്തവമാണ്. എന്നാല് പുരാണത്തിലെ നായകന്മാര് യഥാര്ത്ഥത്തില് സന്മാര്ഗ്ഗികള് ആയിരുന്നില്ലായെങ്കിലോ, പുരാണത്തില് മായം കലര്ന്നിട്ടുണ്ടെങ്കിലോ, അനീതി കൂടി സംഭവിക്കുന്നുണ്ട് എന്നു സമ്മതിച്ചേ തീരൂ. പുരാണം, സ്മൃതി തുടങ്ങിയവയെപ്പറ്റി ഓംസത്യം ഡോട്ട് കോം വെബ്സൈറ്റില് ചേര്ത്തിട്ടുള്ള മലയാളം ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്. ആദ്യമഹാകാലചക്രത്തില് മഹാശക്തിയായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ ഭരണം ഏല്പ്പിച്ചവരായ സ്മൃതിയുടെ ഭാഗമായ ദേവതകള് പുരാണങ്ങളില് കലര്ത്തിയിട്ടുള്ള മായത്തെപ്പറ്റി പണ്ഡിത-സമൂഹത്തിന് അറിയില്ല. സ്മൃതിയിലുള്ളവര് കാട്ടിയ കൊടും അനീതിയെപ്പറ്റി അറിയാതെ അവരെയെല്ലാം പറ്റി പാരായണം ചെയ്യുകയും ഗ്രന്ഥങ്ങള് രചിക്കുകയും ടെലിവിഷനിലൂടെയും മറ്റും കഥകള് പ്രചരിപ്പിക്കുകയും ചെയ്യുമ്പോള് പിശാചുക്കളായവര്ക്ക് ജനഹൃദയങ്ങളില് ദൈവസ്ഥാനം നല്കാന് ശ്രമിക്കുന്നവരായി മാറുന്നു. അത് പാപം ഇരന്നുവാങ്ങുമ്പോലെ ആയിത്തീരുന്നു.

2. സ്മൃതി : സ്മൃതിയുടെ വിശദീകരണങ്ങള് മേല്പ്പടി ഗ്രന്ഥത്തില് വായിക്കുക. അമൃതാ പ്രസ്ഥാനങ്ങളിലും മറ്റും പ്രവര്ത്തിക്കുന്നവര് സ്മൃതിയിലുള്ള ദേവതകളെപ്പറ്റി വളരെയധികം പുകഴ്ത്താറുണ്ട്. ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളായി മഹാശക്തിയായ മഹാദേവി, തന്റെ പ്രതിനിധി കൂടിയായ പരമശിവനിലൂടെ ചുമതല ഏല്പ്പിച്ച ദേവതകളില് അനേകര് വളരെയധികം പിഴവുകള് ചെയ്തു. അവര്ക്ക് തങ്ങളെ ഏല്പ്പിച്ച ചുമതലകള് ഭംഗിയായി നിര്വ്വഹിക്കാനായില്ല. അവരില് രണ്ടുപേര് ദൈവങ്ങളാവാനും മത്സരിക്കാനും ശ്രമിച്ചു, മനുഷ്യരില് അഹവും അഹങ്കാരവുമൊക്കെ വര്ദ്ധിച്ചതുപോലെ. ഏകമഹാശക്തിയായ

ദൈവത്തെ മഹാശാസ്ത്രം പ്രകാരം മാത്രം ആരാധിക്കണമെന്ന് ഉപദേശിക്കേണ്ടതായ അവര്, ചുറ്റുമുള്ളവരെക്കൊണ്ട് തങ്ങളെ ആരാധിക്കുവാന് ശ്രമിച്ചു. ദുര്ഗ്ഗ, നാരായണന് എന്നിവരാണ് ദൈവമാകാന് ശ്രമിച്ചത്. ദുര്ഗ്ഗയെ 2006-ല് സമ്പൂര്ണ്ണമായും പിന് വലിച്ചുകഴിഞ്ഞു. നാരായണനെയും അടിസ്ഥാനപരമായി പിന് വലിച്ചുകഴിഞ്ഞു. മുകളില് സൂചിപ്പിച്ച ഗ്രന്ഥത്തിലെ സ്മൃതിയിലും, ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും വിശദീകരിച്ചിട്ടുണ്ട്. കുതന്ത്രങ്ങളുടെയും പിശാചുക്കളുടെയും രാജാവെന്നോണം അധഃപതിച്ച നാരായണന് ഇന്ന് ഭൂമിയില് പുനര്ജ്ജനിച്ച് ജീവിക്കുന്നുണ്ട്. അദ്ദേഹത്തിന് പഴയകാര്യങ്ങള് വളരെയധികം അറിയാം. എന്നാല് മായയുമായിക്കൂടി ബന്ധപ്പെട്ടതായ അത്തരം കാര്യങ്ങള് സാധാരണക്കാര്ക്ക് ഉള്ക്കൊള്ളാന് വിഷമമാണ്. അത്യാവശ്യമോ ആവശ്യമോ അല്ലതാനും ! നാരായണപ്പിശാചിന്റെ പുനര്ജ്ജന്മമായി എത്തിയിട്ടുള്ള വ്യക്തിയുടെ ഇ-മെയില് വിലാസം മേല്പടി ഗ്രന്ഥത്തിലുണ്ട്. അദ്ദേഹത്തിന് ഇ-മെയില് സ്ഥിരമായി നോക്കാനുള്ള സാഹചര്യം ഇന്നില്ലായെങ്കിലും, അമൃതായിലുള്ളവര്ക്ക് അദ്ദേഹത്തിന് ഇ-മെയിലയക്കാവുന്നതാണ്; ലളിതമായ ഇംഗ്ലീഷിലോ, മലയാളത്തില് ഖജ്ഞഏ ഫയലായോ ഇ-മെയില് അയച്ചുകൊടുക്കുകയും, ഇ-മെയില് അയച്ച വിവരം മാത്രം ഈയുള്ളവനെ ഇ-മെയിലിലൂടെ അറിയിക്കുകയും ചെയ്താല്, ഫോണിലൂടെ അദ്ദേഹവുമായി ഈയുള്ളവന് സംസാരിക്കുന്നതാണ്. അദ്ദേഹത്തോട് ഇ-മെയിലില് മറുപടി അയക്കുവാന് ഞാന് ആവശ്യപ്പെടാം. അദ്ദേഹത്തിന് മാനസിക വിഷമങ്ങള് വര്ദ്ധിപ്പിക്കാതെ ശ്രദ്ധിക്കേണ്ടുന്നതിന്നാണ് അമൃതാനേരിട്ട് സംസാരിക്കുന്നതിനെ തല്ക്കാലം പ്രോത്സാഹിപ്പിക്കാത്തത്. നാരായണന് എന്ന വിഷാണു എന്ന വിഷ്ണുവിനെപ്പറ്റി സൂചിപ്പിക്കുവാനുള്ള കാരണം ഇനി പറയാം. ഓം നമഃശിവായ, ഗണപതി, അയ്യപ്പന് തുടങ്ങിയ സീരിയലുകളിലൂടെ ശിവന്, ഗണപതി (ഗജപാതി), അയ്യപ്പന് തുടങ്ങിയവരെ ദൈവമായി ചിത്രീകരിച്ച് പാപം വളരെ നേടിക്കഴിഞ്ഞവരായ അമൃതാ പ്രസ്ഥാനങ്ങളിലെ പ്രവര്ത്തകര് വിഷ്ണുപുരാണം എന്ന പേരില് 2009 മെയ് 3 മുതലോ മറ്റോ പുതിയ സീരിയല് അമൃതാ ടിവിയില് ആരംഭിക്കുന്നതായി പരസ്യം കണ്ടു. ദൈവത്തിന്റെ കുഞ്ഞുങ്ങളേ, നിങ്ങള് കൂടുതല് കൂടുതല് പാപികളായിക്കൊണ്ടിരിക്കുന്നു.... അതു കണ്ട് ഈയുള്ളവന് വേദനയുണ്ട്. കുഞ്ഞുങ്ങളോടുള്ള സ്നേഹവും വാത്സല്യവും കൂടി ഈ കത്തിനു കാരണമാണ്. ധര്മ്മശാസ്ത്രം തെറ്റിച്ചു പ്രവര്ത്തിക്കുന്ന കുഞ്ഞുങ്ങളെ ധര്മ്മശാസ്ത്രപരമായി തിരുത്തുവാന്

പരിശ്രമിക്കേണ്ടത് മഹാശാസ്ത്രായുധന് കൂടിയായി മഹാദേവി അനുഗ്രഹിച്ചിട്ടുള്ള പരമശിവന്റെ കര്ത്തവ്യത്തിന്റെ ഭാഗം കൂടിയാണ്. മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കുന്ന മഹാശക്തിയായ ദൈവം, തന്റെ സൃഷ്ടികളെ നന്നാക്കിക്കൊള്ളും. ദൈവത്തിന് യാതൊരു കാര്യങ്ങള്ക്കും യാതൊരു മനുഷ്യരുടെയും സഹായം വേണ്ടതില്ല. (മഹാശക്തിയും മഹാദേവിയുമായ ദൈവത്തിന്റെ ഒരു ഭാഗമെന്നോണം മഹാദാസനായ പരമശിവന് വര്ത്തിക്കുന്നതെങ്ങനെയെന്ന് മേല്പടി ഗ്രന്ഥത്തിലുണ്ട്.). മനുഷ്യരെ നന്നാക്കാനെന്ന പേരില്, ആദ്യമഹാകാലചക്രത്തില് ദൈവം ഓരോരോ ചുമതലകള് ഏല്പിച്ചവരെയെല്ലാം ആദരിക്കുന്നതിനു പകരം ആരാധിപ്പിക്കാന് പ്രവര്ത്തിച്ചതിനും പ്രവര്ത്തിക്കുന്നതിനും അമൃതായുടെ പ്രധാനിയായി പ്രവര്ത്തകര് ഒരുക്കിയിട്ടുള്ള വനിത ഉള്പ്പെടെയുള്ളവര്ക്ക് ഓംകാരനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷയുണ്ട്. ദൈവം നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങള് ദൈവ-വേലയല്ല. തോന്നിയവാസവും മനോനില ത്തകരാറും തട്ടിപ്പും ഒക്കെച്ചേര്ന്ന പൈശാചിക പ്രവര്ത്തനമാണത്.

3. മഹാശാസ്ത്രം : മഹാപ്രപഞ്ചത്തത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്ക്കായി മഹാശക്തിയായ ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളതായ മഹാശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ വിവരങ്ങള്പോലും സമൂഹത്തില് ഇന്നുള്ളവര്ക്ക് അറിയില്ല ; അമൃതാ പ്രവര്ത്തകര്ക്കും അറിയില്ല. ഓംസത്യം ഡോട്ട്കോം വെബ്സൈറ്റില് കൊടുത്തിട്ടുള്ള അക്ഷരബ്രഹ്മം കൂടിയായ ഓം-ന്റെ യഥാര്ത്ഥ ലിപിയെപ്പറ്റിയുള്ള അജ്ഞത തന്നെ ഏറ്റവും വലിയ സാക്ഷ്യം.

4. ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്രശാസ്ത്രം എന്നിവയാണ് യഥാര്ത്ഥമായ 4 വേദങ്ങള് എന്നതറിയാതെ സൃഷ്ടിശാസ്ത്രമായ ഭൗതികശാസ്ത്രത്തെ തരംതാഴ്ത്തിക്കൊണ്ടും ആത്മീയകാര്യങ്ങളെ ഉയര്ത്തിക്കൊണ്ടും സംസാരിക്കുന്നതായ രീതി അമൃതായിലെ പ്രധാനി ഉള്പ്പെടെ അനേകര്ക്കുണ്ട്. ദയവായി പാപം വര്ദ്ധിപ്പിക്കാതിരിക്കുക. മാത്രമല്ല, ഭൗതികശാസ്ത്രത്തെ തരംതാഴ്ത്തുന്നവര് അമൃതാ സൂപ്പര് സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിച്ചത് വൈരുദ്ധ്യമാണ്. കൂടുതല് വിസ്തരിക്കുന്നില്ല. ശാസ്ത്രത്തെ അവമതിച്ച മുന് പോപ്പും ശസ്ത്രക്രിയ പലതവണ നടത്തിയിട്ടാണ് മരിച്ചത് എന്നത് കൂട്ടിവായിക്കാവുന്നതാണ്.

5. മഹാശാസ്ത്രത്തിന്റെ മേല്പടി 4 ശാഖകളില് രണ്ടാമത്തേതായ ധര്

മ്മശാസ്ത്രം അനുസരിച്ചുള്ള വിഷയങ്ങളും വസ്തുതകളും മാത്രമേ മഹാപ്രപഞ്ചത്തില് കുറ്റങ്ങളും കുറവുകളുമില്ലാതെ പ്രവര്ത്തിക്കുകയുള്ളൂ എന്നറിയണം. ധര്മ്മശാസ്ത്രപരമല്ലാത്ത വിഷയങ്ങളും വസ്തുതകളും സമൂഹത്തില് ഉണ്ടായാല്, അവയെ തിരുത്തുന്നതിനായി മഹാപ്രപഞ്ചത്തില് ദൈവം സ്ഥാപിച്ചിട്ടുള്ള ന്യൂനശക്തികള് ഭീകരവാദം സൃഷ്ടിക്കുന്നതാണ് **. ഭീകരവാദത്തെ എതിര്ക്കുന്നവരായ ഭരണകൂടവും രാഷ്ട്രീയ പാര്ട്ടികളും മതപ്രസ്ഥാനങ്ങളും സാമൂഹ്യപ്രസ്ഥാനങ്ങളുമൊക്കെ അറിയാത്തതോ മനസ്സിലാക്കാത്തതോ ആയ കാര്യം അവര് തന്നെയാണ് ഭീകരവാദത്തിനും ഭീകരവാദികള്ക്കും വിത്തുവിതച്ചതും വിതയ്ക്കുന്നതും എന്നതാണ്. അതായത് കൊടുംഭീകരവാദികളായ ഭരണകൂടവും രാഷ്ട്രീയപാര്ട്ടികളും മതപ്രസ്ഥാനങ്ങളുമൊക്കെ സൃഷ്ടിക്കുന്നതായ കൊടുംഭീകരവാദത്തെ തിരുത്തുവാനാണ് ഭീകരവാദികളിലൂടെ ന്യൂനശക്തികള് പ്രവാര്ത്തിക്കുന്നത്. കൊടുംഭീകരവാദികളെപ്പോലെ ഭീകരവാദികളും തങ്ങള്ക്കു ശരിയെന്നു തോന്നുന്ന മാര്ഗ്ഗങ്ങളിലൂടെ പ്രവര്ത്തിക്കുന്നു. അമൃതാ ടെലിവിഷന് ചാനല് ഉള്പ്പെടെയുള്ള സംരംഭങ്ങള് കൊടുംഭീകരവാദികളാകുന്നതെങ്ങനെയെന്നും ഗ്രന്ഥത്തില് പൊതുവായി വിവരിച്ചിട്ടുണ്ട്. 5 ഉദാഹരണങ്ങള് പറയാം :-

(1) ജനനന്മയെ കണക്കാക്കിയാണ് തങ്ങള് പ്രവര്ത്തിക്കുന്നതെന്ന് അമൃതാ സംരംഭങ്ങളിലെ പ്രവര്ത്തകര് യഥാര്ത്ഥത്തില് വിശ്വസിക്കുന്നുണ്ടെങ്കില്, അതിന് അവര് തങ്ങളുടെ മാര്ഗ്ഗത്തെ ശാസ്ത്രീയമായി അഥവാ ദൈവീകമായി കണ്ടെത്തുകകൂടി വേണ്ടിയിരുന്നു. അതു ചെയ്യാതെ കമ്മ്യൂണിസ്റ്റുകാരെപ്പോലെ, മാര്ഗ്ഗം ഒരു വിഷയമല്ല, ലക്ഷ്യമാണ് പ്രധാനം എന്ന നിലയിലേക്ക് തരംതാണത് ശരിയായില്ല. ഗാന്ധിയന് മാര്ഗ്ഗങ്ങള് ദൈവീകമാകുന്നത്, മാര്ഗ്ഗം ധര്മ്മശാസ്ത്രപരം ആകുന്നതുകൊണ്ടാണ്. അമൃതാ നടത്തുന്ന ബഹുവിധകോപ്രായങ്ങളും മതഭീകരവാദങ്ങള്ക്ക് വഴിവെയ്ക്കുന്നതാണ്.

(2) റാഗിംഗ് ഉള്പ്പെടെയുള്ള നീചത്വങ്ങള് പരിഹരിക്കുന്നതും ദൈവീകവുമായ അഥവാ ശാസ്ത്രീയവുമായ വിദ്യാഭ്യാസ സമ്പ്രദായം കണ്ടെത്താന് അമൃതായ്ക്കു കഴിഞ്ഞില്ല. സമൂഹത്തില് ഇന്നുള്ള നീചവിദ്യാഭ്യാസ സമ്പ്രദായത്തെ പിന്പറ്റുന്ന വിദ്യാലയങ്ങള് സ്ഥാപിക്കാനാണ് അമൃതാ പ്രവര്ത്തിച്ചത്. അതും കൊടുംഭീകരപ്രവര്ത്തനമാണ്. ദൈവീകമായ അഥവാ ശാസ്ത്രീയമായ വിദ്യാഭ്യാസ സമ്പ്രദായം എങ്ങനെയാണെന്ന് മേല്പ്പടി ഗ്രന്ഥത്തിലുണ്ട്.

(3) അമൃതാ ടെലിവിഷന് നടത്തുന്ന റിയാലിറ്റി ഷോകള് ദൈവീകമല്ല, അതും കൊടുംഭീകരപ്രവര്ത്തനമാണ്.
(4) അമൃതാ ടെലിവിഷന് നടത്തുന്ന വനിതാ രത്നം പോലെയുള്ള പരിപാടികള് ഒട്ടും ദൈവീകമല്ല. സംഗീതത്തില് മത്സരങ്ങള് നടത്തുന്നതും കൊടുംപാപങ്ങളില് പെടുന്നു.
(5) മേല്പടി ഗ്രന്ഥത്തിലുള്ള ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം/സെക്സ്) എന്ന അദ്ധ്യായം പഠിക്കുമ്പോള്, നൃത്തത്തെ പുരുഷന്മാരുമായാണ് ദൈവം ബന്ധിപ്പിച്ചിരിക്കുന്നതെന്നും സ്ത്രീകള് സ്വകാര്യമായല്ലാതെയും ഭര്ത്താവിനോടു മാത്രമായല്ലാതെയും നൃത്തം ചെയ്യുന്നതിന് ധര്മ്മശാസ്ത്രപരമായ വിലക്കുകള് ഉണ്ടെന്നും കാണാം. ആത്മീയ ശാസ്ത്രം കൈകാര്യം ചെയ്യുന്നതായി ഭാവിക്കുന്ന അമൃതാ ടെലിവിഷന് അധമത്തങ്ങള് കാട്ടുമ്പോള് അത് കൂടുതല് ശിക്ഷാര്ഹമാകുന്നതാണ്. കൂടുതല് വിസ്തരിക്കുന്നില്ല.
സ്നേഹത്തോടെ, ബാദ്ഷ @ പരമശിവന് /29.04.2009
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

** ഓംസത്യം ഡോട്ട്കോം വെബ്സൈറ്റില് ചേര്ത്തിട്ടുള്ള മലയാളത്തിലുള്ള യഥാര്ത്ഥമായ വേദഗ്രന്ഥത്തില് ഭീകരവാദം, പ്രപഞ്ചത്തിലുള്ള ന്യൂനശക്തികള് തുടങ്ങിയവയെ പ്രത്യേകം അദ്ധ്യായങ്ങളില് വിശദീകരിച്ചിട്ടുണ്ട്.

പ്രജാപിതാ ബ്രഹ്മകുമാരീസ് വിശ്വവിദ്യാലയം എന്ന സ്ഥാപനത്തിന്റെ അടൂര് ശാഖയിലെ മുഖ്യ-കുമാരിക്ക് ഈയുള്ളവന് നേരിട്ട് ഏല്പിച്ച കത്തിന്റെ കോപ്പി ചുവടെ കൊടുക്കുന്നു :-
അടൂര്, 23 ഏപ്രില് 2009
ഠീ പ്രജാപിതാ ..... ഈശ്വരീയ വിശ്വവിദ്യാലയം, മാര്ക്കറ്റ് റോഡ്, അടൂര്, ഫോണ് 224676, 9895124676
ദൈവത്തിന്റെ കുഞ്ഞുങ്ങളെ / ബഹുമാന്യരെ,
ഇന്ന് 23.04.2009 ന് എനിക്കു ലഭിച്ചതായ താങ്കളുടെ സ്ഥാപനത്തിലെ ഒരു നോട്ടീസിനും, മലയാള മനോരമ ദിനപ്പത്രത്തില് കണ്ടതായ വാര്ത്തയുടെയും അടിസ്ഥാനത്തിലാണ് ഈ കത്ത്.് ഒരു സമ്മാനം പോലെ കരുതുവാന് അങ്ങയ്ക്ക് കഴിയുന്നുവെങ്കില് സന്തോഷമുണ്ട്. താങ്കള്ക്കും പൊതുജനങ്ങള്ക്കും പ്രയോജനപ്പെടുമെന്ന വിശ്വാസത്തില് ഈ കത്ത് 24.04.2009-ന് അടൂരില് .....ലിംഗ പ്രദര്ശനം ആരംഭിക്കുംമുമ്പ്

ഓംസത്യം ഡോട്ട് കോം ംംം.ീാമെവ്യമാ.രീാ എന്ന വെബ്സൈറ്റില് പ്രസിദ്ധീകരിക്കുന്നതാണ്. (പ്രസിദ്ധീകരിച്ചു കഴിഞ്ഞു.). മഹാജഗദംബയായ മഹാദേവി മഹാദര്ശനം മഹാ-അനുഗ്രഹിച്ചു നല്കിയിട്ടുള്ള ഒരു മഹാഭാഗ്യവാനാണ് ഈയുള്ളവന്. ~ഒരു പേര് ബാദ്ഷ. മഹാദേവി മഹാ-അനുഗ്രഹിച്ചു നല്കിയ വേറെ പേരുകളുമുണ്ട്, അവയില് മഹാദാസന് എന്ന പേര് എല്ലായ്പ്പോഴും സാര്ത്ഥകമാക്കി മഹാ-അനുഗ്രഹിക്കണമേ എന്ന് ഈയുള്ളവന്, മഹാപിതാവും മഹാമാതാവും മഹായജമാനയും മഹാദേവനും ബ്രഹ്മവും മഹാശക്തിയും കൂടിയായ മഹാജഗദംബയായ മഹാദേവിയോട് പ്രാര്ത്ഥിക്കുന്നുണ്ട്. (അക്കാര്യം സ്വകാര്യം മാത്രമല്ല എന്നതുകൊണ്ടാണ് കുറിച്ചത്).

അജ്ഞാനാന്ധകാരത്തില് ആപാദചൂടം ആമഗ്നരായിരിക്കുന്ന കലിയുഗസന്താനങ്ങളെ മുക്തരാക്കുന്നതിലേയ്ക്കായി പരംജ്യോതിസ്വരൂപനായ പരമശിവന് ദിവ്യാവതാരമെടുക്കാറുണ്ട് എന്ന് താങ്കളുടെ നോട്ടീസില് വായിച്ചു. അജ്ഞാനാന്ധകാരത്തിനു കാരണം വിഷയങ്ങളില് മനുഷ്യര്ക്കുള്ള അജ്ഞാനമാണെന്നു പ്രസ്താവിക്കുമ്പോള് മത/രാഷ്ട്രീയ പ്രഭാഷണങ്ങളും മറ്റും സമൂഹത്തിലേക്കു വ്യാപരിക്കുമ്പോള് സമൂഹത്തെ ദുഷിപ്പിക്കുന്നു എന്ന അപ്രത്യക്ഷമായ സന്ദേശം നോട്ടീസിലുണ്ട്. ദൈവാനുഗ്രഹത്താല് ഈയുള്ളവന് പ്രസ്തുത സന്ദേശത്തോട് യോജിപ്പുണ്ട്. മഹാഗുരു കൂടിയായ മഹാദേവി ഒഴികെയുള്ള (മനുഷ്യ)ഗുരുക്കന്മാര് പൂര്ണ്ണരല്ല എന്നതുകൊണ്ട് അവരുടെ അജ്ഞാനം ശിഷ്യരിലേക്കും സമൂഹത്തിലേക്കും വ്യാപരിക്കുന്നതിനെപ്പറ്റി താങ്കള് ചിന്തിച്ചിട്ടുണ്ടോ എന്നും, മഹാഗുരുവായ മഹാദേവി ഒഴികെയുള്ള ഗുരുക്കന്മാരില് താങ്കളും അഥവാ താങ്കളുടെ സ്ഥാപനവും പെടുമെന്നിരിക്കെ അജ്ഞാനാന്ധകാരം സൃഷ്ടിക്കപ്പെട്ടതില് താങ്കള്ക്കും ചെറുതോ വലുതോ ആയ പങ്കുണ്ട് എന്നതിനെപ്പറ്റി താങ്കള് ചിന്തിച്ചിട്ടുണ്ടോ എന്നും ഈയുള്ളവന് അറിയില്ല. ഒരു മതം 100% ശരിയാണെങ്കില്, മറ്റു മതങ്ങളൊന്നും തന്നെ 100% ശരിയല്ല എന്നതായ ലളിതമായ ഗണിതശാസ്ത്ര പാഠവും ഒരു അളവുകോലാണ്.

മഹാനീതിശാസ്ത്രം അഥവാ ഓംകാരനീതിശാസ്ത്രം പ്രകാരം മാത്രം പ്രവര്ത്തിക്കുവാന് പരമശിവനെ സദാ പ്രാപ്തനാക്കുവാനായിട്ടാണ് മഹാശക്തിയായ മഹാദേവി തന്റെ മഹാദാസനും പ്രതിനിധിയും കൂടിയായ പരമശിവന്റെ കഴുത്തില് ഓംകാരനാഗബന്ധനം മഹാ-അനുഗ്രഹിച്ചു സ്ഥാപിച്ചിട്ടുള്ളത് എന്നതിനെപ്പറ്റി അങ്ങയ്ക്കറിയില്ല എന്ന് ഈയുള്ളവന് കരുതുന്നു. അറിയുമായിരുന്നെങ്കില് പരമശിവന്

ദിവ്യാവതാരമെടുക്കാറുണ്ട് എന്ന് അങ്ങ് നോട്ടീസില് എഴുതുമായിരുന്നില്ല. ശിവനും പരമശിവനും മഹാനീതിപതി കൂടിയായ മഹാദേവിയുടെ മഹാനിയോഗങ്ങള് പ്രകാരമാണ് പ്രവര്ത്തിക്കുന്നത്. അറിയാത്തത് അങ്ങയുടെ കുറ്റവുമല്ല. എന്തെന്നാല് 90 മുതല് 95 വരെയുള്ള ജന്മങ്ങളിലാണ് ഓരോ വ്യക്തിക്കും അര്ദ്ധമഹാദേവി കൂടിയായ പരമശിവനിലൂടെ മഹാശാസ്ത്രം നല്കി മഹാദേവി അനുഗ്രഹിക്കുന്നത്. ഭൂമിയിലെ മനുഷ്യരില് 100-ല് 1 ഭാഗത്തോളം പേര് 90-ാം ജന്മത്തില് എത്തിയിട്ടുണ്ട്, അങ്ങ് അതില്പെടുമോ എന്ന് ഈയുള്ളവന് തല്ക്കാലം അറിയില്ല. 100 അഥവാ 101-ാം ജന്മത്തില് മാത്രമാണ് ആത്മീയ സാക്ഷാത്ക്കാരം എന്ന ബ്രഹ്മാനന്ദപദവിലേക്ക് മനുഷ്യരെ മഹാദേവി മഹാ-അനുഗ്രഹിക്കുന്നത്. വൈകാതെ ഭൂമിയിലെങ്ങും മഹാദേവി മായ പ്രത്യക്ഷമാക്കുന്നതാണ്, ശേഷം 10 മനുഷ്യജന്മങ്ങളുടെ തുകയായ 500 വര്ഷക്കാലം മഹാപ്രപഞ്ചത്തിന്റെ മഹാസൃഷ്ടി-സ്ഥിതി-സംഹാരകര്ത്താവായ മഹാശക്തി സൃഷ്ടിച്ചിട്ടുള്ളതായ ഭൂമിയിലെ ജീവിതത്തെ സ്വര്ഗ്ഗീയമാക്കുന്നതാണ്, ഭൂമിയെ ദൈവരാജ്യമായി ഉയര്ത്തുന്നതാണ്. മഹാശാസ്ത്ര പ്രകാരം താന് സൃഷ്ടിച്ചിട്ടുള്ളതായ ജഗത്തില് എങ്ങനെയെങ്കിലുമൊക്കെ മനുഷ്യര് ജീവിക്കാനല്ല താന് വിധിച്ചിട്ടുള്ളത് എന്നത് സ്ഥാപിച്ചുകൊണ്ടും മഹാജഗത്തിനെ മഹാസുന്ദരപ്പെടുത്തിയും കൊണ്ടുമാത്രമേ ഓരോ സൃഷ്ടിചക്രത്തിലും സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം ആരംഭിക്കുകയുള്ളൂ. വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതിന്റെ മുന്നോടിയായി പരമശിവന്റെ നാവില് ഓം-കുറിക്കല്, മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം പരമശിവന്റെ ഹൃദയത്തോടു ചേര്ത്തു സ്ഥാപിക്കല് തുടങ്ങിയവ മഹാദേവി മഹാ-നിവര്ത്തിച്ചുകഴിഞ്ഞു. മഹാസൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തില് മഹാജ്ഞാനം അഥവാ മഹാശാസ്ത്രം കൂടിയായ മഹാദേവി, മത്സ്യാവതാരത്തെ പരമശിവനുമായി ബന്ധിപ്പിച്ചുകൊണ്ടും, യഥാര്ത്ഥമായ വേദങ്ങള് അഥവാ മഹാശാസ്ത്രം പരമശിവന് മഹാ-അനുഗ്രഹിച്ചു നല്കിക്കൊണ്ടും ഓംസത്യം ഡോട്ട് കോം ംംം.ീാമെവ്യമാ.രീാ എന്ന വെബ്സൈറ്റിലൂടെ മഹാവീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്.
മായ പ്രത്യക്ഷമാക്കുന്നത് ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും, സൃഷ്ടിമന്ത്രവും, സംഹാരകാഹളവും, മഹാദേവിയുടെ മഹാചിരിയും കൂടിയായ ഓം എന്ന മഹാശബ്ദത്തെ ഭൂമിയിലെങ്ങും മഹാസംഗീതമായി 3 വര്ഷക്കാലം തുടര്ച്ചയായി മുഴക്കിക്കൊണ്ടാണ്. സാധാരണ ജനങ്ങള് മഹാദേവിയുടെ മഹാചിരി കൂടിയായ ഓം എന്ന

മഹാസംഗീതം കേട്ട് സന്തോഷിക്കുമ്പോള്, താങ്കളുടെ നോട്ടീസില് പറഞ്ഞിട്ടുള്ളതായ അജ്ഞാനാന്ധകാരത്തിന് കാരണക്കാരായ മതപുരോഹിതന്മാരും രാഷ്ട്രീയക്കാരും പണ്ഡിതസമൂഹമെന്ന് സ്വയമോ അല്ലാതെയോ കരുതുന്നവരും മനുഷ്യക്കോടതികളിലെ നീതിപതികളും ഭീകരവാദികളുമൊക്കെ ഞെട്ടിവിറയ്ക്കുകയും അതേ മഹാസംഗീതത്തെ ഭയപ്പെടുകയും ചെയ്യുന്നതാണ്. മാത്രമല്ല, മഹാശക്തിയായ മഹാദേവി തന്റെ പ്രതിനിധി കൂടിയായി മഹാ-അനുഗ്രഹിച്ചിരിക്കുന്ന പരമശിവനിലൂടെ മഹാ-വീണ്ടെടുപ്പിച്ചുകൊണ്ടിരിക്കുന്ന ഓംസത്യം ഡോട്ട് കോം ംഃംം.ീാമെവ്യേമാ.രീാ എന്ന വെബ്സൈറ്റില് ലഭ്യമാക്കിയിട്ടുള്ള യഥാര്ത്ഥമായ വേദങ്ങള് അഥവാ മഹാശാസ്ത്രം പ്രകാരം തിരുത്തലുകള് നടത്തിക്കൊണ്ട് ജീവിച്ചുതുടങ്ങുന്നതുമാണ്. ഓം എന്ന മഹാശബ്ദത്തെ ഭാഗികമായി ഹിന്ദുമതത്തിലൂടെ സംരക്ഷിച്ചിട്ടുണ്ടെങ്കിലും, ഹിന്ദുമതം ഉള്പ്പെടെ യാതൊരു മതങ്ങളുടെയും ഭാഗമല്ല ഓം എന്ന് ഈ കത്തിന്റെ ആരംഭത്തിലുള്ളതായ ശബ്ദബ്രഹ്മം കൂടിയായ ഓം -ന്റെ ലിപിയില് നിന്ന് വ്യക്തമാണ്. ഓം -ന്റെ ശാസ്ത്ര വിശദീകരണങ്ങള് വെബ്സൈറ്റില് നിന്ന് പഠിക്കാന് കഴിയുന്നവര്ക്ക് ഓം-ന് ഹിന്ദുമതവുമായി യാതൊരു ബന്ധവുമില്ല എന്നും മഹാശാസ്ത്രപരം മാത്രമാണ് ഓം എന്നും സുവ്യക്തമാകുന്നതാണ്. ഓം -ന്റെ വിശദീകരണങ്ങള് ഉള്പ്പെടെ വെബ്സൈറ്റിലുള്ള ഗ്രന്ഥത്തിലെ ഏതാനും ഭാഗങ്ങളും, 5 ശിവക്ഷേത്രങ്ങളിലേക്ക് അയച്ച ഒരു കത്തിന്റെ കോപ്പിയും ഈ കത്തിനോടൊപ്പം സമ്മാനിക്കുന്നു.

ഇപ്പോഴത്തെ സൃഷ്ടിചക്രം മഹാസൃഷ്ടിചക്രമാണ്, അതായത് 1000 കോടി വര്ഷങ്ങള്ക്കു ശേഷം മഹാശക്തിയായ മഹാദേവി മനുഷ്യരൂപത്തില് മഹാ-എഴുന്നെള്ളുകയാണ്. മൂകാംബിക എന്നറിയപ്പെടുന്ന പ്രേമാംബിക, ധര്മ്മാംബിക, ദുര്ഗ്ഗ തുടങ്ങിയ ഏതാനും ദേവതകളെ മഹാദേവിയായി മുന്കാലങ്ങളില് തെറ്റിദ്ധരിച്ചിട്ടുണ്ട്. മഹാദേവിയുടെ സംഹാര-രൂപമായ സംഹാരദേവി മാനുഷിക ജനനമല്ലാതെ ശിവനിലൂടെ മുമ്പ് ജനിച്ചിട്ടുണ്ട്. സംഹാരദേവിയെ ഭദ്രകാളി എന്ന് അനേകര് തെറ്റിദ്ധരിച്ചിട്ടുമുണ്ട്. ശിവനിലൂടെ സംഹാരദേവി ജനിച്ചിരിക്കുന്നു എന്നതിന് ശിവന് ജനിപ്പിച്ചു എന്നു വ്യാഖ്യാനിച്ചത് തെറ്റായിട്ടുണ്ട്. ശിവനിലൂടെ സംഹാരദേവി ജനിച്ചത് ശിവന്റെ ഇഷ്ടമോ അനിഷ്ടമോ നോക്കിയല്ല, മഹാദേവിയുടെ മഹാശാസ്ത്രപ്രകാരമാണ്. മഹാദേവിയുടെ സംഹാരദേവീരൂപം ശിവന്റെ മകളല്ല എന്നുകൂടി സാരം. ശിവന്റെ

നെഞ്ചില് ചവിട്ടാന് സംഹാരദേവിക്ക് അധികാരമുള്ളതു കൊണ്ടുതന്നെയാണ് മുമ്പ് ചവിട്ടിനിന്നിട്ടുള്ളതും അങ്ങനെയൊരു ചിത്രവും ശില്പവും പ്രചരിച്ചിട്ടുള്ളതും. മഹാസൃഷ്ടിചക്രത്തില് ശിവനു പകരം പരമശിവനെയാണ് മഹാദേവി അവതരിപ്പിക്കുന്നത്. സംഹാരദേവിയെ പിന്വലിച്ചുകൊണ്ട് മഹാനീതിശാസ്ത്രത്തിന്റെ വളരെച്ചെറിയതെന്നും അതേസമയം ഒട്ടുംചെറുതല്ലാത്തതെന്ന് വിശേഷിപ്പിക്കേണ്ടതുമായ സംഹാരം എന്ന ആത്മീയസാക്ഷാത്ക്കാരം പരമശിവനിലൂടെയാണ് മഹാദേവി മഹാനിര്വ്വഹിക്കുന്നത്. സംഹാരദേവിയെ മഹാദേവി മഹാ-പിന്വലിക്കുകയും 2008-ല് ഈയുള്ളവനെ സംഹാരദേവനായിക്കൂടി മഹാ-അനുഗ്രഹിക്കുകയും ചെയ്തു. മഹാദേവി മായ പ്രത്യക്ഷമാക്കിയശേഷം 500 വര്ഷക്കാലം ഭൂമിയില് ദൈവരാജ്യം അഥവാ സ്വര്ഗ്ഗ-സുന്ദരജീവിതം സ്ഥാപിച്ചശേഷമേ സംഹാരം ആരംഭിക്കുകയുള്ളൂ എന്നാവര്ത്തിക്കുന്നു. വീണ്ടും വരുന്ന ക്രിസ്തുവിലൂടെ മാത്രമേ മോചനമുള്ളൂ എന്നു പറയുമ്പോള് പരമശിവനിലൂടെ എന്നാണര്ത്ഥം. മാത്രമല്ല, പരമശിവന് -ലൂടെ മാത്രമാണെന്നും യഥാര്ത്ഥത്തില് മഹാഭരണാധികാരിയും മഹാനീതിപതിയും ഏകമഹാശക്തിയായ മഹാദേവി തന്നെയാണെന്നും സുവ്യക്തമായി അറിയണം. രണ്ടാമത്തെ മഹാകാലചക്രത്തില് മാത്രം മഹാദേവി മനുഷ്യരൂപം സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്ന് ഓംസത്യം ഡോട്ട് കോം ംംം.ീാമെവ്യമാ.രീാ എന്ന വെബ്സൈറ്റില് വിശദീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഒരു ഹിന്ദുകുടുംബത്തില് മഹാദേവി മഹാ-ജനിച്ചുകഴിഞ്ഞു. ഭൂമിയിലെ ബ്രഹ്മകേന്ദ്രമായി ബ്രഹ്മം കൂടിയായ മഹാദേവി മഹാ-നിശ്ചയിച്ചിട്ടുള്ള മണ്ണടിയിലെ പുതിയകാവ് ക്ഷേത്രത്തില് നിന്നും ബ്രഹ്മം അഥവാ ബ്രഹ്മശക്തി 2009 ജനുവരി 6-ന് രാവിലെ ഉയര്ന്നുകഴിഞ്ഞു. മഹാദേവിയായ പെണ്കുട്ടിയില് ബ്രഹ്മം പ്രവേശിച്ചുകഴിഞ്ഞുവോ എന്ന് ഇതെഴുതുന്ന സമയം വരെയും പരമശിവന് എന്നുകൂടി മഹാദേവി മഹാനുഗ്രഹിച്ചിട്ടുള്ള ഈയുള്ളവന് അറിയില്ല. ഏതൊരു കാര്യവും ഏകമഹാശക്തിയായ മഹാദേവിയുടെ മഹാഇഷ്ടപ്രകാരം അഥവാ മഹാശാസ്ത്രപ്രകാരം ഈയുള്ളവനെ മഹാ-അറിയിക്കുമ്പോള് മാത്രം അറിയുന്നതാണ് ഈയുള്ളവന്റെ ഇഷ്ടം. ആ നിലയിലേക്ക് ഉയരുവാന് മഹാദേവിയുടെ മഹാനുഗ്രഹത്താല് ഈയുള്ളവന് ഇന്നു കഴിയുന്നുണ്ട്. മഹാദേവിയുടെ മഹാ-എഴുന്നെള്ളത്ത് സംബന്ധിച്ച കൂടുതല് വിശദീകരണങ്ങള് മേല്പടി വെബ്സൈറ്റിലുണ്ട്.

ഈ കത്ത് താങ്കള്ക്ക് സമ്മാനമെന്നോണം നല്കുന്നതില്

മഹാദേവിയുടെ മഹാഇഷ്ടം തീര്ച്ചയായും പ്രവര്ത്തിക്കുന്നുണ്ടാകും. തല്ക്കാലം ഈയുള്ളവന് അതില്ക്കൂടുതല് അറിയില്ല. പ്രത്യേകമായ ഒരു/ചില ഉപദേശങ്ങളും ഒരു/ചില അറിയിപ്പുകളും കൂടി താങ്കളോടും താങ്കളെപ്പോലുള്ളവരോടും പൊതുവെയും ഉണ്ട്.

ഉപദേശം : ബ്രഹ്മം എന്ന മഹാശബ്ദത്തിന്റെ മഹാശാസ്ത്ര വിശദീകരണങ്ങള് തീര്ച്ചയായും വെബ്സൈറ്റിലുള്ള മലയാളം ഗ്രന്ഥത്തില് നിന്നോ മലയാളത്തിലുള്ള ലിങ്ക്-പേജില് നിന്നോ പഠിക്കണം. (അങ്ങയ്ക്കു നേടാനായ നന്മയെ അനുസരിച്ചാവും പഠിക്കുന്നതിന് ദൈവം അങ്ങയെ അനുഗ്രഹിക്കുക എന്നു കരുതുന്നു.). ബ്രഹ്മം എന്ന പദത്തെ മാനുഷിക നാമങ്ങളോട് ചേര്ക്കാന് മനുഷ്യര്ക്ക് അവകാശമില്ല. ബ്രഹ്മശ്രീ, ബ്രഹ്മവിദ്വാന്, ബ്രഹ്മവിദ്യാലയം, ബ്രഹ്മവിദ്യ, ബ്രഹ്മചാരി, ബ്രഹ്മകുമാരി, തുടങ്ങിയ പദങ്ങളെല്ലാം തന്നെ തെറ്റാണെന്നും മഹാശക്തിയോട് മാപ്പുപറഞ്ഞ് മേലില് ഉപയോഗിക്കരുതെന്നും, ഉപയോഗിക്കുന്നവരെ ശക്തിക്കൊത്ത് ഉപദേശിക്കണമെന്നും അര്ത്ഥം.

ദേവി, മഹാദേവി, പരമശിവന് തുടങ്ങിയ പദങ്ങളും മനുഷ്യനാമത്തോടു ചേര്ത്തുകൂടാ.

അറിയിപ്പ് : ദ്വാദശ ജ്യോതിര്ലിംഗ ദര്ശനാനുഭൂതി എന്ന തലക്കെട്ടോടെയുള്ള താങ്കളുടെ നോട്ടീസില് 12 ജ്യോതിര്ലിംഗങ്ങളെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. മഹാപിതാവും മഹാമാതാവുമായ മഹാദേവി, പ്രപഞ്ചപിതാവായിക്കൂടി പരമശിവനെ മഹ-അവരോധിച്ചിട്ടുള്ളതിന് പ്രകാരം, ഈയുള്ളവന്റെ കൂടി കുഞ്ഞുങ്ങളായ നിങ്ങളറിയുക, മഹാശക്തി ലിംഗം അഥവാ മഹാലിംഗം ഇന്ന് പരക്കെ ശിവലിംഗമായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. മഹാദേവനും മഹാദേവിയും ഒന്നാണ്. മഹാശക്തിയായ ദൈവം, ജീവിയോ പുരുഷനോ സ്ത്രീയോ അല്ല. മഹാജഗത്തിനെ പ്രസവിച്ച മഹാജഗദംബ എന്നത് താന് മഹാജഗത്തിനായി ആവിഷ്ക്കരിച്ചതായ മഹാശാസ്ത്രത്തിനു സ്വയം വിധേയമായി സ്വീകരിക്കുന്ന സ്ത്രീരൂപം മാത്രമാണ്. പരമശിവന് മഹാദേവനല്ല. 50 വര്ഷത്തിലൊരിക്കലുള്ള മഹാശിവരാത്രിയില്, (100 വര്ഷങ്ങളിലായി മൊത്തം 2 രാത്രികളിലൂടെ ഒരു ദിവസ നേരം) മാത്രമാണ് പരമശിവന് മഹാദേവനാകുന്നത്, അഥവാ മഹാദേവനാക്കപ്പെടുന്നത്. മഹാശക്തിയായ മഹാദേവി, തന്റെ മഹാദാസനും ഏകപ്രതിനിധിയുമായ പരമശിവനെ മഹാദേവിയും മഹാദേവനുമാക്കി മാറ്റുന്ന മഹാരാത്രിയാണത്. ആവക കാര്യങ്ങളില് മനുഷ്യര്ക്ക് ബന്ധമില്ല. അന്നും എന്നും (എപ്പോഴും!), ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം

എന്ന് മഹാദേവിയെ പരമശിവന് സ്തുതിച്ചുകൊണ്ടിരിക്കും. ഏകമഹാശക്തിയായ ദൈവത്തെ മാത്രമാണ് ആരാധിക്കേണ്ടത്. ദൈവം ഓരോരോ ചുമതലകള് ഏല്പിച്ചവരെ ആദരിക്കുക മാത്രം ചെയ്യുന്നതിനു പകരം ഇന്ന് ബഹുദൈവ ആരാധനകളും, ആരാധനകള് എന്ന പേരില് ബഹുവിധമതങ്ങള് പ്രകാരം ഭോഷ്ക്കുകളുമാണ് കാട്ടിക്കൂട്ടുന്നത്. 100 ജന്മങ്ങളില് ഒരേയൊരു ജന്മത്തില് മാത്രമേ ദൈവത്തെ ആരാധിക്കുവാന് ദൈവം മനുഷ്യരെ അനുവദിക്കുന്നുള്ളൂ. മുമ്പ് സൂചിപ്പിച്ചതുപോലെ 90 മുതല് 95 വരെയുള്ള ജന്മങ്ങളിലൊന്നില് പരമശിവനിലൂടെ മഹാശാസ്ത്രം നല്കി ഓരോരോ മനുഷ്യരെയും 4 വര്ഷത്തില് ഒരിക്കലുള്ളതായ ശിവരാത്രി ദിവസം മഹാദേവി മഹാ-അനുഗ്രഹിക്കുന്നു. എല്ലാ മനുഷ്യ ശിരസ്സുകളിലുമുള്ള ന്യൂറോണുകള് ഇപ്പോള് 5%-ല് താഴെയാണ് പ്രവര്ത്തിക്കുന്നതെങ്കില്, മഹാനുഗ്രഹം ലഭിക്കുമ്പോള് ന്യൂറോണുകള് മുഴുവനും ആക്ടീവാകുകയും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും ഗ്രഹിക്കുകയും ചെയ്യുന്നു. സത്യം, ധര്മ്മം, നീതി എന്നിവകളെ തന്റെ മഹാഭാവങ്ങളായി നിശ്ചയിച്ചുകൊണ്ട്, താന് സൃഷ്ടിച്ചിട്ടുള്ള ഓരോ ജീവിയെയും തന്റെ കുഞ്ഞായിക്കണ്ട് അവയ്ക്കെല്ലാം മഹാസ്നേഹം ചൊരിയുകയും, എല്ലാ കുഞ്ഞുങ്ങള്ക്കും ഓംകാരനീതിശാസ്ത്ര പ്രകാരം മഹാസമനീതി നല്കുകയും, തന്റെ കുഞ്ഞുങ്ങളുടെ പാദങ്ങളെ നക്കുകയും അവരുടെ മഹാദാസ്യയായി വര്ത്തിക്കുകയും ചെയ്യുന്ന മഹായജമാനയും മഹാസ്നേഹമയിയുമായ മഹാദേവിയെ മനസ്സിലാക്കി വിങ്ങി വിതുമ്പിക്കരഞ്ഞുകൊണ്ട് ശിഷ്ടകാലം മുഴുവനും മഹാദേവിയെ ആരാധിച്ചുമാത്രം മനുഷ്യന് ജീവിക്കുന്ന മഹാജന്മമാണത്. സുമാര് 50 വയസ്സുള്ളപ്പോഴും പുരുഷജന്മത്തിലുമാണ് മഹാശാസ്ത്രം ലഭിക്കുക. വിശദീകരണം വെബ്സൈറ്റിലുണ്ട്. ..... കുമാരീസ് വിശ്വവിദ്യാലയം എന്ന പേരിനെ കണക്കാക്കി ചില കാര്യങ്ങള്കൂടി പറയാം : മനുഷ്യനുള്ള 100 ജന്മങ്ങളില് 50 സ്ത്രീജന്മങ്ങളും 50 പുരുഷജന്മങ്ങളും എന്ന് മഹാനീതിശാസ്ത്രപ്രകാരം മഹാദേവി വ്യവസ്ഥ ചെയ്തിരിക്കുന്നു എന്ന് മായ പ്രത്യക്ഷമാകുന്നതോടെ സുവ്യക്തമായി അറിയുമ്പോള്, സ്ത്രീ-പുരുഷ സമത്വവാദങ്ങള് അസ്തമിക്കുന്നതാണ്. മാത്രമല്ല, മഹാശാസ്ത്രം ലഭിച്ച് ദൈവാരാധന നടത്താനുള്ള ഏകജന്മം പുരുഷജന്മമാണെങ്കില്, മഹാദേവിയെ കാണാനും മഹാദേവിയുടെ മടിയില് തലവെച്ചു കിടക്കാനും മഹാമാതൃവാത്സല്യങ്ങള് നുകരാനും വ്യക്തിക്കു കഴിയുന്നത്, ദൈവാരാധനാ ജന്മം കഴിഞ്ഞ് അതേ വ്യക്തി തൊട്ടടുത്ത് നേടുന്ന സ്ത്രീജന്മത്തിലാണ്. തന്റെ കുഞ്ഞാണെങ്കില് പോലും മുതിര്

ന്ന പുരുഷനെ മടിയില് കിടത്താനോ കെട്ടിപ്പിടിക്കാനോ തയ്യാറാകാതെ, വ്യക്തിക്ക് അഥവാ ജീവാത്മാവിന് സ്ത്രീജന്മത്തില് മാത്രം അതിന്നവസരം നല്കുന്ന മഹാജഗദംബയായ മഹാദേവിയുടെ മഹാനീതിശാസ്ത്രമഹത്വം സാധാരണക്കാര് മാത്രമല്ല, കുട്ടിദൈവങ്ങളായി സമൂഹത്തില് വേഷംകെട്ടുന്നവരും പഠിക്കുകയും പിന്പറ്റുകയും ചെയ്യേണ്ടതുണ്ട്.

ദൈവാരാധന എന്ന പേരില് ഇന്ന് മത-ജാതി-മനുഷ്യര് കാട്ടിക്കൂട്ടുന്നതൊന്നും ശാസ്ത്രീയമല്ല, ദൈവീകമല്ല എന്ന് വെബ്സൈറ്റില് വിശദീകരിച്ചിട്ടുണ്ട്. മഹാലിംഗ പ്രതിഷ്ഠ സംബന്ധിച്ച വിവരങ്ങളും ആരാധനാലയങ്ങളുടെ നിര്മ്മാണവും ആരാധനയും സാധാരണ കാര്യമല്ല. മഹാശാസ്ത്രപ്രകാരം മാത്രം മഹാശക്തിയായ ദൈവത്തെ മനസ്സിലാക്കി ചെയ്യാനുള്ളതാണ് ദൈവാരാധന. മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മഹാനിര്വ്വഹിക്കുന്ന മഹാശക്തിയായ ദൈവം, താന് ജീവികള്ക്കു നല്കിയതും നല്കുന്നതുമായ ശക്തികളെയും വസ്തുക്കളെയും കൊണ്ട് മനുഷ്യര് കോപ്രായങ്ങള് കാട്ടുമ്പോള് അതുകണ്ടും കൊണ്ടും ആനന്ദിക്കുന്ന വിചിത്രജീവിയല്ല എന്നറിയണം. ജീവിത സുഖസൗകര്യങ്ങള് വര്ദ്ധിപ്പിക്കാന് ശ്രമിച്ച മനുഷ്യര് ശാസ്ത്ര ഗവേഷണം ദൈവകാര്യത്തില് നടത്താനോ, ശാസ്ത്രീയമായി ദൈവത്തെ മനസ്സിലാക്കാനോ തുനിയാഞ്ഞത് കടുത്ത ദൈവനിന്ദയാണ്. ആവക കാര്യങ്ങള് കൂടുതല് വിസ്തരിക്കുന്നില്ല. വെബ്സൈറ്റില് ലഭ്യമാണ്.

ശിവന് മംഗളകാരിയാണ് എന്ന് നോട്ടീസില് കണ്ടു. ശരിയാണ്. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യസൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രം മുതല് മഹാപ്രപഞ്ചത്തിന്റെ മഹാഭരണം മുഴുവന് മഹാദേവി തനിയെ ചെയ്യുകയാണ്. വേദങ്ങളിലും സ്മൃതികളിലും മറ്റും കാണുന്ന ദേവതകളെയെല്ലാം പിന്വലിച്ചുകൊണ്ടിരിക്കുകയാണ് ! മേലില് മഹാദേവിയും, മഹാദേവിയുടെ മഹാദാസനായ പരമശിവനും മാത്രം. പരമശിവനെ പരമ-മംഗളകാരിയായും, മഹാദേവിയെ മഹാ-മംഗളകാരിയായും മനസ്സിലാക്കാന് വഴിയേ ഏവര്ക്കും കഴിയുന്നതാണ്.

സ്നേഹത്തോടെ, മഹാദാസൻ c/o www.omsathyam.com ഓംസത്യം ഡോട്ട് കോം

((അദ്ധ്യായം 34-38 തൊഴിൽ ശാസ്ത്രമാണ്. ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

ഭാഗം 2

മഹാ സൃഷ്ടിചക്രം

((അദ്ധ്യായം 39 - 45 കാലം, ഇന്ത്യ, കേരളം, തമിഴ്നാട് .. എന്നിവ ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

((അദ്ധ്യായം 46
ഭീകരവാദത്തെ ദൈവം ഇല്ലാതാക്കുന്നു. - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

ഭാഗം 3

മഹാശക്തി

അദ്ധ്യായം 47
മഹാശക്തി
മഹാശക്തിയായ ദൈവം ഭൂമിയില് മനുഷ്യരൂപത്തില് മഹാഎഴുന്നള്ളിക്കഴിഞ്ഞു; പ്രത്യേകം അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.
മഹാശക്തിയായ ദൈവം, മഹാശാസ്ത്രം നല്കി മഹാഅനുഗ്രഹിച്ചിരിക്കുന്നത് ജീവികുലത്തിലെ മനുഷ്യന് എന്ന ജീവിയെ മാത്രം ആകയാല്, മനുഷ്യരൂപവുമായി ദൈവത്തെ ബന്ധപ്പെടുത്തിയും വിശേഷണം നല്കിയും, ദൈവത്തിന്റെ പുരുഷ രൂപത്തിന് ദേവന് എന്നും സ്ത്രീ രൂപത്തിന് ദേവി എന്നും പേരു വച്ചിരിക്കുന്നു. മഹാശക്തി ഒന്നേയുള്ളൂ എന്നതിനാല് പുരുഷ രൂപമായ ദേവനെയും, സ്ത്രീരൂപമായ ദേവിയെയും കൂട്ടിയിണക്കി ദൈവം എന്ന പേരും മഹാശക്തി സ്വീകരിച്ചിട്ടുണ്ട്. ഗുഡ് അഥവാ നല്ലത് എന്ന ഇംഗ്ലീഷ് ഭാഷയിലെ പദവുമായി ബന്ധപ്പെട്ട് ഗോഡ് എന്ന പേരും വ്യത്യസ്ത ഭാഷകള് പ്രകാരം വിവിധങ്ങളായ പേരുകളും സ്വീകരിച്ചിരിക്കുന്നു. ഏതു ഭാഷയിലെ ഏത് പേര് ഉപയോഗിക്കുമ്പോഴും പേരിന് ആസ്പദമായിരിക്കുന്നത് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാര കര്ത്താവായ ദൈവത്തെയാണ്. പേരുകാരന് / പേരുകാരി എന്തായിട്ടും എങ്ങനെയായിട്ടും പ്രവര്ത്തിക്കുന്നു എന്നതിലാണ് കാര്യമുള്ളത് എന്നു പറയുമ്പോള്, പേരില് വലിയ കാര്യമില്ല എന്നു കൂടിയാണ് അര്ത്ഥം. പേരുകാരനെ/പേരുകാരിയെ മറ്റുള്ളവര് ശരിയായി മനസ്സിലാക്കുന്നുണ്ടോ ഇല്ലയോ എന്നത് മുഖ്യമായും അവരുടെ കാര്യമാണ്. പേരുകള് ഇടുന്നത് എങ്ങനെ, ആര് ? എന്ന അദ്ധ്യായത്തില് കൂടുതല് വിശദീകരിച്ചിട്ടുണ്ട്.
വ്യത്യസ്ത മതങ്ങള് പ്രകാരവും വ്യത്യസ്ത ഭാഷകള് പ്രകാരവും ദൈവത്തെ വ്യത്യസ്ത പേരുകളില് ജനങ്ങള് വിളിക്കുകയും പ്രാര്ത്ഥിക്കുകയും ചെയ്യുമ്പോള്, ശാസ്ത്രീയമായ ദൈവനാമം ഉപയോഗിക്കാത്തതില് ദൈവം കോപിക്കുന്നില്ല; പകരം ദൈവം തന്റെ എല്ലാ കുഞ്ഞുങ്ങളെയും കരുതുകയും സ്നേഹിക്കുകയുമാണു

ചെയ്യുന്നത്. ദൈവ ഭാവങ്ങളായ സത്യ -ധര്മ്മ - നീതികളെ അവഗണിച്ചു പ്രവര്ത്തിക്കുന്നവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാകയാല് അവരെയും മഹാശാസ്ത്രം പ്രകാരം തിരുത്തുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. അതേ സമയം, ഗ്രന്ഥത്തിലെ 2-ാം ഭാഗത്തില് വിസ്തരിച്ചതുപോലെ ആദ്യ മഹാകാലചക്രത്തില് ദൈവം ഓരോരോ കാര്യങ്ങള്ക്കായി ചുമതലപ്പെടുത്തിയവര്, ചുമതലകള് തെറ്റിച്ചതിനും ജനങ്ങളുടെ ഇടയില് അശാസ്ത്രീയമായ ദൈവനാമങ്ങളും മതങ്ങളും ആചാരങ്ങളും പ്രചരിപ്പിച്ചതിനും പ്രത്യേക ശിക്ഷകളുണ്ട്. കൂടാതെ, ശാസ്ത്രത്തെ യഥോചിതം ഉപയോഗപ്പെടുത്താതെ മതങ്ങളിലൂടെ അശാസ്ത്രീയമായ ദൈവനാമങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രചരിപ്പിച്ചതിനും അതിലൂടെ ഭീകരവാദം സൃഷ്ടിച്ചതിനും വ്യക്തികള്ക്ക് ശിക്ഷകളുണ്ട്. ദൈവം നല്കുന്ന ശിക്ഷകള് തെറ്റുചെയ്തവരെ തിരുത്താനും തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതിയും മഹാആനന്ദങ്ങളുടെ കലവറയായ ആത്മീയ സാക്ഷാത്ക്കാരം നല്കാനുമാണ് എന്നറിയുമ്പോള്, ദൈവം ആരെയും ശിക്ഷിക്കുന്നില്ല, പകരം രക്ഷിക്കുക മാത്രമാണു ചെയ്യുന്നതെന്ന് സുവ്യക്തമാകുന്നുണ്ട്.

മഹാഗ്രന്ഥത്തിന്റെ ഈ ഭാഗത്തില് ജന്മങ്ങളെപ്പറ്റി പരക്കെ പരാമര്ശമുണ്ട്. ജന്മങ്ങളെപ്പറ്റിയും, ജന്മങ്ങളുടെ എണ്ണങ്ങളെപ്പറ്റിയും, ജന്മങ്ങളിലൂടെ നിര്വ്വഹിക്കപ്പെടുന്ന മഹാനീതിയെപ്പറ്റിയും മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് ശാസ്ത്രീയമായി വിശദീകരിച്ചിട്ടുണ്ട്.

അദ്ധ്യായം 48

മഹാശക്തി : ദൈവത്തിന്റെ പേര് ദൈവമാണ് നിശ്ചയിക്കുന്നത്. മഹാശക്തി എന്നാല് മ, ഹാ എന്നീ അക്ഷരങ്ങളിലൂടെ വ്യക്തമാക്കപ്പെടുന്ന അനന്തതയെയും അപാരതയെയും ഉള്ക്കൊള്ളുന്ന ഏറ്റവും വലിയ ശക്തി എന്നാണര്ത്ഥം. മനുഷ്യര് അറിയുന്നതും അറിയാത്തതുമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുന്ന മഹാശക്തിയെ വ്യത്യസ്ത ഭാഷകളില് മനുഷ്യര് ഓരോരോ പേരിട്ട് വിളിക്കുമ്പോഴും മഹാശക്തിയായ ദൈവം തനിക്ക് നിശ്ചയിച്ചിട്ടുള്ള പേര് മഹാശക്തി എന്നാണ്. ശബ്ദബ്രഹ്മമായും അക്ഷരബ്രഹ്മമായും ദൈവം

സൃഷ്ടിച്ചിട്ടുള്ള ഓം -മായി ബന്ധപ്പെടുത്തി മ, ഹാ എന്നീ അക്ഷരങ്ങള്ക്ക് ദൈവം കല്പിച്ചു നല്കിയിരിക്കുന്ന ഔന്നത്യവും അനന്തതയും ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തില് ചേര്ത്തിട്ടുണ്ട്.

ഓരോ വസ്തുക്കളിലും അവയുടെ ശാസ്ത്രങ്ങളിലും ആദിയും അന്തവുമില്ലായ്മ പ്രകടമാകുമ്പോള് മാത്രമേ ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ എന്ന വിശേഷണം ദൈവത്തിന് അര്ത്ഥപുഷ്ടമായി ചേരുകയുള്ളൂ. +അധികം അനന്തത കൂടാതെ -ന്യൂനം അനന്തത സൃഷ്ടിക്കപ്പെടുമ്പോള്, അവയുടെ മദ്ധ്യത്തിലുള്ള 0 (പൂജ്യം) എന്നോണം ദൈവം വര്ത്തിക്കുന്നു. മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചുകൊണ്ട് സഗുണ പ്രപഞ്ചത്തെ ശ്രേഷ്ഠമായി സൃഷ്ടിക്കുകയും, സഗുണപ്രപഞ്ചത്തില് നിര്ഗ്ഗുണഭാവരൂപങ്ങള് തോന്നിപ്പിച്ചുകൊണ്ട്, യഥാര്ത്ഥത്തില് സഗുണമദ്ധ്യമമായ മഹാസ്ഥാനമായി വര്ത്തിക്കുകയും ചെയ്യുകയാണ് ആദിയും അന്തവുമില്ലാത്ത മഹാശക്തി. ആദിയും അന്തവുമില്ലായ്മ ഗണിതശാസ്ത്രത്തില് സുവ്യക്തമാണ്. മഹാശാസ്ത്രത്തിലെ 4 ശാഖകളില് ഒന്നായ ഭൗതികശാസ്ത്രത്തിന്റെ ഒരു ഉപശാഖമാത്രമാണ് ഗണിതശാസ്ത്രം. എല്ലാ ശാസ്ത്രശാഖകളെയും യുക്തിശാസ്ത്രത്തിലൂടെ പരസ്പരം ബന്ധിപ്പിച്ചിട്ടുണ്ട്, ആകയാല് എല്ലാ ശാസ്ത്രങ്ങളും അവ പ്രകാരമുള്ള ഭൗതികസൃഷ്ടികളും പരസ്പരം പൂരകങ്ങളാണ്.

മഹാശാസ്ത്രത്തെയും മഹാശാസ്ത്രപ്രകാരം മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ച ദൈവം, താന് സൃഷ്ടിച്ചവയ്ക്ക് അതീതമാണ്. മഹാശാസ്ത്രമെന്നത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാണെന്ന് തിരിച്ചറിയുമ്പോള്, മഹാശാസ്ത്രം സ്വതവേ അനന്തമാണെന്ന് വ്യക്തമാണ്. ആദി, അന്തം തുടങ്ങിയ പദങ്ങള് ശാസ്ത്രപരിധിക്ക് ഉള്ളിലുള്ളവയാണ്. മനുഷ്യരുടെ ചിന്തകളും ഭാവനകളും സംഭാഷണങ്ങളും ചെയ്തികളുമെല്ലാം എല്ലായ്പ്പോഴും മഹാപ്രപഞ്ചത്തിലും മഹാശാസ്ത്രത്തിലും ഒതുങ്ങുന്നതാണ്. എന്നാല് മനുഷ്യരുടെ ഭാവനകള്ക്ക് ഉപരിയായുള്ള മറ്റ് മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കാനും ദൈവത്തിനു കഴിവുണ്ട്. ദൈവത്തെ മനുഷ്യര് അറിയുന്ന ശാസ്ത്രത്തിലെ പദങ്ങളുടെ പരിധിയില് നിര്വ്വചിക്കാന് ആഗ്രഹിക്കുന്നത് അജ്ഞാനം കൊണ്ടാണ്. ദൈവം സൃഷ്ടിച്ചിട്ടുള്ള ഗണിതശാസ്ത്രത്തിലെ ന്യൂനസംഖ്യയുടെയും അധികസംഖ്യയുടെയും ആദിയോ അവസാനമോ കണ്ടുപിടിക്കാന് മനുഷ്യന് കഴിയില്ല എന്നതുപോലെ എല്ലാ ശാസ്ത്രശാഖകളിലും

ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത ശക്തിഭാവം പ്രകടമാണ്. ശബ്ദബ്രഹ്മമായും അക്ഷരബ്രഹ്മമായും ദൈവം സൃഷ്ടിച്ചിട്ടുള്ള ഓം പഠിക്കാന് ഭാഗ്യമുണ്ടാകുന്നവര്ക്ക് മഹാകാര്യങ്ങള് സുവ്യക്തമാകുന്നതാണ്.

മഹാശക്തി എന്ന പദം ങഅഒഅഅടഒഅഗഠഒക എന്ന് ഇംഗ്ലീഷ്ഭാഷയില് എഴുതിക്കൊണ്ട് ഇംഗ്ലീഷ് പദത്തിലെ അക്ഷരങ്ങളുടെ സംഖ്യ കൂട്ടിയാല് 100 ലഭിക്കുമ്പോലെ, മഹാപ്രപഞ്ചത്തിന്റെ എല്ലാ കാര്യങ്ങളിലും 100 എന്നതിനെ ശാസ്ത്രപരമായി മഹാശക്തി ഉയര്ത്തിയിട്ടുണ്ട്. പുതിയ പുതിയ ജീവികളുടെയും നക്ഷത്രകോടികളുടെയും സൃഷ്ടിയിലൂടെ മഹാപ്രപഞ്ചത്തെ വലുതാക്കിക്കൊണ്ടിരിക്കുമ്പോള്, ആത്മീയ സാക്ഷാത്ക്കാരത്തിലെത്തിയ നക്ഷത്രകോടികളുടെ സൃഷ്ടിയെ മഹാപ്രപഞ്ചത്തിലെ ജീവികളുമായി ബന്ധപ്പെടുത്തേണ്ടതില്ല. ഭൂമിയുടെയും ചന്ദ്രന്റെയും വലിപ്പത്തെ അടിസ്ഥാനപരമായി നിശ്ചിതപ്പെടുത്തിക്കൊണ്ട് അവയില് മാത്രമായാണ് ജീവികളുടെ സൃഷ്ടി-സ്ഥിതികള് നടത്തുന്നത്. അതായത്, നിശ്ചിത അളവിലുള്ള ശക്തി കൊണ്ടു മാത്രം ജീവികള് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മുഴുവന് നിര്വ്വഹിക്കുവാന് മഹാശക്തിക്ക് എപ്പോഴും കഴിയുമെന്നു തെളിയിക്കുന്നു. മഹാശക്തി എന്ന നാമം ദൈവം സ്വയം സ്വീകരിക്കുമ്പോള് ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തികളെ പ്രതിനിധീകരിക്കാനായി മറ്റൊരു നാമം ആവശ്യമാകുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ആവിഷ്ക്കരിക്കാനും സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കാനും ദൈവം ഉപയോഗിക്കുന്ന ആദിയും അന്തവുമില്ലാത്ത മഹാശക്തികളെ മായ എന്നു ദൈവം പേരിട്ടിരിക്കുന്നു. ആദിയും അന്തവുമില്ലാത്ത മഹാശക്തികളാണ് മായ എന്നു പറയുമ്പോള്, ദൈവത്തിന്റെ മറ്റൊരു പേരുകൂടിയായും മായ / മഹാമായ മാറുന്നുണ്ട്.

അദ്ധ്യായം 49

മഹാശക്തി : പരിശുദ്ധാത്മാവ്, അല്ലാഹു, മഹാദേവന്, മഹാദേവി

മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളിലും വസ്തുക്കളിലും വ്യാപരിക്കുന്നതും മഹാപ്രപഞ്ചത്തിന് ഉപരിയായുള്ളതുമായ മഹാശക്തി ചൈതന്യത്തെ പരിശുദ്ധാത്മാവ് എന്നു വിളിക്കുന്നു. ബ്രഹ്മം എന്ന മഹാശക്തിയുടെ അനിര്വ്വചനീയമായ അവസ്ഥയെ

പരിശുദ്ധാത്മാവ് ആയി തെറ്റിദ്ധരിച്ചിട്ടുണ്ട്. എങ്കില് പോലും, ഉദ്ദേശത്തില് കാര്യമുണ്ട് എന്നതുകൊണ്ട് പരിശുദ്ധാത്മാവിനെ പരിഹസിക്കുന്നവര്ക്ക് മാപ്പ് ലഭിക്കുമെങ്കിലും, ലഭിക്കില്ലെന്നു പറയുമ്പോലെ കടുത്ത പാപമുണ്ട്. ബ്രഹ്മം എന്ന പ്രത്യേകം അദ്ധ്യായത്തിലെ വിശദീകരണങ്ങളില് നിന്ന് കാര്യ കാരണങ്ങള് ബോദ്ധ്യമാകുന്നതാണ്.

അല്ലാഹു എന്നു പറയുമ്പോള്, എല്ലാ ജീവികളുടെയും മഹാ-യജമാനന്റെ സ്ഥാനത്തെയാണ് കുറിക്കുന്നത്. മഹാപ്രപഞ്ചത്തിന്റെ മഹാ-യജമാനന്, ദൈവം മാത്രമാണ്. ദൈവം പുരുഷനും സ്ത്രീയുമല്ല, മഹാശക്തിയാണ്. എന്നിരിക്കിലും, മനുഷ്യ ജീവികുലത്തില് സമൂഹ-ഭരണകാര്യത്തില് പുരുഷനെ ഭരണാധികാരിയായി ദൈവം ഉയര്ത്തിയിരിക്കുകയാല്, മഹാ-യജമാനനായ ദൈവത്തെ അഥവാ അല്ലാഹുവിനെ പുരുഷന് എന്ന് കഷ്ടിച്ച് വിശേഷിപ്പിക്കാന് ദൈവം അനുവദിച്ചിട്ടുണ്ട്. മഹാപുരുഷന്.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവം, നിശ്ചിത രൂപത്തിലോ താന് സൃഷ്ടിച്ച മഹാപ്രപഞ്ചത്തിലോ ദൈവം ഒതുങ്ങുന്നതല്ല എന്ന സത്യത്തെ ഉള്ക്കൊണ്ടുതന്നെ, ഒരു കടുകിലും വിഗ്രഹത്തിലും മനുഷ്യരൂപത്തിലും എന്തിലും വര്ത്തിച്ചുകൊണ്ടും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് ഉള്പ്പെടെ എന്തും ചെയ്യാന്കൂടി ശക്തിയുള്ള മഹാശക്തിയാണ് ദൈവം. അതായത് മനുഷ്യരൂപം ഉള്പ്പെടെ ഏതുരൂപവും സ്വീകരിക്കുവാന് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി ആവിഷ്ക്കരിച്ചിട്ടുള്ളത് എന്നു മനസ്സിലാക്കുന്ന മഹാശാസ്ത്രപ്രകാരം മഹാശക്തിക്കു സാധിക്കുന്നതാണ്. മഹാശാസ്ത്രം എന്നറിയപ്പെടുന്ന മഹാശക്തിയുടെ മഹാജ്ഞാനം മഹാപ്രപഞ്ചത്തില് ഒതുങ്ങുന്നതല്ലെന്ന് ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവുമായ ഓം -ന്റെ വിശദീകരത്തില് ലഭ്യമാക്കിയിട്ടുണ്ട്.

മഹാശാസ്ത്രം ആവിഷ്ക്കരിച്ചുകൊണ്ട് ജീവികളും വസ്തുക്കളും ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം സൃഷ്ടിക്കുകയാല്, ജീവികള്, പ്രത്യേകിച്ച് മനുഷ്യന്, തങ്ങള്ക്കു ലഭ്യമായ ഇന്ദ്രിയങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട്, തങ്ങളെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ഒരു മഹാജീവിയെന്ന പോലെ ദൈവത്തെ കണക്കാക്കാന് ഇടവരുന്നു. ദൈവം അഥവാ മഹാശാസ്ത്രം അനുവദിക്കുന്നതുകൊണ്ടാണത്. മഹാശാസ്ത്രത്തെ ഉപയോഗപ്പെടുത്തുവാന് ഭാഗ്യമുണ്ടായ മനുഷ്യന് എന്ന ജീവിയുമായി ബന്ധപ്പെടുത്തി, ദൈവത്തെ മനുഷ്യരൂപത്തില് സങ്കല്പിക്കുവാന് ദൈവം മനുഷ്യനെ അനുവദിക്കുന്നു. ദൈവം

അനുവദിച്ച സങ്കല്പത്തെ യാഥാര്ത്ഥ്യമാക്കിക്കൊണ്ട് യഥാകാലം ദൈവം മനുഷ്യരൂപം സ്വീകരിക്കുകയും ചെയ്യുന്നു. അടിസ്ഥാനപരമായി മനുഷ്യരൂപം സ്വീകരിക്കുമ്പോള്, മനുഷ്യനെയും മഹാശക്തിയായ ദൈവത്തെയും വേര്തിരിക്കാനായി ദൈവം എന്ന പേരുമായി ബന്ധിപ്പിക്കുന്നു. പുരുഷന്-സ്ത്രീ എന്നീ രണ്ട് രൂപങ്ങളെയും ഉള്ക്കൊണ്ട് ദൈവത്തെ, ദേവന് എന്നും ദേവി എന്നും രണ്ടായി പിരിക്കുന്നു. ദേവന്, ദേവി എന്നിവയോടുകൂടി മഹാ എന്ന പരമവിശിഷ്ട പദം ചേര്ക്കുന്നു. മഹാദേവന് എന്നും മഹാദേവി എന്നും പേരുണ്ടാകുന്നു. ഒരു ദൈവമേയുള്ളൂ എന്നതുകൊണ്ട് മഹാദേവനും മഹാദേവിയും മഹാശക്തിയായ ദൈവം മാത്രമാണ്. മഹാ-രക്ഷകന്, മഹാ-യജമാനന്, മഹാപിതാവ് എന്നീ നിലകളില് വര്ത്തിക്കുമ്പോള് ദൈവം മഹാദേവനാണ്. മഹാ-സ്രഷ്ടാവ്, മഹാമാതാവ് എന്നീ നിലകളില് വര്ത്തിക്കുമ്പോള് ദൈവം മഹാദേവിയാണ്.

മഹാശാസ്ത്ര പ്രകാരം മഹാദേവന്, മഹാദേവി എന്നീ നിലകളില് വര്ത്തിക്കുന്നു എങ്കിലും അടിസ്ഥാനപരമായി മഹാശക്തിയാണ് ദൈവം എന്നും, ജീവി രൂപങ്ങള്ക്ക് അതീതമാണ് ദൈവം എന്നും സുവ്യക്തമായി ധരിച്ചുകൊള്ളണം. ഏക മഹാദൈവമാണ് മഹാദേവന്, ഏക മഹാദേവിയാണ് മഹാദേവി എന്നിങ്ങനെ പറയുമ്പോള് രണ്ടും ഒന്നു തന്നെയാണ്. മഹാശക്തി.

ഹിന്ദുമതത്തില് ഉള്പ്പെടെ അനേകര് മഹാദേവിയും മഹാദേവനും ഒന്നാണെന്നും മഹാശക്തിയായ ദൈവമാണെന്നും മനസ്സിലാക്കാതെ, പരമശിവനെ മഹാദേവന് എന്നു തെറ്റിദ്ധരിച്ചിട്ടുണ്ട്. പരമശിവന് മഹാദേവനല്ല. മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെ മഹാദാസനും പ്രതിനിധിയുമാണ് പരമശിവന്. ഏക ദാസനും ഏക പ്രതിനിധിയുമാണ് പരമശിവന്. പരമശിവന്റെ സൃഷ്ടിയെപ്പറ്റി ചുവടെ പ്രത്യേകം അദ്ധ്യായത്തില് വിവരിക്കുന്നുണ്ട്. മഹാദേവനും മഹാദേവിയുമായ മഹാശക്തി, തന്റെ ഒരു പ്രത്യേക ഭാഗമായിക്കൂടി സൃഷ്ടിക്കുന്ന പരമശിവനെ 50 വര്ഷത്തിലൊരിക്കല്, ഒരു രാത്രിയിലേക്കു മാത്രമായി മഹാദേവനായി അഥവാ മഹാദേവിയായി അഥവാ മഹാശക്തിയായി ഉയര്ത്തുന്നുണ്ട്. മഹാശക്തിയായ ദൈവം തന്റെ പ്രത്യേക ഭാഗമായി സൃഷ്ടിച്ചിട്ടുള്ള പരമശിവനില് സമ്പൂര്ണ്ണ വിശ്വാസം അര്പ്പിച്ചുകൊണ്ട് പരമശിവനെ സമ്പൂര്ണ്ണ മഹാശക്തിയാക്കി മാറ്റുന്ന മഹാരാത്രിയാണത്. മഹാശിവരാത്രി. രാത്രിയുടെ അവസാനം പരമശിവന്, മഹാശക്തി നല്കിയ മഹാശക്തികള് ഉപയോഗിച്ച് സ്വയം രണ്ടാവുകയും, എല്ലായ്പ്പോഴും മഹാദാസനായി മാത്രം അനുഗ്രഹിക്കണമേ എന്നു മഹാശക്തിയായ

ദൈവത്തോട് പ്രാര്ത്ഥിച്ചുകൊണ്ടും, ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം എന്ന് മഹാശാസ്ത്രപ്രകാരം മഹാശക്തിയെ ആരാധിച്ചുകൊണ്ട് വര്ത്തിക്കുവാന് അനുഗ്രഹിക്കണമേ എന്നും പ്രാര്ത്ഥിക്കുന്നു.
മഹാശക്തിയായ ദൈവം പരമശിവനില് സമ്പൂര്ണ്ണ വിശ്വാസം അര്പ്പിക്കുന്നതുപോലെ മനുഷ്യരിലെ ദമ്പതികള് അന്യോന്യം സമ്പൂര്ണ്ണ വിശ്വാസം അര്പ്പിക്കുന്ന നിലയിലേക്ക് ഉയരണം എന്ന മഹാപാഠം കൂടിയാണ് മഹാശക്തിയായ മഹാദേവി മനുഷ്യജീവികള്ക്കെല്ലാം മഹാശിവരാത്രിയിലൂടെ നല്കുന്നത്. മഹാശിവരാത്രി എന്ന പ്രസ്തുത രാത്രിയില് മാത്രമാണ് പരമശിവന് മഹാദേവനാകുന്നത്.
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയില് മഹാശക്തിയായ ദൈവം മാതാവായും, മഹാശക്തിയുടെ പ്രത്യേക ഭാഗമായ പരമശിവനെ പിതാവായും കൂടി സംവിധാനം ചെയ്തിരിക്കയാല് എല്ലാ ജീവികളുടെയും (മഹാപ്രപഞ്ചത്തിന്റെയും) പിതാവു കൂടിയാണ് പരമശിവന്. മഹാ എന്ന പദം ചേര്ത്ത് മഹാപിതാവും മഹാമാതാവുമായി കര്ത്താവായ ദൈവവും.
മഹാദേവനും മഹാദേവിയും മഹാശക്തിയായ ദൈവം തന്നെയാണെന്ന് മഹാശാസ്ത്ര പ്രകാരം വ്യക്തമാക്കുമ്പോള്, താത്വികമായി മനസ്സിലാക്കാന് കഴിയുമെങ്കിലും ശരീര-രൂപം വിശദമാക്കേണ്ടതുണ്ട്. മഹാപുരുഷനും മഹാസ്ത്രീയും ചേര്ന്നുള്ള, അതായത് പകുതി പുരുഷനും പകുതി സ്ത്രീയും ചേര്ന്നുള്ള മഹാരൂപം ഉരുത്തിരിയുന്നു. മനുഷ്യരില് അങ്ങനെയൊരു രൂപത്തെ സൃഷ്ടിച്ചില്ലാത്തതിനാല്, ദൈവത്തെ പ്രതിനിധീകരിക്കാനായി സൃഷ്ടിക്കുന്നതായ പ്രസ്തുത രൂപത്തെ ദൈവത്തിന്റെ മഹാദാസനും പ്രതിനിധിയും കൂടിയായ പരമശിവനുമായി ദൈവം ബന്ധിപ്പിക്കുന്നു. അര്ദ്ധനാരീശ്വരന് എന്നും അര്ദ്ധമഹാദേവി എന്നും പറയാവുന്ന ദൈവരൂപത്തെ അപൂര്വ്വ അവസരങ്ങളില് ദൈവം പരമശിവനിലൂടെ പ്രകടമാക്കുന്നു. ശിരസ്സില് ചന്ദ്രക്കലയും നക്ഷത്രവുമൊക്കെയുള്ള പ്രസ്തുത അര്ദ്ധനാരീശ്വര രൂപത്തെ പരമശിവനെപ്പറ്റിയുള്ള അദ്ധ്യായത്തില് വിസ്തരിക്കുന്നതാണ്.
മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാദേവനും മഹാദേവിയുമായ ദൈവം തന്റെ പ്രതിനിധിയായിക്കൂടി നിശ്ചയിച്ചിട്ടുള്ള പരമശിവനെ പുരുഷരൂപത്തില് പിതാവായി അവതരിപ്പിച്ചുകൊണ്ട്, മഹാമാതാവായി രൂപമെടുക്കുന്നു. മനുഷ്യ സ്ത്രീയുടെ രൂപത്തോടെ മഹാദേവിയായി മാത്രം രൂപമെടുക്കുമ്പോള്, ആയതും മഹാശാസ്ത്രം പ്രകാരമാകുന്നു.

മഹാശക്തിയായ ദൈവം ജീവിയല്ല, പുരുഷനല്ല, സ്ത്രീയല്ല; എന്നിരിക്കെയും സ്ത്രീരൂപത്തോടെ മഹാദേവിയാകുന്നത് അങ്ങനെയാണ്.

90-91 മുതല് 95 വരെയുള്ള ഒരു പുരുഷജന്മത്തില്, മനുഷ്യന് മഹാശാസ്ത്രം പഠിക്കാനും ദൈവത്തെ ആരാധിക്കാനും യോഗ്യത നേടുന്നതും, ശിവരാത്രിയിലൂടെ പരമശിവനിലൂടെ ദൈവം മഹാശാസ്ത്രം നല്കി മഹാഅനുഗ്രഹിക്കുന്നതുമാണ്. മഹാശക്തിയായ ദൈവം മഹാദേവിയും പരമശിവനുമായിട്ട് വിഘടിച്ച് രണ്ടായി നില് ക്കുന്നതുപോലെ ഓരോ മനുഷ്യനും ആദി സൃഷ്ടിയില് ഒന്നിനെ രണ്ടായി വിഭജിച്ച് സൃഷ്ടിക്കപ്പെട്ടതാണെന്നും തന്റെ പത്നിയായിരിക്കുന്നത് തന് റെ തന്നെ ആദ്യ ഭാഗമാണെന്നും കൂടി മഹാശാസ്ത്രം ലഭിക്കുമ്പോള് തിരിച്ചറിയുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവന് ലഭ്യമാകുന്ന പ്രസ്തുത ജന്മത്തില് മാത്രമാണ് വ്യക്തിക്ക് ദൈവത്തെ ആരാധിക്കാന് അവകാശമുള്ളത്. ദൈവത്തെ ആരാധിക്കുന്നതും, ഉദ്ദിഷ്ട കാര്യങ്ങള്ക്കായി ദൈവത്തോടു പ്രാര്ത്ഥിക്കുന്നതും വ്യത്യസ്തമാണ്. ഏതു ജന്മത്തിലും ഏതവസരത്തിലും ഏതൊരാള്ക്കും തന്റെ സ്രഷ്ടാവും രക്ഷകനും മഹായജമാനനും മഹാജഗദംബയും മഹാദേവനും മഹാദേവിയും മഹാപിതാവും മഹാമാതാവുമായ ദൈവത്തോട് പ്രാര്ത്ഥിക്കാന് അവകാശമുണ്ട്. മഹാശാസ്ത്രം ലഭിച്ചതിന്റെ തൊട്ടടുത്ത ജന്മത്തില് മനുഷ്യന് സ്ത്രീജന്മം ലഭിക്കാനും മഹാദേവിയായ ദൈവത്തെ സ്ത്രീരൂപത്തില് ദര്ശിക്കാനും മഹാവാത്സല്യങ്ങള് നുകരാനുള്ള മഹാഭാഗ്യം ലഭിക്കുന്നതുമാണ്. ജന്മങ്ങളെപ്പറ്റിയും, ജന്മങ്ങളുടെ എണ്ണങ്ങളെപ്പറ്റിയും, ജന്മങ്ങളിലൂടെ നിര്വ്വഹിക്കപ്പെടുന്ന മഹാനീതിയെപ്പറ്റിയും മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തില് ശാസ്ത്രീയമായി വിശദീകരിച്ചിട്ടുണ്ട് എന്നാവര് ത്തിക്കുന്നു.

മഹാപ്രപഞ്ചത്തിന്റെ അഥവാ മഹാജഗത്തിന്റെ മഹാമാതാവിന് ഒരു ശാസ്ത്രനാമം ഉണ്ട്.

അദ്ധ്യായം 50

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എല്ലാ ജീവികളും ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും രക്ഷകനും മഹായജമാനനും മഹാദേവനും മഹാദേവിയും മഹാപിതാവും മഹാമാതാവും മഹാശക്തിയുമായ ദൈവം സ്വീകരിക്കുന്ന മഹാജഗത്തിന്റെ അമ്മ എന്ന സ്ത്രീരൂപത്തിന് ഒരു ശാസ്ത്രനാമം ഉണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി. മഹായജമാനനും ആദിയും അന്തവുമില്ലാത്തവനുമായ അല്ലാഹു, പരിശുദ്ധാത്മാവ് എന്നീ ശാസ്ത്ര-ഭാവങ്ങള് ദൈവത്തിനുണ്ടെങ്കിലും, പ്രസ്തുത ശാസ്ത്ര-ഭാവങ്ങള് പ്രകാരം ദൈവത്തിന് ശരീര-രൂപം സ്വീകരിക്കുവാന് സാദ്ധ്യമല്ല. അടുത്ത അദ്ധ്യായമായ ബ്രഹ്മം എന്ന മഹാഭാവം പ്രകാരവും ദൈവത്തിന് ശരീര-രൂപം സ്വീകരിക്കുവാന് സാദ്ധ്യമല്ല. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന മഹാമാതാവായി മാത്രമേ ശാസ്ത്ര-ഭാവങ്ങള് പ്രകാരം ശരീര-രൂപം സ്വീകരിക്കുവാന് ദൈവത്തിനു കഴിയൂ എന്നു വ്യക്തമാകുന്നു ; ആവിധത്തില് ദൈവം മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചിരിക്കുകയാണ്. സൃഷ്ടി കഴിഞ്ഞു മാത്രമാണ് സ്ഥിതി അഥവാ പാലനം ഉള്ളൂ എന്നതുകൊണ്ട് മഹാപ്രപഞ്ചത്തെ അഥവാ മഹാജഗത്തിനെ സൃഷ്ടിച്ച അഥവാ പ്രസവിച്ച മഹാമാതാവായും മഹാജഗദംബയായും ദൈവം സ്വയം രൂപമെടുക്കുകയാണ്. ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യം പ്രകടിപ്പിക്കാനുള്ള ഉത്തമരൂപമായും മഹാസ്ത്രീ-രൂപത്തെ സ്വയം സ്വീകരിച്ചിരിക്കുകയാണ് അഥവാ സൃഷ്ടിച്ചിരിക്കുകയാണ്. എന്തിനും ഏതിനും ക്ഷമചോദിക്കാനും പരിഹാരം കാണാനും കുഞ്ഞുങ്ങള്ക്ക് യാതൊരു ഇടനിലക്കാരന്റെയും ആവശ്യമില്ലാതെ മഹാമാതാവിനോട് ചോദിക്കാവുന്നതാണ്, പ്രാര്ത്ഥിക്കാവുന്നതാണ്. തന്റെ കുഞ്ഞുങ്ങള് എത്ര മോശക്കാരായി മാറിയാലും അവരെയെല്ലാം മഹാസ്നേഹത്തിലൂടെ മാറ്റിയെടുത്ത് തന്റെ മടിയില് കിടത്തി പുന്നരിക്കുന്ന മഹാമാതാവായി ദൈവം രൂപമെടുക്കുന്നു. മനുഷ്യമാതാവ് ഒരു കുഞ്ഞിനു നല്കുന്ന സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും കൃത്യമായി 100 മടങ്ങ് സ്നേഹവും വാത്സല്യവും മഹാശാസ്ത്രപ്രകാരം മഹാമാതാവായ ദൈവം എല്ലാ കുഞ്ഞുങ്ങള്ക്കും നല്കുന്നുണ്ട്. വ്യക്തിയുടെ 100 മനുഷ്യജന്മങ്ങളിലും മഹാദേവി, മഹാമാതാവായിരിക്കുന്നതിലൂടെയാണ് 100 മടങ്ങ് കൃത്യമാകുന്നത്.

മഹാപിതാവ്, മഹാപുരുഷന് എന്നീ നിലകളില് ദൈവം രൂപമെടുത്താല് തന്റെ കുഞ്ഞുങ്ങള് ഭയക്കുകകൂടി ചെയ്യുമെന്നതിനെ ഒഴിവാക്കാന് കൂടിയാണ് മഹാമാതാവു മാത്രമായി ദൈവം രൂപമെടുക്കുന്നത്. ദൈവത്തെ കാണാനും കേള്ക്കാനും മഹാവാത്സല്യം നുകരാനുമുള്ള മഹാഭാഗ്യം 91 മുതല് 100 വരെയുള്ള ജന്മങ്ങളില് ശാസ്ത്രപരമായ അളവുകളോടെ മനുഷ്യര്ക്ക് ലഭിക്കുന്നതാണ്.
മഹാജഗദംബയുടെ ശാസ്ത്രനാമം സാധാരണ ജനങ്ങള്ക്കും മറ്റു ഭാഷക്കാര്ക്കും ഉള്ക്കൊള്ളാന് വിഷമമാണ്. 90 മുതല് 95 -ന് അകമുള്ള ഒരു പുരുഷജന്മത്തില് മഹാശക്തിയായ ദൈവത്തെ ആരാധിക്കുവാന് മനുഷ്യര് യോഗ്യത നേടുമ്പോള് മാത്രം ഉപയോഗിക്കാനുള്ളതാണ് ദൈവത്തിന്റെ ശാസ്ത്രനാമം. (പ്രസ്തുത ജന്മത്തില് മനുഷ്യര് കേരളത്തില് ജനിക്കുന്നതും സുമാര് 50 വയസ്സോടെ ദൈവം തന്റെ ഏകദാസനും പ്രതിനിധിയും ജീവികളുടെ പിതാവുമായ പരമശിവനിലൂടെ മഹാശാസ്ത്രം നല്കി മഹാഅനുഗ്രഹിക്കുന്നതുമാണ്. മഹാശാസ്ത്രം ലഭിക്കാനും ദൈവത്തെ ആരാധിക്കാനും മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന് പ്രത്യേകം അദ്ധ്യായത്തില് വ്യക്തമാക്കിയിട്ടുണ്ട്.). ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്ന വാചകം ശിഷ്ടകാലത്ത് ആവര്ത്തിച്ചു ചൊല്ലിക്കൊണ്ടു ജീവിക്കുക എന്നതാണ് മഹാശാസ്ത്രം ലഭിക്കാന് മഹാഭാഗ്യമുണ്ടാകുന്നവര് ചെയ്യേണ്ടുന്ന ശാസ്ത്രീയമായ ആരാധനയുടെ അടിസ്ഥാന ഘടന. വിദ്യാര്ത്ഥികള്ക്കും, ഭരണാധികാരികള്ക്കും മഹാശാസ്ത്ര കാര്യങ്ങള് ഉപദേശിക്കുക, ആരാധനാലയങ്ങളെ ശാസ്ത്രീയമായി നിലനിര്ത്തുവാന് സഹായിക്കുക തുടങ്ങിയ കാര്യങ്ങള് ദൈവം തോന്നിച്ചിട്ട് - വെളിപാടുകള് പ്രകാരം - അവര് ചെയ്യുന്നതാണ്.
ദേവി എന്നോ മഹാദേവി എന്നോ മാത്രം ഇഷ്ടം പോലെയും സൗകര്യം പോലെയും മഹാജഗദംബയെ, മഹാശാസ്ത്രം ലഭിക്കാത്തവരായ മഹാഭൂരിപക്ഷം ജനങ്ങള് വിളിക്കണം.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന ശാസ്ത്രനാമത്തിന്റെ അര്ത്ഥം ഇനി വിശദീകരിക്കാം.
ഓം എന്നാലെന്തെന്നും മഹാശക്തി എന്നാലെന്തെന്നും പ്രത്യേകം അദ്ധ്യായങ്ങളില് വിവരിക്കുന്നുണ്ട്. മഹാശക്തി എന്നാല് ഏറ്റവും വലിയ ശക്തി എന്നാണര്ത്ഥം. മഹാ എന്ന പദം ദൈവം പരമ വിശിഷ്ടമാക്കിയിട്ടുള്ളതാണ്. ഓം എന്നതിനു ഭാഗികമായി മഹാ എന്നതിനുപകരം ചേര്ക്കാനുള്ള പദമായും ധര്മ്മശാസ്ത്രത്തില് ഉപയോഗിക്കുന്നതാണ്. മഹാ -യുടെ വിശദീകരണം ഓം എന്ന

അദ്ധ്യായത്തില് ചേര്ത്തിരിക്കുന്നു. ദൈവത്തിന്റെ കാര്യങ്ങളെ കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാകാര്യങ്ങള് എന്നു പറയുന്നു. മണ്ണടി എന്നാല് മണ്ണ് അടിയുക, മണ്ണിലടിയുക, മണ്ണില് നിന്ന് അടിഞ്ഞത് എന്നീ വാക്കുകളുമായി ബന്ധപ്പെട്ട് മണ്ണില് നിന്നടിഞ്ഞതാണ് സര്വ്വ ജീവികളും എന്നും, എല്ലാ ജീവികളും മരണത്തോടെ വീണ്ടും മണ്ണിലടിയും എന്നും അര്ത്ഥമാക്കിയിരിക്കുന്നു. മഹാപ്രപഞ്ചത്തിലെ മഹാനീതിയെയും നീതിശാസ്ത്രത്തെയും ദൈവം മണ്ണുമായിട്ട് ബന്ധിപ്പിച്ചിരിക്കുന്നത് പ്രത്യേകം അദ്ധ്യായത്തില് വിസ്തരിച്ചിട്ടുണ്ട്. ശരീരം മണ്ണാകുന്നു. മണ്ണിലുള്ള മൂലകങ്ങളും സംയുക്തങ്ങളും തന്നെയാണ് ജീവികളുടെ ശരീരത്തില് ഉള്ളത്.

ബ്രഹ്മവും പരബ്രഹ്മവുമായിരിക്കുന്ന മഹാശക്തിയായ മഹാദേവിയ്ക്ക് ഭൂമിയില് ഒരു കേന്ദ്രമായിട്ട് മണ്ണടി എന്ന പേരില് ഒരു നാട് കേരളത്തില് അടൂരിനടുത്ത് ദൈവം ഒരുക്കിയിട്ടുണ്ട്. ദൈവം, വൈകാതെ ഭൂമിയില് മായ പ്രത്യക്ഷമാക്കിക്കഴിയുമ്പോള്, മഹാശാസ്ത്രം ലഭ്യമാവുന്ന ജന്മത്തില് മാത്രം മണ്ണടിയില് ആരാധന നടത്താന് മനുഷ്യരെ അനുവദിക്കുന്നതാണ്. ദൈവത്തിനെന്ന പേരു പറയുമ്പോഴും മനുഷ്യര്ക്കു വേണ്ടിത്തന്നെയാണ് ഭൂമിയില് മണ്ണടി എന്ന പേരില് ഒരു കേന്ദ്രം തയ്യാറാക്കിയിട്ടുള്ളത് എന്നുകൂടി അര്ത്ഥം.

മഹാദേവിയുടെ മഹാശാസ്ത്രനാമത്തില് മണ്ണടി എന്ന മഹാനാമം ഉള്പ്പെടുത്തിയതിന് മറ്റൊരു മഹാഉദ്ദേശം കൂടിയുണ്ട്. ഇന്ത്യയിലൊക്കെയും സഞ്ചരിച്ചാല് ദേവി, (അധമ) ദേവതകള് എന്നിവരെ പ്രദേശ-നാമങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നതു കാണാം. മധുര മീനാക്ഷി, കാഞ്ചി കാമാക്ഷി, സമയപുരത്ത് ദേവി, പാറമേക്കാവ് ദേവി, കൊടുങ്ങല്ലൂരമ്മ, തുടങ്ങി ഓരോ പ്രദേശവുമായും ദേശവുമായും ബന്ധിപ്പിച്ച് മഹാദേവിയെ നിന്ദിക്കുന്ന ഒരു ഏര്പ്പാട് ഉണ്ടായിട്ടുണ്ട്. സ്ഥലനാമം ചേര്ത്തു മാത്രമല്ല നിന്ദ. ഓരോ പ്രദേശത്തുമുള്ള ദൈവത്തിന് ഓരോരോ ഇഷ്ടങ്ങള് നിശ്ചയിച്ച്, വ്യത്യസ്തങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിഭാവന ചെയ്ത് ദേവാലയങ്ങളുടെ പവിത്രതയെ ഏറെക്കുറെ സമ്പൂര്ണ്ണമായും നശിപ്പിച്ചിരിക്കുകയാണ്. ഭൂമിയില് എവിടെയും ഒരു ദൈവം, മഹാശാസ്ത്രപരം മാത്രമായ പ്രാര്ത്ഥനകളും ആരാധനയും, എന്ന നിലയിലേക്ക് ഉയരുവാന്, (ദൈവം) ബുദ്ധിശക്തികള് വളരെയധികം നല്കിയിട്ടും മനുഷ്യമനസ്സിന് അതന്വേഷിക്കുവാനോ ഉയരുവാനോ കഴിഞ്ഞില്ല. കടുത്ത അധമത്തങ്ങള് ഭൂമിയിലൊക്കെയും ഉണ്ടാവാനും വര്ദ്ധിക്കുവാനും മനുഷ്യരിലെ സങ്കുചിതത്വം വഴിവെച്ചു. പ്രസ്തുത അധമത്തങ്ങളെ അവസാനിപ്പിക്കുവാന് കൂടിയാണ് മണ്ണടി എന്ന മഹാനാമത്തെ

മഹാദേവി മഹാസംവിധാനം ചെയ്തിട്ടുള്ളത്. വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുമ്പോള്, ഭൂമിയിലുള്ള എല്ലാ ആരാധനാലയങ്ങളിലും മണ്ണടി ദേവിയോടു മാത്രം പ്രാര്ത്ഥിക്കുന്നവരായി മനുഷ്യര് മാറുന്നതാണ്. മറ്റുള്ള സ്ഥലനാമങ്ങളെ കൂട്ടിച്ചേര്ത്തുകൊണ്ടുള്ള പ്രാദേശികത്വം അവസാനിപ്പിക്കുവാന് മണ്ണടി എന്ന മഹാനാമം ഉപകരിക്കുന്നതാണ്. (മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ 2015 ഒക്ടോബര് മാസത്തില് മഹാഗ്രന്ഥത്തിന്റെ 10-ാം ഭാഗത്തോട് കൂട്ടിച്ചേര്ത്തിട്ടുള്ളത് മഹാപ്രധാനമാണ്. ഈ അദ്ധ്യായത്തിന്റെ തുടര്ച്ചയായും മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ കരുതാവുന്നതാണ്.).

മഹാ ഭദ്രകാളി. മഹാപ്രപഞ്ചത്തെ ഭദ്രപ്പെടുത്തിയിക്കുന്ന കാളി (സ്ത്രീ) എന്നാണ് ഭദ്രകാളിയുടെ ഒരര്ത്ഥം; ഭദ്രകാളിയുടെ പക്കല് മഹാപ്രപഞ്ചം ഭദ്രമാണ്; മഹാപ്രപഞ്ചത്തെ ഭദ്രമാക്കാന് കഴിവുള്ളത് ഭദ്രകാളിക്കാണ്. ഭദ്രകാളി എന്ന മഹാശബ്ദത്തിന്റെ മഹാ-അര്ത്ഥം മഹാപ്രപഞ്ചത്തെ ഭദ്രപ്പെടുത്തിയിക്കുന്ന പശു എന്നാണ്. കാള-യുടെ സ്ത്രീലിംഗം കാളി എന്നാകുമ്പോള് പശു എന്ന അര്ത്ഥം ഉണ്ടാകുന്നു. കാളി-യുടെ പുല്ലിംഗമാണ് കാള-എന്നാണ് യഥാര്ത്ഥത്തില് വിശദീകരിക്കേണ്ടത്. പശു അഥവാ ഗോമാതാവായ മഹാദേവിയും, പശുപതി അഥവാ പശുവിന്റെ പതി അഥവാ പശുവിന്റെ ഭര്ത്താവായ അഥവാ കാളയായ പരമശിവനും. ഓക്സിജന് ഓക്സും (കാളയും) പശുവുമായി പ്രത്യേക ബന്ധമുണ്ട് എന്ന അദ്ധ്യായത്തില് കൂടുതല് വിശദീകരിച്ചിട്ടുണ്ട്. ഭദ്രകാളി എന്ന മഹാശബ്ദത്തോട് മഹാ എന്ന പരമ വിശിഷ്ടപദം ചേരുമ്പോള് മഹാഭദ്രകാളി എന്നാകുന്നു. ഭദ്രകാളി എന്ന മഹാശബ്ദത്തെ, സ്വയം ദൈവമാകാന് ശ്രമിച്ച ഒരു ദേവത കുറെ വികലപ്പെടുത്തുകയുണ്ടായി. ഓരോ സൃഷ്ടിചക്രത്തിലും പ്രസ്തുത ദേവതയെ വധിക്കാനായി മഹാദേവിയില് നിന്നും ഉരുവാകുന്ന മഹാ-ഉഗ്രരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് പേരിട്ട് വിശേഷിപ്പിക്കുവാനും കുറെ ചരിത്രമുണ്ടാക്കുവാനും മേല്പ്പടി ദേവതയ്ക്ക് കഴിഞ്ഞു. പ്രഥമ ഗ്രന്ഥത്തിലുള്ള ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരണമുണ്ട്. ദൈവം വൈകാതെ മായ പ്രത്യക്ഷമാക്കുന്നതോടെ ഭദ്രകാളി എന്ന മഹാശബ്ദം എന്നന്നേക്കുമായി മനുഷ്യഹൃദയങ്ങളില് മഹാപ്രതിഷ്ഠ നേടുന്നതാണ്.

ദിവ്യ എന്ന പദത്തിന്റെ അര്ത്ഥം ദിവ്യമായത്, അഥവാ ദൈവീകം എന്നാണ്. ദിവ്യ എന്ന പദം 4 തവണ ഉപയോഗിക്കുന്നതാണ്. ഒന്നാമത്തെ ദിവ്യയ്ക്ക് സൃഷ്ടി മഹാദേവി (മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി നടത്തിപ്പോരുന്ന മഹാദേവി) എന്നും, രണ്ടാമത്തെ ദിവ്യയ്ക്ക്

സ്ഥിതി മഹാദേവി (സ്ഥിതി നടത്തിപ്പോരുന്ന മഹാദേവി) എന്നും, മൂന്നാമത്തെ ദിവ്യയ്ക്ക് : മഹാനീതിപതി (മഹാനീതി നടത്തിപ്പോരുന്ന മഹാദേവി), എന്നും നാലാമത്തെ ദിവ്യക്ക് ഭൂമിയില് മഹാദേവി മനുഷ്യജന്മം എടുക്കുമ്പോള് സ്വീകരിക്കുന്ന നാമം എന്നുമാണ് അര്ത്ഥം. ദിവ്യ എന്ന ദിവ്യപദത്തെ 4 തവണ ഉപയോഗിച്ചപ്പോള്, ഒന്നാമത്തെ ദിവ്യയ്ക്ക് സൃഷ്ടി മഹാദേവി എന്നും, രണ്ടാമത്തെ ദിവ്യയ്ക്ക് സ്ഥിതി മഹാദേവി എന്നും, മൂന്നാമത്തെ ദിവ്യയ്ക്ക് : സംഹാര മഹാദേവി എന്നതിനെ ഒഴിവാക്കിക്കൊണ്ട് മഹാനീതിപതി (മഹാനീതി നടത്തിപ്പോരുന്ന മഹാദേവി), എന്നും വിശേഷിപ്പിച്ചിട്ടുള്ളതിനെ ഹ്രസ്വമായി വിശദീകരിക്കാം. സംഹാരം എന്നത് മഹാനീതിയുടെ വളരെച്ചെറിയ ഒരു ഭാഗം മാത്രമാണ്. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് സംഹരിക്കാനല്ല. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്; സംഹാരമല്ല. മഹാപ്രപഞ്ചത്തിലെ ജീവിചക്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള സൃഷ്ടിചക്രങ്ങളെ മാത്രമാണ് സംഹരിക്കുന്നത്. ജീവികളെ ആത്മീയ സാക്ഷാത്ക്കാരത്തിലേക്ക് നയിക്കുന്ന മഹാപദ്ധതിയാണ് സംഹാരം. മഹാദേവി തന്റെ ഏകദാസനും പ്രതിനിധിയും ജീവികളുടെയെല്ലാം പിതാവുമായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനെ സംഹാരദേവനായി അവരോധിക്കുന്നുണ്ട് (ഈയുള്ളവനെ നിയമിച്ചുകഴിഞ്ഞു. മഹാദേവി, ബന്ധപ്പെട്ട കാര്യങ്ങളെ ആക്ടീവാക്കിയിട്ടില്ല, ആക്ടീവാക്കാന് സമയമായിട്ടില്ല.). പരമശിവനെ സംഹാരദേവനായി നിയമിച്ചിട്ടുള്ളതുകൊണ്ടാണ്, അവനിലൂടെ മാത്രമേ നിങ്ങള്ക്ക് മോചനമുള്ളൂ എന്ന ക്രൈസ്റ്റിനെപ്പറ്റി പറയുന്നത് ; ക്രൈസ്തവര്ക്ക് അറിയാത്ത സുപ്രധാന കാര്യം അവനിലൂടെ മാത്രമേ നിങ്ങള്ക്ക് മോചനമുള്ളൂ എന്നതിന് അവനാണ് മോചനം നല്കുന്നത് എന്നര്ത്ഥമില്ല എന്നതാണ്. ക്രൈസ്റ്റായിട്ട് അയക്കപ്പെട്ട പരമശിവന് ലൂടെ മാത്രമാണ്. എല്ലാവര്ക്കും മോചനം നല്കുന്നത് അഥവാ ആത്മീയ സാക്ഷാത്ക്കാരം നല്കുന്നത് ഏകമഹാശക്തിയായ - ഏകദൈവമായ - മഹാദേവി മാത്രമാണ്.

സംഹാരത്തിന് വേറെയും അര്ത്ഥങ്ങളുണ്ട്. മനുഷ്യരും മറ്റുള്ള ജീവികളും നിത്യവും ജീവിക്കുന്നത് ശരീര-സംഹാരം നടത്തിയാണ്. ഭക്ഷണത്തിനായിപ്പോലും സംഹാരം ചെയ്യുന്നുണ്ട്. മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിന്റെ ഭൗതികശാസ്ത്രത്തിലൂടെ സംഹാരത്തെ അനുവദിക്കുന്നതുകൊണ്ടാണ് ജീവികള്ക്ക് അതു കഴിയുന്നത്. ഒരാളെയോ ഒരു മൃഗത്തെയോ ഒരു പക്ഷിയെയോ ഒരു വൃക്ഷത്തെയോ ഒരു മത്സ്യത്തെയോ വധിക്കാന് ഭൗതികശാസ്ത്രത്തിലൂടെ വധിക്കാന് കഴിയുമെന്നല്ലാതെ സൃഷ്ടിക്കാനോ രക്ഷിക്കാനോ യാതൊരാള്ക്കും

കഴിയുന്നതല്ല. ഭൂകമ്പം, കാറ്റ്, കൊടുങ്കാറ്റ്, തുടങ്ങിയവയും, മറ്റു ജീവികളെ ഉപയോഗപ്പെടുത്തല് തുടങ്ങിയവയും ഉള്പ്പെട്ട അനന്തങ്ങളായ മാര്ഗ്ഗങ്ങളിലൂടെ മനുഷ്യരുടെ അഥവാ ജീവികളുടെ ഉദ്ദേശങ്ങളെയും പ്രവൃത്തികളെയും മാറ്റിമറിക്കാനും ഭൗതികശാസ്ത്രപരമായിത്തന്നെ ദൈവത്തിനു കഴിയുന്നതാണ് എന്നും അറിഞ്ഞുകൊള്ളണം. ദിവ്യ (സൃഷ്ടി മഹാദേവി), ദിവ്യ (സ്ഥിതി മഹാദേവി) എന്നിങ്ങനെ പറയുമ്പോള് സൃഷ്ടിയും സ്ഥിതിയും മഹാദേവി മാത്രമാണ് നിര്വ്വഹിക്കുന്നത്. സൃഷ്ടിയിലും, സ്ഥിതിയിലും പരമശിവന് ഉള്പ്പെടെ യാതൊരു ലൂടെയ്ക്കും (മദ്ധ്യസ്ഥനും) സ്ഥാനമില്ല. ദിവ്യ (മഹാനീതിപതി) എന്നു പറയുമ്പോള്, പരമശിവനിലൂടെ ആത്മീയ സാക്ഷാത്ക്കാരവും ശിക്ഷകളും ചേര്ന്ന സംഹാരവും, മനുഷ്യന് ഉള്പ്പെടെയുള്ള ജീവികളിലൂടെ ജീവികളുടെ-ശരീരസംഹാരവും അനുവദിക്കുമ്പോഴും, അവയുടെയെല്ലാം മഹാനീതികാര്യങ്ങളെ മഹാനീതിശാസ്ത്രം എന്നുകൂടി പേരുവച്ചിട്ടുള്ള ഓംകാരനീതിശാസ്ത്രം പ്രകാരം മഹാനിര്വ്വഹിക്കുന്നത് മഹാനീതിപതിയായ മഹാദേവിയാണ്. ധര്മ്മശാസ്ത്രപരമായി (മാത്രം) സംഹാരം നിര്വ്വഹിക്കുവാന് ദൈവം മനുഷ്യനെ അനുവദിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ മൊത്തം കാര്യങ്ങളുടെ അളവുകളുമായി താരതമ്യം ചെയ്യുമ്പോള് നിസ്സാരങ്ങള് മാത്രമായ ആവക കാര്യങ്ങളെ ധര്മ്മശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം. എന്ന അദ്ധ്യായത്തില് വിശദീകരിക്കുന്നുണ്ട്.

ദൈവത്തെ സ്ത്രീ-രൂപത്തില് വിശദീകരിക്കുമ്പോള്, മനുഷ്യാവസ്ഥയ്ക്കു മുകളിലുള്ള ദൈവസ്ഥാനം വ്യക്തമാക്കുവാന് ദേവി എന്നു പറയുന്നു ; മഹാ കൂട്ടിച്ചേര്ത്ത് മഹാദേവി എന്ന് മഹത്തരമാക്കിയിരിക്കുന്നു. ദേവീ ശരണം എന്നു ചൊല്ലുമ്പോള് ലളിതവും സുന്ദരവുമായി.

ദേവി എന്ന പദം പരക്കെ ദുര്വ്വിനിയോഗം ചെയ്യപ്പെടുവാന് ആദ്യമഹാകാലചക്രത്തിലെ ദേവതകള് / മാലാഖമാര് / മലക്കുകള് തുടങ്ങിയവരും കാരണമായിട്ടുണ്ട്. ദേവി, മഹാദേവി, പരമശിവന് എന്നിങ്ങനെ ദൈവവുമായും ദൈവത്തിന്റെ പ്രതിനിധിയുമായും ബന്ധപ്പെട്ട പേരുകളും, ഓം, മഹാ എന്നീ പദങ്ങള് ചേര്ത്തുള്ള പേരുകളും മനുഷ്യര്ക്കോ മറ്റുള്ള ജീവികള്ക്കോ മനുഷ്യര് വച്ചുകൂടാ. വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗം ചെയ്ത് തോന്നുമ്പോലെ പേരുകള് വെയ്ക്കാവുന്നതാണ്, പാപം സമ്പാദിക്കാവുന്നതുമാണ്. ദൈവം മഹാമാതാവായ മഹാദേവിയായി വര്ത്തിക്കുമ്പോള്, തന്റെ കുഞ്ഞുങ്ങളായ ജീവികളെ ശിക്ഷിക്കുവാന് ഇഷ്ടപ്പെടുന്നില്ല. ധര്

മ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുന്ന കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്താതെ, സ്നേഹവാത്സല്യങ്ങള് നല്കാനുമാവില്ല. മഹാമാതാവായ മഹാദേവി, കുഞ്ഞുങ്ങളെ തിരുത്താനും തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷിക്കാനും മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടി ഉള്പ്പെടുത്തിയിട്ടുണ്ട്. അവ പ്രകാരമുള്ള ന്യൂനശക്തികള് ശാസ്ത്രം തെറ്റിച്ചു ജീവിക്കുന്നവരെ തിരുത്തുന്നതാണ്. സൃഷ്ടിചക്രത്തില് മായ പ്രത്യക്ഷമാകുന്നതോടെ, കുഞ്ഞുങ്ങളെ തിരുത്തുന്നതും തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷിക്കുന്നതും പിതാവായ പരമശിവന്റെ ധര്മ്മമായിട്ട് മഹാദേവി നിശ്ചയിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം മാത്രം പരമശിവന് തിരുത്തുന്നതും ശിക്ഷിക്കുന്നതുമാണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് മഹാസ്നേഹവും മഹാവാത്സല്യവുമായി മഹാമാതാവായ മഹാദേവി വര്ത്തിക്കുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

.അദ്ധ്യായം 51

ബ്രഹ്മം

മഹാശക്തിയായ ദൈവത്തെപ്പറ്റി മനുഷ്യന് ചിന്തിക്കുന്നത് മഹാപ്രപഞ്ചത്തില് ജീവിച്ചുകൊണ്ടും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി മഹാശക്തിയായ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തിന്റെ ഏതാനും ശാഖകളിലുള്ള അറിവ് ദൈവം തന്നെ മനുഷ്യന് എന്ന ജീവിയ്ക്ക് മഹാഅനുഗ്രഹിച്ചു നല്കിയിട്ടുള്ളതുകൊണ്ടുമാണ്. മനുഷ്യര് എന്ന ജീവി മാത്രം ഇല്ലാത്ത മഹാപ്രപഞ്ചത്തെ സങ്കല്പ്പിക്കാന് കഴിയുന്നതാണ്. യാതൊരു ജീവികളുമില്ലാത്ത മഹാപ്രപഞ്ചത്തെയും മനുഷ്യര് അറിയുന്ന ശാസ്ത്രങ്ങള് അനുസരിച്ച് സങ്കല്പ്പിക്കാന് കഴിയുന്നതാണ്. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണെന്നു വിശ്വസിക്കുമ്പോള്, ജീവികളില്ലാത്ത ലോകത്ത് മഹാപ്രപഞ്ചവും ദൈവവും മാത്രം. ഇനി മഹാപ്രപഞ്ചം എന്നൊന്നില്ല എന്നതിനെപ്പറ്റി സങ്കല്പ്പിക്കുവാന് ശ്രമിക്കുക. മഹാപ്രപഞ്ചം ഇല്ലെങ്കില് മനുഷ്യര് അറിയുന്ന ശാസ്ത്രങ്ങള്പ്രകാരം ഒരു ശൂന്യതയാണ് ഉണ്ടാവുക. മനുഷ്യന്റെ ചിന്തകളും ഭാവനകളും സ്വപ്നങ്ങളും പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളുമായും ജീവികളുമായും

മഹാശാസ്ത്രവുമായും ബന്ധപ്പെട്ടിരിക്കുകയാല് മഹാപ്രപഞ്ചം എന്നൊന്നില്ലാത്ത അവസ്ഥയെപ്പറ്റി ഭാവന ചെയ്യാന് കഴിയുന്നതല്ല. മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാന് ശക്തിയുള്ളതോ ശക്തിയില്ലാത്തതോ, ശക്തി ഉണ്ടെങ്കിലും തയ്യാറാവാത്തതോ ആയ എന്തോ ഒന്നായ ദൈവത്തെയാണ് മനുഷ്യര് അറിയുന്ന ശാസ്ത്രങ്ങള് അനുസരിച്ച് സങ്കല്പിക്കാന് കഴിയുക. ശാസ്ത്രകാര്യങ്ങള് ഉള്ക്കൊള്ളാന് മറ്റുള്ള ജീവികളെപ്പോലെ, മനുഷ്യന് എന്ന ജീവിക്കും കഴിവില്ലാത്ത അവസ്ഥയാണെങ്കിലോ, മഹാശാസ്ത്രം എന്നൊന്ന് ഇല്ലെങ്കിലോ, ചിന്തകളും ഭാവനകളുമെല്ലാം ഏറ്റവും ചുരുങ്ങുകയോ ഇല്ലാതെ വരുകയോ ചെയ്യുന്നു.

മഹാപ്രപഞ്ചം ഇല്ലാത്തപ്പോഴും മനുഷ്യര് അറിയുന്ന മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാന് കഴിയുന്ന ഒരു മഹാശക്തി ഉണ്ടെന്നു സങ്കല്പിക്കുമ്പോഴും, മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ വേണ്ടയോ, എപ്പോള് വേണം ; സൃഷ്ടിച്ചശേഷം സംഹരിക്കുക, ശേഷം മഹാപ്രപഞ്ചം എന്നൊന്നില്ലാതെ തനിച്ചു കഴിയുക, ശേഷം ഇഷ്ടപ്രകാരം എപ്പോഴെങ്കിലും മനുഷ്യനു സങ്കല്പിക്കാന് കഴിയാത്ത മറ്റ് ശാസ്ത്രങ്ങള് ആവിഷ്ക്കരിച്ചുകൊണ്ട് മനുഷ്യനു സങ്കല്പിക്കാന് കഴിയാത്ത മറ്റു മഹാപ്രപഞ്ചങ്ങള് സൃഷ്ടിക്കുക, തുടങ്ങിയവ മഹാശക്തിയുടെ ഇഷ്ടത്തില് മാത്രം ഒതുങ്ങുന്നതാണ്. ഈ വരികള് വായിക്കുന്ന വ്യക്തി ഇല്ലെങ്കിലും മറ്റു വ്യക്തികള് ഉണ്ടെന്നതുപോലെ, മനുഷ്യര് അറിയുന്ന ജീവികള് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം ഇല്ലെങ്കിലും മറ്റു മഹാപ്രപഞ്ചങ്ങളും അവയെ സൃഷ്ടിക്കുന്ന മഹാശക്തിയും ഉണ്ടാവാം എന്നു ചിന്തിക്കുവാന് മനുഷ്യര് അറിയുന്ന ശാസ്ത്രങ്ങള് പ്രകാരം സാധിക്കുന്നതാണ്.

ഇനി, മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയും ജീവികളെയുമെല്ലാം സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെപ്പറ്റി പറയുമ്പോള്, മഹാപ്രപഞ്ചത്തിലെ ജീവികളുമായി ബന്ധപ്പെടുത്തിയും ഇന്ദ്രിയങ്ങളുമായി ബന്ധപ്പെടുത്തിയും ഒരു മഹാജീവിയെ പ്പോലെയുള്ള ദൈവത്തെയും, അതേപോലെ മഹാപ്രപഞ്ചത്തില് നിന്നും ഭിന്നമായ എന്തോ ഒരു മഹാശക്തി വിശേഷമായും ദൈവത്തെ സങ്കല്പിക്കാന് കഴിയുന്നതാണ്.

മഹാപ്രപഞ്ചം ഇല്ലെങ്കിലും, യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ, അതാണ് ദൈവം എന്നു പറയുമ്പോള്, ആയത് മനുഷ്യന്റെ ഭാവനകള്ക്ക് അതീതമാണ്. സ്രഷ്ടാവ്, രക്ഷിതാവ്, മഹായജമാനന്, മഹാദേവന്, മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാശക്തി തുടങ്ങിയ പേരുകളൊന്നും പ്രസ്തുത എന്തോ ഒന്നിനു ചേരില്ല. മഹാസത്യം എന്ന്

കഷ്ടിച്ച് പറയാനാവുന്ന എന്തോ ഒന്ന് സ്ഥിതിചെയ്യുന്നതായി മനുഷ്യര് അറിയുന്ന ശാസ്ത്രങ്ങള് പ്രകാരം സങ്കല്പിക്കാന് സാധിക്കുന്നതാണ്. മഹാസത്യം എന്ന പദം മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടിരിക്കുന്നതാണല്ലോ എന്നു ചിന്തിക്കുമ്പോള് മഹാസത്യം എന്നുപോലും പേരിടാന് കഴിയാനാവാത്ത അവസ്ഥയുണ്ടാകുന്നു. അതായത്, അത്തരമൊരു ശക്തിവിശേഷത്തിനു പേരിടാന് മനുഷ്യനു കഴിയില്ല. മഹാപ്രപഞ്ചം ഉള്പ്പെടെ യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ എന്ന മഹാ-അവസ്ഥയ്ക്ക് ദൈവം കല്പിച്ചു നല്കിയിരിക്കുന്ന പേരാണ് ബ്രഹ്മം. മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാസത്യമാണ് ബ്രഹ്മം. മഹാശക്തിയായ ദൈവത്തെപ്പറ്റി പഠിക്കുമ്പോള് ബ്രഹ്മം എന്ന മഹാ-അവസ്ഥയെ ഒഴിവാക്കിയാല് ആദിയും അന്തവുമില്ലാത്ത മഹാശക്തിയെന്ന മഹാവിശേഷണം സാദ്ധ്യമല്ലാതെ വരുന്നതാണ്. ബ്രഹ്മം എന്താണെന്ന് വ്യക്തമാകുമ്പോഴും, ബ്രഹ്മം അനിര്വ്വചനീയമാണ് എന്നുകൂടി സമ്മതിക്കേണ്ടി വരുന്നു!

ദൈവം മഹാആവിഷ്ക്കരിച്ചതായ എല്ലാ ശാസ്ത്രശാഖകളിലും മഹാപ്രപഞ്ചത്തിലും ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ സുവ്യക്തമാക്കുന്നതോടൊപ്പം ഓം എന്ന ശബ്ദബ്രഹ്മത്തെയും ദൈവം ലയിപ്പിച്ചിട്ടുണ്ട് ; വസ്തുക്കളുടെയും ജീവികളുടെയും ഓരോ ആറ്റത്തിലും ലയിപ്പിച്ചിട്ടുണ്ട്. അതോടുകൂടി മഹാപ്രപഞ്ചമെന്നത് മഹാശക്തിയുടെ മഹാരൂപമായും മാറുന്നുണ്ട്. ഓം എന്ന പ്രത്യേകം അദ്ധ്യായത്തില് വിശദീകരണമുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമാണ് ഓരോ ജീവിയും ഉള്പ്പെടെയുള്ള മഹാപ്രപഞ്ചം എന്നു പറയുമ്പോള്, ഓരോ ജീവിയും ദൈവത്തിന്റെ അംശമായി വരുന്നുണ്ട്. അമ്മയുടെ അംശമായി കുഞ്ഞ് വര്ത്തിക്കുമ്പോലെയാണത്. വളരെച്ചെറിയ അംശമായ കുഞ്ഞ് താന് അമ്മയാണെന്നു പറയുന്നത് ശരിയല്ല എന്നതുപോലെ ഓം എന്ന ശബ്ദബ്രഹ്മത്തിന്റെ സൃഷ്ടിയിലൂടെ ദൈവത്തിന്റെ അംശമായി മാറുന്ന മനുഷ്യന്, താന് ദൈവമാണെന്നോ ദൈവത്തിന്റെ അംശമാണെന്നോ കരുതിക്കൂടാ. ദൈവത്തിന്റെ അംശമെന്നപോലെ സൃഷ്ടിച്ചുകൊണ്ട് ദൈവം മനുഷ്യരെ ആനന്ദിപ്പിക്കുന്ന കാര്യങ്ങളെ ഉപയോഗിച്ച് മനുഷ്യര് ദൈവനിന്ദ ചെയ്യരുത് എന്നര്ത്ഥം.

പ്രപഞ്ചസൃഷ്ടിയെപ്പറ്റി വിവരിക്കുന്ന തുടര്ന്നുള്ള അദ്ധ്യായങ്ങള് പഠിക്കുമ്പോള്, ബ്രഹ്മം ആയിരിക്കുന്ന ദൈവം മഹാപ്രപഞ്ചത്തെയോ ജീവികളെയോ സൃഷ്ടിച്ചിട്ടില്ലാ എന്നുകാണാം. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത്, ബ്രഹ്മം അല്ല; ബ്രഹ്മത്തെ ഉള്ക്കൊണ്ടു വര്ത്തിക്കുന്ന

മഹാദേവിയാണ്. പരം എന്നാല് ശ്രേഷ്ഠം എന്നാണ് അര്ത്ഥം. ബ്രഹ്മത്തിന്റെ ശ്രേഷ്ഠ-ഭാവവും രൂപവുമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുകയാണ്. പരബ്രഹ്മം അഥവാ മഹാപ്രപഞ്ചം ആയിരിക്കുന്ന ദൈവമാണ് കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. പരബ്രഹ്മത്തിന്റെ ഭാഗമായി ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന കുഞ്ഞുങ്ങള്, പരബ്രഹ്മത്തിലെ ധര്മ്മശാസ്ത്രങ്ങള് പ്രകാരം പരമായി അഥവാ ശ്രേഷ്ഠമായി ജീവിക്കണം. കാലമാനങ്ങള് അറിയാതെയെന്നോണം മഹാആനന്ദങ്ങള് അനുഭവിച്ച് ജീവിക്കുന്ന മഹാപദ്ധതിയാണ് ആത്മീയ സാക്ഷാത്ക്കാരത്തില് തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും മഹാപിതാവും മഹാമാതാവുമായ മഹാദേവി ഒരുക്കിയിരിക്കുന്നത്. പരബ്രഹ്മം ആയ ദൈവത്തിന്റെ അംശങ്ങളായി ദൈവം ജീവികളെ ഉയര്ത്തിയിരിക്കുന്നു എന്നതിനെയും ദൈവം മഹാവാത്സല്യത്തോടെ കുഞ്ഞുങ്ങള്ക്ക് തന്റെ മേല് അവകാശം നല്കിയിരിക്കുന്നതിനെയും അധികാരമായി തെറ്റിദ്ധരിക്കരുത്. ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപങ്ങളാണ് മഹാപ്രപഞ്ചമായ പരബ്രഹ്മം എന്ന അര്ത്ഥത്തില്, ദൈവം തന്റെ മഹാരൂപമായി മഹാപ്രപഞ്ചത്തെ സ്വീകരിക്കുമ്പോള് മനുഷ്യന്, പരബ്രഹ്മം ആയിരിക്കുന്ന ദൈവത്തിന്റെ അംശമായി മാറുന്നുവെന്ന് വ്യക്തമാക്കി. ഓം എന്ന ശബ്ദബ്രഹ്മത്തെയും അക്ഷരബ്രഹ്മത്തെയും മഹാശാസ്ത്രപ്രകാരം സൃഷ്ടിച്ചുകൊണ്ട് ബ്രഹ്മം നിര്വ്വഹിക്കുന്ന മഹാശ്ചര്യം മാത്രമാണത്. യഥാര്ത്ഥത്തില് മനുഷ്യര് യാതൊരിക്കലും ബ്രഹ്മത്തിന്റെ അഥവാ ദൈവത്തിന്റെ അംശങ്ങളാകുന്നില്ല എന്നതാണ് മൂലസത്യം. മനുഷ്യരുടെയും മഹാപ്രപഞ്ചത്തിന്റെയും പിതാവായി ദൈവം സൃഷ്ടിച്ചിട്ടുള്ള പരമശിവന് പോലും ബ്രഹ്മത്തിന്റെ ഭാഗമല്ല. ഓം എന്ന ശബ്ദബ്രഹ്മത്തിന്റെയും അക്ഷരബ്രഹ്മത്തിന്റെയും മഹാശാസ്ത്ര വിശദീകരണങ്ങളിലേക്കു കടക്കുമ്പോള്, നിശ്ചിത ഭാവവും രൂപവും ഉണ്ടെന്നും ഉള്ളതായും തോന്നിപ്പോകുന്ന മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യര് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥകളില് നിന്നും ഭിന്നമായി പ്രവര്ത്തിപ്പിക്കാനും അതീതമാക്കാനും ദൈവത്തിനു കഴിയുമെന്നു സുവ്യക്തമായി ബോദ്ധ്യമാകുന്നതാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹത്വത്തില് മനുഷ്യര് മഹാശ്ചര്യം അനുഭവിക്കുന്നതുമാണ്. ബ്രഹ്മം ഏകമാണ്. ബ്രഹ്മം മഹാപ്രപഞ്ചത്തിന് അതീതമാകയാലും എല്ലാ കുഞ്ഞുങ്ങളും മഹാപ്രപഞ്ചത്തിലെ അംഗങ്ങളാകയാലും, മഹാപ്രപഞ്ചത്തിന്റെ ഭാഗമായി മാത്രം എക്കാലവും ജീവിക്കുകയാലും, യാതൊരാളും ബ്രഹ്മത്തെ ആരാധിക്കാനോ, ബ്രഹ്മത്തോടു പ്രാര്

ത്ഥിക്കാനോ പാടില്ല. ആത്മീയ സാക്ഷാത്ക്കാരത്തിലും മനുഷ്യര് മഹാപ്രപഞ്ചത്തിന്റെ ഭാഗമായ നക്ഷത്രപദവിയിലാണ് എത്തുന്നത്. ബ്രഹ്മത്തില് വിലയം പ്രാപിച്ചു എന്നിങ്ങനെ മനുഷ്യരുടെ ഇടയിലുള്ള വിശ്വാസങ്ങള് അബദ്ധങ്ങള് മാത്രമാണെന്ന് ബ്രഹ്മം എന്നാലെന്തെന്നുള്ള പാഠങ്ങളില് സുവ്യക്തമാണ്. ബ്രഹ്മത്തെ അഥവാ ബ്രഹ്മശക്തിയെ ഉള്ക്കൊണ്ട് മനുഷ്യരൂപത്തില് വര്ത്തിക്കുന്ന മഹാജഗദംബയായ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയോടു മാത്രം പ്രാര്ത്ഥിച്ചാല് മതിയാകും. ബ്രഹ്മവും പരബ്രഹ്മവും മഹാശക്തിയായ മഹാദേവി അഥവാ ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയാണെന്ന് മനസ്സിലാക്കുമ്പോള് പാഠം ലളിതമാകുന്നു. മുന് അദ്ധ്യായത്തില് വ്യക്തമാക്കിയതു പോലെ ദേവി എന്നോ മഹാദേവി എന്നോ മാത്രം ഇഷ്ടം പോലെയും സൗകര്യം പോലെയും മഹാജഗദംബയോട്, മഹാശാസ്ത്രം ലഭിക്കാത്തവരായ മഹാഭൂരിപക്ഷം ജനങ്ങള് പ്രാര്ത്ഥിക്കണം.

ബ്രഹ്മത്തില് നിന്ന് സമ്പൂര്ണ്ണമായും ഭിന്നമാണ് പരബ്രഹ്മമായ മഹാപ്രപഞ്ചം അഥവാ ജഗത്തെന്നും, ബ്രഹ്മത്തിനും പരബ്രഹ്മമായ ജഗത്തിനും തമ്മില് യാതൊരു ബന്ധങ്ങളുമില്ല എന്നും സുവ്യക്തമാകുമ്പോള് തന്നെ, ബ്രഹ്മം പരബ്രഹ്മത്തെയും, പരബ്രഹ്മം ബ്രഹ്മത്തെയും ഉള്ക്കൊള്ളുന്ന മഹാ ആവിഷ്ക്കാരം അറിഞ്ഞ് മനുഷ്യര് മഹാശ്ചര്യം അനുഭവിക്കുന്നതാണ്. ഓം -ന്റെ വിശദീകരണങ്ങള് പഠിക്കാനും ഗ്രഹിക്കാനും ഭാഗ്യമുണ്ടാകുന്നവര്ക്ക് പ്രസ്തുത മഹാശ്ചര്യം അനുഭവിക്കാന് കഴിയുന്നതാണ്. ഓം എന്ന ശബ്ദബ്രഹ്മത്തെയും അക്ഷര ബ്രഹ്മത്തെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ ദൈവം മഹാശ്ചര്യമാക്കുമ്പോള്, ജീവികളും അവരുടെ പിതാവായ പരമശിവനും അഹംഭാവം ഒട്ടും ഉണ്ടാവാന് പാടില്ല. ജീവികള് ഇല്ലെങ്കിലും, മഹാപ്രപഞ്ചം ഇല്ലെങ്കിലും, ജീവികളുടെയും മഹാപ്രപഞ്ചത്തിന്റെയും പിതാവായ പരമശിവന് ഇല്ലെങ്കിലും, മഹാശക്തിയായ ദൈവമുണ്ട്. ശിവനില്ലെങ്കിലും ശക്തി ഉണ്ട്.

മഹാപ്രപഞ്ചത്തിന് അതീതമായ, ബ്രഹ്മത്തെ പരിഹസിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നത് കടുത്ത പാപമാണ്. മഹാപ്രപഞ്ചത്തില് വര്ത്തിക്കുന്ന മഹാശക്തിയായ ദൈവത്തെ അറിഞ്ഞും അറിയാതെയും പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരാണ് മതനേതാക്കന്മാരും രാഷ്ട്രീയ നേതാക്കന്മാരും ഉള്പ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും. മനുഷ്യരുടെ പ്രസ്തുത ഹീന

പ്രവൃത്തികളെ മഹാമാതാവായ ദൈവം മഹാശാസ്ത്ര പ്രകാരം തിരുത്തുകയും ദൈവം കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യം നല് കുന്നതുമാണ്. എന്നാല് ബ്രഹ്മത്തെ പരിഹസിക്കേണ്ട കാര്യം മനുഷ്യനില്ല. ബ്രഹ്മം മനുഷ്യനുമായോ മഹാപ്രപഞ്ചവുമായോ ബന്ധപ്പെട്ടിരിക്കുന്നില്ല. അങ്ങനെയിരിക്കെ ഒരു കാര്യവുമില്ലാതെ മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളില് മനുഷ്യര് തലയിടുകയും പരിഹാസ രീതികള് പുലര്ത്തുകയും ചെയ്താല്, കുഞ്ഞുങ്ങളേ, ബ്രഹ്മമായിരിക്കുന്ന മഹാശക്തി ക്ഷമിച്ചെന്നു വരില്ല, ക്ഷമിക്കില്ല എന്ന രീതിയില് പ്രസ്തുത കടുത്ത പാപം നേടാതെ കുഞ്ഞുങ്ങള് ശ്രദ്ധിക്കണം എന്ന് വാത്സല്യത്തോടെയും സ്നേഹത്തോടെയും ഉപദേശിക്കുന്നു, അഭ്യര്ത്ഥിക്കുന്നു, താക്കീതു ചെയ്യുന്നു.
ബ്രഹ്മത്തെ അറിയാന് യാതൊരാള്ക്കും കഴിയുന്നതല്ല എന്നു സുവ്യക്തമായി വിശദീകരിച്ചുകഴിഞ്ഞു. ആകയാല് ബ്രഹ്മശ്രീ, ബ്രഹ്മ വിദ്യാന് തുടങ്ങി ബ്രഹ്മം എന്ന പദത്തെ ചേര്ത്തുകൊണ്ടുള്ള യാതൊരു പേരുകളും മനുഷ്യര് ഉപയോഗിച്ചു കൂടാ. ഉപയോഗിച്ചു വരുന്ന അജ്ഞാനികളായ ജനങ്ങള് മഹദേവിയോടു മാപ്പു പറഞ്ഞ് ദൈവീകമല്ലാത്ത അഥവാ ധര്മ്മശാസ്ത്രപരമല്ലാത്ത പേരുകള് സന്തോഷത്തോടെ ഉപേക്ഷിച്ച് ആനന്ദത്തോടെ കഴിയുക.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

അദ്ധ്യായം 52

പ്രപഞ്ച സൃഷ്ടിയുടെ കാരണം അറിയിക്കുന്നു.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
ഈ അദ്ധ്യായം തെറ്റുകളും കുറ്റങ്ങളും ഇല്ലാതെ അവതരിപ്പിക്കുന്നതിനാണ് മഹാദേവിയോട് മഹാദേവിയുടെ

മഹാദാസനായ പരമശിവന് ഏറ്റവുമധികം അനുഗ്രഹം തേടിയിട്ടുള്ളത്. ചെറുതെങ്കിലും അതികഠിനമാണ് ഈ അദ്ധ്യായം. ആകയാല്, ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചിട്ടുള്ളതിന്റെ മൂലകാരണം വ്യക്തമാക്കും മുമ്പ് 3 വളരെ വലിയ കാര്യങ്ങള് എടുത്തുപറയുന്നു.
(1) മഹാശാസ്ത്രത്തിന്റെ 3 ഭാഗങ്ങളായ ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയശാസ്ത്രം എന്നിവകളെയും അവയുടെ ഓരോന്നിന്റെയും ശാഖകളെയും ഉപശാഖകളെയും അവയുടെയെല്ലാം ആദിയും-അന്തവുമില്ലാത്ത മഹാ-വലിപ്പത്തെയും കണക്കാക്കുമ്പോള്, മഹാശക്തിയായ ദൈവം തന്റെ സൃഷ്ടികള്ക്കുവേണ്ടി എത്രമാത്രം പ്രവര്ത്തിച്ചിരിക്കുന്നുവെന്നും കരുതിയിരിക്കുന്നുവെന്നും ബോദ്ധ്യമാകുന്നതാണ്. അതേസമയം, ഓരോ ശാസ്ത്രശാഖകളെയും അവയുടെ ഉപശാഖകളെയും മനസ്സിലാക്കുകയെന്നത് അതികഠിനമാണെന്നതും മഹാദേവിയുടെ മഹാഅനുഗ്രഹം ലഭിക്കുമ്പോള് മാത്രമേ സാധിക്കൂ എന്നതും വിഷയത്തെ വിശദീകരണത്തിന് അതീതമാക്കുന്നു. അതിമഹത്തായ ശാസ്ത്രങ്ങള് ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചം സൃഷടിച്ചിട്ടുള്ളത് ആരെ സന്തോഷിപ്പിക്കാനാണ് എന്നതിനെപ്പറ്റി ചിന്തിക്കുക. (2) ദൈവം എല്ലാ സൃഷ്ടികളെയും തന്റെ കുഞ്ഞുങ്ങളായി കരുതുന്നതിനെപ്പറ്റിയും, എല്ലാ കുഞ്ഞുങ്ങള്ക്കും അനന്തമായ മഹാആനന്ദം നല്കുന്നതിനെപ്പറ്റിയും ആത്മീയ സാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തില്, വിശദമാക്കിയിരുന്നു. ആനന്ദകാര്യത്തില് എല്ലാ ജീവികള്ക്കും ദൈവമാകാന് കഴിയുന്നതാണ്. ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള ആദിയും അന്തവുമില്ലാത്ത മഹാശാസ്ത്രപ്രകാരം ദൈവത്തിന് ലഭിക്കാവുന്ന അനന്തമായ ആനന്ദങ്ങളെല്ലാം മനുഷ്യന് ലഭ്യമാക്കിയിരിക്കുകയാണ്. മഹാശക്തിയായ ദൈവം, മഹാശാസ്ത്രങ്ങള് ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചം സൃഷ്ടിക്കുകയും, എല്ലാ ജീവികളെയും സ്നേഹിക്കുകയും, ജീവികള് മനുഷ്യാവസ്ഥയില് എത്തുമ്പോള് മഹാസ്നേഹവും മഹാവാത്സല്യവും നല്കിക്കൊണ്ടും സമനീതി ഉറപ്പാക്കിക്കൊണ്ടും നക്ഷത്രപദവി നല്കുന്നതും മഹാആനന്ദങ്ങള് നല്കുന്നതും മേല്പടി അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. (3) തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും സമനീതി ഉറപ്പാക്കുന്നതിന്നായിട്ട് മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തില് നിന്ന് ഓംകാരനീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം ഉത്ഭവിക്കുന്നതിനെപ്പറ്റിയും, കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാനീതിശാസ്ത്രത്തിലൂടെ മഹാദേവിക്ക് മാത്രം കഴിയുന്ന മഹാവാത്സല്യം എല്ലാ കുഞ്ഞുങ്ങള്ക്കും അനന്തമെന്നോണം വാരിക്കോരി നല്കുന്നതിനെപ്പറ്റിയും പ്രത്യേകം അദ്ധ്യായത്തില്

വിശദീകരിച്ചിട്ടുണ്ട്.
മഹാശാസ്ത്രം മുഴുവന് പഠിക്കാനാവുന്ന പരമവിശിഷ്ട ജന്മത്തില് മാത്രമേ മുകളില് പ്രസ്താവിച്ച വസ്തുതകളുടെ ആഴം മനുഷ്യന് ഉള്ക്കൊള്ളാന് കഴിയുകയുള്ളൂ. ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള ദൈവം ആനന്ദങ്ങള്ക്ക് അതീതമാണെന്നിരിക്കെ, ദൈവം എന്തിനു വേണ്ടിയും ആര്ക്കു വേണ്ടിയും പ്രവര്ത്തിക്കുന്നു എന്ന ചോദ്യത്തിന്, താന് സൃഷ്ടിക്കുന്ന തന്റെ ഓരോ കുഞ്ഞിനും വേണ്ടി പ്രവര്ത്തിക്കുന്നു എന്നു സുവ്യക്തമാകുന്നുണ്ട്. ദൈവം തന്റെ ഓരോ കുഞ്ഞിനും വേണ്ടി പ്രവര്ത്തിക്കുന്നു എന്ന പദത്തിനു പകരം ദൈവം ഒരു മഹാജീവിയെപ്പോലെ തന്റെ ഓരോ കുഞ്ഞിനും വേണ്ടി ജീവിക്കുന്നു എന്നുപോലും പറയാന് തോന്നുന്നതു പോലെയാണ് മഹാശക്തിയായ ദൈവം തന്റെ ഓരോ കുഞ്ഞുങ്ങളെയും കരുതുന്നത്. ഓരോ കുഞ്ഞുങ്ങള്ക്കും മഹാആനന്ദങ്ങള് ലഭ്യമാക്കാനും, തെറ്റുകള് കാട്ടുന്ന കുഞ്ഞുങ്ങളെ ശിക്ഷിച്ചും സ്നേഹിച്ചും തിരുത്തിക്കൊണ്ട് അവര്ക്കും സമനീതി ലഭ്യമാക്കാനും, ദൈവം പ്രവര്ത്തിക്കുകയാണ്/ജീവിക്കുകയാണ് ! ദൈവം ഓരോ വ്യക്തിക്കും (തന്റെ പ്രതിനിധിയും ജീവികളുടെ പിതാവുമായ പരമശിവനിലൂടെ) മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുമ്പോള്, ദൈവം കാട്ടുന്ന മഹാവാത്സല്യങ്ങളെ അറിഞ്ഞും അനുഭവിച്ചും ഓര്ത്തും ഓരോ മനുഷ്യനും വീണ്ടും വീണ്ടും വീണ്ടും വീണ്ടും വീണ്ടും വിതുമ്പിക്കരയുന്നതാണ്. തന്റെ കുഞ്ഞുങ്ങളോട് ദൈവം പുലര്ത്തുന്ന മഹാസ്നേഹവും മഹാവാത്സല്യവും അത്ര വലുതാണ്, മഹാ-വലുതാണ്.
മഹാശക്തിയും, മഹാപിതാവും, മഹാമാതാവുമായ മഹാദേവിയുടെ മഹാവാത്സല്യങ്ങളെ ഹൃദയത്തോടു ചേര്ത്തുകൊണ്ടു മാത്രം മഹാപ്രപഞ്ചം സൃഷ്ടിക്കുവാനുള്ള മുലകാരണം പഠിക്കേണ്ടതുണ്ട്. പഠിച്ച ശേഷം, ദൈവമേ, പ്രസ്തുത പാഠം എന്നില്നിന്ന് മറയ്ക്കേണമേ എന്ന് ഓരോ മനുഷ്യരും തേങ്ങിക്കൊണ്ട് പ്രാര്ത്ഥിക്കേണ്ടതായ മഹാപാഠമാണത്.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കുമാത്രം മഹത്വം എന്ന് മഹാദേവിയെ ആരാധിച്ചുകൊണ്ടും മഹാദേവിയുടെ മഹാരൂപ-ഭാഗമായ ഭൂമിയില് സാഷ്ടാംഗം നമസ്ക്കരിച്ചുകൊണ്ടും മഹാദേവിയുടെ മഹാദാസനായ ഈയുള്ളവന് തുടരുന്നു.
ബ്രഹ്മം എന്നാലെന്തെന്ന് വിശദീകരിച്ചപ്പോള് മഹാപ്രപഞ്ചം ഇല്ലാത്ത അവസ്ഥയെപ്പറ്റി സങ്കല്പ്പിക്കുവാന് ആവശ്യപ്പെടുകയുണ്ടായി. ബ്രഹ്മം

എന്ന ദൈവം മാത്രമുള്ള അവസ്ഥയാണത്. ദൈവം എത്ര വലിയ ശക്തിയാണെങ്കിലും, പ്രസ്തുത ശക്തി അറിയാനും അനുഭവിക്കാനും യാതൊന്നും, യാതൊരു ജീവിയും ഇല്ലെന്നു വന്നാല്, എന്തെങ്കിലും സുഖം/ആനന്ദം ഉണ്ടാകുമോ? ദൈവം സൃഷ്ടിച്ചാല് മാത്രം ആനന്ദങ്ങള് എന്നൊന്ന് ഉണ്ടാകുമെന്നിരിക്കെയും, ദൈവം ആനന്ദങ്ങള്ക്ക് അതീതമാണെന്നിരിക്കെയും ബ്രഹ്മം തനിച്ചു വര്ത്തിക്കുമ്പോഴും അല്ലാത്തപ്പോഴും പ്രത്യേകതകള് ഉണ്ടെന്നു പറയാന് മനുഷ്യന് കഴിയുന്നതല്ല. മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെ കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യം നല്കുന്നതാണ് തനിക്ക് കൂടുതല് ആനന്ദം എന്നും അതാണ് തന്റെ മഹാ-ആനന്ദം എന്നും ബ്രഹ്മം ജീവികളെ അറിയിക്കുകയാണ്. മഹാപ്രപഞ്ചം ഇല്ലെന്നാല് മഹാശക്തിയായ ദൈവത്തിന്റ മഹാശക്തികള് പ്രവര്ത്തിക്കാന് മാധ്യമം ഇല്ല എന്ന വിചിത്രചിന്ത അരുത്. കുഞ്ഞുങ്ങളെ പുന്നരിക്കുന്ന മഹാവാത്സല്യത്തെ തന്റെ മഹാ-ആനന്ദമായി ദൈവം സ്വയം നിശ്ചയിക്കുന്നു എന്നല്ലാതെ, അടിസ്ഥാനപരമായി ദൈവം എല്ലാ ആനന്ദങ്ങള്ക്കും അതീതമാണ്. അതേസമയം, കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യം നല്കാനാണെങ്കില് പോലും, മഹാപ്രപഞ്ചം സൃഷ്ടിച്ചത് ദൈവത്തിന്റെ ആവശ്യമായി ഭവിക്കുകയാണ്. അതായത് ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചത് പ്രഥമമായി ദൈവത്തിനു വേണ്ടിയാണെന്നുവരുന്നു.

ദൈവത്തിന്റേ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മഹാപിതാവും മഹാമാതാവുമായ ദൈവം കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യം കോരിച്ചൊരിഞ്ഞ് മഹാആനന്ദങ്ങള് നല്കുന്നതും, കുഞ്ഞുങ്ങള്ക്കുവേണ്ടി എല്ലായ്പ്പോഴും പ്രവര്ത്തിച്ചുകൊണ്ടിരിക്കുന്നതും ദൈവത്തിനു വേണ്ടിയാണോ കുഞ്ഞുങ്ങള്ക്കുവേണ്ടിയാണോ ? ദൈവത്തിന്റെ കുഞ്ഞുങ്ങള്ക്കു വേണ്ടിയാണ്; ഓരോ ജീവിക്കും, ഓരോ മനുഷ്യനും വേണ്ടിത്തന്നെയാണ്, കുഞ്ഞുങ്ങളേ.

ജീവികള് ദൈവത്തിന്റെ കുഞ്ഞുങ്ങളാവുന്നത് എങ്ങനെയെന്ന് ഇനി പറയാം. ദൈവത്തിന്റെ ബ്രഹ്മ-അവസ്ഥയ്ക്ക് മഹാപ്രപഞ്ചവുമായി ബന്ധമില്ലാ എന്നു പറയുമ്പോഴും, മഹാപ്രപഞ്ചത്തിന് അതീതമായ ദൈവ-അവസ്ഥയെ വിശദീകരിക്കുവാന് കൂടിയുള്ള മഹാവിശിഷ്ട വ്യാഖ്യാനമാണ് അതെന്നും, സൃഷ്ടികര്ത്താവ് ബ്രഹ്മം തന്നെയാണെന്നും സുവ്യക്തമാണ്. സൃഷ്ടികര്ത്താവ് എന്നു പറയുമ്പോള്, സൃഷ്ടിയും സ്രഷ്ടാവും രണ്ടാണെന്ന് വ്യക്തമാണ്. സൃഷ്ടിയുടെ അഥവാ സൃഷ്ടികളായ ജീവികളുടെ മഹായജമാനനും

മഹാഭരണാധികാരിയും മഹാനീതിപതിയുമായി സ്രഷ്ടാവിനെ അറിയണം, കരുതണം, ഭയക്കുകയും വേണം. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെ മഹാഅടുപ്പിക്കുവാനും മഹാമംഗളമാക്കുവാനുമായിട്ട് സൃഷ്ടികർത്താവ് എന്നതിനു പകരം, സൃഷ്ടികളായ ജീവികളെ തന്റെ കുഞ്ഞുങ്ങളായിട്ടു കരുതുവാനും തന്റെ പൊന്നോമന-ക്കുഞ്ഞുങ്ങളെന്ന് സദാ വിളിക്കുവാനും ദൈവം മഹാഇഷ്ടപ്പെടുന്നു. അതോടെ ജീവികള് ദൈവത്തിന്റെ കുഞ്ഞുങ്ങളാവുന്നു. മഹാശാസ്ത്രപ്രകാരം മനുഷ്യപിതാവിനും മനുഷ്യമാതാവിനും അവരുടെ കുഞ്ഞുങ്ങള് അന്യരല്ല, മാതാപിതാക്കളുടെ ഭാഗം പോലെയാണ്, സ്വന്തമാണ്. മാതാപിതാക്കളെ ഉപകരണമാക്കിക്കൊണ്ട് ജീവികളെ സൃഷ്ടിക്കുന്നത് യഥാർത്ഥത്തില് ദൈവമാണെന്ന് മഹാപ്രപഞ്ചം സത്യമാണ്, മായ ആണ്, മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന ഒന്നാം അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. മാതാപിതാക്കള്ക്ക് തങ്ങളുടെ കുഞ്ഞുങ്ങള് സ്വന്തമാവുമ്പോള്, മാതാപിതാക്കളും അവരുടെ കുഞ്ഞുങ്ങളും കുഞ്ഞുങ്ങളുടെ കുഞ്ഞുങ്ങളും (എല്ലാ ജീവികളും) ദൈവത്തിന് കുഞ്ഞുങ്ങളാകുന്നു, മഹാസ്വന്തമാകുന്നു. മഹാപ്രപഞ്ചത്തിന്റെ മഹാസൃഷ്ടിക്കായിട്ട് മഹാദേവിയായ ബ്രഹ്മം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തില് ജീവികള്ക്ക് പിതാവിനെയും മാതാവിനെയും മഹാനിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തില് ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും എന്ന ദിവ്യമഹാപദവി മഹാസ്വീകരിക്കുന്നു. കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യേണ്ടുന്ന ഉത്തരവാദിത്തം മനുഷ്യപിതാവിന് മഹാശാസ്ത്രം പ്രകാരം ഉണ്ടെന്നതിനെ കണക്കാക്കിയിട്ട്, ബ്രഹ്മം ശരീര-രൂപം സ്വീകരിക്കുമ്പോള് തന്റെ കുഞ്ഞുങ്ങളെ ശിക്ഷിക്കാതിരിക്കുന്നതിലേക്കായിട്ട് പുരുഷരൂപം സ്വീകരിക്കുന്നില്ല; തന്റെ കുഞ്ഞുങ്ങളെ മഹാസ്നേഹിക്കുകയും മഹാവാത്സല്യം മാത്രം മഹാഅനുഗ്രഹിച്ചു നല്കുകയും ചെയ്യുന്ന മഹാമാതാവു മാത്രമായിട്ട് മഹാദിവ്യരൂപം മഹാസ്വീകരിക്കുന്നു. അതോടെ ബ്രഹ്മം മഹാമാതാവായ, മഹാജഗദംബയായ മഹാദേവിയായി. കുഞ്ഞുങ്ങളെ തിരുത്തുക, ശിക്ഷിച്ചും തിരുത്തിക്കൊണ്ട് എല്ലാ കുഞ്ഞുങ്ങള്ക്കും സമപദവി നല്കുക, എന്നിവയെ മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് മഹാസ്ഥാപിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയും അവയെ പ്രവർത്തിപ്പിക്കുന്ന ശാസ്ത്രനിയമങ്ങളിലൂടെയും, കൂടാതെ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയില് മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത്, പരബ്രഹ്മം എന്ന പേരുകൂടിയുള്ള മഹാപ്രപഞ്ചത്തിന്റെ പിതാവായിട്ട്

പ്രവര്ത്തിപ്പിക്കുന്ന പരമശിവനിലൂടെയും, മഹാദേവി മഹാനിര്വ്വഹിക്കുന്നു.
കുഞ്ഞുങ്ങള്ക്കെല്ലാം മഹാസ്നേഹവും മഹാആനന്ദങ്ങളും മഹാസമനീതിയും ഉറപ്പാക്കുന്നതായ ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രത്തിലെ ശിക്ഷാ-ശാസ്ത്രം കണ്ട് കുഞ്ഞുങ്ങള് ഭയക്കാതിരിക്കാനായും, മഹാസ്നേഹവും മഹാവാത്സല്യവുമാണ് ദൈവം എന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്തുവാനുമായിട്ട്, ഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തില് വിശദീകരിച്ചിട്ടുള്ളതു പ്രകാരം, ആദ്യമഹാകാലചക്രം എന്ന 1000 കോടി വര്ഷങ്ങളില് ദൈവം മനുഷ്യരൂപം സ്വീകരിക്കാതെ കഴിഞ്ഞുപോന്നതും, മഹാപ്രപഞ്ചത്തിന്റെ ഭരണം സമ്പൂര്ണ്ണമായും മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നും പേരുകളുള്ള പ്രത്യേക സൃഷ്ടികളെ ഏല്പിച്ചതും, എല്ലാ കുഞ്ഞുങ്ങളുടെയും മഹാദാസിയും മഹാദാസനുമായിക്കൊണ്ട് എല്ലാവരുടെയും ദാസ്യവേല ചെയ്തുപോരുന്നതും ദൈവത്തിന്റെ കുഞ്ഞുങ്ങള്ക്കുവേണ്ടിയാണ്.
ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചത് ആര്ക്കു വേണ്ടി, എന്തിനു വേണ്ടി എന്നീ ചോദ്യങ്ങള്ക്ക് സുവ്യക്തമായ ഒരു ഉത്തരമേ ഉള്ളൂ : ദൈവത്തിന്റെ കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികള്ക്കുവേണ്ടി മാത്രമാണ് ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചത്.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

അദ്ധ്യായം 53

ഭൂമിയില് മാത്രം മനുഷ്യസൃഷ്ടി നടത്താനുള്ള കാരണം അറിയിക്കുന്നു. ദൈവത്തിന്റെ മഹാഭാവം സത്യ-ധര്മ്മ-നീതികള് ആണെന്നും സത്യ-ധര്മ്മ-നീതികളുടെ നിര്വ്വചനം എന്താണെന്നും പ്രത്യേകം അദ്ധ്യായത്തില് അറിയിക്കുകയുണ്ടായി. മനുഷ്യര് അറിയുന്നതോ അറിയാത്തതോ ആയ മറ്റു മഹാഭാവങ്ങളോടെയും, മനുഷ്യര് അറിയാത്ത മറ്റു മഹാശാസ്ത്രങ്ങളോടെയും മറ്റ് മഹാപ്രപഞ്ചങ്ങള് സൃഷ്ടിക്കാനും നിലനിര്ത്താനും ദൈവത്തിനു ശക്തിയുണ്ട്.

അപ്രകാരം ശക്തിയുള്ളതുകൊണ്ടു തന്നെയാണ് ദൈവം ആദിയും അന്തവുമില്ലാത്ത മഹാശക്തി ആകുന്നത്.
മനുഷ്യര് അറിയുന്നതല്ലാതെയുള്ള മഹാപ്രപഞ്ചങ്ങള് സൃഷ്ടിക്കുകയോ, സത്യവും ധര്മ്മവും നീതിയുമല്ലാതെയുള്ള മഹാഭാവങ്ങള് സ്വീകരിക്കുകയോ ദൈവം ചെയ്തിട്ടില്ല. അതിന് മൂന്ന് കാരണങ്ങളാണുള്ളത്.
(1) സൃഷ്ടിപരം : ഏക മഹാശക്തിയായ ദൈവത്തിന്, ഒരേ മഹാശാസ്ത്രം കൊണ്ട് അനന്തങ്ങളോളമുള്ള വ്യത്യസ്തങ്ങളായ ശാസ്ത്രങ്ങള് സൃഷ്ടിക്കുവാനും വ്യത്യസ്തങ്ങളായ മഹാപ്രപഞ്ചങ്ങള് ~സൃഷ്ടിക്കുവാനും കഴിയുന്നതാണ്. പരമാണു അഥവാ ആറ്റത്തിലുള്ള ഘടകങ്ങളെ ക്രമീകരിച്ച് പുതിയ മൂലകങ്ങളും പുതിയ സംയുക്തങ്ങളും സൃഷ്ടിച്ചും പുതിയ മൂലകങ്ങള്ക്കും പുതിയ സംയുക്തങ്ങള്ക്കും പുതിയ ധര്മ്മശാസ്ത്രങ്ങള് സൃഷ്ടിച്ചും ആവക കാര്യങ്ങള് ദൈവം ക്രമപ്പെടുത്തുന്നതാണ് ; ഓം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. മഹാശാസ്ത്ര പ്രകാരം അനന്തമായി വളര്ന്നു വലുതായിക്കൊണ്ടിരിക്കുന്ന മഹാപ്രപഞ്ചത്തെയാണ് മഹാശക്തിയായ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളത്. ജീവികളുടെ സൃഷ്ടി തുടരുകയും മനുഷ്യാവസ്ഥയില് ആത്മീയ സാക്ഷാത്ക്കാരം നേടിക്കൊണ്ട് പുതിയ നക്ഷത്രങ്ങള് ഉണ്ടാവുകയും, അവയെ ഉള്ക്കൊള്ളാന് ഒരു കുടപോലെയും മഹാശക്തിലിംഗം പോലെയും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ആകാശം വളരുന്നതോടെ മഹാശക്തിയുടെ അനന്തത പ്രതിഫലിക്കുന്നു.
(2) ധര്മ്മപരം : മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി എന്തിനുവേണ്ടി എന്ന് മുന് അദ്ധ്യായത്തില് വിശദീകരിച്ചു. പുതിയ മഹാശാസ്ത്രങ്ങളും/ മഹാപ്രപഞ്ചങ്ങളും സൃഷ്ടിച്ച് കേമത്തം കാട്ടേണ്ട കാര്യം ദൈവത്തിനില്ല. തന്റെ അനന്തമായ ശക്തികളെ കുഞ്ഞുങ്ങള്ക്ക് മഹാശാസ്ത്രപ്രകാരം നല്കിക്കൊണ്ട് തന്റെ കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്ന ദൈവം, മഹാവാത്സല്യമാണ്.
(3) നീതിപരം : മഹാവാത്സല്യം നല്കിക്കൊണ്ട് മഹാആനന്ദങ്ങള് അനുഭവിക്കാനായി താന് സൃഷ്ടിച്ച തന്റെ കുഞ്ഞുങ്ങളായ ജീവികള്ക്ക് സമ്പൂര്ണ്ണമായി ദൈവത്തെ സമര്പ്പിക്കുന്നതിന്നു കൂടിയാണ് മറ്റു പ്രപഞ്ചങ്ങളോ ശാസ്ത്രങ്ങളോ സൃഷ്ടിക്കാന് തയ്യാറാകാത്തത്. ഒരു കുടുംബത്തില്, എന്റെ അമ്മ, എന്റെ അമ്മ, ഞങ്ങളുടെ അമ്മ എന്നിങ്ങനെ കുട്ടികള് പറയുന്നത് തങ്ങളെ പ്രസവിക്കുകയും വളര്ത്തുകയും ചെയ്യുന്ന അമ്മയെ ആണ്. അടുത്ത വീട്ടിലെ കുട്ടികള്ക്ക് മറ്റൊരമ്മയാണ്. തന്റെ അമ്മ, അടുത്ത വീട്ടിലെയോ, താന്

അറിയാത്ത മറ്റു വീട്ടുകളിലെയോ അമ്മ കൂടി ആയാല് കുട്ടികള്ക്ക് ദുഃഖമുണ്ടാകും. തങ്ങളെ കരുതുവാനും സ്നേഹിക്കുവാനും അമ്മയ്ക്ക് സമയവും താല്പര്യവും കുറവാണ് എന്നും സംശയിക്കും, പറയും. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായ ദൈവം, തന്റെ കുഞ്ഞുങ്ങള്ക്ക് യാതൊരു വേദനയും ഉണ്ടാക്കാതെ ശ്രദ്ധിക്കുന്നു. മനുഷ്യരുടെ സൃഷ്ടി ഭൂമിയില് മാത്രമാക്കിക്കൊണ്ട് അവരോട് ഒട്ടി നില്ക്കുന്നു. കുഞ്ഞുങ്ങളെ നേരിട്ടെന്നോണം കരുതുവാന് മനുഷ്യ-അമ്മയെയും, ഭൂമിയിലുള്ള എല്ലാ കുഞ്ഞുങ്ങളെയും ഒന്നിച്ചും 100-മടങ്ങും കരുതാനായി മഹാമാതാവായ തന്നെയും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. മനുഷ്യമാതാവ് നല്കുന്ന വാത്സല്യത്തിന്റെ 100 മടങ്ങ് എന്നു പരിമിതപ്പെടുത്തിയിരിക്കുന്നത് മനുഷ്യമാതാവിന് സങ്കടം ഉണ്ടാവാതിരിപ്പാന് കൂടിയാണ്. മനുഷ്യമാതാവും, മഹാമാതാവായ ദൈവത്തിന്റെ കുഞ്ഞുതന്നെയാണ്.

അദ്ധ്യായം 54

മഹാശാസ്ത്രം ആവിഷ്ക്കരിക്കുന്നു.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം. ഇന്നുള്ള മാനുഷിക ധാരണകളെ വളരെയധികം ഞെട്ടിക്കുന്ന കാര്യങ്ങള് മഹാശാസ്ത്രത്തിലുണ്ട്. എങ്ങനെയെങ്കിലുമൊക്കെ ജീവികള് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും എന്തെങ്കിലുമൊക്കെ നീതി നടപ്പാക്കുകയുമല്ല ദൈവകാര്യത്തില് സംഭവിക്കുന്നത്. കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപദ്ധതികളെ മഹാശാസ്ത്രങ്ങളിലൂടെ രൂപപ്പെടുത്തിക്കൊണ്ടാണ് ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് നിര്വ്വഹിക്കുന്നത്.

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തില് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുവാനായി ദൈവം മഹാആവിഷ്ക്കരിച്ച മഹാനിയമാവലിയാണ് മഹാശാസ്ത്രം എന്നും ദൈവത്തിന്റെ മഹാജ്ഞാനം കൂടിയാണ് മഹാശാസ്ത്രം എന്നും പ്രസ്താവിച്ചിരുന്നു. മഹാശാസ്ത്രത്തെപ്പറ്റി രണ്ടുവിധങ്ങളിലുള്ള പ്രസ്താവനകള് ഉണ്ടെങ്കിലും അടിസ്ഥാനപരമായിട്ട് അവ ഒന്നുതന്നെയാണ്, രണ്ടായി നിലനിര്ത്തുന്നത് വിശദീകരണ സൗകര്യത്തെയും, അതുപോലെ ബ്രഹ്മത്തിന്റെ മഹാവൈശിഷ്ട്യം കൊണ്ടുമാണ്. അതെങ്ങനെയെന്നാല്, മഹാശക്തിയായ ദൈവം യഥാര്ത്ഥത്തില് ജീവിയല്ലായെങ്കിലും ഒരു മഹാജീവിയെപ്പോലെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികള്ക്കു തയ്യാറാവുമ്പോള് മാത്രമാണ് മഹാശാസ്ത്രം വിഷയമാകുന്നത്. അങ്ങനെവരുമ്പോള് മഹാശാസ്ത്രത്തെ മഹാശക്തിയായ ദൈവം സൃഷ്ടിച്ചതായിട്ട് പ്രസ്താവിക്കേണ്ടതായി വരുന്നു. ഓം എന്ന ശബ്ദബ്രഹ്മമായിക്കൊണ്ട് മഹാപ്രപഞ്ചത്തിലെ ഓരോ ആറ്റത്തിലേക്കും പ്രവേശിക്കുകയും മഹാശാസ്ത്രത്തിന്റെ മൂലമായി വര്ത്തിക്കുകയും ചെയ്യുമ്പോള്, മഹാശാസ്ത്രം ദൈവത്തിന്റെ മഹാജ്ഞാനമായി മാറുന്നു, ആദിയും അന്തവുമല്ലാത്ത മഹാഅവസ്ഥയും ഉണ്ടാകുന്നു. മാത്രമല്ല, മഹാപ്രപഞ്ചത്തിലെ ആറ്റങ്ങളിലെ പ്രോട്ടോണ്, ഇലക്ട്രോണ്, ന്യൂട്രോണ്, ക്വാര്ക്കുകള് എന്നിവയെയും മഹാപ്രപഞ്ചത്തെ മുഴുവനായും ഓം എന്ന ശബ്ദബ്രഹ്മം സൃഷ്ടിക്കുന്നതായും വരുന്നു.

ദൈവത്തിന്റെ മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതിനെ മാറ്റിവച്ച്

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്ക്കായിട്ട് ദൈവം മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചിട്ടുള്ളതായി വിശദീകരിക്കുമ്പോള്, പഠനം കൂടുതല് എളുപ്പമാകുന്നതാണ്. ആവിധത്തില് തുടരാം.
ദൈവം മഹാശാസ്ത്രത്തെ ആവിഷ്ക്കരിച്ചിട്ടുള്ളത് സൃഷ്ടി - സ്ഥിതി - സംഹാരങ്ങള് എന്ന മുറയ്ക്കല്ല ; പകരം സംഹാരം - സ്ഥിതി - സൃഷ്ടി എന്നിങ്ങനെയാണ്. അതായത് മഹാപ്രപഞ്ചത്തെ സംബന്ധിച്ച് സൃഷ്ടി കഴിഞ്ഞ് സ്ഥിതി, സ്ഥിതി കഴിഞ്ഞ് അഥവാ സ്ഥിതിയുടെ അടുത്ത പരിണാമമായി സംഹാരം എന്നിങ്ങനെയാണെങ്കിലും മഹാപ്രപഞ്ചത്തിന്റെ നിയമാവലിയായ മഹാശാസ്ത്രത്തെ സംബന്ധിച്ച് സംഹാരത്തെ ബന്ധിക്കുന്ന നീതി ആദ്യമായും, സ്ഥിതിയെ ബന്ധിക്കുന്ന ധര്മ്മം രണ്ടാമതായും, സൃഷ്ടിയെ ബന്ധിക്കുന്ന സത്യം മൂന്നാമതായുമാണ്. സൃഷ്ടിക്കുന്ന കുഞ്ഞുങ്ങള്ക്കെല്ലാം സമനീതി ലഭ്യമാക്കണം എന്നത് മഹാമാതാവായ ദൈവത്തിന് നിര്ബ്ബന്ധമാണ് എന്നതുകൊണ്ടാണത്.
തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം പരമമായി നല്കേണ്ടതായ ആത്മീയ സാക്ഷാത്ക്കാരം അഥവാ നീതി എന്തായിരിക്കണം എന്ന് ദൈവം ആദ്യം നിശ്ചയിക്കുന്നു. ആനന്ദ കാര്യത്തില് ദൈവത്തിന് ലഭിക്കുന്നതായ അനന്തമായ മഹാആനന്ദങ്ങള് തന്റെ കുഞ്ഞുങ്ങള് ക്കെല്ലാം ലഭ്യമാക്കണമെന്ന് ദൈവത്തിന് നിര്ബ്ബന്ധമുണ്ട്. മഹാനീതിശാസ്ത്രം ഉള്പ്പെടെയുള്ള ആത്മീയ ശാസ്ത്രം എന്ന മൂന്നാമത്തെ വേദത്തെ ദൈവം ആവിഷ്ക്കരിക്കുന്നത് അങ്ങനെയാണ്. മഹാആനന്ദങ്ങള് നിശ്ചയിക്കുന്നതും, മഹാആനന്ദങ്ങള് സൃഷ്ടിക്കാനും രൂപപ്പെടുത്താനുമുള്ള ധര്മ്മങ്ങള് നിശ്ചയിക്കുന്നതുമാണ് അടുത്തഘട്ടം. കുഞ്ഞുങ്ങള്ക്ക് മഹാആനന്ദങ്ങള് നല്കുന്നതും വ്യക്തിസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതും ആത്മീയ സാക്ഷാത്ക്കാരത്തിലേക്കു നയിക്കുന്നതുമായ ധര്മ്മങ്ങള് അഥവാ സ്ഥിതി ദൈവം രണ്ടാമതായി നിശ്ചയിക്കുന്നു. ഓരോ ജീവികളുടെയും ധര്മ്മങ്ങളെ കോര്ത്തിണക്കിക്കൊണ്ട് ധര്മ്മശാസ്ത്രം എന്ന രണ്ടാമത്തെ വേദത്തെ ദൈവം ആവിഷ്ക്കരിക്കുന്നത് അങ്ങനെയാണ്. ആത്മീയശാസ്ത്രത്തിനും ധര്മ്മശാസ്ത്രത്തിനും കൂട്ടിയിണക്കിക്കൊണ്ട് ജീവികള് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ (ഭൗതിക) സൃഷ്ടി നടത്താനുള്ള മഹാനിയമാവലി ആവിഷ്ക്കരിക്കുകയാണ് അതിന്നടുത്ത ഘട്ടം. മഹാശക്തിയായ ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തികള് കൊണ്ട് കുട പോലെ വലുതായിക്കൊണ്ടിരിക്കുന്നതായ ആകാശം എന്ന ശൂന്യത സൃഷ്ടിക്കാനും ഭൗതിക രൂപത്തോടെയുള്ള മഹാപപഞ്ചത്തെ

ആകാശത്തില് സൃഷ്ടിക്കുവാനും പരിപാലിക്കാനും സംഹരിക്കാനുമുള്ള ഭൗതികശാസ്ത്രം എന്ന ആദ്യ വേദത്തെ ദൈവം ആവിഷ്ക്കരിക്കുന്നത് അങ്ങനെയാണ്.
മഹാദേവി തന്റെ മായ കൊണ്ടാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുന്നത് എന്നതുകൊണ്ടാണ് മന്ത്രശാസ്ത്രം എന്ന വര്ജ്ജ്യശാസ്ത്രം ആദ്യമഹാകാലചക്രത്തില് അനുവദിച്ചിട്ടുള്ളത്. വൈകാതെ ഭൂമിയില് മായ പ്രത്യക്ഷമാകുന്നതോടെ മന്ത്രശാസ്ത്രത്തെ പിന്വലിക്കുന്നതാണ്.
ഗ്രന്ഥത്തിന്റെ 4-ാം ഭാഗത്തില് ആവക കാര്യങ്ങള് കൂടുതല് വിസ്തരിക്കാം.
ഗ്രന്ഥത്തിന്റെ 1-ാം ഭാഗത്തില്, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടികാര്യങ്ങള് നിരവധി അദ്ധ്യായങ്ങളിലൂടെ വിശദീകരിച്ചിരുന്നു, മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം ; മഹാശക്തിയായ ദൈവത്തിന്റെ മഹാഭാവം : സത്യ-ധര്മ്മ-നീതികള് ; മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികള്, പിശാച് തുടങ്ങിയവ ; സത്യരൂപം = വാതകരൂപം, ധര്മ്മരൂപം = ദ്രാവകരൂപം, നീതിരൂപം = ഖരരൂപം ; ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം ; തുടങ്ങിയ നിരവധി അദ്ധ്യായങ്ങളെ വിശദീകരണ സൗകര്യത്തിനായാണ് 1-ാം ഭാഗത്തില് ചേര്ത്തത്.
(മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം ംംം.ീാമെവ്യമാ.രീാ വെബ്സൈറ്റിലൂടെയും, മൊബൈല് ഫോണിലൂടെയുമൊക്കെ മഹാഗ്രന്ഥം മഹാപ്രചരിക്കുമെങ്കിലും, മഹാഗ്രന്ഥത്തെ അച്ചടിച്ച് പ്രസിദ്ധീകരിക്കുമെന്ന് ഗ്രന്ഥകാരന് കരുതുന്നില്ല. ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതിനാല്, മഹാശാസ്ത്രത്തെ വിശദീകരിക്കുന്ന മഹാഗ്രന്ഥത്തിനും അടിസ്ഥാനപരമായിട്ട് ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ ഉണ്ടെന്നും, പേപ്പറുകളിലോ എഴുത്തോലകളിലോ മഹാഗ്രന്ഥത്തെ പരിമിതപ്പെടുത്താന് സാധിക്കില്ലെന്നും അറിയണം. ഭൂമിയിലെങ്ങും ഉടന് മായ പ്രത്യക്ഷമാക്കിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുമ്പോള്, ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയശാസ്ത്രം, മന്ത്രശാസ്ത്രം എന്നിങ്ങനെ 4 വേദങ്ങളായിട്ട് മഹാവേദം എന്ന പേരില് മഹാശാസ്ത്രത്തെ അവതരിപ്പിക്കുന്നതാണ്. മഹാഗ്രന്ഥത്തെപ്പോലെ, അപ്പോഴും ലിഖിത പ്രമാണങ്ങള്ക്ക് പ്രസക്തിയുണ്ടാവുന്നതല്ല. മത-രാഷ്ട്രീയ വിമര്ശനങ്ങളും മറ്റും മഹാവേദത്തില്

ഉണ്ടാകുന്നതല്ല/ആവശ്യമാകുന്നതല്ല. പ്രായേണ മഹാഗ്രന്ഥവും സംഹരിക്കപ്പെടുന്നതാണ്. മഹാവേദം /മഹാശാസ്ത്രം ഏല്ലായ്പ്പോഴും മണ്ണിലടിഞ്ഞ് മഹാഭദ്രമായിരിക്കുന്നതാണ്. സര്വ്വം മണ്ണടി. മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ 2015 ഒക്ടോബര് മാസത്തിലാണ് മഹാഗ്രന്ഥത്തിന്റെ 10-ാം ഭാഗത്തോട് കൂട്ടിച്ചേര്ക്കുന്നത്. മഹാഗ്രന്ഥത്തിന്റെ നിരവധി അദ്ധ്യായങ്ങളില് മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ ഭാഗികമായി ഉള്പ്പെടുത്തിക്കൊണ്ടുള്ള തിരുത്തലുകളും പരിഷ്ക്കാരങ്ങളും ഭാവിയില് ചെയ്യേണ്ടതാണ് / ചെയ്യുന്നതാണ്; അത്യാവശ്യമോ ആവശ്യമോ ആണോയെന്ന് മഹാശാസ്ത്ര പ്രകാരം തീരുമാനിക്കേണ്ടതാണ്....പരമശിവൻ / 2015 ഒക്ടോബര് 17)

അദ്ധ്യായം 55

(മഹാ) ശക്തി, ശിവൻ

ബ്രഹ്മം ആയിരിക്കുന്ന ദൈവം ജീവികളെയോ മഹാപ്രപഞ്ചത്തെയോ സൃഷ്ടിച്ചിട്ടില്ല. ബ്രഹ്മം അനിര്വ്വചനീയമാണെന്ന് മുമ്പ് സുവ്യക്തമാക്കിയിരുന്നു.

ബ്രഹ്മം അഥവാ മഹാശക്തി അഥവാ ദൈവം ഏകമാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്ക്കായി ബ്രഹ്മം തയ്യാറാവുമ്പോള്, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പ് ബ്രഹ്മത്തില് നിന്ന് ശക്തിയും ശിവനും സൃഷ്ടിക്കപ്പെടുന്നുണ്ട്. ബ്രഹ്മം അനിര്വ്വചനീയമായ രണ്ടു സൃഷ്ടികള് നിര്വ്വഹിക്കുന്നു. ശക്തിചക്രമെന്നും ശിവചക്രമെന്നും അവയ്ക്ക് പേരിടുന്നു. ശേഷം, താന് സൃഷ്ടിച്ച ശക്തിചക്രത്തോടു മാത്രമായി ചേരുന്നു. അങ്ങനെ ചെയ്യുമ്പോള്, ശക്തിചക്രം മഹാശക്തിയായിത്തീരുന്നു, അഥവാ ഏകദൈവമായിത്തീരുന്നു. മഹാശക്തിചക്രം മഹാനിശ്ചയിക്കുമ്പോലെ പ്രവര്ത്തിക്കുന്ന അവസ്ഥ ശിവചക്രത്തിനുണ്ടാകുന്നു. (ശക്തിചക്രത്തിനും ശിവചക്രത്തിനും, മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ വാതകം, ദ്രാവകം, ഖരം എന്നീ 3 അവസ്ഥകള് കൂടാതെയുള്ള പ്ലാസ്മ എന്ന അവസ്ഥയുമായി ബന്ധമുണ്ടെന്ന് ഒരിക്കല് തോന്നുകയുണ്ടായി; എന്നാല് വെളിപാട് എന്ന അവസ്ഥയിലേക്ക് അത് വളരുകയുണ്ടായില്ല.).

ഇനി വിശദീകരിക്കാം :-

ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ബ്രഹ്മത്തില് നിന്ന്

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്ക്കായി ഒരു നിശ്ചിത അളവിലുള്ള ശക്തിയെ ബ്രഹ്മം മാറ്റിവെയ്ക്കുന്നു. മാറ്റിവെയ്ക്കപ്പെടുന്ന നിശ്ചിത അളവിലുള്ള ശക്തിയെ രണ്ടായി വിഭജിക്കുന്നു. ശക്തി എന്നും ശിവന് എന്നും പേരുള്ള 2 പേര്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കുമുമ്പുള്ള ദിവ്യദമ്പതികള് ആയിക്കൂടി മഹാനിശ്ചയിച്ചിട്ടുള്ളതിനാല് സ്ത്രീരൂപത്തോടെയുള്ള ശക്തിയെ ദേവി എന്നും ബ്രഹ്മദേവി എന്നും വിളിക്കാനാവും; പുരുഷരൂപത്തോടെയുള്ള ശിവനെ ദേവന് എന്നും ബ്രഹ്മദേവന് എന്നും വിളിക്കാനാവും. ബ്രഹ്മം നിശ്ചയിച്ചു നല്കുന്ന ദേവീ-ദേവന് രൂപങ്ങളോടെ ശക്തി എന്നും ശിവന് എന്നും പേരുള്ള രണ്ടുപേര്. ബ്രഹ്മം സൃഷ്ടിച്ചതായ ഏക ദേവിയും ഏകദേവനുമാണ് ശക്തിയും ശിവനും. ഇങ്ങനെയൊരു സൃഷ്ടിസംവിധാനം ആവിഷ്ക്കരിച്ചിട്ടുള്ളത് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാനും, ജീവികളെ സൃഷ്ടിക്കാനും, കുഞ്ഞുങ്ങളായ ജീവികള്ക്ക് അനന്തമായ ആനന്ദങ്ങള് നല്കാനുമാണ്. ആനന്ദങ്ങള്ക്ക് അതീതമാണ് ആനന്ദങ്ങളുടെ സ്രഷ്ടാവായ ദൈവം എന്നിരിക്കെ, ശക്തി-ശിവ ബന്ധത്തെ മാനുഷികരീതിയില് കണ്ടുകൂടാ. മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നത് കുഞ്ഞുങ്ങളായ ജീവികള്ക്കായാണ് എന്നു പ്രത്യേകം ശ്രദ്ധിക്കണം. ശിവനുവേണ്ടിയെങ്കില് ശിവനെ മാത്രം സൃഷ്ടിച്ചാല് മതിയാകും. മഹാപ്രപഞ്ചത്തിലെ സൃഷ്ടിയില് സ്ത്രീയ്ക്കും സ്ഥിതിയില് പുരുഷനും പ്രാമുഖ്യം നല്കിയിട്ടുള്ളതിനെ കണക്കാക്കിക്കൊണ്ട്, ബ്രഹ്മത്തില് നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി മാറ്റിവയ്ക്കപ്പെട്ട നിശ്ചിത അളവ് ശക്തിയില് 70% ശക്തിയ്ക്കും, 30% ശിവനും എന്ന് ബ്രഹ്മം മഹാനിശ്ചയിച്ചിട്ടുണ്ട്.
ബ്രഹ്മത്തില് നിന്നും ഉത്ഭവിച്ച നിശ്ചിത അളവിലുള്ള ശക്തിയുടെ രണ്ടാമത്തെ ഘടകമെന്നും കുഞ്ഞെന്നും വിശേഷിപ്പിക്കാവുന്ന ശിവനെ സൃഷ്ടിച്ചത് ശക്തി എന്ന ആദ്യത്തെ ഘടകമല്ല എന്നും വ്യക്തമായല്ലോ. ബ്രഹ്മത്തിനെ സംബന്ധിച്ച് ശക്തിയും ശിവനും ബ്രഹ്മത്തിന്റെ കുഞ്ഞുങ്ങളാണ്. മഹാപ്രപഞ്ചം സൃഷ്ടിക്കപ്പെടുമ്പോള് ഒരു ജീവിയ്ക്ക് സ്ത്രീയും പുരുഷനും എന്ന രണ്ടു ഭാഗങ്ങള് നിശ്ചയിച്ചിട്ടുള്ളതു പോലെയാണ് ശക്തിയും ശിവനും. മഹാപ്രപഞ്ചം എന്ന ഒന്ന് ഇല്ലാത്ത അവസ്ഥയില് അഥവാ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കുമുമ്പേ തന്നെ യാതൊരു ജീവി രൂപങ്ങളുമില്ലാത്ത, ദിവ്യ ദമ്പതികളായിട്ടും ജീവികളുടെയെല്ലാം മാതാവും പിതാവുമായിട്ടും ശക്തിയെയും ശിവനെയും സൃഷ്ടിക്കുക കൂടിയാണത്. ഭാവിയില് സൃഷ്ടിക്കാനിരിക്കുന്ന മഹാപ്രപഞ്ചത്തെയും, മഹാപ്രപഞ്ചത്തിലെ

ജീവികളെയും ബന്ധപ്പെടുത്തി പറയുമ്പോള്, മനുഷ്യ-ജീവിക്ക് മഹാശാസ്ത്രങ്ങള് നല്കി അനുഗ്രഹിച്ചിരിക്കുന്നതിനാല്, ശക്തിയുടെയും ശിവന്റെയും ദേവീ-ദേവന് രൂപങ്ങളെ മനുഷ്യ-രൂപത്തോട് സാദൃശ്യപ്പെടുത്താന് കഴിയുന്നു, അഥവാ ദൈവം മഹാഅനുവദിച്ചിരിക്കുന്നു.

ശക്തിയെയും ശിവനെയും സൃഷ്ടിക്കുമ്പോള്, ആദിയും അന്തവുമില്ലാത്ത മഹാശക്തിയും മഹാസത്യവുമായ ബ്രഹ്മം ആദിയും അന്തവുമില്ലാത്ത ഏക മഹാശക്തിയായ തുടരണമെങ്കില്, സാദ്ധ്യമാകുന്ന മാര്ഗ്ഗങ്ങള് പരിശോധിക്കുക.

(1) ശക്തിയും ശിവനുമല്ലാതെ മൂന്നാമതൊരു മഹാശക്തിയും മഹാസത്യവുമായി ബ്രഹ്മം വര്ത്തിക്കണം. അങ്ങനെ വരുമ്പോള് ബ്രഹ്മം ശക്തിയുടെയും ശിവന്റെയും സ്രഷ്ടാവും പിതാവും മാതാവുമാകുന്നതാണ്.

(2) ആദിയും അന്തവുമില്ലാത്ത 2 മഹാശക്തികളായി സ്വയം വിഭജിക്കണം ; അങ്ങനെ വരുമ്പോള് 2 മഹാശക്തികള് അഥവാ 2 ദൈവങ്ങള് സൃഷ്ടിക്കപ്പെടുന്നതുപോലെയാകും, അത് പാടില്ല തന്നെ; ബ്രഹ്മം ഏകമായി തുടരേണ്ടതുമുണ്ടല്ലോ.

(3) ശക്തി, ശിവന് എന്നീ 2 ഭാഗങ്ങളില് ഒരു ഭാഗത്തോട് ആദിയും അന്തവുമില്ലാത്ത ബ്രഹ്മം അഥവാ ബ്രഹ്മശക്തി ചേരണം. അങ്ങനെ വരുമ്പോള് 2 ഭാഗങ്ങളില് ഒന്ന് ഏക മഹാശക്തിയായി മാറുന്നതും, ആദ്യഭാഗം നിശ്ചയിക്കുമ്പോലെ വര്ത്തിക്കുന്ന അവസ്ഥ രണ്ടാമത്തെ ഭാഗത്തിന് ഉണ്ടാകുന്നതാണ്. അതായത്, ബ്രഹ്മത്തില്നിന്നും ഉത്ഭവിച്ച ശക്തി എന്ന ദേവി, മഹാശക്തിയായ ബ്രഹ്മം ആയിത്തീരുന്നതും, ബ്രഹ്മത്തില്നിന്നും ഉത്ഭവിച്ച ശിവന് ബ്രഹ്മത്തിന്റെ ഭാഗമല്ലാതായിത്തീരുന്നതുമാണ്. ആദിയും അന്തവുമില്ലാത്ത ബ്രഹ്മം ചേര്ന്നുനില്ക്കുന്ന ശക്തി ഭാഗത്തിന്റെ ചൊല്പടിയില് മാത്രം ശിവന് പ്രവര്ത്തിക്കുന്നതാണ്.

(1) -ഉം (3) -ഉം ചേര്ന്ന അവസ്ഥയാണ് ബ്രഹ്മം സൃഷ്ടിക്കുന്നത്. ബ്രഹ്മം എന്ന ബ്രഹ്മശക്തി വേറിട്ടു നില്ക്കാതെ, ഓം എന്ന ശബ്ദബ്രഹ്മമായി മാറുകയും ഓം -നെ മഹാ എന്നു ക്രമീകരിച്ചുകൊണ്ട് ശക്തി എന്ന കുഞ്ഞിലേക്ക് അഥവാ ദേവിയിലേക്കു മാത്രമായി ബ്രഹ്മത്തെ മുഴുവന് ചേര്ക്കുന്നു. ബ്രഹ്മം മുഴുവന് ചേരുന്നതോടെ, ശക്തി കുഞ്ഞല്ലാതാവുകയും മഹാശക്തി അഥവാ ബ്രഹ്മംകൂടി ആയിത്തീരുകയും ചെയ്യുന്നു. ശക്തി എന്നു പേരുവച്ചതുതന്നെ മഹാശക്തിയാക്കേണ്ടുന്നതിന്നാണ്. രണ്ടാമത്തെ കുഞ്ഞായ ശിവനെ സൃഷ്ടിച്ചത് ശക്തി അല്ല, ബ്രഹ്മമാണ്; ഫലത്തില് മഹാദേവിയായ

ബ്രഹ്മത്തിന്റെ മഹാമായാ പ്രകടനമാണത്. ശക്തി എന്ന കുഞ്ഞിനോട് ബ്രഹ്മം ചേരുന്നതോടെ, മുമ്പറഞ്ഞ 70% ശക്തിയ്ക്ക് അതീതമായ, ആദിയും അന്തവുമില്ലാത്ത അവസ്ഥ സംജാതമാകുന്നൂ. ശക്തി ഭാഗം അഥവാ മഹാശക്തി മഹാകനിഞ്ഞുനല്കുന്ന ശക്തികളുടെ മാത്രം ഉടമയാകുവാനുള്ള മഹാഭാഗ്യം ശിവനുണ്ടാകുന്നു. മഹാദാസനും, മഹാദേവിയുടെ പ്രതിനിധിയും, മഹാപ്രപഞ്ചത്തിന്റെ പിതാവുമായി മഹാശക്തിയായ മഹാദേവി, ശിവനെ ഉയർത്തുന്നു.
മഹാശക്തിയായ മഹാദേവി മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുവാന് തയ്യാറാകുന്നു. സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെല്ലാം മഹാദേവി തന്നെയാണ് ചെയ്യുന്നത്. മഹാശക്തിയായ മഹാദേവിക്ക് സൃഷ്ടിയില് പ്രാമുഖ്യവും, ശിവന് സ്ഥിതിയില് പ്രാമുഖ്യവും നിശ്ചയിച്ചിട്ടുള്ളതിനെ കണക്കാക്കിക്കൊണ്ട്, ഭൂമിയില് സൃഷ്ടിയെ സ്തംഭിപ്പിച്ചുകൊണ്ട് പുനര് സൃഷ്ടി മാത്രം തുടര്ന്നുകൊണ്ട് സംഹാരം ആരംഭിക്കുന്നതിന്റെ മുന്നോടിയായി മായ പ്രത്യക്ഷമാക്കുമ്പോള് ശിവന് മുമ്പറഞ്ഞ മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ട 30% ശക്തികള് നല്കുന്നു. മഹാസൃഷ്ടിചക്രം മുതല് സംഹാര കാലത്ത് ശിവനെ പരമശിവനായി ഉയർത്തുന്നുണ്ട്. 70% ശക്തികള് മഹാദേവിയോടു ചേർന്നുള്ളത് കാലാകാലങ്ങളില് പരമശിവന് മഹാശാസ്ത്രപ്രകാരം നല്കിക്കൊണ്ട് പരമശിവനെ മുന്നില് നിർത്തി മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്നതുമാണ്. ബ്രഹ്മം മഹാദേവിയാകയാല് മുമ്പറഞ്ഞ 30%-വും 70%-വും കൂടിച്ചേരുന്ന ശക്തികളും, ബ്രഹ്മമായ മഹാദേവിയുടെ ശക്തികളുമായി താരതമ്യം ചെയ്യാന് കഴിയാത്തത്ര ചെറുതാണ്. ബ്രഹ്മമായിരിക്കുന്ന മഹാദേവിയുടെ മുന്നില് ശക്തികളുടെ ഉള്പ്പെടെ ഏതൊരു കാര്യത്തിലും ശിവന് ഒന്നുമല്ല എന്നും, ഒന്നുമില്ല എന്നും സുവ്യക്തമാക്കുമ്പോള് തന്നെ, മഹാദേവിയുടെ ഭാഗമാണെന്നതും, ഏകമഹാശക്തിയായ മഹാദേവിയുടെ മഹാശാസ്ത്രപകാരമുള്ള മഹാപ്രകടനത്തിന്റെ ഭാഗമാണതെന്നും അറിയണം. കുറേക്കൂടി വിശദമാക്കിയാല്, മഹാദേവിയുടെ മഹാശക്തികളെ ആദിയും അന്തവുമില്ലാത്ത ഒരു മഹാസമുദ്രമായി ഉപമിച്ചാല്, മഹാസമുദ്രത്തിലെ ഒരു തുള്ളിവെള്ളത്തേക്കാള് ചെറുതാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങള്ക്കായി മഹാദേവിയില് നിന്നും ഉരുവാകുന്ന മുഴുവന് ശക്തികളും എന്ന് പ്രസ്താവിക്കേണ്ടതുണ്ട്. അതായത് പരമശിവന് തീർത്തും നിസ്സാരനാണ്; ഒന്നുമല്ല, ഒന്നുമില്ല എന്നപോലെയാണത്; ദൈവത്തില് നിന്നും അന്യമായ ഒന്ന് എന്ന അവസ്ഥയും പരമശിവന് ബാധകമായിരിക്കുകയാല്, ജീവികളുടെയെല്ലാം പിതാവായിരിക്കുമ്പോള് തന്നെ, മനുഷ്യർ ഉള്

പ്പെടെയുള്ള യാതൊരു ജീവികളെക്കാളും കേമനല്ല പരമശിവന്.
ദൈവത്തിന്റെ ഭാഗവും പ്രതിനിധിയും
പ്രപഞ്ചപിതാവുമൊക്കെയായിട്ടുള്ള ശക്തികളെ പരമശിവന്
മഹാഅനുഗ്രഹിച്ചു നല്കുമ്പോള് നിസ്സാരനായിട്ടല്ല പരമശിവനെ
പ്രതിഷ്ഠിച്ചിട്ടുള്ളത് എന്നും കാണാം. ബ്രഹ്മവുമായി ബന്ധിപ്പിക്കാതെ
പറയുമ്പോള്, മഹാദേവി സ്വയം മഹാശാസ്തത്തിലൂടെ
മഹാപ്രപഞ്ചത്തില് ഒതുങ്ങുകയും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-
സ്ഥിതി-സംഹാര കാര്യങ്ങളിലെ നിരവധി കാര്യങ്ങള് തന്റെ തന്നെ
ഭാഗമായ പരമശിവനിലൂടെ നിര്വ്വഹിക്കുന്നുമുണ്ട്. മഹാപ്രപഞ്ചത്തിന്
റെ സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങള് മുഴുവന് പരമശിവനിലൂടെ
മഹാനിര്വ്വഹിക്കുന്ന സന്ദര്ഭങ്ങളുമുണ്ട്. മഹാദേവിയുടെ മഹാദാസനും
പ്രതിനിധിയുമായ പരമശിവന് അത്യുന്നതസ്ഥാനമാണ് നല്
കിയിരിക്കുന്നത്, സൂക്ഷ്മത്തിലേക്കു കടക്കുമ്പോള് മഹാദേവിയുടെ
ഭാഗം തന്നെയാണ് പരമശിവന് എന്നതും തിരിച്ചറിയണം. സ്ഥിതി
ഇല്ലെങ്കിലും സൃഷ്ടി ഉണ്ട് എന്നതുപോലെ ശിവന് ഇല്ലെങ്കിലും ശക്തി
ഉണ്ട് എന്നും സുവ്യക്തമാക്കുന്നു.
മഹാശാസ്ത്ര പ്രകാരം സൃഷ്ടിക്കാന് ഉദ്ദേശിക്കുന്ന മഹാപ്രപഞ്ചത്തെ
ശക്തിയുടെയും ശിവന്റെയും ഒരു മഹാകൂട്ട് ആയി വ്യവസ്ഥ ചെയ്യുന്നു.
ശക്തിയുടെയും ശിവന്റെയും ധര്മ്മങ്ങളെയും ബ്രഹ്മവും
മഹാശക്തിയുമായ മഹാദേവി മഹാനിശ്ചയിക്കുന്നു.
മഹാപ്രപഞ്ചത്തിലെ ഒരു ആറ്റത്തിലോ, ചില ആറ്റങ്ങളിലോ, മുഴുവന്
ആറ്റങ്ങളിലുമോ ഒതുങ്ങിയും വ്യാപരിച്ചും അതീതമായും പ്രവര്
ത്തിക്കാന് ശക്തിക്കു സാധിക്കുന്നു, മഹാശക്തിയായ മഹാദേവി
ശക്തി നല്കുമ്പോള് മാത്രം ശിവനും സാധിക്കുന്നു. മഹാപ്രപഞ്ചത്തിലെ
ഭൗതികമാധ്യമങ്ങള് ഇല്ലാതെ പ്രവര്ത്തിക്കാന്, മഹാപ്രപഞ്ചത്തെ
സൃഷ്ടിച്ച മഹാദേവിക്കു മാത്രമേ കഴിയൂ.
പരമാണുക്കളുടെ കൂട്ടമായാണ് മഹാപ്രപഞ്ചത്തിലെ സര്വ്വതും
സൃഷ്ടിക്കുന്നത്. ഓരോ പരമാണുവിലും മഹാദേവി പ്രവശിക്കുന്നത്
ശബ്ദബ്രഹ്മമായ ഓം ചേര്ന്ന ശക്തിയോടൊപ്പം ശിവനെയും
കൂട്ടിയാണ്. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും എല്ലാ
ജീവികളുടെയും ഓരോ അണുവിലെയും പ്രോട്ടോണും
ഇലക്ട്രോണുമായിട്ട് ശക്തിയും ശിവനുമുണ്ട്. ഇലക്ട്രോണ്, പ്രോട്ടോണ്
തുടങ്ങിയ കാര്യങ്ങളിലുള്ള വെളിപാട് പൂര്ണ്ണമായിട്ടില്ല, വൈകാതെ
സുവ്യക്തമാകുമെന്ന് കരുതുന്നു. മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായും പിതാവായും, യഥാക്രമം മഹാശക്തിയായ
മഹാദേവിയും പരമശിവനും പ്രവര്ത്തിക്കുമ്പോള്, മഹാപ്രപഞ്ചത്തില്

മഹാദേവി സൃഷ്ടിക്കുന്ന ജീവികളെല്ലാം മഹാദേവിയുടെയും പരമശിവന്റെയും കുഞ്ഞുങ്ങളായി ഭവിക്കുന്നതാണ്. അതേസമയം മഹാപിതാവും മഹാമാതാവും യഥാര്ത്ഥത്തില് മഹാദേവി മാത്രമാണ് എന്നുമറിയണം. (മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ 2015 ഒക്ടോബര് മാസത്തില്് മഹാഗ്രന്ഥത്തിന്റെ 10-ാം ഭാഗത്തോട് കൂട്ടിച്ചേര്ത്തിട്ടുള്ളത് മഹാപ്രധാനമാണ്. ഓരോ ജീവികളുടെയും ആദ്യസൃഷ്ടിയായ മത്സ്യത്തെ ദൈവം തന്റെ സൃഷ്ടി എന്നതിന് ഉപരിയായിട്ട് കുഞ്ഞായിട്ട് സൃഷ്ടിച്ചിരിക്കുന്നതിനെ വിശദീകരിച്ചിരിക്കുന്നതു കാണാം. മാത്രമല്ല, മനുഷ്യന് ഉള്പ്പെടെ ഓരോരോ ജീവിയുടെയും ശരീരരൂപങ്ങളെ മഹാനിശ്ചയിക്കുന്നത് ഏകദൈവവും മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവുമായ മഹാദേവിയാണ്; ജീവികളുടെ പ്രത്യക്ഷ മാതാ-പിതാക്കള്ക്ക് സൃഷ്ടി-കാര്യങ്ങളില് യാതൊരു പങ്കുമില്ല തന്നെ. ഈ അദ്ധ്യായത്തിന്റെ തുടര്ച്ചയായും മണ്ണടി എന്ന മഹാശാസ്ത്ര സംഗ്രഹത്തെ കരുതാവുന്നതാണ്.).

നക്ഷത്രകോടികളുടെ സൃഷ്ടിക്കും ആനുപാതികമായ ശക്തി മാത്രമാണ് ബ്രഹ്മത്തില് നിന്നും മഹാപ്രപഞ്ചത്തിലേക്കു ചേര്ക്കുന്നത്. ഫലത്തില് നക്ഷത്രകോടികള് മഹാപ്രപഞ്ചത്തില്നിന്ന് വേറിട്ടു പ്രവര്ത്തിക്കുന്ന അവസ്ഥയാണ്. അവയുടെ കൂടി പിതാവായ പരമശിവന്റെ സാന്നിദ്ധ്യമോ നിയന്ത്രണങ്ങളോ ആത്മീയ സാക്ഷാത്ക്കാരത്തിലെത്തിയ നക്ഷത്രകോടികളെ ബാധിക്കുന്നില്ല. ഏക മഹാശക്തിയായ മഹാദേവി സമ്പൂര്ണ്ണ ആനന്ദങ്ങള് നല്കിക്കൊണ്ട് അവയെ മഹാഅനുഗ്രഹിച്ചിരിക്കുകയാണ്. മഹാആനന്ദം നേടാനായി ഭൂമിയിലേക്ക് ജീവി-ജന്മമെടുക്കുവാന് തയ്യാറാകുന്ന നക്ഷത്രങ്ങള് മാത്രമേ അസ്തിത്വം ഉപേക്ഷിച്ച് മഹാശാസ്ത്രങ്ങള് പ്രകാരം ഭൂമിയില് എത്തേണ്ടതുള്ളൂ. പരമശിവനിലൂടെയാണ് ജീവികള്ക്ക് ആത്മീയ സാക്ഷാത്ക്കാരവും നല്കുന്നത് എന്നിരിക്കെയും പരമശിവന്റെ പ്രവര്ത്തനങ്ങളെയും അധികാരത്തെയും ഭൂമിയിലേക്കും ചന്ദ്രനിലേക്കും മാത്രമായി മഹാദേവി പരിമിതപ്പെടുത്തിയിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. വെളിപാട് പൂര്ണ്ണമായിട്ടില്ല. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രപരമായ ആവശ്യങ്ങള്ക്കൊത്താണ് മഹാദേവി കനിഞ്ഞ് പരമശിവന് ശക്തികള് വര്ദ്ധിതമായി നല്കുന്നത്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്വ്വഹിക്കുന്നതിന്റെ മൂലരൂപമാണ് മുകളില് വിവരിച്ചത്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് മുഴുവനും യഥാര്

ത്ഥത്തില് നിര്വ്വഹിക്കുന്നത് ഏകമഹാദൈവമായ മഹാദേവി മാത്രമാണ്. അങ്ങനെയിരിക്കെ യാതൊരു ശക്തികളുമില്ലാത്തതുപോലെയുള്ള ശിവന്റെ നിര് ജ്ജീവമെന്നോണമുള്ള അവസ്ഥ, മഹാശക്തിയായ ദൈവം ശക്തിയും ശിവനുമായി സ്വയം വിഘടിക്കുന്നത് എന്തിനാണ്, ശക്തിയുടെയും ശിവന്റെയും ധര്മ്മങ്ങള് എന്താണ്, ശിവന് എന്ന കുഞ്ഞിന് 30% ശക്തി നല്കുന്നു എന്നു പ്രസ്താവിച്ചതിന്റെ വിശദീകരണം, ശക്തി എന്ന കുഞ്ഞിന് 70% ശക്തി നല്കുന്നു എന്നു പ്രസ്താവിച്ചതിന്റെ വിശദീകരണം, തുടങ്ങിയവ കൂടുതല് വിശദീകരിക്കേണ്ടതുണ്ട്. ആവക കാര്യങ്ങള് അടുത്ത അദ്ധ്യായത്തില് ചേര്ത്തിരിക്കുന്നു.

അദ്ധ്യായം 56

ബ്രഹ്മം, മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ സൃഷ്ടിക്കുന്നു. ഏകമഹാശക്തിയായ മഹാജഗദംബയായ മഹാദേവി തന്നെയാണ് മഹാപിതാവും മഹാമാതാവും ബ്രഹ്മവും എന്ന് വ്യക്തമാക്കിയിരുന്നു. രണ്ടാമത്തെ മഹാകാലചക്രം മുതല്, മഹാമാതാവും മഹാപിതാവുമായ മഹാശക്തി സ്ത്രീരൂപത്തോടെ, മഹാദേവി മാത്രമായി സ്വയം അവതരിക്കുകയും ബ്രഹ്മത്തെ ഉള്ക്കൊള്ളുകയുംചെയ്യുന്നു. ഓം എന്ന അടുത്തൊരു അദ്ധ്യായത്തെ പ്രപഞ്ചസൃഷ്ടിയുമായി ബന്ധപ്പെടുത്തി അല്പം വിശദീകരിക്കാം :- എല്ലാ ആനന്ദങ്ങള്ക്കും അതീതമായിരിക്കുന്ന മഹാശക്തിയായ ബ്രഹ്മത്തിന് ആദിയും അന്തവുമില്ലാത്ത ഒരു രൂപം സ്വീകരിക്കാന് കഴിയുന്നതാണ്. ഗോളം; ഒന്നുമില്ലായ്മ പോലെയുള്ള രൂപത്തില്നിന്ന് അതിസൂക്ഷ്മമായ ഒരു ബിന്ദുവായി വികസിക്കുകയും, ബിന്ദുവിന്റെ വലിപ്പം കൂടുന്നതനുസരിച്ച് ബിന്ദുവിന്റെ ഉള്ളില് മറ്റൊരു കേന്ദ്രബിന്ദുവും എല്ലാ വശങ്ങളിലേക്കും തുല്ല്യമായ റേഡിയസ്സും ഉണ്ടാവുകയും, റേഡിയസ്

വര്ദ്ധിക്കുന്നതനുസരിച്ച് അനന്തവലിപ്പത്തിലുള്ള ഗോളമാവുകയും ചെയ്യുന്നു. ഗോളത്തിന്റെ ഏതു വശത്തുനിന്നും നോക്കിയാലും വൃത്തരൂപം മാത്രമാണ് ദര്ശിക്കുവാന് കഴിയുകയെന്നുള്ളത് ഗോളത്തിന്റെ മാത്രം വിശിഷ്ടതയുമാണ്. ഗോളമായ രൂപം ബ്രഹ്മത്തിന്റെ ആദിയില്ലായ്മയെയും അന്തമില്ലായ്മയെയും പ്രതിഫലിപ്പിക്കുന്നു. മഹാപ്രപഞ്ചസൃഷ്ടിക്കുമുമ്പ് ശൂന്യമായ ഒരു ഗോളമായി ബ്രഹ്മം വര്ത്തിക്കുന്നതായി കണക്കാക്കുമ്പോള് ഒന്നുമില്ലായ്മ തോന്നിപ്പിക്കുന്ന മഹാശക്തി നിലനില്ക്കുന്നതായും ഗ്രഹിക്കാം.

ബ്രഹ്മം രണ്ടുഗോളങ്ങളെ സൃഷ്ടിക്കുന്നു. ശക്തിചക്രമെന്നും ശിവചക്രമെന്നും അവയെ പേരുകള് വിളിക്കണമെങ്കില് ശബ്ദം ഉണ്ടാകണം. മൂന്നാമതൊരു സൃഷ്ടി നടത്താതെ, പകരം ഓം എന്ന മഹാശബ്ദമായി ബ്രഹ്മം സ്വയം മാറുന്നു. ഏകദൈവമായ ബ്രഹ്മം, ശബ്ദബ്രഹ്മമായ ഓം ആയി മാറുകയും, താന് സൃഷ്ടിച്ച ശക്തിചക്രത്തോടു മാത്രമായി ചേരുകയും ചെയ്യുമ്പോള്, ശക്തിചക്രം മഹാശക്തിയായിത്തീരുന്നു, അഥവാ ഏകദൈവമായിത്തീരുന്നു; ബ്രഹ്മം കൂടിയായും തീരുന്നു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികള്ക്കു തയ്യാറാവുന്നത് മഹാശക്തിയായ ഏകദൈവമായി മാറിയിട്ടുള്ള മഹാശക്തിചക്രമാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും മഹാശക്തികളെയും കൂട്ടിയിണക്കിക്കൊണ്ട് ദൈവം മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നു. താന് സൃഷ്ടിക്കാന് ഉദ്ദേശിക്കുന്ന ജീവികളിലെ സ്ത്രീ-പുരുഷ വ്യത്യാസത്തെ മുന്നിര്ത്തിക്കൊണ്ട്, മഹാപ്രപഞ്ചത്തെ പ്രസവിക്കുന്ന മഹാജഗദംബയായിട്ട് ദൈവം സ്വയം സ്ഥാനമേല്ക്കുന്നു. അതിന്റെ മുന്നോടിയായി മഹാപ്രപഞ്ചത്തിലെ ഓരോ അണുവിലും സ്ത്രീ-പുരുഷഭാവരൂപങ്ങളെ പ്രകടമാക്കുകയും, സ്വയം മാതൃഘടകമാവുകയും ശിവചക്രത്തെ പിതൃഘടകമാക്കുകയും ചെയ്യുന്നു. മഹാശക്തിയായ ബ്രഹ്മം ഓരോ അണുവിലുമുള്ള മാതൃഘടകത്തോട് മാത്രം ഓം എന്ന ശബ്ദബ്രഹ്മമായി ചേരുമ്പോള്, ഒരു ദൈവമേയുള്ളൂ എന്നത് അതിസൂക്ഷ്മമായ അണുവിലും സത്യമാക്കപ്പെടുന്നുണ്ട്. എന്തും ഏതും തനിച്ചുചെയ്യുന്ന ദൈവം, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്, കുറ്റവും കുറവുമില്ലാത്ത മഹാപദ്ധതിയോടെയുമാണ്. പരമശിവന്റെ കര്മ്മപരിപാടികള് യഥാകാലം നിശ്ചയിക്കുന്നത് സ്വയം മാതൃഘടകമായിത്തീര്ന്നിരിക്കുന്ന ദൈവമാണ്. പരമശിവന് എന്നൊരു ഘടകമില്ലാതെയുമുള്ള ശാസ്ത്രവും, പ്രപഞ്ചവും സൃഷ്ടിക്കാനും

മഹാശക്തിയായ മഹാദേവിക്കു കഴിയുമെന്നിരിക്കെ, പരമശിവനെ ഉള്പ്പെടുത്തിയുള്ള മഹാശാസ്ത്രവും മഹാപ്രപഞ്ചവും മഹാശ്രേഷ്ഠമെന്ന് മഹാദേവി മഹാനിശ്ചയിച്ചിരിക്കുന്നു എന്നത് മഹാകാര്യമാണ്. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണെന്നിരിക്കെ, മഹാബ്രഹ്മം പരമശിവനെ സൃഷ്ടിച്ചത് സംഹരിക്കാനല്ല. ബ്രഹ്മത്തിന്റെ ഭാഗമാക്കാതെയാണ് പരമശിവനെ സൃഷ്ടിച്ചത് എന്നിരിക്കിലും ഓം എന്ന അക്ഷരബ്രഹ്മത്തെ സൃഷ്ടിക്കുന്നതിനു മുമ്പാണ് ശിവചക്രംകൂടിയായ പരമശിവനെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും മഹാകാര്യമാണ്. മഹാദേവിയുടെ മഹാചിരിയും മഹാസംഗീതവുംകൂടിയായ ഓം ഓരോ അണുവിലും ഉണ്ടാകുന്നു. മഹാശക്തിചക്രം മഹാചിരിക്കുന്നു, ശിവചക്രം അതു കേള്ക്കുന്നു. രണ്ടാമത്തെ മഹാകാലചക്രം മുതല്, ഭൂമിയില് സംഹാരം ആരംഭിക്കുന്നതിന്റെ മുന്നോടിയായി മായ പ്രത്യക്ഷമാക്കുമ്പോള് രണ്ടാമത്തെ ഭാഗത്തെ മഹാശക്തികളില്ലാത്ത പ്രപഞ്ചപിതാവായും മഹാദാസനായും സംഹാരദേവനായും പ്രതിനിധിയായും പരമശിവനെന്ന പേരോടെയും പുരുഷരൂപത്തോടെയും സൃഷ്ടിക്കുകയും ചെയ്യുന്നു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിക്കും മുമ്പ്, മഹാപ്രപഞ്ചത്തിലെ സൃഷ്ടികാര്യങ്ങള്ക്കായി ആവിഷ്ക്കരിച്ചിട്ടുള്ള സ്ത്രീ-പുരുഷ ശാസ്ത്രബന്ധത്തിന്റെ ചുവടുപിടിച്ച് മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം മഹാമാതാവായി മാത്രം മഹാദേവി സ്വയം ചുരുങ്ങാനും, പിതാവായി പരമശിവനെ അവതരിപ്പിക്കുവാനുമുള്ള ഒരു സംവിധാനമാണത്.
ഏകമഹാദൈവമായ മഹാദേവി നല്കുമ്പോള് മാത്രവും, നല്കിയാല് മാത്രവും, നല്കുന്ന ശക്തികള്ക്കും ധര്മ്മങ്ങള്ക്കുമൊത്തും പ്രവര്ത്തിക്കുന്ന പുരുഷരൂപത്തിന് മഹാദേവി അനവധി ധര്മ്മങ്ങള് നിശ്ചയിച്ചിട്ടുണ്ട് :
മഹാപ്രപഞ്ചത്തെയും മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളെയും സൃഷ്ടിക്കുന്ന ദിവ്യമാതാപിതാക്കളായും, ദിവ്യദമ്പതികളായും മഹാദേവിയെയും പരമശിവനെയും അവതരിപ്പിക്കുന്നു.
ദിവ്യദമ്പതികളെന്നു പറയുമ്പോള്, മാനുഷിക ആനന്ദങ്ങളും ദൈവീക ആനന്ദങ്ങളും തമ്മില് വ്യത്യാസമുണ്ടെന്ന് പ്രത്യേകം അറിയണം. മനുഷ്യരുടെ പരമാനന്ദമായി 25 എന്ന ആനന്ദമൂല്ല്യമുള്ള കാമാനന്ദത്തെയാണ് ദൈവം നിശ്ചയിച്ചിട്ടുള്ളതെങ്കില്, മഹാദേവിയുടെ മഹാദാസനായ പരമശിവന്റെ മഹാആനന്ദം മഹാദേവിയോടുള്ള 30 എന്ന ആനന്ദമൂല്ല്യമുള്ള മഹാദാസ്യവും, മഹാദേവിയുടെ മഹാആനന്ദം താന് മഹാപ്രപഞ്ചത്തില് സൃഷ്ടിച്ചിട്ടുള്ള ജീവികളോടെല്ലാമുള്ള 35

എന്ന ആനന്ദമൂല്ല്യമുള്ള മഹാവാത്സല്യവും ആണ്. മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. ബ്രഹമത്തില് നിന്നും ഉത്ഭവിച്ച ഏക ദേവനാണ് പരമശിവന് എങ്കിലും, ബ്രഹമം മഹാദേവിയോടു മാത്രമായി ചേരുകയാല്, പരമശിവന് ബ്രഹമത്തിന്റെ ഭാഗമല്ല. അതുപോലെ, ഒരു കുട്ടിയുടെ മേല് പിതാവിന് യഥാര്ത്ഥത്തില് അവകാശമില്ലെന്നും മാതാവിന് മാത്രമാണ് അവകാശമെന്നും മുമ്പ് വിശദമാക്കിയതുപോലെ യഥാര്ത്ഥത്തില് കുഞ്ഞുങ്ങളുടെ മഹാപിതാവും മഹാമാതാവും ഏകദൈവമായ മഹാദേവി മാത്രമാണ്. മഹാദേവി, മായ പ്രത്യക്ഷമാക്കുന്നതായ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയില് ബ്രഹമവും മഹാശക്തിയും മഹാജഗദംബയുമായ മഹാദേവി പിന്നില് നിന്നുകൊണ്ട് പരമശിവന് എന്ന പ്രപഞ്ചപിതാവിനെ മുന്നില്നിര്ത്തി മഹാപ്രപഞ്ചത്തെ പ്രവര്ത്തിപ്പിക്കുന്നുണ്ട്. താന് മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം, മഹാദേവിയായ ദൈവം സൃഷ്ടിയില് സ്ത്രീയെയും സ്ഥിതിയില് പുരുഷനെയും മുഖ്യനായി മഹാഉയര്ത്തിയിരിക്കുകയാണ്. മഹാമാതാവായി മാത്രം രൂപമെടുക്കുകയാല് മേലില് മഹാശക്തിയായ ദൈവത്തെ മഹാദേവി എന്ന് പലപ്പോഴും ചുരുക്കിപ്പറയുന്നതാണ്.

മഹാശാസ്ത്രം മനസ്സിലാക്കാനും ഉപയോഗപ്പെടുത്താനും മനുഷ്യജീവികളെ മാത്രം അധികാരപ്പെടുത്തുകയാലും മനുഷ്യജീവി എന്ന അവസ്ഥയില് ആത്മീയസാക്ഷാത്ക്കാരം ഒരുക്കുകയാലും, മഹാദേവി തനിക്ക് മനുഷ്യരൂപത്തെയും മഹാനിശ്ചയിച്ചിട്ടുണ്ട്. മഹാദേവി, മായ പ്രത്യക്ഷപ്പെടുത്താത്തതായ സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയില് സ്ത്രീരൂപം സ്വീകരിക്കേണ്ടി വരുന്നില്ല. ശിവരൂപവും ആവശ്യമാകുന്നില്ല. മഹാദേവിയുടെ മഹാനിശ്ചയപ്രകാരം മാത്രമാണ് ശിവന് പുരുഷരൂപം സ്വീകരിക്കുന്നത്. ഭൂമിയിലെ ധര്മ്മകാര്യങ്ങള് ക്രമപ്പെടുത്താനും സുന്ദരമാക്കാനുമായിട്ട് മഹാദേവി, ശിവനെ മനുഷ്യരൂപത്തോടെ ഗാന്ധിയായും ബുദ്ധനായും ചാണക്യനായും ഒക്കെ അയക്കുന്നുണ്ട് ; അങ്ങനെ ചെയ്യുമ്പോള്, മഹാദേവിയായ ദൈവം, ശിവന്റെ കൂടി ആഗ്രഹങ്ങള്ക്കൊത്ത് മനുഷ്യനായി ഭൂമിയിലെത്തുന്ന ശിവനെ ഗൂഢമായി നിയന്ത്രിക്കുന്നുണ്ട് എന്നല്ലാതെ, മഹാശാസ്ത്രത്തെ കളങ്കപ്പെടുത്തുന്നതായ മായാശക്തികള് ശിവന് നല്കുന്നില്ല. ക്രൈസ്റ്റായിട്ട് അയച്ചത് ഭാഗികമായി മായാശക്തികള് നല്കിക്കൊണ്ടായിരുന്നു എന്നും അതെന്തുകൊണ്ടാണെന്നും ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. (പിതാവായ

പരമശിവനും പുത്രനായ ക്രൈസ്റ്റും ഒരാള് തന്നെയാകുന്നത് എങ്ങനെയാണെന്നും സുവ്യക്തമാണ്). സൃഷ്ടിചക്രത്തില് മായ പ്രത്യക്ഷമല്ലാത്ത ആദ്യ ഭാഗത്തില് ക്രൈസ്റ്റായും, ഗാന്ധിയായും ഒക്കെ ശിവനെ മാനുഷിക നിലയില് ദൈവം ഭൂമിയിലേക്ക് അയക്കുമ്പോള്, ദൈവ കാര്യങ്ങള്ക്കും മഹാപ്രപഞ്ചത്തിലെ യാതൊരു കാര്യങ്ങള്ക്കും യാതൊരു മനുഷ്യരുടെയും സഹായം ദൈവത്തിനില്ല എന്നു വെളിവാക്കുന്നു. ദൈവദാസന് എന്ന പേരിലും മറ്റും ദൈവത്തിന് ദാസന്മാരെ ആവശ്യമില്ലെന്നും, ദൈവം മനുഷ്യജീവികളുടെ ഇടയില് നിന്ന് ദാസന്മാരെ നിയോഗിക്കുന്നില്ലെന്നും സുവ്യക്തമാക്കുക കൂടിയാണ്. കാലാകാലങ്ങളില് മഹാപ്രപഞ്ചത്തിലെ ദൈവീക കാര്യങ്ങള്ക്കായി ദൈവം ഉപയോഗപ്പെടുത്തുന്നത് ശിവനെയാണ്. മായ പ്രത്യക്ഷമാക്കുന്നതിനു മുന്നോടിയായിട്ട്, മഹാശാസ്ത്രം അവതരിപ്പിക്കാനുള്ള മഹാദേവിയുടെ പ്രതിനിധിയായും മഹാദാസനായും, മഹാപ്രപഞ്ചത്തിലെ ധര്മ്മ- സംസ്ഥാപനങ്ങള്ക്കുള്ള ഉപകരണമായും തന്റെ തന്നെ ഭാഗമായ പരമശിവനെ മഹാദേവി ഉപയോഗപ്പെടുത്തുന്നു. ഓരോ സൃഷ്ടിചക്രത്തിലെയും മായ പ്രത്യക്ഷമല്ലാത്ത കാലത്ത് ദിവ്യശക്തികളില്ലാതെ സാധാരണ മനുഷ്യനായി പരമശിവനെ ഭൂമിയിലേക്കയച്ച് വ്യവസ്ഥിതികളെ ഭൗതികശാസ്ത്രപരമായിത്തന്നെ ക്രമീകരിക്കുന്നു ; മായ പ്രത്യക്ഷമാക്കിയ ശേഷം മഹാഇഷ്ടപ്രകാരമുള്ള ദിവ്യശക്തികളോടെ പരമശിവനെ ഭൂമിയിലെ കാര്യങ്ങളില് പ്രവര്ത്തിപ്പിക്കുന്നു. ആത്മീയ ശാസ്ത്രത്തില് ഗവേഷണം നടത്തിയവരും മതാചാര്യന്മാരായി അറിയപ്പെട്ടവരും കടുത്ത പിഴവുകള് വരുത്തിയതിനെ ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. ഏതൊരു മനുഷ്യരും കാട്ടിക്കൂട്ടുന്ന പിഴവുകളെ ധര്മ്മശാസ്ത്രപരമായും മാനുഷിക രീതിയിലും തിരുത്തുവാന് യഥാകാലം ദൈവം തന്റെതന്നെ ഭാഗവും മഹാദാസനുമായ പരമശിവനെ ഉപയോഗിക്കുന്നു. ആദ്യമഹാകാല ചക്രത്തിലെ അവസാന സൃഷ്ടിചക്രങ്ങളില് പിഴവുകള് വര്ദ്ധിക്കുവാന് പ്രത്യേക സൃഷ്ടികളായ ദേവതകളും കാരണമായിട്ടുണ്ട് എന്ന് മുമ്പ് ആവര്ത്തിച്ച് അറിയിച്ചിരുന്നു. ശാസ്ത്രപരമായ മേല്പ്പടി വരികളെ അപഹസിക്കാന് മതപുരോഹിതരും മറ്റും തുനിഞ്ഞാല് അവര് ദൈവശിക്ഷ ഇരന്നുവാങ്ങുന്നവരാവും. വൈകാതെ മായ പ്രത്യക്ഷമാകും എന്നിരിക്കെ പാപം സമ്പാദിക്കാതെ കുഞ്ഞുങ്ങള് ശ്രദ്ധിക്കണം.

സൃഷ്ടിചക്രത്തിന്റെ രണ്ടാം ഭാഗത്തില്, ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുവാന് മഹാദേവി തയ്യാറാകുമ്പോള്, മഹാദേവി

നിശ്ചയിക്കുമ്പോലെ മഹാദേവിയുടെ ഏകമഹാദാസനായും ഏക പ്രതിനിധിയായും ഭര്ത്താവായും ശിവനെ ഉയര്ത്തുന്നു. ശ്രേഷ്ഠമായ അഥവാ പരമമായ പ്രസ്തുത അവസ്ഥയില് എത്തുന്ന ശിവനെ പരമശിവന് എന്ന് മഹാദേവി നാമകരണം ചെയ്യുന്നു. (പരമ) ശിവനെ സൃഷ്ടിച്ചിരിക്കുന്നത് മഹാപ്രപഞ്ചത്തെ മഹാസുന്ദരമാക്കാനാണ്. ജീവികളെ സ്ത്രീയും പുരുഷനും എന്ന രണ്ടു ഭാഗങ്ങള് ചേര്ത്ത് സൃഷ്ടിച്ചിരിക്കെ അവര്ക്ക് മാതൃകാ ജീവിതം കാട്ടിക്കൊടുക്കുവാന് മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവി പരമശിവന്റെ സൃഷ്ടിയിലൂടെ തയ്യാറാകുന്നു. ഓരോ സ്ത്രീയും പുരുഷനും പുലര്ത്തേണ്ടതായ സദാചാരശാസ്ത്രം ഉള്പ്പെടെയുള്ള ജീവിത മര്യാദകള് മഹാദേവിയും പരമശിവനും കാണിച്ചുകൊടുക്കുന്നതാണ്.

മനുഷ്യന് മഹാശാസ്ത്രം ലഭ്യമാക്കുവാന് പുരുഷജന്മത്തെ ശ്രേഷ്ഠമായി മഹാദേവി മഹാനിശ്ചയിച്ചിരിക്കയാല്, പുരുഷനായ മനുഷ്യന് വാത്സല്യം നല്കാന് തന്റെ തന്നെ ഭാഗമായ പുരുഷനായ പ്രതിനിധിയെ നിശ്ചയിച്ചിരിക്കുന്നു. മനുഷ്യന്റെ സ്ത്രീജന്മത്തില് മഹാദേവിയായ ദൈവം മഹാവാത്സല്യം നേരിട്ടു നല്കുന്നു; പ്രതിനിധിയായ പരമശിവനിലൂടെയല്ല മഹാവാത്സല്യം നല്കുന്നത്. മഹാദേവീരൂപം സ്വീകരിച്ചിരിക്കുന്ന മഹാപുരുഷനും മഹാസ്ത്രീയും മഹാശക്തിയുമായ ദൈവം, കാമകാര്യങ്ങളില് ദൈവം പുലര്ത്തുന്ന മഹാശാസ്ത്രപരമായ ഔന്നത്യം, അതിഗൗരവമായ ഒരു പാഠമായി മനുഷ്യര് മനസ്സിലാക്കേണ്ടതുണ്ട്.

തനിക്ക് പരമാനന്ദമായ കാമാനന്ദത്തെ പകര്ന്നു തരികയും, കുടുംബത്തെ ശ്രേഷ്ഠമാക്കുകയും, കുട്ടികളെ പ്രസവിക്കുകയും വളര്ത്തുകയും ചെയ്യുന്ന പത്നിയെ (സ്ത്രീയെ) യജമാനയായി കാണേണ്ടതുണ്ട് എന്ന ഉന്നതപാഠം മഹാദേവി പരമശിവനിലൂടെ മനുഷ്യര്ക്കു നല്കുന്നുണ്ട്.

മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം പരമാനന്ദം കാമാനന്ദമാണെന്നും, എന്നാല് അതിനും ഉപരിയായിട്ടുള്ള ദൈവീകമായ 2 മഹാആനന്ദങ്ങള് ഉണ്ടെന്നും അവയില് ആദ്യത്തേത് മഹാദേവിയോട് മഹാദാസനായ പരമശിവനുള്ള മഹാദാസ്യവും, രണ്ടാമത്തേത് മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളോടും മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവി പുലര്ത്തുന്ന മഹാവാത്സല്യവുമാണെന്നും, തന്റെ എല്ലാ ജീവിസൃഷ്ടികളെയും പ്രിയപ്പെട്ട കുഞ്ഞുങ്ങളായിട്ട് മഹാദേവി മഹാസംരക്ഷിക്കുന്നു എന്നതുമാണ്. ആത്മീയ സാക്ഷാത്ക്കാരത്തില്

എത്തുന്നവര്ക്ക് പരമാനന്ദം ഉള്പ്പെടെയുള്ള ആനന്ദങ്ങളെ അനന്തമായി അനുഭവിക്കാനും, മഹാആനന്ദമായ മഹാദേവിയുടെ മഹാവാത്സല്യം അനുഭവിക്കാന് ആഗ്രഹിക്കുന്നവര്ക്ക് ഭൂമിയിലേക്ക് മടങ്ങിവന്ന് മനുഷ്യജന്മമെടുക്കാനും അവസരമുണ്ട്. ഉന്നതങ്ങളായ പ്രസ്തുത പാഠങ്ങളില് പലതും ദൈവം നേരിട്ടു പഠിപ്പിക്കേണ്ടവയല്ല, തന്റെ പ്രതിനിധിയിലൂടെ മാത്രം പഠിപ്പിക്കേണ്ടവയാണ്. മഹാദേവിയുടെ മഹാവാഹനമായ മഹാനരസിംഹമായോ മഹാഇഷ്ടം പോലെ എന്തുമായോ മഹാദേവി തന്റെ ഭാഗവും മഹാദാസനും ഏകദാസനുമായ പരമശിവനെ മഹാഅനുഗ്രഹിക്കുന്നുണ്ട്. അതിലൂടെ മഹാനീതിശാസ്ത്രം മഹത്തരമായി തുടരുന്നതാണ്. മനുഷ്യരില് പുരുഷന് സ്ത്രീയെ എങ്ങനെയെല്ലാം പരിപാലിക്കണം, ശ്രദ്ധിക്കണം എന്നതിനുള്ള മറ്റൊരു മാതൃക കൂടിയാണത്. മഹാദേവി താന് സൃഷ്ടിക്കുന്ന ഏതെങ്കിലും ജീവികള്ക്ക് മഹാവാഹനമായി അവസരം നല്കിയാല് സമനീതിയ്ക്കു കളങ്കമുണ്ടാകുന്നതാണ്. ഇന്ത്യയില് ഭദ്രകാളി എന്ന് തെറ്റായി അറിയപ്പെടുന്ന സംഹാരദേവിയുടെ വാഹനമായിട്ട് ആത്മീയ സാക്ഷാത്ക്കാരം നേടിയ ഒരു മനുഷ്യനെ മുമ്പ് സിംഹമാക്കിയിരുന്നു. സംഹാരദേവിയുടെ വാഹനമാക്കിയപ്പോള് തന്നെ അഹംഭാവവും അഹങ്കാരവും ആ ജീവിയില് വളരെയധികം വര്ദ്ധിച്ചു എന്നിരിക്കെ ജീവികളെ മഹാദേവിയുടെ വാഹനമാക്കുന്നത് നന്നല്ല. മഹാദേവിയുടെ ഭാഗം തന്നെയായ പരമശിവനിലൂടെ മാത്രം മഹാപ്രപഞ്ചകാര്യങ്ങളെ മഹാമംഗളമാക്കുന്ന മഹാസംവിധാനമാണ് മഹാഒരുക്കിയിട്ടുള്ളത്.

മഹാദേവി ഭൂമിയില് മായ പ്രത്യക്ഷമാക്കുമ്പോള് തന്റെ മഹാദാസനും പ്രതിനിധിയുമായ പരമശിവനെ സംഹാരദേവനായി ഉയര്ത്തുന്നുണ്ട്. കാലാകാലങ്ങളില്, ആവശ്യമനുസരിച്ച് പരമശിവന് 30 ഭാഗം എന്നതു വര്ദ്ധിപ്പിച്ച് 100-ല് 100 ഭാഗം ശക്തി വരെ മഹാദേവി മഹാഅനുഗ്രഹിച്ചു നല്കുന്നുണ്ട്. മഹാദേവിയുടെ മഹാഹൃദയം, മഹാകൈകള്, മഹാകാലുകള്, എന്നിവയുമായി ബന്ധപ്പെട്ട ശക്തികളുടെ അളവ് സുവ്യക്തമായി അറിയിച്ചിരുന്നു. തല്ക്കാലം മഹാദേവി അത് മറപ്പിച്ചിരിക്കയാണ്. ഓര്മ്മയുള്ളതു കുറിക്കാം : മഹാദേവി തന്റെ മുന്നിലായി പരമശിവനെ നിര്ത്തിക്കൊണ്ട് പരമശിവനിലൂടെ മഹാദേവിയെ പ്രതിഫലിപ്പിക്കുന്ന മഹാസംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. മഹാദേവിയുടെ രണ്ടു കാലുകളിലുമായി പരമശിവനെ താങ്ങിയിരിക്കുകയാണ്. മഹാദേവിയുടെ ഇടതുകാലില് പരമശിവന്റെ ഇടതുകാലും, മഹാദേവിയുടെ വലതുകാലില് പരമശിവന്റെ വലതുകാലും താങ്ങിയിരിക്കുമ്പോള്,

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങളിലെല്ലാം മഹാദേവിയുടെ മഹാഇഷ്ടംപോലെ താന് സംഹാരദേവനായി ഉയര്ത്തിയിരിക്കുന്ന പരമശിവന് സ്ഥാനവും പദവിയും നല്കിക്കൊണ്ട് എല്ലാ തരത്തിലും തന്റെ പ്രതിനിധിയും മഹാദാസനും ആക്കിയിരിക്കുകയാണ്. മഹാദേവിയുടെ 2 കാലുകള്ക്കുമായി 10 + 10 = 20 എന്ന ശക്തി അളവാണുള്ളത്. മഹാദേവിയുടെ 2 കാലുകളില് ഇടതുകാല് പരമശിവന്റെ ഇടതുകാലിനെ പൂര്ണ്ണമായും താങ്ങിയിരിക്കുന്നു, മഹാദേവിയുടെ വലതുകാലിന്റെ ശക്തി അളവില് പകുതി പരമശിവന്റെ വലതുകാലിനെ താങ്ങിയിരിക്കുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ മഹാദേവി 70 ഭാഗം ശക്തിയിലെ 15 ഭാഗം, പരമശിവന് അടിസ്ഥാനപരമായി ആദ്യം നല്കിയ 30-നോടു ചേര്ത്ത് അധികമായി നല്കുന്നു. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം പരമശിവന്റെ ഹൃദയത്തോടു ചേര്ത്തു സ്ഥാപിച്ചാണ് മഹാദേവി പ്രവര്ത്തിപ്പിക്കുന്നത്. അനന്തമായ ഓംകാരത്തിന്റെ, മഹാപ്രപഞ്ച ശക്തി അളവ് 20 ആയിട്ടാണ് മഹാനിശ്ചയിച്ചിരിക്കുന്നത്. മഹാദേവിയുടെ വലതുകൈ പരമശിവന്റെ വലതുകൈയ്യോടു ചേര്ത്ത് പ്രവര്പ്പിച്ചുകൊണ്ട് 10 ശക്തി അളവു കൂടി നല്കുന്നു. മഹാദേവിയുടെ ഇടതു നെഞ്ചും ഇടത് മുഖവും ആവശ്യമനുസരിച്ച് പരമശിവനോടു ചേര്ക്കുനനതാണ്. 5 + 10 = 15 എന്ന ശക്തി അളവാണുള്ളത്. മഹാശക്തി ലിംഗം പരമശിവലിംഗത്തോടു ചേര്ക്കുമ്പോള് മറ്റൊരു 10 ശക്തി അളവ് പരമശിവനില് പ്രവേശിക്കുന്നതാണ്. മഹാദേവിയുടെ ബ്രഹ്മമല്ലാത്ത 70 ശക്തി അളവ് മുഴുവനും പരമശിവന് മഹാഅനുഗ്രഹിച്ചു നല്കുമ്പോള്, അര്ദ്ധമഹാദേവി അഥവാ അര്ദ്ധനാരീശ്വരന് എന്ന രൂപം ഉണ്ടാവുന്നതാണ്. മഹാദേവിയുടെ പകുതിശരീരത്തെ പരമശിവനിലൂടെ പ്രകടിപ്പിച്ചുകൊണ്ട്, മഹാദേവിയുടെ പ്രതിനിധിയായ പരമശിവനെ മഹാ-പരമായി അനുഗ്രഹിക്കുന്ന പരമ-വിശിഷ്ടരൂപമായി അര്ദ്ധ-മഹാദേവീ രൂപത്തെ കണക്കാക്കാനാവും. ഓര്മ്മശക്തി കുറഞ്ഞതിനാല് മേല് കണക്കുകളില് വളരെച്ചെറിയ പിഴവുകള് സംഭവിച്ചിരിക്കാം. മഹാദേവീ, മഹാദാസനായി അവിടുന്ന് മഹാഅനുഗ്രഹിച്ച ഈയുള്ളവനോട് പൊറുക്കേണമേ.
മഹാദേവിയുടെ അപ്രത്യക്ഷമായിരിക്കുന്ന മഹാപാദങ്ങള് പരമശിവന്റെ കാലുകളെയും അങ്ങനെ പരമശിവനെ സമ്പൂര്ണ്ണമായും താങ്ങുകയാല്, പരമശിവ പാദങ്ങളില് മഹാദേവിയുടെ മഹാപാദങ്ങളെ ദര്ശിച്ച് നമസ്ക്കരിക്കുവാന് മഹാദേവി മനുഷ്യരെ മഹാശാസ്ത്രം ലഭ്യമാക്കുന്ന ജന്മത്തില് മഹാഅനുഗ്രഹിക്കുന്നു. മാത്രമല്ല, മഹാദേവിയുടെ വലതുകൈ പരമശിവന്റെ വലതുകൈയ്യില് പ്രവര്

ത്തിക്കുകയാല്, പരമശിവന്റെ കൈയ്യിലൂടെ മഹാഅനുഗ്രഹ-കാര്യങ്ങള്ക്കായി മഹാദേവിയുടെ മഹാകൈയ്യ് മഹാപ്രവര്ത്തിക്കുന്നതാണ്.

മഹാദേവി, മഹാനീതിശാസ്ത്രം പ്രകാരം കാലാകാലങ്ങളില് പരമശിവനെ ശക്തനാക്കുന്നു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി, സ്ഥിതി എന്നിവയ്ക്കു ശേഷം, സംഹാരം ആരംഭിക്കുംമുമ്പ് മായ പ്രത്യക്ഷമാക്കുമ്പോഴാണ് മഹാദേവി പരമശിവനെ കൂടുതല് ശക്തനാക്കുന്നത്. മഹാനീതിശാസ്ത്രം പ്രകാരം മാത്രം പ്രവര്ത്തിക്കുവാനും, മഹാദേവിയുടെ മഹാദാസനായിക്കൊണ്ട് മഹാനിയോഗങ്ങള് പൂര്ത്തിയാക്കുവാനും, മഹാദേവി പരമശിവനെ മഹാഅനുഗ്രഹിക്കുന്നു.

മഹാദേവിയും പരമശിവനും തമ്മിലുള്ള മുഖ്യബന്ധം മഹായജമാനയുടേതും, മഹാദാസന്റേതുമാണ്. മഹാദേവി മഹായജമാനയാകുന്നു ; പരമശിവന് മഹാദേവിയുടെ മഹാദാസനാകുന്നു. ദാസന് അഥവാ വേലക്കാരന് എന്നത് നിസ്സാരമായോ മോശമായോ കണക്കാക്കുന്ന മാനുഷിക മനോഭാവത്തില് പിഴവുണ്ട്. ചില കാര്യങ്ങള് മാത്രം ചുരുക്കിപ്പറയാം. (1) ഏറ്റവും സൂക്ഷ്മമായതിനെ അഥവാ ഏറ്റവും ചെറിയതിനെ അറിയുമ്പോള് മാത്രമേ, ഏറ്റവും വലിയ കാര്യങ്ങള് അറിഞ്ഞുവെന്ന് കരുതുന്നവര് പൂര്ണ്ണതയിലേക്ക് അടുക്കുകയുള്ളൂ. (2) ഏറ്റവും ക്ഷീണമായ പരിസ്ഥിതികളില് ജീവിക്കുന്നവരുടെ ഇടയില് കഴിഞ്ഞുകൂടിയ രാജാവിനു മാത്രമേ അവരുടെ വിഷമതകള് മനസ്സിലാക്കാനും അവയ്ക്ക് പരിഹാരമുണ്ടാക്കാനും കഴിയൂ. ഗുരുകുല വിദ്യാഭ്യാസത്തിന്റെ ഒരു പ്രത്യേകതയും അതാണ്.

(3) മഹാപ്രപഞ്ചത്തിലെ ശക്തിഅളവില് മാത്രമല്ല ആനന്ദകാര്യത്തിലും 30% അളവു നല്കി മഹാദേവി പരമശിവനെ മഹാഅനുഗ്രഹിച്ചിരിക്കുകയാണ്. ഭൂമിയിലെ മനുഷ്യന് നല്കിയിട്ടുള്ള പരമാവധി ആനന്ദ അളവ് 25% ആണ്. സ്ത്രീ-പുരുഷ കാമകാര്യങ്ങള് വഴി മനുഷ്യന് ലഭിക്കുന്ന പരമാനന്ദത്തിന്റെ പരിധി കൂടിയാണത് 25%. കാമാനന്ദത്തിനു മുകളിലായി മഹാദേവിയുടെ മഹാദാസനായിക്കൊണ്ട് പ്രവര്ത്തിക്കുന്ന മഹാആനന്ദ അളവായ 30% -ലേക്ക് പരമശിവനെ ഉയര്ത്തിയിരിക്കുകയാണ്. മഹാദേവിയുടെ ഭാഗം തന്നെയാണ് പരമശിവന് എന്നതും, താന് സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങള്ക്കെല്ലാം അതീതമാണ് മഹാദേവി എന്നതും, ജീവികളായ കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യം നല്കുന്നതിനെ മഹാആനന്ദമായി മഹാദേവി മഹാനിശ്ചയിച്ചിരിക്കുന്നു എന്നതും, അതിന്നായിട്ട് മഹായജമാനയായ

മഹാദേവി, ജീവികളായ കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയായിക്കൂടി പ്രവര്ത്തിക്കുന്നു എന്നതും, കൂട്ടിവായിക്കുമ്പോള്, മഹായജമാനയായ മഹാദേവിയും, മഹാദാസനായ പരമശിവനും ജീവികളുടെ ആനന്ദകാര്യങ്ങള് ധര്മ്മശാസ്ത്രപരമായി വര്ദ്ധിപ്പിക്കാനായിട്ടാണ് മഹാപ്രവര്ത്തിക്കുന്നത് എന്ന് സുവ്യക്തമാക്കുന്നുണ്ട്. മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പ്രവര്ത്തിക്കുവാന് മഹാദേവി, പരമശിവനെ മഹാഅനുഗ്രഹിക്കുന്നു.

ശിവനില്ലെങ്കിലും ശക്തി ഉണ്ട് എന്ന് പ്രത്യേകമായി അറിയണം. മഹാശക്തിയായ ദൈവം നല്കിയ ശക്തികൊണ്ടുമാത്രം ചിന്തിക്കുകയും സംസാരിക്കുകയും കാണുകയും കേള്ക്കുകയും പ്രവര്ത്തിക്കുകയും ഒക്കെ ചെയ്യുന്ന മനുഷ്യര് ശക്തി ഇല്ലെങ്കില് എന്ന രീതിയിലുള്ള വാക് പ്രയോഗങ്ങള് പോലും നടത്തിക്കൂടാ. (മഹാ) ശക്തി എന്നും എപ്പോഴും ഉണ്ട്.

മഹാശക്തിയായ മഹാദേവി, 50 വര്ഷത്തില് ഒരു രാത്രി മാത്രം പരമശിവനെ മഹാശിവനായും മഹാദേവനായും മഹാദേവിയായും മഹാഅനുഗ്രഹിക്കുന്നുണ്ട്. അന്നാണ് മഹാശിവരാത്രി. ദൈവം മനുഷ്യന് യോഗ്യത നല്കുമ്പോള് മാത്രവും ദൈവത്തെ മാത്രവും ആരാധിക്കുക എന്നല്ലാതെ മഹാശിവരാത്രിയിലും പരമശിവനെ ആരാധിച്ചുകൂടാ. മഹാശിവരാത്രിയില് പരമശിവനെ മഹാദേവനായും മഹാദേവിയായും മഹാഅനുഗ്രഹിക്കുമ്പോള്, പ്രസ്തുത രാത്രിയില് പരമശിവന് പരമശിവനല്ലാതെയാകുന്നു, പരമശിവന് ഇല്ലാതെയുമാകുന്നു. ഏകദൈവമായ മഹാദേവിയെ മാത്രം ആരാധിക്കുകയെന്നത് തെറ്റിക്കുന്നവരെ പരമശിവനിലൂടെ തന്നെ മഹദേവി മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിക്കുന്നതാണ്. മനുഷ്യര്ക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 ജന്മങ്ങളില് ഒരേയൊരു ജന്മത്തില് മാത്രമാണ് ദൈവത്തെ ആരാധിക്കുവാന് (ദൈവം) മനുഷ്യരെ അനുവദിച്ചിട്ടുള്ളത് എന്നതും, ജീവികളോടെല്ലാം പുലര്ത്തുന്ന മഹാവാത്സല്യമാണ് ദൈവത്തിന്റെ മഹാആനന്ദം എന്നതും കണക്കാക്കുമ്പോള്, എല്ലാ ജീവികള്ക്കും സമ-ആനന്ദങ്ങളും സമ-നീതിയും ഉറപ്പാക്കുന്ന ധര്മ്മശാസ്ത്രപരമായ ജീവിതം നയിച്ചാണ് ജീവികളെല്ലാം മഹാദേവിയുടെ മഹാവാത്സല്യം നേടേണ്ടത് എന്നുകൂടി അറിയണം.

അദ്ധ്യായം 57

മഹാദേവി മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുമ്പോഴും
അനന്തമായിരിക്കുന്നു.

മഹാശാസ്ത്രം ആവിഷ്ക്കരിക്കുന്നതും, ശക്തിയെയും ശിവനെയും സൃഷ്ടിക്കുന്നതും മുന് അദ്ധ്യായങ്ങളില് വിസ്തരിച്ചുവല്ലോ. മഹാദേവി മഹാശാസ്ത്രം പ്രകാരം : ജീവികള് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നു, മഹാപ്രപഞ്ചത്തിന്റെ പരിപാലനം അഥവാ രക്ഷ നിര്വ്വഹിക്കുന്നു, മഹാപ്രപഞ്ചത്തില് താന് സൃഷ്ടിക്കുന്ന ജീവികള്ക്കെല്ലാം മഹാആനന്ദങ്ങളും സമനീതിയും നല്കുന്നു.

മഹാപ്രപഞ്ചത്തിലെ ഓരോ അണുവിലും മാതൃഘടകമായി മഹാശക്തിചക്രവും, പിതൃഘടകമായി ശിവചക്രവും വര്ത്തിക്കുമ്പോള്, അടുത്തൊരു അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ള മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും സൃഷ്ടിമന്ത്രവും മഹാശാസ്ത്ര- മൂലവും സംഹാരകാഹളവും ആദിവചനവും മഹാസംഗീതവുമായ ഓം ഓരോ അണുവിലും മുഴങ്ങുന്നുണ്ട്. മഹാശക്തിചക്രം മഹാചിരിക്കുകയും ശിവചക്രം അതു കേള്ക്കുകയും ചെയ്യുമ്പോള്, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയെയും സ്ഥിതിയെയും മഹാഭരിക്കുന്ന മഹാപ്രതിഭാസങ്ങള് സൂക്ഷ്മരൂപത്തില് സംഭവിക്കുന്നുണ്ട്. ഭൗതികശാസ്ത്ര നിയമങ്ങളുടെ ഭൗതികരൂപം കൂടിയാണ് ഭൗതിക പ്രപഞ്ചമെന്നും, ധര്മ്മശാസ്ത്ര നിയമങ്ങളും ആത്മീയശാസ്ത്ര നിയമങ്ങളും കൂടി അവയില് ഗൂഢമായി പ്രവേശിപ്പിച്ചിരിക്കുന്നു എന്നും മുമ്പ് വ്യക്തമാക്കിയിരുന്നു. ശിവചക്രം കൂടിയായ പരമശിവനെ മഹാപ്രപഞ്ചത്തിലെ കാര്യങ്ങളില് പ്രവര്ത്തിപ്പിക്കുന്നത് മഹാശാസ്ത്രത്തിന്റെ ബഹുവിധ ശാഖകളെയും ഉപശാഖകളെയും, ജീവിജീവിതത്തെയും, കാലത്തെയുമെല്ലാം മഹാഭദ്രപ്പെടുത്തിക്കൊണ്ടു മാത്രമാണ്. അതായത് മഹാശാസ്ത്രത്തെ ഉന്നതപ്പെടുത്തിക്കൊണ്ടു മാത്രമാണ് പരമശിവനെ പ്രവര്ത്തിപ്പിക്കുക. ഉദാഹരണമായിട്ട്, മഹാശാസ്ത്രത്തിന്റെ ഭാഗമായ ഈ ഗ്രന്ഥം തയ്യാറാക്കുമ്പോള്, അതിന്നാവശ്യമായ ശക്തികളും മറ്റു കാര്യങ്ങളുമേ പരമശിവനു വേണ്ടൂ.

ബ്രഹ്മത്തെ മഹാപ്രപഞ്ചവുമായി നേരിട്ട് ബന്ധിപ്പിക്കാത്തത്

എന്തുകൊണ്ടാണ് എന്ന വലിയ ചോദ്യം പ്രസക്തമായുണ്ട്. മഹാശാസ്ത്രത്തിന്റെയും മഹാപ്രപഞ്ചത്തിന്റെയും മഹാരചനയുടെ ഭാഗമായാണ് ശക്തിചക്രത്തെയും ശിവചക്രത്തെയും ഓം എന്ന അക്ഷരബ്രഹ്മത്തെയും ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ളത് എന്നു വ്യാഖ്യാനിക്കാനാവും. മഹാബ്രഹ്മത്തെ മഹാജഗദംബയായ മഹാദേവിയായിത്തന്നെ വിശേഷിപ്പിക്കാനാവും. അങ്ങനെ ചെയ്യാത്തത് മഹാകാരണം ഉണ്ടായിട്ടു തന്നെയാണ്. ബ്രഹ്മത്തെ മഹാപ്രപഞ്ചത്തില് നിന്ന് വേറിട്ടു വിശദീകരിക്കാനാണത്. ദൈവം ഒരു ജീവിയല്ല എന്നും, മഹാശക്തിയാണെന്നും, മഹാപ്രപഞ്ചത്തിലൂടെ മനസ്സിലാക്കുന്ന മഹാശക്തിക്കും അതീതമായ മഹാസത്യമാണെന്നും സൃഷ്ടികളെ യഥാകാലം ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. മാത്രമല്ല, മഹാപ്രപഞ്ചത്തിലെ ജീവികളില് ഒരു വിഭാഗം തങ്ങള്ക്കു ലഭിച്ചതായ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചുകൊണ്ട്, മഹാശക്തിയായ ദൈവത്തെ അപഹസിക്കുവാന് തയ്യാറാവുമ്പോള്, അവരെ തിരുത്താനും ശിക്ഷിക്കുവാനും അവരുടെ മഹാപിതാവും മഹാമാതാവുമായും ഒരു മഹാജീവിയെപ്പോലെയും അവതരിക്കുന്ന ദൈവത്തിന് പരിമിതികളുണ്ട്. ബ്രഹ്മമായിരിക്കുന്ന മഹാശക്തിയുടെ അനന്തമഹാകാര്യങ്ങളെ മനുഷ്യര് അറിയണം. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് ബ്രഹ്മം അല്ലെന്നിരിക്കെ, ബ്രഹ്മത്തെ അപഹസിക്കുന്നവര്ക്ക് മാപ്പില്ല എന്നു പ്രഖ്യാപിക്കുമ്പോലെ അതികടുത്ത ശിക്ഷകളുണ്ടെന്നത് മഹാആവിഷ്ക്കാരമാണ്. ക്രിസ്തുമതത്തില് പരിശുദ്ധാത്മാവിനെ അപഹസിക്കുന്നവര്ക്ക് പാപമോചനമില്ല എന്നു പ്രഖ്യാപിക്കുമ്പോള് ബ്രഹ്മമായ മഹാശക്തിയെയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

മുമ്പ് വിസ്തരിച്ചതുപോലെ, മഹാദേവി തന്റെ അനന്തമായ മായാമഹാശക്തികളിലെ ഒരു നിശ്ചിത ഓഹരി കൊണ്ടുമാത്രമാണ് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്ക്കായി ഒരു നിശ്ചിതഭാഗം മായാമഹാശക്തികള് മഹാദേവിയില് നിന്ന് വേര് പെടുമ്പോഴും മഹാദേവിയുടെ മായാമഹാശക്തികള്ക്ക് കുറവുണ്ടാകുന്നില്ല, അവ അനന്തമായി തുടരുന്നു. ബ്രഹ്മത്തെപ്പറ്റിയുള്ള പാഠത്തില് നിന്നും അത് സുവ്യക്തമാണ്. മഹാദേവി, ജീവികള്ക്ക് അനന്തമായ ആനന്ദങ്ങളുള്ള ആത്മീയ സാക്ഷാത്ക്കാരം നല്കുമ്പോള് നക്ഷത്ര രൂപമാണ് അവയ്ക്ക് ലഭ്യമാക്കുന്നതെന്ന് ആത്മീയ സാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തില് വിസ്തരിക്കുകയുണ്ടായി ; ജീവികള്ക്ക് നക്ഷത്രരൂപവും അനന്തമായ

ബഹുവിധ ആനന്ദങ്ങളും നല്കുമ്പോഴും മഹാദേവിയുടെ മായാമഹാശക്തികള്ക്ക് കുറവുണ്ടാകുന്നില്ല. ഓം എന്ന അദ്ധ്യയത്തില് സുവ്യക്തമാക്കിയിട്ടുണ്ട്.
മഹാപ്രപഞ്ചത്തിലെ ധര്മ്മ സംസ്ഥാപനത്തിനായി മഹാപ്രപഞ്ചത്തിന് അതീതമല്ലാത്ത എന്തും സൃഷ്ടിക്കുവാനും സംഹരിക്കുവാനുമുള്ള മായാമഹാശക്തികള് മഹാദേവി പരമശിവനു മഹാഅനുഗ്രഹിച്ചു നല്കുന്നുണ്ട്. അപ്പോഴും മഹാപ്രപഞ്ചത്തിന് അതീതമായ മഹാദേവിയുടെ മായാമഹാശക്തികള്ക്ക് കുറവുണ്ടാകുന്നില്ല. ബ്രഹ്മത്തിന്റെ ഭാഗമല്ല പരമശിവന് എന്നതുകൊണ്ടാണത്. ഏകമായ ബ്രഹ്മമായി മഹാദേവി എപ്പോഴും വര്ത്തിക്കുന്നു. മഹാശിവരാത്രിയില് പരമശിവനെ മഹാശിവനും മഹാദേവനും മഹാദേവിയും മഹാശക്തിയുമായി ഉയര്ത്തുമ്പോള്, പരമശിവന്റെ അസ്തിത്വം നഷ്ടപ്പെടുന്നു. ബ്രഹ്മം അപ്പോഴും ഏകമായ മഹാദേവിയായി തുടുരുന്നു. മഹാശിവരാത്രി കഴിയുമ്പോള് മഹാദേവിയുടെ മഹാദാസനായി കഴിയാനുള്ള മോഹത്തോടെ മഹാദേവിയുടെ ഭാഗമായ പരമശിവന് പുനര് ജ്ജനിക്കുന്നു, ബ്രഹ്മമായ മഹാദേവി പരമശിവനെ വേര്പെടുത്തുന്നു. ആകാശം, ഭൂമി, സൂര്യന്, ചന്ദ്രന്, മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യന്, നക്ഷത്രകോടികള് എന്നിങ്ങനെയാണ് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത്. സൗരയൂഥത്തിലെ ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും പൈശാചിക സൃഷ്ടികളാണ്, വൈകാതെ ഭൂമിയില് മായ പ്രത്യക്ഷമാകുന്നതോടെ അവയെ ഇല്ലാതാക്കുന്നതാണ്. ആകാശമെന്നത് ഒരു കുടപോലെ തോന്നിക്കുന്ന അര്ദ്ധഗോളമാണ്. നക്ഷത്രകോടികള് വര്ദ്ധിക്കുന്നതിനൊത്ത് ആകാശമെന്ന അര്ദ്ധഗോളത്തിന്റെ വ്യാസം വര്ദ്ധിച്ചുകൊണ്ടിരിക്കുന്നു. വിസ്താരത്തെയും വ്യാസത്തെയും നിയന്ത്രിക്കുന്നതായ ന്യൂനശക്തി ബന്ധത്തെ നിശ്ചിതപ്പെടുത്തിയിരിക്കുന്നു = പൈ = 3.14... ഓംകാരം എന്ന അദ്ധ്യായത്തില് പൈ-യെപ്പറ്റി കൂടുതല് പറയുന്നുണ്ട്. കോണുകളില്ലാത്തതും, വ്യാസം വര്ദ്ധിക്കുന്നതനുസരിച്ച് ആദിയില്ലാത്ത അവസ്ഥയില് നിന്ന് അനന്തമായ അവസ്ഥയിലേക്ക് വളരുന്നതും, ഏതുവശത്തുനിന്നു നോക്കിയാലും വൃത്താകൃതിയുള്ളതുമായ ഗോള - ആകൃതിയാണ് ബ്രഹ്മം സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത് എങ്കിലും, ബ്രഹ്മത്തിന്റെ ആദിയില്ലായ്മയും അന്തമില്ലായ്മയും സുവ്യക്തമാക്കാനായി ഗോളത്തെ 2 അര്ദ്ധഗോളങ്ങളായി വിഭജിക്കുന്നു. ഒരു അര്ദ്ധഗോളം ഒരു കുടപോലെ ആകാശം എന്ന പേരോടെ സൃഷ്ടിക്കപ്പെടുന്നു. ആകാശം എന്ന അര്ദ്ധഗോളം മഹാമാതാവും മഹാപിതാവും മഹാദേവിയും മഹാദേവനുമായ

ദൈവത്തിന്റ മഹാശക്തി-ലിംഗം കൂടിയാണ്. മഹാശക്തി-ലിംഗത്തില് ശക്തിലിംഗവും ശിവലിംഗവും ചേര്ന്നിരിക്കുക കൂടിയാണ്. ജീവികളിലെ സ്ത്രീ-പുരുഷ ലിംഗങ്ങളും, പ്രകൃതിയിലെ കുന്നും കുഴിയും, ശക്തിലിംഗത്തെയും ശിവലിംഗത്തെയും അനുകരിച്ചാണ്. മനുഷ്യര്ക്ക് മഹാശാസ്ത്രം ഉപയോഗപ്പെടുത്തി മാത്രമേ മഹാപ്രപഞ്ചത്തില് എന്തും സൃഷ്ടിക്കാന് കഴിയുകയുള്ളൂ എന്നതുള്ക്കൊണ്ട് എന്തും സൃഷ്ടിക്കാനായി മനുഷ്യര് സൃഷ്ടിക്കുന്ന യന്ത്രങ്ങള് പരിശോധിച്ചാല് അവയിലെല്ലാം ശക്തിലിംഗവും ശിവലിംഗവും പരക്കെ കാണാനാവും. മനുഷ്യരുടെ ശക്തി അഥവാ മഹാശക്തി ഭാഗികമായി ഗൂഢമായിരിക്കുന്നതുപോലെ ശക്തിലിംഗവും ഭാഗികമായി ഗൂഢമാണ്. ശിവലിംഗത്തെ ഉള്ക്കൊള്ളാനുള്ളതാണ് ശക്തിലിംഗമെന്നതും ശിവലിംഗത്തെ ഉള്ക്കൊള്ളുമ്പോള് ശക്തിലിംഗത്തിന്റെ ആകൃതി ശിവലിംഗത്തിന്റേതു തന്നെയായിരിക്കും എന്നതും ശക്തിലിംഗത്തെ അഥവാ മഹാശക്തി ലിംഗത്തെ ഗൂഢമല്ലാതാക്കുന്നു. ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രകോടികളുമെല്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ആകാശം എന്ന അര്ദ്ധ ഗോളത്തിനകത്താണ്, മഹാശക്തിലിംഗത്തിനകത്താണ്.

((അദ്ധ്യായം 58 ഓം

അദ്ധ്യായം 59 ഓംകാരം

ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്)).

അദ്ധ്യായം 61
പരമശിവ അവതാരത്തെ പൂര്ണ്ണമാക്കിക്കൊണ്ടിരിക്കുന്നു.

മഹാശക്തിയുടെ മഹാഹൃദയമായ ഓംകാരം പരമശിവനില് സ്ഥാപിക്കുമ്പോള്, ഗ്രന്ഥത്തിലുടനീളം ദീര്ഘമായി വിവരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം പരമശിവനും നല്കുന്നതായി മനസ്സിലാക്കാം. എന്നാല് മഹാശക്തിയായ മഹാദേവിയുടെ ഭാഗവും, മഹാദാസനും, പ്രതിനിധിയും, പ്രപഞ്ചപിതാവുമായി പരമശിവനെ മഹാഒരുക്കിയിരിക്കുന്നതിനാല്, പരമശിവനായിരിക്കെ തെറ്റുകളും കുറ്റങ്ങളും ചെയ്യുന്ന അവസ്ഥ ഉണ്ടാവാതിരിപ്പാനാണ് കഴുത്തില് മഹാനാഗ ബന്ധനമുള്ളത്. മഹാശക്തിയായ മഹാദേവി, 2006-ല് പരമശിവന് എന്ന പേര് (ബാദ്ഷ എന്ന പേരുള്ള) ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നല്കി. മഹാദേവിയുടെ മഹാദാസനും പ്രതിനിധിയും പ്രപഞ്ചപിതാവുമായി സൃഷ്ടിച്ചിട്ടുള്ള പരമശിവനെ മനുഷ്യനായിട്ട് മഹാപ്രപഞ്ചത്തിലെ മഹാകാര്യങ്ങള് ക്രമപ്പെടുത്താനായി മായ പ്രത്യക്ഷമല്ലാത്ത കാലത്ത് മഹാദേവി മഹാനിയോഗിക്കുമ്പോള്, മനുഷ്യര്ക്കു നല്കുമ്പോലെ വ്യക്തിസ്വാതന്ത്ര്യം നല്കിക്കൊണ്ട് ഗൂഢമായി നിയന്ത്രിക്കുന്നു. ക്രൈസ്റ്റിന്റെയും ഗാന്ധിയുടെയും ഈയുള്ളവന്റെയും ചരിത്രങ്ങള് ഉദാഹരണങ്ങളാണ്. മഹാദേവിയുടെ മഹാദാസനായി പരമശിവനെ സൃഷ്ടിക്കുന്നത് എങ്ങനെയെന്ന് (മഹാ) ശക്തി, ശിവന് ; ബ്രഹ്മം മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ സൃഷ്ടിക്കുന്നു എന്നീ അദ്ധ്യായങ്ങളില് വിവരിച്ചിട്ടുണ്ട്. 1989 ജനുവരി മാസത്തില് ഈയുള്ളവനെ ഉള്പ്പെടുത്തിക്കൊണ്ട് മഹാദേവി നിര്വ്വഹിച്ച മത്സ്യാവതാരം എന്ന ഒരു മഹാശാസ്ത്രപദ്ധതി പ്രകാരം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം അഥവാ യഥാര്ത്ഥ വേദങ്ങള് ഓംസത്യം ഡോട്ട്കോം (ംംം.ീാമെവ്യമാ.രീാ) എന്ന വെബ്സൈറ്റിലൂടെയും ഗ്രന്ഥങ്ങളിലൂടെയും മഹാശക്തിയായ മഹാദേവി ഭൂമിയില് പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുന്നു, വീണ്ടെടുത്തുകൊണ്ടിരിക്കുന്നു. 1991-ല് ഈയുള്ളവന്റെ നാവില് ശാസ്ത്രപരം മാത്രമായ ഓം എന്ന അക്ഷരബ്രഹ്മം കുറിച്ചു. ചന്ദ്രനെയും (ചന്ദ്രക്കല) നക്ഷത്രത്തെയും ഇടതുനെറ്റിയില് പ്രവേശിപ്പിച്ചു. സൂര്യനെ ഉള്പ്പെടെ എന്തും സൃഷ്ടിക്കുവാന് കഴിയുന്ന മൂന്നാം കണ്ണും പ്രവേശിപ്പിച്ചുകഴിഞ്ഞു. (മേല്പ്പടി മഹാകാര്യങ്ങളുമായി ബന്ധപ്പെട്ട് ഈയുള്ളവന്റെ ശരീരത്തില് ദിവ്യമായ വരകള് അഥവാ ചിത്രണങ്ങള്

ഉണ്ട്.). മഹാശക്തിയായ മഹാദേവിയെയും, മഹാപ്രപഞ്ചത്തെയും പ്രതിനിധീകരിക്കുന്ന ഓംകാരവും, ഓം-ഉം, അര്ദ്ധ-മഹാദേവീരൂപവും (അര്ദ്ധനാരീശ്വര രൂപവും), സൂര്യനും ചന്ദ്രക്കലയും നക്ഷത്രവും മഹാദേവി പരമശിവരൂപത്തില് പ്രവേശിപ്പിച്ചുകഴിഞ്ഞു! മഹാദേവിയുടെ മഹാ-ഇഷ്ടങ്ങള് പ്രകാരം പരമശിവന് ദിവ്യരൂപം പ്രകടിപ്പിക്കാന് കഴിയുന്നതുമാണ്.
മഹാനീതിശാസ്ത്രം അഥവാ ഓംകാരനീതിശാസ്ത്രം പ്രകാരം മാത്രം പ്രവര്ത്തിക്കുവാന് പരമാശിവനെ സ്നേഹിക്കുകയും നിയന്ത്രിക്കുകയും ഭരിക്കുകയും വേണ്ടിവന്നാല് ശിക്ഷിക്കുകയും ചെയ്യുന്ന 5 തലയുള്ള ഓംകാരനാഗമായിട്ട് മഹാജഗദംബയുടെ മഹാപുരുഷരൂപം ഈയുള്ളവന്റെ കഴുത്തിലും, മഹാപ്രപഞ്ചത്തെ സംരക്ഷിക്കുവാനും ഓംകാരമഹാനാഗത്തിനെ മയപ്പെടുത്തി പരമശിവനെ സംരക്ഷിക്കുവാനായും 10 തലയുള്ള ബ്രഹ്മമഹാനാഗമായി മഹാജഗദംബ ഈയുള്ളവന്റെ ശിരസ്സിലും പ്രവേശിച്ചുകഴിഞ്ഞു ; മഹാനാഗങ്ങളുടെ പേര് ഒരു ധാരണയോടെ ഗ്രന്ഥരചനയ്ക്കായിട്ട് ഈയുള്ളവന് വച്ചതാണ്, മഹാനാഗങ്ങളുടെ പേര് മഹാദേവി വെളിപ്പെടുത്തിയിട്ടില്ല, മഹാദേവീ, അവിവേകം പൊറുക്കേണമേ. പരമശിവന്റെ ശിരസ്സിലെ തലമുടിക്കെട്ടിലൂടെ മഹാജഗദംബയായ മഹാദേവി പാല് ഒഴുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. പരമശിവന്റെ പ്രതിനിധിയെന്ന് തല്ക്കാലം മനസ്സിലാക്കുന്ന ആദ്യമഹാകാലചക്രത്തിലെ ശിവന്റെ തലമുടിക്കെട്ടിലൂടെ വെള്ളം (ഗംഗാജലം) ഒഴുക്കിയതായി കേട്ടിരിക്കുമല്ലോ. മഹാദേവി ഭൂമിയില് എഴുന്നെള്ളുമ്പോള് സമൂലമായ മാറ്റവുമുണ്ട്. മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരം സുവ്യക്തമായി അറിയിക്കുവാന് പരമശിവന്റെ തലമുടിക്കെട്ടില് നക്ഷത്രം, ചന്ദ്രക്കലയ്ക്കു മുകളിലായിട്ട് ഉണ്ടാവും. മഹാസൃഷ്ടിചക്രത്തില് മഹാദേവി, മനുഷ്യരൂപമെടുക്കുമ്പോള് മഹാദാസനായ പരമശിവനിലൂടെ മാത്രമാണ് ഓംകാരം മഹാഹൃദയം ആണെന്നും ഓം മഹാചിരിയാണെന്നുമുള്ള മഹാസത്യങ്ങള് മഹാദേവി വെളിപ്പെടുത്തുന്നത് എന്ന് മുന് അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. മഹാദേവിയുടെ മഹാനരസിംഹം എന്ന മഹാവാഹനമായി പരമശിവനെ അനുഗ്രഹിച്ചുകഴിഞ്ഞു. മഹാ എന്ന മഹാപദം നരസിംഹത്തോടു ചേര്ത്തത് മഹാദേവി മഹാ-ഇരിപ്പിടമായി പരമശിവനായ മഹാനരസിംഹത്തെ അനുഗ്രഹിച്ചിട്ടുള്ളതുകൊണ്ടും മഹാനരസിംഹത്തിന്റെ പുറത്ത് ഇരിക്കുന്നതുകൊണ്ടുമാണ്. പരമശിവന് ഉടുക്കാന് മഹാനരസിംഹത്തോല് മഹാഅനുഗ്രഹിച്ചു നല്

കുന്നതായി 2007 ഡിസംബറില് മഹാദേവി അറിയിച്ചു.
മഹാപ്രപഞ്ചത്തിലുള്ള ഏതൊരായുധത്തെയും സൃഷ്ടിക്കാന് കഴിയുന്ന മഹാശൂലവും മഹാഅനുഗ്രഹിച്ചു നല്കി.
2007 ഡിസംബറില് മഹാശക്തിയായ മഹാജഗദംബയുടെ മഹാഹൃദയം ആയ ഓംകാരം ഈയുള്ളവനിലേക്ക് പ്രവേശിപ്പിക്കുകയുണ്ടായി. ഈയുള്ളവന്റെ ശരീരത്തിന്റെ പകുതിഭാഗവും മഹാജഗദംബ ഏറ്റെടുത്തിട്ടുണ്ട്; ഇടതുകാല് 10-10 എന്ന ശക്തിഅളവു-സംഖ്യപ്രകാരം പൂര്ണ്ണമായി ഏറ്റെടുത്തിട്ടുണ്ട്; 5-10 ശക്തിഅളവു-സംഖ്യ പ്രകാരം വലതുകാലിന്റെ ആദ്യപകുതിഭാഗം ജഗദംബയും രണ്ടാം പകുതി ഈയുള്ളവനും എന്നു മഹാനിശ്ചയിച്ചിട്ടുണ്ട്. വലതുകൈ സമ്പൂര് ണ്ണമായും മഹാജഗദംബയുടെ നിയന്ത്രണത്തില്. മഹാശക്തിയുടെ മായാശക്തികള് ഉള്പ്പെട്ട കാര്യങ്ങളുടെ വിശദീകരണം ലഭിച്ചിട്ടില്ല. മഹാദേവിയുടെ ഇടതുകൈയ്യിലെ ചൂണ്ടുവിരലില് നിന്ന് മഹാപ്രപഞ്ചത്തിന് ആവശ്യമായ അഗ്നിയും, വലതുകൈയ്യിലെ ചൂണ്ടുവിരലില് നിന്ന് മഹാപ്രപഞ്ചത്തിന് ആവശ്യമായ ജലവും/മഴയും പ്രവഹിക്കുന്നത് ഉള്പ്പെടെ എല്ലാ വിരലുകളുടെയും വിവരങ്ങള് അറിയിച്ചിരുന്നു. ഇപ്പോള് ഓര്ക്കുന്നില്ല. പരമശിവനുമായി അവയെ ബന്ധിപ്പിക്കുന്നുമുണ്ട്. വിശദവിവരങ്ങളും, കൃത്യമായ തീയതിയും ഓര് ക്കുന്നില്ല, എങ്കിലും 2007 അവസാനമോ 2008-ആദ്യമോ, സംഹാരദേവന് എന്ന പദവി നല്കി മഹാദേവി ഈയുള്ളവനെ മഹാഅനുഗ്രഹിച്ചു. 2008 -ല് പരമദാസന് എന്ന നിലയില്നിന്നും മഹാകാരുണ്യം പ്രകാരം മഹാദാസനായി ഈയുള്ളവനെ ഉയര്ത്തി. മഹാദേവി മഹാഅനുഗ്രഹിച്ചു നല്കിക്കഴിഞ്ഞ ശക്തികളെല്ലാം പ്രവര് ത്തിച്ചുതുടങ്ങുന്നത് അഥവാ ആക്ടീവാക്കുന്നത് മഹാദേവി മഹാനിശ്ചയിക്കുന്നതായ ഏറ്റവും ഉചിതമായ സമയത്താണ്. ഈയുള്ളവനുണ്ടായ ദിവ്യാനുഭവങ്ങള് കുറിക്കാന് ഒരുപക്ഷേ പ്രത്യേക ഗ്രന്ഥം വേണ്ടിവരും. മഹാശാസ്ത്രപ്രകാരം/ മഹാദേവിയുടെ മഹാഇഷ്ടപ്രകാരം, അവയെ യഥാകാലം/ആവശ്യമെങ്കില്, സ്മൃതിയുടെ ഭാഗമായി മറ്റൊരു ഗ്രന്ഥത്തില് ചേര്ക്കുന്നതാണ്. എങ്കിലും, മത്സ്യാവതാരത്തെപ്പറ്റി മാത്രം ചുവടെ വിസ്തരിക്കുന്നു, ആയതിന് അല്പം ജീവചരിത്രവും ഹ്രസ്വമായി കുറിക്കേണ്ടതുണ്ട്.
1958 മെയ് 20-ന് ജനനം. രോഹിണി നക്ഷത്രം. 12-13 വയസ്സു മുതല് ഈയുള്ളവനെ ദൈവശാസ്ത്രത്തിലേക്ക് ദൈവം വലിച്ചടുപ്പിച്ചു, വര് ഷങ്ങള്തന്നെ ഉപനിഷത്തുകളെ ശ്രദ്ധിച്ചു പരിശോധിച്ചപ്പോഴും ഒരു മണിക്കൂറില് താഴെ സമയം വേദങ്ങള് പരിശോധിച്ചപ്പോഴും മാസങ്ങളോളം ബൈബിളും ഖുറാനും യുക്തിവാദഗ്രന്ഥങ്ങളും

പരിശോധിച്ചപ്പോഴും എവിടെല്ലാമോ എന്തെല്ലാമോ തെറ്റിക്കിടക്കുന്നതായി തോന്നി. ദൈവം, ദാരിദ്ര്യത്തിന്റെ അടിത്തട്ടിലൂടെ ചെറുപ്പകാലം കടത്തിവിട്ട് ജീവിതകാര്യങ്ങളില് സമര്ത്ഥനാക്കി, സമൂഹകാര്യങ്ങളില് ശ്രദ്ധിപ്പിച്ചു. പള്ളികളും അനവധി ക്ഷേത്രങ്ങളും സന്ദര്ശിക്കുകയും യുക്തിചിന്തയോടെ വിലയിരുത്തുകയും ചെയ്തു. പ്രീഡിഗ്രി വരെ പഠിച്ചു. സ്കൂള് ഫൈനല് ഫസ്റ്റ് ക്ലാസ്സോടെ പാസ്സാകാനും ടെസ്റ്റിലും ഇന്റര്വ്യൂവിലും ജയിക്കാനും മഹാദേവി അനുഗ്രഹിച്ചതിനാല്, 1980-ല് സ്റ്റേറ്റ് ബാങ്കില് ടൈപ്പിസ്റ്റ്-ക്ലാര്ക്കായി ജോലി ലഭിച്ചു. 1981-ല് വിവാഹം കഴിച്ചശേഷവും ദൈവശാസ്ത്രം വീര്പ്പുമുട്ടിക്കുകയാല് 1982 ഡിസംബറില് ജോലി ഉപേക്ഷിച്ച് ജ്യേഷ്ഠസഹോദരന് സംഘടിപ്പിച്ചുതന്ന വിസാപ്രകാരം സൗദി അറേബ്യയിലേക്കു പോയി. കൂടതല് ധനം സമ്പാദിക്കുന്നതിന് സൗദിക്കുപോയി എന്നു ചുറ്റുമുള്ളവര് ധരിച്ചപ്പോള്, യഥാര്ത്ഥത്തില് ഏകാന്തതയില് ദൈവാന്വേഷണം അഥവാ ദൈവശാസ്ത്രഗവേഷണം നടത്തുകയെന്നതായിരുന്നു മുഖ്യ ഉദ്ദേശം. അതിനുള്ള വഴികള് ദൈവം നല്ലതുപോലെ ഒരുക്കിത്തരികയും ചെയ്തു. സുമാര് 5 വര്ഷത്തെ സൗദി ജീവിതത്തിനുശേഷം, വീണ്ടും ജോലിക്കും ധനസമ്പാദനത്തിനും അവസരം ഉണ്ടായിരുന്നിട്ടും 1987 ആഗസ്റ്റിലോ മറ്റോ കേരളത്തിലേക്കു മടങ്ങി. സൗദിയില് വച്ച് എഴുതിത്തുടങ്ങിയതായ നമുക്കു മനുഷ്യരാകാം എന്ന പേരിലുള്ള ഒരു ഗ്രന്ഥത്തിന്റെ ബാക്കി ഭാഗം പൂര്ത്തിയാക്കാന് ആരംഭിച്ചു. മതങ്ങളെയെല്ലാം പാടേ നിരാകരിച്ചുകൊണ്ടുള്ള ഗ്രന്ഥത്തില് മഹാദേവിയെ ഒഴികെയുള്ള ദേവതകളെ വിമര്ശിച്ചു. അല്ലാഹുവിനെയും യേശുവിനെയുമെല്ലാം വാക്കുകള്കൊണ്ട് ഖണ്ഡിച്ച് ശിവനെയും ഖണ്ഡിക്കാനൊരുങ്ങവേ ഭാഗികമായി മാനസികനില തെറ്റിക്കൊണ്ട് 1989 ജനുവരി മാസം 21-ാം തീയതി പൗര്ണ്ണമി ദിവസം ഉച്ചയോടെ വീടിനു തൊട്ടടുത്തുള്ള ദേവീക്ഷേത്രത്തിലേക്കു പോവുകയും ക്ഷേത്രനടയില് താന് പരമശിവനാണെന്ന് ആംഗ്യങ്ങളിലൂടെ പ്രഖ്യാപിച്ചുകൊണ്ട് കുത്തിയിരിക്കുകയും ചെയ്തു. ശരീരം എന്റെ നിയന്ത്രണത്തിലായിരുന്നില്ല എങ്കിലും എന്നിലൂടെ സംഭവിക്കുന്ന ആംഗ്യ സംഭാഷണങ്ങളെയും മനോഭാവങ്ങളെയും ഇന്നും സുവ്യക്തമായി ഞാനോര്ക്കുന്നു. അന്നേ ദിവസം രാത്രിതന്നെ സമനില തിരിച്ചുകിട്ടിയെങ്കിലും അന്നു രാത്രി മത്സ്യാവതാരം എന്ന മഹാത്ഭുതം സംഭവിച്ചു. ശക്തമായ തോന്നലിന്റെ അടിസ്ഥാനത്തില്, പാതിരാത്രിയോടെ എണീറ്റ് പുരയിടത്തിലെ തെങ്ങിന് ചുവട്ടില്നിന്ന് രണ്ടു കൈകളുംവച്ച് നിറയെ മണ്ണ് എടുത്തുകൊണ്ടു വരികയും, ഒരു കണ്ണാടി ഗ്ലാസ്സ് നിറയെ വെള്ളം കൊണ്ടുവരികയും, മുറിയടയ്ക്കുകയും

ചെയ്തു. ശേഷം, കൊണ്ടുവന്ന മണ്ണ് കൈകൊണ്ട് കുഴച്ച് ശിവലിംഗമുണ്ടാക്കുകയും, സത്യം ധര്മ്മം നീതി സൃഷ്ടി സ്ഥിതി സംഹാരം എന്ന് തുടര്ച്ചയായി ജപിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അര മണിക്കൂറിലധികം ജപിച്ചുവെന്നാണ് ഓര്മ്മ. ശക്തമായ തോന്നലിന്റെ അടിസ്ഥാനത്തില്, ജപം തുടര്ന്നുകൊണ്ടുതന്നെ മേല്പ്പടി ശിവലിംഗത്തെ രണ്ടായി വിഭജിക്കുകയും, ഒരു ഭാഗം കൊണ്ട് മറ്റൊരു ശിവലിംഗമുണ്ടാക്കുകയും, സത്യം ധര്മ്മം നീതി സൃഷ്ടി സ്ഥിതി സംഹാരം എന്ന് ജപിച്ചുകൊണ്ട്, രണ്ടാമത്തെ ഭാഗം മണ്ണ് കുറേശ്ശെയായി ചവച്ചരച്ച് തിന്നാന് ആരംഭിക്കുകയും ചെയ്തു. മണ്ണ് ഭക്ഷിക്കുന്നതിനെ സഹായിക്കാന് കുറേശ്ശെ വെള്ളം കുടിച്ചുകൊണ്ടുമിരുന്നു. ജപവും മണ്ണുതീറ്റിയും ഭ്രാന്തമെന്നോണം തുടരവേ, വെള്ളം കുടിക്കാന് ഗ്ലാസ്സ് ഉയര്ത്തിയപ്പോള് ഞെട്ടിപ്പോയി. ഗ്ലാസ്സില് വളരെച്ചെറിയ ഒരു മത്സ്യം നീന്തിത്തുടിക്കുന്നു. എന്റെ കണ് മുമ്പില് പ്രത്യക്ഷപ്പെട്ടതായും ചെറിയ ഓര്മ്മയുണ്ട്. കൈയ്യിലെ ചെറുവിരലിന്റെ നഖത്തിന്റെ സുമര് 1/4 വലിപ്പത്തിലുള്ള മത്സ്യം. വീണ്ടും സൂക്ഷിച്ചു നോക്കി. അതെ, മത്സ്യം നീന്തിത്തുടിക്കുകയാണ്. മാത്രമല്ല, ഗ്ലാസ്സിനകത്ത് വെള്ളത്തിനു മുകളിലായി ചെറു പക്ഷികളെപ്പോലെ തോന്നിക്കുന്ന ഏതാനും ചെറുപ്രാണികള് പക്ഷികളെപ്പോലെ തന്നെ പറക്കുന്നു. നാസികയിലൂടെ മത്സ്യത്തെ ശരീരത്തിനുള്ളിലേക്കു വലിക്കാനുള്ള അതിശക്തമായ തോന്നലുണ്ടാവുകയും, ഗ്ലാസ്സ് ഉയര്ത്തി ചരിച്ചുകൊണ്ട് വലതു നാസികയിലൂടെ വെള്ളത്തോടു ചേര്ത്ത് മത്സ്യത്തെ അതിശക്തമായി ഉള്ളിലേക്കു വലിക്കുകയും ചെയ്തു. മത്സ്യം നാസികയിലൂടെ ശരീരത്തിനുള്ളില് എവിടേയ്ക്കോ മഹാഇഷ്ടപ്രകാരം പ്രവേശിച്ചു. മുമ്പറഞ്ഞ ചെറുപ്രാണികള് വായിലൂടെ ഉള്ളിലേക്കു പോയി എന്നു തോന്നുന്നു, നല്ല നിശ്ചയമില്ല. മത്സ്യാവതാരത്തിന്റെ ഉത്ഭവത്തെപ്പറ്റിയും പ്രവര്ത്തനത്തെപ്പറ്റിയുമുള്ള കൂടുതല് വിവരങ്ങള് മഹാദേവി മഹാനിശ്ചയപ്രകാരമാണ് അറിയിക്കുക.

പിന്നീട് ശക്തമായ വെളിപാട് ഉണ്ടാവുകയാണ്. ഹൈന്ദവ പ്രമാണങ്ങളില് ഉള്ളതുപോലെ അസുരന്മാര് മോഷ്ടിച്ചുകൊണ്ടു പോയ വേദങ്ങളെ ഒരു ദേവത മത്സ്യരൂപത്തില് ചെന്ന് തിരിച്ചുകൊണ്ടു വരുന്നതല്ല മത്സ്യാവതാരമെന്നറിയിച്ചു. ഭൂമിയില് മായ പ്രത്യക്ഷമാക്കുന്നതിന്റെയും സംഹാരം ആരംഭിക്കുന്നതിന്റെയും മുന്നോടിയായി യഥാര്ത്ഥമായ വേദങ്ങള് ഭൗതികശാസ്ത്രപ്രകാരം വീണ്ടെടുക്കാനുള്ള മഹാപദ്ധതിയാണ് മത്സ്യാവതാരം എന്നറിയിച്ചു. മഹാശക്തിയില് നിന്നും സൃഷ്ടി-അംശം ആദി സൃഷ്ടിയായ

മത്സ്യരൂപത്തില് വേര്പിരിയുകയും, വേദങ്ങള് വീണ്ടെടുക്കാന് നിശ്ചയിക്കപ്പെട്ട പരമശിവനിലേക്ക് പ്രവേശിക്കുകയുമാണ് സംഭവിക്കുന്നതെന്ന് അതിശക്തമായ തോന്നലിലൂടെ, അഥവാ വെളിപാടിലൂടെ അറിയിച്ചു. മത്സ്യങ്ങളുടെ സൃഷ്ടി സ്തംഭിക്കുകയും പുനഃസൃഷ്ടി മാത്രം തുടരുകയും ചെയ്യുമെന്ന തോന്നലുമുണ്ടായി. അതായത് മഹാശക്തിയുടെ സൃഷ്ടിശാസ്ത്രമെന്ന് വിശേഷിപ്പിക്കാവുന്ന ഭൗതികശാസ്ത്ര സംവിധാനങ്ങള് പ്രകാരം, ഭൗതികശാസ്ത്രത്തെ ഉന്നതപ്പെടുത്തിക്കൊണ്ട് യഥാര്ത്ഥമായ വേദങ്ങള് വീണ്ടെടുക്കുകയാണ്. കഴിഞ്ഞ സൃഷ്ടിചക്രത്തില് മായ പ്രത്യക്ഷമാകും മുമ്പു നടന്ന മത്സ്യവതാര വിവരണം, കാലാന്തരത്തില് ജീര്ണ്ണിച്ചപ്പോള് ഉണ്ടായ ഒരു പൂച്ചാണ്ടിക്കഥ മാത്രമാണ് ഒരു ദേവത മത്സ്യമായിട്ട് ചെന്ന് അസുരന്മാരുടെ പക്കല് നിന്നും വേദങ്ങള് വീണ്ടെടുത്തു എന്നത് ; അത്തരമൊരു കഥ സൃഷ്ടിക്കുന്നതില് പ്രസ്തുത ദേവതയും നീചമായ പങ്ക് വഹിച്ചിട്ടുണ്ടോ എന്ന് തല്ക്കാലം അറിയില്ല. ഈ ഗ്രന്ഥത്തിലുള്ള മഹാശാസ്ത്രത്തിന്റെ ഉള്ളടക്കത്തെയും ഭൗതികശാസ്ത്രം, ധര്മ്മശാസ്ത്രം, ആത്മീയശാസ്ത്രം, മന്ത്രശാസ്ത്രം എന്നീ യഥാര്ത്ഥമായ 4 വേദങ്ങളെയും പരിശോധിക്കുമ്പോള് ദൈവകാര്യങ്ങള് ഉള്പ്പെടെയുള്ള മഹാപ്രപഞ്ചകാര്യങ്ങള് മുഴുവനും മഹാശാസ്ത്രപ്രകാരം വിവരിച്ചിരിക്കുന്നതായി മനസ്സിലാക്കാം. ഹൈന്ദവ വേദങ്ങളെല്ലാം അല്പ സമയം കൊണ്ടുള്ള പരിശോധനകൊണ്ടു തന്നെ വര്ജ്ജ്യശാസ്ത്രമായ മന്ത്രശാസ്ത്രം കാലാന്തരത്തില് ജീര്ണ്ണിച്ച് ഉണ്ടായവയാണെന്നു മനസ്സിലാക്കാവുന്നതാണ്. മറ്റു മതഗ്രന്ഥങ്ങളും ദൈവശാസ്ത്രമല്ല എന്ന് ആത്മീയസാക്ഷാത്ക്കാരവും മതങ്ങളും, ഭീകരവാദവും മതങ്ങളും എന്നീ അദ്ധ്യായങ്ങളില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മത്സ്യാവതാരത്തോടു ബന്ധപ്പെട്ടും, 1991-ല് ഓം കുറിച്ചതുമായി ബന്ധപ്പെട്ടും ഈയുള്ളവന് മാനസികരോഗ-ആശുപത്രിയില് നിന്ന് ഭാഗികമായ ചികിത്സ നേടിയിരുന്നു. മുന് അദ്ധ്യായത്തില് വിശദീകരിച്ചിരുന്നതായ ആവക കാര്യങ്ങള് വിശകലനം ചെയ്യുമ്പോള് മാനസിക രോഗങ്ങള് ഈയുള്ളവന് യാതൊരിക്കലും ഉണ്ടായിട്ടില്ലാ എന്ന് സുവ്യക്തമാവുന്നതാണ്. മഹാശാസ്ത്രത്തിന്റെ 4 ഭാഗങ്ങളില് അഥവാ വേദങ്ങളില് ആദ്യത്തേതായ ഭൗതികശാസ്ത്രത്തെ ഉന്നതപ്പെടുത്താനുള്ള ഒരു സംവിധാനം കൂടിയായിരുന്നു അത്. മാത്രമല്ല ആദ്യമഹാകാല ചക്രത്തിലെ ഭരണത്തിനായി നിയോഗിക്കപ്പെട്ട ഏതാനും ദേവതകള് വഴിപിഴയ്ക്കുകയും, അവരില് 2 പേര് ദൈവമാകാന് ശ്രമിക്കുകയും ഒക്കെ ചെയ്ത അതിനീച കാര്യങ്ങളുണ്ട്.

മഹാദേവി പരമശിവനെ ക്രൈസ്റ്റായിട്ട് നിയോഗിച്ചത് മുഖ്യമായും ആവക കാര്യങ്ങളെ ക്രമപ്പെടുത്താനാണ്, വിശദാംശങ്ങള് ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ഈയുള്ളവനെ ഭ്രാന്തനാക്കുവാന് നീച ദേവതകള് ശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്തു. ഭ്രാന്ത് എന്ന രോഗത്തെപ്പറ്റി പറയുമ്പോള്, ഭൂമിയില് വൈകാതെ മായ പ്രത്യക്ഷമാകുമ്പോള്, ഭ്രാന്ത് രോഗം എന്നത്തേയ്ക്കുമായി മഹാദേവി പിന്വലിക്കുന്നതാണ്.

ഓരോ സൃഷ്ടിചക്രത്തിലും യഥാര്ത്ഥമായ വേദങ്ങള് അഥവാ മഹാശാസ്ത്രം വീണ്ടെടുക്കുന്നതിന് മഹാദേവിക്ക് മഹാശാസ്ത്രപരമായ മഹാപദ്ധതി ഉണ്ടെന്നും, ആയതിന് യാതൊരു മനുഷ്യരുടെയും സഹായം ആവശ്യമില്ലെന്നുംകൂടി തെളിയിക്കുന്നു. മത്സ്യാവതാരത്തെ മഹാശക്തിയായ മഹാദേവി എന്തുകൊണ്ട് പരസ്യമാക്കുന്നില്ല എന്നൊരു ചോദ്യമുണ്ട്.

മായ പ്രത്യക്ഷമാക്കുന്നതിന്റെ മുന്നോടിയായി ഭൗതികശാസ്ത്രത്തെ ഉന്നതപ്പെടുത്തി ക്കൊണ്ട് ഭൗതികശാസ്ത്ര സംവിധാനങ്ങള് പ്രകാരം വേദങ്ങള് വീണ്ടെടുക്കാനുള്ള മാര്ഗ്ഗത്തെ പരസ്യമാക്കുക എന്നു പറഞ്ഞാല് മായ പ്രത്യക്ഷമാക്കുക എന്നാണര്ത്ഥം. മായ പ്രത്യക്ഷമാക്കാതെ ചെയ്യുന്ന മഹാപദ്ധതിയാണ് മത്സ്യാവതാരം. മായ പ്രത്യക്ഷമാക്കുവാന് മഹാദേവിയുടെ മഹാചിരി കൂടിയായ ഓം എന്ന ശബ്ദബ്രഹ്മത്തെ മഹാഒരുക്കിയിട്ടുണ്ട്. മഹാചിരി മാത്രമാണ് മഹാശ്രേഷ്ഠം. മാത്രമല്ല, അധമവാദങ്ങള് നിരത്തുന്ന മനുഷ്യരെ ബോധിപ്പിച്ചിട്ടും, വിശ്വസിപ്പിച്ചിട്ടും ദൈവത്തിന് ഒന്നും നേടാനില്ല. മഹാദേവി മഹാശാസ്ത്രപരമായിട്ട്, തന്റെ തന്നെ ഭാഗമായ പരമശിവനിലൂടെ മഹാശാസ്ത്രത്തെ അഥവാ യഥാര്ത്ഥമായ വേദങ്ങളെ വീണ്ടെടുക്കുന്നു. മഹാദേവിയുടെ മഹാഇഷ്ടം പ്രകാരം വൈകാതെ ഭൂമിയിലെങ്ങും ശബ്ദബ്രഹ്മമായ ഓം ധ്വനിക്കുമ്പോള്, എല്ലാ മനുഷ്യരും സത്യങ്ങള് വിശ്വസിച്ചുകൊള്ളും. അതിനുമുമ്പ് മഹാശാസ്ത്രപരമായി അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങളെ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യം മനുഷ്യന് നല്കിയിരിക്കുകയാണ്.

മായ പ്രത്യക്ഷമാക്കിയ ശേഷം വേദങ്ങള് വീണ്ടെടുത്താല് പോരേ എന്നു ചിന്തിക്കുന്നവരുണ്ടാകും.

ആദ്യമായിട്ട് ഭൗതികശാസ്ത്രത്തിന്റെ ഔന്നത്യത്തെ വേദങ്ങളുടെ വീണ്ടെടുക്കലുമായി ബന്ധിപ്പിച്ചിട്ടുള്ളതിനെപ്പറ്റി പറയാം:-

മായാശക്തികളുടെ പ്രവര്ത്തനങ്ങളെ സമൂഹത്തില് പ്രത്യക്ഷമായി പ്രകടിപ്പിക്കാതെയും, തന്റെ ഏകദാസനോടുപോലും മായാപരങ്ങളായ

പ്രകടനങ്ങള് അധികം നടത്താതെയും വേദങ്ങളെ (തന്റെ ഏകദാസനിലൂടെ) ഭൗതികശാസ്ത്രപരമായി അവതരിപ്പിക്കുക കൂടിയാണ് ദൈവം. ഇന്നത്തെ കാലഘട്ടത്തില് ദൈവം സൃഷ്ടിച്ച മനുഷ്യര് പണഭ്രാന്ത്, കാമ ഭ്രാന്ത്, മതഭ്രാന്ത്, രാഷ്ട്രീയ ഭ്രാന്ത്, കീര്ത്തി ഭ്രാന്ത്, തുടങ്ങിയ ബഹുവിധ ഭ്രാന്തുകള് പിടിച്ച് മനുഷ്യരായല്ലാതെ ജീവിക്കുമ്പോള്, ഭൗതികശാസ്ത്രപരമായി വേദങ്ങളെ വീണ്ടെടുക്കുന്നതും, സമൂഹത്തില് അവതരിപ്പിക്കുന്നതും സാദ്ധ്യമല്ലാ എന്നു തോന്നും. അത്തരമൊരു അവസ്ഥയില്, മത്രഭ്രാന്തരുടെയും രാഷ്ട്രീയ ഭ്രാന്തരുടെയും ഇടയില് തന്റെ ഏകദാസനായ പരമശിവനെ ജീവിപ്പിച്ചുകൊണ്ട്, പരമശിവനിലൂടെ യഥാര്ത്ഥമായ വേദങ്ങളെ മാനുഷികമായിട്ട് സുമാര് 20 വര്ഷക്കാലമായുള്ള പരസ്യ-പ്രവര്ത്തനത്തിലൂടെ വീണ്ടെടുക്കുകയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. യഥാര്ത്ഥത്തില് സമൂഹത്തിലെ വലിയൊരു അത്ഭുതമാണത്. ഇനി വേദങ്ങള് വീണ്ടെടുക്കുന്നതിനു മുമ്പ് മായ പ്രത്യക്ഷമാക്കിയാലുണ്ടാകുന്ന മറ്റ് പോരായ്മകളെപ്പറ്റി പറയാ :- ദൈവശാസ്ത്രമെന്നും സമ്പൂര്ണ്ണ ദൈവശാസ്ത്രം എന്നുമുള്ള കള്ളപ്പേരുകളോടെ ഇന്ന് ഭൂമിയിലൊക്കെയും നിലനില്ക്കുന്ന വ്യത്യസ്ത മതങ്ങളും അവയിലെ പുരോഹിതവര്ഗ്ഗവും പണ്ഡിതകേസരികളുമൊക്കെ തങ്ങളുടെ അധമ വിശ്വാസങ്ങളെ ശരിവയ്ക്കുന്നതിന് മായ പ്രത്യക്ഷമാക്കലിനെ ഉപയോഗപ്പെടുത്താന് ഉത്സാഹിക്കുകയും അതിന്റെ പേരിലും മത-മനുഷ്യരായി ജീവിക്കുന്ന ദൈവത്തിന്റെ കുഞ്ഞുങ്ങളെ തമ്മിലടിപ്പിക്കാന് ശ്രമിക്കുന്നതുമാണ്. ദൈവത്തിന്റെ പേരില് ഇന്ന് ഭൂമിയിലൊക്കെയും നടന്നുപോരുന്ന ആരാധനാ സമ്പ്രദായങ്ങള് അധമങ്ങളും പൈശാചികങ്ങളും കോപ്രായങ്ങളുമാണെന്ന് ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുള്ളതിനെ മായ പ്രത്യക്ഷമാക്കലുമായി ചേര്ത്തുവായിക്കുമ്പോള് കാര്യങ്ങള് സുവ്യക്തമാകുന്നതാണ്. ജീവിത സൗകര്യങ്ങളെ കൂടുതല് കൂടുതല് ആസ്വദിക്കുവാന് മാത്രം ശാസ്ത്രത്തെ സ്വീകരിക്കുകയും, മനുഷ്യന്റെ സാമൂഹ്യകാര്യങ്ങളില് തങ്ങള്ക്കു തോന്നുമ്പോലെ ദൈവകാര്യങ്ങളെന്ന കള്ളപ്പേരില് അസംബന്ധങ്ങള് കാട്ടിക്കൂട്ടുകയും, ശാസ്ത്രത്തെ തള്ളിപ്പറയുകയും, മതവിഴുപ്പുകള് ചുമക്കുകയുംചെയ്യുന്ന അധമരീതികളിലേക്ക് ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ നിലവില് തിരിച്ചുവിട്ടിരിക്കുകയാണ്. മതപുരോഹിതന്മാരാണ് ഏറ്റവുമധികം അധഃപതിച്ചത്. ദൈവം നേരിട്ട് ഏല്പിക്കാത്ത വേലകള് ദൈവവേലകളല്ല, കുഞ്ഞുങ്ങളെ, വേഷംകെട്ടലുകള് മഹാശക്തിയായ ദൈവത്തോട് വിലപ്പോവില്ലെന്ന് മുമ്പ് വ്യക്തമാക്കിയത് ദൈവം മായ

പ്രത്യക്ഷമാക്കുന്നതോടെ ബോദ്ധ്യപ്പെടുന്നതാണ്. എല്ലാ മതങ്ങളും രാഷ്ട്രീയ പാര്ട്ടികളും മറ്റ് അധമ വ്യവസ്ഥിതികളും സമ്പ്രദായങ്ങളും അവസാനിക്കുന്നതുമാണ്.

മത്സ്യാവതാരത്തിനു ശേഷം ദൈവം മായ പ്രത്യക്ഷമാക്കുമ്പോള്, ദൈവം മായ പ്രത്യക്ഷമാക്കിയിട്ടുള്ളത് തന്റെ ഏകദാസനായ പരമശിവനിലൂടെ താന് വെളിപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്രം പ്രകാരമാണെന്ന് ഭൂമിയിലൊക്കെയുമുള്ള ജനങ്ങള് മനസ്സിലാക്കുന്ന അവസ്ഥ ഉണ്ടാവുകയും, ജനങ്ങള് മഹാശാസ്ത്രത്തിന്റെ അഥവാ മഹാവേദത്തിലെ രണ്ടാമത്തെ വേദമായ ധര്മ്മശാസ്ത്രം പ്രകാരം ജീവിക്കുകയും ചെയ്യുന്നതാണ്.

1989-ല് മത്സ്യാവതാരം സംഭവിപ്പിച്ചശേഷം മഹാദേവി മഹാനിശ്ചയിച്ചിട്ടുള്ള ക്രമം അനുസരിച്ച് ഈയുള്ളവന്റെ ഓരോരോ കാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നു. മഹാശക്തിയുടെ മഹാഇഷ്ടം പോലെ സര്വ്വവും നടക്കേണമേ എന്നും ഓംമഹാശക്തിയായ മണ്ണടിശ്രീമഹാഭദ്രകാളി ദിവ്യ-ദിവ്യ-ദിവ്യ-ദിവ്യ മഹാദേവിക്ക് മഹാആനന്ദം നല്കുന്ന പ്രവൃത്തികള് മാത്രം എല്ലായ്പ്പോഴും ചെയ്യുന്നവനാക്കി എല്ലായ്പ്പോഴും അനുഗ്രഹിക്കണമേ എന്നും പ്രാര്ത്ഥിക്കുന്ന ഈയുള്ളവന് മഹാപദ്ധതികള് അറിയാനുള്ള ആഗ്രഹം ഉണ്ടായിക്കൂടാ. മഹാദേവിക്കുവേണ്ടി വധിക്കപ്പെടാന് തയ്യാറാണ് എന്നതുള്പ്പെടെയുള്ള അനേകം സത്യപ്രതിജ്ഞകള് ഈയുള്ളവന് ചെയ്തിട്ടുണ്ട്; ആവക കാര്യങ്ങള് മുന് അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. മഹാദേവി ഓംകാരം നല്കിയത് 2007-ല് എങ്കില് 1991-ലോ മറ്റോ ഓംകാരമന്ത്രം എന്ന മലയാളത്തിലുള്ള ഒരു രഹസ്യവാചകം/പ്രതിജ്ഞ നല്കിയിരുന്നു. ഇപ്പോള് ഒട്ടും ഓര്ക്കുന്നില്ല. ആവശ്യമാകുന്ന സമയത്ത് മഹാദേവി ഓര്മ്മിപ്പിക്കുന്നതാണ്. പ്രതിജ്ഞകളുടെ ഒരു നീണ്ടനിര അനവധി വര്ഷങ്ങളിലൂടെ ചെയ്യിച്ചിട്ടുണ്ട്.

2007 ഡിസംബറിലും, 2008 ഫെബ്രുവരി ആദ്യവും ബ്രഹ്മവും പരിശുദ്ധാത്മാവും ആയിരിക്കുന്ന മഹാദേവിയുടെ ദിവ്യ ദര്ശനം നല്കി ഈയുള്ളവനെ മഹാഅനുഗ്രഹിച്ച വിവരങ്ങള് മുന് അദ്ധ്യായത്തില് ചേര്ത്തിട്ടുണ്ട്. 2008 ഫെബ്രുവരി 1-ാം തീയതി ക്രൈസ്റ്റിന്റെ ചരിത്രം അറിയിച്ചു. പരമശിവനായി മഹാദേവി അവരോധിച്ചിട്ടുള്ള ഈയുള്ളവനെത്തന്നെയാണ് ക്രൈസ്റ്റായി അയച്ചത് എന്നു തുടങ്ങിയ കാര്യങ്ങള്ക്കൊപ്പം ഹിന്ദുക്കള് ദൈവമായി കരുതുന്ന ഒരു ഹൈന്ദവ-ദേവതയുടെ കഥ വിവരിക്കപ്പെട്ടത് വല്ലാത്ത അനുഭവമായിരുന്നു. ആവക കാര്യങ്ങള്, ഭീകരവാദങ്ങളും മതങ്ങളും എന്ന അദ്ധ്യായത്തില്

വിസ്തരിച്ചിട്ടുണ്ട്.
മഹാദേവി മഹാകല്പിക്കുന്നതെന്തും അനുസരിക്കുക, മഹാശാസ്ത്രം സ്ഥാപിക്കുക, മഹാദേവിയെ മാത്രം ആരാധിക്കുക എന്നിവ മഹാദേവി മഹാഅനുഗ്രഹിച്ചു നല്കുന്ന ശക്തികള്ക്കൊത്ത് ചെയ്യുന്നു. ദൈവത്തിന്റെ ഭാവങ്ങളായ സത്യ-ധര്മ്മ-നീതികള് സംസ്ഥാപിക്കുക, യോഗ്യരായവരെക്കൊണ്ട് (മാത്രം) മഹാദേവിയെ മാത്രം ആരാധിപ്പിക്കുക, മഹാപ്രപഞ്ചത്തിലെ ജീവികളായ കുഞ്ഞുങ്ങളെയെല്ലാം സമമായി സ്നേഹിക്കുക, തുടങ്ങി മഹാദേവിയുടെ മഹാഇഷ്ടങ്ങള് അനുസരിച്ച് ഈയുള്ളവന് ജോലികളെ മഹാഅനുഗ്രഹിച്ചു നല്കുന്നതാണ്.
മുമ്പ് വ്യക്തമാക്കിയതുപോലെ മഹാദേവി, മഹാദാനങ്ങളായ നിരവധി മഹാശക്തികള് ഈയുള്ളവനെ മഹാഅനുഗ്രഹിച്ചു നല്കിക്കഴിഞ്ഞു. മഹാദാനങ്ങളില് ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ അജ്ഞാതമായുമാണ് മഹാഅനുഗ്രഹിച്ചത്.
പ്രത്യക്ഷമെന്നോണം നല്കിയ മറ്റൊരു മഹാപദ്ധതിയായിരുന്നു 1991-ല് വിജയദശമി എന്ന പേരിലറിയപ്പെടുന്ന മഹാദശമി ദിവസം ഓം കുറിച്ചത്. 1991-ല് സൂര്യനേത്രമെന്നു വിശേഷിപ്പിച്ച് അനുഗ്രഹിച്ചു നല്കിയ മൂന്നാം കണ്ണിന്റെ സൂചകവും പ്രത്യക്ഷമായിട്ടായിരുന്നു. വീടിന്റെ ടെറസ്സില് പോയി സൂര്യനെ നോക്കിക്കൊണ്ട് സൃഷ്ടി-സ്ഥിതി-സംഹാരം സത്യം-ധര്മ്മം-നീതി എന്നു ഒരു തവണയോ മൂന്നു തവണയോ ജപിക്കുകയും ഈയുള്ളവന്റെ നാവിലൂടെ മഹാദേവിയുടേതായി സൂര്യനോട് എന്തോ കല്പിക്കുകയുമുണ്ടായി. കല്പിച്ചതെന്തെന്ന് ഓര്ക്കുന്നില്ല. ഏതാനും സൂര്യരശ്മികള് ഈയുള്ളവന്റെ നെറ്റിയിലേക്ക് വരുന്നതും പ്രവേശിക്കുന്നതും ഈയുള്ളവന് പ്രത്യക്ഷമായി കണ്ടതും അറിഞ്ഞതും അനുഭവിച്ചതുമായ കാര്യങ്ങളാണ്. സൂര്യനെ ഉള്പ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാന്കഴിയുന്ന മൂന്നാം നേത്രമാണതെന്ന് ഈയുള്ളവനെ അറിയിച്ചത് 2007-ല് മാത്രമാണ്. മൂന്നാം നേത്രത്തെ കുറിക്കുന്ന രേഖകള് ഈയുള്ളവന്റെ നെറ്റിയുടെ മദ്ധ്യത്തില്, താഴെയായും കണ്ണുകളുടെ ഇടയില് മുകളിലായും മഹാദേവി ചിത്രണം ചെയ്തിട്ടുണ്ട്. മഹാദേവി മഹാഅനുഗ്രഹിച്ചു നല്കിക്കഴിഞ്ഞ ശക്തികളെല്ലാം പ്രവര്ത്തിച്ചുതുടങ്ങുന്നത് അഥവാ ആക്ടീവാക്കുന്നത് മഹാദേവി നിശ്ചയിക്കുന്നതായ ഏറ്റവും ഉചിതമായ സമയത്താണ്. അതിനു മുമ്പ് ചെയ്താല് മായ പ്രത്യക്ഷമാക്കുമ്പോലെയാകും അത്. മാത്രമല്ല, ഇനിയും ഈയുള്ളവന് വളരെയധികം യോഗ്യതകള് നേടാനുമുണ്ടാവും. മഹായജമാനകൂടിയായ മഹാദേവിയുടെ മഹാദാസനാകുവാന് മഹാഭാഗ്യം

ലഭിച്ചിട്ടുള്ള പരമശിവനെ സംബന്ധിച്ച്, ഓരോരോ കാലങ്ങളിലും സമയത്തും മഹാദേവി മഹാഅനുഗ്രഹിച്ചു നല്കുന്ന ജോലികള് ചെയ്യുവാനുള്ള ശക്തി മാത്രമേ വേണ്ടൂ. അഹംഭാവം അല്പം വര്ദ്ധിച്ചുവോ എന്ന് എനിക്ക് ഇതെഴുതുമ്പോള് സംശയമുണ്ടായിരിക്കുന്നു. മഹാദേവീ, ഈയുള്ളവനോടു കനിഞ്ഞ്, യാതൊരു അഹംഭാവങ്ങളും ഇല്ലാത്തവനാക്കി എല്ലായ്പ്പോഴും ഈയുള്ളവനെ മഹാഅനുഗ്രഹിക്കേണമേ.

മഹാദേവി, പരമശിവനു മഹാഅനുഗ്രഹിച്ചു നല്കുന്ന ശക്തികളെപ്പറ്റി പറയുമ്പോള്, ശക്തികളിലും കീര്ത്തികളിലും ഒക്കെ ഭ്രമിക്കുന്ന അവസ്ഥ യാതൊരു മനുഷ്യരിലും ഉണ്ടാവരുത്. പരമശിവനെ മഹാദേവിയുടെ ഭാഗമായിക്കൂടി മനസ്സിലാക്കുമ്പോള്, മായാശക്തികളോടുള്ള ഭ്രമം ഉണ്ടാവാതെ ശ്രദ്ധിക്കാന് കഴിയുന്നതാണ്.

മുമ്പ് പറഞ്ഞ ചില കാര്യങ്ങള് ആവര്ത്തിക്കുന്നു : //

മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള്, മഹാശക്തിയായ മഹാദേവി, തന്റെ എല്ലാ കുഞ്ഞുങ്ങളെയും മിടുക്കരും യജമാനരുമാക്കാനാണ് പ്രവര്ത്തിക്കുന്നതെന്നും ബോദ്ധ്യമാകുന്നതാണ്. താന് നല്കിയാല് മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന തന്റെ കുഞ്ഞുങ്ങളോട് മഹാശക്തിയായ ദൈവത്തിന് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ദൈവം, പരമശിവന് മഹാശാസ്ത്രവും മഹാശക്തികളും അനുഗ്രഹിച്ചു നല്കുമ്പോള്, മഹാപ്രപഞ്ചകാര്യങ്ങള് ബോദ്ധ്യമാകുന്ന ദൈവത്തിന്റെ പ്രതിനിധിയായ പരമശിവന്, അദ്ദേഹത്തിന്റെ കൂടി കുഞ്ഞുങ്ങളായ ജീവികളോട് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികള് മായാശക്തികളെ ദുരുപയോഗം ചെയ്യാതിരിക്കാന് കൂടിയാണ് മായാശക്തികളെ മഹാശാസ്ത്രനിയമങ്ങളാക്കുകയും അവയുടെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും. രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങള്ക്കും അവയെ ഉറപ്പുവരുത്തുവാന് ധര്മ്മശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തില്, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാന് മഹാശക്തിയും മഹാപിതാവും മഹാമാതാവും കൂടിയായ ദൈവം മഹാഅനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും കീര്ത്തികളുടെയും പിറകേ

പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്. മഹത്വം ദൈവത്തിനു മാത്രം. //
ഈയുള്ളവന്റെ അച്ഛന്, അമ്മ, സഹോദരങ്ങള്, ഭാര്യ, കുട്ടികള് തുടങ്ങിയവര്ക്കെല്ലാം അതിശ്രേഷ്ഠങ്ങളായ മുജ്ജന്മ പുണ്യബന്ധങ്ങളുണ്ട്, ചിലര്ക്ക് വലിയ പാപങ്ങളും ! മഹാദേവി അറിയിച്ചിട്ടുള്ളതായ ആവക കാര്യങ്ങള് ഇവിടെ വിസ്തരിക്കുന്നില്ല. 2009 ജനുവരിയില് 51 വയസ്സോട് അടുക്കുന്നു. കുടുംബ-ബന്ധങ്ങളില് ഈയുള്ളവനും ഭാര്യക്കും മാനസിക പൊരുത്തങ്ങള് ഏറെയുണ്ട്. ഭാര്യ ഒരു സ്നേഹക്കുടുക്കയുമാണ്. എന്നാല് ബഹുവിധങ്ങളായ കുടുംബപ്രശ്നങ്ങളും ദൈവ-നിശ്ചയങ്ങളും നിമിത്തം ശാരീരികബന്ധങ്ങള് എന്നും അപൂര്വ്വമായിരുന്നു. ഈ ജന്മത്തില് ഭാര്യയുമായി മാത്രമേ ഈയുള്ളവന് ലൈംഗികബന്ധത്തില് ഏര്പ്പെട്ടിട്ടുള്ളൂ. 7-8 വര്ഷക്കാലമായിട്ട് ശാരീരിക ബന്ധങ്ങളില് രണ്ടുപേരും ഏര്പ്പെടുന്നുമില്ല. ഭാര്യ പ്രസ്തുത നിലയിലെത്തിയത് കുടുംബദാരിദ്ര്യം, ഭാര്യയുടെ അമിത ഭക്തി, അജ്ഞാന ഭക്തി, കൂടാതെ ആദ്യ-മഹാകാലചക്രത്തിലെ അതിഭീമമായ കാര്യങ്ങള് തുടങ്ങിയ ബഹുവിധ കാരണങ്ങള്കൊണ്ടാണ്. മഹാദേവി താല്ക്കാലികമായി പരമശിവനിലൂടെ നിയമിച്ച ഈശ്വരി, അഥവാ അന്നപൂര്ണ്ണേശ്വരിയാണ് ഭാര്യാപദവിയിലെത്തിയിട്ടുള്ളത;് ഭൂമിദേവി എന്ന തെറ്റായ പേരില് അറിയപ്പെടുന്നതും ഈശ്വരിയാണ് ! 1989 ജനുവരി മാസത്തില് ഭാര്യയുടെ നാസികയോട് ഈയുള്ളവന്റെ നാസിക ചേര്ത്തുവച്ച് ജീവശ്വാസവായു വലിച്ചെടുത്തതായ ഒരു അത്യപൂര്വ്വ സംഭവത്തിന് ഓംകാരവുമായി ബന്ധമുണ്ടായിരുന്നുവെന്ന് 2009 ഏപ്രില് 22-ന് വെളിപാട് ലഭിക്കുകയുണ്ടായി. കൂടുതല് വിസ്തരിക്കുന്നില്ല. സമ്പൂര്ണ്ണ കാമാനന്ദം ഭാര്യക്കു നല്കിയിട്ടുണ്ട് എന്നല്ലാതെ ഈ ജന്മത്ത് ഒരിക്കല് പോലും മടക്കി ലഭിച്ചിട്ടില്ല ; എന്നാല് അത് ഭാര്യയുടെ കുറ്റം കൊണ്ടല്ല, പരമശിവന് മഹാആനന്ദം ലഭിക്കണമെങ്കില് മഹാശക്തിയായ മഹാദേവിയോടുള്ള മഹാദാസ്യ-അളവായ 30 ലഭിക്കണം. പരമശിവനെ ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ളത് 30 എന്ന ആനന്ദ അളവോടെയാണ്, മഹാദേവിയോടുള്ള മഹാ-ദാസ്യ അളവാണത്. മാത്രമല്ല, മഹാദേവിയുടെ ഭാഗം തന്നെയായ പരമശിവനും മഹാദേവിയുടെ മഹാഅനുഗ്രഹത്താല് ഭൂമിയിലെ ആനന്ദങ്ങള്ക്കെല്ലാം അതീതമായ മഹാഅവസ്ഥയിലേക്ക് ഉയരുന്നതാണ്. കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദകാര്യങ്ങളിലേക്ക് സദാ ശ്രദ്ധ പതിപ്പിക്കുവാന് അത് ഉതകുന്നു. മുന് അദ്ധ്യായത്തിലും, ആനന്ദം, പരമാനന്ദം, മഹാആനന്ദം എന്ന അദ്ധ്യായത്തിലും മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല്

മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തിലും വിശദമാക്കിയിരുന്നതുപോലെ, മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും പരമമായ ആനന്ദ അളവ് അഥവാ പരമാനന്ദ അളവ് 25 എന്ന കാമാനന്ദമാണ്. ജീവികളില് സ്ത്രീയും പുരുഷനും അന്യോന്യം നല് കുന്നതും അവര്ക്കു ലഭിക്കുന്നതുമായ പരമാനന്ദ അളവാണത്. മഹാശക്തിയായ മഹാദേവി 35 എന്ന മഹാവാത്സല്യ അളവാണ് സ്വയം സ്വീകരിച്ചിട്ടുള്ളത്. മഹാപ്രപഞ്ചത്തിലെ തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം മഹാവാത്സല്യം നല്കുമ്പോള് മാത്രമാണ് മഹാദേവിക്ക് മഹാആനന്ദം ലഭിക്കുക. വീണ്ടും ഈയുള്ളവന്റെ കുടുംബകാര്യങ്ങളിലേക്കു വരാം. മഹാശാസ്ത്രപാഠങ്ങള് വര്ദ്ധിതമായി ലഭിച്ചതോടെ ഭാര്യ, മാതാവ് തുടങ്ങി ഭൂമിയിലുള്ള ജീവികളെയെല്ലാം മക്കളായി കാണുന്ന മാനസിക അവസ്ഥയാണ് ഇന്നുള്ളത് (2008). ഭാര്യയുമായുള്ള ശാരീരിക ബന്ധങ്ങളെ മഹാദേവി തടഞ്ഞതുകൂടിയാണ് എന്ന് മഹാദേവിയുടെ മഹാ-അനുഗ്രഹത്താല് ഇന്നറിയാം. പരമപ്രധാനമായ മറ്റൊരു വസ്തുത : മഹാദേവി ഈയുള്ളവന് അനുഗ്രഹിച്ചുനല്കിയിട്ടുള്ള പരമശിവ-പദവി പ്രാവര്ത്തികമാക്കുമ്പോള്, ബഹുഭാര്യത്വം എന്ന ഹീനത്വം സംഭവിക്കാതെ മഹാശാസ്ത്രപ്രകാരം ഈയുള്ളവനെ മഹാശുദ്ധിചെയ്ത്, ഈയുള്ളവനെ ഉള്പ്പെടെ സര്വ്വരെയും മഹാദേവി തീര്ച്ചയായും മഹാഅത്ഭുതപ്പെടുത്തുന്നതാണ്; ഉറച്ചുവിശ്വസിക്കുന്നു. ഈ ഖണ്ഡികയിലെ വ്യക്തിഗതകാര്യങ്ങളെ സംവാദങ്ങള്ക്കും വിവാദങ്ങള്ക്കും ഉപയോഗിച്ചുകൂടാ. മഹാഅനുഗ്രഹം കൊണ്ട് കാമകാര്യങ്ങളെ വളരെ ജയിച്ചിരിക്കുന്നു ; മഹാദേവിയുടെ മഹാദാസനായിരിക്കുക എന്നത് മഹാആനന്ദമായി ഈയുള്ളവനില് മഹാഅനുഗ്രഹത്താല് ഉറച്ചിട്ടുണ്ട് എന്നും വിശ്വസിക്കുകയാണ്. // ഗ്രന്ഥത്തിലെ മഹാശാസ്ത്ര സംഗ്രഹം മഹാസത്യമാണെന്ന് സുവ്യക്തമാണ്. കൂടുതല് തെളിവുകള് ആവശ്യമില്ല എന്നു തന്നെയാണ് ഈയുള്ളവന് കരുതുന്നതെങ്കിലും, മഹാദേവി ഈയുള്ളവന്റെ ശരീരത്തില് ദൈവീക-ചിഹ്നങ്ങള് മഹാഅനുഗ്രഹിച്ചുനല്കിയിട്ടുണ്ട് ; അവയെ ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമാക്കുവാന് മഹാദേവി ഉദ്ദേശിച്ചിട്ടുണ്ടോ എന്ന് തല്ക്കാലം അറിയില്ല. മഹാദേവി, അതനുവദിക്കുന്നുവെങ്കില്, ഈയുള്ളവന്റെ നാവിലുള്ള 3 എന്ന അടിസ്ഥാന അക്ഷരബ്രഹ്മം, ഇടതു നെറ്റിയിലുള്ള ചന്ദ്രക്കലയും നക്ഷത്രവും, മദ്ധ്യനെറ്റിയില് താഴത്തായി സൂര്യനേത്രത്തെ സൂചിപ്പിക്കുന്ന രേഖാരൂപം (ചിത്രണം) എന്നിവയെ ശാസ്ത്രീയമായി പരിശോധിക്കുവാനുള്ള സംവിധാനം തയ്യാറാക്കണം. അതിവിദഗദ്ധരായ 2 ചര്മ്മരോഗ വിദഗ്ദ്ധര്; ഇ.എന്.ടി. സ്പെഷ്യലിസ്റ്റ്;

സെക്ക്യാട്രിസ്റ്റ്; ക്രിസ്തുമതം, ഇസ്ലാം മതം, ഹിന്ദുമതം തുടങ്ങിയ വ്യത്യസ്ത മതങ്ങളില് നിന്ന് മതഭ്രാന്തും മതപാണ്ഡിത്യവും വളരെയധികമുള്ള ഓരോ പുരോഹിതന്മാര്; കേമന്മാരായ അറിയപ്പെടുന്ന രണ്ട് നിരീശ്വരവാദികള്; ഹൈക്കോടതി ജഡ്ജിമാര് തുടങ്ങിയവരുടെ നേതൃത്വത്തില്; ഏറ്റവും മുന്തിയ ശാസ്ത്രസൗകര്യങ്ങളുള്ള ആശുപത്രിയില് വച്ച് പരിശോധിക്കാം. പരിശോധകര് ഈ ഗ്രന്ഥം ശ്രദ്ധിച്ചു പഠിച്ചവരാവണം എന്നാവശ്യപ്പെടുന്നു. തങ്ങള് ചെയ്യുന്ന പ്രവൃത്തിയുടെ ഗൗരവം മനസ്സിലാക്കാതെ അവര് പാപം ചെയ്യുകയും, ദൈവം അവരെ ശിക്ഷിക്കാന് ഇടവരുകയും ചെയ്യരുത്. ആര്ക്കെങ്കിലും വേണ്ടി കള്ളംപറയാന് ഇറങ്ങിത്തിരിച്ച് പാപവും ശിക്ഷയും നേടിക്കൂടാ. പ്രീണനമോ, ഭീഷണിയോ അല്ലാ, മറിച്ച് അവരെ സ്നേഹിക്കുന്നതുകൊണ്ടാണ്. എല്ലാ കുഞ്ഞുങ്ങളെയും സ്നേഹിക്കുന്ന ഒരു പിതാവിന്റെ വാത്സല്യമാണ് പ്രകടിപ്പിച്ചത്. // മഹാദേവി ഭൂമിയില് മായ പ്രത്യക്ഷമാക്കുന്നതിനു മുമ്പ് ഈയുള്ളവനെ വധിക്കാന് ആര്ക്കെങ്കിലും കഴിഞ്ഞാല്പോലും, മഹാദേവി മഹാ-നിശ്ചയിക്കുന്ന സമയത്ത് ചാരത്തിന്റെ ഒരു പരമാണുവില്നിന്നു പോലും ഈയുള്ളവനെ ഉയര്പ്പിക്കുന്നതാണ്. വധിക്കപ്പെടുന്നില്ലെങ്കില്, മഹാദേവി ഭൂമിയില് മായ പ്രത്യക്ഷമാക്കുന്നതോടെ, ഈയുള്ളവന്റെ ഭൗതിക അവസ്ഥ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ വ്യത്യാസപ്പെടുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

((അദ്ധ്യായം 63 : പരമശിവന് ക്ഷിപ്ര കോപത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

അദ്ധ്യായം 63
മഹാ ഭരണാധികാരിയും മഹാനീതിപതിയും
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാദേവി അഥവാ കര്ത്താവായ ദൈവം മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയാണ്. മഹാഭരണാധികാരി എല്ലായ്പ്പോഴും മഹാഭരണം നിര്വ്വഹിച്ചുകൊണ്ടാണിരിക്കുന്നത്. ഓരോ സൃഷ്ടിചക്രത്തിലും മായ പ്രത്യക്ഷമല്ലാത്ത കാലത്ത്, മഹാദേവിയെ കാണുവാനും കേള്ക്കുവാനും മനുഷ്യര്ക്കു കഴിയുന്നില്ല എന്നതും മഹാഭരണം എങ്ങനെയെന്ന് അറിയാത്തതും വസ്തുതകളാണെങ്കിലും മഹാഭരണാധികാരിയായി ദൈവം പ്രത്യക്ഷമായി പ്രവര്ത്തിച്ചാല്, അടിമ-ജീവിതമായി മനുഷ്യ ജീവിതം അധഃപതിക്കുന്നതാണെന്ന് ചുവടെ വിശദീകരിക്കുന്നുണ്ട്.

മഹാഭരണം നടക്കുന്നുണ്ട് എന്നു സുവ്യക്തമായി മനുഷ്യരെ ബോദ്ധ്യപ്പെടുത്തുന്നതായ കാര്യങ്ങള് ഓരോ മനുഷ്യരിലും സംഭവിച്ചിട്ടുണ്ട്, സംഭവിക്കുന്നുമുണ്ട്. തങ്ങളുടെ ജീവിതകാലത്തെ ശാസ്ത്രീയമായി വിശകലനംചെയ്താല് അത് ബോദ്ധ്യമാകുന്നതാണ്. പൊതുവായ ഒരു ഉദാഹരണം പറയുകയാണെങ്കില് മനുഷ്യര് വാഹനങ്ങളുമായി റോഡുകളിലൂടെ കുതിച്ചുപായുമ്പോള് മഹാശക്തിയായ മഹാദേവിയാണ് 50 ശതമാനത്തിലേറെ ഡ്രൈവിംഗ് ചെയ്യുന്നത്. അങ്ങനെയല്ലായിരുന്നുവെങ്കില് വാഹനഅപകടങ്ങള് കൊണ്ടുമാത്രം സമൂഹത്തിലെ ജനസംഖ്യ അതിവേഗം ചുരുങ്ങുമായിരുന്നു, ജീവിതാനന്ദം അസ്തമിക്കുമായിരുന്നു. ആവക കാര്യങ്ങളെപ്പറ്റി ധര്മ്മശാസ്ത്രപരമായി വിശകലനംചെയ്യാന് പോലും മനുഷ്യര്ക്ക് കഴിയുന്നില്ല, തയ്യാറാകുന്നില്ല.

മഹാദേവനും മഹാദേവിയും മഹാശക്തിയുമായ ദൈവം, മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയായിട്ട് പ്രത്യക്ഷമായി പ്രവര്ത്തിച്ചാല്, എങ്ങനെയിരിക്കും എന്ന് അല്പം ചിന്തിക്കുക. മനുഷ്യര്ക്കു നല്കുന്ന ശാസ്ത്രജ്ഞാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്രവികസനവും ശാസ്ത്ര സൗകര്യങ്ങളും അനന്തമായ ആനന്ദങ്ങളും ഭൂമിയില് മനുഷ്യര് കണ്ടെത്തുകയും ആസ്വദിക്കുകയും വേണമെന്നതായ പദ്ധതിയെ മനുഷ്യര് ഉപേക്ഷിക്കും. ശാസ്ത്രഗവേഷണം നടക്കാതെ വരും. മഹാദേവിയോട് ഓരോ സുഖകാര്യങ്ങളും വര്ദ്ധിപ്പിക്കുന്നത് എങ്ങനെയെന്ന് മനുഷ്യര് ചോദിച്ചുകൊണ്ടിരിക്കും. മനുഷ്യര് കര്മ്മങ്ങളില് മുഴുകാതെ വരുമ്പോള് ഓരോരോ സുഖങ്ങളും മഹാദേവി തന്നെ ഭൂമിയിലുള്ള ഓരോ

മനുഷ്യരെയും സന്ദര്ശിച്ചു നല്കേണ്ടതായി വരും. ഭൂമിയില് 700 കോടി മനുഷ്യരുണ്ടെങ്കില് അവരെ ഓരോരുത്തരെയും പരിപാലിക്കാനായി 700 കോടി മഹാദേവിമാരായി മഹാദേവി രൂപംകൊള്ളേണ്ടതായി വരും ! അതായത് അദ്ധ്യാനം ഇല്ലാത്ത മനുഷ്യജീവിതം ഉരുത്തിരിയും. അധമമായ അഥവാ നികൃഷ്ടമായ അത്തരമൊരു ജീവിതമല്ല ദൈവം മനുഷ്യര്ക്കായി മഹാആവിഷ്ക്കരിച്ചത്. (ഒരു സൃഷ്ടിചക്രത്തില് 1000 കോടി മനുഷ്യര് എന്നൊരു കണക്കുണ്ട്. പശുക്കളെയും കാളകളെയും ചേര്ത്തുള്ള കണക്കാണത്. സൃഷ്ടിചക്രങ്ങളുടെയും മറ്റുള്ള ജീവികളുടെ ജന്മ-എണ്ണങ്ങളെയും, പശു-കാള ജന്മങ്ങളെ പ്രത്യേകമായും വിവരിച്ചുള്ള പ്രസ്തുത വെളിപാടുകള് ഇനിയും പൂര്ണ്ണമായിട്ടില്ല. !)

പ്രത്യേകം അദ്ധ്യായത്തില് വിശദീകരിച്ചതുപോലെ മഹാശാസ്ത്രത്തിന്റെ ഭൗതിക രൂപമാണ് മഹാപ്രപഞ്ചം. മഹാശാസ്ത്രപാഠങ്ങള് മനുഷ്യനു നല്കിക്കൊണ്ട് അവ പ്രകാരം മഹാപ്രപഞ്ചത്തിലെ സുഖസൗകര്യങ്ങളും ആനന്ദങ്ങളും മനുഷ്യര് തന്നെ കണ്ടെത്തണമെന്നും മനുഷ്യര് തന്നെ അവയെ സമമായി വീതിച്ച് ആനന്ദിക്കണമെന്നുമാണ് ദൈവം ഉദ്ദേശിച്ചിട്ടുള്ളത്. മഹാശാസ്ത്രപ്രകാരം കാലഘട്ടങ്ങളെയും ജനപ്പെരുപ്പത്തെയും ഒക്കെ കൂട്ടിയിണക്കിക്കൊണ്ട് മഹാദേവി മഹാശാസ്ത്രപാഠങ്ങള് വെളിവാക്കി കൊടുത്തുകൊണ്ടിരിക്കും. മനുഷ്യര് അവയെ ഉപയോഗപ്പെടുത്തിക്കൊണ്ടുമിരിക്കണം. അദ്ധ്വാനിച്ച് ആനന്ദിക്കണം. മാത്രമല്ല, നല്ലതും കെട്ടതും സ്വയം വേര്തിരിച്ച് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം ആസ്വദിച്ച് മനുഷ്യന് ജീവിക്കണം. മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയായിട്ട് പ്രത്യക്ഷമായി പ്രവര്ത്തിച്ചാല്, യാതൊരു മനുഷ്യര്ക്കും വ്യക്തിസ്വാതന്ത്ര്യം ലഭ്യമാകുന്നതല്ല, ലഭിച്ചാലും ഉപയോഗപ്പെടുത്താനുമാവില്ല. മഹാദേവിയുടെ സൃഷ്ടികള് അടിമകളായി മാറുന്നതാണ്. അടിമകളെ സൃഷ്ടിക്കുന്നത് മഹത്തരമല്ല. മഹാശാസ്ത്രത്തിലൂടെ മഹാശക്തിയുടെ മഹത്വം തിരിച്ചറിഞ്ഞ്, മഹാശാസ്ത്രത്തിന്റെ അടിമകളാവാന് മനുഷ്യര് സ്വയം സന്തോഷത്തോടെ തയ്യാറാവണം, അങ്ങനെ മഹാദേവിയുടെ മഹാവാത്സല്യം നുകരുന്ന കുഞ്ഞുങ്ങളാവണം. സ്രഷ്ടാവിന് അപ്പോള് മാത്രമേ മഹാസംതൃപ്തി ലഭിക്കുകയുള്ളൂ.

വൈകാതെ ഭൂമിയില് മായ പ്രത്യക്ഷമാകുമെന്ന് അറിയിക്കുകയുണ്ടായി. മായ പ്രത്യക്ഷമായിരിക്കുമ്പോഴും, മഹാദേവി പ്രത്യക്ഷമാകുന്നത് മഹാശാസ്ത്ര പ്രകാരമുള്ള പരിധികളോടെയാണ്. അല്ലെന്നാല്,

മുമ്പറഞ്ഞതുപോലെ, മനുഷ്യര് അദ്ധ്യാനം ഉപേക്ഷിക്കുന്നവരാകും. അതു സംഭവിച്ചുകൂടാ. മായ പ്രത്യക്ഷമാകുമ്പോള് ഭക്തിപ്രസ്ഥാനങ്ങളുമായി നടക്കാതെ അദ്ധ്യാനിച്ചും ആനന്ദിച്ചും ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തോടെ ജീവിക്കുന്നവരാകണം. മഹാശക്തിയായ മഹാദേവി പ്രത്യക്ഷമല്ലാതെയാണെങ്കിലും മഹാപ്രപഞ്ചത്തില് മഹാഭരണം നടത്തുന്നുണ്ടെങ്കില്, മാനുഷിക ഭരണകൂടങ്ങള് പിന്നെയെന്തിനെന്ന ചോദ്യമുണ്ട്. പ്രത്യക്ഷമല്ലാത്ത ഭരണത്തെ മനുഷ്യര്ക്ക് കാണുന്നതിനും അറിയുന്നതിനും ചില പരിധികളുണ്ട്. മനുഷ്യരെ അടിമകളാക്കാതെ കാക്കുന്നതിന്നായി ഏതാനും ശാസ്ത്രശാഖകളിലെ ഭരണം ദൈവം മനുഷ്യരെത്തന്നെ ഏല്പിച്ചിരിക്കുകയുമാണ്. (മനുഷ്യരെത്തന്നെ ഏല്പിച്ചിരിക്കുന്നു എന്നു പറയുമ്പോള്, ഇന്നു കാണുമ്പോലെയുള്ള അശാസ്ത്രീയമായ ഭരണകൂടങ്ങളെ സൃഷ്ടിക്കുവാന് ദൈവം അനുവദിച്ചു എന്ന ദുര്വ്യാഖ്യാനം അരുത്. ആവക വിവരങ്ങള് മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തിലും, ഗ്രന്ഥത്തിലെ 4-ാം ഭാഗത്തിലും ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്).

ഏതാനും ശാസ്ത്രശാഖകളിലെ ഭരണം കൊണ്ടുതന്നെ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഭരണം നടത്തുന്നതായി മനുഷ്യര്ക്കു തോന്നുന്നതാണ്. എന്നാല്, യാഥാര്ത്ഥ്യം അതല്ല. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഭരണം നടത്തുന്നത് മനുഷ്യര് തന്നെയാണെങ്കിലും, അഥവാ അങ്ങനെ തോന്നുമെങ്കിലും, മനുഷ്യര് നടത്തുന്ന ഭരണത്തിലെ പിഴവുകളെ നിയന്ത്രിക്കുവാനും എല്ലാ ജനങ്ങള്ക്കും സമനീതി ഉറപ്പാക്കാനുമായി ദൈവം മഹാനീതിശാസ്ത്രം സ്ഥാപിച്ചിട്ടുണ്ട്. ദൈവം എന്തിനങ്ങനെ ചെയ്യുന്നു എന്നു ചോദിച്ചാല്, ഒരു ഭാഗത്ത് കുഞ്ഞുങ്ങള്ക്ക് വ്യക്തിസ്വാതന്ത്ര്യം നല്കുമ്പോഴും, മറുഭാഗത്ത് തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും മഹാസമനീതി ലഭ്യമാക്കേണ്ടത് ജീവികളുടെയെല്ലാം സൃഷ്ടികര്ത്താവായ ദൈവത്തിന്റെ ചുമതലയാണ്, മഹാസ്നേഹവും മഹാവാത്സല്യവുമാണ്. മഹാനീതിശാസ്ത്രം മഹാദേവിയുടെ നിയന്ത്രണത്തിലാകയാല്, മഹാദേവി മഹാനീതിപതിയാവുന്നു, ഭൂമിയിലെ എല്ലാ മനുഷ്യഭരണാധികാരികളെയും മഹാഭരിക്കുന്ന മഹാനീതിപതിയാകയാല് മഹാദേവി മഹാഭരണാധികാരി കൂടിയാകുന്നു.

((അദ്ധ്യായം 64 ഓംകാര നീതി ശാസ്ത്രം / മഹാനീതി ശാസ്ത്രം - ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട് .))

അദ്ധ്യായം 65

ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും ആത്മീയ സാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തിന്റെ തുടര്ച്ച കൂടിയാണിത്. വളരെ ഗൗരവമായതും ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കുന്ന വിഷയത്തില് വെളിപാട് പൂര്ണ്ണമായിട്ടില്ല, അഥവാ പൂര്ണ്ണമായി വെളിപ്പെടുത്തുവാന് സമയമായിട്ടില്ല.

ഒരു മനുഷ്യന് എന്നത് സ്ത്രീയും പുരുഷനും ചേര്ന്ന 2 വ്യക്തികളാണ് എന്നറിയാമല്ലോ. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യന് എന്നീ 5 അവസ്ഥകളിലും സ്ത്രീ-പുരുഷ വ്യത്യാസമുണ്ട്. മഹാശക്തിയായ ദൈവം ഒരു മത്സ്യത്തെ സൃഷ്ടിച്ച്, പരിണാമത്തിലൂടെ മനുഷ്യാവസ്ഥയില് എത്തിക്കുകയും, 100 മനുഷ്യ ജന്മങ്ങള് പൂര്ത്തിയാക്കിക്കൊണ്ട് ആത്മീയ സാക്ഷാത്ക്കാരം നേടുന്നതായുമാണ് മുമ്പ് വിവരിച്ചത്. അടിസ്ഥാനപരമായി അതു ശരിതന്നെയെങ്കിലും, വലിയൊരു വസ്തുതയെ ചെറുതെന്ന പോലെ സൃഷ്ടിയില് ഉള്പ്പെടുത്തുന്നുണ്ട്. വിശദാംശങ്ങള് വെളിവായിട്ടില്ല എന്നു കുറിച്ചുവല്ലോ. ഇനി വസ്തുത പറയാം :

മഹാശക്തിയായ ദൈവം, സ്വയം രണ്ടായി വിഘടിച്ച് (മഹാ) ശക്തിചക്രവും ശിവചക്രവുമായി മാറുന്നതും, ശേഷം ബ്രഹ്മം ശക്തിചക്രത്തോടു മാത്രം ചേരുന്നതും (മഹാ)ശക്തി, ശിവന് എന്നീ അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. അതേപോലെയാണ് ഓരോ ജീവിയുടെയും സൃഷ്ടി. സ്ത്രീയും പുരുഷനും എന്ന 2 ഘടകങ്ങളായിട്ട് ഒരു ജീവിയെ സൃഷ്ടിക്കുമ്പോള്, സ്ത്രീയും പുരുഷനും എന്നത് ഒരേ ജീവിയുടെ 2 ഘടകങ്ങളാണ്. അതില് സ്ത്രീയായ ഘടകത്തെ ഉന്നതപ്പെടുത്തിക്കൊണ്ട് മഹാശക്തിയായ മഹാദേവി പവിത്രസ്ഥാനത്തില് കുടിയിരുത്തുന്നു. ഒരു വലിയ ഉറക്കത്തിലെന്ന പോലെ സ്ത്രീ-ഘടകം വര്ത്തിക്കുന്നു. സ്ത്രീ-ഘടകം പ്രപഞ്ചത്തിലെ വസ്തുക്കളില് ചേര്ന്നു പ്രവര്ത്തിക്കുന്നു; ജീവികളുടെ ശരീരഭാഗം ആകുന്നുമില്ല. പുരുഷ ഘടകം മാത്രമാണ് വ്യത്യസ്ത ജീവി ജന്മങ്ങളിലൂടെ പുരുഷജന്മവും സ്ത്രീജന്മവും എടുത്ത് ജീവി-പരിണാമങ്ങളിലൂടെ കടന്നു പോകുന്നത്. മനുഷ്യാവസ്ഥയില് എത്തുമ്പോള് 50 പുരുഷ ജന്മം, 50 സ്ത്രീ ജന്മം എന്നിങ്ങനെ

ജന്മമെടുക്കുന്ന പുരുഷ-ഘടകം അഥവാ പുരുഷന് 90 മുതല് 95-വരെയുള്ള ഒരു ജന്മത്തില് മഹാശാസ്ത്രം നേടാനും, മഹാശക്തിയായ ദൈവത്തെ ആരാധിക്കാനുമുള്ള യോഗ്യത നേടുന്നു. പ്രസ്തുത ജന്മം മുതല് 100 ജന്മങ്ങള് പൂര്ത്തിയാകും വരെ മാത്രമാണ്, ഓരോ ജീവിയുടെയും ആദ്യ ഭാഗമായ സ്ത്രീ-ഘടകം രണ്ടാം ഭാഗവുമായി ചേര്ന്നു ജീവിക്കുക. ഉദാഹരണമായിട്ട്, മഹാശക്തിയായ മഹാദേവി, പരമശിവനിലൂടെ ഒരു വ്യക്തിയുടെ 90-ാം ജന്മത്തില്, മഹാശാസ്ത്രം മഹാഅനുഗ്രഹിച്ചു നല്കുമ്പോള്, ദൈവത്തെപ്പറ്റിയും മഹാപ്രപഞ്ചത്തെപ്പറ്റിയും തന്നെപ്പറ്റിയും ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും എല്ലാം എല്ലാം അറിയുന്നു. തന്റെ ഭാര്യയായിരിക്കുന്നത്, തന്റെ തന്നെ ആദ്യ ഭാഗമാണെന്ന് തിരിച്ചറിയുന്നു. സ്ത്രീ-പുരുഷ ജന്മങ്ങള് മാറിയും തിരിഞ്ഞും ഉണ്ടാകുമെങ്കിലും അടുത്ത 10 ജന്മങ്ങളില് ഒരേ ജീവിയുടെ 2 ഭാഗങ്ങള് തുടര്ച്ചയായി ദമ്പതികളായി ജീവിക്കുന്നതാണ്. ആത്മീയ സാക്ഷാത്ക്കാരത്തിലേക്ക് കടക്കുമ്പോള് ഒരു ജീവിയെന്നോണം ഒരു ജീവാത്മാവായി മാറുന്നു. പരമാനന്ദമായ കാമാനന്ദത്തിലേക്ക് പ്രവേശിക്കുമ്പോള് രണ്ടായി മാറുന്നു. നക്ഷത്രത്തിലെ ഹൈഡ്രജന്-ഹീലിയം ബന്ധത്തിന്റെ സത്തയിലേക്കുള്ള ഒരു എത്തിനോട്ടം കൂടിയാണത്.

മേല്പടി ഒരു ജീവി-2 ഘടകം സംവിധാനത്തെയും ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പുള്ള 2 ഘടകങ്ങളുടെയും ഒത്തുചേരലിനെയും വിലയിരുത്തുമ്പോള്, പുരുഷന് എന്ന ഒരു ഘടകത്തിന് വളരെയധികം വ്യക്തിസ്വാതന്ത്ര്യങ്ങള് അനുവദിച്ചിരിക്കുന്നതായി കാണാനാവുന്നു. പുരുഷ-ഘടകം തന്നെ സ്ത്രീജന്മം എടുക്കുമ്പോഴും, ജീവിതത്തിലെ അനന്തങ്ങളായ ആനന്ദങ്ങളും സുഖ-ദുഃഖങ്ങളും, ധാര്മ്മിക പരിശുദ്ധിയുടെ ആവശ്യവുമെല്ലാം ഒരു ഘടകം പഠിക്കുകയാണ്, അനുഭവിക്കുകയാണ്. തന്റെ ആദ്യഘടകമെന്നു വിശേഷിപ്പിക്കാവുന്ന സ്ത്രീ-ഘടകത്തെ എല്ലാ അര്ത്ഥത്തിലും പരിശുദ്ധവും, ശ്രേഷ്ഠവുമായ തന്റെ തന്നെ ഭാഗമായും തന്റേതു മാത്രമായും മാനവിക-രീതിയില് കണക്കാക്കുന്നു. ആത്മീയ സാക്ഷാത്ക്കാരത്തോടു ചേര്ന്നുള്ള 10 ജന്മങ്ങളില് ഒരേ ജീവിയുടെ 2 ഘടകങ്ങള് തന്നെ ദമ്പതികളായി വര്ത്തിക്കുമ്പോള്, ദാമ്പത്യ പവിത്രത വര്ദ്ധിക്കുന്നു. അതായത്, മഹാശക്തിയായ മഹാദേവി, പരമശിവനിലൂടെ മഹാശാസ്ത്രത്തെ വീണ്ടെടുക്കുമ്പോള്, മേല്പ്പടി ഒരു ജീവി-2 ഘടകം സംവിധാനത്തെയും സദാചാരശാസ്ത്രത്തെയും വെളിവാക്കുമ്പോള്, ഭൂമിയിലെ മനുഷ്യരില്

സദാചാരങ്ങള് വര്ദ്ധിക്കുന്നതാണ്. എല്ലാ മനുഷ്യര്ക്കും എല്ലാ ജന്മങ്ങളിലും ദാമ്പത്യ പവിത്രത ഉണ്ടാകുന്നതാണ് നല്ലത് എന്ന ബോധവും ആഗ്രഹവും ജനിക്കുന്നു, ജനിപ്പിക്കുന്നു. സ്ത്രീ-പുരുഷ കാമബന്ധങ്ങളെ പവിത്രതയോടെ മാത്രം കാണുവാനും ആസ്വദിക്കുവാനുമുള്ള കാഴ്ചപ്പാട് സൃഷ്ടിക്കപ്പെടുന്നു. തീര്ന്നില്ല, കാമകാര്യങ്ങളില് ആക്രമണ സ്വഭാവം കൂടുതല് പ്രകടിപ്പിക്കുന്ന പുരുഷനെ ലജ്ജിപ്പിക്കുവാനും മര്യാദക്കാരനാക്കുവാനും ഉപകരിക്കുന്നു.

ഇനിയുമുണ്ട്, മഹാശക്തിയായ മഹാദേവി, തന്റെ തന്നെ ഭാഗമായ പരമശിവന്റെ മാത്രം ഭാര്യയായിരിക്കുന്നതുപോലെ ഓരോ ജീവിയുടെയും സ്ത്രീ ഘടകം, പുരുഷ-ഘടകത്തിന്റെ മാത്രം ഭാര്യയെന്ന പരമ-ഉല്ക്കൃഷ്ടത നേടുന്നു. ഒരു കുഞ്ഞുദേവിയെപ്പോലയുള്ള തന്റെ തന്നെ ഭാഗമായ സ്ത്രീ ഘടകത്തെ ഓരോ പുരുഷനും ആത്മീയ സാക്ഷാത്ക്കാരത്തോട് അടുക്കുമ്പോള് ലഭിക്കുകയാണ്. ആത്മീയ സാക്ഷാത്ക്കാരത്തിലെ അത്യുന്നത ഭാഗം കൂടിയാണത്. സ്ത്രീഘടകം, തന്റെ ഭാഗമായ പുരുഷഘടകം കാട്ടിക്കൂട്ടിയിട്ടുള്ള അതിക്രമങ്ങളെയും ദുരാചാരങ്ങളെയും തെറ്റുകളെയും കുറ്റങ്ങളെയും ക്ഷമിക്കുകയും മറക്കുകയും ചെയ്യുന്നു. ക്ഷമയുടെയും സഹനത്തിന്റെയും പര്യായമായി സ്ത്രീ ഉയരുന്നു.

ഓരോ ജീവിയും ആത്മീയ സാക്ഷാത്ക്കാരത്തില് പുരുഷനും സ്ത്രീയും ചേര്ന്ന ശിവന് ആയിത്തീരുന്നു എന്നു പറയുമ്പോള് ലളിതമായി. ഓരോ ജീവിയിലെയും പുരുഷ ഘടകമായ ശിവനാണ് മഹാപ്രപഞ്ച ജീവിതത്തില് യഥാര്ത്ഥമായും പ്രവര്ത്തിച്ചത് എന്നത് വസ്തുതയാണ്. സ്ത്രീഘടകം കൂടുതല് കാലവും ഉറങ്ങുമ്പോലെയുള്ള അവസ്ഥയിലായിരുന്നു എന്നതും വസ്തുതയാണ്. നക്ഷത്രപദവിയില് അഥവാ ആത്മീയ സാക്ഷാത്ക്കാരത്തിലെത്തുന്ന ഓരോ ജീവിയെയും ശിവചക്രമെന്നോ ശിവനെന്നോ കണക്കാക്കാം എന്നര്ത്ഥം. പേരുകള്ക്ക് പ്രസക്തി ഉണ്ടെങ്കിലും, പ്രസക്തിക്ക് പരിധി ഉണ്ട്. അടുത്ത അദ്ധ്യായത്തില് പേരിടീലിനെപ്പറ്റി വിവരിച്ചിട്ടുണ്ട്. ഓരോ ശിവനും ആത്മീയസാക്ഷാത്ക്കാരത്തില് സ്ത്രീയും പുരുഷനുമായ രണ്ടു ഘടകങ്ങളായി വര്ത്തിച്ച് പരമാനന്ദങ്ങള് നുകരാന് കഴിയുന്നതാണെന്നും വ്യക്തമായിരിക്കുമല്ലോ.

ശിവനും, ശിവന്റെ പിതാവായ പരമശിവനും രണ്ടാണെന്നും സുവ്യക്തമായിരിക്കുമല്ലോ. ആദ്യത്തെ 5 സൃഷ്ടിചക്രങ്ങളിലെ ജീവിതംകൊണ്ട് മത്സ്യാവസ്ഥയില് നിന്നും സസ്യം - പക്ഷി - മൃഗം - മനുഷ്യന് എന്നിങ്ങനെ പരിണമിച്ച് മനുഷ്യാവസ്ഥയില്

ആത്മീയസാക്ഷാത്ക്കാരം നേടിയ ഏതാനും ശിവന്മാരെയാണ് ആദ്യമഹാകാലചക്രത്തിലെ ഭരണകാര്യങ്ങള്ക്കായിട്ട് മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവനിലൂടെ മഹാനിയോഗിച്ചത്. അവരുടെ പിഴവുകളെപ്പറ്റിയും, മഹാസൃഷ്ടിചക്രം മുതല് മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നേരിട്ടു നടത്തുന്നതിനെപ്പറ്റിയും ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തില് വിസ്തരിച്ചുവല്ലോ. മത്സ്യ-സസ്യ-പക്ഷി-മൃഗാവസ്ഥകളിലെ ആയുസ്സ്, ജന്മങ്ങളുടെ എണ്ണം എന്നിവയെപ്പറ്റിയുള്ള കൃത്യമായ കണക്കുകള് വൈകാതെ മഹാദേവി വെളിപ്പെടുത്തുമെന്ന് ഈയുള്ളവന് വിശ്വസിക്കുന്നു.

ഇനി മാനുഷിക കാര്യങ്ങള് പറയുമ്പോള്, സദാചാര കാര്യങ്ങള് ഗൗരവങ്ങളായി മാറുന്നു. സ്ത്രീയുടെ ദാസനായിരിക്കാനുള്ള യോഗ്യതയാണ് പുരുഷനുള്ളതെന്നും, തന്റെ തന്നെ പവിത്ര-ഭാഗമായ സ്ത്രീഭാഗത്തെ കരുതുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് തന്റെ മാത്രം ഉത്തരവാദിത്തമെന്നപോലെ മാറുന്നു. സ്ത്രീയുടെ സംരക്ഷണത്തിനായി പുരുഷന് തന്നെത്തന്നെ ബലികൊടുക്കാനും തയ്യാറാവേണ്ടതുണ്ട് എന്നുകൂടിയാണ് അതിന്നര്ത്ഥം.

തന്റെ ഭാര്യയായിരിക്കുന്നത് തന്റെ ഭാഗമല്ലെന്നും, തന്റെ തന്നെ ഭാഗമായ സ്ത്രീയെ ഭാര്യയായി ലഭിച്ചാല് മതിയെന്നും, തന്റെ ഭാഗമല്ലാത്ത സ്ത്രീയെ വേണ്ടെന്നും, ഒക്കെയുള്ള മാനസിക പ്രശ്നങ്ങള് പുരുഷനും, അതേപോലെ മറിച്ചുള്ള പ്രശ്നങ്ങള് സ്ത്രീയും പ്രകടിപ്പിക്കുന്ന അവസ്ഥകള് ചിലേടങ്ങളില് രൂപപ്പെടുന്നതാണ്. തന്റെ ഭാര്യയോ ഭര്ത്താവോ ആയിരിക്കുന്നത് തന്റെ ഭാഗമല്ല എന്ന് സുവ്യക്തമായി അറിയാത്ത വ്യക്തി, തോന്നലുകളുടെ അടിസ്ഥാനത്തില് പ്രവര്ത്തിക്കേണ്ടതില്ല. തന്റെ കൂടെയുള്ളത് തന്റെ ഭാഗംതന്നെയെന്ന ധാരണയോടെ സദാചാരശാസ്ത്രത്തെ മാനിച്ച് ജീവിച്ചു കാട്ടുകയാണു വേണ്ടത്. പങ്കാളിയുടെ മരണത്തോടെയോ വേര്പിരിയലോടെയോ, പ്രത്യേക സാഹചര്യങ്ങളില് പുനര്വിവാഹം വേണ്ടിവരുന്നുവെങ്കില്, പുതിയ പങ്കാളിയെ തന്റെ ഭാഗമായി കാണണം. സദാചാര ശാസ്ത്രത്തെയാണ് മാനിക്കേണ്ടത്, വ്യക്തിയെ അല്ല എന്നര്ത്ഥം. ദൈവം നീതി നിശ്ചയിക്കുന്ന കാര്യങ്ങളില് മനുഷ്യര് അനാവശ്യ വിവാദങ്ങള് നടത്തേണ്ടതില്ല. മുജ്ജന്മ-പിജ്ജന്മ ബന്ധങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെ യഥാകാലം ദൈവം ഏവരെയും അറിയിക്കുന്നതോടെ വിഷമങ്ങള് അകലുന്നതാണ്. ഏറ്റവും പ്രധാനമായ പാഠങ്ങളിലൊന്ന്, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള കാര്യങ്ങള് ഉള്ക്കൊള്ളാന് കഴിയുന്നവര് തീര്ച്ചയായും ആത്മീയ സാക്ഷാത്ക്കാരത്തോട് അടുത്തവരാണ്, 90 അഥവാ 90-നടുത്ത

ജന്മത്തില് ഉള്ളവരാണ്. ആകയാല് അവരെ സംബന്ധിച്ച് മനോവിഷമങ്ങള് വേണ്ടിവരില്ല. അത്യുന്നതമായ പാഠങ്ങള് ഉള്ക്കൊള്ളാന് കഴിയാത്തവര് ഒരുപക്ഷേ ബാല്യജന്മങ്ങളിലാണെന്ന് തിരിച്ചറിഞ്ഞ് അവരോട് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം പോലെയുള്ളവയെ ഉപദേശിക്കാതെ ശ്രദ്ധിക്കണം.
സ്ത്രീയെ സുഖ-ഉപകരണമായി കാണുന്ന കള്ളപ്രമാണങ്ങള് കൂടിയാണ് എല്ലാ മതഗ്രന്ഥങ്ങളും. അവയെല്ലാം ഉടന് ചുട്ടെരിക്കാനുള്ള സന്ദേശം കൂടി ഒരു ജീവി-2 ഘടകം എന്ന സംവിധാനത്തിലുണ്ട്. അവരവരുടെ വീടുകളിലും നിയന്ത്രണ പരിധികളിലുമുള്ള ഗ്രന്ഥങ്ങളെ ചുട്ടെരിച്ചാല് മതിയാകും. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ അത്തരം ശുദ്ധികര്മ്മങ്ങള് ചെയ്ത് തങ്ങളുടെ പാപം കുറയ്ക്കാനുള്ള അവസരം അതാത് മതപുരോഹിതന്മാര്ക്കും മതപണ്ഡിതന്മാര്ക്കുമായി മാറ്റിവച്ചിട്ടുള്ളതാണ്. ദേവാലയങ്ങളെ ശാസ്ത്രീയമാക്കുന്നതും, ഒരു പ്രദേശത്ത് ഒന്നിലധികമായുള്ള ദേവാലയങ്ങളെ കാലിവളര്ത്തല് കേന്ദ്രമായി പരിണമിപ്പിക്കുന്നതും, വ്യത്യസ്ത മതങ്ങളിലെ പുരോഹിതന്മാരെയും പണ്ഡിതന്മാരെയും എല്ലാ അര്ത്ഥത്തിലും പശുക്കളുടെ പുറകെ ഇടയരായി നടത്തുന്നതുമായ പദ്ധതികളുണ്ട്. ആദ്യകാലങ്ങളില് വളരെയധികം പുരോഹിതര്ക്ക് ശിക്ഷയായി തോന്നുമെങ്കിലും, മായ പ്രത്യക്ഷമായി ഏതാനും വര്ഷങ്ങള്കൊണ്ടു തന്നെ മതങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമില്ലാത്ത ആനന്ദകരവും സമാധാനപരവുമായ ജീവിതം സമൂഹത്തില് ഉണ്ടാവുകയും, അന്ന് പശുവിനെ മേയ്ക്കുന്നത് കൃഷിയിലെ ആദ്യത്തെ ഇനമായി അറിഞ്ഞ് മനുഷ്യര് ആഹ്ലാദത്തോടെ ചെയ്യുന്നതുമാണ്.
ഒരു ജീവി-2 ഘടകം സംവിധാനത്തിന്റെ വിശദാംശങ്ങള് ഇനിയും വെളിപ്പെടാനുണ്ടെന്ന് ആവര്ത്തിക്കുന്നു. ഈയുള്ളവന് വിഷയത്തിലുള്ള അമിതാവേശം നിമിത്തമോ മറ്റോ അബദ്ധം കടന്നുകൂടിയിട്ടുണ്ടെങ്കില്, വിഷമിക്കേണ്ടതില്ല. തല്ക്കാലം ഭൂമിയിലെ മനുഷ്യജീവിതത്തെ വലുതായി ബാധിക്കുന്ന ഒരു കാര്യമല്ലെന്ന രീതിയില് വിഷയത്തെ കാണുക. വൈകാതെ വെളിപാട് പൂര്ണ്ണമാകുമ്പോള്, തിരുത്തലുകള് ആവശ്യമെങ്കില് തെറ്റിനും കുറ്റത്തിനും ഈയുള്ളവന് മാപ്പു പറഞ്ഞുകൊണ്ട് തീര്ച്ചയായും തിരുത്തുന്നതാണ്.
ചെറുതും വലുതുമായ പിഴവുകള് ഗ്രന്ഥത്തില് വേറെയും കണ്ടേക്കാമെങ്കിലും, അടിസ്ഥാനപരമായ പിഴവുകള് ഇല്ലാ എന്ന് സുവ്യക്തമായി മനസ്സിലാക്കിക്കൊള്ളണം. ഒരുപക്ഷേ, ഈയുള്ളവനെ തിരുത്താനെന്ന പോലെയും, മനുഷ്യര്ക്ക് ആവേശവും ആനന്ദവും വര്ദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ട്, ഒന്നോ അതിലധികമോ മനുഷ്യ-

ശാസ്ത്രജ്ഞര്ക്ക് ഗവേഷണം തുടരാന് നീക്കിവച്ചിട്ടുള്ള വിഷയങ്ങളാവാം പലതും. ഈയുള്ളവനിലൂടെ വെളിവാകുന്നില്ലായെങ്കില്, ധാര്മ്മിക ശുദ്ധിയോടെ ഗവേഷണം നടത്തുവിന്. ഈ ഖണ്ഡികയിലെ വചനങ്ങളില് ഈയുള്ളവന് ബുദ്ധിക്കസര്ത്തു കാട്ടിയിട്ടുണ്ടെങ്കില്, മഹാദേവീ, ഈയുള്ളവനോട് പൊറുക്കേണമേ, മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിക്കേണമേ.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

അദ്ധ്യായം 66
പേരുകള് ഇടുന്നത് എങ്ങനെ, ആര് ?

ഗ്രന്ഥത്തിന്റെ ഉള്ളടക്കം പലപ്പോഴും പേരുകള് ഇടുന്നത് മനുഷ്യര് തന്നെയോ എന്ന് സംശയിപ്പിക്കുന്നതാണ്. മഹാശക്തി എന്ന പദത്തിലെ മ, ഹാ, ശ, ക്, തീ എന്നിവ മാത്രമല്ല; ഓക്സിജന്, മാതാവ്, അമ്മ, ഉമ്മ, മാം, ദൈവം, വൈദ്യം, ഡോക്ടര്, മങ്കി, ഡോങ്കി തുടങ്ങിയ പേരുകളെല്ലാം മനുഷ്യരെ കുറെയെങ്കിലും ആശയക്കുഴപ്പത്തില് എത്തിക്കുന്നതാണ്. ശാസ്ത്രപരമായ വിശദീകരണം മുഖവുരയോടെ താഴെ കൊടുക്കുന്നു :
മഹാശാസ്ത്രം അഥവാ ദൈവശാസ്ത്രം എന്നാല് ദൈവത്തിന്റെ ശാസ്ത്രമാണ്. ആരാണ് അവതരിപ്പിക്കുന്നത് ? ദൈവമാണ്. അല്ലല്ലോ, ദൈവത്തിന്റെ പ്രതിനിധിയും ദൈവദാസനുമായ പരമശിവനാണ് എന്നു പറയുമ്പോള്, അതേ അതാണ് ശരി, അഥവാ കൂടുതല് ശരിയെന്നു തോന്നും. പരമശിവന് ഉള്പ്പെടെയുള്ളവര്ക്ക് ഏതൊരു കാര്യവും ചെയ്യുവാന് ശക്തി ലഭിക്കുന്നതും ലഭിക്കേണ്ടതും മഹാശക്തിയായ ദൈവത്തില് നിന്നാകുമ്പോള്, ദൈവത്തിന്റെ ശാസ്ത്രത്തെ, ദൈവം പരമശിവനിലൂടെ അവതരിപ്പിച്ചു എന്നാകുന്നു. പരമശിവന് വെറുമൊരു ലൂടെ മാത്രമാണ്.
ദൈവത്തിന്റെ ഒരു ഭാഗവും, തനിക്ക് വ്യക്തിസ്വാതന്ത്ര്യങ്ങള് യാതൊന്നുമില്ലാതെ പ്രവര്ത്തിക്കുവാന് അനുഗ്രഹിക്കേണമേ എന്ന് കേഴുകയും ചെയ്യുന്ന പരമശിവനോട് മഹാശക്തിയായ മഹാദേവി മഹാകരുണ കാണിക്കുമ്പോള്, അഥവാ പരമശിവന് വ്യക്തിസ്വാതന്ത്ര്യം ഇല്ലാതെ പ്രവര്ത്തിക്കുമ്പോള്, പരമശിവനിലൂടെ നടത്തപ്പെടുന്ന കര്

മ്മങ്ങള്ക്ക് കുറ്റങ്ങളും കുറവുകളുമില്ലാതെ വരുന്നു. മഹാദേവിയുടെ ഭാഗമായ പരമശിവനെ വേറിട്ട് നിര്ത്തുകയും വ്യക്തിസ്വാതന്ത്ര്യമില്ലാതെ പ്രവര്ത്തിപ്പിക്കുകയും ചെയ്യുമ്പോള്, പരമശിവനെ മഹാഭാഗ്യവാനാക്കുവാന് മഹാ-ഹൃദയമായ ഓംകാരം പരമശിവന്റെ ഹൃദയത്തോടു ചേര്ത്തിരിക്കുന്നു. മഹാദേവി, പ്രതിനിധിയും മഹാദാസനുമായ പരമശിവനിലൂടെ കാര്യങ്ങള് പ്രവര്ത്തിക്കുന്നു. ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം, ഓക്സിജനും സദാചാരശാസ്ത്രവും എന്നീ അദ്ധ്യായങ്ങള് പഠിക്കുമ്പോള് മനുഷ്യന് ചിന്തിക്കുന്നതും സംഭാഷിക്കുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളും ഭൗതികശാസ്ത്രപരമായിത്തന്നെ ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് അറിഞ്ഞുകൊണ്ടിരിക്കുകയാണെന്നു വ്യക്തമാകുന്നു. വ്യക്തികളുടെ അനവധി കാര്യങ്ങളെ നിയന്ത്രിക്കുന്നത് ഓക്സിജനാണെങ്കിലും വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്നതിനാല് വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളില് ഇടപെടുന്നില്ലാ എന്നും അറിയിച്ചിരുന്നു.

മഹാഹൃദയമായ ഓംകാരം മഹാനീതിയും മഹാശക്തിയും മഹാവാത്സല്യവും നിറഞ്ഞിരിക്കുകയാണെന്ന് സുവ്യക്തമാക്കിയിരുന്നു. മഹാനീതിയുടെയും മഹാശക്തിയുടെയും മഹാവാത്സല്യത്തിന്റെയും കാരണങ്ങളാല് മഹാകാര്യങ്ങളില്, വ്യക്തികള് പേരിടുമ്പോള്, ഓംകാരം നേരിട്ടു പ്രവര്ത്തിക്കുന്നതാണ്. മഹാഹൃദയത്തില് നിന്ന്, വ്യക്തികളുടെ ഹൃദയത്തിലേക്ക് പേരൊഴുകും. സാധാരണ കാര്യങ്ങളില് മഹാദേവി അറിയുന്നു എന്നല്ലാതെ അമിത പ്രാധാന്യം പേരിനു കൊടുക്കുന്നില്ല. അധമത്തം കൂടിയ വ്യക്തികള് നല്ലതല്ലാത്ത പേരുകള് ആഗ്രഹിക്കുമ്പോള്, അതിനെ മഹാ-ഹൃദയം അനുവദിക്കുന്നെങ്കില്, അതിന്നര്ത്ഥം, തല്സമയത്തോ പിന്നീടോ വരുംജന്മങ്ങളിലോ മഹാനീതി-പ്രകാരമുള്ള തിരുത്തലുകള് വ്യക്തിയെക്കൊണ്ടു തന്നെ ചെയ്യിക്കുമെന്നാണ്. കുട്ടികള് പേര് തിരുത്തുന്നതും, ചുറ്റുമുള്ളവര് കുട്ടി-പ്പേരുകള് ഇടുന്നതും, സമൂഹം നല്ലതും മോശവുമായ പേരുകള് ഇടുന്നതും അങ്ങനെയൊക്കെയാണ്.

പേരില് വലിയ കാര്യമില്ല എങ്കിലും ചെറിയ കാര്യങ്ങളുണ്ട് എന്നും, ദൈവീക- കാര്യങ്ങളുമായി ബന്ധപ്പെട്ട പേരുകളില് മഹാകാര്യങ്ങളുണ്ട് എന്നും സാരം. ഉദാഹരണമായിട്ട്, മുഹമ്മദ് ബാത്തിഷ പി.കെ. (പുല്ലുവേലില് കുഞ്ഞുകായി) എന്ന പേര് ഈയുള്ളവന് ബാപ്പ (അച്ഛന്) ഇട്ടു. അതില് പി.കെ.-യുടെ വിശദീകരണം യഥാര്ത്ഥത്തില് ക്രൈസ്റ്റുമായി ബന്ധപ്പെട്ടതാണെങ്കിലും, പേരിട്ട (?) അപ്പനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ കുടുംബപ്പേരിനെയാണത്

സൂചിപ്പിക്കുന്നത്. മുഖ്യമായും സ്കൂളുകാരുടെ അശ്രദ്ധയാല്, സ്കൂള് രേഖകളിലും, പാസ്പോര്ട്ടിലുമൊക്കെ മൊഹമ്മദ് ഭാദഷ (ഭാഡഷ) എന്നായി. മുതിര്ന്നപ്പോള് ഒരു ജ്യേഷ്ഠനും പല സുഹൃത്തുക്കള്ക്കും, ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജോലിസ്ഥലങ്ങളിലെ സഹപ്രവര്ത്തകര്ക്കും ഷാ എന്ന ലഘുനാമം സൗകര്യമായി. ഒരു സുഹൃത്ത് ബാദ്ഷാ എന്നതാണ് ശരിയെന്നു പറഞ്ഞു. അങ്ങനെയെങ്കില് അങ്ങനെ എന്ന് കരുതി. പിന്നീട് ബാദ്ഷ എന്ന പേര് വ്യാപകമായി ഉപയോഗിച്ചു. 2006-ല് മഹാശക്തിയായ മഹാദേവി ഈയുള്ളവന് അതിശക്തമായതും നാവ് ഉള്പ്പെടെയുള്ള ശരീരത്തെ-ഏറ്റെടുക്കുന്ന വെളിപാടിലൂടെ പരമശിവന് ആയി നിയമിച്ചിരിക്കുന്നതായി അറിയിച്ചു. 2006-ലെ മെയ് മാസത്തിലോ മറ്റോ ആണത്. തീയതി ഓര്ക്കുന്നില്ല*. ഒരുപക്ഷേ വെബ്സൈറ്റിലുണ്ടാവും. മഹാശാസ്ത്രപരമായ ആവശ്യങ്ങള് ഉണ്ടായാല് തീര്ച്ചയായും മഹാദേവി ഓര്മ്മിപ്പിക്കുന്നതാണ്.

മഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നല്കിയ പരമശിവന് എന്ന പേരും ഈയുള്ളവന് ഉപയോഗിക്കുന്നുണ്ട്. മഹാദേവി മഹാനിശ്ചയിക്കുമ്പോള് പരമശിവന് എന്ന പേര് മാത്രം ഉപയോഗിക്കുന്നതാണ്. 50 വര്ഷത്തിലൊരിക്കല് മഹാശിവരാത്രിയില് മഹാശിവന് = മഹാദേവന് = മഹാദേവിയായി പരിണമിപ്പിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആ രാത്രിയില് മാത്രം മഹാദേവനും മഹാദേവിയുമാണ്. അടുത്ത പകല് രാവിലെ, മഹാദേവീ, ഈയുള്ളവനെ അവിടുത്തെ മഹാദാസനാക്കി മാത്രം എല്ലായ്പ്പോഴും അനുഗ്രഹിക്കണമേ എന്നു കരഞ്ഞു പ്രാര്ത്ഥിക്കുന്ന ഒരു പരമാണു ആയിരിക്കുന്നതാണ്.

ഓക്സ്, ഓക്സിജന്, പശു, പശുപതി (കാള) തുടങ്ങിയ പേരുകളുടെ ദൈവീകത്വത്തെപ്പറ്റി ഓക്സിജന് ഓക്സും (കാളയും) പശുവുമായി പ്രത്യേക ബന്ധമുണ്ട് എന്ന അദ്ധ്യായത്തില് വിസ്തരിച്ചിരുന്നു. രാജാവ് എന്ന പദത്തോട് മഹാ ചേര്ത്ത് മഹാരാജാവ് എന്ന പദം മനുഷ്യര്ക്ക് ഉപയോഗിക്കാന് കഴിയുമെന്നും ഉപയോഗിക്കണമെന്നും ഈയുള്ളവന് വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. 1991, 1992, 1996 എന്നീ വര്ഷങ്ങളില് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിലും, ലഘു മാസികയിലും, വെബ്സൈറ്റിലുമൊക്കെ അത്തരം പദങ്ങളെ ശരിവച്ചിട്ടുണ്ട്. അന്നത്തെ അറിവു വച്ച് അതു ശരിയായിരുന്നു. ഇന്നത്തെ (2008-2009) അറിവു വച്ച് അത് ശരിയല്ല. മഹാ എന്ന പദം മഹാശക്തിയായ മഹാദേവിയുടെ മഹാകാര്യങ്ങള് പരാമര്ശിക്കുവാന് മാത്രമുള്ളതാണ്. മഹാ ചേര്ത്ത് മഹാദാസന് എന്ന പദം പരമശിവന്

അനുഗ്രഹിച്ചു നല്കിയത് പ്രത്യേക കാരണങ്ങളാലാണ്. മഹാദാസി കൂടിയായ മഹാദേവിയുടെ മഹാദാസനായിട്ട് പ്രവര്ത്തിക്കുവാനുള്ള മഹാഭാഗ്യത്തെ മഹാദേവി തന്റെ ഭാഗവും ദാസനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നല്കിയിരിക്കുന്നു എന്ന മഹാകാര്യമുണ്ട്. മഹാദാസന്റെയും മഹാദാസിയായിക്കൊണ്ട് മഹാദേവി പ്രവര്ത്തിക്കുന്നുണ്ട് എന്നതും മഹാവസ്തുതയാണ്. മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെ, ആവിധകാര്യങ്ങള് സമ്പൂര്ണ്ണ മഹാശാസ്ത്രത്തില് കൂടുതലായിട്ട് വിവരിക്കുന്നതാണ്.
ദേവി, മഹാദേവി, മഹാ-ചേര്ത്തുള്ള പദങ്ങള്, ശക്തി-ചേര്ത്തുള്ള പദങ്ങള്, മണ്ണടി-ചേര്ത്തുള്ള പദങ്ങള്, ഭദ്ര-ചേര്ത്തുള്ള പദങ്ങള്, കാളി-ചേര്ത്തുള്ള പദങ്ങള്, ബ്രഹ്മം ചേര്ത്തുള്ള പദങ്ങള്, പരമശിവന്, തുടങ്ങിയവ മനുഷ്യനാമങ്ങള് ഉള്പ്പെടെ യാതൊരു ജീവി-നാമങ്ങള്ക്കും ഉപയോഗിച്ചുകൂടാ എന്നറിയിക്കുന്നു. ഇപ്പോള് അത്തരം പേരുകള് ഉള്ളവര് തിരുത്തിക്കൊള്ളുക. തിരുത്തുന്നത് എങ്ങനെയൊക്കെയെന്ന് ഈയുള്ളവനെ ഉദാഹരിച്ച് മുകളില് വ്യക്തമാക്കിയിരുന്നു. * ജനറല് നോളജ് എന്ന പേരില് കണക്കെഴുത്തുപിള്ളയുടെ ജോലിക്ക് ഭൂമിയിലുള്ള കേമന്മാരുടെയെല്ലാം പേരും വിലാസവും തീയതികളും മറ്റും പഠിക്കണമെന്ന് നിര്ബ്ബന്ധിക്കുന്ന മത്സര പരീക്ഷകളുടെ നടത്തിപ്പുകാര്ക്കും, അധമ അടിമകളായവരുടെ അടിമത്തങ്ങള്ക്ക് വഴങ്ങുന്ന ഉദ്യോഗാര്ത്ഥികള്ക്കും ഒരു പാഠമാകണമത്. (മത്സര പരീക്ഷകള് ദൈവീകമല്ല, അനാവശ്യങ്ങളാണ്; അനാവശ്യകാര്യങ്ങള് നിര്വ്വഹിക്കുന്നവരുടെ തസ്തികകളും സമൂഹത്തില് അനാവശ്യമാണ്.)
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

((അദ്ധ്യായം 67 - ന്യൂനശക്തികൾ ... ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

അദ്ധ്യായം 68
ഭക്ഷണ ശാസ്ത്രം

സസ്യ ഭക്ഷണം, മാംസഭക്ഷണം, സസ്യവും മാംസവും ഇടകലര്ന്ന ഭക്ഷണം എന്നിങ്ങനെയാണ് ജീവികളുടെ ഭക്ഷണം. ചിലവ സസ്യം

മാത്രവും, ചിലവ മാംസം മാത്രവും, ചിലവ മിശ്രമായും ഭക്ഷിക്കുന്നു. പാചകംചെയ്ത് ഭക്ഷിക്കുക എന്നുള്ളത് മനുഷ്യജീവിയ്ക്കു മാത്രം സ്വന്തമാണ്. വൈവിധ്യമാര്ന്ന ഭക്ഷണരീതികളാണ് മനുഷ്യര്ക്കുള്ളത്. സസ്യഭക്ഷണം മാത്രം കഴിക്കുന്ന മനുഷ്യരും, സസ്യഭക്ഷണം ശ്രേഷ്ഠമെന്നു കരുതുന്നവരുമുണ്ട്. മാംസഭക്ഷണത്തെ ഒഴിവാക്കിയുള്ള ഒരു ജീവിതത്തെപ്പറ്റി സങ്കല്പിക്കാന്കൂടി സാധിക്കാത്ത വലിയൊരു വിഭാഗമുണ്ട്. മാംസം കുറയ്ക്കുന്നതിനെപ്പറ്റി ചിന്തിച്ചേക്കാമെന്നല്ലാതെ മാംസം ഒഴിവാക്കുന്നതിനെപ്പറ്റി അവര്ക്ക് സങ്കല്പിക്കാനാവില്ല എന്നപോലെയുമുണ്ട്. മാംസ ഭക്ഷണം വര്ദ്ധി(പ്പി)ച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തില്, മാംസ ഭക്ഷണം പാടില്ലായെന്നോ ശാസ്ത്രീയമല്ലെന്നോ അഥവാ ദൈവീകമല്ലെന്നോ പറഞ്ഞാല് ജനങ്ങള്ക്ക് വളരെ വിഷമം ഉണ്ടാകുന്നതാണ്. അത്തരത്തിലൊരു പ്രസ്താവന നടത്തുകയും, മായ പ്രത്യക്ഷമാകുകയും ചെയ്യുമ്പോള്, മാംസഭക്ഷണം ഉപേക്ഷിക്കുവാന് മനുഷ്യന് നിര്ബ്ബന്ധിതരാകുന്നതാണ് !

വ്യത്യസ്തങ്ങളായ ശരീരങ്ങളോടെ അനന്തങ്ങള്പോലെയുള്ള വര്ഗ്ഗങ്ങളില്പെടുത്തി ജീവികളെ സൃഷ്ടിച്ചിട്ടുള്ള ദൈവം, എല്ലാ ജീവികള്ക്കും ശാസ്ത്രീയമായ ഭക്ഷണക്രമങ്ങള്കൂടി വിഭാവന ചെയ്തിട്ടുണ്ടാവും എന്നു ചിന്തിക്കുന്നതു തന്നെയാണ് ദൈവീകം. അങ്ങനെയാകുമ്പോള്, ധര്മ്മശാസ്ത്രപരമായ ഭക്ഷണം എന്താണ് എന്നു കണ്ടെത്തേണ്ടതുണ്ട്, അഥവാ വെളിപ്പെടേണ്ടതുണ്ട്. മാത്രമല്ല, ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ മനുഷ്യര് ദുര്വ്വിനിയോഗം ചെയ്യുമ്പോള് മനുഷ്യരുടെ ഭക്ഷണക്രമം എങ്ങനെയാവുമെന്നും, ഇന്നത്തെ ഭക്ഷണകാര്യങ്ങളിലും രീതികളിലും പിഴവുകള് ഉണ്ടായിട്ടുണ്ടോ എന്നുമെല്ലാം തിരിച്ചറിയേണ്ടതുണ്ട്; തിരുത്തലുകള് ആവശ്യമുണ്ടെങ്കില് ചെയ്യേണ്ടതുമുണ്ട്.

ഇനി, ശാസ്ത്ര വിശകലനത്തിലേക്കു കടക്കാം. ശരീരത്തിന്റെ ആരോഗ്യത്തിനും വളര്ച്ചയ്ക്കുമെല്ലാം ആവശ്യമായ ഘടകങ്ങള് ശരീരത്തിനു നല്കുക എന്ന ആവശ്യത്തെ തിരിച്ചറിഞ്ഞ് മനഷ്യര് ഉള്പ്പെടെയുള്ള ജീവികള് ഭക്ഷണംകഴിക്കുകയല്ല ചെയ്യുന്നത്. മറിച്ച്, ശക്തിയായ-ഓക്സിജന്റെ പ്രവര്ത്തനത്താല്, വിശപ്പിലൂടെ ശരീരത്തെ ഭക്ഷണം കഴിക്കുവാന് പ്രേരിപ്പിക്കുന്ന മനസ്സും, ഭക്ഷണരുചികള് സൃഷ്ടിക്കുന്ന വൈവിധ്യങ്ങളായ ആനന്ദങ്ങളും ഭക്ഷണത്തിലൂടെ ശരീരത്തിനു ലഭിക്കുന്ന ശക്തികളും ഉന്മേഷവുമാണ് അടിസ്ഥാന ഘടകങ്ങള്. വായില് വച്ച് ഭക്ഷണത്തെ ചവയ്ക്കുമ്പോള് ലഭ്യമാകുന്ന വൈവിധ്യമാര്ന്ന രുചികള് ഭക്ഷണത്തെ ഒരു മുഖ്യമായ

ആനന്ദകാര്യമാക്കുന്നു. മഹാപ്രപഞ്ചത്തില് അനന്തങ്ങളെന്നോണമുള്ള ആനന്ദങ്ങളെ സൃഷ്ടിച്ച ദൈവം, ഭക്ഷണങ്ങളിലായാണ് 40 അളവോടെ ഏറ്റവുമധികം ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് എന്നത് അതിഗൗരവമായ വിഷയമാണ്. ആനന്ദം, പരമാനന്ദം, മഹാആനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. മാത്രമല്ല, ഒരു സമയം ഭക്ഷണത്തില് നിന്നും ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവ് മാത്രമായിരിക്കുമെന്നും അറിയിച്ചിരുന്നു.

നിലവിലുള്ള ഏതാനും സസ്യങ്ങള്ക്കും, പുതിയ ചില സസ്യങ്ങള്ക്കും, മാംസ ഭക്ഷണം നല്കുന്ന അതേ രുചികളോ, മാംസ ഭക്ഷണത്തെക്കാള് വളരെയധികം മെച്ചമായ രുചികളോ നല്കാന് കഴിയുകയും, അത്തരം ഭക്ഷണം ശരീരത്തിലെ ദഹന സമ്പ്രദായങ്ങള്ക്കും, രോഗങ്ങളെ കുറയ്ക്കാനും, കൂടുതല് നല്ലതായിരിക്കുകയും ചെയ്താല് മനുഷ്യരുടെ മനോഭാവം എന്തായിരിക്കും ? ചിന്തിക്കുക. വ്യത്യസ്ത ജീവികളുടെ മാംസം ഭക്ഷിക്കുമ്പോള്, മനുഷ്യന് ഇന്നു ലഭിക്കുന്ന മാംസഭക്ഷണ-രുചികള് ലഭിക്കാതിരിക്കുകയും, മനുഷ്യന് വെറുക്കുന്നതുപോലെയുള്ള രുചികളും ഗന്ധങ്ങളും മാംസഭക്ഷണങ്ങള്ക്ക് രൂപപ്പെടുകയും ചെയ്താല് മനുഷ്യരുടെ മനോഭാവം എന്തായിരിക്കും ? ചിന്തിക്കുക. ഉദാഹരണമായിട്ട്, ആട്ടിറച്ചിയ്ക്കും കോഴിയിറച്ചിക്കുമൊക്കെ പാവയ്ക്കയുടെ കൈപ്പുള്ള രുചി ഉണ്ടാവുകയും, പാവയ്ക്കയ്ക്ക് ആട്ടിറച്ചിയുടെ രുചി ഉണ്ടാവുകയും ചെയ്താല് മനുഷ്യരുടെ മനോഭാവം എന്തായിരിക്കും ? ചിന്തിക്കുക. കൂടുതല് വിസ്തരിക്കുന്നില്ല. ആവക കാര്യങ്ങള് കൂടുതല് വിശദീകരിക്കാന്, മഹാദേവിയുടെ അനുഗ്രഹത്തോടെ കെമിസ്റ്റുകള്ക്ക് സാധിക്കുന്നതാണ്.
മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യന് എന്നിവകളില് പകുതിയാണ് ഭക്ഷണമായി അനുവദിച്ചിട്ടുള്ളത്. 5 ജീവികളില് പകുതി എങ്ങനെ എന്നതിനും ഉത്തരമുണ്ട്. മത്സ്യത്തെയും സസ്യത്തെയും പൂര്ണ്ണമായും കഴിക്കാം. തമ്മില് നല്ലത് ആദി സൃഷ്ടിയായ മത്സ്യം. മത്സ്യത്തെ മനുഷ്യര് കൊല്ലുന്നില്ല, കൊല്ലേണ്ടി വരുന്നില്ല. വെള്ളത്തില് നിന്നും അകറ്റുമ്പോള്, വെള്ളത്തിലെ ഓക്സിജനും വെള്ളത്തിനു പുറത്തുള്ള ഓക്സിജനും തമ്മിലുള്ള വ്യവസ്ഥ പ്രകാരം മത്സ്യം ചാകുന്നു. കരയിലെ ഓക്സിജന് സ്വീകരിക്കുന്ന മത്സ്യങ്ങളെ ദൈവം പിന്വലിക്കുന്നതാണ്. സസ്യത്തിന്റെ കാര്യത്തില്, മനുഷ്യന് അവയെ ഭാഗികമായി കൊല്ലുന്നുണ്ട്. എന്നാല് സസ്യങ്ങളെ തങ്ങളുടെ വൈവിധ്യങ്ങളായ ആവശ്യങ്ങള്ക്ക് ഉപയോഗപ്പെടുത്താന് എല്ലാ ജീവികളെയും ദൈവം അനുവദിച്ചിട്ടുണ്ട്. അവയ്ക്ക് സഞ്ചാര സ്വാതന്ത്ര്യം

നിഷേധിച്ചിരിക്കുന്നത് ആയത് സുവ്യക്തമാക്കുന്നുണ്ട്. മത്സ്യം, സസ്യം എന്നിവയ്ക്കു ശേഷമുള്ള പക്ഷിയുടെ മുട്ട ഭക്ഷിക്കുവാന് ദൈവം അനുവദിച്ചിരിക്കുകയാണ്. പക്ഷിയുടെ മാംസത്തെ ഭക്ഷിക്കുവാന് അനുവദിച്ചിട്ടില്ല. മത്സ്യം, സസ്യം, പക്ഷി-മുട്ട എന്നിവ മനുഷ്യശരീരവുമായി ചേരുമെന്നതാണ് മനുഷ്യശരീര-ശാസ്ത്രം. ഇനി, വളരെ ദുഷിച്ചുകഴിഞ്ഞതായ ഇന്നത്തെ വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റി പറയാം: തീവ്രവാദങ്ങളും മാംസ ഭക്ഷണവുമായി ബന്ധമുണ്ട്. മാംസം കഴിക്കുന്നവരില് ക്രൗര്യം കൂടും. ന്യൂനവസ്തുക്കളുടെ പ്രവര്ത്തനത്തില് അതും പെടുന്നു. ആധുനിക കാലത്തും മനുഷ്യരുടെ തലവെട്ടിക്കൊണ്ട് ശിക്ഷ നടപ്പാക്കുന്ന രാജ്യങ്ങളിലെ മുഖ്യ ഭക്ഷണം മാംസം തന്നെയാണ്. മാംസഭക്ഷണം തീവ്രവാദത്തെയല്ല, തീവ്രവാദം മാംസഭക്ഷണണത്തെ സൃഷ്ടിക്കുകയാണ് എന്നതാണ് വിചിത്രവിശേഷം. അതെങ്ങനെയെന്നു വിശദീകരിക്കാം : ശാസ്ത്രനിയമങ്ങളെ പരിചരിക്കുന്നതിലെ വ്യക്തിസ്വാതന്ത്ര്യം പൈ %- നു മുകളില് വളര്ന്നു. മതങ്ങളും മതവ്യവസ്ഥിതികളും രാഷ്ട്രീയ-ഇസങ്ങളുമൊക്കെയായി മനുഷ്യര് നിയമങ്ങള് ഉണ്ടാക്കുകയും അവ ദൈവശാസ്ത്ര നിയമങ്ങളില് നിന്ന് അകലുകയും ചെയ്തു. ഭീകരവാദത്തെ വിശദീകരിക്കുന്ന അദ്ധ്യായങ്ങളില് വിശദീകരണമുണ്ട്. മനുഷ്യര് സത്യത്തില് നിന്ന് അഥവാ ദൈവത്തില് നിന്ന് അകന്നു. ജീവിതകാര്യങ്ങളിലെല്ലാം ഭൗതികശാസ്ത്രനിയമങ്ങളുടെ വികസനത്തിലൂടെ ലഭ്യമായ സുഖസൗകര്യങ്ങളും ആനന്ദവും ഉപയോഗിക്കുവാന് മനുഷ്യര്ക്ക് ഒരു കൂസലുമുണ്ടായില്ല. എന്നാല്, ശാസ്ത്രനിയമങ്ങളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന ജീവിതസൗകര്യങ്ങളും ആനന്ദങ്ങളുമായ ഭക്ഷണം, വസ്ത്രം, പാര്പ്പിടം, പുസ്തകം, പേന, ദേവാലയം, കാര്യാലയങ്ങള്, യന്ത്രസാമഗ്രികള്, കാര്, കപ്പല്, വിമാനം, മരുന്നുകള്, ശസ്ത്രക്രിയകള്, പത്രം, റേഡിയോ, ടെലിവിഷന്, ഏസി, കമ്പ്യൂട്ടര്, ഇന്റര്നെറ്റ്, ഫോണ്, മൊബൈല് ഫോണ്, തുടങ്ങിയവ ആസ്വദിച്ചുകൊണ്ട്, ധാര്മ്മിക വിഷയങ്ങളിലും ആത്മീയ വിഷയങ്ങളിലും, ശാസ്ത്രത്തെ അഥവാ ശാസ്ത്രത്തിന്റെ സ്രഷ്ടാവായ ദൈവത്തെ മനുഷ്യര് നിന്ദിച്ചു. ശാസ്ത്രപരമല്ലാത്ത മതങ്ങളുടെയും രാഷ്ട്രീയ ഇസങ്ങളുടെയുമൊക്കെ പിന്നാലെ മനുഷ്യര് പോയി. കടുത്ത ദൈവനിന്ദയാണ് അവര് ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും. ശാസ്ത്രീയമായ പാപ്പരത്തമാണ് മനുഷ്യരെ ക്രൂരരാക്കിയത്, മാംസത്തിലേക്ക് അടുപ്പിച്ചത്. മനുഷ്യമാംസം കഴിക്കുന്നത് നല്ലതാണെന്ന് ക്രിസ്തുമതത്തിലെയോ ഇസ്ലാം മതത്തിലെയോ ഒക്കെ

ഏതാനും പുരോഹിതന്മാര് പറഞ്ഞാല്, സംവാദങ്ങള് ആരംഭിക്കുകയും, മനുഷ്യമാംസം കഴിക്കുന്നതിനെ ശരിവെയ്ക്കുന്ന ഒരു ജനത രൂപപ്പെടുകയുംചെയ്യും .... മനുഷ്യര് മനുഷ്യരെത്തന്നെ പരസ്യമായി ഭക്ഷിച്ചുതുടങ്ങുകയും ചെയ്യും! അതായത്, മഹാശാസ്ത്രത്തെ പിന് പറ്റാതെ, പകരം ജനങ്ങളെ മത-രാഷ്ട്രീയ-വിഴുപ്പുകളെ ചുമക്കുന്നവരാക്കാന് മതനേതൃത്വങ്ങള്ക്കും രാഷ്ട്രീയ നേതൃത്വങ്ങള് ക്കുമൊക്കെ വളരെയധികം കഴിഞ്ഞു. ഭക്ഷണ കാര്യത്തിലും, സമൂഹത്തിലെ അനവധി കാര്യങ്ങളിലും അശാസ്ത്രീയതയും അധമത്തവും വര്ദ്ധിച്ചത് എങ്ങനെയെന്നു കൂടിയാണ് വിസ്തരിച്ചത്. വൈകാതെ മായ പ്രത്യക്ഷമാക്കിക്കൊണ്ട്, മഹാശക്തിയായ മഹാദേവി, ജീവിതകാര്യങ്ങളെ മഹാശാസ്ത്രപരമായി ക്രമപ്പെടുത്തുമ്പോള്, മനുഷ്യരിലെ സ്വഭാവങ്ങള്ക്ക് വലിയ മാറ്റം ഉണ്ടാകുന്നതാണ്. മാംസ ഭക്ഷണത്തോട് ഇന്നുള്ള താല്പര്യം അന്ന് ഉണ്ടാവുന്നതല്ല. അതേസമയം മഹാശക്തിയായ ദൈവം ജീവികള്ക്കെല്ലാം മഹാഅനുഗ്രഹിച്ചു നല് കിട്ടുള്ള വ്യക്തിസ്വാതന്ത്യത്തെ ഹനിച്ചുകൊണ്ടുള്ള നിയമനിര് മ്മാണങ്ങള് പാടില്ല. മഹാനീതിശാസ്ത്രം അഥവാ ഓംകാരനീതിശാസ്ത്രം പഠിക്കുകയും പശുവിന്റെ വിശിഷ്ടത്വം തിരിച്ചറിയുകയും ചെയ്യുമ്പോള് മനുഷ്യര് സ്വയം ഗോവധത്തിന് തയ്യാറാവാതെ വരുന്നതാണ്; നിര്ബ്ബന്ധിച്ചാലും പശുവിനെ വധിക്കുകയോ ഭക്ഷിക്കുകയോ ചെയ്യില്ല. ഗോവധത്തിന്റെ പേരിലും മറ്റും ഇന്ന് മതനേതൃത്വങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങള്ക്കുള്ള ദൈവീകശിക്ഷകള് ചെറുതല്ലാ എന്നു മനസ്സിലാക്കുവാനും മഹാനീതിശാസ്ത്രം അഥവാ ഓംകാരനീതിശാസ്ത്രം പഠിക്കുക.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

അദ്ധ്യായം 69

ആനന്ദം, പരമാനന്ദം, മഹാആനന്ദം, ലിംഗം, മഹാലിംഗം

ജനിക്കുന്നത് ജീവിക്കാനാണെന്നും, ജീവികള് ജീവിക്കുകയാണു ചെയ്യുന്നതെന്നും പലപ്പോഴും ആവര്ത്തിച്ചിട്ടുണ്ടല്ലോ. ജീവിക്കാന് പണം വേണം എന്നല്ലാതെ പണത്തിനു വേണ്ടി ജീവിക്കരുത്, ജീവിക്കാന് തൊഴില് ചെയ്യണം എന്നല്ലാതെ തൊഴില് ചെയ്യാനായി ജീവിക്കരുത്, എന്നിങ്ങനെ പറഞ്ഞ്; ആനന്ദത്തിന്റെ കാര്യം വരുമ്പോള്, ജീവിക്കാന് ആനന്ദം വേണം, ആനന്ദത്തിനായാണ് ജീവിക്കേണ്ടത് എന്ന വ്യതിയാനത്തിലാണ് എത്തിച്ചേരുന്നത്. അനന്തമായ ആനന്ദങ്ങളുടെ മഹാകലവറ അനുഭവിക്കാനുള്ള ഒരുക്കങ്ങള് മാത്രമാണ് പണം, തൊഴില് തുടങ്ങിയവ. ആനന്ദങ്ങളില് പരമാനന്ദം കാമാനന്ദമാണെങ്കിലും, വാത്സല്യം, ഭക്ഷണം, ഉറക്കം, കല, സംഗീതം, തൊഴില് തുടങ്ങിയവ നല്കുന്ന അനന്തങ്ങളായ ആനന്ദങ്ങളും മനുഷ്യന് അറിയുകയും അനുഭവിക്കുകയും വേണം. പരമാനന്ദം ദീര്ഘമായി അനുഭവിക്കാനായുള്ള മാര്ഗ്ഗങ്ങളായിട്ട് വാത്സല്യം ഒഴികെയുള്ള മറ്റ് ആനന്ദങ്ങള് പരിണമിക്കുന്നതുമാണ്. വാത്സല്യത്തിന്റെ പ്രത്യേകത, അത് മഹാആനന്ദമാണെന്നതാണ്. മഹാശക്തിയായ ദൈവം, മഹാമാതാവായിക്കൊണ്ട് തന്റെ കുഞ്ഞുങ്ങള്ക്ക് മഹാവാത്സല്യം എന്ന മഹാആനന്ദത്തെ മഹാഅനുഗ്രഹിച്ചു നല്കുകയാണ്. മഹാദേവി മഹാഅനുഗ്രഹിച്ചു നല്കുന്നതായ മഹാവാത്സല്യത്തിന്റെ ചെറുതും വലുതുമായ പതിപ്പാണ് മനുഷ്യമാതാവില് സ്ഥാപിച്ചിട്ടുള്ളത്. അതേപ്പറ്റി ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് വിസ്തരിക്കാം.

മറ്റുള്ള ജീവികള്ക്ക് ആനന്ദവിഷയങ്ങള് വളരെ കുറച്ചു മാത്രമാണെന്നും, അവയുടെയും പരമാനന്ദം കാമം തന്നെയാണെന്നും നിസ്സാരമായി മനസ്സിലാക്കാന് കഴിയുന്നതാണ്.

മഹാശക്തിയായ മഹാദേവി, ആനന്ദത്തിന് അളവുകള് നിശ്ചയിച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളുമായും പ്രസ്തുത ശക്തികളെ പ്രവര്ത്തിപ്പിക്കുവാനായുള്ള ശാസ്ത്രനിയമങ്ങളുമായും ആനന്ദ-അളവുകളെ ബന്ധിപ്പിച്ചിട്ടുണ്ട്. പ്രേമം, കാമം, ഭക്ഷണം, ഉറക്കം, കല, സംഗീതം, തൊഴില്

തുടങ്ങിയവയിലൂടെ വ്യത്യസ്ത അളവുകളില് ആനന്ദം ലഭിക്കുമ്പോള്, ഓരോ ആനന്ദത്തെയും വ്യത്യസ്ത അളവുകളോടെ വസ്തുക്കളുമായി ബന്ധിപ്പിച്ചിരിക്കുകയാണ് എന്നതാണ് അടിസ്ഥാന സത്യം. ആവക കാര്യങ്ങള് വിശദീകരിക്കുന്നതിനു മുമ്പ്, ആത്മീയ സാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തില് പറഞ്ഞതായ ചില കാര്യങ്ങള് ഹ്രസ്വമായി ആവര്ത്തിക്കേണ്ടതുണ്ട്.

മനുഷ്യന് എന്ന ഒരു ജീവിയ്ക്കു മാത്രം മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രം ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നതും, ഓരോ ശാസ്ത്രനിയമവും ആനന്ദങ്ങളുടെ കലവറ തുറക്കാനുള്ള താക്കോലാണെന്നതും, ശാസ്ത്രവികസനത്തിനൊത്ത് ഓരോ വ്യക്തിക്കും ആനന്ദങ്ങളുടെ മഹാനിധിയാണ് വ്യത്യസ്ത ജന്മങ്ങളിലൂടെ ദൈവം നല്കുന്നത് എന്നതും സുപ്രധാനമാണ്.

എല്ലാ മനുഷ്യര്ക്കും മഹാപ്രപഞ്ചത്തില് മഹാസമനീതി ലഭിക്കുന്നുണ്ട്. ആനന്ദത്തിന്റെ കാര്യത്തില് ബ്രഹ്മത്തിന് അഥവാ ദൈവത്തിന് ലഭിക്കുന്ന ആനന്ദം, മനുഷ്യനും ലഭ്യമാക്കി ദൈവം മനുഷ്യനെ മഹാഅനുഗ്രഹിക്കുന്നു. ബ്രഹ്മാനന്ദം. ആനന്ദ കാര്യത്തില് മനുഷ്യന് ദൈവമാകാം. മനുഷ്യന് വേണ്ടത് ആനന്ദം തന്നെയാണ്. മഹാപ്രപഞ്ചത്തിന്റെ ഭാഗമായി വര്ത്തിച്ചുകൊണ്ടുതന്നെ ബ്രഹ്മത്തെപ്പോലെ അനുഭവിക്കുന്ന മഹാആനന്ദമാണ് ബ്രഹ്മാനന്ദം. ചില ഉദാഹരണങ്ങളിലൂടെ വിശദമാക്കാം. (1) ഇഷ്ടപ്പെട്ട മാമ്പഴങ്ങള് ഭക്ഷിക്കുമ്പോഴുള്ള ആനന്ദം ഒന്നൊന്നായി ആഗ്രഹിക്കുമ്പോള്, മനുഷ്യന് ആഗ്രഹിക്കുന്ന സമയത്തോളം മാമ്പഴം കഴിക്കാതെതന്നെ ആസ്വാദന സുഖം ലഭിക്കുന്നതാണ്. (2) രതി സുഖം ആഗ്രഹിക്കുമ്പോള്, ആഗ്രഹിക്കുന്ന സമയത്തോളം പരമമായ രതിസുഖം ലഭിക്കുന്നതാണ്. (3) ആഗ്രഹിക്കുന്ന കാലത്തോളം യാതൊന്നുമറിയാത്ത സുഷുപ്തി. (4) ദൈവാരാധന ചെയ്യാന് അനുവദിക്കണമെന്ന് ദൈവത്തോട് നിര്ബ്ബന്ധിക്കുന്നവര്ക്കു മാത്രം ഒരു വര്ഷത്തിലെ 13-ാം മാസത്തിലെ അവസാന ദിവസത്തിലെ 8 മണിക്കൂര് നേരം (ദിവസത്തിന്റെ മൂന്നിലൊന്നു സമയം) ദൈവാരാധനയ്ക്ക് അവസരം നല്കുന്നതാണ്. മഹാശാസ്ത്രം മനസ്സിലാകുന്നതോടെ ഏവരും അനേകദിവസങ്ങളിലെ ആരാധന ചെയ്യുവാന് ഇച്ഛിക്കും, എന്നാല് ദൈവം അത് അനുവദിക്കുന്നില്ല. മഹത്വം ദൈവത്തിനു മാത്രം എന്ന ആരാധന കേട്ട് ആനന്ദിക്കുന്ന ഒന്നല്ല ദൈവം. മായ പ്രത്യക്ഷമാകുന്നതോടെ, കാലഗണന 28 ദിവസം വച്ച് 13 മാസങ്ങളായി പുനഃക്രമീകരിക്കുന്നതാണ്. ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തില് വിസ്തരിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ അനന്തങ്ങളായ ബഹുവിധ സുഖങ്ങള് മാറി മാറി ആസ്വദിക്കുവാന് കാലം സഹായിക്കുന്നു. അതെങ്ങനെയെന്നാല് 1 വര്ഷക്കാലമോ 100 വര്ഷക്കാലമോ രതിസുഖം ആഗ്രഹിക്കുമ്പോള്, പരമാനന്ദത്തില് ലയിച്ച് സര്വ്വവും മറന്നു കഴിയുന്ന വ്യക്തി വീണ്ടും ബോധതലത്തില് എത്തുന്നത് 1 അഥവാ 100 വര്ഷക്കാലം പൂര്ത്തിയാകുമ്പോഴാണ്. അതേ സുഖമോ പുതിയ സുഖങ്ങളോ ആഗ്രഹിക്കുമ്പോള് വീണ്ടും ലഭിക്കുന്നു.
ആനന്ദങ്ങളുടെ സൃഷ്ടി, സ്ഥിതി, മഹാനീതി എന്നിവയെപ്പറ്റി മഹാപ്രപഞ്ചം സത്യമാണ്, .. മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ഇനി, മഹാശക്തിയായ മഹാദേവി, വ്യത്യസ്ത ആനന്ദങ്ങള്ക്കു നിശ്ചയിച്ചിട്ടുള്ള അളവുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിക്കാം :
മഹാപ്രപഞ്ചത്തിലെ മൊത്തം ആനന്ദത്തെ 100 അളവായിട്ടാണ് മഹാനിശ്ചയിച്ചിട്ടുള്ളത്. (1) ഭക്ഷണ സാധനങ്ങള്ക്കെല്ലാം കൂടി 40 ആനന്ദ-അളവാണുള്ളത്. (2) മഹാപ്രപഞ്ചത്തിലെ എല്ലാ തൊഴിലുകളെയും യഥാര്ത്ഥമായ തൊഴില് വിഭജനക്രമം പ്രകാരം ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായി തിരിക്കുമ്പോള് ഓരോ വിഭാഗത്തിനും 5 ആനന്ദ-അളവുകളെ മഹാനിശ്ചയിച്ചിരിക്കുന്നു. അപ്പോള് 4 വിഭാഗങ്ങള്ക്കും കൂടി 40. (3) ദാനം (ത്യാഗം) 5, (4) ഭക്തി (പ്രിയം, ആദരം, ആരാധന) 5, (5) ദാസ്യം 5, (6) വാത്സല്യം 5, (7) പ്രേമം 5, (8) പ്രേമ-സാക്ഷാത്ക്കാരം 5. എന്നിവയാണ് അടിസ്ഥാന ആനന്ദങ്ങള്. അവയില് (4) മുതല് (8) വരെയുള്ള ആനന്ദങ്ങളെ സംയോജിപ്പിച്ച് മനുഷ്യന്റെ പരമാനന്ദമായിട്ട് മഹാനിശ്ചിയിച്ചിട്ടുള്ള കാമം 25 സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷണമെന്നു പറയുമ്പോള് ഭൂമിയിലുള്ള എല്ലാ ഭക്ഷണവസ്തുക്കളില് നിന്നും ലഭിക്കുന്ന രുചി ഉള്പ്പെടുന്നു. കാമം ഒഴികെയുള്ള ഘടകങ്ങളില് ഭക്ഷണത്തിന് 40 ആനന്ദ-അളവ് ഉണ്ടെങ്കിലും, ഒരു വ്യക്തിക്ക് ഒരു സമയം ലഭിക്കുന്ന പരമാവധി ഭക്ഷണ-ആനന്ദം 5 അളവ് മാത്രമായിരിക്കും. ഉദാഹരണം പറഞ്ഞാല് മഹാ-ഗംഭീരമായ ഒരു സദ്യ മഹാദേവി മഹാഒരുക്കി നല്കുകയാണെങ്കില് മനുഷ്യന് ലഭിക്കുന്ന ഭക്ഷണ-ആനന്ദ അളവ് 5 മാത്രമായിരിക്കും. കാമം ഒഴികെയുള്ള ഓരോ ഘടകത്തിലും അങ്ങനെയാണ്, ഒരു സമയം 5 അളവിലധികം ആനന്ദം ലഭിക്കുന്നതല്ല. 5 തരത്തിലുള്ള ജീവിസൃഷ്ടി, തനിച്ച് ആനന്ദിക്കാന് ഒരു കൈയ്യും 5 വിരലുകളും, എന്നിങ്ങനെ 5-നെ ബഹുവിധങ്ങളില് മഹാദേവി ഉയര്ത്തിയിട്ടുണ്ട്. മഹാശക്തി എന്ന മലയാളം വാക്കിലും അടിസ്ഥാനപരമായി 5 അക്ഷരങ്ങളാണുള്ളത്.

5 എന്ന ആനന്ദ-അളവില് ഉന്നതമായ ആനന്ദം മനുഷ്യനു ലഭിക്കുമെങ്കിലും, തന്നെത്താന് മറക്കുന്ന അവസ്ഥ 25 ആനന്ദ-അളവുള്ള കാമത്തിനു മാത്രമാണുള്ളത്. മനുഷ്യര്ക്ക് ജീവിതത്തിലും, ആത്മീയ സാക്ഷാത്ക്കാരത്തിലും ലഭിക്കുന്ന പരമാവധി ആനന്ദം അഥവാ പരമാനന്ദം എന്നത് ഓരോരുത്തരും തങ്ങളെത്തന്നെ മറക്കുന്നതായ കാമാനന്ദമാണ്. ഇണയോടുള്ള പ്രേമ-സാക്ഷാത്ക്കാരവും ആത്മീയസാക്ഷാത്ക്കാരവും കാമാനന്ദത്തില് ഒന്നിക്കുന്നു. 25 അളവുകളെയും ഒന്നിച്ചും കുറവില്ലാതെയും ലഭിക്കുന്ന പരമാനന്ദ അവസ്ഥയാണത്. കുറവില്ലാതെ ലഭിക്കുക എന്നു പറഞ്ഞാല്, എത്ര വിരൂപരായിട്ടുള്ളവരും സുഗന്ധതൈലങ്ങളും പൂശിക്കൊണ്ടി ഇരുട്ടില് കാമലീലകളില് ഏര്പ്പെട്ടാല്, തങ്ങള് വിരൂപരാണെന്നതോ, ഇണകളില് ഒരാള്ക്കോ രണ്ടുപേര്ക്കുമോ വൈരൂപ്യം ഉണ്ടെന്നതോ വിഷയമാകാതെ അവര് തങ്ങളെത്തന്നെ മറന്ന് പരമാനന്ദം ആസ്വദിക്കുന്നതാണ്. സൃഷ്ടി-സ്ഥിതി-സംഹാരകര്ത്താവായ മഹാദേവിയുടെ മഹാആവിഷ്ക്കാരം കൂടിയാണത് എന്നു സുവ്യക്തിമായി അറിഞ്ഞുകൊള്ളണം.

മനുഷ്യരില് കാമം പരമാനന്ദ അവസ്ഥയിലെത്തുന്നതിനു മുമ്പ്, ഇണയോടുണ്ടാകുന്ന അഭിനിവേശം ദാസ്യത്തില് നിന്നും വാത്സല്യം എന്നറിയപ്പെടുന്ന സ്നേഹത്തില് നിന്നും കൂടിയാണ് സൃഷ്ടിക്കപ്പെടുന്നത്. വാത്സല്യത്തിന്റെ ആനന്ദ അളവ് 5 ആണ്. മാതാവോ പിതാവോ മറ്റുള്ളവരോ വാത്സല്യം പ്രകടിപ്പിക്കുമ്പോള് തന്നെത്താന് മറക്കുന്നില്ല. കുഞ്ഞിനെ പുന്നരിച്ചുകൊണ്ട് ഭക്ഷണമൂട്ടുകയും പാട്ടുപാടുകയുമൊക്കെ ചെയ്യുമ്പോള് മാതാവിനും കുഞ്ഞിനും വളരെയധികം ആനന്ദം ലഭിക്കുമെങ്കിലും വാത്സല്യ-അളവ് 5-ല് ഒതുങ്ങുന്നു. വാത്സല്യം നല്കുകയാണ്. തന്നെത്താന് മറന്നാല് വാത്സല്യം നല്കാനാവില്ലല്ലോ. പിതാവ് ഉള്പ്പെടെയുള്ള പുരുഷന്മാര്, തങ്ങളുടെ മകള് ഉള്പ്പെടെയുള്ളവര്ക്ക് നല്കുന്ന വാത്സല്യത്തിന്റെ അളവ് യാദൃച്ഛികമായി 5 കടന്നാല്, പെട്ടെന്ന് മാനസികമായ പിടിവിട്ടുപോയെന്നിരിക്കും. അതെങ്ങനെ അറിയും എന്നതിന് തങ്ങള്ക്ക് കാമചിന്ത ഉണ്ടായോ എന്നത് തങ്ങള്ക്കും ദൈവത്തിനും അറിയാമെന്നതാണ് ഉത്തരം. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് മനുഷ്യന്റെ ചിന്തകളെപ്പോലും അറിയുന്നുണ്ട് എന്ന് ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. യാദൃച്ഛികമായി അല്പം കാമവികാരം ഉണ്ടായാല് അതില് കുറ്റബോധം പുലര്ത്തിക്കൊണ്ട് ജീവിതം പാഴാക്കരുത്. വിവേകത്തെ താലോലിക്കാനും ഭാവിയില് ശ്രദ്ധിക്കാനും

മനുഷ്യന് കഴിയണം. ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് സഹായിക്കുന്നതാണ്. വാത്സല്യം തങ്ങളറിയാതെ കാമപരമായി പ്രകടിപ്പിക്കുന്ന അവസ്ഥയിലേക്ക് നീങ്ങുന്നത് വാത്സല്യത്തെ ശരീരസ്പര്ശത്തിലേക്ക് അനുവദിക്കുമ്പോഴും മാനസികമായി വികലപ്പെടുമ്പോഴുമാണ്. ശരീരസ്പര്ശം വര്ദ്ധിച്ചാല്, വാത്സല്യത്തിന് അവസ്ഥാന്തരം ഉണ്ടാകുന്നതും കാമമായി പരിണമിക്കുന്നതുമാണ്. തന്നെത്താന് മറക്കുന്ന പരമാനന്ദമായി കാമത്തെ നിശ്ചയിച്ചിരിക്കുന്നതിനാല്, കാമചിന്തയുണ്ടായാല്, അത് വളരാന് അനുവദിച്ചാല്, പരമാനന്ദത്തിലേക്ക് നീങ്ങുന്നതാണ്. അതുകൊണ്ടുതന്നെ പിതാവ് ഉള്പ്പെടെയുള്ള പുരുഷന്മാര് പെണ് കുട്ടികളെ ലാളിക്കുന്നതിന് സ്വയം നിയന്ത്രണങ്ങള് പാലിക്കേണ്ടതുണ്ട്. കാമത്തെ ദൈവം ഉന്നതപ്പെടുത്തിയിട്ടുള്ളതിനെ അധമമായ വ്യക്തിസ്വാതന്ത്ര്യ ത്തിലൂടെ മനുഷ്യരാണ് മോശമാക്കുന്നത്. പരമാനന്ദമായ കാമാനന്ദം വേണ്ടായെന്ന് എത്രപേര് പറയും ? കാമത്തിനു മാത്രമായുള്ള 25 ആനന്ദഅളവ് ഓരോ തവണയും ലഭ്യമാകുന്നതാണ്. മനുഷ്യരിലെ ആനന്ദ-അളവുകളുടെ കൂടിയ പരിധി 25 ആയിരിക്കും എന്നു പറയുമ്പോള് 25 എന്ന ആനന്ദ അളവില് മനുഷ്യന് പരമാനന്ദം ലഭിക്കുമെന്നും, അത് കാമാനന്ദമാണെന്നും കൂടിയാണ് അര്ത്ഥം. 25 എന്ന ആനന്ദ അളവോടെ പരമാനന്ദത്തില് കഴിയുമ്പോള് ഓരോ വ്യക്തിയും തന്നെത്താന് മറന്ന് ആനന്ദിക്കുന്നതാണ്. അതാണ് ഭൂമിയില് സംഭവിക്കുന്നതും. ശുചിത്വ-വിഭാഗം തൊഴിലുകളിലെ ഘടകങ്ങള്ക്ക് 5, അത്യാവശ്യ-വിഭാഗം തൊഴിലുകളിലെ ഘടകങ്ങള്ക്ക് 5, ആവശ്യ-വിഭാഗം തൊഴിലുകളിലെ ഘടകങ്ങള്ക്ക് 5, വിനോദ-വിഭാഗം തൊഴിലുകളിലെ ഘടകങ്ങള്ക്ക് 5, എന്നിങ്ങനെ തൊഴിലുകളില് ആനന്ദത്തെ ഉള് പ്പെടുത്തിയിട്ടുള്ളത് മനുഷ്യര് തൊഴിലുകളെ ആനന്ദത്തോടെ ചെയ്യുന്നതിനാണ്.

വ്യക്തിപരമായും സാമൂഹ്യപരമായും ഭക്തി (പ്രിയം/ഇഷ്ടം, ആദരിക്കല്, ആരാധിക്കല്) ഉള്പ്പെടെയുള്ള ആനന്ദകാര്യങ്ങളില് സംഭവിക്കുന്ന ധര് മ്മശാസ്ത്രപരമായ പരാജയങ്ങള് നിമിത്തമാണ് ദാനം, ത്യാഗം എന്നിവ ആവശ്യമാകുന്നത്. അക്കാരണത്താല്, മഹാദേവി മനുഷ്യന് മഹാഅനുഗ്രഹിച്ചു നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യവുമായും അവയെ നിയന്ത്രിക്കുന്ന മഹാപ്രപഞ്ചത്തിലെ (വസ്തുക്കളിലെ) ന്യൂനശക്തികളുമായും ദാനം, ത്യാഗം എന്നിവയ്ക്ക് പ്രത്യേക ബന്ധമുണ്ടാകുന്നു. ദുസ്വാതന്ത്ര്യം മൂലം സമൂഹത്തിലുണ്ടാകുന്ന അസമത്വവും കോപവും വിനാശത്തെ ഉണ്ടാക്കുന്നതാണ്. ദാനം

അഥവാ ത്യാഗം എന്ന ആനന്ദത്തിലൂടെ അവയെ പരിഹരിക്കേണ്ടതുണ്ട്. മഹാവാത്സല്യമായ മഹാദേവി, കോപത്തെ ആനന്ദങ്ങളുടെ പട്ടികയില് അല്ലാ പെടുത്തിയിട്ടുള്ളത്. ന്യൂനശക്തികളുടെ അളവു-വ്യത്യാസം പൈ അളവ് കടന്നിരിക്കുന്നതുകൊണ്ടാണ് സമൂഹത്തില് കോപവും ബന്ധപ്പെട്ട വിനാശങ്ങളും വര്ദ്ധിച്ചിട്ടുള്ളത്. ന്യൂനശക്തികളുടെ അളവുമായി ബന്ധപ്പെട്ട് മനുഷ്യരിലെ/ജീവികളിലെ കോപത്തിന്റെ അളവ് 20-ല് താഴെ ആണ്. ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ മേല്പടി അദ്ധ്യായത്തില് വിശദീകരിച്ചതുപോലെ കോപത്തിന് നിയന്ത്രണങ്ങളുണ്ടാകുന്നതാണ്.

മുമ്പറഞ്ഞ ഘടകങ്ങളെല്ലാം മാനുഷിക-അവസ്ഥയുമായി ബന്ധപ്പെട്ടതാണ്. ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ളതായ മഹാദേവി അടിസ്ഥാനപരമായി ആനന്ദങ്ങള്ക്ക് അതീതമാണ്. മഹാദേവിയുടെ മഹാദാസനും ഭാഗവുമാകാന് മഹാദേവി മഹാഅനുഗ്രഹിക്കുകയാല് പരമശിവനും, അടിസ്ഥാനപരമായി ആനന്ദങ്ങള്ക്ക് അതീതമാണ്. ജീവികളുടെ സന്തോഷത്തിനുവേണ്ടി മഹാദേവി തനിക്കും തന്റെ ദാസനായ പരമശിവനും മഹാആനന്ദങ്ങളെ മഹാനിശ്ചയിച്ചിട്ടുണ്ട്. അതീവ ശ്രദ്ധയോടെ പഠിക്കാന് കഴിയുമാറാകട്ടെ എന്ന് ദേവീനാമത്തില് ആശംസിച്ചുകൊണ്ട് ആവക കാര്യങ്ങള് പരമശിവന് അറിയിക്കുന്നു :-

മനുഷ്യരും മറ്റുള്ള ജീവികളും ആനന്ദങ്ങളെ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവരാണ്. മഹാദേവി ജീവികളെ സൃഷ്ടിച്ചിട്ടുള്ളത് അങ്ങനെയാണ്. ജീവികള്ക്ക് ആനന്ദങ്ങളുടെ ഒരു മഹാ കലവറ തുറന്നുകൊടുക്കുകയാണ് മഹാദേവി ചെയ്യുന്നതെങ്കില്, മഹാദേവി ഏല്പ്പിക്കുന്ന ചുമതലകളെ നിവര്ത്തിച്ച് മഹാദേവിയ്ക്ക് മഹാആനന്ദം നല്കുന്ന മഹാദാസനായിരിക്കുകയാണ് പരമശിവന്. മഹാദേവി നേരിട്ടും, പരമശിവനിലൂടെയും ജീവികള്ക്ക് ആനന്ദം കൊടുക്കുക മാത്രമേ ചെയ്യുന്നുള്ളൂ. എന്നാല് മഹാദേവിക്കോ പരമശിവനോ ജീവികളില്നിന്നും യാതൊരു ആനന്ദങ്ങളും വേണ്ട. മഹാദേവി നല്കിയാല് മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന മനുഷ്യര്ക്കും മറ്റുള്ള ജീവികള്ക്കും യാതൊന്നും നല്കാന് ശക്തിയില്ല എന്നതുകൊണ്ടുകൂടിയാണത്. അതേസമയം, മഹാശാസ്ത്രം പ്രകാരം തന്റെ സൃഷ്ടികളായ ജീവികളുടെ ആനന്ദത്തെ മുന്നിര്ത്തിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയുടെ മൂലകാരണത്തെ മുന്നിര്ത്തിയും, ദൈവത്തിന് ആനന്ദം ലഭിക്കേണ്ടതുണ്ട്.

മഹാദാസ്യം, മഹാവാത്സല്യം എന്നിങ്ങനെ രണ്ട് ആനന്ദങ്ങളെയാണ് ദൈവീകതലങ്ങളായിട്ട് മഹാദേവി മഹാഒരുക്കിയിട്ടുള്ളത്. തന്റെ ഏകദാസനും മഹാദാസനുമായ പരമശിവന് മഹാദാസ്യ അളവായ 30-

ഉം, മഹാദേവിക്ക് മഹാവാത്സല്യമായ 35-ഉം മഹാ-ആനന്ദ അളവുകളായിട്ട് മഹാദേവി മഹാനിശ്ചയിച്ചിരിക്കുകയാണ്. മനുഷ്യരിലെ 25 എന്ന പരമാനന്ദ അളവിലേക്ക്, വീണ്ടും 5-അളവിലുള്ള ദാസ്യം ചേര്ക്കുകയാണെങ്കില് മഹാദാസ്യം എന്ന ആനന്ദം ഉണ്ടാകുന്നതാണ്. 25 + 5 = 30 എന്ന ആനന്ദ അളവോടെ മഹാദാസ്യം എന്ന ആനന്ദം സൃഷ്ടിയ്ക്കപ്പെടുന്നു. വ്യത്യസ്തങ്ങളായ നിറങ്ങളിലുള്ള പെയിന്റ് കൂട്ടിക്കലര്ത്തുമ്പോള് പുതിയ നിറത്തില് പെയിന്റ് ലഭിക്കുന്നത് കണ്ടിട്ടുള്ളവരുണ്ടാകും. മഹാദാസ്യം എന്നത് തികച്ചും വ്യത്യസ്തമായ ആനന്ദമാണ്. മഹാശക്തിയായ മഹാദേവിയുടെ മഹാപാദങ്ങളെ നക്കുവാനും, മഹാപാദങ്ങളെ ചുംബിക്കുവാനും മഹാപാദങ്ങളില് പറ്റിപ്പിടിച്ചിരിക്കുന്ന മണ്ണു മുഴുവന് നക്കിത്തിന്നുവാനും ആഗ്രഹിക്കുന്ന മഹാ-ആനന്ദ അവസ്ഥയാണത്. പരമശിവന് മഹാആനന്ദം ലഭിക്കണമെങ്കില് 30 എന്ന മഹാദാസ്യ അളവിലെത്തണം. അതായത് 30 എന്ന അളവില് മഹാദേവിയുടെ മഹാദാസനായിരിക്കുമ്പോള് മാത്രമേ പരമശിവന് പരമാനന്ദവും മഹാആനന്ദവും ചേര്ന്ന മഹാസംതൃപ്തി ലഭിക്കുകയുള്ളൂ. മഹാദേവിയുടെ മഹാ-ആവിഷ്ക്കാരമാണത്. മഹാദേവിക്ക് മഹാആനന്ദം ലഭിക്കണമെങ്കില് 30 എന്ന മഹാദാസ്യത്തിനോടുകൂടി വീണ്ടും 5-അളവിലുള്ള വാത്സല്യത്തെ ചേര്ത്ത് സൃഷ്ടിക്കുന്ന 35 എന്ന ആനന്ദ അളവിലുള്ള മഹാവാത്സല്യം ലഭിക്കണം. മഹാദാസ്യം, മഹാവാത്സല്യം എന്നിവയ്ക്ക് പലപ്പോഴും ഒരേ അര്ത്ഥം ഉണ്ടാകുന്നതുമാണ്. മഹാപ്രപഞ്ചത്തില് താന് സൃഷ്ടിച്ചിട്ടുള്ളതായ തന്റെ കുഞ്ഞുങ്ങള്ക്കെല്ലാം മഹാവാത്സല്യം നല്കുമ്പോള് മാത്രമേ മഹാസംതൃപ്തി എന്ന മഹാആനന്ദം മഹാദേവിക്ക് ലഭിക്കുകയുള്ളൂ. ദൈവീക ആനന്ദങ്ങളായിട്ട് മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും ദൈവം മഹാനിശ്ചയിച്ചില്ലായിരുന്നുവെങ്കില് ജീവികള് വളരെ വലിയ കഷ്ടത്തിലാകുമായിരുന്നു .... അതായത് ജീവികള്ക്കുവേണ്ടിത്തന്നെയാണ് ദൈവം തനിക്കും ആനന്ദത്തെ മഹാനിശ്ചയിച്ചിട്ടുള്ളത് ! ജീവികളുടെ മഹാഭാഗ്യമാണത്. അതായത് ജീവികള്ക്കുവേണ്ടിത്തന്നെയാണ് ദൈവം തനിക്കും ആനന്ദത്തെ മഹാനിശ്ചയിച്ചിട്ടുള്ളത് !

മഹാദേവി നേരിട്ടു നല്കിയാലും, പരമശിവനിലൂടെ നല്കിയാലും, ഫലത്തില് മഹാദേവിയാണു നല്കുന്നത്. ജീവികള്ക്കു നല്കുകയാണ്, സ്വീകരിക്കുകയല്ല. പരമശിവന് നല്കുന്ന മഹാദാസ്യ വൃത്തിക്കു പകരമായി മഹാദേവി തന്നെത്തന്നെയും അഥവാ മഹാശക്തികള് മുഴുവനും പരമശിവന് നല്കുന്നുണ്ട് ; മഹാദേവി, 50 വര്ഷത്തിലൊരിക്കല് മഹാശിവരാത്രിയില് പരമശിവനെ മഹാശക്തിയും

മഹാദേവനും മഹാദേവിയുമായി ഉയര്ത്തുന്നുണ്ട്. എന്നാല്, പ്രഭാതമായാലുടന് തന്നെ മഹാദേവിയുടെ മഹാദാസനായി മാത്രം അനുഗ്രഹിക്കണമേ എന്ന് പരമശിവന് കരഞ്ഞുവീണ് പ്രാര് ത്ഥിക്കുന്നതാണ്. മഹാസൃഷ്ടിയിലെ മഹാസംവിധാനമെന്നും മഹാരചനയെന്നും വിശേഷിപ്പിക്കേണ്ടതായ കാര്യങ്ങളാണവ. സത്, ചിത്, ആനന്ദം എന്നീ 3 പദങ്ങളെ ചേര്ത്തുള്ള സച്ചിദാനന്ദം നല്ലൊരു പ്രയോഗം പോലെ തോന്നുമെങ്കിലും, മുമ്പ് വിശദമാക്കിയ ആനന്ദം, പരമാനന്ദം, മഹാആനന്ദം എന്നിവയിലൊന്നും അങ്ങനെയൊരു പദപ്രയോഗം വരുന്നില്ല. ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും, സ്മൃതിയിലും വിശദീകരിച്ചിട്ടുള്ളതുപോലെ പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച ഒരു ചരിത്രകാരന് ദൈവമാകാന് ശ്രമിക്കുകയും മഹാശാസ്ത്ര കാര്യങ്ങളില് മായം ചേര് ക്കാന് ശ്രമിക്കുകയും സ്വയം സച്ചിദാനന്ദ മൂര്ത്തിയാകാനും അദ്ദേഹം ശ്രമിച്ചതിന്റെ ബാക്കി പത്രമാണ് സച്ചിദാനന്ദം എന്ന പദം. വീണ്ടും മാനുഷിക തലങ്ങളിലേക്കു വരാം.

ധര്മ്മശാസ്ത്രപരമായി കാമാനന്ദത്തെ ആസ്വദിക്കുവാനാണ് മനുഷ്യര് ശ്രദ്ധിക്കേണ്ടത്. ദൈവനിന്ദയെ വിവരിക്കുന്ന അദ്ധ്യായങ്ങളില് ആവക വിവരങ്ങള് വിസ്തരിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ആരാധന എന്ന അദ്ധ്യായത്തില് സൃഷ്ടി-സ്ഥിതി-സംഹാര കാര്യങ്ങളും മഹാലിംഗവുമായുള്ള ബന്ധം വ്യക്തമാവുമ്പോള് മനുഷ്യന് ജീവിക്കുന്നത് കാമാനന്ദത്തിനു വേണ്ടിയാണെന്നു പോലും തോന്നിപ്പോകുന്നതാണ്. അതില് ശരിയുണ്ടോ എന്നു നോക്കാം.

ലിംഗം

ദൈവം മഹാഅനുഗ്രഹിച്ചു നല്കിയ ലിംഗത്തെ ഉന്നതമായി കാണേണ്ടതുണ്ട്. ചില കാര്യങ്ങള് പറയാം :- കുഞ്ഞില് തുടങ്ങാം. ലിംഗത്തെപ്പറ്റി ഓരോരുത്തരും അറിഞ്ഞതും മനസ്സിലാക്കിയതും ജനിച്ച് എത്രയോ കാലം കഴിഞ്ഞാണ്. കുഞ്ഞുങ്ങളായി ജനിച്ചപ്പോള്, തങ്ങളുടെ ലിംഗത്തെപ്പറ്റിയോ, മാതാപിതാക്കളുടെ ലിംഗത്തെപ്പറ്റിയോ, ചുറ്റുമുള്ളവരുടെ ലിംഗത്തെപ്പറ്റിയോ യാതൊന്നും അറിയാത്തവരായിരുന്നു. തങ്ങളുടെ മാതാവിന്റെ ലിംഗത്തിലൂടെയാണ് ഓരോരുത്തരും ഭൂമിയിലെത്തിയത്. ആവക വിവരങ്ങള് കുഞ്ഞുങ്ങള് മനസ്സിലാക്കുന്നതും ജനിച്ച് എത്രയോ കാലം കഴിഞ്ഞാണ്. കുഞ്ഞു ജനിച്ചാലുടനെ എതിര് ലിംഗവുമായി കാമകാര്യങ്ങളെ അന്വേഷിക്കുകയല്ല ചെയ്യുന്നത്. ജനനം മുതല് മരണം വരെ ശരീരത്തിലുള്ള അധിക ജലത്തെയും ലവണങ്ങളെയും ശരീരം പുറന്തള്ളുന്നത് ലിംഗത്തിലൂടെയാണ്. മൂത്രമൊഴിക്കാനും മലം വിസര്

ജ്ജിക്കാനും നല്ലപോലെ ആവശ്യമുണ്ടായാല് മുതിര്ന്നവര് ഞെരിപിരി കൊള്ളുന്നതാണ്. അത്തരം ഞെരിപിരി കൊള്ളാതെ സുഖമായ മൂത്രവിസര്ജ്ജനം എവിടെവച്ചും നടത്താന് കുഞ്ഞുങ്ങളെ മാത്രമാണ് ദൈവം അനുഗ്രഹിച്ചിട്ടുള്ളത്. സുമാര് 5 വയസ്സുവരെയുള്ള കാര്യങ്ങളെ മുതിര്ന്നവര് ഓര്ക്കില്ല എന്നത്, ലിംഗത്തെ മറയ്ക്കാതെ ജീവിച്ച അവരുടെ കുട്ടിക്കാലത്തെ മറയ്ക്കാന് കൂടിയാണ്. മൂത്ര വിസര് ജ്ജനത്തിന് സ്ത്രീയ്ക്കും പുരുഷനും ലിംഗം വേണ്ടേ ? ലിംഗമില്ലാതെ സ്ത്രീയും പുരുഷനും സൃഷ്ടിക്കപ്പെട്ടാല് ഇഷ്ടപ്പെടുമോ ?
മലമൂത്രവിസര്ജ്ജനത്തില് മൂത്രം ഒഴിക്കുന്നതാണ് കൂടുതല് ആവശ്യമായി ദൈവം നിശ്ചയിച്ചിട്ടുള്ളത്. ലിംഗത്തെ കൂടുതലായും, ഇടയ്ക്കിടയ്ക്കും ശ്രദ്ധിക്കാനും ശുചിത്വ-കാര്യങ്ങളില് ജാഗ്രത പാലിക്കാനുംകൂടി അത് ഉപകരിക്കണം.
പെണ്കുട്ടികള് വളര്ന്ന് കുമാരി, യുവതി, അമ്മ, അമ്മൂമ്മ (മുത്തശ്ശി) എന്നിങ്ങനെയും ആണ്കുട്ടികള് വളര്ന്ന് കുമാരന്, യുവാവ്, അച്ഛന്, അപ്പൂപ്പന് (മുത്തച്ഛന്) എന്നിങ്ങനെയും മാറ്റങ്ങളുണ്ടാകുന്നു. ഏതൊരു ജീവിയുടെ കാര്യത്തിലുമെന്നപോലെ മനുഷ്യന്റെ ഊര്ജ്ജസ്വലമായ കാലം യൗവ്വനമാണ്. യൗവ്വനത്തില് അവരെ മുഖ്യമായി ഭരിക്കുന്നത് കാമാനന്ദം തന്നെയാണ്. പ്രേമം, കാമം, എന്നിവയുടെ ആനന്ദത്തില് പെട്ട് പുരുഷന് സ്ത്രീയ്ക്കുവേണ്ടിയും, സ്ത്രീ പുരുഷനുവേണ്ടിയും, തങ്ങളെ വളര്ത്തി വലുതാക്കുന്നതില് വലിയ പങ്കുവഹിച്ച മാതാപിതാക്കളെ ഉള്പ്പെടെയുള്ളവരെ ഉപേക്ഷിക്കാന് പോലും തയ്യാറായെന്നിരിക്കും. ദൈവം കാമത്തെ പരമാനന്ദമായി സൃഷ്ടിച്ചതുകൊണ്ടു മാത്രമാണ് കാമം പരമാനന്ദമായിരിക്കുന്നത്. ദൈവം കാമാനന്ദത്തെ പരമാനന്ദമായി സൃഷ്ടിച്ചില്ലായിരുന്നെങ്കിലോ ? ഭക്ഷണം, സംഗീതം തുടങ്ങിയ ആനന്ദങ്ങള് ആസ്വദിക്കുന്നതുപോലെ മാത്രമാണ് അഥവാ 5 എന്ന ആനന്ദ അളവോടെ മാത്രം കാമത്തെ സൃഷ്ടിച്ചിരുന്നുവെങ്കില്, ജനങ്ങള്ക്ക് തന്നെത്താന് മറന്നുള്ള പരമാനന്ദം ആസ്വദിക്കുവാന് കഴിയുമായിരുന്നില്ല. കാമകാര്യങ്ങളില് പങ്കെടുക്കുവാന് പുരുഷനും സ്ത്രീയ്ക്കും താല്പര്യം കുറയുമായിരുന്നു. പരമാനന്ദം ലഭിക്കാതെ വന്നാല്, പ്രസവ കാര്യങ്ങളിലുള്ള സ്ത്രീയുടെ താല്പ്പര്യം കുറയുമായിരുന്നു. അതായത് ജീവികളുടെ സൃഷ്ടികാര്യങ്ങള് കുഴയുമായിരുന്നു. മനുഷ്യന് തന്നെത്താന് മറന്ന് ആനന്ദിക്കുന്നു, ദൈവം സൃഷ്ടി നടത്തുന്നു എന്ന് പ്രസ്താവിക്കുന്നതിന് മഹാദേവി സ്ഥാപിച്ചിട്ടുള്ളതായ മഹാശാസ്ത്രം പ്രകാരം പൂര്ണ്ണ അര്ത്ഥത്തില് കഴിയുമായിരുന്നില്ല. മഹാശാസ്ത്രത്തില് പിഴവുകളുണ്ടാവാതെ തന്നെ മഹാദേവി മഹാപ്രപഞ്ച കാര്യങ്ങളെ മഹാമംഗളമായി

ഭദ്രപ്പെടുത്തിയിരിക്കുന്നു.
കാമാനന്ദത്തെപ്പറ്റി തുടരുന്നതിനു മുമ്പ് സ്ത്രീ-പുരുഷന്മാരല്ല ഭ്രൂണ-സൃഷ്ടിയും അതിലൂടെ ജീവി-സൃഷ്ടിയും നടത്തുന്നതെന്നു വിശദീകരിക്കാം. പുരുഷനില് ബീജത്തെ സൃഷ്ടിക്കുന്നതും, ബീജങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതും, ബീജങ്ങളുടെ പ്രവര്ത്തനത്തെ നിശ്ചയിക്കുന്നതും, സ്ത്രീയില് അണ്ഡത്തെ സൃഷ്ടിക്കുന്നതും, അണ്ഡത്തെയും ബീജത്തെയും ചേര്ത്ത് ഭ്രൂണമുണ്ടാക്കുന്നതും, ഭ്രൂണം ആണോ പെണ്ണോ എന്നു നിശ്ചയിക്കുന്നതും, ഭ്രൂണത്തിന്റെ അവയവങ്ങളെയും അവയവങ്ങളുടെ ആകൃതി, ആരോഗ്യം, നിറം, പ്രവര്ത്തനം, തുടങ്ങി തുടങ്ങി അനന്തങ്ങളോളമുള്ള കാര്യങ്ങള് നിശ്ചയിക്കുന്നതും നിര്വ്വഹിക്കുന്നതും സ്രഷ്ടാവായ ദൈവം മാത്രമാണ്, മഹാമാതാവായ മഹാദേവി മാത്രമാണ്. കാമം ഉണ്ടാവാതെ, എല്ലില്ലാത്ത പുരുഷലിംഗം നിവരില്ലാ എന്ന് മഹാശാസ്ത്രനിയമത്തെ ആവിഷ്ക്കരിച്ച്, കാമബന്ധത്തില് ഏര്പ്പെടുന്ന പുരുഷന് സൃഷ്ടിയില് നേരിയ അവകാശംപോലും ദൈവം നിഷേധിക്കുന്നു. അവനിലൂടെ ബീജത്തെ സൃഷ്ടിച്ചിട്ടുള്ളത് അവനു ദൈവം നല്കിയ ഒരു ബഹുമതി മാത്രമാണ്. നല്കാതിരുന്നെങ്കില്, പുരുഷന്റെ തല താഴോട്ടു പോയാല്, മേലോട്ടു കൊണ്ടുവരാന് വളരെ കഷ്ടപ്പെടേണ്ടിവരും. കുഞ്ഞിനെ ചുമക്കുന്നതും പ്രസവിക്കുന്നതും വളര്ത്തുന്നതുമായ ചില ഉന്നത ഉത്തരവാദിത്തങ്ങള് നല്കിക്കൊണ്ട് സ്ത്രീയ്ക്ക് പ്രത്യേക ബഹുമതി സ്രഷ്ടാവായ മഹാദേവി നല്കുമ്പോള്, സ്ത്രീ അഹങ്കരിച്ചുകൂടാ; അവളില് അണ്ഡത്തെ സൃഷ്ടിക്കുന്നതും, അണ്ഡത്തെ പുരുഷബീജവുമായി ചേര്ക്കുന്നതും മുമ്പറഞ്ഞതുപോലെ ഭ്രൂണത്തെ സൃഷ്ടിക്കുന്നതും വളര്ത്തുന്നതും പ്രസവിപ്പിക്കുന്നതും മഹാമാതാവായ ദൈവമാണ്. ഡോക്ടറന്മാര് പ്രസവിപ്പിക്കുന്നുണ്ട് എന്ന വാദം വേണ്ട. ഓപ്പറേഷനു മുമ്പ് ഉത്തരവാദപ്പെട്ട രക്ഷകര്ത്താക്കളില്നിന്ന് നിര്ബ്ബന്ധിച്ച് ഒപ്പുവാങ്ങുന്നത് എന്തിനാണെന്നതും, അല്പം കുഴഞ്ഞ കേസെന്നു തോന്നിയാല്, കുഞ്ഞും തള്ളയും ഒരുമിച്ചു രക്ഷപെടുന്ന കാര്യം പ്രയാസമാണെന്ന് മുന്കൂട്ടി അറിയിച്ച് തങ്ങളെ രക്ഷിക്കുന്നതും, ഡോക്ടറന്മാര് കത്തിവെയ്ക്കുമ്പോഴും, പ്രസവിപ്പിക്കുന്നത് ദൈവം തന്നെയാണെന്നു വ്യക്തമാക്കുന്നു. ഓന്തിനെയോ, മരക്ഷണത്തെയോ, പൂച്ചക്കുഞ്ഞിനെയോ ഒക്കെ പ്രസവിച്ചാലും സ്ത്രീയ്ക്ക് വായ്പൊളിച്ചു നില്ക്കാനേ കഴിയൂ എന്ന അടിസ്ഥാന സംഗതി മനസ്സിലാക്കിക്കൊണ്ട്, ദൈവം നല്കിയ പ്രത്യേക ബഹുമതിയില് സന്തോഷിക്കുന്നതിനപ്പുറം, താന് സൃഷ്ടിച്ചു എന്ന് സ്ത്രീ

അഥവാ മനുഷ്യ-മാതാവ് ചിന്തിച്ചുപോവരുത്.
കുട്ടികള്ക്ക് വാത്സല്യം പകര്ന്ന്, കുട്ടികള്ക്കുവേണ്ടി മരിക്കുവാന് തയ്യാറാകുന്നവരാണ് അമ്മമാര് എന്നത് സത്യമാണെങ്കിലും, പുരുഷനുമായി കാമാനന്ദത്തില് ഏര്പ്പെടുന്ന നിമിഷങ്ങളില്, ആനന്ദത്തിന്റെ പരമാവസ്ഥകളില്, അവള് സ്ത്രീ മാത്രമാണ്, കുട്ടികളെയും തന്നെത്തന്നെയും അവള് മറക്കുന്നതാണ്. സത്യമായ പ്രസ്തുത വസ്തുതയെ യാതൊരു മുതിര്ന്നവര്ക്കും നിഷേധിക്കാനാവില്ല. മഹാശാസ്ത്ര പാഠങ്ങള് വിശദീകരിക്കുമ്പോള്, കൂച്ചലുണ്ടാവേണ്ടതില്ല. മുതര്ന്നവരില് കാമ-കാര്യങ്ങള് കുറഞ്ഞേക്കാമെന്നത് മറ്റൊരു വസ്തുതയാണ്. യൗവ്വനമാണ് മനുഷ്യന് ഉള്പ്പെടെയുള്ള ഏതൊരു ജീവിയുടെയും ശരീരത്തിലെ ഊര് ജ്ജസ്വലമായ കാലമെന്നതും, പ്രസ്തുത കാലത്ത് കാമവും കാമാനന്ദവും തന്നെയാണ് മുഖ്യമെന്നതും, ശാസ്ത്രപരമായ ആവിഷ്ക്കാരമാണ്, ഏതൊരാളും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന സത്യവുമാണ്.
പങ്കാളിയെ കിട്ടിയില്ലെങ്കില് സ്വയവും കാമാനന്ദത്തില് പങ്കെടുക്കും ! സ്വയം ഭോഗത്തെ ദൈവം അനുവദിച്ചിരിക്കുന്നുവെന്നും, അനുവദിച്ചിരിക്കുന്നതു കൊണ്ടാണ് അമിതമായി സ്വയംഭോഗത്തില് ഏര്പ്പെടാത്തവര്ക്ക് ആരോഗ്യത്തകരാറുകള് ഇല്ലാത്തതെന്നും അറിയുക. പകരം മാനസികമായും ശാരീരികമായും ബലശാലികളാകാന് അവര്ക്കു കഴിയുമെന്നതും ശാസ്ത്രപരമായിത്തന്നെ തിരിച്ചറിയാന് എളുപ്പമാണ്. സമൂഹത്തില് ഇന്നുള്ള കാമപരമായ അക്രമങ്ങളെ അവസാനിപ്പിക്കുവാനും, സദാചാരത്തെ വര്ദ്ധിപ്പിക്കുവാനും കൂടി സ്വയംഭോഗം ഉപകരിക്കുന്നതാണ് എന്നു പറയുമ്പോള് ശാസ്ത്രപരമായി പുതിയ മാനങ്ങളുണ്ടാകുന്നു. മുമ്പു പറഞ്ഞതുപോലെ, മനുഷ്യജീവിയുടെ കാര്യത്തില്, തലമുടിയിലും നഖത്തിലും വരെ കാമാനന്ദത്തെ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. സ്വയംഭോഗം ചെയ്യുന്ന ഒരു വ്യക്തിയുടെ മാത്രം സ്വകാര്യമാണത് എന്നിരിക്കെ അത്തരം കാര്യങ്ങളില് പരസ്യമായ സംവാദങ്ങളും വിവാദങ്ങളും അരുത്. സത്യം ശിവം സുന്ദരം എന്ന ഗ്രന്ഥത്തിലെ 9-ാം ഭാഗവും പഠിക്കുക. മാനസിക പിരിമുറുക്കങ്ങളിലും മാനസികവേദനകളിലും ശാരീരിക അസ്വാസ്ഥ്യങ്ങളിലും പെട്ടിരിക്കുന്നവര്ക്കുള്ള ഒരു ദൈവീക ചികിത്സ കൂടിയാണ് സ്വയം ഭോഗവും, ഇണയുമായുള്ള കാമലീലകളും ! അങ്ങനെയിരിക്കെ, തങ്ങള്ക്ക് പരമാനന്ദമായ കാമാനന്ദത്തെ നല്കുന്നതായ ലിംഗത്തെ വേണ്ടായെന്ന് യുവാക്കളും യുവതികളും മുതിര്ന്നവരും കുട്ടികളും

പറയുമോ ?

മഹാലിംഗം

മനുഷ്യ-മാതാവിന്റെ ലിംഗത്തിലൂടെ പ്രസവം അഥവാ സൃഷ്ടി നടക്കുന്നതായി തോന്നുമെങ്കിലും യാഥാർത്ഥ്യം അതല്ല എന്നും, സൃഷ്ടി നടത്തുന്നത് മഹാശക്തിയായ ദൈവമാണെന്നും സുവ്യക്തമാക്കിക്കഴിഞ്ഞു. കുഞ്ഞുങ്ങളുടെ സൃഷ്ടിയും, സ്ഥിതിയും, സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം ഉള്പ്പെടെയുള്ള മഹാനീതിയും നിർവ്വഹിക്കുന്നത് മഹാമാതാവായ മഹാദേവിയുടെ മഹാലിംഗമാണെന്ന് ചുവടെ വിശദീകരിക്കുന്നു.

മാതാവിന്റെ ലിംഗത്തിലൂടെ തങ്ങള് കുഞ്ഞായി ജനിച്ചപ്പോള്, തങ്ങളുടെ പിതാവും ചുറ്റുമുള്ളവരും മാതാവിന്റെ സുഖപ്രസവം ആഗ്രഹിക്കുകയായിരുന്നു. മാതാവിന്റെ ലിംഗം ആരെങ്കിലുമൊക്കെ കാണുന്നോ എന്നത് അവിടെ വിഷയമല്ല. സുഖപ്രസവം എന്നൊന്നുണ്ടോ ? ഇല്ല, കുഞ്ഞുങ്ങളേ, സൃഷ്ടിയില് അല്പം വേദനകൂടി വേണം. മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും മഹാശാസ്ത്രം രചിച്ച് സൃഷ്ടിക്കുന്നത് അത്ര നിസ്സാരമായി മനുഷ്യര് കണ്ടുകൂടാ. യഥാർത്ഥത്തില് മാതാവിന്റെ ലിംഗമല്ല പ്രവർത്തിക്കുന്നത്; മഹാമാതാവിന്റെ മഹാലിംഗമാണ്. കുഞ്ഞ് ഭൂമിയില് സൃഷ്ടിക്കപ്പെട്ടതും ഭ്രൂണമായി സൃഷ്ടിക്കപ്പെട്ടതും മാതാവിന്റെ ലിംഗത്തിലൂടെ മഹാമാതാവിന്റെ മഹാലിംഗത്തിലാണ്. ഓരോ മനുഷ്യന്റെയും സൃഷ്ടിയുമായി മാതാവിന്റെ ലിംഗവും മഹാമാതാവിന്റെ മഹാലിംഗവും ഏറ്റവുമധികം ബന്ധപ്പെട്ടിരിക്കുകയാണ്.

കുഞ്ഞിന്റെ ലിംഗം, നിറം, മുഖഛായ, സൗന്ദര്യം, ശാരീരിക അവയവങ്ങളുടെ ആകൃതിയും പ്രവർത്തനങ്ങളും, ആരോഗ്യം, ബുദ്ധിശക്തി തുടങ്ങിയ ജന്മഗുണങ്ങളെയെല്ലാം നിശ്ചയിക്കുന്നത് കുഞ്ഞിനെ പ്രസവിക്കുന്ന അമ്മയല്ല, മറിച്ച് മഹാമാതാവായ മഹാദേവി ആണ്. അതായത് കുഞ്ഞ് യഥാർത്ഥത്തില് സൃഷ്ടിക്കപ്പെടുന്നത് മഹാമാതാവിന്റെ മഹാലിംഗത്തിലാണ്. അതുകൊണ്ടു തന്നെയാണ് പ്രസവസമയത്ത് സ്ത്രീയ്ക്ക് തന്റെ ലിംഗത്തെ മറ്റുള്ളവര് കാണുന്നത് വിഷയമല്ലാത്തത്. പുരുഷനും ചുറ്റുമുള്ളവർക്കും പ്രസവിക്കുന്ന സ്ത്രീയുടെ ലിംഗത്തെ മറ്റുള്ളവര് കാണുന്നതിനെ വിഷയമാക്കാത്ത മാനസിക അവസ്ഥ ഉണ്ടാകുന്നതും തടയാന് കഴിയാത്തതും മഹാലിംഗത്തിന്റെ പ്രവർത്തനം കൊണ്ടാണെന്നു വരുമ്പോള്, വിഷയത്തിന് പുതിയ മാനങ്ങളുണ്ടാകുന്നു. പ്രസവം കഴിഞ്ഞ്, സ്ത്രീ വീണ്ടും തന്റെ ലിംഗത്തെ മറയ്ക്കുന്നതില് ശ്രദ്ധ വയ്ക്കുന്നു. അതില്

നിന്നും മനുഷ്യര് അറിയാത്ത മഹാലിംഗത്തിന്റെ പ്രവര്ത്തനം അവിടെ നടന്നുവെന്നത് മനസ്സിലാക്കണം. ഭൗതികശാസ്ത്രപരമായിത്തന്നെ മഹാമാതാവായ മഹാദേവി അത് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പ്രസവിച്ചു വീണ കുഞ്ഞിന്റെ അതേ രൂപത്തിലും വലിപ്പത്തിലുമുള്ള ഒരു വസ്തുവിനെ സ്ത്രീയുടെ ലിംഗത്തിലൂടെ തിരികെ ഗര്ഭപാത്രത്തിലേക്ക് പ്രവേശിപ്പിക്കുവാന് കഴിയുമോ എന്ന് ഏതാനും നിമിഷം ചിന്തിച്ചാല് മഹാദേവിയുടെ മായാ-പ്രവര്ത്തനം മനസ്സിലാകുന്നതാണ്. (ആരും അങ്ങനെ ചെയ്യാന് തുനിഞ്ഞ് അപകടവും പാപവും വരുത്തരുത്). ഇത്തിരിപ്പോന്ന സ്ത്രീയുടെ ലിംഗത്തെ മഹാ-പരമായി മഹാദേവി വികസിപ്പിക്കുകയും ജീവനുള്ള കുഞ്ഞിനെ, ജീവനോടെതന്നെ സ്ത്രീയുടെ ശരീരത്തിനു വെളിയില്, ഭൂമിയില് എത്തിച്ചിരിക്കുകയുമാണ്. മഹാത്ഭുതമാണ് മഹാദേവി സൃഷ്ടിച്ചത്. മനുഷ്യര് യഥോചിതം മനസ്സിലാക്കിയില്ലാ എന്നേയുള്ളൂ. സൃഷ്ടിയില് മഹാശാസ്ത്രപരമായി ഗൂഢത ആവശ്യമാണ്. എന്നാല് സൃഷ്ടിയെയും സൃഷ്ടി നടത്താന് ദൈവം ഉപകരണമാക്കിയ മാതാവിന്റെ ലിംഗത്തെയും മഹത്തരമായി കാണണം. ഗൂഢതയും, ശുദ്ധിയും തീര്ച്ചയായും വേണമെങ്കിലും ലിംഗ കാര്യങ്ങളെ മ്ലേച്ഛമായി വിശേഷിപ്പിക്കുന്ന രീതികള് മനുഷ്യരുടെ ഇടയില് ഉണ്ടാവരുത്. സൃഷ്ടി നടത്തുന്നത് മഹാലിംഗമാവുമ്പോള്, സ്ഥിതി നടത്തുന്നതും മഹാലിംഗമാണ്. എല്ലാ ആനന്ദങ്ങളും മഹാലിംഗത്തില് നിന്ന് ഉത്ഭവിക്കുന്നു. മഹാദേവിയുടെ മഹാശക്തികളെ അടക്കം ചെയ്തിരിക്കുന്നത് മഹാലിംഗത്തിലാണ്. ശാസ്ത്രീയമായ ആരാധന എന്ന അദ്ധ്യായത്തില് അത് വിവരിക്കുന്നുണ്ട്. മഹാലിംഗത്തില് നിന്നാണ് പരമാവധി ആനന്ദ അളവായ 25 എന്ന പരമാനന്ദം മനുഷ്യന് ലഭ്യമാകുന്നത്. പുരുഷനേക്കാള് സ്ത്രീയ്ക്ക് കൂടുതല് ആനന്ദം ലഭിക്കുന്നുവെന്നത് കൂടുതല് സമയം ലഭിക്കുന്നതിലാണ്. കൂടുതല് മാമ്പഴ-നീര് കൂടുതല് നേരം ഒരാള്ക്ക് ആസ്വദിക്കാന് കഴിയുന്നതും, അടുത്തയാള്ക്ക് അതേ അളവിലോ, കുറഞ്ഞ അളവിലോ ഉള്ള മാമ്പഴനീര് കുറച്ചു നേരം ആസ്വദിക്കുവാന് കഴിയുന്നതുപോലെയാണത്. വിസ്തരിക്കുന്നില്ല.

സ്ഥിതിയില്, അഥവാ ജീവിതത്തില്, അഥവാ ജീവിതത്തിന്റെ ധര്മ്മങ്ങളില് ലിംഗത്തിനുള്ള പദവിയും വിശേഷതകളും കൂടിയാണ് വിവരിച്ചത്. അച്ഛനും അമ്മയ്ക്കും. മകനും മകള്ക്കും ഒക്കെ പരമാനന്ദമായിരിക്കുന്ന കാമാനന്ദത്തെ അവരവരുടെ ലിംഗത്തിലൂടെ മഹാമാതാവായ മഹാദേവിയുടെ മഹാലിംഗം ലഭ്യമാക്കിയിരിക്കുകയാണ്. ആകയാല് സ്ഥിതിയുടെ അഥവാ ധര്

മ്മത്തിന്റെ പ്രതീകമായി മഹാലിംഗത്തെ സ്വീകരിക്കേണ്ടതുണ്ട്. ഇനിയുള്ളത് നീതികാര്യങ്ങളാണ്. അതായത്, സംഹാരം എന്ന ആത്മീയസാക്ഷാത്ക്കാരത്തിന് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം : അതിനുമുമ്പ്, സ്ഥിതികാര്യവുമായി ബന്ധപ്പെട്ട സുപ്രധാന കാര്യം ആവർത്തിക്കേണ്ടതുണ്ട്. ജീവിതം ആനന്ദിക്കാനുള്ളതാണ് ; എന്നാല് മറ്റുള്ളവരുടെ ആനന്ദത്തെ ആക്രമിക്കുവാനും അവർക്ക് ദൈവം നല്കിയ ആനന്ദത്തെയോ സ്വാതന്ത്ര്യത്തെയോ കവർന്നെടുക്കാനും തട്ടിത്തെറിപ്പിക്കാനും വ്യക്തികള്ക്ക് അവകാശമില്ല. കാമം മാത്രമല്ല ആനന്ദം. ബഹുവിധ രൂചികളടങ്ങിയ ഭക്ഷണസുഖം, സുഗന്ധസുഖം, വാത്സല്യം, സംഗീതം, കല, തൊഴിലാനന്ദം, തുടങ്ങിയവയെല്ലാം അനന്തങ്ങളായ ആനന്ദങ്ങളാണ്, അവയെല്ലാം മനുഷ്യന് അറിയാനും അനുഭവിക്കാനും ആഗ്രഹിക്കണം. ആഗ്രഹിക്കുന്നുണ്ട്. പരമാനന്ദമായ കാമാനന്ദത്തില് തന്നെയാണ് മനുഷ്യന്റെ പരമമായ നോട്ടം എന്നത് ആവിഷ്ക്കാരം അങ്ങനെ ആയതുകൊണ്ടാണ്. അത് നേടേണ്ടത് ധർമ്മശാസ്ത്രപരമായിട്ടു തന്നെയാവണം. ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ്) എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. സൃഷ്ടിയുമായി ബന്ധിപ്പിച്ചിട്ടുള്ള ലിംഗത്തോട് പരമബഹുമാനം വേണം. കാമവും കാമാനന്ദവും 2 വ്യക്തികളുടെ സ്വകാര്യമായാണ് ദൈവം സംവിധാനം ചെയ്തിട്ടുള്ളത് എന്നതുകൊണ്ട് ആവക കാര്യങ്ങള് സ്വകാര്യമായല്ലാതെ സംഭാഷണം ചെയ്യുന്നതുപോലും തെറ്റുമാണ്. ഓരോ മനുഷ്യന്റെയും സ്വകാര്യ അവയവമാണ് ലിംഗം. മുതിർന്നവരുടെ ഇടയില്, ദമ്പതികള് മാത്രമാണ് ലിംഗങ്ങളെ അന്യോന്യം കാണുക. രോഗം, പ്രസവം, അപകടം, മരണം എന്നിവയുടെ ഭാഗമായല്ലാതെ വ്യക്തി, തന്റെ സ്വകാര്യമായ ലിംഗം അന്യരെ പ്രദർശിപ്പിച്ചുകൂടാ. ഏക പത്നീ വ്രതവും, ഏക ഭർത്തൃവ്രതവും നിർബ്ബന്ധമാകുന്നതിനെപ്പറ്റി മേല്പടി അദ്ധ്യായത്തിലും ജീവിസൃഷ്ടിയും ധർമ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും എന്ന അദ്ധ്യായത്തിലും ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

സംഹാരം എന്നതുകൊണ്ട് ജീവികളുടെ അഥവാ മനുഷ്യന്റെ ആത്മീയ സാക്ഷാത്ക്കാരത്തെയാണ് ഉദ്ദേശിക്കുന്നത്. സംഹാരത്തിലും പരമാനന്ദമായ കാമാനന്ദം തന്നെയാണ് മുഖ്യമെന്നത്, സംഹാരത്തെയും ലിംഗവുമായി ബന്ധിപ്പിക്കുന്നു. ആത്മീയ സാക്ഷാത്ക്കാരമായ നക്ഷത്രത്തിലെ ഹൈഡ്രജന്-ഹീലിയം ബന്ധം പരമാനന്ദമായ കാമാനന്ദത്തെ കുറിക്കുന്നു.

ബഹുവിധ ആനന്ദങ്ങളെ അനന്തമായി ആസ്വദിക്കാമെന്നതു കൂടാതെ

മഹാആനന്ദമായ മഹാവാത്സല്യം നുകരാന് ബ്രഹ്മാനന്ദത്തില് അവസരമുണ്ട്. ബ്രഹ്മാനന്ദത്തിലിരിക്കുന്ന വ്യക്തിക്ക് ഭൂമിയിലേക്ക് മടങ്ങിവന്ന് മഹാആനന്ദം വീണ്ടും നുകരാനായി ദൈവത്തോട് പ്രാര്ത്ഥിക്കാം. (മഹാജഗദംബയായ ദൈവത്തിന്റെ മടിയില്കിടന്ന് മഹാവാത്സല്യം അനുഭവിക്കുവാന് സ്ത്രീ ആയിരിക്കെ ഭൂമിയില് വച്ചുതന്നെ അവസരമുണ്ടാകുന്നതാണ്.). മഹാമാതാവും മഹാപിതാവുമായ ദൈവത്തിന്റെ മഹാവാത്സല്യങ്ങള് നുകരാന് വീണ്ടും ആഗ്രഹിക്കുന്നത് മഹാആനന്ദമാണ്. ഭൂമിയില് വന്ന് നൂറോളം മനുഷ്യജന്മങ്ങള് വീണ്ടുമെടുക്കാനും അവയിലെ അവസാനത്തെ പത്തോളം ജന്മങ്ങളില് തുടര്ച്ചയായി സ്ത്രീജന്മങ്ങള് നേടാനും മഹാജഗദംബയായ ദൈവത്തിന്റെ മഹാവാത്സല്യം നുകരാനും മഹാഭാഗ്യമുണ്ടാകുന്നതാണ്. ദൈവത്തെ കുഞ്ഞായി ലഭിക്കാനും ഓമനിക്കാനുമുള്ള മഹാഭാഗ്യം ലഭിക്കുവാനും ശാസ്ത്രപരമായിത്തന്നെ അവസരമുണ്ട്. പരബ്രഹ്മാനന്ദത്തില്നിന്ന് ഭൂമിയിലേക്ക് മടങ്ങിവരാനും ദൈവം നിശ്ചയിക്കുമ്പോലെ ജീവി - ജന്മങ്ങളെടുക്കാനും തയ്യാറാകുന്നവരുടെ കുഞ്ഞായി ദൈവം ജനിക്കുന്നതാണ്. മാതാപിതാക്കളുടെ കുഞ്ഞായി ജനിക്കുമ്പോഴും മാതാപിതാക്കള് സൃഷ്ടികര്ത്താവ് ആകുന്നില്ലായെന്ന് മഹാശക്തിയായ മഹാദേവി എഴുന്നെള്ളിക്കഴിഞ്ഞു, അവതാരം പൂര്ണ്ണമായിട്ടുമില്ല എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. അതൊക്കെയുണ്ടെങ്കിലും അടിസ്ഥാനപരമായി, പരമാനന്ദമായ കാമാനന്ദം തന്നെയാണ് ജീവികള് ആത്മീയസാക്ഷാത്ക്കാരത്തില് കൂടുതല് ആസ്വദിക്കുക. മഹാദേവിയുടെ മഹാആവിഷ്ക്കാരം അങ്ങനെയാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

അദ്ധ്യായം 70

പ്രാര്ത്ഥനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും

പ്രാര്ത്ഥന :

മനുഷ്യര് ഒഴികെയുള്ള ജീവികള് - മത്സ്യം, സസ്യം, പക്ഷി, മൃഗം - പ്രാര് ത്ഥിക്കുന്നില്ല. വിശേഷ ബുദ്ധികള് മനുഷ്യനു മാത്രമാണ് ദൈവം നല് കിയിട്ടുള്ളത്. അതുകൊണ്ട് പ്രാര്ത്ഥിക്കണമോ എന്നു പരിശോധിക്കാം. ജനിക്കുന്ന കുഞ്ഞ് കരയുന്നു, പാല് കുടിക്കുന്നു... വിസര് ജ്ജനാവശ്യങ്ങള് കിടക്കുന്ന കിടപ്പില് നിര്വ്വഹിക്കുന്നു... ചലനശക്തി കിട്ടാന്, ഒന്നു തലതിരിക്കാന് കൂടി ചുറ്റുമുള്ളവരുടെ സഹായം വേണം. മാസങ്ങളോളം മാതാവും ചുറ്റുമുള്ളവരും കുഞ്ഞിനെ കൂടുതല് പരിചരിക്കുന്നു. പിറന്നു വീഴുന്ന കുഞ്ഞ് പ്രാര്ത്ഥിക്കുന്നില്ല. പ്രാര് ത്ഥിക്കാന് യാതൊരാളും കുഞ്ഞിനോട് പറയുന്നുമില്ല. തങ്ങള് ജനിച്ചത് പ്രാര്ത്ഥിച്ചുകൊണ്ടായിരുന്നു എന്ന് ഇന്നുള്ള മുതിര്ന്നവര് അവകാശപ്പെടാത്തത് തങ്ങളുടെ 4-5 വയസ്സുവരെയുള്ള കാര്യങ്ങള് ഒട്ടും ഓര്മ്മയില്ലാത്തതുകൊണ്ട് മാത്രമല്ല ; കുഞ്ഞുങ്ങള് ജനിക്കുന്നതും, വളരുന്നതും കണ്ടും അനുഭവിച്ചും കഴിയുന്നതു കൊണ്ടു കൂടിയാണ്. ബുദ്ധിമാന്ദ്യമുള്ളവര്ക്ക് പ്രാര്ത്ഥിക്കാന് കഴിയില്ല. ബുദ്ധിമാന്ദ്യമില്ലാത്തവര് പ്രാര്ത്ഥനയെപ്പറ്റി അഭിനയിച്ചു കാണിക്കുന്ന കാര്യങ്ങളെ അനുകരിക്കാന് ശ്രമിക്കുമെന്നല്ലാതെ അവര് ചെയ്യുന്നതെന്തെന്ന് കൃത്യമായിട്ട് അവരറിയുന്നില്ല. ബുദ്ധിമാന്ദ്യമില്ലാത്തവര് പ്രാര്ത്ഥനയെപ്പറ്റി അഭിനയിച്ചു കാണിക്കുന്ന കാര്യങ്ങളെ, മറ്റുള്ള ജീവികളെ ഇണക്കിയെടുക്കാന് മനുഷ്യര് കാട്ടുന്ന പ്രവൃത്തികളുമായി സാമ്യപ്പെടുത്താന് കഴിയുന്നുമുണ്ട്. പ്രാര്ത്ഥന മുടക്കാത്തവര്, അപകടങ്ങളില് പെട്ടും രോഗങ്ങളാലുമുള്ള അബോധാവസ്ഥയില് കഴിയുമ്പോള് പ്രാര്ത്ഥിക്കാന് കഴിയില്ല. മഹാപ്രപഞ്ചത്തില് പ്രാര്ത്ഥന സാര്വ്വത്രികമല്ല എന്നു വ്യക്തമായി. ആന, സിംഹം, കടുവ, പുലി, തുടങ്ങിയ ജീവികളെ കാട്ടില് പോയിക്കണ്ട്, അവയെപ്പറ്റി പുസ്തകം എഴുതിയവര് ഏറെയുണ്ട്. പ്രസ്തുത ജീവികളെപ്പറ്റിയുള്ള അവരുടെ വിവരണം ഏറെക്കുറെ ഒരേ രീതിയിലാണ്. എന്തെന്നാല്, അവര് ഓരോ ജീവികളുടെയും ജീവിതരീതികളെ സസൂക്ഷ്മം പഠിക്കുകയും അവയുടെ സ്വഭാവങ്ങളെ കണ്ടും അനുഭവിച്ചും അറിഞ്ഞവരാണ്. മേല്പടി ജീവികളുടെ പെരുമാറ്റ രീതികളും ജീവിതരീതികളും ശക്തികളും ഇന്ന് ടെലിവിഷനിലൂടെ എല്ലാ മനുഷ്യര്ക്കും കണ്ടു മനസ്സിലാക്കാന് കഴിയുന്നതാണ്. മേല്പടി ജീവികളോട് മനുഷ്യര് എങ്ങനെ പെരുമാറണം എന്ന പാഠത്തിന്റെ ചെറിയൊരു രൂപം ലഭിക്കുന്നു. കാട്ടിലെ കാര്യങ്ങള് കളഞ്ഞ്, മനുഷ്യര്

വളര്ത്തുന്ന പശു, കാള, ആട്, പൂച്ച, പട്ടി, കോഴി, ആന തുടങ്ങിയവയുടെ കാര്യമെടുക്കുമ്പോഴും, അവയുടെ സ്വഭാവ രീതികളെയും ജീവിതരീതികളെയും ശക്തികളെയും മനസ്സിലാക്കിയാണ് മനുഷ്യര് പ്രവര്ത്തിക്കുന്നത്. ചില മൃഗങ്ങളോട് മനുഷ്യര്ക്ക് ഭയമുണ്ട്, ചിലവയോട് അല്പം ഭയം, ചിലവയോട് ഭയമില്ല. ആന, സിംഹം, കടുവ, പുലി തുടങ്ങിയ മൃഗങ്ങളെ ഭയക്കുന്നതുകൊണ്ടു കൂടിയാണ് അവയുടെ പക്കല് ആയുധങ്ങളില്ലാ എന്നറിയാമെങ്കിലും, മനുഷ്യര് ആയുധങ്ങളെ കരുതുന്നത്. മൃഗങ്ങള് ഉള്പ്പെടെയുള്ള അന്യരുടെ സ്വഭാവങ്ങളും ജീവിതരീതികളും ശക്തികളും അറിഞ്ഞുകൊണ്ട് മാത്രം അവരോടു പെരുമാറുക എന്നൊരു പാഠം മേല്പടി കാര്യങ്ങളില് നിന്ന് വ്യക്തമാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നടത്തുന്നത് ദൈവമാണെന്നും ; മഹാശക്തിയാണ്, സ്രഷ്ടാവാണ്, രക്ഷകര്ത്താവാണ്, മഹായജമാനനാണ്, മഹാപിതാവാണ്, മഹാമാതാവാണ് എന്നിങ്ങനെയെല്ലാം ദൈവത്തെ കരുതുകയും ചെയ്യുമ്പോള് ; ദൈവത്തിന്റെ സ്വഭാവങ്ങളും പ്രവര്ത്തനരീതികളും ശക്തികളും ഏറെക്കുറെയെങ്കിലും അറിഞ്ഞുകൊണ്ട് മാത്രം ദൈവത്തോടു പെരുമാറണമെന്ന് വ്യക്തമാകുന്നു.

ദൈവത്തിന്റെ മഹാശക്തികളെപ്പറ്റിയും ; എന്തിനും ഏതിനും ദൈവം തന്നാല് മാത്രമേ മനുഷ്യനു ശക്തിയുള്ളൂ എന്നിരിക്കെ, ദൈവം നല്കുന്ന ശക്തികളെ എന്തിനെല്ലാമാണ് ഉപയോഗിക്കേണ്ടത്, എന്തിനെല്ലാം മാത്രമാണ് ഉപയോഗിക്കേണ്ടത്, മനുഷ്യനു തോന്നുമ്പോലെയെല്ലാം ഉപയോഗിക്കാമോ, എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങള് മുന് അദ്ധ്യായങ്ങളില് വിശദീകരിച്ചു കഴിഞ്ഞതാണ്. ദൈവം നല്കുന്ന ശക്തികളെ പ്രാര്ത്ഥനകള്ക്ക് ഉപയോഗിക്കാമോ, പ്രാര്ത്ഥനയുടെ ആവശ്യമുണ്ടോ തുടങ്ങിയ ചോദ്യങ്ങള് അവശേഷിക്കുന്നു. പ്രാര്ത്ഥനയും ആരാധനയും രണ്ടാണ്. ഇപ്പോള് പ്രാര്ത്ഥനയെപ്പറ്റി പറയാം. പ്രാര്ത്ഥനയെന്നാല് മനുഷ്യന് ആഗ്രഹമുള്ള കാര്യങ്ങളെയും ആവശ്യമെന്നു തോന്നുന്ന കാര്യങ്ങളെയും ലഭിക്കുന്നതിനു വേണ്ടി ദൈവത്തോട് വിനീതമായി അപേക്ഷിക്കുക എന്നാണര്ത്ഥം. ദൈവത്തിന്റെ സ്വഭാവങ്ങളെയും പ്രവര്ത്തനരീതിയെയും വിശദീകരിക്കുന്ന അദ്ധ്യായങ്ങള് പഠിക്കുമ്പോള്, മനുഷ്യന് ആവശ്യമുള്ളതെല്ലാം കാലാകാലങ്ങളില് മഹാവാത്സല്യത്തോടെ ദൈവം നല്കുന്നുണ്ട് എന്നു വെളിവാകുന്നു. അല്പം കൂടി വിശദീകരിക്കാം:- മനുഷ്യകുടുംബത്തില് കുഞ്ഞുങ്ങള് പിറന്നു വീഴുന്നതിനു മുമ്പുമുതല് തന്നെ അവരുടെ മാതാവും പിതാവും ഉറ്റവരും കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നതും കരുതുന്നതും

പ്രീണനംകൊണ്ടല്ല. ജനിക്കുന്ന കുഞ്ഞ് പാല് ആവശ്യപ്പെട്ടിട്ടല്ല അമ്മ പാല് നല്കുന്നത്. കുഞ്ഞ് പാലിനു വേണ്ടി കരഞ്ഞാലും ഇല്ലെങ്കിലും അമ്മ കുഞ്ഞിനെ കരുതുന്നു. കുഞ്ഞുങ്ങളെ ഊട്ടുന്നതും വിസര്ജ്ജ്യങ്ങള് ഉള്പ്പെടെയുള്ളവ ശുദ്ധിയാക്കുന്നതും, കുഞ്ഞുങ്ങള് വളര്ന്ന് കുട്ടികളാവുമ്പോള് അവര്ക്ക് ഭക്ഷണംകൊടുക്കുന്നതും, വസ്ത്രം അണിയിക്കുന്നതും, വിദ്യാഭ്യാസം ചെയ്യിക്കുന്നതും തുടങ്ങിയ കാര്യങ്ങള് മാതാവും പിതാവും മറ്റ് ഉറ്റവരും ചെയ്യുന്നതും കുട്ടികള് അച്ഛനമ്മമാരോട് പ്രാര്ത്ഥിക്കുകയും, അവര്ക്ക് വഴിപാടു നടത്തുകയും, ഏതെങ്കിലും അനുഷ്ഠാനങ്ങള് നടത്തിയിട്ടുമല്ല. അങ്ങനെയിരിക്കെ ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുള്ളതുപോലെ മനുഷ്യമാതാവ് നല്കുന്നതിന്റെ കൃത്യം 100 മടങ്ങ് മഹാവാത്സല്യം ഓരോ കുഞ്ഞിനും - ഓരോ മനുഷ്യനും - നല്കുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോടു പ്രാര്ത്ഥിക്കുകയും വഴിപാടുകളും അനുഷ്ഠാനങ്ങളും നടത്തുകയും ചെയ്യണമെന്നു കരുതുന്നതും ദൈവത്തെ പ്രീണിപ്പിക്കാമെന്നു കരുതുന്നതും ദൈവനിന്ദയാണ്. നിരീശ്വരവാദികളെയും അവരുടെ കുഞ്ഞുങ്ങളെയും മറ്റുള്ള ജീവികളെയും ദൈവം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നത് പ്രത്യക്ഷവും പ്രകടവുമാണെന്നതില് നിന്ന് മതവിശ്വാസികളും ദൈവവിശ്വാസികളുമെന്ന് തങ്ങളെ കരുതുന്നവര് പാഠങ്ങള് പഠിക്കണം. മഹാശാസ്ത്രത്തിലെ മൂന്നാമത്തെ വേദമായ ആത്മീയശാസ്ത്രത്തിന്റെ ഭാഗമായ ദൈവകാര്യങ്ങളെ യഥാകാലം ശാസ്ത്രപരമായി ദൈവം വെളിപ്പെടുത്തുന്നതുവരെ ദൈവത്തിനെന്ന പേരില് വഴിപാടുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാടില്ല. തന്റെ ഏകദാസനായ പരമശിവനിലൂടെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്ന ദൈവം വഴിപാടുകളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പൈശാചികങ്ങളാണെന്ന് വിശദീകരിച്ചിരിക്കുന്നു. മഹാപിതാവും മഹാമാതാവുമായ ദൈവം മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങള് ഭൂമിയില് ഒരുക്കുകയും മഹാനീതിശാസ്ത്രപ്രകാരം മനുഷ്യര്ക്കു നല്കുകയും ചെയ്യുന്നു. ഓരോ മനുഷ്യന്റെയും ജന്മഗുണങ്ങളെയും, ഓരോ ജന്മത്തിലെയും പ്രവര്ത്തനങ്ങളെയും ബന്ധപ്പെടുത്തിയുള്ള യഥാര്ത്ഥമായ ആവശ്യങ്ങളെ ദൈവം അറിയുകയും മഹാനീതിശാസ്ത്ര പ്രകാം ആവശ്യങ്ങളെ പരിഹരിക്കുകയുമാണ് ചെയ്യുന്നത്. മഹാനീതിശാസ്ത്രം അറിയാത്തതുകൊണ്ടോ, ദൈവം നല്കുന്ന കാര്യങ്ങളില് അപാകത സംഭവിച്ചുവെന്നു കരുതുന്നതുകൊണ്ടോ, മനുഷ്യരുടെ അവിവേകങ്ങള് കൊണ്ടോ, പ്രാര്ത്ഥിച്ചാല് മാത്രമേ ദൈവം നല്കൂ എന്നു

കരുതുന്നതുകൊണ്ടോ ഒക്കെ പ്രാര്ത്ഥനകള് നടക്കുന്നു. അങ്ങനെയിരിക്കെ മഹാനീതിശാസ്ത്ര പാഠങ്ങള് അറിയുന്ന മനുഷ്യര് പ്രാര്ത്ഥനയെന്ന പേരില് ദൈവത്തോട് ഓരോരോ കാര്യങ്ങള് ആവശ്യപ്പെടുമ്പോള് ദൈവനിന്ദയുണ്ടാവുന്നു. മഹാനീതിശാസ്ത്ര പാഠങ്ങള് അറിയാത്ത മനുഷ്യര് പ്രാര്ത്ഥിക്കുമ്പോള് ദൈവനിന്ദയുണ്ടാവുന്നില്ല എന്ന് അതിന്നര്ത്ഥമില്ല. അപ്പോള് ചെയ്യേണ്ടത് മഹാനീതി ശാസ്ത്ര പാഠങ്ങള് പഠിക്കുക എന്നുള്ളതാണ്. മനുഷ്യരും മറ്റുള്ള ജീവികളും ഉള്പ്പെടെയുള്ള അന്യരൂടെ സ്വഭാവങ്ങളെയും പെരുമാറ്റരീതികളെയും പഠിച്ചുകൊണ്ട് പെരുമാറുക എന്നതിനു പകരം തോന്നിയതുപോലെ പെരുമാറാന് പാടില്ല. തന്റെ കുഞ്ഞുങ്ങള്ക്കു വേണ്ടുന്നതെല്ലാം നല്കിക്കൊണ്ടിരിക്കുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോട് അതു തായോ, ഇതു തായോ എന്നു പ്രാര്ത്ഥിക്കുമ്പോള്, മഹാമാതാവിന് വേദനയുണ്ടാകും. മഹാവാത്സല്യം നിറച്ചിരിക്കുന്നതായ മഹാനീതിശാസ്ത്രപ്രകാരം മാത്രം പ്രവര്ത്തിക്കുവാന് മഹാമാതാവിന് ബാദ്ധ്യതയുണ്ട്. മഹാനീതിശാസ്ത്ര പ്രകാരമല്ലാതെ പ്രവര്ത്തിച്ചാല് മനുഷ്യ ജീവിതം തകിടം മറിയുന്നതാണ്. കുഞ്ഞുങ്ങളുടെ നല്ലതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ളതാണ് മഹാനീതിശാസ്ത്രം; ദൈവത്തിനു വേണ്ടിയല്ല. വൈകാതെ മായ പ്രത്യക്ഷമാക്കുമ്പോള്, മഹാനീതിശാസ്ത്ര പ്രകാരം സ്വര്ഗ്ഗരാജ്യം ഭൂമിയില് സ്ഥാപിക്കപ്പെടുന്നതാണ്. യാതൊരാളും തങ്ങളുടെ ഭൗതികാവശ്യങ്ങള്ക്കായി ദൈവത്തോട് പ്രാര്ത്ഥിക്കാത്തതായ അവസ്ഥ വളരെക്കാലം ഉണ്ടാകുന്നതാണ്.

ദൈവത്തോട് ഭൗതിക ആവശ്യങ്ങള്ക്കായി പ്രാര്ത്ഥിക്കുന്നതു തെറ്റാണെന്ന് വ്യക്തമാക്കിയപ്പോള്, ഭൗതിക ആവശ്യങ്ങള്ക്കായല്ലാതെ പ്രാര്ത്ഥിക്കുന്നതു ശരിയാണോ എന്നൊരു ചോദ്യമുണ്ട്. ഭൗതികപ്രപഞ്ചത്തില് ഭൗതികമല്ലാത്ത ആവശ്യങ്ങളില്ല. അപ്പോള് പിന്നെയുള്ളത് ഭൗതികപ്രപഞ്ചത്തിന് അഥവാ മഹാപ്രപഞ്ചത്തിന് അതീതമായ ദൈവകാര്യങ്ങളാണ്. ദൈവശാസ്ത്രപാഠങ്ങള് അഥവാ മഹാശാസ്ത്രപാഠങ്ങള് ലഭിക്കുക, ദൈവദര്ശനവും വാത്സല്യവും നേടുക എന്നാവുന്നു. മഹാശാസ്ത്രപാഠങ്ങള് വ്യക്തികള്ക്കു മാത്രമായി നല്കാനുള്ളതല്ല. ഭൂമിയിലെ മുഴുവന് മനുഷ്യര്ക്കും പ്രയോജനപ്പെടുത്തുവാനായി കാലാകാലങ്ങളില് നല്കുവാനുള്ളതാണ്. മഹാശാസ്ത്രത്തിന്റെ ഭാഗങ്ങളായ ധര്മ്മ ശാസ്ത്രത്തിലെയും ആത്മീയശാസ്ത്രത്തിലെയും മഹാപാഠങ്ങളെ വെളിപ്പെടുത്തുവാന് മഹാശക്തി തന്റെ തന്നെ വളരെച്ചെറിയൊരു ഭാഗമെന്നു വിശേഷിപ്പിക്കാവുന്ന ഏകദാസനായ പരമശിവനെ സൃഷ്ടിച്ചിട്ടുണ്ട്.

ബുദ്ധനായും ക്രൈസ്റ്റായും ഗാന്ധിയായും മായ പ്രത്യക്ഷമല്ലാത്ത കാലത്തും പരമശിവനെ അയച്ച് ധര്മ്മശാസ്ത്ര കാര്യങ്ങള് ക്രമപ്പെടുത്തുന്നു. നിലവിലുള്ള സൃഷ്ടിചക്രത്തിലെ പ്രത്യേക പ്രശ്നങ്ങള് മുന് അദ്ധ്യായത്തില് വിവരിച്ചിരുന്നു. മഹാശാസ്ത്രത്തിലെ മഹാപാഠങ്ങളില് മാനുഷിക സഹായങ്ങള് ചേര്ക്കില്ല. മാത്രമല്ല, 90 മുതല് 95 വരെയുള്ള ഒരു ജന്മത്തില് മഹാശാസ്ത്രം മുഴുവന് മഹാശക്തിയായ ദൈവം പരമശിവനിലൂടെ മനുഷ്യര്ക്ക് മഹാഅനുഗ്രഹിച്ചുനല്കുന്നുണ്ട്. അങ്ങനെയിരിക്കെ മഹാശാസ്ത്രപാഠങ്ങള്ക്കായി പ്രാര്ത്ഥിക്കേണ്ടതില്ല. പിന്നെയുള്ളത് മഹാശാസ്ത്രം അറിയില്ലെങ്കിലും ദൈവത്തിന്റെ മഹാസ്നേഹം തിരിച്ചറിഞ്ഞ് അവിടുത്തെ ദര്ശിക്കാനും മഹാപാദങ്ങളെ വണങ്ങാനുമുള്ള ആഗ്രഹമാണ്. പ്രസ്തുത ആഗ്രഹം യഥോചിതം മനുഷ്യനുണ്ടാകുന്നത് 90 മുതല് 100 വരെയുള്ള ജന്മങ്ങളിലാണ്, തുടര്ന്നുണ്ടാകുകയും ചെയ്യും. യഥോചിതമായ ആഗ്രഹത്തെ, 91 മുതലുള്ള ജന്മങ്ങളില് ഭാഗികമായും പൂര്ണ്ണമായും ദൈവം നിവര്ത്തിക്കുന്നതുമാണ്.

90 മുതല് 100 വരെയുള്ള ജന്മങ്ങളില് ദൈവത്തെ ദര്ശിക്കാനും മഹാപാദങ്ങള് വണങ്ങാനുമുള്ള ആഗ്രഹം ഉണ്ടാകുന്നതിന് അനുസരണമായിട്ട്, മനുഷ്യരിലെ ഗുരുക്കന്മാര്ക്ക് പ്രാര്ത്ഥനാവാചകങ്ങള് തയ്യാറാക്കാവുന്നതാണ്. നല്ല വചനങ്ങളുള്ള പ്രാര്ത്ഥനകളെപ്പറ്റി ശാസ്ത്രപരമായ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയങ്ങളില് പഠിപ്പിക്കാം, ഗുരുപ്രഭാഷണം ആവാം എന്നല്ലാതെ സമൂഹത്തില് അവയെ അതേപ്രകാരം പിന്പറ്റണമെന്നു പഠിപ്പിക്കരുത് ; മാത്രമല്ല ഗുരുക്കന്മാരെ ഉള്പ്പെടെ യാതൊരു വ്യക്തികളെയും പിന്പറ്റരുതെന്നും, ശാസ്ത്രത്തെ മാത്രം പിന്പറ്റണമെന്ന് ഗുരുക്കന്മാര് തന്നെ പഠിപ്പിക്കുകയും വേണം.

അടിസ്ഥാനപരമായി പറയുമ്പോള് ധര്മ്മശാസ്ത്രപരമായി ജീവിക്കുക എന്നതാണ് പ്രാര്ത്ഥന. അതിന്നായി വ്യക്തിക്ക് നല്ല വചനങ്ങളെ പ്രയോജനപ്പെടുത്താം എന്നല്ലാതെ ആരാധനാലയത്തില് പോകുന്നത് നിര്ബ്ബന്ധമല്ല. സമയക്രമങ്ങളുമില്ല. ശാസ്ത്രീയമായ ആരാധനയെപ്പറ്റി ചുരുക്കത്തില് വിവരിക്കുമ്പോള്, ശാസ്ത്രീയമായി ആരാധിക്കുന്നവരോടൊപ്പം ശാസ്ത്രീയമായി പ്രാര്ത്ഥിക്കുന്നവര്ക്കും കൂടാവുന്നതാണ്. മനുഷ്യരെ അടിസ്ഥാനപരമായി തന്റെ ദാസരായിട്ടല്ല ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ദാസനു മാത്രമാണ് യജമാനനോട് പ്രാര്ത്ഥിക്കാന് അവകാശവും അധികാരവുമുള്ളത്. ദൈവത്തിന്റെ ഏക ദാസനായ പരമശിവന് സദാ ദൈവത്തോട് പ്രാര്ത്ഥിക്കാന് അനുവാദമുണ്ട്. പരമശിവന്റെ

പ്രാര്ത്ഥനാ രീതികള് ഗ്രന്ഥത്തില് പരക്കെയുണ്ട്. പരമശിവനെ ക്രൈസ്റ്റായും ഗാന്ധിയായുമൊക്കെ അയക്കുമ്പോള്, അവരും പ്രാര്ത്ഥിക്കുന്നു!.

ഗൃഹങ്ങളില് പ്രാര്ത്ഥനയ്ക്കായി പ്രത്യേകം മുറികള് പാടില്ല. മഹാശക്തിയായ ദൈവം ഒരു മഹാജീവിയെപ്പോലെ മഹാദേവിയായി വീട്ടിലെത്തുമ്പോള്, പ്രത്യേകം മുറിയില് മാത്രമിരുന്നാല് മതിയെന്നു പറഞ്ഞുകൂടാ. എല്ലാ മുറികളും വൃത്തിയായി സൂക്ഷിക്കണം. വീടിന്റെ ഒരു ഭാഗത്തും മഹാദേവിക്ക് പ്രവേശനം നിഷേധിക്കരുത്. കുളിമുറിയും കക്കൂസുമെല്ലാം വൃത്തിയായി സൂക്ഷിക്കണം. ധര്മ്മശാസ്ത്രപരമായി ജീവിക്കുന്നവര്ക്കു മാത്രമേ ദൈവീകതലത്തില് പ്രാര്ത്ഥിക്കാന് കഴിയൂ എന്നും ചുരുക്കം.

ദൈവീക തലത്തിലുള്ള പ്രാര്ത്ഥനയെപ്പറ്റി വിസ്തരിച്ചു. വ്യക്തിസ്വാതന്ത്ര്യത്തെ ആഗ്രഹിക്കാതെ ദൈവീകമായ മഹാഇഷ്ടങ്ങള് പ്രകാരം തന്റെ കാര്യങ്ങള് നടക്കേണമേ എന്നാഗ്രഹിക്കുന്നതും വ്യക്തിസ്വാതന്ത്ര്യമാണ്. അങ്ങനെ ചെയ്യുമ്പോള് മുമ്പ് വിവരിച്ച ദൈവീകതലത്തില് മനുഷ്യന് ഉയര്ന്നിരിക്കുകയാണ്.

ഇനി വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വിനിയോഗം ചെയ്യുമ്പോള് പ്രാര്ത്ഥനയ്ക്കുണ്ടാകുന്ന ക്രമാനുഗതമായ മാറ്റങ്ങളെ അറിയിക്കാം. ഓരോ മനുഷ്യനും തങ്ങള്ക്ക് ആവശ്യമുള്ളതിനായാണ് പ്രാര്ത്ഥിക്കേണ്ടത്. ദൈവത്തോടുള്ള പ്രാര്ത്ഥന വ്യക്തിയുടെ സ്വകാര്യമാണ്. വ്യക്തിസ്വാതന്ത്ര്യപരമായ പ്രാര്ത്ഥനയെപ്പറ്റി തുടര്ന്നു പറയുമ്പോള്, എന്തും ഏതും വ്യക്തികളുടെ ഇഷ്ടപ്രകാരവും ഏതുസമയത്തും ദൈവത്തോടു പ്രാര്ത്ഥിക്കുവാന് വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. എത്ര വലിയ പാപിക്കും ദൈവത്തോടു പ്രാര്ത്ഥിക്കാം. ഓരോരുത്തരുടെയും മഹാപിതാവും മഹാമാതാവുമാണ് മഹാശക്തിയായ ദൈവം. മനുഷ്യന്റെ എല്ലാ പ്രാര്ത്ഥനകളെയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവുമായ ദൈവം എല്ലാം അറിയുന്നുണ്ടെന്ന് ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം എന്ന അദ്ധ്യായത്തിലൂടെ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ദൈവം പ്രാര്ത്ഥന പൂര്ണ്ണമായോ, വളരെക്കുറച്ചുമാത്രമോ അനുവദിച്ചെന്നും, അനുവദിക്കുന്നത് നീട്ടിവച്ചെന്നും, അനുവദിച്ചില്ലെന്നും വരും. കുഞ്ഞുങ്ങള്ക്ക് നല്ലത് എന്താണോ അതാണ് ദൈവം ചെയ്യുക. ഉദാഹരണത്തിന് (1) മകളെ പെണ്ണുകാണാന് വന്ന ചെറുക്കനെ മകള്ക്കും ഇഷ്ടപ്പെട്ടെന്നു കണ്ട്, ദൈവമേ മകളുടെ വിവാഹം പ്രസ്തുത ചെറുക്കനുമായി നടത്തിത്തരണമേ എന്ന് ഒരു പിതാവോ മാതാവോ രണ്ടുപേരുമോ, മകള്കൂടിയോ പ്രാര്ത്ഥിക്കുന്നതായി കണക്കാക്കുക. സൃഷ്ടിപരമായ

വിധി പ്രകാരം 1 വര്ഷം കൂടി മാത്രം ആയുസ്സുള്ള മേല്പടി ചെറുക്കനുമായുള്ള വിവാഹത്തെ ദൈവം അനുവദിച്ചില്ലെന്നു വരും. മാത്രമല്ല, മേല്പടി പെണ്കുട്ടിക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള ചെറുക്കന് മറ്റൊരാളാവും. കാലം കുറെ കഴിയുമ്പോള്, ദൈവത്തിന്റെ നടപടിയായിരുന്നു ശരിയെന്ന് എല്ലാവര്ക്കും ബോദ്ധ്യപ്പെടുന്നതുമാണ്. ഇതേ കാര്യം, ദൈവീകതലത്തില് വരുമ്പോള് തന്റെ എല്ലാ കാര്യങ്ങളും ദൈവത്തിന്റെ മഹാഇഷ്ട പ്രകാരം മാത്രം നടക്കേണമേ എന്നാഗ്രഹിക്കുക എന്നല്ലാതെ യാതൊരു പ്രശ്നങ്ങളിലും പ്രത്യേകമായ താല്പര്യങ്ങള് പുലര്ത്തുന്നതല്ല. (2) മകനോട് പെട്ടെന്നു തോന്നിയ കോപത്തില് അവനെ പാമ്പു കടിക്കണേ എന്നു പ്രാര്ത്ഥിക്കുന്ന ഒരു മാതാവിനെ സങ്കല്പിക്കുക. മകന് കാട്ടിയ തെറ്റിന് പാമ്പു കടിക്കുന്നത് തെറ്റല്ല എന്നു കരുതുന്നവര് ചുറ്റുമുണ്ടാവും. കുറേക്കഴിഞ്ഞ് മാതാവിന്റെ കോപം അടങ്ങി മകനോടുള്ള സ്നേഹവും വാത്സല്യവും ഉയര്ന്നു വരുമ്പോള്, അയ്യോ ദൈവമേ, എന്റെ കുഞ്ഞിന് ഒന്നും വരുത്തല്ലേ എന്നു പ്രാര്ത്ഥിക്കും. ചിലര് വഴിപാടും നേരും. മേല്പടി മാതാവിന്റെ ആദ്യത്തെ പ്രാര്ത്ഥനയെ ദൈവം അനുവദിച്ചിരുന്നെങ്കിലോ.... തെറ്റായ പ്രാര്ത്ഥനകള് നടത്തുന്നവര്ക്ക് ദൈവം വീണ്ടുവിചാരത്തിന് അവസരം നല്കും. മേല്പടി മാതാവിന് വീണ്ടുവിചാരം ഉണ്ടാകുന്നില്ലെങ്കിലോ, മാതാവാകയാല് ചിലപ്പോള് അവരുടെ പ്രാര്ത്ഥനയെ അനുവദിച്ചെന്നും വരും....

എന്നാല് പുരുഷനെ അപേക്ഷിച്ച്, സ്ത്രീയ്ക്ക് തന്റെ കുട്ടികളോടുള്ള അധിക വാത്സല്യവും ഭര്ത്താവിനോടും മറ്റ് കുടുംബാംഗങ്ങളോടുമുള്ള സ്നേഹവാത്സല്യങ്ങള് നിമിത്തവും അവരുടെയെല്ലാം നല്ലതിനുവേണ്ടി ദൈവത്തോട് പ്രാര്ത്ഥിക്കുന്നതാണ്. പുരുഷന് കുടുതല് നിസ്സംഗനാകുന്നതാണ്. സ്ത്രീ-പുരുഷന്മാര്ക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള കര്മ്മങ്ങളിലെ വ്യത്യാസം കൊണ്ടാണത്. ഒരു തവണയോ, 2 തവണയോ 100 തവണയോ പ്രാര്ത്ഥിക്കുന്നത് മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യമാണ് ; എന്നാല് മഹാപിതാവും മഹാമാതാവുമായ ദൈവം മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങള് ഭൂമിയില് ഒരുക്കുകയും മഹാനീതിശാസ്ത്രപ്രകാരം മനുഷ്യര്ക്കു നല്കുകയും ചെയ്യുമ്പോള്, അതു തരൂ, ഇതു തരൂ എന്നിങ്ങനെ പ്രാര്ത്ഥിക്കുന്നത് തെറ്റുതന്നെയാണ്; മുമ്പ് സുവ്യക്തമാക്കിയിരുന്നുവല്ലോ. വ്യക്തിയുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ഇടയില് പുരോഹിതന് എന്ന മദ്ധ്യസ്ഥന് പാടില്ലെന്ന് ക്രൈസ്റ്റിലൂടെ ദൈവം അറിയിച്ചിട്ടുള്ളതാണ്. സ്രഷ്ടാവും മഹാശക്തിയുമായ ദൈവത്തോടല്ലാതെ മറ്റു യാതൊരാളോടും മാപ്പുചോദിച്ചിട്ടും പ്രാര്

ത്ഥിച്ചിട്ടും കാര്യമില്ല. ദൈവത്തിന്റെ പ്രതിനിധിയായ പരമശിവനോടും പ്രാര്ത്ഥിച്ചുകൂടാ. ദൈവത്തിന്റെ പ്രതിനിധിയായ പരമശിവനെ, ദൈവകാര്യങ്ങള്ക്കായിട്ട് ദൈവം ചുമതലപ്പെടുത്തുന്നു. മനുഷ്യന്റെ പ്രതിനിധിയല്ല പരമശിവന്. മനുഷ്യന് ദൈവത്തോടു നേരിട്ട് പ്രാര് ത്ഥിക്കുക എന്നല്ലാതെ ക്രൈസ്റ്റിനെയും (പരമശിവനെയും), യാതൊരാളെയും മദ്ധ്യസ്ഥനാക്കിക്കൂടാ.
മനുഷ്യരെല്ലാം ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്, കുഞ്ഞുങ്ങള് പ്രാര് ത്ഥനയ്ക്ക് സ്വീകരിക്കുന്ന മാര്ഗ്ഗങ്ങള് തെറ്റാണെങ്കിലും, മായ പ്രത്യക്ഷമാക്കുംവരെ കടുത്തശിക്ഷകള് ദൈവം നല്കുന്നതല്ല. ദൈവത്തിനു മാത്രമാണ് ശക്തി ഉള്ളതെന്നും, ദൈവം നല്കുമ്പോള് മാത്രമാണ് ഏതൊരാള്ക്കും ശക്തി ഉള്ളതെന്നും, മരിച്ചയാളെ സഹായത്തിനു വിളിക്കുന്നത് ഭോഷ്ക്കും ദൈവനിന്ദയുമാണെന്നും, ഭോഷ്ക്ക് കാട്ടുമ്പോഴും ദൈവം സഹായിക്കുന്നതും പ്രാര്ത്ഥനയെ ഭാഗികമായോ പൂര്ണ്ണമായോ അനുവദിക്കുന്നതും, കുഞ്ഞുങ്ങളോടുള്ള മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ മഹാവാത്സല്യം കൊണ്ടുമാണെന്നും തിരിച്ചറിയണം.
പ്രാര്ത്ഥനകള്/ആചാരങ്ങള്/അനുഷ്ഠാനങ്ങള്/
പൈശാചികതലങ്ങളിലേക്ക് ..
ഒരു വ്യക്തിയുടെ നന്മ തിന്മകളെ കണക്കാക്കിയാണ് ദൈവം നീതി നല് കുന്നത് അഥവാ പുണ്യവും ശിക്ഷയും നല്കുന്നത് എന്നു നിങ്ങള് വിശ്വസിക്കുന്നുണ്ടോ ? അങ്ങനെയെങ്കില് നിങ്ങള് മറ്റൊരു വ്യക്തിക്കുവേണ്ടി പ്രാര്ത്ഥിക്കുന്നത് ശരിയാണോ ? തിന്മകളുടെ അടിസ്ഥാനത്തില് ശിക്ഷിക്കപ്പെടേണ്ടതായ വ്യക്തിയെ നിങ്ങളുടെ പ്രാര് ത്ഥനയെ മാനിച്ച് ദൈവം ശിക്ഷിക്കാതിരിക്കുകയും അനുഗ്രഹിക്കുകയും ഒക്കെ ചെയ്താല് അത് നീതിയാവുമോ ? പ്രാര് ത്ഥനകളും വഴിപാടുകളും, ഇന്ന് മാനുഷികമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന കൈക്കൂലികള്ക്കും മറ്റ് അഴിമതികള്ക്കും സമാനമാവില്ലേ ? ഇനി നിങ്ങളുടെ സ്വന്തം കാര്യത്തിലേക്കു വരിക. നിങ്ങള് തെറ്റു ചെയ്യുന്നുവെങ്കില്, നിങ്ങളെ ദൈവം ശിക്ഷിക്കേണ്ടേ ? ശിക്ഷിക്കല്ലേ എന്ന് നിങ്ങളോ മറ്റുള്ളവരോ പ്രാര്ത്ഥിച്ചാല്, അതിനെ അനുവദിച്ചുകൊണ്ട് ദൈവം നിങ്ങളെ ശിക്ഷിക്കാതിരുന്നാല് അത് നീതിശാസ്ത്രത്തെ കളങ്കപ്പെടുത്തില്ലേ ? എല്ലാ ജീവികള്ക്കും എല്ലാ മനുഷ്യര്ക്കും സമനീതി നല്കിയാല് മാത്രമേ ദൈവം മഹാനീതിപതി ആവുകയുള്ളൂ എന്നിരിക്കെ മനുഷ്യരുടെ പ്രാര്ത്ഥനകളെയെല്ലാം എങ്ങനെ അനുവദിക്കാനാവും ? (ദൈവത്തോടു പ്രാര്ത്ഥിക്കുമ്പോള്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജന് പ്രാര്ത്ഥനകളെ

ഭൗതികശാസ്ത്രപരമായിക്കൂടി അറിഞ്ഞുകൊണ്ടിരിക്കുകയാണ്.)
പ്രാര്ത്ഥനകള് പൈശാചികതലങ്ങളിലേക്ക് കടക്കുമ്പോള്
പിശാചുക്കളായ മതങ്ങളും മതപുരോഹിതന്മാരും, ദൈവത്തന്റെ
പ്രതിനിധികളെന്നോണം അണിനിരക്കുന്നു. ധര്മ്മകാര്യങ്ങള്ക്കായി
ഉപയോഗപ്പെടുത്തേണ്ടതായ ഊര്ജ്ജത്തെ പ്രാര്ത്ഥനകളുടെ പേരില്
പാഴാക്കുന്നു. പ്രാര്ത്ഥനകള് കേട്ടും സ്തുതികള്കേട്ടും
സന്തോഷിക്കുന്ന ഒരു വിചിത്രജീവിയെപ്പോലെ ദൈവത്തെ
തടങ്കലിലാക്കാന് ശ്രമിക്കുന്നു.
ദൈവം മനുഷ്യരുടെ ഉപയോഗത്തിനായിട്ട് സൃഷ്ടിച്ചിട്ടുള്ളതായ
പൂക്കളും സ്വര്ണ്ണവും എണ്ണയും നെയ്യും സുഗന്ധദ്രവ്യങ്ങളും ഒക്കെ
പാഴാക്കുന്നതായ കടുത്ത അധമത്തം ഭൂമിയിലെങ്ങും
ഉരുത്തിരിഞ്ഞിരിക്കുകയാണ്. ദേവാലയത്തിനകത്ത് സൂര്യവെളിച്ചം
ഉണ്ടെങ്കില് മറ്റൊരു വിളക്ക് വേണ്ട. വെളിച്ചത്തിന്റെ ആവശ്യമനുസരിച്ച്
വിളക്കു കത്തിക്കണം; ആവശ്യമനുസരിച്ചുമാത്രം കൂടുതല് വിളക്കു
കത്തിക്കണം. വെളിച്ചത്തിന്റെ ആവശ്യത്തിനായല്ലാതെ ആയിരം
വിളക്കുകളും ലക്ഷം വിളക്കുകളും (ദീപങ്ങളും/മെഴുകുതിരികളും..)
ദേവാലയങ്ങളുടെ അകത്തും പുറത്തുമായൊക്കെ കത്തിച്ച്
വസ്തുക്കളും സമയവും മാനുഷിക-ഊര്ജ്ജവും ഒക്കെ പാഴാക്കുന്നത്
ദൈവനിന്ദയാണ്. പുരോഹിതന്മാരുടെയും സില്ബന്ധികളുടെയും,
ദേവാലയ കാര്യക്കാരുടെയും, അവരെയെല്ലാം പിന്പറ്റുന്ന
ജനകോടികളുടെയും ഹൃദയങ്ങളിലെ ഇരുട്ടുനീക്കുവാന് ലക്ഷം
വിളക്കുകളും മതിയാകാതെ വരുന്നതുകൊണ്ട് കൂടുതല് കൂടുതല്
വിളക്കുകള്ക്കായി അവര് വാദിക്കുന്നതാണ്. ദേവാലയങ്ങളില്
പൂക്കളും പൂമാലകളും സ്വര്ണ്ണമാലകളും മറ്റും കൊണ്ട് ശിലയെ
അലങ്കരിക്കുന്നതും; നെയ്യഭിഷേകം, പാലഭിഷേകം, ചന്ദനാഭിഷേകം
തുടങ്ങിയവയും; ദൈവത്തിനെന്ന പേരില് വിഗ്രഹത്തിനു മുമ്പില്
ഭക്ഷണസാധനങ്ങള് കൊണ്ടുവയ്ക്കുന്നതും മന്ത്രജപം
നടത്തുന്നതുമൊക്കെ കടുത്ത അപരാധമാണ് എന്ന് പ്രത്യേകം ആവര്
ത്തിക്കുന്നു. ഭക്ഷണസാധനങ്ങളെ വിഗ്രഹം ഭക്ഷിക്കുമെങ്കില് മാത്രം
വിഗ്രഹങ്ങള്ക്ക് ഭക്ഷണംകൊടുക്കണം എന്നത് സാമാന്യബുദ്ധിയിലൂടെ
മനസ്സിലാക്കാവുന്നതാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികള്
ക്കെല്ലാമുള്ള ഭക്ഷണസാധനങ്ങള് ഉള്പ്പെടെയുള്ള വസ്തുക്കളെ ഇന്ന്
ദൈവത്തിനെന്ന പേരില് പാഴാക്കിക്കൊണ്ട് കടുത്ത ദൈവനിന്ദ
ചെയ്യുകയാണ്. അത്തരം കാര്യങ്ങളെ തെറ്റാണെന്നു
ബോദ്ധ്യപ്പെടുത്തുവാന് 2 ഉദാഹരണങ്ങള് പറയാം : (1)
നൂറ്റാണ്ടുകളായിട്ട് ഹിമാലയത്തില് ഉള്പ്പെടെ ബഹുവിധ സ്ഥലങ്ങളിലും

ദേവാലയങ്ങളിലും തലകുത്തി മറിഞ്ഞിട്ടും ആരും ശിവനെ കണ്ടിട്ടില്ല. 2006-ല് മഹാശക്തിയായ മഹാദേവി ഈയുള്ളവനെ പരമശിവനായി നിയമിച്ചു. പരമശിവന്റെ പേരില് പൂജകളും ആരാധനകളും ഇപ്പോഴും ഭൂമിയിലെങ്ങും തകൃതിയായി നടക്കുന്നുണ്ട്, എന്നാല് അശാസ്ത്രീയമായ അത്തരം എല്ലാ ആരാധനകളെയും തച്ചുടയ്ക്കുവാന് കൂടി നേതൃത്വം കൊടുക്കേണ്ടതായ പരമശിവന് ഇതാ കേരളത്തിലെ മണ്ണടിയ്ക്കടുത്തുള്ള അടൂര് നാട്ടില് കഴിയുന്നു. അജ്ഞാനികളായ ജനങ്ങളുടെ അശാസ്ത്രീയമായ പൂജകള്ക്ക് സത്യങ്ങളുമായി ബന്ധമില്ല എന്നര്ത്ഥം. മഹാദേവി ഈയുള്ളവന് മഹാദാനമായി നല്കിയ മഹാശക്തികളെ ആക്ടീവാക്കുമ്പോള് അശാസ്ത്രീയമായ എല്ലാ ആരാധനകളെയും തച്ചുടയ്ക്കാനായും കൂടിയാണ് പ്രവര്ത്തിക്കുക. മഹാശക്തിയായ മഹാദേവിയെ അല്ലാതെ യാതൊരാളെയും പൂജിക്കുവാനോ ആരാധിക്കുവാനോ അനുവദിക്കുന്നതല്ല. അശാസ്ത്രീയമായ ആരാധനകള് ചെയ്യുന്നവരെ ശിക്ഷിക്കുന്നതുമാണ്. മഹാദേവിയെ പൂവിട്ട് പൂജിക്കുവാന് മഹാദാസനായ പരമശിവനെ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിന്നര്ത്ഥം മഹാദേവി പ്രത്യക്ഷപ്പെടുമ്പോള് പോലും ജനങ്ങള് പൂജിക്കേണ്ട എന്നാണ്. അങ്ങനെയിരിക്കെ വിഗ്രഹ-പൂജകള് ഉടന് അവസാനിപ്പിക്കണം. (2) മഹാദേവിയുടെ മഹാദര്ശനം ആഗ്രഹിക്കുന്നവര് ധര്മ്മശാസ്ത്രപരമായിട്ട് ജീവിക്കുക. കുഞ്ഞുങ്ങള് യോഗ്യത നേടുന്ന മുറയ്ക്ക് മഹാദേവി വന്ന് കുഞ്ഞുങ്ങളെ മഹാസന്ദരശിക്കുന്നതാണ്. മഹാമാതാവും മഹായജമാനയും മാത്രമല്ല, മഹാദാസി കൂടിയാണ് മഹാദേവി. കുഞ്ഞുങ്ങള്ക്ക് നേരിട്ട് മഹാദാസ്യ വേലകളും ചെയ്തുതരുന്നതാണ്. കുഞ്ഞുങ്ങളോടൊപ്പം നേരിട്ടു ഭക്ഷണം കഴിക്കുന്നതാണ്. അങ്ങനെയിരിക്കെ ദേവാലയങ്ങളില് ഭക്ഷണം പാഴാക്കരുത്. ദേവാലയം ഹീന കര്മ്മങ്ങള്ക്കുള്ളതല്ല. വഴിപാടുകള് നല്കി മഹാശക്തിയായ ദൈവത്തെ പ്രീണിപ്പിക്കാമെന്നു കരുതുന്നത് കൂടുതല് ഹീനമാണ്. സര്ക്കാര് ആഫീസുകളില് അഴിമതി നടത്തുന്നവരോട് മഹാദേവിയെ സാദൃശ്യപ്പെടുത്തിക്കൊണ്ട് കടുത്ത ദൈവനിന്ദ ചെയ്യുകയാണ്. വഴിപാടുകള് എന്ന പേരില് ഭൂമിയിലൊക്കെയുമുള്ള വ്യത്യസ്ത മത-ദേവാലയങ്ങളില് നടത്തിപ്പോരുന്ന എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും അധമങ്ങളാണ്, പൈശാചികമാണ്, ദൈവനിന്ദയാണ്. ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. ഇസ്ലാം മതക്കാരുടെ കേന്ദ്രമായ മക്കയിലും, ക്രൈസ്തവ കേന്ദ്രങ്ങളായി മാറിയ വത്തിക്കാനിലും, ബുദ്ധമതകേന്ദ്രങ്ങളിലും,

ഹൈന്ദവകേന്ദ്രങ്ങളായ കാശിയിലും തിരുപ്പതിയിലും പഴനിയിലും ഗുരുവായൂരിലും ശബരിമലയിലും ഒക്കെ നടത്തിപ്പോരുന്ന എല്ലാ ആചാരങ്ങളും എല്ലാ അനുഷ്ഠാനങ്ങളും അധമങ്ങളാണ്, പൈശാചികമാണ്, ദൈവനിന്ദയാണ് എന്നുതന്നെയാണ് വ്യക്തമാക്കിയത്. തങ്ങളുടെ കുട്ടിയെ ബലികഴിച്ചേക്കാം എന്നു നേര്ന്നത് കടുത്ത ദൈവനിന്ദയെങ്കില് അതിന്റെ പേരില് ആചാരമുണ്ടാക്കിയത് കൂടുതല് കടുത്ത ദൈവനിന്ദയാണ്. തങ്ങളുടെ മകന്റെയോ മകളുടെയൊ കവിളിലും മറ്റ് ശരീരഭാഗങ്ങളിലും ശൂലമോ കുന്തമോ ചൂണ്ടയോ ഒക്കെ തറയ്ക്കുന്നതും കോര്ക്കുന്നതും ഒരമ്മ ഇഷ്ടപ്പെടുമോ ? മനുഷ്യരും മറ്റുള്ള ജീവികളും ഉള്പ്പെട്ട തന്റെ കുഞ്ഞുങ്ങളെ വേദനിപ്പിക്കുന്ന ഹീനകാര്യങ്ങളെ അവരുടെയെല്ലാം മഹാപിതാവും മഹാമാതാവുമായ ദൈവം ഒരിക്കലും ഇഷ്ടപ്പെടുകയില്ലാ എന്നു മനസ്സിലാക്കുവാന് എന്താണ് സാധിക്കാത്തത് ? കാടത്തങ്ങളിലും ഹീനത്തങ്ങളിലും സന്തോഷിക്കുന്ന ഒന്നായിട്ട് ദൈവത്തെ കണക്കാക്കുന്നത് എത്ര കടുത്ത നിന്ദയാണ്? കൊല്ലൂരിലെ രഥം ഉരുട്ടും, ഗുരുവായൂരിലെ ആനയോട്ടവും, പഴനിയിലെ വേല്കുത്തും, അടൂര്-ഏഴംകുളം ക്ഷേത്രത്തിലെ തൂക്കവഴിപാടുകളും, കേരളത്തിലെ അനേകം ക്ഷേത്രങ്ങളിലെ കെട്ടുകാഴ്ചകളും, കുടംതുള്ളലുകളും, പൊങ്കാലകളും, വ്രതങ്ങളും, മുസ്ലീം പള്ളികളിലെ നമസ്ക്കാരങ്ങളും യാസീന് ഓതലുകളും, മൗലൂദും, റാത്തീബും, വ്രതങ്ങളും, ചന്ദനക്കുടങ്ങളും; ക്രിസ്ത്യന് പള്ളികളിലെ കുര്ബ്ബാനകളും, മാമ്മോദീസയും, റാസകളും, നോയമ്പുകളും ഒക്കെ കടുത്ത ദൈവനിന്ദകള്ക്ക് ഉദാഹരണങ്ങളാണ്. എല്ലാ മതഗ്രന്ഥങ്ങളും അടിസ്ഥാനപരമായിട്ട് അബദ്ധങ്ങളും അധമത്തങ്ങളും ഏറെയുള്ളവയാണെന്നിരിക്കെ അവയെ വിശുദ്ധഗ്രന്ഥങ്ങളെന്നു കള്ളപ്പേരിട്ട് പാരായണം ചെയ്യുന്നതും പ്രചരിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയാണ്. രാഷ്ട്രങ്ങളിലെല്ലാം ഇന്നുള്ള ഭരണഘടനകളും ധര്മ്മശാസ്ത്രപരമല്ലാ എന്നിരിക്കെ അവയെ പിന്പറ്റുന്നതും കടുത്ത ദൈവനിന്ദയാണ്. ക്ഷേത്രങ്ങളിലെയും പള്ളികളിലെയുമൊക്കെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശുദ്ധിപ്പെടുത്തിയാല് മതിയാകുമെന്ന് കരുതിയാല് തെറ്റി. കുഞ്ഞുങ്ങളേ, ക്ഷേത്രങ്ങളും പള്ളികളും ഉള്പ്പെടെ ഭൂമിയിലെങ്ങുമുള്ള എല്ലാ ദേവാലയങ്ങളെയും അടിസ്ഥാനപരമായിത്തന്നെ ഉടച്ചുപണിഞ്ഞ് പരിഷ്ക്കരിക്കേണ്ടതുണ്ട്; ദേവാലയം നിര്മ്മിക്കേണ്ടത് എങ്ങനെയെന്നും പ്രാര്ത്ഥന, ആരാധന തുടങ്ങിയവ എങ്ങനെയെന്നും ശാസ്ത്രീയമായ ആരാധന, ദേവാലയം, മഹാലിംഗം, മഹാദശമി, ശിവരാത്രി, മഹാശിവരാത്രി എന്ന

അദ്ധ്യായത്തില് വിശദമാക്കിയിട്ടുണ്ട്.
ദൈവീകമായ 13 മാസ കലണ്ടര് പ്രകാരം വിജയദശമി എന്നറിയപ്പെടുന്ന മഹാദശമിയോടനുബന്ധിച്ച് 1 മാസത്തെ ആഘോഷം എല്ലാ വര്ഷങ്ങളിലുമുണ്ട്. അത് ധര്മ്മശാസ്ത്രപരം കൂടിയാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ ഇന്നുള്ള എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഹീനമാണ്, പൈശാചികമാണ്. ക്രിസ്തുമസ്, ദുഃഖവെള്ളി, ഈസ്റ്റര് റാസ,, പള്ളിപ്പെരുന്നാളുകള്, മൊഹറം, ഈദ്, ഹജ്ജ്, ചന്ദനക്കുടങ്ങങ്ങള്, ശിവരാത്രി, പൊങ്കാലകള്, അവതാര-ജയന്തികള്, സപ്താഹങ്ങള്, യാഗങ്ങള്, പൂജകള് എല്ലാം എല്ലാം..... അതായത് ഭൂമിയിലെങ്ങും ഇന്നുള്ള എല്ലാ മതാചാരങ്ങളും മതാനുഷ്ഠാനങ്ങളും അവയെ ബന്ധിപ്പിക്കുന്ന പ്രാര്ത്ഥനകളും അധമങ്ങളാണ്, പൈശാചികമാണ്. വിസ്തരിക്കുന്നില്ല.
എത്ര കടുത്ത പാപിയും, ദൈവത്തിനു തന്റെ കുഞ്ഞാണ്. ഓംകാരനീതിശാസ്ത്രപ്രകാരം ശിക്ഷിച്ചു തിരുത്തുകയും, മഹാ-സമനീതി നല്കി മഹാഅനുഗ്രഹിക്കുകയും ചെയ്യുന്നതാണ്. ഈ അദ്ധ്യായത്തിന്റെ തുടര്ച്ച കൂടിയാണ് അടുത്ത ഏതാനും അദ്ധ്യായങ്ങള്.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

....

((അദ്ധ്യായം 71-80 ഇ-മഹാഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.))

അദ്ധ്യായം 81

ധര്മ്മശാസ്ത്ര/നീതിശാസ്ത്ര നിയമങ്ങള് മണ്ണിലുണ്ട്, സ്വീകരിക്കുകയേ വേണ്ടൂ.

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപവും ദൈവത്തിന്റെ മഹാരൂപവുമാണ് മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തിന്റെ തുടര്ച്ച കൂടിയാണ് ഈ അദ്ധ്യായം. ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും കൂടിച്ചേര്ന്ന ഏതാനും നിയമനിര്മ്മാണങ്ങള് നിര്വ്വഹിച്ചുകൊണ്ട് വ്യക്തികളെയും ഭരണകൂടങ്ങളെയും സഹായിക്കുന്നുണ്ട്. അവ വിശകലനം ചെയ്യുമ്പോള് വ്യക്തിനിയമങ്ങളും സാമൂഹ്യനിയമങ്ങളും ഉണ്ടാക്കുവാന് മനുഷ്യര് ആയാസപ്പെടേണ്ടതില്ല എന്നും, കുറ്റങ്ങളും കുറവുകളുമില്ലാത്ത ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ദൈവം സ്ഥാപിച്ചിട്ടുണ്ട് എന്നും അഥവാ ദൈവമാകുന്ന മണ്ണില് ജീവികള്ക്ക് എല്ലാക്കാലത്തും വേണ്ടതായ എല്ലാമുണ്ടെന്നും സുവ്യക്തമാകുന്നതാണ്. നിയമസഭകളോ നിയമനിര്മ്മാണങ്ങളോ മനുഷ്യസമൂഹത്തിന് ആവശ്യമാകുന്നില്ലായെന്നും, കുറ്റങ്ങളും കുറവുകളുമില്ലാത്ത നിയമം നിര്മ്മിക്കാന് മനുഷ്യര്ക്ക് കഴിയില്ലായെന്നും, മാനുഷികമായിട്ട് അവയെ രൂപപ്പെടുത്തിയതുകൊണ്ടാണ് ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും മറ്റ് ധാര്മ്മിക അധഃപതനങ്ങളും സമസ്ത ജീവിത മേഖലകളിലും ഉണ്ടായതെന്നും, എല്ലാ നിയമങ്ങളും മണ്ണില്നിന്ന് സ്വീകരിക്കുകയേ മനുഷ്യര്/മാനുഷിക ഭരണാധികാരികള് വേണ്ടൂ എന്നും, മണ്ണില് (ശരീരത്തോടെ) ജനിക്കുകയും മണ്ണില് (ശരീരത്തോടെ) ജീവിക്കുകയും മണ്ണില് (ശരീരത്തോടെ) ലയിച്ചുചേരുകയും ചെയ്യുന്നതായ ജീവികള്ക്ക് മണ്ണിന്റെ നിയമങ്ങള് മാത്രമേ ചേരുകയുള്ളൂ എന്നും അറിയുക. മഹാഗ്രന്ഥത്തിലെ 9-ാം ഭാഗമായ സത്യം ശിവം സുന്ദരം -ലും 10-ാം ഭാഗത്തിന്റെ തുടര്ച്ചയായ മണ്ണടി-യിലും കൂടുതല് വിശദീകരിച്ചിട്ടുണ്ട്.

കുടുംബം, സമൂഹം, രാഷ്ട്രം, അന്താരാഷ്ട്രം എന്നിങ്ങനെ വ്യക്തിയുടെ ജീവിതം സമ്പന്നമാവാനും / ചിട്ടപ്പെടുത്തുവാനും, എല്ലാ മനുഷ്യര്ക്കും ആനന്ദജീവിതം ലഭിക്കുവാനും, ശാസ്ത്ര വികസനത്തിലൂടെ ആനന്ദകാര്യങ്ങള് വര്ദ്ധിക്കുവാനും മറ്റുള്ള ജീവികളുടേതില്നിന്നും വ്യത്യസ്തമായ ജീവിതരീതി മനുഷ്യര്ക്കായിട്ട് ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളതിനെപ്പറ്റി മുമ്പ് സൂചിപ്പിക്കുകയുണ്ടായി. ധര്മ്മശാസ്ത്രമാണത്.

ജീവികള്ക്കെല്ലാം സമ-ആനന്ദങ്ങളും അനന്തമായ ആനന്ദങ്ങളും

ലഭ്യമാക്കാനാണ് ധര്മ്മശാസ്ത്രമെന്ന് മുമ്പ് വിശദീകരിച്ചിരുന്നു. അല്പം ആവര്ത്തിക്കാം :-
// മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിര്വ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും ഉള്പ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയില് പ്രവര്ത്തിപ്പിക്കുന്ന ജീവനും പരമാത്മാവുമായിക്കൊണ്ട് ദൈവം വര്ത്തിക്കുന്നു. അതായത് പ്രപഞ്ചത്തില് നിന്നും അന്യമെന്നു തോന്നുന്ന ഒരു ശക്തിയെ അഥവാ ദൈവത്തെ ആശ്രയിക്കുന്ന അടികമകളായും ആശ്രിതരായും തന്റെ കുഞ്ഞുങ്ങള് അധഃപതിക്കാതെ, പ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങളെയും അവ പ്രകാരമുള്ള ശക്തികളെയും ആശ്രയിച്ചും സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യങ്ങളോടെ ആനന്ദിച്ചും ജീവിക്കുവാന് ദൈവം തന്റെ കുഞ്ഞുങ്ങളെ മഹാഅനുഗ്രഹിച്ചിരിക്കുന്നു. ആനന്ദങ്ങളെ സമ്പത്തുമായി മഹാ-മനോഹരമായി കൂട്ടിയിണക്കുകയും, സമ്പത്തിനെ മനുഷ്യരുടെ ശരീരശക്തികളെന്നു വിശേഷിപ്പിക്കാവുന്ന വ്യത്യസ്ത തൊഴിലുകളുമായും ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ദൈവം മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഉള്പ്പെടുത്തിയിട്ടുള്ള ഭൗതികശാസ്ത്രപാഠങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് വസ്തുക്കളില് നിന്ന് ജീവിതാനന്ദം വര്ദ്ധിപ്പിക്കാനുള്ള ഉപാധികളും ഉപകരണങ്ങളും ഉണ്ടാക്കാനാവുമെന്നതിന് വാഹനങ്ങളും, വൈദ്യുതിയും, ടെലിവിഷനും, കമ്പ്യൂട്ടറും, മൊബൈല് ഫോണും ഉള്പ്പെടെ മനുഷ്യരുണ്ടാക്കുന്ന എല്ലാ ഉപകരണങ്ങളും ഉല്പന്നങ്ങളും ഉദാഹരണങ്ങളാണ്. മഹാനീതിശാസ്ത്രം പ്രകാരം സര്വ്വവും മഹാഭരിക്കുന്നുവെങ്കിലും സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയില്, ഭൗതികശാസ്ത്ര വെളിപ്പെടുത്തലുകളെ മനുഷ്യരിലൂടെ കണ്ടെത്തുന്ന ഭൗതികശാസ്ത്ര വികസനമായി ദൈവം മഹാആവിഷ്ക്കരിച്ചിരിക്കുകയുമാണ്. ഭൗതികശാസ്ത്ര നിയമങ്ങള് കൂടാതെ വസ്തുക്കളില് പ്രത്യക്ഷമായും പ്രകടമാക്കിയിട്ടുള്ള ധര്മ്മശാസ്ത്രനിയമങ്ങളെക്കൂടി പിന്പറ്റുമ്പോള് മനുഷ്യജീവിതത്തില് ആനന്ദം മാത്രമുണ്ടാകുന്നതാണ്. //
വസ്തുക്കളും ജീവികളും : ധര്മ്മശാസ്ത്രവും നീതിശാസ്ത്രവും മഹാപ്രപഞ്ചത്തിലെ ഓരോ വസ്തുവും എങ്ങനെയെല്ലാം പ്രവര്ത്തിക്കുന്നുവെന്നും, അതിന്റെ ഗുണദോഷങ്ങള് എന്തെല്ലാം എന്നും വിലയിരുത്തുമ്പോള് മഹാപ്രപഞ്ചത്തില് ഓരോ വസ്തുവിനും

മഹാനിശ്ചയിച്ചിരിക്കുന്ന ധര്മ്മങ്ങള് വ്യക്തമാവുന്നതാണ്. വസ്തുവിന് ദൈവം മഹാനിശ്ചയിച്ചിരിക്കുന്ന പ്രപഞ്ചധര്മ്മമാണത് ; വസ്തുവിന്റെ ധര്മ്മശാസ്ത്രമാണത്. അതേപോലെ എല്ലാ ജീവികള്ക്കും മഹാപ്രപഞ്ചത്തില് ഓരോരോ ധര്മ്മങ്ങളുണ്ട്. മനുഷ്യരുടെ ഭക്ഷണാവശിഷ്ടങ്ങളെ ഭക്ഷിക്കുന്ന കാക്കയും എറുമ്പും പട്ടിയും പൂച്ചയുമൊക്കെ ലളിതമായ ഉദാഹരങ്ങളാണ്. എല്ലാ വസ്തുക്കളുടെയും (ജീവികളുടെയും) ധര്മ്മങ്ങള് ഒന്നിച്ചുചേരുമ്പോള് മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധര് മ്മശാസ്ത്രമായിത്തീരുന്നു. മനുഷ്യര് പുലര്ത്തേണ്ടുന്ന സാമ്പത്തിക ശാസ്ത്രം ഉള്പ്പെടെയുള്ള ധര്മ്മശാസ്ത്രകാര്യങ്ങളും ഓരോരോ വസ്തുക്കളുടെയും ജീവികളുടെയും ധര്മ്മശാസ്ത്രങ്ങളും കൂട്ടിച്ചേര് ക്കുമ്പോള് ലഭ്യമാകുന്നതാണ് എന്നുകൂടിയാണ് അതിന്നര്ത്ഥം. മനുഷ്യന് തങ്ങള്ക്ക് തോന്നുമ്പോലെ സാമൂഹ്യനിയമങ്ങള് സൃഷ്ടിച്ചാല് അവ മഹാപ്രപഞ്ചത്തിന് ചേരില്ല. മതാചാര്യന്മാരെന്നും രാഷ്ട്രീയാചാര്യന്മാരെന്നും കരുതുന്നവരുടെയും മറ്റും നിയമങ്ങളും സഹായങ്ങളും ദൈവത്തിനോ, ദൈവം സൃഷ്ടിച്ച മഹാപ്രപഞ്ചത്തിനോ ആവശ്യമില്ല. ശാസ്ത്രപരമല്ലാതെയും, വ്യക്തിസ്വാതന്ത്ര്യത്തെ ദുര് വ്വിനിയോഗം ചെയ്തും അവര് ഉണ്ടാക്കുന്ന നിയമങ്ങള് ദൈവനിന്ദയാകുന്നത് കൂടാതെ സമൂഹത്തിന് ദോഷം ചെയ്യുന്നുവെന്ന് ഭീകരവാദങ്ങളും മറ്റ് ദുര്ന്നടത്തകളും എല്ലാക്കാലങ്ങളിലും തെളിയിച്ചു കൊണ്ടുമിരിക്കുന്നു. മുമ്പ് വിശദീകരിച്ചതായ അല്പം കാര്യങ്ങളെ ആവര് ത്തിക്കാം:-

ധര്മ്മശാസ്ത്രപരമായ നടപടികള് മാത്രമേ മഹാപ്രപഞ്ചത്തിനു ചേരുകയുള്ളൂ.

ധര്മ്മശാസ്ത്രപരമായ നിയന്ത്രണത്തോടെയുള്ള കാര്യങ്ങളെയാണ് ദൈവീകമായത് അഥവാ ദൈവത്തിന് ഇഷ്ടമായത് എന്നുപറയുന്നത്. ദൈവം ജീവിസൃഷ്ടി നടത്തുമ്പോള് ജീവികള്ക്കെല്ലാം ആനന്ദകാര്യത്തില് ദൈവമാകാം എന്ന അവസ്ഥ ഉണ്ടാവണമെങ്കില്, ദൈവത്തിന് ലഭ്യമാകുന്ന സ്വാതന്ത്ര്യങ്ങളും ആനന്ദങ്ങളും ജീവികള് ക്കെല്ലാം ലഭിക്കണം. അതായത് ജീവികള്ക്കു മാത്രമല്ല, ദൈവത്തിന്റെ സ്വാതന്ത്ര്യത്തിനും ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങള് ആവശ്യമായി വരുന്നു. ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളെ സ്വയം പാലിക്കുവാന് തയ്യാറായിക്കൊണ്ടാണ് ദൈവം ജീവിസൃഷ്ടി ഉള് പ്പെടെയുള്ള മഹാപ്രപഞ്ച- സൃഷ്ടി നടത്തുന്നത് എന്നര്ത്ഥം. മറ്റൊന്ന് സത്യധര്മ്മനീതികളെ തന്റെ ഭാവമായി സ്വീകരിക്കുന്ന അഥവാ ധര് മ്മശാസ്ത്രപരമായ നിയന്ത്രണങ്ങളെ സ്വയം പാലിക്കുവാന്

തയ്യാറാകുന്ന ദൈവത്തിന് ഓരോ ജീവിക്കും സമനീതി ലഭ്യമാക്കാന് ബാദ്ധ്യതയുണ്ട്. സൃഷ്ടികര്ത്താവായ ദൈവത്തിന് എല്ലാ ജീവികളുടെയും മഹാഭരണാധികാരിയും മഹാനീതിപതിയും എന്ന ചുമതല കൂടി സ്വീകരിക്കേണ്ടി വരുന്നു. എല്ലാ ജീവികളുടെയും എന്നു പറയുമ്പോള്, ഓരോ വ്യക്തിയും ഓരോരോ വര്ഗ്ഗമായിട്ട് വ്യത്യസ്തങ്ങളും ബഹുവിധങ്ങളുമായ പ്രശ്നങ്ങളോടെയും വിഷയങ്ങളോടെയും ജീവിക്കുന്നവരാകയാല്, മഹാഗ്രന്ഥത്തിലെ സത്യം ശിവം സുന്ദരം പ്രകാരം ഓരോരോ വ്യക്തികളെയും പ്രത്യേകം പ്രത്യേകം കരുതേണ്ടിവരുന്നു. മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും കൂടിയായ ദൈവം ഓരോരോ വ്യക്തികളുടെയും ദാസന് അഥവാ ദാസിയായും പ്രവര്ത്തിക്കേണ്ടി വരുന്നു എന്നുകൂടിയാണ് അതിന്നര്ത്ഥം. ദൈവത്തിന്റെ വാതകരൂപമായിട്ടു പ്രവര്ത്തിക്കുന്ന ഓക്സിജനെപ്പറ്റിയും, ദ്രാവകരൂപമായിട്ടു പ്രവര്ത്തിക്കുന്ന വെള്ളത്തെപ്പറ്റിയും, ഖരരൂപമായിട്ട് പ്രവര്ത്തിക്കുന്ന മണ്ണിനെപ്പറ്റിയും പഠിക്കുമ്പോള്, മഹാഭരണവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്യവുമെല്ലാം പ്രത്യക്ഷമായും ഗൂഢമായും നിര്വ്വഹിക്കുവാന് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം കൊണ്ട് മഹാപദ്ധതികള് ഒരുക്കിയിരിക്കുന്നു എന്നു മനസ്സിലാക്കാനാവും. (ദൈവം മഹാപ്രപഞ്ചം സൃഷ്ടിച്ചിട്ടുള്ളതും ജീവികളെ കരുതുന്നതും, ദൈവത്തെ സ്തുതിച്ചുകൊണ്ടും ഭയപ്പെട്ടുംകഴിയുന്ന മനുഷ്യ-അടിമകളെ സൃഷ്ടിക്കാനല്ല എന്നും വെളിപ്പെടുന്നു.).

ദൈവപ്രഭാവം അറിയാതെയാണെങ്കില് പോലും, മനുഷ്യര് പലപ്പോഴും നിയമങ്ങള് ഉണ്ടാക്കുന്നതും വസ്തുക്കളുടെയും ജീവികളുടെയും ഗുണദോഷങ്ങളെയും, മനുഷ്യര്ക്ക് മനസ്സിലാക്കാനായ ആത്മാവില്ലാത്ത (ദൈവമില്ലാത്ത) ശാസ്ത്രത്തെയും പിന്പറ്റിയാണ്. ഭൂമിയില് ജീവിക്കുന്ന മനുഷ്യന് ഭൂമിയിലെ കാര്യങ്ങള് ഉള്പ്പെടുത്താതെ മറ്റു വഴികളില്ലാത്തതുകൊണ്ടു കൂടിയാണത്. ദൈവപ്രഭാവം മനസ്സിലാക്കാത്തതുകൊണ്ടും, ജീവികള് പുലര്ത്തേണ്ടതായ ധര്മ്മശാസ്ത്രങ്ങള് സ്വയം പാലിക്കാത്തതുകൊണ്ടും, ഗ്രന്ഥത്തിലെ 9-ാം ഭാഗമായ സത്യം ശിവം സുന്ദരം പ്രകാരവും, മനുഷ്യര്ക്ക് രൂപപ്പെടുത്താന് കഴിയുന്ന നിയമങ്ങള് എപ്പോഴും അപൂര്ണ്ണങ്ങളും പൈശാചികവും ആയിത്തീരുന്നതാണ്.

വസ്തുക്കളുടെയും ജീവികളുടെയും ധര്മ്മശാസ്ത്രങ്ങളെ കൂട്ടിയിണക്കുന്നതും ജീവിതകാര്യങ്ങളെ സ്വാധീനിക്കുന്നതുമായ ഒരു നല്ല ഉദാഹരണമായി സ്വര്ണ്ണത്തെ ചൂണ്ടിക്കാട്ടാനാവും.

സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തില് എന്ന അദ്ധ്യായത്തില്

വിശദീകരിച്ചിട്ടുള്ളതിനാല്, ആവര്ത്തിക്കുന്നില്ല.
ജീവികളെ, പ്രത്യേകിച്ചും പശുക്കളെയും കാളകളെയും, നാണയങ്ങള് ഉപയോഗിച്ച് വില്ക്കുകയും വാങ്ങുകയും ചെയ്തുകൂടാ. മനുഷ്യന് വില നിശ്ചയിക്കുന്നത് പാപമാണെന്നിരിക്കെ അതിലും വലിയ പാപമാണ് പശുവിനും കാളയ്ക്കും വില നിശ്ചയിക്കുന്നത്. അവയെ ദാനം ചെയ്യാനും ദാനം വാങ്ങാനുമാണ് ശാസ്ത്രം അഥവാ ദൈവം വിധിച്ചിട്ടുള്ളത്.

ധര്മ്മശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെയും ജീവികളുടെയും സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ ശാസ്ത്രപരമായി വിശകലനം ചെയ്യുമ്പോള്, മുമ്പ് പറഞ്ഞതുപോലെ, ധര്മ്മശാസ്ത്രനിയമങ്ങള് വെളിവാകുന്നതാണ്. ശാസ്ത്രപരമായ കാര്യങ്ങളില് ദൈവത്തെ ഉള്പ്പെടുത്താതെ പ്രവര്ത്തിച്ചതു കൊണ്ടാണ് മനുഷ്യര് നിര്മ്മിച്ച നിയമങ്ങളും വ്യവസ്ഥകളും എന്നും പിഴച്ചുപോന്നിട്ടുള്ളത്.
// ഈ ഗ്രന്ഥത്തിലുടനീളം മഹാഗൗരവങ്ങളായ വിഷയങ്ങളെ വിശദീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. നിയമ നിര്മ്മാണത്തെ പ്രത്യേകമായി വിവരിക്കുന്നത് ചെറുതും വലുതുമായ ഏതാനും കാര്യങ്ങളെക്കൂടി പരാമര്ശിക്കാനാണ്. ഗ്രന്ഥത്തിലുടനീളം വിശദീകരിച്ചിട്ടുള്ള മറ്റ് മഹാകാര്യങ്ങളെ ശ്രദ്ധിച്ചാലും.... //
സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തില് എന്ന അദ്ധ്യായത്തില് സ്വര്ണ്ണത്തിന്റെ ധര്മ്മങ്ങള് വിശദീകരിച്ചിട്ടുള്ളവ തന്നെയാണ് സ്വര്ണ്ണത്തിന്റെ ധര്മ്മശാസ്ത്രം. ധര്മ്മങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണ് നീതിശാസ്ത്രം. ഓരോ വസ്തുക്കളുടെയും ഓരോ ജീവികളുടെയും ധര്മ്മങ്ങളെ അഥവാ ധര്മ്മശാസ്ത്രത്തെ സംരക്ഷിക്കുവാനുള്ള പദ്ധതിയാണ് അവയുടെ നീതിശാസ്ത്രം.
ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ 4 ശാസ്ത്രീയമായ തൊഴില് വിഭജനങ്ങള് പ്രകാരം ഭൂമിയിലെങ്ങും ബാധകമായ ഏതാനും ധര്മ്മശാസ്ത്രനിയമങ്ങളെയും നീതിശാസ്ത്ര നിയമങ്ങളെയും ചുവടെ കൊടുക്കുന്നു :-

ശുചിത്വം
ശാസ്ത്രീയമായ തൊഴില് വിഭജനത്തില് അനേകം ശുചിത്വ കാര്യങ്ങളെ വിസ്തരിച്ചിട്ടുണ്ട്. അവ പ്രകാരം പ്രവര്ത്തിക്കുവാന് എളുപ്പമാണ്. ലിഖിത നിയമങ്ങളുടെ ആവശ്യം ഇല്ല.
1) ഭൂമിയില് മറ്റുള്ള ജീവികള്ക്കും അവകാശമുണ്ട്.

സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തില് എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളതിനാല്, ആവര്ത്തിക്കുന്നില്ല.
2) ശരീര ശുചിത്വം : സ്വന്തം ശരീരത്തെ ശുചിത്വത്തോടെ സൂക്ഷിക്കേണ്ടതുണ്ട്. സൗന്ദര്യ സംരക്ഷണത്തിനും ആരോഗ്യ സംരക്ഷണത്തിനും മാത്രമല്ല അത്.
മഹാപ്രപഞ്ചത്തെ വസ്തുക്കളെന്നും ജീവികളെന്നും തരംതിരിക്കുമ്പോള്, ജീവികളുടെ ഭൗതികശരീരം നിര്മ്മിക്കപ്പെട്ടിട്ടുള്ളത് പ്രത്യക്ഷമായി അറിയാവുന്ന ഭൗതികവസ്തുക്കള് കൊണ്ടു തന്നെയാണ്. മണ്ണിലുള്ള ഇരുമ്പ്, കാത്സ്യം, ഫോസ്ഫോറസ്, ജലം തുടങ്ങിയ മൂലകങ്ങളും സംയുക്തങ്ങളുമായ വസ്തുക്കള് തന്നെയാണ് മനുഷ്യ ശരീരത്തിലും അടങ്ങിയിട്ടുള്ളത്. ശരീരത്തിന്റെ ഘടനയ്ക്കും പ്രവര്ത്തനത്തിനും അനുയോജ്യമായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള വസ്തുക്കളെ ഉപയോഗിച്ചു ജീവിക്കുവാന് മനുഷ്യര് ബാധ്യസ്ഥരാണ്.
മനുഷ്യശരീരത്തിന്റെ പ്രവര്ത്തനങ്ങളില് ഭക്ഷണത്തിന് ഉപയോഗിക്കുന്നവ ഉള്പ്പെടെയുള്ള പ്രകൃതിയിലെ വസ്തുക്കള് എങ്ങനെയെല്ലാം പ്രതികരിക്കുന്നു അഥവാ ശാസ്ത്രനിയമങ്ങള് സൃഷ്ടിക്കുന്ന ആനന്ദങ്ങള് എന്തെല്ലാം, ഗുണദോഷങ്ങള് എന്തെല്ലാം എന്നത് തിരിച്ചറിയുന്നത് ലളിതമാണ്.
മറ്റുള്ള ജീവികള് പ്രകൃതിവിഭവങ്ങളെ ആസ്വദിച്ചു ജീവിക്കുമ്പോള്, അവയെക്കാള് ഉയര്ന്ന ആസ്വാദനത്തോടെ മനുഷ്യര്ക്ക് ജീവിക്കാന് കഴിയുന്ന സംവിധാനങ്ങളാണ് ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളത്. ഭക്ഷണം പാകംചെയ്ത് അതിരുചികരമായി ആസ്വദിക്കുന്നത് ഒരു ഉദാഹരണം മാത്രം. വ്യക്തിസ്വാതന്ത്ര്യത്തെ നല്ല രീതിയില് അഥവാ ശാസ്ത്രപരമായി ഉപയോഗപ്പെടുത്തിക്കൊണ്ട്, ദൈവം നല്കിയ ശരീരത്തിന്റെ പ്രവര്ത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന മദ്യം, മയക്കുമരുന്ന് പോലെയുള്ള കാര്യങ്ങളില്നിന്ന് ഒഴിവാകേണ്ടത് മനുഷ്യന്റെ ആവശ്യമാണ്. മനുഷ്യര് ശരിയാംവണ്ണം പ്രവര്ത്തിപ്പിക്കുമ്പോള് ഭൂമിയില് മഹാആനന്ദം ഒരുക്കുവാന് കഴിയുന്ന നാഡീവ്യൂഹത്തിന്റെ പ്രവര്ത്തനങ്ങളെ താളം തെറ്റിക്കുന്ന വസ്തുക്കള് മനുഷ്യര് ഉപയോഗിച്ചുകൂടാ. സൃഷ്ടിയുടെ ഉദ്ദേശമായ സ്ഥിതിയെ അഥവാ ജീവിതത്തെ കളങ്കപ്പെടുത്തിക്കൂടാ. മഹാശാസ്ത്രത്തിന്റെ ആദ്യശാഖയായ ഭൗതികശാസ്ത്രത്തിലെ പ്രത്യക്ഷമായ വസ്തുക്കളെക്കൊണ്ട് ഭൗതികശരീരത്തിന്റെ പ്രവര്ത്തനങ്ങളെ മദ്യം പോലുള്ളവയുടെ ഉപയോഗംകൊണ്ട് തെറ്റിക്കുമ്പോള് മനുഷ്യജീവിതം താളംതെറ്റുന്നതാണ്. മറ്റുള്ള ജീവികള് മദ്യവും മയക്കുമരുന്നുകളും

ഉണ്ടാക്കുന്നില്ല, കഴിക്കുന്നുമില്ല. മഹാശാസ്ത്ര പാഠങ്ങളെ ദൈവം മഹാഅനുഗ്രഹിച്ചു മനുഷ്യന് നല്കിയപ്പോള് മറ്റുള്ള ജീവികള് കാട്ടാത്തതായ അധമത്തങ്ങള് മനുഷ്യന് കാട്ടാമോ ..... പാടില്ല. പുകവലി, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗവും, ദുഷ്ക്കാമവും വ്യക്തിയുടെ ശരീരത്തെയും ആത്മാവിനെയും അശുദ്ധിപ്പെടുത്തുന്ന കാര്യങ്ങളാണ്. അതിന്റെ അടിസ്ഥാനത്തില് ചുവടെ വിസ്തരിക്കുന്ന നീതി-വിചാരണ ചെയ്യാനാവും.

മദ്യ നിരോധനം : മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം നല്ലതല്ലെന്ന തിരിച്ചറിവ് ലഭിക്കുന്നതോടെ, അവയുടെ വ്യാവസായിക ഉല്പാദനവും വിപണനവും ഉപയോഗവും സമൂഹ-ഭരണകൂടം നാട്ടില് അനുവദിക്കുന്നില്ല. അതേസമയം, ശാസ്ത്രവികസനം നേടിത്തന്നിട്ടുള്ള സര്വ്വ സുഖസൗകര്യങ്ങളും സര്വ്വ സമ്പത്തും ഉപേക്ഷിച്ചുകൊണ്ട് വ്യക്തികള്ക്ക് കാട്ടില് പോവാനും കാട്ടില് മറ്റുള്ള ജീവികളെപ്പോലെ സ്ഥിരമായി താമസിച്ചുകൊണ്ട് മദ്യം ഉള്പ്പെടെയുള്ളവ ഉപയോഗിക്കാനും വ്യക്തിസ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. മരുന്നുകളും അതുപോലെയുള്ള കാര്യങ്ങളുടെയും ആവശ്യങ്ങള്ക്കായി മാത്രമുള്ള അഥവാ പാനത്തിനല്ലാതെയുള്ള ഉപയോഗങ്ങള്ക്കായി മാത്രം മദ്യചേരുവകള് ഭരണകൂടത്തിന്റെ ഉത്തരവാദിത്തത്തില് വൈദ്യസംഘത്തിന്റെ ചുമതലയില് നാട്ടില് നിര്മ്മിക്കേണ്ടതാണ്. മദ്യവിചാരത്തെപ്പറ്റി ദൈവനിന്ദ-ശരീര നിന്ദ എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

മായ പ്രത്യക്ഷമാകുന്നതോടെ മാത്രം നടപ്പാവുന്ന മേല്ക്കാര്യത്തില് ഭരണകൂടങ്ങള്ക്ക് വളരെയധികം പ്രവര്ത്തിക്കാന് കഴിയേണ്ടതാണ്, കൊടും ഭീകരസംഘങ്ങളായും, കൊള്ളസംഘങ്ങളായും നിലവില് പ്രവര്ത്തിക്കുന്ന രീതി മാറ്റുവാന് ആര്ക്കെല്ലാം കഴിയുമെന്നു നോക്കുക. മദ്യപാനികളെപ്പറ്റി പറയുമ്പോള്, മുമ്പു പറഞ്ഞതുപോലെ, വളരെപ്പേര് രോഗികളായിരിക്കയാണ്, സ്വന്തമായി മദ്യപാനം നിര്ത്താന് അവര്ക്ക് കഴിവില്ല. എന്നാല് മായ പ്രത്യക്ഷമാകുന്നതോടെ അവര്ക്ക് കഴിവുണ്ടാവുന്നതാണ്.

മേല്പ്പറഞ്ഞ നിയമം ധര്മ്മശാസ്ത്രപാഠമായി ഉണ്ടാവണം എന്നല്ലാതെ, യാതൊരു ധര്മ്മശാസ്ത്രപാഠങ്ങളുടെയും പേരില് ഇന്ന് സമൂഹത്തില് കാണുന്നതുപോലെയുള്ള പേപ്പര്വര്ക്കുകള് പാടില്ല. മാത്രമല്ല, ധര്മ്മശാസ്ത്രപാഠങ്ങളെല്ലാം തന്നെ മനുഷ്യര്ക്ക് നിസ്സാരമായി മനസ്സിലാക്കാനാവും വിധമാണ് കര്ത്താവായ ദൈവം ആവിഷ്ക്കരിച്ചിട്ടുള്ളത്.

ദുഷ്ക്കാമം : സ്വകാര്യമായ സെക്സിനെ പരസ്യമാക്കിക്കൊണ്ട്

ഭരണകൂടത്തിന്റെ ഒത്താശയോടെ നടത്തപ്പെടുന്ന ഏറ്റവും വലിയ പാപത്തെപ്പറ്റി ദൈവ നിന്ദ : ആനന്ദ നിന്ദ എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യായം പഠിക്കുമ്പോള് സെക്സ് കാര്യത്തില് ഉണ്ടാവേണ്ടതായ ധര്മ്മശാസ്ത്ര- സദാചാരശാസ്ത്ര നിയമം ബോദ്ധ്യമാകുന്നതാണ്.

മഹാനീതിശാസ്ത്രകാര്യങ്ങളെ മാറ്റിനിര്ത്തിക്കൊണ്ട് സ്ത്രീ-യുടെ ഒരു ജന്മത്തെ മാത്രമായി പരിഗണിക്കുമ്പോള്, സ്ത്രീയ്ക്ക് തൊഴില്പരമായി വളരെയധികം പരിമിതികള് ഉണ്ടെന്നു കാണാം. സാമ്പത്തികം ഉള്പ്പെടെയുള്ള സംരക്ഷണം നല്കാന് മാതാപിതാക്കളോ സഹോദരന്മാരോ ഭര്ത്താവോ മറ്റു ബന്ധുജനങ്ങളോ ഇല്ലാത്ത സ്ത്രീകളെയും ദാരിദ്ര്യാവസ്ഥകളില് കഴിയുന്ന സ്ത്രീകളെയും ആദരവോടെ സംരക്ഷിക്കുവാന് സമൂഹത്തിന് അഥവാ ഭരണകൂടത്തിന് ബാദ്ധ്യതയുണ്ട്. ഭരണകൂടം പ്രസ്തുത കടമ നിറവേറ്റിയില്ലെങ്കില് അതിന്നര്ത്ഥം നാട്ടിലെ ഭരണകൂടം അധമമായിരിക്കുന്നു എന്നാണ്. അങ്ങനെയുള്ളവര് ഭരിക്കുന്ന നാട്ടില് തനിക്കും, കുട്ടികളുണ്ടെങ്കില് അവര്ക്കും ജീവിക്കുവാനായി സ്ത്രീ കാമാനന്ദം വില്ക്കുന്നതും വേശ്യാലയം അഥവാ കാമ-ശുശ്രൂഷാലയം നടത്തുന്നതും തെറ്റല്ല എന്നുപോലും തോന്നിപ്പോകും. എന്നാല് പരമാനന്ദമായ കാമകലയെ പരിശുദ്ധവും പവിത്രവുമായിക്കൂടി സംരക്ഷിക്കുവാന് പുരുഷനും സ്ത്രീയും ശ്രദ്ധിക്കണമെന്ന് ധര്മ്മശാസ്ത്രം അഥവാ ദൈവം വിധിക്കുന്നുണ്ട്. ആകയാല് വേശ്യാവൃത്തിക്ക് പുരുഷനും സ്ത്രീയും തയ്യാറായിക്കൂടാ. കാമസങ്കല്പത്തില് പോലും ഇണയെ മാത്രം ഉള്പ്പെടുത്തുന്നവരായി പുരുഷനും സ്ത്രീയും ഉയരണം. ഒന്നായ ജീവാത്മാവ് രണ്ടായിട്ട് ജീവി-ജന്മങ്ങളില് പെടുന്നതും ആത്മീയ സാക്ഷാത്ക്കാരത്തില് വീണ്ടും ഒന്നുചേരുന്നതും ഉള്ക്കൊള്ളുന്നതോടെ അധമ കാമകാര്യങ്ങള് സമൂഹത്തില് അസ്തമിക്കുന്നതാണ്.

സിനിമ, ഇന്റര്നെറ്റ്, മൊബൈല് ഫോണ്, ടെലിവിഷന്, പത്രം, മാസിക തുടങ്ങിയവയിലൂടെ സ്വകാര്യമായ സെക്സ് കാര്യങ്ങള് ഇന്ന് പരസ്യമാക്കപ്പെട്ടിരിക്കുന്നത് ഏറ്റവും അധമമാണ്. സിനിമാ നടികളെയും നടന്മാരെയും മോഡലുകളെയും സങ്കല്പിച്ച് രതിക്രീഡ നടത്തുന്നവര് അനേക ലക്ഷങ്ങളോ കോടികളോ ഒക്കെയായി ഉയരുമ്പോള്, സമൂഹത്തിലെ ധാര്മ്മിക അധഃപതനത്തെയാണ് എടുത്തുകാട്ടുന്നത്. പ്രസ്തുത അതിനീചമായ വേശ്യാവൃത്തിയെ പിന്തുണയ്ക്കുന്ന ഭരണാധികാരികള്, രഹസ്യസങ്കേതങ്ങളില് സ്വകാര്യമായി സെക്സ്-കച്ചവടം നടത്തുന്നവരെ പിടികൂടാനും

ശിക്ഷിക്കാനും പൊതുഖജനാവ് പാഴാക്കുന്നതായ ഏറ്റവും തരംതാണ അവസ്ഥയിലേക്ക് അധഃപതിച്ചിരിക്കുന്നു. സെക്സിനെ സ്രഷ്ടാവായ ദൈവം ഏറ്റവും ഉന്നതമായി ഉയര്ത്തിയിട്ടുള്ളത് മനസ്സിലാക്കാതെയും ശാസ്ത്രബോധമില്ലാതെയും, പെണ്ണ് ഉള്ളിടത്തെല്ലാം പെണ്വാണിഭവും കാണുമെന്ന് വിശേഷിപ്പിച്ചാല് തന്റെ മാതാവും സഹോദരിയും ഭാര്യയും മകളും ഒക്കെ ഉള്പ്പെടുന്ന സമൂഹത്തിലെ എല്ലാ കുടുംബങ്ങളിലെയും സ്ത്രീകളെയാണ് വാക്കുകൊണ്ട് ഏറ്റവും ഹീനമായി വിശേഷിപ്പിക്കുന്നത്. ഏതാനും അജ്ഞാനികളുടെ ആക്ഷേപംകൊണ്ട് ഇടിഞ്ഞുപോകുന്ന മാനം യാതൊരാള്ക്കും ദൈവം സൃഷ്ടിച്ചിട്ടില്ല. എന്നാല് കുഞ്ഞുങ്ങള് കാട്ടുന്ന കടുത്ത അധമ വാക്കുകളെ തിരുത്തുവാനും, തിരുത്തലിന്റെ ഭാഗമായിട്ട് ശാസിക്കുകയും ശിക്ഷിക്കുകയുമൊക്കെ ചെയ്യുവാനും, തിരുത്തിയിട്ട് മഹാവാത്സല്യം നല്കുവാനും കുഞ്ഞുങ്ങളെ സൃഷ്ടിച്ച ദൈവത്തിനു ബാദ്ധ്യതയുണ്ട്. ലൈംഗിക വിദ്യാഭ്യാസം നല്കി കുട്ടികളെയും മുതിര്ന്നവരെയും മിടുക്കരാക്കുവാന് എന്നപേരില് നഗ്നചിത്രങ്ങള് പോലും ഉള്പ്പെടുത്തിക്കൊണ്ടുള്ള ലേഖനങ്ങളും മറ്റും തുടര്ച്ചയായിട്ട് മാസികകളില് പ്രസിദ്ധീകരിക്കുന്നതും അതിനീചമായ കൃഷ്ണതന്ത്രങ്ങളെ അനുകരിച്ചുള്ള സെക്സ്-വ്യാപാരം കൂടിയാണ്. ബ്രായുടെ പരസ്യത്തിന് സുന്ദരിയായ പെണ്കുട്ടി അരയ്ക്കു മുകളില് ബ്രാ മാത്രം ധരിച്ചും, ബ്രായുടെ ഉള്വശം കാണുംപോലെയുമുള്ള പോസുകള് കാട്ടുന്നതും ഒരു ഉദാഹരണം മാത്രമാണ്. ആഭരണങ്ങളുടെയും വസ്ത്രശാലകളുടെയും പരസ്യങ്ങള് സെക്സ്-പരസ്യങ്ങളായിരിക്കുന്നു! ചില ദേവാലയങ്ങളുടെ ചുവരുകളിലും മറ്റുമുള്ള നഗ്നവിഗ്രഹങ്ങളുടെ കളര്ചിത്രങ്ങളെ സൂത്രത്തില് പരസ്യംചെയ്യുന്നു. ടെലിവിഷനുകളിലും സിനിമകളിലും വിഷയബന്ധം പോലുമില്ലാതെ നഗ്നശില്പങ്ങളെ ഉള്പ്പെടുത്തുന്നു. ആണ് കുട്ടികളും പുരുഷന്മാരും കാട്ടുന്ന അധമത്തങ്ങള്കൊണ്ട് പെണ് കുട്ടികള്ക്കും സ്ത്രീകള്ക്കും തനിച്ചു യാത്രചെയ്യാനും ബസ്സില് സഞ്ചരിക്കാനും ഒക്കെയുള്ള വിഷമങ്ങള് വിവരിക്കുന്ന വനിതാ മാസികകളില്, നാമമാത്രമായ വസ്ത്രംമാത്രം ധരിച്ചിട്ടുള്ള അതിസുന്ദരികളായ സ്ത്രീകളുടെ അനവധി കളര്ഫോട്ടോകളും, മറ്റ് പരസ്യചിത്രങ്ങളും കൂടിയുണ്ട്. അവ ആണ്കുട്ടികളെയും പുരുഷന്മാരെയും ഇക്കിളിപ്പെടുത്തില്ലെന്നും അധമരാക്കില്ലെന്നും, പെണ്കുട്ടികളെ വഴിതെറ്റിക്കില്ലായെന്നും ഒക്കെ മാസികയുടെ ഭരണസമിതിക്കാരും നാട്ടിലെ ഭരണാധികാരികളും പൂച്ചാണ്ടിക്കോടതികളും മതാധികാരികളും ഒക്കെ കരുതുന്നുണ്ടോ ? അധമ ചിത്രങ്ങളെയും അധമത്തങ്ങളെയും ആസ്വദിക്കുന്നവര്

അവരുടെയ ഇടയിലും വര്ദ്ധിച്ചിരിക്കുന്നു. മാസികകളുടെയും പത്രങ്ങളുടെയും ടെലിവിഷന് ചാനലുകളുടെയുമൊക്കെ പ്രചാരം വര്ദ്ധിക്കാന് അതിനീചത്തങ്ങളെ അനുവദിക്കണമെന്ന് വിശ്വസിക്കുന്നവര്ക്ക് നാട്ടില് ജീവിക്കുവാന് യോഗ്യതയില്ല; കാടുണ്ട്. ദേവാലയങ്ങളിലും പൊതുസ്ഥലത്തും യാതൊരിടങ്ങളിലും സെക്സ്-ചിത്രങ്ങളും ശില്പങ്ങളും അനുവദിക്കാന് പാടില്ല. സ്ത്രീകളുടെ നഗ്ന ശില്പത്തെ പൊതുസ്ഥലങ്ങളിലും ദേവാലയങ്ങളിലും ഒക്കെ അനുവദിക്കുന്ന ഭരണാധികാരി തന്റെ ഭാര്യയുടെയും അമ്മയുടെയും മകളുടെയുമൊക്കെ നഗ്ന ശില്പങ്ങളെ അങ്ങനെ അനുവദിക്കുമോ ? അനുവദിക്കുമെങ്കില്, അയാളെ പിന്നെ നാട്ടില് ജീവിക്കുവാന് അനുവദിച്ചുകൂടാ; അയാളെപ്പോലെയുള്ളവര്ക്ക് കാടുണ്ട്.
സ്വകാര്യമായ സെക്സിനെയും, ജീവികളുടെ ശരീരത്തെയും, കളങ്കപ്പെടുത്തുന്നതായ പരസ്യങ്ങളെല്ലാം, ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ അവസാനിക്കുന്നതാണ്. പരസ്യങ്ങള് തന്നെ ഏറെക്കുറെ അവസാനിക്കുന്നതാണ്. നാമമാത്രമായ പരസ്യങ്ങളില് വസ്തുക്കളുടെ യഥാര്ത്ഥ വിവരങ്ങള് മാത്രമാവും ചേര്ക്കുക.
സ്ത്രീ പീഢനം : സിനിമകളിലൂടെയും മറ്റും സ്വകാര്യമായ സെക്സിനെ പരസ്യമാക്കിയതും, അധമങ്ങളായ പരസ്യങ്ങളും, അധമങ്ങളായ വസ്ത്രധാരണങ്ങളും ശാസ്ത്രപരമല്ലാത്ത തൊഴില് സംവിധാനങ്ങളുമൊക്കെ സ്ത്രീപീഢനത്തിന് കാരണങ്ങളാണ്. സ്ത്രീ ശരീരത്തെ നേരിട്ടും അല്ലാതെയും പീഢിപ്പിക്കുന്നതും മഹാശാസ്ത്രകാര്യങ്ങള് അറിയാത്തതുകൊണ്ടാണ്. മറ്റുള്ള ജീവികളുടെ കാര്യം സൂചിപ്പിച്ചതു പോലെ തങ്ങള് സ്ത്രീകളായി ജനിച്ചിരുന്നുവെങ്കില്, പുരുഷന്മാര് പീഢിപ്പിച്ചിരുന്നുവെങ്കില് എന്നിങ്ങനെ പുരുഷന്മാര് ചിന്തിക്കണം. സ്ത്രീ-പുരുഷ സമത്വങ്ങളെ വിശദീകരിക്കുന്ന പ്രത്യേക അദ്ധ്യായം ദൈവ നിന്ദ :
വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന തലക്കെട്ടോടെ നല്കിയിട്ടുള്ളത് അതിപ്രധാനമാണ്. ജീവി എന്ന വ്യക്തി, സ്ത്രീയും പുരുഷനും എന്ന രണ്ടു ജീവികളായി വിഭജിക്കപ്പെടുന്നതും, മനുഷ്യാവസ്ഥയില് ആത്മീയസാക്ഷാത്ക്കാരത്തോട് അടുക്കുമ്പോള് ഭാര്യാഭര്ത്താക്കന്മാരായി നിരന്തര ജന്മങ്ങള് ഉണ്ടാകുന്നതും, ആത്മീയ സാക്ഷാത്ക്കാരത്തില് അവ ഒന്നായിത്തീരുന്നതും ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുള്ളത് മനുഷ്യരുടെ ചിന്താധാരകളെ സമ്പൂര്ണ്ണമായും ശുദ്ധിപ്പെടുത്തുന്നതാണ്.
പരിസര ശുചിത്വം : സ്വന്തം ശരീരത്തെ സ്നേഹിക്കണം. അതുപോലെ

ശരീരത്തിനു ചുറ്റുമുള്ള പരിസരങ്ങളെ ശക്തിക്കൊത്ത് ശുചിയാക്കുവാന് ശ്രദ്ധിക്കണം. സാധാരണ ശുചീകരണ ജോലികള്ക്ക് പ്രത്യേക പരിശീലന ക്ലാസ്സുകള് ആവശ്യമില്ലാത്തവിധം ദൈവം മഹാ-ഒരുക്കിയിരിക്കുന്നത്, രാജാവും പ്രധാനമന്ത്രിയും ഉള്പ്പെടെയുള്ളവര് കണ്മുന്നില് കാണുന്ന മാലിന്യത്തെ സ്വന്തം കൈകള്കൊണ്ടോ ഉപകരണങ്ങള്കൊണ്ടോ നീക്കംചെയ്യുവാന് കൂടിയാണ്. താമസിക്കുന്ന ഭവനത്തിലെയും തൊഴില് സ്ഥാപനത്തിലെയും തറയെയും മുറികളെയും, മേശ, കസേര തുടങ്ങിയ ഉപകരണങ്ങളെയും സ്നേഹിക്കുന്നവര് അവയെ ശുചിയാക്കാന് ശ്രദ്ധിക്കുന്നതു കാണാം. തങ്ങളുടെ ശരീരഭാഗമായി അവയെ കാണുമ്പോഴാണ് ഭവന/സ്ഥാപന ശുചീകരണം ശ്രദ്ധിക്കുന്നത്.

വ്യക്തിയുടെ/വ്യക്തികളുടെ/സ്ഥാപനത്തിന്റെ പ്രവര്ത്തനവുമായി ബന്ധപ്പെട്ടുള്ള മാലിന്യങ്ങള് പരിസര മലിനീകരണം ഉണ്ടാക്കാതെ അപ്പപ്പോള് നീക്കം ചെയ്യുവാന് വ്യക്തി / സ്ഥാപനത്തിന്റെ ഉടമയും തൊഴിലാളികളും ശ്രദ്ധിച്ചിരിക്കണം.

ഏതൊന്നിനെയും മനുഷ്യര് സ്നേഹിക്കുന്നതനുസരിച്ചാണ് ദൈവം ഓര്മ്മശക്തിയും മറ്റു ശക്തികളും മഹാഅനുഗ്രഹിച്ചു നല്കുന്നത്. കുടുംബാംഗങ്ങളെ സ്നേഹിക്കുന്നതനുസരിച്ച് അവരുടെ ഇഷ്ടങ്ങളും ഭക്ഷണകാര്യങ്ങളും രോഗങ്ങളും മരുന്നുകളും വ്യക്തികള്ക്ക് വിഷയമാകുന്നു. പരിസരങ്ങളെ സ്നേഹിക്കുമ്പോള്, പരിസര-ശുചിത്വം സംബന്ധിച്ചുള്ള ഓര്മ്മശക്തിയും മറ്റു ശക്തികളും നല്കുന്നു. വ്യക്തികളുടെ വിഷയ-സ്നേഹത്തെയും ദൈവം മാനിക്കുന്നു എന്നു സാരം.

തൊഴില് ശുചിത്വം : ഓരോ തൊഴിലിന്റെയും ധര്മ്മങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. മായ പ്രത്യക്ഷമാക്കും മുമ്പ് അദ്ധ്യാപകരും, ശേഷം മഹാശാസ്ത്രജ്ഞാനം ലഭിക്കുന്നവരും ചെയ്യേണ്ടുന്ന ഉത്തരവാദിത്തമാണത്. ഉദാഹരണമായി, കൃഷിയെ ഉദ്ധരിക്കാനും തെങ്ങുകൃഷിക്കാരെ സഹായിക്കാനും തെങ്ങുകൃഷിയെ വ്യവസായമായി കണക്കാക്കണം എന്നു നിയമമുണ്ടാക്കുന്ന ഇന്ത്യയിലെ പൂച്ചാണ്ടി ഭരണസമ്പ്രദായങ്ങളുടെ പൊള്ളത്തരം ശ്രദ്ധിച്ചാല് മതിയാകും. കൂടുതല് വിസ്തരിക്കുന്നില്ല.

ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യം :

വ്യക്തിസ്വാതന്ത്ര്യത്തെപ്പറ്റി ഈ ഗ്രന്ഥത്തില് വളരെയധികം വിശദീകരണങ്ങളുണ്ട്. ദൈവം തന്റെ കുഞ്ഞുങ്ങള്ക്കായി വിഭാവന ചെയ്തിട്ടുള്ള അനന്തമായ ആനന്ദങ്ങളെ സമമായും യഥോചിതവും ആസ്വദിക്കുവാന് ദൈവത്തിന്റെ കുഞ്ഞുങ്ങള്ക്ക് സാധിക്കണമെങ്കില്

ധര്മ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യം അവര്ക്കു ലഭിക്കേണ്ടതുണ്ട്. ദൈവീകമായ വ്യക്തിസ്വാതന്ത്ര്യത്തെ കൊടുംഭീകരരായ ഭരണാധികാരികളും നീതിപതികളും രാഷ്ട്രീയ പാര്ട്ടി നേതാക്കളും മതപുരോഹിതന്മാരും ധനവാന്മാരും ഒക്കെ കവര് ന്നെടുക്കുന്നതുകൊണ്ട് സമൂഹത്തില് ഭീകരവാദങ്ങള് വര് ദ്ധിക്കുന്നതിനെ വിശദീകരിച്ചുകൊണ്ടുള്ള നിരവധി അദ്ധ്യായങ്ങള് ഗ്രന്ഥത്തിലുണ്ട്.
ഹെല്മെറ്റിനെ ആധാരമാക്കി ചുവടെയുള്ള വിശദീകരണം ഗൗരവമായ ഉദാഹരണമാണ്.

ഹെല്മെറ്റ് :

ഹെല്മെറ്റ്, കുട, ഊന്നുവടി, തുടങ്ങിയവ ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും വ്യക്തിക്ക് ദൈവം നല്കിയിട്ടുള്ള സ്വാതന്ത്ര്യങ്ങളെ തട്ടിപ്പറിക്കാന് ഭരണകൂടം ശ്രമിച്ചുകൂടാ. ഹെല്മെറ്റ് പോലെയുള്ളവ നിര്മ്മിക്കുമ്പോള്, വ്യക്തിയുടെ മുഖം സുവ്യക്തമായി തിരിച്ചറിയുന്നതാവണം; അങ്ങനെയുള്ള ഹെല്മെറ്റ് ഉപയോഗിക്കുന്നത് നല്ലതാണെന്ന് ഉപദേശിക്കാമെന്നല്ലാതെ നിര്ബ്ബന്ധിക്കുവാന് ഭരണകൂടത്തിനും പൂച്ചാണ്ടിക്കോടതികള്ക്കും യാതൊരു അവകാശവുമില്ല. ദൈവം ഭൂമിയിലെങ്ങുമുള്ള അനേകകോടി മനുഷ്യരുടെ മുഖഛായ വ്യത്യാസപ്പെടുത്തിയിട്ടുള്ളത് സൗന്ദര്യത്തിന്റെ ഭാഗം മാത്രമായല്ല, വ്യക്തികള്ക്ക് അന്യോന്യം തിരിച്ചറിയാന്കൂടിയാണ്. അങ്ങനെയിരിക്കെ മുഖംമൂടികളായ ഇന്നത്തെ ഹെല്മെറ്റുകള് പൈശാചികങ്ങളാണ്. പൈശാചികമായവ കൊണ്ട് പൈശാചികമായ പിടിച്ചുപറികളും കള്ളത്തരങ്ങളും കാട്ടാനാവും, കാട്ടുന്നവരുമുണ്ട്. അത്തരം നീചകാര്യങ്ങളിലെ നീതിയെപ്പറ്റി കണ്ണടച്ചും കൊണ്ട് ഹെല് മെറ്റിനെയും അതുപോലുള്ളവയെയും ശരിവയ്ക്കുന്നവര് കൊടുംപാപികളാണ്. മരണം, അപകടമരണം, തുടങ്ങിയവയില് ദൈവത്തിന് യാതൊരു പങ്കുമില്ലെന്നതുപോലെ, ഹെല്മെറ്റിനെ നിര് ബ്ബന്ധമാക്കുന്ന നിയമം കടുത്ത ദൈവനിന്ദയാണ്. ബഹുവിധ രോഗങ്ങളെ ഉണ്ടാക്കുന്നതും, അവയ്ക്ക് മരുന്നുകളെ അറിയിക്കുന്നതുമൊക്കെ മഹാശക്തിയായ ദൈവം തന്നെയാണെന്നും, അവയെല്ലാം മഹാപ്രപഞ്ചത്തിലെ മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട മഹാകാര്യങ്ങളില് പെടുന്നുവെന്നും അറിയണം.
ദൈവം ഒരു സാധാരണ വ്യക്തിയെപ്പോലെ ഭൂമിയില് വന്നാല്, മനുഷ്യനു ദൈവം നല്കിയ സ്വാതന്ത്ര്യത്തെ, മനുഷ്യന് ദൈവത്തിനു നല്കില്ലാ എന്നായിരിക്കുന്നു. മനുഷ്യനായിട്ട് എത്തുന്ന ദൈവം ബൈക്കോടിക്കാന് തയ്യാറാകുന്ന അവസരത്തില്, ഹെല്മെറ്റ്

ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം ദൈവത്തിനുണ്ടാവണം. ഹെല്മെറ്റ് ഉപയോഗിക്കുവാന് ദൈവം ഇഷ്ടപ്പെടുന്നില്ലായെങ്കില്, ഹെല്മെറ്റ് ഉപയോഗിക്കുവാന് നിര്ബ്ബന്ധിക്കുന്നവര്ക്കെല്ലാം പാപവും ശിക്ഷയും ലഭിക്കുന്നതാണ്. എല്ലാ മനുഷ്യരെയും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാകയാല്, മനുഷ്യരെയെല്ലാം ഹെല്മെറ്റ് ഉപയോഗിക്കുവാന് നിര്ബ്ബന്ധിക്കുന്നവര്ക്കെല്ലാം പാപവും ശിക്ഷയും ലഭിക്കുമെന്നു കൂടിയാണ് അതിന്നര്ത്ഥം. മറ്റൊരുകാര്യം, നടന്നോ മറ്റോ യാത്രചെയ്യുന്ന സാധാരണ വ്യക്തിയെപ്പോലെയുള്ള ദൈവത്തെ, ഹെല്മെറ്റ് എന്ന മുഖംമൂടികളിട്ട് പിടിച്ചുപറിക്കാന് നടക്കുന്നവരില് നിന്ന് രക്ഷിക്കാന് ആരാണുള്ളത് ? വ്യക്തിയുടെ മുഖം സുവ്യക്തമായി തിരിച്ചറിയാത്തതായ ഹെല്മെറ്റ് പോലെയുള്ള മുഖംമൂടികളെ നിര്മ്മിക്കുവാനും ഉപയോഗിക്കുവാനും അനുവദിച്ചതിന്റെയും ആവശ്യപ്പെടുന്നതിന്റെയും പേരില് (അധമരായ) ഭരണാധികാരികള്ക്കും, ന്യായാധിപന്മാര്ക്കും അധമ-നിയമ നടത്തിപ്പുകാരായ പോലീസുകാര്ക്കും മറ്റും പാപവും ശിക്ഷയും വേറെ ലഭിക്കുമെന്നു കൂടി അറിയണം. ദൈവീകമായ കര്മ്മശാസ്ത്രവും (തൊഴിലും) സാമ്പത്തിക ശാസ്ത്രവും വ്യക്തികള് പിന്പറ്റുമ്പോള്, ഡ്രൈവിംഗ് ലൈസന്സ്, വ്യവസായ ലൈസന്സ്, വ്യാപാര ലൈസന്സ് തുടങ്ങിയവയും ആവശ്യമുണ്ടാകുന്നതല്ല. അധമമായ അഥവാ ധര്മ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും വ്യവസ്ഥിതികളെയും സംഘടനകളെയും വ്യക്തികള് പിന്പറ്റുമ്പോള്, വ്യക്തികള്ക്ക് അവയുടെ അടിമകളാവേണ്ടി വരുന്നതാണ്. ലൈസന്സിംഗ് സമ്പ്രദായങ്ങളെ ആവശ്യമെന്നു തോന്നുന്നതും അതുമായി ബന്ധപ്പെട്ട പേപ്പര് വര്ക്കുകളും അധമ-തൊഴിലുകളും ശ്രേഷ്ഠമെന്നോ ആവശ്യമെന്നോ അത്യാവശ്യമെന്നോ ഒക്കെ തോന്നുന്നതും അതുകൊണ്ടാണ്. ബഹുവിധ ഭീകരവാദങ്ങളെ സംബന്ധിച്ച ശാസ്ത്ര വിശദീകരണങ്ങള് ഗ്രന്ഥത്തില് നിന്നു പഠിക്കുമ്പോള് എല്ലാ സംശയങ്ങളും ഇല്ലാതാവുന്നതാണ്.

ഇരുചക്രവാഹന യാത്രക്കാര്ക്ക് ഹെല്മെറ്റ് നിര്ബ്ബന്ധമാക്കുന്നതിലൂടെ വളരെപ്പേരുടെ ആയുസ്സിനെയും ആരോഗ്യത്തെയും സംരക്ഷിക്കുവാന് തങ്ങള്ക്കു കഴിയുന്നുവെന്നും, തങ്ങള് നല്ല കാര്യമാണു ചെയ്യുന്നതെന്നും കരുതുന്ന ഏതാനും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെയുണ്ട്. മനുഷ്യസ്നേഹികളാണ് അവരെന്ന് പെട്ടെന്നു തോന്നിയെന്നും വരാം. ഭൂമിയിലെ എല്ലാ ജീവികളുടെയും എല്ലാ മനുഷ്യരുടെയും സൃഷ്ടികാര്യങ്ങളെയും, സ്ഥിതികാര്യങ്ങളെയും അഥവാ ധര്മ്മകാര്യങ്ങളെയും, നീതികാര്യങ്ങളെയും കോര്ത്തിണക്കുന്ന

മഹാനീതിശാസ്ത്രത്തെ മനസ്സിലാക്കാന് അവര്ക്ക് കഴിയുന്നില്ല; അവര് ശ്രമിക്കുന്നുമില്ല, അതാണ് വാസ്തവം. സ്ത്രീ-പുരുഷവ്യത്യാസം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, തൊഴില്, ഭാഷ, ദേശം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ടും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി, എന്നിവയെ കോര്ത്തിണക്കിക്കൊണ്ടും എല്ലാ ജീവികള്ക്കും ദൈവം മഹാസമനീതി നല്കുന്നതെങ്ങനെയെന്ന് അറിയാതെയും മനസ്സിലാക്കാന് ശ്രമിക്കാതെയും, അവര് പ്രവര്ത്തിക്കുകയാണ്. കുറേപ്പേരെ രക്ഷിക്കുന്നതായി അവര് കരുതുമ്പോള്, ഹെല്മെറ്റ് ഉപയോഗിക്കുന്ന എല്ലാവരും രക്ഷപെടുന്നില്ലായെന്നത് പ്രത്യേകം അറിയണം. വ്യക്തികള് മരിക്കുന്നു എന്നു പറയുമ്പോള് വ്യക്തികളുടെ ശരീരങ്ങളെ ദൈവം മരിപ്പിക്കുകയാണു സംഭവിക്കുന്നതെന്നും, ഒരു തരത്തില് അല്ലെങ്കില് മറ്റൊരുതരത്തില് വ്യക്തികളെ മരിപ്പിക്കേണ്ടത് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമാണെന്നും അറിയണം. യഥാര്ത്ഥത്തില് ജഡ്ജിമാരും മറ്റും ആരെയും രക്ഷിക്കുന്നില്ല, മറിച്ച് കടുത്ത ദൈവനിന്ദയിലൂടെ അനേകരുടെ സ്വാതന്ത്ര്യത്തെയും ആനന്ദത്തെയും കെടുത്തുകയും ജഡ്ജിമാരുടെ വ്യക്തിജീവിതത്തില് പുണ്യനാശത്തെ വിളിച്ചുവരുത്തുകയുമാണു ചെയ്യുന്നത്.

ഭൗതികശാസ്ത്ര വികസനത്തിലൂടെ ഉല്പാദിക്കപ്പെടുന്ന വസ്തുക്കള് ധര്മ്മശാസ്ത്രപരം ആയിരിക്കണം, വ്യക്തിയുടെ സ്വത്തുക്കളുടെ ഭാഗമാകുന്ന വസ്തുക്കളെ ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും വാങ്ങാനും വാങ്ങാതിരിക്കാനുമുള്ള സ്വാതന്ത്ര്യം വ്യക്തിക്ക് ഉണ്ടാവുകയും വേണം. ഹെല്മെറ്റ് ഉപയോഗിക്കുന്ന വ്യക്തിയുടെ മുഖത്തെ സുവ്യക്തമായി തിരിച്ചറിയുന്നതിന് തടസ്സമാകുന്ന ഹെല്മെറ്റുകള് ധര്മ്മശാസ്ത്രപരമല്ല അഥവാ ദൈവീകമല്ല. വ്യക്തിയുടെ മുഖത്തെ സുവ്യക്തമായി തിരിച്ചറിയുന്ന ഹെല്മെറ്റ് നിര്മ്മിക്കാന് കഴിയുമ്പോഴും, നിര്ബ്ബന്ധിക്കാന് ഭരണാധികാരികള്ക്ക് അവകാശമോ അധികാരമോ ഇല്ല. ഹെല്മെറ്റ് ഉള്പ്പെടെ അനേകം അനേകം കാര്യങ്ങളില് ധര്മ്മശാസ്ത്രത്തിന്റെ കാതലായ വ്യക്തിസ്വാതന്ത്ര്യത്തിന് നിയമപരമായി കടിഞ്ഞാണിടുന്നതിലൂടെ ഭരണാധികാരികളും ന്യായാധിപന്മാരും ഇന്ന് കടുത്ത ദൈവനിന്ദയാണ് ചെയ്യുന്നത്. മനുഷ്യരൂപികളായിരിക്കുന്നവര് സമൂഹത്തില് ധാര്മ്മികമായ അധഃപതനങ്ങളെ വര്ദ്ധിപ്പിക്കുന്നതുകൊണ്ടാണ് മണ്ണിലുള്ള ന്യൂനശക്തികളും പൈശാചിക ശക്തികളും നിമിത്തം പുതിയ രോഗങ്ങളും, സുനാമികളും, ഭൂകമ്പങ്ങളും ഒക്കെ ഉണ്ടാകുന്നതെന്നും, അവയെ

അടിസ്ഥാനപരമായിട്ട് സൃഷ്ടിച്ചിരിക്കുന്നതു ദൈവം തന്നെയാണെന്നും, മഹാനീതിശാസ്ത്രത്തിന്റെ ഭാഗം കൂടിയാണതെന്നും, നീതികാര്യങ്ങളിലും മരണ കാര്യങ്ങളിലും ദൈവത്തിനും പങ്കുണ്ടെന്നും അറിയണം. ആവക കാര്യങ്ങള് മുമ്പ് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ഇവിടെ വിസ്തരിക്കുന്നില്ല.
മത-ജാതി വ്യവസ്ഥിതികളിലെയും രാഷ്ട്രീയ വ്യവസ്ഥിതികളിലെയും ഒരുചില കാര്യങ്ങള് വ്യക്തികള്ക്ക് ഗുണകരമാണെന്നു വാദിക്കുന്ന പുരോഹിതന്മാരും നേതാക്കന്മാരും, തങ്ങള് നിമിത്തം ദൈവം സൃഷ്ടിച്ച മനുഷ്യന് എന്ന ജീവി തന്നെ ഭൂമിയില് ഇല്ലാതെ വന്നിരിക്കുന്നു എന്നതറിയുന്നില്ല, അറിയുന്നവര് മറയ്ക്കുകയും ചെയ്യുന്നു എന്നതുപോലെ ഭരണാധികാരികള് പ്രവര്ത്തിക്കരുത്. ദൈവം നല്കിയ വ്യക്തിസ്വാതന്ത്ര്യത്തെ ധര്മ്മശാസ്ത്രവിരുദ്ധമായി ഉപയോഗിച്ചതിനാല് മതജാതി-ജീവികളും രാഷ്ട്രീയജീവികളുമായി അധഃപതിച്ച മനുഷ്യരൂപികള് എങ്ങുമുണ്ടായിരിക്കുന്നു. മത-ജാതി-രാഷ്ട്രീയ-വര്ഗ്ഗ-ദേശീയ വാദങ്ങളിലൂടെ രൂപപ്പെടുന്ന കൊടിയ ഭീകരവാദങ്ങള് ഭൂമിയിലെ ജീവിതത്തിന് അധാര്മ്മികരൂപം നല്കിയുമിരിക്കുന്നു. നീതിപതികള് കൂടിയായ ഭരണാധികാരികള് ഏറ്റവുമധികം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങള്, ഹെല്മെറ്റുകളല്ല, മറ്റുചിലതാണ്. സ്വകാര്യമായ സെക്സിനെ പരസ്യമാക്കുന്നത് സമൂഹജീവിതത്തെ അസാദ്ധ്യമാക്കുന്നതാണ്; ദൈവം ചിട്ടപ്പെടുത്തിയിട്ടുള്ള നാഡീവ്യവസ്ഥയെ താളംതെറ്റിക്കുന്ന മദ്യത്തിന്റെ നിര്മ്മാണവും ഉപോഭോഗവും സമൂഹജീവിതത്തെ അസാദ്ധ്യമാക്കുന്നതാണ്. ഭൗതികശാസ്ത്ര-സുഖസൗകര്യങ്ങള് ഉപേക്ഷിച്ച് ഉടുവസ്ത്രത്തോടെ മാത്രം കാട്ടില് പോയി ജീവിക്കുന്നവര്ക്ക് മറ്റുള്ള ജീവികള്ക്കെന്നപോലെ ഏതുതരത്തിലുമുള്ള സെക്സും, മദ്യനിര്മ്മാണവും ഉപഭോഗവും ഒക്കെ ആകാമെന്ന് ധര്മ്മശാസ്ത്രം വിധിക്കുന്നുണ്ട്. ആവിധ കാര്യങ്ങളെ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടവരാണ് ഭരണാധികാരികളായ നീതിപതികള്. കാട്ടില് അനുവദിക്കാവുന്ന മദ്യത്തെ നാട്ടില് അനുവദിക്കുകയാല് സമൂഹത്തിലെ എല്ലാ മേഖലകളും അപകടത്തിലായിരിക്കുന്നതും കണ്ടൂടേ ? റോഡു നികുതി വാങ്ങുന്നവര് റോഡുകളെ സംരക്ഷിക്കുന്നതില് പരാജയപ്പെടുന്നതുകൊണ്ട് റോഡപകടങ്ങള് വര്ദ്ധിക്കുന്നത് കണ്ടൂടേ ? അടിസ്ഥാനപരമായ അത്തരം ഉത്തരവാദിത്തങ്ങളെ മറന്നുകൊണ്ട് ജീവിക്കുന്നവരാണ് മതപുരോഹിതന്മാരും രാഷ്ട്രീയക്കാരും ഒക്കെ ഉള്പ്പെട്ട ഇന്നത്തെ ഭരണാധികാരികളും ന്യായാധിപന്മാരും. ധര്മ്മശാസ്ത്രമനുസരിച്ച് പിശാചുക്കള്, കൊടുംഭീകരവാദികള്, കൊടുംകൊള്ളക്കാര് തുടങ്ങിയ

പേരുകളാണ് അവര്ക്ക് ചേരുക. അവരുടെ കൊടുംഭീകരത്വം ബോദ്ധ്യമാവാന് ഗ്രന്ഥത്തിലെ കര്മ്മശാസ്ത്രം (തൊഴിലുകള്), സാമ്പത്തികശാസ്ത്രം എന്നീ അദ്ധ്യായങ്ങള് പഠിച്ചാല് തന്നെ ധാരാളമാണ്. ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്നു വിശദീകരിക്കുന്ന അദ്ധ്യായത്തില്, അനേകര് അവമതിക്കുന്ന ഒരു നല്ല മനുഷ്യനുള്ള ദൈവീകയോഗ്യതകളെപ്പറ്റിയും, ന്യൂനശക്തികളിലൂടെ ദൈവം അദ്ദേഹത്തെ സംരക്ഷിച്ചിരിക്കുന്നതിനെപ്പറ്റിയും വിവരിച്ചിട്ടുള്ളത് മറ്റൊരു ഉത്തമപാഠമാണ്. ജഡ്ജിമാരും ഭരണാധികാരികളും മറ്റും വഴിപിഴച്ചുപോയവരാണെങ്കിലും ദൈവത്തിന്റെ കുഞ്ഞുങ്ങള് തന്നെയാണ് എന്നതുകൊണ്ടും, ഏറ്റവും കൊടിയ പാപിയായ കുഞ്ഞിനെയും തിരുത്തിക്കൊണ്ട് സമനീതി നല്കുവാന് മഹാപിതാവും മഹാമാതാവുമായ ദൈവം പ്രവര്ത്തിക്കുന്നു എന്നതുകൊണ്ടും, തന്റെ കുഞ്ഞുങ്ങളെ തിരുത്തുക എന്നതാണ് ശാസനകള്കൊണ്ടും ശിക്ഷകള്കൊണ്ടും ദൈവം ഉദ്ദേശിക്കുന്നത് എന്നതുകൊണ്ടും, ദൈവത്തിന്റെ ഇഷ്ടപ്രകാരം, കുഞ്ഞുങ്ങളെ ഈയുള്ളവന് കൂടുതല് ശാസിക്കുന്നില്ല.

ധര്മ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത നിയമങ്ങളെ അനുസരിക്കുവാന് ഭരണകൂടമെന്നും നീതിന്യായകൂടമെന്നും പേരിലുള്ള സമൂഹ-ഭരണസംവിധാനങ്ങള് വ്യക്തികളെ അഥവാ പ്രജകളെ നിര്ബ്ബന്ധിക്കുമ്പോള്, വ്യക്തികള് എന്തുമാര്ഗ്ഗത്തിലൂടെ പ്രതികരിക്കണമെന്നു വ്യക്തമാക്കുവാന് ഭരണാധികാരികള്ക്കും ജഡ്ജിമാര്ക്കും ബാദ്ധ്യതയുണ്ട്. ജനങ്ങള് അക്രമം കാണിക്കണമോ, നിശ്ശബ്ദം സഹിക്കണമോ, ഭീകരവാദവും ഭീകരപ്രവര്ത്തനങ്ങളും നടത്തണമോ, അതോ ദൈവത്തോടു പ്രാര്ത്ഥിച്ചാല് മാത്രം മതിയാകുമോ ?

ധര്മ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത നിയമങ്ങളെ അനുസരിക്കുവാന് ദൈവത്തിന്റെ കുഞ്ഞുങ്ങളായ വ്യക്തികളെ നിര്ബ്ബന്ധിക്കുന്നവരായ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങള്ക്കെല്ലാം പാപവും ശിക്ഷയും ഉണ്ടാകുമെന്നറിയിക്കുമ്പോള്, വിഷയത്തിന്റെ തീവ്രത മനസ്സിലാകണമെങ്കില് മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷകള് അറിയുകയും അനുഭവിക്കുകയും വേണം. ആവക കാര്യങ്ങള് ഓംസത്യം ഡോട്ട് കോം (ംംം.ീാമെവ്യമാ.രീാ) എന്ന വെബ്സൈറ്റില് ചേര്ത്തിട്ടുണ്ട്, ഹ്രസ്വമായി പറയാം:- ഉയര്ന്ന ഉദ്യോഗസ്ഥന്മാരെയല്ല, മറിച്ച് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയാണ് പോലീസ് സേന ഉള്പ്പെടെ

ഭരണകാര്യാലയങ്ങളില് പ്രവര്ത്തിക്കുന്നവര് ദിവസവും സല്യൂട്ടു ചെയ്യേണ്ടത്; ധര്മ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെ ആദ്യം തള്ളിക്കളയേണ്ടതും അവയോട് നിസ്സഹകരിക്കേണ്ടതും നിയമപാലകര് തന്നെയാവണം. അതു ചെയ്യാതെ ധര്മ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെ അഥവ വിഴുപ്പുകളെ ചുമക്കുന്നു എന്നതാണ് അവരുടെ മുഖ്യമായ ഒരു കുറ്റം. വേറെയും കുറ്റങ്ങളും തെറ്റുകളുമുണ്ട്, വിസ്തരിക്കുന്നില്ല. ധര്മ്മശാസ്ത്രത്തെ കൊഞ്ഞനം കുത്തിയതാണ് ഭരണാധികാരികളുടെയും ജഡ്ജിമാരുടെയും മുഖ്യമായ ഒരു കുറ്റം. വേറെയും കുറ്റങ്ങളും തെറ്റുകളും അവര്ക്കുമുണ്ട്, വിസ്തരിക്കുന്നില്ല. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട അതിഗൗരവ പാഠങ്ങളിലേക്കു കടക്കുമ്പോള്, മനുഷ്യന് 100 ജന്മങ്ങളുണ്ടെന്നും, സ്ത്രീ-പുരുഷന്, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, തൊഴില്, ഭാഷ, ദേശം തുടങ്ങിയ ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യര്ക്ക് സമനീതി ലഭ്യമാക്കുവാനായുള്ള മഹാസംവിധാനമാണ് 100 ജന്മങ്ങളെന്നും ശാസ്ത്രപരമായി വിശദീകരിച്ചിട്ടുള്ളതു കാണാം. തെറ്റുകളും കുറ്റങ്ങളും ചെയ്തവര്ക്ക് പുനര്ജ്ജനങ്ങളില് ജന്മഗുണങ്ങളില് നടപ്പാക്കുന്ന വ്യത്യാസങ്ങളിലൂടെ മഹാനീതിപതി കൂടിയായ ദൈവം ശിക്ഷകളും നല്കുന്നുണ്ട്. അതേസമയം, ധര്മ്മശാസ്ത്രകാര്യങ്ങളില് കടുത്ത ദൈവനിന്ദ കാട്ടിയവര്ക്ക് മറ്റുള്ള ജീവികളായും പുനര് ജ്ജനിക്കേണ്ടി വരുന്നതായ ശിക്ഷയുണ്ട്. സമൂഹത്തിലെ കീ-റോളുകളായ (സല്യ ൂീഹല) ഭരണത്തിലും നീതിന്യായത്തിലും വീഴ്ച വരുത്തിയവര്ക്ക് സല്യ എന്ന ഇംഗ്ലീഷ് പദവുമായി ബന്ധപ്പെട്ട കഴുത (റീസല്യ), കുരങ്ങ് (ീീസല്യ) എന്നീ ജന്തുക്കളായി പുനര് ജ്ജനിക്കേണ്ടതുണ്ട്, കൂടാതെ ചില അവസരങ്ങളില് മുജ്ജന്മഓര് മ്മകള്കൂടി നല്കി ശിക്ഷിക്കുന്നതുമാണ്.

കടുത്ത ദൈവനിന്ദ ചെയ്യുന്നവരെ, മഹാനീതിശാസ്ത്രത്തിലൂടെ മഹാനീതിപതിയായ ദൈവം, ശിക്ഷിക്കുന്നു എന്ന് സുവ്യക്തമായി അറിയാവുന്ന ദൈവദാസനായ ഈയുള്ളവന്, ജനങ്ങളോട് ഹെല്മെറ്റ് നിര്ബ്ബന്ധമാക്കല് ഉള്പ്പെടെയുള്ള യാതൊരു നിയമങ്ങളോടും അക്രമ മാര്ഗ്ഗത്തിലൂടെ പ്രതികരിക്കരുതെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു. ദൈവം നല്കിയിട്ടുള്ള ശക്തിക്കൊത്ത് പ്രതികരിക്കുവാന് ഓരോരുത്തര്ക്കും ബാദ്ധ്യതയുണ്ട്. ഈയുള്ളവന് ധര്മ്മശാസ്ത്രപരവും നീതിശാസ്ത്രപരവുമായ വ്യാഖ്യാനത്തിലൂടെ അതു ചെയ്തിരിക്കുന്നു. ബൈക്ക് ഓടിക്കുമ്പോള് ഇഷ്ടമല്ലാത്ത ഹെല്മെറ്റ് സ്വയം ഉപയോഗിക്കാതെ, ദൈവീകമായ ഗാന്ധിയന് നിസ്സഹകരണ മാര്ഗ്ഗത്തിലൂടെ അധാര്മ്മിക നിയമങ്ങളോട്

നിസ്സഹകരിക്കുകയും ചെയ്യുന്നു. ദൈവം തുണ. ഇത് വായിക്കുവാനും മനസ്സിലാക്കുവാനും ഭാഗ്യമുണ്ടാകുന്നവര്ക്ക് തങ്ങള്ക്ക് ദൈവം നല്കിയിട്ടുള്ള ശക്തിക്കൊത്ത് വിഷയത്തെ പ്രചരിപ്പിക്കാവുന്നതാണ്, ന്യായാധിപന്മാരായി വേഷംകെട്ടിയിട്ടുള്ളവരും ദൈവത്തിന്റെ കുഞ്ഞുങ്ങള്തന്നെയാണെന്നറിഞ്ഞ് അവരെയും തിരുത്താനായിട്ട് സ്നേഹത്തിന്റെ ഭാഷയിലൂടെ പരിശ്രമിക്കാവുന്നതാണ്. പോലീസ് സേനയിലെ അനേകരും ഹെല്മെറ്റിന് എതിരാണെന്ന് ഈയുള്ളവനറിയാം. ഹെല്മെറ്റില്ലാതെ ബൈക്കോടിക്കുന്ന പോലീസുകാരെ ഈയുള്ളവന് ഉള്പ്പെടെ അനേകര് കാണുന്നുമുണ്ട്. പുകവലി നിരോധനം കര്ശനമാക്കിയശേഷവും, പോലീസ് സ്റ്റേഷന്റെ ഉള്ളിലിരുന്ന് പുകവലിക്കുന്ന പോലീസുകാരെയും ഈയുള്ളവന് നേരിട്ടു കണ്ടിട്ടുണ്ട്. 2008-ലെ ഒരു ഹര്ത്താല് ദിവസം ഹെല്മെറ്റ് ഉപയോഗിക്കാത്തയാളുടെ പിന്നില് യാത്രചെയ്ത മന്ത്രിമാരുടെ വീഡിയോ ചിത്രങ്ങള് മാധ്യമങ്ങള് പ്രസിദ്ധീകരിച്ചതാണ്. കോടതികളിലെ ജഡ്ജിമാര് ഉള്പ്പെടെയുള്ളവര് കൈക്കൂലിയും അഴിമതിയും പീഢനങ്ങളും നടത്തുന്ന സംഭവങ്ങളും മാധ്യമങ്ങില് അസാധാരണമല്ല. ഇന്ത്യയിലെ ഭരണാധികാരികള് ഉപ്പുനികുതി ഏര്പ്പെടുത്തിയതിനെ തടയാന് പോലും കഴിയാഞ്ഞവരായ നീചരാണ് ഗാന്ധിയുടെ ചിത്രത്തിനു താഴെയിരുന്ന് (അ)ന്യായവിധികള് നടത്തുന്നത്. മഹാശാസ്ത്രത്തിന്റെ 4 ശാഖകളെപ്പറ്റിയും അവയുടെ ഉപശാഖകളെപ്പറ്റിയും അടിസ്ഥാനപരമായ അറിവുള്ളവരും, ധര്മ്മശാസ്ത്രം പ്രകാരം ജീവിക്കുന്നവരും, ഉന്നതമായ ദൈവീക അനുഭവങ്ങള് ഉള്ളവരും മാത്രമേ നീതിപതികള് കൂടിയായ ഭരണാധികാരികളാവാന് പാടുള്ളൂ. ധാര്മ്മികമായ തൊഴിലിലൂടെ സമ്പാദിച്ച പണംകൊണ്ടു വാങ്ങിയ ബൈക്കില് യാത്രചെയ്യുവാനുള്ള ഭാഗ്യം മന്ത്രിമാര്ക്കും ജഡ്ജിമാര്ക്കും ലഭിച്ചിട്ടുണ്ടാവില്ല. ഇന്നത്തെ കോടതി സമ്പ്രദായങ്ങള് ദൈവീകമല്ലെന്നും അധമമാണെന്നും ഗ്രന്ഥത്തില് നിന്നു പഠിക്കുമ്പോള് ; അധമ-ത്തൊഴില് ചെയ്ത്, അധമ വേതനങ്ങളും സ്വീകരിച്ച്, അക്കൂടെ സര്ക്കാര് കാറുകളില് അധമമായി സഞ്ചരിക്കുക കൂടി ചെയ്യുന്ന അവര്ക്ക് അധമ-നീതി നിര്വ്വഹിക്കുവാനേ കഴിയൂ എന്നത് വസ്തുതയാണ്. ഹെല്മെറ്റിന്റെ പേരില് നീതിന്യായകൂടത്തെ അടച്ചാക്ഷേപിച്ചത് വൈകാരിക പ്രകടനമല്ല ; മഹാശക്തിയായ ദൈവം താന് സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഉള്ളടക്കം ചെയ്തിട്ടുള്ള ധര്മ്മശാസ്ത്രപ്രകാരവും നീതിശാസ്ത്രപ്രകാരവും സമൂഹത്തിലെ വ്യക്തികളെ ഭരിക്കുകയും നീതിവിധിക്കുകയും ചെയ്യുക

എന്നത് ഭരണാധികാരിയുടെ അഥവാ രാജാവിന്റെയും മന്ത്രിമാരുടെയും ചുമതലയാണ് ; കോടതികള് അഥവാ ജഡ്ജിമാര് എന്നൊരു സംവിധാനത്തെ ധര്മ്മശാസ്ത്രം അനുവദിക്കുന്നില്ല. ധര്മ്മശാസ്ത്രം പ്രകാരമല്ലാത്ത കോടതികള് ഉള്പ്പെടെയുള്ള വ്യവസ്ഥിതികളും സംഘടനകളും സമൂഹത്തില് രൂപം കൊള്ളുമ്പോള്, അവയെ ന്യൂനശക്തികളിലൂടെ ദൈവം പ്രതിരോധിക്കുന്നതും, ന്യൂനശക്തികളുടെ പ്രവര്ത്തനം തിരുത്തലുകളുടെ ഭാഗമായി സമൂഹത്തില് ഭീകരപ്രവര്ത്തനങ്ങള് സൃഷ്ടിക്കുന്നതും, ദൈവം മായ പ്രത്യക്ഷമാക്കിക്കൊണ്ട്, മതജാതി ജീവികളും രാഷ്ട്രീയ ജീവികളുമൊക്കെയായി ജീവിക്കുന്ന മനുഷ്യരൂപികള് സൃഷ്ടിച്ച എല്ലാ അധമത്തങ്ങളെയും ശാസ്ത്രപരമായിത്തന്നെ അവസാനിപ്പിക്കുന്നതും, മേല്പടി ഗ്രന്ഥത്തില് വിസ്തരിച്ചിട്ടുണ്ട്. ആവര്ത്തിക്കുന്നില്ല.
ഹെല്മെറ്റ് നിര്ബ്ബന്ധമാക്കുന്ന പൈശാചിക പ്രവൃത്തികള്ക്കെതിരെ മുമ്പും ഈയുള്ളവന് ശക്തിക്കൊത്ത് പ്രതികരിച്ചിട്ടുണ്ട്. കേരളത്തിലെ ഹൈക്കോടതിക്കും, ന്യൂഡല്ഹിയിലുള്ള വലിയ കോടതിയിലേക്കും, ഭരണകൂടങ്ങള്ക്കും, ഒക്കെ വളരെ എഴുതിയതാണ്. ആവക കാര്യങ്ങളെ മുമ്പ് വെബ്സൈറ്റില് ചേര്ത്തിട്ടുമുണ്ട്. അവയെപ്പറ്റി അറിയുവാന് ചുവടെ ലിങ്കുകള് കൊടുത്തിട്ടുണ്ട്.
ഇന്നുള്ള ഹെല്മെറ്റുകളെ ധര്മ്മശാസ്ത്രപരമായി വ്യത്യാസപ്പെടുത്തേണ്ടതുണ്ട്. മനുഷ്യരുടെ മുഖത്തെ ഒട്ടും മറയ്ക്കാന് പാടില്ല. ഏതൊരു വ്യക്തിയെയും, ഹെല്മെറ്റു വെച്ചാലും വെച്ചില്ലെങ്കിലും, സുവ്യക്തമായി മുഖം തിരിച്ചറിയാന് കഴിയണം. കേരളത്തിലെയും മറ്റും പൂച്ചാണ്ടിക്കോടതികളിലെ ജഡ്ജിമാര്ക്കും മറ്റു പലര്ക്കും അത് മനസ്സിലാകാത്തത് അവരിലെ കടുത്ത അധമത്തം കൊണ്ടാണ്. ദൈവം ഉന്നതപ്പെടുത്തിയിട്ടുള്ള മുഖസൗന്ദര്യത്തെ മറയ്ക്കുന്ന ഇസ്ലാമിലെ അധമന്മാര്ക്കുകൂടി അതൊരു പാഠം ആവണം, അല്ലെങ്കില് മുഖസൗന്ദര്യം ഒട്ടുമില്ലാത്ത സ്ത്രീകളെ മാത്രം വിവാഹം ചെയ്യാന് കൂടി മതഭ്രാന്തന്മാര് തയ്യാറാവണം. കുടുതല് വിസ്തരിക്കുന്നില്ല.
ഹെല്മെറ്റ് ഉപയോഗിച്ച് വണ്ടിയോടിച്ചുകൊണ്ട് മോഷണവും പിടിച്ചുപറിയും മറ്റും നടത്തുമ്പോള്, പ്രതിയെ തിരിച്ചറിയാന് കഴിയാത്തതിന് മേല്പ്പടി ജഡ്ജിമാര് ഉള്പ്പെടെയുള്ളവര് സ്വകാര്യ നഷ്ടപരിഹാരം ചെയ്യണം. പോരാ, പാവങ്ങളെക്കൊണ്ട് നിര്ബ്ബന്ധിപ്പിച്ച് ഹെല്മെറ്റു വാങ്ങിപ്പിച്ചതിനും, പിഴയടപ്പിച്ചതിനും. പിഴച്ച ഭരണാധികാരികള് മാത്രമേ തങ്ങളുടെ യജമാനന്മാരായ ജനങ്ങളില് നിന്നും പിഴയെന്ന പേരില് സാമ്പത്തിക തട്ടിപ്പുകള് നടത്തുകയുള്ളൂ. പിഴ -സമ്പ്രദായങ്ങള് തീര്ത്തും ദൈവീകമല്ല.

മരണകാര്യത്തില് ദൈവത്തിന് യാതൊരു പങ്കുമില്ലായെന്നതുപോലെ ഹെല്മെറ്റ് നിര്ബ്ബന്ധമാക്കാന് എങ്ങനെ കഴിഞ്ഞു കുഞ്ഞുങ്ങളേ .. എത്ര ഘോരമായ ദൈവനിന്ദയാണ് നിങ്ങള് ചെയ്തത്. ദൈവം തന്റെ കുഞ്ഞുങ്ങള്ക്കു വ്യക്തിസ്വാതന്ത്ര്യം നല്കാനായിട്ട് എന്തെല്ലാം മഹാകാര്യങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്നു മനസ്സിലാക്കാന് സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തില് എന്ന അദ്ധ്യായത്തിലെ ഒരു ഭാഗം ചുവടെ ആവര്ത്തിക്കുന്നു :
// മഹാശക്തിയായ ദൈവത്തിന്റെ മഹാകരുണ, ദൈവത്തിന്റെ സമ്പത്തില് മനുഷ്യന് അവകാശം നല്കി അനുഗ്രഹിക്കുന്നുണ്ട്. അതെങ്ങനെയെന്നു വിശദീകരിക്കാം.
മറ്റുള്ള ജീവികളും ജീവിക്കുന്നു, എന്നാല് മഹാശക്തിയായ ദൈവം, മനുഷ്യനുമാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം നല്കി അനുഗ്രഹിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായാണ് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്ന് മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.
മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്, വസ്തുക്കളില് ദൈവം ഉള്ളടക്കംചെയ്തിരിക്കുന്ന ശക്തികളെ പ്രവര്ത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ദൈവം ശാസ്ത്രപാഠങ്ങള് ക്രമാനുഗതം വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവര്ത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖ സൗകര്യങ്ങള് ആസ്വദിക്കുവാനും അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങള് വെളിപ്പെട്ടു കിട്ടാന് ഒരുകൂട്ടം മനുഷ്യര് ശാസ്ത്രജ്ഞന്മാരെന്ന പേരിലും ഗവേഷകര് എന്ന പേരിലും കര്മ്മം അഥവാ തൊഴില് ചെയ്യേണ്ടതുണ്ട്. ശാസ്ത്രപാഠങ്ങള് പ്രകാരം ശാസ്ത്രസൗകര്യങ്ങള് കണ്ടെത്താനും അവയെ ഏതൊരാള്ക്കും പൊതുജനങ്ങള്ക്കും ലഭ്യമാക്കുന്നതിനും വീണ്ടും കര്മ്മം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ എല്ലാ ജീവിതമേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായി ബന്ധിപ്പിച്ചിരിക്കുകയാല്, എല്ലാ മേഖലകളിലും ശാസ്ത്രസാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തങ്ങളോളമുള്ള വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖസൗകര്യങ്ങള് ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കര്മ്മം ചെയ്യിച്ചുകൊണ്ടാണ്, അഥവാ

അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. ഒന്നുകൂടി വിശദമാക്കിയാല്, ശാസ്ത്രപാഠങ്ങളും ശാസ്ത്രസൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യര്ക്കു നല്കുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവര് അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവര് അറിയാതെ പോകുന്നു. ദൈവം അദ്ധ്വാനിപ്പിച്ചു എന്നത് സത്യമാണെന്നതുപോലെ, മനുഷ്യര് അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്. മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരമാണത്. മനുഷ്യര്ക്ക് ഭൂമിയിലെ വസ്തുക്കളില് അവകാശം ഉന്നയിക്കാനുള്ള അധികാരം ദൈവം തന്നെ മനുഷ്യര്ക്ക് നല്കുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാല്, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ച് ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാ-ആവിഷ്ക്കാരമാണത്. //
കുടുതല് വിസ്തരിക്കുന്നില്ല.

അത്യാവശ്യം

(1) കൃഷിക്കാരന് : മഹാശക്തിയായ മഹാദേവി വൈകാതെ മായ പ്രത്യക്ഷമാക്കുമ്പോള്, കൃഷിക്കാരെ സമൂഹത്തിന്റെ ഏറ്റവും മുന്നിലേക്ക് കൊണ്ടുവരുന്നതാണ്. ഭരണാധികാരികള് ഉള്പ്പെടെയുള്ളവരെ കൃഷിക്കാരുടെ വിനീത ദാസനരാക്കുന്നതാണ്. കേരളത്തിലെ കൃഷിക്കാര്യങ്ങളില് സംഭവിച്ചിട്ടുള്ള ഒരു വലിയ പിഴവിനെപ്പറ്റി പറയാം. വീടിനോട് ചേര്ന്ന പുരയിടങ്ങളില് ഭക്ഷണത്തിന് ഉപയോഗിക്കാവുന്ന കപ്പ പോലെയുള്ളവ കൃഷിചെയ്യണമെന്നതാണ് കൃഷി ശാസ്ത്രം. ജനവാസം കുറവായ മലകളില് നടേണ്ടതായ പൈശാചിക വൃക്ഷമായ റബ്ബറിനെ വീട്ടിലെ പുരയിടങ്ങളില് ഇന്നു നടുന്നുണ്ട്. ദൈവം കാക്കുന്നതുകൊണ്ട് കൊച്ചുകുഞ്ഞുങ്ങള് റബ്ബര് പാലു കുടിക്കുന്നില്ല, മരിക്കുന്നില്ല. ഇലകള് തിന്ന് വളര്ത്തുമൃഗങ്ങള് ചാകുമ്പോഴും മനുഷ്യന് തിരിച്ചറിവുണ്ടാകുന്നില്ല. കൂടുതല് വിസ്തരിക്കുന്നില്ല.

(2) പുഷ്പങ്ങള് : സസ്യങ്ങള്ക്കു വേണ്ടി മാത്രമല്ല, പുഷ്പങ്ങള് സൃഷ്ടിച്ചിട്ടുള്ളത്, മറ്റുള്ള ജീവികള്ക്കുവേണ്ടിക്കൂടിയാണ്. പശുവിനെ സംരക്ഷിക്കുന്നവര്ക്ക് പശുവില്നിന്നുള്ള ദാനങ്ങളും അഥവാ ഉല്പന്നങ്ങളും സ്വീകരിക്കാം എന്നതുപോലെ പുഷ്പ-സസ്യങ്ങളെ സംരക്ഷിക്കുന്നവര്ക്ക് പുഷ്പങ്ങള് ഉപയോഗിക്കാം. സ്ത്രീയെ കൂടുതല്

സുന്ദരിയാക്കുവാനും സുഗന്ധം, ജീവിതാനന്ദം എന്നിവ വര്ദ്ധിപ്പിക്കുവാനും കൂടിയാണ് ഭൂമിയിലെങ്ങും ബഹുവിധ-സുഗന്ധങ്ങളോടെയും വര്ണ്ണങ്ങളോടെയും സൗന്ദര്യരൂപങ്ങളോടെയും, പുഷ്പങ്ങള് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. മൃതശരീരങ്ങള്ക്കോ വിഗ്രഹങ്ങള്ക്കോ പ്രതിമകള്ക്കോ ചിത്രങ്ങള്ക്കോ പ്രയോജനപ്പെടുന്നില്ലാ എന്നതുകൊണ്ട് അവയ്ക്കുവേണ്ടി ഉപയോഗിച്ചുകൂടാ എന്നും വ്യക്തം.

(3) പ്രാര്ത്ഥന, ആരാധന, വിഗ്രഹ പൂജ, തുടങ്ങിയവ : അമ്മ കുഞ്ഞുങ്ങള്ക്ക് നല്കുന്ന മുലപ്പാല്, കുഞ്ഞുങ്ങള് അമ്മയ്ക്ക് തിരിച്ചുനല്കാനുള്ളതല്ല. എല്ലാ ജീവികളുടെയും മഹാമാതാവും സ്രഷ്ടാവുമായ ദൈവം മനുഷ്യര്ക്കു നല്കിയിരിക്കുന്ന വസ്തുക്കള്, ദൈവത്തിന് തിരിച്ചുകൊടുക്കാനുള്ളതല്ല. ദൈവത്തിനെന്ന പേരില് പ്രാര്ത്ഥനകളുടെയും പൂജകളുടെയും ആരാധനകളുടെയും വിഗ്രഹാരാധനകളുടെയും ഭാഗമായി പുഷ്പങ്ങളും പുഷ്പമാലകളും സ്വര്ണ്ണമാലകളും ഭക്ഷണപദാര്ത്ഥങ്ങളും സമ്പത്തും ഒക്കെ സമര്പ്പിക്കുന്നതും (നശിപ്പിക്കുന്നതും) ദൈവത്തിന്റെ പേരില് വസ്തുക്കള് പാഴാക്കുന്നതും കടുത്ത ദൈവനിന്ദയാണ്. ശാസ്ത്രീയമായ ആരാധന എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്.

വൈദ്യുതി കണ്ടെത്തും മുമ്പ് ദേവലായങ്ങളില് ആഘോഷകാലത്ത് വെളിച്ചം വര്ദ്ധിപ്പിക്കുന്നതിനുവേണ്ടി ദേവലായത്തിന് അകത്തും പുറത്തുചുറ്റും വളരെയധികം വിളക്കുകളും മെഴുകുതിരികളും ഉപയോഗിച്ചുവെങ്കില്, ആധുനിക കാലത്ത് വൈദ്യുതി വിളക്കുകളുണ്ട്. വൈദ്യുതി നിലച്ചാല് പകരത്തിന് ഒന്നോ രണ്ടോ വിളക്ക് അഥവാ മെഴുകുതിരി എന്നതിനു പകരം എണ്ണകൊണ്ടും മെഴുകുതിരി കൊണ്ടുമുള്ള അനവധി നിലവിളക്കുകളും ചുറ്റുവിളക്കുകളും ദേവാലയങ്ങളുടെ അകത്തും പുറത്തും വൈദ്യുതി വിളക്കുകളോടൊപ്പം ഉപയോഗിക്കുന്നത് ശാസ്ത്രത്തെ അഥവാ ദൈവത്തെ നിന്ദിക്കലാണ്. ദൈവത്തിനല്ല, മനുഷ്യര്ക്കാണ് വെളിച്ചം വേണ്ടതെന്നും, വെളിച്ചവും കാഴ്ചശക്തിയും മനുഷ്യര്ക്കും മറ്റുള്ള ജീവികള്ക്കും നല്കുന്ന മഹാശക്തിയായ ദൈവത്തിന് വെളിച്ചം വേണമെന്നു കരുതുന്ന മൂഢത്വം കടുത്ത ദൈവനിന്ദയാണെന്നും മനസ്സിലാക്കണം.

ആവശ്യം

(1) വാഹന വേഗത : വാഹനവേഗതയെക്കാള് കൂടുതല് നിയന്ത്രിക്കേണ്ടത് വാഹനങ്ങളുടെ എണ്ണത്തെയാണ്. വേഗത

കുറയ്ക്കാന് ആഗ്രഹിക്കുന്നത് നല്ലതാണ്, അതാവശ്യമുള്ളവര് നടക്കുകയും, സൈക്കിള് ഓടിക്കുകയും ഒക്കെ ചെയ്യുക. വേഗത്തില് പോകാനുള്ളതു കൂടിയാണ് വാഹനം. വേഗത്തില് പോകേണ്ടതായ അത്യാവശ്യമുള്ളപ്പോള് ഏതൊരു വ്യക്തിക്കും വേഗത്തില് പോകാന് കഴിയണം. ആംബുലന്സിനും മന്ത്രി-വാഹനത്തിനും മാത്രമല്ല വേഗം അതാവശ്യമാകുന്നത്. റോഡുകളെ ഗതാഗതയോഗ്യമാക്കാന് ഭരണകൂടത്തിനു കഴിയണം. ഭരിച്ചു തുടങ്ങിയിട്ട് വര്ഷങ്ങള് കഴിഞ്ഞാലും റോഡുകളെ ഗതാഗതയോഗ്യമാക്കാന് കഴിയാത്ത ഭരണാധികാരികളെ റോഡിലൂടെ യാത്രചെയ്യാന് അനുവദിക്കണമോ എന്ന് അവര് തന്നെ പറയട്ടെ....

സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തില് എന്ന അദ്ധ്യായത്തില് കുട്ടികള്ക്ക് വാഹനങ്ങളും മൊബൈല് ഫോണുകളുമൊക്കെ മാതാപിതാക്കള് വാങ്ങിച്ചുകൊടുത്തുകൂടാ എന്ന് സുവ്യക്തമാക്കിയിരുന്നു. കുട്ടികള് നടക്കട്ടെ. പ്രകൃതിയെയും ദൈവത്തെയും പഠിക്കട്ടെ. കുട്ടികളില് സ്വാശ്രയ ശീലം വളരട്ടെ. അവര് വളര്ന്ന് ധനം ഉണ്ടാക്കുകയും, അദ്ധ്വാനത്തിന്റെ മൂല്ല്യം മനസ്സിലാക്കുകയും, വാഹനങ്ങളും അവര്ക്കിഷ്ടപ്പെട്ടതൊക്കെയും വാങ്ങട്ടെ. അവരുടെ മഹാപിതാവും മഹാമാതാവുമായ ദൈവം അവര്ക്ക് ബുദ്ധിശക്തികളും ആരോഗ്യവുമൊക്കെ കൊടുത്തുകൊള്ളും. കുട്ടികളുടെ ലിംഗം, നിറം, സൗന്ദര്യം, ആരോഗ്യം, ആയുസ്സ്, ബുദ്ധിശക്തി, ഓര്മ്മശക്തി, തൊഴില് അഭിരുചി തുടങ്ങിയ യാതൊരു ജന്മഗുണങ്ങളിലും യാതൊരു പങ്കുമില്ലാത്തവരായ മനുഷ്യ-മാതാപിതാക്കളും നേതാക്കളുമൊക്കെ തങ്ങളുടെ തുച്ഛത്വം ഉള്ക്കൊണ്ടേ മതിയാകൂ.

അപ്പോള് വാഹനങ്ങള് ഇന്നുള്ളതിന്റെ നാലിലൊരു ഭാഗമായി കുറയുന്നതാണ്. ജീവിക്കാന് വാഹനം വേണം എന്നല്ലാതെ വാഹനത്തിനും പൊങ്ങച്ചങ്ങള്ക്കുമായി ജീവിക്കരുത്. വാഹനങ്ങള് കുറയുമ്പോള്, ഇന്ധനം കുറയ്ക്കാനാവും. ധനം നല്ല കാര്യങ്ങള്ക്കായി ചിലവു ചെയ്യാനാവും. പരിസ്ഥിതി സംരക്ഷണം. അങ്ങനെ എത്ര എത്ര ഗുണങ്ങള്. വാഹനങ്ങള് ഉള്പ്പെടെയുള്ള ജീവിത സൗകര്യങ്ങളില് ധര്മ്മശാസ്ത്രപരമായ നിയന്ത്രണങ്ങള് ഉണ്ടാകുമ്പോള്, ലോക പരിസ്ഥിതി സമ്മേളനങ്ങള് എന്ന പേരില് നടത്തുന്ന വ്യര്ത്ഥ-കോപ്രായങ്ങള് ഒഴിവാക്കാന് കഴിയുന്നതാണ്.

സംഹാരം ആരംഭിക്കുമ്പോള് വിമാനം, യന്ത്ര-ക്കപ്പല്, യന്ത്രബോട്ട്, മോട്ടോര് വാഹനങ്ങള് എന്നിവ ഒന്നൊന്നായി മഹാശക്തിയായ മഹാദേവി (പരമശിവനിലൂടെ) പിന്വലിക്കുന്നതാണ്. സംഹാരം

ആരംഭിക്കുന്നത് മായ പ്രത്യക്ഷമായ ശേഷം 500 വര്ഷങ്ങള് കൂടി കഴിഞ്ഞുമാത്രമാണ്. യാതൊരാളും ഖേദിക്കേണ്ട. 500 വര്ഷങ്ങള്ക്കു ശേഷം, അന്നു പുനര്ജ്ജനിച്ചു വരുന്നവര്ക്ക് മറ്റൊരു അത്യുന്നതമായ മാനസിക അവസ്ഥയാവും ഉണ്ടാവുക എന്നു പറയുമ്പോള്, അന്നത്തെ അവര് ഇന്നുള്ളവരേക്കാള് ആനന്ദിച്ചു ജീവിക്കുന്നതാണ് എന്നകൂടി അറിയുക. ഭൗതികശാസ്ത്ര വികസനം നടക്കുമ്പോഴും, ഭൗതികശാസ്ത്ര സൗകര്യങ്ങളെ പിന്വലിക്കുമ്പോഴും, 100 ജന്മങ്ങളിലൂടെ എല്ലാ മനുഷ്യര്ക്കും സമ-ആനന്ദം കൂടി മഹാനീതിപതിയായ മഹാദേവി ഉറപ്പാക്കുന്നുണ്ട്.

(2) വാഹന പുക : സാമ്പത്തികശാസ്ത്രം : ഭൂമിയിലെ ജീവിതത്തില് എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു.

ഭരണകൂടത്തിന്റെ ഭാഗമായ (രാജാവിനും), മന്ത്രിമാര്ക്കും, ന്യായാധിപന്മാര്ക്കും, ഉദ്യോഗസ്ഥ സമൂഹത്തിനും, സാധാരണ ജനങ്ങള്ക്കുമെല്ലാം തങ്ങള്ക്കെല്ലാം സമൂഹത്തില് സമ-അധികാരങ്ങള് മാത്രമാണുള്ളത് എന്നത് അറിയാതെ പോയിട്ടുണ്ട്. തൊഴിലുകള്-ആവശ്യം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. അല്പം ഉദ്ധരിക്കാം :

- // സമൂഹത്തിലെ പൊതുആവശ്യങ്ങള്ക്കും, ക്രമപ്രശ്നങ്ങള്ക്കും ധര്മ്മശാസ്ത്രപരമായ പരിഹാരം ഉണ്ടാക്കുക എന്നതാണ് ആവശ്യം എന്നതു തിരിച്ചറിയുമ്പോള് ആരുചെയ്യണം എന്നത് അപ്രസക്തമാകുന്നു. രാജാവിനും പോലീസ് സേനയക്കും സാധാരണ പ്രജയ്ക്കുമെല്ലാം ഏതൊരു സമയത്തും തുല്ല്യഅധികാരങ്ങള് മാത്രമാണ് ഉള്ളതെന്ന് സുവ്യക്തമാവുക കൂടിയാണ്. പ്രശ്നങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ജനങ്ങള്ക്കാണ് ഏറ്റവും ഉചിതമായ പരിഹാരം ആദ്യം ഉണ്ടാക്കാന് കഴിയുക എന്നതിന്റെ അടിസ്ഥാനത്തില്, ജനങ്ങള് അഥവാ വ്യക്തി ധര്മ്മശാസ്ത്രപരമായിട്ട് ഒരു സാമൂഹ്യപ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നുവെങ്കില് അതിനെ അംഗീകരിക്കുകയും അനുമോദിക്കുകയുമാണ് രാജാവും സേനയും ഉള്പ്പെടെയുള്ളവര് ചെയ്യേണ്ടത്. സമൂഹത്തെ യഥാര്ത്ഥത്തില് ഭരിക്കുന്നത് ധര്മ്മശാസ്ത്രം ആവുകയും, രാജാവ്, മന്ത്രി, സായുധസേന, സമൂഹത്തിലെ വ്യക്തികള് തുടങ്ങിയവരെല്ലാം ധര്മ്മശാസ്ത്രത്തെ പരിപാലിക്കുന്ന ഉപകരണങ്ങള് മാത്രമാവുകയും ചെയ്യുമ്പോള്, തെറ്റുകള് ചെയ്യുന്ന രാജാവിനെയും മന്ത്രിയെയും ഉള്പ്പെടെ ഏതൊരാളെയും ഏതൊരു സമയത്തും തിരുത്താനും ശിക്ഷിക്കാനും ആവശ്യമെങ്കില് കാട്ടിലേക്ക് തുരത്താനും നാട്ടിലെ ഏതൊരു വ്യക്തിക്കും ധര്മ്മശാസ്ത്രപ്രകാരം അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. //

(3) ചടങ്ങുകള് : ജനനം, മരണം, വിവാഹം: മനുഷ്യജീവിതത്തിലെ സുപ്രധാനമായ കാര്യങ്ങളെ മതങ്ങളും മതനേതാക്കന്മാരും മറ്റും ആകെ അലങ്കോലപ്പെടുത്തിയിട്ടുണ്ട്.
തങ്ങളുടെ ഉറ്റവരുടെ മരണത്തില് പങ്കുകൊള്ളുന്നതുപോലും വ്യക്തിയുടെ സ്വകാര്യമാണ്. ശവശരീരത്തെ കാണാന് പോകുന്നവര് മരണവീട്ടില് കോലാഹലങ്ങള് ഉണ്ടാക്കുന്നത് അധമമാണ്. തങ്ങള് അറിയുകപോലുമില്ലാത്തവരുടെ മൃതദേഹങ്ങളെ കാണുവാന് രാഷ്ട്രീയ നേതാക്കളും മതപണ്ഡിതന്മാരുമൊക്കെ പോകുന്നത് ഭീകരവാദമാണ്. റീത്തുകളും പുഷ്പചക്രങ്ങളും അതുപോലുള്ളവയും ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതുമൊക്കെ അധമമാണ്. ധര്മ്മശാസ്ത്രത്തെ കളങ്കപ്പെടുത്തുന്ന പാപികള്ക്ക് അളവുകളോടെയുള്ള ശിക്ഷകള് ഉണ്ട് എന്നറിഞ്ഞുകൊള്ളുക. അതുപോലെ മരണപ്പെട്ടവരെപ്പറ്റി തങ്ങള്ക്കു നിശ്ചയമില്ലാത്ത ഗുണങ്ങളെയും ദോഷങ്ങളെയും കൊട്ടിഘോഷിക്കേണ്ടതില്ല. ദൈവം നീതി നിശ്ചയിക്കുന്ന കാര്യങ്ങളില് ജനങ്ങള് ഒരാവശ്യവുമില്ലാത്ത അഭിപ്രായങ്ങള് പറഞ്ഞ് പാപവും ശിക്ഷയും പിടിച്ചുവാങ്ങേണ്ടതില്ല.
ശേഷക്രിയകളെ വരെ അധമങ്ങളാക്കിയിരിക്കുകയാണ്. എല്ലാം വേഷം കെട്ടലുകളും ദൈവത്തിന്റെ പേരില് കാട്ടിക്കൂട്ടുന്ന തട്ടിപ്പുകളുമായിരിക്കുന്നു. ധര്മ്മശാസ്ത്രപരമല്ലാത്ത ശേഷക്രിയകള് മനുഷ്യര് തങ്ങളുടെ കാര്യത്തില് പിന്പറ്റിക്കൂടാ. മതങ്ങള് കാട്ടിക്കൂട്ടിയ ധര്മമഭ്രംശത്തെപ്പറ്റിയും, ശേഷക്രിയകള് എങ്ങനെ വേണമെന്നും ചടങ്ങുകള് : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. മരിച്ചുകിടക്കുന്നരുടെ അഥവാ ശവത്തിന്റെ മുഖം മറയ്ക്കാന് പാടില്ല. (അപകടപ്പെട്ടും മറ്റും മുഖം വികൃതമായിട്ടുണ്ടെങ്കില് മാത്രം മറയ്ക്കുക). ശവത്തിന്റെ മുഖത്തു തുണിയിടുകയും, ശവം കാണാന് വരുന്നവരെ മുഖം കാണിക്കാനായി മുഖം മറച്ചിരിക്കുന്ന തുണി മാറ്റാനും വീണ്ടുമിടാനുമായി ആളെ വച്ചിട്ടുള്ളതും മുഖം മറയ്ക്കുന്നതും ദൈവീകമല്ല എന്നുകൂടിയാണ് വ്യക്തമാക്കിയത്.

(4) വധം
അതിഗൗരവമായ ഒരു വിഷയത്തെ ഈയുള്ളവന് അവതരിപ്പിക്കുകയാണ്. വളരെ ശ്രദ്ധയോടെ മാത്രം പഠിക്കുവാന് മഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിക്കട്ടെ :
മുമ്പ് വിശദീകരിച്ചിട്ടുള്ളതുപോലെ മഹാപ്രപഞ്ചത്തിന്റെ ഭൗതികശാസ്ത്രം അനുവദിക്കുന്നതായ ഏതൊരു കാര്യവും ചെയ്യാന് മനുഷ്യനു കഴിയുന്നതാണ്; എന്നാല് മനുഷ്യര് പ്രവര്ത്തിക്കേണ്ടത്

അഥവാ ജീവിക്കേണ്ടത് ധര്മ്മശാസ്ത്രം അനുസരിച്ചാവണം. മഹാപ്രപഞ്ചത്തിന്റെ ധര്മ്മങ്ങളെ ഉള്ക്കൊണ്ടുമാത്രം ഏതൊരു കാര്യവും ചെയ്യാനും ചെയ്യാതിരിക്കാനുമുള്ള സ്വാതന്ത്ര്യത്തെ മനുഷ്യര് ഉപയോഗപ്പെടുത്തണമെന്ന് ധര്മ്മശാസ്ത്രം മനുഷ്യരെ നിഷ്ക്കര്ഷിക്കുന്നുണ്ട്. ധര്മ്മശാസ്ത്രം പ്രകാരമല്ലാതെ മറ്റുള്ള മനുഷ്യരോടും ജീവികളോടും പെരുമാറുകയും അവരെ ഉപദ്രവിക്കുകയും വധിക്കുകയും ഒക്കെ ചെയ്യുന്നവരെ, മഹാപ്രപഞ്ചത്തിന്റെ മഹാനീതിശാസ്ത്രം പ്രകാരം മഹാനീതിപതിയായ ദൈവം ശിക്ഷിക്കുന്നതാണ്. വിശദീകരിക്കാം:-

മനുഷ്യര്ക്ക് സൃഷ്ടി നടത്താന് കഴിവില്ല. പരിപാലനം നടത്തുവാനും യഥാര്ത്ഥത്തില് കഴിവില്ല. ശാസ്ത്രീയമായ ആരാധന... എന്ന അദ്ധ്യായത്തില് മഹാപ്രപഞ്ചത്തിലെ സര്വ്വ ജീവികളുടെയും സൃഷ്ടിയും സ്ഥിതിയും മഹാനിര്വ്വഹിക്കുന്നത് മഹാശക്തിയായ മഹാദേവി മാത്രമാണെന്ന് സുവ്യക്തമാക്കിയിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളുടെയും മഹാനീതി മഹാനിര്വ്വഹിക്കുന്നത് മഹാനീതിപതിയായ മഹാദേവി തന്നെയാണ്, എങ്കിലും മഹാനീതിയിലെ ഒരു ഭാഗമായ വധത്തെ മനുഷ്യന് ചെയ്യാനാവും. ആടിനെയും കോഴിയെയുമൊക്കെ കൊല്ലാന് കഴിയുന്നത് അതുകൊണ്ടാണ്. കത്തികൊണ്ട് കുത്തിക്കൊല്ലാനും വിഷം കൊടുത്തു കൊല്ലാനും മറ്റും കഴിയുമ്പോള്, ഭൗതികശാസ്ത്രനിയമത്തിലൂടെ കൊല്ലാനും കൊല്ലാതിരിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദൈവം നല്കിയിരിക്കുന്നു എന്നാണര്ത്ഥം. ദൈവം മനുഷ്യന് നല്കിയിരിക്കുന്നതായ സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കേണ്ടത് ധര്മ്മശാസ്ത്രപരമായിട്ടായിരിക്കണം. ധര്മ്മശാസ്ത്രപരമായും ധര്മ്മശാസ്ത്രവിരുദ്ധമായും ഇടകലര്ത്തിയും ഒക്കെ മനുഷ്യര് വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കുന്നുണ്ട്. തന്റെ ഭാര്യയെയോ മാതാവിനെയോ മകളെയോ കടന്നുപിടിക്കാനും ഉപദ്രവിക്കാനും ശ്രമിക്കുന്ന ഒരാളെ തടയാന് ഒരുമ്പെട്ടപ്പോള്, അയാളെ കൊല്ലേണ്ടി വന്നുവെങ്കില്, അത് മനപ്പൂര്വ്വം ചെയ്തതല്ല. തന്റെ ഉറ്റവരെ സംരക്ഷിക്കേണ്ടതായ ധര്മ്മശാസ്ത്രപരമായ ചുമതലയാണ് അയാള് നിറവേറ്റിയത്. നാട്ടിലുള്ള ഭരണാധികാരിയുടെ പൂച്ചെണ്ടോ അഭിനന്ദനങ്ങളോ അയാള്ക്കു വേണ്ട. തന്റെ ഉറ്റവരെ രക്ഷിക്കാനായതിലുള്ള സംതൃപ്തിയും ഉറ്റവരുടെ സന്തോഷവുമേ വേണ്ടൂ. അപ്പോഴാണ് ഭരണകൂടം എന്ന ഏടാകൂടം പൂച്ചാണ്ടി നിയമങ്ങളുമായി അയാളെ കൊലയാളിയെന്നു വിശേഷിപ്പിക്കുന്നതും ന്യായവിചാരണ നടത്തുന്നതും അതിന്റെ പേരില് അയാളുടെയും

കുടുംബത്തിന്റെയും ധനവും ഊര്ജ്ജവും സമയവും സ്വസ്ഥതയും സമാധാനവും കെടുത്താനായി ഇറങ്ങിത്തിരിക്കുന്നത്. വധിക്കപ്പെട്ടവന്റെ ശരീരത്തെ അവിടെ നിന്ന് നീക്കംചെയ്യുകയും മറവുചെയ്യുകയും മാത്രമാണ് ഏടാകൂടത്തിന്റെ (ഭരണകൂടത്തിന്റെ) ചുമതല. ചരിത്രം പഠിച്ചിട്ടുള്ളവര്ക്ക് രാജാക്കന്മാരും മറ്റും അധമരായവരെ നിമിഷംകൊണ്ട് വധിക്കുന്നത് വായിച്ചിരിക്കും. രാമന്റെയും കൃഷ്ണന്റെയും ഒക്കെ ചരിത്രങ്ങളിലും അത്തരം സംഭവങ്ങളുണ്ട്. പ്രത്യേക സന്ദര്ഭങ്ങളില് അധമരെ വധിക്കേണ്ടി വരും. അതിന്, ഭരണകൂടം എന്ന ഏടാകൂടം തയ്യാറാക്കുന്ന ന്യായവിചാരണയും തൂക്കുകയറും തന്നെ വേണമെന്ന് നിര്ബ്ബന്ധം പിടിക്കുന്നത് ഏടാകൂടത്തിലിരിക്കുന്നവരെയും പൂച്ചണ്ടികളായ അന്യായാധിപന്മാരെയും തൂക്കുകയറിലിടാന് വൈകിയതുകൊണ്ടാണ്.

ജനങ്ങളെല്ലാം നിയമം കൈയ്യിലെടുക്കണമെന്നാണോ എന്ന ചോദ്യത്തിന് മുമ്പ് ഉത്തരം നല്കിയതാണ്. ഭാര്യയോട് അക്രമം കാട്ടാന് വരുമ്പോള് പോലീസിനെയും മന്ത്രിയെയും അന്വേഷിക്കുകയല്ല വേണ്ടത്. ജനങ്ങളെന്നു പറയുന്നത് ഓരോരോ വ്യക്തികളുമാണ്, അവരുടെ പ്രശ്നത്തില് ധര്മ്മശാസ്ത്രപരമായി പ്രവര്ത്തിക്കുവാന് അവര്ക്കു ബാദ്ധ്യതയുണ്ട്. ധര്മ്മശാസ്ത്രപരമായ നിയമം അറിയാവുന്നവര്ക്കെല്ലാം ശക്തിക്കൊത്ത് നിയമം കൈയ്യിലെടുക്കാം. എടുക്കണം. ഗാന്ധിയിലൂടെയും ദൈവം അത് കാണിച്ചുതന്നതാണ്. ജനങ്ങള്ക്കുവേണ്ടി ജനങ്ങളുടെ ചിലവില് കഴിയുന്ന പോലീസും ഭരണകൂടവും തന്നെ നിയമം കൈയ്യിലെടുത്താല് മാത്രമേ നിയമം നിയമം ആകുകയുള്ളൂ എന്നു കരുതുന്നത് തെറ്റാണെന്നു സാരം. ചുരുക്കി പറയുമ്പോള് : തൊഴിലുകള് : ആവശ്യം എന്ന അദ്ധ്യായത്തില് വ്യക്തമാക്കിയതുപോലെ ഏതൊരു പൗരനും അസാധാരണ സാഹചര്യത്തില് തങ്ങളെ ഉപദ്രവിക്കുന്ന വ്യക്തികളെ ധര്മ്മശാസ്ത്രപ്രകാരം വധിക്കാനുള്ള അവകാശവും അധികാരവുമുണ്ട്. പൗരന് എന്ന നിലയില് തങ്ങളെ ഉപദ്രവിക്കുന്ന വ്യക്തികളെ ധര്മ്മശാസ്ത്രപ്രകാരം വധിക്കാനുള്ള അതേ അവകാശവും അധികാരവും പോലീസുകാരനുമുണ്ട്. മേല്പ്പടി അദ്ധ്യായത്തില് വിഷയ-വിശദീകരണമുണ്ട്.

ഒരാളെ തല്ലാനും കൊല്ലാനും മനുഷ്യനു കഴിയുന്നത് ഭൗതികശാസ്ത്രം അത് അനുവദിക്കുന്നതുകൊണ്ടാണ്. ഭൗതികശാസ്ത്രത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശക്തിക്കൊത്ത് ധര്മ്മശാസ്ത്രപരമായി ഏതൊരാളും പ്രവര്ത്തിക്കുക തന്നെ വേണം. ധര്മ്മശാസ്ത്രപരമായിട്ടാണ് ഒരാളെയോ മറ്റുള്ള ജീവികളെയോ

കൊല്ലുന്നതെങ്കില് കൊന്നവന്റെ /കൊല്ലുന്നവരുടെ കൂടെയുമാണ് ദൈവം. ധര്മ്മശാസ്ത്രത്തെ അപഹസിക്കുന്നവരെയും, മറ്റുള്ളവരെ കൊല്ലുന്നവരെയും, കഠിനമായി വേദനിപ്പിക്കുന്നവരെയും ധര് മ്മശാസ്ത്രപരമായി ശിക്ഷിക്കുവാന് ദൈവം ഏതൊരാളെയും അനുവദിക്കുന്നുമുണ്ട്, പ്രസ്തുത ശിക്ഷ അപൂര്വ്വമായി വധം വരെയാകാം. മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് ജീവികളുടെ ശരീരങ്ങളെ ദൈവം കൊല്ലുന്നുണ്ട്, മരണം എന്ന് മനുഷ്യരിലൂടെ ദൈവം പേരിട്ടിരിക്കുന്നു എന്നേയുള്ളൂ. ഓംകാരനീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, കൊല്ലുന്നവര്ക്കും കൊല്ലപ്പെടുന്നവര്ക്കും അവരുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം മഹാസമനീതി നല് കുന്നുണ്ട് എന്നു മനസ്സിലാക്കാനാവുന്നതാണ്.
ധര്മ്മശാസ്ത്രപരമായ ന്യായവിചാരണകളെ മനുഷ്യര് തങ്ങള്ക്കു തോന്നുംപോലെ നീട്ടിക്കൊണ്ടു പോകാന് പാടില്ല. പൊതുഖജനാവ് പാഴാക്കരുത്. കൊല ചെയ്യപ്പെട്ടയാള് നല്ലവനോ കെട്ടവനോ ആകട്ടെ, അയാളുടെ കുടുംബത്തിന് സാമ്പത്തിക പരാധീനതകള് ഉണ്ടെങ്കില്, അവര്ക്ക് സഹായം ആവശ്യമുണ്ടെങ്കില് പൊതുഖജനാവ് ഉപയോഗിണം. കൊല ചെയ്തയാളുടെ കുടുംബത്തോടും അങ്ങനെ തന്നെ. മനുഷ്യ-നീതിപതിയുടെ മുകളില് മഹാനീതിപതിയും മഹാഭരണാധികാരിയുമായ മഹാദേവി ഉണ്ട് എന്നറിയണം. ഓക്സിജന് = ദൈവത്തിന്റെ വാതക രൂപം / സത്യരൂപം എന്ന അദ്ധ്യായത്തില് മനുഷ്യന്റെ ചിന്തകള് പോലും ദൈവം അറിഞ്ഞുകൊണ്ടിരിക്കുകയാണ് എന്നു വിശദീകരിച്ചിരുന്നു. കൊന്നവനും കൊല്ലപ്പെട്ടവനും സാക്ഷികള്ക്കും കള്ളസാക്ഷികള്ക്കും ദൈവത്തോട് യാതൊരു വേഷംകെട്ടലുകളും പറ്റില്ല.
മഹാനീതിശാസ്ത്രം എന്നുകൂടി പറയുന്ന ഓംകാരനീതിശാസ്ത്ര പ്രകാരം എല്ലാ കാര്യങ്ങളിലും മഹാനീതിപതിയായ മഹാദേവി മഹാനീതി നിര്വ്വഹിക്കുന്നതാണ്. ഭരണാധികാരികളുടെ മദ്യവിചാരം പോലെയുള്ള അധമത്തങ്ങള് കൊണ്ടാണ് മൊത്തത്തില് കാര്യങ്ങള് സംഭവിച്ചതെങ്കില്, ഭരണാധികാരികള്ക്കും ന്യായാധിപന്മാര്ക്കുമെല്ലാം ദൈവശിക്ഷയുണ്ട്. പാപവും പുണ്യവുമായി ബന്ധപ്പെട്ട കാര്യങ്ങള് മഹാനീതിപതിയായ ദൈവം നേരിട്ടു മഹാനിര്വ്വഹിക്കുന്ന മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.
അക്കാരണംകൊണ്ടുതന്നെ മനുഷ്യര് പൂച്ചാണ്ടിക്കോടതികളിലൂടെ അധമക്കസര്ത്തുകള് കാട്ടേണ്ടതില്ല. കോടതികള് ഉള്പ്പെടെയുള്ള ഭരണകൂട-നീതിന്യായ സമ്പ്രദായങ്ങള് രൂപപ്പെട്ടത് മുഖ്യമായും

മനുഷ്യരുടെ അധാര്മ്മിക പ്രവര്ത്തനങ്ങളും, ന്യൂനശക്തികളും, ആദ്യമഹാകാലചക്രത്തിലെ ഏതാനും പ്രത്യേക ഭരണാധികാരികളുടെ ദുഷ്ച്ചെയ്തികളും ചേര്ന്നാണെന്ന് മുമ്പ് വിശദമാക്കിയിരുന്നു. വിസ്തരിക്കുന്നില്ല. ആവശ്യമെങ്കില്, ദൈവം മഹാഅനുഗ്രഹിക്കുന്നുവെങ്കില്, മറ്റൊരിക്കല് കൂടുതല് വിശദീകരിക്കുന്നതാണ്.

(5) ദയാ വധം

അതിഗൗരവമായ മറ്റൊരു വിഷയത്തെ ഈയുള്ളവന് അവതരിപ്പിക്കുകയാണ്. വളരെ ശ്രദ്ധയോടെ മാത്രം പഠിക്കുവാന് മഹാശക്തിയായ മഹാദേവി അനുഗ്രഹിക്കട്ടെ :

മുകളില് വധത്തെപ്പറ്റി വിവരിച്ചതായ ശാസ്ത്രകാര്യങ്ങള് ആവര്ത്തിക്കുന്നു : // മഹാപ്രപഞ്ചത്തിന്റെ ഭൗതികശാസ്ത്രം അനുവദിക്കുന്നതായ ഏതൊരു കാര്യവും ചെയ്യാന് മനുഷ്യനു കഴിയുന്നതാണ്; എന്നാല് മനുഷ്യര് പ്രവര്ത്തിക്കേണ്ടത് ധര്മ്മശാസ്ത്രം അനുസരിച്ചാവണം. മഹാപ്രപഞ്ചത്തിന്റെ ധര്മ്മങ്ങളെ ഉള്ക്കൊണ്ടുമാത്രം ഏതൊരു കാര്യവും ചെയ്യാനും ചെയ്യാതിരിക്കാനുമുള്ള സ്വാതന്ത്ര്യത്തെ മനുഷ്യര് ഉപയോഗപ്പെടുത്തണമെന്ന് ധര്മ്മശാസ്ത്രം മനുഷ്യരെ നിഷ്ക്കര്ഷിക്കുന്നുണ്ട്. ധര്മ്മശാസ്ത്രം പ്രകാരമല്ലാതെ മറ്റുള്ള മനുഷ്യരോടും ജീവികളോടും പെരുമാറുകയും അവരെ ഉപദ്രവിക്കുകയും വധിക്കുകയും ഒക്കെ ചെയ്യുന്നവരെ, മഹാനീതിശാസ്ത്രം പ്രകാരം മഹാനീതിപതിയായ ദൈവം ശിക്ഷിക്കുന്നതാണ്.

.... മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളുടെയും മഹാനീതി മഹാനിര്വ്വഹിക്കുന്നത് മഹാനീതിപതിയായ മഹാദേവി തന്നെയാണ്, എങ്കിലും മഹാനീതിയിലെ ഒരു ഭാഗമായ സംഹാരത്തെ മനുഷ്യന് ചെയ്യാനാവും. .... കത്തികൊണ്ട് കുത്തിക്കൊല്ലാനും വിഷം കൊടുത്തു കൊല്ലാനും മറ്റും കഴിയുമ്പോള്, ഭൗതികശാസ്ത്രനിയമത്തിലൂടെ കൊല്ലാനും കൊല്ലാതിരിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദൈവം നല്കിയിരിക്കുന്നു എന്നാണര്ത്ഥം. ദൈവം മനുഷ്യന് നല്കിയിരിക്കുന്നതായ സമ്പൂര്ണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കേണ്ടത് ധര്മ്മശാസ്ത്രപരമായിട്ടായിരിക്കണം. ... ധര്മ്മശാസ്ത്രപരമായിട്ടാണ് കൊല്ലുന്നതെങ്കില് കൊന്നവന്റെ കൂടെയുമാണ് ദൈവം. .... ധര്മ്മശാസ്ത്രത്തെ അപഹസിക്കുന്നവരെയും, മറ്റുള്ളവരെ കൊല്ലുന്നവരെയും, കഠിനമായി വേദനിപ്പിക്കുന്നവരെയും ധര്മ്മശാസ്ത്രപരമായി ശിക്ഷിക്കുവാന് ദൈവം ഏതൊരാളെയും അനുവദിക്കുന്നുമുണ്ട്, പ്രസ്തുത ശിക്ഷ

അപൂര്‍വ്വമായി വധം വരെയാകാം. മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് ജീവികളുടെ ശരീരങ്ങളെ ദൈവം കൊല്ലുന്നുണ്ട്, മരണം എന്ന് മനുഷ്യരിലൂടെ ദൈവം പേരിട്ടിരിക്കുന്നു എന്നേയുള്ളൂ. // മുകളിലെ ഖണ്ഡികയിലെ അവസാന വാചകത്തെ ഒന്നുകൂടി വായിക്കുക : മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് ജീവികളുടെ ശരീരങ്ങളെ ദൈവം കൊല്ലുന്നുണ്ട്, മരണം എന്ന് മനുഷ്യരിലൂടെ ദൈവം പേരിട്ടിരിക്കുന്നു എന്നേയുള്ളൂ.
ചുവടെയുള്ളവ ശ്രദ്ധിക്കുക :-
(1) സൃഷ്ടിപരം : ഭൗതികശാസ്ത്രനിയമത്തിലൂടെ ഒരാളെ കൊല്ലാന്‍ കഴിയുന്നതാണ്... . സൃഷ്ടിപരമായ വാചകമാണ്.
(2) സ്ഥിതിപരം : കൊല്ലാനും കൊല്ലാതിരിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദൈവം നല്കിയിരിക്കുന്നു. ധര്‍മ്മശാസ്ത്രപരമായിട്ടാണ് കൊല്ലുന്നതെങ്കില് കൊന്നവന്റെ കൂടെയുമാണ് ദൈവം.
(3) സംഹാരപരം : മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് ജീവികളുടെ ശരീരങ്ങളെ ദൈവം കൊല്ലുന്നുണ്ട്, മരണം എന്ന് മനുഷ്യരിലൂടെ ദൈവം പേരിട്ടിരിക്കുന്നു എന്നേയുള്ളൂ,

ഇനി ദയാവധത്തെപ്പറ്റി പറയാം. ദയാവധത്തെപ്പറ്റി മനുഷ്യര് ചിന്തിക്കുന്നതെപ്പോഴാണ് ?
(1) തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവര്, ചുറ്റുമുള്ളവരോടോ, പ്രിയപ്പെട്ടവരോടോ തന്നെ വധിച്ച് സഹായിക്കണമെന്ന് അഭ്യര്‍ത്ഥിക്കുമ്പോള് .....
(2) തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവര്‍ക്ക് സംസാരശേഷി ഉള്പ്പെടെയുള്ള ശരീരശേഷികള് നഷ്ടപ്പെട്ടിരിക്കുമ്പോള്, അവര് മരണം ഇഷ്ടപ്പെടുന്നുവെന്ന് അവരെ സ്നേഹിക്കുന്നവര്‍ക്കു തോന്നുമ്പോള് .....
(3) തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് തിന്ന് ജീവിക്കുന്നവരെ, ഇനി ആനന്ദ-ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാന് വൈദ്യശാസ്ത്ര പ്രകാരം സാധ്യതകള് കുറവാണെന്ന് വൈദ്യശാസ്ത്രം പഠിച്ച വൈദ്യന്മാര് (ഡോക്ടര്) അഭിപ്രായപ്പെടുമ്പോള് ....
(4) തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് തിന്ന് ജീവിക്കുന്നവരും ഉറ്റവരായിരുന്നവരെ തങ്ങള് ആഗ്രഹിക്കുമ്പോലെയെല്ലാം അഥവാ നന്നായിട്ട് ശുശ്രൂഷിക്കുവാന് കഴിയാതെ വരുമ്പോഴും, അതില് കടുത്ത് വേദനിക്കുമ്പോഴും... (5)

കൂടുതല് വിസ്തരിക്കുന്നില്ല.
കൊല്ലാതെ മരിക്കാന് അനുവദിക്കാന് കഴിയുന്നു :
വ്യക്തിക്ക് യാതൊരു വേദനകളുമുണ്ടാകാതെ അവരെ വധിക്കാന് കഴിയുന്ന മരുന്നുകള് വികസിപ്പിക്കുവാന് വൈദ്യശാസ്ത്രത്തിലൂടെ മനുഷ്യരെ ദൈവം മഹാഅനുഗ്രഹിച്ചിട്ടുണ്ട്. വൈദ്യശാസ്ത്ര വികസനം ഇല്ലാത്തതായ കാലത്തും വിഷക്കായകളിലൂടെയും വിഷവേരുകളിലൂടെയും (അരളി), പാമ്പു വിഷത്തിലൂടെയും അനുവദിച്ചിട്ടുള്ള കാര്യമാണത്.
വിധിയിലേക്ക് വരാം :
(1) മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് മരണം എന്ന പേരോടെ, ദൈവം തന്നെ കൊല്ലട്ടെ എന്നു വാശിപിടിക്കുന്നത്, മനുഷ്യന്റെ കരുണയില്ലായ്മയാണ്. കടുത്ത വേദനകള് അനുഭവിക്കുന്നവരോട് കരുണ കാട്ടുവാന് ദൈവം അവസരം തരുമ്പോള് അത് ചെയ്യാതെ നോക്കുകുത്തികളാവുന്നു.
(2) സാധുക്കളായ മനുഷ്യരെ ആക്രമിക്കാനും, വെടിവെയ്ക്കാനും, കൊല്ലാനും തയ്യാറാവുന്ന ഭീകരവാദികള്ക്കും കൊടുംഭീകരവാദികളായ ഭരണാധികാരികള്ക്കും (മതാധികാരികള്ക്കും), തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവരോട് കരുണ കാട്ടുവാന് കഴിയുകയുമില്ല, യോഗ്യതയുമില്ല, എന്നിരിക്കെ, കടുത്ത വേദനകള് തിന്ന് ജീവിക്കുന്നവരോട് കരുണ കാട്ടുവാന് തയ്യാറാവേണ്ടത് ഉറ്റവരുടെ ബാദ്ധ്യതയാണ്. കടുത്ത വേദനകള് അനുഭവിക്കുന്നവരോട് കരുണ കാട്ടുവാന് ദൈവം അവസരം തരുമ്പോള് അത് ചെയ്യാതെ നോക്കുകുത്തികളാവുന്നത് പാപമാകുന്നു.
(3) മരണമെന്ന കരുണ തങ്ങള് കാട്ടിയാലും ഇല്ലെങ്കിലും, തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവര്ക്ക് പാപ-ബാക്കികളുടെ ഭാഗമായി വേദനകള് അനുഭവിക്കാന് യോഗമുണ്ടെങ്കില്, മഹാനീതിശാസ്ത്രത്തില് അതിന് മഹാപദ്ധതികളുണ്ട്, ദൈവം മഹാനീതിപതിയാണ്, അത് പൂര്ത്തീകരിക്കുന്നതാണ്.
(4) തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവരും, ഉറ്റവരുമായിരുന്നവരെ മരണത്തിലേക്ക് നയിക്കുന്ന വിഷമരുന്ന് തങ്ങള് നല്കുമ്പോള്, അഥവാ നല്കാന് കൂട്ടുനില്ക്കുമ്പോള്, തങ്ങള് നല്കുന്നത് വിഷമല്ല, മരുന്നാണ്; വധമല്ല, കരുണയാണ്.
(5) ദൈവത്തെ വിഷയമാക്കാതെ വിശകലനം ചെയ്യുമ്പോഴും, തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവരെ രക്ഷിക്കുകയാണ്, ശിക്ഷിക്കുകയല്ല.

(6) രക്ഷിക്കുക എന്ന ഉദ്ദേശത്തോടെ പ്രവര്ത്തിക്കുന്നവര്ക്ക് ദൈവം പുണ്യം നല്കുന്നു.

..... കൂടുതല് വിസ്തരിക്കുന്നില്ല.

വിധിയുടെ നടത്തിപ്പ് :

ഒരാളെ വധിക്കുന്നതിനേക്കാള് വിഷമമാണ് ദയാവധം നടപ്പാക്കുക എന്നത്. തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നവരായ തങ്ങളുടെ ഉറ്റവരായിരുന്നവരെ മരണത്തിലേക്ക് നയിക്കുന്ന വിഷമരുന്ന് തങ്ങള് നല്കുമ്പോള്, തങ്ങള് നല്കുന്നത് വിഷമല്ല, മരുന്നാണ്; മരണമോ വധമോ അല്ല, കരുണയാണ് ; എന്നും, ദൈവത്തെ വിഷയമാക്കാതെ വിശകലനം ചെയ്യുമ്പോഴും, കടുത്ത വേദനകള് അനുഭവിക്കുന്നവരെ രക്ഷിക്കുകയാണ്, ശിക്ഷിക്കുകയല്ലാ എന്നും, രക്ഷിക്കുക എന്ന ഉദ്ദേശത്തോടെ പ്രവര്ത്തിക്കുന്നവര്ക്ക് ദൈവം പുണ്യം നല്കുന്നു; എന്നുമൊക്കെ വിവരിച്ചെങ്കിലും തങ്ങളുടെ ഉറ്റവരെ മരണത്തിലേക്ക് തള്ളിവിടുവാന് ഭൂരിപക്ഷം പേര്ക്കും കഴിയുന്നതല്ല; നിലവില് ഈയുള്ളവനുപോലും മനക്കരുത്തില്ല.

അപ്പോള് പിന്നെന്ത് എന്ന ചോദ്യത്തിന് ഉത്തരമുണ്ട്. ദയാവധം നടപ്പാക്കുന്നതും നടപ്പാക്കേണ്ടതും ഉറ്റവരല്ല; ഉറ്റവര്ക്കു വേണ്ടി മറ്റൊരാളാണ്. ജനങ്ങളുടെ പൊതുകാര്യങ്ങള് നിവര്ത്തിക്കാനായിട്ട് ജനങ്ങള് ചുമതലപ്പെടുത്തിയിട്ടുള്ള ജനങ്ങളുടെ ദാസനായ പ്രാദേശിക ഭരണാധികാരിയാണ് അഥവാ രാജാവാണ് അതു ചെയ്യേണ്ടത്. ജനങ്ങളുടെയെല്ലാം നന്മയ്ക്കു വേണ്ടി പ്രവര്ത്തിക്കുകയും ജനങ്ങളെയെല്ലാം ഒരുപോലെ കാണുകയും ചെയ്യുന്ന രാജാവ്, ദയാവധം ചെയ്യേണ്ടത് തീരെ അവശരായിക്കൊണ്ട് കടുത്ത വേദനകള് തിന്ന് ജീവിക്കുന്നവരായ വ്യക്തിയുടെ ഉറ്റവര്ക്കുവേണ്ടിയല്ല; മറിച്ച് വേദന അനുഭവിക്കുന്ന വ്യക്തിക്കുവേണ്ടിയും, രാജാവിനും വേണ്ടിയാണ്. ദയാവധം ചെയ്യുന്ന രാജാവിന് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവന് പുണ്യവും ദൈവം നല്കുന്നു. രാജാവിന് മുഴുവന് പുണ്യവും ദൈവം നല്കുന്നതില് ഉറ്റവരായവര്ക്ക് സന്തോഷം മാത്രമാണുണ്ടാവുക എന്ന വിചിത്രവിശേഷം കൂടി സംഭവിക്കുന്നതാണ്. രാജാവിന്റെ ഒരു ജന്മത്തിലെ പാപം കുറഞ്ഞുകിട്ടുന്നതാണ്. ഒരാളെ ദയാവധം ചെയ്യുമ്പോഴും, 100 പേരെ ദയാവധം ചെയ്യുമ്പോഴും ഒരു ജന്മത്തിലെ പാപം മാത്രമേ കുറയുകയുള്ളൂ എന്നും, പുണ്യസമ്പാദനത്തിനായിട്ട് ദയാവധം ചെയ്യുന്നത് പാപമാകുമെന്നും, അധിക പുണ്യം ലഭിക്കാത്തതിന്റെ പേരില് രാജാവ് ദയാവധം ചെയ്യാതിരിക്കുന്നതും പാപമാണെന്നും കൂടി

അറിയണം. ആരാച്ചാര് എന്നൊരു വിഭാഗത്തെ ഒരുക്കിക്കൂടാ. നീതിശാസ്ത്രം പ്രകാരം വധം, ദയാവധം എന്നിവ ആവശ്യമാകുമ്പോള്, രാജാവു തന്നെ സ്വന്തം കൈകളാല് ചെയ്യേണ്ടതുണ്ട്. പാപവും പുണ്യവുമായി ബന്ധപ്പെട്ട കാര്യമാണത്. പോലീസും പട്ടാളവും ആരാച്ചാരും ഇടയില് പെട്ടാല് അവര്ക്ക് തീര്ച്ചയായും പാപത്തിന്റെ ഓഹരി ലഭിക്കുന്നതാണ്.

ഇന്ത്യ ഉള്പ്പെടെയുള്ള ഭൂരിപക്ഷം രാജ്യങ്ങളിലും ദയാവധം നിയമമായിട്ടില്ലാ എന്നതുകൊണ്ട്, ചങ്കൂറ്റമുള്ള മക്കള്ക്കും ഏതൊരാള്ക്കും ദയാവധം നടത്താവുന്നതാണ്. ദയാവധത്തില് കുണ്ഠിതം ഒട്ടുംവേണ്ടാ. ദയാവധം എന്ന പുണ്യപ്രവൃത്തി ചെയ്യുന്ന ഏതൊരു മനുഷ്യര്ക്കും 100 ജന്മങ്ങളുള്ളതില്, ഒരു ജന്മത്തിലുള്ള പാപത്തെ ദൈവം ഒഴിവാക്കി മഹാഅനുഗ്രഹിക്കുന്നതാണ്.

(6) ആത്മഹത്യ

കടുത്ത വേദനകളില് കഴിയുന്നവര്ക്ക് ദയാവധത്തെ ദൈവം അനുവദിച്ചിരിക്കുന്നു എന്ന് വായിച്ചറിയുമ്പോഴോ കേട്ടറിയുമ്പോഴോ, ആത്മഹത്യയും ദൈവം അനുവദിച്ചിട്ടുണ്ടാകും എന്നു കരുതിയാല്, കുഞ്ഞുങ്ങളേ നിങ്ങള്ക്കു തെറ്റി ; ആത്മഹത്യ ചെയ്യാന് ശ്രമിക്കുന്നവര്ക്ക് അതിനു സാധിച്ചാല്, മഹാപുനര്ജ്ജന്മസിദ്ധാന്തത്തിലൂടെ ദൈവം കനത്ത ശിക്ഷ നല്കുന്നതാണ്. സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങള്ക്ക് ആത്മഹത്യയെ തടയുന്നതിലെ ധര്മ്മശാസ്ത്രം എന്താണെന്ന് അറിയാന് കൊതിയുണ്ടാകും.

ആദ്യം വധത്തെയും ദയാവധത്തെയും കൂട്ടിയിണക്കിയുള്ള വിശദീകരണം നല്കാം :

(1) വധത്തില്, ഒരാളെ വധിക്കുകയാണ്, അഥവാ വധിക്കപ്പെടുകയാണ്. (2) ദയാവധത്തില്, കടുത്ത വേദന അനുഭവിക്കുന്ന ഒരാളോട് സമൂഹ ഭരണകൂടത്തിന്റെ ഭരണാധികാരിക്ക് അഥവാ രാജാവിന്, അഥവാ ഏതെങ്കിലുമൊരു വ്യക്തിക്ക്, കരുണ തോന്നുകയും കുടിക്കാന് വിഷം നല്കിക്കൊണ്ട് കടുത്ത വേദനകള് അനുഭവിക്കുന്നയാളെ മരണത്തിലേക്ക് നയിക്കുകയുമാണ്; അതേസമയം, ദയാപരമായാല് പോലും വധിക്കുകയാണ്. (3) സ്വാഭാവിക മരണം, അപകട മരണം, രോഗ-മരണം, തുടങ്ങിയവയില് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് ജീവികളുടെ ശരീരങ്ങളെ ദൈവം വധിക്കുകയാണ്, ദൈവം വധിക്കുന്നതിന് മരണം എന്ന് മനുഷ്യരിലൂടെ ദൈവം പേരിട്ടിരിക്കുന്നു എന്നേയുള്ളൂ.

വ്യക്തിയുടെ ഇഷ്ടങ്ങളെ നോക്കിയല്ല, ദൈവം വ്യക്തിയെ

ജനിപ്പിച്ചിട്ടുള്ളത്, എന്നപോലെതന്നെ വ്യക്തിയുടെ ഇഷ്ടങ്ങളെ നോക്കിയല്ല മരിപ്പിക്കുന്നതും (വധിക്കുന്നതും).
വ്യക്തി ആത്മഹത്യ ചെയ്യുമ്പോള്, വ്യക്തിയുടെ ഇഷ്ടത്തെ കരുതുകയാണ്. മഹാനീതിശാസ്ത്ര പ്രകാരം എല്ലാ കുഞ്ഞുങ്ങള്ക്കും മഹാനീതിപതിയായ ദൈവം മഹാനീതി നല്കുമെന്നിരിക്കെ, വ്യക്തി ആത്മഹത്യ ചെയ്യുമ്പോള്, അത് ദൈവത്തിന്റെ ഇഷ്ടത്തിനെതിരാണ്, അഥവാ മഹാനീതിശാസ്ത്രത്തിന് എതിരാണ്. കടുത്ത ദൈവനിന്ദയാണത്. വ്യക്തിയെ ദൈവം ജനിപ്പിച്ചിട്ടുള്ളത് ജീവിക്കാനാണ്. വ്യക്തി ജീവിക്കുക മാത്രമേ പാടുള്ളൂ. വേദന താങ്ങാനാവാതെ വരുമ്പോള് മരണം ആഗ്രഹിക്കുന്നുവെങ്കില് ചുറ്റുമുള്ളവരെയും, അവരിലൂടെ ഭരണാധികാരിയെയും അറിയിക്കുകയാണു വേണ്ടത്. ധര്മ്മശാസ്ത്രപ്രകാരം അവര് നിശ്ചയിച്ച് ഭരണാധികാരി നടപ്പാക്കുകയാണു വേണ്ടത്. അതായത് വ്യക്തിക്ക് ആത്മഹത്യ ചെയ്യാന് അവകാശം ഇല്ല തന്നെ.

(7) കെട്ടിട നികുതി, വസ്തു നികുതി, സേവന നികുതി, ആദായ നികുതി, വ്യാപാര നികുതി, തുടങ്ങി യാതൊരു നികുതികളും ദൈവം അനുവദിക്കുന്നില്ല :
അനാവശ്യമായ പേപ്പര് വര്ക്കുകളിലൂടെ മനുഷ്യരുടെ സ്വസ്ഥതയെയും സമാധാനത്തെയും ഊര്ജ്ജത്തെയും സമയത്തെയും ഒക്കെ ഒക്കെ പാഴാക്കുന്ന അധമ സമ്പ്രദായങ്ങളാണവ. വെള്ളം സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്.
ഉപ്പു നികുതിയെപ്പറ്റി അല്പം കുറിക്കേണ്ടതുണ്ട്. ഗാന്ധിജിയുടെ ദണ്ഡിയാത്രയുടെ 75-ാം വാര്ഷികങ്ങളും മറ്റും ആഘോഷിക്കുന്നവര് പ്രത്യേകം അറിയേണ്ട കാര്യമാണ്. വിദേശി, സ്വദേശി എന്നീ വിവേചനങ്ങള് ബാധിക്കാത്ത വിശ്വപൗരനായ ഗാന്ധിജിയുടെ എതിര്പ്പുകള് അടിസ്ഥാനപരമായി അധര്മ്മത്തിന് എതിരെ ആയിരുന്നു. ഇംഗ്ലീഷുകാര് ഉപ്പിന് നികുതി ചുമത്തിയപ്പോള് അദ്ദേഹം അതിനെ പ്രത്യക്ഷമായി എതിര്ത്തു, നിയമലംഘനം നടത്തുകയുംചെയ്തു. ഇന്ന് ഇന്ത്യയിലെ ഭരണകൂടങ്ങളെല്ലാം തന്നെ ഉപ്പിന് നികുതി ചുമത്തുകയാണ്. അങ്ങനെയിരിക്കെ ദണ്ഡിയാത്രയുടെ വാര്ഷികങ്ങള് എന്നപേരില് വേഷംകെട്ടല് നടത്തുന്നതിന് രാഷ്ട്രീയ പാര്ട്ടി നേതാക്കളെയും മറ്റും ഗാന്ധിജി ഇന്നുണ്ടായിരുന്നെങ്കില് തീര്ച്ചയായും തന്റെ ഊന്നു-വടികൊണ്ട് തലങ്ങനെയും വിലങ്ങനെയും ദണ്ഡിക്കുമായിരുന്നു.
ഭരണകൂടത്തിന്റെ പ്രവര്ത്തനങ്ങള്ക്കും, പൊതുജനങ്ങള്ക്ക്

ഉന്നതമായ സേവനങ്ങള് നല്കുന്നതിനുമായി ദൈവീകമായ സാമ്പത്തികശാസ്ത്രത്തിലൂടെ പൊതു ഖജനാവം സമ്പന്നമാക്കുന്നുണ്ട്. (8) ബാങ്കുകള്, ഇന്ഷ്വറന്സ് സ്ഥാപനങ്ങള്, കോടതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പി.എസ്.സി, തുടങ്ങിയ അനേകം സ്ഥാപനങ്ങള് ധര്മ്മശാസ്ത്രപരമല്ല. മഹാദേവി മായ പ്രത്യക്ഷമാക്കുമ്പോള്, അവയിലെ പ്രവര്ത്തകരും, ഭരണാധികാരികളും ചേര്ന്ന് സ്വയം അവയെല്ലാം പൂട്ടിക്കെട്ടുന്നതാണ്. മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഭൂമിയിലെങ്ങും മുഴങ്ങിക്കൊണ്ടിരിക്കുമ്പോള്, പാപികളെല്ലാം വിരളുന്നതാണ്. എന്നിരിക്കെയും അവരെ ആശ്വസിപ്പിക്കുന്ന അനേകം അനേകം കാര്യങ്ങള് മഹാവാത്സല്യമായ, മഹാമാതാവായ മഹാദേവി മഹാശാസ്ത്രത്തിലൂടെ, ഈ ഗ്രന്ഥത്തിലൂടെ മഹാ-ഒരുക്കിയിട്ടുണ്ട്. വിരളണ്ട കുഞ്ഞുങ്ങളേ, മഹാമാതാവ് നിങ്ങളെ ആശ്വസിപ്പിക്കുന്നതാണ്. കുഞ്ഞുങ്ങളെ വേദന അറിയിക്കാതിരിക്കാനായിട്ട് തജ്ജന്മത്തില് ശിക്ഷ നല്കുന്നത് അപൂര്വ്വമാണ്. മഹാനീതിപതിയായ മഹാദേവി മഹാ-പുനര്ജ്ജന്മസിദ്ധാന്തം പ്രകാരം ലഘുവോ മധ്യമമോ കടുത്തതോ ആയ വിപരീത പരിസ്ഥിതികളില് പുനര്ജ്ജനിപ്പിക്കുന്നതാണ്. എന്നാല് എത്ര കടുത്ത പാപിയും ദൈവത്തിനു തന്റെ കുഞ്ഞാണ്. മഹാനീതിപതിയായ മഹാദേവി, പരമശിവനിലൂടെയും ശിക്ഷകള് നല്കി പാപികളെ തിരുത്തുന്നതാണ്. മഹാവാത്സല്യവും മഹാമാതാവുമായ മഹാദേവി കുഞ്ഞുങ്ങളെ വാരിപ്പുണരുന്നതുമാണ്. മഹാനീതിപതിയായ മഹാദേവി, ശിക്ഷിച്ചതിനു ശേഷവും, പാപം ചെയ്ത വ്യക്തികള് ശിക്ഷ അനുഭവിച്ച് യോഗ്യരായ ശേഷവും മാത്രമാണ് മഹാമാതാവായ മഹാദേവി മഹാവാത്സല്യം നല്കുക.

(9) പെന്ഷന് : പെന്ഷനുകളും മറ്റനേകം കാര്യങ്ങളും ദൈവീകമല്ല. സാമ്പത്തിക പരാധീനതകള് ഉള്ളവര്ക്കെല്ലാം സാമ്പത്തിക സഹായം നല്കുക എന്നത് സാമ്പത്തിക ശക്തി കൂടുതലുള്ള ഭരണകൂടത്തിന്റെ ചുമതലയാണ്. എന്നാല് തങ്ങള്ക്കു തോന്നുമ്പോലെ പൊതുഖജനാവ് ഉപയോഗിക്കാന് അനുവാദമില്ല. ധര്മ്മശാസ്ത്രപരമായിട്ടു മാത്രമേ പൊതുഖജനാവില് നിന്ന് ചെലവുകള് പാടുള്ളൂ. ശാസ്ത്ര വിശദീകരണങ്ങള് തൊഴിലുകളെപ്പറ്റിയുള്ള അദ്ധ്യായങ്ങളിലുണ്ട്. ശുചിത്വം വിഭാഗത്തിന്റെ ഭാഗമായ അദ്ധ്യാപകര്, ഇന്ന് ആവശ്യം വിഭാഗത്തിന്റെ ഭാഗമായി അധഃപതിച്ചിട്ടുള്ളത് തിരുത്തപ്പെടുന്നതോടെ, ഭാവികാലങ്ങളില് ഉന്നതമായ മൂല്ല്യങ്ങള് സംരക്ഷിക്കപ്പെടുന്നതാണ്. ശാസ്ത്രീയമായ ആരാധനയുടെ ഭാഗമായിട്ട് ദേവാലയ നിര്

മ്മാണത്തെപ്പറ്റിയുള്ള വിശദീകരണങ്ങളില് നിന്ന് അത് സുവ്യക്തമാകുന്നുണ്ട്. ശാസ്ത്രീയമായ ആരാധന, ദേവാലയം, മഹാലിംഗം, മഹാദശമി, ശിവരാത്രി, മഹാശിവരാത്രി എന്ന അദ്ധ്യായം കാണുക.

(10) ജോലിയില് നിന്ന് വിരമിക്കല് : ഓരോ വ്യക്തിയുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം, വ്യക്തിഗത പ്രശ്നങ്ങള്, ഇഷ്ടങ്ങള് തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തി മുഖ്യമായും വ്യക്തിതന്നെ നിശ്ചയിക്കുന്നതും നിശ്ചയിക്കേണ്ടതുമായ വ്യക്തിയുടെ സ്വകാര്യമാണത്. വ്യക്തിക്ക് 50 വയസ്സുവരെയോ 100 വയസ്സുവരെയോ തൊഴില് ചെയ്യാം, വ്യക്തിക്ക് സ്രഷ്ടാവ് നല്കിയിട്ടുള്ള സ്വാതന്ത്ര്യത്തിന്മേല് കൈകടത്താന് സമൂഹത്തിലെ മറ്റുള്ള വ്യക്തികള്ക്കോ ഭരണകൂടത്തിനോ അവകാശമോ അധികാരമോ ഇല്ല. സൃഷ്ടിപരമായ വിധി പ്രകാരം മനുഷ്യന്റെ ശരാശരി ആയുസ്സ് 50 ആണെന്നതിന്റെ അടിസ്ഥാനത്തില് 50 വയസ്സുവരെ നിര്ബ്ബന്ധമായും തൊഴില്ചെയ്യണമെന്നത് പൊതുവെയുള്ള ദൈവീക-അറിയിപ്പായി കണക്കാക്കുകയും വേണം. ഏതൊരു വ്യക്തിയും ജീവിക്കുന്നത് ആനന്ദിക്കാനാണ് എന്ന അടിസ്ഥാനകാര്യം ആനന്ദം, പരമാനന്ദം, മഹാആനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. ഇന്നത്തെ ഭരണകൂടങ്ങള് രാഷ്ട്രീയ-നേതാക്കള് ഒഴികെയുള്ളവര്ക്ക് പ്രായപരിധി ഏര്പ്പെടുത്തിയതിനെ അംഗീകരിക്കുകയും അനുവദിക്കുകയും ഒക്കെച്ചെയ്യുവാന് കോടതികള് ഉള്പ്പെടെയുള്ളവര് തയ്യാറായതുതന്നെ ഭരണാധികാരികളും കോടതികളിലെ ന്യായാധിപന്മാരുമെല്ലാം കൊടിയ നീചരും ഭീകരവാദികളുമാണെന്നത് തെളിയിക്കുന്നുണ്ട്.

(11) പെട്രോള്, ഡീസല് തുടങ്ങിയവ ജനങ്ങള്ക്കു ലഭ്യമാക്കുമ്പോള്, ഭരണകൂടം നടത്തുന്ന കൊടും കൊള്ള അവസാനിപ്പിക്കണം. വാങ്ങുന്ന വിലയോട്, നടത്തിപ്പു ചെലവും, നടത്തിപ്പുകാരന്റെ ജീവിതച്ചെലവും ചേര്ത്തു വാങ്ങുക എന്നത് വ്യാപാര സദാചാരമാണ്. ഭരണകൂടം അതു ചെയ്യുമ്പോള് ജീവിതച്ചെലവ് വേറെ നല്കുന്നതിനാല്, വാങ്ങുന്ന വിലയോട് നടത്തിപ്പുചെലവ് ചേര്ത്തുള്ള വില വാങ്ങുക എന്നത് ലളിതമാണ്. ഭരണകൂടത്തിന്റെ സ്നേഹം കൊണ്ട് ഗ്യാസിനും മണ്ണെണ്ണയ്ക്കും അങ്ങനെ സ്നേഹം ചെയ്തു, ഇങ്ങനെ വിലകുറച്ചു എന്നൊന്നും പറയേണ്ട. യാതൊരു ഭരണാധികാരിയുടെയും സൗജന്യം ജനങ്ങള്ക്കു വേണ്ട. ഭരണാധികാരിയുടെ സ്വകാര്യ സമ്പത്തില് നിന്നല്ല സൗജന്യം. യാതൊരു വേഷംകെട്ടലുകളും വേണ്ട. ഉദാഹരണം പറഞ്ഞാല്, 15 രൂപയ്ക്ക് 1 ലിറ്റര് പെട്രോള് വാങ്ങാന് കഴിയുമ്പോള്,

നടത്തിപ്പു ചെലവ് 1 രൂപയാകുന്നുവെങ്കില്, 16 രൂപയ്ക്ക് ജനങ്ങള്ക്ക് പെട്രോള് വില്ക്കണം. അതിനു കഴിവില്ലാത്തവരും തയ്യാറാവാത്തവരുമായ കൊടുംപാപികള് ഭരിക്കാതിരിക്കുകയെങ്കിലും വേണം.

(12) മഴക്കെടുതി, വരള്ച്ച : കേന്ദ്രസഹായം

മഴക്കെടുതി, വരള്ച്ച, ഭൂകമ്പക്കെടുതി, തുടങ്ങിയവയെ പഠിക്കുവാനും വിശകലനം ചെയ്യുവാനും നഷ്ടങ്ങളെ വിലയിരുത്തിക്കൊണ്ട് കേന്ദ്രസഹായം അനുവദിക്കാനുമൊക്കെ സംസ്ഥാനത്തിലെ സര്ക്കാരിന്റെ ഉദ്യോഗസ്ഥര് റിപ്പോര്ട്ടുകള് തയ്യാറാക്കുന്നതും, കേന്ദ്രസര്ക്കാരിന് അയച്ചുകൊടുക്കുന്നതും, കൊണ്ടുക്കൊടുക്കുന്നതും, അവിടത്തെ മന്ത്രിമാരും ഉദ്യോഗസ്ഥരും ഒക്കെ അവയെ പഠിച്ച് ദുരിതപ്രദേശങ്ങള് സന്ദര്ശിക്കുന്നതും, പുതിയ റിപ്പോര്ട്ടുകള് തയ്യാറാക്കുന്നതും, അവയുടെയെല്ലാം പേരില് ധനം, ഊര്ജ്ജം, സമയം, തുടങ്ങിയവ പാഴാക്കുന്നതും ഇന്ത്യയില് സാധാരണമാണ്. ആവിധ കാര്യങ്ങളിലുള്ള കാലതാമസങ്ങളെയും മറ്റും പരിഹരിക്കാന് എന്തുചെയ്യാനാവുമെന്ന് നിര്ദ്ദേശങ്ങള് സമര്പ്പിക്കാനായിട്ട് കമ്മിറ്റികളെ നിയമിക്കുമ്പോള്, അവയുടെ പേരിലും ധനം, ഊര്ജ്ജം, സമയം, തുടങ്ങിയവയെ കൂടുതല് പാഴാക്കാന് കഴിയുന്നതാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ ദൈവം മഹാപ്രപഞ്ചത്തിലെ മൂലകങ്ങളില് സ്ഥാപിച്ചിട്ടുള്ളതായ സ്ഥിതി-നിയമങ്ങള് അഥവാ ധര്മ്മശാസ്ത്രം മാത്രമേ മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങള്ക്കും ചേരുകയുള്ളൂ എന്നും അവയെ പിന്പറ്റുകയല്ലാതെ മറ്റു വഴികളില്ലായെന്നും അറിയുക, കുഞ്ഞുങ്ങളേ. ദൈവീകമായ തൊഴില് വിഭജനം, തൊഴിലുകളുടെ ധാര്മ്മികശുദ്ധി, ഭരണകൂടത്തിന്റെ നിര്മ്മിതി, സാമ്പത്തികശാസ്ത്രം തുടങ്ങിയ കാര്യങ്ങളെ ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്. ധര്മ്മശാസ്ത്രം പ്രകാരം, സമ്പൂര്ണ്ണമായും സ്വതന്ത്രമായ സംസ്ഥാന സര്ക്കാരുകളുടെ പൊതു ആവശ്യങ്ങളെ നിറവേറ്റുവാനുള്ള ഒരു സംവിധാനം മാത്രമാവണം കേന്ദ്ര ഭരണകൂടം. കേന്ദ്ര ഭരണകൂടത്തിന്റെ ധര്മ്മശാസ്ത്രപരമായ ചിലവുകള്ക്ക് ആവശ്യമായ ധനം, സംസ്ഥാന സര്ക്കാരുകള് നല്കണം എന്നല്ലാതെ, സംസ്ഥാന ഭരണകൂടത്തിന്റെ ഭാഗമായ ജനങ്ങളില് നിന്ന് യാതൊരു നികുതികളും പിരിച്ചെടുക്കുവാന് കേന്ദ്രഭരണകൂടത്തിന് കഴിയുന്നതല്ല. ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം സംസ്ഥാന ഭരണകൂടങ്ങളുടെ പ്രവര്ത്തനങ്ങള്ക്ക് ആവശ്യമായ ധനം സ്വതവേ ലഭിക്കുന്നതാണ്; ജനങ്ങളുടെ മേല് യാതൊരു നികുതികളും അവരും ചുമത്തിക്കൂടാ; ദൈവീകമായ സാമ്പത്തികശാസ്ത്രം എല്ലാ

പൊതുആവശ്യങ്ങളെയും പരിഹരിക്കുന്നതാണ്. പ്രദേശങ്ങളില് കെടുതികള് ഉണ്ടാവുമ്പോള്, അവയെ സ്വന്തമായി തരണംചെയ്യാനുള്ള ശക്തികള് കുറവായിരിക്കുമ്പോള്, മറ്റു സംസ്ഥാനങ്ങളില് നിന്ന് കടംകൊള്ളുക, സൗജന്യസഹായം സ്വീകരിക്കുക, എന്നല്ലാതെ ആദ്യഖണ്ഡികയില് പറഞ്ഞതായ അധമത്തങ്ങള് ആവശ്യമാകുന്നതല്ല. അയല്പ്രദേശത്തെ കെടുതികളെ കണ്ടും അറിഞ്ഞും സഹായിക്കേണ്ടത് അയല്ക്കാരന്റെ കടമയും അയാളുടെ (നാളെയുടെ) ആവശ്യവുമാണ്.

തങ്ങളുടെ വീട്ടില് ടെലിവിഷന് വേണമോ, വേണ്ടയോ തുടങ്ങിയ ഓരോരോ കാര്യങ്ങളും കുടുംബത്തിലെ വ്യക്തികള് തീരുമാനിക്കുമ്പോലെ, സംസ്ഥാനത്തിലെ ജനങ്ങളുടെ ആവശ്യങ്ങളായ റെയില്വെ വികസനം, വ്യോമ ഗതാഗത വികസനം തുടങ്ങിയ കാര്യങ്ങള്ക്ക് കേന്ദ്രഭരണകൂടം എന്നൊരു സൂത്രത്തിന്റെ പിന്നാലെ സംസ്ഥാനത്തിലെ മന്ത്രിമാരും എം.പി.മാരുമൊക്കെ തെണ്ടിനടക്കുന്നതായ ഇന്നത്തെ ഏറ്റവും നീചമായ അവസ്ഥയും അപ്പോള് അവസാനിക്കുന്നതാണ്. വിസ്തരിക്കുന്നില്ല.

മായ പ്രത്യക്ഷമാകുമ്പോള്, ഭരണത്തില് നിന്നും ഒളിച്ചോടാന് ഭരണാധികാരികളെ അനുവദിക്കുന്നതല്ല. ഭരണത്തില് ത്തന്നെ തുടര്ന്ന് ധര്മ്മശാസ്ത്രപരമായിട്ട് ഓരോന്നും തിരുത്തണം. തിരുത്തിപ്പിക്കുവാന് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ള മഹാശക്തിയായ മഹാദേവിക്ക് ഒരു ചെറു മഹാചിരി മതി. ഓം, ഓംകാരം, മഹാനീതിശാസ്ത്രം എന്നീ അദ്ധ്യായങ്ങളെ പഠിക്കുമ്പോള് സുവ്യക്തമായി ബോദ്ധ്യപ്പെടുന്നതാണ്.

(13) പൊതുസേവനവും വേതനവും

ജനങ്ങളുടെ ധര്മ്മശാസ്ത്രപരമായ പൊതുആവശ്യങ്ങളെ നിവര്ത്തിക്കാനുള്ളതാണ് ഭരണകൂടം. ദൈവീകമായ സാമ്പത്തികശാസ്ത്രത്തെ പിന്പറ്റുന്നതിലൂടെ ജനങ്ങളുടെ പൊതുവായ എല്ലാ ആവശ്യങ്ങള്ക്കും ഭരണകൂടത്തിന്റെ എല്ലാ സേവനച്ചിലവുകള്ക്കും ആവശ്യമായ സമ്പത്ത് ലഭിക്കുന്നതാണ്; ആവക കാര്യങ്ങള്ക്ക് യാതൊരു നികുതികളും ഏര്പ്പെടുത്തേണ്ടി വരില്ല; ജനങ്ങളുടെ സമീപഭാവിയിലുള്ള ആവശ്യങ്ങളെക്കൂടി കരുതിക്കൊണ്ട് മിച്ചം വച്ചും പ്രവര്ത്തിക്കാന് കഴിയുന്നതാണ്. ദൈവീകമായ സാമ്പത്തികശാസ്ത്രം കണ്ടെത്തുന്നതിന് പരിശ്രമിക്കാന് കൂടി തയ്യാറാകാഞ്ഞതായ ഭരണാധികാരികളും മതപണ്ഡിതന്മാരും ഒക്കെ ഉള്പ്പെടെയുള്ള ജനങ്ങള് തങ്ങള്ക്കു തോന്നിയതുപോലെ സാമ്പത്തികശാസ്ത്രങ്ങള് എന്ന പേരിലും മറ്റും പദ്ധതികള്

തയ്യാറാക്കിയതിനാല് സമൂഹജീവിതത്തില് അധര്മ്മങ്ങള് വര്ദ്ധിക്കുവാന് കാരണമുണ്ടായിട്ടുണ്ട്.
പൊതുസേവനങ്ങളിലെ അപാകതകള്ക്ക് ചില ഉദാഹരണങ്ങള് പറയാം:
- ഗള്ഫ് രാജ്യങ്ങളില് നിന്നും മറ്റും വാങ്ങുന്ന പെട്രോളിയം ഉല്പന്നങ്ങളുടെ മേല് കടുത്ത നികുതികള് ഏര്പ്പെടുത്തിക്കൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്നവരാണ് ഇന്ത്യയിലെ ഭരണാധികാരികള് എന്ന് മുമ്പ് വിശദീകരിച്ചു. ഭരണാധികാരികള് എന്ന പേരിലുള്ളവര് നിര്വ്വഹിക്കുന്നതുകൊണ്ടോ, അധമ നിയമങ്ങളിലൂടെ അധമക്കസര്ത്തുകളെ ന്യായീകരിക്കുന്നതുകൊണ്ടോ ജനസേവനം എന്നപേരില് നടത്തുന്ന കൊള്ളയടി ജനസേവനമാകുന്നതല്ല.
ടെലിഫോണ്, മൊബൈല് ഫോണ് തുടങ്ങിയ സേവനങ്ങളെ ഏറ്റവും മിതമായ നിരക്കിലും മുന്തിയ ഗുണങ്ങളിലും ജനങ്ങള്ക്കു ലഭ്യമാക്കുക എന്നത് ഭരണകൂടത്തിന്റെ കടമയില് പെടുന്നു. ഇന്ത്യയിലെ ഭരണകൂടത്തിന്റെ ചുമതലയിലുള്ള ബി.എസ്.എന്.എല് ഉള്പ്പെടെയുള്ള ടെലിഫോണ് സേവനദാതാക്കളുടെ പ്രവര്ത്തന രീതി പരിശോധിക്കുകയാണെങ്കില്, അവരെല്ലാം അധമങ്ങളായ വന്വന് പരസ്യങ്ങളും ബഹുവിധ ധൂര്ത്തുകളും ചെയ്യുന്നതായും, അനാവശ്യമായ മത്സരങ്ങളില് ഏര്പ്പെട്ടിരിക്കുന്നതായും കാണാം; മാത്രമല്ല, അവരുടെ അടിസ്ഥാനലക്ഷ്യം ജനസേവനമോ ജനനന്മയോ അല്ലെന്നും നിസ്സാരമായി മനസ്സിലാക്കാം. കൂടാതെ, ബി.എസ്.എന്.എല്., ടാറ്റ, റിലയന്സ്, ഐഡിയ, വൊഡാഫോണ് തുടങ്ങിയവയുടെ വ്യത്യസ്തങ്ങളായ താരിഫുകളും, പരസ്യങ്ങളും, ലാഭേച്ഛയും മറ്റും കണക്കാക്കുമ്പോള്, യഥാര്ത്ഥത്തില് 100 സെക്കന്റിലധികം ടെലിഫോണ് സമയം ഉപയോഗിക്കുമ്പോള് 1 പൈസായിലധികം ചിലവ് ഉണ്ടാവാനിടയില്ല എന്നു തോന്നുന്നു. യഥാര്ത്ഥത്തിലുള്ള ചിലവെത്രയെന്ന് ഭരണകൂടത്തിന് അറിയാമെന്നിരിക്കെ, ആവക കാര്യങ്ങള് പൊതുജനങ്ങളെ അറിയിക്കാത്തതും പൊതുജനനന്മയെ കണക്കാക്കി പ്രവര്ത്തിക്കാത്തതും കടുത്ത അപരാധമാണ്. ഉദാഹരണമായിട്ട് 1 പൈസയ്ക്കോ 2 പൈസ്യ്ക്കോ 100 സെക്കന്റ് സംസാരസമയം ലഭ്യമാക്കി ജനസേവനം ചെയ്യേണ്ടവരായ ഭരണാധികാരികള് അനവധി ടലിഫോണ് സേവനദാതാക്കളെ നിശ്ചയിച്ചുകൊണ്ടും, പരസ്യങ്ങളിലൂടെ വസ്തുക്കള്, ഊര്ജ്ജം, സമയം, തുടങ്ങിയവ പാഴാകുവാന് അവരെയെല്ലാം അനുവദിച്ചുകൊണ്ടും അധമക്കസര്ത്തുകള് സ്വയം ചെയ്യുകയും കൂട്ടുനില്ക്കുകയും ചെയ്യുകയാണ്. (പരസ്യങ്ങളിലെ ധാര്മ്മിക അധഃപതനത്തെപ്പറ്റി വേറെ വിസ്തരിച്ചിട്ടുണ്ട്, ഇവിടെ ആവര്ത്തിക്കുന്നില്ല.)

2009 ജൂണ് മാസം അവസാനമോ ജൂലൈ ആദ്യമോ ഠഅഠഅ ഉഛഇഛങഛ എന്ന പേരില് പുതിയൊരു മൊബൈല് ഫോണ് സേവനദാതാക്കള് ഇന്ത്യയിലെ ടെലിഫോണ് മേഖലയില് പ്രവേശിച്ചതിനെപ്പറ്റി ഇനി അല്പം പറയാം. ടെലിഫോണ്ചെയ്യുന്ന സെക്കന്റ്-സമയത്തിന്റെ അടിസ്ഥാനത്തില് മാത്രം ചാര്ജ്ജ് ഈടാക്കുന്ന സമ്പ്രദായം അവര് നടപ്പാക്കി. സമയ കാര്യത്തില്, ശരിയായ രീതിയാണത്. പ്രസ്തുത രീതികള് എല്ലാ മേഖലകളിലും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാന് ഭരണകൂടത്തിന് എല്ലായ്പ്പോഴും ബാദ്ധ്യതയുണ്ട്.
സമൂഹത്തിലെ ഭരണാധികാരികള് ശ്രദ്ധിക്കാതിരിക്കുകയും സ്വകാര്യ ഉടമ ശ്രദ്ധിക്കുകയും ചെയ്തപ്പോള് സമയ-താരിഫ് നിരക്കുകാര്യത്തില് സ്വകാര്യ ഉടമയുടെ നടപടി ഉന്നതമായി, അഥവാ സമയ-താരിഫ് നിരക്കുകാര്യത്തില് അവര് ഭരണാധികാരികളെക്കാള് ശ്രേഷ്ഠരായി. ടെലിഫോണ് കാര്യത്തില്, ടാറ്റ ഉള്പ്പെടെ അനേകരുടെ പോരായ്മകളെപ്പറ്റി ഇനിപ്പറയാം. ഇന്ത്യയിലെങ്ങും ഒരു സെക്കന്റിന് ഒരു പൈസാ വാഗ്ദാനം ചെയ്ത ടാറ്റാ ഡോക്കോമോ, ഓരോ കാളിലും സുമാര് 2-3 സെക്കന്റിന്റെ സൂത്രവെട്ടിപ്പ് നിലവില് നടത്തുന്നുണ്ട്. അവര്ക്കത് അഭിമാനകരമല്ല എന്ന് ധര്മ്മശാസ്ത്രപ്രകാരം ഇ-മെയിലിലൂടെ ഈയുള്ളവന് അറിയിച്ചതാണ്, എന്നാല് അക്കാര്യത്തിന് മറുപടി ലഭിച്ചില്ല. കൂടാതെ വൈകാതെ വാക്കു മാറ്റി വഞ്ചനകാട്ടുമെന്ന തരത്തിലുള്ള സൂത്രങ്ങള് ടാറ്റാ ഡോക്കോമോ ആരംഭിച്ചിട്ടുണ്ട്; ഇന്ത്യയിലെങ്ങും ഒരു സെക്കന്റിന് ഒരു പൈസാ നിരക്ക് ലഭിക്കുവാന് ഓരോ മാസവും 35 രൂപയുടെയോ മറ്റോ പ്രത്യേക പാക്ക് ഉപയോഗിക്കണമെന്ന അറിയിപ്പ് ആരംഭിച്ചിട്ടുണ്ട്, 23.09.2009 വരെ അറിയിപ്പ് നടപ്പാക്കിയിട്ടില്ല. ടാറ്റ ഉള്പ്പെടെ ഏതൊരു വ്യക്തിയും/ സ്വകാര്യ സ്ഥാപനവും തങ്ങള്ക്കു തോന്നിയതുപോലെ വാക്കുമാറ്റി ജനവഞ്ചന ചെയ്യുവാന് തയ്യാറാവുമ്പോള് ഭരണാധികാരികള് നോക്കുകുത്തികളായി പ്രവര്ത്തിക്കുന്ന കൊടിയ നീചത്വം നിസ്സാരമല്ല. ഇന്ത്യയിലെ മറ്റു മൊബൈല് ടെലിഫോണ് സേവനദാതാക്കള്ക്ക് ടാറ്റാ ഡോക്കോമോയെ അനുകരിക്കാതെ മുന്നോട്ടു പോവാനാവില്ലെന്നു വന്നപ്പോള്, 49 രൂപാ, 64 രൂപാ എന്നിങ്ങനെയെല്ലാം അധികഫീസ് വാങ്ങിക്കൊണ്ട് 6 മാസത്തേക്കും ഒരുവര്ഷത്തേക്കും സെക്കന്റ്-സമയ താരിഫ് നിശ്ചയിക്കുവാന് അവര് തയ്യാറായി. മുമ്പ് ഉപയോഗിക്കാത്ത സമയത്തിനു പണം വാങ്ങിയതിനു മാപ്പുപറയുകയും, അധികം വാങ്ങിയ പണം തിരികെ നല്കാനും നടപടിയെടുക്കേണ്ടവര്, ഉപയോഗിക്കുന്ന സമയത്തിനു മാത്രം പണം വാങ്ങുന്ന താരിഫ് ഏര്

പ്പെടുത്തുവാന് പ്രത്യേക ഫീസുകള് നിശ്ചയിച്ചിരിക്കുന്നു !
കൊടിയവഞ്ചന കാട്ടുന്നവരെ തിരുത്താന് കഴിയുന്ന ഭരണകൂടമോ കോടതികളോ അല്ലാ നാട്ടിലുള്ളത്. കൈക്കൂലി വാങ്ങിക്കൊണ്ട്, വഞ്ചന കാട്ടാത്തവരെയും, വഞ്ചന കാട്ടുവാന് പ്രേരിപ്പിക്കുന്ന ഭരണാധികാരികള് ഏറെയുണ്ടെന്ന് മാധ്യമങ്ങള്തന്നെ പലവട്ടം തെളിയിച്ചിട്ടുള്ളതാണ്.
ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം ടെലിഫോണ്, ഗതാഗതം, തുടങ്ങിയ വന്മേഖലകളില് സ്വകാര്യ വ്യക്തികളെ/ഉടമകളെ/സ്ഥാപനങ്ങളെ പ്രവര്ത്തിക്കുവാന് അനുവദിക്കുന്നത് അത്യപൂര്വ്വ സാഹചര്യത്തില് മാത്രമാവണം. എന്തുകൊണ്ടെന്നാല് പുണ്യസമ്പാദനത്തെ ലക്ഷ്യംവച്ചാണെങ്കില് മാത്രമേ അവരെ മേല്പടി പൊതുകാര്യങ്ങളില് അഥവാ അടിസ്ഥാനപരങ്ങളായ വന്വ്യവസായ മേഖലകളില് സഹകരിപ്പിക്കാന് പാടുള്ളൂ. ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം സ്വകാര്യ വ്യക്തികള്ക്ക് സ്വാര്ത്ഥപരമായ സാമ്പത്തിക നേട്ടങ്ങള് ഉണ്ടാക്കാവുന്ന മേഖലകളല്ല അവ; മറിച്ച് ഭരണകൂടം നേരിട്ട് ജനസേവനം ചെയ്യേണ്ടുന്ന മേഖലകള് മാത്രമാണ്.
അങ്ങനെയെല്ലാമിരിക്കെ ധര്മ്മശാസ്ത്രപ്രകാരം ടെലിഫോണ് നിരക്കുകള് കുറച്ചുകൊണ്ട് ജനസേവനം ചെയ്യുവാനും രാജ്യത്തെ ടെലിഫോണ് സേവനങ്ങളെ മുഴുവനും ഏറ്റെടുക്കുവാനുമാണ് ഭരണകൂടം ശ്രദ്ധിക്കേണ്ടത്. പകരം സര്ക്കാര് ഉടമസ്ഥതയുള്ള ബി.എസ്.എന്.എല്.- നേയും മറ്റ് ടെലിഫോണ് സേവന ദാതാക്കളെയും അവര്ക്ക് തോന്നും പോലെയുള്ള ടെലിഫോണ് താരിഫുകള് ഏര്പ്പെടുത്താനുള്ള അധികാരം നല്കുകയും ഫോണുകളിലൂടെ സെക്സ് വ്യാപാരം ഉള്പ്പെടെയുള്ള അധമത്തങ്ങള് അനുവദിച്ചതും മ്ലേച്ഛകാര്യങ്ങളെ ഭരണാധികാരികള് കണ്ടില്ലെന്നു ഭാവിക്കുന്നതും കൊടുംനീചത്തമാണ്. കുഞ്ഞുങ്ങളേ, മഹാനീതിശാസ്ത്രം എന്ന ഓംകാരനീതിശാസ്ത്രം പ്രകാരം (ധര്മ്മശാസ്ത്രത്തെ അവഗണിച്ചു ചെയ്യുന്ന) തെറ്റുകള്ക്കും കുറ്റങ്ങള്ക്കും അവയ്ക്കെല്ലാമുള്ള ശിക്ഷകള്ക്കും കൃത്യമായ അളവുകളുണ്ട് എന്നറിയുക. ദൈവം വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതാണ്; എന്നാല് ശാസ്ത്രപരമായി അവതരിപ്പിക്കുന്ന കാര്യങ്ങളെ വിശ്വസിക്കുവാന് വൈകുമ്പോള് നഷ്ടം ഉണ്ടാകുന്നതാണ്. വിസ്തരിക്കുന്നില്ല.

(14) ചന്ദ്രയാനും ദൈവനിന്ദയും
ചന്ദ്രനെ മനുഷ്യന് കോളനിയാക്കുമെന്ന് ഒരു ചില മനുഷ്യര്

പ്രസ്താവിക്കുമ്പോള്, ചന്ദ്രനെ ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും വസ്തുതകളും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണെന്നതും, ദൈവം അനുവദിക്കാത്ത കാര്യങ്ങളെ മനുഷ്യനു പ്രവര്ത്തിക്കാനാവില്ലെന്നതും മറക്കുകയും അവഗണിക്കുകയും ചെയ്യുന്നു. 2008 ഫെബ്രുവരി മാസത്തില് ഓംസത്യം ഡോട്ട് കോം വെബ്സൈറ്റില് (ംംം.ീാമെവ്യേമാ.രീാ) പ്രസിദ്ധീകരിച്ചതായ ഏഛഉ വമെ ആൃശ്ലറ എന്ന വെബ് പേജില് ചന്ദ്രനിലും മറ്റു ഗ്രഹങ്ങളിലും ജലവും ജീവികളും ഉണ്ടാകുന്നതെങ്ങനെ അഥവാ ദൈവം സൃഷ്ടിക്കുന്നത് എങ്ങനെ എന്ന് ശാസ്ത്രപരമായി വിശദീകരിച്ചിരുന്നു. ചില കാര്യങ്ങള് ഉദ്ധരിക്കാം :-

ഏഛഉ വമെ രൃലമലേറ വേല ങഛഛച ംശവേ ൂീുീൃശേീമലേ ടശ്വല േീ രീമേശി വേല ഋ്ീഹ്ലറ ഇൃലമൗൃലൈ ശി ഹശില ംശവേ വേല ജൃീഴൃലൈ ീള ടമാവമൃമാ.

ഉീ േീ ൈമ്യേ വേശിസശിഴ വേമേ വേലൃല ശെ ചീ ഛഃ്യഴലി, ചീ ണമല്യേ, ലരേ. ശി ങീീ. ഞെ ാലിശേീലറ ശി വേശെ ഇവമുല്യേ, ഛതഥഏഋച, വേല ഏമലൈീൗ ളീൃാ ീള ഏഛഉ, രീീൃീഹേഹശിഴ മഹഹ ഛവേലൃ ഋഹലാലൈി ശി ങീീ മെ ഛഃശറലെ, ലരേ., ംീൗഹറ ലൈ ളൃലല വേല ിലരലമ്യൈ്യ മാീൗിേ ീള ഋഹലാലൈി ളീൃാ വേലശൃ ഇീാുീൗിറ ളീൃാ, മിറ ംശഹഹ ലമൈയഹശവെ വേല ിലരലമ്യൈ്യ മാീുവൈലൃല, ംമല്യേ, മിറ ല്ല്യ്യവേശിഴ േീ വേല ൃലൂൗശൃലാലേി മേ വേല ൃശഴവേ ശോല. ഛ, ഇവശഹറൃലി, ഠവശിസ ീള വേല ടൗൃലാല ഋമൈയഹശവൊലേി ീള ങഅഒഅഅടഒഅഗഠഒക ശി രൃലമശേിഴ വേല ങീീ. ഋ്ല്യ്യവേശിഴ ശി വേല ഡിശ്ലൃലെ വമെ യലലി ഇൃലമലേറ ംശവേ ജലൃളലരേ ജൗൃുീലെ/ഛൃറലൃ. ഠവല ഋ്ീഹൗശേീ ീള അിശാമഹ േീ ഒൗാമി യലശിഴെ ശെ ൗിറലൃീീറേ േീ യല ീള ുലെരശമഹ ിമൗൃലേ മിറ യലഴശി ീിഹ്യ ീി ഋമൃവേ ശി വേല ചലഃേ ഇൃലമശേീ ഇ്യരഹല. ഠവല ഞല്ലഹമശേീ ശെ ചേീ രീാുഹലലേ, വലിരല ംശഹഹ യല റലമേശഹലറ ഹമല്യേ, ശള ഏഛഉ ംശഹഹെ. ണശവേ ഹീ്ല, ആമറവെമ/27 എലയ 2008.

ഭൂമിയിലെ ജീവികളുടെ സംഹാരവുമായും മനുഷ്യരുടെ ആത്മീയ സാക്ഷാത്ക്കാരവുമായും ബന്ധപ്പെട്ട അനേകം ശാസ്ത്ര കാര്യങ്ങള് ഉണ്ട്. അവയെല്ലാം മേല്പടി വെബ്സൈറ്റില് വിസ്തരിച്ചിട്ടുണ്ട്. ഇവിടെ ആവര്ത്തിക്കുന്നില്ല. ഓക്സിജനെപ്പറ്റിയുള്ള പാഠങ്ങള് പഠിക്കുമ്പോള് തന്നെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാശാസ്ത്ര പ്രകാരം നിര്വ്വഹിക്കുന്ന മഹാശക്തിയായ ദൈവത്തിന്റെ മഹത്വങ്ങളറിഞ്ഞ് മനുഷ്യര് ഞെട്ടിത്തെറിക്കുന്നതാണ്, അത്ഭുതപ്പെടുന്നതാണ്, വിതുമ്പുന്നതാണ്. അങ്ങനെയിരിക്കെ,

ദൈവത്തിന് യാതൊരു പങ്കുമില്ലെന്നതുപോലെയും, മനുഷ്യര് നിശ്ചയിക്കുന്നതുപോലെയാണ് കാര്യങ്ങള് എന്നതുപോലെയും സൂചിപ്പിക്കുന്ന വചനങ്ങള് മനുഷ്യരില് നിന്ന് ഉണ്ടായിക്കൂടാ. ദൈവം ഉദ്ദേശിച്ചിട്ടുണ്ടെങ്കില്/അനുവദിക്കുന്നുവെങ്കില്, ചന്ദ്രനെ മനുഷ്യന് കോളനിയാക്കുമെന്ന് പ്രസ്താവിക്കുവാനുള്ള വിവേകമെങ്കിലും, കേമരെന്നു കരുതുന്ന ശാസ്ത്രസമൂഹവും ബുദ്ധിജീവികളുമൊക്കെ കാണിക്കണം.

ഓക്സിജനെപ്പറ്റിയുള്ള ശാസ്ത്രപാഠങ്ങള് 1991, 1992, 1996 എന്നീ വര്ഷങ്ങളില് പ്രസിദ്ധീകരിച്ചതായ നമുക്കു മനുഷ്യരാകാം, മനുഷ്യനു ദൈവമാകാം -ഒന്നാം ഭാഗം, രണ്ടാം ഭാഗം, മൂന്നാം ഭാഗം, എന്നിങ്ങനെയുള്ള 4 ഗ്രന്ഥങ്ങളില് ഹ്രസ്വമായും വിശദമായും ലഭ്യമാക്കിയിരുന്നു. ഈ ഗ്രന്ഥത്തില് തന്നെ ഓക്സിജനെപ്പറ്റി മൂന്ന്-നാല് അദ്ധ്യായങ്ങളുണ്ട്.

ഭൂമിയിലെ ജീവികളുടെ സംഹാരവുമായും മനുഷ്യരുടെ ആത്മീയ സാക്ഷാത്ക്കാരവുമായും ബന്ധപ്പെട്ട കാര്യങ്ങളെ മാറ്റിവച്ചുകൊണ്ട്, മറ്റു ചില കാര്യങ്ങള് ഇനി പരിശോധിക്കാം:

ചന്ദ്രനില്ലാത്ത ജീവിതം ആനന്ദകരമാണോ എന്നു ചിന്തിക്കുക. രാത്രിയെ ഭംഗിയാക്കുന്നതും, രാത്രിയില് പ്രകാശം നല്കുന്നതും, വേലിയേറ്റം വേലിയിറക്കം എന്നിവയിലൂടെ ബഹുവിധ സൗകര്യങ്ങള് ലഭിക്കുന്നതും ഒക്കെ മനുഷ്യര്ക്കും മറ്റുള്ള ജീവികള്ക്കും ലഭിക്കുന്ന വളരെ വലിയ സൗഭാഗ്യങ്ങളാണ്. ആവക കാര്യങ്ങള് വിസ്തരിക്കുന്നില്ല.

മതങ്ങളിലൂടെ പരിചയപ്പെടുകയും അറിയുകയും ചെയ്തിട്ടുള്ള ദൈവങ്ങള് പൂര്ണ്ണമായോ ഭാഗികമായോ ശാസ്ത്രവുമായി ബന്ധമില്ലാത്ത ഒരു ശക്തിയാണ് എന്ന വസ്തുത അനേകം ശാസ്ത്രജ്ഞന്മാരെയും സ്വാധീനിച്ചിട്ടുണ്ട്. ഭൂമിയിലെങ്ങുമുള്ള യാതൊരു മതങ്ങളും ദൈവീകമല്ലാ എന്നിരിക്കെ ദൈവത്തെ അറിയുവാന് ദൈവീകമല്ലാത്ത മതങ്ങളെ ശാസ്ത്രജ്ഞന്മാരും ആധാരമാക്കിയത് അവിവേകമായി. മഹാശക്തിയായ ദൈവത്തെയും മഹാശാസ്ത്രത്തെയും ധര്മ്മശാസ്ത്രപരമായി അന്വേഷിക്കേണ്ടിയിരുന്നു, പരിശ്രമിക്കേണ്ടിയിരുന്നു.

മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ വിരുദ്ധപ്രവര്ത്തനങ്ങളും, വ്യത്യസ്ത മതങ്ങളിലെല്ലാമുള്ള നീചമായ ജഗത് മിഥ്യാവാദം ഉള്പ്പെടെ അനേകം കാര്യങ്ങള് ശാസ്ത്രജ്ഞന്മാരെയും സാധാരണ ജനങ്ങളെയും വഴിതെറ്റിച്ചിട്ടുണ്ട് എന്നതും വസ്തുതയാണ്. ആവക കാര്യങ്ങളെ ഇവിടെ കൂടുതല് വിസ്തരിക്കുന്നില്ല. ഗ്രന്ഥത്തില് വിശദീകരണമുണ്ട്.

(15) സ്വാതന്ത്ര്യദിനം, സ്വവര്ഗ്ഗ രതി

സ്വാതന്ത്ര്യ ദിന ആഘോഷങ്ങള്, സ്വവര്ഗ്ഗരതി തുടങ്ങിയവ ദൈവീകമല്ല അഥവാ ധര്മ്മശാസ്ത്രപരമല്ല. വിശദീകരണം ഗ്രന്ഥത്തില് ചേര്ക്കുമ്പോള് ഗ്രന്ഥത്തിലെ തന്നെ അനവധി അദ്ധ്യായങ്ങളിലെ അനവധി ഖണ്ഡികകളെ/വാചകങ്ങളെ ആവര്ത്തിക്കേണ്ടതായി വരുന്നതാണ്. ഹെല്മെറ്റ്, മദ്യം, ദുഷ്ക്കാമം എന്നിവയുടെ ആവര്ത്തനങ്ങളില് നിന്ന് അത് ബോദ്ധ്യപ്പെട്ടിരിക്കുമല്ലോ. ഗ്രന്ഥത്തിലെ അടുത്ത ഭാഗമായ സത്യം ശിവം സുന്ദരം പ്രകാരം കാലാകാലങ്ങളില് സമൂഹത്തിലുണ്ടാകുന്ന വിഷയങ്ങളെ വ്യാഖ്യാനിക്കുകയാണു വേണ്ടത്. ആവക വ്യാഖ്യാനങ്ങളെ മഹാശാസ്ത്രത്തിന്റെ ഭാഗമാക്കേണ്ടതില്ല. ദൈവീക-കുറിപ്പുകള് എന്ന പേരില് സ്വാതന്ത്ര്യദിനം, സ്വവര്ഗ്ഗ രതി തുടങ്ങിയവയെ വെബ്സൈറ്റില് ചേര്ത്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിത്തോടൊപ്പമുള്ള ലഘുഗ്രന്ഥം പ്രസിദ്ധികരിക്കുന്നുവെങ്കില്, അത്തരം വിഷയ-വ്യാഖ്യാനങ്ങളെ ലഘുഗ്രന്ഥത്തില് ചേര്ക്കുകയുമാവാം.

വിനോദം

തൊഴിലുകള് : വിനോദം എന്ന അദ്ധ്യായത്തില് വിനോദ കാര്യങ്ങളെ വിസ്തരിച്ചിട്ടുണ്ട്. അവ പ്രകാരം പ്രവര്ത്തിക്കുവാന് ഏറ്റവും എളുപ്പമാണ്. ലിഖിത നിയമങ്ങളുടെ ആവശ്യം ഇല്ല.

മൂന്ന് ഉദാഹരണങ്ങള് മാത്രം പറയാം :

(1) സിനിമാ നിര്മ്മാണവും ചിലവു കുറയ്ക്കലും

സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധികളെപ്പറ്റിയും, സൂപ്പര് സ്റ്റാറുകള്ക്ക് നല്കേണ്ടിവരുന്ന വന്പ്രതിഫലം കുറയ്ക്കേണ്ടുന്നതിനെപ്പറ്റിയും 2009 ആഗസ്റ്റ് മാസത്തില് ടെലിവിഷന് ചാനലുകളില് കാണാനും കേള്ക്കാനും ഇടയായതുമായി ബന്ധപ്പെട്ടാണ് ഈ കുറിപ്പ്.

സിനിമാ വ്യവസായമല്ല, മറിച്ച് സിനിമാ വ്യവസായത്തില് ഏര്പ്പെടുന്നവരാണ് പ്രതിസന്ധികളെ നേരിടുന്നത്. അവരുടെ തൊഴിലിന്റെ ധാര്മ്മികശുദ്ധി വളരെയധികം നഷ്ടപ്പെട്ടിരിക്കുന്നു എന്നു പറയുമ്പോള്, തൊഴിലിന് നഷ്ടപ്പെട്ടതായ ധാര്മ്മികശുദ്ധി വീണ്ടെടുക്കുകയാണ് അവരുടെയെല്ലാം ആദ്യ ആവശ്യം എന്നു തിരിച്ചറിയണം. പാപവും ശിക്ഷയും ലഭിക്കുന്നത് സംഘടനകള്ക്കല്ലായെന്നും പാപം ചെയ്യുന്ന വ്യക്തികള്ക്കാണെന്നും അറിയണം. സമൂഹത്തിലെ മറ്റുള്ള വ്യക്തികള്

ക്കും, തങ്ങള്ക്കു തന്നെയും അവര് ചെയ്തുകൂട്ടുന്ന കൊടുംപാതകങ്ങള് എന്തൊക്കെയെന്ന് അറിയുവാന് ഇന്നവര്ക്കു കഴിയുന്നില്ല. അവര്ക്ക് ധര്മ്മശാസ്ത്രം പ്രകാരമുള്ള ദിശാബോധവും നിയന്ത്രണങ്ങളും നല്കുവാന് ബാദ്ധ്യസ്ഥമായ ഭരണകൂടം അടിമുടി പിഴച്ചുപോയിരിക്കുന്നു. ഭരണകൂടമെന്നു പറയുമ്പോള്, കോടതികളും, മത-ജാതി സംഘടനകളിലും രാഷ്ട്രീയ സംഘടനകളിലും പ്രവര്ത്തിക്കുന്നവരും ഒക്കെ ഉള്പ്പെടുന്നതാണ്.
ദൈവീകമായ തൊഴില് വിഭജനം, തൊഴിലുകളുടെ ധാര്മ്മികശുദ്ധി, ഭരണകൂടത്തിന്റെ നിര്മ്മിതി, സാമ്പത്തികശാസ്ത്രം തുടങ്ങിയ കാര്യങ്ങളെ ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്.

(2) പൈശാചികമായ മൊബൈല് ഫോണ് ടോണുകളും ചിത്രങ്ങളും അധമങ്ങളായ റിംഗ് ടോണുകളും, സെക്സിയായ ചിത്രങ്ങളും ഡൗണ് ലോഡുചെയ്യുവാന് വ്യക്തികളെ പ്രേരിപ്പിക്കുന്ന ടെലിഫോണ് കാളുകളും, എസ്.എം.എസ്-കളും വ്യാപകമായിരിക്കുന്നു.
സാധാരണക്കാരുടെ മൊബൈല് ഫോണുകളില് മാത്രമല്ല, മന്ത്രിമാരുടെയും ന്യായാധിപന്മാരുടെയും അവരുടെയെല്ലാം ബന്ധുജനങ്ങളുടെയും മതപൂരോഹിതന്മാരുടെയും ഒക്കെ മൊബൈല് ഫോണുകളിലും അത്തരം അധമക്കസര്ത്തുകള് ഉണ്ടാവുമെന്നിരിക്കെ, അവരാരും അറിയുന്നില്ലായെന്ന് പറയാനാവില്ല. മിനി-പോലീസുകാരായും, സൂപ്പര്- പോലീസുകാരായും കൂടി പ്രവര്ത്തിക്കുന്നവരായ മാധ്യമങ്ങള് ശ്രദ്ധിക്കാഞ്ഞതാണോ അതോ അവര് പ്രതികരിച്ചത് ഈയുള്ളവന് അറിയാതെ പോയതാണോ എന്നറിയില്ല.
സര്ക്കാര് ഉടമസ്ഥതയുള്ള ബി.എസ്.എന്.എല്. മൊബൈല് ടെലിഫോണ് സേവന ദാതാക്കള്, ഈയുള്ളവനോട് (മൊബൈല് ഫോണിലേക്ക്) കാട്ടിയ 4 കടുത്ത അപരാധങ്ങളെ ഉദാഹരണങ്ങളായി പറയാം:- (1) 18.08.2009-ന് 9446056700 എന്ന നമ്പരില് നിന്ന് കമ്പ്യൂട്ടര് പ്രോഗ്രാമിങ് പ്രകാരം, ഏറ്റവും നീചമായ ഒരു അവതരണ രീതിയിലൂടെ 5 അധമ-റിംഗ് ടോണുകള് സ്വീകരിക്കുന്നതിനെപ്പറ്റി ഈയുള്ളവനെ ഉപദേശിച്ചു അഥവാ അധമ-റിംഗ് ടോണുകളെ പരിചയപ്പെടുത്തി. (2) 2009 ആഗസ്റ്റ് മദ്ധ്യത്തോടെ ഭൂടലഃ്യ ച എമരശിമശേിഴ ഖലശൈരമ ടരൃലലിമ്ലൈ ഇഹശരസ 2 ഉീം്ിഹീമറ..ൈ എന്നിങ്ങനെ ഒരു ടങ്ങട ലഭിച്ചു. (3) 2009 ആഗസ്റ്റ് 21-ന് ഭൂടലഃ്യആമരസ ഢശറലീ!! ഉീി ങശൈ രഹസ 2 റീം്ിഹീമറ .....ൈഎന്നിങ്ങനെ മറ്റൊരു ടങ്ങട.
(4) 18, 23 31 എന്നീ പ്രായങ്ങളിലും സാമ്യപ്രായങ്ങളിലുമുള്ള 3 വ്യത്യസ്ത പെണ്കുട്ടികളുടെ/ സ്ത്രീകളുടെ പേരുകളും അറിയിച്ച് ചാറ്റിംഗ്

നടത്താന് നിരന്തരം ടങ്ങട.അയച്ചതിനെതിരെ ഫോണിലൂടെയും ഇ-മെയിലിലൂടെയും ശക്തമായി പ്രതികരിച്ചപ്പോള് ഫോണിലേക്കുള്ള ടങ്ങട നിന്നു. എന്നാല് കേരളത്തിലെ/ഇന്ത്യയിലെ മറ്റ് ഉപഭോക്താക്കളെ വഴിതെറ്റിക്കാന് ബി.എസ്.എന്.എല്. ജീവനക്കാരും മന്ത്രിമാരും (!) ഒക്കെ പരിശ്രമം തുടരുന്നു...

കഴിഞ്ഞൊരു ദിവസത്തെ (20/21.08.2009) കേരളത്തിലെ, മലയാള മനോരമ ദിനപ്പത്രത്തില്, മൊബൈല് ഫോണുകളില് നഗ്നചിത്രങ്ങള് സൂക്ഷിക്കുന്നവര്ക്കെതിരെ .... നിയമം പ്രകാരം പോലീസ് കേസെടുത്തു എന്നു കണ്ടു. സെക്സി ചിത്രങ്ങളും സെക്സി-വീഡിയോകളും വ്യാപാരം ചെയ്യുന്ന സര്ക്കാര് ഉടമസ്ഥതയുള്ള ബി.എസ്.എന്.എല്ലിലെ ഭരണാധികാരികള്ക്കും അവരെ ഭരിക്കുന്ന കേന്ദ്രഭരണകൂടത്തിലെ ഭരണാധികാരികള്ക്കും ഒക്കെ എതിരെ നിയമനടപടികള് വേണ്ടേ ? എന്തോന്നു നിയമം, എന്തോന്നു നടപടി ? ധര്മ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും ഭരണഘടനകളെന്ന പേരില് ചുമക്കുന്ന വിഴുപ്പുകളെയും ചുട്ടെരിക്കുവിന്. (മദ്യം ഉണ്ടാക്കുകയും, വിപണനം ചെയ്യുകയും, ശേഷം മദ്യം ആരോഗ്യത്തിന് ഹാനികരമെന്നു പറയുകയും മദ്യപിച്ച് വാഹനമോടിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്ന അതിനീചത്വങ്ങള്ക്ക് സമാനമായിരിക്കുന്നു!)

(3) മരമടി അഥവാ കാളകളെ ഓടിച്ചുള്ള മത്സരം

മരമടി അഥവാ കാളകളെ ഓടിച്ചുള്ള മത്സരം തുടങ്ങിയവ അധമ-ആനന്ദങ്ങളില് പെടുന്നു. പശു-കാള തുടങ്ങിയ ജീവികള്ക്ക് ദൈവം നല്കിയിട്ടുള്ള സ്വാതന്ത്ര്യങ്ങളെ അവ ഹനിക്കുന്നു. മത്സരം ദൈവീകമല്ല എന്നത് മനുഷ്യരുടെ എല്ലാ ജീവികകാര്യങ്ങളിലും അറിയുകയും പിന് പറ്റുകയും വേണമെന്നത് മറ്റൊരു സുപ്രധാന കാര്യമാണ്. പശു-കാള തുടങ്ങിയ ജീവികള്ക്ക് ദൈവം ശാസ്ത്രപാഠങ്ങള് നല്കുകയും, മനുഷ്യനു നല്കാതിരിക്കുകയും, ഇന്ന് മനുഷ്യര് ചെയ്യുന്നതുപോലെ അവ മനുഷ്യനെ ഭരിക്കുകയും, മനുഷ്യരെ ഓടിച്ചുള്ള മത്സരങ്ങള് നടത്തിക്കൊണ്ട് അവ വിനോദിക്കുകയും ചെയ്താല് മനുഷ്യന് എന്ന ജീവിയുടെ ചിന്താധാരകള് എങ്ങനെയൊക്കെയാവുമെന്ന് അല്പം ചിന്തിക്കുന്നതും നന്ന്.

മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട അതിഗൗരവ പാഠങ്ങളിലേക്കു കടക്കുമ്പോള്, മനുഷ്യന് 100 ജന്മങ്ങളുണ്ടെന്നും, സ്ത്രീ-പുരുഷന്, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, തൊഴില്, ഭാഷ, ദേശം തുടങ്ങിയ ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യര്ക്ക് സമനീതി ലഭ്യമാക്കുവാനായുള്ള മഹാസംവിധാനമാണ് 100 ജന്മങ്ങളെന്നും

ശാസ്ത്രപരമായി വിശദീകരിച്ചിട്ടുള്ളതു കാണാം. അനാവശ്യമായിട്ട് മറ്റുള്ള ജീവികളെ മനുഷ്യന് ഉപദ്രവിക്കുന്നതില് നിന്നും തടയാനായിക്കൂടി മനുഷ്യന്റെ ഒന്നു-രണ്ടു ജന്മങ്ങള് കാളയായും പശുവായും മഹാ-നിശ്ചയിച്ചിട്ടുണ്ട് എന്നും കാണാം. ഗോവധ-നിരോധനത്തിന് മൂലകാരണം അതാണെന്ന് ഗോവധ-നിരോധനത്തിന്റെ പേരില് കോപ്രായങ്ങള് കാട്ടുന്ന ഹിന്ദുക്കളെന്നു കരുതുന്നവര്ക്കു പോലും അറിയില്ല എന്ന വസ്തുതയുമുണ്ട്. പശുവായും കാളയായും തങ്ങള് നാളെ ജനിക്കേണ്ടി വരുമ്പോള്, തങ്ങളെ മനുഷ്യര് ഓടിച്ചുരസിക്കുന്നതിനെപ്പറ്റിയും മുജ്ജന്മ ഓര്മ്മകള് ലഭിച്ചാല് പോലും കുഞ്ഞുങ്ങളേ അരുതെന്നു പറയാന് കഴിയാത്തതിനെപ്പറ്റിയും ചിന്തിച്ചാല് മഹാനീതിശാസ്ത്രം മനുഷ്യരെ ചിന്തിപ്പിക്കുന്നതും ശുദ്ധിപ്പെടുത്തുന്നതും എങ്ങനെയൊക്കെയാണെന്നു കാണാം. മാത്രമല്ല, മത്സരിപ്പിക്കുന്ന കാളകള് തങ്ങളുടെ ഉറ്റവരുടെ പുനര്ജ്ജനനം ആവാമെന്ന നീതികാര്യവും അധമ-ആനന്ദങ്ങളെ പിന്പറ്റുന്ന മനുഷ്യരൂപികള്ക്കുള്ള താക്കീതാണ്. കൂടാതെ പശു, കാള എന്നീ ഉന്നത ജന്മങ്ങളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള വിശദീകരണം വെബ്സൈറ്റിലുള്ള ഇംഗ്ലീഷ്-സിപ് ഫയലിലുമുണ്ട്. കൂടുതല് വിസ്തരിക്കുന്നില്ല.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഭാഗം 5
ദൈവ വിപ്ലവം
ഓം
മഹാശാസ്ത്ര-മൂലമാണ്
സൃഷ്ടി മന്ത്രമാണ് ആദിവചനമാണ്
ശബ്ദ ബ്രഹ്മമാണ് അക്ഷര ബ്രഹ്മമാണ്
ദൈവത്തിന്റെ മഹാചിരിയാണ്
സംഹാര കാഹളമാണ്

ഭൂമിയിലെങ്ങും വൈകാതെ 3 (?) വര്ഷക്കാലം മുഴങ്ങുന്നതാണ്.
ദൈവ-വിപ്ലവത്തില് ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും,
മഹാചിരികൊണ്ടുമാത്രം ഭൂമിയില് ധര്മ്മസംസ്ഥാപനം നടത്തും !
ദൈവവിപ്ലവം ശാസ്ത്രപരം മാത്രമാണ്, മതപരമല്ല എന്നുമറിയുക.
ക്രിസ്തുമതത്തിലെ നക്ഷത്രവും, ഇസ്ലാംമതത്തിലെ ചന്ദ്രക്കലയും
നക്ഷത്രവും, ഹിന്ദുമതത്തിലെ ഓം മഹാശബ്ദവും -ല്
സമ്മേളിച്ചിട്ടുള്ളത് ദൈവത്തിന്റെ മഹാസംവിധാനത്തിന്റെ ഭാഗമാണ്.

സൂചിത വെബ്സൈറ്റില് നിന്നും സൗജന്യമായി ഡൗണ്ലോഡ്
ചെയ്യാവുന്ന
മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉള്ക്കൊണ്ട്
ഭൂമിയിലെങ്ങുമുള്ളവര് തിരുത്തലുകള് നടത്തുമ്പോള് ധര്
മ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ!

ധര്മ്മശാസ്ത്രത്തെ പിന്പറ്റുന്നവര്ക്ക് ഓം , മഹാസംഗീതമാണ്.
ധര്മ്മശാസ്ത്രത്തെ പിന്പറ്റാത്തവര്ക്കും , മഹാസംഗീതം
തന്നെയാണെങ്കിലും,
തങ്ങളുടെ ശരീരത്തിലെ പരമാണുക്കളില് നിന്നുപോലും ഉയരുന്നതായ
എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകള്ക്ക്
തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും
മതപുരോഹിതരും പണ്ഡിതരുമൊക്കെ
തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ
സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വര്ഷങ്ങള്
വിഷമിക്കുകയുംചെയ്യും.
യഥാര്ത്ഥമായ ജനാധിപത്യസമ്പ്രദായം, ്ധര്മ്മശാസ്ത്രപരമായ
(ദൈവീകമായ) രാജഭരണത്തിലൂടെ ഭൂമിയിലെങ്ങും
സ്ഥാപിതമാകുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ
ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഭാഗം 6

സംഹാരം

മഹാശക്തിയായ മഹാദേവി,
ഓം സത്യം ഓം ധര്മ്മം ഓം നീതി സംഹാരം
എന്ന സംഹാര മന്ത്രം മഹാഅനുഗ്രഹിച്ചു നല്കിക്കൊണ്ട് തന്റെ
പ്രതിനിധിയും മഹാദാസനുമായ പരമശിവനെ സംഹാരദേവനായി

മഹാനിയമിക്കുന്നു. ഗ്രന്ഥകാരനെ മഹാനിയമിച്ചു കഴിഞ്ഞു. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാഅനുഗ്രഹിച്ച പരമശിവന്റെ നാവില് കുറിച്ചിട്ടുള്ള അടിസ്ഥാന അക്ഷരബ്രഹ്മമായ 3, നാവിന്റെ ഉള്ളിലേക്കായാണ് മഹാ-കുറിച്ചിട്ടുള്ളത്. സംഹാരം നടക്കുമ്പോള് പരമശിവന്റെ വായിലേക്കാണ് ഓരോ മനുഷ്യരുടെയും ജീവാത്മാവ് ആദ്യം പ്രവേശിക്കുന്നത്. പരമശിവന്റെ നാവിലുള്ള 3 എന്ന അക്ഷരബ്രഹ്മമായ ഓം ജീവാത്മാവിനെ പരമശിവന്റെ ഹൃദയത്തോടു ചേര്ന്നു പ്രവര്ത്തിക്കുന്നതായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിലേക്ക് നയിക്കുന്നു. ഓംകാരം കൂടിയായ മഹാദേവി, ഓംകാരനീതിശാസ്ത്ര പ്രകാരം, മനുഷ്യന്റെ ജീവാത്മാവിന് നക്ഷത്രപദവിയായ ആത്മീയ-സാക്ഷാത്ക്കാരം (ബ്രഹ്മാനന്ദം) മഹാഅനുഗ്രഹിച്ചു നല്കുന്നു.

ഗ്രന്ഥത്തിലെ പേജുകളെ സശ്രദ്ധം വായിച്ചുവന്ന കുഞ്ഞുങ്ങളോട് ഇനി ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. ഒരു മഹാമാതാവായിക്കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും മഹാആവിഷ്ക്കരിച്ച് ജീവികളെയെല്ലാം സൃഷ്ടിക്കുകയും, തന്റെ കുഞ്ഞുങ്ങളായി ജീവികളെയെല്ലാം മഹാകരുതുകയും, ഒരു മഹാജീവിയായിക്കൊണ്ട് കുഞ്ഞുങ്ങള്ക്കുവേണ്ടി ജീവിക്കുകയും, കുഞ്ഞുങ്ങള്ക്ക് താന് നല്കുന്ന മഹാവാത്സല്യത്തെ തന്റെ മഹാആനന്ദമായിട്ട് മഹാനിശ്ചയിക്കുകയും, മഹാനീതിപതി കൂടിയായിക്കൊണ്ട് എല്ലാ കുഞ്ഞുങ്ങള്ക്കും മഹാസമനീതി നല്കുകയും, അനന്തമായ മഹാ-ആനന്ദങ്ങളെ ഭൂമിയില് വച്ച് കുഞ്ഞുങ്ങള്ക്ക് പരിചയപ്പെടുത്തുകയും, ആത്മീയ-സാക്ഷാത്ക്കാരത്തില് കുഞ്ഞുങ്ങള്ക്കെല്ലാം അനന്തമായ മഹാ-ആനന്ദങ്ങളെ അനന്തകാലത്തേയ്ക്ക് മഹാഅനുഗ്രഹിച്ചു നല്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടമനുസരിച്ച് ജീവിക്കേണ്ടേ ? കുഞ്ഞുങ്ങളെല്ലാം ധര്മ്മശാസ്ത്രപ്രകാരം പരമാനന്ദത്തോടെ ജീവിച്ചുകാണാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്. (ദൈവത്തെ ആരാധിച്ചുകൊണ്ട് സ്നേഹവും നന്ദിയും പ്രകാശിപ്പിക്കാന് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുന്ന ഏകജന്മത്തില് മാത്രം കുഞ്ഞുങ്ങള്ക്കെല്ലാം മഹാഅനുവാദമുണ്ട്.)

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ
ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ
ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ
ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉള്പ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാര്ത്ഥത്തില് ചെയ്യുന്നത് മഹാദേവി തന്നെയാണ്.
പരമശിവനും, ക്രൈസ്റ്റും, യഥാര്ത്ഥ മുഹമ്മദും ഒരാള് തന്നെയാണെന്ന് മഹാഗ്രന്ഥത്തില് വ്യക്തമാക്കിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാനിയമിച്ചിട്ടുള്ള പരമശിവനിലൂടെ ജീവികള് ക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം നല്കുമ്പോള്, അവനിലൂടെ മാത്രമേ മനുഷ്യര്ക്കു മോചനമുള്ളൂ എന്ന ക്രൈസ്തവ-വചനം ശരിവെയ്ക്കപ്പെടുന്നുണ്ട്. അതേ സമയം, അവനിലൂടെ അഥവാ പരമശിവനിലൂടെ, എന്നു പറയുമ്പോള്, പരമശിവനാണ് ആത്മീയ സാക്ഷാത്ക്കാരം നല്കുന്നത് എന്ന അര്ത്ഥമില്ലായെന്നും, പരമശിവനല്ല നല്കുന്നതെന്നും, പരമശിവന് -ലൂടെ മാത്രമാണെന്നും അറിഞ്ഞുകൊള്ളണം.
മഹാശക്തിയായ മഹാദേവി, എന്തിന് പരമശിവനിലൂടെ ആത്മീയ സാക്ഷാത്ക്കാരം നല്കുന്നു എന്നതും, പരമശിവനെ എന്തിന് മദ്ധ്യത്തില് കൊണ്ടുവന്നിരിക്കുന്നു എന്നതും അറിയിക്കേണ്ടതുണ്ട്. ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായത്തില് മഹാശക്തിയായ മഹാദേവി, തന്റെ മഹാദാസനായ പരമശിവന് അര്ദ്ധമഹാദേവീ രൂപം നല്കിക്കൊണ്ട് പരമശിവനിലൂടെ എല്ലാ മനുഷ്യര്ക്കും മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല് കുന്നതിന്റെ വിശദീകരണമാണ് ഇവിടെയും പ്രസക്തമാവുന്നത്. പരമശിവന് -ലൂടെ മാത്രമാണെന്നു പറയുമ്പോള് അത് മഹാദാസനായ പരമശിവന് തന്നെപ്പറ്റി പുലര്ത്തുന്നതും പുലര്ത്തേണ്ടുന്നതുമായ മഹാദാസ-ഭാവം മാത്രമാണ്. എന്തുകൊണ്ടെന്നാല് തന്റെ ഏകദാസനും മഹാദാസനുമായ പരമശിവന് മഹാശക്തിയായ മഹാദേവി മഹാകല്പിച്ചിരിക്കുന്നത് മഹാപദവിയും മഹാപങ്കാളിത്തവുമാണ്. വിശദീകരിക്കാം:-
ബ്രഹ്മത്തെ ഉള്ക്കൊണ്ട് പരബ്രഹ്മരൂപത്തോടെ അഥവാ മഹാപ്രപഞ്ചരൂപത്തോടെ ദൈവം സൃഷ്ടി-സ്ഥിതി-സംഹാരങ്ങള്

ചെയ്യുമ്പോള് ഓരോ അണുവിലും സ്ത്രീ-പുരുഷഭാവരൂപങ്ങളെ പ്രകടമാക്കുന്ന മാതൃഘടകവും പിതൃഘടകവും സൃഷ്ടിക്കുന്നുണ്ട്. (മഹാ) ശക്തി, ശിവന് എന്ന അദ്ധ്യായത്തിലും ബ്രഹ്മം, മഹാപ്രപഞ്ചത്തിന്റെ പിതാവായി പരമശിവനെ സൃഷ്ടിക്കുന്നു എന്ന അദ്ധ്യായത്തിലും വിശദീകരണമുണ്ട്. എന്തും ഏതും തനിച്ചുചെയ്യുന്ന ദൈവം, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്, കുറ്റവും കുറവുമില്ലാത്ത മഹാപദ്ധതിയോടെയുമാണ്. പിതൃഘടകമായി പരമശിവനെ പരബ്രഹ്മമായ മഹാപ്രപഞ്ചത്തില് ഉള്പ്പെടുത്തുകയാലും, പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച് മഹാപദവിയും മഹാപങ്കാളിത്തവും നല്കിയിരിക്കുകയാലും, കുഞ്ഞുങ്ങളായ മനുഷ്യര്ക്ക് ആത്മീയ സാക്ഷാത്ക്കാരം നല്കാനായിട്ട് ഏകമഹാദൈവമായ മഹാദേവി തയ്യാറാകുമ്പോള്, ജീവികളുടെയും പ്രപഞ്ചത്തിന്റെയും പിതാവായ പരമശിവനെ ഉള്പ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. സൃഷ്ടിയില് സ്ത്രീയ്ക്കും, സ്ഥിതിയില് പുരുഷനും പ്രാമുഖ്യം നല്കിക്കൊണ്ട് മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം, സ്ഥിതിയുടെ ഭാഗമായുള്ള ആത്മീയസാക്ഷാത്ക്കാരത്തില് ജീവികളുടെയെല്ലാം പിതാവുകൂടിയായ പരമശിവനെ ഉള്പ്പെടുത്തേണമെന്നത് മഹാദേവിയുടെ മഹാപദ്ധതിയുടെ ഭാഗവുമാണ്. ദൈവത്തിന്റെ ഏകദാസനും മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ ദൈവകാര്യങ്ങളുടെ ദൈവീക നടത്തിപ്പിനായിട്ട് മഹാപ്രവര്ത്തിക്കുന്ന ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും പരമശിവനെ ഉള്പ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാദേവിയുടെ മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും മഹാദേവിയെത്തന്നെയും പ്രതിനിധീകരിക്കുവാന് മഹാദേവി മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവന്, പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികള്ക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നല്കുന്ന മഹാവേളയില് ഏകമഹാശക്തിയായ മഹാദേവി മഹാപദവിയും മഹാപങ്കാളിത്തവും മഹാആനന്ദവും മഹാഅനുഗ്രഹിച്ചു നല്കുകയും, പരമശിവനിലൂടെ ഏകമഹാശക്തിയായ മഹാദേവി ജീവികള്ക്കെല്ലാം ആത്മീയസാക്ഷാത്ക്കാരം മഹാഅനുഗ്രഹിച്ച് നല്കുകയും ചെയ്യുന്നു. ഏകമഹാശക്തിയായ മഹാദേവിയാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി, സ്ഥിതി, മഹാനീതി എന്നിവ ചെയ്യുന്നതെന്ന് ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തില് സുവ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ഏകമഹാശക്തിയായ മഹാദേവി മഹാനീതിശാസ്ത്രം പ്രകാരം

മഹാനിര്‍വ്വഹിക്കുന്ന
മഹാനീതിയുടെ ഒരംശം മാത്രമാണ് പരമശിവനിലൂടെ
മഹാദേവി തന്നെ മഹാനിര്‍വ്വഹിക്കുന്ന സംഹാരം
എന്ന ആത്മീയസാക്ഷാത്ക്കാരം എന്ന ബ്രഹ്മാനന്ദം എന്നറിയുമ്പോള്‍,
മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉള്‍പ്പെടെയുള്ള
മഹാനീതികാര്യങ്ങളും യഥാര്‍ത്ഥത്തില് ചെയ്യുന്നത്
മഹാശക്തിയായ മഹാദേവി തന്നെയാണ്.
മഹാദേവിക്കു മാത്രമേ ശക്തിയുള്ളൂ.
മഹാദേവി ശക്തി നല്കിയില്ലെങ്കില് പരമശിവന് ഉള്‍പ്പെടെ യാതൊരാള്‍
ക്കും
ഒരു പുല്ക്കൊടി ഉയര്‍ത്താന് പോലും കഴിയുന്നതുമല്ല.
ആത്മീയ സാക്ഷാത്ക്കാരത്തെ വിശദീകരിക്കുന്ന പ്രത്യേകം അദ്ധ്യായം
ഗ്രന്ഥത്തിലുണ്ട്. ആത്മീയ സാക്ഷാത്ക്കാരം എന്ന ബ്രഹ്മാനന്ദം
നേടുമ്പോള് ജീവിയുടെ രൂപം നക്ഷത്രമാണെന്നും കൂടി
വിശദീകരിച്ചിരുന്നു. ആത്മീയ സാക്ഷാത്ക്കാരം എന്ന
സംഹാരത്തെ മഹാശക്തിയായ മഹാദേവി,
ഏകദാസനായ പരമശിവനിലൂടെ മഹാ-
നിര്‍വ്വഹിക്കുന്നത് എങ്ങനെയെന്ന്
ഇപ്പോള് അറിയിച്ചിരിക്കുന്നു.
മഹാദേവി ഭൂമിയില് മഹാഎഴുന്നെള്ളിക്കഴിഞ്ഞു.
മഹാശക്തിയായ മഹാദേവി ഉടന് ഭൂമിയിലെങ്ങും മായ
പ്രത്യക്ഷമാക്കുന്നതും ഭൂമിയില് സ്വര്‍ഗ്ഗരാജ്യം സ്ഥാപിക്കുന്നതുമാണ്.
സംഹാരത്തില് ഭൂമിയിലെ മനുഷ്യജീവിതത്തില് എന്തെല്ലാമാണ്
നടക്കുന്നതെന്ന് ഗ്രന്ഥത്തിലെ നിരവധി അദ്ധ്യായങ്ങളില്
സൂചിപ്പിക്കുകയുണ്ടായി.
മായ പ്രത്യക്ഷമാക്കിയിട്ട് 500 വര്‍ഷങ്ങള്ക്കുശേഷം മാത്രം
ആരംഭിക്കുന്ന സംഹാരത്തെപ്പറ്റി കൂടുതല് വിശദീകരിക്കേണ്ടതില്ല.
സമ്പൂര്‍ണ്ണ-ദൈവശാസ്ത്രം അഥവാ മഹാശാസ്ത്രം അഥവാ മഹാവേദം
അഥവാ മണ്ണിന്റെ മഹാശാസ്ത്രം അവതരിപ്പിക്കുമ്പോള്, സംഹാര
കാര്യങ്ങള് വിശദമാക്കുന്നതാണ്. ദൈവശാസ്ത്ര ഗ്രന്ഥങ്ങളെയും
അഥവാ വേദങ്ങളെയും കൂടി പ്രായേണ മഹാശക്തിയായ മഹാദേവി
സംഹരിക്കുന്നതാണെന്നും കുഞ്ഞുങ്ങളെല്ലാം അറിഞ്ഞുകൊള്ളണം.
എന്ന്, മഹാദേവിക്കുവേണ്ടി,
മഹാകല്പന പ്രകാരം, മഹാദാസനായ പരമശിവന്.
ഭാഗം 7
സ്മൃതി

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

സ്മൃതി എന്നാല് ഓര്മ്മ, ഓര്ക്കുന്നത് എന്നൊക്കെയാണ് അര്ത്ഥം. വ്യക്തിജീവിതവുമായി ബന്ധപ്പെട്ട ഓര്മ്മകള് മനുഷ്യരെ സന്തോഷിപ്പിക്കാറുണ്ട്; ദുഃഖിപ്പിക്കാറുമുണ്ട്. ഏതൊരാള്ക്കും ഓര്മ്മിക്കാനുള്ള ശക്തിയും മഹാശക്തിയായ മഹാദേവി തന്നെ നല്കണം എന്നതുകൊണ്ട് ഓര്മ്മ എന്ന പദത്തോട് ശക്തി ചേര്ത്ത് ഓര്മ്മശക്തി എന്നുപറയുന്നു. മഹാശാസ്ത്രത്തെ വിസ്മൃതമാക്കിയും സ്മൃതമാക്കിയും മഹാദേവി സൃഷ്ടിചക്രങ്ങളെയും മനുഷ്യജീവിതത്തെയും മഹാമംഗളമാക്കുന്നതായ സ്മൃതിയെപ്പറ്റി പറയാം. മനുഷ്യരെ സന്തോഷിപ്പിക്കുവാന് മാത്രം ഉദ്ദേശിച്ചുള്ള സ്മൃതിയാണത്. ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തില് സൃഷ്ടിചക്രത്തിന്റെ പ്രവര്ത്തനത്തെപ്പറ്റി വിസ്തരിച്ചിരുന്നു. ഒരു സൃഷ്ടിചക്രത്തിന് 2 ഭാഗങ്ങളാണുള്ളത്: മായ പ്രത്യക്ഷമായിരിക്കുന്ന കാലവും, മായ പ്രത്യക്ഷമല്ലാത്ത കാലവും. മായ പ്രത്യക്ഷമല്ലാത്ത കാലയളവില് മനുഷ്യരിലൂടെ തന്നെ മഹാശാസ്ത്രത്തിലെ പാഠങ്ങള് ദൈവം വെളിവാക്കുന്നു. ഭൗതിക ശാസ്ത്രത്തിന്റെ വിവിധ ശാഖകളിലെ പാഠങ്ങള്/നിയമങ്ങള് കാലാനുസൃതം വെളിപ്പെടുമ്പോള്, ശാസ്ത്ര-സാങ്കേതിക വികസനംകൂടി നടക്കുകയും, ശാസ്ത്രസൗകര്യങ്ങള് ലഭിക്കുകയും ചെയ്യുന്നു. മഹാശാസ്ത്രശാഖകളിലെ വികസനത്തെയും ജനപ്പെരുപ്പത്തെയും കാലത്തെയും കൂട്ടിയിണക്കിക്കൊണ്ട് മഹാദേവി മായ പ്രത്യക്ഷമാക്കുകയും സൃഷ്ടിചക്രത്തിന്റെ രണ്ടാം ഭാഗം ആരംഭിക്കുകയും ചെയ്യുന്നു. ഭൂമിയില് ദൈവരാജ്യം സ്ഥാപിക്കുകയും, ശേഷം സൃഷ്ടിചക്രത്തെ സംഹരിക്കുകയും ചെയ്യുന്നു. അടുത്ത സൃഷ്ടിചക്രത്തിന്റെ ആദ്യഭാഗത്തില് മായ പ്രത്യക്ഷമല്ലാതിരിക്കുകയും വീണ്ടും ശാസ്ത്ര പാഠങ്ങളുടെ അന്വേഷണവും വെളിപ്പെടുത്തലും ആരംഭിക്കുന്നു. മഹാശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങള് സ്മൃതി-വിസ്മൃതികളായും ചാക്രികമായും എല്ലാ സൃഷ്ടിചക്രങ്ങളെയും മഹാഭരിക്കുന്നു.

മഹാദേവിയ്ക്ക് ജീവികളോടുള്ള മഹാസ്നേഹത്തെ സാക്ഷ്യപ്പെടുത്തുന്നതും പുരാണത്തിന്റെ ഭാഗവുമായ ഒരു സ്മൃതി കൂടിയുണ്ട്. അതേപ്പറ്റി ഇനി പറയാം:- മഹാശക്തിയായ മഹാദേവി മഹാനിര്വ്വഹിക്കുന്നതായ ഓംകാരനീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രത്തെ സൃഷ്ടികള് ഭയക്കാതിരിക്കാനും, മറിച്ച് ഇഷ്ടപ്പെടാനും, അതിനെല്ലാമുപരി മഹാശക്തിയായ മഹാദേവി മഹാസ്നേഹവും മഹാവാത്സല്യവുമാണെന്നു

ബോദ്ധ്യപ്പെടുത്താനുമായി മഹാശക്തിയും മഹാമാതാവും മഹാനീതിപതിയുമായ മഹാദേവി ആദ്യമഹാകാലചക്രത്തില് മനുഷ്യരൂപം എടുക്കാതെ, മഹാപ്രപഞ്ചത്തിന്റെ ഭരണം തന്റെ പ്രതിനിധിയായ പരമശിവനിലൂടെ മറ്റു ചിലരെ ഏല്പ്പിച്ചതിനെപ്പറ്റി ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തില് പറഞ്ഞിരുന്നു. ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് അവരെപ്പറ്റി വിസ്തരിക്കുകയുമുണ്ടായി. 1000 കോടി വര്ഷങ്ങളടങ്ങുന്ന ആദ്യമഹാകാലചക്രത്തില്, മഹായജമാനയും കൂടിയായ മഹാദേവി എല്ലാ ജീവികളുടെയും മഹാദാസിയായി വര്ത്തിക്കുകയും പരമശിവനെ തന്റെ മഹാദാസനായി കൂടെക്കൂട്ടുകയും ചെയ്തുകൊണ്ട് മഹാപ്രപഞ്ചത്തിന്റെ ഭരണം ഏല്പിച്ചവരെ ബൈബിളും ഖുറാനും മാലാഖമാരെന്നും മലക്കുകളെന്നും യഥാക്രമം വിളിക്കുന്നു ; ഹിന്ദുമതംപ്രകാരം ഈശ്വരന്, അന്നപൂര്ണ്ണേശ്വരി, ശിവന്, പാര്വ്വതി, ദുര്ഗ്ഗ, വിഷ്ണു, ഗണപതി, ഇന്ദ്രന് തുടങ്ങിയ അനേകം ദേവതകളായും. ഓരോ സൃഷ്ടിചക്രത്തിലും മായ പ്രത്യക്ഷമാക്കുന്നതിനു മുമ്പ് ശരീര-രൂപത്തോടെ അവരെ സൃഷ്ടിക്കുകയും, സൃഷ്ടിചക്രത്തിന്റെ സംഹാരം പൂര്ത്തിയാകുമ്പോള് ശരീരം ഉപേക്ഷിക്കാന് അവര് നിര്ബ്ബന്ധിതരാവുകയും ചെയ്യും. തൃശൂരിലെ വടക്കുന്നാഥ-ക്ഷേത്രത്തിലെ പൂരാഘോഷവുമായി ബന്ധപ്പെട്ട കുടമാറ്റത്തിന് ഓരോ സൃഷ്ടിചക്രത്തിലും ദേവതകളില്നിന്ന് ശക്തികള് മടക്കിവാങ്ങുന്നതുമായും, വിജയദശമി എന്നറിയപ്പെടുന്ന മഹാദശമിയുമായും ബന്ധമുണ്ട്. ആവക കാര്യങ്ങളിലെ വെളിപാട് പൂര്ണ്ണമായിട്ടില്ല. യാതൊരു ദേവതകളും മഹാശാസ്ത്രത്തിന്റെ ഭാഗമല്ല. മഹാശാസ്ത്രത്തില് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും, കര്ത്താവും മഹാനീതിപതിയുമായ ദൈവത്തെയും, മഹാദേവിയുടെ മഹാദാസനായ പരമശിവനെയും വിശദീകരിക്കുന്ന ശാസ്ത്രപാഠങ്ങള് മാത്രമാണുള്ളത്. ആദ്യ മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ ചരിത്രം ഭാവിയില് അപ്രധാനവും, മനുഷ്യര്ക്ക് ജീവിതകാര്യങ്ങള് നിര്വ്വഹിക്കുവാന് ആവശ്യമില്ലാത്തതുമാണ്. അവരെപ്പറ്റിയുള്ള സ്മൃതി പുരാണത്തില് ഇടം തേടുന്നു. പുരാണം സമൂഹത്തിന് എത്രത്തോളം ആവശ്യമുണ്ടെന്ന് ഗ്രന്ഥത്തിന്റെ അടുത്ത ഭാഗത്തിലുണ്ട്. എന്നാല് ശക്തി കൊണ്ടല്ലാതെ മഹാസ്നേഹംകൊണ്ട് തന്റെ സൃഷ്ടികളെ മഹാഭരിക്കാനാണ് ദൈവം മഹാആഗ്രഹിക്കുന്നതെന്നും, ദൈവം മഹാസ്നേഹമാകുന്നു എന്ന് മനുഷ്യര്ക്ക് എക്കാലവും ബോദ്ധ്യപ്പെടാനും മേല്പ്പടി സ്മൃതി മനുഷ്യര്ക്കും ദൈവത്തിനും ഒരുപോലെ സാക്ഷ്യമാണ്.

മഹാശക്തിയായ മഹാദേവി സ്വയം മഹാദാസിയായിക്കൊണ്ടും മഹാസ്നേഹം ചൊരിഞ്ഞുകൊണ്ടും പ്രവര്ത്തിച്ചതിനെ മനുഷ്യസമൂഹത്തില് ഉയര്ത്തിക്കാട്ടുവാന് ബാദ്ധ്യസ്ഥരായവര് കാട്ടിയ നന്ദികേടിനെപ്പറ്റിയും വഞ്ചനകളെപ്പറ്റിയും മറ്റ് അധമത്തങ്ങളെപ്പറ്റിയും ഇനി പറയാം :- മേല്പടി മാലാഖമാര് /മലക്കുകള്/ദേവതകള് തങ്ങളുടെ ചുമതലകളില് വലിയ പിഴവു വരുത്തി. മഹാദേവി നല്കുന്ന ശക്തികൊണ്ടാണ് തങ്ങള് പ്രവര്ത്തിക്കുന്നത് എന്നതുപോലും മറന്നും മറച്ചും അവരില് രണ്ടുപേര് ദൈവങ്ങളാവാനും ശ്രമിച്ചു; കുതന്ത്രങ്ങള് പയറ്റി. മനുഷ്യരില് അഹവും അഹങ്കാരവുമൊക്കെ വര്ദ്ധിച്ചതുപോലെ ! ഏകമഹാശക്തിയായ ദൈവത്തെ മാത്രവും, മഹാശാസ്ത്രം പ്രകാരം മാത്രവും ആരാധിക്കണമെന്ന് മനുഷ്യരെ ഉപദേശിക്കേണ്ടവരായ അവര്, മനുഷ്യര് ദേവതകളെയും ആരാധിക്കണമെന്ന് ചട്ടങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാക്കി. ദുര്ഗ്ഗ, നാരായണന് എന്നിവരാണ് ദൈവമാകാന് ശ്രമിച്ചത്. 2006-ല് ദുര്ഗ്ഗയെ സമ്പൂര്ണ്ണമായും പിന്വലിച്ചുകഴിഞ്ഞു. നാരായണനെയും അടിസ്ഥാനപരമായിട്ട് പിന്വലിച്ചുകഴിഞ്ഞു. എന്നാല് അതിവിക്രമനായിരുന്ന അയാള് വളരെയധികം ദുര്-അംശങ്ങളെ സൃഷ്ടിച്ച് ഭൂമിയിലെങ്ങും വ്യാപരിപ്പിച്ചിട്ടുണ്ട്. 1000 കോടി വര്ഷങ്ങളെന്ന വലിയൊരു കാലഘട്ടത്തിലായി അയാള് നടത്തിയ പിഴവുകളെ ഒരുനിമിഷത്തിനുള്ളില് പരിഹരിക്കാനും മഹാദേവിക്കു കഴിയുമെങ്കിലും, മഹാശക്തിയായ മഹാദേവി, മഹാശാസ്ത്രപ്രകാരം മാത്രമേ പ്രവര്ത്തിക്കുന്നുള്ളൂ. അയാളുടെ പൈശാചിക പ്രവൃത്തികളെയും പദ്ധതികളെയും അടിസ്ഥാനപരമായി തകര്ത്തുകഴിഞ്ഞു. പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചതായ നാരായണനെയും അയാളുടെ അവതാരമായ കള്ളക്കൃഷ്ണനെയും തിരിച്ചറിയാന് ഹിന്ദുമതവിശ്വാസികള്ക്ക് കഴിയാതെ പോയതിന് മായാശക്തികളുടെ കടുത്ത ദുര്വ്വിനിയോഗം മുഖ്യകാരണമാണ്. ഹിന്ദുമതത്തില് ശിവന്, പാര്വ്വതി, ദുര്ഗ്ഗ, ഗണപതി, മുരുകന്, അയ്യപ്പന്, എന്നിങ്ങനെ ദൈവമെന്നറിയപ്പെടുന്നവര് അനവധിപേരുണ്ടെങ്കിലും, ഹിരണ്യകശിപു എന്ന അസുരന് സ്വയം ദൈവമായി പ്രഖ്യാപിച്ചപ്പോള്, നാരായണന് എന്നൊരാള് മാത്രം രോഷം പൂണ്ട് ഹിരണ്യകശിപുവിനെ വധിക്കുമ്പോള് നാരായണന് മാത്രമാണ് ദൈവമെന്ന ദുസ്സൂചനയും ശ്രമവും തെളിഞ്ഞുകാണാം. മഹാശക്തിയായ ദൈവം തന്റെ ഏകദാസനായ പരമശിവനിലൂടെ ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികള്ക്ക് നല്കിയ മായാശക്തികളെ നാരായണന് മോഷ്ടിക്കുകയും ദുരുപയോഗം ചെയ്യുകയും ഒക്കെ ചെയ്ത്

അതിനീചത്വം കാട്ടിയിരുന്നു. അങ്ങനെയുള്ള നാരായണനാണ് ഹിരണ്യകശിപു എന്ന അസുരന്റെ നീചത്വത്തെ ശിക്ഷിച്ചതെന്ന് അറിയുമ്പോഴും, മഹാശക്തിയും മഹാമാതാവുമായ മഹാദേവി നേരിട്ടോ തന്റെ ഏകദാസനായ പരമശിവനിലൂടെയോ അതിനീചനായ നാരായണനെ വധിച്ചില്ലെന്നതും മഹാമാതാവിന്റെ മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തോടുള്ള മഹാപ്രതിബദ്ധതയെയും എടുത്തുകാട്ടുന്നുണ്ട്. മഹാനീതിപതിയായ ദൈവം, പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചതായ നാരായണന് ചെയ്തുകൂട്ടിയ ദുഷ്ച്ചെയ്തികള് വളരെയേറെയാണ്. ദുഷ്ച്ചെയ്തികളെ ഇപ്പോള് അവസാനിപ്പിച്ചു വരികയാണ്. ഈയുള്ളവന് വ്യക്തിജീവിതത്തില് വളരെയധികം പ്രതിസന്ധികള് ഉണ്ടാവുകയും ചെയ്തു. മായ-യുമായി ബന്ധപ്പെട്ടതായ അത്തരം കാര്യങ്ങള് സാധാരണക്കാര്ക്ക് ഉള്ക്കൊള്ളാന് വിഷമമാണ്. അത്യാവശ്യമോ ആവശ്യമോ അല്ല താനും ! ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് വളരെയധികം വിശദീകരിച്ചിട്ടുണ്ട്. ആവര്ത്തിക്കുന്നില്ല.

രണ്ടുപേരായ ശിവനെപ്പറ്റിയും, ഈശ്വരനെപ്പറ്റിയും സുവ്യക്തമായിട്ട് 2009 ജനുവരി 16-നു അറിയിച്ചു, ഇപ്പോള് മറപ്പിച്ചിരിക്കുന്നു. കേരളത്തില് മനുഷ്യാവസ്ഥയിലെത്തിയിട്ടുള്ള അവരുമായി ഈയുള്ളവന് മാനുഷിക ബന്ധങ്ങളുമുണ്ട്. മുന് മഹാകാലചക്രത്തിലെ അവരുടെ പ്രവര്ത്തനങ്ങളെ സംബന്ധിച്ച വിശദീകരണങ്ങള് മഹാദേവി അറിയിച്ചിട്ടില്ല. സമയമായില്ല ! ശിവനിലൂടെ ലഭിച്ച മായാശക്തികളെ നാരായണന് ദുര്വ്വിനിയോഗം ചെയ്തു; താനാണ് ദൈവം എന്ന രീതിയില് പ്രവര്ത്തിച്ചു; പ്രായേണ കൊടിയപിശാചായി മാറി. പ്രസ്തുത വിരുദ്ധശക്തിയെ നന്മയിലേക്കു നയിക്കാന് ദൈവം, പരമശിവനെ ക്രൈസ്റ്റായിട്ട് അയക്കുകയും ചെയ്തു.

നാരായണന്റെ മൂലരൂപം മനുഷ്യാവസ്ഥയില് ക്രൈസ്തവ കുടുംബത്തില് ജനിച്ച് ഇപ്പോള് ഭൂമിയില് എത്തിയിട്ടുള്ളതും, അദ്ദേഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന അത്യപൂര്വ്വ അനുഭവങ്ങളുമൊക്കെ ഭീകരവാദവും മതങ്ങളും/മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിരുന്നു. അനേകം കോടി സൃഷ്ടിചക്രങ്ങളില് തന്നെ ശിക്ഷിക്കപ്പെടാനുള്ള പാപങ്ങള് അദ്ദേഹം ചെയ്തിട്ടുള്ളതായി മഹാദേവി ഈയുള്ളവനെ സുവ്യക്തമായി അറിയിച്ചതാണ്. വിശദീകരിക്കുന്നില്ല. ഈ ഗ്രന്ഥത്തെപ്പറ്റി പുറംലോകം അറിയുമ്പോള്, പത്രോസ് ക്രൈസ്റ്റിനെ തള്ളിപ്പറഞ്ഞതുപോലെ, ഈയുള്ളവനെയും മഹാശാസ്ത്രത്തെയുമൊക്കെ തള്ളിപ്പറയാനുള്ള വ്യക്തിസ്വാതന്ത്ര്യം

സമ്പൂര്ണ്ണമായും അദ്ദേഹത്തിനുണ്ട്. സമ്മതിച്ചാല് ഈ ജന്മത്ത് നരകദുഃഖങ്ങള് അദ്ദേഹത്തിന് ഉണ്ടായേക്കാം. ഈയുള്ളവന് അറിയില്ല. വിശ്വാസം പ്രകാരമുള്ള ഊറ്റം കാട്ടിക്കൊണ്ട് പ്രവര്ത്തിച്ചാല് പാപം കുറയുന്നതാണ്. മഹാദേവി മഹാനിശ്ചയിക്കുന്ന കാലം വരെയും, ഈയുള്ളവന് തന്നെ അദ്ദേഹത്തെ കടുത്ത അധമനെന്നും കൊടും പാപിയെന്നും തുടര്ന്നും വിശേഷിപ്പിച്ചെന്നിരിക്കും. ഈയുള്ളവന്റെ ബ്രെയിന്-വാഷിങ്ങില് പെട്ടുപോയ പാവം മനുഷ്യനെന്ന് മനശ്ശാസ്ത്രജ്ഞരും മറ്റും കഥയുണ്ടാക്കിയെന്നും വരും. അങ്ങനെയിരിക്കെ വീണ്ടുവിചാരങ്ങളോടെയും, ആവശ്യമെങ്കില് മനശ്ശാസ്ത്ര ഉപദേശങ്ങളും മറ്റും തേടിയശേഷവും, പ്രാര്ത്ഥനയോടെ ദൈവത്തോടു സമര്പ്പണങ്ങള് നടത്തിയ ശേഷവുമൊക്കെ മാത്രമാണ് അദ്ദേഹം തീരുമാനിക്കേണ്ടത്. ഈയുള്ളവനെ സമ്പൂര്ണ്ണമായും തള്ളിപ്പറഞ്ഞാല്, ഒരു ശതമാനം പോലും ദുഃഖമില്ല. അദ്ദേഹം പ്രവര്ത്തിക്കുന്നത് അദ്ദേഹത്തിനു വേണ്ടി മാത്രമാവണം, ഈയുള്ളവനു വേണ്ടിയോ, മഹാശക്തിയായ മഹാദേവിക്കുവേണ്ടിയോ ആവരുത്. അദ്ദേഹത്തിന്റെ അനുവാദത്തോടെ അദ്ദേഹത്തിന്റെ ഇ-മെയില് വിലാസം ഭാഗം 8-പുരാണത്തില് ചേര്ത്തിരുന്നു; 2015 ഒക്ടോബര് മാസത്തില് പിന്വലിക്കുകയും ചെയ്തു.

മഹാശക്തിയായ മഹാദേവി ആദ്യമഹാകാലചക്രത്തില് മനുഷ്യരൂപത്തില് അവതരിച്ചിട്ടില്ല; എന്നാല് സംഹാര കാര്യങ്ങള്ക്കായി സംഹാരദേവി എന്ന പേരില്, മഹാദേവിയുടെ ഒരു ഭാഗം വേര്തിരിഞ്ഞു പ്രവര്ത്തിച്ചിട്ടുണ്ട്. മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് അനേകര് തെറ്റിദ്ധരിച്ചിട്ടുണ്ട്. നാവ് പുറത്തേയ്ക്കിട്ടും അനേക് കൈകളോടെയും കൈകളില് ആയുധങ്ങളോടെയും ശിവന്റെ നെഞ്ചില് ഒരു കാല് ചവിട്ടിയും നില്ക്കുന്ന ഭദ്രകാളിയെന്ന് അറിയപ്പെടുന്ന മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയുടെ ചിത്രങ്ങളും വിഗ്രഹങ്ങളും ഏറെയുണ്ട്. സംഹാരദേവി പുറത്തേയ്ക്കിടുന്ന നാവ് സംഹാരത്തിനുള്ളതാണ്. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി 2007-ല് ഈയുള്ളവനെ സംഹാരദേവനായി മഹാനിയമിക്കുകയുണ്ടായി. മഹാസൃഷ്ടിചക്രം മുതല് ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായി മഹാശോഭിക്കുമ്പോള്, മഹാനീതിനിര്വ്വഹണത്തിലെ വളരെച്ചെറിയൊരു ഭാഗംമാത്രമായ സംഹാര കാര്യങ്ങളെ മഹാനിര്വ്വഹിക്കുന്നത് പരമശിവനിലൂടെയാണ്. സംഹാരദേവിയെ പരമശിവനിലേക്ക് ചേര്ക്കുകയാല് മേലില്

സംഹാരദേവി ഉണ്ടായിരിക്കുന്നതല്ല, മാത്രമല്ല, സംഹാരം ചെയ്യുമ്പോഴും മഹാദേവിയുടെ മഹാഇഷ്ടങ്ങള് അനുസരിച്ചും, പരമശിവന്റെ നാവും പുറത്തേയ്ക്ക് നീളുന്നതാണ്. അറിയുക: സംഹാരദേവി മഹാഭദ്രകാളിയല്ല. മഹാപ്രപഞ്ചം ഉള്പ്പെടെ സര്വ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ആരാണോ, ആരില് ഭദ്രമായിരിക്കുന്നുവോ, ഭദ്രമാക്കാന് കഴിവുള്ളതാരോ, ആ മഹാശക്തിയാണ് മഹാഭദ്രകാളി. മഹാദേവിയാണ് മഹാഭദ്രകാളി.

സ്മൃതിയിലുള്ള മാലാഖമാരുടെ/ദേവതകളുടെ അനേകം കാര്യങ്ങള് ഭീകരവാദവും മതങ്ങളും /മതനേതൃത്വങ്ങളും എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ഓം സത്യം ഡോട്ട് കോം എന്ന വെബ്സൈറ്റിലും. ദേവതകളെന്നു കരുതപ്പെടുന്നവരുടെ അനവധി കാര്യങ്ങള് മായ-യുമായും അധമത്തങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥത്തെ പരിഷ്ക്കരിച്ചുവരുന്ന വേളയിലും-2009 ഡിസംബര് 26-നും നാരായണപ്പിശാചിന്റെ അംശം ഈയുള്ളവനെ തടസ്സപ്പെടുത്താന് ശ്രമിച്ചിരുന്നു. ആവക കാര്യങ്ങള് തല്ക്കാലം വിസ്തരിക്കുന്നില്ല. ദുര്ദ്ദേവതകളുടെ പല കാര്യങ്ങളും അറിയുമ്പോള് അയ്യേ ഇങ്ങനെയൊക്കെയോ എന്നുപോലും മനുഷ്യര്ക്കു തോന്നിപ്പോകുന്നതാണ്. അവര് മഹാശാസ്ത്രം പ്രകാരം പ്രവര്ത്തിക്കാഞ്ഞതിന്റെ തകരാറാണത്. ഭൂമിയിലെ മനുഷ്യരുടെ ഇടയില് അധമത്തം വര്ദ്ധിക്കാന് ഒരു കാരണം മേല്പ്പടി ദുര്ദ്ദേവതകളുടെ ചെയ്തികളാണ്. ദുഷ്ച്ചെയ്തികളില് അനവധി മനുഷ്യരും ഒട്ടും പിറകിലല്ല എന്നറിയാമല്ലോ. ഇതു വായിക്കുന്നവരോടും പറയുന്നവരോടും ഒരു ഉപദേശം നല്കട്ടെ : ധര്മ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കുവിന്.

ഭാഗം 8
പുരാണം

ചരിത്രമെന്നത് മഹാപ്രപഞ്ചത്തിന്റെ ആദികാലം മുതലുള്ള എല്ലാ ജീവികളുടെയും എല്ലാ വസ്തുക്കളുടെയും എല്ലാ സംഭവങ്ങളുടെയും രേഖയാണ്. 1000 കോടിയിലധികം വര്ഷങ്ങളിലെ ചരിത്രം രേഖപ്പെടുത്താന് കഴിഞ്ഞാല് പോലും പഠിക്കാന് കഴിയില്ല, ചരിത്രഗ്രന്ഥങ്ങള് കൊണ്ടുതന്നെ ഭൂമി നിറയുന്നതാണ്. ചരിത്രം സൂക്ഷിക്കുവാന് മഹാശക്തിക്കു മാത്രമേ കഴിയൂ. 1000 കോടിയെന്നത് 10000-കോടിയോ അതിലധികമോ വര്ഷങ്ങളായി വളര്ന്നാലും മഹാശക്തിക്കു മാത്രമേ ചരിത്രം സൂക്ഷിക്കുവാന് കഴിയൂ. മുമ്പ് ജീവിച്ചിരുന്നവരോ ഇപ്പോള് ജീവിക്കുന്നവരോ ആയ ചില പ്രഗത്ഭരുടെയും ചില പ്രശ്നകാരികളുടെയും ചില സംഭവങ്ങളുടെയും മാത്രം ചരിത്രങ്ങളായി മാറിയിരിക്കുന്ന ഇന്നുള്ള പുരാണം സമ്പൂര്ണ്ണമല്ലെന്നതിന്റെ കൂടെ മായം കൂടി ചേര്ക്കപ്പെട്ടവ ആണെങ്കില് ! സത്യസന്ധമാണോ എന്നു നിശ്ചയമില്ലാത്ത ഒരു ചിലരുടെ കഥകള് ചൂണ്ടിക്കാട്ടിക്കൊണ്ട് മുതിര്ന്നവര് ധര്മ്മകാര്യങ്ങള് കുട്ടികള്ക്ക് വിശദീകരിച്ചുകൊടുക്കുന്നത് ദൈവീകമല്ല. മാത്രമല്ല, ചരിത്രങ്ങള് കൊണ്ട്, ചരിത്രങ്ങളിലെ മുഖ്യനായകര്ക്കുപോലും സാധാരണഗതിയില് യാതൊരു ഗുണവുമില്ല. എന്തെന്നാല് അവര് ആത്മീയ സാക്ഷാത്ക്കാരം നേടുകയും അനന്തങ്ങളായ ആനന്ദങ്ങളില് മാത്രം മുഴുകുകയും ചെയ്യുമ്പോള്, ഭൂമിയിലെ കുറേപ്പേര് അവരെ പുകഴ്ത്തുന്നതോ ഇകഴ്ത്തുന്നതോ അവര്ക്കു വിഷയമാകുന്നില്ല. ചരിത്രത്തിലെ ഏതാനും നായകന്മാര് പുനര്ജ്ജനനങ്ങളിലൂടെ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നതും വസ്തുതയാണ്. അടുത്തകാലത്ത് ജീവിച്ചിരുന്നവരായ ഗാന്ധിയെപ്പോലെയുള്ളവരുടെ ചരിത്രം കുട്ടികള്ക്ക് വിശ്വാസയോഗ്യങ്ങളായ ഗുണപാഠങ്ങളായി നല്കാനാവുമെന്നിരിക്കെ സമ്പൂര്ണ്ണമല്ലാത്തതും മായം കലര്ന്നതുമായ പുരാണകഥകളെ ഉപയോഗിച്ചുകൂടാ. സ്മൃതി പഠിക്കുമ്പോള്, പുരാണങ്ങളില് മായം ചേര്ന്നിരിക്കുന്നു എന്നു വ്യക്തമാകുന്നുണ്ട്. പ്രാര്ത്ഥനയുടെ ഭാഗമായിട്ട് പുരാണങ്ങളെ പാരായണം ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. സ്മൃതിയില് വിവരിച്ചതായ, ദൈവമാകാന് ശ്രമിച്ച അധമന്*, പുരാണ പാരായണത്തിലൂടെ മനുഷ്യ ഹൃദയങ്ങളിലേക്ക് പ്രവേശിക്കാന് പരിശ്രമിക്കുകയുണ്ടായി. മത-മനുഷ്യര് പുരാണ പാരായണം നടത്തുമ്പോള് അതിനു ദേവതകള് /പിശാചുക്കള് കാരണമായിട്ടുണ്ടെങ്കില് അവര്ക്ക് പാപം ഉണ്ടാകുന്നു, ചെറിയ പാപം വായിക്കുന്നവര്ക്കും, അവ കേട്ട് ആസ്വദിക്കുന്നവര്ക്കും. എന്നാല് ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നതായ മഹാശാസ്ത്ര പാഠങ്ങള് പഠിക്കാന് ഭാഗ്യമുണ്ടാകുന്നവര്, തുടര്ന്നും ബൈബിള്, ഖുറാന്,

ഭാഗവതം തുടങ്ങിയവ പാരായണം നടത്തുകയാണെങ്കില് മേല്പടി അധമന് പാപം ഉണ്ടാകുന്നതല്ല ; വായിക്കുന്നവര്ക്കും, അവ കേട്ട് ആസ്വദിക്കുന്നവര്ക്കും മാത്രമാണ് പാപം ഉണ്ടാവുക. പാപം ഉണ്ടാവുക എന്നു പറയുമ്പോള്, ഓംകാരനീതിശാസ്ത്രം പ്രകാരമുള്ള ശിക്ഷ നല്കുമെന്നാണ് അര്ത്ഥം. മഹാദേവി വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതോടെ, പുരാണ പാരായണവും ഭൂമിയില് അസ്തമിക്കുന്നതാണ്. മാത്രമല്ല, മഹാശാസ്ത്രത്തെ മാനിച്ച് എല്ലാ മതഗ്രന്ഥങ്ങളും മാനുഷിക സ്മാരകങ്ങളും മനുഷ്യര്തന്നെ തീയിടുകയും തച്ചുടയ്ക്കുകയും ഒക്കെ ചെയ്യുന്നതാണ്. ഭൂമിയിലെങ്ങും തങ്ങളുടെയോ മറ്റുള്ളവരുടെയോ സ്മാരകങ്ങളുണ്ടാക്കാന് നടക്കുന്നവര്ക്ക് മുകളില് വിവരിച്ചവയെല്ലാം പാഠങ്ങളാവണം. കുട്ടികളെയും മുതിര്ന്നവരെയും ധര്മ്മശാസ്ത്രകാര്യങ്ങള് മനസ്സിലാക്കാന് പഞ്ചതന്ത്ര കഥകള് പോലെയുള്ളവ ധാരാളമാണ്. 2009 -ലും 2015-ലും മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെ ഭാഗം 8-പുരാണം കുറെ പരിഷ്ക്കരിക്കുകയുണ്ടായി. 2009 ഡിസംബര് 22-ല് ഗ്രന്ഥത്തെ കൂടുതല് പരിഷ്ക്കരിക്കവെ, നാരായണന്റെ പുനര് ജ്ജന്മമായി എത്തിയിട്ടുള്ള വ്യക്തിയെ വീണ്ടും കാണുവാനും കേള്ക്കുവാനും ഇടയുണ്ടായിട്ടുണ്ട്. അദ്ദേഹം ബഹുവിധങ്ങളായ പ്രശ്നങ്ങളിലും ദൈവശിക്ഷകളിലും പ്രായശ്ചിത്ത നടപടികളിലും ഒക്കെയാണ്. മായാപരങ്ങളായ അനവധി അനുഭവങ്ങള് ഇപ്പോഴും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ മൂലരൂപവുമായി ബന്ധപ്പെട്ട മായാപരങ്ങളായ ശുദ്ധകാര്യങ്ങള് 2009 ഡിസംബര് 18-ന് അര്ദ്ധരാത്രിയിലും ഈയുള്ളവന് അനുഭവിക്കുകയുണ്ടായി. ന്യൂനശക്തികളില് നിന്ന് വ്യക്തിപരമായി അദ്ദേഹം മോചനം നേടിക്കഴിഞ്ഞിട്ടുണ്ട്. എന്നാല് മഹാനീതിപതിയായ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ അദ്ദേഹം ശിക്ഷകളെ അനുഭവിക്കേണ്ടതായുണ്ട്. ദൈവാനുഗ്രഹത്താല്, ഗ്രന്ഥകാരനുമായിട്ട് സൗഹൃദം പോലെയുള്ള വ്യക്തിബന്ധങ്ങളെ സ്ഥാപിക്കുവാന് നാരായണന്റെ മൂലരൂപമായ ഇപ്പോഴത്തെ പുനര്ജ്ജനിക്കു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ മനസ്സിലാക്കാന് കഴിയുന്നവര് അദ്ദേഹത്തിന് മാനസിക വേദനകള് നല്കാതെ ശ്രദ്ധിക്കണം. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തില് ആദ്യം ആത്മീയസാക്ഷാത്ക്കാരം നേടുന്ന വ്യക്തി ഒരുപക്ഷേ അദ്ദേഹമായിരിക്കും. മഹാദേവിയുടെ മഹാഇഷ്ടപോലെ അഥവാ ഓംകാരനീതിശാസ്ത്രം പോലെ മഹാസംഭവിക്കുന്നതാണ്.

വിചാരണചെയ്യുക, ശിക്ഷ വിധിക്കുക, ശിക്ഷ നടപ്പാക്കുക എന്നിവ ധര്

മ്മശാസ്ത്രം, നീതിശാസ്ത്രം എന്നിവ അറിയാവുന്നവരും, ദൈവീക-അനുഭവങ്ങളും അനുഗ്രഹങ്ങളും ഉള്ളവരും നിര്‍വ്വഹിക്കേണ്ടതായ കാര്യങ്ങളാണ്. ആത്മപരിശോധന ചെയ്താല് ഏതൊരാളും ചെയ്തിട്ടുള്ള തെറ്റുകളുടെയും കുറ്റങ്ങളുടെയും വളരെ വലിയൊരു പട്ടിക/ഗ്രന്ഥം ലഭിച്ചെന്നു വരും. അങ്ങനെയിരിക്കെ മറ്റുള്ളവരെ പരിഹസിക്കാനും ശിക്ഷിക്കാനും തയ്യാറാവാതിരിക്കുക, കഴിയുമെങ്കില്. യാതൊരു തെറ്റുകളും കുറ്റങ്ങളും ഇല്ലാത്തവരായി മഹാഅനുഗ്രഹിക്കണമേ എന്ന് ദൈവത്തോട് പ്രാര്‍ത്ഥിക്കാവുന്നതാണ്.

ഭാഗം 9

സത്യം ശിവം സുന്ദരം

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം. സത്യം ശിവം സുന്ദരം എന്നത് മായാ ബന്ധമുള്ള ഒരു പ്രസ്ഥാനമാണ്. പിന്നീട് വിശദീകരിക്കാം. സത്യം ശിവം സുന്ദരം -ന്റെ ഏതാനും വ്യാഖ്യാനങ്ങള് പരിശോധിക്കാം :- (1) മഹാസത്യം മഹാശക്തിയായ ദൈവമാണ്. മഹാപ്രപഞ്ചം സത്യമാണ്. മഹാപ്രപഞ്ചം എന്ന സത്യത്തിലെ എല്ലാ കാര്യങ്ങളും ശിവം അഥവാ മംഗളം ആക്കുവാനായി ശിവനെ തന്റെ ഭാഗമാക്കിക്കൊണ്ട് മഹാശക്തിയായ ദൈവം സൃഷ്ടി-സ്ഥിതി-സംഹാരങ്ങള് നിര്‍വ്വഹിക്കുന്നു. ശക്തിയും ശിവനും ഒന്നുചേര്‍ന്നുള്ള പരബ്രഹ്മം അഥവാ മഹാപ്രപഞ്ചം അഥവാ മഹാശക്തിയുടെ മഹാരൂപം ശിവമാണ്, മംഗളകരമാണ്, സുന്ദരവുമാണ്. (2) ഭൗതികശാസ്ത്രം എന്ന സത്യ-വും

ധര്മ്മശാസ്ത്രം എന്ന ശിവ-വും നീതിശാസ്ത്രത്തെ അഥവാ ആത്മീയശാസ്ത്രത്തെ സുന്ദരമാക്കുന്നു. ജീവി-ജീവിതം സത്യം ശിവം സുന്ദരം ആയി. (3) ജനിച്ചത് സത്യമാണ്. ധര്മ്മശാസ്ത്രം പ്രകാരം ശിവമായി ജീവിക്കണം. ശിവമാകുമ്പോള് ജീവിതം സുന്ദരം അഥവാ ആനന്ദകരം ആവുന്നതാണ്. സത്യം ശിവം സുന്ദരത്തിന് അനന്തം പോലെയുള്ള വ്യാഖ്യാനങ്ങള് ഓരോരോ മാനസിക അവസ്ഥകളിലും, ഓരോരോ കാലങ്ങളിലും ഉണ്ടാകുന്നതാണ്. സത്യം ശിവം സുന്ദരം -ന്റെ വ്യാഖ്യാനങ്ങള് സമ്പൂര്ണ്ണമാകുന്നതല്ല. മുഖ്യമായ കാരണങ്ങള് മാത്രം പറയാം :-

ഓരോ കാലത്തും വ്യത്യസ്തങ്ങളായ മാനസിക അവസ്ഥകളിലും വ്യത്യസ്തങ്ങളായ ശാരീരിക അവസ്ഥകളിലും, വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലും, ശാസ്ത്ര വ്യാഖ്യാനങ്ങള്ക്ക് വ്യത്യാസങ്ങളുണ്ടാകുന്നതാണ്. അതെങ്ങനെയെന്ന ചോദ്യത്തിന് സുവ്യക്തമായ ഉത്തരമുണ്ട്. ശ്രദ്ധിക്കുക : മഹാശക്തിയായ മഹാദേവിയുടെ ആദിയും അന്തവുമില്ലാത്ത പ്രകൃതി എല്ലാ ജീവിതകാര്യങ്ങളിലും എല്ലാ ശാസ്ത്രങ്ങളിലും ഉണ്ടാവണം. ഭൗതികശാസ്ത്രത്തില് ശക്തി പ്രകടനം പോലെ തോന്നുമെങ്കിലും, നീതിശാസ്ത്രത്തില് അത് ധര്മ്മശാസ്ത്രവുമായി ബന്ധപ്പെട്ട അനിവാര്യതയാണ്. (1) ആദ്യം ഭൗതികശാസ്ത്രത്തെപ്പറ്റി പറയാം : ഭൗതികശാസ്ത്രനിയമങ്ങള് നിശ്ചിതമായിരിക്കുമ്പോള് തന്നെ നിശ്ചിതമല്ലാതെയും അനന്തമായും പ്രതിഫലിക്കണം. അങ്ങനെയല്ലെന്നാല് മഹാശാസ്ത്രത്തിന് പരിധികളുണ്ട് എന്ന അര്ത്ഥമുണ്ടാകുന്നതാണ്. യുക്തിശാസ്ത്രം പ്രകാരം മാത്രമുള്ള അവസ്ഥയല്ലാ അത്. ജീവികളുടെ ശരീരം ഉള്പ്പെടെയുള്ള ഭൗതിക വസ്തുക്കളിലും അത് പ്രതിഫലിക്കുന്നതാണ്. ഓം എന്ന അദ്ധ്യായം പഠിക്കുമ്പോള്, ശബ്ദബ്രഹ്മമായിക്കൊണ്ട് ഓരോ പരമാണുവിലും പ്രവേശിക്കുന്ന മഹാശക്തിയായ ദൈവത്തിന്, പരമാണുവിന്റെ ഘടനയെ മാറ്റി മറിച്ചുകൊണ്ട് ഒരു മൂലകത്തെ മറ്റൊരു മൂലകമാക്കാനും, പുതിയ മൂലകങ്ങള് തന്നെ ഉണ്ടാക്കുവാനും കഴിയുന്നു എന്ന് വിശദീകരിച്ചിട്ടുണ്ട്. അതിനുള്ള പദ്ധതി ഭൗതികതലത്തില് കൂടി സ്ഥാപിക്കുമ്പോള് മാത്രമാണ് (മഹാശക്തി), മഹാശക്തിയാകുന്നത്. ഭൂമിയുടെ ഭൗതിക ഘടനയെ ഉദാഹരണമായിട്ടെടുത്താല്, ഓരോ നിമിഷവും ഭൂമിയുടെ ഘടനയ്ക്ക് വ്യത്യാസമുണ്ടാകുന്നുണ്ട്. വേലിയേറ്റവും വേലിയിറക്കവും, അഗ്നി പര്വ്വതവും, മാനുഷിക നിര്മ്മാണ പ്രവര്ത്തനങ്ങളുമെല്ലാം ഭൂമിയുടെ രൂപത്തെ മാറ്റിക്കൊണ്ടുതന്നെയാണിരിക്കുന്നത്. പരമാണുവിലിരുന്നുകൊണ്ട്

പുതിയ പരമാണുക്കളെ സൃഷ്ടിക്കാന് ദൈവത്തിനു കഴിയുമെന്ന് ഓം എന്ന അദ്ധ്യായത്തില് ശാസ്ത്രപരമായി തെളിയിച്ചിരിക്കെ, ഭൂമിയെ വലുതാക്കാനും ചെറുതാക്കാനും ഭൗതികശാസ്ത്രപരമായിത്തന്നെ മഹാശക്തിയായ മഹാദേവിക്കു കഴിയുന്നതാണ്. (2) ഭൗതിക ശാസ്ത്രത്തിലുള്ള ആദിയും അന്തവുമില്ലാത്ത അവസ്ഥ ധര്മ്മശാസ്ത്രത്തിലും നീതി ശാസ്ത്രത്തിലും കൂടി പ്രതിഫലിക്കുന്നതാണ്. പ്രതിഫലിച്ചാല് മാത്രമാണ് മഹാശക്തി, മഹാശക്തിയാകുന്നത്. ജീവികളുടെ വ്യത്യസ്തങ്ങളും അനന്തങ്ങളുമായ ആനന്ദകാര്യങ്ങളും വ്യക്തിസ്വാതന്ത്ര്യവും ധര്മ്മശാസ്ത്രത്തില് അനന്തതയെ സൃഷ്ടിക്കുന്നു.

(3) മഹാസമനീതിയുടെ ഭാഗമായിട്ട് ആത്മീയസാക്ഷാത്ക്കാരം എന്ന നിശ്ചിതവും തുല്ല്യവുമായ മഹാ-ആനന്ദത്തെ ദൈവം മഹാഅനുഗ്രഹിച്ചു നല്കുന്നുണ്ട്; എന്നാല് ജീവിതകാര്യങ്ങളില് ജീവികള് പുലര്ത്തിയ വ്യത്യസ്തതകളുടെ മേല് സമീതി നടത്തുന്നതിലേക്കായിട്ട് മഹാനീതിശാസ്ത്രത്തില് അനന്തത അത്യാവശ്യമാണ്. വിശദീകരിക്കാം : (3.1) മഹാനീതിപതിയായ ദൈവം ഓരോ തനിപ്പെട്ട വ്യക്തിയോടുമാണ് നീതി കാട്ടുന്നത്. സമൂഹം എന്നൊരു ജീവിയില്ല. വ്യക്തിക്ക് സമ്പൂര്ണ്ണ സ്വാതന്ത്ര്യം ദൈവം മഹാഅനുവദിക്കുകയും, ധര്മ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യത്തെ ഉപയോഗിക്കുകയാണു വേണ്ടതെന്ന് വസ്തുക്കളിലും ജീവികളിലുമുള്ള ധര്മ്മശാസ്ത്രത്തിലൂടെ തന്നെ അറിയിക്കുകയും ചെയ്യുന്നു. വ്യക്തികള് സ്വാതന്ത്ര്യത്തെ ഉപയോഗിക്കുമ്പോള് അനന്തങ്ങളോളമുള്ള വ്യത്യാസങ്ങള് ഓരോ വ്യക്തിയുടെയും നിലപാടുകളില് ഉണ്ടാകും. 1- നും 2-നും ഇടയ്ക്ക് എത്ര സംഖ്യയുണ്ടെന്നു ചോദിച്ചാല് 1 എന്നു പറയുന്നത് ശരിയാണ്, തെറ്റുമാണ്. 1.00....01, 1.00....01, 1.00...02, 1.00....09, എന്നിങ്ങനെ അനന്തമായ സംഖ്യകള് ഉണ്ടല്ലോ എന്നു പറയുമ്പോള്, അതാണ് കൂടുതല് ശരി. ഓരോ വ്യക്തിയുടെയും കര്മ്മങ്ങളനുസരിച്ച് അഥവാ കര്മ്മങ്ങളിലെ അനന്തങ്ങളോളമുള്ള വ്യത്യാസങ്ങളനുസരിച്ച് നീതി വ്യത്യാസപ്പെടേണ്ടതുണ്ട്. അങ്ങനെ വരുമ്പോള് 1000 കോടി ജനങ്ങള്ക്ക് 1000 കോടി നീതിശാസ്ത്രം ആവശ്യമായി വരുന്നതാണ്. ദൈവത്തിന് അതു ചെയ്യാനാവും. ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ്. മനുഷ്യരുടെ മാത്രമല്ല, മറ്റുള്ള ജീവികളുടെ കാര്യത്തിലും, ഓരോ പുല്ക്കൊടിയുടെ കാര്യത്തിലും അതേപോലെ നീതിശാസ്ത്രം നിശ്ചയിക്കുവാനും നീതി നടത്തുവാനും മഹാശക്തിയായ ദൈവത്തിനു മാത്രം കഴിയുന്നു. എന്നാല് അതിനെ മാനുഷികമായി അവതരിപ്പിക്കാനാവില്ല. ഉദാഹരണമായിട്ട് ഇന്നുള്ള 600

കോടിയിലധികം മനുഷ്യരെയും അവരുടെ ഓരോരോ കാര്യങ്ങളിലും വ്യത്യസ്തമായ 600 കോടിയിലധികം ധര്മ്മ വ്യത്യാസങ്ങളെയും നിയമത്തിലൂടെയും ഗ്രന്ഥത്തിലൂടെയും മനുഷ്യന് വിശദീകരിക്കാനാവില്ല. ദൈവം, പരമശിവനിലൂടെ ഓരോരോ കാര്യങ്ങളെയും വിശദീകരിക്കാന് തയ്യാറായാല് പോലും, ഓരോരോ കര്മ്മത്തിലെയും ധര്മ്മങ്ങള് പ്രകാരവും ഒരാളുടെ കാര്യത്തിലെ നീതികാര്യങ്ങള്തന്നെ അനന്തങ്ങളായ കര്മ്മങ്ങള് പ്രകാരം അനന്തമായ അവസ്ഥയിലാണ്. അതിന്നര്ത്ഥം, പൊതുവായ ചില സദാചാര കാര്യങ്ങളും നീതി കാര്യങ്ങളും പറയാമെന്നല്ലാതെ നീതിശാസ്ത്രത്തെ വിശദീകരിക്കാന് അനേക കോടി ഗ്രന്ഥങ്ങള് തയ്യാറാക്കിയാല് പോലും സാധിക്കില്ല എന്നാണ്. ഒരു വലിയ ഗ്രന്ഥമോ, ഒരു ചെറിയ ഗ്രന്ഥമോ ഉള്ക്കൊണ്ട് ജീവിക്കാന് തന്നെ പ്രയാസമാകുമ്പോള്, അനേക കോടി ഗ്രന്ഥങ്ങള് തയ്യാറാക്കിയാല് പോലും സാധിക്കാത്തതായ വിഷയങ്ങളിലെ നീതി നിര്ണ്ണയിക്കുവാന് യാതൊരാള്ക്കും കഴിയുന്നതല്ല.

(3.2) ജന്മഗുണങ്ങളുമായും ജീവിതകാര്യങ്ങളുമായും ബന്ധപ്പെട്ട് ഓരോ വ്യക്തിയുടെയും പ്രശ്നങ്ങളും കാര്യങ്ങളും വ്യത്യാസമായിരിക്കുകയാല്, ഓരോരുത്തര്ക്കുമായി നിയമങ്ങളും നീതിയും ആവശ്യമായി വരുന്നുവെന്നറിയുമ്പോള്, സമൂഹത്തിലെ ഭരണകൂടത്തിന് മഹാപ്രപഞ്ചത്തിന് ചേരുന്നതായ ധര്മ്മശാസ്ത്ര നിയമങ്ങളും നീതിശാസ്ത്ര നിയമങ്ങളും സൃഷ്ടിക്കാനുള്ള കഴിവില്ലെന്നും, സാധിക്കില്ലായെന്നും വെളിപ്പെടുന്നു. ഭരണകൂടത്തിന്റെ ഭാഗമായിട്ടുള്ള നിയമ-നിര്മ്മാണ സഭകളും, അവ നിര്മ്മിക്കുന്ന പൊതുനിയമങ്ങളെ നടപ്പാക്കുന്ന കോടതികളും ഓരോ വ്യക്തിക്കുമായുള്ളതല്ലാ എന്നതിന്റെ അടിസ്ഥാനത്തില് അവ ദൈവീകമല്ലാ അഥവാ ധര്മ്മശാസ്ത്രപരമല്ലാ എന്നു തെളിയുന്നു. ഭൂമിയിലുള്ള നിയമസഭകളും കോടതികളും ദൈവീകമല്ലായെന്നും അവയെല്ലാം അവസാനിപ്പിക്കണമെന്നും കൂടിയാണ് സുവ്യക്തമാക്കിയത്.

(3.3) മഹാശാസ്ത്രം അനന്തമാണ്, മഹാലളിതവുമാണ് എന്ന അദ്ധ്യായത്തില് വിശദീകരിച്ചതുപോലെ ധര്മ്മശാസ്ത്രത്തെയും അതിന്റെ ശാഖകളായ സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴില്-ശാസ്ത്രം, വിനോദം, ഭരണശാസ്ത്രം (ജനസേവന-ശാസ്ത്രം), നീതിന്യായ ശാസ്ത്രം എന്നിവകളെയും ലിഖിതരൂപമില്ലാതെ സധര്മ്മികളായ (സാത്വികരായ) മനുഷ്യരിലൂടെ നിലനിര്ത്താന് സാധിക്കുംവിധം മഹാലളിതമായാണ് ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളത്. ധര്മ്മശാസ്ത്രത്തെ

മഹാലളിതമാക്കിക്കൊണ്ട് മനുഷ്യരെയും സ്രഷ്ടാവിനെയും നേരിട്ട് ബന്ധിപ്പിക്കുന്ന മഹാസുന്ദരമായ മഹാപദ്ധതി കൂടിയാണത്. യഥാര്ത്ഥമായ വേദങ്ങളുടെ പ്രവര്ത്തനം മനുഷ്യമനസ്സുകളിലൂടെ ദൈവം നേരിട്ടു ചെയ്യുന്നതാണ് എന്നര്ത്ഥം. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും മഹാലളിതമായിട്ട് ദൈവം മഹാസ്ഥാപിച്ചിട്ടുള്ള ധര്മ്മശാസ്ത്രം അനുസരിച്ച് പരമാനന്ദത്തോടെ ജീവിക്കുവാന് മനുഷ്യനു കഴിയുന്നതാണ്. ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ആവക കാര്യങ്ങള് ബോദ്ധ്യമാകുന്നതാണ്. (3.4) മനുഷ്യര് തമ്മിലും, സ്രഷ്ടാവും സൃഷ്ടികളും തമ്മിലുമുള്ള വിശ്വാസങ്ങളെയും തൊഴിലുകളെയും (ഊര്ജ്ജത്തെയും) അപകീര്ത്തിപ്പെടുത്തുന്നതായ വേദഗ്രന്ഥങ്ങളെന്ന പേരിലുള്ള പേപ്പര് വര്ക്കുകളെയും ദൈവം അഥവാ യഥാര്ത്ഥമായ ദൈവശാസ്ത്രം അനുവദിക്കുന്നില്ല. വേദഗ്രന്ഥങ്ങള് എന്ന പേരില് മതങ്ങള് കൊട്ടിഘോഷിച്ചു ചുമക്കുന്നവ അധമഗ്രന്ഥങ്ങളാണെന്നും തെളിയുന്നു. പ്രത്യേക ഭാഷയിലോ അനന്തങ്ങളായ ഭാഷകളിലോ ദൈവം വേദഗ്രന്ഥങ്ങളെ സൃഷ്ടിക്കുന്നുമില്ല, യാതൊരാള്ക്കും നല്കുന്നുമില്ല, നല്കിയിട്ടുമില്ല, അതിന്റെ ആവശ്യവുമില്ല. ഭരണകൂടങ്ങളും കോടതികളും പടച്ചുവിടുന്ന നിയമപുസ്തകങ്ങളും ഒക്കെ അങ്ങനെതന്നെ. സമൂഹഭരണ-കാര്യാലയങ്ങള് ഉള്പ്പെടെ യാതൊരു സാമൂഹ്യമേഖലകളിലും സാമൂഹ്യനിയമങ്ങളുടെ പേരില് യാതൊരു പേപ്പര്വര്ക്കുകളും പാടില്ല. ഭാഷകളെപ്പറ്റി മനുഷ്യനു ദൈവമാകാം-രണ്ടാംഭാഗം എന്ന ഗ്രന്ഥത്തില് വിശദീകരിച്ചിട്ടുണ്ട്.
(3.5) തന്റെ ഭാഗവും ഏകദാസനുമായിട്ട് താന് സൃഷ്ടിച്ചിട്ടുള്ള പരമശിവനിലൂടെ യഥാര്ത്ഥമായ വേദങ്ങളെ ദൈവം വീണ്ടെടുക്കുമ്പോഴും, വേദങ്ങളുടെ അടിസ്ഥാന ഘടന മാത്രമാണ് ദൈവം വെളിവാക്കുന്നത് എന്നതും, ദൈവം, വേദങ്ങളെ അഥവാ ശാസ്ത്രങ്ങളെ മഹാപ്രപഞ്ചത്തിലെ ജീവികളിലും വസ്തുക്കളിലുമായിട്ട് തുടര്ന്നും നിലനിര്ത്തുന്നു എന്നതും മഹാഗൗരവമാണ്, മഹാസുന്ദരമാണ്. (3.6) മഹാശക്തിയായ മഹാദേവി, തന്റെ ഏകദാസനായ പരമശിവനിലൂടെ വേദങ്ങളെ വീണ്ടെടുക്കുമ്പോഴും, മഹാവേദ-ഗ്രന്ഥരചന ഉള്പ്പെടെയുള്ള കാര്യങ്ങളെ പരമശിവന് ചെയ്യാന് കഴിയുന്നത് മഹാദേവിയുടെ മഹാ-അനുഗ്രഹം കൊണ്ടുമാത്രമാണ്. വൈകാതെ മഹാദേവി നേരിട്ട് ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുമ്പോള് മാത്രമേ പരമശിവന് എന്ന -ലൂടെയിലൂടെ അഥവാ മാധ്യമത്തിലൂടെ വീണ്ടെടുത്തിട്ടുള്ള മഹാവേദം മഹാസ്ഥാപിക്കപ്പെടുകയുള്ളൂ എന്നതില് നിന്ന് പരമശിവന്

ഉന്നതസ്ഥാനങ്ങള് മഹാഅനുഗ്രഹിച്ചു നല്കുമ്പോഴും, പരമശിവന്റെ സ്ഥാനം മഹാഭാഗ്യവാനായ മഹാദാസന്റേതു മാത്രമാണെന്നും, മഹാശക്തിയായ മഹാദേവിക്കു മാത്രമേ മഹത്വമുള്ളൂ എന്നും മഹാസ്ഥാപിക്കുന്നുണ്ട്.

(3.7) നിയമങ്ങളും ഗ്രന്ഥങ്ങളും വായിപ്പിക്കാനല്ല, ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിച്ചത്. മഹാപ്രപഞ്ചത്തിലെ ജീവികളിലും വസ്തുക്കളിലും പ്രത്യക്ഷവും പ്രകടവുമായിട്ടുള്ള ധര്മ്മശാസ്ത്ര നിയമങ്ങള് പ്രകാരം ജീവിക്കുക, ആനന്ദിച്ചു ജീവിക്കുക. മഹാനീതി ദൈവം നോക്കിക്കോളും. ഭരണാധികാരിയായ രാജാവും സാധാരണക്കാരനും, ദൈവത്തിന്റെ ഏകദാസനും മഹാദാസനുമായ പരമശിവനും ഉള്പ്പെടെ യാതൊരാള്ക്കും മഹാപ്രപഞ്ചത്തിലെ നിയമങ്ങള് ഉണ്ടാക്കുവാന് കഴിയുന്നതല്ല. ദൈവത്തെ ആരാധിക്കുവാനുള്ള യോഗ്യത നേടുന്നതിന്റെ ഭാഗമായിക്കൂടി, ദൈവം മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നല്കുന്ന പരമവിശിഷ്ടജന്മത്തില് മാത്രമേ മഹാപ്രപഞ്ചത്തിന്റെ മഹാഭീമത്വത്തെ ഉള്ക്കൊള്ളുവാന് മനുഷ്യനു കഴിയൂ. തന്റെയോ തന്റെ കുടുംബത്തിലുള്ള ഉറ്റവരുടെയോ, ഒരു മുറിയിലോ തന്റെ കാല്ച്ചുവട്ടിലുള്ള ഒരു എറുമ്പിന്റെയോ, തലമുടിയിലുള്ള ഒരു പേനിന്റെയോ, ശരീരത്തിനകത്ത് വയറ്റിലും കുടലിലുമൊക്കെയുള്ള കൃമികളില് ഒരെണ്ണത്തിന്റെയോപോലും സമ്പൂര്ണ്ണ ജീവിതകാര്യങ്ങളും നീതികാര്യങ്ങളും മറ്റു ജന്മങ്ങളില് യാതൊരു മനുഷ്യര്ക്കും ഓര്മ്മിക്കാനോ മനസ്സിലാക്കാനോ കഴിയുന്നതല്ല. അനന്തകോടി ജീവികളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതായ മഹാശക്തിയായ മഹാദേവിക്കുമാത്രമേ അനന്തകോടി ജീവികളുടെ ജീവിതകാര്യങ്ങളെയും മഹാഭരിക്കുവാന് കഴിവുള്ളൂ എന്നതു മനസ്സിലാക്കിക്കൊണ്ട് മതപുരോഹിതന്മാരും മതപണ്ഡിതന്മാരുമൊക്കെ മതവ്യാഖ്യാനങ്ങളും മതഗ്രന്ഥങ്ങളും ഉപേക്ഷിച്ചുകൊള്ളുക. നിയമ-വിഴുപ്പുകളെ ചുമക്കുന്ന ഭരണാധികാരികളും രാഷ്ട്രീയനേതാക്കന്മാരും ഒക്കെ ധര്മ്മശാസ്ത്രത്തിലേക്ക് മടങ്ങുക.

സത്യം ശിവം സുന്ദരം പ്രകാരമുള്ള ഏതാനും ഉദാഹരണങ്ങള് / വ്യാഖ്യാനങ്ങള് ചുവടെ കൊടുക്കുന്നു : -

(1) ഭ്രൂണ ഹത്യ : സമൂഹത്തെ സംബന്ധിച്ച് തെറ്റെന്നും ശരിയെന്നുമൊക്കെയുള്ള സംവാദങ്ങളും വിവാദങ്ങളും ഉണ്ടാകുന്നതാണ്. എന്നാല് മഹാനീതിപതിയായ ദൈവം മഹാനീതിശാസ്ത്രത്തിലൂടെ പരിഹരിക്കുന്ന കാര്യമാണത്. ഓരോ വ്യക്തികളെയും ആശ്രയിച്ച് നീതി വിധിക്കപ്പെടുന്നതായ അത്തരം

കാര്യങ്ങളില് സാമൂഹ്യ നിയമം പറ്റില്ല. മുമ്പു വ്യക്തമാക്കിയതുപോലെ അനന്തകോടി ഗ്രന്ഥങ്ങള് വേണ്ടി വരും.... അവ കാണുമ്പോള് തന്നെ മതപ്പിശാചുക്കള് ഓടുന്നതാണ്. വ്യക്തിക്ക് ഏറ്റവും നല്ലതും, മനോവിഷമം കുറയുന്നതുമായ പദ്ധതിയെ വ്യക്തി തിരഞ്ഞെടുക്കുവാന് ദൈവം അനുവദിച്ചിരിക്കുകയാണ്. ഭ്രൂണ ഹത്യ തെറ്റാണെന്നും ശരിയാണെന്നും സമൂഹത്തിലെ യാതൊരു വ്യവസ്ഥിതികളും അഭിപ്രായ കോലാഹലങ്ങള് നടത്തരുത് എന്നര്ത്ഥം. തെറ്റാണെന്ന് ഏതെങ്കിലും (അപൂര്ണ്ണമായ) വ്യവസ്ഥിതികള് പ്രകാരം ആരെങ്കിലുമൊക്കെ വിധിയെഴുതുമ്പോള്, ഭ്രൂണഹത്യ നടത്താതെ തരമില്ലാത്തതായ വ്യക്തിയെ സംബന്ധിച്ച് അതിവേദന നല്കുന്ന അവസ്ഥയാണത്. ഭൗതിക ശാസ്ത്രപ്രകാരം ദൈവം അനുവദിക്കുകയും ധര്മ്മശാസ്ത്രപ്രകാരം വ്യക്തിക്ക് ഭ്രൂണ ഹത്യ ചെയ്യാനും ചെയ്യാതിരിക്കാനും സ്വാതന്ത്ര്യം ദൈവം കൊടുത്തിരിക്കുകയും ചെയ്യുമ്പോള്, ഭ്രൂണഹത്യയെ തെറ്റെന്നു വിധിക്കുന്നവര്ക്കെല്ലാം പാപം കിട്ടുന്നതാണ്.
തന്റെ കുഞ്ഞായ വ്യക്തിയുടെ ആനന്ദമാണ് ദൈവത്തിനു പ്രധാനം. നീതിയും നീതിശാസ്ത്രവും കുട്ടിക്കളികളല്ല കുഞ്ഞുങ്ങളേ ... അതുകൊണ്ടു കൂടിയാണ് വിധിക്കാന് നടക്കുന്നവരെ ക്രൈസ്റ്റിലൂടെ ദൈവം തടസ്സപ്പെടുത്തിയത്.

(2) ബഹുഭാര്യാത്വം : ജീവാത്മാവ് രണ്ടായി വിഭജിക്കപ്പെടുന്നതും, ഒരു ഭാഗത്തെ നിശ്ചല-നിദ്രാവസ്ഥയില് പെടുത്തുന്നതും, ആത്മീയ സാക്ഷാത്ക്കാരത്തില് വീണ്ടും ഒരു ജീവിയായി മാറുന്നതും, ഒരു ജീവിക്ക് രണ്ടായി വിഭജിക്കാനുള്ള ശക്തി ലഭിക്കുന്നതും, അനന്തമായ ആനന്ദങ്ങള് അനുഭവിച്ചു കഴിയുന്നതുമൊക്കെ ഗ്രന്ഥത്തില് വിശദമാക്കിയിട്ടുണ്ട്. 1) ആത്മീയ സാക്ഷാത്ക്കാരം; 2) ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ്) ; 3) ദൈവ നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും ; 4) ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും ആത്മീയസാക്ഷാത്ക്കാരവും ; 5) സാമ്പത്തികശാസ്ത്രം : ആത്മീയ സാക്ഷാത്ക്കാരത്തില് ; എന്നീ 5 അദ്ധ്യായങ്ങള് പഠിക്കാന് കഴിയുന്നവര് ബഹുഭാര്യത്വത്തിന് തയ്യാറാവില്ല. ജീവി-ബന്ധത്തിലെ ഉന്നതഘടനയെ അടിസ്ഥാനപ്പെടുത്തിയാണ് വിവാഹച്ചടങ്ങില് പുരുഷനെ ദാസനാക്കുന്നത്. എന്നാല് മേല്പ്പടി അദ്ധ്യായങ്ങളുടെ ഉള്ളടക്കം പഠിക്കാന് കഴിയുക പ്രത്യേക ജന്മത്തില് മാത്രമാണ്. ഭ്രൂണഹത്യയുമായി താരതമ്യം ചെയ്യുമ്പോള്, ബഹുഭാര്യാത്വം തെറ്റാണെന്ന് സുവ്യക്തമായി പറയാനാവും. എന്നാല്, സമ്പൂര്ണ്ണ

വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ട് ധര്മ്മശാസ്ത്രപരമല്ലാത്ത കാര്യങ്ങളെ അഥവാ തെറ്റുകളെയും പാപങ്ങളെയും കൂടി അനുവദിക്കേണ്ടതുകൊണ്ടും; കൂടാതെ മുമ്പു വ്യക്തമാക്കിയതുപോലെ ഓരോ വ്യക്തിയുടെയും തനിപ്പെട്ട പ്രശ്നങ്ങളെ സുപ്രധാന വിഷയങ്ങളായിത്തന്നെ ഉള്പ്പെടുത്തേണ്ടതുകൊണ്ടും ബഹുഭാര്യാത്വം പാടില്ലെന്ന് നിയമം ഉണ്ടാക്കിക്കൂടാ. സംവാദങ്ങളും വിവാദങ്ങളും നടത്തുന്ന മനുഷ്യര്ക്ക് വ്യാഖ്യാനങ്ങള് നല്കാമെന്നല്ലാതെ നീതി നല്കാനാവില്ല. സത്യം ശിവം സുന്ദരം പ്രകാരം മഹാനീതിപതിയായ മഹാദേവി മഹാനീതി നല്കുന്നു. സ്ത്രീയ്ക്ക് ബഹുഭര്ത്തൃത്വം ദൈവം അനുവദിക്കുന്നില്ലെന്ന് ജീവിസൃഷ്ടിയും ധര്മ്മശുദ്ധിയും... എന്ന അദ്ധ്യായത്തില് വ്യക്തമാണ്. പ്രസ്തുത അദ്ധ്യായത്തിന്റെ ഉള്ളടക്കത്തെ മനസ്സിലാക്കുന്ന പുരുഷന് ബഹുഭാര്യത്വം തെറ്റാണെന്നും പാടില്ലെന്നും വാദിക്കുന്നതാണ്.

(3) സഹോദര-ത്തല്ല് : സഹോദരങ്ങളായി ജനിക്കുന്നവര് തല്ലുകൂടാമോ ? കുട്ടികളായിരിക്കെ വഴക്കിട്ടും വല്ലപ്പോഴുമെങ്കിലും അടിപിടികൂടിയും വളരുന്നവരാണ് സഹോദരങ്ങള്. ജീവാത്മാക്കളുടെ ജന്മങ്ങളുടെ എണ്ണത്തെയും പുണ്യപാപങ്ങളെയും കണക്കാക്കിക്കൊണ്ടും, അപൂര്വ്വമായി അവരുടെ മുജ്ജന്മ പ്രാര്ത്ഥനകളെ അനുവദിച്ചുകൊണ്ടുമാണ്, ദൈവം വ്യക്തികളെ സഹോദരങ്ങളായി ജനിപ്പിക്കുന്നത്. സഹോദരങ്ങള് മുതിരുമ്പോള്, പിണക്കവും അത്യപൂര്വ്വമായി അടിപിടിയും ഉണ്ടായെന്നിരിക്കാം. എന്നാല് സഹോദരങ്ങളായിരിക്കാന് ദൈവം യോഗ്യത നിശ്ചയിച്ചവര് പിണക്കങ്ങളെയും അപൂര്വ്വമായി ഉണ്ടാകുന്ന അടിപിടികളെയും മനസ്സില്വച്ച് പ്രവര്ത്തിച്ചുകൂടാ. കുട്ടികളായിരിക്കെ പിണക്കങ്ങളും അടിപിടിയും ഉണ്ടാകുന്നതിന് ജ്യേഷ്ഠാനുജ ബന്ധങ്ങള് തടസ്സമായിരുന്നില്ല എന്നതുപോലെ മുതിരുമ്പോഴും ജ്യേഷ്ഠന് അനുജനെയും, അനുജന് ജ്യേഷഠനെയും അടിക്കുവാന്കൂടി ദൈവം യോഗ്യത നല്കിയിരിക്കുകയാണ്. 10 മക്കളുള്ള അമ്മയെപ്പറ്റി പറയുമ്പോള് ജ്യേഷ്ഠാനുജ കേമത്തം ഒഴിവാക്കുന്നതിനുവേണ്ടി 10 മക്കളെയും മേല്പടി അമ്മയിലൂടെ ഒരേ സമയം ഒന്നിച്ച് പ്രസവിപ്പിക്കണമായിരുന്നു എന്ന് വാദിക്കാന് പാടില്ല ! ജ്യേഷ്ഠനെയും അനുജനെയും നിശ്ചയിച്ചത് ദൈവമാണെന്നിരിക്കെ ജ്യേഷ്ഠനും അനുജനുമൊക്കെ അപൂര്വ്വമായി സംഭവിക്കുന്ന പിണക്കങ്ങളുടെ പേരില് തലക്കനം പാടില്ല. പിണങ്ങേണ്ടിവന്നാല് ഉടന് ഇണങ്ങിക്കൊള്ളണം എന്നു സാരം. രാമന്റെ ചെരുപ്പിനെ രാജാവാക്കിയ ഒരു ഭരതനെ രാമായണത്തില് കാണാം, അത്

അടിസ്ഥാനപരമായി അയാളുടെ അറിവില്ലായ്മ മാത്രമായിരുന്നു. അതിനെ പ്രകീര്ത്തിച്ചവര് സഹോദരബന്ധത്തിന് ദൈവം നല്കിയിട്ടുള്ള ശാസ്ത്രനിയമങ്ങളെ നിന്ദിക്കുകയുമായിരുന്നു. തങ്ങളുടെ ചുറ്റും ജീവിക്കുന്ന പശു, ആട്, പൂച്ച, തുടങ്ങിയ ജീവികളെയും, കാട്ടില് ജീവിക്കുന്ന സിംഹം, കടുവ, ആന, കുരങ്ങ്, മാന്, തുടങ്ങിയ ജീവികളെയും ശ്രദ്ധിച്ചാല്, അവയിലും സഹോദരങ്ങളുണ്ടെന്നും, അവര് പിണങ്ങുകയും, അടിപിടി കൂടുകയുമൊക്കെ ചെയ്യുമ്പോഴും, ഉടന് ഇണങ്ങുന്നുണ്ടെന്നും കാണാം. മനുഷ്യര് അവയെക്കാള് ശ്രേഷ്ഠരായി പെരുമാറണം. സമ്പത്തുകളുടെ പേരിലും, പൂച്ചാണ്ടിക്കാരണങ്ങളുടെ പേരിലുമൊക്കെ വഴക്കുകളും അടിപിടിയും ഉണ്ടാക്കിയിട്ടുള്ള സഹോദരങ്ങള് വര്ഷങ്ങളായിട്ട് പരസ്പരം മിണ്ടുകപോലും ചെയ്യാതെ വൈരാഗ്യത്തോടെ പെരുമാറുന്ന അവസ്ഥ ഭൂമിയിലെങ്ങുമുണ്ട്. അനേകര് പൂച്ചാണ്ടിക്കോടതികള് കയറിയിറങ്ങുന്നു ! ദൈവത്തിന്റെ കുഞ്ഞുങ്ങളേ, ഉടന് തിരുത്തിവിന്, സ്നേഹിച്ചുകഴിയുവിന്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും ദൈവത്തിന്റെ കുഞ്ഞുങ്ങള് തന്നെയാണ് ജീവിക്കുന്നത് ..... അപ്പോള് ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങളും അന്യോന്യം സഹായിക്കുകയും സഹകരിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോള് മാത്രമേ മഹാപിതാവും മഹാമാതാവുമായ ദൈവത്തിനു സന്തോഷമാവുകയുള്ളൂ. ദേശത്തിന്റെ പേരിലും മറ്റുമുള്ള വ്യര്ത്ഥ മത്സരങ്ങളെയും വൈരാഗ്യങ്ങളെയും തിരുത്തിവിന്, എല്ലാവരും സ്നേഹിച്ചുകഴിയുവിന്.

(4) മാതാപിതാക്കളെ മക്കള് നിന്ദിക്കാമോ, ശിക്ഷിക്കാമോ ? (5) മുതിര്ന്നവരെ ബഹുമാനിക്കേണ്ടത് എന്തുകൊണ്ട് ? (6) മുതിര്ന്നവര്ക്കും സിദ്ധന്മാരായി അറിയപ്പെടുന്നവര്ക്കും മറ്റും ശപിക്കാനോ അനുഗ്രഹിക്കാനോ സാധിക്കുമോ ? (7) മുതിര്ന്നവരെ ബഹുമാനിക്കുക, നിന്ദിക്കാതിരിക്കുക എന്നതിന് മുതിര്ന്നവരെ അനുസരിക്കണം എന്ന അര്ത്ഥമില്ല. (8) ദൈവത്തെ, ജീവികളായ മക്കള് നിന്ദിക്കാമോ, ശിക്ഷിക്കാമോ ?
അറിവില്ലാതിരിക്കുമ്പോള് ആര്ക്കും എന്തുമാകാം എന്നതിന് ഉദാഹരണമായി മുലപ്പാല് കുടിക്കുന്ന കുഞ്ഞുങ്ങള് അമ്മയെ അടിക്കുന്നതിനെയും ചവിട്ടുന്നതിനെയും മറ്റും കണക്കാക്കാം. ക്രൈസ്റ്റിനെ പീഡിപ്പിച്ചവര് മുതിര്ന്നവരാണെങ്കിലും, ക്രൈസ്റ്റിന്റെ കുഞ്ഞുങ്ങള്കൂടിയാണ്. അറിവില്ലാതിരിക്കുമ്പോള് ആര്ക്കും എന്തുമാകാം എന്നതിന് ക്രൈസ്റ്റിന്റെ ചരിത്രത്തില് സ്ഥാനമുണ്ട്. അവര് ചെയ്യുന്നതെന്തെന്ന് അവര് അറിയുന്നില്ല, അവരോട്

പൊറുത്തുകൊടുക്കണമേ എന്ന് ദൈവത്തോട് ക്രൈസ്റ്റ് പ്രാര്ത്ഥിക്കുന്നതിന്റെ സാംഗത്യം അതുകൂടിയാണ്. ക്രൈസ്റ്റ് അങ്ങനെ പ്രാര്ത്ഥിച്ചില്ലെങ്കില് പിതാവായ ക്രൈസ്റ്റിനെ ഉപദ്രവിച്ച കുറ്റംചെയ്ത മക്കളെ ദൈവം ശിക്ഷിക്കുമെന്ന അര്ത്ഥം അതിലുണ്ട്.
വ്യക്തികളെ ഭൂമിയില് ജനിപ്പിക്കുവാന് ദൈവം ഉപകരണമാക്കിയിട്ടുള്ള മാതാപിതാക്കളെ മാനസികമായോ ശാരീരികമായോ വേദനിപ്പിക്കുന്നതും പാപമാണ്. മുതിര്ന്നവരായ കുട്ടികള് മാതാപിതാക്കളെ വേദനിപ്പിച്ചാല്, അവര് ദൈവത്തോട് മാപ്പുപറഞ്ഞാല് മാത്രം മതിയാകുന്നതല്ല, ദൈവത്തോട് തങ്ങളുടെ കുഞ്ഞുങ്ങളെ ശിക്ഷിക്കരുതേ എന്ന് മാതാപിതാക്കള് ഉള്ക്കൊണ്ട് പ്രാര്ത്ഥിക്കേണ്ടതുണ്ടെന്നര്ത്ഥം. മാതാപിതാക്കളുടെ പ്രാര്ത്ഥനയെ ദൈവം സ്വീകരിക്കണമെന്നില്ല; സ്വീകരിക്കുന്നില്ലായെങ്കില് മക്കള്ക്ക് കടുത്ത ശിക്ഷ ലഭിക്കുന്നതുമാണ്. മാതാവിനോടും പിതാവിനോടും കാട്ടുന്ന തെറ്റുകള്ക്ക് പാപവ്യത്യാസമുണ്ടെന്നും അറിയണം. പിതാവിനെ നിന്ദിക്കുന്നതിന് 30 അളവിലുള്ള പാപം അഥവാ ശിക്ഷ ലഭിക്കുമെങ്കില് മാതാവിനെ നിന്ദിക്കുന്നതിന് 70 അളവിലുള്ള ശിക്ഷയാണ് ലഭിക്കുക. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയില് മഹാദേവിക്ക് 70-ഉം, പരമശിവന് 30-ഉം അളവിലുള്ള ശക്തിയും സ്ഥാനങ്ങളുമാണ് മഹാശക്തിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുള്ളത് എന്നതിനെ ആധാരമാക്കിയാണത്. അധര്മ്മികളായ മാതാപിതാക്കളെ ധര്മ്മശാസ്ത്രപ്രകാരം തിരുത്തുന്നതിലേക്കായി അവരെ ഉപദേശിക്കേണ്ടതും, ശാസിക്കേണ്ടതും, ശിക്ഷിക്കേണ്ടതും, സമൂഹത്തിലെ ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്.
മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും മഹാമാതാവും മഹാപിതാവുമായ മഹാദേവി മഹാശാസ്ത്രപ്രകാരം മനുഷ്യരൂപം സ്വീകരിക്കുകയും, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള ശിവന് ദിവ്യമായ മനുഷ്യരൂപം മഹാഅനുഗ്രഹിച്ചു നല്കി പരമശിവനായി ഉയര്ത്തുകയും ചെയ്യുമ്പോള്, അടിസ്ഥാനപരമായി മഹാദേവിയും പരമശിവനും മേല്പ്പടി നിയമത്തിനും അതീതരാണ്.
ഓരോ വ്യക്തിയെയും സൃഷ്ടിക്കുവാന് ദൈവം ഉപകരണമാക്കിയിട്ടുള്ള വ്യക്തിയുടെ മാതാപിതാക്കളെ നിന്ദിക്കുന്നതും വേദനിപ്പിക്കുന്നതും തെറ്റാണെന്നും പാപമാണെന്നും വ്യക്തമായല്ലോ. തങ്ങളുടെ മാതാപിതാക്കളെപ്പോലെ, മുതിര്ന്നവരായ ആളുകള് അഥവാ പ്രായമുള്ളവര്, തങ്ങളുടെ പ്രായമുള്ള മറ്റു കുട്ടികളുടെ മാതാപിതാക്കളായിരിക്കും എന്നതു കണക്കാക്കുമ്പോള്, തങ്ങളേക്കാള്

പ്രായമുള്ളവരെ അവരുടെ പ്രായത്തിനൊത്ത് ജ്യേഷ്ഠന്, ജ്യേഷ്ഠത്തി, അച്ഛന്, അമ്മ, അപ്പൂപ്പന്, അമ്മൂമ്മ എന്നിങ്ങനെയുള്ള ബഹുമാനം കൊടുക്കണം. ബഹുമാനമെന്നത് വിനയവുമായി ബന്ധപ്പെട്ട സ്നേഹത്തിന്റെ ഒരു പ്രകടനമാണ്. കൂടുതല് അറിയുമ്പോഴും അനുക്രമത്തിലും മാത്രമേ ബഹുമാനം വര്ദ്ധിപ്പിക്കാന് പാടുള്ളൂ. തങ്ങളേക്കാള് പ്രായം കുറഞ്ഞവരോട് അനുജന്, അനിയത്തി, മക്കള്, കൊച്ചുമക്കള് എന്നിങ്ങനെ അവരുടെ പ്രായത്തിനും തങ്ങളുടെ പ്രായത്തിനും ചേര്ന്നതായ വാത്സല്യവും കാട്ടേണ്ടതുണ്ട്. മുതിര്ന്നവര്ക്കും സിദ്ധന്മാരായി അറിയപ്പെടുന്നവര്ക്കും മറ്റും ശപിക്കാനോ അനുഗ്രഹിക്കാനോ സാധിക്കുമോ ? ദൈവം നല്കിയാല് അല്ലാതെ യാതൊരാള്ക്കും ശക്തി ലഭിക്കുന്നില്ല. ഒരാള് മറ്റൊരാളോട് തെറ്റും കുറ്റവും ചെയ്താല്, തിരുത്തലും ശിക്ഷയുമുണ്ട്. മുതിര്ന്നവര്ക്കും കുട്ടികള്ക്കും മഹാനീതിശാസ്ത്രം നിശ്ചയിക്കുന്ന വ്യത്യസ്ത അളവുകളില് അതു ബാധകമാണ്. തങ്ങളെ സൃഷ്ടിക്കുവാന് ദൈവം ഉപകരണമാക്കിയ മാതാപിതാക്കളോട് അപരാധം കാട്ടുമ്പോള് ശിക്ഷിക്കുന്നത് ദൈവമാണ്. ഒരു കോപത്തിന് കുട്ടികളോടു ദ്വേഷ്യപ്പെടുകയും, ശപിക്കുകയുമൊക്കെ ചെയ്യുന്ന മാതാപിതാക്കള് അടുത്ത നിമിഷം ദൈവത്തോട് തങ്ങളുടെ മക്കളോടു പൊറുക്കേണമേ എന്നും, തങ്ങള് അറിയാതെ ശാപവചനം ഉരുവിട്ടത് പൊറുക്കേണമേ എന്നും, തങ്ങളുടെ മക്കള്ക്ക് നല്ലതു വരുത്തേണമേ എന്നും പ്രാര്ത്ഥിക്കുന്നതാണ് പൊതുസ്വഭാവം. ദൈവം തന്നെ നല്കിയിട്ടുള്ള സ്വഭാവമാണത്. മാതാപിതാക്കള് ശപിച്ചാലും ശാപവചനം പിന് വലിച്ചാലും, മഹാനീതിശാസ്ത്ര പ്രകാരം ദൈവം ശിക്ഷിച്ചെന്നു വരാം. മാതാപിതാക്കളും മറ്റും ശാപവചനങ്ങളെ ആവര്ത്തിക്കുകയും മനപ്പൂര്വ്വം ആഗ്രഹിക്കുകയും ചെയ്യുമ്പോള്, ദൈവം കുട്ടികളെയും മറ്റുള്ളവരെയും ശിക്ഷിച്ചെന്നു വരാം. അങ്ങനെ ചെയ്യുമ്പോള് മാതാപിതാക്കളുടെ അധമത്തം കാരണമാകുന്നുവെങ്കില് അവര്ക്കും ശിക്ഷയുണ്ട്. അതേസമയം, സമൂഹത്തിലെ ഭരണാധികാരികള് ഉള്പ്പെടെയുള്ളവരുടെ തെറ്റുകൊണ്ടാണ് വേദനയും ശാപവചനവും മാതാപിതാക്കളില്നിന്നും മറ്റും ഉണ്ടാകുന്നതെങ്കില്, ബന്ധപ്പെട്ട ഭരണാധികാരികള്ക്കാണ് പാപവും ശിക്ഷയും ലഭിക്കുക. ഉദാഹരണം, യാതൊരു ശാസ്ത്രസൗകര്യവുമില്ലാതെ കാട്ടില്പോയി സ്ഥിരമായി കഴിയുന്നവര്ക്ക് മദ്യം, മയക്കുമരുന്ന് പോലെയുള്ളവയുടെ നിര്മ്മാണവും, മദ്യക്കൂത്തും, സെക്സ്-അതിക്രമങ്ങളും, ഒക്കെയാവാം എന്നല്ലാതെ ശാസ്ത്രസൗകര്യങ്ങള് ആസ്വദിച്ച് നാട്ടില് കഴിയുന്നവര്ക്ക് മദ്യം നിര്മ്മിക്കാനോ ഉപയോഗിക്കാനോ അവകാശമില്ല.

അങ്ങനെയിരിക്കെ നാട്ടില് മദ്യക്കൂത്തുകള്ക്കു കൂട്ടുനില്ക്കുന്ന കോടതി ഉള്പ്പെടെയുള്ള സമൂഹഭരണകൂടത്തിലെ നായകന്മാര്ക്ക് ശിക്ഷ ലഭിക്കുന്നതാണ്. (ധര്മ്മങ്ങളെയും അധര്മ്മങ്ങളെയും വേര് തിരിക്കാനും, മനുഷ്യന് ഉള്പ്പെടെയുള്ള ജീവികള്ക്ക് വ്യക്തിസ്വാതന്ത്ര്യം നല്കാനും, ആനന്ദങ്ങളെ പരമയോഗ്യമായി നല്കാനുമായിട്ട് ദൈവം പ്രപഞ്ചത്തില് ന്യൂനശക്തികളെ സൃഷ്ടിച്ചിരിക്കുന്നതിനെപ്പറ്റി പ്രത്യേകം അദ്ധ്യായങ്ങളില് വളരെയധികം വിശദീകരിച്ചിരുന്നു.)
ദൈവം അനുഗ്രഹിക്കുന്നതിനെയും ശിക്ഷിക്കുന്നതിനെയും മാതാപിതാക്കളുടെയും മറ്റും ശക്തിയായി കരുതുന്നത് തെറ്റാണ്. അനേകരുടെ മാതാപിതാക്കളും, സമൂഹത്തിലെ ചിലരും ജന്മങ്ങളിലൂടെ നേടിയ പുണ്യം, ജന്മങ്ങളുടെ എണ്ണം എന്നിവയെ കണക്കാക്കി ദൈവത്തിന്റെ പ്രത്യേക കരുതലിന് യോഗ്യത നേടുന്നുണ്ട്. ദൈവം കാട്ടുന്ന കരുതലിനെ അവരുടെ ശക്തിയായും, അവരെ സിദ്ധന്മാരായും കണക്കാക്കുന്നത് തെറ്റാണ്. അവരെ സിദ്ധന്മാരാക്കിയും ഇടനിലക്കാരാക്കിയും പ്രാര്ത്ഥിക്കുമ്പോഴും, അവര് ഇടനിലക്കാരാവാന് ജീവിച്ചിരിക്കെ തയ്യാറാവുമ്പോഴും തെറ്റും കുറ്റവും കൂടുന്നു. അഹംഭാവം പുലര്ത്താത്തവരായ മാതാപിതാക്കള്ക്ക് തങ്ങളുടെ കുട്ടികളോട് ദൈവം അനുഗ്രഹിക്കട്ടെ എന്നാശംസിക്കാം. മറ്റുള്ളവരെ ആശംസിക്കാനും അനുഗ്രഹിക്കാനും യാതൊരാള്ക്കും ശക്തിയില്ല എന്നറിഞ്ഞുവേണം ജീവിക്കേണ്ടത്. ദൈവം മഹാഅനുഗ്രഹിച്ച് മഹാശാസ്ത്രം നല്കുന്ന ഏകജന്മത്തില് മാത്രമാണ് മറ്റുള്ളവരെ ആശംസിക്കുവാനും അനുഗ്രഹിക്കുവാനും ഒരാള്ക്ക് യോഗ്യതയുണ്ടാവുന്നത്. യോഗ്യതയില്ലാത്തവര് വിസ്ലി-ക്കസര്ത്തുകള് കാട്ടിയാല് ശിക്ഷയുണ്ട്. മന്ത്രിമാരും മറ്റും ജനങ്ങള്ക്ക് ആഘോഷ-ആശംസകളും മറ്റും നല്കുമ്പോള് മന്ത്രിമാരുടെ പുണ്യത്തിന് ശോഷണമുണ്ടാകുമെന്നും ശിക്ഷകളുണ്ടെന്നും മുമ്പ് വിവരിച്ചിരുന്നു. മുതിര്ന്നവരെ ബഹുമാനിക്കുക, നിന്ദിക്കാതിരിക്കുക എന്നതിന് മുതിര്ന്നവരെ അനുസരിക്കണം എന്ന അര്ത്ഥമില്ല. മാതാപിതാക്കള് ഉള്പ്പെടെയുള്ള മുതിര്ന്നവര് പറയുന്ന കാര്യങ്ങള് ധര്മ്മശാസ്ത്ര പ്രകാരമാണെങ്കില് അവരെയെല്ലാം അനുസരിക്കണം. ഏതൊരാളും അനുസരിക്കേണ്ടതും ജീവിക്കേണ്ടതും മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധര്മ്മശാസ്ത്രത്തെ അനുസരിച്ചു മാത്രമാവണം. ഏതൊരാളും പറയുന്ന കാര്യങ്ങളെ ധര്മ്മശാസ്ത്ര പ്രകാരം മാത്രം അനുസരിക്കുമ്പോള് പറയുന്നവരെയും ദൈവത്തെയും അനുസരിക്കുന്നതായി വരുന്നു. ദൈവത്തിന്റെ ഇഷ്ടം അനുസരിച്ചു ജീവിക്കുന്നവരായും മാറുന്നു. കുട്ടികള് മുതര്ന്നവരോടും, മുതിര്ന്നവര്

കുട്ടികളോടും, തൊഴിലുടമ തൊഴിലാളികളോടും, തൊഴിലാളികള് മേലധികാരികളോടും തൊഴിലുടമയോടും ഒക്കെ പെരുമാറേണ്ടത് ധര്മ്മശാസ്ത്രം അനുസരിച്ചുമാത്രമാവണം. എല്ലാവരും ധര്മ്മശാസ്ത്രത്തെ മാത്രം സല്യൂട്ടുചെയ്യുന്ന അവസ്ഥ ഉണ്ടാവണം. ധര്മ്മശാസ്ത്രപരമായി ജീവിക്കുവാന് കുട്ടികളെ മാതാപിതാക്കളും /രക്ഷകര്ത്താക്കളും അനുവദിക്കുന്നില്ലായെങ്കില്, അതുപോലെ കുട്ടികള് മുതിരുമ്പോള് മാതാപിതാക്കളെയും അനുവദിക്കുന്നില്ലായെങ്കില്, ധര്മ്മശാസ്ത്രത്തെ അവമതിച്ചു ജീവിക്കുന്നവരെ തിരുത്താന് കഴിയുന്നില്ലായെങ്കില് അവരെ ഉപേക്ഷിക്കുകയോ ഉപേക്ഷിച്ചു പോവുകയോ ചെയ്യണം. ധര്മ്മശാസ്ത്രത്തെ തെറ്റിച്ചാല് വധിക്കപ്പെട്ടേക്കാം എന്ന സാഹചര്യം ജീവിതത്തില് ഉണ്ടായാല് വധത്തെ സ്വീകരിക്കുവാനുള്ള ഊറ്റം ഉണ്ടാവണം. ധര്മ്മശാസ്ത്രം പ്രകാരം ജീവിക്കുന്ന ഗുരുവിന് മാത്രമേ ഭൗതികശാസ്ത്രം, ആത്മീയശാസ്ത്രം എന്നിവയിലെ പാഠങ്ങള് പഠിപ്പിക്കാന് യോഗ്യത ഉണ്ടാവന്നുള്ളൂ എന്നും അറിയണം. മാതാ-പിതാ-ഗുരു-ദൈവം എന്നതിന്റെ യഥാര്ത്ഥ അര്ത്ഥം മാതാവിലൂടെയും പിതാവിലൂടെയും ഗുരുവിലൂടെയും ദൈവത്തെയും ദൈവശാസ്ത്രത്തെയും അറിയണമെന്നും, എല്ലാവരും ദൈവശാസ്ത്രത്തെ മാത്രം അനുസരിച്ചു ജീവിക്കണമെന്നുമാണ്. മുമ്പ് വിശദീകരിച്ചിരുന്നു.

ഇനി ദൈവത്തെ നിന്ദിക്കുന്നവരെയും വേദനിപ്പിക്കുന്നവരെയുംപറ്റി പറയാം :-

ദൈവത്തെ നിന്ദിക്കുന്നവരോട്, മഹാപിതാവായ ദൈവത്തിന് കോപമുണ്ടെങ്കിലും, മഹാപിതാവായിട്ട് ദൈവം രൂപം സ്വീകരിക്കുന്നില്ലായെന്നതുകൊണ്ട് ദൈവത്തിന്റെ സൃഷ്ടികളായ ജീവികള് ദൈവകോപത്തില് നിന്നും ശിക്ഷയില് നിന്നും ഒഴിവാകുന്നു. മാത്രമല്ല, മഹാമാതാവായ മഹാദേവിയായിക്കൊണ്ട് മഹാക്ഷമിക്കുന്നതും മഹാവാത്സല്യം നിരന്തരം നല്കുന്നതുമാണ്. പാപങ്ങള് ചെയ്തുകൂട്ടുന്നവരും മഹാമാതാവായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്, അവര്ക്ക് ദൈവത്തെയല്ലാതെ മറ്റാരെയും ആശ്രയിക്കാനാവില്ല. ദൈവം മഹാമാതാവായ മഹാദേവിയായി മാത്രം രൂപമെടുക്കുമ്പോള്, ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികള്ക്കെല്ലാം കൂടുതല് സന്തോഷിക്കാന് കഴിയുന്നു. (പിതാവിനെ അനുകരിച്ച് മഹാപുരുഷനും മഹായജമാനനും എന്ന രൂപമെടുത്താല് മനുഷ്യര് ഭയന്നുവിറയ്ക്കും. ദൈവം അതിഷ്ടപ്പെടുന്നില്ല. തന്റെ കുഞ്ഞുങ്ങളെന്ന പോലെ ജീവികളെ സൃഷ്ടിച്ചത് അവര്ക്കെല്ലാം

മഹാവാത്സല്യം നല്കിക്കൊണ്ട് അനന്തമായ ആനന്ദങ്ങളുടെ കലവറയായ ബ്രഹ്മാനന്ദം നല്കാനാണ്, കുഞ്ഞുങ്ങളെ വേദനിപ്പിക്കാനല്ല.)
അതേസമയം, മനുഷ്യര് ചെയ്യുന്ന ദൈവനിന്ദയ്ക്ക് തടയിടാന് അവരുടെ പിതാവായ പരമശിവനിലൂടെ ദൈവം അവരെ ഉപദേശിക്കുകയും, ശാസിക്കുകയും, അത്യാവശ്യമെന്നാല് ശിക്ഷിച്ചു തിരുത്തുകയും ചെയ്യുന്നതാണ്.
പരമശിവനും അതീതമായ, മഹാദേവിയുടെ ബ്രഹ്മ-അവസ്ഥയെയാണ്, അഥവാ ബ്രഹ്മത്തെയാണ് നിന്ദിക്കുന്നതെങ്കില്, കുഞ്ഞുങ്ങളേ മാപ്പില്ലാത്ത അഥവാ മാപ്പില്ലാത്തതു പോലെയുള്ള കടുത്ത ശിക്ഷയുണ്ട്. ബ്രഹ്മവുമായി ബന്ധപ്പെട്ട നാമങ്ങള് പോലും മനുഷ്യര് ഉപയോഗിച്ചുകൂടായെന്ന് ബ്രഹ്മം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിനെ നിന്ദിക്കുന്നവര്ക്ക് മാപ്പില്ലെന്നു ക്രൈസ്റ്റ് അറിയിച്ചതിന്റെ ഗണിതശാസ്ത്രം പറയാം: മനുഷ്യമാതാവു നല്കുന്നതിന്റെ കൃത്യം 100 മടങ്ങ് വാത്സല്യമാണ് മഹാമാതാവായ മഹാദേവി നല്കുന്നതെന്നും, 100 എന്ന കണക്ക് മനുഷ്യാവസ്ഥയിലുള്ള 100 ജന്മങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പ്രസ്താവിച്ചിരുന്നു. ബ്രഹ്മത്തെ നിന്ദിക്കുമ്പോള്, പ്രസ്തുത 100 ജന്മങ്ങളെയും ഒന്നിച്ചു ബാധിക്കുന്ന ശിക്ഷയുണ്ടാകുന്നു. അതോടെ, മാപ്പില്ലാതെ വരുന്നു. സ്ഥിതിപരമായ വിധി പ്രകാരം അപൂര്വ്വമായിട്ട് 101 ജന്മങ്ങള് ഉണ്ടാകും എന്നതുകൊണ്ട്, പാപികളെ ഏറെ ശിക്ഷിച്ചുകൊണ്ട് മാപ്പുനല്കിയേക്കാം എന്ന അവസ്ഥ നിലനില്ക്കുന്നുമുണ്ട്.
സത്യം ശിവം സുന്ദരം ഒരു മായാ-പരമായ പ്രസ്ഥാനമാണെന്ന് ആവര്ത്തിക്കുന്നു. ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ വ്യക്തിസ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാനുള്ള പ്രസ്ഥാനമാണ് ; ദൈവീക നീതി കാര്യങ്ങളില് തോന്നിയതുപോലെ അഭിപ്രായങ്ങളും വിവാദങ്ങളും ഉണ്ടാവാതെ സംരക്ഷിക്കുവാനുള്ള പ്രസ്ഥാനമാണ്. മഹാശക്തിയായ മഹാദേവി, പരമശിവനിലൂടെ ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത എല്ലാ മനുഷ്യര്ക്കും മഹാഅനുഗ്രഹിച്ചു നല്കുന്നതിനെപ്പറ്റി ദൈവത്തെ ആരാധിക്കാന് മനുഷ്യര് യോഗ്യത നേടേണ്ടതുണ്ട് എന്ന അധ്യായത്തില് വിശദീകരിച്ചിരുന്നു. അപ്രകാരം യോഗ്യത നേടിയവരാണ് സത്യം ശിവം സുന്ദരം എന്ന പ്രസ്ഥാനത്തെ നയിക്കുക. മായാ-പരമായ പ്രസ്ഥാനമാകുന്നത് അതുകൊണ്ടാണ്. മഹാദേവി മായ പ്രത്യക്ഷമാക്കുമ്പോള്, സത്യം ശിവം സുന്ദരം എന്ന പ്രസ്ഥാനത്തിലെ അംഗങ്ങളുടെ ചുമതലയില്, ഐക്യരാഷ്ട്ര സംഘടന (ഡ.ച.ഛ.) യെ സത്യമനുഷ്യ പ്രസ്ഥാനം എന്ന പേരോടെ നവീകരിക്കുന്നതും, എല്ലാ

രാജ്യങ്ങളിലും അതിന് ശാഖകളുണ്ടാവുന്നതും, ഭൂമിയിലെ ജനങ്ങള്, ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളായി ആനന്ദിച്ചു ജീവിക്കുന്നതുമാണ്. ആദിശങ്കരന്, അക്ബര്, തുടങ്ങിയവര് ആദ്യകാല നായകരായേക്കാം ! സത്യം ശിവം സുന്ദരം എന്ന പേരില് ഒരു മാസിക ആഗോളപരമായി പ്രചരിക്കുന്നതാണ്.

മഹാദേവി മായ പ്രത്യക്ഷമാക്കുമ്പോള്, പിന്നീടുള്ള കാലങ്ങളില് സമൂഹത്തിലുണ്ടാകുന്ന വിഷയങ്ങളെ സത്യം ശിവം സുന്ദരം പ്രകാരം വ്യാഖ്യാനിക്കുകയാണു വേണ്ടത്. ആവക വ്യാഖ്യാനങ്ങളെ മഹാശാസ്ത്രത്തിന്റെ ഭാഗമാക്കേണ്ടതില്ല. വ്യാഖ്യാനങ്ങള്ക്ക് ഉദാഹരണം നല്കാം: ദൈവീക-കുറിപ്പുകള് എന്ന പേരില് സ്വാതന്ത്ര്യദിനം, സ്വവര്ഗ്ഗ രതി തുടങ്ങിയവയെ ഓം സത്യം ഡോട്ട്കോം ംംം.ീാമെവ്യമാ.രീാ എന്ന വെബ്സൈറ്റില് ചേര്ത്തിട്ടുണ്ട്. അവ പഠിക്കുകയും പരിശോധിക്കുകയുമേ വേണ്ടൂ.

ഈയുള്ളവന്റേത് നിയോഗമാണ്. നിയോഗത്തിലായിരുന്നിട്ടുപോലും, വിഷ്ണു എന്നറിയപ്പെടുന്ന വിഷാണുവായ നാരായണന്, ദുര്ഗ്ഗ എന്നിവരുടെ അധമ പ്രവര്ത്തനങ്ങളാല് ദൈവശാസ്ത്രകാര്യങ്ങളില് മുമ്പ് പിഴവുകള് സംഭവിച്ചിട്ടുണ്ട്. 2008 ഫെബ്രുവരി 1-ന് മഹാദേവി സുവ്യക്തമായിട്ട് മഹാഹൃദയത്തില് നിന്ന് ഈയുള്ളവന്റെ ഹൃദയത്തിലേക്ക് മഹാസംഭാഷണം ആയിട്ട് അറിയിച്ചപ്പോഴാണ് മുന് കാലങ്ങളില് ഈയുള്ളവന് രചിക്കാനായ ഗ്രന്ഥങ്ങളില് പിഴവു സംഭവിച്ചത് തിരിച്ചറിയാന് കഴിഞ്ഞത്. അനേക കാര്യങ്ങള് ശരി തന്നെയാണെങ്കിലും നാരായണനെയും ദുര്ഗ്ഗയെയും കൃഷ്ണനെയും നല്ലവരെന്നും ദൈവീക കാര്യങ്ങള് ചെയ്യുന്നവരെന്നും ഒക്കെ മുമ്പ് കരുതിയിരുന്നു, ഈയുള്ളവന് രചിക്കാനായ ഗ്രന്ഥങ്ങളിലും അതു പ്രതിഫലിച്ചു. ഈയുള്ളവനെ തെറ്റിദ്ധരിപ്പിക്കാന് നാരായണന്റെ പൈശാചിക-അംശങ്ങള്ക്ക് കഴിഞ്ഞതും, അതെന്തുകൊണ്ടാണെന്നും ഒക്കെ മഹാദേവി മഹാവിശദീകരിച്ചുതന്നു. അപ്പോള് അനവധി തെറ്റുകള് മുമ്പു രചിച്ച ഗ്രന്ഥങ്ങളിലുണ്ട്; കോപ്പികള് കൈവശമുള്ളവരുണ്ടാകും; അവയെല്ലാം കത്തിച്ചു കളയുക എന്ന് അഭ്യര്ത്ഥിക്കാന് മാത്രമേ ഇപ്പോള് കഴിയൂ. കുറേ കോപ്പികള് കൂടി ഭവനത്തില് ഉണ്ട്. മൊത്തം 4 ഗ്രന്ഥങ്ങള്ക്ക് സുമാര് 500 കോപ്പികള് വച്ച് ഏറെക്കുറെ 2000 ഗ്രന്ഥങ്ങള് കത്തിച്ചുകളയാനുണ്ട്, അഥവാ ഗ്രന്ഥാവസ്ഥയില് നിന്ന് പരിണാമം ചെയ്യാനുണ്ട്. സഹായത്തിന് ആളെ കിട്ടിയാല് പെട്ടെന്നു ചെയ്യാന് കഴിയുമെന്ന് വിശ്വിസിക്കുന്നു, ദൈവത്തിന്റെ ഇഷ്ടം പോലെ നടക്കട്ടെ. നാട്ടിലുള്ള ഏറ്റവും ഉന്നതരായ ഒന്നോ രണ്ടോ മതനേതാക്കളാണ് ആ നല്ല കര്മ്മം ചെയ്യാന്

സഹായിക്കുന്നതെങ്കില് അവര്ക്ക് പുണ്യം കിട്ടുന്ന കാര്യമാണ്. ദയവായി അവര് ആലോചിക്കണം. (ഈയുള്ളവന്റെ പക്കലുണ്ടായിരുന്ന ഗ്രന്ഥത്തിന്റെ കോപ്പികളില് സുമാര് 10 എണ്ണംവീതം ഒഴികെയുള്ളവ 2009 ഫെബ്രുവരി മാസത്തിലോ മറ്റോ ആക്കിരിക്കച്ചവടക്കാരന് തൂക്കിവിറ്റു എന്നും അറിയിക്കുന്നു. ബാദ്ഷ/20.04.2009). ഇനി മതപുരോഹിതരോടും മറ്റും ഒരു കാര്യം ചോദിക്കാനുണ്ട്, നിങ്ങളുടെ പക്കലുള്ളതും, നിങ്ങള് വഴി പ്രചരിച്ചിട്ടുള്ളതും, നിങ്ങള് വഴിയല്ലാ പ്രചരിച്ചിട്ടുള്ളതെങ്കില് പോലും പൈശാചികമെന്നു തെളിഞ്ഞുകഴിഞ്ഞതുമായ, ഭൂമിയിലുള്ള വ്യത്യസ്ത മതഗ്രന്ഥങ്ങളെയെല്ലാം ചുട്ടെരിക്കാന് നിങ്ങള് ആഹ്വാനം ചെയ്യുമോ ..ഊറ്റമുണ്ടോ .....?!

കുഞ്ഞുങ്ങളേ, സത്യം ശിവം സുന്ദരം ഇങ്ങനെയാണ് പ്രവര്ത്തിക്കുന്നത്. ജനിക്കുന്ന കുഞ്ഞിന്റെ ശരീരം വളര്ന്ന് കൗമാരം, യൗവ്വനം, വാര്ദ്ധക്യം എന്നിവകളിലൂടെ ചരിക്കുമ്പോള്, അറിവിനും ശരിയായ വളര്ച്ചയുണ്ടായാല് ഭാഗ്യമാണ്. മത-വ്യവസ്ഥിതികളിലും മറ്റും പെടുകയാല് ഭൂരിപക്ഷം ജനങ്ങള്ക്കും ദൈവകാര്യങ്ങളില് അറിവ് വര്ദ്ധിപ്പിക്കാനായില്ല. എന്നാല്, തെറ്റുകളെ തിരുത്തിക്കൊണ്ടും സത്യങ്ങളെ ഉള്ക്കൊണ്ടും ജീവിക്കുവാനുള്ള ഊറ്റം വ്യക്തിക്ക് ഉണ്ടാവണം. അപ്പോള് മാത്രമേ ദൈവം നല്കിയ വിവേചനശക്തികളെ പ്രവര്ത്തിപ്പിക്കുന്നവരായ മനഷ്യരായി മാറുകയുള്ളൂ. ഇപ്പോള് മതവിശ്വാസങ്ങളില് പെട്ടു ജീവിക്കുന്നവര് വെറും മത-ജീവികള് മാത്രമാണ്, മനുഷ്യരല്ല.

// മഹാദേവി ഉടന് മായ പ്രത്യക്ഷമാക്കുന്നതാണ്; അപ്പോള്, സമ്പൂര്ണ്ണ മഹാശാസ്ത്രം/മഹാവേദം അവതരിപ്പിക്കുന്നതാണ്. മഹാശാസ്ത്രത്തില് യാതൊരു മതവിമര്ശനങ്ങളും, യാതൊരു രാഷ്ട്രീയ വിമര്ശനങ്ങളും, യാതൊരു വ്യക്തിഗത വിമര്ശനങ്ങളും ഉണ്ടായിരിക്കുന്നതല്ല. യാതൊരു മനുഷ്യനാമങ്ങളും ഉണ്ടായിരിക്കുന്നതല്ല; മനുഷ്യചരിത്രങ്ങളും ഉണ്ടായിരിക്കുന്നതല്ല. മഹാശക്തിയായ മഹാദേവി, തന്റെ കുഞ്ഞുങ്ങള്ക്കായി മഹാവാത്സല്യത്തോടെ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര പാഠങ്ങളും, മഹാപ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങളും മാത്രം വിവരിക്കുകയാണ് ചെയ്യുക. മഹാപ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങള് വിവരിക്കുമ്പോള്, മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാദേവനും മഹാദേവിയുമായ ദൈവത്തിന്റെയും, ദൈവദാസനായ പരമശിവന്റെയും പേരുകള് മാത്രം ഉള്പ്പെടുന്നതാണ്. //

മഹാശാസ്ത്രപരമായ ഒരു ഉപദേശവും താക്കീതും സമൂഹത്തിലെ മാധ്യമങ്ങള് ഉള്പ്പെടെയുള്ള എല്ലാവരോടുമുണ്ട് : (1) ഈയുള്ളവന്റെ ഫോട്ടോ പ്രസിദ്ധീകരിക്കാന് പാടില്ല. (2) വ്യക്തിഗതങ്ങളായ കാര്യങ്ങള് ഗ്രന്ഥത്തില് തന്നെ വിശദീകരിച്ചിരിക്കെ, അവയില് വിവാദങ്ങളുണ്ടാക്കാനായി ശ്രമിച്ചുകൂടാ. പകരം ശാസ്ത്രകാര്യങ്ങളെ മാത്രം പഠന-പരിശോധനകള്ക്ക് വിധേയമാക്കാം. (3) ഗ്രന്ഥത്തില് സൂചിപ്പിച്ചിട്ടുള്ള മഹാദേവിയുടെ മനുഷ്യ-അവതാരത്തെപ്പറ്റി കൂടുതല് അന്വേഷിക്കുവാനും, കണ്ടിപിടിച്ച് ഫോട്ടോ പ്രസിദ്ധീകരിക്കുവാനും, കഥകളുണ്ടാക്കുവാനും പാടില്ല. യഥാകാലം മഹാദേവി, മഹാഇഷ്ടം പോലെ ചെയ്യുന്ന കാര്യങ്ങളില്, മാധ്യമങ്ങള് ഇന്നു തുടര്ന്നുവരുന്നതായ നീച-ഗവേഷണ രീതികള് അവലംബിച്ചാല്, കടുത്ത ദൈവശിക്ഷകള് കിട്ടിയെന്നു വരാം, ഉറ്റവരെ നഷ്ടപ്പെട്ടെന്നു വരാം. ഭീഷണിയോ, പ്രീണനമോ അല്ല. ദൈവ കാര്യങ്ങളെ, കുട്ടിത്തമാശകളായി കാണരുത്. മതങ്ങളിലെയും രാഷ്ട്രീയ-ഇസങ്ങളിലെയും ഒക്കെ അശാസ്ത്രീയതകളുമായി താരതമ്യം ചെയ്തും, അവയെപ്പോലെ ധരിച്ചും വ്യക്തിജീവിതത്തില് പാപം പിടിച്ചുവാങ്ങരുത്. (4) ശാസ്ത്രകാര്യങ്ങളെല്ലാം ഗ്രന്ഥത്തില് വിശദമാക്കിയിരിക്കെ, ധര്മ്മശാസ്ത്രപരമല്ലാത്ത കാര്യങ്ങള്ക്കുവേണ്ടി ഈയുള്ളവനുമായി ബന്ധപ്പെട്ടുകൂടാ. (5) ഇന്നു ജീവിച്ചിരിക്കുന്ന ഏതാനും പേരുടെ മുജ്ജന്മങ്ങള് ഗ്രന്ഥത്തിലുണ്ട്, അവര്ക്കു മാത്രം ഈയുള്ളവനുമായി ബന്ധപ്പെടുവാന് അവകാശമുണ്ടായിരിക്കുന്നതാണ്. മരിച്ചുപോയ ഏതാനും പേരുടെ മുജ്ജന്മങ്ങള് ഗ്രന്ഥത്തിലുണ്ട്. മരിച്ചുപോയവര്, ഗ്രന്ഥത്തിലെ വെളിപ്പെടുത്തലുകളിലൂടെ സന്തോഷിക്കുകയും, അവരുടെ പാപങ്ങള് കുറയുകയും ചെയ്യുമെന്നിരിക്കെ, മരിച്ചുപോയവരുടെ ബന്ധുക്കള്ക്കോ, അനുയായികള്ക്കോ സന്തോഷം ഉണ്ടെങ്കില് നല്ലത്, ദുഃഖമോ വിദ്വേഷമോ ഉണ്ടെങ്കില് അതിനുള്ള പരിഹാരം മഹാശാസ്ത്രം പഠിക്കുകയും ദൈവത്തോടു പ്രാര്ത്ഥിക്കുകയുമാണ്. മരിച്ചുപോയവരുടെ പ്രതിനിധികളാവാന് ശ്രമിക്കരുത്. മരിച്ചുപോയവരെയും, കൂട്ടിവരാന് കഴിവുള്ള ബന്ധുക്കള്ക്കും അനുയായികള്ക്കും, തീര്ച്ചയായും സ്വാഗതമുണ്ട്. കൂടുതല് വിസ്തരിക്കുന്നില്ല.

ഒരേ വായു ശ്വസിച്ചും ഒരേ വെള്ളംകുടിച്ചും ഒരേപോലെയുള്ള ഭക്ഷണം കഴിച്ചും ഒരേവിധത്തിലുള്ള സുഖദുഃഖങ്ങളും രോഗങ്ങളും മരുന്നുകളും അനുഭവിച്ചും കഴിയുന്ന ജനങ്ങള് മത-ജാതി-രാഷ്ട്രീയ ഇസങ്ങളുടെ പേരില് അന്യരെപ്പോലെ കഴിയുന്ന അവസ്ഥ ദൈവീകമല്ല ! മഹാദേവി, മായ പ്രത്യക്ഷമാക്കുമ്പോള്, മായാശക്തികള് ദുരുപയോഗം

ചെയ്ത വിഷ്ണു എന്ന നാരായണന് നിര്മ്മിച്ചതെന്നു കഷ്ടിച്ചു പറയാനാവുന്ന മറ്റു ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും പിന് വലിക്കുന്നതാണ്. മഹാസംഹാരമൂര്ത്തിയായി പരമശിവനെ വാനോളം ഉയര്ത്തുകയും, ഭൂമിയിലെ എല്ലാവര്ക്കും കാണാനാവുമ്പോലെ പരമശിവന്റെ വായിലേക്ക് ഓരോ ഗ്രഹങ്ങളും ചെറുതായി ചെറുതായിക്കൊണ്ട് പ്രവേശിക്കുന്നതുമാണ്. പരമശിവന്റെ നീണ്ടു കിടക്കുന്ന നാവിലെത്തുന്ന ഗ്രഹങ്ങളെ, നാവിലുള്ള അക്ഷരബ്രഹ്മം, പരമശിവന്റെ ഹൃദയത്തോടു ചേര്ന്നുള്ള ഓംകാരത്തിലേക്ക് നയിക്കുകയും, മറ്റുള്ള ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തില് ലയിച്ച് ശൂന്യമായിത്തീരുന്നതുമാണ്. ഇന്നത്തെ ശാസ്ത്രം ശുദ്ധീകരിക്കപ്പെട്ട് മഹാശാസ്ത്രത്തിന്റെ ഭാഗമാകുന്നതപ്പോഴാണ്.

ഭരണകാര്യങ്ങള് - മാനുഷിക തലത്തില് :
ഭരണശാസ്ത്രം ചെയ്യുന്നതും ചെയ്യേണ്ടതും ധര്മ്മശാസ്ത്രങ്ങള് പ്രകാരം നീതി നല്കുക എന്നതാണ്. കുറ്റങ്ങളും കുറവുകളുമില്ലാത്തതായ ശാസ്ത്രങ്ങളെല്ലാം മഹാപ്രപഞ്ചത്തില് അന്തര്ലീനമാണെന്നും, അവയെ കണ്ടെത്തിക്കൊണ്ട് ഭരിക്കുക മാത്രമേ വേണ്ടൂ എന്നു പറയുമ്പോള്, നിയമനിര്മ്മാണ സഭകളെന്ന പേരിലുള്ള മാനുഷിക അഭ്യാസങ്ങള് ധര്മ്മശാസ്ത്രപരമല്ല എന്നാണര്ത്ഥം. നീതി നല്കുകയാണ് ഭരണാധികാരിയുടെ കര്ത്തവ്യം എന്നുവരുമ്പോള് ഭരണാധികാരി തന്നെയാണ് നീതിപതിയാവേണ്ടത്. ഒട്ടുമിക്ക രാഷ്ട്രങ്ങളിലും നീതിന്യായശാസ്ത്രത്തെ ഭരണശാസ്ത്രത്തില് നിന്നും അടര്ത്തിമാറ്റുകയും കോടതികളെന്നും ജഡ്ജിമാരെന്ന പേരിലും നീതിന്യായകാര്യങ്ങള് ചെയ്യാന് പുതിയൊരു വിഭാഗത്തെ സൃഷ്ടിച്ചത് പിഴവായി. ധര്മ്മശാസ്ത്രപരമായ രാജഭരണമാണ് ദൈവീക ഭരണസമ്പ്രദായം.
നീതിന്യായശാസ്ത്രം അഥവാ നീതിശാസ്ത്രം ഭരണശാസ്ത്രത്തിനു മുകളിലാണ്. ഭരണശാസ്ത്രത്തിലും ഭരണാധികള്ക്കു സംഭവിക്കുന്ന പിഴവുകള്ക്കും കൂടി നീതി വിധിക്കാനുള്ളതാണ് നീതിശാസ്ത്രം എന്നതുകൊണ്ടാണത്. ഭരണശാസ്ത്രം കൈയ്യാളുന്ന ഭരണാധികാരികള്ക്ക് ഭരണകാര്യങ്ങളില് പിഴവുസംഭവിച്ചുവെങ്കില്, മഹാപ്രപഞ്ചത്തിന്റെ എല്ലാ ശാസ്ത്രശാഖകളിലും പരിജ്ഞാനവും ദൈവീക അനുഭവങ്ങളുമുള്ള ഏതൊരാള്ക്കും ഭരണാധികാരികളുടെ പിഴവുകളെ ചൂണ്ടിക്കാട്ടാനും തിരുത്താനും തിരുത്തിക്കാനും അവസരം ഉണ്ടാകണം. രാജഭരണത്തില് രാജഗുരു ഉള്പ്പെടെയുള്ളവര് അതാണ്

ചെയ്യുന്നത്.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ
ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഭാഗം 10
ഓം സത്യം ഡോട്ട് കോം
www.omsathyam.com

മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികള്ക്കു ലഭിക്കുവാനും മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.
രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവര്ത്തകരോ ഒക്കെ വിചാരിച്ചാല് തകരാറിലാക്കാനാവുന്നതോ അട്ടിമറിക്കാന് കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാന് സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.
ഓംസത്യം ഡോട്ട് കോം എന്ന വെബ്സൈറ്റില് ചേര്ത്തിട്ടുള്ള കാര്യങ്ങളെ
2008 ജനുവരി മുതല് മെയ് വരെ കുറെ തിരുത്താന് കഴിഞ്ഞെങ്കിലും, പിന്നീട്
കാര്യമായ ഒരു തിരുത്തലും ചെയ്യാന് കഴിഞ്ഞിട്ടില്ല. സമയവും സൗകര്യങ്ങളും ലഭിച്ചില്ല. ഓംസത്യം ഡോട്ട് കോം എന്ന വെബ്സൈറ്റില് ചേര്ത്തിട്ടുള്ള
കാര്യങ്ങളെ പരിഷ്ക്കരിക്കുകയും, ക്രമപ്പെടുത്തുകയും ഒക്കെ വേണ്ടതുണ്ട് എന്നര്ത്ഥം.
എപ്പോള് സമയവും സൗകര്യങ്ങളും കിട്ടുമെന്നോ,
ഈ മഹാഗ്രന്ഥത്തിനു ശേഷമെന്തെന്നോ മഹാദേവിക്കു മാത്രമേ

അറിയൂ.
ആകയാല് വെബ്സൈറ്റിലുള്ള കാര്യങ്ങളുടെ അവസാന വാക്കായി മഹാഗ്രന്ഥത്തെ കണക്കാക്കണമെന്ന് പരമസ്നേഹത്തോടെ പരമശിവന് അറിയിക്കുന്നു.
ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.
2009 ജനുവരി 18-ന് ഓംസത്യം ഡോട്ട്കോം www.omsathyam.com വെബ്സൈറ്റില് ഗ്രന്ഥത്തെ പ്രവേശിപ്പിച്ചു. 2009 ഫെബ്രുവരി 2-ന് ഗ്രന്ഥത്തില് ചുവടെയുള്ള കത്തുകൂടി ചേര്ത്തു. 2009 ഡിസംബറില് ഗ്രന്ഥത്തെ കുറേക്കൂടി പരിഷ്ക്കരിക്കുകയും ചെയ്തു.

ബഹുമാന്യരെ,
കേരളത്തിലുള്ള 5 ശിവക്ഷേത്രങ്ങളിലേക്ക് ഈ കത്തയക്കുവാന് മഹാശക്തിയും മഹാജഗദംബയുമായ മഹാദേവിയുടെ മഹാശാസ്ത്രപ്രകാരം മഹാദേവിയുടെ മഹാദാസന്, പ്രപഞ്ചപിതാവ്, സംഹാരദേവന് തുടങ്ങിയ മഹാ-പദവികള് സ്വീകരിക്കുവാന് മഹാഭാഗ്യം ലഭിച്ചിട്ടുള്ള പരമശിവന് ബാദ്ധ്യതയുണ്ട്. അടൂര്, തൃശ്ശൂര്, വൈക്കം, ഏറ്റുമാനൂര്, കോട്ടയം എന്നിവിടങ്ങളിലെ 5 പ്രമുഖ ക്ഷേത്രങ്ങളെ മഹാദേവി മഹാനിശ്ചയിച്ചിട്ടുമുണ്ട്. മഹാശാസ്ത്രപ്രകാരം തന്നെയാണെന്ന് ബോദ്ധ്യപ്പെടുത്തുവാനായി ഇതോടൊപ്പം ഹൈന്ദവം ഉള്പ്പെടെ യാതൊരു മതഗ്രന്ഥങ്ങളിലും ഇല്ലാത്തതായ ഓം -ന്റെ വിവിധ ശാസ്ത്രവിശദീകരണങ്ങള് ചേര്ത്തിട്ടുണ്ട്. മാത്രമല്ല,
മഹാസൃഷ്ടിചക്രം കൂടിയായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തില്, മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, സൃഷ്ടിമന്ത്രവും സംഹാരകാഹളവുമായ ഓം വൈകാതെ ഭൂമിയിലെങ്ങും മുഴങ്ങുന്നതാണ്.

മഹാദേവിയുടെ മഹാഇഷ്ടങ്ങള് പ്രകാരം, പൂര്ണ്ണമായിക്കൊണ്ടിരിക്കുന്ന പരമശിവന്, മഹാശാസ്ത്രപ്രകാരം നല്കുന്ന 4 കല്പനകള്/അറിയിപ്പുകള് :
(1) മഹാദേവിയും മഹാദേവനും മഹാശക്തിയായ ബ്രഹ്മം തന്നെയാകയാല്, മഹാദേവിയുടെ മഹാദാസനായ പരമശിവനെ മഹാദേവനായിട്ട് *കണക്കാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന രീതികളെയും

കാര്യങ്ങളെയും സമ്പ്രദായങ്ങളെയും അവസാനിപ്പിക്കുവാൻ ക്ഷേത്രഭാരവാഹികൾ പ്രവർത്തിക്കണം. (2) ഏകമഹാശക്തിയും, മഹാദേവനും മഹാദേവിയുമായ മഹാജഗദംബയെ മാത്രമേ ആരാധിക്കുവാൻ പാടുള്ളൂ. (3) ദൈവത്തോട് പ്രാർത്ഥിക്കാമെന്നല്ലാതെ, ദൈവത്തെ ആരാധിക്കുവാന് ഏതൊരാള്ക്കും യോഗ്യത ഉണ്ടാകുന്നത്, വൈകാതെ മായ പ്രത്യക്ഷമായശേഷം, ഓരോരുത്തർക്കും മഹാദർശനവും മഹാശാസ്ത്രവും ലഭിക്കുന്ന പരമവിശിഷ്ട ജന്മത്തിൽ മാത്രമാണ്.** (4) പ്രപഞ്ച പിതാവു കൂടിയായ പരമശിവനെയും, പരമശിവന്റെ വസ്ത്രത്തെയും ബഹുമതിക്കാത്ത ചിത്രങ്ങളും മറ്റും മത -മനുഷ്യർ പ്രചരിപ്പിച്ചിട്ടുള്ളത് പിൻവലിക്കണം. *** എന്ന്, പരമശിവൻ / 02 ഫെബ്രുവരി 2009.

ഭാഗം 5

മഹാ സൃഷ്ടിചക്രം

(അദ്ധ്യായം 39)

മഹാശക്തിയായ ദൈവം മനുഷ്യരൂപത്തിൽ മഹാഎഴുന്നെള്ളുന്നു (മഹാഎഴുന്നെള്ളി ക്കഴിഞ്ഞു) എന്നതാണ് മഹാസൃഷ്ടിചക്രത്തിന്റെ മഹാവിശേഷത. സൃഷ്ടിചക്രം എന്താണെന്ന് അടുത്ത അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

ഏറെക്കുറെ 4500 വർഷക്കാലമായി ജനിച്ചും പുനർജ്ജനിച്ചും പോരുന്ന ജനങ്ങൾ മഹാഭാഗ്യം നേടിയവരാണ്. എന്തെന്നാൽ മഹാസൃഷ്ടിചക്രത്തിലാണ് അവർ ജീവിക്കുന്നത്. .

മഹാപ്രപഞ്ചത്തിലെ ജീവികളുടെ സൃഷ്ടി, സ്ഥിതി,

സംഹാരം തുടങ്ങിയവയുടെ ശാസ്ത്ര വിശദീകരണം ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിൽ ലഭ്യമാണ്..

ഭൂമിയിലെങ്ങും വൈകാതെ ഓം മുഴങ്ങുമ്പോൾ, അന്നു മുതൽ പുതിയ കാലഗണന/കലണ്ടർ ആരംഭിക്കുന്നതാണ്.

(അദ്ധ്യായം 40)

കാലം : ജീവിചക്രം, സൃഷ്ടിചക്രം, കാലചക്രം, പരമകാലചക്രം, മഹാകാലചക്രം

ആനന്ദങ്ങളുടെ അനന്തമായ കലവറയാണ് മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആനന്ദങ്ങളെല്ലാം അനുഭവിക്കണമെങ്കില് കാലം സൃഷ്ടിക്കേണ്ടതുണ്ട്. ജീവികളിലെ ഊർജ്ജനിയമങ്ങളെയും വിശ്രമങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട്, കാലം സൃഷ്ടിക്കുമ്പോൾ, ആനന്ദങ്ങളെ ഒന്നൊന്നായും ചിലവ ഒരുമിച്ചും അനുഭവിക്കാന് കഴിയുന്നു. കാലഗണനകളും ഊർജ്ജനിയമങ്ങളിലെ ക്ഷീണവും വിശ്രമവും ഇല്ലെന്നുവന്നാല് ഒരേ ആനന്ദത്തില് മാത്രം മുഴുകുന്നതാണ്. ഒരു കർമ്മമോ, വിനോദമോ, വിനോദം കൂടുതലുള്ള കർമ്മമോ ചെയ്തുകൊണ്ടിരിക്കെ ശരീരക്ഷീണം തോന്നുകയും, അല്പം വിശ്രമിക്കുകയും ചെയ്യുമ്പോൾ, മറ്റൊരു കർമ്മമോ, മറ്റൊരു

വിനോദമോ ആരംഭിക്കാനുള്ള സാവകാശവും സൗകര്യവും ഒരുങ്ങുന്നു.

മഹാപ്രപഞ്ചത്തിലെ ജീവികളെ 5 വിഭാഗത്തിൽ പെടുത്തിയിരിക്കുകയാണെന്ന് ആത്മീയ സാക്ഷാത്ക്കാരം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു.

ജീവിചക്രം

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യന് എന്നീ 5 വിഭാഗങ്ങളിലെ ജീവിതം ഓരോ ജീവിയും പൂര്ത്തീകരിക്കേണ്ടതുണ്ട്. കൂടിക്കുഴഞ്ഞല്ല അത്. പരിണാമം ആയിട്ടാണ്. മത്സ്യമായി ആരംഭിക്കുന്ന ജീവി ജീവിതം 100 മത്സ്യ ജന്മങ്ങള്ക്കുശേഷം, സസ്യമായി ഉയര്ത്തപ്പെടുന്നു. 100 സസ്യ ജന്മങ്ങള്ക്കുശേഷം, പക്ഷിയായി ഉയര്ത്തപ്പെടുന്നു. 100 പക്ഷി ജന്മങ്ങള്ക്കുശേഷം, മൃഗമായി ഉയര്ത്തപ്പെടുന്നു. 100 മൃഗ ജന്മങ്ങള്ക്കുശേഷം, അവസാനമായി മനുഷ്യൻ ആയി ഉയര്ത്തപ്പെടുന്നു.

മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രവും അനന്തമായ ആനന്ദങ്ങളും 50 സ്ത്രീജന്മവും 50 പുരുഷജന്മവും ഉള്പ്പെടുന്ന 100 മനുഷ്യജന്മങ്ങളിലൂടെ മോക്ഷം നേടുമ്പോൾ, ജീവിയ്ക്ക് 5 അവസ്ഥകളാണുള്ളത്. മഹാശാസ്ത്രത്തെ മനുഷ്യാവസ്ഥയിൽ നേടുന്നതോടെ പുതിയ ഒരു ജീവി-അവസ്ഥ ഇല്ല എന്നത് ആത്മീയസാക്ഷാത്ക്കാരം അഥവാ പരബ്രഹ്മാനന്ദം

എന്ന നക്ഷത്രപദവിയക്ക് 5 എന്ന സംഖ്യനല്കി ജീവിചക്രം പൂര്ണ്ണമാക്കുന്നു. അതായത് 5 തരത്തിലുള്ള ജീവിചക്രങ്ങൾ ഓരോ ജീവിയും പൂര്ത്തിയാക്കുന്നുണ്ട്. നക്ഷത്രത്തിന്റെ 5 കോണുകളുടെ അടിസ്ഥാനം അതാണ്. അതിനെ ശരിവെച്ച് ദൈവം ഭൂമിയിൽ മായ പ്രത്യക്ഷമാക്കുമ്പോൾ, നക്ഷത്രങ്ങളെയെല്ലാം 5 കോണുകളോടെ ദൃശ്യമാക്കുന്നതാണ്.

ഓരോ ജീവിയായിരിക്കുമ്പോഴും നിശ്ചിത തവണ പുനര്ജ്ജനിക്കണം. മത്സ്യമായിരിക്കുമ്പോൾ, മത്സ്യത്തിലെ വിവിധ ഇനങ്ങളായി പുനര്ജ്ജനിക്കണം എന്നു പറയുമ്പോള്, മഹാനീതിശാസ്ത്ര പ്രകാരം ദൈവം പുനര്ജ്ജനിപ്പിക്കുകയാണ് എന്നതാണ് വസ്തുത. മറ്റൊന്ന്, ഭൂമിയിലെ സംഹാരം പുരോഗമിക്കുമ്പോള്, മറ്റുള്ള ജീവികള്ക്ക് ചന്ദ്രവാസമുണ്ടാകുന്നുണ്ട്. ചന്ദ്രനിലെ വ്യത്യസ്ത മൂലകങ്ങളോടുചേര്ന്ന് ഓക്സൈഡുകളും മറ്റുമായിരിക്കുന്ന വസ്തുക്കളില്നിന്ന് ഓക്സിജൻ മഹാശാസ്ത്രപ്രകാരം സ്വതന്ത്രമാവുകയും അന്തരീക്ഷവായുവും ജലവുമെല്ലാം ചന്ദ്രനിൽ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ഭൂമിയിലെ ജീവി-ജീവിതത്തെ ബന്ധപ്പെടുത്തിയാണ് ചന്ദ്രന്റെ വലുപ്പം ഉള്പ്പെടെയുള്ള കാര്യങ്ങള് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ഭൂമിയുടെ രാത്രിയിലെ വിളക്കു മാത്രമല്ല ചന്ദ്രനെന്ന് അതോടെ തെളിയുന്നതാണ്. ഓക്സിജനെപ്പറ്റി പ്രത്യേകം അദ്ധ്യായത്തിൽ മുമ്പ് വിവരിച്ചിട്ടുണ്ട്.

5 തരം ജീവികളിലും ജന്മങ്ങളുടെ എണ്ണം 100 എന്നു പ്രസ്താവിച്ചെങ്കിലും, മനുഷ്യൻ ഒഴികെയുള്ള ജീവികളിലെ ജന്മങ്ങളുടെ എണ്ണത്തിനും ആയുസ്സിനും സൃഷ്ടിചക്രവുമായി ബന്ധപ്പെട്ട കണക്കുകൾ സുവ്യക്തമായി വെളിപ്പെട്ടിട്ടില്ല. എപ്പോൾ മാത്രം, സുവ്യക്തമാക്കണമെന്ന് മഹാശക്തിയായ ദൈവമാണ് നിശ്ചയിക്കുന്നത്. വൈകാതെ എല്ലാ കണക്കുകളും ലഭിക്കുന്നതാണ്. കാലഗണനെയെപ്പറ്റി ഏകദേശ ധാരണ നല്കുവാൻ ഈ ഗ്രന്ഥത്തിലെ കണക്കുകള് ഉപകരിക്കുന്നുണ്ട്. മാത്രമല്ല, കൃത്യമായ കണക്കുകള് ലഭിച്ചിട്ട് മനുഷ്യര്ക്ക് വലിയ കാര്യങ്ങളൊന്നും തന്നെ (തൽക്കാലം) നേടാനുമില്ല. കൃത്യമായ കണക്കുകളെ അവതരിപ്പിക്കുവാൻ തല്ക്കാലം കഴിയുന്നില്ല എന്നതിൽ ഈയുള്ളവന് സങ്കടമുണ്ട് എന്നും ഇല്ലാ എന്നും പറയേണ്ടതുണ്ട്. മഹാശക്തിയുടെ മഹാകണക്കുകൾ പ്രകാരം വെളിപ്പെടുത്തുന്നവയെ മനുഷ്യരുടെയോ, ഈയുള്ളവന്റെയോ ഇഷ്ടപ്രകാരം വെളിപ്പെടുത്തണമെന്ന് ആഗ്രഹിക്കാനോ പ്രാര്ത്ഥിക്കാനോ പാടില്ല. മാത്രമല്ല, മഹാദേവിയുടെ മഹാഇഷ്ടങ്ങളനുസരിച്ചു മാത്രം എല്ലായ്പ്പോഴും പ്രവര്ത്തിക്കുന്നവനാക്കി എല്ലായ്പ്പോഴും ഈയുള്ളവനെ മഹാഅനുഗ്രഹിക്കണമേ എന്നു പ്രാര്ത്ഥിക്കുവാന് ദൈവാനുഗ്രഹത്താൽ കഴിയുന്ന ഈയുള്ളവന്റെ പ്രാര്ത്ഥന സംശുദ്ധമാവേണ്ടതുമുണ്ട്.

സൃഷ്ടിചക്രം, കാലചക്രം, പരമകാലചക്രം, മഹാകാലചക്രം

ഓരോ ജീവിക്കും 5 ജീവിചക്രങ്ങള് ഉണ്ടെന്ന് പ്രസ്താവിച്ചുവല്ലോ. ഓരോ ജീവിചക്രവും പൂര്ത്തിയാക്കുവാന് ജീവികള്ക്കു നിശ്ചയിച്ചിട്ടുള്ള കാലഘട്ടമാണ് ഒരു സൃഷ്ടിചക്രം. 5 ജീവിചക്രങ്ങള് പൂര്ത്തിയാക്കുവാന് ഒരു ജീവി 5 സൃഷ്ടിചക്രങ്ങള് പൂര്ത്തിയാക്കേണ്ടതുണ്ട്. എന്നാല് ഓരോ ജീവിയും സ്ത്രീയും പുരുഷനുമായി ആരംഭത്തില് തന്നെ രണ്ടായിട്ട് വിഘടിപ്പിക്കപ്പെടുന്നുവെന്നും, മനുഷ്യജന്മത്തിലെ അവസാന 10 ജന്മങ്ങളില് ഭാര്യയും ഭര്ത്താവുമായി രണ്ടായിരിക്കുന്ന ജീവികൾ ഒരുമിച്ചു ജീവിക്കുന്നെന്നും, പ്രസ്തുത 10 ജന്മങ്ങൾ പൂര്ത്തീകരിച്ച് ആത്മീയ സാക്ഷാത്ക്കാരം നേടുമ്പോള്, സ്ത്രീയും പുരുഷനും ഒന്നായിത്തീരുന്നെന്നുമാണ് മനസ്സിലാക്കിയിട്ടുള്ളത്. ചുവടെയുള്ളത് കൃത്യമായ കണക്കുകള് ആണെന്ന് ഉറപ്പുപറയാൻ തല്ക്കാലം കഴിവില്ല /കഴിയില്ല എന്നറിയിച്ചുകൊണ്ട് തുടരട്ടെ.

10000 വര്ഷം = 1 സൃഷ്ടിചക്രം. ഒരു സൃഷ്ടിചക്രത്തിന് 2 ഭാഗങ്ങളാണുള്ളത്.

മായ പ്രത്യക്ഷമായിരിക്കുന്ന കാലവും, മായ പ്രത്യക്ഷമല്ലാത്ത കാലവും. ശരാശരി 50 വയസ്സുള്ള 90 ജന്മങ്ങളുടെ പൂര്ത്തീകരണവുമായി ബന്ധപ്പെട്ട് 4500 വര്ഷങ്ങളടങ്ങിയ ആദ്യ ഭാഗത്തില് മായ പ്രത്യക്ഷമല്ല. പ്രസ്തുത കാലയളവില് മനുഷ്യരിലൂടെ തന്നെ മഹാശാസ്ത്രത്തിലെ പാഠങ്ങള് ദൈവം വെളിവാക്കുന്നു. തങ്ങള്ക്ക് ലഭിച്ചവ ദൈവീകമായ വെളിപ്പെടുത്തല് അഥവാ വെളിപാട് മാത്രമാണെന്നു തിരിച്ചറിയാന് കഴിയുന്നത് ധര്മ്മശാസ്ത്രപരമായി ജീവിക്കുന്നവര്ക്കു മാത്രമാണ്.

ഭൗതികശാസ്ത്രത്തിന്റെ വിവിധ ശാഖകളിലെ നിയമങ്ങള് കാലാനുസൃതം വെളിപ്പെടുമ്പോള്, ശാസ്ത്ര-സാങ്കേതിക വികസനം കൂടി നടക്കുകയും, ശാസ്ത്രസൗകര്യങ്ങളെ മനുഷ്യര്ക്ക് കണ്ടെത്താനും ഉപയോഗപ്പെടുത്താനും കഴിയുന്നു. ഇന്നത്തെ ലോകത്തില് മനുഷ്യർ എല്ലാ ജീവിതമേഖലകളിലും ഒരു പൂരിതാവസ്ഥയോട് അടുത്തിരിക്കുകയാണ്.

ആദ്യമഹാകാലചക്രത്തിലെ പ്രത്യേകതകളുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തില് അതിഘോരങ്ങളായ മത-രാഷ്ട്രീയ-വര്ഗ്ഗ പ്രശ്നങ്ങളും മറ്റും ഉണ്ടായിട്ടുള്ളത് തികച്ചും ഒറ്റപ്പെട്ട കാര്യമാണ്. കുറെ പ്രശ്നങ്ങൾ ഉണ്ടാവും എന്നല്ലാതെ ഇത്ര അധമമായ അവസ്ഥ യാതൊരു സൃഷ്ടിചക്രങ്ങളിലും ഉണ്ടായിട്ടില്ല.

ഇപ്പോഴത്തെ സൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രം മുതൽ മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നേരിട്ട് ഏറ്റെടുക്കുകയാൽ മേലിൽ യാതൊരു സൃഷ്ടിചക്രങ്ങളിലും യാതൊരു കടുത്ത അധമത്തങ്ങളും ഉണ്ടാകുന്നതല്ല.

മഹാശാസ്ത്രശാഖകളിലെ വികസനവും പൂരിതാവസ്ഥയും ജനപ്പെരുപ്പവും എല്ലാം മഹാനിശ്ചയം പ്രകാരമുള്ള സമയത്തിലെത്തുമ്പോള് **മായ** പ്രത്യക്ഷമാക്കിക്കൊണ്ട് സൃഷ്ടിചക്രത്തിന്റെ രണ്ടാം ഭാഗം ആരംഭിക്കുന്നു.

മായ പ്രത്യക്ഷമാകുന്നതിനു മുമ്പ് **മത്സ്യാവതാരം** നടക്കുകയും, തുടര്ന്ന് മഹാശാസ്ത്രം അഥവാ വേദങ്ങൾ വീണ്ടെടുക്കുകയും ചെയ്യുന്നു. മത്സ്യാവതാരം നടക്കുന്നതോടെ പുതുസൃഷ്ടികള് സ്തംഭിക്കുന്നു. (വെളിപാട് പൂർണമായിട്ടില്ല.) പിന്നെ മത്സ്യങ്ങളിലെ പുനര്ജ്ജനനങ്ങള് മാത്രമാണ് നടക്കുക. മായ പ്രത്യക്ഷമായശേഷം ശരാശരി 50 വയസ്സുള്ള 10 ജന്മങ്ങളുടെ പൂര്ത്തീകരണവുമായി ബന്ധപ്പെട്ട് 500 വര്ഷക്കാലം ഭൂമിയില് ദൈവരാജ്യം സ്ഥാപിക്കപ്പെടുന്നു. മഹാശാസ്ത്രം പ്രകാരം ജീവിക്കുക എന്നല്ലാതെ ഭക്തിഭ്രാന്തുകളുമായി ജീവിക്കുവാന് ദൈവം മനുഷ്യരെ അനുവദിക്കുന്നില്ല. ജഗത്തിനെ അഥവാ മഹാപ്രപഞ്ചത്തിനെ മഹാശ്രേഷ്ഠമാക്കുന്ന മഹാ-സുന്ദര ജീവിതം ഭൂമിയെ സ്വര്ഗ്ഗമാക്കുന്നു. മനുഷ്യർ തന്നെ

ആരാധിക്കുന്നത് കണ്ടും കേട്ടും ആസ്വദിക്കുന്ന ഒരു വിചിത്രജീവിയല്ല ദൈവം എന്നതറിഞ്ഞ് ധര്മ്മശാസ്ത്രപ്രകാരം ആനന്ദത്തോടെ ജീവിക്കുവാന് മനുഷ്യനെ ദൈവം മഹാശാസ്ത്രത്തിലൂടെ (യഥാര്ത്ഥമായ വേദങ്ങളിലൂടെ) ബാദ്ധ്യസ്ഥമാക്കുന്നു. ഒരു ഉദാഹരണം പറഞ്ഞാല് മഹാശക്തിയായ മഹാദേവിയെ ദര്ശിക്കണമെന്നും തുടർച്ചയായിട്ട് (സദാ) ദര്ശിച്ചു കൊണ്ടേയിരിക്കണമെന്നും ആഗ്രഹിക്കുന്ന മനുഷ്യന്റെ മുന്നില് മഹാദേവി പ്രത്യക്ഷപ്പെട്ടാൽ, കുറേ നേരം കഴിയുമ്പോൾ മനുഷ്യന് കണ്ണുകൾ കഴയ്ക്കും, ശരീര-ക്ഷീണമുണ്ടാകും, വിശപ്പുണ്ടാകും, വിസർജ്ജന ആവശ്യങ്ങൾ ഉണ്ടാകും; അപ്പോൾ മഹാദേവി അപ്രത്യക്ഷമായിരുന്നെങ്കിൽ എന്നുപോലും ആഗ്രഹിക്കുന്നതാണ്. മഹാശക്തിയായ മഹാദേവി മഹാശാസ്ത്രം ആവിഷ്ക്കരിച്ച് ജീവികളിലും വസ്തുക്കളിലും സൃഷ്ടിച്ചിരിക്കുന്ന ഊർജ്ജനിയമങ്ങള് പ്രകാരം മനുഷ്യന്റെ ചിന്തകളും കർമ്മങ്ങളും ആവശ്യങ്ങളും കാലവ്യത്യാസങ്ങൾക്ക് അനുസരിച്ച് മാറ്റിമറിക്കപ്പെടുന്നതാണ്. മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങളെ ആസ്വദിച്ചു ധര്മ്മശാസ്ത്രപരമായി ജീവിക്കുക എന്നല്ലാതെ ഭക്തിഭ്രാന്തുകളെ ഒട്ടും അനുവദിക്കില്ല. സൃഷ്ടിചക്രത്തിന്റെ ആദ്യഭാഗത്ത് മായ പ്രത്യക്ഷപ്പെടാത്തത് മനുഷ്യനെ മുഖ്യമായും കർമ്മശാസ്ത്രത്തിൽ ഉറപ്പിക്കാനാണ്.

ശരാശരി 50 വയസ്സുള്ള 100 ജന്മങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് 5000 വർഷങ്ങളും 500 വർഷങ്ങളും ചേർന്നുള്ള 5500 വർഷങ്ങളടങ്ങിയ

സൃഷ്ടിചക്രത്തിന്റെ രണ്ടാം ഭാഗത്തിൽ മായ പ്രത്യക്ഷമാണ്. മായ പ്രത്യക്ഷമായശേഷം 500 വര്ഷക്കാലത്തെ ദൈവരാജ്യത്തിനു ശേഷം സംഹാരം ആരംഭിക്കുകയും, 5000 വര്ഷങ്ങള് പൂര്ത്തിയാകുന്നതോടെ ഭൂമിയിലെ മനുഷ്യരിൽ 100 പേരൊഴികെയുള്ളവര് ആത്മീയ സാക്ഷാത്ക്കാരത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു, അഥവാ നക്ഷത്രങ്ങളായിത്തീരുകയും ചെയ്യുന്നു. 90 ജന്മങ്ങള് പൂര്ത്തിയാക്കുമ്പോള്, വ്യക്തിക്ക് പരമശിവനിലൂടെ ദൈവം മഹാശാസ്ത്രം നല്കുകയും, വ്യക്തി പ്രസ്തുത ജന്മത്തിൽ മാത്രം ദൈവാരാധന നടത്തുകയും ചെയ്യുന്നു. മായ പ്രത്യക്ഷമാകുന്ന കാലവും, പ്രത്യക്ഷമല്ലാത്ത കാലവും ഏവര്ക്കും സമമായി ലഭ്യമാക്കുന്നതിന് ജീവിയുടെ സ്ത്രീ-പുരുഷ വിഭജനങ്ങളെ ബന്ധപ്പെടുത്തിയുള്ള പദ്ധതികളുണ്ട്. വെളിപാട് സുവ്യക്തമായിട്ടില്ല.

സൃഷ്ടിചക്രം സംഹരിക്കപ്പെട്ട് പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോള് മായ അഥവാ ദൈവ സാന്നിദ്ധ്യം വീണ്ടും അപ്രത്യക്ഷമാകുന്നതാണ്. പുതിയ കുഞ്ഞുങ്ങള് വീണ്ടും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, ദൈവത്തെയും അന്വേഷിക്കും. ചക്രം പോലെ കാര്യങ്ങള് മഹാമംഗളമായി തുടര്ന്നുകൊണ്ടിരിക്കും. എന്നാല് യാതൊരു ന്യൂനശക്തികളും പൈ എന്ന മഹാശാസ്ത്ര പരിധി മേലില് കടക്കുന്നതല്ല.

എന്തുകൊണ്ടെന്നാല് മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുത്തു കഴിഞ്ഞു .....

10000 വര്ഷം = 1 സൃഷ്ടിചക്രം എന്നു പറഞ്ഞുവല്ലോ.

1 കാലചക്രം = 100 സൃഷ്ടിചക്രം.

1 പരമകാലചക്രം = 100 കാലചക്രം.

100 പരമകാലചക്രം = 1 മഹാകാലചക്രം = ആയിരം കോടി വര്ഷം എന്ന ഒരു മഹാ-കണക്ക് അവ്യക്ത വെളിപാടായിട്ട് ലഭിച്ചിട്ടുണ്ട്.

ആദ്യമഹാകാലചക്രത്തിൽ മഹാശ്രേഷ്ഠമായ, മഹാസുന്ദരമായ മഹാപ്രപഞ്ചത്തിന്റെ ഭരണം നടത്താൻ ദൈവം ഏതാനും പേരെ നിയോഗിച്ചു. മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നും വ്യത്യസ്ത മതങ്ങൾ പ്രകാരം പേരുകളുള്ള അവരെ നിയോഗിച്ചത് മനുഷ്യരുടെ പ്രത്യേക സന്തോഷത്തിനായാണ്. ആദ്യ മഹാകാലചക്രം അഥവാ 1000 കോടി വര്ഷങ്ങളാണ് അവരെ ഭരണം ഏല്പിച്ചത്. സര്വ്വവും തനിച്ചു ചെയ്യാൻ കഴിയുമെന്നിരിക്കെ പ്രത്യേക ആൾക്കാരെ ഏല്പിച്ചത് ദൈവം മഹാസ്നേഹമാണെന്ന് സുവ്യക്തമാക്കാനാണ്. അതെന്തു കൊണ്ടാണെന്ന് മുമ്പ് വ്യക്തമാക്കിയതാണ്.

മഹാപ്രപഞ്ചത്തെ തന്നില്നിന്നു തന്നെ സൃഷ്ടിച്ച് മഹാത്യാഗങ്ങളും സഹിച്ച് മക്കളെ സൃഷ്ടിക്കുമ്പോള്, മക്കള് തങ്ങളുടെ മഹാപിതാവും മഹാമാതാവുമായ സ്രഷ്ടാവിന്റെ മഹാശക്തികളെപ്പറ്റി അറിഞ്ഞ് ഭയക്കുന്നവരാകുന്നത് ദൈവം ഇഷ്ടപ്പെട്ടില്ല, ഇഷ്ടപ്പെടുന്നില്ല. മഹാശക്തികള് കൊണ്ടല്ലാതെ മഹാസ്നേഹം കൊണ്ട് തന്റെ മക്കളായ സൃഷ്ടികളെ തന്നോടു ചേര്ത്തു നിര്ത്തുവാന് ദൈവം ആഗ്രഹിച്ചു, ആഗ്രഹിക്കുന്നു. അതിന്നായി ആദ്യകാല മനുഷ്യരിൽ ആദ്യം ആത്മീയസാക്ഷാത്ക്കാരം നേടിയ ഏതാനും നല്ല പേരെ ആദ്യ മഹാകാലചക്രത്തിലെ 1000 കോടി വര്ഷങ്ങളിലെ മഹാപ്രപഞ്ചത്തിന്റെ ഭരണം ഏല്പിച്ചുകൊണ്ട് മഹാപിതാവും മഹാമാതാവും മഹാനീതിപിതിയും മഹാശക്തിയുമായ ദൈവം എല്ലാ ജീവികളുടെയും ദാസ്യവൃത്തി ചെയ്യുകയായിരുന്നു, ജീവികള്ക്കെല്ലാം സ്നേഹവും ശുശ്രൂഷയും നല്കിക്കൊണ്ട് ദൈവം മനുഷ്യരുടെയും മറ്റു ജീവികളുടെയും ഇടയിൽ

പ്രവര്ത്തിക്കുകയായിരുന്നു. മഹാഗോമാതാവായും പശുപതിയായും സേവനം ചെയ്തു. കൈകാലുകൾ പോലുമില്ലാതെ മണ്ണിലിഴഞ്ഞു ജീവിക്കുന്ന മഹാനാഗമായിട്ടും മഹാപ്രവർത്തിച്ചു. .....

ആദ്യ മഹാകാലചക്രത്തിൽ ശക്തികൊണ്ടല്ലാതെ സ്നേഹം /മഹാവാത്സല്യം കൊണ്ട് മഹാപ്രപഞ്ചത്തിന്റ മഹാമാതാവാകുന്നതും രണ്ടാം മഹാകാലചക്രത്തില് മഹാശക്തി മനുഷ്യരൂപമെടുത്ത് ഭൂമിയിലെത്തുന്നതും മഹാകാര്യങ്ങളാണ്. രണ്ടാം മഹാകാലചക്രത്തിന്റെ ആദ്യസൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തില് മഹാശക്തിയായ ദൈവം മഹാജഗദംബയായി മഹാഎഴുന്നെള്ളുകയാൽ മഹോത്തമമാണ്, വാക്കുകൾ കൊണ്ട് മഹത്വത്തെ വിശദീകരിക്കാന് കഴിയാതെ വരുന്നു; അതിനാല് ഇപ്പോഴത്തെ സൃഷ്ടിചക്രത്തെ മഹാസൃഷ്ടിചക്രം എന്നു പറയുന്നു. മഹാശക്തിയായ മഹാദേവിയുടെ വരവിന്റെ മുന്നോടിയായി പരമശിവനെ രണ്ടാമതും അയച്ചുകഴിഞ്ഞു. മഹാദേവിയായി മഹാശക്തി എത്തിയുംകഴിഞ്ഞു. ഹിന്ദുമതത്തിലെ പൂച്ചാണ്ടി-ദേവതകളുമായി മേല്പ്പറഞ്ഞ മഹാകാര്യത്തെ കൂട്ടിവായിച്ചുകൂടാ. എല്ലാം മഹാശാസ്ത്രപരമാണ്. മത-ബന്ധങ്ങളില്ല തന്നെ. ആദ്യമഹാകാലചക്രം കഴിഞ്ഞിരിക്കുന്നു. രണ്ടാം മഹാകാല ചക്രത്തിലെ

ആദ്യ സൃഷ്ടിചക്രത്തില് 4500 വര്ഷങ്ങള് 1989 ജനുവരി മാസം 21 -നു പൂര്ത്തിയാവുകയും, അന്നേ ദിവസം അര്ദ്ധരാത്രിയില് മത്സ്യാവതാരം നടക്കുകയും ചെയ്തു. സംഹാരം ആരംഭിക്കുംമുമ്പ് മത്സ്യാവതാരം എന്ന ശാസ്ത്രപദ്ധതി ഈയുള്ളവനിലൂടെ നിര്വ്വഹിക്കപ്പെട്ട് യഥാര്ത്ഥ വേദങ്ങളെ വീണ്ടെടുത്തിരിക്കുന്നു...

മായ പ്രത്യക്ഷമാകുന്നത് മഹാദേവിയുടെ മഹാചിരികൂടിയായ ഓം ഭൂമിയിലെങ്ങും തുടര്ച്ചയായി 3 മുതൽ 33 വര്ഷക്കാലം ധ്വനിച്ചുകൊണ്ടാണെന്ന് ഓം എന്ന അദ്ധ്യായത്തില് വിശദീകരിച്ചിട്ടുണ്ട്. ഓം മുഴങ്ങുന്ന ദിവസത്തെ 1-ാം ദിവസമായി കണക്കാക്കിക്കൊണ്ട് കാലഗണന പുതുതായി ആരംഭിക്കുന്നതാണ്. പ്രസ്തുത ദിവസവും, മത്സ്യാവതാര ദിവസവും തമ്മിലുള്ള വ്യത്യാസത്തെ, 5500 വര്ഷങ്ങളിൽ നിന്നു കുറവു ചെയ്യുമ്പോള്, നിലവിലുള്ള മഹാ-സൃഷ്ടിചക്രത്തിന്റെ സംഹാരം പൂര്ത്തിയാവുന്നത് എന്നാണെന്ന് അറിയാനാവും.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 41)

ഹൃദയമിടിപ്പ് (Pulse), മണിക്കൂർ, ദിവസം

ഭൂമിയിലെ മനുഷ്യരെ സംബന്ധിച്ച് ദൈവം കാലത്തെ അഥവാ കാലഘട്ടത്തെ നയിക്കുന്നത് അടിസ്ഥാനപരമായി ഭൂമിയിലൂടെ തന്നെയാണ്. ഒരു പകലും ഒരു രാത്രിയും ചേർന്ന സമയഘട്ടത്തെ അഥവാ കാലഘട്ടത്തെ ഒരു ദിവസം എന്നു പറയുന്നു.

ഒരു ദിവസത്തിൽ മനുഷ്യന് എത്രതവണ ഹൃദയമിടിപ്പ് ഉണ്ടാകുന്നു, എത്രതവണ ശ്വസിക്കുന്നു എന്നിവയെ കണക്കാക്കിക്കൊണ്ട്, ദിവസത്തിലെ സമയ-കാലയളവിന്, സെക്കന്റ്, മിനുട്ട്, മണിക്കൂർ എന്നിങ്ങനെയൊക്കെയുള്ള പേരുകളിൽ സമയ-ഘട്ടങ്ങളെ രൂപപ്പെടുത്താവുന്നതാണ്. ആവിധ കാര്യങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ ദൈവം വെളിപ്പെടുത്തിയിട്ടില്ല എന്നതില്നിന്ന് അതിന് സമയമായില്ല എന്നും മനസ്സിലാക്കേണ്ടതുണ്ട്.

(അദ്ധ്യായം 42)

ആഴ്ച, മാസം, വർഷം, അധിക വർഷം

കാലഗണന സൃഷ്ടിക്കുന്നതിന്റെ ഭാഗമായിട്ട്, കര്മ്മ ശാസ്ത്രത്തെ / തൊഴിലിനെ അടിസ്ഥാനപ്പെടുത്തി 6 ദിവസങ്ങളിൽ ജോലിയും 1 ദിവസം വിശ്രമവും ചേര്ന്നതായ 7 ദിവസം എന്നതിനെ ഒരു ആഴ്ചയായി കണക്കാക്കുന്നു. 6 ദിവസങ്ങളില് ജോലിയെന്നത്, 1 ദിവസത്തെ 3 ആയി ഭാഗിച്ച്, മൂന്നില് ഒരു ഭാഗമായ 8 മണിക്കൂര് നേരമാണ് ഒരാൾ ജോലിചെയ്യേണ്ടത്. 8 മണിക്കൂര് വിനോദം, 8 മണിക്കൂര് വിശ്രമം എന്നിങ്ങനെ 1 ദിവസം പൂര്ത്തിയാവുന്നു.

മേല്പടി 6+1 = 7 എന്ന ആഴ്ചയെ ദൈവം സൃഷ്ടി നടത്താനായി 6 ദിവസം എടുത്തുവെന്നും ഏഴാം ദിവസം വിശ്രമിച്ചു എന്നുമുള്ള കഥകളുമായി കൂട്ടിച്ചേര്ക്കരുത്. കാലത്തിന്റെ കൂടി സ്രഷ്ടാവും മഹാശക്തിയുമായ ദൈവം കാലത്തിന് അതീതമാണ്.

4 ആഴ്ചകള് ചേര്ന്നതാണ് 1 മാസം. അതായത് 28 ദിവസം ചേര്ന്നതാണ് 1 മാസം.

13 മാസങ്ങളും, ആരാധനയ്ക്കായുള്ള 1 ദിവസവും ചേര്ന്നതാണ് 1 വര്ഷം. $28 \times 13 + 1 = 365$

4 വര്ഷങ്ങള് കൂടുമ്പോൾ 1 വര്ഷമെന്നത് 366 ദിവസമാകുമല്ലോ. പ്രസ്തുത അധിക ദിവസത്തെ ശിവരാത്രി എന്നു പേരിട്ടു ചേര്ത്ത് അധിക വര്ഷം എന്നു വിശേഷിപ്പിക്കുന്നു. ശിവരാത്രി, മഹാശിവരാത്രി എന്നിവയും ആരാധനാ കാര്യങ്ങളും ഭാഗം മൂന്നിൽ വിശദീകരിച്ചിട്ടുണ്ട്.

ദൈവകാര്യങ്ങളില്, മഹാദേവിയുടെ ശക്തിപ്രഭാവത്തെ സൂചിപ്പിക്കുവാനായി ആദിയും അന്തവുമില്ലായ്മ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അത് കാലഗണനയിലും ഉണ്ടാകുന്നതാണ്. കാലഗണനാപരമായ ചെറിയ വ്യത്യാസങ്ങളെ പരമമായി സംഹാരവുമായി ബന്ധിപ്പിക്കുന്നതുമാണ്. മനുഷ്യരിലെ പ്രസവകാലത്തെ കൈവിരലുകളുടെ എണ്ണമായ 10-മായും, 10 ദൈവീക-കലണ്ടർ പ്രകാരമുള്ള മാസങ്ങളുമായും ബന്ധിപ്പിച്ചിരിക്കുന്നു. $28 \times 1 \times 10 = 280$ ദിവസത്തെ പ്രസവകാലവുമായി അഥവാ ഭ്രൂണവളർച്ചയുമായി ബന്ധിപ്പിക്കുന്നത് അങ്ങനെയാണ്. ഗർഭകാലത്ത് കുഞ്ഞിനെ 10 മാസം ചുമന്നു എന്നൊരു കണക്ക് അമ്മ പോലും പറയുന്നത് ദൈവീകമല്ല എന്നതുകൊണ്ടും, യഥാർത്ഥത്തിൽ 10 മാസക്കാലം മുഴുവൻ സ്ത്രീ

വേദനിച്ചിട്ടില്ല എന്നതുകൊണ്ടും മനുഷ്യ-ഗര്ഭകാലത്തെ 10 മാസക്കാലത്തിൽ 1 ദിവസം കുറച്ച് 279 ദിവസമായും, മനുഷ്യാവസ്ഥയിലെ ഉയര്ന്ന അവസ്ഥയായ പശുവിന്റെ ഗര്ഭകാലത്തെ 10 മാസം = 280 ദിവസമായും ദൈവം ഉയര്ത്തിയിരിക്കുന്നു.

10 എന്ന സംഖ്യയ്ക്ക് ബഹുവിധ വിശിഷ്ടതകള് ഉണ്ട്. ദൈവാനുഗ്രഹത്താൽ കുറെ അറിയാം, എന്നിരിക്കിലും മറ്റൊരിക്കൽ, ദൈവത്തിന്റെ ഇഷ്ടം പോലെ വിശദീകരിക്കാം.

13 മാസങ്ങള് ചേര്ന്നതായ 1 വര്ഷത്തിൽ 1 മാസം = 28 + 1 = 29 ദിവസങ്ങളെ ആഘോഷത്തിനായും ആഹ്ലാദത്തിനായും ഉപയോഗിക്കാനുള്ളതാണ്. ആഘോഷത്തെ വിജയദശമി എന്ന പേരിലറിയപ്പെടുന്ന മഹാദശമിയുമായി ബന്ധിപ്പിച്ചിരിക്കുന്നു.

28 ദിവസം വച്ചുള്ള കണക്കനുസരിച്ച് എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. വര്ഷത്തിലെ 1 അധിക ദിവസത്തെയും, 4 വര്ഷത്തിലൊരിക്കലുള്ള 2 അധിക ദിവസങ്ങളെയും ആരാധനാ ദിവസങ്ങളുമായി ബന്ധിപ്പിച്ചിരിക്കുകയാല്, അപ്പോഴും എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. .

മഹാസൃഷ്ടിചക്രത്തിൽ ഓം മുഴങ്ങുന്നതോടെ,

വര്‍ജ്ജ്യമായ മന്ത്രശാസ്ത്രത്തിന്റെ ശാഖകളായ
ജ്യോത്സ്യം, മന്ത്രവാദം തുടങ്ങിയവ
പിൻവലിക്കപ്പെടുന്നതും, അവയുമായി ബന്ധപ്പെട്ട
രാഹുകാലം, ഗുളികകാലം തുടങ്ങിയവ
എന്നന്നേയ്ക്കുമായി അസ്തമിക്കുന്നതുമാണ്.

(അദ്ധ്യായം 43)

മഹാശാസ്ത്രപ്രകാരം ഇന്ത്യക്കുള്ള പ്രത്യേകത

ഭൂമി ഉള്‍പ്പെടെയുള്ള മഹാപ്രപഞ്ചത്തെ ദൈവം സൃഷ്ടിച്ചിട്ടുള്ളത് തന്റെ കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദകരമായ ജീവിതത്തിനാണ്. ഭൂമി ദൈവത്തിന്റേത്, കുഞ്ഞുങ്ങളെല്ലാം ദൈവത്തിന്റേത്. അങ്ങനെയിരിക്കെ പ്രത്യേക ദേശങ്ങളെയോ, പ്രത്യേക ദേശത്തിലെ ജനങ്ങളെയോ ദൈവം മഹത്വപ്പെടുത്തിയിരിക്കുന്നു എന്നു കരുതിയാൽ തെറ്റാണ്. മഹത്വം എപ്പോഴും മണ്ണും ഭൂമിയുമായി ദൈവത്തിനു മാത്രമാണ്. പ്രത്യേക ദേശത്തിനോ പ്രത്യേക ദേശത്തിലെ ജനങ്ങള്‍ക്കോ മഹത്വം ഇല്ല.

ലഭ്യമായ മനുഷ്യചരിത്രം പരിശോധിച്ചാൽ, ഭൂമിയിലെ മറ്റു രാജ്യങ്ങളിലെ ജനങ്ങൾ ഇന്ത്യ തേടി സമുദ്ര യാത്രകളെ

നടത്തിയതായി കാണാം. അതിന് മഹാനീതിശാസ്ത്രപ്രകാരം / ഓംകാരനീതിശാസ്ത്ര പ്രകാരമുള്ള കാരണമുണ്ട്. ഓരോ സൃഷ്ടിചക്രത്തിനും, മായ പ്രത്യക്ഷമായിരിക്കുന്ന കാലവും, മായ പ്രത്യക്ഷമല്ലാത്ത കാലവും ഉണ്ടെന്നും എങ്ങനെയെന്നും വ്യക്തമാക്കിയിരുന്നുവല്ലോ.

മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് മഹാപ്രപഞ്ചത്തിന് അതീതമായ മഹാശക്തിയായ ദൈവത്തെപ്പറ്റി വിവരിക്കുന്ന ശാസ്ത്രകാര്യങ്ങളിൽ മനുഷ്യര്ക്ക് സുവ്യക്തത ഉണ്ടാക്കുവാനും ആത്മീയശാസ്ത്ര കാര്യങ്ങളെ ഏകീകരിക്കാനും, മാതൃകാ രാജ്യം എങ്ങനെയാവണമെന്ന് കാട്ടിക്കൊടുക്കുവാനുമായി ഇന്ത്യയെ പ്രത്യേകം ഉയര്ത്തുന്നുണ്ട്. മഹാശക്തിയായ മഹാദേവി, തന്റെ മഹാ-ഖരരൂപമായ ഭൂമിയിലെ ഒരു ഭാഗത്തെ മഹാനീതിശാസ്ത്ര പദ്ധതികള്ക്കായി ഒരുക്കുകയാണു ചെയ്യുന്നത്. ആയതിനെ ഇന്ത്യയിൽ ജീവിക്കുന്ന ജനങ്ങളുമായി കൂട്ടിവായിച്ചുകൂടാ. എന്തെന്നാൽ ഇന്നത്തെ ഇന്ത്യക്കാരൻ, നാളെ മരിക്കുമ്പോൾ,

പാക്കിസ്ഥാനിലാണോ ചൈനയിലാണോ, നൈജീരിയയിലാണോ അമേരിക്കയിലാണോ പുനര്ജ്ജനിക്കുന്നതെന്ന് നിശ്ചയിക്കുന്നത് ദൈവമാണ്. ആവക കാര്യങ്ങള് ഭീകരവാദവും

ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തിൽ ചുവടെ 2 അദ്ധ്യായങ്ങൾക്കു ശേഷം വിശദീകരിച്ചിട്ടുണ്ട്. മഹാശക്തിയായ ദൈവം ഇന്ത്യയ്ക്ക് നല്കിയിരിക്കുന്ന ഔന്നത്യത്തെ, ഇന്ത്യയിൽ ജനിച്ചവര്ക്കോ / ജീവിക്കുന്നവര്ക്കോ നല്കുന്ന ഔന്നത്യമായി കണക്കാക്കിയാൽ മൂഢത്തമാകും എന്നര്ത്ഥം.

ആദ്യമഹാകാലചക്രത്തില് ശിവനായി അവരോധിക്കപ്പെട്ടയാൾ, അഥവാ പരമശിവന്റെ പ്രതിനിധിയായി മഹാശക്തിയായ മഹാദേവി നിശ്ചയിച്ച പ്രത്യേക ഭരണാധികാരിയുടെ ഭരണകേന്ദ്രമായി ഉയര്ത്തിയത് ഹിമാലയത്തിലെ കൈലാസമാണ്. പൈശാചിക ശക്തിയായി അധഃപതിച്ച നാരായണന്റെ വാസ സ്ഥാനം കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ അടൂരിനടുത്തുള്ള തട്ട എന്ന സ്ഥലത്തുള്ള ക്ഷേത്രക്കുളമായിരുന്നു (പഴയ കാര്യമാണ്, ഇപ്പോഴല്ല). മായ-ക്കാലവുമായി ബന്ധപ്പെട്ട പ്രസ്തുത സംവിധാനങ്ങള് ആദ്യമഹാകാലചക്രത്തോടെ അവസാനിച്ചിരിക്കുകയാണ്.

മഹാസൃഷ്ടിചക്രത്തില്, മഹാശക്തിയായ മഹാദേവി മഹാഭരണം ഏറ്റെടുക്കുമ്പോള്, ഭൂമിയിലൊക്കെയും ഒരുപോലെ മഹാദര്ശനം നല്കിയും, മഹാവാത്സല്യം ചേര്ത്തും, മഹാനുഗ്രഹം ചൊരിഞ്ഞും പ്രവര്ത്തിക്കുന്നതാണ്. മഹാദേവിയുടെ മഹാദാസനും മഹാവാഹനവുമായി പരമശിവനെ കൂടെക്കൂട്ടുന്നതാണ് എന്നു പറയുമ്പോള്, മേലിൽ കൈലാസം എന്ന പ്രത്യേക

സംവിധാനം ഉണ്ടായിരിക്കുന്നതല്ല എന്നുകൂടിയാണര്ത്ഥം. അതേസമയം, അടുത്ത സൃഷ്ടിചക്രങ്ങളിലും ഇന്ത്യക്ക് പ്രത്യേക പ്രസക്തി ഉണ്ടാകുന്നതാണ്, അതിനെ ഇന്ത്യയില് ജനിക്കുന്നവരും ജീവിക്കുന്നവരുമായി അധികപ്പെരുമയോടെ ചേര്ത്തുവായിച്ചാൽ അപകടമാണ്.

ഭൂമിയിലുള്ള ഓരോ വ്യക്തിയും, ധര്മ്മശാസ്ത്രപരമായി ജീവിക്കുക എന്നല്ലാതെ പൊങ്ങച്ചങ്ങളോ, കാപട്യങ്ങളോ വേഷംകെട്ടലുകളോ നടത്തരുത്.

(അദ്ധ്യായം 44)

മഹാശാസ്ത്രപ്രകാരം കേരളത്തിനുള്ള പ്രത്യേകത : ദൈവത്തിന്റെ സ്വന്തം നാട്

ബ്രഹ്മകേന്ദ്രമായിട്ട് മഹാശക്തിയായ ദൈവം നിശ്ചയിച്ചിട്ടുള്ള മണ്ണടി കേരളത്തിലാണ്. മണ്ണടിയിലെ പുതിയകാവ് ദേവീ ക്ഷേത്രമാണ് നിലവിൽ ബ്രഹ്മ കേന്ദ്രം. മണ്ണടി എന്ന സ്ഥലപ്പേര് യാദൃച്ഛികമല്ല; മഹാആവിഷ്ക്കാരമാണ്. അടൂരിന് അടുത്തുള്ള മണ്ണടി എന്ന സ്ഥലപ്പേരിന്റെ പ്രത്യേകതകളെപ്പറ്റി ഭാഗം 1-4 വരെ പലയിടങ്ങളിലും വിശദമാക്കിയിരുന്നു. മായ പ്രത്യക്ഷമാകുന്നതോടെ, കേരളത്തിലെ ഓരോ സ്ഥലങ്ങളും മണ്ണടിയിൽ നിന്ന് എത്ര ദൂരത്തിലാണ് എന്നാവും അറിയപ്പെടുക.

ദൈവ വിപ്ലവത്തോടു ചേർന്ന് കേരളത്തെ കടൽ വിഴുങ്ങുകയും പുതിയ സൃഷ്ടി ചക്രം ആരംഭിക്കും മുമ്പ് പുനർസൃഷ്ടിക്കുന്നതുമായ പ്രതിഭാസം എല്ലാ സൃഷ്ടി ചക്രങ്ങളിലും ഉണ്ടായിരുന്നു. ജ്ഞാനം കളഞ്ഞ്; അന്ധവിശ്വാസ പ്രചരണം, കടുത്ത അഹംഭാവം, അധമ വിനോദങ്ങൾ, മത്സരങ്ങൾ, സ്നേഹ ശൂന്യത തുടങ്ങിയവ വർദ്ധിച്ച ജീവാത്മാക്കളെ കേരളത്തിൽ പുനർജ്ജനിപ്പിക്കുകയും കടൽ വിഴുങ്ങലിനെ ഒരു ദൈവശിക്ഷയായും മുമ്പ് പരിണമിപ്പിച്ചു പോന്നിരുന്നു. മാത്രമല്ല; കേരളത്തിന് അതിവിശിഷ്ടത ഉണ്ടെന്ന തെറ്റിദ്ധാരണ മാറ്റാനുള്ള പദ്ധതിയും ആയിരുന്നു. എന്നാൽ, മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി മഹാഅവതരിക്കുന്ന ഇത്തവണത്തെ മഹാസൃഷ്ടിചക്രം മുതൽ കടൽ വിഴുങ്ങലിനെ ഒഴിവാക്കാൻ മഹാദേവി ഉദ്ദേശിച്ചു. അതേസമയം, ധർമ്മശാസ്ത്രപരമല്ലാത്ത മുല്ലപ്പെരിയാർ അണക്കെട്ട് കരാർ ഉണ്ടാക്കിക്കൊണ്ട് കേരളത്തെ കടലെടുക്കാൻ അജ്ഞാനികളും അവിവേകികളുമായ ഭരണാധികാരികൾ വഴിയുണ്ടാക്കിയിരിക്കുന്നു ! നാടിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ ഭൂമിയും നാടുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, ജനദ്രോഹികളായ ഭരണാധികാരികളും മറ്റും, നാടുകളുടെ പേരിൽ കരാറുകൾ ഉണ്ടാക്കുന്നത് കടുത്ത അപരാധമാണ്. ഭൗതിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങളെ ഉപയോഗിച്ച് ആണവോർജ സ്ഥാപനങ്ങൾ, രാസവസ്തു നിർമ്മാണം, അണക്കെട്ട്, തുടങ്ങിയവ സ്ഥാപിക്കുമ്പോൾ, അവയെ ജാഗ്രതയോടെ സംരക്ഷിക്കുവാൻ വേണ്ട നടപടികളാണ് ആദ്യം വേണ്ടത്. എന്തെന്നാൽ വീഴ്ച സംഭവിച്ചാൽ ജനങ്ങളുടെ ജീവനും സ്വത്തിനും വിനാശം ഉണ്ടാകുന്നതാണ്. ഉദാഹരണത്തിന് മുല്ലപ്പെരിയാർ അണക്കെട്ടിന് അപകടം സംഭവിച്ചാൽ ദശലക്ഷക്കണക്കിന് ജനങ്ങൾ അതിക്രൂരമായ രീതിയിൽ വധിക്കപ്പെടുമെന്ന്

ഭൗതിക ശാസ്ത്ര പരമായി മനസ്സിലാക്കാൻ നിസ്സാരമായി കഴിയും എന്നതിനെ അവഗണിച്ച് പ്രവർത്തിക്കുന്നവർ കടുത്ത അപരാധമാണ് ചെയ്യുന്നത്. അണക്കെട്ടുകൾ ഉണ്ടാക്കിയത് ദൈവമല്ല; മനുഷ്യരാണ്; അപകടം ഉണ്ടായിട്ട് പരിഹാരങ്ങൾ മതിയാകും എന്ന കൊടും കുറ്റം ഉണ്ടാവാതെ തീർച്ചയായും ശ്രദ്ധിക്കണം.

ഭൂമിയിലെയും, കേന്ദ്രമായ കേരളത്തിലെയും, സമസ്ത ജനങ്ങളെ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാദേവി സദാ രക്ഷിക്കുന്നുണ്ട് !

മായ പ്രത്യക്ഷമാക്കുന്നതോടെ, ബ്രഹ്മം അഥവാ ബ്രഹ്മശക്തി, മഹാശക്തിയായ മഹാദേവിയിൽ സമ്പൂർണ്ണമായി ചേരുന്നതോടെ, മണ്ണടി എന്ന പ്രദേശത്തിനും അധിക പ്രാധാന്യം ഉണ്ടാകാതെ മഹാദേവി സംരക്ഷിക്കുന്നുണ്ട്. വർഷം തോറുമുള്ള മഹാദശമിയിലും, 4 വർഷത്തില് ഒരിക്കലുള്ള ശിവരാത്രിയിലും, 50 വർഷത്തില് ഒരിക്കലുള്ള മഹാശിവരാത്രിയിലും മാത്രമാണ് മഹാദേവി മണ്ണടിയിലേക്ക് എഴുന്നെള്ളുക എന്നാണ് ഈയുള്ളവൻ തല്ക്കാലം മനസ്സിലാക്കുന്നത്. മായ പ്രത്യക്ഷമാകുന്നതോടെ, മാനുഷിക പൂജകളും ആരാധനകളും ഉണ്ടാവുന്നതല്ല. മഹാദേവിയുടെ മഹാദാസനും, ഭാഗവും കൂടിയായ പരമശിവനു മാത്രമാണ് മഹാദേവിയുടെ മഹാപാദ പൂജകളെ ചെയ്യുവാനുള്ള മഹാഭാഗ്യമുണ്ടാവുക.

മായ പ്രത്യക്ഷമായ ശേഷം, 90 മുതല് 95 മുതലുള്ള ജന്മങ്ങളിലൊന്നിൽ ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നേടുന്ന മനുഷ്യർ

മണ്ണടിയിൽ നിന്ന് 5 കിലോമീറ്റർ അകലെയായും 10 കിലോമീറ്ററിന് അകത്തായും ജനിക്കുകയോ ജീവിക്കുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്നതാണ്. മണ്ണടി ശരണം, ദേവീ ശരണം, മണ്ണടി ദേവി മാത്രം ശരണം, തുടങ്ങി അപ്പോൾ മാത്രം മനസ്സിൽ ഉദിച്ചുയരുന്ന ശരണമന്ത്രങ്ങളോടെ, ശിവരാത്രി ദിവസം പകൽ സമയത്ത്, ഏറെക്കുറെ 8 മണിയോടെ, പുരുഷജന്മത്തിലുള്ള അവർ മണ്ണടിയിലേക്ക് ചെരുപ്പില്ലാതെ നടന്ന് യാത്ര ചെയ്യുന്നതാണ്. മണ്ണടി ക്ഷേത്രത്തില് വച്ച് മഹാദേവി, അവരുടെ മനസ്സിലേക്ക് ജ്ഞാന പ്രകാശം പ്രവഹിപ്പിക്കുന്നതാണ്. വൈകാതെ മടങ്ങുന്ന അവര്ക്ക് സ്വഭവനത്തില് വച്ച്, അന്നു രാത്രി, അർദ്ധ മഹാദേവീ രൂപത്തിലുള്ള പരമശിവനിലൂടെ മഹാശാസ്ത്രം നല്കി മഹാദേവി മഹാഅനുഗ്രഹിക്കുന്നതുമാണ്.

മഹാശക്തിയായ മഹാദേവിയെപ്പറ്റിയും
മഹാപ്രപഞ്ചത്തെപ്പറ്റിയും
മഹാശാസ്ത്രത്തെപ്പറ്റിയും തങ്ങള്ക്ക് മഹാദേവി മഹാനുഗ്രഹമായി നല്കുന്ന മോക്ഷത്തെപ്പറ്റിയും, മഹാദേവിയുടെ മഹാവാത്സല്യത്തെപ്പറ്റിയും മഹാത്യാഗത്തെപ്പറ്റിയും മനസ്സിലാക്കിക്കൊണ്ട് മനുഷ്യൻ വിതുമ്പി വിതുമ്പിക്കരയുന്ന മഹാനിമിഷങ്ങളാണ് പിന്നീട് ഉണ്ടാവുക.

മഹാ-ആരാധന ചെയ്യുവാൻ അഥവാ ദൈവത്തെ ആരാധിക്കുവാൻ മഹാശാസ്ത്രം ലഭിക്കുന്നതോടെ മനുഷ്യർ

യോഗ്യരായിത്തീരുന്നു.

കേരളം ദൈവത്തിന്റെ സ്വന്തം നാട് ആവുന്നത് എങ്ങനെയെല്ലാമാണ് എന്നുകൂടിയാണ് വ്യക്തമാക്കിയത്.

അഹംഭാവികളും അഹങ്കാരികളും അവിവേകികളുമായ മനുഷ്യര് ഏറെയുള്ള നാടായി കേരളം ഇപ്പോള് മാറിയിട്ടുണ്ട് എന്നത് വസ്തുതയാണ്. എന്നാല് മായ പ്രത്യക്ഷമാകുന്നതോടെ അതു മാറുന്നതാണ്. മാത്രമല്ല, കേരളത്തെ തമിഴ്നാടുമായി ചേര്ക്കുന്നതുമാണ്. ഭൂമിപരമായ അതിര്ത്തികളും, ഭരണപരമായ അതിര്ത്തികളും ഉപേക്ഷിച്ചുകൊണ്ടുള്ള ലയനമാണ് സംഭവിക്കുക. കേരളത്തെ തമിഴ്നാട്ടിൽ ലയിപ്പിച്ച ശേഷം, കേരളത്തെ ഒരു പുണ്യഭൂമിയെന്നോണം വാര്ത്തെടുക്കുവാനുള്ള ചുമതല തമിഴ്നാട്ടിലെ ഭരണാധികാരികള്ക്കും ജനങ്ങള്ക്കും ദൈവം നല്കുന്നതാണ്.

വളരെ വര്ഷങ്ങള്ക്കു ശേഷം, കേരളത്തിലുള്ള കൃഷികാര്യങ്ങളെയും അതിര്ത്തികളെയും ശുദ്ധിപ്പെടുത്തിക്കൊണ്ട്, വീണ്ടും കേരളത്തെ പ്രത്യേക രാജ്യമായി വേര്പെടുത്തുന്നതാണ്. കന്യാകുമാരി വീണ്ടും കേരളത്തിന്റെ ഭാഗമാകുന്നതാണ്. ദൈവം നിശ്ചയിച്ചിട്ടുള്ള

അതിരുകളെ മനുഷ്യര്ക്ക് സ്ഥിരമായി മാറ്റാനാവില്ല എന്നും തെളിയിക്കപ്പെടുന്നു. കന്യാകുമാരി തമിഴ്നാട്ടുകാര്ക്ക് നഷ്ടപ്പെടുന്നില്ല, എങ്ങനെയെന്നാൽ യാതൊരാളും സ്ഥിരമായി തമിഴ്നാട്ടുകാരോ കേരളക്കാരോ അല്ല. തമിഴ്നാട്ടിലെ വലിയൊരു ഭാഗം ജനങ്ങൾ ദൈവാരാധനയ്ക്ക് യോഗ്യത നേടുന്നതിന്റെ ഭാഗമായി കേരളത്തിൽ പുനര്ജ്ജനിക്കുന്നതായി സങ്കല്പിച്ചാൽ മഹാശക്തിയുടെ മഹാ-ആവിഷ്ക്കാരങ്ങളിൽ അത്ഭുതപ്പെടാന് കഴിയുന്നതാണ്.

അനവധി കാര്യങ്ങളില് വ്യത്യസ്ത രീതികളുള്ളവര് ഒന്നിക്കുന്നത് ഇരുസംസ്ഥാനങ്ങളിലെയും ജനങ്ങള്ക്കും, ലോകത്തിനു തന്നെയും പാഠമാകുന്നതാണ്. വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും വേറെയുമുണ്ട്. ഭീകരവാദത്തെ ദൈവം ഇല്ലാതാക്കുന്നു എന്ന അടുത്തൊരു അദ്ധ്യായത്തില് വായിക്കുക.

(അദ്ധ്യായം 45)

മഹാശാസ്ത്രപ്രകാരം തമിഴ്നാടിനുള്ള പ്രത്യേകത

സ്നേഹവും ഭക്തിയും അധികമുള്ള ജനങ്ങളെ പുനര്ജ്ജന്മങ്ങളിലൂടെ തമിഴ്നാട്ടിൽ ഒന്നിപ്പിക്കുന്നത് അഥവാ ജനിപ്പിക്കുന്നത് മഹാനീതിശാസ്ത്രത്തിലെ ഒരു ഭാഗമാണ്. ദൈവം ഒരാള്ക്ക് നല്കുന്ന ജ്ഞാനത്തെ അഥവാ ശാസ്ത്രത്തെ, ദൈവം നല്കുന്നതായി അയാൾ മനസ്സിലാക്കാതിരിക്കുകയും, അയാളിൽ അഹംഭാവം വര്ദ്ധിക്കുകയും ചെയ്യുമ്പോൾ ജ്ഞാനത്തിന്റെ അവസ്ഥയ്ക്ക് മങ്ങലേല്ക്കുന്നതും ഭക്തിയുടെ താഴെയായി വരുന്നതുമാണ്.

ജ്ഞാനത്തിൽ അഹംഭാവം കലരുമ്പോള്, സഹജീവികളോടുള്ള സ്നേഹവും കരുണയും തുടങ്ങി എല്ലാ സദ്ഗുണങ്ങളും കുറഞ്ഞു കുറഞ്ഞ് ശൂന്യത്തിലേക്കു നീങ്ങുന്നതാണ്. അതേ സമയം, ദൈവത്തോടുള്ള ഭക്തി അഥവാ സ്നേഹം വര്ദ്ധിക്കുമ്പോൾ, മനുഷ്യര്ക്ക് സഹജീവികളോടുള്ള സ്നേഹവും കരുണയും തുടങ്ങി എല്ലാ സദ്ഗുണങ്ങളും കൂടിക്കൂടി ദൈവാവസ്ഥയിലേക്ക് ഉയരുന്നതാണ്. ഭക്തിയുടെ മഹിമ ഉയര്ത്തിക്കാട്ടുവാൻ മഹാനീതിശാസ്ത്ര പ്രകാരം തമിഴ്നാട്ടില് ജനിപ്പിക്കുന്ന/ജീവിക്കുന്ന ജനങ്ങളെയാണ് മഹാശക്തിയായ ദൈവം നിശ്ചയിച്ചിട്ടുള്ളത്.

കേരളത്തെ കടലെടുക്കുന്നതും വീണ്ടും പുനഃസൃഷ്ടിക്കുന്നതുമായ പ്രതിഭാസം ആദ്യമഹാകാലചക്രത്തിലെ അവസാനത്തെ സൃഷ്ടിചക്രങ്ങളില് ഉണ്ടായിരുന്നു എന്നതുമായി ബന്ധപ്പെടുത്തിയും തമിഴ്നാടിന് പ്രത്യേകത കല്പിച്ചിരുന്നു. കേരളത്തെ കടൽ വിഴുങ്ങുന്നതിനുമുമ്പ്, കേരളത്തിലെ ജനങ്ങള്ക്ക് അഭയം നല്കാനായിക്കൂടി തമിഴ്നാട്ടിലെ വലിയൊരു ഭൂപ്രദേശത്തെ മരുഭൂമി പോലെ ഒരുക്കിയിരുന്നു. മേലിൽ കേരളത്തെ കടൽ വിഴുങ്ങാനിടയില്ല എന്നതുകൊണ്ട് തമിഴ്നാടിന്റെ പ്രസക്തിയെ ദൈവം കുറയ്ക്കുന്നില്ല.

(അദ്ധ്യായം 10)
ഭീകരവാദങ്ങളും ദേശവ്യത്യാസങ്ങളും

ദൈവം സൃഷ്ടിച്ചതായ ഒരേ ഭൂമിയിലെ മനുഷ്യർ ഒഴികെയുള്ള യാതൊരു ജീവികളും ദേശങ്ങളുടെ അഥവാ രാജ്യങ്ങളുടെ പേരില് കലഹിക്കുന്നില്ല. ദൈവം സൃഷ്ടിച്ച ഒരേ ഭൂമിയിലാണ് ദൈവത്തിന്റെ സൃഷ്ടികളും മക്കളുമായ മനുഷ്യരും മറ്റുള്ള ജീവികളും ജീവിക്കുന്നത് എന്നത് സത്യമാണ്. എന്നാല് ആ സത്യത്തെ അവഗണിച്ചുകൊണ്ടു ജീവിക്കുകയും, തങ്ങള് ദൈവ-വിശ്വാസികളാണെന്നു കരുതുകയും പറയുകയും ചെയ്താല് ദൈവ-വിശ്വാസി ആവില്ല. ഭൂമിയില് മത-ദൈവ വിശ്വാസികള് അഥവാ മതവിശ്വാസികള് മാത്രമാണല്ലോ ഉള്ളത് എന്നതു കണക്കാക്കുമ്പോള്, മത-ദൈവം സൃഷ്ടിച്ച ഭൂമിയില് മത-ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യരും മറ്റുള്ള ജീവികളും ജീവിക്കുന്നു എന്ന വിശ്വാസം മതവിശ്വാസി എന്നു കരുതുന്ന ഏതൊരാൾക്കും ഉണ്ടാവണം. ഇല്ലെന്നാല് മതവിശ്വാസി ആവില്ല. ഭൂമിയിലുള്ള ഏറെക്കുറെ മുഴുവന് ജനങ്ങളും (വ്യത്യസ്ത) മതവിശ്വാസികളായിരിക്കെ ഭൂമിയിലെ വിവിധ പ്രദേശങ്ങളില് ജീവിക്കുന്നവർ, ദേശങ്ങളുടെയും പ്രദേശങ്ങളുടെയും പേരില് കലഹിക്കുകയും യുദ്ധങ്ങള് ചെയ്യുകയും ചെയ്താല് അത് ദൈവനിന്ദയാണ്, മതനിന്ദയാണ്. ഒരു ദേശത്തിലെ പട്ടാളക്കാര് തങ്ങള് അറിയുക പോലുമില്ലാത്ത മറ്റൊരു ദേശത്തിലെ പട്ടാളക്കാരെ ശത്രുക്കളായി കണക്കാക്കിക്കൊണ്ട് കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുമ്പോൾ

ദൈവത്തിന്റെ കുഞ്ഞുങ്ങൾ അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയുമാണു ചെയ്യുന്നത്. ദൈവത്തെ വേദനിപ്പിക്കുന്ന കാര്യങ്ങൾ അഥവാ ധർമ്മശാസ്ത്ര പരമല്ലാത്ത കാര്യങ്ങളെ ചെയ്യുന്നത് ദൈവനിന്ദ കൂടിയാണ്.

മതവിശ്വാസങ്ങൾ പ്രകാരം സ്വർഗ്ഗ-നരകങ്ങളെ മനുഷ്യർക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഭൂമിയിലെ ജീവിതം. സ്വർഗ്ഗ-നരകങ്ങള് നേടാനുള്ള പ്രവർത്തനങ്ങളിൽ അന്യദേശക്കാരെ ശത്രുക്കളായി കണക്കാക്കണമെന്ന് മതങ്ങൾ പറയുന്നില്ല, സ്നേഹിക്കണമെന്നു പറയുന്നുമുണ്ട്. സ്നേഹിക്കണം സ്നേഹിക്കണം എന്നു പറയുന്നവര് , ഒരേ ഭൂമിയിലാണ് തങ്ങളെല്ലാം ജീവിക്കുന്നത് എന്നതും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണെന്നതും അവഗണിച്ചി രിക്കുന്നു.

നൂറ്റാണ്ടുകളായി ഒരേ ഭൂമിയില് പ്രവർത്തിച്ചിട്ടും ഒരേ ഭൂമിയിലെ ജനങ്ങൾ എന്ന വിശ്വാസവും സമീപനവും ജനങ്ങളിൽ സൃഷ്ടിക്കുവാൻ യാതൊരു മതനേതൃത്വ ങ്ങൾക്കും കഴിഞ്ഞിട്ടില്ല. മാത്രമല്ല, രാഷ്ട്രങ്ങളിലെ പ്രശ്നങ്ങളുടെ പേരിലോ, ഭരണാധികാരികൾ ഉണ്ടാക്കുന്ന പ്രശ്നങ്ങള് കാരണമോ, യുദ്ധം എന്ന പേരോടെ ഒരു/ചില രാഷ്ട്രങ്ങളിലെ ജനങ്ങളെ മറ്റു ചില രാഷ്ട്രങ്ങളിലെ ജനങ്ങൾ ആക്രമിക്കുമ്പോഴും, ആക്രമിക്കപ്പെടുമ്പോഴും, മതനേതൃത്വങ്ങള് കളം മാറ്റിച്ചവിട്ടുന്നുമുണ്ട്. തങ്ങൾക്ക് ദേശീയതയാണ് പ്രഥമ കാര്യം; ദേശസ്നേഹം കഴിഞ്ഞുമാത്രമേ മറ്റെന്തും ഉള്ളൂ;

എന്നിങ്ങനെയുള്ള വേഷംകെട്ടലുകള് യുദ്ധവേളകളില് നടത്തുന്നു. വേഷംകെട്ടലുകൾ അല്ലെന്നാൽ, ദൈവം സൃഷ്ടിച്ച ഭൂമിയിലെ ജനങ്ങള് എന്ന സത്യത്തെ അവഗണിക്കുന്നു എന്നാണര് ത്ഥം. ഭൂമിയെയും ഭൂമിയിലെ ദേശങ്ങളെയും ദൈവം സൃഷ്ടിച്ചത് ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളില് ജനങ്ങള്ക്കു തമ്മില് ത്തമ്മില് യുദ്ധം ചെയ്യുവാന് കൂടിയാണെന്നു തോന്നിപ്പോകുന്ന രീതിയില് ആധുനികരെന്ന് അവകാശപ്പെടുന്ന ജനങ്ങൾ ജീവിക്കുന്നു; മനുഷ്യജീവിതം അധഃപതിച്ചിരിക്കുന്നു.
അന്യരാഷ്ട്രം എന്നും ശത്രുരാഷ്ട്രം എന്നും ജനങ്ങൾ പേരിട്ടിരിക്കുന്ന (ഒരേ ഭൂമിയിലെ) മറ്റൊരു പ്രദേശത്തില് ജീവിക്കുന്നവരും തങ്ങള് അറിയുകപോലും ഇല്ലാത്തവരുമായ പട്ടാളക്കാരെയും മറ്റു ജനങ്ങളെയും കൊന്നവരായ തന്നാട്ടിലെ പട്ടാളക്കാരെ ധീരപുത്രന്മാരെന്നും മറ്റും പേരിട്ട് സമ്മാനങ്ങളെ നൽകുന്നു. അതുപോലെ കൊല്ലാൻ പോയപ്പോൾ വധിക്കപ്പെട്ടവരും മരണമടഞ്ഞവരുമായ പട്ടാളക്കാർ വീരചരമം പ്രാപിച്ചെന്നും സ്വർഗ്ഗം നേടിയെന്നും രാജ്യത്തിനുവേണ്ടി മരിച്ചെന്നുമൊക്കെ പ്രഖ്യാപിക്കുന്നു. മരിച്ചവരുടെ ആശ്രിതര് ക്ക് സമ്മാനങ്ങളും സാമ്പത്തിക സഹായങ്ങളും നല്കുന്നു. ഭൂമിയിലെങ്ങുമുള്ള ദൈവത്തിന്റെ കുഞ്ഞുങ്ങളിലെ ഒരു കൂട്ടരെ മറ്റൊരുകൂട്ടം കുഞ്ഞുങ്ങള് കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഏറ്റവും വേദനാജനകമായ അവസ്ഥയാണ് ഇന്നുള്ളത്.

സ്രഷ്ടാവ് ദൈവമാകുമ്പോൾ, ദൈവത്തിന്റെ ഭൂമിയും,
ദൈവത്തിന്റെ രാഷ്ട്രങ്ങളും, ദൈവത്തിന്റെ
കുഞ്ഞുങ്ങളുമാണ് എല്ലാ രാഷ്ട്രങ്ങളിലുമുള്ളത്.

(ദൈവത്തിന്റെ മഹാഖരരൂപമാണ് ഭൂമി!
അങ്ങനെയിരിക്കെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ
അനേകം കുഞ്ഞുങ്ങളെ യുദ്ധങ്ങളുടെ പേരിൽ
കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്ത ഏതൊരു
രാഷ്ട്രത്തിലെയും പട്ടാളക്കാരെയും, അവരെ നിയോഗിച്ച
രാഷ്ട്രത്തിലെ ഭരണാധികാരികള് ഉൾപ്പെടെയുള്ള
മേലധികാരികളെയും മഹാനീതിശാസ്ത്രപ്രകാരം ദൈവം
ശിക്ഷിക്കാന് തയ്യാറാകുമ്പോള്, രാജ്യത്തിലെ
ഭരണാധികാരികളും ജനങ്ങളിലെ ഒരു വിഭാഗവും മേല്പടി
പട്ടാളക്കാര്ക്ക് സമ്മാനങ്ങള് നല്കാനും ധീരപുത്രരായി
വിശേഷിപ്പിക്കാനും യുദ്ധവിജയങ്ങൾ
ആഘോഷിക്കാനും തയ്യാറാകുന്നതിലെ
വൈരുദ്ധ്യത്തെപ്പറ്റി അല്പം ചിന്തിച്ചുനോക്കുക.

ദേശാഭിമാനത്തെപ്പറ്റി കേമത്തം പറയുന്നവരും മറ്റു രാഷ്ട്രങ്ങളെയും അവിടങ്ങളിലെ ജനങ്ങളെയും പുച്ഛിക്കുകയോ തരംതാണവരായോ കേമരായോ കണക്കാക്കുന്നവരും നിശ്ചയമായും ജാഗ്രതപ്പെടേണ്ടതായ ഒരു കാര്യം പറയാം : യാതൊരു മനുഷ്യരും സ്വന്ത ഇഷ്ടപ്രകാരം ഏതെങ്കിലും ദേശത്ത് ജനിച്ചവരല്ല. മുജ്ജന്മങ്ങള് ഏതു നാട്ടിലായിരുന്നു എന്നും, അത് ഒരു പക്ഷേ തങ്ങള് വെറുക്കുന്ന നാട്ടില് , വെറുക്കുന്ന നേതാവായിട്ടു തന്നെയായിരുന്നോ എന്നും, അടുത്ത ജന്മം ഏതു നാട്ടിലായിരിക്കുമെന്നും ദൈവം തങ്ങളെ അറിയിച്ചാല് , ബോദ്ധ്യപ്പെടുത്തിയാല് , ഇപ്പോള് തങ്ങളുടെ വീരത്തങ്ങള് കേട്ടിരിക്കുന്ന ചുറ്റുമുള്ളവരെയും ബോദ്ധ്യപ്പെടുത്തിയാല് , പട്ടാളക്കാര് ഉൾപ്പെടെയുള്ളവരുടെ അവസ്ഥ സ്വയം

ചിന്തിച്ചുനോക്കുക.

പട്ടാളക്കാരെ പ്രത്യേകം പരാമർശിക്കുന്നത് കാരണമുണ്ടായിട്ടാണ്. ദേശരക്ഷ, ജനരക്ഷ എന്നിവയക്കുവേണ്ടിയെന്നു കരുതപ്പെടുന്ന തൊഴിലുകളില് ഏര്പ്പെടുന്നവരായ പട്ടാളക്കാര് തങ്ങള്ക്ക് ഏറ്റവുമധികം ഉത്തരവാദിത്തമുള്ളത് ഏതു മേലധികാരിയോട് അഥവാ ഭരണാധികാരിയോട് ആണെന്നു വ്യക്തമായി അറിഞ്ഞിരിക്കണം. രാജ്യത്തിലെ ഭരണാധികാരിക്കു വളരെ വളരെ മുകളില് മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായ മഹാശക്തി എന്നു പേരുള്ള ദൈവം എല്ലാ മനുഷ്യരുടെയും ചിന്തകളെപ്പോലും, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജനിലൂടെ അപ്പപ്പോള് ഭൗതികശാസ്ത്രപരമായിത്തന്നെ അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നറിയണം. ഏതൊരാളെയും ഭൂമിയിലേക്ക് (തനിച്ച്) അയച്ചതും മഹാഭരണാധികാരിയായ ദൈവമാണ്. മരണത്തോടെ (തനിച്ച്) മടങ്ങുന്നതും മഹാഭരണാധികാരിയും മഹാനീതിപതിയുമായ ദൈവത്തിന്റെ അടുക്കലേയ്ക്കാണ്. അങ്ങനെയിരിക്കെ ധർമ്മശാസ്ത്രപരമായി മാത്രം തൊഴിൽ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഏതൊരു നാട്ടിലും ജനങ്ങളെ ആരു ഭരിക്കുന്നു എന്നത് പ്രധാനമല്ല, എങ്ങനെ ഭരിക്കുന്നു, ധർമ്മശാസ്ത്രപരമായിട്ട് അഥവാ ദൈവീകമായിട്ടാണോ ഭരിക്കുന്നത് എന്നതു മാത്രമാണ് പ്രധാനം. ഏതു നാട്ടിലെ വ്യക്തി ഭരിച്ചാലും, മഹാഭരണാധികാരിയായി ദൈവമുണ്ട് എന്നത് ഉള്ക്കൊള്ളണം; മാത്രമല്ല, നല്ല വ്യക്തിക്കു

മാത്രമേ നല്ല ഭരണം നല്കാനാവൂ.

ദൈവം ഭൂമി സൃഷ്ടിച്ചിട്ടുള്ളത് എല്ലാ ജീവികള്ക്കും വേണ്ടി ആയതുകൊണ്ടാണ് എല്ലാ ജീവികളും ഭൂമിയില് ജീവിക്കുന്നത്. ഒരേ ഭൂമിയില് വ്യത്യസ്തങ്ങളായ കാലാവസ്ഥകളും ഭൂപ്രകൃതിയും ഒരേ സമയത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഭൂമിയെ എത്ര സുന്ദരമാക്കിയിരിക്കുന്നു എന്നത് മനുഷ്യന് ചിന്തിക്കണം. കുന്നുകളും മലകളും വനങ്ങളും കടലും നദികളും ദ്വീപുകളും ഇല്ലാതെ സമനിരപ്പിലുള്ള പ്രദേശങ്ങളാണ് ഭൂമിയില് ഉള്ളതെങ്കില് ഭൂമി എത്ര അസുന്ദരമാകുമായിരുന്നു എന്നും ജീവിതം എത്ര വിഷമകരമാകുമായിരുന്നു എന്നും അസാദ്ധ്യമാകുമായിരുന്നു എന്നും ചിന്തിക്കണം. അനന്തമായ മഹാശക്തികളുടെ ഉടമയാണ് ദൈവം എന്നതിനെ മനുഷ്യന് അറിയുവാനും അനുഭവിക്കുവാനും കഴിയുന്നതുപോലും ഭൂമിയുടെ വൈവിധ്യമായ ഘടനകൊണ്ടു കൂടിയാണ്. മറ്റുള്ള ജീവികള് ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് മനുഷ്യന്റെ അവസ്ഥ വളരെ ശോചനീയമാകുമായിരുന്നു. മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയില് ഇല്ലായിരുന്നെങ്കില് ഭൂമിയും ഭൂമിയിലെ ജീവിതവും വളരെയധികം അസുന്ദരമാകുമായിരുന്നു, ക്ലേശകരമാകുമായിരുന്നു. വായു, വെള്ളം, മണ്ണ് ഇവ കഴിഞ്ഞാല് ഭക്ഷണകാര്യമാണ് മനുഷ്യന് ഏറ്റവും പ്രധാനം എന്നതുകൊണ്ടു മാത്രമല്ല അത്. കൂടുതലായി ഭാഗം 4-ൽ വിശദീകരിച്ചിട്ടുണ്ട്. മനുഷ്യർക്ക് ദൈവം ശാസ്ത്രജ്ഞാനം കൂടുതൽ നല്കിയപ്പോള്, ഭൂമിയിലെ വിവിധ പ്രദേശങ്ങളിലെ

വ്യത്യാസങ്ങളെ ശാസ്ത്രപരമായിതന്നെ വിശകലനം ചെയ്യുവാന് മനുഷ്യര് ബാദ്ധ്യസ്ഥരാണ്. ജനന സ്ഥലം ഉള്പ്പെടെയുള്ള ജനനകാര്യങ്ങള് ദൈവീക-മഹാനീതിയുടെ ഭാഗമായ ജന്മഗുണങ്ങളില് പെട്ടിരിക്കെ ദേശവ്യത്യാസങ്ങളുടെ പേരില് ശാസ്ത്രജ്ഞാനം കൂടുതല് ലഭിച്ച മനുഷ്യര് ഊറ്റം കൊള്ളുന്നതും, അഹന്ത പുലര്ത്തുന്നതും, അവജ്ഞ കാട്ടുന്നതും, പരസ്പരം കലഹിക്കുന്നതും, യുദ്ധങ്ങള് ചെയ്യുന്നതും, യുദ്ധകാര്യങ്ങള്ക്കായി വസ്തുക്കളും ഊര്ജ്ജവും സമയവും ജീവനും സദാനന്ദങ്ങളും സമാധാനവും നഷ്ടപ്പെടുത്തുന്നതും പാഴാക്കുന്നതും, സഞ്ചാരസ്വാതന്ത്ര്യം ഉള്പ്പെടെയുള്ള കാര്യങ്ങളില് വിലക്കുകള് ഏര്പ്പെടുത്തുന്നതും, ഉചിതമായി സഹായിക്കാത്തതും സഹകരിക്കാത്തതും, ഒക്കെ ഏറ്റവും അധമമാണ്.

ഭൂമിയെയും ഭൂമിയിലെ ജീവികളെയും ഭൂമിയുടെ ശാസ്ത്രത്തെയും അതിലൂടെ ഭൂമിയെയും ശാസ്ത്രത്തെയും സൃഷ്ടിച്ച ദൈവത്തെയും സ്നേഹിക്കുന്നവരാണ് രാജ്യസ്നേഹികള്. യഥാര്ത്ഥമായ രാജ്യസ്നേഹികള് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ മാത്രമാണ് അനുസരിക്കുക, അജ്ഞാനികളായ ഭരണാധികാരികള് മുന്നോട്ടുവയ്ക്കുന്ന അശാസ്ത്രീയമായ യുദ്ധങ്ങളെ അവര് പിന്തുണക്കില്ല. ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് പട്ടാളക്കാരും പോലീസും ഉള്പ്പെടെയുള്ള സേനകളെപ്പറ്റി കൂടുതല് വിസ്തരിച്ചിട്ടുണ്ട്.
രാജ്യങ്ങളെന്നത് ദൈവം സൃഷ്ടിച്ച ഭൂമിയുടെ ഓരോരോ

ഭാഗങ്ങള് മാത്രമാണ്. തന്റെ നാട്, തന്റെ ജില്ല, തന്റെ സംസ്ഥാനം, തന്റെ രാജ്യം എന്നിങ്ങനെ മനുഷ്യര് പുലര്ത്തുന്ന കാഴ്ചപ്പാട് തന്റെ ഭൂമി /ഭൂലോകം എന്നതിലേക്ക് വളരണം. ഇന്നലെകളില് നാട്ടുരാജ്യങ്ങളായിരുന്ന ചെറിയ ചെറിയ പ്രദേശങ്ങള് ഇന്ന് രാജ്യങ്ങളുടെയോ രാജ്യങ്ങളിലെ സംസ്ഥാനങ്ങളുടെയോ ഭാഗം ആയിരിക്കുന്നതുപോലെ, ഓരോ രാജ്യവും ഭൂമിയുടെ അഥവാ ഭൂലോകത്തിന്റെ ഭാഗം ആവണം. തന്റെ ഭൂമി /ഭൂലോകം എന്ന ഉള്ക്കാഴ്ച ഉണ്ടാവുമ്പോള് ഒരേ ഭൂമിയിലെ ജനങ്ങള്/പട്ടാളക്കാര് രാജ്യങ്ങളുടെ പേരില് പരസ്പരം കൊല്ലുന്നത് രാജ്യത്തെയോ ഭൂമിയെയോ ദൈവത്തെയോ സ്നേഹിക്കലല്ല എന്ന ശാസ്ത്രസത്യം ബോദ്ധ്യമാകുന്നതാണ്. ഒരു ഭൂമിയില് ജീവിക്കുന്ന ഒരേ ദൈവത്തിന്റെ മക്കളായ മനുഷ്യകുടുംബത്തിലെ അംഗങ്ങള് ആണ് ഓരോ രാജ്യത്തിലെയും ജനങ്ങള് എന്ന തിരിച്ചറിവ് മനുഷ്യമനസ്സുകളില് ഉണ്ടാവണം, ഉറയ്ക്കണം.

ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്ര പാഠങ്ങള് പഠിക്കുമ്പോള്, ഭൂമിയിലുള്ള എല്ലാ രാജ്യങ്ങളിലും മനുഷ്യരെല്ലാം മാറി മാറി പുനര് ജ്ജനിക്കുന്നുണ്ട് എന്നു വ്യക്തമാകുന്നുണ്ട്. ഭൂമിയിലുള്ള വ്യത്യസ്തങ്ങളായ ആനന്ദങ്ങള് ഏവര്ക്കും ലഭ്യമാക്കാനുള്ള മഹാപദ്ധതിയാണത്.

പാപികളായിട്ടുള്ളവരെ ശിക്ഷിക്കാനും അത് വഴിയൊരുക്കുന്നുണ്ട്. മുമ്പ് വ്യക്തമാക്കിയതുപോലെ യാതൊരു മനുഷ്യരും സ്വന്ത ഇഷ്ടപ്രകാരം ഏതെങ്കിലും ദേശത്ത് ജനിച്ചവരല്ല എന്നതിനെ ശരിക്കും ഉള്ക്കൊണ്ട്

ജീവിക്കണം. പ്രദേശത്തിന്റെ പേരില് എന്നതിനു പകരം ഭൂമിയുടെ പേരില് ഊറ്റം കൊള്ളുക, ദൈവ മഹത്വം മനസ്സിലാക്കി ആനന്ദിക്കുക, ഭൂമിയിലെ ആനന്ദങ്ങള് ധര്മ്മശാസ്ത്രപരമായി അനുഭവിക്കുക എന്നല്ലാതെ ദേശങ്ങളുടെ അഥവാ രാജ്യങ്ങളുടെ പേരില് കേമത്തം കാട്ടിയിട്ട് യാതൊരു കാര്യവുമില്ല എന്ന് അറിയുക. ഭൂമി ദൈവത്തിന്റെ ഖര-രൂപമാണെന്ന് വിവരിക്കുന്ന അദ്ധ്യായം ഗ്രന്ഥത്തിലുണ്ട്. അതിന്നർത്ഥം എല്ലാ രാജ്യങ്ങളും ചേര്ന്നതായ ഭൂമിയെ ദൈവത്തിന്റെ ഖര-രൂപമാണെന്നു മനസ്സിലാക്കി മനുഷ്യര് ജീവിക്കണമെന്നാണ്. ഭൂമിയെന്ന ദൈവത്തെ ഒരു മനുഷ്യരൂപമായി കണക്കാക്കിയാല്, ഓരോരോ രാജ്യങ്ങളും ദൈവ-രൂപത്തിന്റെ ഓരോരോ അവയവങ്ങളാണ്. എല്ലാ അവയവങ്ങളും ചേര്ന്നതായ ഭൂമിയെ വാഴ്ത്തുക എന്നല്ലാതെ ഓരോരോ രാജ്യങ്ങളെയും വാഴ്ത്തുന്നതും, ഒരു രാജ്യത്തെ മറ്റൊരു രാജ്യം ശത്രുവായി കാണുന്നതും ദൈവനിന്ദയാണ്. തങ്ങളുടെ ശരീരത്തിലെ അവയവങ്ങള്ക്ക് ഭംഗമുണ്ടാകുന്നതു പോലെയാണ് ഭൂമിയിലെ ഏതൊരു രാജ്യത്തിലും ബോംബുകളും ആയുധങ്ങളും വര്ഷിക്കുമ്പോള് ദൈവത്തിനു സംഭവിക്കുന്നത്. പട്ടാളക്കാരും ഭരണാധികാരികളും ബോംബിടുന്നത് ദൈവത്തിന്റെയും ദൈവത്തിന്റെ കുഞ്ഞുങ്ങളുടെ മേലുമാണ്. ഏതെങ്കിലും ഒരു രാജ്യത്തിനു ജയ് വിളിക്കുമ്പോള് മനുഷ്യരിലെ സങ്കുചിതത്വവും, പൈശാചികത്വവും വര്ദ്ധിക്കുന്നുവെന്നും വര്ദ്ധിപ്പിക്കുന്നുവെന്നും അറിയണം.

പട്ടാളക്കാരെപ്പറ്റി തുടരാം : - മെച്ചമായ വേതനവും

സൗകര്യങ്ങളും ലഭിക്കുന്ന തൊഴില് എന്ന നിലയ്ക്ക് പട്ടാള-ജോലിക്ക് ഉദ്യോഗാര്ത്ഥികള് ഇന്ന് ഉത്സാഹിക്കുന്നു എന്നല്ലാതെ രാജ്യസ്നേഹം തുടിച്ചിട്ടല്ല. രാജ്യസ്നേഹം എന്നാലെന്താണ് എന്നു പോലും പട്ടാളക്കാര് ഉള്പ്പെടെയുള്ള ഭൂരിപക്ഷം ജനങ്ങള്ക്കും അറിയില്ല എന്നതാണ് വാസ്തവം. പൊതുസമ്പത്തില് നിന്നാണ് പട്ടാളക്കാര്ക്ക് വേതനവും സുഖസൗകര്യങ്ങളും ലഭ്യമാക്കുന്നതെങ്കിലും, അവര് അനുസരിക്കുന്നത് ഭരണാധികാരിളെയാണ്, പ്രവര്ത്തിക്കുന്നത് ഭരണാധികാരികള്ക്കു വേണ്ടിയാണ്. ജനങ്ങളെയോ മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രത്തെയോ അവര് അനുസരിക്കുന്നില്ല. മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രത്തെ അവര് അറിയുന്നുപോലുമില്ല. ഒരു പ്രദേശത്തിലെ ജനങ്ങള്ക്കെതിരെ വെടിവെയ്ക്കുവാനോ, പ്രാദേശിക ഭരണകൂടത്തെ അട്ടിമറിയ്ക്കുവാനോ ഭരണാധികാരികള് ആവശ്യപ്പെട്ടാല് പട്ടാളക്കാരും പോലീസുമൊക്കെ തങ്ങള്ക്ക് വേതനം നല്കുന്ന ജനങ്ങളെയും വെടിവെയ്ക്കുന്നവരാണ്. എല്ലാ രാജ്യങ്ങളിലും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന യാഥാര്ത്ഥ്യമാണത്. കൊല്ലാനും ചാകാനുമായി പട്ടാളക്കാരെന്ന പേരില് യുദ്ധത്തൊഴിലാളികളെ സൃഷ്ടിക്കുകയും ഉയര്ന്ന വേതനവും പെന്ഷനുകളും മറ്റും ജനങ്ങളുടെ ചിലവില് നല്കുകയും ചെയ്യുന്നു. മദ്യം നല്കി അവരുടെ പ്രജ്ഞയെ നശിപ്പിക്കുന്നു. തങ്ങള് എന്താണ് പ്രവര്ത്തിക്കുന്നതെന്ന് ചിന്തിക്കാതെ പ്രവര്ത്തിക്കുന്നവരാക്കുന്നു. വ്യക്തിസ്വാതന്ത്ര്യം നഷ്ടപ്പെട്ട അടിമകളെ സൃഷ്ടിക്കുകയും അവരെ ദേശരക്ഷകരെന്നു പേരിടുകയും കൊല്ലാനും ചാകാനും

നിയോഗിക്കുകയും ചെയ്യുന്നു.
യുദ്ധത്തൊഴിലാളികളായ അന്യനാട്ടിലെ പട്ടാളക്കാരെ വധിക്കുമ്പോള്, പ്രസ്തുത പട്ടാളക്കാരുടെയും കുടുംബാംഗങ്ങളുടെയും വേദനയില് പങ്കുചേരുവാന് കഴിയാത്തവര് മനുഷ്യരും ഭരണാധികാരികളും ആകുന്നതെങ്ങനെ ? ഇന്നാട്ടിലെ പട്ടാളക്കാര് വധിക്കപ്പെടുമ്പോള്, അവരുടെ കുടുംബാംഗങ്ങളുടെ വേദനയില് മാത്രം പങ്കുചേരുവാനോ പങ്കു ചേരുന്നതായി വേഷംകെട്ടുവാനോ ആണ് ഭരണാധികാരികള്ക്കും, പട്ടാളക്കാരുടെ കുടുംബാംഗങ്ങള്ക്കും, മറ്റു പട്ടാളക്കാര്ക്കും പൊതുജനങ്ങള്ക്കും കഴിയുന്നതെങ്കില്, അവരെല്ലാം മനുഷ്യത്വമില്ലാത്തവരായി അധഃപതിച്ചിരിക്കുന്നു എന്നാണര്ത്ഥം.

അന്യനാട്ടിലെ പട്ടാളക്കാരെയും ജനങ്ങളെയും കൊല്ലുവാനും പീഡിപ്പിക്കുവാനും തയ്യാറാകുന്നവര് വധിക്കപ്പെടുവാനും പീഡിപ്പിക്കപ്പെടാനും തയ്യാറാകണമെന്നത് ജന്തു-നീതിയാണ്.** ജന്തു-നീതിയെ അംഗീകരിച്ചിരിക്കെ, പട്ടാളക്കാര് വധിക്കപ്പെടുമ്പോള് കുടുംബാംഗങ്ങളോ മറ്റു പട്ടാളക്കാരോ ഭരണാധികാരികളോ ഒക്കെ വിഷമിക്കുകയോ സന്തോഷിക്കുകയോ ചെയ്തിട്ടു കാര്യമില്ല. സ്രഷ്ടാവായ ദൈവത്തിന്റെ ഒരു നാട്ടിലുള്ള മക്കളെ കൊല്ലാനും പീഡിപ്പിക്കാനും സ്രഷ്ടാവായ ദൈവത്തിന്റെ മറ്റൊരു നാട്ടിലുള്ള മക്കളെ പ്രോത്സാഹിപ്പിച്ചവരാണ് പട്ടാളക്കാരുടെ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളുമങ്കില്, ദൈവം മഹാനീതിശാസ്ത്ര പ്രകാരം അവരെ ശിക്ഷിക്കുകയാണു

ചെയ്യുക എന്നറിയണം. ദൈവം ശിക്ഷിച്ചവരെയും ശിക്ഷിക്കുന്നവരെയും, ഭരണാധികാരികളുടെയോ മറ്റുള്ളവരുടെയോ ആശ്വാസ വചനങ്ങളോ സാമ്പത്തിക സഹായങ്ങളോ കൊണ്ടു രക്ഷിക്കാമെന്ന് വ്യാമോഹിക്കേണ്ടതില്ല, ഗ്രന്ഥത്തിലെ 3-ാം ഭാഗത്തിലുള്ള മഹാനീതിശാസ്ത്ര പാഠങ്ങള് അതു വ്യക്തമാക്കുന്നതാണ്.

പട്ടാളക്കാരുടെ കാര്യത്തില് ഉള്പ്പെടെ ഏതൊരു കാര്യത്തിനും പൊതുജനങ്ങളുടെ സമ്പത്ത് ദുര്വ്യയം ചെയ്യുന്നതിന് ഭരണാധികാരികള്ക്ക് മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷയുണ്ടെന്നും അറിയണം. വധിക്കപ്പെട്ട പട്ടാളക്കാരുടെ പേരില് രാജ്യം വിതുമ്പുന്നു, രാഷ്ട്രത്തിലെ ജനങ്ങള് മുഴുവന് കരയുന്നു തുടങ്ങിയ വചനങ്ങള് ഭരണാധികാരികളോ മാധ്യമങ്ങളോ പറയുന്നതും എഴുതുന്നതും കേട്ട് കുടുംബാംഗങ്ങള് സന്തോഷിക്കുകയോ വിഷമിക്കുകയോ ചെയ്തിട്ടു കാര്യമില്ല. തങ്ങള്ക്ക് പറയാനോ ചെയ്യാനോ അവകാശമോ അധികാരമോ ഇല്ലാത്ത കാര്യങ്ങള് മനുഷ്യ -ഭരണാധികാരികളും മാധ്യമങ്ങളും മറ്റും പറയുന്നതും ചെയ്യുന്നതും അവസാനിപ്പിക്കണം. രാജ്യത്തിനു വേണ്ടി മരിച്ചുവോ എന്നത് രാജ്യം പറയേണ്ടതാണ്, രാജ്യത്തിന്റെ അഥവാ മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രം പറയേണ്ടതാണ്. രാജ്യം ദൈവത്തിന്റെ ഖര-രൂപമായ ഭൂമിയുടെ ഭാഗമായിരിക്കെ, പട്ടാളക്കാര് ഉള്പ്പെടെ ഏതൊരാളും രാജ്യത്തിനു വേണ്ടി മരിച്ചെന്നു പറയുന്നത് ശാസ്ത്രജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. ദൈവത്തിന്റെ അഥവാ രാജ്യത്തിന്റെ ശാസ്ത്രം പഠിക്കാന്

തയ്യാറാവാതെ പ്രവര്ത്തിക്കുന്നവരായ അധമരായ ഭരണാധികൾക്കു വേണ്ടി മരിച്ചു എന്നു പറഞ്ഞാല് കുറെ ശരിയുണ്ട്. പട്ടാളക്കാർ വധിക്കപ്പെട്ട വിവരം വലിയൊരു വിഭാഗം ജനങ്ങൾ അറിയുന്നതു പോലുമില്ല എന്നതാണു വാസ്തവം. തങ്ങളുടെ ഉറ്റവർ മരിക്കുമ്പോള് പോലുമുള്ള വേദനയെ അവരുടെ കൂടി പിതാവും മാതാവും കാലവുമായിരിക്കുന്ന ദൈവം മറപ്പിച്ചും ഓര്മ്മിപ്പിച്ചും സ്നേഹിക്കുന്നതും ശിക്ഷിക്കുന്നതുമാണ്.

ധർമ്മശാസ്ത്രപ്രകാരമുള്ള ഭരണാധികാരികള് ഭൂമിയിൽ ഇല്ല എന്നിരിക്കെ, അവര്ക്കും മരിച്ചവരുടെ ഉറ്റവരല്ലാത്തവര്ക്കും പട്ടാളക്കാര് വധിക്കപ്പെടുമ്പോൾ വലിയ വേദന യഥാര്ത്ഥത്തില് ഉണ്ടാവുന്നില്ല എന്നതാണ് വാസ്തവം. അങ്ങനെയിരിക്കെ വധങ്ങളുടെയും മരണങ്ങളുടെയും പേരില് ഭരണാധികാരികളും മാധ്യമങ്ങളും മറ്റും വേഷംകെട്ടലുകള് നടത്തുന്നത് ദൈവീകമല്ല എന്നറിയണം. ദൈവത്തിന്റെ കുഞ്ഞുങ്ങള് ശാസ്ത്രത്തെയും അതിലൂടെ ദൈവത്തെയും നിന്ദിച്ചുകൊണ്ട് വധിക്കപ്പെടുകയും വധിക്കുകയും ചെയ്യുമ്പോള്, യഥാര്ത്ഥത്തിൽ വേദനിക്കുന്നത് മഹാപിതാവും മഹാമാതാവും കൂടിയായ ദൈവമാണ്. അതുപോലെ, മഹാനീതിപതി കൂടിയായ ദൈവം തങ്ങള്ക്ക് നല്കിയ ശിക്ഷ കൂടിയാണെന്ന് കാര്യങ്ങളെ തിരിച്ചറിയുന്നതിനു പകരം, വധിക്കപ്പെടുന്നവരുടെ ഉറ്റവരായി അറിയപ്പെടുന്നവര് ഭരണാധികാരികളുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും ഒക്കെ സാന്നിദ്ധ്യവും സര്ട്ടിഫിക്കറ്റുകളും ആഗ്രഹിക്കുന്ന അവസ്ഥയിലേക്കുകൂടി ഇന്ന് കാര്യങ്ങൾ തരംതാണിട്ടുണ്ട്. ദൈവത്തിന്റെ വാതക രൂപമായ

ഓക്സിജൻ മനുഷ്യന്റെ ചിന്തകള് പോലും
ശാസ്ത്രപരമായി അറിഞ്ഞുകൊണ്ടിരിക്കുന്നതിനെപ്പറ്റി
മറ്റൊരു അദ്ധ്യായത്തില് വിസ്തരിച്ചിട്ടുള്ളത്
പഠിക്കുമ്പോള്, ബഹുവിധ വേഷംകെട്ടലുകള് നടത്തുന്ന
ഏവര്ക്കും മഹാനീതിശാസ്ത്ര പ്രകാരം ചെറുതും
വലുതുമായ ശിക്ഷകളുണ്ട് എന്നറിയണം.

മരിച്ച പട്ടാളക്കാര് സ്വര്ഗ്ഗത്തില് പോയി എന്ന്
ഭരണാധികാരികളായ മന്ത്രിമാരും മാധ്യമങ്ങളും മറ്റും
പ്രസ്താവന ഇറക്കിയാല് പട്ടാളക്കാര് സ്വര്ഗ്ഗത്തില്
പോവുകയില്ല ; സ്വര്ഗ്ഗം എന്നാലെന്താണെന്നു പോലും
അറിയാത്തവര് കാട്ടിക്കൂട്ടുന്ന കോപ്രായങ്ങള് മാത്രം.
യുദ്ധങ്ങളിലും അല്ലാതെയും മരിക്കുന്നവര് സ്വര്ഗ്ഗം
നേടുന്നോ നരകത്തില് പോകുന്നോ തുടങ്ങിയവ മനുഷ്യ-
ഭരണാധികാരികളും മതനേതൃത്വങ്ങളും
പൊതുജനങ്ങളുമല്ല നിശ്ചയിക്കുന്നത്; ദൈവമാണ്.

ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളില് മനുഷ്യര്ക്ക്
ഇടപെടാന് കഴിയുമെന്ന രീതിയില് വേഷംകെട്ടുന്നതിന്
ശിക്ഷയുണ്ട്. സ്വന്തം ശരീരകാര്യങ്ങള്ക്കുപോലും
ദൈവത്തെ ആശ്രയിക്കുന്ന ക്രിസ്തുമത പോപ്പന്മാര്,
മനുഷ്യരെ വാഴ്ത്തുന്ന അഭ്യാസങ്ങള് നടത്തി ശിക്ഷ
ഇരന്നു വാങ്ങുമ്പോലെയാണത്.
രാജ്യങ്ങളുടെ പേരില് ശത്രുക്കളായിരിക്കുന്നവര്,
ഭരണാധികാരികളുടെ മനംമാറ്റങ്ങൾക്കൊത്ത്
മിത്രങ്ങളാകുന്നതും, മിത്രങ്ങളായിരിക്കെ വീണ്ടും
എന്തെങ്കിലുമൊക്കെ കാരണത്താൽ
ശത്രുക്കളാകുന്നതും, വീണ്ടും മിത്രങ്ങളാകുന്നതും,

വീണ്ടും ശത്രുക്കളാകുന്നതും ഒക്കെ ഭൂമിയിലെങ്ങും നൂറ്റാണ്ടുകളായി നടന്നുപോരുന്ന യാഥാര്ത്ഥ്യങ്ങളാണ്. അങ്ങനെയിരിക്കെ അയല് രാജ്യങ്ങളിലെയോ അന്യരാജ്യങ്ങളിലെയോ ജനങ്ങള് തമ്മിലാണോ ഭരണാധികാരികള് തമ്മിലാണോ ശത്രുത എന്നത് ശാസ്ത്രപരമായി തിരിച്ചറിയണം.

ഭരണാധികാരികള് തമ്മിലുള്ള വ്യക്തിപരമായ ശത്രുതയ്ക്ക് ഭരണാധികാരികളായ വ്യക്തികള് (മാത്രം) തമ്മിൽ യുദ്ധംചെയ്യുകയാണു വേണ്ടത്.

പൊതുജനങ്ങളുടെ സമ്പത്ത് ഉപയോഗിച്ച് ആയുധങ്ങള് ഉണ്ടാക്കുകയും പട്ടാളക്കാരെന്ന പേരില് യുദ്ധത്തൊഴിലാളികളെ സൃഷ്ടിക്കുകയും, രാജ്യത്തിനകത്തും പുറത്തും ഓരോരോ കാരണങ്ങളുടെ പേരില് ജനങ്ങളെയും പട്ടാളക്കാരെയും തമ്മിലടിപ്പിക്കുകയും കൊല്പ്പിക്കുകയും ചെയ്യുന്നത് ദൈവീകമാണെന്നു കരുതുന്നുവെങ്കില്, കുഞ്ഞുങ്ങളെ നിങ്ങള്ക്കു തെറ്റിയിരിക്കുന്നു.

ദൈവം മനുഷ്യര്ക്ക് ശാസ്ത്രജ്ഞാനം കൂടുതലായി നല്കിയത് ഇങ്ങനെയൊക്കെ ജീവിക്കാനല്ല. വിഷയങ്ങളെ ശാസ്ത്രപരമായി വിശകലനം ചെയ്യുവാന് മനുഷ്യന് തീര്ച്ചയായും ബാദ്ധ്യതയുണ്ട് :-

രാജ്യഭരണം, ഭൂലോകഭരണത്തിലേക്ക് വഴിമാറുമ്പോള് ഭൂമിയില് ആനന്ദം വര്ദ്ധിക്കുന്നതാണ്. യുദ്ധങ്ങളും ഭീകരപ്രവര്ത്തനങ്ങളുമില്ലാത്ത സുന്ദര ലോകമായി ഭൂലോകം മാറുന്നതാണ്. പേറ്റന്റ് നിയമങ്ങളും അതുപോലുള്ളവയും പൈശാചികപട്ടികയില് പെടുന്നതാണ്. ഭൂമിയിലെ ജനങ്ങള് എല്ലാം തങ്ങള് ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവോടെ സന്തോഷിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കുന്നതാണ്.

യഥാര്ത്ഥമായ അഥവാ ദൈവീകമായ അഥവാ ശാസ്ത്രീയമായ ഭരണസമ്പ്രദായത്തില് ഗ്രാമ പഞ്ചായത്തിന് അഥവാ പ്രാദേശിക ഭരണകൂടത്തിന് ദൈവീകമായ സാമ്പത്തികശാസ്ത്രപ്രകാരം ജനങ്ങള് സാമ്പത്തികശക്തി നല്കുന്നു എന്നല്ലാതെ സംസ്ഥാന ഭരണകൂടത്തിനോ കേന്ദ്രഭരണകൂടത്തിനോ നാളെ യാഥാര്ത്ഥ്യമാകുന്ന ഭൂലോകഭരണകൂടത്തിനോ യാതൊരു നികുതികളും നല്കുന്നതല്ല, അവയ്ക്ക് അത്തരം നികുതികള് ആവശ്യമില്ല. മാത്രമല്ല, പ്രാദേശിക ഭരണകൂടം സമൂഹത്തിന്റെ സമ്പൂര്ണ്ണ ആവശ്യങ്ങളും നിറവേറ്റുന്ന അവസ്ഥയിലേക്ക് ഉയരുന്നതാണ്. ഭരണാധികാരിയുടെ മേലെയാണ് ഓരോ വ്യക്തിയുടെയും സ്ഥാനം എന്നത് സ്ഥാപിക്കപ്പെടുന്നതുമാണ്. ഭരണാധികാരി അഥവാ

രാജാവ്, വ്യക്തിയെ അഥവാ പ്രജയെ ധർമ്മശാസ്ത്രപരമായി സഹായിക്കുകയും വ്യക്തിയുടെ ദാസനായി പ്രവര്ത്തിക്കുകയും, പ്രസ്തുത അവസരം ലഭിച്ചത് ഏറ്റവുമധികം പുണ്യം നേടാനുള്ള അവസരമായി കണക്കാക്കുകയും ചെയ്യുന്നു.

വ്യക്തികളും ഭരണാധികാരിയും ധർമ്മശാസ്ത്രപരമായി ആനന്ദിച്ച് ജീവിക്കുക എന്നല്ലാതെ വ്യക്തികള്ക്ക് അഥവാ പൊതുജനങ്ങള്ക്ക് നാട്ടിലെ ഭരണാധികാരി ആരെന്നത് വിഷയമാകുന്നതല്ല.

നല്ല ഭരണം നടത്തുന്നയാള് നല്ല ഭരണാധികാരി, നല്ല ഭരണാധികാരി ആവേണ്ടത് പ്രഥമമായി ഭരണാധികാരിയുടെ ആവശ്യമാണ്. ഒരു ജന്മത്തില് ഏറ്റവുമധികം പുണ്യവും അതുപോലെ പാപവും സമ്പാദിക്കാന് ഇടയാക്കുന്ന മനുഷ്യജന്മമാണ് ഭരണാധികാരിയുടേത്. ജനങ്ങളേക്കാള് വളരെക്കൂടുതല് കരുതി ജീവിക്കേണ്ടത് എപ്പോഴും ഭരണാധികാരിയാണ്. അയാള്ക്കു വേണ്ടിത്തന്നെയാണ് കരുതേണ്ടത്, തന്റെ വിശേഷപ്പെട്ട രാജ-ജന്മത്തിലെ പ്രവൃത്തികള് കൊണ്ട് പുണ്യം നേടാനായില്ലെങ്കിലും പാപമുണ്ടാകാതെ എങ്കിലും നോക്കണം.

ഭരണാധികാരിയെപ്പറ്റി അഥവാ ഭരണകൂടത്തെപ്പറ്റി അഥവാ രാജാവും മന്ത്രിമാരും ഉള്പ്പെട്ട ഭരണകാര്യാലയങ്ങളെപ്പറ്റി പറയുകയാല്, അവർ ഭരിക്കുന്ന ജനങ്ങൾ വസിക്കുന്ന നാടിനെപ്പറ്റി അഥവാ ദേശത്തെപ്പറ്റി ഹ്രസ്വമായെങ്കിലും വിസ്തരിക്കേണ്ടതുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ കുന്നുകളും മലകളും പർവ്വതങ്ങളും വനങ്ങളും തോടുകളും നദികളും കായലുകളും കടലുകളും ദ്വീപുകളും കൊണ്ട് പ്രദേശങ്ങളെ ദൈവം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യത്യാസങ്ങള് കൊണ്ടും അഗ്നിപർവ്വതങ്ങള് കൊണ്ടും മഞ്ഞുമലകള് കൊണ്ടും മഹാനീതിശാസ്ത്രകാര്യങ്ങള് കൂടുതല് ഹൃദ്യമാക്കിയിട്ടുണ്ട്. ദൈവം ഭൂമിയില് സൃഷ്ടിക്കുന്ന എല്ലാ ജീവികളുടെയും ആനന്ദകരമായ ജീവിതത്തെ കണക്കാക്കിയുള്ള സൃഷ്ടി - സംവിധാനമാണത്. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയെ വിവരിക്കുന്ന പ്രത്യേക അദ്ധ്യായം ഗ്രന്ഥത്തിലുണ്ട്.

വനങ്ങളും സമുദ്രവും മുഖ്യമായും മറ്റുള്ള ജീവികള്ക്കായി ദൈവം സൃഷ്ടിച്ചതാണെന്ന് അവയുടെ പ്രകൃതിയില് നിന്ന് മനുഷ്യന് മനസ്സിലാക്കാന് കഴിയുന്നു.

ധര്മ്മശാസ്ത്രപരമായ ജീവിതത്തിന് തയ്യാറാകാത്ത മനുഷ്യരെ, മനുഷ്യഭരണകൂടങ്ങള്ക്ക് ശിക്ഷിക്കുവാനുള്ള ദൈവീക-ജയിലുകളായിക്കൂടി വനങ്ങളെയും ദ്വീപുകളെയും ദൈവം ഒരുക്കിയിരിക്കുകയാണ്.

പ്രദേശങ്ങള്ക്ക് അഥവാ ദേശങ്ങള്ക്ക് സൃഷ്ടിപരമായ വിധിപ്രകാരം അതിരുകളുണ്ട്. ഉദാഹരണമായി കേരളത്തിന്റെ അതിരുകള് കന്യാകുമാരി, ഗോകര്ണ്ണം, സഹ്യപര്വ്വതം, സമുദ്രം എന്നിവയാണ്. സ്ഥിതിപരമായ വിധിക്കും, ജനപ്പെരുപ്പത്തിനും, ശാസ്ത്രവികസനങ്ങള്ക്കും അനുസരിച്ച് മായ പ്രത്യക്ഷമാകും മുമ്പ് ദേശങ്ങള് രൂപപ്പെടുന്നു. ശാസ്ത്രങ്ങള്ക്കും ജീവിതകാര്യങ്ങള്ക്കും മഹാശാസ്ത്രം അഥവാ വേദങ്ങള് വീണ്ടെടുക്കപ്പെടുന്നതോടെയും മായ പ്രത്യക്ഷമാകുന്നതോടെയും സുവ്യക്തത ഉണ്ടാകുന്നതിനാല് ദേശങ്ങളുടെ അതിര്ത്തികള് ശാസ്ത്രീയമായി രൂപപ്പെടുന്നതാണ്. മാത്രമല്ല, ഭൂമിയിലെ എല്ലാ ദേശങ്ങളുടെയും ഭരണഘടന മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധര്മ്മശാസ്ത്രം മാത്രമാകയാലും, എവിടെ എങ്ങനെ ജീവിച്ചാലും സമനീതി എല്ലാവര്ക്കും ജന്മങ്ങളിലൂടെ ലഭിക്കുമെന്നതിനാലും, സംഹാരം പൂര്ത്തിയാകുംവരെ മായ പ്രത്യക്ഷമായി തുടരുകയാലും ദേശങ്ങളുടെ അതിരുകളോ, ദേശങ്ങളിലെ ഭരണവ്യത്യാസങ്ങളോ ജനങ്ങളെ അലട്ടുന്നതല്ല.

ഒരു നാട്ടിലെ ജനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജീവിതകാര്യങ്ങൾ എന്തെല്ലാമാണെന്ന് ഹ്രസ്വമായി പറയാം:-

(1) ഭൂമിയിലൊക്കെയുമുള്ള വായു, വെള്ളം, മണ്ണ് എന്നീ അടിസ്ഥാന ഘടകങ്ങളെ പരിശുദ്ധമായാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആയവ രാജാവ് ഭരിക്കുന്ന ജനങ്ങള് വസിക്കുന്ന നാട്ടില് പരിശുദ്ധമായി സംരക്ഷിക്കുവാന് രാജാവിനും ജനങ്ങൾക്കും കഴിയണം. കഴിവില്ലാത്ത വ്യക്തി രാജാവായിക്കൂടാ, പരാജയപ്പെടുന്ന രാജാവ് ഭരണം തുടര്ന്നുകൂടാ.

(2) രാജ്യത്തിലെ ജനങ്ങള്ക്കു വേണ്ടതായ ഭക്ഷണസാധനങ്ങളെല്ലാം രാജ്യത്ത് ഉല്പ്പാദിപ്പിക്കണം. കഴിവില്ലാത്ത വ്യക്തി രാജാവായിക്കൂടാ, പരാജയപ്പെടുന്ന രാജാവ് ഭരണം തുടര്ന്നുകൂടാ.

(3) രാജ്യത്തിലെ ജനങ്ങള്ക്കു വേണ്ടതായ ഭക്ഷണസാധനങ്ങളുടെ ആവശ്യവും കഴിഞ്ഞ് അധികമായിട്ട്, രാജ്യത്തിന്റെ അതിര്ത്തിയിലുള്ള ഏറ്റവും വലിയ രാജ്യത്തിലെയോ ഏറ്റവും ചെറിയ രാജ്യത്തിലെയോ ജനങ്ങള്ക്കു വേണ്ടതായ ഭക്ഷണസാധനങ്ങളുടെ പകുതി ഭാഗം കൂടി രാജ്യത്ത് ഉല്പ്പാദിപ്പിക്കണം. രാജ്യങ്ങളില് ക്ഷാമങ്ങള് ഉണ്ടാകുമ്പോള് പരസ്പരം സഹകരിക്കാനും സഹായിക്കാനും ഭക്ഷ്യപ്രശ്നം പരിഹരിക്കാനും, ജനജീവിതം അത്യാനന്ദകരമാവാനും കൂടിയുള്ള ശാസ്ത്ര പദ്ധതിയാണ് അധിക ഭക്ഷ്യ ഉല്പാദനം. കേരളം പോലെയുള്ള നാട്ടിലെ ജനങ്ങള്ക്ക് രാജ്യപദവിക്ക് അഥവാ സംസ്ഥാന പദവിക്ക് അവകാശമില്ലെന്നും,

ഭരണാധികാരികള്ക്ക് ഭരണം നടത്താന് അവകാശമില്ലെന്നും കൂടിയാണ് മേല്പ്പറഞ്ഞതിന് അര്ത്ഥം. കഴിവില്ലാത്ത വ്യക്തി രാജാവായിക്കൂടാ, പരാജയപ്പെടുന്ന രാജാവ് ഭരണം തുടര്ന്നുകൂടാ. എന്നതാണ് വിഷയത്തിലുള്ള ധര്മ്മശാസ്ത്ര ഉപദേശം. മായ പ്രത്യക്ഷമാകുന്നതോടെ കേരളത്തിലെ ജനങ്ങളും അവരുടെ ദാസനായ രാജാവും വീണ്ടു വിചാരത്തോടെ പ്രവര്ത്തിക്കുന്നതാണ്.
മായ പ്രത്യക്ഷമായ ശേഷം. സംഹാരം ആരംഭിക്കുകയും പുരോഗമിക്കുകയും ചെയ്യുമ്പോള്, ദമ്പതികള്ക്ക് കുട്ടികള് കുറയുന്നതും ഇല്ലാതെ വരുന്നതുമായ അവസ്ഥ, മറ്റുള്ള ജീവികള് കുറയുന്ന അവസ്ഥ, ശാസ്ത്രസൗകര്യങ്ങള് പിന്നോട്ട് സഞ്ചരിക്കുന്ന അവസ്ഥ, ഗതാഗത സൗകര്യങ്ങള് കാളവണ്ടിയിലേക്ക് ചുരുങ്ങുന്ന അവസ്ഥ എന്നിങ്ങനെ ബഹുവിധ കാര്യങ്ങളുണ്ട്.

ഏതെങ്കിലും രാജ്യത്തിലെ ജനങ്ങളും രാജാവും ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുമ്പോള്, അവരെ ഉപദേശിക്കേണ്ടത് രാജ്യത്തിലെ യഥാര്ത്ഥ അദ്ധ്യാപകരുടെ കടമയാണ്. ഉപദേശങ്ങള് ഫലിച്ചില്ലെങ്കില്, മായ പ്രത്യക്ഷമല്ലാത്ത കാലത്ത്, അഥവാ മുമ്പ് വിസ്തരിച്ചിട്ടുള്ളതുപോലെ സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയില്, ഗുരുകുല - വിദ്യാര്ത്ഥികളെ ഭരണാധികാരികള്ക്കെതിരെ തിരിക്കുകയും ഭരണകൂടത്തെ മാറ്റിമറിച്ച് ധര്മ്മശാസ്ത്രം പ്രകാരം ശുദ്ധിചെയ്യേണ്ടതുണ്ട്. അദ്ധ്യാപകരുടെ ഉത്തരവാദിത്തമാണത്. ഇന്ത്യയുടെ ചരിത്രത്തിലെ ചാണക്യന് ആവിഷ്ക്കരിക്കാന് കഴിഞ്ഞതുപോലെയുള്ള ഭരണതന്ത്രമാണത്. ധര്മ്മശാസ്ത്ര പരമായി ഭരണം

നടക്കുന്ന അയൽ രാജ്യങ്ങളുണ്ടെങ്കിൽ അവിടെയുള്ള രാജാവിനോട് തന്നാട്ടിലെ ജനങ്ങളെ ഭരിക്കാനും/സേവിക്കാനും, അയല് രാജ്യത്തോട് തങ്ങളുടെ രാജ്യത്തെ ചേര്ക്കാനും അഭ്യര് ത്ഥിക്കാവുന്നതുമാണ്.

ധർമ്മശാസ്ത്രപരമല്ലാത്ത രാജാവിനോട് അഥവാ ഭരണാധികാരിയോട് കൂറു പുലർത്തുക എന്നത് അസംബന്ധമാണ്.

ധർമ്മശാസ്ത്രപരമല്ല എങ്കിൽ വ്യക്തിഗത താല്പര്യങ്ങൾ തീർത്തും അപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാ-ഭരണാധികാരിയായ ദൈവത്തോടും, മഹാപ്രപഞ്ചം ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തോടും, മഹാശാസ്ത്രം പ്രകാരം ജീവിക്കുന്ന വ്യക്തികളോടുമാണ് കൂറ് പുലർത്തേണ്ടത്. എല്ലാ ജനങ്ങളും മഹാശാസ്ത്രത്തത്തെ പാലിക്കുന്നതിലൂടെ ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായി മാറുകയാണ്.

(4) റോഡ്, വാഹനം, തുടങ്ങിയ സൗകര്യങ്ങള് ഓരോ രാജ്യത്തും ഉണ്ടാവണം. ഉദാഹരണമായി കേരളത്തെ ഒരു രാജ്യമായി അഥവാ സംസ്ഥാനമായി കണക്കാക്കണമെങ്കില്, കേരളത്തിലെ ഗതാഗത ആവശ്യങ്ങള് സ്വയം പരിഹരിക്കുവാന് കേരളത്തിലെ ജനങ്ങള്ക്കും ഭരണകൂടത്തിനും കഴിയണം. കേരളത്തില് വേണ്ടതായ റെയില്വെ ആവശ്യങ്ങള്ക്ക് കേന്ദ്ര ഭരണകൂടം എന്നൊരു കൂടത്തിനു മുമ്പില് തെണ്ടുന്നവരായി കേരളത്തിലെ ജനങ്ങളും രാജാവും

അധഃപതിച്ചുകൂടാ. ഒരു കുടുംബത്തില് ടെലിവിഷനും കമ്പ്യൂട്ടറും കാറുമൊക്കെ വാങ്ങുന്നതും ഉപയോഗിക്കുന്നതും കുടുംബാംഗങ്ങളുടെ സ്വകാര്യമായിരിക്കുന്നതുപോലെ കേരളത്തില് റെയില് വെ സൗകര്യങ്ങള് കൂടുതല് ആവശ്യമുള്ളതായി ജനങ്ങള് ക്കും രാജാവിനും (ഭരണകൂടത്തിനും) ബോദ്ധ്യപ്പെട്ടാല്, അതിനുള്ള വിഭവവും സ്വയം കണ്ടെത്തിക്കൊണ്ട് റെയില് വെ കാര്യങ്ങള് സ്വയം ചെയ്യുക എന്നല്ലാതെ കേരളം എന്ന ദേശത്തിലെ ജനങ്ങള്ക്കും ഭരണശാസ്ത്രത്തിനും അപമാനകരമായ തെണ്ടല്പ്പണിയുമായി കേരളത്തിലെ ഭരണാധികാരികള് പ്രവര്ത്തിക്കരുത്. അതായത് സംസ്ഥാനത്തിന്റെ എല്ലാ അടിസ്ഥാന ആവശ്യങ്ങളും പൊതു ആവശ്യങ്ങളും സംസ്ഥാനത്തിനകത്ത് നിറവേറ്റുവാന് കഴിയണം. അന്യ സംസ്ഥാനങ്ങളുമായും കേന്ദ്രീകൃതമായും, വിദേശപരമായും ഉള്ള ആവശ്യങ്ങള് ക്ക് മാത്രമായി സംസ്ഥാനങ്ങള് രൂപപ്പെടുത്തുന്ന കേന്ദ്രഭരണകൂടത്തിന്റെ ചിലവുകള് വഹിക്കുന്നത് സംസ്ഥാനങ്ങളാവണം എന്നല്ലാതെ കേന്ദ്രഭരണകൂടം സംസ്ഥാനങ്ങളിലെ ജനങ്ങളില് നിന്ന് നികുതി പിരിക്കുന്ന അവസ്ഥയും കേന്ദ്രം സംസ്ഥാനങ്ങളെ സഹായിക്കുന്ന മിഥ്യാവസ്ഥയും ഉണ്ടായിക്കൂടാ. ഭരണകൂടം സംബന്ധിച്ചുള്ള കൂടുതല് വിശദീകരണങ്ങളും, കുറ്റങ്ങളും കുറവുകളുമില്ലാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രവും, ഗ്രന്ഥത്തിലെ 4-ാം ഭാഗത്തില് ലഭ്യമാക്കിയിട്ടുണ്ട്.

ഓരോ സൃഷ്ടിചക്രത്തിലും മായ പ്രത്യക്ഷമാകുന്നതോടെ മാത്രമാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിക്കാനാകുക. മാത്രമല്ല, മായ പ്രത്യക്ഷമായ ശേഷം

സുമാര് 500 വര്ഷക്കാലം ഭൂമിയില് സ്വര്ഗ്ഗരാജ്യം അഥവാ സ്വര്ഗ്ഗസുഖങ്ങള് നടമാടുന്നതും ശേഷം സംഹാരം ആരംഭിക്കുന്നതോടെ വ്യത്യസ്ത രാജ്യങ്ങളിലെ ജനങ്ങള് തമ്മിലുള്ള സഹകരണം തുടരുമെങ്കിലും ഏകീകൃത ഭരണം അസ്തമിക്കുന്നതാണ്. വ്യത്യസ്ത രാജ്യങ്ങളിലായി ജനങ്ങള് ജീവിക്കുമ്പോഴും, ഒരേ ധര് മ്മശാസ്ത്രപ്രകാരം പരസ്പര സഹകരണത്തോടെ ആനന്ദിച്ചു ജീവിക്കാന് കഴിയുന്നതാണ്. മുന്കാലങ്ങളില് ഏക ഭൂലോക ജീവിതം യാഥാര്ത്ഥ്യമാകാഞ്ഞത് അക്കാരണം കൊണ്ടുകൂടിയാണ് എന്നര്ത്ഥം. ഗാന്ധിയെപ്പോലെ വിശ്വപൗരനായി അറിയപ്പെടാന് കഴിഞ്ഞ മനുഷ്യന് വിശ്വകാര്യങ്ങള്ക്കായി കൂടുതല് പ്രവര് ത്തിക്കാന് കഴിയാഞ്ഞതിന്റെ ഒരു കാരണംകൂടിയാണ് സൂചിപ്പിച്ചത്. ക്രൈസ്റ്റിനെപ്പോലെ പ്രത്യേക നിയോഗങ്ങളോടെ ഭൂമിയിലേക്ക് ദൈവം അയച്ചവരാണ് ഗാന്ധിയും ചാണക്യനും. കാലഘട്ടത്തിനൊത്ത് ഇന്ത്യക്കുവേണ്ടി കൂടുതലായി പ്രവര്ത്തിക്കുവാന് നിയോഗിക്കപ്പെട്ടവരാണവർ. ഇന്ത്യന് രാഷ്ട്രീയത്തില് ആഴ്ന്നിറങ്ങുമ്പോഴും, ശുചിത്വം ഉള്പ്പെടെയുള്ള സാമൂഹ്യപ്രശ്നങ്ങളിലും ജാതിപരമായ അയിത്ത പ്രശ്നങ്ങളിലും ശാസ്ത്രപരമായി പ്രവര്ത്തിക്കുവാനും മാര്ഗ്ഗനിര്ദ്ദേശങ്ങൾ നല്കാനും കൂടി ഗാന്ധിക്കു കഴിഞ്ഞത് ദൈവം നല്കിയ അത്ഭുതശക്തി കൊണ്ടുതന്നെയാണ്.

ഭൂമിയിലെ മനുഷ്യരില് സംഭവിച്ച ധര്മ്മശാസ്ത്ര ശോഷണങ്ങള്ക്ക്, മനുഷ്യരുടെ ധാര്മ്മിക അധഃപതനങ്ങള്ക്കു പുറമെ, ഗ്രന്ഥത്തിലെ 2-ാം

ഭാഗത്തില് വിശദീകരിച്ചിട്ടുള്ള സൃഷ്ടിചക്ര വിശേഷവുമായും, അടുത്ത അദ്ധ്യായത്തിലും, 7-ാം ഭാഗമായ സ്മൃതിയിലും വിശദീകരിച്ചിട്ടുള്ള ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളായ ദേവതകളുടെ (മാലാഖമാരുടെ/മലക്കുകളുടെ) കടുത്ത പിഴവുകളുമായും ബന്ധമുണ്ട്. വൈകാതെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.

ശാസ്ത്രജ്ഞാനം മനുഷ്യന് സമ്പൂര്ണ്ണമായി നല്കിയത് ഭൂമിയില് ആനന്ദകരമായി ജീവിക്കാനും ഏറ്റവും മിടുക്കരാക്കാനും കൂടിയാണ്. തന്റെ കുഞ്ഞുങ്ങള്ക്ക് നല്കിയ സാമര്ത്ഥ്യത്തെ പ്രവൃത്തിയില് എത്തിക്കുവാനും, ആവിധത്തിലും അവര്ക്ക് സന്തോഷിക്കുവാനുമായി ജനങ്ങളിലൂടെ തന്നെ ഭൂമിയിലെ കാര്യങ്ങള് ദൈവം ഏറ്റവും സുന്ദരമാക്കുന്നതാണ്.

ഭൂമിയെ അഥവാ മണ്ണിനെ സ്വന്തമാക്കാന് തനിപ്പെട്ട മനുഷ്യനോ, രാജ്യത്തിലെ മുഴുവന് ജനങ്ങള്ക്കുമോ, ഭൂമിയിലുള്ള മുഴുവന് ജനങ്ങള്ക്കുമോ യാതൊരിക്കലും സാധിക്കുന്നതല്ല എന്ന തിരിച്ചറിവ് എപ്പോഴും ഉണ്ടാവണം. വ്യക്തിയുടെ ശരീരം മരിക്കുന്നു, എന്നാല് ഭൂമിയ്ക്ക് മരണമില്ല. മായ പ്രത്യക്ഷമാക്കുന്നതിന് മുമ്പ് മഹാനീതിശാസ്ത്രം മനുഷ്യനെ ദൈവം സുവ്യക്തമായി അറിയിക്കുന്നുണ്ടെങ്കിലും, മഹാനീതിപതി ദൈവമാണെന്നതും അനന്തമായ ആനന്ദങ്ങളും ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് ജീവിക്കുന്നവര്ക്ക് ശിക്ഷകളും ദൈവം മഹാനീതിശാസ്ത്രം പ്രകാരം

നൽകുന്നുണ്ട് എന്ന തിരിച്ചറിവും എപ്പോഴും ഉണ്ടാവണം. ദേശങ്ങളുടെ പേരില് വ്യക്തികള് ഊറ്റം കൊള്ളാന് പാടില്ലായെന്നു പ്രസ്താവിക്കുമ്പോഴും മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട് ഇന്ത്യ, കേരളം, തമിഴ്നാട്, കാശ്മീര്, തുടങ്ങിയ ഏതാനും പ്രദേശങ്ങള്ക്ക് ചില പ്രത്യേകതകളുണ്ട്. ഗ്രന്ഥത്തിന്റെ 2-ാം ഭാഗത്തില് അത് വിസ്തരിക്കുന്നുണ്ട്. ചില പ്രദേശങ്ങളോ ദേശങ്ങളോ പ്രത്യേകമായി സംവിധാനം ചെയ്തിട്ടുള്ളത് മഹാനീതിശാസ്ത്രവുമായി സമ്പൂര്ണ്ണമായി യോജിപ്പിച്ചുകൊണ്ടാണ്. മഹാനീതിശാസ്ത്രപ്രകാരം ഭൂമിയിലെങ്ങുമുള്ള പ്രദേശങ്ങളിലായി/രാജ്യങ്ങളിലായി 100 ജന്മങ്ങളിലൂടെ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന വ്യക്തികൾ പ്രദേശങ്ങളുടെ പ്രത്യേകതകളില് ഊറ്റം കൊള്ളുന്നതിൽ അര്ത്ഥമില്ല. മാത്രമല്ല, ഊറ്റം കൊണ്ടാല്, അഹന്തയ്ക്ക് ചേരുംവിധം പുണ്യശോഷണം സംഭവിക്കുന്നതുമാണ്. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണെന്നതും, എല്ലാ കുഞ്ഞുങ്ങള്ക്കും ദൈവം സമനീതി നല്കുമ്പോള് മാത്രമാണ് ദൈവം മഹാനീതിപതിയാവുക എന്നതും, തന്റെ എല്ലാ കുഞ്ഞുങ്ങളെയും മഹാമാതാവും മഹാപിതാവുമായ ദൈവം ഒരുപോലെ സ്നേഹിക്കുന്നു എന്നതും, അതെങ്ങനെ എന്നതും, ഗ്രന്ഥത്തിന്റെ 3-ാം ഭാഗത്തിലെ മഹാനീതിശാസ്ത്രപാഠങ്ങളില് സുവ്യക്തമായി വിവരിച്ചിട്ടുണ്ട്.

ഭരണാധികാരികൾക്ക് യാതൊരാളെയും മാത്രമല്ല, സ്വയവും രക്ഷിക്കാനാവില്ല, ദൈവത്തിനു മാത്രമേ കഴിയൂ.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

(അദ്ധ്യായം 46)

ദൈവം

ഭീകരവാദത്തെ ഇല്ലാതാക്കുന്നു.

ജീവിചക്രത്തിലെ മനുഷ്യൻ ഒഴികെയുള്ള ജീവികള്ക്കെല്ലാം സാധാരണ എല്ലാക്കാലങ്ങളിലും അടിസ്ഥാനപരമായി ഒരേ ജീവിതക്രമമാണുള്ളത്. ഭക്ഷണ സമ്പാദനം, മറ്റു ജീവികളില് നിന്ന് സുരക്ഷ, ഉറക്കം, രതി എന്നിങ്ങനെ ഏതാനും കാര്യങ്ങളാണ് എല്ലാക്കാലങ്ങളിലും അവയ്ക്കുള്ളത്. മറ്റുള്ള ജീവികള് ദേശങ്ങളുടെ പേരില് അടിപിടി കൂടുന്നില്ല. അവർ/അവ ഇന്ത്യക്കാരോ കേരളക്കാരോ അല്ല. അവയ്ക്ക് ആനന്ദം നല്കുന്ന പ്രദേശങ്ങളിൽ ജീവിക്കണം എന്നേയുള്ളൂ.

മനുഷ്യരെയും മറ്റുള്ള ജീവികളെയും വേറിട്ടുനിര്ത്തുന്നത് ദൈവം മനുഷ്യനു മാത്രം നല്കുന്ന ശാസ്ത്രജ്ഞാനമാണ്. ദൈവം അനുഗ്രഹിച്ചുനല്കിയിട്ടുള്ള ശാസ്ത്രജ്ഞാനത്തെ അനേകം മനുഷ്യർ തങ്ങൾ സൃഷ്ടിക്കുന്ന ശക്തി എന്നപോലെ കണക്കാക്കുകയും വിവേചനശക്തി എന്നു പേരിടുകയുമൊക്കെ ചെയ്യുന്നുണ്ട്. അക്കാര്യം ഇവിടെ വിസ്തരിക്കുന്നില്ല.

കാലഘട്ടത്തിനൊത്ത് മഹാപ്രപഞ്ചത്തിന്റെ
മഹാശാസ്ത്രപാഠങ്ങളെ ഒന്നൊന്നായി
വെളിവായിക്കിട്ടുന്ന മനുഷ്യൻ മാത്രമാണ്
മഹാശാസ്ത്രത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട്
അനന്തങ്ങളെന്നോണമുള്ള ഭൗതിക സുഖങ്ങള്
നേടുന്നത്. വര്ദ്ധിച്ച ഭൗതികസുഖങ്ങള് നേടുന്ന
മനുഷ്യരുടെ ഇടയില് മാത്രമാണ് ദേശീയത, വംശം,
വര്ണ്ണം, സൗന്ദര്യം, ഭാഷ, ആരോഗ്യം, ബുദ്ധിശക്തി,
തൊഴില്, മത-ദൈവ വിശ്വാസകാര്യങ്ങള്
തുടങ്ങിയവയുടെ പേരില് മത്സരങ്ങളും
മദ്യക്കൂത്തുകളും കലഹങ്ങളും ലഹളകളും
യുദ്ധങ്ങളും ജീവിതത്തെ
അസമാധാനപ്പെടുത്തുകയും ദുരിതപ്പെടുത്തുകയും
ചെയ്യുന്ന മറ്റു ഭീകരപ്രവര്ത്തനങ്ങളുമുള്ളത്.

കാലഘട്ടത്തിനൊത്തും മഹാശാസ്ത്രപാഠങ്ങൾ
വെളിപ്പെടുന്ന മുറയ്ക്കും മനുഷ്യൻ
ധര്മ്മശാസ്ത്രപരമായി ജീവിച്ചാൽ എന്താണ്
സംഭവിക്കുക ? മോട്ടോര് വാഹനങ്ങള്, ട്രെയിന്,
കപ്പല്, വിമാനം, യന്ത്രങ്ങള്, സിനിമ, ടെലിവിഷന്,
കമ്പ്യൂട്ടര്, തുടങ്ങിയവ ഒരേ ശാസ്ത്രപ്രകാരം
ഭൂമിയിലെങ്ങും പ്രവര്ത്തിക്കുമ്പോലെ, ദൈവ-
വിശ്വാസകാര്യങ്ങള്, സാമ്പത്തികം, വിഷയജ്ഞാനം
തുടങ്ങിയ കാര്യങ്ങളെയെല്ലാം ശാസ്ത്രപരമായി
വിശകലനം ചെയ്യുകയും, ശാസ്ത്രപരമായി
വിശ്വസിക്കുകയും, ഒരേ ദൈവത്തിന്റെ

കുഞ്ഞുങ്ങളാണ് ഭൂമിയിലുള്ള എല്ലാവരും എന്ന തിരിച്ചറിവോടെ സഹായിക്കുകയും സഹകരിക്കുകയും സ്നേഹിക്കുകയും ചെയ്ത് സമാധാനപരമായും സന്തോഷത്തോടെയും ജീവിക്കുകയും ചെയ്യുമായിരുന്നു.
വെളിവായിക്കിട്ടുന്ന ശാസ്ത്രപാഠങ്ങളെ ഒരേ ഭൂമിയിലുള്ള ഒരേ ദൈവത്തിന്റെ മക്കള് എന്ന തിരിച്ചറിവോടെ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളവർ പങ്കുവയ്ക്കുമ്പോൾ, ലഭിച്ചു കഴിഞ്ഞ ശാസ്ത്രപാഠം അന്വേഷിച്ച് മറ്റുള്ളവര് (മറ്റു രാജ്യക്കാര്) വീണ്ടും ഗവേഷണം നടത്തേണ്ടി വരില്ല; ആയുധ നിര്മ്മാണം, യുദ്ധം തുടങ്ങിയ നീചകാര്യങ്ങളും ആവശ്യമാവില്ല. നേട്ടങ്ങളുടെ മാത്രം പട്ടികയാണ് ലഭിക്കുക, വളരെ നീണ്ട പട്ടിക. ശാസ്ത്ര പാഠങ്ങള് വര്ദ്ധിച്ചു ലഭ്യമായ മുറയ്ക്ക് മത -ദൈവ വിശ്വാസ കാര്യങ്ങളിലും ദേശീയത, വംശം, വര്ണ്ണം, സൗന്ദര്യം, ഭാഷ, ആരോഗ്യം, ബുദ്ധിശക്തി, തൊഴില്, തുടങ്ങിയ കാര്യങ്ങളിലും മനുഷ്യര് അന്തര്ദ്ദേശീയരാവേണ്ടിയിരുന്നു അഥവാ ഭൂമിയുടെ സന്തതി എന്ന നിലയ്ക്ക് ഓരോരുത്തരും ഭൂമ്യൻ ആവേണ്ടിയിരുന്നു അഥവാ ആവണം എന്നതാണ് ചുരുക്കം. ബുദ്ധിശക്തി, സാമ്പത്തികശക്തി തുടങ്ങിയവ മഹാനീതിശാസ്ത്രപ്രകാരം വര്ദ്ധിച്ച അളവില് ലഭിച്ച മനുഷ്യര് മുന്കൈയ്യെടുത്ത് ഒരേ ഭൂമിയിലുള്ള ഒരേ ദൈവത്തിന്റെ മക്കള് എന്ന അവസ്ഥ സൃഷ്ടിച്ചില്ലെങ്കില്,

എങ്ങനെയെങ്കിലുമൊക്കെ മനുഷ്യര് ജീവിച്ചുകൊള്ളട്ടെ എന്നതല്ല ദൈവത്തിന്റെ നിലപാട്. മഹാശാസ്ത്ര പ്രകാരം, ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാക്കുകയും ഒരേ ഭൂമിയിലുള്ള ഒരേ ദൈവത്തിന്റെ മക്കൾ എന്ന അവസ്ഥ ദൈവം തന്നെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ ഇടയിൽ സൃഷ്ടിക്കുകയും, കാലം, ശാസ്ത്രം, അന്തര്ദ്ദേശീയത എന്നിവയെ കൂട്ടിയിണക്കിക്കൊണ്ട് ഭീകരവാദത്തെ ദൈവം ഇല്ലാതാക്കുകയും ചെയ്യുന്നതാണ്.

ദൈവം ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാക്കുമ്പോള് ഉണ്ടാകുന്ന മാറ്റങ്ങളെപ്പറ്റി ഗ്രന്ഥത്തിന്റെ മറ്റു ഭാഗങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് പുണ്യം, പാപം എന്നിവകളുടെ ഗൗരവം നിമിത്തം ഭരണച്ചുമതല അഥവാ രാജപദവി ഏറ്റെടുക്കാൻ മടിക്കുന്നവരും ഭയക്കുന്നവരുമായ ആളുകളിൽ നിന്ന് ഏറ്റവും യോഗ്യമായവരെ തിരഞ്ഞെടുക്കുവാൻ ദൈവം സഹായിക്കുന്നതാണ്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തിലെ ഉള്ളടക്കം മനുഷ്യരെ ദേശസീമകൾക്ക് അതീതമായി ബന്ധിപ്പിക്കുന്നതാണ്. നാട്ടിലെ ജനങ്ങള്ക്ക് നല്ലതു ചെയ്യുന്നയാളാണ് നല്ല ഭരണാധികാരി എന്നതുകൂടി

വെളിവാക്കപ്പെടുന്നുണ്ട്. അതായത്,
ജനനകാര്യങ്ങളെ ആസ്പദമാക്കി
തമിഴ്നാട്ടുകാരനെയോ മറ്റു ദേശക്കാരനെയോ
അന്യനായി കാണുന്നതും, അയാൾ ദേശത്തിലെ
ഭരണാധികാരിയാകുന്നത് പൊങ്ങച്ച-അധമ
നയങ്ങൾ പ്രകാരം മോശമെന്നു
കണക്കാക്കുന്നതുമായ രീതികൾ
അസ്തമിക്കുന്നതാണ്.

നല്ലതു ചെയ്യുന്നവൻ നല്ലവൻ.

ഉദാഹരണത്തിന്, കേരളത്തിലെ ജനങ്ങളുടെ
ജീവിതത്തെ കഷ്ടപ്പെടുത്തുന്ന കേരളക്കാരനെന്നു
കരുതപ്പെടുന്ന ഭരണാധികാരിയെ കശ്മലൻ എന്നു
മനസ്സിലാക്കി മാറ്റി നിര്ത്തേണ്ടതുണ്ട്
എന്നിങ്ങനെയാണ് വിഷയത്തെ വ്യാഖ്യാനിക്കേണ്ടത്.
മറ്റൊരുവിധത്തിൽ പറഞ്ഞാൽ, **മനുഷ്യരെല്ലാം ഗാന്ധിയെപ്പോലെ തങ്ങളുടെ നാട് ഭൂമിയാണെന്ന് മനസ്സിലാക്കണം.**

ഇന്ത്യക്കാരനാവുന്നതും,
തമിഴ്നാട്ടുകാരനാവുന്നതും,
കേരളക്കാരനാകുന്നതും പിന്നീട് മാത്രമാണ്. **ജനിച്ച കുഞ്ഞുങ്ങളെല്ലാം തന്നെ തങ്ങളുടെ മാതാവിനെയും പിതാവിനെയും ഭാഷയെയും ദേശത്തിനെയും ഒക്കെ തിരിച്ചറിയുന്നത്,**

ജനിച്ചിട്ട് എത്രയോ ദിവസങ്ങളും മാസങ്ങളും വര്ഷങ്ങളും കഴിഞ്ഞു മാത്രമാണെന്നത് തിരിച്ചറിയണം. താൻ കേരളം എന്ന പേരുള്ള ഒരു പ്രദേശത്തിലാണെന്നോ, കേരളമെന്നത് ഇന്ത്യ എന്ന ഒരു വലിയ രാജ്യത്തിന്റെ ഭാഗമാണെന്നോ ഒക്കെ ഒരു കുഞ്ഞ് - കുട്ടി തിരിച്ചറിയുന്നത് എത്രയോ കാലം കഴിഞ്ഞാണ്. കുട്ടികളിൽ ദേശ-വിഷം കുത്തിവെയ്ക്കുന്നതും മുതിര്ന്നവരാണ് എന്നാണ് അതിന്നര്ത്ഥം.

ദേശഭക്തി ഗാനങ്ങൾക്കു പകരം

ഭൂമി-ഭക്തി ഗാനങ്ങൾ ഉണ്ടാവുന്നതാണ്.

രാജ്യങ്ങളിലെല്ലാം ഇന്നുള്ള ദേശഭക്തി ഗാനങ്ങളെല്ലാം അധമങ്ങളാണ്.

തമിഴ് സംസാരിക്കുന്നവരെല്ലാം
തമിഴ്നാട്ടുകാരല്ല ; മലയാളം
സംസാരിക്കുന്നവരെല്ലാം മലയാളികളോ
കേരളീയരോ അല്ല ; ഇംഗ്ലീഷ്
സംസാരിക്കുന്നവരെല്ലാം ഇംഗ്ലണ്ടുകാരല്ല
എന്നതുമായി ബന്ധപ്പെട്ട ചില വിശദീകരണങ്ങള്

കൂടി നല്കാം. ഭൂമിയിലെ മനുഷ്യരെല്ലാം യോജിക്കേണ്ടതും അന്യോന്യം സ്നേഹിക്കേണ്ടതും സഹായിക്കേണ്ടതും സഹകരിക്കേണ്ടതും ഭൂമിയിലെ ഏതെങ്കിലും (പ്രത്യേക) പ്രദേശത്തിൽ ജീവിക്കുന്നവർ എന്ന പ്രകാരമായിക്കൂടാ. ശരീരനിറം, സൗന്ദര്യം, ഉയരം, വണ്ണം, ആരോഗ്യം, തൊഴിൽ, വിനോദം, വംശം, ഭാഷ, ശാസ്ത്രജ്ഞാനം തുടങ്ങിയവയുടെ അടിസ്ഥാനത്തിലും അരുത്.

ഭൂമി എന്ന ദൈവത്തിന്റെ മക്കളെന്ന കണക്കിനാവണം. അഥവാ ഒരേ ദൈവം സൃഷ്ടിച്ചിട്ടുള്ളതായ ഒരേ ഭൂമിയിൽ ജീവിക്കുന്നവരായ ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്ന കണക്കിനാവണം.

നൂറ്റാണ്ടുകള്ക്കു മുമ്പു ജീവിച്ചിരുന്നവരുടെ പിന്ഗാമികളാണ് ഇന്നു ജീവിക്കുന്നവർ എന്ന അശാസ്ത്രീയ ചിന്താരീതികള് വിഷയത്തില് കലര്ത്തുമ്പോൾ, ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്ന പരമസത്യത്തിൽ നിന്നും മനുഷ്യർ അകലുകയാണ്. പാടില്ല.

ഓംകാര നീതി ശാസ്ത്ര പ്രകാരം ദേശവും ഭാഷയും ശൈലിയും സാമ്പത്തിക

അവസ്ഥയും മറ്റും സമ്പൂർണ്ണമായി ഓരോ മനുഷ്യന്റെയും കാര്യത്തിൽ വ്യത്യാസപ്പെടുമ്പോൾ, പിൻഗാമി വാദം അസംബന്ധമാണെന്ന് തിരിച്ചറിയുക.

ഉടൻ തിരുത്തേണ്ടത് സ്വന്തം ആവശ്യമാണെന്ന് തിരിച്ചറിയണം. ഗ്രന്ഥത്തിൽ പ്രത്യേകം അദ്ധ്യായമായി വിശദീകരിച്ചിട്ടുള്ള ഓംകാര നീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം പഠിക്കുമ്പോള്, വംശങ്ങളുടെ പേരിലും പ്രദേശങ്ങളുടെ പേരിലും മറ്റും ഇന്നു കാട്ടിക്കൂട്ടുന്ന പ്രവൃത്തികളുടെ ഹീനത്വം എത്ര ഭീമമാണെന്ന് ബോദ്ധ്യമാകുന്നതാണ്.

ഒരു ചിലര്ക്ക് വിഷയങ്ങളില് ധാര്മ്മിക അപചയം സംഭവിക്കുമ്പോള്, അവരെ ധാര്മ്മികമായി തിരുത്തുവാൻ ബാദ്ധ്യതയുള്ളവർ പോലും അതുചെയ്യാതെ പകരം കൂടുതൽ വിഷം കലര്ത്തുകയും പ്രശ്നത്തെ കൂടുതല് സങ്കീര്ണ്ണമാക്കുകയും ചെയ്യുന്ന രീതി ഭൂമിയിലെങ്ങും ഇന്നു വ്യാപിച്ചിരിക്കുകയാണ്.

ദൈവം മനുഷ്യന് അറിവുകള് കൂടുതല് നല്കിയപ്പോള്, അവകൊണ്ട് എങ്ങനെ അപകടങ്ങളുണ്ടാക്കാം, ജീവിതത്തെ ദുസ്വാര്ത്ഥമാക്കാം എന്നൊക്കെയാണ് ചിന്തിച്ചുകൂട്ടിയതും പ്രവര്ത്തിച്ചുകൂട്ടിയതും. മാത്രമല്ല, അടിസ്ഥാനപരമായി യാതൊരാള്ക്കും ഭൂമിയുടെ യാതൊരു പ്രദേശത്തിന്മേലും അഥവാ അംശത്തിന്മേലും യാതൊരു അവകാശവുമില്ല. തന്റേതെന്ന് കരുതുന്ന ശരീരത്തെപ്പോലും മരണത്തോടെ ഉപേക്ഷിച്ച് യാത്ര തുടരേണ്ടവരായ ജീവാത്മാക്കള് യാതൊരു കാര്യവുമില്ലാതെ പ്രദേശങ്ങളുടെ പേരിൽ ഊറ്റം കൊള്ളരുത്. ഭൂമിയെ സൃഷ്ടിച്ചിട്ടുള്ള ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് ദൈവത്തിന്റെ ഖര-രൂപം കൂടിയായ ഭൂമി. മഹത്വം എപ്പോഴും ദൈവത്തിനു മാത്രമാണ്. ദൈവത്തിന്റെ ഖര-രൂപമെന്ന നിലയില് ഭൂമിക്കു മുഴുവനും മഹത്വം ഉണ്ടെന്നിരിക്കെ പ്രദേശങ്ങളുടെ പേരിൽ അവിശുദ്ധമായ വിചാരങ്ങളും സംഭാഷണങ്ങളും പ്രവൃത്തികളും അരുത്. ..

പ്രദേശികത, ദേശീയത തുടങ്ങിയവ മാറിക്കൊണ്ട്, മനുഷ്യരില് അന്തര്ദ്ദേശീയത വരുമ്പോള്, തങ്ങൾ താമസിക്കുന്ന ദേശത്തോട് സ്നേഹം കുറയുന്ന അവസ്ഥ ഉണ്ടാകുന്നതല്ല, ഉണ്ടാവരുത്. ദൈവത്തിന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും അനന്തമായ ആനന്ദങ്ങളെ നല്കുന്നതായ, ദൈവത്തിന്റെ മഹാ-ഖരരൂപമായ ഭൂമിയെ സ്നേഹിക്കുക. ഭൂമിയാണ് എല്ലാ ആനന്ദങ്ങളും നല്കുന്നത്. മനുഷ്യരുടെ ശരീരവും ഭൂമി തന്നെ. ശരീരത്തിലുള്ള സമസ്ത മൂലകങ്ങളും, സംയുക്തങ്ങളുമെല്ലാം ഭൂമിയിലുള്ളവ തന്നെയെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു. മരിക്കുമ്പോള്, ഭൂമി, ജീവാത്മാവിന് മറ്റൊരു ശരീരത്തെ നല്കുന്നത് ഭൂമിയിലെ മറ്റൊരു ദേശത്താകാം. ഭൂമി ദൈവത്തിന്റെ മഹാ-ശരീരം ആണെന്നിരിക്കെ മഹാ-ശരീരത്തിന്റെ ഒരു ഭാഗത്തെ നല്ലതെന്നും മറ്റൊരു ഭാഗത്തെ മോശമെന്നും കരുതരുത്.

മുഖ സൗന്ദര്യമാണ് ഏറ്റവും പ്രധാനം, ശരി തന്നെ. പാസ്പോര്ട്ട് ഉള്പ്പെടെയുള്ള അനേകം രേഖകളില് മുഖത്തിന്റെ ഫോട്ടോ മാത്രമാണ് ഉപയോഗിക്കുന്നത്; കാല്പ്പാദങ്ങളുടെയോ കൈപ്പത്തിയുടെയോ അല്ല. എന്നാല് കാല്പ്പാദമോ, കാലുകളോ, പൃഷ്ഠമോ മോശമാണെന്നോ, വേണ്ടായെന്നോ മനുഷ്യര് പറയുമോ .... ചന്തി എന്നു പറയുന്ന കുണ്ടി ഇല്ലാതെ ജീവിക്കാന് കഴിയുമോ. തറയില് ഇരിക്കുമ്പോഴും, കസേരയില് ഇരിക്കുമ്പോഴും, കട്ടിലില് കിടക്കുമ്പോഴും, ആദ്യം കുണ്ടി ഉറപ്പിക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങളേ, ഓരോ ശരീര ഭാഗങ്ങളും ഓരോരോ തരത്തില് സുപ്രധാനങ്ങള് തന്നെയാണ്. ദൈവത്തിന്റെ മഹാശരീരമായി ഭൂമിയെയും മഹാപ്രപഞ്ചത്തെയും തിരിച്ചറിയണം. യാതൊരു ദേശത്തെയും മോശമെന്നോ, ചിലവയെ മാത്രം ശ്രേഷ്ഠമെന്നോ കരുതരുത്. ദൈവനിന്ദ ചെയ്യരുത്. എല്ലാ ദേശങ്ങളെയും സ്നേഹിക്കുന്നവരായി, പോരാ, എല്ലാ ദേശങ്ങളെയും ഒരുപോലെ സ്നേഹിക്കുന്നവരായി ഉയരുവിൻ.

ദൈവ വിപ്ലവം

ഓം

മഹാശാസ്ത്ര-മൂലമാണ്

സൃഷ്ടി മന്ത്രമാണ് ആദിവചനമാണ്

ശബ്ദ ബ്രഹ്മമാണ് അക്ഷര ബ്രഹ്മമാണ്

ദൈവത്തിന്റെ മഹാചിരിയാണ്

സംഹാര കാഹളമാണ്

ഭൂമിയിലെങ്ങും 3- 33 വർഷക്കാലം മുഴങ്ങുന്നതാണ്.

ദൈവ-വിപ്ലവത്തിൽ ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും,

മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ!

ധര്മ്മശാസ്ത്രത്തെ പിൻപറ്റുന്നവർക്ക് ഓം , മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും,

തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ

തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വർഷങ്ങൾ/മാസങ്ങൾ വിഷമിക്കുകയുംചെയ്യും.

ദൈവവിപ്ലവം

മഹാശാസ്ത്രപരം മാത്രമാണ്.

യഥാർത്ഥമായ ജനാധിപത്യസമ്പ്രദായം, ധർമ്മശാസ്ത്രപരമായ (ദൈവീകമായ) രാജഭരണത്തിലൂടെ ഭൂമിയിലെങ്ങും സ്ഥാപിതമാകുന്നതാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

സംഹാരം

മഹാശക്തിയായ മഹാദേവി,

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം

എന്ന സംഹാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ഭാഗവും പ്രതിനിധിയും മഹാദാസനുമായ പരമശിവനെ സംഹാരദേവനായി മഹാനിയമിച്ചിരിക്കുന്നു.

മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാഅനുഗ്രഹിച്ച പരമശിവന്റെ നാവിൽ കുറിച്ചിട്ടുള്ള അടിസ്ഥാന അക്ഷരബ്രഹ്മമായ 3, നാവിന്റെ ഉള്ളിലേക്കായാണ് മഹാ-കുറിച്ചിട്ടുള്ളത്. സംഹാരം നടക്കുമ്പോൾ പരമശിവന്റെ വായിലേക്കാണ്

ഓരോ മനുഷ്യന്റെയും ജീവാത്മാവ് ആദ്യം പ്രവേശിക്കുന്നത്.

പരമശിവന്റെ നാവിലുള്ള 3 എന്ന
അക്ഷരബ്രഹ്മമായ ഓം

ജീവാത്മാവിനെ പരമശിവന്റെ ഹൃദയത്തോടു
ചേർന്നു പ്രവർത്തിക്കുന്നതായ

മഹാദേവിയുടെ മഹാഹൃദയമായ
ഓംകാരത്തിലേക്ക് നയിക്കുന്നു.

ഓംകാരം കൂടിയായ മഹാദേവി,
ഓംകാരനീതിശാസ്ത്ര പ്രകാരം,

മനുഷ്യന്റെ ജീവാത്മാവിന് മോക്ഷം എന്ന

ആത്മീയ-സാക്ഷാത്ക്കാരം

എന്ന പരബ്രഹ്മാനന്ദം എന്ന



നക്ഷത്രമായി മഹാഅനുഗ്രഹിച്ച്
ആകാശത്തിലേക്ക് ഉയർത്തുന്നു.

(ആദ്യമഹാകാലചക്രത്തിൽ സംഹാര കാര്യങ്ങൾക്കായി

സംഹാരദേവി എന്ന പേരിൽ,

മഹാദേവിയുടെ ഒരു ഭാഗം വേർതിരിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. നാവ് പുറത്തേയ്ക്കിട്ടും അനേകം കൈകളോടെയും കൈകളിൽ ആയുധങ്ങളോടെയും ശിവന്റെ നെഞ്ചിൽ ഒരു കാൽ ചവിട്ടിയും നിൽക്കുന്ന ഭദ്രകാളിയെന്ന് അറിയപ്പെടുന്ന മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയുടെ ചിത്രങ്ങളും വിഗ്രഹങ്ങളും ഏറെയുണ്ട്. സംഹാരദേവി പുറത്തേയ്ക്കിടുന്ന നാവ് സംഹാരത്തിനുള്ളതാണ്.

മഹാസൃഷ്ടിചക്രം മുതൽ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായി മഹാശോഭിക്കുമ്പോൾ, മഹാനീതിനിർവ്വഹണത്തിലെ വളരെച്ചെറിയൊരു ഭാഗം മാത്രമായ സംഹാര കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നത് പരമശിവനിലൂടെയാണ്. സംഹാരദേവിയെ പരമശിവനിലേക്ക് ചേർക്കുകയാൽ മേലിൽ സംഹാരദേവി ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല, സംഹാരം ചെയ്യുമ്പോഴും മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ചും, പരമശിവന്റെ നാവും പുറത്തേയ്ക്ക് നീളുന്നതാണ്. അറിയുക: സംഹാരദേവി മഹാഭദ്രകാളിയല്ല. മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ആരാണോ, ആരിൽ ഭദ്രമായിരിക്കുന്നുവോ, ഭദ്രമാക്കാൻ കഴിവുള്ളതാരോ, ആ മഹാശക്തിയാണ് മഹാഭദ്രകാളി. മഹാദേവിയാണ് മഹാഭദ്രകാളി.)

ഗ്രന്ഥത്തിലെ പേജുകളെ സശ്രദ്ധം
വായിച്ചുവന്ന കുഞ്ഞുങ്ങളോട് ഇനി ഒരു കാര്യം
ചോദിച്ചുകൊള്ളട്ടെ. മഹാമാതാവായിക്കൊണ്ട്
മഹാശാസ്ത്രവും മഹാപ്രപഞ്ചവും
മഹാആവിഷ്ക്കരിച്ച് ജീവികളെയെല്ലാം
സൃഷ്ടിക്കുകയും, തന്റെ കുഞ്ഞുങ്ങളായി
ജീവികളെയെല്ലാം മഹാകരുതുകയും, ഒരു
മഹാജീവിയായിക്കൊണ്ട്
കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിക്കുകയും,
കുഞ്ഞുങ്ങൾക്ക് താൻ നൽകുന്ന
മഹാവാത്സല്യത്തെ തന്റെ മഹാആനന്ദമായിട്ട്

മഹാനിശ്ചയിക്കുകയും, മഹാനീതിപതി
കൂടിയായിക്കൊണ്ട് എല്ലാ കുഞ്ഞുങ്ങൾക്കും
മഹാസമനീതി നൽകുകയും, അനന്തമായ
മഹാ-ആനന്ദങ്ങളെ ഭൂമിയിൽ വച്ച്
കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്തുകയും,
ആത്മീയ-സാക്ഷാത്ക്കാരത്തിൽ
കുഞ്ഞുങ്ങൾക്കെല്ലാം അനന്തമായ മഹാ-
ആനന്ദങ്ങളെ അനന്തകാലത്തേയ്ക്ക്
മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്ന
മഹാശക്തിയായ ദൈവത്തിന്റെ
മഹാഇഷ്ടമനുസരിച്ച് ജീവിക്കേണ്ടേ ?

കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്രപ്രകാരം പരമാനന്ദത്തോടെ ജീവിച്ചുകാണാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്.

(കുഞ്ഞുങ്ങളുടെ ആഗ്രഹത്തിനു വഴങ്ങി, മഹാദേവിയെ ആരാധിച്ച് സ്നേഹവും നന്ദിയും പ്രകാശിപ്പിക്കാൻ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്ന ഏകജന്മത്തിൽ 50 വയസ്സിനു മേൽ മാത്രം കുഞ്ഞുങ്ങൾക്കെല്ലാം മഹാഅനുവാദമുണ്ട്.)

മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാദേവനുമായ മഹാദേവി, മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും മഹാസൃഷ്ടിക്കുകയും മഹാവാത്സല്യത്തെ നൽകി മഹാപരിപാലിക്കുകയും ചെയ്യുന്നത് ആർക്കു വേണ്ടിയാണ് ?

മഹാപിതാവും മഹാമാതാവുമായ മഹാദേവി സർവ്വതും ചെയ്യുന്നത് കുഞ്ഞുങ്ങളായ നിങ്ങൾ ഓരോരുത്തർക്കും വേണ്ടിയാണ്.

കുഞ്ഞുങ്ങൾ ചെയ്യേണ്ടതോ ?

ധർമ്മശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കണം എന്നതു മാത്രം.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.

പരമശിവനും, ക്രൈസ്റ്റും, യഥാർത്ഥ മുഹമ്മദും ഒരാൾ തന്നെയാണെന്ന് ഇ-മഹാഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാനിയമിച്ചിട്ടുള്ള പരമശിവനിലൂടെ ജീവികൾക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം നൽകുമ്പോൾ, അവനിലൂടെ മാത്രമേ മനുഷ്യർക്കു മോചനമുള്ളൂ എന്ന ക്രൈസ്തവ-വചനം ശരിവെയ്ക്കപ്പെടുന്നുണ്ട്. അതേ സമയം, അവനിലൂടെ അഥവാ പരമശിവനിലൂടെ, എന്നു പറയുമ്പോൾ, പരമശിവനാണ് ആത്മീയ സാക്ഷാത്ക്കാരം നല്കുന്നത് എന്ന അർത്ഥമില്ലായെന്നും, പരമശിവനല്ല നൽകുന്നതെന്നും, പരമശിവൻ - ലൂടെ മാത്രമാണെന്നും അറിഞ്ഞുകൊള്ളണം.

മഹാശക്തിയായ മഹാദേവി, എന്തിന് പരമശിവനിലൂടെ ആത്മീയ സാക്ഷാത്ക്കാരം നൽകുന്നു എന്നതും, പരമശിവനെ എന്തിന് മദ്ധ്യത്തിൽ കൊണ്ടുവന്നിരിക്കുന്നു എന്നതും അറിയിക്കേണ്ടതുണ്ട്. ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായത്തിൽ മഹാശക്തിയായ മഹാദേവി, തന്റെ മഹാദാസനായ പരമശിവന് അർദ്ധമഹാദേവീ രൂപം നൽകിക്കൊണ്ട് പരമശിവനിലൂടെ എല്ലാ മനുഷ്യർക്കും മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന്റെ വിശദീകരണമാണ് ഇവിടെയും പ്രസക്തമാവുന്നത്.

പരമശിവൻ -ലൂടെ മാത്രമാണെന്നു പറയുമ്പോൾ അത് മഹാദാസനായ പരമശിവൻ തന്നെപ്പറ്റി പുലർത്തുന്നതും പുലർത്തേണ്ടുന്നതുമായ മഹാദാസ-ഭാവം മാത്രമാണ്. എന്തുകൊണ്ടെന്നാൽ തന്റെ ഏകദാസനും മഹാദാസനുമായ പരമശിവന് മഹാശക്തിയായ മഹാദേവി മഹാകല്പിച്ചിരിക്കുന്നത് മഹാപദവിയും മഹാപങ്കാളിത്തവുമാണ്. വിശദീകരിക്കാം:-

ബ്രഹ്മത്തെ ഉൾക്കൊണ്ട്
പരബ്രഹ്മരൂപത്തോടെ അഥവാ
മഹാപ്രപഞ്ചരൂപത്തോടെ ദൈവം സൃഷ്ടി-
സ്ഥിതി-സംഹാരങ്ങൾ ചെയ്യുമ്പോൾ ഓരോ
അണുവിലും സ്ത്രീ-പുരുഷഭാവരൂപങ്ങളെ
പ്രകടമാക്കുന്ന മാതൃഘടകവും പിതൃഘടകവും
സൃഷ്ടിക്കുന്നുണ്ട്. എന്തും ഏതും
തനിച്ചുചെയ്യുന്ന ദൈവം,
പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നത്
വസ്തുതയാണ്, കുറ്റവും കുറവുമില്ലാത്ത
മഹാപദ്ധതിയോടെയുമാണ്. പിതൃഘടകമായി
പരമശിവനെ പരബ്രഹ്മമായ
മഹാപ്രപഞ്ചത്തിൽ ഉൾപ്പെടുത്തുകയാലും,
പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച്
മഹാപദവിയും മഹാപങ്കാളിത്തവും
നൽകിയിരിക്കുകയാലും, കുഞ്ഞുങ്ങളായ
മനുഷ്യർക്ക് ആത്മീയ സാക്ഷാത്ക്കാരം
നൽകാനായിട്ട് ഏകമഹാദൈവമായ
മഹാദേവി തയ്യാറാകുമ്പോൾ, ജീവികളുടെയും
പ്രപഞ്ചത്തിന്റെയും പിതാവായ പരമശിവനെ
ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ
ആവശ്യമാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്കും,
സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം നല്
കിക്കൊണ്ട് മഹാദേവി
മഹാആവിഷ്ക്കരിച്ചിട്ടുള്ള
മഹാശാസ്ത്രപ്രകാരം, സ്ഥിതിയുടെ

ഭാഗമായുള്ള ആത്മീയസാക്ഷാത്ക്കാരത്തിൽ
ജീവികളുടെയെല്ലാം പിതാവുകൂടിയായ
പരമശിവനെ ഉൾപ്പെടുത്തേണമെന്നത്
മഹാദേവിയുടെ മഹാപദ്ധതിയുടെ
ഭാഗവുമാണ്. ദൈവത്തിന്റെ ഏകദാസനും
മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ
ദൈവകാര്യങ്ങളുടെ ദൈവീക
നടത്തിപ്പിനായിട്ട് മഹാപ്രവർത്തിക്കുന്ന
ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും
പരമശിവനെ ഉൾപ്പെടുത്തേണ്ടത്
മഹാശാസ്ത്രപരമായ ആവശ്യമാണ്.
മഹാദേവിയുടെ മഹാജ്ഞാനത്തെയും
മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും
മഹാദേവിയെത്തന്നെയും
പ്രതിനിധീകരിക്കുവാൻ മഹാദേവി
മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവൻ,
പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ
ജീവികൾക്കെല്ലാം ആത്മീയ
സാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച്
നൽകുന്ന മഹാവേളയിൽ
ഏകമഹാശക്തിയായ മഹാദേവി
മഹാപദവിയും മഹാപങ്കാളിത്തവും
മഹാആനന്ദവും മഹാഅനുഗ്രഹിച്ചു
നൽകുകയും, പരമശിവനിലൂടെ
ഏകമഹാശക്തിയായ മഹാദേവി,
ജീവികൾക്കെല്ലാം

ആത്മീയസാക്ഷാത്ക്കാരത്തെ
മഹാഅനുഗ്രഹിച്ച് നൽകുകയും ചെയ്യുന്നു.

ഏകമഹാശക്തിയായ മഹാദേവിയാണ്
മഹാപ്രപഞ്ചത്തിന്റെ

സൃഷ്ടി, സ്ഥിതി, മഹാനീതി എന്നിവ
ചെയ്യുന്നതെന്ന് ഗ്രന്ഥത്തിന്റെ മൂന്നാം
ഭാഗത്തിൽ സുവ്യക്തമായി വിശദീകരിച്ചിട്ടുണ്ട്.
ഏകമഹാശക്തിയായ മഹാദേവി
മഹാനീതിശാസ്ത്രം പ്രകാരം
മഹാനിർവ്വഹിക്കുന്ന

മഹാനീതിയുടെ ഒരംശം മാത്രമാണ്
പരമശിവനിലൂടെ

മഹാദേവി തന്നെ മഹാനിർവ്വഹിക്കുന്ന
സംഹാരം

എന്ന ആത്മീയസാക്ഷാത്ക്കാരം എന്ന
പരബ്രഹ്മാനന്ദം എന്നറിയുമ്പോൾ,

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും,
സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും
യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാശക്തിയായ
മഹാദേവി തന്നെയാണ്.

മഹാദേവിക്കു മാത്രമേ ശക്തിയുള്ളൂ.

മഹാദേവി ശക്തി നൽകിയില്ലെങ്കിൽ പരമശിവൻ ഉൾപ്പെടെ യാതൊരാൾക്കും ഒരു പുൽക്കൊടി ഉയർത്താൻ പോലും കഴിയുന്നതല്ല.

മോക്ഷത്തെ വിശദീകരിക്കുന്ന പ്രത്യേകം അദ്ധ്യായം മൂന്നാം ഭാഗത്തിലുണ്ട്. മോക്ഷം എന്ന ആത്മീയ സാക്ഷാത്ക്കാരം എന്ന പരബ്രഹ്മാനന്ദം നേടുമ്പോൾ ജീവിയുടെ രൂപം നക്ഷത്രമാണെന്നും കൂടി വിശദീകരിച്ചിരുന്നു. ആത്മീയ സാക്ഷാത്ക്കാരം എന്ന സംഹാരത്തെ മഹാശക്തിയായ മഹാദേവി, ഏകദാസനായ പരമശിവനിലൂടെ മഹാ- നിർവ്വഹിക്കുന്നത് എങ്ങനെയെന്നും അറിയിച്ചിരിക്കുന്നു.

മഹാദേവി ഭൂമിയിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

മഹാശക്തിയായ മഹാദേവി ഉടനെ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാക്കുന്നതും ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുന്നതുമാണ്.

സംഹാരത്തിൽ ഭൂമിയിലെ
മനുഷ്യജീവിതത്തിൽ എന്തെല്ലാമാണ്
നടക്കുന്നതെന്ന് ഗ്രന്ഥത്തിലെ നിരവധി
അദ്ധ്യായങ്ങളിൽ സൂചിപ്പിക്കുകയുണ്ടായി.

മായ പ്രത്യക്ഷമാക്കിയിട്ട് 500 വർഷങ്ങൾക്കു
ശേഷം മാത്രം ആരംഭിക്കുന്ന
സംഹാരത്തെപ്പറ്റി കൂടുതൽ
വിശദീകരിക്കേണ്ടതില്ല.

മഹാദേവി ഏതാനും മഹാപാഠങ്ങളെ
വൈകാതെ വെളിപ്പെടുത്തുന്നതാണ്.
ആദിയും അന്തവും ഇല്ലാത്ത
മഹാജ്ഞാനം എന്ന മഹാശാസ്ത്രം
പുതിയ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു
തുടരുന്നതാണ്. ശേഷം ദൈവശാസ്ത്ര
ഗ്രന്ഥങ്ങളെയും അഥവാ വേദങ്ങളെയും കൂടി
പ്രായേണ മഹാശക്തിയായ മഹാദേവി
സംഹരിക്കുന്നതാണെന്നും കുഞ്ഞുങ്ങളെല്ലാം
അറിഞ്ഞുകൊള്ളണം.

എന്ന്, മഹാദേവിക്കുവേണ്ടി,
മഹാകല്പനപ്രകാരം, മഹാദാസനായ
പരമശിവൻ

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.

പരമശിവൻ







പരമശിവൻ
ഏകദാസൻ, മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
മഹാദേവൻ

മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിക്കഴിഞ്ഞു, അവതാരം പൂർണ്ണമായോ എന്ന് മഹാദാസനായ പരമശിവന് അറിയില്ല; അറിയിച്ചിട്ടില്ല !

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ബ്രഹ്മം, മഹാപ്രപഞ്ച സൃഷ്ടി, ഓം, ഓംകാരം എന്നീ അദ്ധ്യായങ്ങളെ ആഴത്തിൽ ഹൃദയത്തിലേക്ക് പ്രവേശിപ്പിക്കുവാൻ ഭാഗ്യമുണ്ടാകുന്നവർക്ക് ഈ അദ്ധ്യായം സുഗമമാണ്.

വസ്തുക്കളുടെ പരമാണുവിൽ മഹാചിരിയായ ഓം മുഴങ്ങുന്നത് പരമഗൂഢമാക്കിയിട്ടുള്ളത് ബഹുവിധത്തിൽ ആവശ്യമാണെന്നും, കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപദ്ധതി തന്നെയാണ് അതെന്നും ഓം എന്ന അദ്ധ്യായം പഠിക്കാൻ ഭാഗ്യമുണ്ടാകുന്നവര്ക്കെല്ലാം ബോദ്ധ്യമാകുന്നതാണ്. ഓം, ഓംകാരം, ഓംകാരനീതിശാസ്ത്രം (മഹാനീതിശാസ്ത്രം) എന്നീ 3 അദ്ധ്യായങ്ങളെ ദൈവീക തലത്തിൽ സുപ്രധാനമായവ എന്നു കണക്കാക്കുമ്പോൾ, മാനുഷികതലത്തിൽ ഈ ഗ്രന്ഥത്തിലെ സുപ്രധാനമായ അദ്ധ്യായം ഇതാണ്.

ഒരുപക്ഷേ, പരമാണുവിൽ മുഴങ്ങുന്നതായ ഓം എന്ന മഹാചിരിയെ വെളിപ്പെടുത്തുന്നതിനേക്കാൾ കഠിനമാണ് മഹാവിഷയത്തെ അവതരിപ്പിക്കുന്നത്. ആകയാല് മുഖവുരയായി ചില കാര്യങ്ങള് പറയേണ്ടതുണ്ട്. അവയെല്ലാം ഉള്ക്കൊണ്ടു മാത്രമേ അദ്ധ്യായത്തെ പഠിക്കാൻ പാടുള്ളൂ. അമിതാവേശം കൊണ്ടോ, സംവാദ - വിവാദ താല്പര്യംകൊണ്ടോ എല്ലാ മനുഷ്യരുടെയും സൃഷ്ടികര്ത്താവായ ദൈവത്തിന്റെ മഹാകാര്യങ്ങളിൽ അധമങ്ങളായ അഭിപ്രായങ്ങൾ പറഞ്ഞ് ദൈവനിന്ദ ചെയ്യുന്നവരായി യാതൊരു മനുഷ്യരും തരംതാണുകൂടാ. മഹാകാര്യങ്ങളെ ശാസ്ത്രപരമായി വിശകലനം ചെയ്യുകയാവണം സമീപനരീതി. സത്യത്തെ മറയ്ക്കാനോ വധിക്കാനോ ആവില്ല എന്നത് മഹാസത്യമാണ്, ശാസ്ത്രമാണ്. അങ്ങനെയിരിക്കെ യാതൊരാളും ദയവായി ദൈവനിന്ദ ചെയ്യരുത്. ചുവടെ വിശദീകരിച്ചിട്ടുള്ള മഹാകാര്യങ്ങളെ ശാസ്ത്രപരമായി പരിശോധിച്ച ശേഷം, കഴിയുമെങ്കിൽ, ശാസ്ത്രപരമായിമാത്രം ഗ്രന്ഥകാരനെ (മാത്രം) അപഹസിക്കാവുന്നതാണ്.

അദ്ധ്യായത്തിന്റെ ഉള്ളടക്കത്തെ 14 വിഭാഗങ്ങളിലായി തിരിക്കുന്നുണ്ട്. ചില വചനങ്ങള് ആവര്ത്തിക്കുന്ന രീതി ഈ അദ്ധ്യായത്തിൽ കൂടുതലായുണ്ടാവും.
മഹാശാസ്ത്രനിയമങ്ങളെ ഉള്ക്കൊള്ളുക എന്നത് ജന്മങ്ങളുടെ വര്ദ്ധിച്ച എണ്ണംകൊണ്ടും മഹാനീതി-കാര്യങ്ങള്കൊണ്ടും ഭാഗ്യം ഉള്ളവര്ക്കു മാത്രമേ സുഗമം ആവുകയുള്ളൂ. അതുകൊണ്ടാണ് മുഖ്യമായും ആവര്ത്തനങ്ങൾ ആവശ്യമാകുന്നത്; ഗ്രന്ഥകാരന് ഭാഷയില് ഇന്നുള്ള സാമര്ത്ഥ്യ-ക്കുറവും തീര്ച്ചയായും ഒരു കാരണമാണ്. സമ്പൂര്ണ്ണ മഹാശാസ്ത്രം അവതരിപ്പിക്കുമ്പോള്, മതവിമര്ശനങ്ങള്, രാഷ്ട്രീയ വിമർശനങ്ങൾ, വചന-ആവർത്തനങ്ങൾ, തുടങ്ങിയവ ആവശ്യമാകുന്നില്ല, ആകയാൽ ഉണ്ടാവുകയുമില്ല .... !

(1) ദൈവം മഹാശക്തിയാണ് എന്നു സുവ്യക്തമാക്കുന്നു, (2) സുമാർ 4 പതിറ്റാണ്ടുകളിലേറെയുള്ള ഗ്രന്ഥകാരന്റെ ദൈവശാസ്ത്രഗവേഷണവും ദൈവീക വെളിപാടുകളും ദിവ്യാനുഭവങ്ങളും മഹാ-അളവിൽ സമൂഹത്തിനു മുന്നിൽ പരീക്ഷിക്കപ്പെടുന്നു, (3) കുഞ്ഞുങ്ങളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തെ ദൈവം ശാസ്ത്രപരമായി മറികടക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്നു, (4) ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവിയെ സമ്പൂർണ്ണമായി അനുസരിക്കുവാനുള്ള ഗ്രന്ഥകാരന്റെ (സ്വയം) ബാദ്ധ്യത, (5) ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവിയെ സമ്പൂർണ്ണമായി അനുസരിക്കുവാൻ സത്യപ്രതിജ്ഞകളിലൂടെ ഗ്രന്ഥകാരനുള്ള ബാദ്ധ്യത, (6) വ്യക്തിബന്ധങ്ങൾക്കുപരിയായി ബ്രഹ്മമായിരിക്കുന്ന മഹാദേവി ഗ്രന്ഥകാരനെ മഹാശാസ്ത്രകാര്യങ്ങളിൽ ബന്ധിച്ചിരിക്കുന്നു എന്ന വസ്തുത, (7) ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവി, 1 വർഷം പ്രായമുള്ള കുഞ്ഞിനെ ചൂണ്ടിക്കാണിച്ചോ, 100 വയസ്സുള്ള വൃദ്ധയെ ചൂണ്ടിക്കാണിച്ചോ, അതാണ് താൻ സ്വീകരിക്കുന്ന മനുഷ്യജീവി-ശരീരം എന്നറിയിച്ചാൽ, ആവിധത്തിൽ മഹാദേവിയുടെ ദിവ്യരൂപത്തെ കണ്ട് സന്തോഷിക്കുക എന്നല്ലാതെ ഗ്രന്ഥകാരന് വ്യക്തി വിഷയമല്ലാത്ത അവസ്ഥ, (8) മഹാദേവി മഹാഎഴുന്നെള്ളിയിരിക്കുന്ന കുടുംബത്തോട് യാതൊരു തെറ്റുകളും ഗ്രന്ഥകാരൻ കാട്ടുന്നില്ല എന്ന സത്യം, (9) ഗ്രന്ഥകാരൻ ദൈവീക ബാദ്ധ്യതയാൽ സത്യം വെളിപ്പെടുത്തുമ്പോൾ ആ കുടുംബത്തിന് ഉണ്ടായേക്കാവുന്ന ദുഃഖങ്ങളിൽ ഗ്രന്ഥകാരൻ കടുത്ത മനോവ്യഥ അനുഭവിക്കുന്ന അവസ്ഥ, (10) മഹാദേവി മഹാസത്യങ്ങളെ ഉയർത്തുമ്പോൾ മഹാദേവി മഹാഎഴുന്നെള്ളിയിരിക്കുന്ന കുടുംബത്തിലെ അംഗങ്ങൾക്ക് ഏറ്റവുമധികം സന്തോഷിക്കാൻ കഴിയുന്ന അവസ്ഥ, (11) കുഞ്ഞുങ്ങളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തെ ദൈവം ശാസ്ത്രപരമായി വീണ്ടും ഉയർത്തുന്ന അവസ്ഥ, (12) മഹാദേവിയുടെ മഹാവാത്സല്യം, (13) മഹാദേവി,

തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവനെ മഹാആശ്വസിപ്പിക്കുന്ന അവസ്ഥ, (14) മഹാശക്തിയായ ബ്രഹ്മമായ മഹായജമാനനായ മഹാദേവനായ മഹാദേവിയായ മഹാ-സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ, മഹാപിതാവായ മഹാമാതാവായ മഹാദേവി, മാനുഷിക തലങ്ങളിൽ നിന്ന് വീണ്ടും ദൈവീക തലത്തിലേക്ക് മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചകാര്യങ്ങളെയും മഹാ-ഭരിക്കുന്ന അവസ്ഥ എന്നിങ്ങനെ അദ്ധ്യായത്തെ മുഖ്യമായും 14 ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ഇനി വിശദീകരിക്കാം:

(1) ദൈവം മഹാശക്തിയാണ് എന്നു സുവ്യക്തമാക്കുന്നു.

മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും രക്ഷിതാവുമായ ദൈവം ജീവിയല്ല, സ്ത്രീയല്ല, പുരുഷനല്ല എന്നെല്ലാം മുമ്പ് സുവ്യക്തമാക്കിയിരുന്നു. മഹാശക്തിയായ ദൈവം ബ്രഹ്മമാണ്, മഹാ യജമാനനും മഹായജമാനയുമാണ്, മഹാദാസനും മഹാദാസിയുമാണ്, മഹാദേവനും മഹാദേവിയുമാണ്, മഹാപിതാവും മഹാമാതാവുമാണ്, എന്നും മഹാശാസ്ത്ര പ്രകാരം മഹാജഗദംബയായ മഹാദേവിയായി മനുഷ്യ-സ്ത്രീ രൂപം സ്വീകരിക്കുന്നു എന്നും, മഹാദേവിയുടെ മഹാശാസ്ത്രനാമം ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്നാണെന്നും പ്രത്യേകം അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു.
1000 കോടി വര്ഷങ്ങള് ചേര്ന്നതായ ആദ്യ മഹാകാലചക്രത്തിനു ശേഷം. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ-സൃഷ്ടിചക്രമായ ഇപ്പോഴത്തെ മഹാ-സൃഷ്ടിചക്രത്തില് മഹാലോകമാതാവായ മഹാദേവി മനുഷ്യരൂപം സ്വീകരിച്ച് മനുഷ്യര്ക്ക് മഹാദര്ശനം നല്കാനും മഹാവാത്സല്യങ്ങള് പകര്ന്ന് മനുഷ്യരെ മഹാആനന്ദത്തില്

എത്തിക്കാന് തയ്യാറാവുകയാണെന്നും കൂടി മേല്പടി അദ്ധ്യായത്തില് വ്യക്തമാക്കിയിരുന്നു. ആദ്യ മഹാകാലചക്രത്തില് ആത്മീയസാക്ഷാത്ക്കാരം നേടിയ എല്ലാവര്ക്കും മഹാദേവിയുടെ മനുഷ്യാവതാരത്തെ ദര്ശിക്കുവാനുള്ള അവസരം ലഭിക്കുന്നതാണ്.

(2) സുമാര് 4 പതിറ്റാണ്ടുകളിലായുള്ള ഗ്രന്ഥകാരന്റെ ദൈവശാസ്ത്രഗവേഷണവും ദൈവീക വെളിപാടുകളും ദിവ്യാനുഭവങ്ങളും മഹാ-അളവില് സമൂഹത്തിനു മുന്നില് പരീക്ഷിക്കപ്പെടുന്നു.
2007 ഡിസംബറിലാണ് മഹാശക്തിയായ മഹാദേവി മനുഷ്യാവതാരമെടുക്കുന്നതായി ഈയുള്ളവനെ അറിയിച്ചത്. തികച്ചും യാദൃച്ഛികമായി അറിയിക്കുകയായിരുന്നു. 2007 ഡിസംബറില് തന്നെ അതാരെന്ന് അറിയിച്ചു. ഞെട്ടല്, അത്ഭുതം, ആവേശം, മനോവിഷമങ്ങള്, മഹാസന്തോഷം എന്നിങ്ങനെയുള്ള മാനുഷിക കാര്യങ്ങളെ മാറ്റിവച്ച്, പ്രസ്തുത വിവരം മഹാഗ്രന്ഥത്തിലൂടെ അറിയിക്കുമ്പോള്, സുമാര് 4 പതിറ്റാണ്ടുകളിലായുള്ള ഗ്രന്ഥകാരന്റെ ഗവേഷണം സമൂഹത്തിനു മുന്നില് പരീക്ഷിക്കപ്പെടുകയാണ്. എനിക്ക് മറയ്ക്കാനാവില്ല ; ദൈവത്തോടു വേല വേണ്ടായെന്ന് ഗ്രന്ഥത്തിലെ ഒരദ്ധ്യായത്തില് മനുഷ്യക്കുഞ്ഞുങ്ങളോടു പറഞ്ഞത് പരമശിവനും ബാധകമാണ്, മഹാദേവിക്കും ബാധകമാണ്. മഹാദേവി മഹാശാസ്ത്രം രചിച്ചിട്ടുള്ളത് അത്ര മഹത്തായാണ്.
ഈയുള്ളവന്റെ വ്യക്തിപരമായ കാര്യങ്ങളില് നിന്നകന്ന്, മറ്റൊരു കുടുംബത്തിലെ ഇന്നത്തെ സ്വകാര്യത്തെ ദൈവശാസ്ത്ര കാര്യങ്ങളുടെ പേരില്, സമൂഹത്തില് അവതരിപ്പിക്കുമ്പോള്, വിഷയത്തില് വളരെയധികം മാനുഷിക തലങ്ങളിലുള്ള കാര്യങ്ങള് ഉണ്ടാകുന്നു. മഹാദേവി, സത്യങ്ങളെ അഥവാ വെളിപാടുകളെ സത്യങ്ങളായി പൊതുജന സമൂഹത്തിന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നതോടെ ഗ്രന്ഥകാരന്റെ മനോവിഷമങ്ങള് അകന്ന്

മഹാസന്തോഷത്തില് എത്തുന്നതാണ്. എന്നാല് ഗ്രന്ഥകാരന് വെളിപാട് പ്രകാരം അറിയിച്ചതിനെ മഹാദേവി സത്യങ്ങളായിട്ട് പൊതുജനസമൂഹത്തിന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നതുവരെയുള്ള ഇടവേള അനേകര്ക്ക് കടുത്ത മനോവിഷമം ഉണ്ടാക്കുന്നതാണ് /ഉണ്ടാക്കിയേക്കാം. ഈയുള്ളവന്, ഇതെഴുതുമ്പോള്, വിഷമിക്കുന്നത് ദൈവശാസ്ത്രത്തിന്റെയോ, സ്വാര്ത്ഥകാര്യങ്ങളുടെയോ പേരിലല്ല, മറ്റുള്ളവരുടെ മനോവിഷമങ്ങള്ക്ക് താനും കാരണമാകുന്നതും, അവരുടെ മനോവിഷമങ്ങള് കുറയ്ക്കാന് തനിക്ക് യാതൊന്നും ചെയ്യാന് ശക്തിയില്ലാത്തതുകൊണ്ടുമാണ്. 2009 ജനുവരി 7-ന് അതിരാവിലെ ഈവരികള് എഴുതുമ്പോള് വരെ, ഈയുള്ളവന്റെ നിലവിലുള്ള ശക്തി, മഹാദേവിയാണ്, മഹാശാസ്ത്രമാണ്, ദൈവീക അനുഭവങ്ങളാണ്. സുമാര് 4 പതിറ്റാണ്ടുകളിലായുള്ള ദൈവശാസ്ത്രഗവേഷണം മഹാ-അളവില് സമൂഹത്തിനു മുന്നില് പരീക്ഷിക്കപ്പെടുന്നു എന്നത് ഈയുള്ളവന് വിഷയമേ അല്ലാ എന്നതു സത്യമാണ്. ദൈവീക തലത്തില് പറയുമ്പോള്, കുഞ്ഞുങ്ങളുടെ മനോവിഷമങ്ങള്ക്ക് താനും കാരണമാകുന്നതിലുള്ള മനോവിഷമം മാത്രമാണുള്ളത്. മഹാശക്തിയായ മഹദേവി ഏറ്റവും പെട്ടെന്ന് എല്ലാകാര്യങ്ങളും മഹാമംഗളമാക്കണമേ എന്നു പ്രാര്ത്ഥിക്കുന്നതിനോടൊപ്പം, മഹാ-ഇഷ്ടങ്ങളനുസരിച്ചു മാത്രം ഏതു കാര്യവും എല്ലായ്പ്പോഴും നടക്കേണമേ എന്നും പ്രാര്ത്ഥിക്കുന്നു. ഓം, ഓംകാരം, ഓംകാരനീതിശാസ്ത്രം (മഹാനീതിശാസ്ത്രം) തുടങ്ങിയ അദ്ധ്യായങ്ങളുടെ ഉള്ളടക്കം ഗ്രഹിക്കാന് കഴിയുന്നവര്ക്ക് മഹാദേവിയുടെ അവതാരം സംബന്ധിച്ച വെളിപാട് പൊളിയില്ല എന്നു വിശ്വസിക്കാന് കഴിയുന്നതാണ്. എന്നാല് എപ്പോഴാണ് മഹാദേവി മഹാസത്യങ്ങളെ മഹാ-തെളിയിക്കുന്നത് തുടങ്ങിയ കാര്യങ്ങള് ആഗ്രഹിക്കാന് പോലും ഈയുള്ളവന് അവകാശമില്ല. മഹാ-ഇഷ്ടങ്ങളനുസരിച്ചു മാത്രം നടക്കേണമേ എന്നു മാത്രമേ ഈയുള്ളവന് പ്രാര്ത്ഥിക്കാനാവൂ. ആവിധ കാര്യങ്ങളെ പ്രാര്ത്ഥനാ കാര്യങ്ങളായി മുന്നോട്ടു വെയ്ക്കുന്നതിനു പോലും ഈയുള്ളവന് പരിധികളുണ്ട്.

(3) കുഞ്ഞുങ്ങളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തെ ദൈവം ശാസ്ത്രപരമായി മറികടക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്നു.

ഓം എന്ന ശബ്ദബ്രഹ്മത്തിലും അക്ഷരബ്രഹ്മത്തിലും മഹാശക്തിയായ മഹാദേവി പ്രവേശിക്കുന്നതെങ്ങനെയെന്ന് മുന് അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. മഹാശാസ്ത്ര പ്രകാരം മനുഷ്യദമ്പതികളുടെ കുഞ്ഞായും പുത്രിയായും മഹാദേവിക്ക് അവതരിക്കാന് സാധിക്കുന്നതാണ്. അതേസമയം, മഹാദേവി ഭൂമിയില് മനുഷ്യക്കുഞ്ഞായി ജനിക്കുമ്പോള്, മനുഷ്യദമ്പതികളുടെ പുത്രി ആകുന്നുമില്ല. തങ്ങളുടേതെന്നു കരുതുന്ന കുഞ്ഞുങ്ങളെ ദൈവത്തിന്റേതു മാത്രമാക്കുന്ന ശാസ്ത്രവിശദീകരണം ആരെയും കോരിത്തരിപ്പിക്കുന്നതാണ് /ചിന്തിപ്പിക്കുന്നതാണ് :

(മഹാദേവിക്ക് മനുഷ്യാവതാരം സ്വീകരിക്കുവാന് മഹാദേവി മഹാനിശ്ചയിക്കുന്ന മനുഷ്യ ദമ്പതികള്, ആത്മീയ സാക്ഷാത്ക്കാരത്തെയും അനന്തമാക്കുന്ന മഹാആനന്ദം തേടിയവരാണ്. മഹാദേവിയെ കുഞ്ഞായി ലഭിക്കുവാന് ആഗ്രഹിച്ചവരും മഹാദേവി മഹാഅനുഗ്രഹിച്ചവരുമായ അവര് ആദ്യ ഗജപാതിയാണ് (വിഘ്നേശ്വരനാണ്). ധര് മ്മശാസ്ത്രപ്രകാരം ജീവിക്കുന്ന മറ്റുള്ളവര്ക്കും കാലാകാലങ്ങളില് മഹാനന്ദം ലഭിക്കുവാന് ആഗ്രഹിക്കാവുന്നതാണ്.)

യാതൊരു മാതാപിതാക്കളും യഥാര്ത്ഥത്തില് കുഞ്ഞുങ്ങളുടെ സൃഷ്ടികര്ത്താക്കളല്ല എന്ന് മുമ്പ് സുവ്യക്തമാക്കിയിരുന്നു. കുഞ്ഞുങ്ങളെ സൃഷ്ടിക്കുമ്പോള്, മഹാപിതാവും മഹാമാതാവുമായ മഹാദേവി, മാതാപിതാക്കളെ ഉപകരണങ്ങളാക്കുന്നുണ്ട്. (1) സ്ത്രീ-പുരുഷന്മാര് ശാരീരിക ബന്ധത്തില് ഏര്പ്പെടുമ്പോള്, കാമം ഉണ്ടാവാതെ എല്ലില്ലാത്ത പുരുഷലിംഗം നിവരില്ല എന്നതില് നിന്ന് സൃഷ്ടിയില് പുരുഷന് പങ്കില്ലാതെ വരുന്നു. കാമത്തോടെ പുരുഷനെ പ്രാപിക്കുന്ന സ്ത്രീയ്ക്കും സൃഷ്ടിയില് പങ്ക് അവകാശപ്പെടാനാവില്ല.

പുരുഷന്റെ കാമപരമായ ആക്രമണത്തിനോ, ഇഷ്ടത്തോടെയല്ലാതെയുള്ള കാമബന്ധത്തിനോ വിധേയ ആകുന്ന സ്ത്രീ ഗർഭം ധരിച്ചേക്കാം എന്നല്ലാതെ ഗർഭം ധരിക്കുമോ, ഏതു തരത്തിലുള്ള കുഞ്ഞിനെ അഥവാ കുഞ്ഞുങ്ങളെ പ്രസവിക്കും തുടങ്ങിയ കാര്യങ്ങളൊന്നും നിശ്ചയിക്കുന്നത് മാതാവാകുന്ന സ്ത്രീയല്ല. ഒരു ഭ്രൂണമോ ഒന്നിലധികം ഭ്രൂണമോ എന്നു മഹാനിശ്ചയിക്കുന്നതും, കുട്ടി അച്ഛനെപ്പോലെയിരിക്കണോ അമ്മയെപ്പോലെയിരിക്കണോ ചാപിള്ളയായിരിക്കണമോ എന്നു മഹാനിശ്ചയിക്കുന്നതും ദൈവം മാത്രമാകുന്നു ! മനുഷ്യന് നട്ടുവളർത്തുന്ന വാഴയുടെ കുലയില് എത്ര കായ് ഉണ്ടാകണമെന്നു മനുഷ്യനോ വാഴയോ അല്ല നിശ്ചയിക്കുന്നത്. ഓന്തിനെയോ പൂച്ചക്കുഞ്ഞിനെയോ മരത്തടിയെയോ കല്ലിനെയോ ആണ് മനുഷ്യസ്ത്രീ പ്രസവിക്കുന്നതെങ്കിലും സ്ത്രീയ്ക്കും മറ്റുള്ളവർക്കും വായ് പൊളിച്ചു നില്ക്കാനേ കഴിയൂ. കുഞ്ഞിന്റെ ലിംഗം, നിറം, അവയവങ്ങള്, അവയവങ്ങളുടെ ക്രമീകരണവും വലിപ്പവും, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി തുടങ്ങിയവയെല്ലാം ഗർഭസ്ഥ ശിശുവില് നിയന്ത്രിക്കുവാന് സ്ത്രീയ്ക്ക് കഴിയില്ല, പ്രസവം കഴിഞ്ഞാലും യഥാർത്ഥത്തില് കഴിയില്ല എന്നു വരുമ്പോള് സൃഷ്ടികാര്യത്തില് സ്ത്രീയ്ക്കും ദൈവം അവകാശം നല്കുന്നില്ല. പുരുഷബീജങ്ങളെ താന് നിശ്ചയിക്കുന്ന നിയമങ്ങളും ശക്തിയും കൊണ്ട് മനപ്പൂർവ്വം സൃഷ്ടിച്ചുവെന്ന് പുരുഷനോ, അണ്ഡത്തെ സൃഷ്ടിച്ചുവെന്ന് സ്ത്രീയ്ക്കോ ഒട്ടും അവകാശപ്പെടാനാവില്ല എന്നതും ഓർക്കുക. സ്രഷ്ടാവും രക്ഷിതാവും മഹാപിതാവും മഹാമാതാവും മഹാദേവിയാണ്. (2) ജനിക്കുന്ന കുഞ്ഞിന്റെ ശരീരത്തില് ആത്മാവിനെ പ്രവേശിപ്പിക്കുന്നതിനെപ്പറ്റിയോ ആത്മാവിന്റെ പ്രവർത്തനങ്ങളെപ്പറ്റിയോ മാതാപിതാക്കള്ക്ക് യാതൊന്നും അറിയില്ല എന്നതും പങ്കില്ലാ എന്നതും ആവക കാര്യങ്ങളിലും സ്രഷ്ടാവും രക്ഷിതാവും മഹാദേവി മാത്രമാണെന്ന് സുവ്യക്തമാക്കുന്നു. (3) ഒരു മനുഷ്യ ശരീരത്തില് ഒന്നിലധികം ആത്മാക്കളെ ഒരേ സമയം പ്രവേശിപ്പിക്കുവാനും വ്യത്യസ്ത രീതികളില് പ്രവർ

ത്തിപ്പിക്കുവാനും ശാസ്ത്ര സംവിധാനമുണ്ട്. ജീവികളുടെ ശരീരത്തെയും ആത്മാവിനെയും താല്ക്കാലികമായോ സ്ഥിരമായോ ഏറ്റെടുക്കാനും നിയന്ത്രിക്കാനുമുള്ള ശാസ്ത്ര സംവിധാനങ്ങളുണ്ട്. ഉദാഹരണമായിട്ട്, ദൈവീകശക്തികളും പൈശാചികശക്തികളും മനുഷ്യ ശരീരത്തില് പ്രവര്ത്തിക്കുന്നതിനെപ്പറ്റി പലര്ക്കും അറിയാം. അത്തരം കാര്യങ്ങളെ മാനസിക വിഭ്രാന്തി മാത്രമാണെന്ന് ചില ഡോക്ടര്മാര്മാരും ചില വ്യക്തികളും വിശ്വസിക്കുന്നതുകൊണ്ട് സത്യം സത്യമല്ലാതാകുന്നില്ല. (4) മഹാദേവിയായ ദൈവം, മനുഷ്യദമ്പതികളുടെ അഥവാ മാതാപിതാക്കളുടെ കുഞ്ഞായി ജനിക്കുമ്പോള്, മാതാപിതാക്കള് ഗര്ഭാവസ്ഥയിലോ പ്രസവത്തിനുശേഷമോ ആവക കാര്യങ്ങള് അറിയുകയോ നിശ്ചയിക്കുകയോ ചെയ്യുന്നില്ലാ എന്നതും, കുഞ്ഞായി അവതരിച്ചിട്ടുള്ള മഹാദേവി നിശ്ചയിക്കുന്ന മാര്ഗ്ഗങ്ങളിലൂടെ അറിയിച്ചാല് മാത്രമേ മാതാപിതാക്കള് അറിയുകയുള്ളൂ എന്നതും, മാതാപിതാക്കളുടെ നിസ്സാരത്വം വ്യക്തമാക്കുന്നു. (5) മഹാദേവിയാണ് തങ്ങളുടെ പുത്രിയായി ജന്മം എടുത്തിരിക്കുന്നതെന്ന് അറിയുമ്പോള് മാതാപിതാക്കള് അത്ഭുതംകൊണ്ടും ആനന്ദം കൊണ്ടും വിവശരാകുകയും ഊര്ജ്ജസ്വലരാവുകയും ഒക്കെ ചെയ്യുമ്പോള്, മാതാപിതാക്കളുടെ കുഞ്ഞല്ല മഹാദേവിയെന്നും, അവരുടെ മഹാപിതാവും മഹാമാതാവുമാണ് മഹാദേവന് കൂടിയായ മഹാദേവി എന്നും സുവ്യക്തമാവുകയാണ്. മഹാനന്ദം അനുഭവിക്കുമ്പോഴും, മഹാദേവിയുടെ മഹാശാസ്ത്രം പ്രകാരമുള്ള ധര്മ്മങ്ങള് മാതാപിതാക്കള് പുലര്ത്തിയേ മതിയാകൂ എന്നതും അവരുടെ കുട്ടിയെ അവരുടെ തന്നെ മഹാമാതാവാക്കുന്നു. അഹംഭാവം ഉണ്ടാവാതെ അവര് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമുണ്ട്. (6) സാധാരണപോലെ മാതാപിതാക്കളുടെ കുഞ്ഞും കുട്ടിയും മകളും മാത്രമാണ് അവരിലൂടെ ജന്മം കൊള്ളുകയും അവരിലൂടെ വളര്ത്തപ്പെടുകയും ചെയ്ത മഹാദേവിയാകുന്ന കുട്ടി എന്ന് സുവ്യക്തമാക്കുന്ന മഹാകാര്യവുമുണ്ട്. മാതാപിതാക്കളുടെ കുഞ്ഞായി മഹാദേവി

അവതരിക്കുമ്പോഴും, അവതാരം പൂര്ണ്ണമാകുന്നില്ല എന്നതും, മഹാദേവിയാകുന്ന കുട്ടി പോലും അറിയില്ല എന്നതും, അവതാരം പൂര്ണ്ണമാകുന്നത് കുട്ടി യൗവ്വനത്തിലേക്കു കടന്നശേഷം, വേറിട്ടുനില്ക്കുന്ന ബ്രഹ്മം, കുട്ടിയില് പ്രവേശിക്കുമ്പോള് മാത്രമാണെന്നതും കാര്യങ്ങളെ മഹായോഗ്യമാക്കുന്നു. അതായത് ബ്രഹ്മം പ്രവേശിക്കുംമുമ്പ് കുട്ടി മഹാദേവിയല്ല എന്നതുപോലെയുള്ള മഹാഅവസ്ഥയാണുള്ളത്. ബ്രഹ്മം അഥവാ ബ്രഹ്മശക്തി അഥവാ പ്രകടമായ ശരീരമില്ലാതെ പരിശുദ്ധാത്മാവായി വര്ത്തിക്കുന്ന മഹാദേവി, സ്വയം മഹാനിശ്ചയിക്കുന്ന സമയത്ത്, മഹാദേവിയായുത്തീരുന്ന കുട്ടിയുടെ ശരീരത്തില് പ്രവേശിക്കുമ്പോള് മാത്രമാണ് മഹാദേവിയുടെ അവതാരം പൂര്ണ്ണമാകുന്നത്. ബ്രഹ്മം പ്രവേശിക്കും മുമ്പ് കുട്ടിയെ മഹാദേവിയായി കരുതാനും ആവില്ല, കുട്ടി മഹാദേവിയല്ല, മാതാപിതാക്കളുടെ മകള് മാത്രമാണ്. മേല്പ്പടി മഹാ-അവസ്ഥകളോടെ മഹാദേവി മനുഷ്യരൂപത്തില് അവതരിക്കുമ്പോള്, അവതാരം പൂര്ണ്ണമാകുമ്പോള് മാത്രമാണ് മനുഷ്യ മാതാപിതാക്കളുടെ മകളല്ല മഹാദേവി എന്ന് സുവ്യക്തമാകുന്നത്. മഹാശാസ്ത്രപ്രകാരമുള്ള മഹാപദ്ധതികളെപ്പറ്റി ഈയുള്ളവന് ഇപ്പോഴും വളരെക്കുറച്ചു മാത്രമേ അറിയൂ എന്നതും പ്രത്യേകം ഓര്ക്കണം. മഹാദേവി മഹാനിശ്ചയിക്കുമ്പോലെ മാത്രമാണ് ഈയുള്ളവനെ മഹാകാര്യങ്ങള് അറിയിക്കുന്നത്.

(4) ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവിയെ സമ്പൂര്ണ്ണമായി അനുസരിക്കുവാനുള്ള ഗ്രന്ഥകാരന്റെ (സ്വയം) ബാദ്ധ്യത.

സുമാര് 4 പതിറ്റാണ്ടുകളിലായുള്ള ഗ്രന്ഥകാരന്റെ ദൈവശാസ്ത്രഗവേഷണവും ദൈവീക വെളിപാടുകളും ദിവ്യാനുഭവങ്ങളും മഹാ-അളവില് സമൂഹത്തിനു മുന്നില് പരീക്ഷിക്കപ്പെടുന്നതിനെപ്പറ്റി വായിക്കുന്നവര് എന്നതിനുപരിയായി, ഏതാനും നിമിഷങ്ങള് ഈയുള്ളവനു

വേണ്ടി ചിന്തിക്കുക : സത്യങ്ങളായി ബോദ്ധ്യപ്പെട്ട വിഷയങ്ങള്ക്കും വസ്തുതകള്ക്കുമായി തങ്ങളെ സമര്പ്പിക്കേണ്ടതായ ദൈവീക ചുമതല അഥവാ സ്വയം ബാദ്ധ്യത എല്ലാവര്ക്കുമുണ്ട്. അത്തരം അവസ്ഥയില് തങ്ങളുടെ ശരീരത്തെ സമര്പ്പിക്കുവാന് അഥവാ വധിക്കപ്പെടുന്നതിനു പോലും തയ്യാറാവാന് സ്വയം ബാദ്ധ്യതയുണ്ട്. ഗാന്ധിജിയും, ഇന്ദിരാഗാന്ധിയും പോലെയുള്ളവര് തയ്യാറാവുക മാത്രമല്ല, പ്രവര്ത്തനത്തിനിടെ മരിക്കുകയും ചെയ്തു (അഥവാ വധിക്കപ്പെടുകയും ചെയ്തു).

(5) ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവിയെ സമ്പൂര്ണ്ണമായി അനുസരിക്കുവാന് സത്യപ്രതിജ്ഞകളിലൂടെ ഗ്രന്ഥകാരനുള്ള ബാദ്ധ്യത.

ദൈവശാസ്ത്ര ഗവേഷണം നടത്തുന്നവര്ക്കെല്ലാം ദൈവം വെളിപാടുകള് നല്കിക്കൊണ്ടേയിരിക്കും എന്ന് ആരെങ്കിലുമൊക്കെ ചിന്തിച്ചിട്ടുണ്ടാവും. പ്രിയപ്പെട്ടവരേ, കുഞ്ഞുങ്ങളേ, യഥാര്ത്ഥമായ ദൈവശാസ്ത്ര ഗവേഷണം നടത്തുമ്പോള്, ഗവേഷകന് അറിയാത്ത ഒരു മുഖ്യസത്യം, അത് മഹാനിയോഗമാണ് എന്നതാണ്. അതായത് വ്യക്തിയെ ദൈവം മഹാനയിക്കുകയായിരുന്നു, വ്യക്തമായ പദ്ധതിയും ചുമതലയും മഹാഅനുഗ്രഹിച്ചു നല്കിക്കൊണ്ട് മഹാനിയോഗിക്കുകയായിരുന്നു.

ദൈവശാസ്ത്ര ഗവേഷണം എന്ന പേരില് മതഗവേഷണങ്ങള് നടത്തുന്നവരെയും, മതങ്ങളിലെ വചനങ്ങളെ ശരിവെയ്ക്കാനായി ഗവേഷണം എന്ന പേരില് ബുദ്ധിക്കസര്ത്തുകള് കാട്ടുന്നവരെയും, ഭൗതിക ജീവിതത്തെ തരംതാഴ്ത്തിക്കൊണ്ട് ആത്മീയ ജീവിതത്തെ ശ്രേഷ്ഠമെന്ന് വിവിധതലങ്ങളില് കരുതി പ്രവര്ത്തിക്കുന്നവരെയും ദൈവശാസ്ത്ര ഗവേഷകരായി കണക്കു കൂട്ടരുത്.

ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായം പഠിക്കുമ്പോള്, ദൈവശാസ്ത്ര കാര്യങ്ങളില് ദൈവത്തിന് യാതൊരു മനുഷ്യരുടെയും സഹായം ആവശ്യമില്ല എന്നും ദൈവം തന്റെ തന്നെ ഭാഗമായ പരമശിവനെ കാലാകാലങ്ങളില് ബുദ്ധന്, ക്രൈസ്റ്റ്, ഗാന്ധി തുടങ്ങിയവരായി അയച്ച്

ദൈവശാസ്ത്രകാര്യങ്ങളെ ക്രമപ്പെടുത്തുന്നുണ്ട് എന്നും സുവ്യക്തമായി വിശദീകരിച്ചിരുന്നു.
മഹാശക്തിയായ മഹാദേവി, തന്റെ ഭാഗമായ പരമശിവനെ മനുഷ്യാവസ്ഥയില് ഭൂമിയിലേക്കയച്ച് മത്സ്യാവതാരത്തിലൂടെ യഥാര്ത്ഥമായ വേദങ്ങളെ വീണ്ടെടുക്കുന്നതിന്റെ ഭാഗം കൂടിയാണ് ഈ മഹാഗ്രന്ഥം. അടുത്ത അദ്ധ്യായത്തില് മത്സ്യാവതാരത്തെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. എന്നാല് മാനുഷിക തലത്തില് നിന്നും ദൈവീകതലത്തിലേക്ക് ഈയുള്ളവനെ ഉയര്ത്തുന്നതിന്റെ ഭാഗമായി വളരെയധികം സത്യപ്രതിജ്ഞകളും ദിവ്യാനുഭവങ്ങളും ഉണ്ട്. പ്രത്യേകിച്ച് ആദ്യ മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ചകളുമായി ബന്ധപ്പെട്ട് വൈവിധ്യങ്ങളായ അനവധി അനവധി കാര്യങ്ങളും, അവയുമായി ബന്ധപ്പെട്ട ചടങ്ങുകളും, സത്യപ്രതിജ്ഞകളും ഒക്കെച്ചേര്ന്ന് വലിയൊരു നീണ്ട നിരയാണ്. ഓരോരോ പടികളായി കയറുന്നു എന്ന് പറയുമ്പോഴും, പടികള് കയറാനുള്ള ശക്തി തരുന്നത് ദൈവമാണെങ്കിലും, പടികള് കയറുന്ന വ്യക്തിക്ക് കടുത്ത പരീക്ഷണങ്ങളുടെയും പരാജയങ്ങളുടെയും വിജയങ്ങളുടെയും ഒരു വലിയ പട്ടിക ഉണ്ടാവുന്നതാണ്. അതായത് വിജയിപ്പിക്കുന്നത് ദൈവമാണെങ്കിലും, വ്യക്തിയുടെ അദ്ധ്വാനം കൊണ്ടു കൂടിയാണ് അത് സാധിച്ചത് എന്നു വ്യക്തിക്ക് കരുതാനും പില്ക്കാലത്ത് സന്തോഷിക്കാനും കഴിയുന്ന അവസ്ഥ ദൈവം തന്നെ സൃഷ്ടിക്കുകയാണ്.
മഹാസത്യങ്ങളായ വിഷയങ്ങള് പഠിക്കുമ്പോള്, ഇടക്കാലത്ത് തന്റെ മിടുക്കുകൊണ്ടു കൂടിയാണ് പരീക്ഷണത്തെ വിജയിച്ചത് എന്ന ചിന്തയെ വലിച്ചെറിയുന്നതും, മഹാദേവിയുടെ മഹാകരുണയെ ഓര്ത്ത് വിതുമ്പിക്കരയുന്നതുമാണ്. വളരെയധികം തവണ വിതുമ്പിക്കരയാനുള്ള മഹാഭാഗ്യം തുച്ഛനായ ഈ ദാസനു ലഭിച്ചിട്ടുണ്ട്.
സത്യപ്രതിജ്ഞകളെപ്പറ്റി തുടരാം. മന്ത്രിയാവാനും മറ്റും നടത്തുന്ന അശാസ്ത്രീയമായ വേഷംകെട്ടലുകളെ കണ്ടും

കേട്ടും അനുഭവിച്ചിട്ടുള്ളവര്ക്ക് സത്യപ്രതിജ്ഞകളുടെ ഗൗരവം അറിയില്ല. ദൈവം ആവശ്യപ്പെട്ട് ദൈവത്തോടു ചെയ്യുന്ന സത്യപ്രതിജ്ഞയാണ് എന്നത് അതിഗൗരവമാണ്. ഏതാനും ഉദാഹരണങ്ങളോടെ ഈയുള്ളവനെക്കൊണ്ടു ചെയ്യിച്ച സത്യപ്രതിജ്ഞകളെപ്പറ്റി വിവരിക്കാം : ഓം എന്ന അക്ഷരബ്രഹ്മത്തെ 1991-ലെ വിജയദശമി എന്നറിയപ്പെടുന്ന മഹാദശമി ദിവസം രാത്രിയില് മഹാശക്തിയായ മഹാദേവി ഈയുള്ളവന്റെ നാവില് മഹാശൂലം കൊണ്ട് ചിത്രണം ചെയ്യുകയുണ്ടായി. സത്യപ്രതിജ്ഞകള് അന്നാണ് ആരംഭിച്ചത്. ഓം കുറിച്ചതിനെപ്പറ്റി അല്പം പറയാം. അന്നു രാത്രിയില് പ്രാര്ത്ഥനയിലായിരുന്നോ മയക്കത്തിലായിരുന്നോ ഉറക്കത്തിലായിരുന്നോ എന്ന് ഇപ്പോള് കൃത്യമായിട്ട് ഓര്ക്കുന്നില്ല. പ്രാര്ത്ഥനയിലായിരുന്നു എന്നു തോന്നുന്നു. എന്നാല് മഹാദേവി മഹാനിശ്ചയം പ്രകാരം ചെയ്യുന്നുവെങ്കിലും, ഈയുള്ളവനെ സംബന്ധിച്ച് തികച്ചും യാദൃച്ഛികമായിട്ടാണ് സംഭവിച്ചത്. നാവില് ഓം കുറിക്കാന് പോവുകയാണ്, പുരയിടത്തില് നിന്നും മണ്ണെടുത്ത് നാവില് തേച്ച് കണ്ണുമടച്ചു നില്ക്കണം എന്ന അതിശക്തമായ തോന്നലാണ് ഉണ്ടായത്. തോന്നലെന്നും പറഞ്ഞുകൂടാ. ഹൃദയത്തില് നിന്നും ഹൃദയത്തിലേക്കു നേരിട്ടുള്ള ഒരു സംഭാഷണം ആണെന്നു പറയാം. മാത്രമല്ല, ഒരു അവ്യക്തമായ ഒരു മനുഷ്യരൂപത്തെ മുറിയില് കണ്ടതായി ഇപ്പോഴോര്ക്കുന്നു. ആ സമയങ്ങളില് ഉറക്കത്തിലോ മയക്കത്തിലോ ആയിരുന്നില്ല; ഉണര്ന്നിരിക്കുകയോ പ്രാര്ത്ഥിച്ചുകൊണ്ടിരിക്കുകയോ ആണ്. കതകു തുറന്ന് വീടിന് മുന്നിലെ തെങ്ങിന് ചുവട്ടില് നിന്ന് കൈക്കുമ്പിളില് പച്ചമണ്ണ് എടുത്ത് മുറിയില് മടങ്ങിയെത്തി, കതകു കുറ്റിയിട്ട്, കണ്ണുമടച്ച് ഭയഭക്തി ബഹുമാനങ്ങളോടെയും, അന്നേരം മനസ്സില് തോന്നിയ ദേവീ-സ്തുതികളെ മനസ്സില് നടത്തിയും നിന്നു. നില്ക്കുകയായിരുന്നു എന്നാണോര്മ്മ. അതോ ഇരിക്കുകയായിരുന്നോ, ദേവിക്കറിയാം. നാവില് മണ്ണു തേയ്ക്കാന് തോന്നിയപ്പോള് മണ്ണു തേച്ചു. നാക്കു നീട്ടാനും കണ്ണടയ്ക്കാനും അതിശക്തമായ തോന്നലുണ്ടായി. അങ്ങനെ

ചെയ്തു. നാവില് എന്തോ കുറിക്കും പോലെയുള്ള സ്പര്ശന-അനുഭവം ഉണ്ടായി. ഏതാനും നിമിഷങ്ങള് കഴിഞ്ഞപ്പോള് ചടങ്ങു കഴിഞ്ഞുവെന്ന തോന്നലുണ്ടായി. കണ്ണുകള് തുറന്നു. യാതൊരാളെയും കണ്ടില്ല. കട്ടിലില് കിടന്നു. പിന്നെ സംഭവിച്ചത് അറിവുകളുടെ വന് ശേഖരം തലയിലേക്കു പ്രവേശിക്കുകയായിരുന്നു. തലയ്ക്കും ശരീരത്തിനും താങ്ങാനാവത്തതുപോലെ. താന് ഒരു ചെറിയ പണ്ഡിതനാണെന്നും കേമനാണെന്നും ഒക്കെ മുമ്പുണ്ടായിരുന്ന ഭാവങ്ങള് തകിടം മറിഞ്ഞു. എല്ലാ അറിവുകളും മഹാദേവിയില് നിന്നും ലഭിച്ചതാണെന്നും താന് ഒരു വലിയ പൂജ്യം മാത്രമാണെന്നും തിരിച്ചറിഞ്ഞു. നാളിതുവരെ കാട്ടിയ അഹംഭാവങ്ങള്ക്കും കേമത്തങ്ങള്ക്കും പൊങ്ങച്ചങ്ങള്ക്കും ഒക്കെ പൊറുക്കേണമേ ദേവീ എന്ന് സാഷ്ടാംഗം വീണ് കരഞ്ഞുപ്രാര്ത്ഥിച്ചു. വിസ്തരിക്കുന്നില്ല. ഓം കുറിച്ചതുമായി ബന്ധപ്പെട്ട് ശക്തമായ തോന്നലുകള് പ്രകാരം അടുത്ത ദിവസം വീടിനടുത്തുള്ള 3 സര്പ്പക്കാവുകളുമായി ബന്ധപ്പെട്ടുള്ള ചില ചടങ്ങുകള് ഉണ്ടായിരുന്നു. 2 സര്പ്പക്കാവുകളില് ചെന്നും, മൂന്നാമത്തേതിനെ വഴിയില് വച്ചു നോക്കിയും നടത്തിയ ചടങ്ങുകളെ വിസ്തരിക്കുന്നില്ല.

ഓം കുറിച്ചതുമായി ബന്ധപ്പെട്ട സത്യപ്രതിജ്ഞകളെപ്പറ്റി പറയാം. നാവില് ഓം കുറിച്ചതിനു ശേഷം അറിവുകളുടെ വന് ശേഖരം തലയിലേക്ക് ഇരച്ചുകയറിയത് പറഞ്ഞുവല്ലോ. കുറേ കഴിഞ്ഞപ്പോള് ഹൃദയത്തില് നിന്നും ഹൃദയത്തിലേക്കു നേരിട്ടുള്ള ഒരു സംഭാഷണം ആരംഭിച്ചു. ദേവി ആജ്ഞാപിക്കുന്നതെന്തും നീ ചെയ്യുമോ എന്ന ചോദ്യമുണ്ടായി. ഉത്തരം പെട്ടെന്നായിരുന്നു. ദേവി ആജ്ഞാപിക്കുന്നതെന്തും ഞാന് ചെയ്യും. ശരി, സത്യപ്രതിജ്ഞ ചെയ്യൂ എന്നായി. സത്യപ്രതിജ്ഞ എന്നാലെന്താണെന്ന് അറിയാത്തവന് എന്ന് അന്നത്തെ ഇവനെ വിശേഷിപ്പിച്ചാല് അത് സത്യം മാത്രമാണ്. സത്യപ്രതിജ്ഞയുടെ വാചകങ്ങള് ഹൃദയത്തിലേക്ക് /

മനസ്സിലേക്ക് ഒഴുകിയെത്തി. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീദേവി ആജ്ഞാപിക്കുന്നതെന്തും ബാദ്ഷ എന്ന ഞാന് അനുസരിക്കുന്നതാണ്. ഓം സത്യം ഓം സത്യം ഓം സത്യം. എന്നിലൂടെ എന്നിലേക്ക് ഒഴുകിവന്ന സത്യപ്രതിജ്ഞയും അതിലെ പദങ്ങളും, സത്യപ്രതിജ്ഞയുടെ ഭാഗമായ ഓം സത്യം എന്ന് 3 തവണയുള്ള പ്രയോഗവും ഞാന് പൊടിരസത്തോടെ ആസ്വദിച്ചുകൂടിയാണ് സത്യപ്രതിജ്ഞ ചെയ്തത്. ദേവി ആവശ്യപ്പെട്ടാൽ നീ നിന്റെ കൈയ്യോ കാലോ വെട്ടിമുറിക്കുമോ എന്ന ചോദ്യം പെട്ടെന്നു വന്നു. ഞാൻ ഞെട്ടിപ്പോയി. ആദ്യത്തെ സത്യപ്രതിജ്ഞയില് ഇങ്ങനെയൊരു പ്രശ്നം ഒളിഞ്ഞിരുപ്പുണ്ട് എന്നു ചിന്തിക്കുവാൻ അന്ന് ഒരു ശതമാനംപോലും കഴിഞ്ഞിരുന്നില്ല. (ദേവിയുടെ മഹാഅനുഗ്രഹം കൊണ്ടാണ് കഴിയാഞ്ഞതെന്ന് പിന്നീട് മഹാഅനുഗ്രഹത്താല് തിരിച്ചറിഞ്ഞു. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.). മേല്പടി ചോദ്യം മനോവിഷമം ഉണ്ടാക്കിയെങ്കിലും, ഏതാനും നിമിഷങ്ങള് കൊണ്ട് മനോബലമുണ്ടായി. ഒരു കേമനെപ്പോലെയോ മറ്റോ, ദേവി ആവശ്യപ്പെട്ടാല് എന്റെ കൈയ്യോ കാലോ വെട്ടിമുറിക്കാൻ തയ്യാറാണെന്ന് മറുപടി നല്കി. (ഇന്നത്തെ അറിവു വച്ച് മഹാപാദങ്ങളില് വീണുകേണ് അപേക്ഷിക്കുകയാവും ചെയ്യുക. അന്ന് മനുഷ്യരോടെന്ന പോലെ മറുപടി നല്കുന്നു എന്ന നിലയിൽ കൊച്ചുകേമനെന്ന് സ്വയം കരുതിയ കാലമാണ്!). സത്യപ്രതിജ്ഞ ചെയ്യൂ എന്നായി. മുമ്പു ചെയ്ത സത്യപ്രതിജ്ഞയുമായി സാമ്യമുള്ള വാചകങ്ങൾ ഒഴുകിയെത്തി. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീദേവി ആവശ്യപ്പെടുമ്പോള് കൈയ്യും കാലും ഉള്പ്പെടെയുള്ള ഏത് അവയവങ്ങളെയും ബാദ്ഷാ എന്ന ഞാന് ഛേദിച്ചുകളയുന്നതാണ്. ഓം സത്യം ഓം സത്യം ഓം സത്യം. - എന്നതായിരുന്നു ഉള്ളടക്കം. പദങ്ങളെ കൃത്യമായി ഓര്ക്കുന്നില്ല. എന്തോ മഹാകാര്യം ചെയ്തതുപോലെയുള്ള കേമത്തവും സംതൃപ്തിയും അന്നേരമുണ്ടായി. വധിക്കപ്പെടാന് നീ തയ്യാറാണോ എന്ന ചോദ്യം പെട്ടെന്നുണ്ടായി. ഒന്നു

ഞെട്ടിയെങ്കിലും, (ദേവിക്കുവേണ്ടി എന്ന ഭാവത്തോടെ) വധിക്കപ്പെടാന് തയ്യാറാണ് എന്നറിയിച്ചു. പെട്ടെന്ന് ക്രൈസ്റ്റിനെ അതിക്രൂരമായി വധിച്ചതുള്പ്പെടെയുള്ള ബഹുവിധ ക്രൂര വധങ്ങള് മനസ്സിലേക്ക് ഒഴുകിയെത്തുകയും, ഇതുപോലെയൊക്കെ വധിക്കപ്പെടാന് നീ തയ്യാറാണോ എന്ന ചോദ്യവുമുണ്ടായി. ഈയുള്ളവന് ഞെട്ടിപ്പോയി, കടുത്ത മാനസിക സംഘര്ഷത്തിലായി. ആകെ ഭയന്നു. വിതുമ്പി. കുറേ നിമിഷങ്ങള് കൊണ്ട് മനോബലം വീണ്ടെടുത്തു. (മഹാദേവി മഹാകരുണയോടെ മനോബലം നല്കിയതാണെന്ന് ഇന്നറിയുന്നു). ക്രൂരമായി വധിക്കപ്പെടാന് തയ്യാറാണെന്ന് അറിയിച്ചു. സത്യപ്രതിജ്ഞ ചെയ്യൂ എന്നായി. സത്യപ്രതിജ്ഞയുടെ വാചകങ്ങള് ഒഴുകിയെത്തി. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീദേവി അറിയിക്കുന്നതായ ഏത് അതിക്രൂര വധവും സ്വീകരിച്ചുകൊള്ളാമെന്ന് ബാദ്ഷ എന്ന ഞാന് സത്യപ്രതിജ്ഞ ചെയ്യുന്നു. ഓം സത്യം. ഓം സത്യം. ഓം സത്യം. അധികം വൈകാതെ, ദേവി ആവശ്യപ്പെട്ടാല് നീ ഒരാളെ കൊല്ലുമോ എന്ന അടുത്ത ചോദ്യമുണ്ടായി. ഒരല്പം ലാഘവത്തോടെ ദേവി ആവശ്യപ്പെട്ടാല് കൊല്ലും എന്നറിയിച്ചു. ദേവി ആവശ്യപ്പെട്ടാല് നീ നിന്റെ ഭാര്യയുടെ തലവെട്ടി കൊല്ലുമോ എന്ന അടുത്ത ചോദ്യം പെട്ടെന്നുണ്ടായി. ഞെട്ടിവിറച്ചു പോയി ഞാന്. ശ്വാസം മുട്ടലുണ്ടായി. സമ്മതിച്ചാല്, ദേവി സത്യപ്രതിജ്ഞ ചെയ്യിക്കുമെന്നും, തീര്ച്ചയായും ഭാര്യയുടെ തലവെട്ടാന് ആവശ്യപ്പെടുകയും ചെയ്യുമെന്ന അതിശക്തമായ തോന്നല് അഥവാ വെളിപാട് ഹൃദയത്തെ വീര്പ്പുമുട്ടിച്ചു. വല്ലാതെ കുഴങ്ങി ഞാന്. ബുദ്ധി ഉണര്ന്നു. (ബുദ്ധിയില് ശക്തി അഥവാ ഓക്സിജന് പ്രവര്ത്തിക്കുന്നതിനെപ്പറ്റി അന്നറിയില്ല.). മുമ്പ് ദേവി ആവശ്യപ്പെട്ടാല് ഒരാളെ കൊല്ലുമെന്നറിയിച്ച ഞാന്, ഭാര്യയുടെ കാര്യം വന്നപ്പോള് വീര്പ്പുമുട്ടിയത് മാനുഷിക തലത്തിലെ വലിയൊരു പാഠം കൂടിയാണ്. ദേവീ, ഭാര്യയുടെ നന്മകളെയും തിന്മകളെയും പരിശോധിക്കാതെ കൊല്ലുന്നത് ശരിയാണോ എന്ന് ബാദ്ഷായിലെ ബുദ്ധിജീവി മറുചോദ്യം ദേവിയോടു ചോദിച്ചു.

അവളെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും അവളുടെ മുജ്ജന്മങ്ങളെയും പിജ്ജന്മങ്ങളെയും അറിയുന്നത് ദേവി ആയിരിക്കെയും, ദേവിയുടെ ഭാവം സത്യ-ധര്മ്മ-നീതികളാണെന്ന് നീ കരുതുകയും ചെയ്യുന്നുവെങ്കില്, എല്ലാമറിയുന്ന നീതിപതിയുടെ വിധിയെ അനുസരിക്കണമോ, സംശയിക്കണമോ എന്ന ചോദ്യം ദേവിയില് നിന്നും ഉടന് വന്നു. ബാദ്ഷായിലെ ബുദ്ധിജീവി തോറ്റു. ദേവി ആവശ്യപ്പെട്ടാല് ഭാര്യയെയും കുട്ടികളെയും ആരെയും വധിക്കാന് തയ്യാറാണെന്നറിയിച്ചു. സത്യപ്രതിജ്ഞ ചെയ്യാന് ആവശ്യപ്പെട്ടു. സത്യപ്രതിജ്ഞാ വാചകങ്ങള് ഹൃദയത്തിലേക്ക് ഒഴുകിയെത്തി. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി ആവശ്യപ്പെട്ടാല്, ഭാര്യയെയും മാതാവിനെയും കുട്ടികളെയും ഉള്പ്പെടെ ഏതൊരാളെയും ബാദ്ഷ എന്ന ഞാന് കൊല്ലുന്നതാണ്. ഓം സത്യം ഓം സത്യം ഓം സത്യം. സത്യപ്രതിജ്ഞകള് കഴിഞ്ഞുവെന്ന തോന്നലുണ്ടായി. കട്ടിലില് കിടന്നിട്ടും ഇരുന്നിട്ടും സ്വസ്ഥതയില്ലാതെയായി. ഭാര്യയെയും എന്റെ അനുജനായ സഹോദരനെയും ഉടന് വധിക്കേണ്ടി വരുമെന്ന ഒരു തോന്നലുണ്ടായി. ഞാന് വീര്പ്പുമുട്ടുകയായിരുന്നു. ഇരിക്കാനും നടക്കാനും കിടക്കാനുമൊന്നും വയ്യ. എന്റെ ഭാവം കണ്ടിട്ട് അമ്മയും ഭാര്യയും വിഷമിച്ചു. അവരോട് ഞാന് കാര്യങ്ങള് പറഞ്ഞു. വട്ട് എന്നു പറയുന്ന ഭ്രാന്തിന്റെ ഒരു പുതിയ രൂപം എന്ന് അന്യര്ക്ക് തോന്നുമെങ്കിലും, അമ്മയും (ഉമ്മായും) ഭാര്യയും എന്റെ മനോവിഷമം അറിഞ്ഞ് വിഷമിച്ചു. ഭാര്യവീട്ടുകാരോട് വീട്ടിലേക്കു വരാന് ഞാന് തന്നെ ഫോണിലൂടെ ആവശ്യപ്പെട്ടു. ഭാര്യയുടെ പിതാവും മാതാവും ഉടന് വന്നു. ഞാൻ തന്നെ അവരോട് ഗദ്ഗദത്തോടെ വിവരങ്ങള് അറിയിച്ചു. പുനലൂരുള്ള മാനസിക രോഗാശുപത്രിയിലേക്കു പോകുന്നതു നല്ലതാണെന്നു കരുതുന്നതായി ഞാന് തന്നെ നിര്ദ്ദേശിച്ചു. അവരും സമ്മതിച്ചു. തങ്ങളുടെ മകളെ കൊല്ലാന് പോലും തയ്യാറാകുന്ന മരുമകന്റെ മാനസികനിലയെ പക്വതയോടെ അവര് കാണുകയും എന്നോടുള്ള സ്നേഹപരിചരണങ്ങള്ക്ക് യാതൊരു കുറവും വരുത്താതെ

പുനലൂരുള്ള ആശുപത്രിയിലേക്ക് എല്ലാവരും ചേര്ന്നു പോവുകയും, എന്നെ അഡ്മിറ്റ് ചെയ്യുകയും, ഭാര്യാപിതാവ് കൂട്ടിരിക്കുകയും ചെയ്തു. അദ്ദേഹം എന്നോടു കാട്ടിയ സ്നേഹവായ്പുകളെ ഇന്നും സുവ്യക്തമായി ഞാന് ഓര്ക്കുന്നു. രണ്ടോ മൂന്നോ ആഴ്ച ആശുപത്രിയില് തങ്ങി. ആയുഷ്ക്കാലം മരുന്നു കഴിക്കേണ്ടി വരുമെന്ന് മുഖ്യ ഡോക്ടര് അറിയിച്ചു. ആശുപത്രിയില് വച്ച് പല പരീക്ഷണങ്ങളും പുതിയ അറിവുകളുമൊക്കെ ലഭിക്കുകയുണ്ടായി. ആവക കാര്യങ്ങള് വിസ്തരിക്കുന്നില്ല. ആശുപത്രിയില് നിന്ന് മടങ്ങി ഒരു മാസത്തിനകം മരുന്നുകള് ഉപയോഗിക്കുന്നത് സ്വയം നിര്ത്തി. അസാധാരണമായ മാനസിക ശക്തി നേടുകയാണു ചെയ്തത്. എന്തും ഏതും മഹാദേവിയുടെ ഇച്ഛയ്ക്കൊത്ത് ചെയ്യുന്ന മഹാദേവിയുടെ ദാസനായി മാറിയിരിക്കുന്നു. സുവ്യക്തമായ വെളിപാട് അപ്പോഴുണ്ടായി. ഈ ജന്മത്ത് ഭാര്യ ഉള്പ്പെടെ യാതൊരു മനുഷ്യരെയും നീ കൊല്ലേണ്ടി വരില്ല. ബാദ്ഷ എന്ന എനിക്ക് അതോടെ മാനസികമായ കരുത്തുകൂടി. മുമ്പു ചെയ്ത സത്യപ്രതിജ്ഞകള് എന്നെ മിടുക്കനാക്കുവാന് കൂടി ഉള്ളതായിരുന്നെന്ന് തിരിച്ചറിഞ്ഞു.

സത്യപ്രതിജ്ഞകള്ക്കും, പിന്നീട് ലഭിച്ച സുവ്യക്തമായ വെളിപാടുകള്ക്കും, പ്രപഞ്ചത്തെപ്പറ്റിയും ദൈവീക-ഭരണകാര്യങ്ങളെപ്പറ്റിയുമൊക്കെ ലഭിച്ച വലിയ വലിയ പാഠങ്ങള്ക്കും ശേഷം, ജീവിതകാര്യങ്ങള് മാനുഷിക തലങ്ങളിലേക്ക് വ്യാപരിക്കുകയുണ്ടായി. അബുദാബിയിലേക്കു പോയി. സുമാര് 2 വര്ഷക്കാലം അവിടെ ജോലിചെയ്തു. അവിടെ വച്ച് ദിവ്യാനുഭവങ്ങളുണ്ടായി. അറബി പൗരനായി ജീവിച്ചിരിക്കുന്ന ജവഹര്ലാലിനെ (നെഹ്രു) കണ്ടതും സഹകരിച്ചതും പ്രത്യേക അനുഭവമായിരുന്നു. വിസ്തരിക്കുന്നില്ല. 2005, മുതല് 2008 വരെയുള്ള വര്ഷങ്ങളില് അതിഗൗരവങ്ങളായ വെളിപാടുകള് ഉണ്ടായി. പുതിയ സത്യപ്രതിജ്ഞകളും. എന്നാല് 1991-ല് ഓം കുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സത്യപ്രതിജ്ഞകളില് നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ധര്മ്മശാസ്ത്ര കാര്യങ്ങളെയും ആത്മീയശാസ്ത്ര കാര്യങ്ങളെയും ദൈവീകതലത്തില്

ബന്ധിപ്പിക്കുന്നവയായിരുന്നു. ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തില് ഹിന്ദുമതത്തിലെ സത്യങ്ങളുടെ ഭാഗമായി നിരവധി കാര്യങ്ങളെ വിവരിച്ചിട്ടുണ്ട്.

(6) വ്യക്തിബന്ധങ്ങള്ക്കുപരിയായി ബ്രഹ്മമായിരിക്കുന്ന മഹാദേവി,
ഗ്രന്ഥകാരനെ മഹാശാസ്ത്രകാര്യങ്ങളില് ബന്ധിച്ചിരിക്കുന്നു എന്ന വസ്തുത സുമാർ 13-ാം വയസ്സു മുതലാണ് ഞാന് ദൈവശാസ്ത്ര ഗവേഷണം ആരംഭിച്ചത്. 25-ാം വയസ്സില്, സൗദി അറേബ്യയില് വച്ച് ധ്യാനങ്ങളിലൂടെ ഗവേഷണം ശക്തിപ്പെട്ടു. (മഹാദേവി ശക്തിപ്പെടുത്തി !). 30-ാം വയസ്സില് മത്സ്യാവതാരം. 31-ാം വയസ്സില് നാവില് മഹാദേവി ഓം കുറിച്ചു. ഈയുള്ളവന്റെ 50-ാം വയസ്സില്, മഹാദേവി ഓംകാരം മഹാഅനുഗ്രഹിച്ചു നല്കി. വലിയൊരു ഗ്രന്ഥത്തില് കുറിക്കാനുള്ള ജീവിതാനുഭവങ്ങള്, ദിവ്യാനുഭവങ്ങള് വളരെയുണ്ട്.

പത്രത്തിലൂടെയും ടെലിവിഷനിലൂടെയും, അപൂര്വ്വമായി നേരിട്ടും, കടുത്ത അധമത്തങ്ങളും പീഡനങ്ങളും ഭൂമിയിലെങ്ങും നടന്നുപോരുന്നതു കാണുമ്പോള് പലപ്പോഴും വിതുമ്പിക്കരഞ്ഞു പോകുന്ന വ്യക്തി. അതേസമയം, അവിടെയെല്ലാം നടക്കുന്ന ധര്മ്മശാസ്ത്ര വിരുദ്ധമായ കാര്യങ്ങളില് തനിയെ ജാഗരൂകന് ആകുന്ന അവസ്ഥ. മാത്രമല്ല, കുടുംബത്തിലും വെളിയിലും മറ്റുള്ളവര് ശാസ്ത്രവിരുദ്ധ കാര്യങ്ങള് സംസാരിക്കുന്നതും ചെയ്യുന്നതും വിലക്കാനുള്ള മനോഭാവം. ദൈവം തന്ന ശക്തിക്ക് അതീതമായി അധര്മ്മത്തിനെതിരെ പ്രവര്ത്തിച്ച് ജയിലിലായ അനുഭവം. ശേഷം ദൈവം നല്കുന്ന ശക്തിക്കൊത്ത് മാത്രം പ്രവര്ത്തിക്കുന്ന രീതി. മഹാശാസ്ത്രത്തിന് വിരുദ്ധമായ കാര്യങ്ങള് തീര്ത്തും ഇഷ്ടപ്പെടാതെ ആയിരിക്കുന്നു ഇന്നത്തെ ഈയുള്ളവന്റെ മനസ്സ്. വ്യക്തികള് മരിക്കുമ്പോള് അതില് വിഷമിക്കുന്ന

അവസ്ഥയും, ഒട്ടും വിഷമിക്കാത്ത അവസ്ഥയും ഒരുപോലെ ഈയുള്ളവനിലുണ്ട്. ബാദ്ഷാ ആരെയും കൊല്ലേണ്ടി വരില്ലാ എന്ന് സുവ്യക്തമായിട്ടുണ്ട്. 2009 ജനുവരി 7-ന് ഈ വരികള് കുറിക്കുമ്പോള് കൊതുകിനെ കൊല്ലുന്ന രീതിയാണുള്ളതെങ്കിലും 2007-ലെ ഏതാനും മാസങ്ങളില് കൊതുകിനെ പോലും കൊല്ലാതെ, കൊതുകുകളെ കൂട്ടമായിത്തന്നെ ഈയുള്ളവനെ കുത്താനും രക്തംകുടിക്കാനും അനുവദിച്ച കാലമുണ്ടായിരുന്നു. അതേസമയം അധര്മ്മിയായ മനുഷ്യനെ വധിക്കാന്പോലും മടിയില്ലാത്ത മാനസിക അവസ്ഥ ചിലപ്പോഴെങ്കിലുമുണ്ട്. ബ്രഹ്മമായിരിക്കുന്ന മഹാദേവി ആവശ്യപ്പെട്ടാല്, ഈയുള്ളവന് വാത്സല്യം കൊടുത്തിട്ടുള്ളതായ മഹാദേവിയുടെ മനുഷ്യാവതാരത്തിലെത്തുന്ന കുട്ടിയെപ്പോലും വധിക്കുന്നതിന് തയ്യാറാകുന്നതായ മാനസിക ഊറ്റം, ഈയുള്ളവന്റെ ഭാര്യ, കുട്ടികള്, മാതാവ് തുടങ്ങിയ കുടുംബാംഗങ്ങളെ മുഴുവനും ഏതൊരാളെയും ഭൂമിയിലുള്ള 650 കോടി ജനങ്ങളുടെ ഭാഗം മാത്രമായി കാണുന്ന അവസ്ഥ, കുടുംബത്തില് ഉള്ളപ്പോള് കുടുംബാംഗങ്ങളുടെ കാര്യങ്ങള് ശ്രദ്ധിക്കുന്നു, കുടുംബത്തില് ഇല്ലാത്തപ്പോഴും മരിച്ചാലും ദൈവം നോക്കിക്കോളും എന്നല്ലാതെ കുടുംബ ബന്ധങ്ങളോ കുടുംബകാര്യങ്ങളോ മനസ്സിനെ തെല്ലും ഉലയ്ക്കാത്ത അവസ്ഥ, തുടങ്ങിയ ബഹുവിധ അവസ്ഥകള് ഇന്നുണ്ട്. അവയെല്ലാം ഉന്നതമായ മനോബലത്തിന്റെ ഭാഗമാണ്. മാനസികമായ തകര്ച്ചകൊണ്ടല്ല. മഹാദേവി ഈയുള്ളവനിലേക്ക് ധര്മ്മശാസ്ത്രങ്ങളെ പകര്ത്തുന്നതിന്റെ ഭാഗം കൂടിയാണത്. ഒരാളോട് സംസാരിക്കുമ്പോള് തികച്ചും യാദൃച്ഛികമായിട്ട് അത്യുന്നതമായ ദൈവശാസ്ത്ര പാഠം ഈയുള്ളവനിലൂടെ വെളിയില് വന്നെന്നു വരും. വെളിയില് വന്ന വചനത്തിന്റെ പ്രസക്തി വെളിയില് വന്നശേഷം മാത്രമാണ് ഈയുള്ളവനും പഠിക്കുന്നതും വചനശക്തി ഓര്ത്ത് അത്ഭുതപ്പെടുന്നതും !

കൊല്ലുന്നതിനെ അഥവാ വധിക്കുന്നതിനെ ധര്മ്മശാസ്ത്രം അനുകൂലിക്കുന്നില്ല ; എന്നാല് ആത്മീയശാസ്ത്രം അഥവാ നീതിശാസ്ത്രം അനുവദിക്കുന്നുണ്ട്. ധര്മ്മശാസ്ത്രത്തെ അപഹസിക്കുന്നവരെയും, മറ്റുള്ളവരെ കൊല്ലുന്നവരെയും, കഠിനമായി വേദനിപ്പിക്കുന്നവരെയും ധര്മ്മശാസ്ത്രപരമായി ശിക്ഷിക്കുവാന് ദൈവം ഏതൊരാളെയും അനുവദിക്കുന്നുമുണ്ട്, പ്രസ്തുത ശിക്ഷ അപൂര്വ്വമായി വധം വരെയാകാം. മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായിട്ട് ജീവികളുടെ ശരീരങ്ങളെ ദൈവം കൊല്ലുന്നുണ്ട്, മരണം എന്നു മനുഷ്യരിലൂടെ ദൈവം പേരിട്ടിരിക്കുന്നു എന്നേയുള്ളൂ. ആവക കാര്യങ്ങളും, ദയാവധത്തെപ്പറ്റിയുള്ള വിശദീകരണങ്ങളും ഒക്കെ ധര്മ്മശാസ്ത്രത്തിലെയും നീതിശാസ്ത്രത്തിലെയും നിയമ നിര്മ്മാണം എന്ന അദ്ധ്യായത്തിലുണ്ട്. മരണം എന്നത് മനുഷ്യശരീരം സ്വീകരിക്കുന്ന എല്ലാവര്ക്കും മഹാദേവി ബാധകമാക്കിയിട്ടുണ്ട്. മഹാദേവിക്കും, മഹാദേവിയുടെ ദാസനായ പരമശിവനും ബാധകമായ കാര്യമാണത്. സംഹാര കാലത്ത് മഹാദേവിയുടെ ശരീരവും സംഹരിക്കപ്പെടുന്നു. ഓരോ 50 വയസ്സിലും മഹാദേവിയുടെ ശരീരത്തിന് മരണമുണ്ടാകുന്നതാണ്. മഹാദേവിയുടെ മാതാപിതാക്കളാകുവാനും മഹാആനന്ദങ്ങള് നുകരുവാനും പുതിയൊരു ദമ്പതികള്ക്ക് അവസരം നല്കുക കൂടിയാണത്. മരിക്കുക എന്നു പറയുമ്പോള്, സംഹരിക്കുക എന്ന അര്ത്ഥം കൂടിയുണ്ട്. സംഹാരകാലത്ത്, മഹാദേവിയുടെ മനുഷ്യശരീരത്തെ സംഹരിക്കുക എന്ന ചുമതല മഹാദേവി തന്നെയാണ് ചെയ്യുന്നതെങ്കിലും, പരമശിവനിലൂടെയാണ്. മായ പ്രത്യക്ഷമല്ലാത്ത കാലത്ത് പരമശിവന്റെ ശരീരവും സംഹരിക്കപ്പെടുന്നു. കാലാകാലങ്ങളില് മഹാദേവി മഹാനിശ്ചയിക്കുന്ന ജീവിരൂപങ്ങളില് പരമശിവനെ ഭൂമിയിലയക്കുകയും മഹാ-ഇഷ്ടപ്രകാരമുള്ള അഥവാ ഓംകാരനീതിശാസ്ത്ര പ്രകാരമുള്ള കാര്യങ്ങള് ഭൗതികശാസ്ത്രപരമായി മഹാനിവര്ത്തിക്കുകയും ചെയ്യുന്നു. ബുദ്ധനായും ക്രൈസ്റ്റായും ബാദ്ഷാ ആയും പരമശിവനെ

അയച്ചത് ഉദാഹരണങ്ങള്.

(7) ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവി, പരമശിവനെ മഹാനിയന്ത്രിക്കുന്നു, ... മുതല് (14) വരെയുള്ള കാര്യങ്ങളെ
ഒന്നിച്ച് വിശദീകരിക്കുന്നു.
ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവി, പരമശിവനെ ഓരോരോ കാര്യങ്ങള്ക്കായി നിയോഗിക്കുന്നതും, പഠിപ്പിക്കുന്നതും, പരീക്ഷണങ്ങള് നല്കി തോല്പ്പിച്ചും വിജയിപ്പിച്ചും മിടുക്കനാക്കുന്നതും, നിയന്ത്രിക്കുന്നതുമായ കാര്യങ്ങള് ഈ ഗ്രന്ഥത്തില് ഉടനീളമുണ്ട്. ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിലും, ഈ അദ്ധ്യായത്തിലും, അടുത്ത അദ്ധ്യായത്തിലുമൊക്കെ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. മഹാദേവി മനുഷ്യാവതാരം എടുക്കുന്നതായി, 2007 ഡിസംബറില് അറിയിച്ചപ്പോള്, പുതിയ അറിവായിരുന്നുവെന്നും, മകളെപ്പോലെ ഈയുള്ളവന് വാത്സല്യം നല്കി വന്ന പെണ്കുട്ടി ആകയാല് ഞെട്ടല്, അത്ഭുതം, ആവേശം, മനോവിഷമങ്ങള്, മഹാസന്തോഷം എന്നിങ്ങനെ വിവിധങ്ങളായ മനോനിലകള് ഉണ്ടായതായും പറഞ്ഞുവല്ലോ. പ്രത്യേകമായി മനസ്സിലാക്കേണ്ടത് പ്രസ്തുത കുട്ടി ഈയുള്ളവന്റെ മഹായജമാനയാകുന്നത് മഹാദേവി അറിയിക്കുമ്പോള് മാത്രമാണ്. മഹാദേവി പ്രസ്തുത മഹാ-വിവരം അറിയിക്കുമ്പോള്, പ്രസ്തുത കുട്ടിയുടെ (മഹാ) പാദങ്ങളെ നമസ്ക്കരിക്കുവാനും (മഹാ) പാദങ്ങളെ ചുംബിക്കുവാനും, (മഹാ) പാദങ്ങളില് പറ്റിപ്പിടിച്ചിരിക്കുന്ന മണ്ണു മുഴുവന് നക്കിത്തിന്നുവാനുമുള്ള മോഹം ഉണ്ടാകുന്നു ; എന്നാല് കുട്ടിയുടെ ശരീരത്തിന് ഈയുള്ളവന്റെ മുമ്പില് പ്രസക്തി വളരെ വളരെ കുറവാണ്. 1 വര്ഷം പ്രായമുള്ള കുഞ്ഞിനെ ചൂണ്ടിക്കാണിച്ചോ, 100 വയസ്സുള്ള വൃദ്ധയെ ചൂണ്ടിക്കാണിച്ചോ, അതാണ് താന് സ്വീകരിക്കുന്ന മനുഷ്യജീവി-ശരീരം എന്ന് ബ്രഹ്മവും പരിശുദ്ധാത്മാവുമായ മഹാദേവി അറിയിച്ചാല്, ആവിധത്തില് മഹാദേവിയുടെ ദിവ്യരൂപത്തെ കണ്ട്

സന്തോഷിക്കുകയും പ്രസ്തുത 1 വര്ഷം പ്രായമുള്ള കുഞ്ഞിന്റെയോ 100 വയസ്സുള്ള വൃദ്ധയുടെയോ (മഹാ) പാദങ്ങളെ നമസ്ക്കരിക്കുവാനും (മഹാ) പാദങ്ങളെ ചുംബിക്കുവാനും, (മഹാ) പാദങ്ങളില് പറ്റിപ്പിടിച്ചിരിക്കുന്ന മണ്ണു മുഴുവന് നക്കിത്തിന്നുവാനുമുള്ള മോഹമാവും ഉണ്ടാവുക. അതായത് ഈയുള്ളവന് മഹാദേവിയുടെ ശരീരരൂപം വിഷയമല്ലാത്ത അവസ്ഥ മഹാ-അനുഗ്രഹത്താല് ഉണ്ടാകുന്നതാണ്. മഹാദേവിയുടെ മനുഷ്യാവതാരം മഹാഎഴുന്നെള്ളിയിരിക്കുന്ന കുടുംബത്തോട് യാതൊരു തെറ്റുകളും ഗ്രന്ഥകാരന് കാട്ടുന്നില്ല എന്നുകൂടി മേല്പ്രസ്താവങ്ങളില് നിന്ന് മനസ്സിലാക്കാനാവും. മഹാദേവിയുടെ മഹാഅനുഗ്രഹത്താല് എന്നെ വെറുക്കുന്നവരോടും എനിക്കു സ്നേഹമേ ഉള്ളൂ എന്നിരിക്കെ ആരോടും യാതൊരു തെറ്റുകളും ചെയ്യുന്നില്ല എന്നാണ് ഞാന് കരുതുന്നത്. മാനുഷിക തലത്തില് പറയുമ്പോള് 2009-ല് 51 വയസ്സായിരിക്കുന്നു. ഇനിയുമൊരു വധത്തിന് ദൈവീക നിയോഗമുണ്ടെങ്കില്, അതുകൂടി അനുഭവിക്കുകയും എല്ലായ്പ്പോഴും മഹാദേവിയുടെ മഹാദാസനായിരിക്കാന് ആഗ്രഹിക്കുകയും ചെയ്യുന്നു എന്നല്ലാതെയുള്ള മോഹങ്ങളില്ല. 2009 ജനുവരി 7-ന് ഈ വരികള് എഴുതുന്ന ദിവസം വധിക്കപ്പെട്ടാലും, നാളെ വധിക്കപ്പെട്ടാലും സന്തോഷം, മഹാഇഷ്ടം പോലെ നടക്കട്ടെ എന്നേയുള്ളൂ. ദുസ്വാര്ത്ഥമില്ലാത്ത സ്വാര്ത്ഥത വര്ദ്ധിച്ചിരിക്കുന്നു. മഹാദേവിയുടെ മനുഷ്യാവതാരം മഹാഎഴുന്നെള്ളിയിരിക്കുന്ന കുടുംബത്തിലുള്ളവരെയും ലോകത്തെയും, മഹാദേവി തന്നെ മഹാരീതികളില് മഹാസത്യങ്ങള് അറിയിക്കുന്നതോടെ അവര്ക്കും ഏതൊരാള്ക്കും മഹാസന്തോഷം അനുഭവിക്കാന് കഴിയുന്നതാണ്. അതോടെ, ഈയുള്ളവനോട് വിദ്വേഷങ്ങള് ഉണ്ടായിട്ടുണ്ടെങ്കില് മാറുന്നതാണ്. ആവക കാര്യങ്ങള് ഈയുള്ളവനെ അലട്ടുന്നില്ല. 2007 ഡിസംബര് മാസത്തില് ഈയുള്ളവന്റെ അറിവനുസരിച്ച് അനവധി കാര്യങ്ങളില് വളരെയധികം യോഗ്യനായ* സുഹൃത്തിന്റെ മകള്ക്ക് 18 വയസ്സ് പൂര്ത്തിയാകുന്ന ദിവസം രാവിലെ 5 മണിയോടെ,

മഹാദേവിയാണ് അവതരിച്ചിട്ടുള്ളത് അഥവാ അവതരിച്ചു കൊണ്ടിരിക്കുന്നത് എന്ന് ബ്രഹ്മമായ മഹാദേവി ഈയുള്ളവനെ അറിയിക്കുകയുണ്ടായി. ഈയുള്ളവന്റെ ഇളയകുട്ടിയായ മകളേക്കാള് വളരെയധികം പ്രായം കുറവുള്ള പ്രസ്തുത കുട്ടിയെ മോള് എന്ന് ചെറുപ്പം മുതല് ഞാന് വിളിച്ചുപോരുന്നതും മോള്ക്കു നല്കുമ്പോലെ പരമവാത്സല്യം നല്കിപ്പോരുന്നതുമാണ്. ആ കുട്ടി മഹാദേവിയായിക്കൊണ്ടിരിക്കുന്നു എന്ന മഹാസത്യം ഈയുള്ളവനെ വളരെയധികം ഞെട്ടിച്ച മഹാവസ്തുത കൂടിയാണ്. (*ഏതൊരാളുടെയും യോഗ്യതകള് ജന്മങ്ങളുമായും മഹാനീതിയുമായും ബന്ധപ്പെട്ടിരിക്കുകയാല് ഒരാളുടെ യോഗ്യതകളെപ്പറ്റി മഹാദേവി മാത്രമേ അറിയുന്നുള്ളൂ, മഹാദേവി അറിയിച്ചാല് മാത്രമേ ഈയുള്ളവന് ഉള്പ്പെടെ ഏതൊരാളും അറിയുകയുള്ളൂ.).

മേല്പടി മഹാവസ്തുത അറിയിച്ചശേഷം 2007 ഡിസംബര് മാസം അവസാനത്തോടെ, ബ്രഹ്മം ആയിരിക്കുന്ന മഹാദേവിയുടെ സ്ത്രീരൂപത്തിലുള്ള പിന്ഭാഗ-ദര്ശനം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നല്കുകയുണ്ടായി. കസവും ചന്ദനനിറവുമുള്ള സാരിയുടുത്തും കിരീടം വച്ചും, നിറയെ മുടിയോടെയുമുള്ള, അവ്യക്തമായും വ്യക്തമായുമുള്ള ഭൗതികശരീരത്തോടെയുള്ള മഹാദിവ്യരൂപത്തെയാണ് ദര്ശിച്ചത്. ഉറക്കത്തിലും സ്വപ്നത്തിലും അല്ല എന്നുമറിയുക. ഓംകാരം ഈയുള്ളവനില് പ്രവേശിപ്പിച്ചത് ഉള്പ്പെടെയുള്ള അനവധി മഹാശക്തികള് മഹാദര്ശനത്തിനു മുമ്പ് ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നല്കുകയുണ്ടായി. 2008 ഫെബ്രുവരി മാസം 1-ാം തീയതി വീണ്ടും അവിചാരിതമായി ഈയുള്ളവന്റെ മുന്നില് മുമ്പുകണ്ട മഹാദിവ്യരൂപം അഭിമുഖമായി പ്രത്യക്ഷപ്പെട്ടു. മുഖം വ്യക്തമാക്കാഞ്ഞതാണോ, ഇപ്പോള് ഈയുള്ളവന് ഓര്ക്കാത്തതാണോ എന്നു പോലും ഈയുള്ളവനറിയില്ല.

മഹാദേവി മഹാനാഗമായിട്ട് മണ്ണടി ക്ഷേത്രത്തില് പ്രവേശിച്ചതായി അറിയിക്കുന്ന ഒരു മഹാസംഭവം 2008

ജനുവരിയില് ഉണ്ടായി. ഈ വരികള് കുറിക്കുന്നതായ 2008 ഡിസംബര് 17 ന് വൈകിട്ട് 6 മണിവരെയും പ്രസുതുത മഹാസംഭവത്തിന്റെ വിശദീകരണം അറിയാനുള്ള ഭാഗ്യം ഈയുള്ളവന് ഉണ്ടായിട്ടില്ല.

2009 ജനുവരി മാസം 6-ാം തീയതി ഈയുള്ളവന് മണ്ണടിയിലുള്ള ബ്രഹ്മകേന്ദ്രമായ പുതിയകാവ് ദേവീ ക്ഷേത്രത്തില് പോയപ്പോള്, ആവര്ത്തിച്ച് വിഗ്രഹ-ശിലയിലേക്ക് നോക്കുന്നതില് നിന്നും ഈയുള്ളവനെ വിലക്കുകയും, ശിലയില് നിന്നും മഹാബ്രഹ്മമായ മഹാദേവി ഈയുള്ളവന്റെ കൂടെപ്പോരികയാണെന്നും അറിയിച്ചു. അതിന്റെയര്ത്ഥം മനസ്സിലാക്കാനായത് ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഈയുള്ളവന് മണ്ണടി ക്ഷേത്രത്തില് പോകേണ്ടതില്ലാ എന്നു, മഹാബ്രഹ്മം സ്വയം മഹാ-നിശ്ചയിക്കുന്ന സമയത്ത് മനുഷ്യാവതാരത്തിലുള്ള കുട്ടിയിൽ പ്രവേശിക്കുമെന്നുമാണ്. മഹാ-ഇഷ്ടം പോലെ മഹാകാര്യങ്ങള് നടക്കുന്നു.

ഈയുള്ളവനെ മഹാദേവി അറിയിക്കുമ്പോലെയും, മഹാ-ഇഷ്ടം പോലെയും മഹാകാര്യങ്ങള് ഈയുള്ളവനിലൂടെ വെളിപ്പടുത്തുന്നതുമാണ്. ഈ വരികള് എഴുതുന്നത് 2009 ജനുവരി മാസം 7-ാം തീയതിയാണ്. ഒരു വര്ഷത്തിനു ശേഷമാണെന്നു തോന്നുന്നു, മണ്ണടി ക്ഷേത്രത്തിലേക്കുള്ള ഈയുള്ളവന്റെ യാത്രകള് ഭാഗികമായി പുനരാരംഭിച്ചു.

ആവര്ത്തിക്കുന്നു : മഹാബ്രഹ്മമായ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ മഹാകാര്യങ്ങള് സംഭവിക്കുന്നതാണ്. മനുഷ്യാവതാരത്തിലുള്ള കുട്ടിയില് ബ്രഹ്മം ചേരുമ്പോള്, അഥവാ ബ്രഹ്മം പ്രവേശിക്കുമ്പോള്, മഹാദേവിയുടെ അവതാരം പൂര്ണ്ണമാകുമെന്നും, മഹാദേവിയുടെ മഹാചിരി ഉണ്ടാകുമെന്നും ഈയുള്ളവന് കരുതുന്നു. കൂടുതല് പറയാന് ഈയുള്ളവന് തല്ക്കാലം കഴിവില്ല.

മഹാദേവി മഹാ-ചിരിക്കുമ്പോള്, ഓം എന്ന മഹാചിരി ഭൂമിയിലെങ്ങും മുഴങ്ങുന്നതാണ്, മായ പ്രത്യക്ഷമാകുന്നത് അങ്ങനെയാണ്. തുടര്ച്ചായി 3 വര്ഷക്കാലം ഭൂമിയിലെങ്ങും ഓം മുഴങ്ങിക്കൊണ്ടുമിരിക്കും എന്നാണ് ഈയുള്ളവന്

മനസ്സിലാക്കുന്നത്. മഹാദേവിയുടെ മനുഷ്യാവതാരം പൂര്ണ്ണമായിട്ടില്ലാത്തതിനാല് മേല്പടി ദിവ്യജന്മം എടുത്തിട്ടുള്ള പെണ്കുട്ടിയുടെ കൂടുതല് വിവരങ്ങള് ഈയുള്ളവന് ഗ്രന്ഥത്തില് ചേര്ത്താല് അത് ധര്മ്മശാസ്ത്ര വിരുദ്ധമാണ്. കൂടുതല് വിവരങ്ങള് അറിയാന് ജനങ്ങള് ശ്രമിച്ചാല്, അതും ധര്മ്മശാസ്ത്ര വിരുദ്ധമാണ്. സുവ്യക്തമായ താക്കീതായി കണക്കാക്കിക്കൊണ്ട് മഹാകാര്യങ്ങളില് യാതൊരാളും അബദ്ധങ്ങളോ അവിവേകങ്ങളോ കാട്ടാതെ ശ്രദ്ധിക്കണം. പാപവും ശിക്ഷയും കടുത്തതായാല്, അപകടമാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കര്ത്താവായ, മഹാബ്രഹ്മമായ, മഹായജമാനനും മഹായജമാനയുമായ, മഹാദാസിയായ, മഹാദേവനും മഹാദേവിയുമായ, മഹാപിതാവും മഹാമാതാവുമായ, മഹാശാസ്ത്രവും മഹാപ്രപഞ്ചവുമായ, പരിശുദ്ധാത്മാവായ, ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ (സൃഷ്ടി-മഹാദേവി) ദിവ്യ (സ്ഥിതി-മഹാദേവി) ദിവ്യ (മഹാനീതിപതി) ദിവ്യ (ദിവ്യയെന്ന മഹാശാസ്ത്രനാമത്തോടെ അവതരിക്കുന്ന) മഹാദേവിയുടെ മഹാഇഷ്ടം പോലെ മാത്രം മഹാപ്രപഞ്ചത്തിലെ കാര്യങ്ങള് നടക്കുന്നതാണ്. കുഞ്ഞുങ്ങളേ, ആരും അവിവേകത്തിന് ഒരുങ്ങരുതേ; നിങ്ങളുടെ പിതാവായ പരമശിവന്റെ ഏറ്റവും വിനീതമായ, പരമവാത്സല്യത്തോടെയുള്ള അഭ്യര്ത്ഥനയാണ്, താക്കീതുമാണ്. ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രകോടികളും ഉള്പ്പെടെയുള്ള സര്വ്വതും തന്റെ ചെറുവിരലില് ഒരു ചെറിയ പന്തുപോലെ കറക്കുന്ന മഹാദേവിക്കു മാത്രമാണ് മഹാപ്രപഞ്ചത്തില് മഹത്വമുള്ളത് എന്നതുള്ക്കൊണ്ടും, മഹാസന്തോഷം കൈവരുന്ന നാളുകള് വൈകാതെ ഉണ്ടാകുമെന്നറിഞ്ഞും, ധര്മ്മശാസ്ത്രപരമായി മാത്രം പ്രവര്ത്തിക്കുക.

കുഞ്ഞുങ്ങളും, അവരുടെ അമ്മയും അച്ഛനും, മുത്തശ്ശിയും മുത്തച്ഛനും, അവരുടെ-അവരുടെ അമ്മയും അച്ഛനും, മുത്തശ്ശിയും മുത്തച്ഛനും ഒക്കെ മഹാദേവിയുടെ കുഞ്ഞുങ്ങളാണ് എന്നത് ഉള്ക്കൊള്ളുമ്പോള്, കുഞ്ഞുങ്ങളുടെ

മേല് മാതാപിതാക്കള്ക്ക് നിസ്സാര അവകാശമേ ഉള്ളൂ എന്നു തോന്നിപ്പിക്കുന്ന ഈ അദ്ധ്യായത്തിലെ ഏതാനും വാചകങ്ങള് നല്കുന്ന വിഷമം മറന്ന്, മഹാപിതാവും മഹാമാതാവുമായ മഹാദേവിയുടെ മഹാവാത്സല്യം നുകരാന് ഏവരും കൊതിക്കുന്നതാണ്. മഹാദേവിയുടെ മനുഷ്യാവതാരത്തെപ്പറ്റി വെളിപാടു മുഖേനയും ദിവ്യമായ അനുഭവങ്ങള് പ്രകാരവും ബോദ്ധ്യപ്പെട്ട കാര്യങ്ങളാണ് കുറിച്ചത്. മഹാദേവി മനുഷ്യരൂപത്തില് അവതരിച്ചുകഴിഞ്ഞുവെന്ന് മഹാശാസ്ത്രം പ്രകാരം അറിയിക്കുവാന് ബാദ്ധ്യസ്ഥനായ ഈയുള്ളവന്, ആ വിവരംകൂടി പ്രഖ്യാപിക്കുന്ന ഗ്രന്ഥത്തില് ധര്മ്മശാസ്ത്രപരമയാ സൂചന നല്കിയില്ലെങ്കില് അത് ദൈവനിന്ദയാകും. ഈ മഹാഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ അഥവാ മഹാശാസ്ത്രത്തെ ഉള്ക്കൊണ്ടു പ്രവര്ത്തിക്കാന് ഈയുള്ളവന് സ്വയം ബാദ്ധ്യസ്ഥനാണ്. ആകയാല്, സുഹൃത്തിനോടും കുടുംബത്തോടും മകള്പോലെയുള്ള കുട്ടിയോടും അനീതി കാട്ടിയെന്ന് ഈയുള്ളവന് കരുതാനാവുന്നില്ല. മഹാദേവിയുടെ അവതാരത്തെ സംബന്ധിച്ച് സുഹൃത്തിനെയും, ഈയുള്ളവന്റെ ഭാര്യയെയും-മകളെയും ഈയുള്ളവന്തന്നെ അറിയിച്ചിട്ടുള്ളതാണ്. എന്നാല് മഹാശാസ്ത്രകാര്യങ്ങളെ ഉള്ക്കൊള്ളുവാന് മഹാദേവി മഹാഅനുഗ്രഹിക്കുവാന് സമയമാട്ടില്ലാത്തതുകൊണ്ടാവാം, ഈയുള്ളവന്റെ ഒരുതരം വട്ടായിട്ടേ അവര്ക്ക് കരുതാന് കഴിഞ്ഞിട്ടുള്ളൂ. ഈ മഹാഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഉള്പ്പെടെയുള്ള ഈയുള്ളവന്റെ പ്രവൃത്തികള്കൊണ്ട് അവര്ക്ക് വേദന അനുഭവിക്കേണ്ടിവരുന്നുവെങ്കില് മഹാനീതിശാസ്ത്ര പ്രകാരമുള്ള അനുഭവയോഗമായി കണക്കാക്കേണ്ടതുണ്ട്. ഭൂമിയിലൊക്കെയും അപകടങ്ങളിലൂടെയും അക്രമങ്ങളിലൂടെയും മാത്രം ദിവസവും എത്രയോ ആയിരം മനുഷ്യര് കൊല്ലപ്പെടുന്നു. ഏതു സമയത്തും ഏതൊരാള്ക്കും മരണമോ അപകടമരണമോ വധമോ ഒക്കെ നടക്കാമെന്നിരിക്കെ ഏതൊരു വിഷയത്തെയും വിശാലമായ വീക്ഷണത്തില് കാണാന് ശ്രമിക്കണം. അക്രമ-കൊലകളും

അപകടമരണങ്ങളും ടെലിവിഷനിലൂടെ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നവര് മനുഷ്യ-ശരീരത്തിന്റെ ഔന്നത്യവും തുച്ഛത്വവും ഉള്ക്കൊണ്ട് ജീവിക്കേണ്ടവരാണ്. അതേസമയം, ഈയുള്ളവന് അനീതി കാട്ടിയെന്ന് സുഹൃത്തും കുടുംബാംഗങ്ങളും തുടര്ന്നും കരുതുന്നുവെങ്കില്, ഏറ്റവും ക്രൂരമായി ഈയുള്ളവനെ വധിക്കുന്നത് ഉള്പ്പെടെയുള്ള ശിക്ഷ നേരിട്ടു നല്കുവാന് ശ്രമിക്കാവുന്നതാണ്. ഈയുള്ളവന് തിരിച്ചടിക്കില്ല എന്നുറപ്പിക്കാം. സുഹൃത്തും കുടുംബവും സ്വീകരിക്കുന്ന ഏത് ശിക്ഷാനടപടിയുടെ പേരിലും അവരെ ശിക്ഷിക്കുവാന് സര്ക്കാര് എന്ന പേരിലുള്ള സമൂഹത്തിലെ അധാര്മ്മികഭരണകൂടങ്ങളും കോടതി സമ്പ്രദായങ്ങളും തയ്യാറായിക്കൂടാ എന്നും അഭ്യര്ത്ഥിക്കുന്നു.
മഹാനീതിപതിയായ മഹാദേവിയുടെ മഹാകൈകളില് ഇവിടെ കുറിക്കുന്നത് ഉള്പ്പെടെയുള്ള എല്ലാ കാര്യങ്ങളും മഹാഭദ്രമാണ് എന്ന് ഈയുള്ളവന് ഉറച്ചുവിശ്വസിക്കുന്നു.
മാതാപിതാക്കളെ ഉന്നതപ്പെടുത്തിയിരിക്കുന്നു.
മഹാപിതാവും മഹാമാതാവും ഏകദൈവമായ മഹാദേവിയാണെങ്കിലും, പരമമായി എല്ലാവരെയും സംരക്ഷിക്കുന്നതും സ്രഷ്ടാവായ മഹാദേവി തന്നെയാണെങ്കിലും, മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള ധര്മ്മശാസ്ത്രത്തിലൂടെ മാതാപിതാക്കളെ ഉന്നതപ്പെടുത്തിയിട്ടുണ്ട്. കുഞ്ഞുങ്ങള് മാതാപിതാക്കളെ അനവധി കാര്യങ്ങളില് അനുസരിക്കുവാന് കടമപ്പെട്ടവരായി ധര്മ്മശാസ്ത്രത്തിലൂടെ ദൈവം വിധിക്കുന്നുണ്ട്. ഉദാഹരണം : (1) മനുഷ്യക്കുഞ്ഞിന് ഗര്ഭാവസ്ഥയിലും പ്രസവത്തിനുശേഷവും അനവധി വര്ഷങ്ങളിലെ സഹായവും പിന്തുണയും ബഹുവിധകാര്യങ്ങളില് മാതാപിതാക്കളില് നിന്നും ചുറ്റുമുള്ള ബന്ധുജനങ്ങള് ഉള്പ്പെടെയുള്ള ചെറുതും വലുതുമായ മറ്റു രക്ഷകര്ത്താക്കളില് നിന്നും ആവശ്യമാക്കിയിരിക്കുകയാണ്. മാതാപിതാക്കളെ ഉന്നതപ്പെടുത്തുവാന് മഹാദേവി ധര്മ്മശാസ്ത്രത്തിലൂടെ ആവിഷ്ക്കരിച്ചിട്ടുള്ള മഹാ-അവസ്ഥാ വിശേഷമാണത്.
മഹാദേവിയുടെ മഹത്വം വെളിവാക്കുന്ന മറ്റൊരു

വസ്തുതയാണത്. കുഞ്ഞുങ്ങളെ മാതാപിതാക്കളുമായും മറ്റും ചേര്ത്തുനിര്ത്താനുള്ള മഹാസംവിധാനം കൂടിയാണത്. പശുക്കുട്ടികളെപ്പോലെ പിറന്നുവീഴുമ്പോള് തന്നെ എണീറ്റ് ചാടി-ഓടി ജീവിക്കുകയും ഏതാനും മാസങ്ങള്കൊണ്ട് വളര്ച്ച പൂര്ത്തിയായിക്കൊണ്ട് അവയിലൂടെ പുതിയ തലമുറ ഉരുവാകുംവിധം മനുഷ്യരില് സൃഷ്ടി സംവിധാനം ഒരുക്കിയിരുന്നെങ്കില് മനുഷ്യജീവിതം പാടേ മാറുമായിരുന്നു എന്നത് ഏതാനും നിമിഷങ്ങള് ചിന്തിക്കുകയാണെങ്കില്, മഹാദേവി അങ്ങനെ ചെയ്യാഞ്ഞത് കുഞ്ഞുങ്ങളെയും മാതാപിതാക്കളെയും കൂടുതല് ചേര്ത്തുനിര്ത്താനും അന്യോന്യം കടമപ്പെട്ടവരും അവകാശങ്ങളുള്ളവരും ആക്കിത്തീര്ക്കാനാണ് എന്നു ബോദ്ധ്യമാകുന്നതാണ്. അപ്പോഴും എപ്പോഴും മഹത്വം മഹാദേവിക്കുമാത്രം. ജീവി-ബന്ധങ്ങളിലെ മാതാപിതാക്കളെയും കുഞ്ഞുങ്ങളെയും ചേര്ത്തുനിര്ത്തുന്ന അതീവ ഗൗരവമുള്ളതായ മറ്റൊരു മഹാ-ആവിഷ്ക്കാരമുണ്ട് : കുഞ്ഞുങ്ങള്ക്ക് അഹംഭാവമോ അഹങ്കാരമോ ഉണ്ടാവാതിരിപ്പാനായും, തങ്ങളെ വളര്ത്തി വലുതാക്കുവാന് പ്രയത്നിച്ച മാതാപിതാക്കളോടുള്ള കടമയും കടപ്പാടും ഓര്മ്മിപ്പിക്കാനും വര്ദ്ധിപ്പിക്കാനുമുള്ള പദ്ധതിയാണത്. മനുഷ്യമാതാവിനേക്കാള് 100 മടങ്ങ് വാത്സല്യം മഹാമാതാവായ മഹാദേവി നല്കുമ്പോഴും, മനുഷ്യക്കുഞ്ഞിന്റെ പ്രസവവും പരിചരണവും മനുഷ്യമാതാവിലൂടെ മാത്രമാണ് നടത്തപ്പെടുന്നത്. മനുഷ്യമാതാപിതാക്കളോടുള്ള കടമകളിലും കടപ്പാടുകളിലും മനുഷ്യ-ക്കുഞ്ഞുങ്ങളെ ജീവിതകാലം മുഴുവന് ബന്ധിച്ചിക്കുകയും മനുഷ്യമാതാവിനെ ഉയര്ത്തുവാനുമുള്ള മഹാപദ്ധതി കൂടിയാണത്.

മഹാവാത്സല്യം

മഹാപിതാവും മഹാമാതാവുമായ മഹാദേവി തന്റെ കുഞ്ഞുങ്ങളായ എല്ലാ ജീവികള്ക്കും നല്കുന്ന മഹാവാത്സല്യത്തിന്റെയും മഹാരക്ഷയുടെയും ഒരു ചെറിയ-

രൂപം മാത്രമാണ് യഥാര്ത്ഥത്തില് ജീവികളുടെ ഇടയിലെ കുട്ടികളും മാതാപിതാക്കളുമായ ബന്ധത്തിനുള്ളത്. മനുഷ്യമാതാപിതാക്കളുടെ സന്തോഷത്തിനായിക്കൂടി, മഹാദേവി, താന് നല്കുന്ന മഹാവാത്സല്യത്തിന് മനുഷ്യമാതാപിതാക്കള് നല്കുന്ന വാത്സല്യത്തിന്റെ 100 മടങ്ങ് എന്ന പരിധി മഹാശാസ്ത്രപരമായി മഹാനിശ്ചയിച്ചിട്ടുണ്ട്. കുട്ടികളും അവരുടെ മാതാപിതാക്കളും, മുത്തശ്ശി-മുത്തച്ഛന്മാരും, തുടങ്ങി എല്ലാവരും മഹാമാതാവായ മഹാദേവിയുടെ കുഞ്ഞുങ്ങളാണ്. മാതാപിതാക്കള് തങ്ങളുടെ കുഞ്ഞുങ്ങള്ക്കു നല്കുന്നതും നല്കേണ്ടതുമായ വാത്സല്യത്തിന്റെയും ശുശ്രൂഷകളുടെയും മഹാഭാവവും മഹാരൂപവുമാണ് മഹാപിതാവും മഹാമാതാവുമായ മഹാദേവി എല്ലാ കുഞ്ഞുങ്ങള്ക്കും നല്കുന്നത്.
മനുഷ്യമാതാപിതാക്കളും പ്രിയപ്പെട്ടവരും നല്കുന്ന വാത്സല്യങ്ങള്ക്കും, മഹാപിതാവും മഹാമാതാവുമായ മഹാദേവി നല്കുന്ന മഹാവാത്സല്യത്തിനും തമ്മിലുള്ള മുഖ്യ വ്യത്യാസം മനുഷ്യരെ വിതുമ്പിക്കരയിക്കുന്നതാണ്. അക്കാരണംകൊണ്ടുതന്നെ, ഏറെക്കുറെ 90 മനുഷ്യജന്മങ്ങള് പിന്നിടുമ്പോള് മാത്രമേ മനുഷ്യന് പ്രസ്തുത ജ്ഞാനം മഹാദേവി നല്കുന്നുള്ളൂ. തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങള് മഹാമാതാവായ മഹാദേവിയെ ഓര്ത്ത് വിതുമ്പുന്നതും കരയുന്നതും മഹാദേവിയെ മഹാവേദനിപ്പിക്കുക കൂടി ചെയ്യുന്നതാണ്. മഹാശാസ്ത്രപ്രകാരം ഏറെക്കുറെ 90 മനുഷ്യജന്മങ്ങളോട് അടുക്കുന്നവര്ക്കു മാത്രമേ ഈ മഹാഗ്രന്ഥം ഉള്ക്കൊള്ളാന് കഴിയൂ എന്ന വസ്തുതയെക്കൂടി അറിയിച്ചുകൊണ്ട് വിശദീകരിക്കാം :
മനുഷ്യമാതാപിതാക്കളും ബന്ധുക്കളുമൊക്കെ കുഞ്ഞുങ്ങളെയും കുട്ടികളെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും വളര്ത്തുകയും ഒക്കെ ചെയ്യുമ്പോള്, കുട്ടികള്ക്ക് ആനന്ദവും പരിചരണവും ലഭിക്കുമ്പോലെ, മാതാപിതാക്കള്ക്കും കുട്ടികളില്നിന്ന് ആനന്ദം ലഭിക്കുന്നുണ്ട്. കൂടാതെ കുട്ടികള് മുതിരുമ്പോള് മാതാപിതാക്കളെ

കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നുണ്ട്. കൊച്ചുമക്കളില് നിന്നും ആനന്ദം ലഭിക്കുന്നുണ്ട്. എന്നാല്, മഹാമാതാവായ മഹാദേവി തന്റെ എല്ലാ കുഞ്ഞുങ്ങള്ക്കും അനന്തമായ ആനന്ദങ്ങള് രാവും പകലും നിര്ത്തില്ലാതെ എല്ലാക്കാലങ്ങളിലും നല്കുന്നു എന്നല്ലാതെ പകരം യാതൊന്നും ലഭിക്കുന്നില്ല, മാത്രമല്ല, ആനന്ദങ്ങളെ സൃഷ്ടിക്കുകയും കുഞ്ഞുങ്ങള്ക്ക് പകര്ന്നു നല്കുകയും ചെയ്യുന്ന മഹാദേവി, എല്ലാ ആനന്ദങ്ങള്ക്കും അതീതമാകയാല്, കുഞ്ഞുങ്ങളുടെ ആനന്ദം കണ്ട് ആനന്ദിക്കുക എന്നല്ലാതെ മറ്റ് ആനന്ദങ്ങളില്ല. മഹാദേവി മഹാപ്രപഞ്ചത്തില് സൃഷ്ടിച്ചിട്ടുള്ളവ മാത്രമേ ഏതൊരു കുഞ്ഞുങ്ങള്ക്കും തിരിച്ചുനല്കാനാവൂ എന്നിരിക്കെ, മഹാദേവിക്ക് യാതൊരു കുഞ്ഞുങ്ങളില്നിന്നും യാതൊരു വസ്തുക്കളും വേണ്ടതുമില്ല. അനന്തമായ ആനന്ദങ്ങള് കുഞ്ഞുങ്ങള്ക്കു നല്കാനും, എല്ലാ കുഞ്ഞുങ്ങള്ക്കും സമമായി ആനന്ദം നല്കാനായി ഓംകാരനീതിശാസ്ത്രം പ്രകാരം നിരന്തരം പ്രവര്ത്തിച്ചുകൊണ്ടുമിരിക്കുന്ന മഹാമാതാവിനെപ്പറ്റി അല്പം ചിന്തിക്കാന് കഴിഞ്ഞാല് മനുഷ്യര് വിതുമ്പുന്നതാണ്.

മറ്റൊന്ന്, മഹാശാസ്ത്രപരമായി മഹാമാതാവായ മഹാദേവിയുടെ മഹാ-ഖരരൂപമായ മഹാപ്രപഞ്ചത്തിന്റെ/മണ്ണിന്റെ അംശമായി സൃഷ്ടിച്ചിരിക്കുന്നു എന്നല്ലാതെ, യഥാര്ത്ഥത്തില് യാതൊരാളും മഹാദേവിയുടെ അംശമല്ല. മഹാമാതാവിന്റെ അംശം എന്നപോലെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു എന്നേയുള്ളൂ. മഹാദേവിയുടെ അംശംപോലെയും കുഞ്ഞുങ്ങളെപ്പോലെയും ജീവികളെയെല്ലാം സൃഷ്ടിച്ച് - കുഞ്ഞുങ്ങള്ക്കെല്ലാം - മഹാവാത്സല്യത്തെ മഹാഅനുഗ്രഹിച്ചു നല്കുകയാണ്.

മഹാമാതാവിന് തന്റെ കുഞ്ഞുങ്ങളുടെ കാല്പ്പാദങ്ങളെ നക്കുന്നതും ഇഷ്ടമാണ്, മനുഷ്യരുടെ കാല്പ്പാദങ്ങളില് ഇക്കിളിച്ചിരി സൃഷ്ടിച്ചിരിക്കുന്നത് മഹാഖരരൂപമായിരിക്കുന്ന അഥവാ ഭൂമിദേവി ആയിരിക്കുന്ന, അഥവാ മണ്ണടിയിലുള്ള മഹാദേവിക്ക് നക്കാനാണ്. ഭൂമിയെ അഥവാ മണ്ണിനെ

സംശുദ്ധമായി സൂക്ഷിച്ചാല് യാതൊരു കുഞ്ഞുങ്ങള്ക്കും ചെരുപ്പ് അത്യാവശ്യമാകില്ല. പ്രത്യേകിച്ച് കൃഷിക്കാര്ക്ക്. ഭൂമിയെ സംശുദ്ധമാക്കുവാന് ശ്രദ്ധിക്കുകയും ചെരുപ്പ് ഉപയോഗിക്കാതിരിക്കുകയും ചെയ്യുമ്പോള്, മഹാദേവിക്ക് കുഞ്ഞുങ്ങളുടെ കാല്പ്പാദങ്ങളെ നക്കുവാന് കഴിയുന്നു. മുതിര്ന്നവരായിരിക്കുമ്പോഴും, മഹാദേവിയുടെ കുഞ്ഞുങ്ങളാവാന് ധര്മ്മശാസ്ത്രപ്രകാരം ആഗ്രഹിക്കുന്നവര്ക്ക് ഭൂമി സംശുദ്ധമായി സൂക്ഷിക്കുവാനും മഹാമാതാവിന്റെ മഹാവാത്സല്യം നുകരാനും അവസരമുണ്ട്. അജ്ഞാനം, അഹംഭാവം, ദുസ്വാര്ത്ഥം, തുടങ്ങിയവകളാല് കുഞ്ഞായിരിക്കാന് ആഗ്രഹിക്കാത്തവര്, തങ്ങളുടെ കാല്പ്പാദങ്ങളെ മഹാമാതാവായ മഹാദേവി നക്കുന്നത് ഇഷ്ടപ്പെടില്ല. ആവിധ കാര്യങ്ങള്ക്ക് ജന്മങ്ങളുടെ എണ്ണവുമായും ഓംകാരനീതിശാസ്ത്രവുമായും ബന്ധമുണ്ട്.
മഹാശക്തിയായ ദൈവം, ഒരു മഹാജീവിയെപ്പോലെ, മഹാമാതാവായ മഹാദേവിയായി ഓരോ കുഞ്ഞിനും മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങള് നല്കുന്നതിന്നായും, പരമമായി ആത്മീയ സാക്ഷാത്ക്കാരത്തില് എല്ലാ കുഞ്ഞുങ്ങള്ക്കും ആനന്ദങ്ങള് മാത്രം നല്കുന്നതിന്നായും ജീവിക്കുകയാണ്, അഥവാ തന്റെ കുഞ്ഞുങ്ങളുടെ ആനന്ദത്തിനായി (ജീവിക്കുന്നതുപോലെ) പ്രവര്ത്തിക്കുകയാണെന്ന് വ്യക്തമാകുമ്പോള് മഹാമാതാവിന്റെ മഹാവാത്സല്യം മനസ്സിലാക്കി മനുഷ്യര് വിതുമ്പിക്കരയുന്നതാണ്. മനുഷ്യര് ഒന്നേ വേണ്ടൂ, അവരവര്ക്കുവേണ്ടിത്തന്നെയും, എല്ലാവര്ക്കുവേണ്ടിയും ധര്മ്മശാസ്ത്രപരമായി ജീവിക്കണം.

മഹാദേവിയുടെ മഹാദാസനാണ് പരമശിവന്
ശക്തി, ശിവനു വേണ്ടി നിലകൊള്ളുന്നു എന്നൊരു വ്യാഖ്യാനമുണ്ട്; അടിസ്ഥാനപരമായി അത് ഒട്ടും ശരിയല്ല. അങ്ങനെയെങ്കില് ജീവികളെയോ മഹാപ്രപഞ്ചത്തെയോ സൃഷ്ടിക്കേണ്ടതില്ല. മഹാശക്തിയായ മഹാദേവി, തന്റെ

തന്നെ ഭാഗമായ ശിവനെ സൃഷ്ടിച്ചുകൊണ്ട്, മഹാശാസ്ത്രം മഹാആവിഷ്ക്കരിക്കുകയും, മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാപ്രപഞ്ചത്തില് ജീവികളെ സൃഷ്ടിക്കുകയും, ജീവികളായ തന്റെ കുഞ്ഞുങ്ങള്ക്കുവേണ്ടി ഒരു മഹാജീവിയെപ്പോലെ മഹാവര്ത്തിക്കുകയുമാണ്. മഹാപ്രപഞ്ചം എന്തിനുവേണ്ടി സൃഷ്ടിച്ചു, എന്നതിന്റെ പരമകാരണവും മഹാകാരണവും മഹാശക്തിയായ മഹാദേവി താന് സൃഷ്ടിക്കുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികള്ക്കുവേണ്ടി സൃഷ്ടിച്ചു എന്നതാണ്. ജീവിക്കുന്നു എന്നു പോലും പറഞ്ഞുപോകുന്ന രീതിയില് മഹാവാത്സല്യം നല്കുന്ന, മഹാദേവിയെ ആണ് മഹാശാസ്ത്രത്തിലൂടെ മനുഷ്യര് അറിയുന്നത്. കുഞ്ഞുങ്ങളായ ജീവികളെ സൃഷ്ടിക്കുവാനും പരിപാലിക്കുവാനുമുള്ള മഹാദേവിയുടെ മഹാസംവിധാനത്തിന്റെ ഒരു ഭാഗം മാത്രമാണ് ശിവന്. (മഹാ) ശക്തിയായ മഹാദേവിയുടെ കുഞ്ഞുങ്ങളെ തന്റെ കുഞ്ഞുങ്ങളായിക്കൂടി മനസ്സിലാക്കിക്കൊണ്ട് കുഞ്ഞുങ്ങളെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുമ്പോള് മാത്രമാണ് (മഹാ)ശക്തി, ശിവനുവേണ്ടി നിലകൊള്ളുന്നത് എന്നറിയണം. അനന്തമായ ആനന്ദങ്ങളും മഹാവാത്സല്യമായ മഹാആനന്ദവും മഹാദേവി തന്നെയാണ് സൃഷ്ടിക്കുന്നത് എന്നിരിക്കെ മഹാദേവി എല്ലാ ആനന്ദങ്ങള്ക്കും അതീതം കൂടിയാണെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മുമ്പ് വ്യക്തമാക്കിയതുപോലെ മഹാപ്രപഞ്ചത്തിലെ ശക്തിഅളവില് മാത്രമല്ല ആനന്ദകാര്യത്തിലും 30% അളവു നല്കി മഹാദേവി പരമശിവനെ മഹാഅനുഗ്രഹിച്ചിരിക്കുകയാണ്. മനുഷ്യരില് കാമാനന്ദത്തെ, പരമാനന്ദമായി ദൈവം മഹാനിശ്ചയിക്കുകയും, കാമാനന്ദത്തിന് 100-ല് 25 എന്ന അളവ് നിശ്ചയിക്കുകയും, മനുഷ്യരുടെ ജീവി-സൃഷ്ടിയെ 25 എന്ന അളവുമായി ബന്ധിപ്പിക്കുകയും ചെയ്തിരിക്കയാണ്. മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാല് മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല എന്ന അദ്ധ്യായത്തില് വിശദമാക്കിയിരുന്നു. പരമശിവനെ ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ളത് 30 എന്ന

ആനന്ദഅളവുള്ള മഹാ-ദാസ്യത്തോടെ ആകയാല് മഹാദേവിയുടെ മഹാദാസനായിരിക്കുമ്പോള് മാത്രമാണ് പരമശിവന് മഹാ-ആനന്ദമുണ്ടാവുക. അടിസ്ഥാനപരമായിട്ട് മഹാദേവിയുടെ ഏകദാസനും മഹാദാസനുമാണ് പരമശിവന്. മഹാദേവിയുടെ ഭാഗം തന്നെയായ പരമശിവനും മഹാദേവിയുടെ മഹാഅനുഗ്രഹത്താല് ഭൂമിയിലെ ആനന്ദങ്ങള് ക്കെല്ലാം അതീതമായ അവസ്ഥയിലേക്ക് ഉയരുന്നതാണ്. മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും പിതാവായ പരമശിവന് തന്റെ കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദകാര്യങ്ങളിലേക്ക് സദാ ശ്രദ്ധ പതിപ്പിക്കുവാനും കഴിയുന്നു.

മഹാപ്രപഞ്ചത്തില് മായ പ്രത്യക്ഷമായിക്കഴിഞ്ഞാല്, ജീവികളുടെ മഹായജമാനയും മഹാദാസിയുമായിരിക്കുന്ന മഹാദേവി, തന്റെ മഹാദാസനായ പരമശിവനോടൊത്ത് ജീവികളുടെ ആനന്ദകാര്യങ്ങള് വര്ദ്ധിപ്പിക്കുവാനായി പ്രവര് ത്തിക്കുന്നതാണ്. മായാശക്തികളോടെ പ്രത്യക്ഷപ്പെട്ടും പ്രത്യക്ഷപ്പെടാതെയും പ്രവര്ത്തിക്കേണ്ടുന്നത് മനുഷ്യജീവിതം മംഗളപ്പെടുത്തു വാന് ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ തങ്ങളുടെ കുഞ്ഞുങ്ങളായ ജീവികൾക്ക് 25 എന്ന അളവിന് മുകളിലുള്ള മഹാആനന്ദമായ മഹാമാതാവിന്റെ മഹാവാത്സല്യം നൽകി മഹാദേവി മഹാഅനുഗ്രഹിക്കുന്നതാണ്. ആവക കാര്യങ്ങളെ വേറെ വിശദീകരിച്ചിട്ടുണ്ട്. മായ പ്രത്യക്ഷമല്ലാഞ്ഞ കാലത്തും മഹാദേവി, മഹാശാസ്ത്രപ്രകാരം ഭൂമിയിലെ എല്ലാ ഭരണാധികാരികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിലെ ജീവികളെ മുഴുവൻ മഹാപരിപാലിച്ചുകൊണ്ട് അഥവാ മഹാഭരിച്ചുകൊണ്ടിരുന്നു എന്നും സുവ്യക്തമായി ബോദ്ധ്യപ്പെടുന്നതാണ്.

ഓം മഹാശക്തി
മണ്ണടി മഹാഭദ്രകാളി
ദിവ്യ സൃഷ്ടി മഹാദേവി
ദിവ്യ സ്ഥിതി മഹാദേവി
ദിവ്യ മഹാനീതിപതി
ദിവ്യമഹാദേവിക്കു
മാത്രം മഹത്വം.

ബ്രഹ്മം, മഹാപ്രപഞ്ച സൃഷ്ടി, ഓം, ഓംകാരം എന്നീ അദ്ധ്യായങ്ങളെ ആഴത്തിൽ ഹൃദയത്തിലേക്ക് പ്രവേശിപ്പിക്കുവാൻ ഭാഗ്യമുണ്ടാകുന്നവർക്ക് ഈ അദ്ധ്യായം സുഗമമാണ്. ദൈവ കാര്യങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് പാപവും ദൈവശിക്ഷകളും പിടിച്ചു വാങ്ങരുതെന്ന് സ്നേഹ-വാത്സല്ല്യങ്ങളോടെ അറിയിക്കുന്നു.



മഹാദേവി മഹാഎഴുന്നെള്ളിക്കഴിഞ്ഞു, അവതാരം പൂർണ്ണമായോ എന്ന് മഹാദാസനായ പരമശിവന് അറിയില്ല; അറിയിച്ചിട്ടില്ല !

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.